
കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2023

## വാല്യം 1

ജനുവരി 2024

കേരള സംസ്ഥാന ആസൂത്രണ ബോർഡ്



കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2023

കേരള സംസ്ഥാന ആസൂത്രണ ബോർഡ്,
തിരുവനന്തപുരം, കേരളം, ഇന്ത്യ
ജനുവരി 2024

**വാല്യം 1**

**സാമ്പത്തിക അവലോകനം 2023**
കേരള സംസ്ഥാന ആസൂത്രണ ബോർഡ് തിരുവനന്തപുരം, കേരളം, ഇന്ത്യ

ഡിസൈൻ & ലേഔട്ട്: സി-ഡിറ്റ്, www.cdit.org

# മുഖവുര

സാമ്പത്തിക പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും 2021-22ലെ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്നും കേരളം ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. ത്വരിതകണക്കുകൾ അനുസരിച്ച് 2022-23ൽ സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജിഎസ്ഡിപി) സ്ഥിരവിലയിൽ 6.6 ശതമാനം വളർച്ച കൈവരിച്ചു. അഖിലേന്ത്യാ തലത്തിൽ 2022-23ൽ പ്രതിശീർഷ വരുമാനം 5.9 ശതമാനം വളർച്ച രേഖപ്പെടുത്തിയപ്പോൾ കേരളത്തിൽ പ്രതിശീർഷ ജിഎസ്ഡിപി 6.06 ശതമാനം വർദ്ധിച്ചു. 2021-22ൽ ദേശീയതലത്തിൽ മൊത്തം ആഭ്യന്തര വരുമാനത്തിൽ സ്ഥിരവിലയിലുള്ള വളർച്ച 9.1 ശതമാനത്തിൽ നിന്നും 2022-23ൽ 7.0 ശതമാനമായി കുറഞ്ഞു.

അസമത്വവും നീതീകരണമില്ലാത്തതുമായ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധവും ഫെഡറലിസത്തിന്റെ നയങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിലെ കേന്ദ്ര സർക്കാരിന്റെ പരാജയവും ഇന്ന് സംസ്ഥാന സമ്പദ്ഘടനയെ മുൻപുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള ധനകാര്യ പ്രതിസന്ധിയിലേക്ക് എത്തിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നിരവധി നയങ്ങൾ സംസ്ഥാനത്തിനുള്ള വിഹിത കൈമാറ്റത്തിൽ ഗണ്യമായ കുറവുണ്ടാക്കി. 2022 ജൂണിൽ ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയത്, 2023-24ൽ റവന്യൂക്കമ്മി ഗ്രാന്റ് ഇല്ലാതാക്കിയത്, കടംവാങ്ങാനുള്ള പരിധി ജിഎസ്ഡിപിയുടെ 3 ശതമാനമായി കുറച്ചത്, പ്രത്യേകോദ്ദേശ കമ്പനികളായ കിഫ്ബി, സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡ് എന്നിവയുടെ കടമെടുക്കൽ സംസ്ഥാനത്തിന്റെ വായ്പാപരിധിയിൽ ഉൾപ്പെടുത്തിയത്, സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വകയിരുത്തലുമായി ബന്ധപ്പെട്ട നയങ്ങൾ എന്നിവ ഇതിലുൾപ്പെടുന്നു.

ഈ പ്രതിബന്ധങ്ങൾക്കിടയിലും സംസ്ഥാന സർക്കാർ ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽ നൽകി ഒരു നവകേരളം നിർമ്മിക്കാനുള്ള ദൃഢനിശ്ചയവുമായി മുന്നേറുകയാണ്. ഗുണനിലവാരമുള്ള പൊതുവിദ്യാഭ്യാസം, ആരോഗ്യപരിപാലനം, മറ്റ് സാമൂഹ്യ നിക്ഷേപങ്ങൾ എന്നിവയ്ക്കും, ഉന്നതനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും, ഉൽപ്പാദന മേഖലയിലെയും പ്രാഥമിക മേഖലയിലെയും ഉൽപ്പാദനം വർധിപ്പിക്കുന്നതിനും, വിവര സാങ്കേതികവിദ്യ, വിനോദസഞ്ചാരം പോലുള്ള ആധുനിക സേവനങ്ങളിൽ നിക്ഷേപം ആകർഷിക്കുന്നതിനും, പ്രാദേശിക സർക്കാരുകളിലെ ജനകീയ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും, ജീവനോപാധികളും ആധുനിക തൊഴിലും സൃഷ്ടിക്കുന്നതിനും, നിക്ഷേപം നടത്തുന്നതിനും ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ മുൻഗണന നൽകുന്നു. കേരളത്തിലെ സാമ്പത്തിക ആസൂത്രണത്തിന്റെ അടിസ്ഥാന തത്വം സാമൂഹിക ഉൾച്ചേർക്കലും, സാമൂഹ്യനീതിയും, മതനിരപേക്ഷതയും, ജനാധിപത്യ പ്രക്രിയയോടുള്ള പ്രതിബദ്ധതയുമാണ്.

കേരളം മാനവ വിഭവശേഷി വികസനത്തിനും ജനങ്ങളുടെ വരുമാന വർദ്ധനവിനും ജീവനോപാധിയിലും നടത്തിയ നിക്ഷേപത്തിന്റെ പ്രതിഫലനമാണ് സംസ്ഥാനത്തിനു ലഭിച്ച അംഗീകാരങ്ങൾ. നീതി ആയോഗിന്റെ 2023 മൾട്ടി ഡൈമൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം കേരളമാണ് രാജ്യത്തെ ഏറ്റവും മികച്ച പ്രകടനം (0.002 ശതമാനം) കാഴ്ച വെച്ച സംസ്ഥാനം. നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സൂചികയിൽ കേരളം തുടർച്ചയായി കഴിഞ്ഞ മൂന്ന് എഡിഷനുകളിൽ ഒന്നാം സ്ഥാനം നേടിയിരുന്നു. വികസിത രാജ്യങ്ങൾക്കു സമാനമായ മാനവ വികസന സൂചികയായ 7.5 പോയിന്റുമായി കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. ഇന്ത്യ സ്കിൽ റിപ്പോർട്ട് 2024 അനുസരിച്ച് 18നും 21നും ഇടയിൽ പ്രായമുള്ള കേരളത്തിലെ യുവാക്കൾ രാജ്യത്തെ തൊഴിലിന് അനുയോജ്യരായവരിൽ രണ്ടാം സ്ഥാനത്താണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവ ഈ മികവിന്റെ കാര്യത്തിൽ ആദ്യ പത്തിൽ ഉൾപ്പെടുന്നു. നാഷണൽ അർബൻ ലൈവ് ലിഹുഡ് മിഷൻ നടപ്പാക്കുന്നതിൽ സംസ്ഥാനം തുടർച്ചയായി ആറാം വർഷവും മികച്ച പ്രകടനം കാഴ്ചവെച്ചു.

ടൂറിസം രംഗത്ത് കേരളം ദേശീയ അന്തർദേശീയ തലത്തിൽ അവാർഡുകൾ നേടുന്നത് തുടരുന്നു. ടൂറിസം രംഗത്തെ സമഗ്ര വികസനത്തിനുള്ള ഹാൾ ഓഫ് ഫെയിം അവാർഡ് 2023ലെ നാഷണൽ

ടൂറിസം അവാർഡ്സിൽ കേരളത്തിന് ലഭിച്ചു. ടൂറിസത്തിലും ഉത്തരവാദിത്ത ടൂറിസത്തിലും ഉന്നത നില വാരമുള്ള ടൂറിസം കേന്ദ്രം എന്ന നിലയിലും അന്തർദേശീയ തലത്തിൽ സംസ്ഥാനം തുടർച്ചയായി ഉന്നത സ്ഥാനത്ത് പരിഗണിക്കപ്പെടുന്നു.

-

കേന്ദ്ര വ്യവസായ, വാണിജ്യ വകുപ്പ് മന്ത്രാലയത്തിന്റെ 2022ലെ സ്റ്റാർട്ടപ്പ് റാങ്കിംഗിൽ കേരളം മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മേഖല ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. കേരള സർക്കാർ 2022-23നെ സംരംഭക വർഷമായി പ്രഖ്യാപിക്കുകയും 250 ദിവസങ്ങൾക്കുള്ളിൽ 1,00,000 പുതിയ സംരംഭങ്ങൾ തുടങ്ങുക എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുകയും ചെയ്തു. സർക്കാർ ഈ ശ്രമങ്ങൾ 2023-24ലും തുടരുന്നതാണ്. ഈ കാല യളവിൽ 13,474.52 കോടി രൂപയുടെ നിക്ഷേപം വരുന്ന 2,14,564 സംരംഭങ്ങൾ ആരംഭിച്ചു. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മേഖലയിലെ അഭൂതപൂർവ്വമായ ഈ വളർച്ച 4,56,913 തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിച്ചു.

സാമ്പത്തിക അവലോകനം 2023ന്റെ മുഖ്യ പ്രമേയമായ അധ്യായം "നവകേരളം: പശ്ചാത്തല സൗകര്യ വികസന മുൻഗണനകൾ"എന്നതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷ ങ്ങളിൽ ഉന്നതനിലവാരമുള്ള ഭൗതിക പശ്ചാത്തല സൗകര്യങ്ങളുടെ സമാനതകളില്ലാത്ത വളർച്ചയാണ് സംസ്ഥാനത്തുണ്ടായത്. മലയോര ഹൈവേ, തീരദേശ ഹൈവേ, ആനക്കാംപൊയിൽ - മേപ്പാടി തുരങ്ക പാത, കുതിരാൻ ടണൽ, ട്രാൻസ് ഗ്രിഡ് 2.0, നവകേരള മിഷനുമായി ബന്ധപ്പെട്ട പശ്ചാത്തല സൗകര്യ വികസനം, ദേശീയപാത 66, തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്ക് (രണ്ടാം ഘട്ടത്തിനു വേണ്ടിയുള്ള ഭൂമിയേറ്റെടുക്കൽ), കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട്, കൊച്ചി വാട്ടർ മെട്രോ തുട ങ്ങിയ പ്രൊജക്ടുകൾ കമ്മീഷൻ ചെയ്തവയിൽ ഉൾപ്പെടുന്നു. സൈബർപാർക്ക്, കെ-ഫോൺ, ഇ-സേവ നം, ഹൈടെക് സ്കൂൾ പ്രോഗ്രാം എന്നിവയുൾപ്പെടെയുള്ള ഡിജിറ്റൽ, സാങ്കേതിക വിദ്യാ മേഖലകളി ലെ പശ്ചാത്തല സൗകര്യങ്ങൾ വളരെയധികം പുരോഗതി കൈവരിക്കുകയുണ്ടായി.

സംസ്ഥാനത്ത് മൾട്ടി മോഡൽ ഗതാഗത സംവിധാനം വികസിപ്പിക്കാനായത് ഒരു സവിശേഷ നേട്ടമാ ണ്. ഇന്ത്യയിൽ ആദ്യമായി സംയോജിത ജലഗതാഗത സംവിധാനവും വാട്ടർ മെട്രോ സംവിധാനവും 2021ൽ കേരളം തുടങ്ങി. രാജ്യത്തെ മറ്റേതൊരു സംസ്ഥാനവും ദേശീയപാതയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതി നു നൽകിയതിനെക്കാൾ വലിയ തുക (5580 കോടി രൂപ) കേരള സർക്കാർ നൽകുകയുണ്ടായി. ഈ തുക ദേശീയപാതയ്ക്കു ഭൂമി ഏറ്റെടുക്കുന്നതിനായി എല്ലാ സംസ്ഥാനങ്ങളും കൂടി ചെലവഴിച്ചതിന്റെ ഏകദേശം 40 ശതമാനമാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഇന്ത്യയിലെ ആദ്യത്തെ ഡീപ് വാട്ടർ ട്രാൻസ്ഷി പ്മെന്റ് ടെർമിനലാണ്. 2023 ഒക്ടോബർ 15ന് 'ഷെൻഹുവ 15' എന്ന അന്താരാഷ്ട്ര ചരക്കു കപ്പൽ വിഴിഞ്ഞം തുറമുഖത്ത് എത്തി. കോവളം-ബേക്കൽ ജലപാത, ലൈഫ് സയൻസ് പാർക്കുകൾ, മെഗാ സീഫുഡ് പാർക്കുകൾ, മലയോര ഹൈവേ, തീരദേശ ഹൈവേ, ട്രാൻസ് ഗ്രിഡ് 2.0 തുടങ്ങിയവ കേരള ത്തിന്റെ പശ്ചാത്തല സൗകര്യ വികസന മേഖലയിലെ പുതിയ കാൽവെപ്പുകളാണ്.

സാമ്പത്തിക അവലോകനം 2023ൽ സർക്കാർ വകുപ്പുകളുടെ നയങ്ങളും പരിപാടികളും സംബന്ധിച്ച വി വരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് വിവിധ വകുപ്പുകളുടെ പ്രകടനത്തെക്കുറിച്ചും വരും വർഷങ്ങളിൽ കൈകാര്യം ചെയ്യേണ്ട പ്രശ്നങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു. മുൻവർഷങ്ങളിലെപ്പോലെ സാമ്പത്തിക അവലോകനം രണ്ടു വാല്യങ്ങളിലായി അവതരിപ്പിക്കുന്നു. വാല്യം ഒന്നിൽ സർക്കാർ വകുപ്പുകളുടെ നയ ങ്ങൾ, പരിപാടികൾ, നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. വാല്യം രണ്ടിൽ അനുബന്ധ സ്ഥിതിവി വര കണക്കുകൾ നൽകുന്നു. സാമ്പത്തിക അവലോകനം 2023 ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീക രിക്കുന്നു. സാമ്പത്തിക അവലോകനത്തിന്റെ ഡിജിറ്റൽ പതിപ്പ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വെബ്സൈറ്റായ www.spb.kerala.gov.in ൽ അപ് ലോഡുചെയ്യും.

**വി കെ രാമചന്ദ്രൻ**



വൈസ് ചെയർപേഴ്സൺ
ജനുവരി, 2024

# ഉള്ളടക്കം


| | | |
|---|---|---|
| | **കേരളം ഒറ്റനോട്ടത്തിൽ** | vii |
| | **കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക സൂചികകൾ – ദ്രുതവീക്ഷണം** | xv |
| | **ജില്ലകൾ – അവലോകനം** | xix |
| | **പട്ടികകൾ** | xxi |
| | **ചിത്രങ്ങൾ** | xxxi |
| | **ബോക്സുകൾ** | xxxix |
| **അദ്ധ്യായം 1** | **കേരള സമ്പദ് വ്യവസ്ഥ** | **1** |
| 1.1 | സ്ഥൂല സാമ്പത്തിക രംഗത്തെ സമീപകാല പ്രവണതകൾ | 3 |
| 1.2 | ജനസംഖ്യ വിവരണം | 13 |
| 1.3 | ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ | 21 |
| 1.4 | വികസന ഉദ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക് | 27 |
| 1.5 | സംസ്ഥാനത്തിന്റെ ധനസ്ഥിതി | 35 |
| 1.6 | 2023-24 വാർഷിക പദ്ധതി | 45 |
| **അദ്ധ്യായം 2** | **നവകേരളം: പശ്ചാത്തല സൗകര്യ വികസന മുൻഗണനകൾ** | **47** |
| **അദ്ധ്യായം 3** | **കൃഷിയും അനുബന്ധ മേഖലകളും** | **75** |
| 3.1 | കാർഷികമേഖല | 77 |
| 3.2 | കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ | 99 |
| 3.3 | കന്നുകാലി വികസനം | 111 |
| 3.4 | മത്സ്യ വികസനം | 129 |
| 3.5 | ജലവിഭവങ്ങൾ | 139 |
| 3.6 | വനം - വന്യജീവി സംരക്ഷണം | 149 |
| 3.7 | പരിസ്ഥിതി | 157 |
| 3.8 | ഭക്ഷ്യ ഭദ്രതയും പൊതുവിതരണ സംവിധാനവും | 171 |
| **അദ്ധ്യായം 4** | **ഉല്പന്ന നിർമ്മാണ മേഖല** | **179** |
| 4.1 | കേരളത്തിന്റെ വ്യാവസായിക മേഖല | 181 |
| 4.2 | ഉല്പന്ന നിർമ്മാണ മേഖല | 187 |
| 4.3 | പൊതുമേഖലാ സ്ഥാപനങ്ങൾ | 191 |
| 4.4 | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ | 205 |
| 4.5 | ഭക്ഷ്യ സംസ്കരണം | 217 |
| 4.6 | പരമ്പരാഗത വ്യവസായങ്ങൾ | 221 |

| | | |
|---|---|---|
| അദ്ധ്യായം 5 | സേവന മേഖല | 245 |
| 5.1 | വിവരസാങ്കേതിക വിദ്യ | 247 |
| 5.2 | ശാസ്ത്ര സേവനങ്ങളും ഗവേഷണവും | 263 |
| 5.3 | വിനോദ സഞ്ചാരം | 287 |
| 5.4 | വിദേശ വ്യാപാരം | 301 |
| 5.5 | പൊതു സേവനങ്ങൾ | 311 |
| 5.6 | ജനങ്ങളിലേക്ക് | 321 |
| അദ്ധ്യായം 6 | മാനവ വികസനം | 325 |
| 6.1 | വിദ്യാഭ്യാസം | 327 |
| 6.2 | വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും | 353 |
| 6.3 | ജനസംഖ്യ ഘടനയിലെ മാറ്റങ്ങൾ | 381 |
| അദ്ധ്യായം 7 | തൊഴിലും സാധ്യതകളും | 387 |
| 7.1 | തൊഴിൽ | 389 |
| 7.2 | ആഗോള തൊഴിൽ വീക്ഷണം | 399 |
| 7.3 | നൈപുണ്യ വികസനം | 409 |
| അദ്ധ്യായം 8 | സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ | 419 |
| 8.1 | ലിംഗ പദവിയും വികസനവും | 421 |
| 8.2 | സാമൂഹിക – സാമ്പത്തിക ദുർബലതകളെ അഭിമുഖീകരിക്കൽ | 441 |
| 8.3 | സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ | 467 |
| അദ്ധ്യായം 9 | കല, സംസ്കാരം, കായികരംഗം | 479 |
| 9.1 | കലയും സംസ്കാരവും | 481 |
| 9.2 | കായികവും യുവജനകാര്യവും | 491 |
| അദ്ധ്യായം 10 | പ്രവാസി മലയാളികൾ | 503 |
| അദ്ധ്യായം 11 | പശ്ചാത്തല സൗകര്യം | 513 |
| 11.1 | ഗതാഗതം | 515 |
| 11.2 | ഊർജ്ജം | 547 |
| 11.3 | വാർത്താവിനിമയം | 557 |
| 11.4 | കുടിവെള്ളം | 563 |
| 11.5 | ഭവനനിർമാണം | 575 |
| 11.6 | റീബിൽഡ് കേരളാ ഡവലപ്മെന്റ് പ്രോഗ്രാം | 581 |
| 11.7 | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) | 587 |
| 11.8 | കാസറഗോഡ് വികസന പാക്കേജ് | 593 |
| അദ്ധ്യായം 12 | പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും | 595 |
| | ശബ്ദാവലി | 635 |
| | ചുരുക്കെഴുത്തുകൾ | 637 |

# കേരളം ഒറ്റനോട്ടത്തിൽ

കേരളം ഉയർന്ന മൊത്ത ആഭ്യന്തര ഉൽപാദനവും (ജിഎസ്ഡിപി) പ്രതിശീർഷ വരുമാനവും ഉള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ്. നീതി ആയോഗിന്റെ 2023ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് അനുസരിച്ച്, സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ മൾട്ടി ഡൈമെൻഷണൽ പോവർട്ടി (അതായത് 0.002) തുടർച്ചയായി രണ്ടാം തവണയും രേഖപ്പെടുത്തിയിട്ടുള്ളത് കേരളത്തിലാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG)-ഇന്ത്യ ഇൻഡക്സിൽ തുടർച്ചയായി മൂന്നാം വർഷവും (2018, 2019, 2020) കേരളം ഒന്നാം സ്ഥാനത്താണ്. SDG ഇന്ത്യ സൂചിക 2020ൽ മൊത്തത്തിലുള്ള 75 സ്കോറുമായി കേരളം ഒന്നാം സ്ഥാനത്തെത്തി, കൂടാതെ കേന്ദ്ര സർക്കാർ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഭൂരിഭാഗവും ഇതിനോടകം തന്നെ കേരളം നേടിക്കഴിഞ്ഞു. 2023ലെ ഇന്ത്യൻ സ്കിൽസ് റിപ്പോർട്ടിൽ കേരളം മൂന്നാം സ്ഥാനത്താണ്, നീതി ആയോഗിന്റെ 'സ്റ്റേറ്റ് എനർജി ആന്റ് ക്ലൈമറ്റ് ഇൻഡക്സ് 2022' അനുസരിച്ച് കേരളം എനർജി പെർഫോമൻസിൽ രണ്ടാമത്തെ സ്ഥാനത്താണ്. കൂടാതെ നീതി ആയോഗിന്റെ 2019-20ലെ സ്റ്റേറ്റ് ഹെൽത്ത് ഇൻഡക്സിൽ മൊത്തത്തിലുള്ള 82.2 പോയിന്റുമായി കേരളം ഒന്നാം സ്ഥാനത്തെത്തി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ 2022ലെ ഇരുപത്തിയെട്ടാം റാങ്കിൽ നിന്ന് കേരളം പതിനഞ്ചാം സ്ഥാനത്തേക്ക് ഉയർന്ന് നില മെച്ചപ്പെടുത്തി.

2021-22ൽ സംസ്ഥാനത്തിന്റെ ജിഎസ്ഡിപി സ്ഥിരവിലയിൽ 5,78,05,727 ലക്ഷം രൂപയായിരുന്നത് ത്വരിത കണക്കുകൾ പ്രകാരം 2022-23ൽ 6.6 ശതമാനം വളർച്ച രേഖപ്പെടുത്തികൊണ്ട് 6,16,18,850 ലക്ഷം രൂപയായി വർദ്ധിച്ചു. മൊത്ത സംസ്ഥാന സംയോജിത മൂല്യമാവട്ടെ (ജി.എസ്.വി.എ) 2021-22ലെ സ്ഥിരവിലയിൽ 5,01,65,601 ലക്ഷം രൂപ ആയിരുന്നത് 2022-23ൽ (പ്രി) 6.19 ശതമാനം വർധിച്ച് 5,32,68,632 ലക്ഷം രൂപയായി വളർന്നു. ഉയർന്ന പ്രതിശീർഷ മൊത്ത ആഭ്യന്തര വരുമാനമുള്ള ( Per Capita Income) രാജ്യത്തെ ആദ്യ പത്ത് സംസ്ഥാനങ്ങളിൽ കേരളം സ്ഥാനംപിടിച്ചു. സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനം 2022-23ൽ 6.06 ശതമാനം വർധിച്ച് 1,74,214 രൂപയായി, ഇത് ദേശീയ ശരാശരിയായ 1,15,746 രൂപയേക്കാൾ കൂടുതൽ ആണ്. ജിഎസ്ഡിപിയുടെ മേഖലാധിഷ്ഠിത വളർച്ച അനുസരിച്ച് പ്രാഥമിക മേഖല 2022-23ൽ മുൻവർഷത്തെ അപേക്ഷിച്ച് 1.45 ശതമാനം വളർച്ച കൈവരിച്ചുകൊണ്ട് 47,80,990 ലക്ഷം രൂപ ആയി ഉയർന്നു. എന്നാൽ, 2021-22 ൽ ഇത് 47,12,881 ലക്ഷം രൂപയായിരുന്നു. ദ്വിതീയ മേഖലയിലെ വളർച്ച 2021-22ലെ 1,40,46,278 ലക്ഷം രൂപയിൽ നിന്ന് 2022-23ൽ 1,51,30,059 ലക്ഷം രൂപയായി ഉയർന്നു. ഇത് 2021-22 നെ അപേക്ഷിച്ച് 7.72 ശതമാനം കൂടിയ വളർച്ചാ നിരക്കാണ്. സേവന മേഖല 2022-23ൽ 6.21 ശതമാനം വർധിച്ച് 3,33,57,583 ലക്ഷം രൂപയായി. ഇത് 2021-22ൽ 3,14,06,442 ലക്ഷം രൂപയായിരുന്നു. സംസ്ഥാനത്തിന്റെ ജിഎസ്ഡിപി താരതമ്യേന ഉയർന്ന വളർച്ചാ നിരക്ക് 2021-22ൽ രേഖപ്പെടുത്തിയത് പ്രധാനമായും കോവിഡ്-19 മഹാമാരിയെത്തുടർന്ന് കേരള ഗവണ്മെന്റ് സ്വീകരിച്ച അനുബന്ധ ലഘൂകരണ നടപടികളിൽ നിന്നുള്ള അടിസ്ഥാന ഫലമാണ്.

2021-22ൽ കേരളത്തിന്റെ റവന്യൂ കമ്മി മൊത്ത ആഭ്യന്തരോൽപ്പാദനത്തിന്റെ (GSDP) 2.23 ശതമാനം ആയിരുന്നത് 2022-23ൽ 0.88 ശതമാനമായി കുറഞ്ഞു. അതുപോലെ, ധനക്കമ്മി 2021-22ൽ ജിഎസ്ഡിപിയുടെ 3.99 ശതമാനമായിരുന്നത് 2022-23ൽ 2.44 ശതമാനമായി കുറഞ്ഞു, ഇത് 2023-24ൽ 3.50 ശതമാനം ആകുമെന്ന് കണക്കാക്കുന്നു. കേരളത്തിന്റെ റവന്യൂ വരുമാനം 2021-22ൽ ജിഎസ്ഡിപിയുടെ 12.48 ശതമാനമായിരുന്നത് 2022-23ൽ 12.69 ശതമാനമായി വർധിച്ചു. 2022-23 ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനവും തനത് നികുതിയേതര വരുമാനവും യഥാക്രമം 23.36 ശതമാനമായും 44.5 ശതമാനമായും വർധിച്ചു, അതിന്റെ ഫലമായി സംസ്ഥാനത്തിന്റെ മൊത്തം വരുമാനം 13.79 ശതമാനം ആയി വർദ്ധിച്ചു. എന്നിരുന്നാലും, 2022-23ൽ, കേന്ദ്ര നികുതി വിഹിതത്തിന്റെയും ഗ്രാന്റുകളുടെയും വിഹിതം 2021-22ലെ 12.22 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ് 4.6 ശതമാനം നെഗറ്റീവ് വളർച്ച രേഖപ്പെടുത്തി. മൊത്തം ചെലവ് 2021-22ലെ 10.44 ശതമാനത്തിൽ നിന്ന് 2022-23ൽ 10.58 ശതമാനമായി നേരിയ തോതിൽ വർധിച്ചു. മൂലധന അടങ്കൽ 1.38 ശതമാനവും മൂലധന ചെലവ് 2.75 ശതമാനവും കുറഞ്ഞു. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (NSO) കണക്കുകൾ അനുസരിച്ച്, 2023 സെപ്റ്റംബറിലെ ഇന്ത്യയിലെയും കേരളത്തിലെയും സിപിഐ - സംയോജിത പണപ്പെരുപ്പം (CPI-Combined inflation) യഥാക്രമം 5.02 ശതമാനവും 4.59 ശതമാനവുമാണ്.

കാർഷിക, അനുബന്ധ മേഖലയിലെ ജി.എസ്.വി.എ 2022-23ൽ 0.87 ശതമാനമായി വർധിച്ച്

45,40,051 ലക്ഷം രൂപയായി. ഇത് 2021-22ൽ 45,00,756 ലക്ഷം രൂപയായിരുന്നു. 2022-23ലെ ത്വരിത കണക്കുകൾ പ്രകാരം ഉപ മേഖലകളായ വനവും മരംമുറിക്കലും, മത്സ്യബന്ധനവും മത്സ്യകൃഷിയും യഥാക്രമം 3.28 ശതമാനവും 7.66 ശതമാനവും വളർച്ച നേടി. കാർഷിക മേഖലയിൽ കന്നുകാലി മേഖല ഒഴികെയുള്ള മറ്റ് മേഖലകൾ പോസിറ്റീവ് വളർച്ച രേഖപ്പെടുത്തി. ത്വരിത കണക്കുകൾ പ്രകാരം 2021-22ൽ കാർഷിക, അനുബന്ധ പ്രവർത്തനങ്ങളുടെ മൊത്തം ജിഎസ്‌വിഎയിലെ വിഹിതം (സ്ഥിര വിലയിൽ) 8.97 ആയിരുന്നത് 2022-23ൽ 8.52 ശതമാനമായി കുറഞ്ഞു.

2022-23ലെ ഭൂവിനിയോഗ കണക്കുകൾ പ്രകാരം കേരളത്തിന്റെ മൊത്തം ഭൂവിസ്തൃതി 38.86 ലക്ഷം ഹെക്ടർ ആണ്. അതിൽ മൊത്തം കൃഷി ചെയ്ത വിസ്തീർണ്ണം 25.16 ലക്ഷം ഹെക്ടറും (64.75 ശതമാനം) യഥാർത്ഥത്തിൽ കൃഷിചെയ്ത വിസ്തീർണ്ണം 19.9 ലക്ഷം ഹെക്ടറും (51.20 ശതമാനം) ആണ്. കാർഷികേതര ആവശ്യത്തിനു വിനിയോഗിച്ച ഭൂമി 5.95 ലക്ഷം ഹെക്ടറും (15.31 ശതമാനം) വനമേഖല ആയി നിൽക്കുന്നത് 10.82 ലക്ഷം ഹെക്ടറും (27.83 ശതമാനം) ആണ്.

2022-23ലെ കണക്കുകൾ പ്രകാരം നെല്ല്, പയർവർഗ്ഗങ്ങൾ, മരച്ചീനി, റാഗി, ചെറുകിട തിന, മധുരക്കിഴങ്ങ്, മറ്റ് കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുന്ന ഭക്ഷ്യവിളകൾ മൊത്തം വിള വിസ്തൃതിയുടെ 10.34 ശതമാനം ആണ്. മൊത്തം കൃഷിയിടത്തിന്റെ 65.75 ശതമാനവും നാണ്യവിളകളായ കശുവണ്ടി, റബ്ബർ, കുരുമുളക്, തെങ്ങ്, ഏലം, തേയില, കാപ്പി എന്നിവയാണ്. മൊത്തത്തിലുള്ള കൃഷിയിടത്തിന്റെ 30.2 ശതമാനം നാളികേര കൃഷിയും തൊട്ടു പുറകിൽ റബ്ബറുമാണ്, 21.8 ശതമാനം. മൊത്തം കൃഷിയിടത്തിന്റെ 7.6 ശതമാനം നെൽകൃഷിയാണ്. 2022-23ൽ തോട്ടവിളകളായ തേയില, കാപ്പി, റബ്ബർ, ഏലം എന്നിവയുടെ ഉൽപ്പാദനം യഥാക്രമം 9.3 ശതമാനം, 3.6 ശതമാനം, 7.69 ശതമാനം, 4.21 ശതമാനം എന്നിങ്ങനെ വർദ്ധിച്ചു. 2022-23ൽ നെല്ല് ഉൽപ്പാദനം 6.0 ശതമാനം വർധിച്ചു. 2022-23ൽ ഉൾനാടൻ, സമുദ്ര മത്സ്യങ്ങളുടെ ഉൽപ്പാദനം യഥാക്രമം 2.29 ലക്ഷം ടണ്ണും 6.9 ലക്ഷം ടണ്ണും ആണ്. ഉൾനാടൻ മത്സ്യോൽപ്പാദനം ഓരോ വർഷവും വർധിച്ചു വരികയാണ്. ഇത് 2017-18ൽ 1.89 ലക്ഷം ടണ്ണായിരുന്നത് 2022-23ൽ 2.29 ലക്ഷം ടണ്ണായി ഉയർന്നു. ഉൾനാടൻ മത്സ്യബന്ധനത്തിലെ പ്രധാന വെല്ലുവിളി ഗുണനിലവാരമുള്ള മത്സ്യവിത്തുകളുടെ ദൌർലഭ്യമാണ്.

നെറ്റ് ഇറിഗേറ്റട് ഏരിയ 2021-22ൽ 4.03 ലക്ഷം ഹെക്ടർ ആയിരുന്നത് 2022-23ൽ 4.19 ലക്ഷം ഹെക്ടറായി ഉയർന്നു. എന്നാൽ, ഗ്രോസ്സ് ഇറിഗേറ്റട് ഏരിയ 2021-22ൽ 5.61 ലക്ഷം ഹെക്ടർ ആയിരുന്നത് 2022-23ൽ 5.14 ലക്ഷം ഹെക്ടറായി കുറഞ്ഞു. 2022-23 ൽ വിവിധ സ്രോതസ്സുകൾ മുഖേന ജലസേചനം നടത്തിയതിൽ, 1.77 ലക്ഷം ഹെക്ടർ കിണർ (കുഴൽക്കിണർ ഉൾപ്പെടെ) മുഖേനയും 0.82 ലക്ഷം ഹെക്ടർ സർക്കാർ കനാലുകൾ മുഖേനയും ആണ്.

കേരളത്തിലെ പൊതു ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, പ്രത്യേകിച്ച് ഗ്രാമീണ മേഖലയിലെ ദുർബലരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും വികസനത്തിനായ്, ജനങ്ങളെ അണിനിരത്തുന്നതിലും അവരുടെ വിഭവങ്ങൾ സമാഹരിക്കുന്നതിലും സഹകരണ സംഘങ്ങൾ വഹിച്ച പങ്ക് ശ്രദ്ധേയമാണ്. 2023 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 16,352 സഹകരണ സംഘങ്ങളുണ്ട്, ഇതിൽ 12241 എണ്ണമാണ് പ്രവർത്തിക്കുന്നവ. ഉപഭോക്തൃ സഹകരണ സംഘങ്ങളാണ് (4,629) എണ്ണത്തിൽ കൂടുതൽ, ശേഷം രണ്ടും മൂന്ന് സ്ഥാനത്തു നിൽക്കുന്നത് വായ്പാ സഹകരണ സംഘങ്ങളും (3,751) വനിതാ സഹകരണ സംഘങ്ങളും (1,248) ആണ്. ഇതിനുപുറമേ വിപണനം, പാർപ്പിടം, സംസ്കരണം, ആരോഗ്യം, പട്ടികജാതി-പട്ടികവർഗ സഹകരണ സംഘങ്ങൾ എന്നിവയും ഉണ്ട്. യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുള്ള രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം.

വ്യാവസായിക മേഖലയെ നവീകരിക്കുന്നതിലും വൈവിധ്യവൽക്കരിക്കുന്നതിലും ഗണ്യമായ പുരോഗതി സംസ്ഥാനം കൈവരിച്ചിട്ടുണ്ട്. 2022-23ലെ ത്വരിത കണക്കുകൾ പ്രകാരം ദ്വിതീയ മേഖലയാണ് ജിഎസ്‌വിഎയുടെ ഏകദേശം 28.4 ശതമാനവും (സ്ഥിരവിലയിൽ) നൽകിയിരിക്കുന്നത്. ത്വരിത കണക്കുകൾ അനുസരിച്ച് 2022-23ൽ ഈ മേഖല 7.72 ശതമാനം വളർച്ച രേഖപ്പെടുത്തി (2011-12ലെ സ്ഥിരവിലയിൽ). ദ്വിതീയ മേഖലയിലെ പ്രധാന ഉപവിഭാഗങ്ങൾ ആയ മാനുഫാക്ചറിംഗ് (8.96 ശതമാനം), നിർമ്മാണം (6.04 ശതമാനം) എന്നിവ 2022-23 ൽ പോസിറ്റീവ് വളർച്ച കൈവരിച്ചു. ത്വരിത കണക്കുകൾ പ്രകാരം 2022-23ൽ ജിഎസ്‌വിഎ യുടെ 13 ശതമാനം വന്നത് (2011-12ലെ സ്ഥിരവിലയിൽ) മാനുഫാക്ചറിംഗ് മേഖലയിൽ നിന്നുമാണ്, ഈ മേഖലയുടെ വിഹിതം 2014-15ൽ 9.78 ശതമാനത്തിൽ നിന്ന് 2022-23ൽ 13.0 ശതമാനമായി ഉയർന്നു. ത്വരിത കണക്കുകൾ അനുസരിച്ച് 2022-23ൽ

ജിഎസ്‌വിഎ യിലേക്ക് (2011-12ലെ സ്ഥിരവിലകളിൽ) നിർമ്മാണരംഗം ഏകദേശം 13.79 ശതമാനം സംഭാവന ചെയ്യുന്നു.

സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിൽ കേരള സർക്കാർ "എന്റെ സംരംഭം, രാഷ്ട്രത്തിന്റെ അഭിമാനം" എന്ന മുദ്രാവാക്യത്തോടെ 2022-23 സാമ്പത്തിക വർഷം "സംരംഭങ്ങളുടെ വർഷം" ആയി പ്രഖ്യാപിക്കുകയും 2022-23ൽ ഒരു ലക്ഷം സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് മുൻകൈയെടുക്കുകയും ചെയ്തു. ഈ ഉദ്യമത്തിൽ പ്രഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിക്കുക, എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംരംഭക സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കുക, എല്ലാ ജില്ലകളിലും എംഎസ്എംഇ ക്ലിനിക്കുകൾ സ്ഥാപിക്കുക, പ്രൊഫഷണൽ റിസോഴ്സ് പേഴ്സൺമാരുടെ സേവനത്തോടെ താലൂക്കുതല എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുക, പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനായി തദ്ദേശ സ്ഥാപന തലത്തിലും സംസ്ഥാന, ജില്ലാ തലങ്ങളിലും കമ്മിറ്റികൾ രൂപീകരിക്കുക എന്നിവ ഉൾപ്പെടുന്നു. ഓരോ പ്രദേശങ്ങളിലും എളുപ്പത്തിൽ ലഭ്യമാകുന്ന വിഭവങ്ങൾ ഉപയോഗപ്പെടുത്തി തദ്ദേശീയ ഉൽപന്നങ്ങളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് "സംരംഭക വർഷം" പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ 'ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം' (OLOP) എന്ന പദ്ധതി ആരംഭിച്ചു. ആകെയുള്ള 1034 തദ്ദേശ സ്ഥാപനങ്ങളിൽ 680 ലധികത്തിനെയും OLOP ചട്ടക്കൂടിലേക്ക് സംയോജിപ്പിക്കുന്നതിന് അനുയോജ്യമായ ഉൽപ്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സർക്കാർ 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസങ്ങൾക്കുള്ളിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുക എന്ന മഹത്തായ ലക്ഷ്യംനേടി. 2022-23ൽ 8,421.63 കോടി രൂപയുടെ അത്ഭുതകരമായ നിക്ഷേപത്തോടെ 1,39,840 പുതിയ സംരംഭങ്ങൾ ആരംഭിച്ച് ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. ഈ അഭൂതപൂർവമായ വളർച്ച സംസ്ഥാനത്ത് 3,00,051 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് നയിച്ചു.

സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ ശ്രദ്ധേയമായൊരു സവിശേഷത, ജിഎസ്‌വിഎയിൽ സേവനമേഖലയുടെ പങ്കാളിത്തം കൂടി വരുന്നതാണ്. ഇത് ത്വരിത കണക്കുകൾ പ്രകാരം 2022-23ൽ 62.62 ശതമാനമാണ്. ത്വരിതകണക്കുകൾ പ്രകാരം തൃതീയ മേഖല 2022-23ൽ 6.2 ശതമാനം വളർച്ച രേഖപ്പെടുത്തി, ഇത് 2021-22ൽ 16.74 ശതമാനമായിരുന്നു. 2022-23 ൽ സേവനമേഖലയിലെ മുൻനിര ഉപമേഖലകളായ വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം, വ്യാപാരം എന്നിവ ഉയർന്ന വളർച്ച രേഖപ്പെടുത്തി.

വിവരസാങ്കേതികവിദ്യ സംസ്ഥാനത്തെ വളർന്നുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ്. ടെക്നോപാർക്കുകൾ, ഇൻഫോപാർക്ക്, സൈബർപാർക്ക്, ടെക്നോസിറ്റി എന്നിവയുടെ ഒരു ശൃംഖല തന്നെ കേരളത്തിലുണ്ട്. കേരള സർക്കാർ, 2020-ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (IIITM-K) നെ കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നവേഷൻ ആന്റ് ടെക്നോളജി ആയി ഉയർത്തി. കേരളമാണ് രാജ്യത്തെ ആദ്യത്തെ ടെക്നോപാർക്ക് സ്ഥാപിച്ചത്. അത് ഇപ്പോൾ 374 ഏക്കർ സ്ഥലത്ത് 10.6 ദശലക്ഷം ചതുരശ്ര അടി വിസ്തീർണ്ണവുമുള്ള രാജ്യത്തെ ഏറ്റവും വലിയ ഐടി പാർക്കായി മാറിയിരിക്കുന്നു. കഴക്കൂട്ടത്ത് ആരംഭിച്ച ടെക്നോസിറ്റി പദ്ധതി 390 ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഏറ്റവും വലിയ ഇന്റഗ്രേറ്റഡ് ഐടി ടൗൺഷിപ്പാണ്. കഴക്കൂട്ടം-കോവളം എൻഎച്ച് 66 സംസ്ഥാനത്തെ ആദ്യത്തെ ഐടി ഇടനാഴിയായി. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഒരു നൂതന പദ്ധതിയാണ് കെ-ഫോൺ. സർക്കാരും അല്ലാത്തതുമായ 30,000 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകുകയും സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമുദായങ്ങളിലെ (ഇബിസി) 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് നൽകുകയും ചെയ്യുന്നു. മറ്റുള്ളവർക്കും കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സേവനങ്ങൾ നൽകാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതി നടപ്പാക്കിയതോടെ കേരളം 20 ലക്ഷം ഇബിസി കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി.

അടിസ്ഥാന സൗകര്യങ്ങൾ, ഇ-സാക്ഷരതാ എന്നിവ വലിയ തോതിൽ വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുതിലൂടെ ഇ-ഗവേണൻസിലും മൊബൈൽ ഗവേണൻസിലും കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വൻ വികസനം കൈവരിച്ചു.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന്റെ (KSITM) കീഴിലുള്ള ഇ-ഗവേണൻസ് സമ്പ്രദായങ്ങളിൽ ഇ-ഓഫീസ്, സർവീസ് പ്ലസ്, ഫ്രണ്ട്സ്, അക്ഷയ, SEMT, സിറ്റിസൺ കോൾ സെന്റർ, സ്പാർക്ക്, ഇ-പ്രൊക്യുർമെന്റ് എന്നിവ ഉൾപ്പെടുന്നു. കേരള സ്റ്റേറ്റ് വൈഡ് ഏരിയ

നെറ്റ് വർക്ക് (KSWAN), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക്, സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ എന്നിവയാണ് സംസ്ഥാനത്തെ ഇ-ഗവേണൻസിനുള്ള പ്രധാനപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ. പബ്ലിക് വൈ-ഫൈ പദ്ധതിക്ക് കീഴിൽ, പൗരന്മാർക്ക് സൗജന്യ ഇന്റർനെറ്റ് നൽകുന്നതിനായി സർക്കാർ സംസ്ഥാനത്തുടനീളം 2000 വൈ-ഫൈ ഹോട്സ്പോട്ടുകൾ രൂപീകരിച്ചു. നിലവിൽ സംസ്ഥാനത്തുടനീളം 2,734 അക്ഷയ കേന്ദ്രങ്ങൾ ഉണ്ട്, അവ 9,017 പേർക്ക് തൊഴിൽ നൽകുന്നു. കേരളത്തിൽ 100 ശതമാനം ആധാർ രജിസ്ട്രേഷൻ നിലനിൽക്കുന്നു. കേരളത്തിലെ ഇ-സേവന പോർട്ടലായ ഇ-സേവനം 70 ലധികം വകുപ്പുകളുടെ 711 സേവനങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചിരിക്കുന്നു. എം-സേവനം (m-SEVANAM) എന്ന ഏകീകൃത മൊബൈൽ ആപ്ലിക്കേഷനിലൂടെ എല്ലാ മൊബൈൽ സൗഹൃദ സേവനങ്ങളും (ഏകദേശം 546 സേവനങ്ങൾ) നൽകി വരുന്നു.

2023ൽ കേരളത്തിൽ സംഘടിത മേഖലയിൽ ജോലി ചെയ്യുന്ന 12.53 ലക്ഷം പേരിൽ 5.57 ലക്ഷം പേർ (44.5 ശതമാനം) പൊതുമേഖലയിലും 6.95 ലക്ഷം പേർ (55.5 ശതമാനം) സ്വകാര്യമേഖലയിലുമാണ്. 2021നെ അപേക്ഷിച്ച്, 2022ൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും തൊഴിലവസരങ്ങൾ വർധിച്ചു. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്റ്റർ പ്രകാരം 2023 ജൂലായ് 31 വരെ ആകെ തൊഴിലന്വേഷകരുടെ എണ്ണം 28.6 ലക്ഷമാണ്.

2022 ഒക്ടോബർ 31 വരെയുള്ള കണക്ക് പ്രകാരം റേഷൻ കാർഡുടമകളുടെ എണ്ണം 93.95 ലക്ഷമാണ്, അവ എൻഎഫ്എസ്എ, നോൺ എൻഎഫ്എസ്എ എന്നീ വിഭാഗങ്ങളിൽപ്പെടുന്നു. ഇതിൽ എൻഎഫ്എസ്എ വിഭാഗത്തിൽ, 5.85 ലക്ഷം എഎവൈ കാർഡുകളും 35.54 ലക്ഷം മുൻഗണനാ കാർഡുകളും ഉൾപ്പെടുന്നു. നോൺ എൻഎഫ്എസ്എ വിഭാഗത്തിൽ, മുൻഗണനേതര സബ്സിഡി ഗ്രൂപ്പിൽ 22.99 ലക്ഷം കാർഡുകളും മുൻഗണനേതര നോൺ സബ്സിഡി ഗ്രൂപ്പിൽ 29.26 ലക്ഷം കാർഡുകളും ഉൾപ്പെടുന്നു. 2022-23ൽ സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം വഴിയുള്ള മൊത്തം ഭക്ഷ്യധാന്യ വിതരണം 13,96,185 മെട്രിക് ടൺ ആണ്. ഇതിൽ, എഎവൈ കാർഡ് ഉടമകൾക്ക് 2,40,227.3 മെട്രിക് ടൺ, പിഎച്ച്എച്ച് കാർഡ് ഉടമകൾക്ക് 7,56,427.1 മെട്രിക് ടൺ, മുൻഗണനേതര കാർഡുടമകൾക്ക് 3,99,530.373 മെട്രിക് ടൺ എന്നിങ്ങനെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു. എഎവൈ കാർഡുകൾക്ക് 5,097.75 ലക്ഷം രൂപയും, മുൻഗണനാ കാർഡുകൾക്ക് 4504.23 ലക്ഷം രൂപയും, മുൻഗണനേതര കാർഡുകൾക്ക് 8048.27 ലക്ഷം രൂപയും, ഉൾപ്പെടെ 2022-23ൽ വിവിധ കാർഡുടമകൾക്കായി 17,650.25 ലക്ഷം രൂപ സബ്സിഡിയായി ചെലവഴിച്ചു.

2022-23ൽ, പൊതുമരാമത്ത് വകുപ്പ് മൊത്തം 16,456 കിലോമീറ്റർ റോഡിന്റെ വികസനവും നവീകരണവും ബിറ്റുമെൻ മക്കാഡം (ബിഎം), ബിറ്റുമെൻ കോൺക്രീറ്റ് (ബിസി) എന്നിവ ഉപയോഗിച്ച് നടത്തി. 2022-23ൽ 419.71 കിലോമീറ്റർ റോഡ് ചിപ്പിംഗ് കാർപെറ്റ് ഉപയോഗിച്ച് റി-സർഫസ് ചെയ്തു. കൂടാതെ, 628 കിലോമീറ്റർ റോഡ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ചും, 1465.10 കിലോമീറ്റർ റോഡ് പ്രകൃതിദത്ത റബ്ബർ മോഡിഫൈഡ് ബിറ്റുമെൻ (എൻആർഎംബി) ഉപയോഗിച്ചും, 37.05 കിലോമീറ്റർ റോഡ് ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിച്ചും പാകിയ റോഡാക്കി മാറ്റി. മലയോര ഹൈവേയുടെ നാല് സ്ട്രെച്ചുകളുടെ പണി പൂർത്തീകരിച്ചു, മറ്റ് സ്ട്രെച്ചുകളുടെ പണി പുരോഗമിക്കുകയാണ്. തീരദേശ ഹൈവേക്ക് വേണ്ടിയുള്ള നാല് സ്ട്രെച്ചുകളുടെ സ്ഥലമെടുപ്പ് പുരോഗമിക്കുന്നു, രണ്ട് സ്ട്രെച്ചുകളുടെ 90 ശതമാനം പണി പൂർത്തിയായി. ഗ്രേറ്റർ കൊച്ചി മേഖലയിൽ ആധുനിക ജലഗതാഗത അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി വിഭാവനം ചെയ്ത വാട്ടർ മെട്രോ പദ്ധതി 2023 ഏപ്രിലിൽ പ്രവർത്തനം ആരംഭിച്ചു. ദേശീയപാതകൾക്കായുള്ള (NH-66) ഭൂമി ഏറ്റെടുക്കൽ ചെലവിലേക്ക് സംസ്ഥാന സർക്കാർ 5,580.74 കോടി രൂപ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് (NHAI) കൈമാറി. അതിന്റെ ഫലമായി ഒരു നീണ്ട ഇടവേളയ്ക്കുശേഷം ജോലി പുനരാരംഭിച്ചു. ആദ്യത്തെ അന്താരാഷ്ട്ര ചരക്ക് കപ്പൽ ആയ 'ഷെൻഹുവ 15' 2023 ഒക്ടോബർ 15 ന് രാജ്യത്തെ ആദ്യത്തെ ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തി.

സാമ്പത്തിക വികസനത്തിൽ ഊർജ്ജ മേഖലയുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. 2023 മാർച്ച് വരെ കേരളത്തിന്റെ മൊത്തം സ്ഥാപിത വൈദ്യുതി ഉത്പാദനം 3,514.81 മെഗാവാട്ട് ആണ്. ഇതിൽ ജലവൈദ്യുതിയുടെ പങ്ക് 2,173.57 മെഗാവാട്ടും (61.84 ശതമാനം), സൗരോർജ്ജം 734.42 മെഗാവാട്ടും (20.90 ശതമാനം), താപോർജ്ജം 536.54 മെഗാവാട്ടും (15.27 ശതമാനം), കാറ്റിൽ നിന്ന് 70.28 മെഗാവാട്ടും (2 ശതമാനം) എന്നിങ്ങനെയാണ്. 2022-23ലെ മൊത്തം സ്ഥാപിതശേഷിയായ 3,514.81 മെഗാവാട്ടിൽ സംസ്ഥാന മേഖലയുടെ പങ്ക് 2299.89 മെഗാവാട്ടും (65.43 ശതമാനം), കേന്ദ്രമേഖലയുടെ പങ്ക് 359.58 മെഗാവാട്ടും (10.23

ശതമാനം), സ്വകാര്യമേഖലയുടെ പങ്ക് 855.34 മെഗാവാട്ടും (24.33 ശതമാനം) ആണ്. ബൾക്ക് ലൈസൻസികൾ ഉൾപ്പെടെ 136.48 ലക്ഷം ഉപഭോക്താക്കൾക്ക് 25,383.77 MU വൈദ്യുതി കെഎസ്ഇബി വിറ്റഴിച്ചു. 2022-23 ൽ സംസ്ഥാനത്തിന് പുറത്തു മറ്റ് ആവശ്യങ്ങൾക്കുള്ള വിൽപന ഉൾപ്പെടെ വൈദ്യുതി വിൽപനയിൽ നിന്നുള്ള മൊത്തം വരുമാനം 17,705.46 കോടി രൂപയാണ്.

ലൈഫ് (ഉപജീവനം, ഉൾച്ചേർക്കൽ, സാമ്പത്തിക ശാക്തീകരണം) മിഷനു കീഴിൽ, സംസ്ഥാനത്ത് മൊത്തം 3,54,712 വീടുകൾ നിർമ്മിച്ചു. അതിൽ 92,411 വീടുകൾ പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്കും 39,320 പട്ടികവർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താക്കൾക്കുമായി നിർമ്മിച്ചുനൽകി. കേരളത്തെ വിശപ്പ് രഹിതമാക്കാനുള്ള സർക്കാരിന്റെ ദൗത്യം സാക്ഷാത്കരിക്കുന്നതിനായി ജനകീയ ഹോട്ടലുകൾക്കു കീഴിൽ (കുടുംബശ്രീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിപ്പിച്ച് കുറഞ്ഞ വിലയ്ക്ക് ഭക്ഷണം നൽകുന്നതിനായി സ്ഥാപിച്ച ഹോട്ടൽ ശൃംഖല), ഏകദേശം 1,197 ഹോട്ടലുകൾ ആരംഭിച്ചു. ഈ ഹോട്ടലുകളിൽ പ്രതിദിനം ശരാശരി 2 ലക്ഷം ഊണാണ് വിൽക്കുന്നത്. ഈ പദ്ധതിയിലൂടെ 5,043 സ്ത്രീകൾക്ക് മികച്ച വരുമാനവും തൊഴിലും ലഭിക്കുന്നു. കുടുംബശ്രീ സംസ്ഥാനത്ത് നടപ്പിലാക്കുന്ന മറ്റ് പദ്ധതികളിൽ ഷീ സ്റ്റാർട്ട്സ്, തീരശ്രീ, കേരള ചിക്കൻ, ബാക്ക് ടു സ്കൂൾ എന്നിവ ഉൾപ്പെടുന്നു.

2022-23ൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ആകെ 41,11,897.5 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. ഇക്കാലയളവിൽ 85,310 കുടുംബങ്ങൾക്കും 79,766 സ്ത്രീകൾക്കും തൊഴിൽ നൽകുകയും, ഒപ്പം 12,024 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുകയും ചെയ്തു.

പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രത്യേകിച്ച് ദുർബലരുടെയും സാമ്പത്തികമായി പിന്നിൽ നിൽക്കുന്നവരുടെയും സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ക്ഷേമ പെൻഷനുകൾ 2016 ൽ ഒരു ഗുണഭോക്താവിന് ലഭിച്ചിരുന്ന 600 രൂപയിൽ നിന്ന് 2021ൽ 1,600 രൂപയായി വർധിച്ചു. സാമൂഹിക സുരക്ഷാ പെൻഷൻകാരുടെ എണ്ണം 2015-16ൽ 34 ലക്ഷമായിരുന്നു, ഇത് 2022 ഒക്ടോബറിൽ 52.38 ലക്ഷമായി ഉയർന്നു. 2023 നവംബറിലെ കണക്കനുസരിച്ച് 46.77 ലക്ഷം പെൻഷൻകാരിൽ 29.45 ലക്ഷം പേർ (63 ശതമാനം) സ്ത്രീകളാണ്. ഗുണഭോക്താക്കളിൽ 56.5 ശതമാനം പേർക്ക് വാർദ്ധക്യ പെൻഷനും, 27.1 ശതമാനം പേർക്ക് വിധവ പെൻഷനും, 7.8 ശതമാനം പേർക്ക് വികലാംഗ പെൻഷനും, 6.8 ശതമാനം പേർക്ക് കർഷകത്തൊഴിലാളി പെൻഷനും നൽകി വരുന്നു. അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 81,377 ഗുണഭോക്താക്കൾക്ക് നൽകുന്നു.

ദുർബല വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ വികസനം മെച്ചപ്പെടുത്താൻ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഒരു ലക്ഷത്തിൽ താഴെ വാർഷിക വരുമാന മുള്ള പട്ടികജാതി വിഭാഗങ്ങളിലെ ഹൈസ്കൂൾ, ഹയർസെക്കൻഡറി വിദ്യാർഥികൾക്കായി 2022-23ൽ 5,012 പഠനമുറികളുടെ നിർമാണം പൂർത്തീകരിച്ചു. ഇതിൽ 81 പഠനമുറികൾ പട്ടിക ജാതി വിഭാഗത്തിലെ തീർത്തും ദുർബരായ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കു വേണ്ടിയാണ്. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി വിദേശത്ത് പഠിക്കാൻ 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകുന്നു. 2022-23ൽ 330 പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്തമായ വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാൻ സർക്കാർ പിന്തുണ നൽകി. 2023-24ൽ 181 വിദ്യാർത്ഥികൾക്ക് (2023 സെപ്റ്റംബർ 30 വരെ) സഹായം നൽകി. നൈപുണ്യ പരിശീലന തൊഴിൽ പദ്ധതി പ്രകാരം 51 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ സബ്സിഡിയും, 599 പട്ടികജാതി യുവാക്കൾക്ക് വിവിധ നൈപുണ്യ വികസന പരിപാടികളിലൂടെ നൈപുണ്യവും, 864 പേർക്ക് വിദേശത്ത് ജോലി തേടാനുള്ള സഹായവും നൽകി. 2023-24ൽ (2023 സെപ്റ്റംബർ 30 വരെ) 300 അംഗീകൃത എഞ്ചിനീയർമാർക്കും 60 കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാർക്കും ജ്വാല (JWALA) പ്രൊജക്റ്റിന് കീഴിൽ 87 നിയമ ബിരുദധാരികൾക്കും TRACE (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) സ്കീമിന് കീഴിൽ തൊഴിൽ നൽകി.

2022-23ൽ ട്രൈബൽ റീസെറ്റിൽമെന്റ് ആന്റ് ഡെവലപ്മെന്റ് മിഷൻ (ടിആർഡിഎം) പ്രകാരം 1,316 ആദിവാസികൾക്കായി 1639.78 ഏക്കർ ഭൂമി വിതരണം ചെയ്തു. 2023 സെപ്തംബർ 30 വരെ 966 ആദിവാസികൾക്കായി 1,196.07 ഏക്കർ ഭൂമി വിവിധ പദ്ധതികൾക്ക് കീഴിൽ വിതരണം ചെയ്തിട്ടുണ്ട്. 2016-17 മുതൽ വിവിധ ഭവന പദ്ധതികൾ പ്രകാരം പട്ടികവർഗ വകുപ്പ് അനുവദിച്ച 7708 വീടുകളിൽ 2023 സെപ്തംബർ 30 വരെ 3901 വീടുകൾ പൂർത്തീകരിച്ചു. ആകെയുള്ള 6,748 ആദിവാസികേന്ദ്രങ്ങളിൽ 6,672 എണ്ണം വൈദ്യുതീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ കുട്ടികളുടെ പഠന മികവിന് സഹായിക്കുന്നതിനായി വിവിധ ആദിവാസികേന്ദ്രങ്ങളിലായി 364 കമ്മ്യൂണിറ്റി സ്റ്റഡിസെന്ററുകൾ സ്ഥാപിച്ചു. ഉന്നതി ഓവർസീസ് എജ്യൂക്കേഷൻ സ്കോളർഷിപ്പ് സംരംഭത്തിന് കീഴിൽ, 24 പട്ടികവർഗ വിദ്യാർത്ഥികൾക്ക് വിദേശ സ്ഥാപനങ്ങളിൽ പഠനം നടത്താൻ സഹായം നൽകി. സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതി പ്രകാരം 1,67,912 പേർക്ക് ചികിത്സാ സഹായം

നൽകി. ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് (ട്രേസ്) പ്രോഗ്രാം 500 എഞ്ചിനീയർമാരെയും എംഎസ്ഡബ്ല്യു (MSW) യോഗ്യതയുള്ള 114 സോഷ്യൽ വർക്കർമാരെയും 380 മാനേജ്മെന്റ് ട്രെയിനികളെയും വിവിധ വകുപ്പുകളിൽ നിയമിച്ചിട്ടുണ്ട്. 'വിംഗ്സ്' പദ്ധതിക്ക് കീഴിൽ 140 പട്ടികവർഗ വിദ്യാർത്ഥികൾക്ക് രാജ്യത്തെ വിവിധ അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും അനുബന്ധ മേഖലകളിലും ജോലി നൽകി.

വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും കേരളം കൈവരിച്ച നേട്ടങ്ങൾ ലോകമെമ്പാടും ശ്രദ്ധേയമാണ്. എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ടുള്ള വിദ്യാഭ്യാസത്തിന്റെ വികസനത്തിനായി കേരളം പുരോഗമനപരമായ നടപടികൾ സ്വീകരിച്ചു. അതിനായി, സൗജന്യ യൂണിഫോം, ഉച്ചഭക്ഷണം, യാത്രാ ചെലവുകൾ വഹിക്കുന്നതിനുള്ള സാമ്പത്തിക സഹായം, ഹോസ്റ്റൽ സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്കുള്ള വിനോദയാത്രകൾ എന്നിവ ഉൾപ്പെടുന്ന സൗകര്യങ്ങൾ സർക്കാർ നൽകുന്നു. ഇതുകൂടാതെ, എല്ലാവരേയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം ഉറപ്പാക്കാൻ, കൈറ്റ് (KITE) കാഴ്ചവൈകല്യമുള്ളവർക്കായി ഓഡിയോ ബുക്കുകളും 10, 12 ക്ലാസുകളിലെ ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾക്കായി സൈൻ അഡാപ്റ്റഡ് ക്ലാസുകളും വികസിപ്പിച്ചെടുത്തു. കിഫ്ബി യഥാക്രമം 5 കോടി, 3 കോടി, 1 കോടി രൂപ വീതം 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിൽ യഥാക്രമം 141, 386, 446 സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ചിരുന്നു. 5 കോടി രൂപ വകയിരുത്തിയ വിഭാഗത്തിൽ 134 സ്കൂളുകളുടെ കെട്ടിട നിർമാണം പൂർത്തിയായി. 3 കോടി രൂപ വകയിരുത്തിയ വിഭാഗത്തിൽ 161 സ്കൂളുകൾക്കും ഒരു കോടി രൂപയിൽ വകയിരുത്തിയ വിഭാഗത്തിൽ 136 സ്കൂളുകൾക്കും കെട്ടിടങ്ങൾ നിർമിച്ചു. 104 കോടി രൂപ നബാർഡ് ഫണ്ട് ഉപയോഗിച്ച് 52 സ്കൂളുകൾക്ക് കെട്ടിടം നിർമ്മിച്ചു.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗം നയപരമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള നയത്തിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തിലെ നവീകരണ സംരംഭങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി, താഴെപ്പറയുന്ന ലക്ഷ്യങ്ങളോടെ സംസ്ഥാന തലത്തിൽ മൂന്ന് കമ്മീഷനുകൾ രൂപീകരിച്ചിരുന്നു: i) സംസ്ഥാനത്ത് നിലവിലുള്ള ഉന്ന തവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കുക, പ്രത്യേകിച്ച് ഒരു വിജ്ഞാനസമൂഹമായും വിജ്ഞാന സമ്പദ്‌വ്യവസ്ഥയായും മാറുക എന്ന സംസ്ഥാന ത്തിന്റെ വലിയ ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ ii) കേരളത്തിലെ സർവ്വകലാശാലകളിലെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും നിലവിലുള്ള പരീക്ഷയുടെ അവസ്ഥ അവലോകനം ചെയ്യുക, iii) സർവ്വകലാശാലകളുടെ നിയമങ്ങൾ, സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ എന്നിവ യു.ജി.സി., എ.ഐ.സി.ടി.ഇ., എൻ. സി. ടി. ഇ എന്നിവയുടെ ചട്ടങ്ങളുടെ പശ്ചാത്തലത്തിൽ പരിശോധിക്കുക. കൂടാതെ സംസ്ഥാനത്തെ ഒരു വിജ്ഞാനസമൂഹമാക്കി മാറ്റുക എന്ന വലിയ ലക്ഷ്യങ്ങൾ കണക്കിലെടുത്ത് അവ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുക എന്നതും ലക്ഷ്യമാണ്. വിശപ്പ് രഹിത ക്യാമ്പസ്, കരിയർ ടു ക്യാമ്പസ്, മുഖ്യമന്ത്രിയുടെ പ്രതിഭ സ്കോളർഷിപ്പ് അവാർഡ്, മിനി ഇൻഡസ്ട്രിയൽ യൂണിറ്റ്, ജീവനി - കോളേജ് മാനസിക ബോധവൽക്കരണ പരിപാടി എന്നിവയാണ് പ്രധാന പരിപാടികൾ.

എല്ലാവർക്കും ലഭ്യമാവുന്നതും തുല്യതയുള്ളതും താങ്ങാനാവുന്നതും ഉയർന്ന നിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് സംസ്ഥാന ത്തെ പൊതുജനാരോഗ്യ സംരക്ഷണ രംഗം. കേരളത്തിലെ ആയുർദൈർഘ്യം ശരാശരി 75 വർഷമാണ്. ഇത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്നതും ദേശീയ ശരാശരിയേക്കാൾ (70) കൂടുതലുമാണ്. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്കുള്ള (MMR) സംസ്ഥാനം കേരളമാണ് (19), ദേശീയ തലത്തിൽ ഇത് 97 ആണ്. ഒറ്റ അക്ക ശിശുമരണ നിരക്കായ (IMR) 6 ഉള്ള ഇന്ത്യയിലെ ഒരേയൊരു വലിയ സംസ്ഥാനം കേരളമാണ്, അതേസമയം അഖിലേന്ത്യാ തലത്തിൽ ഇത് 28 ആണ്. നവകേരള കർമ്മ പദ്ധതി- II ന്റെ ഭാഗമായി, ആർദ്രം മിഷൻ-2 2022ൽ ആരംഭിച്ചു. ആർദ്രം മിഷന്റെ ഭാഗമായി ആരംഭിച്ച പുതിയ സംരംഭങ്ങളിൽ 'ആശ്വാസം' ഡിപ്രെഷൻ മാനേജ്മെന്റ് ക്ലിനിക്കുകൾ, 'SWAAS' എന്ന ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് (COPD) കൺട്രോൾ പ്രോഗ്രാം എന്നിവ കുടുംബാരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ചു. 4261 ഗ്രാമീണ ഉപകേന്ദ്രങ്ങളെ ആരോഗ്യ-ക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റൽ, എല്ലാ പ്രാഥമിക കുടുംബാരോഗ്യ കേന്ദ്രങ്ങളിലും എല്ലാ ദിവസവും വൈകുന്നേരം 6.00 വരെ ഔട്ട് പേഷ്യന്റ് സൗകര്യങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ, ജീവിതശൈലീ രോഗ ക്ലിനിക്ക്, സമ്പൂർണ മാനസിക ആരോഗ്യം പ്രോഗ്രാം (SMAP) എന്നിവ ഉൾപ്പെടുന്നു. ആർദ്രത്തിന്റെ ആദ്യ ഘട്ടത്തിൽ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 644 എണ്ണം (72 ശതമാനം) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി, 72 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം പുരോഗമിക്കുകയാണ്. 2017-18 മുതൽ

2022-23 വരെയുള്ള കാലയളവിൽ, 151ൽ 49 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും 37 എണ്ണത്തിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുകയുമാണ്. 17ൽ 14 ജില്ലാ ആശുപത്രികളിലെയും 43 ൽ 11 താലൂക്ക് ആശുപത്രികളിലെയും ഔട്ട് പേഷ്യന്റ് (ഒപി) വിഭാഗം, രോഗീസൗഹൃദമാക്കി മാറ്റി. 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ 8 മെഡിക്കൽ കോളേജുകളിലെയും ഒപികൾ രോഗീസൗഹൃദമാക്കി സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നു. 2,59,55,998 ആളുകളുടെ ഡാറ്റാബേസ് ശേഖരിച്ച് ഇലക്ട്രോണിക് റെക്കോർഡുകളായി സൂക്ഷിക്കുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം.

കേരള സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത് അന്തസ്സായി ജീവിക്കുന്നതിനും ബിസിനസ് സുഗമമാകുന്നതിനും സാമ്പത്തിക കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു നവകേരളം നിർമ്മിക്കാനാണ്. ഇതിന്റെ ഭാഗമായി എടുത്ത സമീപനങ്ങൾ പൊതുമുതലുകൾ സൃഷ്ടിക്കൽ, വിശ്വാസനീയമായ ഭരണനിവർഹണം, വികസനത്തിനായി സ്വകാര്യമേഖലയുമായി സഹകരണം, കാർഷിക, വ്യാവസായിക ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ എന്നിവയാണ്. സാമ്പത്തിക പരിമിതികൾക്കിടയിലും, കേരളം അതിന്റെ സാമൂഹിക പ്രതിബദ്ധതകളിൽ ഒട്ടും വിട്ടുവീഴ്ച ചെയ്യാതെ ജനങ്ങളുടെ ജീവിത നിലവാരവും ഉയർത്തുന്നതിനും പശ്ചാത്തല സൗകര്യങ്ങളുടെ വികസനങ്ങൾക്കുമായി നിക്ഷേപം തുടരും.

# കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സൂചികകൾ: ദ്രുതവീക്ഷണം

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | 1970-71 | 1980-81 | 1990-91 | 2000-01 | 2010-11 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഭ്രുവിസ്തൃതി | 'സ്ക്വയർ കി.മി | 38864 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 |
| ഭരണരംഗം | | | | | | | | | | | | | |
| 2 | റവന്യൂ ഡിവിഷനുകൾ | എണ്ണം. | | | | | 21 | 26 | 27 | 27 | 27 | 27 | 27 |
| 3 | ജില്ലകൾ | എണ്ണം. | 10 | 12 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 |
| 4 | താലൂക്കുകൾ | എണ്ണം. | 56 | 58 | 61 | 63 | 63 | 75 | 75 | 77 | 77 | 77 | 77 |
| 5 | വില്ലേജുകൾ | എണ്ണം. | 1326 | 1331 | 1364 | 1452 | 1532 | 1664 | 1664 | 1664 | 1664 | 1664 | 1664 |
| 6 | ടൗണുകൾ | എണ്ണം. | 88 | 106 | 197 | 159 | 520 | 520 | 520 | 520 | 520 | 520 | 520 |
| സെൻസസ് അനുസരിച്ചുള്ള ജനസംഖ്യ | | | 1961 | 1971 | 1981 | 1991 | 2001 | 2011 | | | | | |
| 7 | ആകെ | (ആയിരത്തിൽ) | 16904 | 21347 | 25454 | 29099 | 31844 | 33406 | | | | | |
| 8 | പുരുഷന്മാർ | (ആയിരത്തിൽ) | 8362 | 10588 | 12609 | 14289 | 15469 | 16027 | | | | | |
| 9 | സ്ത്രീകൾ | (ആയിരത്തിൽ) | 8542 | 10760 | 12885 | 14810 | 16373 | 17379 | | | | | |
| 10 | ഗ്രാമം | (ആയിരത്തിൽ) | 14351 | 17880 | 20682 | 21618 | 23574 | 17471 | | | | | |
| 11 | നഗരം | (ആയിരത്തിൽ) | 2552 | 3467 | 4771 | 7018 | 8267 | 15935 | | | | | |
| 12 | പട്ടിക ജാതിക്കാർ | (ആയിരത്തിൽ) | 1422 | 2002* | 2549 | 2887 | 3124 | 3040 | | | | | |
| 13 | പട്ടികവർഗ്ഗക്കാർ | (ആയിരത്തിൽ) | 208 | 193* | 261 | 321 | 364 | 485 | | | | | |
| 14 | ജനസാന്ദ്രത | ആളുകളുടെ എണ്ണം സ്ക്വയർ കി.മി.ന് | 435 | 549 | 655 | 749 | 819 | 860 | | | | | |
| 15 | സാക്ഷരതാ നിരക്ക് | ശതമാനം | 55 | 60 | 70 | 90 | 90 | 94 | | | | | |
| 16 | സ്ത്രീപുരുഷാനുപാതം | 1000 പുരുഷന്മാർക്ക്/ സ്ത്രീകൾ | 1022 | 1016 | 1032 | 1036 | 1058 | 1084 | | | | | |
| 17 | നഗര ജനസംഖ്യ | ശതമാനം | 15 | 16 | 19 | 24 | 26 | 48 | | | | | |
| സ്ഥിരവിലയിൽ സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പന്നം | | | 1970-71 | 1980-81 | 1990-91 | 2000-01 | 2009-10 | 2017-18 | 2018-19 | 2019-20 | 2020-21(പി) | 2021-22(ക്യു) | 2022-23(ക്യു) |
| 18 | ജില്ലാതല മൊത്തം ആഭ്യന്തര ഉൽപ്പന്നം (ജി എസ് ഡി പി) | രൂപ കോടിയിൽ | 1255 | 3823 | 12195 | 63715 | 180812 | 516189.76 | 554228.31 | 559194.18 | 512076.08 | 573591.46 | 616188.50 |
| 19 | "പ്രാഥമികമേഖല (ജി.എസ്.വി.എ)" | രൂപ കോടിയിൽ | 653 | 1682 | 4756 | 14017 | 15966 | 47619.23 | 46114.01 | 44306.26 | 44657.68 | 46515.96 | 47809.90 |
| 20 | "ദ്വിതീയ മേഖല (ജി.എസ്.വി.എ)" | രൂപ കോടിയിൽ | 163 | 841 | 3171 | 14017 | 38249 | 129866.26 | 130450.39 | 132480.25 | 128749.03 | 133735.84 | 151300.59 |
| 21 | "തൃതീയ മേഖല (ജി.എസ്.വി.എ)" | രൂപ കോടിയിൽ | 439 | 1300 | 4268 | 35680 | 126597 | 283268.51 | 303661.64 | 317187.72 | 271393.14 | 318336.73 | 333575.83 |
| 22 | പ്രതിശീർഷ വരുമാനം (ജി എസ് ഡി പി) | രൂപ | 594 | 1508 | 4207 | 19951 | 47360 | 149650 | 159878 | 160506 | 146246 | 162992 | 174214 |
| കൃഷി | | | 1970-71 | 1980-81 | 1990-91 | 2000-01 | 2009-10 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
| 23 | യഥാർത്ഥ കൃഷി വിസ്തൃതി | 000 ഹെക്ടർ | 2171 | 2180 | 2247 | 2206 | 2079 | 2040 | 2033 | 2026 | 2035 | 2029 | 1989.83 |
| 24 | "മൊത്തം കൃഷി ഭ്രൂമി" | 000 ഹെക്ടർ | 2933 | 2885 | 3020 | 3022 | 2669 | 2579 | 2571 | 2586 | 2568 | 2523 | 2516.254 |
| 25 | "മൊത്തം ജലസേചന മേഖല" | 000 ഹെക്ടർ | | 381 | 385 | 460.3 | 458 | 539.87 | 515.39 | 517.64 | 521.48 | 561.31 | 514.49 |
| 26 | "മൊത്തംവിളവിറക്കിയ ഭ്രുവിസ്തൃതിയിൽ മൊത്തം ജലസേചനം നടത്തിയ ഭ്രുവിസ്തൃതി" | 000 ഹെക്ടർ | | 13 | 13 | 15 | 18 | 21 | 20 | 20.01 | 20.3 | 22.25 | 20.45 |
| പ്രധാന വിളകൾ കൃഷി ചെയ്ത ഭ്രൂമി | | | 1970-71 | 1980-81 | 1990-91 | 2000-01 | 2012-13 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
| 27 | നെൽ വയൽ കൃഷി | 000 ha. | 875 | 802 | 559 | 347 | 197 | 189 | 198 | 191.05 | 201.87 | 193.95 | 190.17 |
| 28 | പയറുവർഗ്ഗങ്ങൾ | '000 ha. | 40 | 34 | 23 | | 3 | 1.9 | 2.5 | 2.06 | 2.006 | 1.44 | 1.547 |
| 29 | കരിമ്പ് (വിളവെടുത്ത പ്രദേശം) | '000 ha. | 8 | 8 | 8 | 3 | 2 | 1.05 | 1.01 | 0.95 | 0.92 | 0.92 | 0.93 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 30 | റബ്ബർ | ‘000 ha. | 188 | 238 | 384 | 474 | 545 | 551 | 551.2 | 551.03 | 550.65 | 550 | 549.78 |
| 31 | തേയില | ‘000 ha. | 37 | 36 | 35 | 37 | 30 | 30 | 36.47 | 35.87 | 35.87 | 35.87 | 35.65 |
| 32 | തെങ്ങ് | ‘000 ha. | 719 | 651 | 870 | 926 | 798 | 760.4 | 760.94 | 760.77 | 768.8 | 765.4 | 760.353 |
| 33 | കവുങ്ങ് | ‘000 ha. | 86 | 61 | 65 | | 102 | 94.6 | 95.73 | 96.9 | 96.57 | 93.97 | 94.553 |
| 34 | നിലക്കടല | ‘000 ha. | 15 | 9 | 13 | | 0.7 | 0.27 | 0.18 | 0.12 | 0.11 | 0.12 | 0.126 |
| 35 | കുരുമുളക് | ‘000 ha. | 12 | 108 | 169 | 202 | 85 | 85.1 | 82.76 | 83.76 | 82.12 | 76.35 | 73.731 |
| 36 | ഏലം | ‘000 ha. | 47 | 56 | 67 | 41 | 42 | 39.1 | 38.88 | 39.69 | 39.14 | 39.14 | 40.345 |
| 37 | ഇഞ്ചി | ‘000 ha. | 12 | 13 | 14 | 12 | 5 | 4.37 | 3.27 | 2.82 | 2.7 | 2.92 | 2.581 |
| | പ്രധാനവിളകളുടെ ഉല്പാദനം | | 1970-71 | 1980-81 | 1990-91 | 2000-01 | 2012-13 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
| 38 | നെല്ല് | ‘000 tonnes | 1298 | 1272 | 1087 | 751 | 509 | 521.3 | 578.25 | 587.1 | 626.90 | 559.30 | 592.684 |
| 39 | പയറുവർഗ്ഗങ്ങൾ | ‘000 tonnes | 13 | 22 | 17 | | 3 | 2.04 | 2.3 | 2.18 | 1.92 | 1.47 | 1.606 |
| 40 | കരിമ്പ് | ‘000 tonnes | 38 | 48 | 52 | 28 | 17 | 11.5 | 10.63 | 12.08 | 10.70 | 10.40 | 10.123 |
| 41 | റബ്ബർ | ‘000 tonnes | 88 | 140 | 308 | 560 | 800 | 540.7 | 492.5 | 533.5 | 519.50 | 556.60 | 599.375 |
| 42 | തേയില | ‘000 tonnes | 43 | 48 | 63 | 69 | 63 | 62.23 | 60.76 | 59.26 | 66.85 | 60.36 | 65.98 |
| 43 | നാളികേരം | In million nuts | 3981 | 3008 | 4232 | 5536 | 5799 | 5230 | 5299 | 481.4 | 4788.00 | 5535.00 | 5641 |
| 44 | അടയ്ക്ക | ‘000 tonnes | 13 | 11 | 13 | | 118 | 108.5 | 99.92 | 92.75 | 103.20 | 103.50 | 98.527 |
| 45 | നിലക്കടല | ‘000 tonnes | 16 | 8 | 10 | 10 | 9 | 0.38 | 0.24 | 0.15 | 0.14 | 0.16 | 0.193 |
| 46 | കുരുമുളക് | ‘000 tonnes | 25 | 29 | 47 | 61 | 46 | 37.9 | 36.77 | 34.54 | 33.59 | 32.52 | 27.653 |
| 47 | ഏലം | ‘000 tonnes | 1 | 3 | 3 | | 10 | 18.3 | 11.53 | 10.07 | 20.57 | 21.27 | 22.165 |
| 48 | ഇഞ്ചി | ‘000 tonnes | 20 | 32 | 46 | 42 | 22 | 18.9 | 15.12 | 11.92 | 12.09 | 12.87 | 11.006 |
| | കന്നുകാലി സെൻസസ് | | 1982 | 1987 | 1996 | 2003 | 2007 | | | 2019 | | | |
| 49 | ആകെ കന്നുകാലികൾ | in lakh | 56 | 55 | 56 | 35 | 36 | | | 29.09 | | | |
| 50 | ആകെ പൗൾട്രി | in lakh | 152 | 185 | 308 | 139 | 127 | | | 297.71 | | | |
| | വനം | | 1970-71 | 1980-81 | 1990-91 | 2000-01 | 2011-12 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
| 51 | വനവിസ്തൃതി | '000 ഹെക്ടർ | 1056 | 1123 | 1122 | 1115 | 1131 | 1152 | 1152 | 1152 | 1152 | 1152 | 1152 |
| | ഫാക്ടറികൾ | | 1981 | 1991 | 2001 | 2011 | 2012 | 2018 | 2019 | 2020 | 2021 | 2022 | 2023 |
| 52 | പ്രവർത്തിക്കുന്ന ഫാക്ടറികൾ | എണ്ണം. | 9106 | 13255 | 18554 | 19676 | 20473 | 23335 | 24254 | 24468 | 24453 | 23609 | 23405 |
| 53 | ജീവനക്കാർ | എണ്ണം | 300515 | 368738 | 436410 | 644606 | 644802 | 698679 | 726195 | 702901 | 652875 | 582419 | 661698 |
| 54 | ലക്ഷം ജനസംഖ്യയിൽ ജീവനക്കാരുടെ നിരക്ക് | എണ്ണം | 1181 | 1267 | 1370 | 1930 | 1930 | 2091 | 2174 | 2104 | 1954 | 2031 | 1980 |
| | വൈദ്യുതി | | 1980-81 | 1990-91 | 2000-01 | 2009-10 | 2011-12 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
| 55 | ആകെ ഉല്പാദനം | ദശലക്ഷം യൂണിറ്റ് | 5242 | 5491 | 7656 | 6495 | 8351 | 5505.73 | 7626.37 | 5781.23 | 7109.09 | 9858.27 | 8659.38 |
| 56 | ആകെ ഉപഭോഗം | ദശലക്ഷം യൂണിറ്റ് | 2869 | 5282 | 10319 | 12878 | 16182 | 21159.19 | 22361.45 | 22948.82 | 22151.6 | 23499.54 | 25248.21 |
| 57 | വ്യാവസായിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | 2025 | 2697 | 3784 | 4002 | 4926 | 5648.31 | 5820.49 | 5683.3 | 3826.99 | 4481.02 | 4920.33 |
| 58 | കാർഷിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | 125 | 288 | 350 | 225 | 286 | 346 | 337.65 | 348.48 | 412.22 | 382.73 | 391.52 |
| 59 | ഗാർഹിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | 409 | 1621 | 4688 | 5931 | 7706 | 10574.8 | 10864.34 | 11898.13 | 12716.47 | 12679.39 | 12400.1 |
| | വിദ്യാഭ്യാസം | | 1980-81 | 1990-91 | 2000-01 | 2009-10 | 2012-13 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22# | 2022-23# |
| 60 | പ്രൈമറി സ്കൂളുകൾ | എണ്ണം | 9605 | 9682 | 9714 | 9828 | 9737 | 9852 | 9841 | 9833 | 9858 | 9847 | 9834 |
| 61 | പ്രൈമറി സ്കൂളിലെ എൻറോൾമെന്റ് | ആയിരത്തിൽ | 4284 | 4402 | 3637 | 3015 | 2545 | 2384 | 2428 | 2450 | 2491.9 | 2593.6 | 2559.1 |
| 62 | ഹൈസ്കൂളുകൾ | എണ്ണം | 1971 | 2451 | 2596 | 2814 | 2890 | 3119 | 3120 | 3118 | 3128 | 3125 | 3125 |
| 63 | ഹൈസ്കൂളിലെ എൻറോൾമെന്റ് | ആയിരത്തിൽ | 1310 | 1498 | 1611 | 1443 | 1426 | 1297 | 1276 | 1267 | 1265.83 | 1274.51 | 1273.3 |
| | ആരോഗ്യം | | 1980-81 | 1990-91 | 2000-01 | 2009-10 | 2011-12 | 2017-18# | 2018-19# | 2019-20# | 2020-21# | 2021-22# | 2022-23# |
| 64 | ആശുപത്രികൾ | എണ്ണം | 746 | 1199 | 1319 | 1254 | 1255 | 1470 | 1470 | 1471*** | 1473*** | 1477*** | 1476+RCC |
| 65 | കിടക്കകളുടെ എണ്ണം | എണ്ണം | 32447 | 38726 | 38242 | 37021 | 37388 | 56596 | 56596 | 57713 | 58021 | 59684+RCC | 59692+RCC |
| | വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് | | 1980-81 | 1990-91 | 2001 | 2009 | 2010 | 2017## | 2018## | 2019## | 2020## | | |
| 66 | ജനനനിരക്ക് | ആയിരം ജനങ്ങളിൽ | 26 | 20 | 16 | 15 | 15 | 14.2 | 13.9 | 13.5 | 13.2 | | |
| 67 | മരണനിരക്ക് | ആയിരം ജനങ്ങളിൽ | 6 | 6 | 7 | 7 | 7 | 6.8 | 6.9 | 7.1 | 7 | | |
| 68 | ശിശുമരണനിരക്ക് | ആയിരം ജനങ്ങളിൽ | 37 | 21 | 11 | 12 | 14 | 10 | 7 | 6 | 6 | | |
| | ഗതാഗതം | | 1980-81 | 1990-91 | 2000-01 | 2010-11 | 2011-12 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
| 69 | റെയിൽപാതകളുടെ ദൈർഘ്യം | കി.മി | 921 | 988 | 1148 | 1257 | 1257 | 1257 | 1257 | 1257 | 1745### | 1745### | 2106### |
| 70 | ആകെ റോഡുകളുടെ ദൈ ർഘ്യം | കി.മി | 94145 | 128403 | 125835 | 151652 | 244373 | 229349.2 | 273113.3 | 331904.11 | 238773.02 | 230934.18 | 235634.36 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 71 | മോട്ടോർ വാഹനങ്ങൾ | എണ്ണം | 195000 | 648000 | 2111885 | 6072019 | 8048673 | 12042691 | 13334984 | 14184184 | 14847163 | 15565149 | 16352224 |
| | തദ്ദേശ സ്ഥാപനങ്ങൾ | | 2000-01 | 2006-07 | 2007-08 | 2008-09 | 2010-11 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
| 72 | ജില്ലാ പഞ്ചായത്ത് | എണ്ണം | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 |
| 73 | ബ്ലോക്ക് പഞ്ചായത്ത് | എണ്ണം | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 |
| 74 | ഗ്രാമപഞ്ചായത്ത് | എണ്ണം | 990 | 999 | 999 | 999 | 978 | 941 | 941 | 941 | 941 | 941 | 941 |
| 75 | മുനിസിപ്പാലിറ്റികൾ | എണ്ണം | 53 | 53 | 53 | 53 | 60 | 87 | 87 | 87 | 87 | 87 | 87 |
| 76 | കോർപ്പറേഷനുകൾ | എണ്ണം | 5 | 5 | 5 | 5 | 5 | 6 | 6 | 6 | 6 | 6 | 6 |

# അലോപ്പതിയും ആയുഷും ഉൾപ്പെടെ
##എസ്.ആർ.എസ് മെയ് 2019, 2020,ഒക്ടോബർ 2021, മെയ് 202s2
###റൂട്ടിന്റെ നീളവും റണ്ണിംഗ് ട്രാക്കും ഉൾപ്പെടെ
*അടിസ്ഥാന വർഷം 2011-12
**എൽ.എസ്.ജി.ഡി നോൺ പക്കാറോഡ് ഒഴികെ
***ആർ സിസി ഉൾപ്പെടെ
പി) പ്രൊവിഷണൽ എസ്റ്റിമേറ്റ്
(ക്യൂ) ക്വിക്ക് എസ്റ്റിമേറ്റ്

# ജില്ലകൾ: അവലോകനം

| ക്രമ നമ്പർ | ഇനം | തിരുവനന്തപുരം | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | ഇടുക്കി | എറണാകുളം | തൃശ്ശൂർ | പാലക്കാട് | മലപ്പുറം | കോഴിക്കോട് | വയനാട് | കണ്ണൂർ | കാസറഗോഡ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഭൂവിസ്തൃതി (ചതുരശ്ര കിലോമീറ്ററിൽ) | 2192 | 2491 | 2637 | 1414 | 2208 | 4358 | 3068 | 3032 | 4480 | 3550 | 2344 | 2131 | 2966 | 1992 | 38863 |
| 2 | വനഭൂമി (ചതുരശ്ര കിലോമീറ്ററിൽ) * | 1317 | 1334 | 1949 | 80 | 1099 | 3155 | 1383 | 1166 | 2104 | 1984 | 1448 | 1581 | 1669 | 984 | 21253 |
| 3 | ജനസംഖ്യ 2011 (ലക്ഷത്തിൽ) | 33.01 | 26.35 | 11.97 | 21.28 | 19.75 | 11.1 | 32.82 | 31.21 | 28.11 | 41.13 | 30.86 | 8.17 | 25.23 | 13.07 | 334.06 |
| | ഗ്രാമം | 15.3 | 14.48 | 10.65 | 9.79 | 14.09 | 10.57 | 10.48 | 10.25 | 21.33 | 22.96 | 10.13 | 7.88 | 8.82 | 7.98 | 174.71 |
| | പുരുഷൻമാർ | 7.25 | 6.81 | 5 | 4.65 | 6.93 | 5.27 | 5.18 | 4.88 | 10.31 | 10.95 | 4.85 | 3.86 | 4.26 | 3.88 | 84.08 |
| | സ്ത്രീ | 8.05 | 7.67 | 5.66 | 5.15 | 7.16 | 5.29 | 5.29 | 5.36 | 11.01 | 12 | 5.29 | 4 | 4.56 | 4.11 | 90.6 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011) | –28.6 | –31.7 | –4 | –34.2 | –14.8 | –1.4 | –35.7 | –52 | –5.7 | –29.8 | –43 | –4.6 | –26.3 | –17.7 | –25.9 |
| | നഗരം | 17.72 | 11.87 | 1.32 | 11.48 | 5.65 | 0.52 | 22.34 | 20.96 | 6.77 | 18.17 | 20.73 | 0.32 | 16.41 | 5.09 | 159.35 |
| | പുരുഷൻ | 8.57 | 5.66 | 0.62 | 5.48 | 2.76 | 0.25 | 11.01 | 9.92 | 3.28 | 8.65 | 9.86 | 0.15 | 7.56 | 2.41 | 76.19 |
| | സ്ത്രീ | 9.15 | 6.21 | 0.7 | 6 | 2.9 | 0.26 | 11.33 | 11.04 | 3.49 | 9.52 | 10.86 | 0.16 | 8.85 | 2.68 | 83.16 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001–2011) | 62.3 | 154.8 | 6.3 | 84.8 | 88.6 | –9.6 | 51.3 | 149.7 | 89.8 | 410.2 | 88.2 | 6.6 | 35.3 | 117.8 | 92.8 |
| | ജനസാന്ദ്രത | 1508 | 1061 | 452 | 1504 | 895 | 255 | 1072 | 1031 | 627 | 1157 | 1316 | 384 | 852 | 657 | 860 |
| | മത്സ്യത്തൊഴിലാളികൾ(എണ്ണം) | 176143 | 131915 | 2195 | 197179 | 25818 | 729 | 141180 | 78441 | 2676 | 97447 | 114446 | 238 | 45752 | 45919 | 1060078 |
| | പട്ടികജാതിക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ | 11.29 | 12.5 | 13.7 | 9.5 | 7.8 | 13.1 | 8.2 | 10.4 | 14.4 | 7.5 | 6.5 | 4.0 | 3.3 | 4.1 | 9.1 |
| | പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ ശതമാനത്തിൽ | 0.8 | 0.4 | 0.7 | 0.3 | 1.1 | 5.0 | 0.5 | 0.3 | 1.7 | 0.6 | 0.5 | 18.5 | 1.6 | 3.7 | 1.5 |
| 4 | സാക്ഷരതാ നിരക്ക് (2011) | | | | | | | | | | | | | | | |
| | പുരുഷൻ | 95.06 | 96.09 | 97.36 | 97.36 | 97.97 | 94.56 | 97.36 | 96.78 | 93.1 | 95.76 | 97.42 | 92.51 | 97.19 | 94.05 | 96.11 |
| | സ്ത്രീ | 91.17 | 92.31 | 95.83 | 94.24 | 96.48 | 89.45 | 94.46 | 93.56 | 85.79 | 91.62 | 97.99 | 85.7 | 93.29 | 86.49 | 92.07 |
| 5 | കൊഴിഞ്ഞു പോയവരുടെ ശതമാനം | | | | | | | | | | | | | | | |
| | ലോവർ പ്രൈമറി | 0.02 | 0.00 | 0.04 | 0.04 | 0.01 | 0.34 | 0.45 | 0.03 | 0.10 | 0.05 | 0.10 | 0.20 | 0.02 | 0.09 | 0.09 |
| | അപ്പർ പ്രൈമറി | 0.02 | 0.00 | 0.03 | 0.01 | 0.01 | 0.28 | 0.24 | 0.02 | 0.06 | 0.05 | 0.06 | 0.17 | 0.02 | 0.06 | 0.06 |
| | ഹൈസ്കൂൾ | 0.01 | 0.03 | 0.03 | 0.02 | 0.03 | 0.20 | 0.23 | 0.05 | 0.14 | 0.07 | 0.04 | 0.38 | 0.05 | 0.10 | 0.09 |

| ക്രമ നമ്പർ | ഇനം | തിരുവനന്തപുരം | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | ഇടുക്കി | എറണാകുളം | തൃശ്ശൂർ | പാലക്കാട് | മലപ്പുറം | കോഴിക്കോട് | വയനാട് | കണ്ണൂർ | കാസറഗോഡ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 6 | ജി.ഡി .വി.എ 2022-23 (ത്വരിതം) (അടിസ്ഥാന വിലയിൽ) | | | | | | | | | | | | | | | |
| | ജി.ഡി .വി.എ അടിസ്ഥാന വിലയിൽ .രൂപ ലക്ഷത്തിൽ | 4925548 | 4902597.9 | 1348732 | 4251426 | 3465000.9 | 1669824 | 7069580 | 5426836 | 3944121.5 | 5101302 | 4539962 | 917336.4 | 3871380 | 1834984 | 53268632 |
| | ജി.എസ്.ഡി.പി യിലുള്ള ഓഹരി ശതമാനം | | | | | | | | | | | | | | | |
| | പ്രാഥമികം | 7 | 8 | 21 | 4 | 11 | 31 | 7 | 6 | 10 | 8 | 7 | 19 | 7 | 12 | 9 |
| | ദ്വിതീയം | 20 | 30 | 17 | 42 | 26 | 21 | 31 | 30 | 31 | 19 | 32 | 10 | 34 | 30 | 28 |
| | തൃതീയം | 73 | 62 | 62 | 54 | 63 | 47 | 62 | 64 | 59 | 72 | 61 | 72 | 58 | 58 | 63 |
| | ജിവിഎ അടിസ്ഥാനമാക്കിയുള്ള ജില്ലാ പ്രതിശീർഷ വരുമാനം അടിസ്ഥാന വിലയിൽ (രൂപയിൽ | 145214 | 180947 | 113425 | 195817 | 171528 | 149686 | 202863 | 164800 | 130112 | 109422 | 136648 | 104305 | 145441 | 127641 | 150605 |
| 7 | കേരളത്തിലെ നെല്ലുല്പാദനം (ടണ്ണിൽ) 2022-23 | 4287.29 | 4329.38 | 11958.37 | 120160.86 | 55710.86 | 925.39 | 11349.17 | 78408.49 | 234166.29 | 33660.08 | 2270.72 | 21797.12 | 8523.01 | 5137.48 | 592684.51 |
| 8 | യഥാർത്ഥ ജലസേചിത ഭൂവിസ്തൃതി(ഹെക്ടറിൽ) 2022-23 | 6520.50 | 3914.08 | 6271.69 | 37990.89 | 18456.11 | 53127.33 | 26219.07 | 66250.71 | 84108.65 | 28543.20 | 3938.43 | 14904.11 | 12687.68 | 55655.47 | 418587.92 |
| 9 | വാണിജ്യബാങ്കുകളുടെ എണ്ണം (മാർച്ച് 2022) | 758 | 417 | 389 | 387 | 528 | 192 | 1030 | 758 | 504 | 504 | 480 | 148 | 402 | 227 | 6724 |
| 10 | സി.ഡി. അനുപാതം | 73.62 | 63.78 | 25.61 | 47.23 | 52.01 | 114.44 | 90.92 | 50.48 | 65.39 | 55.74 | 76.84 | 128.09 | 55.57 | 76.55 | 65.81 |
| 11 | രജിസ്റ്റർ ചെയ്ത എസ്. എസ്.ഐ.കൾ/ എം.എസ്. എം.ഇ.കൾ 2022-23 | 14434 | 11985 | 5532 | 9953 | 7958 | 4112 | 14128 | 14123 | 12557 | 12428 | 12224 | 3950 | 11702 | 4754 | 139840 |
| 12 | റോഡുകളുടെ ദൈർഘ്യം (കിലോമീറ്ററിൽ) | 2377.04 | 1924.59 | 1994.11 | 1479.71 | 3040.15 | 2661.28 | 2964.56 | 1934.17 | 2084.18 | 2440.47 | 1999.29 | 913.97 | 2314.72 | 1444.92 | 29573.16 |
| 13 | വാഹനങ്ങളുടെ എണ്ണം | 2030852 | 1222101 | 688824 | 1136048 | 988612 | 350437 | 2321707 | 1634114 | 1112831 | 1494316 | 1539313 | 272562 | 1054746 | 505761 | 16352224 |
| 14 | എത്തിച്ചേരുന്ന വിനോദ സഞ്ചാരികൾ 2022 | | | | | | | | | | | | | | | |
| | വിദേശ സഞ്ചാരികൾ (എണ്ണത്തിൽ) | 81916 | 1283 | 506 | 11469 | 9682 | 27005 | 186290 | 6177 | 659 | 6224 | 10623 | 1967 | 1290 | 458 | 345549 |
| | ആഭ്യന്തര സഞ്ചാരികൾ (എണ്ണത്തിൽ) | 3058858 | 420097 | 369103 | 770916 | 440759 | 2656730 | 4048679 | 2130420 | 474452 | 676582 | 1209088 | 1509207 | 811461 | 291062 | 18867414 |

*തുറന്ന വനം ഉൾപ്പെടെ

# പട്ടികകൾ


| നമ്പർ | ഇനം | പേജ് |
|---|---|---|
| 1.1.1 | 2022 മുതൽ 2024 വരെയുള്ള അന്താരാഷ്ട്ര ഏജൻസികളുടെ പ്രവചനം, ലോകത്തിന്റെയും ഇന്ത്യയുടെയും മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ വളർച്ചാ നിരക്ക് | 03 |
| 1.1.2 | 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ ദേശീയ വരുമാന കണക്കുകൾ | 04 |
| 1.1.3 | 2019-20 മുതൽ 2022-23 വരെ കേരളത്തിന്റെ സംസ്ഥാന വരുമാനകണക്കുകൾ | 05 |
| 1.1.4 | സ്ഥിരമായ വിലയിൽ (രൂപ ലക്ഷത്തിൽ) 2022-23 മൊത്ത സംസ്ഥാന മൂല്യവർദ്ധിത (ജിഎസ് വിഎ) മേഖലാ വിതരണം | 06 |
| 1.1.5 | 2022-23 ലെ കേരളത്തിലും ഇന്ത്യയിലും മൊത്ത മൂല്യവർദ്ധനവും, തൊഴിൽ മേഖലകളിലെ വിവിധ മേഖലകളുടെ പങ്കാളിത്തവും പ്രതിപാദിച്ചിരിക്കുന്നു. | 07 |
| 1.1.6 | കേരളത്തിലെ സംസ്ഥാനങ്ങളുടെ മൊത്ത ജില്ലാ മൂല്യ വർദ്ധനവ് | 08 |
| 1.1.7 | അടിസ്ഥാന വിലയിൽ പ്രതിശീർഷ ജില്ലാ മൂല്യവർദ്ധനവ് സ്ഥിര വില, 2011-12 | 08 |
| 1.1.8 | 2023 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഇന്ത്യയുടെയും കേരളത്തിന്റെയും ഉപഭോക്തൃ വില സൂചിക (ജനറൽ) അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം, ശതമാനത്തിൽ | 10 |
| 1.2.1 | കേരളത്തിലെ ജനസംഖ്യ 2001, 2011 | 14 |
| 1.2.2 | ജനസംഖ്യാ പ്രൊജക്ഷൻ-ഇന്ത്യയും കേരളവും (1000-ൽ | 14 |
| 1.2.3 | വിവിധ പ്രായ വിഭാഗങ്ങളിലെ ജനസംഖ്യയുടെ ജില്ല തിരിച്ചുള്ള വിതരണം-2011 | 16 |
| 1.2.4 | പ്രധാന തൊഴിലാളികൾ, നാമമാത്ര തൊഴിലാളികൾ, തൊഴിലാളികളല്ലാത്തവർ, നാമമാത്ര തൊഴിലാളികൾ, പ്രായവും ലിംഗഭേദവും അനുസരിച്ച് തരംതിരിച്ച ജോലി അന്വേഷിക്കുന്ന/ ലഭ്യമാകുന്ന തൊഴിലാളികളല്ലാത്തവർ | 17 |
| 1.4.1 | 2023-ൽ കേരളത്തിലെ ബാങ്കുകളുടെ ഇനം തിരിച്ചുള്ള ബ്രാഞ്ച് ശൃംഖല | 28 |
| 1.4.2 | പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2023 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ബാങ്ക് ഇനം തിരിച്ച് | 31 |
| 1.4.3 | കേരളത്തിലെ സഹകരണ മേഖലയുടെ പ്രകടനം, മാർച്ച് 2023 | 33 |
| 1.4.4 | കെ.എസ്.എഫ്.ഇയുടെ 2022 -23 വർഷത്തെ ബിസിനസ് | 33 |
| 1.5.1 | 2011-12 മുതൽ 2022-23 വരെയുള്ള പ്രധാന കമ്മി സൂചകങ്ങൾ | 37 |
| 1.5.2 | 13, 14, 15 ധനകമ്മീഷൻ റിപ്പോർട്ടുകളിൽ കേന്ദ്രം സംസ്ഥാനങ്ങൾക്ക് നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡം ശതമാനത്തിൽ | 40 |
| 1.5.3 | കേന്ദ്ര വിഹിതത്തിന്റെ കൈമാറ്റം | 41 |
| 1.5.4 | റവന്യൂ ചെലവിലെ പ്രവണത | 41 |
| 1.6.1 | 2022-23 & 2023-24 വാർഷിക പദ്ധതിയുടെ മേഖല തിരിച്ചുള്ള വിഹിതം | 46 |

| | | |
|---|---|---|
| 1.6.2 | 2022-23 വാർഷിക പദ്ധതിയിലെ മേഖല തിരിച്ചുള്ള ചെലവ് | 46 |
| 2.1 | കേരളത്തിലെ റോഡ് ശൃംഖലയുടെ ഘടന, 2023 മാർച്ച് 31 വരെ | 54 |
| 2.2 | PWD റോഡുകളുടെ നവീകരണം / വീതി കൂട്ടൽ, 2016-17 മുതൽ 2022-23 വരെ | 57 |
| 2.3 | കെആർഡിസിഎൽ നിർദ്ദേശിച്ച പ്രൊജക്ടുകൾ (2017-18 മുതൽ 2022-23 വരെ) | 59 |
| 2.4 | റവന്യൂ വരുമാനത്തിലെയും ചെലവിലെയും പ്രവണത (കോടി രൂപയിൽ) | 59 |
| 2.5 | കേരളത്തിലെ മൈനർ, ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് (ടണ്ണിൽ) | 61 |
| 2.6 | കേരളത്തിലെ തപാൽ ശൃംഖല | 65 |
| 2.7 | 2023 മാർച്ചിൽ കേരളത്തിലെ മൊത്തം വയർലെസ് വരിക്കാരുടെ എണ്ണം | 66 |
| 2.8 | കെ-ഫോൺ പദ്ധതിയിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ | 67 |
| 2.9 | ജലവിതരണ പദ്ധതികളുടെ കവറേജ് | 69 |
| 2.10 | ജലവിതരണ കണക്ഷനുകളും പൊതു ടാപ്പുകളും | 69 |
| 2.11 | ആർദ്രം മിഷനിലെ അടിസ്ഥാന സൗകര്യ വികസനം | 74 |
| 3.1.1 | മൊത്തം മൂല്യവർദ്ധനവിൽ ജി.വി.എ/ജി.എസ്.വി.എ/കാർഷിക അനുബന്ധമേഖലകളുടെ പങ്ക്, ദേശീയതലത്തിലും സംസ്ഥാനതലത്തിലും (സ്ഥിരവില, അടിസ്ഥാനവർഷം 2011-12) | 78 |
| 3.1.2 | കേരളത്തിലെ കാർഷിക അനുബന്ധമേഖലയിലെ വളർച്ചാ നിരക്ക് 2013-14 മുതൽ 2022-23 വരെ | 78 |
| 3.1.3 | നാളികേര മിഷന്റെ ഭാഗമായി 2019-20 മുതൽ 2022-23 വരെ വിതരണം ചെയ്ത തെങ്ങിൻതൈകൾ (എണ്ണം) | 82 |
| 3.1.4 | ഉല്പന്നം തിരിച്ചും വിളതിരിച്ചുമുള്ള രാസജൈവ കീടനാശിനികളുടെ ഉപഭോഗം (2020-21 മുതൽ 2022-23 വരെ) (മെട്രിക് ടൺ), ടെക്നിക്കൽ ഗ്രേഡ് | 85 |
| 3.1.5 | സംസ്ഥാനത്തെ രാസവള കീടനാശിനി ഉപഭോഗം 2018-19 മുതൽ 2022-23 വരെ (മെട്രിക് ടൺ) | 85 |
| 3.1.6 | കാർഷിക യന്ത്രങ്ങളുടെ രജിസ്ട്രേഷൻ 2022-23 | 88 |
| 3.1.7 | എം.ഐ.ഡി.എച്ച് പദ്ധതിയുടെ വിള വിസ്തൃതി വർദ്ധന പരിപാടിയ്ക്ക് കീഴിലുള്ള നേട്ടങ്ങൾ | 91 |
| 3.1.8 | 2022-23 ൽ കാർഷിക മേഖലയിലേക്കുള്ള വായ്പാ വിതരണം | 95 |
| 3.2.1 | കാർഷിക വായ്പകളുടെ ജില്ല തിരിച്ചുള്ള വിതരണം | 109 |
| 3.3.1 | പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആദ്യ രണ്ട് വർഷത്തെ ഡിപ്പാർട്ട്മെന്റ്/ഏജൻസി തിരിച്ചുള്ള അടങ്കലും ചെലവും ലക്ഷം രൂപയിലും ശതമാനത്തിലും | 113 |
| 3.3.2 | കേരളത്തിൽ 2017-18 മുതൽ 2022-23 വരെയുള്ള കാലിത്തീറ്റ ഫാമുകൾക്ക് കീഴിലുള്ള പ്രദേശം | 117 |
| 3.3.4 | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ 2 വർഷങ്ങളിലെ, ക്ഷീരമേഖലയുടെ സാമ്പത്തിക പ്രകടനം | 124 |
| 3.5.1 | സംസ്ഥാനത്തെ ഐപിയു, ഐപിസി തമ്മിലുള്ള അനുപാതം ഇനം തിരിച്ച് | 144 |
| 3.6.1 | 2022-23 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട മനുഷ്യ-വന്യജീവി സമ്പർക്കം മൂലമുള്ള പ്രതികൂല സംഭവങ്ങളുടെ വിശദാംശങ്ങളും നഷ്ടപരിഹാരവും | 152 |

| | | |
|---|---|---|
| 3.8.1 | വിവിധ വിഭാഗം കാർഡ് ഉടമകൾക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ച സബ്സിഡി, രൂപ ലക്ഷത്തിൽ | 174 |
| 4.1.1 | 2019-20 ലെ പ്രധാന വ്യവസായങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യയിലെയും കേരളത്തിലെയും ഫാക്ടറി മേഖലയുടെ താരതമ്യം | 183 |
| 4.1.2 | കേരളത്തിലും ഇന്ത്യയിലും തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, 2019-20 | 185 |
| 4.2.1 | ധാതുക്കളിൽ നിന്നും ലഭിച്ച വരുമാനം | 189 |
| 4.2.2 | ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും | 190 |
| 4.3.1 | കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ | 196 |
| 4.3.2 | കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും 2016-17 മുതൽ 2022-23 വരെ | 196 |
| 4.3.3 | കിൻഫ്ര പാർക്കിന്റെ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ (2011-2023) | 197 |
| 4.3.4 | 2022-23 കാലയളവിൽ കിൻഫ്ര പാർക്കുകളിലെ പ്രധാന കമ്പനികൾ, നിക്ഷേപം, തൊഴിൽ | 198 |
| 4.3.5 | കിൻഫ്രയുടെ പ്രധാന സാമ്പത്തിക പാരാമീറ്ററുകൾ | 198 |
| 4.3.6 | കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി വിഹിതവും ചെലവും | 198 |
| 4.3.7 | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പുരോഗതി | 201 |
| 4.4.1 | എം.എസ്.എം.ഇ കളുടെ വർഗ്ഗീകരണം | 206 |
| 4.4.2 | 2021-22 മുതൽ 2023-24 വരെ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സിന്റെ പദ്ധതി വിഹിതവും ചെലവും | 206 |
| 4.4.3 | 2017-18 മുതൽ 2022-23 വരെയുള്ള MSME മേഖലയിലെ നേട്ടം(2023 ആഗസ്റ്റ് 31 വരെ) | 208 |
| 4.4.4 | കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദംശങ്ങൾ | 210 |
| 4.4.5 | പ്രധാന, ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം, 2022 -23 | 211 |
| 4.4.6 | ആഗസ്റ്റ് 31, 2023 വരെ കേരളത്തിലെ അർഹരായ എം.എസ്.എം.ഇ. വായ്പക്കാർക്ക് അനുവദിച്ചതും വിതരണം ചെയ്തതുമായ അടിയന്തിര വായ്പാ സൗകര്യം | 213 |
| 4.6.1 | സംസ്ഥാന പദ്ധതി വിഹിതവും ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ), രൂപ ലക്ഷത്തിൽ | 225 |
| 4.6.2 | ഇന്ത്യയിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിൽ 2018-19 - 2022-23 | 230 |
| 4.6.3 | കേരളത്തിലെ ഖാദി, ഗ്രാമവ്യവസായ മേഖലയുടെ പദ്ധതി വിഹിതവും ചെലവും | 230 |
| 4.6.4 | 2021-22 & 2022-23 വർഷങ്ങളിൽ കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉത്പാദനം, വിൽപ്പന, തൊഴിൽ, വേതനം | 231 |
| 4.6.5 | കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിഹിതവും അതിന്റെ ചെലവും | 231 |
| 4.6.6 | പ്രധാന മന്ത്രിയുടെ തൊഴിലൽദാന പദ്ധതി (പിഎം ഇ ജി പി)യുടെ നേട്ടങ്ങൾ, 2022-23 | 231 |
| 4.6.7 | സംസ്ഥാന പദ്ധതി വിഹിതവും കയർ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ) | 234 |
| 4.6.8 | രാജ്യാടിസ്ഥാനത്തിലുള്ള കശുവണ്ടി ഉത്പാദനം-2022-23 (മെട്രിക് ടണ്ണിൽ) | 238 |

| | | |
|---|---|---|
| 4.6.9 | കേരളത്തിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം - 2014-15 മുതൽ 2022-23 വരെ, ഹെക്ടറിലും മെട്രിക് ടണ്ണിലും | 240 |
| 4.6.10 | കശുവണ്ടി മേഖലയിലെ സംസ്ഥാന സർക്കാർ ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും പതിമൂന്നാം പഞ്ചവത്സര പദ്ധതി, 2022-23, 2023-24 | 240 |
| 4.6.11 | കെ.എസ്.സി.ഡി.സി യുടെ വിൽപ്പന വിറ്റുവരവ് | 241 |
| 4.6.12 | കാപെക്സിന്റെ വിൽപ്പന വിറ്റുവരവ് | 241 |
| 5.1.1 | പദ്ധതി വിഹിതവും ചെലവും | 249 |
| 5.1.2 | സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന | 253 |
| 5.1.3 | ടെക്നോപാർക്കിന്റെ കൈവശമുള്ള ഭൂമി | 253 |
| 5.1.4 | ഇൻഫോപാർക്കിന്റെ കൈവശമുള്ള ഭൂമി (ഏക്കറിൽ) | 255 |
| 5.1.5 | ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ | 255 |
| 5.1.6 | സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ | 256 |
| 5.1.7 | സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി | 257 |
| 5.1.8 | കെ-ഫോൺ പദ്ധതിയുടെ തൽസ്ഥിതി | 257 |
| 5.1.9 | കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ | 261 |
| 5.2.1 | ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ 2019-20 മുതൽ 2023-24 വരെയുള്ള വിഹിതവും ചെലവും | 264 |
| 5.2.2 | 2021-22, 2022-23 ലെ കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ | 283 |
| 5.3.1 | സംസ്ഥാന പദ്ധതി വിഹിതവും ചെലവും | 289 |
| 5.3.2 | 2021 ലും 2022 ലും ഇന്ത്യയിലും കേരളത്തിലും എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ | 290 |
| 5.3.3 | കഴിഞ്ഞ മൂന്ന് വർഷത്തെ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് മാസം തിരിച്ച് | 291 |
| 5.3.4 | 2013 മുതൽ 2022 വരെയുള്ള കാലയളവിൽ കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്ന് ലഭിച്ച മൊത്തം വരുമാനം (പ്രത്യക്ഷവുംപരോക്ഷവുമായ), രൂപ കോടിയിൽ | 294 |
| 5.4.1 | 2016-17 മുതൽ 2022-23 വരെയുള്ള ഇന്ത്യയുടെ മൊത്തം കയറ്റുമതിയും ഇറക്കുമതിയും, മൂല്യം ബില്യൺ യു.എസ് ഡോളറിൽ | 302 |
| 5.4.2 | കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത ചരക്കുകൾ, 2018-19 മുതൽ 2022-23 വരെ (അളവ്: ലക്ഷം മെട്രിക് ടൺ) | 302 |
| 5.4.3 | സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി- ഇന്ത്യയിലും കേരളത്തിലും, 2016-17 മുതൽ 2022-23വരെ (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ) | 303 |
| 5.4.4 | കശുവണ്ടി പരിപ്പിന്റെ കയറ്റുമതി ഇൻഡ്യയും കേരളവും (2015-16 മുതൽ 2022-23 വരെ), (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ) | 306 |
| 5.4.5 | 2021-22, 2022-23 വർഷങ്ങളിൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി കയറ്റുമതിയുടെ ഘടന മെട്രിക് ടണ്ണിൽ അളവും മൂല്യം ലക്ഷം രൂപയിലും. | 306 |

| | | |
|---|---|---|
| 5.4.6 | 2021-22, 2022-23 വർഷങ്ങളിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത കശുവണ്ടിയുടെ ഘടന മെട്രിക് ടണ്ണിൽ അളവ്, മൂല്യം രൂപ ലക്ഷത്തിൽ | 307 |
| 5.5.7 | ഇൻഡ്യയിൽ നിന്നും കേരളത്തിലെ തുറമുഖങ്ങൾ വഴിയുമുള്ള തേയില കയറ്റുമതി, 2018 മുതൽ 2022 വരെ, (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിലും) | 307 |
| 5.4.8 | സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി- കേരളവും ഇൻഡ്യയും, 2016-17 മുതൽ 2022-23 വരെ (അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപയിലും) | 308 |
| 5.5.1 | 2016 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിലെ തടവുകാരുടെ എണ്ണം | 317 |
| 5.5.2 | 2022-23 ലെ കേരളത്തിലെ പ്രൊബേഷണർമാരുടെ എണ്ണം. | 318 |
| 6.1.1 | 2022ലും 2023ലും പന്ത്രണ്ടാം തരത്തിലും, പത്താം തരത്തിലും തുല്യതാ കോഴ്സുകളിൽ നിന്ന് പ്രയോജനം നേടിയ ആളുകളുടെ എണ്ണം | 329 |
| 6.1.2 | 2022, 2023 വർഷങ്ങളിലെ കെ.എസ്.എൽ.എം.എ യുടെ സർട്ടിഫിക്കറ്റ് കോഴ്സുകളുടെ വിശദാംശങ്ങൾ | 330 |
| 6.1.3 | 2018-19 മുതൽ 2023-24 വരെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ പുതിയ വിദ്യാർത്ഥികൾ | 331 |
| 6.1.4 | 2023-24 ൽ (താൽക്കാലികം) കേരളത്തിലെ സ്കൂളുകളിലെ പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം, | 331 |
| 6.1.5 | സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക് | 332 |
| 6.1.6 | ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക് 2022-23 | 333 |
| 6.1.7 | ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണവും ശതമാനവും | 339 |
| 6.1.8 | 2022-23 ൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി, എസ്.ടി വിദ്യാർത്ഥികൾ | 340 |
| 6.1.9 | വിതരണം ചെയ്ത ഗവേഷണ അവാർഡുകളുടെ എണ്ണം | 344 |
| 6.1.10 | ബി.ടെക് ഫലം, 2023 | 349 |
| 6.1.11 | എസ്.സി,എസ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം, 2023 | 349 |
| 6.1.12 | പോളിടെക്നിക്കുകളിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം | 349 |
| 6.2.1 | ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ സാമൂഹിക, ആരോഗ്യ, ജനസംഖ്യ സൂചിക | 354 |
| 6.2.2 | ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ | 355 |
| 6.2.3 | ഇന്ത്യയുമായി താരതമ്യം ചെയ്തുള്ള കേരളത്തിന്റെ പ്രധാന ഫെർട്ടിലിറ്റി സൂചകങ്ങൾ | 355 |
| 6.2.4 | ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി | 357 |
| 6.2.5 | ഇ-ഹെൽത്ത് പ്രോഗ്രാമിന് കീഴിൽ ജില്ല തിരിച്ചുള്ള ജനസംഖ്യാസർവേ വിവരങ്ങൾ | 359 |
| 6.2.6 | കഴിഞ്ഞ അഞ്ച് വർഷത്തെ വകുപ്പ് തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും | 360 |
| 6.2.7 | ആരോഗ്യ കുടുംബക്ഷേമത്തിനുള്ള നിക്ഷേപം (രൂപ കോടിയിൽ) | 361 |
| 6.2.8 | കേരളത്തിലെ സാംക്രമികരോഗങ്ങളുടെ വ്യാപനം | 361 |

| | | |
|---|---|---|
| 6.2.9 | കേരളത്തിലെ ജലജന്യരോഗങ്ങളുടെ വ്യാപനം | 363 |
| 6.2.10 | ഇന്ത്യയിലെയും കേരളത്തിലെയും എച്ച്.ഐ.വി. കണക്കുകൾ | 364 |
| 6.2.11 | എൻ.എഫ്.എച്ച്.എസ്. 4 നെ താരതമ്യപ്പെടുത്തി എൻ.എഫ്.എച്ച്.എസ്. 5 അനുസരിച്ചുള്ള കേരളത്തിലെ വിളർച്ച വ്യാപനത്തിന്റെ വിശദാംശങ്ങൾ | 365 |
| 6.2.12 | ശ്വാസ് ക്ലിനിക്കുകളും  സി.ഒ.പി.ഡി, ആസ്ത്മ എന്നിവയുടെ സ്ക്രീനിംഗും രോഗനിർണയ വിശദാംശങ്ങളും | 366 |
| 6.2.13 | ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗിന്റെ വിശദാംശങ്ങൾ | 367 |
| 6.2.14 | ആശ്വാസം പ്രോഗ്രാമിന്റെ വിശദാംശങ്ങൾ 2022-23 ലും 2023-24 ലും | 369 |
| 6.2.15 | ജില്ലാ മാനസികാരോഗ്യ പരിപാടി ക്ലിനിക്കുകളുടെ വിശദാംശങ്ങൾ 2022-23 | 370 |
| 6.2.16 | 2012-13 മുതൽ കേരളത്തിലെ പൊതു സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങളുടെ വിശദാംശങ്ങൾ | 372 |
| 6.2.17 | 2021-22 മുതൽ 2023-24 (2023 ഓഗസ്റ്റ് 31 വരെ) വരെയുള്ള കാലയളവിൽ പി.എം-ജെ.എ.വൈ./ കെഎഎസ്പി യുടെ പുരോഗതി | 374 |
| 6.2.18 | 2016-17 മുതൽ 2023-24 വരെ (ഒക്ടോബർ 31 വരെ) എൻ.എച്ച്.എം-നുള്ള കേന്ദ്രസഹായം | 375 |
| 6.2.19 | 2022-23 ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടം | 375 |
| 6.2.20 | ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ-2022-23, 2023-24 വരെ | 376 |
| 6.2.21 | വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ (ഒക്ടോബർ 2023 ലെ എണ്ണം) | 377 |
| 6.2.22 | ഓരോ പഠനശാഖയിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെ വിശദാംശങ്ങൾ, പുരുഷ/സ്ത്രീ വിദ്യാർത്ഥികളുടെ എണ്ണം, 2023 ഒക്ടോബർ | 378 |
| 6.2.23 | ദേശീയ ആയുഷ് മിഷൻ കേരളയുടെ വർഷം തിരിച്ചുള്ള വിഭവ വിഹിതം | 379 |
| 6.3.1 | പെൻഷൻ ഗുണഭോക്താക്കൾ (തദ്ദേശഭരണസ്ഥാപനം തിരിച്ച്) | 383 |
| 6.3.2 | 2016-17 മുതൽ 2022-23 വരെയുള്ള കേരളത്തിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം | 383 |
| 6.3.3 | 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ വയോമിത്രത്തിന്റെ ഗുണഭോക്താക്കൾ | 385 |
| 7.1.1 | സാധാരണ നില പ്രകാരം 2021-22, 2022-23 വർഷങ്ങളിൽ അഖിലേന്ത്യാ തലത്തിലും കേരളത്തിലുമുള്ള തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR, ps+ss) | 390 |
| 7.1.2 | തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) (ശതമാനത്തിൽ) സാധാരണ നില (ps+ss) അനുസരിച്ച് | 391 |
| 7.1.3(എ) | ഇന്ത്യയിലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള (ഗ്രാമീണ മേഖല) ശരാശരി പ്രതിദിന വേതന നിരക്ക് (പുരുഷ - കാർഷികേതര തൊഴിലാളികൾ) | 392 |
| 7.1.3 (ബി ) | ഇന്ത്യയിലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള (ഗ്രാമീണ മേഖല) ശരാശരി പ്രതിദിന വേതന നിരക്ക് (പുരുഷ - കാർഷിക തൊഴിലാളികൾ) | 392 |
| 7.1.4 | ഒ.ഡി.ഇ.പി.സി നടത്തുന്ന റിക്രൂട്ട്മെന്റുകളുടെ വിശദാംശങ്ങൾ | 394 |
| 7.1.5 | ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം | 394 |

| | | |
|---|---|---|
| 7.1.6 | കേരളത്തിലെ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിൽ വരുന്ന ഫാക്ടറികളിലെ വ്യാവസായിക അപകടങ്ങൾ - 2016 മുതൽ 2023 വരെ (എണ്ണത്തിൽ) | 395 |
| 7.1.7 | AAWAZ രജിസ്ട്രേഷൻ പ്രകാരം കേരളത്തിലെ ജില്ലകളിൽ (31.08.2023 വരെ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും / കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നും രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളുടെ | 396 |
| 7.2.1 | പൊതു മേഖല തൊഴിൽ-സ്ത്രീ പങ്കാളിത്തം, 2022-23 | 404 |
| 7.3.1 | പട്ടിക വർഗ്ഗ യുവാക്കൾക്കുള്ള നൈപുണ്യ പരിശീലനത്തിന്റെയും പ്ലേസ്മെന്റിന്റെയും വിശദാംശങ്ങൾ | 411 |
| 7.3.2 | 2022-23, 2023-24 കാലയളവിൽ സ്വയം തൊഴിൽ പദ്ധതിയിലെ പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം | 412 |
| 7.3.3 | കേരളത്തിലെ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന വിശദാംശങ്ങൾ | 412 |
| 7.3.4 | കേരള നോളജ് ഇക്കണോമി മിഷനുമായി ബന്ധപ്പെട്ട നേട്ടങ്ങൾ | 413 |
| 7.3.5 | എസ്.യു.ഐ.ഐ.ടി പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ | 414 |
| 7.3.6 | കെയ്സിന്റെ പരിശീലന പ്ലെയ്സ്മെന്റ് വിശദാംശങ്ങൾ | 417 |
| 7.3.7 | പ്രധാനമന്ത്രി കൗശൽ വികാസ് യോജന 3.0 ന്റെ വിശദാംശങ്ങൾ | 418 |
| 8.1.1 | ഇന്ത്യയിലും കേരളത്തിലും വിവിധ തലങ്ങളിലെ സാക്ഷരതയുടെ ശതമാനം(വയസ്സ് 15-49) | 422 |
| 8.1.2 | വിവിധ തലങ്ങളിലുള്ള പെൺകുട്ടികളുടെ പ്രവേശനം, കേരളം 2023-24 | 423 |
| 8.1.3 | ഉന്നത വിദ്യാഭ്യാസ മേഖലയിലെ പെൺകുട്ടികളുടെ പ്രവേശനം (സർക്കാരും എയ്ഡഡും) 2022-23 | 423 |
| 8.1.4 | 2023 ആഗസ്റ്റ് പ്രകാരം 2022-23 ലെ മെഡിക്കൽ വിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ വാർഷിക പ്രവേശനത്തിന്റെ അനുപാതം | 423 |
| 8.1.5 | ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ ആരോഗ്യസ്ഥിതി | 424 |
| 8.1.6 | മാതൃ പരിചരണത്തിന്റെ സൂചകങ്ങൾ | 424 |
| 8.1.7 | പൊതു ജോലികളല്ലാതെ കൂലിപ്പണിയിൽ നിന്ന് ശരാശരി ദിവസ വേതനം/ശമ്പളം/വരുമാനം എന്നിവയിലെ ലിംഗ പദവി വ്യത്യാസം | 427 |
| 8.1.8 | കേരളത്തിലും ഇന്ത്യയിലുമുള്ള സ്ത്രീ തൊഴിലാളികൾ ശതമാനത്തിൽ (സിഡബ്ല്യൂഎസ്) | 428 |
| 8.1.9 | സംഘടിത മേഖലയിലെ തൊഴിൽ എണ്ണത്തിലും ശതമാനത്തിലും | 429 |
| 8.1.10 | സർക്കാരിന്റെ വിവിധ തലങ്ങളിലെ വനിതാ ജീവനക്കാരുടെ വിന്യാസം | 429 |
| 8.1.11 | കേരളത്തിലെ വിവര സാങ്കേതിക (ഐറ്റി) മേഖലയിലെ തൊഴിൽ സൃഷ്ടിക്കൽ | 431 |
| 8.1.12 | അയൽക്കൂട്ടങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ | 431 |
| 8.1.13 | കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെ.എൽ.ജി) സൂക്ഷ്മ സംരംഭങ്ങളും | 432 |
| 8.1.14 | കേരളത്തിൽ നൽകിയിട്ടുള്ള എം.ജി. എൻ. ആർ. ഇ. ജി. എ തൊഴിൽ നില, 2018-19 മുതൽ 2022-23 വരെ | 432 |
| 8.1.15 | തീരുമാനമെടുക്കുന്നതിൽ വനിതാ പങ്കാളിത്തം ഇന്ത്യയിലും കേരളത്തിലും | 433 |

| | | |
|---|---|---|
| 8.2.1 | 2018-19 മുതൽ 2023-24 വരെ പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും വകയിരുത്തിയ വിഹിതം (തുക കോടിയിൽ) | 442 |
| 8.3.1 | സർക്കാർ ക്ഷേമ സ്ഥാപനങ്ങൾ | 469 |
| 8.3.2 | സാമൂഹ്യനീതി വകുപ്പിന്റെ 2022-23ലെ പ്രധാന പരിപാടികൾ | 472 |
| 9.2.1 | ഉപയോഗവും ഇരിപ്പിടവും അനുസരിച്ച് കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങൾ | 495 |
| 9.2.2 | 2023-24 ഏഷ്യൻ ഗെയിംസിൽ കേരളം വിവിധ അത്ലറ്റിക് ഇനങ്ങളിൽ നേടിയ മെഡലുകൾ: | 495 |
| 9.2.3 | എലൈറ്റ് സ്കീമിന് കീഴിൽ പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ | 496 |
| 9.2.4 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ കായിക അവാർഡുകൾ | 497 |
| 9.2.5 | 2022-23 വർഷത്തെ വിവിധ മത്സരങ്ങളിൽ പങ്കെടുത്തവരുടെ എണ്ണത്തിന്റെയും മെഡലുകളുടെയും വിശദാംശങ്ങൾ | 498 |
| 9.2.6 | കേരള 2022-23 ലെ സ്പോർട്സ് മീറ്റിലെ ജില്ല തിരിച്ചുള്ള മെഡൽ നില | 498 |
| 9.2.7 | വിവിധ തരം ക്ലബ്ബുകളും അവയുടെ പ്രവർത്തനങ്ങളും | 499 |
| 9.2.8 | 2022-23 ലെ വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രോഗ്രാം ജോബ് ഫെസ്റ്റിലെ പങ്കാളിത്തം. | 501 |
| 10.1.1 | അന്താരാഷ്ട്ര പണമയയ്ക്കൽ സ്വീകരിക്കുന്ന മികച്ച 10 രാജ്യങ്ങൾ (2005–2020) (നിലവിലെ USD ബില്യൺ) | 507 |
| 10.1.2 | 2020-21 ലെ ഇൻവാർഡ് റെമിറ്റൻസിൽ സംസ്ഥാനം തിരിച്ചുള്ള വിഹിതം | 507 |
| 10.1.3 | എമിഗ്രന്റ്സും ഇന്റർ സർവേ മാറ്റവും | 510 |
| 10.1.4 | കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് (കെഎൻആർകെഡബ്ല്യൂബി)) - 2021-22, 2022-23, 2023-24 വർഷങ്ങളിൽ അനുവദിച്ച പെൻഷന്റെ വിശദാംശങ്ങൾ (2023 ഒക്ടോബർ വരെ)) | 512 |
| 11.1.1 | ഇന്ത്യയിലെ റോഡ് ശൃംഖല | 515 |
| 11.1.2 | വിവിധ തദ്ദേശ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകൾ, ദൈർഘ്യം (കി.മീ) | 517 |
| 11.1.3 | സാഗർമാല പ്രോഗ്രാമിന് കീഴിലുള്ള പദ്ധതികളുടെ സംഗ്രഹം | 533 |
| 11.1.4 | കെഐവി നടപ്പിലാക്കുന്നതിനായി നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ | 538 |
| 11.1.5 | കേരളത്തിൽ രജിസ്റ്റർ ചെയ്ത കപ്പലുകളുടെ എണ്ണം( കെ.ഐ.വി നിയമപ്രകാരം) | 538 |
| 11.1.6 | കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ 2019 മുതൽ 2023 വരെ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം (അളവ് ടണ്ണിൽ) | 539 |
| 11.1.7 | കേരളത്തിലെ ഇന്റർമീഡിയറ്റ് മൈനർ തുറമുഖങ്ങളിൽ 2019 മുതൽ 2023 വരെ ശേഖരിച്ച വരുമാനം (തരം തിരിച്ച്) കോടി രൂപയിൽ | 539 |
| 11.1.8 | കൊച്ചി തുറമുഖത്ത് കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം(വർഷം തിരിച്ച്) (ആയിരം ടണ്ണിൽ) | 540 |
| 11.1.9 | ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം നടത്തിയ സർവ്വേയുടെ വിശദാംശങ്ങൾ | 542 |
| 11.1.10 | കേരളത്തിലെ ദേശീയ ജലപാതകൾ | 544 |
| 11.1.11 | കഴിഞ്ഞ 5 വർഷത്തിനിടെ ദേശീയ ജലപാത-3 ലെ ചരക്ക് നീക്കം - മെട്രിക് മില്യൺ ടൺ (എം എം ടി) | 544 |

| | | |
|---|---|---|
| 11.1.12 | 2021-22 മുതൽ 2023-24 വരെയുള്ള വകുപ്പ് തിരിച്ച് പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 544 |
| 11.2.1 | ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട്) 2022-23 ൽ | 547 |
| 11.2.2 | ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട്) 2022-23 ൽ, മേഖല തിരിച്ച് | 548 |
| 11.2.3 | കേരള സംസ്ഥാനത്തിന്റെ ഊർജ്ജ സംവിധാനത്തിന്റെ വളർച്ച ഒറ്റനോട്ടത്തിൽ (2018-23) | 548 |
| 11.2.4 | 2022-23 കാലയളവിൽ സംഭരിച്ച ഊർജ്ജത്തിന്റെ അളവും സ്രോതസ്സും | 549 |
| 11.2.5 | കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉൽപാദന ശേഷി | 551 |
| 11.2.6 | 2022-23 ൽ വൈദ്യുത അപകടങ്ങൾ സംഭവിച്ച മനുഷ്യർ/മൃഗങ്ങളുടെ എണ്ണം | 552 |
| 11.2.7 | പദ്ധതി വിഹിതവും ചെലവുകളും - വാർഷിക പദ്ധതി 2022-23, 2023-24 (രൂപ കോടിയിൽ ) | 553 |
| 11.3.1 | കേരള തപാൽ സർക്കിളിൽ പ്രവർത്തിക്കുന്ന തപാൽ ഓഫീസുകളുടെ ജില്ല/കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള എണ്ണം (2023, ആഗസ്റ്റ് മാസം വരെ) | 560 |
| 11.3.2 | കേരള തപാൽ സർക്കിളിന്റെ ഇ-അധിഷ്ഠിത മൂല്യവർദ്ധിത സേവനങ്ങൾ. | 561 |
| 11.4.1 | 2023 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജല വിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ | 572 |
| 11.4.2 | സംസ്ഥാന പ്ലാൻ ഫണ്ടിലൂടെ കേരള വാട്ടർ അതോറിറ്റിയുടെയും (കെഡബ്ല്യൂഎ) ജലനിധിയുടെയും നിക്ഷേപങ്ങൾ | 572 |
| 11.5.1 | ലൈഫ് മിഷൻ പൂർത്തീകരിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ (2023 സെപ്തംബർ 30 വരെ) | 576 |
| 11.6.1 | ആർകെഐ യുടെ കീഴിലുള്ള മൊത്തം അടങ്കലും ചെലവും | 582 |
| 11.7.1 | 2023 മാർച്ച് 31 വരെ കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ | 588 |
| 11.7.2 | 2023 മാർച്ച് 31 വരെ റോഡ്, റോഡ് ഗതാഗത മേഖലയിൽ കിഫ്ബി അനുവദിച്ച തുക | 588 |
| 11.7.3 | അടിസ്ഥാന സൗകര്യവികസനത്തിനും ലാൻഡ് അക്യുസിഷൻ പൂളിനും കീഴിലുമായി കിഫ്ബി അംഗീകരിച്ച പദ്ധതികൾക്ക് വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ(രൂപ കോടിയിൽ) | 591 |
| 11.8.1 | കാസറഗോഡ് വികസന പാക്കേജ് - സാമ്പത്തിക പുരോഗതി (30.09.2023 വരെ) | 594 |
| 11.8.2 | കാസറഗോഡ് വികസന പാക്കേജ് - ഭൗതീക പുരോഗതി (30.09.2023 വരെ) | 594 |
| 12.1.1 | 2022-23 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള ദുരന്ത നിവാരണ പദ്ധതികളുടെ വിവരങ്ങൾ | 603 |
| 12.1.2 | 2022-23 ലെ പ്രത്യേക മേഖലാ പദ്ധതികൾക്കായുള്ള ചെലവുകളുടെ വിശദാംശങ്ങൾ | 608 |
| 12.1.3 | 15- ധനകാര്യ കമ്മീഷൻ ആരോഗ്യ മേഖലയിലെ കേരളത്തിനുള്ള ഗ്രാന്റുകളുടെ വിശദാംശങ്ങൾ | 609 |
| 12.1.4 | 2016-2023 കാലയളവിൽ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ നിർമാണത്തിൽ പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ | 614 |
| 12.1.5 | സംസ്ഥാനത്ത് ശേഖരിച്ച ഇ-മാലിന്യത്തിന്റെ അളവ് | 615 |
| 12.1.6 | സംസ്ഥാനത്തെ ഒ.ഡി.എഫ് പ്ലസ് നേട്ടത്തിന്റെ വിശദാംശങ്ങൾ | 616 |
| 12.1.7 | പിഎംജിഎസ്വൈഐ യുടെ ഭൗതിക പുരോഗതി | 622 |

| | | |
|---|---|---|
| 12.1.8 | തൊഴിൽ സൃഷ്ടിക്കലിന്റെയും പ്രകടനത്തിന്റെയും  അവലോകനം | 625 |
| 12.1.9 | 2022-23,  2023-24 (സെപ്റ്റംബർ 30) വരെയുമുള്ള സാമ്പത്തിക പുരോഗതി പട്ടിക | 625 |
| 12.1.10 | 2023 സെപ്തംബർ 30 വരെ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്ത എസ്സി-/ എസ്ടി കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് | 628 |

# ചിത്രങ്ങൾ



| ചിത്രം | തലക്കെട്ട് | നം. |
|---|---|---|
| 1.1.1 | പ്രതിശീർഷ എൻഎസ്ഡിപിയും പ്രതിശീർഷ എൻഡിപിയും 2011-12 ലെ സ്ഥിര വിലയിൽ | 05 |
| 1.1.2 | 2020-21 മുതൽ 2022-23 വരെയുള്ള സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാന മേഖലകളിലെ ജിഎസ് വിഎ യുടെ വളർച്ച | 07 |
| 1.1.3 | ഇന്ത്യയിലെയും കേരളത്തിലേയും പണപ്പെരുപ്പ നിരക്ക്,കറന്റ് സീരീസ് (അടിസ്ഥനവർഷം 2012) 2023 ജനുവരി മുതൽ സെപ്റ്റംബർ വരെ,ജനറൽ ഇൻഡക്സ് (എല്ലാ ഗ്രൂപ്പുകളും) | 11 |
| 1.2.1 | കേരളത്തിലെ ജനസംഖ്യ 2001, 2011 | 13 |
| 1.2.2 | കേരളത്തിലെ ഗ്രാമീണ-നഗര ജനസംഖ്യ | 14 |
| 1.2.3 | 2001, 2011 സെൻസസിലെ  ജില്ല തിരിച്ചുള്ള ജനസംഖ്യ | 17 |
| 1.2.4 | ഇന്ത്യയിലെ നഗരവൽക്കരണ പ്രവണത | 18 |
| 1.3.1 | ജനസംഖ്യയുടെ ശതമാനം | 22 |
| 1.3.2 | അതിദാരിദ്ര്യം തിരിച്ചറിയൽ പ്രക്രിയ- ഘട്ടങ്ങൾ | 23 |
| 1.3.3 | സംസ്ഥാനത്ത് തിരിച്ചറിഞ്ഞ അതിദരിദ്ര കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് | 24 |
| 1.3.4 | അതിദാരിദ്ര്യ വിഭാഗങ്ങളുടെ വേർതിരിച്ച ലിസ്റ്റ് | 24 |
| 1.4.1 | കേരളത്തിലെ ആഭ്യന്തര, പ്രവാസി ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച - 2013 മുതൽ 2023 വരെ | 29 |
| 1.4.2 | പ്രാഥമിക മേഖലയിലെ വായ്പ വിതരണത്തിന്റെ വിഹിതം, മാർച്ച് 2023 | 29 |
| 1.4.3 | 2023 മാർച്ച് വരെയുള്ള കാർഷിക വായ്പ വിഹിതം | 30 |
| 1.4.4 | കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും മാർച്ച് 2023 വരെയുള്ള ജില്ല തിരിച്ചുള്ള വിതരണം | 32 |
| 1.5.1 | കേരളത്തിലെ റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ച | 37 |
| 1.5.2 | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലെ  വിവിധ  സ്രോതസ്സുകളുടെ വിഹിതം | 38 |
| 1.5.3 | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വളർച്ച | 38 |
| 1.5.4 | 2020-21 ലെയും 2021-22 ലെയും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള തനത് നികുതി വരുമാനം | 39 |
| 1.5.5 | വിവിധ ധനകാര്യ കമ്മീഷനുകളിൽ നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കൽ പറ്റുന്ന ആറ്റവിഹിതം | 40 |
| 2.1 | ഇന്ത്യയിലെ  അടിസ്ഥാന സൗകര്യങ്ങളിലെ വർഷം തിരിച്ചുള്ള പ്രവണത | 49 |
| 2.2 | മൂലധന ചെലവിലെ പ്രവണത | 52 |
| 2.3 | പ്രതിശീർഷ സംസ്ഥാന മൊത്ത ആഭ്യന്തര ഉത്പാദനത്തിലെ പ്രവണത | 52 |
| 2.4 | കേരളത്തിലെ മൊത്തം റോഡിന്റെ പത്തുവര്ഷത്തിനിടയിലെ പ്രവണതകൾ | 55 |
| 2.5 | പൊതുമരാമത്ത് വകുപ്പ്  നിർമ്മിച്ച് പരിപാലിക്കുന്ന റോഡുകളുടെ നീളം | 55 |

| | | |
|---|---|---|
| 2.6 | റോഡുകൾക്കും പാലങ്ങൾക്കുമുള്ള ചെലവിലെ പ്രവണതകൾ | 56 |
| 2.7 | ഒരു സർവീസിനു ലഭിക്കുന്ന വാർഷിക ശരാശരി വരുമാനം | 60 |
| 2.8 | വര്ഷം തോറും നടത്തുന്ന സർവീസുകൾ | 60 |
| 2.9 | കേരളത്തിലെ മൈനർ, ഇന്റർമീഡിയറ്റ് തുറമുഖങ്ങളുടെ വരുമാനം | 61 |
| 2.10 | വൈദ്യുതി സ്ഥാപിത ശേഷി പ്രവണതകൾ, ഇനം തിരിച്ച്, മെഗാ വാട്ടിൽ | 63 |
| 2.11 | പ്രകടന സൂചികകൾ | 64 |
| 2.12 | പ്രസരണ വിതരണ നഷ്ടത്തിലെ പ്രവണതകൾ, ശതമാനത്തിൽ | 65 |
| 2.13 | സാമൂഹിക സേവനങ്ങൾക്കുള്ള ചെലവിന്റെ പ്രവണത | 68 |
| 2.14 | ജലത്തിന്റെ വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിന്റെ പ്രവണത, രൂപ ലക്ഷത്തിൽ | 70 |
| 2.15 | സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ, 2022-23, ശതമാനത്തിൽ | 71 |
| 2.16 | വിദ്യാഭ്യാസ മേഖലയിലെ ചെലവിന്റെ പ്രവണത, രൂപ കോടിയിൽ | 71 |
| 2.17 | ആരോഗ്യ മേഖലയിലെ ചെലവിന്റെ പ്രവണത, രൂപ കോടിയിൽ | 73 |
| 2.18 | സംസ്ഥാനങ്ങളുടെ മൊത്തം ചെലവിൽ ആരോഗ്യ മേഖലയുടെ ചെലവ് ശതമാനത്തിൽ | 73 |
| 3.1.1 | തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ 2023 ജൂൺ മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ | 79 |
| 3.1.2 | 2022-23 ൽ കേരളത്തിലെ ഭൂവിനിയോഗരീതി | 80 |
| 3.1.3 | കാർഷിക വായ്പകൾ സഹകരണ ബാങ്കുകൾ ഒഴികെ | 94 |
| 3.1.4 | കേരളത്തിലെ കാർഷിക മേഖലയ്ക്കുള്ള നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള വിതരണം | 94 |
| 3.1.5 | ഉൽപ്പാദനം നിക്ഷേപം എന്നീ വായ്പകളുടെ വിഭജനം | 96 |
| 3.2.1 | ഫംഗ്ഷണൽ രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾ | 103 |
| 3.3.1 | പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം 2017-18 മുതൽ 2022-23 വരെ | 113 |
| 3.3.2 | കേരളത്തിലെ ഇനം തിരിച്ചുള്ള പാൽ ഉൽപ്പാദനം (2022-23) | 115 |
| 3.3.3 | കേരളത്തിലെ ഇനം തിരിച്ചുള്ള മുട്ട ഉത്പാദനം (2022-23) | 116 |
| 3.3.4 | കേരളത്തിലെ  ഇനം തിരിച്ചുള്ള മാംസ ഉത്പാദനം (2022-23) | 116 |
| 3.3.5 | 2017-18 മുതൽ 2022-23 വരെയുള്ള കന്നുകാലി ഉൽപന്നങ്ങളുടെ ശരാശരി വിലയിലെ പ്രവണത | 120 |
| 3.3.6 | കേരളത്തിലെ ആപ്കോസ്, നോൺ ആപ്കോസിന്റെ വിശദാംശങ്ങൾ | 125 |
| 3.4.1 | ഇന്ത്യയിലേയും കേരളത്തിലേയും മത്സ്യ ഉല്പാദനം | 130 |
| 3.4.2 | 2013-14 മുതൽ 2022-23 വരെ കേരളത്തിലെ മത്സ്യോല്പാദനം | 131 |
| 3.4.3 | ഉൾനാടൻ മത്സ്യമേഖലയിൽ ജലകൃഷിയുടേയും, ഉൾനാടൻ മത്സ്യബന്ധനത്തിന്റേയും പങ്ക് | 132 |
| 3.4.4 | 2015-16 മുതൽ 2022-23 വരെയുള്ള കേരളത്തിലെ മത്സ്യവിത്ത് ഉല്പാദനം | 133 |
| 3.4.5 | മത്സ്യബന്ധന മേഖലയിലെ ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽ പങ്കാളിത്തം | 136 |

| | | |
|---|---|---|
| 3.5.1 | ജലസേചന വകുപ്പിന് കീഴിലുള്ള ജലസംഭരണികളുടെ സംഭരണ നില | 141 |
| 3.5.2 | ജലാശയങ്ങളുടെ ഉപയോഗം അടിസ്ഥാനമാക്കിയുള്ള തരംതിരിവ് (ശതമാനത്തിൽ) | 142 |
| 3.6.1 | 2017-18 മുതൽ 2022-23 വരെയുള്ള വനത്തിൽ നിന്നുള്ള വരുമാനം | 153 |
| 3.7.1 | കേരളത്തിലെ ജനവാസകേന്ദ്രങ്ങളിലെ പ്രധാന നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ ശരാശരി മൂല്യങ്ങൾ, 2022 | 162 |
| 3.7.2 | കേരളത്തിലെ പ്രധാന സെൻസിറ്റീവ് ഏരിയകളിലെ നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ ശരാശരി മൂല്യങ്ങൾ - 2022 | 163 |
| 3.7.3 | കേരളത്തിലെ പ്രധാന വ്യാവസായിക മേഖലകളിലെ നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ ശരാശരി മൂല്യങ്ങൾ | 163 |
| 3.7.4 | തെരഞ്ഞെടുത്ത നദീതട കേന്ദ്രങ്ങളിലെ 2021 ലെയും 2022 ലെയും ബി.ഒ.ഡി അളവുകൾ (മി. ഗ്രാം/ലിറ്റർ) | 164 |
| 3.7.5 | കേരളത്തിലെ 2019-20 മുതൽ 2022-23 വരെയുള്ള ഖരമാലിന്യ ഉല്പാദനവും സംസ്കരണവും | 165 |
| 3.8.1 | 2023 ഒക്ടോബർ വരെയുള്ള കേരളത്തിലെ കാർഡ് ഉടമകളുടെ വിഭാഗം തിരിച്ചുള്ള നമ്പറും വിഹിതവും | 173 |
| 4.2.1 | ഇന്ത്യയിലെ ഉല്പന്നനിർമ്മാണ മേഖലയുടെ മൊത്തം സംയോജിത മൂല്യത്തിന്റെ വളർച്ചാ നിരക്ക്. | 187 |
| 4.2.2 | കേരളത്തിലെ, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ മൊത്തം സ്ംസ്ഥാന സംയോജിത മൂല്യത്തിന്റെ വാർഷിക വളർച്ചാ വളർച്ചാനിരക്ക്, സ്ഥിരവിലയിൽ, ശതമാനത്തിൽ | 188 |
| 4.2.3 | മൊത്തം സ്ംസ്ഥാന സംയോജിത മൂല്യത്തിൽ കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, സ്ഥിരവിലയിൽ (2011-12) | 189 |
| 4.3.1 | കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ മൊത്തം ബ്ലോക്കും, നിക്ഷേപത്തിൽ കേരളത്തിന്റെ വിഹിതം, രൂപ കോടിയിലും – ശതമാനത്തിലും | 192 |
| 4.4.1 | 2022-23 ൽ നിർമ്മാണ, സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം | 208 |
| 4.4.2 | 2022-23 ൽ നിർമ്മാണ, സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം | 209 |
| 4.4.3 | കേരളത്തിൽ 2021-22, 2022-23 വർഷങ്ങളിൽ ജില്ല തിരിച്ചുള്ള പുതിയ എംഎസ്എംഇ യൂണിറ്റുകൾ | 209 |
| 4.4.4 | 2022-23 ൽ കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം ശതമാനത്തിൽ | 210 |
| 4.6.1 | 2022-23 ജില്ലതിരിച്ചുള്ള വില്പന ലക്ഷ്യങ്ങളും നേട്ടങ്ങളും സംബന്ധിക്കുന്ന വിശദാംശങ്ങൾ | 232 |
| 4.6.2 | കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്ന് നടത്തിയ കയർ, കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി | 234 |
| 5.1.1 | ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് സ്ഥലത്തിന്റെ വളർച്ച | 253 |
| 5.1.2 | ടെക്നോപാർക്കിലെ കമ്പനികളുടെ എണ്ണം | 253 |
| 5.1.3 | ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി വരുമാനം | 254 |
| 5.1.4 | ടെക്നോപാർക്കിലെ തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വർദ്ധന | 254 |

| | | |
|---|---|---|
| 5.2.1 | ആർസിസി-യിൽ 2013-14 മുതൽ 2022-23 വരെ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ | 280 |
| 5.2.2 | 2022-23ൽ ആർസിസി യിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം. ജില്ല തിരിച്ച് | 281 |
| 5.2.3 | 2022-23ൽ രജിസ്റ്റർ ചെയ്ത സ്പെഷ്യാലിറ്റി ക്ലിനിക് തിരിച്ചുള്ള പുതിയ രോഗികളുടെ ശതമാനം | 281 |
| 5.2.4 | 2022-23ൽ ആർസിസി -യിൽ ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്ത പുതിയ കാൻസർ രോഗികളുടെ എണ്ണം-പ്രായവും ലിംഗഭേദവും അനുസരിച്ച് | 282 |
| 5.3.1 | 2013 മുതൽ 2022 വരെ ഇന്ത്യയിലെയും കേരളത്തിലെയും വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനത്തിന്റെ വാർഷിക വളർച്ചാ നിരക്ക് | 289 |
| 5.3.2 | 2021 ലും 2022 ലും വിദേശ വിനോദസഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ലോകത്തിലെ പത്ത് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ വരവിന്റെ എണ്ണം | 291 |
| 5.3.3 | 2022-ൽ കേരളത്തിലെ പ്രദേശാടിസ്ഥാനത്തിലുള്ള വിദേശ ടൂറിസ്റ്റ് സന്ദർശനങ്ങൾ, ശതമാനം | 291 |
| 5.3.4 | 2013 മുതൽ 2022 വരെ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനം | 292 |
| 5.3.5 | 2021-ലും 2022-ലും ആദ്യ പത്ത് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് | 292 |
| 5.3.6 | 2022-ൽ കേരളത്തിലെ പ്രദേശാടിസ്ഥാനത്തിലുള്ള ആഭ്യന്തര വിനോദ സഞ്ചാര സന്ദർശനങ്ങൾ | 293 |
| 5.3.7 | 2013 മുതൽ 2022 വരെ കേരളത്തിൽ വിനോദസഞ്ചാരത്തിൽ നിന്നുലഭിച്ച മൊത്ത വരുമാനം | 294 |
| 5.4.1 | സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വളർച്ചാനിരക്കുകൾ(അളവിൽ)-ഇൻഡ്യ,കേരളം-കേരളത്തിന്റെ വിഹിതം, 2016-17 മുതൽ 2022-23വരെ | 304 |
| 5.4.2 | 2022-23 ൽ ഇൻഡ്യയിൽ നിന്ന് കയറ്റി അയച്ച സമുദ്രോൽപന്നങ്ങളും അവയുടെ വിപണി വിഹിതവും | 305 |
| 5.4.3 | 2022-23-ൽ കേരളത്തിൽ നിന്ന് കയറ്റി അയച്ച സമുദ്രോല്പന്നങ്ങളും വിപണി വിഹിതവും | 305 |
| 5.4.4 | 2019-20-ൽ ഇൻഡ്യൻ സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം | 305 |
| 5.4.5 | 2020-21-ലെ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം | 305 |
| 5.4.6 | ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള കയറും കയറുൽപന്നങ്ങളുടെയും കയറ്റുമതി പ്രവണത, 2016-17 മുതൽ 2021-22 വരെ | 308 |
| 5.4.7 | കേരളത്തിന്റെയും ഇൻഡ്യയുടേയും സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി (അളവിൽ) വളർച്ചാ നിരക്കുകൾ, ശതമാനത്തിൽ | 309 |
| 5.5.1 | 2022-ൽ ലഭിച്ചതും അന്തിമമാക്കിയതുമായ റീ- സർവ്വേ അപ്പീലുകളുടെ ജില്ല തിരിച്ചുള്ള എണ്ണം | 312 |
| 5.5.2 | 2017-18 മുതൽ 2022-23 വരെ സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം | 316 |
| 6.1.1 | മാനേജ്മെന്റ് തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2022-23 | 330 |
| 6.1.2 | 2023-24ൽ കേരളത്തിലെ വിദ്യാർത്ഥികളുടെ മാനേജ്മെന്റ് അടിസ്ഥാനത്തിലും വിഭാഗം തിരിച്ചുമുള്ള പ്രവേശനം | 332 |
| 6.1.3 | 2022-23 ലെ ഡിഗ്രി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ സ്ത്രീ പുരുഷ അനുപാതം | 339 |

| | | |
|---|---|---|
| 6.1.4 | 2022-23 ലെ ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾ ശതമാനത്തിൽ | 340 |
| 6.2.1 | കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം | 373 |
| 6.2.2 | കെയുഎച്ച്എസിന് കീഴിലുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകൾ ശതമാനം | 377 |
| 7.1.1 | 2022-23 ലെ അഖിലേന്ത്യാ തലത്തിലും കേരളത്തിലും സാധാരണ നില (ps+ss) അനുസരിച്ചുള്ള (എല്ലാ പ്രായത്തിലുമുള്ള) തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) | 390 |
| 7.1.2 | ഇന്ത്യയിലെയും, കേരളത്തിലെയും തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) 2017-18 മുതൽ 2022-23 വരെയുള്ള സാധാരണ നില (ps+ss) അനുസരിച്ച് | 391 |
| 7.2.1 | ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയും/കേന്ദ്രഭരണ പ്രദേശങ്ങളിലേയും 15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കുകൾ | 400 |
| 7.2.2 | കേരളത്തിലെ 15 വയസും അതിൽ കൂടുതലുമുള്ള വ്യക്തികളുടെ തൊഴിലില്ലായ്മ നിരക്ക് നിലവിലെ പ്രതിവാര സ്റ്റാറ്റസ് (സി ഡബ്ല്യു എസ്) പ്രകാരം | 401 |
| 7.2.3 | യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്) പ്രകാരം കേരളത്തിലെയും ഇന്ത്യയിലെയും യുവജനങ്ങൾക്കിടയിലെ (15 മുതൽ 29 വയസ്സ് വരെ) തൊഴിലില്ലായ്മാ നിരക്ക് | 402 |
| 7.2.4 | കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ - (ലക്ഷത്തിൽ) | 403 |
| 7.2.5 | പൊതുമേഖലയിലെ തൊഴിൽ വിതരണം | 403 |
| 7.2.6 | സംഘടിത മേഖലയിലെ പ്രധാനപ്പെട്ട തൊഴിൽ വിതരണം – മാർച്ച് 2023 (ശതമാനത്തിൽ) | 405 |
| 7.2.7 | കേരളത്തിലെ തൊഴിലന്വേഷകർ 2022-23 (എണ്ണം ലക്ഷത്തിൽ) | 405 |
| 7.2.8 | വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ | 406 |
| 7.2.9 | വനിത, പുരുഷ തൊഴിലന്വേഷകരുടെ ജില്ലതിരിച്ചുള്ള കണക്കുകൾ, 2023 | 407 |
| 7.2.10 | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ | 408 |
| 8.1.1 | കേരളത്തിലെയും ഇന്ത്യയിലെയും തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം (എല്ലാ പ്രായക്കാർക്കും) | 426 |
| 8.1.2 | ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലവസരങ്ങളുടെ തലത്തിലുള്ള ലിംഗ പദവി വ്യത്യാസം (എല്ലാ പ്രായക്കാരും) | 426 |
| 8.1.3 | ഉൽപ്പാദനമേഖലയിലെ സ്ത്രീകളുടെ അനുപാതം | 428 |
| 8.1.4 | സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ | 429 |
| 8.2.1 | 2017-18 മുതൽ 2022-23 വരെ ഭൂമി ലഭ്യമാക്കിയ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം | 443 |
| 8.2.2 | വിവാഹ ധനസഹായ പദ്ധതിയുടെ ചെലവും പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണവും | 448 |
| 10.1.1 | കുടിയേറ്റക്കാരുടെ പ്രധാന 5 പ്രഭവ കേന്ദ്രങ്ങൾ | 506 |
| 10.1.2 | കേരളത്തിൽ നിന്നുള്ള ജില്ല തിരിച്ചുള്ള കുടിയേറ്റം 2018 | 509 |
| 10.1.3 | കേരളത്തിലെ പ്രവാസികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ | 509 |
| 11.1.1 | വിവിധ വകുപ്പുകൾ സംരക്ഷിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ, ശതമാനത്തിൽ | 516 |

| | | |
|---|---|---|
| 11.1.2 | മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്, 2013 മുതൽ 2023 വരെ | 518 |
| 11.1.3 | 2022-23-ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ തരം/ഇനം തിരിച്ചുള്ള കണക്ക് | 518 |
| 11.1.4 | കേരളത്തിലുണ്ടായ റോഡ് അപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ തരം / ഇനം തിരിച്ചുള്ള വിശദാംശങ്ങൾ, 2023 ജനുവരി മുതൽ ഓഗസ്റ്റ് വരെ, ശതമാനത്തിൽ | 520 |
| 11.1.5 | കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മോട്ടോർ വാഹന അപകടങ്ങൾ, പരിക്കുകൾ, മരണങ്ങൾ എന്നിവയുടെ പ്രവണത | 520 |
| 11.1.6 | കൊച്ചി മെട്രോ പദ്ധതിയുടെ വരുമാനവും ചെലവും, 2017 മുതൽ 2023 വരെ | 528 |
| 11.1.7 | കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരുടെ(ആഭ്യന്തരവും അന്താരാഷ്ട്രവുമായ) എണ്ണം സംബന്ധിക്കുന്ന വിശദാംശങ്ങൾ, 2019 മുതൽ 2023 വരെ | 530 |
| 11.1.8 | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരുടെ(ആഭ്യന്തരവും അന്താരാഷ്ട്രവുമായ)എണ്ണം, 2019 മുതൽ 2023 വരെ. | 531 |
| 11.1.9 | 2022-23 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം | 534 |
| 11.1.10 | 2022-23 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത വിദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം | 534 |
| 11.1.11 | 2022-23 ഏപ്രിൽ -മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത തീരദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം | 535 |
| 11.1.12 | നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്ക് ഗതാഗതം (തുറമുഖം തിരിച്ച്) | 536 |
| 11.1.13 | 2022-23 ഏപ്രിൽ-മാർച്ച് കാലയളവിൽ നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം | 536 |
| 11.1.14 | 2022-23 ഏപ്രിൽ -മാർച്ച് വരെയുള്ള കാലയളവിൽ നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം | 537 |
| 11.2.1 | കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഊർജ്ജ ആവശ്യകതയും ഊർജ്ജത്തിന്റെ പരമാവധി ആവശ്യകതയും | 549 |
| 11.2.2 | 2018-19 മുതൽ 2022-23 വരെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം | 550 |
| 11.2.3 | പ്രസരണ വിതരണ (റ്റി & ഡി )നഷ്ടം (2018-19 മുതൽ 2022-23 വരെ ), ശതമാനത്തിൽ | 550 |
| 11.2.4 | 2022-23 ൽ കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി (ശതമാനത്തിൽ) | 551 |
| 11.3.1 | വയർലെസ് സേവനദാതാക്കളുടെ വിപണി വിഹിതം (31.03.2023 വരെ) | 558 |
| 11.3.2 | വയർലൈൻ സേവനദാതാക്കളുടെ വിപണി വിഹിതം (31.03.2023 വരെ) | 558 |
| 11.4.1 | ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന ജനസംഖ്യയുടെ (2023 ആഗസ്റ്റ് 31 വരെ) ജില്ലതിരിച്ചുള്ള അനുപാതം | 565 |
| 11.4.2 | 2023 ആഗസ്റ്റ് 31 ലെ ജില്ല തിരിച്ചുള്ള ആളോഹരി ജലലഭ്യത | 565 |
| 11.7.1 | മേഖല തിരിച്ചുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ | 589 |
| 11.7.2 | 2023 മാർച്ച് 31 വരെയുള്ള കിഫ്ബിയുടെ സാമ്പത്തിക പ്രകടനം | 591 |

| | | |
|---|---|---|
| 12.1.1 | വികസന ഫണ്ട്-2022-23 ലെ തദ്ദേശഭരണസ്ഥാപനാടിസ്ഥാനത്തിലുള്ള ചെലവ് ശതമാനം | 605 |
| 12.1.2 | 2022-23 വാർഷിക പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഭാഗം തിരിച്ചുള്ള ചെലവ് ശതമാനം | 606 |
| 12.1.3 | പ്രാദേശിക സർക്കാരുകൾ കൈവരിച്ച മൊത്തം ചെലവിൽ വിവിധ മേഖലകളുടെ വിഹിതം | 607 |
| 12.1.4 | 2022-23-ൽ ൽ പ്രാദേശിക സർക്കാരുകളുടെ ഉൽപ്പാദന മേഖലയിലെ ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് | 607 |
| 12.1.5 | 2022-23ൽ പ്രാദേശിക സർക്കാരുകളുടെ സേവന ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് | 608 |
| 12.1.6 | 2022-23ൽ പ്രാദേശിക സർക്കാരുകളുടെ പശ്ചാത്തല മേഖലയിലെ ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് | 608 |
| 12.1.7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകടനം-ദക്ഷിണേന്ത്യയിലെ സംസ്ഥാനങ്ങളുടെ താരതമ്യം (2022-23) | 627 |
| 12.1.8 | 2023 സെപ്റ്റംബർ 30 വരെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത സ്ത്രീകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ | 628 |

# ബോക്സുകൾ



| നം | ഇനം | പേജ് നം |
|---|---|---|
| 1.3.1 | അതിദാരിദ്ര്യ നിർമാർജന പരിപാടിയുടെ നേട്ടം | 26 |
| 2.1 | കേരള വാട്ടർ അതോറിറ്റിയുടെ (കെ.ഡബ്ല്യൂ.എ) നേട്ടങ്ങളും പ്രധാന ഡിജിറ്റൽ സംരംഭങ്ങളും | 50 |
| 2.2 | പ്രധാനപ്പെട്ട നേട്ടങ്ങൾ (2016-2023) | 53 |
| 2.3 | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പശ്ചാത്തല സൗകര്യ വികസനം - പ്രധാന സവിശേഷതകൾ | 53 |
| 2.4 | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പശ്ചാത്തല സൗകര്യ വികസനം - പ്രധാന സവിശേഷതകൾ | 54 |
| 2.5 | പതിമൂന്നാം പദ്ധതിയിലെ അടിസ്ഥാന സൗകര്യ വികസനം - പ്രധാന നേട്ടങ്ങൾ | 57 |
| 2.6 | മൈനർ, ഇന്റർമീഡിയറ്റ് തുറമുഖങ്ങളിലെ പ്രധാന നേട്ടങ്ങൾ (2016-17 മുതൽ 2022-23 വരെ) | 60 |
| 2.7 | പ്രധാന പദ്ധതികൾ | 61 |
| 2.8 | പ്രധാന ഉദ്യമങ്ങൾ | 62 |
| 2.9 | പ്രധാന നേട്ടങ്ങൾ | 63 |
| 2.10 | പ്രധാന ഉദ്യമങ്ങൾ | 67 |
| 2.11 | പതിനാലാം പദ്ധതി ലക്ഷ്യങ്ങൾ - കുടിവെള്ള വിതരണം | 68 |
| 2.12 | പൊതുവിദ്യാഭ്യാസ പുനരുജ്ജീവന കാമ്പയിൻ- 2017 | 72 |
| 2.13 | പ്രധാന സംരംഭങ്ങൾ | 72 |
| 3.2.1 | സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA) | 106 |
| 3.3.1 | ക്ഷീരശ്രീ പോർട്ടൽ | 118 |
| 3.3.2 | ഡിജിറ്റൽ ഹെർഡ് ബുക്ക് സ്കീം | 121 |
| 3.3.3 | മിൽമ 2023 പുനസ്ഥാപിക്കൽ | 126 |
| 3.4.1 | മത്സ്യമേഖലയിൽ വനിത ചെറുകിട സംരംഭങ്ങൾ കൈവരിച്ച നേട്ടങ്ങൾ | 137 |
| 3.5.1 | കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം (കേരള ഡബ്ല്യൂആർഐഎസ്) | 140 |
| 3.5.2 | വെള്ളപ്പൊക്കസാധ്യതാ പ്രവചന മുന്നറിയിപ്പ് സംവിധാനങ്ങൾ (എഫ്.എഫ്.ഇ.ഡബ്ല്യൂ.എസ്) | 146 |
| 3.7.1 | ഭൂമിത്രസേന ക്ലബ്ബുകളും ജൈവവൈവിധ്യ പരിപാലന സമിതികളും | 161 |
| 3.7.2 | കാലാവസ്ഥാ വ്യതിയാനത്തോടുള്ള കേരളത്തിന്റെ പ്രതികരണം | 166 |
| 4.3.1 | കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന | 195 |
| 4.3.2 | കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ | 199 |
| 4.4.1 | ഇയർ ഓഫ് എന്റർപ്രൈസസ് 2022-23 | 207 |

| | | |
|---|---|---|
| 5.1.1 | കേരളത്തിലെ ഐ.ടി മേഖലയുടെ പ്രധാന നേട്ടങ്ങൾ | 248 |
| 5.2.1 | ആർസിസി സ്ഥിതിവിവരക്കണക്കുകൾ 2022-23 | 279 |
| 5.3.1 | കേരള വിനോദസഞ്ചാരം ഒറ്റനോട്ടത്തിൽ | 288 |
| 5.5.1 | എന്റെഭൂമി പദ്ധതിയുടെ ആദ്യ ഘട്ടത്തിലെ പുരോഗതി | 311 |
| 5.5.2 | പോലീസ് വകുപ്പിന്റെ പുതിയ സംരംഭങ്ങളും നൂതന പദ്ധതികളും | 315 |
| 6.1.1 | കൈറ്റ് ന് കീഴിലുള്ള റോബോട്ടിക്സ് | 335 |
| 6.1.2 | 2022-23 കാലയളവിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രധാന നേട്ടങ്ങൾ | 346 |
| 6.1.3 | വീസാറ്റ് (വനിതാ എഞ്ചിനീയേർട് സാറ്റലൈറ്റ്) എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൻ-ഒരു സംരംഭം | 350 |
| 6.1.4 | 2023-24 ലെ ടെസ്റ്റ് പാർക്കിന്റെ പ്രധാന നേട്ടങ്ങൾ | 350 |
| 6.2.1 | ഏകാരോഗ്യം | 358 |
| 6.2.2 | ശൈലി ആപ്പ് | 367 |
| 6.2.3 | ആരോഗ്യമേഖലയുടെ പ്രധാന നേട്ടങ്ങൾ | 380 |
| 7.1.1 | ഇന്റർനാഷണൽ ലേബർ കോൺക്ലേവ് 2023 | 398 |
| 8.2.1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് 2022-23-ൽ നൽകിയ പ്രധാന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ (പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം) | 445 |
| 8.2.2 | പഠനമുറികളുടെ നിർമ്മാണം | 445 |
| 8.2.3 | ട്രേസ് (TRACE-ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്), അപ്രന്റീസ്ഷിപ്പ് പ്രോഗ്രാമുകൾ | 446 |
| 8.2.4 | ഹോം (ഹൌസ് ഹോൾഡ് ഓറിയന്റഡ് മൈക്രോപ്ലാനിംഗ് ഫോർ എംപവർമെന്റ്) | 448 |
| 8.2.5 | കേരള ആക്സിലറേറ്റഡ് ട്രൈബൽ എബിലിറ്റി ഡെവലപ്മെന്റ് & ഇൻക്ലൂഷൻ ഇനീഷ്യേറ്റീവ് | 454 |
| 8.2.6 | 2022-23 ലെ ആരോഗ്യ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ | 454 |
| 8.2.7 | ഹരിത രശ്മി | 455 |
| 8.2.8 | ഊരിന്റെ താരാട്ട് | 458 |
| 8.2.9 | കെടാവിളക്ക്- ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള മറ്റ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് | 462 |
| 9.1.1 | സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള ആവർത്തന ഗ്രാന്റുകൾ | 483 |
| 9.1.2 | പുരാവസ്തു വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട മ്യൂസിയങ്ങൾ | 488 |
| 9.2.1 | കായികനയം -2023 | 493 |
| 9.2.2 | കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ 2022-23 ലെ നേട്ടങ്ങൾ | 496 |
| 9.2.3 | 2022-23 ലെ കേരള യുവജനക്ഷേമ ബോർഡിന്റെ നേട്ടങ്ങൾ | 500 |
| 10.1.1 | നിലവിലെ യുദ്ധസാഹചര്യത്തിൽ നോർക്ക റൂട്ട്സ് നടത്തിയ ഇടപെടലുകൾ | 511 |

| | | |
|---|---|---|
| 11.1.1 | മോട്ടോർ വാഹന വകുപ്പ് നിർമ്മിത ബുദ്ധി (എ.ഐ) ക്യാമറകൾ ഉപയോഗിച്ച് നടപ്പിലാക്കിയ സമ്പൂർണ്ണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് സംവിധാനം | 521 |
| 11.1.2 | കൊച്ചി വാട്ടർ മെട്രോ | 529 |
| 11.1.3 | ഇന്ത്യയുടെ മാരിടൈം മേഖലയിലെ ഒരു സുപ്രധാന നാഴികക്കല്ല്: 2024-ൽ വിഴിഞ്ഞം തുറമുഖത്തിന്റെ കമ്മീഷനിംഗിന്റെ മുന്നോടിയായി ആദ്യകപ്പലിന്റെ ആഗമനം | 541 |
| 11.2.1 | കേരള ഗ്രീൻ എനർജി മിഷൻ | 548 |
| 11.4.1 | കേരള വാട്ടർ അതോറിറ്റിയുടെ (കെ.ഡബ്ല്യൂ.എ) നേട്ടങ്ങളും പ്രധാന ഡിജിറ്റൽ സംരംഭങ്ങളും | 571 |
| 11.5.1 | തന്റെയിടം പദ്ധതി | 578 |
| 12.1.1 | ദേശീയ പഞ്ചായത്ത് അവാർഡുകൾ - കേരളത്തിന് നാല് അവാർഡുകൾ | 604 |
| 12.1.2 | ഹരിത മിത്രം ആപ്പ്: മാലിന്യ സംസ്കരണത്തിനുള്ള ഡിജിറ്റൽ പരിഹാരങ്ങൾ | 618 |

അദ്ധ്യായം

# 01

# കേരള സമ്പദ്‌വ്യവസ്ഥ

# കേരള സമ്പദ് വ്യവസ്ഥ

## 1.1 സ്ഥൂല സാമ്പത്തിക രംഗത്തെ സമീപകാല പ്രവണതകൾ

**ആഗോള സാമ്പത്തിക സാഹചര്യവും ദേശീയ വീക്ഷണവും**

ഐക്യരാഷ്ട്ര സഭയുടെ ലോക സാമ്പത്തിക സാഹചര്യവും സാധ്യതകളും 2023, ലോകത്തെക്കുറിച്ചുള്ള ഹ്രസ്വകാല സാമ്പത്തിക പ്രവചനത്തിന്റെ ഒരു അനാകർഷക ചിത്രം അവതരിപ്പിക്കുന്നു. വർദ്ധിച്ചുവരുന്ന പണപ്പെരുപ്പം, ഗണ്യമായ ധനനിയന്ത്രണം, വർദ്ധിച്ച അനിശ്ചിതത്വം എന്നിവ കാരണം വലിയ തോതിലുള്ള ആഗോള സാമ്പത്തിക മാന്ദ്യം ആസന്നമായിരിക്കുകയാണ്.

2023 ഒക്ടോബറിലെ ഇന്റർനാഷണൽ മോണിറ്ററി ഫണ്ടിന്റെ വേൾഡ് ഇക്കണോമിക് ഔട്ട്‌ലുക്ക് പ്രവചിക്കുന്നത്, ആഗോള വളർച്ച 2022-ൽ 3.5 ശതമാനത്തിൽ നിന്ന് 2023-ൽ 3.0 ശതമാനമായും 2024-ൽ 2.9 ശതമാനമായും കുറയുമെന്നാണ്. ആഗോള പണപ്പെരുപ്പം 8.7 ശതമാനത്തിൽ നിന്ന് ക്രമാനുഗതമായി കുറയുമെന്നും പ്രവചിക്കുന്നു. 2022ൽ 6.9 ശതമാനമായും 2023ൽ 6.9 ശതമാനമായും 2024ൽ 5.8 ശതമാനമാനവുമാകും. വളർന്നുവരുന്ന വിപണിയിലും വികസ്വര സമ്പദ്‌വ്യവസ്ഥകളിലും വളർച്ച മിതമായ തോതിൽ കുറയുമെന്ന് പ്രവചിക്കപ്പെടുന്നു, അതായത് 2022 ലെ 4.1 ശതമാനത്തിൽ നിന്ന് 2023 ലും 2024 ലും 4.0 ശതമാനമായി കുറയും.

കഴിഞ്ഞ വർഷം 3.1 ശതമാനം വളർച്ച നേടിയ ശേഷം ആഗോള സമ്പദ്‌വ്യവസ്ഥ 2023-ൽ 2.1 ശതമാനമായി ഗണ്യമായി മന്ദഗതിയിലാകുമെന്ന് ലോകബാങ്കിന്റെ ആഗോള സാമ്പത്തിക സാധ്യതകൾ ജൂൺ 2023 ആവർത്തിക്കുന്നു. വളർച്ചാ പ്രവചനങ്ങൾ **പട്ടിക 1.1.1**ൽ നൽകിയിരിക്കുന്നു

യുഎൻ സ്ഥിതിവിവരക്കണക്കുകൾ പ്രവചിക്കുന്നത്, ഉയർന്ന പലിശനിരക്കും ആഗോള മാന്ദ്യവും നിക്ഷേപത്തെയും കയറ്റുമതിയെയും ബാധിക്കുന്നതിനാൽ, ഇന്ത്യയിലെ ശരാശരി ജിഡിപി

**പട്ടിക 1.1.1.** 2022 മുതൽ 2024 വരെയുള്ള അന്താരാഷ്ട്ര ഏജൻസികളുടെ പ്രവചനം, ലോകത്തിന്റെയും ഇന്ത്യയുടെയും മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ വളർച്ചാ നിരക്ക്

| | 2022 | 2023 | 2024 |
|---|---|---|---|
| | ലോകം | | |
| യു.എൻ | 3.0 | 1.9 | 2.7 |
| ലോക ബാങ്ക് | 3.5 | 3 | 2.9 |
| ഐ.എം.എഫ് | 3.1 | 2.1 | 2.4 |
| | ഇന്ത്യ | | |
| യു.എൻ | 6.4 | 5.8 | 6.7 |
| ലോക ബാങ്ക് | 7.2 | 6.3 | 6.3 |
| ഐ.എം.എഫ് | 7.2 | 6.3 | 6.4 |

ഉറവിടം: യുണൈറ്റഡ് നേഷൻസിന്റെ ലോക സാമ്പത്തിക സാഹചര്യവും സാധ്യതകളും 2023, ഇന്റർനാഷണൽ മോണിറ്ററി ഫണ്ടിന്റെ വേൾഡ് ഇക്കണോമിക് ഔട്ട്‌ലുക്ക്, ഒക്ടോബർ 2023, ലോക ബാങ്ക് (ആഗോള സാമ്പത്തിക സാധ്യതകൾ)-ജൂൺ 2023

വളർച്ച 2022ൽ 6.4 ശതമാനത്തിൽ നിന്ന് 2023ൽ 5.8 ശതമാനമായി കുറയുമെന്നാണ്. ഇൻറർനാഷണൽ മോണിറ്ററി ഫണ്ടിന്റെ വേൾഡ് ഇക്കണോമിക് ഔട്ട്‌ലുക്ക് പ്രവചിക്കുന്നത് ഇന്ത്യയുടെ വളർച്ച 2023-ലും 2024-ലും 6.3 ശതമാനം എന്ന നിലയിൽ ശക്തമായി തുടരുമെന്നും, 2023 ഏപ്രിൽ - ജൂൺ. പ്രതീക്ഷിച്ചതിലും ശക്തമായ ഉപഭോഗം പ്രതിഫലിപ്പിക്കുന്നതിന് ഇത് 0.2 ശതമാനം പോയിന്റ് ഉയരുമെന്നാണ്.

2022-ൽ ഇന്ത്യയിൽ പണപ്പെരുപ്പം 7.1 ശതമാനമെന്ന സുരക്ഷിതനിലയിലായിരിക്കുമെന്ന് യുഎൻ പ്രവചിക്കുന്നു. ആഗോള ചരക്ക് വില മിതമായതും കറൻസി മൂല്യത്തകർച്ചയും ഇറക്കുമതി ചെയ്യുന്ന പണപ്പെരുപ്പത്തെ ലഘൂകരിക്കുന്നതിനാൽ 2023-ൽ ഇത് 5.5 ശതമാനമായി കുറയുമെന്നും പ്രതീക്ഷിക്കുന്നു.

**പട്ടിക 1.1.2.** 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലെ ദേശീയ വരുമാന കണക്കുകൾ. (രൂപ കോടിയിൽ)

| ഇനം | 2020-21 (2nd RE) | 2021-22 (1st RE) | 2022-23 (PE) | മുൻ വർഷത്തേക്കാൾ ശതമാനം മാറ്റം | |
|---|---|---|---|---|---|
| | | | | 2021-22 | 2022-23 |
| **ആഭ്യന്തര ഉൽപ്പന്നം** | | | | | |
| ജിവിഎ സ്ഥിരമായ വിലകളിൽ | 1,26,81,482 | 1,37,98,025 | 1,47,64,840 | 8.8 | 7.0 |
| ജിവിഎ. നിലവിലെ വിലയിൽ | 1,81,88,780 | 2,14,38,883 | 2,47,42,871 | 17.9 | 15.4 |
| മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജിഡിപി) സ്ഥിരമായ വിലകളിൽ | 1,36,87,118 | 1,49,25,840 | 1,60,06,425 | 9.1 | 7.2 |
| മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജിഡിപി) നിലവിലെ വിലയിൽ | 1,98,29,927 | 2,34,71,012 | 2,72,40,712 | 18.4 | 16.1 |
| അറ്റ ആഭ്യന്തര ഉൽപന്നം (എൻഡിപി) സ്ഥിരമായ വിലയിൽ | 1,18,54,151 | 1,29,77,142 | 1,39,29,147 | 9.5 | 7.3 |
| അറ്റ ആഭ്യന്തര ഉൽപ്പന്നം (എൻഡിപി) നിലവിലെ വിലയിൽ | 1,74,89,333 | 2,07,96,554 | 2,43,68,727 | 18.9 | 17.2 |
| **ദേശീയ ഉൽപ്പന്നങ്ങൾ** | | | | | |
| മൊത്ത ദേശീയ വരുമാനം (ജിഎൻഐ) സ്ഥിരമായ | 1,34,96,925 | 1,46,19,532 | 1,56,81,337 | 8.3 | 7.3 |
| മൊത്ത ദേശീയ വരുമാനം (ജിഎൻഐ) നിലവിലെ വിലയിൽ | 1,95,63,240 | 2,30,01,260 | 2,66,95,929 | 17.6 | 16.1 |
| അറ്റ ദേശീയ വരുമാനം (എൻ.എൻ.ഐ) സ്ഥിരമായ | 1,16,63,958 | 1,26,70,834 | 1,36,04,058 | 8.6 | 7.4 |
| അറ്റ ദേശീയ വരുമാനം (എൻ.എൻ.ഐ) നിലവിലെ വിലയിൽ | 1,72,22,645 | 2,03,26,803 | 2,38,23,945 | 18.0 | 17.2 |
| **പ്രതി ശീർഷ വരുമാനം** | | | | | |
| പ്രതിശീർഷ ജിഡിപി ₹) സ്ഥിരമായ വിലകളിൽ | 1,00,981 | 1,09,060 | 1,15,746 | 8.0 | 6.1 |
| പ്രതിശീർഷ ജിഡിപി (₹) നിലവിലെ വിലയിൽ | 1,46,301 | 1,71,498 | 1,96,983 | 17.2 | 14.9 |
| പ്രതിശീർഷ ജിഎൻഐ (₹) സ്ഥിരമായ വിലകളിൽ | 99,578 | 1,06,822 | 1,13,395 | 7.3 | 6.2 |
| പ്രതിശീർഷ ജിഎൻഐ (₹) നിലവിലെ വിലകളിൽ | 1,44,334 | 1,68,066 | 1,93,044 | 16.4 | 14.9 |
| പ്രതിശീർഷ എൻഎൻഐ (₹) സ്ഥിരമായ വിലകളിൽ | 86,054 | 92,583 | 98,374 | 7.6 | 6.3 |
| പ്രതിശീർഷ എൻഎൻഐ (₹) നിലവിലെ വിലകളിൽ | 1,27,065 | 1,48,524 | 1,72,276 | 16.9 | 16.0 |

ഉറവിടം: നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇന്ത്യാ ഗവൺമെന്റ്

RE: പുതുക്കിയ എസ്റ്റിമേറ്റ്, PE: പ്രൊവിഷണൽ എസ്റ്റിമേറ്റ്

**വരുമാന എസ്റ്റിമേറ്റുകളുടെ ദേശീയ പ്രൊഫൈൽ**

2022-23 ലെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ താൽക്കാലിക എസ്റ്റിമേറ്റ്, സ്ഥിരമായ വിലയിൽ, മുൻവർഷത്തെ അപേക്ഷിച്ച് 7.2 ശതമാനം വളർച്ച രേഖപ്പെടുത്തി 1,60,06,425 കോടി രൂപയായി. ഇത് 2021-22 ലെ ജി.ഡി.പി വളർച്ചാ നിരക്കിനേക്കാൾ രണ്ട് പോയിന്റ് കുറവാണ്, അത് 9.1 ശതമാനമായിരുന്നു. മൊത്ത സംയോജിത മൂല്യം 2021-22 ലെ 8.8 ശതമാനമായിരുന്നത് 2022-23ൽ 7 ശതമാനം വളർച്ച കാണിക്കുന്നു. 2022-23 ലെ പ്രതിശീർഷ ജി.ഡി.പി മുൻ വർഷത്തേക്കാൾ 6.1 ശതമാനം വളർച്ചയോടെ 1,15,746 രൂപയാണ്. ദേശീയ വരുമാന കണക്കുകളുടെ വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 1.1.2**ൽ കാണിച്ചിരിക്കുന്നു.

2022-23 ലെ നിലവിലെ വിലയിൽ ജി.വി.എ.യുടെ വളർച്ച 15.4 ശതമാനമാണ്, അതേസമയം സ്ഥിരമായ വിലയിൽ ഇത് 7 ശതമാനമാണ്. തുക കണക്കിൽ GVA നിലവിലെ വിലയിൽ 2022-23ൽ 2,47,42,871 കോടി രൂപയാണ്. അതുപോലെ, നിലവിലെ വിലയിൽ ജിഡിപി 16.1 ശതമാനം വർദ്ധിച്ചു, സ്ഥിരമായ വിലയിൽ 7.2 ശതമാനത്തിൽ നിന്ന്. 2022-23 ലെ നിലവിലെ വിലയിൽ ജിവിഎയുടെയും ജിഡിപിയുടെയും വളർച്ചാ കണക്കുകൾ മുൻ വർഷത്തേക്കാൾ രണ്ട് പോയിന്റ് ശതമാനം കുറവാണ്. 2012-13 മുതൽ 2022-23 വരെയുള്ള നിലവിലുള്ളതും സ്ഥിരവുമായ (2011-12) വിലകളിലെ ഇന്ത്യയുടെ GDP, NDP, GNI, NNI എന്നിവയുടെ വിശദാംശങ്ങൾ മുൻ വർഷത്തെ അപേക്ഷിച്ചുള്ള ശതമാനം മാറ്റം സഹിതം **അനുബന്ധം 1.1.1, 1.1.2, 1.1.3 1.1.4ൽ** നൽകിയിരിക്കുന്നു. മേഖല തിരിച്ച് GVA യുടെ സ്ഥിര വിലയിലെയും നിലവിലെ വിലയിലെയും വിതരണം **അനുവന്ധം 1.1.5** ലും **1.1.6** ലും നൽകിയിരിക്കുന്നു.

**മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം**

ദ്രുത കണക്കുകൾ പ്രകാരം, 2011-12 ലെ സ്ഥിരമായ വിലയിൽ 2022-23 ലെ കേരളത്തിന്റെ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം (ജിഎസ്ഡിപി) 6,16,18,850 ലക്ഷം രൂപയാണ്. സ്ഥിരമായ വിലയിൽ ഇതേ കാലയളവിലെ മൊത്തം സംസ്ഥാന മൂല്യവർദ്ധിത മൂല്യം (GSVA) ₹ 5,32,68,632 ആണ്, പ്രതിശീർഷ ജിഎസ്ഡിപി ₹ 1,74,214 ആണ്. വിശദാംശങ്ങൾ **പട്ടിക 1.1.3**ൽ നൽകിയിരിക്കുന്നു.

സ്ഥിരമായ വിലയിൽ 2022-23 ലെ ജിഎസ്ഡിപി വളർച്ചാ നിരക്ക് 6.6 ശതമാനമാണ്, ഇത് 2021-22ൽ 12.97 ശതമാനമായിരുന്നു. ഇതേ കാലയളവിലെ സ്ഥിരമായ വിലയിൽ GSVA വളർച്ച 6.19 ശതമാനമാണ്, 2021-22ൽ അത് 12.74 ശതമാനമായിരുന്നു.

**പട്ടിക 1.1.3 2019–20 മുതൽ 2022–23 വരെ കേരളത്തിന്റെ സംസ്ഥാന വരുമാനകണക്കുകൾ (തുക ലക്ഷത്തിൽ)**

| ഇനം | 2019-20 | 2020-21 | 2021-22 (പി) | 2022-23 (ക്യു) | വളർച്ചാ നിരക്ക് (ശതമാനം) | | |
|---|---|---|---|---|---|---|---|
| **മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പന്നം** | | | | | 2020-21 | 2021-22 (പി) | 2022-23 (ക്യു) |
| എ) സ്ഥിര വിലയിൽ (2011-12) | 55919418 | 51170292 | 57805727 | 61618850 | -8.49 | 12.97 | 6.60 |
| ബി) നടപ്പ് വിലയിൽ | 81293463 | 77172389 | 93454175 | 104618814 | -5.07 | 21.10 | 11.95 |
| **അറ്റ സംസ്ഥാന ആഭ്യന്തരോൽപ്പന്നം** | | | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 51455269 | 46405239 | 52832267 | 56416375 | -9.81 | 13.85 | 6.78 |
| ബി) നടപ്പ് വിലയിൽ | 72772184 | 68079798 | 82500982 | 93356444 | -6.45 | 21.18 | 13.16 |
| **മൊത്തം സംസ്ഥാന സംയോജിത മൂല്യം (ജി എസ് വി എ) അടിസ്ഥാന വിലയിൽ** | | | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 49397423 | 44498213 | 50165601 | 53268632 | -9.92 | 12.74 | 6.19 |
| ബി) നടപ്പ് വിലയിൽ | 73019294 | 68579334 | 83023325 | 92518394 | -6.08 | 21.06 | 11.44 |
| **സംസ്ഥാന പ്രതിശീർഷ ആഭ്യന്തരോൽപ്പന്നം** | | | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 160506 | 146139 | 164261 | 174214 | -8.95 | 12.40 | 6.06 |
| ബി) നടപ്പ് വിലയിൽ | 233338 | 220400 | 265560 | 295787 | -5.54 | 20.49 | 11.38 |
| **അറ്റ സംസ്ഥാന പ്രതിശീർഷ ആഭ്യന്തരോൽപ്പന്നം** | | | | | | | |
| എ) സ്ഥിര വിലയിൽ (2011-12) | 147693 | 132531 | 150128 | 159505 | -10.27 | 13.28 | 6.25 |
| ബി) നടപ്പ് വിലയിൽ | 208879 | 194432 | 234435 | 263945 | -6.92 | 20.57 | 12.59 |

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കേരള സർക്കാർ


പി:താത്കാലികം,ക്യു:ത്വരിതം

**സംസ്ഥാന പ്രതിശീർഷ വരുമാനം**

2022-23ൽ ഉയർന്ന പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം, 1,74,214 രൂപയുമായി ഇന്ത്യയിലെ ആദ്യ പത്ത് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഇതു സംബന്ധിച്ച് ദേശീയ ശരാശരി ₹ 1,15,746 ആണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, 2022-23-ൽ കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ഇന്ത്യൻ ശരാശരിയുടെ 1.5 മടങ്ങ് കൂടുതലാണ്.

2022-23 ലെ കേരളത്തിന്റെ പ്രതിശീർഷ എൻഎസ്ഡിപി സ്ഥിരമായ വിലയിൽ ₹. 1,59,505 ഉം, നിലവിലെ വിലയിൽ ₹. 2, 63, 945 (ദ്രുത കണക്കാക്കൽ) ആണ്. സ്ഥിരമായ വിലയിൽ പ്രതിശീർഷ എൻഎസ്ഡിപി യുടെ വളർച്ച 6.25 ശതമാനവും നിലവിലെ വിലയിൽ 12.59 ഉം ആണ്. 2013-14 നും 2022-23 നും ഇടയിൽ പ്രതിശീർഷ എൻഡിപി, എൻഎസ്ഡിപി എന്നിവയ്ക്ക് സ്ഥിരമായ വിലയിലെ വളർച്ച **ചിത്രം 1.1.1** പ്രദർശിപ്പിച്ചിരിക്കുന്നു.

**ചിത്രം 1.1.1** പ്രതിശീർഷ എൻഎസ്ഡിപിയും പ്രതിശീർഷ എൻഡിപിയും 2011-12 ലെ സ്ഥിര വിലയിൽ (രൂപയിൽ)




അവലംബം: കേന്ദ്ര സ്ഥിതിവിവര കണക്ക് ഓഫീസ്, , സാമ്പത്തിക സ്ഥിതി വിവര കണക്ക് ഓഫീസ്, കേരള

താരതമ്യപ്പെടുത്തുമ്പോൾ എല്ലാ വർഷങ്ങളിലും കേരളത്തിന്റെ പ്രതിശീർഷ എൻഎസ്ഡിപി ഇന്ത്യാ തലത്തിലുള്ള പ്രതിശീർഷ എൻഡിപിയേക്കാൾ കൂടുതലാണ്.

**മേഖലാതല വിതരണം**

2022-23-ലെ ദ്രുത കണക്കുകൾ കാണിക്കുന്നത്, 2022-23 കാലയളവിൽ ജിഎസ് വിഎ യുടെ 62.62 ശതമാനം സംഭാവന ചെയ്യുന്നതിലൂടെ സേവനമേഖലയാണ് സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ മുന്നോട്ട് നയിക്കുന്നത്. തുടർന്ന് 2022-23 കാലയളവിൽ വ്യവസായവും കൃഷിയും. 2022-23 കാലയളവിൽ മേഖല തിരിച്ചുള്ള ജിഎസ് വിഎ വിതരണത്തിന്റെ വിശദാംശങ്ങൾ **പട്ടിക 1.1.4**-ൽ അവതരിപ്പിച്ചിരിക്കുന്നു

2022-23 കാലഘട്ടത്തിൽ പ്രാഥമിക മേഖലയിലെ ജിഎസ്‌വിഎയുടെ 8.52 ശതമാനം കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ആണെന്ന് ദ്രുത എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങളുടെ ഘടന കാണിക്കുന്നു. 2022-23 കാലയളവിൽ ദ്വിതീയ മേഖലയിൽ 13.79 ശതമാനം നിർമ്മാണ മേഖലയും തൃതീയ മേഖലയിൽ 16.96 ശതമാനവുമായി റിയൽ എസ്റ്റേറ്റ്, പാർപ്പിട ഉടമസ്ഥാവകാശവും പ്രൊഫഷണൽ സേവനങ്ങളും തുടരുന്നു. നിർമ്മാണം, വ്യാപാരം, നന്നാക്കൽ സേവനങ്ങൾ, ഗതാഗതം, സംഭരണം, ആശയവിനിമയം, പ്രക്ഷേപണവുമായി ബന്ധപ്പെട്ട സേവനങ്ങൾ, സാമ്പത്തിക സേവനങ്ങൾ എന്നിവയാണ് 2022-23 കാലയളവിൽ സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ദാദാക്കൾ.

2020-21 മുതൽ 2022-23 വരെയുള്ള സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാന മേഖലകളിലെ ജിഎസ് വിഎ-യുടെ വളർച്ചാ പ്രവണതകൾക്കൊപ്പം സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ മാറിക്കൊണ്ടിരിക്കുന്ന സാധ്യതകൾ **ചിത്രം 1.1.2**ൽ ചിത്രീകരിച്ചിരിക്കുന്നു.

COVID-19 ആഘാതത്തിൽ നിന്ന് 2021-22 കാലയളവിൽ എല്ലാ മേഖലകൾക്കും ഗംഭീരമായ വീണ്ടെടുക്കൽ ഉണ്ടായി. 2020-21ൽ സേവന മേഖലയിൽ (-) 15.18 ന്റെ കുത്തനെ ഇടിവ് അനുഭവപ്പെട്ടു. 2021-22 കാലയളവിൽ ഇത് 16.74 ശതമാനം വളർച്ചാ നിരക്കായി ഉയർന്നു. എന്നാൽ 2022-23ലെ ദ്രുത എസ്റ്റിമേറ്റ് പ്രകാരം അതിന്റെ ഏറ്റവും പുതിയ സൂചിക 6.21 മാത്രമാണ്. ഇത് മുൻ വർഷത്തേക്കാൾ വളരെ കുറവാണ്. കൃഷിയുടെ കാര്യത്തിൽ, വളർച്ചാ നിരക്ക് എല്ലായ്‌പ്പോഴും പോസിറ്റീവ് ആയിരുന്നു, 2021-22 നെ അപേക്ഷിച്ച് 2022-23 കാലയളവിലും വളർച്ചയുടെ വേഗത നിലനിർത്തി. വ്യവസായ മേഖല 2021-22 കാലയളവിൽ 7.26 ശതമാനം വളർച്ചയോടെ ശക്തമായ വീണ്ടെടുക്കൽ പ്രകടമാക്കുകയും 2022-23ൽ ഇത് നേരിയ മുന്നേറ്റം നടത്തുകയും 7.72 ശതമാനമാവുകയും ചെയ്തു. ജി.എസ്.ഡി.പി യുടെ മേഖലാ വിതരണത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.1.7, 1.1.8** എന്നിവയിലും കഴിഞ്ഞ നാല് വർഷകാലത്തെ ജിഎസ്ഡിപി യുടെ മുൻവർഷത്തെ അപേക്ഷിച്ചുള്ള ശതമാന മാറ്റം **അനുബന്ധം 1.1.9**ലും നൽകിയിരിക്കുന്നു. 2011-12 മുതൽ 2022-23 വരെയുള്ള കാലയളവിലെ സ്ഥിരവും നിലവിലുള്ളതുമായ വിലയിലുള്ള ജി.എസ്.എ, എൻഎസ് വിഎ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 1.1.10, 1.1.11, 1.1.12, 1.1.13** എന്നിവയിൽ നൽകിയിരിക്കുന്നു.

**മൂല്യവർദ്ധനവും തൊഴിലും മേഖലാടിസ്ഥാനത്തിലുള്ള വിതരണവും**


കേരളത്തിലെ സമ്പദ്‌വ്യവസ്ഥയുടെ ഘടനയും തൊഴിലാളികളുടെ പങ്കാളിത്തവും ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. ജിവിഎയിൽ കൃഷിയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും വിഹിതം കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 15.13 ശതമാനമാണ്. എന്നാൽ 2022-23 കാലഘട്ടത്തിൽ ഇന്ത്യയിൽ 45.80 ശതമാനം തൊഴിലാളികൾ ജോലി ചെയ്യുന്നു. എന്നാൽ, കേരളത്തിൽ, വർഷങ്ങളായി കാർഷികമേഖലയിൽ നിന്ന് തൊഴിലാളികളുടെ വലിയ

**പട്ടിക 1.1.4** സ്ഥിരമായ വിലയിൽ (രൂപ ലക്ഷത്തിൽ) 2022-23 മൊത്ത സംസ്ഥാന മൂല്യവർദ്ധിത (ജിഎസ് വിഎ) മേഖലാ വിതരണം

| മേഖലകൾ | 2019-20 | 2020-21 | 2021-22 (പ്രി) | 2022-23(ക്യു) |
|---|---|---|---|---|
| | വിഹിതം % | വിഹിതം % | വിഹിതം % | വിഹിതം % |
| കൃഷി, വനം, മത്സ്യബന്ധനം | 8.55 | 9.64 | 8.97 | 8.52 |
| ഖനനവും ക്വാറിയും | 0.42 | 0.47 | 0.42 | 0.45 |
| **പ്രാഥമികം** | 8.97 | 10.11 | 9.39 | 8.98 |
| നിർമ്മാണം | 13.96 | 14.64 | 13.81 | 13.79 |
| ഉദ്പാദനം | 11.53 | 13.31 | 12.66 | 13.00 |
| വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റ് യൂട്ടിലിറ്റി സേവനങ്ങൾ | 1.32 | 1.48 | 1.52 | 1.61 |
| **സെക്കൻഡറി** | 26.82 | 29.43 | 28.00 | 28.40 |
| റിയൽ എസ്റ്റേറ്റ്, വാസസ്ഥലത്തിന്റെ ഉടമസ്ഥാവകാശം, പ്രൊഫഷണൽ സേവനങ്ങൾ | 16.81 | 18.46 | 17.12 | 16.96 |
| ട്രേഡ് & റിപ്പയർ സേവനങ്ങൾ | 16.94 | 14.71 | 15.60 | 15.67 |
| പ്രക്ഷേപണവുമായി ബന്ധപ്പെട്ടവ ഗതാഗതം, സംഭരണം, ആശയവിനിമയം, സേവനങ്ങൾ | 7.48 | 6.59 | 7.40 | 7.16 |
| സാമ്പത്തിക സേവനങ്ങൾ | 5.39 | 6.18 | 5.56 | 5.65 |
| പൊതു ഭരണം | 3.38 | 3.21 | 3.77 | 3.61 |
| ഹോട്ടലുകളും ഭക്ഷണശാലകളും | 1.51 | 0.77 | 1.04 | 1.03 |
| മറ്റ് സേവനങ്ങൾ | 12.70 | 10.55 | 12.11 | 12.54 |
| **തൃതീയ സേവനങ്ങൾ** | 64.21 | 60.46 | 62.61 | 62.62 |
| അടിസ്ഥാന വിലകളിൽ ആകെ ജിഎസ് വിഎ | 100 | 100 | 100 | 100 |

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കേരള സർക്കാർ,പി:താത്കാലികം,ക്യു:ത്വരിതം

**ചിത്രം 1.1.2** 2020-21 മുതൽ 2022-23 വരെയുള്ള സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാന മേഖലകളിലെ ജിഎസ് വിഎ യുടെ വളർച്ച




*അവലംബം: സമ്പദ്‌വ്യവസ്ഥ യുടെ സാമ്പത്തിക സ്ഥിതിവിവര വകുപ്പ്, കേരളാ സർക്കാർ*

**പട്ടിക 1.1.5.** 2022-23 ലെ കേരളത്തിലും ഇന്ത്യയിലും മൊത്ത മൂല്യവർദ്ധനവും, തൊഴിൽ മേഖലകളിലെ വിവിധ മേഖലകളുടെ പങ്കാളിത്തവും പ്രതിപാദിച്ചിരിക്കുന്നു.

| മേഖലകൾ | മൊത്ത സംയോജിത മൂല്യ വിഹിതം | | തൊഴിൽ | |
|---|---|---|---|---|
| | കേരളം (GSVA) | ഇന്ത്യ (GVA) | കേരളം | ഇന്ത്യ |
| കൃഷി, കന്നുകാലികൾ, വനം, മത്സ്യബന്ധനം | 8.97 | 15.13 | 27.27 | 45.80 |
| ഖനനവും ക്വാറിയും | 0.42 | 2.20 | 0.31 | 0.30 |
| **പ്രാഥമികം** | 9.39 | 17.33 | 27.58 | 46.10 |
| ഉദ്പാദനം | 12.66 | 17.72 | 10.91 | 11.40 |
| വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റ് യൂട്ടിലിറ്റി സേവനങ്ങൾ | 1.52 | 2.33 | 0.52 | 0.50 |
| നിർമ്മാണം | 13.81 | 8.41 | 15.37 | 13.00 |
| **സെക്കൻഡറി** | 28.00 | 28.47 | 26.80 | 24.90 |
| വ്യാപാരം, അറ്റകുറ്റപ്പണികൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ | 16.64 | 18.96 | 17.62 | 12.10 |
| ഗതാഗതം, സംഭരണം, ആശയവിനിമയം പ്രക്ഷേപണവുമായി ബന്ധപ്പെട്ട സേവനങ്ങൾ | 7.40 | | 8.07 | 5.40 |
| സാമ്പത്തിക, റിയൽ എസ്റ്റേറ്റ്, പ്രൊഫഷണൽ സേവനങ്ങൾ | 22.68 | 22.49 | 4.01 | 11.40 |
| പബ്ലിക് അഡ്മിനിസ്ട്രേഷനും മറ്റ് സേവനങ്ങളും | 3.77 | 12.74 | 15.92 | |
| **തൃതീയം** | 62.61 | 54.20 | 44.90 | 28.90 |
| ആകെ | 100 | 100 | 100 | 100 |

ഉറവിടങ്ങൾ: ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് (കേരളത്തിന്റെ ജിഎസ്‌വിഎയ്ക്ക്), നാഷണൽ അക്കൗണ്ട് സ്റ്റാറ്റിസ്റ്റിക്സ് (ജിവിഎ ഓഫ് ഇന്ത്യയ്ക്ക്), തൊഴിലിനെക്കുറിച്ചുള്ള ഡാറ്റയ്ക്കായി 2022-23 ലെ ഇന്ത്യയുടെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (PLFS).

തോതിലുള്ള പിൻവാങ്ങൽ ഉണ്ടായിട്ടുണ്ട്, അതിനാൽ 2022-23ൽ മൊത്തം തൊഴിൽ പങ്കാളിത്തത്തിൽ കൃഷിയുടെ പങ്ക് 27.27 ശതമാനവും 2022-23 കാലയളവിൽ അതിന്റെ ജിഎസ് വിഎ സംഭാവന 8.97 ശതമാനവുമാണ്.

കേരളത്തിൽ ഉൽപ്പാദന മേഖല 12.66 ശതമാനം ജിഎസ് വിഎ സംഭാവന ചെയ്യുകയും 10.91 ശതമാനം തൊഴിൽ ശക്തിയെ ആഗിരണം ചെയ്യുകയും ചെയ്യുന്നു. അഖിലേന്ത്യാ തലത്തിൽ, ഈ മേഖല തൊഴിൽ സേനയുടെ 11.40 ശതമാനവും ജിവിഎയുടെ 17.72 ശതമാനം മാത്രമാണ് സംഭാവന ചെയ്യുന്നത്. (**പട്ടിക 1.1.5).**

**ജില്ല തിരിച്ചുള്ള ജി.എസ്.വി.എ**

നിലവിലുള്ള ജി.എസ്.വി.എ യുടെ കാര്യത്തിൽ 2021-22ൽ 1,07,42,614 ലക്ഷം രൂപയായിരുന്നത് 2022-23ൽ 1,20,50,520 ലക്ഷം രൂപയായി ഉയർന്ന് 12.17 ശതമാനം വളർച്ച രേഖപ്പെടുത്തി എറണാകുളം ഒന്നാം സ്ഥാനത്ത് തുടരുന്നു. എല്ലാ ജില്ലകളുടെയും മൊത്ത ജില്ലാ മൂല്യം

**പട്ടിക 1.1.6** കേരളത്തിലെ സംസ്ഥാനങ്ങളുടെ മൊത്തം ജില്ലാ മൂല്യവർദ്ധനവ് (ലക്ഷം രൂപയിൽ)

| ക്രമനമ്പർ | ജില്ല | നിലവിലെ വിലയിൽ | | | സ്ഥിര വിലയിൽ | | |
|---|---|---|---|---|---|---|---|
| | | 2021-22 (പി) | 2022-23 (ക്യു) | വളർച്ചാ നിരക്ക് (%) | 2021-22 (പി) | 2022-23 (ക്യു) | വളർച്ചാ നിരക്ക് (%) |
| 1 | തിരുവനന്തപുരം | 7700161 | 8558797 | 11.15 | 4661706 | 4925548 | 5.66 |
| 2 | കൊല്ലം | 7674961 | 8607496 | 12.15 | 4626685 | 4902598 | 5.96 |
| 3 | പത്തനംതിട്ട | 2198098 | 2415022 | 9.87 | 1284480 | 1348732 | 5.00 |
| 4 | ആലപ്പുഴ | 6476415 | 7244618 | 11.86 | 3997566 | 4251426 | 6.35 |
| 5 | കോട്ടയം | 5192966 | 5826437 | 12.20 | 3266679 | 3465001 | 6.07 |
| 6 | ഇടുക്കി | 2761794 | 3018949 | 9.31 | 1557235 | 1669824 | 7.23 |
| 7 | എറണാകുളം | 10742614 | 12050520 | 12.17 | 6653304 | 7069580 | 6.26 |
| 8 | തൃശ്ശൂർ | 8403563 | 9352607 | 11.29 | 5113124 | 5426836 | 6.14 |
| 9 | പാലക്കാട് | 6279055 | 6932204 | 10.40 | 3725998 | 3944122 | 5.85 |
| 10 | മലപ്പുറം | 8154927 | 9052200 | 11.00 | 4790783 | 5101302 | 6.48 |
| 11 | കോഴിക്കോട് | 7072928 | 7923554 | 12.03 | 4250231 | 4539962 | 6.82 |
| 12 | വയനാട് | 1540847 | 1717924 | 11.49 | 869649 | 917336 | 5.48 |
| 13 | കണ്ണൂർ | 5907147 | 6642146 | 12.44 | 3627133 | 3871380 | 6.73 |
| 14 | കാസർകോട് | 2917852 | 3175922 | 8.84 | 1741027 | 1834984 | 5.40 |
| | ജി.എസ്.വി.എ | 83023327 | 92518396 | 11.44 | 50165599 | 53268632 | 6.19 |

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കേരള സർക്കാർ,പി:താത്കാലികം,ക്യു:ത്വരിതം

**പട്ടിക 1.1.7** അടിസ്ഥാന വിലയിൽ പ്രതിശീർഷ ജില്ലാ മൂല്യവർദ്ധനവ് സ്ഥിര വില, 2011-12

| ക്രമനമ്പർ | ജില്ല | 2021-22 (പി) ₹ | Rank | 2022-23 (ക്യു) ₹ | റാങ്ക് | വളർച്ച നിരക്ക് (ശതമാനത്തിൽ) |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 137951 | 7 | 145214 | 8 | 5.26 |
| 2 | കൊല്ലം | 171577 | 3 | 180947 | 3 | 5.46 |
| 3 | പത്തനംതിട്ട | 109200 | 12 | 113425 | 12 | 3.87 |
| 4 | ആലപ്പുഴ | 185222 | 2 | 195817 | 2 | 5.72 |
| 5 | കോട്ടയം | 162745 | 4 | 171528 | 4 | 5.40 |
| 6 | ഇടുക്കി | 141220 | 6 | 149686 | 6 | 5.99 |
| 7 | എറണാകുളം | 191613 | 1 | 202863 | 1 | 5.87 |
| 8 | തൃശ്ശൂർ | 155880 | 5 | 164800 | 5 | 5.72 |
| 9 | പാലക്കാട് | 123440 | 10 | 130112 | 10 | 5.41 |
| 10 | മലപ്പുറം | 103045 | 13 | 109422 | 14 | 6.19 |
| 11 | കോഴിക്കോട് | 128425 | 9 | 136648 | 9 | 6.40 |
| 12 | വയനാട് | 100351 | 14 | 104305 | 13 | 3.94 |
| 13 | കണ്ണൂർ | 136926 | 8 | 145441 | 7 | 6.22 |
| 14 | കാസർകോട് | 122094 | 11 | 127641 | 11 | 4.54 |
| **സംസ്ഥാനം** | | 142551 | 150605 | | 5.65 | |

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കേരള സർക്കാർ,പി:താത്കാലികം,ക്യു:ത്വരിതം

വർദ്ധനവ് **പട്ടിക 1.1.6**ൽ നൽകിയിരിക്കുന്നു.

### ജില്ല തിരിച്ചുള്ള പ്രതിശീർഷ വരുമാനം

ജില്ല തിരിച്ചുള്ള ആളോഹരി വരുമാനത്തിന്റെ വിശകലനം സൂചിപ്പിക്കുന്നത്, 2021-22ൽ 1,91,613 രൂപയായിരുന്നത് 2022-23ൽ സ്ഥിരമായ (2011-12) വിലയിൽ 2,02,863 രൂപയായി ഉയർന്ന് എറണാകുളം ഒന്നാം സ്ഥാനത്ത് തുടരുന്നു എന്നാണ്. പ്രതിശീർഷ മൊത്ത ജില്ലാ മൂല്യവർദ്ധനവും അനുബന്ധ റാങ്കും വളർച്ചാ നിരക്കും **പട്ടിക 1.1.7**ൽ നൽകിയിരിക്കുന്നു

പ്രതിശീർഷ ജിഡിവിഎയുടെ ഏറ്റവും ഉയർന്ന വളർച്ചാ നിരക്ക് കോഴിക്കോട് ജില്ലയിൽ 6.40 ശതമാനവും ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്ക് പത്തനംതിട്ട ജില്ലയിൽ 3.87 ശതമാനവും രേഖപ്പെടുത്തി. നിലവിലുള്ളതും സ്ഥിരവുമായ (2011-12) വിലകളിൽ 2020-21 മുതൽ 2022-23 വരെയുള്ള

ജിഎസ് വിഎ യുടെ ജില്ല തിരിച്ചുള്ളതും മേഖലാ വിതരണവും **അനുബന്ധം 1.1.14, 1.1.15, 1.1.16, 1.1.17, 1.1.18, 1.1.19** എന്നിവയിൽ നൽകിയിരിക്കുന്നു.

**വിലക്കയറ്റം–സമീപകാല പ്രവണതകൾ**

ആഗോള പണപ്പെരുപ്പം 2022ലെ 8.7 ശതമാനത്തിൽ നിന്ന് 2023ൽ 6.9 ശതമാനമായും 2024ൽ 5.8 ശതമാനമായും കുറയുമെന്ന് ഇന്റർനാഷണൽ മോണിട്ടറി ഫണ്ട് പ്രസിദ്ധീകരിക്കുന്ന വേൾഡ് ഇക്കണോമിക് ഔട്ട്‌ലുക്കിന്റെ ഒക്ടോബർ 2023 അപ്ഡേറ്റ് പറയുന്നു. ഇന്ത്യയിലെ പണപ്പെരുപ്പം 2023ൽ 5.5 ശതമാനവും 2024ൽ 4.6 ശതമാനവുമായിരിക്കുമെന്ന് ഇതേ റിപ്പോർട്ടിൽ പറയുന്നു.

ഭാരതീയ റിസർവ് ബാങ്കിന്റെ 2023 ഒക്ടോബറിലെ മോണിറ്ററി പോളിസി റിപ്പോർട്ട് അനുസരിച്ച്, ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിലുള്ള (സിപിഐ) പണപ്പെരുപ്പം 2023-24ൽ ശരാശരി 5.4 ശതമാനവും രണ്ടാം പാദത്തിൽ 6.4 ശതമാനവും മൂന്നാം പാദത്തിൽ 5.6 ശതമാനവും നാലാം പാദത്തിൽ 5.2 ശതമാനവും ആയിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2024-25 കാലയളവിൽ, സാധാരണ ഗതിയിലുള്ള കാലവർഷമായിരിക്കുകയും ബാഹ്യമായോ നയപരമായോ കൂടുതൽ ആഘാതങ്ങൾ ഉണ്ടാകാതിരിക്കുകയുമാണെങ്കിൽ, ആർബിഐ എസ്റ്റിമേറ്റുകളുടെ ഘടനാപരമായ മാതൃക സൂചിപ്പിക്കുന്നത് പണപ്പെരുപ്പം 3.8 മുതൽ 5.2 ശതമാനം വരെയുള്ള ശ്രേണിയിൽ ശരാശരി 4.5 ശതമാനം നിരക്കിൽ ആയിരിക്കുമെന്നാണ്.

2023 ഫെബ്രുവരിയിൽ നടന്ന യോഗത്തിൽ റിസർവ് ബാങ്ക് റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് ഉയർത്തി 6.50 ശതമാനമാക്കിയതിന് ശേഷം 2023 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള മൂന്ന് ദ്വൈമാസ അവലോകനങ്ങളിലും മോണിറ്ററി പോളിസി കമ്മിറ്റി (എംപിസി) പോളിസി നിരക്കിൽ മാറ്റം വരുത്തിയിട്ടില്ല. പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനായി 2022 മെയ് മുതൽ 2023 ഫെബ്രുവരി വരെ റിസർവ് ബാങ്ക് പോളിസി നിരക്കുകൾ 250 ബേസിസ് പോയിൻറ് ഉയർത്തിയിരുന്നു. റിപ്പോ നിരക്ക് 6.50 ശതമാനമായി നിലനിർത്താൻ 2023 ഒക്ടോബറിൽ സെൻട്രൽ ബാങ്ക് തീരുമാനിക്കുകയും 'വിത്ഡ്രോവൽ ഓഫ് അക്കോമഡേഷൻ (withdrawal of accommodation)' എന്ന നിലപാട് സ്വീകരിക്കുകയും ചെയ്തു.

ഭാരത സർക്കാരിന്റെ സ്ഥിതി വിവര പദ്ധതി നിർവഹണ മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ (എൻഎസ്ഒ) കണക്കനുസരിച്ച് 2023 സെപ്റ്റംബറിൽ ഇന്ത്യയിലെ സംയോജിത ഉപഭോക്തൃ വില സൂചിക 5.02 ശതമാനമായിരുന്നു. 2023 സെപ്റ്റംബറിലെ കണക്കുകൾ പ്രകാരം, ഇന്ത്യയിലെ ഗ്രാമീണ മേഖലകളിലെ പണപ്പെരുപ്പ നിരക്ക് (5.33 ശതമാനം) നഗര പ്രദേശങ്ങളെ അപേക്ഷിച്ച് (4.65 ശതമാനം) കൂടുതലാണ്. കേരളത്തിൽ സിപിഐ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം 4.59 ശതമാനമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ കുറവാണ്. 2023 സെപ്റ്റംബറിൽ, സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങളിലേതിനെക്കാൾ (4.59 ശതമാനം) നഗര പ്രദേശങ്ങളിലെ പണപ്പെരുപ്പം (4.93 ശതമാനം) കൂടുതലാണ്. കേരളത്തിൽ 2023-24 സാമ്പത്തിക വർഷം രണ്ടാം പാദത്തിലെ ശരാശരി പണപ്പെരുപ്പ നിരക്ക് മോണിറ്ററി പോളിസി റിപ്പോർട്ട് പ്രവചിച്ച 6.4 ശതമാനത്തിനുള്ളിൽ തന്നെ ആണ്. 2023 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഇന്ത്യയുടെയും കേരളത്തിന്റെയും ഉപഭോക്തൃ വില സൂചിക അടിസ്ഥാനത്തിലുള്ള പണപ്പെരുപ്പ നിലവാരം **പട്ടിക 1.1.8**ൽ നൽകിയിരിക്കുന്നു. 2023 ജനുവരി മുതൽ 2023 സെപ്റ്റംബർ വരെയുള്ള ഇന്ത്യയിലെയും കേരളത്തിലെയും പണപ്പെരുപ്പ നിരക്ക് **ചിത്രം 1.1. 3**ൽ നൽകിയിരിക്കുന്നു.

**കേരളത്തിലെ വിലനിലവാരം**

**കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്തവില സൂചിക**

കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്തവില സൂചിക (ഡബ്ല്യുപിഐ) പ്രകാരം എല്ലാ വിളകളുടെയും സൂചിക 2022 ലെ 145.26ൽ നിന്ന് 2023ൽ (സെപ്റ്റംബർ വരെ) 145.19 ആയി കുറഞ്ഞു. പഴങ്ങൾ, പച്ചക്കറികൾ, വാണിജ്യ വിളകൾ, എണ്ണക്കുരുക്കൾ, മറ്റ് ഭക്ഷ്യേതര ഇനങ്ങൾ എന്നിവയുടെ വിലയിൽ കുറവുണ്ടായതിനാലാണിത്. ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വില വർധിച്ചതിനെ തുടർന്ന് ഭക്ഷ്യധാന്യങ്ങളുടെ വില 1.79 ശതമാനം ഉയർന്നു. ഭക്ഷ്യവിളകളിൽ പഴങ്ങളുടെയും പച്ചക്കറികളുടെയും വില 7.90 ശതമാനം കുറഞ്ഞു. ഭക്ഷ്യേതര വിളകളുടെ വില 4.67 ശതമാനം കുറഞ്ഞു. ഭക്ഷ്യേതര വിഭാഗത്തിലുള്ള വാണിജ്യ വിളകൾ, എണ്ണക്കുരുക്കൾ, മറ്റ് ഭക്ഷ്യേതര ഇനങ്ങൾ എന്നിവയുടെ വിലയിൽ കുറവുണ്ടായിട്ടുണ്ട്. ഭക്ഷ്യേതര വിള വിഭാഗത്തിലെ പാനീയങ്ങളുടെ കാര്യത്തിൽ വില വർദ്ധനവ് കാണുന്നു. കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ 2020-2022ലെ മൊത്തവില സൂചികയും 2023 സെപ്റ്റംബർ വരെയുള്ള ശരാശരി പ്രതിമാസ സൂചികയും (അടിസ്ഥാനം: 2015-16=100) **അനുബന്ധം 1.1.20**ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങളുടെ പ്രതിമാസ മൊത്തവില സൂചിക കാണിക്കുന്നത് എല്ലാ വിളകളുടെയും സൂചിക 2022 ജനുവരിയിലെ 133.77ൽ നിന്ന് 2022 ഡിസംബറിൽ 143.37 ആയി ഉയർന്നു എന്നാണ്. ഈ കാലയളവിൽ ഭക്ഷ്യവിളകളുടെ സൂചിക 130.37ൽ നിന്ന് 149 ആയി ഉയരുകയും, ഭക്ഷ്യേതരവിളകളുടെ സൂചിക 141.9ൽ നിന്ന് 129.89 ആയി കുറയുകയും ചെയ്തു. എല്ലാ വിളകളുടെയും മൊത്തവില സൂചിക 2023 ജനുവരിയിൽ 141.1ൽ നിന്ന് സെപ്റ്റംബറിൽ 153.53 ആയി ഉയർന്നു. ഇതിനുള്ളിൽ, ഭക്ഷ്യവിളകളുടെ സൂചിക 2023 ജനുവരിയിലെ 145.88ൽ നിന്ന് 2023 സെപ്റ്റംബറിൽ 161.26 ആയി ഉയർന്നു, ഭക്ഷ്യേതര വസ്തുക്കളുടെ സൂചിക മേൽപ്പറഞ്ഞ കാലയളവിൽ 129.65ൽ നിന്ന് 135.02 ആയി ഉയർന്നു. കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ 2022 ജനുവരി മുതൽ 2022 ഡിസംബർ വരെയുള്ള പ്രതിമാസ മൊത്തവില സൂചിക (2015-16 അടിസ്ഥാനത്തിൽ ) **അനുബന്ധം 1.1.21**ലും. 2023 ജനുവരി മുതൽ 2023 സെപ്റ്റംബർ വരെയുള്ള പ്രതിമാസ മൊത്തവില സൂചിക (2015-16 അടിസ്ഥാനത്തിൽ) **അനുബന്ധം 1.1.21(i)**ലും നൽകിയിരിക്കുന്നു.

**കേരളത്തിലെ ഉപഭോക്തൃ വില സൂചിക (സി. പി. ഐ)**

കേരളത്തിൽ വാർഷിക ശരാശരി സിപിഐ (അടിസ്ഥാന വർഷം 2011-12) 2021ലെ 182ൽ നിന്ന് ഉയർന്ന് 2022ൽ 192 ആയി. 2023 സെപ്റ്റംബർ വരെയുള്ള കാലയളവിൽ ഉപഭോക്തൃ വില സൂചിക 199 ആയി ഉയർന്നു. 2021 നെ അപേക്ഷിച്ച് 2022 ലെ വ്യതിയാനം 5.31 ശതമാനമാണ്. 2022ൽ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഉപഭോക്തൃ വില സൂചിക ഏറ്റവും കൂടുതൽ പണപ്പെരുപ്പം രേഖപ്പെടുത്തിയത് ചാലക്കുടിയിലാണ് (7.45 ശതമാനം), തുടർന്ന് പുനലൂർ (7.22 ശതമാനം), കൊല്ലം (6.86 ശതമാനം) എന്നിവിടങ്ങളിലാണ്. തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഏറ്റവും കുറവ് പണപ്പെരുപ്പം രേഖപ്പെടുത്തിയത് ആലപ്പുഴയിലാണ് (2.66 ശതമാനം). തിരഞ്ഞെടുത്ത കേന്ദ്രങ്ങളിലെ വാർഷിക ശരാശരി സിപിഐയും വ്യതിയാനശതമാനവും **അനുബന്ധം 1.1.22**ൽ കാണിച്ചിരിക്കുന്നു. അവശ്യസാധനങ്ങളുടെ 2023 ജനുവരി മുതൽ 2023 സെപ്റ്റംബർ വരെയുള്ള പ്രതിമാസ ചില്ലറ വിലകൾ **അനുബന്ധം 1.1.23–**ൽ നൽകിയിരിക്കുന്നു.

**പാരിറ്റി സൂചിക**

2022ലെ പാരിറ്റി സൂചികയായ 55.75 2021ലെ 55.58 എന്നതിനേക്കാൾ അല്പം കൂടുതലാണ്. 2023ൽ ഈ സൂചിക 54.83 ആയി കുറഞ്ഞു. (മെയ് വരെ). 2021ൽ കർഷകർ നൽകിയ വില സൂചിക 16705.42 ഉം കർഷകർക്ക് ലഭിച്ച വില സൂചിക 9274.58 ഉം മാത്രമായിരുന്നു. 2022ലെ ഇതേ സൂചികകൾ യഥാക്രമം 17469.42 ഉം 9738.83 ഉം ആണ്. വർദ്ധിച്ചുവരുന്ന കാർഷിക ഉത്പാദനച്ചെലവ്, ഗതാഗതച്ചെലവ്, കൂലിച്ചെലവ് എന്നിവയാണ് ഈ അവസ്ഥയുടെ പ്രധാന കാരണങ്ങൾ. 2009 മുതൽ 2023 വരെ (ജൂൺ വരെ) കർഷകർക്ക് ലഭിച്ചതും നൽകിയതുമായ വാർഷിക ശരാശരി വില സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 1.1.24**ൽ കാണിച്ചിരിക്കുന്നു.

**കൂലി**

കേരളത്തിലെ കാർഷിക മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ ശരാശരി ദിവസ വേതന നിരക്ക് വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മരപ്പണിക്കാരുടെ ദിവസ വേതന നിരക്ക് 2021-22 ലെ 973.03 രൂപയിൽ നിന്ന് 2022-23ൽ 1,015.73 രൂപയായി ഉയർന്നു. കല്പണിക്കാരുടെ ദിവസ വേതന നിരക്കും 2021-22 ലെ 978.45 രൂപയിൽ നിന്ന് 2022-23ൽ 1,018.46 രൂപയായി ഉയർന്നു. ഈ കാലയളവിൽ മരപ്പണിക്കാരന്റെ ദിവസ വേതനം 4.39 ശതമാനവും കൊത്തുപണിക്കാരന്റെ ദിവസ വേതനം 4.09 ശതമാനവും വർദ്ധിച്ചു. കാർഷിക മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ 2010-11 മുതൽ 2022-23 വരെയുള്ള ശരാശരി ദിവസ വേതന നിരക്ക് **അനുബന്ധം 1.1.25**ൽ നൽകിയിരിക്കുന്നു.

2021-22ൽ കാർഷിക മേഖലയിലെ പുരുഷ അവിദഗ്ധ തൊഴിലാളികളുടെ (നെൽവയൽ തൊഴിലാളികൾ) ശരാശരി ദിവസ വേതന നിരക്ക് 781.75 രൂപയും വനിതാ അവിദഗ്ധ തൊഴിലാളികളുടെ ശരാശരി ദിവസ വേതന നിരക്ക് 577.73 രൂപയുമാണ്. 2022-23ൽ പുരുഷ തൊഴിലാളികളുടെ വേതന നിരക്ക് 1.34 ശതമാനം വർദ്ധിച്ച് 792.20 രൂപയിലെത്തി. വനിതാ തൊഴിലാളികളുടെ വേതന നിരക്കും 6.03 ശതമാനം ഉയർന്ന് 2022-23ൽ 612.58 രൂപയിലെത്തി. നെൽവയൽ തൊഴിലാളികളിൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും ശരാശരി വേതനം തമ്മിലുള്ള അന്തരം 2021-22 ലെ 204.02 രൂപയിൽ നിന്ന് 2022-23ൽ 179.62 രൂപയായി കുറഞ്ഞു. 2010-11 മുതൽ 2022-23 വരെ കാർഷിക മേഖലയിലെ അവിദഗ്ധ തൊഴിലാളികളുടെ ശരാശരി ദിവസ വേതന നിരക്ക് **അനുബന്ധം 1.1.26**ൽ നൽകിയിരിക്കുന്നു

.

ഗ്രാമീണ ഇന്ത്യയിലെ കർഷകേതര തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള ശരാശരി ദിവസ വേതന നിരക്ക് സാമ്പത്തിക അവലോകനത്തിന്റെ ഏഴാം അധ്യായത്തിൽ **പട്ടിക 7.1.3(B)**ൽ വിവരിച്ചിരിക്കുന്നു.

**സംസ്ഥാന ഇടപെടലുകൾ**

പൊതുവിതരണ സമ്പ്രദായത്തിൽ, റേഷൻ കടകളുടെ നവീകരണവും, ഓട്ടോമേഷനും, ഇ-റേഷൻ കാർഡ് പദ്ധതി, ഒരു രാജ്യം ഒരു റേഷൻ കാർഡ് തുടങ്ങിയ പ്രവർത്തനങ്ങൾ സുതാര്യത വർദ്ധിപ്പിക്കുകയും അവശ്യ വസ്തുക്കൾ സമയ ബന്ധിതമായി നൽകുന്നതിൽ സഹായിക്കുകയും ചെയ്തു.

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) 1600-ലധികം ഔട്ട്‌ലെറ്റുകളിലൂടെ വിപണി വിലയുടെ പകുതി നിരക്കിൽ 13 അവശ്യവസ്തുക്കൾ വിൽക്കുന്നുണ്ട്. ഓപ്പൺ മാർക്കറ്റിനേക്കാൾ ശരാശരി 10 ശതമാനം കുറഞ്ഞ നിരക്കിൽ 6,000-ലധികം പെട്ടെന്നു വിറ്റഴിയുന്ന ഉപഭോക്തൃ ഉൽപ്പന്നങ്ങളും (എഫ്.എം.സി.ജി) കോർപ്പറേഷൻ വിൽക്കുന്നു.


13 അവശ്യവസ്തുക്കളുടെ കേരളത്തിലെ വിലയിലെ ഏറ്റക്കുറച്ചിലുകൾ നിരീക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ സർക്കാർ സെന്റർ ഫോർ പ്രൈസ് റിസർച്ച് കേരള സ്ഥാപിച്ചു. അവശ്യ വസ്തുക്കളുടെ വില നിരീക്ഷിക്കാനും വില നിയന്ത്രിക്കുന്നതിനുള്ള നയപരമായ കാര്യങ്ങളിൽ സർക്കാരിനെ സഹായിക്കാനും ഇതുവഴി സാധിക്കും. പതിമൂന്ന് അവശ്യവസ്തുക്കളുടെ മൊത്തവിലയും ചില്ലറ വിലയും ഉൾപ്പെടുത്തി പ്രതിവാര വില വിശകലന റിപ്പോർട്ട് 2023 ജനുവരി മുതൽ സെന്റർ ഫോർ പ്രൈസ് റിസർച്ച് കേരള തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു.

**പട്ടിക 1.1.8**: 2023 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഇന്ത്യയുടെയും കേരളത്തിന്റെയും ഉപഭോക്തൃ വില സൂചിക (ജനറൽ) അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം, ശതമാനത്തിൽ

| ഉപഭോക്തൃ വില സൂചിക | സെപ്റ്റംബർ 2023 | | | ആഗസ്റ്റ് 2023 | | |
|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | സംയോജിതം | ഗ്രാമം | നഗരം | സംയോജിതം |
| ഇന്ത്യ | 5.33 | 4.65 | 5.02 | 7.02 | 6.59 | 6.83 |
| കേരളം | 4.59 | 4.93 | 4.72 | 6.40 | 6.08 | 6.26 |

ഉറവിടം: നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഗവൺമെന്റ് ഓഫ് ഇന്ത്യ

**ചിത്രം 1.1.3:** ഇന്ത്യയിലെയും കേരളത്തിലേയും പണപ്പെരുപ്പ നിരക്ക്,കറന്റ് സീരീസ് (അടിസ്ഥനവർഷം 2012) 2023 ജനുവരി മുതൽ സെപ്റ്റംബർ വരെ,ജനറൽ ഇൻഡക്സ് (എല്ലാ ഗ്രൂപ്പുകളും), ശതമാനത്തിൽ




ഉറവിടം: നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഗവൺമെന്റ് ഓഫ് ഇന്ത്യ

പൊതു വിപണിയിൽ നേരിട്ട് ഇടപെടുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാരും സ്വീകരിക്കുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള അനിയന്ത്രിതമായ വിലക്കയറ്റം ഉണ്ടോയെന്ന് പരിശോധിക്കാൻ സംസ്ഥാനത്തെ വിവിധ പൊതു വിപണികളിൽ ജില്ലാ കളക്ടർമാർ നേരിട്ട് പരിശോധന നടത്തി. ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ ലീഗൽ മെട്രോളജി, ഫുഡ് സേഫ്റ്റി വകുപ്പുകളുമായി ചേർന്ന് പൊതു വിപണികളിൽ പരിശോധനയ്ക്കായി സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ചു. വില വിവര പട്ടിക പ്രദർശിപ്പിക്കാത്ത കടയുടമകൾക്ക് നോട്ടീസ് നൽകി. ഇത്തരത്തിൽ ഫലപ്രദമായ വിപണി ഇടപെടലുകളിലൂടെ പണപ്പെരുപ്പത്തിന്റെ സമ്മർദ്ദങ്ങൾ നിയന്ത്രിക്കുന്നതിൽ സംസ്ഥാനം വിജയിച്ചു

## 1.2 ജനസംഖ്യ വിവരണം


2011-ലെ ജനസംഖ്യാ സെൻസസ് വിശദാംശങ്ങൾ ഈ വിഭാഗത്തിൽ വിശകലനത്തിനായി ഉപയോഗിക്കുന്നു. കഴിഞ്ഞ വർഷം നടത്താനിരുന്ന 2021ലെ ജനസംഖ്യാ സെൻസസ് നടന്നിട്ടില്ല. 2021 ലെ സെൻസസ് ഓഫ് ഇന്ത്യ 2024 ൽ നടത്താനാണ് ഉദ്ദേശിക്കുന്നത്.

**ഇന്ത്യയിലെ ജനസംഖ്യ**
2011 സെൻസസ് പ്രകാരം ഇന്ത്യയിലെ മൊത്തം ജനസംഖ്യ 1,21,08,54,977 ആണ്. 2001 സെൻസസ് പ്രകാരം മൊത്തം ജനസംഖ്യ 1,02,86,18,821 ആയിരുന്നു. 2011 സെൻസസ് പ്രകാരം ഇന്ത്യയിൽ 62,32,70,258 പുരുഷന്മാരും, 58,75,84,719 സ്ത്രീകളുമാണ് ഉള്ളത്. രാജ്യത്തെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 382 എന്ന അനുപാതത്തിലാണ്. 2011-ൽ രാജ്യത്തെ സ്ത്രീ പുരുഷ അനുപാതം 1,000 പുരുഷന്മാർക്ക് 943 സ്ത്രീകൾ എന്നതാണ്. ഇത് ഗ്രാമീണ പ്രദേശങ്ങളിൽ 949 –ഉം നഗര മേഖലയിൽ 929-ഉം ആണ്. 2011-ൽ രാജ്യത്തെ 0-6 വയസ്സിനിടയിലുള്ള കുട്ടികളുടെ എണ്ണം 16,45,15,253 ആണ്. ഇതേ പ്രായക്കാർക്കിടയിലെ ശിശു ആൺ-പെൺ അനുപാതം 1,000 ആൺകുട്ടികൾക്ക് 918 പെൺകുട്ടികൾ എന്ന തരത്തിലാണ്.

**സംസ്ഥാന ജനസംഖ്യയുടെ വിശദാംശങ്ങൾ**
2001 ലെ സെൻസസ് പ്രകാരം 3,18,41,374 ആയിരുന്നത് 2011 ലെ സെൻസസ് പ്രകാരം 3,34,06,061 ആണ്. 2011ലെ സെൻസസ് പ്രകാരം 1,60,27,412 പുരുഷന്മാരും 1,73,78,649 സ്ത്രീകളുമുണ്ട്. 2001-നെ അപേക്ഷിച്ച് 2011-ലെ സംസ്ഥാനത്തെ ജനസംഖ്യ 4.91% ആണ്. **ചിത്രം 1.2.2** കേരളത്തിലെ ഗ്രാമീണ-നഗര ജനസംഖ്യ

**2036 വരെയുള്ള ജനസംഖ്യാ പ്രൊജക്ഷൻ**
2011ലെ സെൻസസ് പ്രകാരം ഇന്ത്യയ്ക്കും സംസ്ഥാനങ്ങൾക്കും വേണ്ടിയുള്ള ജനസംഖ്യാ പ്രൊജക്ഷൻ അനുസരിച്ച്, ഇന്ത്യയിലെ ജനസംഖ്യ 2011-ൽ 121.09 കോടിയിൽ നിന്ന് 2036-ൽ 151.83 കോടിയായി വർദ്ധിക്കും, അതായത് 25% വർദ്ധനവ്. 2036-ൽ കേരളത്തിലെ ജനസംഖ്യ 3.3406 കോടിയിൽ നിന്ന് 3.6949 കോടിയായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു,

**ചിത്രം 1.2.1** കേരളത്തിലെ ജനസംഖ്യ 2001, 2011





അവലംബം: *സെൻസസ് 2001 &2011*

**ചിത്രം 1.2.1** കേരളത്തിലെ ജനസംഖ്യ 2001, 2011

| | 2001 | | | 2011 | | |
|---|---|---|---|---|---|---|
| | അകെ | ഗ്രാമീണം | നഗരം | അകെ | ഗ്രാമീണം | നഗരം |
| ഇന്ത്യ | 1,02,86,10,378 | 74,24,90,639 | 28,61,19,689 | 1,21,08,54,977 | 83,37,48,852 | 37,71,06,125 |
| കേരളം | 3,18,41,374 | 2,35,74,449 | 82,66,925 | 3,34,06,061 | 174,71,135 | 159,34,926 |

അവലംബം: *സെൻസസ് 2001 &2011*

**ചിത്രം 1.2.2 കേരളത്തിലെ ഗ്രാമീണ-നഗര ജനസംഖ്യ**




അവലംബം: *സെൻസസ് 2001 &2011*

അതായത് 10.60% വർധന. വിശദാംശങ്ങൾ **പട്ടിക 1.2.2**ൽ നൽകിയിരിക്കുന്നു

**പട്ടിക 1.2.2** ജനസംഖ്യാ പ്രൊജക്ഷൻ-ഇന്ത്യയും കേരളവും (1000-ൽ

| ക്രമ നമ്പർ | വർഷം | വിഭാഗം | ഇന്ത്യ | കേരളം |
|---|---|---|---|---|
| 1 | 2011 | വ്യക്തി | 1210855 | 33406 |
| | | പുരുഷൻ | 623271 | 16027 |
| | | സ്ത്രീ | 587585 | 17379 |
| 2 | 2016 | വ്യക്തി | 1290235 | 34578 |
| | | പുരുഷൻ | 663346 | 16594 |
| | | സ്ത്രീ | 626889 | 17984 |
| 3 | 2021 | വ്യക്തി | 1361343 | 35489 |
| | | പുരുഷൻ | 698959 | 17043 |
| | | സ്ത്രീ | 662384 | 18447 |
| 4 | 2026 | വ്യക്തി | 1423435 | 36207 |
| | | പുരുഷൻ | 729604 | 17395 |
| | | സ്ത്രീ | 693831 | 18812 |
| 5 | 2031 | വ്യക്തി | 1475519 | 36695 |
| | | പുരുഷൻ | 754893 | 17638 |
| | | സ്ത്രീ | 720626 | 19057 |
| 6 | 2036 | വ്യക്തി | 1518288 | 36949 |
| | | പുരുഷൻ | 775702 | 17775 |
| | | സ്ത്രീ | 742586 | 19174 |

അവലംബം *സെൻസസ്,2011*

**ജനസംഖ്യാ വളർച്ച**

2001 മുതൽ 2011 വരെയുള്ള കാലയളവിൽ കേരളത്തിലെ ജനസംഖ്യയുടെ ദശാബ്ദ വളർച്ചാ നിരക്ക് 4.9 ശതമാനമായിരുന്നു, ഇത് ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഏറ്റവും താഴ്ന്ന നിരക്കാണ്. സംസ്ഥാനത്തെ ജില്ലകളിൽ ഏറ്റവും കൂടുതൽ വളർച്ചാ നിരക്ക് മലപ്പുറം ജില്ലയിലും (13.4 ശതമാനം) ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്ക് (-)3.0 ശതമാനം പത്തനംതിട്ടയിലുമാണ്. ഇടുക്കിയിലും ജനസംഖ്യയിൽ കുറവുണ്ടായി, നെഗറ്റീവ് (-)1.8 ശതമാനം വളർച്ചാ നിരക്കാണിത്. സംസ്ഥാനത്തെ മറ്റ് ജില്ലകളെ അപേക്ഷിച്ച് ആറ് തെക്കൻ ജില്ലകളിൽ (ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം) ജനസംഖ്യാ വളർച്ചാ നിരക്ക് കുറവാണ്. വിശദാംശങ്ങൾ **അനുബന്ധം 1.2.1** ൽ നൽകിയിരിക്കുന്നു.

**ജനസാന്ദ്രത**

2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 860 ആളുകളാണ്. ഇത് ഇന്ത്യയേക്കാൾ വളരെ ഉയർന്നതാണ് (382). ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ജില്ല തിരുവനന്തപുരവും (1,508) ഏറ്റവും കുറവ് ജനസാന്ദ്രതയുള്ള ജില്ലയും (255) ഇടുക്കിയുമാണ്. 2001 നെ അപേക്ഷിച്ച് പത്തനംതിട്ടയും ഇടുക്കിയും ഒഴികെയുള്ള എല്ലാ ജില്ലകളിലും ജനസാന്ദ്രത വർദ്ധിച്ചു. വിശദാംശങ്ങൾ **അനുബന്ധം 1.2.1**ൽ നൽകിയിരിക്കുന്നു.

**ജനന നിരക്ക്**

ഒരു നിശ്ചിത ഭൂമിശാസ്ത്രപരമായ പ്രദേശത്തിലെ ജനസംഖ്യയിൽ ഒരു നിശ്ചിത വർഷത്തിൽ ഉണ്ടാകുന്ന ജനനങ്ങളുടെ എണ്ണത്തെ അതെ മധ്യവർഷത്തെ (ഭൂമി ശാസ്ത്ര പരമായ പ്രദേശത്തിന്റെ) മൊത്തം ജനസംഖ്യ കൊണ്ട് ഹരിച്ച് 1000 ജനസംഖ്യയിൽ എത്ര ജനനങ്ങൾ

ആണ് ഉണ്ടാകുന്നത് എന്ന് കണക്കാക്കുന്നതാണ് ക്രൂഡ് ബർത്ത് റേറ്റ്. ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട്, 2020, 2021 പ്രകാരം, 2010-ൽ ക്രൂഡ് ബർത്ത് റേറ്റ്, 15.75 ആയിരുന്നു, ഇത് 2020-ൽ 12.77 ആയും 2021ൽ 11.94 ആയും കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 1.2.3–**ൽ നൽകിയിരിക്കുന്നു.

### മരണനിരക്ക്

ഒരു നിശ്ചിത ഭൂമി ശാസ്ത്ര പരമായ പ്രദേശത്തിലെ ജനസംഖ്യയിൽ ഒരു നിശ്ചിത വർഷത്തിൽ ഉണ്ടാകുന്ന മരണങ്ങളുടെ എണ്ണത്തെ അതേ മധ്യവർഷത്തെ മൊത്തം ജനസംഖ്യ കൊണ്ട് ഹരിച്ച് 1000 ജനസംഖ്യയിൽ എത്ര മരണങ്ങൾ ആണ് സംഭവിക്കുന്നത് എന്ന് നിശ്ചയിക്കുന്ന രീതിയാണ് ക്രൂഡ് ഡെത്ത് റേറ്റ്. ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ 2020 & 2021 ലെ വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് അനുസരിച്ച്, 2021 ലെ ക്രൂഡ് മരണനിരക്ക് 9.66 ആയിരുന്നു, 2010 ലെ അത് 6.88 ആയിരുന്നു. ഒരു നിശ്ചിത വർഷത്തിൽ ഒരു നിശ്ചിത ഭൂമിശാസ്ത്രപരമായ പ്രദേശത്ത് തത്സമയം ജനിച്ചവരിൽ, (ആയിരത്തിൽ) ഒരു വയസ്സിൽ താഴെ ഉണ്ടാകുന്ന മരണങ്ങളുടെ എണ്ണമാണ് , ശിശു മരണനിരക്ക്. ശിശുമരണ നിരക്ക് 2021-ൽ 5.05 ആയിരുന്നു, എന്നാൽ 2010-ൽ ഇത് 7.42 ആയിരുന്നു. മാതൃമരണ നിരക്ക് (എംഎംആർ) എന്നത് ഗർഭധാരണം മൂലമോ ഗർഭം അവസാനിപ്പിച്ചതിനാലോ 100,000 ജനനങ്ങളിൽ എത്ര മാതൃ മരണങ്ങൾ ആണ് സംഭവിക്കുന്നത് എന്ന് കണക്കാക്കുന്നതാണ്. സ്ത്രീകൾക്കിടയിൽ ഗർഭധാരണവുമായി ബന്ധപ്പെട്ട അപകടസാധ്യതയെ പ്രതിനിധീകരിക്കാൻ മാതൃമരണ നിരക്ക് ഉപയോഗിക്കുന്നു. കേരളത്തിലെ മാതൃമരണ നിരക്ക് 2021-ൽ 19 ആയിരുന്നു, 2010-ൽ ഇത് 30 ആയിരുന്നു. എല്ലാ സൂചകങ്ങളും കുറയുന്ന പ്രവണത കാണിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 1.2.3**ൽ നൽകിയിരിക്കുന്നു.

### സാക്ഷരത

ഇന്ത്യൻ സംസ്ഥാനങ്ങളിൽ ജനസംഖ്യയിൽ ഏറ്റവും കൂടുതൽ സാക്ഷരരായ വ്യക്തികളുള്ളത് കേരളത്തിലാണ്. ഫലപ്രദമായ സാക്ഷരതാ നിരക്ക് 94 ശതമാനമാണ്. 2001 ലെ സെൻസസ് പ്രകാരം കേരളത്തിലെ സാക്ഷരതാ നിരക്ക് 90.9 ശതമാനമായിരുന്നു. കേരളത്തിൽ 96.11 ശതമാനം പുരുഷന്മാരും 92.07 ശതമാനം സ്ത്രീകളും സാക്ഷരരാണ്, അഖിലേന്ത്യാ തലത്തിൽ 82.14 ശതമാനം പുരുഷന്മാരും 65.46 ശതമാനം സ്ത്രീകളും സാക്ഷരരാണ്. ജില്ലകളിൽ സാക്ഷരതയിൽ 97.2 ശതമാനവുമായി കോട്ടയം ഒന്നാമതും 96.5 ശതമാനവുമായി പത്തനംതിട്ട രണ്ടാമതും. ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്ക് യഥാക്രമം 89 ശതമാനവും 89.3 ശതമാനവുമായി വയനാട്ടിലും പാലക്കാട്ടുമാണ്. വയനാടിന്റെ ഏറ്റവും കുറഞ്ഞ സാക്ഷരത (89 ശതമാനം) പോലും ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. 2001-നെ അപേക്ഷിച്ച്, 2011-ൽ എല്ലാ ജില്ലകളിലെയും സാക്ഷരതാ നിരക്ക് മെച്ചപ്പെട്ടു. വിശദാംശങ്ങൾ **അനുബന്ധം 1.2.1–**ൽ കൊടുത്തിരിക്കുന്നു.

### ലിംഗാനുപാതം

ജനസംഖ്യയിലെ 1,000 പുരുഷന്മാരിൽ സ്ത്രീകളുടെ എണ്ണമാണ് സ്ത്രീപുരുഷ അനുപാതം. 2011 ലെ കേരളത്തിന്റെ സെൻസസ് കണക്കുകൾ പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലും സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലാണ്. 2001-ലെ സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ 2011-ൽ കേരളത്തിലെ സ്ത്രീപുരുഷാനുപാതം 26 പോയിന്റ് വർദ്ധിച്ച് 1084-ൽ എത്തി. 1981 മുതൽ 1991 വരെ ഇത് 1,032-ൽ നിന്ന് 1,036 ആയും തുടർന്ന് 2001-ൽ 1,058 ആയും വർദ്ധിച്ചു. സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടെ എണ്ണത്തേക്കാൾ കൂടിനിൽക്കുന്ന ഒരേഒരു സംസ്ഥാനമാണ് കേരളം. അഖിലേന്ത്യാ തലത്തിൽ സ്ത്രീ പുരുഷാനുപാതം 943 ആണ്.

കേരളത്തിലെ എല്ലാ ജില്ലകളും പോസിറ്റീവ് സ്ത്രീപുരുഷാനുപാതം കാണിക്കുന്നു എന്നതാണ് സംസ്ഥാനത്തിന്റെ മറ്റൊരു പ്രധാന സവിശേഷത. ജില്ലകളിൽ ഏറ്റവും ഉയർന്ന സ്ത്രീ പുരുഷാനുപാതം (1,136) കണ്ണൂരും തൊട്ടുപിന്നിൽ പത്തനംതിട്ടയുമാണ് (1,132). ഏറ്റവും കുറവ് ഇടുക്കിയും (1,006), തൊട്ടു മുകളിലായി എറണാകുളവുമാണ് (1,027). എല്ലാ ജില്ലകളിലും 1,000-ത്തിന് മുകളിലാണ് സ്ത്രീ-പുരുഷ അനുപാതം. 2001-ൽ വയനാടിൽ മാത്രം സ്ത്രീ പുരുഷ അനുപാതം 1,000-ൽ താഴെയായിരുന്നു (995). സ്ത്രീപുരുഷാനുപാതം ഏറ്റവും കുറഞ്ഞ ജില്ലയായ ഇടുക്കിയും (1,006) ഏറ്റവും ഉയർന്ന ജില്ലയായ കണ്ണൂരും (1,136) തമ്മിൽ 130 പോയിന്റിന്റെ അന്തരമാണുള്ളത്. വിശദാംശങ്ങൾ അനുബന്ധം 1.2.2ൽ കൊടുത്തിരിക്കുന്നു.

### കുട്ടികളുടെ ലിംഗാനുപാതം (0–6 വർഷം)

കേരളത്തിൽ കുട്ടികളിലെ ആൺ- പെൺ അനുപാതം (1,000 ആൺകുട്ടികളിൽ എത്ര പെൺകുട്ടികൾ എന്ന കണക്ക്) 2011- ലെ സെൻസസ് പ്രകാരം 964 ആണ്. 2001 സെൻസസ് പ്രകാരം ഇത് 960 ആയിരുന്നു. തമിഴ്നാട്ടിൽ കുട്ടികളിലെ ആൺ-പെൺ അനുപാതം 943-ഉം, കർണ്ണാടകയിൽ 948-ഉം ആന്ധ്രാപ്രദേശിൽ 939-ഉം ദേശീയ ശരാശരി 919 ഉം ആണ്. ജില്ലകളിൽ ആൺ-പെൺ അനുപാതത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് പത്തനംതിട്ടയാണ് (976). തൊട്ടുപിന്നിലായി കൊല്ലം (973), കണ്ണൂർ (971) എന്നീ ജില്ലകളാണ്. തൃശ്ശൂരിലാണ് ഏറ്റവും കുറഞ്ഞ അനുപാതം (950). ഏറ്റവും കുറഞ്ഞതും കൂടിയതും തമ്മിൽ 26 പോയിന്റ് അന്തരമാണുള്ളത്. ഏറ്റവും ഉയർന്ന ദശാബ്ദ വർദ്ധനവ് കൊല്ലത്തും (13) തൊട്ടുപിന്നിൽ കോഴിക്കോടുമാണ് (10). മറ്റെല്ലാ ജില്ലകളുടെയും ദശാബ്ദമാറ്റം പത്തിൽ താഴെയാണ്. തൃശ്ശൂർ (-)8, ഇടുക്കി (-)5, ആലപ്പുഴ (-)5 എന്നീ ജില്ലകളിൽ കുട്ടികളിലെ ആൺ-പെൺ അനുപാതത്തിൽ ദശാബ്ദ വളർച്ച പൂജ്യത്തിനും താഴെയാണ്. വിശദാംശങ്ങൾ **അനുബന്ധം 1.2.2**ൽ കൊടുത്തിരിക്കുന്നു.

### പ്രായവിഭാഗ അനുപാതം

കഴിഞ്ഞ അമ്പത് വർഷത്തിനിടയിലെ കേരളത്തിലെ ജനസംഖ്യാപരമായ മാറ്റം ശ്രദ്ധേയമാണ്. 0-14 പ്രായ വിഭാഗത്തിലുള്ള ജനസംഖ്യ 1961-ൽ 43 ശതമാനമായിരുന്നത് 2011-ൽ 23.4 ശതമാനമായി കുറഞ്ഞു. മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങളുടെ ലഭ്യതയും, ആയുർദൈർഘ്യം വർദ്ധിച്ചതും കാരണം

60 വയസ്സിനു മുകളിലുള്ളവരുടെ അനുപാതം, 1961 ൽ 5 ശതമാനം ആയിരുന്നത് 2011-ൽ 12.7 ശതമാനം ആയി വർദ്ധിച്ചു. ദേശീയ തലത്തിൽ, ജനസംഖ്യയുടെ 29.5 ശതമാനം 0-14 വയസ്സിനിടയിലും 62.5 ശതമാനവും 15-59 വിഭാഗത്തിലും 8 ശതമാനം 60 വയസ്സിന് മുകളിലുള്ളവരുമാണ് ഈ പ്രവണത തുടരുകയാണെങ്കിൽ, 0-14 വയസ്സിനിടയിലുള്ള ജനസംഖ്യയുടെ അനുപാതം കുറഞ്ഞുവരുന്നതിനാൽ, തൊഴിൽ ചെയ്യുന്ന പ്രായ വിഭാഗത്തിലേക്കുള്ള (15-59) ജനസംഖ്യ സമീപഭാവിയിൽ കുറയും. അതുപോലെ 60 വയസ്സിനു മുകളിലുള്ളവരുടെ വർദ്ധിച്ചുവരുന്ന അനുപാതം സർക്കാരിന് ഉയർന്ന സാമൂഹിക സുരക്ഷാ ബാധ്യതകൾ ഉണ്ടാക്കും.

**പ്രായവിഭാഗം – ജില്ലാതല അനുപാതം**

2011 ലെ സെൻസസ് പ്രകാരം വിവിധ പ്രായക്കാർക്കിടയിലുള്ള ജനസംഖ്യയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **പട്ടിക 1.2.3**ൽ കൊടുത്തിരിക്കുന്നു. സംസ്ഥാനത്തെ ജനസംഖ്യയുടെ 63.9 ശതമാനം തൊഴിൽ സേനയുൾക്കൊള്ളുന്ന 15-59 പ്രായ വിഭാഗത്തിലും, 23.4 ശതമാനം 0-14 പ്രായ വിഭാഗത്തിലും 12.7 ശതമാനം 60 വയസ്സിന് മുകളിൽ പ്രായമുള്ള വിഭാഗത്തിലും ഉൾപ്പെടുന്നവരുമാണ്. ജില്ലകളുടെ കാര്യമെടുത്താൽ തൊഴിൽ സേനയുൾക്കൊള്ളുന്ന (15-59) വിഭാഗത്തിൽ ഏറ്റവും ഉയർന്ന ശതമാനം ഇടുക്കി (66 ശതമാനം) ജില്ലയിലാണ്, ഏറ്റവും കുറവ് മലപ്പുറം (61.4 ശതമാനം) ജില്ലയിലുമാണ്. വയോജനങ്ങൾ ഉൾക്കൊള്ളുന്ന (60 ഉം അതിന് മുകളിലും) പ്രായ വിഭാഗത്തിൽ ഉയർന്ന ശതമാനം പത്തനംതിട്ട (17.9 ശതമാനം ജില്ലയും, ഏറ്റവും കുറവ് മലപ്പുറം (8.4 ശതമാനം) ജില്ലയിലുമാണ്. അതേ സമയം 0-14 പ്രായ വിഭാഗത്തിൽ ഉൾപ്പെടുന്നവർ ഏറ്റവും കൂടുതൽ മലപ്പുറം (30.2 ശതമാനം) ജില്ലയിലും ഏറ്റവും കുറവ് പത്തനംതിട്ട (19.4 ശതമാനം) ജില്ലയിലുമാണ്.

വ്യത്യസ്ത പ്രായ വിഭാഗങ്ങളിലെ എണ്ണം കണക്കിലെടുത്താൽ 0-14, 15-59 എന്നീ രണ്ട് പ്രായ വിഭാഗങ്ങളിലും ഏറ്റവും കൂടുതൽ ആൾക്കാർ ഉള്ളത് മലപ്പുറം ജില്ലയിലാണ് (യഥാക്രമം 12.4 ലക്ഷം, 25.2 ലക്ഷം). അതേ സമയം 60 വയസ്സും അതിനു മുകളിലും പ്രായമുള്ളവരുടെ വിഭാഗത്തിൽ ഏറ്റവും കൂടുതൽ പേരുള്ളത് എറണാകുളം ജില്ലയിലാണ്. എല്ലാ പ്രായ വിഭാഗങ്ങളിലും ഏറ്റവും കുറവ് എണ്ണം ആൾക്കാർ ഉള്ളത് വയനാട് ജില്ലയിലാണ്.

**കേരളത്തിലെ ജോലി ചെയ്യുന്നവരുടെ ജനസംഖ്യ – 2011 ലെ സെൻസസ്**


2011 ലെ സെൻസസ് പ്രകാരം പ്രധാന തൊഴിലാളി വിഭാഗത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 9329747 ആണ് . ഇത് മൊത്തം ജനസംഖ്യ യുടെ 27.93 ശതമാനം ആണ് .പ്രധാന തൊഴിലാളി വിഭാഗത്തിൽ, 3 മാസത്തിനു താഴെ ജോലി ചെയ്യുന്നവരുടെ എണ്ണം 461113 ആണ് . ഇത് മൊത്തം ജന സംഖ്യ യുടെ 1.38 ശതമാനം ആണ് .നാമ മാത്ര തൊഴിലാളി വിഭാഗത്തിൽ ,3-6 മാസം വരെ ജോലി ചെയ്യുന്നവർ 18,28 20 3 ആണ്.ഇത് മൊത്തം ജനസംഖ്യ യുടെ 5.47 ശതമാനം ആണ് . നാമ മാത്ര തൊഴിലാളിൽ ജോലിക്കായി തിരയുന്നവർ/ തയ്യാറായവർ 1116671 ആണ് .ഇത് മൊത്തം ജന സംഖ്യ യുടെ 3.34 ശതമാനം ആണ് . മൊത്തം ജനസംഖ്യയുടെ 65 ശതമാനം തൊഴിലാളികൾ അല്ലാത്തവർ ആണ് (അതായത് 21786998 പേർ തൊഴിലാളികൾ അല്ലാത്തവർ ആണ്). വിശദാംശങ്ങൾ **പട്ടിക 1.2.4**ൽ നൽകിയിരിക്കുന്നു.

**പട്ടിക1.2.3.** വിവിധ പ്രായ വിഭാഗങ്ങളിലെ ജനസംഖ്യയുടെ ജില്ല തിരിച്ചുള്ള വിതരണം-2011

| ക്രമ നമ്പർ | ജില്ല | മൊത്തം ജില്ലയിലെ ജനസംഖ്യയിൽ വ്യത്യസ്ത പ്രായത്തിലുള്ള സംഖ്യകൾ | | | മൊത്തം ജില്ല ജനസംഖ്യയിലെ വ്യത്യസ്ത പ്രായ വിഭാഗത്തിന്റെ ശതമാനം | | |
|---|---|---|---|---|---|---|---|
| | | 0-14 | 15-59 | 60+ | 0-14 | 15-59 | 60+ |
| 1 | കാസർഗോഡ് | 3,42,696 | 8,35,111 | 1,29,568 | 26.2 | 63.9 | 9.9 |
| 2 | കണ്ണൂർ | 5,94,411 | 16,06,593 | 3,21,999 | 23.6 | 63.7 | 12.8 |
| 3 | വയനാട് | 2,12,246 | 5,26,414 | 78,760 | 26.0 | 64.4 | 9.6 |
| 4 | കോഴിക്കോട് | 7,49,692 | 19,72,762 | 3,63,839 | 24.3 | 63.9 | 11.8 |
| 5 | മലപ്പുറം | 12,41,491 | 25,26,407 | 3,45,022 | 30.2 | 61.4 | 8.4 |
| 6 | പാലക്കാട് | 6,78,192 | 17,95,096 | 3,36,646 | 24.1 | 63.9 | 12.0 |
| 7 | തൃശ്ശൂർ | 6,88,592 | 20,01,050 | 4,31,558 | 22.1 | 64.1 | 13.8 |
| 8 | എറണാകുളം | 6,93,215 | 21,35,689 | 4,53,484 | 21.1 | 65.1 | 13.8 |
| 9 | ഇടുക്കി | 2,47,338 | 7,32,193 | 1,29,443 | 22.3 | 66.0 | 11.7 |
| 10 | കോട്ടയം | 4,13,849 | 12,47,065 | 3,13,637 | 21.0 | 63.2 | 15.9 |
| 11 | ആലപ്പുഴ | 4,46,279 | 13,57,100 | 3,24,410 | 21.0 | 63.8 | 15.2 |
| 12 | പത്തനംതിട്ട | 2,32,670 | 7,50,202 | 2,14,540 | 19.4 | 62.7 | 17.9 |
| 13 | കൊല്ലം | 5,83,023 | 17,00,534 | 3,51,818 | 22.1 | 64.5 | 13.3 |
| 14 | തിരുവനന്തപുരം | 7,07,280 | 21,60,992 | 4,33,155 | 21.4 | 65.5 | 13.1 |
| | കേരളം | 78,30,974 | 2,13,47,208 | 4193393 # | 23.4 | 63.9 | 12.55 |

അവലംബം : *സെൻസസ് 2011, # ഇതിൽ പ്രായം വ്യക്തമാക്കാത്ത വിഭാഗത്തെ (34486) ഉൾപ്പെടുത്തിയിട്ടില്ല.*

**ചിത്രം 1.2.3** 2001, 2011 സെൻസസിലെ ജില്ല തിരിച്ചുള്ള ജനസംഖ്യ




**പട്ടിക 1.2.4** കേരളത്തിലെ തൊഴിലാളി വിഭാഗത്തിന്റെ ഇനം തിരിച്ചുള്ള ജനസംഖ്യ

| ക്രമനമ്പർ | ജനസംഖ്യ വിഭാഗം | മൊത്തം ജനസംഖ്യ | പ്രധാന തൊഴിലാളികൾ | | നാമമാത്ര തൊഴിലാളികൾ | | തൊഴിലാളികളല്ലാത്തവർ | |
|---|---|---|---|---|---|---|---|---|
| | | | ജോലി ചെയ്യുന്ന ജനസംഖ്യ | 3 മാസത്തിൽ താഴെ ജോലി ചെയ്തവർ | നാമമാത്ര തൊഴിലാളികൾ - 3-6 മാസം ജോലി ചെയ്തു | ജോലിക്കായി തിരയുന്നവർ/ തയ്യാറായവർ | ആകെ | ജോലിക്കായി തിരയുന്നവർ/ തയ്യാറായവർ |
| 1 | പുരുഷൻ | 160,27,412 | 7179828 | 210044 | 1061697 | 637148 | 7575843 | 3921212 |
| 2 | സ്ത്രീ | 173,78,649 | 20149919 | 251069 | 766506 | 479523 | 14211155 | 1157115 |
| | ആകെ | 33,40,6061 | 9329747 | 461113 | 1828203 | 1116671 | 21786998 | 2764097 |

അവലംബം: *രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറുടെ ഓഫീസ്, ഇന്ത്യ, ആഭ്യന്തര മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്, https://censusindia.gov.in/nada/index.php/catalog/12629, Ref. No. ORGI Census 2011 Tables.*


**നഗരവൽക്കരണം**

സമീപ ദശകങ്ങളിൽ നഗരവൽക്കരണം ഒരു പ്രധാന ആഗോള പ്രവണതയാണ്, നൂറ്റാണ്ടിന്റെ മധ്യത്തോടെ നഗരവൽക്കരണം ഉയർന്ന് 68 ശതമാനത്തിലെത്തും എന്ന് ഐക്യരാഷ്ട്രസഭ പ്രവചിക്കുന്നു. നഗര ജനസംഖ്യയിൽ ക്രമാനുഗതവും സ്ഥിരവുമായ വർധനവ് കാഴ്ചവച്ചുകൊണ്ട് നഗരവൽക്കരണ പ്രക്രിയയിൽ ഇന്ത്യ നിർണായക പങ്ക് വഹിക്കുന്നു.

ഇന്ത്യയിൽ, നഗരവൽക്കരണത്തെ രണ്ട് വ്യത്യസ്ത നിർവചനങ്ങളിലൂടെയാണ് നിർണയിക്കുന്നത്: ഭരണപരമായ നിർവചനവും സെൻസസ് നിർവചനവും. ഭരണപരമായ നിർവചനത്തിന് കീഴിൽ, ഒരു പ്രദേശം ഒരു നഗര തദ്ദേശസ്വയംഭരണ സർക്കാരിന്റെ (എൽ.എസ്.ജി) അധികാരപരിധിയിലാണെങ്കിൽ അത് നഗര വിഭാഗത്തിൽപ്പെടും. കൂടാതെ, ജനസംഖ്യ, ജനസാന്ദ്രത, സാമ്പത്തികപ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിർദിഷ്ട പരിധികൾ മറികടക്കുകയാണെങ്കിൽ ഒരു പ്രദേശം നഗരമായി നിശ്ചയിക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്.

സെൻസസ് നിർവചനം അനുസരിച്ച്, ഇന്ത്യയിൽ ആകെ 7,933 നഗര വാസസ്ഥലങ്ങളുണ്ട് (സ്റ്റാറ്റ്യൂട്ടറിപട്ടണങ്ങളും സെൻസസ് പട്ടണങ്ങളും). ഇവിടെയുള്ള ജനസംഖ്യ 377.1 ദശലക്ഷമാണ് (സെൻസസ് 2011). വാസ്തവത്തിൽ, ലോകത്തിലെ രണ്ടാമത്തെ വലിയ നഗര സംവിധാനമെന്ന നിലയിൽ ഇന്ത്യ അഭിമാനിക്കുന്നു. ഇന്ത്യയുടെ നഗര ജനസംഖ്യ 2020-ൽ ഏകദേശം 483 ദശലക്ഷമായിരുന്നു, ഇതിലൂടെ ആഗോള നഗര ജനസംഖ്യയിൽ മുന്നിൽ നില്ക്കുന്ന ഏറ്റവും വലിയ രണ്ടാമത്തെ രാജ്യമായി ഇന്ത്യ മാറി. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 31.5 ശതമാനമാണ് നഗരജനസംഖ്യ. ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച്, ഇന്ത്യയുടെ

**ചിത്രം 1.2.4** ഇന്ത്യയിലെ നഗരവൽക്കരണ പ്രവണത




*സ്രോതസ്: സെൻസസ് ഓഫ് ഇന്ത്യ(1971 മുതൽ 2011 വരെ), യുഎൻ വേൾഡ് അർബനൈസേഷൻ പ്രോസ്പെക്ടസ്, 2018 (വർഷങ്ങൾ 2020 മുതൽ 2050 വരെ)*

നഗര ജനസംഖ്യ 2030-ഓടെ 607 ദശലക്ഷവും (മൊത്തം 40.1 ശതമാനം) 2050-ഓടെ 876 ദശലക്ഷവും ആകും, ഇത് 2011-ലെ നഗര ജനസംഖ്യയുടെ ഇരട്ടിയിലധികം വരും (**ചിത്രം –1.2.3**).

"സ്റ്റേറ്റ് ഓഫ് ദി സിറ്റീസ് ഇന്ത്യ (2021)" റിപ്പോർട്ട് നഗരവൽക്കരണം, ഉൽപ്പാദനക്ഷമത, ഉൾപ്പെടുത്തൽ, പരിസ്ഥിതി സുരക്ഷ എന്നിവയുടെ വിവിധ മാനദണ്ഡങ്ങളെ പ്രതിനിധീകരിക്കുന്ന 25 സൂചകങ്ങൾ ഉൾക്കൊള്ളുന്ന ഒരു നഗരവൽക്കരണ സൂചിക അവതരിപ്പിച്ചു. രാജ്യത്തെ 28 സംസ്ഥാനങ്ങളെയും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളെയും റാങ്ക് ചെയ്യാൻ നഗരവൽക്കരണ സൂചിക ഉപയോഗിച്ചു. 17 പൊതു സംസ്ഥാനങ്ങളിൽ, ഗോവ (66.5) കഴിഞ്ഞാൽ, ഇന്ത്യയിൽ ഏറ്റവും കൂടുതൽ നഗരവൽക്കരിക്കപ്പെട്ട രണ്ടാമത്തെ സംസ്ഥാനമാണ് കേരളം (66.0) എന്ന് ഫലങ്ങൾ വെളിപ്പെടുത്തുന്നു. ബീഹാർ (17.0), ഛത്തീസ്ഗഢ് (27.6), ഒഡീഷ (29.2), മധ്യപ്രദേശ് (32.6) എന്നിവ നഗരവൽക്കരണം ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളാണ്.

നഗരവൽക്കരണം, ഉൽപ്പാദനക്ഷമത, ഉൾപ്പെടുത്തൽ, പാരിസ്ഥിതിക സുരക്ഷ എന്നിങ്ങനെ സൂചികയിലെ വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും വ്യക്തിഗതമായി റാങ്ക് ചെയ്തു. ഇത് അളവുകൾ തമ്മിലുള്ള പരസ്പരബന്ധത്തെക്കുറിച്ചും, കൂടുതൽ നഗരവൽക്കരിക്കപ്പെട്ട സംസ്ഥാനങ്ങൾ സ്ഥിരതയാർന്ന ഉയർന്ന ഉൽപ്പാദനക്ഷമതയും ഉൾക്കൊള്ളലും പ്രകടിപ്പിക്കുന്നുണ്ടോയെന്നും മനസ്സിലാക്കാൻ ഈ വിശകലനം ലക്ഷ്യമിടുന്നു. നഗരവൽക്കരണത്തിലും ഉൽപ്പാദനക്ഷമതയിലും കേരളം ഒന്നാംസ്ഥാനത്ത് നിൽക്കുന്നുവെന്ന റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. എന്നിരുന്നാലും, ഉൾപ്പെടുത്തൽ, പരിസ്ഥിതി സുരക്ഷ എന്നിവയിൽ സംസ്ഥാനം പിന്നോട്ടാണ്.

കേരളത്തിലെ നഗരവൽക്കരണത്തെക്കുറിച്ചുള്ള വിവരങ്ങൾ സൂചിപ്പിക്കുന്നത്, 1901 ൽ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങൾ ചേർന്ന് 6.4 ദശലക്ഷം ജനസംഖ്യ ഉണ്ടായിരുന്നതിൽ 92.2 ശതമാനം ഗ്രാമീണ മേഖലയിലായിരുന്നു ജീവിച്ചിരുന്നത്. നഗര മേഖലയിലെ ജനസംഖ്യ 10 ശതമാനത്തിൽ താഴെയുമായിരുന്നു. കഴിഞ്ഞ നൂറു വർഷത്തിനിടയിൽ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ ഗ്രാമീണ ജനതയുടെ അനുപാതം കുറയുകയും 2001 ആയപ്പോഴേക്കും ജനസംഖ്യയുടെ 74 ശതമാനം ആയിത്തീരുകയും ചെയ്തു. 2011 ലെ സെൻസസിൽ ഗ്രാമ/നഗര ജനസംഖ്യാനുപാതം സംസ്ഥാനത്ത് ഏകദേശം തുല്യമായി വിഭജിക്കപ്പെട്ട അവസ്ഥയിലാണെന്ന് കാണാവുന്നതാണ്. 2011 സെൻസസ് പ്രകാരം സംസ്ഥാനത്തിന്റെ നഗര ജനസംഖ്യ 15.9 ദശലക്ഷം ആണ്. ഇതാകട്ടെ ജനസംഖ്യയുടെ 47.7 ശതമാനത്തോളം വരും. അതേ സമയം ഗ്രാമീണ ജനസംഖ്യ 17.4 ദശലക്ഷം (52.3 ശതമാനം) വുമാണ്. 2001 നും 2011 നും ഇടയിലെ നഗര ജനസംഖ്യയുടെ ദശാബ്ദ വളർച്ചാനിരക്ക് 92.72 ശതമാനമാണ്. ദ്രുതഗതിയിൽ നഗരവത്കൃതമാവുന്ന സംസ്ഥാനം കൂടിയാണ് കേരളം. സംസ്ഥാനത്ത് നഗര ജനസംഖ്യയുടെ അനുപാതം കൂടുതലുള്ള ജില്ല എറണാകുളവും (68.1 ശതമാനം), കുറവ് വയനാട്ടിലുമാണ് (3.8 ശതമാനം).

2011 ലെ കാനേഷുമാരി പ്രകാരം സെൻസസ് നഗരങ്ങളുടെ എണ്ണത്തിൽ വർധനവുണ്ടായതിനാൽ നഗരങ്ങളുടെ എണ്ണത്തിൽ വൻ വർധനയുണ്ടായി എന്നത് വ്യക്തമാണ്. ഒരു സെൻസസ് ടൗൺ എന്നത് നിയമപരമായി നഗരമായി പ്രഖ്യാപിക്കപ്പെടാത്തതും ജനസംഖ്യ 5,000 ൽ അധികവും ജനസാന്ദ്രത ചുരുങ്ങിയത് ചതുരശ്ര കിലോമീറ്ററിന് 400 വ്യക്തികളും; കാർഷിക മേഖലയ്ക്ക് പുറത്ത് ചുരുങ്ങിയത് 75 ശതമാനം പുരുഷന്മാർ തൊഴിലെടുക്കുന്ന നഗര സ്വഭാവത്തിലെത്തപ്പെട്ടതുമായ പ്രദേശമാണ്. 2001 സെൻസസ് അനുസരിച്ച്, കേരളത്തിൽ 99 സെൻസസ് നഗരങ്ങളും, 60 സ്റ്റാറ്റ്യൂട്ടറി

നഗരങ്ങളുമുണ്ടായിരുന്നു. എന്നാൽ 2011 സെൻസസ് കണക്കുകൾ പ്രകാരം 461 സെൻസസ് നഗരങ്ങളും 59 സ്റ്റാറ്റ്യൂട്ടറി നഗരങ്ങളുമായിട്ടുണ്ട്. സെൻസസ് നഗരങ്ങളുടെ എണ്ണത്തിൽ മാത്രം 366 ശതമാനം വളർച്ചയുണ്ടായിട്ടുള്ളതായി കാണാം. 2011 ലെ കണക്ക് നോക്കിയാൽ വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ സ്റ്റാറ്റ്യൂട്ടറി നഗരങ്ങൾ മാത്രമേ ഉള്ളുവെന്നും ഒരു സെൻസസ് നഗരം പോലുമില്ല എന്നും കാണാം.

സെൻസസ് നഗരങ്ങളുടെ വർഗീകരണം ഗ്രാമ ജനസംഖ്യയിലെ വളർച്ച കുറഞ്ഞ് നെഗറ്റീവിലേക്ക് എത്തിക്കുകയുണ്ടായി. കൂടാതെ 2001, 2011 സെൻസസുകൾ പരിശോധിച്ചാൽ നഗര ജനസംഖ്യയുടെ ദശാബ്ദ ജനസംഖ്യാ വളർച്ചാനിരക്ക് 3.90 ശതമാനമാണെന്നു കാണാം. ഇതാകട്ടെ സംസ്ഥാന ശരാശരി വളർച്ചാനിരക്കായ 4.86 ശതമാനത്തേക്കാൾ കുറവുമാണ്. നഗരജനസംഖ്യാ വളർച്ചയുടെ കാരണം നഗരങ്ങളിലേക്കുള്ള കുടിയേറ്റമല്ലെന്ന് തന്നെയാണ് ഇത് കാണിക്കുന്നത്. നഗര ജനസംഖ്യയിലെ വളർച്ച മുഖ്യമായും സെൻസസ് ടൗണുകളുടെ വർധനവ് മൂലമാണെന്നും കാണാവുന്നതാണ്. അതേപോലെ നിലവിൽ സംസ്ഥാനത്ത് 19 അർബൻ അഗ്ലോമെറേഷനുകളാണുള്ളത്.

135 പട്ടണങ്ങളുള്ള (സ്റ്റ്യാറ്റ്യൂട്ടറി+സെൻസസ്) തൃശ്ശൂർ ജില്ലയിലാണ് ഏറ്റവുമധികം പട്ടണങ്ങൾ ഉള്ളത്. ഇത് സംസ്ഥാനത്തെ ആകെ പട്ടണങ്ങളുടെ 25 ശതമാനത്തിലധികം വരും. ഏകദേശം 60 ശതമാനം പട്ടണങ്ങളും തൃശ്ശൂർ, കണ്ണൂർ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ്. എട്ടു ജില്ലകളിൽ നഗര ജനസംഖ്യ ദശലക്ഷം കടന്നിട്ടുണ്ട്. ഇതിൽ എറണാകുളം മുന്നിലും തുടർന്ന് തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളുമാണ്. ഈ നാല് ജില്ലകളിലാണ് സംസ്ഥാനത്തെ ആകെ നഗരജനസംഖ്യയുടെ 50 ശതമാനത്തോളവും വസിക്കുന്നത്. 2001-2011 കാലയളവിൽ നഗരജനസംഖ്യാ വളർച്ചയുടെ കണക്കെടുത്താൽ ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും നഗര ജനസംഖ്യയിൽ വർധനവുണ്ടായിട്ടുണ്ട്. മലപ്പുറം ജില്ലയിലാണ് നഗര ജനസംഖ്യയുടെ വളർച്ചയിൽ വലിയ വർധനവ് കാണിക്കുന്നത്. തുടർന്ന് കൊല്ലം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളുമാണ്.

സംസ്ഥാനത്തെ ഗ്രാമീണ ജനസംഖ്യയുടെ 25 ശതമാനത്തോളം വസിക്കുന്നത് മലപ്പുറം, പാലക്കാട് എന്നീ രണ്ട് ജില്ലകളിലാണ്. ഈ ജില്ലകൾക്കൾക്ക് പുറമേ കാസർഗോഡ്, കോട്ടയം, പത്തനംതിട്ട, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകളിലും ഗ്രാമീണ ജനസംഖ്യ നഗരജനസംഖ്യയേക്കാൾ കൂടുതലാണെന്നും കാണാം. ഇടുക്കി, വയനാട് ജില്ലകളിൽ വസിക്കുന്ന 95 ശതമാനം പേരും ഗ്രാമീണരാണ്.

കേരളത്തിന്റെ നഗര വളർച്ചാ പ്രവണതകളും, നഗര ജനസംഖ്യയുടെ വർധിച്ചുവരുന്ന ആവശ്യങ്ങളും അഭിലാഷങ്ങളും, അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നയങ്ങളും / പരിപാടികളും നഗരപ്രദേശങ്ങളിലെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള അവസരങ്ങളും വെല്ലുവിളികളും ഒരു പോലെ ഉയർത്തുന്നു. നഗരപ്രദേശങ്ങളിൽ മാനവ സാമ്പത്തിക വികസനത്തിന് വലിയ അവസരങ്ങളുണ്ട്, എന്നാൽ സുസ്ഥിരമായ വിപുലീകരണം ഉറപ്പാക്കുകയും അനുബന്ധ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. അടിസ്ഥാന സൗകര്യങ്ങൾ, പരിസ്ഥിതി സംരക്ഷണം, സാമൂഹിക ഉൾപ്പെടുത്തൽ എന്നിവയിൽ സംസ്ഥാനം ഇടപെടലുകൾ തുടരേണ്ടതാണ്. അങ്ങനെ ചെയ്യുന്നതിലൂടെ, കേരളത്തിന് അതിന്റെ തനതായ സാംസ്കാരികവും പ്രകൃതിദത്തവുമായ പൈതൃകം നിലനിർത്തിക്കൊണ്ട് നഗരവൽക്കരണത്തിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്താനാകും. ഇതിന് നഗര വികസനത്തിൽ ഉൾപ്പെട്ടിരിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ഏകോപിപ്പിക്കാനുള്ള ശരിയായ സംവിധാനങ്ങൾ അനിവാര്യമാണ്. അർബൻ കമ്മീഷൻ സ്ഥാപിക്കാനുള്ള സർക്കാരിന്റെ തീരുമാനം ഈ ദിശയിലുള്ള ഒരു സുപ്രധാന ചുവടുവയ്പാണ്. കൂടാതെ, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും, പ്രധാനപ്പെട്ട നഗരവിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുമുള്ള ഗവൺമെന്റിന്റെ പരിപാടികളും പ്രശംസനീയമായ നേട്ടങ്ങൾ നൽകി. ഉദാഹരണത്തിന്, മാലിന്യമുക്ത കാമ്പയിൻ, കേരളത്തിലെ നഗരകേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനായി അടിസ്ഥാന സൗകര്യങ്ങളും സംഘടനാ സംവിധാനങ്ങളും മെച്ചപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഗവൺമെന്റ് വിഭാവനം ചെയ്തതുപോലെ, അത്യാധുനിക നാഗരിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സജീവ പങ്കാളിത്തം ഉറപ്പാക്കി വരുന്നു. നഗര ദരിദ്രർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള പരിപാടിയായ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് നഗരദാരിദ്ര്യം പരിഹരിക്കുന്നതിനുള്ള നൂതനമായ ചുവടുവെപ്പായി കാണുന്നു. നഗരതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക വികസന പരിപാടികളെ വിവിധ കേന്ദ്രാവിഷ്കൃത പരിപാടികളുമായി സംയോജിപ്പിച്ച് നഗരവികസനത്തിലെ ഇടപെടലുകൾ കൂടുതൽ ഫലപ്രദമാക്കാൻ തല്പരരാണ്.

# 1.3 ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ


*2017-ലെ പർച്ചേസിങ്ങ് പവർ പാരിറ്റി പ്രകാരം ഒരു വ്യക്തിക്ക് പ്രതിദിനം 2.15 ഡോളറിൽ താഴെ മാത്രമാണ് വരുമാനമുള്ളതെങ്കിൽ ആ വ്യക്തിയെ അതിദരിദ്രനായി കണക്കാക്കുന്നു. ഈ നിർവചന പ്രകാരം അതിദാരിദ്ര്യത്തിന്റെ തോത് സമീപദശകങ്ങളിൽ ഗണ്യമായി കുറഞ്ഞതായി കാണാം. എന്നാൽ, കോവിഡ്-19 ഈ പ്രവണതയെ മാറ്റിമറിച്ചു. 2020-ൽ, കടുത്ത ദാരിദ്ര്യത്തിൽ കഴിയുന്ന ആളുകളുടെ എണ്ണം 724 ദശലക്ഷമായി ഉയർന്നു, ഇത് പകർച്ചവ്യാധിക്ക് മുമ്പുള്ള പ്രൊജക്ഷനേക്കാൾ 90 ദശലക്ഷം അധികവും ദാരിദ്ര്യം കുറയ്ക്കുന്നതിനുള്ള ഏകദേശം മൂന്ന് വർഷത്തെ പുരോഗതിയെ അട്ടിമറിക്കുകയും ചെയ്തു. മഹാമാരിയിൽ നിന്നുള്ള വീണ്ടെടുക്കൽ മന്ദഗതിയിലുള്ളതും അസമത്വമുള്ളതുമാണ്. അതിദാരിദ്ര്യം 2020-ൽ 9.3 ശതമാനത്തിൽ നിന്ന് 2021-ൽ 8.8 ശതമാനമായി കുറഞ്ഞു. 2021 ൽ, കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളിൽ 41 ശതമാനം മുൻവർഷത്തെ അപേക്ഷിച്ച് ഉയർന്ന ദാരിദ്ര്യനിരക്ക് അനുഭവിച്ചപ്പോൾ ഉയർന്ന ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിൽ ഇത് 13 ശതമാനമായിരുന്നു. നിലവിലെ പ്രവണതകൾ തുടരുകയാണെങ്കിൽ, ആഗോള ജനസംഖ്യയുടെ 7 ശതമാനം - ഏകദേശം 575 ദശലക്ഷം ആളുകൾ - 2030 ആകുമ്പോഴേക്കും കടുത്ത ദാരിദ്ര്യത്തിൽ ജീവിക്കും. ഇതിൽ ഭൂരിഭാഗവും സബ്-സഹാറൻ ആഫ്രിക്കയിലാണ്. ഈ പ്രൊജക്ഷൻ സൂചിപ്പിക്കുന്നത് 2015 മുതൽ ദാരിദ്ര്യം വെറും 30 ശതമാനമേ കുറയ്ക്കാനായുള്ളൂ എന്നതാണ്. (ഐക്യ രാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യ റിപ്പോർട്ട് 2023, പ്രത്യേക പതിപ്പ്)*

ലോകബാങ്കിന്റെ 2022-ലെ പോവർട്ടി ആന്റ് ഷെയേർഡ് പ്രോസ്പെരിറ്റി – കറക്ടിംഗ് കോഴ്സ് റിപ്പോർട്ട് പ്രകാരം 2020 ൽ മാത്രം ലോകമെമ്പാടുമുള്ള അതിദാരിദ്ര്യ രേഖയ്ക്ക് താഴെ ജീവിക്കുന്ന ആൾക്കാരുടെ എണ്ണം ഏകദേശം 70 ദശലക്ഷത്തിലധികം വർദ്ധിച്ചതിൽ 56 ദശലക്ഷം ഇന്ത്യക്കാരാണ് .ഇന്ത്യയിലെ ദാരിദ്ര്യം 1973-74 ൽ 54.88 ശതമാനത്തിൽ നിന്ന് 2011-12 ൽ 29.5 ശതമാനമായി കുറഞ്ഞിട്ടുണ്ട് (ആസൂത്രണ കമ്മീഷൻ, കേന്ദ്ര സർക്കാർ ,2014) . എന്നിരുന്നാലും, തുടർന്നുള്ള ദശാബ്ദത്തിലെ ഡാറ്റയുടെ അഭാവം രാജ്യത്തെ ദാരിദ്ര്യത്തിന്റെ തോത് സംബന്ധിച്ച് ഗുരുതരമായ ചോദ്യങ്ങൾ ഉയർത്തിയിട്ടുണ്ട്, പ്രത്യേകിച്ചും ലോകമെമ്പാടുമുള്ള ദാരിദ്ര്യത്തിൽ മഹാമാരി ചെലുത്തുന്ന ഗണ്യമായ സ്വാധീനത്തിന്റെ അടിസ്ഥാനത്തിൽ. ഡാറ്റ ഗുണനിലവാരത്തെക്കുറിച്ചുള്ള ആശങ്കകൾ കാരണം 2017-18 എൻഎസ്എസ് റൗണ്ട് റിലീസ് ചെയ്യേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചതിനാൽ, കഴിഞ്ഞ ദശകത്തിൽ ദാരിദ്ര്യത്തെ സംബന്ധിച്ച കണക്കുകളിൽ ഗുരുതരമായ ഡാറ്റാ വിടവുണ്ട്. 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ സ്വകാര്യ ഡാറ്റ കമ്പനിയായ സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കണോമി നടത്തിയ കൺസ്യൂമർ പിരമിഡ്സ് ഹൌസ്ഹോൾഡ് സർവ്വേ (സിപിഎച്ച്എസ്) കൂടുതലും അവലംബിക്കുന്ന ലോകബാങ്കിന്റെ റിപ്പോർട്ട് അനുസരിച്ച്, 2011 മുതൽ ഇന്ത്യയിൽ ദാരിദ്ര്യം കുറഞ്ഞു എന്നാണ്.

രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തികച്ചും വ്യത്യസ്തമായ ഒരു വികസന പാതയാണ് ദാരിദ്ര്യവും അനുബന്ധ പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ കേരളം പിന്തുടർന്ന് പോരുന്നത്. ഭൂപരിഷ്ക്കരണം, എല്ലാവർക്കും വിദ്യാഭ്യാസ, ആരോഗ്യ സംരക്ഷണം, അധികാര വികേന്ദ്രീകരണം, വിപുലമായ സാമൂഹിക സുരക്ഷാ പദ്ധതികൾ, പൊതുവിതരണ സമ്പ്രദായം, കുടുംബശ്രീ പോലുള്ള സ്ത്രീ ശാക്തീകരണ പരിപാടികൾ, തുടങ്ങിയ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ-നഗര ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ഔദ്യോഗിക കണക്കുകൾ പ്രകാരം കഴിഞ്ഞ 40 വർഷത്തിനിടയിൽ കേരളത്തിലെ കേവല ദാരിദ്ര്യ നിരക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കേരളത്തിലെ ദാരിദ്ര്യം 1973-74-ൽ 59.79 ശതമാനത്തിൽ നിന്ന് 2011-12-ൽ 11.3 ശതമാനമായി കുറഞ്ഞു, അതേസമയം അഖിലേന്ത്യാ തലത്തിലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് ഇന്ത്യയിൽ ദാരിദ്ര്യത്തിൽ താരതമ്യേന കുറഞ്ഞ ഇടിവാണ് ഉണ്ടായത് എന്നാണ്.

നീതി ആയോഗിന്റെ പ്രഥമ ബഹുമുഖ ദാരിദ്ര്യ സൂചക (എംപിഐ) റിപ്പോർട്ട് (2021) പ്രകാരം, ഇന്ത്യയിലെ

**ചിത്രം 1.3.1** ജനസംഖ്യയുടെ ശതമാനം




ഉറവിടം : എം.പി.ഐ റിപ്പോർട്ട് നീതി ആയോഗ്

ഏറ്റവും കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. കേരളത്തിന് (0.71 ശതമാനം), പിന്നിലായി ഗോവ (3.76 ശതമാനം), സിക്കിം (3.82 ശതമാനം), തമിഴ്നാട് (4.89 ശതമാനം) പഞ്ചാബ് (5.59 ശതമാനം) എന്നീ സംസ്ഥാനങ്ങളാണ്. കുട്ടികളുടെയും കൗമാരക്കാരുടെയും മരണനിരക്ക് (0.19 ശതമാനം), മാതൃ ആരോഗ്യം (1.73 ശതമാനം), സ്കൂൾ വിദ്യാഭ്യാസം (1.78 ശതമാനം), സ്കൂൾ ഹാജർ നില (0.3 ശതമാനം), ശുചിത്വം (1.86 ശതമാനം) തുടങ്ങി ദാരിദ്ര്യത്തിനെ നിർവചിക്കുന്ന ഒട്ടുമിക്ക മാനദണ്ഡങ്ങളിലും കേരളം കുറഞ്ഞ ശതമാനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പോഷകാഹാരം, പാചക ഇന്ധനം, ശുചിത്വം, കുടിവെള്ളം, വൈദ്യുതി, ഭവനം, ആസ്തികൾ, ബാങ്ക് അക്കൗണ്ടുകൾ എന്നീ മാനദണ്ഡങ്ങളിൽ വളരെക്കുറച്ച് കുടുംബങ്ങൾ മാത്രമേ ഇല്ലായ്മ നേരിടുന്നുള്ളൂ. ജില്ലകളിൽ ഒരു അതിദരിദ്ര കുടുംബം പോലുമില്ലാതെ കോട്ടയം മുന്നിൽ നിൽക്കുന്നു. വയനാട്ടിലാണ് ബഹുമുഖ ദാരിദ്ര്യത്തിന്റെ ഏറ്റവും ഉയർന്ന ശതമാനം കാണിക്കുന്നത് (3.48%).

ഇപ്പോൾ, നീതി ആയോഗിന്റെ (നാഷണൽ മൾട്ടി-ഡൈമൻഷണൽ പോവർട്ടി ഇൻഡക്സ്-എ പ്രോഗ്രസീവ് റിവ്യൂ 2023) ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം, 2015-16 മുതൽ 2019-21 വരെ കേരളത്തിലെ ബഹുമുഖ ദരിദ്രരുടെ എണ്ണം 0.7 ശതമാനത്തിൽ നിന്ന് 0.55 ശതമാനമായി കുറഞ്ഞു. ദരിദ്രരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായുള്ള സംസ്ഥാനത്തിന്റെ അചഞ്ചലമായ പ്രതിബദ്ധത സംസ്ഥാനത്തെ കുറഞ്ഞ എംപിഐ സൂചികയിൽ പ്രകടമാണ്.

ദാരിദ്ര്യത്തിന്റെ ശരാശരി കണക്കുകൾ നോക്കിയാൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ ഒറ്റപ്പെട്ട ഭാഗങ്ങളിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ഇപ്പോഴും കാണപ്പെടുന്നുണ്ട്. സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗം, മത്സ്യത്തൊഴിലാളികൾ, മൺപാത്രത്തൊഴിലാളികൾ കരകൗശലത്തൊഴിലാളികൾ തുടങ്ങിയ പാർശ്വവൽക്കരിക്കപ്പെട്ട സാമൂഹ്യ വിഭാഗങ്ങൾക്കിടയിലും ദാരിദ്ര്യം കാണുന്നുണ്ട്. സർക്കാർ പല പദ്ധതികളിലൂടെ ഈ പ്രശ്നങ്ങളെ നേരിടുന്നുണ്ട്. സംസ്ഥാന പ്രാദേശിക സർക്കാർ പദ്ധതികളിൽ പുതിയ ഉപജീവന പദ്ധതികൾ രൂപകല്പനചെയ്ത് ഇവർക്കിടയിൽ നടപ്പിലാക്കുന്നതുവഴി മാത്രമേ ദാരിദ്ര്യം കുറയ്ക്കുവാൻ സാധിക്കുകയുള്ളൂ എന്ന വസ്തുതയിലേക്കാണ് ഇതെല്ലാം വിരൽചൂണ്ടുന്നത്. പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾ ഒട്ടനവധി ദാരിദ്ര്യ നിർമ്മാർജ്ജന/ ഉപജീവനമാർഗ്ഗ പദ്ധതികൾ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളുടെയും ഇടപെടലുകൾ വഴി ദാരിദ്ര്യനിർമ്മാർജ്ജനം സാധ്യമാക്കുന്നതിനായി സർക്കാർ ഒരു സമഗ്ര പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്.

### അതിദാരിദ്ര്യ നിർമാർജ്ജന പരിപാടി

അതിദാരിദ്ര്യം തുടച്ചുനീക്കുക എന്ന യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് അതിദാരിദ്ര്യ സർവെയ്ക്ക് തുടക്കമിടുകയുണ്ടായി. ഭക്ഷണം, വരുമാനം, ആരോഗ്യം, പാർപ്പിടം എന്നീ 4 ഘടകങ്ങളിലെ ഇല്ലായ്മയെ അടിസ്ഥാനമാക്കിയായിരുന്നു അതിദാരിദ്ര നിർണ്ണയ പ്രക്രിയ. ഗ്രാമവികസന കമ്മീഷണറേറ്റിനായിരുന്നു

സർവ്വെ നടത്തുന്നതിനുള്ള നോഡൽ വകുപ്പ്. ആശ്രയ പദ്ധതിക്കു കീഴിൽ വരാത്ത കുടുംബങ്ങളെയാണ് സർവെയുടെ ഭാഗമാക്കിയത് (അഗതികളെ കണ്ടെത്താനുള്ള സംസ്ഥാന പദ്ധതിയാണ് ആശ്രയ പദ്ധതി. നിലവിൽ 1.57 ലക്ഷം ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉള്ളത്).


വാർഡുകൾ/ഡിവിഷനുകളിൽ നിന്നും പങ്കാളിത്ത നാമനിർദേശം വഴി കണ്ടെത്തിയ 1,18,309 കുടുംബങ്ങളിൽ നിന്നും പ്രാദേശിക സർക്കാർ തലത്തിലെ സബ്കമ്മറ്റികൾ പരിശോധിച്ച് 87,158 പേരെ ഷോർട്ട്ലിസ്റ്റ് ചെയ്യുകയുണ്ടായി. പ്രസ്തുത വിവരങ്ങൾ എം.ഐ.എസിൽ രേഖപ്പെടുത്തുകയും 87,158 കുടുംബങ്ങളെ ഇതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള മൊബൈൽ ആപ്പിന്റെ സഹായത്തോടെ ഇന്റർവ്യൂ ചെയ്യുകയും 20 ശതമാനം സാമ്പിളുകൾ സൂപ്പർ ചെക്കിംഗിന് വിധേയമാക്കുകയും അതിൽനിന്നും 73,747 കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുകയും ചെയ്യുകയുണ്ടായി. ഈ മുൻഗണന പട്ടിക, ഗ്രാമസഭകൾ പരിശോധിക്കുകയും അർഹതയില്ലാത്ത കുടുംബങ്ങളെ ഒഴിവാക്കി 64006 കുടുംബങ്ങളുടെ (1,03,009 വ്യക്തികൾ) അന്തിമ പട്ടിക തയ്യാറാക്കുകയാണ് ചെയ്തത് (**ചിത്രം 1.3.2**).

അതിദാരിദ്ര സർവെ വഴി കണ്ടെത്തിയ 64,006 കുടുംബങ്ങളിൽ 75 ശതമാനം പൊതുവിഭാഗത്തിലും, 20 ശതമാനം പട്ടികജാതി വിഭാഗത്തിലും, 5 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്. ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നറിയാത്ത വളരെ ചെറിയ ശതമാനം കുടുംബങ്ങളും ഇതിൽ ഉൾപ്പടുന്നുണ്ട്. സർവ്വെ പ്രകാരം 81 ശതമാനം അതിദരിദ്രർ ഗ്രാമ പഞ്ചായത്തുകളിലും, 15 ശതമാനം മുൻസിപ്പാലിറ്റികളിലും, 4 ശതമാനം കോർപ്പറേഷനുകളിലും വസിക്കുന്നു. ദാരിദ്ര്യത്തിന്റെ ഗ്രാമ മേഖലകളിലെ കേന്ദ്രീകരണത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ജില്ല തിരിച്ച് വിശകലനം ചെയ്യുമ്പോൾ 8,553 ദാരിദ്ര്യ കുടുംബങ്ങളുള്ള മലപ്പുറം ജില്ലയാണ് പട്ടികയിൽ ഒന്നാം സ്ഥാനത്ത് (13.4 ശതമാനം). തൊട്ടുപിന്നാലെ തിരുവനന്തപുരം ജില്ലയാണ് (11.4 ശതമാനം). സംസ്ഥാനത്ത് ഏറ്റവും കുറവ് ദരിദ്രർ വസിക്കുന്നത് കോട്ടയം ജില്ലയിലാണ് (1071 കുടുംബങ്ങൾ) (**ചിത്രം 1.3.3**).


നേരത്തെ സൂചിപ്പിച്ചതുപോലെ, ഭക്ഷണം, ആരോഗ്യം, വരുമാനം, പാർപ്പിടം എന്നീ നാല് പ്രധാന ക്ലേശ ഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് ഇപിഐപി സർവ്വേ വഴി സംസ്ഥാനത്തെ അതി ദരിദ്രരെ കണ്ടെത്തിയത്. കണ്ടെത്തിയ മൊത്തം കുടുംബങ്ങളിൽ 58,273 കുടുംബങ്ങൾക്ക് വരുമാനക്കുറവും 40,917 കുടുംബങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളും 34,523 കുടുംബങ്ങൾക്ക് ഭക്ഷണക്കുറവും, 15,091 പേർക്ക് പാർപ്പിടവും ഇല്ലായിരുന്നു. ഒരു കുടുംബത്തിൽ തന്നെ ഒന്നിലധികം ക്ലേശ ഘടകങ്ങളുടെ സാന്നിധ്യം ഉണ്ടാകുമെന്നും പ്രത്യേകമായി ശ്രദ്ധിക്കേണ്ട ഒന്നാണ്.

ഈ പരിപാടിയുടെ അടുത്ത ഘട്ടം, വ്യത്യസ്ത തരത്തിലുള്ള ക്ലേശങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ഉൾക്കൊള്ളുന്ന ഒരു അതിദാരിദ്ര്യ ഉപപദ്ധതി തയ്യാറാക്കുക എന്നതായിരുന്നു. സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷന്റെ പിന്തുണയോടെ തദ്ദേശഭരണസ്ഥാപനങ്ങൾ ഈ പരിപാടി നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യും. ഓരോ തദ്ദേശ സ്ഥാപനവും കുടുംബശ്രീയുടെ സഹായത്തോടെ അതിദാരിദ്ര്യ ഉപപദ്ധതി വികസിപ്പിക്കും. ഓരോ ഉപപദ്ധതിയും ഓരോ വീട്ടിലെയും ദാരിദ്ര്യ ഘടകങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ ഉൾക്കൊള്ളുന്ന മൈക്രോ പ്ലാനുകളുടെ ഒരു ശേഖരമായിരിക്കും. നിലവിലുള്ള മാർഗനിർദേശങ്ങൾ അനുസരിച്ച് പദ്ധതികൾ സൂക്ഷ്മമായി പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകും. മൈക്രോ-പ്ലാനിൽ സൂചിപ്പിച്ചിരിക്കുന്ന നിരവധി ഇടപെടലുകൾ മേഖലയെ അടിസ്ഥാനമാക്കി തദ്ദേശഭരണസ്ഥാപന തലത്തിൽ സമാഹരിക്കും. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് വികസന പദ്ധതികൾ രൂപീകരിക്കും, അത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ നിർവഹണം നടത്തും. സർവേയിൽ മുമ്പ് ശേഖരിച്ച വിശദാംശങ്ങൾക്ക് പുറമെ കുടുംബങ്ങളുടെ മൈക്രോ ലെവൽ വിശദാംശങ്ങൾ

**ചിത്രം 1.3.2** അതിദാരിദ്ര്യം തിരിച്ചറിയൽ പ്രക്രിയ- ഘട്ടങ്ങൾ



**ചിത്രം** 1.3.3 സംസ്ഥാനത്ത് തിരിച്ചറിഞ്ഞ അതിദരിദ്ര കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്




അവലംബം: ഇപിഐപി സെൽ, ഗ്രാമവികസന വകുപ്പ്

ശേഖരിച്ച ശേഷമാണ് ഇവ തയ്യാറാക്കുന്നത്. മൈക്രോ പ്ലാനുകളെ മൂന്നായിട്ടാണ് തരം തിരിച്ചിരിക്കുന്നത്.

1. അടിയന്തരമായി ഇടപെടലിനുള്ള പ്ലാൻ
2. ഹ്രസ്വകാല പ്ലാൻ
3. ദീർഘകാല പ്ലാൻ


അടിയന്തിര സ്വഭാവമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് അടിയന്തരമായി ഇടപെടലിനുള്ള പ്ലാൻ. 3 മാസം മുതൽ 2 വർഷം വരെ ദൈർഘ്യമുള്ള സേവനങ്ങൾ ഉറപ്പുവരുത്താനാണ് ഹ്രസ്വകാല പ്ലാൻ. ഇവ രണ്ടും മതിയാവാത്ത സാഹചര്യത്തിൽ അതിദരിദ്രർക്കായി ദീർഘകാല പ്ലാനുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് രൂപം നൽകാവുന്നതാണ്. 7,557 അടിയന്തര പ്രോജക്ടുകളും 36,433 ഹ്രസ്വകാല പ്രോജക്ടുകളും 30,696 ദീർഘകാല പ്രോജക്ടുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടനീളമുള്ള സൂക്ഷ്മ പദ്ധതികളുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. തിരിച്ചറിയൽ കാർഡുകൾ, ഭക്ഷണം, വൈദ്യസഹായം തുടങ്ങിയ ഉടനടി നൽകാൻ കഴിയുന്ന സേവനങ്ങൾ വീട്ടുകാർക്ക് ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകി. തുടർന്ന് മറ്റു പ്രധാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രാധാന്യം നൽകും.

ഭക്ഷണം, പാർപ്പിടം, ആരോഗ്യ പരിപാലനം, പുനരധിവാസം, വരുമാനം എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ടുള്ള സൂക്ഷ്മ പദ്ധതികളുടെ നടത്തിപ്പ് പ്രാദേശിക തലത്തിൽ തുടങ്ങിക്കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സിഎസ്ആർ മുതലായവയിൽ നിന്നുള്ള ഫണ്ടുകൾ സംയോജിപ്പിച്ചാണ് ഈ മൈക്രോ പ്ലാനുകൾ തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ, പദ്ധതികൾ നടപ്പിലാക്കുന്നതിനായി അധിക ചെലവുകൾക്കായി 50 കോടി രൂപയുടെ ഗ്യാപ്പ് ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുവദിച്ചിട്ടുണ്ട്.

**അതിദാരിദ്ര്യ നിർമാർജന പരിപാടിയുടെ നേട്ടങ്ങൾ**

അതിദാരിദ്ര്യം തുടച്ചുനീക്കുന്നതിനുള്ള രാജ്യത്തെ ഏറ്റവും നൂതനമായ ഇടപെടലുകളിലൊന്നായി അതിദാരിദ്ര്യ നിർമാർജന പദ്ധതി (ഇ.പി.ഇ.പി) പ്രശംസിക്കപ്പെട്ടു. ഈ പരിപാടി വികസന വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കിയാണ് മുന്നോട്ട് പോകുന്നത്. അത്യന്തം ദരിദ്രരായ കുടുംബങ്ങളുടെ ദാരിദ്ര്യത്തിന് കാരണമാകുന്ന എല്ലാ ഘടകങ്ങളും കൂട്ടായി അഭിസംബോധന ചെയ്യുന്നു. ആദ്യഘട്ടം സമാപിച്ചപ്പോൾ തന്നെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പരിപാടിക്ക് കഴിഞ്ഞു.

**ചിത്രം** 1.3.4 അതിദാരിദ്ര്യ വിഭാഗങ്ങളുടെ വേർതിരിച്ച ലിസ്റ്റ്




അവലംബം: ഇപിഐപി സെൽ, ഗ്രാമവികസന വകുപ്പ്

**അവകാശം അതിവേഗം ക്യാമ്പയിൻ:** അതിദരിദ്രരുടെ ഹ്രസ്വകാല, ദീർഘകാല ആവശ്യങ്ങൾ പരിഹരിക്കുന്നതിനാണ് ഈ ക്യാമ്പയിൻ ആരംഭിച്ചത്, പ്രത്യേകിച്ച് വളരെ ദരിദ്രരായ കുടുംബങ്ങൾക്ക് തിരിച്ചറിയൽ രേഖകളും അവകാശങ്ങളും നൽകുന്നതിന്. കണ്ടെത്തിയ കുടുംബങ്ങളിലെ പലർക്കും അടിസ്ഥാന പൗര രേഖകളായ റേഷൻ കാർഡുകൾ, തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡുകൾ, ആധാർ കാർഡ്, എംജിഎൻആർഇജിഎസ് ജോബ് കാർഡ്, സാമൂഹിക സുരക്ഷാ പെൻഷൻ തുടങ്ങിയവ ലഭ്യമായിട്ടില്ല എന്ന തിരിച്ചറിവിൻറെ അടിസ്ഥാനത്തിലാണ് ഇത് ചെയ്തത്. കണ്ടെത്തിയ വ്യക്തികൾക്ക് പ്രസ്തുത രേഖകൾ നേടികൊടുക്കുന്നതിനാണ് ക്യാമ്പയിൻ ശ്രദ്ധ കേന്ദ്രീകരിച്ചത്.

കുടുംബങ്ങളുടെ അടിയന്തര ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അടിയന്തരമായി ഇടപെടാൻ വികസന വകുപ്പുകൾക്കൊപ്പം തദ്ദേശഭരണസ്ഥാപനങ്ങളോടും ആവശ്യപ്പെട്ടു. വൈദ്യസഹായം ആവശ്യമുള്ള എല്ലാവർക്കും സൗജന്യ ചികിത്സയും മരുന്നും തുടർ പരിചരണവും നൽകുന്നുണ്ടെന്ന് ആരോഗ്യ വകുപ്പ് ഉറപ്പാക്കുന്നു. അവർക്ക് ആരോഗ്യ ഇൻഷുറൻസ് കാർഡുകൾ, വികലാംഗ സർട്ടിഫിക്കറ്റുകൾ, ആംബുലൻസ് സേവനങ്ങൾ എന്നിവ പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ, വാതിൽപ്പടി സേവനങ്ങൾ, ഗൃഹസന്ദർശനം എന്നിവയിലൂടെ നൽകുന്നു. റേഷൻ കാർഡില്ലാത്ത വീടുകളെ സിവിൽ സപ്ലൈസ് വകുപ്പ് കണ്ടെത്തി അവർക്ക് സമയബന്ധിതമായി റേഷൻ കാർഡ് നൽകി. തീർത്തും ദരിദ്രരായ കുടുംബങ്ങളുടെ വീട്ടുപടിക്കൽ ഭക്ഷ്യവസ്തുക്കളും കിറ്റുകളും വിതരണം ചെയ്തു. തീർത്തും ദരിദ്രരായ വീടുകളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പ് പുസ്തകങ്ങളും സ്കൂൾ ബാഗുകളും മറ്റും നൽകി. അവർക്ക് കൗൺസിലിംഗ് പിന്തുണ, തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ, ഉപരിപഠനത്തിനുള്ള സഹായം എന്നിവയും നൽകുന്നു. നാടോടി സമൂഹങ്ങളുടെ പുനരധിവാസവും മാരകരോഗം ബാധിച്ചവർക്ക് സാന്ത്വന ചികിത്സയും സാമൂഹിക നീതി വകുപ്പ് ഉറപ്പാക്കി. മാനസിക വെല്ലുവിളി നേരിടുന്നവരെ സഹായിക്കുന്നതിനും മറ്റ് ദുർബലരായ സമൂഹങ്ങളെ പിന്തുണയ്ക്കുന്നതിനുമുള്ള സംവിധാനങ്ങളും വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. തീരെ ദരിദ്രരായ കുടുംബങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ റവന്യൂ വകുപ്പ് പോലുള്ള മറ്റ് വകുപ്പുകളും ഇടപെടുന്നു. ദരിദ്രർക്ക് പൊതുഗതാഗതം സൗജന്യമായി ഉപയോഗിക്കാമെന്ന് ഗതാഗത വകുപ്പ് പ്രഖ്യാപിച്ചു.

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട്, അതിദരിദ്രരായ കുടുംബങ്ങളിൽ ചിലർ ഇതിനകം ലൈഫ് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ളവരെയും ഉൾപ്പെടുത്താൻ പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇവർക്കുള്ള വീടു നിർമ്മാണം ഇതിനകം ആരംഭിച്ചു, 2023 സെപ്റ്റംബർ 30-ന് 415 വീടുകൾ ഇതിനകം പൂർത്തീകരിച്ചു. ബഹുമുഖ ദാരിദ്ര്യം പോലുള്ള പ്രധാന വികസന വെല്ലുവിളികൾ പരിഹരിക്കുന്നതിനും സുരക്ഷിതവും മാന്യവുമായ ജീവിത സാഹചര്യങ്ങൾ നേടാൻ ദരിദ്രരെ ഉയർത്തുന്നതിനും വിവിധ വകുപ്പുകൾക്ക എങ്ങനെ പ്രവർത്തിക്കാമെന്നും സമന്വയം സൃഷ്ടിക്കാമെന്നും ഈ അതുല്യമായ പ്രോഗ്രാം തെളിയിച്ചു.

**ബോക്സ് 1.3.1** അതിദാരിദ്ര്യ നിർമാർജന പരിപാടിയുടെ നേട്ടം

എൽഎസ്ജിഡി പുറത്തുവിട്ട ഏറ്റവും പുതിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം, കണ്ടെത്തിയ ദരിദ്രരായ കുടുംബങ്ങളിൽ 47.89 ശതമാനവും കടുത്ത ദാരിദ്ര്യത്തിൽ നിന്ന മോചിപ്പിക്കാനായിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചുകൊണ്ട് അവരെ കടുത്ത ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാൻ ആവശ്യമായ എല്ലാ സാഹചര്യങ്ങളും ഒരുക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തല കമ്മിറ്റികൾ എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് സാധ്യമായത്.

പാവപ്പെട്ട കുടുംബങ്ങൾക്ക് അവശ്യസാധനങ്ങൾ ലഭ്യമാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തിയ ശ്രമങ്ങളുടെ ഫലമാണിത്. ഇതനുസരിച്ച് 15,276 കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റുകളും 5,336 കുടുംബങ്ങൾക്ക് പാകം ചെയ്ത ഭക്ഷണവും കമ്മ്യൂണിറ്റി കിച്ചണുകൾ വഴിയും കുടുംബശ്രീ മിഷന്റെ ജനകീയ ഹോട്ടലുകൾ വഴിയും വിതരണം ചെയ്യുന്നു. രണ്ട് മാസത്തിലൊരിക്കൽ ഗൃഹസന്ദർശനത്തിലൂടെ 21,027 കുടുംബങ്ങൾക്ക് മെഡിക്കൽ സ്റ്റാഫ് ഇടയ്ക്കിടെ വൈദ്യപരിശോധന നടത്തി ചികിത്സയും മരുന്നും ഉറപ്പാക്കിയിട്ടുണ്ട്. 4,977 പേർക്ക് സാന്ത്വന പരിചരണവും 384 രോഗികൾക്ക് ഹെൽത്ത് കെയർ സപ്പോർട്ട് ഉപകരണങ്ങളും ഒമ്പത് വ്യക്തികൾക്ക് അവയവം മാറ്റിവയ്ക്കൽ സഹായവും നൽകി. ഇതുകൂടാതെ, അവിവാഹിത കുടുംബങ്ങളിൽ നിന്നുള്ള 333 പേരും മറ്റ് കുടുംബങ്ങളിൽ നിന്നുള്ള 360 പേരും ഉൾപ്പെടെ 693 വ്യക്തികളെ ഷെൽട്ടർ ഹോമുകളിലേക്ക് മാറ്റി. ദരിദ്ര കുടുംബങ്ങൾക്ക് വരുമാനമാർഗം ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകളുടെ ഭാഗമായി വരുമാനമാർഗമില്ലാത്ത 841 കുടുംബങ്ങൾക്ക് വരുമാനമുണ്ടാക്കാനുള്ള പ്രവർത്തനങ്ങൾക്ക് സഹായം നൽകി.

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ കുറ്റിയാട്ടൂർ ഗ്രാമപഞ്ചായത്തിൽ കടുത്ത ദാരിദ്ര്യമുള്ള 16 കുടുംബങ്ങളെ കണ്ടെത്തിയിരുന്നു. 16 കുടുംബങ്ങളുടെയും ദുരിതം പരിഹരിക്കുന്നതിനും അവരെ കടുത്ത ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റുന്നതിനും ആവശ്യമായ സേവനങ്ങൾ നൽകാനും അതുവഴി കടുത്ത ദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ ഗ്രാമപഞ്ചായത്തായി മാറാനും അവർക്ക് കഴിഞ്ഞു. ഈ നേട്ടങ്ങളാൽ പ്രചോദിതമായി, 2025 നവംബർ 1-ഓടെ സംസ്ഥാനത്ത് നിന്ന് കടുത്ത ദാരിദ്ര്യം തുടച്ചുനീക്കാനുള്ള യാത്ര സർക്കാർ ആരംഭിച്ചു

| ജില്ല | അതിദരിദ്രരായി കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|---|
| ആലപ്പുഴ | 3613 | 1859 | 51.45 |
| എറണാകുളം | 5650 | 2653 | 46.96 |
| ഇടുക്കി | 2665 | 1115 | 41.84 |
| കണ്ണൂർ | 4208 | 2617 | 62.19 |
| കാസർകോട് | 2768 | 1218 | 44.00 |
| കൊല്ലം | 4461 | 1809 | 40.55 |
| കോട്ടയം | 1071 | 556 | 51.91 |
| കോഴിക്കോട് | 6773 | 3171 | 46.82 |
| മലപ്പുറം | 8553 | 4166 | 48.71 |
| പാലക്കാട് | 6443 | 2845 | 44.16 |
| പത്തനംതിട്ട | 2579 | 984 | 38.15 |
| തിരുവനന്തപുരം | 7278 | 3761 | 51.68 |
| തൃശ്ശൂർ | 5013 | 2707 | 54.00 |
| വയനാട് | 2931 | 1197 | 40.84 |
| ആകെ | 64,006 | 30,658 | 47.90 |

*അവലംബം : അതിദാരിദ്ര്യം സംബന്ധിച്ച സ്ഥിതിവിവര റിപ്പോർട്ട് എൽ.എസ്.ഡി*

# 1.4 വികസന ഉദ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക്

ആധുനിക സമ്പദ് വ്യവസ്ഥയിൽ ബാങ്കിംഗ് മേഖല നിർണ്ണായകമാണ്. സമ്പാദ്യത്തെ നിക്ഷേപത്തിലേയ്ക്ക് നയിക്കുന്നതിലും അതിലൂടെ സാമ്പത്തിക വളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കുന്നതിലും ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും സുപ്രധാന പങ്കുണ്ട്. ബാങ്കുകൾ, സ്റ്റോക്ക് എക്സ്ചേഞ്ചുകൾ, പോസ്റ്റ് ഓഫീസുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ വിവിധ ഇടനിലക്കാർ ഈ പ്രക്രിയയിൽ സേവനം നൽകുന്നുണ്ട്. മൂലധനം ഏറ്റവും ഫലപ്രദമായ രീതിയിൽ കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് ഒരു കമ്പോളം സൃഷ്ടിക്കാൻ കഴിയുമെന്നതിനാൽ ധനകാര്യ സ്ഥാപനങ്ങൾ വളരെ അത്യന്താപേക്ഷിതമാണ്. സാമ്പത്തിക ഉൾച്ചേർക്കലിലും ബാങ്കുകൾക്ക് ഒരു പ്രധാന പങ്കുണ്ട്. അതിലൂടെ ശ്രേഷ്ഠരും പിന്നാക്കം നിൽക്കുന്നവരുമുൾപ്പെടെ ബഹുജനങ്ങൾക്ക് താങ്ങാനാവുന്ന രീതിയിൽ ബാങ്കിംഗ് സേവനങ്ങൾ എത്തിക്കുന്നതിന് സാധിക്കുന്നു. ഇതിലൂടെ സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് സാധിക്കുന്നു.

**ദേശീയതലത്തിലും സംസ്ഥാന തലത്തിലും ബാങ്കുകളുടെ വളർച്ച**

ആർബിഐയുടെ വാർഷിക സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, 2023 മാർച്ച് അവസാനത്തോടെ 1,54,792 ബാങ്ക് ശാഖകൾ മുഖേന 136 ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ (എസ്സിബി) ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 54,047 ശാഖകൾ ഗ്രാമപ്രദേശത്തും, 43,611 എണ്ണം അർദ്ധ നഗരപ്രദേശത്തും 28,067 എണ്ണം നഗരപ്രദേശത്തും ബാക്കി 29,067 ശാഖകൾ മെട്രോപൊളിറ്റൻ നഗരങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. ഉത്തർപ്രദേശിലാണ് ഏറ്റവും കൂടുതൽ ബാങ്ക് ശാഖകളുള്ളത് (17,955), തുടർന്ന് മഹാരാഷ്ട്രയും (13,592), തമിഴ്നാടും (12,091). കേരളത്തിൽ 6,724 ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് ശാഖകളുണ്ട്, ഇത് ഇന്ത്യയിലെ മൊത്തം ബാങ്ക് ശാഖകളുടെ 4.34 ശതമാനമാണ്. ആർബിഐ കണക്കുകൾ പ്രകാരം രാജ്യത്തെ അർദ്ധ നഗര പ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ ബാങ്ക് ശാഖകളുള്ളത് കേരളത്തിലാണ്. ആർബിഐ കണക്കുകൾ പ്രകാരം, മുൻവർഷത്തെ അപേക്ഷിച്ച് 2023 മാർച്ചിൽ കേരളത്തിലെ ബാങ്ക് ശാഖകളുടെ എണ്ണത്തിൽ 1.98 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. 2023 മാർച്ച് വരെയുള്ള രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ ശാഖകളെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 1.4.1**ൽ കൊടുത്തിരിക്കുന്നു.

സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (എസ്എൽബിസി) കണക്കുകൾ പ്രകാരം, 2023 മാർച്ചിൽ കേരളത്തിൽ 7,786 ബാങ്ക് ശാഖകളുണ്ട്. ഇതിൽ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്നു. കേരളത്തിൽ ആകെയുള്ള 7,786 ബാങ്ക് ശാഖകളിൽ 12.02 ശതമാനം ശാഖകൾ ഗ്രാമപ്രദേശത്തും 66.62 ശതമാനം ശാഖകൾ അർദ്ധ നഗരപ്രദേശത്തും 21.36 ശതമാനം ശാഖകൾ നഗരപ്രദേശത്തുമാണ്. എസ്എൽബിസി റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ, 2022 മാർച്ചിൽ 6,330 ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് ശാഖകൾ ഉണ്ടായിരുന്നത് 139 എണ്ണത്തിന്റെ വർദ്ധനവോടെ 2023 മാർച്ചിൽ 6,469 ശാഖകളായി ഉയർന്നു. (ഇതിൽ പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ എന്നിവ മാത്രം ഉൾപ്പെടുന്നു). 2023 മാർച്ചിൽ കേരള ഗ്രാമീണ ബാങ്കിന്റെ ആകെ ശാഖകളുടെ എണ്ണം മുൻവർഷത്തേത് പോലെ 634 തന്നെയാണ്. 2023 മാർച്ച് വരെ കേരളത്തിൽ 319 ചെറുകിട ധനകാര്യ ബാങ്കുകളുമുണ്ട്. 2023 മാർച്ച് വരെ സംസ്ഥാനത്ത് മുൻ വർഷത്തെപോലെ 998 കോ-ഓപ്പറേറ്റീവ് ബാങ്കുകളും ഉണ്ട്. എസ്എൽബിസി റിപ്പോർട്ട് അനുസരിച്ച് 2023 മാർച്ച് വരെ കേരളത്തിലെ ബാങ്കുകളുടെ ഗ്രൂപ്പ് തിരിച്ചുള്ള ബ്രാഞ്ച് ശൃംഖല **പട്ടിക 1.4.1**-ൽ കാണിച്ചിരിക്കുന്നു.

**നിക്ഷേപങ്ങൾ**

ആർബിഐ കണക്കുകൾ പ്രകാരം, രാജ്യത്തെ മൊത്തം നിക്ഷേപങ്ങളിൽ 2023 മാർച്ച് അവസാനത്തോടെ മുൻ വർഷത്തേക്കാൾ 10.1 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 2022 മാർച്ചിലെ 10.21 ശതമാനത്തിൽ നിന്ന് 2023 മാർച്ചിൽ 10.1 ശതമാനമായി കുറഞ്ഞു. കേരളത്തിലെ മൊത്തം ബാങ്ക് നിക്ഷേപങ്ങളിൽ 2022 മാർച്ചിനെ അപേക്ഷിച്ച് 2023 മാർച്ചിൽ 8.06 ശതമാനം വർദ്ധനവുണ്ടായി. രാജ്യത്തെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 2022 മാർച്ചിൽ 1,70,15,931 കോടി രൂപയായിരുന്നത് 2023 മാർച്ചിലെ കണക്കനുസരിച്ച്,

**പട്ടിക:1.4.1 2023–ൽ** കേരളത്തിലെ ബാങ്കുകളുടെ ഇനം തിരിച്ചുള്ള ബ്രാഞ്ച് ശൃംഖല

| ക്രമ നമ്പർ | ബാങ്കുകളുടെ ഇനം | ബ്രാഞ്ചുകളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | ഗ്രാമം | അർദ്ധനഗരം | നഗരം | മൊത്തം |
| 1 | പൊതുമേഖലാ വാണിജ്യ ബാങ്കുകൾ | 143 | 2326 | 830 | 3299 |
| 2 | പ്രാദേശിക ഗ്രാമീണ ബാങ്കുകൾ- കേരള ഗ്രാമീൺ ബാങ്ക് | 53 | 542 | 39 | 634 |
| 3 | സ്വകാര്യ വാണിജ്യ ബാങ്കുകൾ | 133 | 1786 | 617 | 2536 |
| 4 | ചെറുകിട ധനകാര്യ ബാങ്കുകൾ | 151 | 129 | 39 | 319 |
| 5 | സഹകരണ ബാങ്കുകൾ * | 456 | 404 | 138 | 998 |
| | മൊത്തം | 936 | 5187 | 1663 | 7786 |

* കേരള ബാങ്ക് ശാഖകൾ ഉൾപ്പെടെ
അവലംബം: *സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2023*

1,87,42,311 കോടി രൂപയായി. 2023 മാർച്ചിൽ രാജ്യത്തെ മൊത്തം നിക്ഷേപത്തിന്റെ 3.86 ശതമാനമാണ് കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ നിക്ഷേപത്തിന്റെ വിഹിതം. രാജ്യത്ത് ഏറ്റവും ഉയർന്ന നിക്ഷേപ വിഹിതമുള്ളത് മഹാരാഷ്ട്രയാണ് (20.93 ശതമാനം). 2019 മാർച്ച് മുതൽ 2023 മാർച്ച് വരെയുള്ള രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ നിഷേപത്തെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 1.4.2**ൽ കൊടുത്തിരിക്കുന്നു. മെട്രോപൊളിറ്റൻ പ്രദേശങ്ങളിൽ മൊത്തം നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 2022 മാർച്ചിൽ 11.6 ശതമാനമായിരുന്നത് 2023 മാർച്ചിൽ 10.89 ശതമാനമായി കുറഞ്ഞു, ഗ്രാമപ്രദേശങ്ങളിൽ ഇത് 2022 മാർച്ചിൽ 7.6 ശതമാനമായിരുന്നത് 2023 മാർച്ചിൽ 9.13 ശതമാനമായി വർദ്ധിച്ചു. പൊതുമേഖലാ ബാങ്കുകളിൽ, മൊത്തം നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 2022 മാർച്ചിലെ 8.0 ശതമാനത്തിൽ നിന്നും 2023 മാർച്ചിൽ 8.1 ശതമാനമായി വർദ്ധിച്ചു. അതേ സമയം ചെറുകിട ധനകാര്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 2022 മാർച്ചിലെ 37.3 ശതമാനത്തിൽ നിന്ന് 2023 മാർച്ചിൽ 33.9 ശതമാനമായി കുറഞ്ഞതായാണ് ആർബിഐ റിപ്പോർട്ട് കാണിക്കുന്നത്. ഇതിൽ പ്രാദേശിക ഗ്രാമീണ ബാങ്കുകളിൽ മൊത്തം നിഷേപത്തിന്റെ വളർച്ച വളരെ വേഗത്തിലാണ്. പ്രാദേശിക ഗ്രാമീണ ബാങ്കുകളിൽ 2022 മാർച്ചിലെ 5.7 ശതമാനത്തിൽ നിന്നും 2023 മാർച്ചിൽ 9.3 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. പൊതുമേഖലയിലെയും സ്വകാര്യമേഖലയിലെയും ബാങ്കുകളിലെ നിഷേപത്തിന്റെ വളർച്ച വളരെ മന്ദഗതിയിലാണ്.

എസ്എൽബിസി കണക്കുകൾ പ്രകാരം, കേരളത്തിലെ മൊത്തം ബാങ്ക് നിക്ഷേപം (വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ എന്നിവയുടെ നിക്ഷേപം ഉൾപ്പെടെ) 2022 മാർച്ചിലെ 6,66,220, കോടി രൂപയിൽ നിന്ന് 2023 മാർച്ചിൽ 7,19,377 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എന്നിരുന്നാലും, എസ്എൽബിസി റിപ്പോർട്ട് പ്രകാരം കേരളത്തിലെ മൊത്തം നിക്ഷേപങ്ങളുടെ വാർഷിക വളർച്ചാ നിരക്ക് 2022 മാർച്ചിലെ 9.95 ശതമാനത്തിൽ നിന്ന് 2023 മാർച്ചിൽ 7.98 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2005-2023 കാലയളവിൽ കേരളത്തിലെ ബാങ്ക് നിക്ഷേപങ്ങളുടെ വളർച്ച **അനുബന്ധം 1.4.3**-ൽ കൊടുത്തിരിക്കുന്നു.

### ആഭ്യന്തര നിക്ഷേപവും പ്രവാസി നിക്ഷേപവും


എസ്എൽബിസി കണക്കുകൾ പ്രകാരം 2023 മാർച്ചിൽ, കേരളത്തിലെ മൊത്തം ബാങ്ക് നിക്ഷേപത്തിൽ 4,78,402 കോടി രൂപ ആഭ്യന്തര നിക്ഷേപവും (മൊത്തം നിക്ഷേപത്തിന്റെ 66.50 ശതമാനം), 2,40,975 കോടി രൂപ പ്രവാസി നിക്ഷേപവുമാണ് (33.50 ശതമാനം). 2022 മാർച്ചിൽ ഇത് യഥാക്രമം 4,27,811 കോടി രൂപയും 2,38,409 കോടി രൂപയുമായിരുന്നു. 2023 മാർച്ചിൽ മൊത്തം ആഭ്യന്തര നിക്ഷേപത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 11.83 ശതമാനമാണ്. ഇത് മുൻവർഷത്തേക്കാൾ കുറവാണ്. 2023 മാർച്ചിൽ സംസ്ഥാനത്തെ മൊത്തം പ്രവാസി നിക്ഷേപങ്ങളിൽ 1.07 ശതമാനം വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളു. 2013-2023 കാലയളവിൽ കേരളത്തിലെ ബാങ്ക് നിക്ഷേപങ്ങളുടെ വളർച്ച (ആഭ്യന്തരവും, പ്രവാസിയും) **ചിത്രം 1.4.1**-ൽ കാണിച്ചിരിക്കുന്നു.

എസ്എൽബിസി കണക്ക് പ്രകാരം, പൊതുമേഖലാ ബാങ്കുകളുടെ 2023 മാർച്ച് വരെയുള്ള മൊത്തം പ്രവാസി നിക്ഷേപം 1,04,331.15 കോടി രൂപയാണ്, ഇത് മൊത്തം പ്രവാസി നിക്ഷേപത്തിന്റെ 43.29 ശതമാനമാണ്. എന്നാൽ സ്വകാര്യമേഖലാ ബാങ്കുകൾക്ക് 1,31,783.46 കോടി രൂപയുടെ പ്രവാസി നിക്ഷേപമുണ്ട്, അതായത് മൊത്തം പ്രവാസി നിക്ഷേപത്തിന്റെ 54.68 ശതമാനം. മുൻവർഷം ഇത് യഥാക്രമം 45.71 ശതമാനവും 52.46 ശതമാനവുമായിരുന്നു. ചെറുകിട ധനകാര്യ ബാങ്കുൾക്ക് 2023 മാർച്ചിൽ പ്രവാസി നിക്ഷേപമായി 3050.46 കോടി രൂപ ലഭിച്ചു, ഇത് മൊത്തം പ്രവാസി നിക്ഷേപത്തിന്റെ 1.26 ശതമാനമാണ്. അതുപോലെ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾക്ക് പ്രവാസി നിക്ഷേപമായി ലഭിച്ചത് 1809 കോടി രൂപയാണ്. സഹകരണ മേഖലയിലെ ബാങ്കുകളിൽ പ്രവാസി നിക്ഷേപത്തിന്റെ വിഹിതം വളരെ തുച്ഛമാണ്. കേരളത്തിലെ പ്രമുഖ ബാങ്കുകളുടെ 2023 മാർച്ച് വരെയുള്ള പ്രവാസി നിക്ഷേപങ്ങളുടെയും വായ്പാ നിക്ഷേപ അനുപാതത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 1.4.4–**ൽ നൽകിയിരിക്കുന്നു.

### വായ്പകൾ

2023 മാർച്ചിലെ എസ്എൽബിസി കണക്കുകൾ പ്രകാരം, വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും സംസ്ഥാനത്ത് വായ്പയായി 5,47,987.92 കോടി രൂപ വിതരണം ചെയ്തു. 2022 മാർച്ചിൽ വായ്പയായി നൽകിയ 4,78,657.12 കോടി രൂപയേക്കാൾ 14.48


**ചിത്രം 1.4.1 :** കേരളത്തിലെ ആഭ്യന്തര, പ്രവാസി ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച - 2013 മുതൽ 2023 വരെ (രൂപ കോടിയിൽ)




അവലംബം : *സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2023*


ശതമാനം കൂടുതലാണിത്. പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ (എസ്എഫ്ബി) എന്നിവയുൾപ്പെടെ എല്ലാ വാണിജ്യ ബാങ്കുകളും ചേർന്ന് 2023 മാർച്ച് അവസാനത്തോടെ 4,93,157.02 കോടി രൂപ വിതരണം ചെയ്തു. 2022 മാർച്ചിൽ ഇത് 4,24,625.73 കോടി രൂപയായിരുന്നു. ഇതിൽ പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ എന്നിവയുടെ വിഹിതം യഥാക്രമം 2,72,409 കോടി രൂപ, 1,92,074 കോടി രൂപ, 21,885 കോടി രൂപ, 6,789 കോടി രൂപ എന്നിങ്ങനെയാണ്. മുൻവർഷത്തെ അപേക്ഷിച്ച് മുൻഗണനാ മേഖലകളിൽ നൽകിയ വായ്പയിൽ (പിഎസ്എ) 8.53 ശതമാനത്തിന്റെ വർദ്ധനവുണ്ട്. പൊതുമേഖലാ വാണിജ്യബാങ്കുകൾ അവരുടെ വായ്പയുടെ 50.50 ശതമാനം പ്രാഥമികമേഖലയിൽ വിതരണം ചെയ്തു, ഇത് മുൻവർഷത്തേക്കാൾ കൂടുതലാണ് (48.75 ശതമാനം); സഹകരണ ബാങ്കുകൾ അവരുടെ വായ്പയുടെ 7.74 ശതമാനം മാത്രമാണ് പ്രാഥമികമേഖലയ്ക്ക് നൽകിയത്. മുൻ വർഷം ഇത് 12.34 ശതമാനമായിരുന്നു. പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിൽ കേരള ഗ്രാമീൺ ബാങ്കിന്റെ വിഹിതം 13.60 ശതമാനമാണ്. പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിലെ വിഹിതം **ചിത്രം 1.4.2**ൽ കാണിച്ചിരിക്കുന്നു. ആർ ബി ഐയുടെ വാർഷിക റിപ്പോർട്ട് പ്രകാരം പ്രമുഖ സംസ്ഥാനങ്ങളിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ നൽകിയ വായ്പാധനസഹായങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 1.4.5**ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**ചിത്രം 1.4.2** പ്രാഥമിക മേഖലയിലെ വായ്പ വിതരണത്തിന്റെ വിഹിതം, മാർച്ച് 2023




അവലംബം : *സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2023*

**ചിത്രം 1.4.3** :2023 മാർച്ച് വരെയുള്ള കാർഷിക വായ്പ വിഹിതം




അവലംബം : *സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2023*

### കാർഷിക വായ്പകൾ

2023 മാർച്ചിൽ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ മുഖേനയുള്ള ആകെ കാർഷിക വായ്പ, 2022 മാർച്ചിലെ 1,04,842 കോടി രൂപയിൽ നിന്നും 16.39 ശതമാനം വർദ്ധിച്ച് 1,22,031 കോടി രൂപയായി. 2023 മാർച്ചിൽ മൊത്തം വായ്പയുടെ 22.27 ശതമാനമാണ് കാർഷിക വായ്പയായി നൽകിയത്. 2023 മാർച്ച് വരെ കാർഷിക വായ്പയിൽ വിവിധ ബാങ്കുകളുടെ വിഹിതം **ചിത്രം 1.4.3**-ൽ കാണിച്ചിരിക്കുന്നു.

### പട്ടിക ജാതി/പട്ടിക വർഗ്ഗ, ദുർബല വിഭാഗങ്ങൾക്കുള്ള വായ്പകൾ

2023 മാർച്ചിലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് വിവിധ ബാങ്കുകൾ വഴി പട്ടികജാതി (എസ്സി), പട്ടികവർഗ (എസ്ടി) വിഭാഗക്കാർക്ക് യഥാക്രമം 2275.26 കോടി രൂപയും 500.71 കോടി രൂപയും വായ്പയായി വിതരണം ചെയ്തു. 2022 മാർച്ചിൽ ഇത് യഥാക്രമം 2335.98 കോടി രൂപയും, 398.72 കോടി രൂപയുമായിരുന്നു. എസ്എൽബിസി റിപ്പോർട്ട് പ്രകാരം മുൻവർഷത്തെ അപേക്ഷിച്ച് പട്ടിക ജാതി മേഖലയിൽ ബാങ്കുകൾ നൽകിയ വായ്പയിൽ 2.6 ശതമാനത്തിന്റെ കുറവും പട്ടിക വർഗ്ഗ മേഖലയിൽ 25.58 ശതമാനത്തിന്റെ വർദ്ധനവും ഉണ്ടായതായാണ് കാണുന്നത്. സംസ്ഥാനത്തെ ദുർബല വിഭാഗങ്ങൾക്ക് നൽകിയ വായ്പാ തുക മുൻവർഷത്തെ അപേക്ഷിച്ച് 20.30 ശതമാനം വർദ്ധിച്ചു. അതായത് ദുർബല വിഭാഗങ്ങൾക്ക് 2023 മാർച്ചിൽ വായ്പയായി നൽകിയ തുക 1,22,421.00. കോടി രൂപയും 2022 മാർച്ചിൽ ഇത് 1,01,759.09 കോടി രൂപയുമായിരുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 2023 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ഇനം തിരിച്ച് **പട്ടിക 1.4.2**ൽ നൽകിയിട്ടുണ്ട്.

### ഭവനവായ്പ

എസ്എൽബിസി കണക്കുകൾ പ്രകാരം വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും ഉൾപ്പെടെ കേരളത്തിലെ ബാങ്കുകൾ 2023 മാർച്ചിൽ 5,83,577 ഗുണഭോക്താക്കൾക്ക് ഭവനവായ്പയായി 43,790.14 കോടി രൂപ അനുവദിച്ചു. 2022 മാർച്ചിൽ ഇത് 7,52,631 ഗുണഭോക്താക്കൾക്ക് 41,842.51 കോടി രൂപയായിരുന്നു. 2022 മാർച്ചിനെ അപേക്ഷിച്ച് 2023 മാർച്ചിൽ അനുവദിച്ച മൊത്തം ഭവന വായ്പയിൽ 4.65 ശതമാനം വർദ്ധനവുണ്ടായി. അവലോകന കാലയളവിൽ പൊതുമേഖലാ ബാങ്കുകൾ 3,02,191 ഗുണഭോക്താക്കൾക്ക് 25,339.50 കോടി രൂപയും പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 63,740 ഗുണഭോക്താക്കൾക്ക് 3383.40 കോടി രൂപയും, സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ 1,02,573 ഗുണഭോക്താക്കൾക്ക് 5866.45 കോടി രൂപയും, ചെറുകിട ധനകാര്യ ബാങ്കുകൾ 4,354 ഗുണഭോക്താക്കൾക്ക് 172.39 കോടി രൂപയും, സഹകരണ ബാങ്കുകൾ 1,10,719 ഗുണഭോക്താക്കൾക്ക് 9,028.39 കോടി രൂപയും ഭവന വായ്പയായി വിതരണം ചെയ്തു. ഭവന വായ്പയുടെ ഭൂരിഭാഗവും (57.86 ശതമാനം) വിതരണം ചെയ്യുന്നത് പൊതു മേഖല വാണിജ്യ ബാങ്കുകളാണ്. രണ്ടാം സ്ഥാനത്ത് സഹകരണ ബാങ്കുകളാണ് (21 ശതമാനം).

### വിദ്യാഭ്യാസ വായ്പ

സംസ്ഥാനത്ത് 2023 മാർച്ച് വരെ 2,84,780 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയായി 12,897.19 കോടി രൂപ അനുവദിച്ചു. ആകെ അനുവദിച്ച തുകയിൽ മുൻവർഷത്തെ അപേക്ഷിച്ച് 15.88 ശതമാനം വർധനവുണ്ടായെങ്കിലും വിദ്യാർത്ഥികളുടെ എണ്ണത്തിൽ 3.69 ശതമാനം കുറവുണ്ടായി. മൊത്തം വിദ്യാഭ്യാസ വായ്പയുടെ 86.62 ശതമാനവും പൊതുമേഖലാ വാണിജ്യ ബാങ്കുകളാണ് വിതരണം ചെയ്തത്. അതായത് 2,30,235 വിദ്യാർത്ഥികൾക്ക് 11,172.00 കോടി രൂപ. പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 15,907 വിദ്യാർത്ഥികൾക്ക് 482.66 കോടി രൂപയും സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ 28,598 വിദ്യാർത്ഥികൾക്ക് 1164.53 കോടി രൂപയും വിതരണം ചെയ്തു. ചെറുകിട ധനകാര്യ ബാങ്കുകൾ 9,034 വിദ്യാർത്ഥികൾക്ക് 20.60 കോടി രൂപ വിതരണം ചെയ്തു. സഹകരണ ബാങ്കുകൾ 2023 മാർച്ചിൽ 1,006 വിദ്യാർത്ഥികൾക്കായി 57.41 കോടി രൂപ വിദ്യാഭ്യാസ വായ്പയായി വിതരണം ചെയ്തു.

### വായ്പാ നിക്ഷേപ അനുപാതം

ആർബിഐയുടെ വാർഷിക സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് ഇന്ത്യയിലെ ഷെഡ്യൂൾഡ്

**പട്ടിക 1.4.2:** പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2023 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ബാങ്ക് ഇനം തിരിച്ച്

(രൂപ കോടിയിൽ

| ക്രമ നമ്പർ | ബാങ്ക് | പട്ടികജാതിക്കാർക്കുള്ള വായ്പ 2023 | | പട്ടികവർഗ്ഗക്കാർക്കുള്ള വായ്പ 2023 | | പട്ടികജാതിക്കാർക്കുള്ള വായ്പ 2022 | | പട്ടികവർഗ്ഗക്കാർക്കുള്ള വായ്പ 2022 | | 2022നെ അപേക്ഷിച്ച് 2023ൽ എസ്.സി വായ്പയിൽ ഉണ്ടായ വർദ്ധനവ്/കുറവ് ശതമാനത്തിൽ | 2022നെ അപേക്ഷിച്ച് 2023ൽ എസ്.ടി വായ്പയിൽ ഉണ്ടായ വർദ്ധനവ്/കുറവ് ശതമാനത്തിൽ |
|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | | |
| 1 | പൊതുമേഖലാ വാണിജ്യ ബാങ്കുകൾ | 53508 | 1099.28 | 10960 | 229.53 | 53735 | 979.95 | 10161 | 193.53 | 12.18 | 18.60 |
| 2 | പ്രാദേശിക ഗ്രാമീണ ബാങ്കുകൾ | 55716 | 449.38 | 13343 | 81.45 | 49015 | 381.99 | 11482 | 67.68 | 17.64 | 20.35 |
| 3 | സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ | 157121 | 443.04 | 35536 | 84.97 | 127103 | 356.17 | 28977 | 74.71 | 24.39 | 13.73 |
| 4 | ചെറുകിട ധനകാര്യ ബാങ്കുകൾ | 39020 | 149.42 | 17167 | 64.50 | 13233 | 40.94 | 4151 | 14.82 | 264.97 | 335.22 |
| 5 | സഹകരണ ബാങ്കുകൾ | 71887 | 134.14 | 24759 | 40.26 | 23615 | 576.93 | 3008 | 47.98 | -76.75 | -16.09 |
| | മൊത്തം ബാങ്കിംഗ് മേഖല | 377252 | 2275.26 | 101765 | 500.71 | 266701 | 2335.98 | 57779 | 398.72 | -2.59 | 25.58 |

അവലംബം *സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2023*

വാണിജ്യ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2023 മാർച്ച് അവസാനത്തോടെ 2022 മാർച്ചിലെ 71.87 ശതമാനത്തിൽ നിന്ന് 75.44 ശതമാനമായി വർദ്ധിച്ചുവെന്നാണ്. 2023 മാർച്ചിൽ ആന്ധ്രാപ്രദേശിലാണ് ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതം, (144.67 ശതമാനം). രണ്ടാമത്തെ ഉയർന്ന വായ്പാ നിക്ഷേപ അനുപാതം തമിഴ്നാടിനാണ് (105.68 ശതമാനം). മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തെലങ്കാനയ്ക്കും ഉയർന്ന വായ്പാ നിക്ഷേപ അനുപാതമുണ്ട് (103.28 ശതമാനം). മഹാരാഷ്ട്രയുടെ വായ്പാ നിക്ഷേപ അനുപാതം കൂടുന്ന പ്രവണതയാണ് കാണിക്കുന്നത്. അതായത്, 2022 മാർച്ചിലെ 90.91 ശതമാനത്തിൽ നിന്ന് 2023 മാർച്ചിൽ 98.58 ശതമാനമായി. കഴിഞ്ഞ രണ്ട് വർഷങ്ങളിലും ആന്ധ്രാപ്രദേശിനാണ് ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതം ഉണ്ടായിരുന്നത്.

ആർബിഐ റിപ്പോർട്ട് പ്രകാരം, 2023 മാർച്ച് വരെ കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 65.81 ശതമാനമാണ് (**അനുബന്ധം 1.4.6**). കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 8.06 ശതമാനം വർദ്ധിച്ചു, അതായത് 2022 മാർച്ചിലെ 6,70,023 കോടി രൂപയിൽ നിന്ന് 2023 മാർച്ചിൽ 7,24,013 കോടി രൂപയായി. ആകെ വായ്പ 2022 മാർച്ചിലെ 4,13,288 കോടി രൂപയിൽ നിന്നും 15.28 ശതമാനം വർദ്ധിച്ച് 4,76,455 കോടി രൂപയായി. എസ്എൽബിസി കണക്കുകൾ പ്രകാരം, സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള കേരളത്തിലെ എല്ലാ ബാങ്കുകളുടെയും, 2023 മാർച്ച് വരെയുള്ള വായ്പാ നിക്ഷേപ അനുപാതം 69.01 ശതമാനമാണ്.

ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2022 മാർച്ചിലെ 65 ശതമാനത്തിൽ നിന്ന് 2023 മാർച്ചിൽ 69.42 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. പൊതുമേഖലാ ബാങ്കുകളിൽ ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതം ആന്ധ്രാപ്രദേശിലാണ്; 2022 മാർച്ചിലെ 145.62 ശതമാനത്തിൽ നിന്ന് 2023 മാർച്ചിൽ 155.40 ശതമാനമായി വർദ്ധിച്ചു. രണ്ടാമത്തെ ഉയർന്ന വായ്പാ നിക്ഷേപ അനുപാതം തെലങ്കാനയ്ക്കാണ്. 2022 മാർച്ചിലെ 105.62 ശതമാനത്തിൽ നിന്നും 2023 മാർച്ചിൽ 112.91 ശതമാനമായി ഉയർന്നിട്ടുണ്ട്. തമിഴ്നാട് വായ്പാ നിക്ഷേപ അനുപാതത്തിൽ 2023 മാർച്ചിൽ മൂന്നാം സ്ഥാനത്താണ് (104.78 ശതമാനം). കേരളത്തിലെ പൊതുമേഖലാ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2022 മാർച്ചിലെ 65.85 ശതമാനത്തിൽ നിന്ന് 2023 മാർച്ചിൽ 72.05 ശതമാനമായി ഉയർന്നു. (**അനുബന്ധം 1.4.7**). കേരളത്തിലെ പൊതുമേഖലാ

ബാങ്കുകളിൽ, നിക്ഷേപങ്ങളുടെ പ്രധാന പങ്കും (57.35 ശതമാനം) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്കാണ്. എന്നാൽ ബാങ്ക് ഗ്രൂപ്പിലെ ഏറ്റവും താഴ്ന്ന വായ്പാ നിക്ഷേപ അനുപാതവും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്കാണ്; 2023 മാർച്ചിൽ 55.72 ശതമാനമാണ് അവരുടെ വായ്പാ നിക്ഷേപ അനുപാതം.

**ബാങ്കിംഗ് സ്ഥിതി വിവര കണക്കിന്റെ ജില്ല തിരിച്ചുള്ള വിശകലനം**


ആർബിഐ സ്ഥിതിവിവരക്കണക്കുകളുടെ ജില്ല തിരിച്ചുള്ള വിശകലനത്തിൽ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ ഏറ്റവും കൂടുതൽ ശാഖകൾ പ്രവർത്തിക്കുന്ന ജില്ല മുൻവർഷത്തെപോലെ എറണാകുളം നിലനിർത്തിയിട്ടുണ്ട്. ബാങ്ക് ശാഖകളുടെ എണ്ണം 2022 മാർച്ചിൽ 1008 ആയിരുന്നത് 2023 മാർച്ചിൽ 1030 ആയി വർദ്ധിച്ചിട്ടുണ്ട്. തൃശ്ശൂർ (758), തിരുവനന്തപുരം (758) ജില്ലകൾ രണ്ടാം സ്ഥാനത്താണ്. ഏറ്റവും കുറവ് ബാങ്ക് ശാഖകളുള്ള വയനാട്ടിൽ, ശാഖകളുടെ എണ്ണം 143 ൽ നിന്ന് 148 ആയി വർദ്ധിച്ചിട്ടുണ്ട്. (**അനുബന്ധം 1.4.8**). 2023 മാർച്ച് വരെയുള്ള കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും ജില്ല തിരിച്ചുള്ള വിതരണം **ചിത്രം 1.4.4**–ൽ കാണിച്ചിരിക്കുന്നു.

**കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖല**

കേരളത്തിന്റെ വികസനത്തിൽ സഹകരണ ബാങ്കുകൾ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. എസ്എൽബിസി റിപ്പോർട്ട് പ്രകാരം കേരളത്തിലെ മൊത്തം ബാങ്ക് ശാഖകളുടെ 13 ശതമാനവും സഹകരണ മേഖലയിലാണ്. 2023 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിൽ 998 സഹകരണ ബാങ്ക് ശാഖകളുണ്ട്. ആകെയുള്ള 998 ശാഖകളിൽ 456 എണ്ണം ഗ്രാമപ്രദേശത്തും 404 എണ്ണം അർദ്ധ നഗരപ്രദേശത്തും 138 എണ്ണം നഗരപ്രദേശത്തുമാണുള്ളത്. ഏറ്റവും കൂടുതൽ ശാഖകൾ ഗ്രാമപ്രദേശത്താണുള്ളത്.

വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ മൊത്തം നിക്ഷേപം 2023 മാർച്ച് വരെ 7,94,076.38 കോടി രൂപയാണ്, ഇതിൽ 9.41 ശതമാനവും സഹകരണ മേഖലയിൽ നിന്നാണ്. മൊത്തം ബിസിനസിൽ (നിക്ഷേപങ്ങളും, വായ്പകളും ഒരുമിച്ച്) സഹകരണ ബാങ്കുകളുടെ വിഹിതം 9.65 ശതമാനമാണ്. അത് മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണ്. 2023 മാർച്ചിൽ സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള മൊത്തം വായ്പ 5,47,988 കോടി രൂപയായിരുന്നു, ഇതിൽ സഹകരണ സംഘങ്ങളുടെ വിഹിതം 54,831 കോടി രൂപയാണ്. 2023 മാർച്ച് വരെ സംസ്ഥാനത്തെ വാണിജ്യ, സഹകരണ ബാങ്കുകളിൽ നിന്നുള്ള മൊത്തം കാർഷിക വായ്പ 1,22,031 കോടി രൂപയും അതിൽ സഹകരണ സംഘങ്ങളുടെ വിഹിതം 11,420 കോടി രൂപയുമാണ്. കാർഷിക വായ്പയിൽ സഹകരണ സംഘങ്ങളുടെ വിഹിതം 2022 മാർച്ചിലെ 10 ശതമാനത്തിൽ നിന്ന് 2023 മാർച്ചിൽ 9.35 ശതമാനമായി കുറഞ്ഞു. സഹകരണ ബാങ്കുകൾ

**ചിത്രം 1.4.4:** കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും മാർച്ച് 2023 വരെയുള്ള ജില്ല തിരിച്ചുള്ള വിതരണം




*അവലംബം: ഭാരതീയ റിസർവ് ബാങ്കിന്റെ വാർഷിക റിപ്പോർട്ട്, മാർച്ച് 2023*

**പട്ടിക 1.4.3** കേരളത്തിലെ സഹകരണ മേഖലയുടെ പ്രകടനം, മാർച്ച് 2023 (രൂപ കോടിയിൽ)

| ക്രമ നമ്പർ | ഘടകം | മാർച്ച്2023 | | | |
|---|---|---|---|---|---|
| | | സഹകരണ മേഖല | വാണിജ്യ ബാങ്കുകൾ + പ്രാദേശിക ഗ്രാമീണ ബാങ്കുകൾ + ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ | ആകെബാങ്കിംഗ് മേഖല | സഹകരണ മേഖലയുടെ വിഹിതം (%) |
| 1 | ശാഖകൾ | 998 | 6788 | 7786 | 13 |
| 2 | ആകെ നിക്ഷേപങ്ങൾ | 74699.60 | 719376.78 | 794076.38 | 9.41 |
| 3 | ആകെ വായ്പകൾ | 54830.90 | 493157.02 | 547987.92 | 10.01 |
| 4 | ആകെ ബിസിനസ്സ് | 129530.50 | 1212533.80 | 1342064.30 | 9.65 |
| 5 | മുൻഗണനാ മേഖലയ്ക്കുള്ള വായ്പകൾ | 32033.64 | 226159.88 | 258193.52 | 12.40 |
| 6 | മുൻഗണനാ മേഖലയ്ക്കുള്ള വായ്പകൾ (ശതമാനം) | 58.42 | 45.85 | 47.12 | - |
| 7 | കാർഷിക വായ്പകൾ | 11420.13 | 110610.51 | 122030.64 | 9.35 |
| 8 | കാർഷിക വായ്പകൾ (ശതമാനം) | 20.83 | 22.43 | 22.27 | - |
| 9 | എം.എസ്.എം.ഇ വായ്പകൾ | 2583.00 | 68450.91 | 71033.91 | 3.64 |
| 10 | എം.എസ്.എം.ഇ വായ്പകൾ (ശതമാനം) | 4.71 | 13.88 | 12.96 | - |
| 11 | വായ്പനിക്ഷേപ അനുപാതം | 73.4 | 68.55 | 69.01 | - |

അവലംബം: *സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2023*

2022-23 ൽ അവരുടെ വായ്പയുടെ 58.42 ശതമാനം മുൻഗണനാ മേഖലയ്ക്കും 4.71 ശതമാനം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയ്ക്കും 2022-23 ൽ നൽകിയിട്ടുണ്ട്. ബാങ്കിംഗ് മേഖലയിലെ സഹകരണ മേഖലയുടെ പ്രകടനം **പട്ടിക 1.4.3**ൽ കാണിച്ചിരിക്കുന്നു.

### ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ

### കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ)

1969-ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ) സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനമാണ് (MNBC). കെഎസ്എഫ്ഇയുടെ പ്രധാന ബിസിനസ് വിഭാഗങ്ങൾ ചിട്ടി, ലോണുകളും അഡ്വാൻസുകളും, നിക്ഷേപങ്ങൾ എന്നിവയാണ്. 2023 മാർച്ച് വരെയുള്ള മൊത്തം വിറ്റുവരവ് 69,153 കോടി രൂപയാണ്. കെ.എസ്.എഫ്.ഇയുടെ 2022-23 ലെ ബിസിനസ്സ് സംബന്ധിച്ച വിവരങ്ങൾ **പട്ടിക 1.4.4**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 1.4.4** കെ.എസ്.എഫ്.ഇയുടെ 2022 -23 വർഷത്തെ ബിസിനസ്

| ക്രമ നമ്പർ | വിശദാംശങ്ങൾ | രൂപ (കോടിയിൽ) |
|---|---|---|
| 1 | ചിട്ടി (വാർഷിക സലാ ) | 36196 |
| 2 | വായ്പകൾ (ഔട്ട്സ്റ്റാൻഡിങ്) | 11157 |
| 3 | നിക്ഷേപങ്ങൾ (ഔട്ട്സ്റ്റാൻഡിങ്) | 21800 |
| | മൊത്തം വിറ്റുവരവ് | 69,153 |

അവലംബം: കെ.എസ്.എഫ്.ഇ ലിമിറ്റഡ്

### കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി)

1951 ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്ടിന് കീഴിൽ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി) കേരളത്തിന്റെ വികസനത്തിലും വ്യവസായവൽക്കരണത്തിലും മൈക്രോ,ചെറുകിട, ഇടത്തരം സംരംഭകർക്ക് വ്യവസായ സേവന മേഖലയിൽ സാമ്പത്തിക സഹായം നൽകിക്കൊണ്ട് ഒരു പ്രധാന പങ്ക് വഹിക്കുന്നു. കെഎഫ്സിയുടെ അറ്റലാഭം 2021-22 ലെ 13.20 കോടി രൂപയിൽ നിന്ന് 2022-23 ൽ 50.19 കോടി രൂപയായി ഉയർന്നു.

2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിൻറെ ഫലമായി 1.39 ലക്ഷം സംരംഭങ്ങൾ ഈ കാലയളവിൽ ആരംഭിച്ചിട്ടുണ്ട്. കെഎഫ്സിയെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ വ്യവസായ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1.5 സംസ്ഥാനത്തിന്റെ ധനസ്ഥിതി

ശക്തമായ സാമ്പത്തിക അടിത്തറയുള്ളതും സാമ്പത്തിക നടപടികൾ വിവേകപൂർവ്വം നടപ്പിലാക്കുന്നതുമായ സംസ്ഥാനത്തിന് പൊതു അവശ്യ വസ്തുക്കൾ നൽകാനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും കഴിയും. മെച്ചപ്പെട്ട നികുതി പിരിവിലൂടെയും ചെലവുകൾ യുക്തിസഹമായി നിയന്ത്രിക്കുന്നതിലൂടെയും സംസ്ഥാനത്തെ സുരക്ഷിതമായ സാമ്പത്തിക സ്ഥിതിയിലേക്ക് തിരികെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 2016-17 മുതൽ ധന ദൃഢീകരണ പാതയിലൂടെ മുന്നേറുവാൻ കേരള സർക്കാർ കഠിനമായ പരിശ്രമങ്ങൾ നടത്തി. തൽഫലമായി, 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് അതീതമായ ഘടകങ്ങൾ കാരണം സാമ്പത്തിക ഞെരുക്കം ഉണ്ടായിട്ടും മുൻ വർഷങ്ങളെ അപേക്ഷിച്ച് മികച്ച സാമ്പത്തിക സൂചികകൾ സംസ്ഥാനം കൈവരിച്ചു. സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2021-22 ലെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ (ജിഎസ്ഡിപി) 2.23 ശതമാനത്തിൽ നിന്ന് 0.88 ശതമാനമായി 2022-23-ൽ കുറഞ്ഞു. ഇതേ കാലയളവിൽ ധനക്കമ്മി ജിഎസ്ഡിപിയുടെ 3.99 ശതമാനത്തിൽ നിന്ന് ജിഎസ്ഡിപിയുടെ 2.44 ശതമാനമായി കുറഞ്ഞു. 2021-22 മുതൽ 2022-23 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിച്ചതും റവന്യൂ ചെലവ് കുറച്ചതുമാണ് ഈ നേട്ടത്തിന് പ്രാഥമിക കാരണമായത്. അതുപോലെ, മൂലധനച്ചെലവിൽ നേരിയ വളർച്ചയുണ്ടായി, സംസ്ഥാനത്തിന്റെ മൊത്തം കുടിശ്ശിക ബാധ്യതകൾ 2021-22-ലെ 35.92 ശതമാനത്തിൽ നിന്ന് 2022-23-ൽ 34.62 ശതമാനമായി കുറഞ്ഞിരിക്കുന്നു. വായ്പയിനത്തിലുള്ള വരുമാനം വികസന ആവശ്യങ്ങൾക്ക് ഫലപ്രദമായി ഉപയോഗിച്ചുവെന്നാണിത് സൂചിപ്പിക്കുന്നത്.

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ ദേശീയവും ആഗോളവുമായ സമ്പദ്‌വ്യവസ്ഥയുമായി വ്യത്യസ്ത രീതികളിൽ ബന്ധപ്പെട്ടിരിക്കുന്നു. തൽഫലമായി, ദേശീയവും ആഗോളവുമായ സാമ്പത്തിക അന്തരീക്ഷം കേരളത്തിന്റെ പ്രാദേശിക സമ്പദ്‌വ്യവസ്ഥയിലേക്കും പ്രതിഫലിക്കുന്നു, പ്രത്യേകിച്ചും ഉയർന്ന നിലവാരം പുലർത്തുന്ന മാനവ വിഭവശേഷിയിലും വിവിധ സമൂഹ കേന്ദ്രീകൃത സേവനങ്ങളിലും. 2016-17ലെ നോട്ട് നിരോധനം, 2017-18ൽ ജി.എസ്.ടി നടപ്പാക്കിയതിലെ പ്രശ്നങ്ങൾ, 2018-19ലെ ഓഖി ചുഴലിക്കാറ്റും അത്യപൂർവമായ വെള്ളപ്പൊക്കവും, 2019-20ൽ പ്രകൃതിക്ഷോഭങ്ങളുടെയും വെള്ളപ്പൊക്കത്തിന്റെയും തുടർച്ച, 2020-21ൽ കൊവിഡ്-19 പൊട്ടിപ്പുറപ്പെട്ടത്, 2021-22 ലെ മഹാമാരിയും 2022-23ൽ അതിന്റെ പ്രത്യാഘാതങ്ങളും സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തെയും സാമ്പത്തിക വളർച്ചാ നിരക്കിനെയും പ്രതികൂലമായി ബാധിച്ചു.

യൂണിയൻ സർക്കാരിന്റെ സമീപകാല നയപരിപാടികൾ പൊതുവെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തിന് ഭീഷണി ഉയർത്തിയിട്ടുണ്ട്. യൂണിയൻ സർക്കാർ 2022 ജൂണിൽ ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയത് സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഇടിവുണ്ടാക്കി. ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കുന്നതിലൂടെയുള്ള വാർഷിക നഷ്ടം ഏകദേശം 12,000 കോടി രൂപയാണ്. കേരളത്തിന് അവകാശപ്പെട്ട പങ്കിടാവുന്ന നികുതി തുടർച്ചയായി കുറയുന്നു. തിരശ്ചീന വികേന്ദ്രീകരണത്തിന്റെ വിഹിതം പതിനൊന്നാം ധനകാര്യ കമ്മീഷനിൽ 3.06 ശതമാനമായിരുന്നത് പതിനാലാം ധനകാര്യ കമ്മീഷനായപ്പോൾ 2.5 ശതമാനമായും പതിനഞ്ചാം ധനകാര്യ കമ്മീഷനായപ്പോൾ 1.92 ശതമാനമായും ചുരുങ്ങി. സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കാതെ, യൂണിയൻ സർക്കാർ സെസും സർചാർജുകളും വർധിപ്പിച്ചു എന്നാൽ അത്തരം അധിക ലെവികൾ സംസ്ഥാനങ്ങളുമായി പങ്കിടില്ല.

കടവും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം നിശ്ചിത കാലയളവിൽ സ്ഥിരമായി നിലനിർത്താൻ സംസ്ഥാനത്തിന് ശേഷിയുണ്ടെങ്കിലും, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ യൂണിയൻ സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ തികച്ചും ദൗർഭാഗ്യകരമാണ്. ഭാരത സർക്കാരിൽ നിന്നുള്ള വായ്പകൾ ഗണ്യമായി കുറഞ്ഞു. ഇത്തരം പോരായ്മകൾ നികത്താൻ സംസ്ഥാന സർക്കാർ ആശ്രയിക്കുന്നത് വിപണി വായ്പകളെയാണ്. ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള വായ്പയുമായി താരതമ്യപ്പെടുത്തുമ്പോൾ വിപണി വായ്പകളുടെ പലിശ നിരക്ക് വളരെ ഉയർന്നതാണ്. സംസ്ഥാനങ്ങളുടെ കടമെടുപ്പ് കുറയ്ക്കാനുള്ള യൂണിയൻ സർക്കാരിന്റെ

തന്ത്രം 2017 മുതൽ നിലവിലുണ്ട്. സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധിക്കുള്ളിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പബ്ലിക് അക്കൌണ്ടിൽ നിന്നും എടുക്കുന്ന വായ്പകൾ ഉൾപ്പെടുത്തിയാണ് യൂണിയൻ സർക്കാർ സംസ്ഥാനത്തിന്റെ വായ്പാ പരിധി വെട്ടിക്കുറച്ചത്. ജീവനക്കാരിൽ നിന്നുമുള്ള പ്രൊവിഡന്റ് ഫണ്ട് നിക്ഷേപം, പൊതുജനങ്ങളിൽ നിന്നുള്ള ട്രഷറി സേവിംഗ്സ് ഡെപ്പോസിറ്റുകൾ, പൊതുമരാമത്ത് പ്രവൃത്തികൾക്കായി സർക്കാർ വകുപ്പുകളിൽ നിന്നുള്ള സിവിൽ ഡിപ്പോസിറ്റുകൾ എന്നിയവയിൽ നിന്നും പബ്ലിക് അക്കൗണ്ടിലുണ്ടാകുന്ന അധിക തുക സംസ്ഥാനത്തിന്റെ കടമെടുപ്പ് കുറയ്ക്കുന്നതിനുള്ള ഒരു മാർഗമെന്ന നിലയിൽ യൂണിയൻ സർക്കാർ ഉപയോഗിക്കുന്നു.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന റവന്യൂ ഡെഫിസിറ്റ് ഗ്രാന്റുകൾ തുടർന്നുള്ള എല്ലാ വർഷങ്ങളിലും കുറയുകയാണ്, ഇത് 2023-24ന് ശേഷം അവസാനിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ NITI ആയോഗ് കൊണ്ടുവന്ന മാറ്റങ്ങൾ സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത സൃഷ്ടിച്ചിരിക്കുന്നു. നിലവിൽ, കേന്ദ്രാവിഷ്കൃത പദ്ധതികൾ "കോർ ഓഫ് ദ കോർ, 'കോർ' സ്കീമുകൾ എന്ന് രണ്ട് വിഭാഗങ്ങളിലായി നടപ്പിലാക്കിവരുന്നു. ആദ്യ വിഭാഗത്തിലെ സ്കീമുകളിലേക്കുള്ള 90 ശതമാനം കേന്ദ്ര വിഹിതം ഓരോ വർഷവും കുറയുകയാണ് . കേന്ദ്ര പദ്ധതികളുടെ സിംഹഭാഗവും രണ്ടാമത്തെ വിഭാഗത്തിലുള്ളവയാണ്. ഈ പദ്ധതികളുടെ 40 ശതമാനവും സംസ്ഥാനം വഹിക്കണം. സംസ്ഥാനത്തിന് ഇത് വലിയൊരു ബാധ്യതയാണ്. കേന്ദ്രം നേരിട്ടു നടപ്പാക്കുന്ന ദേശീയ പാതാ വികസന പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ചെലവാകുന്ന തുകയുടെ 25 ശതമാനവും സംസ്ഥാനം ഏറ്റെടുക്കേണ്ടിവന്നു. മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനസാന്ദ്രതയും നഗരവൽക്കരണവും കേരളത്തിൽ കൂടുതലാണ്, അതിനാൽ ഈ ആവശ്യത്തിനായി വലിയ തുക കണ്ടെത്തേണ്ടതുണ്ട്. ഈ സാഹചര്യങ്ങൾക്കിടയിലും, സുസ്ഥിര സാമ്പത്തിക വളർച്ച ലക്ഷ്യമിട്ട് സർക്കാർ മുന്നോട്ട് പോകുന്നു.

പ്രളയം, കോവിഡ്-19 മഹാമാരി, അസാധാരണമായ റവന്യൂ നഷ്ടം എന്നിവ മൂലമുണ്ടായ പ്രതിസന്ധി ഘട്ടത്തിൽ പോലും വികസന, ക്ഷേമ പ്രവർത്തനങ്ങളിൽ നിന്നും ഉത്തരവാദിത്തങ്ങളിൽ നിന്നും സർക്കാർ പിന്നോട്ട് മാറിയില്ല. NITI ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ- ഇന്ത്യ സൂചിക പ്രകാരം ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിലേക്കുള്ള പുരോഗതിയിൽ സംസ്ഥാനം ഉയർന്ന സ്ഥാനം നേടിയിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പ്രധാന സാമൂഹിക സേവനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. ആരോഗ്യമേഖലയിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ ലോകമെമ്പാടും പ്രശംസ നേടിയിട്ടുണ്ട്. കൊവിഡ്-19, നിപ്പ വൈറസ് ബാധ തുടങ്ങിയ ആരോഗ്യ പ്രതിസന്ധികളോട് സർക്കാരിന്റെ സത്വരവും ശാസ്ത്രീയവുമായ പ്രതികരണം പതിനായിരക്കണക്കിന് ആളുകളുടെ ജീവൻ രക്ഷിക്കുകയും പകർച്ചവ്യാധിയുടെ ആഘാതം കുറയ്ക്കുകയും ചെയ്തു.
കേരള സർക്കാർ അടിസ്ഥാന സൗകര്യ വികസനത്തിനായി കൂടുതൽ മുതൽ മുടക്കുന്നത് സമ്പദ്വ്യവസ്ഥയുടെ സുസ്ഥിര വളർച്ച ഉറപ്പാക്കുന്നതിനാണ്. കണ്ണൂർ വിമാനത്താവളം, ഗെയിൽ പൈപ്പ് ലൈൻ, വിഴിഞ്ഞം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, ഇന്റഗ്രേറ്റഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം കൊച്ചി (വാട്ടർ മെട്രോ), കൊച്ചി മെട്രോ റെയിൽ രണ്ടാം ഘട്ടം എന്നിവ സർക്കാരിന്റെ ചില പ്രധാന അടിസ്ഥാന സൗകര്യ സംരംഭങ്ങളാണ്. സർക്കാർ ചെലവുകളിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും സാമ്പത്തിക സുസ്ഥിരതയ്ക്കായി കൂടുതൽ സംസ്ഥാന തനത് നികുതി വരുമാനവും നികുതിയേതര വരുമാനവും സമാഹരിക്കാനുള്ള ശ്രമങ്ങളും പൊരുത്തപ്പെടേണ്ടതുണ്ട്

**പ്രധാന കമ്മി സൂചകങ്ങൾ**

റവന്യൂ കമ്മി 2021-22ൽ ജിഎസ്ഡിപിയുടെ 2.23 ശതമാനമായിരുന്നത് 2022-23 ൽ 0.88 ശതമാനമായി. 2023-24 ലെ ബജറ്റ് എസ്റ്റിമേറ്റുകൾ പ്രകാരം റവന്യൂ കമ്മി ജിഎസ്ഡിപിയുടെ 2.11 ശതമാനമായിരിക്കുമെന്ന് കണക്കാക്കുന്നു. ധനകമ്മിയും മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനവും തമ്മിലുള്ള അനുപാതം 2021-22-ൽ 3.99 ശതമാനമായിരുന്നത് 2022-23-ൽ 2.44 ശതമാനമായി കുറയുകയും 2023-24ൽ 3.50 ശതമാനമായിരിക്കുമെന്നു കണക്കാക്കുകയും ചെയ്യുന്നു. 2011-12 മുതൽ 2023-24 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ പ്രധാന കമ്മി സൂചകങ്ങൾ **പട്ടിക 1.5.1**ൽ കാണിച്ചിരിക്കുന്നു.

**വരുമാനം**

സംസ്ഥാന സർക്കാരിന്റെ വരവുകളെ റവന്യൂ വരുമാനം മൂലധന വരുമാനം എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, നികുതിയേതര വരുമാനം, കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം, കേന്ദ്ര ധനസഹായം എന്നിവ ഉൾപ്പെടുന്നതാണ് റവന്യൂ വരുമാനം. എന്നാൽ മൂലധന വരുമാനത്തിൽ ആഭ്യന്തര സ്രോതസ്സുകളിൽ നിന്നുള്ള വായ്പാ വരുമാനം, ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, ഓഹരി നിക്ഷേപങ്ങൾ/ പൊതുസ്വത്ത് വിറ്റഴിക്കലിൽ നിന്നുള്ള വരുമാനം, വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചടവുകൾ, പബ്ലിക് അക്കൗണ്ടിലെ ശേഖരണങ്ങൾ എന്നിവ ഉൾപ്പെടുന്നു.

**റവന്യൂ വരുമാനം**

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 2013-14 ലെ 49176.94 കോടി രൂപയിൽ നിന്ന് 2022-23 ൽ 132724.65 കോടി രൂപയായി വർദ്ധിച്ചു, സംയുക്ത വാർഷിക വളർച്ചാ നിരക്ക് 11.66 ശതമാനമാണ്. റവന്യൂ വരുമാനത്തിന്റെ വളർച്ചാ നിരക്ക് 2013-14 ലെ 11.42 ശതമാനത്തിൽ നിന്ന് 2022-23 ൽ 13.78 ശതമാനമായി വർദ്ധിച്ചു. ജിഎസ്ഡിപിയുടെ വിഹിതമെന്ന നിലയിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 2021-22 ലെ 12.48 ശതമാനത്തിൽ നിന്ന് 2022-23 ൽ 12.69 ശതമാനമായി നേരിയ തോതിൽ വർധിച്ചു.

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന ഘടകം തനത് നികുതി വരുമാനമാണ്. 2022-23ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

**പട്ടിക 1.5.1**: 2011-12 മുതൽ 2022-23 വരെയുള്ള പ്രധാന കമ്മി സൂചകങ്ങൾ കോടി രൂപയിൽ

| വർഷം | റവന്യൂ കമ്മി | | ധന കമ്മി | | പ്രാഥമിക കമ്മി | |
|---|---|---|---|---|---|---|
| | തുക | ജി.എസ്.ഡി.പിയുടെ ശതമാനം | തുക | ജി.എസ്.ഡി.പിയുടെ ശതമാനം | തുക | ജി.എസ്.ഡി.പിയുടെ ശതമാനം |
| 2011-12 | 8034.26 | 2.21 | 12814.77 | 3.520 | 6521.17 | 1.79 |
| 2012-13 | 9351.45 | 2.27 | 15002.47 | 3.639 | 7797.66 | 1.89 |
| 2013-14 | 11308.6 | 2.43 | 16944.13 | 3.644 | 8678.74 | 1.87 |
| 2014-15 | 13796 | 2.69 | 18641.72 | 3.637 | 8872.13 | 1.73 |
| 2015-16 | 9656.81 | 1.73 | 17818.46 | 3.194 | 6707.61 | 1.20 |
| 2016-17 | 15484.59 | 2.44 | 26448.35 | 4.17 | 14331.85 | 2.26 |
| 2017-18 | 16928.21 | 2.41 | 26837.41 | 3.83 | 11717.48 | 1.67 |
| 2018-19 | 17461.92 | 2.22 | 26958.30 | 3.42 | 10210.39 | 1.30 |
| 2019-20 | 14495.25 | 1.78 | 23837.48 | 2.93 | 4622.78 | 0.57 |
| 2020-21* | 20063.51 | 2.60 | 35203.69 | 4.56 | 14228.33 | 1.84 |
| 2021-22* | 20799.96 | 2.23 | 37306.47 | 3.99 | 14003.65 | 1.50 |
| 2022-23 | 9226.29 | 0.88 | 25554.54 | 2.44 | 378.18 | 0.04 |
| 2023-24 BE | 23942.24 | 2.11 | 39662.22 | 3.50 | 13415.24 | 1.18 |


അവലംബം : *ധനകാര്യ വകുപ്പ്, കേരള സർക്കാർ*

**കുറിപ്പ്*** ധനമന്ത്രാലയം, ചെലവ് വകുപ്പ് (പബ്ലിക് ഫിനാൻസ് സ്റ്റേറ്റ് ഡിവിഷൻ), ഭാരത സർക്കാരിന്റെ 10.12.2021 ലെ എഫ്.40(1) പിഎഫ്-എസ് 2021-22 നമ്പർ കത്ത് അനുസരിച്ച്, ജി.എസ്.റ്റി. നഷ്ടപരിഹാരത്തിന് പകരമായി ലഭിച്ച വായ്പ സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധിക്ക് പുറമേയുള്ളതും ഈ വായ്പയുടെ തിരിച്ചടവ് ബാധ്യത സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സിൽ നിന്ന് നൽകേണ്ടതില്ലാത്തതുമാണ്. അതിനാൽ, 2020-21, 2021-22 വർഷങ്ങളിൽ ജി.എസ്.റ്റി. നഷ്ടപരിഹാരമായി യഥാക്രമം ലഭിച്ച 5766 കോടി രൂപയും 8739.31 കോടി രൂപയും പകരമായി ലഭിച്ച വായ്പ, റവന്യൂ ഗ്രാന്റായി കണക്കാക്കിയാണ് സാമ്പത്തിക സൂചകങ്ങൾ നിർണ്ണയിക്കുന്നത്.

71968.16 കോടി രൂപയായിരുന്നു (54.22 ശതമാനം.) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം 15117.96 കോടി രൂപയും (11.39 ശതമാനം), കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും വിഹിതം 45638.54 കോടി രൂപയും (34.39 ശതമാനം) ആണ്. കേന്ദ്രം അനുവദിച്ച തുകയിൽ നികുതി വിഹിതം 18260.68 കോടി രൂപയും ഗ്രാന്റുകൾ, ധനസഹായം എന്നിവയുടെ വിഹിതം 27377.86 കോടി രൂപയുമാണ്. കേന്ദ്രത്തിൽ നിന്നും ലഭിച്ച ഗ്രാന്റ് വിഹിതത്തിൽ 15382.30 കോടി രൂപയാണ് ധനകാര്യ കമ്മീഷൻ അവാർഡ്. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാന റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ചയുടെ വിവരങ്ങൾ **ചിത്രം 1.5.1**–ൽ നൽകിയിരിക്കുന്നു. സംസ്ഥാന റവന്യൂ വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.1**-ലും നൽകിയിരിക്കുന്നു.


2013-14-ൽ മൊത്തം റവന്യൂ വരുമാനത്തിൽ

**ചിത്രം 1.5.1** കേരളത്തിലെ റവന്യൂ വരുമാനത്തിന്റെ വാർഷിക വളർച്ച




അവലംബം : *ധനകാര്യ വകുപ്പ്, കേരള സർക്കാർ*

**ചിത്രം 1.5.2** സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലെ വിവിധ സ്രോതസ്സുകളുടെ വിഹിതം (ശതമാനത്തിൽ)




അവലംബം : *ധനകാര്യ വകുപ്പ്, കേരള സർക്കാർ*


കേന്ദ്രവിഹിതത്തിന്റെ അനുപാതം 23.6 ശതമാനമായിരുന്നു. 2014-15 ന് ശേഷം മൊത്തം റവന്യൂ വരുമാനത്തിൽ കേന്ദ്ര വിഹിതം വർധിച്ചതിന് കാരണം കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം പദ്ധതി നടപ്പിലാക്കുന്ന ഏജൻസികൾക്ക് നേരിട്ട് നൽകുന്ന രീതി ഒഴിവാക്കി സംസ്ഥാന ബജറ്റ് വഴി നൽകുന്നതുകൊണ്ടാണ്. 2020-21-ൽ 43.67 ശതമാനം എന്ന ഏറ്റവും ഉയർന്ന നിലയിലെത്തിയ ശേഷം, കേന്ദ്ര സഹായത്തിന്റെ വിഹിതം 2021-22ൽ 41.01 ശതമാനമായും 2022-23 ൽ 34.39 ശതമാനമായും കുറഞ്ഞു. 2023-24ൽ ഇത് 27.54 ശതമാനമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. ജി.എസ്.റ്റി നഷ്ടപരിഹാരം 2022 ജൂൺ മുതൽ നിർത്തലാക്കിയതും റവന്യൂ കമ്മി ഗ്രാന്റിൽ വന്ന കുറവും വരും വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ വഷളാക്കും. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാന റവന്യൂ വരുമാനം **ചിത്രം 1.5.2**ൽ കൊടുത്തിരിക്കുന്നു.

### i) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ മുഖ്യ സ്രോതസ് സംസ്ഥാന ചരക്ക് സേവന നികുതി, പെട്രോളിയം, മദ്യം എന്നിവയുടെ വില്പനനികുതി, സ്റ്റാമ്പ്ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, സംസ്ഥാന എക്സൈസ് ഡ്യൂട്ടി, വാഹന നികുതി, ഭൂനികുതി തുടങ്ങിയവയാണ്. 2013-14 ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വളർച്ചാനിരക്ക് 65.06 ശതമാനം ആയിരുന്നു. കോവിഡ്-19 മഹാമാരിയുടെയും സംസ്ഥാന സമ്പദ്ഘടനയെ സ്വാധീനിച്ച ബാഹ്യവും ആന്തരികവുമായ മറ്റു ഘടകങ്ങളുടെയും പ്രതികൂല ആഘാതം കാരണം 2022-23 ൽ ഇത് 54.22 ശതമാനമായി കുറഞ്ഞു (അനുബന്ധം 1.5.2). എങ്കിലും, സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ വളർച്ച 2021-22 ലെ 22.41 ശതമാനത്തിൽ നിന്നും 2022-23 ൽ 23.36 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. **ചിത്രം 1.5.3** സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വളർച്ച ലഭ്യമാക്കിയിട്ടുണ്ട്.


2022-23 ൽ കേരളത്തിന്റെ തനത് നികുതി വരുമാനം 71968.16 കോടി രൂപയാണ്. വളർച്ചാ നിരക്ക് ഉയരുന്നതിനുള്ള പ്രധാന കാരണം ചരക്ക് സേവന നികുതിയാണ്. 2022-23 ൽ സംസ്ഥാന ചരക്കുസേവന നികുതി വരുമാനം 29513.28 കോടി രൂപയാണ്. ഇത് ആകെ നികുതി വരുമാനത്തിന്റെ 41 ശതമാനമാണ്. വില്പന നികുതി 37.34 ശതമാനം (26875.78 കോടി രൂപ), സ്റ്റാമ്പ്ഡ്യൂട്ടി/രജിസ്ട്രേഷൻ ഫീസ് 8.64 ശതമാനം (6216.71 കോടി രൂപ), വാഹന നികുതി 7.48 ശതമാനം (5386.81 കോടി രൂപ), സംസ്ഥാന എക്സൈസ് ഡ്യൂട്ടി 4 ശതമാനം (2875.95 കോടി രൂപ), ഭൂനികുതി 1 ശതമാനം (718.90 കോടി രൂപ), മറ്റിനങ്ങൾ 0.54 ശതമാനം (380.72 കോടി രൂപ). 2020-21 മുതൽ 2021-22 വരെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള തനത് നികുതി വരുമാനം **ചിത്രം 1.5.4**-ൽ നൽകിയിരിക്കുന്നു.

**ചിത്രം 1.5.3** സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വളർച്ച




അവലംബം : *ധനകാര്യ വകുപ്പ്, കേരള സർക്കാർ*

**ചിത്രം 1.5.4** 2020-21 ലെയും 2021-22 ലെയും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള തനത് നികുതി വരുമാനം (ശതമാനത്തിൽ)




അവലംബം : *ധനകാര്യ വകുപ്പ്, കേരള സർക്കാർ*

(ii) സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം സംസ്ഥാന നികുതിയേതര വരുമാനത്തിന്റെ മുഖ്യ സ്രോതസ്സ് സംസ്ഥാന ഭാഗ്യക്കുറികളിൽ നിന്നുള്ള വരുമാനമാണ്. പലിശ, ഡിവിഡന്റ്, വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം, സാമൂഹ്യ സേവന മേഖലകളിൽ നിന്നും ലഭിക്കുന്ന ഫീസ്, പിഴ എന്നിവയാണ് മറ്റ് പ്രധാന സ്രോതസ്സുകൾ. 2022-23ൽ സംസ്ഥാന നികുതിയേതര വരുമാനം 15117.96 കോടി രൂപ ആയിരുന്നു. 2021-22 ൽ ലഭിച്ച 10462.51 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 44.50 ശതമാനം വർദ്ധനവാണ് ഉണ്ടായത്. 2022 -23 ൽ സംസ്ഥാന ഭാഗ്യക്കുറികളിൽ നിന്നുള്ള വരുമാനം 11892.88 കോടി രൂപയാണ്, 2021 -22 ലെ 7134.93 രൂപയുമായി ഇതിനെ താരതമ്യം ചെയ്യുമ്പോൾ 66.69 ശതമാനം വർധനവാണ്. ഇത് സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന്റെ 78.67 ശതമാനമാണ്. ഇതിൽ സാമൂഹിക സേവന മേഖലയിൽ നിന്നും 1358.35 കോടി രൂപയും (8.99 ശതമാനം), പലിശ/ഡിവിഡന്റ് 220.89 കോടി രൂപയും (1.46 ശതമാനം), വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം 290.61 കോടി രൂപ (1.92 ശതമാനം), മറ്റുള്ളവയിൽ നിന്നും 1355.23 കോടി രൂപ (8.96 ശതമാനം) എന്നിങ്ങനെയാണ്. സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.3**-ൽ നൽകിയിരിക്കുന്നു.

**(iii) കേന്ദ്ര വിഹിത കൈമാറ്റം**


ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന നികുതി വിഹിതവും ഗ്രാന്റും യൂണിയൻ സർക്കാർ വിതരണം ചെയ്യുന്ന ഗ്രാന്റുമാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ രണ്ട് മുഖ്യഘടകങ്ങൾ. ഭരണഘടനയുടെ ആർട്ടിക്കിൾ 280 പ്രകാരമാണ് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി കൈമാറ്റം ധനകാര്യ കമ്മീഷൻ നിർണ്ണയിച്ചിരിക്കുന്നത്. നികുതി കൈമാറ്റത്തിനു ശേഷമുള്ള റവന്യൂ കമ്മി കുറയ്ക്കുന്നതിന് ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം, സംസ്ഥാനങ്ങൾക്ക് ഗ്രാന്റ് ഇൻ എയ്ഡും ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇതു കൂടാതെ പ്രത്യേക മേഖലകൾക്കു വേണ്ടി പ്രത്യേക ഗ്രാന്റും ധനകാര്യ കമ്മീഷൻ അനുവദിക്കുന്നു. നികുതി കൈമാറ്റവും റവന്യൂ കമ്മി ഗ്രാന്റും ചേർന്നതാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ ഉപാധി രഹിത വിഹിതം. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള മറ്റ് ഘടകങ്ങൾ ഉപാധികളോടെ അനുവദിക്കുന്ന ഗ്രാന്റാണ്, ഈ വിഹിതം ചെലവഴിക്കുന്നതിൽ സംസ്ഥാനങ്ങൾക്ക് അയവുവരുത്താൻ കഴിയില്ല.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം കേന്ദ്ര സർക്കാരിന്റെ മൊത്തം നികുതി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം 41 ശതമാനമാണ്. പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ വിഭജിക്കാവുന്ന കേന്ദ്ര നികുതിയുടെ അറ്റവിഹിതത്തിന്റെ 2.5 ശതമാനം കേരളത്തിന് അർഹമായിരുന്നു . നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡങ്ങളിൽ വന്ന മാറ്റങ്ങൾ നിമിത്തം കേരളത്തിന് ലഭിക്കേണ്ട അറ്റനികുതിയുടെ വിഹിതം പതിനഞ്ചാമത് ധനകാര്യ കമ്മീഷൻ കാലയളവിൽ 1.925 ശതമാനമായി കുറഞ്ഞു. നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കാൻ പറ്റുന്ന അറ്റ വിഹിതം വിവിധ ധനകാര്യ കമ്മീഷനുകളെ അടിസ്ഥാനമാക്കി **ചിത്രം 1.5.5** -ൽ കാണിച്ചിരിക്കുന്നു.

കേന്ദ്ര നികുതിയിൽ ഓരോ സംസ്ഥാനത്തിന്റെയും വിഹിതം നിർണ്ണയിക്കാൻ 13 ,14 ,15 കമ്മീഷനുകൾ ഉപയോഗിക്കുന്ന മാനദണ്ഡങ്ങളും ഓരോന്നിനും നിശ്ചയിച്ചിരിക്കുന്ന വെയിറ്റും **പട്ടിക 1.5.2**ൽ നൽകിയിരിക്കുന്നു.

2022-23-ൽ സംസ്ഥാനത്തിനു ലഭിച്ച മൊത്തം കേന്ദ്ര വിഹിതം 45638.54 കോടി രൂപയാണ്, 2021-22 ൽ ഇത് 47837.21 കോടി രൂപയായിരുന്നു. 2021-22 ൽ കേന്ദ്ര വിഹിത കൈമാറ്റത്തിൽ 12.22 ശതമാനത്തിന്റെ വർധനവാണുണ്ടായിരുന്നതെങ്കിൽ 2022-23 ൽ 4.6 ശതമാനത്തിന്റെ കുറവാണ് കേന്ദ്ര

**ചിത്രം 1.5.5** വിവിധ ധനകാര്യ കമ്മീഷനുകളിൽ നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കൽ പറ്റുന്ന ആറ്റവിഹിതം




വിഹിതത്തിലുണ്ടായത്. കേന്ദ്ര നികുതി വിഹിതമായി 2022-23 ൽ ലഭിച്ച തുക 18260.68 കോടി രൂപയാണ്, 2021-22 ൽ ഇത് 17820.09 കോടി രൂപയായിരുന്നു. ഇത് 2.47 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിൽ ഉണ്ടായ നഷ്ടപരിഹാര തുകയായ 7245.97 കോടി രൂപ ഉൾപ്പെടെ ഗ്രാന്റ് ഇൻ എയ്ഡായി 2022-23ൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച തുക 27377.86 കോടി രൂപയാണ്. കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ വിശദാംശങ്ങൾ **പട്ടിക 1.5.3**-ൽ ചേർത്തിരിക്കുന്നു.

### ചെലവ്

റവന്യൂ ചെലവ്, മൂലധന ചെലവ്, വായ്പാ തിരിച്ചടവിൽ ഉണ്ടാകുന്ന ചെലവ് എന്നിങ്ങനെ മൂന്ന് ഘടകങ്ങളാണ് സംസ്ഥാനത്തിന്റെ ചെലവിൽ ഉൾപ്പെട്ടിരിക്കുന്നത്. 2013-14 മുതൽ 2022-23 വരെയുള്ള കാലഘട്ടത്തിനിടയിൽ, മൊത്തം ചെലവ് 66244.01 കോടി രൂപയിൽ നിന്ന് 158738.43 കോടി രൂപയായി വർദ്ധിച്ചു. സംയോജിത വാർഷിക വളർച്ചാ നിരക്ക് 10.20 ശതമാനം ആണ്. 2022-23 ലെ മൊത്തം ചെലവിൽ 125988.45 കോടി രൂപ (79.37 ശതമാനം) പദ്ധതിയേതര ചെലവും, 32749.98 കോടി രൂപ (20.63 ശതമാനം) പദ്ധതി ചെലവുമാണ്.

### റവന്യൂ ചെലവുകൾ

വികസന ചെലവുകളും വികസനേതര ചെലവുകളുമാണ് റവന്യൂ ചെലവിൽ ഉൾപ്പെടുന്നത്. വികസനച്ചെലവിൽ വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, വ്യവസായം, തൊഴിലും തൊഴിലവസരങ്ങളും എന്നിവയ്ക്കുള്ള ചെലവ് ഉൾപ്പെടുന്നു. വികസനേതര ചെലവുകളിൽ പലിശ അടവ്, പെൻഷൻ വിതരണം, കടബാധ്യതകൾ, ഭരണപരമായ സേവനങ്ങൾ, മറ്റുള്ളവ എന്നിവ ഉൾപ്പെടുന്നു. റവന്യൂ ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക 1.5.4**ൽ നൽകിയിരിക്കുന്നു.

പൂർത്തിയായ പദ്ധതികളുടെ പ്രവർത്തന, സംരക്ഷണ ചെലവുകളും റവന്യൂ ചെലവിലാണ്

**പട്ടിക 1.5.2** .13, 14, 15 ധനകമ്മീഷൻ റിപ്പോർട്ടുകളിൽ കേന്ദ്രം സംസ്ഥാനങ്ങൾക്ക് നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡം ശതമാനത്തിൽ

| | 13 - ധനകാര്യ കമ്മിഷൻ | 14- ധനകാര്യ കമ്മിഷൻ | 15 - ധനകാര്യ കമ്മിഷൻ |
|---|---|---|---|
| ജനസംഖ്യ (1971) | 25 | 17.5 | ..... |
| ജനസംഖ്യ ( 2011 ) | .... | 10 | 15 |
| പ്രദേശം | 10 | 15 | 15 |
| വനവും പരിസ്ഥിതിയും | ... | 7.5 | 10 |
| വരുമാന വിടവ് | .... | 50 | 45 |
| ജനസംഖ്യസ്വഭാവത്തിലെ പ്രകടനം | .... | .... | 12.5 |
| നികുതി പരിശ്രമം(tax efforts) | .... | .... | 2.5 |
| സാമ്പത്തീക കഴിവിന്റെ വിടവ് | 47.5 | .... | ... |
| സാമ്പത്തിക അച്ചടക്കം | 17.5 | .... | .... |
| ആകെ | 100 | 100 | 100 |

അവലംബം : വിവിധ ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകൾ

**പട്ടിക 1.5.3 :** കേന്ദ്ര വിഹിതത്തിന്റെ കൈമാറ്റം (രൂപകോടിയിൽ)

| വർഷം | കേന്ദ്ര നികുതിയിലും ചുങ്കത്തിലുമുള്ള വിഹിതം | | പദ്ധതി പദ്ധതിയേതര ഇനത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച ധനസഹായം | | ആകെ കൈമാറിയ വിഹിതം | |
|---|---|---|---|---|---|---|
| | തുക | വാർഷിക വളർച്ചാ നിരക്ക് (ശതമാനം) | തുക | വാർഷിക വളർച്ചാ നിരക്ക് (ശതമാനം) | തുക | വാർഷിക വളർച്ചാ നിരക്ക് (ശതമാനം) |
| 2012-13 | 6840.65 | 14.19 | 3021.53 | -18.54 | 9862.18 | 1.68 |
| 2013-14 | 7468.68 | 9.18 | 4138.21 | 36.96 | 11606.9 | 17.69 |
| 2014-15 | 7926.29 | 6.13 | 7507.99 | 81.43 | 15434.3 | 32.98 |
| 2015-16 | 12690.7 | 60.11 | 8921.35 | 18.82 | 21612 | 40.03 |
| 2016-17 | 15225 | 19.97 | 8510.35 | -4.61 | 23735.4 | 9.82 |
| 2017-18 | 16833.1 | 10.56 | 8527.84 | 0.21 | 25360.9 | 6.85 |
| 2018-19 | 19038.2 | 13.10 | 11389 | 33.55 | 30427.1 | 19.98 |
| 2019-20 | 16401.1 | -13.85 | 11235.3 | -1.35 | 27636.3 | -9.17 |
| 2020-21 | 11560.4 | -29.51 | 31068.28 | 176.52 | 42628.68 | 54.25 |
| 2021-22 | 17820.09 | 54.15 | 30017.12 | -3.38 | 47837.21 | 12.22 |
| 2022-23 | 18260.68 | 2.47 | 27377.86 | -8.79 | 45638.54 | -4.60 |

അവലംബം : *ധനകാര്യ വകുപ്പ്, കേരള സർക്കാർ*

ഉൾപ്പെടുത്തിയിരിക്കുന്നത്. സർവകലാശാലകളിലെയും സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ശമ്പളവും പെൻഷൻ ബാധ്യതകളും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ബാധ്യതകളും നിറവേറ്റുന്നതിനായി സംസ്ഥാനം നൽകുന്ന ഗ്രാന്റുകൾ റവന്യൂചെലവായാണ് കണക്കാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വരുമാനത്തിന്റെ പ്രധാന ഭാഗവും പ്രാദേശിക സർക്കാർ തലത്തിൽ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് ഉപയോഗിക്കുന്നത്.

2021-22 ൽ 1,46179.51 കോടി രൂപയായിരുന്ന റവന്യൂ ചെലവ് 2022-23 ൽ 1,41950.94 കോടി രൂപയായി കുറഞ്ഞു. 2022-23 ലെ മൊത്തം റവന്യൂ ചെലവിൽ

**പട്ടിക 1.5.4** റവന്യൂ ചെലവിലെ പ്രവണത

| വർഷം | ആകെ റവന്യൂ ചെലവ് | | വികസന ചെലവ് | | വികസനേതര ചെലവ് | |
|---|---|---|---|---|---|---|
| | തുക | വാർഷിക വളർച്ചാ നിരക്ക് ശതമാനം | തുക | ആകെ റവന്യൂ ചെലവിന്റെ ശതമാനം | തുക | ആകെ റവന്യൂ ചെലവിന്റെ ശതമാനം |
| 2008-09 | 28223.85 | 13.39 | 15154.3 | 53.69 | 13069.6 | 46.31 |
| 2009-10 | 31132.38 | 10.31 | 16908.6 | 54.31 | 14223.8 | 45.69 |
| 2010-11 | 34664.81 | 11.35 | 18918.6 | 54.58 | 15746.2 | 45.42 |
| 2011-12 | 46044.62 | 32.83 | 25069.8 | 54.45 | 20974.8 | 45.55 |
| 2012-13 | 53488.74 | 16.17 | 29889.0 | 55.88 | 23599.7 | 44.12 |
| 2013-14 | 60485.50 | 13.08 | 32921.1 | 54.43 | 27564.4 | 45.57 |
| 2014-15 | 71746.43 | 18.62 | 39182.2 | 54.61 | 32564.2 | 45.39 |
| 2015-16 | 78689.47 | 9.68 | 41762.7 | 53.07 | 36926.8 | 46.93 |
| 2016-17 | 91096.31 | 15.77 | 48602.6 | 53.35 | 42493.7 | 46.65 |
| 2017-18 | 99948.35 | 9.72 | 52979.5 | 53.01 | 46968.8 | 46.99 |
| 2018-19 | 110316.39 | 10.37 | 56788.0 | 51.48 | 53528.4 | 48.52 |
| 2019-20 | 104719.92 | -5.07 | 47550.2 | 45.41 | 57169.7 | 54.59 |
| 2020-21 | 123446.33 | 17.88 | 71224.0 | 57.70 | 52222.3 | 42.30 |
| 2021-22 | 146179.51 | 18.42 | 74026.85 | 50.64 | 72152.66 | 49.36 |
| 2022-23 | 141950.94 | -2.89 | 70133.18 | 49.41 | 71817.75 | 50.59 |
| 2023-24 BE | 159360.91 | 12.26 | 80157.87 | 50.30 | 79203.04 | 49.70 |

അവലംബം: *ധനകാര്യ വകുപ്പ്, കേരള സർക്കാർ*

പദ്ധതിച്ചെലവ് 17358.53 കോടി രൂപയും പദ്ധതിയേതര ചെലവ് 124592.41 കോടി രൂപയുമാണ്. റവന്യൂ ചെലവും മൊത്തം ആഭ്യന്തര ഉൽപാദനവുമായുള്ള അനുപാതം 2021-22 ലെ 15.64 ശതമാനത്തിൽ നിന്ന് 2022-23 ൽ 13.57 ശതമാനമായി കുറഞ്ഞു.

മുൻവർഷവുമായി താരതമ്യംചെയ്യുമ്പോൾ 2022-23 കാലയളവിൽ ബാധ്യതപ്പെട്ട ചെലവ് വർദ്ധിച്ചിട്ടുള്ളതായി കാണാം. മൊത്തം റവന്യൂ ചെലവിന്റെ 71.54 ശതമാനവും ബാധ്യതപ്പെട്ട ചെലവുകളായ പെൻഷൻ, ശമ്പളം, പലിശ തിരിച്ചടവ്, സബ്സിഡികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ചെലവുകൾ എന്നിവയാണ്. 2022-23 ൽ മൊത്തം റവന്യൂ ചെലവിലെ പെൻഷൻ ചെലവും ശമ്പളച്ചെലവും 2021-22 ലെ 48.84 ശതമാനത്തിൽ നിന്ന് 45.08 ശതമാനമായി കുറഞ്ഞു. പലിശയിനത്തിലുണ്ടായ ചെലവ് 2021-22 ലെ 15.94 ശതമാനത്തിൽ നിന്ന് 2022-23 ൽ 17.74 ശതമാനമായി വർദ്ധിച്ചു. റവന്യൂ ചെലവുകളുടെ വിശദാംശങ്ങൾ **അനുബന്ധം 1.5.4**, **അനുബന്ധം 1.5.5** എന്നിവയിൽ നൽകിയിരിക്കുന്നു.

### മൂലധന ചെലവ്

മാനവ ശേഷി വികസനത്തിനുള്ള സംസ്ഥാനത്തിന്റെ ചെലവിന്റെ ഭൂരിഭാഗവും റവന്യൂ ചെലവിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ മൂലധന ചെലവിന്റെ വിഹിതം എല്ലായ്പ്പോഴും കുറവായിരിക്കുന്നു. ഭാവിയിലേക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നതിനും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി നവീനമായ ഒരു ധനവിനിമയരീതി തന്നെ സർക്കാർ ഇതിനകം ഏറ്റെടുത്തിട്ടുണ്ട്. മൂലധന പദ്ധതികളിൽ ദീർഘകാല നിക്ഷേപം ആകർഷിക്കുക വഴി സർക്കാർ ആരംഭിച്ച ഇത്തരം വികസന മാതൃകകൾ ഇതിനകം തന്നെ നല്ല സൂചനകൾ നൽകി തുടങ്ങിയിട്ടുണ്ട്. മൂലധന ചെലവിന്റെയും മൊത്തം ചെലവുകളുടേയും വിശദാംശങ്ങൾ **അനുബന്ധം 1.5.6**-ൽ നൽകിയിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി വിവിധ മേഖലകളിലെ മൂലധന പദ്ധതികളിൽ സർക്കാർ മുടക്കുന്ന വിഹിതം വർദ്ധിച്ചു വരുന്നതായി കാണാം. 2022-23 ൽ സംസ്ഥാനത്തിന്റെ മൂലധന ചെലവ് 16787.49 കോടി രൂപയാണ്. 2022-23 ലെ മൊത്തം മൂലധന വിഹിതത്തിന്റെ 19.38 ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തി മുഖ്യ മൂലധന മേഖലയായി തുടരുന്നു. തുടർന്ന് കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും 5.44 ശതമാനവും വ്യവസായങ്ങൾക്കും തൊഴിൽ മേഖലക്കും 3.78 ശതമാനവും ജലസേചനത്തിന് 2.88 ശതമാനവും ആണ് മൂലധന വിഹിതമായി വകയിരുത്തിയിട്ടുള്ളത്. മൂലധന ചെലവിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.7**–ൽ നൽകിയിരിക്കുന്നു.

### കട ബാധ്യത

വിപണിയിൽ നിന്നുള്ള വായ്പയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും ഉൾപ്പെടെയുള്ള ആഭ്യന്തര കടം, കേന്ദ്രത്തിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് നിക്ഷേപം എന്നിവയിൽ നിന്നുള്ള വായ്പയും ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ കടബാധ്യത. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ സംസ്ഥാനം അതിന്റെ ധനക്കമ്മി നേരിടുന്നതിനായി വിപണി വായ്പയെയും ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് നിക്ഷേപം എന്നിവയേയും ആശ്രയിച്ചിട്ടുണ്ട്. 2022-23 അവസാനത്തോടെ സംസ്ഥാനത്തിന് കുടിശ്ശികയുള്ള പൊതുകടം 238000.96 കോടി രൂപയാണ്. പൊതുകടത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 2021-22 ലെ 10.16 ശതമാനത്തിൽ നിന്ന് 2022-23 ൽ 8.19 ശതമാനമായി കുറഞ്ഞു. പ്രസ്തുത കാലയളവിൽ പൊതുകടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം 2021-22 ലെ 23.54 ശതമാനത്തിൽ നിന്നും 2022-23 ൽ 22.75 ശതമാനമായി കുറഞ്ഞു. സംസ്ഥാനത്തിന്റെ ആകെ കുടിശ്ശിക ബാധ്യതകൾ 2021-22 -ൽ 35.92 ശതമാനമായിരുന്നത് 2022-23-ൽ 34.62 ശതമാനമായും കുറഞ്ഞു.

പൊതു കടവും റവന്യൂ വരുമാനവും തമ്മിലുള്ള അനുപാതം 2021-22 ൽ 188.59 ശതമാനമായിരുന്നത് 2022-23 ൽ 179.32 ശതമാനമായി കുറഞ്ഞു. 2022-23 വർഷത്തിൽ സംസ്ഥാനത്തിന്റെ പൊതു കടബാധ്യതയിൽ 95.44 ശതമാനവും ആഭ്യന്തര കടമാണ്. 2021-22ൽ 210791.60 കോടി രൂപയായിരുന്ന ആഭ്യന്തര കടം 2022-23ൽ 227137.08 കോടി രൂപയായി വർദ്ധിച്ചു. ആഭ്യന്തര കടത്തിന്റെ വളർച്ചാ നിരക്ക് 2022-23ൽ 10.78 ശതമാനമാണ്. കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പയുടേയും മുൻകൂർ തുകയുടേയും കുടിശ്ശിക ബാധ്യത 2021-22 ൽ 9182.96 കോടി രൂപയായിരുന്നത് 2022-23 ൽ 10863.90 കോടി രൂപയായി വർദ്ധിച്ചു. സംസ്ഥാനത്തിന്റെ പൊതുകടത്തിൽ കേന്ദ്ര വായ്പയുടെ വിഹിതം 2022-23ൽ 4.56 ശതമാനമാണ്.

ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് എന്നിവയിലെ ബാധ്യത 2022-23 അവസാനത്തിൽ 124190.91 കോടി രൂപയാണ്. 2021-22-ൽ ഇത് 115666.60 കോടി രൂപയായിരുന്നു. 2022-23 വർഷത്തെ മൊത്തം നീക്കിയിരുപ്പ് കടവും അറ്റ നീക്കിയിരുപ്പ് കടവും യഥാക്രമം 26550.73 കോടി രൂപയും 1413.17 കോടി രൂപയുമാണ്.

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിനതീതമായി പല ഭാഗങ്ങളിൽ നിന്നുമുണ്ടായ തുടർച്ചയായ തിരിച്ചടികൾ മൂലം സാമ്പത്തിക ഏകീകരണ പാതയിലൂടെ ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് ഉലച്ചിൽ സംഭവിച്ചു.

മതിയായ ധനസഹായം നൽകുമ്പോൾ മാത്രമേ, പ്രത്യേകിച്ചു ദുരിതകാലത്ത്, സഹകരണ ഫെഡറലിസം എന്ന ആശയം യാഥാർഥ്യമാകുകയുള്ളൂ. സമീപകാലത്തുണ്ടായ ആന്തരികവും ബാഹ്യവുമായ ആഘാതങ്ങൾക്ക് നടുവിൽ നിൽക്കുമ്പോഴും കേരളത്തെ പുനർനിർമ്മിക്കുന്നതിലും പുനരുജ്ജീവിപ്പിക്കുന്നതിലുമാണ് സർക്കാർ പരമമായ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

നിലവിലെ സാമ്പത്തിക മാന്ദ്യം പരിഹരിക്കുന്നതിന് ആദ്യഘട്ടം എന്ന നിലയിൽ വിഭവസമാഹരണത്തിന്റെ ആവശ്യകത സംസ്ഥാനം അംഗീകരിക്കുന്നു.

നികുതി, നികുതിയേതര സ്രോതസ്സുകൾ വഴിയുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ സുസ്ഥിരമായ, ദീർഘകാല സ്ഥിരതയാണ് കേരളം ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലുള്ള വിഭവങ്ങൾ സമാഹരിക്കുന്നതിന്റെ കാര്യക്ഷമത, ന്യായമായ കേന്ദ്ര വരുമാനം ഉറപ്പാക്കൽ, ചെലവുകൾ യുക്തിസഹമാക്കൽ എന്നിവ ഇതിൽപ്പെടുന്നു.

ഈ വെല്ലുവിളികളെ അനുയോജ്യമായ നൂതനമായ സാമ്പത്തിക തന്ത്രങ്ങളുപയോഗിച്ച് മറികടക്കേണ്ടത് അനിവാര്യമാണ്. യൂണിയൻ സർക്കാർ സംസ്ഥാന സർക്കാരുകളുമായി സഹകരിച്ചുള്ള പ്രയത്നങ്ങളും ഫലപ്രദമായ റിസോഴ്സ് മാനേജ്മെന്റും സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും വീണ്ടെടുക്കാനും, വികസന ലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിനും വഴിയൊരുക്കുന്നതിൽ നിർണായക പങ്ക് വഹിക്കും. ബാഹ്യമായ അനിശ്ചിതത്വങ്ങൾക്കിടയിലും ശാശ്വതവും ഊർജ്ജസ്വലവുമായ പുതു കേരളം കെട്ടിപ്പടുക്കണം എന്നതിൽ സർക്കാർ ഉറച്ചു നിൽക്കുന്നു.

# 1.6 2023-24 വാർഷിക പദ്ധതി

കേരളത്തിന്റെ വികസനത്തിന്റെ കേന്ദ്ര ബിന്ദു സാമ്പത്തിക ആസൂത്രണം തന്നെയാണ്. സമൂഹത്തിലെ എല്ലാ മേഖലയിലെയും ജനങ്ങളുടെ ഉന്നമനമാണ് 2023-24 വർഷത്തെ വാർഷിക പദ്ധതിയുടെ ലക്ഷ്യം, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ദുർബലവിഭാഗങ്ങളുടെയും. നവകേരളം എന്ന ലക്ഷ്യത്തിനായി കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്; ആയതിനാൽ ആരോഗ്യം, വിദ്യാഭ്യാസം, ഭവനം, സാമൂഹിക ക്ഷേമം, റോഡുകൾ, ഊർജ്ജം എന്നീ മേഖലകളിൽ സാമൂഹികവും, സാമ്പത്തികവുമായ നിക്ഷേപം അത്യന്താപേക്ഷിതമാണ്. ഉല്പാദനവും ഉല്പാദനക്ഷമതയും ഉയർത്തുക, സുസ്ഥിര വികസനം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ വ്യവസായം, കാർഷിക അനുബന്ധ മേഖലകൾ, ആധുനിക സേവനങ്ങൾ, ശാസ്ത്ര സാങ്കേതികത, ഉന്നത വിദ്യാഭ്യാസ മേഖലയുടെ ആധുനികവൽക്കരണം എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ട് സാമ്പത്തിക നയം രൂപീകരിച്ചു. ആധുനിക സമ്പദ്‌വ്യവസ്ഥയിൽ ലഭ്യമായ ഏറ്റവും മികച്ച വിദഗ്ധ തൊഴിലവസരങ്ങൾ കേരളത്തിലെ യുവജനങ്ങൾക്ക് നൽകാനും ഇത് ലക്ഷ്യമിടുന്നു. കൂടാതെ, വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം, ചില്ലറ വ്യാപാരം, ഉയർന്ന തൊഴിലവസരങ്ങൾ, ഉൽപ്പാദന സമ്പദ്‌വ്യവസ്ഥ, അതിദാരിദ്ര്യം തുടച്ചുനീക്കുക എന്നിവയിലും പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. റവന്യൂ സംവിധാനത്തെ മുഴുവൻ നവീകരിക്കുന്നതിനായി റിമോട്ട് സെൻസിംഗിനെ അടിസ്ഥാനമാക്കി സമഗ്രമായ ഒരു ഡാറ്റാ ബേസ് സംവിധാനം സർക്കാർ ആരംഭിച്ചിട്ടുണ്ട്. രാജ്യത്താദ്യമായി ട്രാൻസ്ജെൻഡർ നയം രൂപീകരിച്ച സംസ്ഥാനമാണ് കേരളം. ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് പ്രത്യേക പരിപാടികൾ/പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

30,370 കോടി രൂപയുടെ സംസ്ഥാന പദ്ധതിയും 8,259.19 കോടി രൂപയുടെ കേന്ദ്രസഹായവും ഉൾപ്പെടെ 2023-24ലെ വാർഷിക പദ്ധതിയുടെ മൊത്തം പദ്ധതി വിഹിതം 38,629.19 കോടി രൂപയായിരുന്നു. 2023-24 കാലയളവിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുക 8,258 കോടി രൂപയായിരുന്നു. ഇത് സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി വിഹിതത്തിന്റെ 27.19 ശതമാനമാണ്. മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കുമുള്ള "കേരള ഖരമാലിന്യ സംസ്കരണ പദ്ധതി" എന്ന വിദേശ സഹായ പദ്ധതിക്കായി നീക്കിവച്ച 210 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു.

പട്ടികജാതി ഉപപദ്ധതിക്ക് (എസ്.സി.എസ്.പി) 2979.4 കോടി രൂപയും പട്ടികവർഗ ഉപപദ്ധതിക്ക് (ടി.എസ്.പി) 859.5 കോടി രൂപയും അനുവദിച്ചിരുന്നു. ആകെ 4670.22 കോടി രൂപ (സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 21.12 ശതമാനം) പെൺകുട്ടികൾക്കും സ്ത്രീകൾക്കും മാത്രമായി നീക്കിവച്ചിരിക്കുന്നു. ഇതിൽ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിക്കായുള്ള 6.40 കോടി രൂപയും ഉൾപ്പെടുന്നു. ആകെ വിഹിതത്തിൽ 1647.53 കോടി രൂപ കുട്ടികളുടെ ക്ഷേമം ഉദ്ദേശിച്ചിട്ടുള്ളതാണ് (7.45 ശതമാനം). 2022-23, 2023-24 വാർഷിക പദ്ധതികളിൽ മേഖല തിരിച്ചുള്ള വിഹിതം **പട്ടിക 1.6.1** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.6.1** 2022-23 & 2023-24 വാർഷിക പദ്ധതിയുടെ മേഖല തിരിച്ചുള്ള വിഹിതം കോടിയിൽ

| ക്രമ നം. | മേഖല/ഉപമേഖല | 2022-23 | | | 2023-24 | | | 2022-23 നെ അപേക്ഷിച്ച് 2023-24ലെ ആകെ വിഹിതത്തിലുണ്ടായ വർദ്ധനവ്/ കുറവ് (ശതമാനത്തിൽ) |
|---|---|---|---|---|---|---|---|---|
| | | വിഹിതം | കേന്ദ്രസഹായം | മൊത്തം പദ്ധതി വിഹിതം | വിഹിതം | കേന്ദ്രസഹായം | മൊത്തം പദ്ധതി വിഹിതം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| I | കൃഷിയും അനുബന്ധ സേവനങ്ങളും* | 1648.44 | 268.09 | 1916.53 | 1638.51 | 265.32 | 1903.83 | -0.66 |
| II | ഗ്രാമ വികസനം | 1753.11 | 4343.19 | 6096.30 | 1779.01 | 4515.29 | 6294.30 | 3.25 |
| III | പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി | 390.50 | 0.00 | 390.50 | 370.02 | 0.00 | 370.02 | -5.24 |
| IV | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 540.85 | 11.60 | 552.45 | 514.85 | 10.60 | 525.45 | -4.89 |
| V | ഊർജ്ജം | 1152.93 | 0.00 | 1152.93 | 1158.09 | 0.00 | 1158.09 | 0.45 |
| VI | വ്യവസായവും, ധാതുക്കളും | 1214.66 | 12.00 | 1226.66 | 1247.66 | 12.00 | 1259.66 | 2.69 |
| VII | ഗതാഗതം | 1788.67 | 0.00 | 1788.67 | 2080.74 | | 2080.74 | 16.33 |
| VIII | ശാസ്ത്രവും സാങ്കേതിക വിദ്യയും പരിസ്ഥിതിയും** | 1027.14 | 61.39 | 1088.53 | 1048.81 | 61.39 | 1110.20 | 1.99 |
| IX | പൊതു സാമ്പത്തിക സേവനങ്ങൾ*** | 1425.58 | 108.82 | 1534.40 | 1305.78 | 130.77 | 1436.55 | -6.38 |
| X | സാമൂഹ്യ സേവനങ്ങൾ | 9696.23 | 4429.10 | 14125.33 | 9974.81 | 3227.82 | 13202.63 | -6.53 |
| XI | പൊതുസേവനങ്ങൾ | 83.89 | 36.00 | 119.89 | 88.89 | 36.00 | 124.89 | 4.17 |
| | **ആകെ (I To XI)** | 20722.00 | 9270.19 | 29992.19 | 21207.17 | 8259.19 | 29466.36 | -1.75 |
| XII | എൽ.എസ്.ജി.ഡി | 8048.00 | 0.00 | 8048.00 | 8258.00 | 0.00 | 8258.00 | 2.61 |
| XIII | ആർ.കെ .ഐ | 1600.00 | 0.00 | 1600.00 | 904.83 | 0.00 | 904.83 | -43.45 |
| | **ആകെ മൊത്തം** | 30370.00 | 9270.19 | 39640.19 | 30370.00 | 8259.19 | 38629.19 | -2.55 |

അവലംബം: വാർഷിക പദ്ധതി രേഖകൾ 2022-23 & 2023-24
*കൃഷിയും അനുബന്ധമേഖലകളിലും സഹകരണവും ഉൾപ്പെടുന്നു.
**ശാസ്ത്രവും സാങ്കേതിക വിദ്യയും പരിസ്ഥിതിയും എന്നതിൽ വിവരസാങ്കേതിക വിദ്യയും വനവും വന്യജീവിയും ഉൾപ്പെടുന്നു.
*** പൊതു സാമ്പത്തിക സേവനങ്ങളിൽ വിനോദസഞ്ചാരവും സിവിൽ സപ്ലൈസും ഉൾപ്പെടുന്നു.

**പട്ടിക 1.6.2** 2022-23 വാർഷിക പദ്ധതിയിലെ മേഖല തിരിച്ചുള്ള ചെലവ്

| ക്രമ നം. | മേഖല/ഉപമേഖല | 2022-23 | | |
|---|---|---|---|---|
| | | സംസ്ഥാന പദ്ധതി വിഹിതം | ചെലവ് | ചെലവ് (%) |
| 1 | 2 | 3 | 4 | 5 |
| I | കൃഷിയും അനുബന്ധ സേവനങ്ങളും | 1648.44 | 1097.47 | 66.58 |
| II | ഗ്രാമ വികസനം | 1753.11 | 925.52 | 52.79 |
| III | പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി | 390.50 | 268.80 | 68.83 |
| IV | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 540.85 | 326.09 | 60.29 |
| V | ഊർജ്ജം | 1152.93 | 990.18 | 85.88 |
| VI | വ്യവസായവും, ധാതുക്കളും | 1214.66 | 603.42 | 49.68 |
| VII | ഗതാഗതം | 1788.67 | 2340.16 | 130.83 |
| VIII | ശാസ്ത്രവും സാങ്കേതിക വിദ്യയും പരിസ്ഥിതിയും | 1027.14 | 589.66 | 57.41 |
| IX | പൊതു സാമ്പത്തിക സേവനങ്ങൾ | 1425.58 | 727.45 | 51.03 |
| X | സാമൂഹ്യ സേവനങ്ങൾ | 9696.23 | 9058.43 | 93.42 |
| XI | പൊതുസേവനങ്ങൾ | 83.89 | 94.91 | 113.14 |
| | ആകെ (I To XI) | 20722.00 | 17022.08 | 82.14 |
| XII | എൽ.എസ്.ജി.ഡി | 8048.00 | 8161.64 | 101.41 |
| XIII | ആർ.കെ .ഐ | 1600.00 | 835.34 | 52.21 |
| | ആകെ മൊത്തം | 30370.00 | 26019.07 | 85.67 |

അദ്ധ്യായം

02


# ഉല്പന്ന നിർമ്മാണ മേഖല

# നവകേരളം: പശ്ചാത്തല സൗകര്യ വികസന മുൻഗണനകൾ

സുസ്ഥിര സാമ്പത്തിക വികസനത്തിനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും പശ്ചാത്തല സൗകര്യങ്ങളുടെ ഒഴിച്ചുകൂടാനാവാത്തതാണ്. വലിയ തോതിൽ പശ്ചാത്തല സൗകര്യ കുറവുകൾ അനുഭവിക്കുന്ന വികസ്വര രാജ്യങ്ങൾക്ക് ഈ രംഗം വികസിക്കേണ്ടതിന്റെ ആവശ്യകത കൂടുതലാണ്. G 20 യുടെ ഭാഗമായി വികസിപ്പിച്ച ഗ്ലോബൽ ഇൻഫ്രാസ്ട്രക്ചർ ഔട്ട്ലുക്ക് റിപ്പോർട്ട് അനുസരിച്ച്, 2030 ഓടെ കുടിവെള്ളം, ശുചിത്വം, വൈദ്യുതി എന്നിവയുടെ സാർവത്രിക ലഭ്യത യുഎൻ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി ഉറപ്പാക്കേണ്ടതായുണ്ട്. ആഗോളതലത്തിൽ പശ്ചാത്തല സൗകര്യം വികസിപ്പിച്ചെടുക്കുന്നതിനു 3.5 ട്രില്യൺ ഡോളർ അധികം ആവശ്യമായി വരും. ദാരിദ്ര്യം കുറയ്ക്കുന്നതിനോ ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളെ ഇടത്തരം പ്രതിശീർഷ വരുമാന നിലവാരത്തിലേക്ക് മാറ്റുന്നതിനോ വേണ്ടുന്ന ഉയർന്ന സാമ്പത്തിക വളർച്ചയുടെ ആവശ്യകതകൾ ഈ കണക്കിൽ ഉൾപ്പെടുന്നില്ല. കൂടാതെ, കാലാവസ്ഥാ വ്യതിയാനത്തോടുള്ള ആഗോള പ്രതികരണത്തിന്റെ ഭാഗമായി, ചരിത്രപരമായ വികസന കുറവുകൾ പരിഹരിക്കുന്നതിന് ലഭ്യമായ ആഗോള കാർബൺ ബജറ്റ് വിഭവങ്ങൾ തുല്യമായി പങ്കിടാതെ വികസ്വര രാജ്യങ്ങളുടെമേൽ അന്യായമായ ഭാരം അടിച്ചേൽപ്പിക്കുകയാണ്.

ആസൂത്രണ പ്രക്രിയയിൽ അടിയുറച്ചുനിന്നുകൊണ്ട് ആസൂത്രണം വികസനത്തിന്റെ കേന്ദ്രബിന്ദുവായിരിക്കാൻ പ്രതിബദ്ധതയുള്ള ഏക സംസ്ഥാനമായി കേരളം തുടരുന്നു. സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ ആവശ്യങ്ങൾക്ക് അനുയോജിക്കുന്ന തരത്തിലുള്ള ഉന്നത നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പതിമൂന്നാം പദ്ധതി (2017-18 മുതൽ 2021-22 വരെ) മുന്നോട്ടുവെച്ചു. ഈ പശ്ചാത്തലത്തിൽ, സുസ്ഥിര വികസനത്തിന്റെ

**ചിത്രം 2.1** ഇന്ത്യയിലെ അടിസ്ഥാന സൗകര്യങ്ങളിലെ വർഷം തിരിച്ചുള്ള പ്രവണത, ലക്ഷം കോടി രൂപ




അവലംബം: ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട്, വാല്യം 1, നാഷണൽ ഇൻഫ്രാസ്ട്രക്ചർ പൈപ്പ്ലൈൻ, ധനമന്ത്രാലയം, ഭാരത സർക്കാർ

**ബോക്സ് 2.1** കേരള വാട്ടർ അതോറിറ്റിയുടെ (കെ.ഡബ്ല്യു.എ) നേട്ടങ്ങളും പ്രധാന ഡിജിറ്റൽ സംരംഭങ്ങളും

**സംസ്ഥാന വികസന തന്ത്രവുമായുള്ള ബന്ധങ്ങൾ:** പശ്ചാത്തല സൗകര്യ വികസന നിക്ഷേപ തന്ത്രം സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസന തന്ത്രവുമായി ചേർന്നുനിൽക്കുന്നു. മാനവ വിഭവശേഷി വികസന ചരിത്രത്തിലെ മുഴുവൻ നേട്ടങ്ങളും സാക്ഷാത്കരിക്കാൻ യുവാക്കൾക്ക് അവസരങ്ങൾ നൽകുന്നതിന് ഉൽപ്പാദനക്ഷമതയുള്ള ആസ്തികൾ കെട്ടിപ്പടുക്കുന്നതിലൂടെ മാത്രമേ സാധ്യമാകൂ.

**എക്സ്റ്റേണാലിറ്റിയും ഒഴിവാക്കാനാവാത്തതും:** പോസിറ്റീവ് എക്സ്റ്റേണാലിറ്റികൾ പശ്ചാത്തല സൗകര്യത്തിൽ നിന്നാണ് ഉണ്ടാകുന്നതെന്ന് ഈ സമീപനം തിരിച്ചറിയുന്നു. ഇത് ലഭ്യത മാത്രമല്ല, ഈ സേവനങ്ങൾ ഉപഭോഗത്തിന് താങ്ങാനാവുന്നതാക്കി മാറ്റുന്നത് നേട്ടങ്ങൾ നൽകുന്നു. അക്ഷയ കേന്ദ്രങ്ങൾ വഴിയുള്ള ഡിജിറ്റൽ സേവനങ്ങളിലേക്കുള്ള പ്രവേശനവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സൗജന്യ ബ്രോഡ്ബാൻഡ് സേവനങ്ങൾ നൽകുന്നതും കേരള സർക്കാർ സ്വീകരിച്ച സവിശേഷമായ സമീപനമാണ്.

**പൊതു ഫണ്ടിംഗ് നയിക്കുന്ന നിക്ഷേപങ്ങൾ:** പശ്ചാത്തല സൗകര്യ വികസന നിക്ഷേപങ്ങൾക്കായുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിച്ചതിനു പുറമേ, വിപണിയിൽ നിന്ന് വിഭവങ്ങൾ സമാഹരിക്കുന്നതിനായി സർക്കാർ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ സൃഷ്ടിച്ചു. 2016 ലെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് നിയമത്തിൽ, സ്വകാര്യമേഖലയിൽ നിന്നുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള ലക്ഷ്യവും വ്യാപ്തിയും വർദ്ധിപ്പിക്കുന്നതിന് 2016 ൽ ഭേദഗതി വരുത്തി. പൊതു ബജറ്റ് വിഹിതത്തിന് പുറമേ, മോട്ടോർ വാഹന നികുതി, പെട്രോളിയം സെസ് എന്നിവയിൽ നിന്നുള്ള കൂടുതൽ നിർദ്ദിഷ്ട വരുമാന സ്ട്രീമുകൾ കിഫ്ബി ഫണ്ടിലേക്ക് മാറ്റുന്നു. പശ്ചാത്തല സൗകര്യ വികസന മേഖലയിലെ ഇപ്പോഴത്തെ നിക്ഷേപങ്ങൾക്കായി പണം കടമെടുക്കുന്നതിന് ഈ ഭാവി വരുമാന സ്ട്രീമുകൾ പ്രയോജനപ്പെടുത്താൻ ഇത് കിഫ്ബിയെ പ്രാപ്തമാക്കി.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർകെഐ):** പ്രളയത്തിൽ തകർന്ന കേരളത്തെ പുനർനിർമ്മിക്കുന്നതിനായി 2018-19 വർഷത്തിലാണ് ആർകെഐ സ്ഥാപിതമായത്. പ്രളയത്തിൽ തകർന്ന അടിസ്ഥാന സൗകര്യങ്ങൾ പുനർനിർമ്മിക്കുന്നതിന് "ബിൽഡ് ബാക്ക് ബെറ്റർ" എന്ന തത്വം പ്രയോഗിച്ചു.

**പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പുകൾ (പിപിപി):** നന്നായി വിജയിച്ച കൊച്ചി എയർപോർട്ട് പി പി പി മാതൃക കണ്ണൂർ പോലെ മറ്റു വിമാനത്താവളങ്ങൾക്കും സ്വീകരിച്ചു, ഇൻഡസ്ട്രിയൽ പാർക്ക് വികസനത്തിലും സമാനമായ സമീപനം സ്വീകരിച്ചു വരുന്നു

**പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ (എംഐഡിപി):** ലഭ്യമായ വിഭവങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി, നടപ്പാക്കൽ പുരോഗതിയെ അടിസ്ഥാനമാക്കി ഫണ്ട് വിന്യസിക്കാൻ ഒരു പൂളിംഗ് സംവിധാനം സൃഷ്ടിച്ചു. 2016-17 മുതൽ 2022-23 വരെയുള്ള മൊത്തം അടങ്കൽ 9,666 കോടി രൂപയാണ്. വാട്ടർ മെട്രോ, വിഴിഞ്ഞം തുറമുഖം (പിപിപി), കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, സിൽവർ ലൈൻ എന്നിവയാണ് പ്രധാന എംഐഡിപികൾ.
നവകേരള മിഷൻ: ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നിങ്ങനെ നാല് മിഷനുകൾക്ക് കീഴിൽ സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് ഒരു മിഷൻ മോഡ് സ്വീകരിച്ചു. സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ നവീകരിക്കുന്നതിനും വീടുകളുടെ നിർമ്മാണത്തിനും ശുചിത്വ പശ്ചാത്തല സൗകര്യങ്ങൾക്കുമായി കേരളം പൊതുചെലവ് വർദ്ധിപ്പിച്ചു.

ആവശ്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതോടൊപ്പം വളർച്ചയും വികസനവും സൃഷ്ടിക്കുന്ന ഒരു പശ്ചാത്തല സൗകര്യ വികസന തന്ത്രം കേരള സർക്കാർ മുമ്പോട്ട് വെക്കുന്നു. പശ്ചാത്തല സൗകര്യ വികസനത്തിനായി സർക്കാർ കടമെടുക്കുന്നതിൽ കടുത്ത നിയന്ത്രണങ്ങളേൽപ്പിക്കുന്ന നിലവിലെ സാമ്പത്തിക ചട്ടക്കൂട് സംസ്ഥാനത്തിന്റെ വികസനത്തിന് പ്രധാനപ്പെട്ട പരിമിതിയാണ്. സംസ്ഥാന സർക്കാരിന്റെ പശ്ചാത്തല സൗകര്യ വികസനത്തിലെ പുരോഗതി, നേട്ടങ്ങൾ, വെല്ലുവിളികൾ, ഭാവി പദ്ധതികൾ എന്നിവ ഈ അധ്യായത്തിൽ വിശദമാക്കുന്നു.

പശ്ചാത്തല സൗകര്യ വികസനത്തിൽ പൊതു-സ്വകാര്യ മേഖല നിക്ഷേപം തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. (**ചിത്രം 2.1**).

സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ അത് നിലനിർത്തുന്നതിനും ഉയർന്ന നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ നിർണായകമാണ്. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലൂടെ തൊഴിലാളികളുടെ പങ്കാളിത്തം, ചരക്കുകളുടെയും സേവനങ്ങളുടെയും ഉത്പാദനം, വിപണികളിലേക്കുള്ള ഉൽപ്പന്നങ്ങളുടെ വിതരണം എന്നിവ സുഗമമാകുന്നു, ഇത് സാമ്പത്തിക വളർച്ചയും ജനങ്ങളുടെ ക്ഷേമവും പ്രോത്സാഹിപ്പിക്കുന്നു. വൈദ്യുതി, റോഡുകൾ, റെയിൽവേ, കുടിവെള്ളം, ഗുണമേന്മയുള്ള ആശയവിനിമയ സൗകര്യങ്ങൾ എന്നിവയുടെ പ്രാപ്യത എന്നിവയെല്ലാം സാമൂഹികവും സാമ്പത്തികവുമായ ജീവിതത്തിന്റെ അനിവാര്യ ഘടകങ്ങളാണ്. പശ്ചാത്തല സൗകര്യങ്ങൾ സാമ്പത്തിക വികസനത്തിന്റെ അടിത്തറയാകുന്നു, അതേപോലെ സാമ്പത്തിക വികസനം പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നു.

### പശ്ചാത്തല സൗകര്യ വികസനത്തിൽ കേരളത്തിന്റെ സമീപനം

കേരളം പതിറ്റാണ്ടുകളായി അഖിലേന്ത്യാ ശരാശരിയേക്കാൾ ഉയർന്ന സാമ്പത്തിക വളർച്ച നിലനിർത്തിയിട്ടുണ്ട്. ആളോഹരി വരുമാനത്തിന്റെ കാര്യത്തിൽ മുൻനിരയിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഈ നേട്ടത്തിന്റെ പ്രാഥമിക കാരണം സംസ്ഥാനത്തിന്റെ പൊതുനിക്ഷേപമാണ്, പ്രത്യേകിച്ച് സാർവ്വത്രിക വിദ്യാഭ്യാസത്തിലും ജനങ്ങൾക്ക് തൊഴിൽ നൈപുണ്യം നൽകുന്നതിലും വിജയകരമായി നടത്തിയ ഇടപെടലുകൾ. പതിമൂന്നും പതിനാലും പദ്ധതികളിലെ

പശ്ചാത്തല സൗകര്യ വികസന സമീപനം സംസ്ഥാനത്തിനകത്ത് ഉൽപ്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിച്ചുകൊണ്ട് മനുഷ്യ വിഭവശേഷിയുടെ പൂർണമായ വിനിയോഗം സുഗമമാക്കുക എന്നതാണ്.

"ഇൻഫ്രാസ്ട്രക്ചർ" എന്ന വാക്ക് നിലവിൽ വിശാലമായ അർത്ഥങ്ങളിൽ ഉപയോഗിക്കുന്നു. അതിൽ പരമ്പരാഗത പശ്ചാത്തല സൗകര്യങ്ങളായ ജലസേചനം, ഊർജ്ജ സംവിധാനങ്ങൾ, തുറമുഖങ്ങൾ, റോഡുകൾ, ഗതാഗതം, പാർപ്പിടം, ബ്രോഡ്ബാൻഡ്, മൊബൈൽ കണക്റ്റിവിറ്റി, ഡാറ്റ/ക്ലൗഡ് സംവിധാനങ്ങൾ, ഉൾപ്പെടെയുള്ള ഡിജിറ്റൽ സൗകര്യങ്ങൾ ,സാമ്പത്തിക ഇടപാടുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ആശുപത്രികളും ക്ലിനിക്കുകളും, വിദ്യാഭ്യാസ, നൈപുണ്യ വികസന സ്ഥാപനങ്ങൾ, ശാസ്ത്ര സാങ്കേതിക ഗവേഷണ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നു. പശ്ചാത്തല സൗകര്യ വികസന മേഖലയിലെ നിക്ഷേപങ്ങളെ തലമുറകളോളം ഉപയോഗപ്പെടുത്താവുന്ന മൂലധനമായി കാണുന്നു. വീടുകളിൽ സേവനങ്ങളുടെ അന്തിമ ഉപഭോഗത്തിൽ നിന്നും ഉൽപ്പാദനത്തിനുള്ള അവശ്യ ഇന്റർമീഡിയറ്റ് ഉപഭോഗ ഇനങ്ങളിൽ നിന്നുമാണ് അടിസ്ഥാന സൗകര്യ വികസന ഫലങ്ങൾ ഉണ്ടാകുന്നത്. പശ്ചാത്തല സൗകര്യ വികസന മേഖലയിലെ നിക്ഷേപങ്ങൾക്കായി ആസൂത്രണം ചെയ്യുമ്പോൾ ഇന്റർമീഡിയറ്റ് ഉപഭോഗത്തിന്റെ സാമ്പത്തികമായ ബഹുമുഖ ഫലം കണക്കിലെടുക്കേണ്ടതുണ്ട്.

കാലാവസ്ഥയുമായി പൊരുത്തപ്പെടുന്നതും കുറഞ്ഞ കാർബൺ ബഹിർഗമനത്തോടെ ഉള്ളതുമായ വികസന ആവശ്യകതകളുടെ പശ്ചാത്തലത്തിൽ സുസ്ഥിര വളർച്ചയും തലമുറകൾ തമ്മിലുള്ള ഇക്വിറ്റി ഉറപ്പാക്കുന്നതിന് പശ്ചാത്തല സൗകര്യ വികസന ആസൂത്രണവും നിക്ഷേപങ്ങളും കൂടുതൽ പ്രാധാന്യമർഹിക്കുന്നു. കാലാവസ്ഥയോട് പ്രതിക രിക്കുന്ന ഒരു ഭാവി കെട്ടിപ്പടുക്കുന്നതിന് ഉല്പാദന ശേഷിയിലെ (മാനുഷികവും സാമ്പത്തികവുമായ) അപര്യാപ്ത നിക്ഷേപം മൂലമുള്ള വികസന ന്യൂനതകൾ പരിഹരിക്കുന്നതിനും നിലവിലെ ദാരിദ്ര്യത്തിന്റെയും വികസ്വര രാജ്യങ്ങളുടെ അസമത്വത്തിന്റെയും അടിവേരറുക്കുന്നതിനും മുൻഗണന നൽകുന്നു .

**സമഗ്രവികസനത്തിനായി പശ്ചാത്തല സൗകര്യങ്ങൾ: കേരളത്തിന്റെ അനുഭവങ്ങളും നേട്ടങ്ങളും**

സംസ്ഥാന രൂപീകരണത്തിനു ശേഷമുള്ള കഴിഞ്ഞ 67 വർഷങ്ങളിൽ, ഗതാഗതം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, വാണിജ്യ വികസനം, ആശയവിനിമയം, ഊർജം, ശുചിത്വം തുടങ്ങിയ മേഖലകളിലെ പശ്ചാത്തല സൗകര്യ വികസനം തുടർച്ചയായി വളർന്നു. സാമ്പ്രദായിക സാമ്പത്തിക മാതൃകകൾക്കെതിരെ, സോഷ്യൽ ഓവർഹെഡ് മൂലധനം ഉപയോഗിച്ചുകൊണ്ട് കേരളം ബജറ്റ് വിഹിതം, ശക്തമായ വികേന്ദ്രീകരണം, കേന്ദ്രീകൃത പ്രോഗ്രാം ഡെലിവറി എന്നിവയിലൂടെ താരതമ്യേന വിദൂര പ്രദേശങ്ങളിൽ ഉൾപ്പെടെയുള്ള വികസനം പ്രോത്സാഹിപ്പിച്ചു. സംസ്ഥാനത്തുടനീളം ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ, കണക്റ്റിവിറ്റി, സാമ്പത്തിക ഉൾചേർക്കൽ, ഡിജിറ്റൽ വ്യാപനം എന്നിവ കൂടുതൽ തുല്യമായി വികസിപ്പിക്കാൻ ഇത് സഹായിച്ചു.

കേരള സർക്കാരിന്റെ ഏറ്റവും വലിയ പശ്ചാത്തല

കേരളത്തിലെ പശ്ചാത്തല സൗകര്യ വികസനത്തിന്റെ ചരിത്രത്തിൽ കഴിഞ്ഞ ഏഴ് വർഷം (2016 മുതൽ 2023 വരെ) സുപ്രധാനമാണ്. ഉയർന്ന നിലവാരമുള്ള പശ്ചാത്തലസൗകര്യങ്ങളുടെ വികസനത്തിനു പൊതുജനങ്ങൾക്കുവേണ്ടിയുള്ള പൊതുസേവനങ്ങൾക്കു നൽകിയ പ്രാധാന്യം ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്.


സൗകര്യ വികസന പദ്ധതികളിൽ ചിലതായ ദേശീയ പാത-66, മലയോര ഹൈവേ, തീരദേശ ഹൈവേ, ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി (എ. എം), ഇരട്ട-ട്യൂബ് തുരങ്കപാത, ട്രാൻസ്ഗ്രിഡ് 2.0, നവകേരള മിഷൻ, തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക് (രണ്ടാം ഘട്ടം), ഹൈടെക് സ്കൂൾ പ്രോഗ്രാം, കണ്ണൂർ എയർപോർട്ട്, വാട്ടർ മെട്രോ എന്നിവ ആരംഭിച്ചത് 2017-18നും 2022-23നും ഇടയ്ക്കാണ്. 2017ലെ ഓഖി ചുഴലിക്കാറ്റ്, 2018ലെ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും, 2020ലെ കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട പ്രതിസന്ധി എന്നിവയുൾപ്പെടെ അഭൂതപൂർവമായ സംഭവവികാസങ്ങളെ സംസ്ഥാനം അഭിമുഖീകരിക്കേണ്ടി വന്ന കാലഘട്ടത്തിലാണ് ഈ മാറ്റങ്ങൾ സംഭവിച്ചത് എന്നത് ശ്രദ്ധേയമാണ്.

ഇതിനാൽ തന്നെ വികസനത്തിനായ് ഒരു ബഹുമുഖ സമീപനമാണ് 2016-17 മുതൽ കേരള സർക്കാർ പിന്തുടരുന്നത്. കൂടുതൽ പൊതു ആസ്തികൾ സൃഷ്ടിക്കുക, വിശ്വാസാധിഷ്ഠിത ഭരണം സ്വീകരിക്കുക, ഉയർന്ന നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ നിർമിക്കുക, കാർഷിക, വ്യാവസായിക ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുക, മേഖലകളിലുടനീളമുള്ള സാമ്പത്തിക വളർച്ച വർധിപ്പിക്കുക എന്നിവയായിരുന്നു പൊതുവായ ലക്ഷ്യങ്ങൾ. കിഫ്ബി നിയമത്തിന്റെ ഭേദഗതിക്ക് ശേഷമുള്ള ക്രമീകരണം പൂർണ്ണമായി ഉപയോഗപ്പെടുത്തി. റോഡുകൾ, വൈദ്യുതി, തുറമുഖങ്ങൾ, മെട്രോ തുടങ്ങി വിവിധ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്കായി സംസ്ഥാനം കിഫ്ബി മുഖേന 23,631.74 കോടി രൂപ ചെലവഴിച്ചു. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (ആർ. കെ. ഐ) കീഴിൽ വിവിധ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്കായി സർക്കാർ 3,924.13 കോടി രൂപ ചെലവഴിച്ചു. ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം മിഷൻ എന്നിങ്ങനെ നാല് മിഷനുകളിലൂടെ 2017-18ൽ സർക്കാർ 'നവകേരള കർമ്മ പദ്ധതി' ആരംഭിച്ചു. വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, ശുചിത്വം എന്നീ മേഖലകളിലെ ഭൗതിക പശ്ചാത്തല സൗകര്യ വികസനത്തിനായി ആദ്യമായിട്ടാണ് ഒരു സംസ്ഥാനം സമഗ്രമായ അജണ്ട രൂപീകരിക്കുന്നത്. സജീവമായ നയഇടപെടലുകൾ, പ്രത്യേകിച്ച് വൻകിട പശ്ചാത്തല സൗകര്യ പ്രോജക്റ്റുകളിലെ വർദ്ധിച്ച നിക്ഷേപം, ഉൽപ്പാദന, നിർമ്മാണ മേഖലകളുടെ ആഭ്യന്തര ഉത്പാദനത്തിലെ വർദ്ധിച്ച സംഭാവനയ്ക്ക് കാരണമായി. ഇത് 2020-21ലെ 8.49 ശതമാനം നെഗറ്റീവ് വളർച്ചയിൽ നിന്ന് 2021-22ൽ 12.97 ശതമാനമായി പുനരുജ്ജീവിപ്പിക്കാൻ കാരണമായി.

**വളർച്ചയുടെ ചാലകശക്തിയായി മൂലധന ചെലവ്**


വൻകിട പശ്ചാത്തല സൗകര്യ വികസനത്തിനായിട്ടുള്ള പദ്ധതികളിലെ പൊതുനിക്ഷേപം വർദ്ധിച്ചതിനാൽ കേരളത്തിന്റെ മൊത്തം മൂലധനച്ചെലവ് തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് (**ചിത്രം 2.2**). തൽഫലമായി, സംസ്ഥാന സമ്പദ്‌വ്യവസ്ഥ പ്രശംസനീയമായ വളർച്ച കൈവരിച്ചു. പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉത്പാദനം (ജി.എസ്.ഡി. പി.) ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് (**ചിത്രം 2.3**). 2016-17 മുതൽ സംസ്ഥാനത്തിന്റെ ശരാശരി പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയുടെ മൂന്നിരട്ടിയാണ്. മൊത്തം മൂലധനച്ചെലവ് 2013-14ലെ 4,294 കോടി രൂപയിൽ നിന്ന് 2016-17ൽ 10,126 കോടി രൂപയായും 2022-23ൽ 19,628 കോടി രൂപയായും ഉയർന്നു. 2022-23ൽ 2016-17നെ അപേക്ഷിച്ച് 93.8 ശതമാനം വളർച്ച രേഖപ്പെടുത്തി. 2021-22 ലെ മിതമായ വളർച്ച കോവിഡ് -19 ന്റെ അനന്തരഫലമായാണ്. മൂലധനച്ചെലവ് (മൊത്ത ആഭ്യന്തര വരുമാനത്തിന്റെ ശതമാനത്തിൽ) 2013-14 ലെ 0.92 ശതമാനത്തിൽ നിന്ന് 2021-22 ൽ 2.5 ശതമാനമായി വർദ്ധിച്ചു. ഇത് ഗണ്യമായ യഥാർത്ഥ വളർച്ചയെ സൂചിപ്പിക്കുന്നു. പശ്ചാത്തല സൗകര്യ വികസനത്തിൽ കിഫ്ബി നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. കോവളം- ബേക്കൽ ജലപാത, ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം, റിങ് റോഡുകൾ, ലൈഫ് സയൻസ് പാർക്കുകൾ, മെഗാ സീഫുഡ് പാർക്കുകൾ എന്നിവയുൾപ്പെടെ വരാനിരിക്കുന്ന പദ്ധതികൾ ശ്രദ്ധേയമാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കണ്ണൂർ വിമാനത്താവളം, വാട്ടർ മെട്രോ, കൊച്ചിൻ മെട്രോ തുടങ്ങിയ പദ്ധതികളുടെ വികസനം കേരളത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിൽ പുത്തൻ മുന്നേറ്റങ്ങളെ പ്രതിനിധീകരിക്കുന്നു.

**ചിത്രം 2.2** മൂലധന ചെലവിലെ പ്രവണത, രൂപ കോടിയിൽ




അവലംബം: സംസ്ഥാന ബജറ്റ്

**ചിത്രം 2.3** പ്രതിശീർഷ സംസ്ഥാന മൊത്ത അഭ്യന്തര ഉത്പാദനത്തിലെ പ്രവണത, രൂപയിൽ




അവലംബം: മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇമ്പ്ലിമെന്റഷൻ , ഭാരത സർക്കാർ

**മികച്ച വിപുലീകരണം, പ്രതിബദ്ധത, സേവന വിതരണം, ഉൾചേർക്കൽ**

സംസ്ഥാനത്തെ റോഡുകൾ, റെയിൽവേ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ എന്നിവയിൽ മികച്ച വിപുലീകരണവും നവീകരണവും കഴിഞ്ഞ ഏഴ് വർഷങ്ങളിൽ അടയാളപ്പെടുത്തി. ഒരു സംയോജിത ഗതാഗത സംവിധാനം വികസിപ്പിക്കുന്നതിനായി ഈ കാലയളവിൽ തുടങ്ങിയ സംരംഭങ്ങൾ വലിയ നേട്ടങ്ങളാണ്. സംയോജിത ഗതാഗത സംവിധാനം അവസാന മൈൽ കണക്റ്റിവിറ്റി നൽകുന്നത്

**ബോക്സ് 2.2.** പ്രധാനപ്പെട്ട നേട്ടങ്ങൾ (2016-2023)

**കണ്ണൂർ വിമാനത്താവളം** - കേരളത്തിലെ നാലാമത്തെ അന്താരാഷ്ട്ര വിമാനത്താവളം 2018 ഡിസംബർ 9 ന് പൊതുജനങ്ങൾക്കായി തുറന്നു.

**കൊച്ചി മെട്രോ** - ആലുവ മുതൽ പേട്ട വരെയുള്ള ഒന്നാം ഘട്ട ബ്ലൂ ലെയിൻപാത 2017 ഒക്ടോബറിൽ പൊതുജനങ്ങൾക്കായി തുറന്നു.

**കൊച്ചി വാട്ടർ മെട്രോ**- ഇന്ത്യയിലെ ആദ്യത്തെ സംയോജിത ജലഗതാഗത സംവിധാനവും ആദ്യത്തെ ജല മെട്രോ സംവിധാനവും 2021 ഫെബ്രുവരിയിൽ തുറന്നു.

**ദേശീയ പാതയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ (NH–66)** - ദേശീയ പാതയ്ക്കായി (NH-66) ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവിലേക്ക് NHAI-ക്ക് കേരള സർക്കാർ 5,580.74 കോടി രൂപ കൈമാറ്റം ചെയ്തു.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം (VISL)** - ഇന്ത്യയിലെ ആദ്യത്തെ ഡീപ് വാട്ടർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. തുറമുഖ മേഖലയിലെ കേരളത്തിന്റെ നാഴികക്കല്ലായ പദ്ധതിയാണിത്.

**മലയോര ഹൈവേ** - തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കാസർകോട് ജില്ലകളിലെ നിരവധി ഭാഗങ്ങൾ പൂർത്തിയാക്കി.
'ആദിത്യ' സോളാർ ഫെറി - ഇന്ത്യയിലെ ആദ്യത്തെ സോളാർ ബോട്ടിന്റെ നിർമ്മാണം പൂർത്തിയാക്കി 2017 ജനുവരിയിൽ വൈക്കം - തവണക്കടവ് ജലപാതയിൽ പ്രവർത്തനം ആരംഭിച്ചു.

**ഊർജ കേരള മിഷൻ** - ഊർജമേഖലയുടെ സമഗ്ര വികസനത്തിനായി 2018-ൽ ആരംഭിച്ചു.

**ട്രാൻസ്ഗ്രിഡ് 2.0** - ഉറപ്പുള്ള വൈദ്യുതി പ്രക്ഷേപണം ഉറപ്പാക്കുന്നതിന് കേരള ഗ്രിഡിന്റെ ദീർഘകാല സ്ഥിരതയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**നിലാവ് പദ്ധതി** - എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതി.

**വിദ്യാഭ്യാസം**- 'പൊതുവിദ്യാഭ്യാസ പുനരുജ്ജീവന മിഷന്റെ (2017-2023)' ഭാഗമായി 425 വിദ്യാലയങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിച്ചു. സെക്കൻഡറി, ഹയർ സെക്കൻഡറി വിദ്യാലയങ്ങളിൽ 44,705 ഹൈടെക് പഠന മുറികളും എൽ.പി., യു.പി. വിദ്യാലയങ്ങളിൽ 11,257 ഹൈടെക് ലാബുകളും നിർമ്മിച്ചു. 2023 മാർച്ചിലെ കണക്കനുസരിച്ച് 39ൽ 19 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

**ആരോഗ്യം** - ആർദ്രം മിഷന്റെ ഭാഗമായി (2017-18 മുതൽ 2022-23 വരെ), 886ൽ 644 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (പി. എച്ച്. സി.) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി (എഫ്. എച്ച്. സി.), 151ൽ 49 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ (സി. എച്ച്. സി. ) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി. 17 ജില്ലാ ആശുപത്രികളിൽ 14 എണ്ണത്തിലും 43 താലൂക്ക് ആശുപത്രികളിൽ 11 എണ്ണത്തിലും ഔട്ട്പേഷ്യന്റ് (ഒ.പി.) വിഭാഗം രോഗീ സൗഹൃദ വിഭാഗമാക്കി മാറ്റി. 8 മെഡിക്കൽ കോളേജുകളിലെയും ഒ.പി. വിഭാഗം രോഗീ സൗഹൃദ വിഭാഗമാക്കി മാറ്റി.

**ലൈഫ് മിഷൻ**- 2023 സെപ്റ്റംബർ 30 വരെയുള്ള കണക്കനുസരിച്ച് ലൈഫ് മിഷന്റെ മൂന്ന് ഘട്ടങ്ങളിലൂടെ ആകെ 3.54 ലക്ഷം വീടുകൾ പൂർത്തിയായി. ലൈഫ് ടവേഴ്സ് ഭവന സമുച്ചയങ്ങളിൽ 886 യൂണിറ്റുകൾ സൃഷ്ടിക്കപ്പെട്ടു, അതിൽ 643ൽ താമസം തുടങ്ങിയിട്ടുണ്ട്.

**ബോക്സ് 2.3.** പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പശ്ചാത്തല സൗകര്യ വികസനം - പ്രധാന സവിശേഷതകൾ

1. ഹരിത ഇടനാഴികളുടെ നിർമ്മാണം, ഹരിത ലോജിസ്റ്റിക്, ഹരിത വാഹനങ്ങൾ എന്നിവയുടെ പ്രോത്സാഹനം (നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്ന ഫ്ലീറ്റ് നവീകരണ പരിപാടികൾ ഉൾപ്പെടെ) ഉൾപ്പെടെയുള്ള പാരിസ്ഥിക സുസ്ഥിര കേരളം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

2. മൾട്ടിമോഡൽ ഗതാഗത സംവിധാനം – ദീർഘകാലാടിസ്ഥാനത്തിൽ ഗതാഗതം റോഡിൽ നിന്ന് റെയിലിലേക്ക് മാറ്റുന്നതിന് ജല മെട്രോ, കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട്, കെ-റെയിൽ തുടങ്ങിയ പദ്ധതികൾ.

3. ആദ്യം സുരക്ഷ - നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്തുന്ന ക്യാമറകൾ സ്ഥാപിക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കാൻ നിയമ നിർവ്വഹണത്തിനും റോഡ് സുരക്ഷാ ഓഡിറ്റിങ്ങിനുമുള്ള പുതിയ നടപടികൾ.

4. കൂടുതൽ ചരക്കുകളും യാത്രക്കാരെയും ആകർഷിച്ചുകൊണ്ട് ദേശീയ ജലപാത-3 പ്രവർത്തനക്ഷമമാക്കുക.

5. തുറമുഖ മേഖല - തുറമുഖങ്ങൾക്കായുള്ള ബിസിനസ് മോഡൽ വികസനം, പ്രത്യേക പാസഞ്ചർ ബെർത്തുകളുടെയും ടെർമിനലുകളുടെയും വികസനം, അഴീക്കൽ തുറമുഖത്ത് ഒരു പുതിയ കാർഗോ ടെർമിനൽ നിർമ്മാണം, എല്ലാ പ്രധാന ഇതര തുറമുഖങ്ങളിലും മെച്ചപ്പെട്ട കണക്റ്റിവിറ്റി, തുറമുഖങ്ങളിൽ EDI സൗകര്യം സ്ഥാപിക്കൽ, കേരള മാരിടൈം ബോർഡിന്റെ രൂപീകരണം, തുറമുഖവുമായി ബന്ധപ്പെട്ട വ്യവസായ ക്ലസ്റ്ററുകളും വ്യവസായ പാർക്കുകളും സ്ഥാപിക്കൽ.

6. വൈദ്യുതി - എല്ലാ വീടുകളിലേക്കും വൈദ്യുതി, പ്രസരണ, വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് ഉയർന്ന വോൾട്ടേജ് പ്രസരണ ലൈനുകളുടെ ശക്തിപ്പെടുത്തൽ, ജല, സൗരോർജ്ജ, കാറ്റ് പദ്ധതികളിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ആഭ്യന്തര ശേഷി വർദ്ധിപ്പിക്കൽ.

**ബോക്സ് 2.4.** പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പശ്ചാത്തല സൗകര്യ വികസനം - പ്രധാന സവിശേഷതകൾ

നീതി ആയോഗിന്റെ ബഹുമുഖ ദാരിദ്ര്യ സൂചിക, 2023 - തുടർച്ചയായി രണ്ടാം തവണയും സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും കുറഞ്ഞ ബഹുമുഖ ദാരിദ്ര്യ സൂചിക (0.002) ഉള്ളത് കേരളത്തിലാണ്.

2. സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്. ഡി. ജി.) ഇന്ത്യ സൂചിക - തുടർച്ചയായി മൂന്ന് വർഷം (2018, 2019, 2020) എസ്. ഡി. ജി. ഇന്ത്യ സൂചികയിൽ കേരളം മുൻനിരയിലായിരുന്നു. എസ്. ഡി. ജി. ഇന്ത്യ സൂചിക 2020-21-ൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്തെത്തി. ദേശീയ സ്കോർ 66 ആയിരുന്നപ്പോൾ കേരളത്തിന്റെ സ്കോർ 75 ആയിരുന്നു.

3. മാനവ വികസന സൂചിക (എച്ച്. ഡി. ഐ.) - 2021ലെ എച്ച്.ഡി.ഐ. റാങ്കിംഗിൽ 0.75 സ്കോറോടെ ദേശീയ ശരാശരിയായ 0.63നെ ബഹുദൂരം മറികടന്ന് കേരളം സംസ്ഥാനങ്ങൾക്കിടയിലെ ഒന്നാം സ്ഥാനം നിലനിർത്തി.

4. ഇന്ത്യ നൈപുണ്യ റിപ്പോർട്ട്, 2022 - യുവാക്കളുടെ തൊഴിൽ ക്ഷമതയുടെ കാര്യത്തിൽ കേരളം മൂന്നാമത്തെ മികച്ച സംസ്ഥാനമാണ്.

5. സംസ്ഥാനങ്ങളുടെ ഊർജ്ജവും കാലാവസ്ഥയും സൂചിക, 2022 – നീതി ആയോഗിന്റെ ഊർജ മേഖല മെച്ചപ്പെടുത്തുന്നതിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾ അളക്കുന്ന സംസ്ഥാനങ്ങളുടെ ഊർജ്ജവും കാലാവസ്ഥയും സൂചിക 2022 അനുസരിച്ച്, രണ്ടാമത്തെ മികച്ച പ്രകടനം കാഴ്ചവെച്ചത് കേരളമാണ്.

6. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് – 2022ൽ 28 സ്ഥാനത്തു നിന്ന് കേരളം 15- സ്ഥാനത്തേയ്ക്കുയർന്നു.

7. 2019-20 ലെ സംസ്ഥാന ആരോഗ്യ സൂചിക - നീതി ആയോഗിന്റെ 2019-20 ലെ സംസ്ഥാന ആരോഗ്യ സൂചികയിൽ മൊത്തത്തിലുള്ള പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ കേരളം (82.2) തമിഴ്നാടിനെയും (72.4) തെലങ്കാനയെയും (69.96) പിന്തള്ളി ഒന്നാം സ്ഥാനം നിലനിർത്തി.

8. സംസ്ഥാന ഭക്ഷ്യ സുരക്ഷാ സൂചിക 2020-21- ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ പുറത്തിറക്കിയ 2020-21 ലെ സംസ്ഥാന ഭക്ഷ്യ സുരക്ഷാ സൂചികയിൽ 70 പോയിന്റുമായി (വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ) കേരളത്തിന് രണ്ടാം സ്ഥാനം ലഭിച്ചു.

കൂടാതെ ലോജിസ്റ്റിക്സ് ചെലവ് കുറയ്ക്കുന്നതിനും കയറ്റുമതി മേഖലയിലെ മത്സരക്ഷമത പ്രോത്സാഹിപ്പിക്കുന്നതിനും സംഭാവന ചെയ്തിട്ടുണ്ട്. കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോയുടെ ബ്ലൂ ലെയിൻ, വാട്ടർ മെട്രോ തുടങ്ങിയവയാണ് ഈ നേട്ടങ്ങൾ. സൈബർ പാർക്ക്, കെ-ഫോൺ, ഇ-സേവനം എന്നിവയുൾപ്പെടെയുള്ള ഡിജിറ്റൽ സാങ്കേതിക പശ്ചാത്തല സൗകര്യങ്ങളുടെ വികസനവും വിപുലീകരണവും ശ്രദ്ധേയമായ നേട്ടങ്ങളാണ്. സമ്പദ്വ്യവസ്ഥയുടെ ഔപചാരികവൽക്കരണം, ഡിജിറ്റൽ സേവനങ്ങളുടെ ഉയർന്ന വ്യാപനം, കൂടുതൽ സാമ്പത്തിക ഉൾചേർക്കൽ എന്നിവയാൽ മേഖലകളിലുടനീളമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കപ്പെട്ടു.

**ഗതാഗതം: കണക്റ്റിവിറ്റിക്കുള്ള കേരളത്തിന്റെ പ്രതിബദ്ധത**

റോഡുകൾ, റെയിൽവേ, വിമാനത്താവളങ്ങൾ, മെട്രോ, വാട്ടർ മെട്രോ, ഉൾനാടൻ ജലഗതാഗതം എന്നിവയുടെ സംയോജിത ശൃംഖലയുള്ള ഒരു മൾട്ടി മോഡൽ ഗതാഗത സംവിധാനമാണ് കേരളത്തിനുള്ളത്. 2.36 ലക്ഷം കിലോമീറ്റർ റോഡുകൾ, 2,106 കിലോമീറ്റർ റെയിൽവേ, 1,687 കിലോമീറ്റർ ഉൾനാടൻ ജലപാത, 76.2 ലൈൻ കിലോമീറ്റർ വാട്ടർ മെട്രോ, 4 അന്താരാഷ്ട്ര വിമാനത്താവളം, 18 തുറമുഖങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് കേരളത്തിന്റെ ഗതാഗത ശൃംഖല. 2022-23 (ക്യൂ) ലെ മൊത്തം ജിഎസ്‌വിഎയിലേക്ക് ഗതാഗത മേഖല ഏകദേശം 5.17 ശതമാനം സംഭാവന

**പട്ടിക 2.1** കേരളത്തിലെ റോഡ് ശൃംഖലയുടെ ഘടന, 2023 മാർച്ച് 31 വരെ

| | ആകെ നീളം (കിലോമീറ്ററിൽ) | സർഫെയ്സ്ഡ് (കിലോമീറ്ററിൽ) | അൺ -സർഫെയ്സ്ഡ് (കിലോമീറ്ററിൽ) | സർഫെയ്സ്ഡ് റോഡുകളുടെ ശതമാനം |
|---|---|---|---|---|
| പൊതുമരാമത്ത് റോഡ് (സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും ഉൾപ്പെടെ) | 29573 | 29573 | 0 | 100 |
| ദേശീയ പാത | 1781 | 1781 | 0 | 100 |
| കോർപ്പറേഷനുകൾ | 8533 | 8102 | 431 | 94.95 |
| മുനിസിപ്പാലിറ്റി | 18139 | 17278 | 2861 | 95.25 |
| ജില്ലാ പഞ്ചായത്ത് | 13165 | 12633 | 533 | 95.96 |
| ഗ്രാമപഞ്ചായത്ത് | 156936 | 103808 | 53127 | 66.15 |
| മറ്റുള്ളവ | 7516 | - | - | - |
| ആകെ | 235643 | 173175 | 56952 | 73.49 |


അവലംബം : പൊതുമരാമത്ത് വകുപ്പ്, കേരള സർക്കാർ

ചെയ്തു, അതിൽ റോഡ് മേഖല 4.7 ശതമാനവും റെയിൽവേ 0.17 ശതമാനവും വ്യോമ ഗതാഗതം 0.8 ശതമാനവും ജലഗതാഗതം 0.1 ശതമാനവും ഉൾപ്പെടുന്നു. കൊച്ചി മെട്രോ, കൊച്ചി വാട്ടർ മെട്രോ, മലയോര ഹൈവേ, തീരദേശ ഹൈവേ, കണ്ണൂർ വിമാനത്താവളം എന്നിവയുൾപ്പെടെയുള്ള വലിയ പൊതുഗതാഗത പദ്ധതികൾ 2016 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.

**റോഡ് ശൃംഖല**


2023 മാർച്ച് 31 ലെ കണക്കനുസരിച്ച് 2.36 ലക്ഷം കിലോമീറ്റർ ദൈർഘ്യമുള്ള നവീനവും വികസിതവുമായ റോഡ് ശൃംഖലയാണ് കേരളത്തിനുള്ളത്. ഇത് രാജ്യത്തെ മൊത്തം റോഡിന്റെ 3.7 ശതമാനമാണ്. സംസ്ഥാനത്തെ മുഴുവൻ ഗ്രാമങ്ങളെയും എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡുകളുമായി ബന്ധിപ്പിച്ചിരിക്കുന്നു. 2023 മാർച്ച് ലെ കണക്കുകൾ പ്രകാരം കേരളത്തിലെ റോഡുകളുടെ ഘടനയിൽ 29,573.16 കിലോമീറ്റർ പൊതുമരാമത്ത് റോഡും, 1,781.36 കിലോമീറ്റർ ദേശീയ പാതകളും 1.96 ലക്ഷം കിലോമീറ്റർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച് പരിപാലിക്കുന്ന റോഡുകളും റെയിൽവേ, ജലസേചനം, കെഎസ്ഇബി, വനം, ദേവസ്വം ഉൾപ്പെടെയുള്ള വകുപ്പുകൾ നിർമ്മിച്ച മറ്റ് റോഡുകളും ഉൾപ്പെടുന്നു. റോഡിന്റെ ദൈർഘ്യം തുടർച്ചയായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ് (**ചിത്രം 2.4**). മൊത്തം നീളം 2010-11 ൽ 1.52 ലക്ഷം കിലോമീറ്റർ ആയിരുന്നത് 2020-21 ൽ 2.38 ലക്ഷം കിലോമീറ്ററായി വർദ്ധിച്ചു, പത്ത് വർഷത്തിനിടെ 58 ശതമാനത്തിലധികം വർദ്ധനവ് രേഖപ്പെടുത്തി. കേരളത്തിലെ മൊത്തം റോഡുകളുടെ 73 ശതമാനവും സർഫെയ്സ്ഡ് റോഡുകളാണ് ഇത് ദേശീയ തലത്തിൽ 64.5 ശതമാനമാണ്. കേരളത്തിലെ നഗരഭരണ സ്ഥാപനങ്ങളിലെ 95 ശതമാനത്തിലധികം റോഡുകളും ഗ്രാമീണ റോഡുകളുടെ 66 ശതമാനവും സർഫെയ്സ്ഡ് റോഡുകളാണ്. കേരളത്തിലെ മൊത്തം റോഡുകളുടെ 12.5 ശതമാനം പൊതുമരാമത്ത് റോഡുകൾ

**ചിത്രം 2.4** കേരളത്തിലെ മൊത്തം റോഡിന്റെ പത്തുവര്ഷത്തിനിടയിലെ പ്രവണതകൾ




അവലംബം : പൊതുമരാമത്ത് വകുപ്പ്, കേരള സർക്കാർ

**ചിത്രം 2.5** പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് പരിപാലിക്കുന്ന റോഡുകളുടെ നീളം




അവലംബം : പൊതുമരാമത്ത് വകുപ്പ്, കേരള സർക്കാർ

ആണ്, എന്നാൽ മൊത്തം വാഹന ഗതാഗതത്തിന്റെ 60 ശതമാനത്തിലധികവും പൊതുമരാമത്ത് റോഡുകളാണ് കൈകാര്യം ചെയ്യുന്നത്. (**ചിത്രം 2.5**).

**റോഡുകൾക്കായുള്ള സർക്കാർ ചെലവ്**

കേരളത്തിലെ റോഡ് നിർമ്മാണത്തിലെ ഗണ്യമായ മുന്നേറ്റത്തിന് കാരണം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പശ്ചാത്തല സൗകര്യ വികസനത്തെ പിന്തുണയ്ക്കുകയും ചെയ്യുന്ന നിർണായക മേഖലയായ റോഡ് നിർമ്മാണത്തിൽ കേരള സർക്കാർ ചെലവ് വർധിപ്പിച്ചതാണ്. ബജറ്റ് ചെലവ് (KIIFB ഒഴികെ) 2016-17 ലെ 3998.42 കോടി രൂപയിൽ നിന്ന് 2021-22 ൽ 5939.41 കോടി രൂപയായി വർദ്ധിച്ചു, ആറ് വർഷത്തിനുള്ളിൽ രണ്ട് മടങ്ങ് വർദ്ധനവ് രേഖപ്പെടുത്തി (**ചിത്രം 2.7**). ബജറ്റ് പിന്തുണയ്ക്ക് പുറമേ, മലയോര ഹൈവേ, തീരദേശ ഹൈവേ, ആനക്കാംപൊയിൽ കള്ളാടി-മേപ്പാടി (എഎം) ടണൽ റോഡ്, എൻഎച്ച്, മറ്റ് റോഡ് ഗതാഗത പദ്ധതികൾ എന്നിവയുൾപ്പെടെ വിവിധ റോഡ് പദ്ധതികൾക്കായി 2023 മാർച്ച് 31 വരെ 37512.43 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകി. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (ആർകെഐ) കീഴിൽ, പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും ഉൾപ്പെടെ റോഡുകൾക്കും പാലങ്ങൾക്കുമായി 2018-19 മുതൽ 2022-23 വരെ 2,934 കോടി രൂപ സർക്കാർ ചെലവഴിച്ചു. അതനുസരിച്ച്, 28 പിഡബ്ല്യുഡി, പ്രളയത്തിൽ തകർന്ന അഞ്ച് പാലങ്ങൾ, 66 എൽഎസ്ജി റോഡുകൾ എന്നിവ അറ്റകുറ്റപ്പണികൾ നടത്തി പുനർനിർമിച്ചു. കെഎസ്ടിപി രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നടക്കുന്ന 363 കിലോമീറ്റർ സംസ്ഥാനപാത നവീകരണത്തിൽ 11 റീച്ചുകൾ 2022-23ൽ പൂർത്തീകരിച്ചു, ബാക്കിയുള്ള റീച്ചുകളുടെ പ്രവൃത്തി പുരോഗമിക്കുകയാണ്. റോഡുകളുടെയും പാലങ്ങളുടെയും സർക്കാർ ചെലവ് **ചിത്രം 2.6** ൽ കാണിച്ചിരിക്കുന്നു.

നാഷണൽ ഹൈവേ നാലു വരിയാക്കൽ, മലയോര ഹൈവേകൾ, തീരദേശ ഹൈവേകൾ, ടണൽ റോഡുകൾ, ബൈപാസുകൾ എന്നിവയാണ് പുരോഗമിക്കുന്ന പദ്ധതികൾ. അങ്കമാലി-കുണ്ടന്നൂർ... 


അങ്ങാടിപ്പുറം-തുറവൂർ

എലിവേറ്റഡ് ഹൈവേ, ആനക്കാംപൊയിൽ കള്ളാടി-മേപ്പാടി (എഎം) ടണൽ റോഡ്, നാവായിക്കുളത്തെ വിഴിഞ്ഞം വരെ ബന്ധിപ്പിക്കുന്ന ഔട്ടർ റിങ് റോഡ് എന്നിവ ഉൾപ്പെടെ റോഡ് മേഖലയിലെ കിഫ്ബിയുടെ മറ്റ് പദ്ധതികൾ സംസ്ഥാനത്തെ കണക്റ്റിവിറ്റി കൂടുതൽ മെച്ചപ്പെടുത്തും. കൊച്ചി-ഓടപ്പള്ളി പവർ ഹൈവേ, കൊല്ലത്തും ആലപ്പുഴയിലും ബൈപാസുകൾ, ശബരിമല റോഡ്, മലയോര ഹൈവേയുടെ നാല് റീച്ചുകൾ, ചെങ്ങന്നൂർ ഏറ്റുമാനൂർ റോഡ്, ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ്, പൊൻകുന്നം - തൊടുപുഴ റോഡ്, തുടങ്ങിയവയാണ് പൂർത്തീകരിച്ച പദ്ധതികൾ.

**റോഡുകളുടെ ഗുണനിലവാരം**

2016 ന് ശേഷം കേരളത്തിലെ റോഡുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിന്റെ പ്രധാന സവിശേഷതകൾ പുതിയ റോഡുകളുടെ നിർമ്മാണവും റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് നൽകിയ പ്രാധാന്യവുമാണ്. സർക്കാർ ഈ കാലയളവിൽ, ജംഗ്ഷൻ മെച്ചപ്പെടുത്തൽ, മികച്ച കാൽനട സൗകര്യങ്ങൾ, യൂട്ടിലിറ്റി ഡക്റ്റുകൾ, സാങ്കേതിക തിരുത്തലുകൾ ഉൾപ്പെടുത്തി റോഡുകൾ പുനർനിർമ്മിക്കൽ, അറ്റകുറ്റപ്പണി കരാറുകൾ എന്നിവയിലൂടെ സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ (എംഡിആർ), സിറ്റി റോഡുകൾ എന്നിവ വികസിപ്പിച്ചെടുത്തു. സംസ്ഥാനപാതകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും വീതികൂട്ടൽ, വിദഗ്ധ രൂപകൽപ്പനയും മതിയായ ഡ്രെയിനേജ് സൗകര്യവും ഉറപ്പാക്കൽ, ദേശീയപാതകൾ നാലുവരിയാക്കി വീതികൂട്ടൽ, റോഡുകളുടെ ഉപരിതലം, ബൈപാസുകളുടെയും മേൽപ്പാലങ്ങളുടെയും നിർമാണം തുടങ്ങിയവ വലിയ തോതിൽ നടപ്പാക്കിയിട്ടുണ്ട്. പതിമൂന്നാം പദ്ധതിയിൽ ദേശീയ നിലവാരമനുസരിച്ച് കേരളത്തിലെ വിവിധ ഹൈവേകൾ വീതി കൂട്ടാനും

**ചിത്രം 2.6** റോഡുകൾക്കും പാലങ്ങൾക്കുമുള്ള ചെലവിലെ പ്രവണതകൾ, കോടി രൂപ




അവലംബം : സംസ്ഥാന ബജറ്റ് രേഖകൾ

**ബോക്സ് 2.5.** പതിമൂന്നാം പദ്ധതിയിലെ അടിസ്ഥാന സൗകര്യ വികസനം - പ്രധാന നേട്ടങ്ങൾ

**മലയോര ഹൈവേകൾ** – "കേരള സ്പൈസസ് റൂട്ട്" - സംസ്ഥാനത്തെ ഏറ്റവും നീളമേറിയ എസ്എച്ച്, സംസ്ഥാന പാത 59 (SH 59), ഹിൽ ഹൈവേ അല്ലെങ്കിൽ മലയോര ഹൈവേ ആയി പ്രഖ്യാപിച്ചു. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളെയും ബന്ധിപ്പിക്കുന്ന ഈ ഹൈവേ കാസർഗോഡിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരത്തെ പാറശ്ശാല വരെയാണ്. മൊത്തം 1,166.27 കിലോമീറ്റർ നീളത്തിലെ 793.68 കിലോമീറ്ററും കിഫ്ബി ഫണ്ട് ചെയ്യുന്നു. ഹിൽ ഹൈവേ ഹൈറേഞ്ചുകളിലെ എല്ലാ വ്യാപാര കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുകയും പ്രധാന സെൻട്രൽ റോഡുകളിലെ ഗതാഗതം കുറയ്ക്കുകയും ചെയ്യും. നാല് റീച്ചുകളിലെ പണി പൂർത്തിയാക്കി മറ്റ് റീച്ചുകളിൽ പുരോഗമിക്കുകയാണ്. 2023 മാർച്ച് വരെ, 45 റീച്ചുകൾക്ക്, മൊത്തം 732.42 കിലോമീറ്റർ നീളം വരുന്ന 3,167.89 കോടി രൂപയുടെ പദ്ധതികൾക്കു കിഫ്ബി അംഗീകാരം നൽകി.

**തീരദേശ ഹൈവേകൾ** - സംസ്ഥാനത്തിന്റെ തീരദേശ മേഖലയെ ബന്ധിപ്പിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്, ഇത് ദേശീയ പാത 66 ന് അനുബന്ധമായി വർത്തിക്കും. 600.25 കിലോമീറ്റർ നീളമുള്ള ഈ ഹൈവേ ഒമ്പത് ജില്ലകളിലൂടെ കടന്നുപോകുകയും വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം, മറ്റ് ചെറിയ തുറമുഖങ്ങളെയും ഹാർബറുകളെയും ബന്ധിപ്പിക്കുകയും ചെയ്യും. 2023 മാർച്ച് വരെ, പദ്ധതിക്കായി 2,899.11 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. നാല് റീച്ചുകളിലായി സ്ഥലമെടുപ്പ് പുരോഗമിക്കുന്നു, രണ്ട് റീച്ചുകളിൽ 90 ശതമാനം റോഡ് പണി പൂർത്തിയായി.

ഹരിത ഇടനാഴികൾ നിർമ്മിക്കാനും ഹരിത ലോജിസ്റ്റിക്സ്, ഹരിത വാഹനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

2017-18 ലാണ് ദേശീയ പാതകൾ നാലുവരിപ്പാതയാക്കാൻ ആരംഭിച്ചത്. 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിൽ മൊത്തം 898 കിലോമീറ്റർ ദേശീയപാത നാലുവരിയായി നവീകരിച്ചു. NH 66-നുള്ള സ്ഥലമെടുപ്പ് പൂർത്തിയായി, നിർമ്മാണം പുരോഗമിക്കുകയാണ്.

2016-17ൽ, മൊത്തം 4,341 കിലോമീറ്റർ സംസ്ഥാനപാതകളിൽ, 1,640 കിലോമീറ്റർ മാത്രമാണ് സ്റ്റാൻഡേർഡ് ഡബിൾ ലെയ്ൻ. 2,404 കിലോമീറ്റർ സിംഗിൾ ലെയ്നും, ബാക്കിയുള്ളവ സ്റ്റാൻഡേർഡ് സിംഗിൾ ലെയ്ന് താഴെ ഉള്ളവയും ആയിരുന്നു. 2022-23-ൽ, 3,194 കിലോമീറ്റർ സംസ്ഥാനപാതകൾ സ്റ്റാൻഡേർഡ് ഡബിൾ ലെയ്നായി സംസ്ഥാനം നവീകരിച്ച്, 2016-17-നെ അപേക്ഷിച്ച് 94 ശതമാനം വളർച്ച രേഖപ്പെടുത്തി. സ്റ്റാൻഡേർഡ് സിംഗിൾ ലെയ്ന് താഴെയുള്ള 2,369 കിലോമീറ്റർ സംസ്ഥാന പാതയെ സ്റ്റാൻഡേർഡ് ഡബിൾ ലെയ്നാക്കി ഉയർത്തിയതാണ്

**പട്ടിക 2.2** PWD റോഡുകളുടെ നവീകരണം / വീതി കൂട്ടൽ, 2016-17 മുതൽ 2022-23 വരെ

| റോഡുകളുടെ നവീകരണം | 2016-17 | 2022-23 |
|---|---|---|
| പൊതുമരാമത്ത് റോഡ് (കി.മീ.) | 31811 | 29522 |
| സംസ്ഥാന പാതകൾ | 4341 | 4128 |
| നാലുവരി പാതകൾ | 0 | 898 |
| രണ്ടുവരി പാതകൾ | 1640 | 3194 |
| ഒറ്റവരി പാതകൾ | 2701 | 36 |
| പ്രധാന ജില്ല റോഡ് (കി.മീ.) | 27470 | 25394 |
| നാലുവരി പാതകൾ | 0 | 53 |
| രണ്ടുവരി പാതകൾ | 1310 | 10593 |
| ഒറ്റവരി പാതകൾ | 26160 | 14748 |

അവലംബം : പൊതുമരാമത്ത് വകുപ്പ്, കേരള സർക്കാർ
കുറിപ്പ്: പൊതുമരാമത്ത് റോഡുകൾ എൻഎച്ച് ആയി മാറിയതാണ് മൊത്തം നീളം കുറയാൻ കാരണം

ശ്രദ്ധേയമായ മറ്റൊരു നേട്ടം. 2023 മാർച്ചിൽ സ്റ്റാൻഡേർഡ് സിംഗിൾ ലെയ്ൻ ആയി തരംതിരിച്ച 35 കിലോമീറ്റർ എസ്എച്ച് മാത്രമാണ് സംസ്ഥാനത്തുള്ളത്.

2016-17ൽ 27,470 കിലോമീറ്റർ എംഡിആറിൽ 1,310 കിലോമീറ്റർ മാത്രമാണ് സ്റ്റാൻഡേർഡ് ഡബിൾ ലെയ്ൻ, ബാക്കിയുള്ള 26,160 കിലോമീറ്റർ സ്റ്റാൻഡേർഡ് സിംഗിൾ ലെയ്ൻ ആയിരുന്നു. ആറ് വർഷത്തിനുള്ളിൽ 9,283 കിലോമീറ്റർ അധിക എം ഡി ആർ പൊതുമരാമത്ത് വകുപ്പ് നവീകരിച്ചു. 2022-23ൽ ഡബിൾ ലൈൻ എംഡിആറിന്റെ നീളം 10,593 കിലോമീറ്ററായി ഉയർന്നു. കൂടാതെ, എംഡിആറിന്റെ 52 കിലോമീറ്റർ റോഡുകൾ നാലുവരിപ്പാതയാക്കി മാറ്റി. സംസ്ഥാനത്തെ എല്ലാ പിഡബ്ല്യുഡി റോഡുകളും നവീകരിച്ചു.

### റോഡ് വികസനത്തിലെ ഉദ്യമങ്ങൾ

2016-17 മുതൽ സർക്കാർ നിരവധി നയപരമായ നടപടികൾ നടപ്പിലാക്കിയിട്ടുണ്ട്. റോഡ് വികസനത്തിൽ നിക്ഷേപം അനുവദിച്ചുകൊണ്ട് 2016-17ൽ KIIFB നിയമം ഭേദഗതി ചെയ്തു. സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (SRIP) ഒരു ആന്വിറ്റി മോഡിൽ നടപ്പിലാക്കുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിനെ (RICK) രൂപപ്പെടുത്തി. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ സ്ഥാപിച്ചു. മൂന്ന് പ്രാദേശിക ലബോറട്ടറികൾ സ്ഥാപിച്ചു. 2017-18 ൽ, പ്രോജക്റ്റ് തയ്യാറാക്കൽ യൂണിറ്റുകൾ (പിപിയു) സൃഷ്ടിച്ചു. വേസ്റ്റ് പ്ലാസ്റ്റിക്, നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമെൻ (എൻആർഎംബി), കയർ എന്നിവ റോഡ് നിർമാണത്തിൽ ഉപയോഗിച്ചു തുടങ്ങിയതാണ് ശ്രദ്ധേയമായ മറ്റൊരു ഇടപെടൽ. PWD റീജിയണൽ ഡിസൈൻ ഓഫീസ് സ്ഥാപിച്ചു. ഇക്കാലയളവിൽ ശബരിമല പാതയുടെ 194.74 കി.മീ. പൂർത്തീകരിച്ചു. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെഎച്ച്ആർഐ) 2018-19ൽ സെന്റർ ഓഫ് എക്സലൻസ് (സിഇ) ആക്കുകയുണ്ടായി.

### സംസ്ഥാന റോഡ് ഇംപ്രൂവ്മെന്റ് പ്രൊജക്ട് (SRIP)

സംസ്ഥാന റോഡ് ഇംപ്രൂവ്മെന്റ് പ്രൊജക്ട് ലക്ഷ്യംവയ്ക്കുന്നത് തിരഞ്ഞെടുത്ത സംസ്ഥാന പാതകൾ, എംഡിആറുകൾ, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി

കേരള എന്ന പ്രത്യേകോദ്ദേശ കമ്പനി പൂർത്തീകരിച്ച റോഡുകൾ എന്നിവയുടെ വികസനമാണ്. ഈ പ്രവൃത്തികളിൽ ഉപ്പള - കണിയാന റോഡ് (9.4 കി മീ), വിദ്യാനഗർ - സീതാൻഗോളി റോഡ് (15.6 കി മീ), കാഞ്ഞിരപ്പള്ളി – കാഞ്ഞിരംകവല റോഡ് (36.10 കി മീ), വെള്ളനാട് – ചെറ്റച്ചൽ റോഡ് (21.90 കി മീ), കരമന – വെള്ളറട റോഡിനുള്ള (35.5 കി മീ) ഭൂമി ഏറ്റെടുക്കൽ എന്നിവ ഉൾപ്പെടുന്നു.

സംസ്ഥാന സർക്കാർ എല്ലാ സംസ്ഥാന പാതകളും ചില എംഡിആർ കൾ ഉൾപ്പെടെയുള്ള 7000 കിലോമീറ്റർ റോഡുകൾ കോർ റോഡ് നെറ്റ്‌വർക്ക് (CRN) ആയി പ്രഖ്യാപിക്കുകയും അവിടങ്ങളിൽ റോഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം (RMMS) നടപ്പിലാക്കുകയും ചെയ്തു. കോർ റോഡ് നെറ്റ്‌വർക്ക് (CRN) ന്റെ മുൻഗണന നിശ്ചയിച്ചത് സാമ്പത്തിക പ്രാധാന്യം, സാമ്പത്തിക വളർച്ചാ കേന്ദ്രങ്ങളുമായുള്ള കണക്ടിവിറ്റി, തന്ത്രപ്രധാന ഇടനാഴികൾ, റോഡിലെ വാഹനങ്ങളുടെ തിരക്ക്, ചരക്കു വാഹനങ്ങളുടെ എണ്ണം, പൊതുഗതാഗത റൂട്ടുകൾ, ദുരന്ത നിവാരണം, കൂടാതെ കാലാവസ്ഥാ വ്യതിയാനത്തോടു യോജിക്കാനുള്ള കഴിവ് എന്നിവ പൊതുവിൽ കണക്കിലെടുത്തുകൊണ്ടാണ്.

**വിദേശ സഹായ പദ്ധതികൾ**

റോഡ് മേഖലയിലെ വിദേശ സഹായ പദ്ധതികൾ നിലവിലുള്ള റോഡ് ശൃംഖലയുടെ നവീകരണവും പരിപാലനവും ലക്ഷ്യമിടുന്നു. ഈ പദ്ധതികൾ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട് (KSTP) നടപ്പിലാക്കുന്നു. കെഎസ്ടിപി – II നു കീഴിൽ കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി മീ), പിലാത്തറ - പാപ്പിനിശ്ശേരി റോഡ് (20.90 കി മീ), തലശ്ശേരി - കളറോട് റോഡ് (28.80 കി മീ), ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (45.40 കി മീ), ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് (40.96 കി മീ), പൊൻകുന്നം - തൊടുപുഴ റോഡ് (50 കി മീ) എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. നിരവധി റോഡുകളുടെ പണി പുരോഗമിക്കുന്നു.

ആർകെഐയുടെ കീഴിൽ സംസ്ഥാനം 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ പ്രളയത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കാനും അറ്റകുറ്റപ്പണികൾ നടത്താനുമായി 348.38 കോടി രൂപ ചെലവഴിച്ചു. 2023 ഓടെ 277 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകൾ 2188.99 കോടി രൂപ ചെലവാക്കി പൂർത്തീകരിച്ചു.

സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രൊജക്ട്സിനു കീഴിൽ തിരുവനന്തപുരം നഗരത്തിൽ 16 റോഡുകളുടെ (42.07 കി മീ) നിർമ്മാണം പൂർത്തിയായി. കോഴിക്കോട് നഗരത്തിൽ ആറ് പാതകളിലായി 22.25 കിലോമീറ്റർ റോഡിന്റെ വികസനം, മൊത്തം 211.00 കോടി രൂപ ചെലവഴിച്ചുള്ള നിർമ്മാണം പുരോഗമിക്കുന്നു.

**കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെഎസ്ആർടിസി)**

യാത്രാ സേവനങ്ങൾ നടത്തുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC). KURTC, KSRTC - SWIFT ലിമിറ്റഡ് എന്നിവയ്ക്ക് പുറമേ സംസ്ഥാനത്തെ യാത്രാ ഗതാഗത പ്രവർത്തനങ്ങൾ കെഎസ്ആർടിസി നടത്തുന്നു. 2023 ആഗസ്റ്റിലെ കണക്കനുസരിച്ച് മൂന്നു സംവിധാനങ്ങളുടെയും കൂടി കൈവശമുള്ള ആകെ ബസുകളുടെ എണ്ണം 5,626 ആണ്. 2020-21 ൽ ആകെ പ്രവർത്തിച്ചിരുന്ന ഷെഡ്യൂളുകളുടെ എണ്ണം 3,325 ആയിരുന്നത് 2022-23 ൽ 3,731 എണ്ണമായി വർദ്ധിച്ചു. ഈ ഗതാഗത സേവനം ഉപയോഗപ്പെടുത്തിയ യാത്രക്കാരുടെ എണ്ണം 2021 ൽ 2,418 ലക്ഷം എന്നതിൽ നിന്നും 2023-24 ൽ 6,292 ലക്ഷമായി വർധിച്ചു. കെഎസ്ആർടിസിയുടെ ഒരു വാഹനത്തിന് പ്രതിദിനം ലഭിക്കുന്ന വരുമാനം 2016-17 ലെ 10,925 രൂപയിൽ നിന്ന് 2022-23 ൽ 16,175 രൂപയായി വർധിച്ചു.

**ഹരിത ഉദ്യമങ്ങൾ:– ഇ – മൊബിലിറ്റി**

സംസ്ഥാനം സജീവമായി ഹരിത നയങ്ങളും പരിസ്ഥിതി സൗഹൃദ പരിപാടികളും ഏറ്റെടുത്തു മുന്നോട്ടുപോവുകയാണ്. വലിയതോതിൽ ഇലക്ട്രിക് യാത്രാ സംവിധാനം ഉപയോഗപ്പെടുത്തുന്നത് പാരിസ്ഥിതികമായും സാമ്പത്തികമായും സംസ്ഥാനത്തിന് ഗുണം ചെയ്തു. 2021 ൽ ആകെ 8,701 ഇലക്ട്രിക് വാഹനങ്ങൾ രജിസ്റ്റർ ചെയ്തു, അത് 2022 ൽ 39,576 ആയി ഉയർന്നു. 2023 ആഗസ്റ്റ് വരെയുള്ള ആകെ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം 98,332 ആണ്. ഇത് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മൊത്തം വാഹനങ്ങളുടെ ഏകദേശം 0.6 ശതമാനമാണ്. വാഹന ഗതാഗത വകുപ്പ് (എംവിഡി) മറ്റു വകുപ്പുകളും കേന്ദ്ര സർക്കാർ വൈദ്യുതി മന്ത്രാലയത്തിന് കീഴിലുള്ള സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിൽ (EESL) നിന്ന് വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറി. ഈ സംരംഭം അനെർട്ട് (ANERT) എന്ന ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നത്.

**റെയിൽ ഗതാഗതം**

സംസ്ഥാനത്തെ 2,106 കിലോമീറ്റർ ദൈർഘ്യമുള്ള എല്ലാ റെയിൽവേ പാതകളും ബ്രോഡ് ഗേജാക്കിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിലുടനീളം പൊതുഗതാഗതം റോഡിൽ നിന്നും റെയിലിലേക്ക് മാറ്റാൻ നിർദ്ദേശിച്ചു. ഇത് നേടിയെടുക്കാനുള്ള ഒരു ഘട്ടമെന്ന നിലയിൽ കേരള സർക്കാർ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (KRDCO) എന്ന ഒരു സംയുക്ത വെഞ്ച്വർ കമ്പനി 2016 ൽ രൂപീകരിച്ചു. ഇത് സംസ്ഥാനത്തെ റെയിൽവേ വികസനം സാധ്യമാക്കുന്നതിന് കേരളം 51 ഉം കേന്ദ്രം 49 ഉം ഇക്വിറ്റി ഷെയറുമായാണ് രൂപീകരിച്ചത്. അതിനുശേഷം അത് കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെആർഡിസിഎൽ) എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. കെആർഡിസിഎൽ ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 2.3** ൽ നൽകിയിരിക്കുന്നു.

**സിൽവർലൈൻ: അർദ്ധ അതിവേഗ റെയിൽപാത**

കേരളത്തിന്റെ ഏറ്റവും വലിയ റെയിൽവേ വികസന പരിപാടിയാണ് സിൽവർ ലൈൻ. ഇത് കാസർഗോഡിനെയും തിരുവനന്തപുരത്തിനെയും ബന്ധിപ്പിച്ചുകൊണ്ട് പതിനൊന്നു ജില്ലകളിലെ പതിനൊന്നു സ്റ്റേഷനുകളിലൂടെ കടന്നുപോവുന്ന 530 കിലോമീറ്റർ ദൈർഘ്യമുള്ള നിർദ്ദിഷ്ട അർദ്ധ അതിവേഗ റെയിൽ ഇടനാഴിയാണ്. ഈ പദ്ധതി ട്രെയിനുകളെ മണിക്കൂറിൽ 200 കിലോമീറ്റർ വേഗതയിൽ ഓടാൻ

**പട്ടിക 2.3** കെആർഡിസിഎൽ നിർദ്ദേശിച്ച പ്രൊജക്ടുകൾ (2017-18 മുതൽ 2022-23 വരെ)

| ക്രമ നമ്പർ | പ്രൊജക്ട് | നീളം |
|---|---|---|
| 1. | റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രൊജക്ട്) തിരുവനന്തപുരത്തിനും ചെങ്ങന്നൂരിനും ഇടയ്ക്ക് | 125.56 കി മീ |
| 2. | കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് വഴി തലശ്ശേരി – മൈസൂർ ന്യൂ വിജി ലൈൻ | 206.51 കി മീ |
| 3 | എറണാകുളം ടെർമിനസ് (ERG) കൊച്ചിക്കുവേണ്ടി മൂന്നാം ടെർമിനസിന്റെ പുനർവികസനം | 5 കി മീ |
| 4 | കൊച്ചി ഇന്റർനാഷണൽ എയർപ്പോർട്ട് ന്യൂ ബിജി ലൈൻ, പുതിയ പാസ്സഞ്ചർ സ്റ്റേഷനും കണ്ടെയ്നർ ടെർമിനലും | 15 കി മീ |
| 6 | പത്തനംതിട്ട വഴി എരുമേലി – പുനലൂർ പുതിയ ബിജി ലൈൻ ശബരി ലൈനിനെ കൊല്ലം – ചെങ്കോട്ട ലൈനുമായി ബന്ധിപ്പിച്ചുകൊണ്ടുള്ളത് | 65 കി മീ |
| 7 | ഏറ്റുമാനൂർ - പാലാ ന്യൂ ബിജി ലൈൻ, തിരുവനന്തപുരം – എറണാകുളം ലൈനുമായി ശബരി ലൈനിനെ ബന്ധിപ്പിച്ചുകൊണ്ടുള്ളത് | 15 കി മീ |
| 8 | സുൽത്താൻബത്തേരി വഴി നിലമ്പൂർ - നാഞ്ചങ്കാട് ന്യൂ ബിജി ലൈൻ | 236 കി മീ |
| 9 | സിൽവർ ലൈൻ പ്രൊജക്ട് | 530 കി മീ |

അവലംബം : കെആർഡിസിഎൽ

പ്രാപ്തമാക്കുന്നു. അതോടൊപ്പം സംസ്ഥാനത്തിന്റെ വടക്ക മുതൽ തെക്കുവരെയുള്ള യാത്രാസമയം നിലവിലെ 10 - 12 മണിക്കൂർ എന്നതിൽ നിന്നും നാല് മണിക്കൂറായി കുറയ്ക്കുകയും ചെയ്യുന്നു. ഇത് വിമാനത്താവളങ്ങൾ, ഐടി പാർക്കുകൾ, ആരോഗ്യ സൗകര്യങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്നു. കെആർഡിസിഎൽ നിർദ്ദിഷ്ട സിൽവർ ലൈനിനുള്ള ഡിപിആർ തയ്യാറാക്കിയിട്ടുണ്ട്, അത് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രതീക്ഷിത ചെലവ് 63,941 കോടി രൂപയാണെന്നു കണക്കാക്കുന്നു. പദ്ധതി 2025 ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്നു. 2020 ജൂൺ 17 ന് ഡിപിആർ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് സമർപ്പിച്ചു.

**കൊച്ചി മെട്രോ**

രാജ്യത്ത് ഏറ്റവും വേഗത്തിൽ പൂർത്തിയാക്കിയ മെട്രോ പദ്ധതികളിൽ ഒന്നായ കൊച്ചി മെട്രോ റെയിൽ പദ്ധതി (കെഎംആർപി) കേരള സർക്കാരിന്റെ ഒരു മുൻഗണനാ പദ്ധതിയാണ്. ഇത് രാജ്യത്തെ റെയിൽ, റോഡ്, ജലഗതാഗത സൗകര്യങ്ങളെ ബന്ധിപ്പിക്കുന്ന ആദ്യ മെട്രോയാണ്. കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ ഓഹരി പങ്കാളിത്തവും സംയുക്ത ഉടമസ്ഥതയുമുള്ള ഒരു പ്രത്യേകോദ്ദേശ കമ്പനിയാണ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ). ആലുവ മുതൽ പേട്ട വരെ (22 കി മീ) യുള്ള ഒന്നാം ഘട്ടം (ബ്ലൂ ലൈൻ) 2017 ഒക്ടോബറിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. ഈ പ്രൊജക്ടിന് 6,218.14 കോടി രൂപ ചെലവായി. തൃപ്പൂണിത്തുറയിലേക്കുള്ള ബ്ലൂ ലൈനിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്, ഈ പ്രൊജക്ടിനായി 1159.26 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. കൊച്ചി JLN സ്റ്റേഡിയത്തിൽ നിന്നും കാക്കനാട് വഴി ഇൻഫോപാർക്കിലേക്കുള്ള (11.2 കി.മീ) മെട്രോ രണ്ടാംഘട്ടത്തിന് (പിങ്ക് ലൈൻ) കേന്ദ്ര സർക്കാരിന്റെ എക്സ്പെൻഡിച്ചർ വകുപ്പിൽ നിന്ന് തത്വത്തിലുള്ള അംഗീകാരം ലഭിച്ചു, 2022 സെപ്റ്റംബറിൽ അതിന്റെ തറക്കല്ലിട്ടു. പ്രൊജക്ടിന്റെ ചെലവ് 1,957.05 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കുന്നു.

കൊച്ചി മെട്രോയുടെ വരുമാനം 2018 ലെ വെള്ളപ്പൊക്കം, കോവിഡ് 19 മഹാമാരി എന്നീ കാലയളവിലൊഴികെ പൊതുവിൽ ഉയർച്ച താഴ്ചകൾ കാണിക്കുന്നു (പട്ടിക 2.4). 2017 – 18 ലെ മൊത്തം വരുമാനം 73 കോടി രൂപയായിരുന്നത് 2022-23 ൽ 132 കോടിയായി ഉയർന്നു. കാര്യക്ഷമത സൂചകങ്ങൾ താരതമ്യേന മികച്ചതാണ്. ഒരു യാത്രക്കാരന്റെ ശരാശരി ചെലവ് 2017-18 ലെ 2,188 രൂപയിൽ നിന്ന് 2022-23 ൽ 1,530 രൂപയായി കുറഞ്ഞു. വർഷങ്ങളായി ശരാശരി വരുമാനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് (**ചിത്രം 2.7**). യാത്രക്കാരുടെ എണ്ണം 2017-18 ൽ 101 ലക്ഷം എന്നത് ആറ് വർഷത്തിനുള്ളിൽ, 2023 മാർച്ചിലെ കണക്കു പ്രകാരം 249 ലക്ഷമായി. സർവീസുകളുടെ എണ്ണം 2017-18 ൽ 63,432 ആയിരുന്നത് 2022-23 ൽ 85,985 ആയി ഉയർന്നു (**ചിത്രം 2.8**).

**വാട്ടർ മെട്രോ: ഗതാഗതത്തിന്റെ സാമൂഹിക ഉൾച്ചേർക്കൽ മാതൃക**


കേരളം രാജ്യത്തെ ആദ്യത്തെ വാട്ടർ മെട്രോ കൊച്ചിയിൽ ആരംഭിച്ചു, അത് കൊച്ചിയുടെ വിവിധ ഭാഗങ്ങളെ ജലപാതകളുടെ ശൃംഖലയിലൂടെ ബന്ധിപ്പിക്കുന്നതാണ്. 76.2 കിലോ മീറ്റർ ദൈർഘ്യമുള്ള വാട്ടർ മെട്രോ, പതിനഞ്ച് റൂട്ടുകളിലായി പത്ത് ദ്വീപുകളിലെ 38 ജെട്ടികളെയും രണ്ട് ബോട്ട് യാർഡുകളെയും തമ്മിൽ ബന്ധിപ്പിക്കുന്നു. 2023 ആഗസ്റ്റ് വരെയുള്ള കാലയളവിലെ വാട്ടർ മെട്രോയുടെ വരുമാനം 1.83 കോടി രൂപയാണ്.

**പട്ടിക 2.4** റവന്യൂ വരുമാനത്തിലെയും ചെലവിലെയും പ്രവണത (കോടി രൂപയിൽ)

| ഇനം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 ആഗസ്റ്റ് വരെ) |
|---|---|---|---|---|---|---|---|
| മൊത്ത റവന്യൂ വരുമാനം | 49.25 | 82.54 | 101.46 | 54.32 | 78.35 | 132.21 | 66.52 |
| മൊത്ത റവന്യൂ ചെലവ് | 73.44 | 88.24 | 115.38 | 110.88 | 113.29 | 126.86 | 52.18 |
| മൊത്തം പ്രവർത്തന നഷ്ടം | -24.19 | -5.7 | -13.92 | -56.564 | -34.94 | 5.35 | 14.34 |


അവലംബം : കെഎംആർഎൽ

**ചിത്രം 2 .7** ഒരു സർവീസിനു ലഭിക്കുന്ന വാർഷിക ശരാശരി വരുമാനം ( രൂപയിൽ )




അവലംബം: കെഎംആർഎൽ

**ചിത്രം 2 .8** വർഷം തോറും നടത്തുന്ന സർവീസുകൾ




അവലംബം: കെഎംആർഎൽ

ഈ പദ്ധതികൊണ്ട് 34,000 ലധികം ദ്വീപുവാസികൾക്ക് പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അവിടെ പാസഞ്ചർ സർവീസിനായി 78 പരിസ്ഥിതി സൗഹൃദ ബോട്ടുകൾ, അവയിൽ 23 എണ്ണത്തിൽ 100 പേർക്ക് സഞ്ചരിക്കാം, ബാക്കിയുള്ളവ 55, 50 പേരെ വഹിക്കാവുന്ന ശേഷിയിലുള്ളവയാണ്. ഈ പ്രൊജക്ട് നഗരത്തിലെ മലിനീകരണവും ഗതാഗതക്കുരുക്കുകളും കുറയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. വാട്ടർ മെട്രോ 2022 ൽ മികച്ച വാണിജ്യ യാത്രാ ഇലക്ട്രിക് ബോട്ടുകൾക്കുള്ള ഗസ്സി അവാർഡ് (ഫ്രാൻസ്) നേടി. സേവനം ആരംഭിച്ചതുമുതൽ 7.87 ലക്ഷം യാത്രക്കാരെയാണ് വാട്ടർ മെട്രോ ലക്ഷ്യസ്ഥാനങ്ങളിൽ എത്തിച്ചിട്ടുള്ളത്.

### വിമാനത്താവളങ്ങൾ

കേരളത്തിൽ പ്രവർത്തിക്കുന്ന നാല് വിമാനത്താവളങ്ങളും അന്താരാഷ്ട്ര വിമാനത്താവളങ്ങളാണ്. ഏറ്റവും പുതിയതായ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2019 ൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. 2022-23 ൽ കേരളത്തിലെ വിമാനത്താവളങ്ങളിലെ സൗകര്യങ്ങൾ 68.8 ലക്ഷം ആഭ്യന്തര യാത്രക്കാരും 67.7 ലക്ഷം അന്താരാഷ്ട്ര യാത്രക്കാരും ഉപയോഗിച്ചു. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം പൂർണ്ണമായും സൗരോർജ്ജം വഴി പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യത്തെ വിമാനത്താവളമായി. അതിന്റെ മുഴുവൻ വൈദ്യുതി ആവശ്യകതയായ പ്രതിദിനം 50,000 യൂണിറ്റുകൾ എന്നത് സൗരോർജ്ജ പ്ലാന്റുകൾ വഴി ഉൽപ്പാദിപ്പിക്കുന്നു. ഈ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾക്കും പുറമേ കാസർകോട് ബേക്കലിലും വയനാട്ടിലെ കൽപ്പറ്റയിലും ഇടുക്കിയിലും മൂന്ന് എയർസ്ട്രിപ്പുകൾ-ഹെലിപോർട്ടുകൾ വികസിപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പ്രൊജക്ട്കൾ സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കും, അവയുടെ പ്രവൃത്തികൾ ആരംഭഘട്ടത്തിലാണ്. ശബരിമല വിമാനത്താവളത്തിനുള്ള സ്ഥലമെടുപ്പ് പുരോഗമിക്കുകയാണ്.

### കേരളത്തിലെ തുറമുഖങ്ങൾ

കേരളത്തിന്റെ തീരദേശദൈർഘ്യം ഏകദേശം 590 കിലോമീറ്ററാണ്. സംസ്ഥാനത്ത് ഒരു പ്രധാന തുറമുഖം (കൊച്ചി), നാല് ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ, 13 മൈനർ തുറമുഖങ്ങൾ എന്നിവയുണ്ട്. കോട്ടയത്ത് നാട്ടകം എന്ന സ്ഥലത്ത് ഒരു ഉൾനാടൻ തുറമുഖമുണ്ട്. 17 പ്രധാനേതര തുറമുഖങ്ങളിൽ നാലെണ്ണം വ്യാപാരത്തിനും ചരക്ക് കൈകാര്യം ചെയ്യുന്നതിനുമായി പ്രവർത്തിക്കുന്നു. രജിസ്റ്റർ ചെയ്ത മൊത്തം കപ്പലുകളുടെ എണ്ണം 2017-18ൽ 223 ആയിരുന്നത് 2022-23ൽ 431 ആയി ഉയർന്നു. പിപിപി രീതിയിൽ നാല് ഇന്റർമീഡിയറ്റ് പോർട്ടുകൾ സർക്കാർ നവീകരിക്കുന്നു. തുറമുഖ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ **ബോക്സ് 2.6** ൽ കൊടുത്തിരിക്കുന്നു.

**ബോക്സ് 2.6.** മൈനർ, ഇന്റർമീഡിയറ്റ് തുറമുഖങ്ങളിലെ പ്രധാന നേട്ടങ്ങൾ (2016-17 മുതൽ 2022-23 വരെ)

1. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖത്ത് ഓട്ടോമേറ്റഡ് കാർഗോ/കണ്ടെയ്നർ കൈകാര്യം ചെയ്യുന്ന ഗിയറുകൾ കൊണ്ടുവരികയും പൂർത്തിയാക്കുകയും ചെയ്തു.
2. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ചരക്ക്/കണ്ടെയ്നർകൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ സജ്ജീകരിച്ചിരിക്കുന്നു.
3. കൊല്ലം തുറമുഖത്ത് വിവിധോദ്ദേശ്യ പാസഞ്ചർ കം കാർഗോ വാർഫ് പൂർത്തിയാക്കി
4. ബേപ്പൂരിലും അഴീക്കൽ തുറമുഖത്തും ഈഡിഐ സൗകര്യം സ്ഥാപിച്ചു
5. ബേപ്പൂർ തുറമുഖത്ത് ട്രാൻസിറ്റ് ഷെഡും ഇലക്ട്രോണിക് ഡാറ്റ ഇന്റർചേഞ്ച് സൗകര്യവും കൊണ്ടുവന്നു
6. പൊന്നാനിയിൽ പുതിയ വാർഫിന്റെ നിർമാണം പുരോഗമിക്കുന്നു
7. ബേപ്പൂർ തുറമുഖത്ത് ക്രൂ ചെയ്ഞ്ചിനുള്ള സൗകര്യം.
8. കൊല്ലത്ത് പാസഞ്ചർ കം മൾട്ടി പർപ്പസ് ബെർത്തിന്റെ നിർമ്മാണം
9. അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ കണ്ടെയ്നർ കൈകാര്യം ചെയ്യുന്ന ക്രെയിൻ കമ്മീഷൻ ചെയ്തു.

അവലംബം: സാമ്പത്തിക അവലോകനം , വിവിധ വർഷങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ്

**പട്ടിക 2.5** കേരളത്തിലെ മൈനർ, ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് (ടണ്ണിൽ)

| ഇനം | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 |
|---|---|---|---|---|---|---|---|
| ഇറക്കുമതി | 3893 | 1,06,663 | 12,174 | 97,001 | 38,246 | 8193 | 57,253 |
| വിഹിതം (%) | 2.76 | 26.31 | 8.77 | 43.47 | 24.80 | 16.59 | 17.74 |
| കയറ്റുമതി | 1,37,149 | 2,98,799 | 1,26,619 | 1,26,147 | 1,15,968 | 41,187 | 2,65,538 |
| വിഹിതം (%) | 97.24 | 73.69 | 91.23 | 56.53 | 75.20 | 83.41 | 82.26 |
| ആകെ | 1,41,042 | 4,05,462 | 1,38,793 | 2,23,148 | 1,54,214 | 49,380 | 3,22,791 |

അവലംബം: കേരള മറൈൻ ബോർഡ്


**ബോക്സ് 2.7** പ്രധാന പദ്ധതികൾ

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം** - ഈ ആഴക്കടൽ വിവിധോദ്ദേശ തുറമുഖം കേരളത്തിലെ തുറമുഖ മേഖലയിലെ ഒരു നാഴികക്കല്ലായ പദ്ധതിയാണ്, ഇത് ഇന്ത്യയിലെ ആദ്യത്തെ ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രധാന നേട്ടം 18 മീറ്റർ സ്വാഭാവിക ആഴവും, പ്രധാന അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടുകളിൽ നിന്ന് 10 നോട്ടിക്കൽ മൈലിന്റെ താരതമ്യേന ചെറിയ ദൂരവും, തീരത്തെ ഏറ്റവും കുറഞ്ഞ ലിറ്റോറൽ ഡ്രിഫ്റ്റുമാണ്. 18.20 മീറ്റർ ആഴമുള്ള ഈ തുറമുഖത്തിന് 18000 മുതൽ 22000 വരെ വലിപ്പമുള്ള പുതിയ തലമുറയിലെ മദർ വെസ്സലുകൾ കൈകാര്യം ചെയ്യാൻ കഴിയും. ആദ്യത്തെ അന്താരാഷ്ട്ര ചരക്ക് കപ്പൽ ഷെൻഹുവ 15, 2023 ഒക്ടോബർ 15 ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തി. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കേരള സർക്കാർ m/s അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് പൊതു സ്വകാര്യ പങ്കാളിത്തത്തിൽ വികസിപ്പിച്ചെടുത്തതാണ്. കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയാണ് ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി. ധനസഹായത്തിന്റെ കാര്യത്തിൽ, സംസ്ഥാന സർക്കാർ 60.46 ശതമാനം സംഭാവന ചെയ്യും, തുടർന്ന് 29.89 ശതമാനം കൺസഷനറിയും ബാക്കി 9.65 ശതമാനം ഇന്ത്യൻ സർക്കാരും സംഭാവന ചെയ്യും.

**മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ്** - മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ്, കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥാപിതമായ കമ്പനിയാണ്. അഴീക്കലിൽ ആഭ്യന്തര, അന്തർദേശീയ ചരക്കുകൾക്കായി പുതിയ തുറമുഖം വികസിപ്പിക്കുന്നത് മൂന്നു ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ തുറമുഖത്തിന് പാനാമാക്സ് വലിപ്പമുള്ള കപ്പലുകൾ വരെ (4000 മുതൽ 4500 കണ്ടെയ്നറുകൾ വരെ) കൈകാര്യം ചെയ്യാൻ കഴിയുന്നതുമാണ്. ഒന്നാം ഘട്ടത്തിൽ 500 മീറ്റർ ബെർത്തും രണ്ടാം ഘട്ടത്തിൽ 300 മീറ്റർ ബെർത്തും മൂന്നാം ഘട്ടത്തിൽ 300 മീറ്ററുമാണ് പദ്ധതിയിട്ടിരിക്കുന്നത്. ഹാർബർ തടത്തിൽ ഏകദേശം 14.5 മീറ്റർ ആഴമുള്ള ഈ തുറമുഖം പൂർണതോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ 4500 ടിഇയു പാനാമാക്സിൽ അന്താരാഷ്ട്ര തലത്തിൽ ഓടുന്ന കപ്പലുകളെപ്പോലും അഴീക്കൽ തുറമുഖത്ത് കൈകാര്യം ചെയ്യുവാൻ കഴിയും. തുറമുഖത്തിന് കണ്ടെയ്നറുകൾ, ലിക്വിഡ് ബൾക്ക്, പെട്രോളിയം ഉൽപ്പന്നങ്ങൾ, ഡ്രൈ ബൾക്ക്/ബ്രേക്ക്-ബൾക്ക് കാർഗോ തുടങ്ങിയവ കൈകാര്യം ചെയ്യാൻ കഴിയും.

അവലംബം: കേരള മറൈൻ ബോർഡ്

**ചിത്രം 2.9** കേരളത്തിലെ മൈനർ, ഇന്റർമീഡിയറ്റ് തുറമുഖങ്ങളുടെ വരുമാനം, രൂപ കോടിയിൽ




Source: Kerala Marine Board

മൈനർ, ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് 2016 ലെ 1.41 ലക്ഷം ടണ്ണിൽ നിന്ന് 71 ശതമാനം വർധിച്ച് 2022 ൽ 3.23 ടണ്ണായി. സമാഹരിച്ച വരുമാനം 26.71 കോടി രൂപയിൽ നിന്ന് 2022-23 ൽ 46.01 കോടി രൂപയായി. തുറമുഖ വികസനത്തിൽ സംസ്ഥാനത്തിന്റെ നയപരമായ ഇടപെടലുകളാണ് ഇതിന് കാരണം. 2018 ലെ വെള്ളപ്പൊക്കം വരുമാനത്തിൽ മിതമായ ഇടിവുണ്ടാക്കി.

### ഉൾനാടൻ ജലപാതകൾ

2022-23ലെ കണക്കുകൾ പ്രകാരം കേരളത്തിൽ ആകെ 473 കിലോമീറ്റർ നീളമുള്ള അഞ്ച് ദേശീയ ജലപാതകളുണ്ട് (എവിഎം കനാൽ ഒഴികെ). ദേശീയ ജലപാതയിലെ ചരക്കു നീക്കം വർഷങ്ങളായി വർദ്ധിക്കുകയും 2018-19 ലെ 0.42 മില്യൺ മെട്രിക് ടണ്ണിൽ നിന്ന് 2022-23 ൽ 2.69 മില്യൺ മെട്രിക് ടൺ ആവുകയും ചെയ്തു. സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ ആകെ നീളം 1712.45 കിലോമീറ്ററാണ്, അതിൽ 612.45 കിലോമീറ്റർ പടിഞ്ഞാറൻ തീര കനാലും (ഡബ്ല്യുസിസി), 1100 കിലോമീറ്റർ ഡബ്ല്യുസിസിയുമായി ബന്ധിപ്പിക്കുന്ന ഫീഡർ കനാലുകളും ആണ്. 63 വെസ്സലുകളിലെ ഫ്ലീറ്റ് ശേഷി ഉപയോഗപ്പെടുത്തി ഒരു വർഷം ഏകദേശം 2.3 ലക്ഷം ട്രിപ്പുകൾ ആണ് സംസ്ഥാന ജല ഗതാഗത വകുപ്പ് നടത്തുന്നത്. 2022-23 ൽ 116 റൂട്ടുകളിലായി ആകെ 23.25 ലക്ഷം കിലോമീറ്റർ ദൈർഘ്യത്തിൽ ഏകദേശം 103.59 ലക്ഷം യാത്രക്കാരെ കടത്തിവിടാൻ സാധിച്ചു. വേഗ-2, സീ കുട്ടനാട്, സീ അഷ്ടമുടി എന്നീ മൂന്ന് പുതിയ സർവീസുകൾ വിനോദ സഞ്ചാരികൾക്കായി മാത്രം ആരംഭിച്ചു, ഇതിലൂടെ ശരാശരി 30 ലക്ഷം രൂപ പ്രതിമാസ വരുമാനം ലഭിക്കും. ഡിപ്പാർട്ട്മെന്റ് ഉൾനാടൻ സർവീസുകളിൽ വാട്ടർ ടാക്സികൾ ആരംഭിച്ചു. ഇതിൽ നാല് വാട്ടർ ടാക്സികളുണ്ട്, അതിൽ രണ്ടെണ്ണം- തേജസ് 1, തേജസ് 2 യഥാക്രമം ആലപ്പുഴ, പയ്യന്നൂർ റൂട്ടുകളിലാണ്. 2022-23 ലെ പ്രധാന നേട്ടങ്ങളിൽ കൊല്ലത്ത് കല്ലുപാലം പാലം, ആലപ്പുഴയിലെ ഒമ്പത് ബോട്ട് ജെട്ടികൾ, ജങ്കാർ കടവ്, കോഴിക്കോട്ട് 11 സ്റ്റീൽ ഫുട്ട് പാലങ്ങൾ എന്നിവ പൂർത്തീകരിച്ചു. മലപ്പുറത്തെ വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജ് (ഘട്ടം 2) നിർമ്മാണം, കരിക്കകം സ്റ്റീൽ ലിഫ്റ്റിംഗ് ബ്രിഡ്ജ്, സെന്റ് ആൻഡ്രൂസ് പാലം എന്നിവയുടെ നിർമ്മാണം, പാർവതി പുത്തനാറിന് കുറുകെ സ്റ്റീൽ ലാറ്റിസ് ബ്രിഡ്ജ് നിർമ്മാണം, തൃശ്ശൂരിലെ ചേറ്റുവ പാലത്തിന് താഴെ സ്ലൂയിസ് നിർമ്മാണം എന്നിവ പുരോഗമിച്ചു വരുന്നു.

### എല്ലാവർക്കും വൈദ്യുതി

സമ്പൂർണ വൈദ്യുതീകരണ പദ്ധതിക്ക് കീഴിൽ 1.5 ലക്ഷത്തിലധികം അപേക്ഷകർക്ക് കണക്ഷനുകൾ നൽകിക്കൊണ്ട് 2017 മെയ് 29 ന് കേരളം സമ്പൂർണ വൈദ്യുതീകരണം നടത്തിയതായി പ്രഖ്യാപിച്ചു.

**ബോക്സ് 2.8** പ്രധാന ഉദ്യമങ്ങൾ

**സമ്പൂർണ്ണ വൈദ്യുതീകരണ കാമ്പയിൻ (100 ശതമാനം വൈദ്യുതീകരണം), 2017–18**

സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിക്കുന്നതിന്, KSEBL 65 കിലോമീറ്റർ 11 കെവി ഓവർഹെഡ് ലൈനുകളും 40 മീറ്റർ 11 കെവി ഭൂഗർഭ കേബിളുകളും 3040 കിലോമീറ്റർ എൽടി ലൈനും 39 കിലോമീറ്റർ എൽടി ഭൂഗർഭ കേബിളും 21 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചു. ആദിവാസി കോളനികളുടെ വൈദ്യുതീകരണവും ഈ ശ്രമങ്ങളിൽ ഉൾപ്പെടുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി 150384 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

**ഊർജ കേരള മിഷൻ**

ഈ ദൗത്യത്തിൽ അഞ്ച് പരസ്പരബന്ധിത പദ്ധതികൾ ഉൾപ്പെടുന്നു-ദ്യുതി 2021, സൗര, ഫിലമെന്റ് രഹിത കേരളം, ട്രാൻസ്.ഗ്രിഡ് 2.0, ഇ-സേഫ് എന്നിവ. ഫിലമെന്റ് രഹിത കേരളത്തിൽ, 2023 മാർച്ച് 31 വരെ ഏകദേശം 84.18 ലക്ഷം ബൾബുകൾ വിതരണം ചെയ്യുകയും 26 ലക്ഷം LED ബൾബുകൾ വിൽക്കുകയും ചെയ്തു. സൗരയുടെ കീഴിൽ വൈദ്യുതി ഉൽപാദന ശേഷി 20.77 മെഗാവാട്ട് വർധിപ്പിച്ചു, അതിൽ 8.77 മെഗാവാട്ട് പുരപ്പുറ സോളാർ വഴിയാണ്. ശബരിമലയിലെ നിലയ്ക്കലിലെ ആദിവാസികൾക്കായി 109 സൗര സുവിധ കിറ്റുകൾ വിതരണം ചെയ്തു. എല്ലാവർക്കും ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കാൻ ലക്ഷ്യമിടുന്ന ദ്യുതിക്ക് കീഴിൽ, 2023 മാർച്ച് 31 വരെ 1457.06 കോടി രൂപയുടെ പ്രവൃത്തി പൂർത്തിയായി. വൈദ്യുത അപകടങ്ങൾ ഒഴിവാക്കുകയാണ് ഇ-സേഫ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2023 മാർച്ച് വരെ 775 കോടി രൂപ ചെലവിൽ 26145 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 17390 സുരക്ഷാ പരിശോധനകൾ സുരക്ഷാ ഉദ്യോഗസ്ഥർ നടത്തുകയും ചെയ്തു.

**ട്രാൻസ്.ഗ്രിഡ് 2.0**

ട്രാൻസ്.ഗ്രിഡ് 2.0 (2017-23) ന്റെ ആദ്യ ഘട്ടത്തിൽ ലക്ഷ്യമിട്ട 12 സബ്സ്റ്റേഷനുകളിൽ 11 സബ്സ്റ്റേഷനുകളും 1490 ckm ഇ.എച്ച്.ടി ലൈനുകളും 2023 മാർച്ച് 31 നകം പൂർത്തിയാക്കി. 2022-23ൽ കേരളത്തിൽ 6 പുതിയ സബ്സ്റ്റേഷനുകൾ പൂർത്തീകരിച്ചു, അതിൽ 4 സ്റ്റേഷനുകൾ ട്രാൻസ്ഗ്രിഡ് 2.0 ന്റെ ഭാഗമായിട്ടായിരുന്നു.

**ഇ–മൊബിലിറ്റി**

ഇ-മൊബിലിറ്റി നയം രൂപീകരിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 2019 നും 2023 നും ഇടയിൽ 2019 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു. മുച്ചക്ര വാഹനങ്ങൾക്കും ഇരുചക്രവാഹനങ്ങൾക്കുമായി 10 ചാർജിംഗ് പോസ്റ്റുകളുടെ പൈലറ്റ് പദ്ധതി കോഴിക്കോട്ട് കമ്മീഷൻ ചെയ്തു.

**നിലാവ് പദ്ധതി**

രാജ്യത്തെ ഇത്തരത്തിലുള്ള ആദ്യ പദ്ധതിക്ക് കീഴിൽ തദ്ദേശ സ്വയംഭരണ വകുപ്പ് (എൽഎസ്ജിഡി) മുഖേന 411 ഗ്രാമപഞ്ചായത്തുകളിലും 35 മുനിസിപ്പാലിറ്റികളിലും രണ്ട് ലക്ഷം തെരുവ് വിളക്കുകൾ സ്ഥാപിച്ചു.

**കേരള ഗ്രീൻ എനർജി മിഷൻ**

2040 ഓടെ 100 ശതമാനം പുനരുപയോഗ ഊർജത്തിലേക്കും 2050ഓടെ നെറ്റ് കാർബൺ ന്യൂട്രാലിറ്റിയിലേക്കും മാറാനാണ് കേരളം ലക്ഷ്യമിടുന്നത്.

അവലംബം: സാമ്പത്തിക അവലോകനം , വിവിധ വർഷങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ്

**ബോക്സ് 2.9** പ്രധാന നേട്ടങ്ങൾ


1. 2017 മെയ് 29-ന് കേരളം സമ്പൂർണമായി വൈദ്യുതീകരിച്ചതായി പ്രഖ്യാപിച്ചു. 2022-ലെ NITI ആയോഗ് സ്റ്റേറ്റ് എനർജി ആൻഡ് ക്ലൈമറ്റ് ഇൻഡക്സിൽ (SECI) കേരളം രണ്ടാം സ്ഥാനത്തെത്തി. ഇ.ക്യു. ഇന്റർനാഷണൽ മാസികയുടെ റൂഫ്ടോപ്പ് സോളാർ എനേബിളർ അവാർഡ് കെഎസ്ഇബിക്ക് ലഭിച്ചു.
2. 2017-18 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ ഏകദേശം 37 സബ്സ്റ്റേഷനുകൾ നിർമ്മിക്കുകയും 3099.15 Ckt.km ട്രാൻസ്മിഷൻ ലൈൻ കൂട്ടിച്ചേർക്കുകയും ചെയ്തു.
3. സംയോജിത സോളാർ അഗ്രോ ഫാം പദ്ധതിയുടെ ഭാഗമായി 25 KWP ശേഷിയുള്ള സോളാർ പവർ പ്ലാന്റ് പാലക്കാട് സ്ഥാപിച്ചു.
4. സമ്പൂർണ വൈദ്യുതീകരണ കാമ്പയിന്റെ ഭാഗമായി ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ 54 വിദൂര ഊരുകളിലെ 2,300 വീടുകളിൽ സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിച്ചു.
5. 574 അംഗനവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പെടെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകി.
6. വൈദ്യുതീകരിക്കാത്ത 27 ആദിവാസി കോളനികൾ കെഎസ്ഇബിഎൽ വൈദ്യുതീകരിച്ചു. സൈലന്റ് വാലി റിസർവിലെ താഴെതുടുക്കി ആദിവാസി ഊരിലും വയനാട്ടിലെ വേലപ്പൻകണ്ടി ട്രൈബൽ കോളനിയിലും യഥാക്രമം 50 കിലോവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ പ്ലാന്റും 1.5 കിലോവാട്ട് ശേഷിയുള്ള 10 പ്ലാന്റുകളും സ്ഥാപിച്ചു.
7. കമ്മീഷൻ ചെയ്ത പദ്ധതികളിൽ കോഴിക്കോട് ആനക്കൊമ്പിൽ എസ്എച്ച്പി (8 മെഗാവാട്ട്), അരിപ്പാറ എസ്എച്ച്പി (4.5 മെഗാവാട്ട്), അപ്പർ കല്ലർ ചെറുകിട ജലവൈദ്യുത പദ്ധതി (2 മെഗാവാട്ട്), ചാത്തങ്കോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി - ഘട്ടം-II (6 മെഗാവാട്ട്), അഗളിയിലെ ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റ് എന്നിവ ഉൾപ്പെടുന്നു. 1 MW), കഞ്ചിക്കോട് (3MW), പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി (6 MW)
8. 2022-23ൽ 3.73 ലക്ഷം പുതിയ സേവന കണക്ഷനുകൾ നൽകുകയും 2,283 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 1,566 കിലോമീറ്റർ 11 കെവി ലൈനും 4,036 കിലോമീറ്റർ എൽടി ലൈനുകളും നിർമ്മിക്കുകയും ചെയ്തു.
9. സൗര സ്കീമിന് കീഴിൽ പൊതുജനങ്ങൾക്കായി മൊത്തം 6 മെഗാവാട്ട് ശേഷിയുള്ള സോളാർ മേൽക്കൂര സ്ഥാപിക്കൽ ഏകദേശം 1,900 വീടുകളിൽ ചെയ്തു.

അവലംബം: സാമ്പത്തിക അവലോകനം , വിവിധ വർഷങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ്

നിബിഡവനങ്ങളിലുള്ള ചില ആദിവാസി ഊരുകളിൽ ഒഴികെ, സമ്പൂർണ വൈദ്യുതീകരണം നേടിയ രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തുടനീളം പവർ കട്ടുകളോ ലോഡ് ഷെഡിംഗോ ഇല്ലാതെ 24x7x365 വൈദ്യുതി നൽകുന്നു. 2022-ൽ പ്രസിദ്ധീകരിച്ച NITI ആയോഗിന്റെ സ്റ്റേറ്റ് എനർജി ആൻഡ് ക്ലൈമറ്റ് ഇൻഡക്സ് (SECI) പ്രകാരം ഏറ്റവും മികച്ച രണ്ടാമത്തെ സംസ്ഥാനമാണ് കേരളം, ഇത് ഊർജ മേഖല മെച്ചപ്പെടുത്തുന്നതിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾക്കുള്ള അംഗീകാരമാണ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെഎസ്ഇബിഎൽ) സംസ്ഥാനത്ത് വൈദ്യുതി ഉൽപാദനത്തിലും പ്രസരണത്തിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു. പരമ്പരാഗതവും പുനരുപയോഗിക്കാവുന്നതുമായ ഊർജ്ജ സ്രോതസ്സുകൾ

**ചിത്രം 2.10** വൈദ്യുതി സ്ഥാപിത ശേഷി പ്രവണതകൾ, ഇനം തിരിച്ച്, മെഗാ വാട്ടിൽ




Source: KSBEL

നിയന്ത്രിക്കുന്നത് (i) പാരമ്പര്യേതര ഊർജ്ജ, ഗ്രാമീണ സാങ്കേതിക വിദ്യയുടെ ഏജൻസി (ANERT), (ii) എനർജി മാനേജ്മെന്റ് സെന്റർ (EMC) എന്നിവയാണ്. 2023 മാർച്ചിലെ കണക്കനുസരിച്ച് 3,514.81 മെഗാവാട്ട് ആണ് കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി. 2023 ഓഗസ്റ്റ് 31 വരെ ദേശീയ സ്ഥാപിത ശേഷി 4,24,288 മെഗാവാട്ടാണ്. കേരളത്തിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നത് നാല് സ്രോതസ്സുകളായ ഹൈഡൽ, തെർമൽ, കാറ്റ്, സൗരോർജ്ജം എന്നിവയിലൂടെയാണ്. ജലവൈദ്യുതിയാണ് ഏറ്റവും വലിയ പങ്ക് വഹിക്കുന്നത് (961.84 മെഗാവാട്ട്). (**ചിത്രം 2.10**)

**പൊതു യൂട്ടിലിറ്റികൾ: കൂടുതൽ ഉൾക്കൊള്ളുന്ന, തടസ്സമില്ലാത്ത, സുരക്ഷിതമായ സേവനം**


കേരളം സമ്പൂർണ്ണ വൈദ്യുതീകരണം നേടിയതിനാൽ, സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. ഗ്രിഡിന്റെ നവീകരണം, സിസ്റ്റം നഷ്ടം കുറയ്ക്കൽ, ഇൻസ്റ്റലേഷനുകളുടെ സുരക്ഷ ഉറപ്പാക്കൽ, പുനരുപയോഗ ഊർജ്ജ ഉൽപ്പാദനം എന്നിവയ്ക്കായി നിരവധി സംരംഭങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിനുപുറമെ, പുതിയ ലൈനുകളും സബ്സ്റ്റേഷനുകളും നിർമ്മിച്ചും നിലവിലുള്ള സംവിധാനങ്ങൾ നവീകരിച്ചും അത്യാധുനിക ട്രാൻസ്മിഷൻ നെറ്റ്‌വർക്ക് നിർമ്മിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.

വൈദ്യുതി വിൽപ്പനയിൽ നിന്നുള്ള ആകെ വരുമാനം 2018-19 ലെ 13,521.21 കോടി രൂപയിൽ നിന്ന് 2022-23ൽ 17,705.46 കോടി രൂപയായി ഉയർന്നു. മൊത്തം ഊർജ്ജ ഉപഭോക്താക്കളുടെ എണ്ണം 2018-19 ലെ 125.52 ലക്ഷത്തിൽ നിന്ന് 2022-23 ൽ 136.48 ലക്ഷമായി വർദ്ധിച്ചു, കൂടാതെ അഞ്ച് വർഷത്തിനുള്ളിൽ ഏകദേശം 11 ലക്ഷം പുതിയ ഉപഭോക്താക്കളെ ചേർത്തു. വൈദ്യുതി ഉപഭോഗം 2013-14 ലെ 17,454 MU ൽ നിന്ന് 2022-23ൽ 25,384 MU ആയി 45.43 ശതമാനം വർദ്ധിച്ചു. പ്രതിശീർഷ ഉപഭോഗം 2018-19-ലെ 626 kWh-ൽ നിന്ന് 2022-23-ൽ 682 kWh ആയി വർദ്ധിച്ചു. സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം 2018-19 ലെ 14.22 ലക്ഷത്തിൽ നിന്ന് 2022-23ൽ 23.52 ലക്ഷമായി ഉയർന്നു.

**ട്രാൻസ്മിഷൻ ഇൻഫ്രാസ്ട്രക്ചർ**

കാര്യക്ഷമമായ വൈദ്യുതി വിതരണത്തിന് കാര്യക്ഷമമായ പ്രസരണ സംവിധാനം ആവശ്യമാണ്. 2017ൽ സംസ്ഥാനത്ത് 395 സബ്സ്റ്റേഷനുകളും 11,331.96 സി.കെ.ടി. കി.മീ ട്രാൻസ്മിഷൻ ലൈനുകളും ഉണ്ടായിരുന്നത് 432 സബ്സ്റ്റേഷനുകളും 14431.11 Ckt.km ട്രാൻസ്മിഷൻ ലൈനുകളും ആയി വർദ്ധിച്ചു. ട്രാൻസ്ഗ്രിഡ് 2.0 എന്നത് ട്രാൻസ്മിഷൻ ഇൻഫ്രാസ്ട്രക്ചർ നെറ്റ്‌വർക്കിലെ നാഴികക്കല്ലായ ഒരു സംരംഭമാണ്, വിശ്വസനീയമായ പവർ ട്രാൻസ്മിഷൻ ഉറപ്പാക്കുന്നതിന് കേരള ഗ്രിഡിന്റെ ദീർഘകാല സ്ഥിരത ലക്ഷ്യമിടുന്നു. ഈ പദ്ധതി പ്രകാരം, 400 കെവി ബാക്ക് ബോൺ ശൃംഖലയും 220 കെവി ഡൗൺസ്ട്രീം ഇന്റർകണക്റ്റഡ് നെറ്റ്‌വർക്കും വിഭാവനം ചെയ്യുന്നു. ഇതിന് അഞ്ച് വർഷത്തേക്ക് 6,375 കോടി രൂപ ചെലവ് കണക്കാക്കുന്നു. കിഫ്ബി ട്രാൻസ്ഗ്രിഡ് പ്ലാനിനായി 5,200 കോടി രൂപ അനുവദിച്ചു. പദ്ധതിയുടെ നടത്തിപ്പിലൂടെ പീക്ക് ലോഡ് സിസ്റ്റം നഷ്ടം ഏകദേശം 107.8 മെഗാവാട്ട് കുറയുമെന്നും 522.21 ദശലക്ഷം യൂണിറ്റ് (MU) വാർഷിക ഊർജ്ജ

**ചിത്രം 2.11** പ്രകടന സൂചികകൾ




Source: KSBEL

ലാഭം ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ ഭാഗമായി കോതമംഗലം, കല്ലൂർ, ചാലക്കുടി, തലശ്ശേരി സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി.

**വിതരണ അടിസ്ഥാന സൗകര്യങ്ങൾ**

2017 മാർച്ചിൽ ഉണ്ടായിരുന്ന 11 കെവി ലൈനുകളുടെ 59,252 കിലോമീറ്റർ, എൽടി ലൈനുകളുടെ 2,77,422 കിലോമീറ്റർ, 75,579 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ എന്നിവയിൽ നിന്ന് 2023 മാർച്ചിൽ 11 കെവി ലൈനുകളുടെയും 22 കെവി ലൈനുകളുടെയും 67,920 സർക്യൂട്ട് കിലോമീറ്ററും എൽ ടി ലൈനുകളുടെ 302626 സർക്യൂട്ട് കിലോമീറ്ററും 87584 വിതരണ ട്രാൻസ്ഫോർമറുകളുമായി കേരളത്തിന്റെ വിതരണ അടിസ്ഥാന സൗകര്യങ്ങൾ വളർന്നു. 2021-22 ൽ 2,355 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.

**പ്രവർത്തന കാര്യക്ഷമത**

പരിവർത്തനം, പ്രസരണം, വിതരണം എന്നിവയിലൂടെ നഷ്ടപ്പെട്ട ഊർജ്ജം 2014-15 ലെ 14.37 ശതമാനത്തിൽ നിന്ന് 2022-23ൽ 9.27 ശതമാനമായി കുറഞ്ഞു (**ചിത്രം 2.12**). 2018-19 മുതൽ 2022-23 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ 531.65 കോടി രൂപ വിലമതിക്കുന്ന 1151.44 എം യു ഊർജം ലാഭിക്കുവാൻ സാധിച്ചു.


**കമ്മ്യൂണിക്കേഷൻ ഇൻഫ്രാസ്ട്രക്ചർ**

ഒരു രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിൽ ആശയവിനിമയം നിർണായക പങ്ക് വഹിക്കുന്നു. വികസനവുമായി ബന്ധപ്പെട്ട് ഗ്രാമ-നഗര വിഭജനത്തിന്റെ ആപേക്ഷിക സങ്കുചിതത്വമാണ് കേരളത്തിന്റെ വികസനത്തിന്റെ പ്രത്യേകത.

**തപാൽ ശൃംഖല**

എല്ലാ ഗ്രാമങ്ങളിലും ഒരു തപാൽ ഓഫീസെങ്കിലും ഉള്ള ഏക തപാൽ സർക്കിളാണ് കേരളം. ദേശീയ ശരാശരിയായ 21.21 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ 7,175 ജനങ്ങൾ എന്നതിനെതിരെ 7.7 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ 6,613 ജനങ്ങൾക്കായി സംസ്ഥാനത്തെ ഓരോ തപാൽ ഓഫീസും സേവനം ചെയ്യുന്നു. സംസ്ഥാനത്തെ 5,062 തപാൽ ഓഫീസുകളിൽ 4,162 എണ്ണം (82.2 ശതമാനം) ഗ്രാമപ്രദേശങ്ങളിലാണ്. 2016-17ൽ സംസ്ഥാനത്തെ 1,508 ഡിപ്പാർട്ട്മെന്റ് പോസ്റ്റോഫീസുകളും കമ്പ്യൂട്ടർവത്കരിച്ചു. സംസ്ഥാനത്തെ 1,508 പോസ്റ്റോഫീസുകളിലും യൂട്ടിലിറ്റി ബില്ലുകൾ അടക്കുന്നതിന് ഉൾപ്പെടെയുള്ള ഇ-പേയ്മെന്റ് സൗകര്യങ്ങൾ സജീവമാക്കി. 2020 മാർച്ച് 31-ന് 1,334 പോസ്റ്റ് ഓഫീസുകളിൽ ഇ-പോസ്റ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ നിന്ന് 99 രാജ്യങ്ങളിലേക്ക് ഇന്റർനാഷണൽ സ്പീഡ് പോസ്റ്റ്/ ഇഎംഎസ് സൗകര്യം ലഭ്യമാണ്. 30 കിലോ വരെ ഭാരമുള്ള സാധനങ്ങൾ ലോകത്തെവിടെയ്ക്കും PACK പോസ്റ്റ് വഴി അയയ്ക്കാം. പാർസൽ സേവനങ്ങളും കേരള തപാൽ സർക്കിളിൽ ലഭ്യമാണ്. സംസ്ഥാനത്തെ

**ചിത്രം 2.12** പ്രസരണ വിതരണ നഷ്ടത്തിലെ പ്രവണതകൾ, ശതമാനത്തിൽ




Source: KSBEL

**പട്ടിക 2.6** കേരളത്തിലെ തപാൽ ശൃംഖല

| ക്രമ നമ്പർ | വിവരണം | 2016 | 2023 |
|---|---|---|---|
| 1 | പോസ്റ്റോഫീസുകളുടെ എണ്ണം | 5066 | 5062 |
| 2 | ഡിപ്പാർട്ട്മെന്റ് പോസ്റ്റോഫീസുകൾ | 1457 | 1508 |
| 3 | എക്സ്ട്രാ ഡിപ്പാർട്ട്മെന്റ് പോസ്റ്റോഫീസുകൾ | 3558 | 3554 |
| 4 | ഒരു പോസ്റ്റോഫീസിന്റെ സേവന വിസ്തൃതി | 7.69 | 6609 |
| 5 | ഒരു പോസ്റ്റോഫീസിന്റെ സേവനം ലഭിക്കുന്ന ജനസംഖ്യ | 7.71 | 6614 |

അവലംബം: ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ

ആകെ 1,498 പോസ്റ്റോഫീസുകൾ (51 എച്ച്.ഒ.കളും 1,447 എസ്.ഒ.കളും) 2016-17ൽ കോർ ബാങ്കിംഗ് സംവിധാനത്തിലേക്ക് മാറ്റി.

### കേരളത്തിലെ ടെലികമ്മ്യൂണിക്കേഷൻ

സംസ്ഥാനത്ത് ഉടനീളം വ്യാപിച്ചുകിടക്കുന്ന ഒരു ആധുനിക ടെലികോം ശൃംഖല കേരളത്തിനുണ്ട്, വിശ്വസനീയമായ ഒപ്റ്റിക്കൽ ഫൈബർ/മൈക്രോവേവ്/സാറ്റലൈറ്റ് മീഡിയ വഴി പരസ്പരം ബന്ധിപ്പിച്ചിട്ടുള്ള അത്യാധുനിക ഡിജിറ്റൽ സ്വിച്ചുകളുണ്ട്. സർക്കിളിലെ എല്ലാ പഞ്ചായത്തുകളിലും വില്ലേജുകളിലും പൊതു ടെലിഫോൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 2023 മാർച്ച് വരെ കേരളത്തിലെ ആകെ ടെലിഫോൺ കണക്ഷനുകൾ 4.38 കോടിയാണ്. ഇത് രാജ്യത്തെ മൊത്തം ടെലിഫോൺ കണക്ഷനുകളുടെ 3.73 ശതമാനമാണ്. കേരള ടെലികോം സർക്കിൾ കേരള സംസ്ഥാനം മുഴുവനും, കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലും, പുതുച്ചേരിയുടെ മാഹി ഭാഗത്തും സേവനം നൽകുന്നു. സർക്കിളിന് 11 പ്രധാന സെക്കൻഡറി സ്വിച്ചിംഗ് ഏരിയകളും (എസ്എസ്എ) ഒരു മൈനർ എസ്എസ്എയും (ലക്ഷദ്വീപ്) ഉണ്ട്. സർക്കിളിന് കീഴിൽ മൊത്തം 1,188 ടെലിഫോൺ എക്സ്ചേഞ്ചുകൾ 14,72,636 സജ്ജീകരണ ശേഷിയോടെ പ്രവർത്തിക്കുന്നു, സർക്കിളിന് കീഴിൽ പ്രവർത്തനക്ഷമമായ കണക്ഷനുകളുടെ എണ്ണം 1.06 കോടിയാണ് (97.48 ലക്ഷം മൊബൈൽ, 9.17 ലക്ഷം ലാൻഡ്ലൈൻ കണക്ഷനുകൾ). 2023 മാർച്ചിലെ കണക്കനുസരിച്ച് കേരളത്തിലെ മൊത്തം വയർലെസ് വരിക്കാരുടെ എണ്ണം 4.24 കോടിയാണ്, അതിൽ വോഡഫോൺ ഐഡിയയ്ക്ക് (VI) ആണ് ഏറ്റവും വലിയ പങ്ക് (34.1 ശതമാനം) ഉള്ളത്. (**പട്ടിക 2.7**)

**പട്ടിക 2.7** 2023 മാർച്ചിൽ കേരളത്തിലെ മൊത്തം വയർലെസ് വരിക്കാരുടെ എണ്ണം

| വയർലെസ് വരിക്കാരുടെ എണ്ണം | 2023 മാർച്ച് വരെ | മൊത്തത്തിന്റെ ശതമാനം |
|---|---|---|
| വോഡഫോൺ ഐഡിയ (VI) | 1,44,70,640 | 34.1 |
| റിലയൻസ് ജിയോ | 1,00,70,654 | 23.7 |
| ബി.എസ്.എൻ.എൽ. | 98,78,402 | 23.3 |
| ഭാരതി എയർടെൽ | 79,91,307 | 18.8 |
| റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 113 | 0.0 |
| ആകെ | 4,24,11,116 | 100.0 |

അവലംബം : പ്രസ് റിലീസ്, TRAI

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ടെലി ഡെൻസിറ്റി ഉള്ളത് കേരളത്തിലാണ് (122.13 ശതമാനം, മാർച്ച് 2023). ദേശീയ ശരാശരി 84.51 ശതമാനമാണ്. കേരളത്തിലെ ഗ്രാമീണ ടെലി-സാന്ദ്രത 89.45 ശതമാനവും നഗര ടെലി സാന്ദ്രത 223.06 ശതമാനവുമാണ്, ദേശീയ തലത്തിൽ ഇത് യഥാക്രമം 57.71 ശതമാനവും 133.81 ശതമാനവുമാണ്. ഏറ്റവും കൂടുതൽ ഗ്രാമീണ ടെലി ഡെൻസിറ്റി ഉള്ളത് കേരള സർവീസ് ഏരിയയാണ് (89.45), തുടർന്ന്, ഹിമാചൽ പ്രദേശ് സേവന മേഖലയാണ് (86.31 ശതമാനം). കേരളത്തിൽ ഇന്റർനെറ്റ്, ബ്രോഡ്ബാൻഡ് എന്നിവയുടെ വികസനത്തിന് സർക്കാർ ഗണ്യമായ ഊന്നൽ നൽകിയിട്ടുണ്ട്. 2023 മാർച്ചിലെ കണക്കനുസരിച്ച് 100 ജനസംഖ്യയ്ക്ക് നഗരപ്രദേശങ്ങളിൽ 171.98 ഇന്റർനെറ്റ് വരിക്കാരും ഗ്രാമപ്രദേശങ്ങളിൽ 62.12 വരിക്കാരുമാണുള്ളത്. സംസ്ഥാനത്തെ മൊത്തം വയർ ലൈൻ കണക്ഷനുകളുടെ എണ്ണം 2023 മാർച്ചിൽ 13.81 ലക്ഷം ആയിരുന്നു, ഇത് ഗുജറാത്ത് ( 12.13 ലക്ഷം), പഞ്ചാബ് (12.12 ലക്ഷം), രാജസ്ഥാൻ (8.3 ലക്ഷം). എന്നീ സംസ്ഥാനങ്ങളെക്കാൾ കൂടുതലാണ്.

### സോഫ്റ്റ് ഇൻഫ്രാസ്ട്രക്ചർ: ഇൻഫർമേഷൻ ടെക്നോളജിയുടെ നേതൃത്വത്തിലുള്ള വികസനം

ഈ മേഖലയ്ക്ക് മികച്ചതും ലോകോത്തരവുമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാൻ സംസ്ഥാന സർക്കാർ തീവ്രശ്രമം നടത്തിവരികയാണ്. 2016-ൽ രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെട്ടു. ഐടി അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് ഭരണ സംരംഭങ്ങൾ, ഇ-സാക്ഷരതാ പരിപാടികൾ, ഐടി പദ്ധതികൾ എന്നിവയുൾപ്പെടെ ബഹുമുഖ സംരംഭങ്ങൾ സർക്കാർ അവതരിപ്പിച്ചു. ഇപ്പോൾ, സംസ്ഥാനത്തിന് ഇന്ത്യയിൽ ഏറ്റവും കൂടുതൽ മൊബൈൽ പെനട്രേഷൻ, (ഏകദേശം 42 ദശലക്ഷം കണക്ഷനുകൾ), ഏറ്റവും ഉയർന്ന ഇന്റർനെറ്റ് പെനട്രേഷൻ എന്നിവയുണ്ട്. കൂടാതെ, സംസ്ഥാനത്തെ ഒരു വിജ്ഞാന-ഊർജ്ജിത സമ്പദ്‌വ്യവസ്ഥയാക്കി മാറ്റുന്നതിൽ കാര്യമായ പുരോഗതി കൈവരിക്കുന്നു.

### ഡിജിറ്റൽ ഇൻക്ലൂഷൻ, ഇ–ഗവേണൻസ്

ഇന്റർനെറ്റ് പ്രവേശനം പൗരന്റെ മൗലികാവകാശമാണെന്ന് ആദ്യമായി പ്രഖ്യാപിച്ചത് കേരളമാണ്. കോർ ഇൻഫ്രാസ്ട്രക്ചർ, ഇ-സാക്ഷരതാ പരിപാടികൾ എന്നിവ പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിലൂടെ ഇ-ഗവേണൻസിലും മൊബൈൽ ഗവേണൻസിലും കേരളം മുൻനിരയിലാണ്. കേരള സംസ്ഥാന ഇൻഫർമേഷൻ ടെക്നോളജി മിഷന്റെ (KSITM) ഇ-ഗവേണൻസ് സംരംഭങ്ങളിൽ ഇ-ഓഫീസ്, സർവീസ് പ്ലസ്, ഫ്രണ്ട്സ്, SEMT, സിറ്റിസൺ കോൾ സെന്റർ, സ്പാർക്ക്, ഇ-പ്രൊക്യൂർമെന്റ് തുടങ്ങിയവ ഉൾപ്പെടുന്നു. കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, സെക്രട്ടറിയേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, സ്റ്റേറ്റ് ഡാറ്റ സെൻറർ, സ്റ്റേറ്റ് സർവീസ്ഡെലിവറി ഗേറ്റ് വേ എന്നിവ അടങ്ങുന്നതാണ്സംസ്ഥാന ഇ-ഗവേണൻസിന്റെ കോർ ഇൻഫ്രാസ്ട്രക്ചർ. സർക്കാരിന്റെ പ്രധാന ഉദ്യമങ്ങൾ **ബോക്സ് 2.10** ൽ നൽകിയിരിക്കുന്നു.

### കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ–ഫോൺ)

കേരള സർക്കാർ 2017-ൽ സ്വന്തം കമ്മ്യൂണിക്കേഷൻ ഇൻഫ്രാസ്ട്രക്ചർ കെ-ഫോൺ സ്ഥാപിച്ചു. 30,000 സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ട്രാക്ക്-1), സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരിൽ (ഇബിസി) 20 ലക്ഷംപേർക്ക് സൗജന്യ ഇന്റർനെറ്റ്, കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സേവനങ്ങൾ (ട്രാക്ക്-2) എന്നിവ നൽകിക്കൊണ്ട് ഗ്രാമപ്രദേശങ്ങളിലെ ആശയവിനിമയം മെച്ചപ്പെടുത്തുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇത് ഇത്തരത്തിൽ രാജ്യത്ത് ആദ്യമാണ്. കിഫ്ബിയുടെ സഹായത്തോടെ ട്രാക്ക് 1 നടപ്പിലാക്കും, 1,548.08 കോടി രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് ഭരണാനുമതി നൽകി. വിശദാംശങ്ങൾ **പട്ടിക 2.8** ൽ നൽകിയിരിക്കുന്നു.

**ബോക്സ് 2.10** പ്രധാന ഉദ്യമങ്ങൾ

**പബ്ലിക് വൈഫൈ** - സൗജന്യ ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തുടനീളം 2,000 വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചു.

**ഇ–ഓഫീസ്–** സംസ്ഥാന സെക്രട്ടേറിയറ്റ്, 119 ഡയറക്ടറേറ്റുകൾ/ കമ്മീഷണറേറ്റുകൾ/ മറ്റ് സർക്കാർ ഓഫീസുകൾ, എല്ലാ കലക്ടറേറ്റുകളും, 22 സബ് കളക്ടറേറ്റുകൾ/ ആർഡിഒകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് നടപ്പാക്കിയിട്ടുണ്ട്.

**കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN)–** സർക്കാർ വകുപ്പുകളിലെ ഏകദേശം 4000 ഓഫീസുകൾ വയർലെസ് മുഖേനയും അതിലേറെ പാട്ടത്തിനെടുത്ത ലൈനുകളിലൂടെയും LAN വഴിയും KSWAN-ലേക്ക് ബന്ധിപ്പിച്ചിരിക്കുന്നു. സംസ്ഥാനത്തുടനീളമുള്ള എല്ലാ ജില്ലകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 63 മിനി സിവിൽ സ്റ്റേഷനുകളും / റവന്യൂ ടവറുകളും KSWAN-ലേക്ക് ബന്ധിപ്പിച്ചിരിക്കുന്നു.

**ഇ–ഡിസ്ട്രിക്റ്റ്** - ഇത് ദേശീയ ഇ-ഗവേണൻസ് പ്ലാനിന് കീഴിലുള്ള സംസ്ഥാന മിഷൻ മോഡ് പദ്ധതിയാണ്. നിലവിൽ സംസ്ഥാനത്തുടനീളം 23 റവന്യൂ സർട്ടിഫിക്കറ്റ് സേവനങ്ങൾ ഇ-ഡിസ്ട്രിക്റ്റ് ഓൺലൈൻ വഴി ലഭ്യമാക്കിയിട്ടുണ്ട്. 2021ൽ ലഭിച്ച 1,06,22,604 അപേക്ഷകളിൽ 95,48,327 അപേക്ഷകൾ അംഗീകരിച്ചു.

**ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ** - 14 ജില്ലാ ആസ്ഥാനങ്ങളിലും സ്ഥാപിതമായ ഇവ ഏകജാലക, ക്യൂ രഹിത, സംയോജിത പണമടയ്ക്കൽ കേന്ദ്രങ്ങളാണ്. ഇവിടെ പൗരന്മാർക്ക് സർക്കാരിലേക്ക് അടയ്ക്കാനുള്ള എല്ലാ നികുതികളും മറ്റ് കുടിശ്ശികകളും അധിക ചിലവുകളൊന്നുമില്ലാതെ അടയ്ക്കാൻ കഴിയും.

**ആധാർ**: കേരളത്തിൽ 100 ശതമാനം ആധാർ ജനറേഷൻ ഉണ്ട്.

**ഡിജി ലോക്കർ** - എസ്എസ്എൽസി സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡുകൾ, റവന്യൂ സർട്ടിഫിക്കറ്റുകൾ, ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ, കേരള യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകൾ, പിഎസ്‌സി ഒറ്റത്തവണ വെരിഫിക്കേഷൻ എന്നിവ ഉൾപ്പെടെ ആറ് സേവനങ്ങൾക്കായി നിലവിൽ ഇത് സംയോജിപ്പിച്ചിരിക്കുന്നു.

**ഇ–സേവനം, എം–സേവനം** - ഈ പ്ലാറ്റ്ഫോം 70-ലധികം വകുപ്പുകളുടെ 711 സേവനങ്ങളെ ഏകീകരിക്കുന്നു. എല്ലാ മൊബൈൽ-സൗഹൃദ സേവനങ്ങളും (ഏകദേശം 546 സേവനങ്ങൾ) m-SEVANAM എന്ന ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് നൽകുന്നത്.

അവലംബം: സാമ്പത്തിക അവലോകനം , വിവിധ വർഷങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ്

**പട്ടിക 2.8** കെ-ഫോൺ പദ്ധതിയിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ

| പ്രവൃത്തി | പൂർത്തീകരണം |
|---|---|
| OPGW (ഓപ്റ്റിക്കൽ ഗ്രൗണ്ട് വയർ) കേബിൾ സ്ഥാപിക്കൽ | 2470 കി.മീ. |
| ADSS (ഓൾ ഡൈ ഇലക്ട്രിക് സെൽഫ് സപ്പോർട്ടിംഗ്) കേബിൾ സ്ഥാപിക്കൽ | 21221 കി.മീ. |
| പോയിന്റ് ഓഫ് പ്രസൻസ് | 171 എണ്ണം |
| എന്റ് ഓഫീസ് ഇൻസ്റ്റലേഷൻ പ്രവൃത്തികൾ | 25729 എണ്ണം |


അവലംബം: KSITIL

### സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യ വികസനം

ടെക്നോപാർക്കുകൾ, ഇൻഫോപാർക്ക്, സൈബർ പാർക്ക്, ടെക്നോസിറ്റി എന്നിവയുടെ ഒരു ശൃംഖല സംസ്ഥാനത്തിനുണ്ട്. രാജ്യത്തെ ആദ്യത്തെ ടെക്നോപാർക്ക് സ്ഥാപിച്ചത് കേരളമാണ്. ഇപ്പോൾ ഇത് 375 ഏക്കർ ഭൂമിയുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കുകളിലൊന്നാണ്. ടെക്നോപാർക്കിലെ ബിൽറ്റ്-അപ്പ് സ്പേസ് 2016-17ൽ 85 ലക്ഷം ചതുരശ്ര അടിയായിരുന്നത് 2022-23ൽ 1.06 കോടി ചതുരശ്ര അടിയായി ഉയർന്നു. 64,000-ലധികം ഐടി/ ഐടിഇഎസ് പ്രൊഫഷണലുകൾ ജോലി ചെയ്യുന്ന 465 കമ്പനികളുടെ ആസ്ഥാനമാണ് ടെക്നോപാർക്ക്. ടെക്നോ പാർക്കിൽ നിന്നുള്ള മൊത്തം കയറ്റുമതി 2016-17ലെ 5,000 കോടി രൂപയിൽ നിന്ന് 2021-22ൽ 9,300 കോടി രൂപയായി ഉയർന്നു. 10 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്ഥലമുള്ള കൊച്ചി ഇൻഫോപാർക്ക് കേരളത്തിലെ രണ്ടാമത്തെ വലിയ ഐടി ഹബ്ബാണ്. 546 ഐടി കമ്പനികളിലൂടെ 63,000 ൽ അധികം ഐടി പ്രൊഫഷണലുകൾക്ക് ഇത് തൊഴിൽ നൽകുന്നു. മൊത്തം കയറ്റുമതി 2019-20ലെ 5,200 കോടി രൂപയിൽ നിന്ന് 2021-22ൽ 8,500 കോടി രൂപയായി ഉയർന്നു. 2019-20ൽ 427 കമ്പനികൾ പ്രവർത്തിച്ചിരുന്നെങ്കിൽ 2021-22ൽ 546 കമ്പനികൾ പ്രവർത്തിക്കുന്നു. കോഴിക്കോട്ടെ സൈബർപാർക്കിൽ 2.88 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പേസ്

SEZ പ്രവർത്തനങ്ങൾക്കും 12,391 ചതുരശ്ര അടി SEZ ഇതര ഐടി പ്രവർത്തനങ്ങൾക്കും ഉണ്ട്. ഏകദേശം 52 ഐടി കമ്പനികൾ 1,688 ഐടി പ്രൊഫഷണലുകൾക്ക് നേരിട്ട് തൊഴിൽ നൽകുന്നു. കേരളം കഴക്കൂട്ടത്ത് 390 ഏക്കർ സ്ഥലത്ത് ആരംഭിച്ച ടെക്നോസിറ്റി ഏറ്റവും വലിയ ഇന്റഗ്രേറ്റഡ് ഐടി ടൗൺഷിപ്പ് ആണ്. കഴക്കൂട്ടം-കോവളം NH 66 കേരളത്തിലെ ആദ്യത്തെ ഐടി കോറിഡോർ ആണ്. 2021-ൽ, കേരള സർക്കാർ തിരുവനന്തപുരം IIITM-K-യെ സംസ്ഥാനത്തെ ആദ്യ ഡിജിറ്റൽ സർവ്വകലാശാലയായ കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ആയി അപ്ഗ്രേഡ് ചെയ്തു.

**ചിത്രം 2.13** സാമൂഹിക സേവനങ്ങൾക്കുള്ള ചെലവിന്റെ പ്രവണത, രൂപ കോടിയിൽ




Source: State Budget

**സോഷ്യൽ ഓവർഹെഡ് ക്യാപിറ്റൽ: സോഷ്യൽ ഇൻഫ്രാസ്ട്രക്ചർ**

സാമൂഹിക സൂചകങ്ങളിൽ, പ്രത്യേകിച്ച് ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കേരളത്തിന്റെ മുന്നേറ്റം അന്താരാഷ്ട്ര അംഗീകാരം നേടിയെടുത്തു. ജീവിത നിലവാരം അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന്റെയും സുരക്ഷിതമായ അന്തരീക്ഷത്തിൽ ജീവിക്കാൻ കഴിയുന്നതിനെയും ആശ്രയിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ സാമൂഹിക അടിസ്ഥാന സൗകര്യ വികസനത്തിന് കേരള സർക്കാർ ഉയർന്ന മുൻഗണന നൽകുന്നു. കേരളം അതിന്റെ മൊത്തം ചെലവിന്റെ മൂന്നിലൊന്ന് സാമൂഹിക സേവനങ്ങൾക്കായി ചെലവഴിക്കുന്നു (**ചിത്രം 2.13**).

2016-17 ന് ശേഷമുള്ള കേരളത്തിലെ സാമൂഹിക അടിസ്ഥാന സൗകര്യ വികസനത്തിന്റെ ശ്രദ്ധേയമായ സവിശേഷത നവകേരള മിഷന്റെ തുടക്കമായിരുന്നു. മിഷൻ, ഒരു പുതിയ കേരളം വിഭാവനം ചെയ്യുന്നു, അതിൽ നാല് മിഷനുകൾ ഉൾപ്പെടുന്നു. അതായത്, ലൈഫ് മിഷൻ (ഉപജീവനം, ഉൾച്ചേർക്കൽ, സാമ്പത്തിക ശാക്തീകരണം), പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ആർദ്രം മിഷൻ, ഹരിതകേരളം മിഷൻ.

**എല്ലാവർക്കും സുരക്ഷിതമായ കുടിവെള്ളം**

100 ശതമാനവും അളവ് രേഖപ്പെടുത്തി ജലവിതരണം നടത്തുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. കുടിവെള്ള ലഭ്യതയിൽ ഗ്രാമങ്ങളിലും (29.5 ശതമാനം) നഗരങ്ങളിലും (56.8 ശതമാനം) ഏറ്റവും കുറഞ്ഞ ശതമാനം രേഖപ്പെടുത്തിയ കേരളത്തിന്റെ റാങ്ക് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് താഴെയാണ്

**ബോക്സ് 2.11** പതിനാലാം പദ്ധതി ലക്ഷ്യങ്ങൾ - കുടിവെള്ള വിതരണം

1. 2024-ഓടെ, ഗ്രാമീണ മേഖലയിലെ 100 ശതമാനം കുടുംബങ്ങൾക്കും 100 lpcd കുടിവെള്ള ലഭ്യത ഉറപ്പാക്കി ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTCs) ഉൾപ്പെടുത്താനും, 2026-ഓടെ നഗരപ്രദേശങ്ങളിൽ 150 lpcd സേവന നിലവാരത്തിൽ 100 ശതമാനം കവറേജ് നൽകാനും പതിനാലാം പദ്ധതി നിർദ്ദേശിച്ചു.
2. കുടിവെള്ളം സംബന്ധിച്ച ഇന്ത്യൻ സ്റ്റാൻഡേർഡിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായ ഗുണനിലവാരത്തിൽ (IS:10500, 2012) കുടിവെള്ള വിതരണം.
3. 2026 ഓടെ എല്ലാ നഗരങ്ങളിലും 24X7 ജലവിതരണ സംവിധാനങ്ങൾ, NRW (നോൺ റവന്യൂ വാട്ടർ) മാനേജ്മെന്റ്, വിതരണ സംവിധാന മാനേജ്മെന്റിൽ സാങ്കേതികവിദ്യയുടെ ഉപയോഗം.
4. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിന് 20 ശതമാനം എന്ന ബെഞ്ച്മാർക്കിലെത്താൻ NRW യിൽ 50 ശതമാനം കുറവ് കൈവരിക്കുക.
5. ജലമേഖലയിൽ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും ഇടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പ്രത്യേകിച്ച് ജലവിതരണ പദ്ധതികളുടെ പ്രവർത്തനത്തിലും പരിപാലനത്തിലും. ഒപ്പം, ജല ഗുണനിലവാര നിരീക്ഷണത്തിനും സർവൈലൻസിനും (WQM&S) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒരു ശൃംഖല സ്ഥാപിക്കുക.

അവലംബം: പതിനാലാം പദ്ധതി രേഖ

(NSSO റൗണ്ട് 69). സംസ്ഥാനത്ത് മലിന ജലത്തിന്റെ ഉപയോഗം ജലജന്യ രോഗങ്ങൾക്ക് കാരണമായി. അങ്ങനെ, പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സുരക്ഷിതമായ കുടിവെള്ള വിതരണത്തിന് മുൻഗണന നൽകി. സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിന്റെ ഗുണനിലവാരവും കവറേജും മെച്ചപ്പെടുത്തുന്നതിന് സർക്കാർ നിരവധി പദ്ധതികൾ ആരംഭിച്ചു. പതിനാലാം പദ്ധതിയിൽ നിർദ്ദേശിച്ച ലക്ഷ്യങ്ങൾ **ബോക്സ് 2.11**-ൽ നൽകിയിരിക്കുന്നു.

**കുടിവെള്ളം: യൂണിവേഴ്സൽ കവറേജും അഫോഡബിലിറ്റിയും**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി (KWA), കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി (KRWSA) എന്നിവയുടെ കൃത്യമായ നയപര ഇടപെടലുകൾ കാരണം ജലവിതരണത്തിന്റെ ലഭ്യതയും കവറേജും വർഷങ്ങളായി വളർന്നുകൊണ്ടിരിക്കുന്നു. 2017-ൽ KWA 1,073 ജലവിതരണ പദ്ധതികൾ നടപ്പാക്കി, അതിൽ 989 എണ്ണം ഗ്രാമപ്രദേശങ്ങളിലും 84 എണ്ണം നഗരങ്ങളിലുമാണ്. ഈ സ്കീമുകൾ മുഖേന ഏകദേശം 1.81 കോടി (54 ശതമാനം) ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്തു, ഇതിൽ 54.19 ശതമാനം ഗ്രാമത്തിലും 56.36 ശതമാനം നഗരങ്ങളിലുമാണ് (പട്ടിക 2.9). 2022ൽ 911 ജലവിതരണ പദ്ധതികളിലൂടെ കവറേജ് 2.49 കോടിയായി (66.89 ശതമാനം) ഉയർന്നു. 2023-ൽ ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന ഗ്രാമീണ, നഗര ജനസംഖ്യ യഥാക്രമം 63 ശതമാനമായും 80 ശതമാനമായും വർധിച്ചു. 2023-ൽ KWA-യുടെ 700 ജലവിതരണ പദ്ധതികൾ 11.14 ലക്ഷം കവറേജോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി.

ജനസംഖ്യയുടെ 90.80 ശതമാനം കവറേജു വരുന്ന ആലപ്പുഴ ജില്ലയിലാണ് ഏറ്റവും കൂടുതൽ. ഏറ്റവും കൂടുതൽ ജലവിതരണ പദ്ധതികളുള്ള (93) എറണാകുളം (90.51 ശതമാനം) തൊട്ടുപിന്നിൽ. വയനാട് (22) ആണ് ഏറ്റവും കുറവ്.

**പട്ടിക 2.9** ജലവിതരണ പദ്ധതികളുടെ കവറേജ്

| വർഷം | ഗ്രാമീണ ജനസംഖ്യ (ലക്ഷം) | നഗര ജനസംഖ്യ (ലക്ഷം) | ആകെ ജനസംഖ്യ (ലക്ഷം) |
|---|---|---|---|
| 2017 | 95.14 (54.1%) | 86.61 (56.36%) | 181.74 (54.27%) |
| 2023 | 181.15 (63.03%) | 67.95 (79.97%) | 249.10 (66.89%) |

അവലംബം: കേരള വാട്ടർ അതോറിറ്റി

ഹൗസ് സർവീസ് കണക്ഷനുകൾ (HSC) വഴിയും പൊതു ടാപ്പുകൾ വഴിയുമാണ് KWA വെള്ളം വിതരണം ചെയ്യുന്നത്. ഹൗസ് സർവീസ് കണക്ഷനുകൾ, പൊതു ടാപ്പുകൾ എന്നിവ ഉൾപ്പെടെ ആകെ കണക്ഷനുകൾ 2016-ലെ 20.2 ലക്ഷത്തിൽ നിന്ന് 2023-ൽ 43.44 ലക്ഷമായി വർധിച്ചു, ഏഴ് വർഷത്തിനുള്ളിൽ ഇരട്ടിയിലധികമായി (പട്ടിക 2.10). 2016 വരെ കെഡബ്ല്യുഎ 18.12 ലക്ഷം ഗാർഹിക കണക്ഷൻ നൽകിയിരുന്നു, 2023-ൽ ഇത് 41.9 ലക്ഷമായി വർധിച്ച് ഏഴ് വർഷത്തിനിടെ ഇരട്ടിയിലധികമായി. സംസ്ഥാനത്തുടനീളം 1.53 ലക്ഷം പൊതു ടാപ്പുകൾ വഴിയും KWA വെള്ളം വിതരണം ചെയ്യുന്നു.

**ജലവിതരണത്തിൽ നിന്നുള്ള വരുമാനം**


കേരള ജല അതോറിറ്റിയുടെ പ്രധാന വരുമാനം വെള്ളത്തിന്റെ വിൽപനയിൽ നിന്നാണ്. 100 ശതമാനം മീറ്ററെഡ് വാട്ടർ കണക്ഷനുള്ള രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. ഒരു ബ്ലോക്ക് താരിഫ് ഘടനയോടെ (ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് നിരക്ക് വർദ്ധിക്കുന്നത്) സംസ്ഥാനത്തുടനീളം ജലനിരക്ക് ഏകീകൃതമാണ്. ജലത്തിന്റെ വിൽപ്പനയിൽ നിന്നുള്ള മൊത്തം വരുമാനം വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു (**ചിത്രം 2.14**). മൊത്തം വരുമാനം 2012-13ൽ 40780 ലക്ഷം രൂപയായിരുന്നത് 2021-22ൽ 58324 ലക്ഷം രൂപയായി ഉയർന്നു. സംസ്ഥാനത്തെ ഏകദേശം 5.91 ലക്ഷം ബിപിഎൽ കുടുംബങ്ങൾക്ക് പ്രതിമാസം 15000 ലിറ്റർ കുടിവെള്ളം സൗജന്യമായി KWA വിതരണം ചെയ്യുന്നു.

**പട്ടിക 2.10** ജലവിതരണ കണക്ഷനുകളും പൊതു ടാപ്പുകളും

| ഇനം | 2016 | 2023 | 2016ൽ നിന്ന് 2023 ലേക്കുള്ള വ്യതിയാന ശതമാനം |
|---|---|---|---|
| ജലവിതരണ കണക്ഷനുകൾ | | | |
| ഗാർഹികം | 16,96,694 | 39,99,105 | 135.7 |
| ഗർഹികേതരം | 1,14,379 | 1,78,292 | 55.9 |
| വ്യാവസായികം | 1455 | 2083 | 43.2 |
| സ്പെഷ്യൽ | 0 | 10,533 | |
| ആകെ | 18,12,528 | 41,90,013 | 131.2 |
| പൊതു ടാപ്പുകൾ | | | |
| പഞ്ചായത്ത് | 1,62,568 | 1,12,014 | -31.1 |
| കോർപ്പറേഷൻ | 18,131 | 26,533 | 46.3 |
| മുനിസിപ്പാലിറ്റി | 27,335 | 15,130 | -44.6 |
| ആകെ | 2,08,034 | 1,53,677 | -26.1 |
| ആകെ മൊത്തം | 20,20,562 | 43,43,690 | 115.0 |

അവലംബം: കേരള വാട്ടർ അതോറിറ്റി

**ചിത്രം 2.14** ജലത്തിന്റെ വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിന്റെ പ്രവണത, രൂപ ലക്ഷത്തിൽ




Source: KWA

**പ്രധാന ഉദ്യമങ്ങൾ**

ജലവിതരണ പദ്ധതികൾക്ക് ധനസഹായം നൽകുന്ന മറ്റ് ഏജൻസികൾ കിഫ്ബി, നബാർഡ് (RIDF), RKI എന്നിവയാണ്. KWA യുടെ ഉപഭോക്താക്കളിൽ 98 ശതമാനവും 2022-ൽ ഓൺലൈൻ ഇടപാട് പ്രോസസ്സിംഗ് സിസ്റ്റമായ അബാക്കസിന് കീഴിൽ കൊണ്ടുവന്നു. നബാർഡ് സഹായത്തോടെ KWA ഗ്രാമപ്രദേശങ്ങളിൽ 20 ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നു, അതിൽ 8 പദ്ധതികൾ പൂർത്തീകരിച്ചു. ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (JICA) അഞ്ച് ജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ സഹായിച്ചു- തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നീ അഞ്ച് പദ്ധതികളും കമ്മീഷൻ ചെയ്തു.

**കിഫ്ബി പദ്ധതികൾ: ജലവിതരണം**

KIIFB യുടെ കീഴിൽ KWA യുടെ 77 കുടിവെള്ള പദ്ധതികൾ കേരള സർക്കാർ അംഗീകരിച്ചു. 5,113.61 കോടി രൂപയുടെ 75 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 4683.373 കോടി രൂപ ചെലവ് വരുന്ന 64 ജലവിതരണ പദ്ധതികളും 11 സർക്കിളുകളിൽ 430.23 കോടി രൂപ ചെലവ് വരുന്ന ട്രാൻസ്മിഷൻ മെയിൻ മാറ്റി സ്ഥാപിക്കലും ഉൾപ്പെടുന്നു. (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, കൊച്ചി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ). ഇതിൽ 684.5 കോടി രൂപയുടെ 21 ജലവിതരണ പദ്ധതികളും 150.93 കോടി രൂപയുടെ 47 പുനഃസ്ഥാപന പദ്ധതികളും പൂർത്തീകരിച്ചു.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർകെഐ)**

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർകെഐ) പ്രകാരം 17 ജലവിതരണ പദ്ധതികൾക്ക് 303.75 കോടി രൂപയുടെ ഭരണാനുമതി (എഎസ്) നൽകുകയും 2019-20 മുതൽ 2022-23 വരെ 202.41 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. ചേരാനല്ലൂർ പഞ്ചായത്തിലേക്കുള്ള ജലവിതരണം മെച്ചപ്പെടുത്തൽ, ആർഡബ്ല്യുഎസ്എസിന്റെ വിതരണ ശൃംഖല-ടി വി പുരം പഞ്ചായത്ത്, ഡബ്ല്യുഎസ്എസ് എരുമേലി പഞ്ചായത്ത്, കനകപള്ളം സോൺ 4-ൽ വിതരണ സംവിധാനം സ്ഥാപിക്കൽ, പമ്പിങ് സ്റ്റേഷനുകളുടെ ഊർജ ഓഡിറ്റ് എന്നിവ പൂർത്തിയാക്കി. മറ്റെല്ലാ പ്രോജക്ടുകളും വിവിധ ഘട്ടങ്ങളിലായി നടത്തിവരികയാണ്.

**ജൽ ജീവൻ മിഷൻ UJM)**

2024-ഓടെ ഇന്ത്യയിലെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും വ്യക്തിഗത ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകളിലൂടെ (FHTC) സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ലഭ്യമാക്കാനാണ് JJM ലക്ഷ്യമിടുന്നത്. കേരളത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം 50:50 ആണ്. 50 ശതമാനം സംസ്ഥാന വിഹിതത്തിൽ 15 ശതമാനം പഞ്ചായത്തുകളിൽ നിന്നും 10 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. 2022-23ൽ ജെജെഎമ്മിന് കീഴിൽ കേരളം 5.28 ലക്ഷം ഗ്രാമീണ ഗാർഹിക കണക്ഷനുകൾ നൽകി. JJM-ന് കീഴിൽ 1.79 കോടി FHTC-കൾ ഇതുവരെ (ഒക്ടോബർ 12, 2023) നൽകിയിട്ടുണ്ട്.


**ജലനിധി**

കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി (കെആർഡബ്ല്യുഎസ്എ) എന്ന എസ്.പി.വി. മുഖേന നടപ്പാക്കുന്ന ലോകബാങ്ക് പദ്ധതിയാണ് ജലനിധി. കെആർഡബ്ല്യുഎസ്എ രണ്ട് ഘട്ടങ്ങളിലായി 5884 പദ്ധതികൾ നടപ്പാക്കുന്നു, 227 ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പദ്ധതികൾ 4.52 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യുന്നു. 2016 ൽ ജലനിധിയുടെ 4772 പദ്ധതികളിൽ മൊത്തം 13.65 ലക്ഷം ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നു. ഇത് 2023ൽ 23.32 ലക്ഷം ഗുണഭോക്താക്കളായും 5884 സ്കീമുകളായും വർധിച്ചു. 2023 ഓഗസ്റ്റ് 31 വരെ KRWSA 10000 ലിറ്റർ ശേഷിയുള്ള 11312 മഴവെള്ള സംഭരണികളും 2778 തുറന്ന കിണർ റീചാർജ്ജും പൂർത്തിയാക്കി.

**വിദ്യാഭ്യാസം: സാർവത്രികവും സമ്പൂർണ്ണവും**

സ്കൂളുകളുടെ ഒരു ശൃംഖലയും മെഡിക്കൽ, എഞ്ചിനീയറിംഗ്, ടെക്നിക്കൽ കോളേജുകൾ എന്നിവയുൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉള്ള, നന്നായി വികസിപ്പിച്ച വിദ്യാഭ്യാസ

**ചിത്രം 2.15** സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ, 2022-23, ശതമാനത്തിൽ





Source: Directoriate of General Education, GoK

സമ്പ്രദായമാണ് കേരളത്തിനുള്ളത്. 2022-23ൽ കേരളത്തിൽ 12959 സ്കൂളുകളുണ്ട്, അതിൽ 4698 (36.3 ശതമാനം) സർക്കാർ സ്കൂളുകളും 7120 (55.6 ശതമാനം) എയ്ഡഡ് സ്കൂളുകളും 1051 (9 ശതമാനം) അൺ എയ്ഡഡ് സ്കൂളുകളുമാണ്. സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ **ചിത്രം 2.15**-ൽ കാണിച്ചിരിക്കുന്നു.

കേരളം അതിന്റെ മൊത്തം ചെലവിന്റെ 17 ശതമാനവും വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്നു. 2010-11ൽ വിദ്യാഭ്യാസത്തിനുള്ള ബജറ്റ് ചെലവ് 6933 കോടി രൂപയിൽ നിന്ന് 2021-22ൽ 25259 കോടി രൂപയായി 12 വർഷത്തിനുള്ളിൽ നാലിരട്ടിയായി വർദ്ധിച്ചു. കൂടാതെ, കിഫ്ബി വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 4747 കോടി രൂപ നീക്കിവച്ചിട്ടുണ്ട്, അതിൽ 2995 കോടി പൊതുവിദ്യാഭ്യാസത്തിനും 1752 കോടി രൂപ ഉന്നത വിദ്യാഭ്യാസത്തിനുമാണ്.

2016-17 മുതൽ, സർക്കാർ സ്കൂളുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങളും പൊതു സൗകര്യങ്ങളും വികസിപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ പുനരുജ്ജീവന കാമ്പയിൻ മിഷൻ മോഡിൽ സംസ്ഥാനം നടപ്പാക്കിയിട്ടുണ്ട്. 2016 മുതൽ 2023 വരെയുള്ള കാലയളവിൽ 141 സ്കൂളുകൾക്കായി 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് ഒരു കോടി രൂപ വീതവും ചെലവഴിക്കാനാണ് കിഫ്ബി നിർദ്ദേശിച്ചിരിക്കുന്നത്. 5 കോടി രൂപയുടെ വിഭാഗത്തിൽ 134 സ്കൂളുകളുടെ കെട്ടിട നിർമാണം പൂർത്തിയായി. മൂന്നു കോടിയുടെ വിഭാഗത്തിൽ 161 സ്കൂളുകൾക്കും ഒരു കോടിയുടെ ഇനത്തിൽ 36 സ്കൂളുകൾക്കും കെട്ടിടങ്ങൾ നിർമിച്ചു. 104 കോടി രൂപ നബാർഡ് ഫണ്ട് ഉപയോഗിച്ചാണ് 52 സ്കൂളുകൾക്ക് കെട്ടിടങ്ങൾ നിർമിച്ചത്. പൊതുവിദ്യാഭ്യാസമേഖലയിൽ, പൊതുവിദ്യാഭ്യാസ സംരക്ഷണ (പിപിഇ) മിഷന്റെ കീഴിൽ ഓരോ നിയോജക

**ചിത്രം 2.16** വിദ്യാഭ്യാസ മേഖലയിലെ ചെലവിന്റെ പ്രവണത, രൂപ കോടിയിൽ




Source: State Budget

**ബോക്സ് 2.12** പൊതുവിദ്യാഭ്യാസ പുനരുജ്ജീവന കാമ്പയിൻ- 2017

1. 1,000 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുക.
2. സ്റ്റാൻഡേർഡ് 9 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റുക.
3. 1,000-ത്തിലധികം കുട്ടികളുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
4. പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
5. 50, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകളുടെ നവീകരണത്തിന് പ്രത്യേക പാക്കേജുകൾ

അവലംബം: പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, കേരള സർക്കാർ

മണ്ഡലത്തിലും ഒരു സ്കൂൾ അപ് ഗ്രേഡ് ചെയ്യുന്നതിന് 702.29 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2023 മാർച്ച് വരെ 39 സ്കൂളുകളിൽ 19 എണ്ണം പൂർത്തിയായി. 425 സ്കൂൾ കെട്ടിടങ്ങളുടെ പൂർത്തീകരണം, സെക്കൻഡറി, ഹയർ സെക്കൻഡറി സ്കൂളുകളിൽ 44,705 ഹൈടെക് ക്ലാസ് മുറികൾ, സംസ്ഥാനത്തെ 11,257 എൽപി, യുപി സ്കൂളുകളിൽ ഹൈടെക് ലാബുകൾ എന്നിവയും വിദ്യാഭ്യാസ മേഖലയിലെ പ്രവൃത്തികളിൽ ഉൾപ്പെടുന്നു. ഈ പദ്ധതികൾ പൂർത്തിയാക്കാൻ 785.5 കോടി രൂപ ചെലവഴിച്ചു.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ 55 ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ നവീകരണത്തിനുള്ള പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. ഇതിൽ അഞ്ച് കോളേജുകൾ പൈതൃക കോളേജുകളുടെ വികസന പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കും. നാല് എഞ്ചിനീയറിംഗ് കോളേജുകൾ, എട്ട് പോളിടെക്നിക്കുകൾ അഞ്ച് യൂണിവേഴ്സിറ്റികൾ എന്നിവയുടെ വികസനത്തിന് 560.43 കോടി രൂപയുടെ പദ്ധതികൾക്കും അംഗീകാരം ലഭിച്ചു. അഞ്ച് സർവ്വകലാശാലകളിൽ, കൊച്ചിൻ സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റിക്കാണ് (കുസാറ്റ്) 241.72 കോടി രൂപയുടെ പ്രധാന പങ്ക് ലഭിക്കുന്നത്. കുസാറ്റിനെ അക്കാദമിക്, ഗവേഷണ മേഖലകളിലെ മികവിന്റെ കേന്ദ്രമായി വികസിപ്പിക്കുന്നു.

### ആരോഗ്യ സംരക്ഷണം: ആക്സസ് ചെയ്യാവുന്നതും തുല്യതയുള്ളതും താങ്ങാവുന്നതും

എല്ലാവർക്കും ഉയർന്ന നിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകാൻ കേരളം പ്രതിജ്ഞാബദ്ധമാണ്. ഗ്രാമ-നഗര ആരോഗ്യ സംരക്ഷണ വിഭജനം സംസ്ഥാനം വിജയകരമായി ചുരുക്കി. ഗവൺമെന്റിന്റെ മൂർത്തവും സജീവവുമായ നയങ്ങൾ കാരണം, എല്ലാ പ്രധാന ദേശീയ ആരോഗ്യ മാനദണ്ഡങ്ങളിലും കേരളം ഒന്നാമതാണ്. NITI ആയോഗിന്റെ 2019-20 ലെ സംസ്ഥാന ആരോഗ്യ സൂചിക അനുസരിച്ച്, മൊത്തത്തിലുള്ള പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ 82.2 സ്കോറുമായി കേരളം സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം നിലനിർത്തുന്നു. തമിഴ്നാടും (72.4), തെലങ്കാനയുമാണ് (69.96) തൊട്ടുപിന്നിൽ. കോവിഡ് -19 മഹാമാരിയോടുള്ള കേരളത്തിന്റെ പ്രതികരണം അന്താരാഷ്ട്രതലത്തിൽ പ്രശംസിക്കപ്പെട്ടു.

### ആരോഗ്യത്തിനുള്ള പൊതു ചെലവ്


വർഷങ്ങളായി, സംസ്ഥാനത്തിന്റെ ആരോഗ്യ സംരക്ഷണ ചെലവ് മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ മറികടന്ന് സ്ഥിരമായി വർദ്ധിച്ചു (ചിത്രം 2.18). കേരളത്തിന്റെ മൊത്തം ചെലവിന്റെ 8 ശതമാനവും പൊതുജനാരോഗ്യത്തിനായി നിക്ഷേപിക്കുന്നു. 2015-16ൽ 4,771 കോടി രൂപയായിരുന്ന ആരോഗ്യമേഖലയിലെ പൊതുചെലവ്. ഇത് 2019-20ൽ 7,939 കോടി രൂപയായും 58 ശതമാനം വർധിച്ച് 2021-22ൽ 11,940 കോടി രൂപയായും ഉയർന്നു. (**ചിത്രം 2.17**). കൂടാതെ, KIIFB, NABARD, RKI, ലോകബാങ്ക് എന്നിവ വഴിയുള്ള ധനസഹായം കെട്ടിടങ്ങളുടെ നിർമ്മാണത്തിനും ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും ഉപയോഗിച്ചു. ആയുർവേദം, യോഗ, പ്രകൃതിചികിത്സ, യുനാനി, സിദ്ധ, ഹോമിയോപ്പതി (ആയുഷ്) തുടങ്ങിയ പദ്ധതികൾ ഉൾപ്പെടെ ആരോഗ്യ-കുടുംബക്ഷേമത്തിനായി 5,895.63 കോടി രൂപ KIIFB അംഗീകരിച്ചു. താലൂക്ക് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളജുകൾ, കൊച്ചിൻ കാൻസർ സെന്ററും, മട്ടന്നൂരും ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവയുൾപ്പെടെ സംസ്ഥാനത്തുടനീളമുള്ള 55 ആശുപത്രികളും പദ്ധതികളിൽ ഉൾപ്പെടുന്നു. കൂടാതെ, 10

**ബോക്സ് 2.13** പ്രധാന സംരംഭങ്ങൾ

1. 1,000 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുക.
2. സ്റ്റാൻഡേർഡ് 9 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റുക.
3. 1,000-ത്തിലധികം കുട്ടികളുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
4. പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
5. 50, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകളുടെ നവീകരണത്തിന് പ്രത്യേക പാക്കേജുകൾ


അവലംബം: ഡി.എച്ച്.എസ്., കേരള സർക്കാർ

**ചിത്രം 2.17** ആരോഗ്യ മേഖലയിലെ ചെലവിന്റെ പ്രവണത, രൂപ കോടിയിൽ




Source: State Finances: A Study of Budgets 2023-24, Reserve Bank of India

**ചിത്രം 2.18** സംസ്ഥാനങ്ങളുടെ മൊത്തം ചെലവിൽ ആരോഗ്യ മേഖലയുടെ ചെലവ് ശതമാനത്തിൽ




Source: State Finances: A Study of Budgets 2023-24, Reserve Bank of India

ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ (CCU), 9 കാത്‌ലാബുകൾ, 43 ഡയാലിസിസ് യൂണിറ്റുകൾ എന്നിവ പൂർത്തിയാക്കി. 140 ലോക്‌സഭാ നിയമസഭാ മണ്ഡലങ്ങളിൽ പത്ത് ബെഡ് ഉള്ള ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം, സർക്കാർ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തൽ എന്നിവയ്ക്കും അംഗീകാരം ലഭിച്ചു.

### അടിസ്ഥാന സൗകര്യ വികസനം

2017-18-ൽ ആരംഭിച്ച ആർദ്രം മിഷൻ I, 2021-22-ൽ ആരംഭിച്ച ആർദ്രം മിഷൻ II എന്നിവ കേരളത്തിലെ ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളുടെ ഗണ്യമായ വികസനം സാധ്യമാക്കി. ആർദ്രത്തിന്റെ ആദ്യ ഘട്ടത്തിൽ 886 പിഎച്ച്സികളിൽ 644 (72 ശതമാനം) എണ്ണം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി, 72 പിഎച്ച്സികളുടെ ജോലി പുരോഗമിക്കുകയാണ്. 2017 മുതൽ 2023 വരെ, 151-ൽ 49 CHC-കൾ FHC-കളാക്കി മാറ്റി, 37 CHC-കളുടെ പ്രവർത്തനം പുരോഗമിക്കുകയാണ്. 17-ൽ 14 ജില്ലാ ആശുപത്രികളിലെയും 43-ൽ 11 താലൂക്ക് ആശുപത്രികളിലെയും ഔട്ട് പേഷ്യന്റ് (OPs) വിഭാഗങ്ങൾ രോഗീ സൗഹൃദമാക്കി മാറ്റി. എട്ട് മെഡിക്കൽ കോളേജുകളിലെയും ഒപികൾ രോഗീ സൗഹൃദമാക്കി. വിശദാംശങ്ങൾ **പട്ടിക 2.11** ൽ നൽകിയിരിക്കുന്നു.

### എല്ലാവർക്കും വീടുകൾ – ഉപജീവനം, ഉൾച്ചേർക്കൽ, സാമ്പത്തിക ശാക്തീകരണം (ലൈഫ്)

സംസ്ഥാനത്ത് ഘട്ടം ഘട്ടമായി ഭൂരഹിതരെയും ഭവനരഹിതരെയും പാർപ്പിക്കാനുള്ള ലൈഫ് മിഷൻ എന്ന പരിപാടി കേരളം ആരംഭിച്ചു. 2023 സെപ്റ്റംബർ 30 വരെ 3.54 ലക്ഷം വീടുകൾ പൂർത്തീകരിച്ചു. പട്ടികജാതി ഗുണഭോക്താക്കൾക്കായി 92,411 വീടുകളും പട്ടികവർഗ ഗുണഭോക്താക്കൾക്കായി 39,320 വീടുകളും നിർമിച്ചു

**പട്ടിക 2.11** ആർദ്രം മിഷനിലെ അടിസ്ഥാന സൗകര്യ വികസനം

| ആശുപത്രികൾ | ഘട്ടം | ആകെ സ്ഥാപനങ്ങൾ | പൂർത്തീകരിച്ചത് | പുരോഗമിക്കുന്നത് | അരംഭിക്കാനുള്ളത് |
|---|---|---|---|---|---|
| FHC ആക്കിയ PHCകൾ | ഒന്നാം ഘട്ടം | 170 | 166 | 1 | 3 |
| | രണ്ടാം ഘട്ടം | 504 | 418 | 27 | 59 |
| | മൂന്നാം ഘട്ടം | 212 | 60 | 44 | 108 |
| | ആകെ | 886 | 644 | 72 | 170 |
| ബ്ലോക്ക് FHC ആക്കിയ CHCകൾ | ഒന്നാം ഘട്ടം | 76 | 46 | 15 | 15 |
| | രണ്ടാം ഘട്ടം | 75 | 3 | 22 | 50 |
| ജില്ലാ/ജനറൽ ആശുപത്രികളിലെ ഒപികൾ | ഒന്നാം ഘട്ടം | 17 | 14 | 0 | 3 |
| താലൂക്ക് ആശുപത്രികളിലെ ഒപികൾ | ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങൾ | 43 | 11 | 18 | 14 |
| മെഡിക്കൽ കോളേജുകൾ | ഒന്നാം ഘട്ടം | 8 | 8 | 0 | 0 |

അവലംബം: ഡി.എച്ച്.എസ്., കേരള സർക്കാർ

നൽകി. ലൈഫ് ടവറുകൾ, ഭവന സമുച്ചയങ്ങൾ എന്നിവ മിഷൻ നിർമ്മിച്ചു. 886 യൂണിറ്റുകളിൽ 643 യൂണിറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറി. രണ്ട് ഭവന സമുച്ചയങ്ങൾ പങ്കാളിത്ത രീതിയിലും മൂന്നെണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും, ഒന്ന് സ്പോൺസർഷിപ്പ് രീതിയിലും അഞ്ചെണ്ണം ലൈഫ് മിഷൻ നേരിട്ടും പൂർത്തിയാക്കി.

ഗൃഹശ്രീ, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, EWS/ LIG ഹൗസിംഗ്, ആശ്വാസ് റെന്റൽ ഹൗസിംഗ് എന്നിവ ഉൾപ്പെടെയുള്ള ഭവന പദ്ധതികൾ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (KSHB) നടപ്പിലാക്കിയിട്ടുണ്ട്. ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 2017-18 മുതൽ ആകെ 1,433 വീടുകൾ നിർമ്മിച്ചു. KSHB 2023 മാർച്ച് 31 വരെ 13 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിച്ചു. ആശ്വാസ് റെന്റൽ ഹൗസിംഗ് സ്കീമിന് കീഴിൽ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ മെഡിക്കൽ കോളേജുകൾക്ക് സമീപം വാടക വീടുകളുടെ നിർമ്മാണം ആരംഭിച്ചു, തൃശ്ശൂരിൽ പണി പൂർത്തിയായി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി കണ്ണൂരിലെ പട്ടുവത്ത് 36 അപ്പാർട്ട്മെന്റുകൾ, കോഴിക്കോട് മുക്കത്ത് 36 അപ്പാർട്ടമെന്റുക ൾ, വയനാട്ടിലെ തുക്കൈപേട്ടയിൽ 18 കോട്ടേജുകൾ എന്നിവയുടെ നിർമ്മാണം കെഎസ്എച്ച്ബി ആരംഭിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഭവന ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള 'തന്റെയിടം', എന്ന കെഎസ്എച്ച്ബിയുടെ സുപ്രധാന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

**മുന്നോട്ടുള്ള വഴി**

2016 മുതൽ സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക പരിമിതികൾ, കാലാവസ്ഥാ ദുരന്ത ങ്ങൾ, പകർച്ചവ്യാധികൾ, ആഗോള മാന്ദ്യം എന്നിവയുടെ വെല്ലുവിളികൾക്കിടയിലും, ശക്തമായ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കേരള സർക്കാർ ഒന്നിലധികം സംരംഭങ്ങൾ അവതരിപ്പിച്ചു. റോഡ് ശൃംഖല വർദ്ധിപ്പിക്കുക, വൈദ്യുതി വിതരണം, ജലവിതരണം, വിദ്യാഭ്യാസം, ആരോഗ്യ പരിപാലന സേവനങ്ങൾ, സാമ്പത്തിക ഉൾച്ചേർക്കൽ, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സാർവത്രികമാക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിച്ചു. ഈ കാലയളവിൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ അതിവേഗം വളർന്നു, പ്രതിശീർഷ ജിഎസ്ഡിപി ദേശീയ ശരാശരിയുടെ മൂന്നിരട്ടി നിരക്കിൽ വളർന്നു. കൂടാതെ, കഴിഞ്ഞ കുറച്ച് വർഷങ്ങളായി സൃഷ്ടിക്കപ്പെട്ട പൊതു ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറിന്റെ ഫലമായി ഉയർന്ന സാമ്പത്തിക കാര്യക്ഷമത സംസ്ഥാനത്തിന്റെ ജിഡിപി വളർച്ചയ്ക്ക് ഗണ്യമായ സംഭാവന നൽകി. ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം വർധിപ്പിക്കുന്നതിനും പ്രധാന റോഡുകൾ വീതികൂട്ടുന്നതിനും നാലുവരിപ്പാതയാക്കുന്നതിനും റെയിൽവേ, മെട്രോ ശൃംഖല വികസിപ്പിക്കുന്നതിനും ഡിജിറ്റൽ, സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കൂടുതൽ നിക്ഷേപം നടത്തേണ്ടതിന്റെ ആവശ്യകത കേരള സർക്കാർ തിരിച്ചറിയുന്നു.

മാനവ വികസനത്തിനും സാമ്പത്തിക കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള നവകേരളം' കേരള സർക്കാർ വിഭാവനം ചെയ്യുന്നു. പൊതുവസ്തുക്കളുടെ സൃഷ്ടി, വിശ്വാസാധിഷ്ഠിത ഭരണം സ്വീകരിക്കൽ, കാർഷിക, വ്യാവസായിക ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ എന്നിവയാണ് ഇതിനു പിന്നിലെ വിശാലമായ തത്വങ്ങൾ. ഈ ചരിത്രപരമായ ശ്രമത്തിൽ പങ്കാളികളാകാൻ സ്വകാര്യമേഖലയെയും സർക്കാർ പ്രോത്സാഹിപ്പിക്കുന്നു. സാമ്പത്തിക പരിമിതികൾക്കിടയിലും, സാമൂഹിക പ്രതിബദ്ധതകളിൽ വിട്ടുവീഴ്ച ചെയ്യാതെ, ഉയർന്ന നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളിലുള്ള നിക്ഷേപം കേരളം തുടർന്നുകൊണ്ടേയിരിക്കുന്നു.

അദ്ധ്യായം
03

# കൃഷിയും അനുബന്ധ മേഖലകളും

# കൃഷിയും അനുബന്ധ മേഖലകളും

## 3.1 കാർഷിക മേഖല

കാർഷിക മേഖല വികസന പ്രക്രിയയിൽ ഗണ്യമായ പങ്ക് വഹിക്കുന്നു. ഇത് തൊഴിൽ സൃഷ്ടിക്കൽ, ഭക്ഷ്യസുരക്ഷ, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ഉപജീവനം, ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് കരുത്ത് പകരൽ എന്നിവയിൽ സ്വാധീനം ചെലുത്തുന്നു. കാർഷിക മേഖല സംസ്ഥാനത്തെ പ്രാഥമിക ഉപജീവനമാർഗ്ഗമായി തുടരുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന വൈവിദ്ധ്യമാർന്ന കാർഷിക കാലാവസ്ഥ, തോട്ടവിളകൾ, നാണ്യവിളകൾ, ഭക്ഷ്യവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിങ്ങനെ വൈവിദ്ധ്യമാർന്ന വിളകളുടെ കൃഷിയ്ക്ക് അനുകൂലമാണ്.

ഈ മേഖലയിലെ മോശം വളർച്ചാനിരക്ക് കഴിഞ്ഞ ദശകത്തിലെ വെല്ലുവിളികളിലൊന്നാണ്. വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും കാർഷിക വളർച്ചാ നിരക്ക് പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക എന്ന സമീപനമാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനം ലക്ഷ്യമിടുന്നത്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും ഉല്പാദനം കുറയുന്നതിനുള്ള സാധ്യത കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംയോജിത കൃഷി സമ്പ്രദായങ്ങൾ, കൃഷിയിടാസൂത്രണാധിഷ്ഠിതമാക്കിയുള്ള വികസന സമീപനം എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ട് കാർഷിക വികസന പരിപാടികൾ നടപ്പിലാക്കി വരുന്നു. കർഷകക്കൂട്ടായ്മകളിലൂടെ ഉല്പാദനം, മൂല്യവർദ്ധന സേവനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് നടപ്പിലാക്കുന്നതിന്റെ പാതയിലാണ് സംസ്ഥാനം.

ആഗോളതലത്തിൽ കാർഷികമേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങൾക്കൊപ്പമെത്തുന്നതിന്, സംസ്ഥാനം നാനോടെക്നോളജി, ജൈവസാങ്കേതികവിദ്യ എന്നിവ പോലെയുള്ള പുതിയ സാങ്കേതിക വിദ്യകൾ സ്വീകരിക്കേണ്ടതുണ്ട്. കാർഷികമേഖല സാമ്പത്തികമായി പ്രതിഫലദായകവും ബൗദ്ധിക ഉത്തേജനവും നൽകുന്ന വിധം പരിഷ്കരിക്കുന്നതിലൂടെ കൂടുതൽ യുവാക്കളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ സഹായകമാകും. ഉല്പാദനവും വിപണനവും പുനഃക്രമീകരിക്കുകയും വിപണനത്തിൽ സഹകരണമേഖലയുടെ കരുത്ത് ഉപയോഗപ്പെടുത്തുകയും വേണം. കൃഷിയും കർഷകരുടെ വരുമാനവും ശക്തിപ്പെടുത്തുന്നതിന് ശക്തമായ ഒരു വിളനിർദ്ദിഷ്ട മൂല്യശൃംഖല വികസിപ്പിക്കുന്നതിന് ഊന്നൽ നൽകേണ്ടത് ആവശ്യമാണ്.

**കാർഷികമേഖലയിലെ മൊത്തമൂല്യവർദ്ധനവ്**

രാജ്യത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ കൃഷി-അനുബന്ധ മേഖലകളുടെ വിഹിതം കഴിഞ്ഞ ദശകത്തിൽ കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്. 2013-14 വർഷത്തിൽ വിഹിതം 17.8 ശതമാനമായിരുന്നത് 2022-23ൽ 15.1 (താൽക്കാലികം) ശതമാനമായി കുറഞ്ഞു. സംസ്ഥാനത്തിന്റെ മൊത്ത മൂല്യവർദ്ധനവിൽ കൃഷി അനുബന്ധ മേഖലകളുടെ പങ്ക് 2021-22 ൽ 8.97 (താൽക്കാലികം) ശതമാനമായിരുന്നത് കുറഞ്ഞ് 8.52 (ദ്രുതകണക്കെടുപ്പ്) ശതമാനം രേഖപ്പെടുത്തി **(പട്ടിക 3.1.1).**

**പട്ടിക 3.1.1** മൊത്തം മൂല്യവർദ്ധനവിൽ ജി.വി.എ/ ജി.എസ്.വി.എ/കാർഷിക അനുബന്ധമേഖലകളുടെ പങ്ക്, ദേശീയതലത്തിലും സംസ്ഥാനതലത്തിലും (സ്ഥിരവില, അടിസ്ഥാനവർഷം 2011-12)

| വർഷം | മൊത്തം മൂല്യവർദ്ധനവിൽ (ജി.വി.എ) കൃഷി അനുബന്ധമേഖലകളുടെ പങ്ക് (ഇന്ത്യ) (ശതമാനത്തിൽ) | സംസ്ഥാനത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ) കൃഷി അനുബന്ധമേഖലകളുടെ പങ്ക് (കേരളം) (ശതമാനത്തിൽ) |
|---|---|---|
| 2013-14 | 17.8 | 12.37 |
| 2014-15 | 16.5 | 11.92 |
| 2015-16 | 15.4 | 10.74 |
| 2016-17 | 15.2 | 9.96 |
| 2017-18 | 15.3 | 9.61 |
| 2018-19 | 14.8 | 9.03 |
| 2019-20 | 15.1 | 8.55 |
| 2020-21 | 16.4 | 9.64 |
| 2021-22 | 15.6 | 8.97(P) |
| 2022-23 | 15.1(P) | 8.52(Q) |

കുറിപ്പ്: (P) താൽക്കാലികം, (Q) ദ്രുതകണക്കെടുപ്പ്
അവലംബം: നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് 2023, സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

## വളർച്ചാനിരക്കിന്റെ ഗതി

ദേശീയ വരുമാനത്തിന്റെ താൽക്കാലിക എസ്റ്റിമേറ്റ് പ്രകാരം രാജ്യത്തിന്റെ മൊത്ത മൂല്യവർദ്ധനവിൽ കൃഷി അനുബന്ധ മേഖലകളുടെ പങ്ക് 2021-22 ൽ 15.6 ശതമാനമായിരുന്നത് 2022-23 ൽ 15.1 ശതമാനമായി കുറഞ്ഞു **(പട്ടിക 3.1.1)**.

സംസ്ഥാനത്ത് മുൻവർഷങ്ങളിൽ കൃഷി-അനുബന്ധ മേഖലകളുടെ (വിളകൾ, കന്നുകാലികൾ, വനം, മത്സ്യബന്ധനം എന്നിവ ഉൾപ്പെടെ) വാർഷിക വളർച്ചാ നിരക്ക് (ജി.എസ്.വി.എ 2011-12 ലെ സ്ഥിര വിലയിൽ) ഏറിയും കുറഞ്ഞുമിരുന്നു. സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക വകുപ്പിന്റെ 2023 ലെ കണക്കുകൾ പ്രകാരം 2021-22 ൽ 4.91 (താൽക്കാലികം) ശതമാനമായിരുന്ന വളർച്ചാ നിരക്ക് 2022-23 ൽ 0.87 ശതമാനമായി (ദ്രുതകണക്കെടുപ്പ്) കുറഞ്ഞു **(പട്ടിക 3.1.2)**. ഇതേ കാലയളവിൽ വിള മേഖലയിലെ വളർച്ചാ നിരക്ക് 3.67 ശതമാനത്തിൽ നിന്നും 0.74 ശതമാനമായി കുറഞ്ഞു.

## കാലവർഷം 2023

സംസ്ഥാനത്ത് 2023 മാർച്ച് 1 മുതൽ 2023 മെയ് 31 വരെ സാധാരണ നിലയിൽ നിന്നും (-)34 ശതമാനം വ്യതിയാനത്തോടെ വളരെ കുറവ് മഴ ലഭിച്ചു. ഈ കാലയളവിൽ സംസ്ഥാനത്ത് ലഭിച്ച മഴയുടെ ശരാശരി അളവ് 241 മി.മീ ആയിരുന്നു. ഈ കാലയളവിൽ സാധാരണ തോതിലുള്ള മഴ 364 മി.മീ ആണ്. പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിൽ സാധാരണ തോതിലുള്ള മഴ ലഭിക്കുകയും മറ്റെല്ലാ ജില്ലകളിലും കുറവുമായിരുന്നു.

**പട്ടിക 3.1.2** കേരളത്തിലെ കാർഷിക അനുബന്ധമേഖലയിലെ വളർച്ചാ നിരക്ക് 2013-14 മുതൽ 2022-23 വരെ

| വർഷം | വാർഷിക വളർച്ചാ നിരക്ക് കേരളം ശതമാനത്തിൽ |
|---|---|
| 2013-14 | -6.3 |
| 2014-15 | 0.02 |
| 2015-16 | -5.1 |
| 2016-17 | -0.65 |
| 2017-18 | 2.1 |
| 2018-19 | -2.09 |
| 2019-20 | -2.56 |
| 2020-21 | 1.58 |
| 2021-22 | 4.91(P) |
| 2022-23 | 0.87(Q) |

കുറിപ്പ്: (P) താൽക്കാലികം, (Q) ദ്രുതകണക്കെടുപ്പ്
അവലംബം: നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് 2023, സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്.


തെക്കുപടിഞ്ഞാറൻ കാലവർഷം 2023 വർഷത്തിൽ ഏഴ് ദിവസം വൈകി ജൂൺ 8 ന് കേരളത്തിലെത്തി. പ്രസ്തുത കാലയളവിൽ (2023 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ) കേരളത്തിൽ 1326.5 മി.മീ മഴ ലഭിച്ചു. ഇത്, ലഭിക്കേണ്ടിയിരുന്ന സാധാരണ മഴയായ 2018.6 മി.മീ ൽ നിന്നും 34 ശതമാനം കുറവായിരുന്നു. തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ 'സാധാരണ' തോതിൽ മഴ ലഭിച്ചുവെങ്കിലും മറ്റു ജില്ലകളിൽ മഴ കുറവായിരുന്നു. കാസർഗോഡ് ജില്ലയിലാണ് ഏറ്റവുമധികം മഴ ലഭിച്ചത് (2272.4 മി.മീ) **(ചിത്രം 3.1.1)**. സെപ്റ്റംബർ 17 ന് പിൻവലിയേണ്ടിയിരുന്ന തെക്കുപടിഞ്ഞാറൻ കാലവർഷം, 2023 സെപ്റ്റംബർ 25 ന് പിൻവലിയാൻ തുടങ്ങി. സംസ്ഥാനത്ത് 2023 വർഷത്തിൽ ലഭിച്ച ശീതകാലമഴയും, കാലവർഷ പൂർവ്വ മഴയും, തെക്കുപടിഞ്ഞാറൻ കാലവർഷവും കുറവായിരുന്നു.

വടക്കുപടിഞ്ഞാറൻ ഇന്ത്യയിലും തെക്കൻ ഉപദ്വീപിലും 2023 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 'സാധാരണ'മായതും സാധാരണയിൽ നിന്ന് അധികവുമായ മഴ ലഭിക്കുമെന്ന് പ്രവചിച്ചിരിക്കുന്നു. ഈ കാലയളവിൽ ഇന്ത്യയിലെ തെക്കൻ ഉപദ്വീപിലെ ശരാശരി മഴ സാധാരണമായിരിക്കാൻ സാധ്യതയുള്ളതായി (ദീർഘകാല ശരാശരിയുടെ 88-112 ശതമാനം) കാലാവസ്ഥാ വകുപ്പ് റിപ്പോർട്ട് ചെയ്യുന്നു. ഈ കാലയളവിൽ ദക്ഷിണ ഉപദ്വീപ് പ്രദേശത്ത് മഴയുടെ ദീർഘകാല ശരാശരി ഏകദേശം 334.13 മി.മീ ആണ്.

## ഭൂവിനിയോഗ ക്രമം

സാമ്പത്തിക സ്ഥിതി വിവര കണക്ക വകുപ്പിന്റെ 2022-23 കാലയളവിലെ ഭൂവിനിയോഗ കണക്ക് പ്രകാരം,

**ചിത്രം 3.1.1** തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ 2023 ജൂൺ മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ




അവലംബം: ദേശീയ കാലാവസ്ഥാ വകുപ്പ് 2023

മൊത്തം ഭൂവിസ്തൃതിയായ 38.86 ലക്ഷം ഹെക്ടറിൽ, മൊത്ത കൃഷി വിസ്തൃതി 25.16 ലക്ഷം ഹെക്ടറും (64.75 ശതമാനം) യഥാർത്ഥ കൃഷി വിസ്തൃതി 19.89 ലക്ഷം ഹെക്ടറുമായിരുന്നു (51.20 ശതമാനം). കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി 5.95 ലക്ഷം ഹെക്ടറും (15.31 ശതമാനം), വനമേഖല 10.82 ലക്ഷം ഹെക്ടറുമാണ് (27.83 ശതമാനം).

2021-22 കാലയളവിൽ കൃഷിയോഗ്യമായ പാഴ്ഭൂമിയിലും നിലവിലുള്ള തരിശുഭൂമിയുടേയും വിസ്തൃതിയിൽ കുറവ് രേഖപ്പെടുത്തിയെങ്കിലും 2022-23 ൽ അത് യഥാക്രമം 7.51 ശതമാനവും 17.43 ശതമാനവും വർദ്ധിച്ചു. കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി, നിലവിലുള്ള തരിശുഭൂമിയുൾപ്പെടാത്ത തരിശുഭൂമി എന്നിവയുടെ വിസ്തൃതിയും വർദ്ധിച്ചു. എന്നാൽ തരിശും കൃഷിചെയ്യപ്പെടാത്തതുമായ ഭൂമിയുടെ വിസ്തൃതി 3.2 ശതമാനം കുറഞ്ഞു.

ഒന്നിൽ കൂടുതൽ കൃഷിയിറക്കിയ സ്ഥലത്തിന്റെ വിസ്തൃതി 2021-22 വർഷത്തിൽ നിന്നും 6.64 ശതമാനം വർദ്ധിച്ചു. കൃഷിയോഗ്യമായ പാഴ്ഭൂമിയിലും, നിലവിലുള്ള തരിശുഭൂമിയിലുമുണ്ടായ വർദ്ധനവ്, മൊത്തം കൃഷിവിസ്തൃതിയിൽ പ്രതിഫലിക്കുകയും 0.27 ശതമാനം കുറവ് രേഖപ്പെടുത്തുകയും ചെയ്തു. 2022-23 കാലയളവിലെ ഭൂവിനിയോഗ കണക്ക് **അനുബന്ധം 3.1.2, ചിത്രം 3.1.2** എന്നിവയിൽ കാണുക.


സംസ്ഥാനത്തെ കൃഷിയിടങ്ങളുടെ എണ്ണം 2010-11 ൽ 68.31 ലക്ഷം ആയിരുന്നത് 2015-16 ആയപ്പോൾ പതിനൊന്നു ശതമാനം വർദ്ധിച്ച് 75.83 ലക്ഷം ആയി. പ്രതിശീർഷ ഭൂലഭ്യത 2010-11 ൽ 0.22 ഹെക്ടറായിരുന്നത് 2015-16 ൽ 0.18 ഹെക്ടറായി കുറഞ്ഞു **(അനുബന്ധം 3.1.3)**. 2019 ലെ നാഷണൽ സാമ്പിൾ സർവ്വേയുടെ 77 ആം റൗണ്ട് കാർഷിക കുടുംബങ്ങളുടെ സ്ഥിതി വിലയിരുത്തൽ കണക്കു പ്രകാരം സംസ്ഥാനത്തെ 33.2 ശതമാനം ഗ്രാമീണ കുടുംബങ്ങളും കാർഷിക കുടുംബങ്ങളാണ്. ദേശീയ തലത്തിൽ ഇത് 54 ശതമാനമാണ്. സംസ്ഥാനത്തെ കാർഷിക കുടുംബങ്ങളിൽ 34.4 ശതമാനവും വിള മേഖലയിൽ സ്വയം തൊഴിൽ ചെയ്യുന്നവരാണ്. ദേശീയതലത്തിൽ ഇത് 68.9 ശതമാനമാണ്.

### വിളക്രമം

ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കണക്കനുസരിച്ച് 2021-22 നെ അപേക്ഷിച്ച് 2022-23 ൽ സംസ്ഥാനത്ത് വിള തീവ്രത 2.13 ശതമാനം വർദ്ധിച്ചു. സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 30 ശതമാനം നാളികേര കൃഷിയും തുടർന്ന് 22 ശതമാനം റബ്ബർ കൃഷിയുമായിരുന്നു.

നെൽകൃഷി മൊത്തം കൃഷിവിസ്തൃതിയുടെ 7.6 ശതമാനവും നാണ്യവിളകളായ കശുവണ്ടി, റബ്ബർ, കുരുമുളക്, തെങ്ങ്, ഏലം, തേയില, കാപ്പി എന്നിവ 65.7 ശതമാനവുമായിരുന്നു. 2021-22 വർഷവുമായി താരതമ്യം

**ചിത്രം 3.1.2** 2022-23 ൽ കേരളത്തിലെ ഭൂവിനിയോഗരീതി




അവലംബം: സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, 2023

ചെയ്യുമ്പോൾ ഭക്ഷ്യവിളകളിൽ അരി, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ ഒഴികെ മറ്റെല്ലാ വിളകളുടേയും ഉല്പാദനത്തിൽ കുറവ് രേഖപ്പെടുത്തി. എന്നാൽ തേയില, റബ്ബർ, ഏലം, കാപ്പി എന്നീ തോട്ടവിളകളുടെ ഉല്പാദനം യഥാക്രമം 9.3 ശതമാനം, 7.7 ശതമാനം, 4.2 ശതമാനം, 3.6 ശതമാനം എന്നിങ്ങനെ വർദ്ധനവ് രേഖപ്പെടുത്തി. സുഗന്ധവ്യഞ്ജനങ്ങളിൽ ഏലം ഒഴികെ മറ്റെല്ലാ വിളകളിലും ഉല്പാദനം കുറഞ്ഞു. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും യഥാക്രമം 1.9 ശതമാനവും 2.6 ശതമാനവും വർദ്ധിച്ചു.

കേരളത്തിൽ കൃഷി ചെയ്യുന്ന പ്രധാന വിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.1.4** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

### വിള തിരിച്ചുള്ള വിശകലനം

#### നെല്ല്

2022-23 ലെ മൂന്നാം അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം ഇന്ത്യയുടെ നെല്ലുൽപ്പാദനം മുൻവർഷത്തെ അപേക്ഷിച്ച് 4.7ശതമാനം വർദ്ധിച്ച് 135.54 ദശലക്ഷം ടണ്ണായിരിന്നു. 2022-23ൽ സംസ്ഥാനത്തെ നെൽകൃഷിയുടെ (നെൽവയൽ) വിസ്തൃതി 2021-22 നെ അപേക്ഷിച്ച് 1.9 ശതമാനം കുറഞ്ഞ് 1.90 ലക്ഷം ഹെക്ടർ രേഖപ്പെടുത്തി. എന്നാൽ ഈ കാലയളവിൽ ഉത്പ്പാദനവും ഉൽപ്പാദനക്ഷമതയും യഥാക്രമം 6 ശതമാനവും 8 ശതമാനവും വർദ്ധിച്ച് 5.93 ലക്ഷം ടണ്ണും ഹെക്ടറിനു 3117 കിലോഗ്രാമും രേഖപ്പെടുത്തി.

2022-23 ൽ സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 7.6 ശതമാനം നെൽകൃഷിയായിരുന്നു. കഴിഞ്ഞ ദശാബ്ദക്കാലത്തെ നെൽകൃഷി വിസ്തൃതി വിശകലനം ചെയ്യുമ്പോൾ നെൽകൃഷി വിസ്തൃതി ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ളത് 2020-21 ലാണെന്നു കാണാം. 2020-21 ൽ നെൽകൃഷി വിസ്തൃതി 2.02 ലക്ഷം ഹെക്ടറും ഉൽപ്പാദനം 6.27 ലക്ഷം ടണ്ണുമായിരുന്നു. 2021-22ൽ അരി ഉൽപ്പാദനത്തിൽ ഉണ്ടായ കുറവ് 2022-23 ലും തുടർന്നുവെങ്കിലും ഏറ്റവും ഉയർന്ന ഉത്പാദനക്ഷമത ഈ കാലയളവിൽ രേഖപ്പെടുത്തി **(അനുബന്ധം 3.1.5).** മുൻവർഷത്തെ അപേക്ഷിച്ച് 2022-23 ൽ വിരിപ്പ് (ശരത്കാലം), പുഞ്ച(വേനൽ) കൃഷി വിസ്തൃതി കൂടുകയും, മുണ്ടകൻ (ശീതകാലം) നെൽകൃഷി വിസ്തൃതി കുറയുകയും ചെയ്തു. അരിയുല്പാദനത്തിലും ഇതേ പ്രവണതയായിരുന്നുവെങ്കിലും, ഉൽപ്പാദനക്ഷമത മൂന്നു സീസണുകളിലും വർദ്ധനവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷത്തിൽ നിന്നും വ്യത്യസ്തമായി 2022-23 ൽ പുഞ്ചകൃഷിയിലാണ് ഉയർന്ന ഉൽപ്പാദനക്ഷമത ലഭിച്ചത്. ഇത് ഹെക്ടറിനു 3357 കി.ഗ്രാം രേഖപ്പെടുത്തി. **(അനുബന്ധം 3.1.6)**

2022-23 വർഷത്തിൽ സംസ്ഥാനത്തെ നെൽകൃഷി വിസ്തൃതിയുടെ 37 ശതമാനം മുണ്ടകൻ കൃഷിയായിരുന്നു. ഇതിൽ 61 ശതമാനവും പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലായിരുന്നു. വിരിപ്പ് കൃഷി വിസ്തൃതിയുടെ 78 ശതമാനവും ആലപ്പുഴ, പാലക്കാട് ജില്ലകളിലായിരുന്നു. ആലപ്പുഴ ജില്ലയിൽ പുഞ്ചകൃഷിക്കും പാലക്കാട് ജില്ലയിൽ മുണ്ടകൻ കൃഷിക്കും വിരിപ്പു കൃഷിക്കുമായിരുന്നു പ്രാധാന്യം. **(അനുബന്ധം 3.1.7)**

സംസ്ഥാനത്തെ മൊത്തം നെൽകൃഷി വിസ്തൃതിയിൽ 81 ശതമാനവും പാലക്കാട് (38.6 ശതമാനം) ,ആലപ്പുഴ (20.5 ശതമാനം), തൃശ്ശൂർ (12 ശതമാനം), കോട്ടയം

(9.4 ശതമാനം) ജില്ലകളിലായിരുന്നു. സംസ്ഥാനത്തെ മൊത്തം നെല്ലുൽപ്പാദനത്തിൽ 82 ശതമാനവും ഈ ജില്ലകളിൽ നിന്നുമായിരുന്നു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും 2021-22 നെ അപേക്ഷിച്ച് നെൽകൃഷി വിസ്തൃതിയിൽ കുറവ് രേഖപ്പെടുത്തി.

നെൽകൃഷി വിസ്തൃതിയിലും ഉൽപ്പാദനത്തിലും പാലക്കാട് ജില്ല ഒന്നാം സ്ഥാനത്തും ആലപ്പുഴ ജില്ല രണ്ടാം സ്ഥാനത്തുമായിരുന്നു. എന്നാൽ ഉൽപ്പാദനക്ഷമതയിൽ മലപ്പുറം ജില്ലയും, തുടർന്ന് തൃശ്ശൂർ ജില്ലയുമായിരുന്നു മുൻപന്തിയിൽ. 2022-23 വർഷത്തിൽ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ ഒഴികെ എല്ലാ ജില്ലകളിലും നെല്ലുൽപ്പാദനം വർദ്ധനവ് രേഖപ്പെടുത്തി. പത്തനംതിട്ട ജില്ലയിലും തുടർന്ന് ആലപ്പുഴ ജില്ലയിലുമായിരുന്നു ഏറ്റവും കൂടുതൽ വർധന. അരിയുല്പാദനം ഏറ്റവും കുറഞ്ഞത് കണ്ണൂർ ജില്ലയിലായിരുന്നു. എന്നാൽ ഉത്പാദന ക്ഷമത എല്ലാ ജില്ലകളിലും കഴിഞ്ഞ വർഷത്തെക്കാൾ കൂടുതലായിരുന്നു. **(അനുബന്ധം 3.1.8).**

സംസ്ഥാനത്ത് നെൽവയൽ കൃഷിക്കു പുറമേ 1541 ഹെക്ടർ പ്രദേശത്ത് കരനെൽ കൃഷി നടപ്പിലാക്കുകയും 3175.8 ടൺ ഉൽപ്പാദനം നടക്കുകയും ചെയ്തു. ഹെക്ടറിനു 2061 കിലോഗ്രാമായിരുന്നു കരനെൽകൃഷിയുടെ ഉൽപ്പാദനക്ഷമത. 2020-21 മുതൽ കരനെൽകൃഷി കുറഞ്ഞു വരുന്ന പ്രവണത കാണിക്കുന്നു **(അനുബന്ധം 3.1.8)**

ഉൽപ്പാദനക്ഷമത കൂടിയ നെല്ലിനങ്ങളുടെയും പ്രാദേശിക നെല്ലിനങ്ങളുടെയും കൃഷി വിസ്തൃതി സീസണടിസ്ഥാനത്തിൽ **അനുബന്ധം 3.1.9 , 3.1.10** ൽ നൽകിയിരിക്കുന്നു. നെൽകൃഷി വിസ്തൃതിയിൽ 97.8 ശതമാനവും അതായത് 1.86 ലക്ഷം ഹെക്ടറിലും ഉൽപ്പാദനക്ഷമത കൂടിയ നെല്ലിനങ്ങളാണ് കൃഷി ചെയ്തത്. പ്രാദേശിക ഇനങ്ങളുടെ കൃഷി 4,197 ഹെക്ടറിലായിരുന്നു.

ഉൽപ്പാദനോപാദികൾക്കായി ഹെക്ടർ ഒന്നിന് 5,500 രൂപ കൂടാതെ നെൽകൃഷി വിസ്തൃതി വർധിപ്പിക്കുന്നതിനുള്ള സഹായവും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന പദ്ധതിയിലൂടെ നൽകി വരുന്നു. ഇത് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഹെക്ടർ ഒന്നിന് 25,000 രൂപ നെൽകൃഷിക്ക് സഹായമായി നൽകിവരുന്നു. പൊക്കാളി, കൈപ്പാട്, കോൾ പ്രദേശങ്ങളിലെ നെൽകൃഷിക്ക് ഈ സഹായം ഹെക്ടർ ഒന്നിന് 32,000 രൂപ എന്ന രീതിയിലാണ്. വളം, വിത്ത്, കീടനാശിനികൾ തുടങ്ങിയ ഉൽപ്പാദനോപാദികൾക്കായും, നിലമൊരുക്കൽ പ്രവർത്തനങ്ങൾക്കുമുള്ള സഹായമാണ് ഇതിലൂടെ നൽകുന്നത്.

നെല്ലുൽപ്പാദന ബോണസായി ഓരോ സീസണിലും ഹെക്ടർ ഒന്നിന് 1000 രൂപ വീതവും സൗജന്യ വൈദ്യുതിയും നെൽകർഷകർക്ക് പ്രോൽസാഹനമായി നൽകി വരുന്നു. 2020-21 മുതൽ നെൽവയലുകൾ സംരക്ഷിക്കുന്നതിനായി നെൽവയലുടമകൾക്ക് നൽകി വന്നിരുന്ന റോയൽറ്റി, 2022-23 മുതൽ ഹെക്ടർ ഒന്നിന് 3000 രൂപ നിരക്കിലും നൽകി വരുന്നു .

#### പച്ചക്കറികൾ

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തതയും പോഷക സുരക്ഷിതത്വവും കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് വിവിധ പച്ചക്കറികൃഷി വികസന പരിപാടികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ക്ലസ്റ്റർ അധിഷ്ഠിത പച്ചക്കറി കൃഷി, നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗം എന്നിവ പ്രോത്സാഹിപ്പിക്കുക മാത്രമല്ല പച്ചക്കറികളുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനായി വീട്ടുവളപ്പുകളിലും സ്ഥാപനങ്ങളിലും തരിശുനിലങ്ങളിലും മഴമറകളിലും കൃഷി നടപ്പിലാക്കുകയും സൂക്ഷ്മ ജലസേചനം, ഫെർട്ടിഗേഷൻ എന്നിവയ്ക്ക് സഹായം നൽകികൊണ്ട് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. 898 കർഷകരുടെ പങ്കാളിത്തത്തോടെ 85177.75 ഹെക്ടർ സ്ഥലത്ത് മഴമറ പച്ചക്കറി കൃഷി നടപ്പിലാക്കി. പച്ചക്കറി കൃഷിയുടെ വിസ്തൃതി 2021-22ൽ 1.08 ലക്ഷം ഹെക്ടറിൽ ആയിരുന്നത് 2022-23ൽ 1.14 ലക്ഷം ഹെക്ടറായി ഉയർന്നതായി സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് റിപ്പോർട്ട് ചെയ്യുന്നു. പച്ചക്കറി ഉൽപ്പാദനം 16.01 ലക്ഷം ടണ്ണിൽ നിന്ന് 17.10 ലക്ഷം ടണ്ണായി ഉയരുകയും ചെയ്തു. നല്ല കൃഷി മുറകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ (എസ്എച്ച്എം) വഴി 2529.6 ഹെക്ടറിൽ പച്ചക്കറികൾ, പൈനാപ്പിൾ, വാഴ, പാഷൻ ഫ്രൂട്ട് എന്നിവയുടെ കൃഷിയ്ക്കും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ) മുഖേന 500 ഹെക്ടർ പച്ചക്കറി കൃഷിയ്ക്കും പിന്തുണ നൽകി. ഇതിനായി പച്ചിലവളം, ജൈവ നിവേശങ്ങൾ, ഫോസ്ഫേറ്റ് സമ്പുഷ്ടമായ ജൈവവളം, പ്രാണികളുടെ കെണി എന്നിവയ്ക്ക് സഹായം നൽകി. മണ്ണ് പരിശോധനയുടെ പ്രാധാന്യം കണക്കിലെടുത്ത് സീസൺ ആരംഭിക്കുന്നതിന് മുമ്പ് 900 സാമ്പിളുകളിൽ മണ്ണ് പരിശോധന നടത്തി.

#### തെങ്ങ്

ഭക്ഷ്യ കാർഷിക സംഘടനയുടെ 2021 ലെ സ്ഥിതി വിവര കണക്കുപ്രകാരം ലോകത്തിലെ നാളികേരം ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ ഇന്തോനേഷ്യ ഒന്നാം സ്ഥാനത്തും ഫിലിപ്പീൻസും ഇന്ത്യയും യഥാക്രമം രണ്ടും മൂന്നും സ്ഥാനത്തുമാണ്.

2022-23 ലെ മുൻകൂർ കണക്കെടുപ്പ് പ്രകാരം രാജ്യത്തെ തെങ്ങ്കൃഷി വിസ്തൃതി 21.77 ലക്ഷം ഹെക്ടറും ഉല്പാദനവും ഉല്പാദനക്ഷമതയും യഥാക്രമം 19602 ദശലക്ഷം നാളികേരവും ഹെക്ടറിന് 9003 നാളികേരവുമായിരുന്നു. മൊത്തം തെങ്ങുകൃഷിയുടെ 89.35 ശതമാനവും ഉല്പാദനത്തിന്റെ 90.59 ശതമാനവും നാളികേര കൃഷിയ്ക്ക് പ്രാധാന്യമുള്ള തെക്കൻ സംസ്ഥാനങ്ങളായ തമിഴ്നാട്, കേരളം, കർണാടക, ആന്ധ്രാപ്രദേശ് എന്നിവയുടെ സംഭാവനയായിരുന്നു. വെള്ളീച്ചശല്യം, 'ഗജ' ചുഴലിക്കാറ്റ്,

വരൾച്ച മൂലമുള്ള പ്രതികൂല കാലാവസ്ഥ, രാസവളം ഉൾപ്പെടെയുള്ള നിവേശങ്ങളുടെ ഉയർന്ന വില എന്നിവ ഉല്പാദനം കുറഞ്ഞതിനുള്ള കാരണങ്ങളായി നാളികേര വികസന ബോർഡ് റിപ്പോർട്ട് ചെയ്യുന്നു. 2018-19 ലെ ഉല്പാദനം 21288 ദശലക്ഷം നാളികേരമായിരുന്നത് 2022-23 ൽ 19602 ദശലക്ഷമായി കുറഞ്ഞു.

സംസ്ഥാനത്തെ മൊത്തം കൃഷിവിസ്തൃതിയുടെ 30 ശതമാനം, അതായത് 7.6 ലക്ഷം ഹെക്ടർ പ്രദേശത്ത് 2022-23 കാലയളവിൽ നാളികേര കൃഷി ചെയ്തു. നാളികേര വികസന ബോർഡ് റിപ്പോർട്ട് പ്രകാരം 2021-22 വർഷത്തെ അപേക്ഷിച്ച് 2022-23 ൽ വിസ്തൃതിയിൽ കുറവ് രേഖപ്പെടുത്തിയെങ്കിലും, കേരളം നാളികേര ഉല്പാദനത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ യഥാക്രമം 5641 ദശലക്ഷം നാളികേരവും, ഹെക്ടറിന് 7419 നാളികേരവുമായിരുന്നു. സംസ്ഥാനവും നാളികേര വികസനബോർഡും സംയോജിതമായി നടത്തിയ വികസനപ്രവർത്തനങ്ങൾ ഇതിനു സഹായകമായി. സംസ്ഥാന നാളികേരമേഖലയുടെ പ്രകടനം കഴിഞ്ഞ 5 വർഷമായി ഏറിയും കുറഞ്ഞുമായിരുന്നു **(അനുബന്ധം 3.1.11).**

മേഖലയിലെ വെല്ലുവിളികളെ നേരിടുന്നതിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളുടെ സംയോജിത പരിപാലനത്തിനായുള്ള കേരഗ്രാമം പരിപാടി, ആവർത്തന നടീൽ, പരിപാലനസഹായം, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കാർഷിക വ്യവസായ മേഖലയുമായി മുന്നോട്ടുള്ള ബന്ധം ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോടെയുള്ള നാളികേര മിഷന്റെ പ്രവർത്തനങ്ങൾ എന്നിങ്ങനെ നാളികേര സമ്പത്ത് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. മാത്രമല്ല, ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും കീടബാധ കുറയ്ക്കുന്നതിനുള്ള സാങ്കേതികവിദ്യയിൽ കർഷകർക്ക് പരിശീലനം നൽകുന്നതിലും സംസ്ഥാനം പ്രാധാന്യം നൽകുന്നു. ഈ പരിപാടികളിലൂടെ വരും വർഷങ്ങളിൽ സംസ്ഥാനത്ത് നാളികേരത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. നാളികേര മിഷൻ 2018 ൽ തുടക്കമിട്ട ആവർത്തനനടീൽ പരിപാടിയുടെ ഭാഗമായി നെടിയ ഇനം (ഡബ്ല്യു.സി.റ്റി) കുള്ളൻ, സങ്കരയിനം എന്നിവ ഉൾപ്പെടുന്ന 34,31,754 തെങ്ങിൻതൈകൾ സംസ്ഥാനത്തുടനീളം വിതരണം ചെയ്തിട്ടുണ്ട് **(പട്ടിക 3.1.3).**

**കുരുമുളക്**

അന്താരാഷ്ട്ര പെപ്പർ കമ്മ്യൂണിറ്റിയുടെ കണക്കനുസരിച്ച് ആഗോള കുരുമുളകുല്പാദനം 2022 കാലയളവിൽ 5.38 ലക്ഷം ടണ്ണായിരുന്നത് 2023 ൽ 5.26 ലക്ഷം ടണ്ണായി കുറഞ്ഞതായി കണക്കാക്കുന്നു. ഏറ്റവും കൂടുതൽ കുരുമുളകുല്പാദിപ്പിക്കുന്ന രാജ്യമായ വിയറ്റ്നാം ആഗോള കുരുമുളകുല്പാദനത്തിന്റെ 31 ശതമാനം സംഭാവന ചെയ്തു.

സുഗന്ധ വ്യഞ്ജന ബോർഡിന്റെ മുൻകൂർ കണക്കെടുപ്പ് പ്രകാരം 2022-23 കാലയളവിൽ ഇന്ത്യയുടെ കുരുമുളകുല്പാദനം മുൻവർഷം രേഖപ്പെടുത്തിയ 70000 ടണ്ണിൽ നിന്നും കുറഞ്ഞ് 64000 ടണ്ണാകുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. രാജ്യത്തെ കുരുമുളകുല്പാദനത്തിൽ 56 ശതമാനം സംഭാവന നൽകികൊണ്ട് കർണ്ണാടകം കുരുമുളക് കൃഷി വിസ്തൃതിയിലും ഉല്പാദനത്തിലും ഒന്നാം സ്ഥാനത്തെത്തി. കേരളം രണ്ടാം സ്ഥാനം കരസ്ഥമാക്കി. കുരുമുളകു വിലയിൽ 2021 വർഷം മുതൽ രേഖപ്പെടുത്തിയ വർദ്ധനവ് 2022 ൽ തുടരുകയും കിലോയ്ക്ക് 419.44 രൂപ എന്നതിൽ നിന്നും 516.63 രൂപയായി വർദ്ധിക്കുകയും ചെയ്തു.

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പ് കണക്കുകൾ പ്രകാരം 2021-22 വർഷത്തെ അപേക്ഷിച്ച് 2022-23 ൽ സംസ്ഥാനത്തിന്റെ കുരുമുളക് വിസ്തൃതിയിലും ഉല്പാദനത്തിലും കുറവ് രേഖപ്പെടുത്തി. കുരുമുളകിന്റെ ഉല്പാദനം 4862 ടൺ കുറഞ്ഞ് 27,654 ടണ്ണായി രേഖപ്പെടുത്തി. 73,732 ഹെക്ടറിൽ നിന്നുമായിരുന്നു ഈ ഉല്പാദനം **(അനുബന്ധം 3.1.4).**

**കശുവണ്ടി**

2022 ലെ ഭക്ഷ്യകാർഷിക സംഘടനയുടെ സ്ഥിതി വിവര കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ കശുവണ്ടി ഉല്പാദിപ്പിക്കുന്നത് ഐവറികോസ്റ്റും തുടർന്ന് ഇന്ത്യയുമാണ്.

കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റിന്റെ കണക്കുകൾ പ്രകാരം 2022-23 കാലയളവിൽ രാജ്യത്തെ അസംസ്കൃത കശുവണ്ടിയുടെ ഉല്പാദനം 30,000 ടൺ വർദ്ധിച്ച് 7.82 ലക്ഷം ടണ്ണായിരുന്നു. ഈ കാലയളവിൽ കശുവണ്ടി കൃഷി വിസ്തൃതി 11.84 ലക്ഷം ഹെക്ടറിൽ നിന്നും വർദ്ധിച്ച് 11.92 ലക്ഷം ഹെക്ടർ രേഖപ്പെടുത്തി **(അനുബന്ധം 3.1.12).**

**പട്ടിക 3.1.3** നാളികേര മിഷന്റെ ഭാഗമായി 2019-20 മുതൽ 2022-23 വരെ വിതരണം ചെയ്ത തെങ്ങിൻതൈകൾ (എണ്ണം)

| വർഷം | നെടിയ ഇനം | കുള്ളൻ | സങ്കരയിനം | ആകെ |
|---|---|---|---|---|
| 2019-20 | 2,22,751 | 32,493 | 95,781 | 3,51,025 |
| 2020-21 | 6,06,967 | 29,217 | 1,20,986 | 7,57,170 |
| 2021-22 | 8,98,647 | 31,293 | 1,30,052 | 10,59,992 |
| 2022-23 | 11,23,790 | 40,965 | 98,812 | 12,63,567 |
| ആകെ | 28,52,155 | 1,33,968 | 4,45,631 | 34,31,754 |

അവലംബം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേരളം

കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനത്തിന്റെ 25.23 ശതമാനം സംഭാവന ചെയ്യുന്ന മഹാരാഷ്ട്രയാണ് ഇന്ത്യയിൽ കശുവണ്ടി കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിൽ മുന്നിലുള്ളത്. തൊട്ട് പിന്നിൽ 16.9 ശതമാനം സംഭാവന ചെയ്യുന്ന ആന്ധ്രാപ്രദേശാണ്.

2022-23 കാലയളവിൽ കേരളം, 1.08 ലക്ഷം ഹെക്ടർ പ്രദേശത്ത് കശുവണ്ടികൃഷി നടപ്പിലാക്കികൊണ്ട് 74,630 ടൺ കശുവണ്ടി ഉല്പാദിപ്പിച്ച് ആറാം സ്ഥാനത്തെത്തി. 2021-22 വർഷത്തെ അപേക്ഷിച്ച് വിസ്തൃതിയിൽ 2100 ഹെക്ടറും ഉല്പാദനത്തിൽ 2870 ടണ്ണും വർദ്ധനവ് രേഖപ്പെടുത്തി.

**തോട്ടവിളകൾ**

കയറ്റുമതി, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ സാധ്യതകൾ കണക്കിലെടുക്കുമ്പോൾ തോട്ടവിളകൾ ദേശീയ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ സുപ്രധാന പങ്ക് വഹിക്കുന്നു.

റബ്ബർ, തേയില, കാപ്പി, ഏലം എന്നീ നാല് തോട്ടവിളകളുടെ കൃഷിയിൽ കേരളം ഗണ്യമായ പങ്കു വഹിക്കുന്നു. സംസ്ഥാനത്ത് ഈ നാലു വിളകളും കൂടി 7.12 ലക്ഷം ഹെക്ടർ പ്രദേശത്ത് കൃഷി ചെയ്യുന്നു. സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 28.3 ശതമാനം തോട്ടവിളകളാണ് **(അനുബന്ധം 3.1.4)**. 2022-23-ൽ ദേശീയ റബ്ബറുല്പാദനത്തിൽ 71.4 ശതമാനം കേരളത്തിന്റെ സംഭാവനയായിരുന്നു. ഏലം, കാപ്പി, തേയില എന്നിവയുടെ ദേശീയ ഉല്പാദനത്തിലെ പങ്ക് യഥാക്രമം 90.6 ശതമാനം, 20.6 ശതമാനം, 4.8 ശതമാനം എന്നിങ്ങനെയായിരുന്നു.

വിലയിലെ ഏറ്റക്കുറച്ചിലുകൾ, കുറയുന്ന ഉല്പാദനവും ഉല്പാദനക്ഷമതയും സംസ്കരണം, വിപണനം, വ്യാപാരം എന്നീ മേഖലകളിലും ഗവേഷണ വികസനമേഖലയിലെ സംവേദനക്ഷമതയും സംസ്ഥാനത്തെ തോട്ടം മേഖലയിലെ വെല്ലുവിളികളായി തിരിച്ചറിഞ്ഞിട്ടുണ്ട്. സമ്പദ് വ്യവസ്ഥയിൽ തോട്ടവിളകളുടെ പങ്ക് കണക്കിലെടുത്ത് വിപുലീകരണത്തിനും പുനർനടീലിനും ഉല്പാദനക്ഷമത വർദ്ധനവിനും പുറമേ തോട്ടവിളകളുടെ സംസ്കരണവും മൂല്യവർദ്ധനയും മെച്ചപ്പെടുത്തുന്നതിനുള്ള സംരംഭങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തോട്ടവിളകളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമാകും

**റബ്ബർ**

അന്തർദേശീയ റബ്ബർ സ്റ്റഡി ഗ്രൂപ്പിന്റെ കണക്കു പ്രകാരം 2022 ലെ ആഗോള പ്രകൃതിദത്ത റബ്ബറിന്റെ ഉൽപ്പാദനം 14.609 ദശലക്ഷം ടണ്ണായിരുന്നു. ഇത് 2021 ലെ ഉത്പാദനത്തിൽ നിന്നും 5.8 ശതമാനം വർദ്ധനവാണ് കാണിക്കുന്നത്. പ്രകൃതിദത്ത റബ്ബർ ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ 47.53 ലക്ഷം ടൺ ഉൽപ്പാദനവുമായി തായ്‌ലാൻഡ് ഒന്നാമതെത്തി. ഇന്ത്യോനേഷ്യയും, വിയറ്റ്നാമും രണ്ടും മൂന്നും സ്ഥാനത്തെത്തി. ആഗോള റബ്ബർ ഉൽപ്പാദനത്തിന്റെ 5.8 ശതമാനം വിഹിതവുമായി ഇന്ത്യ ആറാമതാണ്. പ്രകൃതിദത്ത റബ്ബറിന്റെ ആഗോള ഉപഭോഗം 1.1 ശതമാനം വർദ്ധിച്ച് 14.219 ദശലക്ഷം ടണ്ണായി രേഖപ്പെടുത്തി. പ്രകൃതിദത്ത റബ്ബർ ഉപഭോഗത്തിൽ ചൈനയ്ക്ക് തൊട്ടുപിന്നിൽ ഇന്ത്യ രണ്ടാം സ്ഥാനത്തായിരുന്നു.

റബ്ബർ ബോർഡിന്റെ കണക്കുകൾ പ്രകാരം, 2022-23 ൽ രാജ്യത്തെ പ്രകൃതിദത്ത റബ്ബറിന്റെ ഉൽപ്പാദനം മുൻവർഷത്തെക്കാൾ മെച്ചപ്പെട്ടു. ഈ കാലയളവിൽ പ്രകൃതിദത്ത റബ്ബറിന്റെ ഉൽപ്പാദനം 8.3 ശതമാനം വർദ്ധിച്ച് 8.39 ലക്ഷം ടണ്ണായി. ടാപ്പ് ചെയ്യാൻ കഴിയുന്ന 7.38 ലക്ഷം ഹെക്ടർ പ്രകൃതിദത്ത റബ്ബർ കൃഷിയിൽ നിന്നും 5.66 ലക്ഷം ഹെക്ടറിൽ മാത്രമാണ് പ്രകൃതിദത്ത റബ്ബർ ഉൽപ്പാദനം നടന്നത്. ടാപ്പ് ചെയ്ത കൃഷിയിടത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ ശരാശരി വിളവ് ഹെക്ടറിന് 1472 കിലോഗ്രാമിൽ നിന്നും ഹെക്ടറിന് 1482 കിലോഗ്രാമായി വർദ്ധിച്ചു. മുൻ വർഷത്തെ അപേക്ഷിച്ച് ടാപ്പ് ചെയ്യാവുന്ന കൃഷി വിസ്തൃതിയുടെ ശതമാനത്തിലെ വർദ്ധനവ്, മഴമറ ഉപകരണങ്ങളുടെ വിതരണം, റബ്ബർ ഉൽപ്പാദന പ്രോത്സാഹന പദ്ധതി(ആർ.പി.ഐ.എസ്), സ്വന്തമായി ടാപ്പിംഗ് ചെയ്യുന്നതിനുള്ള പ്രോത്സാഹനം, ഉത്തമപരിപാലന മുറകൾ എന്നിവ പ്രകൃതിദത്ത റബ്ബർ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ കാരണമായി.

രാജ്യത്ത് 2022-23 ൽ പ്രകൃതിദത്ത റബ്ബറിന്റെ ഉപഭോഗം 2021-22 ൽ നിന്നും 9 ശതമാനം വർദ്ധിച്ച് 13.5 ലക്ഷം ടൺ രേഖപ്പെടുത്തി. പ്രകൃതിദത്ത റബ്ബറിന്റെ ഇറക്കുമതി, മുൻ വർഷത്തിൽ നിന്നും 3.2 ശതമാനം കുറഞ്ഞ് 5.29 ലക്ഷം ടൺ രേഖപ്പെടുത്തി **(അനുബന്ധം 3.1.14)**. 2021-22 ൽ നിന്നും വ്യത്യസ്തമായി രാജ്യത്തിൽ നിന്നുള്ള പ്രകൃതിദത്ത റബ്ബറിന്റെ കയറ്റുമതിയുടെ അളവ് 2022-23 ൽ 3560 ടണ്ണിൽ നിന്നും 3700 ടണ്ണായി വർദ്ധിച്ചു .

സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 22 ശതമാനം റബ്ബറാണ്. 2021-22 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2022-23 ൽ സംസ്ഥാനത്തെ റബ്ബർ ഉൽപ്പാദനം 7.7 ശതമാനം വർദ്ധിച്ച് 5.99 ലക്ഷം ടണ്ണായി. കൃഷി വിസ്തൃതി 220 ഹെക്ടർ കുറഞ്ഞ് 5.49 ലക്ഷം ഹെക്ടർ രേഖപ്പെടുത്തി. മുൻ വർഷത്തെ അപേക്ഷിച്ച് റബ്ബറിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 1565 കിലോയിൽ നിന്നും 1570 കിലോ ആയി വർദ്ധിച്ചു **(അനുബന്ധം 3.1.13)**.

ആർ.എസ്.എസ് 4 ഗ്രേഡ് റബ്ബറിന്റെ ആഭ്യന്തര വിലയുടെ വാർഷിക ശരാശരി 2021-22 ൽ 100 കിലോയ്ക്ക് 17,101 രൂപയായിരുന്നത് 2022-23 വർഷത്തിൽ 100 കിലോയ്ക്ക് 15,652 രൂപയായി കുറഞ്ഞു. ഈ കാലയളവിൽ ആഭ്യന്തര ശരാശരി വില അന്താരാഷ്ട്ര ശരാശരി വിലയേക്കാൾ കൂടുതലായിരുന്നു **(അനുബന്ധം 3.1.15, 3.1.16)**.

**കാപ്പി**

അന്താരാഷ്ട്ര കോഫി ഓർഗനൈസേഷന്റെ കണക്കുകൾ പ്രകാരം 2022-23 ൽ ആഗോള കാപ്പി

ഉൽപ്പാദനം 171.3 ദശലക്ഷം ബാഗുകൾ (60 കിലോ ബാഗുകൾ) ആയി കണക്കാക്കുന്നു. ഇത് 2021-22 നെ അപേക്ഷിച്ച് 2.8 ദശലക്ഷം ബാഗുകളുടെ വർദ്ധനവാണ് കണക്കാക്കുന്നത്. ആഗോള കാപ്പി ഉൽപ്പാദനത്തിന്റെ 37.8 ശതമാനം വിഹിതവുമായി ബ്രസീൽ ഒന്നാം സ്ഥാനത്തും 17.1 ശതമാനം വിഹിതവുമായി വിയറ്റ്നാം രണ്ടാം സ്ഥാനത്തുമാണ്. ആഗോള കാപ്പി ഉൽപ്പാദനത്തിന്റെ 3.8 ശതമാനം വിഹിതവുമായി ഇന്ത്യ ആറാം സ്ഥാനത്തെത്തി. ആഗോളതലത്തിൽ മുൻവർഷത്തിൽ നിന്നും വ്യത്യസ്തമായി ഈ കാലയളവിൽ അറബിക്ക ഉൽപ്പാദനം കൂടുകയും റോബസ്റ്റ ഉൽപ്പാദനം കുറയുകയും ചെയ്തു.

കോഫി ബോർഡിന്റെ കണക്കു പ്രകാരം 2022-23 കാലയളവിൽ ആഭ്യന്തര കാപ്പി ഉൽപ്പാദനം 10,000 ടൺ വർദ്ധിച്ച് 3.52 ലക്ഷം ടണ്ണായിരുന്നു. ഇതിൽ 71.6 ശതമാനം റോബസ്റ്റ കാപ്പിയായിരുന്നു. രാജ്യത്തെ കാപ്പി ഉൽപ്പാദനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന സംസ്ഥാനങ്ങളിൽ 70.5 ശതമാനം ഉൽപാദനത്തോടെ കർണ്ണാടകം ഒന്നാമതും രണ്ടാം സ്ഥാനത്ത് കേരളവുമായിരുന്നു.

ഇന്ത്യയുടെ കാപ്പി കയറ്റുമതി 2022-23 ൽ 4.2 ലക്ഷം ടണ്ണിൽ നിന്നും 3.98 ലക്ഷം ടണ്ണായി കുറഞ്ഞു എങ്കിലും 2021-22 നെ അപേക്ഷിച്ച് കൈവരിച്ച മൂല്യം വർദ്ധിച്ച് 9,022 കോടി രൂപയാകുകയും, യൂണിറ്റിനു കൈവരിച്ച മൂല്യം ഉയർന്ന് കിലോഗ്രാമിന് 226 രൂപയാകുകയും ചെയ്തു.

കേരളത്തിലെ കാപ്പി ഉൽപ്പാദനം 2021-22 ൽ 69,900 മെട്രിക് ടണ്ണായിരുന്നത്, 2022-23 ൽ 72,425 മെട്രിക് ടണ്ണായി വർദ്ധിച്ചു. മുൻ വർഷത്തെ അപേക്ഷിച്ച വിസ്തൃതിയിൽ 77 ഹെക്ടർ നേരിയ വർദ്ധനവോടെ, 85,957 ഹെക്ടറായിരുന്നു കാപ്പി കൃഷിയുടെ വിസ്തൃതി **(അനുബന്ധം 3.1.13)**. കോഫീ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം കാപ്പികൃഷിയിൽ വിളവെടുക്കാവുന്ന വിസ്തൃതി 85,044 ഹെക്ടറായിരുന്നു. രാജ്യത്തെ കാപ്പി ഉൽപ്പാദനത്തിൽ കേരളത്തിന്റെ പങ്ക് 20.6 ശതമാനമാണ്. ഹെക്ടറിന് 852 കിലോഗ്രാമായിരുന്നു സംസ്ഥാനത്ത് കാപ്പിയുടെ ഉൽപ്പാദനക്ഷമത. സംസ്ഥാനത്ത് പ്രതിദിനം 44,242 പേർ കാപ്പി തോട്ടമേഖലയിൽ തൊഴിലിലേർപ്പെട്ടിരിക്കുന്നു.

**തേയില**

ആഗോള തേയില ഉൽപ്പാദനത്തിന്റെ 49.1 ശതമാനം സംഭാവനയോടെ ചൈന ഒന്നാം സ്ഥാനത്തു തുടർന്നു. ഇന്ത്യയും, കെനിയയും യഥാക്രമം 21 ശതമാനവും 8.3 ശതമാനവും സംഭാവനയോടെ രണ്ടും മൂന്നും സ്ഥാനത്താണ്.

ടീ ബോർഡിന്റെ 2022 ലെ കണക്കുകൾ പ്രകാരം 6.2 ലക്ഷം ഹെക്ടർ കൃഷിയിടത്തിൽ കൃഷി ചെയ്യുന്ന 2.31 ലക്ഷം തേയില കർഷകർ രാജ്യത്തുണ്ട്. ആഭ്യന്തര തേയില ഉൽപ്പാദനം 2022-23 ൽ 1374.97 ദശലക്ഷം കിലോഗ്രാമായിരുന്നു. 2021-22 നെ അപേക്ഷിച്ച് ഇത് 30.57 ദശലക്ഷം കിലോഗ്രാമിന്റെ വർദ്ധനവാണ് കാണിക്കുന്നത് **(അനുബന്ധം 3.1.17)**. രാജ്യത്തെ തേയില ഉത്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ അസ്സമും തുടർന്ന് പശ്ചിമബംഗാളും ആഭ്യന്തര തേയില ഉൽപ്പാദനത്തിൽ മുന്നിട്ടു നിന്നു.

ടീ ബോർഡിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 8,018 തേയില കർഷകർ 35,651 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു. 2022-23 വർഷത്തിൽ രാജ്യത്തെ മൊത്തം ആഭ്യന്തര തേയില ഉൽപ്പാദനത്തിന്റെ 4.8ശതമാനം കേരളത്തിൽ നിന്നുമായിരുന്നു. ഈ കാലയളവിൽ സംസ്ഥാനത്തെ തേയില ഉത്പാദനം മുൻ വർഷത്തേതിൽ നിന്നും 5.6 ദശലക്ഷം കിലോഗ്രാം വർദ്ധിച്ചു 65.98 ദശലക്ഷം കിലോഗ്രാം രേഖപ്പെടുത്തി **(അനുബന്ധം 3.1.13)**.

**ഏലം**

അന്താരാഷ്ട്ര തലത്തിൽ ചെറിയ ഏലം ഉല്പാദനത്തിൽ ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനമാണ്. ഗ്വാട്ടിമാല ഒന്നാം സ്ഥാനം വഹിക്കുന്നു. 2023 ൽ സുഗന്ധവ്യഞ്ജന ബോർഡിന്റെ മുൻകൂർ കണക്കെടുപ്പ് പ്രകാരം ഇന്ത്യയുടെ ഏലം ഉല്പാദനം മുൻ വർഷത്തേതിൽ നിന്നും 1100 ടൺ വർദ്ധിച്ച് 24500 ടണ്ണായി കണക്കാക്കപ്പെട്ടിരിക്കുന്നു.

2021-22 കാലയളവിൽ കിലോയ്ക്ക് 996.52 രൂപയുണ്ടായിരുന്ന ഏലത്തിന്റെ വില 2022-23 ൽ 1075.45 രൂപയായി വർദ്ധിച്ചു. രാജ്യത്തെ ഏലം കയറ്റുമതി 2021-22 നെ അപേക്ഷിച്ച് 2022-23 ൽ അളവിലും, മൂല്യത്തിലും, യൂണിറ്റ് വിലയിലും കുറഞ്ഞതായി സുഗന്ധവ്യഞ്ജന ബോർഡ് കണക്കാക്കിയിരിക്കുന്നു.

ദേശീയതലത്തിൽ ഏലം ഉല്പാദനത്തിൽ കേരളം 90.6 ശതമാനം വിഹിതം നൽകികൊണ്ട് ഗണ്യമായ പങ്കു വഹിച്ചു. 2021-22 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2022-23 കാലയളവിൽ സംസ്ഥാനത്തിന്റെ ഏലം ഉല്പാദനം 4.2 ശതമാനം വർദ്ധിച്ച് 22,165 ടൺ രേഖപ്പെടുത്തി **(അനുബന്ധം 3.1.13)**. ഏലം വിസ്തൃതി 1202 ഹെക്ടർ വർദ്ധിച്ച് 40,345 ഹെക്ടർ രേഖപ്പെടുത്തി.

**വളങ്ങളുടേയും കീടനാശിനികളുടേയും ഉപഭോഗം**

**പട്ടിക 3.1.4** ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ 2022-23 ൽ ഏറ്റവുമധികം കീടനാശിനി ഉപഭോഗം നടന്നത് വാഴകൃഷിയിലും തുടർന്ന് തെങ്ങുകൃഷിയിലും നെൽകൃഷിയിലുമായിരുന്നു. ഈ കാലയളവിൽ കീടനാശിനികളുടെ ഉപഭോഗം 495.2 മെട്രിക് ടൺ ആയിരുന്നു. ഇത് മൂന്ന് വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കാണ്. ഇതിൽ 231.2 മെട്രിക് ടൺ രാസകീടനാശിനികളും 264 മെട്രിക് ടൺ ജൈവകീടനാശിനികളുമായിരുന്നു. ജൈവകീടനാശിനികളെ അപേക്ഷിച്ച് രാസകീടനാശിനികളുടെ ഉപയോഗത്തിലായിരുന്നു വർദ്ധനവ്.

**പട്ടിക 3.1.4** ഉല്പന്നം തിരിച്ചും വിളതിരിച്ചുമുള്ള രാസജൈവ കീടനാശിനികളുടെ ഉപഭോഗം (2020-21 മുതൽ 2022-23 വരെ) (മെട്രിക് ടൺ), ടെക്നിക്കൽ ഗ്രേഡ്

| ഉല്പന്നം | രാസകീടനാശിനികൾ | | | ജൈവകീടനാശിനികൾ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | 2020-21 | 2021-22 | 2022-23 | 2020-21 | 2021-22 | 2022-23 | 2020-21 | 2021-22 | 2022-23 |
| ധാന്യങ്ങൾ നെല്ല് | 52.9 | 59.2 | 45.7 | 62.9 | 56.8 | 50.2 | 115.7 | 116.0 | 95.9 |
| പച്ചക്കറികൾ | 34.1 | 40.7 | 41.6 | 42.8 | 46.2 | 43.6 | 76.9 | 86.9 | 85.2 |
| സുഗന്ധവ്യഞ്ജനങ്ങൾ | 22.1 | 20.9 | 27.6 | 31.2 | 30.2 | 32.7 | 53.2 | 51.1 | 60.3 |
| തേങ്ങ | 52.9 | 43.6 | 46.0 | 63.7 | 65.3 | 61.9 | 116.6 | 108.9 | 107.9 |
| അടയ്ക്ക | 12.3 | 12.1 | 13.2 | 19.9 | 17.6 | 16.8 | 32.2 | 29.7 | 30.0 |
| വാഴ | 50.2 | 49.2 | 57.0 | 47.9 | 47.6 | 58.9 | 98.2 | 96.8 | 115.9 |
| ആകെ | 224.5 | 225.7 | 231.2 | 268.4 | 263.7 | 264.0 | 492.9 | 489.4 | 495.2 |

അവലംബം: കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരളം

മുൻ വർഷത്തെ അപേക്ഷിച്ച് 2022-23 ൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം വളങ്ങളുടെ ഉപഭോഗം വർദ്ധിച്ചു **(പട്ടിക 3.1.5)**.

2022-23 കാലയളവിൽ ഹെക്ടറടിസ്ഥാനത്തിൽ നോക്കുമ്പോൾ നൈട്രജൻ വളങ്ങളുടേയും പൊട്ടാസ്യം വളങ്ങളുടേയും ഉപഭോഗം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വർദ്ധിച്ച് യഥാക്രമം ഹെക്ടറിന് 31 കിലോഗ്രാമും 23 കിലോഗ്രാമുമായിരുന്നു **(അനുബന്ധം 3.1.18)**.

### കുടുംബശ്രീ വഴിയുള്ള കൂട്ടുകൃഷി

ഭക്ഷ്യസുരക്ഷയിലേയ്ക്ക് നീങ്ങുന്നതിൽ പ്രാദേശിക സർക്കാരുകളെ സഹായിക്കുക, സ്ത്രീകൾക്ക് സാമ്പത്തിക ശാക്തീകരണം നൽകുക എന്ന ലക്ഷ്യത്തോടെ പാട്ടത്തിനെടുത്ത കൃഷിഭൂമിയിൽ കൃഷി ഏറ്റെടുക്കുന്നതിനായി സ്ത്രീകളെ സംഘടിപ്പിച്ച് കുടുംബശ്രീയാണ് കൂട്ടുകൃഷി ആരംഭിച്ചത്. നബാർഡ് പ്രോത്സാഹിപ്പിക്കുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ ആശയത്തിന്റെ മാതൃകയിൽ ഉടലെടുത്തിട്ടുള്ള സംഘകൃഷി ഗ്രൂപ്പുകൾ പഞ്ചായത്തുകളുടെയും സാമൂഹ്യശൃംഖലകളുടേയും പിന്തുണയോടെ തരിശുഭൂമി അനൗപചാരികമായി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നത്.

നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, മറ്റ് വിളകൾ എന്നിവ 2022-23 ൽ 74,783 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ പങ്കാളിത്തത്തോടെ 38956.82 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. 9,048 ഹെക്ടർ പ്രദേശത്ത് നെല്ലും, 6,334 ഹെക്ടർ പ്രദേശത്ത് പച്ചക്കറികളും, 9781 ഹെക്ടർ പ്രദേശത്ത് വാഴയും, 9654.50 ഹെക്ടർ പ്രദേശത്ത് കിഴങ്ങുവർഗ്ഗങ്ങളും, 917 ഹെക്ടറിൽ മറ്റ് വിളകളും കൃഷി ചെയ്തു. കൂട്ടുകൃഷിയിലൂടെയുള്ള കൃഷി വിസ്തൃതി 2021-22 വർഷത്തെ അപേക്ഷിച്ച് വർദ്ധിച്ചതായി കാണുന്നു. കൃഷി വിസ്തൃതിയുടെ 2022-23 ലെ വിശദാംശങ്ങൾ **അനുബന്ധം 3.1.19** ൽ നൽകിയിരിക്കുന്നു.

### മണ്ണ് സംരക്ഷണം

കാർഷിക വികസനത്തിൽ മണ്ണ് വിഭവങ്ങളുടെ സുസ്ഥിര പരിപാലനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് സംസ്ഥാനത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 2022-23 കാലയളവിൽ കാർഷിക ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 6361.58 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങൾ ജൈവ എഞ്ചിനീയറിംഗ് മാർഗ്ഗങ്ങളിലൂടെ 989.19 ഹെക്ടർ പ്രദേശം സംരക്ഷിച്ചു. ഇടുക്കി, വയനാട്, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, ആലപ്പുഴ എന്നീ ജില്ലകളിൽ 2,984.42 ഹെക്ടർ സ്ഥലത്ത് പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ കേരള പുനർനിർമ്മാണ പദ്ധതിയിലൂടെ നടപ്പിലാക്കി.

വിളയുല്പാദനത്തിൽ മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള പരിപാലനത്തിന്റെ പ്രാധാന്യവും രാസഭൗതിക ഗുണങ്ങളെ അടിസ്ഥാനമാക്കി മണ്ണിന്റെ വർഗ്ഗീകരണത്തിന്റെ പ്രാധാന്യവും കണക്കിലെടുത്ത് 25,322 മണ്ണ് സാമ്പിളുകൾ ശേഖരിച്ച് വിശകലനം ചെയ്യുകയും 17,164 സോയിൽ ഹെൽത്ത് കാർഡുകൾ

**പട്ടിക 3.1.5** സംസ്ഥാനത്തെ രാസവള കീടനാശിനി ഉപഭോഗം 2018-19 മുതൽ 2022-23 വരെ (മെട്രിക് ടൺ)

| വർഷം | രാസകീടനാശിനികൾ | ജൈവ കീടനാശിനികൾ | ആകെ | നൈട്രജൻ | ഫോസ്ഫറസ് | പൊട്ടാസ്യം |
|---|---|---|---|---|---|---|
| 2018-19 | 517.3 | 676.8 | 1194.1 | 73109 | 40802 | 67877 |
| 2019-20 | 291.0 | 343.8 | 634.8 | 75292 | 36797 | 55866 |
| 2020-21 | 224.5 | 268.4 | 492.9 | 89238 | 42613 | 75085 |
| 2021-22 | 225.7 | 263.7 | 484.1 | 76682 | 36327 | 50072 |
| 2022-23 | 231.2 | 264.0 | 495.2 | 83594 | 39819 | 64751 |

അവലംബം: കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരളം

വിതരണം ചെയ്യുകയും ചെയ്തു. ലഭ്യമായ ഡാറ്റാ ഡിജിറ്റൽ പ്ലാറ്റ് ഫോമിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി 2021-22 ൽ ഡിജിറ്റൈസേഷൻ ഡ്രൈവ് ആരംഭിക്കുകയും 350 പഞ്ചായത്തുകളുടെ മണ്ണുവിഭവവിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുകയും ചെയ്തു. സംസ്ഥാനത്തിന്റെ മണ്ണിനെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങളുടെ കലവറയായി പ്രവർത്തിക്കുന്ന സോയിൽ മ്യൂസിയം ഔദ്യോഗിക ടൂറിസം വെബ്സൈറ്റിൽ സ്ഥാനം നേടി.

**കാർഷിക വിപണനം**

നഗരഗ്രാമ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മൊത്ത-ചില്ലറ വിപണി ശൃംഖലയിലൂടെയാണ് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ വിപണനം സാധ്യമാക്കുന്നത്. ക്ലസ്റ്റർ അധിഷ്ഠിത ബിസിനസ്സ് മാതൃകയിലോ, നേരിട്ട് കർഷകരിൽ നിന്നുമുള്ള സമാഹരണരീതിയിലൂടെയോ പ്രാദേശികമായി വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന വില്പനശാലകളും കാർഷിക ഉല്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നു.

വീടുകളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നുമുള്ള അധിക ഉല്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നതിനായി 2022-23 കാലയളവിൽ 180 ഫാംഗേറ്റ് സമാഹരണ കേന്ദ്രങ്ങൾ സ്ഥാപിച്ചതിലൂടെ സംസ്ഥാനത്തെ കാർഷിക വിപണന മേഖല ശക്തിപ്പെടുത്തുന്നതിന് വി.എഫ്.പി.സി.കെ സംഭാവന നൽകി. ഉല്പാദനകേന്ദ്രങ്ങളിൽ സ്ഥാപിച്ച 292 സ്വാശ്രയ കർഷക സമിതികളിലൂടെ 309.99 കോടി രൂപയുടെ 85,849 മെട്രിക് ടൺ പച്ചക്കറികളുടേയും പഴങ്ങളുടേയും വ്യാപാരം നടത്തുവാൻ സാധിച്ചു.

കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി പ്രകാരം 16 ഇനം പച്ചക്കറികൾക്കും പഴങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വില പ്രകാരം എല്ലാ സീസണുകളിലും നിശ്ചിതവില ഉറപ്പാക്കി. അടിസ്ഥാന വിലയേക്കാൾ വിപണി വില ഇടിയുന്ന സാഹചര്യത്തിൽ വിലയിലെ വ്യത്യാസം കർഷകർക്ക് നഷ്ടപരിഹാരമായി നൽകി. 2022-23 ൽ കൃഷി വകുപ്പിന്റെ 250 പ്രാഥമിക കാർഷിക സഹകരണ സൊസൈറ്റിയും 300 നോഡൽ മാർക്കറ്റുകളും ഉൾപ്പെടെ 550 നോഡൽ മാർക്കറ്റുകൾ വഴി ഈ പദ്ധതി നടപ്പിലാക്കി. വി.എഫ്.പി.സി.കെ യുടെ 250 വിപണികളിലൂടെ 5000 കർഷകർ രജിസ്റ്റർ ചെയ്യുകയും അടിസ്ഥാനവില സൗകര്യം പ്രയോജനപ്പെടുത്തുകയും ചെയ്തു.

വകുപ്പിനൊപ്പം ചേർന്ന് വി.എഫ്.പി.സി.കെ യും, ഹോർട്ടിക്കോർപ്പും 2022-23 കാലയളവിൽ 2010 ഓണച്ചന്തകൾ സംഘടിപ്പിച്ചു. ഓണക്കാലത്ത് പച്ചക്കറിവില നിയന്ത്രണവിധേയമാക്കുന്നതിന് വി.എഫ്.പി.സി.കെ 160 ചില്ലറ വില്പന ശാലകളിലൂടെ 30 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് പച്ചക്കറി ലഭ്യമാക്കി.

സംഘടിതമായ വിപണി വ്യവസ്ഥയും മാർക്കറ്റ് ഇന്റലിജൻസ് സംവിധാനവും, കാർഷിക ഉല്പന്നങ്ങൾക്ക് പ്രത്യേകിച്ചും ചീഞ്ഞുപോകുന്ന ഉല്പന്നങ്ങൾക്ക് കാര്യക്ഷമമായ വിതരണശൃംഖല സൃഷ്ടിക്കുന്നതും സംസ്ഥാനത്തെ കാർഷിക വിപണനം മെച്ചപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമാണ്.

**വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും**

സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിനു കീഴിലുള്ള ചെറുകിട കർഷക അഗ്രോ ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി) കർഷകർക്കും സംരംഭകർക്കും വിജയകരമായി അഗ്രിബിസിനസ്സ് സ്ഥാപിക്കുന്നതിനും അവയുടെ നടത്തിപ്പിനും ആവശ്യമായ ലിങ്കേജ് ലഭ്യമാക്കുന്നു. 2 സൂക്ഷ്മ യൂണിറ്റുകൾ, 3 ചെറുകിട യൂണിറ്റുകൾ, 3 ഇടത്തരം യൂണിറ്റുകൾ എന്നിവയടങ്ങിയ 8 പുതിയ കാർഷിക സംരംഭകർക്ക് 2022-23 ൽ സംസ്ഥാന എസ്.എഫ്.എ.സി മുഖേന ധനസഹായം നൽകി. ഈ 8 യൂണിറ്റുകൾക്കു പുറമേ 2017-18 മുതൽ എസ്.എഫ്.എ.സി 68 യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

കർഷകരെ സംഘടിപ്പിക്കുന്നതിനും സംഘടിതമായ ഉല്പാദനവും വിപണനവും നടത്തുന്നതിനും കർഷക ഉല്പാദക സംഘടനകളുടെ (എഫ്.പി.ഒ) പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ പുതിയ എഫ്.പി.ഒ കൾ രൂപീകരിക്കുന്നതിന് അനുകൂലമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിൽ ശ്രദ്ധ ചെലുത്തി. ആർ.കെ.വി.വൈ പദ്ധതിയിലൂടെ 50 പുതിയ എഫ്.പി.ഒ കളുടെ രൂപീകരണത്തിനും നിലവിലുള്ള 50 എഫ്.പി.ഒ കൾ ശക്തിപ്പെടുത്തുന്നതിനും എസ്.എഫ്.എ.സി പ്രവർത്തിക്കുകയും അതുവഴി 44 പുതിയ എഫ്.പി.ഒ കൾ രൂപീകരിക്കുകയും 49 എണ്ണത്തിന്റെ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തു.

സെൻട്രൽ എസ്.എഫ്.എ.സി യുടെ കീഴിലുള്ള എഫ്.പി.ഒ കളുടെ രൂപീകരണത്തിനായി വി.എഫ്.പി.സി.കെ യെ ക്ലസ്റ്റർ അധിഷ്ഠിത ബിസിനസ്സ് ഓർഗനൈസേഷനായി അംഗീകരിക്കുകയും അതനുസരിച്ച് 5 ബ്ലോക്കുകളിലായി 5 എഫ്.പി.ഒ കൾ രൂപീകരിക്കുകയും ചെയ്തു. വാഴ, പൈനാപ്പിൾ, സുഗന്ധവ്യഞ്ജനങ്ങൾ, ചക്ക, മാംഗോസ്റ്റീൻ, പച്ചക്കറികൾ എന്നിവ ഉൾപ്പെടുന്ന വി.എഫ്.പി.സി.കെ വഴി രജിസ്റ്റർ ചെയ്ത 41 എഫ്.പി.ഒ കളിൽ കിഴങ്ങുവർഗ്ഗങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ സംസ്കരണത്തിന് കോട്ടയം, ഉഴവൂർ എഫ്.പി.ഒ യും, തേൻ സംസ്കരണ യൂണിറ്റായി അഞ്ചൽ എഫ്.പി.ഒ യും 2022-23 ൽ പ്രവർത്തനക്ഷമമായി.

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനു കീഴിൽ 2.35 ലക്ഷം ടൺ സംഭരണശേഷിയുള്ള 55 വെയർഹൗസുകൾ പ്രവർത്തിക്കുന്നു. 2022-23 ൽ മാവേലിക്കരയിൽ 1393 മെട്രിക് ടൺ ശേഷിയുള്ള പുതിയ ഗോഡൗൺ ഉദ്ഘാടനം ചെയ്തു. 2023 കാലയളവിൽ നബാർഡിന്റെ വെയർഹൗസ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഉപയോഗിച്ച് 6995 മെട്രിക് ടൺ ശേഷിയുള്ള ഗോഡൗണുകൾ തലശ്ശേരി, കൊഴിഞ്ഞാംപാറ, മുതലമട എന്നിവിടങ്ങളിൽ സ്ഥാപിച്ചു. കൂടാതെ, കൊഴിഞ്ഞാംപാറ വെയർഹൗസിൽ ഒരു കാർഷിക കോംപ്ലക്സും താപനില നിയന്ത്രണ ഗോഡൗണും

വണ്ടൻമേട്ടിലെ വെയർഹൗസിൽ ഏലം കർഷകർക്കായി ഗോഡൗൺ സ്ഥാപിച്ചതും കാർഷികോല്പന്നങ്ങളുടെ സംഭരണ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിലുൾപ്പെടുന്നു.

മതിയായ ഇൻക്യുബേറ്ററുകൾ ലഭ്യമാക്കുക, ചെറുകിട സംരംഭകർക്ക് ഉപയോഗിക്കാൻ പാകത്തിലുള്ള പാക്കേജിംഗ് സാങ്കേതിക പ്രോട്ടോക്കോൾ പ്രോത്സാഹിപ്പിക്കുക, ഓൺലൈൻ മാർക്കറ്റിങ്ങിലേയും ഇ-കോമേഴ്സിലേയും അറിവ് പ്രചരിപ്പിക്കുക, ഉല്പന്നങ്ങളുടെ ഗുണനിലവാരം ക്രമീകരിക്കുക, ശീതീകരണ സംവിധാനത്തിനും, കമ്മ്യൂണിറ്റി പ്രോസസ്സിംഗിനും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ കാർഷിക ബിസിനസ്സ് സംരംഭങ്ങളെ ശാക്തീകരിക്കുവാൻ സഹായകമാകും.

**യന്ത്രവൽക്കരണം**

സംസ്ഥാനത്ത് നിലവിലുള്ള കാർഷിക തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ കാർഷിക പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകി വരുന്നു. സംസ്ഥാനത്തെ കർഷകർക്ക്, യന്ത്രവൽക്കരണ പിന്തുണയും മറ്റ് കാർഷിക സേവനങ്ങൾ സുഗമമാക്കുന്നതിനുള്ള സംരംഭങ്ങൾ നടപ്പിലാക്കുന്നതിനും ബ്ലോക്ക്തല അഗ്രോസർവ്വീസ് സെന്ററുകൾ (എ.എസ്.സി), പഞ്ചായത്തുതല കാർഷിക കർമ്മസേനകൾ (കെ.കെ.എസ്), കസ്റ്റം ഹയറിംഗ് സെന്ററുകൾ (സി.എച്ച്.സി) എന്നിവ സഹായിക്കുന്നു.

അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മ സേന, കസ്റ്റം ഹയറിംഗ് സെന്റർ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തുടങ്ങിയ സേവന ദാതാക്കളുടെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും നിരീക്ഷണത്തിനും കർഷകർക്ക് ഏകജാലക സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനും 2018 ൽ രൂപീകൃതമായ സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ പ്രവർത്തിച്ചുവരുന്നു.

മിഷന്റെ 2022-23 റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 99 അഗ്രോ സർവ്വീസ് സെന്ററുകൾ, 368 കാർഷിക കർമ്മസേനകൾ, 28 കൃഷിശ്രീ സെന്ററുകൾ എന്നിവ പ്രവർത്തനക്ഷമമായിരിക്കുന്നു. മിഷന്റെ ഫാം മെഷിനറി കണക്കെടുപ്പ് പ്രകാരം, 11,505 അഗ്രോമെഷിനറികൾ വിവിധ കർഷക സംഘങ്ങൾ, പാടശേഖര സമിതികൾ മുതലായവയ്ക്ക് 100 ശതമാനം സഹായത്തോടെ തദ്ദേശസ്വയംഭരണം, കൃഷി തുടങ്ങിയ വകുപ്പുകൾ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ മുഖേന നൽകി. ഇതിൽ 5354 യന്ത്രങ്ങൾ പ്രവർത്തനക്ഷമവും, പ്രവർത്തനക്ഷമമല്ലാത്തതിൽ 17 ശതമാനം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്ത നക്ഷമമാക്കാവുന്നതുമാണ്. യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളിൽ പരിശീലനം നൽകികൊണ്ട് 14 ജില്ലകളിലായി 256 സാങ്കേതിക തൊഴിലാളികളെ സൃഷ്ടിക്കുകയും 150 ലക്ഷം രൂപയുടെ അറ്റകുറ്റ പണികൾ നടത്തി 202 യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. 2022-23 ലെ കാർഷിക യന്ത്രങ്ങളുടെ രജിസ്ട്രേഷൻ ക്യാമ്പെയിന്റെ സംക്ഷിപ്ത റിപ്പോർട്ട് **പട്ടിക 3.1.6** ൽ നൽകിയിരിക്കുന്നു.

2022-23 കാലയളവിൽ 468 പുരുഷൻമാരും 541 സ്ത്രീകളും അടങ്ങുന്ന 1009 വ്യക്തികൾ അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേനയും 2039 സ്ത്രീകളും 1753 പുരുഷന്മാരും അടങ്ങുന്ന 3792 കാർഷിക സാങ്കേതിക വിദഗ്ധർ കാർഷിക കർമ്മ സേനകൾ മുഖേനയും മിഷനു കീഴിൽ സേവനദാതാക്കളായി പ്രവർത്തിച്ചു. യന്ത്രവൽക്കരണ സേവനത്തിനു പുറമേ ഒരു കോടി ഫലവൃക്ഷത്തൈ വിതരണ പരിപാടിയുടെ ഭാഗമായി 15.62 ലക്ഷം ഫലവൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള പിന്തുണയും നൽകി.

**കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ 2022–23 വർഷത്തിലെ പ്രധാന നേട്ടങ്ങൾ**

കർഷകന്റെ വരുമാനം മെച്ചപ്പെടുത്തുന്നതിനും ഉപജീവന സുരക്ഷ ദീർഘകാലാടിസ്ഥാനത്തിൽ ഉറപ്പാക്കുന്നതിനുമായി വ്യക്തിഗത ഫാമുകളുടെ സമഗ്ര വികസനത്തിനുള്ള കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനമാണ് 2022-23 ൽ വകുപ്പ് അവതരിപ്പിച്ച പ്രധാന സംരംഭങ്ങളിലൊന്ന്. കൃഷിഭവനുകൾ മുഖേന വ്യക്തിഗത ഫാമുകൾ വികസനത്തിന്റെ അടിസ്ഥാന യൂണിറ്റായി കണ്ടെത്തുകയും വിഭവാധിഷ്ഠിതമായി ശാസ്ത്രീയ പദ്ധതിയുടെ അടിസ്ഥാനത്തിൽ വികസിപ്പിക്കുക എന്നതാണ് ഈ സമീപനത്തിലൂടെ ലക്ഷ്യമിടുന്നത്. ഈ കൃഷിയിടങ്ങളുടെ കൂട്ടായ്മയിലൂടെ കർഷക ഉല്പാദക സംഘടനകൾ രൂപീകരിക്കുകയും അതുവഴി കർഷകർക്ക് കാര്യക്ഷമമായ വിപണനത്തിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കർഷകരെ എഫ്.പി.ഒ. കൾ, വിപണനകേന്ദ്രങ്ങൾ, ചില്ലറ വില്പന ശാലകൾ, ഉപഭോക്താക്കൾ എന്നിവരുമായി ബന്ധിപ്പിക്കുന്ന വിതരണ ശൃംഖല വികസിപ്പിക്കുന്നതിനും അതുവഴി കർഷകർക്ക് വേഗത്തിലുള്ള പണമിടപാടുകൾ നടത്തുന്നതിനും ഈ സമീപനത്തിലൂടെ ലക്ഷ്യമിടുന്നു.

വിവരസാങ്കേതിക വിദ്യയുൾപ്പെടെയുള്ള അത്യാധുനിക സാങ്കേതിക വിദ്യകളുടെ സംയോജനത്തോടെ ശാസ്ത്രീയമായ രീതിയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന ഇടപെടലുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി കൃഷിഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കൃഷിഭവനുകളെ, സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുക എന്നതായിരുന്നു മറ്റൊരു സംരംഭം. വയനാട് ജില്ലയിലെ മാനന്തവാടിയിലെ തോണ്ടർനാട് കൃഷി ഭവനും പത്തനംതിട്ട ജില്ലയിലെ കോന്നിയിലെ അരുവാപ്പുലം കൃഷിഭവനും 2022-23 ൽ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റി.

**പട്ടിക 3.1.6** കാർഷിക യന്ത്രങ്ങളുടെ രജിസ്ട്രേഷൻ 2022-23

| ജില്ല | കമ്പയിൻ ഹാർവസ്റ്റർ | ട്രാക്ടർ/ മിനി ട്രാക്ടർ | ട്രാൻസ്പ്ലാന്റർ | പവർ ടില്ലർ | ഗാർഡൻ ടില്ലർ/മിനി ടില്ലർ | ത്രഷർ/ത്രഷർ കം വിന്നോവർ/ വിന്നോവർ | റീപ്പർ | പമ്പ്സെറ്റ്/മോട്ടോർ | സ്പ്രേയർ | ബ്രഷ്കട്ടർ | ഡ്രൈയർ | മറ്റുള്ളവ | മൊത്തം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 3 | 39 | 11 | 152 | 24 | 36 | 17 | 52 | 382 | 146 | 41 | 37 | 940 |
| കൊല്ലം | 13 | 58 | 7 | 124 | 7 | 122 | 32 | 11 | 331 | 12 | 14 | 5 | 736 |
| പത്തനംതിട്ട | 0 | 23 | 13 | 69 | 8 | 57 | 38 | 78 | 104 | 15 | 3 | 11 | 419 |
| ആലപ്പുഴ | 0 | 19 | 2 | 35 | 14 | 25 | 6 | 225 | 266 | 13 | 4 | 8 | 617 |
| കോട്ടയം | 2 | 16 | 1 | 35 | 8 | 19 | 12 | 141 | 143 | 111 | 103 | 80 | 671 |
| ഇടുക്കി | 1 | 7 | 3 | 38 | 17 | 42 | 11 | 8 | 168 | 103 | 46 | 50 | 494 |
| എറണാകുളം | 25 | 27 | 5 | 232 | 17 | 187 | 38 | 32 | 239 | 65 | 19 | 15 | 901 |
| തൃശ്ശൂർ | 18 | 64 | 122 | 259 | 40 | 198 | 38 | 540 | 497 | 153 | 21 | 80 | 2030 |
| പാലക്കാട് | 16 | 105 | 114 | 109 | 12 | 126 | 67 | 19 | 195 | 129 | 16 | 54 | 962 |
| മലപ്പുറം | 0 | 31 | 28 | 68 | 25 | 63 | 19 | 43 | 88 | 30 | 8 | 18 | 421 |
| കോഴിക്കോട് | 2 | 11 | 6 | 118 | 6 | 92 | 17 | 22 | 55 | 27 | 4 | 6 | 366 |
| വയനാട് | 1 | 7 | 21 | 240 | 0 | 170 | 55 | 8 | 86 | 17 | 2 | 22 | 629 |
| കണ്ണൂർ | 0 | 71 | 24 | 433 | 10 | 184 | 49 | 27 | 139 | 80 | 9 | 84 | 1110 |
| കാസർഗോഡ് | 0 | 52 | 10 | 489 | 0 | 295 | 145 | 11 | 74 | 58 | 0 | 75 | 1209 |
| ആകെ | 81 | 530 | 367 | 2,401 | 188 | 1,616 | 544 | 1217 | 2,767 | 959 | 290 | 545 | 11,505 |

അവലംബം: സംസ്ഥാന യന്ത്രവൽകൃതമിഷൻ 2023

വിളപരിപാലനം, വിപണനം, മൂല്യവർദ്ധന, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, കർഷക ക്ഷേമ പദ്ധതികൾ എന്നിവയായിരുന്നു വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ച മറ്റു പ്രവർത്തനങ്ങൾ. കാര്യക്ഷമമായ വിഭവപരിപാലനം, കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതികൾ, സാങ്കേതിക വിദ്യാധിഷ്ഠിത വികസനം എന്നിവയ്ക്കും പ്രാധാന്യം നൽകി. നിർദ്ദിഷ്ട വിള ഉല്പാദന പദ്ധതികൾക്കു പുറമേ ശാസ്ത്രീയവും ഉത്തമവുമായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിച്ചു. കർഷകർക്കു വരുമാന സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ മൂല്യവർദ്ധനവിലൂടെ കാർഷിക മേഖലയുടെ വ്യാവസായികാധിഷ്ഠിത വികസനത്തിനും പിന്തുണ നൽകി. കാർഷിക വായ്പാ സൗകര്യങ്ങൾ, വിള ഇൻഷ്വറൻസ് പരിരക്ഷ, വിലസ്ഥിരതയ്ക്കു വിപണി ഇടപെടൽ, കർഷക പെൻഷൻ എന്നിവയായിരുന്നു സംസ്ഥാനം പിന്തുണച്ച കർഷക ക്ഷേമ പരിപാടികൾ. 2022-23 കാലയളവിലെ പ്രധാന നേട്ടങ്ങൾ താഴെ പറയുന്നു.

- കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിന്റെ ഭാഗമായി 10 സെന്റ് മുതൽ 200 സെന്റ് വരെയുള്ള 10760 ഫാം യൂണിറ്റുകൾ കണ്ടെത്തി അതിന്റെ വികസനത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. സംസ്ഥാനത്തുടനീളം 523 സംയോജിത കൃഷി സമ്പ്രദായ മാതൃകകൾ വികസിപ്പിച്ചെടുത്തു. ഈ ഫാം യൂണിറ്റുകളുടെ കൂട്ടായ്മകളായി 90 പുതിയ കർഷക ഉല്പാദക സംഘടനകൾ രൂപകരിച്ചു. ഈ ഫാം യൂണിറ്റുകളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി ഒരു വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായി 9 പ്രീമിയം ഔട്ട്ലറ്റുകളുടെ ഒരു ശൃംഖല വികസിപ്പിച്ചെടുത്തു. കർഷക ഉല്പാദക സംഘടനകളുടെ 525 വില്പനശാലകളിൽ സാധനങ്ങളുടെ വില പ്രദർശിപ്പിക്കുന്ന ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകളും സ്ഥാപിച്ചു.
- 93510 ഹെക്ടർ പ്രദേശത്തെ നെൽകൃഷി വികസനത്തിന് ഹെക്ടറിന് 5500 രൂപ നിരക്കിൽ ഇൻപുട്ട് സബ്സിഡി നൽകി.
- കൃഷിയോഗ്യമായ നെൽകൃഷി ഭൂമിയുടെ ഉടമകൾക്ക് ഹെക്ടറിന് 3000 രൂപ നിരക്കിൽ 14498 ഹെക്ടറിന് ആവാസവ്യവസ്ഥാ സേവനങ്ങൾക്കായി റോയൽറ്റി നൽകി.
- നെൽകൃഷി വിസ്തൃതി വ്യാപനം ലക്ഷ്യമിട്ടുകൊണ്ട് 970.2 ഹെക്ടർ തരിശുനിലത്തിൽ നെൽകൃഷി കൊണ്ടുവരികയും 338.6 ഹെക്ടറിൽ ഇരുപൂകൃഷിയും, 511 ഹെക്ടറിൽ കരനെൽകൃഷിയും നടപ്പിലാക്കുകയും ചെയ്തു. പ്രത്യേകതയുള്ള നെല്ലിനങ്ങളുടെ കൃഷി 618 ഹെക്ടർ പ്രദേശത്ത് വ്യാപിപ്പിച്ചു.
- ഓണക്കാലത്ത് സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 49.31 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും 200.42 ലക്ഷം പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തു.

- ഇടുക്കി, വയനാട് ജില്ലകളിൽ 579 ഹെക്ടർ വിസ്തൃതിയിൽ ശീതകാല പച്ചക്കറി കൃഷിയ്ക്ക് സഹായം നൽകി. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുകയും 3062 ഹെക്ടർ സ്ഥലത്ത് 11,609 കർഷകർ അടങ്ങുന്ന 746 ക്ലസ്റ്ററുകൾക്ക് പിന്തുണ നൽകുകയും ചെയ്തു.
- ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള നാളികേര വികസനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 13 ജില്ലകളിലായി 100 ഹെക്ടർ വിസ്തൃതിയുള്ള 98 പുതിയ കേരഗ്രാമങ്ങൾ രൂപീകരിച്ചു. തടം തുറക്കൽ, കള നിയന്ത്രണം, ജൈവ രാസവളങ്ങളുടെ പ്രയോഗം, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവവളങ്ങൾ, കീട-രോഗ നിയന്ത്രണം, തൊണ്ട് അടുക്കൽ എന്നിവയ്ക്ക് സഹായം നൽകി 9455 ഹെക്ടർ പ്രദേശത്തെ തെങ്ങുകളുടെ പുനരുജ്ജീവനം നടത്തി.
- തെങ്ങിന്റെ പുനരുദ്ധാരണത്തിന്റെയും പുനരുജ്ജീവനത്തിന്റെയും ഭാഗമായി നാളികേര മിഷനിലൂടെ 11,23,790 നെടിയ ഇനവും 40,965 കുള്ളൻ തൈകളും, 98,812 സങ്കരയിനം തൈകളും വിതരണം ചെയ്തു.
- ഫലവർഗ്ഗ വികസന പാക്കേജിന്റെ ഭാഗമായി വിവിധയിനങ്ങളിലായി 68.9 ലക്ഷം നടീൽ വസ്തുക്കൾ വിതരണം ചെയ്യുകയും 7,496 ഹെക്ടർ പ്രദേശത്ത് ഫലവർഗ്ഗകൃഷി വ്യാപിപ്പിക്കുകയും ചെയ്തു.
- ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിലായി ക്ലസ്റ്റർ അടിസ്ഥാനമാക്കിയുള്ള ഔഷധസസ്യകൃഷി പ്രോത്സാഹിപ്പിക്കുകയും 58.8 ഹെക്ടർ പ്രദേശത്ത് കച്ചോലം, ചെത്തി, കൊടുവേലി, കൂവളം, കുറുന്തോട്ടി, തിപ്പലി, തുളസി, രാമച്ചം, ശതാവരി എന്നീ ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുകയും ചെയ്തു.
- 3583 കീടനിരീക്ഷണ യൂണിറ്റുകളും, 2 പുതിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും സ്ഥാപിച്ചതിലൂടെ 278 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സംസ്ഥാനത്ത് നിലവിൽ വന്നു.
- രാസപരിശോധനാ വിഭാഗത്തിൽ ഐ.എസ്.ഒ/ ഐ.ഇ.സി 17025:2017 പ്രകാരം, പാറോട്ടുകോണത്ത് പ്രവർത്തിയ്ക്കുന്ന രാസവളഗുണനിലവാര നിയന്ത്രണ ലബോറട്ടറിയ്ക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡിന്റെ അക്രഡിറ്റേഷൻ ലഭിച്ചു.
- സംസ്ഥാനത്ത് വിതരണം ചെയ്യുന്ന രാസവളങ്ങൾ, കീടനാശിനികൾ, ജൈവവളങ്ങൾ എന്നിവയുടെ ഗുണനിലവാര നിയന്ത്രണ നിർവ്വഹണത്തിന്റെ ഭാഗമായി വില്പനശാലകളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് വിശകലനം ചെയ്യുകയും, ഇതനുസരിച്ച് 2186 കീടനാശിനി സാമ്പിളുകളും 3781 രാസവള സാമ്പിളുകളും 48 ജൈവവള സാമ്പിളുകളും വിശകലനം ചെയ്തതിൽ 2 കീടനാശിനി, 367 വളം, 17 ജൈവവളം സാമ്പിളുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തി.
- പച്ചത്തേങ്ങയുടെ സംഭരണ വില 2023 ഏപ്രിൽ 1 മുതൽ കിലോഗ്രാമിന് 32 രൂപയിൽ നിന്നും 34 രൂപയായി ഉയർത്തി. 2022-23 കാലയളവിൽ 12069.208305 മെട്രിക് ടൺ പച്ചത്തേങ്ങ 31,782 കർഷകരിൽ നിന്നും, കേരഫെഡ്, സഹകരണസംഘങ്ങൾ, എഫ്.പി.ഒ കൾ, സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നിവ മുഖേന സംഭരിച്ചു.
- 2023 സെപ്റ്റംബർ വരെ 41,39,109 വ്യക്തിഗത കർഷകരും, 36,236 കർഷക ഗ്രൂപ്പുകളും 578 സ്ഥാപനങ്ങളും കർഷക രജിസ്ട്രേഷൻ പോർട്ടലായ എ.ഐ.എം.എസ് ൽ രജിസ്റ്റർ ചെയ്തു.
- വിപണനത്തിനും മൂല്യവർദ്ധനയ്ക്കും വേണ്ടി കേരള അഗ്രോ ബിസിനസ്സ് കമ്പനി (കെ.എ.ബി.സി.ഒ) സ്ഥാപിതമായി. കർഷകർക്ക് വിപണിയുമായി ബന്ധം സ്ഥാപിക്കുന്നതിനും കൃഷിയെ കാർഷിക ബിസിനസ്സാക്കി മാറ്റുന്നതിനും, മൂല്യവർദ്ധന പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ പ്രൊഫഷണലായി കൈകാര്യം ചെയ്യുന്നതിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി പ്രവർത്തിക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു.
- വകുപ്പിന്റെ വിവിധ ഫാമുകളിൽ നിന്നും ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ 'കേരളാഗ്രോ' എന്ന പൊതു ബ്രാൻഡിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ കൊണ്ടുവന്നു.
- 2023 സെപ്റ്റംബർ വരെ 15,058 കർഷകരെ കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കി. പി.എം കിസാൻ പദ്ധതിയിൽ 2023 മാർച്ചിലെ കണക്കു പ്രകാരം 21,29,189 കർഷകർ അംഗങ്ങളായി.
- സംസ്ഥാന വിഹിതം ഉൾപ്പെടുന്ന കാർഷിക യന്ത്രവൽക്കരണത്തിനായുള്ള ഉപമിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ 29,755 വ്യക്തിഗത ഗുണഭോക്താക്കൾക്ക് സഹായം നൽകുകയും 422 ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുകയും ചെയ്തു.

**വിള ഇൻഷ്വറൻസ് പദ്ധതി**

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാനമന്ത്രി ഫസൽ ബീമാ യോജന (പി.എം.എഫ്.ബി.വൈ), പുന:ക്രമീകരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എന്നീ വിള ഇൻഷ്വറൻസ് പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കി വരുന്നു.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ പ്രകൃതി വ്യതിയാനങ്ങൾ മൂലവും കീടരോഗ ആക്രമണങ്ങൾ നിമിത്തവുമുള്ള നഷ്ടത്തിൽ നിന്നും പരിരക്ഷ നൽകുന്നു. തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, അടയ്ക്ക, ഏലം, കശുവണ്ടി, പൈനാപ്പിൾ, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതിയ്ക്ക, ഗ്രാമ്പൂ, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാങ്ങ, ചെറുധാന്യങ്ങൾ തുടങ്ങിയ 27 വിളകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, ഭൂകമ്പം, കടൽക്ഷോഭം, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, വന്യജീവി ഭീഷണി, കാട്ടുതീ തുടങ്ങി പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഈ പരിരക്ഷ നൽകി വരുന്നു. 2022-23 കാലയളവിൽ 5,16,09,025/- രൂപ പ്രീമിയം തുകയോടെ 2,38,666 കർഷകർ ഈ പദ്ധതിയിൽ അംഗങ്ങളായി. ഈ പദ്ധതി മുഖേന 40.83 കോടി രൂപ 21,740 കർഷകർക്ക് കൃഷിനാശത്തിന് നഷ്ടപരിഹാരമായി വിതരണം ചെയ്തു.

പുന:ക്രമീകരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഖാരിഫ് സീസണിൽ നെല്ല്, അടയ്ക്ക, കുരുമുളക്, ഇഞ്ചി, കരിമ്പ്, മഞ്ഞൾ, ഏലം, പൈനാപ്പിൾ, വാഴ, ജാതി എന്നീ വിളകളും, റാബി സീസണിൽ നെല്ല്, വാഴ, കശുവണ്ടി, മാങ്ങ, കരിമ്പ്, പൈനാപ്പിൾ, ഉരുളക്കിഴങ്ങ്, കാബേജ്, കാരറ്റ്, വെളുത്തുള്ളി, ബീൻസ്, വാളരിപ്പയർ, പടവലം, പാവയ്ക്ക എന്നിവയും ഉൾപ്പെടുന്നു. 2022 ഖാരിഫ് സീസണിൽ

57,518 കർഷകർ അംഗങ്ങളായി. 51,962 കർഷകർക്ക് 94.28 കോടി രൂപയുടെ ആനുകൂല്യം നൽകുകയുണ്ടായി. റാബി സീസണിൽ 72,249 കർഷകർ അംഗങ്ങളായി. കാലാവസ്ഥ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രതികൂല കാലാവസ്ഥയ്ക്കുള്ള ക്ലെയിമുകൾ പരിഹരിക്കുന്നതിന് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തരത്തിൽ 150 സ്ഥലങ്ങളിൽ ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സ്ഥാപിച്ചു.

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ നെല്ലും എല്ലാ ജില്ലകളിലേയും വാഴ, നേന്ത്രൻ, മരച്ചീനി വിളകളും പി.എം.എഫ്.ബി.വൈ പദ്ധതിയിൽ ഉൾപ്പെടുന്നു. 2022 ഖാരിഫ് സീസണിൽ 8,760 കർഷകർ അംഗങ്ങളാകുകയും നെൽകൃഷിയ്ക്ക് മാത്രമായി 4,056 കർഷകർക്കായി 2.7 കോടി രൂപയുടെ ആനുകൂല്യം ഈ പദ്ധതിയിലൂടെ നൽകുകയും ചെയ്തു. റാബി സീസണിൽ 8,019 കർഷകർ അംഗങ്ങളായി.

**വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (വി.എഫ്.പി.സി.കെ)**

കേരളത്തിലെ കർഷകർക്ക് വാണിജ്യാടിസ്ഥാനത്തിൽ പഴം, പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിന് വിത്തു മുതൽ വിപണനം വരെയുള്ള വിവിധ കാർഷിക പ്രവർത്തനങ്ങളിൽ പിന്തുണ നൽകുക എന്നതാണ് വി.എഫ്.പി.സി.കെ യുടെ ദൗത്യം. കാർഷിക വിജ്ഞാന വ്യാപനം, ഗ്രാമീണ വായ്പ, കൂട്ടായിട്ടുള്ള വിപണനം, മൂല്യവർദ്ധനവ് തുടങ്ങി എല്ലാ ഇടപെടലുകളും സ്വയം സഹായ സംഘങ്ങളിലൂടെ പ്രാവർത്തികമാക്കി വരുന്നു. 2022-23 കാലയളവിൽ 99 പുതിയ സ്വയംസഹായ സംഘങ്ങളിലായി 3145 പുതിയ കർഷകർ രജിസ്റ്റർ ചെയ്തു. അങ്ങനെ 10,310 സംഘങ്ങളിലായി 2,11,339 കർഷകർ കൗൺസിലിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്ന ആലത്തൂരിലെ വിത്ത് സംസ്കരണ പ്ലാന്റ്, എറണാകുളം നെട്ടൂരിലെ ഹൈടെക് പ്ലഗ് നഴ്സറി, എറണാകുളം, തിരുവനന്തപുരം, കാസറഗോഡ് എന്നിവിടങ്ങളിലെ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ എന്നിവ 47.38 മെട്രിക് ടൺ പച്ചക്കറി വിത്തുകളും, 7.76 ലക്ഷം ഫലവൃക്ഷതൈകളും, 58.56 ലക്ഷം പച്ചക്കറിതൈകളും 2.3 ലക്ഷം ടിഷ്യൂക്കൾച്ചർ തൈകളും 2022-23 കാലയളവിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു. പാലക്കാട് പ്രവർത്തിക്കുന്ന ജൈവനിയന്ത്രണ ലാബ് കാര്യക്ഷമമായി പ്രവർത്തിക്കുകയും ജൈവനിയന്ത്രണോപാധികളുടെ ഉല്പാദനം 2021-22 ൽ 2.5 മെട്രിക് ടണ്ണായിരുന്നത് 2022-23 ൽ 19.54 മെട്രിക് ടണ്ണായി വർദ്ധിച്ചു. മണ്ണു പരിശോധന അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം പ്രോത്സാഹിപ്പിക്കുകയും അതിന്റെ ഭാഗമായി 5659 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിതഭക്ഷണം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സസ്യഷോപ്പുകൾ/ഇക്കോഷോപ്പുകൾ വഴി വിപണനം ചെയ്യുന്ന ഉല്പന്നങ്ങൾക്ക് കിലോഗ്രാമിന് 2 രൂപ ഉല്പാദന ഇൻസെന്റീവ് നൽകി. ജൈവ ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സുരക്ഷിതമായ ഉല്പന്നങ്ങൾക്കുമായി സംസ്ഥാനത്തുടനീളം ആർ.കെ.ഐ സഹായത്തോടെ 63 തളിർ ഗ്രീൻ ഇക്കോഷോപ്പ് ഔട്ട്‌ലറ്റുകളുടെ ശൃംഖല ആരംഭിച്ചു. ബ്ലോക്ക് ചെയിൻ ടെക്നോളജി വികസനത്തിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ 2022-23 ൽ 7 ജില്ലകളിലായി വാഴപ്പഴത്തിനായി 250 കർഷകരുടെ മൂല്യശൃംഖല വികസിപ്പിച്ചു. പച്ചത്തേങ്ങ സംഭരണമായിരുന്നു വി.എഫ്.പി.സി.കെ നടപ്പിലാക്കിയ ശ്രദ്ധേയമായ മറ്റൊരു പ്രവർത്തനം. 2022-23 കാലയളവിൽ 65 ശേഖരണ കേന്ദ്രത്തിലൂടെയും 11 മൊബൈൽ ശേഖരണ കേന്ദ്രത്തിലൂടേയും 9015.4 മെട്രിക് ടൺ പച്ചത്തേങ്ങ മലപ്പുറം, കോഴിക്കോട്, പാലക്കാട്, കാസറഗോഡ്, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ നിന്നും സംഭരിച്ചു.

പാട്ടഭൂമി കർഷകർക്കുൾപ്പെടെയുള്ള കർഷകർക്ക് വായ്പാ സൗകര്യം നൽകുകയും കിസാൻ ക്രെഡിറ്റ് കാർഡ് പ്രകാരം 99.48 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2 ശതമാനം സബ്സിഡി എന്ന രീതിയിൽ 150 ലക്ഷം രൂപ നൽകി.

കാർഷിക കയറ്റുമതി നയത്തിനായുള്ള നിയുക്ത നോഡൽ ഏജൻസി എന്ന നിലയിൽ നേന്ത്രപ്പഴത്തിന്റെ കടൽ കയറ്റുമതി പ്രോട്ടോക്കോൾ വികസിപ്പിച്ചതിനു തുടർച്ചയായി വാഴക്കുലയും പൈനാപ്പിളിനും കയറ്റുമതി പ്രോട്ടോക്കോൾ വികസിപ്പിക്കുന്നതിനുള്ള പരീക്ഷണം നടപ്പിലാക്കി. തെരഞ്ഞെടുത്ത കർഷകർക്ക് ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടിക്കൾച്ചർ, മാങ്ങയ്ക്കായി വികസിപ്പിച്ച കയറ്റുമതി ഉല്പാദന പ്രോട്ടോക്കോളിൽ പരിശീലനവും നൽകി.

കർഷക സാമൂഹിക സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2022-23 കാലയളവിൽ 10,811 കർഷകർക്ക് വ്യക്തിഗത അപകട ഇൻഷ്വറൻസിനു കീഴിൽ പരിരക്ഷ ലഭിച്ചു.

**സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ (എസ്.എച്ച്.എം)**

സംസ്ഥാനത്തെ ഹോർട്ടിക്കൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പ്രവർത്തിച്ചു വരുന്നു. 2022-23 കാലയളവിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികളാണ് മിഷനിലൂടെ നടപ്പിലാക്കിയത്.

ഈ കാലയളവിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന പദ്ധതിയിൽ 4812.15 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 4062.77 ലക്ഷം രൂപ പദ്ധതിയ്ക്ക് കീഴിലുള്ള വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി വിനിയോഗിക്കുകയും ചെയ്തു. മാങ്ങ, വാഴ, പൈനാപ്പിൾ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതിക്ക, കശുവണ്ടി, കൊക്കോ, പുഷ്പവിളകൾ എന്നിവയുടെ വികസനമാണ് എം.ഐ.ഡി.എച്ച് പദ്ധതി

മുഖേന നടപ്പിലാക്കുന്നത്. തേനീച്ച വളർത്തൽ, പച്ചക്കറി വിത്ത് ഉല്പാദനം, കൂൺകൃഷി എന്നിവയും ഉൾപ്പെടുന്നു. വിളവിസ്തൃതി വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഉല്പാദനം, ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും, വിളവെടുപ്പിനു ശേഷമുള്ള പരിപാലനത്തിനും, വിപണനത്തിനും മിഷൻ പരിപാടികൾ പ്രാധാന്യം നൽകുന്നു. എം.ഐ.ഡി.എച്ച് പദ്ധതിയിൽ വിളകളുടെ വിസ്തൃതിയിലുണ്ടായ നേട്ടം **പട്ടിക 3.1.7** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.7** എം.ഐ.ഡി.എച്ച് പദ്ധതിയുടെ വിള വിസ്തൃതി വർദ്ധന പരിപാടിയ്ക്ക് കീഴിലുള്ള നേട്ടങ്ങൾ

| വിള | വിസ്തൃതി വ്യാപനം ഹെക്ടറിൽ |
|---|---|
| പഴങ്ങൾ | |
| ഡ്രാഗൺ ഫ്രൂട്ട് | 82.81 |
| സ്ട്രോബറി | 34.9 |
| വാഴപ്പഴം | 597.17 |
| പൈനാപ്പിൾ | 357.96 |
| ടിഷ്യൂക്കൾച്ചർ വാഴപ്പഴം | 2.3 |
| പപ്പായ | 49.64 |
| മാങ്ങ | 59.15 |
| ചക്ക | 145.28 |
| അവക്കാഡോ | 51.76 |
| റംബൂട്ടാൻ | 172.28 |
| പാഷൻ ഫ്രൂട്ട് | 51.7 |
| മാംഗോസ്റ്റീൻ | 32.4 |
| നെല്ലിക്ക | 6.61 |
| കുടംപുളി | 7.7 |
| ജാമുൻ | 1.89 |
| സങ്കരയിനം പച്ചക്കറികൾ | 1,243.86 |
| ശീതകാല പച്ചക്കറികൾ | 452.81 |
| പുഷ്പകൃഷി | |
| കട്ട് ഫ്ലവേഴ്സ് (ഓർക്കിഡ്, ആന്തൂറിയം, ജെർബെറ) | 135.62 |
| ലൂസ് ഫ്ലവേഴ്സ് (മുല്ല, ജമന്തി) | 99.7 |
| സുഗന്ധവ്യഞ്ജനങ്ങൾ | |
| ഇഞ്ചി, മഞ്ഞൾ | 391.59 |
| കുരുമുളക് | 1,091.68 |
| വെറ്റില | 79.42 |

ഇവ കൂടാതെ അതിസാന്ദ്രത കൃഷി രീതി മാങ്ങ, ചക്ക, റംബൂട്ടാൻ, പേരയ്ക്ക എന്നീ വിളകളിൽ പ്രോത്സാഹിപ്പിക്കുകയും അതിലൂടെ 17.85 ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കുകയും ചെയ്തു. പോളിഹൗസ് കൃഷി സമ്പ്രദായത്തിലൂടെ ഓർക്കിഡ്, ആന്തൂറിയം, ജെർബെറ, കാർണേഷൻ, റോസ്, ലില്ലി എന്നീ പുഷ്പങ്ങളുടെ കൃഷി 1.17 ഹെക്ടറിൽ നടപ്പിലാക്കി.

വിളവെടുപ്പിനു ശേഷമുള്ള പ്രവർത്തനങ്ങൾക്കായുള്ള പശ്ചാത്തലസൗകര്യ വികസനത്തിന്റെ ഭാഗമായി 14 പ്രാഥമിക സംസ്കരണ ശാലകളും, 18 പായ്ക്ക് ഹൗസുകളും ഒരു ഫ്രീ കൂളിംഗ് യൂണിറ്റും പ്രിസർവേഷൻ യൂണിറ്റും പഴം, പച്ചക്കറികൾക്കായി നാല് ചില്ലറ വില്പന ഔട്ട്ലറ്റുകളും വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിനുള്ള സഹായം നൽകി.

ഇൻഡോ-ഡച്ച് ആക്ഷൻപ്ലാൻ പ്രകാരം നെതർലാൻഡ്സിന്റെ സാങ്കേതിക പിന്തുണയോടെ വയനാട്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ പച്ചക്കറികൾക്കും പൂക്കൾക്കും വേണ്ടിയുള്ള മികവിന്റെ കേന്ദ്രം മിഷനിലൂടെ സ്ഥാപിതമായി. സംസ്ഥാനത്തെ കർഷകർക്ക് ഉയർന്ന വിളവ് ലഭിക്കുന്നതിനായി പച്ചക്കറികളുടേയും പൂക്കളുടേയും ഉയർന്ന നിലവാരമുള്ള നടീൽ വസ്തുക്കൾ നൽകുന്നതിനു പുറമേ പൂ കൃഷിയിലും പച്ചക്കറികൃഷിയിലും ഹൈടെക് കൃഷി രീതിയിൽ ആവശ്യമായ വൈദഗ്ദ്ധ്യവും അറിവും പരിശീലനവും നൽകുന്നതും ഈ കേന്ദ്രത്തിലൂടെ ലക്ഷ്യമിടുന്നു.

കൂൺകൃഷി, പച്ചക്കറി കൃഷിയ്ക്ക് അർക്ക വെർട്ടിക്കൽ ഗാർഡൻ, ഹോർട്ടിക്കൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കൽ, ഓപ്പൺ പ്രിസിഷൻ ഫാമിംഗ് എന്നീ പ്രവർത്തനങ്ങൾ ആർ.കെ.വി. വൈ പദ്ധതിയിലൂടെ മിഷൻ പ്രോത്സാഹിപ്പിച്ചു. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലായി 1000 ഹെക്ടർ വീതം വാഴകൃഷിയിലും, പച്ചക്കറികൃഷിയിലും കൃത്യതാ കൃഷിരീതി നടപ്പാക്കിയതും 66 അർക്ക വെർട്ടിക്കൽ ഗാർഡനുകൾ സ്ഥാപിച്ചതും, 28 നഴ്സറികളും, 953 കൂൺ ഉല്പാദനയൂണിറ്റുകളും സ്ഥാപിച്ചതും പദ്ധതിയുടെ പ്രധാന നേട്ടങ്ങളായിരുന്നു.

കാർഷികോല്പന്നങ്ങളുടേയും നിവേശങ്ങളുടേയും വിലവിവരം, വികസന സൂചിക എന്നിവയുടെ വിവരങ്ങൾ **3.1.20, 3.1.21, 3.1.22, 3.1.23, 3.1.24** എന്നീ അനുബന്ധങ്ങളിൽ നൽകിയിരിക്കുന്നു.

### കാർഷിക ഗവേഷണവും വിദ്യാഭ്യാസവും

കാർഷിക മേഖലയിലും അനുബന്ധമേഖലകളിലും വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും കാർഷിക മേഖലയുടെ സുസ്ഥിരമായ വികസനത്തിനും പരിപാലനത്തിനുമായി വൈദഗ്ദ്ധ്യവും അറിവുമുള്ള മാനവവിഭവശേഷി പ്രദാനം ചെയ്യുന്നതിനും നിയുക്തമായിട്ടുള്ള കേരളത്തിലെ പ്രധാന കാർഷിക സ്ഥാപനമാണ് കേരള കാർഷിക സർവ്വകലാശാല.

സർവ്വകലാശാല സുവർണ്ണ ജൂബിലി സ്മരണാർത്ഥം 2022 ൽ മൂന്ന്പേർക്ക് സുവർണ്ണ ജൂബിലി പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് നൽകുകയും, വെള്ളാനിക്കരയിലെ കാർഷിക കോളേജിൽ നാനോ സയൻസ് ടെക്നോളജിക്ക് പ്രത്യേകമായി ഒരു വകുപ്പ് ആരംഭിക്കുകയും ചെയ്തു.

കാർഷിക ആവാസ വ്യവസ്ഥാ യൂണിറ്റ് അടിസ്ഥാനമാക്കിയുള്ള ശുപാർശകളുടെ പാക്കേജ്, പച്ചക്കറികളുടെ സങ്കരയിന വികസനം, പഴങ്ങളിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ വൈനുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ, കാർഷിക മേഖലയിലെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം വിലയിരുത്തൽ, സാമൂഹിക പരാധീനതയും ലഘൂകരണവും, ആഘാതങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള തന്ത്രങ്ങളുടെ ആവിഷ്കരണം എന്നീ മേഖലകളിലെ ഗവേഷണത്തിന് മുൻഗണന നൽകി. ജൈവസാങ്കേതികവിദ്യ, പ്രജനനം എന്നിവ ഉപയോഗിച്ച് ആഘാതങ്ങൾ തരണം ചെയ്യുവാൻ കഴിവുള്ള വിളയിനങ്ങളുടെ വികസനം, പരമ്പരാഗത വിളയിനങ്ങളുടെ സംരക്ഷണവും ഉപയോഗവും, പ്രകൃതി വിഭവ സംരക്ഷണം (വിളയിനങ്ങൾ, മണ്ണ്, ജലം, സസ്യജന്തുജാലങ്ങൾ) എന്നിവയായിരുന്നു ഊന്നൽ നൽകിയ മറ്റു മേഖലകൾ. കൂടാതെ, ഉപയോഗിക്കുവാൻ എളുപ്പവും സുരക്ഷിതവുമായിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ രൂപകല്പന, കൃഷിയിൽ രാസവസ്തുക്കളുടെ ഉപയോഗം പരിമിതപ്പെടുത്തൽ, പ്രകൃതിസൗഹൃദ രോഗകീട പരിപാലന മാർഗ്ഗങ്ങൾ, മണ്ണിന്റെ ആരോഗ്യം സുസ്ഥിരമായി നിലനിർത്തുന്നതിന് കൃത്യതാ കൃഷി, ഹൈടെക് കൃഷി പോലെയുള്ള കൃഷി രീതികൾക്കുള്ള സാങ്കേതികവിദ്യാ വികസനം എന്നീ മേഖലകളിലും ഗവേഷണം കേന്ദ്രീകരിച്ചു. തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം ഉല്പന്നങ്ങളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതും കൂടാതെ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, പോഷകാഹാര സമൃദ്ധമായ ഉല്പന്നങ്ങളുടെ വികസനം, അത്തരം സാങ്കേതിക വിദ്യകളുടെ വാണിജ്യപരമായ പ്രയോഗം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ദ്വിതീയ കൃഷി പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി. കൃഷിയിൽ നിന്നും മികച്ച വരുമാനം, ചെറുകിട നാമമാത്ര കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക, ഭക്ഷ്യപോഷകാഹാര സുരക്ഷ, പാരിസ്ഥിതിക സുരക്ഷ, പ്രകൃതിവിഭവ സംരക്ഷണം എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണ് 2022-23 ൽ രൂപകല്പന ചെയ്തത്. അങ്ങനെ കാർഷിക മേഖലയുടെ സുസ്ഥിരമായ ഉത്തേജനത്തിന് സഹായകമായ ഫലങ്ങൾ കൊണ്ടുവരുന്നതിന് പദ്ധതികൾ ലക്ഷ്യമിട്ടു. മാത്രമല്ല ഗുണനിലവാരമുള്ള വിത്തുകളും നടീൽ വസ്തുക്കളും വികസിപ്പിക്കുന്നതിനും, വിത്തു പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തുല്യ ഊന്നൽ നൽകി.

കാർഷികമേഖലയിലെ മുൻനിര പരിപാടിയായ കൃഷിയിടാസൂത്രണം അധിഷ്ഠിതമാക്കിയുള്ള വികസന സമീപനത്തിൽ 2022-23 കാലഘട്ടത്തിൽ സർവ്വകലാശാല പ്രധാന പങ്കു വഹിച്ചു. അതിനായി മാസ്റ്റർ ട്രെയിനർമാരെ സൃഷ്ടിക്കുന്നതിലും സാങ്കേതിക മോഡ്യൂളുകൾ തയ്യാറാക്കി മുൻനിര പ്രദർശനങ്ങൾ നടപ്പിലാക്കുന്നതിലും, ശിൽപശാലകൾ സംഘടിപ്പിച്ചുകൊണ്ടും കർഷക-ശാസ്ത്രജ്ഞബന്ധം ഉറപ്പാക്കികൊണ്ടും കാര്യക്ഷമമായ പങ്ക് വഹിച്ചു. ഒരു ബ്ലോക്കിൽ രണ്ട് എന്ന രീതിയിൽ 152 ബ്ലോക്കിലും മാസ്റ്റർ ട്രെയിനർമാരെ സൃഷ്ടിച്ചതും, 154 ഫ്രണ്ട് ലൈൻ പ്രദർശനങ്ങളും 18 കൃഷിയിട പ്രദർശനങ്ങളും നടത്തിയതും, ഡ്രോൺ സാങ്കേതികവിദ്യ പ്രചാരണ പരിപാടികളും പ്രധാനപ്പെട്ട നേട്ടങ്ങളാണ്.

**സർവ്വകലാശാലയുടെ 2022–23 കാലയളവിലെ ചില പ്രധാനപ്പെട്ട നേട്ടങ്ങൾ താഴെ പറയുന്നു.**

- ഓണാട്ടുകര എള്ള്, കൊടുങ്ങല്ലൂർ പൊട്ടു വെള്ളരി, വട്ടവട വെളുത്തുള്ളി, അട്ടപ്പാടി ആട്ടുകൊമ്പ് അവര, അട്ടപ്പാടി തുവര എന്നിവയ്ക്ക് ഭൗമസൂചിക പദവി ലഭ്യമാക്കി.
- കേരളത്തിലെ തീരദേശ മണൽ മണ്ണിന് അനുയോജ്യമായ നീളമുള്ള തണ്ടുകളുള്ള രാമച്ചത്തിന്റെ ആക്സഷൻ 33 എന്ന പുതിയ ഇനം റിലീസ് ചെയ്യാൻ അനുമതി ലഭിച്ചു.
- പീച്ചിങ്ങയുടെ സങ്കരയിനമായ കെ.ആർ. എച്ച് 1 വികസിപ്പിച്ചു. കൂടാതെ, മുരിങ്ങയിൽ ദ്രുതപ്രജനനരീതികൾ വികസിപ്പിക്കുകയും ചെയ്തു.
- ഹൈപ്രഷർ സംസ്കരണം, വാക്വം ഇംപ്രഗ്നേഷൻ എന്നിവയിലൂടെ ചക്ക, പൈനാപ്പിൾ പാകപ്പെടുത്തുന്നതിനും, ചക്കക്കുരുപ്പൊടി ഉപയോഗിച്ചുകൊണ്ടുള്ള കുക്കീസ് തയ്യാറാക്കുന്നതിനും, വാക്വം ഇംപ്രഗ്നേഷനലിലൂടെ തേങ്ങയും ഇളം തേങ്ങ ചിപ്സും തയ്യാറാക്കുന്നതിനും, സ്പ്രേ ഡ്രയിംഗിലൂടെ ടോഡി പൗഡർ തയ്യാറാക്കുന്നതിനുമുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിച്ചു.
- പി.ജി.പി.ആർ മിക്സ് 1 ന്റെ ദ്രവ്യരൂപവും ക്യാപ്സ്യൂൾ രൂപവും വികസിപ്പിച്ചു.
- യന്ത്രവൽകൃത കുരുമുളക് വിളവെടുപ്പ് യന്ത്രം, കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന അടയ്ക്ക തോട് ഇളക്കുന്ന യന്ത്രം, പെഡൽ സംവിധാനം ഉപയോഗിച്ചുള്ള അഗർബത്തി നിർമ്മാണയന്ത്രം, ട്രാക്ടറിൽ ഘടിപ്പിക്കാവുന്ന 'ബേസിൻ ലിസ്റ്റർ' എന്നീ യന്ത്രങ്ങൾ വികസിപ്പിച്ചു.
- 53 മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം സന്ദർശനത്തിലൂടെ രോഗകീടനിയന്ത്രണത്തിനും മറ്റു ഫീൽഡ്തല പ്രശ്നങ്ങൾക്കുള്ള ഉപദേശക സേവനങ്ങൾ നൽകി.
- വിവിധ കാർഷിക വിഷയങ്ങളിൽ 2022-23 കാലയളവിൽ 70,531 പേരെ ഉൾപ്പെടുത്തി 2058 പരിശീലനപരിപാടികൾ നടപ്പിലാക്കി. സർവ്വകലാശാലയിലെ 252 ശാസ്ത്രജ്ഞരെയും കൃഷി വകുപ്പിലെ 358 ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി 1546 കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സമ്പർക്ക പരിപാടികൾ നടപ്പിലാക്കി.
- വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ തൃശ്ശൂർ കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ സഹകരണത്തോടുകൂടി രണ്ട് കർഷക ഉല്പാദക സംഘടനകൾ രൂപീകരിച്ചു.
- സർവ്വകലാശാലയ്ക്കു കീഴിലുള്ള ഇ-ലേണിംഗ് സെന്ററിലൂടെ 5912 കർഷകർക്കും, വിജ്ഞാനവ്യാപന പ്രവർത്തകർക്കും, വിദ്യാർത്ഥികൾക്കും, സംരംഭകർക്കും മറ്റു ഉപയോക്താക്കൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ 16 (എം.ഒ.സി.സി) ഓൺലൈൻ കോഴ്സുകൾ നടപ്പിലാക്കി.

കെ.എ.യു ആർ.എ.ബി.ഐ (കെ.എ.യു-ആർ. കെ.വി.വൈ-ആർ.എ.എഫ്.റ്റി.എ.എ.ആർ അഗ്രിബിസിനസ്സ് ഇൻക്യുബേറ്റർ) എന്ന പദ്ധതിയുടെ

ഭാഗമായി സർവ്വകലാശാല നടപ്പിലാക്കിയ വിവിധ പരിശീലനങ്ങളിലൂടെ 208 സ്റ്റാർട്ടപ്പുകൾ സ്ഥാപിതമായി.

**കൃഷിയും അനുബന്ധ മേഖലകൾക്കുമുള്ള ധനസഹായം**

ഭക്ഷ്യസുരക്ഷയും ഉപജീവനവും വർദ്ധിപ്പിക്കുന്നതിന് ഗ്രാമീണ ധനകാര്യ സേവനങ്ങളിലും കാർഷിക മേഖലയിലും മൂലധന നിക്ഷേപത്തിന് വലിയ തോതിലുള്ള ആവശ്യകതയുണ്ട്. കാർഷിക മേഖലയിലെ കുറഞ്ഞ വായ്പ വളർച്ചയുടെ പ്രധാന വെല്ലുവിളി സാമ്പത്തിക സേവനങ്ങൾ കണ്ടെത്തുന്നതിന് നേരിടുന്ന ബുദ്ധിമുട്ടാണ്. സർക്കാർ വിഭവങ്ങളുടെ പരിമിതമായ ലഭ്യത മൂലം നിക്ഷേപ ആവശ്യകത ഭൂരിഭാഗവും വരുന്നത് സ്വകാര്യമേഖലയിൽ നിന്നാണ്. കണ്ടെത്തുന്നതിന് നേരിടുന്ന ബുദ്ധിമുട്ടാണ്. യന്ത്രവൽക്കരണം, കാലാവസ്ഥ, നൂതന സാങ്കേതിക വിദ്യകൾ, സംസ്കരണ, കാർഷിക ഭക്ഷ്യ വിതരണ ശൃംഖല എന്നിവയ്ക്ക് വലിയ തോതിലുള്ള ധനസഹായം ആവശ്യമാണ്. വികസ്വര രാജ്യങ്ങളിലെ ചെറുകിട കാർഷിക സംരംഭകരായ കുടുംബങ്ങൾക്കും, സംരംഭങ്ങൾക്കും പലപ്പോഴും മതിയായ നിക്ഷേപ മൂലധനം ലഭിക്കുന്നില്ല, ഇത് സമ്പദ്‌വ്യവസ്ഥയിൽ കുറഞ്ഞ മൂലധന രൂപീകരണത്തിന് കാരണമാകുന്നു. കർഷകർക്കും സക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ ചെറിയ നിക്ഷേപങ്ങൾ ആവശ്യമാണ്.

പ്രാഥമിക മേഖലയുടെ വളർച്ചയെ പിന്തുണയ്ക്കുന്നതിൽ കാർഷിക ധനസഹായം അത്യന്താപേക്ഷിതമാണ്. കാരണം അത് നിലവിലുള്ള വിഭവങ്ങൾ വർദ്ധിപ്പിക്കുകയും, കാർഷിക മേഖലയിലെ അപകട സാധ്യത കുറയ്ക്കുകയും ചെയ്യുന്നു. വായ്പയുടെ വ്യാപ്തി, കാർഷിക ഉല്പാദനത്തിനപ്പുറം വ്യാപിക്കുകയും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും അസമത്വങ്ങൾ കുറയ്ക്കുന്നതിലും പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനം ചെലുത്തുകയും ചെയ്യുന്നു. ദരിദ്രരായ കർഷകരെ അവരുടെ ആസ്തി വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യമൂല്യശൃംഖലകളുടെ വികസനം സുഗമമാക്കുന്നതിനും പ്രാപ്തരാക്കുന്നു. കൃഷി ഇറക്കുന്നതിനാവശ്യമായ വിത്തുകൾ, വളങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുവാനും, വിളവെടുപ്പ് സമയത്തിന് മുൻപുള്ള പ്രവർത്തന ചെലവുകൾക്ക് സാമ്പത്തിക സഹായം കണ്ടെത്തുവാനും കാർഷികധനകാര്യത്തിന് നിർണ്ണായകമായ സ്ഥാനമുണ്ട്.

**കാർഷിക വായ്പാ നയം**

സ്ഥാപനപരമായ വായ്പാ സ്രോതസ്സുകളിലേക്കുള്ള കർഷകരുടെ പ്രവേശനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള നയപരമായ നടപടികൾ ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. എല്ലാ കർഷകർക്കും സമയബന്ധിതവും മതിയായതുമായ വായ്പാ പിന്തുണ നൽകുന്നതിനും, കാർഷിക ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയും മെച്ചപ്പെട്ട കാർഷിക രീതികളും സ്വീകരിക്കാൻ അവരെ പ്രാപ്തരാക്കുന്ന പുരോഗമനപരമായ സ്ഥാപനവൽക്കരണമാണ് ഈ നയങ്ങളുടെ ലക്ഷ്യം. വായ്പാ ആസൂത്രണം, പ്രാദേശിക-നിർദ്ദിഷ്ട തന്ത്രങ്ങൾ സ്വീകരിക്കൽ, വായ്പ നയങ്ങളും നടപടിക്രമങ്ങളും യുക്തിസഹമാക്കൽ എന്നിവയിലൂടെ താഴെ തട്ടിലുള്ള വായ്പയുടെ വിതരണം വർദ്ധിപ്പിക്കുന്നതിന് ഈ നയം ഊന്നൽ നൽകുന്നു. നിലവിലുള്ള നയങ്ങൾ ശക്തിപ്പെടുത്തുന്നതിനു സ്വീകരിച്ച നടപടികൾ മൂലം, കാർഷിക വായ്പാ വിതരണത്തിൽ സ്ഥായിയായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2022-23 വർഷത്തെ കാർഷിക വായ്പാ വിതരണം, ലക്ഷ്യമിട്ട 18.50 ലക്ഷം കോടി രൂപയിൽ നിന്ന് 21.67 ലക്ഷം കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2023-24 ൽ 20 ലക്ഷം കോടി രൂപയാണ് കാർഷിക മേഖലയിലേക്കുള്ള വായ്പാ ഒഴുക്കിന്റെ ലക്ഷ്യം. കൃഷിയിലും അനുബന്ധ മേഖലകളിലും നബാർഡ് നിക്ഷേപ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും മൂലധന രൂപീകരണം വർദ്ധിപ്പിക്കുകയും വിവിധ പ്രോത്സാഹന, വികസന സംരംഭങ്ങളിലൂടെയും ബാങ്കുകൾക്ക് റീഫിനാൻസ് പിന്തുണയിലൂടെയും കാർഷികമേഖലയിൽ സുസ്ഥിര വികസനം കൈവരിക്കുകയും ചെയ്യുന്നു.

**സ്ഥാപനപരമായ ക്രമീകരണങ്ങൾ**

കാർഷിക വിഭവ സമാഹാരണം, വിഭവ സമ്പത്ത്, ഭൂവിനിയോഗം, കൃഷി രീതി, കൃഷിയുടെ തോത്, സാമൂഹിക-സാമ്പത്തിക ഘടകങ്ങൾ എന്നിവയിൽ കേരളത്തിലെ കാർഷിക മേഖലയ്ക്ക് അതിന്റേതായ സവിശേഷതകളുണ്ട്. സംസ്ഥാനത്തെ ഭൂരിഭാഗം കർഷകരും ചെറുകിട/നാമമാത്ര കർഷകരാണ്. ചെറുകിട തോട്ടങ്ങളിലാണ് ഉത്പാദനം കൂടുതലായും നടക്കുന്നത്. കേരളം പോലൊരു സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ ശേഖരണത്തിന് വലിയ പ്രാധാന്യമുണ്ട്. കൃഷിയിലെയും അനുബന്ധ പ്രവർത്തനങ്ങളിലെയും മുഴുവൻ വിതരണ ശൃംഖലയ്ക്കും വായ്പ നൽകുന്നതിൽ കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങൾ വലിയ പങ്ക് വഹിക്കുന്നു. വാണിജ്യ ബാങ്കുകൾ (സി.ബി), റീജിയണൽ റൂറൽ ബാങ്കുകൾ (ആർആർബികൾ), സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന മൾട്ടി-ഏജൻസി ശൃംഖലയിലൂടെയാണ് കാർഷിക വായ്പ വിതരണം ചെയ്യുന്നത്.

സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ അഭിപ്രായത്തിൽ, കേരളത്തിന് ഒരു മികച്ച ബാങ്കിംഗ് ശൃംഖലയുണ്ട്. കേരളത്തിലെ ആകെയുള്ള ബാങ്ക് ശാഖകളുടെ എണ്ണം 2023 മാർച്ചിലെ കണക്കനുസരിച്ച് 7786 ആണ്. അതിൽ 6788 വാണിജ്യ ബാങ്കുകളും പ്രാദേശിക ഗ്രാമീണ ബാങ്കുകളും ചെറുകിട ധനകാര്യ സ്ഥാപനങ്ങളുമാണ്. ബാക്കിയുള്ള 998 ശാഖകൾ സഹകരണ ബാങ്കുകളും അവയുടെ ശാഖകളും ആണ്. (സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2024-25)


സഹകരണ ബാങ്കുകളും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും(പിഎസിഎസ്) സംസ്ഥാനത്ത് കാർഷിക മേഖലയിൽ കൂടുതൽ സാമ്പത്തിക വളർച്ച നേടിയെടുക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഗ്രാമീണരായ, താഴ്ന്ന വരുമാനമുള്ള ജനങ്ങളെ ബാങ്കിംഗ് സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിൽ

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നതോടൊപ്പം ഗ്രാമീണ വായ്പാ സംവിധാനത്തിന്റെ നട്ടെല്ലായി പ്രവർത്തിക്കുകയും ചെയ്യുന്നു. കേരളത്തിലെ സഹകരണ മേഖലയുടെ വികസനത്തിലും പ്രവർത്തനത്തിലും സർക്കാർ സജീവമായ പങ്ക് വഹിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ കേരളത്തിലെ ഒട്ടുമിക്ക സഹകരണ സ്ഥാപനങ്ങളുടെയും അടച്ചു തീർത്ത ഓഹരി മൂലധനത്തിൽ സർക്കാർ ഓഹരിയും ഉൾപ്പെട്ടിട്ടുണ്ട്. പ്രാദേശിക തലത്തിൽ, 2023 മാർച്ച് വരെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ 170 ഓഫീസുകൾ, 1645 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിലൂടെ വായ്പാ സഹകരണ സംഘങ്ങൾക്ക് കേരളത്തിൽ നല്ലൊരു ശൃംഖലയുണ്ട്.

### കാർഷിക പുരോഗതിയിലെ വളർച്ച

കാർഷികോൽപ്പാദനത്തിന്റെ വളർച്ചക്ക് സംഭാവന നൽകുന്ന ഒരു നിർണായക വിതരണ ഘടകമാണ് കാർഷിക വായ്പ. സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങൾ പ്രാഥമിക മേഖലയ്ക്ക് ദീർഘകാല, ഇടത്തരം, ഹ്രസ്വകാല വായ്പകൾ നൽകുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിൽ കാർഷിക മുന്നേറ്റം ഗണ്യമായി വർദ്ധിച്ചു, ഇത് രാജ്യത്തെ മൊത്തം കാർഷിക മുന്നേറ്റത്തിന്റെ 5.64 ശതമാനമാണ്. കേരളത്തിലെ കാർഷിക വായ്പാ വിതരണം 2023 മാർച്ചിലെ കണക്ക പ്രകാരം, വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ വഴിയുള്ള മൊത്തം കാർഷിക വായ്പ 122030 കോടി രൂപയാണ്. മൊത്തം വായ്പകളുടെ 22% കാർഷിക വായ്പകളാണ് **(ചിത്രം 3.1.3)**.


**ചിത്രം 3.1.3** കാർഷിക വായ്പകൾ സഹകരണ ബാങ്കുകൾ ഒഴികെ (രൂപ കോടിയിൽ)




അവലംബം: എസ്.എൽ.ബി.സി റിപ്പോർട്ട് 2022-23

കാർഷിക വായ്പയുടെ ഏജൻസി തിരിച്ചുള്ള വിതരണം കാർഷിക വായ്പാ വിതരണം 2017-18 ൽ 67,089 കോടി രൂപയായിരുന്നത് 2022-23ൽ 119709 കോടി രൂപയായി വർദ്ധിച്ചു. 2022-23 ൽ വിതരണം ചെയ്ത മൊത്തം കാർഷിക വായ്പയിൽ 89232 കോടി രൂപ പൊതു-സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ മുഖേന വിതരണം ചെയ്തു. സഹകരണ ബാങ്കുകൾ വഴി 9263 കോടി രൂപയും; റീജണൽ റൂറൽ ബാങ്കുകൾ (ആർആർബി) 16279 കോടി രൂപയും മറ്റ് ചെറുകിട ധനകാര്യ ബാങ്കുകൾ വഴി 4935 കോടി രൂപയും. **(പട്ടിക 3.1.8).** 2022-23ൽ സംസ്ഥാനത്ത് നിക്ഷേപ വായ്പയായി 31664 കോടി രൂപ വിതരണം ചെയ്തു, അതിൽ പൊതു സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ 24291 കോടി രൂപയും സഹകരണ ബാങ്കുകൾ 1845 കോടി രൂപയും ആർആർബികൾ 597 കോടിയും മറ്റുള്ളവ 4931 കോടിയും നൽകി. വാണിജ്യ ബാങ്കുകളുടെ വിഹിതം മൊത്തം ദീർഘകാല വായ്പയുടെ 77 ശതമാനമാണ്. അതേസമയം, സഹകരണ സംഘങ്ങളുടെ വിഹിതം 6 ശതമാനം മാത്രമായിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് നേരിയ വർധനവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ദീർഘകാല (എൽടി) വായ്പയിൽ ആർആർബികളുടെയും ചെറുകിട ധനകാര്യ ബാങ്കുകളുടെയും വിഹിതം യഥാക്രമം 2 ശതമാനവും 15 ശതമാനവുമാണ്. കാർഷിക, അനുബന്ധ പ്രവർത്തനങ്ങളിലെ വായ്പയുടെ മുന്നേറ്റത്തിൽ വാണിജ്യ ബാങ്കുകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നതായി ഇത് കാണിക്കുന്നു. 2022-23 കാലയളവിൽ കേരളത്തിലെ കാർഷിക മേഖലയ്ക്കുള്ള നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള വിതരണം **ചിത്രം 3.1.4** ൽ സൂചിപ്പിച്ചിരിക്കുന്നു.

**ചിത്രം 3.1.4** കേരളത്തിലെ കാർഷിക മേഖലയ്ക്കുള്ള നിക്ഷേപ വായ്പയുടെ ഏജൻസി തിരിച്ചുള്ള വിതരണം




അവലംബം: സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2023-24

വിള വായ്പാ വായ്പയുടെ നേട്ടം 2022-23 കാലയളവിൽ 138 ശതമാനമായി മെച്ചപ്പെട്ടു. ഇത് 2021-22 ൽ നിശ്ചയിച്ച ലക്ഷ്യത്തിന്റെ 116 ശതമാനം ആണ്. 2021-22 നെ അപേക്ഷിച്ച് 2022-23-ലെ വാണിജ്യ ബാങ്കുകൾ കാർഷിക വിളവായ്പയുടെ ലക്ഷ്യത്തിന് എതിരായുള്ള നേട്ടം 131 ശതാമനത്തിൽ നിന്ന് 149 ആയി ഉയർന്നു. കാർഷിക ധനസഹായത്തിൽ സ്മോൾ ഫിനാൻസ് ബാങ്കിന്റെ വിഹിതം 440 ൽ നിന്ന് 337 ശതമാനമായി കുറഞ്ഞു. 2021-22- ലെ 156 ശതമാനത്തിൽ നിന്ന് 2022-23 ൽ നിശ്ചയിച്ച ലക്ഷ്യത്തിന്റെ 161 ശതമാനമായി കാർഷിക ദീർഘകാല വായ്പ വർദ്ധിച്ചു.

### നിക്ഷേപ വായ്പ

നിക്ഷേപ വായ്പ, മൂലധന നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനാൽ, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, കർഷകർക്കും സംരംഭകർക്കും വരുമാനം എന്നിവ വർദ്ധിപ്പിക്കുന്നു. സുസ്ഥിരമായ കാർഷിക വളർച്ച നിലനിർത്താൻ ഹ്രസ്വകാല ദീർഘകാല നിക്ഷേപ വായ്പകൾ തമ്മിലുള്ള സന്തുലിതാവസ്ഥ അത്യന്താപേക്ഷിതമാണ്. കുറച്ച് വർഷങ്ങളായി നിക്ഷേപ വായ്പയുടെ അനുപാതത്തിൽ പരിവർത്തനം സംഭവിച്ചിട്ടുണ്ട്. 2015-16ൽ, കൃഷിയിലേക്കുള്ള മൊത്തം ഗ്രൗണ്ട് ലെവൽ വായ്പയുടെ (ജിഎൽസി) വിതരണത്തിന്റെ

**പട്ടിക 3.1.8** 2022-23 ൽ കാർഷിക മേഖലയിലേക്കുള്ള വായ്പാ വിതരണം (കോടി രൂപയിൽ)

| ക്രമ നം | ഏജൻസിയുടെ പേര് | ഹ്രസ്വകാല (വിള) വായ്പ | | | ദീർഘകാല (ഉത്പാദന) വായ്പാ | | | ആകെ കാർഷിക വായ്പ | | |
|---|---|---|---|---|---|---|---|---|---|---|
| | | ലക്ഷ്യം | നേട്ടം | ശതമാനം | ലക്ഷ്യം | നേട്ടം | ശതമാനം | ലക്ഷ്യം | നേട്ടം | ശതമാനം |
| 1 | പൊതു സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ | 39353 | 58697 | 149 | 12802 | 24290 | 190 | 56257 | 89232 | 159 |
| 2 | സഹകരണ ബാങ്കുകൾ | 11319 | 7121 | 63 | 4459 | 1845 | 41 | 1719 | 9263 | 54 |
| 3 | പ്രാദേശിക ഗ്രാമീണ ബാങ്കുകൾ | 7676 | 15681 | 204 | 1684 | 597 | 35 | 10410 | 16279 | 156 |
| 4 | ചെറുകിട ധനകാര്യ ബാങ്കുകൾ | 580 | 3.4 | 1 | 773 | 4931 | 638 | 1466 | 4935 | 337 |
| | ആകെ | 58929 | 81503 | 138 | 19719 | 31665 | 161 | 85313 | 119709 | 140 |

അവലംബം: എസ്.എൽ.ബി.സി റിപ്പോർട്ട് 2022-23

ശതമാനം ഉൽപ്പാദന വായ്പയും (ഹ്രസ്വകാല) നിക്ഷേപ വായ്പയും (ദീർഘകാല) എന്നിവയുടെ അനുപാതം, 80 ശതമാനവും 20 ശതമാനവും ആയിരുന്നു. 2022-23ൽ ഉൽപ്പാദനത്തിന്റെയും നിക്ഷേപ വായ്പയുടെയും അനുപാതം യഥാക്രമം 68 ശതമാനമായും 32 ശതമാനമായും മാറി. ഹ്രസ്വകാല വായ്പ 13 ശതമാനം കോമ്പൗണ്ട് വാർഷിക വളർച്ചാ നിരക്കിലും (സിഎജിആർ) ദീർഘകാലാ വായ്പ 20 ശതമാനം സിഎജിആറിലും വായ്പ നൽകി. ദീർഘകാല നിക്ഷേപ വായ്പയുടെ വിഹിതം മെച്ചപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ വർദ്ധനവ് മൂലം ദീർഘകാലാടിസ്ഥാനത്തിൽ കാർഷിക മേഖലയിലെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിന്, മേഖലയിൽ ആസ്തികൾ സൃഷ്ടിക്കാൻ ഇത് സഹായിക്കുന്നു. ദീർഘകാലാടിസ്ഥാനത്തിൽ കൃഷിയിൽ നിന്നുള്ള വരുമാനത്തിൽ സുസ്ഥിരമായ വർദ്ധനയ്ക്കും ആവശ്യകതകൾക്ക് അനുസൃതമായി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് നിക്ഷേപ വായ്പയുടെ പ്രാധാന്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

സംസ്ഥാനത്ത് കാർഷിക വായ്പയായി 2022-23ൽ 1,19,709 കോടി രൂപ വിതരണം ചെയ്തു, അതിൽ 81,503 കോടി രൂപ ഉൽപ്പാദന വായ്പയും 31,665 കോടി രൂപ നിക്ഷേപ വായ്പയുമാണ്. ഉൽപ്പാദനം നിക്ഷേപം എന്നീ വായ്പകളുടെ വിഭജനം, **അനുബന്ധം 3.1.25**-ലും **ചിത്രം 3.1.5** -ലും നൽകിയിരിക്കുന്നു.


2022-23 വർഷത്തിൽ മൊത്തം നിക്ഷേപ വായ്പയായ 119709 കോടി രൂപയിൽ 68.08% വിള വായ്പയ്ക്കും 3.5% ക്ഷീരവികസനത്തിനും വിനിയോഗിച്ചു. ഉപമേഖല തിരിച്ചുള്ള കാർഷിക വായ്പാ പ്രവാഹം **അനുബന്ധം 3.1.26** ൽ നല്കിയിരിക്കുന്നു. കാർഷിക മേഖലയിൽ മൂലധന രൂപീകരണം സുഗമമാക്കുന്നതിന് കാർഷിക ദീർഘകാല വായ്പ വിതരണത്തിൽ തടസ്സങ്ങൾ എതുമില്ലെന്നു ബാങ്കുകൾ ഉറപ്പാക്കേണ്ടതുണ്ട്. ഏജൻസി തിരിച്ചുള്ളതും മേഖല തിരിച്ചുള്ളതുമായ കാർഷിക വായ്പ വിതരണം **അനുബന്ധം 3.1.27** ൽ നല്കിയിരിക്കുന്നു.

സംസ്ഥാനത്തെ ക്രെഡിറ്റ് ഡെപ്പോസിറ്റിന്റെ അനുപാതം 2023-24ൽ സഹകരണ ബാങ്കുകൾ വാണിജ്യ ബാങ്കുകൾ എന്നിവയ്ക്ക് 73.40 ശതമാനവും പ്രാദേശിക ഗ്രാമീണ ബാങ്കുകൾ ചെറുകിയ ധനകാര്യ ബാങ്കുകൾ എന്നിവയ്ക്ക് 68.55 ശതമാനവുമാണ്. ഇത് 2021-22ൽ യഥാക്രമം 72.14, 73.74 ആയിരുന്നു. കാർഷിക അനുബന്ധ മേഖലകളിലെ നിഷ്ക്രിയ ആസ്തികൾ മൊത്തം കാർഷിക മുന്നേറ്റത്തിന്റെ 3.8 ശതമാനമാണ്. 2021-22ൽ നിശ്ചയിച്ച ലക്ഷ്യത്തിൽനിന്ന് 28 ശതമാനം വർധനവോടെ കേരളത്തിലെ പ്രാഥമികമേഖലാ വായ്പ 128 ശതമാനം കൈവരിച്ചു.

### കിസാൻ ക്രെഡിറ്റ് കാർഡ് (കെസിസി)

ബാങ്കിംഗ് മേഖലയിൽ നിന്ന് കർഷകർക്ക് മതിയായതും സമയബന്ധിതവുമായ വായ്പ ഉറപ്പാക്കുന്നതിനുള്ള ഒരു നടപടി എന്ന നിലയിലാണ് 1998-99-ൽ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി നടപ്പിലാക്കിയത്. നബാർഡിന് ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം, 2022-23 കാലയളവിൽ സംസ്ഥാനത്ത് 29737.97 കോടി രൂപയുടെ 14.85 ലക്ഷം കിസാൻ ക്രെഡിറ്റ് കാർഡുകൾ (കെ.സി.സി) വിതരണം ചെയ്തു. വിവിധ ഏജൻസികൾ മുഖേനയുള്ള കെ.സി.സിയുടെ വിതരണം **അനുബന്ധം 3.1.28** ൽ നൽകിയിരിക്കുന്നു. കർഷകർക്ക് ഓട്ടോമേറ്റഡ് ടെല്ലർ മെഷീനുകൾ, എവിടെയും ബാങ്കിംഗ് സൗകര്യങ്ങൾ, ഡെബിറ്റ് കാർഡുകൾ എന്നിവ പോലുള്ള മൂല്യവർദ്ധിത സേവനങ്ങൾ നൽകുന്നതിന് ബാങ്കുകൾ അവരുടെ കോർ ബാങ്കിങ് സൊല്യൂഷൻ പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തുന്നു. കെ.സി.സി യിൽ സ്മാർട്ട് കാർഡുകളോ ഡെബിറ്റ് കാർഡുകളോ നൽകുന്നതിന് ബാങ്കുകൾക്ക് റുപേ നെറ്റ്‌വർക്ക് ഉപയോഗിക്കാനാകും. അതുവഴി കർഷകർക്ക് അവരുടെ സൗകര്യത്തിനനുസരിച്ച് എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാകും. 2020 ഏപ്രിൽ മുതൽ വിതരണം ചെയ്ത ഹ്രസ്വകാല വായ്പകളുടെ പലിശ സബ്‌വെൻഷന്റെ (ഐ.എസ്.എസ്) ആനുകൂല്യം ലഭിക്കുന്നതിന് കെ.സി. സി വേണമെന്നുള്ളത് നിർബന്ധമാക്കി. ഐ.എസ്. എസ്-ന്റെ ആനുകൂല്യം ലഭിക്കുന്നതിന് ആധാറും

ചിത്രം 3.1.5 ഉൽപ്പാദനം നിക്ഷേപം എന്നീ വായ്പകളുടെ വിഭജനം




അവലംബം: എസ്.എൽ.ബി.സി റിപ്പോർട്ട് 2022-23

നിർബന്ധമാക്കിയിട്ടുണ്ട്. ഏകദേശം മൂന്ന് കോടിയോളം കിസാൻ ക്രെഡിറ്റ് കാർഡുകൾ ഗ്രാമീണ സഹകരണ ബാങ്കുകളിലും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലും ആയി സഹകരണ മേഖലയിൽ ഉണ്ടെന്ന കണക്കാക്കപ്പെട്ടിരിക്കുന്നു. അതിനാൽത്തന്നെ കിസാൻ ക്രെഡിറ്റ് കാർഡുകൾ റുപേ കാർഡുകളാക്കി മാറ്റുന്നതിന് സഹകരണ മേഖലയെ പിന്തുണയ്ക്കേണ്ടത് വളരെ പ്രധാനമാണ്.

### നബാർഡ്

സംസ്ഥാനങ്ങൾക്ക് വായ്പ/പുനർവായ്പാ രൂപത്തിലും ഗ്രാന്റ് ആയും നബാർഡ് പിന്തുണ സഹായങ്ങൾ നൽകി വരുന്നു. കാർഷിക മേഖലകളിലേക്കും അനുബന്ധ മേഖലകളിലേക്കും താഴെ തട്ടിൽ നിന്നുള്ള വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുമായി വായ്പ/പുനർവായ്പ വിപുലീകരിക്കേണ്ടതായിട്ടുണ്ട്. കാർഷിക മേഖലയിലെ നവീകരണം മുതൽ കർഷക ഉൽപ്പാദക സംഘടനകളുടെ പ്രോത്സാഹനം വരെയുള്ള വികസന പ്രവർത്തനങ്ങൾ, ഓഫ് ഫാം പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, നൈപുണ്യ വികസനം, സാമ്പത്തിക സഹായ പിന്തുണ, ബാങ്കിംഗ് ഇടപാടുകൾ ഡിജിറ്റൈസ് ചെയ്യൽ, ഉപജീവന സാധ്യതകൾ സൃഷ്ടിക്കൽ തുടങ്ങി വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഗ്രാന്റ് രൂപത്തിലുള്ള സാമ്പത്തിക സഹായം വിപുലീകരിച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പം തന്നെ സ്വയം സഹായ ഗ്രൂപ്പ് /ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവക്കുള്ള പരിശീലനത്തിലൂടെയും വിപണന പിന്തുണയിലൂടെയും അവരുടെ ശേഷി വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികളും നടത്തിവരുന്നു.

### ദീർഘ കാല ഗ്രാമീണ വായ്പ ഫണ്ട് (LTRCF), ഹ്രസ്വകാല പുനർവായ്പ, നേരിട്ടുള്ള പുനർവായ്പ

കർഷകരുടെയും ഗ്രാമീണ കൈത്തൊഴിലാളികളുടെയും നിക്ഷേപ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മതിയായ വായ്പ നൽകുന്നതിന് ബാങ്കുകൾക്ക് ദീർഘകാല, ഇടത്തരം റീ-ഫിനാൻസ് നബാർഡ് നൽകുന്നു. സഹകരണ ബാങ്കുകൾക്കും റീജിയണൽ റൂറൽ ബാങ്കുകൾക്കും (ആർആർബി) മാത്രമായി കാർഷിക പ്രവർത്തനങ്ങളിലെ നിക്ഷേപ വായ്പയ്ക്ക് ദീർഘകാല റീഫിനാൻസ് പിന്തുണ നൽകുന്നതിനായി നബാർഡുമായി ചേർന്ന് ഇന്ത്യാ ഗവൺമെന്റ് ഒരു "ലോംഗ് ടേം റൂറൽ ക്രെഡിറ്റ് ഫണ്ട്" രൂപീകരിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാന സഹകരണ ബാങ്കുകളും, സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളും (SCARDB) ആർആർബി -കളും യോഗ്യതാ മാനദണ്ഡങ്ങൾക്ക് വിധേയമായി നബാർഡിൽ നിന്ന് റീഫിനാൻസ് സൗകര്യങ്ങൾ ലഭ്യമാക്കുവാൻ അർഹരാണ്.

നബാർഡ് കേരള റീജിയൻ സംസ്ഥാനത്ത് കാർഷിക / കാർഷികേതര പ്രവർത്തനങ്ങൾ നടത്തുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ താഴെ തട്ടിൽ മതിയായ ഫണ്ട് ഉറപ്പാക്കുന്നതിന് ദീർഘകാല, ഹ്രസ്വകാല, നേരിട്ടുള്ള പുനർവായ്പ ഉൾപ്പെടെ 13,477.58 കോടി രൂപ സംസ്ഥാനത്ത് പുനർവയ്പയായി വിതരണം ചെയ്തു. 13,477.58 കോടി രൂപയിൽ, സ്പെഷ്യൽ ലിക്വിഡിറ്റി ഫെസിലിറ്റി (ആർബിഐ വിപുലീകരിച്ചത്) ഉൾപ്പെടെ ഹ്രസ്വകാല റീഫിനാൻസായി 9,579.22 കോടി രൂപയും ദീർഘകാല റീഫിനാൻസായി 3,898.36 രൂപയും കേരള മേഖല വിതരണം ചെയ്തു. ഇങ്ങനെ വിതരണം

ചെയ്യതിൽ ഭൂരിഭാഗവും വാണിജ്യ ബാങ്കുകൾക്കും ചെറുകിട ധനകാര്യ സ്ഥാപനങ്ങൾക്കുമാണ് വിതരണം ചെയ്യത്. കാർഷിക പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ബാങ്കുകളിൽ നിന്ന് കർഷകർക്ക് തടസ്സമില്ലാത്ത വായ്പാ പ്രവാഹം ഉറപ്പാക്കുന്നതിന് ആർആർബികൾക്കും സഹകരണ ബാങ്കുകൾക്കും മൈക്രോഫിനാൻസ് സ്ഥാപനങ്ങൾക്കും ഫണ്ട് എൻഡ് ലിക്വിഡിറ്റി നൽകുന്നതിന് നബാർഡിന് പ്രത്യേക ലിക്വിഡിറ്റി സൗകര്യം ആർബിഐ ലഭ്യമാക്കിയിട്ടുണ്ട്. സഹകരണ ബാങ്കുകൾക്കും ആർആർബികൾക്കും എൽടിആർസിഎഫിന് കീഴിൽ കാർഷിക മേഖലയ്ക്ക് കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല റീഫിനാൻസ് നൽകുന്നതിന് പുറമേയാണിത്. നബാർഡിന്റെ റീ-ഫിനാൻസ് സഹായത്തിന്റെ ഏജൻസി തിരിച്ചുള്ള വിതരണം **അനുബന്ധം 3.1.29**–ൽ കാണിച്ചിരിക്കുന്നു.

### നബാർഡിന്റെ മറ്റ് സഹായം

നബാർഡ്, ഗ്രാമീണ മേഖലകളിൽ വായ്പയുടെ സുഗമമായ വിതരണം സാധ്യമാക്കുകയും അതോടൊപ്പം വായ്പാ പ്രോത്സാഹന/വികസന ഇടപെടലുകളിലൂടെ ഗ്രാമീണ മേഖലകളുടെ സമഗ്ര വികസനം സാധ്യമാക്കുകയും ചെയ്യുന്നു. സംസ്ഥാന സഹകരണ ബാങ്കുകൾക്കും (എസ്.സി.ബി) (റീജിയണൽ റൂറൽ ബാങ്കുകൾക്കും) ആർ.ബി.ഐ വായ്പാ പരിധി നിശ്ചയിച്ച് കുറഞ്ഞ നിരക്കിൽ കാർഷിക, കാർഷിക അനുബന്ധ മേഖലകളിലെ ദീർഘകാല നിക്ഷേപ ആവശ്യങ്ങൾക്കും ഉൽപാദനത്തിനും നബാർഡ് പുനർവായ്പ നൽകി വരുന്നു.

- എ. റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർഐഡിഎഫ്) : കാർഷിക വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങളെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് (ആർഐഡിഎഫ്) പിന്തുണയ്ക്കുന്നു. കൃഷിയിലും അനുബന്ധ മേഖലയിലും സാമൂഹിക മേഖലയിലും കണക്റ്റിവിറ്റി മേഖലയിലുമായി 2022-23 കാലയളവിൽ 710 കോടി രൂപ 4.4 ശതമാനം പലിശ നിരക്കിൽ അനുവദിച്ചു. ആർ.ഐ.ഡി.എഫിന്റെ ട്രാഞ്ചെ തിരിച്ചുള്ള അനുമതിയും വിതരണവും അനുബന്ധം 3.1.30-ൽ കാണിച്ചിരിക്കുന്നു. ഇതു കൂടാതെ പൂർത്തീകരിക്കാനുള്ള വൻകിട ഇടത്തരം ജലസേചന പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് ധനസഹായം നൽകുന്നതിലേക്കായി നബാർഡ് ഒരു ദീർഘകാല ജലസേചന ഫണ്ടും (എൽ.റ്റി.ഐ.എഫ്) രൂപീകരിച്ചിട്ടുണ്ട്.
- ബി. നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് (എൻ.ഐ.ഡി.എ) എന്നത് ഗ്രാമീണ അടിസ്ഥാനസൗകര്യ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള നബാർഡിന്റെ ഒരു വായ്പാ പിന്തുണ പദ്ധതിയാണ്. സംസ്ഥാന സർക്കാരുകൾക്കും കോർപ്പറേഷനുകൾ പോലെയുള്ള മറ്റ് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്കും എൻ.ഐ.ഡി.എ യുടെ സഹായം ലഭ്യമാക്കുന്നുണ്ട്. ഇതുകൂടാതെ ഗ്രാമീണ മേഖലയിലെ അടിസ്ഥാനസൗകര്യ പദ്ധതികളെ സഹായിക്കുന്നതിനായി ഭക്ഷ്യ സംസ്കരണ ഫണ്ട് (എഫ്.പി.എഫ്), ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (എഫ്.ഐ.ഡി.എഫ്), ഡയറി പ്രോസസിംഗ് & ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ഡി.ഐ.ഡി.എഫ്), മൈക്രോ ഇറിഗേഷൻ ഫണ്ട് (എം.ഐ.എഫ്) തുടങ്ങിയ ധാരാളം സാമ്പത്തിക സഹായ പരിപാടികൾ നബാർഡിന്റേതായി നിലവിലുണ്ട്.
- സി. കൂടാതെ, മൈക്രോ ഫുഡ് എന്റർപ്രൈസസ് (എംഎഫ്ഇ) ഫണ്ട്, പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന (പിഎംഎംഎസ്വൈ), അനിമൽ ഹസ്ബൻഡറി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (എഎച്ച്ഐഡിഎഫ്) എന്നിങ്ങനെയുള്ള കേന്ദ്ര മേഖലാ പദ്ധതികളും കാർഷിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്നു. മേൽപ്പറഞ്ഞ സ്കീമുകൾക്ക് അനുസൃതമായി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ മൾട്ടി സർവീസ് സെന്ററുകളാക്കി മാറ്റുന്നതിന് ഇളവോടെ പുനർവായ്പ നൽകുന്നതിന് എഐഎഫിന് കീഴിൽ ഒരു പ്രത്യേക പുനർവായ്പ പദ്ധതി നബാർഡ് ആരംഭിച്ചിട്ടുണ്ട്. ഈ സ്കീമിനു കീഴിൽ കേരള ബാങ്കിന് 3 ശതമാനം പുനർവായ്പ അനുവദിക്കുകയും കേരള ബാങ്ക് പി.എ.സി.എസു-കൾക്ക് 4 ശതമാനം എന്ന നിരക്കിൽ ധനസഹായം നൽകുകയും ചെയ്യുന്നു. സംസ്ഥാനത്ത് എഐഎഫ് നടപ്പിലാക്കുന്നതിന്റെ സുഗമമായ ഒഴുക്ക് ഉറപ്പാക്കുന്നതിന്, ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ നാബ്കോണുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വരുമാനം സുഗമമാക്കുകയും കൃഷിയുടെയും അനുബന്ധ മേഖലകളുടെയും സാമൂഹിക മേഖലകളുടെയും അവസ്ഥ മെച്ചപ്പെടുത്തുന്നതിനും നബാർഡിന്റെ ഇടപെടലുകൾ സഹായിച്ചു. ഈ ഇടപെടലുകൾ ഗ്രാമവികസനത്തിന് കൂടുതൽ ഉതകുമെന്നും മേഖലകളിലുടനീളമുള്ള സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നു.

### മുന്നോട്ടുള്ള വഴി

സാങ്കേതികവിദ്യയിലെ നൂതനാശയങ്ങളും കാർഷിക വിപണികളുടെ ഘടനയും ,കാർഷിക ധനസഹായത്തെ ശക്തമാക്കുന്ന സമീപനങ്ങളെയും ഉല്പന്നങ്ങളുടേയും പരിണാമം സാധ്യമാക്കുന്നു. 2012 G20 റിപ്പോർട്ടിൽ സൂചിപ്പിച്ചതുപോലെ, സുസ്ഥിര കാർഷിക ധനകാര്യത്തിന് ഇനിപ്പറയുന്നവയുടെ ഒരു വിലയിരുത്തൽ ആവശ്യമാണ്: എ) റിസ്കുകൾ, ബി) ചെലവുകൾ/വിതരണ ശൃംഖലകൾ , സി) ബാങ്കിംഗ് അവസരങ്ങൾ, ഡി) ശരിയായ ആളുകൾക്ക് ശരിയായ ഉൽപ്പന്നം. നിലവിലെ റിപ്പോർട്ടിൽ സംഗ്രഹിച്ചിരിക്കുന്നതുപോലെ, സാമ്പത്തിക ഉൾപ്പെടുത്തലിൽ ആഗോള പങ്കാളിത്തം (GPFI) നടത്തുന്ന അഞ്ച് ഗവേഷണ മേഖലകൾ ഈ മേഖലകളിലെ പരിഹാരങ്ങൾക്ക് സംഭാവന നൽകുന്നു. എ, ബി, സി എന്നിവയ്ക്ക് പരിഹാരമായി മൂല്യ ശൃംഖലയ്ക്കുള്ള ധനകാര്യം എന്ന ഘടകം സഹായിക്കുന്നു. ഇൻഷ്വറൻസ്, (എ) യിൽ കേന്ദ്രീകരിക്കുന്നു എന്നാൽ (ബി) യെ അഭിമുഖീകരിക്കുന്നു. (ഡി) മേഖലയ്ക്ക്ഡിമാന്റ് വിലയിരുത്തൽ നിർണായകമാണ്.

സാങ്കേതികവിദ്യയാണ് (ബി) യുടെ നവീകരണത്തെ നയിക്കുന്നത്, സ്ത്രീകൾക്കുള്ള ധനസഹായം (സി) ക്കും കൂടാതെ (ഡി) ക്കും ഉതകുന്നു (ഉറവിടം: ജിപിഎഫ്ഐ റിപ്പോർട്ട്).

ആവശ്യമുള്ള കർഷകർക്ക് സമയബന്ധിതവും മതിയായതുമായ വായ്പയുടെ ലഭ്യത യാതൊരു തടസ്സവുമില്ലാതെ ഉറപ്പാക്കാൻ ബാങ്കിംഗ് സംവിധാനം എല്ലായ്പ്പോഴും സംസ്ഥാന സർക്കാരുമായി ചേർന്ന് പ്രവർത്തിക്കുന്നു. നിക്ഷേപ വായ്പയുടെ വിഹിതം സംസ്ഥാനത്ത് കുറവാണ്. എന്നിരുന്നാലും, സമീപ വർഷങ്ങളിൽ ഇത് വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നു. കേരളത്തിലെ ഭൂമി കൈവശഘടന അനുസരിച്ച് ഓരോ കൈവശഭൂമിയും ശരാശരി 0.18 ഹെക്ടർ വിസ്തൃതിയുള്ള തുണ്ടുവത്കരിച്ച ഭൂമിയാണ്. ഇതുതന്നെയാണ് കാർഷിക മേഖലയിലേക്കുള്ള കുറഞ്ഞ നിക്ഷേപ വായ്പയുടെ പ്രധാന കാരണം. കാർഷിക ധനസഹായം വിപുലീകരിക്കുന്നതിന് കാർഷികോൽപ്പന്നങ്ങളുടെ വിപണിയിലേക്കുള്ള പ്രവേശനം, ധനകാര്യ സ്ഥാപനങ്ങളുടെ സാമീപ്യക്കുറവ്, ഭൂവുടമസ്ഥത തുടങ്ങിയ വെല്ലുവിളികൾ പരിഹരിക്കേണ്ടതുണ്ട്. കാരണം, അവ കാർഷിക സാമ്പത്തിക വികസനത്തിനുള്ള തടസ്സങ്ങളെ പ്രതിനിധീകരിക്കുന്നു. ഉൽപ്പാദനക്ഷമത, വിഭവശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനും കാലാവസ്ഥാ അനുകൂല നിക്ഷേപങ്ങൾ സുഗമമാക്കുന്നതിനും വർധിപ്പിക്കുന്നതിനും അവരുടെ കാർഷിക വായ്പാ പോർട്ട്ഫോളിയോകളിൽ കാലാവസ്ഥാ അപകടസാധ്യതകൾ കൈകാര്യം ചെയ്യാൻ ധനകാര്യ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും ഇടപെടലുകൾ ആവശ്യമാണ്.

# 3.2 കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ

സ്വയം സഹായവും ശാക്തീകരണവും വഴി സുസ്ഥിര വളർച്ചയ്ക്കും സാമൂഹിക വികസനത്തിനും പാരിസ്ഥിതിക ഉത്തരവാദിത്തത്തിനും വേണ്ടിയുള്ള ദീർഘകാല കാഴ്ചപ്പാടും കൂടിയുള്ള പുനർനിക്ഷേപം വഴി സമൂഹത്തിന്റേയും ലോകത്തിന്റെയും ക്ഷേമം സഹകരണസംഘങ്ങൾ പരിപോഷിപ്പിക്കുന്നു. സഹകരണ പ്രസ്ഥാനം ലോകമെമ്പാടും വ്യാപിക്കുകയും സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളെ ഉൾക്കൊള്ളുകയും ചെയ്യുന്നു. പ്രപഞ്ചത്തിലെ 12% ആളുകളെങ്കിലും ഭൂമിയിലെ മൂന്ന് ദശലക്ഷം സഹകരണ സംഘങ്ങളിൽ ഏതെങ്കിലും ഒന്നിൽ സഹകാരിയാണ്. സഹകരണ സ്ഥാപനങ്ങൾ സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകുകയും ആഗോളതലത്തിൽ 280 ദശലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് തൊഴിലവസരങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ, ലോകത്തിലെ തൊഴിൽ ചെയ്യുന്ന ജനസംഖ്യയുടെ 10 ശതമാനവും സഹകരണ മേഖലയിലാണ്. വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്ററിന്റെ കണക്കനുസരിച്ച്, 2020-ൽ മികച്ച 300 സഹകരണ സ്ഥാപനങ്ങൾ 2,170.99 ബില്യൺ യുഎസ് ഡോളറിന്റെ വിറ്റുവരവ് റിപ്പോർട്ട് ചെയ്യുന്ന മിക്ക സംരംഭങ്ങളും പ്രവർത്തിക്കുന്നത് ഇൻഷ്വറൻസ് മേഖലയിലും (101 സംരംഭങ്ങൾ), കാർഷിക മേഖലയിലും (100 സംരംഭങ്ങൾ), മൊത്ത ചില്ലറ വ്യാപാര മേഖലയിലും (59 സംരംഭങ്ങൾ) ആണ്.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ സഹകരണസംഘങ്ങൾ സാമൂഹിക വീക്ഷണത്തോടൊപ്പം ഗ്രാമീണ സാമ്പത്തിക പരിവർത്തനം എന്നതിനുകൂടി ഊന്നൽ നൽകുന്നു. ഗ്രാമീണ ഭാരതത്തിലെ 98% കവറേജുള്ള സഹകരണസംഘങ്ങൾ സമ്പദ്‌വ്യവസ്ഥയുടെ മുഖ്യഘടകമാണ്, ജനങ്ങൾക്ക് സുസ്ഥിരമായ ഉപജീവനവും വരുമാനവും ഉറപ്പാക്കുന്നുണ്ട്. കൃഷി, ക്ഷീരവികസനം, വനം, മത്സ്യബന്ധനം, വായ്പ, ബാങ്കിംഗ്, ഭവന നിർമ്മാണം എന്നിങ്ങനെ വിവിധ മേഖലകളിൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ സമൂഹത്തിലെ കർഷകർ, സ്ത്രീകൾ, യുവാക്കൾ, ദരിദ്രർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളെ സേവിക്കുന്നു. രാജ്യത്ത് 8.5 ലക്ഷം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുള്ളതിൽ ഗ്രാമീണ മേഖലയിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും താഴ്ന്ന വരുമാനക്കാരുമായ വിഭാഗങ്ങളിൽ നിന്നുള്ള 29 കോടിയിലധികം അംഗങ്ങളുണ്ട്.

അംഗങ്ങളുടെയും അതുവഴി സമൂഹത്തിന്റെയും പൊതുവായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആളുകളെ അണിനിരത്തുന്നതിലും വിഭവങ്ങൾ സമാഹരിക്കുന്നതിലും കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. വിപുലമായ പ്രവർത്തനത്തിലൂടെ, സാമ്പത്തിക വികസനത്തിൽ, പ്രത്യേകിച്ച് ഗ്രാമീണ മേഖലയിലെ ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജനങ്ങളുടെ വികസനത്തിന് സഹകരണ സ്ഥാപനങ്ങൾ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കാർഷിക വായ്പ, പൊതുവിതരണ സംവിധാനം, കാർഷികോൽപ്പന്നങ്ങളുടെ വിതരണം, ആരോഗ്യം, പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസം, പാർപ്പിടം, കാർഷിക സംസ്കരണം, പട്ടികജാതി പട്ടികവർഗ വികസനം, വനിതാ വികസനം, മത്സ്യബന്ധനം തുടങ്ങി വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങളുടെ വിപുലമായ ശൃംഖല സംസ്ഥാനത്തിനുണ്ട്.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളായ ദാരിദ്ര്യം ഇല്ലായ്മ, ഭക്ഷ്യ സുരക്ഷ, പട്ടിണി ഇല്ലായ്മ, ലിംഗസമത്വം, മാന്യമായ ജോലി, സാമ്പത്തിക വളർച്ച, കാലാവസ്ഥാ പ്രവർത്തനങ്ങൾ എന്നിവ കൈവരിക്കുന്നതിന് കേരളത്തിലെ സഹകരണ സംഘങ്ങൾ തങ്ങളുടേതായ സംഭാവന നൽകുന്നു.

പ്രവർത്തനപരിധിയുടെ വിസ്തൃതിയും സ്വഭാവവും അതോടൊപ്പം അവ ഏറ്റെടുക്കുന്ന അധികാരങ്ങൾ പ്രവർത്തനങ്ങൾ എന്നിവ അനുസരിച്ച് സഹകരണ സംഘങ്ങളെ വിവിധങ്ങളായി തരം തിരിച്ചിരിക്കുന്നു. നിലവിൽ കേരളത്തിൽ 16,352 സഹകരണ സംഘങ്ങളുണ്ട്, അതിൽ 12,241 എണ്ണം പ്രവർത്തനക്ഷമവും ബാക്കിയുള്ളവ പ്രവർത്തന രഹിതവുമാണ്. സംഘങ്ങളിൽ ഭൂരിഭാഗവും ഉപഭോക്തൃ സഹകരണ സംഘങ്ങൾ (4629), വായ്പാ സഹകരണ സംഘങ്ങൾ (3751), വനിതാ സഹകരണ സംഘങ്ങൾ (1248) എന്നിങ്ങനെയാണ്. കൂടാതെ, വിപണനം, പാർപ്പിടം, സംസ്കരണം, ആരോഗ്യം, പട്ടികജാതി-പട്ടികവർഗ സഹകരണ സംഘങ്ങളുമുണ്ട്. 2023-ലെ കണക്കനുസരിച്ച് വിവിധ തരത്തിലുള്ള സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.2.1**-ൽ നൽകിയിരിക്കുന്നു.

### ക്രെഡിറ്റ് സഹകരണസംഘങ്ങൾ

കേരളത്തിലെ ഒരു പ്രധാന വായ്പാ സ്രോതസ്സാണ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ. പ്രത്യേകിച്ച് ഗ്രാമീണ വായ്പകളുടെ വിതരണത്തിൽ 2018 ലെ കണക്കനുസരിച്ച് കേരളത്തിലെ മൊത്തം ഗാർഹിക കടത്തിന്റെ 33 ശതമാനവും ക്രെഡിറ്റ് സഹകരണ സംഘങ്ങളിൽ നിന്നുള്ളതായിരുന്നു. അതിന്റെ അനുബന്ധ വിഹിതം അഖിലേന്ത്യാതലത്തിൽ 8 ശതമാനം മാത്രമാണ്. കേരള ബാങ്ക്, പി.എ.സി.എസ്, ഫാർമേഴ്സ് സർവീസ് സൊസൈറ്റികൾ (എഫ്.എസ്.എസ്), കെ.എസ്.സി.ആർ.ഡി.ബി, പ്രൈമറിഅഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്കുകൾ (പി.സി.ആർ.ഡി.ബി) എന്നിവയുൾപ്പെടെയുള്ള വായ്പാ സഹകരണ സംഘങ്ങൾ പ്രാഥമിക മേഖലയിലേയ്ക്കുള്ള വായ്പാ വിതരണത്തിൽ മുഖ്യ പങ്ക് വഹിക്കുന്നു. പി.എ.സി.എസ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് 14 ജില്ലകളിലും ശാഖകളുണ്ട്. സംസ്ഥാനത്തെ സഹകരണ കാർഷിക വായ്പാ മേഖലയിൽ ഘടനാപരമായ മാറ്റം കൊണ്ടുവരാൻ സർക്കാർ നിരവധി നടപടികൾ ആരംഭിച്ചിരുന്നു. അതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വായ്പാ ഘടനയെ ദ്വിതല ഘടനയാക്കി മാറ്റാൻ സർക്കാർ നയപരമായ തീരുമാനമെടുക്കുകയും, തുടർന്ന് കേരള ബാങ്കും, മലപ്പുറം ജില്ലാ സഹകരണ ബാങ്കും (എം.ഡി.സി.ബി), താഴെത്തട്ടിലുള്ള ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (എഫ്.എസ്.സി.എസ്) ഉൾപ്പെടെയുള്ള പ്രാഥമിക കാർഷിക സഹകരണ സംഘവും (പി.എ.സി.എസ്) അടങ്ങുന്ന ഹ്രസ്വകാല ഇടത്തരം ഘടനയാക്കി മാറ്റിയിട്ടുണ്ട്. 2023 മാർച്ച് വരെ, 3751 ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 3369 എണ്ണം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നവയും, ബാക്കിയുള്ളവ പ്രവർത്തനരഹിതവുമാണ്. ക്രെഡിറ്റ് സഹകരണസംഘങ്ങളുടെ തെരഞ്ഞെടുത്ത ചില ക്രെഡിറ്റ് പ്രവർത്തനങ്ങളും ഭൗതിക നേട്ടങ്ങളും **അനുബന്ധം 3.2.2**-ൽ നൽകിയിരിക്കുന്നു.

### പ്രാഥമിക കാർഷിക സഹകരണ സംഘം (PACS)

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ ഹ്രസ്വകാല വായ്പയുടെ പ്രാഥമികതലമാണ് പി.എ.സി.എസുകൾ. കേരളത്തിലെ പ്രൈമറി സൊസൈറ്റികൾ ഗണ്യമായ നിക്ഷേപം സമാഹരിക്കുകയും അവരുടെ അംഗങ്ങൾക്ക് വായ്പകളും അഡ്വാൻസുകളും നൽകുകയും ഈ മേഖലയിൽ ഒരു വിപുലമായ വിപണി വിഹിതം കൈവശം വയ്ക്കുകയും ചെയ്യുന്നു. ഗ്രാമീണ വായ്പാ സംവിധാനത്തിന്റെ നട്ടെല്ലായി പ്രവർത്തിച്ചുകൊണ്ട്, ഗ്രാമീണരും താഴ്ന്ന വരുമാനക്കാരുമായ ജനങ്ങളെ നിലവിലുള്ള ബാങ്കിംഗ് സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിൽ PACS ഒരു പ്രധാന പങ്ക് വഹിക്കുന്നു. കാർഷിക ആവശ്യത്തിനുള്ള സാധനങ്ങളുടെ വിതരണം, കൺസ്യൂമർ, മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം, കാർഷിക ഉൽപ്പന്നങ്ങളുടെ സംയോജനവും വിപണനവും, മൂല്യവർദ്ധനവ്, ഗ്രേഡിംഗ്, ബ്രാൻഡിംഗ്, പാക്കിംഗ് തുടങ്ങിയ സേവനങ്ങളും ഈ സ്ഥാപനങ്ങൾ ഏറ്റെടുത്തുവരുന്നുണ്ട്. സംസ്ഥാനത്ത് സഹകരണ രജിസ്ട്രാർക്ക് കീഴിൽ 1645 പി.എ.സി.എസ് പ്രവർത്തിക്കുന്നുണ്ട്. പി.എ.സി.എസുകൾ അതിലെ അംഗങ്ങൾക്ക് 1.15 ലക്ഷം കോടി രൂപ വായ്പ നൽകുകയും 1.68 ലക്ഷം കോടി രൂപ നിക്ഷേപം 2023 മാർച്ച് വരെ സമാഹരിക്കുകയും ചെയ്തു. പി.എ.സി.എസ്-കളുടെ ക്രെഡിറ്റ് പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും തെരഞ്ഞെടുത്ത സൂചകങ്ങളും **അനുബന്ധം 3.2.3, അനുബന്ധം 3.2.4** എന്നിവയിൽ നൽകിയിരിക്കുന്നു.

### കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് (കേരള ബാങ്ക്)

കാർഷിക മേഖലയ്ക്കും സംരംഭകർക്കും പ്രവർത്തന മൂലധനം നൽകുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന കേരള ബാങ്ക് 2019 നവംബറിൽ നിലവിൽ വന്നു. പി.എ.സി.എസ് ലെ അംഗങ്ങൾ ഏതെങ്കിലും സാമ്പത്തിക ഉൽപ്പന്നത്തിനോ സേവനത്തിനോ വേണ്ടി മറ്റാരെയും ആശ്രയിക്കേണ്ടാത്തവിധത്തിൽ പി.എ.സി.എസ്-നും അതിലെ അംഗങ്ങൾക്കും സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ/സേവനങ്ങൾ കേരള ബാങ്ക് നൽകുന്നുണ്ട്. 2023-വർഷത്തിൽ, നിലവിലുള്ള 14 വ്യത്യസ്ത ബാങ്കിംഗ് സംവിധാനങ്ങളെ ഏകീകരിച്ച് ഐടി സംയോജനം വിജയകരമായി പൂർത്തിയാക്കിയത് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ (കെഎസ്സിബി) ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. ബാങ്കിന് ഏഴ് റീജിയണൽ ഓഫീസുകളും എറണാകുളത്ത് ഒരു കോർപ്പറേറ്റ് ബിസിനസ് ഓഫീസും 13 ജില്ലകളിലായി ക്രെഡിറ്റ് പ്രോസസ്സിംഗ് സെന്ററുകളും ഉണ്ട്. നഗര-ഗ്രാമ വ്യത്യാസമില്ലാതെ സേവനം ഉറപ്പാക്കാൻ പര്യാപ്തമായ 1689 അംഗത്വ കവറേജിൽ 823 ശാഖകൾ 2023 മാർച്ച്

31 വരെയുള്ള കണക്ക പ്രകാരം കേരളാ ബാങ്കിനുണ്ട്. കേരള സർക്കാരും 1688 പ്രൈമറി സൊസൈറ്റികളും ബാങ്കിന്റെ 'എ' ക്ലാസായി അംഗങ്ങൾ ആണ്. ബാങ്കിന്റെ മൊത്തം ഓഹരി മൂലധനം 2023 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് 2159.30 കോടി രൂപയാണ്, അതിൽ ഗവൺമെന്റ്, സൊസൈറ്റികൾ, വ്യക്തികൾ എന്നിവയുടെ വിഹിതം ഉൾപ്പെടുന്നു. സൊസൈറ്റികൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ നിക്ഷേപം ഉൾപ്പെടെ 74,152.32 കോടി രൂപയാണ് നിക്ഷേപം. ബാങ്കിന് 1040.46 കോടി രൂപയുടെ കരുതൽ ധനവും മിച്ച ഫണ്ടും ഉണ്ട്. ബാങ്കിന്റെ മൊത്തം വായ്പ 10,690.18 കോടി രൂപയാണ്. അതിൽ പ്രധാനഘടകമായ നബാർഡിൽ നിന്നുള്ള വായ്പയും കേരളസർക്കാരിന്റെ ദീർഘകാല നിക്ഷേപങ്ങളും ഉൾപ്പെടുന്നു. ബാങ്കിന്റെ മൊത്തം വായ്പാ കുടിശ്ശിക 2023 മാർച്ച് 31 വരെ 47,052.07 കോടി രൂപയാണ്. സഹകരണ വിഭാഗത്തിൽ നിന്നുള്ള ബാങ്കായതിനാൽ ഭൂരിഭാഗം ഉപഭോക്താക്കളും ഗ്രാമീണ, അസംഘടിത മേഖലകളിൽ നിന്നുള്ളവരാണ്. 2022-23 സാമ്പത്തിക വർഷത്തേക്കുള്ള കേരള ബാങ്കിന്റെ വിശദമായ സാമ്പത്തിക വിവരങ്ങൾ **അനുബന്ധം 3.2.5**ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (കെ.എസ്.സി.എ.ആർ.ഡി.ബി)

ദീർഘകാല വായ്പകൾ, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ, കാർഷികേതര മേഖലയിലെ പ്രവർത്തനങ്ങൾ, ഗ്രാമീണ ഭവനങ്ങൾ എന്നിവയ്ക്ക് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ (പി.സി.എ.ആർ.ഡി.ബി) മുഖേന ലോണുകളും അഡ്വാൻസുകളും നൽകുന്ന ഒരു പ്രധാന സഹകരണ സ്ഥാപനമാണ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ റൂറൽ ഡെവലപ്മെന്റ് ബാങ്ക് (കെ.എസ്.സി.എ.ആർ.ഡി.ബി). വായ്പ നൽകുന്നതിനു സ്വന്തമായി പരിമിതമായ വിഭവങ്ങൾ മാത്രമേയുള്ളൂ എന്നതിനാൽ ബാങ്ക് പ്രധാനമായും നബാർഡ് നൽകുന്ന പുനർവായ്പയെ ആശ്രയിക്കുന്നു. ഓരോ താലൂക്കിലും സ്ഥിതി ചെയ്യുന്ന പി.സി.എ.ആർഡി.ബി കളുടെ ശൃംഖലയിലൂടെയും അവയുടെ ശാഖകളിലൂടെയും കെ.എസ്.സി.എ.ആർ.ഡി ബാങ്ക് ഈ പരിമിതമായ വിഭവങ്ങൾ ആത്യന്തികമായി വായ്പയെടുക്കുന്നവരിലേക്ക് എത്തിക്കുന്നു. സംസ്ഥാനത്ത 79 പി.സി.എ.ആർ.ഡി.ബി-കളുണ്ട്. കെ.എസ്.സി.എ.ആർ.ഡി.ബി വായ്പയെടുക്കുന്നവരിൽ സിംഹഭാഗവും അതായത് 80 ശതമാനവും ചെറുകിട നാമമാത്ര കർഷക വിഭാഗത്തിൽപ്പെടുന്നവരാണ്. ഗ്രാമീണ ജനതയുടെ അടിസ്ഥാന തലത്തിലുള്ള സാമൂഹികവും സാമ്പത്തികവുമായ ഉന്നമനമാണ് ബാങ്കിന്റെ പ്രധാന ലക്ഷ്യം. 2022-23 ലെ കെ.എസ്.സി.എ.ആർ.ഡി.ബിയുടെ വായ്പാവിതരണം 754.01 കോടി രൂപയായിരുന്നു, അതിൽ 12.02 കോടി സാധാരണ വായ്പയും 741.99 കോടി സ്കീം വായ്പയുമാണ്. ഈ വായ്പയുടെ വലിയൊരു ഭാഗം ആസ്തി സൃഷ്ടിക്കാനാണ് ഉപയോഗിക്കുന്നത്. കെ.എസ്.സി.എ.ആർ.ഡി.ബി നൽകുന്ന ദീർഘകാല വായ്പകളുടെ വർഗ്ഗീകരണം **അനുബന്ധം 3.2.6**-ൽ നൽകിയിരിക്കുന്നു.

### ഉപഭോക്തൃ സഹകരണ സംഘങ്ങൾ

ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ ഉപഭോക്തൃ സാധനങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി എന്നിവ ലഭ്യമാക്കുന്നതിലും സ്വകാര്യ ചില്ലറ വ്യാപാരികളുടെ ചൂഷണത്തിൽ നിന്ന് ഉപഭോക്താക്കളെ തടയുന്നതിലും ഒരു പ്രധാന പങ്ക് വഹിച്ചുവരുന്നു. അവശ്യവസ്തുക്കളും ഉപഭോക്തൃ വസ്തുക്കളും പൊതുവിപണിയിൽ നിലവിലുള്ള നിരക്കിനേക്കാൾ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കികൊണ്ട് കേരളത്തിൽ പൊതുവിതരണ സമ്പ്രദായത്തിലെ പ്രധാന ഏജൻസികളിലൊന്നായി ഉപഭോക്തൃ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് 2023 മാർച്ച് 31 വരെ 4629 ഉപഭോക്തൃ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 3764 സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാണ്. സംസ്ഥാനതലത്തിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ (കൺസ്യൂമർഫെഡ്), ജില്ലാതലത്തിൽ മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ, താഴെത്തട്ടിൽ പ്രാഥമിക ഉപഭോക്തൃ സൊസൈറ്റികൾ, സ്റ്റോറുകൾ എന്നിവ ഉൾപ്പെടുന്നതാണ് സംസ്ഥാനത്തെ ഉപഭോക്തൃ സഹകരണ മേഖല. ജില്ലാ ഹോൾസെയിൽ സ്റ്റോറുകളും പ്രൈമറി സ്റ്റോറുകളും അവരുടെ സ്വന്തം ഔട്ട്ലെറ്റുകൾ, സൂപ്പർമാർക്കറ്റുകൾ, ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ എന്നിവയിലൂടെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നു.

### കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ് (കൺസ്യൂമർ ഫെഡ്)

1965-ൽ കേരളത്തിലെ ഉപഭോക്തൃ മൊത്തവ്യാപാര സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ബോഡിയായി സ്ഥാപിതമായി. എറണാകുളത്ത് ഹെഡ് ഓഫീസും 11 റീജിയണൽ ഓഫീസുകളും 6 ബിസിനസ് ഡിവിഷനുകളും ഉണ്ട്. ബിസിനസ്സ് വിഭാഗങ്ങൾ ചുവടെ വിശദീകരിച്ചിരിക്കുന്നു.

### എ. ത്രിവേണി ഡിവിഷൻ

നിലവിൽ 172 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, 41 മൊബൈൽ ത്രിവേണി സ്റ്റോറുകൾ, 34 ത്രിവേണി ഗോഡൗണുകൾ എന്നിവ കേരളത്തിലെ വിവിധ നഗരങ്ങളിലും അർദ്ധ നഗര പ്രദേശങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. 2022-23ൽ ത്രിവേണി സെഗ്മെന്റിലെ മൊത്തം വിൽപ്പന 290.53 കോടി രൂപയായിരുന്നു. പ്രത്യേകിച്ച്, ഉത്സവ സീസണുകളിൽ കൺസ്യൂമർഫെഡിന് വിപണി ഇടപെടൽ എന്ന ഉത്തരവാദിത്തം നിക്ഷിപ്തമായിട്ടുണ്ട്. ഇതിനായി 1513 ഫെസ്റ്റിവൽ മാർക്കറ്റുകൾ നടത്തി ഫെഡറേഷൻ 2022-23 വർഷത്തിൽ 43.03 കോടി രൂപയുടെ ഓണം സബ്സിഡി വിൽപ്പന നേടിയിട്ടുണ്ട്.

### ബി. നീതി മെഡിക്കൽ വിഭാഗം

നീതി മെഡിക്കൽ സ്കീമിലൂടെ കേരളത്തിലുടനീളം മിതമായ നിരക്കിൽ ഔഷധ, ശസ്ത്രക്രിയാ വസ്തുക്കൾ വിതരണം നടത്തി കൺസ്യൂമർഫെഡ് അതിന്റെ റീട്ടെയിൽ ബിസിനസ് പോർട്ട്ഫോളിയോ വിപുലീകരിച്ചു. കൺസ്യൂമർഫെഡിന് കേരളത്തിലുടനീളം 12 മെഡിക്കൽ വെയർഹൗസുകളും 76 നീതി മെഡിക്കൽ സ്റ്റോറുകളും ഉണ്ട്. 2022-23 ൽ പദ്ധതിയുടെ മൊത്തം വിൽപ്പന 213.09 കോടി രൂപയാണ്.

### സി.ബിവറേജസ് ഡിവിഷൻ

കൺസ്യൂമർഫെഡിന് കേരളത്തിൽ 39 വിദേശ മദ്യശാലകളും 3 ബിയർ ഷോപ്പുകളുമുണ്ട്. 2019-20 ഒഴികെ, 2018-19 മുതൽ എല്ലാ വർഷങ്ങളിലും വിദേശ മദ്യത്തിൽ നിന്നുള്ള വിൽപ്പന വിറ്റുവരവിൽ സ്ഥിരമായ വർദ്ധനവ് കാണിച്ചു. 2022-23 ലെ വിദേശമദ്യത്തിൽ നിന്നുള്ള വിൽപ്പന വിറ്റുവരവ് 2183.05 കോടി രൂപയായിരുന്നു. ഇതു 2021-22 ലെ വിൽപ്പനയേക്കാൾ 45.44 ശതമാനം കൂടുതലായിരുന്നു. വിൽപന വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിദേശ മദ്യവിൽപ്പനശാലകൾ സ്വയം സേവന കൗണ്ടറുകൾ, പ്രീമിയം കൗണ്ടറുകൾ, ഡെലിവറി കൗണ്ടറുകൾ എന്നിവ ആരംഭിച്ചുകൊണ്ട് നവീകരിച്ചു.

### ഡി. നോട്ട്ബുക്ക് ഡിവിഷൻ

കൺസ്യൂമർഫെഡിന് കുന്നംകുളത്ത് 2022-23ൽ 6.44 കോടി രൂപയുടെ വിറ്റുവരവുള്ള നോട്ട്ബുക്ക് നിർമാണ യൂണിറ്റും നിലവിലുണ്ട്.

### ഇ. നീതി ഗ്യാസ് പ്ലാന്റ്

കൺസ്യൂമർഫെഡിന് കീഴിൽ പാലക്കാട് മൂങ്കിൽമടയിൽ ഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. അതിലൂടെ "നീതി ഗ്യാസ്" എന്ന് പേരുള്ള ഗാർഹിക പാചക വാതകം കേരളത്തിൽ വിതരണം ചെയ്തുവരുന്നു. 2022-23 ൽ 1.12 കോടി രൂപയായിരുന്നു നീതി പാചക വാതകത്തിന്റെ മൊത്തം വിൽപ്പന. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡുമായി (IOCL) ചേർന്ന് കൺസ്യൂമർഫെഡ് 2021 മുതൽ ത്രിവേണി ഔട്ട്ലെറ്റുകൾ വഴി "ചോട്ടു ഗ്യാസ്" സിലിണ്ടറുകളുടെ വിൽപ്പന ഏറ്റെടുക്കുന്നുണ്ട്.

### എഫ്.ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി (ടിപ്പ്)

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്കും ബിസിനസ്സിനും പുറമെ 2018 മുതൽ ബി.ഫാം കോഴ്സ് വാഗ്ദാനം ചെയ്യുന്ന ഒരു അംഗീകൃത “ദി ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി” പ്രവർത്തിക്കുന്നു.

ത്രിവേണി ഔട്ട്ലെറ്റുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ബിവറേജിന്റെ ഔട്ട്ലെറ്റുകൾ, ഇ-ത്രിവേണി കേന്ദ്രങ്ങൾ എന്നിവയുടെ മേൽനോട്ടം വഹിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നത് 11 റീജിയണൽ ഓഫീസുകളാണ്. നോട്ട്ബുക്ക് യൂണിറ്റ്, ഗ്യാസ് പ്ലാന്റ്, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി (ടി.ഐ.പി) എന്നിവയെ ഹെഡ് ഓഫീസ് നേരിട്ട് നിയന്ത്രിക്കുന്നു.

### വനിതാ സഹകരണസംഘം

സ്ത്രീ ശാക്തീകരണത്തിന് സഹകരണ പ്രസ്ഥാനം വലിയ സംഭാവന നൽകിയിട്ടുണ്ട്. കേരള വനിതാ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് (വനിതാഫെഡ്) എന്നത് പ്രാഥമിക വനിതാ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ഫെഡറേഷനാണ്. സംസ്ഥാനത്തെ സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ അവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന്, ഫലപ്രദമായ രീതിയിൽ അംഗസംഘങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് സംയോജിത വായ്പയും സേവനങ്ങളും ലഭ്യമാക്കുക എന്നതാണ് ഫെഡറേഷന്റെ പ്രധാന ലക്ഷ്യം. 2023 മാർച്ച് വരെ 1248 വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 945 സൊസൈറ്റികൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

### ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ

കേരളത്തിൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ദ്വിതല ഘടനയിലാണ് പ്രവർത്തിക്കുന്നത്. 2023 മാർച്ചിലെ കണക്കനുസരിച്ച് 394 ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 286 സൊസൈറ്റികൾ പ്രവർത്തനക്ഷമമാണ്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് (ഹൗസ് ഫെഡ്) ആണ് ഹൗസിംഗ് സഹകരണ സംഘങ്ങളുടെ പരമോന്നത സ്ഥാപനം. സംസ്ഥാന സർക്കാരും പ്രാഥമിക ഭവന സഹകരണ സംഘങ്ങളും ഇതിൽ അംഗങ്ങളാണ്.

### SC/ST സഹകരണ സംഘങ്ങൾ

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനായി സംഘടിപ്പിക്കുകയും സ്ഥാപിക്കുകയും ചെയ്തിട്ടുള്ള സംഘടനയാണ് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ. പട്ടികജാതി/പട്ടികവർഗ കുടുംബങ്ങളുടെ വരുമാനവും ഉപജീവനവും പിന്തുണയ്ക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം അത്യന്താപേക്ഷിതമാണ്. 2023 മാർച്ച് 31 വരെ, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 851 പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങളുണ്ട്, അതിൽ 444 എണ്ണം പ്രവർത്തിക്കുന്നു. കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ് കോ-ഓപ്പറേറ്റീവ് എന്നറിയപ്പെടുന്ന പ്രാഥമിക എസ്‌സി/എസ്ടി സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് സ്ഥാപനവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രോത്സാഹനത്തിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

### മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്) എന്നറിയപ്പെടുന്ന പ്രൈമറി മാർക്കറ്റിംഗ് സൊസൈറ്റികളുടെ അപെക്സ് സ്ഥാപനവും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർ മാർക്ക്)

എന്നറിയപ്പെടുന്ന പ്രാഥമിക റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളുടെ അപെക്സ് ബോഡിയും ചേർന്നാണ് വിപണന മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. 2023 മാർച്ച് 31 ലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 585 പ്രാഥമിക മാർക്കറ്റിംഗ് ആൻഡ് പ്രോസസ്സിംഗ് സൊസൈറ്റികളിൽ 216 സൊസൈറ്റികൾ പ്രവർത്തനക്ഷമമാണ്.

### ആരോഗ്യ സഹകരണ സംഘങ്ങൾ

2023 മാർച്ച് വരെ സംസ്ഥാനത്ത് 192 ആശുപത്രി-ഡിസ്പെൻസറി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു. അതിൽ 96 സൊസൈറ്റികൾ പ്രവർത്തനക്ഷമമാണ്. കേരള സ്റ്റേറ്റ് ഹോസ്പിറ്റൽ ഫെഡറേഷൻ ലിമിറ്റഡ് (ഹോസ്പിറ്റൽഫെഡ്) എന്ന പേരിൽ ആരോഗ്യ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ബോഡി എറണാകുളം ആസ്ഥാനമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

### വിവിധ സഹകരണ സ്ഥാപനങ്ങൾ

സംസ്ഥാനത്ത് 2023 മാർച്ച് വരെ 4637 രജിസ്റ്റർ ചെയ്ത വിവിധ സഹകരണ സംഘങ്ങളിൽ 3079 എണ്ണം പ്രവർത്തിച്ചുവരുന്നുണ്ട്. കരാർ തൊഴിൽ, ഗതാഗതം, റബ്ബർ തോട്ടം, കോഴിവളർത്തൽ, സംയുക്ത കൃഷി, കൂട്ടുകൃഷി സൊസൈറ്റികൾ, ടൂറിസം സൊസൈറ്റികൾ തുടങ്ങിയവയാണ് വിവിധ സഹകരണ സംഘങ്ങൾ. കലാകാരന്മാരുടെ ക്ഷേമത്തിനായി രൂപീകരിച്ച ആർട്ടിസ്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും ഇതിൽ ഉൾപ്പെടുന്നു. സാഹിത്യ പ്രവർത്തക കോഓപ്പറേറ്റീവ് സൊസൈറ്റി (എസ്.പി.സി.എസ്), ഏഷ്യയിലെ എഴുത്തുകാരുടെ ആദ്യത്തെ ഒരു സഹകരണ സംഘമാണ്.

### വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം

**കോ–ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യുക്കേഷൻ (കേപ്പ്)**

സഹകരണ വകുപ്പ് പ്രോത്സാഹിപ്പിക്കുന്ന കേരള സർക്കാരിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്). വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങൾ നൽകുന്നതിനായി വിവിധ പ്രൊഫഷണൽ മേഖലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനാണ് ഇത് രൂപീകരിച്ചത്. ഏകദേശം 12,000 വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് അവസരം നൽകിക്കൊണ്ട് സി.എ.പി.ഇ ക്ക് കീഴിൽ ഒമ്പത് എഞ്ചിനീയറിംഗ് കോളേജുകളും ഒരു എംബിഎ കോളേജും പുന്നപ്രയിൽ ഒരു ഫിനിഷിംഗ് സ്കൂളും പ്രവർത്തിക്കുന്നു. വിവിധ സി.എ.പി.ഇ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷനും, നാഷണൽ അസ്സസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ/നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷനും ലഭിച്ചിട്ടുണ്ട്. കോർപ്പറേറ്റുകൾക്കും ഓർഗനൈസേഷനുകൾക്കും പരിശീലനവും കൺസൾട്ടൻസി സേവനങ്ങളും വാഗ്ദാനം ചെയ്യുകയും സഹകരണ മേഖലയിലെ ജീവനക്കാർക്ക് പരിശീലന പരിപാടി നൽകുകയും ചെയ്യുന്ന ഈ മേഖലയിലെ ഒരു പുതിയ സംരംഭമാണ് നൈപുണ്യ, വിജ്ഞാന വികസന കേന്ദ്രം (എസ്കെഡിസി).

**സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് യൂണിയൻ (എസ്.സി.യു)**

1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് സെക്ഷൻ 89 പ്രകാരം സഹകരണ തത്വങ്ങളും സമ്പ്രദായങ്ങളും പഠിപ്പിക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി സ്ഥാപിതമായ ഒരു നിയമാനുസൃത സ്ഥാപനമാണ് സംസ്ഥാന

**ചിത്രം 3.2.1** ഫംഗ്ഷണൽ രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾ




അവലംബം: സഹകരണ സംഘം രജിസ്ട്രാർ

സഹകരണ യൂണിയൻ. ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (എച്ച്ഡിസി), ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (ജെഡിസി) കോഴ്സുകൾക്കായി 13 കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോളേജുകളും 10 പരിശീലന കേന്ദ്രങ്ങളും ആറ് എക്സ്റ്റൻഷൻ സെന്ററുകളും പ്രവർത്തിക്കുന്നു. അംഗങ്ങളുടെ വിദ്യാഭ്യാസ പരിപാടികൾക്കും എസ്‌സി/എസ്ടി പരിശീലന കേന്ദ്രങ്ങൾ നടത്തുന്നതിനും ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ സർക്കാർ സഹായം പരിശീലന കേന്ദ്രങ്ങൾക്ക് ലഭിച്ചു വരുന്നു. സംസ്ഥാന സഹകരണ യൂണിയന്, എം.ബി.എ കോഴ്സുകൾ പഠിപ്പിക്കുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്ന ഒരു സഹോദര സ്ഥാപനം നെയ്യാർഡാമിൽ പ്രവർത്തിക്കുന്നുണ്ട്.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ–ഓപ്പറേറ്റീവ് മാനേജ്മെന്റ് (ICM)**
സഹകരണ മേഖലയിലെ ഉദ്യോഗസ്ഥർക്കും അതോടൊപ്പം അനൗദ്യോഗിക അംഗങ്ങൾക്കും വിപുലമായ പരിശീലന കോഴ്സുകൾ നൽകുന്നതിനായി നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗിന്റെ ഭരണ നിയന്ത്രണത്തിൽ തിരുവനന്തപുരത്തും കണ്ണൂരിലും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് സ്ഥാപിച്ചു. സഹകരണ മേഖല എല്ലാ വർഷവും ബജറ്റ് വിഹിതം അനുസരിച്ച് സഹകരണ മേഖലയിലെ ഈ സ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി സാമ്പത്തിക സഹായം നൽകുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ഐസിഎം കണ്ണൂർ 14118 പേർ പങ്കെടുത്ത 182 പരിശീലന പരിപാടികൾ നടത്തി. പ്രാഥമിക സഹകരണ സംഘങ്ങളിലെയും മറ്റ് സൊസൈറ്റികളിലെയും ജീവനക്കാർ, സഹകരണ വകുപ്പിലെ ഓഡിറ്റർമാർ, ഇൻസ്പെക്ടർമാർ തുടങ്ങിയവരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും മെച്ചപ്പെടുത്തുന്നതിനും ഡയറക്ടർ ബോർഡിലെ അംഗങ്ങളുടെ ഭരണനിർവഹണ ചുമതലയും നേതൃത്വപാടവവും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള പരിശീലന പരിപാടികളിലാണ് സ്ഥാപനം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

**അഗ്രികൾച്ചറൽ കോ–ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ)**
ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 1992-ൽ സ്ഥാപിതമായ, കഴിഞ്ഞ 31 വർഷമായി പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI). സഹകരണ മേഖലയിലെ ഉദ്യോഗസ്ഥർക്ക് സഹകരണ വായ്പാ ഘടനയിൽ ഇൻസ്റ്റിറ്റ്യൂട്ട് പരിശീലനം നൽകിവരുന്നു. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് 140- ഓളം പരിശീലന പരിപാടികൾ നടത്തി. ACSTI യ്ക്ക് സെന്റർ ഫോർ പ്രൊഫഷണൽ എക്സലൻസ് ഇൻ കോ-ഓപ്പറേറ്റീവ്സിൽ (സിപിഇസി) നിന്ന് അക്രഡിറ്റേഷൻ (ഗ്രേഡ് "എ") ലഭിച്ചു.

2022-23 ലെ നൂതന സംരംഭങ്ങളും മാതൃകാ പദ്ധതികളും
സഹകരണ ഉൽപന്നങ്ങളുടെ ബ്രാൻഡിംഗും വിപണനവും: വിവിധ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നത്തിന്റെ ദൃശ്യപരത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനുമായി, സഹകരണ വകുപ്പ് "സഹകരണ ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗും വിപണനവും" എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചു. ഉൽപ്പന്ന സഹകരണ സംഘങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക, ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് സംയോജിത ബ്രാൻഡിംഗ്, മാർക്കറ്റ് ശൃംഖല കെട്ടിപ്പടുക്കുക, ദേശീയ അന്തർദേശീയ വിപണികളിൽ പ്രവേശിക്കുക, പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, സജ്ജീകരിക്കുക, ഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുക, ഓൺലൈൻ വിപണികൾ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യം. കേരളത്തിലെ 75 സഹകരണ സംഘങ്ങൾ വഴി നിർമ്മിക്കുന്ന 400ഓളം ഉൽപ്പന്നങ്ങൾ ഈ ഔട്ട്ലെറ്റുകൾ വഴി വിൽക്കുക എന്നുള്ളതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. "കോപ്കേരള" എന്ന ബ്രാൻഡ് നാമവും, ഔട്ട് ലെറ്റ് വ്യാപാര നാമമായ "കോപ്മാർട്ട്" ഉം 1999-ലെ വ്യാപാരമുദ്രാ നിയമത്തിന് കീഴിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. സഹകരണ ഉൽപ്പന്നങ്ങൾക്ക് "കോപ്കേരള" സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിന് 11 അംഗങ്ങളുള്ള ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചു. സഹകരണ വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിക്കുന്ന സഹകരണ ഉൽപ്പന്നങ്ങൾക്ക് കമ്മിറ്റി സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നു

**പാലക്കാട് നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘം ലിമിറ്റഡ് (പാപ്കോസ്):** പാലക്കാട്ടും സമീപ ജില്ലകളിലും നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായാണ് സഹകരണ വകുപ്പ് 2019-ൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ച പാപ്കോസ്. ഈ സഹകരണ സംഘം വിളവെടുപ്പ് കഴിഞ്ഞ ഉടൻ തന്നെ നെല്ല് സംഭരിക്കുകയും, സംഭരണ സമയത്ത് തന്നെ കർഷകർക്ക് പണം നൽകുകയും ചെയ്യുന്നു. പൊടി അരി, തവിട്, അരിപ്പൊടി, ഉമി എന്നിവയുൾപ്പെടെയുള്ള അരി സംഭരിക്കുകയും സംസ്കരിക്കുകയും വിപണനം ചെയ്യുകയും ചെയ്യുക എന്നതാണ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം. ഇടനിലക്കാരായ വിൽപ്പനക്കാർക്ക് കുറഞ്ഞ വിലയിൽ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നത് ഒഴിവാക്കാൻ കർഷകരെ ഇത് സഹായിക്കും. സൊസൈറ്റിയുടെ ഇപ്പോഴത്തെ പെയ്ഡ്-അപ്പ് ഓഹരി മൂലധനം 13.7 കോടി രൂപയാണ്. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ (പിഎസിഎസ്) ഈ സംഘത്തിന് അംഗത്വമുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന അരി സംഭരിക്കുന്നതിനും നെല്ല് അരിയാക്കി മാറ്റുന്നതിനും സൗകര്യമുള്ള ആധുനിക റൈസ് മിൽ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു.

**സംസ്ഥാനത്ത് വ്യാപകമായി നെല്ല് സംഭരണ സൊസൈറ്റി രൂപീകരിക്കുകയും കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുകയും ചെയ്യുക (കാപ്കോസ്):** 310 കോടി രൂപയുടെ അംഗീകൃത ഓഹരി മൂലധനത്തോടെ കേരള നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘം (കാപ്കോസ്) 2021-ൽ രജിസ്റ്റർ ചെയ്തു. നെൽകർഷകർ നേരിടുന്ന സംഭരണ വിപണന പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് കോട്ടയം ആസ്ഥാനം ആയുള്ള സംഘത്തിന്റെ ലക്ഷ്യം. കാപ്കോസ്, കർഷകരിൽ നിന്ന് ന്യായവിലയ്ക്ക് നെല്ല് സംഭരിച്ച് സംസ്കരിച്ചതിനുശേഷം സർക്കാർ, അർദ്ധ സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ, ഓൺലൈൻ വിപണനക്കാർ, സ്വന്തം വിപണന കേന്ദ്രങ്ങൾ എന്നിവ വഴി വിതരണം ചെയ്യുന്നു. ഈ സംഘത്തിന് കോട്ടയം ജില്ലയിൽ 43 പി.എ.സി.എസുകൾ അംഗ സംഘങ്ങളായിട്ടുണ്ട്. പാലക്കാട് ഒഴികെയുള്ള എല്ലാ ജില്ലകളും ഈ പുതിയ സഹകരണ സംഘത്തിന്റെ ഭാഗമാണ്.

**യുവജന സഹകരണ സംഘങ്ങൾ:** യുവജനങ്ങൾക്കായി രാജ്യത്തെ ആദ്യത്തെ സഹകരണ മേഖല സംരംഭമാണിത്. 18 നും 45 നും ഇടയിൽ പ്രായമുള്ളവർ അംഗങ്ങളായ ഈ സംഘങ്ങളിൽ വായ്പാ പ്രവർത്തനത്തേക്കാൾ സംരംഭകത്വത്തിന് ഊന്നൽ നൽകുന്നു. വിവരസാങ്കേതികവിദ്യ, കൃഷി, മാലിന്യ സംസ്കരണം, വ്യാപാരം, ഉൽപ്പാദനവും വിപണനവും, സിനിമ, ഇക്കോ ടൂറിസം, കാറ്ററിംഗ് സേവനങ്ങൾ, ജൈവകൃഷി എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഈ സൊസൈറ്റികൾ പ്രവർത്തനം നടത്തിവരുന്നു. സംസ്ഥാനത്ത് നിലവിൽ രജിസ്റ്റർ ചെയ്ത 30 യുവജന സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (നമ്പർ. 10957):** 1925 മുതൽ യു.എൽ.സി.സി.എസ് പ്രവർത്തിച്ചുവരുന്നു. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കിടയിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സാമൂഹിക ഉന്നമനത്തിനായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സൊസൈറ്റി രൂപീകരിച്ചത്. പതിമൂവായിരത്തിലധികം തൊഴിലാളികൾ അവരുടെ ഉപജീവനത്തിനായി സൊസൈറ്റിയെ നേരിട്ട് ആശ്രയിക്കുന്നു. കൂടാതെ ഓരോ വർഷവും സൊസൈറ്റിക്ക് കീഴിൽ 35 ലക്ഷത്തിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. കൂടാതെ, റോഡുകൾ, പാലങ്ങൾ, അനുബന്ധസൗകര്യങ്ങൾ എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും സിവിൽ നിർമ്മാണ പ്രവർത്തനങ്ങളും സംഘം ഏറ്റെടുത്ത് വരുന്നു. കലയുടെയും കരകൗശലത്തിന്റെയും വികസനത്തിനായി ഇരിങ്ങലിലും തിരുവനന്തപുരത്തും ആർട്ട് ആൻഡ് ക്രാഫ്റ്റ് വില്ലേജ്, നൈപുണ്യവും വിദ്യാഭ്യാസവും മെച്ചപ്പെടുത്തുന്നതിനായി കൊല്ലത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) എന്നിവയും ULCCS-ന്റെ മറ്റ് പ്രധാന ആകർഷണങ്ങളാണ്. ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് പ്രസിദ്ധീകരിച്ച വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്ററിലെ വ്യവസായ, യൂട്ടിലിറ്റീസ് സഹകരണ സംഘങ്ങളുടെ പട്ടികയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) രണ്ടാം സ്ഥാനത്താണ്.

**കെയർ കേരള:** പ്രളയബാധിതരായ ജനങ്ങൾക്ക് ആശ്വാസവും പുനരധിവാസവും നൽകുന്നതിനായി സഹകരണ വകുപ്പ് രൂപവത്കരിച്ച പദ്ധതിയാണ് കോ-ഓപ്പറേറ്റീവ് അലയൻസ് ടു റീബിൽഡ് കേരള (കെയർ കേരള). പദ്ധതിയിൽ മൂന്ന് സ്കീമുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്; കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ്.

പ്രളയബാധിതരായവർക്ക് അനുയോജ്യമായ ഭൂമി ലഭ്യമാണെങ്കിൽ, വീടുകൾ നിർമ്മിച്ചുനൽകുന്നതിനുള്ള പദ്ധതിയാണ് കെയർ ഹോം പദ്ധതി. സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും പിന്തുണയോടെയുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നാണ് വീടുകളുടെ നിർമ്മാണത്തിനാവശ്യമായ തുക സമാഹരിക്കുന്നത്. ഈ പദ്ധതി പ്രകാരം 2094 വീടുകൾ അനുവദിച്ചു. 2018 മുതൽ, 2023 ഓഗസ്റ്റ് 15 വരെ 2092 വീടുകൾ നിർമ്മിച്ചു, 2 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ, ഭൂരഹിതർക്കും ഭവനരഹിതർക്കും വേണ്ടി 14 കൂട്ടായ വാസസ്ഥലങ്ങൾ (ഫ്ലാറ്റ്) നിർമ്മിക്കുന്ന പദ്ധതി വകുപ്പ് ആരംഭിച്ചു. കുട്ടികൾക്കുള്ള കളിസ്ഥലം, അങ്കണവാടി, ലൈബ്രറി, വായനശാല, മീറ്റിംഗ് ഹാൾ, മാലിന്യ സംസ്കരണ സൗകര്യങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഓരോ വാസകേന്ദ്രത്തിലുമുണ്ട്. ഓരോ വാസസ്ഥലത്തും 30 മുതൽ 40 വരെ ഭവന യൂണിറ്റുകൾ ഉൾപ്പെടുന്നു.

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച 106 സെന്റ് സ്ഥലത്ത് 40 വാസസ്ഥലങ്ങൾ നിർമിക്കുകയും താക്കോൽ ദാനം നിർവഹിക്കുകയും ചെയ്തു.

**നവകേരളീയം കുടിശ്ശിക നിവാരണം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി):** സഹകരണ സ്ഥാപനങ്ങളുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന് 'നവകേരളീയം കുടിശ്ശിക നിവാരണം' എന്ന പേരിൽ സഹകരണ വകുപ്പ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ കീഴിലുള്ള എല്ലാ സഹകരണ സംഘങ്ങളെയും ബാങ്കുകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയും വായ്പയെടുക്കുന്നവർക്ക് പലിശ ഇൻസെന്റീവ് വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ സ്കീമിന് കീഴിൽ, കുടിശ്ശികയുള്ള വായ്പ തുകകൾക്ക് കുറഞ്ഞ പലിശ മാത്രമേ ഈടാക്കൂ. ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നവർക്കും, ലോക്ക്ഡൗൺ മൂലവും പ്രളയംമൂലവും തൊഴിൽനഷ്ടം സംഭവിച്ചവർക്കും ഈ പദ്ധതിയിൽ പരമാവധി ഇളവിന് അർഹതയുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ മൊത്തം അടവ് മുടങ്ങിയ 4,53,965 അക്കൗണ്ടുകൾക്കായി 829.23 കോടി രൂപ ഇളവ് നൽകിയിട്ടുണ്ട്.

**ബോക്സ് 3.2.1** സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA)

കേരളത്തിലെ ചെറുകിട നാമമാത്ര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സഹകരണ മേഖലയുടെ സഹായത്തോടെയും ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തോടെയും കർഷകരുടെ ഉൽപ്പന്നങ്ങൾ നേരിട്ടോ മൂല്യവർദ്ധനയിലൂടെയോ/സംസ്കരിച്ചോ വിപണനം ചെയ്യുന്നതിന് അവരെ സഹായിക്കുന്നതിനുള്ള ഒരു സംസ്ഥാന പദ്ധതിയാണ് സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA) എന്ന ഈ പദ്ധതി. കേരള സംസ്ഥാന ആസൂത്രണ ബോർഡും സഹകരണ വകുപ്പും സംയുക്തമായി ആവിഷ്ക്കരിച്ച ഈ പദ്ധതി ചെറുകിട നാമമാത്ര കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കി ഉൽപ്പാദനം, മൂല്യവർദ്ധന, വിപണനം, ഗതാഗതം, ബ്രാൻഡിംഗ് എന്നിവയെ പിന്തുണയ്ക്കാൻ ലക്ഷ്യമിട്ടുള്ളതാണ്.

ഉൽപ്പാദനത്തിലും വിപണനത്തിലുമുള്ള ഇടപെടൽ, തുറസ്സായ സ്ഥലങ്ങളിലെ കൃഷി, കൃത്യതാ കൃഷി, അടുക്കളത്തോട്ടങ്ങൾ, ടെറസ് ഫാമുകൾ എന്നിവയിലൂടെ ഉൽപ്പാദനം കാര്യക്ഷമമായി വർദ്ധിപ്പിക്കാനും മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങളെ സമന്വയിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. പ്രാഥമിക സഹകരണ സംഘങ്ങളുടെ (പി.എ.സി.എസ്) സഹായത്തോടെ പ്രദേശത്തെ ചെറുകിട കർഷകരെ പ്രയോജനപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. അഞ്ച് വർഷത്തിനുള്ളിൽ ഘട്ടംഘട്ടമായി 14 ജില്ലകളിലും പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. 2022-23 സാമ്പത്തികവർഷത്തിൽ ഏഴ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2023-24 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 34.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ നിന്നുള്ള സാങ്കേതിക യോഗ്യതയുള്ള പ്രൊഫഷണലുകൾ ഉൾപ്പെടുന്ന 11 അംഗ ഉന്നതതല സാങ്കേതിക സമിതിയുടെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം 13 ജില്ലകളിൽ നിന്നുള്ള 20 പി.എ.സി.എസ്-കളുടെ പദ്ധതികൾ തെരഞ്ഞെടുത്തു. തെരഞ്ഞെടുക്കപ്പെട്ട പി.എ.സി.എസുകളും അവയുടെ പ്രവർത്തന മേഖലയും ചുവടെ നൽകിയിരിക്കുന്നു.

| ക്രമനം | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്) | പ്രവർത്തനം/പ്രവർത്തന മേഖല |
|---|---|---|
| 1 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), ആനിക്കാട്, കോട്ടയം | ഹൈടെക് നഴ്സറി |
| 2 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), പനയാൽ, കാസർഗോഡ് | പച്ചക്കറികൾ, അരി, പയർവർഗ്ഗങ്ങൾ എന്നിവയുടെ കൃഷി, കാർഷികോൽപ്പന്നങ്ങളുടെ സംയോജനവും വിപണനവും അഗ്രോ ക്ലിനിക്ക് എന്നിവ |
| 3 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), വില്ലങ്ങിവിത്തിനശ്ശേരി, പാലക്കാട് | അരിയും പച്ചക്കറികളും |
| 4 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), മാടപ്പള്ളി, കോട്ടയം | വാഴ, മരച്ചീനി, മത്സ്യകൃഷി, പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും സമ്മിശ്ര കൃഷി |
| 5 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), മാങ്കുളം, ഇടുക്കി | സംയോജിത കൃഷി സമ്പ്രദായം, പാഷൻ ഫ്രൂട്ട്, വാഴ, പച്ചക്കറി, തീറ്റപ്പുല്ല് എന്നിവയുടെ കൃഷി, സംസ്കരണം, മൂല്യവർദ്ധന, വിപണനം, കൂടാതെ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾ. |
| 6 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്),തങ്കമണി, ഇടുക്കി | മരച്ചീനി, വാഴ,പൈനാപ്പിൾ, ചക്ക തുടങ്ങിയവയുടെ കൃഷിയും മൂല്യവർദ്ധനയും ഉണങ്ങിയ പഴങ്ങളുടെയും മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും സംസ്ക്കരണവും സംഭരണവും വിതരണവും |
| 7 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്),ഒക്കൽ, എറണാകുളം | പ്രിസിഷൻ ഫാമിംഗ്, ഫാർമേഴ്സ് ഇൻഫർമേഷൻ സെന്റർ, ഫാർമേഴ്സ് സർവീസ് സെന്റർ, ഹോർട്ടികൾച്ചർ, വിളവെടുപ്പിനു ശേഷമുള്ള സേവനങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ടിഷ്യുകൾച്ചർ ലാബ്, നഴ്സറി എന്നിവ |
| 8 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), പട്ടുവം, കണ്ണൂർ | നെല്ല്, ഉഴുന്ന്, ധാന്യങ്ങളും, പച്ചക്കറികളും ഉൾപ്പെടെയുള്ള സമ്മിശ്ര കൃഷി, മത്സ്യക്കൃഷി-കൊഞ്ച് (അക്വാകൾച്ചർ) തുടങ്ങിയവ |
| 9 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്), ബേഡഡുക്ക, കാസർഗോഡ് | പച്ചക്കറി കൃഷി, വളം വിൽപ്പന കേന്ദ്രങ്ങൾ, ഗ്രേഡിംഗ്, സംസ്കരണം, കാർഷിക ഉൽപ്പന്നങ്ങളുടെ പാക്കിംഗ്, വിതരണം, കാർഷിക യന്ത്രങ്ങൾ പാട്ടത്തിനെടുക്കൽ (വിൽപ്പന, പാട്ടം), കാർഷിക മേഖലയിലെ ലേബർ ബാങ്ക്, കാർഷിക പരിശീലന കേന്ദ്രം, കോൾഡ് ചെയിൻ സൗകര്യങ്ങൾ എന്നിവ |

| | | |
|---|---|---|
| 10 | കരകുളം സർവ്വീസ് സഹകരണ ബാങ്ക്, തിരുവനന്തപുരം | ഗ്രാമീണ മാർക്കറ്റുകൾ/പച്ചക്കറി സെന്ററുകൾക്കുള്ള സഹായം |
| 11 | പൂവട്ടൂർ ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക്, കൊല്ലം | |
| 12 | പുതുപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്, ആലപ്പുഴ | |
| 13 | മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്, കോട്ടയം | |
| 14 | വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക്, എറണാകുളം | |
| 15 | കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക്, തൃശ്ശൂർ | |
| 16 | മണ്ണാർക്കാട് ഗ്രാമീണ സർവ്വീസ് സഹകരണ ബാങ്ക്, പാലക്കാട് | |
| 17 | മറയൂർ സർവ്വീസ് സഹകരണ ബാങ്ക്, ഇടുക്കി | |
| 18 | ഉള്ളിയേരി സർവ്വീസ് സഹകരണ ബാങ്ക്, കോഴിക്കോട് | |
| 19 | മീനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക്, വയനാട് | |
| 20 | കാസറഗോഡ് സർവ്വീസ് സഹകരണ ബാങ്ക്, കാസറഗോഡ് | |

**സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം:**
സംസ്ഥാനത്തെ സാമൂഹിക സുരക്ഷാ പെൻഷൻ സുഗമമായി വിതരണം ചെയ്യുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, മറ്റ് പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ ഉൾപ്പെടുന്ന സഹകരണ സംഘങ്ങളുടെ കൺസോർഷ്യം കമ്പനി നിയമപ്രകാരം സർക്കാർ തലത്തിൽ രൂപീകരിച്ചു. 'ദി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്' എന്ന പേരിലാണ് ഈ കൺസോർഷ്യം അറിയപ്പെടുന്നത്. സഹകരണ സംഘങ്ങളിൽ നിന്ന് 8.5 ശതമാനം പലിശയ്ക്കാണ് കൺസോർഷ്യം ഫണ്ട് സ്വരൂപിക്കുന്നത്. കൺസോർഷ്യം പൂൾ അക്കൗണ്ടിലെ നിലവിലെ ബാലൻസ് 5002.6 കോടി രൂപയാണ്. ക്ഷേമ പെൻഷൻ (കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യ പെൻഷൻ, വികലാംഗ പെൻഷൻ, അവിവാഹിതരായ അമ്മമാരുടെ പെൻഷൻ, വിധവാ പെൻഷൻ) പ്രളയം, മഹാമാരി തുടങ്ങിയ വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിലും പെൻഷൻ ഫലപ്രദമായി വിതരണം ചെയ്യാനായി എന്നത് സഹകരണ മേഖലയുടെ ഒരു നേട്ടമാണ്.

**പഴങ്ങളുടെയും പച്ചക്കറികളുടെയും സംഭരണത്തിനും വിതരണത്തിനുമായി PACS മുഖേന കോ–ഓപ് മാർട്ട് വെജ് ഫ്രഷ് ഔട്ട്‌ലെറ്റുകൾ:** പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള ലക്ഷ്യത്തോടെ, കേരള ഫാം ഫ്രഷ് പഴങ്ങളും പച്ചക്കറികളും എന്ന പേരിനു കീഴിൽ 'കോ-ഓപ്പ് മാർട്ട് വെജ് ഫ്രഷ് ഔട്ട്‌ലെറ്റുകൾ' ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പ്രഖ്യാപിച്ചു. ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് സുരക്ഷിതമായ പച്ചക്കറികളും നാടൻ പച്ചക്കറികളും എത്തിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. കൃഷി വകുപ്പിന്റെ സഹായത്തോടെ ആവശ്യമായ പഴം, പച്ചക്കറി എന്നിവയുടെ ശേഖരണവും വിതരണവും ആരംഭിച്ചിട്ടുണ്ട്. കർഷകന് മെച്ചപ്പെട്ട വില ലഭിക്കുന്നതിനായി വിപണന സംവിധാനം ശക്തിപ്പെടുത്തുകയും വില സ്ഥിരത ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ പ്രാഥമിക സംഭരണ ഏജൻസികളായി പി.എ.സി. എസുകൾ തെരഞ്ഞെടുത്തിട്ടുണ്ട്.

**മുറ്റത്തെ മുല്ല പദ്ധതി:** സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കാൻ മുറ്റത്തെ മുല്ല പദ്ധതി 2018-ൽ കുടുംബശ്രീ യൂണിറ്റുകൾ വഴി നടപ്പാക്കി. ഈ പദ്ധതി പ്രകാരം 2023 ഓഗസ്റ്റ് വരെ 3452.69 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

**നിക്ഷേപ സമാഹരണ ക്യാമ്പയിൻ:** യുവാക്കൾ ഉൾപ്പെടെയുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിനായി 2023-ൽ സഹകരണ വകുപ്പ് 43-ാമത് നിക്ഷേപ സമാഹരണ ക്യാമ്പയിൻ നടത്തി. വിജയകരമായിരുന്ന ഈ നിക്ഷേപസമാഹരണ പ്രചരണത്തിലൂടെ 9000 കോടി രൂപ ലക്ഷ്യമിട്ടിരുന്നിടത്ത് ഈ മേഖല 8646.35 കോടി രൂപ സമാഹരിച്ചു. വിശദാംശങ്ങൾ **അനുബന്ധം 3.2.7** ൽ കൊടുത്തിരിക്കുന്നു.

**കോ–ഓപ്പറേറ്റീവ് എക്സ്പോ 2022:** "ഒരുമയുടെ പൂരം" എന്ന ടാഗ്‌ലൈനോടുകൂടിയ കോ-ഓപ്പറേറ്റീവ്എക്സ്പോ 2023, എറണാകുളം ജില്ലയിലെ മറൈൻ ഡ്രൈവിൽ 2023 ഏപ്രിൽ 22 മുതൽ ഏപ്രിൽ 30 വരെ സഹകരണ വകുപ്പ് സംഘടിപ്പിച്ചു. അപെക്സ് കോ-ഓപ്പറേറ്റീവ്, കോ-ഓപ്പറേറ്റീവ് ബോർഡുകൾ, ഹോസ്പിറ്റൽ കോ-ഓപ്പറേറ്റീവ്, പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ്, മറ്റ് പ്രധാന സഹകരണ സംഘങ്ങൾ, സഹകരണ സംഘങ്ങളുടെ രജിസ്ട്രാറുടെ കീഴിലുള്ള സ്ഥാപനങ്ങൾ ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ കീഴിലുള്ള സഹകരണ സംഘങ്ങൾ, ദേശീയ സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ 300-ലധികം സ്റ്റാളുകൾ എക്സ്പോയിൽ ഒരുക്കിയിരുന്നു. കൂടാതെ, സഹകരണ മേഖലയിലെ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകളും ചർച്ചകളും വൈകുന്നേരങ്ങളിൽ സാംസ്കാരിക പരിപാടികളും ഉണ്ടായിരുന്നു. സഹകരണ സംഘങ്ങളുടെ വ്യാപാരം വിപുലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ എക്സ്പോ വേദിയിൽ ബിസിനസ് മീറ്റുകളും വകുപ്പ് സംഘടിപ്പിച്ചു.

**മെമ്പർ റിലീഫ് ഫണ്ട് സ്കീം:** വൃക്കസംബന്ധമായ അസുഖങ്ങൾ, ഹൃദ്രോഗം, കരൾ രോഗങ്ങൾ, പക്ഷാഘാതം തുടങ്ങിയ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്ന സഹകരണസംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ എ ക്ലാസ് അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് സഹകരണ വകുപ്പ് അംഗങ്ങളുടെ ദുരിതാശ്വാസനിധി പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി ആവിഷ്കരിച്ച ഉന്നതതല സമിതി 4983 അപേക്ഷകൾ പരിഗണിക്കുകയും അർഹരായ ഗുണഭോക്താക്കൾക്ക് 1015.50 ലക്ഷം രൂപ നൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

**വകുപ്പിന്റെ ആധുനികവൽക്കരണം**

ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് സിസ്റ്റം (ഐസിഡിഎംഎസ്): സഹകരണ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി സി-ഡിറ്റ് വികസിപ്പിച്ച ഒരു ഓൺലൈൻ ആപ്ലിക്കേഷനാണ് ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് സിസ്റ്റം. രജിസ്ട്രേഷൻ & ബൈലോ ഭേദഗതി മൊഡ്യൂൾ, ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ, ഓഡിറ്റ് മൊഡ്യൂൾ എന്നിങ്ങനെ മൂന്ന് സേവനങ്ങൾ ഐസിഡിഎംഎസ് സ്കീമിന് കീഴിൽ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും ബൈലോ ഭേദഗതിക്കുമുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക് / സഹകരണ സംഘങ്ങൾക്ക് ഇതിലൂടെ ഓൺ ലൈനായി നേരിട്ട് സമർപ്പിക്കാം. കൂടാതെ ട്രഷറി ഓൺലൈൻ പേയ്മെന്റ് ഗേറ്റ്‌വേയുമായി സംയോജിപ്പിച്ചിരിക്കുന്നതിനാൽ ഫീസും ഓൺലൈനായി അടയ്ക്കാവുന്നതാണ്. നിലവിൽ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും ബൈലോ ഭേദഗതിക്കുമുള്ള അപേക്ഷകൾ സമർപ്പിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നത് ഐസിഡിഎംഎസ് വഴിയാണ്.

സംസ്ഥാന/എൻസിഡിസി സ്കീമുകളിൽ ഉൾപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം വിതരണം ചെയ്തതിന് ശേഷമുള്ള തുകയുടെ തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കുന്നതിനാണ് ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. സഹകരണ സംഘങ്ങൾക്ക് നൽകുന്ന സഹായവും തുകയുടെ തിരിച്ചടവും സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഈ മൊഡ്യൂളിലൂടെ നിരീക്ഷിക്കാനാകും.

**കോ–ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (കാമിസ്):** ഐസിഡിഎംഎസ് പദ്ധതിയുടെ ഭാഗമായി, സഹകരണ സംഘങ്ങളുടെ ഓഡിറ്റിനായി കോ-ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (കാമിസ്) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ, ഫംഗ്ഷണൽ രജിസ്ട്രാർ എന്നിവരുടെ നിയന്ത്രണത്തിലുള്ള കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് വിവരങ്ങളും www.camis.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായും പൊതുജനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

**കോ-ഓപ്പറേറ്റീവ് ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം:** സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനും തുടർനടപടികൾക്കുമായി കോ-ഓപ്പറേറ്റീവ് ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**മൂന്നാം ഘട്ട 100 ദിന പരിപാടി**

**സഹകരണം സൗഹൃദം:** കേരള സർക്കാരിന്റെ നൂറുദിന പരിപാടിയുടെ മൂന്നാം ഘട്ടത്തോടനുബന്ധിച്ച് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്/അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്/പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ വഴി ഭിന്നശേഷിക്കാർക്കായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വായ്പാ പദ്ധതി വകുപ്പ് ആരംഭിച്ചു. 2023 സെപ്റ്റംബർ വരെ 519 വായ്പകളിലൂടെ 4.30 കോടി രൂപ അനുവദിച്ചു.

**സഹായഹസ്തം:** കേരള സർക്കാർ നടത്തുന്ന നൂറുദിന പരിപാടിയുടെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി "സഹായഹസ്തം" എന്ന പേരിൽ പ്രാഥമിക സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി വായ്പ നൽകികൊണ്ട് ഉപജീവനമാർഗം കണ്ടെത്തുന്നതിനായി ചെറുകിട വഴിയോര കച്ചവടങ്ങളും ചെറുകിട സംരംഭങ്ങളും ആരംഭിക്കുന്നതിനും ഓട്ടോറിക്ഷകൾ വാങ്ങുന്നതിനുവേണ്ടിയുള്ള പ്രാരംഭചെലവുകൾക്കും അറ്റകുറ്റപ്പണികൾക്കുമായി പദ്ധതി നടപ്പാക്കുന്നു. സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി ചെറുകിട, വഴിയോര കച്ചവടക്കാർക്കും സൂക്ഷ്മസംരംഭകർക്കും ഈ പദ്ധതി പ്രകാരം വായ്പ

ലഭിക്കും. ഇതുവരെ 403 വായ്പകളിലായി 72.34 ലക്ഷം രൂപ വിതരണം ചെയ്തു.

**സൗരജ്യോതി:** 2 കെവി – 10 കെവി സോളാർ പവർ പ്ലാന്റുകൾ വീട്ടിൽ തുടങ്ങാൻ വ്യക്തികൾക്ക് വായ്പ വിതരണം ചെയ്യുന്നതാണ് സൗരജ്യോതി പദ്ധതി. സർക്കാർ നടത്തുന്ന മൂന്നാം ഘട്ട നൂറുദിന പരിപാടിയുടെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതുവരെ 34 വായ്പകളിലായി 76.40 ലക്ഷം രൂപ വിതരണം ചെയ്തു.

### സഹകരണ സംവിധാനത്തിലേക്കുള്ള (ST–SAO) നബാർഡിന്റെ സഹായം

നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് (നബാർഡ്) 2022-23ൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് ഹ്രസ്വകാല സെഷനൽ അഗ്രികൾച്ചറൽ ഓപ്പറേഷൻസ് (എസ്ടി എസ്എഒ) റീഫിനാൻസായി 3084.22 കോടി രൂപ അനുവദിച്ചു. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വിഹിതത്തോടൊപ്പം ഈ തുകയും ചേർത്ത് കാർഷിക വായ്പയായി ജില്ലാ ഓഫീസുകളിലൂടെ ആയത് വിതരണം ചെയ്തു. **(പട്ടിക 3.2.1)**

**പട്ടിക 3.2.1** കാർഷിക വായ്പകളുടെ ജില്ല തിരിച്ചുള്ള വിതരണം (രൂപ കോടിയിൽ)

| ക്രമ. നം | ജില്ലാ സഹകരണ ബാങ്ക് | ആകെ |
|---|---|---|
| 1 | തിരുവനന്തപുരം | 339.79 |
| 2 | കൊല്ലം | 465.90 |
| 3 | പത്തനംതിട്ട | 354.46 |
| 4 | ആലപ്പുഴ | 601.00 |
| 5 | കോട്ടയം | 258.11 |
| 6 | ഇടുക്കി | 593.78 |
| 7 | എറണാകുളം | 614.53 |
| 8 | തൃശ്ശൂർ | 384.39 |
| 9 | പാലക്കാട് | 515.92 |
| 10 | മലപ്പുറം | 220.17 |
| 11 | കോഴിക്കോട് | 309.34 |
| 12 | വയനാട് | 116.92 |
| 13 | കണ്ണൂർ | 489.13 |
| 14 | കാസർഗോഡ് | 344.24 |
| | ആകെ | 5607.68 |

അവലംബം: സഹകരണ സംഘം രജിസ്ട്രാർ

### ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) സഹായം

എൻ.സി.ഡി.സി സഹകരണ സ്ഥാപനങ്ങൾക്ക് അവരുടെ ബിസിനസുകൾ വികസിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ക്രെഡിറ്റ്/മാർക്കറ്റിംഗ്/ റൂറൽ ഇൻഫ്രാസ്ട്രക്ചർ/ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം തുടങ്ങിയ സേവന മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാർ മുഖേനയോ നേരിട്ടോ സഹായം നൽകുന്നുണ്ട്.

സഹകരണ ശൃംഖലകളിലൂടെ തെരഞ്ഞെടുത്ത ജില്ലകളുടെ സമഗ്രവും സംയോജിതവുമായ വികസനത്തിന് എൻസിഡിസിയുടെ സഹായത്തോടെയുള്ള സവിശേഷമായ ഒരു പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐസിഡിപി). ബിസിനസ്സിന്റെ മൂല്യവും വ്യാപ്തിയും വർധിപ്പിച്ച്, നിലവിലുള്ള സഹകരണ ഘടനയെ ലംബമായും തിരശ്ചീനമായും ബന്ധിപ്പിച്ച് ശക്തിപ്പെടുത്തി, കാർഷിക-വായ്പ മേഖലയെ നവീകരിക്കുക, ചെറുകിട നാമമാത്ര കർഷകരുടെയും ദുർബല വിഭാഗങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പി.എ.സി.എസ്-നെ പ്രായോഗിക മൾട്ടി പർപ്പസ് സൊസൈറ്റികളായി വികസിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ മറ്റ് ലക്ഷ്യങ്ങൾ.

2023 ആഗസ്റ്റ് വരെയുള്ള കേരളത്തിലെ വികസന പ്രവർത്തന പദ്ധതികൾക്കായി 9843.72 കോടി രൂപയിൽ 2558.74 കോടി രൂപ സംസ്ഥാന സർക്കാർ മുഖേനയും 7284.98 കോടി രൂപ നേരിട്ടുള്ള ധനസഹായത്തിലൂടെയുമാണ് വിതരണം ചെയ്തത്. നേരിട്ടുള്ള ധനസഹായത്തിൽ 2.38 കോടി രൂപ ദീർഘകാല വായ്പയും 2.97 കോടി രൂപ സബ്സിഡിയും 7279.63 കോടി പ്രവർത്തന മൂലധനവുമാണ്. എൻസിഡിസി സഹായത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.2.8** ലും കേരളത്തിലേക്കുള്ള എൻസിഡിസി ഫണ്ടുകളുടെ ഉപരോധവും റിലീസും **അനുബന്ധം 3.2.9** ലും വർഷം തിരിച്ചുള്ള ലോണുകളും പലിശ നിരക്കുകളും **അനുബന്ധം 3.2.10** ലും കാണിച്ചിരിക്കുന്നു.

### മുന്നോട്ടുള്ള വഴി

കേരളത്തിന്റെ സഹകരണ ഘടനയിലെ മുൻനിര സ്ഥാപനമായ കേരളബാങ്ക് അതിന്റെ വികസന പങ്ക് പരിഷ്ക്കരിക്കുകയും ബാങ്കിംഗ് ഉൽപ്പന്നങ്ങളുടെ പോർട്ട്ഫോളിയോ വിശാലമാക്കുകയും ചെയ്തുകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജനം നൽകേണ്ടതായിട്ടുണ്ട്. കേരള ബാങ്കും, പ്രാഥമിക സഹകരണ സംഘങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളും സാമ്പത്തിക തന്ത്രങ്ങളും കേരളബാങ്കിന്റെ വാണിജ്യ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുകയും വേണം.

സഹകരണ സ്ഥാപനങ്ങൾ സ്വയം ഭരണ സ്ഥാപനങ്ങളാണ്. സഹകരണ സംഘങ്ങളിൽ 2 ലക്ഷം കോടിയിലധികം രൂപയുടെ നിക്ഷേപമുണ്ട്. സംസ്ഥാനത്തിന്റെ പൊതുവായ ഉപയോഗത്തിനായി ഈ മേഖലയ്ക്ക് പ്രസ്തുത ഉൽപ്പാദന മേഖലകളിലേക്ക് മാറ്റാനാകും. കൂടാതെ, കേരളത്തിലെ ബാങ്കിംഗ്, സാമ്പത്തിക മേഖലകളിൽ കേരള ബാങ്ക് ഒരു പ്രധാന പങ്ക് വഹിക്കുന്നു, അതിനാൽ അവർക്ക്

കേരള ബാങ്കിലേക്ക് പ്രവാസികളുടെ രണ്ട് ലക്ഷത്തി അൻപതിനായിരം കോടിയുടെ ചിതറിക്കിടക്കുന്ന നിക്ഷേപങ്ങൾ എളുപ്പത്തിൽ സമാഹരിക്കുന്നതിനാകും. ഇതോടൊപ്പം ഉൽപ്പാദനം, നിർമ്മാണം, സംഭരണം, വിതരണം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ ഇടപെട്ട് കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിക്കാൻ കേരള ബാങ്കിന് കഴിയും.

സഹകരണ പ്രസ്ഥാനങ്ങൾക്ക് യുവാക്കളെ വൻതോതിൽ ആകർഷിക്കാനും പങ്കാളികളാക്കാനും കഴിയണം. എങ്കിൽ മാത്രമേ സഹകരണ പ്രസ്ഥാനങ്ങളെ ഭാവിയുടെ ഒരു സംഘടനാ രൂപമായി സ്വയം സ്ഥാപിക്കാൻ കഴിയുകയുള്ളൂ. സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെയുള്ള പുതിയ സംരംഭങ്ങൾക്ക് സഹകരണ മേഖല കൂടുതൽ സാങ്കേതികവിദ്യയും ഫണ്ടും നൽകേണ്ടതായിട്ടുണ്ട്. എന്നാൽ മാത്രമേ ഇന്നത്തെ സാങ്കേതികവിദ്യാധിഷ്ഠിത കാലഘട്ടത്തിനൊത്ത് സഹകരണ പ്രസ്ഥാനങ്ങൾക്കും നിലനിൽക്കാൻ കഴിയുകയുള്ളൂ.

# 3.3 കന്നുകാലി വികസനം

കന്നുകാലി വികസനം കൃഷിയുടെ അവിഭാജ്യ ഘടകമാണ്, മാത്രമല്ല ജനങ്ങളുടെ പോഷകാഹാര സുരക്ഷയിൽ ഇത് ഒരു പ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ കാർഷിക മേഖലയുടെ ഒരു പ്രധാന ഉപമേഖലയായും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. വൈവിധ്യമാർന്ന ഉൽപ്പാദന സംവിധാനങ്ങളിലും കാർഷിക കാലാവസ്ഥാ സാഹചര്യങ്ങളിലും വളർത്തുന്ന ഒരു വലിയ കന്നുകാലി ജനസംഖ്യ ഇന്ത്യയിലുണ്ട്. ഇന്ത്യൻ കാർഷിക സമ്പദ്‌വ്യവസ്ഥയിൽ കന്നുകാലികളുടെ പ്രാധാന്യം നന്നായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്, കൂടാതെ ഭൂമിക്കും ജലസേചനത്തിനും പുറമെ ഗ്രാമീണ ഇന്ത്യയിലെ ഏറ്റവും വലിയ സമ്പത്താണ് കന്നുകാലികൾ. കന്നുകാലി മേഖല ഗ്രാമീണ കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിന് നിരവധി രീതിയിൽ സംഭാവനകൾ നൽകുന്നുണ്ട്. പ്രത്യേകമായി, വരണ്ട പ്രദേശങ്ങളിലും, അർദ്ധ വരണ്ട പ്രദേശങ്ങളിലും കന്നുകാലികൾക്കും ഉപജീവനമാർഗത്തിനും അടുത്ത ബന്ധമാണുള്ളത്. കന്നുകാലികളുടെ വിതരണം ഭൂമിയുടെ വിതരണത്തേക്കാൾ തുല്യമായതിനാൽ, കന്നുകാലി ഉൽപാദനം കാർഷിക വരുമാനത്തിൽ നല്ല സ്വാധീനം ചെലുത്തുന്നു. അതിന്റെ ഫലമായി, ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തെ സഹായിക്കുന്നു. മിക്ക കർഷകരുടെയും പ്രധാന വരുമാന സ്രോതസ്സുകളിൽ ഒന്നാണിത്. കാർഷിക മേഖലയ്ക്കും, കുടുംബങ്ങളുടെ ആരോഗ്യത്തിനും പോഷകാഹാരത്തിനും സംഭാവന നൽകുന്നു എന്നു മാത്രമല്ല, ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ ക്ഷേമവും വർദ്ധിപ്പിക്കുന്നു. കൃഷിയിലും അനുബന്ധ മേഖലകളിലും ഏറ്റവും പ്രതീക്ഷ നൽകുന്ന മേഖലയാണ് കന്നുകാലി മേഖല. പാൽ, മാംസം, മുട്ട, മത്സ്യം, കമ്പിളി മുതലായവ കന്നുകാലി കർഷകർക്ക് അധിക വരുമാനം ഉറപ്പാക്കുന്നു. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, രോഗനിയന്ത്രണം, കാലിത്തീറ്റ ഉൽപ്പാദനം, മൂല്യവർദ്ധന, ശാസ്ത്രീയമായ പ്രജനന രീതികൾ സ്വീകരിക്കൽ എന്നിവയിൽ ഈ മേഖലയുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഗണ്യമായ വിഹിതം നൽകുന്നു.

ഇന്ത്യയിലെ കന്നുകാലി മേഖല ലോകത്തിലെ തന്നെ ഏറ്റവും ബൃഹത്തായ ഒന്നാണ്. 20-ാമത് കന്നുകാലി സെൻസസ് (2019) പ്രകാരം, രാജ്യത്തെ മൊത്തം കന്നുകാലി ജനസംഖ്യ 536.76 ദശലക്ഷമാണ്. ഇത് 2012 ലെ കന്നുകാലി സെൻസസിനേക്കാൾ 4.8% വർദ്ധനവ് കാണിക്കുന്നു.

20-ാമത് കന്നുകാലി സെൻസസ് (2019) റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം 29.09 ലക്ഷം (5.42%) ആണ്. സംസ്ഥാനത്തെ കോഴി, താറാവ് മുതലായ വളർത്തു പക്ഷികളുടെ എണ്ണം 297.71 ലക്ഷം ആയിരുന്നു, ഇത് രാജ്യത്തെ മൊത്തം വളർത്തു പക്ഷികളുടെ എണ്ണത്തിന്റെ 3.50 ശതമാനമാണ്. മുൻകാല കന്നുകാലി സെൻസസിൽ (2012) രേഖപ്പെടുത്തിയതിനേക്കാൾ 16.8 ശതമാനം വർധനയാണ് വളർത്തുപക്ഷികളുടെ എണ്ണത്തിൽ രേഖപ്പെടുത്തിയത്. ദേശീയ തലത്തിൽ രേഖപ്പെടുത്തിയ വളർച്ചാ നിരക്കിനേക്കാൾ കൂടുതലാണ് കേരളത്തിലെ നിരക്ക് (22.61 ശതമാനം).

### ദേശീയ, സംസ്ഥാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള സംഭാവന

നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് (NAS) 2023-ന്റെ കണക്കുകൾ പ്രകാരം, മൊത്തം കൃഷിയിലും അനുബന്ധ മേഖലയിലും കന്നുകാലികളുടെ സംഭാവന (സ്ഥിരമായ വിലയിൽ) 2020-21 ലേ 29.8 ശതമാനത്തിൽ നിന്ന്

2021-22 ൽ 30.5 ശതമാനമായി വർദ്ധിച്ചു. 2021-22 ൽ കന്നുകാലി മേഖലയുടെ സംഭാവന മൊത്തം ജി.വി.എ.യുടെ 4.75 ശതമാനമായിരുന്നു.

കേരളത്തിലെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ ഏറ്റവും വേഗത്തിൽ വളരുന്ന മേഖലകളിലൊന്നാണ് കന്നുകാലി മേഖല. മൊത്തം കൃഷിയിലും അനുബന്ധ മേഖലയിലും കന്നുകാലി മേഖലയുടെ സംഭാവന (GSVA) (സ്ഥിരമായ വില 2011-12) 26.28 ശതമാനമാണ് (ദ്രുത കണക്കുകൾ) (DES, 2022-23). 2021-22ൽ സംസ്ഥാനത്തിന്റെ മൊത്തം ജിഎസ്‌വിഎയുടെ വിഹിതം 2.38 ശതമാനമായിരുന്നു യഥാർത്ഥത്തിൽ, കന്നുകാലി മേഖലയിലെ ജിഎസ്‌വിഎ സ്ഥിരമായ വിലയിൽ (2011-12), 2020-21 ലെ ₹11,69,871 കോടിയിൽ നിന്ന് 2021-22 ൽ രൂപ 11,83,059 കോടിയായി ഉയർന്നു.

### കന്നുകാലി മേഖലയ്ക്ക് കീഴിലുള്ള പ്രധാന വകുപ്പും ഏജൻസികളും

മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (മിൽമ), കേരള ഫീഡ്‌സ് ലിമിറ്റഡ് (കെഎഫ്എൽ), കേരള ലൈവ്സ്റ്റോക്ക് ഡെവലപ്‌മെന്റ് ബോർഡ് (കെഎൽഡിബി), കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്‌മെന്റ് കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി), മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എം.പി.ഐ), കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി (കെ.വി.എ.എസ്.യു) എന്നിവയാണ് കേരളത്തിലെ കന്നുകാലി മേഖലയ്ക്ക് കീഴിലുള്ള പ്രധാന വകുപ്പുകളും ഏജൻസികളും.

കേരളത്തിലെ മൃഗസംരക്ഷണ വകുപ്പ് ഈ ഉപമേഖലയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. മൃഗസംരക്ഷണം, രോഗ നിർമാർജനം, കന്നുകാലി, ആട്, പന്നി, കോഴി എന്നിവയുടെ വികസനം, ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണം, കർഷകർക്കും മൃഗഡോക്ടർമാർക്കുമുള്ള വിപുലീകരണ പ്രവർത്തനങ്ങളും പരിശീലന പരിപാടികളും ഏകോപിപ്പിക്കല്, ജൈവ ഉൽപ്പാദനം എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ.

സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം എണ്ണത്തിലും ഗുണനിലവാരത്തിലും വർദ്ധിപ്പിക്കുക എന്നതാണ് വകുപ്പിന്റെ പ്രാഥമിക ലക്ഷ്യങ്ങൾ. പാലിന്റെയും മാംസത്തിന്റെയും ഉത്പാദനം വർധിപ്പിക്കുന്നതിനായി കന്നുകാലി വികസന പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ക്രോസ് ബ്രീഡിംഗ് ആണ്. കൂടാതെ, കോഴിവളർത്തൽ, പന്നികളുടെയും മുയലുകളുടെയും പ്രജനനം, ആട്, എരുമ എന്നിവയുടെ വളർത്തൽ എന്നിവയ്ക്കുള്ള പരിപാടികൾ വകുപ്പ് വാഗ്ദാനം ചെയ്യുന്നു. ഉൽപ്പാദനം വർധിപ്പിക്കുന്നതിന് ശാസ്ത്രീയ ഉൽപ്പാദന യൂണിറ്റ് മാനേജ്മെന്റിനെക്കുറിച്ച് കർഷകർക്ക് പരിശീലനം നൽകുന്നു. തങ്ങളുടെ കുടുംബത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനായി, നിയന്ത്രിക്കാൻ കഴിയുന്ന വലുപ്പത്തിൽ വളർത്തുമൃഗങ്ങളെയും കോഴികളെയും വളർത്താൻ സ്ത്രീകൾക്ക് പരിശീലനം നൽകുന്നു. ഡയറി ഫാമിംഗ്, ആട് വളർത്തൽ, താറാവ് വളർത്തൽ, പന്നി വളർത്തൽ, ഇറച്ചിക്കോഴി ഉത്പാദനം, ലെയർ മാനേജ്മെന്റ്, വീട്ടുമുറ്റത്തെ കോഴി ഉത്പാദനം, കാട വളർത്തൽ, കോഴിക്കുഞ്ഞുങ്ങളെ വളർത്തൽ എന്നിവ ഡിപ്പാർട്ട്മെന്റ് വാഗ്ദാനം ചെയ്യുന്ന പരിശീലനങ്ങളിൽ ചിലതാണ്. പ്രധാന കന്നുകാലി ഉൽപന്നങ്ങളായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം പ്രതിവർഷം കണക്കാക്കുന്നതിനായി ഡിപ്പാർട്ട്മെന്റ് ക്വിൻക്വനിയൽ അനിമൽ സെൻസസും ഒരു സംയോജിത സാമ്പിൾ സർവേയും നടത്തുന്നു.

മൃഗസംരക്ഷണ വകുപ്പ് പ്രധാനമായും 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, 214 വെറ്ററിനറി ആശുപത്രികൾ, 50 പോളി ക്ലിനിക്കുകൾ, 870 വെറ്ററിനറി ഡിസ്പെൻസറികൾ, 38 പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ, 1332 വെറ്ററിനറി സബ് സെന്ററുകൾ, 5 മൊബൈൽ വെറ്ററിനറി ആശുപത്രികൾ, 4 മൊബൈൽ വെറ്ററിനറി ഡിസ്പെൻസറികൾ, 20 വെറ്ററിനറി എയ്ഡ് സെന്റർ, 5 മൊബൈൽ ഫാം എയ്ഡ് യൂണിറ്റുകൾ, 10 കന്നുകാലി പരിപാലന പരിശീലന കേന്ദ്രങ്ങൾ, ഒരു മോട്ടോർ ബോട്ട് വെറ്ററിനറി ആശുപത്രി എന്നിവയിലൂടെ മൃഗസംരക്ഷണ മേഖലയിൽ സേവനം നൽകുന്നു. നിലവിലുള്ള സ്ഥാപനങ്ങളുടെ (VD/VH) ഭാഗമായി 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ഇപ്പോൾ സേവനത്തിലുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് (മൃഗസംരക്ഷണ വകുപ്പ്) പകർച്ചവ്യാധികൾ തുടച്ചുനീക്കുന്നതിന് കാര്യക്ഷമവും സമയബന്ധിതവുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുളമ്പുരോഗ നിയന്ത്രണ പരിപാടി, എലിപ്പനി രഹിത കേരള വാക്സിനേഷൻ പ്രോഗ്രാം, മൃഗരോഗ നിയന്ത്രണത്തിനുള്ള സംസ്ഥാനങ്ങൾക്കുള്ള സഹായം (അസ്കാഡ്), കോഴികൾക്കുള്ള പതിവ് കുത്തിവയ്പ്പുകൾ തുടങ്ങി വ്യാപകമായി വാക്സിനേഷൻ ക്യാമ്പയ്നുകൾ നടത്തിവരുന്നു.

കേരളത്തിലെ മൃഗങ്ങളുടെ പ്രധാന പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ടതിന്റെയും ആക്രമണങ്ങളുടെയും മരണത്തിന്റെയും 2015-16 മുതൽ 2021-22 വരെയുള്ള വിശദാംശങ്ങൾ **അനുബന്ധം 3.3.1**-ൽ നൽകിയിരിക്കുന്നു. മൃഗസംരക്ഷണ മേഖലയുടെ സാമ്പത്തിക പ്രകടനം **പട്ടിക 3.3.1** ൽ കാണിച്ചിരിക്കുന്നു.

2022-23 ൽ കന്നുകാലി മേഖലയിലെ മൊത്തം അടങ്കൽ 457.76 കോടിയും മൊത്തം ചെലവ് 242.60 കോടി രൂപയുമാണ് (53. ശതമാനം). 2023-24 ൽ, മൊത്തം അടങ്കൽ 425.49 കോടിയും ചെലവ് 68.97 കോടിയും (16.21%) ആയിരുന്നു.

### കേരളത്തിലെ പ്രധാന കന്നുകാലി ഉൽപ്പന്നങ്ങൾ

പാലും, മാംസവും, മുട്ടയുമാണ് സംസ്ഥാനത്തെ പ്രധാന കന്നുകാലി ഉൽപന്നങ്ങൾ. ഇവ മൂന്നിന്റെയും ഉത്പാദനം 2017-18 മുതൽ 2022-23 വരെയുള്ളത് **ചിത്രം 3.3.1** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.3.1** പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആദ്യ രണ്ട് വർഷത്തെ ഡിപ്പാർട്ട്മെന്റ്/ഏജൻസി തിരിച്ചുള്ള അടങ്കലും ചെലവും ലക്ഷം രൂപയിലും ശതമാനത്തിലും


| ക്രമ നമ്പർ | ഡിപ്പാർട്ട്മെന്റ്/ഏജൻസി | 2022-23 | | | 2023-24 | | |
|---|---|---|---|---|---|---|---|
| | | അടങ്കലും | ചെലവും | ശതമാനം | അടങ്കലും | ചെലവും | ശതമാനം |
| 1 | മൃഗസംരക്ഷണ വകുപ്പ് | 17434.02 | 10161.87 | 58.29 | 16805.00 | 3645.01 | 21.69 |
| 2 | ക്ഷീരവികസന വകുപ്പ് | 9931.00 | 6854.57 | 69.02 | 11476.00 | 2007.06 | 17.48 |
| 3 | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (മിൽമ) | 4022.00 | 487.5 | 12.11 | 750.00 | 268.78 | 35.84 |
| 4 | കേരള ഫീഡ്സ് ലിമിറ്റഡ് (കെഎഫ്എൽ) | 1000.00 | 800.00 | 80.00 | 2000.00 | 0.00 | 0.00 |
| 5 | കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (കെഎൽഡിബി), | 2346.98 | 1741.1 | 74.18 | 2968.00 | 741.04 | 24.97 |
| 6 | കേരള സംസ്ഥാന കോഴി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി) | 750.00 | 595.64 | 79.42 | 700.00 | 104.36 | 14.86 |
| 7 | കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി കെ.വി.എ.എസ്.യു) | 6342.00 | 3430.24 | 54.09 | 6500.00 | 130.89 | 2.01 |
| 8 | മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എം.പി.ഐ) | 3950.00 | 186.00 | 4.71 | 1350.00 | 0.00 | 0.00 |
| ആകെ | | 45776.00 | 24256.92 | 53.00 | 42549.0 | 6897.14 | 16.21 |

അവലംബം: കേരള സംസ്ഥാന ആസൂത്രണ ബോർഡ്

**പാൽ ഉത്പാദനം**

ആഗോള പാൽ ഉൽപാദനത്തിന്റെ 24% സംഭാവന ചെയ്യുന്ന ഇന്ത്യ പാൽ ഉൽപാദനത്തിൽ ഒന്നാം സ്ഥാനത്താണ്. ദേശീയ തലത്തിൽ, പാൽ ഉൽപ്പാദനം 2021-22 ൽ 22.21 കോടി ടണ്ണിൽ നിന്ന് 2022-23 ൽ 23.06 കോടി ടണ്ണായി വർധിച്ചു, കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി ഈ പ്രവണത നിലനിർത്തിക്കൊണ്ട് 3.83 ശതമാനം വളർച്ച രേഖപ്പെടുത്തി. ഇന്ത്യയിൽ 2022-23 ൽ ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന അഞ്ച് സംസ്ഥാനങ്ങൾ ഉത്തർപ്രദേശ് (15.72 ശതമാനം), രാജസ്ഥാൻ (14.44 ശതമാനം), മധ്യപ്രദേശ് (8.73 ശതമാനം), ഗുജറാത്ത് (7.49 ശതമാനം), ആന്ധ്രാപ്രദേശ് (6.70 ശതമാനം) എന്നിവയാണ്. രാജ്യത്തെ മൊത്തം പാലുൽപ്പാദനത്തിന്റെ 53.08 ശതമാനവും സംഭാവന ചെയ്യുന്നത് ഈ സംസ്ഥാനങ്ങൾ ചേർന്നാണ് (വിദേശ സങ്കരയിനങ്ങൾക്ക് ശരാശരി ഉല്പാദനം പ്രതിദിനം 8.55 കി.ഗ്രാമും, തദ്ദേശീയ/സങ്കര ഇനത്തിന് പ്രതിദിനം 3.44 കി.ഗ്രാമും ആണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2023).

**ചിത്രം 3.3.1** പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം 2017-18 മുതൽ 2022-23 വരെ




അവലംബം: സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ 2023

ഇന്ത്യയിൽ വർഷങ്ങളായി പ്രതിശീർഷ പാലിന്റെ ലഭ്യത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, 2022-23ൽ ഇത് പ്രതിദിനം 459 ഗ്രാം ആയി കണക്കാക്കപ്പെടുന്നു (DAHD, GOI-യുടെ അടിസ്ഥാന AH സ്ഥിതിവിവരക്കണക്കുകൾ 2023). ഏറ്റവും കൂടുതൽ പ്രതിശീർഷ ലഭ്യത പഞ്ചാബിലാണ് (പ്രതിദിനം 1283 ഗ്രാം), തുടർന്ന് രാജസ്ഥാനിലും (പ്രതിദിനം 1138 ഗ്രാം). രാജ്യത്തെ ഇനം തിരിച്ചുള്ള പാൽ ഉൽപ്പാദനം കാണിക്കുന്നത് മൊത്തം പാലുൽപാദനത്തിന്റെ 31.94 ശതമാനവും തദ്ദേശീയ എരുമകളാൽ സംഭാവന ചെയ്യപ്പെടുന്നു എന്നാണ്. തുടർന്ന്, 29.81 ശതമാനവും സംഭാവന ചെയ്യുന്നത് സങ്കരയിനം കന്നുകാലികളാണ്. രാജ്യത്തെ മൊത്തം പാൽ ഉൽപാദനത്തിന്റെ 10.73 ശതമാനം സംഭാവന ചെയ്യുന്നത് നാടൻ കന്നുകാലികളാണ്. 2023 ലെ അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം മൊത്തം പാൽ ഉൽപ്പാദനത്തിന്റെ 3.30 ശതമാനം ആട്ടിൻ പാലാണ്.

പാൽ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ കേരളം പതിനഞ്ചാം സ്ഥാനത്താണ്. കേരളത്തിന്റെ പ്രതിശീർഷ ലഭ്യത പ്രതിദിനം 198 ഗ്രാമാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2023). 2022-23ൽ മൊത്തം പാലിന്റെ ആവശ്യം 33.51 ലക്ഷം മെട്രിക് ടൺ ആയിരുന്നു. എന്നാൽ വാർഷിക ഉൽപ്പാദനം 25.32 ലക്ഷം മെട്രിക് ടൺ മാത്രമായിരുന്നു, ഇത് പ്രതിദിനം ശരാശരി 1.34 ലക്ഷം ലിറ്റർ പാൽ പുറത്ത് നിന്ന് വാങ്ങാൻ ഇടയാക്കി. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന 25.32 ലക്ഷം മെട്രിക് ടൺ പാലിൽ ഒരു പ്രധാന പങ്ക് സങ്കരയിനം കന്നുകാലികളാണ് (93.56 ശതമാനം) ഉത്പാദിപ്പിക്കുന്നത്. നാടൻ കന്നുകാലികൾ ഉൽപ്പാദിപ്പിക്കുന്നത് 0.04 മെട്രിക് ടൺ പാൽ (0.16 ശതമാനം). സങ്കരയിനം കന്നുകാലികളുടെ സംഭാവന 0.24 MT (0.95 ശതമാനം) ആയിരുന്നു. ആടുകളിൽ നിന്നുള്ള പാൽ ഉത്പാദനം 1.23 മെട്രിക് ടൺ (4.86 ശതമാനം) ആയിരുന്നു. തദ്ദേശീയവും സങ്കരയിനവുമായ എരുമകളാണ് ബാക്കി സംഭാവന ചെയ്യുന്നത്. 2022-23 ൽ കേരളത്തിലെ ഇനം തിരിച്ചുള്ള പാൽ ഉൽപാദനത്തിന്റെ വിശദാംശങ്ങൾ **ചിത്രം 3.3.2** ൽ നൽകിയിരിക്കുന്നു.

പ്രധാന പാൽ ഉൽപ്പാദന സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കന്നുകാലികളുടെ എണ്ണം കുറവാണെങ്കിലും കേരളത്തിലെ കന്നുകാലി ഉൽപ്പാദനക്ഷമത ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. 2022-23 ൽ ഇന്ത്യയിലെ വിദേശ/ക്രോസ് ബ്രീഡ് പശുക്കളുടെ ശരാശരി പാൽ ഉൽപാദനം പ്രതിദിനം 8.55 കിലോഗ്രാം ആണ്. തദ്ദേശീയ കന്നുകാലികൾക്കും സങ്കരയിനം കന്നുകാലികൾക്കും ഇത് പ്രതിദിനം 3.44 കിലോഗ്രാം ആണ്. കേരളത്തിൽ വിദേശ/ക്രോസ് ബ്രീഡിൽ നിന്നുള്ള ഉല്പാദനം നിരക്ക് പ്രതിദിനം 10.77 കിലോഗ്രാം ആണ്, കൂടാതെ തദ്ദേശീയ/ സങ്കരയിന മൃഗങ്ങളിൽ നിന്നുള്ളത് പ്രതിദിനം 3.21 കിലോഗ്രാം ആണ്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ പഞ്ചാബ് (പ്രതിദിനം 13.49 കിലോഗ്രാം), ചണ്ഡീഗഡ് 12.22 കിലോഗ്രാം/പ്രതിദിനം (മൃഗസംരക്ഷണ അടിസ്ഥാന സ്ഥിതിവിവരക്കണക്കുകൾ 2023) എന്നിവയ്ക്ക് ശേഷം കേരളം മൂന്നാം സ്ഥാനത്താണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ  കേരളത്തിന് ഈ നേട്ടം നൽകിയത് വിദേശ, ക്രോസ് ബ്രീഡ് മൃഗങ്ങളുടെ എണ്ണത്തിലുള്ള ഉയർന്ന ശതമാനമാണ്.


ക്ഷീര സഹകരണ സംഘങ്ങൾ 2016-17 വർഷത്തിൽ 5.94 ലക്ഷം മെട്രിക് ടൺ പാൽ (പ്രതിദിനം 16.27 ലക്ഷം ലിറ്റർ) സംഭരിച്ചു. അതേസമയം, 2022-23 വർഷത്തിലെ സമാന കണക്ക് 7.39 ലക്ഷം മെട്രിക് ടൺ പാലാണ്(പ്രതിദിനം 20.25 ലക്ഷം ലിറ്റർ). ക്ഷീരവികസന പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഈ വർധന ഒരു നല്ല സൂചകമാണ്. മാത്രമല്ല, ഈ മേഖലയെ പരിപോഷിപ്പിക്കുന്നതിനായി സർക്കാർ ഏറ്റെടുത്തിട്ടുള്ള വിവിധ വികസന പ്രവർത്തനങ്ങളുടെ വിവരണവുമാണിത്. ക്ഷീരവികസന വകുപ്പിന്റെ ക്ഷീരഗ്രാമം-പാൽക്കടം, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം (എംഎസ്ഡിപി) തുടങ്ങിയ കന്നുകാലി പ്രേരണ പദ്ധതികളുടെ നടത്തിപ്പ് കഴിഞ്ഞ 5 വർഷമായി പാലുൽപ്പാദനത്തിൽ ഉയർന്ന പ്രവണത സൃഷ്ടിച്ചു.

**മുട്ട ഉത്പാദനം**

അശാസ്ത്രീയമായ കൃഷിരീതിയിൽ നിന്ന് അത്യാധുനിക സാങ്കേതിക ഇടപെടലുകളുള്ള വാണിജ്യ ഉൽപ്പാദന സമ്പ്രദായത്തിലേക്ക് ഉയർന്നുവന്നുകൊണ്ട്, കഴിഞ്ഞ നാല് പതിറ്റാണ്ടിനിടെ ഇന്ത്യ മുട്ടയുടെയും മാംസത്തിന്റെയും ഉത്പാദനത്തിൽ കുതിച്ചുചാട്ടം നടത്തിയിട്ടുണ്ട്. ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ സ്റ്റാറ്റിസ്റ്റിക്സ് (FAOSTAT) 2023 ലെ ഉൽപ്പാദന ഡാറ്റ അനുസരിച്ച്, മുട്ട ഉൽപാദനത്തിൽ ഇന്ത്യ ആഗോളതലത്തിൽ മൂന്നാം സ്ഥാനത്താണ്. ഇന്ത്യയിലെ മൊത്തം മുട്ട ഉത്പാദനം 2021-22 ൽ 129600 കോടിയിൽ നിന്ന് 2022-23 ൽ 138376 കോടിയായി 6.77 ശതമാനം വളര്ച്ച രേഖപ്പെടുത്തി.  2000-01 മുതൽ മുട്ടയുടെ പ്രതിശീർഷ ലഭ്യതയിൽ ക്രമാനുഗതമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2022-23 ൽ ഏറ്റവും കൂടുതൽ മുട്ട ഉത്പാദിപ്പിച്ചത് ആന്ധ്രാപ്രദേശാണ്. ഇത് രാജ്യത്തെ മൊത്തം മുട്ട ഉൽപാദനത്തിന്റെ 20.13 ശതമാനമാണ്. രാജ്യത്തിന്റെ മുട്ട ഉൽപാദനത്തിന്റെ പ്രധാന പങ്ക് വഹിക്കുന്ന മറ്റ് സംസ്ഥാനങ്ങൾ തമിഴ്നാട് (15.58 ശതമാനം), തെലങ്കാന (12.77 ശതമാനം), പശ്ചിമ ബംഗാൾ (9.93 ശതമാനം) കർണാടക (6.51 ശതമാനം) എന്നിവരാണ്. രാജ്യത്തെ മൊത്തം മുട്ട ഉൽപ്പാദനത്തിൽ 1.62 ശതമാനമാണ് കേരളത്തിന്റെ സംഭാവന. പ്രതിശീർഷ മുട്ടയുടെ ഏറ്റവും ഉയർന്ന ലഭ്യത ആന്ധ്രാപ്രദേശിലാണ് (പ്രതിവർഷം 526 മുട്ടകൾ), തുടർന്ന് തെലങ്കാന (പ്രതിവർഷം 466 മുട്ടകൾ), തമിഴ്നാട് (പ്രതിവർഷം 281 മുട്ടകൾ)എന്നി സംസ്ഥാനകളിലാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ 2023).

കേരളം മുട്ട ഉത്പാദനത്തിൽ ഇന്ത്യയിൽ 14-ാം സ്ഥാനത്താണ് മുട്ടയുടെ ഉത്പാദനം 2021-22 ലെ 22.300 കോടിയിൽ നിന്നും 2022-23 ൽ

**ചിത്രം 3.3.2** കേരളത്തിലെ ഇനം തിരിച്ചുള്ള പാൽ ഉൽപ്പാദനം (2022-23)




അവലംബം: ക്ഷീര വികസന വകുപ്പ്, കേരള സർക്കാർ 2023

22.475 കോടിയായി ഉയർന്നു. (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ 2023). നമ്മുടെ സംസ്ഥാനത്ത് മുട്ടയുടെ പ്രതിശീർഷ ലഭ്യത 2022-23 ൽ പ്രതിവർഷം 63 മുട്ടകളായിരുന്നു, ഇത് രാജ്യത്തിന്റെ ശരാശരി, പ്രതിവർഷം 101 മുട്ടകൾ എന്നതിനേക്കാള് കുറവാണ്(അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുക,ൾ 2023).

ബേസിക് ആനിമൽ ഹസ്ബൻഡറി സ്റ്റാറ്റിസ്റ്റിക്സ് 2023 അനുസരിച്ച്, സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന മൊത്തം മുട്ടയുടെ 59 ശതമാനവും മെച്ചപ്പെട്ട താറാവുകളിൽ നിന്നും, ഏകദേശം 34 ശതമാനം മെച്ചപ്പെട്ട കോഴികളിൽ നിന്നും 5 ശതമാനം ദേശി താറാവുകളിൽ നിന്നും 2 ശതമാനം ദേശി കോഴികളിൽ നിന്നുമാണ്.


കേരളത്തിലെ ഇനം തിരിച്ചുള്ള മുട്ട ഉൽപാദനത്തിന്റെ 2022-23 ലെ വിശദാംശങ്ങൾ **ചിത്രം 3.3.3**ൽ നൽകിയിരിക്കുന്നു.

**മാംസ ഉത്പാദനം**

നമ്മുടെ രാജ്യത്ത് കഴിഞ്ഞ പത്ത് വർഷമായി മാംസ ഉൽപാദനത്തിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ലോകത്ത് മാംസ ഉൽപാദനത്തിൽ ഇന്ത്യ എട്ടാം സ്ഥാനത്താണ്. രാജ്യത്തെ മാംസ ഉത്പാദനം 2021-22 ലെ 9.29 ദശലക്ഷം ടണ്ണിൽ നിന്ന് 2022-23ൽ 9.77 ദശലക്ഷം ടണ്ണായി (5.13 ശതമാനം വർധിച്ചു). 2022-23 വർഷത്തിൽ രാജ്യത്ത് ഏറ്റവും കൂടുതൽ മാംസം ഉത്പാദിപ്പിചത് ഉത്തർപ്രദേശാണ്. മൊത്തം മാംസ ഉൽപാദനത്തിന്റെ 12.20 ശതമാനം. തുടർന്ന് പശ്ചിമ ബംഗാൾ (11.93 ശതമാനം), മഹാരാഷ്ട്ര (11.50 ശതമാനം), ആന്ധ്രാപ്രദേശ് (11.20 ശതമാനം) തെലങ്കാന (11.06 ശതമാനം) എന്നി സംസ്ഥാനങ്ങളാണ്. ഈ കാലയളവിൽ രാജ്യത്തെ മൊത്തം മാംസ ഉൽപാദനത്തിന്റെ 57.90 ശതമാനം സംഭാവന ചെയ്യ്തത് ഈ സംസ്ഥാനങ്ങളാണ്. 2022-23ൽ രാജ്യത്തെ മൊത്തം മാംസ ഉൽപാദനത്തിൽ കേരളത്തിന്റെ സംഭാവന 4.84 ശതമാനമാണ്. (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ 2023). 2022-23 വർഷത്തിൽ രാജ്യത്തെ മാംസ ഉൽപാദനത്തിന്റെ 51.14 ശതമാനവും കോഴിയിറച്ചിയിൽ നിന്നാണെന്ന് ഇനം തിരിച്ചുള്ള മാംസ സംഭാവന കണക്കുകൾ കാണിക്കുന്നു. ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര എന്നിവ യഥാക്രമം 12.20, 11.93, 11.50 ശതമാനം എന്ന ക്രമത്തിൽ, 2022-23ൽ രാജ്യത്തെ ഏറ്റവും വലിയ മാംസ ഉത്പാദകരാണ്. മാംസ ഉൽപാദനത്തിൽ കേരളത്തിന്റെ സംഭാവന 3.19 % ആണ്. ഇന്ത്യയുടെ മൊത്തം മാംസ ഉൽപാദനത്തിൽ കന്നുകാലികളിൽ നിന്നും, എരുമകളിൽ നിന്നുമുള്ള മാംസം യഥാക്രമം 2.55 ശതമാനവും 18.51 ശതമാനവുമാണ്. ആട്, ചെമ്മരിയാട്, പന്നി, കോഴി എന്നിവയുടെ മാംസ ഉല്പാദനം 15.21, 11.05, 4.05, 53.76 ശതമാനമാണ്. കേരളത്തിൽ, 2022-23ൽ 42.92% മാംസത്തിന്റെ ഭൂരിഭാഗവും കന്നുകാലികളിൽ നിന്നാണ് ഉത്പാദിപ്പിച്ചത് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2023).

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിലെ മാംസ ഉത്പാദനം 23.01 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 2018-ലെയും 2019-ലെയും വെള്ളപ്പൊക്കവും, കോവിഡ്-19 പകർച്ചവ്യാധിയുടെ ആഘാതവും ഈ മേഖലയെ പ്രതികൂലമായി ബാധിച്ചു. 2022-23ൽ മൊത്തം ഇറച്ചി ഉൽപ്പാദനം 4.74 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 2022-23ൽ സംസ്ഥാനത്ത് ആകെ ആവശ്യമായ ഇറച്ചി 8.75 ലക്ഷം മെട്രിക് ടൺ ആയിരുന്നു. മാംസത്തിന്റെ ആഭ്യന്തര ആവശ്യം അതിവേഗം വളരുകയാണ്. ഈ സാഹചര്യത്തിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ "കേരള ചിക്കൻ" പദ്ധതി വിപുലീകരിക്കേണ്ടത് അത്യാവശ്യമാണ്. ആൺ പശുക്കിടാക്കളുടെ


**ചിത്രം 3.3.3** കേരളത്തിലെ ഇനം തിരിച്ചുള്ള മുട്ട ഉത്പാദനം (2022-23)




അവലംബം: ബേസിക് അനിമൽ ഹസ്ബന്ററി സ്റ്റാറ്റിസ്റ്റിക്സ്, 2023

വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും ഇക്കാര്യത്തിൽ ആലോചിക്കേണ്ടതുണ്ട്. കേരളത്തിലെ ഇനം തിരിച്ചുള്ള മാംസ ഉത്പാദനം **ചിത്രം 3.3.4**ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 3.3.4** കേരളത്തിലെ ഇനം തിരിച്ചുള്ള മാംസ ഉത്പാദനം (2022-23)




അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ 2023

കേരളത്തിലെ മാംസമേഖലയുടെ യഥാർത്ഥ സാധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്തിയിട്ടില്ല. കേരളത്തിലെ മാംസത്തിന്റെ ആവശ്യകത, പ്രത്യേകിച്ച് ഗോമാംസം, സംസ്ഥാനത്തിന് പുറത്ത് നിന്ന്, പ്രധാനമായും ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്ന് കശാപ്പിനായി കൊണ്ടുവരുന്ന മൃഗങ്ങളിൽ നിന്നുമാണ് നിറവേറ്റുന്നത്.

മാംസമേഖല കൂടുതൽ ഊർജസ്വലവും, ലാഭകരവും, സുരക്ഷിതമായ മാംസത്തിന്റെ ദാതാവും ആകണമെങ്കിൽ, അസംഘടിതമേഖലയിൽ നിന്ന് സംഘടിത മേഖലയിലേക്കുള്ള പ്രകടമായ മാറ്റം അനിവാര്യമാണ്. വൃത്തിയുള്ളതും, ഹരിതവും, ധാർമ്മികവുമായ (CGE) കൃഷിയും, ഉൽപാദന സംവിധാനവും അടിസ്ഥാനമാക്കി സുരക്ഷിതവും, ആരോഗ്യകരവുമായ മാംസത്തിന്റെ ഉൽപാദനത്തിലേക്ക് മാംസ ഉൽപാദന മേഖലയെ നവീകരിക്കുന്നതിനുള്ള തന്ത്രപരമായ പദ്ധതി ഇതിന് ആവശ്യമാണ്.

സുരക്ഷിതവും ആരോഗ്യകരവുമായ മാംസത്തിന്റെ ഉൽപാദനത്തിനായി, കശാപ്പ് പ്രവർത്തനങ്ങൾക്ക് ആധുനിക ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുക, മൂല്യവർദ്ധന പ്രോത്സാഹിപ്പിക്കുക, ഈ മേഖലയിൽ പരിശീലനം നേടിയ മാനവവിഭവശേഷി വികസനം ശക്തിപ്പെടുത്തുക എന്നിവ അത്യാവശ്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സർക്കാർ പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ 40 റെൻഡറിംഗ് പ്ലാന്റുകൾ സ്ഥാപിച്ചു. ശാസ്ത്രീയമായ അടിസ്ഥാന സൗകര്യങ്ങൾ പരിസ്ഥിതി മലിനീകരണം ഇല്ലാതാക്കുകയും, പകർച്ചവ്യാധികളും മൃഗരോഗങ്ങളും പടരുന്നത് തടയുകയും, ഉൽപ്പന്നങ്ങളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും സാമ്പത്തിക വരുമാനം ഉണ്ടാക്കുകയും ചെയ്യുന്നു.

## തീറ്റയും കാലിത്തീറ്റയും

കന്നുകാലി മേഖലയുടെ വികസനത്തെ പിന്തുണയ്ക്കുന്നതിനായി, നിർണായകമായ ഇൻപുട്ടുകളുടെ ലഭ്യതയിലെ വ്യാപകമായ വിടവ് കണക്കിലെടുത്ത് കാലിത്തീറ്റയ്ക്കും, തീറ്റ ഉൽപാദനത്തിനും പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ കാലിത്തീറ്റ വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയാണ് ക്ഷീരവികസന വകുപ്പ്. പദ്ധതി പ്രകാരം കർഷക വയലുകളിലും, ക്ഷീര സഹകരണ സംഘങ്ങളിലും, കാലിത്തീറ്റയുടെ ഉൽപ്പാദനവും സംരക്ഷണവും, തരിശുനിലങ്ങളിലും വാണിജ്യപരമായി വൻതോതിൽ കാലിത്തീറ്റ ഉൽപ്പാദനവും ആരംഭിച്ചിട്ടുണ്ട്. പുരോഗമന കർഷകർ, മറ്റു വ്യക്തികൾ, എൽ.എസ്.ജി.ഡികൾ പൊതുമേഖല സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ഫലഭൂയിഷ്ഠമായ ഉപയോഗശൂന്യമായ ഭൂമി തീവ്രമായി തീറ്റപ്പുൽ കൃഷിക്കായി ഏറ്റെടുത്തു. 2022-23-ൽ 2277 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി നടത്തുകയും 334.8 ലക്ഷം കാലിത്തീറ്റ റൂട്ട് സ്ലിപ്പുകൾ/തണ്ട് ഉല്പാദിപ്പിക്കുകയും ചെയ്തു. കൂടാതെ, അസോള കൃഷി, തീറ്റപ്പുൽ കൃഷി യന്ത്രവൽക്കരണം, വിളവെടുപ്പ്, ജലസേചന സൗകര്യങ്ങൾ എന്നിവയ്ക്കായി കർഷകർക്ക് സഹായം നൽകി. 2021-22 ലെ 3.58 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 2022-23ൽ മൊത്തം കാലിത്തീറ്റ ഉൽപ്പാദനം 3.64 ലക്ഷം മെട്രിക് ടൺ ആയിരുന്നു. തീറ്റയുടെയും കാലിത്തീറ്റയുടെയും ഉൽപാദനത്തിന്റെ വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 3.3.2, 3.3.3, അനുബന്ധം 3.3.4** എന്നിവയിൽ കാണിച്ചിരിക്കുന്നു.

നിലവിൽ, സംസ്ഥാനത്ത് 8020 കാലിത്തീറ്റ പ്ലോട്ടുകൾ ഉണ്ട്, അതിൽ 5897 പ്ലോട്ടുകൾ (73.54 ശതമാനം) ഒരേക്കറിനും, 2.5 ഏക്കറിനും ഇടയിലാണ്. 2.5 ഏക്കറിനും, അഞ്ച് ഏക്കറിനും ഇടയിൽ വിസ്തീർണ്ണമുള്ള 1877 പ്ലോട്ടുകൾ (23.4 ശതമാനം) ഉണ്ട്. അഞ്ച് ഏക്കറിലധികം സ്ഥലത്ത് 246 പ്ലോട്ടുകൾ (3.07 ശതമാനം) മാത്രമാണുള്ളത്. കേരളത്തിലെ കാലിത്തീറ്റ ഫാമുകൾക്ക് കീഴിലുള്ള പ്രദേശം **പട്ടിക 3.3.2**ൽ കാണിച്ചിരിക്കുന്നു.

2022-23 വർഷത്തിൽ കാലിത്തീറ്റ കൃഷി ചെയ്ത സ്ഥലത്ത് കുറവുണ്ടായതായി പട്ടിക സൂചിപ്പിക്കുന്നു.

## ബ്രീഡിങ്ങിനുള്ള പിന്തുണ

ഉൽപ്പാദന സാധ്യതകൾ സുഗമമാക്കുന്നതിനും, മൃഗങ്ങളിൽ ദീർഘകാലാടിസ്ഥാനത്തിൽ ഉൽപാദനത്തിൽ പുരോഗമന ജനിതക പുരോഗതി കൊണ്ടുവരുന്നതിനുമുള്ള പ്രധാന ഉപകരണങ്ങളിലൊന്നാണ് ബ്രീഡിംഗ്. നമ്മുടെ സംസ്ഥാനത്ത് കന്നുകാലി വളർത്തൽ ആസൂത്രിതമായി നടപ്പിലാക്കിയിട്ടുണ്ട്. മാത്രമല്ല, കൃത്യമായ ആസൂത്രിത ബ്രീഡിംഗ് നയവും നിലവിലുണ്ട്. സംസ്ഥാനത്തെ പ്രജനന നയമനുസരിച്ച്, കേരള കന്നുകാലി വികസന ബോർഡ് നൽകുന്ന ബീജ പ്ലാസ്മയാണ് മൃഗസംരക്ഷണ ഡയറക്ടറുടെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് ഉപയോഗിക്കുന്നത്. മൃഗസംരക്ഷണ വകുപ്പ് എല്ലാ പഞ്ചായത്തുകളിലും, മൃഗാശുപത്രികൾ വഴി കൃത്രിമ ബീജസങ്കലന സൗകര്യം ഉറപ്പാക്കുന്നുണ്ട്. മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വഴി വകുപ്പ് കൃത്രിമ ബീജസങ്കലനം വീട്ടുപടിക്കൽ എത്തിക്കുന്നുണ്ട്.

**പട്ടിക 3.3.2** കേരളത്തിൽ 2017-18 മുതൽ 2022-23 വരെയുള്ള കാലിത്തീറ്റ ഫാമുകൾക്ക് കീഴിലുള്ള പ്രദേശം

| വർഷം | ഹൈബ്രിഡ് നേപ്പിയറിനു കീഴിലുള്ള പ്രദേശം (ഹെക്ടർ) |
|---|---|
| 2017-18 | 2250 |
| 2018-19 | 2750 |
| 2019-20 | 2865 |
| 2020-21 | 2363 |
| 2021-22 | 2397 |
| 2022-23 | 2277 |

അവലംബം: ക്ഷീര വികസന വകുപ്പ്, കേരള

നിലവിലുള്ള ബ്രീഡിംഗ് പോളിസി അനുസരിച്ച്, വിദേശ പൈതൃക നിലവാരം ജനസംഖ്യയിൽ ഏകദേശം 50 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നാൽ നല്ല വിഭവങ്ങളുള്ള ചെറുകിട കർഷകർക്കും വാണിജ്യ/അർദ്ധ വാണിജ്യ ഡയറിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കും ഉയർന്ന മൂല്യമുള്ള ശുദ്ധമായ ഹോൾസ്റ്റീൻ ഫ്രീസിയൻ കാളകളുടെ ബീജം (ഇറക്കുമതി/ഇറക്കുമതി ചെയ്ത ലിംഗഭേദം/പുറത്തുനിന്നും സംഭരിച്ച കാളകൾ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റേയും കന്നുകാലി വികസന ബോർഡിന്റേയും സൂക്ഷ്മ നിരീക്ഷണത്തിൽ നൽകുന്നു. സംസ്ഥാനത്തെ തദ്ദേശീയ ഇനങ്ങളുടെ (വെച്ചൂർ പോലുള്ളവ) സംരക്ഷണ പരിപാടിയും ഏറ്റെടുക്കുന്നു. വെച്ചൂർ, ഗിർ, കാസർകോട് കുള്ളൻ, റെഡ് സിന്ധി, കാങ്കയം, കാൻക്രേജ് തുടങ്ങിയ നാടൻ ഇനങ്ങളുടെ ബീജമാണ് കെ.എൽ.ഡി. ബോർഡ് വിതരണം ചെയ്യുന്നത്. വന്ധ്യതാ നിവാരണ ക്യാമ്പുകൾ നടത്തുന്നതിനും നമ്മുടെ സംസ്ഥാനത്തെ കന്നുകാലികളിലെ വന്ധ്യതാ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുമായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫെർട്ടിലിറ്റി മാനേജ്മെന്റ് എന്ന പ്രത്യേക സ്ഥാപനം വഴിയും തുക ചെലവഴിക്കുന്നുണ്ട്.

കേരള കന്നുകാലി വികസന ബോർഡിന്റെ (കെ.എൽ.ഡി.ബി.) ലക്ഷ്യം സംസ്ഥാനത്തിന്റെ നിലവിലുള്ള ക്ഷീര പരിതസ്ഥിതിക്ക് അനുയോജ്യമായ കറവ കന്നുകാലികളെ വികസിപ്പിക്കുക എന്നതാണ്. ബ്രീഡിംഗ് ഇൻപുട്ടുകളുടെ ഉത്പാദനവും, ഗവേഷണവും, വികസനവും, പരിശീലനവുമാണ് ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ.

കെ.എൽ.ഡി.ബി.ക്ക് മൂന്ന് ബുൾ സ്റ്റേഷനുകളും, നാല് ബുൾ മദർ ഫാമുകളും, ഓരോ നാടൻ കന്നുകാലി, ആട്, പന്നി ഫാമുകളും ഉണ്ട്. ഇതിന് ഏഴ് പ്രാദേശിക ശുക്ല ബാങ്കുകളുണ്ട്. ഒന്ന് വീതം രണ്ട് ജില്ലകൾക്ക് സേവനം നൽകുന്നു. ശീതീകരിച്ച ബീജം ഉൽപ്പാദിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മിനിമം

**ബോക്സ് 3.3.1** ക്ഷീരശ്രീ പോർട്ടൽ

ക്ഷീരവകുപ്പിന്റെ ക്ഷീരശ്രീ പോർട്ടലിന് 2022-ലെ ഡിജിറ്റൽ ഇന്ത്യ അവാർഡുകളും 2021-2022 ലെ സംസ്ഥാന ഇ-ഗവേണൻസ് അവാർഡും ലഭിച്ചു. ഡിജിറ്റൽ ഇന്ത്യ അവാർഡുകൾ 2022, ബഹുമാനപ്പെട്ട രാഷ്ട്രപതിയിൽ നിന്നും, സംസ്ഥാന ഇ ഗവേണൻസ് അവാർഡ് ബഹുമാനപ്പെട്ട സംസ്ഥാന മുഖ്യമന്ത്രിയിൽ നിന്നും വകുപ്പും ഏറ്റുവാങ്ങി. ക്ഷീരവികസന വകുപ്പാണ് ക്ഷീരശ്രീ പോർട്ടൽ വിഭാവനം ചെയ്തത്. കേരളത്തിലെ ക്ഷീരമേഖലയുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സെന്റർ വികസിപ്പിച്ചെടുത്തതാണ് ഈ പോർട്ടൽ. ക്ഷീര വികസന വകുപ്പ് ക്ഷീര കർഷകരെ ലക്ഷ്യമിട്ട് നിരവധി സബ്സിഡി സ്കീമുകൾ വാഗ്ദാനം ചെയ്യുന്നു, അവയിൽ മിക്കതും ക്ഷീരശ്രീ പോർട്ടൽ വഴിയാണ് നല്കുന്നത്. കാലിത്തീറ്റ പദ്ധതിയുടെയും മിൽക്ക് ഷെഡ് വികസന പദ്ധതിയുടെയും ഘടകങ്ങൾ പോർട്ടൽ വഴിയാണ് നടപ്പിലാക്കുന്നത്.

ഗുണഭോക്താവിനെ പൂർണ്ണമായി ഓട്ടോമേറ്റഡ് രീതിയിൽ തെരഞ്ഞെടുക്കുന്നതിലൂടെ മുഴുവൻ പ്രവർത്തനങ്ങളും ഓട്ടോമേറ്റഡ് ആണ്. ഏകദേശം 2.5 ലക്ഷം ക്ഷീരകർഷകരും 3000-ലധികം ക്ഷീര സഹകരണ സംഘങ്ങളും ഇപ്പോൾ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. G2C, G2B, G2G സേവനങ്ങൾ നൽകുന്നതിൽ പോർട്ടൽ സുതാര്യതയും, കാര്യക്ഷമതയും ഉറപ്പാക്കുന്നു. കേരളത്തിൽ ക്ഷീരശ്രീ പോർട്ടൽ ഇപ്പോൾ ക്ഷീരകർഷക സമൂഹം പരക്കെ അംഗീകരിക്കപ്പെടുന്നു. കാരണം അത് അവരുടെ ജീവിതം എളുപ്പമാക്കുന്നു.

സ്റ്റാൻഡേർഡ് പ്രോട്ടോക്കോളുകൾ അനുസരിച്ച് ബീജ ഉൽപാദനത്തിനായി ഉപയോഗിക്കുന്ന കാളകളെ പകർച്ചവ്യാധികൾ, ജനിതക രോഗങ്ങൾ എന്നിവയുടെ സാധ്യത പരിശോധിക്കുന്നതിനായി സ്ക്രീൻ ചെയ്യുന്നു. കെ .എൽ.ഡി.ബി.ക്ക് കീഴിലുള്ള മൂന്ന് ബീജ സ്റ്റേഷനുകളും ISO 9001:2015 സർട്ടിഫിക്കേഷനും, ബയോസെക്യൂരിറ്റി നടപടികൾ പ്രാബല്യത്തിലുള്ള ഹസാർഡ് അനാലിസിസും ക്രിട്ടിക്കൽ കൺട്രോൾ പോയിന്റും (എച്ച്.എസി.സി.പി), സർട്ടിഫിക്കേഷനും നേടിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് മുഖേന സംസ്ഥാനത്തെ കന്നുകാലി ഉടമകൾക്കായി ആട് ബീജം ഉൽപ്പാദിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും KLDB തുടക്കമിട്ടു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ ഏജൻസികൾക്ക് പന്നികളുടെ ബ്രീഡിംഗ് സ്റ്റോക്ക് വിതരണം ചെയ്യുന്നു. സംസ്ഥാനത്തെ പന്നി കർഷകർക്കായി ബ്രീഡിംഗ്, ഫാറ്റിംഗ് സ്റ്റോക്ക് എന്നിവയും ബോർഡ് ഏറ്റെടുത്തു നടപ്പിലാക്കുന്നു.

കേരളത്തിൽ ശീതീകരിച്ച ബീജത്തിന്റെ ഉത്പാദനം 2022-23-ൽ 24.79 ലക്ഷം ഡോസുകളാണ്. സംസ്ഥാനത്തിനകത്ത് ശീതീകരിച്ച ബീജത്തിന്റെ വിതരണം 13.39 ലക്ഷം ഡോസുകളാണ്. 2022-23 ൽ സംസ്ഥാനത്തിന് പുറത്ത് ശീതീകരിച്ച ബീജത്തിന്റെ വിതരണം 6.81 ലക്ഷം ഡോസുകളാണ്. കേരളത്തിലെ ശീതീകരിച്ച ബീജത്തിന്റെ ഉൽപാദനത്തിന്റെയും വിതരണത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 3.3.5** ൽ കാണിച്ചിരിക്കുന്നു. 2022-23 ൽ 2504 ബീജസങ്കലന കേന്ദ്രങ്ങളിലായി 11.63 ലക്ഷം കൃത്രിമ ബീജസങ്കലനങ്ങൾ (AI) നടത്തി, 2.69 ലക്ഷം പ്രസവം രേഖപ്പെടുത്തി. ഒരു കാളക്കുട്ടിയെ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ ബീജസങ്കലനങ്ങളുടെ ശരാശരി എണ്ണം നാലാണ്. കൃത്രിമ ബീജസങ്കലനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.3.6**-ൽ കാണിച്ചിരിക്കുന്നു. KLDB-യുടെ പ്രധാന പ്രവർത്തനങ്ങൾ **അനുബന്ധം 3.3.7**-ൽ നൽകിയിരിക്കുന്നു. KLDB, ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി (IIITMK) ചേർന്ന് ഇലക്ട്രോണിക് രീതിയിൽ ഹെർഡ് ബുക്ക് രജിസ്ട്രേഷനായി ഒരു പുതിയ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളുടെ സമാന ആപ്ലിക്കേഷനുകളുമായി ഇതിന് ഡാറ്റ സമന്വയിപ്പിക്കാൻ കഴിയും. കുടുംബശ്രീയുമായി ബന്ധിപ്പിച്ചിട്ടുള്ള തീറ്റവളർത്തൽ പരിപാടികളും, കാലിത്തീറ്റ പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കലും, നാടൻ കന്നുകാലികളുടെ ജെർപ്ലാസം സംരക്ഷണവും, വ്യാപനവും ബോർഡ് ഏറ്റെടുക്കുന്നു. ഫീൽഡ് പെർഫോമൻസ് റെക്കോർഡിംഗ് പ്രോഗ്രാമിലൂടെ കന്നുകാലികളുടെ ജനിതക നവീകരണവും, ജീനോമിക് സെലക്ഷനിലൂടെ കാളകളെ തെരഞ്ഞെടുക്കുന്നതിനുള്ള സഹായവും ഏറ്റെടുത്തു നടത്തുന്നുണ്ട്.

കന്നുകാലി മേഖലയിൽ ജെർപ്ലാസം അധിഷ്ഠിത ക്രോസ് ബ്രീഡിംഗിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ, മെച്ചപ്പെട്ട പൊരുത്തപ്പെടുത്തലും, രോഗ പ്രതിരോധശേഷിയും, തീറ്റ കാര്യക്ഷമത അനുപാതവുമുള്ള തദ്ദേശീയ ഇനങ്ങളുടെ എണ്ണം കുറയുന്നു. അതിനാൽ, ഇന്ത്യൻ തദ്ദേശീയ ഇനങ്ങളുടെ സംരക്ഷണവും, ഉൽപാദനക്ഷമത മെച്ചപ്പെടുത്തലും അത്യാവശ്യമാണ്. നൂതനമായ അത്യാധുനിക പ്രത്യുൽപാദന സാങ്കേതിക വികാസങ്ങളുടെ പ്രയോഗത്തോടൊപ്പം സമ്പൂർണ്ണമോ പൂർണ്ണമോ ആയ കൃത്രിമ ബീജസങ്കലന കവറേജിൽ വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

1976 മുതൽ നിലവിലുള്ള ആരോഗ്യ പരിരക്ഷയും ഇൻഷ്വറൻസും സഹിതം 32 മാസം വരെ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്ന ഒരു കന്നുകാലി വളർത്തൽ പരിപാടിയാണ് സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം (SLBP). എരുമകളുടെ എണ്ണം ഗണ്യമായി കുറയുന്നത് തടയാൻ 2006-07 ൽ ഈ പദ്ധതി എരുമ പശുക്കിടാവുകളിലേയ്ക്കും വ്യാപിപ്പിച്ചു. 2014-15 മുതൽ എരുമക്കുട്ടികളെ എൻറോൾ ചെയ്തിട്ടില്ല. 2021-22ൽ 56,373 ആയിരുന്നെങ്കിൽ 2022-23ൽ പുതിയ പശുക്കുട്ടികളുടെ (പശു) എണ്ണം 60,652 ആയി. 2010-11 മുതൽ പ്രത്യേക കന്നുകാലി പ്രജനന പരിപാടിയിൽ എൻറോൾ ചെയ്ത പശുക്കിടാക്കളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.3.8**-ൽ കാണിച്ചിരിക്കുന്നു.

**പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസിൽ വാക്സിൻ ഉത്പാദനം**

പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസ് ആണ് കേരളത്തിൽ മൃഗ വാക്സിനുകൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ഏക ഏജൻസി. ഇൻസ്റ്റിറ്റ്യൂട്ടിൽ നിർമ്മിച്ച വാക്സിനുകളുടെ ഉത്പാദന വിശദാംശങ്ങൾ **അനുബന്ധം 3.3.9**-ൽ കാണിച്ചിരിക്കുന്നു. 2021-22ൽ നിർമ്മിച്ചത് കോഴി വാക്സിൻ 195.08 ലക്ഷം ഡോസുകളും, കന്നുകാലി വാക്സിൻ 8.98 ലക്ഷം ഡോസുകളുമാണ്. മുൻവർഷത്തെ അപേക്ഷിച്ച് കോഴി വാക്സിൻ ഉത്പാദനം 1.22 ശതമാനവും, കന്നുകാലി വാക്സിൻ 39.42 ശതമാനവും വർദ്ധിച്ചു. 2022-23ൽ കന്നുകാലികൾക്ക് 32.17 ലക്ഷവും, കോഴികൾക്ക് 59.27 ലക്ഷവുമാണ് വാക്സിനേഷൻ നടത്തിയത്. മുൻവർഷത്തെ അപേക്ഷിച്ച്, കന്നുകാലികൾക്കുള്ള വാക്സിനേഷൻ 240.98 ശതമാനം വർദ്ധിക്കുകയും കോഴി വാക്സിനേഷൻ 36.80 ശതമാനം കുറയുകയും ചെയ്തു. നായ്ക്കൾക്കുള്ള ആന്റി റാബിസ് വാക്സിനേഷൻ 2021-22 ലേ 3.04 ലക്ഷത്തിൽ നിന്ന് 2022-23 ൽ 5.91 ലക്ഷമായി ഉയർന്നു. വിശദാംശങ്ങൾ **അനുബന്ധം 3.3.10** ൽ നൽകിയിരിക്കുന്നു

**ഭൂമിക – അനിമൽ റിസോഴ്സ് മാനേജ്മെന്റ്സിസ്റ്റത്തിനുള്ള ഒരു ഉപകരണമായി GIS അടിസ്ഥാനമാക്കിയുള്ള മാപ്പിംഗ്**

ആരോഗ്യം, പ്രജനനം, ഉൽപ്പാദനം, അപകടസാധ്യത, ദുരന്തം, മാനവ വിഭവശേഷി മാനേജ്മെന്റ് എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമായി മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ജിയോസ്പേഷ്യൽ ഡാറ്റാ ബേസ് നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് കർഷകരുടെ ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാപ്പിംഗ് "ഭൂമിക" വികസിപ്പിച്ചെടുത്തു. വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളെ ഇതിലൂടെ ജിയോ മാപ്പിംഗ് സംവിധാനത്തിന് കീഴിൽ കൊണ്ടുവന്നു. സംസ്ഥാനത്ത് ഏകദേശം 25 ലക്ഷം കുടുംബങ്ങൾ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെന്നാണ് കണക്ക്. കന്നുകാലി/എരുമ വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന 5.44 ലക്ഷം കർഷകരെ 2022 വരെ വകുപ്പിന് പരിരക്ഷിക്കാൻ കഴിഞ്ഞു. ആരോഗ്യം, പ്രജനനം, ഉൽപ്പാദനം, അപകടസാധ്യത, ദുരന്തനിവാരണം, മാനവ വിഭവശേഷി മാനേജ്മെന്റ് എന്നിവയുടെ ഫലപ്രദമായ പരിപാലനത്തിനും നിരീക്ഷണത്തിനുമായി മൃഗവിഭവ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം, ഡിജിറ്റൽ സർവ്വകലാശാലയുമായി സഹകരിച്ചാണ് വികസിപ്പിച്ചെടുത്തത്. ഈ പോർട്ടലിൽ 547329 ലൊക്കേഷനുകൾ (കുടുംബങ്ങൾ) അടങ്ങിയിരിക്കുന്നു. ഗൂഗിൾ പ്ലേ സ്റ്റോറിൽ ആപ്പ് ഡൗൺലോഡ് ചെയ്യാൻ ലഭ്യമാണ്.

**വിലകൾ**


കഴിഞ്ഞ ഏഴ് വർഷത്തെ കന്നുകാലി മേഖലയിലെ പ്രധാനപ്പെട്ട ഇൻപുട്ടുകളുടെയും ഉൽപ്പന്നങ്ങളുടെയും ശരാശരി വില **അനുബന്ധം 3.3.11**–ൽ കൊടുത്തിരിക്കുന്നു. 2011-12 നേക്കാൾ ഈ കാലയളവിൽ എല്ലാ ഉൽപ്പന്നങ്ങൾക്കും വിലയിൽ വർദ്ധനവ് രേഖപ്പെടുത്തി. മൃഗസംരക്ഷണ വകുപ്പിന്റെ കണക്കുകൾ പ്രകാരം, 2022-23 വർഷത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ചിക്കൻ ബ്രോയിലർ, ചിക്കൻ ദേശി, മട്ടൺ, ബീഫ്, പോർക്ക് എന്നിവയുടെ വില യഥാക്രമം 67.15 ശതമാനവും, 102.13 ശതമാനവും, 129.86 ശതമാനവും, 134.7 ശതമാനവും, 89.4 ശതമാനവും വർധിച്ചു. 2021-22 നെ അപേക്ഷിച്ച്, 2022-23-ൽ കോഴി മുട്ടയുടെ (വെള്ള) വില 88.96 ശതമാനവും, കോഴി മുട്ടയുടെ (തവിട്ട്) വില 94.77 ശതമാനവും, താറാവ് മുട്ടയുടെ വില 118.75 ശതമാനവും വർദ്ധിച്ചു. ഇതേ കാലയളവിൽ പശുവിൻ പാലിന്റെ വില 91.82 ശതമാനം കൂടുകയും, എരുമപ്പാലിന്റെ വില 137.44 ശതമാനം കുറയുകയും ചെയ്തു.

2011-നെ അപേക്ഷിച്ച് ഇൻപുട്ട് വശത്ത്, 2022-23 ൽ, വൈക്കോലിന്റെ വില 143.75 ശതമാനവും, പുല്ലിന്റെ വില 224.69 ശതമാനവും, നിലക്കടല പിണ്ണാക്ക് 117.4 ശതമാനവും, ജിൻജേർലി ഓയിൽ കേക്കിന് 152.24 ശതമാനവും വില വർദ്ധിച്ചു. തേങ്ങ പിണ്ണാക്കിന്റെ വില 126.81 ശതമാനമായി കുറഞ്ഞു. ഉൽപന്നങ്ങളുടെ വിലയിലെ വർധന ക്ഷീര കൃഷിക്ക് ഗുരുതരമായ ഭീഷണിയാണ്. അതിനാൽ തീറ്റയുടെ തദ്ദേശീയ സ്രോതസ്സുകളുടെ സാധ്യത ആരായേണ്ടതുണ്ട്. 2017-18 മുതൽ 2022-23 വരെയുള്ള കന്നുകാലി ഉൽപന്നങ്ങളുടെ ശരാശരി വിലയിലെ പ്രവണത **ചിത്രം 3.3.5**-ൽ കാണിച്ചിരിക്കുന്നു.

**2022–23 ലെ ഭൗതിക നേട്ടങ്ങൾ**

- രാത്രികാല എമർജൻസി വെറ്ററിനറി സേവനം 156 കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിച്ചു.
- സമഗ്ര കന്നുകാലി വികസന പരിപാടിക്ക് 'ഗോസമൃദ്ധി' കീഴിൽ, 43,953 കന്നുകാലികളെ ഇൻഷ്വർ ചെയ്തു.
- മെച്ചപ്പെട്ട രോഗനിർണ്ണയ സൗകര്യങ്ങൾക്കായി ലാബുകളിലെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ലബോറട്ടറി ശൃംഖല ശക്തിപ്പെടുത്തി.
- മുമ്പ് പാലോട് CDIO എന്നറിയപ്പെട്ടിരുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD), തിരുവല്ലയിലെ ഏവിയൻ ഡിസീസ് ഡയഗ്നോസിസ് ലാബ്, പാലക്കാട് ജില്ലാ ലാബ്, എറണാകുളത്ത് മരടിലെ സ്റ്റേറ്റ് ലൈവ്സ്റ്റോക്ക് മറൈൻ ആൻഡ് അഗ്രി-പ്രൊഡക്റ്റ്സ് ലബോറട്ടറി എന്നിവയ്ക്ക് NABL അക്രഡിറ്റേഷൻ ലഭിച്ചു.
- 'എസ്എൽബിപി' പദ്ധതികൾക്ക് കീഴിൽ 60,652 പുതിയ പശുക്കിടാങ്ങളെ എൻറോൾ ചെയ്തു. 85,157 കന്നുകുട്ടികൾക്ക് പ്രയോജനം ലഭിച്ചു.
- വകുപ്പിന്റെ ഫാമുകളിൽ 64.74 ലക്ഷം മുട്ടകളും 38.84 ലക്ഷം കോഴിക്കുഞ്ഞുങ്ങളും ഉത്പാദിപ്പിക്കപ്പെട്ടു. കെ.എൽ.ഡി.ബി.യുമായി ചേർന്ന് 700 വാണിജ്യ ആടുവളർത്തൽ യൂണിറ്റുകളും, 911 വീട്ടുമുറ്റത്ത്

**ചിത്രം 3.3.5** 2017-18 മുതൽ 2022-23 വരെയുള്ള കന്നുകാലി ഉൽപന്നങ്ങളുടെ ശരാശരി വിലയിലെ പ്രവണത




അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ, 2023

ആട് വളർത്തൽ യൂണിറ്റുകളും, 500 ആട് കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും സ്ഥാപിച്ചു.

- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പ്രോഗ്രാമിന് (NLM) കീഴിൽ കാളക്കുട്ടികളെ കൊഴുപ്പിക്കുന്ന 2300 യൂണിറ്റുകൾ സ്ഥാപിച്ചു.
- ഇൻഷ്വറൻസിന്റെ പരിധിയിൽ വരാത്ത മൃഗങ്ങളുടെ കർഷകർക്ക് നഷ്ടപരിഹാരമായി 1.70 കോടി രൂപ വിതരണം ചെയ്തു. ഇ-സമൃദ്ധി പദ്ധതി ഇ-സമൃദ്ധി പദ്ധതിയിലൂടെ - റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഉപകരണം ഉപയോഗിച്ച് ടാഗ് ചെയ്ത മൃഗങ്ങളുടെ ഉൽപ്പാദനക്ഷമത, ആരോഗ്യം, ഉടമയുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ഡാറ്റാ ബേസ് ലഭ്യമാക്കും.
- മൊബൈൽ വെറ്ററിനറി യൂണിറ്റ്/നൈറ്റ് എമർജൻസി വെറ്ററിനറി സർവീസ് സ്കീം:- 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സംസ്ഥാനത്തെ 29 ബ്ലോക്കുകളിൽ കേന്ദ്രസംരംഭമായ ലൈവ് സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ സ്കീമിന് കീഴിൽ നടപ്പിലാക്കുന്നു. കൂടാതെ, കർഷകരുടെ വീട്ടുവാതിൽക്കൽ വൈകുന്നേരം 6 മണി മുതൽ അടുത്ത ദിവസം രാവിലെ 6 മണി വരെ ഓവർനൈറ്റ് എമർജൻസി വെറ്ററിനറി സേവനങ്ങൾ നൽകുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമായി 152 ബ്ലോക്കുകളിലായി 156 കേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.
- കേരളത്തിൽ ചോളം കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, പഞ്ചാബിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈസ് റിസർച്ചിന്റെ (IIMR) സാങ്കേതിക സഹായത്തോടെ മുതലമട ഈസ്റ്റ് ഡയറി കോഓപ്പറേറ്റീവിന്റെ ഭൂമിയിൽ കേരള ഫീഡ്സ് ലിമിറ്റഡ് പരീക്ഷണാടിസ്ഥാനത്തിൽ ചോളം കൃഷി ആരംഭിച്ചു.
- കേരള ഫീഡ്സ് ലിമിറ്റഡ്, ക്ഷീരകർഷകർക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ, കോഴിത്തീറ്റ, ആട്ടിൻ തീറ്റ, ധാതു വള മിശ്രിതം എന്നിവ ലഭ്യമാക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമായ കെഎസ്ആർടിസിയുമായി സഹകരിച്ച് "ഫീഡ് ഓൺ വീൽസ്" പദ്ധതി നടപ്പിലാക്കി. പദ്ധതി പ്രകാരം, കർഷകർക്ക് അവരുടെ പ്രദേശത്ത് നിന്ന് മൊബൈൽ വിൽപ്പന വാഹനത്തിൽ നിന്ന് ഉൽപ്പന്നങ്ങൾ വാങ്ങാനുള്ള അവസരം ലഭിക്കുന്നു. ADAPT (പ്രോജനി ടെസ്റ്റിംഗ് പ്രോഗ്രാമിലെ ഡാറ്റാ വിശകലനത്തിനുള്ള അപേക്ഷ) : കേരളത്തിലെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച്, ഫീൽഡിൽ നിന്ന് ലഭ്യമായ പശുക്കളുടെ ഡാറ്റ വിശ്വസനീയമായി വിശകലനം ചെയ്യാനും, ഏകോപിപ്പിക്കാനും കഴിയുന്ന ഒരു സോഫ്റ്റ്വെയർ

**ബോക്സ് 3.3.2** ഡിജിറ്റൽ ഹെർഡ് ബുക്ക് സ്കീം

ഒരു ബ്രീഡ് രജിസ്ട്രി, ഒരു കന്നുകാലി പുസ്തകം, സ്റ്റഡ്ബുക്ക് അല്ലെങ്കിൽ രജിസ്റ്റർ എന്നും അറിയപ്പെടുന്നു, ഒരു പ്രത്യേക ഇനത്തിലെ മൃഗങ്ങളുടെ മാതാപിതാക്കളെ അറിയപ്പെടുന്ന ഔദ്യോഗിക പട്ടികയാണ്. ചെറുപ്പത്തിൽ തന്നെ, വളർത്തുന്നവരാണ് സാധാരണയായി മൃഗങ്ങളെ രജിസ്റ്റർ ചെയ്യുന്നത്. അത്തരം രജിസ്ട്രികൾ സാധാരണയായി ഓരോ റെക്കോർഡ് ചെയ്ത മൃഗത്തിനും സർട്ടിഫിക്കറ്റുകൾ നൽകുന്നു, അവയെ പെഡിഗ്രി, പെഡിഗ്രിഡ് അനിമൽ ഡോക്യുമെന്റേഷൻ അല്ലെങ്കിൽ സാധാരണയായി ഒരു മൃഗത്തിന്റെ "പേപ്പറുകൾ" എന്ന് വിളിക്കുന്നു. രജിസ്ട്രേഷൻ പേപ്പറുകളിൽ ലളിതമായ സർട്ടിഫിക്കറ്റോ മൃഗത്തിന്റെ പശ്ചാത്തലത്തിലുള്ള പൂർവ്വികരുടെ പട്ടികയോ അടങ്ങിയിരിക്കാം, ചിലപ്പോൾ വംശപരമ്പര കാണിക്കുന്ന ഒരു ചാർട്ട് ഉണ്ടായിരിക്കും.

കൃത്രിമ ബീജസങ്കലന സമ്പ്രദായം 1970-കളിൽ തന്നെ കേരളത്തിൽ ആരംഭിച്ചെങ്കിലും, സംസ്ഥാനത്തെ ഏറ്റവും മികച്ച പശുക്കളെയോ മികച്ച ഉല്പാദക്ഷമതയുള്ള കാളകളെയോ കണ്ടെത്തുന്നതിനോ നമ്മുടെ പശുക്കളുടെ വംശാവലി രേഖകൾ നമ്മുടെ വിരൽത്തുമ്പിൽ ലഭ്യമായിരുന്നില്ല. സംസ്ഥാനത്ത് പശുക്കളുടെ (ലൈൻ) ഉൽപ്പാദനം, അല്ലെങ്കിൽ ഒരു പ്രത്യേക പശുവിനെ ബീജസങ്കലനത്തിനുള്ള ഏറ്റവും നല്ല ബീജം നിർദ്ദേശിക്കുക, മികച്ച സന്താനങ്ങളെ ഉൽപ്പാദിപ്പിക്കുക തുടങ്ങിയവ. ബ്രീഡിംഗ് ചരിത്രം (ഡിജിറ്റൽ ഹെർഡ് റജിസ്റ്റർ) ഡിജിറ്റലൈസ് ചെയ്തും പരിപാലിക്കുന്നതിലൂടെയും ആരോഗ്യ മാനേജ്മെന്റ് വിശദാംശങ്ങളും ഉൽപാദനവുമായി ബന്ധപ്പെട്ട കാലാവസ്ഥയും, കേരളത്തിന് അനുയോജ്യമായ ഏറ്റവും മികച്ച പശു/കാള/ഇനത്തെ കണ്ടെത്താൻ സംസ്ഥാനത്തിന് കഴിയും, ഭാവിയിൽ സംസ്ഥാനത്തിന് അനുയോജ്യമായ ഒരു ഇനത്തെ വികസിപ്പിക്കുന്നതിനുള്ള മൂല്യവത്തായ ഒരു ഡാറ്റാ ശേഖരവും ഡാറ്റ വെയർഹൗസും ആയി ഇത് മാറിയേക്കാം.

കേരള സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ച പ്രകാരം, പ്രസ്തുത പ്രശ്നത്തിന് ഒരു വഴി കണ്ടെത്തുന്നതിനായി, 'ആധുനികവൽക്കരണത്തിനും ഇ-ഗവേണൻസ് സ്കീമിനും' കീഴിൽ ഒരു ഡിജിറ്റൽ ഹെർഡ് ബുക്ക് ഒരു ഡിസിഷൻ സപ്പോർട്ട് സിസ്റ്റമായി (ഡിഎസ്എസ്) വികസിപ്പിക്കുന്നതിന് സർക്കാർ 100.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷത്തിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ (മുമ്പ് IIITM-K) സഹായത്തോടെ മൃഗസംരക്ഷണ വകുപ്പിന്റെ ആരോഗ്യം, പ്രജനനം, വംശാവലി, തിരഞ്ഞെടുപ്പ്, ഭക്ഷണം, പാലുൽപ്പാദനം, പ്രതിരോധ കുത്തിവയ്പ്പുകൾ, ജനിതക ശേഷിയുടെ പ്രകടനത്തിലെ കാർഷിക-കാലാവസ്ഥാപരമായ പരസ്പരബന്ധം, മൃഗങ്ങളുടെ ഉൽപന്നത്തിന്റെ കണ്ടെത്തൽ എന്നിവ പോലെ ജനനം മുതൽ മരണം വരെയുള്ള ക്ഷീര മൃഗങ്ങളുടെ എല്ലാ വിശദാംശങ്ങളും ഈ DSS പകർത്തും. ഭാവിയിലെ എല്ലാ മൃഗസംരക്ഷണ വികസന പ്രവർത്തനങ്ങളുടെയും അടിസ്ഥാനമായി ഇത് മാറും.

ഡിപ്പാർട്ട്മെന്റ്, KLDB, NDDB മുതലായവ പരിപാലിക്കുന്ന മറ്റ് സോഫ്റ്റ്വെയറുകളുമായി ജനനം, ആരോഗ്യം, പ്രജനനം, ഉൽപ്പാദനം, മരണം എന്നിവയുടെ വിശദാംശങ്ങൾ ഉചിതമായ ഡാഷ്ബോർഡുകൾ ഉപയോഗിച്ച് പകർത്തുന്നതിനുള്ള വ്യവസ്ഥകളുള്ള ഒരു മൃഗ ഡാറ്റാബേസ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. മൃഗങ്ങളുടെ ദൈനംദിന ഉൽപാദന വിശദാംശങ്ങൾ നൽകുന്നതിനായി അവയുടെ ചികിത്സ, പ്രജനനം എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. മൃഗങ്ങളുടെ എല്ലാ കന്നുകാലി പരിപാലന പ്രവർത്തനങ്ങളും പിടിച്ചെടുക്കുകയും ഒരു മൃഗ ആധാർ ഡാറ്റാബേസ് പോലെ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു കേന്ദ്ര ശേഖരമായി ഈ ഡാറ്റാബേസ് മാറും.

അവലംബം: മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ

ADAPT (പ്രോജനി ടെസ്റ്റിംഗ് പ്രോഗ്രാമിലെ ഡാറ്റാ വിശകലനത്തിനുള്ള അപേക്ഷ) KLDB വികസിപ്പിച്ചെടുത്തു. അത്യാധുനിക ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെ കർഷക ഭവനങ്ങളിൽ നിന്ന് കമ്പ്യൂട്ടർ/മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള ഫീൽഡ് പ്രവർത്തനങ്ങൾ, വിവിധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഒരു കുടക്കീഴിൽ നടപ്പിലാക്കാനും, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും, ക്ഷീരമേഖലയെ നവീകരിക്കാനും ശക്തിപ്പെടുത്താനും, ജനിതക സവിശേഷതകളുടെ പിൻബലമുള്ള പുതിയ പശുക്കളുടെ ഭാവിതലമുറയെ സൃഷ്ടിക്കാനും സാധിക്കുന്നു.

- KLDB-IISER ജോയിന്റ് റിസർച്ച് പ്രോജക്ട്:- കെ.എൽ.ഡി ബോർഡ് കുടപ്പനക്കുന്നിൽ എൻ.എ.ബി.എൽ അക്രഡിറ്റേഷനോട് കൂടിയ ജീനോമിക് ലാബ് സ്ഥാപിച്ചു. കാളകളെ അവയുടെ വംശാവലി വിശദാംശങ്ങൾ അടിസ്ഥാനമാക്കി തെരഞ്ഞെടുക്കുക, ജനിതക മികവ് തിരിച്ചറിയുക, പാലുത്പാദനം വർദ്ധിപ്പിക്കുക, കന്നുകാലികളുടെ ജനിതക മികവ് കണ്ടെത്തുക എന്നിവയാണ് ലക്ഷ്യം. 2021-22 വർഷത്തിൽ, IISER-തിരുവനന്തപുരവുമായി സഹകരിച്ച് കന്നുകാലി ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനായി 'CRISPR-Cas9 ജീൻ എഡിറ്റിംഗ് സാങ്കേതികവിദ്യ' പ്രയോഗിക്കുന്നതിനായി കെ.എൽ.ഡി.ബി പ്രായോഗിക ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നു. കന്നുകാലികളിലെ രോഗ പ്രതിരോധ സ്വഭാവങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക ജീനുകളെ തിരിച്ചറിയാനും 'CRISPR-Cas9 ജീൻ എഡിറ്റിംഗ് ടെക്നോളജി' ഉപയോഗിച്ച് പരിഷ്കരിച്ചതിന് ശേഷം സ്വഭാവ സവിശേഷതകൾ മെച്ചപ്പെടുത്തുന്നതിനായി ഇത് ഭ്രൂണങ്ങളിൽ ഉൾപ്പെടുത്താനുമുള്ള സാധ്യതയും പദ്ധതി ലക്ഷ്യമിടുന്നു.
- ഭ്രൂണ കൈമാറ്റവും ഇൻ-വിട്രോ ഫെർട്ടിലൈസേഷനും (IVF) പ്രാദേശിക പശുക്കളിൽ നടപ്പിലാക്കുന്നു: കന്നുകാലികളുടെ പുനരുൽപാദനവുമായി ബന്ധപ്പെട്ട ആധുനിക സാങ്കേതികവിദ്യകളായ ഭ്രൂണ കൈമാറ്റം, ഇൻ-വിട്രോ ഫെർട്ടിലൈസേഷൻ (IVF) എന്നിവ കെ.എൽ.ഡി ബോർഡ് നടപ്പിലാക്കുന്നു. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ഉയർന്ന ജനിതക മൂല്യമുള്ള ഉയർന്ന ഗുണമേന്മയുള്ള പശുക്കുട്ടികളെ ഉൽപ്പാദിപ്പിക്കാൻ ഈ സാങ്കേതികവിദ്യയിലൂടെ സാധിക്കും. കെഎൽഡി ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിലാണ് ഈ ഭ്രൂണ കൈമാറ്റ പദ്ധതി നടപ്പാക്കുന്നത്. ഇതിനകം 850 ഭ്രൂണങ്ങൾ ഉത്പാദിപ്പിച്ചു. കൂടാതെ, ഭ്രൂണ കൈമാറ്റ സാങ്കേതികവിദ്യയിലൂടെ ഫാമിൽ തന്നെ 38 ഓളം പശുക്കുട്ടികൾ ജനിച്ചിട്ടുണ്ട്. ജീവനില്ലാത്ത സുനന്ദിനി പശുവിന്റെ അണ്ഡാശയത്തിൽ നിന്ന്

ഓവ ശേഖരിച്ച് മാട്ടുപ്പെട്ടിയിലെ ഭ്രൂണ കൈമാറ്റ ലബോറട്ടറിയിൽ ഐവിഎഫ് വഴി ഭ്രൂണങ്ങൾ സൃഷ്ടിച്ചു. ഈ ഭ്രൂണങ്ങളിൽ നിന്ന് ജീവനില്ലാത്ത പശുവിന്റെ ഒരു കിടാവ് ജനിച്ചു. ക്ഷീരമേഖലയ്ക്ക് 'ഐവിഎഫ് സാങ്കേതികവിദ്യ' കൊണ്ടുവരുന്ന നിരവധി നേട്ടങ്ങളിൽ ഒന്നാണ് ഈ പശുക്കുട്ടിയുടെ ജനനം. ഐവിഎഫ് സാങ്കേതികവിദ്യയിലൂടെ ലോകത്ത് ആദ്യമായി ഉൽപ്പാദിപ്പിച്ച വെച്ചൂർ പശുവിന്റെ ഭ്രൂണം ആഴത്തിൽ മരവിപ്പിച്ച് മറ്റ് പശുക്കളുടെ ഗർഭപാത്രത്തിൽ നിക്ഷേപിക്കുകയും ഇതിലൂടെ ഒരു ആൺകിടാവ് ജനിക്കുകയും ചെയ്തു. 'അഭിമന്യു' എന്ന് പേരിട്ടിരിക്കുന്ന ഈ ആൺപശുക്കുട്ടിയുടെ ജനനം സംസ്ഥാനത്തിന് അഭിമാനകരമാണ്.

- കേരളത്തിൽ കെപ്കോയിൽ മാത്രമേ ബിവി-380 ഇനത്തിന്റെ മാതൃ-പിതൃ ശേഖരമുള്ളു. ഇക്കാലയളവിൽ 11 ലക്ഷം ബിവി-380 കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്തു. കുത്തിവയ്പ് എടുത്ത കോഴിക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യുന്നത്
- റീ-ബിൽഡ് കേരള പദ്ധതിക്ക് കീഴിൽ, കൊല്ലം ജില്ലയിലെ കോട്ടുകലിൽ മണിക്കൂറിൽ 1,000 ഇറച്ചിക്കോഴികളെ പ്രോസ്സസ് ചെയ്യാൻ കഴിയുന്ന അത്യാധുനിക ഇറച്ചിക്കോഴി സംസ്കരണ പ്ലാന്റ്, വളർത്തുമൃഗങ്ങളുടെ ഭക്ഷണ നിർമ്മാണ യൂണിറ്റ്, എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു.
- കൊല്ലം ജില്ലയിലെ ഏരൂരിൽ ഒരു മൂല്യവർധിത മാംസ ഉൽപ്പാദന-സംസ്കരണ പ്ലാന്റ് സ്ഥാപിച്ചു.
- കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി (KVASU): മൃഗോൽപ്പാദന മേഖലയിലെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞതിന്റെ ഫലമാണ് 2010 ജൂൺ 14-ന് സർവകലാശാല സ്ഥാപിതമായത്. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ മൂന്ന് കോളേജുകൾ ഉൾപ്പെടെ മൃഗോത്പാദനവുമായി ബന്ധപ്പെട്ട ഇരുപതോളം സ്ഥാപനങ്ങളെ പുതുതായി രൂപീകരിച്ച സർവകലാശാലയിലേക്ക് മാറ്റി. KVASU ഇപ്പോൾ അനിമൽ പ്രൊഡക്ഷൻ, ഡയറി മേഖലയിൽ അക്കാദമിക്, ഗവേഷണം, വിപുലീകരണം, സംരംഭകത്വ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുക്കുന്നു.
- OPPAM" - ഇൻപുട്ടുകളുടെ ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ള പാക്കേജ് വഴി വയനാട്ടിലെ ആദിവാസി കോളനികളുടെ ഉപജീവനമാർഗം, വയനാട് ആദിവാസി സമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ ക്ഷേമം വർധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു നവീനമായ പദ്ധതിയാണ്.
- "KVASU – പ്രതിക്ഷ" - "മൃഗ ഉൽപ്പാദനത്തിൽ ബദലുകൾ കാര്യക്ഷമമാക്കാൻ KVASU യുടെ ആസൂത്രണം, പുനരവലോകനം, സമയോചിതമായ ഇടപെടൽ" എന്നത് കർഷകർക്ക് ദേശി കോഴിയുടെ വളർച്ചാ നിരക്ക് മെച്ചപ്പെടുത്തുന്നതിനും ഗാർഹിക മാലിന്യ സംസ്കരണത്തിൽ സജീവമായി ഇടപെടുന്നതിനുമായി ബദൽ മാർഗങ്ങൾ വികസിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു നൂതന പരിപാടിയാണ്. പരിഷ്കരിച്ച KVASU ബിന്നുകൾ ഉപയോഗിച്ച് കർഷകന്റെ പരിസരത്ത് ഉൽപ്പാദിപ്പിക്കുന്ന ബ്ലാക്ക് സോൾജിയർ ഫ്ളൈ ലാർവകൾ ഉപയോഗിച്ച് വീട്ടുമുറ്റത്തെ കോഴികളുടെ വളർച്ചാ നിരക്ക് മെച്ചപ്പെടുത്തുന്നതിന് സാധ്യമാകും.
- "KVASU MIRROR" ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും, സർവ്വകലാശാലയുടെ അധ്യാപനത്തിനും വിപുലീകരണ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ഓഡിയോ, വീഡിയോ ഫയലുകൾ നിർമ്മിക്കുന്നതിനും റെക്കോർഡ് ചെയ്യുന്നതിനും വേണ്ടി - യൂണിവേഴ്സിറ്റി മൾട്ടിമീഡിയ സ്റ്റുഡിയോ KVASU മണ്ണുത്തി കാമ്പസിൽ സ്ഥാപിച്ചു.
- "ജീവനം ജീവധനം" - (സുസ്ഥിര ഉപജീവനത്തിനായി കന്നുകാലി വളർത്തൽ) KVASU, VHSE യുടെ സംസ്ഥാന NSS സെല്ലുമായി സഹകരിച്ച്, വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും പതിവായി ഓൺലൈൻ ക്ലാസുകളും പരിശീലനങ്ങളും ഉൾപ്പെടുത്തി സംഘടിപ്പിച്ച ഒരു പ്രധാന പരിപാടിയാണ്. കൊവിഡ് ലോക്ക്ഡൗണിലും അതിനോട് ചേർന്നുള്ള മാസങ്ങളിലും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പിന്തുണ ആവശ്യമായിരുന്നപ്പോഴും ഉപജീവന സുരക്ഷാ പ്രവർത്തനങ്ങൾ നൽകി. ഓൺലൈൻ പരിശീലനത്തിൽ പങ്കെടുത്ത തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞുങ്ങളെയും തീറ്റയും നൽകി പരിശീലനത്തിന്റെ തുടർനടപടികൾ സ്വീകരിച്ചു. യൂണിവേഴ്സിറ്റിയിലെ അനിമൽ അഡാപ്റ്റേഷൻ ടു എൻവയോൺമെന്റ് & ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് സെന്ററിൽ ചെറുതും വലുതുമായ മൃഗങ്ങളിൽ താപ സമ്മർദ്ദം വിലയിരുത്തുന്നതിനായി ആഗോള നിലവാരത്തിലുള്ള അത്യാധുനിക കാലാവസ്ഥാ നിയന്ത്രിത ഗവേഷണ സൗകര്യം സ്ഥാപിച്ചു. താറാവുകളിൽ റീമെരെലോസിസിനെതിരെ വികസിപ്പിച്ച വാക്സിനും, വാക്സിൻ ഉല്പ്പാദനത്തിനായി കൈമാറ്റം ചെയ്ത സാങ്കേതിക വിദ്യയും KVASU-ന് ലഭിച്ച പേറ്റന്റും, ഇന്ത്യയിൽ ആദ്യമായി പ്രതിനിധീകരിക്കുന്ന നേട്ടങ്ങളായിരുന്നു.

മൃഗസംരക്ഷണവും ക്ഷീരോൽപ്പാദനവും പരമ്പരാഗത രീതിയിൽ നിന്ന് ആധുനിക വൈദഗ്ധ്യം കൂടിയ സാങ്കേതികവിദ്യയിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു. കൃത്രിമ ബീജസങ്കലനം, രോഗ-കീട നിയന്ത്രണം, പാൽ, മാംസം ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണം എന്നിവ നടപ്പിലാക്കി. സുസ്ഥിരമായ വളർച്ച കൈവരിക്കുന്നതിന്, ഈ മേഖലയിൽ ഉല്പാദനം വർധിപ്പിക്കുന്നതും മാലിന്യം കുറയ്ക്കുന്നതുമായ സാങ്കേതികവിദ്യകൾ അവലംബിക്കേണ്ടത് അത്യാവശ്യമാണ്. കന്നുകാലികളുടെ, ഉൽപ്പാദനക്ഷമത നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും മൃഗങ്ങളുടെ പോഷണം നിർണ്ണായകമാണെങ്കിലും, വാക്സിനേഷനും ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ഒരുപോലെ പ്രധാനമാണ്. രോഗം പടരുന്ന സാഹചര്യത്തിലും ഉയർന്ന ഉല്പാദനം നൽകുന്ന വിദേശ ഇനങ്ങളെ വളർത്തുന്നതിലും ആരോഗ്യം, ക്വാറന്റൈൻ, ശുചിത്വ സേവനങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്. കന്നുകാലി മേഖലയിലെ ഉൽപ്പാദനത്തിലും വൈദഗ്ധ്യത്തിലും ഉള്ള നിർണായക വിടവുകൾ പരിഹരിക്കുന്നതിന് സമഗ്രമായ സംരംഭകത്വ വികസന പരിപാടികൾ അനിവാര്യമാണ്. സംരംഭകത്വം, നവീകരണം, നൈപുണ്യ വികസനം, ശേഷി വികസനം എന്നിവ വെറ്ററിനറി വിപുലീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള സാധ്യതയുള്ള മേഖലകളായി ഉയർന്നുവരേണ്ടതുണ്ട്. കന്നുകാലി, ക്ഷീര, കോഴി സംരംഭകത്വ പരിപാടി, പ്രവാസികൾ (എൻആർകെ),

തൊഴിലില്ലാത്ത യുവാക്കൾ, കോവിഡിന് ശേഷമുള്ള കാലഘട്ടത്തിൽ വാണിജ്യ കന്നുകാലി സംരംഭങ്ങൾ സ്ഥാപിക്കാൻ താൽപര്യമുള്ള സ്ത്രീകൾ എന്നിവർക്ക് ഇത് പ്രയോജനം ചെയ്യും.

**ക്ഷീര വികസനം**

പാലും പാലുൽപന്നങ്ങളും പോഷകാഹാരത്തിന്റെ സുപ്രധാന ഉറവിടങ്ങളാണ്, കൂടാതെ ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകൾക്ക് ക്ഷീര മൂല്യ ശൃംഖലയിൽ ഉപജീവനമാർഗം നൽകുന്നു. എഫ്എഒയുടെ കണക്കനുസരിച്ച്, ലോകമെമ്പാടുമുള്ള ഏകദേശം 150 ദശലക്ഷം കുടുംബങ്ങൾ പാൽ ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്നു. മിക്ക വികസ്വര രാജ്യങ്ങളിലും, പാൽ ഉൽപ്പാദിപ്പിക്കുന്നത് ചെറുകിട ഉടമകളാണ്, കൂടാതെ പാൽ ഉൽപ്പാദനം ഗാർഹിക ഉപജീവനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും പോഷകാഹാരത്തിനും സംഭാവന നൽകുന്നു. പാൽ, ചെറുകിട ഉൽപ്പാദകർക്ക് താരതമ്യേന പെട്ടെന്നുള്ള വരുമാനം നൽകുന്നു. കൂടാതെ, ഇത് വരുമാനത്തിന്റെ (എഫ്എഒ) ഒരു പ്രധാന സ്രോതസ്സുമാണ്. ഇന്ത്യയിലെ ഏറ്റവും വലിയ കാർഷികോൽപ്പന്നമാണ് ഡയറി. ദശലക്ഷക്കണക്കിന് ഗ്രാമീണർക്ക് തൊഴിൽ നൽകുകയും ഗ്രാമീണ കുടുംബങ്ങളുടെ വരുമാനത്തിന് സംഭാവന നൽകുകയും ചെയ്യുന്ന ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ ഒരു പ്രധാന മേഖലയാണ് ക്ഷീരമേഖല. ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിലും ദാരിദ്ര്യം കുറയ്ക്കുന്നതിലും പ്രത്യേകിച്ച് സ്ത്രീകൾക്ക് നേട്ടമുണ്ടാക്കുന്ന തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഈ മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. വർദ്ധിച്ചുവരുന്ന ജനസംഖ്യ, ഉപഭോക്താവിന്റെ ഉയർന്ന വാങ്ങൽ ശേഷി, പോഷകാഹാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ, ബ്രാൻഡില്ലാത്തതും അയഞ്ഞതുമായ ഉൽപ്പന്നങ്ങളോടുള്ള താല്പര്യക്കുറവ് എന്നിവ കാരണം പാലുൽപ്പന്നങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യം അടുത്ത 25 വർഷത്തിനുള്ളിൽ ഇന്ത്യയിലെ പാൽ ഉൽപ്പാദനം ഏകദേശം 628 MMT ആയി ഉയരും. (അതായത്, 2047 വരെ). സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ക്ഷീരമേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു - പ്രത്യേകിച്ച് SDG-1, SDG-3, SDG-5, SDG-8, SDG-10 എന്നിവ കർഷകരുടെ ജീവിതത്തെ പരിവർത്തനം ചെയ്യുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

എഫ്എഒയുടെ 2022 ലെ 'ആഗോള ക്ഷീര വിപണി സംഭവവികാസങ്ങളുടെ അവലോകനം' അനുസരിച്ച്, ലോക പാൽ ഉൽപാദനം ഏകദേശം 937.3 ദശലക്ഷം ടണ്ണായി പ്രവചിക്കപ്പെടുന്നു, 2021 നെ അപേക്ഷിച്ച് 0.6 ശതമാനം വർദ്ധനവ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടയിലെ ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്ക്-പ്രധാനമായും യൂറോപ്പ്, ഓഷ്യാനിയ, ആഫ്രിക്ക എന്നിവിടങ്ങളിലെ പാൽ ഉൽപാദനത്തിലെ ഇടിവ് കാരണം, ഏഷ്യയിൽ പാൽ ഉൽപാദന വളർച്ചയിൽ മാന്ദ്യം രേഖപ്പെടുത്തി. അതേസമയം വടക്കേ അമേരിക്കയിലും തെക്കേ അമേരിക്കയിലും ഉൽപാദനം നിശ്ചലമായി. ഇന്ത്യ, ചൈന, പാകിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ, കസാക്കിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലെ വിപുലീകരണത്തെത്തുടർന്ന് 2022 ൽ ഏഷ്യയിൽ പാൽ ഉൽപാദനം ഏകദേശം 8 ദശലക്ഷം ടൺ വർദ്ധിച്ച് 421 ദശലക്ഷം ടണ്ണിലെത്തി (1.9 ശതമാനം വർദ്ധിച്ചു). ഇന്ത്യയിൽ, പാൽ ഉൽപാദനം 2022 ൽ 226 ദശലക്ഷം ടണ്ണിലെത്തി, 2017-2021 ലെ ആദ്യകാല 6 ശതമാനം വളർച്ചാ നിരക്കിനെ അപേക്ഷിച്ച് 2.3 ശതമാനം വർദ്ധിച്ചു. 2022 ലെ വളർച്ചാ മാന്ദ്യം പ്രധാനമായും ലമ്പി സ്കിൻ ഡിസീസ് (എൽഎസ്ഡി) പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് പാൽ ഉൽപാദനത്തിലെ ഇടിവിനെ പ്രതിഫലിപ്പിച്ചു, ഒപ്പം രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ വരൾച്ച മൂലമുണ്ടായ കാലിത്തീറ്റ ലഭ്യതക്കുറവും, മറ്റ് പ്രദേശങ്ങളിലെ കനത്ത മഴയും, പാൽ ഉൽപാദന പ്രവർത്തനങ്ങളുടെ ഇൻപുട്ട് ചെലവ് വർദ്ധനവും. ലോകത്തിലെ പാൽ ഉൽപ്പാദന രാജ്യങ്ങളിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്. 2020-21 ലെ 209.96 ദശലക്ഷം ടണ്ണിനെ അപേക്ഷിച്ച് 2021-22 ൽ 221.06 ദശലക്ഷം ടൺ വാർഷിക ഉൽപാദനം നേടി 5.29 ശതമാനം വളർച്ച രേഖപ്പെടുത്തി. 2021-22 ൽ ആളോഹരി പാൽ ലഭ്യത പ്രതിദിനം 444 ഗ്രാമായി ഉയർന്നു, ഇത് 2021 ലെ ലോക ശരാശരിയായ 320 ഗ്രാമിനെക്കാൾ കൂടുതലാണ് (കണക്കുകൾ) (ഫുഡ് ഔട്ട്ലുക്ക് നവംബർ 22). രാജ്യത്തെ പാൽ ഉൽപ്പാദിപ്പിക്കുന്നതിൽ ഭൂരിഭാഗവും ചെറുകിട, നാമമാത്ര കർഷകരും, ഭൂരഹിത തൊഴിലാളികളുമാണ്. 2023 ലെ കണക്കനുസരിച്ച് ഏതൊരു രാജ്യത്തേക്കാളും 61 ദശലക്ഷത്തിലധികം പശുക്കളുള്ള ഏറ്റവും കൂടുതൽ പശുക്കളുടെ വാസസ്ഥലം ഇന്ത്യയാണ്. 2022ൽ ഇന്ത്യയുടെ കന്നുകാലികളുടെ ശേഖരം ഏകദേശം 308 ദശലക്ഷമായിരുന്നു. ആഗോള കന്നുകാലികളുടെ എണ്ണം ഒരു ബില്യണിലധികമാണെങ്കിലും, ബ്രസീൽ, ചൈന, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവയ്ക്ക് ശേഷം ഏറ്റവും കൂടുതൽ കന്നുകാലികളുടെ എണ്ണം ഇന്ത്യയിലായിരുന്നു. പാൽ ഉൽപ്പാദനം 2014-15 ലെ 146.31 ദശലക്ഷം ടണ്ണിൽ നിന്ന് 2022-23 ൽ 230.58 ദശലക്ഷം ടണ്ണായി. കഴിഞ്ഞ 9 വർഷത്തിനിടയിൽ കോമ്പൗണ്ട് വാർഷിക വളർച്ചാ നിരക്ക് (സിഎജിആർ) 5.85 ശതമാനം വളരുകയും ചെയ്തു. 2021 നെ അപേക്ഷിച്ച് 2022 ൽ ലോക പാൽ ഉൽപാദനം 0.51 ശതമാനം വർദ്ധിച്ചു (ഫുഡ് ഔട്ട്ലുക്ക് ജൂൺ 2023). 2022-23 ൽ ഇന്ത്യയിൽ ആളോഹരി പാൽ ലഭ്യത പ്രതിദിനം 459 ഗ്രാമാണ്, 2022 ലെ ലോക ശരാശരി പ്രതിദിനം 322 ഗ്രാം ആയിരുന്നു (ഫുഡ് ഔട്ട്ലുക്ക് ജൂൺ 2023).

രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന മൊത്തം പാലിൽ, ഏകദേശം 46 ശതമാനം പാലും ഉൽപ്പാദിപ്പിക്കുന്ന തലത്തിൽ ഉപയോഗിക്കുന്നു അല്ലെങ്കിൽ, ഗ്രാമീണ മേഖലയിലെ ഉൽപ്പാദകരല്ലാത്തവർക്ക് വിൽക്കുന്നു. ബാക്കിയുള്ള 54 ശതമാനം പാലാണ് നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് വിൽക്കാൻ ലഭ്യമായ വിപണി മിച്ചം. 2021-ൽ ക്ഷീരവിപണിയുടെ ആകെ വലിപ്പം ഏകദേശം 13.17 ലക്ഷം കോടി രൂപയായിരുന്നു. കഴിഞ്ഞ 15 വർഷത്തിനിടെ ക്ഷീരവിപണി പ്രതിവർഷം 15 ശതമാനം

വളർച്ച നേടിക്കൊണ്ടിരിക്കുകയാണ്, 2027-ഓടെ ഇത് ഏകദേശം 30.84 ലക്ഷം കോടി രൂപയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. IMARC (ഇന്റർനാഷണൽ മാർക്കറ്റ് അനാലിസിസ് റിസർച്ച് ആൻഡ് കൺസൾട്ടിംഗ് ഗ്രൂപ്പ്) 2021 റിപ്പോർട്ട്. രാജ്യത്തെ മൊത്തം ക്ഷീര വിപണിയുടെ പകുതിയോളം ദ്രാവക പാൽ വിപണി പ്രതിനിധീകരിക്കുന്നു. മൊത്തം ദ്രാവക പാൽ വിപണിയിൽ, സംഘടിത മേഖലയുടെ വിഹിതം കഴിഞ്ഞ മൂന്ന് വർഷത്തിനിടെ 32 ശതമാനത്തിൽ നിന്ന് 41 ശതമാനമായി ഉയർന്നു. 2026-ഓടെ സംഘടിത മേഖലയുടെ വിഹിതം 54 ശതമാനത്തിലെത്തുമെന്ന് കണക്കാക്കപ്പെടുന്നു (വാർഷിക റിപ്പോർട്ട് 2022-23, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ്, ഭാരത സർക്കാർ).

**സർക്കാർ പദ്ധതികളും സംരംഭങ്ങളും**

കേരളത്തിന് ഒരു പ്രത്യേക ക്ഷീരവികസന വകുപ്പ് ഉണ്ട്, അത് സംസ്ഥാനത്തെ ഗ്രാമീണ ക്ഷീര വികസനം, കാലിത്തീറ്റ വിഭവ വികസനം, ഗ്രാമീണ പാൽ വിപണനം എന്നിവയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. പാലുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, കാലിത്തീറ്റ ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഉൽപ്പാദനച്ചെലവ് കുറയ്ക്കുക, ക്ഷീര സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക, സുരക്ഷിതവും ഗുണമേന്മയും ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ വകുപ്പ് വിവിധ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുന്നു. ഉപഭോക്താക്കൾക്ക് പാൽ, ഉത്പാദകർക്ക് ന്യായമായ മാർജിൻ, ക്ഷീരകർഷകർക്ക് സാമൂഹിക-സാമ്പത്തിക നേട്ടങ്ങൾ. ക്ഷീരകർഷകരുടെയും ഉപഭോക്താക്കളുടെയും മറ്റ് പങ്കാളികളുടെയും ക്ഷേമത്തോടൊപ്പം ഈ മേഖലയുടെ സമഗ്രവും സുസ്ഥിരവുമായ വികസനമാണ് വകുപ്പിന്റെ ലക്ഷ്യം. സംസ്ഥാനത്തെ കാലിത്തീറ്റ വികസനത്തിനുള്ള നോഡൽ ഏജൻസിയായും വകുപ്പ് പ്രവർത്തിക്കുന്നു.

വകുപ്പിന് 162 ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റുകൾ, 14 ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ, പാലും പാലുൽപ്പന്നങ്ങളും കാലിത്തീറ്റയും പരിശോധിക്കുന്നതിനായി ഒരു സംസ്ഥാന ഡയറി ലാബ് (NABL അംഗീകൃതം), 3 റീജിയണൽ ഡയറി ലാബുകൾ, 14 മൊബൈൽ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ, 6 ഡയറി ട്രെയിനിംഗ് സെന്ററുകൾ, സംസ്ഥാന കാലിത്തീറ്റ ഫാം ഡയറക്ടറേറ്റിനോട് അനുബന്ധിച്ച് സംസ്ഥാന ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ എന്നിവയും ഉണ്ട്.

**ക്ഷീര സഹകരണ സംഘങ്ങൾ**

ഇന്ത്യയിൽ പാലിലും പാലുൽപ്പന്നങ്ങളിലും സ്വയം പര്യാപ്തത കൈവരിക്കുന്നതിൽ ക്ഷീര സഹകരണ സംഘങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. സഹകരണ പ്രയത്നത്തിലൂടെ കർഷകരുടെ ലാഭവും ഉൽപ്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ളതാണ് ഇന്ത്യയിലെ മിക്ക ക്ഷീര സഹകരണ സംഘങ്ങളും. കേരളത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ രാജ്യത്തെ ഏറ്റവും മികച്ചതും സ്ഥിരതയുള്ളതുമായ ക്ഷീര സഹകരണ സംഘങ്ങളിൽ ഒന്നാണ്. രാജ്യത്തെ മറ്റ് യൂണിയനുകളെ അപേക്ഷിച്ച് സംസ്ഥാനത്തെ പ്രാദേശിക യൂണിയനുകൾ അംഗങ്ങളായ ഉൽപ്പാദകർക്ക് പരമാവധി വില നൽകുന്നു. ക്ഷീര വ്യവസായത്തിന്റെ നട്ടെല്ല് എന്ന നിലയിൽ ക്ഷീര സഹകരണ സംഘങ്ങൾ ക്ഷീരകർഷകർക്ക് സ്ഥിര വിപണിയും സ്ഥിരമായ വിലയും പ്രദാനം ചെയ്യുന്നു. 2023 മാർച്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3610 ക്ഷീര സഹകരണ സംഘങ്ങളുണ്ട് (ആനന്ദ് പാറ്റേൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും (APCOS) നോൺ-APCOS ഉം ഉൾപ്പെടെ). ആകെ രജിസ്റ്റർ ചെയ്ത 3610 DCS-ൽ 3370 എണ്ണം പ്രവർത്തനക്ഷമവും ബാക്കി 240 DCS പ്രവർത്തനരഹിതവുമാണ്. സംസ്ഥാനത്ത് 3610 ഡിസിഎസുകളുണ്ട്, അവ കർഷകരിൽ നിന്ന് ദിവസത്തിൽ രണ്ടുതവണ പാൽ ശേഖരിക്കുകയും ഗുണനിലവാരം (കൊഴുപ്പ്, എസ്എൻഎഫ് ശതമാനം) അടിസ്ഥാനമാക്കി പാലിന് മൂല്യം നൽകുകയും ചെയ്യുന്നു. ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ വിശദാംശങ്ങൾ **ചിത്രം 3.3.6**ൽ കാണിച്ചിരിക്കുന്നു.

ക്ഷീരവികസന വിഷൻ 2022 റിപ്പോർട്ട് സംബന്ധിച്ച ദേശീയ കർമ്മ പദ്ധതി പ്രകാരം, ഗ്രാമതല ഡയറി ഇൻഫ്രാസ്ട്രക്ചർ സജ്ജീകരിക്കുന്നതിലൂടെ പാൽ സംഭരണവും സംസ്കരണവും വർദ്ധിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. ക്ഷീരവികസനത്തിന് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുന്നതിനും അതുവഴി കർഷകർക്ക് പരിശീലന സൗകര്യങ്ങൾ നൽകിക്കൊണ്ട് ക്ഷീര ഫെഡറേഷൻ/യൂണിയനുകൾ അവയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനിടയിൽ സംസ്കരണം, ഉൽപ്പാദനം, വിപണനം, സംഭരണം എന്നിവയുമായി ബന്ധപ്പെട്ട ഏതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനാണ് ക്ഷീരവികസനത്തിനുള്ള ദേശീയ കർമ്മ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. 2022 ഓടെ 254.5 മെട്രിക് ടണ്ണും, 2023-24 ഓടെ 300 മെട്രിക് ടണ്ണും പാലുൽപാദന ലക്ഷ്യം കൈവരിക്കാൻ വിഭാവനം ചെയ്യുന്നു. ദേശീയ ക്ഷീരപദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ, ആന്ധ്രാപ്രദേശ്,

**പട്ടിക 3.3.4** പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ 2 വർഷങ്ങളിലെ, ക്ഷീരമേഖലയുടെ സാമ്പത്തിക പ്രകടനം (ലക്ഷത്തിൽ)

| വർഷം | വിഹിതം | ചെലവ് | മൊത്തം അടങ്കലിന്റെ ശതമാനം പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 2022-23 | 9931 | 7342.07 | 73.93 |
| 2023-24 | 11476 | 2274.8 | 19.82 |
| ആകെ | 21407 | 9616.87 | 44.92 |

അവലംബം: സംസ്ഥാന ആസൂത്രണ ബോർഡ്/ വാർഷിക പദ്ധതി കണക്കുകൾ


രാജസ്ഥാൻ, ബീഹാർ, ഗുജറാത്ത്, കർണാടക, ഹരിയാന, കേരളം, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഒറീസ്സ, തമിഴ്നാട്, പഞ്ചാബ്, പശ്ചിമ ബംഗാൾ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടുന്നു. സഹകരണ സംഘങ്ങൾ പാൽ കൈകാര്യം ചെയ്യുന്നത് 2022-ൽ 41 ശതമാനമായും, 2023-24-ൽ 50 ശതമാനമായും വർദ്ധിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിന്റെ അവസാനത്തോടെ സഹകരണ സംഘങ്ങളുടെ പാൽ സംഭരണം നിലവിലെ 23 ശതമാനത്തിൽ നിന്ന് 50 ശതമാനമായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ഇന്ത്യൻ ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വകാര്യ കമ്പനികൾക്കും അടുത്ത ദശകത്തിൽ പ്രതിദിനം 4.5-4.8 കോടി ലിറ്റർ അധിക പാൽ സംസ്കരണ ശേഷി സൃഷ്ടിക്കാനാകും. ഇന്ത്യയുടെ പാൽ സംസ്കരണ ശേഷി പ്രതിദിനം 12 കോടി ലിറ്ററിൽ നിന്ന് 17 കോടി ലിറ്ററായി ഉയർത്തും. ഒരു ലക്ഷം ലിറ്റർ പാൽ സംഭരിക്കുകയും സംഘടിത സംരംഭകർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു, പ്രതിവർഷം 6,000 പേർക്ക് തൊഴിൽ ലഭിക്കുന്നു, കൂടാതെ മൃഗസംരക്ഷണ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ടിന് ഈ മേഖലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാനുള്ള കഴിവുമുണ്ട്. കിസാൻ ക്രെഡിറ്റ് കാർഡ് (കെസിസി) പദ്ധതി ക്ഷീരകർഷകരിലേക്കും വ്യാപിപ്പിക്കുന്നത്, പ്രവർത്തനമൂലധനം ഉറപ്പാക്കുകയും ചെറുകിട കർഷകരുടെ പ്രവർത്തന മൂലധന ആവശ്യകത നിറവേറ്റുകയും ചെയ്യുന്നു. 30.12.2022 വരെ 21,51,563 അപേക്ഷകൾ ലഭിച്ചതിൽ 20,78,140 അപേക്ഷകൾ ബാങ്കുകൾ സ്വീകരിച്ചു, 10,67,779 കെസിസികൾ രാജ്യത്ത് അനുവദിച്ചു. 30.12.2022 വരെ രാജ്യത്തെ മൃഗസംരക്ഷണ വകുപ്പിലെ കർഷകർക്കായി 25.30 ലക്ഷം പുതിയ കെ. സി. സി അനുവദിച്ചു (വാർഷിക റിപ്പോർട്ട് 2022-23, മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ്, ഭാരത സർക്കാർ).

ദുർബലമായ ക്ഷീര സഹകരണ സംഘങ്ങൾക്കായുള്ള പ്രത്യേക പെർഫോമൻസ് ബൂസ്റ്റർ പ്രോഗ്രാമിന് കീഴിൽ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും തെരഞ്ഞെടുക്കപ്പെട്ടതുമായ 82 ക്ഷീര സഹകരണ സംഘങ്ങളെ പാൽ സംഭരണത്തിനും മറ്റ് ഡിസിഎസ് വശങ്ങൾ മെച്ചപ്പെടുത്തുന്നതിനും സഹായിച്ചു. 2022-23 വർഷത്തിൽ പ്ലാൻ ഫണ്ടായി 108.68 ലക്ഷം രൂപ ചെലവഴിച്ചു. 2022-23 വർഷത്തിൽ ഈ പ്രോഗ്രാമിന് കീഴിൽ ദുർബലരായ ഡിസിഎസുകൾക്ക് മാനേജീരിയൽ സഹായം നൽകി.

**ക്ഷീര വിപണനം**

കേരളം ക്ഷീര കർഷകന് ഉയർന്ന വിലയാണ് നൽകുന്നത്. ത്രിതല ക്ഷീര സഹകരണ സംഘങ്ങളുടെ പരമോന്നത സ്ഥാപനമായ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെസിഎംഎംഎഫ്) സംസ്ഥാനത്ത് ഓപ്പറേഷൻ ഫ്ലഡ് പ്രോഗ്രാം നടപ്പിലാക്കുന്നു. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ (മിൽമ) പാൽ വിൽപ്പന അവലോകന കാലയളവിൽ കുറഞ്ഞതായി കാണിക്കുന്നു. ക്ഷീരവികസന വകുപ്പിന്റെ കണക്കുകൾ പ്രകാരം, 2022-23ൽ, സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങൾ പ്രതിദിനം മൊത്തം 7392.206 ലക്ഷം ലിറ്റർ പാൽ സംഭരിച്ചു, അതിൽ 5073.94 ലക്ഷം ലിറ്റർ ക്ഷീരസംഘങ്ങളിലേക്ക് അയച്ചു, 2200.23 ലക്ഷം ലിറ്റർ പ്രാദേശികമായി സൊസൈറ്റികൾ വിപണനം ചെയ്തു. മൊത്തം സംഭരണത്തിന്റെ 117.97 ലക്ഷം ലിറ്റർ മാത്രമാണ് വിവിധ ഉൽപ്പന്നങ്ങൾ തയ്യാറാക്കാൻ

**ചിത്രം 3.3.6** കേരളത്തിലെ ആപ്കോസ്, നോൺ ആപ്കോസിന്റെ വിശദാംശങ്ങൾ




അവലംബം: ക്ഷീര വികസന വകുപ്പ്, കേരള സർക്കാർ 2023

**ബോക്സ് 3.3.3** മിൽമ 2023 പുനസ്ഥാപിക്കൽ

ഇതിന്റെ ഭാഗമായി, മൾട്ടിനാഷണൽ ബ്രാൻഡുകൾക്ക് യോജിച്ച രീതിയിൽ പാക്കേജിംഗ്, ഡിസൈൻ, ഗുണനിലവാരം എന്നിവയിൽ സമഗ്രമായ മാറ്റങ്ങളോടെ മിൽമയുടെ ഉൽപ്പന്നങ്ങൾ സംസ്ഥാനത്തുടനീളം ഏകീകരിച്ചു. വിപണി നിലനിർത്തുന്നതിനും വിപുലീകരിക്കുന്നതിനും അന്താരാഷ്ട്ര കമ്പനികളുമായി മത്സരിക്കുന്നതിനായി, മിൽമ ഉൽപ്പന്നങ്ങളുടെ പാക്കേജിംഗ്, ഡിസൈൻ, ഗുണനിലവാരം എന്നിവയിൽ സമഗ്രമായ മാറ്റങ്ങളോടെ ആരംഭിച്ച 'റീപോസിഷനിംഗ് മിൽമ 2023' എന്ന പദ്ധതിയിലൂടെ സംസ്ഥാന വ്യാപകമായ മിൽമ ബ്രാൻഡ് ഇമേജ് പരിവർത്തനത്തിന് വിധേയമായി.

ഇറക്കുമതി ചെയ്യുന്ന പാലിനെ കേരളം ആശ്രയിക്കുന്നത് കുറഞ്ഞുവരികയാണ്. 2021 നവംബറോടെ, ക്ഷീര സഹകരണ മേഖലയ്ക്ക് ചരിത്രത്തിലാദ്യമായി, പാൽ ഉൽപാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനാകും. പ്രതിദിനം 21.19 ലക്ഷം ലിറ്ററാണ് പാൽ സംഭരണം. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ, പ്രതിദിനം ആറ് ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്ന സംസ്ഥാനം അധിക പാൽ പാൽപ്പൊടി പരിവർത്തനത്തിനായി അയൽ സംസ്ഥാനങ്ങളിലേക്ക് അയയ്ക്കുന്നു. 2017-18 മുതൽ 2021-22 വരെ പാൽ സംഭരണത്തിൽ ഏകദേശം 16.46 ശതമാനം വർധനയുണ്ടായി.

ഉപയോഗിച്ചത്. 2022-23ൽ, APCOS പ്രതിദിന ശരാശരി പാൽ സംഭരിച്ചത് 1404.00 MT ആയിരുന്നു, മുൻ വർഷത്തെ ശരാശരി 1565.84 MT. 2022-23ൽ സംഭരണം/ദിവസം/സംഘം 442.60 ലിറ്ററായിരുന്നു. 2022-23ൽ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ (കെസിഎംഎംഎഫ്) പാൽ സംഭരണവും വിൽപനയും യഥാക്രമം 4232.39 ലക്ഷം ലിറ്ററും, 5103.23 ലക്ഷം ലിറ്ററുമായിരുന്നു. എറണാകുളം, പാലക്കാട്, കോഴിക്കോട്, കാസർകോട്, വയനാട് എന്നിവിടങ്ങളിൽ ഒഴികെ പാലിന്റെ വിൽപന സംഭരണത്തേക്കാൾ കൂടുതലാണ്. കർണാടക, തമിഴ്നാട് സംസ്ഥാന മിൽക്ക് ഫെഡറേഷനുകളിൽ നിന്നുള്ള പാൽ ഏർപ്പാടാക്കിയും, പാട കളഞ്ഞ പാൽപ്പൊടി വാങ്ങിയുമാണ് പാൽ സംഭരണവും വിൽപ്പനയും തമ്മിലുള്ള കുറവ് നികത്തിയത്. ദ്രവരൂപത്തിലുള്ള പാലിന്റെ വിൽപ്പനയ്ക്കൊപ്പം, KCMMF അവരുടെ കീഴിലുള്ള യൂണിറ്റുകൾ വഴി പാൽ ഉൽപന്നങ്ങളുടെ വിപുലമായ ശ്രേണി ഉത്പാദിപ്പിക്കുന്നു. നെയ്യ്, വെണ്ണ, തൈര്, ഐസ്ക്രീം, പനീർ, ചോക്ലേറ്റ്, ഫ്ലേവർഡ് മിൽക്ക്, ഗുലാബ് ജാമുൻ, ലസ്സി, പാലട മിക്സ്, പേഡ, ടെട്രാ പാക്ക് ഉൽപ്പന്നങ്ങൾ, ഡയറി വൈറ്റനർ, മാമ്പഴ ജ്യൂസ്, പായ്ക്ക് ചെയ്ത വെള്ളം എന്നിവ മിൽമ ഉൽപ്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന ചില ഉൽപ്പന്നങ്ങളാണ്. കെസിഎംഎംഎഫിന്റെ വിവിധ ഡയറികൾ വഴിയുള്ള പാൽ സംഭരണവും വിൽപനയും, കെസിഎംഎംഎഫിന്റെ പ്രകടനം, ആപ്കോസ് സംഭരിച്ച പാൽ എന്നിവ **അനുബന്ധം 3.3.12, 3.3.13, 3.3.14** എന്നിവയിൽ കാണിച്ചിരിക്കുന്നു. 2010 മുതലുള്ള പാലിന്റെ വില പരിഷ്കരണവും, വില വ്യാപനവും യഥാക്രമം **അനുബന്ധം 3.3.15, അനുബന്ധം 3.3.16** എന്നിവയിൽ നൽകിയിരിക്കുന്നു. ക്ഷീരകർഷകന്റെ വരുമാനം വർധിപ്പിക്കുന്നതിനായി, 2022 ഡിസംബറിൽ കേരള സർക്കാർ പാലിന്റെ വില ലിറ്ററിന് 4 രൂപ മുതൽ 6 രൂപ വരെ വർധിപ്പിച്ചു.

**മിച്ചമുള്ള പാലും ഉൽപ്പന്ന വൈവിധ്യവൽക്കരണവും**

കേരളത്തിലെ മൃഗസംരക്ഷണ മേഖല, കോവിഡ്-19 പകർച്ചവ്യാധിയിൽ നിന്ന് പഠിച്ച ഒരു പ്രധാന പാഠം, മൃഗങ്ങളുടെ ഉൽപന്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടതിന്റെ ആവശ്യകതയാണ്. സംസ്ഥാനം പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ അടുത്തിരിക്കുന്നു എന്നതും ഈ മഹാമാരി കേരളത്തെ ഓർമിപ്പിച്ചു. അതിനാൽ, പാലിൽ നിന്ന് ചീസ്, തൈര് തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉത്പാദനം വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. നിലവിലുള്ള ഡയറി പ്ലാന്റുകളിൽ വിപുലമായ ഉൽപന്ന വൈവിധ്യവൽക്കരണ സൗകര്യങ്ങൾ സ്ഥാപിക്കാൻ ഇത് ആവശ്യമായി വന്നു. ഫാം തലത്തിൽ, അസംസ്കൃത പാലിന്റെ ഗുണനിലവാരം വളരെ ആശങ്കാജനകമാണ്. ഫാംതലം മുതൽ കോൾഡ് ചെയിൻ മെയിന്റനൻസ് ഉറപ്പാക്കണം. ബാക്ടീരിയയുടെ ഭാരം കുറയ്ക്കാൻ ഫാം തലത്തിൽ സംഭരിക്കുന്ന പാൽ ചുരത്തിയ സമയത്തിനുള്ളിൽ തണുപ്പിക്കണം. കോൾഡ് ചെയിൻ മെയിന്റനൻസ് ഉറപ്പാക്കാൻ ഇതിന് കൂടുതൽ സാമ്പത്തിക സഹായം ആവശ്യമാണ്. നിലവിൽ, പ്രതിദിനം 17.7 ലക്ഷം ലിറ്റർ ശേഷിയുള്ള 442 ബൾക്ക് മിൽക്ക് ചില്ലിംഗ് സെന്ററുകൾ (ബിഎംസിസി) മാത്രമാണ് സംസ്ഥാനത്തുള്ളത്. ക്ഷീര സഹകരണ സംഘങ്ങളുടെ പാൽ സംഭരണ ശേഷിക്ക് അനുയോജ്യമായി ഇത് വർദ്ധിപ്പിക്കേണ്ടതുണ്ട്

**കിസാൻ ക്രെഡിറ്റ് കാർഡ് (കെസിസി) കാമ്പയിൻ**

കന്നുകാലി മേഖലയെ കിസാൻ ക്രെഡിറ്റ് കാർഡിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ബജറ്റ് പ്രഖ്യാപനത്തിന്റെ ഫലമായി 2020 ഫെബ്രുവരിയിൽ സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതിനുള്ള പ്രചാരണത്തിന് നേതൃത്വം നൽകുന്നതിനുള്ള നോഡൽ ഏജൻസിയായി ക്ഷീര വികസന വകുപ്പിനെ ചുമതലപ്പെടുത്തി. ക്ഷീരവികസന വകുപ്പിന്റെ കണക്കനുസരിച്ച്, ക്ഷീരമേഖലയിൽ 1.96 ലക്ഷം കർഷകർ സജീവമാണ്, അതിൽ 21,410 കർഷകർ പ്രചാരണത്തിന് മുമ്പ് കെസിസി കൈവശം വച്ചിട്ടുണ്ടായിരുന്നു. 1.26 ലക്ഷം കർഷകർ ഇതിനകം കെസിസി ഫോമുകൾ പൂരിപ്പിച്ച് നൽകി. 1.21 ലക്ഷം ഫോമുകൾ ബാങ്കുകളിൽ സമർപ്പിച്ചിട്ടുണ്ട്. 52,975 കർഷകർക്ക് കെസിസി

വായ്പയും മൊത്തം വായ്പയായി 335.20 കോടി രൂപയും ബാങ്കുകൾ അനുവദിച്ചു. ക്ഷീര കൃഷിയിൽ ഉൾപ്പെട്ട ആവർത്തന ചെലവുകൾ നിറവേറ്റുന്നതിനായി ക്ഷീരകർഷകർക്ക് കെസിസിയുടെ കീഴിൽ ക്രെഡിറ്റ് നൽകുന്നു. ക്ഷീരകർഷകർക്ക് തീറ്റയും കാലിത്തീറ്റയും വാങ്ങുന്നതിനും, ഡയറി ഫാം ഉപകരണങ്ങൾ, പാരിസ്ഥിതിക സമ്മർദ്ദം നേരിടാൻ ശാസ്ത്രീയമായ കന്നുകാലി തൊഴുത്തുകളുടെ നിർമ്മാണം, നിലവിലുള്ള കാലിത്തൊഴുത്തിന്റെ അറ്റകുറ്റപ്പണികൾ, പരിപാലനം, ഇൻഷുറൻസ്, വെറ്റിനറി സഹായം എന്നിവയ്ക്ക് നാമമാത്രമായ പലിശ നിരക്കിൽ വായ്പ വാഗ്ദാനം ചെയ്യുന്നു.

**മുന്നോട്ടുള്ള വഴി**

കർഷകർക്ക് മാന്യമായും സംതൃപ്തിയോടെയും ഈ മേഖലയിൽ തുടരാനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നിർണായകമായ ആധുനികവൽക്കരണത്തിലൂടെയും യന്ത്രവൽക്കരണത്തിലൂടെയും ക്ഷീര-മൃഗസംരക്ഷണ മേഖലയുടെ സമഗ്രമായ വികസനം സംസ്ഥാനം വിഭാവനം ചെയ്യുന്നു. കാലിത്തീറ്റ ഉൽപ്പാദനം ഉയർത്താൻ കേരളത്തിന് അനുയോജ്യമായ കാലിത്തീറ്റ പദ്ധതി ആവശ്യമാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള കാലിത്തീറ്റ ഉൽപ്പാദനം സഹകരണ സംഘങ്ങൾ മുഖേന ഉറപ്പുനൽകുന്ന വിപണിയെ പ്രോത്സാഹിപ്പിക്കുകയും കാലിത്തീറ്റ കൃഷിയെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ബന്ധിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. തരിശുനിലങ്ങളിൽ തീറ്റപ്പുൽ കൃഷി കുടുംബശ്രീ യൂണിറ്റുകൾ വഴിയോ സ്വയം സഹായ സംഘങ്ങൾ വഴിയോ സംരംഭകർ വഴിയോ പ്രോത്സാഹിപ്പിക്കണം. സംസ്ഥാനത്തെ പ്രജനന നയത്തോടൊപ്പം, തീറ്റ, കാലിത്തീറ്റ നയത്തിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ക്ഷീരമേഖലയുടെ ത്വരിതഗതിയിലുള്ള വികസനത്തിന് ഉയർന്ന ജനിതകശേഷിയും നല്ല നിലവാരമുള്ള കാലിത്തീറ്റയും യന്ത്രവൽക്കരണവും ഉള്ള കന്നുകാലികളെ ക്ഷീരകർഷകർക്ക് ലഭ്യമാക്കണം. പൗരന്മാർക്ക് ഭക്ഷ്യസുരക്ഷയ്ക്കൊപ്പം, കാലിത്തീറ്റ സുരക്ഷിതത്വത്തിനും പ്രവേശനക്ഷമത, ലഭ്യത, സുസ്ഥിരത എന്നീ മാനദണ്ഡങ്ങൾ നിലനിർത്തിക്കൊണ്ട് തുല്യ ശ്രദ്ധ നൽകേണ്ടതുണ്ട്.

കേരളത്തിൽ പ്രോട്ടീൻ ഭക്ഷണത്തിന്റെ ആവശ്യം വരും വർഷങ്ങളിൽ പലമടങ്ങ് വർധിക്കുമെന്നാണ് പ്രവചനം. പാരിസ്ഥിതിക സുസ്ഥിരത നിലനിർത്തിക്കൊണ്ടുതന്നെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള മാറ്റങ്ങൾ ഉൾക്കൊള്ളുന്ന തന്ത്രപ്രധാനമായ പാതയിലൂടെ സംസ്ഥാനം മുന്നോട്ടുപോകണം. അതിന്റെ ഉൽപ്പന്നങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും വിപണനം ചെയ്യുന്നത് അത്യന്താപേക്ഷിതമാണ്. ഇത് ഭൗതിക അടിസ്ഥാന സൗകര്യങ്ങളിൽ കനത്ത നിക്ഷേപം ആവശ്യമാകുന്നു. അതിലൂടെ സംസ്ഥാനത്തിന് കന്നുകാലി ഉൽപന്നങ്ങൾ, പ്രധാനമായും പാൽ, മാംസം, മുട്ട എന്നിവയുടെ മൂല്യവർദ്ധനയിൽ നിന്ന് പ്രയോജനം നേടാനാകും. കർഷകർ/സംരംഭകർക്ക് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഫീൽഡ് തലത്തിലുള്ള വീക്ഷണകോണിൽ നിന്ന് സുസ്ഥിരമായ രീതികൾ പഠിക്കുന്നതിനും പരിശീലനം നൽകേണ്ടതുണ്ട്. പാൽ ഉൽപ്പാദകരെ അവരുടെ പ്രയത്നത്തിന്റെ വർധിച്ച നേട്ടങ്ങൾ കൊയ്യുന്നതിന് ശക്തവും വിശ്വസനീയവുമായ മാർക്കറ്റിംഗ് ശൃംഖലകളുമായി ദൃഢമായി സംയോജിപ്പിക്കേണ്ടതുണ്ട്. സ്റ്റാൻഡേർഡ് കോഡുകൾ, ഇന്റഗ്രേഷൻ ഫാമിംഗ് ടെക്നിക്കുകൾ, വേസ്റ്റ് മാനേജ്മെന്റ് ടെക്നിക്കുകൾ എന്നിവ ഈ മേഖലയുടെ വികസനത്തിന് നിർണായകമാണ്. എല്ലാ നയപരമായ ഇടപെടലുകളും "കേരളത്തിൽ നിർമ്മിച്ചത്" എന്ന ആവശ്യം ഉന്നയിക്കുന്നതായിരിക്കണം.

കന്നുകാലി മേഖലയിലെ നിലവിലെ സ്ഥാപന സജ്ജീകരണം പുനഃക്രമീകരിക്കാനും പുനരുജ്ജീവിപ്പിക്കാനും സ്ഥാപന തലത്തിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കാനും കന്നുകാലി മേഖലയുടെ വികസനത്തിൽ ഉയർന്നുവരുന്ന വെല്ലുവിളികൾ കൈകാര്യം ചെയ്യുന്നതിനുമായി പുതിയ സ്ഥാപന മാതൃകകൾ പ്രോത്സാഹിപ്പിക്കാനുമുള്ള സമയമാണിത്. മൃഗസംരക്ഷണ വകുപ്പും, ചെറുകിട ഉടമകളും തമ്മിലുള്ള ജൈവ കണ്ണിയായി സംസ്ഥാനത്തുടനീളമുള്ള ഗ്രാസ് റൂട്ട് ലെവൽ പങ്കാളിത്ത സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശ്രമങ്ങൾ ലക്ഷ്യമിടുന്നു. കന്നുകാലി ഉൽപ്പാദനത്തിലെ ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ള വളർച്ച ദശലക്ഷക്കണക്കിന് ദരിദ്രരെ ദാരിദ്ര്യക്കെണിയിൽ നിന്ന് രക്ഷപ്പെടാൻ സഹായിക്കും, കാരണം കന്നുകാലികളുടെ വിതരണം ഭൂമിയുമായി താരതമ്യപ്പെടുത്തുമ്പോൾ കൂടുതൽ തുല്യമാണ്. വളരുന്ന കന്നുകാലി മേഖല സ്ത്രീ ശാക്തീകരണത്തിനും സംഭാവന നൽകും.

# 3.4 മത്സ്യവികസനം

ഒരു വികസ്വര സമ്പദ്‌വ്യവസ്ഥയിൽ മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗം ലഭ്യമാക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് മത്സ്യബന്ധന മേഖല. പോഷകാഹാര നിലവാരം വർദ്ധിപ്പിക്കുന്നതിനു പുറമേ തൊഴിലും, വരുമാനവും സൃഷ്ടിക്കുന്നതിനും ഈ മേഖല സഹായിച്ചിട്ടുണ്ട്. ലോകത്തിലെ മൊത്തം മത്സ്യോല്പാദനത്തിന്റെ 7.96 ശതമാനം ഇന്ത്യയുടെ സംഭാവനയാണ്. 2022-23 കാലയളവിൽ, ഇന്ത്യയുടെ കയറ്റുമതി 26.73 ശതമാനമാണ്. ഉൾനാടൻ മത്സ്യോല്പാദനത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്. മത്സ്യബന്ധനം, സംസ്കരണം, വിപണനം എന്നിവ ഉൾപ്പെടുന്ന കേരളത്തിലെ മത്സ്യബന്ധന വ്യവസായത്തിന് പ്രതിവർഷം 566 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ മത്സ്യബന്ധന മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. 2022-23 ലെ മൊത്തം ജി.എസ്.വി.എ യിൽ (സ്ഥിരവിലയിൽ) മത്സ്യബന്ധന മേഖലയുടെ പങ്ക് 0.98 ശതമാനവും, ജി.എസ്.ഡി.പിയുടെ 0.84 ശതമാനവുമാണ്. കാർഷിക അനുബന്ധമേഖലയിൽ നിന്നുള്ള മൊത്തം സംസ്ഥാന മൂല്യവർദ്ധനവിന്റെ (ജി.എസ്.വി.എ) 2022-23 സ്ഥിരവിലയിൽ 11.47 ശതമാനം മത്സ്യബന്ധന, അക്വാകൾച്ചർ മേഖലയുടെ സംഭാവനയാണ്. ജി.എസ്.വി.എ യിൽ മത്സ്യബന്ധന മേഖലയുടെ സംഭാവന സംബന്ധിച്ച് വിശദാംശങ്ങൾ **അനുബന്ധം 3.4.1** ൽ നൽകിയിരിക്കുന്നു.

**വളർച്ചാനിരക്കുകൾ**


കേരളത്തിന്റെ സമുദ്ര അതിർത്തി 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശവും, 39,139 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഭൂഖണ്ഡാന്തര ഷെൽഫും കൊണ്ട് സമ്പന്നമാണ്. കടൽ മത്സ്യബന്ധനത്തിൽ ഈ പ്രദേശം ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഭാരത സർക്കാരിന്റെ 2022-23 ലെ മൃഗസംരക്ഷണ, ക്ഷീരവികസന, മത്സ്യബന്ധന വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയുടെ മത്സ്യ ഉല്പാദനം 162.5 ലക്ഷം മെട്രിക് ടണ്ണായിരുന്നു. അതിൽ ഉൾനാടൻ മത്സ്യമേഖലയിൽ നിന്നും 121.21 ലക്ഷം മെട്രിക് ടണ്ണും, സമുദ്രമേഖലയിൽ നിന്നും 41.27 ലക്ഷം മെട്രിക് ടണ്ണുമായിരുന്നു. കേരളത്തിലെ സമുദ്ര മേഖലയുടെ മത്സ്യ ഉല്പാദനം 2022-23 കാലയളവിൽ 6.9 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ഉൾനാടൻ മത്സ്യമേഖലയുടെ സംഭാവന 2.29 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ഉയർന്ന മൂല്യമുള്ള മത്സ്യങ്ങളായ സിയർ ഫിഷ്, കൊഞ്ച്, റിബൺ ഫിഷ് എന്നിവ കേരളത്തിലെ സമുദ്ര മത്സ്യലഭ്യതയിൽ കുറവാണ്. കാലാവസ്ഥാവ്യതിയാനം, അശാസ്ത്രീയമായ മത്സ്യബന്ധനം തുടങ്ങിയ കാരണങ്ങളാൽ മത്സ്യ ഉല്പാദനത്തിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ടിന്റെ (കെ.എം.എഫ്.ആർ.എ) സമയോചിതമായ ഭേദഗതിയും, കെ.എം.എഫ്.ആർ റൂൾ കർശനമായി നടപ്പാക്കിയതും 2018-19 കാലയളവിൽ സമുദ്ര മേഖലയിലെ മത്സ്യ ഉല്പാദനം 26 ശതമാനമായി വർദ്ധിപ്പിക്കുവാൻ സാഹചര്യമുണ്ടായി. 2020-21, 2021-22 എന്നീ വർഷങ്ങളിൽ ലഭിച്ച ഉല്പാദനത്തെ അപേക്ഷിച്ച് 2022-23 വർഷം കടൽ മത്സ്യ ഉല്പാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നു. ഈ വർദ്ധനവ് മത്സ്യമേഖലയെ പുനരുജ്ജീവിപ്പിക്കാൻ സഹായിച്ചു. വൈവിദ്ധ്യമാർന്നതും നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗവും ഉൾനാടൻ മത്സ്യകൃഷിയിൽ മത്സ്യ ഉല്പാദനം വർദ്ധിപ്പിച്ചു.

ഷാർക്ക്, മത്തി, സാധാരണ മത്തി, നെത്തോലി, സൗരിത, കണവ, സ്കിയാനിസ്, ചുണ്ണാമ്പുവാള, ചൂര, ലിയോഗ്, കാത്താസ്, അയല, നെയ്മീൻ, സാധാരണ കൊഞ്ച്, ഞണ്ട്, കണവ എന്നീ ഇനം

മത്സ്യങ്ങളുടെ ഉല്പാദനം 2022-23 ൽ വർദ്ധിച്ചു. ഹാൻഡ് ബുക്ക് ഓഫ് ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ്,2022 പ്രകാരം കേരളത്തിന്റെ പ്രതിശീർഷ മത്സ്യ ഉപഭോഗം 17.93 കിലോ ഗ്രാമും, കേന്ദ്രഭരണ പ്രദേശമായ ആൻഡമാൻ, നിക്കോബാർ ദ്വീപുകളുടെ പ്രതിശീർഷ മത്സ്യഉപഭോഗം 77.84 കിലോയുമാണ്. 2019-20 മുതൽ 2022-23 വരെ കേരളത്തിലെ ഇനം തിരിച്ചുള്ള സമുദ്രമത്സ്യ ലഭ്യത **അനുബന്ധം** 3.4.2 ൽ കൊടുത്തിരിക്കുന്നു.

ഇന്ത്യയിലെയും കേരളത്തിലെയും മത്സ്യ ഉല്പാദന മേഖലയിലെ വ്യത്യാസം **ചിത്രം** 3.4.1 ലും **അനുബന്ധം** 3.4.3 ലും നൽകിയിരിക്കുന്നു. കേരളത്തിലെ ജില്ല തിരിച്ചുള്ള മത്സ്യ ഉല്പാദനത്തിന്റെ വിവരങ്ങൾ **അനുബന്ധം** 3.4.4 ൽ നൽകിയിരിക്കുന്നു.

**ചിത്രം** 3.4.1 ഇന്ത്യയിലേയും കേരളത്തിലേയും മത്സ്യ ഉല്പാദനം




അവലംബം: വാർഷിക റിപ്പോർട്ട് 2022-23, മിനിസ്ട്രി ഓഫ് ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീര വികസന, മത്സ്യബന്ധന വകുപ്പ്,ഭാരത സർക്കാർ ,ഫിഷറീസ് വകുപ്പ് (കേരള സർക്കാർ)


സമുദ്രോല്പന്നങ്ങളുടെ കയറ്റുമതിയിൽ കേരളം ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. 2022-23 ൽ, 8285.00 കോടി രൂപയുടെ 2.18 ലക്ഷം മെട്രിക് ടൺ സമുദ്ര ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ **അനുബന്ധം** 3.4.5 ൽ നൽകിയിരിക്കുന്നു. കേരളത്തിൽ സമുദ്രോല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് 218 എക്സ്പോർട്ട്സ് ഉണ്ട്. പ്രതിദിനം 4,926 മെട്രിക് ടൺ സംസ്കരണ ശേഷിയുള്ള 118 സീഫുഡ് സംസ്കരണ പ്ലാന്റുകളും 95,609 മെട്രിക് ടൺ ശേഷിയുള്ള 105 കോൾഡ് സ്റ്റോറേജുകളുമുണ്ട്. ശീതീകരിച്ച കൊഞ്ച്, ശീതീകരിച്ച മത്സ്യം, ശീതീകരിച്ച കൂന്തൾ, ശീതീകരിച്ച കണവ എന്നിവയാണ് കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യുന്ന പ്രധാന സമുദ്രോല്പന്നങ്ങൾ. 2022-23 കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ ഏറ്റവും വലിയ കയറ്റുമതി വിപണി യഥാക്രമം യൂറോപ്യൻ യൂണിയൻ (30 ശതമാനം), ചൈന(23 ശതമാനം) എന്നിവയുമാണ്.

**ഉൾനാടൻ മത്സ്യകൃഷിയും ജലകൃഷിയും**

പോഷകസമൃദ്ധമായ ഭക്ഷണം ലഭ്യമാക്കുന്നതിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്നതിൽ ഉൾനാടൻ മത്സ്യ കൃഷി ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്.കൂടാതെ, വിളവെടുപ്പ് ,സംസ്കരണം,വിപണനം എന്നീ മേഖലകളിൽ തൊഴിൽ പ്രദാനം ചെയ്യുന്നതിലൂടെ ഉപജീവനമാർഗ്ഗം വർദ്ധിപ്പിക്കുന്നതിലും ഈ മേഖല നിർദ്ദിഷ്ടമായ നിലയിൽ പ്രവർത്തിക്കുന്നു. ജനസംഖ്യാ വർദ്ധനവ്, ഭൂമിയുടേയും, ജലസ്രോതസ്സുകളുടെയും അമിത ചൂഷണം, സമുദ്ര മത്സ്യബന്ധനത്തിൽ മാറ്റമില്ലാത്ത വളർച്ചാനിരക്ക് എന്നിവ ഉൾനാടൻ മത്സ്യബന്ധനത്തിന്റേയും ഉൾനാടൻ ജലകൃഷിയുടേയും പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഏകദേശം, 2.45 ലക്ഷം ഉൾനാടൻ മത്സ്യകർഷകർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും, അതുവഴി സാമ്പത്തിക പുരോഗതി വർദ്ധിപ്പിക്കുന്നതിനും ഉൾനാടൻ മത്സ്യമേഖല സഹായിക്കുന്നു. പ്രകൃതിദത്തമായ ജലസ്രോതസ്സുകളിൽ മത്സ്യകൃഷി നടപ്പിലാക്കുന്നതിനെ ഉൾനാടൻ മത്സ്യബന്ധനമെന്നും, എന്നാൽ നൂതന ആശയങ്ങളുടെ സഹായത്തോടെ മത്സ്യകൃഷി നടപ്പിലാക്കുന്നതിനെ ഉൾനാടൻ ജലകൃഷിയായും വേർതിരിക്കാവുന്നതാണ്.

ഉൾനാടൻ മത്സ്യമേഖലയിൽ 2013-14 മുതൽ 2022-23 വരെ കൈവരിച്ച സുസ്ഥിരമായ ഒരു വളർച്ചാ നിരക്കാണ് **ചിത്രം** 3.4.2-ൽ പ്രതിപാദിച്ചിട്ടുള്ളത്. കേരളം 85000 ഹെക്ടർ വിസ്തൃതിയുള്ള പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികളാലും, കിഴക്കോട്ടൊഴുകുന്ന മൂന്ന് നദികളാലും അനുഗ്രഹീതമാണ്. 1620 ഹെക്ടർ വിസ്തൃതിയുള്ള 9 ശുദ്ധജല തടാകങ്ങളാലും, 46,128.9 ഹെക്ടർ വിസ്തൃതിയുള്ള 51 കായലുകളാലും സമ്പന്നമാണ്. വിപുലമായ ജലവിഭവങ്ങളുടെ സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷിയ്ക്ക് വളരെയേറെ സാധ്യതകളുണ്ട്. ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്ന ഫാമിഡ് പ്രോട്ടീനുകളിൽ ഉൾനാടൻ ജലകൃഷിയിൽ നിന്ന് ലഭ്യമാക്കുന്ന പ്രോട്ടീനുകൾക്ക് സുസ്ഥിരമായ ലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കും. മാംസ്യോൽപ്പന്നങ്ങളായ കോഴി, പോർക്ക്, ബീഫ് എന്നിവയെക്കാൾ മത്സ്യ വിഭവത്തിന് അധിക പ്രോട്ടീൻ ലഭ്യമാക്കുവാൻ സാധിക്കും. പാരിസ്ഥിതികമായും ഉൾനാടൻ ജലകൃഷി മറ്റ് കൃഷിരീതികളെ അപേക്ഷിച്ച് കുറവ് ഹരിതഗൃഹ വാതകം മാത്രമേ പുറംതള്ളുന്നുള്ളു. തിലോപ്പിയ, മുരൾ, ബസ, അനാബസ്, കരിമീൻ, ഭീമൻ ശുദ്ധജല കൊഞ്ച്, പെനിയസ് വനാമി, പെനിയസ് മോണോഡൺ, ഏഷ്യൻ കടൽ ബാസ്, പോമ്പാനോ, കോബിയ, മുള്ളറ്റുകൾ എന്നിവയ്ക്ക് കേരളത്തിൽ ഉയർന്ന ഉല്പാദനമൂല്യമുണ്ട്. കേരളത്തിലെ ഇനം തിരിച്ചുള്ള ഉൾനാടൻ മത്സ്യഉല്പാദനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം** 3.4.6-ൽ നൽകിയിരിക്കുന്നു. കേരളത്തിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉൾനാടൻ മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 'സുഭിക്ഷ കേരളം' പോലെയുള്ള പദ്ധതികൾ നടപ്പിലാക്കി. ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ

**ചിത്രം 3.4.2** 2013-14 മുതൽ 2022-23 വരെ കേരളത്തിലെ മത്സ്യോല്പാദനം





അവലംബം: ഫിഷറീസ് വകുപ്പ്, കേരള സർക്കാർ

സ്വയംപര്യാപ്തത കൈവരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് 'സുഭിക്ഷ കേരളത്തിന്റെ' ഭാഗമായി ജനകീയ മത്സ്യകൃഷി നടപ്പിലാക്കി. ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ ഉപയോഗിച്ചുവരുന്ന ലളിതവും, പരമ്പരാഗതവുമായ രീതികളിൽ (ഉദാ:- വീട്ടുവളപ്പിലെ കുളത്തിൽ പരിമിതമായ ഉപയോഗത്തിനുവേണ്ടി) നിന്നും ഉയർന്ന സാങ്കേതിക സംവിധാനങ്ങൾ (ഉദാ:- കയറ്റുമതി മാനദണ്ഡങ്ങൾക്ക് അനുസൃതമായി) വികസിപ്പിച്ചു. ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ ഉപയോഗിക്കുന്ന സാങ്കേതിക രീതികൾ താരതമ്യേന ലളിതവും, മത്സ്യ ഇനങ്ങളുടെ വളർച്ച നിരക്ക് വർദ്ധിപ്പിക്കുന്നതുമാണ്. ഉൾനാടൻ ജലകൃഷി വികസനത്തിന്റെ ഭാഗമായി 6490 ഹെക്ടറിൽ ശാസ്ത്രീയ മത്സ്യകൃഷിയും, 2645 ഹെക്ടറിൽ ചെമ്മീൻ കൃഷിയും 23009 ഹെക്ടറിൽ ഒരു നെല്ല് ഒരു മത്സ്യകൃഷിയും 3739 യൂണിറ്റ് കക്ക വളർത്തൽ യൂണിറ്റുകളും ഏറ്റെടുത്ത് നടപ്പിലാക്കി. നൂതന കൃഷിരീതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 3427 യൂണിറ്റ് ബയോ ഫ്ലോക് മത്സ്യകൃഷി സംവിധാനവും, പടുത കുളങ്ങളിൽ 7884 യൂണിറ്റ് മത്സ്യകൃഷിയും 659 യൂണിറ്റ് ആർ.എ.എസ് സംവിധാനവും, 2488 കൂട് കൃഷി യൂണിറ്റുകളും സ്ഥാപിച്ചു. ജലസംഭരണികളിൽ മത്സ്യകൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 28 ജലസംഭരണികളിൽ മത്സ്യകൃഷി ആരംഭിച്ചു. കൂട് കൃഷി 6 ജല സംഭരണികളിൽ ഏറ്റെടുത്തു. സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 ൽ നടപ്പിലാക്കിയ 'പൊതുകുളങ്ങളിൽ മത്സ്യകൃഷി' എന്ന പദ്ധതിയിൻ കീഴിൽ 24800 ഹെക്ടർ പ്രദേശം മത്സ്യകൃഷിയ്ക്കായി വിനിയോഗിച്ചു.

2021-22, 2022-23 വർഷങ്ങളിൽ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യബന്ധനം (കാപ്ച്ചർ) യഥാക്രമം 37521 മെട്രിക് ടൺ, 38172 മെട്രിക് ടൺ എന്നിങ്ങനെയായിരുന്നു. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഉൾനാടൻ മേഖലകളിൽ പട്രോളിങ് ശക്തമാക്കുകയും, നിയമലംഘനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്തു. സംസ്ഥാനത്ത് ഏഴ് അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബുകൾ സ്ഥാപിച്ചു. അക്വാട്ടിക് ആനിമൽ ഹെൽത്ത് സർവ്വേയുടെ ഭാഗമായി 2320 മത്സ്യങ്ങളുടേയും വെള്ളത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചു.

ഉൾനാടൻ ജലകൃഷി വികസനം സാധ്യമാക്കുന്ന തരത്തിൽ ജലസ്രോതസ്സുകളാൽ അനുഗ്രഹീതമായ സംസ്ഥാനമാണ് കേരളം. ജലസ്രോതസ്സുകളിൽ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ ജലജീവികളുടെ വൈവിദ്ധ്യവൽക്കരണത്തിനും ഉയർന്ന സാധ്യതകൾ നിലനിൽക്കുന്നുണ്ട്. വെള്ളപ്പൊക്കം, വരൾച്ച, ചുഴലിക്കാറ്റ് തുടങ്ങിയ നിരവധി ഘടകങ്ങൾ ഉല്പാദന ലക്ഷ്യത്തെ പ്രതികൂലമായി ബാധിച്ചേക്കാം. എന്നാൽ ഫലപ്രദമായ ദുരന്തനിവാരണ സാങ്കേതിക വിദ്യകളുടെ പ്രയോഗവും, സ്ഥാപനപരമായ സംവിധാനങ്ങളുടെ ശാക്തീകരണവും, പ്രകൃതിദുരന്തങ്ങൾ മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിൽനിന്നും ഈ മേഖലയെ സംരക്ഷിക്കുവാൻ സാധിക്കും.

**ചിത്രം 3.4.3** ഉൾനാടൻ മത്സ്യമേഖലയിൽ ജലകൃഷിയുടേയും, ഉൾനാടൻ മത്സ്യബന്ധനത്തിന്റേയും പങ്ക്





അവലംബം: ഫിഷറീസ് വകുപ്പ്

ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ വിതരണമാണ് ഉൾനാടൻ മത്സ്യക്കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രധാന ഘടകം. വാണിജ്യപരമായി പ്രാധാന്യമുള്ള ഫിൻഫിഷ്, ഷെൽഫിഷ് എന്നീ ഇനങ്ങളെ ജനകീയമാക്കുന്നതിന് ക്യാപ്റ്റീവ് ബ്രീഡിംഗും, വിത്തുല്പാദനവും അത്യന്താപേക്ഷിതമാണ്. മത്സ്യവിത്തുകളുടെ ആവശ്യം വർദ്ധിച്ചുവരികയാണ്. മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി 2022-23 ൽ 12 കോടി മത്സ്യവിത്തുകൾ ഉല്പാദിപ്പിച്ചു. നാടൻ മത്സ്യവിത്തിനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 2022-23 ൽ കർഷകർക്ക് 247 മത്സ്യവിത്ത് ഉല്പാദന യൂണിറ്റുകൾ വീട്ടുവളപ്പിൽ സ്ഥാപിച്ചു. കൂടാതെ, 61.25 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളേയും വിവിധ ഹാച്ചറികളിൽ ഉല്പാദിപ്പിച്ചു. മത്സ്യവകുപ്പും, മറ്റ് ഏജൻസികളുമായി 2015-16 മുതൽ 2022-23 വരെ കൈവരിച്ച മത്സ്യവിത്ത് ഉല്പാദനത്തിന്റെ വിശദാംശങ്ങൾ **ചിത്രം 3.4.4**ൽ നൽകിയിരിക്കുന്നു. മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി കൊല്ലം തേവള്ളിയിൽ സ്ഥാപിച്ചിട്ടുള്ള സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം മുഖേന, സംസ്ഥാനത്തുടനീളമുള്ള ഹാച്ചറികൾക്കാവശ്യമായ വിത്ത് ഉല്പാദിപ്പിക്കുകയും, വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ, മത്സ്യവിത്തുല്പാദനകേന്ദ്രങ്ങൾ, ഹാച്ചറികൾ എന്നിവയ്ക്കുള്ള രജിസ്ട്രേഷൻ സൗകര്യങ്ങളും ലഭ്യമാക്കുന്നു. മത്സ്യങ്ങളെ ബാധിക്കുന്ന രോഗങ്ങളുടെ ദ്രുതഗതിയിലുള്ള രോഗനിർണ്ണയം ഉറപ്പാക്കുന്നതിനും അവയുടെ വ്യാപനം തടയുന്നതിനുമായി സംസ്ഥാനത്ത് ജലജീവി ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മത്സ്യകർഷകരുടെ സാമ്പത്തിക നഷ്ടം തടയുന്നതിനായി രോഗനിർണ്ണയവും, നിരീക്ഷണ പരിപാടികളും സംഘടിപ്പിച്ചു.

### മത്സ്യത്തൊഴിലാളി സമൂഹത്തിനായുള്ള സാമൂഹിക സുരക്ഷയും ഉപജീവനോപാധിയും

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഉപജീവനോപാധികൾ വളരെ സങ്കീർണ്ണവും നിരന്തരമായ മാറ്റത്തിന് വിധേയമാക്കുന്നവയാണ്. കേരളത്തിലെ 2.45 ലക്ഷം ഉൾനാടൻ മത്സ്യത്തൊഴിലാളികളും, 8.15 ലക്ഷം സമുദ്രമേഖലകളിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളും ഉൾപ്പെടെ മത്സ്യത്തൊഴിലാളി ജനസംഖ്യ ഏകദേശം 10.6 ലക്ഷമാണ്. സംസ്ഥാനത്തെ 222 സമുദ്ര മത്സ്യഗ്രാമങ്ങളിലും, 113 ഉൾനാടൻ മത്സ്യബന്ധന ഗ്രാമങ്ങളിലുമാണ് ഇവർ വസിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.4.7** ൽ നൽകിയിരിക്കുന്നു. ഉപജീവനത്തിനായി മത്സ്യബന്ധനത്തിൽ ഏർപ്പെടുകയും, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളാണ് സജീവ മത്സ്യത്തൊഴിലാളികളായി കണക്കാക്കുന്നത്. 2022 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമബോർഡിൽ രജിസ്റ്റർ ചെയ്ത സജീവ മത്സ്യത്തൊഴിലാളികളുടെ എണ്ണം 2.4 ലക്ഷമാണ്. കേരളത്തിലെ മത്സ്യബന്ധന മേഖലയിലെ അനുബന്ധ മത്സ്യത്തൊഴിലാളികളുടെ എണ്ണം 78,659 ആണ്. തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളാണ് സജീവ മത്സ്യത്തൊഴിലാളികളുടെ എണ്ണത്തിൽ സംസ്ഥാനത്ത് ഒന്നും രണ്ടും സ്ഥാനത്തുള്ളത്. ജില്ല തിരിച്ചുള്ള സജീവ മത്സ്യത്തൊഴിലാളികളുടേയും, അനുബന്ധ മത്സ്യത്തൊഴിലാളികളുടേയും വിശദാംശങ്ങൾ **അനുബന്ധം 3.4.8** ൽ നൽകിയിരിക്കുന്നു.

**ചിത്രം 3.4.4** 2015-16 മുതൽ 2022-23 വരെയുള്ള കേരളത്തിലെ മത്സ്യവിത്ത് ഉല്പാദനം




അവലംബം: ഫിഷറീസ് വകുപ്പ്

മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും, ഉപജീവനവും ഉറപ്പാക്കുന്നതിൽ കേരള സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഫിഷറീസ് വകുപ്പിന് പുറമേ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ മുഖേനയും വിവിധ പെൻഷൻ പദ്ധതികൾ, ഇൻഷ്വറൻസ് പദ്ധതികൾ, പുനരധിവാസ പദ്ധതികൾ എന്നിവയും നടപ്പിലാക്കുന്നു. ഈ കാലഘട്ടത്തിൽ 2.06 ലക്ഷം മത്സ്യത്തൊഴിലാളികൾക്കും, 78,659 അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും, ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം ലഭിച്ചു. സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന 1.43 ലക്ഷം സജീവ മത്സ്യത്തൊഴിലാളികൾക്കും, 14,481 അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും പ്രയോജനം ലഭിച്ചു. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 3.4.9, 3.4.10** എന്നിവയിൽ നൽകിയിരിക്കുന്നു.

കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവൻ സംരക്ഷിക്കുന്നതിനായി തിരുവനന്തപുരത്ത് വിഴിഞ്ഞം, എറണാകുളത്ത് വൈപ്പിൻ, കോഴിക്കോട് ബേപ്പൂർ എന്നീ മൂന്ന് മേഖലകളിലായി ഒരേ സമയം 10 പേർക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിനാവശ്യമായ എല്ലാ ആധുനിക സൗകര്യങ്ങളും സജ്ജീകരിച്ച മൂന്ന് ആംബുലൻസുകൾ സർക്കാർ കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ, മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി തീരദേശ മേഖലകളിൽ ആശുപത്രികളും നിർമ്മിച്ചു. മെച്ചപ്പെട്ട സുരക്ഷ സംവിധാനങ്ങളുടെ ഫലമായി കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ട് ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം 79 ൽ നിന്ന് 34 ആയി കുറയ്ക്കുവാൻ സാധിച്ചു.

കേരളത്തിന്റെ മത്സ്യമേഖലയിൽ 6474 യന്ത്രവൽകൃത യാനങ്ങളും, 34,008 മോട്ടോറൈസ് യാനങ്ങളും, 3050 നോൺ മോട്ടോറൈസ് യാനങ്ങളും ഉൾപ്പെടുന്നു. കൂടാതെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയ യാനങ്ങളുടെ എണ്ണം 2020-21 ലെ 924 ൽ നിന്ന് 2022-23 ൽ 2747 ആയി വർദ്ധിപ്പിക്കുവാൻ സാധിച്ചു.

പ്രാഥമിക തലത്തിലുള്ള 700 മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ഫെഡറേഷനാണ് മത്സ്യഫെഡ്. ഇതിൽ 355 സംഘങ്ങൾ സമുദ്ര മേഖലയിലും 211 സംഘങ്ങൾ ഉൾനാടൻ മേഖലയിലും 134 എണ്ണം വനിതാ സംഘങ്ങളുമാണ്. ഈ സൊസൈറ്റികളിലെ ആകെ അംഗസംഖ്യ 4.63 ലക്ഷമാണ്. ഫെഡറേഷന്റെ ആകെ ഓഹരി മൂലധനം 150.00 കോടി രൂപയാണ്.

മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ളിൽ സ്വയം സഹായ സംഘങ്ങൾ രൂപപ്പെടുത്തുവാനും അതുവഴി സമ്പാദ്യശീലം വളർത്തുവാനും മത്സ്യഫെഡിന് സാധിച്ചിട്ടുണ്ട്. മൈക്രോഫിനാൻസും, പലിശരഹിത വായ്പകളും നൽകുക വഴി മത്സ്യഫെഡിന് മൈക്രോ ക്രെഡിറ്റ് മേഖലയിൽ കാര്യമായ പ്രഭാവം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2022-23 ൽ മൈക്രോ ഫിനാൻസിന്റെ പിന്തുണയോടെ 63.82 കോടി രൂപയുടെ സഹായം 18,773 ഗുണഭോക്താക്കൾക്ക് ലഭിച്ചു. കൂടാതെ 2022-23 ൽ 8186 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 16.15 കോടി രൂപയുടെ പലിശരഹിത വായ്പ ലഭ്യമാക്കി. മത്സ്യഫെഡ് 2020-21 വർഷം മുതൽ കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി) ലഭ്യമാക്കുവാൻ ആരംഭിച്ചു. 790 മത്സ്യത്തൊഴിലാളികൾക്ക് കെ.സി.സി യുടെ സഹായത്തോടെ 930.84 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ സാധിച്ചു. എറണാകുളം, കണ്ണൂർ, തിരുവനന്തപുരം എന്നീ ജില്ലകളിലായി 1600 ടൺ ശേഷിയുള്ള മൂന്ന് നെറ്റ് ഫാക്ടറികൾ മത്സ്യഫെഡ് സ്ഥാപിച്ചിട്ടുണ്ട്. മത്സ്യഫെഡിന് മീൻ വേസ്റ്റിൽ നിന്ന് വളം ഉല്പാദിപ്പിക്കുന്ന 10,000 ടൺ ഉല്പാദനക്ഷമതയുള്ള ഫാക്ടറികൾ അഴീക്കോടും, കോഴിക്കോടും പ്രവർത്തിക്കുന്നുണ്ട്. വിഷരഹിതവും, പോഷകഗുണമുള്ള മത്സ്യം വിതരണം ചെയ്യുന്നതിന് 'അന്തിപ്പച്ച' എന്ന പേരിൽ 16 യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വിപണിയിൽ അഞ്ച് പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൊണ്ടുവരികയും നിലവിലുള്ള രണ്ട് ഉല്പന്നങ്ങൾ 'മത്സ്യഫെഡ് ഈറ്റ്സ്', 'മത്സ്യഫെഡ് ട്രീറ്റ്സ്', 'മത്സ്യഫെഡ് ഫ്രെഷ്' എന്നീ പേരുകളിൽ വിപണനം ചെയ്തു.

വിപുലവും പരമ്പരാഗതവുമായ മത്സ്യകൃഷിയിൽ നിന്നും പാലയക്കാരി മത്സ്യഫാമിൽ സ്വീകരിച്ച ശാസ്ത്രീയമായ മത്സ്യക്കൃഷി മത്സ്യഫെഡിന്റെ ഒരു നേട്ടമായി കണക്കാക്കാവുന്നതാണ്. എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, മാലിപ്പുറം , കോട്ടയം ജില്ലയിലെ പാലയക്കാരി എന്നിവിടങ്ങളിൽ മത്സ്യഫെഡിന്റെ മൂന്ന് മത്സ്യഫാമുകൾ പ്രവർത്തിക്കുന്നു . വാണിജ്യ അടിസ്ഥാനത്തിൽ കരിമീൻ, മിൽക്ക് ഫിഷ്, മുള്ളറ്റുകൾ, കൊഞ്ച്, ഞണ്ട് എന്നിവ ഈ ഫാമുകളിൽ ഉല്പാദിപ്പിക്കുന്നുണ്ട്. കരിമീൻ കൂട് കൃഷി രീതികൾ ഞാറയ്ക്കൽ, പാലയക്കാരി മത്സ്യഫാമുകളിലും, ഗിഫ്റ്റ് കൃഷി രീതി പാലയക്കാരി മത്സ്യഫാമിലും പരിശീലിപ്പിക്കുന്നുണ്ട്. ഞാറയ്ക്കൽ, മാലിപ്പുറം, പാലയക്കാരി എന്നീ പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹൃദ അക്വാടൂറിസം സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഒരു വർഷം 30 ദശലക്ഷം കൊഞ്ച്/ ചെമ്മീൻ വിത്തുകൾ ഉല്പാദിപ്പിക്കുവാൻ ശേഷിയുള്ള നാല് ഹാച്ചറികൾ സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്നത് കൊല്ലം ജില്ലയിലെ തിരുമുല്ലാവാരം, തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം, മലപ്പുറം ജില്ലയിലെ വെളിയംകോട്, കണ്ണൂർ ജില്ലയിലെ മാപ്പിളബേ എന്നീ പ്രദേശങ്ങളിലാണ്. വിവിധ പരിപാടികളിലൂടെ മത്സ്യഫെഡ് കൈവരിച്ച നേട്ടങ്ങൾ **അനുബന്ധം 3.4.11** ൽ നൽകിയിരിക്കുന്നു.

അലങ്കാര മത്സ്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കൊല്ലം, കോട്ടയം, വൈക്കം എന്നിവിടങ്ങളിൽ മൂന്ന് പൊതു അക്വേറിയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അലങ്കാര മത്സ്യമേഖലയിൽ താല്പര്യമുള്ള സംരംഭകർക്ക് പരിശീലനം നൽകിയും ഈ മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നു. പുതുവൈയ്പ്പിൻ ഗവേഷണ നിലയത്തിൽ കടൽ മത്സ്യങ്ങളുമായി ബന്ധപ്പെട്ട ഒരു അലങ്കാര മത്സ്യഹാച്ചറി, റീ സർക്കുലേറ്റിംഗ് അക്വാക്കൾച്ചർ സംവിധാനത്തോടുകൂടി സ്ഥാപിച്ചിട്ടുണ്ട്. കേരള അക്വാവെഞ്ചർ ഇന്റർ നാഷണൽ ലിമിറ്റഡ് (കാവിൽ) ഒരു കേരള സർക്കാർ സ്ഥാപനമാണ്. അലങ്കാര മത്സ്യകർഷകർക്കും ആഭ്യന്തര, അന്തർദേശീയ വിപണികൾക്കുമിടയിൽ ഒരു ശക്തമായ സംയോജനം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ അലങ്കാര മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് 'കാവിൽ'. അലങ്കാര മത്സ്യകൃഷിയിൽ ഏർപ്പെട്ട് ചെറുകിട, ഇടത്തരം, വൻകിട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലും, വ്യാപാരത്തിന്റെ ഗുണനിലവാരവും, ആഭ്യന്തര അന്തർദേശീയ വിപണികളുടെ ആവശ്യകതകളും കൈവരിക്കുന്നതിന് ആവശ്യമായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് 'കാവിൽ' ഒരു പ്രധാന പങ്ക് വഹിക്കുന്നു. 'കാവിൽ' രജിസ്റ്റർ ചെയ്തിട്ടുള്ള ഹോംസ്റ്റെഡ് യൂണിറ്റുകൾ, ഇടത്തരം ഫാമുകൾ, വലിയ ഫാമുകൾ എന്നിവർ ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളെ കർശനമായ ക്വാറന്റൈൻ പ്രോട്ടോക്കോളുകൾ പാലിച്ചിട്ടുണ്ട് എന്ന ഉറപ്പു വരുത്തുന്നതോടൊപ്പം, അവയുടെ ഗുണനിലവാരം വിലയിരുത്തി വിപണനം ചെയ്യുന്നു. ബ്രൂഡ് ബാങ്ക് സ്ഥാപിക്കൽ, അക്വാട്ടിക് പ്ലാന്റ് പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ കാവിൽ നടപ്പിലാക്കുന്നു. സംരംഭകരും ഗുണഭോക്താക്കളും ഒത്തു ചേരുന്ന 70 ഓളം മേളകൾ സംഘടിപ്പിക്കുകയും 5.00 ലക്ഷം രൂപ മൂല്യമുള്ള അലങ്കാര മത്സ്യങ്ങൾ വിപണനം ചെയ്യുകയും ചെയ്തു.

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) 2011 ഏപ്രിൽ 1 മുതൽ പ്രവർത്തനമാരംഭിച്ചു. ഇന്ത്യയിലെ ആദ്യത്തെ ഫിഷറീസ് സർവ്വകലാശാലയാണ് കുഫോസ്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളിൽ ആവശ്യമായി വരുന്ന വിദഗ്ദ്ധരുടെ സേവനം സർവ്വകലാശാല സമയബന്ധിതമായി നിറവേറ്റുന്നു. ഡയറക്ടറേറ്റ് ഓഫ് റിസർച്ച് സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾ മേഖലയുടെ ആവശ്യങ്ങൾക്കനുസരിച്ച് ഏകോപിപ്പിക്കുകയും ചെയ്യുന്നു. സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ മൂലം 2015 ൽ 10 ൽ താഴെയുള്ള ഗവേഷണ വിദഗ്ദ്ധരുടെ എണ്ണം 2023 ൽ ഏകദേശം 320 ആയി വർദ്ധിപ്പിക്കുവാൻ സാധിച്ചു. സർവ്വകലാശാലയുടെ അക്വാട്ടിക് എൻവയോൺമെന്റ് മാനേജ്മെന്റ് വിഭാഗം, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്റ്റേറ്റ് വെറ്റ്ലാന്റ് അതോറിറ്റിയുമായി സഹകരിച്ച് ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ ഫലമായി ശാസ്താംകോട്ട തടാകത്തിൽ പേൾ സ്പോട്ട്, എട്രോപ്ലസ് സുരറ്റെൻസിസ് എന്നീ ഇനം മത്സ്യങ്ങളുടെ എണ്ണം പുന:സ്ഥാപിക്കുവാൻ സാധിച്ചു. കൂടാതെ കുഫോസ് ആസ്ഥാനത്ത്

അലങ്കാര മത്സ്യപ്രജനനത്തിലും, മത്സ്യകൃഷിയിലും ഗവേഷണ സൗകര്യം ലഭ്യമാക്കി. സമുദ്രപഠന മേഖലയിലെ നവീകരണത്തിനും, സംരംഭകത്വത്തിനും ഗണ്യമായ ഉത്തേജനം നൽകികൊണ്ട്, നീതി ആയോഗ്, ഇന്ത്യയിലെ ആദ്യത്തെ 'എ.റ്റി.എ.എൽ ഇൻക്യുബേഷൻ സെന്റർ' സ്ഥാപിക്കുന്നതിന് 10.00 കോടി രൂപ അനുവദിച്ചു. ഡയറക്ടറേറ്റ് ഓഫ് റിസർച്ച് നടപ്പിലാക്കുന്ന ഗവേഷണത്തിന്റെ ഫലമായി വികസിപ്പിച്ചെടുത്ത ഇരുപത്തിയൊന്ന് നൂതന സാങ്കേതിക വിദ്യകൾ/ഉല്പന്നങ്ങൾ എന്നിവ 15.12.2022 ന് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി. പ്രസ്തുത സാങ്കേതികവിദ്യകൾ/ഉല്പന്നങ്ങൾ വാണിജ്യ വൽക്കരണത്തിന് സാധ്യതയുള്ളതും, തീരപ്രദേശങ്ങളിൽ ചെറുകിട മേഖലയിൽ സംരംഭകത്വവും തൊഴിൽ അവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കുന്നവയുമാണ്.

**സ്ത്രീ ശാക്തീകരണം**

സ്ത്രീകൾ മത്സ്യമേഖലയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. മത്സ്യബന്ധന ഉപകരണങ്ങളുടെ നിർമ്മാണം, മത്സ്യം തരംതിരിക്കൽ, മത്സ്യ സംസ്കരണം എന്നിവ ഉൾപ്പെടെയുള്ള വിളവെടുപ്പിനു ശേഷമുള്ള പ്രവർത്തനങ്ങളിൽ സ്ത്രീകൾ വഹിക്കുന്ന പങ്ക് എടുത്ത് പറയേണ്ടതുണ്ട്. ഉല്പാദകരേയും ഗുണഭോക്താക്കളെയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഇവർ പ്രവർത്തിക്കുന്നു. മത്സ്യബന്ധനത്തിന്റെ തൊഴിൽമേഖലയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നതിനോടൊപ്പം മത്സ്യമേഖലയുടെ സുസ്ഥിരമായ ഉപയോഗത്തിനും പരിപാലനത്തിനും സംഭാവന നൽകുന്നു. സമുദ്രമേഖലയിൽ തൊഴിലാളികളിൽ 46.35 ശതമാനവും സ്ത്രീകളാണ്. ഉൾനാടൻ മേഖലയിൽ പുരുഷന്മാരും സ്ത്രീകളും തുല്യ പങ്കാളിത്തം പങ്കിടുന്നു.

സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സാമൂഹിക സംരക്ഷണ പദ്ധതികളായ വിധവാ പെൻഷൻ, പലിശ കുറഞ്ഞ വായ്പാ പദ്ധതികൾ, കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം, ഭവന നിർമ്മാണം എന്നിവ മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ ക്ഷേമം മെച്ചപ്പെടുത്തുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. മത്സ്യബന്ധന മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രധാന വെല്ലുവിളി നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം സംബന്ധിച്ച് പരിമിതമായ അറിവാണ്. "സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ് ടു ഫിഷർ വുമൺ" (സാഫ്) "ബ്രിഡ്ജിംഗ് ദി ഡിജിറ്റൽ ഡിവൈഡ് – ഇൻക്ലൂഡ് അപ് സ്കിൽ & ഇന്നൊവേറ്റ്" എന്ന പദ്ധതിയിലൂടെ 30 ഗുണഭോക്താക്കൾക്ക് ഡിജിറ്റൽ മീഡിയയിലും ഓൺലൈൻ വിപണിയിലും പരിശീലനം ലഭ്യമാക്കുകയും ഡിജിറ്റൽ മീഡിയ ഒരു തൊഴിലായി ഏറ്റെടുക്കുവാൻ ആവശ്യമായ സാങ്കേതിക പിന്തുണ നൽകുകയും ചെയ്തു. തീരമൈത്രി ഉല്പന്നങ്ങളുടെ ഓൺലൈൻ വിപണനത്തിനും വിൽപനയ്ക്കുമായി ചെറുകിട സംരംഭങ്ങളെ സോഷ്യൽ മീഡിയയുമായി ബന്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികളും സാഫ് സ്വീകരിച്ചു. 2022 ഒക്ടോബർ മുതൽ ഓൺലൈൻ വില്പനയിലൂടെ 702.00 ലക്ഷം രൂപ നേടാൻ സാഫ് യൂണിറ്റുകൾക്ക് സാധിച്ചു.


പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തി സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്കിടയിൽ സംരംഭകത്വം വർദ്ധിപ്പിക്കുവാൻ സാഫ് ന് സാധിച്ചു. ഓരോ പ്രദേശത്തിനും അനുയോജ്യമായ ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാങ്കേതിക, സാമ്പത്തിക പിന്തുണ നൽകുകയും ചെയ്തു. 'ഡെവലപ്മെന്റ് ഓഫ് മൈക്രോ എന്റർപ്രൈസ്' (ഡി.എം.ഇ) എന്ന പദ്ധതിയുടെ കീഴിൽ 2022-23 ൽ 119 ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് 181.04 ലക്ഷം രൂപ സാഫ് വിതരണം ചെയ്തു. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി) എന്ന പദ്ധതിയ്ക്കു കീഴിൽ കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസറഗോഡ് എന്നീ ജില്ലകളിലെ 100 ജെ.എൽ.ജി കൾ ഉൾപ്പെടുന്നു. 500 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 50.00 ലക്ഷം രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിന് 110 സംഘങ്ങൾക്ക് പിന്തുണ നൽകി. കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ സി.എസ്.ആർ പദ്ധതിയിൽ ഉൾപ്പെടുത്തി. 43 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 20 കിയോസ്കുകൾ ലഭ്യമാക്കി. വിവിധ പരിപാടികളിലൂടെ സാഫ് കൈവരിച്ച നേട്ടങ്ങൾ **അനുബന്ധം 3.4.12** ൽ നൽകിയിരിക്കുന്നു. മത്സ്യമേഖലയിലെ സ്ത്രീകൾക്ക് ആവശ്യാനുസൃതമായി വായ്പ ഉറപ്പാക്കുവാൻ മത്സ്യഫെഡ് പലിശരഹിത വായ്പകൾ നൽകി വരുന്നു . 2022-23 കാലയളവിൽ 8186 വനിത മത്സ്യ കച്ചവടക്കാർക്ക് 16.15 കോടി രൂപയുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

മത്സ്യബന്ധന മേഖലയിലെ വിതരണ ശൃംഖലയിൽ സ്ത്രീകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനമായ വില്പന, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉത്പാദനം, വിപണനം എന്നിവയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കൂടുതലാണ്. മത്സ്യബന്ധന മേഖലയിലെ വിതരണ ശൃംഖലയിൽ പ്രധാന പങ്ക് വഹിക്കുന്ന സ്ത്രീ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പും, കെ.എസ്.ആർ.ടി.സി യും സംയോജിതമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സമുദ്ര'. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സൗജന്യമായ് യാത്രാസൗകര്യം ലഭ്യമാക്കുന്നതിലൂടെ അവരെ ശാക്തീകരിക്കുന്നതിനോടൊപ്പം, സമൂഹത്തിന് ഗുണനിലവാരമുള്ള മത്സ്യത്തിന്റെ ലഭ്യത ഉറപ്പു വരുത്തുവാൻ സാധിക്കുന്നു.

**അടിസ്ഥാന സൗകര്യങ്ങൾ**

മത്സ്യബന്ധന തുറമുഖം ഉല്പാദനത്തെയും വ്യാപാരത്തെയും സംയോജിപ്പിക്കുന്ന ഒരു കേന്ദ്രമായി പ്രവർത്തിക്കുന്നു. കൂടാതെ ഉത്തരവാദിത്വമുള്ള മത്സ്യബന്ധനത്തിനുള്ള അവസരം പ്രദാനം ചെയ്യുകയും ചെയ്യുന്നു. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥാനവും, നിലവിലെ അവസ്ഥാ

**ചിത്രം 3.4.5** മത്സ്യബന്ധന മേഖലയിലെ ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽ പങ്കാളിത്തം




അവലംബം: ഹാൻഡ് ബുക്ക് ഓഫ് ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ് 2022

റിപ്പോർട്ടും **അനുബന്ധം 3.4.13** ൽ നൽകിയിരിക്കുന്നു. മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും, ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളിൽ നിന്നും ലഭ്യമായ 2022-23 ൽ മൊത്തം വരുമാനം 9.49 കോടി രൂപയാണ്. തോട്ടപ്പള്ളി, നീണ്ടകര എന്നീ തുറമുഖങ്ങളിൽ നിന്നുമാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചത്. ആകെ ലഭ്യമായ വരുമാനത്തിന്റെ 62 ശതമാനവും തോട്ടപ്പള്ളി, നീണ്ടകര, കായംകുളം എന്നീ തുറമുഖങ്ങളിൽ നിന്നുമാണ്. മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്ന് ലഭ്യമായ വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.4.14** ൽ നൽകിയിരിക്കുന്നു.

പുതിയ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിന് പുറമേ നിലവിലുള്ള ഫിഷിംഗ് ഹാർബറുകളുടെ നവീകരണം, ഫിഷ് ലാൻഡിംഗ് സെന്ററുകളുടെ നിർമ്മാണം, റോഡുകൾ, പാലങ്ങൾ, നടപ്പാതകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നബാർഡ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ് XXIII ൽ ഉൾപ്പെടുത്തി വെള്ളായി ഫിഷിംഗ് ഹാർബർ, തങ്കശ്ശേരി ഫിഷിംഗ് ഹാർബർ, പുതിയാപ്പ ഫിഷിംഗ് ഹാർബർ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 25.37 കോടി രൂപയുടെ നാല് പദ്ധതികൾ അനുവദിച്ചു. ആർ.ഐ.ഡി.എഫ് XXV-ൽ ഉൾപ്പെടുത്തി നാല് പദ്ധതികൾക്കായി 44.33 കോടി രൂപ അനുവദിച്ചു. വെള്ളായി ഫിഷിംഗ് ഹാർബർ, താനൂർ ഫിഷിംഗ് ഹാർബർ, പുറത്തൂർ ഗ്രാമ പഞ്ചായത്തിലെ പള്ളിക്കടവിലെ തീരസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നു. ആർ.ഐ.ഡി.എഫ് XXVI-ന്റെ ഭാഗമായി തങ്കശ്ശേരി, നീണ്ടകര ഫിഷിംഗ് ഹാർബറിൽ അധിക സൗകര്യങ്ങൾ, നീണ്ടകര ഫിഷിംഗ് ഹാർബറിന്റെ (ശക്തികുളങ്ങര സൈഡ്) വിപുലീകരണവും, നവീകരണവും, കായംകുളം ഫിഷിംഗ് ഹാർബറിൽ അധിക ബെർത്തിംഗ് സൗകര്യങ്ങൾ എന്നിവയ്ക്കായി 57.4 കോടി രൂപയുടെ 4 പദ്ധതികൾ അനുവദിച്ചു. ആർ.ഐ.ഡി.എഫ് XXVII-ൽ താനൂർ, വെള്ളയിൽ, ചെല്ലാനം ഫിഷിംഗ് ഹാർബറുകളിലും വലിയഴീക്കൽ ഫിഷ് ലാൻഡിംഗ് സെന്ററിലും അധിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 55.55 കോടി രൂപയുടെ 4 പദ്ധതികൾ അനുവദിച്ചു. ആർ.ഐ.ഡി.എഫ് XXVIII-ൽ ആലപ്പാട്, അഴീക്കൽ, കരുനാഗപ്പള്ളി, അഴീക്കൽ എന്നീ ഫിഷിംഗ് ഹാർബറുകളുടെ നവീകരണത്തിനായി 50.94 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായുള്ള സംസ്ഥാന സർക്കാർ സ്ഥാപനമാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി). തീരദേശ വികസനം, മത്സ്യബന്ധനമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക വിദ്യ ആർജ്ജിക്കൽ, വാണിജ്യ പ്രവർത്തനങ്ങൾ, വിദഗ്ധോപദേശം എന്നിവ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെടുന്നു. 2022-23 ൽ 58.59 കോടി രൂപയുടെ തീരസംരക്ഷണ പ്രവർത്തനങ്ങൾ, മഞ്ചേശ്വരം തലായി, ചേറ്റുവാ കൊല്ലം എന്നീ പ്രദേശങ്ങൾ നടപ്പിലാക്കി. കമ്പനിയുടെ വാണിജ്യ

**ബോക്സ് 3.4.1** മത്സ്യമേഖലയിൽ വനിത ചെറുകിട സംരംഭങ്ങൾ കൈവരിച്ച നേട്ടങ്ങൾ

സാഫിന്റെ ചെറുകിട സംരംഭങ്ങൾക്ക് പ്രോജക്ടിന്റെ കീഴിൽ കോട്ടയത്ത് നാല് വനിത മത്സ്യത്തൊഴിലാളികൾ ആരംഭിച്ച ഗ്രൂപ്പാണ് ദീപം. 2019 ൽ അയ്മനം ഗ്രാമപഞ്ചായത്തിലെ കവണാറ്റിൻകര-ചിപ്പുങ്കൽ ആണ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത്. സാഫിൽ നിന്ന് ലഭ്യമായ ആദ്യ ഗഡുവായ 1,95,300/- രൂപ ഉപയോഗിച്ചാണ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത്. അംഗങ്ങളുടെ പാചക വൈദഗ്ദ്ധ്യംമൂലം ഒരാൾക്ക് പ്രതിദിനം 1000 രൂപ മുതൽ 2000 രൂപ വരെ ലാഭമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ദീപം ഗ്രൂപ്പിന്റെ പ്രത്യേകത 6 കറികളും, ഒരു മീൻ കറിയും അടങ്ങുന്ന 50 രൂപ മാത്രം വില വരുന്ന ഊണാണ്. കുമരകത്തിന് സമീപം പ്രവർത്തിക്കുന്ന യൂണിറ്റിന് ഹൗസ് ബോട്ടുകളിൽ നിന്നും, വിവാഹത്തിനും മറ്റും ഓർഡർ ലഭ്യമാകുന്നുണ്ട്. കക്കയിറച്ചി, കൊഞ്ച്, കരിമീൻ റോസ്റ്റ് എന്നിവയും ദീപം വിഭവങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നു. സാഫിന്റെ പിന്തുണയോടെ പ്രവർത്തിക്കുന്ന ദീപം,കുറഞ്ഞ വിലയിൽ രുചികരമായ ഭക്ഷണം ലഭ്യമാക്കുന്ന ഒരു സംരംഭമാണ്.

കൊല്ലം നീണ്ടകരയിലെ സമുദ്ര ഗ്രൂപ്പ് 2018 ൽ സാഫിൽ നിന്ന് ലഭിച്ച സഹായത്തോടെ പ്രവർത്തനം ആരംഭിച്ചു. നെത്തോലി, മുള്ളൻ, മാന്തൾ, വാള തുടങ്ങിയ വിവിധ ഇനം മത്സ്യങ്ങൾ വൻതോതിൽ ഉണക്കി കേരളത്തിനകത്തും പുറത്തും കച്ചവടം ചെയ്യുന്നു. 8.00 ലക്ഷം രൂപ വിറ്റുവരവുള്ള ഈ യൂണിറ്റിന്റെ ശരാശരി ഉത്പാദനം പ്രതിമാസം 5 ടൺ ആണ്. ഓരോ അംഗത്തിനും 20,000 രൂപ ലഭിക്കുന്നു. സമുദ്ര യൂണിറ്റിന്റെ വിജയം സ്ത്രീ ശാക്തീകരണത്തെ ചിത്രീകരിക്കുന്നു.

പ്രവർത്തനങ്ങളിൽ 'ഫ്രിഷ് കേരള' എന്ന ബ്രാൻഡിലുള്ള ഉണക്കിയ മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ വിപണനവും ഉൾപ്പെടുന്നു.പത്തനംതിട്ട ,കൊല്ലം എന്നീ ജില്ലകളിൽ പാർശ്വവൽക്കരിക്കപ്പെട്ട ഗ്രൂപ്പുകൾക്ക് ചെറുകിട തൊഴിലവസരങ്ങൾ ലഭ്യമാക്കികൊണ്ട് ഒരു സ്ഥിരവരുമാനം പ്രദാനം ചെയ്യുന്നതിന് ആരംഭിച്ച ഒരു പദ്ധതിയാണ് "പരിവർത്തനം " കെ.എസ്.സി.എ.ഡി.സി. 477.00 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി നബാർഡിന്റെ ധനസഹായത്തിന് സമർപ്പിച്ചിട്ടുണ്ട് .

### 2022–23 ലെ പ്രധാന നേട്ടങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കിയ 'സുഭിക്ഷ കേരളം' പദ്ധതിയിലൂടെ ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിച്ചു. 58,314 കർഷകർക്ക് വിവിധ മത്സ്യ ഉല്പാദന രീതികളിൽ പരിശീലനം ലഭ്യമാക്കി. 24800 ഹെക്ടർ പ്രദേശത്ത് 38178 മെട്രിക് ടൺ മത്സ്യം ഉല്പാദിപ്പിക്കുവാനും ഈ പദ്ധതി മുഖേന സാധിച്ചു.
- ജലസംഭരണികളിൽ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് 28 ജലസംഭരണികളിൽ കൂടി മത്സ്യകൃഷി വ്യാപിപ്പിച്ചു. ഈ പരിപാടിയുടെ ഭാഗമായി 2022-23 വർഷത്തിൽ പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ 12 ജലസംഭരണികളിലായി 78.88 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ റിസർവോയറുകളിൽ നിക്ഷേപിച്ചു. ഈ പദ്ധതിയിലൂടെ 1848 മെട്രിക് ടൺ മത്സ്യം ഉൽപാദിക്കുവാൻ ലക്ഷ്യമിടുന്നു.
- ഉൾനാടൻ ജലസംരക്ഷണത്തിനും, സുസ്ഥിര വികസനത്തിനും, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി 2021 ൽ കേരള ഉൾനാടൻ മത്സ്യ-ജലകൃഷി നിയമം കാലോചിതമായി ഭേദഗതി ചെയ്തു. കേരള ഫിഷ് പ്രൊക്യൂർമെന്റ് മാർക്കറ്റിംഗ് ആന്റ് ക്വാളിറ്റി മാനേജ്മെന്റ് ആക്ട് 2021 പ്രകാരം മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ സംസ്ഥാനതല മത്സ്യ ഗുണനിലവാര മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചു.
- തീരദേശത്തെ ജനങ്ങളുമായി സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ അവരിലേയ്ക്ക്എത്തിക്കുന്നതിനും തീരദേശത്തെ 47 കേന്ദ്രങ്ങളിൽ 'തീരസദസ്സ്' എന്ന പരിപാടി സംഘടിപ്പിച്ചു. ജനപ്രതിനിധികളും വിവിധ വകുപ്പ് മേധാവികളും 2023 എപ്രിൽ 23 മുതൽ പരിപാടിയിൽ പങ്കെടുത്തു.
- പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 2022-23 ൽ 776 ഇൻസുലേറ്റഡ് ഐസ് ബോക്സുകളും 548 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസുകൾ വിതരണം ചെയ്തിട്ടുണ്ട്.മത്സ്യസമ്പത്തും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ലക്ഷ്യമിട്ട് സംസ്ഥാനത്തെ എല്ലാ പ്രധാന തുറമുഖങ്ങളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റിൽ മാസ്റ്റർ കൺട്രോൾ റൂം, വൈപ്പിൻ, വിഴിഞ്ഞം, ബേപ്പൂർ എന്നിവിടങ്ങളിൽ ഫിഷറീസ് സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുണ്ട്. 74 ലൈഫ് ഗാർഡുകളും 11 റെസ്ക്യൂ ബോട്ടുകളും കേരളത്തിലെ എല്ലാ തീരദേശ ജില്ലകളിലും മത്സ്യബന്ധന നിയമം നടപ്പിലാക്കുന്നതിനും അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനുമായി പ്രവർത്തിക്കുന്നു.
- മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങൾക്കും ആവശ്യങ്ങൾക്കും മത്സ്യത്തൊഴിലാളികളെ ആദ്യം ബന്ധപ്പെടുന്നതിനും ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിനുമായി 2021-22 മുതൽ പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന യുടെ ഭാഗമായി തീരദേശ ജില്ലകളിലെ 222 മത്സ്യബന്ധന ഗ്രാമങ്ങളിൽ 3.99 കോടി രൂപയുടെ സാഗർമിത്ര പദ്ധതി നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 222 യുവാക്കൾക്ക് പദ്ധതിയിൽ തൊഴിൽ ലഭിച്ചു. ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി, തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, മലപ്പുറം ജില്ലയിലെ പൊന്നാനി, കാസർഗോഡ് ജില്ലയിലെ കീഴൂർ എന്നിവിടങ്ങളിൽ നാല് പുതിയ ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിച്ചു.
- ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും എന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 548 ജി.പി.എസ് (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) നൽകി.
- ഫിഷറീസ്, സമുദ്ര പഠന മേഖലയിലെ നവീകരണത്തിനും, സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഇന്ത്യയിലെ ആദ്യത്തെ എ.റ്റി.എ.എൽ ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിന്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസിന് (കുഫോസ്) നീതി ആയോഗ് 10.00 കോടി രൂപ ഗ്രാന്റ് അനുവദിച്ചു.

- സമുദ്രത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ തടയുന്നതിനായി 'ശുചിത്വസാഗരം' (ശുദ്ധമായ കടൽ) എന്ന പദ്ധതി നടപ്പിലാക്കി. കടലിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുക, എല്ലാത്തരം പ്ലാസ്റ്റിക്കുകളും നീക്കം ചെയ്യുക എന്നിവ ലക്ഷ്യമിട്ടുള്ള ഒരു പദ്ധതിയാണ് ശുചിത്വ സാഗരം. 2017 നവംബർ മുതൽ 2021 ആഗസ്റ്റ് വരെ 110.236 ടൺ ഉപേക്ഷിച്ച വലകളും, പ്ലാസ്റ്റിക് കയറുകളും മറ്റ് പ്ലാസ്റ്റിക് വസ്തുക്കളും മത്സ്യത്തൊഴിലാളികൾ കടലിൽ നിന്ന് നീക്കം ചെയ്തു. ശുചിത്വസാഗരം പദ്ധതിയിലൂടെ ലഭിച്ച 0.5 ടൺ പ്ലാസ്റ്റിക് തരികൾ ഉപയോഗിച്ച് കേരളപുരം-കോവിൽമുക്ക് റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചു.
- ഐക്യരാഷ്ട്ര സഭ 2022 പരമ്പരാഗത മത്സ്യബന്ധന, അക്വാകൾച്ചർ വർഷമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ലോക മത്സ്യത്തൊഴിലാളി ദിനാചാരണത്തോടനുബന്ധിച്ച് ഫിഷറീസ് വകുപ്പ് 2022 നവംബർ 18 മുതൽ 21 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം ഗ്രൗണ്ടിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ വകുപ്പുകൾ, ഏജൻസികൾ, സർവ്വകലാശാലകൾ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ എന്നിവ മുഖേന മത്സ്യബന്ധന മേഖലയിൽ നടപ്പിലാക്കുന്ന 100 വികസന ക്ഷേമ പ്രവർത്തനങ്ങൾ പ്രദർശിപ്പിച്ചു. നൂറോളം പ്രദർശന സ്റ്റാളുകൾ ഒരുക്കിയാണ് മത്സ്യോത്സവം 2022 സംഘടിപ്പിച്ചത്. കൂടാതെ മത്സ്യത്തൊഴിലാളി സംഗമം, മത്സ്യത്തൊഴിലാളി വനിതാ സംഗമം, ബിസിനസ് മീറ്റ്, കിഡ്സ് ഗാലറി എന്നിവയും മേളയോടനുബന്ധിച്ച് സംഘടിപ്പിച്ചു. ഒന്നരലക്ഷത്തോളം പേർ ഇതിൽ പങ്കെടുക്കുകയും വകുപ്പിന്റെ പ്രവർത്തനങ്ങളെ കുറിച്ച് അറിവ് നേടുകയും ചെയ്തു.

കാർഷിക അനുബന്ധ മേഖലകളിൽ വേഗത്തിലുള്ള വളർച്ച രേഖപ്പെടുത്തിയ ഒരു മേഖലയായി മത്സ്യബന്ധന മേഖല കണക്കാക്കപ്പെടുന്നു. വിഭവങ്ങളുടെ അമിതമായ ചൂഷണം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ് മത്സ്യബന്ധന മേഖല. കടൽ മത്സ്യത്തിൽ നിന്നും ഉൾനാടൻ മത്സ്യബന്ധനത്തിലേക്ക് സ്വാഗതാർഹമായ ഒരു മാറ്റം ഉണ്ടായിട്ടുണ്ട്. ഉൾനാടൻ മത്സ്യമേഖലയെ തൊഴിൽ പ്രദാനം ചെയ്യുന്നതിനും, ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കാവുന്നതാണ്. കാലാവസ്ഥാ വ്യതിയാനം, താപനിലയിലെ വർദ്ധനവ് എന്നിവ ഈ മേഖലയിൽ നിന്നുള്ള ഉത്പാദനത്തിനെ ബാധിക്കുന്നു. സാമൂഹിക പശ്ചാത്തലവും, വിഭവങ്ങളുടെ ലഭ്യത അടിസ്ഥാനപ്പെടുത്തി നവീനവും ശാസ്ത്രീയവുമായ ഇടപെടലുകൾ ഈ മേഖലയുടെ വികസനത്തിന് അനിവാര്യമാണ്. മത്സ്യമേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളിസമൂഹങ്ങളുടെ സമഗ്രമായ വികസനത്തിന് പ്രത്യേക ഊന്നൽ നൽകികൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

# 3.5 ജലവിഭവങ്ങൾ

ഇന്ത്യയുടെ വളർച്ചയ്ക്കും ആവാസവ്യവസ്ഥയുടെ സുസ്ഥിരതയ്ക്കും ജലവിഭവങ്ങളുടെ ശാസ്ത്രീയമായ പരിപാലനം അത്യന്താപേക്ഷിതമാണ്. ശുദ്ധജലസമ്പത്ത് പരിപാലിക്കുന്നതിൽ യുക്തിപൂർണ്ണമായ ജലവിനിയോഗത്തിന് നിർണ്ണായക പങ്കുണ്ട്. ശുദ്ധജലത്തിന്റെ മൂല്യത്തെക്കുറിച്ചും, ശുദ്ധജല സമ്പത്ത് വിവേകപൂർവ്വമായി ഉപയോഗിക്കുന്നതിനെക്കുറിച്ചുമുള്ള അവബോധം നൽകുന്നതിനായി എല്ലാ വർഷവും മാർച്ച് 22 ന് "ലോക ജലദിനം" ആചരിക്കുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ആറാമത്തെ ലക്ഷ്യത്തിന് അനുസൃതമായി ജല ശുചീകരണവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ പരിഹരിക്കുന്നതിനാവശ്യമായ മാറ്റങ്ങൾ ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ "ആക്സിലറേറ്റിങ്ങ് ചെയ്ഞ്ച്" (മാറ്റങ്ങൾ ത്വരിതപ്പെടുത്തുക) എന്നതായിരുന്നു 2023 വർഷത്തെ ജല ദിനത്തിന്റെ പ്രമേയം.

"ജലം" എന്നത് സംസ്ഥാനത്തിന്റെ പരിധിയിൽവരുന്ന വിഷയമായതിനാൽ, അതിന്റെ സംരക്ഷണം, കാര്യക്ഷമമായ പരിപാലനം തുടങ്ങിയവ അതാത് സംസ്ഥാന സർക്കാരുകളാണ് പ്രാഥമികമായി നടപ്പിലാക്കുന്നത്. ജലാശയങ്ങളുടെ കാര്യക്ഷമമായ പരിപാലനത്തിൽ സംസ്ഥാനങ്ങളുടെയും, കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും പ്രകടനം വിലയിരുത്തുന്നതിനും, അവ മെച്ചപ്പെടുത്തുന്നതിനും സഹായകമായ ഒരു സംവിധാനമാണ് നീതി ആയോഗ് വികസിപ്പിച്ച കോമ്പോസിറ്റ് വാട്ടർ മാനേജ്മെന്റ് ഇൻഡക്സ് (സി. ഡബ്ല്യൂ.എം.ഐ).

### നദീതട ആസൂത്രണത്തിന്റെ ആവശ്യകത

കേരളം പോലെ ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്തിന്റെ ജലപരിപാലന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, സംയോജിത ജലവിഭവ പരിപാലനത്തിന്റെ ആവശ്യകത വകുപ്പിന് വ്യക്തമാണ്. കേരളത്തിൽ നാൽപ്പത്തിനാല് നദികൾ ഉള്ളതിൽ നാല്പത്തിയൊന്ന് നദികൾ പടിഞ്ഞാറോട്ട് ഒഴുകുന്നു. ബാക്കി മൂന്നെണ്ണം കിഴക്കോട്ട് ഒഴുകുന്നു. വിവിധ സ്ഥലങ്ങളിലെ ജലലഭ്യത വളരെ വ്യത്യസ്തമാണ്. മഴയുടെ അളവ്, ഭൂപ്രദേശം, മണ്ണിന്റെ ഘടന, നീരൊഴുക്കിന്റെ രീതി, ഭൂവിനിയോഗം എന്നിവയിൽ അധിഷ്ഠിതമാണ് ജലലഭ്യതയെന്നതിനാൽ, വിവിധ നദീതടങ്ങളുടെ ഉൽപ്പാദനക്ഷമതയും വ്യത്യസ്തമാണ്. ഓരോ നദീതടത്തിന്റെ വൃഷ്ടിപ്രദേശവും, സംസ്ഥാനത്തുടനീളം ലഭ്യമാകുന്ന മഴയുടെ തോതും വ്യത്യസ്തമാണ്. കൂടാതെ, പ്രദേശത്തെ ജനസംഖ്യയും, ആവാസവ്യവസ്ഥയുമനുസരിച്ച് സാമൂഹികവും പാരിസ്ഥിതികവുമായ പ്രവർത്തനങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു. കുടിവെള്ളം, ഗാർഹികാവശ്യം, ജലസേചനം, വ്യവസായം, മത്സ്യബന്ധനം, വിനോദസഞ്ചാരം തുടങ്ങിയവയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിവിധ ഉപഭോക്താക്കളുടെ ആവശ്യകതകളും മുൻഗണനകളും പലപ്പോഴും പരസ്പരവിരുദ്ധമാകുകയും, അവ സാഹചര്യത്തെ കൂടുതൽ സങ്കീർണ്ണമാക്കുകയും ചെയ്യുന്നു. നദീതടങ്ങളുടെ പരിപാലനത്തിനും, അവയുടെ സംരക്ഷണത്തിനും, നിരീക്ഷണത്തിനുമായി ഒരു സംയോജിത നദീതട പരിപാലനരീതിയും, നദീതടാടിസ്ഥാനത്തിലുള്ള ഒരു ഘടനയും സംസ്ഥാനത്തിന് ആവശ്യമാണ്. സംയോജിത ജലവിഭവ

**ബോക്സ് 3.5.1** കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം (കേരള ഡബ്ല്യൂആർഐഎസ്)

ജലവും, അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട വിവരങ്ങൾ സംയോജിപ്പിക്കുന്ന ഒരു വെബ് പ്ലാറ്റ്ഫോമാണ് കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം (കേരള ഡബ്ല്യൂആർഐഎസ്). കാലാവസ്ഥ, ജലലഭ്യത, ജലആവശ്യകത, വാട്ടർ ബജറ്റിംഗ്, ഓഡിറ്റിംഗ് തുടങ്ങിയ സോഫ്റ്റ്‌വെയർ മൊഡ്യൂളുകൾ ഇതിൽ ഉൾപ്പെടുന്നു. സ്റ്റേറ്റ് ഡാറ്റാ സെന്ററിലേയ്ക്കുള്ള സിസ്റ്റം മൈഗ്രേഷൻ, സെക്യൂരിറ്റി ഓഡിറ്റിംഗ്, ഡൊമെയ്ൻ രജിസ്ട്രേഷൻ, ഡീബഗ്ഗിംഗ്, ഫൈനൽ ഹോസ്റ്റിംഗ് എന്നിവ പൂർത്തിയാക്കിയ ശേഷം 2022 ആഗസ്റ്റിൽ കേരള ഡബ്ല്യൂആർഐഎസ് ഔദ്യോഗികമായി സമാരംഭിച്ചു. ഹൈഡ്രോ-മെറ്റ്ഡാറ്റാ ഡിസെമിനേഷൻ പോളിസി പ്രകാരം പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുക, കേന്ദ്ര സർക്കാരുമായി ഡാറ്റ പങ്കിടുക, സംയോജിപ്പിക്കുക എന്നീ ആവശ്യകതകൾ നിറവേറ്റുന്നതിനായി കേരള ഡബ്ല്യൂആർഐഎസ് വിപുലീകരിക്കുവാനും വിഭാവനം ചെയ്യുന്നു. മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരങ്ങളുടെ ഏകീകരണവും പുരോഗമിക്കുകയാണ്.

അവലംബം: ജലസേചന വകുപ്പ് (ഐഡിആർബി), കേരള സർക്കാർ

പരിപാലനം ഉറപ്പാക്കുന്നതിനായി കേരളത്തിലെ നദികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു റിവർ ബേസിൻ കൺസർവേഷൻ മാനേജ്മെന്റ് അതോറിറ്റി (ആർബിസിഎംഎ) രൂപീകരിക്കാൻ സംസ്ഥാന സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. കരട് ബിൽ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്.

നദീതടങ്ങളിലെ ജലലഭ്യത അളക്കുന്നതിനായി ഹൈഡ്രോമെറ്റ് പ്രവർത്തനങ്ങൾ (പ്രത്യേകിച്ച് തത്സമയം) വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പതിനാലാം പഞ്ചവത്സരപദ്ധതി കാലയളവിൽ ജലസേചന വകുപ്പിന്റെ ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് (ഐഡിആർബി) വിഭാഗം നടത്തിവരുന്നു. ജലസംബന്ധ വിശകലനം, ഡിസിഷൻ സപ്പോർട്ട് രീതികൾ എന്നിവയും ഇതോടൊപ്പം നടപ്പിലാക്കുന്നത് വഴി ജലസംരക്ഷണം, വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ, റിസർവോയർ പ്രവർത്തനങ്ങൾ, ജലത്തിന്റെ ഗുണനിലവാരം, നദീതട പരിപാലന സംവിധാനങ്ങൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവയ്ക്ക് വേണ്ട പശ്ചാത്തല സൗകര്യങ്ങൾ/ സോഫ്റ്റ് സൊല്യൂഷനുകൾ മുതലായ വിഷയങ്ങളിൽ തീരുമാനമെടുക്കാൻ ജലവിഭവ വകുപ്പിനും, കേരള സർക്കാരിനും സഹായകമാകുന്നു.

ഫ്ലോ മോഡലിംഗ്, ഹൈഡ്രോ-മെറ്റ് വിവര ശേഖരണം, വിവര സംയോജനവും പരിപാലനവും എന്നിവയ്ക്കുള്ള ഒരു കേന്ദ്രമായി സ്റ്റേറ്റ് വാട്ടർ ഇൻഫോർമാറ്റിക്സ് സെന്റർ സ്ഥാപിക്കുവാനും ജലസേചന വകുപ്പ് വിഭാവനം ചെയ്യുന്നു. ജലസംബന്ധമായ അടിയന്തിര സാഹചര്യങ്ങളിൽ, നാഷണൽ വാട്ടർ ഇൻഫോർമാറ്റിക്സ് സെന്ററുമായി (എൻഡബ്ല്യൂഐസി) വിവരങ്ങൾ പങ്കിടുന്നതിനും, കൂടാതെ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വിദ്യുച്ഛക്തി ബോർഡ്, സംസ്ഥാന സർക്കാർ എന്നിവയുമായി ഏകോപിച്ചു പ്രവർത്തിക്കുന്നതിനും വിഭാവനം ചെയ്യുന്നു. ഇക്കാര്യത്തിൽ, എൻഡബ്ല്യൂഐസി യുമായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുകയും, ഇവ സ്ഥാപനവൽക്കരിക്കാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജിയുമായും, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റുമായും ഒരു ധാരണാപത്രം ഐഡിആർബി ഒപ്പിട്ടിട്ടുണ്ട്. നാഷണൽ വാട്ടർ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി സംസ്ഥാനജലവിഭവ മേഖലയ്ക്കായി ഒരു നിർദ്ദിഷ്ട ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടിയാണിത്. വകുപ്പ് ശേഖരിച്ച എല്ലാ ക്ലാസിഫൈഡ്, നോൺ-ക്ലാസിഫൈഡ് ഹൈഡ്രോ മെറ്റീരിയോളജിക്കൽ ഡാറ്റയും പങ്കിടുന്നതിനായി സ്റ്റേറ്റ് ഹൈഡ്രോ-മെറ്റ് ഡാറ്റ ഡിസെമിനേഷൻ പോളിസിയുടെ (എച്ച്ഡിഡിപി) ഒരു കരട് തയ്യാറാക്കാനും വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള ഡബ്ല്യൂആർഐഎസ് വഴി ഡാറ്റ പങ്കിടുന്നതിനും ഇത് പിന്തുണയാകും.

**കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം**

ജലവും കാലാവസ്ഥാ വ്യതിയാനവും അനിവാര്യമായി ബന്ധപ്പെട്ടിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനം മൂലം വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയവയ്ക്കുള്ള സാധ്യതയും ഇവയുടെ രൂക്ഷതയും വർദ്ധിച്ചുവരുന്നു. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ഇന്റർ ഗവൺമെന്റൽ പാനൽ (ഐപിസിസി) പ്രസ്താവിച്ചതുപോലെ ആഗോളതാപനം വർദ്ധിക്കുന്നതിനനുസൃതമായി, വരൾച്ചയും വെള്ളപ്പൊക്കവും മൂലമുള്ള അനുബന്ധ നാശനഷ്ടങ്ങളും എല്ലാ അളവിലും തുടർന്നും വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2023 ലെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ (ജൂൺ 1, 2023 മുതൽ സെപ്റ്റംബർ 30, 2023 വരെ) സംസ്ഥാനത്ത് സാധാരണയിൽ നിന്നും 34 ശതമാനം കുറവാണ് മഴ ലഭിച്ചത്. 2018.6 മില്ലിമീറ്റർ മഴയാണ് 'സാധാരണ' ലഭിക്കേണ്ടിയിരുന്നതെങ്കിലും, യഥാർത്ഥത്തിൽ ലഭിച്ചത് 1326.5 മില്ലിമീറ്റർ മാത്രമാണ്. ഈ സീസണിൽ നാല് ജില്ലകളിൽ (ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം) മാത്രമാണ് 'സാധാരണ' മഴ ലഭിച്ചത്. 2023 ലെ തെക്കുപടിഞ്ഞാറൻ കാലവർഷം അസ്ഥിരമായതിനാലും, മഴയുടെ തോത് കുറവായതിനാലും, വരാൻ സാധ്യതയുള്ള വരൾച്ചയെ നേരിടാൻ വേണ്ട നടപടികൾ ആരംഭിക്കേണ്ടതുണ്ട്.


ജലസേചന വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളിലെ ജലസംഭരണനിലയുടെ (കാലവർഷത്തിനു മുൻപും പിൻപും - ജൂൺ, സെപ്റ്റംബർ മാസങ്ങളിൽ) വിശദാംശങ്ങൾ **ചിത്രം 3.5.1** ൽ രേഖപ്പെടുത്തിയിരിക്കുന്നു. 2022ലും 2023ലും യഥാക്രമം 1139.04 ദശലക്ഷം ക്യൂബിക് മീറ്ററും, 793.48 ദശലക്ഷം ക്യൂബിക് മീറ്ററുമാണ് വർഷകാലത്തിന് ശേഷമുള്ള സംഭരണ നില. വർഷകാലത്തിന് ശേഷം സംഭരണ നിലയിലുണ്ടായ വർദ്ധനവ് പരിശോധിക്കുമ്പോൾ 2022ലെ കണക്ക് പ്രകാരം 507.57 ദശലക്ഷം ക്യൂബിക് മീറ്റർ ആയിരുന്നുവെങ്കിൽ, 2023 ൽ അത് വെറും 396.5 ദശലക്ഷം ക്യൂബിക് മീറ്ററാണ്. 2023ലെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിലുണ്ടായ കുറവ് ജലസംഭരണികളിലെ സംഭരണ നിലയിലും പ്രതിഫലിക്കുന്നു. 2022, 2023 കാലയളവിൽ ജലസംഭരണികളിലെ സംഭരണ നില (വർഷകാലത്തിന് മുൻപും ശേഷവും) **അനുബന്ധം 3.5.1** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

### ജലസംരക്ഷണം– ജലാശയങ്ങളുടെ ആദ്യ സെൻസസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ

ആഗോളതാപനവും, കാലാവസ്ഥാ വ്യതിയാനവും മൂലം ജലവിഭവങ്ങളിൽ ഉണ്ടാകാനിടയുള്ള മാറ്റങ്ങൾ സംസ്ഥാനത്തിന് ഗുരുതരമായ ആഘാതമുണ്ടാക്കും. അതിനാൽ, കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടുന്നതിനുള്ള ഒരു പ്രധാന മാർഗ്ഗമായി ജലസംഭരണം മാറുകയാണ്. ജലാശയങ്ങളുടെ സംരക്ഷണത്തിനായി, 2021 ലെ ലോക ജലദിനത്തോടനുബന്ധിച്ച് കേന്ദ്ര ജലശക്തി മന്ത്രാലയം ആരംഭിച്ച പ്രചരണ പരിപാടിയാണ് "ക്യാച്ച് ദി റെയിൻ". എവിടെ ലഭ്യമാകുന്ന മഴയും ശേഖരിക്കുക എന്നതാണ് ഈ ബോധവത്ക്കരണത്തിന്റെ പ്രമേയം. മഴവെള്ളം മൂന്ന് തരത്തിൽ, അതായത്, ഉപരിതല ജലം, മണ്ണിലെ ഈർപ്പം, ഭൂഗർഭജലം എന്നീ രീതികളിൽ സംഭരിക്കുന്നതിനായി നിലവിലുള്ള ജലാശയങ്ങളും ജലസംഭരണ നിർമ്മിതികളും പുനരുദ്ധരിക്കുന്നതോടൊപ്പം, പുതിയവ നിർമ്മിക്കേണ്ടതും ആവശ്യമാണ്. "ക്യാച്ച് ദി റെയിൻ" പരിപാടിയുടെ കീഴിൽ ജലസംരക്ഷണ പ്രവൃത്തികൾ സജീവമാക്കാനായി സംസ്ഥാനത്തെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് ഭൂഗർഭജല വകുപ്പാണ്.

രാജ്യത്തെ ആദ്യത്തെ ജലാശയ സെൻസസ് ജലശക്തി മന്ത്രാലയം നടപ്പിലാക്കിയത് 2017-18 വർഷത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ജലസ്രോതസ്സുകളുടെ വിസ്തൃതി, അവയുടെ നിലവിലെ സ്ഥിതി, കൈയ്യേറ്റങ്ങളുടെ വിശദാംശങ്ങൾ, ജലസ്രോതസ്സുകളുടെ ഉപയോഗം, സംഭരണശേഷി, ജലം സംഭരിക്കുന്നതിന്റെ തോത് എന്നീ വിവരങ്ങൾ ശേഖരിച്ചുകൊണ്ട് എല്ലാ ജലാശയങ്ങൾക്കും ദേശീയ വിവരശേഖരണം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഇത് നടപ്പിലാക്കിയത്. ഈ ബോധവത്ക്കരണ പരിപാടിയ്ക്ക് അഞ്ചു നിർദ്ദിഷ്ട ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത് - (എ) മഴവെള്ള സംഭരണവും, ജലസംരക്ഷണവും (ബി) എല്ലാ ജലാശയങ്ങളുടെയും കണക്കെടുപ്പും ജിയോ ടാഗിങ്ങും നടത്തുക, ജലസംരക്ഷണത്തിനുള്ള ശാസ്ത്രീയ പദ്ധതികൾ തയ്യാറാക്കുക (സി) എല്ലാ ജില്ലകളിലും ജലശക്തി കേന്ദ്രങ്ങൾ സ്ഥാപിക്കുക (ഡി) തീവ്രമായ വനവൽക്കരണം (ഇ) ബോധവത്കരണ പ്രവൃത്തികൾ. ജലസേചനത്തിനോ മറ്റ് ആവശ്യങ്ങൾക്കോ (വ്യാവസായികം, മത്സ്യകൃഷി, ഗാർഹികം/കുടിവെള്ളം, വിനോദം, മതപരം, ഭൂഗർഭജലം റീചാർജ് മുതലായവ) വെള്ളം സംഭരിക്കുന്നതിന് വേണ്ടി, എല്ലാ വശങ്ങളും അടച്ചുകെട്ടിയ നിർമ്മിതിയെയാണ് (സ്വാഭാവിക നിർമ്മിതി/മനുഷ്യ നിർമ്മിതി) ജലാശയങ്ങളായി ഈ സെൻസസിൽ കണക്കാക്കപ്പെട്ടത്.

**ചിത്രം 3.5.1** ജലസേചന വകുപ്പിന് കീഴിലുള്ള ജലസംഭരണികളുടെ സംഭരണ നില




അവലംബം: ജലസേചന വകുപ്പ് (ഐഡിആർബി), കേരള സർക്കാർ

ഈ സെൻസസ് പ്രകാരം കേരള സംസ്ഥാനത്ത്, 55,734 ജലാശയങ്ങളാണ് കണക്കാക്കിയിട്ടുള്ളത്. അതിൽ ഭൂരിഭാഗവും (49,725) ഗ്രാമപ്രദേശങ്ങളിലും, ബാക്കിയുള്ളവ (6,009) നഗരപ്രദേശങ്ങളിലുമാണ്. ജലാശയങ്ങളിൽ ഭൂരിഭാഗവും കുളങ്ങളാണ്. റിപ്പോർട്ട് പ്രകാരം, സംസ്ഥാനത്തെ 83.5 ശതമാനം ജലാശയങ്ങൾ 'ഉപയോഗത്തിലുള്ളതും', ബാക്കി 16.5 ശതമാനം, 'ഉപയോഗശൂന്യവുമാണ്'. വരൾച്ച, പരിഹരിക്കാനാകാത്ത കേടുപാടുകൾ, കൂടാതെ ലവണാംശം, മണൽ അടിയുന്നത് മൂലമുള്ള പ്രശ്നങ്ങൾ എന്നിവയാണ് ഉപയോഗശൂന്യമാകുവാനുള്ള പ്രധാനകാരണങ്ങൾ. സംസ്ഥാനത്ത് 22,811 പ്രകൃതിദത്ത ജലാശയങ്ങളും, 32,923 മനുഷ്യ നിർമ്മിത ജലാശയങ്ങളുമുണ്ട്. ആകെയുള്ള 55,734 ജലാശയങ്ങളിൽ, 'ജല വിസ്തൃതി' സംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ട് ചെയ്തത് 55,725 ജലാശയങ്ങളുടെതാണ്. അതിൽ, 97 ശതമാനം ജലാശയങ്ങളുടെയും ജലവിസ്തൃതി 0.5 ഹെക്ടറിൽ താഴെയും, 1.9 ശതമാനം ജലാശയങ്ങളുടെ വിസ്തൃതി 0.5 മുതൽ 1.0 ഹെക്ടറിനും ഇടയിലാണ്. 50 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള ജലാശയങ്ങൾ 0.1 ശതമാനം മാത്രമാണ്. ജലാശയങ്ങളുടെ ഉപയോഗം അടിസ്ഥാനമാക്കിയുള്ള തരംതിരിവ് (ശതമാനത്തിൽ) **ചിത്രം 3.5.2** ൽ നൽകിയിരിക്കുന്നു.

**സംസ്ഥാനത്തെ ജലസേചിത പ്രദേശത്തിന്റെ കണക്ക്**


മുൻവർഷത്തെ അപേക്ഷിച്ച് 2022-23 കാലയളവിൽ, സംസ്ഥാനത്തെ ജലസേചിതവിസ്തൃതി ഗണ്യമായി വ്യത്യാസപ്പെട്ടിരിക്കുന്നതായി ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. റിപ്പോർട്ട് ചെയ്തതു പ്രകാരം, സംസ്ഥാനത്തെ ജലസേചിതവിസ്തൃതി (അറ്റ) 2021-22 ൽ 4.03 ലക്ഷം ഹെക്ടർ ആയിരുന്നത്, 2022-23ൽ 4.18 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. അതായത്, 3.72 ശതമാനം വർദ്ധനവ്. യഥാർത്ഥ കൃഷി വിസ്തൃതിയും, ജലസേചിത വിസ്തൃതിയും (അറ്റ) തമ്മിലുള്ള അനുപാതം 2021-22ൽ 19.87 ശതമാനമായിരുന്നത് 2022-23ൽ 21.04 ശതമാനമായി വർദ്ധിച്ചു.

എന്നിരുന്നാലും, മൊത്തം ജലസേചിത വിസ്തൃതിയിൽ ഇടിവ് രേഖപ്പെടുത്തിയതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 5.61 ലക്ഷം ഹെക്ടറിൽ നിന്ന് (2021-22) 5.14 ലക്ഷം ഹെക്ടറായി (2022-23) കുറവ് വന്നു. കൃഷിയിടത്തിന്റെ മൊത്തം വിസ്തൃതിയും മൊത്തം ജലസേചിത പ്രദേശവും തമ്മിലുള്ള അനുപാതത്തിലും ഈ കുറവ് പ്രതിഫലിക്കുന്നു. 2021-22 ൽ ഈ അനുപാതം 22.25 ശതമാനം ആയിരുന്നത്, 2022-23 ആയപ്പോൾ 20.45 ശതമാനമായി കുറയുകയുണ്ടായി.

വിവിധ സ്രോതസ്സുകളിലൂടെയുള്ള ജലസേചിത വിസ്തൃതിയുടെ കണക്ക് പ്രകാരം 1.77 ലക്ഷം ഹെക്ടറിൽ ജലസേചനം നടത്തിയതുവഴി കിണറുകളിലൂടെയുള്ള (ബോർവെൽ ഉൾപ്പെടെ) ജലസേചനമായിരുന്നു 2022-23 കാലയളവിൽ മുന്നിട്ടു നിന്നത്. 2021-22ൽ ഈ സ്രോതസ്സിലൂടെയുള്ള ജലസേചനം 1.66 ലക്ഷം ഹെക്ടറായിരുന്നു. സർക്കാർ കനാലുകളിലൂടെയുള്ള ജലസേചനത്തിന്റെ വിസ്തൃതി 0.72 ലക്ഷം ഹെക്ടറിൽ നിന്ന് (2021-22) 0.81 ലക്ഷം ഹെക്ടറായി (2022-23) വർദ്ധിച്ചു. ജലസേചിത പ്രദേശത്തിന്റെ (അറ്റ) വിശദാംശങ്ങൾ (സ്രോതസ്സ് തിരിച്ചും, ജില്ല തിരിച്ചും) **അനുബന്ധം 3.5.2, അനുബന്ധം 3.5.3** എന്നിവയിൽ നൽകിയിരിക്കുന്നു.

വിളകളിൽ, നെല്ലിനും നാളികേരത്തിനുമാണ് ജലസേചനത്തിലൂടെ കൂടുതൽ പ്രയോജനം ലഭിച്ചത്. എന്നിരുന്നാലും, നെൽക്കൃഷിയുടെ മൊത്തം ജലസേചിതവിസ്തൃതിയിൽ ചെറിയ ഇടിവ് ഉണ്ടായിട്ടുണ്ട്. ഇത് 1.54 ലക്ഷം ഹെക്ടറിൽ നിന്ന് (2021-22) 1.53

**ചിത്രം 3.5.2** ജലാശയങ്ങളുടെ ഉപയോഗം അടിസ്ഥാനമാക്കിയുള്ള തരംതിരിവ് (ശതമാനത്തിൽ)




അവലംബം: ജലാശയങ്ങളുടെ ആദ്യ സെൻസസ് റിപ്പോർട്ട്, കേന്ദ്ര ജലശക്തി മന്ത്രാലയം

ലക്ഷം ഹെക്ടറായി (2022-23) കുറഞ്ഞു. എന്നാൽ നാളികേരത്തിന്റെ ജലസേചിത വിസ്തൃതിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി, 1.52 ലക്ഷം ഹെക്ടറിൽ നിന്നും (2021-22) 1.56 ലക്ഷം ഹെക്ടറായി (2022-23) വർദ്ധിച്ചു. ഇതേ കാലയളവിൽ, പച്ചക്കറികൾക്കും ഏത്തവാഴയ്ക്കും ജലസേചനത്തിലൂടെ പ്രയോജനം ലഭിച്ചു. പച്ചക്കറികളുടെ ജലസേചിതവിസ്തൃതി, 0.25 ലക്ഷം ഹെക്ടറിൽ നിന്നും (2021-22) 0.29 ലക്ഷം ഹെക്ടറായും (2022-23), ഏത്തവാഴയുടെ ജലസേചിതവിസ്തൃതി 0.37 ലക്ഷം ഹെക്ടറിൽ നിന്ന് (2021-22) 0.40 ലക്ഷം (2022-23) ഹെക്ടറായും വർദ്ധിച്ചു. മൊത്തം ജലസേചിത വിസ്തൃതിയുടെയും, പ്രയോജനം ലഭിച്ച വിളകളുടെയും വിശദാംശങ്ങൾ **അനുബന്ധം 3.5.4, അനുബന്ധം 3.5.5** എന്നിവയിൽ നൽകിയിരിക്കുന്നു.

**വൻകിട ഇടത്തരം ജലസേചന പദ്ധതികൾ**

വികസന പ്രക്രിയയിലെ ഒരു അവിഭാജ്യ ഘടകമാണ് കാർഷികമേഖല. കാർഷിക ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിൽ ഒരു സുപ്രധാന പങ്ക് ജലസേചനത്തിനുണ്ട്. ജലസേചന മേഖലയിൽ ഒരു പ്രധാന സ്ഥാനം വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്കുണ്ട്. പതിനാലാം പഞ്ചവത്സരപദ്ധതി കാലയളവിലെ ആദ്യ രണ്ട് വർഷങ്ങളിലായി കാരാപ്പുഴ, ബാണാസുരസാഗർ ജലസേചന പദ്ധതികൾ കൈവരിച്ച പുരോഗതി ചുവടെ വിവരിക്കുന്നു.

കാരാപ്പുഴ ജലസേചന പദ്ധതിയിൽ, ഇടതുകര പ്രധാന കനാലിന്റെ (എൽബിഎംസി) വാലറ്റം വരെ (Ch. 16740 m) പ്രവർത്തനക്ഷമമായതുവഴി, 245.17 ഹെക്ടർ പ്രദേശത്ത് ജലസേചനം സാധ്യമാണ്. ഇടതുകര പ്രധാന കനാലിന്റെ വാലറ്റം വരെ ജലവിതരണം പരീക്ഷണാടിസ്ഥാനത്തിൽ 15.03.2023 ന് നടത്തുകയുണ്ടായി. വലത് കര പ്രധാന കനാലിൽ Ch.7673m നും 7888m നും ഇടയിലുള്ള തകരാർ പരിഹരിക്കുന്നതിനുള്ള ജോലികൾ പൂർത്തിയാക്കി കനാലിന്റെ വാലറ്റം വരെ (Ch.8805m) 2023-ൽ ജലവിതരണം നടത്തുകയും, അതിലൂടെ 331 ഹെക്ടറിൽ ജലസേചനം സാധ്യമാകുകയും ചെയ്തു. ഇപ്രകാരം, പ്രധാന കനാലുകളിലൂടെയും അരിമുണ്ട വിതരണശൃംഖലയിലൂടെയുമുള്ള (60.31 ഹെക്ടർ) ജലവിതരണത്തിലൂടെ 636.48 ഹെക്ടർ അയകട്ട് കൈവരിക്കാൻ സാധിച്ചു. കൂടാതെ, കൊല്ലിയിൽ ശാഖാ കനാൽ വഴിയുള്ള ജലവിതരണവും (Ch. 1540 മീറ്റർ വരെ) പരീക്ഷണാടിസ്ഥാനത്തിൽ 08.03.2023-ന് നടത്തുകയുണ്ടായി. ഇപ്രകാരം ആദ്യമായി, കാരാപ്പുഴ പദ്ധതിയുടെ രണ്ട് പ്രധാന കനാലുകളും (25.545 കി.മീ) കൊല്ലിയിൽ ശാഖാ കനാലും (1.540 കി.മീ) 2022-23ൽ പ്രവർത്തനക്ഷമമാക്കുവാനായി.

ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രധാന കനാലിന്റെ Ch.1130m മുതൽ 1500m വരെയുള്ള ഭാഗത്തായിരുന്നു പ്രധാന തടസ്സമുണ്ടായിരുന്നത്. ഈ തടസ്സം പരിഹരിക്കുന്നതിൽ വകുപ്പ് വിജയിക്കുകയും, പ്രസ്തുത ഭാഗത്ത് പണികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. 2023-24 കാലയളവിൽ, പ്രധാന കനാലിന്റെ അക്വഡക്ട് ഭാഗത്ത് Ch.0 മീറ്റർ മുതൽ 150 മീറ്റർ വരെ ജലവിതരണം നടത്തി പരിശോധിക്കുകയുണ്ടായി. കാപ്പുംകുന്ന് വിതരണശൃംഖലയുടെ 775 മീറ്റർ ദൈർഘ്യത്തിലുള്ള പ്രവൃത്തികളുടെ പൂർത്തീകരണം, വെണ്ണിയോട് ശാഖാ കനാലിന്റെ 409 മീറ്റർ പ്രവൃത്തികളുടെ പൂർത്തീകരണം, കുപ്പാടിത്തറ, കുറുമ്പാല വിതരണശൃംഖലകളുടെ വിശദമായ സർവേയുടെ പൂർത്തീകരണം, വിവിധ വിതരണശൃംഖലകളുടെ അക്വഡക്ട് ഭാഗത്തെ മണ്ണ് പരിശോധനയുടെ പൂർത്തീകരണം എന്നിവയാണ് ഈ കാലയളവിൽ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു ചില പ്രവർത്തനങ്ങൾ.

**ചെറുകിട ജലസേചനത്തിനുള്ള സാധ്യത**

സംസ്ഥാനത്തെ ജലസേചന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിൽ ചെറുകിട ജലസേചന പദ്ധതികൾ ഗണ്യമായി സംഭാവന ചെയ്തിട്ടുണ്ട്. കുറഞ്ഞ കാലാവധി, കുറഞ്ഞ നിക്ഷേപം, വേഗത്തിൽ ലഭിക്കുന്ന പ്രയോജനം എന്നീ കാരണങ്ങളാൽ ചെറുകിട ജലസേചനത്തിന് അതിന്റേതായ പ്രാധാന്യമുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ചെറുകിട ജലസേചനത്തിന് നൽകിവന്ന പ്രാധാന്യം പതിനാലാം പദ്ധതിക്കാലത്തും തുടർന്നുവരുന്നു.

**ഉപരിതല ജലം**

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് വിവിധ ചെറുകിട ഉപരിതല ജലപദ്ധതികളിലൂടെ 23600.81 ഹെക്ടർ അയാകട്ട് കൈവരിച്ചു. ചെറുകിട ജലസേചന പദ്ധതികളിലൂടെ (ഉപരിതല ജലം) 2022-23ൽ, 5076.09 ഹെക്ടറിന് (അറ്റ) പ്രയോജനം ലഭിച്ചിരുന്നു. 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ചെറുകിട ജലസേചന പദ്ധതികളിലൂടെയുള്ള (ഉപരിതല ജലം) ഭൗതിക നേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.5.6**-ൽ രേഖപ്പെടുത്തിയിരിക്കുന്നു. ആർഐഡിഎഫിന്റെ വിവിധ ട്രാൻഷെകളിലായി പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 3.5.7**-ൽ നൽകിയിരിക്കുന്നു. RIDF XXIX ഉൾപ്പെടെയുള്ള വിവിധ ട്രാൻഷെകളിലായി, 1631 പദ്ധതികൾക്ക് നബാർഡ് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 1358 പദ്ധതികൾ പൂർത്തീകരിക്കുകയും, 24 എണ്ണം പുരോഗമിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന പദ്ധതികൾ പ്രായോഗികമല്ലാത്ത കാരണങ്ങളാൽ ഉപേക്ഷിച്ചു.

**ആറാമത് മൈനർ ഇറിഗേഷൻ സെൻസസ്**

കേന്ദ്ര സർക്കാരാണ് ചെറുകിട ജലസേചന സെൻസസ് നടപ്പിലാക്കുന്നത്. വിവിധ ജലസേചന സ്രോതസ്സുകൾ (തുറന്ന കിണർ, ആഴം കുറഞ്ഞ കുഴൽ കിണർ, ഇടത്തരം കുഴൽ കിണർ, ആഴത്തിലുള്ള കുഴൽ കിണർ, ഉപരിതല ലിഫ്റ്റ് പദ്ധതികൾ), സൃഷ്ടിക്കപ്പെട്ട ജലസേചന സാധ്യതകൾ (ഐ.പി.സി.), പ്രയോജനപ്പെടുത്തിയ ജലസേചന സാധ്യതകൾ (ഐ.പി.യു.), തുടങ്ങിയ വിവിധ ഘടകങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ സെൻസസിലൂടെ ലഭിക്കുന്നു. 2017-18 അടിസ്ഥാന വർഷമാക്കിക്കൊണ്ട്

ജലശക്തി മന്ത്രാലയം പ്രസിദ്ധീകരിച്ച ചെറുകിട ജലസേചന പദ്ധതികളുടെ ആറാമത്തെ സെൻസസ് പ്രകാരം, കേരള സംസ്ഥാനത്തു 92,574 ചെറുകിട ജലസേചന പദ്ധതികളുണ്ട്. ഇതിൽ 67.5 ശതമാനം (62,453) ഭൂഗർഭജല പദ്ധതികളും, 32.5 ശതമാനം (30,121) ഉപരിതല ജല പദ്ധതികളും ഉൾപ്പെടുന്നു. അഞ്ചാമത്തെ സെൻസസ് പ്രകാരം 1,03,657 ചെറുകിട പദ്ധതികളായിരുന്നു സംസ്ഥാനത്ത് ഉണ്ടായിരുന്നത്. എന്നാൽ ആറാമത്തെ സെൻസസ് കണക്ക് പ്രകാരം അത് 92,574 പദ്ധതികളായി കുറവ് വന്നു. അതായത് 10.7 ശതമാനത്തിന്റെ കുറവുണ്ടായി. ഭൂഗർഭജല പദ്ധതികളിലാണ് കുറവ് (24.3 ശതമാനം) പ്രതിഫലിക്കുന്നതായി റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ, ഉപരിതല പദ്ധതികളിൽ 42.2 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. ആകെയുള്ള 92,574 ചെറുകിട പദ്ധതികളിൽ ഭൂരിഭാഗവും, അതായത് 80,011 (86.4 ശതമാനം) വ്യക്തിഗത ഉടമസ്ഥതയിലാണ്. ഇതിൽ നാമമാത്ര കർഷകർ പ്രധാന പങ്ക് (82.5 ശതമാനം) വഹിക്കുന്നു. ബാക്കി 17.5 ശതമാനത്തിൽ ചെറുകിട കർഷകർ, അർദ്ധ ഇടത്തരം കർഷകർ, ഇടത്തരം കർഷകർ, വലിയ തോതിൽ കാർഷികവൃത്തിയുള്ള കർഷകർ എന്നിവർ ഉൾപ്പെടുന്നു. ജലസേചന ആവശ്യങ്ങൾക്കായി ചെറുകിട ജലസേചന നിർമ്മിതികളുടെ ശൃംഖല ശക്തിപ്പെടുത്തുകയും അതുവഴി നാമമാത്ര കർഷകരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് ഇത് അടിവരയിടുന്നത്.

**പട്ടിക 3.5.1** സംസ്ഥാനത്തെ ഐപിയു, ഐപിസി തമ്മിലുള്ള അനുപാതം ഇനം തിരിച്ച്

| ചെറുകിട ജലസേചന നിർമ്മിതികൾ | സൃഷ്ടിക്കപ്പെട്ട ജലസേചന സാദ്ധ്യതകൾ (ഐപിസി) | പ്രയോജനപ്പെടുത്തിയ ജലസേചന സാദ്ധ്യതകൾ (ഐപിയു) | ഐപിയു/ ഐപിസി തമ്മിലുള്ള അനുപാതം |
|---|---|---|---|
| തുറന്ന കിണർ | 27711 | 26929 | 0.97 |
| ആഴം കുറഞ്ഞ കുഴൽ കിണർ | 1313 | 1294 | 0.98 |
| ഇടത്തരം കുഴൽ കിണർ | 4143 | 4086 | 0.98 |
| ആഴത്തിലുള്ള കുഴൽ കിണർ | 2179 | 2141 | 0.98 |
| ഉപരിതലത്തിലൂടെയുള്ള ഒഴുക്ക് | 79499 | 76379 | 0.96 |
| ഉപരിതല ലിഫ്റ്റ് | 66766 | 64171 | 0.96 |

അവലംബം: ആറാമത് മൈനർ ഇറിഗേഷൻ സെൻസസ് റിപ്പോർട്ട്, കേന്ദ്ര ജലശക്തി മന്ത്രാലയം

ആകെയുള്ള 92,574 ചെറുകിട ജലസേചന പദ്ധതികളിൽ, 99.3 ശതമാനം (91,881) 'പ്രവർത്തനക്ഷമവും', 0.5 ശതമാനം (503) 'താൽക്കാലികമായി പ്രവർത്തനക്ഷമമല്ലാത്തതും, 0.2 ശതമാനം (190) 'തീർത്തും പ്രവർത്തനക്ഷമമല്ലാത്തതുമാണ്.' കൂടാതെ, പ്രവർത്തനക്ഷമമായ പദ്ധതികൾ കേരളത്തിൽ നല്ല രീതിയിൽ വിനിയോഗിക്കുന്നത് കുറവാണെന്നും നിരീക്ഷിക്കപ്പെടുന്നു. വൈദ്യുതിയുടെ ലഭ്യതക്കുറവ്, മെക്കാനിക്കൽ തകരാറുകൾ, ഡിസ്ചാർജ് ചെയ്യുന്ന ജലത്തിന്റെ കുറവ്, ധനലഭ്യതക്കുറവ്, അറ്റകുറ്റപ്പണികളുടെ അഭാവം തുടങ്ങിയ കാരണങ്ങളാൽ ഉപയോഗശൂന്യമായ 1672 പദ്ധതികളുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

അഞ്ചാമത്തെ സെൻസസിനെ അപേക്ഷിച്ച്, ആറാമത്തെ സെൻസസിൽ ചെറുകിട ജലസേചന നിർമ്മിതികളിലൂടെ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ട ജലസേചനസാദ്ധ്യത 26.9 ശതമാനം കുറഞ്ഞതായി കണക്കുകൾ രേഖപ്പെടുത്തുന്നു. അഞ്ചാം സെൻസസിൽ ഐപിസി 2,48,300 ഹെക്ടറായിരുന്നുവെങ്കിൽ, ആറാമത്തെ സെൻസസിൽ 1,81,611 ഹെക്ടറായി കുറയുകയുണ്ടായി. അതുപോലെ, ആറാമത്തെ സെൻസസ് കണക്ക് പ്രകാരം പ്രയോജനപ്പെടുത്തിയ ജലസേചന സാധ്യതയിലും (ഐപിയു) 23.4 ശതമാനം കുറവുണ്ടായി.

**ഭൂഗർഭ ജല ഉപയോഗം**

2022-ലെ ഡൈനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് അസസ്മെന്റ് റിപ്പോർട്ട് പ്രകാരം, രാജ്യത്തെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ് 437.60 ബില്യൺ ക്യുബിക് മീറ്ററും (ബിസിഎം), വാർഷിക ഭൂഗർഭജല ലഭ്യത 398.08 ബില്യൺ ക്യുബിക് മീറ്ററുമാണ്. ഭൂഗർഭജല റീചാർജിന്റെ പ്രധാന സ്രോതസ്സ് കാലവർഷമാണ്, ഏകദേശം 55 ശതമാനം. രാജ്യത്തെ ഭൂഗർഭജല ഉപയോഗത്തിന്റെ നിലവിലെ തോത് 60.08 ശതമാനമാണ്.

സംസ്ഥാനത്തെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ് 5.73 ബില്യൺ ക്യുബിക് മീറ്ററും, വാർഷിക ഭൂഗർഭജല ലഭ്യത 5.19 ബില്യൺ ക്യുബിക് മീറ്ററുമാണ്. സംസ്ഥാനത്തെ ഭൂഗർഭജല ഉപയോഗത്തിന്റെ നിലവിലെ തോത് 52.56 ശതമാനമാണ്. 2020ലെ കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ് 5.65ൽ നിന്നും 5.73 ബിസിഎമ്മായും, വാർഷിക ഭൂഗർഭജല ഭൂഗർഭജല ലഭ്യത 5.12ൽ നിന്ന് 5.19 ബിസിഎമ്മായും വർദ്ധിച്ചു. ഭൂഗർഭജല ഉപയോഗത്തിന്റെ നിലവിലെ തോത് 51.68 ശതമാനത്തിൽ നിന്ന് 52.56 ശതമാനമായി വർദ്ധിച്ചു. ആകെയുള്ള 152 നിർണ്ണയയൂണിറ്റുകളിൽ, 3 യൂണിറ്റുകൾ 'ക്രിട്ടിക്കൽ' വിഭാഗത്തിലും, 27 യൂണിറ്റുകൾ 'സെമി ക്രിട്ടിക്കൽ' വിഭാഗത്തിലും, 122 യൂണിറ്റുകൾ 'സുരക്ഷിത' വിഭാഗങ്ങളിലുമായി തരംതിരിച്ചിട്ടുണ്ട്. സെമി ക്രിട്ടിക്കൽ ബ്ലോക്കുകളുടെ എണ്ണം 29ൽ നിന്ന് 27 ആയി കുറഞ്ഞിട്ടുണ്ട്. മഴയുടെ വർദ്ധനവ്, മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള റീചാർജിലൂടെയുള്ള വർദ്ധനവ്, നടപ്പിലാക്കിയ ഉപരിതല പദ്ധതികളിലെ വർദ്ധനവ് എന്നീ കാരണങ്ങളാൽ കാഞ്ഞങ്ങാട്, കാറഡ്ക എന്നീ രണ്ട് 'സെമി ക്രിട്ടിക്കൽ' ബ്ലോക്കുകൾ 'സേഫ്' വിഭാഗത്തിലായി. സംസ്ഥാനത്തെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ്, മൊത്തം വാർഷിക

ഭൂഗർഭജല ലഭ്യത, ഭൂഗർഭജല ഉപയോഗത്തിന്റെ നിലവിലെ തോത് എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.5.8**-ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ഭൂഗർഭജല വികസനത്തിനും പരിപാലനത്തിനുമുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് സംസ്ഥാന ഭൂഗർഭജല വകുപ്പാണ്. സ്വകാര്യ വ്യക്തികൾക്കും സർക്കാർ ഏജൻസികൾക്കും ആവശ്യകത അടിസ്ഥാനമാക്കിയുള്ള സേവനങ്ങൾ വകുപ്പ് പ്രദാനം ചെയ്യുന്നു. ഭൂഗർഭജല ലഭ്യത നിലനിർത്തുന്നതിനായി വകുപ്പ് നടപ്പാക്കുന്ന പ്രധാന പ്രവർത്തനമാണ് ഭൂഗർഭജല സംരക്ഷണവും റീചാർജ്ജും. 2020-21 മുതൽ 2022-23 വരെയുള്ള ഭൂഗർഭജല വികസന പദ്ധതികളുടെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 3.5.9** ൽ നൽകിയിരിക്കുന്നു.

ഭൂഗർഭജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഒരു ഭൂഗർഭജല ഗുണനിലവാര പ്ലാൻ സംസ്ഥാന വ്യാപകമായി ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലയിൽ നിന്നും, ജലഗുണനിലവാര പ്രശ്നങ്ങൾ ഗുരുതരമായി ബാധിച്ച ഒരു ബ്ലോക്കിനെ തെരഞ്ഞെടുക്കുകയും, അവിടുത്തെ നിരീക്ഷണ കിണറുകളിൽ നിന്ന് ജലസാമ്പിളുകൾ ശേഖരിക്കുകയും ചെയ്യും. ഉചിതമായ പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുന്നതിനും, സ്ഥിതിവിവരങ്ങളെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരിച്ചുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുവാൻ ഇപ്രകാരം ലഭിക്കുന്ന വിവരങ്ങൾ സഹായകരമാകും. ജലത്തിന്റെ ഗുണനിലവാരം വിലയിരുത്തുന്ന നടപടികളുടെ സംസ്ഥാനതല ഉദ്ഘാടനം 16.09.2023-ന് ബഹുമാനപ്പെട്ട ജലവിഭവവകുപ്പ് മന്ത്രി നിർവഹിക്കുകയുണ്ടായി. കൂടാതെ, ഈ കാലയളവിൽ ലഭ്യമായ ഭൂഗർഭജലത്തിന്റെ കണക്കുകൾ ശേഖരിക്കുന്നതിനായി കിണറുകളുടെ സെൻസസ് നടത്തുന്നതിനും വകുപ്പ് തുടക്കമിട്ടിട്ടുണ്ട്. കുടുംബശ്രീ മിഷൻ വഴി 39 ബ്ലോക്കുകളിൽ ഭാഗികമായി വിവരശേഖരണം നടത്തിയതിലൂടെ 45 ശതമാനം വിവരശേഖരണം പൂർത്തിയാക്കുകയും ചെയ്തു. നിർദ്ദിഷ്ട ബ്ലോക്കിലെ ജലാശയങ്ങളുടെ കൃത്യമായ ബജറ്റിങ്ങിനായി സാധൂകരിച്ച കണക്കുകൾ ഉപയോഗിക്കുന്നതാണ്.

### വെള്ളപ്പൊക്ക നിവാരണം

പ്രളയാനന്തര നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് വേണ്ട അറ്റകുറ്റപ്പണികൾ, കാലാവസ്ഥാ വ്യതിയാനം, പ്രകൃതിദുരന്തങ്ങൾ എന്നീ ആഘാതങ്ങൾക്കെതിരെ പ്രതിരോധം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ, 'നദിക്കൊരിടം' (റൂം ഫോർ ദി റിവർ) പദ്ധതിയ്ക്കുള്ള സമഗ്ര പദ്ധതിരേഖ തയ്യാറാക്കൽ, കേരള ജലവിഭവ വിവര സംവിധാനത്തിന്റെ സമാരംഭം എന്നിങ്ങനെ പ്രളയവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ സഹായത്തോടെ ജലസേചന വകുപ്പ് ഏറ്റെടുക്കുകയുണ്ടായി. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടാകാനിടയുള്ള വരൾച്ച, വെള്ളപ്പൊക്കം, ജലത്തിലുണ്ടാകുന്ന ലവണാംശം, വർദ്ധിച്ച് വരുന്ന സമുദ്രനിരപ്പ് എന്നിവ മുൻകൂട്ടി അറിയുകയെന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. ഈ സാഹചര്യത്തിലാണ് വെള്ളപ്പൊക്കസാധ്യതാ പ്രവചന മുന്നറിയിപ്പ് സംവിധാനങ്ങൾക്ക് പ്രാധാന്യം അർഹിക്കുന്നത്.

ജലവിഭവ വിഷയത്തിൽ കേരളവും നെതർലാൻഡ്സും തമ്മിലുള്ള പങ്കാളിത്തത്തിന്റെ ഭാഗമായി ജലസേചന വകുപ്പിലെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് നദീതട ആസൂത്രണത്തെക്കുറിച്ച് പരിശീലനം നൽകുകയുണ്ടായി. വെള്ളപ്പൊക്കത്തിലും ജലസുരക്ഷയിലും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പമ്പാ നദീതടത്തിലെ പ്രധാന പ്രശ്നങ്ങൾ തിരിച്ചറിയുക എന്നതായിരുന്നു 2022 സെപ്റ്റംബറിൽ നെതർലാൻഡ്സിലെ IHE-Delft ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിൽ നൽകിയ ആദ്യ ഘട്ട പരിശീലനത്തിന്റെ ലക്ഷ്യം. IHE-Delft-ന്റെ രണ്ടാംഘട്ട പരിശീലനം നടന്നത് 2023 മെയ് മാസത്തിൽ ആയിരുന്നു. സ്റ്റേക്ക്ഹോൾഡർ പങ്കാളിത്തത്തെക്കുറിച്ചും കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചുമായിരുന്നു രണ്ടാം ഘട്ടത്തിൽ പരിശീലനം നൽകിയത്.

ലീഡിംഗ് ചാനലിലെ തടസ്സങ്ങളും കൈയേറ്റങ്ങളും നീക്കം ചെയ്തും, ലീഡിങ് ചാനലിന്റെ ഇരുവശവും സംരക്ഷിച്ചും കുട്ടനാട്ടിലെ വെള്ളപ്പൊക്കം ഒരു പരിധി വരെ നിയന്ത്രിക്കാനാകും. ഇതിനായി 70.30 കോടി രൂപയ്ക്ക് ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ ടെൻഡർ ഘട്ടത്തിലാണ്. 'നദിക്കൊരിടം' (റൂം ഫോർ ദി റിവർ പ്രോജക്റ്റ്) നടപ്പിലാക്കിക്കൊണ്ട് കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്കം ലഘൂകരിക്കുന്നതിന് വേണ്ടി ഗണിതശാസ്ത്ര മോഡലിംഗിലൂടെയുള്ള വിവിധ സാദ്ധ്യതകൾ ഐ.ഐ.ടി ചെന്നൈ നിർദ്ദേശിച്ചിട്ടുണ്ട്. ഫ്ളഡ് റെഗുലേറ്ററുകളുടെ നിർമ്മാണം, തോട്ടപ്പള്ളി ഭാഗത്തേക്കുള്ള ബൈപാസ് ചാനലുകളുടെ നിർമ്മാണവും നവീകരണവും, ലീഡിംഗ് ചാനലിന്റെ തീരത്തുള്ള പുറംബണ്ടുകൾ ഉയർത്തി ബലപ്പെടുത്തുക എന്നിവയാണ് വിഭാവനം ചെയ്യുന്ന പ്രവൃത്തികൾ.

വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളുടെ ഭാഗമായി പുറം ബണ്ടുകൾ ബലപ്പെടുത്തൽ, മോട്ടോർ തറ (പ്ലാറ്റ്ഫോം), മോട്ടോർ ഷെഡ്, പൈൽ കൾവർട്ട്, ബോക്സ് കൾവർട്ട്, നെൽവയലിലൂടെയുള്ള വാചാൽതോട് (സാധാരണ ഡ്രെയിനേജ്) എന്നീ നിർമ്മിതികളാണ് കുട്ടനാട്, അപ്പർ കുട്ടനാട്, ഓണാട്ടുകര മേഖലകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിയത്. 2022-23 കാലയളവിൽ 54 പ്രവൃത്തികൾ ഏറ്റെടുത്തതിൽ മൂന്നെണ്ണം പൂർത്തീകരിച്ചു. 8354 മീറ്റർ നീളത്തിൽ ബണ്ട് രൂപീകരണം, തോടുകളിൽ നിന്നും എക്കലും മണ്ണും നീക്കം ചെയ്യുന്ന പ്രവൃത്തികൾ (2190 മീറ്റർ), സംരക്ഷണഭിത്തിയുടെ നവീകരണം (1461.1 മീറ്റർ) എന്നിവയിലൂടെ 846.1 ഹെക്ടർ പ്രദേശത്തു പ്രയോജനം ലഭിച്ചതും ഈ കാലയളവിലെ ഭൗതിക നേട്ടങ്ങളിൽ ഉൾപ്പെടുന്നു.

**ബോക്സ് 3.5.2** വെള്ളപ്പൊക്കസാധ്യതാ പ്രവചന മുന്നറിയിപ്പ് സംവിധാനങ്ങൾ (എഫ്.എഫ്.ഇ.ഡബ്ല്യു.എസ്)

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വേണ്ടി സമയബന്ധിതമായ മുന്നറിയിപ്പുകൾ നൽകുന്നതിനുള്ള ഒരു സംവിധാനമായി വെള്ളപ്പൊക്കസാധ്യതാ പ്രവചന മുന്നറിയിപ്പ് സംവിധാനം പ്രവർത്തിക്കുന്നു. വെള്ളപ്പൊക്കത്തിന് സാധ്യതയുള്ളതും, നാശനഷ്ടങ്ങൾ ഉണ്ടാകാനിടയുള്ളതുമായ പെരിയാർ, മണിമല, ചാലക്കുടി, പമ്പ, അച്ചൻകോവിൽ എന്നീ നദീതടങ്ങളാണ് ഈ സംവിധാനത്തിന്റെ പ്രാരംഭ വികസനത്തിനായി കണ്ടെത്തിയത്. പെരിയാറിലേയും ചാലക്കുടിയിലേയും വെള്ളപ്പൊക്ക മുൻകരുതൽ സംവിധാനങ്ങൾ വികസിപ്പിച്ചത് നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റിന് കീഴിലാണ്. പ്രവചന വിവരങ്ങളും ബുള്ളറ്റിംഗും കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്കും, ഇന്റർ സ്റ്റേറ്റ് വാട്ടർ സെല്ലിനുമായി നൽകിവരുന്നു.

കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും ആഘാതങ്ങൾ പ്രതിരോധിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് 2021-2026 കാലയളവിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് റെസിലിയന്റ് കേരള പ്രോഗ്രാം ഫോർ റിസൾട്ട് (PforR). RK (PforR) DLI-7 ന്റെ ഭാഗമായി വകുപ്പ് വികസിപ്പിച്ചെടുത്തതാണ് പമ്പാ നദീതടത്തിലെ വെള്ളപ്പൊക്കസാധ്യതാ പ്രവചനവും സംയോജിത റിസർവോയർ ഓപ്പറേഷൻ സിസ്റ്റവും. ലോകബാങ്കിന്റെ സ്വതന്ത്ര പരിശോധനാ അതോറിറ്റി ഇത് അംഗീകരിച്ചിട്ടുണ്ട്. നദീതട ആസൂത്രണം, സംയോജിത നദീതടാസൂത്രണത്തിനുള്ള രൂപരേഖ, പാരിസ്ഥിതിക വിശകലനം, സംയോജിത റിസർവോയർ ഓപ്പറേഷൻ സിസ്റ്റം എന്നീ ഇടപെടലുകളാണ് പമ്പാ നദീതടത്തിൽ ഇതിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ളത്. ഒരു പ്രത്യേക സംരംഭമെന്ന നിലയിൽ, മീനച്ചിൽ നദിയിലെ വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനങ്ങൾ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സിഡബ്ല്യൂആർഡിഎം) വികസിപ്പിച്ചിട്ടുണ്ട്. ജലസംബന്ധ വിഷയങ്ങളിലെ സെന്റർ ഓഫ് എക്സലൻസിന്റെ ഭാഗമായിട്ടാണ് ഇത് വികസിപ്പിച്ചത്

അവലംബം: ജലസേചന വകുപ്പ് (ഐഡിആർബി), കേരള സർക്കാർ, സിഡബ്ല്യൂആർഡിഎം, കോഴിക്കോട്

576 കി.മീ കടൽത്തീരമുള്ള കേരളത്തിന്റെ തീരപരിപാലനത്തിനായി ശാസ്ത്രീയ പഠനവും, പ്രദേശത്തിന് അനുസൃതമായ നിർദ്ദിഷ്ട രൂപകൽപനയും ഉൾപ്പെടുന്ന കാര്യക്ഷമമായ തീരപരിപാലന നടപടികൾ ആവശ്യമാണ്. ശംഖുമുഖം, കൊല്ലംകോട്, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ 10 ഹോട്ട്സ്പോട്ടുകൾക്കായി പ്രദേശത്തിന് അനുസൃതമായ പഠനം നടത്താൻ ദേശീയ തീര ഗവേഷണ കേന്ദ്രത്തെ (എൻസിസിആർ) ചുമതലപ്പെടുത്തി. ടെട്രാപോഡ് ഉപയോഗിച്ച് ഗ്രോയ്നുകളും കടൽഭിത്തിയും അടങ്ങുന്ന ഹൈബ്രിഡ് സംരക്ഷണ സംവിധാനം സ്വീകരിച്ച് ചെല്ലാനത്തുള്ള ആദ്യഘട്ട തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകിയത്. ടെട്രാപോഡുകൾ ഉപയോഗിച്ച് 10 കിലോമീറ്ററോളം കടൽഭിത്തി നവീകരിക്കാനും ചെല്ലാനം പഞ്ചായത്തിലെ ബസാറിലും കണ്ണമാലിയിലും ഗ്രോയിൻ ഫീൽഡ് നിർമ്മാണവുമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ആദ്യഘട്ടത്തിൽ 7.36 കിലോമീറ്റർ നവീകരണ പ്രവൃത്തികളാണ് നടപ്പിലാക്കിയത്. ഈ പ്രവൃത്തികളിലൂടെ 2022, 2023 വർഷങ്ങളിലെ കാലവർഷക്കെടുതികൾ നിയന്ത്രിക്കുന്നതിൽ വിജയിക്കാനായി.

### ഭാവിയിലേയ്ക്കുള്ള വീക്ഷണം

എല്ലാ മേഖലകളിലും ജലത്തിന്റെ ആവശ്യകത വർദ്ധിച്ചുവരുന്നതിനാൽ ജലപരിപാലനത്തിൽ കേരളം നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും മൂലം ജലവിഭവങ്ങളിൽ ഉണ്ടാകാനിടയുള്ള മാറ്റങ്ങളും സംസ്ഥാനത്തെ ഗുരുതരമായി ബാധിക്കുന്നു. തീവ്രമായ കാലാവസ്ഥാ പ്രതിഭാസങ്ങളുടെ ഫലമായ വെള്ളപ്പൊക്കവും വരൾച്ചയുമാണ് ഭാവിയിൽ സംസ്ഥാനം നേരിടേണ്ടി വരുന്ന പ്രധാന വെല്ലുവിളികൾ. ഇപ്രകാരം മാറിമാറി വരുന്ന തീവ്രതകൾ നദീതട ആവാസവ്യവസ്ഥയെയും അതിന്റെ പ്രവർത്തനങ്ങളെയും സാരമായി ബാധിക്കും. സംയോജിത ജലവിഭവ പരിപാലനത്തിന്റെ തത്വങ്ങൾ പാലിച്ചുകൊണ്ടും, ഭൂവിനിയോഗ ആസൂത്രണവുമായി സംയോജിപ്പിച്ചുകൊണ്ടുമുള്ള സുസ്ഥിര ജലവിഭവ പരിപാലനത്തിന് ഈ സാഹചര്യത്തിൽ പ്രാധാന്യം അർഹിക്കുന്നു. ഈ വിഷയം മനസ്സിലാക്കുന്നതും, നദീജലം ശുദ്ധീകരിക്കുന്നതിനാവശ്യമായ നീരൊഴുക്കിന്റെ തോത് നിർണ്ണയിക്കുന്നതും സംയോജിത ജലവിഭവ പരിപാലനത്തിൽ വളരെ നിർണ്ണായകമാണ്. കൂടാതെ, ഏത് രീതിയിലുള്ള ജല പരിപാലനം നടപ്പിലാക്കുമ്പോഴും സംസ്ഥാനത്തിന്റെ മികച്ച ജൈവവൈവിധ്യം സംരക്ഷിക്കേണ്ടതുമുണ്ട്. സംസ്ഥാനത്തെ ജലവിഭവപരിപാലനത്തിനും, ജലവിഭവ വികസനത്തിനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അവ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, തുടരവലോകനത്തിനും വേണ്ടുന്ന കാര്യക്ഷമമായ ഒരു ഡാറ്റാ മാനേജ്മെന്റ് രീതി വികസിപ്പിക്കുന്നതിന് സംസ്ഥാനം ശ്രദ്ധ നൽകേണ്ടതുണ്ട്. ജലലഭ്യത, ആവശ്യകത, ഗുണനിലവാരം, ദുരന്തസാധ്യതാ പ്രദേശങ്ങൾ, പാരിസ്ഥിതിക പ്രവർത്തനവും ആവശ്യകതകളും, നിരാലംബരായ ജനസംഖ്യ എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു നിർദ്ദിഷ്ട നദീതടാധിഷ്ഠിത വിവരശേഖരം തയ്യാറാക്കേണ്ടതുണ്ട്. ഓരോ നദീതടങ്ങളുടെ പരിപാലനത്തിനും, മറ്റു നദീതടങ്ങളുമായി സംയോജിപ്പിച്ചുകൊണ്ടുള്ള പരിപാലന രീതികളും വികസിപ്പിക്കുന്നതിനായി ഈ വിവരശേഖരം സഹായകരമാകും. രാജ്യത്തുടനീളമുള്ള

അക്കാദമിക്, ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇത് വികസിപ്പിക്കാവുന്നതും കേരള ഡബ്ല്യുആർഐഎസുമായി സംയോജിപ്പിക്കുകയും ചെയ്യാവുന്നതാണ്. ഇവ കൂടാതെ തദ്ദേശസ്ഥാപനങ്ങളിലെ ജല ബജറ്റിംഗ്, ചെറിയ രീതിയിലുള്ള ഓട്ടോമാറ്റിക് കാലാവസ്ഥാ സ്റ്റേഷനുകൾ ഉപയോഗിച്ചുള്ള സൂക്ഷ്മതല കാലാവസ്ഥാ നിരീക്ഷണം, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായുണ്ടാകുന്ന ദുരന്തങ്ങൾ പ്രതിരോധിക്കുന്നതിനായി പ്രാദേശിക സമൂഹത്തെ സ്വായത്തമാക്കുക, സാമൂഹികാധിഷ്ഠിത സൂക്ഷ്മ ജലസേചനം, കൃത്യതാ കൃഷി, കാലാവസ്ഥാ പ്രതിരോധത്തിനുതകുന്ന തരത്തിൽ കാർഷിക കലണ്ടറിലും പ്രവർത്തനരീതികളിലും വേണ്ടുന്ന മാറ്റം, സാമൂഹ്യ പങ്കാളിത്തത്തോടെയുള്ള തണ്ണീർത്തട പരിപാലനം, പ്രകൃതി ദുരന്തങ്ങളുടെയും, ജലമലിനീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഹോട്ട്സ്പോട്ടുകൾ നിർണ്ണയിക്കുക, പരിസ്ഥിതിലോല പ്രദേശങ്ങളുടെ മാപ്പിംഗ് തുടങ്ങിയവയും വലിയ പ്രാധാന്യമർഹിക്കുന്നു.

# 3.6 വനം വന്യജീവി സംരക്ഷണം

ഐക്യരാഷ്ട്ര സഭയുടെ ഗ്ലോബൽ ഫോറസ്റ്റ് ഗോൾസ് റിപ്പോർട്ട് 2021 പ്രകാരം 1.6 ബില്യൺ മനുഷ്യർ തങ്ങളുടെ ഉപജീവനമാർഗ്ഗത്തിനും, തൊഴിലിനും, വരുമാനത്തിനും വേണ്ടി വനങ്ങളെ ആശ്രയിക്കുന്നു. ആരോഗ്യമുള്ള വനങ്ങൾ, ഭൂപ്രകൃതികൾ, ഭൗമ ആവാസ വ്യവസ്ഥകൾ എന്നിവ ജൈവവൈവിധ്യം, ശുദ്ധജലം, കാലാവസ്ഥാ നിയന്ത്രണം, മണ്ണൊലിപ്പ് തടയൽ, വിള പരാഗണം, മണ്ണിന്റെ ഫലഭൂയിഷ്ഠത, വെള്ളപ്പൊക്ക നിയന്ത്രണം തുടങ്ങിയ സമൂഹത്തിനും സമ്പദ്‌വ്യവസ്ഥയ്ക്കും ആവശ്യമായ നിർണായകമായ സേവനങ്ങൾ നൽകുന്നു. ഭൗമശോഷണം ലോകമെമ്പാടുമുള്ള 3.2 ബില്യൺ ആളുകളെ ബാധിക്കുന്നുവെന്നും ലോകത്തിലെ ഏറ്റവും ദരിദ്രരിൽ 40 ശതമാനവും ശോഷണം സംഭവിച്ച ഭൂമിയിലാണ് ജീവിക്കുന്നതെന്നും ലോകബാങ്ക് കണക്കുകൾ കാണിക്കുന്നു.

വേൾഡ് വൈൽഡ് ഫണ്ടിന്റെ (ഡബ്ല്യൂ.ഡബ്ല്യൂ. എഫ്) 'ലിവിംഗ് പ്ലാനറ്റ് റിപ്പോർട്ട് 2022', 1970 മുതൽ വന്യജീവികളുടെ എണ്ണത്തിൽ 69 ശതമാനത്തിന്റെ കുറവുണ്ടായതായും, അത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ ആവശ്യമാണെന്നും മുന്നറിയിപ്പ് നൽകുന്നു. സമുദ്രങ്ങൾ കഴിഞ്ഞാൽ കാർബണിന്റെ ഏറ്റവും വലിയ സംഭരണശാലയാണ് വനങ്ങൾ. ഫോസിൽ ഇന്ധനങ്ങൾ കഴിഞ്ഞാൽ കാർബൺഡൈ ഓക്സൈഡിന്റെ ഏറ്റവും വലിയ ഉറവിടം വനനശീകരണമാണ്. ആഗോള കാർബൺ ഉദ്വമനത്തിന്റെ 13 ശതമാനം വനനശീകരണത്തിലൂടെയാണെന്ന് കണക്കാക്കപ്പെടുന്നു. യുണൈറ്റഡ് നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാമിന്റെ കണക്കുകൾ (യു.എൻ.ഇ.പി) അനുസരിച്ച് വനനശീകരണം തടയുന്നതിലൂടെയും, മെച്ചപ്പെട്ട വനപരിപാലനത്തിലൂടെ അധിക കാർബൺ നീക്കംചെയ്യൽശേഷി വർദ്ധിപ്പിച്ചും മാത്രമേ ആഗോള താപനില വർദ്ധനവ് 1.5 ഡിഗ്രി സെൽഷ്യസിൽ പരിമിതപ്പെടുത്താൻ കഴിയുകയുള്ളൂ. വനനശീകരണത്തിൽ നിന്നുള്ള ഉദ്വമനം ഇല്ലാതാക്കുകയും വനങ്ങളുടെ പുനരുജ്ജീവനവും ലാൻഡ്സ്കേപ്പ് പുനരുദ്ധാരണവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ കാർബൺ നീക്കം ചെയ്യൽ വർദ്ധിപ്പിക്കുകയും ചെയ്യുന്നത് ആഗോള അറ്റ ഉദ്വമനം 30 ശതമാനം കുറയ്ക്കുമെന്നും, വരുന്ന ദശകത്തിൽ, ലഭ്യമായ ചെലവ് കുറഞ്ഞ കാർബൺ ലഘൂകരണത്തിന്റെ 50 ശതമാനം വരെ വനങ്ങൾക്ക് പ്രദാനം ചെയ്യാൻ കഴിയുമെന്നും കണക്കാക്കപ്പെടുന്നു.

ലോകബാങ്ക് റിപ്പോർട്ട്, 'സ്റ്റേറ്റ് ഓഫ് ദ വേൾഡ്സ് ഫോറസ്റ്റ് 2022', പ്രകാരം പരസ്പരബന്ധിതമായ മൂന്ന് മാർഗ്ഗങ്ങൾ വനനശീകരണം തടയുകയും വനങ്ങളെ പരിപാലിക്കുകയും ചെയ്യുന്നു. ശോഷണം സംഭവിച്ച ഭൂമിയുടെ പുനരുദ്ധാരണവും കാർഷിക വൽക്കരണത്തിന്റെ വികാസവും, വനങ്ങളുടെ സുസ്ഥിരമായ ഉപയോഗവും, ഹരിത മൂല്യ ശൃംഖലയുടെ നിർമ്മാണവും ഇതിൽ ഉൾപ്പെടുന്നു. ഈ മാർഗ്ഗങ്ങളെ സന്തുലിതമായി ഒരേ സമയം പിന്തുടരുന്നത് രാജ്യങ്ങൾക്കും, ഗ്രാമീണ സമൂഹങ്ങൾക്കും സാമ്പത്തികവും സാമൂഹികവുമായ സുസ്ഥിര നേട്ടങ്ങൾ സൃഷ്ടിക്കുവാനും ആഗോള സാഹചര്യങ്ങളേയും പാരിസ്ഥിതിക വെല്ലുവിളികളെയും നേരിടാനും സഹായിക്കുന്നു.

**വനവിസ്തൃതി**

ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ (എഫ്.എസ്.ഐ) ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് 2021 പ്രകാരം രാജ്യത്തെ വനമേഖല 7.1 ലക്ഷം ചതുരശ്ര

കിലോമീറ്ററാണ്. ഇത് രാജ്യത്തിന്റെ ഭൂവിസ്തൃതിയുടെ 21.7 ശതമാനമാണ്. രാജ്യത്തെ വൃക്ഷാവരണത്തിന്റെ വിസ്തീർണ്ണം 95,748 ചതുരശ്ര കിലോമീറ്ററായി കണക്കാക്കപ്പെടുന്നു, ഇത് ഭൂവിസ്തൃതിയുടെ 2.9 ശതമാനമാണ്. രാജ്യത്തെ മൊത്തം വനവും വൃക്ഷാവരണവും ഉൾപ്പെട്ട വിസ്തീർണ്ണം 8.09 ലക്ഷം ചതുരശ്ര കിലോമീറ്ററാണ്, ഇത് രാജ്യത്തെ ഭൂവിസ്തൃതിയുടെ 24.6 ശതമാനം വരും. 2019 നും 2021 നും ഇടയിൽ ദേശീയ തലത്തിൽ വനത്തിന്റേയും വൃക്ഷാവരണത്തിന്റേയും വിസ്തൃതിയിൽ 0.25 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയതായി റിപ്പോർട്ട് സൂചിപ്പിക്കുന്നു. രാജ്യത്തെ ഭൂവിസ്തൃതിയുടെ 33 ശതമാനം വനത്തിൻ കീഴിൽ കൊണ്ടുവരിക എന്നതാണ് ഇന്ത്യയുടെ 1988 ലെ ദേശീയ വനനയം വിഭാവനം ചെയ്യുന്നത്.

കേരളത്തിന്റെ ഭൂവിസ്തൃതി രാജ്യത്തിന്റെ 1.2 ശതമാനം മാത്രമാണെങ്കിലും ദേശീയ വനവിസ്തൃതിയുടെ 2.3 ശതമാനം കേരളത്തിലാണ്. സംസ്ഥാനത്തെ വനവിസ്തൃതി 11531 ചതുരശ്ര കിലോമീറ്ററാണ്, അതായത് സംസ്ഥാനത്തെ ഭൂവിസ്തൃതിയുടെ 29.6 ശതമാനം (38,863 ചതുരശ്ര കിലോമീറ്റർ). സംരക്ഷിത വനങ്ങൾക്ക് പുറത്തുള്ളവ ഉൾപ്പെടെയുള്ള ആകെ വനമേഖല വളരെ കൂടുതലാണ്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ (എഫ്.എസ്.ഐ) 2021 ലെ വിലയിരുത്തൽ അനുസരിച്ച്, തോട്ടങ്ങൾ ഉൾപ്പെടെയുള്ള വനവിസ്തൃതി 21,253 ചതുരശ്ര കിലോമീറ്ററാണ്, ഇത് സംസ്ഥാനത്തെ ഭൂവിസ്തൃതിയുടെ 54.7 ശതമാനമാണ്. വനവിസ്തൃതിയുടെ ശതമാനം കണക്കിലെടുക്കുമ്പോൾ, കേരളം താരതമ്യേന മെച്ചപ്പെട്ട നിലയിലാണ്, എന്നാൽ സംസ്ഥാനത്തെ ഉയർന്ന ജനസാന്ദ്രത വനവിഭവങ്ങളിൽ താരതമ്യേന കൂടുതൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ കണക്കുകൾ പ്രകാരം, 2019 നും 2021 നും ഇടയിൽ, സംസ്ഥാനത്തെ വനവിസ്തൃതി 0.52 ശതമാനം വർദ്ധിച്ചിട്ടുണ്ട് (109 ചതുരശ്ര കിലോമീറ്റർ). എഫ്.എസ്.ഐ യുടെ കണക്കുകൾ പ്രകാരം, സംസ്ഥാനത്തെ മൊത്തം കാർബൺ സ്റ്റോക്ക് (1 ഹെക്ടറിൽ കൂടുതൽ വനത്തിന് പുറത്തുള്ള വൃക്ഷാവരണം ഉൾപ്പെടെ) 205.5 ദശലക്ഷം ടൺ (753.6 ദശലക്ഷം ടൺ കാർബൺഡൈ ഓക്സൈഡിന് തുല്യമാണ്) ആണ്. ഇത് രാജ്യത്തെ വനത്തിൽ നിന്നുള്ള മൊത്തം കാർബൺ ശേഖരത്തിന്റെ 2.8 ശതമാനമാണ്.

വനമേഖലയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.6.1** ൽ നൽകിയിരിക്കുന്നു. സംസ്ഥാനത്തെ ജില്ലകളിൽ ഇടുക്കിയിൽ 3155 ചതുരശ്ര കിലോമീറ്റർ വനഭൂമിയുണ്ട്, തൊട്ടുപിന്നാലെ 2104 ചതുരശ്ര കിലോമീറ്ററുള്ള പാലക്കാടും മലപ്പുറവുമാണ് (1984 ചതുരശ്ര കിലോമീറ്റർ). ഭൗമവിസ്തൃതിയുടെ ശതമാനമായി കണക്കാക്കുമ്പോൾ വയനാട് ജില്ലയിൽ 74 ശതമാനവും വനങ്ങളാണ്, തൊട്ടുപിന്നിൽ പത്തനംതിട്ട, ഇടുക്കി ജില്ലകളാണ്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ പാരിസ്ഥിതികവും സാമ്പത്തികവുമായ പരാധീനതകളെ ചെറുക്കുന്നതിൽ വനങ്ങളുടെ പങ്ക് കൂടുതൽ പ്രസക്തമാവുകയാണ്. പഞ്ചവത്സര പദ്ധതികളിൽ ജലസുരക്ഷ, ജൈവവൈവിധ്യ സംരക്ഷണം, പ്രാദേശിക സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം, മറ്റ് സാമൂഹിക ലക്ഷ്യങ്ങൾ തുടങ്ങിയ പൊതു പ്രവർത്തനങ്ങൾക്കാണ് വനങ്ങളുടെ പരിപാലനത്തിൽ പ്രാധാന്യം നൽകുന്നത്. 2022-23 ൽ ജലസുരക്ഷ, മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ നിയന്ത്രണം, വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം, കാലാവസ്ഥാ വ്യതിയാനത്തിനെതിരായ സംരക്ഷ ണമെന്ന നിലയിൽ വനങ്ങളുടെ പരിപാലനം എന്നിവയായിരുന്നു വനമേഖലയിൽ ഊന്നൽ നൽകിയിരുന്നത്. വനവും കാർഷിക ഭൂപ്രകൃതിയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാലും സംസ്ഥാനത്തെ വിലപ്പെട്ട പൊതുവിഭവങ്ങൾ വനങ്ങളുമായി പങ്കിടുന്നതിനാലും കാടുകളുടെയും വന്യജീവികളുടെയും സുസ്ഥിര പരിപാലനത്തിൽ ലാൻഡ്സ്കേപ്പ് അടിസ്ഥാനമാക്കിയ സമീപനം ആവശ്യമാണ്.

### സ്വാഭാവിക വനങ്ങളുടെ പരിപാലനം

കേരളത്തിലെ വനങ്ങളുടെ പരിപാലനം ലക്ഷ്യമിടുന്നത് ജീവൻ നിലനിർത്തുന്നതിനും ജൈവവൈവിധ്യ സംരക്ഷണത്തിനുമാണ്. വനം വകുപ്പ് നടപ്പിലാക്കിയ പരിപാടികളിൽ കൈയ്യേറ്റങ്ങൾ, വേട്ടയാടൽ, മരം വെട്ടൽ എന്നിവയിൽ നിന്നുള്ള സംരക്ഷണം, ജൈവ ഇടപെടലുകളിൽ നിന്നും കാട്ടു തീയിൽ നിന്നുമുള്ള സംരക്ഷണം, നദീതീര സംരക്ഷണം, വന പരിപാലനത്തിൽ ആദിവാസി സമൂഹങ്ങളുടെ വർദ്ധിച്ച പങ്കാളിത്തം, ജീർണ്ണിച്ച വനമേഖലകളുടെ പുനരുദ്ധാരണം, ദുർബലമായ പരിസ്ഥിതി വ്യവസ്ഥകളുടെ സംരക്ഷണം, പങ്കാളിത്ത വനപരിപാലനം എന്നിവ ഉൾപ്പെടുന്നു. സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിൽ വനങ്ങളുടെ സർവ്വേ, അതിർത്തി നിർണ്ണയം, കയ്യേറ്റങ്ങളിൽ നിന്നും മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നുമുള്ള സംരക്ഷണം, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മണ്ണ്-ജല സംരക്ഷണം, പ്രത്യേക ആവാസ വ്യവസ്ഥകളുടെ സംരക്ഷണം, റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) ശക്തിപ്പെടുത്തൽ, കാട്ടാനകളിൽ നിന്നുള്ള സംരക്ഷണം എന്നിവയും ഉൾപ്പെടുന്നു.

2022-23 ൽ ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങളിൽ വനാതിർത്തികളുടെ സർവ്വേ, വനസംരക്ഷണം, ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനം എന്നിവ ഉൾപ്പെടുന്നു. എഫ്.എസ്.ഐ യുടെ കണക്കുകളനുസരിച്ച് കേരളത്തിലെ മൊത്തം വനമേഖലയിൽ 2.2 ശതമാനവും തീപിടിത്ത സാധ്യത കൂടുതലുള്ളവയാണ്. 2022-23 ൽ 1792 കിലോമീറ്ററിൽ ഫയർ ലൈൻ സൃഷ്ടിക്കലും അറ്റകുറ്റപ്പണികളും നടത്തി. വനസംരക്ഷണ സമിതികളും (വി.എസ്.എസ്), ഇക്കോ

ഡെവലപ്മെന്റ് കമ്മിറ്റികളും (ഇ.ഡി.സി) വഴിയാണ് അഗ്നിസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നത്. അതോടൊപ്പം ചോലവനങ്ങൾ, ചന്ദനക്കാടുകൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ തുടങ്ങിയ ദുർബലവും സവിശേഷവുമായ ആവാസവ്യവസ്ഥകളുടെ സംരക്ഷണത്തിനും പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. വനങ്ങളുടെ കാര്യക്ഷമമായ പരിപാലനത്തിന് വനമേഖലകളുടെ ഏകീകരണവും വനാതിർത്തികളുടെ സ്ഥിരമായ അതിർത്തി നിർണ്ണയവും അനിവാര്യമാണ്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള ഫലപ്രദമായ നടപടിയാണ് അതിർത്തി ഭിത്തികളുടെ നിർമ്മാണം.

**തോട്ടങ്ങളുടെ ഉല്പാദനക്ഷമത മെച്ചപ്പെടുത്തൽ**

വനം വകുപ്പിന് വിവിധ ഇനങ്ങളിലുള്ള 16,000 ചതുരശ്ര കിലോമീറ്റർ (ആകെ വനവിസ്തൃതിയുടെ 13 ശതമാനം) വനത്തോട്ടങ്ങൾ ഉണ്ട്, അതിൽ തേക്ക്, മാഞ്ചിയം, ചന്ദനം, മഹാഗണി മുതലായ ഹാർഡ് വുഡുകൾ 861.3 ചതുരശ്ര കിലോമീറ്ററിൽ (52 ശതമാനം) വ്യാപിച്ചു കിടക്കുന്നു. ഭാവി വരുമാന വർദ്ധന ലക്ഷ്യമിട്ട് വകുപ്പ് പുതിയ തോട്ടങ്ങൾ നട്ടു വളർത്തുന്നുമുണ്ട്. 2022-23 ൽ 5.3 ചതുരശ്ര കിലോമീറ്ററിൽ പുതിയ തോട്ടങ്ങൾ വളർത്തിയതിൽ, 55 ശതമാനവും തേക്ക് തോട്ടങ്ങളാണ്. തേക്ക് പ്ലാന്റേഷൻ മാനേജ്മെന്റിന്റെ ദീർഘകാല ചരിത്രം പ്രയോജനപ്പെടുത്തി ശാസ്ത്രീയമായ പരിപാലനരീതികൾ പ്രയോഗിച്ച് ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള ഒരു സംവിധാനമാണ് സ്വീകരിച്ചുവരുന്നത്. വനത്തോട്ടപരിപാലനം ശാസ്ത്രീയമാക്കിയതിനാൽ ഉയർന്ന ഉല്പാദനക്ഷമതയുള്ള പ്രദേശങ്ങളിൽ മണ്ണിന്റെ അവസ്ഥയും ഉല്പാദനക്ഷമതയും മെച്ചപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുന്ന പരിപാലന സമീപനമാണ് സ്വീകരിച്ചുവരുന്നത്. 2022-23 ൽ, 0.38 ചതുരശ്ര കിലോമീറ്ററിൽ അറ്റകുറ്റപ്പണികൾ നടത്തി. വനത്തോട്ടത്തിന് കീഴിലെ സ്പീഷീസ് തിരിച്ചുള്ള വിസ്തൃതി അനുബന്ധം 3.6.2 ൽ നൽകിയിരിക്കുന്നു. വനത്തോട്ടങ്ങളുടെ വിസ്തൃതി 2021-22 ലെ 156.1 ആയിരം ഹെക്ടറിൽ നിന്ന് 2022-23 ൽ 163.5 ആയിരം ഹെക്ടറായി (4.7 ശതമാനം) വർദ്ധിച്ചു.

**മനുഷ്യ–വന്യജീവി സമ്പർക്ക പാലനം**

മനുഷ്യ-വന്യജീവി സമ്പർക്കം ഒരു സങ്കീർണ്ണ പ്രശ്നമാണ്. സംഘർഷങ്ങൾ വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പ്രശ്നം ഫലപ്രദമായി നേരിടാൻ വനംവകുപ്പും ബന്ധപ്പെട്ട വകുപ്പുകളും ഗൗരവമായ നടപടികളാണ് സ്വീകരിക്കുന്നത്. പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി ദീർഘ-ഹ്രസ്വകാല നടപടികളുള്ള സമഗ്രമായ തന്ത്രങ്ങൾ നടപ്പിലാക്കുന്നുണ്ട്. ആനകളെ പ്രതിരോധിക്കുന്നതിനുള്ള കിടങ്ങുകൾ, കൽഭിത്തികൾ, സൗരോർജ്ജവേലി, മറ്റ് പ്രതിരോധനടപടികൾ, വന്യജീവി ആക്രമണത്തിനും വിളനാശത്തിനും ഇരയായവർക്കുള്ള നഷ്ടപരിഹാരം, വന്യജീവികളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തൽ, വന്യജീവികൾക്ക് വനത്തിനുള്ളിൽ തീറ്റയും വെള്ളവും ഉറപ്പാക്കൽ, റാപ്പിഡ് റെസ്പോൺസ് ടീമുകൾക്കുള്ള (ആർ.ആർ.റ്റി) പിന്തുണ എന്നിവ ഉൾപ്പെടുന്നു. 2022-23 ൽ മനുഷ്യ മരണങ്ങളുടെ പ്രധാന കാരണം പാമ്പുകടിയായിരുന്നു. കൂടാതെ, ആനയുടെ ആക്രമണം വിളനാശത്തിന്റെ പ്രധാന കാരണമായി. വന്യജീവികളുടെ എണ്ണത്തിലുണ്ടായ വർദ്ധന, ആവാസവ്യവസ്ഥയുടെ നാശവും ശിഥിലീകരണവും, കാലാവസ്ഥാ വ്യതിയാനവും അതിന്റെ ഫലമായുണ്ടാകുന്ന പാരിസ്ഥിതിക ആഘാതവും, കൃഷിരീതിയിലെ മാറ്റങ്ങൾ തുടങ്ങിയവയാണ് വർദ്ധിച്ചു വരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ (എച്ച്.ഡബ്ല്യു.സി) പ്രധാന കാരണങ്ങളായി ചൂണ്ടികാണിക്കപ്പെടുന്നത്. 2022-23 ൽ 98 മനുഷ്യജീവനുകൾ നഷ്ടപ്പെട്ടതുൾപ്പെടെ 8873 സംഭവങ്ങൾ സംസ്ഥാനത്ത് നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സംഭവങ്ങളിലായി മനുഷ്യരുടെ മരണത്തിനും, പരിക്കുകൾക്കും, കന്നുകാലികളുടെ നാശത്തിനും, വിളനാശത്തിനും നഷ്ടപരിഹാരമായി 10.49 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 3.6.1** ൽ നൽകിയിരിക്കുന്നു.

മനുഷ്യ-വന്യമൃഗ സംഘർഷങ്ങളുടെ ലഘൂകരണത്തിന്റെ ഭാഗമായി, സുരക്ഷിതമായ ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള എം.ഐ.എസ് പ്ലാറ്റ്ഫോമിൽ ഹോട്ട്സ്പോട്ടുകൾ ഫോറസ്റ്റ് ഡിവിഷൻ തിരിച്ച് രേഖപ്പെടുത്തുകയും, പ്രാദേശിക കമ്മ്യൂണിറ്റി പ്രതിനിധികളുടെ പങ്കാളിത്തത്തോടെ സംയുക്ത പട്രോളിംഗ് പ്രവർത്തനങ്ങൾ റേഞ്ച് തലത്തിലും സ്റ്റേഷൻ തലത്തിലും നടത്തുകയും ചെയ്തു. ഭൗതിക തടസ്സങ്ങൾ സൃഷ്ടിക്കൽ, മുൻകൂർ മുന്നറിയിപ്പിനുള്ള ഇലക്ട്രോണിക് സംവിധാനങ്ങൾ, ഡ്രോണുകളുടെ ഉപയോഗം, പ്രശ്നക്കാരായ ആനകളുടെ റേഡിയോ കോളറിംഗ്, വന്യജീവികൾക്കായി ഇടനാഴികൾ സൃഷ്ടിക്കൽ, പ്രാഥമിക പ്രതികരണ ടീമുകൾ (പി.ആർ.ടി), റാപ്പിഡ് റെസ്പോൺസ് ടീമുകൾ (ആർ.ആർ.ടി), ഭീഷണി നേരിടുന്ന സെറ്റിൽമെന്റുകളുടെ മാറ്റം എന്നിവ ഉൾപ്പെടുന്ന സംയോജിത ലാൻഡ്സ്കേപ്പ് അധിഷ്ഠിത മാനേജ്മെന്റാണ് 2022-23 ൽ മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിന് സ്വീകരിച്ച പ്രധാന ലഘൂകരണ നടപടികൾ. ജനജാഗ്രതാ സമിതികൾ (ജെ.ജെ.എസ്), വനസംരക്ഷണസമിതികൾ (വി.എസ്.എസ്), ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (ഇ.ഡി.സി) എന്നിവയുടെ പിന്തുണയോടെ വനം വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട വകുപ്പുകളുമായും സഹകരിച്ച് വനാതിർത്തികളിലെ സംഘർഷപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്. 2022-23 ൽ 'മനുഷ്യ-വന്യമൃഗ സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾ' എന്ന പദ്ധതി പ്രകാരം 158.4 കിലോമീറ്ററിൽ കാട്ടാന പ്രതിരോധ ട്രഞ്ചുകളുടെ അറ്റകുറ്റപ്പണിയും 42.6 കിലോമീറ്ററിൽ സോളാർ വേലിയും 237 മീറ്റർ കോമ്പൗണ്ട് ഭിത്തിയും നിർമ്മിച്ചു. സംസ്ഥാനത്തെ ഉയർന്ന സംഘർഷ മേഖലാ പ്രദേശങ്ങളിൽ, സ്ഥിരമായി 8 ഉം താൽക്കാലികമായി 7 ഉം ഉൾപ്പെടെ 15 ആർ.ആർ.റ്റി കൾ ഇതിനകം രൂപീകരിച്ചിട്ടുണ്ട്, കൂടാതെ 25 പുതിയ ആർ.ആർ.റ്റി കൾ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. നിലവിൽ കേരള വനംവകുപ്പിന് 427 വി.എസ്.എസ് കളും 213 ഇ.ഡി.സി കളുമുണ്ട്.

**പട്ടിക 3.6.1** 2022-23 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട മനുഷ്യ-വന്യജീവി സമ്പർക്കം മൂലമുള്ള പ്രതികൂല സംഭവങ്ങളുടെ വിശദാംശങ്ങളും നഷ്ടപരിഹാരവും

| അപകടങ്ങൾ | പാമ്പ് കടി (എണ്ണം) | ആന ആക്രമണം (എണ്ണം) | കാട്ടുപന്നി ആക്രമണം (എണ്ണം) | കാട്ടുപോത്ത് ആക്രമണം (എണ്ണം) | കടുവ ആക്രമണം (എണ്ണം) | പുള്ളിപ്പുലി ആക്രമണം (എണ്ണം) | മറ്റുള്ളവ (എണ്ണം) | ആകെ (എണ്ണം) | നഷ്ടപരിഹാരം (രൂപയിൽ) |
|---|---|---|---|---|---|---|---|---|---|
| മനുഷ്യജീവഹാനി | 48 | 27 | 7 | 1 | 1 | 0 | 14 | 98 | 3,37,31,013 |
| മനുഷ്യർക്കുണ്ടാകുന്ന അപകടം | 871 | 71 | 261 | 5 | 0 | 0 | 67 | 1275 | 2,45,73,297 |
| കന്നുകാലി മരണം | 65 | 8 | 4 | 1 | 191 | 244 | 124 | 637 | 1,46,66,363 |
| കൃഷിനാശം/വസ്തുനാശം | 0 | 4087 | 1252 | 25 | 1 | 0 | 1498 | 6863 | 3,19,15,842 |
| ആകെ | 984 | 4193 | 1524 | 32 | 193 | 244 | 1703 | 8873 | 10,48,86,515 |

അവലംബം: വനം വന്യജീവി വകുപ്പ്, കേരള സർക്കാർ, 2023

2022-23ൽ, മനുഷ്യ-വന്യമൃഗ സംഘർഷ മാനേജ്മെന്റിന്റെ ഭാഗമായി വനംവകുപ്പ് 'മനുഷ്യ-വന്യമൃഗ സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾ' എന്ന പദ്ധതിയിൽ 17.2 കോടി രൂപയും, 'പ്രോജക്ട് ആന' പദ്ധതിയ്ക്ക് കീഴിൽ 2.4 കോടി രൂപയും, 'സംരക്ഷിതമല്ലാത്ത വന്യജീവികളുടെ സംരക്ഷണത്തിന്' എന്ന പദ്ധതിയിൻ കീഴിൽ 10.2 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. സാമൂഹിക വികസനത്തിനും പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിലും ഗ്രാമപഞ്ചായത്തുകളുടെ പങ്ക് പരിഗണിച്ച്, സംസ്ഥാനത്തുടനീളം 246 ജന ജാഗ്രതാ സമിതികൾ (ജെ.ജെ.എസ്) രൂപീകരിച്ചു. ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, ഫോറസ്റ്റ് ഓഫീസർമാർ എന്നിവരടങ്ങുന്ന പഞ്ചായത്ത് തലത്തിലുള്ള സമിതിയാണ് ജെ.ജെ.എസ്. പ്രാദേശിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വാർഡുതല സമിതികൾ രൂപീകരിക്കാനും മുൻകൈയെടുത്തിരുന്നു. പുനലൂർ, കോന്നി, മറയൂർ, പാലക്കാട്, തിരുവനന്തപുരം, മൂന്നാർ, വയനാട് തുടങ്ങിയ വിവിധ ഡിവിഷനുകളിൽ മനുഷ്യ-വന്യമൃഗസംഘർഷം പരിഹരിക്കുന്നതിനുള്ള മുൻകൂർ മുന്നറിയിപ്പ് സംവിധാനം നിലവിൽ ഉപയോഗിക്കുന്നുണ്ട്. കാട്ടാനശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ ഇത് വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയതിനാൽ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇത്തരത്തിലുള്ള 42 യൂണിറ്റുകൾ കൂടി രൂപീകരിക്കാൻ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

### വനത്തിൽ നിന്നുള്ള വരുമാനം

വനം വകുപ്പിൽ നിന്നുള്ള തടിയുടേയും മറ്റ് വന ഉല്പന്നങ്ങളുടേയും വില്പനയിലൂടെ ലഭിക്കുന്ന വരുമാനം സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ ഗണ്യമായ സംഭാവന നൽകുന്നു. 2022-23 ൽ വനമേഖലയിൽ നിന്നുള്ള വരുമാനം 289 കോടി രൂപയാണ്. വന വരുമാനത്തിന്റെ വലിയൊരു ഭാഗം തടി വിൽപ്പനയിൽ നിന്നാണ് (262 കോടി രൂപ) ലഭിച്ചത്. ചന്ദനം, അക്കേഷ്യ തുടങ്ങിയ വന ഉല്പന്നങ്ങളുടെ ഉത്പാദനം 2022-23 ൽ വർദ്ധിച്ചു. അതേസമയം തടി, വിറക്, തേൻ, മുള, ഈറ്റ, മാഞ്ചിയം, യൂക്കാലിപ്റ്റസ് എന്നിവയുടെ ഉത്പാദനം 2021-22 നെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്. 2021-22, 2022-23 വർഷങ്ങളിലെ പ്രധാന വന ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.6.3** ൽ നൽകിയിരിക്കുന്നു.

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ തടിയിൽ നിന്നും മറ്റ് വന ഉല്പന്നങ്ങളിൽ നിന്നുമുള്ള വരുമാനത്തിന്റെ ഗതിവിഗതികൾ അനുബന്ധം 3.6.4 ൽ നൽകിയിരിക്കുന്നു. 2020-21 നെ അപേക്ഷിച്ച്, 2022-23 ൽ വന ഉല്പന്നങ്ങളിൽ നിന്നുള്ള അറ്റാദായം 236 കോടിയിൽ നിന്ന് 289 കോടി രൂപയായി ഉയർന്നിട്ടുള്ളതായി കാണാം. തടിയിൽ നിന്നുള്ള വരുമാനത്തിൽ ഉണ്ടായ വർദ്ധനയാണ് ഈ വർദ്ധനവിന് പ്രധാന കാരണം.


2017-18 നും 2022-23 നും ഇടയിൽ വനത്തിൽ നിന്നുള്ള വരുമാനത്തിലെ പ്രവണത **ചിത്രം 3.6.1**ൽ നൽകിയിരിക്കുന്നു. 2017-18 മുതൽ 2018-19 വരെ, വനത്തിൽ നിന്നുള്ള അറ്റാദായം 17 ശതമാനം വർദ്ധിച്ചു. എന്നാൽ 2019-20 ൽ അത് 10.9 ശതമാനമായി കുറയുകയും 2020-21 ൽ 7.5 ശതമാനമായി വീണ്ടും കുറയുകയും ചെയ്തു. 2020-21 നും 2021-22 നും ഇടയിൽ, അറ്റാദായം 15 ശതമാനം കുറഞ്ഞുവെങ്കിലും 2022-23 ൽ ഇത് 44 ശതമാനം വർദ്ധിച്ചിട്ടുള്ളതായി കാണാം.

2022-23 ലെ അടിസ്ഥാന വിലയിൽ മൊത്തം ജി.എസ്.വി.എ യിൽ വനമേഖലയുടേയും ലോഗിംഗിന്റേയും വിഹിതം 0.92 ശതമാനമായിരുന്നു. എന്നാൽ, 2021-22 ൽ ഇത് 0.95 ശതമാനമായിരുന്നു. അതുപോലെ, 2021-22 ൽ 8 ശതമാനമായിരുന്ന ജി.എസ്.ഡി.പി യിലെ പ്രാഥമിക മേഖലയുടെ വിഹിതം 2022-23 ൽ 7.7 ശതമാനമായി കുറഞ്ഞു. ജി.എസ്.വി.എ യിലെ വനമേഖലയുടെ സംഭാവന **അനുബന്ധം 3.6.5** ൽ നൽകിയിരിക്കുന്നു.

### ജൈവവൈവിധ്യ സംരക്ഷണവും സംരക്ഷിത പ്രദേശങ്ങളുടെ പരിപാലനവും

ലോകത്തിലെ 32 ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളിൽ ഒന്നായ കേരളത്തിലെ വനങ്ങൾ, സംരക്ഷിത

**ചിത്രം 3.6.1** 2017-18 മുതൽ 2022-23 വരെയുള്ള വനത്തിൽ നിന്നുള്ള വരുമാനം




അവലംബം: വനം വന്യജീവി വകുപ്പ്, കേരള സർക്കാർ 2023

പ്രദേശങ്ങളുടെ ശൃംഖലയിലൂടെ പരിപാലിക്കപ്പെടുന്നുണ്ട്. 1985 ൽ സ്ഥാപിതമായ വനം വകുപ്പിന്റെ വന്യജീവി വിഭാഗം സംരക്ഷിത പ്രദേശങ്ങളുടേയും, സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള പ്രധാനപ്പെട്ട ജൈവവൈവിധ്യ മേഖലകളുടേയും സംരക്ഷണത്തിലും പരിപാലനത്തിലും ഏർപ്പെട്ടിരിക്കുന്നു. ദേശീയ പാർക്കുകൾ, വന്യജീവി സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നിവ ഉൾപ്പെടുന്ന സംരക്ഷിത മേഖലാ ശൃംഖലയ്ക്ക് കീഴിൽ 3441.2 ചതുരശ്ര കിലോമീറ്റർ വന്യജീവി വിഭാഗം പരിപാലിക്കുന്നുണ്ട്. കേരളത്തിൽ 6 ദേശീയോദ്യാനങ്ങളും 18 വന്യജീവി സങ്കേതങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവുമുണ്ട്. ഇത് സംസ്ഥാനത്തെ വനമേഖലയുടെ 30 ശതമാനത്തോളം വരും. സംസ്ഥാനത്ത് 3 വന്യജീവി സർക്കിളുകളും 11 വൈൽഡ് ലൈഫ് ഡിവിഷനുകളുമുണ്ട്. ജലസ്രോതസ്സുകളുടെ വികസനം, അധിനിവേശ കളകളുടെ ഉന്മൂലനം, ട്രെക്ക് പാതകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനം, ആശയവിനിമയത്തിനുള്ള സൗകര്യം, കാട്ടുതീ നിയന്ത്രണം തുടങ്ങിയവയാണ് ആവാസ വ്യവസ്ഥാ പുനസ്ഥാപന പ്രവൃത്തികളിൽ പ്രധാനപ്പെട്ടത്. വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ, കമ്മ്യൂണിറ്റി റിസർവുകൾ, ബയോസ്ഫിയർ റിസർവുകൾ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.6** ൽ നൽകിയിരിക്കുന്നു.

ജൈവവൈവിധ്യ സംരക്ഷണത്തിന് കീഴിലുള്ള പ്രധാന പ്രവർത്തനങ്ങളിൽ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ, രക്ഷാകേന്ദ്രങ്ങളുടെ പരിപാലനം, കാട്ടുതീ നിയന്ത്രണം, ജലവിഭവപരിപാലനം, വേട്ടയാടൽ വിരുദ്ധ പ്രവർത്തനങ്ങൾ, പരിസ്ഥിതി വികസന പ്രവർത്തനങ്ങൾ, ഗവേഷണം തുടങ്ങിയവ ഉൾപ്പെടുന്നു. വിശദമായ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥകളെ ബന്ധിപ്പിക്കുന്ന വന്യജീവി ഇടനാഴികൾ ഏറ്റെടുക്കൽ വഴി ആവാസ വ്യവസ്ഥകളെ പരിപാലിക്കുന്നു. ജൈവവൈവിധ്യ സംരക്ഷണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നൽകുന്നുണ്ട്. പ്രത്യേകിച്ചും, ജൈവവൈവിധ്യ രജിസ്റ്ററുകളുടെ വികസനത്തിനും പുതുക്കലിനും പിന്തുണ നൽകുന്നതിലൂടെയും കാവുകൾ, കണ്ടൽക്കാടുകൾ മുതലായ തനതായ ആവാസവ്യവസ്ഥകളുടെ സംരക്ഷണത്തിലൂടെയും. സമൃദ്ധമായ ജൈവവൈവിധ്യ സമ്പത്തുള്ള രണ്ട് ബയോസ്ഫിയർ റിസർവുകളായ അഗസ്ത്യമല ബയോസ്ഫിയർ റിസർവും, നീലഗിരി ബയോസ്ഫിയർ റിസർവും കേരളത്തിലുണ്ട്. യുനെസ്കോയുടെ 'മനുഷ്യനും ജൈവമണ്ഡലവും' പദ്ധതി പ്രകാരം 2001 ൽ അഗസ്ത്യമല ബയോസ്ഫിയർ റിസർവും, 1983 ൽ നീലഗിരി ബയോസ്ഫിയർ റിസർവും വിജ്ഞാപനം ചെയ്യപ്പെടുകയുണ്ടായി. ശോഷണം സംഭവിച്ച വനങ്ങളുടെ മെച്ചപ്പെടുത്തലിനു പുറമേ, ചോല വനങ്ങൾ, ചന്ദനക്കാടുകൾ തുടങ്ങിയ സവിശേഷ പരിസ്ഥിതി വ്യവസ്ഥകളുടെ സംരക്ഷണവും ഈ പ്രോഗ്രാമിന് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജൈവവൈവിധ്യ സംരക്ഷണത്തിൽ പരിസ്ഥിതി ബോധവും ഉത്തരവാദിത്വമുള്ള പൗരന്മാരെയും പൗര സംഘങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ 'പ്രകൃതി മിത്ര' അവാർഡ് ഏർപ്പെടുത്തുകയുണ്ടായി.

### സുസ്ഥിര പരിസ്ഥിതി സൗഹൃദ ടൂറിസം

കേരള വനം വകുപ്പ് കഴിഞ്ഞ 25 വർഷങ്ങളായി ഇക്കോടൂറിസം സേവനങ്ങൾ നൽകുന്നുണ്ട്. നിലവിൽ 69 ഇക്കോടൂറിസം കേന്ദ്രങ്ങളുണ്ട്. ഇക്കോടൂറിസം വഴി 1150 കുടുംബങ്ങൾക്ക് നേരിട്ട് തൊഴിൽ നൽകുന്നു. തടിയിതര വന ഉല്പന്നങ്ങളുടെ (എൻ.റ്റി.എഫ്.പി) ശേഖരണവും മൂല്യവർദ്ധനവും ഉൾപ്പെടെ വനവൽക്കരണത്തിൽ തൊഴിലവസരങ്ങൾ നൽകുന്നതിനു പുറമേ, ഇക്കോ-ടൂറിസം പോലുള്ള ബദൽ ഉപജീവന മാർഗ്ഗങ്ങൾക്കുള്ള അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. (വിശദാംശങ്ങൾ 5.3 ടൂറിസം വിഭാഗത്തിൽ നൽകിയിരിക്കുന്നു).

### സാമൂഹിക വനവത്ക്കരണവും നഗരവനവൽക്കരണവും

സംസ്ഥാനത്തെ ജനസംഖ്യാ വളർച്ചയും തൽഫലമായുണ്ടാകുന്ന ജനസാന്ദ്രതയും നഗര/അർദ്ധ നഗര പ്രദേശങ്ങളിലെ പൊതുസ്ഥലങ്ങളിൽ കൂടുതൽ ഹരിത ഇടങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. നഗരവനം പദ്ധതിയിലൂടെ വനംവകുപ്പ് നഗര അർദ്ധ നഗര പ്രദേശങ്ങളിൽ തുണ്ടുവനങ്ങൾ ഉണ്ടാക്കി; 2022-23 ൽ 17 നഗരവനങ്ങൾ സ്ഥാപിച്ചു. വനസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിനും കുട്ടികളെ പ്രകൃതിയുമായി ബന്ധിപ്പിക്കുന്നതിനുമായി വകുപ്പ് സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചു. 2022-23 ൽ സ്കൂളുകളിൽ 166 ഫോറസ്ട്രി ക്ലബ്ബുകൾ ആരംഭിച്ചു. നിലവിൽ സംസ്ഥാനത്തുടനീളം 1131 ഫോറസ്ട്രി ക്ലബ്ബുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാനും വിപുലീകരിക്കാനുമുള്ള വകുപ്പിന്റെ ഒരു സംരംഭമാണ് 'മിഷൻ ഫോറസ്ട്രി ക്ലബ്ബുകൾ'. സ്കൂളുകളിലും കോളേജുകളിലും വിദ്യാവനം (കുട്ടി വനങ്ങൾ) എന്ന പേരിൽ മിനിയേച്ചർ ഫോറസ്റ്റ് സ്ഥാപിക്കുന്നതാണ് ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിലൊന്ന്, സോഷ്യൽ ഫോറസ്ട്രി വിംഗ് 2022-23 ൽ 28 വിദ്യാവനങ്ങൾക്ക് രൂപം കൊടുത്തു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ തൈകൾ വളർത്താൻ 'വൃക്ഷസമൃദ്ധി' പദ്ധതി നടപ്പാക്കി. ഈ പരിപാടിയ്ക്ക് കീഴിൽ 2022-23 ൽ 23.4 ലക്ഷം തൈകൾ ഉത്പാദിപ്പിച്ചു. വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിംഗ് 13.4 ലക്ഷം തൈകൾ നട്ടു വളർത്തി. കേരളത്തെ ഹരിതാഭമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വനം വകുപ്പിന്റെ ഹരിതകേരളം പദ്ധതിയ്ക്ക് തുടക്കമിട്ടത്. ഈ പദ്ധതിയിലൂടെ സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സൗജന്യമായി തൈകൾ വിതരണം ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ, പൊതുജനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് സബ്സിഡി നിരക്കിൽ തൈകൾ വിതരണം ചെയ്യുന്നതും പദ്ധതിയിൽ ഉൾപ്പെടുന്നു. ഹരിതകേരളം പദ്ധതിയുടെ പതിമൂന്നാം ഘട്ടം 2021-22 ൽ നടപ്പാക്കി, ഇതിനായി 46.6 ലക്ഷം തൈകൾ വിതരണത്തിനായി വളർത്തി. സോഷ്യൽ ഫോറസ്ട്രി വിംഗ് വഴി വിതരണം ചെയ്യുന്ന തൈകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.7** ൽ കൊടുത്തിട്ടുണ്ട്.

### ഗാർഹിക തോട്ടങ്ങൾ

കാടുകൾക്ക് പുറത്തുള്ള മരങ്ങളുടെ ഗണത്തിൽ കാർഷിക തോട്ടവിളകൾ, ഗാർഹിക തോട്ടങ്ങൾ, ഫാം ഫോറസ്ട്രി, കാവുകൾ, നഗര ഹരിത ഇടങ്ങൾ എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന ഭൂവിനിയോഗങ്ങൾ ഉൾപ്പെടുന്നു. അതിൽ നല്ലൊരു ഭാഗവും സ്വകാര്യ ഭൂമിയിലാണ്. റബ്ബർ തോട്ടങ്ങളും ഗാർഹിക തോട്ടങ്ങളും ചേർന്ന് സംസ്ഥാനത്തെ തടി വിതരണത്തിന്റെ 82 ശതമാനവും സംഭാവന ചെയ്യുന്നു. വനങ്ങളുടെ സംഭാവന 1.6 ശതമാനം മാത്രമാണ്. തടി ഉല്പാദനത്തിൽ ഗാർഹിക തോട്ടങ്ങളുടെ വിഹിതം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയുക വഴി വനങ്ങളുടെ പാരിസ്ഥിതിക സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും കേരള കാർഷിക സർവ്വകലാശാലയുടേയും മറ്റ് സ്ഥാപനങ്ങളുടേയും സാങ്കേതിക വൈദഗ്ധ്യത്തോടെയും ഗാർഹിക തോട്ടങ്ങളിൽ നിന്നുള്ള തടി ഉല്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി നടപ്പിലാക്കി വരുന്നു. 2022-23 ൽ സ്വകാര്യ ഭൂമിയിൽ കൂടുതൽ മരങ്ങൾ നട്ടു വളർത്തുക, തടി ഉല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കർഷകർക്ക് ക്യാഷ് ഇൻസെന്റീവ് നൽകുന്ന പരിപാടിയിൽ 42 അപേക്ഷകൾ തെരഞ്ഞെടുത്തു. കാവുകളുടെ ഭാഗമായി 2022-23 ൽ 54 കാവുകൾ തെരഞ്ഞെടുത്തു. പരിസ്ഥിതി വ്യവസ്ഥ സേവനങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കണ്ടൽക്കാടുകളുടെ ഉടമകൾക്ക് ഏക്കറിന് 4000 രൂപ നിരക്കിൽ പ്രോത്സാഹനം നൽകുകയുണ്ടായി. ജൈവവൈവിധ്യ സംരക്ഷണ പരിപാടിയ്ക്ക് കീഴിൽ വനമിത്ര അവാർഡുകൾ ഏർപ്പെടുത്തുകയും 2022-23ൽ 14 അപേക്ഷകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

ആഗോള താപനത്തെ പ്രതിരോധിക്കുന്നതിനും കാർബൺ വേർതിരിക്കൽ പ്രോത്സാ ഹിപ്പിക്കുന്നതിനുമായി പ്രധാനപ്പെട്ട റോഡുകൾ, സ്ഥാപനങ്ങൾ, പാതകൾ എന്നിവയുടെ വശങ്ങളിൽ തൈകൾ നട്ടുപിടിപ്പിച്ച് വനമേഖലയ്ക്ക് പുറത്തുള്ള വനവൽക്കരണം പ്രോത്സാഹിപ്പിച്ചു. പ്രധാനപ്പെട്ട അരുവികൾ, നദികൾ എന്നിവയുടെ തീരത്ത് മുളകൾ നട്ട് പ്രോത്സാഹിപ്പിക്കുന്നതു വഴി ജലാശയങ്ങളെ സംരക്ഷിക്കുന്നതിന് ലക്ഷ്യമിടുന്നു. പരമ്പരാഗത സിൽവിക്കൾച്ചറൽ രീതികൾ വഴി പ്രധാനപ്പെട്ടതും അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായ വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുന്നതിനും പരിസ്ഥിതി സേവനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം നൽകുന്നതിനുമായി സ്ഥിരം ജില്ലാ നഴ്സറി പദ്ധതി നടപ്പാക്കി. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കോഴിക്കോട്, കാസർകോട് എന്നിവിടങ്ങളിൽ ജില്ലാ സ്ഥിരം നഴ്സറികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

### വനാവകാശ നിയമത്തിന്റെ അംഗീകാരം

2006 ലെ വനാവകാശ നിയമം വനവാസി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടേയും ആശ്രിത സമൂഹങ്ങളുടേയും അവകാശങ്ങളും സുസ്ഥിരമായ ഉപയോഗത്തിനും സംരക്ഷണത്തിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുമുള്ള ഉത്തരവാദിത്വവും അധികാരവും അംഗീകരിക്കുന്നു. വനാവകാശ നിയമം നടപ്പാക്കാനുള്ള ചുമതല സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസനവകുപ്പിൽ നിക്ഷിപ്തമാണ്. റവന്യൂ, വനം വകുപ്പുകൾ ആവശ്യമായ സഹായങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്ത് 511 ഗ്രാമസഭകൾ, 14 സബ് ഡിവിഷണൽ കമ്മിറ്റികൾ, 12 ജില്ലാതല കമ്മിറ്റികൾ എന്നിവയിലൂടെയാണ് നിയമം നടപ്പാക്കുന്നത്. നിയമപ്രകാരം വികസനാവകാശം നൽകേണ്ടത് വനംവകുപ്പിന്റെ കടമയാണ്. 2023 ജൂലൈ വരെ 28621 വ്യക്തിഗത അവകാശങ്ങളും 224 കമ്മ്യൂണിറ്റി അവകാശങ്ങളും 535 വികസന അവകാശങ്ങളും നൽകിയിട്ടുണ്ട്. വ്യക്തിഗത അവകാശങ്ങളുടെ എണ്ണം ഇടുക്കി ജില്ലയിലാണ് (8488) ഏറ്റവും കൂടുതൽ. കമ്മ്യൂണിറ്റി അവകാശങ്ങൾ വയനാട് ജില്ലയിലും (131), വികസന അവകാശങ്ങൾ തിരുവനന്തപുരം ജില്ലയിലുമാണ് കൂടുതൽ.

### വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം

വനത്തെ ആശ്രയിക്കുന്ന ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനംവകുപ്പ് ബന്ധപ്പെട്ട വകുപ്പുകളുമായും ഏജൻസികളുമായും സഹകരിച്ച് വിവിധ പരിപാടികൾ നടപ്പാക്കുന്നുണ്ട്. വനവിഭവങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിന്റെ ഭാഗമായി അത്യുല്പാദനശേഷിയുള്ള കന്നുകാലികളുടെ വിതരണവും, തയ്യൽ മെഷീനുകൾ വിതരണം ചെയ്യുന്നതിലൂടെയുള്ള ബദൽ ഉപജീവനമാർഗ്ഗവും പ്രോത്സാഹിപ്പിക്കുന്നു. ഇന്ധനത്തിനായി വനം ചൂഷണം ചെയ്യുന്നത് തടയുന്നതിന്റെ ഭാഗമായി സോളാർ വിളക്കുകൾ, പുകയില്ലാത്ത ചൂളകൾ, എൽ.പി.ജി, ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം എന്നിവയ്ക്ക് സഹായം നൽകുന്നുണ്ട്. ചെറുകിട വന ഉല്പന്നങ്ങളുടെ (എം.എഫ്.പി) ശേഖരണം സൗജന്യമായി നൽകികൊണ്ടാണ് ആദിവാസി ജനവിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ശ്രമിക്കുന്നത്. തടിയിതര വനവിഭവങ്ങളുടെ (എൻ.റ്റി.ഇ.പി) പരിപാലന രീതികൾ നവീകരിക്കുന്നതിന്റെ ഭാഗമായി തടസ്സമില്ലാത്തതും അപ്ഡേറ്റ് ചെയ്യുതുമായ വിവരങ്ങൾക്കായി ഒരു വെർച്വൽ ഗോഡൗൺ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആദിവാസി സമൂഹങ്ങൾ ശേഖരിക്കുന്ന തടിയിതര വനവിഭവങ്ങൾ 'വനശ്രീ' എന്ന ബ്രാൻഡിലാണ് വിപണനം ചെയ്യുന്നത്. നിലവിൽ, രണ്ട് മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 71 യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

1988 ലെ ദേശീയ വനനയം വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുമായി പ്രത്യേകിച്ച്, ആദിവാസി ജനവിഭാഗങ്ങളുമായി പങ്കാളിത്ത ക്രമീകരണങ്ങളിലൂടെ വനങ്ങൾ പരിപാലിക്കാൻ വിഭാവനം ചെയ്യുന്നു. ടെറിട്ടോറിയൽ ഫോറസ്റ്റ് ഡിവിഷനുകളിൽ വനസംരക്ഷണ സമിതി ഉൾപ്പെടെയുള്ള ഗ്രാസ് റൂട്ട് ലെവൽ സ്ഥാപനങ്ങളും വന്യജീവി ഡിവിഷനുകളിൽ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും (ഇ.ഡി.സി) രൂപീകരിച്ച് 1998 ൽ പങ്കാളിത്ത വനപരിപാലനം (പി.എഫ്.എം) ആരംഭിച്ചു. ഓരോ വന സംരക്ഷണ സമിതിയിലും (വി.എസ്.എസ്), ഇ.ഡി.സി യിലും 200 മുതൽ 300 വരെ വനത്തെ ആശ്രയിക്കുന്ന കുടുംബങ്ങൾ അംഗങ്ങളായിരിക്കും. ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളുടെ (എഫ്.ഡി.എ) മാർഗ്ഗനിർദ്ദേശത്തിന് കീഴിലാണ് വി.എസ്.എസും, ഇ.ഡി.സി യും പ്രവർത്തിക്കുന്നത്. പങ്കാളിത്ത വനപരിപാലന പരിപാടിയിലൂടെ വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളെ പിന്തുണയ്ക്കുന്നതിനായി ഫോറസ്റ്റ് ഡിവിഷൻ തലത്തിലുള്ള വി.എസ്.എസ് കളുടേയും ഇ.ഡി.സി കളുടേയും ഫെഡറേഷനാണ് ഇത്. നിലവിൽ 36 ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾക്ക് കീഴിൽ സംസ്ഥാനത്തുടനീളം 213 ഇ.ഡി.സി കളും വി.എസ്.എസ് കളും രൂപീകരിച്ചിട്ടുണ്ട്. വനങ്ങളുടെ സംരക്ഷണത്തിലും പരിപാലനത്തിലും പ്രാദേശിക സമൂഹങ്ങളെ ഉൾപ്പെടുത്തുക എന്നതാണ് വനവികസന ഏജൻസികളുടെ ലക്ഷ്യം. വനങ്ങളുടെ ഫലപ്രദമായ സംരക്ഷണത്തിനായി സംയോജിത വനവികസനം, ഗ്രാമീണ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നീ രണ്ട് സമീപനങ്ങളെ ബന്ധിപ്പിക്കുക എന്നതാണ് വനവികസന ഏജൻസികളുടെ പ്രധാന ലക്ഷ്യം.

ചെറുകിട വനവിഭവങ്ങൾക്കുള്ള (എം.എഫ്.പി) മിനിമം താങ്ങുവില (എം.എസ്.പി) എന്ന പദ്ധതി വനവിഭവങ്ങൾ ശേഖരിക്കുന്നവർക്ക് അവരുടെ ഉപജീവനത്തിന്റെ ഭാഗമായി വനവിഭവ ശേഖരണത്തിനും മൂല്യവർദ്ധനയ്ക്കുള്ള പരിശ്രമത്തിനും ന്യായമായ വരുമാനം ഉറപ്പാക്കുന്നു. 2022-23 ൽ തേൻ ഉൾപ്പെടെ സംസ്ഥാനത്ത് ലഭ്യമായ 26 ചെറുകിട വനവിഭവങ്ങൾ പദ്ധതിയുടെ ഭാഗമായിരുന്നു. ചെറുകിട ചില്ലറ വിപണനത്തെയും മൂല്യവർദ്ധനയെയും പിന്തുണയ്ക്കുന്നതിനായി ട്രൈബൽ അഫയേഴ്സ് മന്ത്രാലയം (ഇന്ത്യാ ഗവൺമെന്റ്) ആരംഭിച്ചതാണ് വൻ ധൻ വികാസ് കേന്ദ്രങ്ങൾ (വി.ഡി.വി.കെ). സംസ്ഥാന വനവികസന ഏജൻസി 44 ഉല്പന്നങ്ങളുടെ വിപണനത്തിനായി 31 വൻധാൻ വികാസ് കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഇക്കോ ഡെവലപ്മെന്റ് പ്രോഗ്രാമിന് കീഴിലുള്ള പ്രവർത്തനങ്ങൾ ആദിവാസി മേഖലകളിലെ വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

### നവകേരള നിർമാണ വികസന പദ്ധതിയുടെ (ആർ.കെ.ഡി.പി) കീഴിലുള്ള സംരംഭങ്ങൾ

സംസ്ഥാനത്തെ പ്രളയബാധിത പ്രദേശങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള നവ കേരള നിർമാണ വികസന പദ്ധതിയുടെ (ആർ.കെ.ഐ) ഭാഗമായി വനമേഖലകളിൽ വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സ്വകാര്യ ജനവാസ കേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കൽ, കണ്ടൽക്കാടുകൾ, സ്വകാര്യ എസ്റ്റേറ്റുകൾ എന്നിവയുടെ ഏറ്റെടുക്കൽ തുടങ്ങിയവയാണ് പദ്ധതി വിഭാവനം ചെയ്തത്. 2023 ആഗസ്റ്റ് വരെ 536 കുടുംബങ്ങളെ പദ്ധതി പ്രകാരം മാറ്റിപാർപ്പിക്കുകയും ഇതിനായി 60.2 കോടി

രൂപ ചെലവഴിക്കുകയും ചെയ്തു. റോസ്മലയിലെയും കട്ടിലപ്പാറയിലെയും സ്വകാര്യ സെറ്റിൽമെന്റുകളിൽ നിന്നുള്ള നിവാസികളുടെ 'സമ്മതത്തോടെയുള്ള മാറ്റിപാർപ്പിക്കൽ' എന്ന പേരിൽ ആർ.കെ.ഡി.പി യുടെ കീഴിൽ ശെന്തുരുണി വന്യജീവി സങ്കേതത്തിൽ പദ്ധതി നടപ്പാക്കുകയും ഇതിനായി അഞ്ച് ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും ചെയ്തു. പ്രത്യേക നിക്ഷേപ പദ്ധതിയ്ക്ക് (കിഫ്ബി) കീഴിൽ 100.6 കോടി രൂപ ചെലവിൽ 'മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് തെരഞ്ഞെടുത്ത വനാതിർത്തി പ്രദേശങ്ങളിൽ ഫെൻസിങ്' എന്ന പദ്ധതി വകുപ്പ് നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം 2023 ഓഗസ്റ്റ് വരെ 94.2 കിലോമീറ്ററിൽ സോളാർ ഫെൻസിംഗ്, 710 മീറ്റർ കാട്ടാനപ്രതിരോധ ഭിത്തി, 10 കിലോമീറ്റർ റെയിൽ വേലി എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ വയനാട് വന്യജീവി സങ്കേതത്തിലും നോർത്ത് വയനാട് ഡിവിഷനിലും അധിനിവേശ കളകളെ തുടച്ചുനീക്കികൊണ്ട് ശോഷണം സംഭവിച്ച വനങ്ങളുടെ പരിസ്ഥിതി പു:നസ്ഥാപിക്കൽ പുരോഗമിക്കുന്നു. കണ്ടൽക്കാടുകളുടെ സംരക്ഷണം, വനം-പരിസ്ഥിതി വ്യവസ്ഥകളുടെ ഹൈഡ്രോളജിക്കൽ സേവനങ്ങൾ തുടങ്ങിയ സാധ്യതാ പഠനങ്ങളും പുരോഗമിക്കുന്നു.

**പതിനാലാം പഞ്ചവത്സര പദ്ധതിയിലെ സംരംഭങ്ങൾ**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി, സംസ്ഥാന ആസൂത്രണ ബോർഡ് പരിസ്ഥിതിയും വനവും സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയും, മനുഷ്യ-വന്യജീവി ഇടപെടലുകൾ, വനാവകാശ നിയമം, വനങ്ങളുടെ സുസ്ഥിര പരിപാലനം എന്നിവയ്ക്കായി പ്രത്യേക വിദഗ്ദ്ധ ഉപഗ്രൂപ്പുകൾ (ഇ.എസ്.ജി) രൂപീകരിക്കുകയും ചെയ്തിരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന മേഖലകൾ, വന ആവാസ വ്യവസ്ഥകൾ, കാർഷിക-ആവാസ വ്യവസ്ഥകൾ, കുന്നുകൾ മുതൽ താഴ്വരകൾ വരെ ഉൾക്കൊള്ളുന്ന നീർത്തടങ്ങൾക്കായുള്ള സമഗ്ര കർമ്മപദ്ധതികളുടെ വികസനം എന്നിവ ഉൾപ്പെടുന്നു. ജൈവവൈവിധ്യ സംരക്ഷണത്തിനും, വന്യജീവി സംരക്ഷണത്തിനും, വനത്തിനുള്ളിലെ മനുഷ്യഇടപെടലുകൾ നിരുത്സാഹപ്പെടുത്തുന്നതിനും, സുപ്രധാന ആവാസവ്യവസ്ഥകളുടെ നാശം കുറയ്ക്കുന്നതിനുമായി വന്യജീവി ഇടനാഴികൾ വൃത്തിയാക്കുന്നതിനുമുള്ള ശ്രമങ്ങളെ പദ്ധതി പ്രോത്സാഹിപ്പിക്കും.

മനുഷ്യ-വന്യജീവി സംഘർഷങ്ങളെ സങ്കീർണ്ണമായ പ്രശ്നം എന്ന നിലയിൽ അവ പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളെ പദ്ധതി പിന്തുണയ്ക്കുന്നതാണ്. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സമീപകാലങ്ങളിൽ വർദ്ധിച്ചു വരുന്നതുകൊണ്ട് ഉയർന്ന നഷ്ടപരിഹാരം ആവശ്യമാണ്. ദീർഘ-ഹ്രസ്വകാല പ്രതിരോധ-ലഘൂകരണ നടപടികൾ ഉൾക്കൊള്ളുന്ന മനുഷ്യ-വന്യജീവി ഇടപെടലിനെക്കുറിച്ചുള്ള സമഗ്രമായ തന്ത്രത്തിന്റെ രൂപകല്പനയും നടപ്പാക്കലുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഹോട്ട്സ്പോട്ട് മേഖലകളിൽ റാപ്പിഡ് റെസ്പോൺസ് ടീമിനെ (ആർ.ആർ.ടി) വിന്യസിക്കുന്നുണ്ട്. നിലവിൽ കണ്ണൂർ, വയനാട്, കോഴിക്കോട്, നിലമ്പൂർ, പാലക്കാട്, മണ്ണാർക്കാട്, റാന്നി, പേപ്പാറ എന്നിവിടങ്ങളിൽ അവർ നിലയുറപ്പിച്ചിട്ടുണ്ട്. കാസർഗോഡ്, കൽപ്പറ്റ, പുനലൂർ, പീരുമേട്, ചാലക്കുടി, മൂന്നാർ, അട്ടപ്പാടി, കോന്നി എന്നിവിടങ്ങളിലായി എട്ട് ആർ.ആർ.ടി കൾ കൂടി താല്കാലികമായി സ്ഥാപിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗസംഘർഷം ചെറുക്കുന്നതിന് പദ്ധതി കാലയളവിൽ 75 കിലോമീറ്റർ വീതം സോളാർ ഫെൻസിംഗും സോളാർ ഹാംഗിംഗ് ഫെൻസിംഗും, 500 കിലോമീറ്റർ സോളാർ വേലികളുടെ അറ്റകുറ്റപ്പണികൾ എറ്റെടുക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. സ്വമേധയാ മാറി താമസിക്കാൻ ആഗ്രഹമുള്ളതും അർഹതയുള്ളതുമായ 500 കുടുംബങ്ങളെ ആർ.കെ.ഐ, കിഫ്ബി രണ്ടാം ഘട്ടം വഴി മാറ്റിപാർപ്പിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്.

വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ, സ്വാശ്രയ സംഘങ്ങൾ, സുസ്ഥിര ഇക്കോ ടൂറിസം, പരിസ്ഥിതി വികസനം എന്നിവയിലൂടെ വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പ്രാധാന്യം നൽകുന്നതാണ്. കേരളത്തിലെ വനങ്ങളിലും പരിസരങ്ങളിലുമായി 725 ആദിവാസി സെറ്റിൽമെന്റുകളുണ്ട്. വൈദ്യുത കണക്ഷനുകൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ നോൺ ഗ്രിഡ് സോളാർ പവർ കണക്ഷനുകൾ നൽകാൻ പദ്ധതിയിട്ടിട്ടുണ്ട്. വനാവകാശ നിയമത്തിലെ വിദഗ്ദ്ധ ഉപഗ്രൂപ്പ് ശുപാർശ ചെയ്യുന്നതുപോലെ, വനാവകാശ ക്ലെയിമുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതാണ്.

ഇക്കോടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വനനിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നിലവിലുള്ള ഇക്കോ ടൂറിസം സൈറ്റുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്. ശോഷണം സംഭവിച്ച വനങ്ങളുടെ പരിസ്ഥിതി പുനരുദ്ധാരണത്തിനും പരദേശ ജീവിവർഗ്ഗങ്ങളുടെ ഉന്മൂലനത്തിന്റെയും ഭാഗമായി, വടക്കൻ വയനാട്, വയനാട് വന്യജീവി ഡിവിഷനുകളിലെ 1650 ഹെക്ടറിൽ 'സെന്ന സ്പെക്ടബിലിസ്' (മഞ്ഞ കൊന്ന) നിർമാർജ്ജനം വകുപ്പ് നടപ്പാക്കുന്നുണ്ട്.

# 3.7 പരിസ്ഥിതി

കാലാവസ്ഥാ വ്യതിയാനം ആഗോളതലങ്ങളിൽ ജനസമൂഹത്തെ നേരിട്ട് ബാധിക്കുന്നതോടൊപ്പം പരിസ്ഥിതിയ്ക്ക് തന്നെയും വലിയ ഭീഷണിയായി മാറിയിരിക്കുകയാണ്. 2018 ൽ ഇന്റർഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ.പി.സി.സി), 2010 നെ അടിസ്ഥാനപ്പെടുത്തി 2030 ഓടെ ഹരിതഗൃഹ വാതക (ജി.എച്ച്.ജി) ബഹിർഗമനം പകുതിയായി കുറയ്ക്കണമെന്നും അതുവഴി ആഗോളതാപനിലയിലെ വർദ്ധനവ് $1.5^0$ സെൽഷ്യസ് ആയി പരിമിതപ്പെടുത്താമെന്നും മുന്നറിയിപ്പ് നൽകി. എന്നാൽ കാർബൺ ബഹിർഗമനം വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ ഐ.പി.സി.സി നിർദ്ദേശിച്ച പരിധിക്കുള്ളിൽ നിർത്താനുള്ള കാർബൺ ബജറ്റ് കുറഞ്ഞു വന്നു. 2023-ൽ പ്രസിദ്ധീകരിച്ച ഐ.പി.സി.സി യുടെ സിന്തസിസ് റിപ്പോർട്ട് ആഗോളതാപനിലയിലെ വർദ്ധനവ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ $1.5^0$ സെൽഷ്യസിൽ കവിയുമെന്നും അത് $2^0$ സെൽഷ്യസിൽ പരിമിതപ്പെടുത്തുന്നത് ബുദ്ധിമുട്ടാകുമെന്നും മുന്നറിയിപ്പ് നൽകുന്നു.

ലോക ഭക്ഷ്യ-കാർഷിക സംഘടന (എഫ്.എ.ഒ), പുനരുപയോഗിക്കാനാവാത്ത വസ്തുക്കളുടെ അമിതമായ ഉപയോഗം കാലാവസ്ഥയ്ക്കും ജൈവവൈവിധ്യത്തിനും പരിസ്ഥിതിയ്ക്കും ഭീഷണിയാണെന്ന് "ഗ്ലോബൽ ഫോറസ്റ്റ് സെക്ടർ ഔട്ട്‌ലുക്ക് 2050" ലൂടെ മുന്നറിയിപ്പ് നൽകുന്നു. ഐക്യരാഷ്ട്ര സംഘടന ഉൾപ്പെടെയുള്ള അന്താരാഷ്ട്ര ഏജൻസികളും ആഗോളതലത്തിൽ സർക്കാരുകളും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയിട്ടുണ്ട്. ലോകബാങ്കിന്റെ 'പ്രകൃതിയുടെ അതിരുകൾ: സുസ്ഥിരത, കാര്യക്ഷമത, സമൃദ്ധി തുടങ്ങിയവ പ്രകൃതി മൂലധനത്തിലൂടെ' എന്ന റിപ്പോർട്ടിൽ, കാര്യക്ഷമതയിലെ അന്തരം എല്ലാ രാജ്യങ്ങളിലും നിലനിൽക്കുന്നുണ്ടെന്നും ഇത് ക്രമീകരിക്കുന്നതിലൂടെ ആരോഗ്യം, ഭക്ഷ്യ-ജല സുരക്ഷ, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ ലോകത്തിലെ നിരവധി സാമ്പത്തിക, പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്നും ചൂണ്ടിക്കാട്ടുന്നു. ഹരിതഗൃഹ വാതക ബഹിർഗമനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര നാണ്യനിധി 2010 മുതൽ ഗോൾഡ് സ്റ്റാൻഡേർഡ്, സർട്ടിഫൈഡ് എമിഷൻ റിഡക്ഷൻ (സി.ഇ.ആർ) യൂണിറ്റുകൾ വാങ്ങി, യു.എൻ കാലാവസ്ഥാ വ്യതിയാന ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസത്തിന് (സി.ഡി.എം) കീഴിൽ വികസ്വര രാജ്യങ്ങളിലെ പ്രോജക്ടുകളെ പിന്തുണയ്ക്കുന്നുണ്ട്. സി.ഡി.എം പദ്ധതികൾ ഹരിതഗൃഹ വാതക ബഹിർഗമനം കുറയ്ക്കുക മാത്രമല്ല സുസ്ഥിര വികസനത്തെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്.

ലോകത്തിലെ 36 ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളിൽ, ഹിമാലയം, പശ്ചിമഘട്ടം, വടക്ക്-കിഴക്ക്, നിക്കോബാർ ദ്വീപുകൾ തുടങ്ങിയ നാലെണ്ണം ഇന്ത്യയിലാണ്. ഭൗമോപരിതലത്തിന്റെ 2.3 ശതമാനം മാത്രമാണ് ഈ ഹോട്ട്സ്പോട്ടുകൾ പ്രതിനിധീകരിക്കുന്നതെങ്കിലും ലോകത്തിലെ പകുതിയിലധികം പ്രാദേശിക സസ്യജാലങ്ങൾ ഇവിടെ കാണപ്പെടുന്നു. പരിസ്ഥിതി പരിപാലനത്തിനും സംരക്ഷണത്തിനും ഇന്ത്യൻ ഭരണഘടനയിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. ആർട്ടിക്കിൾ 51 – എ (ജി) പ്രകാരം "പ്രകൃതിദത്ത പരിസ്ഥിതി വ്യവസ്ഥകളായ വനങ്ങൾ, തടാകങ്ങൾ, നദികൾ, വന്യജീവികൾ തുടങ്ങിയവയുടെ സംരക്ഷണം, അഭിവൃദ്ധി, ജീവജാലങ്ങളോടുള്ള അനുകമ്പ എന്നിവ ഇന്ത്യയിലെ ഓരോ പൗരന്റേയും കടമയാണ്" എന്ന് വ്യക്തമാക്കുന്നു. ഇന്ത്യയിലെ പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങളെല്ലാം തന്നെ വായു-ജല മലിനീകരണം, വനനശീകരണം, മരുഭൂമിവത്ക്കരണം, മാലിന്യ

സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ടവയാണ്. യേൽ സെന്റർ ഫോർ എൻവയോൺമെന്റൽ ലോ ആൻഡ് പോളിസിയുടെ 2022 ലെ എൻവയോൺമെന്റൽ പെർഫോമൻസ് ഇൻഡക്സ് (ഇ.പി.ഐ) അനുസരിച്ച് ഇന്ത്യ ഇക്കോസിസ്റ്റം വൈറ്റാലിറ്റിയിൽ 178-ാം സ്ഥാനത്തും, ആരോഗ്യ സൂചികയിൽ 178-ാം സ്ഥാനത്തും, കാലാവസ്ഥാ നയത്തിൽ 165-ാം സ്ഥാനത്തുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആഗോള സുസ്ഥിരാവസ്ഥയുടെ സ്ഥിതി വിവര അവലംബിത സംഗ്രഹം ഇ.പി.ഐ നൽകുന്നുണ്ട്.

വൈവിദ്ധ്യമാർന്ന ജൈവസമ്പത്തിനാലും വനങ്ങൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, സമുദ്ര ആവാസവ്യവസ്ഥ തുടങ്ങിയ അതുല്യമായ ആവാസ വ്യവസ്ഥകളാലും സമ്പന്നമായ സംസ്ഥാനമാണ് കേരളം. കാലാവസ്ഥാ വ്യതിയാനം കേരളത്തിന്റെ പരിസ്ഥിതിയ്ക്ക് ഗുരുതരമായ ഭീഷണി ഉയർത്തുന്നതിനാൽ, സമീപകാലത്ത് വികസന ആസൂത്രണത്തിന്റെ ഒരു മുഖ്യ അജണ്ടയായി കാലാവസ്ഥാവ്യതിയാനം മാറിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ തീരപ്രദേശങ്ങൾ, തണ്ണീർത്തടങ്ങൾ, ദുർബല പരിസ്ഥിതി വ്യവസ്ഥകൾ തുടങ്ങിയവയുടെ പാരിസ്ഥിതിക സംരക്ഷണത്തിനും ഭരണനിർവഹണത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഏകോപിത പ്രവർത്തനങ്ങൾക്കും ഗവൺമെന്റ് മുൻഗണന നൽകുന്നതോടൊപ്പം, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ദുർബല ആവാസവ്യവസ്ഥകളോട് ചേർന്ന് ജീവിക്കുന്നവരുടെ ജീവിതനിലവാരത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനും ഊന്നൽ നൽകുന്നുണ്ട്. നിലവിൽ വിവിധ ഏജൻസികളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി പരിപാലനത്തിന്റെ വൈവിധ്യമാർന്ന വശങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്കും മുൻഗണന നൽകേണ്ടതായിട്ടുണ്ട്.

**കാലാവസ്ഥാ വ്യതിയാനം**

കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതിയിലും സാമൂഹിക ജീവിതത്തിലും അഗാധമായ സ്വാധീനം ചെലുത്തുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ഇന്റർഗവൺമെന്റൽ പാനലിന്റെ (ഐ.പി.സി.സി) 'കാലാവസ്ഥാ വ്യതിയാനം 2023: സിന്തസിസ് റിപ്പോർട്ട്' പ്രകാരം കഴിഞ്ഞ 200 വർഷങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ആഗോളതാപനത്തിന് ഉത്തരവാദികൾ മനുഷ്യരാണെന്ന് ആവർത്തിക്കുകയും, അത് വ്യാവസായിക വിപ്ലവത്തിന് മുമ്പുള്ളതിനേക്കാൾ 1.1 ഡിഗ്രി സെൽഷ്യസ് താപനില ഉയരുന്നതിലേയ്ക്ക് നയിച്ചുവെന്നും ചൂണ്ടിക്കാട്ടുന്നു. കാലാവസ്ഥാ വ്യതിയാനം എല്ലാ രാജ്യങ്ങളിലും കാര്യമായ സാമ്പത്തിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുണ്ട്, പ്രത്യേകിച്ചും താഴ്ന്ന വരുമാനമുള്ള വികസ്വര രാജ്യങ്ങളിൽ. അന്താരാഷ്ട്ര നാണ്യനിധിയുടെ അഭിപ്രായത്തിൽ ഇത്തരം രാഷ്ട്രങ്ങളിലെ സാമ്പത്തിക നയങ്ങൾ ആഘാതങ്ങളോട് പ്രതികരിക്കാനുള്ള നയരൂപീകരണത്തിന് തയ്യാറാകുന്നതുൾപ്പെടെ, കാലാവസ്ഥാ ആഘാതങ്ങളെ ഉൾക്കൊള്ളാൻ ഉതകുന്ന തരത്തിൽ മാറേണ്ടതുണ്ട്. യുണൈറ്റഡ് നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാമിന്റെ (യു.എൻ.ഇ.പി) 'ഗ്ലോബൽ ക്ലൈമറ്റ് ലിറ്റിഗേഷൻ റിപ്പോർട്ട്: 2023 സ്റ്റാറ്റസ് റിവ്യൂ', അനുസരിച്ച് കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യ ശോഷണം, മലിനീകരണം തുടങ്ങിയ ആഗോള പ്രതിസന്ധികളെ ചെറുക്കുന്നതിൽ പാരിസ്ഥിതിക നിയമത്തിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കൃഷി, വനം, മത്സ്യബന്ധനം തുടങ്ങിയ കാലാവസ്ഥ സംബന്ധിയായ മേഖലകളെ ആശ്രയിച്ചിരിക്കുന്നതിനാൽ കാലാവസ്ഥാ വ്യതിയാനത്തിന് വളരെയധികം സ്വാധീനമുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനുള്ള ദേശീയകർമ്മപദ്ധതിയുടെ (എൻ.എ.പി.സി.സി) പ്രവർത്തനം 2007-ൽ ആരംഭിക്കുകയും റിപ്പോർട്ട് 2008 ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. കാലാവസ്ഥാ വ്യതിയാനത്തോട് പ്രതികരിക്കാൻ എൻ.എ.പി.സി.സി സൗരോർജ്ജം, ഊർജ്ജ കാര്യക്ഷമത, സുസ്ഥിര കൃഷി, സുസ്ഥിര ആവാസ വ്യവസ്ഥ, ജലം, സുസ്ഥിര ഹിമാലയൻ ഇക്കോ സിസ്റ്റം, ഹരിത ഇന്ത്യ ദൗത്യം, കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനുള്ള പൊരുത്തപ്പെടലും ലഘൂകരണവും ഉൾപ്പെടെയുള്ള കർമ്മപദ്ധതി, തുടങ്ങിയ എട്ട് ദേശീയ ദൗത്യങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

കഴിഞ്ഞ കുറച്ച് വർഷങ്ങളായി പേമാരി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, വരൾച്ച തുടങ്ങിയ പ്രകൃതിദുരന്തങ്ങൾക്ക് കേരളം സാക്ഷിയാകുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ഏകോപനത്തിനുള്ള സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് പരിസ്ഥിതി വകുപ്പ്. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് (ഡി.ഒ.ഇ.സി.സി)ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ, ഏജൻസികൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ കാലാവസ്ഥാവ്യതിയാനം നേരിടുന്നതിന് തയ്യാറാക്കിയ ആദ്യത്തെ കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി (എസ്.എ.പി.സി.സി), 2014 ൽ ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ചു. പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് കാലാവസ്ഥാ വ്യതിയാന സെൽ, സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി പരിഷ്ക്കരിക്കുകയും 2023 ജനുവരിയിൽ സംസ്ഥാന സർക്കാർ അംഗീകരിക്കുകയും ചെയ്തു.

ദേശീയ അന്തർദേശീയ ബന്ധങ്ങൾ സ്ഥാപിച്ചുകൊണ്ട് സംസ്ഥാനത്തെ കാലാവസ്ഥാ പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദു എന്ന നിലയിലാണ് കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി 2.0 വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ വിവിധ പങ്കാളികൾ (Stake holders)തമ്മിലുള്ള ഏകോപനത്തിനുള്ള വഴിയായും പ്രവർത്തിക്കുന്നു. ഇത് കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകടസാധ്യതയെ അഭിസംബോധന ചെയ്യുന്ന തോടൊപ്പം പ്രതിരോധശേഷി ഉറപ്പാക്കുകയും

ചെയ്യുന്നു. പ്രത്യേകിച്ച് കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ആരോഗ്യം, ജലവിഭവങ്ങൾ, വനങ്ങൾ, ജൈവവൈവിധ്യം തുടങ്ങിയ മേഖലകളിൽ. പൊരുത്തപ്പെടലിനും ലഘൂകരണത്തിനുമുള്ള തന്ത്രങ്ങളും ഇടപെടലുകളും ഡയറക്ടറേറ്റ് 2023-30 കാലയളവിലേയ്ക്കാണ് തയ്യാറാക്കിയിരിക്കുന്നത്.

പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച്, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിലെ സംസ്ഥാന കാലാവസ്ഥാ വ്യതിയാന സെൽ പുതുക്കിയ സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കാർബൺ ന്യൂട്രൽ ഇനിഷ്യേറ്റീവിന്റെ ഭാഗമായി 2050-ഓടെ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുന്നതിന്, ഹരിതഗൃഹവാതകങ്ങളുടെ ഇൻവെന്ററി കണക്കാക്കുന്നതു സംബന്ധിച്ച ഒരു കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് കാലാവസ്ഥാ വ്യതിയാന സെൽ സംഘടിപ്പിച്ചു. അതിലൂടെ ഹരിതഗൃഹവാതക ബഹിർഗമനം കണക്കാക്കുന്നതിനുള്ള രീതിശാസ്ത്രത്തിന് രൂപം കൊടുത്തിട്ടുണ്ട്. പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2022-23 ൽ 70 ഭൂമിത്രസേന ക്ലബ്ബുകൾക്ക് ആവർത്തന മൂലധനം നൽകുകയുണ്ടായി. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 'പാരിസ്ഥിതികം' പദ്ധതിയിലൂടെ ആറ് സംഘടനകൾക്കും പരിസ്ഥിതി വിഷയങ്ങളിൽ ശിൽപശാലകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നതിന് 10 സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം നൽകുകയുണ്ടായി.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ നേട്ടങ്ങൾക്കും സംഭാവനകൾക്കും വ്യക്തികളേയും സംഘടനകളേയും ആദരിക്കുന്നതിനുള്ള സംസ്ഥാനതല പരിസ്ഥിതി മിത്രം അവാർഡുകൾ (2022) ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മാനിച്ചു. കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി ഗവേഷണം, കാലാവസ്ഥയെ പ്രതിരോധിക്കുന്ന കൃഷി പദ്ധതികൾ എന്നീ മേഖലകളിൽ 27 പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

'കാലാവസ്ഥാ വ്യതിയാനം' പദ്ധതി പ്രകാരം ഗ്രിഡുമായി ബന്ധിപ്പിച്ച സൗരോർജ്ജ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷൻ കൊല്ലത്തും, തിരുവനന്തപുരത്തെ അമ്പൂരി വില്ലേജിലെ പൊതു കെട്ടിടങ്ങൾ, വീടുകൾ എന്നീവിടങ്ങളിൽ 100 മഴവെള്ള സംഭരണികൾ/ അക്വിഫർ റീചാർജിംഗ് നിർമിതികൾ സ്ഥാപിച്ചു. സംസ്ഥാനത്തെ തണ്ണീർത്തട വിജ്ഞാപനത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ജില്ലാതല കൺസൾട്ടേഷൻ യോഗം നടത്തി.

റാംസർ തണ്ണീർത്തടങ്ങളുടെ പരിപാലനത്തിൽ 'വെറ്റ്ലാന്റ് മിത്രാസ്' എന്ന പ്രദേശിക ശാസ്ത്ര കൂട്ടായ്മയുടെ സംഭാവന ഉറപ്പാക്കാൻ ഇന്റഗ്രേറ്റഡ് വെറ്റ്ലാന്റ് ഇൻവെന്ററി അസസ്മെന്റ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം (ഡബ്ല്യൂ.ഐ.എ.എം.എസ്) എന്ന വെബ് പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചെടുത്തു. വേമ്പനാട്ട്-കോൾ തണ്ണീർത്തടത്തിന്റെ സംയോജിത പരിപാലന പദ്ധതിയുടെ കരട് റിപ്പോർട്ട് തയ്യാറാക്കുകയും ശാസ്താംകോട്ട തണ്ണീർത്തടത്തിന്റെ മാനേജ്മെന്റ് ആക്ഷൻ പ്ലാൻ പരിഷ്കരിക്കുകയും ചെയ്തു. കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസിന്റെ സഹായത്തോടെ ശാസ്താംകോട്ട തണ്ണീർത്തടത്തിലെ മത്സ്യ വൈവിധ്യം വിലയിരുത്തുകയും ബാത്തിമെട്രി പഠനം പൂർത്തിയാക്കുകയും ചെയ്തു.

കാലാവസ്ഥയെ പ്രതിരോധിക്കുന്ന കൃഷി പദ്ധതികളിലൂടെ കൊല്ലത്തെ മൺറോ തുരുത്തിൽ ജൈവ ലവണാംശമുള്ള കൃഷിയും തുറന്ന ജലാശയങ്ങളിലെ മീൻ വളർത്തലും പ്രോത്സാഹിപ്പിക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാന പ്രത്യാഘാതങ്ങൾ ഏറെയുള്ള മൺറോ തുരുത്തിൽ സുസ്ഥിര കൃഷിയും ഭൂവിനിയോഗ സംവിധാനങ്ങളും വികസിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും ഗ്രാമപഞ്ചായത്തിന്റേയും കർഷക മത്സ്യത്തൊഴിലാളി സമൂഹങ്ങളുടേയും പങ്കാളിത്തത്തോടെയും നവീകരണങ്ങളിലൂടെയുമുള്ള പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്.

**ജൈവവൈവിധ്യം**

വംശനാശഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ വംശനാശം തടയുക, പ്രകൃതിദത്ത ആവാസവ്യവസ്ഥകളുടെ തകർച്ചയുടെ തോത് കുറയ്ക്കുക, ജൈവവൈവിധ്യത്തെയും ആവാസവ്യവസ്ഥയേയും പ്രതികൂലമായി ബാധിക്കുന്ന സബ്സിഡികൾ, പ്രോത്സാഹനങ്ങൾ എന്നിവ ഇല്ലാതാക്കുക തുടങ്ങിയ 20 ആഗോള ലക്ഷ്യങ്ങളോടെ 'എയ്ചി' ജൈവവൈവിധ്യ ലക്ഷ്യങ്ങൾ, 2011-2020 ആവിഷ്കരിച്ചു. 2030 ഓടെ ജൈവവൈവിധ്യ നഷ്ടം തടയാനും പുനസ്ഥാപിക്കുന്നതിനുമായി, 23 ലക്ഷ്യങ്ങളോടെ 2022 ഡിസംബറിൽ കുൻമിംഗ്-മോൺട്രിയൽ ആഗോള ജൈവവൈവിധ്യ ഫ്രെയിംവർക്ക് അംഗീകരിച്ചു. യു.എൻ.ഇ.പി യുടെ ഇന്റർഗവൺമെന്റൽ പ്ലാറ്റ്ഫോം ഓൺ ബയോഡൈവേഴ്സിറ്റി ആന്റ് ഇക്കോസിസ്റ്റം സർവ്വീസസ്സിന്റെ (ഐ.പി.ബി.ഇ.എസ്) അധിനിവേശ ജീവിവർഗ്ഗങ്ങളെക്കുറിച്ചുള്ള വിലയിരുത്തലും അവയുടെ നിയന്ത്രണവും എന്ന റിപ്പോർട്ടിൽ മനുഷ്യ പ്രവർത്തനങ്ങൾ മൂലം 37,000 ത്തിലധികം അധിനിവേശ ജീവിവർഗ്ഗങ്ങൾ ലോകമെമ്പാടും വ്യാപിക്കാൻ ഇടയാക്കിയതായി ചൂണ്ടിക്കാട്ടുന്നു.

രാജ്യത്തെ ജൈവവൈവിധ്യത്തിന്റെ വിതരണത്തിലൂടേയും സംരക്ഷണത്തിലൂടേയും വിലയിരുത്തലിലൂടേയും സാധ്യതയുള്ള ജൈവവൈവിധ്യത്തിന്റെ സമഗ്രമായ ഡോക്യുമെന്റേഷനും മാപ്പിംഗും ഉൾപ്പെടുന്ന ഒരു സംരംഭമാണ് ജൈവവൈവിധ്യവും മനുഷ്യ ക്ഷേമവും സംബന്ധിച്ച നമ്മുടെ ദേശീയ ദൗത്യം. പ്രാദേശിക സമൂഹങ്ങൾക്കുള്ള ലഭ്യത, ആനുകൂല്യം പങ്കിടൽ, ജൈവ വിഭവങ്ങളുടെ സംരക്ഷണം, വിപുലീകരണം എന്നിവ ലക്ഷ്യമാക്കിയാണ് 2002 ലെ ജൈവ വൈവിധ്യ നിയമം 2023 ൽ ഭേദഗതി ചെയ്തത്. ദേശീയ അന്തർദേശീയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിലാണ് കേരള

സംസ്ഥാന ജൈവവൈവിധ്യ തന്ത്രങ്ങളും പ്രവർത്തന പദ്ധതിയും (2022-32) രൂപീകരിച്ചത്.

യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പശ്ചിമഘട്ടത്തിലെ 39 സ്ഥലങ്ങളിൽ 19 എണ്ണവും കേരളത്തിലാണ്. പശ്ചിമഘട്ടത്തിലെ 95 ശതമാനം പുഷ്പിക്കുന്ന ചെടികളും 90 ശതമാനം കശേരുക്കളായ ജന്തുജാലങ്ങളും കേരളത്തിൽ കാണപ്പെടുന്നവയാണ്.

കാലാവസ്ഥാവ്യതിയാനം പ്രതിരോധിക്കുവാനുള്ള സംസ്ഥാന കർമ്മപദ്ധതിയും കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി സ്ട്രാറ്റജി ആക്ഷൻ പ്ലാനും (2022-32) കാലാവസ്ഥാ വ്യതിയാനം ജൈവവൈവിധ്യത്തിൽ ചെലുത്തുന്ന സ്വാധീനത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. ആഗോളതാപനം സസ്യജാലങ്ങളുടെ വളർച്ചയിലും പുനരുജ്ജീവന ശേഷിയിലും മാറ്റങ്ങൾ വരുത്തുകയും അതുവഴി ജൈവവൈവിധ്യം ഗണ്യമായി നഷ്ടപ്പെടുത്തുകയും ചെയ്യും. ഇത് ഉഷ്ണമേഖലാ നിത്യഹരിത വനങ്ങൾ, ചോലവനങ്ങൾ, കണ്ടൽക്കാടുകൾ എന്നിവയുടെ അതിരുകൾ പോലും മാറുന്ന സാഹചര്യത്തിലേയ്ക്ക് നയിക്കും. തീവ്രമായ കാട്ടുതീ, സസ്യജന്തുജാലങ്ങളുടെ അപകടസാധ്യത, വംശനാശം, സമുദ്ര ആവാസവ്യവസ്ഥകളിലെ പരമ്പരാഗത മത്സ്യങ്ങളുടെ തിരോധാനം, കണ്ടൽവന ആവാസവ്യവസ്ഥകളുടെ ശോഷണം, പരദേശ സസ്യ-ജീവി വർഗ്ഗങ്ങളിൽ നിന്നുള്ള ഭീഷണി, മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ വർദ്ധനവ് എന്നിവ കാലാവസ്ഥാവ്യതിയാനം മൂലം മാറുന്ന സാഹചര്യത്തിൽ പ്രതീക്ഷിക്കാവുന്ന പ്രത്യാഘാതങ്ങളാണ്.

2022-ലെ ദേശീയ ജൈവവൈവിധ്യ നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി 2004 ൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെ.എസ്.ബി.ബി) സ്ഥാപിക്കുകയും ജൈവവൈവിധ്യ നിയമങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു. ജൈവവൈവിധ്യ ബോർഡിന്റെ 2022-23 ലെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

**ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളുടെ (ബി.എം.സി) ശാക്തീകരണം:** ജൈവവൈവിധ്യ സംരക്ഷണ പരിപാടികൾക്ക് ബി.എം.സി കളെ തെരഞ്ഞെടുക്കുകയും സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്തു. ഈ കാലയളവിൽ 185 ബി.എം.സി കൾ പങ്കെടുത്ത സംസ്ഥാനതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി സമ്മേളനം കോഴിക്കോട്ട് സംഘടിപ്പിക്കുകയും 229 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബി.എം.സി യോഗങ്ങൾ വിളിച്ചുകൂട്ടുകയും ചെയ്തു. ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കൽ, ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പാക്കൽ, ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ (പി.ബി.ആർ) അടിസ്ഥാനത്തിലുള്ള പ്രാദേശിക കർമ്മപദ്ധതികൾ തയ്യാറാക്കൽ, ജീർണിച്ച ആവാസവ്യവസ്ഥകളുടെ നവീകരണം, പുനഃസ്ഥാപിക്കൽ, സാങ്കേതിക പിന്തുണ എന്നിവയ്ക്കുള്ള പരിശീലനങ്ങൾ, കാലിക്കറ്റ് യൂണിവേഴ്സിറ്റി ബൊട്ടാണിക്കൽ ഗാർഡൻ, കാസർഗോഡ്, ഇടയിലക്കാട്ടുകാവ് എന്നീ ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെ സമർപ്പണം തുടങ്ങിയവ പ്രധാന നേട്ടങ്ങളിൽ ഉൾപ്പെടുന്നു.

**റിസർച്ച്/ആക്സസ് ആന്റ് ബെനിഫിറ്റ് ഷെയറിംഗ് (എ.ബി.എസ്) പ്രോജക്ടുകൾ:** റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ, നദീതീര ജൈവവൈവിധ്യ നിരീക്ഷണം, കാർഷിക-ജൈവവൈവിധ്യ സംരക്ഷണം, കേരളത്തിൽ വ്യാപാരം ചെയ്യുന്ന ജൈവവിഭവങ്ങളുടെ സ്ഥിതിവിവര കണക്കുകളും അവയുടെ സാമ്പത്തിക മൂല്യനിർണ്ണയവും ഉൾപ്പെടെ മൂന്ന് പദ്ധതികൾ 2022-23 ൽ പൂർത്തിയായി. ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചറിന്റെ (ഐ.യു.സി.എൻ) വംശനാശഭീഷണി നേരിടുന്ന വിവിധ വിഭാഗങ്ങൾക്ക് കീഴിലുള്ള കേരളത്തിലെ പുഷ്പങ്ങളുടേയും ജന്തുജാലങ്ങളുടേയും സമഗ്രമായ വിശദാംശങ്ങൾ പട്ടികയാക്കുന്നതിന് 2020 ൽ ആരംഭിച്ച പ്രോജക്ട്, ഗവേഷണ സ്ഥാപനങ്ങളുടെ പിന്തുണയോടെ ഇക്കാലയളവിൽ പൂർത്തിയാക്കി. എ.ബി.എസ് നു കീഴിൽ, വിദേശ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായവ ദേശീയ ജൈവ വൈവിധ്യ അതോറിറ്റി, ബയോഡൈവേഴ്സിറ്റി ബോർഡുമായി പങ്കിടുകയും കേരള ജൈവവൈവിധ്യ ഫണ്ട് വഴി 18 ബി.എം.സി കൾക്ക് സഹായം ലഭ്യമാക്കുകയും ചെയ്തു. കാർഷിക സർവ്വകലാശാലയും, ഗവേഷണസ്ഥാപനങ്ങളും ഉൾപ്പെടെ 18- ഓളം സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഭക്ഷ്യയോഗ്യമായ പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, റൈസോമുകൾ (ഭൂകാണ്ഡങ്ങൾ), പയർവർഗ്ഗങ്ങൾ, തിന തുടങ്ങിയ വന്യവും ഫലപ്രദമായി ഉപയോഗിക്കപ്പെടാത്തതുമായ വിളകളുടെ തിരിച്ചറിയൽ, സ്ഥിതിവിവര കണക്കുകൾ, പ്രജനനം, സംരക്ഷണം, മൂല്യവർദ്ധന എന്നിവയ്ക്കുള്ള പദ്ധതി ആരംഭിച്ചു. പരിസ്ഥിതി പുനരുദ്ധാരണത്തിനും കാർഷിക വൈവിധ്യ സംരക്ഷണത്തിനുമുള്ള പദ്ധതി വെള്ളായണി കാർഷിക കോളേജിൽ ആരംഭിച്ചു. 'ജൈവ അധിനിവേശങ്ങൾ - പ്രവണത, ഭീഷണി, പരിപാലനം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സമ്മേളനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

**ജൈവവൈവിധ്യ ബോധവൽക്കരണവും വിദ്യാഭ്യാസവും:** ജൈവവൈവിധ്യ ബോധവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ മുഖേന വിജ്ഞാന കേന്ദ്രങ്ങളുടെ ശൃംഖല സ്ഥാപിക്കുന്നതിന് സഹായം നൽകി. 2023 ഫെബ്രുവരിയിൽ കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ 'ജൈവവൈവിധ്യവും ഉപജീവനവും' എന്ന പ്രമേയവുമായി രണ്ടാമത് കേരള ജൈവവൈവിധ്യ കോൺഗ്രസ് സംഘടിപ്പിച്ചു. ബോധവൽക്കരണത്തിന്റെ ഭാഗമായി വിവിധ വിഭാഗങ്ങളിൽ ജൈവവൈവിധ്യ അവാർഡുകൾ വിതരണം ചെയ്യുകയും 130 ജൈവവൈവിധ്യ ക്ലബ്ബുകൾക്ക് സാമ്പത്തികസഹായം നൽകുകയും ചെയ്തു. അന്താരാഷ്ട്ര

**ബോക്സ് 3.7.1** ഭൂമിത്രസേന ക്ലബ്ബുകളും ജൈവവൈവിധ്യ പരിപാലന സമിതികളും

വിദ്യാർത്ഥികളിൽ പാരിസ്ഥിതിക പ്രതിബദ്ധത വളർത്തുന്നതിനായി പരിസ്ഥിതി ഡയറക്ടറേറ്റ് 'പരിസ്ഥിതി അവബോധത്തിന്റെയും പ്രോത്സാഹനത്തിന്റേയും' ഭാഗമായാണ് ഭൂമിത്രസേന ക്ലബ്ബുകൾ ആരംഭിച്ചത്. നിലവിൽ സംസ്ഥാനത്തെ കോളേജുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലുമായി 426 ഭൂമിത്രസേന ക്ലബ്ബുകളുണ്ട്. വിദ്യാർത്ഥികൾക്ക് പരിസ്ഥിതി വിദ്യാഭ്യാസം നൽകുകയും പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അവരെ ഉൾപ്പെടുത്തുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 2022-23 ൽ ഒരു വെബ് പോർട്ടലും മൊബൈൽ ആപ്പും വികസിപ്പിച്ചെടുക്കുകയും ജൈവകൃഷി, പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളുടെ രൂപകല്പന, ജനകീയവൽക്കരണം തുടങ്ങിയ സ്റ്റാർട്ടപ്പുകൾക്ക് തുടക്കമിടുകയും ചെയ്തു. 2023 മെയ് 21 ന് തിരുവനന്തപുരത്തെ വേളി ബീച്ചിലും ആലപ്പുഴ ബീച്ചിലും എറണാകുളത്തെ ഫോർട്ട്കൊച്ചി ബീച്ചിലും ഇന്ത്യയുടെ ജി-20 അധ്യക്ഷപദവിയോടനുബന്ധിച്ച് സംസ്ഥാന പരിസ്ഥിതി വകുപ്പും പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയവും ചേർന്ന് സംഘടിപ്പിച്ച ക്ലീനിംഗ് ഡ്രൈവിലും തദ്ദേശസ്വയംഭരണ വകുപ്പിന്റെ മാലിന്യമുക്ത നവകേരളം പ്രചാരണപദ്ധതിയിലും ഭൂമിത്രസേന ക്ലബ്ബ് വോളന്റിയർമാർ സജീവമായി പങ്കെടുത്തു. കേരളത്തിലെ കുട്ടികൾക്കും യുവാക്കൾക്കും വേണ്ടിയുള്ള കാലാവസ്ഥാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സംസ്ഥാന പ്ലാറ്റ്ഫോമിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഭൂമിത്രസേന ക്ലബ്ബുകൾ കേരള നിയമസഭ, കെ-ലാംപ്സ് (പി.എസ്), യുനിസെഫ് എന്നിവയുമായും സഹകരിച്ചിരുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട്, ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ വഴി ജൈവവൈവിധ്യത്തിന്റേയും ജീർണിച്ച ആവാസവ്യവസ്ഥകളുടേയും പങ്കാളിത്ത ആസൂത്രണത്തിനും പരിപാലനത്തിനും ജൈവവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള ഉപജീവനമാർഗ്ഗം പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽ നൽകുന്നുണ്ട്. ജൈവവൈവിധ്യത്തിന്റെ പ്രാദേശിക പരിപാലനത്തിന് സാമൂഹികാധിഷ്ഠിതമായ നിയമപരമായ സ്ഥാപനങ്ങളാണ് ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (ബി.എം.സി). ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നത് മുതൽ ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെയും പരമ്പരാഗത അറിവുകളുടേയും ലഭ്യത ഉറപ്പു വരുത്തുക തുടങ്ങിയവയെല്ലാം ബി.എം.സി കളിൽ നിക്ഷിപ്തമായ അധികാരങ്ങളാണ്. കേരളത്തിലെ ഉന്നതമായ വികേന്ദ്രീകൃത ഭരണ സമീപനം 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 മുനിസിപ്പൽ കോർപ്പറേഷനുകൾ തുടങ്ങിയ 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും അവയിലൂടെ സ്വതന്ത്രമായ തീരുമാനങ്ങളെടുക്കാനും സഹായിച്ചു. പ്രാദേശിക പാരിസ്ഥിതികശോഷണം തടയുന്നതിനായി പരിസ്ഥിതി നിരീക്ഷണ ഗ്രൂപ്പുകളായി പ്രവർത്തിക്കാൻ ജൈവവൈവിധ്യപരിപാലന സമിതികൾക്ക് കേരളം അധികാരം നൽകുന്നുണ്ട്. ജൈവവൈവിധ്യപരിപാലന സമിതികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ജില്ലാ ജൈവവൈവിധ്യ ഏകോപന സമിതികളും രൂപീകരിച്ചു.

ജൈവ വൈവിധ്യ ദിനം, ലോക പരിസ്ഥിതി ദിനം തുടങ്ങിയ പരിസ്ഥിതിസംബന്ധിയായ സുപ്രധാന ദിനങ്ങൾ ആചരിച്ചു.

**ജില്ലാതല ഏകോപന സമിതി:** ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻ ചെയർപേഴ്സണായി ജില്ലാ ജൈവവൈവിധ്യ ഏകോപന സമിതി രൂപീകരിച്ചു. പ്രസക്തമായ സ്ഥിതിവിവരകണക്കുകൾ ലഭ്യമാക്കുന്നതിനായി 28 സർക്കാർ സ്ഥാപനങ്ങളും അനുബന്ധ ബോർഡുകളും അടങ്ങുന്ന ഒരു വെർച്വൽ ജൈവവൈവിധ്യ കേഡർ രൂപീകരിച്ചു.

**മലിനീകരണ നിയന്ത്രണം**

ലോകത്തിലെ നഗരങ്ങൾ 2025 ആകുമ്പോഴേക്കും 2.2 ബില്യൺ ടൺ മാലിന്യങ്ങൾ പുറന്തള്ളുമെന്ന് യു.എൻ.ഇ.പി യുടെ ബീറ്റ് പൊല്യൂഷൻ മുന്നറിയിപ്പ് നൽകുന്നു. ഇത് 2009 ൽ ഉല്പാദിപ്പിക്കപ്പെട്ടതിന്റെ മൂന്നിരട്ടിയിലധികമാണ്. പരിസ്ഥിതി നാശം ഇന്ത്യയിൽ ജി.ഡി.പി യുടെ 5-10 ശതമാനത്തിന്റെ ക്ഷതമുണ്ടാക്കുന്നുവെന്നാണ് ലോകബാങ്ക് കണക്കുകൾ സൂചിപ്പിക്കുന്നത്. മലിനീകരണ നിയന്ത്രണമെന്നത് പാരിസ്ഥിതിക മുൻഗണന മാത്രമല്ല; മറിച്ച് സുസ്ഥിരവികസനലക്ഷ്യങ്ങൾ നേടുന്നതിനും അത്യാവശ്യമാണ്.

ലോകത്തിലെ അതിവേഗം വളരുന്ന സമ്പദ്വ്യവസ്ഥകളിലൊന്നായ ഇന്ത്യ, ലോകത്തിലെ ഹരിതഗൃഹ വാതക ബഹിർഗമനത്തിന്റെ ഏഴ് ശതമാനത്തോളം സംഭാവന ചെയ്യുന്നുണ്ട്, ജി.എച്ച്.ജി ബഹിർഗമനത്തിൽ ചൈനയ്ക്കും യു.എസ് നും ശേഷം മൂന്നാം സ്ഥാനത്താണ് ഇന്ത്യ. സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റ് പ്രസിദ്ധീകരിച്ച സ്റ്റേറ്റ് ഓഫ് ഇന്ത്യയുടെ 'പരിസ്ഥിതി റിപ്പോർട്ട് 2023', വായു മലിനീകരണം മൂലം നഷ്ടപ്പെടുന്ന ഇന്ത്യയിലെ ശരാശരി ആയുസ്സ് നാല് വർഷവും പതിനൊന്ന് മാസവുമാണെന്ന് മുന്നറിയിപ്പ് നൽകുന്നു. രാജ്യത്ത് 30,000 ത്തിലധികം ജലസ്രോതസ്സുകൾ കൈയ്യേറിയിട്ടുണ്ടെന്നും, ഇന്ത്യ പ്രതിദിനം 1.5 ലക്ഷം ടൺ മുനിസിപ്പൽ ഖരമാലിന്യം (എം.എസ്.ഡബ്ല്യു) ഉല്പാദിപ്പിക്കുന്നുണ്ടെന്നും, അതിൽ പകുതിയിലേറെയും മണ്ണിനടിയിൽ മൂടുകയോ അലക്ഷ്യമായി ഉപേക്ഷിക്കുകയോ ആണ് ചെയ്യുന്നതെന്നും പ്രസ്തുത റിപ്പോർട്ട് സൂചിപ്പിക്കുന്നു.

സംസ്ഥാനത്ത് മലിനീകരണം തടയുന്നതിനും, നിയന്ത്രിക്കുന്നതിനും, സമഗ്രമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും, മേൽനോട്ടം വഹിക്കുന്നതിനും, നടപ്പിലാക്കുന്നതിനുമുള്ള നിയമപരമായ അതോറിറ്റിയാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്. ജലം, വായു


(മലിനീകരണ നിയന്ത്രണം) നിയമം, പരിസ്ഥിതി (സംരക്ഷണം) നിയമങ്ങൾ, അനുബന്ധ നിയമങ്ങൾ, ചട്ടങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള നിയമപരമായ അധികാരിയാണ് ബോർഡ്. അടിസ്ഥാന സൗകര്യ വികസനം, പൊതുജനബോധവത്ക്കരണം, പരിസ്ഥിതി നിരീക്ഷണം, പരിപാലനം, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നിവയാണ് വാർഷിക പദ്ധതികളിലൂടെ നടപ്പിലാക്കുന്ന പ്രധാന ഘടകങ്ങൾ.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (കെ.എസ്.പി.സി.ബി) സംസ്ഥാനത്തുടനീളമുള്ള 34 സ്റ്റേഷനുകളിൽ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നുണ്ട്. ഇതിൽ 28 സ്റ്റേഷനുകൾ നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന് (എൻ.എ.എം.പി) കീഴിൽ വരുന്നു. 2022 ൽ കേരളത്തിലെ ജനവാസകേന്ദ്രങ്ങളിലേയും, സെൻസിറ്റീവ് ഏരിയകളിലെയും, വ്യാവസായിക മേഖലകളിലെയും പ്രധാന നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ ശരാശരി മൂല്യങ്ങൾ യഥാക്രമം **ചിത്രം 3.7.1, 3.7.2, 3.7.3** എന്നിവയിൽ നൽകിയിരിക്കുന്നു.

നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന് (എൻ.ഡബ്ല്യു.എം.പി) കീഴിൽ സംസ്ഥാനത്ത് 128 വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകളുണ്ട്. ഇക്കൂട്ടത്തിൽ 48 നദികളിലെ 72 സ്റ്റേഷനുകൾ (പ്രധാന, ഇടത്തരം, ചെറുകിട നദികൾ), ആറ് റിസർവോയറുകൾ, മൂന്ന് ശുദ്ധജല തടാകങ്ങൾ, എട്ട് അഴിമുഖ തടാകങ്ങൾ, മൂന്ന് കനാലുകൾ, രണ്ട് കുളങ്ങൾ, 34 ഭൂഗർഭജല സ്റ്റേഷനുകൾ എന്നിവ ഉൾപ്പെടുന്നു. സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം (എസ്.ഡബ്ല്യു.എം.പി) 23 നദികളിലായി 115 സ്റ്റേഷനുകളിലും നാല് തടാകങ്ങളിലെ 23 സ്റ്റേഷനുകളിലും പ്രവർത്തിക്കുന്നുണ്ട്. ഉയർന്ന ബയോകെമിക്കൽ ഓക്സിജൻ ഡിമാൻഡ് (ബി.ഒ.ഡി) മൂല്യം റിപ്പോർട്ട് ചെയ്ത നദികളുടെ കൂട്ടത്തിൽ ശബരിമല ഉത്സവ കാലത്തെ പമ്പാനദി, കരമന, പെരിയാർ, ഭാരതപ്പുഴ, വാമനപുരം, കടലുണ്ടി നദികളുടെ താഴ് വാരം എന്നിവ ഉൾപ്പെടുന്നു. കരമനയാറിലെ മൂന്നാറ്റുമുക്ക്, കല്ലായി പുഴ, പമ്പ, കോരപ്പുഴയിലെ പുറക്കാട്ടേരി, തൊടുപുഴയാർ, മൂന്നാർ എന്നിവിടങ്ങളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് വളരെ കൂടുതലാണ്.


കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (കെ.എ.ആർ.എസ്.എ.പി) നടപ്പിലാക്കുന്നതിൽ മലിനീകരണനിയന്ത്രണ ബോർഡ് മുൻകൈയെടുത്തിട്ടുണ്ട്. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) വികസിപ്പിച്ചെടുത്ത ഓൺലൈൻ കൺസന്റ് മാനേജ്മെന്റ് & മോണിറ്ററിംഗ്

**ചിത്രം 3.7.1** കേരളത്തിലെ ജനവാസകേന്ദ്രങ്ങളിലെ പ്രധാന നിരീക്ഷണ സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ ശരാശരി മൂല്യങ്ങൾ, 2022





അവലംബം: കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2023

ചിത്രം 3.7.2 കേരളത്തിലെ പ്രധാന സെൻസിറ്റീവ് ഏരിയകളിലെ നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ ശരാശരി മൂല്യങ്ങൾ - 2022




അവലംബം: കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2023

ചിത്രം 3.7.3 കേരളത്തിലെ പ്രധാന വ്യാവസായിക മേഖലകളിലെ നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ ശരാശരി മൂല്യങ്ങൾ




അവലംബം: കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2023

സിസ്റ്റം (ഒ.സി.എം.എം.എസ്) വഴിയാണ് കൺസെന്റ് അഡ്മിനിസ്ട്രേഷൻ നടത്തുന്നത്. **ചിത്രം 3.7.4** ൽ കേരളത്തിലെ തെരഞ്ഞെടുത്ത നദീതടങ്ങളിലെ ബി.ഒ.ഡി അളവുകൾ നൽകിയിരിക്കുന്നു. 2021 നെ അപേക്ഷിച്ച് 2022 ൽ ചാലിയാർ, കടലുണ്ടി, പമ്പ എന്നീ നദികളിൽ ബി.ഒ.ഡി അളവുകൾ കൂടിയിട്ടുണ്ട്.


സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണം ഇക്കാലയളവിൽ വലിയ തോതിൽ മെച്ചപ്പെട്ടിട്ടുണ്ട്. മുനിസിപ്പൽ ഖരമാലിന്യത്തിന്റെ (എം.എസ്.ഡബ്ല്യൂ) ഉല്പാദനത്തിന്റേയും സംസ്കരണത്തിന്റേയും വിശദാംശങ്ങൾ **ചിത്രം 3.7.5**ൽ നൽകിയിരിക്കുന്നു. മുനിസിപ്പൽ ഖരമാലിന്യ സംസ്കരണം 2019-20 ൽ 52 ശതമാനമായിരുന്നുവെങ്കിൽ, ഇത് 2022-23 ൽ 93 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

2022-23 ൽ എറണാകുളത്തെ പാതാളം ബണ്ടിന്റെ മുകൾഭാഗത്ത് റിയൽ ടൈം വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സ്ഥാപിക്കുകയും, ഏലൂർ-എടയാർ വ്യാവസായിക ബെൽറ്റിൽ നൈറ്റ് വിഷൻ ക്യാമറ സ്ഥാപിക്കുകയും ചെയ്തു. ഇത് വ്യാവസായിക മലിനീകരണം ഫലപ്രദമായി നിയന്ത്രിക്കാനും, വ്യവസായങ്ങളുടെ അനധികൃത ഡിസ്ചാർജ് ലംഘനം കണ്ടെത്താൻ സഹായിക്കുകയും ചെയ്തു. സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ 'ഫീനിക്സ്' എന്ന പേരിൽ ഒരു കേന്ദ്രീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോം സ്ഥാപിച്ചിട്ടുണ്ട്. ബോർഡിന്റെ ലബോറട്ടറികൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പ്രാദേശിക, ജില്ലാ ഓഫീസുകളിലും ലബോറട്ടറികളിലും അത്യാധുനിക ഉപകരണങ്ങൾ സജ്ജമാക്കി. സംസ്ഥാനത്തെ പൊതു സംസ്കരണ സംഭരണ ഡിസ്പോസൽ കേന്ദ്രങ്ങളുടേയും ക്യാപ്റ്റീവ് ഇൻസിനറേഷൻ സൗകര്യങ്ങളുടേയും പരിസ്ഥിതി ഓഡിറ്റിംഗ് നടത്തി. ലിക്വിഡ് ക്രോമാറ്റോഗ്രാഫി – മാസ് സ്പെക്ട്രോമെട്രി, പോളിമറേസ് ചെയിൻ റിയാക്ഷൻ (പി.സി.ആർ), റിയൽ ടൈം പോളിമറേസ് ചെയിൻ റിയാക്ഷൻ (ക്വാണ്ടിറ്റേറ്റീവ് പി.സി.ആർ), ബയോ സേഫ്റ്റി കാബിനറ്റ്, ജെൽ ഇലക്ട്രോഫോറെസിസ് യൂണിറ്റ്, ജെൽ ഡോക്യുമെന്റേഷൻ സിസ്റ്റം, നാനോ ഡ്രോപ്പ് സ്പെക്ട്രോഫോട്ടോമീറ്റർ എന്നിവയുൾപ്പെട്ട അത്യാധുനിക സാങ്കേതികവിദ്യകൾ എ.എം.ആർ ലാബിൽ സ്ഥാപിച്ചിട്ടുണ്ട്.

**പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിച്ച സംരംഭങ്ങൾ**


കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട വകുപ്പുകളേയും ഏജൻസികളേയും അവയുടെ പ്രവർത്തന പദ്ധതികളിലും വാർഷിക ബജറ്റുകളിലും പൊരുത്തപ്പെടലും ലഘൂകരണ നടപടികളും ഉൾപ്പെടുത്താൻ സഹായിക്കുന്ന

**ചിത്രം 3.7.4** തെരഞ്ഞെടുത്ത നദീതട കേന്ദ്രങ്ങളിലെ 2021 ലെയും 2022 ലെയും ബി.ഒ.ഡി അളവുകൾ (മി.ഗ്രാം/ലിറ്റർ)




അവലംബം: കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2023

ചിത്രം 3.7.5 കേരളത്തിലെ 2019-20 മുതൽ 2022-23 വരെയുള്ള ഖരമാലിന്യ ഉല്പാദനവും സംസ്കരണവും




അവലംബം: കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2023

ബന്ധപ്പെട്ട നോഡൽ ഏജൻസിയാണ് പരിസ്ഥിതി കാലാവസ്ഥാ ഡയറക്ടറേറ്റിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാന കാലാവസ്ഥ വ്യതിയാന സെൽ (എസ്.സി.സി.സി). പരിസ്ഥിതി-വനം കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന്റെ സംസ്ഥാന കാലാവസ്ഥാവ്യതിയാന കർമ്മപദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കർമ്മപദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം, ഗവേഷണം, വികസനം, കാലാവസ്ഥയെ പ്രതിരോധിക്കുന്ന കൃഷി തുടങ്ങിയ പദ്ധതികൾക്ക് കീഴിൽ 27 പ്രോജക്ടുകൾ പുരോഗമിക്കുന്നുണ്ട്. റാംസർ തണ്ണീർത്തടങ്ങളുടെ പരിപാലനത്തിൽ 'തണ്ണീർത്തട മിത്രങ്ങൾ' എന്ന പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രാമീണ ശാസ്ത്രജ്ഞരുടെ സംഭാവന ഉറപ്പാക്കാൻ ഒരു സംയോജിത വെറ്റ്ലാന്റ് വെബ് പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചെടുത്തിട്ടുണ്ട്.

2018 ലെ പ്രളയത്തിന് ശേഷമുള്ള ഐക്യരാഷ്ട്രസഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്മെന്റ് റിപ്പോർട്ടും റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം റിപ്പോർട്ടും സംസ്ഥാനത്തിന് ഒരു പരിസ്ഥിതിലോലപ്രദേശസംരക്ഷണനയത്തിന്റെ ആവശ്യകതയുണ്ടെന്ന് ചൂണ്ടിക്കാട്ടുന്നു. പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി പരിസ്ഥിതിയേയും ജൈവവൈവിധ്യത്തെയും സംബന്ധിച്ച് രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ്, ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളുടെ വികേന്ദ്രീകരണം, നൈപുണ്യ വികസനം, ആവാസവ്യവസ്ഥകളുടെ സംരക്ഷണം, പുനരുജ്ജീവനം, പരിപാലനം, വിഭവങ്ങളുടെ ലഭ്യത, ആനുകൂല്യങ്ങളുടെ പങ്കുവയ്ക്കൽ, ജീവനോപാധികളുടെ മെച്ചപ്പെടുത്തൽ, ജൈവവൈവിധ്യ സംരക്ഷണത്തിൽ ശാസ്ത്രീയഅടിത്തറയുടെ ശാക്തീകരണം, ജൈവവൈവിധ്യത്തെക്കുറിച്ചുള്ള ആശയവിനിമയം സൃഷ്ടിക്കൽ, വിദ്യാഭ്യാസം, പൊതു അവബോധം, സാമ്പത്തിക സുരക്ഷിതത്ത്വം, മാനവ വിഭവശേഷി വികസനം, സാങ്കേതിക വൈദഗ്ധ്യം എന്നിവ ശുപാർശ ചെയ്യുന്നു.

### ഹരിതകേരളം മിഷൻ

സംസ്ഥാനത്തിന്റെ വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ലക്ഷ്യമിടുന്ന നവകേരളം കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സർക്കാർ നേതൃത്വം നൽകുന്ന നാല് വികസന ദൗത്യങ്ങളിൽ ഒന്നാണ് ഹരിതകേരളം മിഷൻ. ശുചിത്വം, ജലസമൃദ്ധി, ജലസുരക്ഷ, സുരക്ഷിതമായ ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം എന്നിവ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2016 ഡിസംബറിലാണ് മിഷൻ ആരംഭിച്ചത്. മിഷന്റെ പ്രധാന പ്രവർത്തന മേഖലകൾ ഇവയാണ്:

- ഓരോ ജില്ലയിലെയും പ്രധാന വികസനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രാദേശിക സർക്കാരുകളുടെയും മറ്റ് വകുപ്പുകളുടെയും പദ്ധതികളുടെ വിവിധ തലത്തിലുള്ള ഏകോപനത്തിനുള്ള മാർഗങ്ങൾക്ക് രൂപം നൽകുക.
- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശാസ്ത്രീയവും

**ബോക്സ് 3.7.2** കാലാവസ്ഥാ വ്യതിയാനത്തോടുള്ള കേരളത്തിന്റെ പ്രതികരണം

കാലാവസ്ഥാ വ്യതിയാനവും കാലാവസ്ഥാ തീവ്രതയുമായും ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരാൻ കേരള സർക്കാർ എന്നും പ്രതിജ്ഞാബദ്ധമാണ്. ഉല്പാദന മേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രതിരോധശേഷി നൽകുന്നതിനും മനുഷ്യ സുരക്ഷയെ സംരക്ഷിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ട് പൊരുത്തപ്പെടൽ നടപടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ് ഇതിൽ മുഖ്യം. കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ വിവിധ മേഖലകളിൽ നടപ്പിലാക്കുന്ന പ്രധാന സംരംഭങ്ങൾ/പ്രവർത്തനങ്ങൾ എന്നിവ ചുവടെ വിവരിച്ചിരിക്കുന്നു.

- കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന ആക്ഷൻ പ്ലാൻ 2.0: കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള ദേശീയ ആക്ഷൻ പ്ലാനിന്റെ ചട്ടക്കൂട് അനുസരിച്ച് 2014 ൽ സംസ്ഥാന കർമ്മ പദ്ധതി (എസ്.എ.പി.സി.സി 1.0) തയ്യാറാക്കിയതോടെ കാലാവസ്ഥാ വ്യതിയാനം പരിഹരിക്കാനുള്ള കേരളത്തിലെ ആസൂത്രണം ആരംഭിച്ചു. ദേശീയ-അന്തർദേശീയ തലങ്ങളിലെ ബന്ധങ്ങൾ ഉറപ്പാക്കി വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിലൂടെ, കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന പ്രവർത്തന പദ്ധതി 2.0 സംസ്ഥാന കാലാവസ്ഥാ വ്യതിയാന സെൽ പരിഷ്കരിച്ചു.
- കൃഷി: നഷ്ടസാധ്യത ലഘൂകരിക്കുന്നതിനായി സംസ്ഥാന വിള ഇൻഷുറൻസും കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ് പദ്ധതികളും നടപ്പാക്കി. കാലാവസ്ഥാ സൗഹൃദ കൃഷി സമ്പ്രദായങ്ങളെക്കുറിച്ചുള്ള പൊതുജന അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായാണ് കൃഷിപാഠശാലകൾ പോലുള്ള സംരംഭങ്ങൾ ആരംഭിച്ചത്. പ്രളയാനന്തര നഷ്ടം ലഘൂകരിക്കാനായി പുനർജനി പദ്ധതി നടപ്പാക്കി. കുട്ടനാട്ടിലും, തൃശ്ശൂർ, പൊന്നാനി കോൾ പ്രദേശങ്ങളിലും സുസ്ഥിര കാർഷിക വികസന പരിപാടികൾ നടപ്പാക്കി. കുട്ടനാടിനായി വിള കലണ്ടർ തയ്യാറാക്കൽ, ഹ്രസ്വകാല നെല്ലിനങ്ങളുടെ വികസനം, കുട്ടനാട്ടിൽ ഊർജക്ഷമതയുള്ള സബ്മഴ്സിബിൾ ആക്സിയൽ പമ്പുകളുടെ ഉപയോഗം, പി.എം കുസും ന്റെ ഭാഗമായി ഫാം പമ്പുകളുടെ സോളാറൈസേഷൻ എന്നിവ ഈ മേഖലയിലെ മറ്റ് പ്രധാന ഇടപെടലുകളിൽ ഉൾപ്പെടുന്നു.
- മൃഗസംരക്ഷണ മേഖല: വയലുകളിലെയും ക്ഷീര സഹകരണ സംഘങ്ങളിലെയും കാലിത്തീറ്റയുടെ സമഗ്രമായ ഉല്പാദനം, സംരക്ഷണം എന്നീ പദ്ധതികൾ ജലക്ഷാമത്തെയും വരൾച്ചയെയും പ്രതിരോധിക്കുന്ന ഹൈബ്രിഡ് നേപ്പിയർ പുല്ലിന്റെ കൃഷി പ്രോത്സാഹിപ്പിക്കുകയും സുസ്ഥിര കൃഷിരീതികൾ, യന്ത്രവത്ക്കരണം, മണ്ണ് സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നൽകുകയും ചെയ്യുന്നു. വെറ്ററിനറി സേവനങ്ങൾ ശക്തിപ്പെടുത്തൽ, പ്രത്യേക കന്നുകാലി വികസന പരിപാടി (ഗോവർധിനി), സമഗ്ര കന്നുകാലി ഇൻഷുറൻസ് എന്നിവയുൾപ്പെടെയുള്ള പദ്ധതികൾ കന്നുകാലികളിലെ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള സമ്മർദ്ദം കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നു. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയ്ക്ക് കീഴിൽ സ്ഥാപിതമായ സെന്റർ ഫോർ അനിമൽ അഡാപ്റ്റേഷൻ ടു എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചേഞ്ച് റിസർച്ച്, കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കന്നുകാലികളിലെ അപകടസാധ്യത കൈകാര്യം ചെയ്യുകയും ഗവേഷണങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. കുട്ടനാട്ടിലെ വെള്ളപ്പൊക്ക ദുരന്തത്തെ നേരിടാൻ, തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ഉയർന്ന കന്നുകാലി തൊഴുത്തുകൾ സ്ഥാപിച്ചു. മൊബൈൽ വെറ്ററിനറി സേവനങ്ങളും ബ്ലോക്ക് തലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത സേവനങ്ങളും സ്ഥാപിക്കുന്നുണ്ട്.
- ആരോഗ്യ സംരക്ഷണം: റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായി, നിപ ഗവേഷണത്തിനുള്ള ഒരു ഹെൽത്ത് സെന്റർ ഉൾപ്പെടെ, ദുരന്തങ്ങളെ പ്രതിരോധിക്കുന്ന ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ സ്ഥാപിച്ചു. കാലാവസ്ഥാ വ്യതിയാനവും മനുഷ്യാരോഗ്യവും സംബന്ധിച്ച ദേശീയ പരിപാടി (NPCCHH) പരിസ്ഥിതി സൗഹൃദവും പ്രതിരോധശേഷിയുള്ളതുമായ ആരോഗ്യ സംരക്ഷണത്തിന് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ ഊന്നൽ നൽകുന്നു.
- മാലിന്യ സംസ്കരണം: ഹരിതകേരളം മിഷനിലൂടെയും നവകേരളം കർമ്മപദ്ധതിയുടെ മാലിന്യമുക്ത കേരള കാമ്പെയ്നിലൂടെയും സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഹരിതകേരളം മിഷൻ ഖരമാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മ സേന എന്ന സമർപ്പിത തൊഴിലാളികളെ വിന്യസിച്ചിട്ടുണ്ട്.
- വനസംരക്ഷണം: ദേശീയ വനവൽക്കരണ പരിപാടിയും ഗ്രീൻ ഇന്ത്യ മിഷൻ സംരംഭങ്ങളും വനങ്ങളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും ഊന്നൽ നൽകുന്നു. വന പരിപാലന പദ്ധതികളിലൂടെ കാട്ടുതീ നിയന്ത്രിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. ചെറുകിട വന ഉല്പന്നങ്ങളുടെ മിനിമം താങ്ങുവില, പ്രകൃതി വിഭവങ്ങളുടേയും ആവാസവ്യവസ്ഥയുടേയും സംരക്ഷണം, വനസംരക്ഷണം, ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനം, ജൈവവൈവിധ്യ സംരക്ഷണം, പരിസ്ഥിതി വികസന പരിപാടി തുടങ്ങിയ പദ്ധതികളിലൂടെ നിലവിലുള്ള വനങ്ങളെ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുക, സസ്യജീവ ജാലങ്ങളുടെ സംരക്ഷണം, വനമേഖലയുടെ വിസ്തൃതി വർദ്ധിപ്പിക്കുക, വനസംരക്ഷണം എന്നിവ ലക്ഷ്യമിടുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ കണക്കുകൾ പ്രകാരം, 2019 നും 2021 നും ഇടയിൽ സംസ്ഥാനത്തെ വനവിസ്തൃതി 0.52 ശതമാനം വർദ്ധിച്ചിട്ടുണ്ട്.
- മത്സ്യബന്ധനം: മത്സ്യവിഭവങ്ങളുടെ സംരക്ഷണം, പരിപാലനം, ജലസംഭരണികളിലെ മത്സ്യ വികസന പദ്ധതികൾ എന്നിവ മത്സ്യ-അക്വാക്കൾച്ചർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. പ്രധാന തുറമുഖങ്ങളിൽ കാലാവസ്ഥാ മുന്നറിയിപ്പുകൾ പ്രാധാന്യത്തോടെ പ്രദർശിപ്പിക്കുകയും എല്ലാ മത്സ്യബന്ധന സ്റ്റേഷനുകളിലും രക്ഷാസംഘങ്ങളെ അണിനിരത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങളിലെ മണ്ണെണ്ണ ഉപഭോഗം കുറയ്ക്കാനും പെട്രോളിയം, എൽ.പി.ജി എന്നിവയിലേയ്ക്ക് മാറ്റാനും ലക്ഷ്യമിട്ടുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ്, ദുർബലമായ തീരദേശ സമൂഹങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതി തുടങ്ങിയ സംരംഭങ്ങൾ കാലാവസ്ഥാ വ്യതിയാനത്തിനെതിരായ ഈ മേഖലയുടെ പ്രതിരോധം ശക്തിപ്പെടുത്തിയിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ഹെൽത്ത് കെയർ സപ്പോർട്ട് ഉറപ്പാക്കാൻ മൂന്ന് സോണുകളിലായി എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ മറൈൻ ആംബുലൻസുകളും ആരംഭിച്ചു.

- ജലവിഭവ മാനേജ്മെന്റ്: വെള്ളപ്പൊക്കമുൾപ്പെടെയുള്ള കാലാവസ്ഥാ പ്രവചനവും, മുന്നറിയിപ്പ് സംവിധാനവും, സംയോജിത ജലസംഭരണി പ്രവർത്തനങ്ങളും വരാനിരിക്കുന്ന അപകടങ്ങളോടുള്ള പ്രതികരണം വർദ്ധിപ്പിക്കുകയും ജീവന്റെയും സ്വത്തിന്റെയും നഷ്ടം കുറയ്ക്കാൻ സഹായിക്കുകയും ചെയ്തു. സംസ്ഥാനത്തെ വരൾച്ച നേരിടാൻ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പാക്കി. മഴ, കാലാവസ്ഥ, ജലസംഭരണിയിലെ ജലനിരപ്പ് എന്നിവ നിരീക്ഷിക്കുന്നതിനുള്ള ദേശീയ ജലശാസ്ത്ര പദ്ധതിയുടെ ഭാഗമായി തത്സമയ ഡാറ്റ അക്വിസിഷൻ സംവിധാനങ്ങളും ആരംഭിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ നീരേറ്റുപുറത്ത് കുടിവെള്ള പദ്ധതി നടപ്പാക്കിവരികയാണ്.
- തീരപരിപാലനം: 576 കി.മീ തീരപ്രദേശമുള്ള കേരളത്തിന് കാര്യക്ഷമവും, ശാസ്ത്രീയവും, പ്രാദേശികാധിഷ്ഠിതവുമായ തീരപരിപാലന നടപടികൾ ആവശ്യമാണ്. സംസ്ഥാനത്തെ ഹോട്ട്സ്പോട്ടുകളിലെ പഠനം നടത്താൻ ദേശീയ തീര ഗവേഷണ കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെട്രാപോഡ് ഉപയോഗിച്ച് ഗ്രോയിനും കടൽഭിത്തിയും അടങ്ങുന്ന ഹൈബ്രിഡ് സംരക്ഷണ സംവിധാനം വഴിയാണ് ചെല്ലാനത്തെ തീരസംരക്ഷണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ നടത്തിയത്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ദുർബല പ്രദേശങ്ങളിൽ തീരസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.
- ഊർജ്ജ മാനേജ്മെന്റ്: അംഗൻ ജ്യോതി, ചൈതന്യം, ഊർജ്ജയാൻ തുടങ്ങിയ ഊർജ്ജ കാര്യക്ഷമതാ പരിപാടികൾ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. കേരളത്തിൽ ഊർജ സംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പിലാക്കുന്നതിൽ ക്ലീൻ എനർജി ടെക് ഫോക്കസ്ഡ് ഇന്നൊവേഷൻ ബിസിനസ് ഇൻകുബേഷൻ സെന്റർ സ്ഥാപിച്ചത് നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

നിർദ്ദിഷ്ട മേഖലകളിലെ ഇടപെടലുകൾക്ക് പുറമേ, മുൻഗണനാ ആവശ്യകതയുള്ളതും ക്രോസ്-സെക്ടർ പ്രത്യാഘാതങ്ങളുള്ളതുമായ അഡാപ്റ്റേഷൻ തന്ത്രങ്ങൾ, ഭൂവിനിയോഗ ആസൂത്രണവും സോണിംഗും, സുസ്ഥിര തീര സംരക്ഷണവും സ്ഥിരതയും, ദുർബലമായ സമൂഹങ്ങളുടെ പുനരധിവാസം, സുസ്ഥിര ഡ്രെയിനേജ് സംവിധാനങ്ങൾ, സംയോജിത തീരദേശ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാന നിരീക്ഷണം, ഡാറ്റാബേസ്, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കാലാവസ്ഥാ സംബന്ധയായ പ്രാദേശിക ഭരണസംവിധാനങ്ങൾ എന്നിവയും നടപ്പിലാക്കുന്നുണ്ട്. 2070 ഓടെ മൊത്തം സീറോ എമിഷൻ നേടാനുള്ള ദേശീയ പ്രതിബദ്ധതകളുമായി സംസ്ഥാനത്തിന്റെ സംരംഭങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു.

കാര്യക്ഷമവും സാങ്കേതികവുമായ ഉപദേശം നൽകുക.
- "ഹരിതകേരളം" സൃഷ്ടിക്കുന്നതിനായി ജനപങ്കാളിത്തവും സാമൂഹിക ഉൾപ്പെടുത്തലും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- ഹരിതകേരള മിഷനു മൂന്ന് ഉപദൗത്യങ്ങളുണ്ട്, (i) ശുചിത്വവും മാലിന്യ സംസ്കരണവും, (ii) ജലസംരക്ഷണം (iii) കാർഷിക വികസനം. പ്രാദേശിക സർക്കാരുകളും വികസന വകുപ്പുകളും മറ്റ് ഏജൻസികളുമായും ഏകോപിപ്പിച്ച് ഹരിതകേരളം മിഷൻ ഈ മേഖലകളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി.

ഹരിതകേരളം മിഷന്റെ കീഴിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളിൽ നിർണായകമായ നിരവധി സംരംഭങ്ങൾ ഉൾക്കൊള്ളുന്നു. മാപ്പത്തോൺ പദ്ധതി കനാലുകളെ പുനരുജ്ജീവിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു, അതേസമയം കാർബൺ ന്യൂട്രൽ പദ്ധതി കേരളത്തിന് കാർബൺ നെറ്റ് സീറോ പദവി കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നുണ്ട്. ലഭ്യമായ ജലസ്രോതസ്സുകളുടെയും പ്രദേശത്തിന്റെ ജല ആവശ്യങ്ങളുടെയും സമഗ്രമായ വിശകലനത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ജലബജറ്റ് തയ്യാറാക്കുന്നതിലും മിഷൻ പ്രവർത്തിക്കുന്നു.

### ശുചിത്വവും മാലിന്യ സംസ്കരണവും

ദൈനംദിനജീവിതത്തിൽ പരിസ്ഥിതിസൗഹൃദ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിൽ മിഷൻ ഗണ്യമായ മുന്നേറ്റം കൈവരിച്ചിട്ടുണ്ട്. തൽഫലമായി, സംസ്ഥാനത്തെ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 'ശുചിത്വ പദവി' നേടിയിട്ടുണ്ട്. മാലിന്യം ശേഖരിക്കുന്നതിലും വേർതിരിക്കുന്നതിലും ഹരിത കർമ സേനയുടെ സ്വയം സഹായ സംഘങ്ങൾ (എസ് എച്ച് ജി) നിർണായക പങ്കുവഹിക്കുന്നു. ഹരിതനിയമ ബോധവൽക്കരണ ക്യാമ്പയിൻ പോലുള്ള സംരംഭങ്ങൾ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജന അവബോധം വളർത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു എന്നത് ശ്രദ്ധേയമാണ്. സംസ്ഥാനത്തിനകത്ത് മാലിന്യമുക്ത വിനോദസഞ്ചാര കേന്ദ്രങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 'വഴികാട്ടൻ വാഗമൺ' പദ്ധതിയുടെ മാതൃകയിൽ മൂന്നാറിൽ ഹരിതട്ടൂറിസം പദ്ധതിക്ക് തുടക്കമായി. കഴിഞ്ഞ വർഷം, ഈ മേഖലയിൽ പ്രധാനപ്പെട്ടതും ലക്ഷ്യബോധമുള്ളതുമായ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

കേരളത്തെ 2024-ഓടെ സമ്പൂർണ മാലിന്യമുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തിൽ 2023 മാർച്ചിൽ ആരംഭിച്ച മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സംസ്ഥാനത്ത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു.
- സംസ്ഥാനത്തുടനീളമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1,236 മെറ്റീരിയൽ കളക്ഷൻ

ഫെസിലിറ്റികൾ (എംസിഎഫ്), 16,096 മിനി എംസിഎഫ്, 166 റിസോഴ്സ് റിക്കവറി ഫെസിലിറ്റീസ് (ആർആർഎഫ്) കേന്ദ്രങ്ങൾ എന്നിവയുണ്ട്.

- നിർമാണമാലിന്യങ്ങൾ, മാംസാവശിഷ്ടങ്ങൾ, മുടിമാലിന്യം, ഗാർഹിക, മെഡിക്കൽ/സാനിറ്ററി മാലിന്യങ്ങൾ തുടങ്ങിയ പ്രത്യേക മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്രത്യേക ഇടപെടലുകളും പുരോഗമിക്കുന്നു.
- അജൈവമാലിന്യങ്ങളുടെ ശേഖരണം നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ നിരീക്ഷണ സംവിധാനമായ ഹരിതമിത്രം ആപ്പ് 592 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.
- കേരളത്തിനകത്ത് 7.5 ലക്ഷം സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ സേന നേരിട്ട് മാലിന്യശേഖരണം നടത്തുന്നു.
- വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി മൊത്തം 34,557 ഹരിതകർമ സേനാംഗങ്ങളെ വീട്ടുപടിക്കൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി വിന്യസിച്ചിട്ടുണ്ട്.
- ഏകദേശം 83 വിനോദസഞ്ചാര കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്.
- 7,326 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്.

**കാർഷിക വികസനം**

കൃഷി വകുപ്പിന്റെ നേതൃത്വത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും ഹരിതകേരളം മിഷൻ സംസ്ഥാനത്ത് കാർഷിക വികസനം പ്രോത്സാഹിപ്പിക്കുന്നതിന് വിപുലമായ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്നു. തരിശുനിലങ്ങളിലെ കൃഷി പ്രോത്സാഹിപ്പിക്കുക, ഹരിത സമൃദ്ധി വാർഡുകൾ നിശ്ചയിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുക, നെൽകൃഷി, കരനെൽകൃഷി തുടങ്ങിയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, ജൈവപച്ചക്കറി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക, സ്കൂൾപരിസരങ്ങളിലും സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, സംയോജിത കൃഷി രീതികളുടെ പ്രയോഗം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

സംസ്ഥാനത്തുടനീളം ഹരിത തുരുത്തുകളുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'പച്ചത്തുരുത്ത്" പ്രോജക്ട് ഹരിതകേരളം മിഷന്റെ നൂതന സംരംഭമെന്ന നിലയിൽ പ്രശംസിക്കപ്പെടുകയുണ്ടായി. പൊതുസ്ഥലങ്ങളിലും പൊതുസ്ഥാപനങ്ങളുടെ പരിസരങ്ങളിലും കണ്ടെത്തിയ സ്ഥലങ്ങളിൽ തനത് മരങ്ങളും നാടൻ ചെടികളും നട്ടുപിടിപ്പിച്ച് പ്രകൃതിദത്ത ജൈവവൈവിധ്യം സംരക്ഷിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആഗോളതാപനം മൂലമുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രതികൂല ഫലങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രായോഗിക ഇടപെടലെന്ന നിലയിൽ ഈ പരിപാടി പൊതുജനശ്രദ്ധയും പിന്തുണയും ആകർഷിച്ചു. അവലോകനകാലയളവിൽ 387 പുതിയ പച്ചത്തുരുത്തുകൾ (ഗ്രീൻ ഐലറ്റുകൾ) സ്ഥാപിച്ചു. നിലവിൽ 816 ഏക്കറിലായി 2,700 പച്ചത്തുരുത്തുകളുണ്ട്.

കാർഷികമേഖലയിൽ ഹരിതകേരളം മിഷന്റെ ചില പ്രധാന ഇടപെടലുകൾ ഇവയാണ്:

- ഒരു ഗ്രാമപഞ്ചായത്തിലെ തരിശുനിലങ്ങൾ ഉൾപ്പെടെ കൃഷിയോഗ്യമായ മുഴുവൻ ഭൂമിയിലും അനുയോജ്യമായ ഏതെങ്കിലും വിള കൃഷി ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് തരിശു രഹിത ഗ്രാമം എന്ന ക്യാമ്പയിൻ നടത്തിയത്. അവലോകന കാലയളവിൽ 95 ഗ്രാമപഞ്ചായത്തുകളെ ഈ പരിപാടിക്കായി തിരഞ്ഞെടുത്ത്, 18,375 ഏക്കർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നു.
- ക്ഷേത്രങ്ങളുടെയും മറ്റ് ആരാധനാലയങ്ങളുടെയും ഒഴിഞ്ഞ സ്ഥലങ്ങളിൽ കൃഷിയും ഹരിതവൽക്കരണവും ലക്ഷ്യമിടുന്ന 'ദേവഹരിതം' പദ്ധതിയുടെ ഭാഗമായി 126 സ്ഥലങ്ങൾ കണ്ടെത്തി, 119 ഏക്കറിൽ കൃഷി നടത്തിവരുന്നു.
- മിഷന്റെ മറ്റൊരു പ്രധാന പ്രവർത്തനമായ ഇൻസ്റ്റിറ്റ്യൂഷണൽ ഫാമിങ്ങിനായി 62 വ്യവസായ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുകയും 140 ഏക്കറിൽ പ്രവൃത്തി പുരോഗമിക്കുകയുമാണ്.

**മണ്ണ്, ജല സംരക്ഷണം**

സമീപവർഷങ്ങളിൽ ഹരിതകേരളം മിഷൻ ജലസംരക്ഷണത്തിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ ശ്രമങ്ങളിൽ സംസ്ഥാനത്തുടനീളമുള്ള വിപുലമായ നദീപുനരുജ്ജീവന പദ്ധതികളും കിണറുകളുടെയും കുളങ്ങളുടെയും വിജയകരമായ നവീകരണവും റീചാർജിങ്ങും ഉൾപ്പെടുന്നു. ഈ ജലസംരക്ഷണ പ്രവർത്തനങ്ങൾ കാർഷിക മേഖലയുടെ പുരോഗതിക്ക് ഗണ്യമായ സംഭാവന നൽകി. ജലനിരപ്പ് സ്കെയിലുകൾ സ്ഥാപിച്ച് ജലാശയങ്ങളിലെ ജലലഭ്യത നിരീക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ഡിജിറ്റൽ ഭൂപടത്തിൽ ജലസ്രോതസ്സുകൾ അടയാളപ്പെടുത്തുന്നതിനുള്ള മാപ്പത്തോൺ, കുടിവെള്ളത്തിന്റെ ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കൽ തുടങ്ങിയവയാണ് ഈ മേഖലയിലെ മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ. ഈ മേഖലയിലെ ഇടപെടലുകൾ താഴെ പ്രതിപാദിക്കുന്നു:

- എല്ലാ ജില്ലകളിലും സജീവമായി നടപ്പാക്കുന്ന 'ഇനി ഞാൻ ഒഴുകട്ടെ എന്ന ക്യാമ്പയിന് കീഴിൽ തോടുകളുടെ പുനരുജ്ജീവനം നടന്നുവരുന്നു. അവലോകന കാലയളവിൽ 25,453 കിലോമീറ്റർ തോടുകൾ നവീകരിച്ചു.
- ഇതുകൂടാതെ, 2,618 കുളങ്ങളുടെ പുനരുജ്ജീവനത്തിനും, 4,222 പുതിയ കുളങ്ങളുടെ നിർമാണത്തിനും, 7,223 കിണറുകളുടെ റീചാർജ്ജിങ്ങിനും, 14,412 പുതിയ കിണറുകളുടെ നിർമാണത്തിനും സൗകര്യമൊരുക്കാൻ മിഷന് കഴിഞ്ഞു.
- ആകെ 437 സ്ഥിരം ചെക്ക് ഡാമുകൾക്കൊപ്പം 44,106 താൽക്കാലിക ചെക്ക് ഡാമുകളും നിർമിച്ചു.
- സംസ്ഥാനത്തുടനീളമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, മുമ്പ് സ്ഥാപിച്ച 254 ലാബുകൾക്ക് അനുബന്ധമായി 85 പുതിയ ജല ഗുണനിലവാര പരിശോധനാ ലബോറട്ടറികൾ സ്ഥാപിച്ചു. ഈ പുതിയ സൗകര്യങ്ങളിൽ ആകെ 17,204 സാമ്പിളുകൾ ഇതിനകം വിശകലനം ചെയ്തു.

- കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ ഉപേക്ഷിക്കപ്പെട്ട ക്വാറികളിലെ വെള്ളം ഉപയോഗപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്ത ക്വാറി റീചാർജിങ് പദ്ധതി വിജയകരമായി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കി. ഈ പദ്ധതി മറ്റ് ക്വാറികളിലേക്കും വ്യാപിപ്പിക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്.
- തോടുകളുടെ വരമ്പുകൾ സംരക്ഷിക്കുന്നതിനായി മൊത്തം 36,86,849 ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം സ്ഥാപിച്ചു.

## മറ്റ് പ്രധാന സംരംഭങ്ങൾ

### 1. നെറ്റ് സീറോ കാർബൺ ശ്രമങ്ങൾ

നവകേരളം കർമ പദ്ധതിക്ക് കീഴിൽ, 2050-ഓടെ കേരളത്തെ കാർബൺ-ന്യൂട്രൽ ആക്കുക എന്ന ലക്ഷ്യത്തിൽ "നെറ്റ് സീറോ കാർബൺ കേരളം" എന്ന ക്യാമ്പയിന് ഹരിതകേരളം മിഷൻ നേതൃത്വം നൽകുന്നു. ഹരിതഗൃഹവാതക പ്രസാരണം കുറയ്ക്കുന്നതിലും കാർബൺ ബാലൻസ് കൈവരിക്കുന്നതിലും ഈ പ്രവർത്തനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സമൂഹത്തിന്റെ ഇടപെടലിലൂടെ നെറ്റ് സീറോ കാർബൺ കേരളപദ്ധതി യാഥാർഥ്യമാക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്ററുമായി സഹകരിച്ച് വിവിധ ഊർജ സംരക്ഷണ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അംഗൻവാടികളിൽ ഊർജ സ്വയംപര്യാപ്തതയും കാര്യക്ഷമതയും വർധിപ്പിക്കുന്നതിനുള്ള അംഗൻജ്യോതി പദ്ധതി, ഗാർഹിക ഊർജ ഓഡിറ്റുകൾ, സർക്കാർ സ്ഥാപനങ്ങളിലെ ഊർജ ഓഡിറ്റുകൾ, ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനുള്ള സാങ്കേതിക പിന്തുണ, വിദ്യാർഥികൾ, അധ്യാപകർ, സന്നദ്ധപ്രവർത്തകർ എന്നിവർക്കുള്ള പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതികളിൽ ഉൾപ്പെടുന്നു.

നെറ്റ് സീറോ കാർബൺ പ്രോജക്ട് അംഗൻ ജ്യോതി 85 തദ്ദേശഭരണ സ്ഥാപനങ്ങളിലെ 2,211 അങ്കണവാടികളിൽ നടപ്പിലാക്കും. തിരഞ്ഞെടുത്ത ഈ അംഗൻവാടികൾക്ക് ഇഎംസിയിൽ നിന്ന് ഇലക്ട്രിക് ഇൻഡക്ഷൻ കുക്കറുകൾ, പാചകാവശ്യത്തിനുള്ള ഉപകരണങ്ങൾ, എൽഇഡി ബൾബുകൾ, ബിഎൽഡിസി ഫാനുകൾ, ഇലക്ട്രിക് വാഹനങ്ങൾ, ചാർജിങ് സംവിധാനങ്ങൾ എന്നിവ ലഭിക്കും. ഇതിനുള്ള ടെൻഡർ നടപടികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്, 251 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ 2023 ഡിസംബർ 31-നകം പൂർത്തിയാക്കാനുള്ള നടപടികൾ ചെയ്തിട്ടുണ്ട്.

### 2. പശ്ചിമഘട്ട സംരക്ഷണം

പശ്ചിമഘട്ട മേഖലയിലെ മണ്ണൊലിപ്പും ഉരുൾപൊട്ടലും ലഘൂകരിക്കുന്നതിനും തോടുകൾ പുനരുജ്ജീവിപ്പിക്കാനും നീരൊഴുക്ക് സുഗമമാക്കാനുമുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. പ്രാരംഭ ഘട്ടത്തിൽ നീർത്തടങ്ങളുടെ ശാസ്ത്രീയ മാപ്പിങ് ഉൾപ്പെടുന്നു. ഈ പ്രക്രിയ "മാപ്പത്തോൺ" എന്നറിയപ്പെടുന്നു. ഇത് പൂർത്തിയാകുകയാണ്. മാപ്പത്തോൺ പൂർത്തിയായ പ്രദേശങ്ങളിൽ, പശ്ചിമഘട്ടത്തിന്റെ അതിർത്തിയോട് ചേർന്നുള്ള എല്ലാ ജില്ലകളിലും നീരൊഴുക്ക് വർധിപ്പിക്കുന്നതിന് അഴുക്കുചാലുകൾ വീണ്ടെടുക്കുന്നതും ഉരുൾപൊട്ടൽ തടയുന്നതിനുള്ള തുടർന്നുള്ള നടപടികളും പ്രവർത്തനങ്ങളും ആരംഭിച്ചു. രണ്ടാം ഘട്ടം കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചു, ഇപ്പോൾ മൂന്നാം ഘട്ടം 19 ഗ്രാമപഞ്ചായത്തുകളിൽ പുരോഗമിക്കുകയാണ്.

### 3. ഗ്രീൻ ടൂറിസം

വിനോദസഞ്ചാരികളുടെ എണ്ണം വർധിക്കുന്നത് കണക്കിലെടുത്ത്, ഹരിത പ്രോട്ടോക്കോളുകൾ, പ്രത്യേകിച്ച് ഹരിത പെരുമാറ്റച്ചട്ടം ജനപ്രിയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നത് അത്യന്താപേക്ഷിതമാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങളും അവയുടെ പ്രവേശന വഴികളും ഹരിത പെരുമാറ്റച്ചട്ടം പാലിക്കേണ്ടതുണ്ട്. ഹരിതകേരളമിഷനുമായും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച്, പരിസ്ഥിതി സുസ്ഥിരതയിൽ ഊന്നൽ നൽകി കേരളത്തിലെ തിരഞ്ഞെടുത്ത 83 വിനോദസഞ്ചാര കേന്ദ്രങ്ങളെ മാതൃകാ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

ഈ മൂന്ന് ഉപദൗത്യങ്ങൾക്കു കീഴിലുള്ള വൈവിധ്യവും നൂതനവുമായ പദ്ധതികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പ്രചാരണങ്ങളിലൂടെയും കൃഷി, അനുബന്ധ മേഖലകൾ, ശുചിത്വം, മാലിന്യസംസ്കരണം, ജലസംരക്ഷണം എന്നിവയിൽ ഗുണപരവും സുസ്ഥിരവുമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. ഈ മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താനും ഇതിന് കഴിഞ്ഞു.

# 3.8 ഭക്ഷ്യ ഭദ്രതയും പൊതുവിതരണ സംവിധാനവും

ലോകത്തിന്റെ ആഗോള പട്ടിണി സൂചിക (GHI) 2023 ന്റെ സ്കോർ 18.3 ആണ്, ഇത് മിതമായ നിരക്കായി കണക്കാക്കുന്നു - 2015 ലെ ലോക GHI സ്കോറായ 19.1-ൽ നിന്ന് ഇത് ഒരു പോയിന്റിൽ താഴെയാണ്. കൂടാതെ, 2017 മുതൽ, GHI സ്കോറുകൾ കണക്കാക്കുന്നതിൽ ഉപയോഗിക്കുന്ന സൂചകങ്ങളിലൊന്നായ പോഷകാഹാരക്കുറവിന്റെ വ്യാപനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, കൂടാതെ പോഷകാഹാരക്കുറവുള്ളവരുടെ എണ്ണം 572 ദശലക്ഷത്തിൽ നിന്ന് ഏകദേശം 735 ദശലക്ഷമായി ഉയർന്നു. വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ (WFP) കണക്കുകൾ കാണിക്കുന്നത് 2023-ൽ 345 ദശലക്ഷത്തിലധികം ആളുകൾ ഭക്ഷ്യ ഇനിശ്ചിതത്വം അഭിമുഖീകരിക്കുന്നു എന്നാണ്. ഇത് 2020 ലെ കണക്കിന്റെ ഇരട്ടിയിലേറെയാണ്. കോവിഡ്-19-മഹാമാരിക്കു മുൻപുള്ള കാലവുമായി താരതമ്യം ചെയ്യുമ്പോൾ 200 ദശലക്ഷം ആളുകൾ പട്ടിണിയിലാണെന്ന അമ്പരപ്പിക്കുന്ന വളർച്ചയാണിത് കാണിക്കുന്നത്.

ലോകത്തിലെ 70 ശതമാനം പട്ടിണിക്കാരും യുദ്ധവും അക്രമവും ബാധിച്ച പ്രദേശങ്ങളിലാണ് ജീവിക്കുന്നത്. കൂടാതെ കാലാവസ്ഥാ ആഘാതങ്ങൾ ജീവിതം, വിളകൾ, ഉപജീവനമാർഗങ്ങൾ എന്നിവ നശിപ്പിക്കുകയും ഭക്ഷണ പദാർത്ഥങ്ങൾ സ്വയം വിളയിച്ചെടുക്കാനുള്ള ആളുകളുടെ കഴിവിനെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. ഭക്ഷ്യവസ്തുക്കളുടെ വിലയേക്കാൾ വേഗത്തിൽ ഉയരുന്ന ആഗോള വളങ്ങളുടെ വിലയും ഇതോടൊപ്പമുള്ള പ്രതിസന്ധിയാണ്. ഉക്രെയ്നിലെ യുദ്ധത്തിന്റെ പ്രത്യാഘാതമായ, ഉയർന്ന പ്രകൃതി വാതക വില ഉൾപ്പെടെയുള്ളവ ആഗോള രാസവള ഉൽപാദനത്തെയും കയറ്റുമതിയെയും കൂടുതൽ തടസ്സപ്പെടുത്തി, അവയുടെ ലഭ്യത കുറയ്ക്കുകയും വില വർദ്ധിപ്പിക്കുകയും വിളവ് കുറയ്ക്കുമെന്ന അവസ്ഥ സംജാതമാകുകയും ചെയ്തു.

ആഗോളതലത്തിൽ ഭക്ഷ്യസുരക്ഷയുടെ അടിസ്ഥാന ആശയം എല്ലാ ആളുകൾക്കും അവരുടെ സജീവവും ആരോഗ്യകരവുമായ ജീവിതത്തിനായി എല്ലായ്പ്പോഴും ഭക്ഷണം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ്. 2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, മനുഷ്യർക്ക് അവരുടെ ജീവിതകാലത്ത് അന്തസ്സോടെ ജീവിക്കാൻ മിതമായ നിരക്കിൽ ഗുണമേന്മയുള്ള ഭക്ഷണം മതിയായ അളവിൽ ലഭ്യമാക്കിക്കൊണ്ട് ഭക്ഷണവും പോഷക സുരക്ഷയും നൽകുക എന്നതാണ്. പൊതുവിതരണ സംവിധാനം (പിഡിഎസ്), സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി, ശിശുവികസനവുമായി ബന്ധപ്പെട്ട സംയോജിത സേവനങ്ങൾ എന്നിവ ഈ നിയമത്തിൽ ഉൾക്കൊള്ളുന്നു.

മിതമായ നിരക്കിൽ ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിലൂടെ ദൗർലഭ്യം നിയന്ത്രിക്കുന്നതിനുള്ള ഒരു സംവിധാനമായി പൊതുവിതരണ സംവിധാനം (പിഡിഎസ്) വികസിച്ചു. ഇന്ത്യാ ഗവൺമെന്റിന്റെ 1955 ലെ അവശ്യ ചരക്ക് നിയമം അനുസരിച്ച്, പൊതുവിതരണ സമ്പ്രദായം 1965 ജൂലൈ 1 ന് ഔദ്യോഗികമായി നിലവിൽ വന്നു. അതിനുശേഷം ഇത് ഇന്ത്യയിലുടനീളം ഒരു സാർവത്രിക റേഷനിംഗ് സംവിധാനമായി വളർന്നു. വർഷങ്ങളായി, രാജ്യത്തെ ഭക്ഷ്യ സമ്പദ്വ്യവസ്ഥ കൈകാര്യം ചെയ്യുന്നതിനുള്ള ഗവൺമെന്റിന്റെ നയത്തിന്റെ ഒരു പ്രധാന ഭാഗമായി പിഡിഎസ് മാറി. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും സംയുക്തമായാണ് പിഡിഎസ് കൈകാര്യം ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ്, ഫുഡ്

കോർപ്പറേഷൻ ഓഫ് ഇന്ത്യ (എഫ്സിഐ) വഴി സംസ്ഥാന സർക്കാരുകൾക്കുള്ള ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുകയും അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. സംസ്ഥാന ഗവൺമെന്റുകൾ യോഗ്യരായ കുടുംബങ്ങളെ കണ്ടെത്തി റേഷൻ കാർഡുകൾ നൽകുന്നു, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ന്യായവില കടകളുടെ (എഫ് പി എസ്) ഒരു ശൃംഖലയിലൂടെ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുകയും അതാത് പ്രദേശത്തിനുള്ളിൽ പി.ഡി.എസ് സംവിധാനത്തിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

**സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം**

ഇന്ത്യയിലെ ഏറ്റവും ഫലപ്രദവും മികച്ചതുമായ പൊതുവിതരണ സമ്പ്രദായങ്ങളിലൊന്നാണ് കേരളത്തിനുള്ളത് കൂടാതെ സാർവത്രിക റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിൽ മുൻനിര നേട്ടങ്ങൾ നേടിയിട്ടുണ്ട്. കേരളത്തിലെ ഭക്ഷ്യധാന്യങ്ങളുടെ പൊതുവിതരണത്തിന്റെ ഉത്ഭവം രണ്ടാം ലോകമഹായുദ്ധത്തിന്റെ കാലഘട്ടത്തിലാണ്. പിന്നീട്, സംസ്ഥാന സർക്കാർ 1957-ൽ താഴ്ന്ന വരുമാനക്കാർക്ക് സബ്സിഡി നിരക്കിൽ അരി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം അവതരിപ്പിച്ചു, ഇന്ത്യാ ഗവൺമെന്റ് വരുത്തിയ നയ മാറ്റങ്ങളെ അടിസ്ഥാനമാക്കി 1997-ൽ സംസ്ഥാനം ടാർഗെറ്റഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം അവതരിപ്പിച്ചു. പിഡിഎസ് ഔട്ട്ലെറ്റുകളുടെ ശൃംഖലയിലൂടെ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുക, വിപണി അച്ചടക്കം നടപ്പാക്കുക, ഉപഭോക്തൃ അവബോധം പ്രോത്സാഹിപ്പിക്കുക, അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക തുടങ്ങിയ സുപ്രധാന ഉത്തരവാദിത്തങ്ങൾ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് നിർവഹിക്കുന്നു. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ഗോഡൗണുകളിൽ നിന്നും കസ്റ്റം മിൽഡ് റൈസ് (സിഎംആർ) മില്ലുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് ന്യായവില കടകളിലേക്ക് എത്തിക്കുന്നതിനുള്ള ചുമതല കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനും (സപ്ലൈകോ) നിർവഹിക്കുന്നു. സംസ്ഥാനത്തുടനീളമുള്ള ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കാനുള്ള ഗോഡൗണുകളും സപ്ലൈകോയ്ക്കുണ്ട്.

2011-12 ലെ എൻഎസ്എസ് ഗാർഹിക ഉപഭോഗ സർവേ ഡാറ്റ ഉപയോഗിച്ച് മുൻ ആസൂത്രണ കമ്മീഷൻ (ഇപ്പോൾ NITI ആയോഗ്) ആണ് എൻഎഫ്എസ്എ യുടെ കീഴിലുള്ള പിഡിഎസ് കവറേജ് നിർണ്ണയിക്കുന്നത്. ഗ്രാമങ്ങളിലും നഗരങ്ങളിലും യഥാക്രമം 75 ശതമാനവും 50 ശതമാനവും എന്ന അഖിലേന്ത്യ കവറേജിന് അനുസൃതമായി, കേരളത്തിലെ കവറേജ് ഗ്രാമങ്ങളിൽ 52.63 ശതമാനമായും നഗരങ്ങളിൽ 39.50 ശതമാനമായും പരിമിതപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ച് കേരളത്തിൽ 1,54,80,040 പേർ പൊതുവിതരണത്തിന് അർഹരാണ്.

**റേഷൻ കാർഡ് വിതരണം**

ടാർഗെറ്റഡ് പൊതുവിതരണ സമ്പ്രദായത്തിന് കീഴിലുള്ള ന്യായവില കടകളിൽ നിന്ന് അവശ്യസാധനങ്ങൾ വാങ്ങുന്നതിന് സംസ്ഥാന സർക്കാർ നൽകുന്ന ഔദ്യോഗിക രേഖയാണ് റേഷൻ കാർഡ്. നിലവിൽ, എൻഎഫ്എസ്എ നടപ്പിലാക്കിയ സംസ്ഥാന ഗവൺമെന്റുകൾ അതത് സംസ്ഥാനങ്ങളിലെ യോഗ്യരായ കുടുംബങ്ങൾക്ക് രണ്ട് തരം റേഷൻ കാർഡുകൾ നൽകുന്നു. "മാർക്ക് അധിഷ്ഠിത" സംവിധാനം അവതരിപ്പിച്ചുകൊണ്ട് യോഗ്യരായ കുടുംബങ്ങളെ തിരിച്ചറിയാൻ കേരള സർക്കാർ പ്രൊഫഷണൽ നടപടികൾ സ്വീകരിച്ചു, അത് വളരെ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടു. സംസ്ഥാനത്ത് നാല് തരം റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നു - അന്ത്യോദയ അന്ന യോജന (മഞ്ഞ), മുൻഗണനാ കുടുംബം (പിങ്ക്), മുൻഗണനേതര സബ്സിഡി (നീല), മുൻഗണനേതര നോൺ സബ്സിഡി (വെള്ള) കാർഡുകൾ. 2023 ഒക്ടോബർ 31 വരെ സംസ്ഥാനത്ത് 93,94,853 സാധുവായ റേഷൻ കാർഡുകളുണ്ട്.

പാവപ്പെട്ടവരിൽ ഏറ്റവും ദരിദ്രരുടെ പട്ടിണി കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതിയാണ് അന്ത്യോദയ അന്ന യോജന (എഎവൈ). സ്ഥിരവരുമാനമില്ലാത്ത കുടുംബങ്ങളെ സംസ്ഥാന സർക്കാർ അന്ത്യോദയ കുടുംബങ്ങളായി കണ്ടെത്തി എഎവൈ കാർഡ് നൽകുന്നു. 2023 മാർച്ച് വരെ സംസ്ഥാനത്ത് 5.91 ലക്ഷം എഎവൈ കാർഡ് ഗുണഭോക്താക്കളുമുണ്ട്. അവർക്ക് പ്രതിമാസം 30 കിലോ അരിയും 5 കിലോ ഗോതമ്പും ഒരു കുടുംബത്തിന് അർഹതയുണ്ട്. മുൻ വർഷങ്ങളിൽ, കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ഭക്ഷ്യധാന്യം നൽകിയിരുന്നത് ഒരു കിലോ അരിക്ക് 3 രൂപയ്ക്കും ഗോതമ്പിന് 2 രൂപയ്ക്കും ആയിരുന്നു. സംസ്ഥാന സർക്കാർ ഇതിന്റെ ചെലവ് വഹിക്കുകയും സംസ്ഥാനത്തെ ഗുണഭോക്താക്കൾക്ക് സൗജന്യമായി നൽകുകയും ചെയ്തു. 2023-ൽ, എഎവൈ കാർഡ് ഉടമകൾക്ക് ഇന്ത്യാ ഗവൺമെന്റ് സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു. മുൻഗണനാ കുടുംബങ്ങളായി കണക്കാക്കിയിട്ടുള്ളവരും എഎവൈയുടെ പരിധിയിൽ വരാത്തതുമായ കുടുംബങ്ങൾ മുൻഗണനാ കുടുംബങ്ങൾക്ക് (പിഎച്ച്എച്ച്) കീഴിൽ വരും. സംസ്ഥാനത്ത് 33.79 ലക്ഷം പിഎച്ച്എച്ച് കാർഡുകളുണ്ട്. പിഎച്ച്എച്ച് കാർഡ് ഉടമകൾക്ക് പ്രതിമാസം ഒരാൾക്ക് 5 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നു, കൂടാതെ സംസ്ഥാന സർക്കാർ സബ്സിഡി നിരക്കിൽ സാധനങ്ങൾ നൽകുന്നു, അതായത് ഇന്ത്യൻ സർക്കാർ നൽകുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക്. നോൺ പ്രയോറിറ്റി സബ്സിഡി (എൻ.പി.എസ്) കാർഡുകളും നോൺ പ്രയോറിറ്റി നോൺ സബ്സിഡി (എൻ.പി.എൻ. എസ്) കാർഡുകളും ഉണ്ട്. ഇതുകൂടാതെ അഗതി മന്ദിരം പോലുള്ള സ്ഥാപനങ്ങൾക്ക് മുൻഗണനേതര സ്ഥാപന (എൻപിഐ) കാർഡുകളും വകുപ്പ് നൽകുന്നുണ്ട്. മുൻഗണനാ കാർഡുകൾ, എഎവൈ, പിഎച്ച്എച്ച് കാർഡുകൾ ഒന്നിച്ച് സംസ്ഥാനത്തെ മൊത്തം കാർഡുകളുടെ 42.32 ശതമാനമാണ്. എല്ലാത്തരം കാർഡുകളുടെയും നമ്പറും ഷെയറും **ചിത്രം 3.8.1**–ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.


**പിഡിഎസ് സാധനങ്ങളുടെ വിതരണം**

ന്യായവില കടകൾ വഴിയാണ് ധാന്യങ്ങളും മറ്റ് സാധനങ്ങളും വിതരണം ചെയ്യുന്നത്. 2023 ഒക്ടോബർ വരെ സംസ്ഥാനത്ത് 14,157 ന്യായവില കടകളുണ്ട്. 2022-23ൽ സംസ്ഥാനത്ത് പിഡിഎസ് വഴിയുള്ള മൊത്തം ഭക്ഷ്യധാന്യ വിതരണം 13,96,185 മെട്രിക് ടൺ ആണ്, ഇതിൽ എ.എ.വൈ കാർഡ് ഉടമകൾക്ക് 2,40,227.3 മെട്രിക് ടൺ ധാന്യങ്ങൾ ഉൾപ്പെടെ പി.എച്ച്.എച്ച് കാർഡ് ഉടമകൾക്ക് 56,427.1 മെട്രിക് ടൺ, മുൻഗണനേതര കാർഡ് ഉടമകൾക്ക് 3,99,530.373 മെട്രിക് ടൺ എന്ന കണക്കിൽ ധാന്യങ്ങൾ വിതരണം ചെയ്തു. 2021-22ൽ വിവിധ കാർഡ് ഉടമകൾക്കായി സബ്സിഡിയായി 17,650.25 ലക്ഷം രൂപ ചെലവഴിച്ചു, ഇതിൽ എ.എ.വൈ കാർഡുകൾക്ക് 5,097.75 ലക്ഷം, മുൻഗണനാ കാർഡുകൾക്ക് 4,504.23 ലക്ഷം, മുൻഗണനേതര കാർഡുകൾക്ക് 8,048.27 ലക്ഷം എന്നിങ്ങനെയാണ് സബ്സിഡി തുക. ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിനായി കേരള സർക്കാർ ചെലവഴിച്ച സബ്സിഡി തുകയും കാറ്റഗറി തിരിച്ചുള്ള കാർഡ് ഉടമകളും **പട്ടിക 3.8.1**ലും കൂടുതൽ വിശദാംശങ്ങൾ **അനുബന്ധം 3.8.1**ലും നൽകിയിരിക്കുന്നു.

അന്ത്യോദയ അന്ന യോജന (എഎവൈ) കുടുംബങ്ങൾക്ക് പിഡിഎസ് വഴി പഞ്ചസാരയും മണ്ണെണ്ണയും ലഭിക്കാൻ അർഹതയുണ്ട്. ഓരോ കാർഡിനും 21 രൂപ നിരക്കിൽ പ്രതിമാസം ഒരു കിലോ പഞ്ചസാരയാണ് അനുവദിച്ചിരിക്കുന്നത്. ഇന്ത്യാ ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന സാധനങ്ങൾ വിതരണത്തിനാവശ്യമുള്ള അധിക ചെലവും നടപ്പാക്കാനുള്ള ചെലവും സംസ്ഥാന സർക്കാർ വഹിക്കുന്നു. 2021-22ൽ ഇത് 6604 മെട്രിക് ടൺ ആയിരുന്നെങ്കിൽ 2022-23ൽ 7133 മെട്രിക് ടൺ പഞ്ചസാരയാണ് സംസ്ഥാനത്ത് വിതരണം ചെയ്തത്. 2023 ഓഗസ്റ്റ് വരെ, 2023-24 ലെ ക്വാട്ടയിൽ നിന്ന് മൊത്തം 2775 മെട്രിക് ടൺ പഞ്ചസാര വിതരണം ചെയ്തു. മണ്ണെണ്ണ അലോട്ട്മെന്റിന്റെ കാര്യത്തിൽ, യഥാർത്ഥ ആവശ്യങ്ങളും സംസ്ഥാനത്തിന് ലഭിച്ച അലോട്ട്മെന്റും തമ്മിൽ വലിയ അന്തരമുണ്ട്. പരമ്പരാഗത മേഖല, പ്രത്യേകിച്ച് മത്സ്യബന്ധനം, മണ്ണെണ്ണ വിതരണത്തെ ആശ്രയിച്ചിരിക്കുന്നു. 2021–22ൽ 6,604 കിലോ ലിറ്റർ ആയിരുന്ന മണ്ണെണ്ണ വിതരണം 2022–23ൽ 7,133 കിലോ ലിറ്റർ ആയി വർദ്ധിച്ചു. 2023 ആഗസ്റ്റ് വരെ, 2023-24 ലെ അലോട്ട്മെന്റിൽ നിന്ന് സംസ്ഥാനത്തിന് 2,775 കിലോ ലിറ്റർ മണ്ണെണ്ണ ലഭിച്ചു. ധാന്യങ്ങളുടെ വിതരണത്തിന് പുറമേ, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള (എപിഎൽ) കാർഡുകൾക്കുള്ള നിശ്ചിത അളവ് ഗോതമ്പ് ആട്ടയായി പരിവർത്തനം ചെയ്ത് വിതരണം ചെയ്യാനും 2006 മുതൽ ഇന്ത്യാ ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. ഇത് 2020-ൽ എഎവൈ, പിഎച്ച്എച്ച് കാർഡുകളിലേക്കും വ്യാപിപ്പിച്ചു.

അന്താരാഷ്ട്ര മില്ലറ്റ് വർഷം 2023 ന്റെ ഭാഗമായി, ഭക്ഷണ സാധനങ്ങൾ വൈവിധ്യവൽക്കരിക്കുക എന്ന ഉദ്ദേശത്തോടെയാണ് റേഷൻ കടകൾ വഴി റാഗി വിതരണം ചെയ്യുന്നത്. റാഗി ആദ്യഘട്ടത്തിൽ പൊടിയാക്കി, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ആദിവാസി മേഖലകളിൽ സ്ഥിതി ചെയ്യുന്ന 948 എഫ് പിഎസുകളിലേക്കും സംസ്ഥാനത്തെ തിരഞ്ഞെടുത്ത 6,300 എഫ് പിഎസുകളിലേക്കും പാക്കറ്റുകളായി വിതരണം ചെയ്യുന്നു.

**ചിത്രം 3.8.1** 2023 ഒക്ടോബർ വരെയുള്ള കേരളത്തിലെ കാർഡ് ഉടമകളുടെ വിഭാഗം തിരിച്ചുള്ള നമ്പറും വിഹിതവും




അവലംബം: സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ

**പട്ടിക 3.8.1** വിവിധ വിഭാഗം കാർഡ് ഉടമകൾക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ച സബ്സിഡി, രൂപ ലക്ഷത്തിൽ

| ക്രമ നം. | വിഭാഗം | വിതരണം ചെയ്ത ധാന്യങ്ങളുടെ അളവ് മെട്രിക് ടണ്ണിൽ | | സബ്സിഡി ഇനത്തിൽ ചെലവഴിച്ച തുക ലക്ഷത്തിൽ | |
|---|---|---|---|---|---|
| | | 2021-22 | 2022-23 | 2021-22 | 2022-23 |
| 1 | അന്ത്യോദയ അന്നയോജന (എഎവൈ) | 250235.7 | 240227.27 | 7096.63 | 5097.75 |
| 2 | മുൻഗണനാ (പിഎച്ച്എച്ച്) | 775363.3 | 756427.088 | 6249.44 | 4504.23 |
| 3 | മുൻഗണനേതര (എൻപിഎസ്) | 399530.4 | 399530.373 | 9879.76 | 8048.27 |
| | ആകെ | 1425129 | 1396185 | 23225.8 | 17650.3 |

അവലംബം: സിവിൽ സപ്ലൈസ് വകുപ്പ്

ഭക്ഷ്യധാന്യങ്ങളുടെ വിഹിതം ഏറ്റവും കൂടുതൽ തിരുവനന്തപുരത്തും ഏറ്റവും കുറവ് പത്തനംതിട്ടയിലുമാണ്. എഫ്.പി.എസിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാന ശരാശരി ഓഫ് ടേക്ക് 99 ശതമാനമാണ്, ഇത് ജില്ലകൾ തമ്മിൽ 95 മുതൽ 111 ശതമാനം വരെ വ്യത്യാസപ്പെട്ടിരിക്കുന്നു. ഓപ്പണിംഗ് ബാലൻസുകളും ഓഫ്-ടേക്ക് കണക്കുകളിൽ കണക്കാക്കിയിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ, പഞ്ചസാര വിതരണം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3.8.2, 3.8.3, 3.8.4, 3.8.5, 3.8.6** എന്നിവയിൽ നൽകിയിരിക്കുന്നു.

കോവിഡ്-19 ന്റെ ആഘാതം മറികടക്കാൻ 2020 മുതൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന സംസ്ഥാന സർക്കാർ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും യാതൊരു വിലയും കൂടാതെ അവശ്യ സാധന കിറ്റുകൾ നൽകി. 2021ലും 2022ലും ഇത് വിതരണം തുടർന്നു. അർഹരായ ഗുണഭോക്താക്കൾക്ക് എഫ് പി എസ് വഴി സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനു പുറമേയാണിത്. 2023-ൽ എഎവൈ കാർഡ് ഉടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്കും പയറുവർഗങ്ങൾ, കറിപ്പൊടികൾ, ഭക്ഷ്യ എണ്ണ എന്നിവയുൾപ്പെടെ 14 അവശ്യ സാധനങ്ങളടങ്ങിയ 5.74 ലക്ഷം ഓണം ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു. 2023-ലെ ഓണം ഭക്ഷണ കിറ്റുകളുടെ ജില്ല തിരിച്ചുള്ള വിതരണത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.8.7**-ൽ നൽകിയിരിക്കുന്നു.

### വില സ്ഥിരതയും ചില്ലറ വിപണിയിലെ സംസ്ഥാന ഇടപെടലും

ഉപഭോക്തൃ കേന്ദ്രീകൃത സംസ്ഥാനമായതിനാൽ, സ്വകാര്യ ചില്ലറ വിൽപനയിലൂടെ അവശ്യസാധനങ്ങളുടെ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്. പയറുവർഗ്ഗങ്ങൾ, ധാന്യങ്ങൾ, അരി, ആട്ട, പഞ്ചസാര എന്നിവയുൾപ്പെടെ 13 അവശ്യസാധനങ്ങളുടെ വില സുസ്ഥിരമാക്കുന്നതിന് സപ്ലൈകോ എന്നറിയപ്പെടുന്ന കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്തും പൊതുവിപണിയിലും ഫലപ്രദമായി ഇടപെടുന്നു. ഇവയ്ക്ക് പൊതുവിപണിയെക്കാൾ അമ്പത് ശതമാനം വില കുറവാണ്. പൊതുവിപണിയെ അപേക്ഷിച്ച് ശരാശരി 10 ശതമാനം കുറഞ്ഞ വിലയ്ക്ക് 6,000-ലധികം ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് ഇനങ്ങളുടെ ചില്ലറ വിൽപനയിലും സപ്ലൈകോ ഏർപ്പെട്ടിരിക്കുന്നു. സപ്ലൈകോ സ്വന്തം ഉൽപ്പന്നങ്ങളായ കറിപ്പൊടി, വെളിച്ചെണ്ണ, തേയില, കാപ്പിപ്പൊടി എന്നിവ ചില്ലറ വിപണിയിൽ "ശബരി" എന്ന ബ്രാൻഡിൽ വിൽക്കുന്നു, 95 മെഡിക്കൽ സ്റ്റോറുകൾ വഴിയും 5 ഹോൾ സെയിൽ ഡിവിഷനുകൾ വഴിയും ശരാശരി 15 ശതമാനം കിഴിവിൽ മരുന്നുകൾ ചില്ലറ വിൽപന നടത്തുന്നു.. 11 പെട്രോൾ ബങ്കറുകൾ, 3 എൽപിജി ഔട്ട്ലെറ്റുകൾ, 1 മണ്ണെണ്ണ മൊത്ത വിൽപന ഡിപ്പോ എന്നിവയിലൂടെ മണ്ണെണ്ണ, പെട്രോൾ, ഡീസൽ, എൽപിജി തുടങ്ങിയ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഡീലറുമാണ് ഇത്. ഉത്സവ സീസണുകളിൽ പ്രത്യേക മേളകളും നടത്തുന്നു.

56 ഡിപ്പോകളും 5 മെഡിക്കൽ ഹോൾസെയിൽ ഡിവിഷനുകളും 1,632 റീട്ടെയിൽ ഔട്ട്ലെറ്റുകളും സപ്ലൈകോയ്ക്ക് സ്വന്തമായുണ്ട്. 2022–23ൽ 8 മാവേലി സ്റ്റോറുകളും ഒരു സൂപ്പർമാർക്കറ്റും പുതുതായി ആരംഭിക്കുകയും 5 സ്റ്റോറുകൾ സൂപ്പർ മാർക്കറ്റായും ഒന്ന് മാവേലി സൂപ്പർ സ്റ്റോറായും നവീകരിച്ചു. പ്രവർത്തനക്ഷമമായ ഔട്ട്ലെറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.8.8**–ൽ നൽകിയിരിക്കുന്നു

### കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന്റെ വിജയപാതകൾ

**പ്രോസസ് അപ്ഗ്രേഡേഷനും സേവന വിതരണത്തിലെ മെച്ചപ്പെടുത്തലുകളും** – ഏകീകൃത പാറ്റേണിൽ റേഷൻ കടകളുടെ നവീകരണവും ഓട്ടോമേഷനും, ഇ-റേഷൻ കാർഡ് പ്രോജക്റ്റ് നടപ്പിലാക്കൽ, എടിഎം വലുപ്പത്തിലുള്ള റേഷൻ കാർഡ് വിതരണം എന്നിവ ഉൾപ്പെടെ, പിഡിഎസിന്റെ സേവന വിതരണത്തെ നവീകരിക്കുന്നതിലും ഡിജിറ്റൈസ് ചെയ്യുന്നതിലും സംസ്ഥാന സർക്കാർ വിജയിച്ചു. എവിടെനിന്നും എളുപ്പത്തിൽ റേഷൻ ലഭ്യമാക്കുന്നതിനായി ഒരു രാജ്യം ഒരു റേഷൻ കാർഡും വകുപ്പ് അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ എല്ലാ ന്യായവില കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുകയും ശരിയായ അളവിൽ ഭക്ഷ്യധാന്യങ്ങളുടെ വിതരണം ഉറപ്പാക്കാൻ എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ മാസവും ഓരോ കാർഡിനും ലഭിക്കാനുള്ള റേഷൻ വിവരം എസ്എംഎസിലൂടെ അവരെ അറിയിക്കുന്നു.

റേഷൻ വിതരണം പൂർണ്ണമാക്കുന്നതിന് വിദൂര ഗോത്രവർഗക്കാർക്കും എത്തിച്ചേരാനാകാത്ത തീരപ്രദേശങ്ങളിലും മൊബൈൽ റേഷൻ കടകൾ ഉൾപ്പെടെയുള്ള വിജയകരമായ പദ്ധതികൾ തുടരാൻ വകുപ്പിന് കഴിഞ്ഞു. ഇതിനുപുറമെ, തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ച് 'എനി ടൈം എനിവേർ റേഷൻ ഷോപ്പ് ' സൗകര്യങ്ങൾ ആരംഭിച്ചു, തുടക്കത്തിൽ മുനിസിപ്പൽ കോർപ്പറേഷനുകളുടെ നഗര കേന്ദ്രങ്ങളിലാണ് നടപ്പാക്കിയിട്ടുള്ളത്. റെസ്റ്റോറന്റുകൾ, പ്രൊവിഷൻ സ്റ്റോറുകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവ ഗ്രേഡുചെയ്യുന്നതിനുള്ള ഒരു സംരംഭവും അത്തരം സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിനും നിലവാരം പുലർത്തുന്നതിനുമുള്ള നടപടികളും ആരംഭിച്ചു. വെയർഹൗസുകളിൽ നിന്നും എഫ്പിഎസി ലേക്ക് സാധനമെത്തിക്കുന്ന വാഹനങ്ങൾക്ക് ജിപിഎസ് ട്രാക്കിംഗിനുള്ള സോഫ്റ്റ്‌വെയറും ഓഫീസർമാരുടെ പതിവ് പരിശോധനാ മാനേജ്മെന്റിനുള്ള മൊബൈൽ ആപ്പും റേഷൻ സ്റ്റോക്കിംഗിലും വിതരണത്തിലും കൃത്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഇടവരുത്തി. കഴിഞ്ഞ സാമ്പത്തിക വർഷം അഗതിമന്ദിരങ്ങൾ ഉൾപ്പെടെ വിവിധ ക്ഷേമ സ്ഥാപനങ്ങൾക്ക് പിഡിഎസ് റേഷൻ വിതരണം ചെയ്യുന്നതിന് ആരംഭിച്ച മുൻഗണനേതര സ്ഥാപന (എൻപിഐ) കാർഡ് പദ്ധതി ഈ വർഷവും തുടരുന്നതിലും വകുപ്പ് വിജയിച്ചു. ക്ഷേമസ്ഥാപനങ്ങൾക്കായി ഇതുവരെ 6,560 കാർഡുകൾ വിതരണം ചെയ്തു. പിഡിഎസ് ന്റെ പ്രവർത്തനങ്ങളിലും സംവിധാനങ്ങളിലും ഈ മാറ്റങ്ങളെല്ലാം ഉൾപ്പെടുത്തുന്നതിനായി സിവിൽ സപ്ലൈസ് മാനുവൽ പരിഷ്ക്കരിച്ചിരിക്കുന്നു.

സ്വന്തം കമ്പ്യൂട്ടറിൽ നിന്നോ അടുത്തുള്ള അക്ഷയ കേന്ദ്രത്തിൽ നിന്നോ ആക്സസ് ചെയ്യാവുന്ന ഓൺലൈൻ സേവനങ്ങളിലേക്ക് മാറാനുള്ള നടപടിയാണ് ഡിപ്പാർട്ട്മെന്റിന്റെ ഒരു വലിയ കാൽവയ്പ്പ് . താലൂക്ക് സപ്ലൈ ഓഫീസുകളിലേക്കുള്ള ആവർത്തിച്ചുള്ള സന്ദർശനങ്ങളും നീണ്ട കാത്തിരിപ്പും പ്രായോഗികമായി തടയുന്ന മറ്റൊരു പ്രധാന നടപടിയാണ് ഡിജിറ്റൽ റേഷൻ കാർഡുകളിലേക്കുള്ള മാറ്റം. സംയോജിത മാനേജ്മെന്റ് ഓഫ് പിഡിഎസും സംസ്ഥാനത്ത് നടപ്പിലാക്കിയ വൺ ഇന്ത്യ വൺ റേഷൻ കാർഡ് സിസ്റ്റവും ഇന്ത്യയിലെ ഏത് സംസ്ഥാനത്തു നിന്നുള്ള റേഷൻ കാർഡ് ഉടമകൾക്ക് അവരുടെ അർഹമായ റേഷൻ ഏത് എഫ്പിഎസിൽ നിന്നും വാങ്ങിക്കുവാൻ അവസരം നൽകുന്നു.

നിലവിലെ സർക്കാരിന്റെ ആദ്യ രണ്ട് വർഷങ്ങളിൽ ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ജെൻഡർമാർക്കും തെരുവ് നിവാസികൾക്കും ഉൾപ്പെടെ 35,33,129 പുതിയ റേഷൻ കാർഡുകൾ സംസ്ഥാനത്ത് വിതരണം ചെയ്തു. എല്ലാ റേഷൻ കാർഡുകളും ആധാറുമായി ബന്ധിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. കുടിയേറ്റ തൊഴിലാളികൾക്ക് റേഷൻ ഉറപ്പാക്കുന്നതിന് റൈറ്റ്സ് കാർഡ് നൽകിയതാണ് പുരോഗമനപരമായ മറ്റൊരു നടപടി.

**എൻ.എഫ്.എസ്.എ നടപ്പിലാക്കുന്നതിലെ നാഴികക്കല്ലുകൾ –** എൻ.എഫ്.എസ്.എ -യുടെ പരിധിക്കപ്പുറമുള്ള കുടുംബങ്ങൾക്ക് പോലും റേഷൻ വിതരണം നൽകിക്കൊണ്ട് സർക്കാർ സാർവത്രിക റേഷൻ കവറേജ് നേടിയിട്ടുണ്ട്. വിദൂര ആദിവാസി കുഗ്രാമങ്ങൾ, എത്തിച്ചേരാനാകാത്ത തീരപ്രദേശങ്ങൾ, പ്രകൃതിക്ഷോഭ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നേരിട്ട് റേഷൻ വിതരണം ചെയ്യുന്നു. നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാനത്ത് സംസ്ഥാന ഭക്ഷ്യ കമ്മീഷനും കാര്യക്ഷമമായ പരാതി പരിഹാര സംവിധാനമുണ്ട്. എൻഡ്-ടു-എൻഡ് കമ്പ്യൂട്ടർവൽക്കരണം, പരാതി പരിഹാര പോർട്ടൽ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുതൽ അംഗീകൃത റേഷൻ ഡീലർമാരുടെ തലം വരെ സപ്ലൈ ചെയിൻ മാനേജ്മെന്റ്, സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ ജിപിഎസ് ട്രാക്കിംഗ് എന്നിവ സ്ഥാപിച്ച് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (എൻഎഫ്എസ്എ) സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കി. ഭക്ഷ്യധാന്യങ്ങൾ, കാര്യക്ഷമവും സുതാര്യവുമായ സേവന വിതരണത്തിനായി സിസിടിവി സ്ഥാപിക്കൽ, ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളും കണക്റ്റിവിറ്റിയും, 500 ന്യായവില ഷോപ്പുകളുടെ സോഷ്യൽ ഓഡിറ്റിംഗ്, വിവര വിദ്യാഭ്യാസ ആശയവിനിമയ പ്രവർത്തനങ്ങൾ, ഇടനില ഗോഡൗണുകൾ സ്ഥാപിക്കൽ എന്നിവ നടപ്പാക്കി. മറ്റ് സർക്കാർ വകുപ്പുകൾക്ക് അനുസൃതമായി, സിവിൽ സപ്ലൈസ് വകുപ്പും ഇ-ഓഫീസ് ഫയൽ സംവിധാനത്തിലേക്ക് മാറി, ഇത് ഫയൽ നീക്കം വേഗത്തിലാക്കുകയും കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ സഹായിക്കുകയും ചെയ്യുന്നു.

എൻഎഫ് എസ്എ നിയമം 2013 പൊതുവിതരണ ശൃംഖലയുടെ അവസാന പൊതു ഇന്റർഫേസ് യൂണിറ്റായി ന്യായവില കടകളെ വിഭാവനം ചെയ്യുന്നു. മുഴുവൻ സിസ്റ്റത്തിന്റെയും സുതാര്യതയും സാമൂഹിക നേട്ടവും അവയുടെ സേവനത്തിന്റെ ഗുണനിലവാരത്തെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ, സ്വാശ്രയ സംഘങ്ങളും സഹകരണ സംഘങ്ങളും, പ്രത്യേകിച്ച് വനിതാ കൂട്ടായ്മകളും നടത്തുന്ന ന്യായവില കടകൾ തുറക്കുന്നതിൽ പഞ്ചായത്തുകൾ പോലുള്ള പൊതു സ്ഥാപനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് നിലവിലുള്ള പൊതുവിതരണ സമ്പ്രദായത്തിൽ ദൂരവ്യാപകമായ പുരോഗമന പരിഷ്കാരങ്ങൾക്കായി നിയമം നിലകൊള്ളുന്നു. നിയമത്തിലെ ഈ വ്യവസ്ഥ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള ആദ്യപടിയെന്ന നിലയിൽ, റഫറൻസ് വർഷം മുതൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാതൃകാ ന്യായവില കടകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി വകുപ്പ് മുന്നോട്ടുപോകുന്നു.

**നോ ഹംഗർ –** ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2030-ന്റെ രണ്ടാമത്തെ ലക്ഷ്യമായ 'പട്ടിണിരഹിതം' എന്ന ലക്ഷ്യം കൈവരിക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് ഒരുങ്ങുന്നു. വിശപ്പ് രഹിത കേരളം പദ്ധതിക്ക് കീഴിലുള്ള സുഭിക്ഷ ഹോട്ടലുകൾ ഈ ശ്രമത്തിൽ ഒരു നാഴികക്കല്ലാണ്; 2022-23 അവസാനത്തോടെ 53 നിയമസഭാ മണ്ഡലങ്ങളിലായി (എൽഎസി) 53 ഹോട്ടലുകൾ അനുവദിക്കുകയും, അവ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നു. 20 രൂപയ്ക്കാണ് ഉച്ചഭക്ഷണം അവിടെ നൽകുന്നത്. സുഭിക്ഷ ഹോട്ടലുകൾക്ക് ഓരോ ഭക്ഷണത്തിനും 5.00 രൂപ നിരക്കിൽ സർക്കാർ സബ്സിഡി നൽകുന്നു. കൂടാതെ, സിവിൽ സപ്ലൈസ് വകുപ്പ് ഹോട്ടലുകൾക്ക് പ്രതിമാസം 600 കിലോ അരി കിലോയ്ക്ക് 10.90 രൂപ നിരക്കിൽ നൽകുന്നു.

**കെ–സ്റ്റോർ –** ഒരു കുടക്കീഴിൽ വിപുലമായ പൊതു യൂട്ടിലിറ്റി സേവനങ്ങൾ നൽകിക്കൊണ്ട് ന്യായവില കടകളെ പൊതുജനങ്ങളുടെ ജീവനാഡിയാക്കി മാറ്റാനും വകുപ്പ് പദ്ധതിയിടുന്നു. ആദ്യഘട്ടമെന്ന നിലയിൽ 108 കടകൾ തിരഞ്ഞെടുത്ത് നവീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. 10,000 രൂപ വരെ പിൻവലിക്കൽ പരിധിയുള്ള സാമ്പത്തിക സേവനങ്ങൾ, യൂട്ടിലിറ്റി പേയ്മെന്റ് സേവനങ്ങൾ, മിൽമ പോലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ വിൽപ്പന, ഐടി അധിഷ്ഠിത സേവനങ്ങളുടെ വിതരണം എന്നിവ ഉൾപ്പെടെയുള്ള മറ്റ് മേഖലകളിലേക്ക് അവരുടെ സേവനങ്ങൾ വൈവിധ്യവത്കരിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഈ എഫ്പിഎസുകൾ സജ്ജീകരിച്ചിരിക്കുന്നു.

എൻഎഫ്എസ്എ നിയമം നടപ്പിലാക്കുന്നതിലൂടെ വകുപ്പിന്റെ ഇടപെടൽ മേഖല വർദ്ധിച്ച കാരണം, സംസ്ഥാനത്തുടനീളം വ്യാപിച്ചുകിടക്കുന്ന ന്യായവില കടകളുടെ വിശാലമായ ശൃംഖലയിലൂടെ വിവിധ വിളകളുടെ സംഭരണവും വിൽപ്പനയും ഇപ്പോൾ ഏറ്റെടുക്കാൻ കഴിയും. സർക്കാർ ഇതിനകം തന്നെ മിനിമം താങ്ങുവില നിശ്ചയിച്ചിട്ടുള്ള വാഴ, മരച്ചീനി, പച്ചക്കറികൾ തുടങ്ങിയ വിളകളുടെ സംഭരണം, പൊതുവിതരണ സമ്പ്രദായത്തിന് കീഴിൽ ഈ കടകൾ വഴി പ്രാദേശികമായി സംഭരിക്കാനും വിൽക്കാനും കഴിയും. ഈ വിളകളുടെ വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങളിലേക്കും ഇത് വ്യാപിപ്പിക്കാം.

**ഓപ്പറേഷൻ യെല്ലോ –** എൻഎഫ്എസ്എ 2013 പ്രകാരം 1,54,80,040 പേർക്കാണ് കേരളത്തിൽ മുൻഗണനാ കാർഡിന് അർഹതയുള്ളത്. ഗുണഭോക്താക്കളെ ശരിയായി തിരിച്ചറിഞ്ഞിട്ടുണ്ടെന്ന് ഉറപ്പാക്കാൻ, അർഹതയില്ലാത്തവരുടെ മുൻഗണനാ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യാൻ സർക്കാർ ആവശ്യപ്പെട്ടു. 17,23,312 പേർ ഇതിനോട് പ്രതികരിക്കുകയും അവരുടെ മുൻഗണനാ കാർഡുകൾ തിരികെ നൽകുകയും ചെയ്തു. തുടർന്ന്, യോഗ്യതയില്ലാതെ മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ചിരിക്കുന്ന വ്യക്തികളെ കണ്ടെത്തുന്നതിനായി സംസ്ഥാന ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് ഓപ്പറേഷൻ യെല്ലോ എന്നപേരിൽ വകുപ്പ് പരിശോധനആരംഭിച്ചു. 422.43 ലക്ഷം രൂപ പിഴയടപ്പിച്ച് യോഗ്യതയില്ലാത്ത 17,736 കാർഡുകൾ പിടിച്ചെടുത്തു. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ 3,43,174 മുൻഗണനാ കാർഡുകൾ അർഹരായ കുടുംബങ്ങൾക്ക് കൈമാറാനും വകുപ്പിന് കഴിഞ്ഞു.

**പ്രൊജക്റ്റ് OPPAM –** ഓട്ടോറിഷ ഡ്രൈവർമാരുടെ പ്രതിഫലം കൂടാതെ സ്വമേധയാ ഉള്ള സഹായത്താൽ കിടപ്പിലായ രോഗികളുള്ള കുടുംബങ്ങളുടെ വീട്ടുവാതിൽക്കൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നു. സംസ്ഥാനത്തെ 77 താലൂക്കുകളിലും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലും പദ്ധതി വിജയകരമായി പ്രവർത്തിക്കുന്നു.

**തെളിമ പ്രോജക്റ്റ് –** യോജിച്ച പരിശ്രമത്തിലൂടെ റേഷൻ കാർഡുകളുടെ 100% ആധാർ ലിങ്കിംഗ് വകുപ്പ് പൂർത്തിയാക്കി. എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെ റേഷൻ കാർഡുകളിൽ തിരുത്തലുകൾ വരുത്താം. ഈ കാലയളവിൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ, പരാതികൾ, പരാതികൾ ഉടൻ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങൾ എന്നിവ സ്വീകരിക്കുന്നതിന് എല്ലാ റേഷൻ കടകളിലും ഡ്രോപ്പ് ബോക്സുകൾ സജ്ജീകരിച്ചിട്ടുണ്ട്.

**സ്മാർട്ട് പിഡിഎസ് –** 2013ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013-ന്റെ ലക്ഷ്യങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഏകീകരിക്കുന്നതിനും പൊതുവിതരണ സമ്പ്രദായം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുമുള്ള വകുപ്പിന്റെ പുതിയ സംരംഭമാണിത്.

**ഉച്ചഭക്ഷണ പരിപാടി –** 1984-ൽ കേന്ദ്ര ഗവൺമെന്റ് അവതരിപ്പിക്കുന്നതിന് മുമ്പ് തന്നെ ഈ പദ്ധതി കേരളം ആവിഷ്കരിച്ചിരുന്നു. 1995-ൽ കേന്ദ്രാവിഷ്കൃത പദ്ധതിയായി ഇന്ത്യാ ഗവൺമെന്റ് പദ്ധതി ആരംഭിച്ചതു മുതൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക പിന്തുണയോടെയാണ് സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി സംസ്ഥാനത്ത് നടപ്പാക്കുന്നത്. സംസ്ഥാനത്ത് ഉച്ചഭക്ഷണ പരിപാടിയിൽ 2021-22 ൽ 25.97 ലക്ഷം വിദ്യാർത്ഥികൾക്ക് 6.71 ലക്ഷം ക്വിന്റൽ അരി വിതരണം ചെയ്തപ്പോൾ 2022-23 ൽ എഫ്സിഐ 6.61 ലക്ഷം ക്വിന്റൽ അരി വിതരണം ചെയ്തു, ഇത് 27.31 ലക്ഷം വിദ്യാർത്ഥികൾക്ക് പ്രയോജനം ചെയ്തു. 2023–24ൽ (2022 ഓഗസ്റ്റ് വരെ) 12,327 സ്കൂളുകളിലേക്ക് 2.29 ലക്ഷം ക്വിന്റൽ അരി വിതരണം ചെയ്തു. 2015-16 മുതൽ 2023-24 വരെ (31.8.2023 വരെ) ഉച്ചഭക്ഷണ പരിപാടിക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.8.9**-ൽ നൽകിയിരിക്കുന്നു.

**സെന്റർ ഫോർ പ്രൈസ് റിസർച്ച് –** അവശ്യസാധനങ്ങളുടെ വിലയിലെ ഏറ്റക്കുറച്ചിലുകൾ നിരീക്ഷിക്കുന്നതിനുള്ള ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ 2017-ൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിൽ സ്ഥാപിച്ചു. സെൽ ദിവസേന ഡാറ്റ ശേഖരിക്കുകയും

സർക്കാരിനും ബന്ധപ്പെട്ട മറ്റ് ഏജൻസികൾക്കും വില നിലവാരം പതിവായി നൽകുകയും ചെയ്യുന്നു. 2023 ജനുവരി മുതൽ, സംസ്ഥാനത്തെ 70-ലധികം വിപണികളിലായി 13 അവശ്യസാധനങ്ങളുടെ മൊത്ത വിൽപ്പനയും ചില്ലറ വിൽപന വിലയും ഉൾപ്പെടുത്തി പ്രതിവാര വില വിശകലന റിപ്പോർട്ട് എന്ന പേരിൽ ഒരു പ്രസിദ്ധീകരണം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു.

**നെല്ല് സംഭരണം** – ഭക്ഷ്യ-പൊതുവിതരണ മന്ത്രാലയത്തിന്റെ വികേന്ദ്രീകൃത സംഭരണത്തിന് കീഴിൽ വിഭാവനം ചെയ്ത പ്രകാരം സംസ്ഥാനത്ത് നെല്ല് സംഭരണം, സംസ്കരണം, വിതരണം എന്നിവയ്ക്കുള്ള ഏജൻസിയായി സപ്ലൈകോയെ നിയമിച്ചിരിക്കുന്നു. രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് സപ്ലൈകോ നേരിട്ട് നെല്ല് സംഭരിക്കുന്നു. നെല്ലിന്റെ വില, കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച മിനിമം താങ്ങുവിലയും (എംഎസ്പി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സ്റ്റേറ്റ് ഇൻസെന്റീവ് ബോണസും (എസ്ഐബി) വ്യക്തിഗത ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നു. 2022-23 സീസണിലെ സംഭരണ നിരക്ക് കിലോയ്ക്ക് 28.20 ആണ്, ഇതിൽ 20.40 MSP ഉം 7.80 SIB ഉം ആണ്. 2022 സീസണിൽ സപ്ലൈകോ 7.31 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു, തുടർന്നുള്ള 2023-24 ഖാരിഫ് വിപണന സീസണിലും ഇതേ അളവിൽ സംഭരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംഭരിച്ച നെല്ല് സംസ്കരിച്ച് പി.എച്ച്. എച്ചിന് സൗജന്യമായും മറ്റ് കാർഡുകളിലേക്ക് സബ്സിഡി നിരക്കിലും പി.ഡി.എസ് വഴി വിതരണം ചെയ്യുന്നു.

**സപ്ലൈകോയുടെ ആധുനികവൽക്കരണം**– ഡിപ്പോ മാനേജ്മെന്റ് സിസ്റ്റങ്ങൾ, ഔട്ട്ലെറ്റ് മാനേജ്മെന്റ് സിസ്റ്റങ്ങൾ, സോഫ്റ്റ്വെയർ വികസനം, ടീ ബ്ലെൻഡിംഗ് പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണം എന്നിവയുൾപ്പെടെ 241 ഔട്ട്ലെറ്റുകളും മറ്റ് പ്രവർത്തനങ്ങളും നവീകരിക്കാനുള്ള പ്രക്രിയയിലാണ് വകുപ്പ്. തിരുവനന്തപുരത്തും (വലിയതുറ), കൊല്ലത്തും (റെയിൽവേ സ്റ്റേഷനു സമീപം) ഓരോ ഗോഡൗണുകളുടെ നിർമാണം പൂർത്തീകരിച്ചു, തിരുവല്ലയിലും കൊച്ചിയിലും ഓരോ ഗോഡൗണുകളുടെ പണികൾ പുരോഗമിക്കുന്നു.

### മുന്നോട്ടുള്ള വഴി

എൻ.എഫ്.എസ്.എ നിയമം 2013-ൽ പൊതുവിതരണ സമ്പ്രദായത്തിൽ ഭക്ഷ്യധാന്യങ്ങൾ ശുചിത്വപരമായി സംഭരിക്കാൻ കഴിവുള്ള ഇടനില ഗോഡൗണുകൾ സ്ഥാപിക്കാനും സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ സംയുക്ത ഉത്തരവാദിത്തമായി ഓരോ ബ്ലോക്കിലും കുറഞ്ഞത് മൂന്ന് മാസത്തേക്ക് സ്റ്റോക്ക് അനുവദിക്കാനും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, സംസ്ഥാനത്തെ 77 താലൂക്കുകളിൽ രണ്ടിടത്ത് മാത്രമാണ് ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത ഇടനില ഗോഡൗണുകളുടെ നിർമാണം യാഥാർഥ്യമായത്. ശാസ്ത്രീയമായി നിർമ്മിച്ച ഗോഡൗണുകളുടെ അഭാവവും റേഷൻ കടകളുടെ (എഫ് പിഎസ്) പരിമിതമായ സംഭരണ സ്ഥലവും സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം നടപ്പിലാക്കുന്നതിന് തടസ്സമാണ്. സംസ്ഥാനത്ത് പിഡിഎസ് ആവശ്യമുള്ള നിലവാരം പുലർത്തുന്നുവെന്ന് ഉറപ്പാക്കാനും കേന്ദ്ര ഭക്ഷ്യധാന്യ വിഹിതത്തിന് തുല്യമായ മതിയായ ബഫർ സ്റ്റോക്ക് മൂന്ന് മാസത്തേക്ക് സുരക്ഷിതമായി സംഭരിക്കാനും അതുപോലെ തന്നെ കുറഞ്ഞ ചെലവിൽ റേഷൻ സാധനങ്ങളുടെ ലോജിസ്റ്റിക്കൽ ഗതാഗതം എന്ന ഇരട്ട ലക്ഷ്യം കൈവരിക്കാനും ഇത് ആവശ്യമാണ്.

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാന തലത്തിൽ ഒരു നിയമാനുസൃത പരാതിപരിഹാര സംവിധാനം സ്ഥാപിക്കുന്നതിനും മുകളിൽ സംസ്ഥാന ഭക്ഷ്യ കമ്മീഷനും താഴെ ജില്ലാതല ഓഫീസുകൾ സ്ഥാപിക്കുന്നതിനും വിഭാവനം ചെയ്യുന്നു. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ 2019 ൽ സ്ഥാപിതമായെങ്കിലും ജില്ലാതല പരാതി പരിഹാര ഓഫീസുകൾ ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. സംസ്ഥാന ഫോറം ഒരു അപ്പീൽ ആൻഡ് ഓവർഫ്ലോസ് മെക്കാനിസമായി വിഭാവനം ചെയ്യപ്പെട്ടിരുന്നു, എന്നാൽ അതിപ്പോൾ ജില്ലകളിൽ പരിഹരിക്കാവുന്ന കേസുകളാൽ നിറഞ്ഞിരിക്കുകയാണ്. എൻഎഫ് എസ്എ സ്കീമിന് കേന്ദ്ര സഹായം അനുവദിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ എന്ന നിലയിൽ പിഡിഎസ് ഭക്ഷ്യധാന്യ ഗതാഗത വാഹനങ്ങളിലെ ജിപിഎസ് ട്രാക്കിംഗ്, ന്യായവില കടകളിലെ ഇ-പോസ് മെഷീനുകൾ സ്റ്റാൻഡേർഡ് വെയ്റ്റിംഗ് ബാലൻസുമായി ബന്ധിപ്പിക്കൽ എന്നിവ കേന്ദ്ര സർക്കാർ നിർബന്ധമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കേണ്ട മുൻഗണനാ ഇനമാണിത്.

അദ്ധ്യായം

04

# ഉല്പന്ന നിർമ്മാണ മേഖല

# ഉല്പന്ന നിർമ്മാണ മേഖല

## 4.1 കേരളത്തിന്റെ വ്യാവസായിക മേഖല

ഒരു രാജ്യത്തിൻറെ സാമ്പത്തിക വികസനത്തിൽ പ്രധാനപങ്കുവഹിക്കുന്ന ആഭ്യന്തര ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനും, കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, വരുമാനം ഉണ്ടാക്കുന്നതിനും വ്യാവസായിക, ഉൽപാദന മേഖല സഹായിക്കുന്നു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് മൊത്തത്തിലുള്ള മൂല്യവർദ്ധനവും തൊഴിലവസരങ്ങളും നൽകുന്ന കാര്യത്തിൽ വ്യാവസായിക മേഖല പ്രാധാന്യമർഹിക്കുന്നു. 2022-23 ൽ മൊത്തസംയോജിത മൂല്യത്തിൽ (അടിസ്ഥാന വിലകളിൽ, 2011-12 ലെ വിലയിൽ) 28.47 ശതമാനമായിരുന്നു ഇന്ത്യയുടെ ദ്വിതീയ മേഖലയുടെ (നിർമ്മാണം, വൈദ്യുതി, ഗ്യാസ്, ജലവിതരണം, യൂട്ടിലിറ്റികൾ എന്നിവ ഉൾപ്പെടെ) പങ്ക്.

വ്യാവസായിക മേഖലയെ നവീകരിക്കുന്നതിലും വൈവിധ്യവൽക്കരിക്കുന്നതിലും വർഷങ്ങളായി കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇത് ഊർജ്ജസ്വലമായ ഒരു വ്യാവസായിക ആവാസവ്യവസ്ഥയ്ക്ക് കാരണമാവുന്നു. ഈ മേഖല വളരെ താൽപര്യത്തോടെ വീക്ഷിക്കപ്പെടുന്ന ഒന്നാണ്. 2022-23ൽ (ക്യുഇ) സ്ഥിരമായ വിലയിൽ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിൻറെ 28.40 ശതമാനം ദ്വിതീയ മേഖലയാണ്. മൊത്തം മൂല്യത്തിന്റെ 48.5 ശതമാനത്തിലധികം വരുന്ന നിർമ്മാണം, 45.7 ശതമാനം വരുന്ന ഉൽപ്പന്നനിർമ്മാണം എന്നിവയാണ് സംസ്ഥാനത്തിന്റെ ദ്വിതീയ മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ. 2022-23ൽ (ക്യുഇ) മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിൻറെ 13.7 ശതമാനം നിർമ്മാണവും, 13.0 ശതമാനം ഉൽപ്പന്നനിർമ്മാണവുമാണ് . 2022-23 ലെ കണക്കുകൾ പ്രകാരം, സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ ദ്വിതീയ മേഖലയുടെ വളർച്ചാ നിരക്ക് സ്ഥിരവിലയിൽ 7.72 ശതമാനവും നിലവിലെ വിലയിൽ 14.19 ശതമാനവുമാണ്. 2021-22-ൽ (താൽകാലികം) വളർച്ചാ നിരക്ക് സ്ഥിരമായ വിലയിൽ 7.26 ശതമാനവും നിലവിലെ വിലയിൽ 20.79 ശതമാനവുമാണ്. പീരിയോഡിക് ലേബർ ഫോഴ്സ് സർവേ 2021-22 അനുസരിച്ച്, സംസ്ഥാനത്തെ മൊത്തം തൊഴിലാളികളിൽ 10.45 ശതമാനം പേരും ഉൽപാദന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. അഖിലേന്ത്യാ തലത്തിൽ ഇത് 11.6 ശതമാനമാണ്.

സംസ്ഥാനത്ത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) ആരംഭിക്കുന്നതിനായി കേരള സർക്കാർ 2022-23 വർഷം 'സംരംഭകത്വ വർഷമായി' പ്രഖ്യാപിച്ചിരുന്നു. 245 ദിവസത്തിനുള്ളിൽ ഈ പദ്ധതി ലക്ഷ്യത്തിലെത്തി. 2023 മാർച്ച് 31 വരെ സംസ്ഥാനത്ത് 1,39,837 പുതിയ എംഎസ്എംഇകൾ സ്ഥാപിതമാവുകയും 3,00,020 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

സംസ്ഥാനത്ത് ഊർജ്ജസ്വലമായ ഒരു സംരംഭകത്വവ്യവസ്ഥ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ, കേരള സർക്കാർ 2023-24ൽ ആരംഭിച്ച പരിപാടിയാണ് 'ഇയർ ഓഫ് എന്റർപ്രൈസസ് 2.0'. 2023-24 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ ഒരു ലക്ഷം പുതിയ എംഎസ്എംഇകൾ സൃഷ്ടിക്കുക, എംഎസ്എംഇകൾക്ക് സാമ്പത്തികവും വിപണനപരവുമായ പിന്തുണ നൽകുക, സംരംഭകരുടെ കഴിവുകളും അറിവും വർദ്ധിപ്പിച്ച് അവരുടെ ആത്മവിശ്വാസം വളർത്തുക എന്നിങ്ങനെ 3 ലക്ഷ്യങ്ങളാണ് ഈ പരിപാടിക്കുള്ളത്. ഇതിനുള്ള പ്രവർത്തനങ്ങൾ താഴെ പറയുന്നു. 1) ആസൂത്രണവും അവബോധവും 2) ലോൺ, ലൈസൻസ്, സബ്സിഡി കാമ്പെയ്ൻ 3) ലോക്കൽ ബോഡി തലത്തിലുള്ള മാർക്കറ്റിംഗ് കാമ്പെയ്ൻ 4) മെന്ററിംഗ്, നെറ്റ്‌വർക്കിംഗ്, ആത്മവിശ്വാസം വളർത്തൽ എന്നിവ.

നിലവിലുള്ളതും പുതിയതുമായ സംരംഭങ്ങളുടെ സുസ്ഥിരത സംസ്ഥാനത്തിൻറെ ഉയർന്ന മുൻഗണനയായി മാറി. ധാരാളം പുതിയ സംരംഭങ്ങളുടെ ആവിർഭാവത്തിന്റെ പശ്ചാത്തലത്തിൽ ഇത് പ്രാധാന്യം നേടുന്നു. സംരംഭകത്വ വർഷ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തുക, സംസ്ഥാനത്തെ പുതിയ എംഎസ്എംഇകളിൽ 70 ശതമാനമെങ്കിലും

വിജയകരമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, സംസ്ഥാനത്തെ പുതിയ എംഎസ്എംഇകളുടെ വിറ്റുവരവിൽ 5 ശതമാനം വളർച്ച ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോടെ 2023-24ൽ 'എംഎസ്എംഇ സുസ്ഥിരതാ പദ്ധതി' സർക്കാർ നടപ്പാക്കുന്നു. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഹ്രസ്വകാല-ദീർഘകാല നടപടികൾ സ്വീകരിച്ചുവരുന്നു. ഹ്രസ്വകാലപ്രവർത്തനങ്ങളിൽ എംഎസ്എംഇകളുടെ നിലവിലെ സ്റ്റാറ്റസ് അസസ്മെന്റ്, നീഡ് അസസ്മെന്റ് സർവേ, പ്രത്യേക കാമ്പെയ്നുകൾ, ശേഷി വർദ്ധിപ്പിക്കൽ, മെന്റർഷിപ്പും നെറ്റ്‌വർക്കിംഗും എന്നിവ ഉൾപ്പെടുന്നു. ദീർഘകാല പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നവ എംഎസ്എംഇ പ്രകടന നിരീക്ഷണത്തിനുള്ള ഓട്ടോമേറ്റഡ് സിസ്റ്റം, സംസ്ഥാനതല നെറ്റ്‌വർക്കിംഗ് ക്ലസ്റ്റർ, താലൂക്ക് തലത്തിൽ സ്ഥിരമായ മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ, എംഎസ്എംഇ നെറ്റ്‌വർക്കിംഗ് പോർട്ടൽ (ഗ്ലോബൽ ലിങ്കർ മോഡൽ), പേറ്റന്റുകൾക്കും ട്രേഡ്മാർക്കിംഗിനും സാമ്പത്തിക സഹായം, പലിശ രഹിത വായ്പകൾ, മൂന്നു വർഷത്തേക്ക് എസ്.ജി.എസ്.ടി ഇളവ്, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജുകൾ, റീഇംബേഴ്സ്മെന്റ്, അഞ്ച് വർഷത്തേക്ക് പവർ താരിഫ് സബ്സിഡി തുടങ്ങിയ പ്രത്യേക ആനുകൂല്യങ്ങൾ എന്നിവയാണ്.

ആയിരം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എംഎസ്എംഇ) തിരഞ്ഞെടുത്ത് നാല് വർഷം കൊണ്ട് അവയെ ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള സംരംഭങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ 'മിഷൻ 1000' ആരംഭിച്ചു. 'വൺ ലോക്കൽ ബോഡി വൺ പ്രോഡക്ട്' (ഒ.എൽ.ഒ.പി), സർക്കാരിൻറെ മറ്റൊരു നൂതന പദ്ധതിയാണ്. സംരംഭകത്വ മുന്നേറ്റത്തെ പിന്തുണയ്ക്കുന്നതിനായി സർക്കാർ 1,153 ഇന്റേണുകളെ നിയമിച്ചത് മുൻവർഷത്തെ പ്രധാന സംരംഭങ്ങളിലൊന്നാണ്. അവരെ എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളായി നിയോഗിക്കുകയും സംസ്ഥാനത്ത് നിലവിലുള്ള സംരംഭങ്ങളെ നിലനിറുത്തുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംരംഭകരെ സഹായിക്കുന്നതിനുള്ള ചുമതല അവരിൽ നിക്ഷിപ്തമാക്കുകയും ചെയ്തു.

**കേരളത്തിലെ ഉൽപ്പന്നനിർമ്മാണരംഗത്തെ പുനരുജ്ജീവനം**

കേരളത്തിലെ ഉൽപ്പന്നനിർമ്മാണമേഖല താരതമ്യേന ചെറുതാണ്. 2022-23 ലെ ദ്രുത എസ്റ്റിമേറ്റ്സ് പ്രകാരം കേരളത്തിന്റെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ (ജിഎസ്‌വിഎ) 13 ശതമാനം (2011-12 ലെ സ്ഥിരമായ വിലകളിൽ) കേരളത്തിലെ ഉൽപ്പന്നനിർമ്മാണ മേഖലയുടെ വിഹിതമായിരുന്നു. 2022-23 ലെ പ്രൊവിഷണൽ എസ്റ്റിമേറ്റ്സുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇന്ത്യയുടെ മൊത്തസംയോജിത മൂല്യത്തിന്റെ (ജിവിഎ) (സ്ഥിരമായ 2011-12 വിലകളിൽ) 17.7 ശതമാനവും ഉൽപ്പന്നനിർമ്മാണ മേഖലയാണ്.

സമീപ വർഷങ്ങളിൽ കേരളത്തിന്റെ ഉൽപ്പന്നനിർമ്മാണമേഖലയിൽ ക്രമാനുഗതമായ മൂല്യവർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേരളത്തിന്റെ ജിഎസ്‌വിഎയിൽ (സ്ഥിരമായ വിലയിൽ) ഉൽപ്പന്ന നിർമ്മാണമേഖലയുടെ പങ്ക് 2014-15ൽ 9.78 ശതമാനത്തിൽ നിന്ന് 2022-23ൽ 13 ശതമാനമായി ഉയർന്നു. 2020-21ൽ വ്യാവസായിക മേഖലയുടെ പങ്ക് 13.31 ശതമാനം ആയിരുന്നു. 2019-20-ലെ ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് ഇന്ത്യ/കേരളയുടെ കണക്കുകൾ പ്രകാരം, ഇന്ത്യയുടെ ഫാക്ടറി മേഖലയുടെ മൊത്ത മൂല്യത്തിൽ കേരളത്തിന്റെ വിഹിതം 2014-15ൽ 1.2 ശതമാനത്തിൽ നിന്ന് 2019-20ൽ 1.59 ശതമാനമായി ഉയർന്നു. 2017-18 ൽ ഈ വിഹിതം 1.7 ശതമാനമായിരുന്നു.

കേരളത്തിലെ സംഘടിത ഉൽപ്പന്നനിർമ്മാണ മേഖലയുമായി ഏതാണ്ട് സമാനമാണ് ഫാക്ടറി മേഖല. ഫാക്ടറി മേഖലയിൽ 10-ലധികം തൊഴിലാളികൾ ജോലി ചെയ്യുന്നതും വൈദ്യുതോർജ്ജത്തിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതുമായ ഫാക്ടറികൾ ഉൾപ്പെടുന്നു (അതുപോലെ തന്നെ വൈദ്യുത ശക്തിയുടെ സഹായമില്ലാതെ 20-ലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറികളും ഉണ്ട്). ഭാരത സർക്കാരിന്റെ സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം (മോസ്പി) പ്രസിദ്ധീകരിച്ച ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് (എഎസ്ഐ) ആണ് ഫാക്ടറി മേഖലയിലെ ഡാറ്റയുടെ പ്രധാന ഉറവിടം. കേരള സർക്കാരിന്റെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പാണ് കേരള സംസ്ഥാനത്തിനായുള്ള ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് (എഎസ്ഐ) പ്രസിദ്ധീകരിക്കുന്നത്.

പരമ്പരാഗത വ്യവസായങ്ങളിൽ, പ്രധാനമായും കയർ, കശുവണ്ടി, കൈത്തറി എന്നിവയിലെ തൊഴിലാളികൾ കേരളത്തിലെ ഉൽപ്പന്നനിർമ്മാണമേഖലയിലെ തൊഴിൽ ശക്തിയിൽ ഗണ്യമായ പങ്ക് വഹിക്കുന്നു. ഭക്ഷ്യ ഉൽപന്നങ്ങളും പാനീയങ്ങളും (കശുവണ്ടി സംസ്കരണം ഉൾപ്പെടെ), ബീഡി നിർമ്മാണം, തുണിത്തരങ്ങൾ (കയർ സംസ്കരണവും കൈത്തറിയും ഉൾപ്പെടുന്നവ) എന്നിവയും കേരളത്തിലെ ഫാക്ടറി മേഖലയിലെ പ്രധാന ഘടകങ്ങളാണ്. 2019-20 ലെ പ്രധാന തരം വ്യവസായങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യയിലെയും കേരളത്തിലെയും ഫാക്ടറി മേഖലയുടെ താരതമ്യം **പട്ടിക 4.1.1** ൽ നൽകിയിരിക്കുന്നു.

വർഷങ്ങളായി, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. ഈ വ്യവസായങ്ങളിൽ ചിലത് (കശുവണ്ടി പോലുള്ളവ) അഭിമുഖീകരിക്കുന്ന ഘടനാപരമായ പ്രശ്നങ്ങളാണ് ഇതിനു കാരണം. പരമ്പരാഗത വ്യവസായങ്ങളിൽ നിന്ന് വിദ്യാ സമ്പന്നരായ യുവതലമുറ പിന്തിരിയുന്നതും ഇതിന് കാരണമാണ്.

അതേസമയം, കേരളത്തിൽ പുതിയ വ്യവസായങ്ങൾ വളർന്നു വരുന്നതും ശ്രദ്ധേയമാണ്. രാസവസ്തുക്കൾ, ശുദ്ധീകരിച്ച പെട്രോളിയം ഉൽപന്നങ്ങൾ, റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, ഇലക്ട്രോണിക് ഉൽപന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, ഔഷധ സസ്യശാസ്ത്ര ഉൽപന്നങ്ങൾ എന്നിവയാണ് മൂല്യവർദ്ധനവുമായി

**പട്ടിക 4.1.1** 2019-20 ലെ പ്രധാന വ്യവസായങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യയിലെയും കേരളത്തിലെയും ഫാക്ടറി മേഖലയുടെ താരതമ്യം

| വ്യവസായങ്ങൾ | കേരളത്തിന്റെ മൊത്തം ഫാക്ടറി മേഖല | | കേരളത്തിലെ മൊത്തം ഫാക്ടറി മേഖലയിലെ വിഹിതം | | ഇന്ത്യയുടെ മൊത്തം ഫാക്ടറി മേഖല | | ഇന്ത്യയിലെ ഫാക്ടറി മേഖലയിലെ വിഹിതം | |
|---|---|---|---|---|---|---|---|---|
| | തൊഴിൽ (എണ്ണത്തിൽ) | മൊത്തം ഔട്ട്പുട്ട് (രൂപ ലക്ഷത്തിൽ) | തൊഴിൽ (ശതമാനത്തിൽ) | മൂല്യ വർദ്ധനവ് (ശതമാനത്തിൽ) | തൊഴിൽ (എണ്ണത്തിൽ) | മൊത്തം ഔട്ട്പുട്ട് (രൂപ ലക്ഷത്തിൽ) | തൊഴിൽ (ശതമാനത്തിൽ) | മൊത്തം ഔട്ട്പുട്ട് (ശതമാനത്തിൽ) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| ഭക്ഷ്യ ഉൽപ്പന്നങ്ങളും പാനീയങ്ങളും (10, 11) | 1,02,306 | 34,74,733 | 29.53 | 15.88 | 15,58,381 | 13,36,01,635 | 11.93 | 14.87 |
| പുകയില ഉൽപ്പന്നങ്ങൾ (12) | 13,274 | 13,736 | 3.83 | 0.06 | 4,29,596 | 42,42,699 | 3.29 | 0.47 |
| ടെക്സ്റ്റയിൽസ്(13) | 22,045 | 3,83,538 | 6.36 | 1.75 | 13,84,086 | 3,97,44,643 | 10.60 | 4.42 |
| വസ്ത്രങ്ങൾ (14) | 14,147 | 1,32,621 | 4.08 | 0.61 | 10,91,031 | 1,60,36,338 | 8.36 | 1.79 |
| പാദരക്ഷ (15) | 6,187 | 1,79,591 | 1.79 | 0.82 | 3,60,093 | 66,87,321 | 2.76 | 0.74 |
| തടിയും തടി ഉൽപ്പന്നങ്ങളും (16) | 9,636 | 3,04,084 | 2.78 | 1.39 | 70,288 | 28,38,114 | 0.54 | 0.32 |
| പേപ്പറും പേപ്പർ ഉൽപ്പന്നങ്ങളും (17) | 4,378 | 93,201 | 1.26 | 0.43 | 2,57,565 | 1,36,94,335 | 1.97 | 1.52 |
| റെക്കോർഡ് ചെയ്ത മാധ്യമങ്ങളുടെ അച്ചടിയും പുനർനിർമ്മാണവും(18) | 6,798 | 2,08,957 | 1.96 | 0.95 | 1,00,379 | 42,49,223 | 0.77 | 0.47 |
| ശുദ്ധീകരിച്ച പെട്രോളിയം ഉൽപ്പന്നങ്ങൾ (19) | 7,546 | 69,39,832 | 2.18 | 31.71 | 1,19,112 | 10,87,57,631 | 0.91 | 12.11 |
| കെമിക്കൽ ഉൽപ്പന്നങ്ങളും ഫാർമസ്യൂട്ടിക്കൽസും (20, 21) | 26,621 | 11,36,891 | 7.68 | 5.20 | 12,09,960 | 11,41,75,367 | 9.27 | 12.71 |
| റബ്ബറും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും (22) | 29,428 | 12,13,150 | 8.49 | 5.54 | 6,64,914 | 3,35,21,363 | 5.09 | 3.73 |
| മറ്റ് ലോഹേതര ധാതു ഉൽപ്പന്നങ്ങൾ (23) | 20,831 | 5,79,232 | 6.01 | 2.65 | 8,60,617 | 3,26,24,987 | 6.59 | 3.63 |
| ബേസിക്ക് ലോഹങ്ങൾ (24) | 5,592 | 3,90,761 | 1.61 | 1.79 | 9,67,242 | 11,94,79,836 | 7.41 | 13.30 |
| ഫാബ്രിക്കേറ്റഡ് ലോഹ ഉൽപ്പന്നങ്ങൾ (25) | 6,020 | 1,72,594 | 1.74 | 0.79 | 5,45,938 | 2,31,39,983 | 4.18 | 2.58 |
| ഇലക്ട്രോണിക്, കമ്പ്യൂട്ടർ, ഒപ്റ്റിക്കൽ ഉൽപ്പന്നങ്ങൾ (26) | 9,918 | 2,80,044 | 2.86 | 1.28 | 2,06,678 | 2,15,27,624 | 1.58 | 2.40 |
| ഇലക്ട്രിക്കൽ ഉപകരണങ്ങൾ (27) | 6,051 | 1,63,590 | 1.75 | 0.75 | 4,85,074 | 3,19,29,192 | 3.71 | 3.55 |
| യന്ത്രങ്ങളുംഉപകരണങ്ങളും (28) | 3,704 | 88,358 | 1.07 | 0.40 | 6,66,460 | 3,92,31,342 | 5.10 | 4.37 |
| മോട്ടോർവാഹനങ്ങൾ (29) | 529 | 5,661 | 0.15 | 0.03 | 8,45,265 | 6,28,42,564 | 6.47 | 7.00 |
| മറ്റ് ഗതാഗത ഉപകരണങ്ങൾ (കപ്പലുകളും ബോട്ടുകളും) (30) | 7,415 | 4,02,707 | 2.14 | 1.84 | 3,46,481 | 2,34,11,876 | 2.65 | 2.61 |
| ഫർണിച്ചറുകൾ, ആഭരണങ്ങൾ, മെഡിക്കൽ, ഡെന്റൽ ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ (31, 32) | 10,581 | 48,73,945 | 3.05 | 22.27 | 4,13,000 | 2,50,39,572 | 3.16 | 2.79 |
| യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണിയും ഇൻസ്റ്റാളേഷനും (33) | 3,094 | 59,135 | 0.89 | 0.27 | 23,614 | 14,31,684 | 0.18 | 0.16 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| മാലിന്യ ശേഖരണം, സംസ്കരണം, നിർമ്മാർജന പ്രവർത്തനങ്ങൾ, മെറ്റീരിയൽ വീണ്ടെടുക്കൽ (38) | 55 | 5,597 | 0.02 | 0.03 | 16,487 | 11,08,912 | 0.13 | 0.12 |
| പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ (58) | 2,484 | 69,968 | 0.72 | 0.32 | 11,072 | 6,82,544 | 0.08 | 0.08 |
| മറ്റുള്ളവ | 27,809 | 7,09,936 | 8.03 | 3.24 | 4,24,823 | 3,83,31,344 | 3.25 | 4.27 |
| എല്ലാ വ്യവസായങ്ങളും കൂടി | 3,46,449 | 2,18,81,862 | 100.00 | 100.00 | 1,30,58,156 | 89,83,30,129 | 100.00 | 100.00 |

കുറിപ്പ്: നാഷണൽ ഇൻഡസ്ട്രിയൽ ക്ലാസിഫിക്കേഷൻ (എൻ.ഐ.സി)-2008 അനുസരിച്ച് ഓരോ വ്യവസായങ്ങളും ഉൾപ്പെടുന്ന ഡിവിഷനുകളെ (രണ്ട് അക്കങ്ങളിൽ) ബ്രാക്കറ്റുകളിലെ കണക്കുകൾ സൂചിപ്പിക്കുന്നു.
അവലംബം: ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് ഇന്ത്യയുടെ വാർഷിക സർവേ 2019-20, മോസ്പി, ഭാരത സർക്കാർ & ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് കേരള 2019-20, ഡിഇഎസ്, കേരള സർക്കാർ

ബന്ധപ്പെട്ട് കേരളത്തിൽ ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള മുൻനിര വ്യവസായങ്ങൾ.

**പൊതുമേഖലാ സ്ഥാപനങ്ങളുടെതിരിച്ചുവരവ്**

കേരളത്തിന്റെ വ്യാവസായിക മേഖലയുടെ പ്രത്യേകതകളിലൊന്ന് സംസ്ഥാന, കേന്ദ്ര പൊതുമേഖലാ യൂണിറ്റുകളുടെ സാന്നിധ്യവും ഈ യൂണിറ്റുകൾക്കുള്ള ശക്തമായ സംസ്ഥാന സർക്കാർ പിന്തുണയുമാണ്. ഈ യൂണിറ്റുകൾ കെമിക്കൽസ്, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എന്നിങ്ങനെ വിവിധ നിർമ്മാണ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നു. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് (ടിസിസി), കെൽട്രോൺ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ അതത് ഉൽപാദന മേഖലകളിൽ (യഥാക്രമം കാസ്റ്റിക് സോഡയും ഇലക്ട്രോണിക്സും) രാജ്യത്ത് മുൻനിരക്കാരാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സജീവമായി തുടരുകയാണ്. എന്നിരുന്നാലും, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം പ്രതീക്ഷയ്ക്കൊത്ത് ഉയർന്നിരുന്നില്ല. 2016-17 മുതൽ കേരളത്തിന്റെ ഉൽപാദന മേഖലയുടെ മെച്ചപ്പെട്ട പ്രകടനത്തിന്റെ ഒരു പ്രധാന സവിശേഷത, രാസവസ്തുക്കളുടെയും ഇലക്ട്രിക്കൽ മെഷിനറികളുടെയും ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനത്തിലെ വഴിത്തിരിവാണ്.

വ്യവസായ വകുപ്പിന് കീഴിലുള്ള 51 പൊതുമേഖലാ സ്ഥാപനങ്ങളിൽ 2021-22ൽ ലാഭമുണ്ടാക്കിയിരുന്ന 12 പൊതുമേഖലാ സ്ഥാപനങ്ങളെ അപേക്ഷിച്ച് 2022-23ൽ 13 യൂണിറ്റുകളും പ്രവർത്തന ലാഭം രേഖപ്പെടുത്തി. 2022-23 ൽ, വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 206.29 കോടി രൂപ പ്രവർത്തന ലാഭത്തോടെ 4,311 കോടി രൂപയുടെ മൊത്തം വിറ്റുവരവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് ലാഭത്തിന്റെ അളവ് കുത്തനെ കുറഞ്ഞു. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ), കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയാണ് ഈ വർഷം ലാഭമുണ്ടാക്കിയ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങൾ. കേന്ദ്രപൊതുമേഖലാ സ്ഥാപനമായ കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ്സ് ലിമിറ്റഡ് കേരള സർക്കാർ ഏറ്റെടുക്കുകയും 'കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് (കെപിപിഎൽ)' എന്ന് പുനർനാമകരണം ചെയ്യുകയും അത് പുനരുജ്ജീവിപ്പിക്കുകയും വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിക്കുകയും ചെയ്തു. കാസർകോട്ടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെൽ-ഇഎംഎല്ലും സംസ്ഥാനം ഏറ്റെടുത്ത് പുനരുജ്ജീവിപ്പിക്കുകയും വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദനം ആരംഭിക്കുകയും ചെയ്തു. കേരളത്തിലെ പ്രകൃതിദത്ത റബ്ബർ മേഖലയിൽ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ സിയാൽ മോഡലിനെ അടിസ്ഥാനമാക്കിയുള്ള ഒരു സ്വകാര്യ-പൊതു പങ്കാളിത്ത (പിപിപി) കമ്പനിയായ കേരള റബ്ബർ ലിമിറ്റഡും സ്ഥാപിച്ചു.

**ആധുനിക വ്യവസായങ്ങളിലെ പുതിയ അവസരങ്ങൾ**

ചില ആധുനിക വ്യവസായങ്ങളുടെ ആവിർഭാവം കേരളത്തിന്റെ വ്യാവസായിക മേഖലയ്ക്ക് പുത്തനുണർവ് നൽകുന്നു. ഇലക്ട്രോണിക്സ്, മെഡിക്കൽ ഉപകരണങ്ങൾ, മെഡിക്കൽ സപ്ലൈസ് തുടങ്ങിയ വ്യവസായങ്ങൾ അവയിൽ ചിലതാണ്. കേരളത്തിൽ ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2012-13 ൽ 2930 മാത്രമായിരുന്നത് 2019-20 ആയപ്പോഴേക്കും 7,500 ആയി ഉയർന്നു. മെഡിക്കൽ, ഡെന്റൽ ഉപകരണങ്ങളുടെയും സപ്ലൈകളുടെയും നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ 2012-13 ൽ 1023 ആയിരുന്നത് 2019-20 ൽ 5,863 ആയി ഉയർന്നു. ചില പ്രധാന വ്യവസായങ്ങളിലെ തൊഴിൽ സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 4.1.2** ൽ നൽകിയിരിക്കുന്നു.

മരുന്നുകൾക്കും ആരോഗ്യ സംരക്ഷണ ഉൽപന്നങ്ങൾക്കും സംസ്ഥാനത്ത് വലിയ ആവശ്യകത ഉള്ളതിനാൽ ഫാർമസ്യൂട്ടിക്കൽസ്, ബയോടെക്നോളജി, ലൈഫ് സയൻസസ്, മെഡിക്കൽ ഉപകരണ നിർമ്മാണ വ്യവസായങ്ങൾ എന്നിവ കേരളത്തിൽ വലിയ വളർച്ചാ സാധ്യതയുള്ള മേഖലകളാണ്. കേരളത്തിലുള്ള അനേകം ആശുപത്രികളും ഡോക്ടർമാരും നഴ്സുമാരും ഈ വ്യവസായങ്ങൾക്ക് അനുകൂലഘടകങ്ങളാണ്.

ഐടി, ഇലക്ട്രോണിക് മേഖലകളിലും സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ ഉൽപാദനത്തിലും ആഗോള തലത്തിൽ കേരളം വളരുന്നതിന് സാക്ഷ്യം വഹിക്കുന്നു.

**പട്ടിക 4.1.2** കേരളത്തിലും ഇന്ത്യയിലും തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, 2019-20

| വ്യവസായങ്ങൾ | കേരളം | ഇന്ത്യ | ഇന്ത്യയിൽ കേരളത്തിന്റെ പങ്ക് |
|---|---|---|---|
| റബ്ബർ ഉൽപ്പന്നങ്ങൾ (221) | 18,190 | 4,36,644 | 4.17 |
| ശുദ്ധീകരിച്ച പെട്രോളിയം ഉൽപ്പന്നങ്ങൾ (192) | 7,233 | 3,84,801 | 1.88 |
| കെമിക്കൽ ഉൽപ്പന്നങ്ങൾ (201, 202) | 13,913 | 12,85,178 | 1.08 |
| ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണം (261) | 7,500 | 80,965 | 9.26 |
| ഫാർമസ്യൂട്ടിക്കൽസ്, മെഡിസിനൽ കെമിക്കൽ, ബൊട്ടാണിക്കൽ ഉൽപ്പന്നങ്ങൾ (210) | 12,707 | 11,75,364 | 1.08 |
| പാദരക്ഷ(152) | 5,962 | 2,52,996 | 2.36 |
| വസ്ത്രങ്ങൾ (141) | 13,739 | 7,44,525 | 1.85 |
| പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ (222) | 11,238 | 6,98,049 | 1.61 |
| അച്ചടിയും അതുമായി ബന്ധപ്പെട്ട സേവനങ്ങളും (181) | 6,798 | 1,87,597 | 3.62 |
| കപ്പലുകളും ബോട്ടുകളും (301) | 6,447 | 10,915 | 59.07 |
| ഇലക്ട്രിക് മോട്ടോറുകൾ, ട്രാൻസ്ഫോർമറുകൾ, ജനറേറ്ററുകൾ (271) | 4,828 | 1,58,297 | 3.05 |
| മെഡിക്കൽ, ഡെന്റൽ ഉപകരണങ്ങളും സപ്ലൈകളും (325) | 5,863 | 53,278 | 11.00 |
| ഫർണിച്ചർ (310) | 3,311 | 64,204 | 5.16 |

അവലംബം: ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് ഇന്ത്യ 2019-20, മോസ്പി, ഭാരത സർക്കാർ & ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് കേരള 2019-20, ഡിഇഎസ്, കേരള സർക്കാർ

അടിസ്ഥാനപരമായ മാറ്റങ്ങളിലൂടെ കടന്നുപോകുന്ന ഐടി മേഖലയോടൊപ്പം ചേർന്ന് പോകാൻ സംസ്ഥാനം തയ്യാറാകേണ്ടതുണ്ട്. ഹാർഡ്‌വെയർ നിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും സംസ്ഥാനത്തിന് കഴിയും. അതിലൂടെ ഒരു വലിയ ഇലക്ട്രോണിക്സ് ഹാർഡ് വെയർ നിർമ്മാണ മേഖല കെട്ടിപ്പടുക്കാനുള്ള സാധ്യത നിലവിലുണ്ട്. ഐടി മേഖലയുടെ സവിശേഷമായ നേട്ടങ്ങൾ മുതലെടുക്കാൻ സംസ്ഥാനത്തിന് സാധിക്കണം. ഇതിനായി പ്രൊഫഷണൽ യോഗ്യതയുള്ള തൊഴിലാളികളുടെ നൈപുണ്യ വൈദഗ്ധ്യം ഉപയോഗപ്രദമാക്കണം.

പരമ്പരാഗത മേഖലയെ നവീകരിക്കുന്നത് സംസ്ഥാനത്തിന് പുതിയ അവസരങ്ങൾ കൊണ്ടുവരും. കയർ, കശുവണ്ടി, കൈത്തറി, ഖാദി, ഗ്രാമവ്യവസായങ്ങൾ എന്നിവയുൾപ്പെടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണത്തിൽ ഈ വ്യവസായങ്ങളിലെ ഉൽപാദന പ്രക്രിയകളുടെ യന്ത്രവൽക്കരണം ഉൾപ്പെടുന്നു (എന്നാൽ അതിൽ മാത്രം പരിമിതപ്പെടുന്നില്ല). കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഉല്പന്നവൈവിധ്യവൽക്കരണത്തിനും ഫലപ്രദമായ വിപണന-വിതരണ തന്ത്രങ്ങൾ വികസിപ്പിക്കാനും പ്രോത്സാഹിപ്പിക്കുന്നു. ഈ മേഖലകളിൽ സംസ്ഥാനത്തിന് ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ഒരു ഇടം സൃഷ്ടിക്കുന്നതിനായി പരസ്പരം പോഷിപ്പിച്ചുകൊണ്ട് പരമ്പരാഗത, ഭക്ഷ്യ, കാർഷിക അധിഷ്ഠിത വ്യവസായങ്ങൾക്കിടയിൽ സമന്വയം വർദ്ധിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

## വ്യാവസായിക പ്രോത്സാഹനവും നിക്ഷേപ സൗകര്യ പ്രവർത്തനങ്ങളും

വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് സംസ്ഥാനം നയപരമായ പിന്തുണ നൽകുന്നുണ്ട്. ഈ നയങ്ങളുടെ സമയബന്ധിതമായ അവലോകനവും കേരള സർക്കാർ ഗൗരവമായി പിന്തുടരുന്നു. പുതിയ കേരള വ്യാവസായിക വാണിജ്യ നയം 2022 സംസ്ഥാനം പുറത്തിറക്കിയിട്ടുണ്ട്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഹൈടെക് വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും മേഖലാ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും 'കേരള' ബ്രാൻഡ് ഇക്വിറ്റി വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ, തൊഴിൽ, പരിസ്ഥിതി എന്നിവയ്ക്കായി ഭാവിയിലേക്കുള്ള തൊഴിൽ വൈദഗ്ധ്യം കെട്ടിപ്പടുക്കുന്നതിനുമുള്ള സംരംഭങ്ങളും പ്രോത്സാഹനങ്ങളും നയത്തിലുണ്ട്.

വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപം സുഗമമാക്കുന്നതിനുമായി, സംസ്ഥാന സർക്കാർ പ്രസക്തമായ നിയമങ്ങളിലും ചട്ടങ്ങളിലും ബിസിനസ് സൗഹൃദ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി, ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൾ സമർപ്പിച്ചാൽ 30 ദിവസത്തിനുള്ളിൽ നിർബന്ധിത അംഗീകാരം വിഭാവനം ചെയ്യുന്ന കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട്, 2018 കേരള സർക്കാർ കൊണ്ടുവന്നിട്ടുണ്ട്. ആവശ്യമായ വിവിധ ലൈസൻസുകൾ, അനുമതികൾ, അംഗീകാരങ്ങൾ എന്നിവ നൽകുന്നതിൽ കാലതാമസം ഒഴിവാക്കാനും സംസ്ഥാനത്തെ നിക്ഷേപക സൗഹൃദമാക്കാനും ഈ നിയമം ശ്രമിക്കുന്നു.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പരിഷ്കാരങ്ങളുടെ ഭാഗമായി എംഎസ്എംഇ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട് 2019 ഉം അതിന്റെ സെക്ഷൻ 14 പ്രകാരം 06/01/2020 ൽ ജി.ഒ.(പി.)നം.2/2020/ID പ്രാബല്യത്തിൽ വന്ന ചട്ടങ്ങളും പ്രധാനപ്പെട്ട മാറ്റങ്ങളാണ്. സംസ്ഥാന, ജില്ല, വ്യവസായ പാർക്കുകളിലെ ഏകജാലക ബോർഡിന് പകരം നവീകരിച്ച നോഡൽ ഏജൻസികൾ വഴി കംപ്ലയൻസ് പരിശോധനകൾക്കായുള്ള സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം, സെൽഫ് സർട്ടിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്തൽ, വിവിധ വകുപ്പുകളുടെ അപേക്ഷകൾ സമാന്തരമായി പ്രോസസ്സ് ചെയ്യൽ, നിർബന്ധിത സമയപരിധിക്ക് ശേഷമുള്ള ഡീംഡ് അംഗീകാരങ്ങൾ, അനാവശ്യ ക്ലിയറൻസുകൾ ഒഴിവാക്കൽ, രജിസ്ട്രേഷനുള്ള സ്പോട്ട് അംഗീകാരം എന്നിങ്ങനെയുള്ള ഓൺലൈൻ ഏകജാലക ക്ലിയറൻസ് മെക്കാനിസം നടപ്പിലാക്കുന്നു.


സംസ്ഥാനത്തിന്റെ വ്യാവസായിക പ്രോത്സാഹനവും നിക്ഷേപസൗഹൃദപ്രവർത്തനങ്ങളും പ്രോത്സാ ഹനജന കമായ ഫലങ്ങൾ കാണിക്കാൻ തുടങ്ങി. കേരളത്തിലെ സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുത്ത് വ്യാവസായിക വികസനത്തിന് പാർക്ക് മാതൃകയാണ് സംസ്ഥാന സർക്കാർ പിന്തുടരുന്നത്. നിരവധി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ള കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) ഈ പ്രവർത്തനങ്ങളുടെ മുൻനിരയിലുണ്ട്. ഇത് നിക്ഷേപകർക്ക് ബിസിനസ്സ് ആരംഭിക്കുന്നത് ലളിതവും എളുപ്പവുമാക്കി മാറ്റി.

# 4.2 ഉൽപ്പന്ന നിർമ്മാണ മേഖല

**ഇന്ത്യയിലെ ഉൽപ്പന്ന നിർമ്മാണ മേഖല**

ഇന്ത്യയുടെ ഉൽപ്പന്ന നിർമ്മാണ മേഖല അടുത്തകാലത്ത് വളരെയധികം ശ്രദ്ധ നേടിയിട്ടുണ്ട്. വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യത, പ്രകൃതിവിഭവങ്ങളുടെ സുലഭമായ ലഭ്യത, കുറഞ്ഞ തൊഴിൽ ചെലവ്, വൻതോതിലുള്ള ആഭ്യന്തര ഡിമാൻഡ് തുടങ്ങിയ ഘടകങ്ങൾ ഇന്ത്യയുടെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വളർച്ചയിൽ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനമുണ്ടാക്കുന്നതിനും ഉപഭോഗത്തിനായി ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനും സാമ്പത്തിക വളർച്ചയെ നയിക്കുന്നതിനുമുള്ള സാധ്യതകൾ എന്നിവ പരിഗണിച്ച് ലോകമെമ്പാടുമുള്ള മറ്റു പ്രദേശങ്ങളെ പോലെ തന്നെ, ഇന്ത്യയിലെ വ്യവസായങ്ങൾ പ്രത്യേകിച്ച് ഉല്പന്ന നിർമ്മാണ മേഖലയെ വളരെയധികം താൽപ്പര്യത്തോടെയാണ് വീക്ഷിക്കപ്പെടുന്നത്. നയപരമായ മാറ്റങ്ങൾ (മത്സരത്തിലേക്ക് നയിക്കുന്നതുപോലെ), ആഗോള വിതരണ ശൃംഖലയിലെ മാറ്റങ്ങൾ, സാങ്കേതികവിദ്യയിലെ പുരോഗതി എന്നിവയുൾപ്പെടെയുള്ള നിരവധി ഘടകങ്ങൾ അന്താരാഷ്ട്ര വിപണികളുമായി കൂടുതൽ ഇടപഴകുന്നതിന് ഇന്ത്യയെ സഹായിച്ചു. അത്തരം വ്യാപാരത്തിൽ നിന്ന് ഇന്ത്യ നേട്ടമുണ്ടാക്കുമ്പോൾ, അസംസ്കൃത വസ്തുക്കൾ, വ്യാവസായിക വൈദഗ്ധ്യം, സംരംഭകത്വം എന്നിവയിൽ നിന്ന് ഈ മൂല്യ ശൃംഖലകൾക്ക് മികച്ച നേട്ടം കൈവരിക്കാനാകുന്നുണ്ട്. ഉയർന്നതോതിൽ മത്സരാധിഷ്ഠിതമായ ഉല്പന്നനിർമ്മാണ മേഖലയിൽ മികച്ച നേട്ടം കൈവരിക്കുന്നതിന് ഡിജിറ്റൽ ട്രാൻസ്ഫോമേഷനും ഏറ്റവും പുതിയ സാങ്കേതികവിദ്യയുടെ വിനിയോഗവും പ്രധാനമാണ്. സാങ്കേതിക വിദ്യ നവീകരണത്തിലേക്കും ഓട്ടോമേഷനിലേക്കും പ്രക്രിയാധിഷ്ഠിത

**ചിത്രം 4.2.1** ഇന്ത്യയിലെ ഉല്പന്നനിർമ്മാണ മേഖലയുടെ മൊത്തം സംയോജിത മൂല്യത്തിന്റെ വളർച്ചാ നിരക്ക്.




അവലംബം: സി.എസ്.ഒ

ഉൽപ്പാദനത്തിലേക്കും ഇന്ത്യയിലെ ഉല്പന്നനിർമ്മാണ മേഖല ക്രമേണ മാറിക്കൊണ്ടിരിക്കുകയാണ്. ഇത് ഈമേഖലയിൽ കാര്യക്ഷമതയും ഉൽപ്പാദനവും വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിൽ (CSO, മെയ് 2023) നിന്നുള്ള പ്രൊവിഷണൽ ഡാറ്റ അനുസരിച്ച്, മുൻ വർഷത്തെ വളർച്ചാ നിരക്കായ 11.1 ശതമാനത്തിൽ നിന്ന് ഗണ്യമായ ഇടിവ് രേഖപ്പെടുത്തിക്കൊണ്ട് 2022-23 ൽ ഇന്ത്യയുടെ ഉൽപന്ന നിർമ്മാണ മേഖല 1.3 ശതമാനം വാർഷിക വളർച്ച പ്രതീക്ഷിക്കുന്നു. ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയുടെ 2016-17 മുതൽ 2022-23 വരെയുള്ള മൊത്തം സംയോജിത മൂല്യത്തിന്റെ (GVA) വാർഷിക വളർച്ച, സ്ഥിര വിലയിൽ, **ചിത്രം 4.2.1** ൽ നൽകിയിരിക്കുന്നു.

**കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖല**

കേരളത്തിന്റെ ഉൽപ്പന്ന നിർമ്മാണ മേഖലയിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വ്യാവസായിക മേഖലയെ നവീകരിക്കുന്നതിലും വൈവിധ്യവൽക്കരിക്കുന്നതിലും കേരളം ഗണ്യമായ പുരോഗതി കൈവരിച്ചത് ഈ ഘട്ടത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു.

കേരള സർക്കാരിന്റെ സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച കേരളത്തിന്റെ മൊത്ത സംസ്ഥാന സംയോജിതമൂല്യം (ജിഎസ്‌വിഎ) കണക്കുകളുടെ ദ്രുത എസ്റ്റിമേറ്റ് പ്രകാരം, 2022-23ൽ മാനുഫാക്ചറിംഗ് മേഖലയിലെ ജിഎസ്‌വിഎ സ്ഥിര വിലയിൽ (2011-12) മുൻ വർഷത്തെക്കാൾ 8.9 ശതമാനം വർദ്ധിച്ചു. 2013-14 ലെ 36680.87 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 2022-23ൽ (ദ്രുത എസ്റ്റിമേറ്റ് പ്രകാരം) 69,226.37 കോടി രൂപയായി മാനുഫാക്ചറിംഗ് മേഖലയുടെ GSVA എത്തിയിരിക്കുന്നു. 2022-23ൽ സ്ഥിരവും നടപ്പ് വിലയിൽ കേരളത്തിന്റെ ജിഎസ്‌വിഎയിലേക്കുള്ള ഉൽപ്പന്ന ഉൽപന്ന നിർമ്മാണ മേഖലയുടെ വിഹിതം യഥാക്രമം 13.00 ശതമാനവും 9.51 ശതമാനവുമായിരുന്നു. 2013-14 മുതൽ 2021-22 വരെയുള്ള കേരളത്തിലെ ഉൽപന്ന നിർമ്മാണ മേഖലയുടെ വളർച്ച **അനുബന്ധം 4.2.1** ൽ കൊടുത്തിരിക്കുന്നു.


2012-13 മുതൽ 2021-22 വരെ കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയിലെ വരുമാന വളർച്ചാ നിരക്ക് **ചിത്രം 4.2.2** ൽ ചേർത്തിരിക്കുന്നു.

**കേരളത്തിലെ ഖനന മേഖല**

ഹെവി മിനറൽ സാൻഡ്സ് (ഇൽമനൈറ്റ്, റൂട്ടൈൽ സിർക്കോൺ, മോണസൈറ്റ്, സില്ലിമാനൈറ്റ്) ഇരുമ്പയിര്, ബോക്സൈറ്റ്, ഗ്രാഫൈറ്റ്, ചൈന ക്ലേ, ടൈൽ, ബ്രിക്ക് കളിമണ്ണ്, സിലിക്ക മണൽ, ലിഗ്നൈറ്റ്, ചുണ്ണാമ്പുകല്ല് തുടങ്ങിയ ധാതുക്കളുടെ നിക്ഷേപങ്ങൾ കേരള സംസ്ഥാനത്തിലുണ്ട്. എന്നിരുന്നാലും, വലിയ തോതിലുള്ള ഖനന പ്രവർത്തനങ്ങൾ പ്രധാനമായും ഘനമുള്ള ധാതു മണൽ, ചൈന കളിമണ്ണ് എന്നിവയിലും ഒരു പരിധി വരെ ചുണ്ണാമ്പുകല്ല്/ലിംഷെൽ, സ്ലിക്ക മണൽ, ഗ്രാനൈറ്റ് എന്നിങ്ങനെയുള്ള കുറച്ച് ധാതുക്കളിലാണ്.


കേരളത്തിലെ ഖനന, ക്വാറി മേഖല മൊത്തം സ്ംസ്ഥാന സംയോജിത മൂല്യത്തിലേക്ക് ഗണ്യമായ സംഭാവന നൽകുന്നുണ്ട്. 2022-23- ലെ ദ്രുത കമക്ക് പ്രകാരം, സ്ഥിര വിലയിൽ 2,409.39 കോടി രൂപയായിരുന്ന GSVA ക്ക് ഉള്ള ഈ മേഖലയുടെ സംഭാവന മുൻ വർഷത്തെ

**ചിത്രം 4.2.2** കേരളത്തിലെ, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ മൊത്തം സ്ംസ്ഥാന സംയോജിത മൂല്യത്തിന്റെ വാർഷിക വളർച്ചാ വളർച്ചാനിരക്ക്, സ്ഥിരവിലയിൽ, ശതമാനത്തിൽ




അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

**ചിത്രം 4.2.3** മൊത്തം സ്ംസ്ഥാന സംയോജിത മൂല്യത്തിൽ കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, സ്ഥിരവിലയിൽ (2011-12), ശതമാനത്തിൽ




അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

അപേക്ഷിച്ച് 2022-2023 ൽ 13.58 ശതമാനം വളർച്ച രേഖപ്പെടുത്തി. 2012-13 മുതൽ 2022-23 വരെ സ്ഥിര വിലയിൽ കേരളത്തിലെ ഖനന, ക്വാറി മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ വളർച്ച **ചിത്രം 4.2.3** ൽ നൽകിയിരിക്കുന്നു.

കേരളത്തിൽ മൈനിംഗ് ആന്റ് ക്വാറിയിംഗ് സെക്ടറിൽ നിന്ന് 2011-12 മുതൽ 2020-21 വരെയുള്ള വരുമാന വളർച്ച 2011-12 സ്ഥിരവിലയിൽ **ചിത്രം 4.2.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ധാതു തിരിച്ചുള്ള ഉല്പാദനവും വരുമാനവും 2022–23**

സർക്കാരിന് ധാതുക്കളിൽ നിന്നുള്ള വരുമാനം പ്രധാനമായും റോയൽറ്റിയിൽ നിന്നുമാണ് ലഭിക്കുന്നത്. ഏകദേശം 95 ശതമാനം വരുമാനവും മൈനർ ധാതുക്കളിൽ നിന്നും ബാക്കി മേജർ ധാതുക്കളിൽ നിന്നുമാണ് ലഭ്യമാകുന്നത്. 2022-23 ൽ ധാതുക്കളിൽ നിന്നുള്ള വരുമാനം 325.78 കോടി രൂപയായിരുന്നു. മുൻവർഷത്തെ വരുമാന തുകയായ 207.6 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 56.94 ശതമാനത്തിന്റെ വാർഷിക വളർച്ചയാണഅ രേഖപ്പെടുത്തിയത്. 2022-23 ൽ 325.78 കോടി രൂപയുടെ മൊത്തം വരുമാനത്തിൽ 17.3 കോടി രൂപ മേജർ ധാതുക്കളിൽ നിന്നും 308.5 കോടി രൂപ മൈനർ ധാതുക്കളിൽ നിന്നുമാണ് ലഭിച്ചത്. 2022-23ൽ മേജർ ധാതുക്കളിൽ ഇൽമനൈറ്റ്, സില്ലിമാനൈറ്റ് എന്നിവ യഥാക്രമം 7.64 കോടി രൂപയും 3.01 കോടി രൂപയും വരുമാനമുണ്ടാക്കി. മറുവശത്ത്, ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഓർഡിനറി എർത്ത് എന്നിവയാണ് മൈനർ ധാതുക്കളിൽ ഏറ്റവും കൂടുതൽ സംഭാവന നൽകിയത്, 2022-23ൽ യഥാക്രമം 74.11 കോടി രൂപയും 39.07 കോടി രൂപയും ലഭിച്ചു. 2017-18 മുതൽ 2022-23 വരെയുള്ള ധാതുക്കളിൽ നിന്നുള്ള വരുമാനം **പട്ടിക 4.2.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.2.1** ധാതുക്കളിൽ നിന്നും ലഭിച്ച വരുമാനം (കോടി രൂപയിൽ)

| ക്രമ നം. | വർഷം | മേജർ ധാതുക്കൾ | മൈനർ ധാതുക്കൾ | ആകെ |
|---|---|---|---|---|
| 1 | 2017-18 | 8.5 | 143.5 | 152.0 |
| 2 | 2018-19 | 5.4 | 165.9 | 171.3 |
| 3 | 2019-20 | 8.8 | 151.3 | 160.1 |
| 4 | 2020-21 | 8.4 | 183.8 | 192.2 |
| 5 | 2021-22 | 10.8 | 196.8 | 207.6 |
| 6 | 2022-23 | 17.3 | 308.5 | 325.78 |

അവലംബം: ഖനന, ജിയോളജി വകുപ്പ്

2022-23ൽ 520.88 ലക്ഷം ടൺ മേജർ, മൈനർ ധാതുക്കളുടെ ഗണ്യമായ ഉൽപാദനത്തിന് കേരളം സാക്ഷ്യം വഹിച്ചു.

പ്രധാന ധാതുക്കളിൽ, ചുണ്ണാമ്പുകല്ല് 3.6 ലക്ഷം ടൺ ഉൽപ്പാദിപ്പിച്ചുകൊണ്ടു ഏറ്റവുമധികം സംഭാവന ചെയ്യപ്പോൾ 1.18 ലക്ഷം ടണ്ണുമായി ഇൽമനൈറ്റ് രണ്ടാം സ്ഥാനത്തെത്തുകയും ചെയ്തു . മൈനർ ധാതുക്കളുടെ കാര്യത്തിൽ , ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ 299.94 ലക്ഷം ടൺ ഉൽപാദിപ്പിച്ചുകൊണ്ട് മുൻപന്തിയിൽ എത്തി. 2022-23, 2023-24 (ജൂലൈ 31, 2023) എന്നീ വർഷങ്ങളിൽ സംസ്ഥാനത്തെ ധാതുക്കളുടെ ഉൽപാദനവും ലഭിച്ച റോയൽറ്റിയും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 4.2.2** ൽ ചേർത്തിരിക്കുന്നു.

**മേജർ/മൈനർ ധാതുക്കളിൽ നിന്ന് ലഭിച്ച വരുമാനം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശകലനം**

ധാതുക്കളിൽ നിന്നും 325.79 കോടി രൂപയുടെ റെക്കോഡ് വരുമാനം സൃഷ്ടിച്ചുകൊണ്ട് 2022-23 ൽ

കേരളം ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. ജില്ല തിരിച്ചുള്ള വരുമാനം പരിശോധിക്കുമ്പോൾ 58.12 കോടി രൂപ സമാഹരിച്ച് തിരുവനന്തപുരം ജില്ലയാണ് മുന്നിൽ. തൊട്ടുപിന്നിൽ 48.62 കോടിയുമായി മലപ്പുറവും 33.00 കോടിയുമായി പാലക്കാടും. മറുവശത്ത്, 3.12 കോടി രൂപയുമായി വയനാട് ആണ് ഏറ്റവും കുറഞ്ഞ വരുമാനം നേടിയത്. ധാതുക്കളിൽ (മേജർ/മൈനർ ധാതുക്കൾ) നിന്നുള്ള വരുമാനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 4.2.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2016-17 മുതൽ 2022-23 വരെ ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും **പട്ടിക 4.2.2** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.2.2** ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും ( രൂപ ലക്ഷത്തിൽ)

| ക്രമ നം | വർഷം | പദ്ധതി വിഹിതം | ചെലവ് |
|---|---|---|---|
| 1 | 2016-17 | 84.00 | 48.82 |
| 2 | 2017-18 | 135.00 | 123.03 |
| 3 | 2018-19 | 149.00 | 61.46 |
| 4 | 2019-20 | 149.00 | 75.92 |
| 5 | 2020-21 | 132.00 | 117.73 |
| 6 | 2021-22 | 132.00 | 111.29 |
| 7 | 2022-23 | 405.00 | 229.3 |
| 8 | 2023-24 | 605.00 | *107.59 |

അവലംബം: ബജറ്റ് കണക്കുകൾ * 2023 സെപ്റ്റംബർ വരെ

**ഇ-ഗവേർണൻസ് പദ്ധാതിയുടെ നടപ്പാക്കൽ**

നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ വഴി എല്ലാ ജില്ലകളിലും ഓൺലൈനായി നടപ്പിലാക്കി വരുന്ന സംവിധാനമാണ് കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (കോംപാസ്).

**കേരളത്തിലെ ധാതു അധിഷ്ഠിത വ്യവസായങ്ങൾ**

ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, കുണ്ടറ സെറാമിക്സ്, ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ്, കേരള ക്ലെയിസ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് എന്നിവ മേജർ മിനറൽ അധിഷ്ഠിതമായ വ്യവസായങ്ങളിൽ ചിലതാണ്. സ്റ്റോൺ ക്രഷർ, സാന്റ് നിർമ്മാണ യൂണിറ്റ്, ബ്രിക്സ് ഫാക്ടറി, ടൈൽ ഫാക്ടറി, എന്നിവ മൈനർ മിനറൽ അടിസ്ഥാനമാക്കിയുള്ള പ്രധാന വ്യവസായങ്ങളാണ്. ഈ അടുത്തകാലത്തായി അടിസ്ഥാന സൗകര്യ വികസനത്തിലുണ്ടായ മുന്നേറ്റം മൂലം അനേകം ഗ്രാനൈറ്റ് ബിൽഡിംഗ് യൂണിറ്റുകളും, മണൽ ഉത്പാദന യൂണിറ്റുകളും സംസ്ഥാനത്ത് പുതുതായി ആരംഭിച്ചു.

മൈനിംഗും ക്വാറിംഗും വളരെ അത്യന്താപേക്ഷിതമായ പ്രവർത്തനങ്ങളാണെങ്കിലും ഖനനപ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ഉണ്ടാക്കുന്ന ആഘാതങ്ങൾ വളരെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതാണ്. ആയതിനാൽ, ഖനന പ്രവർത്തനങ്ങൾ മൂലമുള്ള പ്രതികൂലമായ പ്രത്യാഘാതങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ സന്നദ്ധമാണ്. ആധുനിക സാങ്കേതിക വിദ്യകളും സമ്പ്രദായങ്ങളും ഒരു പരിധിവരെ മൈനിംഗ്, ക്വാറിയിംഗ് പ്രവർത്തനങ്ങൾ മൂലം പരിസ്ഥിതിക്കും സമ്പത്തിനും ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിന് സഹായകമാണ്.

# 4.3 പൊതുമേഖലാ സ്ഥാപനങ്ങൾ

പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രൊഫഷണൽ മാനേജ്മെന്റ്, ലാഭം, എന്നിവ ഉറപ്പാക്കുകയും അവരെ വ്യവസായ മേഖലയുടെയും സമ്പദ് വ്യവസ്ഥയുടെയും വളർച്ചയ്ക്ക് സംഭാവനകൾ നൽകാൻ പ്രാപ്തരാക്കുവാനുമാണ് സർക്കാർ ശ്രമിക്കുന്നത്. നവീകരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേരള വ്യവസായ മേഖല കൈവരിച്ച പുരോഗതി പൊതുമേഖലാ യൂണിറ്റുകളുടെ, പ്രത്യേകിച്ച് സംസ്ഥാന പൊതുമേഖലാ യൂണിറ്റുകളുടെ മെച്ചപ്പെട്ട പ്രകടനത്തിന്റെ ഭാഗമാണ്. കെമിക്കൽസ്, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ഉൾപ്പെടെ വിവിധ നിർമ്മാണ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി സംസ്ഥാന, കേന്ദ്ര പൊതുമേഖലാ യൂണിറ്റുകൾ കേരളത്തിലുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് (ടിസിസി), കെൽട്രോൺ എന്നിവ തങ്ങളുടെ ഉൽപ്പാദന മേഖലകളിൽ രാജ്യത്തെ മുൻനിരക്കാരാണ്.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പുറമേ, കേരളത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും ഉണ്ട്. കൊച്ചിയിലെ ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്എസിടി), ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ), കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് (സിഎസ്എൽ), പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് (ഐഎൽ) എന്നിവ ഇതിൽ ഉൾപ്പെടുന്നു.


**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ**

2022 മാർച്ച് 31 വരെ, ഇന്ത്യാ ഗവൺമെന്റിന്റെ വിവിധ മന്ത്രാലയങ്ങളുടെ/വകുപ്പുകളുടെ ഭരണപരമായ നിയന്ത്രണത്തിൽ 389 പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. 2020-21 ലെ 1.89 ലക്ഷം കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 2021-22 ൽ ഇന്ത്യയിലെ ലാഭമുണ്ടാക്കുന്ന കേന്ദ്ര പൊതുമേഖലാ സംരംഭങ്ങൾ (സിപിഎസ്ഇ) 2.64 ലക്ഷം കോടി രൂപയുടെ ലാഭം നേടുകയും, ലാഭത്തിൽ 39.85 ശതമാനം വർധനവുണ്ടാകുകയും ചെയ്തു. നഷ്ടമുണ്ടാക്കുന്ന സിപിഎസ്ഇകൾ 2020-21 ലെ 0.23 ലക്ഷം കോടി രൂപയുടെ നഷ്ടമായി താരതമ്യപ്പെടുത്തുമ്പോൾ 37.82 ശതമാനം കുറവ് രേഖപ്പെടുത്തിക്കൊണ്ട് 2021-22 ൽ 0.15 ലക്ഷം കോടി രൂപയുടെ നഷ്ടം രേഖപ്പെടുത്തി (പബ്ലിക് എന്റർപ്രൈസസ് സർവ്വേ 2021-22). പ്രവർത്തനക്ഷമമായ സിപിഎസ്ഇകൾ 2020-21 ലെ 1.65 ലക്ഷം കോടി രൂപയിൽ നിന്ന് 50.87 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിക്കൊണ്ട് മൊത്തത്തിൽ 2021-22 ൽ 2.49 ലക്ഷം കോടി രൂപ അറ്റാദായം ഉണ്ടാക്കി.

**കേന്ദ്ര പൊതുമേഖലാ നിക്ഷേപം**

ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ മൊത്തം സാമ്പത്തിക നിക്ഷേപം 2020-21 ലെ 21.58 ലക്ഷം കോടി രൂപയിൽ നിന്ന് 5.71 ശതമാനം വളർച്ച രേഖപ്പെടുത്തിക്കൊണ്ട് 2021-22ൽ 22.81 ലക്ഷം കോടി രൂപയായി വർദ്ധിച്ചു (പബ്ലിക് എന്റർപ്രൈസസ് സർവ്വെ 2021-22). കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഗ്രോസ് ബ്ലോക്ക് 2020-21ലെ 71,920.91 കോടി രൂപയിൽ നിന്ന് 1.9 ശതമാനം വർദ്ധിച്ച് 2021-22ൽ 73,290.68 കോടി രൂപയായി. സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപ വിഹിതം 2020-21ലെ 2.84 ശതമാനത്തിൽ നിന്ന് 2021-22ൽ 2.61 ശതമാനമായി കുറഞ്ഞു. 2022 മാർച്ച് 31-ലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം ഏറ്റവും ഉയർന്നത് മഹാരാഷ്ട്രയിലും (നിക്ഷേപത്തിന്റെ 8.4 ശതമാനം) ഉത്തർപ്രദേശിലും (നിക്ഷേപത്തിന്റെ 7.7 ശതമാനം) തമിഴ്നാട്ടിലുമാണ് (നിക്ഷേപത്തിന്റെ 6.5 ശതമാനം) (പബ്ലിക് എന്റർപ്രൈസസ് സർവേ 2021-22). 2014-15 മുതൽ 2021-2022 വരെയുള്ള കേരളത്തിലെ കേന്ദ്രമേഖലാ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 4.3.1-ലും തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിലെ 2022 മാർച്ച് 31 വരെയുള്ള കേന്ദ്രമേഖലാ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.3.2**-ലും നൽകിയിരിക്കുന്നു.

**ചിത്രം 4.3.1** കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ മൊത്തം ബ്ലോക്കും, നിക്ഷേപത്തിൽ കേരളത്തിന്റെ വിഹിതം, രൂപ കോടിയിലും – ശതമാനത്തിലും




അവലംബം: സി.എസ്.ഒ

2014-15 മുതൽ 2021-22 വരെയുള്ള കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ മൊത്തം ബ്ലോക്കും, നിക്ഷേപ വിഹിതവും **ചിത്രം 4.3.1**-ൽ നൽകിയിരിക്കുന്നു.

### ജോയിന്റ് സ്റ്റോക്ക് കമ്പനികൾ

2023 മാർച്ച് വരെ കേരളത്തിലെ ആകെ ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ എണ്ണം 56290 ആയിരുന്നു. 2022-23 വർഷത്തിൽ 5773 പുതിയ ജോയിന്റ് സ്റ്റോക്ക് കമ്പനികൾ കേരളത്തിൽ രജിസ്റ്റർ ചെയ്തു. ഇതിൽ 14 കമ്പനികൾ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളവയും 10 കമ്പനികൾ ഇതര സംസ്ഥാനങ്ങളിലേക്ക മാറ്റിയവയുമാണ്. കൂടാതെ, 2022-23-ൽ 1594 കമ്പനികൾ പിരിച്ചുവിടുകയോ അടച്ചിടുകയോ ലയിപ്പിക്കുകയോ ചെയ്തു. രജിസ്ട്രാർ ഓഫ് കമ്പനീസ്, കേരള, ലക്ഷദ്വീപ് റിപ്പോർട്ട് ചെയ്ത പ്രകാരം 2023 മാർച്ച് വരെ മൊത്തം 176 സർക്കാർ കമ്പനികൾ രജിസ്റ്റർ ചെയ്തു. കേരളത്തിൽ പ്രവർത്തിക്കുന്ന ജോയിന്റ് സ്റ്റോക്ക് കമ്പനികളെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.3.3**ൽ കൊടുത്തിരിക്കുന്നു.

### വ്യവസായ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ

വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ എട്ട് സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉൾപ്പെടെ ഏഴ് മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന 42 പൊതുമേഖലാ യൂണിറ്റുകളുണ്ട്.

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മൊത്തത്തിൽ 4310.99 കോടി രൂപയുടെ വിറ്റുവരവും 60.71 കോടി രൂപ പ്രവർത്തന ലാഭവും രേഖപ്പെടുത്തി. മുൻവർഷത്തെ അപേക്ഷിച്ച് വിറ്റുവരവിൽ 5.1 ശതമാനം കുറവുണ്ടായി. കേരളത്തിൽ ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 2021-22ൽ 12 പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് 2022-23ൽ 13 പൊതുമേഖലാ സ്ഥാപനങ്ങളായി ഉയർന്നു. കഴിഞ്ഞ 7 വർഷത്തെ വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം **അനുബന്ധം 4.3.4**-ൽ നൽകിയിരിക്കുന്നു. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ), ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് (ടിസിസി), കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് (ടിടിപി) എന്നിവയാണ് ഈ കാലയളവിൽ ലാഭമുണ്ടാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ.

2022-23 ൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ പ്രവർത്തന മൂലധനം ഉൾപ്പടെ 268.31 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 53 ശതമാനം വരുന്ന 142.22 കോടി രൂപ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ചെലവഴിച്ചു.

### പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രധാന നേട്ടങ്ങൾ

- 2022-23 കാലയളവിൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് 371 കോടി രൂപയുടെ വിറ്റുവരവും 87 കോടി രൂപ പ്രവർത്തന ലാഭവും നേടി. കേരള സർക്കാരിന്റെ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ കേരള സ്റ്റേറ്റ് സേഫ്റ്റി അവാർഡിൽ പ്രമുഖ വ്യവസായ മേഖലയ്ക്ക് കീഴിൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന് പ്രഥമ സ്ഥാനം ലഭിച്ചു.
- സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് 2022-23 കാലയളവിൽ 5.56 കോടി രൂപയുടെ പ്രവർത്തന ലാഭത്തോടെ 67.02 കോടി രൂപയുടെ റെക്കോർഡ് വിറ്റുവരവ് നേടി.
- ഇന്ത്യയുടെ ചാന്ദ്ര പര്യവേക്ഷണ ദൗത്യമായ "ചന്ദ്രയാൻ 3" ൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പ്രധാന പങ്ക് വഹിച്ചു. (കോംപ്ലക്സ് ഫോർജിംഗ്സ് ഇനങ്ങൾ - സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്,

സോഡിയം ക്രിസ്റ്റൽസ് -ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് , ടൈറ്റാനിയം സ്പോഞ്ച് കൊണ്ട് നിർമ്മിച്ച അലോയ്കൾ - കേരള മിനറൽസ് മെറ്റൽസ്, 41 വ്യത്യസ്ത ഇലക്ട്രോണിക് മൊഡ്യൂളുകൾ - കെൽട്രോൺ). "ചന്ദ്രയാൻ 3" SIFL കൂടാതെ, ടിസിസി, കെൽട്രോൺ, കെഎഎൽ എന്നിവ "ആദിത്യ L1" സോളാർ ദൗത്യത്തിൽ നിർണായക പങ്ക് വഹിച്ചു.

- കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് അയൺ ഓക്സൈഡിൽ നിന്ന് ഇരുമ്പിനെ വേർതിരിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുകയും പ്ലാന്റിൽ വിജയകരമായി നടപ്പിലാക്കുകയും ചെയ്തു. ഇത് കുളങ്ങളിൽ സംഭരിച്ചിരിക്കുന്ന അയൺ ഓക്സൈഡ് നീക്കം ചെയ്യാനും നിലവിലെ പാരിസ്ഥിക പ്രശ്നങ്ങൾ പരിഹരിക്കാനും സഹായിക്കും.
- കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് പ്രതിരോധ മേഖലയിൽ നിന്ന് 105 കോടി രൂപ വിലമതിക്കുന്ന ടൈറ്റാനിയം സ്പോഞ്ചിന്റെ ഓർഡറുകൾ നേടി.
- വിപണി വിപുലീകരണത്തിന്റെ ഭാഗമായി മലബാർ സിമന്റ്സ് ലിമിറ്റഡ് രണ്ട് പുതിയ ഉൽപ്പന്നങ്ങളായ "വേഗ സിമന്റ്സ്", "മലബാർ ഡ്രൈ മിക്സ് സിമന്റ് പ്ലാസ്റ്റർ" എന്നിവ പുറത്തിറക്കി.
- ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ ആൻഡ് സെക്യൂരിറ്റിയിൽ (ബിസിഎഎസ്) നിന്ന് "കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്" കാലിക്കറ്റ് എയർ കാർഗോ കോംപ്ലക്സിനു വേണ്ടി റെഗുലേറ്റഡ് ഏജന്റ് സ്റ്റാറ്റസ് (ആർ എ സ്റ്റാറ്റസ്) നേടി.
- പ്രതിരോധ ഇലക്ട്രോണിക്സ് മേഖലയിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കെൽട്രോണും ക്രാസ്റ്റ് ഡിഫൻസ് സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരംഭം രൂപീകരിച്ചു. സേഫ് കേരള പദ്ധതിയുടെ ഭാഗമായി കെൽട്രോൺ സംസ്ഥാന സർക്കാരിനായി ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം കമ്മീഷൻ ചെയ്തു. യുഎസ്ടി ഗ്ലോബൽ, കെൽട്രോൺ, കെഎസ്ഐഡിസി, ആക്സിലറോൺ ലാബ്സ് എന്നിവ ചേർന്ന് 2018-ൽ കേരളത്തിൽ സ്ഥാപിച്ച പൊതു-സ്വകാര്യ കമ്പനിയായ കോക്കോണിക്സ് പുനർജീവിപ്പിച്ച് ലാപ്ടോപ്പുകൾ, ഡെസ്ക്ടോപ്പുകൾ, സെർവറുകൾ എന്നിവ നിർമ്മിക്കുന്നു.
- കേരള സെറാമിക്സ് ലിമിറ്റഡ് അവരുടെ ഉൽപ്പന്നങ്ങൾ തെക്ക് കിഴക്കൻ ഏഷ്യയിലേക്ക് കയറ്റുമതി ആരംഭിച്ചു.
- കെൽപാം-ന്റെ കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്ക് ഉത്പാദനം പ്രതിമാസം 650ൽ നിന്ന് 2,635 ആയി വർദ്ധിച്ചു (2023-24). പുതിയ പാം പൈൻ സർബത്ത് ഉൽപ്പാദനവും വിൽപ്പനയും ആരംഭിച്ചു.
- ഒഴിവാക്കിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്, വെല്ലൂർ, ഭെൽ-ഇഎംഎൽ, കാസർഗോഡ് എന്നിവ ഏറ്റെടുത്ത് യഥാക്രമം കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് (കെപിപിഎൽ), കെൽ-ഇഎംഎൽ എന്നിങ്ങനെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളാക്കി മാറ്റി ഉൽപ്പാദനം പുനരാരംഭിച്ചു.
- വെള്ളൂരിലെ 164 ഏക്കർ സ്ഥലത്ത് കേരള റബ്ബർ ലിമിറ്റഡ് (കെആർഎൽ) 1,050 കോടി രൂപ മുതൽമുടക്കിൽ പ്രകൃതിദത്ത റബ്ബർ അധിഷ്ഠിത വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് 35 കോടി രൂപയുടെ ഓർഡറിന് ബിഎച്ച്.ഇ.എൽ തിരുച്ചിറപ്പള്ളിയുമായി ദീർഘകാല കരാർ ഒപ്പിട്ടു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റീരിയൽ മാനേജ്മെന്റിന്റെ "സ്റ്റോഴ്സ് മാനേജ്മെന്റ് അവാർഡിൽ" സ്ഥാപനത്തിന് പ്രഥമ സ്ഥാനം ലഭിച്ചു.
- പരമ്പരാഗത മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണന ശൃംഖല വിപുലമാക്കുന്നതിന്റെ ഭാഗമായി, ഒ.എൻ.ഡി.സി ഓൺലൈൻ പോർട്ടൽ പ്രവർത്തനക്ഷമമാക്കി
- കേരള പബ്ലിക് സർവീസ് കമ്മീഷൻ നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒഴികെയുള്ളവയിൽ റിക്രൂട്ട്മെന്റ് നടപടിക്രമങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിന്, കേരള സ്റ്റേറ്റ് പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് (കെപിഇഎസ്ആർബി) നിലവിൽ വന്നു.
- പൊതുമേഖലാ യൂണിറ്റുകൾക്ക് ഉത്തരവാദിത്തത്തോടെ സ്വയംഭരണാവകാശം നൽകുന്നതിനായുള്ള ശ്രീ.പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശകൾക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചു.
- ടെക്സ്റ്റൈൽ മില്ലുകൾക്ക് തുടർച്ചയായ അസംസ്കൃത വസ്തുക്കളുടെ വിതരണം ഉറപ്പാക്കുന്നതിന് നല്ല ഗുണനിലവാരമുള്ള പരുത്തി കുറഞ്ഞ വിലയ്ക്ക് ക്രോപ്പ് സീസൺ ഉറപ്പാക്കാൻ "കോട്ടൺ ബോർഡ്" രൂപീകരിച്ചു.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിന് പദ്ധതി വിഹിതത്തിന് ഉപരിയായി ബാങ്ക്/എഫ്ഐകളിൽ നിന്ന് ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിനായി ബാങ്കേഴ്സ് മീറ്റും ബാങ്കേഴ്സ് വർക്കിംഗ് ഗ്രൂപ്പും നടത്തുകയുണ്ടായി.
- കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ബിസിനസ് സഹകരണം കണ്ടെത്തുന്നതിനായി ബി2ബി ഉച്ചകോടി നടത്തി.

2022-23 ൽ വ്യാവസായിക മേഖലയിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മികച്ച പ്രവർത്തനത്തിനു കെമിക്കൽ, ഇലക്ട്രോണിക് മേഖലകൾക്ക് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സംഭാവന നൽകുകയും യഥാക്രമം 78.38 കോടി രൂപയും, 15.55 കോടി രൂപയും അറ്റാദായം നേടുകയും ചെയ്തു. അതേസമയം, ടെക്സ്റ്റൈൽ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടം രേഖപ്പെടുത്തി, 2022-23ൽ ഈ മേഖലയ്ക്ക് 146.09 കോടി രൂപയുടെ നഷ്ടമുണ്ടായി, ഇത് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും, കേരളത്തിന്റെ വ്യാവസായിക മേഖലയുടെ സാങ്കേതിക പരിവർത്തനത്തിനു സഹായിക്കുന്നതിനും സംസ്ഥാന സർക്കാർ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ ഏഴ് വർഷത്തെ മേഖല തിരിച്ചുള്ള സാമ്പത്തിക പുരോഗതി **അനുബന്ധം 4.3.5** ൽ നൽകിയിരിക്കുന്നു.

2022-23, 2023-24 (2023 ഓഗസ്റ്റ് വരെ) കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെയും ലാഭനഷ്ടത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 4.3.6**-ൽ നൽകിയിരിക്കുന്നു.

**ഭാവി പരിപാടികൾ**

പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്ന സംരംഭങ്ങൾ മാത്രമായി ചുരുങ്ങാതെ പൊതു സ്വകാര്യ മേഖലകളിൽ ഉയർന്ന സാങ്കേതിക സംരംഭങ്ങൾക്ക് പ്രവർത്തനക്ഷമമായ അന്തരീക്ഷം സൃഷ്ടിക്കുന്ന സ്ഥാപനങ്ങളായി മാറ്റിയെടുക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുമായി പൊതുമേഖല സ്ഥാപനങ്ങളെ ബന്ധിപ്പിക്കേണ്ടതുണ്ട്. അതിനായി, കേരളത്തിൽ നിന്നു തന്നെ അസംസ്കൃത വസ്തുക്കൾ പരാമവധി ശേഖരിക്കുകയും താഴെ തട്ടിലുള്ള വ്യവസായങ്ങളെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുമാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, സംരംഭകത്വം, പ്രത്യേകിച്ച് ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന സംരംഭകത്വം, പ്രോത്സാഹിപ്പിക്കുന്നതിന് ഫെസിലിറ്റേറ്ററുടെ പങ്ക് വഹിക്കണം.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും സർക്കാർ പ്രതിജ്ഞാബദ്ധരാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതുവായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിലേക്ക് പ്രൊഫഷണൽ മാനേജർമാരെ നിയമിച്ചിട്ടുണ്ട്. സുതാര്യമായ രീതിയിൽ ഉന്നതതലത്തിലുള്ള മാനേജർമാരുടെ ഒരു കേഡർ തിരഞ്ഞെടുക്കുന്നതിനായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന് രൂപം നൽകുകയുണ്ടായി. ഒരേ തരത്തിലുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

**ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോമേഷൻ – ബി പി ടി (പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ് – റിയാബ്)**

പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് & ഇന്റേണൽ ഓഡിറ്റ് ബോർഡിനെ (റിയാബ്) ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബി പി ടി) എന്ന് സർക്കാർ പുനർനാമകരണം ചെയ്യുകയും ഗവേണിംഗ് ബോർഡ് പുനഃസ്ഥാപിക്കുകയും ചെയ്തു. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നവീകരണ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ഉത്തരവാദിത്ത ഏജൻസിയായി വ്യവസായ വകുപ്പിന് കീഴിൽ ബിപിടി പ്രവർത്തിക്കുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിലും ബിപിടി ഒരു പ്രധാന പങ്ക് വഹിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിരീക്ഷണവും, എന്റർപ്രൈസ് പുനർനിർമ്മാണം, കാര്യശേഷി വർദ്ധിപ്പിക്കൽ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ഭരണപരമായ ഉപദേശക പിന്തുണ നൽകൽ എന്നിവ ഈ ഏജൻസിയുടെ പ്രധാന ഉത്തരവാദിത്തങ്ങളിൽ ഉൾപ്പെടുന്നു.

**വ്യാവസായിക പ്രോത്സാഹനവും നിക്ഷേപം സുഗമമാക്കലും**

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) എന്നിവയാണ് സംസ്ഥാനത്തെ പ്രധാന വ്യവസായ ധനസഹായ ഏജൻസികൾ. വ്യാവസായിക ധനസഹായത്തിനു പുറമെ വ്യാവസായിക വളർച്ചയ്ക്ക് ആവശ്യമായ ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ കെ.എസ്.ഐ.ഡി.സി പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുന്നു. കൂടാതെ, വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് കിൻഫ്രയും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി)**

കേരളത്തിൽ ഇടത്തര-വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഉടമസ്ഥതയിൽ 1961 ൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കമ്പനിയാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി). കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് തന്ത്രപ്രധാനമായ പല വ്യവസായ പശ്ചാത്തല വികസന പദ്ധതികളും കെ.എസ്.ഐ.ഡി.സി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സ്വകാര്യ വ്യവസായിക പ്രോജക്ടുകളെ പ്രോത്സാഹിപ്പിക്കുന്നതിനും, നിക്ഷേപ പ്രോത്സാഹന ഉദ്യമങ്ങളെ മുന്നോട്ട് നയിക്കുന്നതിനും, വ്യവസായിക അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനും, ആവാസ വ്യവസ്ഥയ്ക്കും, സംരംഭകരെ വളർത്തുന്നതിനും, സ്റ്റാർട്ട് അപ്പുകൾക്ക് പിന്തുണ നൽകുന്നതിനും, ഒരു പ്രധാന പങ്ക് കെ.എസ്.ഐ.ഡി.സി വഹിക്കുന്നു. സംസ്ഥാനത്ത്, ആഭ്യന്തരവും വിദേശീയവുമായ വ്യവസായ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഐ.ഡി.സി നിക്ഷേപകർക്ക് സമഗ്രമായ പിന്തുണയും സഹായവും നൽകി വരുന്നു. വിവിധ ആനുകൂല്യങ്ങളും പദ്ധതികളും ലഭ്യമാക്കാൻ വേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തുകയും, സർക്കാരും വ്യവസായ മേഖലയും ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് ബിസിനസ് ആരംഭിക്കുന്നതിനായി നിക്ഷേപകർക്കുള്ള ഏക പോയിന്റ് കോൺടാക്റ്റായി കെഎസ്ഐഡിസി പ്രവർത്തിക്കുന്നു. ബിസിനസ് ആശയങ്ങൾ പ്രായോഗിക പദ്ധതികളാക്കി വികസിപ്പിക്കുന്നതിനുള്ള പിന്തുണ, സാധ്യതാപഠനങ്ങൾ നടത്തുന്നതിനുള്ള സഹായം, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, പ്രോജക്റ്റ് ആശയരൂപീകരണം മുതൽ കമ്മീഷൻ ചെയ്യൽ വരെ നിക്ഷേപകനെ കൈപിടിച്ചുയർത്തുന്നതിനുള്ള സമയോചിതമായ അംഗീകാരങ്ങളും അനുമതികളും കെഎസ്ഐഡിസി വാഗ്ദാനം ചെയ്യുന്നു. ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ, മെന്ററിംഗ് സെഷനുകൾ നൽകുക, സ്റ്റാർട്ടപ്പിനായി സീഡ് ഫണ്ട് നൽകുക എന്നിവയിലൂടെ സ്റ്റാർട്ടപ്പുകളെ പ്രാപ്തമാക്കുന്ന ഒരു ഇക്കോസിസ്റ്റം സൃഷ്ടിക്കാൻ കെഎസ്ഐഡിസി പരിശ്രമിക്കുന്നു.

**പ്രധാന സംരംഭങ്ങളും നേട്ടങ്ങളും (2022–23)**

- കേരള വ്യവസായ നയം 2023.
- തോന്നയ്ക്കലിലെ ബയോ 360 ലൈഫ് സയൻസസ് പാർക്കിൽ ബയോടെക് ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കി.
- 2022-23 സാമ്പത്തിക വർഷത്തിൽ, 483 കോടി രൂപയുടെ വായ്പ അനുമതി നൽകി.

- കോർപ്പറേഷന്റെ വായ്പാ പോർട്ട്ഫോളിയോ ശക്തിപ്പെടുത്തുന്നതിന് 3 പ്രധാന നയങ്ങൾ രൂപീകരിച്ച് പുറത്തിറക്കി: ലോൺ ക്രെഡിറ്റ് പോളിസി, ഫെയർ പ്രാക്ടീസ് കോഡ്, പലിശ നിരക്ക് നയം (2022-23)
- ഇ.എസ്.ജി (പരിസ്ഥിതി, സാമൂഹിക, ഭരണം) നയം, കയറ്റുമതി നയം എന്നിവയുടെ കരട് തയ്യാറാക്കി സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചു. പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടുന്നതിലേക്കായി കരട് കയറ്റുമതി നയത്തിന്റെ വിജ്ഞാപനം പുറത്തിറക്കി.
- ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (EoDB) റാങ്കിംഗ് നിർണ്ണയിക്കുന്നതിനുള്ള സംസ്ഥാന ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ 2022-ൽ വ്യവസായവും ആഭ്യന്തര വ്യാപാരവും പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള 352 പരിഷ്കാരങ്ങളിൽ 340 എണ്ണം നടപ്പിലാക്കി.
- ഭക്ഷ്യ സംസ്കരണ മേഖലയിൽ പ്രാദേശിക വ്യവസായ മീറ്റ് 2023, എം.എസ്.എം.ഇ ഡേ ഇന്ററാക്ടീവ് കോൺഫറൻസ്, എന്നിവ സംഘടിപ്പിച്ചു.
- FICCI യുമായി സഹകരിച്ച് കൊച്ചിയിൽ നടന്ന നിക്ഷേപക പ്രതിനിധി യോഗവും നിക്ഷേപക സംഗമവും ഏകോപിപ്പിച്ചു.
- KOTRA പ്രതിനിധി സംഘവുമായി പെഴ്സണൽ ഇൻവെസ്ടർ പിച്ച് മീറ്റിംഗും ആശയവിനിമയവും നടത്തി
- ജപ്പാനിലെ സാനിൻ റീജിയണിലെ മേയർമാരുടെ നേതൃത്വത്തിൽ നിക്ഷേപക സന്ദർശനത്തിനും ഒരു ഇൻവെസ്ടർ പിച്ച് മീറ്റിംഗിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുമായും കൂടിക്കാഴ്ചകൾ നടത്തി.
- AIM ഗ്ലോബൽ, ഇൻവെസ്റ്റർ സമ്മിറ്റ് 2023, FIFEX FUMMA 2023, TRIMA 2023, Bio Connect 2023, KSIDC മെട്രോ MSME അവാർഡ്, വൈബ്രന്റ് ഇന്ത്യ, വാട്ടർ എക്സ്പോ, ഡ്രോൺ ഇന്റർനാഷണൽ എക്സ്പോ, റീഇൻവെന്റ് കോഴിക്കോട്, സെമിക്കൺ ഇന്ത്യ, ഇന്ത്യ ഫുഡക്സ്, ഹോട്ടൽടെക് കേരള, ഗ്ലോബൽ ടാവൽ മാർട്ട്, ഡിഫൻസ് & ടെക്നോളജി എക്സ്പോ തുടങ്ങി നിരവധി ദേശീയ, അന്തർദേശീയ പരിപാടികളിൽ KSIDC സജീവമായി പങ്കെടുക്കുകയുണ്ടായി. കെ എസ് ഐ ഡി സി യുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കുന്നതിനായി ഈ ഇവന്റുകളിൽ സ്റ്റാളുകളും ഒരുക്കി.
- 'എന്റെ കേരളം എക്സിബിഷൻ 2023' ൽ സ്റ്റാളുകൾ പ്രയോജനപ്പെടുത്തുന്നതിനും സജ്ജീകരിക്കുന്നതിനുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു.
- തെരഞ്ഞെടുത്ത വിവിധ നിക്ഷേപക കമ്പനികളുടെ പ്രൊമോട്ടർമാരുമായി 35-ലധികം ഇൻവെസ്റ്റർ പിച്ച് മീറ്റിംഗുകളും വൺ ടു വൺ ആശയവിനിമയങ്ങളും നടത്തി.
- ബ്രോഷറുകൾ, വീഡിയോകൾ, പോസ്റ്ററുകൾ മുതലായ പബ്ലിസിറ്റി മെറ്റീരിയലുകളുടെ പ്രൊഡക്ഷൻ ഉറപ്പാക്കി.
- തെരഞ്ഞെടുത്ത 22 മുൻഗണനാ മേഖലകളുടെ സെക്ടർ പ്രൊഫൈൽ തയ്യാറാക്കൽ പൂർത്തിയാക്കി.
- വീഡിയോകൾ, അവതരണങ്ങൾ തുടങ്ങിയവ തയ്യാറാക്കുന്നതിനായി സ്റ്റാർട്ടപ്പ് ഏജൻസികളുടെ എംപാനൽമെന്റ് പൂർത്തിയാക്കി.

വിവിധ വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിനും വിവിധ മെഗാ പ്രോജക്ടുകളുടെ നിർവ്വഹണത്തിനും പുറമെ കെ.എസ്.ഐ.ഡി.സി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ **ബോക്സ് 4.2.1** ൽ കൊടുത്തിരിക്കുന്നു.

### കെ.എസ്.ഐ.ഡി.സി യുടെ സാമ്പത്തിക സ്ഥിതി

2021-22 ൽ കോർപറേഷൻ 54.90 കോടി രൂപ അറ്റാദായമായി നേടി. കഴിഞ്ഞ 3 വർഷങ്ങളിലെ കെ.എസ്.ഐ.ഡി.സി യുടെ ചില പ്രധാന സാമ്പത്തിക പരാമീറ്ററുകൾ പട്ടിക 4.3.1 ൽ കൊടുത്തിരിക്കുന്നു.

### കെ.എസ്.ഐ.ഡി.സി യുടെ വ്യാവസായിക ധനസഹായ പ്രവർത്തനങ്ങൾ

2022-23 ൽ 483.16 കോടി രൂപയുടെ പദ്ധതികൾക്ക് കെഎസ്ഐഡിസി അനുമതി നൽകി. കോർപ്പറേഷൻ 289.92 കോടി രൂപ വിതരണം

**ബോക്സ് നമ്പർ 4.3.1** കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടുകളും

- ഇടത്തര - വൻകിട വ്യവസായങ്ങൾക്ക് ധനസഹായവും പിന്തുണയും
- കേരളത്തിൽ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുക
- വ്യാവസായിക വളർച്ചാ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള വ്യാവസായിക അടിസ്ഥാന സൗകര്യ വികസനം.
- കേരളത്തിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (ഇ.ഒ.ഡി.ബി) പ്രോത്സാഹിപ്പിക്കുക
- വിവിധ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് പിന്തുണ നൽകുക
- സംരംഭക സഹായം
- ഏഞ്ചൽ/സീഡ് ഫണ്ട് പദ്ധതി.
- ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, കൊച്ചി
- ലൈഫ് സയൻസ് മേഖലയിൽ സ്വകാര്യ വ്യവസായങ്ങളെയും ഗവേഷണവികസന സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ലൈഫ് സയൻസ് പാർക്ക്
- ലൈറ്റ് എഞ്ചിനിയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്-രണ്ടാം ഘട്ടം.
- ബിസിനസ്സ് ഇൻകുബേറ്റർ
- മെഡിക്കൽ ഡിവൈസസ് പാർക്ക് (മെഡ്സ്പാർക്ക്)
- മെഗാ ഫുഡ് പാർക്ക്
- സുസ്ഥിര വ്യവസായ നിക്ഷേപ പദ്ധതി

*ഉറവിടം: വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്*

**പട്ടിക 4.3.1** കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ (രൂപ കോടിയിൽ)

| വിശദാംശങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|
| മൊത്തം ആസ്തി | 725.1 | 643.2 | 809.8 | 869.12 |
| ആകെ ചിലവുകൾ | 14.4 | 16.2 | 20.4 | 13.6 |
| ജീവനക്കാരുടെ ചിലവുകൾ | 8.9 | 10.7 | 10.7 | 9.02 |
| അറ്റലാഭം/നഷ്ടം (+/-) | 33.8 | 39.6 | 25.5 | 54.9 |
| ഓഡിറ്റ് നില | ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട് | | | |

അവലംബം: ബി.പി.ഇ അവലോകനം 2021-22

ചെയ്യുകയും മുതലും പലിശയുമടക്കം മൊത്തം 302.02 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തു. 888.82 കോടി രൂപ മുതൽമുടക്കിൽ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കികൊണ്ടിരിക്കുന്ന 78 പദ്ധതികൾ ഏകദേശം 2350 പേർക്ക് തൊഴിൽ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2022-23, 2023-24 വർഷങ്ങളിലെ കെഎസ്ഐഎഡിസിയുടെ ഭൗതിക,സാമ്പത്തിക നേട്ടങ്ങൾ (2023 ഓഗസ്റ്റ് വരെ) അനുബന്ധം 4.3.7ൽ നൽകിയിരിക്കുന്നു. 2016-17 മുതൽ 2022-23 കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി വിഹിതം, ചെലവ് എന്നിവുടെ വിശദാംശങ്ങൾ **പട്ടിക 4.3.2** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.3.2** കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും 2016-17 മുതൽ 2022-23 വരെ (രൂപ കോടിയിൽ)

| ക്രമ നം | വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | 2016-17 | 87.5 | 75.5 | 86.3 |
| 2 | 2017-18 | 96.3 | 171.7 | 178.4 |
| 3 | 2018-19 | 134.4 | 77.5 | 57.7 |
| 4 | 2019-20 | 116.0 | 15.9 | 13.7 |
| 5 | 2020-21 | 109 | 84.32 | 77.36 |
| 6 | 2021-22 | 109 | 48.74 | 44.72 |
| 7 | 2022-23 | 113 | 50.53 | 44.73 |
| 8 | 2023-24* | 122.50 | 24.30 | 19.8* |

അവലംബം- ബജറ്റ് എസ്റ്റിമേറ്റ് *2023 സെപ്റ്റംബർ വരെയുള്ള ചെലവുകൾ

### കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രമോഷണൽ പ്രവർത്തനങ്ങൾ

1.നിക്ഷേപ സൗകര്യവും വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളും

- വ്യാവസായിക പ്രോത്സാഹന വിഭാഗം - ഓസ്ട്രേലിയ ഇന്ത്യ ബിസിനസ് കൗൺസിൽ (11.01.2023 ന്), ഇന്ത്യയിലെ തുർക്കി റിപ്പബ്ലിക് അംബാസഡർ (11.01.2023 ന്), നോർവേയിലെ മാരിടൈം മോണിറ്ററിംഗ് ഗ്രൂപ്പ് (17.01.2023 ന്) എന്നിവയുമായി മീറ്റിംഗുകൾ നടത്തി. 21.01.2023-ന് സംരംഭക മഹാസംഗമത്തിലും 27/01/2023 മുതൽ 29/01/2023 –വരെ ഇന്ത്യ ബോട്ട് ആൻഡ് മറൈൻ ഷോ 2023 ൽ സ്റ്റാളുകൾ സജ്ജീകരിച്ചു. അറബ് ഹെൽത്ത് 2023 ദുബായിൽ പങ്കെടുത്ത് സ്റ്റാളുകൾ സംഘടിപ്പിച്ച് 30.012023 മുതൽ 02.02.2023 വരെ .ബിസിനസ് മീറ്റിംഗുകൾ നടത്തി. വ്യാവസായിക പ്രോത്സാഹന പദ്ധതി ഫണ്ട് ചെലവ് 3.5 കോടി രൂപയിലെത്തി.
- ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷൻ - EoDB SBRAP നടപ്പിലാക്കുന്നതിന്റെ ഭാഗമായി, DPIIT EoDB പോർട്ടലിൽ 352-ൽ 340 ആക്ഷൻ പോയിന്റുകൾ നടപ്പിലാക്കിയതിന്റെ രേഖകൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾക്കിടയിൽ ഫീഡ്ബാക്ക് സർവേ ആരംഭിക്കുന്നതിനുള്ള പ്രക്രിയയിലാണ് DPIIT. K-SWIFT-ലെ മീഡിയ കാമ്പെയ്ൻ വിജയകരമായി നടത്തി, അതിൽ ടിവി വാണിജ്യങ്ങൾ, സിനിമാ തിയേറ്റർ പരസ്യങ്ങൾ, എഫ്എം ജിംഗിൾസ്, റെയിൽവേ സ്റ്റേഷൻ/ ട്രെയിൻ പരസ്യങ്ങൾ, ആനുകാലികങ്ങളിലെ പരസ്യങ്ങൾ, മെട്രോ പില്ലർ പരസ്യങ്ങൾ, സോഷ്യൽ മീഡിയ കാമ്പെയ്ൻ തുടങ്ങിയവ ഉൾപ്പെടുന്നു. 96 കോടി രൂപയുടെ സാമ്പത്തിക സഹായം പിഎം ഗതി ശക്തി പാർട്ട് II സ്കീമിന് കീഴിൽ ലഭിച്ചു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുതിയ പോർട്ടലുമായി കെഎസ്വിഫ്റ്റിന്റെ സംയോജനം പൂർത്തിയായി. ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ പ്ലാൻ ഫണ്ട് ചെലവ് 8.96 കോടി രൂപയിലെത്തി.

2. ഇന്നൊവേഷൻ ആക്സിലറേഷൻ സ്കീം: 2022-2023 സാമ്പത്തിക വർഷത്തിൽ മൊത്തം 12 സീഡ് ഫണ്ട് വായ്പകൾക്കും 11 സ്കെയിൽ-അപ്പ് വായ്പകൾക്കും അംഗീകാരം ലഭിച്ചു. ഒരു ലക്ഷം രൂപ സീഡ് ഫണ്ട് പദ്ധതി പ്രകാരം 149.52 ലക്ഷം രൂപയും സ്കെയിൽ-അപ്പ് സപ്പോർട്ട് സ്കീമിന് കീഴിൽ 200 ലക്ഷം രൂപയും വിതരണം ചെയ്തു.
3. വനിതാ സംരംഭകത്വ ദൗത്യം: 2022-2023 സാമ്പത്തിക വർഷത്തേക്കുള്ള WE മിഷൻ ഫിനാൻഷ്യൽ അസിസ്റ്റൻസ് പദ്ധതിയുടെ കീഴിൽ 15 പ്രോപ്പോസലുകൾ ഔദ്യോഗികമായി അംഗീകരിച്ചു. തുടർന്ന്, മേൽപ്പറഞ്ഞ സാമ്പത്തിക വർഷം ഈ 15 യൂണിറ്റുകൾക്കായി 300.65 ലക്ഷം രൂപ വിതരണം ചെയ്തു.
4. മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി: മൊത്തം 96 സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായമായി 195.91 കോടി രൂപ അനുവദിച്ചു
5. കോവിഡ് സമാശ്വാസ പദ്ധതി : മൊത്തം 11 സ്ഥാപനങ്ങൾക്ക് 13.78 കോടി രൂപ ധനസഹായമായി അനുവദിച്ചു.
6. മെഡിക്കൽ ഡിവൈസസ് പാർക്ക് (മെഡ്സ്പാർക്ക്) : പ്രോട്ടോടൈപ്പ് & ഇൻകുബേഷൻ സെന്റർ, അനിമൽ ഹൗസ് എന്നിങ്ങനെ രണ്ട് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി. നോളജ് റിസോഴ്സ് സെന്ററിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്.
7. ലൈഫ് സയൻസസ് പാർക്ക്, തിരുവനന്തപുരം : 80,827 ചതുരശ്ര അടി വിസ്തീർണമുള്ള അഡ്മിൻ

ബ്ലോക്കും ബയോടെക് ലാബ് ബ്ലോക്കും 2023 മാർച്ചിൽ പൂർത്തീകരിച്ചു. റോഡിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും വികസനം-ലൈഫ് സയൻസ് പാർക്കിന്റെ രണ്ടാം ഘട്ടം-PMC അന്തിമമാക്കുകയും LOA M/s KITCo Ltd-ന് നൽകുകയും ചെയ്തു

8. നാളികേര വ്യവസായ പാർക്ക്, കുറ്റ്യാടി, കോ-വർക്കിംഗ് സ്പേസ് കം ഓഫീസ് കോംപ്ലക്സ്, കാക്കനാട്, ഐജിസി ചേർത്തല, ഐജിസി കണ്ണൂർ, ഐജിസി കോഴിക്കോട് തുടങ്ങിയ വിവിധ വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യ വികസനം വിജയകരമായി പൂർത്തീകരിച്ചു.

**കേരള റബ്ബർ ലിമിറ്റഡ്(കെ ആർ എൽ)**

ഇന്റർമീഡിയറ്റ്, ഫൈനൽ റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും എംഎസ്എംഇ മേഖലയിൽ പ്രധാന ശ്രദ്ധ കേന്ദ്രീകരിച്ച് അനുബന്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കേരള സർക്കാർ കെആർഎൽ രൂപീകരിച്ചു. കേരളത്തിൽ റബ്ബർ/റബ്ബർ വുഡ് അധിഷ്ഠിത സിഎഫ്സികൾ വികസിപ്പിക്കുന്നതിനുള്ള സംസ്ഥാനതല ഇംപ്ലിമെന്റിംഗ് ഏജൻസിയായി കെആർഎൽ ഇപ്പോൾ നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുണ്ട്. താഴെ പറയുന്നവയാണ് കേരള റബ്ബർ ലിമിറ്റഡിന്റെ ലക്ഷ്യങ്ങൾ.

- സംസ്ഥാനത്തെ എല്ലാ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കും സേവനങ്ങൾ നൽകുന്ന ഒരു സ്ഥാപനമായി പ്രവർത്തിക്കുകയും സംസ്ഥാന-ദേശീയ തലങ്ങളിൽ നിലവിലുള്ള റബ്ബർ വ്യവസായ പ്രോത്സാഹന ഏജൻസികളും സംരംഭകരും തമ്മിലുള്ള ഒരു കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുക.
- അനുബന്ധ വ്യവസായങ്ങൾ ഉൾപ്പെടെയുള്ളവയിൽ നിക്ഷേപകർക്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പൊതു സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുമായി കോട്ടയം ജില്ലയിലെ വെള്ളൂരിൽ അനുവദിച്ച സ്ഥലത്തിന്റെ ഭാഗത്ത് ഒരു കേന്ദ്ര റബ്ബർ വ്യവസായ സമുച്ചയം സ്ഥാപിക്കുക.
- റബ്ബർ ബോർഡുമായും മറ്റ് ഏജൻസികളുമായും സംയുക്തമായി കർഷകർക്ക് ആദായം വർദ്ധിപ്പിക്കുന്നതിനായി റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾ (ആർപിഎസ്) വഴിയും റബ്ബർ സംഭരണം, സംസ്കരണം, സംയോജനം, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങളും വഴിയും റബ്ബർ കർഷകരുമായി ബന്ധം സ്ഥാപിക്കുക.

**ഭൗതികനേട്ടങ്ങൾ**

- കോമ്പൗണ്ട് ഭിത്തി, റോഡുകൾ, ഓടകൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.
- 110KV സബ്സ്റ്റേഷന്റെ നിർമ്മാണം പുരോഗമിക്കുന്നു
- പ്രത്യേക കെട്ടിടങ്ങളും (102 കോടി രൂപയുടെ എസ്റ്റിമേറ്റ്) അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും നിർമിക്കുന്നതിനുള്ള ടെൻഡറിന്റെ സാമ്പത്തിക വിലയിരുത്തൽ പുരോഗമിക്കുന്നു.
- KIIFCON KRL പ്രോജക്ടിന്റെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി പ്രവർത്തിക്കുന്നു.
- വ്യാവസായിക സമുച്ചയത്തിൽ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 15 വ്യക്തികൾ/കമ്പനികൾ സന്നദ്ധത കെ ആർ എൽ നെ അറിയിച്ചിട്ടുണ്ട്. കൂടാതെ KRL-നും തുടർന്നുകൊണ്ടിരിക്കുന്നസിവിൽ വർക്കുകൾക്കും ഭൂമി കൈമാറ്റം ചെയ്തുകഴിഞ്ഞാൽ കമ്പനിയിലും കോംപ്ലക്സിലും നിക്ഷേപം ആകർഷിക്കുന്നതിനായി ഓഹരി ഉടമകളുടെ മീറ്റിംഗ്/റോഡ്-ഷോ
- 23.06.2023 ന് കോട്ടയത്തെ ഹോട്ടൽ എയ്ഡയിൽ കെആർഎൽ, മോൾഡഡ് റബ്ബർ ഗുഡ്സ് മാനുഫാക്ചറുകൾക്കായുള്ള ഒരു ഇൻഡസ്ട്രി ഇന്ററാക്ടീവ് ഫോറം സംഘടിപ്പിച്ചു.

**കേരള വ്യവസായ അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ (കിൻഫ്ര)**

സംസ്ഥാനത്തുടനീളം വ്യവസായ-അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, അതുവഴി സ്വകാര്യ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക, ഭാവിയിലെ വ്യാവസായിക വളർച്ചയ്ക്ക് ഒരു ലാൻഡ് ബാങ്ക് സൃഷ്ടിക്കുക എന്നിവ ലക്ഷ്യമിട്ടാണ് 1993 ൽ കിൻഫ്ര ആരംഭിച്ചത്. സംരംഭകർക്ക് ഒരു വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ മിക്ക സൗകര്യങ്ങളും നൽകികൊണ്ട് വ്യവസായ പാർക്കുകൾ / ടൗൺഷിപ്പുകൾ / സോണുകൾ എന്നിവ സ്ഥാപിച്ച് സംസ്ഥാനത്തെ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ സാമ്പത്തിക വികസനത്തിനു കിൻഫ്ര പ്രോത്സാഹനം നൽകുന്നു. കിൻഫ്ര വികസിപ്പിച്ചെടുത്ത വ്യവസായ പാർക്കുകളിൽ ബിൽറ്റ് അപ്പ് സ്ഥലത്ത് വികസിത ഭൂമിയും , വൈദ്യുതിവിതരണവും ജലവിതരണവും ആശയവിനിമയ സൗകര്യങ്ങളും ഉണ്ട്.

കിൻഫ്ര സംരംഭകർക്കായി വ്യവസായ അടിസ്ഥാന സൗകര്യം ലഭ്യമായ ഒരു നിർമ്മാണ അന്തരീക്ഷം നൽകുന്നു, കൂടാതെ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സമയവും ചെലവും കുറയ്ക്കാൻ അവരെ സഹായിക്കുന്നു. നിക്ഷേപ സൗഹൃദ കേരളം എന്ന ആശയം നടപ്പിലാക്കുന്നതിലും കേരളത്തിന്റെ വ്യാവസായിക വളർച്ചയെ മികവിന്റെ പാതയിലേക്ക് ഉയർത്തുന്നതിലും കിൻഫ്ര നിർണായക പങ്ക് വഹിക്കുന്നു. കിൻഫ്രയുടെ പ്രഖ്യാപിത ലക്ഷ്യം

**പട്ടിക 4.3.3** കിൻഫ്ര പാർക്കിന്റെ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ (2011-2023)

| ക്രമ നം. | ഇനം | 2011-2016 | 2016-2021 | 2021-22 | 2022 ഏപ്രിൽ 1 മുതൽ 2023 ആഗസ്റ്റ് 31 വരെ |
|---|---|---|---|---|---|
| 1 | ഭൂമി അനുവദിക്കൽ (ഏക്കറുകൾ) | 187.91 | 443.21 | 125.16 | 52.67 |
| 2 | സ്ഥലം അനുവദിക്കൽ (ച.അടി) | 98,637 | 6,60,619.06 | 222108.42 | 146260.42 |
| 3 | യൂണിറ്റുകളുടെ എണ്ണം(എണ്ണം) | 263 | 485 | 186 | 143 |
| 4 | തൊഴിൽ(എണ്ണം) | 4488 | 17264 | 21065 | 4096 |
| 5 | നിക്ഷേപം (കോടി രൂപ) | 786.87 | 1511.044 | 1436.66 | 397.53 |

അവലംബം: കിൻഫ്ര

**പട്ടിക 4.3.4** 2022-23 കാലയളവിൽ കിൻഫ്ര പാർക്കുകളിലെ പ്രധാന കമ്പനികൾ, നിക്ഷേപം, തൊഴിൽ

| ക്രമ നമ്പർ | കമ്പനി | കിൻഫ്ര പാർക്ക് | നിക്ഷേപം ( രൂപ കോടിയിൽ) | തൊഴിൽ (എണ്ണം ) |
|---|---|---|---|---|
| 1 | ടിസിഎസ് | ഇഎംസി, കൊച്ചി | 600 | 3000 |
| 2 | ടാറ്റ എൽക്സി | കെ.എഫ്.വി.പി, തിരുവനന്തപുരം | 75 | 2500 |
| 3 | ജെൻ റോബോട്ടിക് ഇന്നൊവേഷൻ | കിൻഫ്ര, ഫിലിം & വീഡിയോ പാർക്ക് | 10.31 | 100 |
| 4 | വി-ഗാർഡ് | ഇഎംസി, കൊച്ചി | 50 | 350 |
| 5 | അഗ്ഗപ്പെ ഡയഗ്നോസ്റ്റിക്സ് | ഇഎംസി, കൊച്ചി | 9.3 | 200 |
| 6 | ട്രാൻസ് ഏഷ്യ ഷിപ്പിംഗ് കമ്പനി | ഇഎംസി, കൊച്ചി | 29.03 | 80 |
| 7 | ഹൈക്കോൺ | ഇഎംസി, കൊച്ചി | 40 | 100 |
| 8 | വിൻവിഷ് ടെക്നോളജീസ് | KIAP, തിരുവനന്തപുരം | 155 | 1000 |
| 9 | ജോളികോട്ട്സ് | പെട്രോകെമിക്കൽ പാർക്ക്, കൊച്ചി | 38 | 130 |
| 10 | വെൻഷ്വർ | കെ.എഫ്.വി.പി, തിരുവനന്തപുരം | 5 | 150 |
| | | ആകെ | 1011.64 | 7610 |

അവലംബം:

**പട്ടിക 4.3.5** കിൻഫ്രയുടെ പ്രധാന സാമ്പത്തിക പാരാമീറ്ററുകൾ (രൂപ കോടിയിൽ)

| വിശദാംശങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|
| മൊത്തം ആസ്തി | 1230.2 | 1427.4 | 1548.7 | 1749.8 |
| ആകെ ചെലവ് | 43.4 | 506.9 | 38.66 | 48.79 |
| അറ്റ ലാഭം / നഷ്ടം (+/-) | 6.4 | 2.3 | 17.04 | 4.03 |
| ഓഡിറ്റ് സ്റ്റാറ്റസ് | പൂർത്തിയായി | പൂർത്തിയാക്കിയിട്ടില്ല | | |

അവലംബം- ബിപിഇ റിവ്യൂ 200-21 * ദീർഘകാല പാട്ടത്തിനെടുത്ത ഭൂമിയുടെ വില.

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ഭൂമി/സ്ഥലം ലഭ്യമാക്കി സംസ്ഥാനത്തേക്ക് നിക്ഷേപം കൊണ്ടുവരിക എന്നിവയാണ്. കഴിഞ്ഞ ദശാബ്ദക്കാലത്തെ കിൻഫ്ര പാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **പട്ടിക 4.3.3**ൽ കൊടുത്തിരിക്കുന്നു.

2022-23 ൽ, പ്രാദേശികവും മറ്റ് പ്രദേശങ്ങളിൽ നിന്നുമുള്ള നിരവധി പ്രശസ്ത കമ്പനികൾ, വിവിധ കിൻഫ്ര പാർക്കുകളിൽ അവരുടെ ബിസിനസ്സ് പ്രവർത്തനങ്ങൾ ആരംഭിച്ചു. ചില പ്രധാന കമ്പനികളുടെ നിക്ഷേപങ്ങൾ സംബന്ധിക്കുന്ന വിശദാംശങ്ങളും സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ എണ്ണവും ഉൾപ്പെടെയുള്ള വിശദമായ ഒരു ലിസ്റ്റ് **പട്ടിക 4.3.4**ൽ ചേർത്തിരിക്കുന്നു. ഈ കമ്പനികൾ ഈ പ്രദേശത്ത് ചെലുത്തുന്ന സാമ്പത്തിക സ്വാധീനവും വളർച്ചയ്ക്കുള്ള സാധ്യതയും എത്രയെന്ന് ഈ കണക്കുകൾ പ്രതിഫലിപ്പിക്കുന്നു.

### സാമ്പത്തിക സ്ഥിതി

കോർപ്പറേഷൻ 2021-2022 ൽ 4.03 കോടി രൂപ അറ്റാദായം റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ നാല് വർഷത്തെ ചില പ്രധാന സാമ്പത്തിക സൂചകങ്ങൾ **പട്ടിക 4.3.5** ൽ നൽകിയിരിക്കുന്നു.

കിൻഫ്രയുടെ 2018-19 മുതൽ 2023-24 വരെയുള്ള പദ്ധതി വിഹിതവും ചെലവും **പട്ടിക 4.3.6** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.3.6** കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ)

| ക്രമ നം. | വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | 2018-19 | 96.0 | 47.0 | 49.0 |
| 2 | 2019-20 | 107.0 | 31 | 29.0 |
| 3 | 2020-21 | 92.53 | 85.14 | 92.0 |
| 4 | 2021-22 | 302.53 | 177.88 | 58.80 |
| 5 | 2022-23 | 332.53 | 62.92 | 18.92 |
| 6 | 2023-24* | 335.56 | 17.30 | 5.15 |

അവലംബം- ബജറ്റ് എസ്റ്റിമേറ്റ് *2023 സെപ്റ്റംബർ വരെ

### കിൻഫ്രയുടെ കൈവശമുള്ള ഭൂമി

കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള ആകെ ഭൂമി 3655.62 ഏക്കർ ആണ്. ഇതിൽ 2121.44 ഏക്കർ ഭൂമി വ്യവസായ വികസന ആവശ്യങ്ങൾക്കായി ലഭ്യമാണ്. അതിൽ 1838.13 ഏക്കർ ഭൂമി വ്യവസായ യൂണിറ്റുകൾക്ക് ഇതിനകം അനുവദിച്ച് കൊടുത്തിട്ടുണ്ട്. ബിൽഡ്-അപ്പ് സ്ഥലത്തിന്റെ കാര്യത്തിൽ, മൊത്തം 17,66,771 ചതുരശ്ര അടിയിൽ 10,76,194 ചതുരശ്ര അടി വിവിധ വ്യാവസായിക യൂണിറ്റുകൾക്കായി അനുവദിച്ചു. 2023 ആഗസ്റ്റ് 31 വരെയുള്ള കിൻഫ്ര വ്യവസായ പാർക്കുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.3.8** ൽ കൊടുത്തിരിക്കുന്നു.

കിൻഫ്ര സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും പാർക്കുകളിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു, ഇത് സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ പുരോഗതിക്ക് ഗണ്യമായി സംഭാവന ചെയ്യുന്നു.

- തിരുവനന്തപുരത്തെ അന്താരാഷ്ട്ര അപ്പാരൽ പാർക്ക്, എറണാകുളത്തെ കയറ്റുമതി വികസന വ്യവസായ പാർക്ക്, തിരുവനന്തപുരത്തെ ഇൻഫോടെയിൽമെന്റ് പാർക്ക്, ഫിലിം ആന്റ് വീഡിയോ പാർക്ക്, മലപ്പുറത്തെ ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക്, എന്നിവ കിൻഫ്ര വിജയകരമായി പൂർത്തികരിച്ച പ്രോജക്ടുകളാണ്.
- തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ചെറുകിട വ്യവസായ പാർക്കുകളും കിൻഫ്ര വികസിപ്പിച്ചിട്ടുണ്ട്.
- ഒറ്റപ്പാലത്തെ വ്യാവസായിക പാർക്കുമായി ബന്ധപ്പെട്ട്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ബിൽറ്റ് അപ് സ്പേസ് അനുവദിക്കൽ നടപടി പുരോഗമിക്കുകയും ചെയ്യുന്നു. ആന്തരിക റോഡുകളും മറ്റ് പൊതു സൗകര്യങ്ങളുടെ നിർമ്മാണവും പൂർത്തിയായി.

കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ **ബോക്സ് 4.3.2** ൽ നൽകിയിരിക്കുന്നു.

കിൻഫ്ര സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും അതിന്റെ പാർക്കുകളിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവന നൽകുകയും ചെയ്തുവരുന്നു. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 1292 വ്യാവസായിക യൂണിറ്റുകൾക്ക് ഭൂമി അനുവദിച്ച് കൊണ്ട് 4733.22 കോടി രൂപയുടെ മൊത്തം നിക്ഷേപവും 68,845 പേർക്ക് നേരിട്ട് തൊഴിലും ലഭ്യമാക്കി. കൂടാതെ, കിൻഫ്ര അതിന്റെ എല്ലാ പാർക്കുകളിലും ഏകജാലക ക്ലിയറൻസ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്.

**ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിംഗ് സിസ്റ്റം (IPRS) ഇന്ത്യാ ഗവൺമെന്റ്**

ഐപിആർഎസ് റേറ്റിംഗ് സംവിധാനം അനുസരിച്ച്, വ്യവസായ പാർക്കുകൾ നടപ്പിലാക്കുന്ന രീതിയിൽ കിൻഫ്ര വമ്പിച്ച മുന്നേറ്റം നടത്തി. വാണിജ്യ മന്ത്രാലയത്തിലെ ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേണൽ ട്രേഡ് (ഡിപിഐഐടി) അവതരിപ്പിച്ച ഐപിആർഎസിന്റെ 4 വളർച്ചാ സ്തംഭങ്ങൾ അനുസരിച്ച് താഴെ പറയുന്ന അഞ്ച് കിൻഫ്ര പാർക്കുകൾ മികവിന്റെ കാര്യത്തിൽ തെക്കൻ മേഖലയിലെ മികച്ച പ്രകടനം നടത്തുന്ന പാർക്കുകളുടെ കൂട്ടത്തിൽ ഉയർന്നുവരുന്നു.

- കിൻഫ്ര ഹൈടെക് പാർക്ക്, കൊച്ചി
- കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട്
- കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, കഴക്കൂട്ടം
- കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ
- കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, കഞ്ചിക്കോട്

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി) (വ്യാവസായിക ധനസഹായം)**

ഉൽപ്പാദന, സേവന മേഖലകളിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് സംസ്ഥാനത്തെ വ്യവസായവൽക്കരണത്തിൽ നിർണായക പങ്ക് വഹിക്കുന്ന ഇന്ത്യയിലെ ഒരു പ്രമുഖ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷനാണ് 1951-ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്റ്റിന് കീഴിൽ സംയോജിപ്പിച്ച കെഎഫ്സി. പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകളുടെ ഉൽപ്പാദന-സേവന മേഖലകളിലെ വിപുലീകരണത്തിനും/ആധുനികവൽക്കരണത്തിനും/ വൈവിധ്യവൽക്കരണത്തിനും കോർപ്പറേഷൻ സാമ്പത്തിക സഹായം നൽകുന്നു. ടേം ലോണുകൾ, പ്രവർത്തന മൂലധന വായ്പകൾ, പ്രത്യേക പദ്ധതികൾ എന്നിവയുടെ രൂപത്തിലാണ് സാമ്പത്തിക സഹായം

**ബോക്സ് നമ്പർ 4.3.2** കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ

- ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി, കെഇപിപി എന്നിവയ്ക്കുള്ള ജലവിതരണവും റോഡ് പ്രവർത്തനങ്ങളും
- ഇൻഡസ്ട്രിയൽ പാർക്ക്, മട്ടന്നൂർ, കണ്ണൂർ
- ഫുഡ് ആൻഡ് സ്പൈസസ് പാർക്ക്, മുട്ടം, തൊടുപുഴ
- കിൻഫ്രാ ഫിലിം ആൻഡ് വീഡിയോ പാർക്കിലെ ആനിമേഷൻ/ഐടി/ ഐടിഇഎസിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കഴക്കൂട്ടം, തിരുവനന്തപുരം,
- മലപ്പുറത്തെ കക്കഞ്ചേരിയിലെ കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ നിയോ സ്പെയ്സിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം
- പെട്രോകെമിക്കൽ പാർക്ക്, കൊച്ചി
- സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കൊരട്ടി, തൃശ്ശൂർ
- അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്
- ആഗോള ആയുർവേദ ഗ്രാമം, തോന്നക്കൽ & വർക്കല, തിരുവനന്തപുരം
- കൊച്ചിയിലെ ഇന്റർനാഷണൽ ട്രേഡ് ആൻഡ് കൺവെൻഷൻ സെന്റർ (ജെവി ഐടിപിഒയുമായി)
- ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
- മെഗാ ഫുഡ് പാർക്ക്, പാലക്കാട്
- നിലവിലുള്ള വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

നൽകുന്നത്. സൂക്ഷ്മ ,ചെറുകിട സംരംഭങ്ങൾക്കായുള്ള ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട് ട്രസ്റ്റിലെ അംഗമാണ് കെഎഫ്സി. കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- ഉൽപ്പന്ന നിർമ്മാണ സേവന മേഖലകളിൽ പുതിയ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് ടേം ലോണുകൾ അനുവദിക്കുക
- നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ/സേവന സ്ഥാപനങ്ങൾക്ക് വികസനത്തിനും, ആധുനിക വൽക്കരണത്തിനും/ വൈവിദ്ധ്യവൽക്കരണത്തിനും വേണ്ടിയുള്ള ടേം ലോണുകൾ നൽകുക
- വ്യവസായ/സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക പദ്ധതികളിൽപ്പെടുത്തി പ്രവർത്തന മൂലധന വായ്പകൾ നല്കുക.
- സിവിൽ കോൺട്രാക്ടർമാർക്ക് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- ഫീച്ചർ ഫിലിമുകളും ടെലിവിഷൻ സീരിയലുകളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- നിലവിലുള്ള സിനിമ തീയേറ്ററുകളുടെ ആധുനികവൽക്കരണത്തിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും, വികസനത്തിനും പുതിയ മൾട്ടിപ്ലക്സുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രത്യേക പദ്ധതികൾ
- ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും/മാലിന്യ സംസ്കരണത്തിനുമുള്ള പ്രത്യേക പദ്ധതികൾ
- ഐ.റ്റി ഹാർഡ് വെയറിനും സോഫ്റ്റ് വെയർ സംരംഭങ്ങൾക്കുമുള്ള കടാശ്വാസത്തിനുള്ള ധനസഹായം
- പർച്ചേസ് ഓർഡറുകൾ നടപ്പിലാക്കുന്നതിനുള്ള സ്റ്റാർട്ടപ്പുകളുടെ പ്രവർത്തന മൂലധന ആവശ്യകതകൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി

**പ്രധാന ബിസിനസ് സംരംഭങ്ങൾ**

2022-23-ൽ, കോർപ്പറേഷൻ പുതിയ വായ്പാ പദ്ധതികളും ഉൽപ്പന്നങ്ങളും സമാരംഭിക്കുകയും നിലവിലുള്ള പ്രക്രിയകൾ തുടരുകയും ചെയ്തു. ഏറ്റെടുത്ത പ്രധാന സംരംഭങ്ങൾ താഴെ ചേർത്തിരിക്കുന്നു:

- **CMEDP പതിപ്പ്–II–ന്റെ വായ്പാ പരിധി വർദ്ധിപ്പിക്കൽ–** മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി (CMEDP പതിപ്പ്-II) പദ്ധതിക്ക് കീഴിലുള്ള വായ്പ പരിധി 100 ലക്ഷം രൂപയിൽ നിന്ന് 200 ലക്ഷം രൂപയായി ഉയർത്തി.
- **KFC അഗ്രോ അധിഷ്ഠിത എംഎസ്എംഇ ലോൺ സ്കീം (KAMS) ആരംഭിച്ചു.** കാർഷിക മേഖലയിലെ എംഎസ്എംഇകളെ പിന്തുണയ്ക്കുന്നതിനായി 'KAMS' എന്ന പേരിൽ ഒരു വായ്പാ പദ്ധതി ആരംഭിച്ചു. പദ്ധതി തുകയുടെ 90 ശതമാനം പരമാവധി ടേം ലോൺ വാഗ്ദാനം ചെയ്യുന്നു, കുറഞ്ഞ വായ്പ തുക 5 ലക്ഷം രൂപയാണ്. ഈ വായ്പയുടെ മൊത്ത പലിശ നിരക്ക് 10 ശതമാനമാണ്. കൂടാതെ, 1000 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക്, സംസ്ഥാന ഗവൺമെന്റ് 3 ശതമാനം പലിശ സബ്‌വെൻഷൻ നൽകുന്നു, അതേസമയം വേഗത്തിലുള്ള തിരിച്ചടവിന് കെഎഫ്സി 2 ശതമാനം റിബേറ്റ് വാഗ്ദാനം ചെയ്യുന്നു. തൽഫലമായി, പലിശ നിരക്ക് 5 ശതമാനമായി കുറയുന്നു.
- **സിറ്റി യൂണിയൻ ബാങ്കുമായി (CUB) സഹകരിച്ച് കെ എഫ് സി വർക്കിംഗ് ക്യാപിറ്റൽ ലോൺ സ്കീം ആരംഭിച്ചു.** കടം വാങ്ങുന്നയാൾക്ക് കെ എഫ് സി അനുവദിച്ച മുഴുവൻ WC സൗകര്യങ്ങളും CUB-യുടെ ബാങ്കിംഗ് ഇൻഫ്രാസ്ട്രക്ചർ ഉപയോഗിച്ചാണ് നൽകുന്നത്. CUB-ൽ കടം വാങ്ങുന്നയാൾ ആരംഭിച്ചിട്ടുള്ള ഒരു നിയുക്ത വർക്കിംഗ് ക്യാപിറ്റൽ ട്രാൻസാക്ഷൻ അക്കൗണ്ട് (WCTA) വഴിയാണ് WC സൗകര്യങ്ങൾ പ്രവർത്തിക്കുന്നത്.
- **ലോൺ പ്രോസസ്സിംഗും അനുമതിയും കാര്യക്ഷമമാക്കൽ.**
- **ബിസിനസ് വികസനത്തിനായുള്ള പ്രത്യേക കാമ്പയിൻ.** 2022 ജൂൺ, ജൂലൈ മാസങ്ങളിൽ, പുതിയ എംഎസ്എംഇ അപേക്ഷകൾക്ക് 50 ശതമാനം പ്രോസസിംഗ് ഫീ ഇളവ്, പുതിയ എംഎസ്എംഇ ക്ലയന്റുകൾക്ക് 0.25 ശതമാനം പലിശ കിഴിവ് തുടങ്ങിയവ ഉൾപ്പെടെയുള്ള ആകർഷകമായ ഓഫറുകളോടെ ഒരു പ്രത്യേക ബിസിനസ് ഡെവലപ്മെന്റ് കാമ്പെയ്ൻ നടത്തി.
- **കരാറുകാർക്കുള്ള വർക്ക് എക്സിക്യൂഷൻ ഫെസിലിറ്റിയുടെ യോഗ്യതയിൽ എത്തിച്ചേരുന്നതിന് സമ്മതിച്ച കരാർ മൂല്യത്തിൽ ജിഎസ്ടി ഉൾപ്പെടുത്തൽ** . വർക്ക് എക്സിക്യൂഷൻ ഫെസിലിറ്റിക്ക് കീഴിലുള്ള കരാറുകാർക്കുള്ള ലോൺ യോഗ്യത, ജിഎസ്ടി ഉൾപ്പെടെ, അനുവദിച്ച പ്രവൃത്തി ചെലവിന്റെ 75 ശതമാനമായി പുതുക്കി നിശ്ചയിച്ചു. ഇതുവഴി, വിതരണം ചെയ്ത മെറ്റീരിയലുകളുടെ വിലയോ വർക്ക് ഇഷ്യൂയിംഗ് അതോറിറ്റി നടത്തിയ മുൻകൂർ പേയ്മെന്റുകളോ ഒഴിവാക്കുന്നു.
- **2000 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾ നിരീക്ഷിക്കൽ.**
- **അടിസ്ഥാന സൗകര്യ പദ്ധതികൾക്കുള്ള സഹായം.** ആർബിഐ മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച് അടിസ്ഥാന സൗകര്യ വിഭാഗത്തിൽ വരുന്ന പ്രോജക്ടുകൾ സുഗമമാക്കുന്നതിന്, വൻകിട പദ്ധതികളെ സഹായിക്കുന്നതിന് സർക്കാരിന്റെ ഏജന്റായി കോർപ്പറേഷനെ നിയമിച്ചതിനാൽ, അടിസ്ഥാന സൗകര്യ മേഖലയെ സെക്ടർ വർഗ്ഗീകരണത്തിലേക്ക് ചേർത്ത് പദ്ധതി തലത്തിലുള്ള ഭേദഗതികൾ വരുത്തി. മാനുഫാക്ചറിംഗ് മേഖലയ്ക്ക് ബാധകമാകുന്ന തരത്തിൽ ഉയർന്ന പരിധിയില്ലാതെ സെക്ടർ എക്സ്പോഷർ സജ്ജമാക്കി.
- **ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ സംഭരണത്തെ സഹായിക്കുന്നതിനായുള്ള പദ്ധതി.** ഒരു സൊസൈറ്റിക്ക് 70 ലക്ഷം രൂപ എന്ന ഉയർന്ന പരിധിക്ക് വിധേയമായി പദ്ധതി ചെലവിന്റെ 90 ശതമാനമാണ് പരമാവധി വായ്പ തുക. CMEDP സ്കീമിന് ബാധകമായ നിരക്കാണ് പലിശ നിരക്ക്. ഫിഷറീസ് ഡയറക്ടർ ചെയർമാനായുള്ള സംസ്ഥാനതല സമിതിയാണ് ഗുണഭോക്താക്കളുടെ പട്ടിക അംഗീകരിച്ച് അന്തിമരൂപം നൽകുന്നത്.
- **കെഎഫ്സി ഉപഭോക്താക്കൾക്കായി ബാങ്ക് വഴി ഒരു ഗ്യാരന്റി പൂൾ സൃഷ്ടിക്കൽ**. കോർപ്പറേഷൻ ഫെഡറൽ ബാങ്കുമായി ഒരു ഗ്യാരന്റി പരിധി (കെഎഫ്സി ഗ്യാരന്റി പൂൾ) ആരംഭിച്ചത്, 100 ശതമാനം ക്യാഷ് മാർജിൻ ആയി ഒരു എഫ്ഡി നിലനിർത്തിക്കൊണ്ട്, കെഎഫ്സി ഉപഭോക്താക്കൾക്ക് കെഎഫ്സി നൽകുന്ന ഗ്യാരന്റി പൂളിൽ നിന്ന് ഗ്യാരണ്ടി സൗകര്യം ലഭിക്കും. കെഎഫ്സി നൽകുന്ന ഗ്യാരണ്ടികൾ

സ്വീകാര്യമല്ലാത്ത ഇടങ്ങളിൽ, പ്രത്യേകിച്ച് കേന്ദ്ര ഗവൺമെന്റ്/ സംസ്ഥാന ഏജൻസികൾക്ക് പുറത്ത് നൽകുന്ന വലിയ പദ്ധതികളുടെ കാര്യത്തിൽ ഇത് സ്വീകാര്യമല്ല.

- **ശേഖരണത്തിനായി e-NACH സൗകര്യം നടപ്പിലാക്കൽ.** വായ്പാ അക്കൗണ്ടുകളിലെ പ്രതിമാസ തിരിച്ചടവ് കാര്യക്ഷമമാക്കാൻ കോർപ്പറേഷനിൽ NACH സൗകര്യം മുൻപ് തന്നെ നടപ്പാക്കിയിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ, ഈ സൗകര്യത്തിന്റെ ഒരു മെച്ചപ്പെട്ട പതിപ്പ്, അതായത്, e-NACH, നടപ്പിലാക്കി. അതുവഴി ഉപഭോക്താവിൽ നിന്ന് സ്വമേധയാ ഒപ്പിട്ട ഫോമുകളുടെ ആവശ്യകതയും മാൻഡേറ്റ് നിരസിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഒഴിവാക്കപ്പെട്ടു. ഉപഭോക്താക്കൾക്ക് അവരുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറുകളിൽ ലഭിച്ച OTP ആധികാരികമാക്കിക്കൊണ്ട് അവരുടെ ഇന്റർനെറ്റ് ബാങ്കിംഗ്/ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ച് e-NACH-ൽ രജിസ്റ്റർ ചെയ്യാം.
- **സംശയാസ്പദമായ വായ്പകൾക്കുള്ള പ്രത്യേക റിക്കവറി ഡ്രൈവ്.** കോർപ്പറേഷന്റെ ലാഭക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, സംശയാസ്പദമായ വിഭാഗത്തിന് കീഴിലുള്ള ആസ്തികളിൽ നിന്നുള്ള വരുമാനം ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷത്തിൽ ഒരു പ്രത്യേക റിക്കവറി ഡ്രൈവ് നടത്തി, സംശയാസ്പദമായ കാറ്റഗറി അക്കൗണ്ടുകൾ ലിബറൽ വ്യവസ്ഥകളിൽ തീർപ്പാക്കാൻ ഒറ്റത്തവണ ജാലകം.
- **സ്ട്രെസ്ഡ് അസറ്റ് റിക്കവറി ബ്രാഞ്ച് സജ്ജീകരികരണം.** ഒരു ഫോക്കസ്ഡ് റിക്കവറി മെക്കാനിസം ഉണ്ടാകുന്നതിനായി, സ്ട്രെസ്ഡ് അസറ്റ് റിക്കവറി ബ്രാഞ്ചുകൾ (എസ്എആർബി) വേണമെന്ന് കോർപ്പറേഷൻ തീരുമാനിക്കുകയും അത്തരം ശാഖകളിൽ ആദ്യത്തേത് എറണാകുളത്ത് സ്ഥാപിക്കുകയും ചെയ്തു. കമ്പനികൾക്കായുള്ള Insolvency & Bankruptcy Code (IBC) 2016 വഴിയുള്ള കിട്ടാക്കടങ്ങളുടെ പരിഹാരമാണ് എസ്എആർബി -യുടെ പ്രധാന പ്രവർത്തനം.

2022 -23 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ ആകെ 3207.22 കോടി രൂപ ധനസഹായം അനുവദിച്ചു. ഇത് മുൻ വർഷത്തെ തുകയായ 2876.78 കോടി രൂപയിൽ നിന്ന് വർദ്ധനയാണ് കാണിക്കുന്നത് . കൂടാതെ, മൊത്തം 3555.94 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തു. മുൻ സാമ്പത്തിക വർഷം ഇത് 2175.20 കോടി രൂപയായിരുന്നു. കെഎഫ്സിയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ പുരോഗതി **അനുബന്ധം 4.3.9**-ലും, **അനുബന്ധം 4.3.10**-ലും, നൽകിയിരിക്കുന്നു. 2022-23-ലെ വായ്പാ പ്രവർത്തനങ്ങളെക്കുറിച്ചും വ്യവസായം തിരിച്ചുള്ള ലോൺ വർഗ്ഗീകരണത്തെക്കുറിച്ചും വിശദാംശങ്ങൾ **4.3.11** ൽ നൽകിയിരിക്കുന്നു. കോർപ്പറേഷന്റെ മൊത്തത്തിലുള്ള പുരോഗതി ചുവടെ ചേർത്തിരിക്കുന്നു.

### കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പുരോഗതി

കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലെ കോർപ്പറേഷന്റെ ശ്രദ്ധേയമായ നേട്ടങ്ങൾ **പട്ടിക 4.3.7** കാണിക്കുന്നു.

### കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിഐപി)

വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഒരു സ്വയം ഭരണസ്ഥാപനമാണ് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിഐപി). 1991 ൽസ്ഥാപിതമായതും 1955 ലെ ട്രാവൻകൂർ കൊച്ചിൻ സയൻറിഫിക് ലിറ്ററസി & ചാരിറ്റബിൾ സൊസൈറ്റിസ് ആക്റ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സൊസൈറ്റിയാണ് കെബിഐപി.

കെബിഐപി ഏറ്റെടുത്ത വിവിധ വ്യാവസായികപ്രോത്സാഹന പ്രവർത്തനങ്ങൾ താഴെ

**പട്ടിക 4.3.7** കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പുരോഗതി (രൂപ ലക്ഷത്തിൽ )

| ക്രമനമ്പർ | മുഖ്യ ഘടകങ്ങൾ | 2021-22 | 2022-23 |
|---|---|---|---|
| 1 | പോർട്ട്ഫോളിയോ സൈസ് | 4,75,071.41 | 6,52,940.30 |
| 2 | അനുമതികൾ | 2,87,678.86 | 3,20,722.18 |
| 3 | വിതരണങ്ങൾ | 2,17,520.16 | 3,55,594.61 |
| 4 | റിക്കവറി | 2,43,046.80 | 2,33,241.69 |
| 5 | പലിശ വരുമാനം | 39,264.66 | 54,364.41 |
| 6 | ആകെ വരുമാനം | 51,816.81 | 69,437.51 |
| 7 | ആകെ ചെലവ് | 42,634.65 | 55,835.81 |
| 8 | Op. കിട്ടാക്കടം സാങ്കേതികമായി എഴുതിത്തള്ളുന്നതിന് മുമ്പുള്ള ലാഭം | 19,197.91 | 24,142.60 |
| 9 | Op.. കിട്ടാക്കടം സാങ്കേതികമായി എഴുതിത്തള്ളലിന് ശേഷമുള്ള ലാഭം | 9,182.16 | 13,601.70 |
| 10 | നികുതിക്ക് മുമ്പുള്ള അറ്റാദായം | 3,501.07 | 8,602.95 |
| 11 | നികുതിക്ക് ശേഷമുള്ള അറ്റാദായം | 1,319.80 | 5,018.64 |
| 12 | മൊത്തം മൂല്യം | 69,402.63 | 92,570.25 |
| 13 | മൂലധന പര്യാപ്തത അനുപാതം % | 22.41 | 25.58 |
| 14 | മൊത്ത എൻപിഎ മൊത്ത അഡ്വാൻസിന്റെ ശതമാനമായി | 3.27 | 3.11 |
| 15 | നെറ്റ് അഡ്വാൻസിന്റെ ശതമാനമായി അറ്റ എൻപിഎ | 1.28 | 0.74 |

അവലംബം : കേരള ഫിനാൻഷ്യൽ കോർപറേഷൻ

പറയുന്നവയാണ്.
- വ്യാവസായിക ക്ലസ്റ്റർ വികസനം.
- കേരളസംസ്ഥാന ബാംബൂ മിഷൻറെ പ്രവർത്തനങ്ങൾ.
- പിഎം ഫോർമുലേഷൻ ഓഫ് മൈക്രോഫുഡ് പ്രൊസിസ്സിംഗ് എന്റർപ്രൈസസ് പദ്ധതി നടപ്പിലാക്കൽ
- വാണിജ്യമിഷൻറെ പ്രവർത്തനങ്ങൾ.
- ഭക്ഷ്യ സംസ്കരണത്തിന്റെയും അനുബന്ധയുണിറ്റുകളുടെയും ഓഡിറ്റ്,സർട്ടിഫിക്കേഷൻ.
- ദേശിയപട്ടികജാതി/പട്ടികവർഗ്ഗ ഹബ്ബിന്റെ കേരളത്തിലെ പ്രവർത്തനങ്ങൾ.
- പ്രാദേശിക,ദേശിയ,അന്തർദേശിയ, ഇവന്റുകളിലെ പങ്കാളിത്തം.
- പൊതുവായ പ്രോത്സാഹന പ്രവർത്തനങ്ങൾ.
- കേരള ബി2ബി ഓൺലൈൻ പോർട്ടൽ.
- ഔദ്യോഗിക വെബ്സൈറ്റുകളുടെ പരിപാലനം.

**സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി)**

കേരള സർക്കാർ സ്പോൺസർ ചെയ്യുന്നതും വ്യവസായ വാണിജ്യ വകുപ്പിനോട് ചേർന്നുള്ളതുമായ ഒരു സ്വയംഭരണ സ്ഥാപനമാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി). സംസ്ഥാനത്തെ പൊതുസംരംഭങ്ങൾക്ക് പ്രൊഫഷണൽ മാനേജ്മെന്റ് പിന്തുണ നൽകുകയെന്ന ലക്ഷ്യത്തോടെ 1979-ൽ രജിസ്റ്റർ ചെയ്ത ഒരു പ്രൊഫഷണൽ സൊസൈറ്റിയായാണ് സെന്റർ സ്ഥാപിതമായത്. വർഷങ്ങളായി, CMD അതിന്റെ പ്രവർത്തന മേഖല വിശാലമാക്കുകയും കൺസൾട്ടൻസി, പ്രോജക്ട് മാനേജ്മെന്റ്, മോണിറ്ററിംഗ് & ഇവാലുവേഷൻ, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, പരിശീലനം, വിദ്യാഭ്യാസം ഗവേഷണവും പൊതു സ്വകാര്യ പങ്കാളിത്തവും (പിപിപി) എന്നിവയിലൂടെ ദേശീയ, സംസ്ഥാന തലങ്ങളിൽ വികസന ഏജൻസികൾക്കും കോർപ്പറേറ്റ് വിഭാഗത്തിനും സർക്കാരിനും പിന്തുണ നൽകുകയും ചെയ്യുന്നു.

**2022–23–ൽ സി–ഡിറ്റിന്റെ പ്രധാന നേട്ടങ്ങൾ**

- നാഷണൽ ലെവൽ ഇൻസ്റ്റിറ്റ്യൂഷണൽ മോണിറ്ററിംഗ് (NLM): നാഷണൽ ലെവൽ ഇൻസ്റ്റിറ്റ്യൂഷണൽ മോണിറ്ററിംഗ് (NLM) സംരംഭം ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ (ഭാരത സർക്കാർ) എല്ലാ പ്രധാനപ്പെട്ട ഗ്രാമീണ വികസന പരിപാടികളുടെയും പദ്ധതികളുടെയും നിരീക്ഷണത്തിന് മേൽനോട്ടം വഹിക്കുന്നു. റെഗുലർ മോണിറ്ററിംഗ്, സ്പെഷ്യൽ മോണിറ്ററിംഗ്, കംപ്ലയിന്റ് മോണിറ്ററിംഗ് എന്നിങ്ങനെ മൂന്ന് തരത്തിലുള്ള നിരീക്ഷണങ്ങളാണ് സിഎംഡി നടത്തുന്നത്. കഴിഞ്ഞ വർഷം തമിഴ്നാട്ടിലെ ആറ് ജില്ലകളിൽ സിഎംഡി നിരീക്ഷണ സന്ദർശനം നടത്തിയിരുന്നു.
- കിഫ്ബിക്കുള്ള കൺസൾട്ടിംഗ്, പ്രോജക്ട് മാനേജ്മെന്റ് പിന്തുണ: കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന് (കിഫ്ബി) സിഎംഡി ഉപദേശക, കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നുണ്ട്. പദ്ധതികളുടെ സാങ്കേതിക വിലയിരുത്തൽ, കിഫ്ബിയിലേക്കുള്ള ഡിപിആർ പിന്തുണാ സേവനങ്ങൾ, കിഫ്ബിയുടെ സാങ്കേതിക വിഭവ കേന്ദ്രത്തിലേക്കുള്ള അഡ്മിനിസ്ട്രേഷൻ, ഫെസിലിറ്റി മാനേജ്മെന്റ് പിന്തുണ, കിഫ്ബിയിലേക്കുള്ള സംഭരണ സേവനങ്ങൾ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിൽ കഴിഞ്ഞ വർഷം സിഎംഡി കിഫ്ബിയെ സഹായിക്കുന്നു.
- കെ-ഡിസ്കിനുള്ള പ്രോജക്ട് മാനേജ്മെന്റും മാനവശേഷി പിന്തുണയും: പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് - എമർജിംഗ് ടെക്നോളജി ഡിവിഷൻ, പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് - പ്ലാനിംഗ്, കോംപിറ്റൻസി ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സിസ്റ്റംസ് (പിസിഡിഐഎസ്), കേരള നോളജ് ഇക്കണോമി മിഷൻ നടപ്പിലാക്കുന്നതിനായി കെ-ഡിഎസ്സിക്കുള്ള സാങ്കേതിക വിഭവ കേന്ദ്രം (കെകെഇഎം) എന്നി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന് കേരള ഡെവലപ്മെന്റ് ഇന്നവേഷൻ ആൻഡ് സ്ട്രാറ്റജിക് കൗൺസിലിനെ (കെ-ഡിഎസ്സി) പിന്തുണയ്ക്കുന്നു.
- മടങ്ങിയെത്തിയ പ്രവാസികൾക്കായുള്ള നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് പിന്തുണ: നോർക്കയുടെ NDPREM സ്കീം നടപ്പിലാക്കുന്നതിന് സിഎംഡി മാനേജ്മെന്റ് സപ്പോർട്ട് സേവനങ്ങൾ നൽകുന്നു.
- പട്ടികവർഗ്ഗ സമൂഹത്തിനായുള്ള സുസ്ഥിര ഉപജീവന പദ്ധതി (ഗോത്രജീവിക): പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പിന്തുണയോടെ സിഎംഡി വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യു ഈ പദ്ധതി ആദിവാസി സമൂഹത്തിലെ അംഗങ്ങളുടെ നൈപുണ്യ വികസനം, സുസ്ഥിര ഉപജീവനമാർഗ്ഗം, സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണം എന്നിവ ഉറപ്പാക്കുന്നു.
- 8 ജില്ലകളിലായി 22 സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങൾ

**ഭാവി വീക്ഷണം**

മൂല്യത്തിന്റെ അടിസ്ഥാനത്തിൽ, കേരളത്തിന്റെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വലിപ്പത്തിൽ ക്രമാനുഗതമായ വർധനവാണ് സമീപ വർഷങ്ങളിൽ ഉണ്ടായിരിക്കുന്നത്. വ്യാവസായിക മേഖലയെ നവീകരിക്കുന്നതിലും വൈവിധ്യവൽക്കരിക്കുന്നതിലും കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഒരു കൂട്ടം ആധുനിക വ്യവസായങ്ങൾ കേരളത്തിൽ ഉയർന്നുവന്നിട്ടുണ്ട്. ഭക്ഷ്യ-കാർഷിക അധിഷ്ഠിത വ്യവസായങ്ങളിലും മെഡിക്കൽ ഉപകരണങ്ങൾ പോലെയുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുന്ന വ്യവസായങ്ങളും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉൽപ്പന്ന നിർമ്മാണ മേഖലയിൽ പുതിയ താൽപ്പര്യവും ഉണർവുമുണ്ട്. ഈ മേഖലയ്ക്ക് വലിയ സാധ്യതകളുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു, കേരളത്തിന്റെ സാമ്പത്തിക വികസനത്തിൽ ഉൽപ്പന്ന നിർമ്മാണ മേഖലക്ക് ഒരു സുപ്രധാന പങ്കാണ് ഉള്ളത്.

കേരളത്തിൽ സാമൂഹികമായും പാരിസ്ഥിതികമായും സുസ്ഥിരമായ ഒരു വ്യാവസായിക പരിവർത്തനം കൈവരിക്കുക എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. പ്രത്യേകിച്ചും സ്വകാര്യമേഖലയിൽ നിന്നുള്ള വ്യാവസായിക നിക്ഷേപം സുഗമമാക്കൽ, പുതിയ സാങ്കേതികവിദ്യകൾ ഏറ്റെടുക്കൽ , ഗവേഷണം പ്രയോഗികമാക്കൽ, തുടർച്ചയായ നൈപുണ്യവികസനം, മാനവ വിഭവശേഷി വിനിയോഗം, നവീകരണത്തിനുള്ള പ്രോത്സാഹനം എന്നിവ വ്യാവസായിക പുരോഗതിക്കുവേണ്ടിയുള്ള

കേരളത്തിന്റെ പ്രധാന ഘടകങ്ങളാണ്. തുടർച്ചയായ സർക്കാർ പിന്തുണയും അനുകൂലമായ വ്യാവസായിക സാഹചര്യവും ഉള്ളതിനാൽ, വരും വർഷങ്ങളിൽ സംസ്ഥാനം ഉൽപ്പന്ന നിർമ്മാണത്തിൽ മികച്ച നേട്ടം കാഴ്ചവയ്ക്കാൻ തയ്യാറെടുക്കുകയാണ്.

# 4.4 സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇകൾ)

നവനീയമായ മാർഗ്ഗങ്ങളിലൂടെയും ആശയങ്ങളിലൂടെയും സംരംഭകത്വ വികാസത്തിലേയ്ക്ക് നയിക്കുന്ന പ്രധാന ശക്തിയാണ് സൂക്ഷമ,ചെറുകിട,ഇടത്തരം സംരംഭങ്ങൾ(എം.എസ്.എം.ഇ). ആഭ്യന്തര,ആഗോള വിപണികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും നിർമ്മിക്കുക വഴി ഈ സംരംഭങ്ങൾ സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളിലുടനീളം അതിന്റെ വ്യാപതി അതിവേഗം വിപുലീകരിക്കുന്നു. ഇന്ത്യയിൽ, വൻകിട വ്യവസായങ്ങളെക്കാൾ കുറഞ്ഞ മൂലധനച്ചെലവിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു എം.എസ്.എം.ഇകൾ നിർണ്ണായക പങ്ക് വഹിക്കുന്നു. തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകാനുമുള്ള, സാധ്യതകൾ തിരിച്ചറിഞ്ഞ് കേരള സർക്കാർ ഈ മേഖലയ്ക്ക് മുൻഗണന നൽകുന്നു. കൂടാതെ ഗ്രാമീണ, പിന്നോക്ക മേഖലകളിലെ വ്യവസായവൽക്കരണത്തിന് എം.എസ്.എം.ഇകൾ ഗണ്യമായ സംഭാവന നൽകുക വഴി പ്രാദേശിക അസന്തുലിതാവസ്ഥ കുറച്ച് ദേശിയ വരുമാനത്തിന്റെയും സമ്പത്തിന്റെയും കൂടുതൽ തുല്യമായ വിതരണം ഉറപ്പു വരുത്തുകയും ചെയ്യുന്നു.

73-മത് നാഷണൽ സാമ്പിൾ സർവേ അനുസരിച്ച് രാജ്യത്ത് അൺ ഇൻകോർപറേറ്റ് ആയവ 633.88 ലക്ഷം കാർഷികേതര എം.എസ്.എം.ഇ.കൾ വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുണ്ട്. ഇതിൽ 31 ശതമാനം എംഎസ്എംഇകൾ ഉൽപ്പാദന പ്രവർത്തനങ്ങളിലും, 32 ശതമാനം വ്യാപാരത്തിലും, 33 ശതമാനം മറ്റ് സേവനങ്ങളിലും ഏർപ്പെട്ടിരുന്നു (ഉൽപ്പന്ന നിർമ്മാണ മേഖലയിൽ 196.65 ലക്ഷം, വ്യാപാര മേഖലയിൽ 230.35 ലക്ഷം, മറ്റു സേവന മേഖലയിൽ 206.85 ലക്ഷം, നോൺ ക്യാപ്റ്റീവ് വൈദ്യുതി ഉൽപ്പാദന പ്രസരണ മേഖലയിൽ 0.03 ലക്ഷം). ഇതിൽ 1948-ലെ ഫാക്ടറീസ് ആക്ട്- "സെക്ഷൻ 2m (i), 2m (ii), കമ്പനീസ് ആക്ട്, 1956, നാഷണൽ ഇൻഡസ്ട്രിയൽ ക്ലാസിഫിക്കേഷൻ (എൻഐസി) 2008-ലെ സെക്ഷൻ എഫ്-ന്റെ കീഴിൽ വരുന്ന ഉല്പന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ പ്രകാരം രജിസ്റ്റർ ചെയ്തവ ഉൾപ്പെടുന്നില്ല. ഇന്ത്യയുടെ ഉൽപാദനത്തിന്റെ 45 ശതമാനവും എംഎസ്എംഇകളുടെ വിഹിതമാണ് കൂടാതെ രാജ്യത്തിന്റെ കയറ്റുമതിയിൽ 40 ശതമാനത്തിലധികം സംഭാവന നൽകുകയും ചെയ്യുന്നു. മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ 28 ശതമാനവും ഈ മേഖലയിൽ നിന്നാണ്. രാജ്യത്തെ ഗ്രാമങ്ങളിലും നഗരങ്ങളിലുമായി എംഎസ്എംഇഎസ് കൾ ഏകദേശം 11.1 കോടി ആളുകൾക്ക് (3.60 കോടി ഉല്പ്പന്ന നിർമ്മാണത്തിലും 3.87 കോടി വ്യാപാരത്തിലും, 3.62 കോടി മറ്റ് സേവനങ്ങളിലും, 0.0007 കോടി നോൺ ക്യാപ്റ്റീവ് വൈദ്യുതി ഉൽപ്പാദന പ്രസരണ മേഖലയിലും) തൊഴിൽ നൽകുന്നു[1]. 633.88 ലക്ഷം എംഎസ്എംഇകളിൽ 324.88 ലക്ഷം (51 ശതമാനം) ഗ്രാമപ്രദേശങ്ങളിലും 309 ലക്ഷം എംഎസ്എംഇകൾ (49 ശതമാനം) നഗരപ്രദേശങ്ങളിലുമാണ്.

ഡിസംബർ 31, 2022 ന്, ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ ഓൺലൈൻ പോർട്ടലിൽ മൊത്തം 1,30,93,698 സംരംഭകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്, ഇതിൽ 36,66,235 സംരംഭങ്ങൾ ഉല്പന്ന നിർമ്മാണ വിഭാഗത്തിലും 94,27,463 സംരംഭങ്ങൾ സേവന മേഖലയിലും രജിസ്റ്റർ ചെയ്തിട്ടുണ്ട് (ഇന്ത്യ ഗവൺമെന്റ്, 2023)[2]. കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്ന മേഖലയാണിത്. വലിപ്പം, സാങ്കേതികവിദ്യയുടെ തലങ്ങൾ, ഉൽപ്പന്നങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈ മേഖല വൈവിധ്യപൂർണ്ണമാണ്. പ്ലാന്റ്, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവയിലുള്ള നിക്ഷേപം അടിസ്ഥാനമാക്കി എംഎസ്എംഇ കളുടെ നിലവിലുള്ള വർഗ്ഗീകരണം **പട്ടിക 4.4.1** ൽ കൊടുത്തിരിക്കുന്നു

### കേരളത്തിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖല

കേരളത്തിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖല താരതമ്യേന കുറഞ്ഞ

[1]അവലംബം: സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭങ്ങളെ കുറിച്ചുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട്, ആർ.ബി.ഐ,2019
[2]വാർഷിക റിപ്പോർട്ട് 2022-23, സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭക മന്ത്രാലയം,ഭാരത സർക്കാർ 2023

**പട്ടിക 4.4.1** എം.എസ്.എം.ഇ കളുടെ വർഗ്ഗീകരണം

| എം.എസ്.എം.ഇ കളുടെ വർഗ്ഗീകരണം | | | |
|---|---|---|---|
| സമ്മിശ്ര മാനദണ്ഡം: – പ്ലാന്റ് /യന്ത്രങ്ങൾ/ഉപകരണങ്ങൾ, വാർഷിക വിറ്റുവരവ് എന്നിവയിലുള്ള നിക്ഷേപം | | | |
| വർഗ്ഗീകരണം | സൂക്ഷ്മം | ചെറുകിടം | ഇടത്തരം |
| നിർമ്മാണ സംരംഭങ്ങളും സേവന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങളും | നിക്ഷേപം 1 കോടി രൂപയിൽ കുറവ് | നിക്ഷേപം 10 കോടി രൂപയിൽ കുറവ് | നിക്ഷേപം 50 കോടി രൂപയിൽ കുറവ് |
| | വിറ്റുവരവ് 5 കോടി രൂപയിൽ കുറവ് | വിറ്റുവരവ് 50 കോടി രൂപയിൽ കുറവ് | വിറ്റുവരവ് 250 കോടി രൂപയിൽ കുറവ് |

അവലംബം: എംഎസ്.എം.ഇ മന്ത്രാലയം ഭാരത സർക്കാർ

മുതൽമുടക്കോടുകൂടി തൊഴിൽ പ്രദാനം ചെയ്യുന്നതും വരുമാനം വർദ്ധിപ്പിക്കുന്നതുമായ ഒരു മേഖലയായി വളർന്നുകൊണ്ടിരിക്കുന്നു എന്നിരുന്നാലും ഈ മേഖലയിൽ നിക്ഷേപം താരതമ്യേന കുറവാണ്. എംഎസ്എംഇ സർവേയും നാലാമത്തെ സെൻസസിന്റെ ദ്രുത ഫലങ്ങളും അനുസരിച്ച്, ഇന്ത്യയിലെ 5.62 ശതമാനം എംഎസ്എംഇ സംരംഭങ്ങളും കേരളത്തിലാണ്. 2022-23 ലെ എംഎസ്എംഇ വാർഷിക റിപ്പോർട്ട് അനുസരിച്ച്, രാജ്യത്തെ എസ്എംഇകളുടെ എണ്ണത്തിൽ കേരളം വലിയ സംഭാവന നൽകുന്ന, നിലവിൽ 12- സ്ഥാനത്താണ്. കൃഷി, ടൂറിസം മുതൽ ഐടി, ആരോഗ്യ സംരക്ഷണം വരെയുള്ള പരമ്പരാഗതവും ആധുനികവുമായ വ്യവസായങ്ങളാൽ സമ്മിശ്രതമായ എംഎസ്എംഇകളാൽ സംസ്ഥാനം പ്രശസ്തമാണ്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖല ഗ്രാമീണ പിന്നോക്ക പ്രദേശങ്ങളുടെ വ്യവസായവത്ക്കരണത്തിന് സഹായിക്കുകയും യുവാക്കൾക്കും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളായ പട്ടികജാതി, പട്ടികവർഗ്ഗക്കാർ, സ്ത്രീകൾ, ശാരീരിക വെല്ലുവിളി നേരിടുന്നവർ എന്നിങ്ങനെയുള്ളവർക്ക് തൊഴിൽ നല്കുകയും ചെയ്യുന്നു.

സൂക്ഷ്മ, ചെറുകിട ഇടത്തര സംരംഭക മേഖലയിൽ പ്രവർത്തന സജ്ജമായതും തൊഴിൽ പ്രദാനം ചെയ്യുന്നതുമായ സൂക്ഷ്മ സംരംഭങ്ങൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഈ മേഖലയുടെ കീഴിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ കരകൗശലം, കൈത്തറി, ഖാദി, ഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമ്മാണം, നെയ്ത്ത്, നെയ്ത്തു വ്യവസായം, കയർ/തടി/മുള/റബ്ബർ/തുകൽ/കളിമൺ ഉല്പന്നങ്ങൾ ഇവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ എന്നിവയാണ്. പരമ്പരാഗത ഉൽപ്പന്നങ്ങൾ മുതൽ ഉന്നത സാങ്കേതിക ഉൽപ്പന്നങ്ങൾ വരെ ഉൾക്കൊള്ളുന്ന വ്യത്യസ്തമായ എണ്ണായിരത്തിൽ അധികം എം എസ് എം ഇ ഉൽപ്പന്നങ്ങളാണ് വിവിധ എം എസ് എം ഇ കൾ ഉൽപ്പാദിപ്പിക്കുന്നത്.

കേരളത്തിൽ സർക്കാരും ബാങ്കുകളും എം എസ് എം ഇ കളെ സഹായിക്കുകയും ധാരാളം സൗകര്യങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുന്നു. കേരളത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയുടെയും പരമ്പരാഗത വ്യവസായ മേഖലകളുടെയും വളർച്ചക്ക് സഹായിക്കുന്ന ഒരു ഫെസിലിറ്റേറ്റർ ആയി ജില്ലാ വ്യവസായ കേന്ദ്രം പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നു, സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭക വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അതിലൂടെ യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തുന്നതിനും അവർക്കായി സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വകുപ്പ് സാമ്പത്തിക സഹായം നല്കുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്ക് വേണ്ട സേവനങ്ങൾ നല്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നല്കുന്നു.

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ മേഖലയിൽ ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഡയറക്ടറേറ്റിന് കീഴിലുള്ള ഏജൻസികൾ ഇവയാണ്: സംസ്ഥാനത്ത് കൈത്തറി, തുണി മേഖലയുടെ ഉന്നമനത്തിനും വികസനത്തിനുമായി നയങ്ങൾ ആവിഷ്ക്കരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്. കയറുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ എല്ലാ നയപരമായ തീരുമാനങ്ങളും നടപ്പാക്കുന്ന ഏജൻസിയാണ്

**പട്ടിക 4.4.2** 2021-22 മുതൽ 2023-24 വരെ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സിന്റെ പദ്ധതി വിഹിതവും ചെലവും, രൂപ ലക്ഷത്തിൽ

| മേഖല | 2021-22 | | 2022-23 | | 2023-24 | |
|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ്* |
| ചെറുകിട വ്യവസായം | 13894.00 | 13680.47 | 20040.00 | 12956.57 | 21270.00 | 6900.04 |
| വാണിജ്യം | 1200.00 | 1193.00 | 700.00 | 653.42 | 700.00 | 16.00 |
| കരകൗശലം | 385.00 | 321.53 | 350.00 | 226.18 | 420.00 | 56.60 |
| ആകെ | 15479.00 | 15195.00 | 21090.00 | 13836.17 | 22390.00 | 6973.44 |

അവലംബം പ്ലാൻസ്പേസ് കേരള

* ചെലവ് 08/10/2023 വരെ

**ബോക്സ് നമ്പർ 4.4.1** ഇയർ ഓഫ് എന്റർപ്രൈസസ് 2022-23

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം തലത്തിലുള്ള സംരംഭകരെ ഉണർവേകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി, "എന്റെ സംരംഭം, രാഷ്ട്രത്തിന്റെ അഭിമാനം" എന്ന മുദ്രാവാക്യവുമായി കേരള സർക്കാർ 2022-23 സാമ്പത്തിക വർഷത്തെ " ഇയർ ഓഫ് എന്റർപ്രൈസ്" ആയി പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി 2022-23 കാലഘട്ടത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയെന്ന ഉദ്യമം വാണിജ്യവ്യവസായ ഡയറക്ടേറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. വിവിധ വകുപ്പുകളുടെ സംയുക്തമായ പരിശ്രമത്തിലൂടെ ഒരു ലക്ഷം സംരംഭങ്ങൾ സ്ഥാപിക്കുക അതിലൂടെ 2022-23 ൽ മൂന്ന് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്നതായിരുന്നു ലക്ഷ്യം. പ്രവർത്തന മേഖലയിലെ താഴെത്തട്ടിൽ സ്ഥാപനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിക്കുക, വിവിധ വ്യവസായിക മേഖല പങ്കാളികളുടെ പ്രവർത്തനങ്ങളെ ഏകീകരിക്കുക, പുതിയ പ്രോത്സാഹന പദ്ധതികളും നയങ്ങളും അവതരിപ്പിക്കുക, എന്നിവ ഉൾക്കൊള്ളുന്ന ഒരു ബൃഹത്തായ തന്ത്രത്തിലൂടെ പുതിയ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ ഒരു അനുകൂല ആവാസ വ്യവസ്ഥ സൃഷ്ടിക്കൽ, അതുപോലെ സംസ്ഥാനത്ത് നിലവിലുള്ള സംരംഭങ്ങളുടെ വികസനം സാധ്യമാക്കൽ എന്നിവയാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.

ഈ ഉദ്യമത്തിന്റെ ഭാഗമായി നിലവിലുള്ള സംവിധാനത്തെ പരിപോഷിപ്പിക്കുന്നതിനായി കൈക്കൊണ്ട പ്രധാന പ്രവർത്തനങ്ങൾ: സംരംഭങ്ങൾ ആരംഭിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുവാനായി സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള 1,153 ഉദ്യോഗാർത്ഥികളെ ഇന്റേണുകളായി നിയമിച്ചു. എല്ലാ തദ്ദേശഭരണ കാര്യാലയങ്ങളിലും സംരംഭങ്ങൾ ആരംഭിക്കുവാനായി ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. എല്ലാ ജില്ലകളിലും എംഎസ്എംഇ ക്ലിനിക്കുകൾ ആരംഭിച്ചു, പ്രൊഫഷണൽ യോഗ്യരായവരുടെ സേവനത്തോടെ താലൂക്ക് തലങ്ങളിൽ എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ചു, ഈ സംരംഭത്തിന്റെ ഭാഗമായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനായി സംസ്ഥാന, ജില്ല, തദ്ദേശഭരണസ്ഥാപന തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചു. സംസ്ഥാനത്തെ വ്യവസായിക വികസനത്തിനുള്ള പ്രധാന പരിമിതികൾ പരിഹരിക്കുന്നതിന് വേണ്ടി പ്രത്യേക പദ്ധതികളായ സംരംഭങ്ങൾക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കൽ, എല്ലാ എന്റർപ്രൈസുകളുടെയും വായ്പകൾക്ക് 4 ശതമാനം പലിശയിളവ് സബ് സിഡിയായി നൽകൽ, ആവശ്യമായ വ്യവസായിക ഭൂമി/അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംരംഭകർക്ക് ലഭ്യമാണെന്ന് ഉറപ്പാക്കൽ, സ്വകാര്യ സ്ഥാപനങ്ങൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകുന്നതിനായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി എന്നിവ അവതരിപ്പിച്ചു. വ്യവസായ വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി വളരെ കാര്യക്ഷമമായതും ക്രിയാത്മകവുമായ ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചു. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിലവിലുള്ള സംരംഭകർക്കായി പരിശീലനവും ജനറൽ ഓറിയെന്റേഷനും, വായ്പകൾ, ലൈസൻസ്, സംരംഭകർക്കായുള്ള സബ് സിഡി എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി തുടർച്ചയായ ക്യാമ്പയിനുകൾ, പുതിയതായി ആരംഭിച്ച സ്ഥാപനങ്ങൾക്ക് വിപണി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി മാർക്കറ്റിംഗ് ഫെസ്റ്റിവൽ എന്നിവ സംഘടിപ്പിച്ചു.

'ഇയർ ഓഫ് എന്റെർപ്രൈസസ്' പദ്ധതിയുടെ ഭാഗമായി വകുപ്പ് "ഒരു തദേശ സ്ഥാപനം ഒരു ഉൽപ്പന്നം" (OLOP) എന്ന പദ്ധതിക്ക് തുടക്കമിട്ടു. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് തദ്ദേശീയ ഉൽപ്പന്നങ്ങൾ സൃഷ്ടിച്ച് ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആകെയുള്ള 1,034 തദ്ദേശ സ്ഥാപനങ്ങളിൽ 680-ലധികവും "ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം" എന്ന പദ്ധതിയുടെ ഭാഗമായി അനുയോജ്യമായ ഉൽപ്പന്നങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

2022 ഏപ്രിൽ 1, മുതൽ ഡിസംബർ 7 വരെയുള്ള 250 ദിനങ്ങൾക്കുള്ളിൽ തന്നെ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുകയെന്ന മഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ സർക്കാരിന് സാധിച്ചു. 2022-23ൽ, 8,421.63 കോടി രൂപയുടെ നിക്ഷേപത്തിന്റെ പിൻബലത്തിൽ 1,39,840 പുതിയ സംരംഭങ്ങൾ ആരംഭിച്ചതോടെ സംസ്ഥാനം ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. ശ്ലാഘനീയമായ ഈ വളർച്ച സംസ്ഥാനത്ത് 3,00,051 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് നയിച്ചു. പുതുതായി ആരംഭിച്ച സംരംഭങ്ങളുടെ മൂന്നിൽ ഒന്ന് ഭാഗവും വനിത സംരംഭകരുടെ ഉടമസ്ഥതയിലുള്ളതാണെന്ന് ശ്രദ്ധേയമാണ്. കാർഷിക, ഭക്ഷ്യ സംസ്കരണം, ഗാർമെന്റ് & ടെക്സ്റ്റയിൽസ്, സേവന പ്രവർത്തനങ്ങൾ എന്നീ പ്രധാന മേഖലകളിലാണ് പുതിയ സംരംഭങ്ങൾ മുഖ്യമായും ആരംഭിച്ചിരിക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ സംരംഭകത്വ മനോഭാവത്തിന്റെയും അഭിവൃദ്ധി പ്രാപിക്കുന്ന ബിസിനസ്സ് ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രതിബദ്ധതയുടെയും തെളിവാണ്. ഇത്രയും ശ്രദ്ധേയമായ പുരോഗതിയുടെ, മറ്റുള്ളവർക്ക് പിൻതുടരാൻ സംസ്ഥാനം ഒരു മാതൃകയാണ്.


*ഉറവിടം: വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്*

കയർ ഡവലപ്പ്മെന്റ് ഡയറക്ടറേറ്റ്. സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ചുമതലയുള്ള കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കൂടാതെ സംസ്ഥാനത്തെ തോട്ടം മേഖലയുടെ വികസനത്തിനായി 2022-23 ൽ സ്ഥാപിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്നിവയാണ്.

### സംസ്ഥാനത്തെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം (യുഎഎം)

2015 സെപ്റ്റംബർ 18 മുതൽ വ്യവസായ വാണിജ്യ വകുപ്പ് കേരളത്തിൽ ,സംരംഭക മെമ്മോറാൻഡം (ഇഎം) ഭാഗം II സമർപ്പിക്കുന്ന സമ്പ്രദായം നിർത്തലാക്കുകയും അതിന്റെ സ്ഥാനത്ത് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനമായ ഉദ്യോഗ് ആധാർ ആരംഭിക്കുകയും ചെയ്തു. 2023 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം ഉദ്യോഗ് ആധാറിൽ അപേക്ഷ സമർപ്പിച്ചവരുടെ ആകെ എണ്ണം 3,72,227 ആണ്. ഇതിൽ യഥാക്രമം ഉല്പന്ന നിർമ്മാണ മേഖലയിൽ 1,08,913 യൂണിറ്റുകൾ, സേവനമേഖലയിൽ 2,63,314 യൂണിറ്റുകൾ എന്നിവയാണ്. ഉല്പന്ന നിർമ്മാണ മേഖലയിൽ 1,04,133 സൂക്ഷ്മ യൂണിറ്റുകൾ, 4,330 ചെറുകിട യൂണിറ്റുകൾ, 450 ഇടത്തരം യൂണിറ്റുകൾ എന്നിവ ഉൾക്കൊള്ളുന്നു. യുഎഎം പ്രകാരം സേവന മേഖലയിലെ 2,63,314 യൂണിറ്റുകളിൽ; 2,54,256 സൂക്ഷ്മ യൂണിറ്റുകൾ, 8,531 ചെറുകിട

**ചിത്രം 4.4.1 .** 2022-23 ൽ നിർമ്മാണ, സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം




*ഉറവിടം : വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്*

യൂണിറ്റുകൾ, 527 ഇടത്തരം യൂണിറ്റുകൾ എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്[3]. 2022-23ൽ നിർമ്മാണ, സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട, ഇടത്തരം യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 4.4.1**-ൽ നൽകിയിരിക്കുന്നു.

**മേഖലയുടെ പ്രകടനം**

2022-23ൽ സ്ഥാപിതമായ പുതിയ MSME യൂണിറ്റുകളുടെ എണ്ണത്തിൽ ശ്രദ്ധേയമായ കുതിപ്പിന് സംസ്ഥാനം സാക്ഷ്യം വഹിച്ചു. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, 2022-23ൽ 1,39,840 പുതിയ MSME യൂണിറ്റുകൾ 8,421.63 കോടി രൂപ നിക്ഷേപത്തിൽ സ്ഥാപിച്ചു. ഇത് മുൻവർഷത്തേക്കാൾ 449 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. അതിനുപുറമേ ഈ യൂണിറ്റുകൾ 3,00,051 വ്യക്തികൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഇത് മുൻ വർഷത്തെക്കാൾ 244 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയത്. എംഎസ്എംഇ മേഖലയിലെ ഇത്രയും വലിയ വളർച്ച സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് പ്രോത്സാഹജനകമായ സൂചനയും, വളർച്ചക്കും വികസനത്തിനുമുള്ള അതിൻറെ സാധ്യതകളുടെ തെളിവുമാണ്.

**പട്ടിക 4.4.3** 2017-18 മുതൽ 2022-23 വരെയുള്ള MSME മേഖലയിലെ നേട്ടം(2023 ആഗസ്റ്റ് 31 വരെ)

| വർഷം | എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം | നിക്ഷേപം (കോടിയിൽ) | തൊഴിൽ (എണ്ണം) |
|---|---|---|---|
| 2017-18 | 15,468 | 1,249.61 | 51,244 |
| 2018-19 | 13,826 | 1,321.94 | 49,068 |
| 2019-20 | 13,695 | 1,338.65 | 46,081 |
| 2020-21 | 11,540 | 1,221.86 | 44,975 |
| 2021-22 | 15,285 | 1,535.09 | 56,233 |
| 2022-23 | 1,39,840 | 8,421.63 | 3,00,051 |
| ആകെ | 2, 09,654 | 15,089.62 | 5,47,652 |

അവലംബം- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് * 2023 ആഗസ്റ്റ് 31 വരെ


കഴിഞ്ഞ അഞ്ച് വർഷത്തെ പുതിയ MSME യൂണിറ്റുകളുടെ വിശദാംശങ്ങൾ **പട്ടിക 4.4.3** ൽ കൊടുത്തിരിക്കുന്നു.

2022-23 വർഷത്തിൽ 840.89 കോടി രൂപയുടെ നിക്ഷേപത്തോടെ 29,878 തൊഴിലുകൾ സൃഷ്ടിച്ച് ഏറ്റവും കൂടുതൽ പുതിയ എംഎസ്എംഇ യൂണിറ്റുകൾ (14,434) ആരംഭിച്ച് തിരുവനന്തപുരം ജില്ല ഒന്നാമതും 14,128 പുതിയ എംഎസ്എംഇ യൂണിറ്റുകൾ 1,172.46 കോടി രൂപയുടെ നിക്ഷേപത്തോടെ ആരംഭിച്ച് 33,765 തൊഴിലുകൾ സൃഷ്ടിച്ച എറണാകുളം രണ്ടാമതും, 752.42 കോടി രൂപയുടെ നിക്ഷേപത്തോടെ 14,123 പുതിയ എംഎസ്എംഇ യൂണിറ്റുകളിലൂടെ 29,536 തൊഴിലുകൾ സൃഷ്ടിച്ച തൃശ്ശൂർ തൊട്ടുപുറകിലുമാണ്. 236.58 കോടി രൂപയുടെ നിക്ഷേപത്തോടെ 3,950 പുതിയ എംഎസ്എംഇ യൂണിറ്റുകളിലൂടെ 8,234 തൊഴിലുകൾ സൃഷ്ടിച്ച വയനാട് ആണ് ഏറ്റവും കുറവ് പുതിയ യൂണിറ്റുകൾ ആരംഭിച്ചത്. വിശദാംശങ്ങൾ **അനുബന്ധം 4.4.2**ൽ കൊടുത്തിരിക്കുന്നു. കഴിഞ്ഞ രണ്ട് വർഷമായി ആരംഭിച്ച പുതിയ MSME യൂണിറ്റുകളുടെയും നൽകിയ തൊഴിലവസരങ്ങളുടെയും എണ്ണം **ചിത്രം.4.4.2** ൽ കാണിച്ചിരിക്കുന്നു.

2021-22 ൽ ഏറ്റവും കൂടുതൽ പുതിയ യൂണിറ്റുകൾ (1,789 യൂണിറ്റുകൾ) സൃഷ്ടിച്ച തൃശ്ശൂർ ജില്ലയാണ് 5,200 തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്, 1,455 യൂണിറ്റുകളുമായി 4,738 തൊഴിലവസരങ്ങൾ കോഴിക്കോട് ജില്ല സൃഷ്ടിച്ചു, പാലക്കാട് 1,413 എംഎസ്എംഇ യൂണിറ്റുകൾ 5,850 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. 17.09 കോടി രൂപയുടെ നിക്ഷേപത്തോടെ 220 പുതിയ എംഎസ്എംഇ യൂണിറ്റുകളിലൂടെ 959 തൊഴിലുകൾ സൃഷ്ടിച്ച കാസർഗോഡാണ് ഏറ്റവും കുറവ് പുതിയ യൂണിറ്റുകൾ ആരംഭിച്ചത്. 2021-22, 2022-23 വർഷങ്ങളിൽ

[3]അവലംബം- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് * 2023 ആഗസ്റ്റ് 31 വരെ

**ചിത്രം 4.4.2 .** 2022-23 ൽ നിർമ്മാണ, സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം





*ഉറവിടം : വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്*

സംസ്ഥാനത്തെ പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 4.4.3** ൽ കൊടുത്തിരിക്കുന്നു.

2018-19 ൽ 2,712 ആയിരുന്ന കാർഷിക, ഭക്ഷ്യ അധിഷ്ഠിത യൂണിറ്റുകളുടെ എണ്ണം 2022-23ൽ 23,474 ആയി ഉയർന്നതായി കഴിഞ്ഞ അഞ്ച് വർഷത്തെ എംഎസ്എംഇ യൂണിറ്റുകളുടെ മേഖലാ തിരിച്ചുള്ള വളർച്ച വെളിപ്പെടുത്തുന്നു. സേവനവുമായി ബന്ധപ്പെട്ട എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം 2018-19 ൽ 3,259 ആയിരുന്നത് 2022-23 ൽ 26,159 യൂണിറ്റുകളായി ഉയർന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ആരംഭിച്ച എംഎസ്എംഇ യൂണിറ്റുകളുടെ ഉപവിഭാഗം തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 4.4.4**-ൽ നൽകിയിരിക്കുന്നു.

**ചിത്രം 4.4.3** കേരളത്തിൽ 2021-22, 2022-23 വർഷങ്ങളിൽ ജില്ല തിരിച്ചുള്ള പുതിയ എംഎസ്എംഇ യൂണിറ്റുകൾ




*ഉറവിടം : വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്*


**പട്ടിക 4.4.4** കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഉപമേഖല | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| 1 | കാർഷിക ഭക്ഷ്യാധിഷ്ഠിതം | 2,712 | 2,582 | 3,359 | 4297 | 23,474 |
| 2 | തുണിത്തരങ്ങളും വസ്ത്രങ്ങളും | 1858 | 1,904 | 1276 | 1564 | 14,702 |
| 3 | ജനറൽ/മെക്കാനിക്കൽ/ലൈറ്റ് എഞ്ചിനീയറിംഗ് | 1533 | 1,334 | 959 | 1193 | 1,988 |
| 4 | സേവന പ്രവർത്തികൾ | 3259 | 4,036 | 2725 | 4097 | 26,159 |
| 5 | തടി ഉൽപ്പന്നങ്ങൾ | 644 | 5,32 | 436 | 517 | 1,529 |
| 6 | സിമൻറ് ഉൽപ്പന്നങ്ങൾ | 329 | 3,09 | 233 | 368 | 0 |
| 7 | പ്രിൻറിംഗും അനുബന്ധ പ്രവർത്തികളും | 348 | 2,80 | 188 | 198 | 3,795 |
| 8 | പേപ്പർ ഉൽപ്പന്നങ്ങൾ | 192 | 1,88 | 198 | 234 | 659 |
| 9 | ഇൻഫർമേഷൻ ടെക്നോളജി | 294 | 2,40 | 187 | 348 | 6,091 |
| 10 | വ്യാപാര പ്രവർത്തനങ്ങൾ | - | - | - | - | 48,945 |
| 11 | മറ്റുള്ളവ | 2657 | 2,290 | 1949 | 2469 | 12,498 |
| | ആകെ | 13,826 | 13,695 | 11,540 | 15,285 | 1,39,840 |

അവലംബം- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്
* 2022-23 മുതൽ MSME യൂണിറ്റുകളുടെ ഉപവിഭാഗത്തിൽ വ്യാപര പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുന്നു.

പ്രധാന അഞ്ച് ഉപ മേഖലകളിലായാണ് 80 ശതമാനം എംഎസ്എംഇ യൂണിറ്റുകളും കഴിഞ്ഞ അഞ്ച് വർഷങ്ങളായി ഉൾക്കൊള്ളുന്നത്. വ്യാപാര പ്രവർത്തന അധിഷ്ഠിത യൂണിറ്റുകൾ (35%) കാർഷിക, ഭക്ഷ്യ അധിഷ്ഠിത (17%) യൂണിറ്റുകളും സേവനമേഖല (19%) യൂണിറ്റുകളുംമാണ് പ്രധാനമായി എംഎസ്എംഇ കളിൽ ആധിപത്യം പുലർത്തുന്നത്. പ്ലാസ്റ്റിക് പാത്രങ്ങൾ, സ്വർണ്ണാഭരണങ്ങൾ, റബ്ബർ ഉൽപ്പന്നങ്ങൾ, കരകൗശല ഉൽപന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകളെ "മറ്റുള്ളവ" (9%) എന്ന് തരം തിരിച്ചിരിക്കുന്നു. ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെന്റ്സ് (10%), വിവര സാങ്കേതിക വിദ്യ (4%), ജനറൽ/മെക്കാനിക്കൽ/ലൈറ്റ് എഞ്ചിനീയറിംഗ് (1%) എന്നിവയാണ് മറ്റ് മുൻനിര ഉപമേഖലകൾ. ഓരോ ഉപവിഭാഗത്തിന്റെയും വിഹിതം **ചിത്രം 4.4.4** ൽ നൽകിയിരിക്കുന്നു.

**ചിത്രം 4.4.4** 2022-23 ൽ കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം ശതമാനത്തിൽ




*ഉറവിടം : വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്*

## വ്യവസായ കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ

2023 മാർച്ച് 31 ലെ കണക്കനുസരിച്ച് കേരളത്തിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ആകെ എണ്ണം 367 ആണ്, ഇതിൽ വനിതകൾ രജിസ്റ്റർ ചെയ്ത കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ എണ്ണം 101 ആണ്. 2022-23 ൽ 15 സൊസൈറ്റികൾ രജിസ്റ്റർ ചെയ്തു. കണ്ണൂരാണ് ഏറ്റവും കൂടുതൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നത്, 68 എണ്ണം. ഇത് സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 4.4.3** ൽ നൽകിയിരിക്കുന്നു.

## നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട്/പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം മെച്ചപ്പെടുത്തൽ

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ വ്യവസായ സൗകര്യങ്ങൾ ഒരുക്കുന്നത് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റാണ്(ഡി.ഐ.സി). നിലവിൽ ഡി.ഐ.സിയുടെ കീഴിൽ 2,460.08 ഏക്കറിലായി 40 വികസന പ്രദേശങ്ങൾ/പ്ലോട്ടുകൾ ഉണ്ട്. ഈ വികസന പ്രദേശം/പ്ലോട്ടുകളിലായി ആകെ 2,653 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 2022-23 ൽ ഈ ഡി.എ/ഡി.പി കളിലൂടെ ആകെ 47,632 പേർക്ക് തൊഴിൽ നൽകുകയും 4,67,990.73 ലക്ഷം രൂപ വരുമാനമുണ്ടാകുകയും ചെയ്തു. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.4.4** ൽ കൊടുത്തിരിക്കുന്നു.

## വ്യവസായ എസ്റ്റേറ്റുകൾ

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും വളർച്ചക്കും പര്യാപ്തമായതും ഗ്രാമീണ പിന്നോക്ക മേഖലകളിലെ വ്യവസായ പ്രവർത്തനങ്ങളുടെ വികേന്ദ്രീകരണത്തിനും പര്യാപ്തമായ ഉപാധിയായി വ്യാവസായിക എസ്റ്റേറ്റുകൾ വിനിയോഗിച്ച് വരുന്നു. വ്യവസായങ്ങളുടെ വളർച്ചക്ക് ആവശ്യമായ റോഡുകൾ, വൈദ്യുതി, മറ്റ് ആവശ്യസേവനങ്ങൾ എന്നിവ പ്രദാനം ചെയ്യുന്ന പ്രത്യേക സോണുകളാണ് വ്യാവസായിക എസ്റ്റേറ്റുകൾ. ഇവ പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കാതെ വികസനം സാധ്യമാക്കുന്നു. കേരളത്തിൽ 2023 മാർച്ച് 31 വരെയുള്ള പ്രധാന, ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം **പട്ടിക 4.4.5** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.4.5** പ്രധാന, ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം, 2022 -23

| ക്രമ നമ്പർ | ഏജൻസി | വ്യവസായ എസ്റ്റേറ്റ് എണ്ണം | |
|---|---|---|---|
| | | മേജർ എസ്റ്റേറ്റ് | മിനി എസ്റ്റേറ്റ് |
| 1 | ജില്ല വ്യവസായ കേന്ദ്രം | | 92 |
| 2 | സിഡ്കോ | 17 | 36 |
| ആകെ | | 17 | 128 |

അവലംബം- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

## ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ എല്ലാ സേവനങ്ങളും സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിന് വേണ്ടി ജില്ലകളിൽ സ്ഥാപിതമായിട്ടുള്ള സ്ഥിരമായ ഒരു സംവിധാനമാണ് ജില്ലാതല വ്യവസായ കേന്ദ്രങ്ങൾ. അനുയോജ്യമായ പ്രോജക്റ്റുകൾ കണ്ടെത്തുക, ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുക, വായ്പാ സൗകര്യം ഒരുക്കൽ, ഉപകരണങ്ങളും അസംസ്കൃതവസ്തുക്കളും ലഭ്യമാക്കൽ അതോടൊപ്പം യൂണിറ്റുകളെ വ്യവസായ ക്ലസ്റ്ററുകളുമായി ബന്ധിപ്പിക്കൽ തുടങ്ങിയവ ഇതിലുൾപ്പെടുന്നു. എംഎസ്എംഇ യൂണിറ്റുകൾ സ്ഥാപിക്കുന്നതും അതോടൊപ്പം വ്യവസായ സഹകരണ സംഘങ്ങൾ വികസിപ്പിക്കുന്നതിനും അവയുടെ രജിസ്ട്രേഷനും ഈ കേന്ദ്രം സഹായിക്കുന്നു. 2023 മാർച്ച് 31ലെ കണക്കനുസരിച്ച് 92 ചെറുകിട വ്യവസായിക എസ്റ്റേറ്റുകളിലായി 849 ചെറുകിട വ്യവസായ യൂണിറ്റുകൾ ഉണ്ട്. അതിൽ പ്രവർത്തനക്ഷമമായ 752 യൂണിറ്റുകളിലൂടെ 3,138 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 4.4.5** ൽ കൊടുത്തിരിക്കുന്നു.

## സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സിഡ്കോ പ്രധാന പങ്കുവഹിക്കുന്നു. സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിൽ ഭൂമി, വർക്ക് ഷെഡ്, ജലം, അസംസ്കൃതവസ്തുക്കളുടെ വിതരണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സിഡ്കോ ലഭ്യമാക്കുന്നുണ്ട്. 2023 മാർച്ച് 31 ആയപ്പോഴേക്കും 233.86 ഏക്കറിലായി 17 പ്രധാന വ്യാവസായിക എസ്റ്റേറ്റുകൾ ഉള്ളതിൽ 195.75 ഏക്കർ അനുവദിക്കുകയും ഇതിൽ 884 പ്രവർത്തനക്ഷമമായ യൂണിറ്റുകളിലൂടെ 7,762 തൊഴിലവസരങ്ങൾ നല്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തൊട്ടാകെ സിഡ്കോയുടെ ഭരണനേതൃത്വത്തിൽ 7 വ്യവസായ പാർക്കുകളും 36 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ഉണ്ട്. 2022-23 കാലയളവിൽ സിഡ്കോയുടെ മിനി ഇന്ഡസ്ട്രിയൽ എസ്റ്റേറ്റുകളിലൂടെ സൃഷ്ടിച്ച ആകെ വരുമാനം 40.51 ലക്ഷം രൂപയായിരുന്നു. സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.6**, **4.4.7**, **4.4.8** എന്നിവയിൽ കൊടുത്തിരിക്കുന്നു.

## വ്യാവസായിക ക്ലസ്റ്റർ വികസനം

എം.എസ്.എം.ഇ സംരംഭങ്ങളെ സംബന്ധിച്ചിടത്തോളം സാങ്കേതിക വിദ്യയുടെ സ്വാംശീകരണം, ശേഷി മെച്ചപ്പെടുത്തൽ പൊതു വിഭവങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവയിൽ വ്യവസായ ക്ലസ്റ്ററുകൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഉത്പാദന ക്ഷമത, മത്സരക്ഷമത, ചെറുകിട സംരംഭങ്ങൾക്കുള്ള കാര്യശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗമായാണ് ക്ലസ്റ്റർ സമീപനത്തെ, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മന്ത്രാലയം സ്വീകരിച്ചിരിക്കുന്നത്.

സംസ്ഥാന സർക്കാർ മറ്റ് പങ്കാളികളുമായി ചേർന്ന് ആരംഭിച്ച തൃശ്ശൂരിലെ എംഎസ്.എം.ഇ-വികസന ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്ത് ക്ലസ്റ്ററുകളുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി സജീവമായി ഇടപെട്ട് കൊണ്ടിരിക്കുകയാണ്. സുസ്ഥിര ഉപഭോഗവും ഉൽപ്പാദന സംവിധാനവും സൃഷ്ടിക്കുന്നതിന് പ്രാദേശിക സംരംഭകത്വത്തിന്റെ പ്രോത്സാഹനം പ്രധാനമാണ്. കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ തൃശ്ശൂരിലെ എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എം.എസ്.എം.ഇ-ഡിഐ).

2022-23 വർഷത്തിൽ 24 പരിശീലന പരിപാടികൾ/ കോഴ്സുകൾ നടത്തിയിട്ടുണ്ട്. 2,011 പേർ ഈ പരിപാടിയുടെ ഗുണഭോക്താക്കളായി. വിശദാംശങ്ങൾ **അനുബന്ധം 4.4.9** ൽ കൊടുത്തിരിക്കുന്നു.

### കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ – ബിപ്)

കൂട്ടായ്മയിലൂടെ നേട്ടം ഉണ്ടാക്കുന്നതിന് കേരള സർക്കാർ വ്യവസായവത്ക്കരണത്തിന് ക്ലസ്റ്റർ വികസന സമീപനം സ്വീകരിച്ചിട്ടുണ്ട്. എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട്- തൃശ്ശൂർ, കെ-ബിപ് എന്നിവയിലൂടെയാണ് സംസ്ഥാനം ക്ലസ്റ്റർ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. കോമൺ ഫെസിലിറ്റി സെന്ററുകൾ (സിഎഫ്സി) സംസ്ഥാനത്ത് വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. മരം, പ്ലൈവുഡ്, ഫർണിച്ചർ, റബ്ബർ, തുണിത്തരങ്ങൾ, റൈസ് മിൽ, പ്ലാസ്റ്റിക്, പ്രിന്ററുകൾ, എത്നിക് ഫുഡ്, കാർഷിക ഉപകരണങ്ങൾ, ജനറൽ എഞ്ചിനീയറിംഗ് തുടങ്ങിയ പ്രധാന മേഖലകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ (സിഎഫ്സി) സ്ഥാപിച്ചിട്ടുണ്ട്., സംസ്ഥാനത്തിന് 16 സിഎഫ്സി പ്രോജക്ടുകൾ MSME മന്ത്രാലയം അനുവദിച്ചിട്ടുണ്ട്, അതിൽ 7,552.45 ലക്ഷം രൂപയുടെ 12 പ്രോജക്ടുകൾ പൂർത്തീകരിച്ചു. 4997.30 ലക്ഷം രൂപയുടെ 4 സിഎഫ്സി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.

സംസ്ഥാനത്ത് ബിസിനസ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും യുഎൻ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമായി കെബിഐപി കേരളത്തിലെ വിവിധ വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു. വ്യാവസായിക ക്ലസ്റ്റർ വികസനം, കേരള ബാംബൂ മിഷന്റെ പ്രവർത്തനങ്ങളുടെ ഏകോപനം, പ്രധാനമന്ത്രി മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് പദ്ധതിയുടെ നിർവ്വഹണം, ദേശീയ പട്ടികജാതി/പട്ടികവർഗ്ഗ ഹബ് പ്രവർത്തനങ്ങൾ, വാണിജ്യ മിഷൻ പ്രവർത്തനങ്ങളുടെ സംയോജനം, ഓഡിറ്റ് & ഭക്ഷ്യ സംസ്കരണത്തിന്റെയും അനുബന്ധ യൂണിറ്റുകളുടെയും സർട്ടിഫിക്കേഷൻ, പ്രാദേശിക, ദേശീയ, അന്തർദേശീയ ഇവന്റുകളിലെ പങ്കാളിത്തം, കേരള B2B ഓൺലൈൻ പോർട്ടലിന്റെ പ്രവർത്തനം എന്നിവയാണ് കെബിഐപിയുടെ വിവിധ വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങൾ. നാല് പൊതു സൗകര്യ കേന്ദ്രങ്ങൾ നടപ്പിലാക്കൽ ഘട്ടത്തിലാണ്: (i) കോഴിക്കോട് വുഡൻ ഫർണിച്ചർ സെന്റർ, (ii) എറണാകുളത്ത് സ്റ്റീൽ ഫർണിച്ചർ ക്ലസ്റ്റർ, (iii) എറണാകുളത്ത് പ്ലൈവുഡ് ക്ലസ്റ്റർ, (iv) തിരുവനന്തപുരത്ത് പാപ്പാഡ് ക്ലസ്റ്റർ.

2020 ജൂണിൽ ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ പിഎംഫോർമുലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് എന്ന സ്കീമിന്റെ (പി എം എഫ് എം ഇ സ്കീം) ഔദ്യോഗിക നോഡൽ ഏജൻസിയാണ് കെബിഐപി. നിലവിലുള്ള മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസിന്റെ നവീകരണത്തിനായി സാമ്പത്തികവും സാങ്കേതികവും ബിസിനസ്സ് പിന്തുണയും ഈ പദ്ധതി നൽകുന്നു. വ്യക്തിഗത വിഭാഗത്തിന് കീഴിൽ അനുവദിച്ച വായ്പകളുടെ സംസ്ഥാനടിസ്ഥാനത്തിലുള്ള റാങ്കിംഗിൽ കേരളം നാലാമതാണ്, 1500 വായ്പകൾ 35 ശതമാനം ക്രെഡിറ്റ് ലിങ്കിഡ് ഗ്രാന്റോടു കൂടി അനുവദിച്ചു. 751 ഗുണഭോക്താക്കൾക്കായി 19.5 കോടി രൂപ സബ്സിഡിയായി അനുവദിച്ചു. 2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രകാരം SULM അംഗങ്ങൾക്ക് സീഡ് ക്യാപിറ്റൽ സഹായം നൽകുന്നതിൽ കേരളം ഒന്നാം സ്ഥാനത്താണ്. കുടുംബശ്രീ മിഷനിലെ (SRLM/ SULM) 3,287 അംഗങ്ങൾക്കായി 10.62 കോടി രൂപയുടെ മൂലധന സഹായവും നൽകി.

### ഗ്രാമീണ വ്യവസായങ്ങൾക്കായുള്ള പാക്കേജ്– പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (പി.എം.ഇ. ജി.പി )

ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും കാർഷികേതര മേഖലയിൽ ചെറു സംരംഭങ്ങൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയ തലത്തിൽ ആരംഭിച്ച ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി പദ്ധതിയാണ് 'പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (പി.എം.ഇ. ജി.പി)'. 2022 -23 കാലയളവിൽ ബാങ്കുകൾ അനുവദിച്ച 5,180 പ്രോജെക്ടുകൾക്കായി 5,298.19 ലക്ഷം രൂപ മാർജിൻ മണി നൽകുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 4.4.10** ൽ നൽകിയിരിക്കുന്നു.

### സൂക്ഷ്മചെറുകിടവ്യവസായ മേഖലയിലെ വ്യവസായ ധനസഹായം

**സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റി (എസ്.എൽ.ബി.സി)**

സ്റ്റേറ്റ് ബാങ്കേഴ്സ് കമ്മിറ്റിയുടെ (എസ്.എൽ.ബി.സി) റിപ്പോർട്ട് പ്രകാരം, വിവിധ മേഖലകളിലായി 2022 -23 കാലയളവിൽ എം.എസ്.എം.ഇ മേഖലയിൽ കേരളത്തിന് അനുവദിച്ച വായ്പ തുക 68,450.91 കോടി രൂപയാണ്. ഇത്, 2021 -22 വർഷത്തെ 64,956.92 കോടി രൂപയേക്കാൾ 5.37 ശതമാനം അധികമാണ്. വിവിധ മേഖലകളിലെ വായ്പകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.11** ൽ നൽകിയിരിക്കുന്നു.

### സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി)

ഇടപാടുകളുടെ അടിസ്ഥാനത്തിൽ വായ്പയെടുക്കുന്നവർക്ക് ന്യായമായ പലിശ നിരക്കിൽ സുരക്ഷിതമല്ലാത്ത വായ്പകൾ നൽകുന്ന ക്രെഡിറ്റ് സ്ഥാപനങ്ങളെ റീ ഫിനാൻസ് ചെയ്യാൻ SIDBI യെ സർക്കാർ പ്രോൽസാഹിപ്പിക്കുന്നു. വായ്പയുടെ മുഖ്യധാരയിൽ പ്രാധാന്യം ഇല്ലാതിരുന്ന സൂക്ഷമ ചെറുകിട,ഇടത്തര സംരംഭങ്ങൾക്ക് (എംഎസ്എംഇ) വളരെ വേഗം വായ്പ ലഭ്യമാക്കുന്നതിനായി SIDBI 1,000 കോടി രൂപയുടെ പ്രത്യേക ഫണ്ട് സൃഷ്ടിച്ചു. ചെറുതും താഴ്ന്നതുമായ മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ, നോൺ -ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ, ഫിനാൻഷ്യൽ ടെക്നോളജി കമ്പനികൾ എന്നിവയ്ക്കായി ഒരു ബോണ്ട് മാർക്കറ്റ് സ്ഥാപിക്കുക എന്നതാണ് ഈ ഫണ്ടിന്റെ ലക്ഷ്യം.. 2023 സാമ്പത്തിക വർഷത്തിൽ, എസ് ഐ ഡി ബി ഐ, എം എസ് എംഇ കൾക്കായുള്ള വായ്പാ പ്രക്രിയകൾ കൂടുതൽ ലളിതമാക്കുകയും ഡിജിറ്റലൈസ് ചെയ്യുകയും ചെയ്തു. ഇത് കാലഹരണപ്പെട്ട കടം വാങ്ങുന്നയാളുടെ വിവരങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും ചരക്ക് സേവന നികുതി, ആദായ നികുതി റിട്ടേണുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, കോർപ്പറേറ്റ്

**പട്ടിക.4.4.6.** ആഗസ്റ്റ് 31, 2023 വരെ കേരളത്തിലെ അർഹരായ എം.എസ്.എം.ഇ. വായ്പക്കാർക്ക് അനുവദിച്ചതും വിതരണം ചെയ്തതുമായ അടിയന്തിര വായ്പാ സൗകര്യം

| ബാങ്ക് | അർഹരായ വയ്പ്പക്കാരുടെ എണ്ണം | അനുവദിച്ചത് | | വിതരണം ചെയ്തത് | |
|---|---|---|---|---|---|
| | | അക്കൗണ്ടുകൾ | തുക (കോടിയിൽ.) | അക്കൗണ്ടുകൾ | തുക (കോടിയിൽ) |
| ആകെ പൊതു മേഖല വാണിജ്യ ബാങ്കുകൾ | 1,67,615 | 1,32,123 | 3,349.46 | 1,10,774 | 2,837.97 |
| ആർ.ആർ.ബി – കേരള ഗ്രാമീൺ ബാങ്ക് | 35,568 | 2,515 | 27.69 | 2,515 | 27.69 |
| ആകെ –സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ | 48,104 | 25,235 | 5,779.17 | 21,846 | 5,311.90 |
| ആകെ-ബാങ്കിംഗ് മേഖല | 2,51,287 | 1,59,873 | 9,156.32 | 1,35,135 | 8,177.56 |

അവലംബം: സംസ്ഥാന തല ബാങ്കേഴ്സ്

കാര്യ മന്ത്രാലയം ഡാറ്റാബേസുകൾ തുടങ്ങിയ പൊതു ഡാറ്റാബേസുകളിൽ നിന്നുള്ള കാലികമായി വിവരങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാറ്റത്തിനും കാരണമായി. ഉപജീവന പ്രവർത്തനങ്ങൾക്കായി മൈക്രോ എന്റർപ്രൈസസിന് 5 ലക്ഷം രൂപ വരെ മൈക്രോ ലോണുകൾ നൽകുന്ന 'പ്രയാസ്' പദ്ധതിയും SIDBI വിപുലീകരിച്ചു. ഇതിലൂടെ 80,000-ത്തിലധികം ഗുണഭോക്താക്കളെ സഹായിച്ചു, അവരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നത് ശ്രദ്ധേയവുമാണ്. പ്രയാസ് ഉൾപ്പെടെയുള്ള നേരിട്ടുള്ള വായ്പ കുടിശ്ശികയുള്ള പോർട്ട് ഫോളിയോ 2022 സാമ്പത്തിക വർഷത്തിൽ 14,187 കോടിരൂപയിൽ നിന്ന് 2023 സാമ്പത്തിക വർഷത്തിൽ 18,409 കോടിരൂപയായി ഉയർന്നു. (അവലംബം : സിഡ്ബി, വർക്കിംഗ് റിപ്പോർട്ട് 2022-23).

**എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം (ECLGS)**

കൊവിഡ്-19 പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ബാങ്കുകൾക്കും എൻബിഎഫ്ഐകൾക്കും 100 ശതമാനം ഗ്യാരണ്ടി കവറേജ് നൽകുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പ്രത്യേക പദ്ധതിയാണ് എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം. അധിക ടേം ലോൺ/അധിക പ്രവർത്തന മൂലധന ആവശ്യകതകൾ നിറവേറ്റുന്നതിനായി ബിസിനസ്സ് എന്റർപ്രൈസസ്/എംഎസ്എംഇ കൾക്ക് അടിയന്തര ക്രെഡിറ്റ് സൗകര്യങ്ങൾ വിപുലീകരിക്കാൻ ഇത് അവരെ പ്രാപ്തരാക്കും. എസ്എൽബിസി നൽകിയ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, 2023 ആഗസ്റ്റ് 31 വരെ കേരളത്തിൽ, സംസ്ഥാനത്തുടനീളമുള്ള യോഗ്യരായ 2,51,287 വായ്പക്കാരിൽ 1,59,873 അർഹരായ കേസുകൾക്ക് എമർജൻസി ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. ആകെ അനുവദിച്ചത് 9,156.73 കോടി രൂപയാണ്. 1,35,135 വായ്പക്കാർക്ക് 8,177.56 കോടി രൂപയുടെ വായ്പ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 4.4.6** ൽ നൽകിയിരിക്കുന്നു.

**പ്രധാന ഭൗതിക നേട്ടങ്ങൾ**

- 'ഇയർ ഓഫ് എന്റർപ്രൈസസ്' എന്ന 'പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിൽ., പുതിയ 1,39,840 എംഎസ്എംഇകൾ 8,422 കോടി രൂപ മൂലധനത്തിൽ ആരംഭിക്കുകവഴി 3,00,051 തൊഴിലാവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു
- ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്ക് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമായി 42 ടെക്നോളജി ക്ലിനിക്കുകൾ, 73 നിക്ഷേപക സംഗമങ്ങൾ, 52 താലൂക്ക് തല പ്രദർശനങ്ങൾ 14 ടെക്നോളജി മാനേജ്മെൻറ് വികസനം എന്നിവ നടത്തി.
- വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി 2022 23 കാലയളവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 101 സംരംഭകത്വ വികസന ക്ലബ്ബുകൾ സ്ഥാപിച്ചു.
- 'എം എസ് എം എ ക്ലിനിക്ക്' പദ്ധതിയിലൂടെ 137 സംരംഭകരെ സഹായിക്കുകയും താലൂക്ക് വ്യവസായ ഓഫീസുകളിൽ സ്ഥാപിച്ച ഫെസിലിറ്റേഷൻ സെൻററുകൾ വഴി 34,490 സംരംഭകർക്ക് സഹായം ലഭിക്കുകയും ചെയ്തു.
- 'നാനോ ഹൗസ് ഹോൾഡ് എന്റെർപ്രൈസസ് ഇന്ററെസ്റ്റ് സബ് വെൻഷൻ' എന്ന പദ്ധതിയിലുള്ള 95 സംരംഭങ്ങൾക്കായി 11..33 ലക്ഷം രൂപ നൽകി.
- പ്രവർത്തനരഹിതമായ എംഎസ്എംഇകളുടെയും കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെയും പുനരുജ്ജീവനത്തിനുള്ള പദ്ധതിക്ക് കീഴിൽ മൊത്തം 35 കശുവണ്ടി യൂണിറ്റുകൾക്കായി 113.7 ലക്ഷം രൂപയുടെ സഹായം അനുവദിച്ചു.
- നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റിനുള്ള പദ്ധതിയിലൂടെ 1624.88 ലക്ഷം രൂപ ചെലവഴിക്കുക വഴി 634 യൂണിറ്റുകൾക്ക് പ്രയോജനം ലഭിച്ചു.
- എന്റെർപ്രണർ സപ്പോർട്ട് സ്കീമിന് കീഴിൽ 827 വ്യവസായിക യൂണിറ്റുകൾക്കായി 3,900 ലക്ഷം രൂപയുടെ സഹായം നൽകി.
- എറണാകുളത്ത് മെഷീനറി എക്സ്പോ 2023, തൃശ്ശൂരിൽ അഗ്രോ ഫുഡ് പ്രോ പ്രോഗ്രാം എന്നിവ സംഘടിപ്പിച്ചു.
- പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം ആരംഭിക്കുക വഴി 8 അപേക്ഷകർക്കായി ഡെവലപ്പർ പെർമിറ്റ് നൽകി.
- സംസ്ഥാനത്തുടനീളമുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഹെല്പ് ഡിസ്കുകൾ സ്ഥാപിച്ചു- അതുവഴി പൊതുജനങ്ങൾക്ക് എല്ലാ വ്യവസായ സംരംഭരൂപീകരണ, ശാക്തീകരണമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇന്റേണുകളുടെ സേവനം പ്രയോജനപ്പെടുത്താൻ കഴിഞ്ഞു.

- വ്യവസായ കേരളം വെബ് മാഗസിൻ പോർട്ടൽ പ്രസിദ്ധീകരിക്കുകയും എല്ലാ സ്കീമുകളിലേക്കും ഓൺലൈൻ ആപ്ലിക്കേഷൻ സംവിധാനങ്ങൾ നടപ്പിലാക്കുകയും ചെയ്തു .
- താലൂക്ക് തലത്തിൽ 59 എൻറർപ്രൈസ് ഫെസിലിറ്റേഷൻ സെൻററുകൾ സ്ഥാപിച്ചു. ഇതിലൂടെ വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട് ക്ലിയറൻസുകൾ, രജിസ്ട്രേഷൻ,മറ്റു സഹായങ്ങൾ എന്നിവയ്ക്കായി ഓൺലൈൻ അപേക്ഷകൾ ഫയൽ ചെയ്യുന്നതിനായി സംരംഭകരെ സഹായിക്കുന്നതിന് ഒരു പ്രൊഫഷണൽ റിസോഴ്സ് പേഴ്സന്റെ സേവനം ലഭ്യമാക്കി.
- നിയമം, വിപണനം, ഡി പി ആർ തയ്യാറാക്കൽ, കയറ്റുമതി, ജി എസ് ടി, സാങ്കേതികവിദ്യ, സമ്മതപത്രം, ലൈസൻസുകൾ, ബാങ്കിംഗ് വൈദഗ്ധ്യം എന്നീ മേഖലകളിൽ സഹായം ആവശ്യമുള്ള സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി 159 വിദഗ്ധരെ ഉൾപ്പെടുത്തി MSME ക്ലിനിക്കുകൾ സ്ഥാപിച്ചു.
- വ്യവസായിക സംരംഭങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി സംസ്ഥാനം/ജില്ല എന്നീ തലങ്ങളിലുള്ള പരാതി പരിഹാര സമിതികൾ സ്ഥാപിക്കുകയും ഓൺലൈൻ പരാതി പരിഹാര സംവിധാനം ആരംഭിക്കുകയും ചെയ്തു.
- 3 റീജിയണൽ എംഎസ്എംഇ ഫെസിലിറ്റേഷൻ കൗൺസിലുകൾ സ്ഥാപിക്കുകയും ജിയോ ഗ്രാഫിക്കൽ ഇൻഡിക്കേറ്റർ( ജി ഐ ) ഉൽപ്പന്നങ്ങൾക്കായി സമർപ്പിത ഓൺലൈൻ പോർട്ടൽ ആരംഭിക്കുകയും ചെയ്തു .
- എം എസ് എം ഇകൾ സർക്കാർ ഇ- മാർക്കറ്റ് പ്ലേസ് പോർട്ടൽ രജിസ്ട്രേഷൻ ചെയ്യുന്നതിനായി പ്രോത്സാഹന പദ്ധതി ആരംഭിച്ചു.

**മേഖലയിലെ പ്രശ്നങ്ങളും വെല്ലുവിളികളും**

ഈ മേഖലയുടെ വളർച്ചയെ ബാധിക്കുന്ന നിരവധി വെല്ലുവിളികൾ കാരണം സമ്പദ്‌വ്യവസ്ഥയിൽ ഈ മേഖലയുടെ സംഭാവന നിലവിൽ പരിമിതപ്പെട്ടിരിക്കുന്നു. പ്രധാനപ്പെട്ട വെല്ലുവിളികൾ ഇവയാണ്:

- **വളർച്ച ത്വരിതപ്പെടുത്തലും ഔപചാരികവൽക്കരണം പ്രാപ്തമാക്കലും –** നൂതന ബിസിനസ്സ് ആശയങ്ങൾ സുഗമമാക്കുകയും പരിപോഷിപ്പിക്കുകയും പിന്തുണയ്ക്കുകയും അവയെ സംരംഭങ്ങളായി രൂപപ്പെടുത്തുകയും അതിലൂടെ എം.എസ്.എം.ഇകൾക്ക് അനുകൂലമായ പരിതസ്ഥിതി സൃഷ്ടിക്കുകയും വേണം. സംരംഭക വികസന, ഇൻകുബേഷൻ സെന്ററുകളുടെ പിന്തുണയോടെ ഇത് നേടാനാകും. ക്രെഡിറ്റ് പിന്തുണയ്ക്കുള്ള പദ്ധതികൾ ഉൾപ്പെടെ വിവിധ പദ്ധതി കളുടെ ഉപയോഗവും എത്തിച്ചേരലും പല കാരണങ്ങളാൽ പരിമിതപ്പെട്ടിരിക്കുന്നു. എം.എസ്.എം.ഇ കൾക്കിടയിൽ ഔപചാരികവൽക്കരണവും ഡിജിറ്റലൈസേഷനും പ്രോത്സാഹിപ്പിക്കുകയും യു.എ.എം-ൽ രജിസ്റ്റർ ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ഒരു വെല്ലുവിളിയായി തുടരുന്നു.
- **അടിസ്ഥാന സൗകര്യ പ്രതിസന്ധികൾ പരിഹരിക്കുക–** അടിസ്ഥാന സൗകര്യങ്ങളായ വർക്ക് ഷെഡുകൾ, ടൂൾ റൂമുകൾ, പ്രൊഡക്റ്റ് ടെസ്റ്റിംഗ് ലബോറട്ടറികൾ, വൈദ്യുതി, ഗ്രാമീണ ബ്രോഡ്ബാൻഡ്, ഇന്നൊവേഷൻ ഹബുകൾ എന്നിവയുടെ അപര്യാപ്തത ഈ മേഖലയുടെ വളർച്ചയ്ക്ക് തടസ്സമായി പ്രവർത്തിക്കുന്നു. മികച്ച അടിസ്ഥാന സൗകര്യങ്ങൾ നൽകുന്ന കുറച്ച് എംഎസ്എംഇ ക്ലസ്റ്ററുകൾ മാത്രമേ നിലവിലുള്ളൂ.
- **ക്രെഡിറ്റ്, റിസ്ക് ക്യാപിറ്റൽ ലഭ്യത സുഗമമാക്കുക–** അനൗപചാരിക സ്വഭാവം കാരണം എം.എസ്.എം.ഇ കൾക്ക് ഔപചാരിക ക്രെഡിറ്റ് സ്രോതസുകളിലേക്ക് പ്രവേശനം ലഭിക്കുന്നില്ല. സാമ്പത്തിക വിവരങ്ങളുടെ അഭാവം മൂലം എം.എസ്.എം.ഇ കളുടെ ക്രെഡിറ്റ് റിസ്ക് വിലയിരുത്തലിൽ ബാങ്കുകൾ വെല്ലുവിളികൾ നേരിടുന്നു. ഇക്വിറ്റി സപ്പോർട്ടും വെഞ്ച്വർ ക്യാപിറ്റൽ ഫിനാൻസിംഗും ആകർഷിക്കാൻ വളരെ കുറച്ച് എംഎസ്എംഇകൾക്ക് മാത്രമേ കഴിയുന്നുള്ളൂ.
- **വിപണി ബന്ധവും പൊതു സംഭരണ സംവിധാനവുമായുള്ള ബന്ധം പ്രാപ്തമാക്കുക –** പരിമിതമായ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യത, അന്തിമ ഉൽപ്പന്നത്തിന്റെ വിപണന സൗകര്യ അഭാവം എന്നിവയാണ് എംഎസ്എംഇകൾ നേരിടുന്ന രണ്ട് പ്രധാന വെല്ലുവിളികൾ. പൊതുമേഖലാ യൂണിറ്റുകളുമായുള്ള ബന്ധം സംരംഭങ്ങളുടെ വളർച്ചയെ സഹായിക്കും.
- **നയവും സ്ഥാപനപരവുമായ ഇടപെടലുകൾ –** അടിസ്ഥാന സൗകര്യ വികസനം, ആധുനികവത്കരണം, സാങ്കേതികവിദ്യ സ്വീകരിക്കൽ, പിന്നോക്ക മുന്നോക്ക ബന്ധം, ക്രെഡിറ്റ് വിടവ് കുറയ്ക്കൽ, എംഎസ്എംഇ കൾക്ക് സമയബന്ധിതമായി പണം നൽകൽ തുടങ്ങിയവ ലക്ഷ്യമിട്ടുള്ള നയങ്ങൾ രൂപീകരിക്കുന്നതും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിലും വെല്ലുവിളികൾ നേരിടുന്നു.
- **വനിതാ സംരംഭകത്വം –** "സാമൂഹിക ധാരണ വെല്ലുവിളി"-നിക്ഷേപ പിന്തുണയുടെ അഭാവം, കുടുംബത്തിൽ നിന്നും ആവശ്യമായ പിന്തുണ ഇല്ലായ്മ, മറ്റ് ബിസിനസ്സ് നിക്ഷേപകരിൽ നിന്നും തൽപ്പരകക്ഷികളിൽ നിന്നുമുള്ള സഹായമില്ലായ്മ എന്നിവ എന്റർപ്രൈസിനായി മൂലധനവും പ്രവർത്തന മൂലധനവും സമാഹരിക്കുന്നതിനുള്ള വനിതാ സംരംഭകരുടെ ശേഷി കുറയ്ക്കുന്നു.

**മുന്നോട്ടുള്ള വഴി**

കേരളത്തിന്റെ വ്യാവസായിക സവിശേഷതകളും അനുബന്ധ ഘടകങ്ങളിലുള്ള പ്രത്യേക മത്സര നേട്ടങ്ങളും പ്രയോജനപ്പെടുത്തി ആധുനിക എംഎസ്എംഇകളെ പ്രോത്സാഹിപ്പിക്കാനാണ് 14-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ, കേരള സർക്കാർ ശ്രമിക്കുന്നത്. വ്യാവസായിക ഭൂമി വികസനവും അനുബന്ധ ലാൻഡ് ബാങ്കുകൾ വഴിയും 'പാർക്ക് മോഡൽ' ഉപയോഗിച്ച് ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വകാര്യ, സഹകരണ മേഖലകളെ ഉൾപ്പെടുത്തി പുതിയ മാതൃകകൾ നടപ്പിലാക്കി വരുകയാണ് സംസ്ഥാനം. ഇതിനായി നിർദ്ദിഷ്ട വ്യവസായങ്ങൾ, പ്രദേശങ്ങൾ, ക്ലസ്റ്ററുകൾ എന്നീ അവശ്യ ഘടകങ്ങളുടെ പൊതു സൗകര്യ കേന്ദ്രങ്ങളുടെ വികസനത്തിന് ഊന്നൽ നൽകുന്നു. സംസ്ഥാനം 'നവകേരളം' കെട്ടിപ്പടുക്കാൻ ശ്രമിക്കുമ്പോൾ, സംസ്ഥാനത്തെ MSME- കളുടെ സവിശേഷതകൾ/ നേട്ടങ്ങൾ എന്നിവ വ്യക്തമാക്കുകയും

അവയെ ഏകീകരിക്കുകയും ക്രോഡീകരിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടത് അത്യാവിശ്യമാണ്. ഇതിൽ വ്യവസായ അഭിഭാജ്യ ഘടകങ്ങളായ സംരംഭങ്ങളുടെ വിപുലീകരണം, അറിവ്/വിവര പ്രവാഹം എന്നിവയിലൂടെ സ്വായത്തമാക്കിയ നൂതന സാങ്കേതികവിദ്യകളുടെ ഉപയുക്ത, സംരംഭകത്വ സംസ്കാര പിന്തുണ, നവീന ധനസഹായ മാതൃക വികസനം, വ്യാവസായിക- വിദ്യാഭ്യാസ/ഗവേഷണ അനുസ്യൂതിയും സാധ്യതയും എന്നിവ തീർച്ചയായും ഉൾപ്പെടുത്തണം. സർക്കാരിന്റെ പിൻതുണയാൽ കേരളത്തിലെ വ്യാവസായിക അന്തരീക്ഷം മുമ്പെങ്ങുമില്ലാത്തവിധം കർമ്മോദ്യുക്തമാണ്. വരും വർഷങ്ങളിൽ ഈ മേഖല മികച്ച പ്രകടനം കാഴ്ച്ചവെക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# 4.5 ഭക്ഷ്യസംസ്കരണം

കാർഷിക വ്യവസായ മേഖലളെ തമ്മിൽ ദൃഢമായി ബന്ധിപ്പിക്കുന്നതിൽ ഭക്ഷ്യ സംസ്കരണ മേഖല നിർണ്ണായക പങ്ക് വഹിക്കുന്നു. സഹകരണവും സംയോജനവും ഇത് സുഗമമാക്കുകയും അത് ഇരു മേഖലകൾക്കും പ്രയോജനപ്രദമാവുകയും അതുവഴി മൊത്തത്തിലുള്ള കാർഷിക മൂല്യ ശൃംഖല വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഉയർന്ന സംസ്കരണശേഷിയുള്ള പരിപുഷ്ടമായ ഭക്ഷ്യ സംസ്കരണ മേഖല അസംസ്കൃത സാധനങ്ങളുടെ പാഴാക്കൽ കുറയ്ക്കൽ, മൂല്യവർദ്ധന മെച്ചപ്പെടുത്തൽ, വിള വൈവിധ്യവൽക്കരണം, പ്രോത്സാഹനം, കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കൽ, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ, കയറ്റുമതി വരുമാനം വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് സഹായമാകുന്നു. ഭക്ഷ്യസുരക്ഷ, ഭക്ഷ്യ വിലക്കയറ്റം, പൊതുജനങ്ങൾക്ക് ആരോഗ്യകരവും പോഷകസമൃദ്ധവുമായ ഭക്ഷണം എന്നിവയുമായി ബന്ധപ്പെട്ടുള്ള നിർണായക പ്രശ്നങ്ങൾ പരിഹരിക്കാനും ഈ മേഖലയ്ക്ക് സാധിക്കും. ഇന്ത്യയുടെ ഭക്ഷ്യ സംസ്കരണ മേഖലയിൽ പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, തോട്ടവിളകൾ, ധാന്യസംസ്കരണം, സുഗന്ധദ്രവ്യങ്ങൾ, പാലുംപാലുൽപ്പന്നങ്ങളും, മാംസാഹാരം, കോഴിയിറച്ചി, മത്സ്യം, മദ്യം, ലഹരി ഇതര പാനീയങ്ങൾ, കൂടാതെ മറ്റു ഉപഭോഗ ഉൽപ്പന്നങ്ങളായ മിഠായികൾ, ചോക്ലേറ്റുകൾ, കൊക്കോഉൽപ്പന്നങ്ങൾ, സോയഉൽപ്പന്നങ്ങൾ, മിനറൽ വാട്ടർ, ഉയർന്ന പ്രോട്ടീൻ ആഹാര പദാർത്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം 41 മെഗാ ഫുഡ് പാർക്ക് പ്രോജക്റ്റുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്, ഇതിൽ 7 മെഗാ ഫുഡ് പാർക്കുകൾക്ക് വനിതാ പ്രൊമോട്ടർമാരുണ്ട്. മെഗാ ഫുഡ് പാർക്ക് പദ്ധതികൾക്കായി കേന്ദ്ര മന്ത്രാലയം 2022 ജനുവരിക്കും ഡിസംബറിനും ഇടയിൽ സഹായ ധനമായി 41.40 കോടി രൂപ അനുവദിച്ചു. 2018-19ൽ രാജ്യത്ത് രജിസ്റ്റർ ചെയ്ത 40,579 യൂണിറ്റുകളിലായി ഏകദേശം 20.05 ലക്ഷം പേർ ഈ വ്യവസായത്തിൽ പ്രവർത്തിക്കുന്നു. ഭക്ഷ്യ ഉൽപന്നങ്ങളുടെയും പാനീയങ്ങളുടെയും നിർമ്മാണത്തിൽ ഗണ്യമായ സ്ത്രീ പങ്കാളിത്തമുണ്ട്. 2019-20 ലെ വാർഷിക വ്യവസായ സർവ്വേ പ്രകാരം രജിസ്റ്റർ ചെയ്ത ഭക്ഷ്യ സംസ്കരണ യൂണിറ്റുകളിൽ മൊത്തം 2.27 ലക്ഷം സ്ത്രീകൾ നേരിട്ട് ജോലി ചെയ്യുന്നു, കൂടാതെ 12.62 ലക്ഷത്തിലധികം സ്ത്രീകൾ അസംഘിടത ഭക്ഷ്യ സംസ്കരണ മേഖലയിലെ കാർഷികേതര സംരംഭങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. (ഉറവിടം: വാർഷിക റിപ്പോർട്ട് 2022-23, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ).

വർഷങ്ങളായി ഇന്ത്യയിലെ കാർഷിക ഉൽപ്പാദന മേഖല വളർന്നു വരുന്നു. ഭക്ഷ്യ ഉൽപന്നങ്ങളുടെ ആവശ്യകത വർദ്ധിച്ചതും സർക്കാർ നൽകുന്ന ആനുകൂല്യങ്ങളും അസംസ്കൃത വസ്തുക്കളുടെ സമൃദ്ധമായ വിതരണവും ഭക്ഷ്യ സംസ്കരണ മേഖലയെ ഗുണപരമായി സഹായിച്ചു. 2020-21 അവസാനം വരെയുള്ള കഴിഞ്ഞ 5 വർഷങ്ങളിൽ 2011-12 വിലയിൽ ഭക്ഷ്യ സംസ്കരണ മേഖല ശരാശരി വാർഷിക വളർച്ചാ നിരക്കിൽ (എഎജിആർ) 8.38 ശതമാനം വളർച്ച കൈവരിച്ചു. ഇത് കാർഷിക മേഖലയിൽ 4.87 ശതമാനം ആണ്. ജിഡിപി, തൊഴിൽ, നിക്ഷേപം എന്നിവയ്ക്കുള്ള സംഭാവനയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ സംസ്കരണ മേഖല ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഒരു പ്രധാന വിഭാഗമായി ഉയർന്നുവന്നിട്ടുണ്ട്. 2011- 12 വിലയിൽ 2020-21 ൽ ജിവിഎയിൽ ഉല്പന്ന നിർമ്മാണ മേഖലയിലും കാർഷിക മേഖലയിലും യഥാക്രമം 10.54 ശതമാനവും 11.57 ശതമാനവും ഈ മേഖലയാണ് സംഭാവന ചെയ്തത്.

സ്ഥിര മൂലധനം, മൊത്തം കൂട്ടിച്ചേർക്കപ്പെട്ട മൂല്യം, ഉൽപ്പന്നം എന്നിവയുടെ അടിസ്ഥാനത്തിൽ മികച്ച അഞ്ച് മേഖലകളിൽ ഒന്നാണ് ഭക്ഷ്യ ഉൽപന്ന വ്യവസായം. മറ്റ് വ്യവസായങ്ങളെ അപേക്ഷിച്ച് ഭക്ഷ്യ ഉൽപന്ന വ്യവസായം ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകുകയും, അതേസമയം തന്നെ മറ്റ് വ്യവസായങ്ങളിലെന്നപോലെ രണ്ടാമത്തെ ഉയർന്ന തോതിലുള്ള ഉൽപ്പന്നം സൃഷ്ടിക്കുകയും ചെയ്യുന്നു. 2019-20 ലെ ഏറ്റവും പുതിയ വാർഷിക സർവ്വേ ഓഫ് ഇൻഡസ്ട്രീസ് (എഎസ്ഐ) പ്രകാരം രജിസ്റ്റർ ചെയ്ത ഭക്ഷ്യ സംസ്കരണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന മൊത്തം ആളുകളുടെ എണ്ണം 20.32 ലക്ഷമാണ്. എൻഎസ്എസ്ഒ 73-ാം റൗണ്ട്, 2015-16 പ്രകാരം

രജിസ്റ്റർ ചെയ്യാത്ത ഭക്ഷ്യ സംസ്കരണ മേഖല, 51.11 ലക്ഷം പേർക്ക് തൊഴിൽ നൽകുകയും രജിസ്റ്റർ ചെയ്യാത്ത ഉൽപാദന മേഖലയിൽ 14.18 ശതമാനം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

സംസ്കരിച്ച ഭക്ഷ്യവസ്തുക്കളുടെ കയറ്റുമതി ഉൾപ്പെടെയുള്ള കാർഷിക-ഭക്ഷ്യ കയറ്റുമതിയുടെ മൂല്യം 2021-22-ൽ 46.11 ബില്യൺ യുഎസ് ഡോളറായിരുന്നു, ഇത് ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ 10.93 ശതമാനവുമായിരുന്നു (ആകെ കയറ്റുമതി 421.89 ബില്യൺ യുഎസ് ഡോളർ). 2021-22ൽ സംസ്കരിച്ച ഭക്ഷണം ഉൾപ്പെടെയുള്ള കാർഷിക ഭക്ഷ്യ വസ്തുക്കളുടെ ഇറക്കുമതി മൂല്യം 28.71 ബില്യൺ യുഎസ് ഡോളറായിരുന്നു, ഇത് ഇന്ത്യയുടെ മൊത്തം ഇറക്കുമതിയുടെ 5.79 ശതമാനമായിരുന്നു (മൊത്തം ഇറക്കുമതി 495.83 ബില്യൺ യുഎസ് ഡോളർ). 2021 ൽ ലോകത്ത് ഇന്ത്യയുടെ കാർഷിക-ഭക്ഷ്യ കയറ്റുമതിയുടെ പങ്ക് 2.48 ശതമാനവും ഇറക്കുമതിയുടെ പങ്ക് 1.55 ശതമാനവും ആയിരുന്നു. (ഉറവിടം: വാർഷിക റിപ്പോർട്ട് 2022-23, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ)

**കേരളത്തിലെ ഭക്ഷ്യസംസ്ക്കരണ വ്യവസായം**

കാർഷിക മേഖലയ്ക്ക് പ്രസിദ്ധിയാർജിച്ച കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനമായ (ജിഎസ്ഡിപി) 45,400.51 കോടി രൂപയിൽ (8.52 ശതമാനം) ഇതു വലിയ സംഭാവന നൽകുന്നു. നയനമനോഹരമായ പ്രകൃതിദൃശ്യങ്ങൾക്കും സുഗന്ധവ്യഞ്ജനങ്ങൾക്കും നാളികേര ഉൽപാദനത്തിനും പേരുകേട്ട കേരളം 'ദൈവത്തിന്റെ സ്വന്തം നാട്' ആയി അറിയപ്പെടുന്നു. പ്രതിജ്ഞാബദ്ധമായ സർക്കാർ നയങ്ങൾക്കൊപ്പം ബിസിനസ് സൗഹൃദ അന്തരീക്ഷം കേരളം പ്രദാനം ചെയ്യുന്നതിനാൽ ഇത് ആകർഷകമായ നിക്ഷേപ കേന്ദ്രമായി മാറുന്നു. വ്യവസായങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി വേഗതയേറിയതും സുതാര്യവുമായ ക്ലിയറൻസ് സംവിധാനങ്ങൾക്കായി KSWIFT പോർട്ടൽ, വാഹന സുരക്ഷയ്ക്കായി സുരക്ഷാ മിത്ര് തുടങ്ങിയ സംവിധാനങ്ങൾ സംസ്ഥാനം നടപ്പാക്കിയിട്ടുണ്ട്. മൂല്യവർദ്ധനവിന് ധാരാളം അവസരങ്ങൾ പ്രദാനം ചെയ്യുന്ന വൈവിദ്ധ്യമാർന്ന വിളകളുള്ള വളരെ ഫലഭൂയിഷ്ഠമായ ഒരു നാടാണ് കേരളം. തെങ്ങാണ് ഏറ്റവും പ്രധാനപ്പെട്ട നാണ്യവിള, 7.81 ലക്ഷം ഹെക്ടറിലായി 5,384 ദശലക്ഷം തേങ്ങ ഉത്പാദിപ്പിക്കുന്നു - പായ്ക്ക് ചെയ്ത കരിക്കിൻ വെള്ളം, വെർജിൻ കോക്കനട്ട് ഓയിൽ, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, തേങ്ങാ ശർക്കര, പാം ഷുഗർ, ചിപ്സ്, ജെല്ലി, വിനാഗിരി എന്നിവയുടെ രൂപത്തിൽ മൂല്യവർദ്ധന സാധ്യതയും വ്യാപ്തിയുമുണ്ട്. വാഴപ്പഴ കൃഷിയിൽ 0.57 ലക്ഷം ഹെക്ടറിലായി കൃഷി ചെയ്ത 4.89 ലക്ഷം മെട്രിക് ടൺ ഉൽപ്പാദനമുള്ള 'നേന്ത്രൻ' എന്ന ഇനത്തിന് കേരളം പേരുകേട്ടതാണ്. 'ഗണ്യമായ അളവിൽ പുതിയ രൂപത്തിൽ വാഴപ്പഴം കയറ്റുമതി ചെയ്യുന്നു, എന്നിരുന്നാലും, മിൽക്ക് ഷേക്ക് പൊടി, വാഴപ്പഴം അടിസ്ഥാനമാക്കിയുള്ള ബേബി ഫുഡ്, വാഴപ്പഴത്തിന്റെ പൾപ്പ് തുടങ്ങിയവയുടെ സംസ്കരണത്തിൽ അവസരങ്ങളുണ്ട്. ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജന കയറ്റുമതിയുടെ 75 ശതമാനവും കേരളത്തിൽ നിന്നുമാണ്. കയറിന്റെയും നാളികേരത്തിന്റെയും പ്രധാന ഉത്പാദകർ കേരളമാണ്.

രാജ്യത്തിന്റെ മൊത്തം ഭക്ഷ്യ കയറ്റുമതിയിൽ കേരളം മികച്ച സംഭാവനയാണ് നൽകുന്നത്. സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്രോത്പന്നങ്ങൾ, കശുവണ്ടി, തേങ്ങ, കൊക്കോ, കാപ്പി, തേയില, വാഴപ്പഴം, പൈനാപ്പിൾ എന്നിവയിൽ കേരളം പരമ്പരാഗതമായി ശക്തമായ സംഭാവന നൽകുന്നു.

"ഭക്ഷ്യ സംസ്കരണം" എന്നത് ഭാവിയിൽ വളരെയധികം വിപണി സാധ്യത ഉള്ളതും കൃഷിയുടെയും അനുബന്ധ മേഖലകളായ ഹോർട്ടികൾച്ചർ, മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ മേഖലകളുടെയും വളർച്ചയ്ക്ക് നിസ്തുലമായ സംഭാവന നൽകാൻ കഴിയുന്ന മേഖലകൂടിയാണ്. അനുബന്ധ മേഖലകളുടെയും വളർച്ചയ്ക്ക് സംഭാവന നൽകുന്നതിനുള്ള മികച്ച സാധ്യതകൾ പരിഗണിച്ച് കേരള സർക്കാർ മുൻഗണനാ മേഖലാ പദവി ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ ഉന്നമനത്തിനായി കേരള വ്യവസായ അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ (കിൻഫ്ര) ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെയും, വാണിജ്യ വ്യവസായ മന്ത്രാലയം നടപ്പിലാക്കുന്ന "കയറ്റുമതി അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ പ്രവർത്തനങ്ങളും വികസിപ്പിക്കുന്നതിനുള്ള സംസ്ഥാനങ്ങൾക്കുള്ള സഹായം" (എഎസ്ഐഡിഇ) എന്ന പദ്ധതിയുടെയും സംസ്ഥാനത്തിന്റെ നോഡൽ ഏജൻസി എന്നിവയായി കിൻഫ്ര പ്രവർത്തിക്കുന്നു. കിൻഫ്ര സംസ്ഥാനത്തുടനീളം നിരവധി ഭക്ഷ്യാധിഷ്ഠിത പാർക്കുകൾ സ്ഥാപിച്ചു. കിൻഫ്ര പാർക്കുകളിലെ ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.5.1** ൽ നൽകിയിരിക്കുന്നു.

**കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം**

50.57 ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലെ കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്കിൽ പ്രവർത്തനക്ഷമങ്ങളായ 45 യൂണിറ്റുകളുണ്ട്. 2022-23 കാലയളവിൽ 15,053 ലക്ഷം രൂപയുടെ നിക്ഷേപം ആകർഷിക്കുകയും 1,494 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു.

**കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട്**

മെഗാ ഫുഡ് പാർക്ക് പദ്ധതിയ്ക്ക് കീഴിൽ പാലക്കാട്ടെ കഞ്ചിക്കോട്ടുള്ള 50.18 ഏക്കറിൽ 40 പ്രവർത്തനക്ഷമമായ യൂണിറ്റുകളുമായി മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള കിൻഫ്രയുടെ പ്രോപ്പോസലിന് ഭാരത സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. കണക്കാക്കുന്ന ആകെ പദ്ധതി ചെലവ് 119.02 കോടി രൂപയാണ്. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ സഹായം 50 കോടി രൂപയാണ്. 2022-23 കാലയളവിൽ 22,989.55 ലക്ഷം രൂപ നിക്ഷേപം സാധ്യമാക്കിയ ഇവിടെ 1,211 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു.

**കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, അടൂർ, പത്തനംതിട്ട**

40 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന പത്തനംതിട്ട ജില്ലയിലെ

അടൂർ കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്കിൽ പ്രവർത്തനക്ഷമങ്ങളായ 18 യൂണിറ്റുകളുണ്ട്. 2022-23 കാലയളവിൽ 6,010.44 ലക്ഷം രൂപ നിക്ഷേപം നടത്തിയ ഇവിടെ 759 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു.

**ഫുഡ് ആൻഡ് സ്പൈസസ് പാർക്ക്, മുട്ടം, ഇടുക്കി**

ഇടുക്കി ജില്ലയിലെ മുട്ടം എന്ന സ്ഥലത്തുള്ള 15 ഏക്കർ സ്ഥലത്താണ് ഈ പ്രൊജക്റ്റ് സ്ഥിതിചെയ്യുന്നത്. ഭാരത സർക്കാരിന്റെ എംഎസ്എംഇ മന്ത്രാലയത്തിനു കീഴിലുള്ള എംഎസ്എംഇ-ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (എംഎസ്എംഇ-സിഡിപി) എന്ന പദ്ധതിയ്ക്ക് കീഴിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഭക്ഷ്യ, സുഗന്ധവ്യഞ്ജനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും പൂർണ്ണമായ അടിസ്ഥാന സൗകര്യങ്ങൾ ഇത് വിഭാവനം ചെയ്യുന്നു. ഇന്ത്യാ ഗവൺമെന്റ് പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മൊത്തം പദ്ധതി ചെലവ് 12.5 കോടി രൂപയാണ്, അതിൽ 6 കോടി രൂപയാണ് കേന്ദ്ര സഹായം.

**കെ.എസ്.ഐ.ഡി.സി മെഗാ ഫുഡ് പാർക്ക്, ആലപ്പുഴ**

ഭാരത സർക്കാരിന്റെ മെഗാ ഫുഡ് പാർക്ക് പദ്ധതിയ്ക്ക് കീഴിൽ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിൽ നിന്നുള്ള സഹായം ലഭ്യമാക്കിക്കൊണ്ട് കടൽ ഭക്ഷ്യ സംസ്കരണ മേഖലയെ കേന്ദ്രീകരിച്ച് ചേർത്തലയിലെ വ്യവസായ വളർച്ചാ കേന്ദ്രമായ പള്ളിപ്പുറത്ത് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.ഡി.സി) ഒരു മെഗാ ഫുഡ് പാർക്ക് വികസിപ്പിക്കുന്നു. കോൾഡ് സ്റ്റോറേജ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, ഐസ് പ്ലാന്റ് തുടങ്ങിയ സമുദ്ര ഭക്ഷ്യ ഉല്പന്നസംസ്കരണ മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ പാർക്ക് നിറവേറ്റും. ഇത് ശക്തമായ പിന്നോക്ക-മുന്നോക്ക ബന്ധങ്ങളുള്ള ഡിമാൻഡ്-ഡ്രൈവ് ഹബ്ബും സ്പോക്ക് മോഡലും ചേർന്നതാണ്. ഭക്ഷ്യ സംസ്കരണ വ്യവസായം സ്ഥാപിക്കുന്നതിന് ആധുനിക സൗകര്യങ്ങളുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഈ പാർക്കിൽ മൂന്ന് സുപ്രധാന ഘടകങ്ങൾ അടങ്ങിയിരിക്കുന്നു - (i)ഹബ്ബിലെ സെൻട്രൽ പ്രോസസ്സിംഗ് സെന്റർ (സിപിസി), (ii) പ്രൈമറി പ്രോസസ്സിംഗ് സെന്ററുകൾ (പിപിസി), (iii) കളക്ഷൻ സെന്ററുകൾ (സിസി) ഇവ അഗ്രോ ലോജിസ്റ്റിക്സ് നെറ്റ്‌വർക്ക് വഴി ബന്ധിപ്പിച്ചിരിക്കുന്നു. 30 വർഷത്തെ പാട്ടക്കാലത്തേക്ക് സമുദ്ര ഭക്ഷ്യ/ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്കും അനുബന്ധ മേഖലകളിലെ വ്യവസായ യൂണിറ്റുകൾക്കുമാണ് ഭൂമി അനുവദിക്കുക.

പദ്ധതിയുടെ ആകെ ചെലവ് 128.49 കോടി രൂപയാണ് ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (എംഒഎഫ്പിഐ) 50 കോടി രൂപയുടെ സഹായധനമായി അനുവദിച്ചു. ഫുഡ് പാർക്കിനായി മന്ത്രാലയം ആദ്യം അനുവദിച്ച നിർദ്ദേശം 68 ഏക്കറിലായിരുന്നു പിന്നീട് ഈ പദ്ധതി 2020 മെയ് മാസത്തിൽ 84.03 ഏക്കറിലായി പരിഷ്ക്കരിച്ചു. 16 ഏക്കർ ഭൂമി അധികമായി ഏറ്റെടുക്കുന്നതിലൂടെ . വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 36 യൂണിറ്റുകൾക്കായി മൊത്തം 84.03 ഏക്കർ ഭൂമി അനുവദിക്കാൻ സാധിച്ചു. ഇതിൽ 13 യൂണിറ്റുകൾ പൂർണ്ണമായി പ്രവർത്തനക്ഷമമാണ്, ബാക്കിയുള്ളവ നടപ്പാക്കിവരികയാണ്. 20,000 ചതുരശ്ര അടി വിസ്തീർണമുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയും 9,000 ചതുരശ്ര അടി വിസ്തീർണമുള്ള ഇൻഡസ്ട്രിയൽ ഷെഡും 3 യൂണിറ്റുകൾക്കായി അനുവദിച്ചു. ഇതിൽ 2 യൂണിറ്റുകൾ പ്രവർത്തനക്ഷമമാണ്. മെഗാ ഫുഡ് പാർക്കിൽ അനുവദിച്ചിട്ടുള്ള യൂണിറ്റുകൾ പൂർണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ മൊത്തം 600 കോടി രൂപയുടെ നിക്ഷേപവും 3,000 പേർക്ക് നേരിട്ടുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.. (അവലംബം: ഡബ്ല്യു.ഡബ്ല്യു.ഡബ്ല്യു. കെ.എസ്.ഐ.ഡി.സി.ഒആർജി).

**എൻസിഎച്ച്സി വഴി ഭക്ഷ്യ സുരക്ഷാ സംവിധാനം നടപ്പിലാക്കുക**

നാഷണൽ സെന്റർ ഫോർ എച്ച്.എ.സി.സി.പി സർട്ടിഫിക്കേഷനും (എൻ.സി.എച്ച്.സി) കെ-ബിപ്പും സംയുക്തമായി കേരളത്തിനകത്തും മറ്റ് വിവിധ സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ ആഡിറ്റിംഗ്, സർട്ടിഫിക്കേഷൻ, റി സർട്ടിഫിക്കേഷൻ തുടങ്ങിയവ കൈകാര്യം ചെയ്തു വരുന്നു. ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ച അവബോധം നൽകുന്നതിന് വേണ്ടി നാഷണൽ സെന്റർ ഫോർ എച്ച്.എ.സി.സി.പിയുടേയും കേരളത്തിലെ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു .

**ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രധാന വെല്ലുവിളികൾ**

- വിതരണ ശൃംഖല അടിസ്ഥാന സൗകര്യ വിടവ്: പ്രാഥമിക സംസ്കരണം, സംഭരണം, വിതരണ സൗകര്യങ്ങളുടെ അഭാവം.
- വിതരണ ശൃംഖല സ്ഥാപനപരമായ വിടവ്: എപിഎംസി വിപണിയിലെ സംഭരണ ആശ്രിതത്വം.
- ഉൽപാദനവും സംസ്കരണവും തമ്മിലുള്ള പരസ്പര ബന്ധത്തിലെ പോരായ്മകൾ.
- കാലികമായ പ്രവർത്തനങ്ങളും കുറഞ്ഞ ശേഷി വിനിയോഗവും.
- ഗുണനിലവാരത്തിലും സുരക്ഷാ മാനദണ്ഡങ്ങളിലു വേണ്ടത്ര ശ്രദ്ധ കേന്ദ്രീകരിക്കാത്തത്.
- ഉൽപ്പന്ന വികസനത്തിന്റെയും നൂതന ആശയത്തിന്റെയും അഭാവം.
- വായ്പ, ധനസഹായം എന്നിവയുടെ അഭാവം.
- അപര്യാപ്തമായ സംഭരണ, ഗതാഗത സൗകര്യങ്ങൾ.

**മുന്നോട്ടുള്ള വഴി**

ഭക്ഷ്യ സംസ്കരണ മേഖല നിരവധി വെല്ലുവിളികൾ നേരിടുന്നു, ആയതിനാൽ ഉടനടി ലക്ഷ്യാധിഷ്ഠിതമായ ഇടപെടൽ ആവശ്യമാണ്. ഈ മേഖലയിലെ ഭൂരിഭാഗം സംരംഭങ്ങളും സൂക്ഷ്മവും ചെറുതുമായ യൂണിറ്റുകളാണ്, അവയുടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോ നിക്ഷേപം നടത്തുന്നതിനോ ആവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഇല്ല. ഈ വെല്ലുവിളികളെ അതിജീവിക്കുന്നതിന്, ലക്ഷ്യാധിഷ്ഠിത പ്രോത്സാഹനങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, സംസ്കരണ പ്രക്രിയയിലെ നിക്ഷേപം എന്നിവ ഉൾപ്പെടെ ധീരവും നിർണായകവുമായ പ്രവർത്തനം ആവശ്യമാണ്. ഗ്രേഡിംഗ്, പാക്കിംഗ് സെന്ററുകൾ, നിയന്ത്രിത അന്തരീക്ഷ സൗകര്യങ്ങൾ, റീഫർ വാനുകൾ, തുറമുഖങ്ങൾ/വിമാനത്താവളങ്ങൾ/റെയിൽവേ

സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ പെട്ടന്ന് നശിക്കുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിനായി കോൾഡ് സ്റ്റോറേജ്, ടെസ്റ്റിംഗ് ലബോറട്ടറികൾ, ഗവേഷണവും വികസനവും, നൈപുണ്യ പരിശീലനം നൽകൽ, വിപണന പിന്തുണ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും എന്നിങ്ങനെ വിതരണ ശൃംഖലയുടെ വിവിധ ഘടകങ്ങളിൽ ഗണ്യമായ നിക്ഷേപം അനിവാര്യമായി വരുന്നത്.

സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾക്ക് വലിയ കയറ്റുമതി സാധ്യതയും ആഭ്യന്തര ചോദനവുമുണ്ട്. കർഷകരെയും ഭക്ഷ്യസംസ്കരണ യൂണിറ്റുകളെയും ചില്ലറ വിൽപനക്കാരെയും ഒരുമിച്ച് കൊണ്ടുവന്ന് കാർഷികോൽപ്പാദനത്തെ വിപണിയുമായി ബന്ധിപ്പിക്കണം. കൃത്യമായ വിപണനം, അത്യാധുനിക സാങ്കേതിക വിദ്യ സ്വീകരിക്കൽ, സ്ഥിരമായ വിലയിൽ കർഷകരിൽ നിന്നുള്ള അസംസ്കൃത വസ്തുക്കളുടെ സ്ഥിരമായ ലഭ്യത, പ്രത്യേക ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുക എന്നിവ കാർഷിക മേഖലയുടെയും കർഷകരുടെയും വരുമാന വർദ്ധനവിനും മികച്ച വികസനത്തിനും കാരണമാകും.

# 4.6 പരമ്പരാഗത വ്യവസായങ്ങൾ

**കരകൗശല മേഖല**

രാജ്യത്തുടനീളമുള്ള ദശലക്ഷക്കണക്കിന് കരകൗശല തൊഴിലാളികൾക്ക് തൊഴിൽ, ഗണ്യമായ വിദേശനാണ്യം എന്നീ സംഭാവനകളുടെ അടിസ്ഥാനത്തിൽ കരകൗശല മേഖല സാമ്പത്തിക വികസനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. രാജ്യത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകവും ഇത് സംരക്ഷിക്കുന്നു. കരകൗശല മേഖലയിൽ 68.86 ലക്ഷം കരകൗശല തൊഴിലാളികൾ ജോലി ചെയ്യുന്നു; ഇതിൽ 38.61 ലക്ഷം സ്ത്രീകളാണ്. കൈകൊണ്ട് നിർമ്മിച്ച പരവതാനി ഉൾപ്പെടെയുള്ള കരകൗശല വസ്തുക്കളുടെ കയറ്റുമതി 2022-23 ഒക്ടോബർ വരെ 29,020.94 കോടി രൂപയായിരുന്നു(അവലംബം: വാർഷിക റിപ്പോർട്ട് 2022-23, ടെക്സ്റ്റയിൽസ് മന്ത്രാലയം, ഭാരത സർക്കാർ). വ്യവസായത്തിന്റെ അസംഘടിത സ്വഭാവം, തൊഴിലാളികളുടെ കുറഞ്ഞ വിദ്യാഭ്യാസ നിലവാരം, കുറഞ്ഞ മൂലധന അടിത്തറ, പുതിയ സാങ്കേതികവിദ്യകളിലേക്കുള്ള എത്തിച്ചേരലിന്റെ അഭാവം, മാർക്കറ്റ് ഇന്റലിജൻസിന്റെ അഭാവം, ദുർബല സ്ഥാപനപരമായ ചട്ടക്കൂട് തുടങ്ങിയ ബലഹീനതകളാൽ ഈ മേഖല ബുദ്ധിമുട്ടുന്നു. കരകൗശല മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ, "ദേശീയ കരകൗശല വികസന പദ്ധതി [എൻഎച്ച്ഡിപി]", സമഗ്ര കരകൗശല ക്ലസ്റ്റർ വികസന പദ്ധതി (സിഎച്ച്സിഡിഎസ്) എന്നിവയ്ക്ക് കീഴിൽ നടപ്പിലാക്കുന്നു.

**കേരളത്തിലെ കരകൗശല വ്യവസായം**

ആനക്കൊമ്പ്, മുള, പനയോല, കക്ക, തടി, ചിരട്ട, കളിമണ്ണ്, തുണി, കയർ, ലോഹം, കല്ലുകൾ, ലാക്വയർ വെയർ തുടങ്ങിയവ ഉപയോഗിച്ച് അതിമനോഹരങ്ങളായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു പാരമ്പര്യം കേരളത്തിനുണ്ട്. സംസ്ഥാനത്തുടനീളമുള്ള കൊട്ടാരങ്ങളിലും, പുരാതന ഗൃഹങ്ങളിലും, മ്യൂസിയങ്ങളിലും പ്രാചീന കരകൗശല വിസ്മയങ്ങൾ കാണാൻ കഴിയും.

ദന്ത കൊത്തുപണി, തടിയിലും കൊമ്പിലുമുള്ള കൊത്തുപണി, ബെൽ മെറ്റൽ കാസ്റ്റിംഗ്, ഹാൻഡ് ബ്രോയ്ഡറി, ചിരട്ട കൊത്തുപണി എന്നിവ ഉൾപ്പെടെ 32 വ്യത്യസ്ഥ ഇനത്തിലുള്ള തനത് കരകൗശല വസ്തുക്കൾ കേരളത്തിലുണ്ട്. ഈ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് അവരുടെ പാരമ്പര്യം തുടരുന്നതിന് സാമൂഹികവും സാമ്പത്തികവുമായ പിന്തുണ ആവശ്യമാണ്. ഇത് തിരിച്ചറിഞ്ഞ് കേരള സർക്കാർ, ഇടനിലക്കാരെ ഒഴിവാക്കാനും കരകൗശല വിദഗ്ധരുടെ കഴിവുകൾ വർദ്ധിപ്പിക്കാനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനും വിപണി സാധ്യതകൾ ഉയർത്തുന്നതിനും മേഖലയിലെ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്താനും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. കരകൗശലത്തൊഴിലാളികളെ പിന്തുണയ്ക്കുകവഴി, കേരളത്തിന്റെ സമ്പന്നമായ പൈതൃകം സംരക്ഷിക്കുകയും പ്രാദേശിക സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് സംഭാവന നൽകുകയും ചെയ്യുന്നു.

കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കരകൗശല വികസന കോർപ്പറേഷൻ(എച്ച്.ഡി.സി.കെ.), കേരള ആർട്ടിസാൻസ് വികസന കോർപ്പറേഷൻ (കാഡ്കോ) എന്നിവയാണ് കേരളത്തിലെ കരകൗശല വ്യവസായത്തിന്റെ പ്രധാന പ്രോത്സാഹന ഏജൻസികൾ.

**കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി)**

പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളുടെ പരമോന്നത സംഘടനയായ സുരഭി കരകൗശലത്തൊഴിലാളികളെ അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിലൂടെയും ഭാരത സർക്കാരിന്റെയും കേരള സർക്കാരിന്റെയും ക്ഷേമ പദ്ധതികളിലൂടെ പിന്തുണയ്ക്കുന്നതിലൂടെയും അവരെ ഉയർത്തികൊണ്ട് വരുക എന്ന ലക്ഷ്യത്തോടെയാണ് സ്ഥാപിച്ചിരിക്കുന്നത്. ഇതിന്റെ കീഴിൽ 42 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിനകത്തും പുറത്തുമായി 9 ഷോറൂമുകൾ സുരഭിയ്ക്ക് കീഴിൽ ഉണ്ട്. 2022-23 വർഷത്തെ ആകെ വിറ്റുവരവ് 108.14 ലക്ഷം

രൂപയായിരുന്നു. 2022-23 ൽസംസ്ഥാന സർക്കാരിൽ നിന്ന് അപെക്സ് സ്ഥാപനത്തിന് 25.00 ലക്ഷം രൂപ ലഭിച്ചു. ഈ കാലയളവിൽ നൽകിയ ആകെ തൊഴിൽ 30,000 ആയിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.1** ൽ നൽകിയിരിക്കുന്നു

### കേരള ഹാന്റീക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (എച്ച് ഡി സി കെ)

കരകൗശല ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിലും വിപണനം ചെയ്യുന്നതിലും കരകൗശല തൊഴിലാളികൾക്ക് ന്യായമായ വരുമാനം ഉറപ്പാക്കുന്നതിലും കരകൗശല വികസന കോർപ്പറേഷൻ (എച്ച്ഡിസികെ) ഏർപ്പെട്ടിരിക്കുന്നു. കേരള ഹാന്റീക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ഭാരതത്തിലുടനീളമുള്ള 19 കൈരളി എംപോറിയങ്ങളിലൂടെയും തിരുവനന്തപുരത്തുള്ള ശ്രീമൂലം ഷഷ്ട്യബ്ദി പൂർത്തി മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ടിലൂടെയും (എസ്എംഎസ്എംഐ) കരകൗശല മേഖലയിലെ തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ന്യായ വില നൽകിക്കൊണ്ട് ഇവയുടെ സംഭരണവും വിപണനവും നടത്തിവരുന്നു. മർക്കറ്റിംഗ് കൂടാതെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ക്ഷേമ പദ്ധതികളിലൂടെ ഇവരെ സഹായിക്കുന്നു. തടി കൊണ്ടുള്ള കരകൗശല നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന കരകൗശലക്കാർക്ക് തിരുവനന്തപുരത്ത് ഒരു പൊതു സൌകര്യ സേവനകേന്ദ്രം നടത്തുന്നുണ്ട്.

പത്തൊൻപത് വിൽപ്പന യൂണിറ്റുകളിലൂടെ കരകൗശല വസ്തുക്കളുടെ വിൽപ്പന കൂടാതെ, എൻബിസിഎഫ്ഡിസി വായ്പാ പദ്ധതികൾക്ക് കീഴിൽ കരകൗശല തൊഴിലാളികളുടെ മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കോർപ്പറേഷൻ ധനസഹായ പദ്ധതികളും നടപ്പാക്കുന്നു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ പിന്തുണയോടെ, കരകൗശലത്തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ നടപ്പാക്കൽ, പരിശീലന പരിപാടികൾ, സി.എഫ്.സികൾ സ്ഥാപിക്കൽ, ടൂൾ കിറ്റ് വിതരണം, കരകൗശല തൊഴിലാളികൾ നിർമ്മിച്ച കലാസൃഷ്ടികൾ പ്രധാന സ്ഥലങ്ങളിൽ എക്സിബിഷനുകൾ / ക്രാഫ്റ്റ് ബസാറുകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവ വഴി പ്രദർശിപ്പിച്ച വിപണി സൗകര്യവും ഒരുക്കുന്നു.

2022-23 കാലയളവിൽ 1,500 ലക്ഷം രൂപയുടെ വിൽപ്പന വിറ്റുവരവ് ലക്ഷ്യമിട്ടതിൽ, 835.07 ലക്ഷം രൂപയുടെ മൊത്തം വിൽപ്പന നേടുവാൻ സാധിച്ചു. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് വിൽപ്പനയിൽ 3 കോടി രൂപയുടെ വർധനവിന് കാരണമായി. കോർപ്പറേഷന്റെ വിൽപ്പന പ്രധാനമായും ആഭ്യന്തര, വിദേശ വിനോദ സഞ്ചാരികളെയും മേളകളെയും എക്സിബിഷനുകളെയും ആശ്രയിച്ചിരിക്കുന്നു. 2022-23 ൽ 72 തൊഴിലവസരങ്ങൾ കോർപ്പറേഷൻ സൃഷ്ടിക്കുകയുണ്ടായി. വിശദാംശങ്ങൾ **അനുബന്ധം 4.6.2** ൽ നൽകിയിരിക്കുന്നു.

### കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)

കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) 1956 ലെ കമ്പനീസ് ആക്റ്റിന് കീഴിൽ പൂർണമായും കേരള ഗവണ്മെന്റ് കമ്പനിയായി രജിസ്റ്റർ ചെയ്ത് 1981ൽ നിലവിൽ വന്നതാണ്. കേരളത്തിലെ തദ്ദേശീയരായ കരകൗശല തൊഴിലാളികളായ മരപ്പണിക്കാർ, സ്വർണപ്പണിക്കാർ, കൊല്ലപണിക്കാർ, കശവപണിക്കാർ, കൊത്തുപണിക്കാർ, ചെമ്പ്/ വെങ്കലം ഉപയോഗിച്ചുള്ള ജോലി ചെയ്യുന്നവർ, മറ്റു കൈത്തൊഴിൽക്കാർ എന്നിവരുടെ ഉന്നമനമാണ് കോർപ്പറേഷന്റെ മുഖ്യ ലക്ഷ്യം. വിവിധതരത്തിലുള്ള കരകൗശല തൊഴിലാളികളെ കണ്ടെത്തുകയും അവരുടെ കൈതൊഴിലുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് കാഡ്കോയുടെ പ്രാഥമിക ലക്ഷ്യം. കോഴിക്കോട്ടെ നടവന്നൂർ, കൊല്ലത്തെ ഉമയനല്ലൂർ എന്നിവിടങ്ങളിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ മരപ്പണിക്കായി പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ കാഡ്കോ വിജയകരമായി നടത്തിവരുന്നു. യഥാർത്ഥ ഗുണഭോക്താക്കളെ ശാസ്ത്രീയമായ രീതിയിൽ അവരുടെ ഉപജീവനത്തിന് സൗകര്യമൊരുക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി സംഘടിപ്പിക്കുന്നതിനുള്ള ആദ്യപടിയായി രജിസ്ട്രേഷൻ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ലേബർ ഡാറ്റാ ബാങ്ക് കാഡ്കോ അവതരിപ്പിച്ചു. ഈ ഡാറ്റാ ബാങ്ക് ഒളിഞ്ഞിരിക്കുന്ന കഴിവുകൾ മനസ്സിലാക്കാനും ഉപയോഗപ്പെടുത്താനും അതത് മേഖലകളിൽ ശരിയായ പരിശീലനം നൽകാനും ബിസിനസ്, വാണിജ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ ഫലപ്രദമായി ചെയ്യുന്നതിനും സഹായിക്കും. ഇത് യഥാർത്ഥ ഗുണഭോക്താക്കളെ സംഘടിപ്പിക്കുന്നതിനും അവർക്ക് വിജയിക്കാൻ ആവശ്യമായ പിന്തുണ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമുള്ള ആദ്യനടപടിയാണ് .

ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) ന്റെ സംസ്ഥാന ചാനലൈസിംഗ് ഏജൻസികളിലൊന്നായ കാഡ്കോ ഒരു ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് 5 ശതമാനം നാമമാത്ര പലിശ നിരക്കിൽ പിന്നോക്ക വിഭാഗങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് വിവിധ വരുമാന വർദ്ധന പ്രവർത്തനങ്ങൾ തുടങ്ങുവാൻ ഹ്രസ്വകാല വായ്പകൾ വിതരണം ചെയ്യുന്നു. കൂടാതെ കരകൗശല യൂണിറ്റുകൾക്ക് നവീകരണത്തിനും പുതിയ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനും 5 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. (അവലംബം : ഡബ്ല്യൂ ഡബ്ല്യൂഡബ്ല്യൂ. കേരള ആർട്ടിസാൻസ്.കോം )

### മുള വ്യവസായം

വിവിധ ഉപയോഗങ്ങളുള്ള പരിസ്ഥിതി സൗഹാർദ്ദവും പുനർ വിനിയോഗ സാദ്ധ്യതയുമുള്ള ഒരു വിഭവമാണ് മുള. കേരളത്തിൽ, 28 വിവിധ ഇനം മുളകൾ ലഭ്യമാണ്. കേരളത്തിലെ വനങ്ങളിൽ നിന്നുള്ള മുള കുറഞ്ഞ നിരക്കിൽ പ്രധാനമായും പൾപ്പ്, റയോൺ യൂണിറ്റുകളിലാണ് എത്തിച്ചേരുന്നത്. സംസ്ഥാനത്ത് ഏകദേശം ഒരു ലക്ഷം ആൾക്കാർ മുള വ്യവസായത്തിൽ ജീവനോപാധി കണ്ടെത്തുന്നു. പഞ്ചായത്തുകളിൽ നിന്ന് ഈയിടെ ലഭ്യമായ വിവരങ്ങളനുസരിച്ച് എഴുപതുകളുടെ തുടക്കം മുതൽ ഈ മേഖലയിൽ നിന്ന് ധാരാളം തൊഴിലാളികൾ നിർമ്മാണ മേഖല പോലെയുള്ള കുറഞ്ഞ നൈപുണ്യം ആവശ്യമുള്ളതും നൈപുണ്യം ആവശ്യമില്ലാത്ത തൃതീയ മേഖലകളിലേയ്ക്കും ചേക്കേറുന്നതായി കണ്ടെത്തിയിട്ടുണ്ട്. (അവലംബം:ഡബ്ല്യൂഡബ്ല്യൂഡബ്ല്യൂ.കേരള ബാംബൂ മിഷൻ.ഒ.ആർ.ജി)

**കേരള സ്റ്റേറ്റ് ബാംബൂ മിഷൻ**

2003 ൽ രൂപീകരിച്ച കേരള സ്റ്റേറ്റ് ബാംബൂ മിഷൻ (കെഎസ് ബിഎം), സംസ്ഥാനത്തിന്റെ ബാംബൂ വികസന ഏജൻസി (ബിഡിഎ) ആയി പ്രവർത്തിക്കുന്നു. വിഭവങ്ങളെ സംയോജിപ്പിച്ച് സംസ്ഥാനത്തെ മുള വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും, മൂല്യ വർധനവ്, വരുമാനവർദ്ധനവ്, ദാരിദ്ര്യനിർമ്മാർജനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. 2022-23-ൽ കെ-ബിഐഎപി മുഖേന കേരള സ്റ്റേറ്റ് ബാംബൂ മിഷൻ നടത്തിയ ഇടപെടലുകളിൽ പ്രധാനപ്പെട്ടവ. സംസ്ഥാനത്ത് ദേശീയ ബാംബൂ മിഷൻ (ഇന്ത്യ ഗവൺമെന്റ്) പദ്ധതികൾ നടപ്പിലാക്കുക, എക്സിബിഷനുകൾ/വ്യാപാര മേളകളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക, നൈപുണ്യ വികസനം/പരിശീലന പരിപാടികൾ (5 എണ്ണം) ഇതിലൂടെ 75 പേർക്ക് പ്രയോജനം ലഭിച്ചു, കൂടാതെ മുള മേഖലയിലെ പ്രമോഷണൽ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ്. (ഉറവിടം: കെ-ബിപ്പ്)

**ബാംബൂ ഫെസ്റ്റ് 2022**

കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിനെ പ്രതിനിധീകരിച്ച്, കേരള സ്റ്റേറ്റ് ബാംബൂ മിഷൻ 2022 നവംബർ 27 മുതൽ ഡിസംബർ 04 വരെ എറണാകുളത്തെ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ വെച്ച് 'കേരള ബാംബൂ ഫെസ്റ്റിന്റെ' 19-ാം പതിപ്പ് സംഘടിപ്പിച്ചു. സംസ്ഥാനത്തിനകത്ത് നിന്നുള്ള 211 മുള കരകൗശല വിദഗ്ധർ 180 സ്റ്റാളുകളിലായി തങ്ങളുടെ മുള ഉൽപന്നങ്ങൾ ഫെസ്റ്റിൽ പ്രദർശിപ്പിച്ചു. മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമാണ് ഇത് സംഘടിപ്പിച്ചത്. സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ നിന്നും മുള വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി കരകൗശല വിദഗ്ധർക്കും സംഘടനകൾക്കും തങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും അവരുടെ ഉൽപന്നങ്ങളുടെ വിൽപനയിലൂടെ ന്യായമായ ലാഭം നേടാനും ഈ ഫെസ്റ്റ് അവസരമൊരുക്കി. വിവിധ രീതികളിൽ നൂതനവും പരിസ്ഥിതി സൗഹൃദവുമായ വൈവിധ്യമാർന്ന മുള ഉൽപന്നങ്ങൾ ബാംബൂ ഫെസ്റ്റിൽ പ്രദർശിപ്പിച്ചു.

നാഷണൽ ബാംബൂ മിഷന്റെ സഹായത്തോടെ പൂർത്തിയാക്കിയ പദ്ധതികൾ :-

- വയനാട് തൃക്കൈപ്പറ്റയിൽ മുള നഴ്സറി.
- കുമരകം (കോട്ടയം), മാനന്തവാടി, വൈത്തിരി റിസോർട്ട് (വയനാട്) എന്നിവിടങ്ങളിലെ ബാംബൂ ബസാറുകൾ.
- കോഴിക്കോട് നാദാപുരത്ത് ധൂപവർഗ്ഗ നിർമാണ യൂണിറ്റ്.
- കേരളത്തിലെ വിവിധ ജില്ലകളിലായി MNREGS സ്റ്റേറ്റ് മിഷന്റെയും (111.59 ഏക്കർ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെയും മലപ്പുറത്തെ അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റി കാമ്പസിൽ (121.4 ഹെക്ടർ) മുള ബ്ലോക്ക് പ്ലാന്റേഷനുകൾ.(ഉറവിടം: കേരള സ്റ്റേറ്റ് ബാംബൂ മിഷൻ)

**കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ**

സംസ്ഥാനത്തെ പരമ്പരാഗത മുള തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും ഉന്നമനത്തിനുമായി 1971 ൽ നിലവിൽവന്ന സ്ഥാപനമാണ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ. മുള, ഈറ്റ, ചൂരൽ, റാട്ടൺ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും, മേൽപറഞ്ഞ ഉത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും ഏറ്റെടുത്ത് പരമ്പരാഗത മുള തൊഴിലാളികൾക്ക് സാമ്പത്തിക, സാങ്കേതിക, മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. കോർപ്പറേഷൻ ഇന്ന് കേരളത്തിലെ 10,000ൽ അധികം വരുന്ന മുള തൊഴിലാളികളുടെയും കുടുംബങ്ങളുടെയും ആശ്രയകേന്ദ്രമാണ്. തൊഴിലാളികളിൽ ഭൂരിഭാഗവും പാവപ്പെട്ടവരും സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരും, പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ്.

ഗവണ്മെന്റിന്റെ വന ഭൂമിയിൽ നിന്നും ഗുണമേന്മയേറിയ ഈറ്റ സ്വരൂപിക്കുകയും പരമ്പരാഗത മുള, നെയ്ത്ത് തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ഇത് വായ്പയായി വിതരണം ചെയ്യുക, നെയ്ത പായകൾ നെയ്ത്തുകാരിൽ നിന്ന് നേരിട്ട് സംഭരിക്കുകയും ചെയ്യുക എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നത്. മുള കൊണ്ടുള്ള പായകൾ, മുള പലകകൾ, പരന്ന മുള ബോർഡുകൾ, ബാംബൂ ഫ്ലോറിംഗ് ടൈൽ, ബാംബൂ ഫർണിച്ചർ, കരകൗശല വസ്തുക്കൾ എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന ഉൽപ്പന്നങ്ങൾ. പായ നെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ മുള പായകളും കരകൗശല വസ്തുക്കളും നിർമ്മിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആരംഭിച്ചു.

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന് അസംസ്കൃത മുളയിൽ നിന്നും വിവിധ തരത്തിലുള്ള സ്ട്രിപ്പുകൾ ഉത്പാദിപ്പിക്കുന്നതിനായി പാലക്കാട്, മാനന്തവാടി, നാദാപുരം എന്നിവിടങ്ങളിൽ മൂന്ന് ഫീഡർ/പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റുകൾ ഉണ്ട്. ബാംബൂ കർട്ടനുകൾ, ബാംബൂ ബോർഡ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ മുള ഉത്പന്ന അസംസ്കൃത വസ്തുക്കൾ അങ്കമാലി ബാംബൂ ബോർഡിനും അതിന്റെ അനുബന്ധ യൂണിറ്റുകൾക്കും ബാംബൂ കോർപ്പറേഷൻ ലഭ്യമാക്കുന്നു. മുകളിൽ പറഞ്ഞ പ്രക്രിയയിൽ നിന്നുമുണ്ടാകുന്ന മാലിന്യ മുള, 50 ശതമാനം മുതൽ 70 ശതമാനം വരെ ടൂത്ത് പിക്, കർട്ടൻ ബ്ലൈൻഡ്സ് , ബാംബൂ കർട്ടൻസ്, ധൂപ വർഗ്ഗങ്ങൾ എന്നീ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നു.

**മേഖലയിലെ പ്രശ്നങ്ങൾ**

മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്:

- വിലനിർണ്ണയ സംവിധാനത്തിന്റെ അഭാവം.
- ഇടനിലക്കാരുടെ ചൂഷണം.
- മുള ഉൽപന്നങ്ങളുടെ വിപണനം സീസൺ സ്വഭാവമുള്ളതായതിനാൽ ഓഫ് സീസണുകളിൽ ഉൽപ്പന്നങ്ങളുടെ ആവശ്യം കുറയുന്നു.
- സ്വകാര്യമേഖലയിൽ നിന്നുള്ള കടുത്ത മത്സരം.
- കുറഞ്ഞ വിലയിൽ കരകൗശല വസ്തുക്കൾക്ക് പകരമുള്ള ഉൽപ്പന്നങ്ങളുടെ ലഭ്യത.
- പ്രതികൂലമായ തൊഴിൽ സാഹചര്യങ്ങളിൽ പരമ്പരാഗത ജോലികൾ ചെയ്യാൻ കൈത്തൊഴിലാളികൾ മടിക്കുന്നു.

- പുതിയ തലമുറയുടെ താൽപ്പര്യക്കുറവ്.
- മുള ഉൽപ്പന്ന ഉൽപ്പാദന വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ കുറവ്.
- വനത്തിൽ നിന്നും മുള മുറിക്കുന്നതിനും സംഭരിക്കുന്നതിനുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും.
- മുളയുടെ ശരിയായ വിതരണ ശൃംഖലയുടെ അഭാവം.
- കരകൗശല/എൻ.ജി.ഒ/എം.എസ്.എം.ഇ.കളുടെ പ്രവർത്തന മൂലധനത്തിന്റെയും വായ്പയുടെയും അഭാവം.
- സംരംഭകത്വ വികസന പരിപാടികളുടെയും നൈപുണ്യ വികസന പരിപാടികളുടെയും ആധുനികവൽക്കരണവും,പുതിയ ഡിസൈനുകൾ/നവീനത എന്നിവയുടെയും അഭാവവും.
- സാങ്കേതിക വിദ്യാ, ഡിസൈൻ, ഉപകരണങ്ങൾ എന്നിവ വികസിപ്പിക്കുന്നതിൽ ഉള്ള അവബോധമില്ലായ്മ.
- സ്റ്റാൻഡഡൈസേഷന്റെയും പാക്കേജിംഗ് സാങ്കേതികവിദ്യയുടെയും അഭാവം.
- വിപണന സൗകര്യം/മേൽത്തട്ട് കീഴ്ത്തട്ട് ലിങ്കേജിന് ആവശ്യമായ ഹാന്റ് ഹോൾഡിംഗ് സപ്പോർട്ട് എന്നിവയുടെ അപര്യാപ്തത.

**മുന്നോട്ടുള്ള വഴി**

കേരളത്തിലെ വ്യാവസായിക മേഖല ആഗോളമായുള്ള നല്ല മാതൃകകൾ പിന്തുടരുകയും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുകയും ഇവിടത്തെ വിദ്യാസമ്പന്നരും വൈദഗ്യവുമുള്ള തൊഴിലാളി സമൂഹത്തെ പ്രയോജനപ്പെടുത്തേണ്ടതുമാണ്. ഈ മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് മുൻതൂക്കം നൽകേണ്ടതാണ്.

## കൈത്തറി, തുണി നെയ്ത്ത് വ്യവസായങ്ങൾ

**ഇന്ത്യയിലെ തുണിനെയ്ത്ത് വ്യവസായം**

ലോകത്തിലെ ഏറ്റവും വലിയ തുണിനെയ്ത്ത് വ്യവസായങ്ങളിലൊന്നായ ഇന്ത്യൻ തുണിനെയ്ത്ത് വ്യവസായം മൂല്യശൃംഖലയിലുടനീളം അസംസ്കൃത വസ്തുക്കളുടെ വലിയ അടിത്തറയും ഉത്പാദന ശേഷിയുമുള്ള ഒന്നാണ്. ചൈന കഴിഞ്ഞാൽ മനുഷ്യനിർമ്മിത ഫൈബർ (എംഎംഎഫ്) ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന രാജ്യമാണ് ഇന്ത്യ. ലോകത്തിലെ തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും കയറ്റുമതിയിൽ മൂന്നാം സ്ഥാനത്താണ് ഇന്ത്യ. 2021-22 ൽ ഇന്ത്യയുടെ മൊത്തം ചരക്ക് കയറ്റുമതിയുടെ 10.5 ശതമാനവും കരകൗശലവസ്തുക്കൾ ഉൾപ്പെടെയുള്ള ടെക്സ്റ്റൈൽ, അപ്പാരൽ എന്നിവക്കായിരുന്നു. തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും ആഗോള വ്യാപാരത്തിന്റെ 4.6 ശതമാനം ഇന്ത്യയിലാണുള്ളത്. ഇന്ത്യൻ തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും കയറ്റുമതിയുടെ ഏകദേശം 50 ശതമാനം വരുന്നത് യുഎസ്എ, യൂറോപ്യൻ യൂണിയൻ, യുകെ എന്നീ രാജ്യങ്ങളിലേക്കാണ്. തൊഴിലവസരങ്ങളുടെ കാര്യത്തിലും ഈ മേഖലയ്ക്ക് വലിയ പ്രാധാന്യമുണ്ട്. സ്ത്രീകൾക്കും ഗ്രാമീണ ജനതക്കുമുൾപ്പെടെ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകിക്കൊണ്ട് ദശലക്ഷക്കണക്കിന് ആളുകളുടെ ഉപജീവനമാർഗ്ഗമായ ഒന്നാണ് തുണിനെയ്ത്ത് വ്യവസായം.

**ഇന്ത്യയിലെ കൈത്തറി, യന്ത്രത്തറി വ്യവസായം**

തൊഴിൽ സാധ്യതയുടെ കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന, 23.77 ലക്ഷം തറികളുള്ള ഇന്ത്യൻ കൈത്തറി വ്യവസായം രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ 2022-23 ലെ വാർഷിക റിപ്പോർട്ട് അനുസരിച്ച്, ഇന്ത്യയിലെ ഏറ്റവും വലിയ അസംഘടിത സാമ്പത്തിക പ്രവർത്തനങ്ങളിലൊന്നാണ് കൈത്തറി മേഖല. കൂടാതെ ഇത് 35 ലക്ഷത്തിലധികം ആളുകൾ ഉൾപ്പെടുന്ന ഗ്രാമീണ, അർദ്ധഗ്രാമീണ ഉപജീവനത്തിന്റെ അവിഭാജ്യ ഘടകവുമാണ്. 25 ലക്ഷത്തിലധികം സ്ത്രീ നെയ്ത്തുകാരും അനുബന്ധതൊഴിലാളികളും ഉൾപ്പെടുന്ന ഈ മേഖല സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിന്റെ പ്രധാന സ്രോതസ്സായി മാറിയിരിക്കുന്നു. രാജ്യത്തെ തുണി ഉൽപാദനത്തിന്റെ 15 ശതമാനത്തോളം സംഭാവന ചെയ്യുന്നത് ഈ മേഖലയാണ്. കൈത്തറി മേഖലയിൽ നെയ്ത്തുകാരുടെ എണ്ണം കുറഞ്ഞുവരികയാണെങ്കിലും ഉത്പാദനത്തിലെ ഇടിവ് തടയുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിരന്തരമായ ശ്രമങ്ങൾ വിജയിച്ചിട്ടുണ്ട്. 2004-05 മുതൽ, കൈത്തറി ഉൽപാദനത്തിൽ ഗണ്യമായ വളർച്ച ഇന്ത്യയിൽ ദൃശ്യമാണ്. 2020-21 ൽ കൈത്തറി ഇനങ്ങളുടെ കയറ്റുമതി മൂല്യം 1644.78 കോടി രൂപയും 2021-22ൽ 1987.63 കോടി രൂപയുമാണ്.

പ്രധാനമായും തുണിത്തരങ്ങൾ, ബെഡ് ലിനൻ, ടേബിൾ ലിനൻ, ടോയ്‌ലറ്റ്, കിച്ചൺ ലിനൻ, ടവലുകൾ, കർട്ടനുകൾ, തലയണകൾ, പാഡുകൾ, ടേപ്പ്സ്ട്രികൾ, അപ്ഹോൾസ്റ്ററികൾ, പരവതാനികൾ, ഫ്ലോർ കവറുകൾ തുടങ്ങിയവയാണ് രാജ്യത്തു നിന്ന് കയറ്റുമതി ചെയ്യുന്നത്. കരൂർ, പാനിപ്പത്ത്, വാരണാസി, കണ്ണൂർ എന്നിവയാണ് പ്രധാന കൈത്തറി കയറ്റുമതി കേന്ദ്രങ്ങൾ. യുഎസ്എ, യുഎഇ, സ്പെയിൻ, യുകെ, ഇറ്റലി, ഓസ്ട്രേലിയ, ഫ്രാൻസ്, ജർമ്മനി, നെതർലാൻഡ്സ്, ഗ്രീസ് എന്നിവയാണ് ഇന്ത്യയിൽ നിന്നും കൈത്തറി ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്ന പ്രധാന രാജ്യങ്ങൾ. എല്ലാ കൈത്തറി ഉൽപന്നങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റിന്റെ ടെക്സ്റ്റൈൽ മന്ത്രാലയത്തിന് കീഴിൽ രൂപീകരിച്ച ഒരു നോഡൽ ഏജൻസിയാണ് കൈത്തറി കയറ്റുമതി പ്രൊമോഷൻ കൗൺസിൽ (എച്ച്.ഇ.പി.സി). അന്താരാഷ്ട്ര വിപണിയിൽ ഇന്ത്യൻ കൈത്തറി കയറ്റുമതിക്കാർക്കും കൈത്തറി വാങ്ങുന്നവർക്കും എല്ലാ പ്രോത്സാഹനവും പിന്തുണയും മാർഗനിർദേശവും നൽകുക എന്നതാണ് എച്ച്.ഇ.പി.സി യുടെ പ്രധാന ലക്ഷ്യം.

പ്ലെയിൻ ലൂം മുതൽ ഹൈടെക് ഷട്ടിൽ-ലെസ് ലൂമുകൾ വരെ വിവിധ തലങ്ങളിലുള്ള സാങ്കേതികവിദ്യകൾ ഈ മേഖലയിൽ ഉപയോഗത്തിലുണ്ട്. ഷട്ടിൽ ലൂമുകളിൽ 75 ശതമാനത്തിലധികം കാലഹരണപ്പെട്ടതാണെന്ന് കണക്കാക്കപ്പെടുന്നു. ഇവയ്ക്ക് 15 വർഷത്തിലധികം പഴക്കമുള്ളതും ഫലത്തിൽ പ്രവർത്തനങ്ങളോ ഗുണനിലവാരമോ നിയന്ത്രിക്കുന്നതിന് ഉപകരണങ്ങളോ/അറ്റാച്ച്മെന്റുകളോ ഇല്ലാത്തതുമാണ്. എന്നിരുന്നാലും, കഴിഞ്ഞ 8-9 വർഷത്തിനിടയിൽ യന്ത്രത്തറി മേഖലയിൽ വർദ്ധിച്ച തോതിൽ സാങ്കേതിക വിദ്യ നവീകരണം നടന്നിട്ടുണ്ട്.

### കേരളത്തിലെ ടെക്സ്റ്റൈൽ മേഖല

സ്പിന്നിംഗ്, നെയ്ത്ത്, വസ്ത്ര നിർമ്മാണം, ഡൈയിംഗ്, പ്രോസസ്സിംഗ് എന്നീ പ്രവർത്തനങ്ങളിലുള്ള യൂണിറ്റുകൾ ഉൾപ്പെട്ടതാണ് കേരളത്തിലെ ടെക്സ്റ്റൈൽ മേഖല. പൊതുമേഖല, സഹകരണ മേഖല, സ്വകാര്യ മേഖല എന്നിവയിലൂന്നിയതാണ് കേരളത്തിന്റെ ടെക്സ്റ്റയിൽ രംഗം. നെയ്ത്ത് മേഖലയിൽ ഖാദി യൂണിറ്റുകൾ, കൈത്തറി യൂണിറ്റുകൾ, യന്ത്രത്തറി യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്നു. അത്യാധുനിക സാങ്കേതിക വിദ്യകൾ അവലംബിക്കുന്നതിലൂടെ വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വസ്ത്രവ്യവസായത്തിന് കഴിയും. വളരെയധികം വനിതാ ജീവനക്കാർ തൊഴിലെടുക്കുന്ന മേഖലയാണ് ടെക്സ്റ്റയിൽസ് മേഖല. മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കാതെ ഡൈയിംഗ്-ഡിജിറ്റൽ പ്രിന്റിംഗ് ആവശ്യങ്ങൾ നിറവേറ്റാൻ കണ്ണൂരിലെ നാടുകാണിയിലുള്ള കിൻഫ്ര ടെക്സ്റ്റൈൽ സെന്ററിൽ ഡൈയിംഗ്-പരിസ്ഥിതി സൗഹൃദ പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിച്ചു. ഇത് സംസ്ഥാനത്തെ ടെക്സ്റ്റൈൽ സംസ്കരണത്തിന്റെ പ്രാദേശികവൽക്കരണത്തിലേക്കുള്ള ഒരു സുപ്രധാന ചുവടുവയ്പായിരിക്കും.

2022-23 വാർഷിക പദ്ധതിയിൽ ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള (സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ) സംസ്ഥാന പദ്ധതി വിഹിതം 5640 ലക്ഷം രൂപയും ചെലവഴിച്ച തുക 3764.29 ലക്ഷം രൂപയുമാണ് (66.74 ശതമാനം). 2023-24 വാർഷിക പദ്ധതിയിൽ ഈ മേഖലയുടെ മൊത്തം പദ്ധതി വിഹിതം 5,640 ലക്ഷം രൂപയും 2023 സെപ്റ്റംബർ വരെ ചെലവഴിച്ച തുക 1124.64 ലക്ഷം രൂപയുമാണ് (19.94 ശതമാനം). വിശദാംശങ്ങൾ **പട്ടിക 4.6.1** ൽ നൽകിയിരിക്കുന്നു.

### കേരളത്തിലെ കൈത്തറി മേഖല

കേരളത്തിലെ ഒരു പ്രധാന പരമ്പരാഗത വ്യവസായമാണ് കൈത്തറി വ്യവസായം. തൊഴിൽ നൽകുന്ന കാര്യത്തിൽ കയർ കഴിഞ്ഞാൽ അടുത്ത സ്ഥാനമുള്ളത് കൈത്തറി വ്യവസായത്തിനാണ്. സംസ്ഥാനത്തെ കൈത്തറി വ്യവസായം പ്രധാനമായും തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലും കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, കാസർകോട് ജില്ലകളിലെ ചില ഭാഗങ്ങളിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. മൊത്തം തറികളുടെ 84 ശതമാനവും സഹകരണ മേഖല ആധിപത്യം പുലർത്തുന്നു. ശേഷിക്കുന്ന 16 ശതമാനം തറികളും സ്വകാര്യ വ്യവസായ സംരംഭകരുടെ ഉടമസ്ഥതയിലാണ്. ഫാക്ടറി മാതൃകയിലുള്ളതും കോട്ടേജ് മാതൃകയിലുള്ളതുമായ സൊസൈറ്റികൾ ഉൾപ്പെടുന്നതാണ് സഹകരണ മേഖല. സംസ്ഥാനത്ത് 532 പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ 195 എണ്ണം ഫാക്ടറി തരത്തിലും 337 എണ്ണം കോട്ടേജ് ഇനത്തിലുള്ള സൊസൈറ്റികളുമാണ്. രജിസ്റ്റർ ചെയ്ത 532 കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളിൽ 335 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രധാന ഉൽപ്പന്നങ്ങൾ ധോത്തി, ഫർണിഷിംഗ്, ബെഡ് ഷീറ്റുകൾ, ഷർട്ടിംഗ്, സാരി, ലുങ്കി എന്നിവയാണ്. 2022-23 സാമ്പത്തിക വർഷത്തിൽ കൈത്തറി മേഖലയിലെ മൊത്തം ഉത്പാദന മൂല്യം 175.10 കോടി രൂപയും മൊത്തം വിറ്റുവരവ് 178.49 കോടി രൂപയുമാണ്. ഈ കാലയളവിൽ കൈത്തറി മേഖലയിൽ വ്യാപൃതരായ ആകെ 14,124 നെയ്ത്തുകാരിൽ 10,925 പേരും സ്ത്രീകളാണ് (77 ശതമാനം). 2022-23ൽ സൃഷ്ടിക്കപ്പെട്ട മൊത്തം തൊഴിലവസരം 13.63 ലക്ഷം തൊഴിൽ ദിനങ്ങളാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.3** ൽ നൽകിയിരിക്കുന്നു.

### കൈത്തറി മേഖലയിലെ ഏജൻസികൾ

ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ്, കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഹാന്റക്സ്), കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ (ഹാൻവീവ്), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (ഐഐഎച്ച്ടി, കണ്ണൂർ) എന്നിവയാണ് സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പങ്കാളികളായ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ.

### ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ്

സംസ്ഥാനത്തെ കൈത്തറി, ടെക്സ്റ്റൈൽ മേഖലയുടെ പ്രോത്സാഹനവും വികസനവും ലക്ഷ്യമിട്ട് വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്. സംസ്ഥാനത്തെ കൈത്തറി, തുണി വ്യവസായ മേഖലകളിലെ ഉത്പാദനം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 1979-ലാണ് ഡയറക്ടറേറ്റ് സ്ഥാപിതമായത്. അടിസ്ഥാന സൗകര്യങ്ങൾ, വിപണനം, മാനവ വിഭവശേഷി വികസനം, പരമ്പരാഗത നൈപുണ്യങ്ങളുടെയും

**പട്ടിക 4.6.1** സംസ്ഥാന പദ്ധതി വിഹിതവും ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ), രൂപ ലക്ഷത്തിൽ

| ഉപമേഖല | 2022-23 | | | 2023-24 (2023 സെപ്റ്റംബർ വരെ) | | |
|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് | ശതമാനം |
| കൈത്തറി | 2612.00 | 1884.69 | 72.16 | 4003.00 | 729.64 | 18.23 |
| യന്ത്രത്തറി | 137.00 | 20.58 | 15.02 | 137.00 | 10.00 | 7.30 |
| സ്പിന്നിംഗ് മിൽസ് | 1500.00 | 1359.02 | 90.60 | 700.00 | 385.00 | 55.00 |
| ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ - നാടുകാണി | 1391.00 | 500.00 | 35.95 | 800.00 | 0.00 | 0.00 |
| ആകെ | 5640.00 | 3764.29 | 66.74 | 5640.00 | 1124.64 | 19.94 |

അവലംബം: പ്ലാൻ സ്പേസ്, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

ഉൽപന്നങ്ങളുടെയും സംരക്ഷണം, ധനകാര്യം, ഡിസൈൻ ഇൻപുട്ട്, അസംസ്കൃത വസ്തുക്കളുടെ വിതരണം, കയറ്റുമതി, നവീകരണം, ക്ഷേമ പരിപാടികൾ, വില സ്ഥിരത എന്നീ മേഖലകളെ പിന്തുണയ്ക്കുന്നതിലൂടെ ആഗോളവൽകൃത പരിതസ്ഥിതിയിൽ മത്സരിക്കാൻ പ്രാപ്തമാക്കുന്നതിനുള്ള ഉത്തരവാദിത്തം ഡയറക്ടറേറ്റിനുണ്ട്. ആഗോള വിപണിയിൽ കേരളത്തിന്റെ പരമ്പരാഗത വൈദഗ്ധ്യം പ്രയോജനപ്പെടുത്തി ഉയർന്ന ഗുണമേന്മയുള്ള കൈത്തറി ഉൽപന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് നെയ്ത്തുകാരുടെ മൊത്തത്തിലുള്ള നൈപുണ്യ നവീകരണവും ഇത് ലക്ഷ്യമിടുന്നു.

കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കുകയും വായ്പയും ഗ്രാന്റും മുഖേന സഹായം നൽകുകയും ചെയ്യുന്നു. സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, മറ്റ് ധനകാര്യ ഏജൻസികളായ എൻ. സി.ഡി.സി, നബാർഡ്, ഹഡ്കോ എന്നിവയിൽ നിന്നുള്ള വായ്പകളും ഗ്രാന്റുകളും ഇതിൽ ഉൾപ്പെടുന്നു. കിഴിവ് അനുവദിച്ചുകൊണ്ട് വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായവും സർക്കാർ നൽകുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.4** ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘം (ഹാന്റക്സ്)

കേരളത്തിലെ പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളുടെ അപെക്സ് ബോഡിയായ കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ഹാന്റക്സ്) തിരുവനന്തപുരം ആസ്ഥാനമായി 1961-ൽ സ്ഥാപിതമായി. സംഘാംഗങ്ങളുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യുക വഴി കൈത്തറി നെയ്ത്തുകാർക്ക് ഉപജീവനമാർഗമുണ്ടാക്കാൻ സഹായിക്കുക എന്നതാണ് ഹാന്റെക്സിന്റെ പ്രധാന ലക്ഷ്യം. നിലവിൽ 405 കൈത്തറി സംഘങ്ങൾ ഹാന്റക്സിന് കീഴിൽ രജിസ്റ്റർ ചെയ്യുകയും ഏകദേശം 10,000 നെയ്ത്തുകാർ ഹാന്റക്സുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരികയും ചെയ്യുന്നു. പ്രതിവർഷം ശരാശരി 30 കോടി രൂപയുടെ വിറ്റുവരവുള്ള ഹാന്റെക്സ് കേരളത്തിലുടനീളം സ്വന്തമായുള്ള 80 ഷോറൂമുകളിലൂടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നു. ഹെഡ്ക്വാർട്ടേഴ്സിന് പുറമെ 4 റീജിയണൽ ഓഫീസുകൾ, 5 പ്രൊഡക്ഷൻ സെന്ററുകൾ, 2 നെയ്ത്ത് യൂണിറ്റുകൾ, ഒരു പ്രോസസ്സിംഗ് യൂണിറ്റ്, ഒരു ഇന്റർനാഷണൽ ഗാർമെന്റ് യൂണിറ്റ് എന്നിവ ഹാന്റെക്സിന് കീഴിൽ പ്രവർത്തിക്കുന്നു.

2022-23 ൽ ഹാന്റെക്സിന് 2089.16 ലക്ഷം രൂപയുടെ വിൽപ്പനയുണ്ടായി. അതിൽ 1963.80 ലക്ഷം രൂപ ഷോറൂം വിൽപ്പനയും 125.36 ലക്ഷം രൂപ ഡിപ്പാർട്ട്മെന്റ് വിൽപ്പനയുമാണ് (ഡിപ്പോയിൽ നിന്ന് ആരോഗ്യവകുപ്പ് പോലുള്ള വകുപ്പുകളിലേക്കുള്ള വിൽപ്പന). 1872.33 ലക്ഷം രൂപയായിരുന്നു 2021-22ലെ വിൽപ്പന. 2021-22 വർഷാവസാനത്തിൽ പെയ്ഡ്അപ്പ് കാപിറ്റൽ 6,806.49 ലക്ഷം രൂപയായിരുന്നു. 2018-19 മുതൽ ഏജൻസി നഷ്ടം റിപ്പോർട്ട് ചെയ്തു വരുന്നു. തൽഫലമായി, ഹാന്റെക്സിന്റെ സഞ്ചിത നഷ്ടം പ്രതിവർഷം വർദ്ധിക്കുകയും 2021-22 അവസാനത്തോടെ ഏകദേശം 22,561.86 ലക്ഷം രൂപയിലെത്തുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 4.6.5** ൽ നൽകിയിരിക്കുന്നു.

പെരിന്തൽമണ്ണയിൽ സൊസൈറ്റി നവീകരിച്ച് പുതിയ പ്രീമിയം ഷോറൂം തുറന്നു. സർക്കാർ/ബാങ്കിംഗ് മേഖലയിലെ ജീവനക്കാരെ ഉപഭോക്താക്കളായി ആകർഷിക്കുന്നതിനായി 'ഇ-ക്രെഡിറ്റ് കാർഡ്' എന്ന പദ്ധതി ആരംഭിക്കുകയും ചെയ്തു.

### കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്)

1968-ൽ സ്ഥാപിതമായ കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ് (ഹാൻവീവ്) കൈത്തറി ഉത്പന്നങ്ങളുടെ വിപുലമായ ഉത്പാദനത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നു. നിലവിൽ ഹാൻവീവ് 1950 നെയ്ത്തുകാർക്ക് തൊഴിൽ നൽകുന്നു. സ്വന്തമായി 32 ഉത്പാദന കേന്ദ്രങ്ങളും 36 ഷോറൂമുകളും ഹാൻവീവിനുണ്ട്. ഉത്സവ സീസണുകളിൽ പ്രദർശനങ്ങൾ നടത്തുകയും ദേശീയ അന്തർദേശീയ തലങ്ങളിൽ നടത്തുന്ന എക്സ്പോകളിൽ പങ്കെടുക്കുകയും ചെയ്യുന്നു. 'സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി' 2000-ത്തോളം നെയ്ത്തുകാർക്ക് തൊഴിലും കൂലിയും തടസ്സമില്ലാതെ നൽകാനും പരോക്ഷമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഹാൻവീവിനെ സഹായിച്ചു. ഹാൻവീവ് നാല് പുതിയ പ്രൊഡക്ഷൻ സെന്ററുകൾ തുറക്കുകയും ഏറ്റവും പുതിയ കോർപ്പറേറ്റ് ഗിഫ്റ്റ് സെഗ്മെന്റ് ന്യൂഡൽഹിയിലെ ഇന്ത്യൻ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ (ഐഐടിഎഫ്) അവതരിപ്പിക്കുകയും ചെയ്തു. ഹാൻവീവിലേക്ക് പുതിയ നെയ്ത്തുകാരെ ആകർഷിക്കാൻ 'യുവ' എന്ന പുതിയ പദ്ധതി വിജയകരമായി നടപ്പാക്കി. സംസ്ഥാനത്തുടനീളമുള്ള കൈത്തറി മേഖലയിലെ അസംഘടിതരായ ഒറ്റത്തറി നെയ്ത്തുകാരെ ഏറ്റെടുത്ത് സംരക്ഷിക്കുക എന്നതാണ് ഈ കോർപ്പറേഷന്റെ ദൗത്യം.

യന്ത്രത്തറി ഉൽപന്നങ്ങളിൽ നിന്നുള്ള മത്സരം, പരിമിതമായ ഉത്പാദന ശേഷി, അടിയന്തര ഓർഡറുകൾ നിറവേറ്റാനുള്ള കഴിവില്ലായ്മ എന്നിവയാണ് ഹാൻവീവ് നേരിടുന്ന ചില വെല്ലുവിളികൾ. 2022-23ൽ ഹാൻവീവിന്റെ വിറ്റുവരവ് 2408.32 ലക്ഷം രൂപയായിരുന്നു. 2021-22ൽ 1,090.10 ലക്ഷം രൂപയായിരുന്ന തുണിയുടെയും മറ്റ് വസ്തുക്കളുടെയും മൂല്യം 2022-23ൽ 1266.25 ലക്ഷമായി ഉയർന്നു. 2021-22ൽ വാങ്ങി വിതരണം ചെയ്ത നൂലിന്റെ മൂല്യം 465.20 ലക്ഷം രൂപയായിരുന്നു. 2022-23ൽ ഇത് 496.29 ലക്ഷമായി ഉയർന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.6** ൽ നൽകിയിരിക്കുന്നു.

2022-23 അവസാനത്തിൽ ഹാൻവീവിന്റെ അടവ് മൂലധനം കാപ്പിറ്റൽ 5949 ലക്ഷം രൂപയായിരുന്നു. 2021-22 നെ അപേക്ഷിച്ച് 2022-23 വർഷത്തിന്റെ അവസാനത്തിൽ ഉൽപ്പന്നങ്ങളുടെ

വിൽപ്പനയിലൂടെയുള്ള വരുമാനം വർദ്ധിച്ചു. 2021-22ൽ 1016.92 ലക്ഷം രൂപയാണ് ഹൻവീവിന്റെ അറ്റ നഷ്ടം. 2022-23ൽ ഇത് 342.43 ലക്ഷമായി കുറഞ്ഞു. ഹാൻവീവിന്റെ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 4.6.7** ൽ നൽകിയിരിക്കുന്നു.

### ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി, കണ്ണൂർ)

1987-ൽ കേരള വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിതമായ സ്വയംഭരണസ്ഥാപനമായ 'കൈത്തറി പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്', 2011-ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി, കണ്ണൂർ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. കൈത്തറി, തുണി വ്യവസായവുമായി ബന്ധപ്പെട്ട പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാരിന്റെ നോഡൽ ഏജൻസിയായാണ് ഇൻസ്റ്റിറ്റ്യൂട്ടിനെ നിയോഗിച്ചിരിക്കുന്നത്. കണ്ണൂർ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത ഇൻസ്റ്റിറ്റ്യൂട്ട് 2020-ൽ ബിഎസ്‌സി കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിംഗ് എന്ന 3 വർഷത്തെ ഡിഗ്രി കോഴ്സ് ആരംഭിച്ചു. ചേന്ദമംഗലത്ത് സംയോജിത കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതിൽ ഈ സ്ഥാപനം പ്രധാന പങ്ക് വഹിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പാസായ 81 വിദ്യാർത്ഥികൾ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർമാരായും 10 വിദ്യാർത്ഥികൾ പ്രൊഫഷണൽ ഡിസൈനർമാരായും ജോലി നോക്കുന്നു. ഹാന്റെക്സ്, ഹാൻവീവ് എന്നിവിടങ്ങളിൽ ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നതിൽ ഐഐഎച്ച്ടി നിർണ്ണായക പങ്കുവഹിച്ചു.

### സഹകരണ മേഖല

ടെക്സ്റ്റൈൽസ് വ്യവസായത്തിലെ സഹകരണ മേഖല സംസ്ഥാനത്ത് നൂൽനൂൽക്കൽ, നെയ്ത്ത് പ്രവർത്തനങ്ങൾ (യന്ത്രത്തറി, കൈത്തറി) എന്നിവയിൽ ഏർപ്പെടുന്നു. സഹകരണമേഖലയിൽ 8 സ്പിന്നിങ് മില്ലുകളാണുള്ളത്. സംസ്ഥാനത്തെ മൊത്തം യന്ത്രത്തറികളുടെ 34 ശതമാനവും (552 എണ്ണം) സഹകരണ യൂണിറ്റുകളാണ്. സംസ്ഥാനത്ത് 36 യന്ത്രത്തറി സഹകരണ സംഘങ്ങളുണ്ട്.

ഫാക്ടറി, കോട്ടേജ് എന്നിങ്ങനെ രണ്ട് തരം സൊസൈറ്റികൾ ഉൾക്കൊള്ളുന്നതാണ് കൈത്തറി-സഹകരണ മേഖല. 2022-23ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 532 പ്രൈമറി ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ (പിഎച്ച്ഡബ്ല്യുസിഎസ്) ഉണ്ടായിരുന്നു. അതിൽ 195 എണ്ണം ഫാക്ടറി തരത്തിലും 337 എണ്ണം കോട്ടേജ് ഇനത്തിലുള്ള സൊസൈറ്റികളുമാണ്. രജിസ്റ്റർ ചെയ്ത 532 പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളിൽ 335 എണ്ണം പ്രവർത്തനക്ഷമമായിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് ലാഭമുണ്ടാക്കുന്ന സൊസൈറ്റികളുടെ എണ്ണം കൂടുകയും നഷ്ടമുണ്ടാക്കുന്ന സൊസൈറ്റികളുടെ എണ്ണം കുറയുകയും ചെയ്തു. 2022-23ൽ പ്രവർത്തനരഹിതമായ സൊസൈറ്റികളുടെ എണ്ണം കുറഞ്ഞു. സംസ്ഥാനത്തെ കൈത്തറി സംഘങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.8** ൽ നൽകിയിരിക്കുന്നു.

2022-23ൽ 91.81 കോടി രൂപ മൂല്യമുള്ള 29.40 ദശലക്ഷം മീറ്റർ കൈത്തറി തുണിയാണ് സഹകരണ മേഖല ഉത്പാദിപ്പിച്ചത്. 2021-22 നെ അപേക്ഷിച്ച് 2022-23 ൽ തുണി ഉൽപാദനം വർദ്ധിക്കുകയും ഉൽപാദന മൂല്യം കുറയുകയും ചെയ്തു. 2021-22ൽ 107.91 കോടി രൂപയായിരുന്ന മൊത്തം വിറ്റുവരവ് 2022-23ൽ 8.45 ശതമാനം കുറഞ്ഞ് 98.79 ലക്ഷം രൂപയായി. തറികളുടെ എണ്ണം 2021-22ൽ 13,715 ആയിരുന്നത് 2022-23ൽ 13,502 ആയി കുറഞ്ഞു. 2021-22ൽ 11,857 ആയിരുന്ന നെയ്ത്തുകാരുടെ എണ്ണം 2022-23ൽ 11,559 ആയി കുറഞ്ഞു. ആകെ 12.37 ലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചത്. കഴിഞ്ഞ രണ്ടുവർഷത്തെ അപേക്ഷിച്ച് സ്ത്രീ നെയ്ത്തുകാരുടെ എണ്ണം വർദ്ധിച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.6.3** ൽ കാണാം.

### യന്ത്രത്തറി മേഖല

സംസ്ഥാനത്ത് 1,631 യന്ത്രത്തറികളുള്ളതിൽ 34 ശതമാനം (552) സഹകരണ മേഖലയിലാണ്. പവർലൂം മേഖലയിൽ 2022-23ൽ 9,087.54 ലക്ഷം രൂപ മൂല്യമുള്ള 62.10 ലക്ഷം മീറ്ററാണ് തുണി ഉത്പാദനം. ഉത്പാദനക്ഷമത ഒരു തറിക്ക് 3,807.76 മീറ്ററും ചരക്ക് വിൽപ്പനയിലൂടെയുള്ള മൊത്തം വിറ്റുവരവ് 8,470.52 ലക്ഷം രൂപയുമാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.9** ൽ നൽകിയിരിക്കുന്നു.

ടെക്സ്ഫെഡിന് കീഴിൽ 6 സഹകരണ സംഘങ്ങളുണ്ട്. ഇതിൽ നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (നിപ്കോടെക്സ്), കോട്ടയം ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കേരള ഹൈടെക് ടെക്സ്റ്റൈൽ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (കെൽടെക്സ്), കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വയനാട് ഹാൻഡ്‌ലൂം, പവർലൂം & മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (വിപ്കോസ്) എന്നിവ പവർലൂം/ഇന്റഗ്രേറ്റഡ് സൊസൈറ്റികളാണ്. ഈ സൊസൈറ്റികൾക്ക് കീഴിലുള്ള ആകെ തറികളുടെ എണ്ണം 565 ആണ്.

### സ്പിന്നിംഗ് മില്ലുകൾ

കേരളത്തിലെ പരമ്പരാഗത മേഖലകളിലൊന്നായ സ്പിന്നിംഗ് മിൽ വ്യവസായം ഗ്രാമീണ അവിദഗ്ധ തൊഴിലാളികളെ ആകർഷിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. പൊതുമേഖലയും സഹകരണ മേഖലയും സ്വകാര്യമേഖലയും ഉൾപ്പെടുന്നതാണ് കേരളത്തിലെ സ്പിന്നിംഗ് മേഖല. 7.03 ലക്ഷം മൊത്തം സ്പിൻഡിൽ ശേഷിയുള്ള സ്പിന്നിംഗ് മേഖലയിൽ 26 മില്ലുകളിലായി ഏകദേശം 7600 ആളുകൾ ജോലി ചെയ്യുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (7 മില്ലുകൾ), സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിങ്ങനെ 3 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കീഴിൽ 9 സ്പിന്നിംഗ് മില്ലുകൾ ഉണ്ട്. കേരളത്തിൽ 8 സഹകരണ സ്പിന്നിംഗ് മില്ലുകളാണുള്ളത്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡിന്റെ (ടെക്സ്ഫെഡ്) ഭാഗമായ ഇവയ്ക്ക് 1.52 ലക്ഷം സ്പിൻഡിൽ ശേഷിയുണ്ട്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ മേഖലയ്ക്കും കീഴിലായി

2.87 ലക്ഷം സ്പിൻഡിൽ കപ്പാസിറ്റിയും 3500 ഓളം പേർക്ക് ജോലിയുമുള്ള 17 സ്പിന്നിംഗ് മില്ലുകൾ ഉണ്ട്.

സെൻട്രൽ പൊതുമേഖലാ സ്ഥാപനമായ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന് 1.99 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള 5 മില്ലുകളിലായി ഏകദേശം 1900 പേർ ജോലി ചെയ്യുന്നു. നിലവിൽ എൻടിസി യുടെ കീഴിൽ പ്രവർത്തിക്കുന്ന 23 മില്ലുകളുണ്ട്. ഇവയിൽ 4 എണ്ണം കേരളത്തിലാണ്. കൂടാതെ, ആകെ 4 മില്ലുകളുള്ള 2.16 ലക്ഷം സ്പിൻഡിൽ കപ്പാസിറ്റിയുള്ള രണ്ട് പ്രധാന സ്വകാര്യമേഖലാ സംരംഭങ്ങളിൽ 2200 ഓളം പേരും ജോലി ചെയ്യുന്നു.

പ്രവർത്തന മൂലധനത്തിന്റെ അഭാവവും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവുമാണ് ഈ മില്ലുകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ഈ മേഖലയ്ക്കായുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി, റിയാബ്, ടെക്സ്ഫെഡ്, കെ.എസ്.ടി.സി, വ്യക്തിഗത സ്പിന്നിംഗ് മില്ലുകളുടെ മാനേജിംഗ് ഡയറക്ടർമാർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി പ്രൊഫഷണലായി കൈകാര്യം ചെയ്യുന്ന ഒരു കേന്ദ്രീകൃത പർച്ചേസ് സിസ്റ്റം വഴിയാണ് കേരള സർക്കാർ സംസ്ഥാനത്തെ മുഴുവൻ ടെക്സ്റ്റൈൽ മേഖലയ്ക്കും പരുത്തി സംഭരിക്കുന്നത്. ഈ മില്ലുകൾ ഉത്പാദിപ്പിക്കുന്ന നൂലിന്റെ വിൽപന, കമ്മിറ്റിയുടെ മേൽനോട്ടത്തിലുള്ള ഒരു ഡിപ്പോ സംവിധാനത്തിലൂടെയാണ് നടത്തുന്നത്. തൽഫലമായി, അസംസ്കൃത വസ്തുക്കളുടെ വില കുറയുകയും മേഖലയുടെ പ്രകടനം മെച്ചപ്പെടുകയും ചെയ്തു.

സ്പിന്നിംഗ് മില്ലുകളിൽ നിലനിൽക്കുന്ന പ്രതിസന്ധി പഠിക്കാൻ സർക്കാർ വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. സഹകരണ മേഖലയിലെ സ്പിന്നിംഗ് മില്ലുകളിൽ ആധുനികവൽക്കരണം നടത്തുവാൻ കമ്മിറ്റി ശുപാർശ ചെയ്യുകയും ചെയ്തു.

**കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (ടെക്സ്ഫെഡ്)**

സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെയും സംയോജിത യന്ത്രത്തറി സഹകരണ സംഘങ്ങളുടെയും പരമോന്നത സ്ഥാപനമാണ് 1992-ൽ സ്ഥാപിതമായ ടെക്സ്ഫെഡ്. കേരളത്തിലെ സഹകരണ ടെക്സ്റ്റൈൽ യൂണിറ്റുകളുടെ രൂപീകരണവും നടത്തിപ്പും ആസൂത്രണം ചെയ്യുന്നതിനും സഹായിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള ഒരു ബോഡിയായാണ് ടെക്സ്ഫെഡ് സ്ഥാപിതമായത്. സ്പിന്നിംഗ്, നെയ്ത്ത്, സംസ്കരണം, വസ്ത്രനിർമ്മാണം എന്നിവയുൾപ്പെടെ ടെക്സ്റ്റൈൽ വ്യവസായത്തിന്റെ എല്ലാ വിഭാഗങ്ങളെയും ഇത് സമന്വയിപ്പിക്കുന്നു. ടെക്സ്ഫെഡിന് കീഴിൽ എട്ട് സഹകരണ സ്പിന്നിംഗ് മില്ലുകളുണ്ട്. ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, ദി കെ കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ദി കണ്ണനൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിവയാണവ.

1,51,920 സ്പിൻഡിൽ ശേഷിയുള്ള ഈ 8 സഹകരണ സ്പിന്നിംഗ് മില്ലുകൾ 1,680 പേർക്ക് നേരിട്ട് ജോലി നൽകുന്നു. നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെയും (എൻസിഡിസി) കേരള സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ ടെക്സ്ഫെഡ് മില്ലുകളിലെ യന്ത്രങ്ങളുടെ നവീകരണം നടത്തി. ഇത് ഉത്പാദനക്ഷമതയും ഉൽപ്പന്നത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടാൻ കാരണമായി. കുറഞ്ഞ വിലയ്ക്ക് വിള സീസണിൽ നല്ല നിലവാരമുള്ള പരുത്തി സംഭരിക്കാൻ 'കോട്ടൺ ബോർഡ്' രൂപീകരിച്ചു. എന്നിരുന്നാലും, സീസണിൽ ഫണ്ട് ലഭിക്കാത്തതിനാൽ സംഭരണം ആഗ്രഹിച്ചതുപോലെ നടത്താൻ കഴിഞ്ഞില്ല. അടുത്ത വിള സീസണിൽ പരുത്തി സംഭരിക്കാൻ എൻസിഡിസിയുടെ സാമ്പത്തിക സഹായം തേടുന്നു.
2022-23 കാലയളവിൽ, ടെക്സ്ഫെഡിന് കീഴിൽ സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി 1500.00 ലക്ഷം രൂപ സഹായം നൽകി. സംയോജിത യന്ത്രത്തറി സംഘങ്ങളുടെ നവീകരണം (കോട്ടയം, വയനാട്, കോഴിക്കോട്, നെയ്യാറ്റിൻകര), പരിപാലനം, അസംസ്കൃത വസ്തുക്കൾ വാങ്ങൽ, മൂല്യവർധിത ഉൽപന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനുള്ള തറി സാധനങ്ങൾ വാങ്ങൽ എന്നിവ പൂർത്തിയാക്കുന്നത് സർക്കാർ പരിഗണിച്ചിട്ടുണ്ട്. സംസ്ഥാന സഹായത്തോടെ ഏറ്റെടുത്ത നവീകരണ പദ്ധതികൾ പൂർത്തീകരിച്ച് മില്ലുകളെ ബ്രേക്ക് ഈവണിൽ എത്തിക്കാനാണ് സർക്കാർ ലക്ഷ്യം വെക്കുന്നത്.

**കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ടി.സി)**

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ടി.സി) 1972 മാർച്ച് 09 ന് തിരുവനന്തപുരത്ത് നിലവിൽ വന്നു. സംസ്ഥാനത്ത് ടെക്സ്റ്റൈൽ മില്ലുകൾ സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക, ടെക്സ്റ്റൈൽ വ്യവസായത്തിലെ നഷ്ടത്തിലായ യൂണിറ്റുകളുടെ ഉന്നമനം എന്നിവയാണ് കെ.എസ്.ടി.സി.യുടെ പ്രധാന ലക്ഷ്യങ്ങൾ. കോർപ്പറേഷന് ഏഴ് മില്ലുകളും ഒരു ഗവേഷണ-പരിശോധനാ കേന്ദ്രവുമുണ്ട്. പ്രഭുറാം മിൽസ്, കോട്ടയം ടെക്സ്റ്റൈൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ്, മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ്, ഹൈടെക് വീവിംഗ് മിൽസ്, കോമളപുരം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ്, ഉദുമ ടെക്സ്റ്റൈൽസ് എന്നിവയാണ് കെ.എസ്.ടി.സി. യുടെ കീഴിലുള്ള മില്ലുകൾ. സീതാറാം ടെക്സ്റ്റൈൽസ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നീ രണ്ട് യൂണിറ്റുകൾ ഇപ്പോൾ കെ.എസ്.ടി.സി. യുടെ ഭരണ നിയന്ത്രണത്തിലാണ്. മേൽപ്പറഞ്ഞവ കൂടാതെ, കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്തെ ബാലരാമപുരത്ത് സ്ഥിതി ചെയ്യുന്ന സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഇൻ ടെക്സ്റ്റൈൽസ് (സി.എ.ആർ.ഡി.ടി) എന്ന ഗവേഷണ-പരിശോധനാ വിഭാഗമുണ്ട്. കണ്ണൂർ നാടുകാണി കിൻഫ്ര പാർക്കിൽ ഏജൻസി പുതിയ പ്രിന്റിംഗ് കം ഡൈയിംഗ് യൂണിറ്റ് സ്ഥാപിക്കുന്നു.

2022-23ൽ കോർപ്പറേഷന്റെ ഉത്പാദന മൂല്യം 122.47 കോടി രൂപയും വിൽപ്പനയിൽ നിന്നുള്ള വരുമാനം

121.89 കോടി രൂപയുമാണ്. കഴിഞ്ഞ 5 വർഷത്തിനിടെ കെ.എസ്.ടി.സി. അറ്റ നഷ്ടമാണ് റിപ്പോർട്ട് ചെയ്തത്. 2022-23 അവസാനത്തിൽ കോർപ്പറേഷന്റെ സഞ്ചിത നഷ്ടം ഏകദേശം 560.18 കോടി രൂപയാണ്. കെ.എസ്.ടി.സി. യുടെ പ്രകടനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.10**-ൽ നൽകിയിരിക്കുന്നു.

1903-ലാണ് സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് ആരംഭിച്ചത്. 1972-ൽ കേരള സർക്കാർ പൊതു ലേലത്തിലൂടെ യൂണിറ്റ് ഏറ്റെടുത്തു. വ്യവസായ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൽ കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഈ യൂണിറ്റ് 1975 ഫെബ്രുവരി 14-ന് ഔദ്യോഗികമായി കോർപ്പറേഷനായി മാറി. ആകെ തൊഴിലാളികളുടെ എണ്ണം 177 ആണ്. 25,000 സ്പിൻഡിൽ പ്രവർത്തന ശേഷിയുള്ള സ്പിന്നിംഗ് വിഭാഗം മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. വിൽപ്പനയിൽ നിന്നുള്ള വരുമാനം 2021-22ൽ 10.03 കോടി രൂപയിൽ നിന്ന് 2022-23ൽ 10.59 കോടി രൂപയായി ഉയർന്നു. വർഷങ്ങളായി നഷ്ടമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.11**-ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ഏറ്റവും വലിയ കൈത്തറി കേന്ദ്രങ്ങളിലൊന്നായ ബാലരാമപുരത്തുള്ള ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് 1963 നവംബർ 01 ന് നിലവിൽ വന്ന ഒരു സംസ്ഥാന സർക്കാർ കമ്പനിയാണ്. 1998-ൽ അടച്ചുപൂട്ടേണ്ടി വന്ന വ്യവസായ യൂണിറ്റ് പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ സഹായത്തോടെ, കേരള സർക്കാർ നടപടികൾ കൈക്കൊള്ളുകയും ഇപിസിജി (എക്സ്പോർട്ട് പ്രൊമോഷൻ ക്യാപിറ്റൽ ഗുഡ്സ്) സ്കീമിന് കീഴിൽ ചെക്ക് റിപ്പബ്ലിക്, ജർമ്മനി, ചൈന എന്നിവിടങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത അത്യാധുനിക സാങ്കേതികവിദ്യയുള്ള ഓപ്പൺ എൻഡ് (ഒഇ) സ്പിന്നിംഗ് മിൽ ആക്കി മാറ്റുകയും ചെയ്തു. 2009-ൽ, 360 റോട്ടർ ശേഷിയോടെ കമ്പനി അതിന്റെ ഉത്പാദനം പുനരാരംഭിച്ചു. ഇപ്പോൾ കമ്പനിക്ക് 680 റോട്ടർ ശേഷിയുണ്ട്. 70 ജീവനക്കാരുള്ള യൂണിറ്റിൽ 38.61 കോടി രൂപയാണ് സഞ്ചിത നഷ്ടം. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.12** ൽ നൽകിയിരിക്കുന്നു.

### ടെക്സ്റ്റൈൽ മേഖലയിലെ നേട്ടങ്ങൾ 2022–23

2022-23ൽ 11 പ്രാഥമിക കൈത്തറി നെയ്ത്ത്-സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്ത വിഹിതം നൽകി. കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീമിൽ നിന്ന് 2119 നെയ്ത്തുകാർക്ക് 2022-23 ൽ പ്രയോജനം ലഭിച്ചു. സർക്കാരിന്റെ അഭിമാനമായ 'സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി' പ്രകാരം സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്തു. ഹാന്റെക്സ്, ഹാൻവീവ് എന്നിവക്ക് സർക്കാർ ഓഹരി പങ്കാളിത്ത വിഹിതം നൽകി. ഐ.ഐ.എച്ച്.ടി നടത്തിയ പരിശീലനത്തിൽ ഏകദേശം 1,171 പേർ പങ്കെടുത്തു. 35 നെയ്ത്തുകാർ സ്വയംതൊഴിൽ പദ്ധതി പ്രയോജനപ്പെടുത്തി. ആധുനികവൽക്കരണത്തിന് രണ്ട് യന്ത്രത്തറി സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്ത വിഹിതം നൽകി. ഏകദേശം 5,265 നെയ്ത്തുകാർക്ക് പ്രൊഡക്ഷൻ ഇൻസന്റീവ് ലഭിച്ചു. മോട്ടിവേഷൻ പ്രോഗ്രാമിന് കീഴിൽ ഏകദേശം 2,119 നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രയോജനം ലഭിച്ചു.

### പ്രശ്നങ്ങളും വെല്ലുവിളികളും

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വിലവർദ്ധന, അടിസ്ഥാന സൗകര്യ പരിമിതി എന്നിവയാണ് ഈ മേഖല നേരിടുന്ന വെല്ലുവിളികൾ. കേരളത്തിലെ നൂൽനൂൽപ്പ്-നെയ്ത്ത് മേഖലയിൽ പ്രവർത്തിക്കുന്ന മില്ലുകൾ ചോദനത്തിലും പ്രദാനത്തിലും പ്രശ്നങ്ങൾ നേരിടുന്നു. ആധുനികവൽക്കരണത്തിന്റെ വേഗതക്കുറവ്, കടുത്ത മത്സരം, കുറഞ്ഞ ഉത്പാദനക്ഷമത, കുറഞ്ഞ ലാഭം, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവയും കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയെ സംബന്ധിച്ചിടത്തോളം ആശങ്കാജനകമായ വിഷയങ്ങളാണ്. സംസ്ഥാനത്തെ ഭൂരിഭാഗം ടെക്സ്റ്റൈൽ സ്പിന്നിംഗ് മില്ലുകളും 25 വർഷത്തിലധികം പഴക്കമുള്ളവയാണ്, അവ പഴയ സാങ്കേതികവിദ്യകളും ഉപകരണങ്ങളും ഉപയോഗിക്കുന്നു. പല യൂണിറ്റുകളിലും ആധുനികവൽക്കരണം നടത്തി വരുന്നു. തുണി സംസ്കരണ സൗകര്യങ്ങളുടെ അഭാവവും കേരളത്തിലെ യന്ത്രത്തറി വ്യവസായം നേരിടുന്ന ഒരു പ്രശ്നമാണ്. സർക്കാർ ലഭ്യമാക്കുന്ന സൗകര്യങ്ങളെക്കുറിച്ച് നെയ്ത്തുതൊഴിലാളികൾക്ക് അവബോധമില്ലാത്തതും പ്രശ്നമാണ്.

### മുന്നോട്ടുള്ള വഴി

മൂല്യ ശൃംഖലയിലെ വിവിധ വിഭാഗങ്ങളിൽ (നൂൽ നൂൽക്കുന്നത് മുതൽ വസ്ത്രങ്ങൾ വരെ) ഒരു പ്രധാന ശക്തിയായി ഉയർന്നുവരാൻ സാധ്യതയുള്ള കേരളത്തിന് വസ്ത്രവ്യവസായത്തിൽ വലിയൊരു വിപണിയുണ്ട്. ഭാവിയിലെ ശ്രമങ്ങൾക്കായുള്ള ശ്രദ്ധ കൂടുതൽ മൂല്യനിർമ്മാണത്തിലായിരിക്കണം. പുതിയ ഉൽപന്നങ്ങൾ, പുതിയ വിപണന തന്ത്രങ്ങൾ, പുതുമകൾ എന്നിവ ഈ മേഖലയുടെ ഭാവി വിജയത്തിന് നിർണ്ണായകമാണ്. തുണിത്തരങ്ങൾ, ബെഡ് ലിനൻ, ടോയ്ലറ്റ്, കിച്ചൺ ലിനൻ, ടവലുകൾ, കർട്ടനുകൾ, തലയണകൾ, പാഡുകൾ, അപ്ഹോൾസ്റ്ററി, പരവതാനികൾ, ഫ്ലോർ കവറുകൾ, എംബ്രോയ്ഡറി ചെയ്ത തുണിത്തരങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ അവസരങ്ങളുണ്ട്. കേരളത്തിലെ യുവാക്കളെയും വിദ്യാസമ്പന്നരെയും സംരംഭകരെന്ന നിലയിലോ തൊഴിലാളികളെന്ന നിലയിലോ ഈ മേഖലയിലേക്ക് ആകർഷിക്കാനുള്ള വഴികൾ ടെക്സ്റ്റൈൽ മേഖല കണ്ടെത്തേണ്ടതുണ്ട്. തൊഴിലാളികളുടെ താൽപര്യം ഉറപ്പുവരുത്തുന്നതോടൊപ്പം ടെക്സ്റ്റൈൽ മേഖലയുടെ നവീകരണത്തിനായി കേരള സർക്കാർ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അത് തുടരേണ്ടതുണ്ട്. കോവിഡ്-19 ഓൺലൈൻ മാർക്കറ്റിംഗിൽ പുതിയ അവസരങ്ങൾ തുറന്നു. പുതിയ വിപണികൾ കണ്ടെത്താൻ ഇവ പര്യവേക്ഷണം ചെയ്യാവുന്നതാണ്. സമ്പദ്‌വ്യവസ്ഥ സാധാരണ നിലയിലേക്ക് നീങ്ങുമ്പോൾ, തുറന്നുകിട്ടുന്നതുമായി ബന്ധപ്പെട്ട ഉയർന്നുവരുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. 'മെയ്ഡ് ഇൻ ഇന്ത്യ' ഉൽപന്നങ്ങളോടുള്ള താൽപര്യം വർദ്ധിപ്പിക്കുകയും അന്താരാഷ്ട

വ്യാപാര സാഹചര്യങ്ങൾ മാറുകയും ചെയ്യുന്നത് ഇന്ത്യയിലും സംസ്ഥാനത്തും തുണിത്തരങ്ങൾക്ക് പുതിയ അവസരങ്ങൾ തുറക്കുന്നു. ഉയർന്നുവരുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ ഈ മേഖലയ്ക്ക് നേട്ടമുണ്ടാക്കാനാകും.

## ഖാദി ഗ്രാമ വ്യവസായ മേഖല

### ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായ മേഖല

ഗ്രാമീണ കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ മൂലധനനിക്ഷേപത്തിൽ വേണ്ടത്ര തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് ഖാദി ഗ്രാമ വ്യവസായ മേഖലയ്ക്ക് വലിയ സാധ്യതയാണുള്ളത്. ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ (കെ.വി.ഐ.സി), എംഎസ്എംഇ മന്ത്രാലയത്തിന്റെ കീഴിലുള്ള ഒരു നിയമാനുസൃത സ്ഥാപനമാണ്. ഗ്രാമ പ്രദേശങ്ങളിൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും അതുവഴി ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ഖാദി, ഗ്രാമവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി ഇത് പ്രവർത്തിക്കുന്നു. കുറഞ്ഞ പ്രതിശീർഷ നിക്ഷേപത്തിൽ ഗ്രാമപ്രദേശങ്ങളിൽ സുസ്ഥിര കാർഷികേതര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വികേന്ദ്രീകൃത മേഖലയിലെ പ്രധാന സ്ഥാപനങ്ങളിലൊന്നാണിത്. നൈപുണ്യ മെച്ചപ്പെടുത്തൽ, സാങ്കേതികവിദ്യയുടെ കൈമാറ്റം, ഗവേഷണം & വികസനം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾ ഇത് ഏറ്റെടുക്കുന്നു. കെ.വി.ഐ.സി. യുടെ കീഴിൽ ഉത്പാദന പ്രക്രിയയിൽ പങ്കാളികളായിട്ടുള്ള ആകെ 4.97 ലക്ഷം കൈതൊഴിലുകാർ രാജ്യത്താകെയുള്ള 2,935 ഖാദി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു. ഇതിൽ ഭൂരിഭാഗവും (80 ശതമാനം) സ്ത്രീകളാണ്. ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ഉൽപ്പാദനം (പോളി വസ്ത്രവും സോളാർ വസ്ത്രവും ഉൾപ്പെടെ) 2020-21 ലെ 72,235.15 കോടി രൂപയിൽ നിന്ന് 2021-22 ൽ 84,289.93 കോടി രൂപയായി വർദ്ധിച്ചു. സമാനമായി ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പന 2020-21 ൽ 95,741.36 കോടി രൂപയിൽ നിന്ന് 2021-22 ൽ 1,15,415.33 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയിലെ തൊഴിലവസരങ്ങളുടെ എണ്ണം 2020-21ലെ 1.59 കോടിയിൽ നിന്നും 2021-22 ൽ 1.68 കോടിയായി വർദ്ധിച്ചിട്ടുണ്ട് ഇന്ത്യയിലെ കഴിഞ്ഞ 5 വർഷത്തെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിൽ എന്നിവ **പട്ടിക 4.6.2**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.6.2** ഇന്ത്യയിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിൽ 2018-19 - 2022-23

| വർഷം | ഉൽപ്പാദനം (രൂപ കോടിയിൽ) | വിൽപ്പന (രൂപ കോടിയിൽ ) | തൊഴിൽ (എണ്ണം കോടിയിൽ) |
|---|---|---|---|
| 2018-19 | 58,130.34 | 74,292.09 | 1.46 |
| 2019-20 | 67,667.31 | 88,875.54 | 1.52 |
| 2020-21 | 72,235.15 | 95,741.36 | 1.59 |
| 2021-22 | 84289.93 | 1,15,415.23 | 1.68 |
| 2022-23 (31/12/2022) വരെ | 69639.48 | 96,810.52 | 1.71 |

അവലംബം: വാർഷിക റിപ്പോർട്ട് 2022-23 എം.സ്.എം.ഇ മന്ത്രാലയം, ഭാരത സർക്കാർ

### കേരളത്തിലെ ഖാദിഗ്രാമ വ്യവസായ മേഖല

കേരളത്തിലെ ഖാദി മേഖലയ്ക്ക് ചരിത്രപരമായ പ്രാധാന്യവും അത് ആർജ്ജിക്കുന്ന സാമൂഹിക രാഷ്ട്രീയ പിന്തുണയും ഉള്ള ശക്തമായ അടിത്തറയുണ്ട്. സമ്പദ്‌വ്യവസ്ഥയുടെ നിർണായക മേഖലയെന്ന നിലയിലുള്ള ഖാദി മേഖലയുടെ പദവി നിഷേധിക്കാനാവാത്തതും പ്രാധാന്യം അമിതമായി പ്രസ്താവിക്കാനാവാത്തതുമാണ്. ഖാദി ഗ്രാമ വ്യവസായ ബോർഡ് ഉൾപ്പെടെ 29 ഖാദി സ്ഥാപനങ്ങൾ, കെകെവിഐബി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം), കെവിഐസി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം ) എന്നിവ ഖാദി ഉൽപാദനത്തിലും വിൽപ്പനയിലും ഏർപ്പെട്ടിരിക്കുന്നു. 2022-23 കാലയളവിൽ കേരളത്തിലെ ഖാദി മേഖല 12,527 കരകൌശലത്തൊഴിലാളികൾക്ക് തൊഴിൽ നൽകുകയും മൊത്തം 3,416 ലക്ഷം രൂപയുടെ തുണി/ നൂൽ ഉത്പാദനം കൈവരിക്കുകയും ചെയ്തു. ഖാദി കരകൌശലത്തൊഴിലാളികൾക്ക് 2022-23 ൽ നൽകിയ ആകെ വേതനം 3,171 ലക്ഷം രൂപയും ഇക്കാലയളവിലെ മൊത്തം ഖാദി ചില്ലറ വിൽപ്പന 5,130.06 ലക്ഷം രൂപയുമാണ്. ഗ്രാമ വ്യവസായങ്ങളിലൂടെ ഖാദി, ഗ്രാമ വ്യവസായ ബോർഡിന് 1,760 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. 2019-20 മുതൽ 2022-23 വരെയുള്ള ഈ സ്ഥാപനങ്ങളുടെ ഉത്പാദനം, വിൽപ്പന എന്നിവയും 2022-23 ലെ തൊഴിൽ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.13** ലും **4.6.14** ലും നൽകിയിരിക്കുന്നു.

കഴിഞ്ഞ 3 വർഷത്തെ ഈ മേഖലയുടെ ബജറ്റ് വിഹിതവും ചെലവും **പട്ടിക 4.6.3** ൽ നൽകിയിരിക്കുന്നു.

**പട്ടിക 4. 6.3.** കേരളത്തിലെ ഖാദി, ഗ്രാമവ്യവസായ മേഖലയുടെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| വർഷം | വിഹിതം | ചെലവ് | ചെലവ് (ശതമാനത്തിൽ) |
|---|---|---|---|
| 2020-21 | 1610.00 | 1248.45 | 77.54 |
| 2021-22 | 1610.00 | 1351.48 | 83.94 |
| 2022-23 | 1610.00 | 860.77 | 53.46 |

അവലംബം – പ്ലാൻ സ്പേസ് കേരള

### കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (കെകെവിഐബി)

കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങൾ സംഘടിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ചുമതലയുള്ള വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഒരു നിയമാനുസൃതമായ ചട്ടക്കൂടാണ് കെകെവിഐബി. കേരള സർക്കാർ, ഖാദി കമ്മീഷൻ, ദേശസാൽകൃത ബാങ്കുകൾ എന്നിവയിൽ നിന്ന് സഹായം ലഭ്യമാക്കികൊണ്ട് സഹകരണ സ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യക്തികൾ, വകുപ്പുതല യൂണിറ്റുകൾ എന്നിവയിലൂടെ ബോർഡ് പദ്ധതികൾ നടപ്പിലാക്കുന്നു. കെവിഐസിയുടെ പ്രധാനമന്ത്രി തൊഴിൽ ദാന പദ്ധതി (പിഎംഇജിപി), പ്രത്യേക തൊഴിൽദാന പദ്ധതി (എസ്ഇജിപി) (എന്റെ ഗ്രാമം), ഗ്രാമീണ തൊഴിൽദാന പദ്ധതി (ആർ ഇ ജി പി) ഉൾപ്പെടെ സംസ്ഥാന പദ്ധതി പ്രകാരം ബോർഡ് വിവിധ പദ്ധതികൾ നടപ്പാക്കി. കഴിഞ്ഞ രണ്ട് വർഷത്തെ കേരള ഖാദി, ഗ്രാമ വ്യവസായത്തിന്റെ ഉത്പാദനം, വിൽപ്പന, തൊഴിൽ,

**പട്ടിക 4.6.4.** 2021-22 & 2022-23 വർഷങ്ങളിൽ കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉത്പാദനം, വിൽപ്പന, തൊഴിൽ, വേതനം

| മേഖല/ഉപമേഖല | ഉൽപ്പാദന മൂല്യം (രൂപ കോടിയിൽ ) | | വിൽപ്പന മൂല്യം (രൂപ കോടിയിൽ) | | തൊഴിൽ (എണ്ണത്തിൽ) | |
|---|---|---|---|---|---|---|
| | 2021-22 | 2022-23 | 2021-22 | 2022-23 | 2021-22 | 2022-23 |
| ഖാദി മേഖല | 60.01 | 34.16 | 115.61 | 51.30 | 12706 | 12527 |
| ഗ്രാമ വ്യവസായ മേഖല | 101.36 | 155.22 | 104.51 | 164.79 | 40862 | 43350 |
| ആകെ | 161.37 | 189.38 | 220.12 | 216.09 | 53,568 | 55,877 |

അവലംബം :ഖാദി ഗ്രാമ വ്യവസായ ബോർഡ്

**പട്ടിക 4.6.5** കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വിഹിതവും അതിന്റെ ചെലവും (രൂപ ലക്ഷത്തിൽ)

| ഇനം | 2021-22 | | 2022-23 | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| സംസ്ഥാന സർക്കാർ ഗ്രാൻറ്-പദ്ധതി വിഹിതം | | | | |
| 1. ഭരണ ചെലവുകൾ (ബജറ്റ് വിഹിതം) | 1351.48 | 1320.83 | 915.77 | 872.85 |
| 2. ഇൻകം സപ്പോർട്ട് സ്കീം (ഡി ഐ സി വഴി യുള്ളഫണ്ട് ) | 3300.00 | 4635.75 | 1500.00 | 1500.00 |
| സംസ്ഥാന സർക്കാർ ഗ്രാൻറ് - പദ്ധതിയേതരം | | | | |
| 1. പദ്ധതിയേതര- ഭരണ ചെലവുകൾ | 4599.45 | 4635.75 | 4832.00 | 4903.54 |
| 2. പദ്ധതിയേതര – പ്രത്യേക ഇളവ് | 1400.00 | 1400.00 | 1000.00 | 1000.00 |
| കെ.വി.ഐ.സി ഗ്രാൻറ് പി.എം.ഇ.ജി.പി - മാർജിൻ മണി സഹായം | 1655.75 | 806.08 | 1738.50 | 1143.91 |

അവലംബം: ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരള സർക്കാർ

നൽകിയ വേതനം എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 4.6.4** ൽ കാണിച്ചിരിക്കുന്നു.

ഖാദി ഗ്രാമ വ്യവസായ ബോർഡിന് 2021-22, 2022-23 വർഷങ്ങളിൽ വിവിധ തലങ്ങളിൽ നിന്നു ലഭിച്ച വിഹിതവും അതിന്റെ ചെലവും **പട്ടിക 4.6.5**ൽ ചേർത്തിരിക്കുന്നു.

### പ്രത്യേക തൊഴിൽ ദാന പദ്ധതി

പദ്ധതി വിലയിരുത്തലിന്റെയും വ്യവസായ വാണിജ്യ വകുപ്പിന്റെ അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ബാങ്ക് ലിങ്ക്ഡ് പ്രോജക്ടുകൾ വഴി ചെറുകിട സംരംഭകർക്കും പരമ്പരാഗത കരകൗശലത്തൊഴിലാളികൾക്കും മാർജിൻ മണി സബ്സിഡി നൽകുന്ന പദ്ധതിയാണിത്. 2022-23ൽ ഖാദി ബോർഡ് 759 ഗ്രാമവ്യവസായങ്ങളിലൂടെ 2,437.18 ലക്ഷം രൂപയുടെ മൊത്തം പദ്ധതി നിക്ഷേപം സൃഷ്ടിക്കുകയും 1,760 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുകയും ചെയ്തു. 2022-23 ലെ ഈ പരിപാടിയുടെ നേട്ടങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.14** ലും **4.6.15** ലും കൊടുത്തിരിക്കുന്നു.

### പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതി (പിഎംഇജിപി)


ഗ്രാമീണ, നഗര മേഖലകളിൽ ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തിനായി ലക്ഷ്യമിട്ടുകൊണ്ടുള്ള വായ്പാബന്ധിത സബ്സിഡി പരിപാടിയാണ് പി എം ഇ ജി പി. രാജ്യത്തെ ഒരു വലിയ വിഭാഗം പാരമ്പര്യ കൈത്തൊഴിലുകാർ, ഗ്രാമീണ, നഗര മേഖലയിലെ തൊഴിൽ രഹിതരായ യുവാക്കൾ എന്നിവർക്ക് സുസ്ഥിരമായ തൊഴിൽ പ്രദാനം ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ചെറുകിട മേഖലകളിലേക്ക് കൂടുതലായി വായ്പകൾ അനുവദിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. പദ്ധതിയുടെ കീഴിൽ ചെറുകിട സംരംഭങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് സർക്കാർ സബ്സിഡി ലഭ്യമാകുന്നു. ഇതിന് ഖാദി ഗ്രാമവ്യവസായ ബോർഡ് മേൽനോട്ടം വഹിക്കുന്നു, കൂടാതെ അധിക വേതനമായും വിതരണം ചെയ്യുന്നു. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിലൂടെ (പിഎംഇജിപി) ബോർഡ് 315 യൂണിറ്റുകളിലൂടെ 3,378.34 ലക്ഷം രൂപ മൂലധന നിക്ഷേപം സൃഷ്ടിക്കുകയും 2,484 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. 2022-23 ൽ ഈ പരിപാടിയുടെ നേട്ടങ്ങൾ **പട്ടിക 4.6.6** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.6.6** പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതി (പിഎം ഇ ജി പി)യുടെ നേട്ടങ്ങൾ, 2022-23

| ക്രമ നം. | പദ്ധതി | യൂണിറ്റു കളുടെ എണ്ണം | ഉത്പാദനം (രൂപ ലക്ഷത്തിൽ) | വില്പ്പന (രൂപ ലക്ഷത്തിൽ) | തൊഴിൽ എണ്ണം | വേതനം (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|---|---|
| 1 | പി എം ജി പി | 315 | 5,405 | 6,216 | 2,484 | 896.00 |

അവലംബം- ഖാദി, ഗ്രാമവ്യവസായ ബോർഡ്, കേരള സർക്കാർ

**ചിത്രം 4.6.1** 2022-23 ജില്ലതിരിച്ചുള്ള വില്പന ലക്ഷ്യങ്ങളും നേട്ടങ്ങളും സംബന്ധിക്കുന്ന വിശദാംശങ്ങൾ(തുക ലക്ഷം രൂപയിൽ)




അവലംബം : ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരള സർക്കാർ

**ഖാദിഗ്രാമം പരിപാടി**

തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ സ്ത്രീകൾ, ദുർബല വിഭാഗത്തിൽപ്പെട്ടവർ എന്നീ 5000 പേർക്ക് ക്ലസ്റ്റർ മാതൃകയിൽ 3000 ചർക്കകളും 2000 തറികളുംസ്ഥാപിച്ചുകൊണ്ട് പുതിയ തൊഴിൽ സാധ്യത ഉറപ്പുവരുത്താൻ വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി.

**വിപണനം**

ഖാദി ബോർഡിന് കീഴിൽ ഖാദി ഗ്രാമ ഉൽപ്പന്നങ്ങൾക്കായി 185 വില്പനകേന്ദ്രങ്ങളുണ്ട്. 2021-22, 2022-23 വർഷങ്ങളിലെ വകുപ്പുതല വില്പന കേന്ദ്രങ്ങളുടെയും, വിൽപ്പനയുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം.4.6.16** ലും **4.6.17**.ലും **ചിത്രം 4.6.1** ലും നൽകിയിരിക്കുന്നു.

**കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും**

- കാലാവസ്ഥ, സാംസ്കാരിക പരിപാടികൾ, ഫാഷൻ ട്രെൻഡുകൾ തുടങ്ങിയ വിവിധ ഘടകങ്ങൾ കാരണം വർഷത്തിലെ പ്രത്യേക സമയങ്ങളിൽ ചില ഉൽപ്പന്നങ്ങൾ കൂടുതൽ ജനപ്രിയമായതിനാൽ, ഖാദി ഉൽപ്പന്നങ്ങൾക്ക് സീസണൽ ഡിമാൻഡിൽ ഗണ്യമായ ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടുന്നു.
- ഖാദിയുടെ ഉൽപാദനവും വിൽപ്പനയും തമ്മിൽ വലിയ അന്തരം.
- ഉൽപാദന ശേഷിയുടെ വിനിയോഗത്തിലുള്ള കുറവ് മറ്റൊരു പ്രശ്നമാണ്. കേരളത്തിൽ ആവശ്യത്തിന് ചർക്കകളും തറികളും ഉണ്ട്. സ്പെയർ പാർട്സ് വാങ്ങുന്നതിനും ഉപകരണങ്ങളുടെ സേവനം നൽകുന്നതിനുമുള്ള ഫണ്ടിന്റെ അഭാവം ഖാദി സ്ഥാപനങ്ങൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. അതിനാൽ പല ചർക്കകളും തറികളും നിഷ്ക്രിയമായിരിക്കുന്നു.
- കുറഞ്ഞ ഉൽപാദനക്ഷമത ഖാദി മേഖലയിലെ ഒരു പ്രധാന പ്രശ്നമാണ്.
- കേരളത്തിൽ ഉയർന്ന നിലവാരമുള്ള മസ്ലിൻ, സിൽക്ക് ഫേബ്രിക്കുകളുടെ തുണിത്തരങ്ങളുടെ അഭാവം
- മാറുന്ന സാമ്പത്തിക പരിസ്ഥിതികൾക്ക് അനുസൃതമായി മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനുള്ള, പരമ്പരാഗത രീതി അവലംബിച്ചു പോരുന്ന ഖാദി വ്യവസായ മേഖലയുടെ, വിമുഖത മറ്റൊരു പ്രധാന വെല്ലുവിളിയാണ്.
- വ്യാജ ഖാദിയുടെ വ്യാപകമായ ഉൽപാദനവും ഉപയോഗവും ഖാദി മേഖലയെ സംബന്ധിച്ചിടത്തോളം ഗുരുതരമായ വെല്ലുവിളിയാണ്.
- വിൽപ്പന ശാലകളിൽ ഉപഭോക്താക്കളെ ആകർഷിക്കാൻ പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.
- ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം ഒരു പ്രധാന വെല്ലുവിളിയാണ്. ഉയർന്ന മത്സരം, കുറഞ്ഞ പ്രചാരണം, പരസ്യം എന്നിവയുടെ അഭാവം എന്നിവയാണ് പ്രധാന കാരണങ്ങൾ.
- ഖാദിയിൽ ജിഎസ്ടിയുടെ സ്വാധീനം: ഖാദി സ്ഥാപനങ്ങൾ ഇപ്പോൾ ജിഎസ്ടിക്ക് കീഴിൽ രജിസ്റ്റർ ചെയ്യുകയും വിവിധ ഇനം ഖാദി ഉത്പന്നങ്ങൾക്ക് 5 ശതമാനം ജിഎസ്ടി നൽകുകയും വേണം.

- മന്ദഗതിയിലുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ
- നിലവിലെ വെല്ലുവിളികളെ നേരിടുന്നതിനായി ഖാദി സ്ഥാപനങ്ങൾക്കാവശ്യമായ പ്രൊഫഷണൽ മാനേജ്മെന്റ്, തൊഴിൽ കാര്യക്ഷമത എന്നിവയുടെ അഭാവം

### മുന്നോട്ട്

ഉത്പാദനത്തിലും വിപണനത്തിലും നൂതന ആശങ്ങൾ കൊണ്ടുവരേണ്ടത് ഏതൊരു വ്യവസായത്തിന്റെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ഒരു പരമ്പരാഗത വ്യവസായ മേഖല എന്ന നിലയിൽ ഖാദി മേഖല പിന്തുണക്കായി സർക്കാരിനെ ആശ്രയിക്കുന്നു സാമ്പത്തിക മേഖലയിലെ മാറ്റങ്ങൾക്കനുസരണമായി സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഈ മേഖലയെ പിന്തുണക്കേണ്ടത് അനിവാര്യമാണ്. ഈ മേഖലയിലെ സംരംഭങ്ങളുടെ പ്രോത്സാഹനവും സുസ്ഥിരത ഉറപ്പിക്കലും സംസ്ഥാനത്തെ സുസ്ഥിര വികസനത്തിന് സഹായിക്കും. ഖാദിയുടെ സ്ഥാനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതനമായ മാർഗ്ഗങ്ങളും സംരംഭങ്ങളും ഉപയോഗിച്ച് ഈ മേഖലയിലേക്ക് സംഭാവന നൽകാൻ കേരളത്തിലെ യുവാക്കൾക്ക് കഴിയും. ഗവൺമെന്റിൽ നിന്നും ദേശീയ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ സഹായങ്ങൾ വിനിയോഗിച്ചു കൊണ്ട് ഫലപ്രദമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ മേഖലയ്ക്ക് കഴിയും.

## കയർ വ്യവസായം

### ഇന്ത്യയിലെ കയർ വ്യവസായം

ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, മഹാരാഷ്ട്ര, ഗോവ, ഒഡീഷ, അസം, ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ്, പുതുച്ചേരി തുടങ്ങി നാളികേരമുല്പാദനത്തിൽ മുന്നിലുള്ള സംസ്ഥാനങ്ങളിൽ മൊത്ത മൂല്യവർദ്ധനവിനും തൊഴിലവസരത്തിനും ഗണ്യമായ സംഭാവന നൽകുന്ന വ്യവസായമാണ് കയർ. ഏകദേശം 7.5 ലക്ഷം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുന്ന ഈ മേഖലയിലെ തൊഴിലാളികളിൽ 80 ശതമാനവും സ്ത്രീകളാണ്.

2018-19 മുതൽ കയർ മേഖലയിലെ ഉത്പാദനം, കയറ്റുമതി, തൊഴിലവസരങ്ങൾ എന്നിവ വർദ്ധവിന്റെ പാതയിലാണ്. 2022-23ൽ കയർ നാരിന്റെ വാർഷിക ഉത്പാദനം 7,91,000 മെട്രിക് ടൺ ആയിരുന്നു. മാർച്ച് 23 വരെയുള്ള കണക്കനുസരിച്ച് 7,47,637 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഇന്ത്യയിൽ നിന്നുള്ള കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി 3,992.17 കോടി രൂപയായിരുന്നു (താൽക്കാലികം). നൂറിലധികം രാജ്യങ്ങളിലേക്കാണ് ഇന്ത്യൻ കയർ കയറ്റുമതി ചെയ്യുന്നത്. കയർ ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ മൂല്യത്തിൽ ഏറ്റവും കൂടുതൽ യു.എസ്.എ യും അളവിൽ ഏറ്റവും കൂടുതൽ ചൈനയും ആണ്. കയറ്റുമതി മൂല്യത്തിന്റെയും അളവിന്റെയും 50 ശതമാനത്തിലധികം ചകിരിച്ചോറാണ്. കയറ്റുമതി ചെയ്യുന്ന കയറുൽപ്പന്നങ്ങളുടെ വൈവിധ്യത്തിൽ പ്രകടമായ മാറ്റത്തിന് വിപണി സാക്ഷ്യം വഹിച്ചിരിക്കുന്നു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി മാറ്റിംഗ്, പരവതാനികൾ തുടങ്ങി പരമ്പരാഗത ഉൽപന്നങ്ങളുടെ കയറ്റുമതി കുറഞ്ഞുവരുന്ന പ്രവണത കാണിക്കുന്നതിനോടൊപ്പം, 'ചകിരിച്ചോർ, 'കയർ നാരുകൾ', 'ടഫ്റ്റഡ് മാറ്റുകൾ' മുതലായവയുടെ ആവശ്യം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. (അവലംബം: കയർ ബോർഡ്, ഭാരത സർക്കാർ; സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ).


കാർഷികാധിഷ്ഠിതമായതും ഗ്രാമപ്രദേശങ്ങളിൽ വലിയ സാന്നിധ്യമുള്ളതുമായ ഒരു വ്യവസായമാണ് കയർ വ്യവസായം. വലിയൊരു വിഭാഗം തൊഴിലാളികളും സ്ത്രീകളായതിനാലും (80 ശതമാനം) സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ട തൊഴിലാളികളായതിനാലും കയർ വ്യവസായം അതിന്റേതായ പ്രാധാന്യമർഹിക്കുന്നു. ചകിരിച്ചോറ്, കയർ നാരുകൾ, ടഫ്റ്റഡ് മാറ്റുകൾ, കൈത്തറി മാറ്റുകൾ, ജിയോ ടെക്സ്റ്റൈൽസ്, കയർ നൂൽ, ചുരുണ്ട കയർ, കൈത്തറി മാറ്റിംഗ്, റബ്ബറൈസ്ഡ് കയർ എന്നിവ ഉൾപ്പെടുന്ന ഏകദേശം 14 കയർ ഉൽപ്പന്നങ്ങൾ ഇന്ത്യ നിലവിൽ കയറ്റുമതി ചെയ്യുന്നു. നിലവിൽ 40 ശതമാനം ചകിരിത്തൊണ്ട് മാത്രമാണ് കയർ വ്യവസായത്തിൽ ഉപയോഗിക്കുന്നത് എന്നതിനാൽ ഈ വ്യവസായം ഇനിയും കൂടുതൽ വികസിക്കാനുള്ള സാധ്യത നിലവിലുണ്ട്.

### കേരളത്തിലെ കയർ വ്യവസായം

ഇന്ത്യൻ കയർ വ്യവസായത്തിന്റെ ആസ്ഥാനമാണ് കേരളം, പ്രത്യേകിച്ച് വൈറ്റ് ഫൈബറിന്റെ ഉൽപാദനത്തിൽ. തേങ്ങ ഉൽപാദനത്തിന്റെ 61 ശതമാനവും, കയർ ഉൽപ്പന്നങ്ങളുടെ 85 ശതമാനവും കേരളത്തിലാണ് നടക്കുന്നത്. 1.5 ലക്ഷത്തോളം കയർ തൊഴിലാളികൾ ജോലി ചെയ്യുന്ന കേരളത്തിലെ പരമ്പരാഗത വ്യവസായമാണ് കയർ മേഖല. ഇതിൽ 80 ശതമാനവും സ്ത്രീകളാണ്. കയർ വ്യവസായത്തിലെ പ്രക്രിയകളെ നാരു വേർതിരിച്ചെടുക്കൽ, സ്പിന്നിംഗ്, ഉത്പാദനം എന്നിങ്ങനെ മൂന്ന് പ്രധാന വിഭാഗങ്ങളായി തിരിക്കാം. നാരു വേർതിരിച്ചെടുക്കൽ, സ്പിന്നിംഗ് വിഭാഗം എന്നിവ കൂടുതലും കേന്ദ്രീകരിച്ചിരിക്കുന്നത് സഹകരണ മേഖലയിലാണ്, അതേസമയം ഉൽപാദന വിഭാഗം ഫാക്ടറി മാതൃകയിൽ ആണ് പ്രവർത്തിക്കുന്നത്. ഇതിൽ നിരവധി കയറ്റുമതിക്കാരും ഉൾപ്പെടുന്നു.

കയറ്റുമതി വരുമാനം സൃഷ്ടിക്കുന്നതിൽ കേരളത്തിലെ കയർ മേഖലയുടെ പങ്ക് ശ്രദ്ധേയമാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ സംരംഭകരും കേരളത്തിൽ കയർ, കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. കേരളത്തിൽ കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയും കയർഫെഡിനൊപ്പം കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ ഏർപ്പെടുന്നു. ഈ ഏജൻസികളിൽ നിന്നുള്ള കയറ്റുമതി 2015-16 മുതൽ തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2020-21ൽ 1413.78 ലക്ഷം രൂപയായിരുന്ന കയറ്റുമതി 2021-22ൽ 1731.66 ലക്ഷം രൂപയായി ഉയർന്നു. 2022-23ൽ 1640.00 ലക്ഷം രൂപയുടെ കയറ്റുമതിയാണ് ഉണ്ടായത്. വിശദാംശങ്ങൾ **ചിത്രം 4.6.1**, **അനുബന്ധം 4.6.18** എന്നിവയിൽ നൽകിയിരിക്കുന്നു.

**ചിത്രം 4.6.1** കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്ന് നടത്തിയ കയർ, കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി, രൂപ ലക്ഷത്തിൽ




അവലംബം: കയർ വികസന ഡയറക്ടറേറ്റ്, കേരള സർക്കാർ

**കയർ മേഖലയിലെ പദ്ധതികളുടെയും പരിപാടികളുടെയും നേട്ടങ്ങൾ**

കയർ മേഖലയിൽ, സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളിൽ ഭൂരിഭാഗവും കയർ വികസന വകുപ്പ്, കയർ വികസന ഡയറക്ടറേറ്റ് എന്നിവയിലൂടെയാണ് നടപ്പിലാക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഈ മേഖലയ്ക്കായി വാർഷിക പദ്ധതികളിലൂടെ 636.19 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിരുന്നു. ഇത് പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വിഹിതം ഒഴിവാക്കിയുള്ളതാണ്. 658.72 കോടി രൂപയാണ് ചെലവ് (103.54 ശതമാനം). 2022-23 ൽ ഈ മേഖലയുടെ പദ്ധതിവിഹിതം 117.00 കോടി രൂപയായിരുന്നു. ചെലവാക്കിയത് 102.2 കോടി രൂപയാണ് (87 ശതമാനം). വിശദാംശങ്ങൾ **പട്ടിക 4.6.7** ൽ നൽകിയിരിക്കുന്നു.

'കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടന' എന്ന പേരിൽ സമഗ്രമായ പുനരുജ്ജീവനവും പരിവർത്തനപരവുമായ പാക്കേജ് നടപ്പിലാക്കിയതാണ് കയർ മേഖലയിലെ സമീപ വർഷങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്ന്. സംസ്ഥാന, എൻ.സി.ഡി.സി ഫണ്ടുകൾ ഉൾപ്പെടുന്ന പാക്കേജിൽ ഒരേ സമയം കയർ മേഖലയെ യന്ത്രവൽക്കരിക്കാനും തൊഴിലാളികളുടെ വേതനം സംരക്ഷിക്കാനും പരിശ്രമിക്കുന്നു. പാക്കേജിൽ 5 പ്രധാന മേഖലകൾക്ക് മുൻതൂക്കം നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. i) സാങ്കേതിക സഹായത്തോടെയുള്ള സംഭരണം, വികേന്ദ്രീകൃത നാര് വേർതിരിച്ചെടുക്കൽ, ii) പരമ്പരാഗത കയർ പിരിക്കൽ, നെയ്ത്ത് മേഖലയ്ക്കുള്ള പ്രത്യേക തന്ത്രം, iii) വ്യാവസായിക

**പട്ടിക 4.6.7** സംസ്ഥാന പദ്ധതി വിഹിതവും കയർ മേഖലയ്ക്കുള്ള ചെലവും (പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെ), രൂപ ലക്ഷത്തിൽ

| വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|
| 2017-18 | 12,812.00 | 9,872.89 | 77.06 |
| 2018-19 | 14,108.00 | 12,766.13 | 90.49 |
| 2019-20 | 14,151.00 | 8,247.06 | 58.28 |
| 2020-21 | 11,274.00 | 21,913.40 | 194.37 |
| 2021-22 | 11,274.00 | 13,072.26 | 115.95 |
| പതിമൂന്നാം പഞ്ചവത്സര പദ്ധതി - ആകെ | 63,619.00 | 65,871.74 | 103.54 |
| 2022-23 | 11,700.00 | 10,218.23 | 87.34 |
| 2023-24 | 11,700.00 | 6,043.83* | 51.66 |

അവലംബം: ബജറ്റ് പ്രോഗ്രാം ബുക്ക് വിവിധ വർഷങ്ങളും പ്ലാൻ സ്പേസ് കേരളയും.
*19/10/2023 ലെ ചെലവ്

കയർ പിരിക്കൽ, നെയ്ത്ത് മേഖലയുടെ നവീകരണം (കയർ ഭൂവസ്ത്ര നിർമാണത്തിൽ പ്രത്യേക ശ്രദ്ധ) , iv) വ്യാവസായിക കയർ ഉൽപ്പന്ന വൈവിധ്യവൽക്കരണം - നെയ്ത്തിതര മേഖലയിൽ ശ്രദ്ധ, v) കയർ മേഖലയ്ക്കുള്ള സ്ഥാപന പിന്തുണയും വിപണി വികസനവും. യന്ത്രവൽക്കരണവും ആധുനികവൽകരണവുമടക്കമുള്ള പുനഃസംഘടനാ പ്രവർത്തനങ്ങൾ ഫലം കണ്ടു തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 137 പുതിയ ഡീഫൈബറിങ് യൂണിറ്റുകളും (ഡിഎഫ്) 11 ഓട്ടോമാറ്റിക് തറികളും സ്ഥാപിച്ചു. പല യൂണിറ്റുകളുടെയും പ്രതിദിനശേഷി 10,000 തൊണ്ടിൽ നിന്ന് 80,000 തൊണ്ടായി വർദ്ധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതിയ ഡീഫൈബറിങ് യൂണിറ്റുകളുടെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തെ തൊണ്ട് ഉപയോഗം 12.5 ശതമാനത്തിൽ നിന്ന് 14.8 ശതമാനമായി ഉയർന്നു. ചകിരിച്ചോറിനും ചെറിയ നാരിനുമുള്ള പുതിയ ഉപയോഗങ്ങൾ വികസിപ്പിച്ചെടുത്തു. തൽഫലമായി, അസംസ്കൃത ചകിരിച്ചോറിന്റെ മൂല്യം ഉയർന്നു. 26,000-ലധികം നല്ല നിലവാരമുള്ള ഇലക്ട്രോണിക് റാട്ടുകളും 140-ലധികം സൊസൈറ്റികളിലായി 1493 ഓട്ടോമേറ്റഡ് സ്പിന്നിംഗ് മില്ലുകളും (എഎസ്എം) അവതരിപ്പിച്ചതോടെ, നൂൽ ഉത്പാദനം 2016-ൽ 7,880 ടണ്ണിൽ നിന്ന് 2022-ൽ 18,662 ടണ്ണായി കുതിച്ചുയർന്നു. പരമ്പരാഗത സ്പിന്നിംഗ് മേഖലയിലെ കയർ തൊഴിലാളികളുടെ വാർഷിക വരുമാനം 2016ൽ 13,000 രൂപയിൽ നിന്ന് 2022ൽ 50,000 രൂപയായി ഉയർന്നു. ഓട്ടോമാറ്റഡ് സ്പിന്നിംഗ് മിൽ തൊഴിലാളികളുടെ ദിവസ വേതനം ഏകദേശം 500 രൂപയായി വർദ്ധിച്ചു. 2022-23ൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഏകദേശം 65 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിച്ച് വിതരണം ചെയ്തു.

2022-23ൽ, 'വ്യാപാരപ്രദർശനങ്ങൾ ഉൾപ്പെടെയുള്ള പരസ്യ പ്രചാരണം' എന്ന പദ്ധതിപ്രകാരം നാല് പൊതുമേഖലാ സ്ഥാപനങ്ങൾക്കും അഞ്ച് സ്വകാര്യമേഖലാ സംരംഭങ്ങൾക്കും പ്രയോജനം ലഭിച്ചു. 'കയർ, കയറുൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കുള്ള വിപണി വികസന' സഹായമായി 29 മാറ്റ്സ് ആൻഡ് മാറ്റിങ് സൊസൈറ്റികൾ, കയർഫെഡ്, ഫോമിൽ, കെ.എസ്.സി.സി എന്നിവയ്ക്ക് 9 കോടി രൂപ വിതരണം ചെയ്തു. 'കയർ ഭൂവസ്ത്ര വികസന പരിപാടിയുടെ വികസനത്തിനുള്ള സഹായം'എന്ന പദ്ധതിയിൽ എൻ.സി.ആർ.എം.ഐ വഴി 54 ലക്ഷം രൂപ ചെലവഴിച്ചു. 'കയർ വ്യവസായത്തിന്റെ നിയന്ത്രിത യന്ത്രവൽക്കരണം' എന്ന പദ്ധതിക്ക് കീഴിൽ, എൻ.സി.ആർ.എം.ഐ, ഫോമിൽ, കെ.എസ്.സി.സി, കയർഫെഡ്, കെ.എസ്.സി.എം.എം.സി, 21 സി.വി.സി.സി.കൾ(ഇൻഫ്രാ), 6 സ്വകാര്യ യൂണിറ്റുകൾ (ഇൻഫ്രാ), 2 സൊസൈറ്റികൾ (എ.എസ്.എം. ഇൻസ്റ്റലേഷൻ), 2 സൊസൈറ്റികൾ ഇലക്ട്രോണിക് വെയിംഗ് മെഷീനുകൾ) എന്നിവ വഴി 12.32 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് സബ്സിഡി അടക്കമുള്ള ആനുകൂല്യങ്ങൾ നൽകി. 'ഉത്പാദന വിപണന പ്രോത്സാഹന പദ്ധതി (പി.എം.ഐ സ്കീം) വഴി 463 സി.വി.സി.എസുകൾക്ക് 9.28 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകി. വ്യവസായത്തിൽ മിനിമം വില ഉറപ്പാക്കാൻ കെ.എസ്.സി.സി. വഴിയും കയർഫെഡ് മുഖേനയും 35.17 കോടി രൂപ 'വില വ്യതിയാന സ്ഥിരതാ ഫണ്ട്' പദ്ധതി പ്രകാരം ചെലവഴിച്ചു. 'കയർ സഹകരണ സംഘങ്ങളിലെ സർക്കാർ പങ്കാളിത്തം' പദ്ധതിയിലൂടെ ഒരു എസ്.സി.വി.സി.എസും 3 സി.വി.സി.എസുകളും ഗുണഭോക്താക്കളായി. 'കയർ വ്യവസായ പുനഃസംഘടന – രണ്ടാം ഘട്ടം' പദ്ധതി പ്രകാരം 67 സിവിസിഎസുകൾക്ക് 25.99 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകി.

### കേരള കയർ മേഖലയിലെ ഏജൻസികളും കയർ വികസന ഡയറക്ടറേറ്റും

കേരളത്തിലെ കയർ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനും സുസ്ഥിരതയ്ക്കും സഹായകമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കയർ വികസന ഡയറക്ടറേറ്റ്. കേരള സംസ്ഥാന കയർ കോർപ്പറേഷൻ (കെ.എസ്.സി.സി), ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (ഫോമിൽ), കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്), നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ), കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി (കെ.എസ്.സി.എം.എം.സി) , കേരള സംസ്ഥാന കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കയർ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി പ്രവർത്തിക്കുന്ന പ്രധാന ഏജൻസികളാണ്. കയർ മേഖലയിൽ തൊണ്ട് ശേഖരിക്കൽ, നാരു വേർതിരിച്ചെടുക്കൽ, നൂലും മറ്റ് ഉൽപ്പന്നങ്ങളും ഉൽപാദിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ സഹകരണ മേഖലയ്ക്ക് കാര്യമായ പങ്കുണ്ട്.

### കയർ സഹകരണ സംഘങ്ങൾ

കേരളത്തിലെ മൊത്തം കയർ സഹകരണ സംഘങ്ങളുടെ എണ്ണം 2021-22ൽ 1,096 ആയിരുന്നത് 2022-23ൽ 1,103 ആയി. ഇതിൽ വർക്കിംഗ് സൊസൈറ്റികളുടെ എണ്ണം 546 ആയിരുന്നു. ലാഭകരമായ സൊസൈറ്റികളുടെ എണ്ണം 2021-22ൽ 290 ആയിരുന്നത് 2022-23ൽ 199 ആയി കുറഞ്ഞു. ലിക്വിഡേഷനിലുള്ള സൊസൈറ്റികളുടെ എണ്ണം 257ൽ നിന്ന് 271 ആയി ഉയർന്നു. 2021-22ൽ 278 ആയിരുന്ന നഷ്ടത്തിൽ പ്രവർത്തിക്കുന്ന സൊസൈറ്റികളുടെ എണ്ണം 2022-23ൽ 347 ആയി ഉയർന്നു. മൊത്തം വർക്കിംഗ് സൊസൈറ്റികളുടെ ഏകദേശം 65 ശതമാനവും നൂൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളാണ്. നൂൽ ഇതര മേഖലയിൽ മാനുഫാക്ചറിംഗ് സൊസൈറ്റികളും (മാറ്റുകളും മാറ്റിംഗുകളും) ചെറുകിട ഉത്പാദകരുടെ സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു. മൊത്തം നിർമ്മാണ സൊസൈറ്റികളുടെ എണ്ണവും (മാറ്റുകളും മാറ്റിംഗുകളും) ചെറുകിട ഉത്പാദകരുടെ സഹകരണ സംഘങ്ങളുടെ എണ്ണവും ഏറെക്കുറെ മാറ്റമില്ലാതെ തുടർന്നെങ്കിലും ലാഭമുണ്ടാക്കുന്ന സൊസൈറ്റികളുടെ എണ്ണം കുറയുകയുണ്ടായി. വിശദാംശങ്ങൾ **അനുബന്ധം 4.6.19** ൽ നൽകിയിരിക്കുന്നു.

കയർ വ്യവസായത്തിലെ രണ്ട് പ്രധാന ഉപമേഖലകൾ നൂൽ മേഖലയും ഉൽപ്പന്ന മേഖലയുമാണ്. നൂൽ മേഖലയിലെ കയർ സഹകരണ സംഘങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2021-22ൽ 39,256 ആയിരുന്നത് 2022-23ൽ 22,596 ആയി കുറഞ്ഞു (42.43 ശതമാനം). തൽഫലമായി, ഈ

മേഖലയിൽ നൽകുന്ന കൂലി 2021-22ൽ 48.54 കോടി രൂപയായിരുന്നത് 2022-23ൽ 45.25 കോടിയായി കുറഞ്ഞു. 2021-22 നെ അപേക്ഷിച്ച്, 2022-23 ൽ സംഭരിച്ച തൊണ്ടിന്റെ മൂല്യവും വാങ്ങിയ നാരിന്റെ മൂല്യവും ഉത്പാദിപ്പിക്കുന്ന നൂലിന്റെ മൂല്യവും കുറഞ്ഞു. സഹകരണ സംഘങ്ങളിലെ ഉൽപന്ന മേഖലയിലെ തൊഴിലാളികളുടെ എണ്ണത്തിലും മുൻവർഷത്തെ അപേക്ഷിച്ച് 2022-23ൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.6.20** ൽ നൽകിയിരിക്കുന്നു.

#### കയർഫെഡ്

കേരള സംസ്ഥാന സഹകരണ കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്) കേരളത്തിലെമ്പാടുമുള്ള പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ അപെക്സ് ഫെഡറേഷനാണ്. കയർഫെഡിന് വിവിധ കയർ അനുബന്ധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 11 ഫാക്ടറികളുണ്ട്. കൂടാതെ രാജ്യത്തുടനീളം 50 ഓളം സിഗ്നേച്ചർ ഷോപ്പുകൾ നടത്തുന്നു. ഫെഡറേഷന്റെ പ്രധാന ലക്ഷ്യം സംഘാംഗങ്ങളുടെ ഉൽപന്നങ്ങൾ സംഭരിക്കുകയും കയർഫെഡിന്റെ ഔട്ട് ലെറ്റുകൾ വഴി സാധനങ്ങളുടെ വിപണനവുമാണ്. കേരളത്തിലെ പാവപ്പെട്ട കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും ഉപജീവനവും നൽകാൻ ഇത് സഹായിക്കുന്നു. മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിന് വേണ്ടി കയർഫെഡിന് രണ്ട് സൗകര്യങ്ങളുണ്ട്. ഒരു ഫാക്ടറി, റബ്ബറൈസ്ഡ് കയർ ഉൽപ്പന്നങ്ങളും മറ്റൊന്ന് റബ്ബർ അടങ്ങുന്ന കയർ മാറ്റുകളും നിർമ്മിക്കുന്നു. കയർഫെഡിന് 4 ഡിഫൈബറിങ് യൂണിറ്റുകളുണ്ട്.

വിൽപ്പനയിൽ നിന്നുള്ള വരുമാനം 2020-21ൽ 152.9 കോടി രൂപയിൽ നിന്ന് 2022-23ൽ 82.00 കോടി രൂപയായി കുറഞ്ഞു. മൊത്തത്തിൽ, 2018-19 മുതൽ ഏജൻസിയുടെ വാർഷിക അറ്റനഷ്ടം കുറഞ്ഞുവരികയാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.21** ൽ നൽകിയിരിക്കുന്നു.

#### കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് ചെറുകിട കയർ നിർമ്മാതാക്കൾക്ക് നിർമ്മാണത്തിലും വിപണനത്തിലും സഹായം നൽകുന്നതിന് വേണ്ടി 1969-ൽ സ്ഥാപിതമായി. വർഷങ്ങളായി, ചെറുകിട നിർമ്മാതാക്കളുടെ ഉൽപ്പന്നങ്ങൾ കോർപ്പറേഷൻ സംഭരിച്ച് അതുവഴി ഇടനിലക്കാരെ ആശ്രയിക്കുന്നത് കുറയ്ക്കുന്നു. അവർ സംഭരിച്ച ഉൽപ്പന്നങ്ങൾ കയറ്റുമതിക്കാർക്കും മറ്റ് വിൽപ്പനക്കാർക്കും നൽകുന്നു. കെ.എസ്.സി.സി കേരളത്തിൽ 8 ഷോറൂമുകളും കേരളത്തിന് പുറത്ത് 3 ഷോറൂമുകളും നടത്തുന്നു. കോർപറേഷന് കേരളത്തിൽ 3 ഉത്പാദന കേന്ദ്രങ്ങൾ ഉണ്ട്. അടൂരിൽ ഒരു യൂണിറ്റ് സ്ഥാപിച്ചു വരുന്നു. കോർപ്പറേഷൻ ഉത്പാദിപ്പിക്കുന്ന/വ്യാപാരം ചെയ്യുന്ന ഉൽപ്പന്നങ്ങളിൽ പിവിസി ടഫ്റ്റഡ് കയർ മാറ്റുകൾ/ മാറ്റിംഗ്സ്, ചകിരിച്ചോർ, കയർ, കയർ നാര്, കയർ നൂല്, പിരിച്ച കയർ എന്നിവ ഉൾപ്പെടുന്നു. ഓസ്ട്രേലിയ, ബ്രസീൽ, യുഎസ്എ, പോളണ്ട്, ഫ്രാൻസ്, കുവൈറ്റ്, കസാക്കിസ്ഥാൻ, ഗ്വാട്ടിമാല എന്നിവയുൾപ്പെടെ വിവിധ രാജ്യങ്ങളിലേക്ക് കെ.എസ്.സി.സി അവരുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നു.

കയർ മേഖലയിൽ കോർപ്പറേഷൻ പർച്ചേസ് പ്രൈസ് സ്റ്റബിലൈസേഷൻ സ്കീം (പി.പി.എസ്.എസ്) നടപ്പാക്കുന്നു. പി.പി.എസ്.എസിന് കീഴിലുള്ള സംഭരണത്തിന്റെ മൂല്യം 2017-18ൽ 99.83 കോടി രൂപയിൽ നിന്ന് 2020-21ൽ 213.85 കോടി രൂപയായി ഉയർന്നു. എന്നാൽ, 2022-23ൽ ഇത് 104.39 കോടി രൂപയായി കുറഞ്ഞു. കോർപ്പറേഷന്റെ വിൽപ്പനയിൽ നിന്നുള്ള വരുമാനം 2018-19ൽ 177.38 കോടി രൂപയിൽ നിന്ന് 2020-21ൽ 231.65 കോടി രൂപയായി ഉയർന്നു. എന്നാൽ, 2022-23ൽ ഇത് 134.13 കോടി രൂപയായി കുറഞ്ഞു. പൊതുമേഖലാ സ്ഥാപനം തുടർച്ചയായി അറ്റാദായം രേഖപ്പെടുത്തി. അതിന്റെ അറ്റാദായം 2017-18ൽ 14.77 ലക്ഷം രൂപയിൽ നിന്ന് 2022-23ൽ 62.44 ലക്ഷം രൂപയായി (താൽക്കാലികം) ഉയർന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.22** ൽ നൽകിയിരിക്കുന്നു.

#### നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ)

കൂടുതൽ മൂല്യവർദ്ധിത ഉൽപന്നങ്ങളും പുതിയ ഡിസൈനിലുള്ള ഉൽപന്നങ്ങളും മത്സരാധിഷ്ഠിത വിലയിൽ ഉത്പാദിപ്പിക്കാൻ വ്യവസായത്തെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കയർ മേഖലയിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് എൻ.സി.ആർ.എം.ഐ സജ്ജീകരിച്ചിരിക്കുന്നത്. 2022-23 ലെ ഗവേഷണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ താഴെപ്പറയുന്ന തലങ്ങളിൽ തരംതിരിക്കാം –

i. ചരിവ് സ്ഥിരപ്പെടുത്തുന്നതിനും കൃഷി ചെയ്യുന്നതിനും കയർ ജിയോ സെൽ ഉപയോഗം, ചരിവ് സ്ഥിരപ്പെടുത്തുന്നതിന് കയർ ഭൂവസ്ത്രം, കയർ ഭൂവസ്ത്രം പുതയിടൽ, സംരക്ഷണഭിത്തി കയർ മുള ബലപ്പെടുത്തൽ, കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണൊലിപ്പ് നിയന്ത്രിക്കൽ എന്നിവ ഉൾപ്പെടെയുള്ള പ്രദർശന പദ്ധതികൾ.
ii. ഇലക്ട്രിക്കൽ ഇൻസുലേഷനായി പോളിമർ കയർ കോമ്പോസിറ്റുകളുടെ വികസനം ഉൾപ്പെടെയുള്ള സഹകരണ പദ്ധതികൾ, നെടുമുടി പഞ്ചായത്തിൽ ജിയോടെക്സ്റ്റൈൽ, കോക്കോലോഗ് എന്നിവ ഉപയോഗിച്ച് കനാൽ തീര സംരക്ഷണത്തിനുള്ള സഹകരണ പദ്ധതി.
iii. മൊബൈൽ ടെൻഡർ കോക്കനട്ട് ക്രഷിംഗ് മെഷീൻ, ടെൻഡർ കോക്കനട്ട് ക്രഷിംഗ് മെഷീൻ, ഓട്ടോമാറ്റിക് ക്രീൽ മാറ്റ്ലൂം ഉൾപ്പെടെയുള്ള യന്ത്ര വികസനം, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പിന്റെ അപ്ഗ്രഡേഷൻ എന്നിവ.
iv. ഗണ്യമായ മൈക്രോബയൽ സ്ട്രെയിനുകൾ ഉപയോഗിച്ച് ബയോ പ്ലാസ്റ്റിക്ക് ഉത്പാദിപ്പിക്കുന്നതിന് ചകിരിച്ചോറിന്റെ ഉപയോഗം, പാസീവ് എയറേഷൻ ബിൻ ഉപയോഗിച്ച് ഗാർഹിക ജൈവമാലിന്യങ്ങൾ കമ്പോസ്റ്റു ചെയ്യുന്നതിന് പിത്ത് ആക്റ്റിവേറ്ററിന്റെ ഒപ്റ്റിമൈസേഷൻ, ഡീഫൈബറിംഗ് യൂണിറ്റുകളിലെ സാങ്കേതിക വികസനം, തൊഴിലാളികൾക്ക് കയർ പിത്ത് കമ്പോസ്റ്റിംഗ് സാങ്കേതികവിദ്യ വിതരണം ചെയ്യൽ, പരിശീലനം എന്നിവ, ഇളം നാളികേരത്തിന്റെ തൊണ്ട് ജൈവവളമാക്കി മാറ്റുന്നതിനുള്ള സാങ്കേതിക വിദ്യ, എൻ.സി.ആർ.എം.ഐ വികസിപ്പിച്ച വ്യത്യസ്തമായ രീതിയിൽ സംസ്കരിച്ച ചകിരിച്ചോറ് കമ്പോസ്റ്റിന്റെ ഫീൽഡ് വിലയിരുത്തൽ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, എൻ.സി.ആർ.എം.ഐ

എന്നിവരുടെ സഹായത്തോടെ ടെറസുകളിൽ പച്ചക്കറി കൃഷിക്ക് അനുയോജ്യമായ ചകിരിച്ചോറ് അടിസ്ഥാനമാക്കിയുള്ള പോഷക സമ്പുഷ്ടമായി വളരുന്ന മേഖല തിരിച്ചറിയുന്നതിനുള്ള പദ്ധതി, ചകിരിച്ചോറ് കമ്പോസ്റ്റിന്റെ ബലപ്പെടുത്തലും സമ്പുഷ്ടീകരണവും തിരിച്ചറിയുന്നതിനുള്ള പദ്ധതി, അതിന്റെ മൂല്യനിർണ്ണയം, മലിനജലം ശുദ്ധീകരിക്കുന്നതിന് കയർ അധിഷ്ഠിത ബയോമാസ് കാരിയറുകളിൽ ബയോഫിലിം വികസിപ്പിക്കുക, റെട്ട് ലിക്വർ സംസ്കരിക്കുന്നതിന് ആവശ്യമായ ബാക്ടീരിയ കൺസോർഷ്യയുടെ വികസനം, കയർ നാരുകളുടെ സംസ്കരണം, വിവിധ ജൈവ, രാസ ഏജന്റുകൾ ഉപയോഗിച്ച് ഘടന മെച്ചപ്പെടുത്തുന്നതിന് ടെക്സ്ചറും നിറവും എന്നിവ.

v. പീറ്റ്കോൾ ഡോട്ട്സ്, ഇ-കയർ ബാഗ്, ടൈക്കോപിത്ത് സ്പോൺ പ്രൊഡക്ഷൻ, പിത്ത് ആക്റ്റിവേറ്റർ എന്നിവയുൾപ്പെടെയുള്ള വാണിജ്യ പ്രവർത്തനങ്ങൾ.

vi. മാനേജ്മെന്റും സാങ്കേതിക പരിശീലനവും.

vii. നൈപുണ്യ വികസന പരിശീലനം.

### ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (ഫോമിൽ)

ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (ഫോമിൽ) 1979-ൽ സ്ഥാപിതമായ കേരള സർക്കാർ സംരംഭമാണ്. ഫോമിൽ എന്ന ബ്രാൻഡ് നാമത്തിൽ കയർ, ചണം, സിസൽ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, നിർമ്മാണം, വിപണനം എന്നിവയിൽ കമ്പനി ഏർപ്പെട്ടിരിക്കുന്നു. 800 ലക്ഷം രൂപ അംഗീകൃത മൂലധനവും 666.73 ലക്ഷം രൂപ അടവ് മൂലധനവുമായാണ് ഇത് സ്ഥാപിതമായത്. മാറ്റുകൾ, ഡോർ മാറ്റുകൾ, പരവതാനികൾ, കയർ ടൈലുകൾ, കാർ മാറ്റുകൾ, കയർ ഭൂവസ്ത്രങ്ങൾ, കൂടാതെ മറ്റ് പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുമായി ആഭ്യന്തര, അന്തർദേശീയ വിപണികളുടെ ആവശ്യങ്ങൾ ഫോമിൽ നിറവേറ്റുന്നു. ചകിരിച്ചോറും ചണനാരും കൊണ്ട് നിർമ്മിച്ച ഫുട്ട് മാറ്റുകൾ, പരവതാനികൾ, തറ അലങ്കാരങ്ങൾ എന്നിവയുടെ പുതിയ ഗിഫ്റ്റ്പായ്ക്കുകൾ കമ്പനി അടുത്തിടെ പുറത്തിറക്കിയിട്ടുണ്ട്. ലാറ്റക്സ് ബാക്കിംഗ് പ്ലാന്റ്, മോഡേൺ ഡൈ ഹൗസ്, ഫുള്ളി ഓട്ടോമാറ്റിക് പവർലൂം തുടങ്ങിയ അത്യാധുനിക സൗകര്യങ്ങൾ കമ്പനിക്കുണ്ട്. കമ്പനിയുടെ സൗകര്യങ്ങൾ സ്വകാര്യകയറ്റുമതിക്കാർക്കും ഉപയോഗിക്കാനുള്ള സംവിധാനം നിലവിലുണ്ട്. കമ്പനിയുടെ പുതിയ ഉൽപന്നങ്ങളായ ചകിരിച്ചോറ്, കയർ ടൈലുകൾ എന്നിവയ്ക്ക് വിപണിയിൽ നല്ല ഡിമാൻഡാണ്. കയർ കോമ്പോസിറ്റ് ബോർഡുകൾ നിർമ്മിക്കുന്നതിനായി ഒരു പുതിയ ഫാക്ടറി സ്ഥാപിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വുഡ് സയൻസസ് ആൻഡ് ടെക്നോളജിയുടെ പിന്തുണയോടെ ഇത് നവീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഡീസൽ തെർമിക് ഹീറ്ററിന് ബദലായി ഒരു പുതിയ വുഡ് ഫയേർഡ് തെർമിക് ഫ്ളൂയിഡ് ഹീറ്റർ വിജയകരമായി സ്ഥാപിച്ചതുവഴി ഇന്ധനച്ചെലവ് 60 ശതമാനം കുറയ്ക്കുവാൻ കഴിഞ്ഞു.

ഫോമിൽ കഴിഞ്ഞ 5 വർഷമായി നഷ്ടം രേഖപ്പെടുത്തുന്നു. 2022-23 അവസാനത്തോടെ സഞ്ചിത നഷ്ടം ഏകദേശം 16.93 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കുന്നു. 2018-19 മുതൽ ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനം കുറഞ്ഞുവരികയാണ്. എന്നാൽ, 2022-23ൽ ഇത് 12.20 കോടിയായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിശദാംശങ്ങൾ **അനുബന്ധം 4.6.23** ൽ നൽകിയിരിക്കുന്നു.

### കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് (കെ.എസ്.സി.എം.എം.സി)

കേരളത്തിലെ കയർ മേഖലയ്ക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ ലഭ്യമാക്കുന്നതിനായി കേരള സർക്കാർ 2014-ൽ ആലപ്പുഴയിൽ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് (കെ.എസ്.സി.എം.എം.സി) സ്ഥാപിച്ചു. കമ്പനിക്ക് ഉയർന്ന നിലവാരത്തിലുള്ള ഒരു മെഷീൻ ഷോപ്പ്, ക്വാളിറ്റി അഷ്വറൻസ് വിഭാഗം, ഗവേഷണ വികസന വിഭാഗം, മാർക്കറ്റിംഗ്-വിൽപ്പനാനന്തര സേവന വിഭാഗം എന്നിവയുണ്ട്. കെഎസ്സിഎംഎംസി ഇതുവരെ 174 ഡീഫൈബറിങ് മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഒരു ഷിഫ്റ്റിൽ 15 മുതൽ 18 കിലോഗ്രാം വരെ നൂൽ ഉത്പാദന ശേഷിയുള്ള 29,832 ഇലക്ട്രോണിക് റാട്ടുകൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. ഒരു ഷിഫ്റ്റിൽ 50-80 കിലോഗ്രാം ഉത്പാദന ശേഷിയുള്ള 1500 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും കേരളത്തിലെ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിച്ചു. കെ.എസ്.സി.എം.എം.സി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ വഴിയുള്ള കയർ നൂലിന്റെ ഉത്പാദനം വർദ്ധിപ്പിച്ചത് സംസ്ഥാനത്തെ കയർ തൊഴിലാളികളുടെ ആളോഹരി വരുമാനം വർദ്ധിക്കാനിടയായി.

കെ.എസ്.സി.എം.എം.സി.യുടെ വിറ്റുവരവ് 2018-19ൽ 8.31 കോടിയിൽ നിന്ന് 2022-23ൽ 15.06 കോടിയായി ഉയർന്നു. 2020-21ൽ വിൽപ്പന വരുമാനം 32.87 കോടി രൂപയിലെത്തി. 2021-22 ലെ ഒരു വർഷത്തെ അറ്റ നഷ്ടത്തിന് ശേഷം, 2022-23 ൽ കമ്പനി 81.49 ലക്ഷം രൂപ അറ്റാദായം റിപ്പോർട്ട് ചെയ്യുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.24** ൽ നൽകിയിരിക്കുന്നു.

### കേന്ദ്ര സർക്കാർ പദ്ധതികൾ

കയർ മേഖലയ്ക്കായി കേന്ദ്രസർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പ്രൊമോഷണൽ ബോഡിയായ കയർബോർഡ് രാജ്യത്തുടനീളം കയർ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കയർ വികാസ് യോജന, മറ്റ് കേന്ദ്രമേഖലാ പദ്ധതികളായ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനുള്ള ഫണ്ട് പദ്ധതി (സ്ഫൂർത്തി), പ്രധാനമന്ത്രിയുടെ തൊഴിൽ ഉത്പാദന പരിപാടി (പി.എം.ഇ.ജി.പി), നൂതനാശയങ്ങൾ, ഗ്രാമീണ വ്യവസായങ്ങൾ, സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി (ആസ്പയർ) എന്നിവയുടെ നിർവ്വഹണ ഏജൻസിയാണ് കയർബോർഡ്. 17,054 കയർ യൂണിറ്റുകളും 1904 കയർ കയറ്റുമതിക്കാരും കയർ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കയർ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും പരിശീലനം ലഭിച്ച ആളുകളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും ആഭ്യന്തര, കയറ്റുമതി വിപണി മെച്ചപ്പെടുത്തുന്നതിനും കയർ ബോർഡ് കയർ വികാസ് യോജന (സി.വി.വൈ.)യുടെ കീഴിൽ വിവിധ ഉപപദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇവ പ്രകാരം 2,794 പേർക്ക് പരിശീലനം നൽകി. കൂടാതെ, 23 സംരംഭകത്വ വികസന പരിപാടികൾ (ഇഡിപികൾ), 27 ബോധവൽക്കരണ പരിപാടികൾ, 6 ദേശീയ

സെമിനാറുകൾ, 6 ശിൽപശാലകൾ, 4 എക്സ്പോഷർ ടൂറുകൾ എന്നിവ സംഘടിപ്പിച്ചു. വിദേശത്ത് നടക്കുന്ന 5 അന്താരാഷ്ട്ര പ്രദർശനങ്ങളിൽ പങ്കെടുക്കാൻ 50 സംരംഭകരെ പിന്തുണച്ചു. രാജ്യത്തുടനീളമുള്ള 97 പ്രദർശനങ്ങളിൽ പങ്കെടുക്കുകയും വിവിധ സംസ്ഥാന സർക്കാരുകൾക്കായി 6.88 കോടി രൂപയുടെ വിപണി വികസന സഹായം വിതരണം ചെയ്യുകയും ചെയ്തു.

ഭാരത സർക്കാരിന്റെ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനുള്ള ഫണ്ട് (സ്ഫൂർത്തി) പദ്ധതിക്ക് കീഴിൽ, വിവിധ നാളികേര ഉത്പാദക സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും കയർ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നത് രാജ്യത്തെ കയർ വ്യവസായത്തിന്റെ വേഗത്തിലുള്ള വളർച്ചയ്ക്ക് വഴിയൊരുക്കുന്നു. അംഗീകാരം ലഭിച്ച 40 ക്ലസ്റ്ററുകളിൽ 4 എണ്ണം കേരളത്തിലാണ്. പ്രധാനമന്ത്രിയുടെ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാമിന്റെ (പി.എം.ഇ.ജി.പി) പരിധിയിൽ അടുത്തിടെ കയർ വ്യവസായം ഉൾപ്പെടുത്തിയത് ഈ മേഖലയിൽ, പ്രത്യേകിച്ച് യുവാക്കൾക്ക്, തൊഴിലവസരം സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആസ്പയർ സ്കീമിന് കീഴിൽ കയർ ബോർഡിന്റെ ഫീൽഡ് ഓഫീസുകളോട് അനുബന്ധിച്ച് 3 ഉപജീവന ബിസിനസ് ഇൻകുബേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

### വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും.

താരതമ്യേന കുറഞ്ഞ വേതനം, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം തുടങ്ങിയവ പരമ്പരാഗത കയർ മേഖല നേരിടുന്ന വെല്ലുവിളികളാണ്. അസംസ്കൃത വസ്തുക്കളുടെ സംഭരണം, ഉത്പാദനത്തിന്റെ നവീകരണത്തിനും സംഘാടനത്തിനുമുള്ള ഫലപ്രദമായ മാതൃകകൾ എന്നിവ ഈ വ്യവസായത്തിലെ അടിയന്തിര ആവശ്യകതകളാണ്. യന്ത്രവൽക്കരണത്തിനും ആധുനികവൽക്കരണത്തിനുമായി സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമങ്ങൾ ഫലം കണ്ടുതുടങ്ങിയിരിക്കുന്നു. മൂല്യശൃംഖലയിലെ പരസ്പര ബന്ധങ്ങളും വിപണനതന്ത്രങ്ങളും വിജയം കൈവരിക്കാൻ അനിവാര്യമായ കാര്യങ്ങളാണ്. ആധുനികവൽക്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണം. സാങ്കേതികവിദ്യകളുടെ നവീകരണത്തിലും വിപണിവിലയിലെ ഏറ്റക്കുറച്ചിലുകൾ നിയന്ത്രിക്കുന്നതിലും ഗവൺമെന്റിന്റെ തുടർച്ചയായ കൈത്താങ്ങ് ആവശ്യമാണ്. എന്നിരുന്നാലും, സ്വയം സുസ്ഥിരമായ യൂണിറ്റുകൾ വികസിപ്പിക്കുന്നതിനുള്ള മോഡലുകൾക്ക് കൂടുതൽ ഊന്നൽ നൽകേണ്ടിയിരിക്കുന്നു. പുതുമകളിലൂടെ, മത്സരബുദ്ധിയോടെ പുതിയ വിപണിസാധ്യതകൾ പ്രയോജനപ്പെടുത്താനാവുമെന്നും വരും വർഷങ്ങളിൽ ഈ മേഖല മികച്ച പ്രകടനം കാഴ്ചവെക്കുമെന്നും പ്രതീക്ഷിക്കാം.

## കശുവണ്ടി വ്യവസായം

അന്താരാഷ്ട്ര വിപണിയിൽ കശുവണ്ടി വണ്ടർ നട്ടായി അറിയപ്പെടുന്നു. 2022-23 ൽ ആഗോള ട്രീ നട്ട് ഉൽപാദനത്തിൽ ബദാം (27 ശതമാനം), വാൽനട്ട് (22 ശതമാനം) എന്നിവയ്ക്ക് ശേഷം കശുവണ്ടി മൂന്നാം സ്ഥാനത്താണ് (20 ശതമാനം). ഇന്റർനാഷണൽ നട്ട് ആൻഡ് ഡ്രൈഡ് ഫ്രൂട്ട് കൗൺസിൽ (ഐ.എൻ.സി) പ്രസിദ്ധീകരിച്ച നട്സ് ആൻഡ് ഡ്രൈഡ് ഫ്രൂട്ട്സ് സ്റ്റാറ്റിസ്റ്റിക്കൽ ഇയർബുക്ക് 2022-23 അനുസരിച്ച്, കഴിഞ്ഞ ദശകത്തിൽ ആഗോള കശുവണ്ടി ഉത്പാദനം ക്രമാനുഗതമായി ഉയർന്ന് 2022-23 ൽ 10,95,030 മെട്രിക് ടൺ (കെർണൽ അടിസ്ഥാനത്തിൽ) അഥവാ 50 ലക്ഷം ടൺ അസംസ്കൃത കശുവണ്ടിപ്പരിപ്പ് (ആർ.സി.എൻ) ൽ എത്തിനിൽക്കുന്നു. കശുവണ്ടിയുടെ (അസംസ്കൃത കശുവണ്ടിയും കെർണലും) ഒരു പ്രധാന ഉത്പാദകനും, ഉപഭോക്താവും കയറ്റുമതിക്കാരനു(തൊണ്ടോടു കൂടിയത്) മാണ് ഇന്ത്യ. കശുവണ്ടി ഉത്പാദനത്തിന്റെ മുൻനിര ഉത്പാദകരുടെ വിശദാംശങ്ങൾ **പട്ടിക 4.6.8**-ൽ നൽകിയിരിക്കുന്നു.

2021 കലണ്ടർ വർഷത്തിൽ (ജനുവരി-ഡിസംബർ) കശുവണ്ടി കെർണലുകളുടെ ആഗോള കയറ്റുമതിയുടെ 65 ശതമാനവും (4.56 ലക്ഷം മെട്രിക് ടൺ) ചെയ്തത് വിയറ്റ്നാമാണ്. യുഎസ്എ, യൂറോപ്യൻ യൂണിയൻ, യുകെ, ചൈന എന്നിങ്ങനെയാണ് രാജ്യത്തിന്റെ കയറ്റുമതിയുടെ യഥാക്രമം 36, 30, 6 ശതമാനം മുൻനിര വിപണികൾ. 71,139 മെട്രിക് ടൺ കയറ്റുമതിയും ആഗോള കയറ്റുമതിയിൽ 10 ശതമാനം വിഹിതവുമായി കശുവണ്ടി കെർണലുകളുടെ കയറ്റുമതിയിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ. ഇന്ത്യയുടെ പ്രധാന വിപണികൾ ഏഷ്യ (59 ശതമാനം, യു.എ.ഇ., ജപ്പാൻ, സൗദി അറേബ്യ) യൂറോപ്യൻ യൂണിയൻ, യു.കെ (34 ശതമാനം) എന്നിവയായിരുന്നു. 2021-ൽ കയറ്റുമതി ചെയ്ത 14 ലക്ഷം മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയിൽ (ഇൻ-ഷെൽ) ഇന്ത്യ 8,79,670 മെട്രിക് ടൺ ഇറക്കുമതി ചെയ്തു. അതിൽ ഭൂരിഭാഗവും പടിഞ്ഞാറൻ ആഫ്രിക്കയിൽ നിന്നും (82 ശതമാനം) കിഴക്കൻ ആഫ്രിക്കയിൽ നിന്നുമാണ് (9 ശതമാനം). (അവലംബം: നട്സ് ആൻഡ് ഡ്രൈഡ് ഫ്രൂട്ട്സ് സ്റ്റാറ്റിസ്റ്റിക്കൽ ഇയർബുക്ക് 2022-23, ഐഎൻസി-ഇന്റർനാഷണൽ നട്ട്സ് ആൻഡ് ഡ്രൈഡ് ഫ്രൂട്ട് കൗൺസിൽ)

### ഇന്ത്യയിലെ കശുവണ്ടി മേഖല

ഇന്ത്യയിൽ ആദ്യമായി കശുവണ്ടി കൃഷി ചെയ്തത് ഗോവയിലാണ്. അവിടെ നിന്ന് രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിച്ചു. ഇന്ത്യയിൽ കശുവണ്ടി

**പട്ടിക 4.6.8** രാജ്യാടിസ്ഥാനത്തിലുള്ള കശുവണ്ടി ഉത്പാദനം-2022-23 (മെട്രിക് ടണ്ണിൽ)

| റാങ്ക് | രാജ്യം | കശുവണ്ടി കെർണലുകളുടെ ഉത്പാദനം | അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം |
|---|---|---|---|
| 1 | കോട്ട് ഡി ഐവറി | 2,47,000 | 12,00,000 |
| 2 | ഇന്ത്യ | 1,62,000 | 6,75,000 |
| 3 | കംബോഡിയ | 1,38,000 | 6,70,000 |
| 4 | വിയറ്റ്നാം | 92,000 | 4,00,000 |
| 5 | താൻസാനിയ | 44,000 | 2,00,000 |

അവലംബം: നട്സ് ആൻഡ് ഡ്രൈഡ് ഫ്രൂട്ട്സ് സ്റ്റാറ്റിസ്റ്റിക്കൽ ഇയർബുക്ക് 2022-23, ഐഎൻസി-ഇന്റർനാഷണൽ നട്ട്സ്ഡ്രൈ ഫ്രൂട്ട് കൗൺസിൽ എന്നിവ

കൃഷി ചെയ്യുന്ന പ്രധാന പ്രദേശങ്ങൾ പശ്ചിമ തീരത്തുള്ള കേരളം, കർണാടക, ഗോവ, മഹാരാഷ്ട്ര എന്നിവിടങ്ങളിലും കിഴക്കൻ തീരത്തുള്ള തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ്സ എന്നിവിടങ്ങളിലും പശ്ചിമ ബംഗാൾ, ഛത്തീസ്ഗഡ്, ഗുജറാത്ത്, ഝാർഖണ്ഡ്, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ ചില ഭാഗങ്ങളിലുമാണ്.

ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ ആൻഡ് കൊക്കോ ഡെവലപ്മെന്റ്, ഭാരത സർക്കാർ (ഡിസിസിഡി) യുടെ കണക്കനുസരിച്ച്, 2022-23ൽ ഇന്ത്യയിൽ 11.92 ലക്ഷം ഹെക്ടർ സ്ഥലത്ത് കശുവണ്ടി കൃഷി ചെയ്തു. മൊത്തം 7.81 ലക്ഷം മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയാണ് ഉത്പാദിപ്പിച്ചത്. ഇന്ത്യയിൽ കശുവണ്ടി ഉൽപ്പാദനത്തിൽ 1, 2, 3 സ്ഥാനങ്ങളിൽ മഹാരാഷ്ട്രയും ആന്ധ്രാപ്രദേശും ഒഡീഷയുമാണ്. അസംസ്കൃത കശുവണ്ടിയുടെ മൊത്തം ഉൽപാദനത്തിന്റെ കാര്യത്തിൽ കേരളം ആറാം സ്ഥാനത്താണ് (0.74 ലക്ഷം മെട്രിക് ടൺ). ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രദേശത്ത് കശുവണ്ടി ഉത്പാദിപ്പിക്കുന്നത് ഒഡീഷ (2.23 ലക്ഷം ഹെക്ടർ), ആന്ധ്രാപ്രദേശ് (1.98 ലക്ഷം ഹെക്ടർ), മഹാരാഷ്ട്ര (1.91 ലക്ഷം ഹെക്ടർ) എന്നിവിടങ്ങളിലാണ്. 1.08 ലക്ഷം ഹെക്ടർ പ്രദേശത്ത് കശുവണ്ടി ഉത്പാദനം നടക്കുന്ന കേരളം വിസ്തൃതിയിൽ ആറാം സ്ഥാനത്താണ്. സംസ്ഥാനാടിസ്ഥാനത്തിലുള്ള കശുവണ്ടി ഉൽപാദനത്തിന്റെയും പ്രദേശത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 4.6.25**-ൽ നൽകിയിരിക്കുന്നു.

അസംസ്കൃത കശുവണ്ടിയുടെ സംസ്കരണത്തിലൂടെ (വറുത്തോ ആവിയിൽ വേവിച്ചെടുത്തോ ഷെല്ലിംഗിലൂടെയോ, തൊലി കളഞ്ഞോ)യാണ് കശുവണ്ടിപ്പരിപ്പ് ലഭിക്കുന്നത്. കശുവണ്ടി പരിപ്പിന്റെ ആകൃതി, വലിപ്പം, നിറം എന്നിവയെ ആശ്രയിച്ച് വെളുത്ത/ഇരുണ്ട, മുഴുവനായുള്ള കഷണങ്ങൾ, വിഭജിച്ചത്, ബട്ടുകൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ കയറ്റുമതി (ഗുണനിലവാര നിയന്ത്രണവും പരിശോധനയും) നിയമം 1963, പ്രകാരം 33 വ്യത്യസ്ത ഗ്രേഡിലുള്ള കശുവണ്ടി കെർണലുകൾ നിർദ്ദേശിച്ചിരിക്കുന്നു. W-180, W-210, W-240, W-320, W-450 എന്നിവയാണ് ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടിയുടെ ജനപ്രിയ ഗ്രേഡുകളിൽ ചിലത്.

ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതി 2018-19 മുതൽ മൂല്യത്തിലും 2019-20 മുതൽ അളവിലും കുറഞ്ഞിരിക്കുന്നു. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (സി.ഇ.പി.സി.ഐ) കണക്കനുസരിച്ച്, 2022-23ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പിന്റെ ആകെ കയറ്റുമതി 2,718 കോടി രൂപ വിലമതിക്കുന്ന 44,948 മെട്രിക് ടൺ ആയിരുന്നു. 2021-22 നെ അപേക്ഷിച്ച്, അളവിൽ 16.40 ശതമാനവും മൂല്യത്തിൽ 14.39 ശതമാനവും കുറവുണ്ടായി. ഇന്ത്യയിലെ കശുവണ്ടിയുടെ ആഭ്യന്തര ഉത്പാദനം വ്യവസായത്തിന്റെ നിലവിലെ ആവശ്യകത/സ്ഥാപിത സംസ്കരണ ശേഷിയായ 20 ലക്ഷം മെട്രിക് ടൺ നിറവേറ്റാൻ പര്യാപ്തമല്ല. അതിനാൽ, മറ്റ് ഉത്പാദക രാജ്യങ്ങളിൽ നിന്ന് ഇന്ത്യ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യുന്നു. 2022-23 വർഷത്തിൽ 14,247.73 കോടി രൂപ മൂല്യമുള്ള 13,29,751 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇന്ത്യ ഇറക്കുമതി ചെയ്തു. മുൻവർഷത്തെ അപേക്ഷിച്ച് ഇതിൽ 42 ശതമാനം വർദ്ധനവുണ്ട്. ഇന്ത്യ കശുവണ്ടിപ്പരിപ്പും ഇറക്കുമതി ചെയ്യുന്നുണ്ട്. 2022-23ൽ 121.73 കോടി രൂപ മൂല്യമുള്ള 2421 മെട്രിക് ടൺ ആണ് ഇറക്കുമതി ചെയ്തത്. എന്നിരുന്നാലും, 2018-19 മുതൽ കശുവണ്ടിപ്പരിപ്പിന്റെ ഇറക്കുമതിയുടെ അളവും മൂല്യവും കുറഞ്ഞുവരികയാണ്.

### കേരളത്തിലെ കശുവണ്ടി മേഖല

കേരളത്തിലെ ഒരു പ്രധാന പരമ്പരാഗത കാർഷികാധിഷ്ഠിത വ്യവസായമാണ് കശുവണ്ടി വ്യവസായം. 'ലോകത്തിന്റെ കശുവണ്ടി തലസ്ഥാനം' എന്ന വിശേഷണം നേടിയ കൊല്ലം ജില്ലയിൽ നിരവധി കശുവണ്ടി സംസ്കരണ യൂണിറ്റുകളുണ്ട്. ധാരാളം സ്ത്രീകൾ തൊഴിലെടുക്കുന്ന ഒരു തൊഴിലധിഷ്ഠിതവ്യവസായമാണ് കശുവണ്ടി വ്യവസായം. കേരളത്തിൽ ഏകദേശം 830 ഔപചാരികവും അനൗപചാരികവുമായ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. അതിലെ 3 ലക്ഷം തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളാണ്. നഷ്ടം കാരണം ധാരാളം കശുവണ്ടി സംസ്കരണ യൂണിറ്റുകൾ (ഏകദേശം 730 എണ്ണം) പ്രവർത്തിക്കുന്നില്ല. പ്രവർത്തിക്കുന്ന 100 കശുവണ്ടി സംസ്കരണ യൂണിറ്റുകളിലായി ഒരു ലക്ഷം പേർ തൊഴിലെടുക്കുന്നു. കശുവണ്ടി കയറ്റുമതി പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സി.ഇ.പി.സി.ഐ) യിൽ ഔദ്യോഗികമായി രജിസ്റ്റർ ചെയ്തിട്ടുള്ള കശുവണ്ടി കയറ്റുമതി, സംസ്കരണ യൂണിറ്റുകളിൽ 65 ശതമാനവും കേരളത്തിൽ നിന്നാണ്. കശുവണ്ടി സംസ്കരണം പ്രധാനമായും സ്വകാര്യ മേഖലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കശുവണ്ടി സംസ്കരണത്തിൽ സഹകരണ മേഖലയ്ക്ക് പരിമിതമായ സാന്നിധ്യമേ ഉള്ളൂ. കേരളത്തിൽ കശുവണ്ടി സംസ്കരണ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് പൊതുസ്ഥാപനങ്ങളുണ്ട്, കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപെക്സ്), കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി) എന്നിവയാണവ.

2020-21ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പ് കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് അളവിൽ 49.87 ശതമാനവും മൂല്യത്തിൽ 50.27 ശതമാനവുമാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കണക്കനുസരിച്ച്, 2022-23ൽ കൊച്ചി തുറമുഖത്ത് നിന്ന് കയറ്റുമതി ചെയ്ത കശുവണ്ടിയുടെ അളവ് 21,858 മെട്രിക് ടൺ ആയിരുന്നു. ഇത് ഇന്ത്യയിൽ നിന്നുള്ള മൊത്തം കശുവണ്ടിപ്പരിപ്പ് കയറ്റുമതിയുടെ 48.6 ശതമാനമാണ് (44,948 മെട്രിക് ടൺ).

കേരളത്തിൽ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം 2014-15ൽ 80,000 മെട്രിക് ടണ്ണിൽ നിന്ന് 2017-18ൽ 88,180 മെട്രിക് ടണ്ണായി ഉയർന്നു. എന്നാൽ, 2022-23ൽ ഉത്പാദനം 74,630 മെട്രിക് ടണ്ണായി കുറഞ്ഞു. 2014-15ൽ 84,500 ഹെക്ടറിൽ ഉണ്ടായിരുന്ന കശുമാവ് കൃഷി 2022-23ൽ 1,08,590 ഹെക്ടറായി ഉയർന്നു. കശുമാവ് കൃഷിയിലെ റീപ്ലാന്റേഷനും ഉത്പാദനം ആരംഭിക്കുന്നതിനുള്ള കാലതാമസവും കശുമാവ് കൃഷിയുടെ വിസ്തൃതിയും ഉത്പാദനവും തമ്മിലുള്ള കണക്കുകളിലെ പൊരുത്തക്കേടിന് കാരണമായിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 4.6.9** ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.6.9** കേരളത്തിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം - 2014-15 മുതൽ 2022-23 വരെ, ഹെക്ടറിലും മെട്രിക് ടണ്ണിലും

| വർഷം | വിസ്തീർണം (ആയിരം ഹെക്ടറിൽ) | വാർഷിക വളർച്ച (ശതമാനം) | അളവ് (മെട്രിക് ടണ്ണിൽ) | വാർഷിക വളർച്ച (ശതമാനം) |
|---|---|---|---|---|
| 2014-15 | 84.5 | -0.4 | 80,000 | -0.2 |
| 2015-16 | 87.0 | 2.9 | 72,000 | -10.0 |
| 2016-17 | 90.87 | 4.5 | 83,980 | 16.6 |
| 2017-18 | 92.81 | 2.1 | 88,180 | 5.0 |
| 2018-19 | 96.65 | 4.1 | 82,889 | -6.0 |
| 2019-20 | 98.82 | 2.2 | 69,624 | -16.0 |
| 2020-21 | 103.21 | 4.4 | 73,105 | 5.0 |
| 2021-22 | 106.52 | 3.2 | 71,760 | -1.8 |
| 2022-23 | 108.59 | 1.9 | 74,630 | 4.0 |

അവലംബം - കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റ് (ഡി.സി.സി.ഡി), ഭാരത സർക്കാർ

സംസ്ഥാനത്തെ ഭൂമിയുടെ മേലുള്ള സമ്മർദ്ദവും, റബ്ബർ പോലുള്ള നാണ്യവിളകളിലേക്കുള്ള മുൻകാല മാറ്റവും (പ്രത്യേകിച്ച് കശുമാവിന് തോട്ടം എന്ന പദവി നിലവിലില്ലാത്തതിനാൽ) കേരളത്തിലെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള വെല്ലുവിളികളാണ്. പല നാണ്യവിളകൾക്കും നീണ്ട ജെസ്റ്റേഷൻ കാലയളവ് ഉണ്ട്. കൂടാതെ സാമ്പത്തിക ലാഭത്തിനു വേണ്ടി കൃഷി താരതമ്യേന കൂടുതൽ കാലം തുടരേണ്ടതുണ്ട്. അതിനാൽ, മറ്റ് നാണ്യവിളകളിൽ നിന്ന് കശുവണ്ടിയിലേക്ക് പെട്ടെന്ന് മാറാൻ കഴിയുന്നില്ല. കഴിഞ്ഞ ദശകം മുതൽ, കശുവണ്ടി കൃഷിയുടെ വിസ്തൃതി, ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വികസിപ്പിക്കുന്നതിനുള്ള നടപടികൾ കേരളം ആരംഭിച്ചിട്ടുണ്ട്.നല്ല മാറ്റങ്ങൾ ദൃശ്യമാണെങ്കിലും, ഇനിയും മെച്ചപ്പെടാനുണ്ട്. കേരളത്തിൽ കശുമാവ് കൃഷി ചെയ്തിട്ടുള്ള വിശാലമായ പ്രദേശങ്ങൾ വീണ്ടും കൃഷി ചെയ്യപ്പെടാത്തതും ശ്രദ്ധേയമാണ്. കശുമാവ് കൃഷിയിൽ ഉത്പാദനക്ഷമത പരിമിതപ്പെടുന്നതിനുള്ള ഒരു പ്രധാന കാരണം സംസ്ഥാനത്തെ കശുമാവ് മരങ്ങളിൽ 70 ശതമാനവും പ്രായമേറിയ പ്രാദേശിക ഇനങ്ങളാണെന്നതുമാണ്, അവ സീസണിൽ വൈകിയാണ് വിളവ് തരുന്നത്. അമിത മഴ, ഉയർന്ന ആപേക്ഷിക ആർദ്രത തുടങ്ങിയ കാലാവസ്ഥാ വ്യതിയാനങ്ങൾ കശുമാവ് കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

### കശുവണ്ടി മേഖലയിലെ ഏജൻസികൾ

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും (കെഎസ്‌സിഡിസി) കേരള സംസ്ഥാന കശുവണ്ടി തൊഴിലാളികളുടെ അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും (കാപെക്സ്) സംസ്ഥാനത്ത് കശുവണ്ടി സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് സംസ്ഥാന സർക്കാർ ഏജൻസികളാണ്. കേരള സംസ്ഥാന കശുവണ്ടി കൃഷി വ്യാപനത്തിനുള്ള ഏജൻസി (കെഎസ്എസിസി), കേരള കശുവണ്ടി ബോർഡ് (കെസിബി) എന്നിവയാണ് ഈ മേഖലയിലെ മറ്റ് രണ്ട് സംസ്ഥാന സർക്കാർ ഏജൻസികൾ. കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ), കശുവണ്ടി-കൊക്കോ വികസന ഡയറക്ടറേറ്റ് (ഡിസിസിഡി) എന്നിവയാണ് കശുവണ്ടി പ്രമോഷനിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ഏജൻസികൾ. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലേയും 2022-23, 2023-24 വാർഷിക പദ്ധതികളിലേയും വിഹിതവും ചെലവും സംബന്ധിക്കുന്ന വിശദാംശങ്ങൾ **പട്ടിക 4.6.10**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.6.10** കശുവണ്ടി മേഖലയിലെ സംസ്ഥാന സർക്കാർ ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും പതിമൂന്നാം പഞ്ചവത്സര പദ്ധതി, 2022-23, 2023-24 (രൂപ കോടിയിൽ)

| ക്രമ നം | ഏജൻസി | പതിമൂന്നാം പഞ്ചവത്സര പദ്ധതി | | | 2022-23 | | | 2023-24 (2023 നവംബർ 30 വരെ) | | |
|---|---|---|---|---|---|---|---|---|---|---|
| | | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് | ശതമാനം |
| 1 | കേരള കാഷ്യു ബോർഡ് ലിമിറ്റഡ് | 115.20 | 100.10 | 86.89 | 40.85 | 60.85 | 149.0 | 43.55 | 43.55 | 100.0 |
| 2 | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ | 98.00 | 239.55 | 244.4 | 6.00 | 3.26 | 54.33 | 3.25 | 1.43 | 44.00 |
| 3 | കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കേരള സംസ്ഥാന ഏജൻസി (കെ.എസ്.എ.സി.സി) | 30.80 | 13.39 | 43.47 | 7.15 | 3.03 | 42.38 | 7.20 | 1.16 | 16.11 |
| 4 | കാപെക്സ് | 25.00 | 61.02 | 244.1 | 4.00 | 1.47 | 36.75 | 4.00 | 1.83 | 45.75 |
| ആകെ | | 269.00 | 414.06 | 153.93 | 58.00 | 68.61 | 118.3 | 58.00 | 47.97 | 82.71 |

അവലംബം: പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്

**പട്ടിക 4.6.11** കെ.എസ്.സി.ഡി.സി യുടെ വിൽപ്പന വിറ്റുവരവ് (രൂപ കോടിയിൽ)

| വർഷം | വിറ്റുവരവ് | അസംസ്കൃത വസ്തുക്കളുടെ വില | മാനവ വിഭവ ശേഷി ചെലവുകൾ | ലാഭം/നഷ്ടം |
|---|---|---|---|---|
| 2018-19 | 132.33 | 134.49 | 70.45 | -100.27 |
| 2019-20 | 173.13 | 120.09 | 75.39 | -44.56 |
| 2020-21* | 87.44 | 71.97 | 48.91 | -85.15 |
| 2021-22* | 112.76 | 82.55 | 61.64 | -77.62 |
| 2022-23* | 90.62 | 72.38 | 45.78 | -78.09 |

അവലംബം: കെ. എസ്.സി.ഡി.സി, കൊല്ലം
* താൽക്കാലികം

**കേരള സ്റ്റേറ്റ് കാഷ്യൂ വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി)**

കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയായി 1969-ലാണ് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.സി.ഡി.സി) രൂപീകരിച്ചത്. കെ.എസ്.സി.ഡി.സി നിലവിൽ 30 ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നു, അതിൽ 20 എണ്ണം കരാറടിസ്ഥാനത്തിൽ കെ.എസ്.സി.ഡി.സി നടത്തുന്ന സ്വകാര്യ ഫാക്ടറികളാണ്. പ്രതിദിനം 85 മെട്രിക് ടണ്ണിൽ നിന്ന് 115 മെട്രിക് ടണ്ണായി ഉത്പാദനക്ഷമത വർദ്ധിക്കാൻ യന്ത്രവൽക്കരണവും നവീകരണവും സഹായകമായി. തൊഴിൽനഷ്ടം വരുത്താതെയാണ് കെഎസ്സിഡിസി ഈ ഉത്പാദനക്ഷമത കൈവരിച്ചത്. സർക്കാരിന്റെ മൂന്നാം '100 ദിന പരിപാടി'ക്ക് കീഴിൽ മുന്നൂറോളം സ്ത്രീ തൊഴിലാളികളെ കെ.എസ്.സി.ഡി.സി റിക്രൂട്ട് ചെയ്തിട്ടുണ്ട്. 2019-20 മുതൽ തൊഴിൽ ദിനങ്ങളും വിറ്റുവരവും കുറഞ്ഞു. 2022-23ൽ കെഎസ്സിഡിസി 11,136 പേർക്ക് തൊഴിൽ നൽകി. ഫാക്ടറികളിലെ തൊഴിൽ ദിനങ്ങളുടെ എണ്ണം 71 ദിവസമായിരുന്നു. 2022-23ൽ കെഎസ്സിഡിസിയുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനം 90.62 കോടി രൂപയാണ്. സമീപ വർഷങ്ങളിൽ ഏജൻസി നഷ്ടം റിപ്പോർട്ട് ചെയ്യുന്നു. വിശദാംശങ്ങൾ **പട്ടിക 4.6.11**, **അനുബന്ധം 4.6.26** എന്നിവയിൽ നൽകിയിരിക്കുന്നു.

കെഎസ്സിഡിസി അതിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അന്തിമ ഉപഭോക്താക്കൾക്ക് നേരിട്ട് വിൽക്കുകയും മികച്ച വരുമാനം ഉണ്ടാക്കുകയും ചെയ്യുന്നു. ഗിഫ്റ്റ് ഹാംപറുകൾ (250 ഗ്രാം ടിന്നുകൾ, പ്ലാറ്റിനം, പ്രീമിയം ബോക്സുകൾ), അസോർട്ടഡ് പ്രീമിയം കശുവണ്ടി, ജംബോ കശുവണ്ടി തുടങ്ങിയ പുതിയ ഉൽപ്പന്നങ്ങൾ ഏജൻസി പുറത്തിറക്കിയിട്ടുണ്ട്. ഈ ഉൽപ്പന്നങ്ങൾക്ക് ഉപഭോക്താക്കളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചത്. വിൽപ്പന വർദ്ധിപ്പിക്കാൻ കെഎസ്സിഡിസി ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഗ്രോ ബാഗുകളിൽ ഗ്രാഫ്റ്റുകൾ കിഴിവ് വിലയിൽ കെഎസ്സിഡിസി വിതരണം ചെയ്യുന്നു. കെഎസ്സിഡിസിയുടെ പ്രകടനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.27**-ൽ കാണാം.

**കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപെക്സ്)**

കേരള സർക്കാരിന് കീഴിലുള്ള 10 പ്രാഥമിക സഹകരണ സംഘങ്ങളുടെ ഫാക്ടറികളുടെ പ്രവർത്തനങ്ങൾ പരിപാലിക്കുന്നതിനായി 1984-ൽ കൊല്ലം ആസ്ഥാനമായി കാപെക്സ് രൂപീകരിച്ചു. പ്രവർത്തനരഹിതമായ കശുവണ്ടി ഫാക്ടറികൾ വാങ്ങി സംസ്ഥാന സർക്കാർ കാപെക്സിന് പ്രവർത്തിക്കാനുള്ള ചട്ടക്കൂട് ഉണ്ടാക്കി. സംഭരണം, സഹകരണ സംഘങ്ങൾ വഴിയുള്ള പ്രോസസ്സിംഗ് മാനേജ്മെന്റ്, മാർക്കറ്റിംഗ് എന്നിവ ഇതിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഇത് അസംസ്കൃത പരിപ്പ് സംഭരിച്ച് പ്രാഥമിക സൊസൈറ്റികൾക്ക് വിതരണം ചെയ്യുന്നു. പ്രാഥമിക സൊസൈറ്റികൾ അവ സംസ്കരിച്ച് കാപെക്സിന് തിരിച്ചു നൽകുകയും കാപെക്സ് വിപണനം ഏറ്റെടുക്കുകയും ചെയ്യുന്നു. പ്രോസസ്സിംഗ് ചെലവ് കുറയ്ക്കുക, തൊഴിലാളികൾക്ക് തുടർച്ചയായ തൊഴിലും ന്യായമായ വേതനവും നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് കാപെക്സ് പ്രവർത്തിക്കുന്നത്.

**പട്ടിക 4.6.12** കാപെക്സിന്റെ വിൽപ്പന വിറ്റുവരവ് (രൂപ കോടിയിൽ)

| വർഷം | തൊഴിൽ ദിനങ്ങൾ | തൊഴിലാളികളുടെ എണ്ണം | മൊത്തം വിറ്റുവരവ് | അസംസ്കൃത വസ്തുക്കളുടെ വില | മനുഷ്യ വിഭവ ശേഷി ചെലവുകൾ | ലാഭം/നഷ്ടം |
|---|---|---|---|---|---|---|
| 2018-19 | 190 | 3980 | 76.51 | 75.31 | 25.57 | -19.81 |
| 2019-20 | 206 | 4209 | 85.19 | 50.87 | 31.06 | -16.95 |
| 2020-21 | 142 | 4130 | 46.89 | 44.74 | 23.27 | -17.56 |
| 2021-22 | 179 | 4100 | 63.15 | 42.40 | 27.49 | -22.24 |
| 2022-23 (താൽകാലികം) | 93 | 3970 | 53.82 | * | * | * |

അവലംബം: കാപെക്സ്
*ഓഡിറ്റ് നടന്നു കൊണ്ടിരിക്കുന്നു.

2022-23 ൽ, കാപെക്സ് 3,970 തൊഴിലാളികൾക്ക് 93 പ്രവൃത്തി ദിവസത്തേക്ക് തൊഴിൽ നൽകി. 2022-23ൽ മൊത്തം വിൽപ്പന വിറ്റുവരവ് 53.82 കോടി രൂപയായിരുന്നു (താൽക്കാലികം). കാപെക്സിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.28, 4.6.29** എന്നിവയിൽ നൽകിയിരിക്കുന്നു. കാപ്പെക്സിന്റെ വിൽപ്പനയും വിറ്റുവരവും സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 4.6.12**-ൽ നൽകിയിരിക്കുന്നു.

2022-23ൽ പീലിംഗ് ടേബിളുകൾ, കസേരകൾ, ഇലക്ട്രിക് ബോർമകൾ എന്നിവ സ്ഥാപിക്കുന്നതിന് 146.50 ലക്ഷം രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ചു. ഈ ഫണ്ട് ഉപയോഗിച്ച് കാപ്പെക്സ് ഫാക്ടറികളിൽ സിവിൽ നിർമ്മാണങ്ങൾ നടത്തുകയും സെയിൽസ് വാൻ വാങ്ങുകയും ബ്രാൻഡ് വികസന നടപടികൾ സ്വീകരിക്കുകയും ചെയ്തു.

### കശുമാവ് കൃഷി വ്യാപിക്കുന്നതിനുള്ള കേരള സംസ്ഥാന ഏജൻസി (കെ.എസ്.എ.സി.സി)

കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നത് ഉറപ്പാക്കുന്നതിനുമായി 2007-ൽ കേരള സർക്കാർ കെ.എസ്.എ.സി.സി രൂപീകരിച്ചു. കെഎസ്എസി 2007-08 മുതൽ 'ഓർഗാനിക് കശുവണ്ടി കൃഷിയും അസംസ്കൃത നട്ട് ബാങ്ക് സ്ഥാപിക്കലും' പദ്ധതി ആരംഭിച്ചു. 2022-23 സാമ്പത്തിക വർഷത്തിൽ ഏജൻസി കർഷകർക്കും സ്ഥാപനങ്ങൾക്കുമായി 3,37,550 ഗ്രാഫ്റ്റുകൾ വിതരണം ചെയ്തു. ഇത് മൂലം 1,380.5 ഹെക്ടർ പ്രദേശത്ത് കശുവണ്ടി കൃഷി നടന്നതായി കണക്കാക്കുന്നു. സംസ്ഥാനത്ത് രണ്ട് മാതൃകാ കശുവണ്ടി തോട്ടങ്ങൾ സ്ഥാപിച്ചു. ഒന്ന് കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷന്റെ പരിസരത്തും മറ്റൊന്ന് തിരുവനന്തപുരത്തെ നെട്ടുകാൽത്തേരിയിലുള്ള തുറന്ന ജയിലിലുമാണ്. കെ.എസ്.എ.സി.സി പിന്തുണയ്ക്കുന്ന കശുമാവ് കൃഷിയുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.30**-ൽ നൽകിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനം, വരണ്ട കാലാവസ്ഥ, മഴക്കുറവ്, വന്യമൃഗങ്ങൾ മൂലമുള്ള വിളനാശം എന്നിവയാണ് കെഎസ്എസിയുടെ പിന്തുണയുള്ള കശുവണ്ടി കർഷകർ നേരിടുന്ന പ്രശ്നങ്ങൾ.

### കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് (കെസിബി)

കേരളത്തിലെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് മിതമായ വിലയ്ക്ക് അസംസ്കൃത കശുവണ്ടി (ആർസിഎൻ) സംഭരിച്ച് വിതരണം ചെയ്യുക, അതുവഴി തൊഴിലാളികൾക്ക് സ്ഥിരമായ തൊഴിലും വേതനവും ഉറപ്പാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 2017-ൽ ഒരു പ്രത്യേക പർപ്പസ് വെഹിക്കിളായി കെ.സി.ബി സ്ഥാപിച്ചു. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡിനും (കെഎസ്സിഡിസി) കാപെക്സിനും കെസിബി അസംസ്കൃത കശുവണ്ടി വിതരണം ചെയ്യുന്നതിലൂടെ അവരുടെ കീഴിലുള്ള 40 ഫാക്ടറികൾക്ക് വർഷത്തിൽ തുടർച്ചയായി പ്രവർത്തിക്കാൻ കഴിയുമെന്നും അതനുസരിച്ച് തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നുവെന്നും ഉറപ്പാക്കുന്നു. കെഎസ്സിഡിസി, കാപ്പെക്സ് എന്നിവരുടെ ഫാക്ടറികളിൽ ഏറ്റവും മത്സരാധിഷ്ഠിതമായ വിലകളിൽ അസംസ്കൃത കശുവണ്ടി ലഭ്യമാണെന്നും മതിയായ സ്റ്റോക്ക് ഉണ്ടെന്നും കേരള കശുവണ്ടി ബോർഡ് ഉറപ്പുവരുത്തുന്നു. 2022-23 ൽ, കെസിബി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് 9,880.49 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തു.

ബോർഡ് നേരിടുന്ന പ്രധാന വെല്ലുവിളി, പീക്ക് സീസണിൽ അസംസ്കൃത കശുവണ്ടി സംഭരണത്തിന് വരുന്ന സാമ്പത്തിക ബുദ്ധിമുട്ടാണ്. കെ.എസ്.സി.ഡി.സി, കാപ്പെക്സ് എന്നിവയിൽ നിന്നുള്ള തിരിച്ചടവ് ഏകദേശം 50 മുതൽ 60 ശതമാനം വരെ മാത്രമാണ്. കശുവണ്ടി വാങ്ങുന്നതിനായി കേരള ബാങ്കിൽ നിന്നുള്ള ക്യാഷ് ക്രെഡിറ്റ് സൗകര്യവും ഉപയോഗപ്പെടുത്തുന്നു.

### കാഷ്യൂ എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ)

ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പിന്റെയും കശുവണ്ടി തോടെണ്ണയുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1955-ൽ ഭാരത സർക്കാർ സ്ഥാപിച്ചതാണ് കാഷ്യൂ എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ). കൗൺസിൽ അംഗങ്ങളായ കശുവണ്ടി കെർണൽ ഇറക്കുമതിക്കാർക്കും ആഭ്യന്തര കയറ്റുമതിക്കാർക്കും ഇടയിൽ ഒരു ഇടനിലക്കാരനായി കൗൺസിൽ പ്രവർത്തിക്കുന്നു.

ഡിജിസിഐ & എസ് കണക്കുകൾ പ്രകാരം 2022-23 വർഷത്തിൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി കെർണലുകളുടെ മൊത്തം കയറ്റുമതി 2,718 കോടി രൂപ വിലമതിക്കുന്ന 44,948 മെട്രിക് ടൺ ആയിരുന്നു. മുൻവർഷവുമായി (2021-22) താരതമ്യം ചെയ്യുമ്പോൾ, അളവിൽ 16.40 ശതമാനവും മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 14.39 ശതമാനവും കുറവുണ്ടായി. 2022-23ൽ രാജ്യത്ത് നിന്ന് കശുവണ്ടി തോടെണ്ണ കയറ്റുമതി ചെയ്തത് 17,249 മെട്രിക് ടൺ ആയിരുന്നു (വില 113.46 കോടി രൂപ). 2021-22 ലെ കയറ്റുമതിയുമായി താരതമ്യപ്പെടുത്തുമ്പോൾ, അളവിൽ 248.9 ശതമാനവും മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 249 ശതമാനവും വർദ്ധനവുണ്ടായി. 2022-23 വർഷത്തിൽ 14,247.73 കോടി രൂപ മൂല്യമുള്ള 13,29,751 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇന്ത്യ ഇറക്കുമതി ചെയ്തു. അസംസ്കൃത കശുവണ്ടിയുടെ കയറ്റുമതിയിലും ഇറക്കുമതിയിലും വർഷങ്ങളായി വലിയ വ്യതിയാനങ്ങൾ സംഭവിക്കുന്നത് സംസ്കരണ വ്യവസായത്തിലെ വ്യാപാരികളുടെ പ്രവർത്തനങ്ങൾ മൂലമാണ്. അസംസ്കൃത കശുവണ്ടിയുടെയും കശുവണ്ടി കെർണലിന്റെയും അന്താരാഷ്ട്ര വിലയിൽ വലിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവാറുണ്ട്. മറ്റ് പ്രോസസ്സിംഗ് രാജ്യങ്ങളിലെ വിപണി സാഹചര്യങ്ങളും അന്താരാഷ്ട്ര വ്യാപാരത്തെ ബാധിക്കുന്നു.

### കശുവണ്ടി–കൊക്കോ വികസന ഡയറക്ടറേറ്റ് (ഡിസിസിഡി)

കൊച്ചിയിൽ പ്രവർത്തിക്കുന്ന കശുവണ്ടി-കൊക്കോ വികസന ഡയറക്ടറേറ്റ് (ഡിസിസിഡി) ഭാരത സർക്കാരിന്റെ കൃഷി, സഹകരണ, കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഓഫീസാണ്. രാജ്യത്തെ കശുവണ്ടി, കൊക്കോ വികസന പരിപാടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നോഡൽ ഏജൻസിയാണിത്. അതിന്റെ പ്രവർത്തനങ്ങൾ രാജ്യത്തുടനീളം വ്യാപിച്ചിരിക്കുന്നു. 2022-23ൽ

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയോജിത പ്രവർത്തനങ്ങളുടെ ഫലമായി 8,456 ഹെക്ടർ അധികസ്ഥലത്ത് അത്യുത്പാദന ശേഷിയുള്ള കശുമാവ് കൃഷി നടത്തി. അംഗീകൃത നഴ്സറികളിൽ നിന്ന് 7,23,141 കശുവണ്ടി ഗ്രാഫ്റ്റുകൾ ഡിസിസിഡി വികസന പരിപാടികൾക്ക് കീഴിൽ വിതരണം ചെയ്തു. പഴയതും ഉൽപാദനക്ഷമമല്ലാത്തതുമായ തോട്ടങ്ങളുള്ള 1,200 ഹെക്ടർ സ്ഥലത്ത് റീ-പ്ലാന്റേഷൻ പുനരുജ്ജീവനപ്രവർത്തനങ്ങൾ നടത്തി. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം ഉറപ്പുവരുത്തുന്നതിനായി 46.90 ലക്ഷം ഗ്രാഫ്റ്റുകളുടെ ഉത്പാദന ശേഷിയുള്ള 31 കശുവണ്ടി നഴ്സറികൾക്ക് അംഗീകാരം നൽകി. രണ്ട് വലിയ നഴ്സറികളും രണ്ട് ചെറിയ നഴ്സറികളും സ്ഥാപിച്ചു. ഏഴ് നഴ്സറികൾ നവീകരിക്കുകയും ചെയ്തു. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി (കെഎയു), ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ഐസിഎആർ) എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 42 ജില്ലാതല സെമിനാറുകളും 9 ഫീൽഡ് ഡേകളും സംഘടിപ്പിച്ചു. കശുവണ്ടി, കൊക്കോ കൃഷിരീതികളിൽ 3800 പേർക്ക് പരിശീലനം നൽകി. കശുവണ്ടിപ്പഴത്തിന്റെ മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള പരിശീലനത്തിന് കീഴിൽ 19 ബാച്ച് പരിശീലനങ്ങൾ നടത്തി. 475 തൊഴിൽ രഹിതരായ സ്ത്രീകൾക്ക് പരിശീലനം നൽകി.

**വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും**

സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന അസംസ്കൃത കശുവണ്ടി, ഇവിടുത്തെ ഫാക്ടറികളുടെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല. വിവിധയിടങ്ങളിൽ ഉത്പാദിപ്പിക്കുന്ന അസംസ്കൃത കശുവണ്ടി ശേഖരിക്കുന്നതിനുള്ള ഒരു സമാഹരണസംവിധാനത്തിന്റെ അഭാവം ഇതിന് ഒരു കാരണമാണ്. ഇന്ത്യയിൽ കൃഷി ചെയ്ത് കശുവണ്ടി ഫാക്ടറികൾക്ക് ലഭ്യമാക്കുന്ന അസംസ്കൃത കശുവണ്ടി മൊത്തം ആവശ്യത്തിന്റെ മൂന്നിലൊന്ന് മാത്രമേ വരികയുള്ളൂ. കൂടാതെ, ആഗോള വിപണിയിൽ കശുവണ്ടിപ്പരിപ്പിന്റെ ആവശ്യകത വർദ്ധിച്ചതിനാൽ, കശുവണ്ടിഫാക്ടറികൾ 50 ശതമാനം അസംസ്കൃത പരിപ്പും ഇറക്കുമതി ചെയ്യാൻ നിർബന്ധിതരായി.

കേരളത്തിലെ കശുമാവ് കൃഷി നേരിടുന്ന വെല്ലുവിളികളിൽ കാലാവസ്ഥാ വ്യതിയാനം, രോഗബാധ, കർഷകർക്ക് മികച്ച സാമ്പത്തിക ലാഭം നൽകുന്ന മറ്റ് വിളകളുമായുള്ള മത്സരം എന്നിവ ഉൾപ്പെടുന്നു. അത്യുൽപാദനശേഷിയുള്ള കശുവണ്ടി ഇനങ്ങളും ആധുനിക കൃഷിരീതികളും സാവധാനത്തിൽ വ്യാപിക്കുന്ന രീതിയും പരിമിതികളാണ്. മത്സര വിലയിൽ അസംസ്കൃത കശുവണ്ടിയുടെ ആപേക്ഷിക ദൗർലഭ്യം, ഉയർന്ന സംസ്കരണ ചെലവ്, ആധുനിക സംസ്കരണ സാങ്കേതികവിദ്യകളുടെ മന്ദഗതിയിലുള്ള അവലംബം, മറ്റ് സംസ്കരണ രാജ്യങ്ങളിൽ/പ്രദേശങ്ങളിൽ നിന്നുള്ള കടുത്ത മത്സരം എന്നിവ ആണ് കേരളത്തിലെ കശുവണ്ടി സംസ്കരണം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. ഈ വെല്ലുവിളികൾക്കിടയിലും, രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഫാക്ടറികളുടെ തടസ്സമില്ലാത്ത പ്രവർത്തനം ഉറപ്പാക്കുകയും അടച്ചുപൂട്ടിയ സ്വകാര്യ മേഖലയിലെ ഫാക്ടറികളുടെ പ്രവർത്തനം പുനരാരംഭിക്കുകയും അതുവഴി ഈ വ്യവസായത്തെ ഉപജീവനത്തിനായി ആശ്രയിക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധ. കെബിസിയുടെ സഹായത്തോടെ കെഎസ്എസിസി ഉൽപാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്ന ഒരു പൈലറ്റ് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

ശാസ്ത്രീയമായി ഏറ്റെടുത്താൽ കശുമാവ് കൃഷി ലാഭകരമായ സംരംഭമാണെന്ന് അനുഭവസ്ഥർ പറയുന്നു. അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങൾ, ശാസ്ത്രീയമായ കൃഷിരീതികൾ, വിപുലീകരണ സേവനങ്ങളുടെ കാര്യത്തിൽ കൂടുതൽ പിന്തുണ, വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനം എന്നിവ സംസ്ഥാനത്ത് അസംസ്കൃത കശുവണ്ടിയുടെ ഉൽപാദനത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ സഹായകരമാകും. ഗുണമേന്മയിലും മിതമായ വിലയിലും ഉള്ള കശുവണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിച്ചാൽ കേരളത്തിൽ ഇറക്കുമതി ചെയ്യുന്ന കശുവണ്ടിയെ ആശ്രയിക്കുന്നത് കുറയ്ക്കാനാവും. ഭാവിയിൽ കശുവണ്ടി മേഖലയുടെ വികസനത്തിന് ഊന്നൽ നൽകുന്ന മേഖലകളിൽ, സംസ്കരണത്തിലും മൂല്യവർദ്ധനയിലും ആധുനിക സാങ്കേതിക വിദ്യകൾ വേഗത്തിൽ സ്വീകരിക്കുക, സംസ്കരണ ചെലവ് കുറയ്ക്കുക, പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കുക, കശുവണ്ടിപ്പഴത്തിന്റെ ഉപയോഗം ഉൾപ്പെടെയുള്ള കശുവണ്ടിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണം. 'കേരള കാഷ്യൂ' എന്ന ഐഡന്റിറ്റി നിലനിർത്താൻ കഴിയുന്ന പുതിയ വിപണികളും വിപണന തന്ത്രങ്ങളും വികസിപ്പിക്കുന്നതിനുള്ള വലിയ ശ്രമങ്ങളും നടത്തേണ്ടതുണ്ട്.

അദ്ധ്യായം
05

# സേവന മേഖല

# സേവന മേഖല

## 5.1 വിവരസാങ്കേതിക വിദ്യ

കേരളത്തിലെ ഇൻഫർമേഷൻ ടെക്നോളജി (ഐടി) മേഖല സംസ്ഥാനത്തിന്റെ വികസനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. അതിന്റെ സാധ്യതയും നിർണ്ണായക പ്രാധാന്യവും മനസ്സിലാക്കി, ഈ മേഖലയ്ക്ക് മികച്ചതും ലോകോത്തരവുമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും, സംസ്ഥാനത്തിന്റെ ഡിജിറ്റൽ സാങ്കേതിക ശേഷികളും വിഭവങ്ങളും വികസിപ്പിക്കുന്നതിനും, സംസ്ഥാന സർക്കാർ ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തിവരുന്നു. ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി പ്രോജക്ടുകൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ, ഇ-സാക്ഷരതാ പരിപാടികൾ, അടിസ്ഥാന ഐടി ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ എന്നിവയുടെ സൃഷ്ടിയിലൂടെ സംസ്ഥാനത്തിന് മുൻപന്തിയിൽ നിൽക്കാൻ സാധിച്ചു.

രാജ്യത്തിനുള്ളിലെ വിവരസാങ്കേതികവിദ്യയുടെ (ഐടി) ഒരു പ്രധാന ലക്ഷ്യസ്ഥാനമായി കേരളം ഉയർന്നിരിക്കുന്നു. ഈ നേട്ടത്തിന് അർപ്പണ ബോധമുള്ളതും കഴിവുള്ളതുമായ തൊഴിൽ ശക്തിയും സർക്കാർ നടപ്പിലാക്കിയ നൂതന സംരംഭങ്ങളും കാരണമായി കണക്കാക്കാം. സംസ്ഥാനത്തിന്റെ ഉയർന്ന ജീവിത നിലവാരം, സുസ്ഥാ പിതമായ സർക്കാർ നയങ്ങൾ, കുറഞ്ഞ പ്രവർത്തനച്ചെലവുകൾ എന്നിവ നിക്ഷേപകർക്ക് ഏറെ ആവശ്യമുള്ള ഐടി ഹബ്ബായി കേരളത്തെ വിജയകരമായി മാറ്റി. കൂടാതെ, ബ്രോഡ്ബാൻഡ്, മൊബൈൽ ഇന്റർനെറ്റ് ആക്സസ് എന്നിവയുടെ ഗണ്യമായ സാന്നിധ്യത്തിനൊപ്പം മൊബൈൽ, ടെലിഫോൺ പ്രചാരണത്തിന്റെ ശ്രദ്ധേയമായ തലമാണ് കേരളം കാണിക്കുന്നത്. സാക്ഷരതയിലും സ്കൂൾ വിദ്യാഭ്യാസത്തിലും സംസ്ഥാനം കൈവരിച്ച പ്രശംസനീയമായ നേട്ടങ്ങൾ കമ്പ്യൂട്ടർ സാക്ഷരത വളർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ദേശീയ സമ്പദ്‌വ്യവസ്ഥയെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ പങ്ക് താരതമ്യേന ചെറുതാണ്. എന്നാൽ ദേശീയ ഐടി മേഖലയിൽ കേരളത്തിന്റെ ഐടി സാന്നിധ്യം ശ്രദ്ധേയമാണ്.

കെഫോൺ പദ്ധതിയിലൂടെ കേരളം അതിവേഗ ഫൈബർ കണക്റ്റിവിറ്റിയുടെ ഏറ്റവും ഉയർന്ന കവറേജുള്ള സംസ്ഥാനമായി മാറുകയാണ്. കെ ഫോൺ പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പ് സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തെ ഉയർന്ന നിലവാരത്തിലേക്ക് ഉയർത്തും. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെയും (കെഎസ്ഇബി) കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെയും (കെഎസ്ഐടിഐഎൽ) വിഭവ സമാഹരണത്തിലൂടെ നടത്തുന്ന നൂതനമായ സഹകരണസംരംഭമാണ് ഈ പദ്ധതി.

സംസ്ഥാനത്ത് സജീവമായ സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം അതിന്റെ പ്രയത്നങ്ങൾക്ക് അന്താരാഷ്ട്ര അംഗീകാരം നേടിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഐടി മേഖലയിലെ സവിശേഷമായ ഹബ്ബ് സ്പോക്ക് മോഡലും ഐടി വ്യവസായത്തിലെ നിക്ഷേപത്തെ പ്രാദേശികമായോ സ്ഥലപരമായോ വികേന്ദ്രീകരിക്കാൻ സഹായിച്ചു. രാജ്യത്തെ ഇലക്ട്രോണിക്സ്, ഐടി മേഖലയുടെ വികസനത്തിൽ സ്റ്റാർട്ടപ്പുകൾ പ്രധാന പങ്ക് വഹിക്കുന്നതിനാൽ, ഒന്നിലധികം നയ ഇടപെടലുകളിലൂടെ അതിവേഗം വളരുന്ന സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിൽ സംസ്ഥാനത്തിന്റെ ശ്രദ്ധ ഊർജസ്വലമായ ഒരു സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിൽ പ്രധാനമാണ്.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം.), കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി, ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ), ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി.ഫോസ്), കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.), സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) എന്നിവയാണ് വിവരസാങ്കേതിക വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ഈ മേഖലയിൽ പദ്ധതികൾ നടപ്പാക്കുന്ന പ്രധാന ഏജൻസികൾ. കേരളത്തിലെ ഐ ടി മേഖലയിലെ പ്രധാന നേട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **ബോക്സ് 5.1.1** നൽകിയിരിക്കുന്നു.

### ഐടി മേഖലയിലെ ഏജൻസികളുടെ പ്രകടനം

സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് ഐടി വ്യവസായം വിപുലീകരിക്കാൻ കേരള സർക്കാർ വിഭാവനം ചെയ്യുന്നു. ഒരു ഹബ് ആൻഡ് സ്പോക് മാതൃകയിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിൽ തിരുവനന്തപുരം (ടെക്നോപാർക്ക്), കൊച്ചി (ഇൻഫോപാർക്ക്), കോഴിക്കോട് (സൈബർ പാർക്ക്) എന്നിവ ഹബ്ബുകളയും ശേഷിക്കുന്ന ജില്ലകൾ സ്പോക്കുകളായും പ്രവർത്തിക്കും. ഐ.റ്റി പശ്ചാത്തല സൗകര്യങ്ങൾക്കും ഐ.റ്റി.ഇ.എസ്, ഇ- ഗവണൻസ് പ്രവർത്തനങ്ങൾക്കും ഈ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2022-23 ബജറ്റിൽ 559.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട് കൂടാതെ, ഇതിൽ, 322.93 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (64.58 ശതമാനം). 2023-24 വാർഷിക പദ്ധതിയിൽ, 559.00 കോടി രൂപ ഈ മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ 3 വർഷത്തെ (2021-2024) പദ്ധതി വിഹിതത്തിന്റെയും ചെലവാക്കിയ തുകയുടെയും വിശദാംശങ്ങൾ **പട്ടിക 5.1.1**-ൽ നൽകിയിരിക്കുന്നു.

### കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം)

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ വിവര സാങ്കേതിക വകുപ്പിന്റെ കീഴിൽ വരുന്ന ഒരു സ്വയംഭരണ ഐ.റ്റി നിർവ്വഹണ ഏജൻസിയാണ്. വകുപ്പുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതികവും, ഭരണപരവുമായ സഹായങ്ങൾ ഈ സ്ഥാപനം നൽകി വരുന്നു. ഐ.സി.ടി അനുബന്ധ നയങ്ങൾ, മാർഗ്ഗരേഖകളും മാനദണ്ഡങ്ങളും എന്നിവയുടെ വികസനം ഗവൺമെന്റ് സ്ഥാപനങ്ങൾക്കുള്ള ഐ.സി.ടി ഫെസിലിറ്റേഷൻ, ഡിജിറ്റൈസേഷൻ പ്രയത്നങ്ങൾ സംസ്ഥാന വകുപ്പുകൾക്കുള്ള പിന്തുണയും മാർഗ്ഗ നിർദ്ദേശവും, സർക്കാരിനും വ്യവസായത്തിനും ഇടയിലുള്ള മധ്യവർത്തിയായി പ്രവർത്തിക്കുക, കാര്യശേഷി വികസനത്തിന് മുൻകൈ എടുക്കുക, ഡിജിറ്റൽ വിടവ് നികത്തുക, ഐ.ടി ഇൻഫ്രാസ്ട്രക്ചർ സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുക, വിവിധ ഇ-ഗവേണൻസ് സംരംഭങ്ങൾ ഏറ്റെടുക്കുക തുടങ്ങി വൈവിധ്യമാർന്ന റോളുകൾ കെ.എസ്.ഐ.ടി.എം നിർവ്വഹിക്കുന്നു. "സിറ്റിസൺ ഫസ്റ്റ്" എന്ന സമീപനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഡിജിറ്റൽ സേവനങ്ങൾ ഏറ്റവും മികച്ച രീതിയിൽ പൗരൻമാർക്ക് നൽകുക എന്നതാണ് കെ.എസ്.ഐ.ടി.എം ശ്രദ്ധകേന്ദ്രീകരിക്കുന്ന പ്രധാന പ്രവർത്തനം.

### കെ.എസ്.ഐ.റ്റി.എം.ന്റെ പ്രധാന പ്രവർത്തനങ്ങൾ

സേവനങ്ങൾ നൽകുന്നതിൽ സുതാര്യതയും വിശ്വാസ്യതയും ഉത്തരവാദിത്വവും ഉറപ്പാക്കി സദ്ഭരണം നടപ്പാക്കുന്നതിനുള്ള ഒരു പ്രധാന

**ബോക്സ് 5.1.1** കേരളത്തിലെ ഐ.ടി മേഖലയുടെ പ്രധാന നേട്ടങ്ങൾ

- ഏകദേശം 30,000 സർക്കാർ ഓഫീസുകളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകാൻ ലക്ഷ്യമിടുന്ന സംസ്ഥാനമൊട്ടാകെയുള്ള ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയാണ് കെ ഫോൺ . സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സേവനങ്ങളും കെ ഫോൺ വാഗ്ദാനം ചെയ്യുന്നു. നിലവിൽ 26,993 സർക്കാർ ഓഫീസുകൾക്കും 3345 ബിപിഎൽ കുടുംബങ്ങൾക്കും കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) വഴി സൗജന്യ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭിച്ചു.
- സംസ്ഥാനത്തു പ്രവർത്തിക്കുന്ന 2792 അക്ഷയ കേന്ദ്രങ്ങൾ വഴി 8509 പേർക്ക് തൊഴിൽ നൽകുന്നു.
- 2023 വൈഫൈ ഹോട്ട്സ്പോട്ടുകളുടെ ഇൻസ്റ്റാളേഷൻ പൂർത്തിയായി. ഇതുവഴി ഏകദേശം 15 ലക്ഷത്തോളം മൊബൈൽ ഉപയോക്താക്കൾ ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നു. പ്രതിദിനം 8 ടിബി വരെയാണ് ഡാറ്റ ഉപഭോഗം.
- ടെക്നോപാർക്ക് കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ അടിസ്ഥാന ക്യാമ്പസായി മാറി, ടെക്നോപാർക്ക് മൂന്നാം ഘട്ടം കമ്മീഷൻ ചെയ്തതോടെ; 380 ഏക്കർ സ്ഥലവും 10.6 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയും ഉള്ള ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കുകളിൽ ഒന്നായി ഇത് മാറി.
- സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പുകളുടെ എണ്ണം 2020-21 ലെ 3143 ൽ നിന്നും 2021-22 ൽ 3,650 ആയി ഉയർന്നു.

**പട്ടിക 5.1.1** പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ)

| ക്രമ നം. | വകുപ്പ്/പദ്ധതി | വാർഷിക പദ്ധതി 2021-22 | | വാർഷിക പദ്ധതി 2022-23 | | വാർഷിക പദ്ധതി 2023-24 | |
|---|---|---|---|---|---|---|---|
| | | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് (2023 നവംബർ വരെ |
| 1 | കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ(കെ.എസ്.ഐ.റ്റി. എം) അക്ഷയ ഐ ടി സെൽ എന്നിവ ഉൾപ്പടെ | 125.13 | 91.17 | 131.62 | 86.37 | 131.62 | 9.54 |
| 2 | ടെക്നോപാർക്ക് | 24.05 | 21 | 26.6 | 13.50 | 26.6 | 0.00 |
| 3 | ഇൻഫോപാർക്ക് | 35.55 | 34.55 | 35.75 | 18.56 | 35.75 | 0.00 |
| 4 | സൈബർപാർക്ക് | 12.37 | 0 | 12.83 | 7.42 | 12.83 | 0.00 |
| 5 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (ഐ.ഐ.ഐ.റ്റി.എം.കെ) | 20 | 20 | 20.60 | 15.36 | 20.60 | 5.61 |
| 6 | സ്റ്റാർട്ടപ്പ് മിഷൻ | 68.75 | 55.77 | 90.52 | 36.75 | 90.52 | 0.00 |
| 7 | കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ) | 201.9 | 87.5 | 201.09 | 97.29 | 201.09 | 8.50 |
| 8 | സി-ഡിറ്റ് | 6 | 4.6 | 6 | 3.48 | 6 | 0.3132 |
| 9 | ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ | 7.5 | 6 | 7.99 | 6.51 | 7.99 | 2.35 |
| 10 | ഡിജിറ്റൽ യൂണിവേഴ്സിറ്റി | 24 | 14 | 26 | 37.68 | 26.00 | 12.01 |
| | ആകെ | 525.25 | 334.59 | 559 | 322.93 | 559 | 18.25 |

അവലംബം: ബഡ്ജറ്റ് എസ്റ്റിമേറ്റ്, പ്ലാൻ സ്പേസ്

ഉപാധിയാണ് ഇ-ഗവേണൻസ്. ഇ-സാക്ഷരതാ പദ്ധതി, ഇ-ഗവേണൻസ്, മൊബൈൽ ഗവേണൻസ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലും പ്രധാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും കേരളം മുൻ നിരയിൽ നിൽക്കുന്നു.

**പബ്ലിക് വൈ ഫൈ:–** ജനങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് നൽകുന്നതിനായി സംസ്ഥാനത്തുടനീളം 2,023 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു സൗജന്യ വൈ-ഫൈ പ്രോജക്ടാണ് പബ്ലിക് വൈ-ഫൈ. പ്രതിദിന ഡാറ്റ ഉപഭോഗം 8 ടിബി എത്തിയിരിക്കുന്നു.ബസ് സ്റ്റാൻഡുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, പാർക്കുകൾ, പൊതുസ്ഥലങ്ങൾ, ജനസേവനകേന്ദ്രങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവ ഉൾപ്പെടുന്ന ഹോട്ട്സ്പോട്ടുകൾ ജില്ലാ ഭരണകൂടം കണ്ടെത്തിയിട്ടുണ്ട്.

**ഇ–ഓഫീസ്:–** ഓഫീസ് നടപടി ക്രമങ്ങൾ ഇലക്ട്രോണിക് ആയി നടപ്പാക്കുന്നതിലൂടെ ഡിജിറ്റൽ വിനിമയത്തിന്റെ ഗുണഫലങ്ങൾ ഉപയോഗിച്ചു കൊണ്ട് സർക്കാർ ഓഫീസുകൾ പേപ്പർ രഹിത ഓഫീസുകളായി പരിവർത്തനം ചെയ്യുകയും ആശയവിനിമയം വഴി വേഗത്തിൽ തീരുമാനമെടുക്കുന്നതുമാണ് ഇ-ഓഫീസ് ലക്ഷ്യമിടുന്നത്. ഇ-ഓഫീസിന്റെ ഏറ്റവും പുതിയ പതിപ്പ് (7.2.5) വിജയകരമായി സമാരംഭിച്ച് സംസ്ഥാനത്തുട നീളം നടപ്പിലാക്കി. 90 ശതമാനത്തിലധികം സർക്കാർ ഓഫീസുകളിലും ഇഓഫീസ് ഇപ്പോൾ പ്രവർത്തനക്ഷമമാണ്. സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലും ഡയറക്ടറേറ്റുകൾ /കമ്മീഷണറേറ്റ് / കലക്ടറേറ്റുകൾ/ സബ് കളക്ടറേറ്റുകൾ/ആർഡിഒകൾ/ താലൂക്ക് ഓഫീസുകൾ വില്ലേജുകൾ വകുപ്പുകൾ എന്നിവങ്ങളിൽ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് 101 ഓഫീസുകളിലും ഇ-ഓഫീസ് നടപ്പാക്കി.

**അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ:-** കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെസ്വാൻ), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ(എസ്എസ്ഡിജി) കെ-ഫോൺ എന്നിവയാണ് സംസ്ഥാനത്തെ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള പ്രധാന അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നത്.

**കെസ്വാൻ:–** സംസ്ഥാനത്തെ 14 ജില്ലകളെയും 152 ബ്ലോക്ക് പഞ്ചായത്തുകളെയും 63 മിനി സിവിൽ സ്റ്റേഷനുകൾ/റവന്യൂ ടവറുകളെയും ബന്ധിപ്പിക്കുന്ന സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ (എസ്ഐഐ) നട്ടെല്ലാണ് കെസ്വാൻ. സർക്കാർ വകുപ്പുകളുടെ ഏകദേശം 4000 ഓഫീസുകൾ വയർലെസ് മുഖേന കെസ്വാൻ-ലേക്ക് ബന്ധിപ്പിച്ചിരിക്കുന്നു, കൂടുതൽ എണ്ണം പാട്ടത്തിനെടുത്ത ലൈനുകളിലൂടെയും ലാൻ വഴിയും ബന്ധിപ്പിച്ചിട്ടുണ്ട്. സെക്വാൻ അതിന്റെ

ഭരണപരമായ ആസ്ഥാനത്ത് ഐെടിഇഎസ് ന്റെ ഗുണനിലവാരവും ലഭ്യതയും മെച്ചപ്പെടുത്തുന്നതിനുള്ള കാഴ്ചപ്പാടോടെ സർക്കാർ സെക്രട്ടേറിയറ്റിൽ അത്യാധുനിക ഒപ്റ്റിക്കൽ ഫൈബർ കമ്മ്യൂണിക്കേഷൻ അധിഷ്ഠിത നെറ്റ്‌വർക്ക് ആർക്കിടെക്ചർ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. സംസ്ഥാന ഡാറ്റാ സെന്ററുകൾ (എസ്ഡിസി) സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് ചട്ടക്കൂടിന്റെ ഹൃദയഭാഗത്താണ്, സർക്കാർ സ്ഥാപനങ്ങളുടെ വിവിധ ആപ്ലിക്കേഷനുകളും വെബ്സൈറ്റുകളും ഹോസ്റ്റു ചെയ്യുകയും അനുബന്ധ സേവനങ്ങൾ നൽകുകയും ചെയ്യുന്നു.

സംസ്ഥാന ഡാറ്റാ സെന്ററിൽ 2,500 ഓളം വെർച്വൽ സെർവറുകളും 560 ഓളം ആപ്ലിക്കേഷനുകളും 500 ഓളം സെർവറുകളും വിവിധ സർക്കാർ ആവശ്യങ്ങൾക്കായി വിവിധ വകുപ്പുകൾ സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ 2,500 ടിബിയാണ് സംസ്ഥാന ഡാറ്റാ സെന്ററിന്റെ സംഭരണശേഷി. ടെക്നോപാർക്കിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഡാറ്റാ സെന്റർ-2ൽ സെർവർ ഫാം ഏരിയയുടെ വിപുലീകരണവും മറ്റ് നവീകരണ പ്രവർത്തനങ്ങളും 4,000 ചതുരശ്ര അടിയിൽ നടക്കുന്നു.

**ഇ-ഗവൺമെന്റ് പ്രൊക്യൂർമെന്റ് (ഇ-ജിപി) :** ഈ സംവിധാനം സംസ്ഥാനത്ത് നടപ്പാക്കി. 5 ലക്ഷത്തിന് മുകളിലുള്ള എല്ലാ ടെൻഡറുകൾക്കും ഇ-ടെൻഡറിംഗ് സ്വീകരിക്കാൻ എല്ലാ സർക്കാർ വകുപ്പുകളും/ബോർഡുകളും/സർവകലാശാലകളും/ഓർഗനൈസേഷനുകൾക്ക് നിർദ്ദേശം നൽകി. 2023 ഓഗസ്റ്റ് 31 ലെ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, ഈ പദ്ധതിയിലൂടെ 8,25,671 ഇ-ടെൻഡറുകൾ ഫ്ളോട്ട് ചെയ്തു. 3,59,899 കോടി രൂപയും 13,765 ഉദ്യോഗസ്ഥരും 55715 ലേലക്കാരും ഇ-പ്രോക്യൂർമെന്റ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ:-** 14 ജില്ലാ ആസ്ഥാനങ്ങളിലും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് ഒരു 'ക്യൂവില്ല' ഏകജാലക എന്ന സംയോജിത പണമടയ്ക്കൽ കേന്ദ്രമാണ്, ഇവിടെ പൗരന്മാർക്ക് സർക്കാരിലേക്കുള്ള എല്ലാ നികുതികളും മറ്റ് കുടിശ്ശികകളും ഒരു കുടക്കീഴിൽ, അധിക ചിലവുകളില്ലാതെ അടയ്ക്കാൻ അവസരമുണ്ട്. FREES (FRIENDS Re-Engineered Enterprise Enabled System) എന്ന മെച്ചപ്പെടുത്തിയ ഫീച്ചറുകളുള്ള പുതിയ സോഫ്റ്റ്‌വെയർ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ വികസിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്തു.

**അക്ഷയ:-** വിവര സാങ്കേതിക രംഗത്തെ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെ 2002 നവംബർ 18-ന് പൊതു സ്വകാര്യ പങ്കാളിത്ത രീതിയിൽ ഡിജിറ്റൽ വിഭജനം മറികടക്കാൻ ആരംഭിച്ച നൂതന പദ്ധതിയാണ് അക്ഷയ. പ്രാരംഭ ഘട്ടത്തിൽ, ഒരു കുടുംബത്തിലെ ഒരാളെയെങ്കിലും ഇ-സാക്ഷരരാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ക്രമേണ അക്ഷയയുടെ ശ്രദ്ധ പൗരസേവനങ്ങൾ നല്കുന്നതിലേക്ക് മാറി. എൻറോൾമെന്റ് ഏജൻസിയായി അക്ഷയ പ്രവർത്തിക്കുന്നു. അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് ആധാർ എൻറോൾമെന്റ് നടത്തുന്നത്. 31.08.2023 ലെ കണക്ക് പ്രകാരം സംസ്ഥാനത്തുടനീളം 2792 അക്ഷയ കേന്ദ്രങ്ങൾ വഴി 8509 പേർക്ക് തൊഴിൽ നൽകുന്നുണ്ട്. മൊത്തം 62 ലക്ഷം പെൻഷൻകാരിൽ 81 ശതമാനം സാമൂഹിക സുരക്ഷാ പെൻഷൻ മസ്റ്ററിങ് അക്ഷയ കേന്ദ്രങ്ങൾ വഴി പൂർത്തിയാക്കി. കേരളത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 5.1.1 ൽ നൽകിയിരിക്കുന്നു.

**ആധാർ –** ഓതന്റിക്കേഷനും, ഇ-കെ വൈ സി സേവനങ്ങളും നൽകുന്നതിന് കെഎസ്ഐടിഎമ്മിനെ ഓതന്റിക്കേഷൻ യൂസർ ഏജൻസിയായും ഇ-കെവൈസി യൂസർ ഏജൻസിയായും യുഐഡിഎഐ അംഗീകരിച്ചു.

**വീഡിയോ കോൺഫറൻസിംഗ് (വിസി)–** ഒരു മീറ്റിംഗ്/ചർച്ച നടത്തുമ്പോൾ സ്ഥലം പ്രശ്നമല്ലാതെ ഒരു പ്ലാറ്റ്‌ഫോം മുഖേന വിദൂര സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതിന് വീഡിയോയും ഓഡിയോയും സംയോജിപ്പിച്ച് പ്രക്ഷേപണം ചെയ്യുന്ന ഒരു സാങ്കേതികവിദ്യയാണ് വീഡിയോ കോൺഫറൻസിംഗ് (വിസി). എല്ലാ സർക്കാർ വകുപ്പുകൾക്കും ബോർഡുകൾക്കും മറ്റ് സർക്കാർ സ്ഥാപനങ്ങൾക്കും സംസ്ഥാനത്തുടനീളമുള്ള അവരുടെ സബ് ഓഫീസുകളുമായി മീറ്റിംഗുകൾ നടത്തുന്നതിന് ഈ അടിസ്ഥാന സൗകര്യങ്ങൾ സൗജന്യമായി ഉപയോഗപ്പെടുത്താം, അങ്ങനെ സമയവും ചെലവും ലാഭിക്കാം. വീഡിയോ കോൺഫറൻസിംഗ് സെഷനുകളുടെ മാനേജ്മെന്റ്, വിസി ഉപകരണങ്ങളുടെയും സ്റ്റുഡിയോകളുടെയും പരിപാലനം എന്നിവ സി-ഡിറ്റിന്റെ പിന്തുണയോടെയാണ് ചെയ്യുന്നത്. വീഡിയോ കോൺഫറൻസിംഗ് ഇൻഫ്രാസ്ട്രക്ചർ ഉപയോഗിച്ച്, കെ.എസ്.ഐ.റ്റി.എം ന് പ്രതിവർഷം 12,000 വീഡിയോ കോൺഫറൻസുകൾ നടത്താൻ കഴിഞ്ഞു. പ്രതിദിനം ശരാശരി 30 വീഡിയോ കോൺഫറൻസുകൾ കെ.എസ്.ഐ.റ്റി.എം ഹോസ്റ്റ് ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

**ഡിജിലോക്കർ സേവനം**

നിലവിൽ ഇനിപ്പറയുന്ന സേവനങ്ങൾക്കായി സംയോജിപ്പിച്ചിരിക്കുന്നു.

- എസ്.എസ്.എൽ.സി, വി.എച്ച്.എസ്.ഇ, എച്ച്.എസ്.ഇ, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ, ഇ- ജില്ലാ റവന്യൂ സർട്ടിഫിക്കറ്റുകൾ (25 എണ്ണം), പിഎസ്‌സി സർട്ടിഫിക്കറ്റുകൾ (5 എണ്ണം) എന്നീ രേഖകൾ നൽകാനായി
- 12 സർവകലാശാലകൾ എൻഎഡി ഡിജി ലോക്കർ-ൽ തിരഞ്ഞെടുത്ത വർഷങ്ങളിലെ സർട്ടിഫിക്കറ്റുകൾ പ്രസിദ്ധീകരിച്ചു.

**ഇ-സേവനം & എം-സേവനം:** സാങ്കേതികവിദ്യയുടെ സഹായത്തോടെ കേരള സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും (ജി2സി &ജി2ബി) ഒരൊറ്റ പ്ലാറ്റ്‌ഫോമിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഒരു സദ്ഭരണ ഉദ്യമമാണ് ഇ-സേവനം.

2021-ൽ ഇ-സേവനവും എം-സേവനവും 50-ലധികം വകുപ്പുകളിൽനിന്നായി 500-ലധികം സേവനങ്ങൾ നൽകികൊണ്ട് പ്രവർത്തനം ആരംഭിച്ചു. 2 വർഷത്തിന് ശേഷം, 80 ലധികം വകുപ്പുകളുടെ 911 സേവനങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കി. എല്ലാ മൊബൈൽ സൗഹൃദ സേവനങ്ങളും എം-സേവനം എന്ന ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് നൽകുന്നത്.

**കേരള സ്റ്റേറ്റ് സ്പേഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ചർ (കെഎസ്ഡിഐ):** പങ്കാളിത്ത പ്രക്രിയയിലൂടെ കേരളത്തിന്റെ വിശദമായ ഭൂപടം സൃഷ്ടിക്കുകയാണ് മാപത്തോൺ കേരളം ലക്ഷ്യമിടുന്നത്. വിവിധ സന്നദ്ധ സംഘടനകളുടെയും സാമുദായിക സംഘടനകളുടെയും സഹായത്തോടെ കേരളത്തിലുടനീളം മാപ്പിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു. ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് എന്ന സോഫ്റ്റ്‌വെയർ (ഫോസ്), പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കിയുള്ള പുതിയ ജിയോപോർട്ടൽ, ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുമായി (ഇക്ഫോസ്) ചേർന്ന് സംയുക്തമായി വികസിപ്പിച്ചെടുത്തു. കേരള സ്റ്റേറ്റ് സ്പേഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ചർ (കെഎസ്ഡിഐ) ആസ്തി മാപ്പിംഗിനായി വനം വകുപ്പിന് സാങ്കേതിക പിന്തുണ നൽകി. പദ്ധതിക്ക് ടെക് സഭാ അവാർഡ് 2023, സ്കോച്ച് അവാർഡ് 2023 എന്നി അംഗികാരങ്ങൾ ലഭിച്ചു.

**പ്രധാന നേട്ടങ്ങൾ**

- സംസ്ഥാനതല ഇ-ഗവേണൻസ് പവലിയൻ കം എക്സിബിഷൻ-സമ്പൂർണ്ണ ഇ-ഗവേണൻസ് പ്രഖ്യാപനം: സർക്കാർ വകുപ്പുകളിലുടനീളം കേരളത്തിന്റെ ഇ-ഗവേണൻസ് നേട്ടങ്ങൾ പ്രദർശിപ്പിക്കുന്നു,
- കേരള ഐടിയുടെ 100-ദിന പരിപാടി: കെഎസ്ഐടിഎമ്മിൽ നിന്നുള്ള ആധാർ നിർബന്ധിത അപ്ഡേറ്റുകളും സ്റ്റേറ്റ് ഡാറ്റാ സെന്റർ, ഡിസാസ്റ്റർ റിക്കവറി മാനേജ്മെന്റ് സിസ്റ്റം ഇന്റഗ്രേഷനും എന്നിവ ഉൾപ്പെടുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.
- ഇ ടെൻഡർ പോർട്ടലിന്റെ മികച്ച അറ്റകുറ്റപ്പണിയും മാനേജ്മെന്റിനും കെഎസ്ഐടിഎമ്മിന്റെ ഇപ്രോക്യൂർമെന്റ് പ്രോജക്റ്റിന് ദേശിയ വിവര സാങ്കേതിക വിദ്യാ മന്ത്രാലയത്തിന്റെ ദേശീയ അവാർഡ്.
- സാർവത്രിക സ്വീകാര്യത ദിനാചരണങ്ങൾ- കെ-ഡിസ്ക് ഡിജിറ്റൽ സർവ്വകലാശാല, ഐസിഫോസ്, സിഇടി, എന്നിവയുമായി സഹകരിച്ച് സംഘടിപ്പിച്ചു.
- കേരള ഇ-ഗവേണൻസ് അവാർഡുകൾ - നൂതന ഇ-ഗവേണൻസ് സംരംഭങ്ങൾക്കുള്ള അവാർഡുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്ത് പ്രഖ്യാപിക്കുകയും വിതരണം ചെയ്യുകയും ചെയ്തു.
- 5 ജി റോളൗട്ട് പ്രശ്നങ്ങളും 5 ജി ഉപയോഗ കേസുകളും - പ്രധാന പങ്കാളികൾക്കും ടെക്നോളജി സർവ്വീസ് പ്രൊവൈഡേഴ്സിന് വേണ്ടി ഇന്ത്യാ ഗവൺമെന്റ് ടെലികോം വകുപ്പുമായി സഹകരിച്ച് സംസ്ഥാനതല ബോധവൽക്കരണ സമ്മേളനം നടത്തി.
- 900 ത്തിൽ അധികം സർക്കാർ സേവന ങ്ങൾക്കുമായി ഇ –സേവനം എന്ന ഏകീകൃത പോർട്ടൽ, 700 ൽ അധികം സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന എം സേവനം എന്ന തനത് മൊബൈൽ ആപ്ലിക്കേഷൻ, സർക്കാർ സേവനങ്ങളുടെ സ്റ്റാറ്റിസ്റ്റിക്കൽ അനാലിസിസ് ചെയ്യാവുന്ന കേരള ഡാഷ് ബോർഡ് എന്നിവ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിജയകരമായി സമാരംഭിച്ചു. അത് ഇപ്പോൾ പ്രവർത്തനക്ഷമമാണ്.
- നാസ്കോം നാഷണൽ ക്ലൗഡ് സമ്മിറ്റ് 2022-നാസ്കോമുമായി സഹകരിച്ച് സ്റ്റേറ്റ് ഡാറ്റാ സെന്ററിനുള്ള ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ അവാർഡ്
- ടെക് സഭ 2022 അവാർഡ് - കെഎസ്ഡിഐയുടെ കീഴിലുള്ള കെഎസ്ഐടിഎമ്മിന്റെ ഓപ്പൺ എസ്ഡിഐ പ്രോജക്റ്റ് ഡാറ്റാ സെന്ററുകളുടെയും ഇൻഫ്രാസ്ട്രക്ചറുകളുടെയും വിഭാഗത്തിൽ ടെക് സഭ 2023 അവാർഡ് നേടി.

**കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി**

കേരള സർക്കാർ ഐഐഐടിഎംകെ യെ "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി" ആയി ഉയർത്തി. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ആക്റ്റ് 2021 പ്രകാരമാണ് കേരള സർക്കാർ സർവ്വകലാശാല സ്ഥാപിച്ചത്. 2021 ഫെബ്രുവരി 20 ന് ഉദ്ഘാടനം ചെയ്ത് ടെക്നോസിറ്റി കാമ്പസിൽ നിന്ന് പ്രവർത്തനം ആരംഭിച്ചു.

ഡിജിറ്റൽ സാങ്കേതികവിദ്യകൾ, ശാസ്ത്രം, ഹ്യുമാനിറ്റീസ് എന്നീ മേഖലകളിൽ വിദ്യാഭ്യാസം, ഗവേഷണം, വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി ആഗോള പ്രശസ്തിയുടെ കേന്ദ്രമായി മാറാനാണ് സർവകലാശാല വിഭാവനം ചെയ്യുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നാച്ചുറൽ ലാംഗ്വേജ് പ്രോസസിംഗ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, ഇലക്ട്രോണിക് സിസ്റ്റങ്ങളും ഓട്ടോമേഷൻ, ഇമേജിംഗ് ടെക്നോളജീസ്, ഡാറ്റാ അനലിറ്റിക്സ്, ബിഗ് ഡാറ്റ, സൈബർ സെക്യൂരിറ്റി, ബ്ലോക്ക് ചെയിൻ, ഇക്കോളജിക്കൽ ഇൻഫോർമാറ്റിക്സും ജിയോസ്പേഷ്യൽ അനലിറ്റിക്സും എന്നീ മേഖലകളിൽ മാസ്റ്റേഴ്സ്, ഡോക്ടറേറ്റ് പ്രോഗ്രാമുകളിൽ ശേഷി വർദ്ധിപ്പിക്കാനാണ് സർവകലാശാല ലക്ഷ്യമിടുന്നത്.

**കോഴ്സുകൾ**

കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി വിവിധ വിഷയങ്ങളിലുടനീളം വിപുലമായ അക്കാദമിക് കോഴ്സുകൾ നൽകിവരുന്നു. യൂണിവേഴ്സിറ്റി ഇനിപ്പറയുന്ന പ്രോഗ്രാമുകൾ നൽകിവരുന്നു: എം.എസ്.സി ഡാറ്റ അനലിറ്റിക്സ് ആൻഡ് ബയോ എഐ, എംബിഎ, എം.എസ്.സി.ഇക്കോളജി-ഇക്കോളജിക്കൽ ഇൻഫോർമാറ്റിക്സ്, എം.എസ്സി ഇലക്ട്രോണിക്സ്, എം.ടെക് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, എം.ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, എം.എസ്സി. കമ്പ്യൂട്ടർ സയൻസ് സ്പെഷ്യലൈസേഷൻ ഇൻ മെഷീൻ ഇന്റലിജൻസ്, എം.എസ്.സി കമ്പ്യൂട്ടർ സയൻസ് സ്പെഷ്യലൈസേഷൻ ഇൻ സൈബർ സെക്യൂരിറ്റി എം.എസ്.സി കമ്പ്യൂട്ടർ

സയൻസ് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റ അനലിറ്റിക്സ്, എം.എസ്‌സി ഡാറ്റാ അനലിറ്റിക്സ് ആൻഡ് കംപ്യൂട്ടേഷണൽ സയൻസ്, എം.എസ്‌സി ഡാറ്റ അനലിറ്റിക്സ്, ആൻഡ് ജിയോ ഇൻഫോർമാറ്റിക്സ്

**പ്ലേസ്മെന്റ് റെക്കോർഡുകൾ**

ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ നിന്ന് പാസായ കുട്ടികൾ അന്തർദ്ദേശീയമായി അറിയപ്പെടുന്ന ഐടി കമ്പനികളായ ജെ.എഫ്.ഡബ്ലിയു.റ്റി.സി-ജനറൽ ഇലക്ട്രിക് ആക്സെഞ്ചർ, ആംഡോക്സ്, സീമെൻസ് ഏണസ്റ്റ് & യങ്, എ.ആർ.എസ് സോഫ്റ്റ്‌വെയർ അലയൻസ് കോൺഹിൽ, ഐബിഎം, ഐ ബി എസ്, ഇൻഫോസിസ്, ടാറ്റ എൽ എക്സി, ടാറ്റാ കൺസൾട്ടൻസി സർവീസസ്, യു എസ് ടി ഗ്ലോബൽ ടെക്നോളജി, വിപ്രോ തുടങ്ങിയ കമ്പനികളിൽ പ്രശംസനീയമായ സ്ഥാനങ്ങൾ വഹിക്കുന്നു.

**ടെക്നോസിറ്റി കാമ്പസ്**

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കാമ്പസ് പൂർത്തികരണ ഘട്ടത്തിലാണ്, ഇൻഫർമേഷൻ ടെക്നോളജിയിലും അതിന്റെ ആപ്ലിക്കേഷൻ ഡൊമെയ്നുകളിലും പഠനങ്ങൾ, ഗവേഷണങ്ങൾ, ഇൻകുബേഷൻ എന്നിവ സുഗമമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. പൂർത്തീകരിച്ച ക്യാമ്പസിൽ മൊത്തം 48,161 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ടാകും. അക്കാദമിക് ബ്ലോക്ക്, സ്റ്റുഡന്റ്സ് ഹോസ്റ്റൽ ബ്ലോക്ക്, വിവിധ ബ്ലോക്കുകളായ സബ്സ്റ്റേഷൻ, സംപ്, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം പൂർത്തിയായി.

**ഡിജിറ്റൽ സയൻസ് പാർക്ക്**

ഡിജിറ്റൽ സയൻസ് സാങ്കേതികവും സാമൂഹികവുമായ സ്വാധീനം അംഗീകരിച്ച് കേരള സർക്കാർ 2022 ലെ ബജറ്റിൽ ഡിജിറ്റൽ സയൻസ് പാർക്ക് പ്രഖ്യാപിച്ചു. ഡിജിറ്റൽ സയൻസസ് ആന്റ് ടെക്നോളജി മേഖലയിലെ മുന്നേറ്റങ്ങൾ മുതലെടുക്കാനും അതുവഴി നിരവധി പുതിയ വ്യാവസായിക സാധ്യതകൾ സൃഷ്ടിക്കാനും ലക്ഷ്യമിട്ടുകൊണ്ടാണ് ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നത്

ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനായി ടെക്നോപാർക്ക് നാലാം ഘട്ടത്തിൽ 13.93 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമി ടെക്നോപാർക്ക് നാലാം ഘട്ടത്തിൽ നിന്ന് കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നവേഷൻ ആൻഡ് ടെക്നോളജിക്ക് കൈമാറാൻ സർക്കാർ അനുമതി നൽകി. ഏകദേശം 13,000 ചതുരശ്ര അടി വിസ്തീർണമുള്ള ടെക്നോപാർക്ക് നാലാം ഘട്ടത്തിലെ കമ്പനി കെട്ടിടത്തിൽ ഡിജിറ്റൽ സയൻസ് പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ 2023 ഓഗസ്റ്റ് 1-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. പദ്ധതിക്ക് ആകെ ബജറ്റ് 1515.00 കോടി രൂപയാണ്. ഇതിൽ 1175 കോടി രൂപ കിഫ്ബി വഴിയും ബാക്കിയുള്ള ഫണ്ട് വ്യവസായ പങ്കാളികളിൽ നിന്നും കണ്ടെത്തും.

**ഇന്ത്യ ഇന്നോവേഷൻ സെന്റർ ഫോർ ഗ്രഫീൻ (ഐ ഐ സി ജി)**

ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം (MeitY) 'ഗ്രാഫീൻ-അറോറ പ്രോഗ്രാം' ആരംഭിച്ചു. ഇന്ത്യാ ഗവൺമെന്റ്, മിനിസ്ട്രി ഓഫ് ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി (MeitY), കേരള സർക്കാർ, വ്യവസായ പങ്കാളികൾ എന്നിവയുടെ സംയുക്ത ധനസഹായത്തോടെ 94.85 കോടി രൂപ പദ്ധതി ചെലവിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയാണ് ഈ പ്രോഗ്രാം നടപ്പിലാക്കുന്നത്. കാർബോറണ്ടം പ്രൈവറ്റ് ലിമിറ്റഡ് പ്രധാന വ്യവസായ പങ്കാളികളിൽ ഒരാളായി. വികസിപ്പിച്ച സ്റ്റാർട്ടപ്പ് ഉൽപ്പന്നങ്ങൾക്കൊപ്പം, കൊച്ചിയിലെ മേക്കേഴ്സ് വില്ലേജിൽ സജ്ജീകരിച്ച ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഗ്രാഫീൻ (ഐഐസിജി) തുടങ്ങിയ ഗവേഷണ വികസന കേന്ദ്രങ്ങളിൽ സാങ്കേതികവിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിച്ചെടുത്തു.

**ടെക്നോപാർക്ക്**

ആഗോള നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഉയർന്ന സാങ്കേതിക വ്യവസായങ്ങളുടെ വികസനത്തിന് ആവശ്യമായ സമ്പൂർണ പിന്തുണ നൽകുന്നതിനുമായി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായാണ് ടെക്നോപാർക്ക് സ്ഥാപിച്ചത്. 1995 നവംബർ 18-ന് ഇത് ഔപചാരികമായി രാജ്യത്തിന് സമർപ്പിക്കപ്പെട്ടു. അതിനുശേഷം, ടെക്നോപാർക്ക് വലിപ്പത്തിലും ജീവനക്കാരുടെ ശക്തിയിലും ക്രമാനുഗതമായി വളരുകയാണ്. മൂന്നാം ഘട്ടം കമ്മീഷൻ ചെയ്തതോടെ, 374.45 ഏക്കർ സ്ഥലവും 106 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണവുമുള്ള ടെക്നോ പാർക്ക് (ഘട്ടം I, II, III ഉൾപ്പെടെ) ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കുകളിൽ ഒന്നായി കഴക്കൂട്ടത്ത് 390 ഏക്കർ സ്ഥലത്ത് ടെക്നോസിറ്റി പദ്ധതി ആരംഭിച്ചതോടെ ഇത് ഏറ്റവും വലിയ ഇന്റഗ്രേറ്റഡ് ഐടി ടൗൺഷിപ്പായി. കഴക്കൂട്ടം-കോവളം (എൻഎച്ച് 66) കേരളത്തിലെ ആദ്യത്തെ ഐടി ഇടനാഴിയായും മാറി.

2022-23 സാമ്പത്തിക വർഷത്തിൽ, ടെക്നോപാർക്കിലെ കമ്പനികളുടെ എണ്ണം 479 ആയി ഉയർന്നു, മുൻ വർഷത്തെ 465 എന്ന കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ 3.01 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തി. 2022-23ൽ ടെക്നോപാർക്ക് 70600 ഐടി/ഐടിഇഎസ് പ്രൊഫഷണലുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. കഴിഞ്ഞ വർഷത്തെ 64,000 തൊഴിലവസരങ്ങളെ അപേക്ഷിച്ച് 10.3 ശതമാനം വളർച്ച രേഖപ്പെടുത്തി. സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ടെക്നോപാർക്കിന്റെ സംഭാവന **പട്ടിക 5.1.2**-ൽ നൽകിയിരിക്കുന്നു. ടെക്നോപാർക്കിന്റെ വളർച്ചയുടെയും ഭൗതിക നേട്ടങ്ങളുടെയും വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 5.1.2, 5.1.3** എന്നിവയിൽ നൽകിയിരിക്കുന്നു

**ടെക്നോപാർക്കിന്റെ കൈവശമുള്ള ഭൂമി.**

വിവിധ ഘട്ടങ്ങളിലായി പൂർത്തിയാക്കിയ 768.63 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന 5 കാമ്പസുകളാണ്

പട്ടിക 5.1.2 സംസ്ഥാന സമ്പദ് ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന

| ഇനം | നേട്ടങ്ങൾ 2021-22 | നേട്ടങ്ങൾ 2021-22 | നേട്ടങ്ങൾ 2022-23 |
|---|---|---|---|
| ആകെ വിറ്റുവരവ് (രൂപ കോടിയിൽ) | 15000.00 | 18000.00 | 20000.00 |
| ആകെ കയറ്റുമതി (രൂപ കോടിയിൽ) | 8501.00 | 9775.00 | 11630.00 |
| ആകെ നിക്ഷേപം (രൂപ കോടിയിൽ) | 5309.00 | 5600.00 | 5600.00 |
| ആകെ തൊഴിലവസരങ്ങൾ (എണ്ണം) | 63000 | 64000 | 70600 |
| ആകെ കമ്പനികൾ (എണ്ണം) | 460 | 465 | 479 |
| ആകെ സ്ഥലം (ഏക്കറിൽ) | 659.87 | 766.86 | 768.63 |
| ആകെ ബിൽറ്റപ് ഏരിയ (ലക്ഷം ചതുരശ്ര അടി) | 106 | 106 | 106 |

അവലംബം: ടെക്നോപാർക്ക്

പട്ടിക 5.1.3 ടെക്നോപാർക്കിന്റെ കൈവശമുള്ള ഭൂമി

| ഘട്ടങ്ങൾ | ഘട്ടം I | ഘട്ടം II | ഘട്ടം III | ടെക്നോസിറ്റി | ടെക്നോപാർക്ക് കൊല്ലം | ആകെ |
|---|---|---|---|---|---|---|
| ഭൂവിസ്തൃതി (ഏക്കറിൽ) | 198.43 | 86 | 90.02 | 389.74 | 4.44 | 768.63 |


അവലംബം: ടെക്നോപാർക്ക്

ടെക്നോപാർക്കിലുള്ളത്. 5 കാമ്പസുകളിലായുള്ള ഭൂവിവരം സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 5.1.3** ൽ കൊടുത്തിരിക്കുന്നു.

**ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് സ്ഥലത്തിന്റെ വളർച്ച**

ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് സ്ഥലം 2017-18 ലെ 89 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 2022-23 ൽ 106 ലക്ഷം ചതുരശ്ര അടി ആയി ഉയർന്നു. 55.58 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള എംബസി ടോറസ് പദ്ധതി ഫേസ് III യിൽ നിർമ്മാണത്തിലാണ്. ടെക്നോപാർക്കിലെ ബിൽറ്റ്അപ് ഏരിയയുടെ വളർച്ച **ചിത്രം 5.1.1** ൽ നൽകിയിരിക്കുന്നു.

**ചിത്രം 5.1.1** ടെക്നോപാർക്കിലെ ബിൽറ്റ് അപ്പ് സ്ഥലത്തിന്റെ വളർച്ച (ലക്ഷം ചതുരസ്ര അടിയിൽ)





അവലംബം: ടെക്നോപാർക്ക്

**ടെക്നോപാർക്കിലെ കമ്പനികൾ**

കഴിഞ്ഞ 5 വർഷത്തിനിടയിൽ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണത്തിൽ വർദ്ധന യുണ്ടായിട്ടുണ്ട്. 2016-17 ൽ ടെക്നോപാർക്കിൽ 370 കമ്പനികൾ പ്രവർത്തിച്ചിരുന്നു. 2022-23 ൽ ഇത് 479 ആയി വർദ്ധിച്ചു. 2016-17 മുതൽ 2022-23 വരെയുള്ള കമ്പനികളുടെ എണ്ണം സംബന്ധിച്ച വിവരം **ചിത്രം 5.1.2** ൽ ചേർത്തിരിക്കുന്നു.

**ചിത്രം** 5 .1. 2 ടെക്നോപാർക്കിലെ കമ്പനികളുടെ എണ്ണം





അവലംബം: ടെക്നോപാർക്ക്

**ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതിയുടെ വളർച്ച**

കഴിഞ്ഞ ആറ് വർഷത്തിനിടെയുള്ള ടെക്നോപാർക്കിന്റെ കയറ്റുമതി വരുമാന വർദ്ധനവ് കേരളത്തിലെ ഐടി മേഖലയിലെ നല്ല സൂചന കാണിക്കുന്നു. 2017-18ൽ 6450 കോടി രൂപയായി 2021-22ൽ 9775 കോടി രൂപയായി. തുടർന്ന്, 2022-23 സാമ്പത്തിക വർഷത്തിൽ ഇത് 11630 കോടി രൂപയായി ഉയർന്നു, മുൻവർഷത്തെ അപേക്ഷിച്ച് 18.97 ശതമാനം വളർച്ചാ നിരക്ക്. ടെക്നോപാർക്കിന്റെ കഴിഞ്ഞ ആറ് വർഷത്തെ കയറ്റുമതി വരുമാനത്തിലെ പ്രവണത **ചിത്രം 5.1.3**-ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 5.1.3** ടെക്നോപാർക്കിൽ നിന്നുള്ള കയറ്റുമതി വരുമാനം (രൂപ കോടിയിൽ)





അവലംബം: ടെക്നോപാർക്ക്

### ടെക്നോപാർക്കിലെ തൊഴിലിലുണ്ടായ വർദ്ധനവ്

ടെക്നോപാർക്കിന്റെ വിപുലീകരണവും കഴിഞ്ഞ വർഷങ്ങളിൽ സൃഷ്ടിച്ച തൊഴിലവസരങ്ങളുമായി ബന്ധപ്പെട്ട് പരിശോധിക്കാവുന്നതാണ്. സൃഷ്ടിക്കപ്പെട്ട തൊഴിലുകളുടെ എണ്ണം 2017-2018 സാമ്പത്തിക വർഷത്തിൽ 56,000 ആയിരുന്നത് 2022-2023 സാമ്പത്തിക വർഷത്തിൽ 70600 ആയി ഉയർന്നു. കഴിഞ്ഞ ആറ് വർഷത്തെ തൊഴിലവസരങ്ങളുടെ പുരോഗതി **ചിത്രം** 5.1.4 ൽ ചിത്രീകരിച്ചിരിക്കുന്നു.

**ചിത്രം** 5.1.4 ടെക്നോപാർക്കിലെ തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വർദ്ധന




അവലംബം: ടെക്നോപാർക്ക്

ടെക്നോപാർക്ക് മൂന്നാം ഫേസിൽ, 55.58 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള എംബസി ടോറസ് പ്രോജക്ട് സ്പേസ് നിർമ്മാണം ആരംഭിച്ച് ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. രണ്ട് ഘട്ടങ്ങളിലായി മൊത്തം 1,500 കോടി രൂപ മുതൽമുടക്കിൽ ടെക്നോപാർക്കിൽ ഉൾപ്പെടുന്ന ഒരു ലോകോത്തര ബിസിനസ് ഇൻഫ്രാസ്ട്രക്ചർ സൃഷ്ടിക്കാൻ ഇത് വിഭാവനം ചെയ്യുന്നു. പൂർത്തിയാകുമ്പോൾ, ടോറസ് ഡൗൺടൗൺ 30,000 നേരിട്ടുള്ള തൊഴിലവസരങ്ങളും 70,000 പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### ടെക്നോസിറ്റി

2009-ൽ ടെക്നോപാർക്ക് ആരംഭിച്ച ടെക്നോസിറ്റി പ്രോജക്റ്റ്, ഐടി ഇന്റഗ്രേറ്റഡ് ടൗൺഷിപ്പ്, നോളജ് സിറ്റി എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഒരു അഭിമാന സംരംഭമാണ്. സംസ്ഥാനത്ത് സുസ്ഥിരവും ആരോഗ്യകരവുമായ ഐടി ഇക്കോസിസ്റ്റം സൃഷ്ടിക്കാൻ സഹായിക്കുന്ന, വളർന്നുവരുന്ന സാങ്കേതിക വിദ്യകളിൽ ആറ് മികവിന്റെ കേന്ദ്രങ്ങൾ (സിഇഎസ്) സ്ഥാപിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നു. സൈബർ സെക്യൂരിറ്റി, ബ്ലോക്ക്ചെയിൻ, ഫിൻടെക്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, വെർച്വൽ/ഓഗ്മെന്റഡ് റിയാലിറ്റി, ഇ-മൊബിലിറ്റി, സ്പേസ് സയൻസ് തുടങ്ങിയ ഐടിയിലെ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ ഈ മികവിന്റെ കേന്ദ്രങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കും.

"ടെക്നോസിറ്റി" പദ്ധതിക്കായി പള്ളിപ്പുറത്ത് 389.74 ഏക്കർ സ്ഥലം ടെക്നോപാർക്ക് ഏറ്റെടുത്തു, ഇതോടെ ടെക്നോപാർക്കിന്റെ മൊത്തം ഭൂവിസ്തൃതി 768.63 ഏക്കറായി മാറി. 2 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള കമ്പനി കെട്ടിടം 2021 ജനുവരി 27 നാണ് ഉദ്ഘാടനം ചെയ്തത്. കെഎസ്ഐടിഐഎൽ ന്റെ പിന്തുണയോടെ ജലവിതരണ സംവിധാനം, വൈദ്യുതി വിതരണം, റോഡ് ശൃംഖല ഉൾപ്പെടെയുള്ളഅടിസ്ഥാന സൗകര്യങ്ങൾ ടെക്നോപാർക്ക് വികസിപ്പിച്ചെടുത്തു.

സംസ്ഥാനത്തെ ഐടി/ഐടിഇഎസ്/ എമർജിംഗ് ടെക്/ സ്പേസ് ടെക്/ എയ്റോസ്പേസ് ഗ്രോത്ത് ക്ലസ്റ്ററിന്റെ അടുത്ത ലക്ഷ്യസ്ഥാനമാക്കി മാറ്റുക എന്നാ ലക്ഷ്യത്തോടെ ടെക്നോസിറ്റിയിൽ നടപ്പിലാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ ഇവയാണ്.

- രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക്
- കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ആൻഡ് ഇന്നൊവേഷൻ ടെക്നോളജി ക്യാമ്പസ്.
- ടെക്നോപാർക്കിന്റെ ആദ്യത്തെ ഐടി കെട്ടിടം- ടെക്നോസിറ്റി ക്യാമ്പസിലെ കമ്പനി 2 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്ഥലത്ത് കമ്മീഷൻ ചെയ്തിരിക്കുന്നു, നിലവിൽ 20 സ്ഥാപനങ്ങൾ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.
- ടി സി സ് ഐടി /ഐ ടി ഇ സ് കാമ്പസ്. ഐ ഓ ടി , ബ്ലോക്ക് ചെയിൻ ,ഡാറ്റ അനലിറ്റിക്സ് , നിർമ്മിത ബുദ്ധി എന്നിവയിൽ സ്ഥാപനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
- കെ സ്പേസ് (സ്പേസ് പാർക്ക് ), സൂക്ഷ്മ ചെറുകിട ഇടത്തരം വാണിജ്യ കേന്ദ്രം.
- എം/എസ് സൺ ടെക് ബിസിനസ് സൊല്യൂഷൻസ് അവരുടെ 10 ഏക്കർ കാമ്പസിൽ 3.10 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ആദ്യ ഐടി കെട്ടിടം ഫേസ് 4 യിൽ ഉടൻ കമ്മീഷൻ ചെയ്യും.
- എമർജിംഗ് ടെക്നോളജി ഹബ് (കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന).
- യൂണിറ്റി മാൾ (ഒരു ജില്ല ഒരു ഉൽപ്പന്നം).

### ടെക്നോപാർക്ക് കൊല്ലം

കേരള സർക്കാർ 18 ഹെക്ടർ സ്ഥലം എം/എസ് കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഇതിൽ 10 ശതമാനം സ്ഥലം ടെക്നോപാർക്കിന് കൊല്ലം ടെക്നോപാർക്കിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി നൽകും.

ലോകോത്തര നിലവാരമുള്ള 1 ലക്ഷം ചതുരശ്ര അടി ഐടി കെട്ടിടം അഷ്ടമുടി ടെക്നോപാർക്കിൽ പൂർത്തിയായി. ക്യാമ്പസിനുള്ളിലെ ആർട്ടീരിയൽ റോഡ് ജോലികൾ, തെരുവുവിളക്കുകൾ പൂർണ്ണമായും സൗരോർജ്ജ അധിഷ്ഠിതമാക്കൽ എന്നിവ പൂർത്തിയായി. കാമ്പസിലെ കെട്ടിടം പൂർണ്ണ തോതിൽ സജ്ജമാകുന്ന മുറയ്ക്ക് 700 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നത്. സ്മാർട്ട് ബിസിനസ് സെന്റർ പ്രവർത്തന സജ്ജമാണ്, 26 കമ്പനികൾ ഈ കേന്ദ്രത്തിൽ നിന്നും പ്രവർത്തിക്കുന്നു.

**ഇൻഫോപാർക്ക്**

സംസ്ഥാനത്തെ ഐടി മേഖലയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശാലമായ കാഴ്ചപ്പാടോടെ 2004 ലാണ് ഇൻഫോപാർക്ക് സ്ഥാപിതമായത്. 19 വർഷത്തിനിടയിൽ, സ്ഥാപനം അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ശ്രദ്ധേയമായ വിജയം കൈവരിച്ചു. 2004-ൽ ആരംഭിച്ചതുമുതൽ, ഇൻഫോപാർക്കും അതിന്റെ സഹ-ഡെവലപ്പർമാരും 10 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്ഥലം നിർമ്മിക്കുകയും 550 ഐടി കമ്പനികളിലൂടെ 66,000-ലധികം ഐ.ടി. പ്രൊഫഷണലുകൾ പ്രവർത്തിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിലെ കയറ്റുമതി വരുമാനം 5,700 കോടി രൂപയായിരുന്നു, ആയത് 2021-22ൽ 8,500 കോടി രൂപയായും, പിന്നീട് 2022-23 സാമ്പത്തിക വർഷത്തിൽ, 9,186 കോടി കോടി രൂപയായും ഉയർന്നു.

**ഇൻഫോപാർക്കിന്റെ കൈവശമുള്ള ഭൂമി**

ഇൻഫോപാർക്ക് വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലായി 322.98 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന 5 കാമ്പസുകളാണുള്ളത്. അതിന്റെ 5 കാമ്പസുകളിലെ ഭൂമിയുടെ വ്യാപ്തിയുടെ വിശദാംശങ്ങൾ **പട്ടിക 5.1.4**-ൽ കാണിച്ചിരിക്കുന്നു.

ഇൻഫോപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 5.1.4**-ൽ ചേർത്തിരിക്കുന്നു. അവസാനത്തെ 3 സാമ്പത്തിക വർഷത്തെ ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക പ്രകടനം **പട്ടിക 5.1.5** നൽകിയിരിക്കുന്നു.

**2022–23 കാലയളവിൽ ഇൻഫോപാർക്കിന്റെ പ്രധാന നേട്ടങ്ങൾ**

- മൊത്തം ജീവനക്കാരുടെ എണ്ണം 66000 ആയി ഉയർന്നു (2021-22 ലെ 63600 ൽ നിന്ന്)
- ഐടി കമ്പനികളുടെ എണ്ണം 550 ആയി വർദ്ധിച്ചു (2021-22 ലെ 479 ൽ നിന്ന് )
- മൊത്തം കയറ്റുമതി വരുമാനം 9186 കോടി രൂപയായി വർദ്ധിച്ചു(2021-22 ലെ 8500 ൽ നിന്ന് )
- ഇന്ദീവരം, ജ്യോതിർമയ എന്നീ ബ്ലോക്കുകളുടെ ഇന്റീരിയർ, എക്സ്റ്റീരിയർ ജോലികൾ പൂർത്തീകരിക്കുകയും പൂർണ്ണമായും ഏറ്റെടുക്കുകയും ചെയ്തു.
- കോടതി ഉത്തരവനുസരിച്ച് എൽഎആർ ബാധ്യത പൂർണ്ണമായും തീർപ്പാക്കുകയും അതുവഴി പലിശ ചെലവ് ലാഭിക്കുകയും ചെയ്യുന്നു

**സൈബർ പാർക്ക്**

തിരുവനന്തപുരത്തെ ടെക്നോപാർക്ക്, കൊച്ചിയിലെ ഇൻഫോപാർക്ക് എന്നിവയുടെ മാതൃകയിലാണ് കോഴിക്കോട് സൈബർപാർക്ക് സ്ഥാപിച്ചത്. കൊച്ചി മുതൽ കാസർഗോഡ് വരെയുള്ള പടിഞ്ഞാറൻ തീരത്തെ ഐടി അടിസ്ഥാന സൗകര്യങ്ങളുടെ വിടവ് നികത്തുന്നതിനാണ് ഇത് സ്ഥാപിച്ചത്. ഐടി/ഐടിഇഎസ് നിക്ഷേപകർക്ക് ചെലവ് കുറഞ്ഞതും മികച്ചതുമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും അതുവഴി സോഫ്റ്റ്‌വെയർ/സോഫ്റ്റ്‌വെയർ സേവനങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുകയും മലബാറിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് സൈബർപാർക്കിന്റെ ലക്ഷ്യം. സർക്കാരും വ്യവസായവും തമ്മിൽ ആശയവിനിമയം നടത്തുക, സാധ്യതയുള്ള നിക്ഷേപകരുമായി ഇടപഴകുക, ഐടി/ഐടിഇഎസ് അടിത്തറ ശക്തിപ്പെടുത്തുക, പ്രൊമോഷണൽ കാമ്പെയ്നുകൾ നടത്തുക, ഐടി, ഐടിഇഎസ് എന്നിവയ്ക്കായി മനുഷ്യവിഭവശേഷി വികസിപ്പിക്കുക എന്നിവ സൈബർപാർക്കിന്റെ ഉത്തരവാദിത്തമാണ്. കോഴിക്കോട് സൈബർപാർക്കിലെ 43 ഏക്കർ സ്ഥലത്തിന്റെ മുഴുവൻ ഉടമസ്ഥാവകാശവും കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനാണ് (കെഎസ്ഐടിഐഎൽ).

**പട്ടിക 5.1.4** ഇൻഫോപാർക്കിന്റെ കൈവശമുള്ള ഭൂമി (ഏക്കറിൽ)

| ഘട്ടങ്ങൾ | ഘട്ടം I | ഘട്ടം II | തൃശ്ശൂർ | ചേർത്തല | ടി.ബി.സി കല്ലൂർ |
|---|---|---|---|---|---|
| ഭൂവിസ്തൃതി (ഏക്കറിൽ) | 100.86 | 125.92 | 30 | 66.2 | ജിസിഡിഎയുടെ ഉടമസ്ഥതയിലുള്ള കെഎസ്ഐടിഎമ്മിന്റെ പാട്ടത്തിന് കീഴിൽ 30,000ച. കി മി അടി ബിൽറ്റ് അപ്പ് സ്ഥലം |

അവലംബം: ഇൻഫോപാർക്ക്

**പട്ടിക 5.1.5** ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ

| വിശദാംശങ്ങൾ | നേട്ടങ്ങൾ 2020-21 | നേട്ടങ്ങൾ 2021-22 | നേട്ടങ്ങൾ 2022-23 |
|---|---|---|---|
| ആകെ കയറ്റുമതി (രൂപ കോടിയിൽ) | 5700.00 | 8500.00 | 9186.00 |
| ആകെ തൊഴിൽ (എണ്ണം) | 51,000 | 63600 | 66000 |
| കമ്പനികളുടെ എണ്ണം (എണ്ണം ( | 420 | 479 | 550 |
| ആകെ ഭൂമി (ഏക്കർ) | 323.00 | 323.00 | 323.00 |
| ആകെ ബിൽറ്റ് അപ്പ് സ്പേസ് (ദശലക്ഷം ചതുരശ്ര അടി) | 10 | 10 | 10.2 |

അവലംബം: ഇൻഫോപാർക്ക്

**സൈബർ പാർക്കിന്റെ പ്രധാന നേട്ടങ്ങൾ**

- 2.88 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്ഥലം പൂർണ്ണമായും ഉപയോഗപ്രദമാക്കി നിലവിൽ 85 ഐടി കമ്പനികൾ സെസ് സൗകര്യമായ "ഷെയ്സിൽ" പ്രവർത്തിക്കുന്നു.
- 12,391 ചതുരശ്ര അടി വിസ്തീർണ്ണമുള്ള നോൺ സെസ് ഐടി പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു, അതിൽ മുഴുവൻ കെട്ടിടവും മലബാറിലെ സ്റ്റാർട്ടപ്പ് കമ്പനികളെ പിന്തുണയ്ക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷന് പാട്ടത്തിന് നൽകിയിട്ടുണ്ട്.
- 2023 ഓഗസ്റ്റ് 31-വരെ സൈബർ പാർക്ക് ക്യാമ്പസ് 2200 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.
- കയറ്റുമതിയിലൂടെ ലഭിക്കുന്ന വരുമാനം മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2022-23ൽ ഇരട്ടിയായി. 2021-22 ലെ 55.70 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 2022-23ൽ 105.00 കോടി രൂപയായി വർദ്ധിച്ചു. 2023 ഓഗസ്റ്റ് 31 വരെ ഏകദേശം കയറ്റുമതിയിൽ നിന്ന് ലഭിച്ചത് 25 കോടി രൂപയുമാണ്.
- കഴിഞ്ഞ സാമ്പത്തിക വർഷം, മൊത്തം 18 പുതിയ ഐടി കമ്പനികൾക്ക് വാം ഷെല്ലും സ്മാർട്ട് ബിസിനസ്സ് ഓഫീസ് സ്പെയ്സുകളും പാട്ടത്തിന് നൽകി സൈബർപാർക്ക് ഫുൾ ഒക്യുപാൻസി എന്ന നേട്ടം കൈവരിച്ചു
- 'ഇഗ്നൈറ്റ്' എന്ന ഇന്റേൺഷിപ്പ് പ്രോഗ്രാമിലൂടെ വിവിധ ഘട്ടങ്ങളിലായി ബിരുദധാരികൾക്ക് കേരളത്തിലെ ഐടി, ഐടിഇഎസ് കമ്പനികളിൽ വ്യാവസായിക പരിശീലനം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കമ്പനികൾക്ക് സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകാനും പുതിയ ബിരുദധാരികൾക്ക് നവീനമായ ഇന്റേൺഷിപ്പ് അവസരങ്ങൾ വേഗത്തിലാക്കാനും അതുവഴി അവർക്ക് അനുബന്ധ മേഖലയിലെ തൊഴിൽ ലഭികുന്നതിനുള്ള പരിശീലനം നൽകാനും കേരള ഐടി പാർക്കുകൾ ലക്ഷ്യമിടുന്നു.

സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 5.1.5**-ൽ ചേർത്തിരിക്കുന്നു. ഇൻഫോപാർക്കിന്റെ അവസാനത്തെ 3 സാമ്പത്തിക വർഷത്തെ പ്രധാന ഭൗതിക പ്രകടനം **പട്ടിക 5.1.6** നൽകിയിരിക്കുന്നു.

**കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ)**

സംസ്ഥാനത്തെ ഐടി/ഐടിഇഎസിനായി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി രൂപീകരിച്ച ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയാണ് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ). ഭൂമി ഏറ്റെടുത്ത് അതിൽ വൈദ്യുതി, ജലം, റോഡ്, ചുറ്റമതിൽ, ഉൾപ്പടെയുള്ള അവശ്യ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും സെസ് പദവി, മറ്റു സർക്കാർ അംഗീകാരങ്ങൾ എന്നിവ ലഭ്യമാക്കി, ഐ.റ്റി. (സെസ്)/ഐ.റ്റി. പാർക്കുകൾ എന്നിവ വികസിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് നൽകുകയാണ് കമ്പനിയുടെ ബിസിനസ് മാതൃക. കെ.എസ്.ഐ.റ്റി.ഐ.എൽന്റെ പ്രധാന ചില പ്രോജക്ടുകൾ ചുവടെ നൽകിയിരിക്കുന്നു.

**സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം, കേരള:** കെ.എസ്.ഐ.ടി. എല്ലിന് കേരള സർക്കാർ നിയോഗിച്ച അഭിമാനകരമായ പദ്ധതിയാണ് സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം,, കേരള. വിദ്യാർത്ഥികളും വ്യവസായവും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്നതാണ് എസ്ഡിപികെ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി 150 എൻജിനീയറിംഗ് കോളേജുകളുടെ സജ്ജീകരണവും 3 സ്റ്റുഡിയോകളിലും ടെലികോൺഫറൻസിങ് സംവിധാനമുള്ള വിർച്ച്വൽ പ്ലാറ്റ്ഫോം ഉൾക്കൊള്ളുന്നതാണ്. സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം,, കേരള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി **പട്ടിക 5.1.7** ൽ നൽകിയിരിക്കുന്നു.

**കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (കെ–ഫോൺ):** സംസ്ഥാന വ്യാപകമായി 30,000 സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവക് അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകുന്നതിനുള്ള ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (കെ-ഫോൺ) (ട്രാക്ക് 1). കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (കെ. ഫോൺ) (ട്രാക്ക് 2) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സേവനങ്ങളും വാഗ്ദാനം ചെയ്യുന്നു. കിഫ്ബി സഹായത്തോടെയാണ് ട്രാക്ക് 1 നടപ്പിലാക്കുന്നത്. പദ്ധതിയുടെ എസ് പി വി യായി കെഎസ്ഇബിഎൽ, കെഎസ്ഐടിഐഎൽ, കേരള സർക്കാർ എന്നിവയ്ക്ക് യഥാക്രമം 49:49:2 എന്ന ഷെയർ ഹോൾഡിംഗ് പാറ്റേണിൽ ഒരു പുതിയ സംയുക്ത സംരംഭ കമ്പനി (കെ-ഫോൺ ലിമിറ്റഡ്) രൂപീകരിച്ചു. 2023-24 ബജറ്റിൽ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (ബിപിഎൽ) വ്യക്തികൾക്ക് കോംപ്ലിമെന്ററി ഇന്റർനെറ്റ് പ്രൊവിഷൻ

**പട്ടിക 5.1.6** സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ

| വിശദാംശങ്ങൾ | നേട്ടങ്ങൾ 2020-21 | നേട്ടങ്ങൾ 2021-22 | നേട്ടങ്ങൾ 2022-23 |
|---|---|---|---|
| മൊത്തം വിറ്റുവരവ് (കോടി രൂപ) | 26.16 | 55.70 | 105.00 |
| മൊത്തം കയറ്റുമതി (കോടി രൂപ) | 26.16 | 55.70 | 105.00 |
| മൊത്തം നിക്ഷേപം (കോടി രൂപ) | 2.47 | 2.17 | 1.42 |
| ആകെ തൊഴിൽ (എണ്ണം) | 764 | 1237 | 2078 |
| കമ്പനികളുടെ എണ്ണം(പ്രവർത്തനപരം) | 58 | 67 | 85 |
| ആകെ ഭൂമി (ഏക്കറിൽ) | 42.5 | 42.5 | 42.50 |
| ആകെ ബിൽറ്റ് അപ്പ് സ്പെയ്സ് (ചതുരശ്ര അടി). | 3 ലക്ഷം | 3 ലക്ഷം | 3 ലക്ഷം |

അവലംബം: സൈബർപാർക്ക്

പട്ടിക 5.1.7 സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി

| ക്രമ നം | ക്ലാസ്സ് റൂം/സ്റ്റുഡിയോ | ആകെ കോളേജുകൾ/ സ്ഥാപനങ്ങളുടെ എണ്ണം | പൂർത്തികരിച്ച കോളേജുകൾ/ സ്ഥാപനങ്ങളുടെ എണ്ണം | റിമാർക്ക് |
|---|---|---|---|---|
| 1 | ആദ്യ ഘട്ടം പൂർത്തിയായി (പ്രൈവറ്റ്) | 23 | 23 | പൂർത്തീകരിച്ചു |
| 2 | ഗവ. സർക്കാർ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ | 39 | 39 | പൂർത്തീകരിച്ചു |
| 3 | പോളിടെക്നിക് കോളേജുകൾ | 25 | 0 | ജോലി നടക്കുന്നു |
| 4 | രണ്ടാം ഘട്ടത്തിൽ സ്വകാര്യ കോളേജുകൾ | 12 | 12 | ധാരണാപത്രം ഒപ്പുവച്ചു |
| 5 | മറ്റുള്ളവ പൂർത്തിയാക്കി (ഐസിഫോസ് കെ.എസ്.ഐ.റ്റി.ഐ.എൽ & സെക്രട്ടേറിയറ്റ്) | 3 | 3 | |
| 6 | ആകെ ക്ലാസ്സ് മുറികൾ | 102 | 77 | |
| 7 | സ്റ്റുഡിയോ | 4 | 3 | |

അവലംബം: കെഎസ്ഐടിഐഎൽ

എന്നറിയപ്പെടുന്ന ഒരു പദ്ധതി സർക്കാർ അവതരിപ്പിച്ചു. തൽഫലമായി, മൊത്തം 3,345 കുടുംബങ്ങളെ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) വഴി ബന്ധിപ്പിച്ചു. കെഫോൺ പദ്ധതിയുടെ തൽസ്ഥിതി **പട്ടിക 5.1.8**-ൽ നൽകിയിരിക്കുന്നു.

**ഫോസ്റ്റെറ:** ഫോസ്റ്റെറ എന്ന പദത്തിന്റെ അർത്ഥം ഗ്രാമീണ മേഖലയിലെ സാങ്കേതികവിദ്യകളെ വളർത്തിയെടുക്കൽ എന്നാണ്. യോഗ്യരായ തിരഞ്ഞെടുത്ത കമ്പനികൾക്ക് പദ്ധതി സാമ്പത്തിക സഹായം നൽകും. ഈ ലക്ഷ്യം കൈവരിക്കുന്നതിന്, കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലുടനീളം കമ്പനികൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകി പദ്ധതി നടപ്പിലാക്കാൻ കെഎസ്ഐടിഐഎൽ തീരുമാനിച്ചു.

**ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി. ഫോസ്സ്)**

ഇന്ത്യയിലെയും വിദേശത്തെയും ഫ്രീ സോഫ്റ്റ് വെയർ സംഘടനകളുമായി ചേർന്ന് ഫ്രീ സോഫ്റ്റ് വെയറുകളുടെ വികസനവും പ്രയോഗവും ഫ്രീനോളഡ്ജും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആരംഭിച്ച അന്താരാഷ്ട്രകേന്ദ്രമാണ് ഐ.സി. ഫോസ്സ്. ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട കൺസൾട്ടൻസി, ഗവേഷണ വികസന പരിപാടികൾ, അക്കാദമിക് പഠനം, സേവനം, പരിശീലനം, പ്രസിദ്ധീകരണം, സർട്ടിഫിക്കേഷൻ, അന്താരാഷ്ട്ര തലത്തിലുള്ള സഹകരണം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടേയും നോഡൽ

പട്ടിക 5.1.8 കെ-ഫോൺ പദ്ധതിയുടെ തൽസ്ഥിതി

| ക്രമ നം | പ്രവർത്തി | വ്യാപ്തി | സാധ്യമായ വ്യാപ്തി | 26.08.2023 ന പൂർത്തിയായവ | പൂർത്തീകരണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 1 | ബാക്ക്ബോൺ(കി മി ) | 8,551 | 6,978 | 6,626 | 95 |
| 2 | അക്സസ്സ്(കി മി ) | 26,410 | 21,393 | 19,190 | 90 |
| 3 | പോയിന്റ് ഓഫ് പ്രെസെൻസ്-നോഡുകൾ(എണ്ണം) | 376 | 375 | 372 | 99 |
| 4 | എൻഒസി&ഡിആർ-നെറ്റ്‌വർക്ക് സെന്റർ | 1 | 1 | 1 | 100 |
| 5 | എൻഡ് ഓഫീസുകൾ-ബന്ധിപ്പിച്ചവ | 30,438 | 28,969 | 26,993 | 93 |
| 6 | എൻഡ് ഓഫീസുകൾ- നിലവിൽ കണക്ഷൻ ഉള്ളവ | 28,969 | 22,310 | 17,986 | 81 |
| 7 | എൻഡ് ഓഫീസുകൾ-ബന്ധിപ്പിച്ചതും ഉപയോഗിക്കുന്നതും | 26,993 | 18,700 | 10,039 | 54 |
| 8 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്റ്റിവിറ്റി | 14,000 | 14,000 | 3,345 | 24 |

അവലംബം.കെഎസ്ഐടിഐഎൽ

ഏജൻസിയാണ് ഐസിഫോസ്. ഫോസ് അധിഷ്ഠിത പരിശീലന പരിപാടികൾ, വർഷോപ്പുകൾ, സെമിനാറുകൾ, ഗവേഷണ പരിപാടികൾ, പ്രൊജക്റ്റുകൾ, മലയാളം കമ്പ്യൂട്ടിംഗ് പ്രവർത്തനങ്ങൾ, വിദ്യാർഥികളുടെ ഇന്റേൺഷിപ്പുകളും പ്രോജക്ടുകളും, സമ്മർ ക്യാമ്പുകൾ, ഫാക്കൽറ്റി വികസന പരിപാടികൾ, ഫെല്ലോഷിപ്പ് പ്രോഗ്രാമുകൾ തുടങ്ങിയവ ഐ.സി ഫോസ് നടത്തിയിട്ടുണ്ട്.

2022-23 ലെ ഐസിഫോസ്സിന്റെ പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നു.

- ആറ് വയസ്സ് പ്രായമുള്ള കാഴ്ചവൈകല്യമുള്ള കുട്ടികളെ ബ്രെയിൽ പഠിക്കാൻ സഹായിക്കുന്നതിനായി വികസിപ്പിച്ചെടുത്ത 'അക്ഷി' ബ്രെയിൽ ലേണർ എന്ന ഉപകരണം 2022 ഡിസംബർ 3 ന് ഔദ്യോഗികമായി ലോഞ്ച് ചെയ്തു.
- വേഡ് ബിൽഡർ ഉപകരണം : പഠന വൈകല്യമുള്ള കുട്ടികൾക്ക് പ്രയോജനകരമായ ഒരു വേഡ് ബിൽഡർ ഉപകരണം വികസിപ്പിക്കുകയും 2022ഡിസംബർ 3 ന് ഔദ്യോഗികമായി ലോഞ്ച് ചെയ്യുകയും ചെയ്തു . നിലവിൽ തിരുവനന്തപുരത്തെ മെഡിക്കൽ കോളേജിൽ സ്ഥിതി ചെയ്യുന്ന ശിശു വികസന കേന്ദ്രത്തിൽ (സിഡിസി) ക്ലിനിക്കൽ ടെസ്റ്റിംഗ് നടക്കുന്നു.
- റൈറ്റിംഗ് അസിസ്റ്റ്: എഴുതുന്നതിനായി ബുദ്ധിമുട്ട് നേരിടുന്ന കുട്ടികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഒരു ഗൈഡഡ് റൈറ്റിംഗ് ടൂൾ വികസിപ്പിച്ചെടുത്തു. ഗവൺമെന്റിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി 2023 മെയ് 19 ന് ഈ ഉപകരണം അവതരിപ്പിച്ചു. ശിശുവികസന കേന്ദ്രത്തിൽ ക്ലിനിക്കൽ ടെസ്റ്റിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.
- നൈപുണ്യ ഉപകരണം: ഓട്ടിസം ബാധിച്ച കുട്ടികളുടെ ചലനാത്മകമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ഉപകരണം വികസിപ്പിക്കുകയും 2023 മെയ് 19-ന് ലോഞ്ച് ചെയ്യുകയും ചെയ്തു.
- അക്ഷി സ്പർശന ഭൂപടം: കാഴ്ച വൈകല്യമുള്ള കുട്ടികളെ ഫലപ്രദമായി മാപ്പുകളും ഓരോ പ്രദേശത്തിന്റെയും പ്രധാന സവിശേഷതകളും പഠിപ്പിക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എ4 വലിപ്പമുള്ള, ബ്രെയ്‌ലി പ്രവർത്ത നക്ഷമമാക്കിയ കേരളത്തിന്റെ ഒരു ഇലക്ട്രോണിക് സ്പർശന ഭൂപടം വികസിപ്പിച്ചെടുത്തു.
- മുഖ്യമന്ത്രിയുടെ 100-ദിന പരിപാടിയുടെ ഭാഗമായി ലോറവാൻ ആവാസവ്യവസ്ഥയിൽ സംയോജിപ്പിച്ച ഓട്ടോമേറ്റഡ് മഴമാപിനി സ്റ്റേഷനുകൾ കേരളത്തിലെ 14 സ്ഥലങ്ങളിൽ വിജയകരമായി വിന്യസിച്ചു.
- സംസ്ഥാന ഹെൽത്ത് ഏജൻസി കേരള (എസ്എച്ച്എ) ആവശ്യപ്പെട്ടതനുസരിച്ച്, അസിസ്റ്റീവ് ടെക്നോളജി വിഭാഗം ബ്രെയിൽ ലിപിയിൽ പ്രവർത്തനക്ഷമമാക്കിയ കാരുണ്യ ഹെൽത്ത് കാർഡുകൾ വിജയകരമായി വികസിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. അന്തർദേശീയ വികലാംഗ ദിനമായ 2022 ഡിസംബർ 3-ന് സംസ്ഥാന ഹെൽത്ത് ഏജൻസി കേരള കാരുണ്യ ഹെൽത്ത് കാർഡുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.
- ഓപ്പൺ ഹാർഡ്‌വെയർ: താഴെപ്പറയുന്നവയാണ് പ്രധാന നേട്ടങ്ങൾ 1)സ്മാർട്ട് സിറ്റിക്കായി ഐ.ഒ.ടി സെൻസറുകൾ ഉപയോഗിച്ച് വികസിപ്പിച്ച ചെറുകിട അക്വാപോണിക്സ് ഫാം 2) ഐഒടി അധിഷ്ഠിത എനർജി ഹാർവെസ്റ്റർ (ലൈറ്റ്/വാട്ടർ/എയർ) ഉപകരണങ്ങൾ വികസിപ്പിച്ചെടുത്തു, 3)ലോറവാൻ റേഞ്ച് മാപ്പർ ഉപകരണം വികസിപ്പിച്ചെടുത്തു. 4) ഓപ്പൺ ഹാർഡ്‌വെയർ അടിസ്ഥാനമാക്കിയുള്ള ഇൻഡോർ എയർ ക്വാളിറ്റി ഉപകരണം വികസിപ്പിച്ചെടുത്തു.

### കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.)

സംസ്ഥാനത്തിനകത്ത് സംരംഭകത്വ വികസനവും ഇൻകുബേഷൻ സംരംഭങ്ങളും നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായി കേരള സ്റ്റാർട്ട്-അപ്പ് മിഷൻ (കെഎസ് യുഎം) പ്രവർത്തിക്കുന്നു. 'ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ' ആയി മുമ്പ് അംഗീകരിക്കപ്പെട്ടിരുന്ന കേരള സ്റ്റാർട്ട്-അപ്പ് മിഷൻ, ഇന്ത്യയുടെ മുൻനിരയും സമ്പന്നവുമായ അക്കാദമിക ഇതര ബിസിനസ് ഇൻകുബേറ്ററായി നിലകൊള്ളുന്നു. 2007-ൽ പ്രവർത്തനം ആരംഭിച്ച ഇത് അതിന്റെ യാത്രയിൽ ശ്രദ്ധേയമായ നാഴികക്കല്ലുകൾ കൈവരിച്ചു.

കേരളത്തിലെ യുവജനങ്ങളിലും വിദ്യാർത്ഥികളിലും സംരംഭകത്വ കഴിവുകൾ കണ്ടെത്തുകയും വളർത്തുകയും ചെയ്യുക എന്നതാണ് മിഷന്റെ പ്രാഥമിക ലക്ഷ്യം. സാങ്കേതികവിദ്യാധിഷ്ഠിത സംരംഭകത്വത്തിന്റെ വികസനം അഭിസംബോധന ചെയ്യുന്നതും നൂതന സാങ്കേതികവിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ബിസിനെസ്സ് ആവാസവ്യവസ്ഥയും സ്ഥാപിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക സംസ്കാരവുമായി പൊരുത്തപ്പെടുന്ന അനുയോജ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും സാങ്കേതിക ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കുമുള്ള വിപണി അവസരങ്ങൾ കണ്ടെത്തുന്നതിനും അക്കാദമിക്, ഗവേഷണ വികസന സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്കിടയിലുള്ള സഹകരണവും നെറ്റ്‌വർക്കിംഗും സുഗമമാക്കുന്നതിനും മിഷൻ ഊന്നൽ നൽകുന്നു. കൂടാതെ, ഇൻസ്റ്റിറ്റ്യൂട്ടുകൾക്കുള്ളിൽ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യകളുടെ ദ്രുതഗതിയിലുള്ള വാണിജ്യവൽക്കരണത്തിനുള്ള ഒരു പ്ലാറ്റ്ഫോം സ്ഥാപിക്കാനും അന്തിമ ഉപയോക്താക്കൾക്ക് അവയുടെ ലഭ്യത ഉറപ്പാക്കാനും മിഷൻ ലക്ഷ്യമിടുന്നു.

### യുവ സംരംഭകത്വ വികസന പരിപാടി

സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ള സംരംഭകത്വ പ്രവർത്തനങ്ങൾ, സംരംഭക അടിസ്ഥാന സൗകര്യം, പരിസ്ഥിതി, വ്യവസായ സ്ഥാപനങ്ങളുടെ ബന്ധങ്ങൾ, ഗവേഷണ-വികസന വെല്ലുവിളികൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ശക്തി പ്പെടുത്തുകയും കേരളത്തിലെ യുവാക്കൾക്കും വിദ്യാർത്ഥികൾക്കും ഉള്ളിൽ സംരംഭകത്വ കഴിവുകൾ കണ്ടെത്തുകയും

വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് മിഷന്റെ പ്രാഥമിക ലക്ഷ്യം.

മൈൻഡ് യുവർ ബിസിനസ്സ് (മെന്റർ ഇൻസ്പയേർഡ് നെറ്റ്വർക്കിംഗ് ഓൺ-ഡിമാൻഡ് ഫോർ യുവർ ബിസിനസ്സ്): ലോകമെമ്പാടുമുള്ള മെന്റർമാരുടെ സഹായം ലഭ്യമാക്കുന്നതിലൂടെ കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്കുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ ശക്തി പ്രയോജനപ്പെടുത്താൻ സഹായിക്കുന്നു. സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിലെ വിദഗ്ധരുമായും ഉപദേശകരുമായും ഒന്നിച്ച് സംവദിക്കാനും പരിചയസമ്പന്നരായ ഉപദേശകരിൽ നിന്ന് വിലമതിക്കാനാവാത്ത ഉൾക്കാഴ്ചകളും മാർഗ്ഗനിർദ്ദേശങ്ങളും നേടാനും അവരുടെ വിജയത്തി ലേക്കുള്ള വഴിയിൽ ശാശ്വതമായ ബന്ധങ്ങൾ രൂപപ്പെടുത്താനും ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നു.

**ഇവാഞ്ചലൈസേഷൻ പിന്തുണ**

- ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ (ഐഇഡിസി) -വിദ്യാർത്ഥികൾക്കിടയിൽ സാങ്കേതിക വിദ്യയും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) 2014-15 മുതൽ തുടക്കമിട്ടുന്നതിനുള്ള പൈപ്പ്ലൈനിന്റെ ഒരു പ്രധാന ഘടകമാണ്. വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ ഐ.ഇ.ഡി.സികൾ സ്ഥാപിച്ചു വരികയാണ്. 2022-23ൽ സംസ്ഥാനത്തുടനീളം 84 പുതിയ ഐ.ഇ.ഡി.സികൾ സ്ഥാപിച്ചു .
- ഐ.ഇ.ഡി.സി ഉച്ചകോടി 2023: 2023 മാർച്ച് 4 ന് രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ (ഓട്ടോണമസ്) ഐ.ഇ.ഡി.സി ഉച്ചകോടിയുടെ ഏഴാം പതിപ്പും വിദ്യാർത്ഥി സംരംഭകർക്കായുള്ള ഏഷ്യയിലെ ഏറ്റവും വലിയ ഉച്ചകോടിയും, കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ചു.
- ഇൻവെസ്റ്റർ കഫേ - എയ്ഞ്ചൽ ഇൻവെസ്റ്റർ, വിസി കമ്മ്യൂണിറ്റി എന്നിവയിലൂടെ സ്റ്റാർട്ടപ്പുകൾക്ക് എക്സ്പോഷർ നൽകുന്നതിനാണ് ഇൻവെസ്റ്റർ കഫേ രൂപകൽപ്പന ചെയ്തിരിക്കുന്നത്. സ്റ്റാർട്ടപ്പുകൾക്ക് ഫണ്ടുകളിൽ നിന്ന് നിക്ഷേപം നേടുന്നതിന് സഹായിക്കുന്നതിനായി , കേരള സ്റ്റാർട്ടപ്പ് മിഷൻ ഈ വർഷത്തിൽ 8 ഇൻവെസ്റ്റർ കഫേ പതിപ്പുകൾ നടത്തി. 8 പതിപ്പുകളിലായി 168 സ്റ്റാർട്ടപ്പുകളും 64 നിക്ഷേപകരും പങ്കെടുത്തു.
- കേരള ഇന്നൊവേഷൻ വാരം : ആദ്യ ദിവസം സൈക്കത്തോൺ, കമ്മ്യൂണിറ്റി ലീഡർഷിപ്പ് സമ്മിറ്റ്, രണ്ടാം ദിവസം കോഡത്തോൺ, മേക്കത്തോൺ, ഓപ്പൺ മൈക്ക്- എസ്ടിസി, മൂന്നാം ദിവസം - ഡിസൈൻ- എ- തോൺ, പൈത്തൺ വർക്ക്ഷോപ്പ്, റോബോട്ടിക്സ് വർക്ക്ഷോപ്പ് എന്നിവ പോലുള്ള വിവിധ പരിപാടികൾ ഉൾപ്പെടുന്നു. നാലാം ദിവസം ബിൽഡത്തണും വൈ ഹാക്കും, അഞ്ചാം ദിവസം - ഗോയിംഗ് ഗ്ലോബൽ- യുകെ, ഓപ്പൺ ഹൗസ് ഫോർ സ്റ്റാർട്ടപ്പുകൾ, പിച്ച് ഫെസ്റ്റ്, ആറാം ദിവസം - 3ഡി പ്രിന്റിംഗ് & ലേസർ കട്ടിംഗ് വർക്ക്ഷോപ്പ്, സ്ഥാപക ഉച്ചകോടി, ഗോയിംഗ് ഗ്ലോബൽ- കാനഡ & നോർത്ത് അമേരിക്ക ഷീ പവർ സമ്മിറ്റ്, ടൈ വുമൺ- ഏഴാം ദിവസം ഓപൺ മൈക്ക്, ക്രിയേറ്റേഴ്സ് സമ്മിറ്റ്, ഫാബ്/ഡൈ പ്രോജക്റ്റ് ഷോകേസ്, തത്സമയ അനുഭവങ്ങൾ, റിങ്ക്-റിസർച്ച് പ്രൊഡക്റ്റ് എക്സ്പോ, ടാവോസ് ആർട്ട് വർക്ക്ഷോപ്പ്, ഫാബ് ഓപ്പൺ ഹൗസ്, വിവിധ മത്സരങ്ങൾ.

**ഇൻകുബേഷൻ**

കേരള സ്റ്റാർട്ടപ്പ് മിഷന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കാസർകോട് എന്നിവിടങ്ങളിൽ സ്വന്തമായി ഇൻകുബേറ്ററുകൾ ഉണ്ട്. 31.03.2022 ലെ കണക്കനുസരിച്ച് തിരുവനന്തപുരം, എറണാകുളം, മലബാർ എന്നിവിടങ്ങളിലായി യഥാക്രമം 50, 66, 54 സ്റ്റാർട്ടപ്പുകളും ഉണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷൻ സംസ്ഥാനത്ത് താഴെ പറയുന്ന ഇൻകുബേറ്ററുകളെ പിന്തുണക്കുന്നു.

- ബയോനെസ്റ്റ്
- മേക്കർ വില്ലേജ്
- ഫോസ് ഇൻകുബേറ്റർ
- സ്റ്റാർട്ടപ്പ് ഡ്രീംസ്
- പാലക്കാട് ഇൻകുബേറ്റർ
- കാലിക്കറ്റ് ഇൻകുബേറ്റർ

**ഫാബ്–ലാബ് കേരള –** 2022-23 കാലഘട്ടം ഫാബ്-ലാബ് കേരളയെ സംബന്ധിച്ചിടത്തോളം ഫലപ്രദമായിരുന്നു. അതിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ പിന്തുടർന്ന്, കേരളത്തിലും പുറത്തുമുള്ള സ്റ്റാർട്ടപ്പുകൾ, ഇന്നോവടോര്സ്, വിദ്യാർത്ഥികൾ എന്നിവരെ അവരുടെ ഫാബ്രിക്കേഷനും പ്രോട്ടോടൈപ്പിംഗ് സേവനങ്ങളുമായി ബന്ധപ്പെട്ട് പിന്തുണ നൽകുവാൻ ഫാബ്-ലാബ് കേരളയ്ക്ക് കഴിഞ്ഞു. 2022-23 സാമ്പത്തിക വർഷത്തിൽ, 200-ലധികം ഉപഭോക്താക്കൾക്കായി 507 വർക്ക് ഓർഡറുകൾ ഫാബ്-ലാബ് കേരള നടപ്പിലാക്കി.

**റിസർച്ച് ഇൻകുബേഷൻ പ്രോഗ്രാം (ആർഐഎൻപി) ശിൽപശാലകളും ഇവാഞ്ചലൈസേഷനും –** അക്കാദമിയിൽ നിന്നുള്ള വിവർത്തന ഗവേഷണവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിന് ആർഐഎൻപി കോട്ടയത്തെ മഹാത്മാഗാന്ധി സർവകലാശാലയിൽ ഒരു കോടി രൂപയുടെ 'റിസർച്ച് ഇൻകുബേഷൻ പ്രോഗ്രാം (ആർഐഎൻപി) ആരംഭിച്ചു. മൾട്ടിസ്റ്റേജ് മൂല്യനിർണ്ണയത്തിലൂടെ 19 മികച്ച ആപ്ലിക്കേഷനുകൾ തിരഞ്ഞെടുത്തു. 'നാഷണൽ റിസർച്ച് ഇന്നൊവേഷൻ ചലഞ്ച്' ഉൾപ്പെടെയുള്ള 24 ഗ്രാന്റികൾ അവരുടെ പ്രോജക്റ്റിന്റെ ആദ്യ നാല് മാസം പൂർത്തിയാക്കി. സഹൃദയ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയുമായി സഹകരിച്ച്, വനിതാ സ്റ്റാർട്ടപ്പുകൾക്കായി 'റിസർച്ച് ഇന്നൊവേഷൻ പ്രോഗ്രാം' ആരംഭിച്ചു. ബയോടെക്നോളജി, ബയോമെഡിക്കൽ എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ നിന്നുള്ള വനിതാ ഗവേഷകരിൽ നിന്ന് ഭാവി വാഗ്ദാനമായ വനിതാ ഇന്നവേറ്റർമാരെയും സംരംഭകരെയും കണ്ടെത്തുന്നതിനാണ് പ്രോഗ്രാം ലക്ഷ്യമിടുന്നു. ഏഴ് വനിതാ ഗവേഷകരെയാണ് പ്രോഗ്രാമിലേക്ക് തിരഞ്ഞെടുത്തത്.

**തേജസ്വിനി നവീകരണം –** കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) തേജസ്വിനി ഗ്രൗണ്ട്

ഫ്ലോറിലെ നവീകരണ പ്രവർത്തനങ്ങൾക്കായി സജ്ജീകരിച്ചിരിക്കുന്നു, സ്റ്റാർട്ടപ്പുകളുടെ തനതായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രത്യേകം നവീകരിച്ച 15,000 ചതുരശ്ര അടി വിസ്തീർണത്തിൽ 178 സീറ്റുകളുള്ള പുതിയ രണ്ട് കോ-വർക്കിംഗ് സ്പെയ്സുകൾ നവീകരണത്തിനും സഹകരണത്തിനും വളർച്ചയ്ക്കും പ്രചോദനം നൽകുന്നതിനാണ് ഈ അത്യാധുനിക സൗകര്യം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

**കാസർകോട് അസാപ് സ്പേസ് –** കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ 1,140 ചതുരശ്ര അടി വിസ്തീർണമുള്ള ഇൻകുബേഷൻ സ്ഥലം അസാപ് കേരള കേരള സ്റ്റാർട്ടപ്പ് മിഷന് അനുവദിച്ചു. ഈ സംരംഭം കൂടുതൽ ശ്രദ്ധേയമാണ്, കേരള സ്റ്റാർട്ടപ്പ് മിഷൻ ഇന്റീരിയർ, ഫർണിഷിംഗ് ജോലികൾ വിജയകരമായി പൂർത്തിയാക്കി, ഇവിടം പ്രവർത്തനക്ഷമമാണെന്ന് മാത്രമല്ല, സർഗ്ഗാത്മകതയും ഉൽപ്പാദനക്ഷമതയും പ്രചോദിപ്പിക്കാൻ രൂപകൽപ്പന ചെയ്തിട്ടുള്ളതാണെന്നും ഉറപ്പാക്കുന്നു. ഈ ശ്രമം സ്റ്റാർട്ടപ്പുകൾക്ക് ഉടനടി ഉപയോഗിക്കാവുന്ന ഇടങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

കേരള സ്റ്റാർട്ട്-അപ്പ് മിഷൻ (KSUM) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നിരവധി അന്താരാഷ്ട്ര ഉച്ചകോടികൾ വിജയകരമായി സംഘടിപ്പിച്ചിട്ടുണ്ട്. ഈ ഉച്ചകോടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- ഹഡിൽ ഗ്ലോബൽ 2022 - രാജ്യത്തെ സ്റ്റാർട്ടപ്പുകൾ സംഘടിപ്പിക്കുന്ന ഏറ്റവുമധികം ആളുകൾ പങ്കെടുക്കുന്ന ഇവന്റുകളിൽ ഒന്നാണ് ഹഡിൽ ഗ്ലോബൽ . 2022 ഡിസംബർ 15 മുതൽ ഡിസംബർ 16 വരെ തിരുവനന്തപുരത്ത് നടന്ന ഹഡിൽ ഗ്ലോബലിൽ 100-ലധികം നിക്ഷേപകരും 150-ലധികം സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റങ്ങളും ഉൾപ്പടെ 5,000-ത്തിലധികം പേർ പങ്കെടുത്തു.
- സീഡിംഗ് കേരള 2023 - കേരളത്തിലെ എച്ച്എൻഐ ശൃംഖലയെയും ഇന്ത്യയിലുടനീളമുള്ള നിക്ഷേപകരെയും ഒരുമിപ്പിച്ച് കേരളത്തിൽ നിന്നും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്നുമുള്ള മികച്ച സ്റ്റാർട്ടപ്പുകളിൽ നിക്ഷേപിക്കാനുള്ള അവസരങ്ങൾ പ്രദർശിപ്പിക്കുന്ന കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) സംഘടിപ്പിക്കുന്ന ഒരു അതുല്യമായ ഇവന്റ് ആണ് ഇത് .
- ഹെൽത്ത് ടെക് ഉച്ചകോടി - ഹെൽത്ത് ടെക് ഉച്ചകോടി 2022, കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്യുഎം), കേരള ഹെൽത്ത് ആൻഡ് കാരിത്താസ് ഹോസ്പിറ്റൽ സംയുക്തമായി 2022 ജൂൺ 24-ന് സംഘടിപ്പിച്ചു. ഇതിൽ 600-ലധികം സ്റ്റാർട്ടപ്പുകൾ, 185 ആശുപത്രികൾ, 35 സ്പീക്കർമാർ 5 നിക്ഷേപകർ എന്നിവ ഉൾപ്പെടുന്നു. കേരള ഐടി, സംസ്ഥാന ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്, സംസ്ഥാന ഡിജിറ്റൽ ഹെൽത്ത് മിഷൻ, ടൈമിഡ് എന്നിവയാണ് മറ്റ് പങ്കാളികൾ.
- ജി ടെക്സ് ഗ്ലോബൽ 2022 - 2022 ഒക്ടോബർ 10 മുതൽ ഒക്ടോബർ 14 വരെ ദുബായിൽ നടന്ന ജി ടെക്സ് 2022-ലേക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ 40 സ്റ്റാർട്ടപ്പുകളെ തെരഞ്ഞെടുത്തു.
- സ്ലാഷ് 2022 - 2022 നവംബർ 17 മുതൽ നവംബർ 18 വരെ ഫിൻലാന്റിലെ ഹെൽസിങ്കിയിൽ വെച്ച് നടന്ന സ്ലാഷ് 2022-ൽ പങ്കെടുക്കാൻ കേരളാ ആസ്ഥാനമായുള്ള രണ്ട് സ്റ്റാർട്ടപ്പുകളെ തിരഞ്ഞെടുത്തു. സ്ലാഷ് സ്ലാഷ് 2022 12,000 സംരംഭക മനസ്സുകളെ ഒരുമിച്ച് കൊണ്ടുവന്നു. ഫോർച്യൂൺ 500 കമ്പനികളിൽ നിന്നുള്ള എക്സിക്യൂട്ടീവുകളും 30 അന്താരാഷ്ട്ര മാധ്യമങ്ങളും 1,500 സ്റ്റാർട്ടപ്പുകളും ഉപദേഷ്ടാക്കളും, 200-ലധികം സർക്കാരുകളും, മറ്റ് വക്താക്കളും പങ്കെടുത്തു.
- ഓസ്ട്രിയ സ്റ്റാർട്ടപ്പ് ഡെലിഗേഷൻ - ഓസ്ട്രിയൻ ഇന്ത്യൻ സ്റ്റാർട്ടപ്പ്-ഇക്കോസിസ്റ്റങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുകൊണ്ട് സ്റ്റാർട്ടപ്പുകൾ, നിക്ഷേപകർ, മറ്റ് സംരംഭങ്ങൾ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് കാർവെ സ്റ്റാർട്ടപ്പ് ലാബുകളുമായി സഹകരിച്ച് ഓസ്ട്രിയ എംബസി 2023 മാർച്ച് 13 മുതൽ മാർച്ച് 18 വരെ വിയന്ന, സാൽസ്ബർഗ്, ഇൻസ്ബർക്ക് എന്നിവിടങ്ങളിൽ ഓസ്ട്രിയ സ്റ്റാർട്ടപ്പ് ഡെലിഗേഷൻ നടത്തി.
- മൊബൈൽ വേൾഡ് കോൺഗ്രസ് 2022 - 2023 ഫെബ്രുവരി 27 മുതൽ മാർച്ച് 2 വരെ ബാഴ്സലോണയിൽ വെച്ച് നടന്ന കണക്റ്റിവിറ്റി ഇക്കോസിസ്റ്റത്തിന്റെ ഏറ്റവും വലുതും ഏറ്റവും സ്വാധീനമുള്ളതുമായ പരിപാടിയാണ് മൊബൈൽ വേൾഡ് കോൺഗ്രസ് 2022,
- കൺവെർജൻസ് 2023 - അത്യാധുനിക എക്സിബിഷനുകളും കൺകറന്റ് കോൺഫറൻസുകളും വിജയകരമായി ഹോസ്റ്റുചെയ്യുന്നതിലൂടെ ഇന്ത്യയിലെ ഏറ്റവും സ്വാധീനമുള്ള എക്സ്പോകളിൽ ഒന്നാണിത്. കൺവെർജൻസ് ഇന്ത്യ സീരീസ് എക്സ്പോസ് ടെക്നോളജിയുടെ മേഖലകളിൽ ഇന്ത്യയിലെ ഒരു പ്രമുഖ എക്സിബിഷനായി പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.
- സ്റ്റാർട്ടപ്പുകൾക്കുള്ള മാർക്കറ്റിംഗ് പിന്തുണ (വീഡിയോ) - സ്റ്റാർട്ടപ്പുകൾക്കുള്ള മാർക്കറ്റിംഗ് പിന്തുണയുടെ ഭാഗമായി, ഉൽപ്പന്ന വീഡിയോ വികസനത്തിന് സബ്സിഡി നൽകുന്നതിനുള്ള പിന്തുണ നൽകുക. നല്ല ഉൽപന്നങ്ങൾ ഉള്ളവരും വരുമാനം ഉണ്ടാക്കുന്ന ഘട്ടത്തിലുള്ളവരുമായവരെയാണ് പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നത്. പദ്ധതിയിൽ നിന്ന് 8 സ്റ്റാർട്ടപ്പുകളെ പിന്തുണച്ചു.

**ടെക്നോളജി ഇന്നൊവേഷൻ സോൺ(ടിസ്)**

ടെക്നോളജി ഇന്നൊവേഷൻ സോൺ നിരവധി സാങ്കേതിക മേഖലകൾക്കുള്ള ആഗോള ഇന്നൊവേഷൻ ഇൻകുബേറ്റർ ഹബ്ബാണ്. മൾട്ടി സെക്ടർ ടെക്നോളജി ഇൻകുബേറ്ററുകൾക്ക് സ്റ്റാർട്ടപ്പുകൾ ഇൻകുബേറ്റ് ചെയ്യുന്നതിനും ആഭ്യന്തര സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനുമായി ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ ടിസ് സൃഷ്ടിക്കും കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിലെ 13.2 ഏക്കർ സ്ഥലത്താണ് ടിസ് സ്ഥാപിക്കുന്നത്. ബിൽറ്റ്-അപ്പ് സ്റ്റാർട്ട് അപ്പ് മൊഡ്യൂളുകൾ, ഹൈ എൻഡ് ഫാബ്രിക്കേഷൻ ലാബുകൾ, ആർ ആൻഡ് ഡി ലാബ് സൗകര്യങ്ങൾ, വാണിജ്യ ഓഫീസ് ഇടങ്ങൾ, ഡോർമിറ്ററികൾ, സ്മാൾ ഓഫീസ്/ഹോം ഓഫീസ് (എസ്.ഒ/എച്ച്.ഒ-കൾ) മാളുകൾ എന്നിവ സോണിൽ ഉൾപ്പെടുന്നു. ഏകദേശം 5 ലക്ഷം ചതുരശ്ര അടി സൗകര്യങ്ങളുള്ള മൊത്തം

ബിൽറ്റ് അപ്പ് ഏരിയ ടിസ് സൃഷ്ടിക്കും. ടിസ് -നുള്ള അടിസ്ഥാന സൗകര്യങ്ങൾ വിവിധ ഘട്ടങ്ങളിലായി നിർമ്മിക്കും. നിലവിൽ ഒന്നാം ഘട്ടം പ്രവർത്തനക്ഷമമാണ്.

- സ്റ്റാർട്ടപ്പ് ഓക്യുപൻസിക്കായി 2.20 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഡിജിറ്റൽ ഹബ്, സാൻഡ്‌വിച്ച് ബിൽഡിംഗ്, കൊച്ചിയിലെ ടെക്നോളജി ഇന്നൊവേഷൻ സോണിൽ നിർമ്മാണം പുരോഗമിക്കുന്നു.
- കേരളത്തിന്റെ എമർജിംഗ് ടെക്നോളജി ഹബ്ബ്, തിരുവനന്തപുരത്ത് സർക്കാർ അനുവദിച്ച ഭൂമിയിൽ 5 ലക്ഷം ചതുരശ്ര അടി സ്ഥലം വിഭാവനം ചെയ്യുന്നു.

ടെക് വ്യവസായത്തിലും ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിലും അവസരങ്ങളുള്ള സ്റ്റാർട്ടപ്പുകളേയും യുവാക്കളേയും പ്രാപ്തരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും കേരള സ്റ്റാട്ടപ്പ് മിഷന് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. കഴിഞ്ഞ 3 വർഷമായി കെഎസ്‌യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ **പട്ടിക 5.1.9** ൽ നൽകിയിരിക്കുന്നു.

### 2022–23 കാലഘട്ടത്തിൽ കെ.എസ്.യു.എം.ന്റെ നേട്ടങ്ങൾ

- കെ എസ് യു എം ഫണ്ട് ചെയ്ത ഓപ്പൺ ഫിനാൻഷ്യൽ ടെക്നോളജീസ് 2022 മെയ് മാസത്തിൽ കേരളത്തിലെ ആദ്യത്തെയും ഇന്ത്യയിലെ 100-ാമത്തെയും യൂണികോൺ കമ്പനിയായി.
- കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഡിപിഐഐടി, കെ എസ് യു എം എന്നിവയ്ക്ക് കീഴിൽ 668 പുതിയ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകളായി രജിസ്റ്റർ ചെയ്തു.
- 6.69 കോടി രൂപ വിലയുള്ള 45 വർക്ക് ഓർഡറുകൾ, മാർക്കറ്റ് പ്ലേസ് സ്കീം എന്ന നിലയിൽ സർക്കാർ മുഖേന സ്റ്റാർട്ടപ്പുകൾക്ക് നൽകി.
- ഫണ്ട് ഓഫ് ഫണ്ടുകൾ വഴിയുള്ള കെ എസ് യു എം -ന്റെ നിക്ഷേപം മൂല്യത്തിൽ 3 മടങ്ങ് വളർന്നു, ഇതിന്റെ ഭാഗമായി തിരഞ്ഞെടുത്ത എഐഎഫ്-കൾ കേരള സ്റ്റാർട്ടപ്പുകളിൽ 86.55 കോടി രൂപ നിക്ഷേപിച്ചു.
- 7 സ്റ്റാർട്ടപ്പുകൾക്കായി 115 കോടി രൂപയുടെ ബിസിനസ്സ് കെ എസ് യു എം പിന്തുണയ്ക്കുന്ന അന്താരാഷ്ട്ര പ്രതിനിധികൾ വഴി ലഭ്യമാക്കാൻ സാധിച്ചു

### സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി–ഡിറ്റ്)

സർക്കാർ മേഖലയിൽ ഐ.സി.ടി. സൊല്യൂഷൻസ് പ്രൊവൈഡറായി സി-ഡിറ്റ് പ്രവർത്തിക്കുന്നു. സി-ഡിറ്റ് ഏറ്റെടുത്ത് നടത്തുന്ന പ്രധാന പരിപാടികൾ ഇവയാണ്:

- ഗവൺമെന്റിന്റെ ഔദ്യോഗിക പോർട്ടലിന്റെ നവീകരണം (kerala.gov.in): നാഷണൽ ഇ-ഗവേറൻസ് സർവീസ് ഡെലിവറി അസസ്മെന്റ് റാങ്കിംഗ്-2022-23 വർഷത്തിൽ ഇന്ത്യയിലെ നമ്പർ.1 സ്റ്റേറ്റ് പോർട്ടലായി തിരഞ്ഞെടുത്തു.
- വിവിധ സർക്കാർ വകുപ്പുകളുടെ എല്ലാ ഇ-സേവന അപേക്ഷകളും ലഭ്യമാക്കുന്നതിനായി ഒരു ഏകജാലക പോർട്ടൽ (ഇ-സേവനം) വികസിപ്പിച്ചെടുത്തു. നാഷണൽ ഇ-ഗവേണൻസ് സർവീസ് ഡെലിവറി അസസ്മെന്റ് ഈ പോർട്ടലിന് ആറാം സ്ഥാനം നൽകി
- കേരളത്തിലെ വിവിധ സർവ്വകലാശാലകൾക്കും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമുള്ള സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ് തുടങ്ങിയ ഹോളോഗ്രാം ഉൾച്ചേർത്ത സുരക്ഷാ രേഖകളുടെ നിർമ്മാണവും വിതരണവും.
- സിഡിറ്റിന്റെ സി-ഡിറ്റ് അസോസിയേറ്റഡ് എഡ്യൂക്കേഷൻ പ്രോഗ്രാമിന് (സിഎഇപി) കീഴിൽ ഐടി അധിഷ്ഠിത ഹ്രസ്വകാല കോഴ്സുകളുടെ നടത്തിപ്പിനായി സംസ്ഥാനത്തെ 20 കോളേജുകളുമായി പങ്കാളിത്തം സ്ഥാപിച്ചു.
- കേരള പബ്ലിക് സർവീസ് കമ്മീഷനായി ഓൺലൈൻ പരീക്ഷാ സംവിധാനത്തിനായി സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തു.
- കേരള സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറേറ്റിലേക്കുള്ള ഓൺലൈൻ പരീക്ഷാ സംവിധാനത്തിനായി സോഫ്റ്റ്‌വെയർ വികസിപ്പിച്ചു
- കൈറ്റിന്റെ വിക്ടേഴ്സ് നായി മികച്ച സ്കൂളുകളെ തിരഞ്ഞെടുക്കുന്നതിനുള്ള ഹരിത വിദ്യാലയം റിയാലിറ്റി ഷോയുടെ 112 എപ്പിസോഡുകളുടെ ആശയം, നിർമ്മാണം, വിതരണം
- വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും 90 വിവിധ ഔദ്യോഗിക പരിപാടികളും പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള സാങ്കേതിക പിന്തുണയും സൗകര്യവും (ഇവന്റ് മാനേജ്മെന്റ്).
- വിവിധ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കുമായി 812 വീഡിയോകളുടെ നിർമ്മാണവും വിതരണവും നടത്തി.
- വിവിധ സർക്കാർ വകുപ്പുകളുടെയും

**പട്ടിക 5.1.9** കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ

| ക്രമ നം | വിശദാംശങ്ങൾ | നേട്ടങ്ങൾ 2020-21 | നേട്ടങ്ങൾ 2021-22 | നേട്ടങ്ങൾ 2022-23 | നേട്ടങ്ങൾ 2023-24 |
|---|---|---|---|---|---|
| 1 | ഇക്കോസിസ്റ്റത്തിലെ ടെക് സ്റ്റാർട്ടപ്പുകളുടെ എണ്ണം | 3143 | 3650 | 4318 | 4681 |
| 2 | ഇൻകുബേറ്ററുകൾ / ആക്സിലറേറ്ററുകൾ (എണ്ണം) | 19 | 67 | 67 | 67 |
| 3 | തൊഴിൽ സൃഷ്ടിക്കൽ (നമ്പർ) | 30,000 | 40,000 | 43180 | 46800 |
| 4 | ബാഹ്യ നിക്ഷേപം (കോടി രൂപ) | 1638 | 4252 | 5325 | 5375 |
| 5 | ഇക്കോസിസ്റ്റം റാങ്കിംഗ് | ടോപ്പ് പെർഫോർമർ | ടോപ്പ് പെർഫോർമർ | - | - |
| 6 | ഇൻകുബേഷൻ സ്പേസ് (ലക്ഷം ചതുരശ്ര അടി) | 3.78 | 5.77 | 5.77 | 5.77 |

അവലംബം: കെ എസ് യു എം

സ്ഥാപനങ്ങളുടെയും 46 പുതിയ വെബ്സൈറ്റുകളുടെ വികസനവും പരിപാലനവും നടത്തുന്നു.

- മലയാളം ടിവി ചാനലുകൾക്ക് നിയമസഭാ നടപടികളുടെ തൽസമയ വീഡിയോ സംപ്രേക്ഷണം ചെയ്യുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തു.
- തിരഞ്ഞെടുപ്പ് വകുപ്പിന് സാങ്കേതിക പിന്തുണ നൽകുന്നതിനും വോട്ടർപട്ടിക അച്ചടിക്കുന്നതിനുമായി സംസ്ഥാനതല ഏജൻസിയായി സിഡിറ്റിനെ തെരഞ്ഞെടുത്തു.

**ഭാവി വീക്ഷണം**

ബിസിനസ് നേട്ടങ്ങൾക്കും വികസന നേട്ടങ്ങൾക്കും വലിയ സാധ്യതകളുള്ള വിപ്ലവകരമായ മാറ്റങ്ങൾക്ക് ഐടി മേഖല സാക്ഷ്യം വഹിക്കുന്നു. ഒരു ഐടി ഡെസ്റ്റിനേഷൻ എന്ന നിലയിൽ മത്സരാധിഷ്ഠിതമായി തുടരുന്നതിന്, കൂടുതൽ മൂല്യം വർദ്ധനവ് കൂടുതൽ വരുമാനം ആകർഷിക്കുകയും ചെയ്യുന്ന സമീപകാല മുന്നേറ്റങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് മൂല്യ ശൃംഖലയിൽ മുന്നേറാൻ കേരളത്തിലെ ഐടി മേഖല ശ്രമിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ മേഖലയുടെ സജീവ പങ്കാളിത്തത്തോടെയുള്ള വ്യാവസായിക ബന്ധിത ഗവേഷണത്തിന് സമീപഭാവിയിൽ ഐടി മേഖലയെ മികച്ച നേട്ടങ്ങളിലേക്ക് നയിക്കുന്നതിന് മികച്ച അടിത്തറ നൽകാൻ കഴിയും. ഐടി മേഖലയിൽ നൂതന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും സ്ഥാപിത ഐടി/ഐടിഇഎസ് പ്രവർത്തനങ്ങൾ നിന്ന് വൈവിധ്യവത്കരിക്കുകയും ചെയ്തുകൊണ്ട് നിക്ഷേപം ആകർഷിക്കുന്ന ഒരു കേന്ദ്രമെന്ന നിലയിൽ സംസ്ഥാനം അതിന്റെ സ്ഥാനം ഉറപ്പിക്കേണ്ടതുണ്ട്. ദേശീയവും ആഗോളവുമായ ഐടി മേഖലയിൽ ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്കൊപ്പം കേരളം മുന്നേറണം. ഡിജിറ്റൽ ശാക്തീകരണത്തിലും ജനങ്ങളുടെ ഐടി അവബോധത്തിലും നേടിയ നേട്ടങ്ങളിൽ നിന്ന് സംസ്ഥാനം നേട്ടങ്ങൾ കൈവരിക്കുന്നത് തുടരുന്നു. മികച്ച ഒരു സ്ഥാപന സംവിധാനത്തിന്റെ ആവിർഭാവം, സജീവമായ സർക്കാർ പിന്തുണ, ശക്തമായ വ്യവസായ തൽപര്യങ്ങൾ , ഈ മേഖലയിലെ സംസ്ഥാനത്തിന്റെ വലിയ തൊഴിൽ ശക്തി എന്നിവ ഭാവിയിൽ വലിയ സാധ്യതകൾ നിലനിർത്തുന്നു, ഈ മേഖല സമീപഭാവിയിൽ മികച്ച പ്രകടനം കാഴ്ചവെക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# 5.2 ശാസ്ത്ര സേവനങ്ങളും ഗവേഷണവും

ശാസ്ത്രം, സാങ്കേതിക വിദ്യ, നൂതന കണ്ടുപിടിത്തങ്ങൾ (എസ് ടി ഐ) എന്നിവ ഏതൊരു സമൂഹത്തിൻറെയും സാമ്പത്തിക വളർച്ചയിലും പരിവർത്തനത്തിലും ഏതൊരു രാജ്യത്തിൻറെയും പുരോഗതിയിലും വികസനത്തിലും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിലും ഒരു പ്രധാന പങ്ക് വഹിക്കുന്നു. സാമൂഹിക-സാമ്പത്തിക ആവശ്യങ്ങൾക്ക് പിന്തുണ നൽകുന്ന പ്രത്യേകിച്ച് ഉയർന്നുവരുന്ന മത്സരാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയിൽ ഏറ്റവും ശക്തമായ ഉപകരണമായി ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ഉപയോഗം മാറിയിരിക്കുന്നു. വിഭവ കാര്യക്ഷമത കൈവരിക്കുന്നതിന് ശാസ്ത്ര സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ള പുതിയ കണ്ടെത്തലുകൾ സഹായിക്കുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ വികസന ലബോറട്ടറികൾ, നൂതന ഗവേഷണ സൗകര്യങ്ങൾ, പരീക്ഷണ കേന്ദ്രങ്ങൾ, വിവിധ നൂതന വ്യവസായങ്ങൾ എന്നിങ്ങനെ രാജ്യത്തുടനീളം വ്യാപിച്ചു കിടക്കുന്ന ശക്തമായ ശാസ്ത്ര സാങ്കേതിക അടിത്തറ ഇന്ത്യയ്ക്കുണ്ട്.

വേൾഡ് ഇന്റലക്ച്വൽ പ്രോപ്പർട്ടി ഓർഗ നൈസേഷൻ പ്രസിദ്ധീകരിച്ച രാജ്യങ്ങളുടെ നൂതനമായ കണ്ടെത്തലുകൾക്കുള്ള കാര്യക്ഷമതയും അതിലെ വിജയവും അടിസ്ഥാനമാക്കിയുള്ള വാർഷിക റാങ്കിംഗായ ഗ്ലോബൽ ഇന്നൊവേഷൻ ഇൻഡക്സ് 2023-ൽ ഇന്ത്യ 40-ാം സ്ഥാനത്താണ്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ പുതിയ മേഖലകൾ പ്രോത്സാഹിപ്പിക്കുക, രാജ്യത്തെ ശാസ്ത്ര സാങ്കേതിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു നോഡൽ വകുപ്പായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഭാരത സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ് (ഡി.എസ്.റ്റി) സ്ഥാപിതമായത്.

**സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖല**

ഉന്നത വിദ്യാഭ്യാസം, വ്യവസായം, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ പഠനം, ഗവേഷണം, വികസനം എന്നിവയിലൂടെ സുസ്ഥിര വികസനവും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ, ഉപജീവനമാർഗ്ഗം, മറ്റുസൗകര്യങ്ങൾ, പരിസ്ഥിതി എന്നിവ മെച്ചപ്പെടുത്തുന്നതിനുമുള്ള ഇടപെടലുകളിലൂടെ സമൂഹത്തിന് പ്രയോജനം ചെയ്യുന്നതിനും കേരളത്തിലെ ശാസ്ത്ര സാങ്കേതിക മേഖല ലക്ഷ്യമിടുന്നു. കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ്, സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് പ്രോത്സാഹനം നൽകുകയും വിവിധ സ്ഥാപനങ്ങളിലെയും ശാസ്ത്രശാഖകളിലെയും ശാസ്ത്രജ്ഞർക്ക് സംസ്ഥാനത്ത് ഗവേഷണ വികസന പിന്തുണ നൽകുകയും ചെയ്യുന്നു. സംസ്ഥാനത്തെ അക്കാദമിക്, ഗവേഷണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, ഗവേഷണ-വികസന കേന്ദ്രങ്ങൾ വഴിയുള്ള ഗവേഷണവും വികസനവും എന്നിവ ഉൾപ്പെടുന്നതാണ് ഈ വകുപ്പിന്റെ ദൗത്യം. ജൈവ സാങ്കേതിക മേഖലയിലെ പദ്ധതികളും പരിപാടികളും ജൈവ വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിരമായ ഉപയോഗവും, നടപ്പിലാക്കലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ കേന്ദ്രങ്ങളിലെയും ലബോറട്ടറി, ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നിവയും ഇത് ലക്ഷ്യമിടുന്നു.

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.ടി.ഇ.) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.), തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ (ആർ.സി.സി) എന്നിവയാണ് സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖലയുടെ കീഴിൽ വരുന്ന പ്രധാന സ്ഥാപനങ്ങൾ.

### ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും

ശാസ്ത്ര സാങ്കേതിക മേഖലയുടെ 2019-20 മുതൽ 2023-24 വരെയുള്ള വിഹിതത്തിന്റെയും ചെലവുകളുടെയും വിശദാംശങ്ങൾ **പട്ടിക 5.2.1**-ൽ നൽകിയിരിക്കുന്നു.

### എ. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.ടി.ഇ)

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.ടി.ഇ) വിവിധ ശാസ്ത്ര പരിപാടികളിലൂടെയും ഗവേഷണ വികസന കേന്ദ്രങ്ങളിലൂടെയും സംസ്ഥാനത്തിന്റെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ശാസ്ത്രം, സാങ്കേതികവിദ്യ, ഇന്നവേഷൻ പോളിസി, സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട സംരംഭങ്ങൾ, പരിപാടികൾ എന്നിവ ആസൂത്രണം ചെയ്യുക എന്നതാണ് കെ.എസ്.സി.എസ്.ടി.ഇ യുടെ പ്രധാന ലക്ഷ്യം. അക്കാദമിക്, വ്യവസായ, ഗവേഷണ സംഘടനകളുടെ പങ്കാളിത്തത്തോടെ പഠനം, ഗവേഷണം, വികസനം എന്നിവയിലൂടെ ശാസ്ത്ര സാങ്കേതിക രംഗത്തെ മികവ് പ്രോത്സാഹിപ്പിക്കുക എന്നതാണ് കെ.എസ്.സി.എസ്.ടി.ഇ യുടെ കാഴ്ചപ്പാട്. കെഎസ്‌സിഎസ്ടിഇയും ഏഴ് ഗവേഷണ വികസന (ആർ ആൻഡ് ഡി) കേന്ദ്രങ്ങളും ചേർന്ന് ഗവേഷണ വികസന സമൂഹത്തെ അതിന്റെ ശാസ്ത്ര സാങ്കേതിക ഫലപ്രാപ്തി ഗുണനിലവാരം വർധിപ്പിക്കുന്നതിന് പ്രാപ്തമാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് നിരവധി ആസൂത്രിത സംരംഭങ്ങൾ നടപ്പിലാക്കുന്നു.

സംസ്ഥാനത്ത് ജൈവ സാങ്കേതികതാ പരിപാടികൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും 8 പദ്ധതികൾക്കും പരിപാടികൾക്കും പിന്തുണ നൽകുന്നതിനുമായി കൗൺസിൽ ആസ്ഥാനത്ത് കേരള ബയോടെക്നോളജി കമ്മീഷൻ പ്രവർത്തിക്കുന്നു.

കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെഎഫ്ആർഐ), നാഷണൽ ട്രാൻസ്‌പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്), സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സിഡബ്ല്യുആർഡിഎം), ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെഎൻടിബിജിആർഐ), കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെഎസ്ഒഎം), ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്ആർഐബിഎസ്), മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ് (എംബിജിഐപിഎസ്) എന്നിവയാണ് കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ-വികസന കേന്ദ്രങ്ങൾ.

### I. ഗവേഷണ–വികസന കേന്ദ്രങ്ങളുടെ പ്രധാന നേട്ടങ്ങൾ

ജെഎൻടിബിജിആർഐ - ജെഎൻടിബിജിആർഐ സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാന സ്വയംഭരണ ഗവേഷണ-വികസന കേന്ദ്രവും ഉഷ്ണമേഖലാ സസ്യ ജനിതക വിഭവങ്ങൾ സംരക്ഷിക്കുന്നതിനും അവയുടെ സുസ്ഥിരമായ ഉപയോഗത്തിനായി ശാസ്ത്രീയമായ രീതികൾ വികസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള മികവിന്റെ കേന്ദ്രവുമാണ്. എട്ട് ശാസ്ത്രീയ വിഭാഗങ്ങളിലൂടെ ഉഷ്ണമേഖലാ സസ്യ വിഭവങ്ങളുടെ പര്യവേക്ഷണം, സംരക്ഷണം, പരിപാലനം, സുസ്ഥിര വിനിയോഗം എന്നിവ കൈകാര്യം ചെയ്യുന്ന വിവിധ മേഖലകളെ ശരിയായി സംയോജിപ്പിച്ചിട്ടുള്ള ഗവേഷണ വികസന സംവിധാനം ഇവിടെയുണ്ട്.

പശ്ചിമഘട്ടത്തിലെ ഭൂരിഭാഗം പ്രാദേശിക സസ്യങ്ങളും അവയുടെ സ്വാഭാവിക വ്യതിയാനങ്ങളുൾപ്പെടെ, ഏഷ്യയിലെ ഏറ്റവും കൂടുതൽ സസ്യജാലങ്ങളെ സംരക്ഷിക്കുന്ന, വിശാലമായ സജീവ സസ്യശേഖരങ്ങളുള്ള ഒരു പ്രധാന കൺസർവേറ്ററി ബൊട്ടാണിക്കൽ ഗാർഡൻ വികസിപ്പിക്കുന്നതിനായിട്ടാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. രാജ്യത്തെ ഉഷ്ണമേഖലാ സസ്യ ജനിതക വിഭവങ്ങൾക്കായി 300 ഏക്കർ കൺസർവേറ്ററി ഗാർഡൻ ജെഎൻറ്റിബിജിആർഐ പരിപാലിക്കുന്നു. 2022-23 ൽ, ഇൻസ്റ്റിറ്റ്യൂട്ട് പ്രധാന ജേണലുകളിൽ 52 പേപ്പറുകൾ, 2 പുസ്തകങ്ങൾ, പുസ്തകങ്ങളിലെ 17 അധ്യായങ്ങൾ, കോൺഫറൻസുകളിൽ 63 പേപ്പറുകൾ,

**പട്ടിക 5.2.1** ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ 2019-20 മുതൽ 2023-24 വരെയുള്ള വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| വർഷം | കെ.എസ്.സി.എസ.ടി.ഇ | | | ആർസിസി | | | ഐ എ വി | | |
|---|---|---|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % |
| 2019-20 | 10258.00 | 2002.00 | 19.51 | 7260.00 | 2777.00 | 38.25 | 5000.00 | 1435.00 | 28.7 |
| 2020-21 | 7664.00 | 5596.24 | 73.01 | 7100.00 | 1838.81 | 25.89 | 5000.00 | 2304.70 | 46.09 |
| 2021-22 | 8164.00 | 6033.55 | 73.90 | 7100.00 | 4682.11 | 65.94 | 5000.00 | 2400.00 | 48 |
| 2022-23 | 8977.00 | 5184.53 | 57.75 | 8100.00 | 8099.99 | 100 | 5000.00 | 3043.00 | 60.86 |
| 2023-24 | 9077.00 | 3416.02* | 37.63 | 8100.00 | 0.00* | 0 | 5000.00 | 1807.93* | 36.16 |

അവലംബം: പ്ലാൻസ്പേസ്, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, അക്കൗണ്ട്സ്
*2023 നവംബർ 1 വരെയുള്ള ചെലവ്

എന്നിവ പ്രസിദ്ധീകരിക്കുകയും 3 പിഎച്ച്ഡികൾ ലഭ്യമാക്കുകയും, 19 ഔട്ട്റീച്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും ചെയ്തു.

**പ്രധാന സംരംഭങ്ങളും നേട്ടങ്ങളും**

- ജെഎൻടിബിജിആർഐ 2020-ൽ നെറ്റ് വർക്കിൽ ജിജിഐ-ഗാർഡൻസ് അവാർഡിനൊപ്പം ഗ്ലോബൽ ജീനോം ഇനിഷ്യേറ്റീവിൽ ചേർന്നു. ഈ ശൃംഖലയിൽ ചേരുന്ന ഇന്ത്യയിൽ നിന്നുള്ള പ്രഥമ സ്ഥാപനമാണിത്. 2023 വരെ 100-ലധികം സാമ്പിളുകൾ ശേഖരിക്കുകയും ശേഖരത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. ശേഖരത്തിന്റെ വിശദാംശങ്ങൾ നിലവിൽ ജിജിബിഎൻ (ഗ്ലോബൽ ജീനോം ബയോഡൈവേഴ്സിറ്റി നെറ്റ്‌വർക്ക്) പോർട്ടലിൽ ലഭ്യമാണ്, ഇത് ആഗോള സസ്യ ഗവേഷണ സമൂഹത്തിന് ലഭ്യമാക്കിയിട്ടുണ്ട്.
- ജെഎൻടിബിജിആർഐ യിൽ ഫൈറ്റോ കെമിക്കൽ-നാനോ ടെക്നോളജിയിൽ (സിഇപി) സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ചു.
- ജലസസ്യങ്ങൾ, അർബോറെറ്റം, ഫലസസ്യങ്ങൾ, പന്നൽ സസ്യങ്ങൾ, പാമെറ്റം, അലങ്കാര സസ്യങ്ങൾ എന്നിങ്ങനെ വ്യത്യസ്ത ഇനം ശേഖരങ്ങളിലേക്ക് 360 ഇനം സസ്യങ്ങൾ പുതുതായി ചേർത്തു.
- ഫീൽഡ് പര്യവേക്ഷണങ്ങളിലൂടെ പശ്ചിമഘട്ടത്തിൽ നിന്ന് രണ്ട് പുതിയ സ്പീഷീസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു: Ophiorrhiza sasidharaniana (Rubiaceae)യും Humboldtiaponmudiana (Fabaceae) യും.
- രണ്ട് ഓർക്കിഡ് സങ്കരയിനങ്ങളായ Phalaenopsis Tiger Stripes (Phal mannii X Phal fasciata), Phiocalanthe Pink Splash (Phiustankervilleae X Cal rubens) എന്നിവ വികസിപ്പിച്ചെടുക്കുകയും റോയൽ ഹോർട്ടികൾച്ചറൽ സൊസൈറ്റിയിൽ (ഇന്റർനാഷണൽ രജിസ്ട്രേഷൻ അതോറിറ്റി) 2022-ൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു.
- വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് (അരുണാചൽ പ്രദേശ്, അസം, മേഘാലയ, നാഗാലാൻഡ്, സിക്കിം, പശ്ചിമ ബംഗാൾ) 53 ഓർക്കിഡ് ഇനങ്ങൾ, 116 ഔഷധ, സുഗന്ധ സസ്യങ്ങൾ, 18 മുളകൾ, 6 പന്നൽസസ്യ ഇനങ്ങൾ, 18 ജീൻ ബാങ്ക് അക്സഷൻസ് എന്നിവ പരിചയപ്പെടുത്തി.
- ഓർക്കിഡേറിയത്തിൽ ഒരു 'ടൈഗർ ഓർക്കിഡ്' ട്രയൽ സ്ഥാപിച്ചു. ഹോർട്ടികൾച്ചർ വികസന സാധ്യതയുള്ള സങ്കരയിനങ്ങളായ Dendrobium Sonia-white, Dendrobium earsakul എന്നിവയുടെ ടിഷ്യു കൾച്ചർ പ്രോട്ടോക്കോളുകൾ ക്രമീകരിച്ചു.
- 'പ്ലാന്റ് കെമിക്കൽസ് ആൻഡ് തെറാപ്യൂട്ടിക്സ് കൂടാതെ 600 സസ്യങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ സംയുക്തങ്ങളുടേയും ഒരു ഡാറ്റാബേസ് വികസിപ്പിച്ചെടുത്തു കൊണ്ട് അവയുടെ ഉറവിട സസ്യങ്ങളെയും കുറിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തി.
- തിരഞ്ഞെടുത്ത 5 ആന്റി പൈറിറ്റിക്/ആന്റി-ഡെങ്കു, ഹെപ്പറ്റോപ്രൊട്ടക്റ്റീവ് ഔഷധ സസ്യങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ 787 ഫൈറ്റോകെമിക്കലുകളുടെ ഒരു ലൈബ്രറി തയ്യാറാക്കി, മനുഷ്യ രോഗകാരികളായ വൈറസുകളായ ഡെങ്കു, ഹെപ്പറ്റൈറ്റിസ് സി എന്നിവയ്ക്കെതിരെയുള്ള ഔഷധങ്ങൾ വികസിപ്പിക്കുന്നതിനായി സാധ്യമായ സംയുക്തങ്ങൾ കണ്ടെത്തി.
- തിരഞ്ഞെടുത്ത പുഷ്പ സസ്യങ്ങളുടെ സീഡ് ബയോളജി നടത്തുകയുണ്ടായി. ജെഎൻടിബിജിആർഐ സീഡ് ബാങ്കിൽ, 298 ജനുസ്സുകളുള്ള 2700 അക്സഷനുകളും 101 ഫാമിലികളിലായി 418 സ്പീഷീസുകളും 305 അക്സഷനുകളും ശേഖരിച്ച് സജീവ ശേഖരത്തിലേക്ക് ചേർത്തു. വംശനാശഭീഷണി നേരിടുന്ന വൃക്ഷമായ Humoltiaunijuga var trijuga യുടെ ജനിതക ഘടന പൂർത്തിയായി.
- Humboldtiabrunonis, Humboldtiabourdillonii എന്നീ പ്രാദേശിക മരങ്ങളുടെ വിശദമായ പരാഗണ ബയോളജിയും ബ്രീഡിംഗ് സിസ്റ്റവും, ഇന്ത്യയിലെ പുഷ്പിക്കുന്ന സസ്യസമ്പത്തിന്റെ വിവരശേഖരണം, 110 ആൻജിയോസ്പെർമുകളുടെ പൂമ്പൊടി പദാർത്ഥങ്ങളുടെ ശേഖരണം, നാല് മൃഗങ്ങളുടെ രോമങ്ങളിലെ പൂമ്പൊടി വിശകലനം, 60 ഇനങ്ങളിൽ എൽഎം പഠനം എന്നിവ നടത്തി.
- മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയുമായി ബന്ധപ്പെട്ട്, ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരായ വനിതകളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തൽ, പോഷകാഹാരക്കുറവ്, എന്നിവയ്ക്കുള്ള പരമ്പരാഗത അറിവുകളെ അടിസ്ഥാനമാക്കിയുള്ള "ട്രോപ്പിക്കൽ ഹെർബൽ ഹെൽത്ത് മിക്സ് വികസനം" എന്ന പദ്ധതി ജെഎൻടിബിജിആർഐ-യിൽ നടപ്പിലാക്കി. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ, ആറ് ഔഷധ ഉൽപ്പന്നങ്ങൾ (ട്രോപ്പിക്കൽ ഹെർബൽ ഹെൽത്ത് മിക്സ്, ട്രോപ്പിക്കൽ വെറ്റില ഷാംപൂ, ട്രോപ്പിക്കൽ നറുനീണ്ടി സിറപ്പ്, ട്രോപ്പിക്കൽ ലിസാർഡ് റിപ്പല്ലന്റ് സ്പ്രേ, ട്രോപ്പിക്കൽ റൂം റിഫ്രഷ്നർ, ട്രോപ്പിക്കൽ ഫ്യൂമിഗേഷൻ പൗഡർ) വികസിപ്പിച്ചെടുക്കുകയും ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരായ സ്ത്രീകളുടെ നൈപുണ്യ വികസനവും ശാക്തീകരണവും സാധ്യമാക്കുകയും ചെയ്തു.
- 2022-23 ൽ, 261 കൂൺ ഇനങ്ങൾ ശേഖരിച്ച് സംസ്കരിച്ച് നിലവിലുള്ള മഷ്റൂം ഹെർബേറിയത്തിൽ നിക്ഷേപിച്ചു. കേരളത്തിലെ പശ്ചിമഘട്ട വനങ്ങളിൽ നിന്ന് മൂന്ന് പുതിയ ഇനം കൂണുകൾ കണ്ടെത്തി വിവരിച്ചു. ഭക്ഷ്യയോഗ്യമായ പത്ത് കൂണുകളാണ് ഇക്കാലയളവിൽ ശേഖരിച്ചത്. മൈക്രോബയോളജി വിഭാഗത്തിൽ 19023 ശേഖരങ്ങളോടെ ഒരു കൂൺ ഹെർബേറിയം പരിപാലിക്കപ്പെടുന്നു.
- പുതിയ സ്പീഷീസുകളുടെ/പുതിയ റെക്കോർഡുകളുടെ ജീൻ സീക്വൻസുകൾ (nrITS&LSU) അന്താരാഷ്ട്ര ശേഖരമായ Gen Bank-ൽ നിക്ഷേപിച്ചു. ഇലകൾക്ക് ബാധിക്കുന്ന ഫംഗസുകളുടെയും ലൈക്കണുകളുടെയും ശേഖരണത്തിനായി ഇടുക്കി, പാലക്കാട് ജില്ലകളിലേക്ക് ഫീൽഡ് ട്രിപ്പുകൾ നടത്തുകയും 92 ലൈക്കൺ സാമ്പിളുകളും 118 ഫോളിക്കോളസ് ഫംഗസ് സാമ്പിളുകളും ശേഖരിക്കുകയും ചെയ്തു. ഫംഗൽ ഹെർബേറിയത്തിൽ 7,125 എക്സിക്കേറ്റുകളും ലൈക്കൺ ഹെർബേറിയത്തിൽ 3,776 എക്സിക്കേറ്റുകളും ഇവിടെ സൂക്ഷിച്ചിട്ടുണ്ട്.
- വിവിധ ആവാസവ്യവസ്ഥകളിൽ സസ്യ പര്യവേക്ഷണം നടത്തുകയും പുതിയ സ്പീഷീസുകളും സസ്യങ്ങളുടെ പുതിയ വിതരണ രേഖകളും റിപ്പോർട്ട് ചെയ്യുകയും ചെയ്തു. RET ഇനങ്ങളുടെയും നാടൻ മാമ്പഴങ്ങളുടെയും തൈകൾ വികസിപ്പിച്ചെടുത്തു.
- ഹെർബേറിയം (ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ട്രിവാൻഡ്രം-ടിബിജിടി): സമ്പുഷ്ടമായ ടിബിജിടി ഹെർബേറിയവും ഡിജിറ്റലൈസ് ചെയ്ത ഹെർബേറിയം ഷീറ്റുകളും. റഫറൻസിനായി തയ്യാറായി. 1,750 ഹെർബേറിയം ഷീറ്റുകൾ ഉൾപ്പെടുത്തി, 32 ഹെർബേറിയം സർട്ടിഫിക്കറ്റുകൾ നൽകി, 20,761 ഹെർബേറിയം ഷീറ്റുകൾ

ഡിജിറ്റലൈസ് ചെയ്തു, ഹെർബേറിയത്തിലെ സന്ദർശകരുടെ എണ്ണം 352 ആയിരുന്നു.

- Annonaceae ഫാമിലിക്കായി നിരവധി പ്രാദേശികവും, വംശനാശ ഭീഷണി നേരിടുന്നതുമായ വിഭാഗത്തിലുള്ള ഇനങ്ങളുൾപ്പെടെ എക്സ്-സിറ്റു കൺസർവേറ്ററി സ്ഥാപിച്ചു. മുളപ്പിച്ച നാല് വിത്ത് ഇനങ്ങൾ സംഭരണത്തിനായി വിത്ത് ബാങ്കിൽ നിക്ഷേപിച്ചു. 2 പുതിയ സ്പീഷീസുകൾ ചേർത്തു, 42 എണ്ണം കസ്റ്റാഡ് ആപ്പിൾ ഗാർഡനിൽ ഉണ്ട്.
- അകാന്തസ് ഗാർഡനിലെ കൺസർവേറ്ററിയിൽ 8 ഇനങ്ങൾ പുതുതായി ചേർത്ത് ആകെ 54 ഇനങ്ങൾ ആക്കിമാറ്റി. 5 സ്പീഷീസുകൾ പ്രൊപഗേറ്റ് ചെയ്തു.
- 8 ഇനങ്ങളിൽ പെട്ട 24 ആക്സഷനുകൾ കൂട്ടിച്ചേർക്കുകയും പ്രാദേശിക മേഖലകളിൽ നിന്ന് 2,000 വിത്തുകൾ ശേഖരിക്കുകയും നഴ്സറിയിൽ മുളപ്പിച്ച തൈകൾ മാംഗോ കൺസർവേറ്ററിയിലെ പോളിബാഗുകളിലേക്ക് മാറ്റുകയും ചെയ്തു.
- വടക്കൻ കേരളത്തിലെ ലാറ്ററൈറ്റ് പ്രദേശങ്ങളിലേക്ക് 5 പര്യവേക്ഷണ യാത്രകൾ നടത്തി. 3 പുതിയ സ്പീഷീസുകളും ഒരു വിതരണ റെക്കോർഡും കണ്ടെത്തി. IUCN റെഡ് ലിസ്റ്റ് വിഭാഗത്തിൽ 3 സ്പീഷീസ് രേഖപ്പെടുത്തി.
- കേരള സർക്കാർ വനം വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 2023-ൽ "മഴക്കാടുകളുടെ സംരക്ഷണത്തിനായി ഏലം" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിച്ചു.
- തിരഞ്ഞെടുത്ത ഔഷധ സസ്യങ്ങളുടെ ഫൈറ്റോകെമിക്കൽ ഡാറ്റയുടെ സമാഹരണവും ഡോക്യുമെന്റേഷനും ഹെപ്പറ്റൈറ്റിസ് സിയും ഡെങ്കു ഉൾപ്പെടെയുള്ള 'പോസിറ്റീവ് സെൻസ് എസ്എസ് ആർഎൻഎ വൈറസുകളുടെ' ആക്രമണങ്ങൾക്കെതിരെ 'ഇൻ സിലിക്കോ' സ്ക്രീനിംഗിലൂടെ അവയുടെ മൂല്യനിർണ്ണയവും ആരംഭിച്ചു. തിരഞ്ഞെടുത്ത അഞ്ച് സസ്യങ്ങളിൽ നിന്ന് ആകെ 787 സസ്യ സംയുക്തങ്ങൾ പഠിച്ചു, കുറച്ച് സസ്യ സംയുക്തങ്ങൾ പഠനവിധേയമാക്കുകയും ചില സസ്യ സംയുക്തങ്ങൾ ഡെങ്കു വൈറസിനും ഹെപ്പറ്റൈറ്റിസ്-സി വൈറസിനും എതിരെ സജീവമാണെന്നും കണ്ടെത്തി.
- Humboldtiaunijuga var trijuga ന്റെ ജനസംഖ്യാ ജനിതക ഘടന, Trachopuszeylanicus sp, Travancoricus എന്നിവയെക്കുറിച്ചുള്ള ജനസംഖ്യാ പഠനങ്ങൾ, Humboldtiabrunonis var. rakthapusha and H.bourdilloni എന്നിവയുടെ റീ പ്രൊഡക്റ്റീവ് ബയോളജിക്കൽ പഠനങ്ങൾ എന്നിവ പൂർത്തിയാക്കി. ജെഎൻറ്റിബിജിആർഐ വിത്ത് ബാങ്കിൽ, 101 ഫാമിലികളിലായി 298 ജനുസ്സുകളും 418 ഇനങ്ങളുമുള്ള 2700 അക്സഷനുകൾ പരിപാലിക്കുന്നു. ഈ കാലയളവിൽ 305 അക്സഷൻസ് സജീവമായ ശേഖരത്തിലേക്ക് ചേർക്കുകയും ചെയ്തു. അവയിൽ 134 ഇനങ്ങളും 86 ജനുസ്സുകളും ഉൾപ്പെടുന്നു, അതിൽ പുതുതായി രേഖപ്പെടുത്തിയ 4 സ്പീഷീസുകളും 32 പ്രാദേശിക സ്പീഷീസുകളും ഉൾപ്പെടുന്നു.
- കേരളത്തിലെ പെരുമ്പടപ്പ്, പോത്തുകല്ല്, പള്ളിപ്പുറം, എളംകുന്നപ്പുഴ, നായരമ്പലം, എടവനക്കാട് എന്നീ തീരപ്രദേശങ്ങളിലും ആദിവാസി മേഖലകളായ കുട്ടമ്പുഴ, പുതൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലും എത്നോബയോളജിക്കൽ സർവേ പൂർത്തിയാക്കി.
- കോഡഡ് പ്ലാന്റ് പൗഡറിന്റെ ഫ്രാക്ഷണൽ സെപറേഷൻ പൂർത്തിയായി. കോഡ് ചെയ്ത സസ്യത്തിന്റെ എഥനോലിക്, എൻ ഹൈഡ്രോ എത്നോളിക്, ജല വേരിൽ നിന്നുള്ള വേർതിരിച്ചെടുത്തവയുടെ ഇൻ-വിട്രോ, ആന്റി-ഇൻഫ്ലമേറ്ററി പ്രവർത്തനം നടത്തി.
- കോഡഡ് പ്ലാന്റ് എക്സ്ട്രാക്ടറിന്റെ ആൽബുമിൻ ഡിനാറ്ററേഷൻ അസ്സെ, പ്രോട്ടീനേസ് ഇൻഹിബിറ്ററി പ്രവർത്തനം, മെംബ്രൻ സ്റ്റബിലൈസേഷൻ, ആന്റി-ലിപ്പോക്സിജനേസ് പ്രവർത്തനം എന്നിവ പൂർത്തിയായി.
- പൂന്തോട്ട നവീകരണത്തിന്റെയും പര്യവേക്ഷണങ്ങളുടെയും ഭാഗമായി, പാമെറ്റത്തിലെ ഈജിപ്ഷ്യൻ/ചൈനീസ് മസാജ് മെഡിക്കൽ സംവിധാനത്തെ അടിസ്ഥാനമാക്കിയുള്ള 50 മീറ്റർ റിഫ്ലെക്സോളജി പാത്ത്വേ, കേരളത്തിൽ ആദ്യത്തെ ലാൻഡ്സ്കേപ്പ് പൂന്തോട്ടവും സവിശേഷ സസ്യങ്ങളാൽ നിർമ്മിച്ച രണ്ട് വലിയ കാർപ്പറ്റ് ബെഡ്ഡുകളും നിർമ്മിച്ചു.
- Streptomyces OA 293 -ൽ നിന്ന് വേർതിരിച്ചെടുത്ത Urdamycin E, Urdamycin V എന്നിവ രോഗകാരിയായ ഗ്രാം പോസിറ്റീവ് സൂക്ഷ്മാണുക്കൾക്കായുള്ള കാര്യക്ഷമമായ ആന്റിബയോഫിലിം ഏജന്റായി പ്രവർത്തിക്കുന്നു. സ്ട്രെപ്റ്റോകോക്കസ് പയോജനുകൾ (ഗ്രൂപ്പ് എ സ്ട്രെപ്റ്റോകോക്കസ് (ജിഎഎസ്)), സ്ട്രെപ്റ്റോകോക്കസ് മ്യൂട്ടൻസ് എന്നിവയ്ക്കെതിരെ ഈ സംയുക്തങ്ങൾ ഏറ്റവും ഫലപ്രദമാണ്.
- Trichopuszeylanicus - ന്റെ കാർഷിക പരിസ്ഥിതി സമ്പ്രദായങ്ങൾ മാനദണ്ഡമാക്കുകയും രേഖപ്പെടുത്തുകയും ചെയ്തു.

**സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സിഡബ്ല്യുആർഡിഎം) –** ജലശാസ്ത്രം, തണ്ണീർത്തട വികസനം, ചതുപ്പ് പ്രദേശ പരിപാലനം, ജലഗുണനിലവാരം, കൃഷി, വനം, നഗര ജലശാസ്ത്രം, അഴിമുഖ പരിപാലനം, ഭൂഗർഭജല വികസനം, ജലഗുണനിലവാരം എന്നിവയെക്കുറിച്ചുള്ള ഗവേഷണ പദ്ധതികളും സിഡബ്ല്യുആർഡിഎം-ന്റെ പ്രവർത്തനങ്ങൾ. പരിസ്ഥിതിയും ജൈവവൈവിധ്യവും, നൂതന മലിനജല സംസ്കരണ സാങ്കേതികവിദ്യകൾ എന്നിവയുമാണ് സിഡബ്ല്യുആർഡിഎം-ന്റെ പ്രവർത്തനങ്ങൾ. ജലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ ലൈൻ വകുപ്പുകൾക്കും എൽഎസ്ജിഡികൾക്കും ഇത് ഗവേഷണ/ കൺസൾട്ടൻസി പിന്തുണ നൽകുന്നു. ഒരു വാട്ടർ ആൻഡ് ലാൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഡബ്ല്യുഎഎൽഎംഐ) എന്ന നിലയിൽ, ജലവിഭവ മാനേജ്മെന്റുമായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ലക്ഷ്യമിട്ട് സിഡബ്ല്യുആർഡിഎം പ്രശസ്തമായ വാട്ടർ റിസോഴ്സ് മാനേജ്മെന്റ് ആൻഡ് ട്രെയിനിംഗ് പ്രോജക്റ്റുകൾ (ഡബ്ല്യുആർഎംറ്റിപി) നടത്തുന്നു. സി.ഡബ്ല്യു.ആർ.ഡി.എം ഭാരത സർക്കാരിന് കീഴിലുള്ള വിവിധ ഏജൻസികൾ ധനസഹായം നൽകുന്ന ബാഹ്യ ഗവേഷണ പദ്ധതികളും ഏറ്റെടുക്കുന്നു.

**പ്രധാന സംരംഭങ്ങളും നേട്ടങ്ങളും**

- നവകേരളം മിഷൻ പരിപാടിക്ക് കീഴിൽ കേരള സംസ്ഥാനത്തിന് ജല ബഡ്ജറ്റിംഗിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിൽ സിഡബ്ല്യുആർഡിഎം ഏർപ്പെട്ടിരുന്നു. കൂടാതെ ജല ബജറ്റ് കണക്കാക്കുന്നതിനുള്ള ഒരു ചട്ടക്കൂട് വികസിപ്പിച്ചെടുക്കുകയും കേരളത്തിലുടനീളമുള്ള 15 ബ്ലോക്ക് പഞ്ചായത്തുകളിൽ ഇത്

പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ചെയ്തു. 2023 ഏപ്രിൽ 17നാണ് ജല ബജറ്റ് പുറത്തിറക്കിയത്.

- പ്രാദേശിക ഭരണസംവിധാനങ്ങളുടെയും പ്രാദേശിക ജനങ്ങളുടെയും പിന്തുണയോടെ നിരവധി മഴമാപിനികളുടെയും ജലനിരപ്പ് നിരീക്ഷണ ശൃംഖലകളുടെയും പിന്തുണയോടെ മീനച്ചിൽ റിവർ റെയിൻ മോണിറ്ററിംഗ് നെറ്റ്‌വർക്ക് (എംആർആർഎം) സ്ഥാപിക്കുന്നതിൽ ഈ സ്ഥാപനവും ഉൾപ്പെട്ടിരുന്നു.
- മൈസൂരിലെ രംഗനത്തിട്ട് പക്ഷി സങ്കേതത്തിലെ തുരുത്തുകളിൽ ജിയോടെക്സ്റ്റൈൽ അടിസ്ഥാനമാക്കിയുള്ള തീര സ്ഥിരത കൈവരിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി, പക്ഷികൾ, മുതലകൾ, മത്സ്യങ്ങൾ എന്നിവയുടെ ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിൽ ഇത് വളരെ വിജയകരമാണ്.
- റാംസർ സൈറ്റുകൾ ഉൾപ്പെടെയുള്ള പ്രധാന തണ്ണീർത്തടങ്ങൾക്കായുള്ള ഒരു സംയോജിത പരിപാലന പദ്ധതി കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ പിന്തുണയോടെ തയ്യാറാക്കി.
- കേരള സംസ്ഥാന വനം-വന്യജീവി വകുപ്പിന്റെ പിന്തുണയോടെ പശ്ചിമഘട്ട മേഖലയിലെ വനങ്ങളുടെ/വന ഇനങ്ങളുടെ ജലശാസ്ത്രപരമായ വ്യവസ്ഥകൾ മനസ്സിലാക്കുന്നതിനുള്ള പഠനം ആരംഭിച്ചു.
- ജലം സംരക്ഷിക്കുന്നതിനും കാർഷിക വിളകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ജലസേചന ഷെഡ്യൂളിംഗ് പ്രക്രിയ രൂപീകരിച്ചു.
- പ്രാദേശിക ജനങ്ങളുടെ പിന്തുണയോടെ കോഴിക്കോട് ജില്ലയിലെ തണ്ണീർത്തടങ്ങളുടെ ഭൂപടം തയ്യാറാക്കി.
- കഴിഞ്ഞ വർഷത്തിൽ 67 പദ്ധതി പ്രോജക്ടുകളും 25 ബാഹ്യ ധനസഹായ പ്രോജക്ടുകളും 26 കൺസൾട്ടൻസി പദ്ധതികളും നടത്തി.
- 33 ഗവേഷണ പ്രബന്ധങ്ങൾ, 73 കോൺഫറൻസ് പ്രബന്ധങ്ങൾ, 4 പുസ്തകങ്ങൾ, 11 പുസ്തക അധ്യായങ്ങൾ, 21 ജനപ്രിയ ലേഖനങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചു.
- ബന്ധപ്പെട്ട വകുപ്പുകളിലെ ഓഫീസർമാർ/ എഞ്ചിനീയർമാർ, വിദ്യാർത്ഥികൾ, കർഷകർ എന്നിവരടക്കം 500-ലധികം പേർക്ക് പ്രയോജനപ്പെടുന്ന 33 പരിശീലന പരിപാടികൾ നടത്തി.
- 2023ലെ ലോക തണ്ണീർത്തട ദിനത്തിൽ 'പൗര ശാസ്ത്ര സംരംഭത്തിലൂടെ കോഴിക്കോട് ജില്ലയിലെ തണ്ണീർത്തടങ്ങൾ' എന്ന വിഷയത്തിൽ ഒരു വിവര പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചു.
- മാർച്ച് 22-ന് നടന്ന ലോക ജലദിനാചരണത്തിൽ 'കുടിക്കാൻ സുരക്ഷിതമായി സൂക്ഷിക്കുക - കിണർ വെള്ളം ശുദ്ധീകരിക്കുക' എന്ന വിഷയത്തിൽ ഒരു ലഘുരേഖ തയ്യാറാക്കി പുറത്തിറക്കി.
- കോഴിക്കോട് നഗരത്തിനായുള്ള ഒരു നഗര ജലാശയ അറ്റ്ലസ് ശാസ്ത്ര സാങ്കേതിക വകുപ്പിൽ നിന്ന് ഇൻഡോ-ഡച്ച് പദ്ധതിക്ക് കീഴിൽ കൊണ്ടുവന്നു.
- വിവിധ ശാസ്ത്ര, എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ നിന്നുള്ള 150-ലധികം മാസ്റ്റേഴ്സ് വിദ്യാർത്ഥികൾ സിഡബ്ല്യൂആർഡിഎം ശാസ്ത്രജ്ഞരുടെ മേൽനോട്ടത്തിൽ പ്രബന്ധങ്ങൾ/ ഇന്റേൺഷിപ്പ്/ പരിശീലനങ്ങൾ പൂർത്തിയാക്കി.
- മണ്ണിന്റെ ആരോഗ്യവും വിള ഉൽപാദനവും നിലനിർത്തുന്നതിന് വികസിപ്പിച്ച പോഷക ശുപാർശ സംവിധാനം സംസ്ഥാനത്തുടനീളമുള്ള നിരവധി കർഷകർ ഉപയോഗിക്കുന്നു.
- വിള ഉൽപ്പാദനക്ഷമതയും ജല ഉപയോഗക്ഷമതയും മെച്ചപ്പെടുത്തുന്നതിനായി ഫീൽഡിന് (വിക്ക്) കാപ്പിലറി പ്രവർത്തന-അധിഷ്ഠിത ജലസേചന ഉപകരണം വികസിപ്പിച്ചെടുത്തു.
- 2023ലെ ലോക ജലദിനാചരണത്തിൽ എച്ച് വൈ ഡി ആർ എ (ഹൈഡ്രോളജിക്കൽ റെയിൻഫാൾ അനാലിസിസ് ഫോർ ഹ്യുമിഡ് ട്രോപ്പിക്ക്സ്) റെയിൻഫാൾ ഡാഷ്ബോർഡ് സമാരംഭിച്ചു. മണ്ണൊലിപ്പ് അപകടസാധ്യത സംബന്ധിച്ച ഒരു ഡിഎസ്എസ് (ഡിസിഷൻ സപ്പോർട്ട് സിസ്റ്റം) പൊതു ഉപയോഗത്തിനായി സിഡബ്ല്യൂആർഡിഎം വെബ്സൈറ്റിൽ വികസിപ്പിച്ചെടുത്തു.
- നെയ്യാറ്റിൻകരയിലെ ഉപകേന്ദ്രത്തിലെ ജല വിശകലന ലബോറട്ടറിയെ സി-ഗ്രേഡ് കൊമേഴ്സ്യൽ പർപ്പസ് ലബോറട്ടറിയായി, 18 ജല മലിനജല ഗുണനിലവാര പാരാമീറ്ററുകളോടെ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അംഗീകരിച്ചിട്ടുണ്ട്.
- സിഡബ്ല്യൂആർഡിഎം -ലെ എൻഎബിഎൽ അംഗീകൃത ജല ഗുണനിലവാര ലബോറട്ടറി 7000-ലധികം ജല സാമ്പിളുകൾ വിശകലനം ചെയ്തു.
- 10 പിഎച്ച്ഡി വിദ്യാർത്ഥികൾക്കും ഡോക്ടറേറ്റ് ലഭിച്ച രണ്ടു പേർക്കും 150 പ്രബന്ധ വിദ്യാർത്ഥികൾക്കും അക്കാദമിക് പിന്തുണ നൽകി.
- സംസ്ഥാന സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും വേണ്ടി ഈ സാമ്പത്തിക വർഷത്തിൽ സിഡബ്ല്യൂആർഡിഎം ഏറ്റെടുത്ത പ്രധാന പദ്ധതികളും/പ്രോജക്റ്റുകളും ഇവയാണ്:

i) നവകേരളം മിഷൻ - വാട്ടർ ബഡ്ജറ്റിംഗ്, ജലാഞ്ജലി, കാർബൺ ന്യൂട്രൽ കാട്ടാക്കട, വടപട്ടണം, രാമപുരം നദികൾക്കായുള്ള നദി പരിപാലന പദ്ധതികൾ, (കോഴിക്കോട്ടെ നെൽപ്പാടങ്ങളുടെ മാപ്പിംഗ്), സംസ്ഥാന ജലസേചന വകുപ്പും, ഐ.ഡി.ആർ.ബി. യും ചേർന്ന്.

ii) മൂന്ന് നദികളിലെ കടൽജലം കടന്നുകയറ്റ പഠനം, കല്ലായി നദിക്കും വെള്ളായണി കായലിനും വേണ്ടിയുള്ള മിനി ഇഐഎ പഠനം, ഭാരതപ്പുഴ-ബിയ്യംകായൽ ബന്ധം, കേരള വനം വകുപ്പ്-കേരളത്തിലെ പ്രധാന വനങ്ങളുടെ ജലശാസ്ത്രം, (കെഎംആർഎൽ. ലിമിറ്റഡ്).

iii) കൊച്ചി മെട്രോയ്ക്ക് വേണ്ടി മലിന ജല ഒഴുക്ക് പഠനം, കൊച്ചിയിലെ കിൻഫ്ര ജലവിതരണ പദ്ധതിയുടെ ഡിപ്പൻഡബിൾ യീൽഡ് എസ്റ്റിമേഷൻ.

iv) അഞ്ചരക്കണ്ടി നദി-പുനരുജ്ജീവനത്തിനും പരിപാലനത്തിനും വേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കൽ, തൃശ്ശൂർ കെയുഎച്ച്എസ് കാമ്പസിനായുള്ള ജലവിഭവ വികസനവും പരിപാലന പരിപാടിയും.

v) ശാസ്താംകോട്ട കായലിലെ ഇരുമ്പിന്റെ സാന്നിദ്ധ്യം സംബന്ധിക്കുന്ന പ്രശ്നം പരിശോധിക്കുകയും കണ്ണൂർ, മലപ്പുറം ജില്ലകളിലെ സ്കൂളുകളിലെ ജലഗുണനിലവാര പരിശോധന നടത്തുകയും ചെയ്തു.

### അവാർഡുകൾ

- സുസ്ഥിര ഇന്ത്യയും ശ്രീ അരബിന്ദോ ഫൗണ്ടേഷനും ചേർന്ന് അമൃതം സുസ്ഥിര അവാർഡുകൾ 2022 (ഇൻസ്റ്റിറ്റ്യൂഷണൽ വിഭാഗം) നൽകുന്ന സുസ്ഥിര സാങ്കേതിക അവാർഡ് സിഡബ്ല്യൂആർഡിഎം -ന് ലഭിച്ചു.
- കെ എസ് സി എസ് ടി ഇ-സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റിനും (സിഡബ്ല്യൂആർഡിഎം) അതിന്റെ മൂന്ന് ഉപകേന്ദ്രങ്ങൾക്കും (നെയ്യാറ്റിൻകര,

കോട്ടയം, മണിമലക്കുന്ന്) ഐഎസ്ഒ 9001:2015 സർട്ടിഫിക്കേഷൻ ലഭിച്ചു.

**കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ എഫ്ആർഐ) –**

വന പരിസ്ഥിതി വ്യവസ്ഥകളുടെ ഫലപ്രദമായ സംരക്ഷണത്തിനും പ്രകൃതിവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗത്തിനും സമൂഹത്തിന്റെ സേവനത്തിനുമായി ഉഷ്ണമേഖലാ വനമേഖലയിലെ മികവിന്റെ ലോകോത്തര കേന്ദ്രമായാണ് കെഎഫ്ആർഐ വിഭാവനം ചെയ്തിരിക്കുന്നത്. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, സുസ്ഥിരമായ വിനിയോഗം, ശാസ്ത്രീയമായ പരിപാലനം എന്നിവയിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് വനവൽക്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് ഇത് ശാസ്ത്രീയ പിന്തുണ നൽകുന്നു. രാജ്യത്തും വിദേശത്തുമുള്ള പ്രമുഖ വനശാസ്ത്ര സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണ മേഖലകളിൽ പങ്കാളികളുടെ ആവശ്യങ്ങൾ സമയബന്ധിതമായി പരിഗണിച്ചുകൊണ്ട് ഇത് പ്രവർത്തിക്കുന്നു.

**പ്രധാന സംരംഭങ്ങളും നേട്ടങ്ങളും**

- കെഎഫ്ആർഐ-യ്ക്കായി ഒരു പ്രത്യേക വെബ്സൈറ്റ് ആരംഭിച്ചു (www.bambooinfo.in) കൂടാതെ സെന്റർ ഫോർ സിറ്റിസൺ സയൻസ് ആൻഡ് ബയോഡൈവേഴ്സിറ്റി ഇൻഫോർമാറ്റിക്സ് (സി സി എസ് ബി ഐ) സ്ഥാപിച്ചു: https://ccsbi.kfri.res.in.
- പാണഞ്ചേരി പഞ്ചായത്തിലെ 8 മുതൽ 12 വയസ്സുവരെയുള്ള 50 വിദ്യാർത്ഥികൾക്ക് തുടർച്ചയായ പരിശീലനം നൽകി പരീക്ഷണങ്ങളിലൂടെ ശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ-ഡി ഐ എസ് സി 'മഴവില്ല്' എന്ന പരിപാടി നടത്തി.
- കേരള ഫോറസ്റ്റ് സീഡ് സെന്റർ (കെ.എഫ്.എസ്.സി.) ഏകദേശം 300 ടൺ ഫോറസ്റ്റ് ഇനങ്ങളുടെ സാക്ഷ്യപ്പെടുത്തിയ വിത്തുകൾ നൽകിയിട്ടുണ്ട് കൂടാതെ പ്രധാന ഇനങ്ങളുടെ വിത്ത് കൈകാര്യം ചെയ്യുന്നതിനുള്ള വിവരങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്റ്റേക്ക് ഹോൾഡർമാർക്ക് നൽകിയിട്ടുണ്ട്.
- ശോഷണം സംഭവിച്ച വനമേഖലകളിലെ സംരക്ഷണത്തിനും വിനിയോഗത്തിനും മൊത്തത്തിലുള്ള പിന്തുണയുള്ള വന പുനരുജ്ജീവന പ്രവർത്തനങ്ങൾക്കും പ്രകൃതിവിഭവങ്ങൾ വർധിപ്പിക്കുന്നതിനുമായി ഉയർന്ന ഡിമാൻഡുള്ള എൻ റ്റി എഫ് പി (നോൺ-ടിംബർ ഫോറസ്റ്റ് പ്രോഡക്റ്റ്) മരങ്ങളുടെ സമ്പുഷ്ടീകരണ തൈകൾ ഇൻസ്റ്റിറ്റ്യൂട്ട് നട്ടുപിടിപ്പിച്ചു.
- പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ, ജീവജാലങ്ങളുടെയും ആവാസ വ്യവസ്ഥകളുടെയും സംരക്ഷണം, വന-വനേതര മേഖലകളിൽ വിഭവ വർദ്ധനയും മെച്ചപ്പെടുത്തലും എന്നിവ നടത്തി.
- കേരളത്തിലെ സംരക്ഷിത വനങ്ങളിലും മറ്റ് വനങ്ങളിലും ഇതിനകം സ്ഥാപിതമായ അധിനിവേശ അപൂർവ്വ ജീവികൾക്കുള്ള പരിപാലന നിയമങ്ങളുടെ വികസനം.
- വിവിധ വനങ്ങളിലും ആഘാതമേറ്റ ഭൂപ്രകൃതിയിലും ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കൽ ഗവേഷണം നടത്തി.
- മണ്ണ് മെച്ചപ്പെടുത്തുന്നതിനുള്ള കമ്പോസ്റ്റിംഗ് സാങ്കേതികവിദ്യയും മണ്ണിന്റെ ഉപയോഗത്തിനായി നാനോകംപോസിറ്റുകളും വികസിപ്പിച്ചെടുത്തു.
- കേരള വനം വകുപ്പിനായി (കെഎഫ്ഡി) കോടതിയിൽ നിയമവിരുദ്ധമായി പിടിച്ചെടുത്ത മരത്തടികളുടെ ആധികാരികത തെളിയിക്കാൻ ഡിഎൻഎ തെളിവുകൾ നൽകുന്നതിന് തടി ഫോറൻസ്കിസിനും ഡിഎൻഎ ബാർകോഡിംഗിനുമായി കേന്ദ്രം സ്ഥാപിച്ചു.
- വംശനാശഭീഷണി നേരിടുന്ന മരങ്ങൾ/ എൻ റ്റി എഫ് പി-കൾ/ അധികം അറിയപ്പെടാത്ത കാട്ടു ഫലവൃക്ഷങ്ങൾ എന്നിവയുടെ ക്ലോണൽ, വിത്ത് പ്രചരിപ്പിക്കുന്നതിനുള്ള പ്രോട്ടോക്കോൾ വികസിപ്പിച്ചെടുത്തു.
- ലാൻഡ്സ്കേപ്പ് ജനിതകശാസ്ത്രവും ജീൻ ഇക്കോളജിക്കൽ സോണേഷനും ഉപയോഗിച്ച് കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിന് വന ജനിതക വിഭവങ്ങളുടെ സംരക്ഷണത്തിനായുള്ള ജീനോമിക് സാങ്കേതികവിദ്യകളുടെ വികസനം.
- ഭൗമ നിരീക്ഷണ ഡാറ്റ ഉപയോഗിച്ച് രാജ്യത്ത് സാമൂഹ്യ തലത്തിൽ ജൈവവൈവിധ്യ സ്വഭാവ ക്രമീകരണം നടത്തി.
- 38 വന മരങ്ങളും 21 മുള ഇനങ്ങളും ഉൾപ്പെടുന്ന 20000 തൈകൾ കെഎഫ്ആർഐയിൽ വളർത്തി പുത്തൂർ സുവോളജിക്കൽ പാർക്കിലെ ലാൻഡ്സ്കേപ്പിംഗ് പ്രവർത്തനങ്ങൾക്ക് കൈമാറി.
- കേരളത്തിലെ നദീതീര സ്ഥിരീകരണ പരിപാടികൾക്കായി 18 ഇനങ്ങളിൽപ്പെട്ട 2 ലക്ഷം തൈകളുള്ള മുള നഴ്സറിയിൽ വളർത്തിയെടുക്കുകയും ഒരു ലക്ഷത്തിലധികം തൈകൾ എംജിഎൻആർജിഎസ്-ന് കൈമാറുകയും ചെയ്തു.
- കേരളത്തിലെ പ്രധാന നാല് നദികളിലെ സസ്യജാലങ്ങളിലും മണ്ണിലും വെള്ളപ്പൊക്കത്തിന്റെ ആഘാതം വിശകലനം ചെയ്യുകയും പ്രവർത്തന പദ്ധതികൾ നിർദ്ദേശിക്കുകയും ചെയ്തു.
- 3000 Coryphaumbraculiferaa തൈകൾ വളർത്തുകയും, പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു.
- വനേതര പ്രദേശങ്ങളിലെ വിത്ത് ലഭ്യമാക്കാൻ ഉപയോഗിക്കുന്ന ചെടികളുടെയും തടി മരങ്ങളുടെയും നിലവാരം ക്രമീകരിക്കുകയും ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം നടത്തുകയും ചെയ്തു.
- ചിത്രശലഭ പൂന്തോട്ടം എന്ന ആശയം ജനകീയമാക്കുകയും, ചിത്രശലഭ പാർക്കുകൾ സ്ഥാപിക്കുന്നതിന് നിരവധി ഏജൻസികൾക്ക് സാങ്കേതിക ഉപദേശം നൽകുകയും ചെയ്തു.
- മൂന്നാറിലെ ദേവികുളം ഫീൽഡ് റിസർച്ച് സ്റ്റേഷനിൽ കൃപിഎം ഉത്പാദനത്തിനായി, പ്രത്യേകിച്ച് ഷോള ഇനങ്ങളുടെ ഉത്പാദനത്തിനായി ഒരു മാതൃകാ നഴ്സറി സ്ഥാപിച്ചു.
- നഴ്സറികളിലെ പ്ലാസ്റ്റിക്കുകൾ കുറയ്ക്കുന്നതിന് നിലവാരമുള്ള പരിസ്ഥിതി സൗഹൃദ കയർ അധിഷ്ഠിത ബയോഡീഗ്രേഡബിൾ റൂട്ട് പരിശീലകരെ ക്രമീകരിച്ചു.
- തെക്കൻ പശ്ചിമഘട്ടത്തിൽ സസ്യങ്ങളുടെ ഒരു ജൈവശേഖരം സ്ഥാപിച്ചു.
- കെഎഫ്ആർഐ ബാംബൂ സംരംഭങ്ങൾക്കായി മുള കളിപ്പാട്ടങ്ങളും ജീവിതശൈലി ഉൽപ്പന്നങ്ങളും രൂപകൽപ്പന ചെയ്തു.
- ഫോറൻസിക് ആപ്ലിക്കേഷനുകൾക്കായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അടിസ്ഥാനമാക്കിയുള്ള മെഷീൻ ലേണിംഗ് അൽഗോരിതം (Mycorrhiza) (MLA) വികസിപ്പിച്ചു.
- ഫീൽഡ് ഡാറ്റ ശേഖരണത്തിനായി (മനുഷ്യ-വന്യജീവി സംഘർഷം, പക്ഷികളുടെ/ വവ്വാലുകളുടെ റൂസ്റ്റ് സൈറ്റ് മാപ്പിംഗ്,

സാമൂഹിക-സാമ്പത്തിക സർവേകൾ, എളുപ്പത്തിൽ ഡാറ്റ കൈകാര്യം ചെയ്യാനും വീണ്ടെടുക്കാനുമായി ODK/Kobo Collect പോലുള്ള സോഫ്റ്റ് വെയർ ടൂളുകൾ നടപ്പിലാക്കുകയും ആവശ്യാനുസൃതമാക്കുകയും ചെയ്തു.

**നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (എൻഎറ്റിപിഎസി) –**
ഗതാഗതത്തിലും അനുബന്ധ മേഖലകളിലും എൻഎറ്റിപിഎസി ഗവേഷണവും വികസനവും (ആർ&ഡി) വിപുലീകരണ പ്രവർത്തനങ്ങളും നടത്തുന്നു, കൂടാതെ ഗതാഗത സംവിധാനങ്ങളുടെ സുരക്ഷയിലും പ്രവർത്തനക്ഷമതയിലും പഠനങ്ങൾ നടത്തുന്നു. കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ ഗതാഗത ആസൂത്രണം, ട്രാഫിക് എഞ്ചിനീയറിംഗ്, റോഡ് സുരക്ഷ,ഗതാഗത സംവിധാനം , ഉൾനാടൻ ജലഗതാഗത സംവിധാനം, തീരദേശ ഷിപ്പിംഗ്, റോഡ് നിർമ്മാണത്തിനുള്ള വിലകുറഞ്ഞ വസ്തുക്കൾ പൊതുഗതാഗത സംവിധാനം, ലോജിസ്റ്റിക്സ്, ഡൊമെയ്ൻ ഏരിയയിലെ വിവിധ ഉപഭോക്തൃ ഏജൻസികൾക്ക് കൺസൾട്ടൻസി സേവനങ്ങൾ എന്നിവ ഉൾപ്പെടുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ, എൻഎറ്റിപിഎസി 20 പദ്ധതി പ്രോജക്ടുകൾ, 17 കൺസൾട്ടൻസി പ്രോജക്ടുകൾ, നിരവധി റോഡ് സുരക്ഷാ പരിപാടികൾ, 13 ആവശ്യകത അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ എന്നിവ നടത്തുകയും വിവിധ റോഡ് സുരക്ഷാ പരിശീലന സാമഗ്രികൾ എന്നിവ നിർമ്മിക്കുകയും ചെയ്തു. കോൺഫറൻസുകളിൽ/സെമിനാറുകളിൽ 16 അന്താരാഷ്ട്ര / 6 ദേശീയ ഗവേഷണ പ്രബന്ധങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു.

**പ്രധാന സംരംഭങ്ങളും നേട്ടങ്ങളും**
- കാട്ടാക്കട നിയോജകമണ്ഡലത്തെ കാർബൺ ന്യൂട്രൽ പ്രദേശമാക്കി മാറ്റുന്നതിന് ഗതാഗത മേഖലയിൽ നിന്നുള്ള കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള നടപടികൾ നിർദേശിച്ച് നാറ്റ്പാക് റിപ്പോർട്ട് സമർപ്പിച്ചു.
- ലോകബാങ്ക് എയ്ഡഡ് ചലഞ്ച് ഫണ്ടിൽ തിരുവനന്തപുരം ജില്ലയിലെ മെഡിക്കൽ കോളേജ്-പേട്ട റോഡ്, കൊല്ലം ജില്ലയിലെ കൊട്ടിയം-കുണ്ടറ, എറണാകുളം ജില്ലയിലെ വൈപ്പിൻ-മുനമ്പം എന്നിവയ്ക്കായി ലോകബാങ്ക് എയ്ഡഡ് ചലഞ്ച് ഫണ്ടിന്റെ കീഴിൽ റോഡ് സുരക്ഷാ ചികിത്സാ പദ്ധതി തയ്യാറാക്കി.
- കോട്ടയം ശീമാട്ടി ജംഗ്ഷനിലെ നിർദ്ദിഷ്ട സ്കൈവാക്കിലേക്ക് പ്രവേശനം നൽകുന്നതിനുള്ള സാധ്യതാ പഠനം നടത്തി.
- കിഫ്ബി (കെഐഐഎഫ്ബി) ധനസഹായം നൽകുന്ന 12 റോഡ് പദ്ധതികളുടെ സാങ്കേതിക അവലോകനം നടത്തുകയും പദ്ധതി നടപ്പിലാക്കൽ രേഖകൾ തയ്യാറാക്കി, കിഫ്ബി , ആർബിഡിസികെ എന്നിവയ്ക്ക് പുനർരൂപകൽപ്പനാ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.
- പെരുമ്പാവൂർ ബൈപാസിന്റെ സാങ്കേതിക അവലോകനം നടത്തി, പദ്ധതി നടപ്പിലാക്കൽ രേഖകൾ തയ്യാറാക്കി, കിഫ്ബി , ആർബിഡിസികെ എന്നിവയ്ക്ക് പുനർരൂപകൽപ്പനാ റിപ്പോർട്ട് സമർപ്പിച്ചു.
- ഫലപ്രദമായ നടപ്പാത രൂപകല്പന ചെയ്യുന്നതിനായി കോട്ടയം, എറണാകുളം, കണ്ണൂർ ജില്ലകളിലെ പിഎംജിഎസ് വൈ റോഡുകൾക്കായി ആക്സിൽ ലോഡ് സർവ്വെകൾ നടത്തി.
- സൈക്കിൾ ട്രാക്ക്, മലയോര ഹൈവേകൾ, കേരളത്തിലെ ജലപാതകൾ, കേരളത്തിലെ എൽഎസ്ജിഡി, പിഎംജിഎസ് വൈ റോഡുകളുടെ നടപ്പാത രൂപകൽപന എന്നിവയുള്ള തീരദേശ ഹൈവേയുടെ ഡിപിആർ തയ്യാറാക്കുന്നതിൽ ഏർപ്പെട്ടു. ഈ കേന്ദ്ര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മാഹി-വളപട്ടണം പാതയുടെ ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുന്നത്.
- കൊച്ചി വാട്ടർ മെട്രോയിലെ യാത്രക്കാരുടെ സഞ്ചാര രീതികളെക്കുറിച്ചും ജലപാത പ്രവർത്തനത്തിലെ വിവിധ അപകടസാധ്യതകളെക്കുറിച്ചും ഒരു പഠനം കൊച്ചിയിലെ വാട്ടർ മെട്രോ പദ്ധതിയുടെ വിലയിരുത്തലിനായി ഒരു ചട്ടക്കൂട് നൽകുന്നതിനായി നാറ്റ്പാക് ഏറ്റെടുക്കുന്നുണ്ട്.
- റോഡ് ഡാറ്റ ശേഖരണത്തിനായി നാറ്റ്പാക് ഒരു മൊബൈൽ ആപ്പ് വികസിപ്പിച്ചെടുത്തു - 'ഗെറ്റ്മാപ്പ്' ആപ്പ്.
- മിക്സഡ് ട്രാഫിക്കിലും നോൺ-ലെയ്ൻ ഡിസിപ്ലിൻ ട്രാഫിക്കിലും വിഭജിക്കാത്ത റോഡുകളിൽ വാഹനങ്ങൾ മറികടക്കുന്ന സ്വഭാവം, പ്രധാന റോഡ് ശൃംഖലകളിൽ നിർണ്ണായക സ്ഥലവും ബ്ലാക്ക്സ്പോട്ടുകളും മെച്ചപ്പെടുത്തുന്നതിനുള്ള ഫലപ്രദവും സാമ്പത്തികവുമായ രീതിയായി ഐറ്റിഎസ് ന്റെ ഉപയോഗം, ചലനാത്മക വേഗത, ഡ്രൈവർമാരുടെ അമിത വേഗതാസ്വഭാവം കുറയ്ക്കുന്നതിനായി സൈൻ ബോർഡ് പ്രദർശിപ്പിക്കുക എന്നിവയിൽ നാറ്റ്പാക് പഠനം നടത്തി.
- കേരളത്തിലെ ദേശീയ പാതകളിലും സംസ്ഥാന പാതകളിലുമായി ആകെ 323 അപകടസാധ്യതയുള്ള റോഡ് ഇടനാഴികൾ കണ്ടെത്തി, അതിൽ 149 ഇടനാഴികൾ ദേശീയ പാതകളിലും 174 ഇടനാഴികൾ സംസ്ഥാന പാതകളിലുമാണ്.
- സേഫ് റോഡ് ടു സ്കൂൾ - കേരളത്തിലെ 14 ജില്ലകളിലെ തിരഞ്ഞെടുത്ത 100 സ്കൂളുകളിൽ, റോഡ് സുരക്ഷാ വാരം-2023 ആചരിച്ചു, അപകടകരവും സാഹസികകരവുമായ ചരക്കുകൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ ഡ്രൈവർമാർക്കായി 7 പരിശീലന കോഴ്സുകളും മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്കായി 4 പരിശീലന പരിപാടികളും സംഘടിപ്പിച്ചു. പിഇഎസിഇ'22 (പ്രൊപ്പലേജിംഗ് എഞ്ചിനീയറിംഗ് ആസ്പെക്ട്സ് കോഹറന്റ് എൻഫോഴ്സ്മെന്റ്), വിവിധ ടാർഗെറ്റ് ഗ്രൂപ്പുകൾക്കുള്ള 9 റോഡ് സുരക്ഷാ പരിശീലനവും, 7 റോഡ് സുരക്ഷാ വിദ്യാഭ്യാസവും സേഫ് കോറിഡോർ, ഡെമോൺസ്ട്രേഷൻ പ്രോജക്റ്റിനെ (എസ് സി ഡി പി) യെക്കുറിച്ചുള്ള ബോധവൽക്കരണവും പരിശീലന പരിപാടിയും ഔട്ട്ഡോർ കാമ്പെയ്നും സംഘടിപ്പിച്ചു.
- നാറ്റ്പാക് കോൺഫറൻസുകളിൽ / സെമിനാറുകളിൽ 16 അന്തർദേശീയ 6 ദേശീയ പ്രബന്ധങ്ങളും ജേർണലുകളിൽ 8 പ്രബന്ധങ്ങളും പ്രസിദ്ധീകരിക്കുകയും 2 അന്താരാഷ്ട്ര, ഒരു ദേശീയ മീറ്റ് എന്നിവ സംഘടിപ്പിക്കുകയും ചെയ്തു.

**കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെഎസ്ഒഎം) –**
ഇത് ഗണിതശാസ്ത്രത്തിലെ ഒരു നൂതന ഗവേഷണ സ്ഥാപനവും ഭാരത സർക്കാരിന്റെ ആറ്റോമിക് എനർജി വകുപ്പിന് കീഴിലുള്ള കെഎസ്സിഎസ്ടിഇയുടെയും

നാഷണൽ ബോർഡ് ഓഫ് ഹയർ മാത്ത മാറ്റിക്സിന്റെയും സംയുക്ത സംരംഭവുമാണ്. രാജ്യത്ത്, പ്രത്യേകിച്ച് കേരളത്തിൽ ഗണിത ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യം.

- കെഎസ്ഒഎം 2022-23 ൽ പ്രധാനപ്പെട്ട ജേണലുകളിൽ അഞ്ച് ഗവേഷണ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും മൂന്ന് പിഎച്ച്ഡികൾ നൽകുകയും ചെയ്തു.
- ദേശീയ അന്തർദ്ദേശീയ സന്ദർശകർക്കും രണ്ട് ശിൽപശാലകൾ/സമ്മേളനങ്ങൾക്കും ഇൻസ്റ്റിറ്റ്യൂട്ട് ആതിഥേയത്വം വഹിച്ചിട്ടുണ്ട്.
- ഗണിതശാസ്ത്രത്തിലെ സമ്മർ പ്രോഗ്രാം 2023 ജൂണിൽ നടത്തി.
- കെഎസ്ഒഎം -ൽ നടത്തുന്ന ഇന്റഗ്രേറ്റഡ് എം എസ് സി-പിഎച്ച്ഡി പ്രോഗ്രാം രാജ്യത്തെ ഈ വിഭാഗത്തിലെ ഏറ്റവും മികച്ചതാണ്. രണ്ടാം ബാച്ചിൽ ആറ് വിദ്യാർഥികൾ എംഎസ്സിക്ക് പഠനം നടത്തുന്നു.

**മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ് – (എംബിജിഐപിഎസ്) –**

മലബാർ മേഖലയിലെ ജലാശയ, ചെറു സസ്യജാലങ്ങളുടെ ശേഖരണം സംരംക്ഷണം, സുസ്ഥിര ഉപയോഗ പ്രോട്ടോക്കോളുകളുടെ തന്ത്രപരമായ വികസനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സ്ഥാപനമാണിത്. വിവിധ തദ്ദേശീയ ജലസസ്യങ്ങൾക്കായുള്ള സംരക്ഷണ മാർഗ്ഗങ്ങളും തണ്ണീർത്തട ആവാസവ്യവസ്ഥയുടെയും തണ്ണീർത്തട ജൈവവൈവിധ്യത്തിന്റെയും കണക്കെടുപ്പും പതിവായി നടത്തിവരുന്നു.

- ഗ്രീൻ കേരള ഇനീഷ്യേറ്റീവ് പ്രോഗ്രാമിന് കീഴിൽ 10 വ്യത്യസ്ത ഇനങ്ങളിൽ പെട്ട 15,000 തൈകൾ/വൃക്ഷത്തൈകൾ നടുന്നതിന് തയ്യാറെടുക്കുന്നു.
- എംബിജിഐപിഎസ് -ന്റെ ഇഞ്ചി ശേഖരത്തിലെ ഏകദേശം 300 ഗണത്തിൽപ്പെട്ട , 1500-ലധികം ആക്സഷനുകൾ, ഇന്ത്യയുടെ ഒന്നാം നമ്പർ ശേഖരമായി പ്രഖ്യാപിക്കപ്പെട്ടു.
- Crinum malabaricum എന്ന തദ്ദേശീയ ഔഷധ ജലസസ്യത്തിന് വേണ്ടി സംരക്ഷണ മാർഗ്ഗങ്ങൾ വികസിപ്പിച്ചു.
- 7 ഗവേഷണ പ്രബന്ധങ്ങൾ, 7 കോൺഫറൻസ് പ്രബന്ധങ്ങൾ, 2 പുസ്തകങ്ങൾ, 3 പുസ്തക അധ്യായങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചു.
- ആവാസവ്യവസ്ഥയുടെ വിലയിരുത്തലിനായി വിവിധ സീസണുകളിൽ ക്രിനം മലബാറിക്കത്തിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥകളിൽ പതിവ് സർവ്വെകൾ നടത്തി. ചെടികളുടെ എണ്ണം, നദികളുടെ അവസ്ഥ, ജീവജാലങ്ങളുടെ ഭീഷണി എന്നിവ രേഖപ്പെടുത്തി. മണ്ണിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭൗതിക സവിശേഷതകൾക്കായി വിശകലനം ചെയ്തു.
- C. malabaricum-ത്തിന്റെ വികസിത പാരിസ്ഥിതിക മാതൃകകളെ അടിസ്ഥാനമാക്കി, ക്യുജിഐഎസ് ഓപ്പൺ സ്ട്രീറ്റ് മാപ്പ്, ഗൂഗിൾ എർത്ത് എന്നിവയുടെ സഹായത്തോടെ അനുയോജ്യമായ ആവാസ വ്യവസ്ഥകൾ കണ്ടെത്തി.
- 7 Crinum -ന്റെ ജീനോമിക് ഡിഎൻഎ. (C. latifolium, C. viviparum, C. Asiaticum, C. Jaggus, C. moorie and C. solapuresnsis ഉൾപ്പെടെ) 7 ഇനങ്ങൾ കേരളം, മഹാരാഷ്ട്ര, കർണാടക, മധ്യപ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ള സാമ്പിളുകളിൽ നിന്ന് വേർതിരിച്ചെടുത്തു.
- ജനസംഖ്യാ ജനിതക മൂല്യനിർണ്ണയത്തിനായി നാല് പ്രകൃതിദത്ത ആവാസ വ്യവസ്ഥകളിൽ നിന്ന് C. malabaricum ത്തിന്റെ 48 അക്സഷനുകൾ ശേഖരിച്ചു.
- C. viviparum, C. Asiaticum and C. solapuresnsis എന്നിവയുടെ ജീനോമിക് ഡിഎൻഎ, ടാക്സോണമിക് സ്റ്റാറ്റസ് വ്യക്തമാക്കുന്നതിന് ITS മാർക്കറുകൾ ഉപയോഗിച്ച് വർദ്ധിപ്പിച്ചു.
- ബ്രയോഫൈറ്റുകൾ, ടെറിഡോഫൈറ്റുകൾ, ലൈക്കണുകൾ എന്നിവയുടെ സംരക്ഷണവും ബയോസിസ്റ്റമാറ്റിക്സും - പ്രകൃതിദത്ത ആവാസ വ്യവസ്ഥകളിൽ നിന്ന് സസ്യങ്ങൾ ശേഖരിച്ച് അതത് കൺസർവേറ്ററികളിൽ വിന്യസിച്ചു. ഫലവർദ്ധന നടത്തുകയും, വർഗ്ഗീകരണം പുരോഗമിക്കുകയും ചെയ്യുന്നു.
- ആർഇടി, ജല ഔഷധ സസ്യങ്ങൾ എന്നിവയുടെ ചിട്ടയായ പഠനങ്ങളും ഇൻ വിട്രോ ഗുണനവും - പശ്ചിമ ബംഗാളിലെയും കേരളത്തിലെയും (വയനാട്) വിവിധ പ്രദേശങ്ങളിലേക്ക് സസ്യശേഖരണ യാത്രകൾ നടത്തി. ലിംനോഫില, ഹൈഗ്രോഫില ഇനങ്ങളെ ശേഖരിച്ചു, ഡിഎൻഎ ഐസൊലേഷനും പിസിആർ ആംപ്ലിഫിക്കേഷനും നടത്തി. എൻസിബിഐ-ബി എൽ എ എസ് ടി ഉപയോഗിച്ച് ക്രമീകരിച്ച് വിശകലനം ചെയ്തു.
- 7 ഇനം നിംഫോയിഡുകളുടെ പ്രത്യുൽപാദന ജീവശാസ്ത്രത്തെക്കുറിച്ചുള്ള പഠനം പൂർത്തിയാക്കി, സംരക്ഷണവും, തരംതിരിക്കലും നടത്തി.
- തിരഞ്ഞെടുത്ത പ്രാദേശിക ഔഷധ സസ്യങ്ങൾക്കായുള്ള വിത്ത് സംഭരണത്തിന്റെ വികസനവും പഠനങ്ങളും ഐ എസ് ടി എ അനുസരിച്ച് വിത്ത് സംഭരണ പ്രോട്ടോക്കോളുകൾ ക്രമീകരണവും.
- Hopea erosa, Vateria indica എന്നിവയുടെ സംയോജിത സംരക്ഷണം, ഇന്ത്യയിലെ പശ്ചിമഘട്ടം / തെക്ക്, മധ്യ സഹ്യാദ്രി എന്നിവിടങ്ങളിൽ കാണപ്പെടുന്ന ഭീഷിണി നേരിടുന്ന Dipterocarps (ബിജിസിഐ-യുടെ മാച്ചിംഗ് ഗ്രാന്റ്). -എംബിജിഐപിഎസ് -ൽ വികസിപ്പിച്ച ഇൻ-സിറ്റു, എക്സ്-സിറ്റു സംരക്ഷണത്തിനും ഫീൽഡ് ജീൻ ബാങ്കിനുമായി വിത്തുകളും തൈകളും ശേഖരിക്കുകയും വളർത്തുകയും ചെയ്തു.
- ഇന്ത്യയിലെ ഇഞ്ചി ചെടികളുടെ ഏറ്റവും വലിയ ശേഖരമായി ഈ സ്ഥാപനത്തിലെ ഇഞ്ചിത്തോട്ടത്തെ കണക്കാക്കുന്നു. ഔഷധത്തോട്ട വിഭാഗത്തിൽ 28 ഇനം പുതുതായി നട്ടുപിടിപ്പിക്കുകയും 49 ഇനം വിൽപനയ്ക്കായി വളർത്തുകയും ചെയ്തു.
- സെൻട്രൽ നഴ്സറിയിൽ നിലവിൽ 91 ഇനങ്ങളിൽ പെട്ട 12,064 അലങ്കാര സസ്യങ്ങൾ സംരക്ഷിക്കപ്പെടുന്നു.
- ഒരു വർഷത്തിനുള്ളിൽ മൊത്തം 10,475 ചെടികൾ പ്രചരിപ്പിക്കുകയും അതിനുള്ളിലെ കാമ്പസ് കൺസർവേറ്ററികൾക്ക് വിതരണം ചെയ്യുകയും വളർത്തുകയും ചെയ്തു.
- Nymphoides krishnakesara, Crinum malabaricum എന്നിവയുടെ സംരക്ഷണവും പുനരവലോകന പരിപാടികളും ഈ കേന്ദ്രം വികസിപ്പിച്ചെടുത്തു. ടിഷ്യു കൾച്ചർ പ്രോട്ടോക്കോളുകളും എൻ. കൃഷ്ണകേസരയ്ക്കായി വികസിപ്പിച്ചെടുത്തു. വംശനാശഭീഷണി നേരിടുന്ന ഈ സ്പീഷീസുകളുടെ നാമശാസ്ത്രപരവും

പാരിസ്ഥിതികവുമായ വശങ്ങളും പരാഗണ ബയോളജിയും നടത്തുകയും ബോധവൽക്കരണവും പരിപാടിയുടെ ഭാഗമായിരുന്നു.

**പുതിയ കണ്ടെത്തലുകൾ**

- ഇന്ത്യയ്ക്കായുള്ള പുതിയ ഫാമിലി റെക്കോർഡ്- Hanguana anthelminthica(Blume ex Schult. And Schult. f.) Masam. Of Hanguanaceae.
- വംശനാശം സംഭവിച്ചേക്കാവുന്ന ടാക്സ വീണ്ടും കണ്ടെത്തൽ - Globba and ersonii C.B.Clarke ex Baker -136 വർഷത്തിന് ശേഷം വീണ്ടും കണ്ടെത്തി, Ophiorrhiza codyensisGamble -106 വർഷത്തിന് ശേഷം വീണ്ടും കണ്ടെത്തി, പുതിയ സ്പീഷസ് കണ്ടെത്തലുകൾ- Impatiens shiyomiensis, Impatiens tirbinensis, Amomumarunachalense, Hedychiummechukanum, Peucedanumpradeepianum, Fimbristylisschultzii എന്നിവ.
- പെനിൻസുലർ ഇന്ത്യയിലേക്കുള്ള പുതിയ റെക്കോർഡ് - Fimbristylispieroti, Jungermanniacomata.
- കേരളത്തിനുള്ള പുതിയ റെക്കോർഡ് - Fimbristylisbispicula, Billolivialamdongensis (വിയറ്റ്നാമിൽ നിന്ന്)

**ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്ആർഐബിഎസ്) –**
അടിസ്ഥാന ശാസ്ത്രങ്ങളിലെ മൗലിക ഗവേഷണത്തിനുള്ള പ്രശസ്ത അന്താരാഷ്ട്ര കേന്ദ്രമായി മാറുന്നതിനും അടിസ്ഥാന ശാസ്ത്രങ്ങളിൽ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു വേദിയായി പ്രവർത്തിക്കുന്നതിനുമായുള്ള ഒരു ഗവേഷണ വികസന കേന്ദ്രമാണ് എസ്ആർഐബിഎസ് . സൈദ്ധാന്തിക ഗവേഷണത്തിന്റെയും ബൗദ്ധിക അന്വേഷണത്തിന്റെയും ലോകത്തെ പ്രമുഖ കേന്ദ്രങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും അടിസ്ഥാന ശാസ്ത്രത്തിൽ ജിജ്ഞാസ അടിസ്ഥാനമാക്കിയുള്ള ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്യുന്നു.

- 2022-23 കാലയളവിൽ കേരളത്തിലെ ശാസ്ത്ര സാങ്കേതിക മേഖലയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട് എസ്ആർഐബിഎസ് ഒരു പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു.
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ്- കേരളയുമായി (ഐഐഐടിഎം-കെ) സഹകരിച്ച് എൻഎംആർ (ന്യൂക്ലിയർ മാഗ്നറ്റിക് റെസൊണൻസ്) സ്പെക്ട്രോസ്കോപ്പിയെക്കുറിച്ച് ദേശീയ ശിൽപശാല സംഘടിപ്പിച്ചു, ഇത് രസതന്ത്രത്തിലും ജീവശാസ്ത്രത്തിലും 60 ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രയോജനപ്രദമായിരുന്നു.

**II. കെ എസ് സി എസ് ടി ഇ യുടെ സ്കീമുകളും പ്രോഗ്രാമുകളും**
സംസ്ഥാനത്തിനകത്ത് ശാസ്ത്ര സാങ്കേതികയിൽ മികവ് കൈവരിക്കുന്നതിനും സമൂഹത്തിനാകമാനം സേവനങ്ങൾ നൽകുന്നതിനുമുള്ള പരിപാടികൾ കണ്ടെത്തി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ, ശാസ്ത്ര പ്രചരണവും, പ്രോത്സാഹനവും, ഗവേഷണവും വികസനവും, ആവാസ വ്യവസ്ഥയും പരിസ്ഥിതിയും, സാങ്കേതിക വികസനവും കൈമാറ്റവും, സ്ത്രീകൾക്കുള്ള ശാസ്ത്ര പരിപാടികൾ എന്നിവ കേന്ദ്രീകരിച്ച് കൗൺസിൽ വിവിധ പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നു.

2022-23 വർഷത്തിൽ കെ എസ് സി എസ് ടി ഇ നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും നേട്ടങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

**1. ശാസ്ത്ര സാങ്കേതിക വിദ്യയിൽ മാനവ വിഭവശേഷി വികസനം**

**i. ശാസ്ത്ര ഗവേഷണ പദ്ധതി (എസ്ആർഎസ്)**
അടിസ്ഥാനപരവും പ്രായോഗികവുമായ ഗവേഷണങ്ങളിൽ സംസ്ഥാനത്തെ ഗവേഷണ-വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ശാസ്ത്ര ഗവേഷണ പദ്ധതി ലക്ഷ്യമിടുന്നു. ശാസ്ത്ര-സാങ്കേതിക രംഗത്തെ വളർന്നുവരുന്ന മേഖലകളിലെ ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകിക്കൊണ്ട് പദ്ധതിക്ക് പിന്തുണനൽകുന്നു.

2022-23 വർഷത്തിൽ 15 പുതിയ പദ്ധതികൾക്കും 7 നിലവിലുള്ള പദ്ധതികൾക്കുമുള്ള ഗ്രാന്റ് അനുവദിച്ചു.

പദ്ധതിയുടെ അന്തിമ സാങ്കേതിക റിപ്പോർട്ടിന്റെ (എഫ്ടിആർ) മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്ര ഗവേഷണ പദ്ധതിക്ക് കീഴിൽ പൂർത്തിയാക്കിയ മികച്ച പ്രോജക്ടിന് ഡോ. എസ്. വാസുദേവ് അവാർഡ് നൽകുന്നു. 35-ാമത് കേരള സയൻസ് കോൺഗ്രസിന്റെ ഉദ്ഘാടന സമ്മേളനത്തിൽ 10 എഫ്ടിആർ തിരഞ്ഞെടുക്കുകയും അവാർഡ് നൽകുകയും ചെയ്തു.

കെഎസ്‌സിഎസ്ടിഇ- എസ്ആർഎസ് പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് ആർഎൻഎ എക്സ്ട്രാക്ഷൻ സൗകര്യങ്ങളുള്ള ഇമ്മ്യൂണോളജി ലാബ്, കോമ്പിഫ്ളാഷ് റിടീവ് ഫ്ലാഷ് കോളം, അപ്പർ കപ്പാസിറ്റർ ഫാബ്രിക്കേഷൻ നടപടിക്രമങ്ങളും സൗകര്യങ്ങളും തുടങ്ങിയ സവിശേഷ സൗകര്യങ്ങൾ സൃഷ്ടിച്ചു. പ്രധാന ഗവേഷണ ഹൈലൈറ്റുകൾ ഇവയാണ്: പാർമെലിയോയ്ഡ് ലൈക്കണിന്റെ ഒരു പുതിയ ഇനം റിപ്പോർട്ട് ചെയ്തു - Parmotrema sahyadrica Sequiera, A. Christy, റെഡ്യൂസ്ഡ് ഗ്രാഫീൻ ഓക്സൈഡ് (ആർജിഒ) ന്റെ സഹായത്തോടുകൂടിയുള്ള തയാറാക്കി NiCoz04 (RGNCO) നാനോകോംപോസിറ്റുകൾ തയ്യാറാക്കി. ഔഷധ സസ്യമായ Corallocarpus epigaeus പ്ലാന്റിന്റെ ആന്റി ക്യാൻസർ പ്രോപ്പർട്ടി സംയുക്തങ്ങൾ കണ്ടെത്തുകയും വേർതിരിക്കുകയും ചെയ്തു.

2022-23 വർഷത്തിൽ, 23 പിഎച്ച്ഡികൾ നൽകി, ജേണലുകളിൽ 38 പ്രബന്ധങ്ങളും കോൺഫറൻസുകൾ/ സെമിനാറുകളിൽ 63 പ്രബന്ധങ്ങൾ, 5 പുസ്തക അധ്യായങ്ങൾ എന്നിവ ഈ പദ്ധതിയുടെ കീഴിൽ പ്രസിദ്ധീകരിച്ചു.

#### ii) എമിരിറ്റസ് സയന്റിസ്റ്റ് പദ്ധതി

വിരമിച്ച പ്രഗത്ഭ ശാസ്ത്രജ്ഞരുടെ കഴിവും അറിവും പ്രയോജനപ്പെടുത്തുകയും സംസ്ഥാനത്തിന്റെ പ്രയോജനത്തിനായി അതത് വൈദഗ്ധ്യം ഉള്ള മേഖലയിൽ ഗവേഷണം നടത്താൻ അവരെ സഹായിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പരിപാടിക്ക് കീഴിൽ, ഒൻപത് അന്താരാഷ്ട്ര, ഒരു ദേശീയ കോൺഫറൻസുകൾ/സെമിനാറുകൾ നടത്തുകയും 15 പ്രബന്ധങ്ങൾ 2022-23 ൽ ജേണലുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

#### iii) ക്രിസ്റ്റൽ (ക്രാഫ്റ്റിംഗ് യംഗ് സയന്റിസ്റ്റ്സ് ഓഫ് ടുമാറോ).

ചെറുപ്രായത്തിൽ തന്നെ വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ തിരിച്ചറിയുന്നതിനും അവരെ പരിപോഷിപ്പിക്കുന്നതിനുമുള്ള ഒരു വേദി സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു പരിപാടിയാണ് (ഐഐഐടി പാലക്കാട്) ക്രിസ്റ്റൽ പ്രോഗ്രാമിന് കീഴിൽ 25 സ്കൂൾ വിദ്യാർത്ഥികൾക്കായി റസിഡൻഷ്യൽ സയൻസ് ക്യാമ്പ് നടത്തി.

#### iv) കെഎസ്‌സിഎസ്ടിഇ റിസർച്ച് ഫെലോഷിപ്പ് പ്രോഗ്രാം

പിഎച്ച്.ഡിയിലേക്ക് നയിക്കുന്ന ഗവേഷണത്തിൽ മികച്ച വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനാണ് ഈ പദ്ധതി. വളരെ അർപ്പണബോധമുള്ള ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളെ സയൻസിൽ കരിയർ കണ്ടെത്തുന്നതിന് പ്രചോദിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. ഗണിത ശാസ്ത്രം, ലൈഫ് സയൻസസ്, ഫിസിക്കൽ സയൻസസ്, കെമിക്കൽ സയൻസസ്, എർത്ത്, അറ്റ്മോസ്ഫിയറിക്, ഓഷ്യൻ ആൻഡ് പ്ലാനറ്ററി സയൻസസ്, എഞ്ചിനീയറിംഗ് സയൻസസ്, എൻവയോൺമെന്റൽ സയൻസസ് എന്നിവയുൾപ്പെടെ നിരവധി വിഷയങ്ങൾ ഉൾകൊള്ളുന്നു. ഇത്തരം ഫെലോഷിപ്പുകൾ ദേശീയ ഫെലോഷിപ്പുകൾക്ക് തുല്യമാണ്. 2022-23 വർഷത്തിൽ, 29 പിഎച്ച്ഡികൾ നൽകുകയും ജേണലുകളിൽ 7 പേപ്പറുകളും പ്രോഗ്രാമിന് കീഴിൽ 47 പുസ്തക അധ്യായങ്ങളും, പ്രസിദ്ധീകരിക്കുകയും ചെയ്തു.

#### v) കെഎസ്‌സിഎസ്ടിഇ പോസ്റ്റ്–ഡോക്ടറൽ ഫെലോഷിപ്പ്

ശാസ്ത്ര-സാങ്കേതിക രംഗത്ത് തുടരാൻ ഡോക്ടറേറ്റുള്ള വ്യക്തികളെ പ്രോൽസാഹിപ്പിക്കുക, ഗവേഷണം തുടരാനും ശാസ്ത്രജ്ഞരായി തൊഴിൽ വികസിപ്പിക്കാനും അവരെ പ്രേരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, കെഎസ്‌സിഎസ്ടിഇ എല്ലാ വർഷവും പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകുന്നു. ഈ പരിപാടിയുടെ കീഴിൽ, 2022-23 ൽ റഫറിഡ് ജേണലുകളിൽ ഒരു പേപ്പർ പ്രസിദ്ധീകരിക്കുകയും ഒരു ദേശീയ സമ്മേളനം നടത്തുകയും 2022-23 ൽ നാല് പുതിയ കണ്ടെത്തലുകൾ നടത്തുകയും ചെയ്തു. കെ എസ് സി എസ് ടി ഇ-തേജു എൻജിനീയറിങ്-കുസാറ്റ് എന്നിവയുടെ യോജിച്ചുള്ള ഗവേഷണ പരിപാടിയാണ് ഈ പ്രോഗ്രാമിന് കീഴിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രോജക്ടാണ് കെഎസ്‌സിഎസ്ടിഇ-ടിഎച്ച്ഇജെയു കുസാറ്റ് സംയുക്ത ഗവേഷണം എന്ന പ്രോജക്ട്.

#### 2. ആവാസ വ്യവസ്ഥ, പരിസ്ഥിതി പരിപാടികൾ

2022-23 വർഷത്തിൽ, നാഷണൽ ഗ്രീൻ കോർപ്സ് (എൻജിസി) പരിപാടി പരിസ്ഥിതി വിദ്യാഭ്യാസ പരിപാടിയിലേക്ക് (ഇഇപി) നവീകരിച്ചു, 'പരിസ്ഥിതി വിദ്യാഭ്യാസം, അവബോധം, ഗവേഷണം, നൈപുണ്യ വികസനം (ഇഇഎആർഎസ്ഡി)' എന്ന നവീകരിച്ച കേന്ദ്രമേഖലാ പദ്ധതിയുടെ ഘടകമാണിത്. സർക്കാരിന്റെ വിവിധ പരിപാടികൾ/പദ്ധതികൾക്ക് കീഴിൽ രൂപീകരിച്ച ഇക്കോ ക്ലബ്ബുകൾ, യൂത്ത് ക്ലബ്ബുകൾ, മറ്റ് അത്തരം ക്ലബ്ബുകൾ എന്നിവയുടെ പ്രധാന മേഖലാ ശക്തിയെക്കുറിച്ച് അവബോധവാൻമാരാവുകയും ചെയ്യുക. പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കുട്ടികളെ/യുവജനങ്ങളെ ബോധവൽക്കരിക്കുകയും സുസ്ഥിരമായ ജീവിതശൈലി സ്വീകരിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. ഇഇപി പദ്ധതിയുടെ ഭാഗമായി, എൻജിസി ജില്ലാ ഇംപ്ലിമെന്റേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പിന്തുണയോടെ കേരളത്തിലെ 14 ജില്ലകളിലായി 114 പരിപാടികൾ സംഘടിപ്പിച്ചു. വിദ്യാർഥികളും അധ്യാപകരും പൊതുജനങ്ങളും സന്നദ്ധപ്രവർത്തകരും ഉൾപ്പെടെ പതിനായിരത്തോളം പേർ പരിപാടികളിൽ പങ്കെടുത്തു. 2022-23 വർഷത്തിൽ, ജേണലുകളിൽ 13 പ്രബന്ധങ്ങൾ പദ്ധതിക്ക് കീഴിൽ പ്രസിദ്ധീകരിച്ചു.

#### 3. ശാസ്ത്ര പ്രചാരണം

1) കേരള ശാസ്ത്രപുരസ്കാരം ii) കേരള സംസ്ഥാന യുവ ശാസ്ത്രജ്ഞ അവാർഡുകൾ (കെഎസ് വൈഎസ് എ) iii) കേരള സയൻസ് കോൺഗ്രസ് iv) ശാസ്ത്ര സാഹിത്യ അവാർഡുകൾ v) ദേശീയ ബാലശാസ്ത്ര കോൺഗ്രസ് vi) ശാസ്ത്ര മാധ്യമ പിന്തുണ, ഡോക്യുമെന്റേഷൻ, പ്രസിദ്ധീകരണം, vii) ടെക് ഫെസ്റ്റ് (ടി ഇ സി എച്ച് എഫ് ഇ എസ് ടി) എന്നിവ കെ എസ് സി എസ് ടി ഇ യുടെ ശാസ്ത്ര പ്രചാരണ പരിപാടികളിൽ ഉൾപ്പെടുന്നു.

ലോകത്തെവിടെയും പ്രവർത്തിക്കുന്ന കേരളീയ വംശജരായ മികച്ച ശാസ്ത്രജ്ഞരെ ആദരിച്ചുകൊണ്ട് ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഗുണനിലവാരമുള്ള ഗവേഷണം, പരിശീലനം, നേതൃത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥാപിച്ചതാണ് കേരള ശാസ്ത്രപുരസ്കാരം.

ശാസ്ത്ര-സാങ്കേതിക രംഗത്തെ മികച്ച സംഭാവനകൾ കണക്കിലെടുത്താണ് പ്രതിഭാധനരായ യുവ ശാസ്ത്രജ്ഞർക്ക് കേരള യംഗ് സയന്റിസ്റ്റ് അവാർഡുകൾ നൽകുന്നത്. ആറ് ഉദ്യോഗാർത്ഥികൾക്ക് 2022-ൽ കെഎസ് വൈഎസ് എ അവാർഡ് ലഭിച്ചു. 2022-23 വർഷത്തിൽ, അഞ്ച് പുതിയ പ്രോജക്ടുകൾക്കും മൂന്ന് നിലവിലുള്ള പ്രോജക്ടുകൾക്കുമായി കെഎസ് വൈഎസ് എ ഗവേഷണ ഗ്രാന്റ് പുറത്തിറക്കി. രണ്ട്

വിഭാഗങ്ങളിലായി നാല് ശാസ്ത്രസാഹിത്യ പുരസ്കാരങ്ങൾ വിതരണം ചെയ്തു. പ്രോഗ്രാമിന് കീഴിൽ മൂന്ന് പിഎച്ച്ഡികൾ നൽകി.

ദേശീയ സാങ്കേതിക ദിനം - 2022 ന്റെ ആഘോഷങ്ങളുടെ ഭാഗമായി, എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുമായി സഹകരിച്ച് കെ.എസ്.സി.എസ്.ടി.ഇ സംഘടിപ്പിക്കുന്ന സംസ്ഥാനതല ഉദ്ഘാടന പരിപാടി, ഒരു ടെക് വെബിനാർ സീരീസ്, കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ ബിടെക്, എംടെക് വിദ്യാർത്ഥികൾക്കായി ഒരു മത്സരമായ 'ഡിസൈനത്തോൺ 2022' എന്നിവ നടത്തി.

ടെക്നോളജി ഫെസ്റ്റിവൽ (ടി ഇ സി എച്ച് എഫ് ഇ എസ് ടി) കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്കായി കെഎസ്‌സിഎസ്ടിഇ യുടെ വാർഷിക പരിപാടിയാണ്. കെഎസ്‌സിഎസ്ടിഇ-ടി ഇ സി എച്ച് എഫ് ഇ എസ് ടി -2022 കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുമായി (കുസാറ്റ്) സംയുക്തമായി 2022 ഒക്ടോബർ 26-28 തീയതികളിൽ കുസാറ്റിൽ സംഘടിപ്പിച്ചു. ടി ഇ സി എച്ച് എഫ് ഇ എസ് ടി ന്റെ ഭാഗമായി, ഐഇഇഇ കൊച്ചിയുടെ സ്പോൺസർഷിപ്പോടെ കുസാറ്റ്, സെന്റർ ഫോർ ഇന്നവേഷൻ, ടെക്നോളജി ട്രാൻസ്ഫർ ആൻഡ് ഇൻഡസ്ട്രി കൊളാബറേഷൻ (സിഐടിടിഐസി) ആണ് മേക്ക്-എ-ടൺ 5.0 എന്ന പേരിൽ ഒരു ഹാക്കത്തോൺ സംഘടിപ്പിച്ചത്.

റൂറൽ ഇന്നൊവേറ്റേഴ്സ് മീറ്റ് (ആർഐഎം): ഗ്രാമീണതലത്തിൽ അസംഘടിത മേഖലയിലെ കണ്ടുപിടുത്തങ്ങൾ നടത്തുന്നവർക്കും അടിസ്ഥാന തലത്തിൽ പുതുതായി കണ്ടുപിടിക്കുന്നവർക്കും അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള വാർഷിക പരിപാടിയാണിത്. ഐസിഎആർ - സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി (സിപിസിആർഐ) സംയുക്തമായാണ് കെ എസ്‌സിഎസ്ടിഇ ആർഐഎം -2022 സംഘടിപ്പിച്ചത്. റൂറൽ ഇന്നൊവേറ്റേഴ്സ് മീറ്റിൽ മുപ്പത്തിനാല് ടീമുകൾ തങ്ങളുടെ നൂതനാശയങ്ങൾ അവതരിപ്പിച്ചു.

ശാസ്ത്ര-സാങ്കേതിക രംഗത്തെ ഗവേഷണവും വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിനും അക്കാദമിക്, ആർ ആൻഡ് ഡി എന്നിവയ്ക്ക് ഒരു സംവേദനാത്മക വേദി നൽകുന്നതിനുമായി കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് ( കെ എസ് സി എസ് ടി ഇ) നടത്തുന്ന വാർഷിക പരിപാടിയാണ് കേരള ശാസ്ത്ര കോൺഗ്രസ്. 31-ാംമത് ശാസ്ത്ര കോൺഗ്രസ് 2023 ഫെബ്രുവരിയിൽ സംഘടിപ്പിച്ചു. 35-ാമത് കേരള ശാസ്ത്ര കോൺഗ്രസിന്റെ കേന്ദ്ര വിഷയം "മനുഷ്യക്ഷേമത്തിനായുള്ള നാനോ സയൻസും നാനോ ടെക്നോളജിയും" എന്നതായിരുന്നു, അതിൽ എസ് സി ഐ എസ് ഒ എൽ, വാക്ക് വിത്ത് സയന്റിസ്റ്റ്സ് എന്നീ രണ്ട് പുതിയ സംരംഭങ്ങൾ അവതരിപ്പിച്ചു, സയൻസ് കോൺഗ്രസ് നടക്കുന്ന ജില്ലയിലെ പ്രാദേശിക സാമൂഹിക പ്രശ്നങ്ങൾക്ക് ശാസ്ത്ര-സാങ്കേതിക-അധിഷ്ഠിത പരിഹാരങ്ങൾ കണ്ടെത്താനും നിർദ്ദേശിക്കാനും യുവ ശാസ്ത്ര പ്രേമികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു പരിപാടിയാണിത്. ശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ശാസ്ത്രജ്ഞരുമായി ചർച്ച ചെയ്യുന്നതിനായുള്ള സവിശേഷമായ ഒരു സംരംഭമാണ് വാക്ക് വിത്ത് സയന്റിസ്റ്റ്സ് പ്രോഗ്രാം.

**4. ശാസ്ത്ര സാങ്കേതിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം**

സർവ്വകലാശാലകളിലും കോളേജുകളിലും സ്കൂളുകളിലും ശാസ്ത്രീയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഗവേഷണം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടി സ്ഥാപനങ്ങളിൽ ലാബുകളും അനുബന്ധ സൗകര്യങ്ങളും സൃഷ്ടിക്കുന്നതിന് കൗൺസിൽ സാമ്പത്തിക സഹായം നൽകുന്നു. ഇതിനായി കൗൺസിൽ നടപ്പിലാക്കിയ രണ്ട് പദ്ധതികളാണ് സെലക്റ്റീവ് ഓമെന്റേഷൻ ഓഫ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് (എസ് എ ആർ ഡി) ശാസ്ത്രപോഷിണി എന്നിവ. എസ് എ ആർ ഡി പ്രോഗ്രാമിന് കീഴിൽ, ഉപകരണങ്ങൾ വാങ്ങി അതിന്റെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് ലബോറട്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഗ്രാന്റുകൾ നൽകും. ഈ പരിപാടിയിലൂടെ, 2022 വരെ 72 സയൻസ് പോസ്റ്റ് ഗ്രാജുവേറ്റ് വകുപ്പുകൾക്കും / ആർ & ഡി ലബോറട്ടറികൾക്കും ഗവേഷണം നടത്തുന്നതിനും അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകി. ഓരോ വർഷവും ഏകദേശം 3 മുതൽ 4 വരെ ലബോറട്ടറികളെ ഈ പദ്ധതിക്ക് കീഴിൽ ശക്തിപ്പെടുത്തുന്നു.

ഹൈസ്കൂളുകളിൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നിവയിൽ മാതൃകാ സയൻസ് ലബോറട്ടറികൾ സ്ഥാപിക്കാൻ ശാസ്ത്രപോഷിണി പദ്ധതി ലക്ഷ്യമിടുന്നു. (എട്ട് സർക്കാർ ഹൈസ്കൂളുകൾ) ശാസ്ത്രപോഷിണി മോഡൽ സയൻസ് ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടു. പരിപാടിയുടെ ഭാഗമായി, കുസാറ്റിലെ സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റിയിലെ (സി-എസ്ഐഎസ്) ഫിസിക്സ്, കെമിസ്ട്രി, ബയോളജി ലബോറട്ടറികളുടെ ചുമതലയുള്ള തിരഞ്ഞെടുത്ത അധ്യാപകർക്ക് വിവിധ വിഷയങ്ങളിൽ നിന്നുള്ള പ്രമുഖ വിദഗ്ധർ/അക്കാദമീഷ്യൻമാർ എന്നിവർ ചേർന്ന് മൂന്ന് ദിവസത്തെ പരിശീലനം നൽകി.

**5. സാങ്കേതിക വികസനവും കൈമാറ്റവും**

**i) ബൗദ്ധിക സ്വത്തവകാശ വിവര കേന്ദ്രം – കേരളം (ഐപിആർഐസി–കെ)**

എല്ലാ ബൗദ്ധിക സ്വത്തവകാശവുമായി (ഐപിആർ) ബന്ധപ്പെട്ട സേവനങ്ങൾക്കും കാര്യങ്ങൾക്കുമുള്ള കേരളത്തിന്റെ നോഡൽ ഏജൻസിയാണ് ഐപിആർഐസി-കെ. 2023 ഓഗസ്റ്റ് 31 വരെ 52 ഐപിആർ ബോധവൽക്കരണ പരിപാടികൾ

സംഘടിപ്പിക്കുകയും ഏകദേശം 6,000 പേർക്ക് ഈ പരിപാടിക്ക് കീഴിൽ ബോധവൽക്കരണം നൽകുകയും ചെയ്തു. 80 പേറ്റന്റ് ഫെസിലിറ്റേഷൻ അപേക്ഷകളിൽ നടപടിയെടുക്കുകയും 6 പേറ്റന്റുകളും ഒരു പകർപ്പവകാശവും ഫയൽ ചെയ്യാൻ സൗകര്യമൊരുക്കുകയും ചെയ്തു. ഈ കാലയളവിൽ അഞ്ച് പേറ്റന്റുകൾ അനുവദിച്ചു. എഞ്ചിനീയറിംഗ് കോളേജുകളിൽ രണ്ട് ഐപിആർ സെല്ലുകൾ സ്ഥാപിക്കുകയും ഡിഎസ്‌ടിയുടെ കെഐആർഎഎൻ ഐപിആർ പദ്ധതിക്ക് കീഴിൽ 3 ഉദ്യോഗാർത്ഥികൾക്ക് ഐപിആർ-ൽ പരിശീലനം നൽകുകയും ചെയ്തു.

### ii) എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി പ്രോഗ്രാം (ഇടിപി)

സംസ്ഥാനത്ത് വളർന്നുവരുന്ന എഞ്ചിനീയറിംഗ്, സാങ്കേതികവിദ്യാ മേഖലകളിൽ ഉയർന്ന നിലവാരമുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്കും ഗവേഷണ സ്ഥാപനങ്ങൾ/ഗവേഷണ ലബോറട്ടറികളിൽ നിന്നുള്ള ശാസ്ത്രജ്ഞർക്കുമുള്ള കെ.എസ്.സി.എസ്.ടി.ഇയുടെ ഒരു ഗവേഷണ സഹായ പരിപാടിയാണ് ഇടിപി. ഈ പരിപാടിക്ക് കീഴിൽ, 11 പുതിയ ഗവേഷണ പദ്ധതികൾ (ഓഗസ്റ്റ് 31, 2023 വരെ) നടപ്പിലാക്കുന്നതിന് അനുമതി ലഭിക്കുകയും നിലവിലെ , 12 ഗവേഷണ പ്രോജക്ടുകൾ പൂർത്തിയാക്കുകയും ചെയ്തു.

### iii)ടെക്നോളജി ഡെവലപ്മെന്റ് ആൻഡ് അഡാപ്റ്റേഷൻ പ്രോഗ്രാം (ടിഡിഎപി)

നൂതനവും ആവശ്യാധിഷ്ഠിതവുമായ സാങ്കേതിക വിദ്യയുടെ വികസനത്തിനും പ്രദർശനത്തിനും പിന്തുണ നൽകുന്നതിന് ടെക്നോളജി ഡെവലപ്മെന്റ് ആൻഡ് അഡാപ്റ്റേഷൻ പ്രോഗ്രാം (ടിഡിഎപി) വിഭാവനം ചെയ്തിരിക്കുന്നു. 2022-23-ൽ, നടന്നുകൊണ്ടിരിക്കുന്ന ഒരു പദ്ധതിക്ക് സാമ്പത്തിക ഗ്രാന്റ് അനുവദിച്ചു.

### iv)റൂറൽ ടെക്നോളജി പ്രോഗ്രാം (ആർടിപി)

പരമ്പരാഗത ഗ്രാമീണ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും അവ നവീകരിക്കുന്നതിനുമായി ഗ്രാന്റുകളുടെ രൂപത്തിൽ സഹായം നൽകുന്നതിന് വേണ്ടിയാണ് ആർടിപി പദ്ധതി ആരംഭിച്ചത് വിപുലമായ ആപ്ലിക്കേഷനുകൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ ഗ്രാമീണ കുടുംബങ്ങളുടെ ജോലിഭാരം കുറയ്ക്കുന്നതിനും ഇത് സഹായിക്കും. അടിസ്ഥാന തലത്തിലുള്ള വ്യക്തികളുടെ നൂതന കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കുകയും അവരുടെ നൂതന ആശയങ്ങൾ മികച്ചതാക്കുക അവരെ ഒരു സംരംഭക തലത്തിലേക്ക് ഉയർത്തുന്നതിനുള്ള സാങ്കേതിക പിന്തുണ നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. 2022-23 കാലയളവിൽ നിലവിലെ മൂന്ന് പ്രോജക്ടുകൾക്ക് സാമ്പത്തിക സഹായം അനുവദിച്ചു.

### 6. ശാസ്ത്രസാങ്കേതിക വിദ്യയിൽ വനിതകൾക്കായുള്ള പരിപാടികൾ

ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, കൃഷി, വൈദ്യശാസ്ത്രം എന്നീ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി കെഎസ്‌സിഎസ്‌ടിഇ നിരവധി പരിപാടികളും പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. സ്ത്രീകളെയും പെൺകുട്ടികളെയും ശാസ്ത്രമേഖലയിൽ ജോലി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നതിലേക്കായി ഒരു പിന്തുണാ സംവിധാനം നൽകുന്നു. തൊഴിലിൽ ഇടവേള എടുത്ത ശേഷം സ്ത്രീകൾക്ക് പുന:പ്രവേശനം നൽകുവാൻ ഈ പരിപാടികൾ സഹായകമാകുന്നു. ഈ മേഖലയിൽ കൗൺസിൽ നടത്തുന്ന പ്രധാന പരിപാടികൾ താഴെ പറയുന്നവയാണ്.

ബാക്ക്-ടു-ലാബ് റിസർച്ച് ഫെല്ലോഷിപ്പ് പരിപാടി - കുടുംബ പ്രതിബദ്ധതകൾ കാരണം ഗവേഷണ ജീവിതത്തിൽ ഇടവേള എടുക്കേണ്ടി വന്ന കേരളത്തിലെ സ്ത്രീകൾക്ക് മുഖ്യധാരയിലേക്ക് മടങ്ങിവരുന്നതിന് പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ് നൽകാനാണ് ഇത് ലക്ഷ്യമിടുന്നത്. ഇതുവരെ, ബാക്ക്-ടു ലാബ് പ്രോഗ്രാമിലൂടെ 78 വനിതാ ഗവേഷകർക്ക് ശാസ്ത്രരംഗത്തേക്ക് തിരികെ പ്രവേശിക്കാൻ സഹായകമായി, അതിൽ 35 ഗവേഷകർ പിഎച്ച്.ഡി നേടിയിട്ടുണ്ട്. 2022-23-ൽ ആകെ 27 ബാക്ക്-ടു-ലാബ് റിസർച്ചും 26 പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ് പ്രോജക്റ്റുകളും പ്രവർത്തിച്ചിരുന്നു, അതിൽ മൂന്ന് പ്രോജക്ടുകൾ പൂർത്തിയായി. ജേർണലുകളിലും കോൺഫറൻസുകളിലും ബാക്ക്-ടു-ലാബ് പ്രോഗ്രാമിന് കീഴിൽ വനിതാ ഗവേഷകർ 23 ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്, അതിൽ 20 പ്രസിദ്ധീകരണങ്ങൾ അന്താരാഷ്ട്ര തലത്തിലുള്ളവയാണ്. 2022-ൽ രണ്ടു മികച്ച പേപ്പർ അവാർഡുകളും നാല് പുസ്തക അധ്യായങ്ങളും 15 ജെൻബാങ്ക് സമർപ്പണങ്ങളും ഉണ്ടായിരുന്നു. ഒരു ഗവേഷക 2022-ൽ ഫെലോഷിപ്പ് സ്കീമിന് കീഴിൽ പിഎച്ച്.ഡി പൂർത്തിയാക്കി.

'വിമൻ ഇൻ സയൻസ് ഇൻ കേരളയിലെ ഡാറ്റാബേസ് തയ്യാറാക്കുന്ന പദ്ധതി. - സംസ്ഥാനത്തെ വിവിധ ശാസ്ത്ര മേഖലകളിലെ സ്ത്രീ പ്രാതിനിധ്യം സംബന്ധിക്കുന്ന അടിസ്ഥാന ഡാറ്റ ലഭിക്കുന്നതിനായി വികസിപ്പിച്ച ഓൺലൈൻ ഡയറക്ടറിയിൽ 3,228 രജിസ്ട്രേഷനുകൾ (2023 മാർച്ച് 31 വരെ) നടത്തി. 2022ൽ 61 പുതിയ രജിസ്ട്രേഷനുകൾ നടന്നിട്ടുണ്ട്.

ii. സ്റ്റാർസ് (സ്റ്റുഡന്റ്സ് വിത്ത് ടാലന്റ് ആന്റ് ആപ്റ്റിറ്റ്യൂഡ് ഫോർ റിസർച്ച് ഇൻ സയൻസ്) പരിപാടി കഴിവുള്ള വിദ്യാർത്ഥികളെ ബേസിക് അല്ലെങ്കിൽ അപ്ലൈഡ് സയൻസസിൽ ഉന്നത വിദ്യാഭ്യാസം നേടുന്നതിന് പ്രോത്സാഹിപ്പിക്കുന്നു. പ്രതിഭ സ്കോളർഷിപ്പ്, എസ്.പി.ഇ.ഇ.ഡി വിദ്യാർത്ഥികൾക്കായുള്ള പ്രോഗ്രാം എന്നിവയാണ് പദ്ധതിക്ക് കീഴിൽ നടപ്പിലാക്കിയ രണ്ട് പ്രോഗ്രാമുകൾ, ഇത് പ്രതിഭാ സ്കോളേഴ്സിന് വേണ്ടിയുള്ള ലബോറട്ടറി ഓറിയന്റേഷൻ പ്രോഗ്രാമാണ്. പെൺകുട്ടികൾക്ക് മതിയായ പ്രാതിനിധ്യം

ഉറപ്പാക്കുന്നതാണ് പദ്ധതി. പ്രതിഭ സ്കോളർഷിപ്പ് പ്രോഗ്രാം നമ്മുടെ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിന് ഗണ്യമായ സംഭാവന നൽകി, പ്രത്യേകിച്ച് അടിസ്ഥാന ശാസ്ത്രങ്ങളിലെ ഗവേഷണത്തിലെ വിടവ് പരിഹരിക്കുന്നതിൽ. ഈ പദ്ധതി പ്രകാരം 568 ബിരുദ വിദ്യാർത്ഥികളും 352 ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും സ്കോളർഷിപ്പ് നേടിയിട്ടുണ്ട്. നടന്നുകൊണ്ടിരിക്കുന്ന യു.ജി & പി.ജി ബാച്ചുകളിൽ 122 വിദ്യാർഥികൾക്കും പുതുതായി തിരഞ്ഞെടുത്ത ഒന്നാം വർഷ യു.ജി. കോഴ്സിലെ 50 വിദ്യാർത്ഥികൾക്കും (ആകെ 172 വിദ്യാർത്ഥികൾ) 2022-23 സാമ്പത്തിക വർഷത്തിൽ പ്രതിഭ സ്കോളർഷിപ്പ് ലഭിച്ചു.

**2. ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്കുള്ള സഹായധനം**

i. സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (എസ്ടിഐസി) - പരിശോധന, കാലിബ്രേഷൻ, മെറ്റീരിയൽ സ്വഭാവം, നൈപുണ്യ വികസനം, കൺസൾട്ടൻസി, പരിശീലനം തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾക്കായി കെഎസ്സിഎസ്ടിഇയുടെ ഒരു ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമാണ് സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (എസ്ടിഐസി). നിലവിൽ എസ്ടിഐസി-ക്ക് കാലിബ്രേഷൻ ആൻഡ് ടെസ്റ്റിംഗ് സേവനങ്ങൾ (സി.റ്റി.എസ്) ഡിവിഷനും, ഭാരതസർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ പിന്തുണയുള്ള സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ഫെസിലിറ്റി (എസ്എഐഎഫ്) എന്നറിയപ്പെടുന്ന അനലിറ്റിക്കൽ ഡിവിഷനും ഉണ്ട്. ഇത് ഭാരതസർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ് പിന്തുണയ്ക്കുന്നുണ്ട്. ഇന്ത്യയുടെ സോളാർ പിവി മൊഡ്യൂൾ ടെസ്റ്റിംഗ് ലാബിനുള്ള എസ് റ്റിഐസി-അനെർട്ട് (സ്റ്റാർട്ട്) സൗകര്യം അനെർട്ടിന്റെ സാമ്പത്തിക സഹായത്തോടെയാണ് കേരളത്തിൽ ആദ്യമായി സ്ഥാപിക്കുന്നത്. കെ.എസ്.സി.എസ്.ടി.ഇ.യുടെ പ്രത്യേക പരിപാടിക്ക് കീഴിലാണ് ഫുഡ് ടെക്നോളജി ഡെവലപ്മെന്റ് ആൻഡ് ടെസ്റ്റിംഗ് ഫെസിലിറ്റി സ്ഥാപിക്കുന്നത്. 2022-23 വർഷത്തിൽ, വ്യവസായമേഖലകളിൽ നിന്നുള്ള 409 ഉപഭോക്താക്കളിൽ നിന്ന് ലഭിച്ച 4738 ഉപകരണങ്ങളുടെ കാലിബ്രേഷൻ ഈ ഡിവിഷൻ നടത്തി. 2022-23 കാലയളവിൽ, ലാബ് സ്ഥിരമായി കൃത്യവും സമയബന്ധിതവുമായ ഫലങ്ങൾ നൽകി, ഉപഭോക്താക്കൾക്ക് നൽകിയ സേവനങ്ങളിൽ നിന്ന് ആകെ 230.70 ലക്ഷം രൂപ വരുമാനം നേടുകയുമുണ്ടായി.

ii. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐആർടിസി) ഒരു ഗവേഷണ വികസന സ്ഥാപനമാണ്, ഇത് ഊർജ്ജ സംരക്ഷണവും പരിപാലനവും, ഹരിത ഊർജ്ജ പ്രചരണം, പ്രകൃതിവിഭവ സംരക്ഷണ പരിപാടികൾ, പ്രാദേശിക തലത്തിലുള്ള ഇടപെടലുകൾ, സാങ്കേതിക കൈമാറ്റ പദ്ധതികൾ തുടങ്ങിയ സാമൂഹിക പ്രസക്തിയുള്ള പ്രശ്നങ്ങൾ ഏറ്റെടുക്കുന്നു. ഈ പരിപാടിയുടെ പ്രധാന നേട്ടങ്ങൾ ഇവയാണ്:

- ഭക്ഷ്യസുരക്ഷ -250 പുതിയ കർഷകർക്ക് ഉയർന്ന സാന്ദ്രതയുള്ള മത്സ്യകൃഷിക്കായി പരിശീലനം നൽകി
- മാലിന്യ സംസ്കരണം - 800 ലിറ്റർ കോൺസൺട്രേറ്റഡ് ഇനോക്കുലത്തിന്റെ ഉത്പാദനം
- ഊർജ്ജം - ഒരു മെഗാവാട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയിൽ കൺസൾട്ടൻസി സേവനങ്ങൾ
- കൃഷി- കർഷകർക്ക് അധിക വരുമാനത്തിനായി നബാർഡ് കെഎഫ്ഡബ്ല്യു മണ്ണ് പദ്ധതി, 10,000 കൂൺ വിത്ത് യൂണിറ്റുകളുടെ ഉത്പാദനം. കർഷകരുടെ പങ്കാളിത്തത്തോടെ എട്ട് വാട്ടർഷെഡുകളുടെ വാട്ടർ ബജറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി.
- ട്രൈബൽ ഡെവലപ്മെന്റ് - (കാപ്പി നട്ട് വളർത്തുന്നതിലൂടെ) ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനായി 500 ഓളം ആദിവാസി കർഷകരെ പിന്തുണയ്ക്കുന്ന ടിഡിഎഫ് ഡബ്ല്യു.എ.ഡി.ഐ പദ്ധതി. ആദിവാസി വികസന ഫണ്ട് (ടിഡിഎഫ് ഡബ്ല്യു.എ.ഡി.ഐ ) പദ്ധതി പ്രകാരം നിലമ്പൂരിലെ ആദിവാസി കർഷകർക്ക് ഒരു ലക്ഷം കിലോ ജൈവവളം തയ്യാറാക്കി വിതരണം ചെയ്തു. മൂന്നു ഗ്രാവിറ്റി ഫ്ലോയും രണ്ട് ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുകളും 200 ഹെക്ടർ ആദിവാസി കർഷകരുടെ ഭൂമിയിൽ ജലസേചനം ചെയ്യുന്നതിനായി ആദിവാസി മേഖലയിൽ ഡബ്ല്യു.എ.ഡി.ഐ ൽ കമ്മീഷൻ ചെയ്തു.
- കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ഉചിതമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് അവരെ സഹായിക്കുന്നതിനുമായി "ബയോടെക് -കൃഷി ഇന്നൊവേഷൻ സയൻസ് ആപ്ലിക്കേഷൻ നെറ്റ്‌വർക്ക് (ബയോടെക്-കിസാൻ)" എന്ന പ്രോഗ്രാമിന് കീഴിൽ ഐആർടിസിയിൽ ബയോടെക് കിസാൻ ഹബ് ഫെസിലിറ്റേഷൻ സെന്റർ നടപ്പിലാക്കി.
- നബാർഡ്-ഫാം സെക്ടർ പ്രൊമോഷൻ ഫണ്ട് (എഫ്.എസ്.പി.എഫ്) പാലക്കാട് ജില്ലയിൽ ബയോഫ്ലോക് മത്സ്യകൃഷി പ്രചരിപ്പിക്കുക. പരിശീലനം ലഭിച്ച കർഷകർക്ക് (300 എണ്ണം) ശക്തമായ പിന്തുണ നല്കിവരുന്നു.
- പിഎംകെഎസ് വൈ (പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന) 2.0 ഭാരതസർക്കാർ-കേരളത്തിലെ പെരിന്തൽമണ്ണ, ശ്രീകൃഷ്ണപുരം ബ്ലോക്ക് എന്നിവയ്ക്കായി ഡിപിആർ തയ്യാറാക്കി ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷനായി (ടി.എസ്.ഒ) ഐ.ആർ.ടി.സി പ്രവർത്തിക്കുന്നു.
- കേരളത്തിലെ സെക്കൻഡറി വിദ്യാഭ്യാസത്തിൽ ജില്ലാ പഞ്ചായത്തുകളുടെ സംഭാവന മെച്ചപ്പെടുത്തുന്നതിനുള്ള തന്ത്രങ്ങളും പ്രവർത്തന നടപടികളും വികസിപ്പിക്കുന്നതിനായി, യുനിസെഫ് സഹായത്തോടുകൂടിയുള്ള പഠനം - കേരളത്തിലെ സെക്കൻഡറി വിദ്യാഭ്യാസത്തിൽ ജില്ലാ പഞ്ചായത്തുകളുടെ പങ്ക് വിശകലനം ചെയ്തു.
- എംജിഎൻആർഇജിഎസ് ഗവേഷണ പഠനം വയനാട്, കൽപ്പറ്റ ബ്ലോക്കിൽ പഠനത്തിന്റെ ഭാഗമായി 459 വീടുകളുടെ സർവേ പൂർത്തിയാക്കുകയും, വിവിധ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ (എഫ്ജിഡി) സംഘടിപ്പിക്കുകയും ചെയ്തു.
- ഐആർടിസി സ്കൂൾ കുട്ടികൾക്കായി സ്ഥാപിച്ച സ്റ്റുഡന്റ്സ് സയൻസ് ആക്റ്റിവിറ്റി സെന്ററിൽ അവർക്ക് അടിസ്ഥാന ശാസ്ത്രം, വസ്തുതകൾ, ജിജ്ഞാസ വളർത്താൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് നേരിട്ട് അനുഭവിച്ചറിയാൻ സാധിക്കും.
- തദ്ദേശീയ സൂക്ഷ്മാണുക്കളെ ഉപയോഗിച്ച്

വേഗത്തിലുള്ള ജൈവ കമ്പോസ്റ്റിംഗിനായി കൂടിയ ഉയരം, താഴ്ന്ന താപനില, പ്രാദേശിക നിർദ്ദിഷ്ട കൺസോർഷ്യ എന്നിവയുടെ വികസനവും മൂന്നാറിൽ മെച്ചപ്പെട്ട വിന്റോ കമ്പോസ്റ്റിംഗ് വിജയകരമായി നടപ്പിലാക്കലും യുഎൻഡിപിയുമായി ചേർന്ന് പൂർത്തിയാക്കി.

- മൈക്രോബിയൻ ഫെർട്ടിലൈസറായ വെസിക്കുലാർ അർബസ്കുലർ മൈക്കോറൈസ (വിഎഎം) കർഷകരുടെ സ്വയം സഹായ സംഘങ്ങൾ വൻതോതിൽ ഉത്പാദിപ്പിച്ചു. ഈ ഉദ്യമത്തിന് സാങ്കേതിക പിന്തുണയും ഗുണനിലവാര നിയന്ത്രണവും നൽകിയത് ഐആർടിസി പരിസ്ഥിതി ലബോറട്ടറിയാണ്.
- പാലക്കാട് ജില്ലയിലെ പട്ടഞ്ചേരിയിൽ 50,000 ലിറ്റർ ശേഷിയുള്ള ബയോ ഫ്ലോക്ക്, ആർഎഎസ് അക്വാകൾച്ചർ കൺവേർട്ടബിൾ യൂണിറ്റ് ഫാബ്രിക്കേറ്റ് ചെയ്തിട്ടുണ്ട്.
- പ്രാദേശിക കാലാവസ്ഥാ നിരീക്ഷണത്തിനും ആദിവാസി കർഷകർക്ക് കാലാവസ്ഥാ ഉപദേശങ്ങൾക്കുമായി ചാലിയാറിലും ഉറാങ്ങാട്ടിരിയിലും ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ സ്ഥാപിച്ചു.
- 2022-23 കാലയളവിൽ, കോൺഫറൻസുകൾ/ സെമിനാറുകളിൽ 4 പ്രസിദ്ധീകരണങ്ങൾ, ജേണലുകളിൽ 10, രണ്ട് പുസ്തക അധ്യായങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുകയും 450 ഗവേഷകരേയും 653 സാങ്കേതിക വ്യക്തികളേയും കേന്ദ്രം പ്രവർത്തിക്കുന്നത് പരിശീലിപ്പിക്കുകയും ചെയ്തു.

iii. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (എം.എസ്.എസ്.ആർ.എഫ്) റീജിയണൽ സ്റ്റേഷൻ, വയനാട് - പരിസ്ഥിതിയുടെയും സാമ്പത്തിക ശാസ്ത്രത്തിന്റെയും തത്ത്വങ്ങൾ സമന്വയിപ്പിക്കുന്ന കൃഷിരീതികൾ ജനകീയമാക്കാനാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. പ്രധാന നേട്ടങ്ങൾ ഇവയാണ്:

- ഡയോസ്കോറിയ (40), വൈൽഡ് ഡയോസ്കോറിയ (10), കൊളോകേഷ്യ/അലോകേഷ്യ (9), കൃഷി ചെയ്ത കുർക്കുമ (8), വൈൽഡ് കുർക്കുമ (4), കൗപീ (20), പയർവർഗ്ഗങ്ങൾ, ഇലക്കറികൾ, കാട്ടുഭക്ഷണങ്ങൾ, ആർഇടി സ്പീഷീസ് (157) എന്നിവ പരിപാലിക്കപ്പെടുന്നു.
- കിഴങ്ങുവർഗ്ഗങ്ങളുടെ ഒരു കമ്മ്യൂണിറ്റി കൺസർവേഷൻ പ്ലോട്ട് 18 ഡയോസ്കോറിയ ഇനങ്ങളുടെ സംരക്ഷണം വർദ്ധിപ്പിക്കുകയും 1363 കിലോഗ്രാം വിളവും 34000 രൂപ മൊത്ത വരുമാനവും നൽകുകയും ചെയ്തു.
- വയനാട് കമ്മ്യൂണിറ്റി സീഡ് ഫെസ്റ്റ് 2023-ൽ 4 ട്രൈബൽ കൺസർവേറ്റർമാർക്ക് സമ്മാനം നൽകുകയും 1500-ലധികം പേർ പങ്കെടുക്കുകയും ചെയ്തു.
- വയനാട്ടിലെ കാർഷിക സാധ്യതകളിൽ കാലാവസ്ഥാ വ്യതിയാന പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തി 32 ക്ലൈമറ്റ് അഡാപ്റ്റേഷൻ രീതികളും 9 പ്രധാന സമ്പ്രദായങ്ങൾ ഉൾപ്പെടുകയും തുടർന്ന് കർഷകരിലും കൃഷിയിലും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ പഠനം തിരിച്ചറിഞ്ഞു. എൻ.ഡി.എഫ്.പി കളുടെ ഉപയോഗം (വ്യക്തിപരവും വാണിജ്യപരവും), വിപണിയും വെല്ലുവിളികളും അവസരങ്ങളും സംബന്ധിച്ച ഒരു പഠനം 12 പ്രധാന എൻ ടി എഫ് പി-കളെ എടുത്തുകാണിച്ചു.
- എംഎസ്എസ്ആർഎഫ് സിഎബിസി, വയനാട് ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ആക്ഷൻ കൗൺസിലുമായി (ഡബ്ല്യുഡിടിഡിഎസി) 2022 സെപ്റ്റംബർ 19 മുതൽ 24 വരെ ന്യൂഡൽഹിയിൽ നടന്ന ഭക്ഷ്യ-കാർഷിക സസ്യ ജനിതക ഉറവിടങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്ര ഉടമ്പടിയുടെ (ഐടിപിജിആർഎഫ്എ) ഒമ്പതാമത് സെഷനിൽ പങ്കെടുത്ത് പശ്ചിമഘട്ടത്തിലെ വിള വൈവിധ്യം പ്രദർശിപ്പിച്ചു
- നൂറിലധികം പേർ പങ്കെടുത്ത 'Dieary Diversity to address Hidden Hunger' എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ച് ലോക ഭക്ഷ്യദിനം ആചരിച്ചു. കാർഷിക ജൈവ വൈവിധ്യ സംരക്ഷണത്തിനായി നടത്തിയ പരിശ്രമങ്ങൾക്ക് ഭക്ഷ്യ മേഖലയിലെ പ്രമുഖ പ്രവർത്തകർക്ക് പാരിതോഷികം നൽകി.
- പശ്ചിമഘട്ടത്തിലെ Ixoralavanya, Henekeliaviridiflora എന്ന രണ്ട് പുതിയ സ്പീഷീസുകളെ തിരിച്ചറിയുന്നതിൽ ഈ കേന്ദ്രം സംഭാവന നൽകി.
- 2022-23 കാലയളവിൽ, കോൺഫറൻസുകളിൽ/ സെമിനാറുകളിൽ മൂന്ന് പ്രസിദ്ധീകരണങ്ങൾ, ജേണലുകളിൽ 13, മൂന്ന് പുസ്തക അധ്യായങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുകയും രണ്ട് PhD-കൾ നൽകുകയും ചെയ്തു.

### 3. ബയോടെക്നോളജി വികസനം

ബയോടെക്നോളജി ഡെവലപ്മെന്റ് പ്രോഗ്രാം, യംഗ് ഇൻവെസ്റ്റിഗേറ്റേഴ്സ് പ്രോഗ്രാം ഇൻ ബയോടെക്നോളജി (വൈഐപിബി), ഇൻഡസ്ട്രി ലിങ്ക്ഡ് ബയോടെക്നോളജി റിസർച്ച് സ്കീം (ഐബിആർഎസ്), ബയോടെക്നോളജി ഇന്നൊവേഷൻ ഫോർ റൂറൽ ഡെവലപ്മെന്റ് (ബിഐആർഡി), ബയോടെക്നോളജി ട്രെയിനിംഗ് ആൻഡ് വർക്ക്ഷോപ്പ് പ്രോഗ്രാം (ബിടിഡബ്ല്യു), കേരള ബയോടെക്നോളജി റീ-എൻട്രി ഫെല്ലോഷിപ്പ് (കെ-ബിഐആർഇ ഫെല്ലോഷിപ്പ്), ചീഫ് മിനിസ്റ്റർ കരിയർ അഡ്വാൻസ്മെന്റ് പ്രോഗ്രാം ഇൻ ബയോടെക്നോളജി (സിഎബി) എന്നിവ ബയോടെക്നോളജി വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ബയോടെക്നോളജി പോളിസിയും ബയോടെക്നോളജി ബോർഡ് കൊണ്ടുവരുന്ന മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും നടപ്പിലാക്കുന്നത് കേരള ബയോടെക്നോളജി കമ്മീഷൻ (കെബിസി) ആണ് ബയോടെക്നോളജി മേഖലയിലെ ഗവേഷണ-വികസനവും വ്യാവസായിക വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിൽ കമ്മീഷൻ പ്രധാന പങ്ക് വഹിക്കുന്നു.

- ഒരു സ്റ്റാർട്ട്-അപ്പ് കമ്പനിയുമായി സഹകരിച്ച് ബയോ എന്റർപ്രണർഷിപ്പ് പരിശീലനം നടത്തുക എന്നതാണ് പ്രോഗ്രാമിന് കീഴിലുള്ള ഒരു പ്രധാന സംരംഭം. ഒരു ഏകദിന അടിസ്ഥാന സംരംഭകത്വ പരിപാടിയുടെ ആദ്യ ഘട്ടത്തിൽ ഏകദേശം 250 ബയോടെക്നോളജി വിദ്യാർത്ഥികൾ പങ്കെടുത്തു.
- ഡിബിടി- സ്കിൽ വിജ്ഞാൻ സ്റ്റേറ്റ് പാർട്ണർഷിപ്പ് പ്രോഗ്രാം ഇൻ ബയോടെക്നോളജി ആന്റ് ലൈഫ് സയൻസ് ഭാരത സർക്കാർ ഡിപ്പാർട്ട്മെൻറ് ഓഫ് ബയോടെക്നോളജി ഡി.ബി.ടി- കേരള സർക്കാർ ബയോടെക്നോളജി കമ്മീഷനുമായി സഹകരിച്ച് സംസ്ഥാനത്തെ 15 അക്കാദമിക് ഗവേഷണ വികസന സ്ഥാപനങ്ങളുമായി സഹകരിച്ച് മൂന്ന് വർഷത്തേക്ക് 6.368 കോടി രൂപ പ്രധാനപ്പെട്ട ബയോടെക്നോളജി/ലൈഫ് സയൻസ്

മേഖലകളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ബയോടെക്നോളജി പരിശീലനം നൽകുന്നതിന് അനുവദിച്ചു.

- 2022-23-ൽ കോൺഫറൻസുകൾ സെമിനാറുകളിൽ മൂന്ന് അന്താരാഷ്ട്ര , 13 ദേശീയ പ്രസിദ്ധീകരണങ്ങൾ ജേണലുകളിൽ 19, മൂന്ന് പുസ്തക അധ്യായങ്ങൾ, എന്നിവ ഈ പ്രോഗ്രാമിന് കീഴിൽ പ്രസിദ്ധീകരിക്കുകയും ഒരു പി എച്ച്ഡി നൽകുകയും ചെയ്തു.

### 4. കെഎസ് സിഎസ് ടിഇ യുടെ പ്രത്യേക പരിപാടികൾ

പ്രത്യേക മേഖലകളിൽ ലോകോത്തര ഗവേഷണം നടത്തുന്നതിനായി സംസ്ഥാനത്ത് നിന്നുള്ള ഏതാനും സെന്റർ ഓഫ് എക്സലൻസ് (സിഇഒ) പരിപോഷിപ്പിക്കുന്നതിനായി കെ എസ് സി ടി ഇ വിഭാവനം ചെയ്ത ഒരു സവിശേഷ പദ്ധതിയായ ശാസ്ത്ര സാങ്കേതിക ആപ്ലിക്കേഷനുകളിലെ സംസ്ഥാന ഉന്നത ഗവേഷണ കേന്ദ്രങ്ങൾ (എസ് എച്ച് ആർ ഇ എസ് ടി എ) പ്രധാനമായും (i) വെള്ളപ്പൊക്കവും വരൾച്ചയും) (ii) വൈറൽ റിസർച്ച് (ബയോടെക്നോളജി) (iii) നാനോ ടെക്നോളജി iv) കാലാവസ്ഥാ വ്യതിയാനം, (v) റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ മേഖലകളിലാണ് ഗവേഷണം സാധ്യമാകുന്നത്. 2022-23 കാലയളവിൽ, പി എ സി- എസ് എച്ച് ആർ ഇ എസ് ടി എ യുടെ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി 'സെന്റർ ഓഫ് എക്സലൻസ് ഇൻ ഫൈറ്റോകെമിക്കൽ' നാനോ ടെക്നോളജി, തിരുവനന്തപുരം, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെഎൻടിബിജിആർഐ) ലേക്കും 'സെന്റർ ഓഫ് എക്സലൻസ് ഫോർ വാട്ടർ റിലേറ്റഡ് ഡിസാസ്റ്റർ മാനേജ്മെന്റ് ഓഫ് കേരള' കോഴിക്കോട്ടെ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സി.ഡബ്ല്യു.ആർ.ഡി.എം) ലേക്കും അനുമതി നൽകി. ഈ കാലയളവിൽ കോൺഫറൻസുകൾ/സെമിനാറുകളിൽ 23 പ്രസിദ്ധീകരണങ്ങൾ, ജേണലുകളിൽ 23 പ്രബന്ധങ്ങൾ, ഒരു പുസ്തക അധ്യായം എന്നിവ പ്രസിദ്ധീകരിക്കുകയും 46 ഔട്ട്റീച്ച് പ്രോഗ്രാമുകൾ നടത്തുകയും ചെയ്തു.

എസ് ടിഐസി-ൽ ഫുഡ് ടെക്നോളജി ഡെവലപ്മെന്റ് ആൻഡ് ടെസ്റ്റിംഗ് ഫെസിലിറ്റി: പദ്ധതിയുടെ ആദ്യഘട്ടത്തിൽ വാട്ടർ ക്വാളിറ്റി അനാലിസിസ് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. 2023 മെയ് മാസത്തിൽ ഈ സൗകര്യം ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു, ഇപ്പോൾ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. ഇക്കാലയളവിൽ ലാബ് മൊത്തം 295 സാമ്പിളുകൾ വിശകലനം ചെയ്യുകയും 197 ഉപഭോക്താക്കൾക്ക് നൽകുകയും 1,51,950/- രൂപ വരുമാനം നേടുകയും ചെയ്തു.

### III. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ്

കാലാവസ്ഥാ വ്യതിയാന ഗവേഷണത്തിനുള്ള സംസ്ഥാനതല ഉന്നത ഏജൻസിയായി പ്രവർത്തിക്കാൻ പരിസ്ഥിതി വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്ത കോട്ടയത്തെ ഒരു സ്വയംഭരണ ഗവേഷണ-വികസന കേന്ദ്രമാണ് കാലാവസ്ഥാ വ്യതിയാന പഠന ഇൻസ്റ്റിറ്റ്യൂട്ട്.(ഐ.സി.സി.എസ്). കാലാവസ്ഥാ വ്യതിയാനത്തിന്റെ അനിവാര്യമായ പ്രത്യാഘാതങ്ങൾക്കെതിരെ കേരളത്തെ ശാക്തീകരിക്കുകയും ശാസ്ത്രം, സാങ്കേതികവിദ്യ, നവീകരണം, സ്വയം അവബോധം എന്നിവയിലൂടെ സംസ്ഥാനത്തിന്റെ പ്രതിരോധശേഷിയും പൊരുത്തപ്പെടുത്തലും വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഐസിസിഎസിന്റെ കാഴ്ചപ്പാട്. 2022-23 ലെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്,

- ഐസിസിഎസ് 2022-ലെ കേരളത്തിന്റെ ക്ലൈമറ്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.
- കാലാവസ്ഥാ വ്യതിയാനത്തിന് കീഴിലുള്ള ഭാവിയിലെ ജലലഭ്യതയിലെ വ്യതിയാനം വിലയിരുത്തുന്നതിനായി 0.250° × 0.25°0 ഐഎംഡി മഴയെ സംബന്ധിക്കുന്ന ഡാറ്റ ഉപയോഗിച്ച് ഭാരതപ്പുഴയ്ക്കും പമ്പാ നദീതടത്തിനും എസ്ഡബ്ല്യുഎടി മാതൃക സജ്ജീകരിച്ചു.
- 2, 5, 10, 25, 50, 100 വർഷങ്ങളുടെ റിട്ടേൺ കാലാവധിക്കായുള്ള ഐഎംഡി ഗ്രിഡഡ് മഴയെ സംബന്ധിക്കുന്ന ഡാറ്റ ഉപയോഗിച്ച് കേരളത്തിന്റെ ഐസോപ്ലൂവിയൽ മാപ്പുകൾ വികസിപ്പിച്ചെടുത്തു.
- ഉയർന്ന സ്പേഷ്യൽ റെസലൂഷൻ ഉള്ള കേരളത്തിനായുള്ള മഴയെ സംബന്ധിക്കുന്ന ഒരു ഡാറ്റാസെറ്റിന്റെ വികസനം നടന്നു.
- കഴിഞ്ഞ 71 വർഷത്തിനിടയിൽ (1952-2022) കേരള തീരത്ത് അറബിക്കടലിന് മുകളിലുള്ള ന്യൂനമർദ സംവിധാനങ്ങളുടെ സ്പേഷ്യോ-ടെമ്പറൽ വിശകലനം നടത്തി.
- ദീർഘകാല (2001-2019) റിമോട്ട് സെൻസിംഗ് ഡാറ്റ ഉപയോഗിച്ച്, കേരളത്തിലെ ജില്ലകളിൽ എയറോസോൾ ലോഡിംഗിന്റെ സ്പേഷ്യോ-ടെമ്പറൽ വ്യതിയാനം മനസ്സിലാക്കുന്നതിന് വിശദമായ അന്വേഷണം നടത്തി.
- എയറോസോൾ ലോഡിംഗിന് കാരണമായ സാധ്യമായ ഉറവിടങ്ങൾ കണ്ടെത്തുന്നതിന് ട്രജക്ടറി ഫ്രീക്വൻസി വിശകലനം നടത്തി.
- ജലശാസ്ത്രവും കൃഷിയും ഉപജീവന പ്രശ്നങ്ങളുമായി സംയോജിപ്പിക്കൽ - എസ്ഇആർബി (സയൻസ് ആൻഡ് എഞ്ചിനീയറിംഗ് റിസർച്ച് ബോർഡ്) പ്രോജക്റ്റ്, പ്രാദേശിക കാലാവസ്ഥാ മേഖലകൾ നിർവചിക്കുന്നതിനും അതിലെ കാലാവസ്ഥാ വ്യതിയാനം കണ്ടെത്തുന്നതിനും ജൈവ-കാലാവസ്ഥാ വേരിയബിളുകൾ ഉപയോഗിച്ച് ഒരു പുതിയ ചട്ടക്കൂട് പര്യവേക്ഷണം ചെയ്യുകയും ചെയ്തു.
- 2022-23 ൽ, ഈ സ്ഥാപനം ജേണലുകളിൽ മൂന്ന് പേപ്പറുകളും കോൺഫറൻസുകളിൽ അഞ്ച് പേപ്പറുകളും ഒരു പുസ്തക അധ്യായവും പ്രസിദ്ധീകരിക്കുകയുണ്ടായി.

### ബി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

വാക്സിനുകൾ, ചെലവ് കുറഞ്ഞ മൾട്ടിപ്ലക്സ് ഡയഗ്നോസ്റ്റിക് പ്ലാറ്റ്ഫോമുകൾ, മോണോക്ലോണൽ ആന്റിബോഡികൾ, മറ്റ് ചികിത്സാരീതികൾ എന്നിവയിലൂടെ നിലവിലുള്ളതും ഉയർന്നുവരുന്നതുമായ വൈറൽ അണുബാധകൾ തടയുന്നതിനുള്ള പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി 2019-ൽ തിരുവനന്തപുരം തോന്നയ്ക്കലിലെ ബയോ 360 ലൈഫ് സയൻസസ് പാർക്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി കേരള സർക്കാർ സ്ഥാപിച്ചു. ഉയർന്നുവരുന്ന വൈറൽ സംബന്ധിയായ പ്രശ്നങ്ങളുടെ

നിരീക്ഷണം, രോഗനിർണ്ണയം, മൊത്തത്തിലുള്ള തയ്യാറെടുപ്പ് എന്നിവ ശക്തിപ്പെടുത്തുന്നതിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ദേശീയ അന്തർദേശീയ തലത്തിൽ ആൻറിവൈറൽ മരുന്ന് ഗവേഷണ മേഖലയിൽ തുടർച്ചയായ ഗവേഷണത്തിനും നവീകരണത്തിനും പ്രാധാന്യം നൽകുന്നു. ഇതിനായി സർക്കാരുകൾ, ഗവേഷണ സ്ഥാപനങ്ങൾ, ഫാർമസ്യൂട്ടിക്കൽ കമ്പനികൾ എന്നിവയുടെ സഹകരണം ഈ മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ആഗോള ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനും അത്യന്താപേക്ഷിതമാണ്. വൈറോളജിയിൽ മൾട്ടി-ഡൈമൻഷണൽ പഠനം സുഗമമാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന് എട്ട് വകുപ്പുകളുണ്ട്: ഡിപ്പാർട്ട്മെന്റ് ഓഫ് ക്ലിനിക്കൽ വൈറോളജി, വൈറൽ ഡയഗ്നോസ്റ്റിക്സ്, വൈറൽ വാക്സിനുകൾ, ആൻറിവൈറൽ ഡ്രഗ് റിസർച്ച്, വൈറസ് ആപ്ലിക്കേഷനുകൾ, വൈറസ് എപ്പിഡെമിയോളജി, വെക്ടർ ഡൈനാമിക്സ് ആൻഡ് പബ്ലിക് ഹെൽത്ത്, വൈറസ് ജീനോമിക്സ്, ബയോഇൻ ഫോർമാറ്റിക്സ് ആൻഡ് ജനറൽ വൈറോളജി

**പ്രധാന നേട്ടങ്ങളും സംരംഭങ്ങളും**

- വൈറസ് അണുബാധകൾക്കും മറ്റ് സാംക്രമിക രോഗങ്ങൾക്കുമെതിരായ രോഗനിർണ്ണയ / ചികിത്സാ / പ്രതിരോധ മേഖലകളിൽ ടി.ആർ.എൽ 6 റെഡിനസ് ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് വ്യവസായവുമായി സഹകരിച്ച് ഗവേഷണം നടത്തുക എന്ന ലക്ഷ്യത്തോടെ പാർട്ടിസിപ്പേറ്ററി പ്രോഗ്രാം ആരംഭിച്ചു.
- വൈറസ് അണുബാധകൾക്കും മറ്റ് സാംക്രമിക രോഗങ്ങൾക്കുമെതിരായ രോഗനിർണ്ണയ / ചികിത്സാ / പ്രതിരോധ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്റ്റാർട്ടപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഇൻകുബേഷൻ സൗകര്യങ്ങൾ സ്ഥാപിച്ചു.
- വിദ്യാർത്ഥികൾക്കും വ്യവസായശാലകൾക്കും ഇടയിൽ "Monoclonal antibodies (mAbs)-നെ കുറിച്ചുള്ള അപ്ഡേറ്റുകൾ നൽകുന്നതിനായി ജീവശാസ്ത്രത്തിലെ ഉയർന്നുവരുന്ന കാലഘട്ടം: ഉൽപ്പാദനത്തിന്റെ തത്വങ്ങൾ, ഇമ്മ്യൂണോ ഡയഗ്നോസ്റ്റിക്സ്, തെറാപ്യൂട്ടിക്സ് എന്നിവയിലെ പ്രയോഗങ്ങൾ" എന്ന വിഷയത്തിൽ ഒരു ശില്പശാല നടത്തി
- സംസ്ഥാനത്ത് പേവിഷബാധ നിയന്ത്രിക്കുന്നതിന് ഓറൽ വാക്സിൻ വികസിപ്പിക്കുന്നതിനായി തെരുവ് നായ്ക്കൾക്കായി "ഓറൽ റാബിസ് വാക്സിൻ" വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആരംഭിച്ചു. " കൺസ്ട്രക്ഷൻ ഓഫ് ഹൈ ഡൈവേഴ്സിറ്റി ഓഫ് നേവ് ഷാർക്ക് വിഎൻആർ നാനോബോഡി ലൈബ്രറി" എന്നതിനായുള്ള പേറ്റന്റിനായി ഒരു അപേക്ഷ ഫയൽ ചെയ്തു.
- 6 ബിഎസ്എൽII ലെവൽ ലാബുകൾ, അഡ്വാൻസ്ഡ് മോളിക്യുലാർ ഡയഗ്നോസ്റ്റിക് ഫെസിലിറ്റി (എഎംഡിഎഫ്), സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി, അഡ്മിനിസ്ട്രേറ്റീവ് വിഭാഗങ്ങൾ, സ്റ്റോർഹൗസുകൾ, മറ്റ് സപ്പോർട്ട് സേവനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന 27000 ചതുരശ്ര അടി കെട്ടിട സ്ഥലം ഉൾക്കൊള്ളുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപിതമായ ഘട്ടം 1എ സ്ഥാപിച്ചു. 16 ബിഎസ്എൽII ലെവൽ ലാബുകൾ, ചെറിയ മൃഗ പരീക്ഷണ സൗകര്യം, ബയോറെപോസിറ്ററി, ബയോണസ്റ്റ് ഇൻകുബേറ്റർ, വർക്ക്ഷോപ്പുകൾ, അഡ്മിനിസ്ട്രേറ്റീവ് സെക്ഷനുകൾ, സ്റ്റോർ ഹൗസുകൾ, മറ്റ് പിന്തുണാ സേവനങ്ങൾ എന്നിവ ഉൾകൊള്ളുന്ന 80000 ചതുരശ്ര അടി കെട്ടിട സ്ഥലമുള്ള ഘട്ടം 1ബി യും സ്ഥാപിച്ചു.
- സംസ്ഥാനം ഇതുവരെ ദേശീയതലത്തിലുള്ള ലബോറട്ടറികളെ ആശ്രയിച്ചിരുന്ന, അറിയപ്പെടുന്ന എല്ലാത്തരം വൈറസുകളുടെയും രോഗനിർണ്ണയം നടത്താൻ പ്രാപ്തമായ ഒരു റഫറൽ ലബോറട്ടറി എന്ന കാഴ്ചപ്പാടോടെ അഡ്വാൻസ്ഡ് മോളിക്യുലാർ ഡയഗ്നോസ്റ്റിക് ഫെസിലിറ്റി (എഎംഡിഎഫ്) സ്ഥാപിച്ചു. എഎംഡിഎഫിന് ഏറ്റവും പുതിയ ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ ഉണ്ട്. കൂടാതെ മങ്കിപോക്സ്, ബൊക്ക, ഇൻഫ്ലുവൻസ, നിപ്പ, എസ്എആർഎസ് സിഒവി 2 എന്നിവയുൾപ്പെടെ 88 ഓളം പാരാമീറ്ററുകൾ നിർണ്ണയിക്കാനുള്ള ശേഷിയുണ്ട്, കൂടാതെ ഇന്ത്യയിൽ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്ത ഉയർന്നുവരാനുള്ള സാധ്യത വളരെ കൂടുതലായതുമായ മഞ്ഞപ്പനി, എബോള തുടങ്ങിയ വൈറസുകൾ നിർണ്ണയിക്കാനുള്ള കഴിവും ഉണ്ട്.
- 14 ബിഎസ്എൽ II ലെവൽ ലബോറട്ടറികൾ സ്ഥാപിക്കുകയും ജനറൽ വൈറോളജി, വൈറൽ വാക്സിനുകൾ, വൈറൽ ഡയഗ്നോസ്റ്റിക്സ്, ആൻറിവൈറൽ ഡ്രഗ് റിസർച്ച്, വൈറസ് ആപ്ലിക്കേഷനുകൾ, മോളിക്യുലർ ബയോ അസ്സെ ഫെസിലിറ്റി, വൈറസ് എപ്പിഡെമിയോളജി, വെക്ടർ ഡൈനാമിക്സ്, പബ്ലിക് ഹെൽത്ത് തുടങ്ങിയ വകുപ്പുകൾ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു.
- തുടർന്നുകൊണ്ടിരിക്കുന്ന ഗവേഷണ പരിപാടികൾക്കായി സിന്തറ്റിക് കെമിസ്ട്രി ലബോറട്ടറി, ഫേജ് ഡിസ്പ്ലേ ഫെസിലിറ്റി, മെറ്റാജെനോമിക് സീക്വൻസിംഗ് ഫെസിലിറ്റി തുടങ്ങിയ സഹായ സൗകര്യങ്ങളും സ്ഥാപിച്ചിട്ടുണ്ട്.
- കേരളത്തിൽ വ്യാപകമായ വൈറൽ ഭീഷണികളെ നേരിടാൻ വിപുലമായ പ്രയോഗക്ഷമതയുള്ള നൂതനമായ ആൻറിവൈറൽ തന്ത്രങ്ങൾ വികസിപ്പിക്കുന്നതിന് മൂന്ന് പ്രധാന ഗവേഷണ പരിപാടികൾക്ക് കീഴിൽ സമഗ്രമായ ഒരു ഗവേഷണ സംരംഭം ആരംഭിച്ചിട്ടുണ്ട്. 1. ഉയർന്നുവരുന്ന വൈറസുകൾക്കെതിരായ മോണോക്ലോണൽ ആന്റീ ബോഡികളുടേയും ആന്റീ വൈറൽ മരുന്നുകളുടേയും വികസനം. 2. ഉയർന്നുവരുന്ന വൈറസുകൾക്കെതിരായ ന്യൂക്ലിക് ആസിഡ് അടിസ്ഥാനമാക്കിയുള്ള വാക്സിനുകൾ 3 - വൈറൽ സിൻഡ്രോമുകൾക്കെതിരായ ന്യൂ ജനറേഷൻ മൾട്ടിപ്ലക്സ് ഡയഗ്നോസ്റ്റിക് പ്ലാറ്റ്ഫോമുകൾ.
- വൈറൽ രോഗനിർണ്ണയത്തിൽ ബിരുദധാരികൾക്കും ബിരുദാനന്തര ബിരുദ ധാരികൾക്കുമായി ആരംഭിച്ച ഹ്രസ്വകാല പരിശീലന പരിപാടിയും വൈറോളജിയുടെ മറ്റ് വിവിധ തന്മാത്രാ ബയോളജി വശങ്ങളും ശാസ്ത്രജ്ഞരുടെ മാർഗ്ഗനിർദേശത്തിന് കീഴിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്.
- റീജിയണൽ സെന്റർ ഫോർ ബയോടെക്നോളജി, ഫരീദാബാദ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് 2023-24 അധ്യയന വർഷം മുതൽ വൈറോളജിയുടെ പ്രത്യേക മേഖലകളിൽ പിഎച്ച്ഡി പ്രോഗ്രാം ആരംഭിച്ചു.
- വിവിധ ബാഹ്യ ഫണ്ടിംഗ് ഏജൻസികളിൽ നിന്ന് പദ്ധതികൾക്കായി 8.00 കോടി രൂപയുടെ വിഹിതം ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചു. "മോളിക്യുലാർ ബയോ അസ്സെ ഫെസിലിറ്റി" എന്നതിനായുള്ള ഡിബിടി-എസ്എച്ച്എജെ സൗകര്യം ഇതിൽ ഉൾപ്പെടുന്നു.

### സി. റീജിയണൽ കാൻസർ സെന്റർ (ആർസിസി), തിരുവനന്തപുരം

ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ, ആഗോള മരണനിരക്ക് വർദ്ധിക്കുന്നതിന്റെ പ്രധാന കാരണം ക്യാൻസറാണ്. ഇന്ത്യയിൽ, കാൻസർ ബാധിച്ചവരുടെ എണ്ണം 2021-ൽ 26.7 ദശലക്ഷം ആയിരുന്നത് 2025-ൽ 29.8 ദശലക്ഷമായി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു. (ഉറവിടം: ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച്). 45 നും 64 നും ഇടയിൽ പ്രായമുള്ളവർക്കാണ് എല്ലാ ഭാഗങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ കാൻസർ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്, പുരുഷന്മാരിലെ പ്രോസ്റ്റേറ്റ് കാൻസർ (65 വയസ്സിനു മുകളിൽ) ഒഴികെ. ശ്വാസകോശ ക്യാൻസറുകളും പ്രോസ്റ്റേറ്റ് ക്യാൻസറും മറ്റ് ശരീരഭാഗങ്ങളിലേക്ക് വ്യാപിക്കുന്ന ഘട്ടത്തിലാണ് കണ്ടെത്തിയത്. നാവ്, ശ്വാസനാളം, തൈറോയ്ഡ്, കോർപ്പസ് ഗർഭാശയം, വൃക്ക (കുട്ടികൾ ഉൾപ്പെടെ), ബ്ലാഡർ, റെറ്റിനോബ്ലാസ്റ്റോമ എന്നിവയിലെ കാൻസർ ബാധിച്ച രോഗികളിൽ മൂന്നിലൊന്ന് പേർക്കും രോഗം നിർണ്ണയിക്കപ്പെടുന്ന സമയത്ത് പ്രാദേശിക രോഗങ്ങളുണ്ടായിരുന്നു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സർക്കാർ, സ്വകാര്യ മേഖലകളിൽ കാൻസർ ചികിത്സാ സൗകര്യങ്ങൾ വന്നിട്ടും കേരളത്തിൽ ക്യാൻസർ ചികിത്സാ രംഗത്ത് ഒന്നാം സ്ഥാനം നിലനിർത്താൻ ആർസിസിക്ക് കഴിഞ്ഞു. രാജ്യത്തെ 28 റീജിയണൽ കാൻസർ സെന്ററുകളിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ ഇത് ഉൾപ്പെട്ടിട്ടുണ്ട് കൂടാതെ ഡബ്ല്യൂ എച്ച് ഒ, ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ ക്യാൻസർ (ഫ്രാൻസ്), ഇന്റർനാഷണൽ ആറ്റോമിക് എനർജി ഏജൻസി (വിയന്ന), നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് (യുഎസ്എ), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കാൻസർ റിസർച്ച് (യുകെ), യൂണിവേഴ്സിറ്റി ഓഫ് ലീഡ്സ് (യുകെ), ഹെൽത്ത് റിസർച്ച് ഫൗണ്ടേഷൻ (ജപ്പാൻ), കൂടാതെ മറ്റ് പ്രശസ്തമായ നിരവധി സ്ഥാപനങ്ങൾ, തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി ഇത് പ്രവർത്തന ബന്ധം നിലനിർത്തുന്നു. കാൻസർ നിയന്ത്രണത്തിൽ ആഗോള തലത്തിൽ ഉയർന്നുവരുക എന്നതാണ് ആർസിസിയുടെ കാഴ്ചപ്പാട്. താങ്ങാനാവുന്ന ചെലവിൽ ഉയർന്ന നിലവാരമുള്ള കാൻസർ പരിചരണം ലഭ്യമാക്കുക, പൊതുജനങ്ങൾക്കും ആരോഗ്യ വിദഗ്ധർക്കും കാൻസർ അവബോധം സൃഷ്ടിക്കുക, പരിശീലനം ലഭിച്ച മനുഷ്യ വിഭവശേഷി സൃഷ്ടിക്കുക, കാൻസർ നിയന്ത്രണത്തിൽ വിപുലമായ പരിപാടികൾ സംഘടിപ്പിക്കുക, നമ്മുടെ സമൂഹത്തിന് പ്രസക്തമായ കേന്ദ്രീകൃത കാൻസർ ഗവേഷണം നടത്തുക, സംസ്ഥാനത്ത് കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്നിവ ഇത് ലക്ഷ്യമിടുന്നു.

കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ഇടയിൽ ക്യാൻസർ രോഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 42 വർഷമായി, കേരളത്തിലെയും തമിഴ്നാട്ടിലെയും കർണാടകയിലെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങൾക്ക് അത്യാധുനിക രോഗനിർണ്ണയ-ചികിത്സാ സൗകര്യങ്ങളും സാധ്യമായ ഏറ്റവും കുറഞ്ഞ ചെലവിൽ ചികിത്സ ലഭ്യമാക്കി ക്യാൻസർ പരിചരണത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളിൽ ഗണ്യമായ സംഭാവന നൽകാൻ ആർസിസിക്ക് കഴിഞ്ഞു. കൂടാതെ, പൊതുജനങ്ങൾക്കിടയിൽ കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്കും ഓങ്കോളജിയുടെ വിവിധ സ്പെഷ്യാലിറ്റികളിലും കാൻസർ ഗവേഷണത്തിലും മനുഷ്യവിഭവശേഷി സൃഷ്ടിക്കുന്നതിനും ആർസിസി പ്രതിജ്ഞാബദ്ധമാണ്, ഇത് ക്യാൻസറിനുള്ള പുതിയ ചികിത്സകൾക്ക് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആർസിസിയെ കൂടാതെ സംസ്ഥാനത്ത് മറ്റ് രണ്ട് കാൻസർ സെന്ററുകളുണ്ട്- മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ. ഈ രണ്ട് കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ഈ വാല്യത്തിലെ ആരോഗ്യ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

#### ആർസിസി–രൂപരേഖ

2022-23ൽ ആർസിസിയിൽ ആകെ 15,324 പുതിയ കേസുകളും 2,42,129 റിവ്യൂ കേസുകളും രജിസ്റ്റർ ചെയ്തു. രോഗികളുടെ സന്ദർശനത്തിന്റെ പ്രതിദിന ശരാശരി 847 ഉം കിടപ്പുരോഗികളുടെ എണ്ണം 12,346 ഉം ആണ്. കഴിഞ്ഞ മൂന്ന് വർഷത്തെ കേന്ദ്രത്തിന്റെ രൂപരേഖ **അനുബന്ധം 5.2.1** നൽകുന്നു, കൂടാതെ ആശുപത്രി സ്ഥിതിവിവരക്കണക്കുകൾ **ബോക്സ് 5.2.1** ൽ നൽകിയിരിക്കുന്നു.

**ബോക്സ് നമ്പർ 5.2.1** ആർസിസി സ്ഥിതിവിവരക്കണക്കുകൾ 2022-23

| | |
|---|---|
| കിടത്തി ചികിൽസയ്ക്കുള്ളബഡ്ഡുകളുടെ എണ്ണം | 298 |
| ഓപ്പറേഷണൽ ബഡ്ഡുകൾ | 286 |
| പ്രതിദിന ശരാശരി ഔട്ട്പേഷ്യന്റ് | 858 |
| പ്രതിമാസം ശരാശരി പ്രവേശനം | 1028 |
| ബെഡ് ഒക്യുപൻസി നിരക്ക് | 80 ശതമാനം |

അവലംബം: ആർസിസി, തിരുവനന്തപുരം

**ആർസിസിയിൽ രജിസ്റ്റർ ചെയ്ത കേസുകൾ**

കഴിഞ്ഞ 10 വർഷത്തിനിടെ ആർസിസിയിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ കാണിക്കുന്നത് 2017-18 ലാണ് ഏറ്റവും കൂടുതൽ പുതിയ കേസുകൾ രജിസ്റ്റർ ചെയ്തത് (16443) എന്നാണ്. ഏറ്റവും കുറഞ്ഞത് 2020-21-ലാണ് (11,191), ഇത് മുൻ വർഷത്തേക്കാൾ 27.67 ശതമാനം കുറവാണ്, കോവിഡ് -19 പാൻഡെമിക് ഇതിനു കാരണമായിട്ടുണ്ട്. 2021-22 ൽ, പുതിയ കേസുകൾ രജിസ്റ്റർ ചെയ്തത് 14,183 ഉം 2022-23 ൽ 15,324 ഉം ആയിരുന്നു, ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 8.04 ശതമാനം വർദ്ധനവ് സൂചിപ്പിക്കുന്നു. 2013-14 മുതൽ 2022-23 വരെ ആർസിസിയിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ **ചിത്രം 5.2.1** ൽ കൊടുത്തിരിക്കുന്നു.

2022-23ൽ രജിസ്റ്റർ ചെയ്ത 15,324 പുതിയ കേസുകളിൽ 13,639 കേസുകൾ (89 ശതമാനം) സംസ്ഥാനത്തിനകത്തു നിന്നും, ബാക്കിയുള്ളത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും രാജ്യത്തിന് പുറത്ത് നിന്നുമാണ്. മുൻ വർഷങ്ങളിലെന്നപോലെ, 2022-23 ലെ ഭൂരിഭാഗം കേസുകളും തിരുവനന്തപുരത്തുനിന്നും (29.67 ശതമാനം) കൊല്ലത്തു (22.57 ശതമാനം) നിന്നും ഏറ്റവും കുറവ് കേസുകൾ റഫർ ചെയ്യപ്പെട്ടത് വയനാട്ടിൽ നിന്നുമാണ് (0.33 ശതമാനം). 2021-22ൽ 4,423, 2022-23ൽ 4,547 എന്നിങ്ങനെയാണ് തിരുവനന്തപുരത്ത് നിന്ന് റഫർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം. വിശദാംശങ്ങൾ **അനുബന്ധം 5.2.2** ൽ നൽകിയിരിക്കുന്നു.


ഇതുകൂടാതെ, 2022-23ൽ തമിഴ്നാട്ടിൽ നിന്ന് 1,527, കർണാടകയിൽ നിന്ന് 10, ലക്ഷദ്വീപിൽ നിന്ന് 8, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് 133, മാലിദ്വീപിൽ നിന്ന് 7 പേർ എന്നിവരും റഫർ ചെയ്യപ്പെട്ടു. 2022-23ൽ കേരളത്തിലെ ജില്ലകളിൽ നിന്ന് ആർസിസി യിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **ചിത്രം 5.2.2** നൽകിയിരിക്കുന്നു.

**സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ**

മനുഷ്യ ശരീരഭാഗങ്ങളിലെ ക്യാൻസർ സംബന്ധിക്കുന്ന എല്ലാ കേസുകളുടെയും നിരക്ക് മുൻവർഷത്തേക്കാൾ വർദ്ധിച്ചുവരികയാണ്. 2022-23ൽ രജിസ്റ്റർ ചെയ്ത പുതിയ കാൻസർ കേസുകളിൽ ഏറ്റവും ഉയർന്ന ശതമാനം ചെസ്റ്റ്, ഗ്യാസ്ട്രോഇന്റസ്റ്റൈനൽ ക്ലിനിക്കുകളും (3,588 കേസുകൾ) തുടർന്ന് ഗൈനക്, ജെനിറ്റോറിനറി (2,750 കേസുകൾ), ബ്രെസ്റ്റ് ആൻഡ് സെൻട്രൽ നാഡീവ്യൂഹം സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ (2,543 കേസുകൾ) എന്നിവ അടുത്ത സ്ഥാനത്തുമാണ്. പീഡിയാട്രിക് ക്ലിനിക്കിലാണ് (532 കേസുകൾ) ഏറ്റവും കുറവ് കേസുകൾ രജിസ്റ്റർ ചെയ്തത്. 2022-23ൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ ശതമാനം കണക്കിലെടുത്ത് മനുഷ്യ ശരീരഭാഗങ്ങളിൽ ബാധിച്ച ക്യാൻസർ സംബന്ധിക്കുന്ന വിശദാംശങ്ങൾ **ചിത്രം 5.2.3** നൽകുന്നു.


കഴിഞ്ഞ മൂന്ന് വർഷമായി സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **അനുബന്ധം 5.2.3** ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 5.2.1** ആർസിസി-യിൽ 2013-14 മുതൽ 2022-23 വരെ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ





അവലംബം: റീജണൽ കാൻസർ സെന്റർ, തിരുവനന്തപുരം

ചിത്രം 5.2.2 2022-23ൽ ആർസിസി യിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം. ജില്ല തിരിച്ച്




അവലംബം: റീജണൽ കാൻസർ സെന്റർ, തിരുവനന്തപുരം

ചിത്രം 5.2.3 2022-23ൽ രജിസ്റ്റർ ചെയ്ത സ്പെഷ്യാലിറ്റി ക്ലിനിക് തിരിച്ചുള്ള പുതിയ രോഗികളുടെ ശതമാനം




അവലംബം: റീജണൽ കാൻസർ സെന്റർ, തിരുവനന്തപുരം

### രജിസ്റ്റർ ചെയ്ത കേസുകൾ (പ്രായവും ലിംഗഭേദവും)

2022-23ൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളിൽ പ്രായത്തിന്റെയും ലിംഗഭേദത്തിന്റെയും അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ പ്രകാരം 55-64 പ്രായപരിധിയിലുള്ള ആളുകൾക്ക് കാൻസർ രോഗങ്ങൾ ബാധിക്കുന്നതിനുള്ള സാധ്യത കൂടുതലാണ് (പുരുഷന്മാരിൽ 28.59 ശതമാനവും സ്ത്രീകളിൽ 26.52 ശതമാനവും). 65-74 പ്രായത്തിൽ പുരുഷ കാൻസർ രോഗികളുടെ എണ്ണം കൂടുതലാണ് (27.41 ശതമാനം), 45-54 പ്രായത്തിലുള്ള സ്ത്രീ കാൻസർ രോഗികളുടെ എണ്ണം (24.56 ശതമാനം) വർദ്ധിച്ചതായി കാണിക്കുന്നു. രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ പ്രായം അടിസ്ഥാനമാക്കിയുള്ള വിശദാംശങ്ങൾ **അനുബന്ധം 5.2.4**-ൽ നൽകിയിരിക്കുന്നു. **ചിത്രം 5.2.4**, 2022-23ൽ ആർസിസി -യിൽ ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്ത പുതിയ കാൻസർ രോഗികളുടെ പ്രായവും ലിംഗഭേദവും വ്യക്തമാക്കുന്നു.

### കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ

ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സയോ സബ്സിഡൈസ്ഡ് ചികിത്സയോ ഉറപ്പാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 5.2.2** ൽ നൽകിയിരിക്കുന്നു.


### 2022-23 ലെ ആർസിസിയുടെ സംരംഭങ്ങൾ

സർക്കാർ പിന്തുണയുള്ള സ്കീമുകൾക്ക് പുറമേ, മറ്റ് പല പദ്ധതികളിലൂടെയും RCC രോഗികളെയും കുടുംബങ്ങളെയും പിന്തുണയ്ക്കുന്നു. പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സൗജന്യ മരുന്ന് ബാങ്ക് പ്രവർത്തിക്കുന്നു, ആർ.സി.സി ഡയറക്ടർ രൂപീകരിച്ച ഒരു കമ്മിറ്റിയാണ് ഇത് നിരീക്ഷിക്കുന്നത്. 2022-23 ൽ മരുന്ന് ബാങ്ക് 1493 രോഗികൾക്ക് പൂർണ്ണമായോ ഭാഗികമായോ സഹായം നൽകി. ഇക്കാലയളവിൽ 959 അംഗങ്ങൾ കാൻസർ കെയർ ഫോർ ലൈഫ് (സിസിഎൽ) പദ്ധതിയിൽ ചേരുകയും ചികിത്സയ്ക്ക് വിധേയരാകുകയും ചെയ്തു. സൗജന്യ ഭക്ഷണം ('അക്ഷയപാത്രം') പദ്ധതിക്ക് കീഴിൽ, നിരവധി ജീവകാരുണ്യ സംഘടനകളുടെ പിന്തുണയോടെ ദുർബലരായ സാമൂഹിക-സാമ്പത്തിക വിഭാഗങ്ങളിൽ പെട്ട 2,258 കിടപ്പുരോഗികൾക്ക് സൗജന്യ ഭക്ഷണം നൽകി. ഇന്ത്യൻ കാൻസർ സൊസൈറ്റി സപ്പോർട്ട് സ്കീമിന് കീഴിൽ, കാൻസർ ചികിത്സയ്ക്കായി ഇന്ത്യൻ കാൻസർ സൊസൈറ്റിയിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിക്കുന്നതിന് ആർസിസിയെ തിരഞ്ഞെടുത്തു. 2022-23ൽ 63 പുതിയ രോഗികൾക്ക് 47.00 ലക്ഷം രൂപയുടെ പദ്ധതി പ്രകാരം ലഭിച്ചു.

### കാൻസർ കണ്ടെത്തൽ പ്രവർത്തനങ്ങൾ

2022-23ൽ 68 കാൻസർ കണ്ടെത്തൽ പരിപാടികളും 29 കാൻസർ ബോധവൽക്കരണ പരിപാടികളും ഈ കാലയളവിൽ നടത്തി. ഇതിന്റെ ഫലമായി 397 ക്യാൻസറുകളും 592 പ്രീ-കാൻസറുകളും കണ്ടെത്തി. പരിശോധിച്ച 7,620 പേരിൽ ഏഴ് സ്തനാർബുദങ്ങളും ഒമ്പത് ഓറൽ ക്യാൻസറുകളും 139 ഓറൽ പ്രീ ക്യാൻസറുകളും 270 ബെനൈൻ ബ്രെസ്റ്റ് ലക്ഷണങ്ങളും 180 സെർവിക്കൽ പ്രീ ക്യാൻസറുകളും കണ്ടെത്തി. മുൻകൂട്ടി കാൻസർ രോഗം കണ്ടെത്തുന്നതിനായി ഔട്ട്പേഷ്യന്റ് ക്ലിനിക്ക് നടത്തിയ കാൻസർ സ്ക്രീനിംഗ്/എർലി ഡിറ്റക്ഷൻ പ്രോഗ്രാമുകളുടെ ഭാഗമായി 3,115 പേരെ ഈ കാലയളവിൽ പരിശോധിച്ചു. ഈ പരിശോധനയിലൂടെ 397 ക്യാൻസറുകളും 592 പ്രീ-കാൻസറുകളും കണ്ടെത്തി.

**ചിത്രം 5.2.4**2022-23ൽ ആർസിസി -യിൽ ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്ത പുതിയ കാൻസർ രോഗികളുടെ എണ്ണം-പ്രായവും ലിംഗഭേദവും അനുസരിച്ച്




അവലംബം: റീജണൽ കാൻസർ സെന്റർ, തിരുവനന്തപുരം

**പട്ടിക 5.2.2** 2021-22, 2022-23 ലെ കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ

| പദ്ധതി | രജിസ്റ്റർ ചെയ്ത രോഗികൾ (പുതിയ കേസുകൾ) | | പ്രയോജനം ലഭിച്ചവരുടെ എണ്ണം | | ചെലവായ തുക (കോടിയിൽ) |
|---|---|---|---|---|---|
| | 2021-22 | 2022-23 | 2021-22 | 2022-23 | പദ്ധതി തുടങ്ങിയതു മുതൽ 2023 ആഗസ്റ്റ് 31 വരെ |
| **കേന്ദ്ര സർക്കാർ പദ്ധതികൾ** | | | | | |
| പ്രധാനമന്ത്രിയുടെ ആശ്വാസ ഫണ്ട് | 37 | 167 | 2,277 | 2,396 | 40.48 |
| ഇന്ത്യൻ കാൻസർ സൊസൈറ്റി | 77 | 63 | 866 | 908 | 23.63 |
| **സംസ്ഥാന സർക്കാർ പദ്ധതികൾ** | | | | | |
| ക്യാൻസർ സുരക്ഷ പദ്ധതി | 321 | 335 | 6,505 | 6,879 | 66.22 |
| കാരുണ്യ ബെനവലന്റ് ഫണ്ട് | 682 | 1,597 | 3,039 | 3,255 | 156.42 |
| താലോലം | 4 | 9 | 131 | 140 | .42 |
| പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള രോഗികൾക്കായുള്ള ഫണ്ട് | 30 | 35 | 484 | 520 | 8.24 |
| എൻഡോസൾഫൻ ബാധിതർക്കുള്ള സ്നേഹ സാന്ത്വനം പരിപാടി | 1 | 3 | 63 | 67 | 1.44 |
| കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി) | 8,854 | 9,052 | 34,610 | 45,873 | 4779.33 |

അവലംബം: റീജണൽ കാൻസർ സെന്റർ, തിരുവനന്തപുരം

## മറ്റു പ്രവർത്തനങ്ങൾ

- 2022 ഓഗസ്റ്റിൽ കോവളത്ത് നടന്ന ദേശീയ പ്രാധാന്യമുള്ള പ്രിവന്റീവ് ഓങ്കോളജി ഉച്ചകോടിയിൽ ആർസിസിയിലെ പ്രിവന്റീവ് ഓങ്കോളജി വിഭാഗം പങ്കെടുത്തു.
- ലോക പുകയില വിരുദ്ധ ദിനം (മെയ് 31, 2022) ആർസിസിയിൽ സംഘടിപ്പിക്കുകയും, കേരള സർവ്വകലാശാലയിലെ 225 എൻഎസ്എസ് വോളന്റിയർമാരും പങ്കെടുക്കുകയും 'പുകയില: നമ്മുടെ പരിസ്ഥിതിക്ക് ഒരു ഭീഷണി' എന്ന സെമിനാർ നടത്തുകയും ചെയ്തു.
- സ്തനാർബുദ ബോധവൽക്കരണ മാസം (2022 ഒക്ടോബർ)-പൊതുജനങ്ങൾക്കും കുടുംബശ്രീ വോളന്റിയർമാർക്കുമായി പുലയനാർകോട്ട കാമ്പസിൽ സൗജന്യ ക്ലിനിക്കൽ ബ്രെസ്റ്റ് പരിശോധന സംഘടിപ്പിച്ചു, ഇതിൽ 263 പേർ പരിശോധനയ്ക്ക് വിധേയരായി.
- ദേശീയ അർബുദ ബോധവൽക്കരണ ദിനം (2022 നവംബർ 7)- ഓറൽ ക്യാൻസർ തടയുന്നതിനും സ്ക്രീനിങ്ങിനും പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി സംഘടിപ്പിച്ചു, ഇതിൽ 924 പേർ പങ്കെടുത്തു. 'ഓറൽ കാൻസർ നേരത്തേ കണ്ടെത്തുന്നതിൽ സ്ക്രീനിംഗിന്റെ പ്രസക്തി' എന്ന വിഷയത്തിൽ ഒരു സെമിനാർ നടത്തുകയും ചെയ്തു. .

## മാനവ വിഭവശേഷി വികസനം

കഴിഞ്ഞ കുറച്ച് വർഷങ്ങളായി, ഓങ്കോളജിയുമായി ബന്ധപ്പെട്ട സ്പെഷ്യാലിറ്റികളിൽ അധ്യാപനത്തിനും പരിശീലനത്തിനുമുള്ള ദേശീയ അംഗീകാരമുള്ള കേന്ദ്രമായി ആർസിസി മാറിയിട്ടുണ്ട്. ഇന്ന് കേന്ദ്രം കെയുഎച്ച്എസുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നതും ഓങ്കോളജി, ഓങ്കോളജിയുമായി ബന്ധപ്പെട്ട പാരാമെഡിക്കൽ സ്പെഷ്യാലിറ്റി എന്നിവയിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ചതുമായ വിപുലമായ ബിരുദ, ബിരുദാനന്തര, പോസ്റ്റ്-ഡോക്ടറൽ പ്രോഗ്രാമുകൾ നടത്തുന്നു. എംസിഎച്ച് (സർജിക്കൽ ഓങ്കോളജി, ഹെഡ് ആൻഡ് നെക്ക് സർജറി, ഗൈനക്കോളജിക്കൽ ഓങ്കോളജി, ഡിഎം (മെഡിക്കൽ ഓങ്കോളജി, പീഡിയാട്രിക് ഓങ്കോളജി), എംഡി (റേഡിയോതെറാപ്പി, അനസ്തേഷ്യോളജി, പാത്തോളജി), തലയിലും കഴുത്തിലുമുള്ള സർജിക്കൽ ഓങ്കോളജിയിൽ ഫെലോഷിപ്പ്, ബ്രെസ്റ്റ് ഇമേജിംഗ്, ഓങ്കോളജിക്കൽ ഇമേജിംഗ്, ഓങ്കോളസർജിക്കൽ അനസ്തേഷ്യ, എന്നിവയിൽ ഫെലോഷിപ്പ്, പതോളജിയിൽ പോസ്റ്റ് ഡോക്ടറൽ സർട്ടിഫിക്കറ്റ് കോഴ്സ്, ഓങ്കോളജി നഴ്സിംഗിൽ പോസ്റ്റ് ബേസിക് ഡിപ്ലോമ, റേഡിയോളജിക്കൽ ഫിസിക്സിൽ പോസ്റ്റ് എംഎസ്സി ഡിപ്ലോമ, പാത്തോളജി, സൈറ്റോളജി, നഴ്സിംഗ്, പാലിയേറ്റീവ് കെയർ, ഇമേജോളജി തുടങ്ങിയ വിവിധ വിഷയങ്ങളിൽ റെഗുലർ പരിശീലന പരിപാടികൾ എന്നിവയാണ് 2022-ൽ സ്ഥാപനം നടത്തിയ പ്രധാന കോഴ്സുകൾ. 2022-23 കാലയളവിൽ ആർ.സി.സി ഒമ്പത് വിദ്യാർത്ഥികൾക്ക് എം.സിഎച്ച്, ഒമ്പത് ഡി.എം, 14 എം.ഡി വിദ്യാർത്ഥികൾക്ക് ബിരുദം നൽകി, ഡോക്ടർമാർ (47), നഴ്സുമാർ (51), പാരാമെഡിക്കൽസ് (10), ഹെൽത്ത് സൂപ്പർവൈസർമാർ, തൊഴിലാളികൾ (220) എന്നിവരുൾപ്പെടെ 328 പേർക്ക് കാൻസർ നിയന്ത്രണ പരിശീലനവും നൽകി.

ലോക കാൻസർ ദിനം (2023 ഫെബ്രുവരി 4) - സംസ്ഥാന ആരോഗ്യ സേവന വകുപ്പുമായി സഹകരിച്ച് 'സിസ്റ്റമാറ്റിക് ട്രെയിനിംഗ് ആൻഡ് എംപവർമെന്റ് പ്രോഗ്രാം (STEP) ഫോർ മിഡ്-ലെവൽ സർവ്വീസ് പ്രൊവൈഡർസ് ഫോർ കാൻസർ' എന്ന പേരിൽ ഒരു മാസ്റ്റർ പരിശീലന പരിപാടി സംഘടിപ്പിച്ചു, അതിൽ 140 മിഡ് ലെവൽ 14 ജില്ലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സേവന ദാതാക്കൾക്ക് അവരുടെ കീഴിലുള്ളവരെ പെരിഫറൽ സ്ക്രീനിംഗിൽ

കൂടുതൽ പരിശീലിപ്പിക്കുന്നതിനായി ക്യാൻസർ സ്ക്രീനിംഗിൽ പരിശീലനം നൽകി.

### ഗവേഷണ വികസന പ്രവർത്തനങ്ങൾ

ദേശീയ അന്തർദ്ദേശീയ പ്രശസ്ത കേന്ദ്രങ്ങളുമായി സഹകരിച്ച് അടിസ്ഥാന ഗവേഷണം, എപ്പിഡെമിയോളജിക്കൽ പഠനങ്ങൾ, ക്ലിനിക്കൽ ഗവേഷണം എന്നീ മേഖലകളിലെ പ്രവർത്തനങ്ങളിൽ കാൻസർ ഗവേഷണത്തിനുള്ള ഒരു പ്രധാന കേന്ദ്രമാണ് ആർസിസി. ക്യാൻസറിനുള്ള പുതിയ ചികിത്സകൾക്ക് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്ന ഓങ്കോളജിയുടെ വിവിധ സ്പെഷ്യാലിറ്റികളിലും കാൻസർ ഗവേഷണത്തിലും പൊതുജനങ്ങൾക്കിടയിലുള്ള കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്കും മനുഷ്യവിഭവശേഷി സൃഷ്ടിക്കുന്നതിനും ആർസിസി പ്രതിജ്ഞാബദ്ധമാണ്. 2022-23-ൽ 30 ഓളം വിദ്യാർക്ക് പിഎച്ച്.ഡി., 60 റെസിഡന്റുകൾ മെഡിക്കൽ, പീഡിയാട്രിക്, സർജിക്കൽ ഓങ്കോളജി, ഹെഡ് &നെക്ക് സർജറി, ഗൈനക്കോളജിക്കൽ ഓങ്കോളജി സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ എന്നിവയിൽ സ്പെഷ്യലൈസേഷൻ നേടുകയും, 48 റെസിഡന്റുകൾ അനസ്തേഷ്യ, റേഡിയോ തെറാപ്പി പത്തോളജി എന്നിവയിൽ ബിരുദാനന്തര ബിരുദ കോഴ്സുകളും നടത്തി. ആർസിസിയിൽ 70 കാൻസർ വിദ്യാഭ്യാസ പരിപാടികളും 158 കാൻസർ കണ്ടെത്തൽ പ്രോഗ്രാമുകളും നടത്തി. നിലവിൽ നടക്കുന്ന ഗവേഷണ പദ്ധതികളുടെ എണ്ണം 251 ആണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ആർസിസി ജനസംഖ്യാടിസ്ഥാനത്തിലുള്ള കാൻസർ രജിസ്ട്രി തയ്യാറാക്കി.

### ആർസിസിയിലെ അടിസ്ഥാന സൗകര്യ വികസനം

18,722 ലക്ഷം രൂപ ചെലവിൽ 2.75 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ 14 നിലകളുള്ള അത്യാധുനിക കെട്ടിടത്തിന്റെ ഘടനാപരമായ പ്രവർത്തനങ്ങൾ ആർസിസി പൂർത്തിയാക്കി. രോഗീ പരിചരണ സൗകര്യങ്ങൾക്കായി സ്ഥലം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഘട്ടം ഘട്ടമായാണ് ഇത് നടപ്പിലാക്കുന്നത്. 2 ലീനിയർ ആക്സിലറേറ്ററുകൾ, ഒരു സിടി സിമുലേറ്റർ, എംആർഐ സിമുലേറ്റർ, 10 കിടക്കകളുള്ള മജ്ജ മാറ്റിവയ്ക്കൽ യൂണിറ്റുകൾ, 6 മോഡുലാർ ഓപ്പറേഷൻ തിയറ്ററുകൾ, 8 കിടക്കകളുള്ള ന്യൂക്ലിയർ മെഡിസിൻ വാർഡ്, റോബോട്ടിക് സർജറി യൂണിറ്റ്, പുതിയ ബ്ലഡ് ബാങ്ക് എന്നിവയുള്ള റേഡിയോ തെറാപ്പി ബ്ലോക്കിന് പുതിയ ബ്ലോക്കിൽ സൗകര്യമുണ്ട്. അഡ്വാൻസ്ഡ് മൈക്രോബയോളജി ലബോറട്ടറി, ഐസിയുകൾ, സർജിക്കൽ, മെഡിക്കൽ വാർഡുകൾ, പേ വാർഡുകൾ, ഹോസ്റ്റലുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കെട്ടിടത്തിന്റെ ഫിനിഷിംഗ്, ജോലികൾ 2024 മാർച്ചിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ സേവനങ്ങൾ വിപുലമാക്കുന്നതിന്റെ ഭാഗമായി, ഒരു പ്രിവന്റീവ് ഓങ്കോളജി ഒപിയും പരിശീലന കേന്ദ്രവും' പുലയനാർകോട്ടയിലെ രണ്ടാമത്തെ കാമ്പസിൽ 2022 ഫെബ്രുവരി 4 ന് ഉദ്ഘാടനം ചെയ്തു.

### 2022–23 കാലയളവിൽ നടപ്പിലാക്കിയ രോഗനിർണയ, ചികിത്സാ സൗകര്യങ്ങൾ

- അനസ്തേഷ്യോളജി- അനസ്തേഷ്യ മെഷീൻ, വീഡിയോ എൻഡോസ്കോപ്പ്, ട്രാൻസ്പോർട്ട് വെന്റിലേറ്റർ.
- ക്ലിനിക്കൽ ലാബ് -അപ്റൈറ്റ് ലാബ് ഫ്രീസർ, ലാബ് റഫ്രിജറേറ്റർ
- കമ്മ്യൂണിറ്റി ഓങ്കോളജി -ബൈനോക്കുലർ വീഡിയോ കോൾപോസ്കോപ്പ്, ഓറൽ ഡിജിറ്റൽ സ്കാനർ
- നഴ്സിംഗ് സേവനങ്ങൾ -ട്രാൻസ്പോർട്ട് വെന്റിലേറ്റർ, എക്സ്റ്റേണൽ ഡിഫിബ്രില്ലേറ്റർ, മൾട്ടിലെവൽ ട്രോളി, സിഎസ്എസ്ഡി ട്രോളി
- റേഡിയേഷൻ ഓങ്കോളജി വിഭാഗം - റിംഗ് ഗാൻട്രി (ഹാൽസിയോൺ) ലീനിയർ ആക്സിലറേറ്റർ, യൂറോ-ബ്രാച്ചിതെറാപ്പി യൂണിറ്റ്, അനസ്തേഷ്യ മെഷീൻ (4 എണ്ണം), ബ്രാച്ചിതെറാപ്പി ആപ്ലിക്കേഷനുകൾ, ആർഎഫ്എ റേഡിയേഷൻ ഡിറ്റക്ടറുകൾ
- മൈക്രോബയോളജി – ബിഐഒആർഎഡി-ആർടിപിസിആർ മെഷീൻ, നാനോ സ്പെക്ട്രോഫോട്ടോമീറ്റർ, ബയോഫയർ-ഇൻഫെക്ഷ്യസ് സിൻഡ്രോമിക് പാനൽ ടെസ്റ്റിംഗ്-മൾട്ടിപ്ലക്സ് പിസിആർ സിസ്റ്റം, വിഐടിഇകെ എംഎസ് പ്രൈം- മൾഡിറ്റ് ഓഫ് (മാട്രിക്സ് അസിസ്റ്റഡ് ലേസർ ഡിസോർപ്ഷൻ അയോണൈസേഷൻ-ടൈം ഓഫ് ഫ്ലൈറ്റ് മാസ്സ് സ്പെക്ട്രോമെട്രി), ബെഞ്ച്ടോപ്പ് ഹൈത്രോപുട്ട് ആട്ടോമേറ്റസ് ഐഡന്റിഫിക്കേഷൻ സംവിധാനം ശീതീകരിച്ച സെൻട്രിഫ്യൂജുകൾ, തെർമോസൈക്ലറുകൾ, മിനി സെൻട്രിഫ്യൂജുകൾ, ബയോസേഫ്റ്റി കാബിനറ്റുകൾ, പിസിആർ കാബിനറ്റുകൾ, -80 ഡിഗ്രി, -20 ഡിഗ്രി ഡീപ് ഫ്രീസറുകൾ, ലബോറട്ടറി റഫ്രിജറേറ്ററുകൾ.
- ന്യൂക്ലിയർ മെഡിസിൻ - ഗാലിയം-68 ജനറേറ്റർ, ഗാലിയം -68 ഡൊട്ടറ്റേറ്റ് സ്കാൻ, എസ്എംഎ (Prostate-Specific Membrane Antigen) സ്കാൻ, 177 എൽയു- ഡൊട്ടറ്റേറ്റ് തെറാപ്പി, പിഎസ്എംഎ തെറാപ്പി എന്നിവയുടെ സേവനങ്ങൾ ആരംഭിച്ചു.
- റേഡിയോ ഡയഗ്നോസിസ് ഡിവിഷൻ-3-ടെസ്ല എംആർഐ മെഷീനും 3D ഡിജിറ്റൽ മാമോഗ്രഫിയും.
- ശസ്ത്രക്രിയാ സേവന വിഭാഗം - അൾട്രാസോണിക് കട്ടിംഗ് ആൻഡ് കൊയാഗുലേഷൻ യൂണിറ്റ്, ലിഫ്റ്റ് അസിസ്റ്റ് ടെക്നോളജി, ലാപ്രോസ്കോപ്പിക്, ജനറൽ സർജിക്കൽ ഉപകരണങ്ങൾ, ഹൈ സ്പീഡ് ഇലക്ട്രിക്കൽ ഡ്രിൽ സിസ്റ്റം, മീഡിയാസ്റ്റിനോസ്കോപ്പി, പ്ലാസ്മ സ്റ്റെറിലൈസർ എന്നിവയുള്ള ലിത്തോട്ടമി സ്റ്റെറപ്പുകൾ.
- ട്രാൻസ്ഫ്യൂഷൻ മെഡിസിൻ - അക്വയർഡ് ബ്ലഡ് കളക്ഷൻ മോണിറ്റർ (12 എണ്ണം), ബ്ലഡ് ബാങ്ക് റഫ്രിജറേറ്റർ (3 എണ്ണം), -80-ഡിഗ്രി ഡീപ് ഫ്രീസർ.

### ഭാവി വീക്ഷണം

കേരളത്തിലെ ശാസ്ത്ര സാങ്കേതിക മേഖല സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപിച്ചിരിക്കുകയും, എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും ശാസ്ത്ര സാങ്കേതിക മേഖലയുമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു. ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും അധിഷ്ഠിതമായ നൂതനാശയങ്ങൾ വിഭവ കാര്യക്ഷമത കൈവരിക്കുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും നേട്ടങ്ങൾ എത്തിച്ചേരുന്നത് ഉറപ്പാക്കുന്നതിനും ശാസ്ത്ര, സാങ്കേതിക വിദ്യകൾ സഹായിക്കുന്നു. എന്നാൽ ഉയർന്ന സാക്ഷരതാ നിരക്കും വിദ്യാഭ്യാസ നേട്ടങ്ങളും ഉണ്ടായിട്ടും കേരളത്തിലെ

ശാസ്ത്ര സാങ്കേതിക മേഖല വിവിധ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നു. യുക്തിസഹവും ശാസ്ത്രീയവുമായ ചിന്താ പ്രക്രിയയെ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാരിന്റെ വികസന സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനും കേരളത്തിലെ ജനങ്ങൾക്കിടയിൽ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കേണ്ടത് പ്രധാനമാണ്. സംസ്ഥാനത്ത് ശാസ്ത്രം, സാങ്കേതിക വിദ്യ, നൂതനാശയങ്ങൾ എന്നിവയുള്ള ഒരു ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. പരിമിതമായ വിഭവങ്ങളുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിലെ കാർഷിക, വ്യവസായ, സേവന മേഖലകളിലെ സാമ്പത്തിക ആസൂത്രണത്തിൽ ശാസ്ത്രവും സാങ്കേതികവിദ്യയും ഉൾപ്പെടുത്തണം. ഇതിനായി അക്കാദമിക്, ഗവേഷണ, വ്യവസായ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണം വർദ്ധിപ്പിക്കേണ്ടതുണ്ട്. ശാസ്ത്രത്തിൽ മിടുക്കരായ വിദ്യാർത്ഥികൾക്കുള്ള അവസരങ്ങളുടെ എണ്ണം വിപുലീകരിക്കുന്നതിനും ആധുനിക ഗവേഷണ മേഖലകളിലേക്ക് അവരെ എത്തിക്കുന്നതിനും പ്രത്യേക പ്രോഗ്രാമുകൾ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. ശാസ്ത്ര-സാങ്കേതിക രംഗത്തെ വികസന ലക്ഷ്യങ്ങളും മികവും കൈവരിക്കുന്നതിന്, ഗവേഷണ-സാങ്കേതിക വികസനം, ശാസ്ത്ര സഹകരണം, ധനസഹായ അവസരങ്ങൾ, വിദ്യാഭ്യാസ സംവിധാനങ്ങളുമായുള്ള സമന്വയ സഹകരണം, അറിവിന്റെ വ്യാപനം തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി കെഎസ്‌സിഎസ്ടിഇ പ്രത്യേക സൂചികകൾ വികസിപ്പിക്കണം.

# 5.3 വിനോദസഞ്ചാരം

വിനോദസഞ്ചാരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഒരു സമൂഹത്തെ ലോകത്തിന്റെ മറ്റു ഭാഗങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. പ്രാദേശിക സമൂഹങ്ങളുടെ പാരിസ്ഥിതികമായ സുസ്ഥിര വളർച്ചയെയും പരമ്പരാഗത വ്യവസായങ്ങളെയും വികസനത്തിന്റെ മറ്റ് മേഖലകളുമായുള്ള പരസ്പരബന്ധങ്ങളേയും പ്രോത്സാഹിപ്പിക്കുവാൻ ഇതിനു കഴിയും. 2023-ൽ, മഹാമാരിക്ക് മുമ്പുള്ള തലത്തിലേക്ക് വിനോദസഞ്ചാരികളുടെ ദ്രുതഗതിയിലുള്ള തിരിച്ചു വരവാണ് ആഗോള വിനോദസഞ്ചാരത്തിന്റെ പ്രവണത കാണിക്കുന്നത്. യുണൈറ്റഡ് നേഷൻസ് വേൾഡ് ടൂറിസം ഓർഗനൈസേഷൻ (യുഎൻഡബ്ല്യുടിഒ) വേൾഡ് ടൂറിസം ബാരോമീറ്റർ ഓഫ് ദി ഇയർ പ്രകാരം, 2023-ലെ ആദ്യ മൂന്ന് മാസങ്ങളിൽ അന്താരാഷ്ട്ര വിനോദ സഞ്ചാരികളുടെ വരവ് മൊത്തത്തിൽ ഏകദേശം 235 ദശലക്ഷത്തിലെത്തിയതായി കണക്കാക്കുന്നു. 2022-ലെ അതേ കാലയളവിലെ അന്താരാഷ്ട്രതലത്തിലെ വരവിന്റെ ഇരട്ടിയിലധികമാണിത്. 2022-ലെ പുതുക്കിയ ഡാറ്റ അനുസരിച്ച് 960 ദശലക്ഷത്തിലധികം വിനോദസഞ്ചാരികൾ കഴിഞ്ഞ വർഷം അന്താരാഷ്ട്ര തലത്തിൽ യാത്ര ചെയ്തു. മഹാമാരിക്ക് മുമ്പുള്ള സംഖ്യകളുടെ മൂന്നിൽ രണ്ട് (66 ശതമാനം) ഭാഗം വീണ്ടെടുത്തു എന്നതാണ് ഇത് കാണിക്കുന്നത്.

വേൾഡ് ടൂറിസം ആൻഡ് ട്രാവൽ കൗൺസിലിന്റെ (ഡബ്ല്യു.ടി.ടി.സി) ഇക്കണോമിക് ഇംപാക്റ്റ് 2023 റിപ്പോർട്ട് പ്രകാരം 2022-ൽ ട്രാവൽ & ടൂറിസം ജി ഡി പി യിലേക്ക് 7.6 ശതമാനം സംഭാവന നൽകുകയും 2023-ൽ 23.3 ശതമാനം വളർച്ച നേടുകയും ആഗോള സമ്പദ്‌വ്യവസ്ഥയുടെ 9.2 ശതമാനത്തിലെത്തുകയും ചെയ്തു. 2019 ലെ ഏറ്റവും ഉയർന്ന നിരക്കിൽ നിന്ന് 5 ശതമാനം മാത്രം കുറവോടുകൂടി ഈ മേഖലയുടെ മൂല്യം 9.5 ട്രില്യൺ ഡോളറായി വളരുമെന്ന് കണക്കാക്കപ്പെടുന്നു. വർഷവസാനമാകുമ്പോഴേക്കും ട്രാവൽ & ടൂറിസം മേഖല മൊത്തം 320 ദശലക്ഷം തൊഴിലുകൾ സൃഷ്ടിച്ചുകൊണ്ട് 24 ദശലക്ഷം പുതിയ പ്രവർത്തനങ്ങൾ സൃഷ്ടിക്കുമെന്നും കണക്കാക്കപ്പെടുന്നു. ഇന്റർനാഷണൽ സ്പെന്റിംഗ് 23 ശതമാനം വർദ്ധിച്ച് 1.36 ട്രില്യൺ ഡോളറിലും എത്തുന്നതാണ്.

വിനോദസഞ്ചാരത്തിന്റെ വീണ്ടെടുക്കൽ, ഭാവി വളർച്ച, വികസനം എന്നിവ സാധ്യമാകുന്നതിനുള്ള പ്രധാന മുൻഗണനകളിലൊന്നായി നിക്ഷേപങ്ങളെ തിരിച്ചറിഞ്ഞു കൊണ്ട്, യു,എൻ.ഡബ്ല്യു.ടി.ഓ, 2023 ലെ ലോകവിനോദസഞ്ചാര ദിനത്തിൽ 'ടൂറിസവും ഹരിത നിക്ഷേപവും', സമൂഹത്തിന്റെയും ലോകത്തിന്റെയും സമൃദ്ധിക്കും വേണ്ടി കൂടുതൽ മികച്ച ലക്ഷ്യത്തോടെയുള്ള നിക്ഷേപങ്ങളുടെ ആവശ്യകത ഉയർത്തിക്കാട്ടുന്നു.

വൈവിധ്യമാർന്ന വിനോദസഞ്ചാര ഉൽപ്പന്നങ്ങളും സംസ്കാര അനുഭവങ്ങളുള്ളതുമായ ലോകത്തിലെ ഏറ്റവും പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാണ് ഇന്ത്യ. സമ്പന്നമായ സാംസ്കാരികവും ചരിത്രപരവുമായ പൈതൃകം, പാരിസ്ഥിതിക വൈവിധ്യം, ഭൂപ്രദേശങ്ങൾ, മികച്ച തൊഴിലവസരങ്ങൾ എന്നിവയ്ക്ക് പുറമെ രാജ്യത്തിന് വിദേശനാണ്യത്തിന്റെ വലിയ സ്രോതസ്സും ആയതിനാൽ ഇന്ത്യയിലെ വിനോദസഞ്ചാരത്തിന് വളരെയധികം സാധ്യതകളാണുള്ളത്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ വിനോദസഞ്ചാരത്തിന്റെ വളർച്ചയുടെ സ്വാധീനം രാജ്യത്തുടനീളം ലഭ്യമാക്കുക വഴി യുവാക്കൾ, വനിതകൾ, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവർക്ക് തൊഴിലും സംരംഭകത്വ അവസരങ്ങളും നൽകുകയും ചെയ്യുന്നു.

കേരളം അന്തർദ്ദേശീയമായി അംഗീകരിക്കപ്പെട്ട ഒരു വിനോദസഞ്ചാര കേന്ദ്രവും മനോഹരമായ ബീച്ചുകളും, കായലുകളും, ഹിൽ സ്റ്റേഷനുകളും, വനങ്ങളും, വന്യജീവികളും ഉള്ള ഇന്ത്യയിലെ ഏറ്റവും മനോഹരമായ സംസ്ഥാനങ്ങളിലൊന്നുമാണ്. ലോകപ്രശസ്ത ബ്രാൻഡ്, വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ, പ്രാദേശിക സംരംഭകരുടെ സാന്നിധ്യം എന്നിവകൊണ്ട് സംസ്ഥാനത്ത് വിനോദസഞ്ചാര വ്യവസായത്തിന് വളരെയധികം സാധ്യതകളുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനം, വിപണനം, മാനവ വിഭവശേഷി വികസനം, ആതിഥ്യം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. കോവിഡിന് ശേഷമുള്ള സമ്പദ്‌വ്യവസ്ഥ വീണ്ടെടുക്കൽ, കമ്മ്യൂണിറ്റി സംരംഭങ്ങൾ, തൊഴിലവസരങ്ങൾ, സാംസ്കാരിക വിനിമയം, അടിസ്ഥാന സൗകര്യ വികസനം എന്നിവയുടെ പ്രധാന പ്രവർത്തനവും കേന്ദ്ര ചാലകവുമാണ് വിനോദസഞ്ചാരം. കൃഷി, മത്സ്യബന്ധനം, ഗതാഗതം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മറ്റ് മേഖലകളുമായും വകുപ്പുകളുമായും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം, വിനോദസഞ്ചാര ഉൽപ്പന്നങ്ങൾക്ക് കൂടുതൽ പ്രചാരം നൽകൽ, ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗം, സാഹസികത, ആരോഗ്യം, പാചകം, അനുഭവപരിചയം, വന്യജീവി, പ്രകൃതി, ഉത്തരവാദിത്വ വിനോദസഞ്ചാരം എന്നിവയുടെ പ്രവണതകൾ സൂചിപ്പിക്കുന്നത് കേരളത്തിന്റെ വിനോദസഞ്ചാര വ്യവസായം വിനോദസഞ്ചാരികളുടെ താല്പര്യങ്ങളിലേക്കും ആവശ്യങ്ങളിലേക്കും മാറിക്കൊണ്ടിരിക്കുകയാണെന്നാണ്. ഉത്തരവാദിത്ത സുസ്ഥിര വിനോദസഞ്ചാരത്തിന് ഊന്നൽ നൽകുന്നത് പാരിസ്ഥിതികവും സാമൂഹികവുമായ സ്വാധീനത്തെക്കുറിച്ചുള്ള സഞ്ചാരികൾക്കിടയിൽ വർദ്ധിച്ചുവരുന്ന അവബോധത്തെ പ്രതിഫലിപ്പിക്കുന്നു. ഗ്രാമീണ, പ്രാദേശിക ടൂറിസത്തിന്റെ പ്രോത്സാഹനം മെച്ചപ്പെട്ട അനുഭവങ്ങൾക്കും സാംസ്കാരിക സമ്പർക്കത്തിനുമുള്ള ആവശ്യകതയും വ്യക്തമാക്കുന്നു. കേരള വിനോദ സഞ്ചാരത്തിന് കീഴിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ വിനോദസഞ്ചാരം പ്രോത്സാ ഹിപ്പിക്കുന്നതിലൂടെ യുഎൻ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി) പാലിക്കുന്നത് സംബന്ധിച്ച യുഎൻഡബ്ല്യുടിഒയുടെ പഠനങ്ങളുടെ പട്ടികയിൽ അടുത്തകാലത്ത് ഇടം നേടുകയുണ്ടായി.

**ഇന്ത്യയിലെ വിനോദ സഞ്ചാരം**

രാജ്യത്തിന് വിദേശനാണ്യം നേടിക്കൊടുക്കുന്നതിൽ വിനോദസഞ്ചാരം ഒരു പ്രധാന പങ്ക് വഹിക്കുന്നു. 2022-ൽ, വിനോദസഞ്ചാരത്തിൽ നിന്നുള്ള വിദേശ നാണയ വരുമാനം (എഫ്.ഇ.ഇ) 16,926 മില്യൺ യുഎസ് ഡോളറായിരുന്നു. ഇത് 2021 ലെ 8,797 മില്യൺ യുഎസ് ഡോളർ, എഫ്.ഇ.ഇ നേക്കാൾ 92.41 ശതമാനം വളർച്ച രേഖപ്പെടുത്തി. 2019-ലെ 10.93 ദശലക്ഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2022-ലും 2021-ലും യഥാക്രമം 6.19 ദശലക്ഷത്തിലധികവും 1.52 ദശലക്ഷത്തിലധികവും വിദേശ വിനോദ സഞ്ചാരികൾ രാജ്യത്ത് എത്തി. ഈ സംഖ്യകൾ മഹാമാരിക്ക് മുമ്പുള്ള കണക്കുകളേക്കാൾ കുറവാണെങ്കിലും 2022-ൽ ഇന്ത്യയിലെ വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ ഗണ്യമായ വളർച്ച കൈവരിച്ചു. 2022-ൽ ഇന്ത്യയുടെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 1731.01 ദശലക്ഷം ആയിരുന്നു, 2021-ലെ 677.63 ദശലക്ഷത്തിൽ നിന്ന് 155.45 ശതമാനം വർദ്ധനവാണിത് കാണിക്കുന്നത്. (ഉറവിടം: ഇന്ത്യ ടൂറിസം സ്ഥിതിവിവരക്കണക്ക് 2023, വിനോദസഞ്ചാര മന്ത്രാലയം, ഭാരത സർക്കാർ).

**കേരളത്തിലെ വിനോദസഞ്ചാരം**

പതിറ്റാണ്ടുകളായി കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിനോദസഞ്ചാരം ഗണ്യമായ സംഭാവന നൽകുന്നുണ്ട്, 2022 ൽ ഈ മേഖലയ്ക്ക് 35,168.42 കോടി രൂപ വരുമാനം ലഭിച്ചു.

**ബോക്സ് 5.3.1** കേരള വിനോദസഞ്ചാരം ഒറ്റനോട്ടത്തിൽ

| | |
|---|---|
| 2021-ലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | 75,37,617 |
| 2022-ലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | 1,88,67,414 |
| 2021-ലെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം | 60,487 |
| 2022-ലെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം | 3,45,549 |
| 2021-ലെ ആകെ വിനോദ സഞ്ചാരികളുടെ എണ്ണം | 75,98,104 |
| 2022-ലെ ആകെ വിനോദ സഞ്ചാരികളുടെ എണ്ണം | 1,92,12,963 |
| 2021-ൽ നേടിയ മൊത്തം (നേരിട്ടുള്ളതും പരോക്ഷവുമായ) വരുമാനം (കോടി രൂപ) | 12,285.91 |
| 2022-ൽ മൊത്തം (നേരിട്ടുള്ളതും പരോക്ഷവുമായ) വരുമാനം (കോടി രൂപ) | 35,168.42 |
| 2021-ലെ വിദേശ വിനിമയ വരുമാനം (കോടി രൂപ) | 461.50 |
| 2022-ലെ വിദേശ വിനിമയ വരുമാനം (കോടി രൂപ) | 2,792.42 |
| 2021-ൽ ആഭ്യന്തര വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടി രൂപ) | 9,103.93 |
| 2022-ൽ ആഭ്യന്തര വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടി രൂപ) | 24,588.96 |

അവലംബം: വിനോദ സഞ്ചാര വകുപ്പ് , കേരള സർക്കാർ

### സാമ്പത്തിക പെർഫോമൻസ്

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിനോദസഞ്ചാര മേഖലയിലെ പദ്ധതി വിഹിതത്തിന്റെയും ചെലവുകളുടെയും വിശദാംശങ്ങൾ **പട്ടിക 5.3.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.3.1** സംസ്ഥാന പദ്ധതി വിഹിതവും ചെലവും -രൂപ കോടിയിൽ

| വർഷം | വിഹിതം | ചെലവ് |
|---|---|---|
| 2019-20 | 372.37 | 177.69 (47.77%) |
| 2020-21 | 320.14 | 325.63 (101.71%) |
| 2021-22 | 320.14 | 244.49 (76.37%) |
| 2022-23 | 362.15 | 248.58 (68.64%) |
| 2023-24 (2023 ഒക്ടോബർ വരെ) | 362.15 | 132.47 (36.58%) |


അവലംബം : പ്ലാൻ സ്പേസ് കേരള, അക്കൗണ്ട്സ്

### വിദേശ സഞ്ചാരികളുടെ വരവ്

2022-ൽ ഇന്ത്യയിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 6.19 ദശലക്ഷവും 2022-ൽ രാജ്യം സന്ദർശിച്ചവരുടെ എണ്ണം 8.59 ദശലക്ഷവുമാണ്, ഇത് 2021-നെ അപേക്ഷിച്ച് വളരെ കൂടുതലാണ്. ഏകദേശം 3.45 ലക്ഷം വിദേശ വിനോദ സഞ്ചാരികൾ 2022-ൽ സംസ്ഥാനം സന്ദർശിച്ചു, ഇത് (0.6 ലക്ഷം). മുൻവർഷത്തേക്കാൾ 471.28 ശതമാനം കൂടുതലാണ്. 2023 ജൂൺ 30 വരെ കേരളത്തിൽ എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 2,87,730 ആണ്. വിദേശരാജ്യങ്ങളിലെ മഹാമാരിയും യുദ്ധങ്ങളും വിലക്കയറ്റവും വിദേശ വിനോദസഞ്ചാരികളുടെ വരവിനെ ബാധിച്ചിട്ടുണ്ടെങ്കിലും കേരളത്തിലെ വിനോദസഞ്ചാരം തിരിച്ചുവരവിന്റെ പാതയിലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. (അവലംബം: വിനോദസഞ്ചാര വകുപ്പ്, കേരള സർക്കാർ).

2014ലും 2016ലും വിദേശ വിനോദസഞ്ചാരികളുടെ കേരളത്തിലെ സന്ദർശനത്തിന്റെ വളർച്ചാ നിരക്ക് ഇന്ത്യയേക്കാൾ കൂടുതലായിരുന്നു. 2018 വരെയുള്ള മറ്റ് വർഷങ്ങളിൽ അത് ദേശീയ ശരാശരിയേക്കാൾ കുറവായിരുന്നു. 2019, 2020 വർഷങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാനത്തും ഏകദേശം സമാന രീതിയിലുള്ള വിദേശ വിനോദസഞ്ചാര സന്ദർശനങ്ങൾ കാണുവാൻ സാധിക്കും. 2022 ൽ കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 3,45,549 ആണ് . 2021 ൽ ഇത് 60,487 ആയിരുന്നു. 2021 നെ അപേക്ഷിച്ച് സംസ്ഥാനം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 471.28 ശതമാനം വർദ്ധനവാണ് ഇത് കാണിക്കുന്നത്. വിനോദസഞ്ചാര വ്യവസായത്തിൽ കോവിഡ് മഹാമാരിയുടെ ആഘാതം കാരണം 2020 ലും 2021 ലും വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനത്തിൽ നെഗറ്റീവ് വളർച്ചാ നിരക്ക് കാണിക്കുന്നു. ഇന്ത്യയിലെയും കേരളത്തിലെയും വിദേശ വിനോദസഞ്ചാര സന്ദർശനങ്ങളും 2013 മുതലുള്ള വാർഷിക വളർച്ചാ നിരക്കും **അനുബന്ധം 5.3.1** ൽ കൊടുത്തിരിക്കുന്നു. 2021-ലും 2022-ലും ഇന്ത്യയിലും കേരളത്തിലും മാസാടിസ്ഥാനത്തിലുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവ് **പട്ടിക 5.3.2**-ൽ നൽകിയിരിക്കുന്നു. **ചിത്രം 5.3.1** 2013 മുതൽ 2022 വരെയുള്ള കാലയളവിൽ ഇന്ത്യയിലേക്കും കേരളത്തിലേക്കുമുള്ള വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനത്തിന്റെ പ്രവണതകൾ കൊടുത്തിരിക്കുന്നു.

**ചിത്രം 5.3.1** 2013 മുതൽ 2022 വരെ ഇന്ത്യയിലെയും കേരളത്തിലെയും വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ




അവലംബം: വിനോദസഞ്ചാര വകുപ്പ്, കേരള സർക്കാർ

**പട്ടിക 5.3.2** 2021 ലും 2022 ലും ഇന്ത്യയിലും കേരളത്തിലും എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം മാസാടിസ്ഥാനത്തിൽ

| ക്രമ നം | മാസം | വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2021 | | വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2022 | |
|---|---|---|---|---|---|
| | | ഇന്ത്യ (എത്തിച്ചേരൽ) | കേരളം (സന്ദർശനം) | ഇന്ത്യ (എത്തിച്ചേരൽ) | കേരളം (സന്ദർശനം) |
| 1 | ജനുവരി | 94,662 | 4,298 | 2,01,546 | 10,952 |
| 2 | ഫെബ്രുവരി | 1,10,312 | 4,167 | 2,40,896 | 12,158 |
| 3 | മാർച്ച് | 1,33,768 | 6,024 | 3,42,308 | 20,437 |
| 4 | ഏപ്രിൽ | 78,718 | 987 | 3,92,930 | 17,889 |
| 5 | മെയ് | 19,765 | 169 | 4,23,701 | 21,496 |
| 6 | ജൂൺ | 36,070 | 298 | 5,22,737 | 23,028 |
| 7 | ജൂലൈ | 72,501 | 4,054 | 6,40,858 | 32,785 |
| 8 | ആഗസ്റ്റ് | 92,728 | 4,349 | 4,98,243 | 37,939 |
| 9 | സെപ്റ്റംബർ | 1,15,661 | 5,066 | 5,36,340 | 30,168 |
| 10 | ഒക്ടോബർ | 1,91,415 | 7,944 | 6,56,895 | 36,261 |
| 11 | നവംബർ | 2,63,867 | 10,886 | 7,68,675 | 42,308 |
| 12 | ഡിസംബർ | 3,17,647 | 12,245 | 9,66,270 | 60,128 |
| | ആകെ | 15,27,114 | 60,487 | 61,91,399 | 3,45,549 |

അവലംബം : വിനോദ സഞ്ചാര വകുപ്പ് , കേരള സർക്കാർ

### വിദേശ വിനോദസഞ്ചാരികളുടെ ഉറവിട വിപണി

2022-ൽ സംസ്ഥാനത്തേക്കുള്ള വിദേശ വിനോദ സഞ്ചാരികളിൽ ഭൂരിഭാഗവും യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ നിന്നാണ് (12.98 ശതമാനം). 2021ൽ ഒന്നാം സ്ഥാനത്തായിരുന്ന റഷ്യ 2022ൽ 8.07 ശതമാനം സഞ്ചാരികളുമായി രണ്ടാം സ്ഥാനത്താണ്. 2022ൽ യുകെ (7.66 ശതമാനം), ഫ്രാൻസ് (4.04 ശതമാനം), ജർമ്മനി (3.69 ശതമാനം) എന്നീ രാജ്യങ്ങളാണ് വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വലിയൊരു പങ്ക് സംഭാവന ചെയ്തത്. 2022-ൽ കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളിൽ 52 ശതമാനവും മികച്ച പത്ത് ഉറവിട വിപണികൾ ഒഴികെയുള്ള രാജ്യങ്ങളിൽ നിന്നുള്ളവരാണ്. കഴിഞ്ഞ മൂന്ന് വർഷത്തേയും 2023 ജൂൺ 30 വരെയും ഉള്ള കേരള ടൂറിസത്തിന്റെ പ്രധാന അന്താരാഷ്ട്ര ഉറവിട വിപണികളുടെ സംഭാവന **അനുബന്ധം 5.3.2**–ൽ നൽകിയിരിക്കുന്നു. **ചിത്രം 5.3.2** ൽ 2021ലും 2022ലും മികച്ച പത്ത് രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തിയ വിദേശ വിനോദസഞ്ചാരികളുടെ എണ്ണം കൊടുത്തിരിക്കുന്നു.

### വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനങ്ങൾ – ജില്ല തിരിച്ച്


കഴിഞ്ഞ കുറച്ച് വർഷങ്ങളായി, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദേശ വിനോദസഞ്ചാരികളുടെ വരവ് രേഖപ്പെടുത്തിയ രണ്ട് ജില്ലകൾ എറണാകുളവും തിരുവനന്തപുരവുമാണ്. 2022-ൽ 1, 86,290 വിദേശ വിനോദസഞ്ചാരികൾ എറണാകുളം സന്ദർശിച്ചപ്പോൾ 2021-ൽ അത് 46,821 ആയിരുന്നു. തിരുവനന്തപുരത്ത് 2022-ൽ 81,916 വിദേശ വിനോദ സഞ്ചാരികളും 2021-ൽ 8,262 വിദേശ വിനോദസഞ്ചാരികളുമാണ് എത്തിയത്.

2022ൽ ഏറ്റവും കുറച്ച് വിദേശ സഞ്ചാരികൾ സന്ദർശനം നടത്തിയത് കസർഗോഡും (458)പത്തനംതിട്ടയിലുമാണ് (506). എന്നാൽ ഈ ജില്ലകളിൽ എത്തിയ വിദേശ വിനോദസഞ്ചാരികളുടെ എണ്ണം മുൻവർഷത്തേക്കാൾ മികച്ചതാണ്. വിശദാംശങ്ങൾ **അനുബന്ധം 5.3.3** ൽ നൽകിയിരിക്കുന്നു. 2022-ൽ മൊത്തം വിദേശ വിനോദസഞ്ചാരികളിൽ 66.52 ശതമാനവും മധ്യകേരളവും 5.94 ശതമാനം വടക്കൻ കേരളവും 27.54 ശതമാനം തെക്കൻ കേരളവും സന്ദർശിച്ചു. 2021ൽ മൊത്തം വിദേശ വിനോദസഞ്ചാരികളിൽ 80 ശതമാനവും മധ്യകേരളവും 15 ശതമാനം തെക്കൻ കേരളവും 5 ശതമാനം വടക്കൻ കേരളവും സന്ദർശിച്ചു. **ചിത്രം 5.3.3** 2022-ൽ കേരളത്തിലെ വിദേശ വിനോദസഞ്ചാരികളുടെ പ്രദേശാടിസ്ഥാനത്തിലുള്ള സന്ദർശനങ്ങൾ കൊടുത്തിരിക്കുന്നു.

### ആഭ്യന്തര വിനോദ സഞ്ചാരികൾ


ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ കോവിഡ് 19 മഹാമാരി കാരണം 2020ൽ സംഭവിച്ച 72.86 ശതമാനം നെഗറ്റീവ് വളർച്ചയിൽ നിന്ന് 2021, 2022, 2023 വർഷങ്ങളിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ സംസ്ഥാനം സ്ഥിരമായ വളർച്ചക്ക് സാക്ഷ്യം വഹിച്ചു. 2021 ൽ 51.09 ശതമാനം വരെ വർദ്ധനവോടെ തിരിച്ചുവന്നു (75,37,617 എണ്ണം). 2022-ൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 1,88,67,414 ആയിരുന്നു, ഇത് മുൻവർഷത്തേക്കാൾ 150.31 ശതമാനം കൂടുതലാണ്. കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനത്തിലെ ശ്രദ്ധേയമായ പുരോഗതിയാണ് ഇത് കാണിക്കുന്നത്.

**ചിത്രം 5.3.2** 2021 ലും 2022 ലും വിദേശ വിനോദസഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ലോകത്തിലെ പത്ത് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ വരവിന്റെ എണ്ണം




അവലംബം : വിനോദ സഞ്ചാര വകുപ്പ് , കേരള സർക്കാർ

**ചിത്രം 5.3.3** 2022-ൽ കേരളത്തിലെ പ്രദേശാടിസ്ഥാനത്തിലുള്ള വിദേശ ടൂറിസ്റ്റ് സന്ദർശനങ്ങൾ, ശതമാനം




അവലംബം : വിനോദ സഞ്ചാര വകുപ്പ് , കേരള സർക്കാർ

കഴിഞ്ഞ പത്ത് വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന ശതമാനം വർദ്ധനയാണ് ഇത്. 2023 ജൂൺ 30 വരെയുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 1,06,83,643 ആണ്, ഇത് 2022 ലെ ആദ്യ ആറ് മാസങ്ങളിലെ കണക്കുകളെക്കാൾ 20.1 ശതമാനം കൂടുതലാണ്. **അനുബന്ധം 5.3.4** ൽ 2013 മുതൽ 2023 വരെ (ജൂൺ30, 2023 വരെ) കേരളത്തിലേക്കുള്ള ആഭ്യന്തര ടൂറിസ്റ്റ് സന്ദർശനങ്ങളുടെ വിശദാംശങ്ങൾ നൽകിയിരിക്കുന്നു. **ചിത്രം 5.3.4** ൽ 2013-2022 കാലയളവിൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനത്തിലെ പ്രവണതകൾ കൊടുത്തിരിക്കുന്നു.

### ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം


2022-ൽ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവ് സംബന്ധിച്ച മാസാടി സ്ഥാനത്തിലുള്ള കണക്കുകൾ അനുസരിച്ച് വിനോദസഞ്ചാരികളുടെ വരവ് ഏറ്റവും കൂടുതൽ ഡിസംബർ മാസത്തിലും ഏറ്റവും കുറവ് ഫെബ്രുവരി മാസത്തിലുമാണ്. വിശദാംശങ്ങൾ **പട്ടിക 5.3.3** ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.3.3** കഴിഞ്ഞ മൂന്ന് വർഷത്തെ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് മാസം തിരിച്ച്

| ക്രമ നം | മാസം | ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | | |
|---|---|---|---|---|
| | | | 2021 | 2022 |
| 1 | ജനുവരി | 17,25,291 | 7,88,185 | 12,33,862 |
| 2 | ഫെബ്രുവരി | 13,83,951 | 7,28,204 | 11,62,035 |
| 3 | മാർച്ച് | 5,90,661 | 6,83,801 | 13,98,917 |
| 4 | ഏപ്രിൽ | 3,391 | 3,73,290 | 16,11,134 |
| 5 | മെയ് | 7,370 | 66,711 | 19,10,617 |
| 6 | ജൂൺ | 29,233 | 1,20,473 | 15,79,028 |
| 7 | ജൂലൈ | 40,389 | 4,14,189 | 14,32,307 |
| 8 | ആഗസ്റ്റ് | 61,151 | 6,26,792 | 14,80,642 |
| 9 | സെപ്റ്റംബർ | 1,26,358 | 7,18,945 | 15,72,294 |
| 10 | ഒക്ടോബർ | 2,10,431 | 8,55,682 | 17,39,286 |
| 11 | നവംബർ | 3,29,091 | 9,29,262 | 16,82,632 |
| 12 | ഡിസംബർ | 4,81,655 | 12,32,083 | 20,64,660 |
| | ആകെ | 49,88,972 | 75,37,617 | 1,88,67,414 |

അവലംബം: വിനോദ സഞ്ചാര വകുപ്പ് , കേരള സർക്കാർ

**ചിത്രം 5.3.4** 2013 മുതൽ 2022 വരെ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിന്റെ വാർഷിക വളർച്ചാ നിരക്ക്, ശതമാനം





അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**ആഭ്യന്തര വിനോദ സഞ്ചാരത്തിന്റെ ഉറവിടം**

2022-ൽ കേരളത്തിലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ പ്രകാരം 71.51 ശതമാനവും സംസ്ഥാനത്തിനകത്തുനിന്നാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുവരുന്ന ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ (9 ശതമാനം) തമിഴ്നാട് ഒന്നാം സ്ഥാനത്താണ്. കർണാടക (6.14 ശതമാനം), മഹാരാഷ്ട്ര (3.31 ശതമാനം) എന്നിവയാണ് മറ്റ് പ്രധാന സംസ്ഥാനങ്ങൾ. ഈ സംസ്ഥാനങ്ങൾ മുൻവർഷങ്ങളിലും സംസ്ഥാനത്തെ ആഭ്യന്തര വിനോദസഞ്ചാരികളുടെ പ്രധാന ഉറവിടമായിരുന്നു. **അനുബന്ധം 5.3.5**-ൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിന്റെ സംസ്ഥാനാടിസ്ഥാനത്തിലുള്ള മികച്ച 15 സംസ്ഥാനങ്ങളുടെ വിഹിതം സംബന്ധിക്കുന്ന വിശദാംശങ്ങൾ നൽകിയിരിക്കുന്നു. 2021-ലും 2022-ലും മികച്ച 10 സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് **ചിത്രം 5.3.5** കാണിക്കുന്നു.

**ചിത്രം 5.3.5** 2021-ലും 2022-ലും ആദ്യ പത്ത് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ്, ശതമാനത്തിൽ





അവലംബം: വിനോദ സഞ്ചാര വകുപ്പ് , കേരള സർക്കാർ

### ആഭ്യന്തര വിനോദ സഞ്ചാരികളുടെ ജില്ല തിരിച്ചുള്ള സന്ദർശനം

കേരളത്തിലെ ജില്ല തിരിച്ചുള്ള ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ 2022ൽ എറണാകുളവും തിരുവനന്തപുരവുമാണ് മുൻപന്തിയിലുള്ളത്. 2021ലും ഈ രണ്ട് ജില്ലകൾ ഒന്നാം സ്ഥാനത്തായിരുന്നു. 2022 വർഷത്തിൽ ഏറ്റവും കുറവ് ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിച്ചത് കാസർഗോഡാണ്, 2021-ൽ ഏറ്റവും പിന്നിലായിരുന്ന പത്തനംതിട്ടയാണ് ഈ വർഷം ഏറ്റവും കുറവ് ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ രണ്ടാം സ്ഥാനത്ത്. വിശദാംശങ്ങൾ **അനുബന്ധം 5.3.6**-ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ നാല് വർഷങ്ങളായി കൂടുതൽ ആഭ്യന്തര വിനോദസഞ്ചാരികൾ മധ്യകേരളം സന്ദർശിച്ചതായി പ്രദേശാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ കാണിക്കുന്നു. **ചിത്രം 5.3.6**– ൽ 2022-ൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ പ്രാദേശികാടിസ്ഥാനത്തിലുള്ള സന്ദർശനങ്ങൾ കൊടുത്തിരിക്കുന്നു.

**ചിത്രം 5.3.6** 2022-ൽ കേരളത്തിലെ പ്രദേശാടിസ്ഥാനത്തിലുള്ള ആഭ്യന്തര വിനോദ സഞ്ചാര സന്ദർശനങ്ങൾ, ശതമാനം




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

### വിദേശ വിനോദ സഞ്ചാര വരുമാനം

2022ൽ വിനോദസഞ്ചാരമേഖലയിൽ നിന്നും പ്രത്യക്ഷമായും പരോക്ഷമായും ലഭിച്ച ആകെ വരുമാനം 35,168.42 കോടിരൂപയാണ്. ഇത് 2021നെ അപേക്ഷിച്ച് 186.25ശതമാനം വർദ്ധനവ് കാണിക്കുന്നു. 2022ലെ വിദേശ നാണ്യ വിനിമയ വരുമാനവും ആഭ്യന്തര വിനോദസഞ്ചാര വരുമാനവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. 2021ൽ വിനോദസഞ്ചാരത്തിൽ നിന്നുള്ള വിദേശ നാണ്യവിനിമയ വരുമാനം 2,792.42 കോടിരൂപയും ആഭ്യന്തര വിനോദസഞ്ചാര വരുമാനം 24,588.96 കോടിരൂപയുമാണ്. 2021ൽ ഇത് യഥാക്രമം 461.5 കോടിരൂപയും 9,103.93 കോടിരൂപയും ആയിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 5.3.7** ൽ നൽകിയിട്ടുണ്ട്. 2013 മുതൽ 2022 വരെയുള്ള കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്നുള്ള നേരിട്ടും പരോക്ഷവുമായ ആകെ വരുമാനം **പട്ടിക 5.3.4** ൽ നൽകിയിരിക്കുന്നു.

**ചിത്രം 5.3.7**ൽ 2013 മുതൽ 2022 വരെ കേരളത്തിൽ വിനോദസഞ്ചാരത്തിൽ നിന്നു ലഭിച്ച മൊത്ത വരുമാനം കൊടുത്തിരിക്കുന്നു.

### കേരളത്തിലെ താമസ സൗകര്യ യൂണിറ്റുകൾ

2023 ജൂൺ 30-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ആകെ വിനോദസഞ്ചാര താമസ സൗകര്യ യൂണിറ്റുകളുടെ എണ്ണം 1,08,656 മുറികളോട് കൂടി 8,036 എണ്ണം ആണ്. ഏറ്റവും കൂടുതൽ താമസ സൗകര്യ യൂണിറ്റുകളുള്ള ജില്ല ഇടുക്കിയും (1,557) ഏറ്റവും കുറവ് താമസ യൂണിറ്റുകളുള്ളത് കാസർഗോഡുമാണ് (122). വിശദാംശങ്ങൾ **അനുബന്ധം 5.3.8** ൽ കാണിച്ചിരിക്കുന്നു.

### 2022, 2023 വർഷങ്ങളിലെ അവാർഡുകളും അംഗീകാരങ്ങളും

- കേരള വിനോദസഞ്ചാരത്തിനായി കോട്ടയം ജില്ലയിലെ മറവൻതുരുത്തിൽ ആർടി മിഷൻ നടപ്പിലാക്കിയ വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക് ജലസംരക്ഷണ മേഖലയിൽ 2022-ലെ വേൾഡ് ട്രാവൽ മാർട്ട് (ഡബ്ല്യൂ. ടി. എം) ഗ്ലോബൽ അവാർഡ്
- പ്രിന്റ് മാർക്കറ്റിംഗ് കാമ്പെയ്ൻ വിഭാഗത്തിൽ പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (പി.എ.ടി.എ) 2022 ഗോൾഡ് അവാർഡ്- ചെയിഞ്ച് ഓഫ് എയർ കാമ്പെയ്ൻ; 2022, മാർക്കറ്റിംഗ് കാമ്പെയ്നിനുള്ള പി.എ.ടി.എ ഗോൾഡ് അവാർഡ് എന്നിവ ലഭിച്ചു. (സ്റ്റേറ്റ് ആൻഡ് സിറ്റി - ഗ്ലോബൽ) - പാക്ക് അപ്പ് ഫോർ കേരള 2023.
- ഡിജിറ്റൽ ട്രാവൽ ഏജൻസിയായ ബുക്കിംഗ്.കോം നടത്തിയ ട്രാവലർ റിവ്യൂ അവാർഡ്.
- (i)ട്രാവൽ + ലെഷർ ഗ്ലോബൽ വിഷൻ അവാർഡ് 2022 (ii) 2022 സെപ്റ്റംബറിൽ ഡെസ്റ്റിനേഷൻ ബിൽഡിംഗ് ബാക്ക് ബെറ്റർ - പോസ്റ്റ് കോവിഡ്, വിനോദസഞ്ചാരത്തിലെ വർദ്ധിച്ച വൈവിധ്യവൽക്കരണം, പരിസ്ഥിതിയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കൽ, ജലം സംരക്ഷിക്കൽ, ജലക്ഷാമം കുറക്കുക & അയൽക്കാർക്കുള്ള ജലം വിതരണം ചെയ്യുക എന്നിവയ്ക്കായി ഐ.സി.ആർ.ടി ഇന്റർനാഷണലിന്റെ നാല് ഗോൾഡ് അവാർഡുകൾ.(iii) ഉത്തരവാദിത്ത ടൂറിസം ഗ്ലോബൽ അവാർഡ് - 2023 – കരകൗശലം, ഭക്ഷണം എന്നിവയ്ക്ക് പ്രാദേശിക ഉറവിടങ്ങൾ-2023 വിഭാഗത്തിൽ ഏറ്റവും മികച്ചത്.(iv) ഐ.സി.ആർ.ടി ഇന്ത്യ സബ്കോണ്ടിനെന്റ് ഗോൾഡ് അവാർഡ് 2023 എന്നീ അവാർഡുകൾ കേരള ഉത്തരവാദിത്ത ടൂറിസം മിഷന് ലഭിച്ചു.
- ട്രാവൽ ആൻഡ് ലെഷർ അവാർഡ്- 2022 ലെ 'ഇന്ത്യയിലെ ഏറ്റവുമധികം സ്വാഗതം ചെയ്യുന്ന മേഖല'യിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയതിനാൽ, മികച്ച വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ, ട്രാവലർ റിവ്യൂ അവാർഡ് എന്നിവക്കുള്ള ഇന്ത്യൻ റീഡേഴ്സ് ചോയ്സ് അവാർഡ് 2022 കേരളത്തിന് ലഭിച്ചു.
- വിനോദസഞ്ചാര മന്ത്രാലയം, ഭാരത സർക്കാരിന്റെ അവാർഡുകൾ- 2023-ലെ മികച്ച ടൂറിസം വില്ലേജ് ഗോൾഡ് അവാർഡ്-കാന്തല്ലൂർ സ്ട്രീറ്റ് പദ്ധതി പ്രവർത്തനങ്ങൾക്കായി ആർടി മിഷനും, വിനോദസഞ്ചാരത്തിന്റെ സമഗ്ര വികസനത്തിനുള്ള മികച്ച സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശം എന്ന നിലയിലും ലഭിച്ചു. മികച്ച ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലായി കോഴിക്കോട് ജില്ലയെ തിരഞ്ഞെടുത്തു.
- 2022 സെപ്റ്റംബറിൽ ടൂറിസം മേഖലയിലെ സമഗ്ര

**പട്ടിക 5.3.4** 2013 മുതൽ 2022 വരെയുള്ള കാലയളവിൽ കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്ന് ലഭിച്ച മൊത്തം വരുമാനം (പ്രത്യക്ഷവുംപരോക്ഷവുമായ), രൂപ കോടിയിൽ

| വർഷം | ആകെ വരുമാനം (പ്രത്യക്ഷവും പരോക്ഷവുമായ) | ശതമാന വ്യത്യാസം |
|---|---|---|
| 2013 | 22,926.55 | 12.22 |
| 2014 | 24,885.44 | 8.54 |
| 2015 | 26,689.63 | 7.24 |
| 2016 | 29,658.56 | 11.12 |
| 2017 | 33,383.68 | 12.56 |
| 2018 | 36,258.01 | 8.60 |
| 2019 | 45,010.69 | 24.13 |
| 2020 | 11,335.96 | -74.81 |
| 2021 | 12,285.91 | 8.37 |
| 2022 | 35,168.42 | 186.25 |

അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ


വികസനത്തിനുള്ള ഹാൾ ഓഫ് ഫെയിം ബഹുമതി ഉൾപ്പെടെ ഇന്ത്യാ ടൂറിസം പ്രഖ്യാപിച്ച ദേശീയ അവാർഡുകൾ.

- ഇന്ത്യ ടുഡേ ന്യൂസ് മാഗസിൻ most happy state 2022 ആയി കേരളത്തെ തിരഞ്ഞെടുത്തു.
- 2022-ൽ സന്ദർശിച്ചിരിക്കേണ്ട സ്ഥലങ്ങളിൽ ഒന്നായി സി.എൻ.സി (Conde-nast Traveller) പട്ടികയിൽ അയ്മനം മോഡൽ ആർ.ടി വില്ലേജിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കേരള വിനോദസഞ്ചാരത്തെക്കുറിച്ചുള്ള മറ്റ് പ്രധാന അംഗീകാരങ്ങൾ**

- 2023-ൽ സന്ദർശിക്കേണ്ട 52 സ്ഥലങ്ങളിൽ ഒന്നാണ് കേരളം. (ദ ന്യൂയോർക്ക് ടൈംസ്)
- സന്ദർശിക്കാൻ ലോകത്തിലെ ഏറ്റവും മികച്ച സ്ഥലങ്ങളിൽ ഒന്നാണ് കേരളം. (ടൈം മാഗസിൻ)
- ലോകത്തിലെ പത്ത് പറുദീസകളിലൊന്നാണ് കേരളം. (നാഷണൽ ജിയോഗ്രാഫിക് ട്രാവലർ)
- മരിക്കുന്നതിന് മുമ്പ് ചെയ്യാൻ മറക്കരുതാത്ത പത്ത് കാര്യങ്ങളിൽ ഒന്ന്. (ബിബിസി)
- ഏറ്റവും സമഗ്രമായ ആരോഗ്യ സംവിധാനത്തിന്റെ മക്ക. (ജിയോ സൈസൺ)
- സ്മാർട്ട് ട്രാവലർ സന്ദർശിക്കേണ്ടയിടം. (ഫിനാൻഷ്യൽ ടൈംസ്)
- 21-ാം നൂറ്റാണ്ടിലെ 100 മികച്ച യാത്രകളിൽ ഒന്ന് (ട്രാവൽ &ലെഷർ)
- മില്ലേനിയത്തിലെ പത്ത് ഹോട്ട് സ്പോട്ടുകളിൽ ഒന്ന് (എമിറേറ്റ്സ് ഇൻഫ്ലൈറ്റ് മാഗസിൻ)
- ഒരു ജീവിതകാലത്തിലെ ആറ് ലക്ഷ്യസ്ഥാനങ്ങളിൽ ഒന്ന്. (ഖലീജ് ടൈംസ്)
- ഇത് യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്വന്തം നാടാണ് (സർ പോൾ മക്കാർട്ട്നി).

**ചിത്രം 5.3.7** 2013 മുതൽ 2022 വരെ കേരളത്തിൽ വിനോദസഞ്ചാരത്തിൽ നിന്നു ലഭിച്ച മൊത്ത വരുമാനം, രൂപ കോടിയിൽ




അവലംബം: വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

### മറ്റ് നേട്ടങ്ങൾ

- കേരള ടൂറിസത്തിന്റെ വളർച്ചയ്ക്കായി വിനോദ സഞ്ചാര വകുപ്പ് മറ്റ് മേഖലകളുമായി സഹകരിച്ച് നിരവധി പദ്ധതികൾ ആവിഷ്കരിച്ചു.
- വിനോദസഞ്ചാര വകുപ്പ് കാരവൻ ടൂറിസം പദ്ധതി വികസിപ്പിച്ചെടുത്തു, സംസ്ഥാനത്തെ ആദ്യത്തെ കാരവൻ ടൂറിസം പദ്ധതി വാഗമണിൽ ആരംഭിച്ചു. നിലവിൽ 10 കാരവൻ ടൂറിസം പ്രൊജെക്ടുകൾ ടൂറിസം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- വിനോദസഞ്ചാര മേഖലയുടെ നടത്തിപ്പിൽ യുവാക്കളെ പങ്കാളികളാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ ടൂറിസം ക്ലബ്ബുകൾ രൂപീകരിച്ചു.
- ടാവൻകൂർ പൈതൃക പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 18 പൈതൃക കെട്ടിടങ്ങളുടെ ലൈറ്റ് ഡെക്കറേഷൻ പദ്ധതികൾ പൂർത്തിയായി.
- തിരുവനന്തപുരം അതിന്റെ ആദ്യ ഡെസ്റ്റിനേഷൻ റേറ്റിംഗ് ആരംഭിച്ചു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ക്യൂആർ കോഡ് സ്കാൻ ചെയ്ത് സന്ദർശകർക്ക് റേറ്റിംഗ് രേഖപ്പെടുത്താം. തിരുവനതപുരം ഡിടിപിസിയുടെ കീഴിൽ വരുന്ന നെയ്യാർ ഡാം, കാപ്പിൽ, ശാസ്താംപാറ, വേളി, ശംഖുമുഖം, ആക്കുളം തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിലാണ് ഈ സൗകര്യം. ഫോർട്ട് കൊച്ചിയിൽ കേരള ക്യൂആർ കോഡ് അല്ലെങ്കിൽ വെർച്വൽ ടാവൽ ഗൈഡ് തുടങ്ങി.
- നവീകരിച്ച ആക്കുളം ടൂറിസ്റ്റ് വില്ലേജ് സ്കൈ ക്ലൈംബിംഗ്, സിപ്പ് ലൈൻ, ബലൂൺ കാസിൽ, ബാർമ ബ്രിഡ്ജ്, ബാംബൂ ലാഡർ, ഫിഷ് സ്പാ, കുട്ടികൾക്കായി ബാറ്ററി കാറുകൾ തുടങ്ങി സാഹസികതയുടെ പുതിയ അനുഭവങ്ങൾ ആരംഭിച്ചു.
- ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ജല സാഹസിക വിനോദസഞ്ചാരത്തിൽ പരിശീലന സ്ഥാപനം ആരംഭിച്ചു.
- കോഴിക്കോട് ജില്ലാ ടൂറിസം കൗൺസിലും Yew യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും 2022 നവംബർ 20 ന് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പങ്കാളിത്തത്തോടെ ഗോതേശ്വരം ബീച്ചിൽ "അവഞ്ചുറ" സർഫിംഗ് പരിപാടി ആരംഭിച്ചു.
- കാസർകോട്, ബേക്കൽ, കണ്ണൂർ, മുഴപ്പിലങ്ങാട് എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് നടപ്പാക്കി.
- കിഫ്ബി തുല്യവികസന പദ്ധതിയുടെ ഒന്നാം ഘട്ടം മുഴപ്പിലങ്ങാട് ബീച്ച്, ധർമ്മടം ബീച്ച്, ധർമ്മടം തുരുത്ത് എന്നിവിടങ്ങളിൽ ഉദ്ഘാടനം ചെയ്തു.
- ചാമ്പ്യൻസ് ട്രോഫി 2022 സീസൺ മലബാർ മേഖലയിലേക്ക് വ്യാപിപ്പിക്കുകയും മികച്ച വിജയത്തോടെ സംഘടിപ്പിക്കുകയും ചെയ്തു.
- പഴയ ഫറോക്ക് പാലത്തിന്റെ നവീകരണം പൂർത്തിയാക്കി ഒരു വിനോദസഞ്ചാര കേന്ദ്രമായി തുറന്നു. മലപ്പുറം ജില്ലയിലെ നിളയോരം പാർക്ക് നവീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.
- മലബാർ റിവർ ഫെസ്റ്റിവൽ സംഘടിപ്പിച്ചു, അതിൽ കോഴിക്കോട് കെ.എ.ടി.പി.എസ് (KATPS) നടത്തുന്ന അന്താരാഷ്ട്ര കയാക്കിംഗ് മത്സരങ്ങൾ ചാലിയാർ നദിയിലും ഇരുവഴഞ്ഞി പുഴയിലും നടത്തി. പറശ്ശിനിക്കടവ് മുതൽ അഴീക്കൽ തുറമുഖം വരെ കയാക്കത്തോൺ എന്ന പേരിൽ സ്കൂബാ ഡൈവിംഗ്, പാരാസെയിലിംഗ്, കയാക്കിംഗ് തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു.
- പയ്യാമ്പലം ബീച്ചിലെ ബീച്ച് പാർക്ക് സന്ദർശകർക്കായി തുറന്നുകൊടുത്തു.
- വയനാട് വിനോദസഞ്ചാരം വികസിപ്പിക്കുന്നതിനായി എൻ ഊരു ആദിവാസി ഗ്രാമം രാജ്യത്തിന് സമർപ്പിച്ചു.
- വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാൻ കോഴിക്കോട് കാപ്പാട് ബീച്ചിൽ ആംഫിബിയസ് ചെയർ നൽകി.
- മലബാറിന്റെ അതുല്യമായ വിനോദസഞ്ചാര സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഇന്ത്യയിലും വിദേശത്തും മലബാർ ബ്രാൻഡിനെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ആരംഭിച്ച ഫാം മലബാർ കാമ്പയിൻ പൂർത്തിയാക്കി.
- ഡിസ്ട്രിക്റ്റ് ടൂറിസം പ്രമോഷൻ കൗൺസിലും (ഡിടിപിസി) അഡ്രിനോ ഏജൻസിയും ചേർന്ന് പാരാസെയിലിംഗ്, സീഷോർ സെയിലിംഗ്, ഹൈലൻഡ് ഹോപ്പിംഗ് പ്രവർത്തനങ്ങൾ എന്നിവ കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ചിൽ സംഘടിപ്പിച്ചു. ഇത് ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ച് ആണ്.
- തലശ്ശേരി ഹെറിറ്റേജ് പ്രോജക്റ്റിന് കീഴിൽ ഭാഷാ പണ്ഡിതനായ ഹെർമൻ ഗുണ്ടർട്ടിന്റെ പേരിൽ വിഭാവനം ചെയ്ത ഗുണ്ടർട്ട് മ്യൂസിയം, സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് സ്ട്രീറ്റ് വികസനം, വള്ളിയൂർക്കാവ് മാർക്കറ്റ്, താഴെഅങ്ങാടി പ്രദർശന സ്ഥലം എന്നിവ രാജ്യത്തിന് സമർപ്പിച്ചു.

### അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പ്രധാന നേട്ടങ്ങൾ

കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്കാവശ്യമായ ഗുണനിലവാര സൗകര്യങ്ങൾ ലോകോത്തര നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മികച്ച നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ പുറത്തിറക്കുക, നിലവിലുള്ള ഉൽപ്പന്നങ്ങളുടെ പരിപാലനം, നിലവിലുള്ള ഹോട്ടലുകളിൽ ശേഷി വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതികളുടെ നവീകരണം എന്നിവയാണ് കേരളത്തിലെ വിനോദസഞ്ചാരം ലക്ഷ്യമിടുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം പ്രധാനമായും കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെടിഐഎൽ), കേരള വിനോദസഞ്ചാര ഡെവലപ്മെന്റ് കോർപ്പറേഷൻ (കെടിഡിസി), ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബിആർഡിസി), ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ (ഡിടിപിസി) എന്നിവയിൽ നിക്ഷിപ്തമായിരിക്കുന്നു.

i) കെ.ടി.ഐ.എൽ- ടൂറിസം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പുതിയ ലക്ഷ്യസ്ഥാന വികസനത്തിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ, പൊതു-സ്വകാര്യ മേഖലകളിൽ കൺസൾട്ടൻസി സേവനങ്ങൾ വാഗ്ദാനം ചെയ്യുക എന്നിവയിൽ കെ.ടി.ഐ.എൽ ഏർപ്പെട്ടിരിക്കുന്നു. താജ് (വർക്കല, കുമരകം, എറണാകുളം എന്നിവിടങ്ങളിൽ മൂന്ന് ഹോട്ടലുകൾ പ്രവർത്തിക്കുന്നു), ഒബ്റോയ് ഹോട്ടലുകളുമായി സംയുക്ത സംരംഭ കരാറുകളിൽ ഏർപ്പെടുകയുണ്ടായി. പി.ഡബ്ല്യു.ഡി, വിനോദസഞ്ചാര വകുപ്പുകൾക്ക് വേണ്ടി കേരളത്തിനായുള്ള ഡിസൈൻ നയം കെ.ടി.ഐ.എൽ രൂപീകരിക്കുകയും അന്തിമ കരട് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ലോകമെമ്പാടുമുള്ള വിനോദസഞ്ചാര മേഖലയിൽ സംഭവിക്കുന്ന മാറ്റങ്ങൾക്ക് അനുസൃതമായി നിലവിലെ കാഴ്ചപ്പാടുകൾ മാറ്റി കേരളത്തിലെ വിനോദസഞ്ചാര വികസനത്തിനുള്ള നൂതന സമീപനമായി കേരള ടൂറിസം പതിപ്പ് 2.0

തയ്യാറാക്കി. തിരുവനന്തപുരം ജില്ലയിലെ മടവൂർപ്പാറയിലെ ടൂറിസം സോണിന്റെ വികസനത്തിന്റെ ആദ്യഘട്ടം 2019-ൽ ഉദ്ഘാടനം ചെയ്തു. പി.ആർ.എ.എസ്.എച്ച്.എ.ഡി പദ്ധതിക്ക് കീഴിലുള്ള 'ഗുരുവായൂർ ക്ഷേത്രത്തിന്റെ വികസനം' പദ്ധതിക്ക് കീഴിലുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറി. 2022-23ൽ ഗുരുവായൂർ പ്രോജക്റ്റിന്റെ പദ്ധതി നടപ്പിലാക്കലിനായി ഭാരത സർക്കാരിൽ നിന്ന് അധിക വരുമാനം ലഭിച്ചു. സംസ്ഥാനത്ത് നൂതന വിനോദസഞ്ചാര ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിന്റെ ഭാഗമായി, കെടിഐഎൽ (എ) നിയമ ചട്ടക്കൂട്, നിയന്ത്രണം / നടപ്പാക്കൽ സംവിധാനങ്ങൾ / ഫിനാൻസിംഗ് മോഡൽ ഓപ്പറേറ്റർമാർ, ലോജിസ്റ്റിക് ക്രമീകരണങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഹെലി ടൂറിസം പോളിസി റിപ്പോർട്ട് തയ്യാറാക്കി പ്രാരംഭ ഘട്ടമായി കൊച്ചി, കുമരകം, തേക്കടി എന്നിവിടങ്ങളിൽ നടപ്പാക്കാനുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിച്ചു. (ബി) കേരളത്തിൽ ക്രൂയിസ് ടൂറിസം വികസനം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി (സി) വർക്കലയിൽ വിനോദസഞ്ചാരം അടിസ്ഥാനമാക്കിയ സ്ട്രക്ചർ പ്ലാനിന്റെ ആദ്യഘട്ട റിപ്പോർട്ട്. (ഡി) കണ്ണൂരിലെ തളിപ്പറമ്പിലെ സമഗ്ര ടൂറിസം വികസന പദ്ധതി, കൊല്ലം ജില്ലയിലെ ജൈവ വൈവിധ്യ വിനോദസഞ്ചാരം സർക്യൂട്ടിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ഒന്നാം ഘട്ടം എന്നിവ ഏകോപിപ്പിച്ച് പൂർത്തിയാക്കി

ii) ബി.ആർ.ഡി.സി - (എ) 2022-ൽ ബേക്കൽ ഇന്റർനാഷണൽ ബീച്ച് ഫെസ്റ്റിവലിന്റെ ആദ്യ എഡിഷൻ സംഘടിപ്പിച്ചു. വനിതകൾക്ക് തൊഴിലവസരങ്ങളും ശാക്തീകരണവും സൃഷ്ടിക്കുന്നതിനായി കുടുംബശ്രീയുമായി സംയുക്തമായി സ്ത്രീകൾക്കായി ടൂർ ഓപ്പറേഷൻ ഡിവിഷനായ യാത്രാശ്രീ രൂപീകരിച്ചു. (ബി) ജില്ലയിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലും ജനപ്രതിനിധികളുടെ സഹകരണത്തോടെ വിനോദസഞ്ചാര അവബോധം സൃഷ്ടിക്കുന്നതിനായി വിനോദസഞ്ചാര സഭകൾ സംഘടിപ്പിച്ചു. (സി) ബേക്കൽ വിനോദസഞ്ചാര പദ്ധതിയുടെ കോവിഡിന് ശേഷമുള്ള സമഗ്ര വികസനം ലക്ഷ്യമിട്ട് ഒരു വർഷം നീണ്ടുനിൽക്കുന്ന നോർത്തേൺ ലൈറ്റ്സ്- ബേക്കൽ ടൂറിസം മിഷൻ 2022 ആരംഭിച്ചു. ബിആർഡിസിയുടെ എസ്.എം.ഐ.എൽ.ഇ (ചെറുകിട, ഇടത്തരം വ്യവസായങ്ങൾ പ്രയോജനപ്പെടുത്തുന്ന അനുഭവവേദ്യ വിനോദസഞ്ചാരം) സംരംഭകത്വ പരിപാടിയിലൂടെ കാസർകോട്, കണ്ണൂർ ജില്ലകളിലായി 50 സംരംഭകർ പ്രവർത്തനം ആരംഭിച്ചു. (ഡി)ബേക്കൽ ജലവിതരണ പദ്ധതി, വലിയപറമ്പ് കായൽ വികസനം, ചേറ്റുകുണ്ടിൽ റെയിൽവേ ഗേറ്റ് അനുവദിക്കൽ (ഇ) തച്ചങ്ങാട് സാംസ്കാരിക കേന്ദ്രം, സൗത്ത് ബീച്ച് പാർക്ക്, ബീച്ച് പാർക്ക് ഡെസ്റ്റിനേഷൻ വികസനവും സൗന്ദര്യവൽക്കരണവും, ബേക്കൽ/വടക്കേ മലബാർ, ജലദർശൻ എന്നിവയ്ക്കായി വെർച്വൽ ടൂർ ഗൈഡൻസ് എന്നിവ നടപ്പിലാക്കി.

iii) കെ.ടി.ഡി.സി – (എ) കുമരകത്തെ വാട്ടർസ്കേപ്സിന്റെ നവീകരണം പൂർത്തിയാക്കി, (ബി) സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിനായി മാസ്കറ്റ് ഹോട്ടലിൽ 36 മുറികൾ നവീകരിച്ചു, (സി) തേക്കടിയിൽ 120 പേർക്ക് ഇരിക്കാവുന്ന 2 ബോട്ടുകളും പൊൻമുടിയിൽ 15 കോട്ടേജുകളും കമ്മീഷൻ ചെയ്തു, (d )കണ്ണൂരിലും ആലപ്പുഴയിലും ടാമറിൻഡ് ഈസി ഹോട്ടൽ നവീകരിച്ചു, (ഇ) വേളിയിലെ ഫ്ലോട്ടിംഗ് റെസ്റ്റോറന്റിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. (എഫ്) പുതിയ ബിയർ പാർലറുകൾ വീണ്ടും തുറന്നു, (ജി) കെടിഡിസി ഹോട്ടലുകളിലെ കമ്പ്യൂട്ടറൈസേഷന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കി, (എച്ച്) ഒരു സോളാർ ബോട്ട് ഒഴികെ വേളിയിൽ എല്ലാ ബോട്ടുകളും കമ്മീഷൻ ചെയ്തു.

iv) വിനോദസഞ്ചാര വകുപ്പ് - കൊല്ലം തങ്കശ്ശേരിയിൽ ബ്രേക്ക് വാട്ടർ ടൂറിസം വികസനം, തുറവൂർ വേ സൈഡ് അമിനിറ്റി സെന്റർ, ചുങ്കകായൽചിറ പാത വികസനവും, ബോട്ട് ലാൻഡിംഗ് സൗകര്യവും, മണപ്പാട്ടുചിറ കുട്ടികളുടെ പാർക്ക്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ രണ്ടും, മൂന്നും ഘട്ടങ്ങൾ, മുതിരപ്പുഴ കുട്ടികളുടെ പാർക്കിന്റെ സൗന്ദര്യവത്കരണം. മൈഗ്രേഷൻ മോണമെന്റ്സ് ഒന്നാം ഘട്ടം, ഏനാമാവ് കുട്ടികളുടെ പാർക്ക്, കുഞ്ചൻ നമ്പ്യാർ സ്മാരകം-ലക്കിടി, നിളയോരം പാർക്ക്- മലപ്പുറം, കാരാപ്പുഴ, ബേക്കൽ, പൂക്കോട് ലോകോത്തര നിലവാരത്തിലുള്ള ശൗചാലയം, വള്ളിയൂർക്കാവ് മാർക്കറ്റിന്റെയും പ്രദർശനത്തിന്റെയും വികസനം, തിരുനെല്ലി ക്ഷേത്രത്തിന്റെ നവീകരണം, കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ, ബേക്കൽ പ്രവേശന കവാടത്തിന്റെ സൗന്ദര്യവത്കരണം, തിരുവണ്ണാമുഴി കക്കയം ഡാംസൈറ്റിന്റെ വികസനം, കോഴിക്കോട് ഭട്ട് റോഡിലെ ബ്ലിസ് പാർക്ക്, തളി ക്ഷേത്രത്തിന് സമീപമുള്ള നഗര പൈതൃക പുനരുജ്ജീവനം- ഒന്നാം ഘട്ടം, കോഴിക്കോട് കുറ്റിച്ചിറ കുളത്തിന്റെ നവീകരണം- രണ്ടാം ഘട്ടം, പെരുവണ്ണാമുഴി അണക്കെട്ട് വിനോദസഞ്ചാര വികസനം എന്നിവയാണ് വിനോദസഞ്ചാര വകുപ്പ് പൂർത്തീകരിച്ച അടിസ്ഥാന സൗകര്യ പദ്ധതികൾ. വിനോദസഞ്ചാര വകുപ്പ് 24 അതിഥി മന്ദിരങ്ങളും 4 യാത്രി നിവാസും 2 കേരള ഹൗസുകളും പരിപാലിക്കുന്നു. സ്വദേശ് ദർശൻ പദ്ധതി പ്രകാരം ഇടുക്കി ഇക്കോ ലോഡ്ജ് നിർമ്മിക്കുകയും പ്രവർത്തനത്തിന് സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

### മാനവ വിഭവശേഷി വികസനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്ഐഎച്ച്എം), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ) എന്നിവയാണ് വിനോദസഞ്ചാരത്തിലെ മാനവിഭവശേഷി വികസനത്തിനുള്ള പ്രധാന സ്ഥാപനങ്ങൾ. ട്രാവൽ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നൈപുണ്യ വികസന പരിപാടികൾ കിറ്റ്സ് നടപ്പിലാക്കുന്നു. ഭാരത സർക്കാരിന്റെ എച്ച്എസ്ആർടി പ്രോഗ്രാമുകൾക്കായി പരമാവധി ട്രെയിനികളെ പരിശീലിപ്പിക്കുകയും ചെയ്യുന്നു. വിനോദസഞ്ചാര വകുപ്പുമായി ചേർന്ന് പരിസ്ഥിതി ലോല പ്രദേശങ്ങളിലെ വിനോദസഞ്ചാര സംരംഭങ്ങളെക്കുറിച്ച് ടൂറിസം സംരംഭകർക്ക് അവബോധം നൽകുന്നു. എംബിഎ (ട്രാവൽ ആൻഡ് ടൂറിസം), ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ (എഐസിടിഇ) അംഗീകരിച്ച 3 വർഷത്തെ ബിബിഎ (ടൂറിസം മാനേജ്മെന്റ്), 3 വർഷത്തെ ബികോം (ട്രാവൽ ആൻഡ് ടൂറിസം) എന്നിങ്ങനെ കിറ്റ്സ് നടത്തുന്ന എല്ലാ കോഴ്സുകളും

കേരള യൂണിവേഴ്സിറ്റി അഫിലിയേഷനുള്ളവയാണ്. 2022-ൽ ഈ കോഴ്സുകളിലേക്ക് യഥാക്രമം 60, 23, 43 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു. ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ് എന്നിവയാണ് കിറ്റ്സിന്റെ മറ്റ് കോഴ്സുകൾ. 2022-23ൽ കിറ്റ്സ് വിവിധ പരിശീലന പരിപാടികളിലായി പങ്കെടുത്ത 495 പേർക്ക് പരിശീലനം നൽകി. കേരള ഹൈഡൽ ടൂറിസം കേന്ദ്രത്തിനായുള്ള വർക്ക് സ്റ്റഡി ഓർഗനൈസേഷണൽ റീസ്ട്രക്ചറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി പ്രോജക്റ്റ് 2022-ൽ കിറ്റ്സ് ഏറ്റെടുത്തു. കേരള ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റിയുടെ പിന്തുണയോടെ കോഴിക്കോട് നോളജ് പാർക്കിലെ ട്രാൻസ്ഫോർമേറ്റീവ് ടൂറിസത്തിലെയും ഡിജിറ്റൽ ഇന്നൊവേഷനിലെയും സെന്റർ ഓഫ് എക്സലൻസ്, കിറ്റ്സിന്റെ പ്രധാന മാനവശേഷി വികസനങ്ങൾക്ക് യൂണിവേഴ്സിറ്റി അഫിലിയേറ്റഡ് അക്കാദമിക് പ്രോഗ്രാമുകൾ ശക്തിപ്പെടുത്തുന്നതിന് നാക് അക്രഡിറ്റേഷൻ, അക്കാദമിക് പ്രോഗ്രാമുകൾക്കുള്ള അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ / അക്രഡിറ്റേഷൻ എന്നിവ കിറ്റ്സിന് ലഭിച്ചു.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിലെ ഹോട്ടൽ, വിനോദസഞ്ചാര വ്യവസായങ്ങളിൽ ജോലി ആഗ്രഹിക്കുന്നവർക്ക് അടിസ്ഥാന നൈപുണ്യ പരിശീലനം നൽകുന്നു, കൂടാതെ കേരളത്തിലെ വിനോദസഞ്ചാര വ്യവസായത്തിന് വിദഗ്ധരുടെ മികച്ച സംഭാവനയാണ് എഫ്.സി.ഐ നൽകുന്നത്. കേരളത്തിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് കാസർകോട് മുതൽ തിരുവനന്തപുരം വരെ 13 കേന്ദ്രങ്ങളുണ്ട്. കോഴിക്കോട് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 80 ശതമാനം കെട്ടിട നിർമ്മാണ പ്രവൃത്തികളും പൂർത്തിയായി. ഇൻസ്റ്റിറ്റ്യൂട്ടിലെ 13 കേന്ദ്രങ്ങളിലെയും ഉൾക്കൊള്ളാനാകുന്ന വിദ്യാർത്ഥികളുടെ ആകെ എണ്ണം 1595 ആണ്. 2022-23 അധ്യയന വർഷത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം 1370 ആണ്.

**വിനോദസഞ്ചാരത്തിലെ വിപണനം**

കേരള വിനോദസഞ്ചാരം വ്യത്യസ്ത തന്ത്രങ്ങളിലൂടെ ദേശീയ, അന്തർദ്ദേശീയ, ആഭ്യന്തര വിപണികളുടെ ശ്രദ്ധ ആകർഷിക്കാൻ ശ്രമിക്കുന്നു, നിലവിൽ വിനോദസഞ്ചാര വിപണനത്തിൽ ഇൻഫർമേഷൻ, കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. കേരള വിനോദസഞ്ചാരത്തിന്റെ വിപണന പ്രവർത്തനങ്ങളിൽ അന്തർദേശീയവും ദേശീയവുമായ പ്രൊമോഷണൽ കാമ്പെയ്നുകൾ, ബ്രാൻഡിംഗ്, പങ്കാളിത്തം, കൊളാറ്ററലുകൾ, വിപണന പരിപാടികൾക്കുള്ള സ്പോൺസർഷിപ്പ് എന്നിവ ഉൾപ്പെടുന്നു. ഇതിലൂടെ പ്രാദേശിക, ദേശീയ, ആഗോള വിപണന പരിപാടികളിൽ പങ്കെടുക്കുകയും അന്താരാഷ്ട്ര തലത്തിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം ഉറപ്പാക്കുകയും സോഷ്യൽ മീഡിയ, വെബ്സൈറ്റ് പ്രവർത്തനം, പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വിവിധ പരിപാടികൾക്കും പ്രോഗ്രാമുകൾക്കും സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. പുതിയ ഉൽപ്പന്നങ്ങളുടെ സമയോചിതമായ പ്രദർശനത്തിന്റെയും ആധുനിക ഡിജിറ്റൽ വിപണനത്തിന്റെയും ഫലമായി, കേരള വിനോദസഞ്ചാരത്തിന്റെ ഫേസ് ബുക്ക് പേജും ഇൻസ്റ്റാഗ്രാം അക്കൗണ്ടും ട്വിറ്റർ അക്കൗണ്ടും സോഷ്യൽ മീഡിയ മാർക്കറ്റിംഗിൽ ഇന്ത്യയിൽ മുന്നിൽ നിൽക്കുന്നു. ഫലപ്രദമായ വിപണന പ്രചാരണവും ഡിജിറ്റൽ മേഖലയിൽ ഇന്ത്യയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കേരളത്തെ മുന്നിലെത്തിക്കുന്നു, 4.8 ദശലക്ഷം ഫേസ് ബുക്ക് ഫോളോവേഴ്സ്, 620K ഇൻസ്റ്റാഗ്രാം ഫോളോവേഴ്സ്, (ഇത് ഇന്ത്യയിൽ രണ്ടാം സ്ഥാനത്താണ്), എക്സിൽ 1.9മില്യൺ ഫോളോവേഴ്സിൽ മുന്നിട്ട് നിൽക്കുന്നു. , പയനിയറിംഗ് ഡെസ്റ്റിനേഷൻ ആരംഭിച്ച ബ്ലോഗർ ഔട്ട്റീച്ച് പ്രോഗ്രാം, "ബ്ലോഗ് എക്സ്പ്രസ്" 7 പതിപ്പുകൾ പൂർത്തിയാക്കി, ആകെ 21 ബ്ലോഗർമാർ കേരളത്തിലുടനീളം രണ്ടാഴ്ചത്തെ ബസ് യാത്രകളിൽ പങ്കെടുത്തു. ദേശീയ മാർക്കറ്റിംഗ് കാമ്പെയ്നുകൾ -'കേരളത്തിൽ ഒന്നിക്കുക', സംഘടിപ്പിച്ചു. പാരീസ്, ആംസ്റ്റർഡാം, സിഡ്നി, മെൽബൺ, മ്യൂണിക്ക്, ഫ്രാങ്ക്ഫർട്ട്, ഗൾഫ് രാജ്യങ്ങളിൽ അന്താരാഷ്ട്ര റോഡ് ഷോകൾ സംഘടിപ്പിച്ചു. ലണ്ടൻ, ഡബ്ലിൻ, സൂറിച്ച്, ജനീവ, സ്റ്റോക്ക്ഹോം, വാർസോ, ലോസ് ഏഞ്ചൽസ്, ന്യൂയോർക്ക് എന്നിവിടങ്ങളിലെ അന്താരാഷ്ട്ര വ്യാപാര മേളകളിൽ പങ്കെടുത്തു. മുംബൈ, ഡൽഹി, ബെംഗളൂരു ചെന്നൈ എന്നിവിടങ്ങളിലെ ദേശീയ വ്യാപാര മേളകളിൽ കേരള ടൂറിസം പങ്കാളികളായി. മായ ചാറ്റ് ബോട്ട് ആപ്ലിക്കേഷൻ ആരംഭിച്ചു. എയർപോർട്ട് ഡിസ്പ്ലേ ഡിജിറ്റൽ ബാനറുകളിലും കേരളത്തെ പ്രദർശിപ്പിച്ചു.

**ഉത്തരവാദിത്ത ടൂറിസം (ആർ.ടി)**

സാമ്പത്തിക ഉത്തരവാദിത്തം, സാമൂഹിക-സാംസ്കാരിക ഉത്തരവാദിത്തം, പാരിസ്ഥിതിക ഉത്തരവാദിത്തം എന്നീ ട്രിപ്പിൾ ബോട്ടം ലൈൻ സമീപനം എന്നറിയപ്പെടുന്ന മൂന്ന് ഉത്തരവാദിത്തങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഉത്തരവാദിത്ത ടൂറിസം. ഉത്തരവാദിത്ത ടൂറിസത്തിന്റെ ആശയങ്ങളും സംരംഭങ്ങളും സംസ്ഥാനത്തുടനീളം പ്രചരിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള കേരളത്തിന്റെ നോഡൽ ഏജൻസിയാണ് ഉത്തരവാദിത്ത ടൂറിസം (ആർടി) മിഷൻ. ഗ്രാമീണ ടൂറിസം, സുസ്ഥിര വിനോദസഞ്ചാരം, ഗ്രാമീണ ഹോംസ്റ്റേകൾ എന്നിവ നടപ്പിലാക്കുന്നതിനായി ഭാരത സർക്കാരിന്റെ വിനോദസഞ്ചാര മന്ത്രാലയം ചുമതലപ്പെടുത്തിയ സംസ്ഥാന നോഡൽ ഏജൻസി കൂടിയാണ് കേരള ആർടി മിഷൻ. ടൂറിസത്തെ ഗ്രാമങ്ങളുടെയും പ്രാദേശിക സമൂഹങ്ങളുടെയും വികസനത്തിനുള്ള ഒരു ഉപകരണമാക്കുക, ദാരിദ്ര്യ നിർമ്മാർജ്ജനം, സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ നൽകുക എന്നിവയാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. സാമൂഹികവും പാരിസ്ഥിതികവുമായ സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതിനൊപ്പം കർഷകർക്കും പരമ്പരാഗത കൈത്തൊഴിലാളികൾക്കും പാർശ്വ

വൽക്കരിക്കപ്പെട്ട ആളുകൾക്കും അധിക വരുമാനവും മെച്ചപ്പെട്ട ഉപജീവനമാർഗവും പ്രദാനം ചെയ്യാൻ മിഷൻ ഉദ്ദേശിക്കുന്നു.

പരിശീലനങ്ങളും നൈപുണ്യ വികസനവും: പ്രാദേശിക സമൂഹത്തിന് ടൂറിസം മേഖലയിൽ നിന്ന് നേരിട്ടോ അല്ലാതെയോ വരുമാനം നേടാൻ കഴിയുന്ന വ്യത്യസ്ത മേഖലകൾ ഉണ്ട്. ആർടി മിഷൻ വിനോദസഞ്ചാരത്തിന്റെയും വരുമാനം നേടാനാകുന്ന സാധ്യതകളെയും ടൂറിസം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളെയും കണ്ടെത്തുകയും ടൂറിസം മേഖലയിലേക്ക് നേരിട്ടോ അല്ലാതെയോ പ്രവേശിക്കുന്നതിന് പ്രാദേശിക സമൂഹത്തിന് പരിശീലനം നൽകുകയും ചെയ്യുന്നു. പരിശീലനം ലഭിച്ച ആളുകൾ ആർടി മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്യുകയും ആർടി മിഷന്റെ വിവിധ പ്ലാറ്റ്ഫോമുകളിലൂടെ നേരിട്ടോ അല്ലാതെയോ വ്യവസായവുമായി ബന്ധപ്പെടുകയും ചെയ്യുന്നു. പരിശീലനങ്ങൾ നടത്തുമ്പോഴും ആർടി മിഷന്റെ വരുമാനം ആർടി മിഷൻ യൂണിറ്റുകളിലേക്കാണ് പോകുന്നതെന്ന് ആർടി മിഷൻ ഉറപ്പാക്കുന്നു. പരമാവധി പരിശീലകരും ആർ.ടി റിസോഴ്സ് പേഴ്സൺമാരിൽ നിന്നോ (ആർ.ടി, ആർ.പി.എസ് ) അല്ലെങ്കിൽ യൂണിറ്റ് അംഗങ്ങളിൽ നിന്നോ ആണ്. ആർടി മിഷന്റെ പരിശീലനങ്ങൾ തന്നെ പ്രാദേശിക സമൂഹത്തിന് വരുമാനം നേടിക്കൊടുക്കുന്നുണ്ട്.

അനുഭവവേദ്യമായ ടൂറിസം പാക്കേജുകൾ: ആർ. ടി മിഷൻ വിവിധ പ്രകൃതി/ചരിത്ര/സാംസ്കാരിക ആകർഷണങ്ങൾ, ഗ്രാമീണ ഉപജീവന പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്തുകയും അവയെ വ്യത്യസ്തമായ അനുഭവവേദ്യ ടൂറിസം പാക്കേജുകളായി മാറ്റുകയും ചെയ്യുന്നു. കർഷകരെയും ചെറുകിട സംരംഭകരെയും പരമ്പരാഗത കരകൗശല വിദഗ്ധരെയും പിന്തുണച്ച് ടൂറിസം വികസനത്തിന് പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നു. നിലവിൽ 140 പാക്കേജുകൾ പ്രവർത്തനക്ഷമമാണ്, കൂടാതെ 850 കുടുംബങ്ങൾ ആർടി മിഷന്റെ ഗ്രാമീണ ജീവിതാനുഭവം, സാംസ്കാരിക അനുഭവം, പ്രാദേശിക അനുഭവം, ഉത്സവ ടൂർ പാക്കേജുകൾ, എക്സ്പീരിയൻഷ്യൽ സ്റ്റേ, സൈക്കിൾ ട്രെയിലുകൾ, ഫാർമിംഗ് എക്സ്പീരിയൻസ് പാക്കേജുകൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ പാക്കേജുകൾ ബുക്ക് ചെയ്യുന്നതിനായി ആർടി മിഷന് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം ഉണ്ട്. കൂടാതെ വിവിധ ഹോട്ടലുകൾ, റിസോർട്ടുകൾ, ടൂർ ഓപ്പറേറ്റർ എന്നിവരുമായി കരാറും ഉണ്ട്.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പങ്കാളിത്തത്തോടെയുള്ള ടൂറിസം വികസനമാണ് സ്ട്രീറ്റ് പ്രോജക്റ്റ് (സുസ്ഥിരവും, ദൃശ്യമായതും, ഉത്തരവാദിത്തമുള്ള, അനുഭവസമ്പത്തുള്ള, എ ത്തിക് വിനോദസഞ്ചാര ഹബ്ബുകൾ). ഈ പ്രോജക്റ്റിൽ പത്ത് പ്രദേശങ്ങൾ തിരഞ്ഞെടുത്തു, പ്രധാന വിനോദ സഞ്ചാര പോയിന്റുകളിലെ തിരക്ക് കുറയ്ക്കുന്നതിന് തീമാറ്റിക് സോണുകളിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ വിപുലീകരിക്കുകയോ മാറ്റങ്ങൾ വരുത്തുകയോ ചെയ്യുക എന്നതാണ് ലക്ഷ്യം. കോട്ടയം ജില്ലയിലെ മറവൻതുരുത്താണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്ന പുതിയ കേന്ദ്രം. ഇടുക്കിയിലെ പഞ്ചായത്തുകളിലൊന്നായ കാന്തല്ലൂർ ആർടി മിഷനുമായി സഹകരിച്ച് വിജയകരമായി നടപ്പാക്കിയ സ്ട്രീറ്റ് പദ്ധതിക്ക് ഭാരത സർക്കാരിന്റെ ടൂറിസം മന്ത്രാലയത്തിന്റെ 2023-ലെ മികച്ച ടൂറിസം വില്ലേജ് ഗോൾഡ് അവാർഡ് ലഭിച്ചു.
ആർ.ടി മിഷന്റെ ഒരു സംരംഭമാണ് പെപ്പർ പ്രോജക്റ്റ് (ഉത്തരവാദിത്ത ടൂറിസത്തിലൂടെ പങ്കാളിത്ത ആസൂത്ര ണത്തിനും ശാക്തീകരണത്തിനുമുള്ള ജനങ്ങളുടെ പങ്കാളിത്തം). വൈക്കവും പൊന്നാനിയും പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളായി പ്രഖ്യാപിക്കുകയും സംസ്ഥാനത്ത് 35 സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുകയും ചെയ്തു. അവ വിവിധ ഘട്ടങ്ങളിലാണ്.

വിനോദസഞ്ചാര സാധ്യതയുള്ള സ്ഥലങ്ങളെ നൂറ് ശതമാനം ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്ന കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനാണ് മാതൃകാ ആർടി വില്ലേജ് പ്രോജക്റ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കേരളത്തിലെ ആദ്യത്തെ മോഡൽ ആർടി വില്ലേജാണ് അയ്മനം, മറ്റ് 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പുരോഗമിക്കുകയാണ്.

കർഷകരെയും കാർഷിക പ്രവർത്തനങ്ങളെയും ടൂറിസ വുമായി ബന്ധിപ്പിക്കുന്നതിനും വിനോദ സഞ്ചാരത്തിലൂടെ അധിക വരുമാനം ഉണ്ടാക്കുന്നതിനുമുള്ള ആർടി മിഷന്റെ മറ്റൊരു പദ്ധതിയാണ് കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്. വിനോദസഞ്ചാരത്തിലൂടെ കാർഷിക പ്രവർത്തനങ്ങളും പരിസ്ഥിതി സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിലൂടെ 1544 കർഷകർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്, 102 അഗ്രി ടൂറിസം യൂണിറ്റുകൾ പ്രവർത്തനക്ഷമമാണ്, വിനോദസഞ്ചാരികളെ സ്വീകരി ക്കാൻ സജ്ജമായ 451 യൂണിറ്റുകൾ തയ്യാറായിട്ടുണ്ട്.

അധിക മുതൽമുടക്കില്ലാതെ തന്നെ വിനോദ സഞ്ചാരപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രാദേ ശിക സമൂഹത്തിലെ സ്ത്രീകളെ പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള പരിപാടി യാണ് എക്പീരിയൻസ് എത്നിക് ക്യുസീൻ പ്രോജക്റ്റ്. കേരളത്തിലെ തനതായ പാചക ശൃംഖല പരിചയപ്പെടുത്തുന്നതിനായി 2800 പരിചയസമ്പന്നരായ കുടുംബങ്ങൾ ഇതിൽ പങ്കളികളാകുന്നു.

കേരളത്തെ 100 ശതമാനം സ്ത്രീ സൗഹൃദ ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നതിനുള്ള ആർടി മിഷന്റെ ഒരു സംരംഭമാണ് വനിതാ സൗഹൃദ വിനോദസഞ്ചാര സംരംഭം. വിനോദസഞ്ചാര മേഖലയിലെ 10,000 വനിതാ സംരംഭങ്ങളിലൂടെ സ്ത്രീകൾക്ക് 30,000 പുതിയ തൊഴിലവസരങ്ങൾ ഉറപ്പാക്കുന്ന 1,50,000 വനിതാ കമ്മ്യൂണിറ്റി അംഗങ്ങളുടെ ഒരു നെറ്റ് വർക്ക് ഉണ്ടാക്കാൻ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ജണ്ടർ ഇൻക്ലൂസിവ് ടൂറിസത്തിന്റെ അടിസ്ഥാനത്തിൽ U N WOMEN -ഉം

ഈ സംരംഭത്തിന്റെ ഭാഗമാണ്. ഈ പദ്ധതിയുടെ ഭാഗമായി 78 സഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷാ വിലയിരുത്തലും വനിതാ കമ്മ്യൂണിറ്റി അംഗങ്ങൾക്കുള്ള വിവിധ പരിശീലനങ്ങളും പൂർത്തിയായിട്ടുണ്ട്.

കരകൗശല വസ്തുക്കൾ, സുവനീറുകൾ, പ്രാദേശിക സമൂഹം ഉൽപ്പാദിപ്പിക്കുന്ന കേട്ടുപാട്ടുകൾ സംഭാവി ക്കാനിടയുള്ളതും അല്ലാത്തതുമായ ഉൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കായി പ്രവർത്തിക്കുന്ന ആർടി മിഷന്റെ ഒരു ഓൺലൈൻ പ്ലാറ്റ്ഫോമാണ് കേരള റെസ്പോൺസിബിൾ ടൂറിസം നെറ്റ്‌വർക്ക്. കേരളത്തിലെ ആയോധന, അനുഷ്ഠാന, പെർഫോമിംഗ് ആർട്സ് പരിശീലനം ലഭിച്ചവരെ ടൂറിസം വ്യവസായവുമായും പൊതുജനങ്ങളുമായും നേരിട്ട് ബന്ധിപ്പിച്ച് അവരെ രംഗത്തേക്ക് കൊണ്ടുവരുന്നതിനുള്ള ഒരു ആശയമാണ് ആർടി ആർട്ട് & കൾച്ചറൽ ഫോറം. വിദഗ്ധരും അവിദഗ്ധരുമായ തൊഴിലാളികളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഓൺലൈൻ പ്ലാറ്റ്ഫോമാണ് എച്ച്ആർ ഡയറക്ടറി. ബേപ്പൂർ ആർ.ടി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് പ്രോജക്റ്റ്, സ്ട്രീറ്റ്, പെപ്പർ, മോഡൽ ആർ.ടി വില്ലേജ് പ്രോജക്ടുകൾ എന്നിവ സംയോജിപ്പിച്ചു കൊണ്ടുള്ള പരിപാടിയായ ഇത് ഉത്തരവാദിത്ത ടൂറിസം പ്രാക്ടീസുകളുടെ ലോക മാതൃകയായി ബേപ്പൂരിനെ മാറ്റാൻ ലക്ഷ്യമിടുന്നു. രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കിയ പദ്ധതി 2025 ൽ അവസാനിക്കും.

ഓരോ പദ്ധതിയും ഫീൽഡ് തലത്തിൽ നടപ്പാക്കാൻ മിഷൻ ചിട്ടയോടെ പ്രവർത്തിക്കുന്നു. നിലവിൽ 2,5015 വ്യക്തിഗത/ഗ്രൂപ്പ് യൂണിറ്റുകൾ ഉണ്ട്, അതിൽ 17884 സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള / പ്രമുഖ യൂണിറ്റുകൾ, തുണി ബാഗ് നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, വിവിധ കാർഷിക യൂണിറ്റുകൾ, കാർഷിക വിതരണ യൂണിറ്റുകൾ, കലാകാരന്മാർ, കരകൗശല വിദഗ്ധർ, ആർടി ഡ്രൈവർമാർ, കമ്മ്യൂണിറ്റി ടൂർ നേതാക്കൾ, ഫാം വിസിറ്റ് യൂണിറ്റുകൾ, ഹോം സ്റ്റേകൾ, ഫാം സ്റ്റേകൾ, ടെൻഡഡ് താമസസൗകര്യ യൂണിറ്റുകൾ, തനത് പാചക യൂണിറ്റുകൾ തുടങ്ങി വിവിധ വിഭാഗങ്ങൾക്ക് കീഴിൽ ആർടി മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ, നേരിട്ട് 50030 പേരും പരോക്ഷമായി 1,00,060 പ്രാദേശിക കമ്മ്യൂണിറ്റി അംഗങ്ങളും അതിലൂടെ 1,50,000 കുടുംബങ്ങളും വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും, വരുമാനം നേടുകയും ചെയ്യുന്നു.

പ്രാദേശിക സാമ്പത്തിക ഉല്പ്പാദന പ്രവർത്തനങ്ങളാണ് ആർടി മിഷൻ പരിപാടികളുടെയും പദ്ധതിയുടെയും പ്രധാന ലക്ഷ്യം. ആർ.ടി മിഷൻ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും ടൂറിസം വ്യവസായവുമായും വിനോദസഞ്ചാരികളുമായും ഓൺലൈൻ, ഓഫ്‌ലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ബന്ധിപ്പിച്ച് യൂണിറ്റുകളെ സുഗമമാക്കുന്നു. യൂണിറ്റുകൾക്ക് വരുമാനം ലഭിക്കുന്നതിനായി ആർടി മിഷന് 5 ഓൺലൈൻ പ്ലാറ്റ്ഫോമുകളുണ്ട്. ആർടി മിഷൻ യൂണിറ്റുകൾ അവരുടെ രൂപീകരണത്തിന് ശേഷം 62.86 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 14 .64 കോടി രൂപയും നേടുകയുണ്ടായി.

**കേരളത്തിലെ ഇക്കോ ടൂറിസം**

വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ പ്രയോജ നത്തിനായി പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായാണ് കേരളത്തിലെ ഇക്കോടൂറിസം വികസിപ്പിച്ചെടുത്തത്. ഈ സ്ഥലങ്ങൾ സന്ദർശിക്കുന്നവരിൽ നിന്ന് ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് ഇക്കോ-സിസ്റ്റം മാനേജ്മെന്റ് ഫണ്ട്, ഇക്കോടൂറിസം കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനും, മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും, സന്ദർശകർക്ക് അടിസ്ഥാന സന്ദർശക സൗകര്യങ്ങളും സുരക്ഷയും നൽകുന്നതിനും വി.എസ്.എസ്/ഇ. ഡി.സി അംഗങ്ങൾക്ക് പ്രതിഫലം നൽകുന്നതിനും ഉപയോഗിക്കുന്നു. ഇക്കോടൂറിസം സ്ഥലങ്ങളിൽ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നിലവിൽ 35 വനവികസന ഏജൻസികളിലായി 389 വന സംരക്ഷണ സമിതികളും 187 ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിഎസ്എസുകളും ഇഡിസികളും ഗ്രാസ് റൂട്ട് ലെവൽ ഓർഗനൈസേഷനുകളാണ്, അവയിൽ വനത്തെ ആശ്രയിക്കുന്ന കുടുംബങ്ങൾ അംഗങ്ങളാവുകയും വിവിധ വനവൽക്കരണ, സാമൂഹിക വികസന പരിപാടികളുടെ ആസൂത്രണത്തിലും നടപ്പാക്കലിലും പങ്കെടുക്കുന്നു.

ഇക്കോടൂറിസം ഉൽപന്നങ്ങളായ ഫെസിലിറ്റേഷൻ സെന്റർ, ക്യാമ്പിംഗ് യൂണിറ്റുകൾ, ഇന്റർപ്രെട്ടേഷൻ സെന്ററുകൾ, ട്രെക്കിംഗ് ട്രയലുകൾ, ട്രെക്കിംഗ്, ക്യാമ്പിംഗ് ഗിയറുകൾ എന്നിവ കേരളത്തിലെ നെയ്യാർ-പേപ്പാറ, ശെന്തുരുണി വന്യജീവി സങ്കേതം, പാലരുവി വൈൽഡ് ലൈഫ് സാങ്ച്വറി, പാലരുവി വെള്ളച്ചാട്ടം, തെന്മല, ഇക്കോടൂറിസം, തട്ടേക്കാട് വന്യജീവി സങ്കേതം സൈലന്റ് വാലി നാഷണൽ പാർക്ക്, ഇരവികുളം നാഷണൽ പാർക്ക്, പൈതൽമല, മലബാർ വന്യജീവി സങ്കേതം, പീച്ചി വന്യജീവി സങ്കേതം വാഴച്ചാൽ, വയനാട് വന്യജീവി സങ്കേതം എന്നിവ ഉൾപ്പെടെയുള്ള ഇക്കോടൂറിസം കേന്ദ്രങ്ങളിൽ വികസിപ്പിച്ചെടുത്തു. ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനം പല ഇക്കോടൂറിസം കേന്ദ്രങ്ങളിൽ അവയ്ക്ക് ഉൾക്കൊള്ളാവുന്ന ശേഷി വരെ എത്തിയിട്ടുണ്ട്.

**പ്രധാന നേട്ടങ്ങൾ**

ഉയർന്ന ഡിമാൻഡുള്ള ഒരു സഞ്ചാരകേന്ദ്രമായി തെന്മല വികസിക്കുകയും, തെന്മലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം പൂർത്തിയാവുകയും ചെയ്തു. 2022 ൽ 1,41,474 വിനോദസഞ്ചാരികൾ തെന്മല സന്ദർശിച്ചപ്പോൾ 2023 ഓഗസ്റ്റ് വരെ 1,07,230 പേർ സന്ദർശിച്ചു. പത്തനംതിട്ടയിലെ ഗവി ഇക്കോടൂറിസം കേന്ദ്രത്തിന്റെ സൗകര്യങ്ങളുടെ നവീകരണവും പൂർത്തിയായി.

ഇതാദ്യമായാണ് കേരളത്തിന്റെ തീരപ്രദേശം കേന്ദ്രീകരിച്ച് ഒരു ഇക്കോടൂറിസം പരിപാടി നടപ്പിലാക്കുന്നത് ആലപ്പുഴ ജില്ലയിലെ പുറക്കാട് ബീച്ച്, പുന്നപ്രയിലെ കാസുറിന തോട്ടങ്ങൾ, ബീച്ച് പ്ലാന്റേഷൻ ഇക്കോടൂറിസം പദ്ധതി, കേരളത്തിലെ തിരഞ്ഞെടുത്ത ഇക്കോടൂറിസം സൈറ്റുകളുടെ വഹിക്കാനുള്ള ശേഷി വിലയിരുത്തൽ- രണ്ടാം ഘട്ടം, തെന്മല മ്യൂസിക്കൽ ഡാൻസിങ് ഫൗണ്ടന്റെ പുനരുജ്ജീവനം, തിരുവനന്തപുരം അരിപ്പയിൽ ഇക്കോടൂറിസം പ്രവർത്തനങ്ങളുടെ വിപുലീകരണം, നെല്ലിയാമ്പതിയിൽ ഇക്കോടൂറിസത്തിന്റെ നവീകരണ പരിപാടി എന്നിവയാണ് 2022-23 ലെ ഇക്കോടൂറിസത്തിന്റെ പ്രധാന സംരംഭങ്ങൾ.

### മുസിരിസ് പൈതൃക പദ്ധതി

മുസിരിസ് പ്രദേശത്തെ പുരാവസ്തു, സാംസ്കാരിക സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനും സുരക്ഷിതമാക്കുന്നതിനും ലോക പൈതൃക കേന്ദ്രങ്ങളിൽ പ്രധാന സ്ഥലങ്ങളിൽ ഒന്നായി ഈ പ്രദേശത്തെ മാറ്റുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് വികസനത്തിന് സുസ്ഥിരമായ മാതൃക സൃഷ്ടിക്കുന്നതിനായി പൈതൃക സംരക്ഷണത്തിന്റെയും വിനോദസഞ്ചാരത്തിന്റെയും സംയോജനം ഇത് സൂചിപ്പിക്കുന്നു. ഇത് ദീർഘകാലാടിസ്ഥാനത്തിൽ പ്രാദേശിക സമൂഹത്തിന് പ്രയോജനകരമാണ്. പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുക, പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന, പരമ്പരാഗത വ്യവസായങ്ങളെയും കരകൗശല വിദഗ്ധരെയും പ്രോത്സാഹിപ്പിക്കുന്ന വികസന പ്രവർത്ത നങ്ങളെ ഇത് സംരക്ഷണ-അടിസ്ഥാന നിർദ്ദേശങ്ങളുമായി സമന്വയിപ്പിക്കുന്നു. പതിനെട്ടരയാലം കോവിലകം, പി എ സയ്യിദ് മുഹമ്മദ് സ്റ്റുഡന്റ്സ് കൾച്ചറൽ സെന്റർ, പാലിയം ഇന്റർപ്രെറ്റേഷൻ സെന്റർ- മുസിരിസിന്റെ പരമ്പരാഗത വിജ്ഞാന സമ്പ്രദായങ്ങളെ വ്യാഖ്യാനിക്കുക എന്നീ പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. ഹോളി ക്രോസ് ചർച്ച്, പാലിയം ഓട്ടുപുര, കനാൽ ഓഫീസ്, കീഴ്ത്താലി ക്ഷേത്രം, ബലിക്കൽപുര, ചേരമാൻ ജുമാമസ്ജിദ്, കൊടുങ്ങല്ലൂർ ടെമ്പിൾ മ്യൂസിയം എന്നീ പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് തയ്യാറായി. മാള സിനഗോഗ്, കൊടുങ്ങല്ലൂർ ക്ഷേത്രത്തിന്റെ താമസ സൗകര്യ ബ്ളോക്ക്, ഐരാണിക്കുളം മഹാദേവ ക്ഷേത്രം എന്നിവയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ.

### ഭാവി വീക്ഷണം

വിനോദസഞ്ചാര കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുകയും പുതിയ സൗകര്യങ്ങളും ഉൽപന്നങ്ങളും കൊണ്ടുവരികയും പ്രാദേശിക ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതവും വരുമാനവും ഉറപ്പാക്കുകയും കേരളത്തിന്റെ പ്രകൃതിദത്തവും സാംസ്കാരികവുമായ പൈതൃകം നിലനിർത്തുകയും സംസ്ഥാനത്തെ ലോകോത്തര നിലവാരത്തിലുള്ള വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുകയും വേണം. സർക്കാർ-സ്വകാര്യ മേഖലകളിലെ വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിച്ച് വിനോദസഞ്ചാര മേഖല മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ രീതിയിൽ വിനോദസഞ്ചാരികളുടെ വരവ് ത്വരിതപ്പെടുത്തുന്നതിനും ഊഷ്മളവും സുരക്ഷിതവും വൃത്തിയുള്ളതും ശുചിത്വമുള്ളതും എത്തിച്ചേരാൻ കഴിയുന്നതുമായ ലക്ഷ്യസ്ഥാനങ്ങൾ പ്രദാനം ചെയ്യുന്നതിനായി സംസ്ഥാനം വ്യത്യസ്ത തന്ത്രങ്ങൾ വികസിപ്പിക്കണം. അന്തർദ്ദേശീയ, ആഭ്യന്തര (മറ്റ് സംസ്ഥാനങ്ങൾ), പ്രാദേശിക വിനോദസഞ്ചാരികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേരളം വ്യത്യസ്ത തന്ത്രങ്ങൾ വികസിപ്പിക്കണം. വിനോദസഞ്ചാരം, ഹോസ്പിറ്റാലിറ്റി വ്യവസായങ്ങൾ ഉപഭോക്തൃ കേന്ദ്രീകൃത ഉൽപ്പന്ന മാനേജ്മെന്റ് സമീപനം, സുസ്ഥിര ടൂറിസം സമ്പ്രദായങ്ങൾ, സാങ്കേതിക വിദ്യാ സംയോജനം, മാറുന്ന പ്രവണതകളോട് പൊരുത്തപ്പെടുത്തൽ, പ്രതിരോധം, സുസ്ഥിര വിനോദസഞ്ചാരത്തെ പിന്തുണയ്ക്കുന്ന നയങ്ങളും നിയമങ്ങളും നടപ്പിലാക്കാൻ, ഉത്തരവാദിത്തമുള്ള ബിസിനസ്സ് രീതികൾ, പ്രകൃതിയുടെയും, സാംസ്കാരിക പൈതൃകങ്ങളുടെയും സംരക്ഷണം എന്നിവ സ്വീകരിക്കേണ്ടതുണ്ട്. വിനോദസഞ്ചാര നൈപുണ്യ വികസനത്തിലെ വിടവ് പരിഹരിക്കാൻ സമഗ്ര വിദ്യാഭ്യാസ സംവിധാനം വികസിപ്പിക്കണം. ടൂറിസത്തിൽ സാമ്പത്തിക, സാമൂഹിക-സാംസ്കാരിക, പാരിസ്ഥിതിക സുസ്ഥിരത പ്രാവർത്തികമാക്കാൻ സംസ്ഥാനം മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. സ്വകാര്യമേഖലയ്ക്ക് വിനോദസഞ്ചാര മേഖലയിൽ നിക്ഷേപം നടത്താനുള്ള സാഹചര്യം സൃഷ്ടിക്കാൻ ശ്രമിക്കണം. ലക്ഷ്യസ്ഥാനങ്ങൾ തമ്മിലുള്ള മികച്ച ബന്ധപ്പെടുത്തൽ, ഗതാഗതം, സന്ദർശനം കുറഞ്ഞ പ്രദേശങ്ങളിലെ താമസ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളിൽ കേരളം ശ്രദ്ധ കേന്ദ്രീകരിക്കണം. ടൂറിസം വളർച്ചയെ പരിസ്ഥിതി സംരക്ഷണത്തോടൊപ്പം സന്തുലിതമാക്കുക, സംരംഭകർക്ക് ആവശ്യമായ ക്ലിയറൻസുകൾ ലഭിക്കുന്നതിനുള്ള കാലതാമസം, പ്രധാന ടൂറിസം തീം പാർക്കുകൾക്കായി ഭൂമി ലഭ്യമാക്കുക, വിവിധ വകുപ്പുകളും ഏജൻസികളും തമ്മിലുള്ള ഏകോപനമില്ലായ്മ എന്നീ വെല്ലുവിളികൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണം.

## 5.4 വിദേശ വ്യാപാരം

2020 മുതൽ ഉണ്ടായ രണ്ട് പ്രതിസന്ധികൾ ലോക സമ്പദ്‌വ്യവസ്ഥയിൽ കാര്യമായ സ്വാധീനം ചെലുത്തുകയും ലോക വ്യാപാരത്തിന് വേഗത കുറയുകയും ചെയ്തു. ഒന്നാമതായി, ആ വർഷം കൊറോണ വൈറസ് (കോവിഡ്-19) പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് ബിസിനസ്സുകളും റീട്ടെയിലർമാരും അടച്ചുപൂട്ടാൻ നിർബന്ധിതരായതിന്റെ ഫലമായി ഒരു ആഗോള സാമ്പത്തിക പ്രതിസന്ധി ഉണ്ടായി. തുടർന്ന്, 2022 ഫെബ്രുവരിയിൽ, സമ്പദ്‌വ്യവസ്ഥ കോവിഡ്-19 ഫലങ്ങളിൽ നിന്ന് കരകയറാൻ തുടങ്ങിയപ്പോൾ, റഷ്യ ഉക്രെയ്നുമായി യുദ്ധത്തിൽ ഏർപ്പെട്ടു, ഇത് പണപ്പെരുപ്പം കുതിച്ചുയരാൻ കാരണമായി. കോവിഡ്-19 മഹാമാരിയും റഷ്യ-ഉക്രെയ്ൻ സംഘർഷവും ലോക സമ്പദ്‌വ്യവസ്ഥയെ മുഴുവൻ ബാധിക്കുകയും തത്ഫലമായി 2022 ൽ വ്യാപാര വളർച്ച മന്ദഗതിയിലാവുകയും 2023 ന്റെ തുടക്കത്തിൽ അത് ദുർബലമായി തുടരുകയും ചെയ്തു.

2022-ൽ ചരക്കുകളുടെയും സേവനങ്ങളുടെയും ലോകവ്യാപാരം 31.0 ട്രില്യൺ ഡോളറാണ്, ഇത് വർഷക്കണക്കിൽ 13 ശതമാനം വർധനവായി ലോക വ്യാപാര സംഘടന കണക്കാക്കുന്നു. 2022-ൽ ലോക വ്യാപാരം 2.7 ശതമാനം ഉയർന്നു, സേവന വ്യാപാരം ചരക്ക് വ്യാപാരത്തേക്കാൾ മികച്ചതായിരുന്നു, 2022-ൽ അത് 15 ശതമാനം വളർച്ച കൈവരിച്ചു. ലോകമെമ്പാടും 2022-ലെ ചരക്ക് വ്യാപാരത്തിന്റെ മൂല്യം അക്കാലയളവിൽ കൈമാറ്റം ചെയ്യപ്പെട്ട സാധനങ്ങളുടെ അളവിനേക്കാൾ ഉയർന്നതാണ്. ചരക്കുകളുടെ വില 2022-ൽ 21 ശതമാനമായി ഉയർന്നതാണ് ഇതിന് കാരണം. ചരക്കുകളുടെ വ്യാപാരം 2021-ൽ മഹാമാരിക്ക് മുമ്പുള്ള നിലവാരത്തേക്കാൾ കൂടുതലാണെങ്കിലും, സേവനങ്ങളുടെ വ്യാപാരം 2022 ലെ നിലവാരത്തിൽ തന്നെ തുടർന്നു. സേവന വ്യാപാരം 2020-ൽ, കോവിഡ്-19 മഹാമാരിക്കാലത്തെ നെഗറ്റീവ് 18 ശതമാനത്തിൽ നിന്ന് 2022-ൽ 15 ശതമാനമായി ഉയർന്നു.

സേവന വ്യാപാരത്തിലെ ഏറ്റവും ചലനാത്മകമായ മേഖലയാണ് കമ്പ്യൂട്ടർ സേവനങ്ങൾ, 2022 ലെ ആഗോള കയറ്റുമതി 2019 ലെ മൂല്യത്തേക്കാൾ 44 ശതമാനം കൂടുതലാണ്. ഡിജിറ്റലായി വിതരണം ചെയ്യുന്ന സേവനങ്ങൾ - അതായത്, സ്ട്രീമിംഗ് ഗെയിമുകൾ മുതൽ റിമോട്ട് കൺസൾട്ടിംഗ് സേവനങ്ങൾ വരെ കമ്പ്യൂട്ടർ നെറ്റ്‌വർക്കുകൾ വഴി നൽകുന്ന സേവനങ്ങളാണ് വാണിജ്യ വളർച്ചയുടെ പുതിയ ഉറവിടങ്ങൾ. 2022-ൽ ഇവ ആഗോള സേവന കയറ്റുമതിയുടെ 54 ശതമാനവും ചരക്കുകളുടെയും സേവനങ്ങളുടെയും മൊത്തം ആഗോള വ്യാപാരത്തിന്റെ 12 ശതമാനവുമാണ് ഈ ഭാഗം. കേരള തുറമുഖങ്ങളിൽ നിന്നുള്ള വ്യാപാരത്തിൽ ഊന്നിക്കൊണ്ട് 2022 ലെ ഇന്ത്യയുടെ വിദേശ വ്യാപാര രീതികളും 2023 ലെ വ്യാപാരത്തിന്റെ കാഴ്ചപ്പാടും ഈ ഭാഗം അവലോകനം ചെയ്യുന്നു.

**ഇന്ത്യയിലെ വിദേശ വ്യാപാരം**

ഇന്ത്യയുടെ മൊത്തത്തിലുള്ള കയറ്റുമതി പുതിയ ഉയരങ്ങൾ കൈവരിക്കുമെന്ന് വാണിജ്യ-വ്യവസായ മന്ത്രാലയം കണക്കാക്കുന്നു, 2021-22 നേക്കാൾ 13.84 ശതമാനം വർദ്ധനവോടെ 2022-23 ൽ ഇത് 770.18 ബില്യൺ ഡോളർ മൂല്യമുള്ള കയറ്റുമതി കൈവരിക്കും.

2022-23 ൽ ചരക്കുകളുടെ കയറ്റുമതി 6.03 ശതമാനം വളർച്ചയോടെ 447.46 ബില്യൺ യുഎസ് ഡോളറിന്റെ എക്കാലത്തെയും ഉയർന്ന വാർഷിക കയറ്റുമതി രേഖപ്പെടുത്തിയിട്ടുണ്ട്, മുൻ വർഷത്തെ കയറ്റുമതി

**പട്ടിക 5.4.1** 2016-17 മുതൽ 2022-23 വരെയുള്ള ഇന്ത്യയുടെ മൊത്തം കയറ്റുമതിയും ഇറക്കുമതിയും, മൂല്യം ബില്യൺ യു.എസ് ഡോളറിൽ

| വർഷം | കയറ്റുമതി | | | ഇറക്കുമതി | | |
|---|---|---|---|---|---|---|
| | ചരക്ക് കയറ്റുമതി | സേവന കയറ്റുമതി | ആകെ കയറ്റുമതി | ചരക്ക് ഇറക്കുമതി | സേവന ഇറക്കുമതി | ആകെ ഇറക്കുമതി |
| 2016-17 | 275.9 | 164.2 | 440.1 | 384.4 | 95.5 | 479.9 |
| 2017-18 | 303.5 | 195.1 | 498.6 | 465.6 | 105.2 | 570.8 |
| 2018-19 | 330.1 | 208 | 538.1 | 514.1 | 126.1 | 640.2 |
| 2019-20 | 313.4 | 213.2 | 526.6 | 474.7 | 128.3 | 603.0 |
| 2020-21 | 291.81 | 206.1 | 497.9 | 394.44 | 117.52 | 511.96 |
| 2021-22 | 421.8 | 254.4 | 676.2 | 611.89 | 144.79 | 756.68 |
| 2022-23 | 447.46 | 322.72 | 770.18 | 714.24 | 177.94 | 892.18 |

അവലംബം: കേന്ദ്രവ്യവസായ വാണിജ്യ വകുപ്പ് മന്ത്രാലയം

422.00 ബില്യൺ ഡോളറായിരുന്നു. സേവനങ്ങളുടെ കയറ്റുമതിയിലുള്ള വളർച്ചയാണ് മൊത്തത്തിലുള്ള കയറ്റുമതി വളർച്ചയെ നയിക്കുന്നത്, ഇത് 2021-22 നെ അപേക്ഷിച്ച് 2022-23 കാലയളവിൽ 26.79 ശതമാനം വളർച്ചയോടെ 322.72 ബില്യൺ യുഎസ് ഡോളറിന്റെ പുതിയ റെക്കോർഡ് വാർഷിക മൂല്യം സ്ഥാപിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ 611.89 ബില്യൺ ഡോളറിൽ നിന്ന് 2022-23 കാലയളവിലെ ചരക്ക് ഇറക്കുമതി 714.24 ബില്യൺ ഡോളറായി. 2021-22ലെ 144.79 ബില്യൺ ഡോളറുമായി താരതമ്യം ചെയ്യുമ്പോൾ 2022-23-ലെ സേവന ഇറക്കുമതിയുടെ ഏകദേശ മൂല്യം 177.94 ബില്യൺ ഡോളറാണ് (**പട്ടിക 5.4.1**).

ചരക്ക് കയറ്റുമതിക്ക് കീഴിൽ, 30 പ്രധാന മേഖലകളിൽ 17 എണ്ണവും 2021-22 നെ അപേക്ഷിച്ച് 2022-23 കാലയളവിൽ നല്ല വളർച്ച പ്രകടമാക്കി. ഓയിൽ മീൽസ് (55.13 %), ഇലക്ട്രോണിക് സാധനങ്ങൾ (50.52 %), പെട്രോളിയം ഉൽപന്നങ്ങൾ (40.1%), പുകയില (31.37%), എണ്ണക്കുരുക്കൾ (20.13%), അരി (15.22%), ധാന്യ ഉൽപന്നങ്ങൾ & വിവിധയിനം പ്രോസസ്സ് ചെയ്ത ഇനങ്ങൾ (14.61. %), കാപ്പി (12.29%), പഴങ്ങളും പച്ചക്കറികളും (11.19%), മറ്റ് ധാന്യങ്ങൾ (9.74%), തേയില (8.85%), സമുദ്രോത്പന്നങ്ങൾ (3.93%) എന്നിവ ഇതിൽപ്പെടുന്നു.

ചരക്ക് ഇറക്കുമതിക്ക് കീഴിൽ, 30 പ്രധാന മേഖലകളിൽ 6 എണ്ണവും 2021-22 നെ അപേക്ഷിച്ച് 2022-23 ൽ നെഗറ്റീവ് വളർച്ച രേഖപ്പെടുത്തി. ഇതിൽ സൾഫറും അൺറോസ്റ്റഡ് അയൺ പൈറൈറ്റുകളും (-28.86%), സ്വർണ്ണം (-24.15%), പയറുവർഗ്ഗങ്ങൾ (-12.79%), മെഡിസിനൽ & ഫാർമസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങൾ (-10.58%), ഡൈയിംഗ്/ടാനിംഗ്/കളറിംഗ് മെറ്റീരിയലുകൾ, (-2.39%) കൂടാതെ മുത്തുകളും, വിലയേറിയതും അമൂല്യവുമായ കല്ലുകൾ (-0.99%) എന്നിവ ഉൾപ്പെടുന്നു.

### കേരളത്തിലെ വിദേശ വ്യാപാരം

സമുദ്രോത്പന്നങ്ങൾ, കാപ്പി, സുഗന്ധവ്യഞ്ജന ഉൽപന്നങ്ങൾ എന്നിവ കയറ്റുമതി ചെയ്തുകൊണ്ട് രാജ്യത്തിന്റെ കയറ്റുമതി സാധ്യതകളിൽ കേരളം ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിലെ വിദേശ വ്യാപാരം പ്രധാനമായും കൊച്ചി തുറമുഖം വഴിയാണ്. കാപ്പി, ചായ, കശുവണ്ടി, കടൽ ഭക്ഷണങ്ങൾ, കയറുൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാണ് കൊച്ചി തുറമുഖം വഴി കയറ്റുമതി ചെയ്യുന്ന പ്രധാന ഇനങ്ങൾ. 2022-23 ൽ, കൊച്ചി തുറമുഖം കൈകാര്യം ചെയ്ത മൊത്തം ആഭ്യന്തര, വിദേശ ചരക്ക് ഗതാഗതം 352.55 ലക്ഷം മെട്രിക് ടൺ ആയിരുന്നു, 2021-22 ൽ ഇത് 345.50 ലക്ഷം മെട്രിക് ടണ്ണായിരുന്നു, മുൻ വർഷത്തെ 9.67 വളർച്ചയുമായി ശതമാനം താരതമ്യം ചെയ്യുമ്പോൾ 2022-23 ൽ 2.04 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മൊത്തം ആഭ്യന്തര ഗതാഗതം 2.3 ശതമാനം വളർന്ന് മുൻ വർഷത്തെ 118.35 ലക്ഷം

**പട്ടിക 5.4.2** കൊച്ചി തുറമുഖം വഴി കൈകാര്യം ചെയ്ത ചരക്കുകൾ, 2018-19 മുതൽ 2022-23 വരെ (അളവ്: ലക്ഷം മെട്രിക് ടൺ)

| വ്യാപാരം | കയറ്റുമതി | | | ഇറക്കുമതി | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | 2020-21 | 2021-22 | 2022-23 | 2020-21 | 2021-22 | 2022-23 | 2020-21 | 2021-22 | 2022-23 |
| ആഭ്യന്തരം | 38.33 | 49.38 | 43.70 | 72.66 | 68.97 | 77.36 | 110.99 | 118.35 | 121.06 |
| വിദേശം | 32.03 | 35.88 | 29.65 | 172.01 | 191.27 | 201.84 | 204.04 | 227.12 | 231.49 |
| ആകെ | 70.36 | 85.26 | 73.35 | 244.67 | 260.24 | 279.20 | 315.03 | 345.50 | 352.55 |

അവലംബം: കൊച്ചിൻ പോർട്ട് ട്രസ്റ്റ്

മെട്രിക് ടണ്ണിൽ നിന്ന് 2022-23 ൽ 121.06 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. മൊത്തം വിദേശ വ്യാപാരം 2021-22 ലെ 227.12 ലക്ഷം മെട്രിക് ടണ്ണുമായി താരതമ്യം ചെയ്യുമ്പോൾ 2022-23 ൽ 1.92 ശതമാനം വളർച്ചയോടെ 231.49 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. (**പട്ടിക 5.4.2**)

2021-22ൽ തീരദേശവും വിദേശവും ആയ മൊത്ത കയറ്റുമതി 85.3 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2022-23ൽ 13.97 ശതമാനം നെഗറ്റീവ് വളർച്ചയോടെ 73.35 ലക്ഷം മെട്രിക് ടൺ ആയി. മുൻ വർഷം വളർച്ച 21.17 ശതമാനമായിരുന്നു. ഇതിൽ, ആഭ്യന്തര കയറ്റുമതി 2022-23 ൽ 43.70 ലക്ഷം മെട്രിക് ടൺ ആണ്, 2021-22 ൽ ഇത് 49.38 ലക്ഷം മെട്രിക് ടൺ ആയിരുന്നു, ഇത് 11.50 ശതമാനം നെഗറ്റീവ് വളർച്ച രേഖപ്പെടുത്തുന്നു. വിദേശ കയറ്റുമതിയും മുൻവർഷത്തെ 35.9 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 2022-23ൽ 29.65 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞു, ഇത് 17.36 ശതമാനം നെഗറ്റീവ് വളർച്ച രേഖപ്പെടുത്തുന്നു. കൊച്ചി തുറമുഖം വഴിയുള്ള ചരക്കുകളുടെ കയറ്റുമതി 2022-23 ലെ വ്യാപാരത്തിന്റെ അളവിലും വളർച്ചാ നിരക്കിലും പിന്നോക്കമായ ചിത്രം കാണിക്കുന്നു. 2021-22 കാലയളവിൽ കയറ്റുമതി ചെയ്ത മൊത്തം അളവ് 85, 25, 584 മെട്രിക് ടൺ ആയിരുന്നു, 21.17 ശതമാനം വളർച്ചാ നിരക്കും. 2022-23 ൽ ഇത് വ്യാപാരത്തിന്റെ അളവിൽ 73, 34, 871 MT ആയും (-) വളർച്ചാ നിരക്ക് 13.97 ശതമാനമായും കുറഞ്ഞു. കയർ ഉൽപന്നങ്ങളുടെ വ്യാപാരത്തിൽ വളരെ വലിയ ഇടിവ് ദൃശ്യമാണ്, അത് 2022-23 കാലയളവിൽ (-) 50.42 ശതമാനം കുറവ് രേഖപ്പെടുത്തി. 2021-22 ൽ 2,40,745 മെട്രിക് ടണ്ണായിരുന്നത് 2022-23 ൽ 1,19,350 മെട്രിക് ടണ്ണായി കുറഞ്ഞു. .ഇതോടൊപ്പം കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ, കശുവണ്ടി എന്നിവയുടെ വ്യാപാരത്തിലും കുറവുണ്ടായി. 2022-23 കാലത്ത് മെച്ചപ്പെട്ട നിലയിലുള്ള ഒരേയൊരു ഇനം തേയിലയാണ്. അത് 2021-22 കാലയളവിൽ 65,199 മെട്രിക് ടൺ വ്യാപാരത്തിൽ നിന്നും (-) 6.82 ശതമാനം വളർച്ചാ നിരക്കും എന്ന നിലയിൽ നിന്ന് 74,452 മെട്രിക് ടൺ വ്യാപാരവും 14.19 ശതമാനം വളർച്ചാ നിരക്കുമായി 2022-23 ൽ മെച്ചപ്പെട്ടു. സമുദ്രോൽപ്പന്നങ്ങൾ 9.54 ശതമാനം പോസിറ്റീവ് വളർച്ചാ നിരക്ക് കാണിക്കുന്നു, എന്നിരുന്നാലും 2021-22 കാലയളവിലെ 19.21 ശതമാനത്തിൽ നിന്ന് ഇത് കുറഞ്ഞു. വിശദാംശങ്ങൾ **അനുബന്ധം 5.4.1** ൽ നൽകിയിരിക്കുന്നു.

കൊച്ചി തുറമുഖം വഴിയുള്ള ഇറക്കുമതി 2022-23ൽ 7.29 ശതമാനം വർധിച്ച് 2021-22 കാലയളവിലെ 2,60,24,422 മെട്രിക് ടണ്ണിൽ നിന്ന് 2022-23ൽ 2,79,20,360 മെട്രിക് ടണ്ണായി. 2022-23 കാലയളവിൽ ഇരുമ്പിന്റെയും ഉരുക്കിന്റെയും ഇറക്കുമതി 173.55 ശതമാനം വർധിച്ചു. ഇറക്കുമതി 2022-23 ൽ 31,327 മെട്രിക് ടണ്ണും 2021-22 ൽ 11,452 മെട്രിക് ടണ്ണും ആയിരുന്നു. എന്നിരുന്നാലും, 2022-23 കാലയളവിൽ രാസവളങ്ങളുടെയും അസംസ്കൃത വസ്തുക്കളുടെയും ഇറക്കുമതി (-) 46.42 ശതമാനം കുറഞ്ഞു. രാസവളങ്ങളുടെയും അസംസ്കൃത വസ്തുക്കളുടെയും ഇറക്കുമതി 2022-23ൽ 1, 71, 110 മെട്രിക് ടണ്ണും 2021-22ൽ 3,19,349 മെട്രിക് ടണ്ണും ആയിരുന്നു. കൊച്ചി തുറമുഖം വഴി ഇറക്കുമതി ചെയ്യുന്ന പ്രധാന ഇനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 5.4.2** ൽ നൽകിയിരിക്കുന്നു.

**സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി**

2021-22ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി 13,69,264 മെട്രിക് ടണ്ണിൽ നിന്ന് 2022-23ൽ 1,73,52,86 മെട്രിക് ടണ്ണായി ഉയർന്നു. മൊത്തം കയറ്റുമതി മൂല്യം 2021-22 ലെ 57,586.50 കോടി രൂപ യിൽ നിന്നും 2022-23ൽ 63969.15 കോടിയായി. ഇത് കയറ്റുമതിയുടെ അളവിൽ 26.73 ശതമാനവും ഉത്പാദിപ്പിക്കുന്ന മൂല്യത്തിൽ 11.08 ശതമാനവും വളർച്ചാ നിരക്ക് കാണിക്കുന്നു.

2021-22 കാലയളവിൽ കേരളത്തിന്റെ സമുദ്ര കയറ്റുമതി 1,80315 മെട്രിക് ടണ്ണിൽ നിന്ന് 2022-23 ൽ 218630 മെട്രിക് ടണ്ണായി വളർന്നു കയറ്റുമതി മൂല്യം 2021-22ൽ 6,396.2 കോടി രൂപയായിരുന്നത് 2022-23ൽ 8,285.03 കോടി രൂപയായി. ഇത് കയറ്റുമതിയുടെ അളവിൽ 21.25 ശതമാനവും ഉത്പാദിപ്പിക്കുന്ന മൂല്യത്തിൽ 29.53 ശതമാനവും വളർച്ചാ നിരക്ക് കാണിക്കുന്നു. വിശദാംശങ്ങൾ **പട്ടിക 5.4.3**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.4.3** സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി- ഇന്ത്യയിലും കേരളത്തിലും, 2016-17 മുതൽ 2022-23വരെ (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ)

| വർഷം | ഇന്ത്യ | | കേരളം | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം | അളവ് | മൂല്യം |
| 2016-17 | 11,34,948 | 37,870.9 | 1,59,141 | 5,008.5 | 14.00 | 13.20 |
| 2017-18 | 13,77,244 | 45,106.9 | 1,78,646 | 5,919.0 | 13.00 | 13.10 |
| 2018-19 | 13,92,559 | 46,589.4 | 1,83,064 | 6,014.7 | 13.10 | 12.90 |
| 2019-20 | 12,89,651 | 46,662.9 | 1,48,226 | 5,020.3 | 11.50 | 10.80 |
| 2020-21 | 11,49,510 | 43,721.0 | 1,44,700 | 5,039.9 | 12.60 | 11.50 |
| 2021-22 | 13,69,264 | 57,586.5 | 1,80,315 | 6,396.2 | 13.20 | 11.10 |
| 2022-23 | 17,35,286 | 63,969.15 | 2,18,630 | 8,285.03 | 12.60 | 13.00 |

അവലംബം: സമുദ്രോല്പന്നകയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

**ചിത്രം 5.4.1** സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വളർച്ചാനിരക്കുകൾ(അളവിൽ)-ഇൻഡ്യ,കേരളം- കേരളത്തിന്റെ വിഹിതം, 2016-17 മുതൽ 2022-23വരെ, ശതമാനത്തിൽ




| | 2016–17 | 2017–18 | 2018–19 | 2019–20 | 2020–21 | 2021–22 | 2022–23 |
|---|---|---|---|---|---|---|---|
| ഇന്ത്യ | 20.0 | 21.3 | 1.1 | –7.4 | –10.9 | 19.1 | 26.73 |
| കേരളം | 6.7 | 12.3 | 2.5 | –19.0 | –2.4 | 24.6 | 21.3 |
| കേരളത്തിന്റെ വിഹിതം (%) | 14.0 | 13.0 | 13.1 | 11.5 | 12.6 | 13.2 | 12.6 |

അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

പൊതുവായി പറഞ്ഞാൽ, കോവിഡ്-19 ബാധിച്ച വർഷങ്ങളൊഴികെ, ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി ഗണ്യമായി വർദ്ധിച്ചു, ഈ മേഖലയുടെ തിരിച്ചുവരവ് പെട്ടെന്നായിരുന്നു. ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി ഇനങ്ങളിൽ അളവിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാനത്തിന് നിർണായക പങ്കുണ്ട്. 2021-22ൽ ഇത് 13.2 ശതമാനവും 2022-23ൽ 12.60 ശതമാനവുമായിരുന്നു. സമുദ്രോത്പന്നങ്ങളുടെ ദേശീയ കയറ്റുമതിയിൽ സംസ്ഥാനത്തിന്റെ വിഹിതത്തോടൊപ്പം രാജ്യത്തിന്റെയും കേരളത്തിന്റെയും സമുദ്ര കയറ്റുമതിയിലെ പ്രവണതകളും **ചിത്രം 5.4.1** ചിത്രീകരിച്ചിരിക്കുന്നു.


2022-23 ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതി കാണിക്കുന്നത് ശീതീകരിച്ച ചെമ്മീൻ 41 ശതമാനവും മൂല്യത്തിൽ 67.43 ശതമാനവുമായി ഒന്നാം സ്ഥാനത്ത് തുടരുന്നു എന്നാണ്. തുടർന്ന് 21.2 ശതമാനം വിപണി വിഹിതവും 8.6 ശതമാനം മൂല്യവുമായി ശീതീകരിച്ച മത്സ്യവും കയറ്റുമതിയിൽ അടുത്ത സ്ഥാനത്ത് നില്ക്കുന്നു. 2022-23 കാലയളവിൽ, 43,135 കോടി രൂപ വിലമതിക്കുന്ന 7.11 ലക്ഷം ടൺ ശീതീകരിച്ച ചെമ്മീൻ ഇന്ത്യ കയറ്റുമതി ചെയ്തു. (അനുബന്ധം 5.4.3). 2022-23ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതിയുടെ വിപണി വിഹിതം **ചിത്രം 5.4.2**ൽ ചിത്രീകരിക്കുന്നു.

2022-23 കാലയളവിൽ, 70,800 മെട്രിക് ടൺ ശീതീകരിച്ച ചെമ്മീൻ കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്തു, ഇത് മൊത്തം വ്യാപാര അളവിന്റെ 32.4 ശതമാനമാണ്. തൊട്ടുപിന്നിൽ 2022-23 കാലയളവിൽ 32170 മെട്രിക് ടൺ അളവും മൊത്തം വ്യാപാര അളവിന്റെ 23.6 ശതമാനവും ഉള്ള ശീതീകരിച്ച മത്സ്യമാണ്. 2022-23 കാലയളവിൽ മൊത്തം കയറ്റിമതി മൂല്യത്തിൽ ശീതീകരിച്ച ചെമ്മീൻ 47.62 ശതമാനവും ശീതീകരിച്ച മത്സ്യം 10.67 ശതമാനവും കയ്യാളുന്നു. 2022-23 ൽ കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതിയുടെ വിപണി വിഹിതം **ചിത്രം 5.4.3**ൽ കാണിക്കുന്നു.

2022-23 ലെ ഇന്ത്യയുടെ സമുദ്രോത്പന്നങ്ങളുടെ ഏറ്റവും വലിയ കയറ്റുമതി വിപണി 4.32 ലക്ഷം മെട്രിക് ടൺ വ്യാപ്തിയോടെ തെക്ക് കിഴക്കൻ ഏഷ്യയാണ്. തുടർന്ന് ചൈന (4.06 ലക്ഷം മെട്രിക് ടൺ), യുഎസ്എ (3.06 ലക്ഷം മെട്രിക് ടൺ), യൂറോപ്യൻ യൂണിയൻ (2.08 ലക്ഷം മെട്രിക് ടൺ), ജപ്പാൻ (1.09 ലക്ഷം മെട്രിക് ടൺ). മിഡിൽ ഈസ്റ്റും (0.78 ലക്ഷം മെട്രിക് ടൺ) മറ്റ് രാജ്യങ്ങളുമാണ്. (1.97 ലക്ഷം മെട്രിക് ടൺ). ഇന്ത്യയുടെ സമുദ്രോത്പന്നങ്ങളുടെ പ്രധാന വിപണികളും അവയുടെ വിഹിതവും **ചിത്രം 5.4.4**ൽ ചിത്രീകരിച്ചിരിക്കുന്നു.


2022-23 ലെ കേരളത്തിന്റെ സമുദ്രോത്പന്നങ്ങളുടെ ഏറ്റവും വലിയ കയറ്റുമതി വിപണി തെക്ക് കിഴക്കൻ ഏഷ്യ (56,892 മെട്രിക് ടൺ). തുടർന്ന് ചൈന (52,452 മെട്രിക് ടൺ), യൂറോപ്യൻ യൂണിയൻ (51,304 മെട്രിക് ടൺ), യുഎസ്എ (16,640 മെട്രിക് ടൺ), മിഡിൽ ഈസ്റ്റ് (8,939

**ചിത്രം 5.4.2** 2022-23 ൽ ഇൻഡ്യയിൽ നിന്ന് കയറ്റി അയച്ച സമുദ്രോൽപന്നങ്ങളും അവയുടെ വിപണി വിഹിതവും (ശതമാനത്തിൽ)





അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

**ചിത്രം 5.4.3** 2022-23-ൽ കേരളത്തിൽ നിന്ന് കയറ്റി അയച്ച സമുദ്രോല്പന്നങ്ങളും വിപണി വിഹിതവും (ശതമാനത്തിൽ)





അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

**ചിത്രം 5.4.4** 2019-20-ൽ ഇൻഡ്യൻ സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം ശതമാനത്തിൽ




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

**ചിത്രം 5.4.5** 2020-21-ലെ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ പ്രധാന വിദേശ വിപണികൾ, വിപണി വിഹിതം (ശതമാനത്തിൽ)




അവലംബം: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

മെട്രിക് ടൺ), ജപ്പാൻ 8,549 മെട്രിക് ടൺ) മറ്റ് രാജ്യങ്ങൾ (23,853 മെട്രിക് ടൺ) എന്നിവയാണ്. കേരളത്തിലെ സമുദ്രോത്പന്നങ്ങളുടെ പ്രധാന വിപണികളും അവയുടെ വിഹിതവും **ചിത്രം 5.4.5**ൽ ചിത്രീകരിച്ചിരിക്കുന്നു.

## കശുവണ്ടി കയറ്റുമതി

ലോകത്ത് ഏറ്റവും കൂടുതൽ കശുവണ്ടി ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. കശുവണ്ടി ഫാമുകളിലും ഫാക്ടറികളിലും ധാരാളം തൊഴിലാളികൾ ജോലി ചെയ്യുന്നു. അറുപതിലേറെ രാജ്യങ്ങളിലേക്ക് ഇന്ത്യ കശുവണ്ടി കയറ്റുമതി ചെയ്യുന്നു. ഡയറക്ടറേറ്റ് ജനറൽ ഓഫ് കൊമേഴ്സ്യൽ ഇന്റലിജൻസ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കനുസരിച്ച്, 2022-23ൽ ഇന്ത്യയിലേക്കുള്ള കശുവണ്ടി കയറ്റുമതിയുടെ അളവ് 76,824.69 മെട്രിക് ടൺ ആണ്, മൂല്യം 2,98,219.37 ലക്ഷം രൂപയുമാണ്. മുൻ വർഷം ഇത് 80,366.25 മെട്രിക് ടണ്ണും 3,40,991.42 ലക്ഷം രൂപയുമായിരുന്നു. ഇത് അളവ് കയറ്റുമതിയിൽ (-) 5.59 ശതമാനവും കയറ്റുമതി മൂല്യത്തിൽ (-) 12.54 ശതമാനവും ഇടിവാണ്.

ഉപദ്വീപിയ ഇന്ത്യയുടെ തീരപ്രദേശങ്ങളിൽ കശുമാവ് കൃഷി വ്യാപിച്ചു കിടക്കുന്നു. കശുവണ്ടി ഉത്പാദനത്തിലും സംസ്കരണത്തിലും കയറ്റുമതിയിലും കേരളം ഒരു പ്രധാന പങ്ക് വഹിക്കുന്നു. കശുവണ്ടി സംസ്കരണ വ്യവസായം മുമ്പ് കൊല്ലത്ത് കേന്ദ്രീകരിച്ചിരുന്നു, എന്നാൽ ഇപ്പോൾ അത് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും വ്യാപിച്ചു. 2022-23ൽ കേരളത്തിൽ നിന്നുള്ള കശുവണ്ടിയുടെ കയറ്റുമതി 21,858 മെട്രിക് ടൺ ആയിരുന്നു. ഇത് 2021-22ൽ 24,299 മെട്രിക് ടൺ യിൽ നിന്ന് (-) 10.05 ശതമാനം നെഗറ്റീവ് വളർച്ച രേഖപ്പെടുത്തുന്നു (**പട്ടിക 5.4.4**).

ഐവറി കോസ്റ്റിന് ശേഷം, 15 ശതമാനത്തിലധികം വിഹിതമുള്ള കശുവണ്ടിയുടെ ഏറ്റവും വലിയ രണ്ടാമത്തെ ഉത്പാദകരും കയറ്റുമതിക്കാരും ഇന്ത്യയാണ്,

**പട്ടിക 5.4.4** കശുവണ്ടി പരിപ്പിന്റെ കയറ്റുമതി ഇൻഡ്യയും കേരളവും (2015-16 മുതൽ 2022-23 വരെ), (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിൽ)

| വർഷം | കേരളം | | ഇൻഡ്യ | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് (മെട്രിക് ടൺ) | മൂല്യം (രൂപ കോടിയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (രൂപ കോടിയിൽ) | അളവ് | മൂല്യം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2015-16 | 50,652 | 2,579.5 | 96,346 | 4,952.1 | 52.6 | 52.1 |
| 2016-17 | 38,054 | 2,415.3 | 82,302 | 5,168.8 | 46.2 | 46.7 |
| 2017-18 | 36,930 | 2,580.4 | 84,352 | 5,871.0 | 43.8 | 44.0 |
| 2018-19 | 29,062 | 1,892.6 | 66,693 | 4,434.0 | 43.6 | 42.7 |
| 2019-20 | 30,478 | 1,742.5 | 67,647 | 3,867.2 | 45.1 | 45.1 |
| 2020-21 | *23,368 | NA | 49,992 | 2,907 | 46.7 | NA |
| 2021-22 | *24,299 | NA | 53,770 | 3,175.2 | 45.2 | NA |
| 2022-23 | *21,858 | NA | | | | |

അവലംബം: കാഷ്യൂ എക്സ്പോർട്ട്പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്

ലോകത്തിലെ കശുവണ്ടി കയറ്റുമതിയിൽ വിയറ്റ്നാമിനു ശേഷം ഇന്ത്യ രണ്ടാമതാണ്. ഇന്ത്യൻ കശുവണ്ടിയുടെ ഏറ്റവും വലിയ കയറ്റുമതി വിപണിയായി യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യുഎഇ) തുടർന്നു. തുടർന്ന് ജപ്പാൻ, നെതർലാൻഡ്സ്, സൗദി അറേബ്യ, യുഎസ്എ, സ്പെയിൻ, കുവൈറ്റ്, ജർമ്മനി, ഖത്തർ, മലേഷ്യ, സിംഗപ്പൂർ എന്നീ രാജ്യങ്ങളുമാണ്.

ഇന്ത്യ പ്രാഥമികമായി കയറ്റുമതി ചെയ്യുന്നത് കശുവണ്ടിയും ചെറിയ അളവിൽ കശുവണ്ടി തോടിൽ നിന്നുമുള്ള ദ്രാവകവുമാണ്. ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി കയറ്റുമതിയുടെ ഘടന **പട്ടിക 5.4.5**ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

2022-23ൽ കശുവണ്ടി മുഴുവനായും ഉണക്കിയ പരിപ്പിന്റെയും കയറ്റുമതി 58,593.52 മെട്രിക് ടണ്ണും ഇതിന്റെ മൂല്യം 2,82,030.19 ലക്ഷം രൂപയുമാണ്. ഇത് 2021-22ൽ 73,560.50 മെട്രിക് ടണ്ണും 3,29,902.10 ലക്ഷം രൂപയുമായിരുന്നു. മറ്റ് ഇനങ്ങളുടെ കയറ്റുമതിയിലെ വളർച്ച ആശാവഹമല്ലെങ്കിലും 2021-22 ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി ലിക്വിഡിന്റെ കയറ്റുമതി വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നു. 2020-21 മുതൽ കേരളത്തിൽ നിന്ന് നട്ട് ഷെൽ ദ്രാവകം കയറ്റുമതി ചെയ്തിട്ടില്ല.

2022-23ൽ മൊത്തം കശുവണ്ടിയുടെയും പരിപ്പിന്റെയും ഇറക്കുമതി 13,31,776.32 മെട്രിക് ടൺ ആണ്. മുൻ വർഷം ഇത് 9,38,761.90 മെട്രിക് ടൺ ആയിരുന്നു. ഇറക്കുമതി മൂല്യത്തിൽ ഇത് 2022-23ൽ 14,35,900.63 ലക്ഷം രൂപയും, 2021-22ൽ 9,32,630.10 ലക്ഷം രൂപയുമായിരുന്നു. കശുവണ്ടിപ്പരിപ്പ് ഫ്രഷ്/ഡ്രൈഡ് ഇൻ ഷെല്ലിന്റെ ഇറക്കുമതിയിൽ വളർച്ചയും കശുവണ്ടി കേർണലിന്റെയും തോടോടു കൂടിയുള്ളവയുടേയും കാര്യത്തിൽ കുറവും കാണിക്കുന്നു. ഐവറി കോസ്റ്റ്, ടാൻസാനിയ, ഗിനിയ ബിസാവു, ബെനിൻ, ഘാന, മൊസാംബിക്ക്, നൈജീരിയ, സെനഗൽ

**പട്ടിക 5.4.5** 2021-22, 2022-23 വർഷങ്ങളിൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി കയറ്റുമതിയുടെ ഘടന മെട്രിക് ടണ്ണിൽ അളവും മൂല്യം ലക്ഷം രൂപയിലും.

| ഇനം | 2021-22 | | 2022-23 | |
|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം |
| കശുവണ്ടി കേർണൽ, മുഴുവൻ | 51,907.75 | 3,09,681.10 | 44,271.48 | 2,67,747.15 |
| കശുവണ്ടി പുതിയത്/ഉണക്കിയത് | 21,652.75 | 20,221.00 | 14,322.04 | 14,283.04 |
| ശുദ്ധീകരിച്ച് വാറ്റിയെടുത്ത കശുവണ്ടി ലിക്വിഡ് (CNSL), | 3,575.59 | 2,558.95 | 6,607.05 | 5,708.32 |
| കാർഡനോൾ കശുവണ്ടി ലിക്വിഡ് (CNSL) | 1,368.06 | 692.03 | 10,641.81 | 5,638.61 |
| കശുവണ്ടി തോടോടു കൂടി, തോടില്ലാതെ | 1,193.61 | 6,292.36 | 676.44 | 4,052.82 |
| മറ്റ് കശുവണ്ടി ഇനങ്ങൾ | 668.49 | 1,545.98 | 305.87 | 789.43 |
| ആകെ | 80,366.25 | 3,40,991.42 | 76,824.69 | 2,98,219.37 |

ഉറവിടം: ഡയറക്ടറേറ്റ് ജനറൽ ഓഫ് കൊമേഴ്സ്യൽ ഇന്റലിജൻസ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്

**പട്ടിക 5.4.6** 2021-22, 2022-23 വർഷങ്ങളിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത കശുവണ്ടിയുടെ ഘടന മെട്രിക് ടണ്ണിൽ അളവ്, മൂല്യം രൂപ ലക്ഷത്തിൽ

| ഇനം | 2021-22 | | 2022-23 | |
|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം |
| കശുവണ്ടി പുതിയത്/ഉണക്കിയത് | 9,35,573.50 | 9,14,516.88 | 13,29,751.01 | 14,24,773.94 |
| കശുവണ്ടി കേർണൽ, മുഴുവൻ | 3,188.40 | 18,113.22 | 2,025.31 | 11,126.69 |
| കശുവണ്ടി ലിക്വിഡ് (CNSL), ക്രൂഡ് | 6,523.32 | 2,083.41 | 3,065.99 | 1,076.87 |
| കശുവണ്ടി കേർണൽ, തകർന്നു | 339.61 | 1,156.57 | 266.02 | 926.6 |
| മറ്റ് കശുവണ്ടി കേർണൽ | 97.01 | 50 | 130.74 | 123.61 |
| ശുദ്ധീകരിച്ചതും വാറ്റിയെടുത്തതുമായ കശുവണ്ടി ലിക്വിഡ് | 3.1 | 204.78 | 0.5 | 36.97 |
| ആകെ | 9,45,724.94 | 9,36,124.86 | 13,35,239.57 | 14,38,064.68 |

ഉറവിടം: ഡയറക്ടറേറ്റ് ജനറൽ ഓഫ് കൊമേഴ്സ്യൽ ഇന്റലിജൻസ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്

തുടങ്ങിയവയാണ് അസംസ്കൃത കശുവണ്ടിയുടെ പ്രധാന ഇറക്കുമതി വിപണികൾ. ഇന്ത്യയിലെ കശുവണ്ടി ഇറക്കുമതി സംബന്ധിച്ച വിവരങ്ങൾ **പട്ടിക 5.4.6**ൽ നൽകിയിരിക്കുന്നു.

### കയർ, കയറുൽപ്പന്നങ്ങളുടെ കയറ്റുമതി

ഇന്ത്യയിൽ നിന്നുള്ള കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി 12,64,784 മെട്രിക് ടണ്ണും മൂല്യം 3,992.17 കോടി രൂപയുമാണ്. മുൻവർഷത്തെ 12,34,855 മെട്രിക് ടൺ കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതിയെ അപേക്ഷിച്ച് 2.85 ശതമാനം വളർച്ചയാണിത്. 2022-23ൽ കൊച്ചി തുറമുഖം വഴി കേരളത്തിൽ നിന്നുള്ള കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതിയിൽ ഇടിവ് രേഖപ്പെടുത്തി. 2022-23 കാലയളവിൽ കൊച്ചി തുറമുഖം വഴി കയറ്റുമതി ചെയ്ത അളവ് 1, 19, 350 മെട്രിക് ടൺ ആയിരുന്നു, മുൻ വർഷത്തേക്കാൾ 50.42 ശതമാനം നെഗറ്റീവ് വളർച്ച രേഖപ്പെടുത്തി. 2021-22ൽ കൊച്ചി തുറമുഖം വഴി കയർ, കയറുൽപ്പന്നങ്ങളുടെ കയറ്റുമതി 2,40,745 മെട്രിക് ടൺ ആയിരുന്നു.


2021-22ൽ കയർ ഉൽപന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതിയുടെ ലഭ്യമായ രേഖകൾ കാണിക്കുന്നത്, ചകിരിച്ചോറ്, ടഫ്റ്റഡ് പായ, കയർ നാരുകൾ, കയർ പരവതാനികൾ, പരവതാനികൾ, കയർ റോപ്പുകൾ, കയർ പിരിച്ചത്, കയർ നൂൽ, കൈത്തറി മാറ്റുകൾ, പവർ ലൂം മാറ്റുകൾ എന്നിവയുടെ ഇന്ത്യയിൽ നിന്നും കയറ്റുമതി അളവിലും മൂല്യത്തിലും വളർച്ച രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതേസമയം, കയർ ഭൂവസ്ത്രം, റബ്ബറൈസ്ഡ് കയർ, കൈത്തറി മാറ്റിംഗ്, പവർലൂം മാറ്റിംഗ് എന്നിവ അളവിലും മൂല്യത്തിലും ഇടിവ് രേഖപ്പെടുത്തി. മറ്റ് തരം കയറുകളുടെ അളവിൽ കുറവും മൂല്യത്തിൽ വളർച്ചയും കാണിക്കുന്നു. 2259.2 കോടി രൂപ കയറ്റുമതി വരുമാനമുള്ള കയർ പിത്ത് രാജ്യത്തുനിന്നുള്ള മൊത്തം കയർ ഉൽപന്നങ്ങളുടെ കയറ്റുമതിയുടെ 52.1 ശതമാനമാണ്. മൊത്തം കയറ്റുമതിയുടെ 33 ശതമാനവും മൂല്യവർധിത ഇനങ്ങളാണ്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ ടഫ്റ്റഡ് മാറ്റുകൾ അളവിൽ 7.5 ശതമാനവും മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 23.1 ശതമാനവുമായി ഒന്നാം സ്ഥാനത്താണ്. 636.6 കോടി രൂപയുടെ കയറ്റുമതി മൂല്യമുള്ള കയർ നാരിന്റെ അളവിൽ 32.3 ശതമാനവും മൂല്യത്തിൽ 14.7 ശതമാനവുമാണ്.

2021-22ൽ 103 രാജ്യങ്ങൾ കയർ, കയറുൽപ്പന്നങ്ങൾ ഇന്ത്യയിൽ നിന്ന് ഇറക്കുമതി ചെയ്തു. മൂല്യത്തിൽ 29.8 ശതമാനവും അളവിൽ 17 ശതമാനവുമായി യുഎസ്എ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ ഒന്നാമതെത്തി. മൂല്യത്തിൽ 20 ശതമാനവും അളവിൽ 38 ശതമാനവും വിഹിതമുള്ള ചൈനയാണ് ഇന്ത്യയിൽ നിന്നുള്ള കയർ ഉൽപന്നങ്ങളുടെ ഏറ്റവും വലിയ രണ്ടാമത്തെ ഇറക്കുമതിക്കാരൻ. നെതർലാൻഡ്സ്, ദക്ഷിണ കൊറിയ, യുകെ, സ്പെയിൻ, ഓസ്ട്രേലിയ, ഇറ്റലി, ജർമ്മനി, കാനഡ എന്നിവയായിരുന്നു ഗണ്യമായ അളവിൽ കയറും കയറുൽപ്പന്നങ്ങളും ഇറക്കുമതി ചെയ്ത മറ്റ് രാജ്യങ്ങൾ. ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി പ്രവണത **ചിത്രം 5.4.6**ൽ നൽകിയിരിക്കുന്നു.

### തേയില കയറ്റുമതി

2022-ൽ ഇന്ത്യയിൽ നിന്നുള്ള തേയിലയുടെ കയറ്റുമതി 226.98 മെട്രിക് ടൺ ആയിരുന്നു, കയറ്റുമതിയുടെ മൂല്യം 6253.19 കോടി രൂപയുമായിരുന്നു. ഇത് 2021 ലെ 196.54 മെട്രിക് ടണ്ണ് കയറ്റുമതിയിൽ നിന്നും 5311.15 കോടി രൂപയിൽ നിന്നുമുള്ള വളർച്ചയാണ്. പ്രധാന കയറ്റുമതി വിപണി റഷ്യൻ ഫെഡറേഷനും തൊട്ടുപിന്നാലെ ഇറാൻ, സൗദി അറേബ്യ, യുഎസ്എ, യുഎഇ എന്നിവയുമായിരുന്നു. ഇത് കയറ്റുമതിയുടെ അളവിൽ 15.49 ശതമാനവും ഉത്പാദിപ്പിക്കുന്ന മൂല്യത്തിൽ 17.74 ശതമാനവും വളർച്ച കാണിക്കുന്നു. 2022-23ൽ കേരളത്തിലെ തുറമുഖങ്ങളിൽ നിന്നുള്ള തേയിലയുടെ കയറ്റുമതി 68.88 മെട്രിക് ടണ്ണും 1511.11 കോടി രൂപ മൂല്യവുമാണ്. 2021-22 ൽ 1515.16 കോടി രൂപ മൂല്യവും 66.86 മെട്രിക് ടൺ കയറ്റുമതിയുമാണ്. ഇത് കാണിക്കുന്നത് അളവിൽ 3.02 വർദ്ധനവും മൂല്യത്തിൽ 0.27 കുറവുമാണ്. (**പട്ടിക 5.4.7**).

**ചിത്രം 5.4.6** ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള കയറും കയറുൽപന്നങ്ങളുടെയും കയറ്റുമതി പ്രവണത, 2016-17 മുതൽ 2021-22 വരെ, (അളവ്: ലക്ഷം മെട്രിക് ടൺ)




അവലംബം: കയർ ബോർഡ് &കൊച്ചിൻ പോർട്ട് ട്രസ്റ്റ് താല്ക്കാലികം

**പട്ടിക 5.4.7** ഇൻഡ്യയിൽ നിന്നും കേരളത്തിലെ തുറമുഖങ്ങൾ വഴിയുമുള്ള തേയില കയറ്റുമതി, 2018 മുതൽ 2022 വരെ, (അളവ്: മെട്രിക് ടൺ, മൂല്യം: കോടി രൂപയിലും)

| വർഷം | കേരളം | | ഇൻഡ്യ | |
|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം |
| 2018 | 256.06 | 5335.33 | 81.72 | 1386.14 |
| 2019 | 252.15 | 5737.66 | 79.74 | 1530.28 |
| 2020 | 209.72 | 5235.29 | 70.96 | 1515.30 |
| 2021 | 196.54 | 5311.15 | 66.86 | 1515.16 |
| 2022 * | 226.98 | 6253.19 | 68.88 | 1511.11 |

അവലംബം: റ്റീബോർഡ്

## കാപ്പി കയറ്റുമതി

2022-23ൽ 898408 ലക്ഷം രൂപ വിലമതിക്കുന്ന 396346 മെട്രിക് ടൺ കാപ്പി ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്തു. ഇത് (-) അളവിൽ 4.25 ശതമാനത്തിന്റെയും മൂല്യത്തിൽ 17.35 ശതമാനത്തിന്റെയും വളർച്ചയാണ്. 2021-22ൽ 7,65550 ലക്ഷം രൂപ വിലമതിക്കുന്ന 413942 മെട്രിക് ടൺ കാപ്പിയാണ് ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്തത്. ജർമ്മനി, ബെൽജിയം, റഷ്യൻ ഫെഡറേഷൻ എന്നിവയാണ് ഇന്ത്യയിൽ നിന്നുള്ള കാപ്പിയുടെ പ്രധാന ഇറക്കുമതിക്കാർ. 2022-23ൽ കൊച്ചി തുറമുഖം വഴി കേരളത്തിൽ നിന്നുള്ള കാപ്പി കയറ്റുമതി 53291 മെട്രിക് ടൺ ആയിരുന്നു, മൂല്യം 116429 ലക്ഷം രൂപ. മുൻവർഷത്തെ അപേക്ഷിച്ച് 2022-23ൽ കയറ്റുമതിയുടെ അളവിൽ (-) 29.54 ശതമാനവും മൂല്യത്തിൽ (-10.81) ശതമാനവും ഇടിവുണ്ടായതായി ഇത് കാണിക്കുന്നു.

## സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി

2022-23 കാലയളവിൽ, ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതി 31761.38 കോടി രൂപ മൂല്യമുള്ള 14,04,357 മെട്രിക് ടൺ ആയിരുന്നു. മുൻ വർഷം അത് 15,30,661 മെട്രിക് ടണ്ണും 30324.32 ലക്ഷം രൂപയുമായിരുന്നു. ഇത് അളവിൽ 8.25 ശതമാനത്തിന്റെ കുറവും മൂല്യത്തിൽ 4.74 ശതമാനത്തിന്റെ വർദ്ധനവും രേഖപ്പെടുത്തുന്നു. 2022-23 കാലയളവിൽ കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി 1,11,080.13 മെട്രിക് ടൺ മൂല്യം 5,51,521.02 ലക്ഷം രൂപയുമായിരുന്നു. ഇത് മുൻ വർഷത്തേക്കാൾ 10.09 ശതമാനം വ്യാപാരത്തിലും 2.67 ശതമാനം മൂല്യത്തിലും കുറഞ്ഞതായി കാണിക്കുന്നു. (**പട്ടിക 5.4.8**).

ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതി ഇനങ്ങളിൽ ഏകദേശം 52 സുഗന്ധവ്യഞ്ജനങ്ങളും അതിന്റെ ഉൽപ്പന്നങ്ങളും ഉൾപ്പെടുന്നു. മുളക്, സുഗന്ധവ്യഞ്ജന എണ്ണകൾ, നല്ലെണ്ണ, ജീരകം, പുതിന ഉൽപന്നങ്ങൾ, മഞ്ഞൾ, ഏലം (ചെറുത്), കറിപ്പൊടി /പേസ്റ്റ്, ഇഞ്ചി എന്നിവയുടെ കയറ്റുമതി സുഗന്ധവ്യഞ്ജനങ്ങളിൽ നിന്നുള്ള മൊത്തം കയറ്റുമതി വരുമാനത്തിന്റെ 80 ശതമാനവും സംഭാവന ചെയ്യുന്നു. 2022-23 കാലയളവിൽ, മഞ്ഞൾ, മല്ലി, വെളുത്തുള്ളി തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ, അജ്‌വാൻ, ചതകുപ്പ, തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി, മറ്റ് വിത്തുകളുടെ കീഴിൽ തരംതിരിച്ചിരിക്കുന്ന അസഫോറ്റിഡ, കറുവപ്പട്ട, കാസിയ തുടങ്ങിയ ഇനങ്ങളുടെ കയറ്റുമതി അളവിലും മൂല്യത്തിലും വർധിച്ചു. മറ്റെല്ലാ സുഗന്ധവ്യഞ്ജനങ്ങളും വളർച്ച കുറയുന്ന പ്രവണത കാണിക്കുന്നു. മുളകിന്റെയും ജീരകത്തിന്റെയും ആഭ്യന്തര വിപണിയിലെ വിലക്കയറ്റം കയറ്റുമതിയിൽ ഇടിവുണ്ടാക്കി. എന്നിരുന്നാലും, യൂണിറ്റ് വിലയിലെ വർദ്ധനവ് കയറ്റുമതിയുടെ മൂല്യം വർദ്ധിപ്പിച്ചുകൊണ്ട് കയറ്റുമതിയുടെ അളവിലുണ്ടായ ഇടിവ് നികത്തുന്നു.

മുളക് 33 ശതമാനം, സുഗന്ധവ്യഞ്ജന എണ്ണ, ഒലിയോറെസിൻസ് എന്നിവ 13 ശതമാനം, പുതിന 11 ശതമാനം, മഞ്ഞൾ 5 ശതമാനം, കറിപ്പൊടി 4 ശതമാനം, ഏലം ചെറുത് 3 ശതമാനം കൂടാതെ കുരുമുളക് 2 ശതമാനം എന്നിവയാണ് ഇന്ത്യയുടെ സുഗന്ധവ്യഞ്ജന കയറ്റുമതിയുടെ പ്രധാന സംഭാവനകൾ. ഇത് മൊത്തത്തിൽ ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജന

**പട്ടിക 5.4.8** സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി- കേരളവും ഇൻഡ്യയും, 2016-17 മുതൽ 2022-23 വരെ (അളവ്: മെട്രിക് ടൺ, മൂല്യം: ലക്ഷം രൂപയിലും)


| വർഷം | കേരളം | | ഇൻഡ്യ | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ)) | അളവ് | മൂല്യം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2016-17 | 84,418.8 | 4,27,120.1 | 9,47,790 | 17,81,223.6 | 8.9 | 24.0 |
| 2017-18 | 95,455.9 | 4,15,296.1 | 10,28,060 | 17,98,016.2 | 9.3 | 23.1 |
| 2018-19 | 89,590.8 | 3,78,560.4 | 11,00,250 | 19,50,581.1 | 8.1 | 19.4 |
| 2019-20 | 1,00,195.8 | 4,05,421.3 | 12,08,400 | 22,06,280.0 | 8.3 | 18.4 |
| 2020-21 | 1,21,348.9 | 5,00,633.6 | 17,58,266 | 30,96,771 | 6.9 | 16.2 |
| 2021-22 | 1,23,547.93 | 5,66,643.6 | 15,30,661 | 30,32,432.4 | 8.1 | 18.5 |
| 2022-23* | 111080.13 | 551521.02 | 14,04,357 | 31,76,138.2 | 7.9 | 17.36 |

അവലംബം: സ്പൈസസ് ബോർഡ്

കയറ്റുമതിയുടെ 80 ശതമാനത്തിലധികം സംഭാവന ചെയ്യുന്നു. ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ 70 ശതമാനവും കയറ്റുമതി ചെയ്യുന്ന രാജ്യങ്ങൾ ചൈന, യുഎസ്എ, ബംഗ്ലാദേശ്, യുഎഇ, തായ്‌ലൻഡ്, ഇന്തോനേഷ്യ, മലേഷ്യ, യുകെ, ശ്രീലങ്ക, നേപ്പാൾ, ജർമ്മനി, സൗദി അറേബ്യ, നെതർലാൻഡ് എന്നിവയാണ്.

കേരളത്തിലെ സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധ വ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതി 2019-20 ലും 2020-21 ലും വർധിച്ച പ്രവണത കാണിച്ചു. മുൻ വർഷത്തേക്കാൾ വളർച്ചാ നിരക്ക് കുറഞ്ഞെങ്കിലും 2021-22 കാലയളവിൽ ഇത് പോസിറ്റീവായി തുടർന്നു, 2022-23 വർഷം കേരളത്തിന് (-) 10.1 നെഗറ്റീവ് വളർച്ച രേഖപ്പെടുത്തി. സുഗന്ധവ്യഞ്ജന കയറ്റുമതിയിലെ ഇന്ത്യൻ പ്രവണത തുടർച്ചയായി രണ്ട് വർഷത്തേക്ക് നെഗറ്റീവ് ആയി തുടരുന്നു. നിലവിൽ ഇത് (-) 8.3 ആണ്. ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെയും കയറ്റുമതിയിലെ വളർച്ചയുടെ പ്രവണത **ചിത്രം 5.4.7**ൽ ചിത്രീകരിക്കുന്നു.

**ചിത്രം 5.4.7** കേരളത്തിന്റെയും ഇൻഡ്യയുടേയും സുഗന്ധ വ്യഞ്ജനങ്ങളുടെ കയറ്റുമതി (അളവിൽ) വളർച്ചാ നിരക്കുകൾ, ശതമാനത്തിൽ, (2017-18 മുതൽ 2022-23 വരെ)




അവലംബം: സ്പൈസസ് ബോർഡ്

2022-23 ൽ, കേരളത്തിൽ നിന്നുള്ള മുളക്, ഏലം (ചെറുത്), ഇഞ്ചി, ജീരകം, സെലറി, ഉലുവ തുടങ്ങിയ വ്യക്തിഗത സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി മുൻവർഷത്തെ അപേക്ഷിച്ച് അളവിലും മൂല്യത്തിലും കുറഞ്ഞു. 2021-22ൽ 800.05 കോടി രൂപ മൂല്യമുള്ള 5,825 മെട്രിക് ടണ്ണിൽ നിന്ന് 2022-23ൽ 500.02 കോടി രൂപ മൂല്യമുള്ള 1,345 മെട്രിക് ടൺ ഏലമാണ് (ചെറിയത്) കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്തത്. 2022-23ൽ 659.70 കോടി രൂപ മൂല്യമുള്ള 25717 മെട്രിക് ടൺ മുളകിന്റെ കയറ്റുമതി മുൻവർഷത്തെ 30,225 മെട്രിക് ടണ്ണിൽ നിന്ന് 650.97 കോടി രൂപയായി കുറഞ്ഞു. കുരുമുളക് കയറ്റുമതി 2021-22ൽ 602.98 കോടി രൂപ മൂല്യമുള്ള 17,248 മെട്രിക് ടണ്ണിൽ നിന്ന് 2022-23ൽ 572.21 കോടി രൂപ മൂല്യമുള്ള 12,491 മെട്രിക് ടണ്ണായി കുറഞ്ഞു.

മൂല്യവർധിത ഉൽപന്നങ്ങളുടെ കാര്യത്തിൽ, കറിപ്പൊടിയുടെയും മിശ്രിതത്തിന്റെയും കയറ്റുമതി അളവിലും മൂല്യത്തിലും വർദ്ധനവ് കാണിച്ചു, അതേസമയം സുഗന്ധവ്യഞ്ജന എണ്ണയുടെയും ഒലിയോറെസിൻ ഉൽപന്നങ്ങളുടെയും അളവ് 2021-22 നെ അപേക്ഷിച്ച് 2022-23 ൽ അളവിൽ കുറവുണ്ടായി. 2021-22ൽ കറിപ്പൊടിയുടെയും മിശ്രിതത്തിന്റെയും കയറ്റുമതി 314.79 കോടി രൂപ മൂല്യമുള്ള 15,284 മെട്രിക് ടൺ ആയിരുന്നത് 2022-23ൽ 408.60 കോടി രൂപ മൂല്യമുള്ള 17,505 മെട്രിക് ടൺ ആയി ഉയർന്നു. 2021-22ൽ 2444.56 കോടി രൂപയുടെ സുഗന്ധവ്യഞ്ജന എണ്ണകളും ഒലിയോറെസിനും കയറ്റുമതി ചെയ്തു, ഇത് മൂല്യത്തിൽ 2365.42 കോടി രൂപയായി കുറഞ്ഞു.

# 5.5 പൊതു സേവനങ്ങൾ

**സർവ്വേയും ഭൂരേഖയും വകുപ്പ്**


സംസ്ഥാനത്തെ എല്ലാ ഭൂമിയുടെയും റീസർവേ നടപടികൾ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുക എന്നതാണ് സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പിന്റെ പ്രധാന പ്രവർത്തനം. ഇതോടൊപ്പം, ഭൂമി പരിപാലനം, ഭൂസർവ്വേ രേഖകൾ ഡിജിറ്റൈസ് ചെയ്യൽ, പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഭൂമിയുടെ സർവ്വേ നടത്തൽ (ഭൂമിയുടെ ഉടമസ്ഥാവകാശ രേഖ), ഭൂമി വിലയിരുത്തലും ഭൂമി ഏറ്റെടുക്കലും, വനഭൂമി സർവ്വേ, സർക്കാർ നയത്തിന് അനുസൃതമായി പ്രത്യേക പദ്ധതികൾക്കായുള്ള സർവ്വേ എന്നിവ സർവ്വേ വകുപ്പിൻറെ പ്രവർത്തനങ്ങളാണ്. 2023 വരെ 922 വില്ലേജുകളിലെ ഭൂമിയുടെ റീസർവ്വേ പൂർത്തിയാക്കിയിരുന്നു, 744 വില്ലേജുകളുടെ റീസർവ്വേ ജോലികൾ പൂർത്തിയാകാനുണ്ട്. തുടർച്ചയായി പ്രവർത്തിക്കുന്ന റഫറൻസ് സ്റ്റേഷനുകൾ (CORS), റിയൽ ടൈം കൈനമാറ്റിക് റോവർ (RTK-Rover) തുടങ്ങിയ ആധുനിക ഗാഡ്ജെറ്റുകളുടെ സഹായത്തോടെയാണ് റീസർവ്വേ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ഇടിഎസ്), ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജിപിഎസ്) തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് വേൾഡ് ജിയോഡെറ്റിക് സിസ്റ്റം 1984 (ഡബ്ല്യുജിഎസ് 84) ൽ ജിയോ റഫറൻസ് ചെയ്ത ഡിജിറ്റൽ റെക്കോർഡുകൾ നിലവിൽ തയ്യാറാക്കുന്നു. ഡിജിറ്റലൈസ് ചെയ്ത മാപ്പ് ഡാറ്റ ലഭ്യമല്ലാത്തതിനാൽ, റവന്യൂ വകുപ്പിന്റെ സഹകരണത്തോടെയും രജിസ്ട്രേഷൻ വകുപ്പിന്റെ പിന്തുണയോടെയും "എന്റെ ഭൂമി" പോർട്ടലിലൂടെ ഒരു സംയോജിത ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) വികസിപ്പിക്കുന്നതിന് മേൽനോട്ടം വഹിക്കാൻ സർക്കാർ സർവ്വേ വകുപ്പിനെ ചുമതലപ്പെടുത്തി. "എന്റെ ഭൂമി" പോർട്ടലിന്റെ ആദ്യ ഘട്ടത്തിലെ പുരോഗതി **ബോക്സ് 5.5.1**-ൽ നൽകിയിരിക്കുന്നു. 'എന്റെ ഭൂമി' പോർട്ടൽ വഴി എല്ലാ ഭൂമി ഇടപാടുകൾക്കും പൗരന്മാർക്കും 'ഏകജാലകം' സേവനം നൽകുന്നതിന് ഒരു ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) ആസൂത്രണം ചെയ്യുന്നു. മൂന്ന് പ്രധാന സ്റ്റേക്ക്ഹോൾഡർ ഡിപ്പാർട്ട്മെന്റുകളുടെ (രജിസ്ട്രേഷൻ വകുപ്പ്, റവന്യൂ വകുപ്പ്, സർവ്വേ വകുപ്പ്) വിവിധ ഭൂമി ഇടപാട് സേവനങ്ങളെ ഏകോപിപ്പിച്ച് പൊതുജനങ്ങൾക്ക് ചുരുങ്ങിയ മാനുഷിക ഇടപെടലോടെ സമഗ്രമായ സേവനങ്ങൾ നൽകുന്ന ഒരു പ്ലാറ്റ്ഫോമിലേക്ക് ഈ സംരംഭം ലക്ഷ്യമിടുന്നു. 2019 മുതൽ 2023 വരെയുള്ള (2023 ഓഗസ്റ്റ് 31 വരെ) റീസർവ്വേയുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.1**-ൽ നൽകിയിരിക്കുന്നു. റീസർവ്വേ അപ്പീലുകളുടെയും ലാൻഡ് അക്വിസിഷൻ (എൽഎ) അപ്പീലുകളുടെയും അധികാരിയായും ഈ വകുപ്പ് പ്രവർത്തിക്കുന്നു. ഇത്തരം അപ്പീലുകളിൽ ജില്ലാ സർവ്വേ സൂപ്രണ്ടുമാരുടെ ശുപാർശയിൽ ജില്ലാ കലക്ടർമാർ അന്തിമ തീരുമാനമെടുക്കും. 2022-ൽ, റീസർവ്വേ യിൽ ലഭിച്ച 2,07,927 അപ്പീലുകളിൽ 1,87,176 കേസുകൾ (90.02 ശതമാനം) ജില്ലാ ഓഫീസുകൾ അന്തിമമാക്കി. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചതും അന്തിമമാക്കിയതുമായ റീസർവ്വേ അപ്പീലുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 5.5.1** കാണിക്കുന്നു. 2022-ൽ ലഭിച്ചതും അന്തിമമാക്കിയതുമായ റീസർവ്വേ അപ്പീലുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.2**-ൽ കാണിച്ചിരിക്കുന്നു.

ഐഎഎസ് ഉദ്യോഗസ്ഥർക്കും റവന്യൂ വകുപ്പ്, സർവേ വകുപ്പ് ഉദ്യോഗസ്ഥർ, ഡെപ്യൂട്ടി കലക്ടർമാർ എന്നിവർക്കും സർവ്വേ വകുപ്പ് പരിശീലനം നൽകുന്നു. പരിശീലനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 5.5.3**–ൽ നൽകിയിരിക്കുന്നു.

**ബോക്സ് 5.5.1** "എന്റെഭൂമി" പദ്ധതിയുടെ ആദ്യ ഘട്ടത്തിലെ പുരോഗതി

സംസ്ഥാനത്തൊട്ടാകെയുള്ള 1,666 വില്ലേജുകളിൽ, 1,550 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങൾ നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ഏറ്റവും ആധുനികമായ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ആർകെഐയുടെ ധനസഹായത്തോടെ ഓരോ ഇഞ്ച് ഭൂമിയും വളരെ കൃത്യതയോടെ സർവ്വേ ചെയ്യുന്നതിനായി "എന്റെ ഭൂമി പദ്ധതി" ആരംഭിച്ചു. എന്റെഭൂമി പദ്ധതിയിൽ 200 വില്ലേജുകളിലായി ആദ്യഘട്ടത്തിൽ സർവ്വേ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഈ പ്രാരംഭ 200 വില്ലേജുകൾക്കുള്ളിലെ 366.416 ഹെക്ടർ ഭൂവിസ്തൃതിയിൽ 160.642 ഹെക്ടർ പ്രദേശം ഇതിനകം സർവേ നടത്തിക്കഴിഞ്ഞു. സർവ്വേയിംഗിനായി ഉയർന്ന മുൻഗണനയുള്ള മേഖലകളായി നിശ്ചയിച്ചിട്ടുള്ള 87 വില്ലേജുകളിൽ, ശ്രദ്ധേയമായ 80 ശതമാനം ജോലികളും വിജയകരമായി പൂർത്തിയാക്കി. ഡിജിറ്റൽ ലാൻഡ് സർവ്വേ കൃത്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്, ഡിപ്പാർട്ട്മെന്റ് റിയൽ ടൈം കൈനമാറ്റിക് (ആർടികെ), റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ (ആർഇടിഎസ്) എന്നിവ നടപ്പിലാക്കി. ഈ സംരംഭത്തിന്റെ ഭാഗമായി, സംസ്ഥാനത്തുടനീളം സമഗ്ര ഡിജിറ്റൽ ഭൂമി സർവ്വേകൾക്കായി 1500 RTK റോവർ മെഷീനുകളും 200 RETS യും വിന്യസിച്ചിട്ടുണ്ട്. സർവ്വേ പ്രക്രിയകളുടെ കൃത്യത, അളവ്, മൊത്തത്തിലുള്ള ഗുണനിലവാരം എന്നിവയിൽ കാര്യമായ പുരോഗതിക്ക് ഇത് കാരണമായി.

**ചിത്രം 5.5.1** 2022-ൽ ലഭിച്ചതും അന്തിമമാക്കിയതുമായ റീ- സർവ്വേ അപ്പീലുകളുടെ ജില്ല തിരിച്ചുള്ള എണ്ണം




അവലംബം : സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറേറ്റ്

### ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ

സർവ്വേ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള ചുമതല സർവ്വേ വകുപ്പിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. രേഖകളുടെ ഡിജിറ്റലൈസേഷന്റെ വിശദാംശങ്ങൾ **അനുബന്ധം 5.5.4**-ൽ നൽകിയിരിക്കുന്നു. നിലവിലുള്ള ഭൂരേഖകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാണ് സൂക്ഷിക്കുന്നത്. 2021-ലും 2022-ലും സ്കാൻ ചെയ്ത ഫീൽഡ് മെഷർമെന്റ് ബുക്കിന്റെ (എഫ്എംബി) എണ്ണം യഥാക്രമം 24,858 ഉം 2,01,969 ഉം ആണ്. 2023-ൽ സ്കാൻ ചെയ്ത ഫീൽഡ് മെഷർമെന്റ് ബുക്കിന്റെ (എഫ്എംബി) എണ്ണം 2,931 ആണ്.

### രജിസ്ട്രേഷൻ വകുപ്പ്

രേഖകളുടെ രജിസ്ട്രേഷൻ നടത്തുക, ആധാരവുമായി ബന്ധപ്പെട്ട തെളിവുകൾ സൂക്ഷിക്കുക, സ്പെഷ്യൽ മാര്യേജ്, ചിട്ടികൾ, സൊസൈറ്റികൾ, പാർട്ണർഷിപ്പ് സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിന് സൗകര്യമൊരുക്കുക എന്നിവയാണ് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രധാന ചുമതലകൾ. ഭാവിയിൽ ആധികാരികമായി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നിർമ്മിക്കാൻ കഴിയുന്ന തരത്തിൽ ഈ രേഖകൾ ശാശ്വതമായി സംരക്ഷിക്കുന്നതിനുള്ള പ്രത്യേക കടമയും രജിസ്ട്രേഷൻ വകുപ്പിന് ഉണ്ട്. രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം വകുപ്പ് വിജയകരമായി നടപ്പാക്കിയിരുന്നു. 2022-23 ൽ, ഡോക്യുമെന്റ് രജിസ്ട്രേഷൻ ഫീസായി വകുപ്പ് മൊത്തം 1,528.85 കോടി രൂപ പിരിച്ചെടുത്തു. ഇതിൽ 975.45 കോടി രൂപ പ്രധാന ഘടകമായ വിൽപന കൈമാറ്റത്തിനുള്ളതാണ്. 2022-23-ൽ രജിസ്റ്റർ ചെയ്ത രേഖകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.5**-ലും 2022-23-ൽ ശേഖരിച്ച ഫീസിന്റെ വിശദാംശങ്ങൾ **അനുബന്ധം 5.5.6**-ലും നൽകിയിട്ടുണ്ട്. 2022-23 ലെ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്.

### 2022–23 ലെ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

- ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ച 4524.26 കോടി രൂപയെക്കാൾ എക്കാലത്തെയും ഉയർന്ന തുകയായ 5662.12 കോടി രൂപ വരുമാനമായി ലഭിച്ചു
- NeSL മുഖേനയുള്ള സാമ്പത്തിക കരാറുകൾ വിദൂരമായി നടപ്പിലാക്കുന്നതിനായി ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോം ആരംഭിച്ചു
- ആസ്ഥാനം മുതൽ ജില്ലാതലം വരെ ഇ-ഓഫീസിന്റെ ഉപയോഗം വിപുലീകരിച്ചു
- തിരഞ്ഞെടുത്ത ജില്ലകളിൽ ഡിജിറ്റൽ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി വിതരണം ചെയ്യാൻ തുടങ്ങി.
- എല്ലാ ഓഫീസുകളും ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വഴി ബന്ധിപ്പിക്കുകയും എല്ലാ വിഭാഗങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് ആവിഷ്കരിക്കുകയും ചെയ്തു.

### എക്സൈസ് വകുപ്പ്

സംസ്ഥാനത്തിൻറെ വരുമാനത്തിൽ വലിയൊരു പങ്ക് വഹിക്കുന്ന വകുപ്പുകളിലൊന്നാണ് എക്സൈസ് വകുപ്പ്. മദ്യം, മയക്കുമരുന്ന്, സൈക്കോട്രോപിക് ലഹരിവസ്തുക്കൾ, മദ്യം, മയക്കുമരുന്ന് എന്നിവ അടങ്ങിയ ഔഷധങ്ങൾ തയ്യാറാക്കൽ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ ഈ വകുപ്പ് കൈകാര്യം ചെയ്യുന്നു. വകുപ്പിന് 69 എക്സൈസ് സർക്കിൾ ഓഫീസുകൾ, 138 എക്സൈസ് റേഞ്ച് ഓഫീസുകൾ, 41 ചെക്ക് പോസ്റ്റുകൾ, 19 പ്രത്യേക സ്ക്വാഡുകൾ എന്നിവയുണ്ട്. ലഹരിമരുന്ന് ദുരുപയോഗം നിർമാർജനം ചെയ്യുന്നതിനായി എക്സൈസ് വകുപ്പ് നടപ്പാക്കുന്ന പ്രധാന പരിപാടികളിലൊന്നാണ് 'വിമുക്തി'. വകുപ്പ് നൽകുന്ന എല്ലാ ലൈസൻസിംഗ് സേവനങ്ങളും ഇപ്പോൾ ഓൺലൈനിൽ ലഭ്യമാണ് കൂടാതെ ഇ-പേയ്മെന്റുമായി വിജയകരമായി സംയോജിപ്പിച്ചിരിക്കുന്നു. ഇത് അബ്കാരി ആക്ട് 1950, നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസ് (എൻഡിപിഎസ്) ആക്ട് 1958, സിഗരറ്റ്, മറ്റ് പുകയില ഉൽപന്നങ്ങൾ (COTPA) (പരസ്യം, വ്യാപാരം എന്നിവയുടെ നിരോധനവും നിയന്ത്രണവും, ഉൽപ്പാദനം, വിതരണം, എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ കണ്ടെത്തുന്നു. ഇ-പെയ്മെന്റ്, ഇ-ലൈസൻസിംഗ് സൗകര്യങ്ങൾ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. വിമുക്തി മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്.

### വിമുക്തി മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ

- 14 ജില്ലകളിലായി 14 ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചു.
- മൂന്ന് സോണൽ കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിച്ചു.
- സ്കൂളുകളിൽ 6,287 ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ ആരംഭിച്ചു.
- കോളേജുകളിൽ 899 ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ ആരംഭിച്ചു.
- കോളേജ് തലത്തിൽ വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യത ഇല്ലാതാക്കുന്നതിന്റെ ആദ്യപടിയായി പ്രിൻസിപ്പൽ/വൈസ് പ്രിൻസിപ്പൽ എന്നിവരുടെ നേതൃത്വത്തിൽ "നേർക്കൂട്ടം" എന്ന പേരിൽ ഒരു കമ്മിറ്റിയും കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിൽ ഒരു കമ്മിറ്റിയും എല്ലാ കോളേജുകളിലും ഹോസ്റ്റലുകളിലും രൂപീകരിച്ചു.
- കലാ കായിക പ്രവർത്തനങ്ങളിലേക്ക് വിദ്യാർത്ഥികളുടെ ഊർജ്ജം തിരിച്ചുവിടാൻ ലക്ഷ്യമിട്ടുള്ള ഉണർവ് പ്രോഗ്രാം നടപ്പിലാക്കുന്നതിനായി 52 സ്കൂളുകൾ കണ്ടെത്തി.
- എക്സൈസ് ഓഫീസർമാർ, വിമുക്തി കൗൺസിലർമാർ, മറ്റ് മേഖലയിലെ വിദഗ്ധർ എന്നിവർ മയക്കുമരുന്ന് -വിരുദ്ധ ക്ലബ്ബുകൾ വഴി വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.
- എൻഎസ്എസ് സംഘടിപ്പിക്കുന്ന വാർഷിക ക്യാമ്പുകളോടനുബന്ധിച്ച് എൻഎസ്എസ് യൂണിറ്റുകളിൽ ബോധവൽക്കരണ ക്ലാസുകൾ, ബോധവൽക്കരണ റാലികൾ, പൊതുപരിപാടികൾ, ലഹരിക്കെതിരെയുള്ള ഫ്ലാഷ് മോബ്, ദീപം തെളിയിക്കൽ എന്നിവ സംഘടിപ്പിക്കുന്നു.
- 6,900 പെൺകുട്ടികൾ പെൺകുട്ടികൾക്കുള്ള സ്വയം പ്രതിരോധ പരിശീലന പരിപാടി പൂർത്തിയാക്കി.
- വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'കരുതൽ', 'കവചം' എന്നീ പേരുകളിൽ രണ്ട് കൈപ്പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- ആദിവാസി, തീരദേശ മേഖലകളിലെ ലഹരി വർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.
- വിമുക്തി സോണൽ കൗൺസലിംഗ് സെന്ററുകൾ വഴി 16,063 പേർക്ക് 2023 ജൂലൈ 31 വരെ

കൗൺസിലിംഗ് നൽകിയിട്ടുണ്ട്.

- സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗത്തിനെതിരെയുള്ള പോരാട്ടത്തിൽ അധ്യാപകരുടെ പങ്കാളിത്തം ഉറപ്പാക്കാൻ 'നേർവഴി പദ്ധതി' ആരംഭിച്ചു.
- എല്ലാ സർക്കാർ വകുപ്പുകളുടേയും സന്നദ്ധ സംഘടനകളുടേയും എല്ലാ വിഭാഗം ജനങ്ങളുടേയും പങ്കാളിത്തത്തോടെ 'നോ ടു ഡ്രഗ്സ്' കാമ്പയിൻ നടത്തി.

സംസ്ഥാനത്ത് അബ്കാരി കേസുകളുടെ എണ്ണം 2021-ൽ 19,934 ഉം 2022-ൽ 18,592 ഉം ആയിരുന്നു, 2023-ൽ ഇത് 12,984 ആയി കുറഞ്ഞു. കോഴിക്കോട് ജില്ലയിലാണ് ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത് (1,261). 2023-ലെ എൻഡിപിഎസ് കേസുകളുമായി ബന്ധപ്പെട്ട്, മുൻവർഷത്തെ അപേക്ഷിച്ച് 17.27 ശതമാനം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ട് ജില്ലകളിൽ (പത്തനംതിട്ട, കോട്ടയം) മാത്രമാണ് എൻഡിപിഎസ് കേസു കളുടെ എണ്ണം മുൻ വർഷത്തേക്കാൾ കൂടുതൽ രേഖപ്പെടുത്തിയത്. എൻഡിപിഎസ് കേസുകൾ 2022 നെ അപേക്ഷിച്ച് കാസർഗോഡ് ജില്ലയിൽ (-) 42.86 ശതമാനം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. COTPA കേസുകളുടെ കാര്യത്തിൽ, സംസ്ഥാനത്ത് മൊത്തത്തിൽ 31.93 ശതമാനം കുറവ് രേഖപ്പെടുത്തി. തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത് (9,344). 2023-ൽ (ജനുവരി 01, 2023 മുതൽ ഓഗസ്റ്റ് 31, 2023 വരെ), അബ്കാരി നിയമപ്രകാരം 12,984 കേസുകളും NDPS നിയമപ്രകാരം 5,060 കേസുകളും COTPA-യിൽ 58,621 കേസുകളും രജിസ്റ്റർ ചെയ്തു. 2022-ൽ ഇത് യഥാക്രമം 18,592, 6,116, 86,114 എന്നിങ്ങനെയായിരുന്നു. 2021, 2022, 2023 വർഷങ്ങളിലെ ജില്ല തിരിച്ചുള്ള കേസുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.7**-ൽ നൽകിയിരിക്കുന്നു. COTPA, NDPS, അബ്കാരി നിയമം എന്നിവ പ്രകാരം എക്സൈസ് ഡിപ്പാർട്ട്മെന്റ് കണ്ടെത്തിയ കേസുകളുടെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ചുണ്ടായ മാറ്റം (ശതമാനത്തിൽ) **അനുബന്ധം 5.5.8**-ൽ നൽകിയിരിക്കുന്നു.

വിവിധ നിയമവിരുദ്ധ സ്രോതസ്സുകളിൽ നിന്നുള്ള കള്ളക്കടത്ത് എക്സൈസ് വകുപ്പ് പിടിച്ചെടുത്ത് നശിപ്പിക്കുന്നു. ഇതിൽ സ്പിരിറ്റ്, വാറ്റുചാരായം, ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (ഐഎംഎഫ്എൽ), കള്ള്, അരിഷ്ടം, കഞ്ചാവ്, കഞ്ചാവ് ചെടികൾ എന്നിവ ഉൾപ്പെടുന്നു. 2023-ൽ (2023 ഓഗസ്റ്റ് 31 വരെ) പിടിച്ചെടുത്തതും നശിപ്പിച്ചതുമായ കള്ളക്കടത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 5.5.9**-ൽ നൽകിയിരിക്കുന്നു.

സ്കൂളുകൾക്കും, കോളേജുകൾക്കും, പൊതുജനങ്ങൾക്കുമായി എക്സൈസ് വകുപ്പ് പൊതുജന ബോധവത്കരണ കാമ്പയിൻ നടത്തുന്നു. 2023-ൽ (2023 ഓഗസ്റ്റ് 31 വരെ) 22,495 ബോധവൽക്കരണ കാമ്പെയ്നുകൾ നടത്തി. 2022ൽ ഇത് 34,038 ആയിരുന്നു. ജില്ല തിരിച്ചുള്ളതും മേഖല തിരിച്ചുള്ളതുമായ ബോധവൽക്കരണ കാമ്പെയ്നുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.10** ൽ കൊടുത്തിരിക്കുന്നു.

**പോലീസ് വകുപ്പ്**

രാജ്യത്തെ ഏറ്റവും മികച്ച സംസ്ഥാന പോലീസ് സേനകളിൽ ഒന്നായി കേരള പോലീസ് സേന അറിയപ്പെടുന്നു. കുറ്റകൃത്യാന്വേഷണത്തോടൊപ്പം ക്രമസമാധാനപാലനത്തിന്റെ ചുമതലയും നിർവ്വഹിക്കുന്ന സംസ്ഥാന സർക്കാരിന്റെ ഒരു സുപ്രധാന ഏജൻസിയാണിത്. ജനറൽ എക്സിക്യൂട്ടീവ് വിംഗ്, ക്രൈം ബ്രാഞ്ച്, സായുധ പോലീസ്, സ്റ്റേറ്റ് ക്രൈം റെക്കോർഡ് ബ്യൂറോ, ട്രെയിനിംഗ് വിംഗ്, സ്പെഷ്യൽ ബ്രാഞ്ച്, 11 സ്പെഷ്യലൈസ്ഡ് വിംഗുകൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങൾ ഡിപ്പാർട്ട്മെന്റിനുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറി, സംസ്ഥാന വനിതാ സെൽ, ട്രാഫിക് ആൻഡ് റോഡ് സേഫ്റ്റി മാനേജ്മെന്റ് യൂണിറ്റ്, വാച്ച് ആൻഡ് വാർഡ്, തീരദേശ സംരക്ഷണ യൂണിറ്റ്, തീവ്രവാദ വിരുദ്ധ സ്ക്വാഡ്, ടെമ്പിൾ പോലീസ്, ടൂറിസം പോലീസ്, മൗണ്ടഡ് പോലീസ് യൂണിറ്റ്, ഡോഗ് സ്ക്വാഡ്, പോലീസ് ബാൻഡ് എന്നിവ പ്രത്യേക വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. ജനറൽ എക്സിക്യൂട്ടീവ് വിംഗ് ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നു, ഇതിന് തിരുവനന്തപുരം നോർത്ത്, സൗത്ത് സോണുകളിലും നാല് പോലീസ് റേഞ്ചുകളിലും 20 പോലീസ് ജില്ലകളിലും ഒരു റെയിൽവേ ജില്ലയിലും ആസ്ഥാനമുണ്ട്.

പോലീസ് വകുപ്പ് ജൻഡർ അധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്നു. ഒമ്പത് പിങ്ക് കൺട്രോൾ റൂമുകളും 25 കൗൺസിലിംഗ് സെന്ററുകളും ഇവിടെയുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയാൻ ലക്ഷ്യമിട്ടുള്ള 'പിങ്ക് പട്രോൾ സിസ്റ്റം', എല്ലാ ജില്ലകളിലും പിങ്ക് കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകിവരുന്നുണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ പോലീസ് സ്റ്റേഷനുകളെ സഹായിക്കാൻ നിർഭയ സന്നദ്ധപ്രവർത്തകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വയനാട് ഒഴികെയുള്ള എല്ലാ റവന്യൂ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയനും സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം (ഇആർഎസ്എസ്) സ്ഥാപിച്ചിട്ടുണ്ട്. എമർജൻസി നമ്പർ 112-ലേക്ക് ഡയൽ ചെയ്ത് പൊതുജനങ്ങൾക്ക് അടിയന്തര സഹായത്തിനായി അഭ്യർത്ഥിക്കാം. ഈ സംവിധാനത്തിലൂടെ വേഗത്തിലുള്ളതും ഫലപ്രദവുമായ പോലീസ് സഹായം ഉറപ്പാക്കുന്നു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കിവരികയാണ്. 484 പൊലീസ് സ്റ്റേഷനുകളും ജനമൈത്രി പൊലീസ് സ്റ്റേഷനുകളാക്കി മാറ്റി. ജനമൈത്രി സുരക്ഷാ സമിതിയിൽ 7,094 പുരുഷന്മാരും 2,780 സ്ത്രീകളുമുണ്ട്. കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.12**-ൽ നൽകിയിരിക്കുന്നു.

പൊതു, സ്വകാര്യ, ഡിജിറ്റൽ ഇടങ്ങളിൽ സ്ത്രീകളെ സംരക്ഷിക്കുന്നതിനായി സംസ്ഥാനത്ത് 'പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്' ആവിഷ്കരിച്ചു. കമ്മ്യൂണിറ്റി

**ബോക്സ് 5.5.2** പോലീസ് വകുപ്പിന്റെ പുതിയ സംരംഭങ്ങളും നൂതന പദ്ധതികളും


- സാമ്പത്തിക കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്ന കേസുകളുടെ അന്വേഷണത്തിനായി സംസ്ഥാനത്ത് 'സാമ്പത്തിക കുറ്റകൃത്യ വിഭാഗം' രൂപീകരിച്ചു.
- കോഴിക്കോട് ജില്ലയിൽ കെ എ പി ആറാം ബറ്റാലിയൻ എന്ന പേരിൽ പുതിയ ആംഡ് പോലീസ് ബറ്റാലിയന്റെ രൂപീകരണം.
- മൊബൈൽ ഡി-അഡിക്ഷനായി ആറ് നഗരങ്ങളിൽ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചു.
- നമ്പർ പ്ലേറ്റ് റെക്കോർഡിംഗിനൊപ്പം മുഖം തിരിച്ചറിയുന്നതിനായി ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് തിരിച്ചറിയൽ ക്യാമറകൾ (ANPR) സ്ഥാപിച്ചു.
- പൗരാവകാശ ലംഘനം, പീഡനം, പോലീസ് കസ്റ്റഡിയിലെ മരണം എന്നിവ തടയുന്നതിനായി സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം എല്ലാ പോലീസ് സ്റ്റേഷനുകളിലും സിസിടിവി ക്യാമറകൾ സ്ഥാപിക്കാൻ തുടങ്ങി.
- നിരീക്ഷണവും ട്രാഫിക് സംവിധാനവും മെച്ചപ്പെടുത്തുന്നതിനായി പ്രധാന നഗരങ്ങളിൽ സിസിടിവി നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു.
- സ്വയം പ്രതിരോധ പരിപാടിയും സ്ത്രീകൾക്ക് പരിശീലനവും കേരള ആംഡ് പോലീസ് വനിതാ ബറ്റാലിയൻ രൂപീകരിക്കുകയും ചെയ്യുന്നു.
- ഔദ്യോഗിക കേരള പോലീസ് ആപ്പ് സാധാരണ ജനങ്ങൾക്ക് സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള ഒരു ഡിജിറ്റൽ സംരംഭമാണ്.
- മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി എം-ബീറ്റ് സംവിധാനം നടപ്പിലാക്കി.
- കേരള പോലീസ് അക്കാദമിയിൽ (KEPA) ട്രാഫിക് ട്രെയിനിംഗ് സ്കൂളും ഗവേഷണ കേന്ദ്രവും സ്ഥാപിച്ചു.

പോലീസിംഗ് പ്രോജക്റ്റിന് കീഴിലുള്ള കേരള പോലീസിന്റെ ഒരു അതുല്യ സംരംഭമാണ് "സ്ത്രീ സ്വയം പ്രതിരോധ പരിശീലന പരിപാടി". പന്ത്രണ്ടാം ക്ലാസ് വിജയകരമായി പൂർത്തിയാക്കുന്നതിന് മുമ്പ് സ്കൂൾ പഠനം മതിയാക്കുന്ന/പരാജയപ്പെടുന്ന കുട്ടികളുടെ ആത്മവിശ്വാസവും, ആത്മാഭിമാനവും, നൈപുണ്യവും വർധിപ്പിക്കുന്നതിനായി കേരള പോലീസിന്റെയും സിവിൽ സൊസൈറ്റിയുടെയും സഹകരണത്തോടെയാണ് "ഹോപ്പ്" പദ്ധതി വിഭാവനം ചെയ്തത്. ഓരോ കുട്ടിക്കും ചുറ്റും അദൃശ്യമായ സംരക്ഷണ ഭിത്തി സൃഷ്ടിക്കുന്നതിനായി, കുട്ടികളുടെയും പോലീസിന്റെയും (CAP) പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു. മനോഭാവം, അടിസ്ഥാന സൗകര്യങ്ങൾ, നടപടിക്രമങ്ങൾ, നിർവ്വഹണം എന്നിവയിൽ ശിശുസൗഹൃദം പ്രകടിപ്പിക്കുന്ന പോലീസ് സ്റ്റേഷനുകളാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ (CFPS). കേരളത്തിൽ 14 ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു. ഡിപ്പാർട്ട്മെന്റിന് അകത്തും പുറത്തുമുള്ള അടിയന്തര സാഹചര്യങ്ങളിൽ രക്തത്തിന്റെ ആവശ്യകത നിറവേറ്റുന്നതിനായി 'കേരള പോലീസ് ബ്ലഡ് ബാങ്ക്' 2021 മുതൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. 578 നിർഭയ വോളണ്ടിയർമാരാണ് പോലീസ് വകുപ്പിനൊപ്പം പ്രവർത്തിക്കുന്നത്. ജെൻഡർ സെൻസിറ്റീവ് സ്കീമുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.11** ൽ നൽകിയിരിക്കുന്നു.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ് പി സി) പ്രോജക്റ്റ്, കേരളാ പോലീസിന്റെ സ്കൂൾ അധിഷ്ഠിത സംരംഭമാണ്, ഗതാഗതം, വനം, എക്സൈസ്, തദ്ദേശ സ്വയംഭരണ വകുപ്പുകൾ എന്നിവയുടെ പിന്തുണയോടെയാണ് ആഭ്യന്തര, വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി എസ് പി സി നടപ്പിലാക്കുന്നത്. എസ് പി സി പ്രോജക്റ്റ് ഹൈസ്കൂൾ വിദ്യാർത്ഥികളെ നിയമം, അച്ചടക്കം, പൗരബോധം എന്നീ മേഖലകളിൽ പരിശീലിപ്പിക്കുകയും സമൂഹത്തിലെ ദുർബല വിഭാഗങ്ങളോട് സഹാനുഭൂതി വളർത്തിയെടുക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇത് കുടുംബം, സമൂഹം, പരിസ്ഥിതി എന്നിവയോടുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തുകയും ലഹരിവസ്തുക്കളുടെ ദുരുപയോഗം, വ്യതിചലിക്കുന്ന പെരുമാറ്റം, അസഹിഷ്ണുത, മറ്റ് സാമൂഹിക തിന്മകൾ എന്നിവ പോലുള്ള നിഷേധാത്മക പ്രവണതകളെ ചെറുക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. കേരളത്തിലുടനീളമുള്ള 127 ഹൈസ്കൂളുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലും 2010 ഓഗസ്റ്റ് 2 ന് പദ്ധതി ആരംഭിച്ചു. നിലവിൽ 998 സ്കൂളുകളിലായി 84,852 കേഡറ്റുകളാണ് എസ് പി സി നടപ്പാക്കുന്നത്. 998 സ്കൂളുകളിൽ 543 സർക്കാർ സ്കൂളുകളും 434 എയ്ഡഡ് സ്കൂളുകളും 21 അൺ എയ്ഡഡ് സ്കൂളുകളുമാണ്. എസ് പി സി ഉള്ള സ്കൂളുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.13**-ലും സ്കൂളുകളിൽ നടപ്പിലാക്കിയ എസ് പി സി പദ്ധതിയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 5.5.14**-ലും കാണിച്ചിരിക്കുന്നു. പോലീസ് വകുപ്പിന്റെ പ്രധാനപ്പെട്ട പുതിയ സംരംഭങ്ങളും നൂതന പദ്ധതികളും **ബോക്സ് 5.5.2**-ൽ നൽകിയിരിക്കുന്നു.

പോലീസിൻറെ NRI സെൽ 2022-23 ൽ 22 കേസുകൾ രജിസ്റ്റർ ചെയ്തു (2023 ഓഗസ്റ്റ് വരെ). ഏറ്റവും കൂടുതൽ എൻആർഐ കേസുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത് എറണാകുളം ജില്ലയിലാണ് (6). എൻആർഐ സെല്ലിൽ നിന്നുള്ള നിർദ്ദേശപ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.15**–ൽ കാണിച്ചിരിക്കുന്നു. സൈബർ, ഹൈടെക് അന്വേഷണ സെൽ 2023-24 ൽ 620 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (2023 ഓഗസ്റ്റ് വരെ), 2022-23 ൽ ഇത് 840 ആയിരുന്നു. 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട സൈബർ കുറ്റകൃത്യങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രവണത

**ചിത്രം 5.5.2** 2017-18 മുതൽ 2022-23 വരെ സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം




അവലംബം : സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറേറ്റ്

**ചിത്രം 5.5.2** കാണിക്കുന്നു. ഓൺലൈൻ തട്ടിപ്പ്, കുട്ടികളുടെ അശ്ലീലചിത്രങ്ങൾ സൃഷ്ടിക്കൽ, പ്രസിദ്ധീകരിക്കൽ, പങ്കിടൽ, സോഷ്യൽ മീഡിയ ദുരുപയോഗം, സ്മാർട്ട് ഫോണുകൾ വഴിയുള്ള സൈബർ കുറ്റകൃത്യങ്ങൾ, ബാങ്ക് അക്കൗണ്ടുകളും ഇ-മെയിൽ ഐഡികളും ഹാക്ക് ചെയ്യൽ എന്നിവയാണ് റിപ്പോർട്ട് ചെയ്യപ്പെട്ട പ്രധാന സൈബർ കുറ്റകൃത്യങ്ങൾ. ഓൺലൈൻ തട്ടിപ്പിലാണ് ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ **അനുബന്ധം 5.5.16**–ൽ നൽകിയിരിക്കുന്നു.

**ജയിലുകളും കറക്ഷണൽ ഹോമുകളും**

ഇന്ത്യൻ ഭരണഘടനയിൽ ഓരോ വ്യക്തിക്കും തുല്യതയോ അല്ലെങ്കിൽ ഇന്ത്യയ്ക്കുള്ളിൽ നിയമങ്ങളുടെ തുല്യ പരിരക്ഷ നൽകുന്നു. ഓരോ തടവുകാരനെയും ഓരോ വ്യക്തികളായി കണക്കാക്കുകയും അവർക്ക് ചില അവകാശങ്ങൾ ഉറപ്പുവരുത്തുന്നതുമാണ്. തടവുകാരിൽ മാന്യത വളർത്തുകയും അതുവഴി അവരെ നല്ല പൗരന്മാരായി സമൂഹത്തിലേക്ക് അയയ്ക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. തടവുകാരോടുള്ള പെരുമാറ്റത്തെക്കുറിച്ചുള്ള പഴയ ചിന്തകൾക്ക് പകരം തിരുത്തൽ, നവീകരണം, പുനരധിവാസം എന്നീ ആധുനിക ആശയങ്ങൾ നിലവിൽവന്നു. കുറ്റവാളികളുടെ തിരുത്തലും നവീകരണവും കുറ്റകൃത്യങ്ങളിൽ നിന്ന് സമൂഹത്തെ സംരക്ഷിക്കലുമാണ് തടവിന്റെ ലക്ഷ്യവും ന്യായീകരണവും. മാന്യമായ ജീവിതം നയിക്കുന്നതിനും അവരെ പിന്തുണയ്ക്കുന്നതിനുമായി തടവുകാരെ സമൂഹത്തിലേക്ക് പുനസംയോജിപ്പിക്കുകയെന്നതാണ് ഇതിന്റെ ആത്യന്തിക ലക്ഷ്യം. ഫലപ്രദമായ തൊഴിൽ പരിശീലനം ഉൾപ്പെടെ തടവുകാരുടെ തിരുത്തൽ, നവീകരണം, പുനരധിവാസം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ജയിൽ വകുപ്പിന്റെ ശ്രമം. മേൽ പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിനായി സംസ്ഥാന ജയിൽ കറക്ഷണൽ സർവീസസ് വകുപ്പ് പ്രവർത്തിക്കുന്നു.

1956 നവംബർ 1 ന് കേരള സംസ്ഥാന രൂപീകരണത്തെത്തുടർന്ന് 1956 ലാണ് കേരള ജയിൽ വകുപ്പ് രൂപീകരിച്ചത്. ബ്രിട്ടീഷ് ഭരണകൂടം 1869ൽ ആദ്യത്തെ സെൻട്രൽ പ്രിസൺ കണ്ണൂരിലും, ആദ്യത്തെ ജില്ലാ ജയിൽ 1861ൽ കോഴിക്കോടും സ്ഥാപിച്ചു. കേരളത്തിലെ ജയിലുകളെ നയിച്ചിരുന്നത് മുൻ ബ്രിട്ടീഷ് ഭരണാധികാരികൾ രൂപീകരിച്ച ഇന്ത്യൻ പ്രിസൺസ് ആക്ടും പിന്നീട് തിരുവിതാംകൂറിന്റെ ജയിൽ നിയമങ്ങളുമാണ്. തുടർന്ന് 1958ൽ കേരള ജയിൽ ചട്ടങ്ങൾ രൂപീകരിച്ചു. 2010ൽ കേരള ജയിൽ നിയമവും 2014ൽ ജയിൽ ചട്ടങ്ങളും നിലവിൽ വന്നു. രണ്ട് വിദഗ്ധ കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2016ൽ ഒരു മാതൃക ജയിൽ മാന്വലും തയ്യാറാക്കിയിട്ടുണ്ട്.

തടവുകാരെ സുരക്ഷിതമായി കസ്റ്റഡിയിലെടുക്കാനും തിരുത്താനും നവീകരിക്കാനും പുനരധിവസിപ്പിക്കാനും അവരെ സമൂഹത്തിലേക്ക് തിരികെ വിട്ടയക്കുമ്പോൾ സ്വീകാര്യമായ സാമൂഹിക സ്വഭാവമുള്ള സ്ഥിരതയുള്ള വ്യക്തികളാക്കി മാറ്റാനും ആവശ്യമായ നടപടികൾ കൈക്കൊള്ളുക എന്നതാണ് വകുപ്പിന്റെ കാഴ്ചപ്പാട്.

നിയമത്തിൽ വിഭാവനം ചെയ്യുന്നതുപോലെ എല്ലാ തടവുകാർക്കും സുരക്ഷിതമായ തടവ് നൽകുന്നതിനും ശുചിത്വമുള്ള ജീവിത സാഹചര്യങ്ങൾ, മതിയായ ഭക്ഷണം, വസ്ത്രം, വൈദ്യസഹായം എന്നിവ നൽകുക എന്നത് പ്രാഥമികമായി വകുപ്പിന്റെ ഉത്തരവാദിത്തമാണ്.

ആകെ 57 ജയിലുകൾ ഉണ്ട്. അതിൽ 4 സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകളും, 2 ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമുകളും, 3 വിമൻ പ്രിസൺ & കറക്ഷണൽ ഹോമുകളും, 1 വിമൻ ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, 1 ഹൈ സെക്യൂരിറ്റി ജയിലും, 13 ജില്ലാ ജയിലുകളും, 16 സ്പെഷ്യൽ സബ് ജയിലുകളും, 1 ബോർസ്റ്റൽ സ്ക്കൂളും ഉണ്ട്. സംസ്ഥാനത്തെ എല്ലാ ജയിലുകളുടെയും നിലവിലുള്ള അംഗീകൃതശേഷി 8,300 ആണ്. 2023 മാർച്ച് മാസം വരെയുള്ള കണക്കനുസരിച്ച് 9,296 തടവുകാരുണ്ട്, അതിൽ 185 പേർ സ്ത്രീകളാണ്. മൂന്ന് തുറന്ന ജയിലുകളിലായി 428 തടവുകാരും വനിതാ ജയിലുകളിൽ 115 തടവുകാരും പ്രത്യേക സബ് ജയിലുകളിലായി 1,524 തടവുകാരുമുണ്ട്. ജയിലുകളിലെ തടവുകാരുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.17**ൽ നൽകിയിരിക്കുന്നു. 2016 മുതൽ 2023 വരെയുള്ള തടവുകാരുടെ എണ്ണം (2023 മാർച്ച് 31 വരെ) **പട്ടിക 5.5.1** കാണിക്കുന്നു.

വകുപ്പ് നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് തടവുകാരുടെ ആധിക്യം ആണ്. ജയിലുകളുടെ അംഗീകൃത ശേഷിയേക്കാൾ കൂടുതലാണ് തടവുകാരുടെ എണ്ണം. സംസ്ഥാനത്ത് കോവിഡ്-19 വ്യാപിച്ച സാഹചര്യത്തിൽ, ശിക്ഷിക്കപ്പെട്ട തടവുകാർക്ക് പോലും പരോൾ അനുവദിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. രാജ്യം സാധാരണ നിലയിലായതിനാൽ, പരോളിൽ പുറത്തിറങ്ങിയ തടവുകാരോട് ജയിലുകളിലേക്ക് മടങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാരണത്താൽ 2023-ൽ ജയിലുകളിലെ തടവുകാരുടെ എണ്ണം വർദ്ധിപ്പിച്ചു. 2022 മാർച്ച് മാസത്തെ അപേക്ഷിച്ച് 2023 മാർച്ച് മാസം തടവുകാരുടെ എണ്ണത്തിൽ വർദ്ധനയുണ്ടായതായി കണക്കുകൾ കാണിക്കുന്നു.

**2022–23 ലെ വകുപ്പ് പദ്ധതികളുടെ അവലോകനം**

ജയിലുകളുടെ ആധുനികവൽക്കരണം, തടവുകാരുടെ ക്ഷേമം എന്നീ രണ്ട് സംസ്ഥാന പദ്ധതികൾക്ക് കീഴിൽ ജയിൽ വകുപ്പ് വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു. 2022-23 കാലയളവിൽ തടവുകാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി 13 കോടി രൂപയും ജയിലുകളുടെ നവീകരണത്തിന് 8 കോടി രൂപയും സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.

തടവുകാരിൽ അന്തസ്സുള്ള ജീവിതാന്തരീക്ഷം സൃഷ്ടിക്കുകയും അഭിമാനബോധം വളർത്തുകയും അതുവഴി തടവുകാരെ സമൂഹത്തിലേക്ക് മോചിപ്പിക്കുമ്പോൾ അവരെ നല്ല പൗരന്മാരാക്കിത്തീർക്കുകയുമാണ് ജയിൽ നവീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യം. 2022-23ൽ, വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കുന്നതിനും കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പിയർ തുടങ്ങിയവ വാങ്ങുന്നതിനും 10.28 കോടി രൂപ ചെലവഴിച്ചു. പത്തനംതിട്ട ജില്ലാ ജയിലിന് പുതിയ കെട്ടിടം, മണ്ണാർക്കാട് സബ് ജയിലിന്റെ ആദ്യഘട്ട നിർമ്മാണം എന്നിവ അനുവദിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങളിൽ ചിലതാണ്.

അന്തേവാസികളുടെ ക്ഷേമത്തിനും പുനരുദ്ധാരണത്തിനുമായി അടിസ്ഥാന വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, തടവുകാരുടെ ക്ഷേമം എന്നീ സംരംഭങ്ങൾ ക്ഷേമ പദ്ധതികൾക്ക് കീഴിൽ ഏറ്റെടുത്തിട്ടുണ്ട്. തടവുകാരുടെ കലാ-കായിക രംഗങ്ങളിൽ അവരുടെ കഴിവും താൽപ്പര്യവും പ്രോത്സാഹിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2022-23 ൽ 8 കോടി രൂപ അനുവദിച്ചതിൽ 2.97 കോടി രൂപ ചെലവഴിച്ചു. ബ്യൂട്ടീഷ്യൻ കോഴ്സുകൾ, ഡ്രൈവിംഗ്, ടൈലറിംഗ്, ഫാഷൻ ഡിസൈനിംഗ്, ഇലക്ട്രിക്കൽ ഹാർഡ് വെയർ, കെട്ടിട നിർമ്മാണം, ഭക്ഷ്യ സംസ്കരണം, ബേക്കറി ഭക്ഷണം തയാറാക്കൽ, പ്ലംബിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ജൈവ കൃഷി തുടങ്ങി വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിപാടികൾ നടത്തി. ഇവ കൂടാതെ കമ്പ്യൂട്ടർ ഹാർഡ് വെയർ അസംബ്ലിംഗ്, ലിഫ്റ്റ് ഓപ്പറേഷൻ എന്നിവയിലും പരിശീലനം നൽകുന്നുണ്ട്. തടവുകാരുടെ മാനസിക പരിവർത്തനത്തിന്റെ ഭാഗമായി ജയിൽ ക്ഷേമ ദിനാചരണം, യോഗ ക്ലാസുകൾ, തുടർവിദ്യാഭ്യാസ പരിപാടികൾ എന്നിവ നടത്തിയിട്ടുണ്ട്. തടവുകാരുടെ മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിനും മാനസിക ഉന്മേഷം നൽകുന്നതിനുമായി ജയിലുകളിൽ പബ്ലിക് അഡ്രസ് സംവിധാനമുള്ള എഫ്.എം. റേഡിയോ നൽകിയിട്ടുണ്ട്.

കണ്ണൂരിലെ സെൻട്രൽ ജയിലിലും കറക്ഷണൽ ഹോമിലും നിലവിലുള്ള പ്ലമ്പിംഗ് ലൈൻ പുനഃക്രമീകരിക്കുന്നതിനും ഓവർഹെഡ് വാട്ടർ ടാങ്ക് നിർമിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പിൽ 81 ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്. ദേവികുളം സ്പെഷ്യൽ സബ് ജയിലിൽ ചുറ്റുമതിൽ, ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിലിൽ ടോയ്‌ലറ്റ് ബ്ലോക്ക്, തിരൂർ പെരിന്തൽമണ്ണ സബ് ജയിൽ, മൂവാറ്റുപുഴ സ്പെഷ്യൽ സബ് ജയിലിൽ ഇലക്ട്രിക്കൽ

**പട്ടിക 5.5.1** 2016 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിലെ തടവുകാരുടെ എണ്ണം

| തടവുകാർ | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 |
|---|---|---|---|---|---|---|---|---|
| വനിതകൾ | 213 | 200 | 196 | 181 | 193 | 148 | 163 | 185 |
| പുരുഷന്മാർ | 7,770 | 7,413 | 7,686 | 7,786 | 7,470 | 6,047 | 7,287 | 9,111 |
| ആകെ | 7,983 | 7,613 | 7,882 | 7,967 | 7,663 | 6,195 | 7,450 | 9,296 |

ഉറവിടം: ജയിൽ വകുപ്പ്, കേരള സർക്കാർ

ജോലികൾ, ഒറ്റപ്പാലം സബ് ജയിലിൽ ടോയ്‌ലറ്റും സെപ്റ്റിക് ടാങ്കും നവീകരണം എന്നിവയ്ക്കും തുക അനുവദിച്ചിട്ടുണ്ട്.

**പ്രധാന നേട്ടങ്ങൾ**

- പുതിയതായി നിർമ്മിച്ച സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തവനൂർ ജൂൺ 2022 ന് ഉദ്ഘാടനം ചെയ്തു പ്രവർത്തനം ആരംഭിച്ചു. ജയിലിൽ 706 അന്തേവാസികൾക്ക് താമസ സൗകര്യം ഉണ്ട്.
- സംസ്ഥാനത്തെ 16-ാം മത് സ്പെഷ്യൽ സബ് ജയിൽ ആയി കുത്തുപറമ്പ് സ്പെഷ്യൽ സബ് ജയിൽ ജൂൺ 2022 ന് ഉദ്ഘാടനം ചെയ്തു.
- വയനാട്ടിലെ സുൽത്താൻ ബത്തേരി താലൂക്കിലെ കൃഷ്ണഗിരിയിൽ ആധുനിക ജില്ലാ ജയിൽ നിർമ്മാണത്തിനായി (4 ഏക്കർ) സ്ഥലം ഏറ്റെടുത്തു.
- ചീമേനിയിലെ ഓപ്പൺ ജയിൽ & കറക്ഷണൽ ഹോമിൽ പുതിയ ബാരക്ക് നിർമ്മിച്ചു.

**പ്രൊബേഷനും ആഫ്റ്റർ കെയർ സേവനങ്ങളും**

കുറ്റം തെളിയിക്കപ്പെട്ട കേസുകളിൽ പരിവർത്തന ഇടപെടലിനായി ജുഡീഷ്യറി ഉപയോഗിക്കുന്ന ഒരു കസ്റ്റഡി ഇതര മാർഗ്ഗമായി പ്രൊബേഷനെ കണക്കാക്കാം. എന്നാൽ തടവുശിക്ഷ ചുമത്തുന്നത് ഒരു വ്യക്തിക്ക് തടവിൽ നിന്നും മോചിതനായ ശേഷം സാധാരണ സാമൂഹിക ജീവിതത്തിലേക്ക് മാറാനുള്ള ശേഷി കുറയ്ക്കുന്ന പ്രത്യാഘാതം ഉണ്ടാക്കും. 1958 ൽ ഇന്ത്യയിൽ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് നിലവിൽ വന്നു. ശിക്ഷാ കാലയളവിനു മുമ്പുള്ള ശിക്ഷാ റിപ്പോർട്ട് മജിസ്ട്രേറ്റിന് നൽകാനും പ്രൊബേഷൻ കാലത്ത് കുറ്റവാളിയുടെ മേൽനോട്ടം വഹിക്കാനും പ്രൊബേഷൻ ഓഫീസർമാരെ നിയമിക്കണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു. പ്രൊബേഷൻ സേവനങ്ങളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമായ നിയന്ത്രണം ജയിൽ വകുപ്പിന്റെ നിയന്ത്രണത്തിലായിരുന്നു. അത് 1975ൽ സാമൂഹ്യക്ഷേമ വകുപ്പിലേക്ക് മാറ്റി.

കേരള ജയിൽ ചട്ടങ്ങൾ അനുസരിച്ച്, സംസ്ഥാന സർക്കാരിന് ചില ജീവപര്യന്തം തടവുകാരെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ജയിലിൽ നിന്ന് മോചിപ്പിക്കാനും നിശ്ചിത കാലയളവിലേക്ക് അവരെ ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ സൂക്ഷിക്കാനും കഴിയും. പ്രൊബേഷൻ ഓഫീസർ അയാളുടെ/അവരുടെ ദൈനംദിന ജീവിതരീതി നിരീക്ഷിക്കുകയും വ്യക്തിയെ സമൂഹത്തിലേക്ക് പുനഃസംയോജിപ്പിക്കുവാനും സഹായിക്കുകയും ചെയ്യുന്നു. ഈ സംവിധാനത്തെ കേരളത്തിൽ എക്സിക്യൂട്ടീവ് പ്രൊബേഷൻ എന്ന് വിളിക്കുന്നു. മാർച്ച്, 2023 വരെയുള്ള ജുഡീഷ്യൽ പ്രൊബേഷണർമാരുടെ (മുതിർന്നവർ) ജില്ല തിരിച്ചുള്ള എണ്ണം **പട്ടിക 5.5.2** ൽ കാണിക്കുന്നു.

കേരള ജുഡീഷ്യൽ അക്കാദമിയുടെ സഹകരണത്തോടെ ജുഡീഷ്യറി, പ്രിസൺ, പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം പ്രൊബേഷൻ സംവിധാനത്തിലെ കാര്യശേഷി വികസനത്തിൽ ഉൾപ്പെടുന്നു. മറ്റ് രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിജയകരമായ പ്രൊബേഷൻ സമ്പ്രദായങ്ങൾ വകുപ്പ് നോക്കിവരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ, കുറ്റവാളികളുടെ മക്കൾക്ക് അടിസ്ഥാനപരവും തൊഴിൽപരവുമായ വിദ്യാഭ്യാസ സഹായത്തിനുള്ള പദ്ധതികളും ദീർഘകാലമായി മാനസികാരോഗ്യ കേന്ദ്രങ്ങളിൽ തുടരുന്ന മാനസി കാസ്വാസ്ഥ്യത്തിൽ നിന്ന് സുഖം പ്രാപിച്ചതും നിയന്ത്രണത്തിലായതുമായ മുൻ തടവുകാർക്ക് മാനസിക സാമൂഹിക പുനരധിവാസ പദ്ധതിയും ആരംഭിച്ചു.

**പട്ടിക 5.5.2** 2022-23 ലെ കേരളത്തിലെ പ്രൊബേഷണർമാരുടെ എണ്ണം.

| ജില്ല | പ്രൊബേഷണർമാരുടെ എണ്ണം (01/01/2022-30/11/2022) |
|---|---|
| തിരുവനന്തപുരം | 66 |
| കൊല്ലം | 84 |
| പത്തനംതിട്ട | 28 |
| ആലപ്പുഴ | 36 |
| കോട്ടയം | 42 |
| ഇടുക്കി | 53 |
| എറണാകുളം | 106 |
| തൃശ്ശൂർ | 52 |
| പാലക്കാട് | 64 |
| മലപ്പുറം | 86 |
| വയനാട് | 26 |
| കോഴിക്കോട് | 52 |
| കണ്ണൂർ | 40 |
| കാസർഗോഡ് | 44 |
| ആകെ | 779 |

ഉറവിടം: സാമൂഹ്യനീതി വകുപ്പ്, കേരളസർക്കാർ

**നേർവഴി–പ്രൊബേഷൻ സംവിധാനത്തിന്റെ നവീകരണവും ശക്തിപ്പെടുത്തലും**

സംസ്ഥാനത്തെ പ്രൊബേഷൻ സംവിധാനത്തെ പുനരുജ്ജീവിപ്പിക്കാനും നവീകരിക്കാനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ പ്രൊബേഷന് അർഹതയുള്ള കുറ്റവാളികളെ സ്ഥിരമായി തിരിച്ചറിയുന്നതിനുള്ള ഒരു പ്രോട്ടോക്കോൾ പിന്തുടരുകയും കുറ്റവാളികൾ തിരുത്തലിന് വിധേയരാണോ എന്ന് ഉറപ്പാക്കാൻ സമഗ്രമായ അന്വേഷണ റിപ്പോർട്ടുകൾ ഏറ്റെടുക്കുകയും, ആവശ്യമുള്ളപ്പോഴെല്ലാം മനഃശാസ്ത്രപരമായ ചികിത്സ നൽകുകയും, പ്രൊബേഷണർമാരെ സമൂഹത്തിലേക്ക് തിരികെ കൊണ്ടുവന്ന് അവരുടെ ജീവനോപാധികൾ വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ മേൽനോട്ടം ഉറപ്പാക്കാനും ഈ പ്രോജക്റ്റ് സഹായിക്കുന്നു. കുറ്റകൃത്യങ്ങളുടെ ആവർത്തനങ്ങൾ കുറയ്ക്കാനും കുറ്റവാളികളെ മുഖ്യധാരാ സമൂഹത്തിലേക്ക് തിരികെ കൊണ്ടുവരാനും ജയിലുകളിലെ തിരക്ക് കുറയ്ക്കാനും

ക്രിമിനൽ നീതിന്യായ വ്യവസ്ഥയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും ഈ പ്രക്രിയ സഹായിക്കുന്നു.

**തണലിടം – പ്രൊബേഷൻ ഹോം**

ജയിൽ മോചിതരായ തടവുകാർക്ക് നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു, കാരണം അവരെ പലപ്പോഴും മുൻ കുറ്റവാളികളെന്ന നിലയിൽ അപകീർത്തിപ്പെടുത്തുന്നു. അവരെ തിരികെ സ്വീകരിക്കാൻ കുടുംബാംഗങ്ങൾ തയ്യാറായേക്കില്ല. ജയിൽ മോചിതരുടെ വിജയകരമായ സാമൂഹിക പുനഃസംയോജനത്തിന് ഇത് തടസ്സമാകുന്നു. 1960ലെ കേരള പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് റൂൾസിലെ സെക്ഷൻ 20 (1) പ്രകാരം, സ്ഥിരമായ താമസസ്ഥലം ഇല്ലാത്ത പ്രൊബേഷണർ, പരോൾ, അകാല മോചനം, ജാമ്യം എന്നിവയ്ക്ക് അർഹതയുള്ള കുറ്റവാളികൾക്ക് താൽക്കാലിക താമസസ്ഥലം ഉറപ്പാക്കുന്ന സ്ഥാപനങ്ങളോ വീടുകളോ പ്രവർത്തിപ്പിക്കേണ്ടത് നിർബന്ധമാണ്. ഇത്തരക്കാർക്കായിട്ടാണ് സാമൂഹ്യനീതി വകുപ്പ് "തണലിടം" പ്രൊബേഷൻ ഹോം എന്നറിയപ്പെടുന്ന ഒരു പുതിയ സംരംഭം ആവിഷ്കരിച്ചിട്ടുള്ളത്.

**ട്രാൻസിറ്റ് ഹോം**

അനധികൃതമായി രാജ്യത്തേക്ക് കടക്കുന്ന വിദേശ പൗരന്മാർക്കും പാസ്പോർട്ട്/വിസ കാലാവധി കഴിഞ്ഞിട്ടും രാജ്യത്ത് തങ്ങുന്നവർക്കും ജയിൽ ശിക്ഷ പൂർത്തിയാക്കിയവർക്കും പരോളിൽ കഴിയുന്നവർക്കും ജയിലിൽ നിന്ന് മോചിപ്പിക്കപ്പെട്ട മറ്റ് തരത്തിലുള്ള സംരക്ഷണം ആവശ്യമായവർക്കും താത്കാലിക അഭയം നൽകുന്നതിനായി സാമൂഹിക നീതി വകുപ്പ് കൊല്ലം ജില്ലയിൽ ഒരു ട്രാൻസിറ്റ് ഹോം ആരംഭിച്ചു.

**2022-23ലെ ആഫ്റ്റർകെയർ സേവനങ്ങളുടെയും ഇരകളുടെ പുനരധിവാസത്തിന്റെയും നേട്ടങ്ങൾ**

- 152 തടവുകാരുടെ മക്കൾക്ക് ആകെ ₹8,38,763 വിദ്യാഭ്യാസ സഹായം നൽകി.
- കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സഹായ പദ്ധതി പ്രകാരം 24 ഗുണഭോക്താക്കൾക്കായി 1,10,000 രൂപ വിനിയോഗിച്ചു.
- അഞ്ച് തടവുകാരുടെ പെൺമക്കൾക്ക് ഒരാൾക്ക് 30,000 രൂപ നിരക്കിൽ വിവാഹ ധന സഹായം നൽകി.
- തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ നൽകുന്നതിലൂടെ, 99 ഗുണഭോക്താക്കൾക്കായി 28.8 ലക്ഷം രൂപ വിനിയോഗിച്ചു
- ജീവനം പദ്ധതി പ്രകാരം, 16 ആശ്രിതർക്കും അതുപോലെ കുറ്റകൃത്യത്തിന് ഇരയായവർക്കും സ്വയം തൊഴിലിനായി സാമ്പത്തിക സഹായം നൽകി.
- മിത്രം പദ്ധതി പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിലൂടെ സ്ഥിരവരുമാനം നേടുന്നതിന് നൈപുണ്യ പരിശീലനം നൽകി.
- നേർവഴി പരിപാടിയുടെ നടത്തിപ്പിനായി 61,00,064 രൂപ വിനിയോഗിച്ചു.

**മുന്നോട്ടുള്ള വഴി**

തടവുകാരുടെ സുരക്ഷിതമായ തടവും അവരുടെ തിരുത്തൽ പ്രക്രിയയും പുനരധിവാസവും ഉറപ്പാക്കുന്നതിൽ ജയിൽ വകുപ്പ് വലിയ മുന്നേറ്റം നടത്തിയിട്ടുണ്ടെങ്കിലും വകുപ്പിന്റെ ലക്ഷ്യം കൈവരിക്കാൻ ഇനിയും ഒരുപാട് ദൂരം സഞ്ചരിക്കേണ്ടതുണ്ട്. തടവുകാരുടെ തിരക്ക് കാരണം ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കാനും ആവശ്യമായ ആശുപത്രി സൗകര്യങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. സ്ഥാപനപരമായ പിന്തുണ, തൊഴിലധിഷ്ഠിത പരിശീലനം, ഉപജീവന സഹായ പരിപാടികൾ, മികച്ച തുടർനടപടികൾ എന്നിവ കുറ്റവാളികളെ സമൂഹത്തിലേക്ക് സുഗമമായി പുനഃസംയോജിപ്പിക്കുന്നതിന് സഹായിക്കും. പ്രൊബേഷൻ സംവിധാനം ശക്തിപ്പെടുത്തുന്നത് ഈ പ്രശ്നത്തിനുള്ള പരിഹാരത്തിന്റെ മറ്റൊരു വശമാണ്. ഇതിന് സാമൂഹിക പ്രതിരോധ നയം, പ്രൊബേഷൻ സംവിധാനം, പരീക്ഷണത്തിന്റെ യുക്തി എന്നിവയെക്കുറിച്ച് പൊതുജനങ്ങളെയും തത്പരകക്ഷികളെയും ബോധവത്കരിക്കേണ്ടതുണ്ട്.

## 5.6 ജനങ്ങളിലേയ്ക്ക്

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് സർക്കാരിനും ജനങ്ങൾക്കും ഇടയിൽ ഒരു മധ്യവർത്തിയായി പ്രവർത്തിക്കുന്നു. സർക്കാരിനും പൊതുജനങ്ങൾക്കും ഒരു ആശയവിനിമയ വേദി നൽകുന്ന കേരള സർക്കാരിന്റെ നോഡൽ ഏജൻസിയാണ് വകുപ്പ്. കേരള സർക്കാരിന്റെ നയങ്ങൾ, പരിപാടികൾ, പദ്ധതികൾ, സംരംഭങ്ങൾ, നേട്ടങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അച്ചടി, ഇലക്ട്രോണിക്, സാമൂഹ്യമാധ്യമങ്ങൾ എന്നിവ വഴി വകുപ്പ് ജനങ്ങളിലേക്ക് പ്രചരിപ്പിക്കുകയും; പരമ്പരാഗതവും ആധുനികവുമായ ഇലക്ട്രോണിക്, ഡിജിറ്റൽ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളുടെ അഭിപ്രായം തിരികെ ശേഖരിക്കുകയും ചെയ്യുന്നു.

മാറുന്ന കാലത്തിനനുസരിച്ച് പുതിയ സമീപനങ്ങളും ജനസമ്പർക്ക ഇടപെടലുകളും വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സോഷ്യൽ മീഡിയയിലെയും മൊബൈൽ ജേണലിസത്തിലെയും സംരംഭങ്ങൾ അവയിൽ ഉൾപ്പെടുന്നു. പൊതുജനങ്ങളിലേക്ക് മൊബൈൽ ആപ്ലിക്കേഷനുകൾ എത്തിച്ചുകൊണ്ടും സമൂഹമാധ്യമങ്ങളിലൂടെ ഫലപ്രദമായ പ്രമോഷണൽ കാമ്പെയ്നുകളിലൂടെയും, ഡിജിറ്റൽ മാർക്കറ്റിംഗിലൂടെയും ജനങ്ങളോടുള്ള വിനിമയവും ഇടപെടലും ഉറപ്പുവരുത്തുന്നു. ക്രിയാത്മകവും വ്യത്യസ്തവും ഫലപ്രദവുമായ ഓൺലൈൻ കാമ്പെയിനുകൾ വകുപ്പിന്റെ മൊത്തത്തിലുള്ള ജനസമ്പർക്കത്തിൽ വിവര വ്യാപന പ്രവർത്തനങ്ങൾക്കും പ്രചോദനം നൽകി. സർക്കാരിന്റെ രണ്ടാം വാർഷികത്തിൽ വകുപ്പ് 14 ജില്ലകളിലും എന്റെ കേരളം പ്രദർശനവും വ്യാപാര മേളയും വിജയകരമായി നടത്തി.

**പബ്ലിക് റിലേഷൻസിലെ സംസ്ഥാന സംരംഭങ്ങൾ**

ടെലിവിഷൻ ചാനലുകൾക്ക് വീഡിയോ ന്യൂസ് ക്ലിപ്പിംഗുകളും പരസ്യങ്ങളും നൽകുകയും ഷോർട്ട് വീഡിയോകൾ, റേഡിയോ പരസ്യങ്ങൾ, ഡോക്യുമെന്ററികൾ, ഷോർട്ട് ഫിലിമുകൾ, ഇൻഫോ-വീഡിയോകൾ, പോസ്റ്ററുകൾ, വിവരശേഖരണവും രേഖപ്പെടുത്തലും, ബഹു.മുഖ്യമന്ത്രിയുടെ വീക്കിലി ഇന്ററാക്ഷൻ പരിപാടിയായ നാം മുന്നോട്ട്, വാരാധിഷ്ഠിത ടെലിവിഷൻ പരിപാടിയായ -നവകേരളം, ന്യൂസ് റൗണ്ടപ്പ്-പ്രിയകേരളം എന്നിവ വിഷ്വൽ മീഡിയ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. വിഷ്വൽ മീഡിയ ഡിവിഷൻ ജനപഥം എന്ന പേരിൽ ആഴ്ചതോറും ഒരു റേഡിയോ അധിഷ്ഠിത പരിപാടിയും സംപ്രേക്ഷണം ചെയ്യുന്നുണ്ട്.

വെബ് അധിഷ്ഠിത മാധ്യമങ്ങൾ – വെബ്-ന്യൂ മീഡിയ വിഭാഗമാണ് സർക്കാർ വെബ് പോർട്ടലുകളുടെയും (www.kerala.gov.in, www.keralacm.gov.in, www.prd.kerala.gov.in, www.keralanews.gov.in) മറ്റ് പ്രധാനപ്പെട്ട വെബ്സൈറ്റുകളുടെയും ഉള്ളടക്കം കൈകാര്യം ചെയ്യുന്നത്. ദ്വിഭാഷാ (ഇംഗ്ലീഷ്, മലയാളം) പോർട്ടലുകൾ, ഗവർണർ, മന്ത്രിമാർ, വിവിധ വകുപ്പുകൾ, ഫീൽഡ് ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയെ സംബന്ധിച്ച പ്രസക്തമായ വിശദാംശങ്ങൾ നൽകുന്നു, കൂടാതെ സർക്കാരിന്റെ 40-ലധികം ഇ-സേവനങ്ങളിലേക്കുള്ള ഗേറ്റ്‌വേ കൂടിയാണിത്. സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, കാബിനറ്റ് തീരുമാനങ്ങൾ, വിജ്ഞാപനങ്ങൾ, അപേക്ഷാ ഫോമുകൾ, നയരേഖകൾ, പ്രസിദ്ധീകരണങ്ങൾ, നിയമങ്ങൾ, ചട്ടങ്ങൾ, റിപ്പോർട്ടുകൾ, ടെൻഡറുകൾ എന്നിവ ഉൾപ്പെടുന്ന രേഖകളുടെ ഒരു ശേഖരം

കൂടിയാണീ പോർട്ടൽ. വെബ്, ന്യൂ മീഡിയ ഡിവിഷൻ ട്വിറ്റർ (twitter.com/keralainfoiprd), ഫേസ്ബുക്ക് (facebook.com/keralainformation), (YouTubeyoutube.com/ iprdkerala) മുതലായ സോഷ്യൽ മീഡിയ അക്കൗണ്ടുകളും നിയന്ത്രിക്കുന്നു.

മാധ്യമ ബന്ധങ്ങൾ — സർക്കാർ പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ, അറിയിപ്പുകൾ, പ്രഖ്യാപനങ്ങൾ എന്നിവയുടെ ബഹുഭാഷാ വാർത്താ റിപ്പോർട്ടുകൾ പ്രസ് റിലീസ് ഡിവിഷൻ ആണ് കൈകാര്യം ചെയ്യുന്നത്. പ്രസ് മീറ്റുകൾ വിളിക്കൽ, പ്രത്യേക അവസരങ്ങളിൽ മീഡിയ സെന്ററുകൾ സ്ഥാപിക്കൽ, മാധ്യമ അക്രഡിറ്റേഷൻ സേവനങ്ങൾ, മാധ്യമ റിപ്പോർട്ടർമാർക്ക് കവറേജിനും റിപ്പോർട്ടിംഗിനും പ്രത്യേക അവസരങ്ങളിൽ സൗകര്യമൊരുക്കൽ, സംസ്ഥാന മാധ്യമ അവാർഡ് ചടങ്ങുകൾ സംഘടിപ്പിക്കൽ എന്നിവ ഈ ഡിവിഷൻ ഏറ്റെടുക്കുന്നു. ഡിവിഷന്റെ ഫോട്ടോഗ്രാഫി വിഭാഗം സംസ്ഥാനത്തുടനീളമുള്ള സർക്കാർ പരിപാടികൾ കവർചെയ്യുന്നു. ദിവസേന ചിത്രങ്ങൾ മാധ്യമങ്ങൾക്ക് റിലീസ് ചെയ്യുന്നു, ഫോട്ടോഗ്രാഫുകൾ റെക്കോർഡുകളാക്കി സൂക്ഷിക്കുന്നു. സർക്കാർ നയങ്ങൾ, തീരുമാനങ്ങൾ, പരിപാടികൾ, സാമൂഹിക പ്രശ്നങ്ങൾ എന്നിവയിൽ സ്വാധീനം ചെലുത്തുന്ന അച്ചടി, ഇലക്ട്രോണിക് മാധ്യമ വാർത്തകളുടെയും കഥകളുടെയും ദൈനംദിന പരിശോധന സൂക്ഷ്മപരിശോധന വിഭാഗം ഏറ്റെടുക്കുന്നു.

പ്രസിദ്ധീകരണങ്ങൾ — വകുപ്പ് ആനുകാലികങ്ങൾ പുറത്തിറക്കുന്നു: കേരള കോളിംഗ് (ഇംഗ്ലീഷ്), സമകാലിക ജനപഥം (മലയാളം), വാർത്താക്കുറിപ്പുകൾ, ലഘുലേഖകൾ, ബ്രോഷറുകൾ, റിപ്പോർട്ടുകൾ, കൂടാതെ കേരള സംസ്കാരം, ചരിത്രം, കല, പ്രമുഖ വ്യക്തിത്വങ്ങൾ എന്നിവയെക്കുറിച്ചുള്ള പുസ്തകങ്ങളും ഡിവിഷൻ പ്രസിദ്ധീകരിക്കുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പ്രോത്സാഹനത്തിനായി ഒരു സർക്കുലേഷൻ വിഭാഗവും ഉണ്ട്.

**ഫീൽഡ് പ്രചാരണവും സംസ്കാരവും** — പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തിനകത്തും പുറത്തും ഫീൽഡ് പ്രചാരണവും, അന്തർ സംസ്ഥാന പബ്ലിക് റിലേഷൻസിന്റെ ഭാഗമായി മെട്രോ നഗരങ്ങളിലെ വ്യാപാര സാംസ്കാരിക ഉത്സവങ്ങൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, ന്യൂഡൽഹിയിൽ നടക്കുന്ന അന്താരാഷ്ട്ര വ്യാപാരമേള, സോഷ്യൽമീഡിയ, മൾട്ടിമീഡിയ കാമ്പെയിനുകൾ, കല, സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. ഗാന്ധിജയന്തി, വായനാവാരം, ഔദ്യോഗിക ഭാഷ, മലയാളംവാരം തുടങ്ങിയ ദിന - വാരാചരണങ്ങളും ആഘോഷങ്ങളും ഔട്ട്ഡോർ പബ്ലിസിറ്റി ആൻഡ് കൾച്ചറൽ ഡിവിഷനാണ് ഏറ്റെടുക്കുന്നത്. തലസ്ഥാന നഗരത്തിലെ ഒരു സാംസ്കാരിക കേന്ദ്രമായി ടാഗോർ തിയേറ്ററിനെ വികസിപ്പിച്ചെടുത്തു. ദേശീയ തിയേറ്റർ ഫെസ്റ്റിവലിനും കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കും ആതിഥേയത്വം വഹിക്കുന്നതിനുള്ള പ്രധാനവേദിയാണിത്. ന്യൂഡൽഹിയിൽ നടക്കുന്ന വാർഷിക ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ കേരള പവലിയന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും ഈ ഡിവിഷനാണ്.

**ഗവേഷണവും റഫറൻസും** — പ്രസ്സ് ആൻഡ് രജിസ്ട്രേഷൻ ഓഫ് ബുക്ക്സ് ആക്റ്റിലെ (പിആർബി ആക്റ്റ്) നിർദ്ദേശങ്ങൾ അനുസരിച്ച് റിസർച്ച് ആൻഡ് റഫറൻസ് വിഭാഗം സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും രജിസ്റ്ററുകൾ പതിവായി പരിപാലിക്കുന്നു. അടിയന്തിരഘട്ടത്തിൽ ആശയവിനിമയം, പ്രചാരണ ആസൂത്രണം, ബ്രാൻഡ് നിർമ്മാണം, മൊബൈൽ ജേണലിസം, ഡാറ്റവിശകലനം തുടങ്ങിയ പബ്ലിക് റിലേഷൻസിലെ പുതിയ പ്രവണതകളിലും പ്രവർത്തന മേഖലകളിലും ഈ ഡിവിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുകയും ജീവനക്കാരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തുന്നു.

**കേരള മീഡിയ അക്കാദമി** - കേരള മീഡിയ അക്കാദമി, ജേർണലിസം മേഖലയിലെ പഠന-ഗവേഷണ പരിപാടികൾ നടത്തുകയും പരിശീലന പരിപാടികൾ, ശിൽപശാലകൾ, സെമിനാറുകൾ, പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രസിദ്ധീകരണം, മാധ്യമ അവാർഡുകളുടെ വിതരണം നടത്തുകയും, ജേർണലിസത്തിൽ അഡ്വാൻസ്ഡ് റിസർച്ച് നടത്തുന്നതിന് ഫെലോഷിപ്പ് നൽകുകയും ചെയ്യുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്.

സർക്കാർ പരസ്യങ്ങൾ മാധ്യമങ്ങൾക്ക് നൽകുന്നതിനുള്ള ഔദ്യോഗിക ഏജൻസിയാണ് ഐ ആൻഡ് പിആർഡി. അച്ചടി, ദൃശ്യ, ശ്രാവ്യ പരസ്യങ്ങളുടെ നിർമ്മാണം, പരസ്യങ്ങൾക്ക് സർക്കാർ നിരക്ക് നിശ്ചയിക്കൽ എന്നിവയും ഈ വിഭാഗം തന്നെയാണ് ചെയ്യുന്നത്.

### 2022–23 ലെ പ്രധാന നേട്ടങ്ങൾ

- 2022-23-ൽ 6,649 പ്രസ് റിലീസുകൾ തയ്യാറാക്കി പ്രചരിപ്പിച്ചു. ഇക്കാലയളവിൽ 81 പത്രസമ്മേളനങ്ങൾ നടത്തി മാധ്യമങ്ങളുടെ ഏകോപന പ്രവർത്തനങ്ങൾ നടത്തി.
- തിരുവനന്തപുരത്ത് ഒരാഴ്ച നീളുന്ന കേരള അസംബ്ലി ബുക്ക് ഫെസ്റ്റ്, കോഴിക്കോട് സ്കൂൾ കലോത്സവം, തൃശ്ശൂർ പൂരം, പാലക്കാട് കൽപ്പാത്തി രഥോത്സവം, ശബരിമല മണ്ഡല മകരവിളക്കുകൾ എന്നിവയാണ് ഫോട്ടോഗ്രാഫി വിഭാഗം ഏറ്റെടുത്ത പ്രധാന പരിപാടികൾ. ഫോട്ടോ ഡോക്യുമെന്റേഷൻ ജോലികളുടെ ഭാഗമായി, 800 പ്രോഗ്രാമുകളുടെ 1,12,000 ചിത്രങ്ങൾ ഉൾപ്പെടെ ചെയ്തു. വർഷത്തിൽ 959 പ്രോഗ്രാമുകൾ കവർ ചെയ്യുകയും 1,44,000 ചിത്രങ്ങൾ എടുക്കുകയും ചെയ്തു, അതിൽ 1,367 ചിത്രങ്ങൾ മാധ്യമങ്ങൾക്ക് പ്രകാശനത്തിന് നൽകി.
- 20 മന്ത്രിമാരുടെ ഔദ്യോഗിക വെബ്സൈറ്റുകൾ വകുപ്പ് പരിപാലിക്കുന്നു. സർക്കുലറുകൾ, അറിയിപ്പുകൾ, ടെൻഡറുകൾ, സർക്കാർ റിപ്പോർട്ടുകൾ, സർക്കാർ നയങ്ങൾ, വാർത്തകൾ, വീഡിയോകൾ, ചിത്രങ്ങൾ, ബാനർ വാർത്തകൾ

എന്നിവയുൾപ്പെടെ 28,000 സർക്കാർ ഉത്തരവുകൾ, കാബിനറ്റ് ഓർഡറുകൾ എന്നിവ സർക്കാർ സബ് പോർട്ടലുകളിലും, noticeboard.kerala.gov.in, document.kerala.gov.in എന്നിവയിലും അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

- ന്യൂസ് ക്ലിപ് വീഡിയോ പ്രോജക്റ്റിന്റെ ഭാഗമായി, സെൻട്രൽ ന്യൂസ് ഡെസ്ക് 2022-23 ൽ ശ്രദ്ധേയമായ 1,432 പരിപാടികൾ രേഖപ്പെടുത്തുകയും എഡിറ്റ് ചെയ്യുകയും ചെയ്തു.
- മോജോ പദ്ധതിയുടെ ഭാഗമായി ഒൻപത് ജില്ലകൾക്കും ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിനും സ്മാർട്ട് ഫോണുകളും മോജോ കിറ്റുകളും വിതരണം ചെയ്തു.
- നവകേരളം, പ്രിയകേരളം എന്നിവയുടെ 30 എപ്പിസോഡുകൾ ഡിപ്പാർട്ട്മെന്റ് നിർമ്മിക്കുകയും സംപ്രേക്ഷണം ചെയ്യുകയും ചെയ്തു - IPRD-യുടെ വാർത്താധിഷ്ഠിത ടെലിവിഷൻ പരിപാടി ഗവൺമെന്റിന്റെ വികസനവും ക്ഷേമാധിഷ്ഠിത പ്രവർത്തനങ്ങളും ഉയർത്തിക്കാട്ടുന്നു.
- Whatsapp, Youtube, facebook തുടങ്ങിയ സോഷ്യൽ മീഡിയകളിലൂടെ ഗവൺമെന്റിന്റെ വികസന, ക്ഷേമ നടപടികളുമായി ബന്ധപ്പെട്ട് 30-ലധികം വിവര വീഡിയോകൾ ഇത് നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.
- പ്രധാന ചരിത്ര സ്ഥലങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ഹെലികാം പദ്ധതി, ഡ്രോണുകൾ ഉപയോഗിച്ച് വലിയ പരിപാടികൾ എന്നിവ ആരംഭിച്ചു.
- സർക്കാരിന്റെയും മലയാള ഭാഷയുടെയും വികസനവും ക്ഷേമ പ്രവർത്തനങ്ങളും (ഔദ്യോഗിക ഭാഷാ ആഘോഷത്തിന്റെയും മലയാള ദിനത്തിന്റെയും ഭാഗമായി) സമകാലിക ജനപഥത്തിന്റെ പ്രത്യേക പതിപ്പ്, ലോക കേരള സഭയെക്കുറിച്ചുള്ള കോഫി ടേബിൾബുക്ക്, ആസാദി കാ അമൃത് മഹോത്സവം, സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചു. ശബരിമല തീർഥാടനത്തെ കുറിച്ച് തീർഥാടകർ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ അടങ്ങിയ സംവേദനാത്മക ഇ-ബുള്ളറ്റിൻ 'സന്നിധാനം' മലയാളം, തമിഴ്, കന്നഡ, തെലുങ്ക് ഭാഷകളിൽ പ്രസിദ്ധീകരിച്ചു.
- ഗവൺമെന്റിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് പ്രത്യേക പി.ആർ കാമ്പെയിനിലൂടെ വകുപ്പ് 13 ജില്ലകളിൽ 'എന്റെ കേരളം' പ്രദർശനവും വ്യാപാര മേളയും വിജയകരമായി നടത്തി. സംസ്ഥാനതല വായനവാരത്തോടനുബന്ധിച്ച് ജില്ലകളിൽ പരിപാടികൾ സംഘടിപ്പിച്ചു. ഓണാഘോഷത്തിന്റെ ഭാഗമായി 'സ്ത്രീശാക്തീകരണം' അടിസ്ഥാനമാക്കിയുള്ള വകുപ്പിന്റെ ഫ്ലോട്ട് അവതരിപ്പിച്ചു. ഗാന്ധിജയന്തി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനതല, ജില്ലാതല പരിപാടികൾ സംഘടിപ്പിച്ചു.
- 2022ലെ അന്താരാഷ്ട്ര വാണിജ്യമേളയിൽ സർക്കാർ വകുപ്പിന്റെ 21 സ്റ്റാളുകൾ, 10 തീം സ്റ്റാളുകൾ, 60,000 ചതുരശ്ര അടിയുള്ള പവലിയൻ എന്നിവ സജ്ജമാക്കിക്കൊണ്ട് കേരളം ആദ്യമായി ഇന്ത്യയിലെ ശ്രദ്ധേയമായ സംസ്ഥാനമായി മാറി. സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശങ്ങളുടെ വിഭാഗത്തിൽ കേരളം സ്വർണ്ണ മെഡൽ നേടി. 2023 ലെ റിപ്പബ്ലിക് ദിന പരേഡിൽ ടാബ്ലോ അവതരിപ്പിക്കാനുള്ള സെലക്ഷൻ കേരളത്തിന് ലഭിക്കുകയുണ്ടായി.

**മുന്നോട്ടുള്ള വഴി**

ഏറ്റവും പുതിയ ഡിജിറ്റൽ ആശയവിനിമയവും നെറ്റ്‌വർക്ക് സാങ്കേതികവിദ്യകളും അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങളിലൂടെ അതിന്റെ ശൃംഖലയും വിഭവങ്ങളും ശക്തിപ്പെടുത്താൻ വകുപ്പ് ശ്രദ്ധിക്കണം. ഇത്തരം സാങ്കേതിക വിദ്യകളുടെ മെച്ചപ്പെട്ട ഓൺലൈൻ സംവിധാനം വകുപ്പിന്റെ മൊത്തത്തിലുള്ള പ്രവർത്തനത്തിന്റെ കേന്ദ്രബിന്ദുവായി പ്രവർത്തിക്കുന്നതാണ്.

അദ്ധ്യായം

06

# മാനവ വികസനം

# മാനവ വികസനം

## 6.1 വിദ്യാഭ്യാസം

വിദ്യാഭ്യാസം, ആരോഗ്യം, ആവാസ വ്യവസ്ഥ, ഭൂപരിഷ്കരണം തുടങ്ങിയ മേഖലകളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച കേരള സംസ്ഥാനം രാജ്യത്ത് തന്നെ വിദ്യാഭ്യാസപരമായി ഏറെ മുന്നേറിയ സംസ്ഥാനമായാണ് ലോകമെമ്പാടും അറിയപ്പെടുന്നത്. വാസ്തവത്തിൽ, കേരളം പ്രാഥമിക, സെക്കൻഡറി വിദ്യാഭ്യാസത്തിൽ ദേശീയ ലക്ഷ്യങ്ങളേക്കാൾ വളരെ മുന്നിലാണ്; ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, ഗവേഷണം എന്നിവയിൽ അന്താരാഷ്ട്ര നിലവാരം കൈവരിക്കാൻ ശ്രമിക്കുന്നു. സാർവത്രിക സാക്ഷരത കൈവരിച്ച ആദ്യ സംസ്ഥാനമാണ് കേരളം. ഇക്കാര്യത്തിൽ, കേരളത്തെ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുമായോ വികസ്വര രാജ്യങ്ങളുമായോ മാത്രമല്ല, ചില വികസിത രാജ്യങ്ങളുമായി വരെ താരതമ്യപ്പെടുത്താറുണ്ട്. സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലെയും സ്കൂളുകളിൽ ലോകോത്തര വിദ്യാഭ്യാസ സൗകര്യങ്ങൾ കൊണ്ടുവരുന്നതിൽ സംസ്ഥാന സർക്കാർ വിജയിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയുടെ യഥാർത്ഥ ഗുണഭോക്താക്കൾ പാവപ്പെട്ട ജനങ്ങളാണ്.

വിവിധ മേഖലകളിൽ നിന്നുള്ള കുട്ടികളുടെ, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടതും ദുർബലവുമായ വിഭാഗങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്. വികലാംഗരായ കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രൊഫഷണൽ വൈദഗ്ധ്യവും സഹായവും ഉപയോഗിച്ച് പ്രത്യേകം രൂപകൽപ്പന ചെയ്ത പ്രോഗ്രാമുകൾ നടപ്പിലാക്കുന്നു. കലാകായിക മേഖല പോലുള്ള പാഠ്യേതര പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. എന്നിരുന്നാലും കവറേജ്, സാങ്കേതിക സഹായം എന്നിവയിൽ കൂടുതൽ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായ നവകേരള മിഷന്റെ ഘടകമായ 'വിദ്യാ കിരണം', 'കേരള നോളജ് ഇക്കണോമി മിഷൻ' എന്നിവ പോലുള്ള പദ്ധതികളിലൂടെ സ്കൂൾ, ഉന്നത വിദ്യാഭ്യാസ മേഖലകളുടെ നിലവാരത്തിൽ സമൂലമായ മാറ്റങ്ങൾ കൊണ്ടുവരാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഓൺലൈൻ പഠനം സ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രധാന മാർഗമായി മാറിയ പകർച്ചവ്യാധിയുടെ കാലത്ത് ഡിജിറ്റൽ വിഭജനം നികത്താൻ കേരളം ശ്രദ്ധേയമായ ശ്രമങ്ങൾ നടത്തി. പതിനാലാം പഞ്ചവത്സര പദ്ധതി ഡിജിറ്റൽ വിഭജനം അവസാനിപ്പിക്കാനും സ്കൂൾ വിദ്യാഭ്യാസവുമായി മികച്ച കണക്റ്റിവിറ്റി ഉറപ്പാക്കാനും ഡിജിറ്റൽ പഠന സാമഗ്രികളിലേക്കും ലൈബ്രറി ശൃംഖലകളിലേക്കും തികച്ചും പുതിയ രീതിയിൽ പ്രവേശനം നൽകാനും വിഭാവനം ചെയ്യുന്നു. പ്രീ സ്കൂൾ വിദ്യാഭ്യാസത്തെ സഹായിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, കുട്ടികളുടെ വൈകാരികവും സാമൂഹികവും വ്യക്തിപരവുമായ സമഗ്ര വളർച്ചയ്ക്ക് അനുകൂലമായ അന്തരീക്ഷം രൂപീകരിക്കുന്നതിനും സമ്പത്ത് വ്യവസ്ഥയിൽ തൊഴിലധിഷ്ഠിത പഠനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾക്ക് പൊതുവായ ഊന്നൽ നൽകിക്കൊണ്ട് ഹയർസെക്കൻഡറി സ്കൂളുകളിൽ നൈപുണ്യ നിലവാരം ഉയർത്തുന്നതിനുമുള്ള പരിശ്രമങ്ങളും പതിന്നാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്നു.

**സാക്ഷരത**

ഒരു രാജ്യത്തിന്റെ മാനവ മൂലധനത്തിന്റെ ഗുണ നിലവാരത്തിന്റെ ഏറ്റവും പ്രധാന സൂചകം സാക്ഷരതയാണ്. സാക്ഷരത കണക്കിലെടുക്കുമ്പോൾ 93.91 ശതമാനം സാക്ഷരത നിരക്ക് നേടിക്കൊണ്ട് ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് കേരളം. ലക്ഷദ്വീപും (92.28 ശതമാനം) മിസോറാമും (91.58) കേരളത്തിന്റെ തൊട്ടു പുറകിലുണ്ട് (സെൻസസ്സ് ഓഫ് ഇന്ത്യ 2011). 1951 ൽ 47.18 ശതമാനമായിരുന്ന കേരളത്തിലെ സാക്ഷരതാനിരക്ക് 2011 ആയപ്പോൾ ഏകദേശം ഇരട്ടിയായി. 1951 ൽ 22 ശതമാനമായിരുന്ന സ്ത്രീ-പുരുഷ സാക്ഷരതാന്തരം 2011 ൽ 4.04 ശതമാനമായി താഴ്ന്നു. സ്ത്രീ സാക്ഷരതയിൽ കേരളം 92 ശതമാനത്തോടെ രാജ്യത്ത് ഒന്നാമത് നിൽക്കുമ്പോൾ രാജസ്ഥാനാണ് ഏറ്റവും പിന്നിലുള്ളത് (52.66 ശതമാനം) (സെൻസസ് ഓഫ് ഇന്ത്യ 2011). 1951 മുതൽ 2011 വരെയുള്ള സാക്ഷരതാ മിഷൻ നിരക്കുകൾ **അനുബന്ധം 6.1.1** ൽ കൊടുത്തിരിക്കുന്നു. സാക്ഷരതാ നിരക്കിന്റെ കാര്യത്തിൽ ജില്ലകൾ തമ്മിലുള്ള അന്തരം വളരെ കുറവാണ്. കേരളത്തിന്റെ സാക്ഷരതാ നിരക്ക് ജില്ലതിരിച്ച് വിശകലനം ചെയ്യുമ്പോൾ 96.93 ശതമാനത്തോടെ പത്തനംതിട്ടയാണ് സാക്ഷരതയിൽ ഏറ്റവും മുന്നിൽ. 96.41 ശതമാനത്തോടെ കോട്ടയം ജില്ലയും 96.26 ശതമാനത്തോടെ ആലപ്പുഴയും തൊട്ടുപിന്നിലുണ്ട്. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്കുള്ള ജില്ല പാലക്കാടാണ് (88.49 ശതമാനം). 2001, 2011 വർഷങ്ങളിലെ പുരുഷ-സ്ത്രീ വിഭാഗം തിരിച്ചുള്ള ജില്ലകളിലെ സാക്ഷരതാ നിരക്കുകൾ **അനുബന്ധം 6.1.2** ൽ കൊടുത്തിരിക്കുന്നു.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെ.എസ്.എൽ.എം.എ) സംസ്ഥാനത്ത് സാക്ഷരത, തുടർ വിദ്യാഭ്യാസം, ആജീവനാന്ത പഠന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിനായി പ്രവർത്തിക്കുന്നു. നിരക്ഷരർ, നവസാക്ഷരർ, സ്കൂൾ കൊഴിഞ്ഞുപോക്ക്, ആജീവനാന്ത വിദ്യാഭ്യാസമോ തുടർവിദ്യാഭ്യാസമോ താൽപ്പര്യമുള്ള ആളുകൾ എന്നിവരാണ് ഈ പരിപാടികളുടെ പ്രധാന ഗുണഭോക്താക്കൾ. ഈ വർഷങ്ങളിൽ, സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ സ്ത്രീകൾ, പട്ടികജാതി, പട്ടികവർഗക്കാർ, ട്രാൻസ്ജെൻഡറുകൾ, തീരദേശവാസികൾ, കുടിയേറ്റ തൊഴിലാളികൾ തുടങ്ങിയവരിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് സമൂഹത്തിലെ ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചു. സാക്ഷരത എന്നാൽ വെറും എഴുത്തും വായനയും പഠിക്കുക മാത്രമല്ല മറിച്ച് ആരോഗ്യപരവും വളർച്ചാപരവുമായ ഒരു സാമൂഹിക ജീവിതം എങ്ങനെ വളർത്തിയെടുക്കാം എന്ന അവബോധം വളർത്തിയെടുക്കൽ കൂടിയാണ്. ഈ ആശയം മുന്നിൽ വച്ചുകൊണ്ട് കേരള സാക്ഷരത മിഷൻ അതോറിറ്റി (കെ.എസ്.എൽ.എം.എ) ആരംഭിച്ച സാമൂഹ്യ സാക്ഷരത പദ്ധതി ലക്ഷ്യം വയ്ക്കുന്നത് ആരോഗ്യം, പരിസ്ഥിതി, ലിംഗഭേദം, കേരള നവോത്ഥാനം, ഇന്ത്യൻ ഭരണഘടന, ഇ-വിദ്യാഭ്യാസം എന്നീ മേഖലകളെയാണ്.

സാക്ഷരതയ്ക്കും തുടർവിദ്യാഭ്യാസത്തിനും കീഴിലുള്ള മുതിർന്ന പഠിതാക്കൾ ഈ പ്രോഗ്രാമുകളുടെ നേരിട്ടുള്ള ഗുണഭോക്താക്കളാണ്.

**1. സാക്ഷരതാ പരിപാടികൾ**

നിരക്ഷരരായ ആളുകളെ സാക്ഷരരാക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി വിവിധ തരത്തിലുള്ള സാക്ഷരതാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ വർഷം സാക്ഷരതാ പദ്ധതി തീരദേശ, ആദിവാസി, പട്ടികജാതി പ്രദേശങ്ങളിൽ/ വാസസ്ഥലങ്ങളിൽ നിന്നുള്ള പഠിതാക്കൾക്ക് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി കേന്ദ്ര സർക്കാർ പദ്ധതിയായ പഢ്ന ലിഖ്ന അഭിയാനും (പിഎൽഎ) കെ.എസ്.എൽ.എം.എ നടപ്പിലാക്കിയിട്ടുണ്ട്.

**2. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതികൾ**

- എ. അട്ടപ്പാടി ആദിവാസി സാക്ഷരതാ പരിപാടി: ഇതിന്റെ ഭാഗമായി അട്ടപ്പാടിയിലെ 192 ആദിവാസി സെറ്റിൽമെന്റുകളിൽ ക്ലാസുകൾ നടത്തുകയും 5,363 പഠിതാക്കൾ സാക്ഷരത നേടുകയും ചെയ്തു.
- ബി. വയനാട് ആദിവാസി സാക്ഷരതാ പരിപാടി: വയനാട്ടിലെ ഗോത്രവർഗക്കാരുടെ നിരക്ഷരത തുടച്ചുനീക്കാനാണ് ഈ പരിപാടി. ഈ പദ്ധതിയുടെ മൂന്ന് ഘട്ടങ്ങൾ പൂർത്തിയാകുകയും 20,260-ത്തിലധികം ആദിവാസി പഠിതാക്കൾ സാക്ഷരത കൈവരിക്കുകയും ചെയ്തു.
- സി. നവചേതന (പട്ടികജാതിക്കാർക്കായുള്ള പ്രത്യേക സാക്ഷരതാ പരിപാടി)- കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് തുടങ്ങി കേരളത്തിലെ ഒമ്പത് ജില്ലകളിലായി 66 പട്ടികജാതി സെറ്റിൽമെന്റുകളിൽ ഈ സംരംഭം സജീവമായി നടക്കുന്നു. നിലവിൽ 1,255 പേർ ഈ ക്ലാസുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- ഡി. ചങ്ങാതി - കുടിയേറ്റ തൊഴിലാളികൾക്കായുള്ള പ്രത്യേക സാക്ഷരതാ പരിപാടി : നിലവിൽ മൂന്ന് ഘട്ടങ്ങൾ പൂർത്തിയായി, മൂന്നാം ഘട്ടത്തിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നീ 9 ജില്ലകളിലായി 1,021 പേർ ക്ലാസുകളിൽ പങ്കെടുത്തു. 997 പഠിതാക്കൾ പരീക്ഷയിൽ വിജയിച്ചു. നിലവിൽ 14 ജില്ലകളിലും നാലാം ഘട്ടത്തിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്.
- ഇ. സമന്വയ - ട്രാൻസ്ജെൻഡറുകളുടെ തുടർ വിദ്യാഭ്യാസത്തിനുള്ള പ്രത്യേക പദ്ധതി: ഈ പദ്ധതിയുടെ ഭാഗമായി സാക്ഷരതാ മിഷൻ ട്രാൻസ്ജെൻഡർ സർവേയും തുല്യതാ ക്ലാസുകളും വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികളും നടത്തി.

**3. തുല്യത പ്രോഗ്രാമുകൾ**

നിലവിലുള്ള ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിന് തുല്യമായ ഒരു ബദൽ വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് തുല്യതാ പരിപാടികൾ സംഘടിപ്പിക്കുന്നത്.

**എ. നാലാം ക്ലാസ്, ഏഴാം ക്ലാസ് തുല്യതാ ക്ലാസുകൾ**

- സാക്ഷരതാ പരീക്ഷയിൽ വിജയിച്ചവർക്കും പ്രൈമറി തലം മുതൽ സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയ വിദ്യാർത്ഥികൾക്കും നാലാംതരം

തുല്യതാ കോഴ്സിലേക്ക് ചേരാം. നാലാംതരം തുല്യത പാസായവർക്കും അപ്പർ പ്രൈമറി തലം മുതൽ സ്കൂൾ പഠനം ഉപേക്ഷിച്ചവർക്കും ഏഴാം ക്ലാസ് തുല്യതാ പ്രോഗ്രാമിലേക്ക് പ്രവേശനം ലഭിക്കും. 2022-23 വർഷത്തിൽ 9,791 പേർ നാലാം ക്ലാസ് തുല്യതാ പ്രോഗ്രാമിന്റെയും 5,870 പേർ ഏഴാം ക്ലാസ് തുല്യത പ്രോഗ്രാമിന്റെയും ഗുണഭോക്താക്കളായിട്ടുണ്ട്.

കെഎസ്എൽഎംഎയുടെ കേന്ദ്രീകൃതമായ ശ്രമങ്ങൾ കാരണം, പ്രേരക്മാർക്ക് പഠനം ആവശ്യമുള്ള വ്യക്തികളെ തിരിച്ചറിയാനും അവരെ വിവിധ തലത്തിലുള്ള തുല്യതാ പ്രോഗ്രാമുകളിലേക്ക് ചേർക്കാനും കഴിഞ്ഞു. ധാരാളം ആളുകളെ പഠനത്തിലേക്ക് തിരികെ കൊണ്ടുവരാനും അവരെ പത്താം തരത്തിലേയ്ക്കും പന്ത്രണ്ടാം തരത്തിലേയ്ക്കും ചേർക്കാനും കെ. എസ്. എൽ. എം. എ. പരിശ്രമിക്കുന്നു **(പട്ടിക 6.1.1).** 2022-23ൽ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ തുല്യതാ പരിപാടിയിൽ നിന്ന് പ്രയോജനം നേടിയ ആളുകളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 6.1.3**–ൽ നൽകിയിരിക്കുന്നു.

ഈ പരിപാടികളിൽ നിന്ന് പ്രയോജനം നേടുന്ന മൊത്തം വ്യക്തികളുടെ എണ്ണത്തിൽ, പട്ടികജാതി, പട്ടികവർഗ ജനസംഖ്യ ഒരു പ്രധാന ഭാഗമാണെന്ന് കാണുന്നു. പ്രോഗ്രാമുകളിലേക്ക് ട്രാൻസ്ജെൻഡറുകളെ ഉൾപ്പെടുത്താൻ കഴിഞ്ഞ കുറച്ച് വർഷങ്ങളായുള്ള കെ. എസ്. എൽ. എം. എ യുടെ പ്രത്യേക ശ്രമങ്ങൾ കാരണം, 2023-ൽ ആകെ 49 ട്രാൻസ്ജെൻഡറുകൾ പത്താം, ഹയർ സെക്കൻഡറി തുല്യതാ പ്രോഗ്രാമുകളിലൂടെ ഗുണഭോക്താക്കളായിട്ടുണ്ട്.

### 4. സാമൂഹിക സാക്ഷരതാ പരിപാടികൾ

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി അക്ഷരമാലയിലും സംഖ്യാ സാക്ഷരതയിലും മാത്രമല്ല, മറ്റ് സാമൂഹിക സാക്ഷരതാ പരിപാടികളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സാമൂഹിക സുരക്ഷ, പരിസ്ഥിതി പ്രശ്നങ്ങൾ, നിയമ അവബോധം, ലിംഗസമത്വം എന്നിവയിൽ സംസ്ഥാനം സമ്പൂർണ സാക്ഷരത നേടിയിട്ടില്ലെന്ന വസ്തുത മനസ്സിലാക്കിയ കെ. എസ്. എൽ. എം. എ, വായനയിലും എഴുത്തിലും സഹായിക്കുക എന്നതിലുപരി സംസ്ഥാനത്തെ വിവിധ സാക്ഷരതാ പരിപാടികൾ സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ മുൻകൈയെടുത്തു.

- എ. പരിസ്ഥിതി സാക്ഷരതാ പരിപാടി: പരിസ്ഥിതി സാക്ഷരതാ പരിപാടിയുടെ ഭാഗമായി സാക്ഷരതാ മിഷൻ പരിസ്ഥിതി സാക്ഷരതാ സർവേ, ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, മാലിന്യ നിർമാർജ്ജനം, ജല സാക്ഷരതാ ക്ലാസുകൾ തുടങ്ങി നിരവധി പരിപാടികൾ നടത്തി.
- ബി. പൗരധ്വനി: കേരള സംസ്ഥാന സർക്കാരിന്റെ 100 ദിവസത്തെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പരിപാടിയാണ് പൗരധ്വനി. മൗലികാവകാശങ്ങൾ, കടമകൾ, ലിംഗപരമായ കാഴ്ചപ്പാടുകൾ, ഇന്ത്യൻ ഭരണഘടന എന്നിവയെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാനും അടിസ്ഥാന അവബോധം വളർത്തിയെടുക്കാനും രൂപകൽപ്പന ചെയ്തിരിക്കുന്നു.
- സി. ഇ മുറ്റം: കേരള സംസ്ഥാന സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തിയ പരിപാടിയാണ് ഇ മുറ്റം. ഈ പദ്ധതി, ജനങ്ങൾക്കിടയിൽ ഡിജിറ്റൽ സാക്ഷരത ലഭ്യമാക്കാൻ ലക്ഷ്യമിടുന്ന ഒരു ഡിജിറ്റൽ സാക്ഷരതാ പരിപാടിയാണ്. ഈ സ്കീമിൽ, ഓരോ പഠിതാവിനും കുറഞ്ഞത് 10 മണിക്കൂർ ക്ലാസ് ലഭിക്കും. 14 ജില്ലകളിൽ നിന്ന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വീതം തിരഞ്ഞെടുത്താണ് സംസ്ഥാനത്തുടനീളം പരിപാടി നടപ്പാക്കുന്നത്.
- ഇ. ബ്രെയിൽ സാക്ഷരതാ പരിപാടി: വരും വർഷങ്ങളിൽ കേരളത്തെ സമ്പൂർണ ബ്രെയിൽ സാക്ഷരതയുള്ള സംസ്ഥാനമാക്കി മാറ്റുക എന്ന ആത്യന്തിക ലക്ഷ്യത്തോടെ കാഴ്ച വൈകല്യമുള്ള വ്യക്തികളുടെ നിരക്ഷരത ഇല്ലാതാക്കുകയും വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് അവരെ സംയോജിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
- എഫ്. മുന്നേറ്റം: മഹിളാ സമഖ്യ സൊസൈറ്റിയുടെ സഹകരണത്തോടെയുള്ള സ്ത്രീ ശാക്തീകരണ പദ്ധതിയാണിത്. വിദ്യാഭ്യാസം, വിമർശനാത്മക ജീവിത നൈപുണ്യങ്ങൾ, തൊഴിൽ വൈദഗ്ധ്യം എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെ സമൂഹത്തിലെ സ്ത്രീകളുടെ അന്തസ്സും കഴിവും വർധിപ്പിച്ച് അവരെ ശാക്തീകരിക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.
- ജി. സൈബർ സാക്ഷരതാ പരിപാടി: കേരളത്തിലെ ഡിജിറ്റൽ വിഭജനം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സാക്ഷരതാ മിഷൻ കൈറ്റുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണിത്.

**പട്ടിക.6.1.1** 2022ലും 2023ലും പന്ത്രണ്ടാം തരത്തിലും, പത്താം തരത്തിലും തുല്യതാ കോഴ്സുകളിൽ നിന്ന് പ്രയോജനം നേടിയ ആളുകളുടെ എണ്ണം

| കോഴ്സ് | | സ്ത്രീ | പുരുഷൻ | ട്രാൻസ്ജെൻഡർ | എസ്.സി | എസ്.ടി | വൈകല്യമുള്ള വ്യക്തികൾ | ആകെ |
|---|---|---|---|---|---|---|---|---|
| ഹയർസെക്കൻഡറി | 2022 | 16,104 | 7,065 | 23 | 23,192 | 4,885 | 731 | 325 |
| | 2023 | 18,619 | 8,178 | 33 | 26,830 | 5,563 | 799 | 388 |
| പത്താംതരം | 2022 | 17,064 | 8,620 | 14 | 25,698 | 4,854 | 906 | 656 |
| | 2023 | 18,144 | 8,971 | 16 | 27,131 | 5,112 | 955 | 676 |

അവലംബം: കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

## 5. സർട്ടിഫിക്കറ്റ് കോഴ്സുകൾ

ഭാഷാ വൈദഗ്ധ്യം മെച്ചപ്പെടുത്താൻ താൽപര്യമുള്ളവരെ ലക്ഷ്യമിട്ട് പച്ച മലയാളം, അച്ചി ഹിന്ദി, നല്ല ഇംഗ്ലീഷ് എന്നീ മൂന്ന് പുതിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ കെ. എസ്. എൽ. എം. എ ആരംഭിച്ചു. മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ മൂന്ന് ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ ആളുകളെ പ്രാപ്തരാക്കുന്ന നാല് മാസത്തെ കോഴ്സാണിത്. വിശദാംശങ്ങൾ **പട്ടിക 6.1.2** ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.1.2** 2022, 2023 വർഷങ്ങളിലെ കെ.എസ്.എൽ.എം.എ യുടെ സർട്ടിഫിക്കറ്റ് കോഴ്സുകളുടെ വിശദാംശങ്ങൾ

| നമ്പർ | കോഴ്സിന്റെ പേര് | 2022-ലെ പഠിതാക്കളുടെ എണ്ണം | 2023-ലെ പഠിതാക്കളുടെ എണ്ണം |
|---|---|---|---|
| 1 | ഗുഡ് ഇംഗ്ലീഷ് | 2069 | 1004 |
| 2 | അച്ചി ഹിന്ദി | 255 | 156 |
| 3 | പച്ച മലയാളം | 1072 | 742 |

അവലംബം: സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

### സ്കൂൾ വിദ്യാഭ്യാസം


വിദ്യാഭ്യാസത്തിന്റെ എല്ലാ പ്രവർത്തനങ്ങളും 1 മുതൽ 10 വരെ ക്ലാസുകളിലും, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി തലങ്ങളിലും ഏകോപിപ്പിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറ ക്ടറേറ്റാണ്. നേരത്തെ 1 മുതൽ 10 വരെയുള്ള ക്ലാസുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയ ന്ത്രണത്തിലായിരുന്നു. ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാ ഭ്യാസത്തിന് പ്രത്യേകം ഡയറക്ടറേറ്റുകളും നിലവിലു ണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ മൂന്ന് വിഭാഗങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലയിപ്പിച്ചിരിക്കുകയാണ്.

2022-23 ൽ കേരളത്തിൽ ഉണ്ടായിരുന്ന 12,959 സ്കൂളുകളിൽ, 4,698 (36.3 ശതമാനം) സർക്കാർ സ്കൂളുകളും 7,210 (55.6 ശതമാനം) എയ്ഡഡ് സ്കൂളുകളും 1,051 (8.1 ശതമാനം) അൺ എയ്ഡഡ് സ്കൂളുകളുമാണ് **(ചിത്രം 6.1.1).** അപ്പർ പ്രൈമറി (യുപി), ഹൈസ്കൂൾ (എച്ച്എസ്) വിഭാഗങ്ങളെ അപേക്ഷിച്ച് ലോവർ പ്രൈമറി (എൽപി) വിഭാഗത്തിലാണ് കൂടുതൽ സർക്കാർ സ്കൂളുകൾ പ്രവർത്തിക്കുന്നത്. എയ്ഡഡ് സ്കൂളുകൾ എല്ലാ വിഭാഗത്തിലും സർക്കാർ സ്കൂളുകളെക്കാൾ എണ്ണത്തിൽ മുന്നിലാണ്.

2022-23 ൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്കൂളുകൾ മലപ്പുറം ജില്ലയിലാണ് (1,572) തൊട്ടു പിന്നാലെ കണ്ണൂരും (1,303), കോഴിക്കോടുമാണ് (1,277). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ സ്കൂളുകളും (555) അൺ എയ്ഡഡ് സ്കൂളുകളും (211 എണ്ണം) ഉള്ളതും മലപ്പുറത്തുതന്നെയാണ്. എന്നാൽ കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ എയ്ഡഡ് സ്കൂളുകൾ ഉള്ളത് (963). **അനുബന്ധം 6.1.4** -ൽ ജില്ല/മാനേജ് മെന്റ്/തലം തിരിച്ച് 2021-22 ലെ കേരളത്തിലെ സ്കൂളു കളുടെ വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്.

2022-23 ൽ സംസ്ഥാനത്തെ 1,588 സ്കൂളുകളിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ പാഠ്യപദ്ധതിയാണ് അനുവർത്തി ച്ചുപോരുന്നത്. ഇതിൽ 1,367 സി.ബി.എസ്.ഇ. സ്കൂളുകളും, 167 ഐ.സി.എസ്.ഇ. സ്കൂളുകളും, 40 കേന്ദ്രീയ വിദ്യാലയങ്ങളും, 14 ജവഹർ നവോദയ വിദ്യാലയങ്ങളും ഉണ്ട്. കേരള സർക്കാർ പാഠ്യപദ്ധതി അല്ലാത്ത പാഠ്യപദ്ധതി അനുവർത്തിക്കുന്ന, 2022-23 വർഷത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.5** -ൽ കൊടുത്തിട്ടുണ്ട്.

**ചിത്രം 6.1.1** മാനേജ്മെന്റ് തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2022-23




അവലംബം: പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

### സർക്കാർ സ്കൂളുകളിലെ പശ്ചാത്തല വികസനവും സൗകര്യങ്ങളും

കേരളത്തിലെ എല്ലാ സർക്കാർ സ്കൂളുകളും പ്രവർത്തിക്കുന്നത് ഉറപ്പുള്ള കെട്ടിടങ്ങളിലാണ്. എൺപതോളം സർക്കാർ സ്കൂളുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിട സൗകര്യമുള്ള സർക്കാർ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.6** ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തുള്ള സർക്കാർ സ്കൂളുകളുടെ പശ്ചാത്തലവികസനവും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർവ്വശിക്ഷാ കേരള പോലുള്ള പരിപാടികളും വളരെയേറെ സഹായിച്ചിട്ടുണ്ട്. കിഫ്ബിക്ക് കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അഞ്ച് കോടി രൂപ, മൂന്ന് കോടി രൂപ, ഒരു കോടി രൂപ വീതം യഥാക്രമം 141, 386, 446 സ്കൂളുകൾക്കായി അനുവദിച്ചിട്ടുണ്ട്. 5 കോടിയുടെ വിഭാഗത്തിൽ 134 സ്കൂളുകളിൽ പൂർണമായും കെട്ടിടങ്ങളുടെ നിർമാണം പൂർത്തിയാക്കി. 3 കോടിയുടെ വിഭാഗത്തിൽ 161 സ്കൂളുകളിലും ഒരു കോടി രൂപ വിഭാഗത്തിൽ 136 സ്കൂളുകളിലും കെട്ടിടങ്ങളുടെ നിർമാണം പൂർത്തിയായി. നബാർഡിന്റെ സഹായത്തോടെ 104 കോടി രൂപ വിനിയോഗിച്ച് 52 സ്കൂളുകളുടെ കെട്ടിട നിർമാണം പൂർത്തീകരിച്ചു. കണക്കുപ്രകാരം 99.77 ശതമാനം സർക്കാർ സ്കൂളുകളിൽ കുടിവെള്ള സൗകര്യവും, മിക്കവാറും എല്ലാ സ്കൂളുകളിലും മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളുമുണ്ട്. കുടിവെള്ളം/മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളോടുകൂടിയ സർക്കാർ സ്കൂളുകളുടെ 2022-

**പട്ടിക 6.1.3** 2018-19 മുതൽ 2023-24 വരെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ പുതിയ വിദ്യാർത്ഥികൾ

| മാനേജ്മെന്റ് | സ്റ്റാൻഡേർഡ് | | | മൊത്തം |
|---|---|---|---|---|
| | I-IV | V-VII | VIII-X | |
| **2018–19 മുതൽ 2019–20 വരെ** | | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | 35,635 | 75,928 | 51,995 | 1,63,558 |
| **2019–20 മുതൽ 2020–21 വരെ** | | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | 53,832 | 67,503 | 7,169 | 1,28,504 |
| **2020–21 മുതൽ 2021–22 വരെ** | | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | 1,06,320 | 97,112 | 53,016 | 2,56,448 |
| **2021–22 മുതൽ 2022–23 വരെ** | | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | -11,401 | 56,158 | 37,691 | 82,448 |
| **2022–23 മുതൽ 2023–24 വരെ** | | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | -12,786 | 23,077 | 2,2437 | 32,728 |
| കഴിഞ്ഞ 5 വർഷത്തിനിടയിൽ ചേർന്ന ആകെ പുതിയ വിദ്യാർത്ഥികൾ | | | | 6,63,686 |

അവലംബം: പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

23 ലെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 6.1.7**–ൽ നൽകിയിരിക്കുന്നു.

### വിദ്യാർത്ഥികളുടെ പ്രവേശനം

വിദ്യാർത്ഥികളുടെ പ്രവേശനം 2022-23 ലെ 38.32 ലക്ഷത്തിൽ നിന്ന് 2023-24ൽ (താൽക്കാലികം) 37.46 ലക്ഷമായി കുറഞ്ഞു. എൽപി വിഭാഗത്തിലാണ് കുറവുണ്ടായത്. സംസ്ഥാനത്തിന്റെ കുറഞ്ഞ ജനനനിരക്ക് ഇതിന് കാരണമായി കണക്കാക്കാം. കേരളത്തിലെ സ്കൂളുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ എണ്ണം വിഭാഗം തിരിച്ച് 2017-18 മുതൽ 2023-24 വരെ **അനുബന്ധം 6.1.8** -ൽ കൊടുത്തിരിക്കുന്നു. 2023-24-ൽ (താൽക്കാലികം) സ്കൂളുകളിൽ മാനേജ്മെന്റ് അടിസ്ഥാനത്തിലും ക്ലാസ് തിരിച്ചുമുള്ള കുട്ടികളുടെ സ്കൂൾ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 6.1.9**-ൽ നൽകിയിരിക്കുന്നു. എല്ലാ വിഭാഗങ്ങളിലും, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ, സർക്കാർ, അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളെക്കാൾ കൂടുതലാണ് **(ചിത്രം 6.1.2)**. 2023-24ൽ സംസ്ഥാനത്തെ സ്കൂളുകളിൽ ജില്ല തിരിച്ച്, ഘട്ടം തിരിച്ച്, ആൺ-പെൺ തിരിച്ച് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.10** ൽ കൊടുത്തിരിക്കുന്നു. എല്ലാ വിഭാഗങ്ങളിലും ജില്ലകളിലും പെൺകുട്ടികളേക്കാൾ ആൺകുട്ടികൾ കൂടുതലാണ്.

2023-24 വർഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 32,728 പുതിയ വിദ്യാർത്ഥികൾ പ്രവേശനം തേടി. കഴിഞ്ഞ അഞ്ച് വർഷമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടിയ പുതിയ വിദ്യാർത്ഥികളുടെ എണ്ണം 6,63,686 ആണ് **(പട്ടിക 61.3)**.

### പെൺകുട്ടികളുടെ സ്കൂൾ പ്രവേശനം

2023-24 ൽ, സ്കൂളുകളിലെ ആകെയുള്ള വിദ്യാർത്ഥികളിൽ 49.05 ശതമാനം പെൺകുട്ടികളാണ്. എല്ലാ ജില്ലകളിലും ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടേതിനേക്കാൾ കൂടുതലാണ്. എന്നിരുന്നാലും സ്കൂൾ പ്രവേശനത്തിന്റെ കാര്യത്തിൽ ലിംഗപദവി വ്യത്യാസം കേരളത്തിൽ തുലോം കുറവാണ്.

### പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം

2023-24 ലെ കണക്ക പ്രകാരം സംസ്ഥാനത്ത് ആകെയുള്ള വിദ്യാർത്ഥികളിൽ 9.86 ശതമാനം പട്ടികജാതിയിൽപ്പെട്ടവരാണ്. സർക്കാർ എയ്ഡഡ്, പ്രൈവറ്റ് അൺ എയ്ഡഡ് സ്കൂളുകളെ അപേക്ഷിച്ച് സർക്കാർ സ്കൂളുകളിലെ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ ശതമാനം കൂടുതലാണ്. സർക്കാർ സ്കൂളുകളിലും സർക്കാർ എയ്ഡഡ് സ്കൂളുകളിലും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലും പട്ടികജാതി വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 12.37 ശതമാനം, 9.45 ശതമാനം, 3.50 ശതമാനം എന്നിങ്ങനെയാണ്. **(പട്ടിക 6.1.4)**.


**പട്ടിക 6.1.4** 2023-24 ൽ (താൽക്കാലികം) കേരളത്തിലെ സ്കൂളുകളിലെ പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം,

| മാനേജ്മെന്റ് | മറ്റുള്ളവർ | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|---|
| സർക്കാർ | 84.21 | 12.37 | 3.42 |
| സ്വകാര്യ എയ്ഡഡ് | 89.33 | 9.45 | 1.22 |
| സ്വകാര്യ അൺ എയ്ഡഡ് | 96.05 | 3.50 | 0.46 |
| സംസ്ഥാന ശരാശരി | 88.27 | 9.86 | 1.87 |

അവലംബം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

2023-24ൽ സംസ്ഥാനത്ത് ആകെ സ്കൂൾ പ്രവേശനം നേടിയ കുട്ടികളിൽ 1.87 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. 2023-24ൽ സർക്കാർ/ എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 3.42, 1.22, 0.46 എന്നിങ്ങനെയാണ്. 2023-24 ലെ സംസ്ഥാനത്തെ എസ്‌സി, എസ്ടി വിദ്യാർത്ഥികളുടെ

**ചിത്രം 6.1.2** 2023-24ൽ കേരളത്തിലെ വിദ്യാർത്ഥികളുടെ മാനേജ്മെന്റ് അടിസ്ഥാനത്തിലും വിഭാഗം തിരിച്ചുമുള്ള പ്രവേശനം




അവലംബം: പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

സ്റ്റാൻഡേർഡ് തിരിച്ചുള്ള എണ്ണം **അനുബന്ധം 6.1.11** ൽ നൽകിയിരിക്കുന്നു. സംസ്ഥാനത്തെ മൊത്തം പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികളിൽ 3.24 ശതമാനം പട്ടികജാതിക്കാരും 2.22 ശതമാനം പട്ടികവർഗക്കാരും മാത്രമാണ് സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിൽ ചേർന്നത്. ബാക്കിയുള്ളവർ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയവരാണ്. സംസ്ഥാനത്ത് ആകെയുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ 59.77 ശതമാനവും പ്രവേശനം നേടിയിരിക്കുന്നത് ഗവൺമെന്റ് സ്കൂളുകളിലാണ്.

### കൊഴിഞ്ഞുപോകൽ നിരക്ക്

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ ഏറ്റവും കുറവ് കേരളത്തിലാണ്. മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ 2018 ലെ വിദ്യാഭ്യാസ സ്ഥിതിവിവരകണക്ക് പ്രകാരം എൽ.പി വിഭാഗത്തിലെ ഇന്ത്യയിലെ ശരാശരി കൊഴിഞ്ഞുപോകൽ നിരക്ക് 4.13 ശതമാനവും, യു.പി., ഹൈസ്കൂൾ എന്നിവിടങ്ങളിൽ യഥാക്രമം 4.03, 17.06 ശതമാനവുമാണ്. എന്നാൽ കേരളത്തിൽ കൊഴിഞ്ഞുപോക്ക് നിരക്ക് വർഷങ്ങളായി കുറയുകയും 2022-23 ൽ ഇത് 0.08 ശതമാനത്തിലെത്തുകയും ചെയ്തു. കേരളത്തിൽ അപ്പർ പ്രൈമറിയെ അപേക്ഷിച്ച് കൊഴിഞ്ഞുപോകൽ നിരക്ക് ലോവർ പ്രൈമറിയിലും ഹൈസ്കൂളിലും കൂടുതലാണ്. ഹൈസ്കൂൾ വിദ്യാർത്ഥികളിലാണ് കൊഴിഞ്ഞുപോകൽ നിരക്ക് കൂടുതലുള്ളത്. കൊഴിഞ്ഞുപോകൽ നിരക്ക് 2018-19 ലെ 0.17 ശതമാനത്തിൽ നിന്ന് 2022-23 ൽ 0.09 ശതമാനമായി കുറഞ്ഞതായി **പട്ടിക 6.1.5** ൽ നിന്നും മനസ്സിലാക്കാവുന്നതാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഈ കുറയുന്ന പ്രവണത കാണാവുന്നതാണ്.

ജില്ല തിരിച്ചും ക്ലാസ്സ് തിരിച്ചും ഉള്ള 2022-23 ലെ കൊഴിഞ്ഞു പോകൽ നിരക്കുകൾ **അനുബന്ധം 6.1.12** ൽ കൊടുത്തിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ

**പട്ടിക 6.1.5** സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക്

| | 2018-19 | 2019-20 | 2021-22 * | 2022-23 |
|---|---|---|---|---|
| ആകെ | 0.12 | 0.11 | 0.04 | 0.08 |
| എൽ പി | 0.12 | 0.10 | 0.03 | 0.09 |
| യു പി | 0.07 | 0.06 | 0.02 | 0.06 |
| എച്ച്എസ് | 0.17 | 0.15 | 0.05 | 0.09 |

അവലംബം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
*കോവിഡ് 19 മഹാമാരി കാരണം 2021-22 വർഷവുമായി ബന്ധപ്പെട്ട ഡാറ്റ താരതമ്യപ്പെടുത്താവുന്നതല്ല.

കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇക്കാലയളവിൽ കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു. എന്നിരുന്നാലും ഈ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. **(പട്ടിക 6.1.6)**. കേരളത്തിൽ 2022-23 കാലയളവിൽ പട്ടികജാതി വിഭാഗത്തിലെ കൊഴിഞ്ഞുപോകൽ നിരക്ക് 0.06 ശതമാനവും പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കൊഴിഞ്ഞുപോക്ക് നിരക്ക് 0.50 ശതമാനവുമാണ്.

2022-23ൽ ഏറ്റവും കൂടുതൽ കൊഴിഞ്ഞുപോക്ക് എറണാകുളം ജില്ലയിലും (0.30 ശതമാനം) ഇടുക്കിയിലും (0.28 ശതമാനം) ആണ്. എറണാകുളം ജില്ലയിലെ മറുനാടൻ തൊഴിലാളികളുടെ കുട്ടികൾ ഈ കാലയളവിൽ കോവിഡ് 19 മഹാമാരിക്ക് ശേഷം സ്വന്തം സംസ്ഥാനങ്ങളിൽ നിന്ന് മടങ്ങിവരാത്തതാണ് ഇതിന് പ്രധാന കാരണം. അതിനാൽ തന്നെ കഴിഞ്ഞ വർഷത്തെ വിവരങ്ങളുമായി ഈ ഡേറ്റാ താരതമ്യപ്പെടുത്താവുന്നതല്ല. പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതലുള്ളത് ഇടുക്കി ജില്ലയിലും (0.40ശതമാനം) വയനാട് ജില്ലയിലും (0.15 ശതമാനം) ആണ്. പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതൽ തൃശ്ശൂർ ജില്ലയിലും (1.09 ശതമാനം) പാലക്കാട് ജില്ലയിലും (1.01 ശതമാനം) ആണ്. 2022-23ൽ കേരളത്തിലെ പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ ജില്ല തിരിച്ചുള്ളതും മാനേജ്മെന്റ് തിരിച്ചുള്ളതുമായ വിശദാംശങ്ങൾ **അനുബന്ധം 6.1.13, 6.1.14** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടിക.6.1.6** ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക് 2022-23

| ജില്ല | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 0.01 | 0.00 | 0.02 | 0.02 |
| കൊല്ലം | 0.03 | 0.00 | 0.01 | 0.01 |
| പത്തനംതിട്ട | 0.03 | 0.00 | 0.04 | 0.03 |
| ആലപ്പുഴ | 0.04 | 0.68 | 0.02 | 0.02 |
| കോട്ടയം | 0.06 | 0.15 | 0.01 | 0.02 |
| ഇടുക്കി | 0.40 | 0.55 | 0.23 | 0.28 |
| എറണാകുളം | 0.14 | 0.26 | 0.33 | 0.31 |
| തൃശ്ശൂർ | 0.04 | 1.09 | 0.03 | 0.04 |
| പാലക്കാട് | 0.09 | 1.01 | 0.08 | 0.10 |
| മലപ്പുറം | 0.03 | 0.64 | 0.05 | 0.06 |
| കോഴിക്കോട് | 0.02 | 0.26 | 0.07 | 0.07 |
| വയനാട് | 0.15 | 0.57 | 016 | 0.25 |
| കണ്ണൂർ | 0.03 | 0.49 | 0.02 | 0.03 |
| കാസർഗോഡ് | 0.09 | 0.15 | 0.08 | 0.08 |
| സംസ്ഥാന ശരാശരി | 0.06 | 0.50 | 0.07 | 0.08 |

അവലംബം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

### അദ്ധ്യാപകരുടെ എണ്ണം

2022-23 ൽ 1,57,541 അദ്ധ്യാപകരാണ് കേരളത്തിലെ സ്കൂളുകളിൽ പഠിപ്പിക്കുന്നത്. ഇതിൽ 91,307 (57.32 ശതമാനം) അദ്ധ്യാപകർ എയ്ഡഡ് സ്കൂളുകളിലും 13,759 (8.73 ശതമാനം) അദ്ധ്യാപകർ അൺ-എയ്ഡഡ് സ്കൂളുകളിലുമാണ്. ശേഷിക്കുന്ന 53,475(33.94 ശതമാനം) അദ്ധ്യാപകർ സർക്കാർ സ്കൂളുകളിലാണ്. മൊത്തം അദ്ധ്യാപകരിൽ 49.55 ശതമാനം പേർ ഹൈസ്കൂളിലും, 25.74 ശതമാനം യു.പി യിലും, 24.71 ശതമാനം എൽ.പി. സ്കൂളിലുമാണ്. അതിൽ തന്നെ 75.24 ശതമാനം വനിതകളാണ്. 2022-23 ലെ സ്റ്റേജ് തിരിച്ചും, മാനേജ്മെന്റ് തിരിച്ചും ഉള്ള കേരളത്തിലെ അദ്ധ്യാപകരുടെ എണ്ണം **അനുബന്ധം 6.1.15** -ൽ ചേർത്തിരിക്കുന്നു.

### സ്കൂളുകളിലെ ഇൻക്ലൂസീവ് വിദ്യാഭ്യാസം

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ സ്ഥിതി വിവരക്കണക്കുകൾ പ്രകാരം 2022-23ൽ കേരളത്തിൽ 45 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കാലയളവിൽ ഈ സ്പെഷ്യൽ സ്കൂളുകളിലെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 3,012 ഉം അദ്ധ്യാപകരുടെ എണ്ണം 589 ഉം ആയിരുന്നു. ആകെയുള്ള 3,012 വിദ്യാർത്ഥികളിൽ 404 പേർ കാഴ്ച വൈകല്യമുള്ളവരും 2,608 വിദ്യാർത്ഥികൾ ബധിരരോ കേൾവിക്കുറവോ ഉള്ളവരുമാണ്. ഇത് കൂടാതെ 330 സ്പെഷ്യൽ സ്കൂളുകൾ, സംസ്ഥാനത്ത് വിവിധ എൻ.ജി.ഒ.കളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഡിഡിആർഎസ് (ദീൻദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം) കീഴിലും പ്രവർത്തിക്കുന്നുണ്ട് കൂടാതെ, 61,503 ഡിസേബിൾഡായിട്ടുള്ള വിദ്യാർത്ഥികൾ കേരളത്തിലുടനീളമുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നു. ഇതിൽ 36,660 പേർ ആൺകുട്ടികളും 24,843 പേർ പെൺകുട്ടികളുമാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ എടുക്കുമ്പോൾ, ഐഇഡി വിഭാഗത്തിന് കീഴിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ മലപ്പുറം ജില്ലയിലാണ് (8,353), തൊട്ടുപിന്നിൽ കൊല്ലവും (6,753), കോഴിക്കോടും (6,565) ആണ്. സൗജന്യ യൂണിഫോം, ഉച്ചഭക്ഷണം എന്നിവയ്ക്ക് പുറമെ യാത്ര, ഹോസ്റ്റൽ സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്കുള്ള വിനോദയാത്ര തുടങ്ങിയ ചെലവുകൾക്കായി സാമ്പത്തിക സഹായവും നൽകുന്നു. വൈകല്യമുള്ളവർക്കായി തടസ്സരഹിത കാമ്പസ്, ഉപകരണങ്ങൾ, റിസോഴ്സ് സെന്ററുകളിൽ നിന്നുള്ള സേവനങ്ങൾ, റിസോഴ്സ് ടീച്ചർമാരുടെ സേവനം തുടങ്ങി വിവിധ പരിപാടികളും സ്കൂളുകളിൽ സമഗ്രമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി നൽകുന്നുണ്ട്.

സമഗ്രശിക്ഷ കേരളയും (എസ്.എസ്.കെ) ഇൻക്ലൂസീവ് വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കായി വിവിധ പരിപാടികൾ നടപ്പാക്കുന്നു. ഓട്ടിസം സെന്ററുകൾ സ്ഥാപിച്ച്, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, പൊരുത്തപ്പെടുത്തൽ പഠനം, ഉപകരണങ്ങൾ എന്നിവ നൽകി എസ്.എസ്.കെ അവരെ പിന്തുണയ്ക്കുന്നു. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ, ചികിത്സാ സേവനം, റിസോഴ്സ് അധ്യാപകരുടെ ശാക്തീകരണം, സഹായ വിതരണം, അധ്യാപന പഠന രീതി വികസിപ്പിക്കൽ, റീഡർ അലവൻസ് നൽകൽ, പെൺകുട്ടികൾക്ക് സ്റ്റൈപ്പൻഡ്, രക്ഷിതാക്കളുടെ ശാക്തീകരണം തുടങ്ങിയവയെല്ലാം ഇൻക്ലൂസീവ് വിദ്യാഭ്യാസം വികസിപ്പിക്കുന്നതിന് എസ്.എസ്.കെ നൽകുന്ന മറ്റ് വ്യത്യസ്ത സേവനങ്ങളാണ്.

### കുട്ടികൾ കുറവുള്ള സ്കൂളുകൾ

2023-24 കാലയളവിൽ ശരാശരി 25 കുട്ടികളേക്കാൾ കുറവുള്ള 961 സ്കൂളുകളുണ്ട്. ഇതിൽ 379 എണ്ണം സർക്കാർ സ്കൂളുകളും 582 എണ്ണം എയ്ഡഡ് സ്കൂളുകളുമാണ്. ശരാശരി 10 കുട്ടികളേക്കാൾ കുറവുള്ള 34 സർക്കാർ എൽ.പി. സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. എന്നാൽ എയ്ഡഡ് സ്കൂളുകളിൽ ഇത് 91 ആണ്. ജില്ല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് കുട്ടികൾ കുറവുള്ള സ്കൂളുകൾ ഏറ്റവും കൂടുതലുള്ളത് പത്തനംതിട്ട (189 എണ്ണം) ജില്ലയിലും തുടർന്ന് കോട്ടയം (133), കണ്ണൂർ (113), ജില്ലകളിലുമാണ്. കുട്ടികളുടെ എണ്ണം കുറവുള്ള എയ്ഡഡ് സ്കൂളുകൾ കൂടുതൽ ഉള്ളത് പത്തനംതിട്ട (139) ജില്ലയും തൊട്ടുപുറകിൽ കണ്ണൂർ (94) ജില്ലയുമാണ്. സർക്കാർ മേഖലയിൽ ഏറ്റവും കൂടുതൽ കുട്ടികളുള്ള സ്കൂളുകൾ കോട്ടയം (55) ജില്ലയിലാണ്, തൊട്ടുപിന്നാലെ പത്തനംതിട്ട (50), ആലപ്പുഴ (48) ജില്ലകളുമാണ്. എൽ പി സ്കൂൾ മേഖലയിലാണ് ഭൂരിഭാഗവും കുറവു കുട്ടികളുള്ള സ്കൂളുകളുള്ളത്. സർക്കാർ മേഖലയിൽ ഏറ്റവും കുറവ് കുട്ടികൾ ഉള്ളത് (92.08 ശതമാനം) എൽ.പി.സ്കൂളുകളിലാണ്. എയ്ഡഡ് മേഖലയിലും (88.14 ശതമാനം) കുട്ടികൾ കുറവുള്ള സ്കൂളുകൾ എൽ.പി. വിഭാഗത്തിലാണ്. കേരളത്തിലെ കുട്ടികൾ കുറവുള്ള സ്കൂളുകളുടെ വിശദവിവരങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.16** ൽ കൊടുത്തിരിക്കുന്നു.

**കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്)**

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള ഒരു സംസ്ഥാന സർക്കാർ സംരംഭമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്). കഴിഞ്ഞ ഒരു ദശാബ്ദത്തിലെ കൈറ്റിന്റെ പരിധിയിലുള്ള പ്രവർത്തനങ്ങളായ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, കപ്പാസിറ്റി ബിൽഡിംഗ്, ഉള്ളടക്ക വികസനം, കണക്റ്റിവിറ്റി, ഇ-ലേണിംഗ്, സാറ്റലൈറ്റ് അധിഷ്ഠിത വിദ്യാഭ്യാസം, പിന്തുണയും പരിപാലന സംവിധാനവും, ഇ-ഗവേണൻസ്, സ്കൂളുകളുടെ ഭൗതിക സാഹചര്യ വികസനം എന്നിവയിലൂടെ കൈറ്റ് സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിപ്ലവം സൃഷ്ടിച്ചു. കൈറ്റിന്റെ പരിശ്രമത്തോടെ, ഇപ്പോൾ അതിവേഗ ബ്രോഡ് ബാൻഡ് കണക്റ്റിവിറ്റി, ആവശ്യമായ ഡിജിറ്റൽ റിസോഴ്സ് പോർട്ടലുകൾ, പരിശീലനം ലഭിച്ച അദ്ധ്യാപകർ എന്നീ പിന്തുണയോടെ ഏറ്റവും പുതിയ ഐ..സി.ടി. ഗാഡ്ജെറ്റുകൾ സംസ്ഥാനത്തെ സ്കൂളുകളിൽ സജ്ജീകരിച്ചിരിക്കുന്നു, അതുവഴി മൊത്തം ഐ.സി.ടി. പ്രാപ്തമായ പ്രവർത്തന സംവിധാനം ഉണ്ട്.

**2022–23 കാലയളവിൽ കൈറ്റിന്റെ നേട്ടങ്ങൾ/ ഹൈലൈറ്റുകൾ**

**കൂൾ പ്ലാറ്റ്ഫോം വഴി അധ്യാപകർക്ക് ശേഷി വർദ്ധിപ്പിക്കൽ:** കൈറ്റ് അധ്യാപക പരിശീലനത്തിനായി കൂൾ (കൈറ്റിന്റെ ഓപ്പൺ ഓൺലൈൻ ലേണിംഗ്) പ്ലാറ്റ്ഫോം അവതരിപ്പിച്ചു, ഇത് കേരള സർക്കാരിന്റെ ആദ്യത്തെ ഔദ്യോഗിക MOOC കോഴ്സാണ്. കൂൾ പ്ലാറ്റ്ഫോമിലൂടെ 2022-23 കാലയളവിൽ 10,000-ത്തിലധികം അധ്യാപകർ വിവിധ കോഴ്സുകൾ പൂർത്തിയാക്കി.

**ഇക്യൂബ് ഇംഗ്ലീഷ് ഇ ലാംഗ്വേജ് ലാബ്:** വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം മെച്ചപ്പെടുത്തുന്നതിനുള്ള $E^3$ (Ecube) ഇംഗ്ലീഷ് ഇ ലാംഗ്വേജ് ലാബ് പ്രോഗ്രാം കഴിഞ്ഞ വർഷം അവതരിപ്പിച്ചു. $E^3$ ഇംഗ്ലീഷിന് ഇ-ലൈബ്രറി, ഇ-ലാംഗ്വേജ് ലാബ്, ഇ-ബ്രോഡ്കാസ്റ്റ് എന്നിങ്ങനെ മൂന്ന് ഘടകങ്ങളുണ്ട്. 2022-ൽ 60,751 പ്രൈമറി അധ്യാപകർക്ക് ഇക്യൂബ് ലാംഗ്വേജ് ലാബ് പരിശീലനം നൽകി.

**സത്യമേവ ജയതേ:** ഡിജിറ്റൽ മീഡിയ, ഇൻഫർമേഷൻ സാക്ഷരതാ പരിശീലനം: ഡിജിറ്റൽ മീഡിയ സാക്ഷരതാ കാമ്പയിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലന പരിപാടികളും റിഫ്രഷർ പരിശീലനങ്ങളും നടത്തുകയും പരിശീലന മൊഡ്യൂളുകൾ വികസിപ്പിക്കുകയും ചെയ്തു. ഇതുവരെ 19,10,374 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.

**ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾ:** ലികിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ 2164 സ്കൂളുകളിലേക്ക് വിപുലീകരിച്ചു. ഇതുവരെ 3.57 ലക്ഷത്തിലധികം വിദ്യാർത്ഥികൾ ഈ പ്രോഗ്രാമിന്റെ ഭാഗമായി.

**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അമ്മമാർക്കായി നടത്തിയ സൈബർ സുരക്ഷാ പരിശീലനം:** സംസ്ഥാന സർക്കാരിന്റെ രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി 4 ലക്ഷത്തിലധികം അമ്മമാർക്കായി സൈബർ സുരക്ഷാ ബോധവൽക്കരണ പരിപാടികൾ 2022 മെയ് മുതൽ ഓഗസ്റ്റ് വരെ നടത്തി.

കൈറ്റ് വിക്റ്റേഴ്സ് ചാനലിലെ പ്ലസ് വൺ റിവിഷൻ ക്ലാസുകളും ലൈവ് ഫോൺ-ഇൻ പ്രോഗ്രാമും: 2022 മെയ് മാസത്തിൽ, ഫസ്റ്റ് ബെൽ 2.0-ന്റെ ഭാഗമായി കൈറ്റ് അതിന്റെ കൈറ്റ് വിക്റ്റേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ പ്ലസ് വണ്ണിനായുള്ള റിവിഷൻ ക്ലാസുകളുടെ സംപ്രേക്ഷണം ആരംഭിച്ചു.

**സ്കൂൾ വിദ്യാർത്ഥികൾക്കുള്ള യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം:** കെ ഡിസ്കുമായി സഹകരിച്ച് 8 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് (ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ) യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിൽ (വൈഐപി) പരിശീലനം നൽകാൻ സർക്കാർ കൈറ്റിന് അംഗീകാരം നൽകി. 8 മുതൽ 12 വരെ ക്ലാസ് വരെയുള്ള 14 ലക്ഷം വിദ്യാർത്ഥികൾക്ക് 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ പരിശീലനം നൽകി.

**സഹിതം മെന്ററിംഗ് പോർട്ടൽ:** എസ്.സി.ഇ.ആർ.ടി യുടെ അക്കാദമിക് പിന്തുണയോടെ കൈറ്റ് വികസിപ്പിച്ചെടുത്ത സഹിതം പോർട്ടൽ 2022 ജൂണിൽ സമാരംഭിച്ചു, വിദ്യാർത്ഥികളെ നന്നായി അറിയുന്നതിനും അവരുടെ വികസനത്തിന് സംഭാവന നൽകുന്നതിനും അധ്യാപകർ അവരെ ഉപദേശിക്കുക എന്ന ലക്ഷ്യത്തോടെയാണ്.

**കൈറ്റ് ബോർഡ്:** 2022 ഒക്ടോബറിൽ, ഡിജിറ്റൽ വിദ്യാഭ്യാസത്തിനായുള്ള വിവിധോദ്ദേശ്യ, ഉപകരണ സ്വതന്ത്ര, FOSS അടിസ്ഥാനമാക്കിയുള്ള, സംവേദനാത്മക ഉപകരണമായ 'കൈറ്റ് ബോർഡ്' കൈറ്റ് സമാരംഭിച്ചു. പുതിയ ആപ്ലിക്കേഷൻ ഉപയോഗിച്ച്, സ്കൂളുകളിലെ ലാപ്ടോപ്പുകൾ ഇന്ററാക്ടീവ് ബോർഡുകളായി മാറുന്നു. ലാപ്ടോപ്പിന്റെ ബിൽറ്റ്-ഇൻ ക്യാമറ ഉപയോഗിച്ച് സയൻസ് പരീക്ഷണങ്ങൾ പോലുള്ള ക്ലാസ് റൂം പ്രവർത്തനങ്ങൾ പിടിച്ചെടുക്കാനും, അത് കൈറ്റ് ബോർഡ് വഴി കാണിക്കാനും സാധിക്കും.

**സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)**

പൊതുവിദ്യാഭ്യാസ പുനരുജ്ജീവന കാമ്പയിൻ ജനകീയമാക്കുന്നതിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ കേരള വലിയ പങ്കുവഹിച്ചു. 2018 നവംബർ 1 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളായ സർവ ശിക്ഷാ അഭിയാൻ (എസ്എസ്എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർഎംഎസ്എ), അധ്യാപക വിദ്യാഭ്യാസം

**ബോക്സ് 6.1.1** കൈറ്റ് ന് കീഴിലുള്ള റോബോട്ടിക്സ്

കൈറ്റ് നടപ്പിലാക്കുന്ന ലിറ്റിൽ കൈറ്റ് പ്രോഗ്രാമിന് കീഴിൽ, റോബോട്ടിക്സ് ഒരു പ്രധാന പരിശീലന ഘടകമാണ്, ഇതിലൂടെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് റോബോട്ടിക്സ്, ഐഒടി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ ഏറ്റവും പുതിയ സാങ്കേതിക മേഖലകളിൽ പരിശീലനം നേടാനുള്ള അവസരം ലഭിക്കും.. ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ പ്രവർത്തിക്കുന്ന 2000 സ്കൂളുകൾക്ക് 9000റോബോട്ടിക് കിറ്റുകൾ കൈറ്റ് വിന്യസിച്ചിട്ടുണ്ട്. 2022 ഡിസംബർ എട്ടിന് ബഹു. മുഖ്യമന്ത്രി റോബോട്ടിക് കിറ്റുകളുടെ വിതരണോദ്ഘാടനം നിർവഹിച്ചു.

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

സ്കൂളിൽ വിന്യസിച്ചിരിക്കുന്ന ഓരോ റോബോട്ടിക് കിറ്റിലും Arduino Uno Rev3, LED-കൾ, SG90 മിനി സെർവോ മോട്ടോർ, LDR ലൈറ്റ് സെൻസർ മൊഡ്യൂൾ, IR സെൻസർ മൊഡ്യൂൾ, ആക്ടീവ് ബസർ മൊഡ്യൂൾ, പുഷ് ബട്ടൺ, ബ്രെഡ് ബട്ടൺ, ജമ്പർ വയറുകൾ, റെസിസ്റ്ററുകൾ എന്നിവ ഉൾപ്പെടുന്നു. സ്കൂളുകളിൽ ഈ കിറ്റുകളുടെ ശരിയായ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി, സ്കൂളുകളിൽ ഈ ഉപകരണം എങ്ങനെ ഉപയോഗിക്കാമെന്ന് സ്കൂളുകളിലെ 4000 വിദ്യാർത്ഥികൾക്ക് കൈറ്റ് പരിശീലനം നൽകിയിട്ടുണ്ട്. കൈറ്റ് മാസ്റ്റേഴ്സ് 60,000 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി, അവർ മൊത്തം 12 ലക്ഷം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകും.

റോബോട്ടിക്സിലൂടെ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് റോബോട്ടിക്സ് പഠനത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പരിശീലനം നൽകുന്നു, അവയെ ഉപകരണങ്ങളുടെ രൂപകൽപ്പന, പ്രമാണങ്ങളുടെ നിർമ്മാണം, പ്രവർത്തിക്കുന്നതിന് ആവശ്യമായ കോഡിംഗുകൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളായി തരംതിരിക്കാം. സ്കൂൾ ഐടി പാഠപുസ്തകങ്ങളിൽ പ്രോഗ്രാമിംഗ് പഠനത്തിന്റെ അടിസ്ഥാനകാര്യങ്ങളും ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകളിലൂടെ നടപ്പിലാക്കുന്ന വിപുലമായ പ്രവർത്തനങ്ങളും അവതരിപ്പിക്കുന്നു. റോബോട്ടിക് പരിശീലനത്തിലൂടെ, വിദ്യാർത്ഥികൾക്ക് റോബോട്ടുകളുടെ രൂപകൽപ്പനയിലും അവയുടെ പ്രവർത്തന ഉപയോഗം സൃഷ്ടിക്കുന്നതിലും വ്യത്യസ്ത കഴിവുകളും പഠിക്കാനും നേടാനും കഴിയും. മെച്ചപ്പെട്ട സയൻസ് പഠനത്തോടൊപ്പം ഗണിതശാസ്ത്രം, എഞ്ചിനീയറിംഗ്, ആശയവിനിമയ കഴിവുകൾ, സർഗ്ഗാത്മക ചിന്തകൾ തുടങ്ങിയ വ്യത്യസ്ത കഴിവുകൾ നേടുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്ന റോബോട്ടിക്സിന്റെ അടിസ്ഥാന വശങ്ങൾ ഇത് കൂടുതൽ പരിചയപ്പെടുത്തുന്നു.

അവലംബം: കൈറ്റ്

(ടിഇ) എന്നിവ സംയോജിപ്പിച്ച് സമഗ്ര ശിക്ഷ കേരള (എസ്. എസ്. കെ) എന്ന പേരിൽ സംയോജിത സ്കൂൾ വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചു. കേന്ദ്ര വിദ്യാഭ്യാസ വകുപ്പും കേരള സർക്കാരും പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ. പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള വിവിധ തലങ്ങളെ ഏകോപിപ്പിച്ച് വിപുലമായ മാനേജ്മെന്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സമഗ്ര ശിക്ഷാ കേരളയ്ക്ക് കഴിഞ്ഞു. 168 ബ്ലോക്ക് റിസോഴ്സ് സെന്ററുകളും (ബിആർസി) 1385 ക്ലസ്റ്റർ റിസോഴ്സ് സെന്ററുകളും (സിആർസി) ശക്തിപ്പെടുത്തിയാണ് ഇക്കാലയളവിൽ പദ്ധതികളുടെ വികേന്ദ്രീകൃത നിർവ്വഹണം നടത്തിയത്. വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ സമത്വവും അവസരസമത്വവും ഗുണമേന്മയും ഉറപ്പാക്കാൻ സമഗ്രശിക്ഷ കേരളം നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

പൊതു വിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും വിദ്യാഭ്യാസ അവകാശ നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള, പ്രായത്തിന് അനുയോജ്യമായ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിന് അക്കാദമിക വിടവ് നികത്തുന്നതിനുമായുള്ള പ്രവർത്തനങ്ങളാണ് എസ്.എസ്.കെ. ഏറ്റെടുത്തിരിക്കുന്നത്.

### സമഗ്ര ശിക്ഷ കേരളയുടെ 2022–23 ലെ പ്രധാന സംരംഭങ്ങൾ/നേട്ടങ്ങൾ

**സയൻസ് പാർക്ക്:** വിദ്യാർഥികളിൽ ശാസ്ത്രീയ മനോഭാവം വർദ്ധിപ്പിക്കുന്നതിന് സമഗ്ര ശിക്ഷാ കേരളം നിരവധി പരിപാടികൾക്ക് തുടക്കം കുറിച്ചു. തെരഞ്ഞെടുത്ത സ്കൂളുകളിൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നത് എസ്.എസ്.കെ യുടെ അഭിമാനകരമായ പ്രവർത്തനങ്ങളിലൊന്നാണ്. സയൻസ് പാർക്കുകൾ വഴി വിദ്യാർത്ഥികൾക്ക് ഈ വിഷയത്തിൽ നേരിട്ടുള്ള അനുഭവം ലഭിച്ചു. പാർക്കിൽ സജ്ജീകരിച്ച ഉപകരണങ്ങളുടെ പിന്തുണയോടെ അവർക്ക് ശാസ്ത്രത്തിന്റെ ആശയങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിനായി ഉപകരണങ്ങൾ ശരിയായി ഉപയോഗിക്കുന്നതിന് അധ്യാപകരും പൂർണ സജ്ജരായിരുന്നു.

**പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളെ ശാക്തീകരിക്കുക:** സമഗ്രശിക്ഷ കേരളം, ഇൻക്ലൂസീവ് എജ്യുക്കേഷനിലൂടെ, പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളുടെ ആത്മവിശ്വാസവും മറ്റ് കുട്ടികളുമായുള്ള ആശയവിനിമയവും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ശ്രമിക്കുന്നു. 'തുടികൊട്ട് 2023' എന്ന പരിപാടിയിൽ, നാല് ദിവസങ്ങളിലായി സംഘടിപ്പിച്ച ക്യാമ്പ്, പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് വ്യതിരിക്തമായ പഠനാനുഭവങ്ങൾ നൽകുകയെന്ന ലക്ഷ്യത്തോടെയുള്ള ഒരു പുതിയ സംരംഭമായിരുന്നു. പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്കും അവരെ പരിചരിക്കുന്നവർക്കും ഇടപഴകുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള ശ്രദ്ധേയമായ വേദിയായി തുടികൊട്ട് 2023' പ്രോഗ്രാം പ്രവർത്തിച്ചു.

**നൈപുണ്യ വികസന കേന്ദ്രം:** അറിവ് നേടുന്നതിന് നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. അറിവിലും കഴിവിലും ആത്മവിശ്വാസത്തോടെ ജീവിക്കുന്ന, സമൂഹവികസനത്തിൽ സജീവമായി പങ്കുചേരുന്ന ഒരു ഭാവി സമൂഹത്തെ സൃഷ്ടിക്കുക എന്നതായിരുന്നു ലക്ഷ്യം.

**കാൽപ്പാടുകൾ – ഒരു പ്രാദേശിക ചരിത്ര ഡോക്യുമെന്റേഷൻ:** ഓരോ ജില്ലയിലും പൊതുവിദ്യാഭ്യാസത്തിന് കീഴിലുള്ള അപ്പർ പ്രൈമറി, ഹൈസ്കൂൾ ഡിവിഷനുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കുള്ളതായിരുന്നു പദ്ധതി. വിവിധ സ്ഥലങ്ങൾ, വ്യക്തികൾ, സ്മാരകങ്ങൾ, സാംസ്കാരിക പ്രാധാന്യമുള്ള ചരിത്ര സംഭവങ്ങൾ, കലകൾ, സാഹിത്യം മുതലായവയിൽ ചരിത്രപരമായ പ്രാധാന്യം വിലയിരുത്തുന്നതിന് ഗവേഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി.

**ക്രാഫ്റ്റ് 2023 – പൊതുവിദ്യാലയങ്ങളിലെ കഴിവുകളും നൈപുണ്യവും പരിപോഷിപ്പിക്കൽ:** പൊതുവിദ്യാലയങ്ങളിലെ 6,7,8 ഗ്രേഡുകളിലെ വിദ്യാർത്ഥികളുടെ കഴിവുകളും നൈപുണ്യവും പരിപോഷിപ്പിക്കുന്നതിനായി സമഗ്ര ശിക്ഷ കേരള ആരംഭിച്ച ഒരു പദ്ധതിയാണ് ക്രാഫ്റ്റ് 2023. കുട്ടികളുടെ പ്രത്യേക കഴിവുകളും താൽപ്പര്യങ്ങളും തിരിച്ചറിയുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, അർപ്പണബോധത്തോടെയുള്ള പഠനം പ്രോത്സാഹിപ്പിക്കുക, നല്ല ആരോഗ്യ സമ്പ്രദായങ്ങൾ വളർത്തുക, ജോലിയിൽ അധിഷ്ഠിതമായ മാനസികാവസ്ഥ വളർത്തുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.

**നിപുൺ ഭാരത് മിഷൻ സാക്ഷരതയിലും സംഖ്യാശാസ്ത്രത്തിലും കഴിവുകൾ വർധിപ്പിക്കുന്നു:** കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ സമഗ്ര വിദ്യാഭ്യാസത്തിനായുള്ള കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും പ്രമുഖവുമായ സംരംഭമാണ് നിപുൺ ഭാരത് മിഷൻ. 2025-ഓടെ പ്രൈമറി ക്ലാസ് വിദ്യാർത്ഥികൾക്ക് അടിസ്ഥാന ഭാഷയിലും ഗണിതത്തിലും പ്രാവീണ്യം ഉറപ്പാക്കുകയാണ് മിഷൻ ലക്ഷ്യമിടുന്നത്. കുഞ്ഞുവായന, കുഞ്ഞു എഴുത്ത്, ഹലോ ഇംഗ്ലീഷ്, മലയാളത്തിളക്കം, ക്ലാസ് റൂം ലൈബ്രറി, മെഷർ ആൻഡ് ലേൺ, ഉല്ലാസഗണിതം, ഗണിതവിജയം, ഡിജി ഷോകേസ്, എസ്എം. സി. മീറ്റിംഗുകൾ, ക്വിസ് പ്രോഗ്രാമുകൾ, ഗണിത പാർക്ക്, മാതാപിതാക്കളെ ശാക്തീകരിക്കൽ, പോസ്റ്റർ നിർമ്മാണം എന്നിവ ചില പ്രവർത്തനങ്ങളാണ്.

**കഥകളുടെ ഉത്സവം (കഥോൽസവം):** പ്രീസ്കൂൾ ക്ലാസുകളിൽ പ്രയോഗിക്കാൻ കഴിയുന്ന ഏറ്റവും മികച്ച തന്ത്രങ്ങളിലൊന്നാണ് കഥപറച്ചിൽ. പ്രീ സ്കൂൾ കുട്ടികളുടെ അടിസ്ഥാന നൈപുണ്യ വികസനം ഉറപ്പാക്കുന്നതിനായി സമഗ്ര ശിക്ഷ കേരള കഥപറച്ചിലിന്റെ വിവിധ സാധ്യതകൾ ഉൾപ്പെടുത്തി ' കഥോൽസവം' (കഥകളുടെ ഉത്സവം) എന്ന പരിപാടി ആരംഭിച്ചു. ഈ വർഷം പ്രീപ്രൈമറി വിഭാഗത്തിൽ ആഘോഷിക്കുന്ന പത്ത് ഉത്സവങ്ങളിൽ ആദ്യത്തേതാണ് 'കഥോൽസവം'.

**സേവാസ്:** കുട്ടികളെ പതിവായി സ്കൂളിൽ വരാൻ പ്രോത്സാഹിപ്പിക്കുക, കൊഴിഞ്ഞുപോക്ക് കുറയ്ക്കുക, അവരുടെ അക്കാദമിക് പ്രകടനം മെച്ചപ്പെടുത്തുക, സമൂഹത്തിന് നല്ല സംഭാവനകൾ നൽകുക എന്നിവയാണ് സേവാസിന്റെ പ്രവർത്തനങ്ങൾ. ശരിയായ വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാത്ത തീരപ്രദേശങ്ങളും വനമേഖലകളും പോലുള്ള പ്രദേശങ്ങളിൽ 40 സേവാസുകളുടെ സഹായത്തോടെ പ്രത്യേക ശ്രദ്ധ ചെലുത്തി. കൂടാതെ, ബാലവേല, മയക്കുമരുന്ന് ദുരുപയോഗം തുടങ്ങിയ പ്രശ്നങ്ങളും ഇത് അഭിസംബോധന ചെയ്തു.

**ഉല്ലാസഗണിതം:** ഗണിതപഠനത്തിൽ അടിസ്ഥാനപരമായ വൈദഗ്ധ്യം ഉറപ്പാക്കി, സമഗ്രശിക്ഷകേരളം ഒന്ന്, രണ്ട് ക്ലാസുകളിൽ നടപ്പാക്കുന്ന പരിപാടിയാണ് ഉല്ലാസഗണിതം. ഗെയിമുകളിലൂടെ ഗണിതശാസ്ത്ര ആശയങ്ങൾ മനസ്സിലാക്കാൻ ഇത് വിദ്യാർത്ഥികളെ സഹായിക്കുന്നു.

**വർണക്കൂടാരം:** പ്രൈമറി സ്കൂളുകളിലെ തിരഞ്ഞെടുത്ത പ്രീപ്രൈമറി വിഭാഗങ്ങളിൽ നൂതനവും സംവേദനാത്മകവുമായ ഘടകങ്ങൾ ഉൾപ്പെടുത്തി പരമ്പരാഗത അധ്യാപന രീതികൾ നവീകരിക്കുന്നതിന് സ്റ്റാർസ് പദ്ധതിയായ വർണക്കൂടാരം ഊന്നൽ നൽകി. പ്രീപ്രൈമറി കുട്ടികളുടെ സമഗ്രവികസനത്തിനായി ക്ലാസ് മുറിയിൽ പതിമൂന്ന് വ്യത്യസ്ത മേഖലകൾ സജ്ജമാക്കി.

**സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി)**

സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി), പ്രീ-സ്കൂൾ മുതൽ ഹയർസെക്കൻഡറി തലം വരെയുള്ള എല്ലാ അക്കാദമിക് പ്രോഗ്രാമുകളുടെയും ആസൂത്രണം, നടപ്പാക്കൽ, വിലയിരുത്തൽ എന്നിവയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്. പ്രീ-പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള സ്കൂൾ ക്ലാസുകൾക്കുള്ള പാഠ്യപദ്ധതി വികസിപ്പിക്കുക, പാഠപുസ്തകങ്ങൾ വികസിപ്പിക്കുക, അധ്യാപക പാഠങ്ങൾ, മൂല്യനിർണ്ണയ തന്ത്രങ്ങൾ വികസിപ്പിക്കുക, സേവനത്തിലുള്ള അധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുക, പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനും വ്യാപനവും, ഗവേഷണങ്ങൾ നടത്തുക, ഗവേഷണ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുക, അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, പ്രത്യേക വിദ്യാഭ്യാസവും ജനസംഖ്യാ വിദ്യാഭ്യാസവും, കലാ വിദ്യാഭ്യാസം, ആരോഗ്യ വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം എസ്.സി.ഇ.ആർ.ടി യുടെ പ്രധാന ഉത്തരവാദിത്തങ്ങളിലൊന്നാണ്. 2022-ൽ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കാൻ കേരള സർക്കാർ തീരുമാനിച്ചു. 2005-ൽ വികസിപ്പിച്ച ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന് ശേഷം 2007-ലാണ് സ്കൂൾ പാഠ്യപദ്ധതി ചട്ടക്കൂട് അവസാനമായി വികസിപ്പിച്ചത്. സ്റ്റിയറിംഗ് കമ്മിറ്റികൾ, കരിക്കുലം റിവിഷൻ കോർ കമ്മിറ്റി, 26 ഫോക്കസ് ഗ്രൂപ്പുകൾ എന്നിവ രൂപീകരിച്ചുകൊണ്ട് സംസ്ഥാന സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള പ്രക്രിയ എസ്.സി.ഇ.ആർ.ടി ആരംഭിച്ചു. തിരഞ്ഞെടുത്ത 26 മേഖലകളുടെ പൊസിഷൻ പേപ്പറുകളുടെ കരട് ഇതുവരെ തയ്യാറാക്കിയിട്ടുണ്ട്.

### 2022–23 ലെ ചില പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്

- 'ലഹരി മുക്ത കേരളം' എന്നതിനായുള്ള മൊഡ്യൂൾ വികസിപ്പിക്കുകയും കേരള സർക്കാർ സംഘടിപ്പിക്കുന്ന പൊതു പ്രചാരണത്തിനായി പരിശീലനം നൽകുകയും ചെയ്തു.
- എസ്.സി.ഇ.ആർ.ടിയിൽ സ്ഥാപിതമായ മൂല്യനിർണ്ണയ സെൽ 3,5,8 ക്ലാസുകൾക്കായി സ്റ്റേറ്റ് അച്ചീവ്മെന്റ് സർവേ (SAS) നടത്തി.
- പാഠപുസ്തകങ്ങളുടെ ജെൻഡർ ഓഡിറ്റിങ്ങിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കുന്നതിനായി ഒരു ദേശീയ ശിൽപശാല നടത്തി. തിരഞ്ഞെടുത്ത പാഠപുസ്തകങ്ങളുടെ ജെൻഡർ ഓഡിറ്റിംഗ് പുരോഗമിക്കുകയാണ്.
- സ്കൂൾ വിദ്യാഭ്യാസ പരിഷ്കരണങ്ങളെക്കുറിച്ച് ഫിൻലൻഡിലെ രണ്ട് ടീമുകളുമായി പ്രത്യേകം കൂടിയാലോചന യോഗങ്ങൾ നടത്തി.
- സ്കൂളുകളുടെ നൂതനമായ അക്കാദമിക രീതികൾ ഷോർട്ട്ലിസ്റ്റ് ചെയ്യുകയും ഡോക്യുമെന്റ് ചെയ്യുകയും തിരഞ്ഞെടുത്ത സ്കൂളുകളുടെ മികച്ച സമ്പ്രദായങ്ങൾ ഉയർത്തിക്കാട്ടുന്നതിനുള്ള ഒരു പ്രോഗ്രാമായി 'മികവ്' പ്രചരിപ്പിക്കുകയും ചെയ്തു.
- കേരള സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസ് (KSEC-2023) 2023-ൽ കേരളത്തിൽ ആദ്യമായി തിരുവനന്തപുരത്ത് നടന്നു.
- ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികളുടെ (6-11 വയസ്സ്) വിലയിരുത്തലിനായി എപിക്ക് (ബൗദ്ധികമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള മൂല്യനിർണ്ണയ പരിപാടി) ഉപകരണങ്ങൾ വികസിപ്പിച്ചെടുത്തു.

### ഹയർ സെക്കന്ററി വിദ്യാഭ്യാസം

1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി സെക്കന്ററി വിദ്യാഭ്യാസം പുന:ക്രമീകരിക്കുന്നതിന് വേണ്ടിയാണ് ഹയർസെക്കന്ററി കോഴ്സുകൾ 1990-91 കാലയളവിൽ സംസ്ഥാനത്ത് നിലവിൽ വന്നത്. 2022-23ൽ സംസ്ഥാനത്ത് 2,077 ഹയർ സെക്കന്ററി സ്കൂളുകൾ നിലവിലുണ്ട്. അതിൽ 819 എണ്ണം (39.4 ശതമാനം) സർക്കാർ സ്കൂളുകളും 846 എണ്ണം (40.7 ശതമാനം) എയ്ഡഡ് സ്കൂളുകളും ബാക്കി 412 എണ്ണം (19.9 ശതമാനം) അൺ എയ്ഡഡ് സ്കൂളുകളുമാണ്. ജില്ലകളിൽ ഏറ്റവും കൂടുതൽ ഹയർ സെക്കന്ററി സ്കൂളുകൾ മലപ്പുറത്താണ് (248) തൊട്ടുപിന്നാലെ യഥാക്രമം എറണാകുളവും (209) തൃശ്ശൂരുമാണ്(204).

2022-23-ൽ ഹയർ സെക്കന്ററി കോഴ്സിൽ 7,220 ബാച്ചുകൾ ഉണ്ട്. 3,84,556 പേരാണ് 2022-23ൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രവേശനം നേടിയത്. ഏറ്റവും കൂടുതൽ ബാച്ചുകൾ ഉള്ള മലപ്പുറത്താണ് (1,065) ഏറ്റവും കൂടുതലായ 62,546 വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കിയതും. ജില്ല-മാനേജ്മെന്റ് തിരിച്ചുള്ള ഹയർ സെക്കന്ററി സ്കൂളുകളുടേയും ബാച്ചുകളുടേയും എണ്ണം **അനുബന്ധം 6.1.17** ലും ജില്ലകളിൽ പ്രവേശനം നേടിയ കുട്ടികളുടെ കണക്കുകൾ **അനുബന്ധം 6.1.18** ലും കാണാം. 2022-23ൽ ഹയർസെക്കൻഡറി കോഴ്സുകളിലെ വിദ്യാർഥികളുടെ വിജയശതമാനം 82.92 ശതമാനമാണ്. 2023-ൽ 3,13,382 വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹരായി, അതിൽ 1,74,124 പെൺകുട്ടികളും 1,39,258 ആൺകുട്ടികളുമാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.19** ൽ നൽകിയിരിക്കുന്നു. ഇക്കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികളുടെ വിജയശതമാനം 60.89 ശതമാനവും പട്ടികവർഗ വിദ്യാർത്ഥികളുടേത് 58.60 ശതമാനവുമാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.20, 6.1.21** എന്നിവയിൽ നൽകിയിരിക്കുന്നു.

### വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം സംസ്ഥാനത്ത് ആരംഭിക്കുന്നത് 1983-84 കാലഘട്ടത്തിലാണ്. സ്വയം തൊഴിൽ/വേതന/പ്രത്യക്ഷ തൊഴിലുകൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടെ പ്ലസ് ടു തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുകയാണ് വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. 2023-24-ൽ 389 വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലായി സംസ്ഥാനത്ത് 1,101 ബാച്ചുകളുണ്ട്. ഇതിൽ 261 സ്കൂളുകൾ സർക്കാർ മേഖലയിലും 128 എണ്ണം എയ്ഡഡ് മേഖലയിലുമാണ്. 52 എണ്ണത്തോടെ ഏറ്റവും കൂടുതൽ വി.എച്ച്.എസ്. കൾ ഉള്ള ജില്ല കൊല്ലവും, തൊട്ടടുത്ത് 41 എണ്ണത്തോടെ തിരുവനന്തപുരവുമാണ്. 2023-24-ൽ ജില്ല തിരിച്ചുള്ള വി.എച്ച്.എസ്.എസ്.കളും കോഴ്സുകളും **അനുബന്ധം 6.1.22** ൽ കൊടുത്തിരിക്കുന്നു. മാർച്ച് 2023 ലെ വി.എച്ച്.എസ്.ഇ പരീക്ഷയിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടിയത് 78.39 ശതമാനമാണ്. 2018 മുതൽ 2023 വരെ വി.എച്ച്.എസ്.ഇ. പരീക്ഷ എഴുതിയവരുടെയും വിജയിച്ചവരുടെയും എണ്ണവും സ്കൂളിൽ പോകുന്ന കുട്ടികളുടെ റിസൽട്ടുകളും (2018-2023) **അനുബന്ധം 6.1.23, 6.1.24** എന്നിവയിൽ കൊടുത്തിരിക്കുന്നു.

### ഉന്നത വിദ്യാഭ്യാസം

കേരളത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഏതൊരു വിലയിരുത്തലിലും സമ്പൂർണ സാക്ഷരത കൈവരിക്കുന്നതിലെ മികച്ച വിജയങ്ങൾ, പ്രാഥമിക തലത്തിൽ കുട്ടികളുടെ സാർവത്രിക പ്രവേശനം, സെക്കൻഡറി തലത്തിൽ കൊഴിഞ്ഞുപോകുന്നവരുടെ എണ്ണത്തിലെ ദ്രുതഗതിയിലുള്ള കുറവ്, നഗര, ഗ്രാമ പ്രദേശങ്ങളിലെ മിക്ക വീടുകളുടെയും തൊട്ടടുത്തുള്ള

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലഭ്യത എന്നിവ കണക്കിലെടുക്കണം. ഈ നേട്ടങ്ങൾക്ക് ദേശീയവും അന്തർദേശീയവുമായ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും, നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം കൂടുതൽ ശക്തവും ഫലപ്രദവുമാക്കാൻ നമുക്ക് കൂടുതൽ ദൂരം പോകേണ്ടതുണ്ട്. ഒരു വിജ്ഞാന സമൂഹമായി പരിണമിക്കാൻ കേരളം പ്രതിജ്ഞാബദ്ധമായതിനാൽ, വിദ്യാഭ്യാസരംഗത്തെ മെച്ചപ്പെടുത്തിയ നിക്ഷേപവും പരിഷ്കാരങ്ങളും വളരെ പ്രധാനമാണ്. പൊതുവിദ്യാഭ്യാസത്തിനും ഉന്നതവിദ്യാഭ്യാസത്തിനും ഊന്നൽ നൽകിക്കൊണ്ട് വിദ്യാഭ്യാസ മേഖലയുടെ മൊത്തത്തിലുള്ള പുരോഗതിയാണ് പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്നത്.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങളെക്കുറിച്ച് ശുപാർശകൾ നൽകാൻ മൂന്ന് കമ്മീഷനുകൾ രൂപീകരിക്കാനുള്ള തീരുമാനം, സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ മെച്ചപ്പെടുത്തൽ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട അജണ്ടയാണ് എന്നതിന്റെ തെളിവാണ്. എല്ലാവരേയും ഉൾക്കൊള്ളുന്നതും സാർവത്രികമായി പ്രാപ്യവുമായ ഒരു ഉന്നതവിദ്യാഭ്യാസ സമ്പ്രദായം വികസിപ്പിക്കാൻ കേരളം തുടർച്ചയായി ശ്രമിച്ചിട്ടുണ്ടെങ്കിലും, അക്കാദമിക നിലവാരം, സമഗ്രത, തുല്യത എന്നിവ വർധിപ്പിക്കുന്നതിന് ഗൗരവമായ ഇടപെടലുകൾ ഇനിയും ആവശ്യമാണെന്ന് കൂടുതൽ കൂടുതൽ വ്യക്തമാകുകയാണ്. മാത്രമല്ല, ആഗോള നിലവാരത്തിനും മാറ്റങ്ങൾക്കും അനുസൃതമായി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായം നവീകരിക്കേണ്ടതുണ്ട്. കാര്യക്ഷമതയും പ്രതികരണശേഷിയും വർധിപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതും പ്രധാനമാണ്. സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി മാറ്റുന്നത്, ഫലാധിഷ്ഠിതമായ ഗവേഷണവും വികസനവും, സാങ്കേതികവിദ്യയുടെ കൈമാറ്റം പരിശീലനം എന്നിവ വഴി സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് ആവശ്യമായ തരത്തിൽ നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികച്ച സംഭാവനകൾ ഉണ്ടാകേണ്ടതുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഒരു അവലോകനം താഴെ കൊടുത്തിരിക്കുന്നു:

**സർവ്വകലാശാലകളും ഉന്നതവിദ്യാഭ്യാസവും**

സംസ്ഥാനത്ത് ആകെ 14 സർവ്വകലാശാലകളുണ്ട്. ഇതിൽ 4 സർവ്വകലാശാലകൾ - കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ എന്നിവ - പൊതുസ്വഭാവമുള്ളതും, വിവിധ കോഴ്സുകൾ നടത്തുന്നവയും ആണ്. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, കേരള വെറ്റിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരള കാർഷിക സർവ്വകലാശാല, കേരള ആരോഗ്യ സർവ്വകലാശാല, കേരള മത്സ്യ, സമുദ്രോല്പന്ന പഠന സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല തുടങ്ങിയവ പ്രത്യേക വിഷയങ്ങളിൽ വൈദഗ്ധ്യം നേടുന്നതിന് സഹായകമായ കോഴ്സുകൾ നടത്തിവരുന്നു. 2020-ൽ കൊല്ലം ആസ്ഥാനമായി സ്ഥാപിതമായ കേരളത്തിലെ ഏക ഓപ്പൺ യൂണിവേഴ്സിറ്റിയായ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും 2020-ൽ സ്ഥാപിതമായ ഡിജിറ്റൽ യൂണിവേഴ്സിറ്റിയും അത്യാധുനിക വിജ്ഞാന മണ്ഡലത്തിലെ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ആവശ്യകതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതുതായി സ്ഥാപിതമായ സർവ്വകലാശാലകളാണ്. ഇതുകൂടാതെ 2005 ൽ, സ്ഥാപിതമായ നുവാൽസ് അഥവാ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കാസർഗോഡ് സ്ഥാപിച്ച കേന്ദ്ര സർവ്വകലാശാല എന്നിവയും പ്രവർത്തിക്കുന്നു. ഐഐടി പാലക്കാട്, ഐഐഎം കോഴിക്കോട്, എഐഎസ്ഇആർ തിരുവനന്തപുരം എന്നിവയാണ് കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാന ദേശീയതല സ്ഥാപനങ്ങൾ.

**ആർട്സ് ആന്റ് സയൻസ് കോളേജുകൾ**

2022-23 ൽ, 164 സർക്കാർ എയ്ഡഡ് കോളേജുകളും 66 സർക്കാർ കോളേജുകളും ഉൾപ്പെടുന്ന 230 ആർട്സ് ആൻഡ് സയൻസ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ നിരവധി അൺ-എയ്ഡഡ്/സെൽഫ് ഫിനാൻസിങ് കോളേജുകളും സർവ്വകലാശാലകളുടെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഉള്ളത് എറണാകുളത്തും തിരുവനന്തപുരത്തുമാണ് (26), തൊട്ടടുത്ത സ്ഥാനം കോട്ടയത്തിനാണ് (24). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ കോളേജുകളുള്ളത് (10) തിരുവനന്തപുരത്തും കോഴിക്കോട്ടുമാണ്. 2022-23 ൽ സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 6.1.25** ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളുടെയും സ്വയംഭരണ കോളേജുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 6.1.26** ൽ നൽകിയിരിക്കുന്നു.

**വിദ്യാർത്ഥികളുടെ പ്രവേശനം**

കേരളത്തിലെ നാല് സർവ്വകലാശാലകൾക്ക് കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 2022-23 -ൽ 3.53 ലക്ഷം വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട് (അൺ എയ്ഡഡ് കോളേജുകൾ ഒഴികെ). ഇതിൽ 2.30 ലക്ഷം (65.3 ശതമാനം) പെൺകുട്ടികളാണ്. **(പട്ടിക 6.1.7)**


ബിരുദ പഠനത്തിന് പ്രവേശനം നേടിയിട്ടുള്ള കുട്ടികളിൽ 47.8 ശതമാനം പേർ ബി.എ യ്ക്കും, 36.7 ശതമാനം പേർ ബി.എസ്.സി.യ്ക്കും, 15.6 ശതമാനം പേർ ബി.കോമിനുമാണ് ചേർന്നിട്ടുള്ളത്. ബിരുദ പഠനത്തിന് പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ 65.4 ശതമാനം പെൺകുട്ടികളാണ്. ആൺ-പെൺ തിരിച്ചുള്ള പ്രവേശനം വ്യക്തമാക്കുന്നത് ബി.എ, ബി.എസ്.സി കോഴ്സുകളെക്കാൾ ആൺകുട്ടികൾ തെരഞ്ഞെടുക്കുന്നത് ബി.കോം കോഴ്സാണ് എന്നാണ്. **(ചിത്രം 6.1.3).**

**പട്ടിക 6.1.7** ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണവും ശതമാനവും

| കോഴ്സ് | ആകെ | പെൺകുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|
| ബി.എ | 1,46,804 | 94,627 | 52,177 | 64.5 |
| ബി എസ്.സി | 1,12,604 | 76,069 | 36,535 | 67.6 |
| ബി.കോം. | 47,863 | 30,229 | 17,634 | 63.2 |
| ആകെ | 3,07,271 | 2,00,925 | 1,06,346 | 65.4 |
| എം.എ | 17,240 | 11,123 | 6,117 | 64.5 |
| എം.എസ്.സി | 21,232 | 13,335 | 7,897 | 62.8 |
| എം.കോം | 7,131 | 4,967 | 2,164 | 69.7 |
| ആകെ | 45,603 | 29,425 | 16,178 | 64.5 |
| ആകെ മൊത്തം | 3,52,874 | 2,30,350 | 1,22,524 | 65.3 |

അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**ചിത്രം 6.1.3** 2022-23 ലെ ഡിഗ്രി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ സ്ത്രീ പുരുഷ അനുപാതം




അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

ബി.എ. ബിരുദ കോഴ്സിന് ആകെ 27 വിഷയങ്ങളാണുള്ളത്. സാമ്പത്തിക ശാസ്ത്രത്തിൽ ആണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത്. തൊട്ടുപുറകിൽ ഇംഗ്ലീഷ് വരുന്നു. ബി.എസ്.സി. കോഴ്സിനു കീഴിൽ ആകെ 31 വിഷയങ്ങൾ ആണുള്ളത്. ഇവിടെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത് ഫിസിക്സിലാണ്. തൊട്ടുപിറകിൽ ഗണിതശാസ്ത്രമാണ്. ബി.എ., ബി.എസ്.സി., ബി.കോം കോഴ്സുകളിലായി ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.27, 6.1.28, 6.1.29** എന്നിവയിൽ നൽകിയിരിക്കുന്നു. 2022-23ൽ 23,352 വിദ്യാർത്ഥികളാണ് ബിരുദാനന്തര ബിരുദ കോഴ്സിന് സംസ്ഥാനത്ത് പ്രവേശനം നേടിയത്. പിജി കോഴ്സുകളിൽ ചേരുന്നവരിൽ 65.6 ശതമാനവും പെൺകുട്ടികളാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ എം.എ, എം.എസ്.സി, എം.കോം കോഴ്സുകൾക്ക് പ്രവേശനം നേടിയവരുടെ വിശദമായ കണക്കുകൾ **അനുബന്ധം 6.1.30, 6.1.31, 6.1.32** എന്നിവയിൽ നൽകിയിരിക്കുന്നു.

### പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾ

2022-23ൽ സംസ്ഥാനത്തെ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനം നേടിയ പട്ടികജാതി (എസ്‌സി) വിദ്യാർത്ഥികൾ 32,880 ആണ്, ഇത് മൊത്തം വിദ്യാർത്ഥികളുടെ 9.32 ശതമാനമാണ്. മുൻവർഷത്തെ അപേക്ഷിച്ച് പട്ടികജാതി (എസ്‌സി) വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ നേരിയ വർദ്ധനയുണ്ട്, 2021-22ൽ ഇത് 9.28 ശതമാനമാണ്. 2022-23ൽ സംസ്ഥാനത്ത് ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനം നേടിയ പട്ടികവർഗ വിദ്യാർത്ഥികളുടെ എണ്ണം 8,496 ആണ്;


ഇത് മൊത്തം വിദ്യാർത്ഥികളുടെ 2.41 ശതമാനമാണ്. പട്ടികവർഗ വിദ്യാർത്ഥികളുടെ പ്രവേശനത്തിലും 2021-22 നെ അപേക്ഷിച്ച് നേരിയ വർധനവ് കാണിക്കുന്നു. 2021-22ൽ ഇത് 2.32 ശതമാനമായിരുന്നു. 2022-23 ൽ കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ചേർന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കണക്കുകൾ **അനുബന്ധം 6.1.33** ൽ കാണാം. പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികളുടെ ശതമാനാടിസ്ഥാനത്തിലുള്ള വിവരങ്ങൾ **പട്ടിക 6.1.8** ലും **ചിത്രം 6.1.4** ലും കാണാം.

**പട്ടിക 6.1.8** 2022-23 ൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി, എസ്.ടി വിദ്യാർത്ഥികൾ

| കോഴ്സ് | ആകെ | ശതമാനം എസ്.സി | ശതമാനം എസ്.ടി | ശതമാനം മറ്റുള്ളവർ |
|---|---|---|---|---|
| ബി.എ | 100 | 7.73 | 2.44 | 89.83 |
| ബി.എസ്.സി | 100 | 11.62 | 1.18 | 87.21 |
| ബി.കോം | 100 | 8.62 | 2.29 | 89.09 |
| ആകെ (ഡിഗ്രി) | 100 | 9.29 | 1.95 | 88.75 |
| എം.എ | 100 | 9.32 | 6.37 | 84.30 |
| എം.എസ്.സി | 100 | 8.78 | 3.99 | 87.22 |
| എം.കോം | 100 | 11.99 | 7.60 | 80.41 |
| ആകെ (പി.ജി) | 100 | 9.49 | 5.46 | 85.05 |
| ആകെ | 100 | 9.32 | 2.41 | 88.27 |

അവലംബം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**ചിത്രം 6.1.4** 2022-23 ലെ ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾ ശതമാനത്തിൽ




ഉറവിടം: കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**സ്കോളർഷിപ്പുകൾ**

2022-23ൽ കേരളത്തിലെ വിദ്യാർത്ഥികൾക്ക് 16 തരം കേന്ദ്ര-സംസ്ഥാനതല സ്കോളർഷിപ്പുകൾ ലഭിക്കുന്നു. ജില്ല മെറിറ്റ് സ്കോളർഷിപ്പ് (18,548), കേരള സംസ്ഥാന സുവർണ്ണ ജൂബിലി സ്കോളർഷിപ്പ് (3,327), സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് (9,770)എന്നിവയാണ് 2022-23 വർഷത്തിൽ നല്കിയ പ്രധാന സ്കോളർഷിപ്പുകൾ. 2018-19 മുതൽ 2022-23 വരെയുള്ള കാലഘട്ടത്തിൽ നൽകിയിട്ടുള്ള സ്കോളർഷിപ്പുകളുടെ വിവരങ്ങൾ **അനുബന്ധം 6.1.34** ൽ കൊടുത്തിരിക്കുന്നു.

**അദ്ധ്യാപകർ**

സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2022-23 ലെ അധ്യാപകരുടെ എണ്ണം 10,747 ആണ്. ഇതിൽ 57.4 ശതമാനം സ്ത്രീകളാണ്. 2018-19 മുതൽ 2022-23 വരെയുള്ള വർഷങ്ങളിൽ സർവ്വകലാശാല തിരിച്ച് കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അധ്യാപകരുടെ എണ്ണം അനുബന്ധം 6.1.35 ൽ കാണാം. ഇവരിൽ 4,477 പേർ (41.7 ശതമാനം) പി.എച്ച്.ഡി. ബിരുദമുള്ളവരാണ്. വിശദവിവരങ്ങൾ **അനുബന്ധം 6.1.36** ൽ കൊടുത്തിട്ടുണ്ട്. 2022 ൽ സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 3,985 പേർ ഗസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്യുന്നു. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1.37** ൽ കാണാം.

**കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പ്രധാന സംരംഭങ്ങൾ**

**വിശപ്പ് രഹിത കാമ്പസ്:** കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ കോളേജുകളിൽ പഠിക്കുന്ന 30,000 ത്തോളം വിദ്യാർത്ഥികൾക്ക് കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള ഭക്ഷണം നൽകി ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം മുതൽ "വിശപ്പ് രഹിത ക്യാമ്പസ്" എന്ന പദ്ധതി സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുന്നു.. നിലവിൽ വകുപ്പിന് കീഴിലുള്ള കോളേജുകളിലെ കാന്റീനുകൾ കുടുംബശ്രീ യൂണിറ്റുകൾ വഴിയാണ് പ്രവർത്തിക്കുന്നത്. പ്രതികൂല ജീവിതസാഹചര്യങ്ങളിൽ നിന്ന് വരുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കോളേജുകൾ തിരിച്ചറിയുകയും ആ വിദ്യാർത്ഥികൾക്ക് പ്രത്യേക കൂപ്പൺ/ടോക്കൺ മുഖേന 10/- രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകുകയും ചെയ്യുന്നു. കാന്റീനുകൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനാണ് ഈ തുക പൂർണമായും കാന്റീനുകൾക്ക് അനുവദിച്ചിരിക്കുന്നത്.

**മിനി വ്യവസായ യൂണിറ്റ്:** യുവതലമുറയെ വ്യവസായ ലോകത്തേക്ക് ഉയർത്താൻ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ രൂപീകരിച്ച പുതിയ സംരംഭമാണ് തൃപ്പൂണിത്തുറ ആർഎൽവി മ്യൂസിക് & ഫൈൻ ആർട്സ് കോളേജിൽ ആരംഭിച്ച മിനി വ്യവസായ യൂണിറ്റ്. ആർഎൽവി കോളേജിലെ മിനി വ്യവസായ യൂണിറ്റിന്റെ ഭാഗമായി പാഴ് വസ്തുക്കളിൽ നിന്ന് ശിൽപങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചു. "സീറോ വേസ്റ്റ്" എന്ന ആശയം പ്രവർത്തനക്ഷമമാക്കുക എന്നത് നിലവിൽ ഒരു വെല്ലുവിളി നിറഞ്ഞ ലക്ഷ്യമായി മാറുകയാണ്.

**അക്കാദമിക് നിലവാരം മെച്ചപ്പെടുത്തൽ പരിപാടികൾ:** അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി വകുപ്പ് വിവിധ പരിപാടികൾ നടത്തിയിട്ടുണ്ട്. പ്രധാന

പരിപാടികൾ ഇവയാണ്: സ്കോളർ സപ്പോർട്ട് പ്രോഗ്രാം, വാക്ക് വിത്ത് സ്കോളർ, അക്കാദമിക് മികവ് ഉറപ്പാക്കുന്നതിനുള്ള ഫോസ്റ്ററിംഗ് ലിങ്കേജസ് ഫോർ അക്കാദമിക് ഇന്നൊവേഷൻ ആൻഡ് റിസർച്ച് (FLAIR). ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നിർദ്ദേശമാണ് മറ്റൊരു സംരംഭം. വളർന്നുവരുന്ന വിജ്ഞാന മേഖലകളിൽ ഗവേഷണം നടത്തുന്നതിനും നൂതന വിജ്ഞാന കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് അവരെ പിന്തുണയ്ക്കുന്നതിനും രാജ്യത്തും സംസ്ഥാനത്തും മികച്ച വിഭവങ്ങൾ കൊണ്ടുവരാനും ഈ പദ്ധതി ഉദ്ദേശിക്കുന്നു. ഉന്നതവിദ്യാഭ്യാസ പരിഷ്കരണങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 7 മികവിന്റെ കേന്ദ്രങ്ങൾ നടപ്പാക്കാൻ നിർദ്ദേശിക്കുകയും ഡിപിആർ രൂപീകരിക്കുകയും ചെയ്യുന്നു. ഇവ കൂടാതെ വിവിധ സർവകലാശാലകളുടെ കീഴിൽ മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അക്കാദമിക് പഠനത്തിനും ഉദ്യമത്തിനുമുള്ള പെർഫോമൻസ് ലിങ്ക്ഡ് പ്രോജക്ട് (പ്ലീസ്) പുതിയതും സങ്കീർണ്ണവുമായ ഗവേഷണ പദ്ധതികളും ആശയങ്ങളും ഏറ്റെടുക്കാൻ അക്കാദമിക് സമൂഹത്തെ പ്രേരിപ്പിക്കുന്ന ഒരു പദ്ധതിയാണ്. ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ ഗവേഷണത്തിനും മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾക്കുമായി നൂതന ആശയങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനെ ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. 2022-23 കാലയളവിൽ, വിവിധ സർവ്വകലാശാലകൾക്ക് കീഴിലുള്ള ആറ് കോളേജുകൾ ഈ പരിപാടിയിലൂടെ പ്രയോജനം നേടി.

**മുഖ്യമന്ത്രിയുടെ പ്രതിഭ സ്കോളർഷിപ്പ് അവാർഡ്:** മുഖ്യമന്ത്രിയുടെ 100 ദിവസത്തെ പരിപാടിയുടെ ഭാഗമായി, 2022-23 കാലയളവിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 1000 പ്രതിഭാധനരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്ത നൂതന പദ്ധതിയാണ് പ്രതിഭാധനസഹായ പദ്ധതി. 2022-23 കാലയളവിൽ 1000 സ്കോളർഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്.

**കരിയർ കാമ്പസ്സുമായി ബന്ധിപ്പിക്കുക:** ഈ പദ്ധതിയിലൂടെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള "ഏൺ വൈൽ യു ലേർൺ" പദ്ധതിയും കേരള നോളജ് ഇക്കണോമി മിഷന്റെ "കണക്ട് കരിയർ ടു കാമ്പസ്" പദ്ധതിയും സംയോജിപ്പിച്ച് കേരളത്തിലെ എല്ലാ കോളേജ് വിദ്യാർത്ഥികൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.

**ജീവനി – കോളേജ് മാനസിക ബോധവൽക്കരണ പരിപാടി:–** ഈ പരിപാടിയിലൂടെ ജീവനി കൗൺസിലർമാരെ ഉപയോഗിച്ച് കോളേജുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും മാനസിക പിന്തുണ ലഭിക്കും അതുവഴി സ്ഥാപനങ്ങളിൽ നല്ല അന്തരീക്ഷം പ്രോത്സാഹിപ്പിക്കും. സർക്കാർ, എയ്ഡഡ് മേഖലയ്ക്ക് കീഴിലുള്ള എല്ലാ കോളേജുകളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

**സർക്കാർ കോളേജുകൾക്കായുള്ള കൊളീജിയറ്റ് എജ്യുക്കേഷന്റെ ഓൺലൈൻ റിസോഴ്സ് സംരംഭങ്ങളുടെ (ORICE) കേന്ദ്രങ്ങൾ:–** രാജ്യവ്യാപകമായി ക്ലാസ് മുറികൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സർക്കാർ കോളേജുകളിൽ വൺവേയും ടുവേയും കമ്മ്യൂണിക്കേഷനുമുള്ള ORICE സബ് സെന്ററുകൾ സ്ഥാപിച്ചു. ഫാക്കൽറ്റിയായി ദേശീയ അന്തർദ്ദേശീയ തലങ്ങളിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സർവ്വകലാശാലകളിൽ നിന്നും പ്രഗത്ഭരായ പണ്ഡിതരെ വിസിറ്റിംഗ് സ്കോളേഴ്സ് പ്രോഗ്രാമിന്റെ ഭാഗമായി വിസിറ്റിംഗ് ഫാക്കൽറ്റിയായി ക്ഷണിക്കുന്നു. ഈ പണ്ഡിതരുടെ പ്രഭാഷണങ്ങളും ക്ലാസുകളും ORICE ടെലികാസ്റ്റിംഗ് സ്റ്റുഡിയോ വഴി റെക്കോർഡ് ചെയ്യുകയും കൈമാറുകയും ചെയ്യുന്നു.

**കേരളത്തിലെ സർവ്വകലാശാലകൾ ആരംഭിച്ച പ്രധാന പരിപാടികൾ**

- **ഐടി അധിഷ്ഠിത അക്കാദമിക് സംരംഭങ്ങൾ:** ഒരു ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള ടയർ-3 ഡാറ്റാ സെന്ററിനാൽ എല്ലാ സർവ്വകലാശാലകളും, ഐടി പ്രവർത്തനക്ഷമമാക്കുകയും ഡിജിറ്റലായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. എൽഎംഎസ് (മൂഡിൽ അടിസ്ഥാനമാക്കിയുള്ളത്), ഓൺലൈൻ മീറ്റിംഗുകൾക്കും ക്ലാസുകൾക്കുമായി യുകെ മീറ്റ്, സംയോജിത ലൈബ്രറികൾക്കായി കോഹ അടിസ്ഥാനമാക്കിയുള്ള Uni@Home, കെയു പദശാല (യുട്യൂബ് അടിസ്ഥാനമാക്കിയുള്ള വീഡിയോ ആർക്കൈവ്), സുരക്ഷിതമായ ഓൺലൈൻ പരീക്ഷകൾക്കും മൂല്യനിർണയത്തിനുമുള്ള സുരക്ഷിത പരീക്ഷ ബ്രൗസർ, അധ്യാപകരുടെ സംഭാവനകൾ ഏകീകരിക്കുന്നതിനുള്ള ആചാര്യ മൊബൈൽ ആപ്പ്, ഓൺലൈൻ കോഴ്സുകൾക്കുള്ള വെർച്വൽ സ്കൂൾ എന്നിങ്ങനെ ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോമുകളെ അടിസ്ഥാനമാക്കി സർവ്വകലാശാലകൾ അവരുടെ പ്രത്യേക ആവശ്യങ്ങൾക്കായി സ്വന്തം ഇന്റർഫേസുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അധ്യാപകർ ഈ ഐസിടി സൗകര്യങ്ങളും ഇ-ജേണലുകൾ, ഇ-ബുക്കുകൾ, ഓൺലൈൻ പ്രഭാഷണങ്ങൾ, ഇ-ഡാറ്റാബേസ് തുടങ്ങിയ മറ്റ് ബാഹ്യ ഓൺലൈൻ ഉറവിടങ്ങളും വിപുലമായി ഉപയോഗിക്കുന്നു. പകർച്ചവ്യാധിക്കുശേഷം ഓൺലൈൻ സംവിധാനങ്ങളുടെ പ്രാധാന്യം ഗണ്യമായി വർദ്ധിച്ചത് വൻതോതിലുള്ള ഡിജിറ്റൽ ഉള്ളടക്ക ഉൽപ്പാദനം, അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപിക്കൽ, മികച്ച കണക്റ്റിവിറ്റി എന്നിവ ആരംഭിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിപ്പിച്ചു.
- **ഓട്ടോമേഷൻ/ഇ–ഗവേണൻസ്:** എല്ലാ സർവ്വകലാശാലകളിലെയും ഭരണനിർവഹണം,, അക്കാദമിക്, ധനകാര്യം, ആസൂത്രണം, പരീക്ഷാ വിഭാഗങ്ങൾ, ഏതൊരു ഗുണഭോക്താക്കൾക്കും വേഗത്തിലുള്ളതും കാര്യക്ഷമവുമായ ഇടപാടുകൾ ഉറപ്പാക്കുന്നതിന് പൂർണ്ണമായും യാന്ത്രികമാണ്. എന്നിരുന്നാലും, ഒരു പൊതു ഇന്റർഫേസ് ഉള്ള എല്ലാ പ്രവർത്തനങ്ങളും പരിഹരിക്കുന്നതിന് യന്ത്രവൽക്കരണ പ്രക്രിയകൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇത് അക്കാദമിക് സ്ഥാപനങ്ങളുടെ പ്രതികരണശേഷി മെച്ചപ്പെടുത്തുകയും ഫലപ്രഖ്യാപനം പോലുള്ള പ്രക്രിയകൾ തടസ്സരഹിതമാക്കുകയും ചെയ്യും. ഈ മേഖലയിലെ അടുത്ത തലമുറയിലെ

പരിഷ്കാരങ്ങൾ സംരംഭ വിഭവ ആസൂത്രണ പ്രയോഗങ്ങളിലൂടെ മികച്ച സങ്കീർണ്ണതയിലും വിദ്യാർത്ഥികളുടെ ആവശ്യങ്ങളോട് കൂടുതൽ പ്രതികരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കും.

- **വെർച്ചൽ ലേണിംഗ് സെന്റർ**: കേരള സർവകലാശാല അടുത്തിടെ പരീക്ഷണാടിസ്ഥാനത്തിൽ ഒരു വെർച്ചൽ ലേണിംഗ് സെന്റർ http://www.hpc.ku.in/moodle ആരംഭിക്കുകയും ചില ഓൺലൈൻ കോഴ്സുകൾ വിജയകരമായി നടത്തുകയും ചെയ്തിട്ടുണ്ട്. ഇത് സൗജന്യവും ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തെ അടിസ്ഥാനമാക്കിയുള്ളതും പിഎച്ച്പി യിൽ എഴുതിയതും ജി എൻ യു ജനറൽ പബ്ലിക് ലൈസൻസിന് കീഴിൽ വിതരണം ചെയ്യുന്നതുമാണ്. കേന്ദ്രത്തിലെ സൗകര്യങ്ങൾ ബ്ലെൻഡഡ് ലേണിംഗ്, വിദൂര വിദ്യാഭ്യാസം, ഫ്ലിപ്ഡ് ക്ലാസ്റൂം, മറ്റ് ഇ-ലേണിംഗ് പ്രോജക്ട്കൾ എന്നിവയ്ക്കായി ഉപയോഗിക്കാം. മറ്റ് സർവ്വകലാശാലകളിലെ വെർച്ചൽ പഠന കേന്ദ്രങ്ങൾ അവയുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിച്ച് ശക്തിപ്പെടുത്തുകയാണ്. നിരവധി കോളേജുകളും സമാനമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- **ഗ്രീൻ എനർജി സംരംഭങ്ങൾ:** സർവ്വകലാശാലകളും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സൗരോർജ്ജം ടാപ്പുചെയ്യുന്നതിനുള്ള വ്യവസ്ഥകളും കാര്യക്ഷമമായ ജലസംഭരണവും മാലിന്യ സംസ്കരണവും ഉൾപ്പെടെയുള്ള ഊർജ്ജ കാര്യക്ഷമമായ ഹരിത കാമ്പസുകൾ ആരംഭിച്ചു. ഉദാഹരണത്തിന്, കാര്യവട്ടം കാമ്പസിന്റെ ഗോൾഡൻ ജൂബിലി ബിൽഡിംഗിന്റെ മേൽക്കൂരയിൽ സ്ഥാപിച്ചിട്ടുള്ള 100 KW ഗ്രിഡ് കണക്ട് ചെയ്ത സോളാർ ഫോട്ടോ വോൾട്ടായിക് പവർ പ്ലാന്റ്, ഒരു വർഷം 146000 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ഇത് കേരള സർവ്വകലാശാലയുടെ 'ഗോ ഗ്രീൻ' സംരംഭങ്ങൾക്ക് അനുസൃതമാണ്, കൂടാതെ ഇത് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തന്നെ അതുല്യവും അത്വിദീയമായതുമാണ്.
- **ഗ്ലോബൽ ഇനീഷ്യേറ്റീവ് ഓഫ് അക്കാഡമിക് നെറ്റ്‌വർക്കുകളുടെ (GIAN) കീഴിലുള്ള വിദേശ അധ്യാപകർ:** ഇന്ത്യാ ഗവൺമെന്റിന്റെ MHRD യുടെ സഹായത്തോടെ, ഗ്ലോബൽ ഇനീഷ്യേറ്റീവ് ഓഫ് അക്കാദമിക് നെറ്റ്‌വർക്കുകളുടെ (GIAN) സ്കീമുകൾക്ക് കീഴിൽ വിദേശ അധ്യാപകരുടെ മൂന്ന് കോഴ്സുകൾ കേരള സർവകലാശാലയിൽ അനുവദിച്ചു.
- **ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്ററുകൾ:** എല്ലാ പ്രധാന സർവകലാശാലകളും പ്രത്യേക സർവകലാശാലകളും നൂതന, വ്യവസായ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റി ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ (കെയുബിഐഐസി) സ്ഥാപിക്കുകയും പതിനൊന്ന് സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുകയും ചെയ്തിട്ടുണ്ട്. അടുത്തിടെ, കെയുബിഐഐസി ആശയങ്ങൾ ഒരു ഓൺലൈൻ കോൾ ഹാക്കത്തോൺ മത്സരമായ ഹൈ 2021 (ലാബിൽ നിന്ന് സൊസൈറ്റിയിലേക്ക്), നടത്തിയതിന് ശേഷം ഐഡിയേഷൻ ഘട്ടത്തിൽ 52 പുതിയ സ്റ്റാർട്ടപ്പുകളെ തിരഞ്ഞെടുത്തു (42 ഡിപ്പാർട്ട്മെന്റുകളിൽ നിന്നും 10 എണ്ണം കേരള സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും).
- **ലൈബ്രറികളുടെ കംപ്യൂട്ടർവൽക്കരണം:** കേരള സർവ്വകലാശാലയിലെ മിക്കവാറും എല്ലാ ലൈബ്രറി പ്രവർത്തനങ്ങളും Libsys-4 സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കമ്പ്യൂട്ടർവത്കരിച്ചതാണ്. മുഴുവൻ അംഗങ്ങളുടെയും ഡാറ്റാബേസ് സൃഷ്ടിച്ചു, അത് ദിവസേന നവീകരിക്കുകയും ചെയ്യുന്നു. പുസ്തകമെടുക്കുന്നതിന്റെ ടിക്കറ്റുകൾ സ്വയമേവ ജനറേറ്റുചെയ്യുന്നു. പ്രമുഖർ, ഗവേഷണ പണ്ഡിതർ, അധ്യാപകർ തുടങ്ങിയ അംഗത്വ വിഭാഗങ്ങൾക്കായി ആർഎഫ്ഐഡി അടിസ്ഥാനമാക്കിയുള്ള സ്മാർട്ട് കാർഡ് സംവിധാനം നടപ്പിലാക്കി. എല്ലാ വിഭാഗങ്ങളും ലാൻ വഴി ബന്ധിപ്പിച്ചിരിക്കുന്നു. കേരള സർവ്വകലാശാലയിലെ മുഴുവൻ ലൈബ്രറി സംവിധാനങ്ങളും വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോമായ "കോഹ" ഉപയോഗിച്ച് ഇന്റഗ്രേറ്റഡ് ലൈബ്രറി മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നത് പൂർത്തിയായി. മുഴുവൻ ലൈബ്രറി സിസ്റ്റത്തിലും "കോഹ ഇന്റഗ്രേറ്റഡ് ലൈബ്രറി മാനേജ്മെന്റ് സിസ്റ്റം" അവതരിപ്പിക്കുന്നതോടെ, വിദ്യാർത്ഥി കൾക്ക് ആർഎഫ്ഐഡി യുള്ള ഒറ്റ കാർഡ് ഉപയോഗിച്ച് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള വിവിധ ലൈബ്രറികളുടെ സേവനങ്ങൾ ഉപയോഗിക്കാൻ കഴിയും. കൂടാതെ, മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾക്കും ഇത് ഉപയോഗിക്കാം, ഇത് ആത്യന്തികമായി കേരള സർവകലാശാലയിൽ 'ഒരു കാമ്പസ്, ഒരു ലൈബ്രറി സിസ്റ്റം' എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സഹായിക്കും.
- **സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റം (എക്സാമിനേഷൻ സോഫ്റ്റ്‌വെയർ):** കേരള യൂണിവേഴ്സിറ്റിയിലെ 'സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റം (എക്സാമിനേഷൻ സോഫ്റ്റ്‌വെയർ)' എന്ന പ്രോജക്റ്റ് ഒരു വിദ്യാർത്ഥിയുടെ "ലൈഫ് സൈക്കിൾ" പ്രവേശന നടപടിക്രമം മുതൽ, അന്തിമ സർട്ടിഫിക്കറ്റുകൾ നൽകുന്നതുവരെ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സമഗ്ര സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കാൻ വിഭാവനം ചെയ്യുന്നു. കൂടാതെ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ, പ്രവേശനം, മെട്രിക്കുലേഷൻ, മൈഗ്രേഷൻ, യോഗ്യത, എസ്ഡിസി തുടങ്ങിയ വിദ്യാർത്ഥി സേവനങ്ങൾ, പരീക്ഷാ രജിസ്ട്രേഷൻ, വെരിഫിക്കേഷൻ സിഎ മാർക്ക്, ഹാജർ, അധ്യാപക സൂചിക കാർഡ്, ഓൺലൈൻ ചോദ്യപേപ്പറുകൾ, ഹാൾ ടിക്കറ്റുകൾ, ക്യൂആർ കോഡ് ചെയ്ത ഫാൾസ് നമ്പറിംഗ്, ഓൺലൈൻ പരീക്ഷ, ക്യാമ്പ് മാനേജ്മെന്റ്, ഓൺലൈൻ മൂല്യനിർണ്ണയം, ക്യൂആർ കോഡ് സംവിധാനം, ടാബുലേഷൻ, ഫല പ്രസിദ്ധീകരണം, പുനർമൂല്യനിർണയം, ഏകീകൃത മാർക്ക് ലിസ്റ്റ്, ബിരുദ സർട്ടിഫിക്കറ്റുകളും മറ്റ് പ്രസക്തമായ എല്ലാ സർട്ടിഫിക്കറ്റുകളും തുടങ്ങി എല്ലാ സൈക്കിളുകളും ഇതിന്റെ സാധ്യതയിൽ ഉൾക്കൊള്ളുന്നു.
- **എം ജി സർവ്വകലാശാലയിലെ കൺവെർജൻസ് അക്കാഡമിയ കോംപ്ലക്സ്:** പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ പ്രധാന നേട്ടങ്ങളിലൊന്നാണ് എം ജി സർവ്വകലാശാലയിലെ "കൺവേർജൻസ് അക്കാദമിയ കോംപ്ലക്സിന്റെ" നിർമ്മാണം പൂർത്തീകരിച്ചത്. ഇന്ത്യയിലും വിദേശത്തുമുള്ള കേന്ദ്രങ്ങൾ, എംഎൻജിയു ഗവേഷണ സ്കൂളുകൾ, എൻജിഒകൾ, ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായങ്ങൾ എന്നിവയ്ക്കിടയിൽ വലിയ തോതിലുള്ള ഇന്റർ ഡിസിപ്ലിനറി ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് കൺവെർജൻസ് അക്കാദമി കോംപ്ലക്സ്.

- **ഓട്ടോമേറ്റഡ് ലേണിംഗ് ആൻഡ് ഇവാല്വേഷൻ മാനേജ്മെന്റ് സിസ്റ്റവും എംജി യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥി സേവനങ്ങൾക്കായുള്ള അടിസ്ഥാനസൗകര്യങ്ങളും:** "അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാമുകൾക്കായുള്ള ഡയറക്ടറേറ്റിലെ വിദ്യാർത്ഥി സേവനങ്ങൾക്കായി ഓട്ടോമേറ്റഡ് ലേണിംഗ് ആൻഡ് ഇവാല്വേഷൻ മാനേജ്മെന്റ് സിസ്റ്റവും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുക" എന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ പ്രധാന ശ്രമങ്ങളിലൊന്നാണ്. ഓൺലൈൻ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (എൽഎംഎസ്) വികസിപ്പിക്കുക, വിദ്യാർത്ഥി പ്രവേശന പ്രക്രിയ കാര്യക്ഷമമാക്കുന്നതിന് ഇന്ററാക്ടീവ് സ്റ്റുഡന്റ് ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിക്കുക, ഓൺലൈൻ പരീക്ഷാ അടിസ്ഥാനസൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനൊപ്പം ഓൺലൈൻ പരീക്ഷകൾക്ക് ഫലപ്രദമായ സംവിധാനം വികസിപ്പിക്കുക വിദ്യാർത്ഥികളുടെ ചോദ്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഉത്തരം നൽകുന്നതിനുമായി ഒരു കോൾ സെന്റർ സൃഷ്ടിക്കുക എന്നിവയായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- **'ടാബുലേഷൻ രജിസ്റ്ററുകളുടെ ഡിജിറ്റൈസേഷൻ'**– മഹാത്മാഗാന്ധി സർവകലാശാല 1983-ൽ ആരംഭിച്ചതു മുതലുള്ള വിദ്യാർത്ഥികളുടെ എല്ലാ പരീക്ഷാ രേഖകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. മൊത്തം നാശത്തിന്റെ വക്കിലായിരുന്ന ആ റെക്കോർഡുകളും ഇപ്പോൾ ഡിജിറ്റൽ രീതിയിൽ ലഭ്യമാണ്.
- **'നിർമലം – എംജിയു'** 2018-ൽ സംസ്ഥാന സർക്കാർ ആരംഭിച്ച ഗ്രീൻ പ്രോട്ടോക്കോൾ പ്രചാരണത്തിലാണ് ഹരിത ചിന്തകൾക്കായി അർപ്പിതമായ ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. എല്ലാ ഖരമാലിന്യങ്ങളുടെയും വിജയകരമായ പുനരുപയോഗം അല്ലെങ്കിൽ അപ്സൈക്ലിംഗ്, എല്ലാ ജൈവ നശീകരണ മാലിന്യങ്ങളും എല്ലാ വിള സൗഹൃദ കമ്പോസ്റ്റ് പോലെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ ഈ പദ്ധതിയുടെ പ്രധാന നേട്ടമാണ്.
- **'എംജിയു ഡിഎഎസ് പി ഓൺലൈൻ പരീക്ഷാ കേന്ദ്രം' പ്രവർത്തനക്ഷമമാക്കി.** ഈ കേന്ദ്രത്തിൽ ഒരേസമയം 100 വിദ്യാർത്ഥികൾക്ക് ഓൺലൈൻ പരീക്ഷയിൽ പങ്കെടുക്കാം. ആദ്യ ഘട്ടത്തിൽ, ഇഷ്ടാനുസൃതമായി വികസിപ്പിച്ച ഓട്ടോമേറ്റഡ് ലേണിംഗ് ആൻഡ് ഇവാല്വേഷൻ മാനേജ്മെന്റ് സിസ്റ്റം (ALEMS) വഴി ഓട്ടോമേറ്റഡ് സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സൗകര്യം വികസിപ്പിച്ചെടുത്തു.
- **കുസാറ്റിലെ ടെക്നോളജി ബിസിനസ് ഇൻകുബേഷനും സ്റ്റാർട്ടപ്പ് സംരംഭങ്ങളും:** 4000 ചതുരശ്ര അടി വിസ്തീർണമുള്ള ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ (ടിബിഐ) സി ഐ റ്റി റ്റി ഐ സി എന്ന പേരിൽ കേരള സർക്കാരിൽ നിന്ന് 1 കോടി രൂപ ഗ്രാന്റോടെ സ്ഥാപിക്കുന്ന കേരളത്തിലെ ആദ്യത്തെ സംസ്ഥാന സർവ്വകലാശാലയാണ് കുസാറ്റ്. പ്രധാനമായും CITTIC ൽ പ്രവർത്തിക്കുന്ന 50 സ്റ്റാർട്ടപ്പുകൾ കുസാറ്റ് വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളുമാണ് നടത്തുന്നത്. ഈ കേന്ദ്രം അക്കാദമിക് വിദഗ്ധരുമായും വ്യവസായികളുമായും ബന്ധപ്പെട്ട് ആവശ്യമായ സഹായങ്ങൾ നൽകിക്കൊണ്ട് അവരുടെ ബിസിനസ്സ് വളർത്താൻ ഇൻകുബേറ്റുകളെ സഹായിക്കുന്നു. കുസാറ്റ് ടിബിഐയിൽ ഇൻകുബേറ്റ് ചെയ്ത 19 സ്ഥാപനങ്ങൾ നിധി പ്രയാസ്, ബിരാക്, കെഎസ്‌യുഎം, മേക്കർ വില്ലേജ് എന്നിവയുൾപ്പെടെ വിവിധ ഏജൻസികളിൽ നിന്ന് സ്റ്റാർട്ടപ്പ് ഗ്രാന്റുകൾ നേടിയിട്ടുണ്ട്.

### കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ

ദേശീയ തലത്തിലുള്ള വിദ്യാഭ്യാസ നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി, സംസ്ഥാനതല ആസൂത്രണത്തിന്റെയും സഹകരണത്തിന്റെയും പ്രാധാന്യം അംഗീകരിച്ചുകൊണ്ട്, എല്ലാ സംസ്ഥാനങ്ങളിലും ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കണമെന്ന് ദേശീയ വിദ്യാഭ്യാസ നയം 1986ൽ നിർദ്ദേശിച്ചു. 2007 മാർച്ച് 16 ന് കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നിലവിൽ വന്നു. കൗൺസിൽ സംസ്ഥാനത്തെ പ്രധാന ഉന്നത വിദ്യാഭ്യാസ ചിന്താകേന്ദ്രമാണ്. കൂടാതെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ തുല്യത, പ്രവേശനം, മികവ് എന്നിവ കൊണ്ടുവരുന്നതിനുള്ള നയോപദേശം നൽകുന്നു. കൗൺസിലിന്റെ പ്രധാന ചുമതലകൾ താഴെ പറയുന്നു.

- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ നയങ്ങൾ രൂപീകരിക്കുന്ന ഒരു ഏജൻസിയായി പ്രവർത്തിക്കുക.
- സംസ്ഥാനത്തെ സർക്കാർ, സർവ്വകലാശാലകൾ, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉപദേശം നൽകുക.
- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ ആശയങ്ങൾക്കും പദ്ധതികൾക്കും തുടക്കം കുറിക്കുക
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്വയംഭരണാവകാശത്തിൽ കൈകടത്താതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതു സൗകര്യങ്ങൾ ലഭ്യമാക്കുക.

### 2022–23 കാലയളവിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ

**കോളേജുകളുടെ ക്ലസ്റ്റർ:** എൻറോൾമെന്റും വിദ്യാഭ്യാസ നിലവാരവും വർധിപ്പിക്കുന്നതിന് ലഭ്യമായ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സമീപ കോളേജുകൾക്കിടയിൽ മാനുഷികവും ഭൗതികവുമായ വിഭവങ്ങൾ പരസ്പരം പങ്കിടുന്നതിനുള്ള ഒരു ക്രമീകരണമാണ് കോളേജുകളുടെ ക്ലസ്റ്റർ. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ക്ലസ്റ്ററുകൾ 2009 മുതൽ പ്രവർത്തിക്കുന്നു, അവയിൽ യഥാക്രമം അഞ്ച്, നാല്, അഞ്ച് അംഗ കോളേജുകൾ ഉൾപ്പെടുന്നു. 2022-23 കാലയളവിൽ തലശ്ശേരി, കാസർകോട്, പാലക്കാട് മേഖലകളിൽ പുതിയ ക്ലസ്റ്ററുകൾ ആരംഭിച്ചു.

**സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (സാക്):** രാജ്യത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിൽ പെടുന്ന അനേകം അഫിലിയേറ്റഡ് സ്ഥാപനങ്ങളെ വിലയിരുത്തി ഗ്രേഡിംഗ് ചെയ്യുന്നതിനുള്ള ചുമതല നിറവേറ്റുന്നതിനായി നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലും യൂണിവേഴ്സിറ്റി

ഗ്രാന്റ്സ് കമ്മീഷനും സംസ്ഥാനതല അക്രഡിറ്റേഷൻ മെക്കാനിസം എന്ന ആശയം നിർദ്ദേശിച്ചിട്ടുണ്ട്. 2022-23 കാലയളവിൽ 3 കോളേജുകളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായി

**ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്:** ഈ സ്കീമിന് കീഴിൽ, പ്രൊഫഷണൽ അല്ലാത്ത ബിരുദ കോഴ്സുകൾ പിന്തുടരുന്നതിന് മികച്ച വിദ്യാർത്ഥികൾക്ക് ഓരോ അധ്യയന വർഷത്തിലും 1000 പുതിയ സ്കോളർഷിപ്പുകൾ നൽകുന്നു. അങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന അവാർഡ് ജേതാക്കളുടെ സ്കോളർഷിപ്പുകൾ അവരുടെ ബിരുദാനന്തര ബിരുദം പൂർത്തിയാകുന്നതുവരെ തുടർന്നുള്ള വർഷങ്ങളിൽ പുതുക്കുന്നതാണ്. 2022-23 കാലയളവിൽ ബിരുദ, ബിരുദാനന്തര വിഭാഗങ്ങളിലെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ ഗുണഭോക്താക്കളുടെ എണ്ണം യഥാക്രമം 2,278 ഉം 552 ഉം ആണ്, ആകെ ചെലവ് 669.42 കോടി രൂപയാണ്.

**ഇ–ജേണൽ കൺസോർഷ്യം:** രാജ്യത്തെ സ്ഥാപനങ്ങളിലുടനീളമുള്ള ഇ-ജേണലുകളിലേക്ക് അക്കാദമിക് സമൂഹത്തിന് സൗജന്യ പ്രവേശനം നൽകുന്നതിനുള്ള സൗകര്യമാണിത്. ഇത് ഇൻഫർമേഷൻ ആന്റ് ലൈബ്രറി നെറ്റ്‌വർക്ക് സെന്ററുകൾ വഴിയാണ് ചെയ്യുന്നത്, അതിലൂടെ ചെലവ് ഗണ്യമായി കുറയ്ക്കാനാകും. ബന്ധപ്പെട്ട വിഷയങ്ങളിലെ മിക്കവാറും എല്ലാ ജേണലുകളും ഡാറ്റാബേസും ഗവൺമെന്റ്/സർവകലാശാലകൾ പൂർണ്ണമായും ധനസഹായം നൽകുന്ന വിലപേശൽ ചെലവിൽ വരിക്കാരാകാൻ സാധിക്കും. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളുടെയും പങ്കാളിത്തത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംസ്ഥാനത്ത് ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.

**കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൽനെറ്റ്):** സംസ്ഥാനത്തെ യൂണിവേഴ്സിറ്റി ലൈബ്രറികളിലെ ലൈബ്രറി ശേഖരങ്ങളിലേക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി വികസിപ്പിച്ച ലൈബ്രറികളുടെ അക്കാദമിക് ഉറവിടങ്ങൾക്കായുള്ള ഒരു പ്ലാറ്റ്‌ഫോമാണ് കാൾനെറ്റ് (കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക്). 2021 ഫെബ്രുവരിയിലാണ് ഇത് ആരംഭിച്ചത്. 14 സർവ്വകലാശാലകളിലെ 147 ലൈബ്രറികളിലായി 15 ലക്ഷം ശീർഷകങ്ങൾ പ്ലാറ്റ്‌ഫോമിലൂടെ ഒരുമിച്ച് കൊണ്ടുവരുന്നു.

**എറുഡൈറ്റ് സ്കീം:** സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി അവതരിപ്പിക്കുന്ന എറുഡൈറ്റ് സർക്കാരിന്റെ ഒരു പ്രധാന പരിപാടിയാണ്. നോബൽ സമ്മാന ജേതാക്കൾ ഉൾപ്പെടെ ലോകമെമ്പാടുമുള്ള മികച്ച പണ്ഡിതന്മാരുമായി സംവദിക്കാൻ ഇത് അക്കാദമിക് സമൂഹത്തെ പ്രാപ്തമാക്കുന്നു. സംസ്ഥാനത്തെ വിവിധ സർവകലാശാലകളും കോളേജുകളും മുഖേന പദ്ധതി നടപ്പാക്കുന്നതിനുള്ള ഏകോപന ഏജൻസിയായി കെഎസ്എച്ച്ഇസി പ്രവർത്തിക്കുന്നു. എറുഡൈറ്റ് സ്കീമിന് കീഴിൽ സർവകലാശാലകളും കോളേജുകളും സംഘടിപ്പിച്ച വിവിധ പരിപാടികളിൽ നൊബേൽ സമ്മാന ജേതാക്കൾ ഉൾപ്പെടെ 220 ദേശീയ അന്തർദേശീയ പണ്ഡിതന്മാർ പങ്കെടുത്തിട്ടുണ്ട്. 2022-23ൽ മാത്രം 36 പണ്ഡിതന്മാരെ ഈ പദ്ധതിക്ക് കീഴിൽ ക്ഷണിച്ചിട്ടുണ്ട്.

**കൈരളി ഗവേഷണ അവാർഡുകൾ:** സംസ്ഥാനത്തെ ഏറ്റവും പ്രഗത്ഭരായ ഗവേഷകരെയും ഗവേഷണ അദ്ധ്യാപകരെയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2017-2018 മുതൽ കൈരളി ഗവേഷണ അവാർഡുകൾ ഏർപ്പെടുത്തുകയും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ (KSHEC) കൈരളി ഗവേഷണ അവാർഡുകളുടെ സെക്രട്ടറിയേറ്റായി അംഗീകരിക്കുകയും ചെയ്തു. 2018-ൽ ആരംഭിച്ചതുമുതൽ, കൗൺസിൽ മൂന്ന് തവണയായി അവാർഡുകൾ തിരഞ്ഞെടുക്കുന്ന പ്രക്രിയ പൂർത്തിയാക്കുകയും ആ അവാർഡുകൾ സ്വീകർത്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തു **(പട്ടിക 6.1.9)**.

**പട്ടിക 6.1.9** വിതരണം ചെയ്ത ഗവേഷണ അവാർഡുകളുടെ എണ്ണം

| നമ്പർ | അവാർഡുകളുടെ തരം | വിതരണം ചെയ്ത അവാർഡുകളുടെ എണ്ണം |
|---|---|---|
| 1 | ഗവേഷക പുരസ്കാരം | 10 |
| 2 | ഗവേഷണ പുരസ്കാരം | 8 |
| 3 | കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് | 7 |
| 4 | ഗവേഷകർക്കുള്ള കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് (വിദേശത്ത്) | 1 |
| 5 | ഗവേഷകർക്കുള്ള കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് (ഇന്ത്യയ്ക്കുള്ളിൽ) | 4 |

അവലംബം: കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ

**മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ്–ഡോക്ടറൽ ഫെലോഷിപ്പ് പദ്ധതി (CMNPF):** സാമൂഹിക, സാമ്പത്തിക, കൃഷി, വികസനം, വ്യവസായം തുടങ്ങിയ മേഖലകളിൽ ഗുണനിലവാരമുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ നവീകരണവും വികസന ആവശ്യങ്ങളും നിറവേറ്റുന്നതിനായി കേരള സർക്കാർ, 'മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ്' എന്ന അഭിമാനകരമായ പദ്ധതി അവതരിപ്പിച്ചു. ആദ്യ ഘട്ടത്തിൽ (2021-22), 77 പേർക്ക് CMNPF അവാർഡ് ലഭിച്ചു. CMNPF ന്റെ രണ്ടാം ഘട്ടത്തിൽ (2022-23) 2023 ഓഗസ്റ്റിൽ 68 സ്ഥാനാർത്ഥികൾക്ക് അവാർഡ് സമ്മാനിച്ചു.

### കേരള ചരിത്രഗവേഷണ കൗൺസിൽ (കെ.സി.എച്ച്.ആർ)

ചരിത്രത്തിലും പുരാവസ്തുഗവേഷണത്തിലും മറ്റ് സാമൂഹ്യ ശാസ്ത്രവിഷയങ്ങളിലും ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2001 ൽ സ്ഥാപിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് കെ.സി.എച്ച്.ആർ. ഇൻ-ഹൗസ്, ഫണ്ട്ഡ് പ്രോജക്ടുകൾ ഉൾപ്പെടെയുള്ള ഗവേഷണം, ലൈബ്രറികളും റിസോഴ്സ് സെന്ററുകളും പരിപാലിക്കൽ, ഡോക്യുമെന്റേഷൻ, പ്രസിദ്ധീകരണം, പരിശീലനം, വൈവിധ്യമാർന്ന ഫെലോഷിപ്പ് പ്രോഗ്രാമുകൾ നടത്തൽ എന്നിവ കെ.സി.എച്ച്.ആർ-ന്റെ പ്രവർത്തനങ്ങളുടെ പ്രധാന മേഖലകളിൽ ഒന്നാണ്. കെ.സി.എച്ച്.ആർ അതിന്റെ പ്രവർത്തനങ്ങളിലൂടെ നൂതന ഗവേഷണവും സ്കോളർഷിപ്പും ചരിത്രപരമായ സാമൂഹിക അവബോധവുമായി സമന്വയിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിന് രണ്ട് വ്യത്യസ്ത കാമ്പസുകൾ ഉണ്ട് - ഒന്ന് തിരുവനന്തപുരത്തും മറ്റൊന്ന് പട്ടണത്തും.

### 2022–23 കാലയളവിൽ കെ.സി.എച്ച്.ആർ–ന്റെ പ്രധാന പ്രവർത്തനങ്ങൾ

പ്രളയ ശേഖരങ്ങളും ഓർമ്മകളും, ദൃശ്യപരത, നഗരദൃശ്യങ്ങൾ, പൊതുചരിത്രം: സമകാലിക കേരളത്തിന്റെ ചിന്താരീതികൾ, കേരളത്തിലെ വിദ്യാഭ്യാസ ചരിത്രം, പട്ടണം പുരാവസ്തു കണ്ടെത്തലുകളെക്കുറിച്ചുള്ള ഉത്ഖനനാനന്തര പഠനങ്ങൾ, കൊളോണിയൽ അനന്തര പഠനങ്ങൾ തുടങ്ങിയവയാണ് കെസിഎച്ച്ആർ ഏറ്റെടുത്തിരിക്കുന്ന വിവിധ ഗവേഷണ പദ്ധതികൾ. 2021 ഫെബ്രുവരി 12 ന് കെ.സി.എച്ച്.ആർ പട്ടണം കാമ്പസിൽ ഒരു സ്കൂൾ ഓഫ് എപ്പിഗ്രാഫിക്കൽ സ്റ്റഡീസ് ആരംഭിച്ചു. ആദ്യകാല ആധുനിക ഡച്ച് ലിപിയുടെ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന കോസ്മോസ് മലബാറിക്കസ് പദ്ധതിയുടെ ഭാഗമായി 2022-ൽ കെസിഎച്ച്ആർ, നെതർലാൻഡ്സിലെ ലൈഡൻ സർവകലാശാലയുമായും നെതർലാൻഡ്സിലെ നാഷണൽ ആർക്കൈവ്സുമായും ധാരണാപത്രം ഒപ്പുവച്ചു.

### കേരള സംസ്ഥാന നൈപുണ്യ വികസന പ്രോജക്ട് (അസാപ്)

2014 മുതൽ ഹയർ സെക്കൻഡറി, ബിരുദ വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എഡിബി ധനസഹായമുണ്ടായിരുന്ന ഒരു പദ്ധതിയാണ് അസാപ്. 2014 മുതൽ 2020 വരെ ഓഫ്‌ലൈൻ രീതിയിൽ നൈപുണ്യ വികസന കേന്ദ്രങ്ങളിലൂടെയും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലൂടെയും 2 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. ഇപ്പോൾ ഓൺലൈൻ വഴിയും നൈപുണ്യ പരിശീലനം നൽകുന്നു. 2021 ജനുവരിയിൽ സർക്കാർ അതിനെ അസാപ് കേരള എന്ന സെക്ഷൻ-8 കമ്പനിയാക്കി മാറ്റി.

### 2022–23 കാലയളവിൽ അസാപിന്റെ പ്രധാന നേട്ടങ്ങൾ/ പ്രകടനങ്ങൾ

'നൈപുണ്യത്തിന്റെയും തൊഴിലവസരത്തിന്റെയും മികച്ച സമ്പ്രദായങ്ങൾ' നടപ്പാക്കിയതിന് ഫിക്കി അസാപ് കേരളയെ ആദരിച്ചു: നൈപുണ്യ ആവാസവ്യവസ്ഥയിൽ സംസ്ഥാനത്തിന് നൽകിയ സംഭാവനകൾക്കും കേരളത്തിലെ യുവാക്കളുടെ തൊഴിൽ ക്ഷമത വർധിപ്പിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾക്ക് കേരള സ്റ്റേറ്റ് കൗൺസിൽ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (FICCI) അതിന്റെ ആദ്യ 'മെയ്ഡ് ഇൻ കേരള' 2022 അവാർഡിന് 'നൈപുണ്യത്തിന്റെയും തൊഴിലവസരത്തിന്റെയും മികച്ച സമ്പ്രദായങ്ങൾക്ക്' അസാപ് കേരളയെ അംഗീകരിച്ചു.

**കെ–സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം:** ASAP Kerala യുടെ 2022-23 വർഷത്തേക്കുള്ള കെ-സ്കിൽ കാമ്പെയ്ൻ 2022 മാർച്ചിൽ ആരംഭിച്ചു. 4 ജാലകങ്ങളിലൂടെ 3 മാസം ദൈർഘ്യമുള്ള ഈ കാമ്പെയ്ൻ 2023 ഫെബ്രുവരിയിൽ അവസാനിച്ചു. 3965 വിദ്യാർത്ഥികളും 38 കോഴ്സുകളുമായി 104 ബാച്ചുകൾ രൂപീകരിച്ച കാമ്പെയ്ൻ 2023 ഡിസംബർ വരെ 1409 വിദ്യാർത്ഥികളുമായി പൂർത്തിയാക്കി. ഐടി-ഐടിഇഎസ്, മീഡിയ മേഖലകളിലെ ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനായി കേരള നോളജ് ഇക്കണോമി മിഷന്റെ (കെകെഇഎം) സ്കോളർഷിപ്പ് സഹായം അസാപ് കേരളയ്ക്ക് ലഭിച്ചു.

**മികവിന്റെ കേന്ദ്രങ്ങൾ:** പരിശീലനം, അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന പാഠ്യപദ്ധതി, സ്റ്റാർട്ടപ്പുകൾക്കും എംഎസ്എംഇകൾക്കും ഇടയിൽ ഉൽപ്പന്ന വികസന ആവാസവ്യവസ്ഥയുടെ പ്രോത്സാഹനം, മികച്ച വ്യാവസായിക നെറ്റ്‌വർക്കിംഗ് എന്നിവയിലൂടെ മാന്യമായ ജോലികൾ എന്നിവ ഉറപ്പുനൽകുന്നതിനായി, അസാപ് കേരള വ്യാവസായിക നിലവാരത്തിലുള്ള ലാബുകളോടെ മികവിന്റെ കേന്ദ്രങ്ങൾ (CoEs) സ്ഥാപിച്ചു. 2022–2023 സാമ്പത്തിക വർഷത്തിൽ ASAP കേരള സ്ഥാപിച്ച ആറ് മികവിന്റെ കേന്ദ്രങ്ങൾ താഴെ കൊടുക്കുന്നു.

അസാപ് കേരളയുടെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ (സിഎസ്പി) ഓഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി (എആർ/വിആർ) സാങ്കേതികവിദ്യയിൽ കഴക്കൂട്ടം (തിരുവനന്തപുരം), പാമ്പാടി (കോട്ടയം), കളമശ്ശേരി (എറണാകുളം), പാണ്ടിക്കാട് (മലപ്പുറം) എന്നിവിടങ്ങളിൽ അസാപ് കേരള മികവിന്റെ കേന്ദ്രങ്ങൾ (സിഇ) സ്ഥാപിച്ചു. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, ഐഎസ്ഐഇ ഇന്ത്യ, എംജി മോട്ടോഴ്സ്, ഹീറോ ഇലക്ട്രിക് എന്നിവയുടെ ധനസഹായത്തോടെ കുന്നംതാനത്തും (പത്തനംതിട്ട), തവനൂരിലും (മലപ്പുറം) ഇലക്ട്രിക് വെഹിക്കിൾ (ഇവി) സാങ്കേതികവിദ്യയിൽ രണ്ട് മികവിന്റെ കേന്ദ്രങ്ങൾ അസാപ് കേരള സ്ഥാപിച്ചു. അസാപ് കേരളയുടെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലാണ് (CSP) ഇ.വി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.

**ബോക്സ് 6.1.2** 2022-23 കാലയളവിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രധാന നേട്ടങ്ങൾ

കേരളത്തിലെ ഉന്നതവിദ്യാഭ്യാസം കാര്യമായ നയമാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കേരള സർക്കാർ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിലെ നവീകരണ സംരംഭങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനായി സംസ്ഥാന തലത്തിൽ മൂന്ന് കമ്മീഷനുകൾ താഴെപ്പറയുന്ന ലക്ഷ്യങ്ങളോടെ രൂപീകരിച്ചിട്ടുണ്ട്: i) സംസ്ഥാനത്തെ നിലവിലുള്ള ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സുപ്രധാന വശങ്ങൾ പരിശോധിക്കുന്നതിനും ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുക എന്ന വലിയ ലക്ഷ്യം കണക്കിലെടുത്ത് സംസ്ഥാനത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുക ii) കേരളത്തിലെ സർവ്വകലാശാലകളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പരീക്ഷയുടെ നിലവിലെ അവസ്ഥ അവലോകനം ചെയ്യുക, iii) യു.ജി.സി, എൻ.സി.റ്റി.ഇ, എ.ഐ.സി.റ്റി.ഇ, എന്നിവയുടെ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ, സർവകലാശാലകളുടെ നിയമങ്ങൾ, നിയമസംഹിതകൾ, ചട്ടങ്ങൾ, ഓർഡിനൻസുകൾ, എന്നിവ പരിശോധിക്കുകയും, പ്രത്യേകിച്ച്, സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുക എന്ന വലിയ ലക്ഷ്യം കണക്കിലെടുത്ത് അവ പുനഃപരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യുക. മൂന്ന് കമ്മീഷനുകളും ഈ മേഖലയെ നവീകരിക്കുന്നതിന് കൃത്യമായ ശുപാർശകളോടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കമ്മീഷനുകൾ നിലവിലുള്ള ദേശീയ അന്തർദേശീയ സാഹചര്യങ്ങൾ സമഗ്രമായി പരിശോധിക്കുകയും വിദഗ്ധരുമായും വിവിധ പങ്കാളികളുമായും വിപുലമായി കൂടിയാലോചിക്കുകയും ചെയ്തിട്ടുണ്ട്. ശുപാർശകൾ പരിശോധിച്ച് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കാനുള്ള നീക്കത്തിലാണ് സർക്കാർ.

നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുകയും അംഗീകാരം നൽകുകയും ചെയ്യുന്ന ഇന്ത്യയിലെ ഒരു സർക്കാർ സ്ഥാപനമാണ്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ധനസഹായം നൽകുന്ന ഒരു സ്വയംഭരണ സ്ഥാപനമാണിത്.

2022-ൽ, 3.67 എന്ന ക്യുമുലേറ്റീവ് ഗ്രേഡ് പോയിന്റ് ആവറേജോടെ (CGPA) കേരള സർവ്വകലാശാല ഏറ്റവും ഉയർന്ന NAAC ഗ്രേഡിംഗ് ആയ A++ നേടി. സംസ്ഥാനത്തെ ഏതൊരു സർവകലാശാലയും നേടിയ ഉയർന്ന ഗ്രേഡിംഗും പോയിന്റുമാണിത് . 2015-ൽ കേരളത്തിലെ ഏറ്റവും മികച്ച സർവ്വകലാശാലയ്ക്കുള്ള ആദ്യ ചാൻസലർ അവാർഡ് ഈ സർവ്വകലാശാലയ്ക്ക് ലഭിച്ചിരുന്നു. 2022 വർഷത്തിൽ സർവ്വകലാശാലകളിൽ ഇരുപത്തിനാലും സ്ഥാനം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ചട്ടക്കൂട് (NIRF) പ്രകാരം ഈ സർവ്വകലാശാലയ്ക്ക് ലഭിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് 2017-ൽ 3.24 CGPA-യോടെ NAAC, A ഗ്രേഡ് അംഗീകാരം നൽകിയിട്ടുണ്ട്. 2023-ൽ യൂണിവേഴ്സിറ്റി തലത്തിൽ മുപ്പത്തി ഒന്നാം റാങ്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ചട്ടക്കൂട് പ്രകാരം (NIRF) ഇന്ത്യയിൽ മൊത്തത്തിൽ അൻപത്തി രണ്ടാം റാങ്കും നേടി. 2015-16, 2017-18, 2019-20 വർഷങ്ങളിൽ കേരളത്തിലെ മികച്ച യൂണിവേഴ്സിറ്റി ഓഫ് എക്സലൻസിനുള്ള ചാൻസലറുടെ അവാർഡും സർവകലാശാലയ്ക്ക് ലഭിച്ചു. ദേശീയ തലത്തിൽ മികച്ച രീതിയിൽ കോഹ നടപ്പാക്കലിനുള്ള ലൈബ്രറി ടെക്നോളജി കോൺക്ലേവ് (LTC) 2019 കോഹ ലൈബ്രറി അവാർഡ് സർവകലാശാല ലൈബ്രറിക്ക് ലഭിച്ചു. 2022-ലെ ലോക സർവ്വകലാശാല റാങ്കിംഗിൽ ഇന്ത്യൻ സർവ്വകലാശാലകളിൽ പതിനഞ്ചാം റാങ്കും ഈ സർവ്വകലാശാല കരസ്ഥമാക്കി.

25-ലധികം ബിരുദാനന്തര പഠന, ഗവേഷണ വകുപ്പുകളുള്ള കാലിക്കറ്റ് സർവകലാശാല കേരളത്തിലെ ഏറ്റവും വലിയ സർവകലാശാലയാണ്. നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) അടുത്തിടെ നടത്തിയ നാലാമത്തെ മൂല്യനിർണയത്തിൽ നാലിൽ 3.45 പോയിന്റുമായി കാലിക്കറ്റ് സർവകലാശാല അതിന്റെ ഗ്രേഡ് 'എ+' ആയി മെച്ചപ്പെടുത്തി. 2023 ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ചട്ടക്കൂട് (എൻഐആർഎഫ്) അനുസരിച്ച്, സർവ്വകലാശാലകളിൽ (മൊത്തത്തിൽ ഇന്ത്യയിൽ) എഴുപതാം സ്ഥാനവും കാലിക്കറ്റ് സർവ്വകലാശാലയ്ക്കുണ്ട്. ക്യു.എസ് ഏഷ്യ യൂണിവേഴ്സിറ്റി റാങ്കിംഗ് 2022 പ്രകാരം കാലിക്കറ്റ് യൂണിവേഴ്സിറ്റി 401-450 ബാൻഡിന് കീഴിലും യുഎസിലെ ഇന്ത്യൻ സർവ്വകലാശാലകളിലെ 100 സർവ്വകലാശാലകളിൽ നാല്പത്തി അഞ്ചാം സ്ഥാനത്തും എത്തിയിട്ടുണ്ട്.

2021-ൽ നാക് അക്രഡിറ്റേഷന്റെ രണ്ടാം ആവൃത്തിയിൽ 2.85 പോയിന്റുമായി കണ്ണൂർ സർവകലാശാലയ്ക്ക് ബി++ ഗ്രേഡ് ലഭിച്ചു. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് 3.24 പോയിന്റുമായി എ ഗ്രേഡും 3.39 പോയിന്റോടെ A+ ഗ്രേഡുമായി കുസാറ്റും അംഗീകാരം നേടിയിട്ടുണ്ട്. 2023 ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ചട്ടക്കൂട് (എൻഐആർഎഫ്) അനുസരിച്ച്, സർവ്വകലാശാലകളിൽ കുസാറ്റിന് മുപ്പത്തി ഏഴാം സ്ഥാനവും ലഭിച്ചു.

ഉറവിടം: സർവ്വകലാശാലകളും, കോളേജ് വിദ്യാഭാസ ഡയറക്ടറേറ്റും

**കാമ്പസിലെ വ്യവസായം:** സർക്കാർ പോളിടെക്നിക് കോളേജുകളിൽ 6.5 കോടി രൂപയുടെ ഉപകരണങ്ങൾ സ്ഥാപിക്കുകയും സ്റ്റാഫുകൾക്കും ഫാക്കൽറ്റികൾക്കും പരിശീലനം ലഭ്യമാക്കുകയും ചെയ്തു കൊണ്ട് അസാപ് കേരള, 2020 ൽ ഇൻഡസ്ട്രി ഓൺ കാമ്പസ് (ഐഒസി) സംരംഭം ആരംഭിക്കുകയും ചെയ്തു. സി.എൻ.സി ലാത്ത്, സി.എൻ.സി വെർട്ടിക്കൽ മില്ലിംഗ് മെഷീൻ, TIG വെൽഡിംഗ് സ്റ്റേഷൻ എന്നിങ്ങനെയുള്ള വ്യാവസായിക നിലവാരത്തിലുള്ള മെഷീൻ ഉപകരണങ്ങളോട് കൂടി പോളിടെക്നിക് ലാബുകളുടെയും വർക്ക്ഷോപ്പുകളുടെയും നവീകരണവും റോബോട്ടിക് കിറ്റുകൾ, ഇലക്ട്രോണിക് വർക്ക് ബെഞ്ച്, 3D പ്രിന്ററുകൾ തുടങ്ങിയ ടൂൾകിറ്റുകളുടെ രൂപകൽപ്പനയും വികസനവും പദ്ധതിയിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തെ 41 പോളിടെക്നിക് കോളേജുകളിൽ ഇത് സ്ഥാപിച്ചിട്ടുണ്ട്.

**പ്ലേസ്മെന്റ് ഡ്രൈവ് ആസ്പയർ 2023:** കേരളത്തിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി 2023 ജൂലായ് 10-ന് കഴക്കൂട്ടത്തെ (തിരുവനന്തപുരം) അസാപ് കേരള കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ

'ആസ്പയർ 2023' എന്ന സമഗ്ര പ്ലെയ്സ്മെന്റ് ഡ്രൈവ് അസാപ് കേരള സംഘടിപ്പിച്ചു. വിവിധ മേഖലകളിൽ വൈവിധ്യമാർന്ന തൊഴിലവസരങ്ങൾ വാഗ്ദാനം ചെയ്തു കൊണ്ട് മൊത്തം 31 കമ്പനികൾ ആസ്പയർ 2023 ൽ സജീവമായി പങ്കെടുത്തു. പങ്കെടുത്ത 630 പേരിൽ 156 ഉദ്യോഗാർത്ഥികളെ കൂടുതൽ മൂല്യനിർണ്ണയത്തിനായി കമ്പനികൾ ഷോർട്ട്ലിസ്റ്റ് ചെയ്യുകയും 51 ഉദ്യോഗാർത്ഥികൾ ആസ്പയർ 2023 വഴി പ്ലേസ്മെന്റുകൾ നേടുകയും ചെയ്തു.

### രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ)

ആസൂത്രിതമായ വികസനത്തിലൂടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവേശനം, തുല്യത, നിലവാരം എന്നിവ സംസ്ഥാന തലത്തിൽ മെച്ചപ്പെടുത്തുക എന്നതാണ് റൂസയുടെ പ്രധാന ലക്ഷ്യങ്ങൾ. പുതിയ അക്കാദമിക് സ്ഥാപനങ്ങൾ സൃഷ്ടിക്കുക, നിലവിലുള്ളവ വികസിപ്പിക്കുക, നവീകരിക്കുക, പ്രൊഫഷണലായി നിയന്ത്രിക്കുന്നതും ഗവേഷണോന്മുഖമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന രീതിയിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾ വികസിപ്പിക്കുക, ദേശീയമായിത്തന്നെ പ്രസക്തിയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകുക എന്നിവയാണ് റൂസയുടെ ലക്ഷ്യങ്ങൾ.

റൂസ ഒന്നാം ഘട്ടം 2014-ൽ ആരംഭിക്കുകയും 199.57 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. അംഗീകരിച്ചതിൽ 2023 വരെ 187.80 കോടി രൂപ അനുവദിച്ചു. റൂസയുടെ ആദ്യ ഘട്ടത്തിന്റെ ഭാഗമായി, 6 സർവകലാശാലകൾക്കും 28 കോളേജുകൾക്കും അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ, ഫാക്കൽറ്റി മെച്ചപ്പെടുത്തൽ, നിലവിലുള്ള കോളേജുകളെ മോഡൽ ഡിഗ്രി കോളേജുകളാക്കി ഉയർത്തൽ, മറ്റ് നിരവധി കോളേജുകൾക്കുള്ള ഇക്വിറ്റി സംരംഭങ്ങൾ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചു. ആകെ റിലീസ് ചെയ്തതിൽ 176.37 കോടി രൂപ വിനിയോഗിച്ചു (94 ശതമാനം).

റൂസ രണ്ടാം ഘട്ടം 2018-ൽ ആരംഭിക്കുകയും 363.00 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. ഇതിൽ 2023 വരെ 243.00 കോടി രൂപ അനുവദിച്ചു. വയനാട് മാനന്തവാടിയിൽ ഒരു റൂസ മോഡൽ ഡിഗ്രി കോളേജ്, 5 സ്വയംഭരണ കോളേജുകൾക്ക് (രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് - എറണാകുളം, സെന്റ് ജോസഫ് കോളേജ്, ദേവഗിരി കോളേജ് - കോഴിക്കോട്, മരിയൻ കോളേജ്, കുട്ടിക്കാനം - ഇടുക്കി, എം.എ കോളേജ് - കോതമംഗലം, ഫാറൂഖ് കോളേജ് – കോഴിക്കോട്) ഗുണനിലവാരവും മികവും വർദ്ധിപ്പിക്കൽ, 113 കോളേജുകൾക്ക് അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ, 2 സർവ്വകലാശാലകൾക്ക് ഗവേഷണം, നവീകരണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചു. ആകെ റിലീസ് ചെയ്തതിൽ 160.00 കോടി രൂപ വിനിയോഗിച്ചു (65.8 ശതമാനം).

### സാങ്കേതിക വിദ്യാഭ്യാസം

സമൂഹത്തിന്റെ നേട്ടത്തിനായി സാങ്കേതികവിദ്യയുടെ ഉപയോഗം, ജീവിത നിലവാരം മെച്ചപ്പെടുത്തൽ, സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനായി വ്യവസായ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ, സാങ്കേതിക വിദ്യ വർദ്ധിപ്പിക്കൽ എന്നിവയാണ് സാങ്കേതികവിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. യുവാക്കൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിലൂടെ സുസ്ഥിര വികസനത്തിനും സാമൂഹ്യ ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ പ്രാപ്തമാക്കുന്നതിന് സാധിക്കുന്നു. വിദ്യാർത്ഥി കൾക്കിടയിൽ നൂതന ചിന്തയും സംരംഭകത്വ വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നു.

സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നോഡൽ വകുപ്പായി പ്രവർത്തിച്ചു വരുന്നത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണപരവും സാമ്പത്തികവുമായ നിയന്ത്രണത്തിനു കീഴിലുള്ള സാങ്കേതിക സ്ഥാപ നങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.38** ൽ കൊടുത്തിരിക്കുന്നു.

### എഞ്ചിനീയറിംഗ് കോളേജുകൾ

2022-23 ലെ കണക്കുപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള 172 എഞ്ചിനീയറിംഗ് കോളേജുകളിലായി 46,526 പേർ പ്രവേശനം നേടി. ഇതിൽ 160 എണ്ണം (93.02 ശതമാനം) സ്വാശ്രയകോളേജുകളും (അൺ എയ്ഡഡ്), 9 എണ്ണം (5.23 ശതമാനം) സർക്കാർ കോളേജുകളും, 3 എണ്ണം (1.74 ശതമാനം) ഗവൺമെന്റ് എയ്ഡഡ് കോളേജുകളുമാണ്. ഏറ്റവും കൂടുതൽ അൺഎയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ഉള്ളത് എറണാകുളം ജില്ലയിലാണ് (29 എണ്ണം). അതു കഴിഞ്ഞാൽ തിരുവനന്തപുരം (26 എണ്ണം) ജില്ലയിലാണ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർകോഡ് ജില്ലകളിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ല. ജില്ല തിരിച്ചും, മാനേജ്മെന്റ് തിരിച്ചുമുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെയും, അനുവദിച്ചിട്ടുള്ള സീറ്റുകളുടെയും എണ്ണം **അനുബന്ധം 6.1.39** ൽ ചേർത്തിട്ടുണ്ട്. 2022-23 ൽ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം സർക്കാർ കോളേജുകളിൽ 3,690 ആണ് (7.9 ശതമാനം), ഇത് എയ്ഡഡ് കോളേജുകളിൽ 2,090 (4.5 ശതമാനം) ഉം, അൺഎയ്ഡഡ് കോളേജുകളിൽ 40,746 (87.6 ശതമാനം) ഉം ആയിരുന്നു.

2023-24ൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഏറ്റവുമധികം സീറ്റുകൾ ഉള്ളത് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് (10,164) തുടർന്ന്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് (7,539), സിവിൽ എഞ്ചിനീയറിംഗ് (7,278), ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് (6,651) വിഭാഗത്തിലുമാണ്. 2022-23 ലും ഏറ്റവും കൂടുതൽ സീറ്റുകൾ ഉണ്ടായിരുന്നത് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ശാഖയിലാണ് (9,384). 2023-24 ലെ ശാഖ തിരിച്ചുള്ള സീറ്റ് വിഭാഗത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1.40** ൽ ചേർത്തിരിക്കുന്നു.

ലിംഗ പദവിയുമായി ബന്ധപ്പെട്ട വസ്തുതകൾ: ബിരുദ തലത്തിൽ പെൺകുട്ടികളുടെ പ്രവേശനത്തിന്റെ അനുപാതം 2023-24 ൽ 46.0 ശതമാനമാണ്. 2023-24 ൽ 1,378 വിദ്യാർത്ഥികൾക്ക് സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിക്കുകയും അതിൽ 63.5 ശതമാനം പെൺകുട്ടികളുമാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.41** ലും **6.1.42** ലും ചേർത്തിരിക്കുന്നു.

**എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക മികവ്**

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക് മികവ് ഉയർന്നതും പ്രശംസനീയവുമാണ്, ഉയർന്ന വിജയശതമാനവും പ്രശസ്ത സ്ഥാപനങ്ങളിലെ മികച്ച ജോലി ലഭിച്ച വിദ്യാർത്ഥികളുടെ കണക്കുമാണ് ഇതിന് കാരണം.

സർക്കാർ എയ്ഡഡ് കോളേജ് മറ്റെല്ലാവിഭാഗത്തേക്കാളും (സർക്കാർ, സർക്കാർ സ്വാശ്രയ, സ്വകാര്യ സ്വാശ്രയ ധനസഹായം) നല്ല പ്രകടനം കാഴ്ചവച്ച് 78.77 ശതമാനം വിജയവും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ 74.68 ശതമാനവും സർക്കാർ സ്വയംഭരണ കോളേജുകൾ 59.62 ശതമാനവും സ്വകാര്യ സ്വയംഭരണ, സ്വാശ്രയ കോളേജുകൾ 48.81 ശതമാനവും വിജയം നേടി. സർക്കാർ സ്വയംഭരണ കോളേജുകളുടെ വിജയശതമാനം (59.62 ശതമാനം), 48.81 ശതമാനം നേടിയ സ്വകാര്യ സ്വയംഭരണ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളേക്കാൾ മുകളിലാണ്. ആൺകുട്ടികളുമായി താരതമ്യം ചെയ്യുമ്പോൾ പെൺകുട്ടികൾ 70.90 ശതമാനം വിജയം നേടി. രജിസ്റ്റർ ചെയ്ത ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളെക്കാൾ കൂടുതലാണെങ്കിലും ആൺകുട്ടികളുടെ വിജയശതമാനം പെൺകുട്ടികളെ അപേക്ഷിച്ച് കുറവാണ് എന്നത് ശ്രദ്ധിക്കേണ്ടതാണ് **(പട്ടിക 6.1.10)**. എസ്.സി,എസ്.ടി വിദ്യാർത്ഥികളുടെ വിജയ ശതമാനം (യഥാക്രമം 30.77 ശതമാനവും 24.56 ശതമാനവും) സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ് എന്നുള്ളത് ആശങ്കാജനകമാണ് **(പട്ടിക 6.1.11)**.

വിവിധ സർക്കാർ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പ്ലേസ്മെൻറ് റെക്കോർഡും താരതമ്യേന ഉയർന്നതാണ്. ഗേറ്റ്, കാറ്റ് മുതലായ മത്സരപരീക്ഷകളിലൂടെ ധാരാളം വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് യോഗ്യത നേടുന്നു. മിക്ക വിദ്യാർത്ഥികൾക്കും വിപ്രോ, മഹീന്ദ്ര, ടി.സി.എസ്, ബോഷ് തുടങ്ങിയ ബഹുരാഷ്ട്ര സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നു. 2022-23 കാലഘട്ടത്തിൽ വിവിധ സർക്കാർ എൻജിനീയറിംഗ് കോളേജുകളിലെ വിസിറ്റിംഗ് ഫാക്കൽറ്റി പരിപാടികളെക്കുറിച്ചും പ്ലേസ്മെൻറ് വിശദാംശങ്ങളും **അനുബന്ധം 6.1.43** ലും **6.1.44** ലും നൽകിയിരിക്കുന്നു.

**പോളിടെക്നിക്കുകളും ടെക്നിക്കൽ ഹൈസ്കൂളുകളും**

കേരളത്തിൽ 46 സർക്കാർ പോളിടെക്നിക്കുകളും, 6 സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളും ആണ് 2023-24 ൽ നിലവിലുള്ളത്. ഇതിൽ 9 എണ്ണം വനിതാ പോളിടെക്നിക് കോളേജുകളാണ്. ഇവിടങ്ങളിലെ പ്രവേശനം 2023-24-ൽ യഥാക്രമം 11,015 ഉം, 1,446 ഉം ആണ്. 2023-24-ൽ 31,241 വിദ്യാർത്ഥികൾ ഗവൺമെന്റ് പോളിടെക്നിക്കുകളിലും, 4,408 വിദ്യാർത്ഥികൾ സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിലും പഠിക്കുന്നുണ്ട്. 2018-19 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ പോളിടെക്നിക്കുകളിലെ വാർഷിക പ്രവേശനവും വിദ്യാർത്ഥികളുടെ എണ്ണവും **അനുബന്ധം 6.1.45, 6.1.46** ൽ കാണാം.

2023-24 വർഷത്തിൽ പോളിടെക്നിക്കുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ ട്രേഡ് തിരിച്ചുള്ള വിശദവിവരങ്ങൾ **അനുബന്ധം 6.1.47** ൽ കാണാം. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചത് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് (2,030), തുടർന്ന് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (2,020), മെക്കാനിക്കൽ എഞ്ചിനീയറിംഗ് (1,740), സിവിൽ എഞ്ചിനീയറിംഗ് (1,510), എന്നിവയുമാണ്.

പോളിടെക്നിക്കുകളിൽ പ്രവേശനം നേടിയ കുട്ടികളിൽ 22.9 ശതമാനം പെൺകുട്ടികളാണ്. എന്നാൽ 2023-24-ൽ സർക്കാർ, സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിൽ ഇത് 24.15 ഉം, 14.25 ശതമാനവുമാണ്. 2023-24-ൽ 1,242 അദ്ധ്യാപകരാണ് സംസ്ഥാനത്തെ പോളിടെക്നിക്കുകളിലുള്ളത്. അധ്യാപികമാരുടെ അനുപാതം 44.85 ശതമാനം ആണ്. സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിൽ അധ്യാപികമാരുടെ എണ്ണം 33.02 ശതമാനമാണ്. എന്നിരുന്നാലും സർക്കാർ മേഖലയിൽ ഇത് 47.28 ശതമാനമാണ്, അത് താരതമ്യേന കൂടുതലാണ് .

പോളിടെക്നിക്കുകളിലെ അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ, **അനുബന്ധം 6.1.48** ൽ കാണാം. 2021-22 മുതൽ 2023-24 വരെ പോളിടെക്നിക്കുകളിലെ പട്ടികജാതി, പട്ടികവർഗ്ഗ **(പട്ടിക.6.1.12)** വിഭാഗത്തിൽപ്പെട്ട അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം **അനുബന്ധം 6.1.49** -ൽ കാണാം.

കേരളത്തിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. 2023-24 കാലഘട്ടത്തിൽ ഇവിടെ ആകെ 7,924 വിദ്യാർത്ഥികളും 528 അധ്യാപകരും ഉണ്ടായിരുന്നു. അധ്യാപകരിൽ 36.0 ശതമാനം സ്ത്രീകളാണ്. ടെക്നിക്കൽ സ്കൂളുകളിലെ 2018-19 മുതൽ, 2023-24 വരെയുള്ള വർഷങ്ങളിലെ അധ്യാപക-വിദ്യാർത്ഥി വിവരങ്ങൾ **അനുബന്ധം 6.1.50** ൽ കാണാം. 2023-24 വർഷത്തിലെ, ടെക്നിക്കൽ ഹൈസ്കൂളുകളിലെ എസ്സി, എസ്ടി വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 9.7 ശതമാനവും 0.6 ശതമാനവുമാണ്. ഇതിന്റെ വിശദവിവരങ്ങൾ **അനുബന്ധം 6.1.51** ലും **6.1.52** ലും ചേർത്തിരിക്കുന്നു.

**പട്ടിക 6.1.10** ബി.ടെക് ഫലം, 2023

| മാനേജ് മെന്റ് | ആൺകുട്ടികൾ | | | പെൺകുട്ടികൾ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | രജിസ്റ്റർചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം | രജിസ്റ്റർചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം | രജിസ്റ്റർചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം |
| സർക്കാർ | 2,177 | 1,546 | 71.02 | 1,464 | 1,177 | 80.12 | 3,641 | 2,719 | 74.68 |
| ഗവൺമെന്റ് എയ്ഡഡ് | 1,277 | 920 | 72.04 | 734 | 664 | 90.46 | 2,011 | 1,584 | 78.77 |
| സർക്കാർ സ്വയംഭരണം | 2,672 | 1323 | 49.51 | 2,041 | 1,487 | 72.86 | 4,713 | 2,810 | 59.62 |
| സ്വകാര്യ സ്വയംഭരണവും സ്വകാര്യ സ്വാശ്രയവും | 11,259 | 4,404 | 39.12 | 6,384 | 4,208 | 65.91 | 17,643 | 8,612 | 48.81 |
| ആകെ | 17,385 | 8,193 | 47.13 | 10,623 | 7,532 | 70.90 | 28,008 | 15,725 | 56.14 |

അവലംബം: കേരള സാങ്കേതിക സർവകലാശാല, 2023

**പട്ടിക 6.1.11** എസ്.സി,എസ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം, 2023

| മാനേജ് മെന്റ് | എസ്.സി | | | എസ്.ടി | | |
|---|---|---|---|---|---|---|
| | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയശതമാനം | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയശതമാനം |
| സർക്കാർ | 269 | 113 | 42.01 | 25 | 6 | 24 |
| ഗവൺമെന്റ് എയ്ഡഡ് | 131 | 66 | 50.38 | 11 | 3 | 27.27 |
| സർക്കാർ സ്വയംഭരണം | 225 | 40 | 17.78 | 10 | 3 | 30 |
| സ്വകാര്യ സ്വയംഭരണവും സ്വകാര്യ സ്വാശ്രയവും | 259 | 53 | 20.46 | 11 | 2 | 18.18 |
| ആകെ | 884 | 272 | 30.77 | 57 | 14 | 24.56 |

അവലംബം: കേരള സാങ്കേതിക സർവകലാശാല, 2023

**പട്ടിക.6.1.12** പോളിടെക്നിക്കുകളിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം

| സ്ഥാപനം | 2021-22 | | | | 2022-23 | | | | 2023-24 | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ | എസ്. സി | എസ്.ടി | മറ്റുള്ളവർ | ആകെ | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ |
| സർക്കാർ | 7.61 | 0.88 | 91.51 | 100 | 8.24 | 1.02 | 90.74 | 100 | 10.54 | 1.49 | 87.97 | 100 |
| സർക്കാർ എയ്ഡഡ് | 4.36 | 0.44 | 95.2 | 100 | 6.58 | 0.50 | 92.92 | 100 | 6.15 | 0.39 | 93.46 | 100 |
| ആകെ | 7.20 | 0.83 | 91.97 | 100 | 8.02 | 0.95 | 91.03 | 100 | 10 | 1.35 | 88.65 | 100 |

അവലംബം:കേരള സാങ്കേതിക സർവകലാശാല

### എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി

1955ലെ ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XII പ്രകാരം രജിസ്റ്റർ ചെയ്ത കമ്പ്യൂട്ടർ പരിശീലനത്തിന്റെയും കൺസൾട്ടൻസിയുടെയും പ്രധാന സ്ഥാപനമായി 1976-ൽ കേരള സർക്കാർ സ്ഥാപിച്ചതാണ് തിരുവനന്തപുരത്തെ എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി. വ്യവസായങ്ങളും സാങ്കേതിക സ്ഥാപനങ്ങളും തമ്മിലുള്ള പരസ്പര ഇടപെടലുകളിലൂടെ സമൂഹത്തിന് പ്രയോജനം ചെയ്യുന്നതിനായി ഒരു കണ്ണിയായി പ്രവർത്തിക്കുമെന്ന പ്രധാന ലക്ഷ്യങ്ങളുള്ള ഒരു സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ കേരള സർക്കാർ സ്ഥാപിച്ചതാണ് ഈ കേന്ദ്രം. കേരള സർവകലാശാലയുടെ ഗവേഷണ പഠന കേന്ദ്രമാണ് എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി. എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി 1992-93 കാലഘട്ടത്തിൽ കാസർകോട് ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചു. 2001-02 കാലഘട്ടത്തിൽ തിരുവനന്തപുരത്ത് പൂജപ്പുരയിൽ സ്ത്രീകൾക്കായി മറ്റൊരു എഞ്ചിനീയറിംഗ് കോളേജും ആരംഭിച്ചു.

**ബോക്സ് 6.1.3** വീസാറ്റ് (വനിതാ എഞ്ചിനീയേർട് സാറ്റലൈറ്റ്) എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൻ-ഒരു സംരംഭം

പൂജപ്പുരയിലെ എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമനിൽ പ്രവർത്തിക്കുന്ന സ്പേസ് ക്ലബ് ആരംഭിച്ചതും കഴിഞ്ഞ നാല് വർഷമായി പുരോഗമിക്കുന്നതുമായ ഒരു പ്രധാന ദൗത്യമാണ് വീസാറ്റ് (വിമൻ വനിതാ എഞ്ചിനീയേർട് സാറ്റലൈറ്റ്) എന്ന ഉപഗ്രഹ പദ്ധതി. ഈ പദ്ധതി, രാജ്യത്തെ ഒരു വനിതാ സ്ഥാപനത്തിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ ഉപഗ്രഹ പദ്ധതിയും, എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൻ സ്വന്തമായി ഉപഗ്രഹം വിക്ഷേപിക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ കോളേജുമാണ്. ബഹിരാകാശത്തും ഭൂമിയുടെ ഉപരിതലത്തിലും അൾട്രാവയലറ്റ് രശ്മികളുടെ തോത് അളക്കുകയും കേരളത്തിലെ ചൂട്, കാലാവസ്ഥാ വ്യതിയാന പ്രതിഭാസങ്ങളിൽ എന്നിവയിൽ അവയുടെ സ്വാധീനം എന്നിവ അളക്കുക എന്നതാണ് വീസാറ്റിന്റെ ലക്ഷ്യം. 2018-ലെ രൂക്ഷമായ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ കേരള സർക്കാർ അഭിസംബോധന ചെയ്ത ഒരു പ്രധാന മേഖലയാണിത്.

വി.എസ്.എസ്.സി, ഐ.എസ്.ആർ.ഒ, ഇൻ-സ്പേസ്, ബഹിരാകാശ വകുപ്പ്, ഭാരത സർക്കാർ എന്നിവയുമായി വരാനിരിക്കുന്ന പിഎസ്എൽവി ദൗത്യത്തിൽ വീസാറ്റ് വിക്ഷേപിക്കുന്നതിനായി ധാരണാപത്രം ഒപ്പുവച്ചു. പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് ഡിഎസ്ടി നിധി പ്രയാസ് പദ്ധതിയിലൂടെയും സംസ്ഥാന സർക്കാരിൽ നിന്ന് കേരള സ്റ്റാർട്ടപ്പ് മിഷൻ വഴിയും ധനസഹായം ലഭിച്ചു. പൂർണ്ണമായും സ്ത്രീകളുടെ ഒരു സംഘം കൈകാര്യം ചെയ്യുന്ന ഈ ആദ്യത്തെ ശ്രമം ലിംഗപദവി സമത്വത്തിന്റെയും നവീകരണത്തിന്റെയും തെളിവാണ്.

അവലംബം: എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

**ബോക്സ് 6.1.4** 2023-24 ലെ ടെസ്റ്റ് പാർക്കിന്റെ പ്രധാന നേട്ടങ്ങൾ

- ടെസ്റ്റ് പാർക്ക് രണ്ട് മികവിന്റെ കേന്ദ്രങ്ങൾ -(എ) ഇലക്ട്രിക് വാഹനങ്ങളും (ബി) മൈക്രോപ്രൊസസർ ചിപ്പ് വികസന കേന്ദ്രവും- സ്ഥാപിച്ചു.
- ഇതുവരെ 6 കമ്പനികൾ ടെസ്റ്റ് പാർക്കിൽ എ.ഐ അടിസ്ഥാനമാക്കിയുള്ള മൈക്രോപ്രൊസസർ ചിപ്പ് വികസനം, ഇലക്ട്രിക് വെഹിക്കിൾ, വൈബ്രേഷൻ അക്കോസ്റ്റിക്സ്, കാലാവസ്ഥാ പ്രവചനം, പാരമ്പര്യേതര ഊർജ്ജ മേഖലകളിൽ ഗവേഷണ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ടെസ്റ്റ് പാർക്ക് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്.സി.എസ്.ടി.ഇ), കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിൽ, (കെ-ഡിസ്ക്), ഓപ്പൺ സിലിക്കൺ, എസ്.സി.ടി.ഐ.എം.എസ്.ടി.– ടി.ഐ.എം.ഇ.ഡി., ടാറ്റാ Elsxi, നാഷണൽ ഇൻസ്ട്രുമെന്റ്സ്, എനർജി മാനേജ്മെന്റ് സെന്റർ, ബെൽ എന്നിവയുമായി ധാരണാപത്രം ഒപ്പുവച്ചു.
- മികവിന്റെ കേന്ദ്രമായ ഇലക്ട്രിക് വെഹിക്കിൾ ആൻഡ് ഇലക്ട്രോണിക് റിസർച്ച് സെന്ററിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയായി.
- ഏകദേശം 500 വിദ്യാർത്ഥികൾക്ക് വ്യവസായ വിദഗ്ധരുടെ സഹായത്തോടെ ഡിസൈൻ, സിമുലേഷൻ സോഫ്റ്റ്‌വെയർ എന്നിവയിൽ പരിശീലനം നൽകി
- ടെസ്റ്റ് ലെ ഗവേഷണ യൂണിറ്റുകൾ ഇതിനകം 2 പേറ്റന്റുകൾ നേടിയിട്ടുണ്ട്, കൂടാതെ 2 എണ്ണത്തിന് കൂടി അപേക്ഷ സമർപ്പിച്ചു.
- ഗവേഷകർ അന്താരാഷ്ട്ര ജേണലുകളിൽ നിരവധി പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- 2019 ജൂലൈ മുതൽ ടെസ്റ്റ് സംരംഭത്തിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് 200+ പങ്കാളികൾക്കും EV യുടെ വിവിധ ഭൗതികശാസ്ത്രത്തിൽ 40+ ഫാക്കൽറ്റി അംഗങ്ങൾക്കും ANSYS സോഫ്റ്റ്‌വെയറിലെ 100+ വിദ്യാർത്ഥികൾക്കും പരിശീലനം നൽകി.
- ഇ.ആർ.സി പ്രോജക്റ്റിന് കീഴിൽ, ടെസ്റ്റ് 12 JRF-മാരെ റിക്രൂട്ട് ചെയ്തു, അതിൽ 10 പേർ RISC -V ചിപ്പ് ഡിസൈനിംഗിന് കീഴിൽ 2 വർഷമായി കഠിനമായ പരിശീലനം നേടിയിട്ടുണ്ട്.
- വെസ്റ്റ്ഹെട്ട് ടെക്നോളജീസിലെ എഞ്ചിനീയർമാർ, ഫാക്കൽറ്റി, ജെആർഎഫ് എന്നിവരുടെ സഹായത്തോടെ രണ്ട് ജനപ്രിയ RISC-V പ്രോജക്റ്റുകളുടെ (PULPISSIMO, PicoRV32) വിശദമായ പഠനം പൂർത്തിയാക്കി, എല്ലാ ടൂൾ-ചെയിനുകളും പ്രവർത്തനക്ഷമമാക്കി. FPGA ബോർഡുകളിൽ വിജയകരമായി സമന്വയിപ്പിക്കാനും പ്രോട്ടോടൈപ്പ് ചെയ്യാനും അവർക്ക് കഴിഞ്ഞു. RISC-V കോർ ഉള്ള ഒരു ഇലക്ട്രിക് വെഹിക്കിൾ പ്രോസസർ ടെസ്റ്റ്-ൽ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.

അവലംബം: ടെസ്റ്റ് പാർക്ക്

**ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി (ടെസ്റ്റ്) റിസർച്ച് പാർക്ക്**

തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി (ടെസ്റ്റ്) റിസർച്ച് പാർക്ക് വ്യവസായ-അക്കാദമിയ ബന്ധത്തിൽ മാതൃക സൃഷ്ടിച്ച സംസ്ഥാനത്തെ ആദ്യത്തെ ശാസ്ത്ര സാങ്കേതിക ഗവേഷണ പാർക്കാണ്. മൈക്രോപ്രൊസസർ ഡിസൈൻ, ഇലക്ട്രിക് വെഹിക്കിൾ ഗവേഷണം, മറ്റ് ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ എന്നിവയിൽ സഹകരണ ഗവേഷണം മുതലായവ സ്ഥാപനം പ്രോത്സാഹിപ്പിക്കുന്നു. ഫാക്കൽറ്റി, അംഗങ്ങൾ, വിദ്യാർത്ഥികൾ, വ്യവസായം എന്നിവയുടെ സംയുക്ത ഗവേഷണത്തിന് ടെസ്റ്റ് പാർക്ക് സൗകര്യമൊരുക്കുന്നു. 35 എഞ്ചിനീയർമാർ ഗവേഷണ യൂണിറ്റുകളിൽ പ്രവർത്തിക്കുന്നു, കൂടാതെ 120 ഓളം വിദ്യാർത്ഥികളും സിഇടിയിലെ സ്റ്റാഫ് അംഗങ്ങളും ഗവേഷണ-വികസനത്തിനായി വിവിധ പദ്ധതികളിൽ ഏർപ്പെട്ടിരിക്കുന്നു.

## എപിജെ അബ്ദുൾ കലാം കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട നയരൂപീകരണത്തിനും സംസ്ഥാനത്തിന്റെ എൻജിനീയറിങ് പ്ലാനിംഗിനും നേതൃത്വം നൽകുകയെന്ന ലക്ഷ്യത്തോടെ 2014 ജൂലൈയിൽ കേരള സർക്കാർ കേരള സാങ്കേതിക സർവകലാശാല സ്ഥാപിച്ചു. എഞ്ചിനീയറിംഗ് സയൻസ്, ടെക്നോളജി, മാനേജ്മെന്റ് എന്നിവയിലെ ബിരുദ, ബിരുദാനന്തര, ഗവേഷണ പ്രോഗ്രാമുകളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ കോളേജുകളുടെയും അക്കാദമിക് നിലവാരം നിയന്ത്രിക്കുന്നതിനും ഊന്നൽ നൽകുന്നു. ഗവേഷണം, വികസനം, നവീകരണം എന്നിവയാണ് സർവകലാശാലയുടെ പ്രധാന ഊന്നൽ മേഖലകൾ.

## എപിജെ അബ്ദുൾ കലാം കേരള സാങ്കേതിക സർവകലാശാലയുടെ 2023–24 ലെ പ്രധാന നേട്ടങ്ങൾ

**അബ്ദുൾ കലാം കേരള സാങ്കേതിക സർവകലാശാലയുടെ വിവർത്തന ഗവേഷണ കേന്ദ്രം:** വിവർത്തന ഗവേഷണ കേന്ദ്രം പദ്ധതി സുഗമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനായി എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയെ പ്രത്യേക ഉദ്ദേശ്യ വാഹനമായി നിയമിച്ചു. എം വാപ്കോസ് ലിമിറ്റഡ്, പേട്ട, തിരുവനന്തപുരം–നെ വിളപ്പിൽശാലയിൽ പ്രവത്തിക്കുന്ന ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി സർവകലാശാല തെരഞ്ഞെടുത്തു.

**സർവ്വകലാശാലയുടെ മികവിന്റെ കേന്ദ്രങ്ങൾ:** സാങ്കേതിക വിദ്യയുടെ ഉയർന്നുവരുന്ന മണ്ഡലങ്ങളിൽ ഉന്നത നിലവാരമുള്ള ഗവേഷണം നടത്തുന്നതിന് സ്ഥാപനങ്ങളുമായി ആഗോള ബന്ധം ഉറപ്പാക്കുന്നതിന് സർവകലാശാല ആരംഭിച്ച ഒരു പദ്ധതിയാണ് മൾട്ടി ഡിസിപ്ലിനറി അപ്ലൈഡ് റിസർച്ചിന് വേണ്ടിയുള്ള മികവിന്റെ കേന്ദ്രങ്ങൾ. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള മൂന്ന് മികവിന്റെ കേന്ദ്രങ്ങളുടെ മണ്ഡലങ്ങൾ 1) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിക്കുന്ന സുസ്ഥിര എഞ്ചിനീയറിംഗും കാർബൺ ന്യൂട്രാലിറ്റിയും, 2) കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ എമർജിംഗ് മെറ്റീരിയലുകളും അടിസ്ഥാന സൗകര്യങ്ങളും, 3) എറണാകുളത്തെ മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, റോബോട്ടിക്സ് ആൻഡ് ഓട്ടോമേഷൻ എന്നിവയാണ്.

**സ്റ്റുഡന്റ് സപ്പോർട്ട് സ്കീം–** സുരക്ഷ: വിദ്യാർത്ഥികളുടെ ശാരീരികവും സാമൂഹികവും വൈകാരികവുമായ അവസ്ഥ ഉറപ്പാക്കുന്നതിന്, 2021-22 വർഷത്തിൽ "സുരക്ഷ" എന്ന പദ്ധതിയും അതിന്റെ പ്രവർത്തനങ്ങൾക്കായുള്ള നിയമങ്ങളുടെ സ്കീമുകൾ ഉൾപ്പെടെയുള്ള മുഴുവൻ നടപടിക്രമങ്ങളും ആരംഭിച്ചു. 2022-23 കാലഘട്ടത്തിൽ സർവകലാശാല ഈ പദ്ധതി നടപ്പാക്കി.

**സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഗവേഷണ സഹായ സൗകര്യങ്ങൾ ശക്തിപ്പെടുത്തുക:** യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലായി 920 ഗവേഷണ വിദഗ്ധരെ ഉൾക്കൊള്ളുന്ന 44 ഗവേഷണ കേന്ദ്രങ്ങളുണ്ട്.

**ഫാക്കൽറ്റിക്കുള്ള റിസർച്ച് സീഡ് മണി:** റിസർച്ച് സീഡ് മണി അവാർഡിനായി 46 പ്രോജക്ടുകൾ സ്ക്രീനിംഗ് കമ്മിറ്റി തിരഞ്ഞെടുത്തു

## കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം (കെ,എസ്.എസ്.ടി.എം )

1984-ൽ സ്ഥാപിതമായ കേരള സർക്കാരിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ കെ.എസ്.എസ്.ടി.എം, പൊതുജനങ്ങൾക്ക് ശാസ്ത്ര ആശയവിനിമയത്തിന്റെ ചലനാത്മക മാധ്യമമായി പ്രവർത്തിക്കാനും മെച്ചപ്പെട്ട നാളേക്കായി ശാസ്ത്രവും ശാസ്ത്രീയ മനോഭാവവും പ്രോത്സാഹിപ്പിക്കാനും രൂപകൽപ്പന ചെയ്തിരിക്കുന്നു. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന അന്താരാഷ്ട്ര പ്രശസ്തമായ പ്രിയദർശിനി പ്ലാനറ്റോറിയമാണ് മ്യൂസിയത്തിന്റെ പ്രധാന ആകർഷണം. വിദ്യാഭ്യാസ പ്ലേയിംഗ് ഉപകരണങ്ങളുള്ള സയൻസ് പ്ലേ പാർക്ക്, ത്രീഡി തിയേറ്റർ, സയൻസ് ഓൺ സ്ഫിയർ ഷോ, എനർജി ബോൾ, വിആർ സ്റ്റുഡിയോ ലേസേറിയം സംഗീത ജലധാര എന്നിവയ്ക്കൊപ്പം ജ്യോതിശാസ്ത്രം, ബഹിരാകാശ ഗവേഷണം, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, പോപ്പുലർ സയൻസ്, മാത്തമാറ്റിക്സ്, ഓട്ടോമൊബൈൽ, കമ്പ്യൂട്ടർ, റോബോട്ടിക്സ് എന്നിവയെക്കുറിച്ചുള്ള ഗാലറികളും മ്യൂസിയത്തിലുണ്ട്. സുസജ്ജമായ ലൈബ്രറിയും മ്യൂസിയത്തിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്താണ് പ്രധാന കാമ്പസ് പ്രവർത്തിക്കുന്നത്. ചാലക്കുടി, കോട്ടയം, പരപ്പനങ്ങാടി എന്നിവിടങ്ങളിൽ പ്രാദേശിക ശാസ്ത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. വെബ്സൈറ്റ് നവീകരണം, ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സൗകര്യം, റിവോൾവിംഗ് മോഡൽ ഓഫ് ഗ്ലോബ്, വെർച്വൽ റിയാലിറ്റി ഗാലറി, ഇലക്ട്രോണിക്സ് ഗാലറി, ലൈഫ് സൈസ് പകർപ്പുള്ള ബെൻസ് പേറ്റന്റ് മോട്ടോർ കാറിന്റെ ഓട്ടോമൊബൈൽ സിമുലേഷൻ ഗാലറി തുടങ്ങിയവയാണ് 2022-23 കാലയളവിൽ തിരുവനന്തപുരം കാമ്പസിൽ പൂർത്തിയാക്കിയ പ്രധാന പ്രവർത്തനങ്ങൾ.

ഉന്നതവിദ്യാഭ്യാസരംഗത്ത് മികവ് കൈവരിക്കുന്നതിനും വിജ്ഞാന സമ്പദ്വ്യവസ്ഥയിലേക്കുള്ള പ്രയാണം ത്വരിതപ്പെടുത്തുന്നതിനും കേരളം ശാസ്ത്രം, സാങ്കേതികവിദ്യ, നൂതനാശയങ്ങൾ എന്നീ മേഖലകളിൽ ശക്തമായി മുന്നേറേണ്ടതുണ്ട്. സർവ്വകലാശാലകളെയും വ്യവസായങ്ങളെയും ബന്ധിപ്പിക്കുക, അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇടയിൽ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും പ്രോത്സാഹിപ്പിക്കുക, ഈ മാറ്റങ്ങളെ സഹായിക്കുന്നതിന് ശക്തമായ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുക എന്നിങ്ങനെ ഈ പരിവർത്തനത്തിൽ ഉന്നത വിദ്യാഭ്യാസം ഒരു ഹബ്ബിന്റെ

രൂപത്തിൽ നിർണായക പങ്ക് വഹിക്കണം. ശാസ്ത്രം, സാങ്കേതികവിദ്യ, നവീകരണം എന്നിവയിലെന്നപോലെ, സാമൂഹിക ശാസ്ത്രം, മാനവികത, ഭാഷകൾ, കലകൾ എന്നിവയിൽ ഇന്റർ ഡിസിപ്ലിനറി, ട്രാൻസ് ഡിസിപ്ലിനറി ഗവേഷണങ്ങൾക്കായി സ്ഥാപന ശൃംഖലകളും മിഷനുകളും സ്ഥാപിക്കുന്നതിന് സർക്കാർ തുടക്കമിട്ടിട്ടുണ്ട്. പുതിയ സ്ഥാപനങ്ങൾ സ്ഥാപിക്കുമ്പോൾ നമുക്ക് വ്യക്തമാകുന്നത് ഉന്നതവിദ്യാഭ്യാസരംഗത്തെ എണ്ണത്തിലും ഗുണനിലവാരത്തിലും വർദ്ധനവിനുള്ള യഥാർത്ഥ ഊന്നൽ നിലവിലുള്ള സർവകലാശാലാ വകുപ്പുകളിൽ നിന്നും കോളേജുകളിൽ നിന്നുമായിരിക്കണം എന്നതാണ്. ഇവ നേടിയെടുക്കാൻ സർക്കാർ ഉന്നതവിദ്യാഭ്യാസത്തിൽ കൂടുതൽ നിക്ഷേപം ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ബജറ്റിലൂടെ സർവകലാശാലകളുടെ പ്ലാൻ ഫണ്ടിന്റെ 25 ശതമാനം സർക്കാർ വർധിപ്പിച്ചു. കിഫ്ബിക്ക് കീഴിൽ ഗണ്യമായ നിക്ഷേപവും വിഭാവനം ചെയ്തിട്ടുണ്ട്, കൂടാതെ സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബിയിൽ നിന്ന് 2000 കോടി രൂപയുടെ സാമ്പത്തിക സഹായവും വിഭാവനം ചെയ്തിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയെ നവീകരിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ ഭാരിച്ച ദൗത്യമാണ്. എന്നിരുന്നാലും, മുൻകാലങ്ങളിൽ ഇത്തരം നിരവധി ദൗത്യങ്ങൾ സാധ്യമാക്കിയ സംസ്ഥാനത്തിന്റെ പാരമ്പര്യം കണക്കിലെടുക്കുമ്പോൾ, ദേശീയ തലത്തിൽ വിഭാവനം ചെയ്ത പരിഷ്കാരങ്ങൾക്ക് ബദലായി ഈ പരിവർത്തനം തീർച്ചയായും പൂർത്തീകരിക്കപ്പെടേണ്ട ഒന്നാണ്.

# 6.2 വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും

പാർശ്വവൽകൃത ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകികൊണ്ട് എല്ലാ പൗരന്മാർക്കും തുല്യവും താങ്ങാനാവുന്നതും ഉയർന്ന നിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ നൽകുന്നതിന് കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്തെ ആരോഗ്യ സംരക്ഷണ ശൃംഖല സുസ്ഥാപിതമായതും പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളെ ഉൾക്കൊള്ളുന്നതും മതിയായ എണ്ണം ആരോഗ്യ പരിപാലന വിദഗ്ദ്ധർ ഉൽപ്പെട്ടതുമാണ്. ഉയർന്ന ആയുർദൈർഘ്യം, ശിശുമരണ നിരക്ക്, മാതൃമരണനിരക്ക്, ജനസംഖ്യയിൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും അനുപാതം തുടങ്ങിയ ആരോഗ്യ സൂചികകളിൽ സംസ്ഥാനം രാജ്യത്ത് മുന്നിൽത്തന്നെ തുടരുന്നു. എല്ലാ പ്രധാനപ്പെട്ട ദേശീയ സൂചകങ്ങളും ആരോഗ്യത്തിന്റെ കാര്യത്തിൽ കേരളത്തെ പട്ടികയിൽ ഏറ്റവും മുകളിൽ നിർത്തുന്നു. മാനസികാരോഗ്യം, ലഹരിവസ്തുക്കളുടെ ദുരുപയോഗം, കൗമാരക്കാരുടെ ആരോഗ്യം, വ്യാപകമായ റോഡ് ട്രാഫിക് അപകടങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാന നയം കൂടുതൽ ശ്രദ്ധ ചെലുത്തുന്നു. പട്ടികജാതി-പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നിവരുൾപ്പെടെയുള്ള പ്രത്യേക വിഭാഗങ്ങളുടെ ആരോഗ്യത്തിനും സംസ്ഥാന നയം പ്രത്യേക ശ്രദ്ധ നൽകുന്നു.

എന്നിരുന്നാലും, സാംക്രമിക രോഗങ്ങളുടെ തിരിച്ചുവരവ്, അപകടങ്ങളുടെയും പരിക്കുകളുടെയും വർദ്ധനവ്, പരിസ്ഥിതി നാശം മൂലമുള്ള രോഗങ്ങൾ എന്നിങ്ങനെ പുതിയതായ ആരോഗ്യ വെല്ലുവിളികൾ കേരളം ഇപ്പോൾ അഭിമുഖീകരിക്കുകയാണ്. ചിക്കുൻഗുനിയ, ഡെങ്കിപ്പനി, എലിപ്പനി, കൊവിഡ് തുടങ്ങിയ പകർച്ചവ്യാധികളും സംസ്ഥാനത്തിന്റെ പ്രധാന ഉത്കണ്ഠയാണ്. ഇവ കൂടാതെ, മാനസികാരോഗ്യ പ്രശ്നങ്ങൾ, ആത്മഹത്യ, ലഹരിവസ്തുക്കളുടെ ദുരുപയോഗം, മദ്യപാനം, കൗമാരക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ, വർധിച്ചുവരുന്ന റോഡ് ട്രാഫിക് അപകടങ്ങൾ എന്നിങ്ങനെ സംസ്ഥാനത്തിന്റെ ആരോഗ്യരംഗത്ത് പുതിയ ഭീഷണികൾ ഉയർന്നുവന്നിട്ടുണ്ട്. ഇവയെ നേരിടാൻ, ശരിയായ അന്തർമേഖലാ ഏകോപനത്തോടെയുള്ള സംഘടിതവും പ്രതിബദ്ധതയുള്ളതുമായ ശ്രമങ്ങൾ അത്യാവശ്യമാണ്. 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പൊതുമേഖലയിൽ സാധ്യമായ ഏറ്റവും മികച്ച പ്രതിരോധ, രോഗചികിത്സ, സാന്ത്വന പരിചരണം ലഭ്യമാക്കുകയാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. ജനസൗഹൃദ ആരോഗ്യ പരിചരണ സംവിധാനം സ്ഥാപിക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം.

**കേരളത്തിന്റെ ആരോഗ്യ സൂചകങ്ങൾ**

ആയുർദൈർഘ്യം: ജനങ്ങളുടെ ജീവിതനിലവാരവും ക്ഷേമവും വിലയിരുത്തുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട അളവുകോലാണ് ആയുർദൈർഘ്യം. ആയുർദൈർഘ്യം (ജനനത്തിൽ) കേരളത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളേക്കാളും ഉയർന്നതാണ്. സംസ്ഥാനത്ത് ജനനസമയത്തെ ആയുർദൈർഘ്യം 75 എന്നത് ദേശീയ തലത്തേക്കാൾ (70) ഉയർന്നതാണ്. ആയുർദൈർഘ്യത്തിൽ കേരളം ഒന്നാം സ്ഥാനം (പുരുഷൻ (71.9), സ്ത്രീ (78.0)) നിലനിർത്തുന്നു. ഇത് ദേശീയ തലത്തിലെ പുരുഷന്മാരുടെയും (68.6) സ്ത്രീകളുടെയും (71.4) ശരാശരി ആയുർദൈർഘ്യത്തെക്കാളും ഉയർന്നതാണ് (പട്ടിക 6.2.1 കാണുക). സംസ്ഥാനത്ത് സ്ത്രീകളുടെ ആയുർദൈർഘ്യം (78) പുരുഷന്മാരേക്കാൾ (71.9) കൂടുതലാണ്.

മാതൃ ആരോഗ്യ സംരക്ഷണം - മാതൃ ആരോഗ്യത്തിന്റെ പ്രാഥമിക സൂചകം മാതൃമരണ അനുപാതം (എംഎംആർ) ആണ്. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ എംഎംആർ (19) ഉള്ളത് കേരളത്തിലാണ്, ദേശീയ തലത്തിൽ എംഎംആർ 97 ആണ് (**പട്ടിക 6.2.1** കാണുക).

ശരിയായ വൈദ്യസഹായം ലഭിക്കാതെ മരിക്കുന്നവരുടെ ശതമാനം കേരളത്തിൽ ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ നാലിലൊന്ന് മാത്രമാണ്.

**പട്ടിക 6.2.1** ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ സാമൂഹിക, ആരോഗ്യ, ജനസംഖ്യ സൂചിക

| ക്രമനമ്പർ | സൂചകം | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | ആകെജനസംഖ്യ (കോടിയിൽ) (സെൻസസ് 2011) | 3.34 | 121.06 |
| 2 | ദശവർഷ വളർച്ച (ശതമാനത്തിൽ) (സെൻസസ് 2011) | 4.90 | 17.7 |
| 3 | ലിംഗഅനുപാതം (സെൻസസ് 2011) | 1084 | 943 |
| 4 | ശിശുലിംഗഅനുപാതം (സെൻസസ് 2011) | 964 | 919 |
| 5 | ജനനനിരക്ക് # | 13.2 | 19.5 |
| 6 | മരണനിരക്ക്* | | |
| | എ) കുട്ടികൾ (0-4) | 1.8 | 8 |
| | ബി) കുട്ടികൾ (5-14) | 0.5 | 0.4 |
| | സി) വ്യക്തികൾ (15-59) | 2.7 | 2.9 |
| | ഡി) വ്യക്തികൾ (60 ഉം മുകളിലും) | 39.1 | 42.3 |
| 7 | സാധാരണവളർച്ചാനിരക്ക് # | 6.2 | 13.5 |
| 8 | വൈദ്യശുശ്രൂഷ ലഭ്യമായ മരണങ്ങളുടെ ശതമാനം * | | |
| | സർക്കാർ | 43.3 | 29.9 |
| | സ്വകാര്യം | 37.4 | 18.9 |
| | നിർദ്ദിഷ്ടയോഗ്യതയുള്ളവർ | 16.0 | 33.2 |
| | പരിശീലനംലഭിക്കാത്തവർ/മറ്റുള്ളവർ | 3.4 | 18.0 |
| 9 | ചാപിള്ളയുടെ ജനനനിരക്ക്* | 4 | 3 |
| 10 | ക്രൂഡ് ബർത്ത് റേറ്റ്* | 13.2 | 19.5 |
| 11 | പ്രത്യുൽപാദനനിരക്ക്** | 19 | 97 |
| 12 | പ്രതീക്ഷിതആയുർദൈർഘ്യം *** | 75 | 70 |
| | പ്രതീക്ഷിതആയുർദൈർഘ്യം ***- പുരുഷൻ | 71.9 | 68.6 |
| | പ്രതീക്ഷിതആയുർദൈർഘ്യം ***- സ്ത്രീ | 78 | 71.4 |

അവലംബം: #എസ്.ആർ.എസ്. 2022 മെയ് /*എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2020/
** സ്പെഷ്യൽ ബുള്ളറ്റിൻ ഓൺ എംഎംആർ 2018-20/ ***എസ്.ആർ.എസ്. ലൈഫ് ടേബിൾ 2016-20

മരണത്തിന് മുമ്പ് മരണപ്പെട്ടയാൾക്ക് സർക്കാർ ആശുപത്രിയിലോ സ്വകാര്യ ആശുപത്രിയിലോ വൈദ്യസഹായം ലഭിച്ചതിന്റെ കേരളത്തിലെ അനുപാതം 80.7 ആണ്, ഇത് ഇന്ത്യയിൽ 48.7 ശതമാനമാണ്. എന്നിരുന്നാലും, കേരളത്തിലെ ചാപിള്ള ജനനനിരക്ക് ഇന്ത്യയേക്കാൾ അല്പം കൂടുതലാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പ്രസവങ്ങൾ ഏറെക്കുറെ പൂർണമായും ആശുപത്രികളിലാണെന്നതും, മെച്ചപ്പെട്ട വിവര ശേഖരണവും ഇതിന് കാരണമാകാം. പ്രത്യുൽപാദന നിരക്ക് ദേശീയ കണക്കുകളേക്കാൾ കുറവാണ്. ശരിയായ വൈദ്യസഹായം അമ്മമാർക്ക് ലഭിക്കാതെയുള്ള ജനനങ്ങളുടെ ശതമാനം കേരളത്തിൽ 0.1 ഉം ദേശീയ തലത്തിൽ 7.8 ഉം ആണ്.

### വിവിധ തലങ്ങളിലുള്ള ശിശു മരണനിരക്ക്

ശിശുമരണ നിരക്ക് (ഐ.എം.ആർ) - ഒറ്റ അക്ക ശിശുമരണനിരക്ക് (6) ഉള്ള ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. അതേസമയം അഖിലേന്ത്യാ തലത്തിൽ ഇത് 28 ആണ്.

സംസ്ഥാനത്തെ നവജാത ശിശുക്കളുടെ മരണനിരക്ക് (എൻ.എൻ.എം.ആർ.) 4 ആണ്. ഇത്ദേശീയ ശരാശരിയുടെ (20) അഞ്ചിലൊന്നാണ്. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 8 ആണ്, ഇത് അഖിലേന്ത്യാ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ (32) നാലിലൊന്നാണ്. പ്രസവത്തിനു നിശ്ചിതദിവസങ്ങൾക്കു മുൻപോ പ്രസവത്തിനുശേഷം ഒരാഴ്ച്ചക്കകത്തുള്ള ശിശുമരണനിരക്ക് (പിഎൻഎംആർ), ആദ്യ ഘട്ടത്തിലുള്ള നവജാത ശിശു മരണനിരക്ക് (ഏർളി നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ്), അവസാനപാദ നവജാത ശിശു മരണനിരക്ക് (ലേറ്റ് നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ്), പോസ്റ്റ് നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ് (പിഎൻഎൻഎംആർ) എന്നിവയും അഖിലേന്ത്യാ കണക്കുകളേക്കാൾ കുറവാണ്. ഈ നേട്ടങ്ങളുടെ ഒരു പ്രധാന കാരണം കേരളത്തിലെ 99.9 ശതമാനം അമ്മമാർക്കും പ്രസവസമയത്ത് സർക്കാർ ആശുപത്രിയിലോ സ്വകാര്യ ആശുപത്രിയിലോ യോഗ്യതയുള്ള പ്രൊഫഷണലുകളുടെ വൈദ്യസഹായം ലഭിക്കുന്നു എന്നതാണ്, ഇത് ഇന്ത്യയിൽ 82.6 ശതമാനമാണ്. ഇന്ത്യയിലെയും കേരളത്തിലെയും ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 6.2.2** ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.2** ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | സൂചകം | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | ശിശുമരണനിരക്ക് # | 6 | 28 |
| | ശിശുമരണനിരക്ക് # - പുരുഷൻ | 10 | 28 |
| | ശിശുമരണനിരക്ക് # - സ്ത്രീ | 3 | 28 |
| 2 | നവജാത ശിശു മരണനിരക്ക്* | 4 | 20 |
| 3 | പെരിനാറ്റൽ മോർട്ടാലിറ്റി നിരക്ക്* | 8 | 18 |
| 4 | ശിശുമരണ നിരക്ക് (5 വയസ്സിൽ താഴെ) * | 2 | 8 |
| 5 | 5 വയസ്സിനു താഴെയുള്ള മരണ നിരക്ക്* | 8 | 32 |
| 6 | ഏർളി നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | 4 | 15 |
| 7 | ലേറ്റ് നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | 0 | 5 |
| 8 | പോസ്റ്റ് നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | 2 | 8 |
| 9 | ക്രൂഡ് ഡെത്ത് റേറ്റ്* | 7 | 54.6 |
| 10 | അമ്മമാർക്ക് വൈദ്യസഹായം ലഭിച്ചുകൊണ്ടുള്ള ജനന ശതമാനം* | | |
| | സർക്കാർ | 44.7 | 54.6 |
| | സ്വകാര്യം | 55.2 | 28 |
| | നിർദ്ദിഷ്ടയോഗ്യതയുള്ളവർ | 0.1 | 9.7 |
| | പരിശീലനംലഭിക്കാത്തവർ/മറ്റുള്ളവർ | 0.1 | 7.8 |

അവലംബം: #എസ്.ആർ.എസ് 2022 മെയ്/*എസ്.ആർ.എസ്. സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2020

### പ്രത്യുല്പാദനക്ഷമത

നാഷണൽ ഫാമിലി ഹെൽത്ത് സർവേ 2019-20 (എൻ.എഫ്.എച്ച്.എസ്.- 5) പ്രകാരം 25-49 വയസ് പ്രായമുള്ള സ്ത്രീകൾക്കിടയിൽ ആദ്യ വിവാഹത്തിന്റെ ശരാശരി പ്രായം 21.5 വയസ്സാണ്. 20-24 വയസ് പ്രായമുള്ള ആറ് ശതമാനം സ്ത്രീകൾ നിയമപരമായ കുറഞ്ഞ പ്രായമായ 18 വയസ്സ് തികയുന്നതിന് മുമ്പ് വിവാഹിതരായവരാണ്. 20-49 വയസ് പ്രായമുള്ള സ്ത്രീകളിൽ 10.2 ശതമാനം മാത്രമാണ് വിവാഹിതരായിട്ടില്ലാത്തതെങ്കിൽ 20-49 വയസ് പ്രായമുള്ള 35.9 ശതമാനം പുരുഷന്മാരും വിവാഹിതരായിട്ടില്ല. മൊത്തം ഫെർട്ടിലിറ്റി റേറ്റ് (TFR) കേരളത്തിൽ 1.5 ആണ്, ദേശീയതലത്തിൽ ഇത് 2 ആണ്. സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ഉള്ള പ്രധാന ഫെർട്ടിലിറ്റി സൂചകങ്ങളുടെ താരതമ്യ കണക്കുകൾ **പട്ടിക 6.2.3** ൽ നൽകിയിരിക്കുന്നു.

### ആർദ്രം മിഷൻ

അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ആദ്രം മിഷൻ l എന്ന പദ്ധതി പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആരംഭിച്ചു. സർക്കാർ ആശുപത്രികളിലെ സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ന്യായമായ ചെലവിലും സമയത്തിലും സംതൃപ്തിയിലും ചികിത്സ നൽകുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു - 1. മെഡിക്കൽ കോളേജ് ആശുപത്രികളുടെയും മറ്റ് ഗവൺമെൻറ് ആശുപത്രികളുടെയും ഔട്ട്പേഷ്യന്റ് (ഒ.പി.) വിഭാഗങ്ങളുടെ രോഗി സൗഹൃദ പരിവർത്തനം, 2. ജില്ലാ-താലൂക്ക് തല ആശുപത്രികളെ മാതൃകാനിലവാരത്തിലേക്കുയർത്തൽ 3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഘട്ടം ഘട്ടമായി വികസിപ്പിക്കുക 4. ആശുപത്രികളിലെ രോഗികളുടെ പരിചരണത്തിൽ പ്രോട്ടോക്കോൾ അടിസ്ഥാനത്തിലുള്ള ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾ ഉറപ്പുവരുത്തുക.

പട്ടിക 6.2.3 ഇന്ത്യയുമായി താരതമ്യം ചെയ്തുള്ള കേരളത്തിന്റെ പ്രധാന ഫെർട്ടിലിറ്റി സൂചകങ്ങൾ

| ക്രമ നമ്പർ | സൂചകം | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | ഫെർട്ടിലിറ്റി റേറ്റ് (ആകെ) (TFR) * | 1.5 | 2 |
| 2 | സാധാരണപ്രത്യുൽപാദനനിരക്ക്* | 45.3 | 67 |
| 3 | ആകെ വൈവാഹിക പ്രത്യുൽപാദന നിരക്ക് * | 4.6 | 5.2 |
| 4 | പൊതു വൈവാഹിക പ്രത്യുൽപാദന നിരക്ക്* | 65.7 | 108.3 |
| 5 | ഗ്രോസ്റീപ്രൊഡക്ഷൻറേറ്റ്* | 0.8 | 0.9 |
| 6 | സ്ത്രീകളിലെവിവാഹപ്രായം * | | |
| | എ) 18-നുമ്പ് | 17 | 16.5 |
| | ബി) 18-20 | 19.2 | 19.3 |
| | സി) 21-നുകളിൽ | 25 | 24.2 |
| | ഡി)എല്ലാവരും | 23.4 | 22.7 |

അവലംബം: എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2020

സർക്കാർ മെഡിക്കൽ കോളജ് ഹോസ്പിറ്റലുകൾ, ജില്ലാ താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് ആർദ്രം മിഷൻ നടപ്പാക്കുന്നത്. പ്രാഥമികാരോഗ്യ

കേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി മാറ്റിയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റിയും മതിയായ മരുന്ന് വിതരണം, ഉറപ്പായ പ്രോട്ടോക്കോളുകൾ എന്നിവയിലൂടെ ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യം ഉറപ്പുവരുത്തി പൊതുജനാരോഗ്യവ്യവസ്ഥയിൽ അവരുടെ വിശ്വാസം വർദ്ധിപ്പിക്കാൻ കഴിയും. നവകേരള കർമ്മ പദ്ധതി II-ന്റെ ഭാഗമായി ആർദ്രം മിഷൻ II 2022-ൽ ആരംഭിച്ചു.

### കുടുംബാരോഗ്യ കേന്ദ്രങ്ങൾ

2017-18 കാലത്ത് 14 ജില്ലകളിലായി 170 പി.എച്ച്.സി. കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനായി സർക്കാർ തെരഞ്ഞെടുത്തു. ഇതിൽ 166 എഫ്. എച്ച്.സി.കൾ ഇതിനകം പ്രവർത്തനക്ഷമമാക്കി, ബാക്കിയുള്ളവ പുരോഗമിക്കുന്നു. 2018-19 ലെ രണ്ടാം ഘട്ടത്തിൽ എഫ്.എച്ച്.സി.കളായി വികസിപ്പിക്കുന്നതിന് 504 പിഎച്ച്സികളെ തെരഞ്ഞെടുത്തു. അതിൽ 418 എണ്ണം പൂർത്തിയായി, മറ്റ് പിഎച്ച്സികളിൽ വിവിധ ഘട്ടങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നത് സംബന്ധിച്ച ജനങ്ങളുടെ പ്രതികരണം പ്രോത്സാഹനജനകമാണ്. മൂന്നാം ഘട്ടത്തിൽ ദേശീയ ആരോഗ്യ മിഷനു കീഴിലുള്ള ഫണ്ട് ഉപയോഗിച്ച് എഫ്എച്ച്സികളായി വികസിപ്പിക്കുന്നതിന് 212 പിഎച്ച്സികളെ തെരഞ്ഞെടുക്കുകയും 60 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. ഇതിനുപുറമെ സി.എച്ച്സി.കളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് ആദ്യഘട്ടമായി 2019-20 കാലയളവിൽ 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും (ഇതിൽ 46 എണ്ണം പൂർത്തീകരിച്ചു) 2021-22 ൽ രണ്ടാം ഘട്ടമായി ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് മറ്റൊരു 75 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും (ഇതിൽ 3 എണ്ണം പൂർത്തീകരിച്ചു) തെരഞ്ഞെടുത്തു. 2016 മുതൽ വിവിധ ഘട്ടങ്ങളിലായി ഡിഎച്ച്എസിനു കീഴിൽ ആകെ 3725 തസ്തികകൾ സൃഷ്ടിച്ചു.

### സർക്കാർ ആശുപത്രികളിലെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങളുടെ രോഗീസൗഹൃദ പരിവർത്തനം

മെഡിക്കൽ കോളേജ് ആശുപത്രികളും ജില്ലാതല ആശുപത്രികളും ദിവസവും ആയിരക്കണക്കിന് രോഗികൾക്ക് ഔട്ട് പേഷ്യന്റ് പരിചരണം നൽകുന്നുവെന്ന വസ്തുത കണക്കിലെടുത്ത് ഈ ആശുപത്രികളുടെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിനു ആർദ്രം മിഷൻ മുൻഗണന നൽകിയിട്ടുണ്ട്. ഒ.പി. രജിസ്ട്രേഷൻ കൗണ്ടറും രോഗിക്ക് കാത്തുനിൽക്കുന്നതിനുള്ള സൗകര്യവും, ഇരിപ്പിടം, ടോക്കൺ സംവിധാനം, കുടിവെള്ളം, ടോയ്ലറ്റ് സൗകര്യം, പബ്ലിക് അഡ്രസ്സ് സിസ്റ്റം, വിവര വിദ്യാഭ്യാസ വാർത്താവിനിമയ സംവിധാനങ്ങൾ, സിഗ്നേജ് സംവിധാനങ്ങൾ തുടങ്ങിയ സംയോജിപ്പിച്ചിരിക്കുന്നു. വലിയ സ്ഥാപനങ്ങൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ രോഗി പരിപാലന കോർഡിനേറ്റർമാരുടെ പിന്തുണയും നൽകും. ഗുണനിലവാരമുള്ള ചികിത്സാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനായി കൺസൾട്ടേഷൻ മുറികളിൽ ആവശ്യമായ ഉപകരണങ്ങൾ ഒ.പി. കമ്പ്യൂട്ടർവൽക്കരണം നിർദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള കേസ് മാനേജ്മെന്റ് എന്നിങ്ങനെ ആസൂത്രണം ചെയ്തിരിക്കുന്നു. സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിലും ജില്ലാതല ആശുപത്രികളിലും ഇത് നടപ്പിലാക്കിവരികയാണ്.

### ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിലെ ജനസൗഹൃദ ഒ.പി. പരിവർത്തനം

സംസ്ഥാനത്ത് ആകെ 18 ജനറൽ ആശുപത്രികളും, 18 ജില്ലാ ആശുപത്രികളുമാണ് ഉള്ളത്. ഇതിൽ 17 സ്ഥാപനങ്ങളെ മാത്രമാണ് ഒ.പി. വിഭാഗം പരിവർത്തനത്തിനായി തെരഞ്ഞെടുത്തത്. പതിനാല് ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. മറ്റ് ആശുപത്രികളിലെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. താലൂക്ക് ആശുപത്രികളിലെ ഒ.പി. പരിവർത്തനത്തിന്റ ഭാഗമായി ആകെ 86 താലൂക്ക് ആശുപത്രികളിൽ നിന്നും 43 സ്ഥാപനങ്ങളെ മാതൃകാനിലവാരത്തിലേക്കുയർത്താൻ തെരഞ്ഞെടുത്തതിൽ 11 എണ്ണം പൂർത്തിയായി. ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ സൃഷ്ടിച്ച വിവിധ തസ്തികകളുടെ എണ്ണം 891 ആണ്. ഇതിൽ 14 സൂപ്പർ സ്പെഷ്യലിസ്റ്റുകൾ, 252 സ്പെഷ്യലിസ്റ്റുകൾ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ, 197 സ്റ്റാഫ് നഴ്സ്, 84 ലാബ് ടെക്നീഷ്യൻമാർ, 344 പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർ ഉൾപ്പെടുന്നു.

### മെഡിക്കൽ കോളേജുകളിലെ പുതിയ സംരംഭങ്ങൾ

മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾക്ക് ഗുണമേന്മയും, ജനസൗഹാർദ്ദപരവുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, പാരിപ്പള്ളി, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകൾ ഒ.പി. ഡി. പരിവർത്തനം നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തു. നിലവിൽ സംസ്ഥാനത്തെ 8 മെഡിക്കൽ കോളേജുകളിൽ പ്രവർത്തനങ്ങൾ പൂർത്തിയായി. മെഡിക്കൽ കോളേജുകളിൽ രോഗികളുടെ തിരക്കു മൂലമുള്ള അസൗകര്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി എല്ലാ വകുപ്പുകളിലും ഓൺലൈൻ ഒ.പി രജിസ്ട്രേഷൻ കണ്ടറുകൾ, രോഗികൾക്ക് കാത്തുനിൽകുന്നതിനുള്ള സൗകര്യം, കുടിവെള്ള സൗകര്യങ്ങൾ, ടോയ്ലറ്റ് നിർമ്മാണം / നവീകരണം, ഒ.പി. മുറികൾ, സിഗ്നേജുകൾ സ്ഥാപിക്കുക, ഇത് കൂടാതെ ടി.വി, ഡിസ്പ്ലേ ബോർഡ്, ഇരിപ്പിടങ്ങൾ, പി.എ. സിസ്റ്റം, ഒ.പി മുറികളിൽ എയർ കണ്ടീഷണറുകൾ, റാമ്പ് തുടങ്ങിയ സംവിധാനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നു. ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി **പട്ടിക 6.2.4**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.4** ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി

| ആശുപത്രികളുടെ തരം | ഘട്ടം | മൊത്തം സ്ഥാപനങ്ങൾ | പ്രവർത്തി പൂർത്തിയായത് | പ്രവർത്തി പുരോഗമിക്കുന്നത് | പ്രവർത്തി ആരംഭിക്കേണ്ടത് |
|---|---|---|---|---|---|
| പി.എച്ച്.സി.കൾ എഫ്എച്ച്സികളാക്കി മാറ്റുന്നത് | ഒന്നാം ഘട്ടം | 170 | 166 | 1 | 3 |
| | രണ്ടാം ഘട്ടം | 504 | 418 | 27 | 59 |
| | മൂന്നാം ഘട്ടം | 212 | 60 | 44 | 108 |
| | ആകെ | 886 | 644 | 72 | 170 |
| സിഎച്ച്സി.കളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് | ഒന്നാം ഘട്ടം | | | | |
| | രണ്ടാം ഘട്ടം | 76 | 46 | 15 | 15 |
| ജില്ലാ / ജനറൽ ആശുപത്രികളുടെ ഒപി.കൾ | ഒന്നാം ഘട്ടം | 75 | 3 | 22 | 50 |
| താലൂക്ക് ആശുപത്രികളിലെ ഒപി. കൾ | ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങൾ | 17 | 14 | 0 | 3 |
| മെഡിക്കൽ കോളേജുകൾ | ഒന്നാം ഘട്ടം | 43 | 11 | 18 | 14 |
| | | 8 | 8 | 0 | 0 |

അവലംബം: ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

**നവകേരള കർമ്മ പദ്ധതി II – ആർദ്രം മിഷൻ**

സേവനങ്ങളിലും പ്രവർത്തന മികവിലും ഗുണനിലവാര വർദ്ധനയിലും ഊന്നൽ നൽകാനും വർദ്ധിച്ച ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ ജീവിതം കൈവരിക്കാനുള്ള പ്രവർത്തനങ്ങൾക്കുമാണ് ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിൽ ലക്ഷ്യം വെക്കുന്നത്. സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ ഉറപ്പാക്കുക, ജനസൗഹൃദ ആരോഗ്യ സ്ഥാപനങ്ങൾ സൃഷ്ടിക്കുക, ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ, ചികിത്സാ ചിലവുകൾ കുറയ്ക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുക എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ. ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജില്ലാ ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളെയും ജനസൗഹൃദ നിലവാരത്തിലേക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മുഴുവൻ നഗരാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതാണ്. നിലവിലുള്ള ഉപകേന്ദ്രങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനും നഗര പ്രദേശങ്ങളിലെ ഓരോ ഡിവിഷനിലും വ്യത്യസ്ത പൊതുജനാരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നതിന് ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുകയും അവിടെ ആരോഗ്യ പ്രവർത്തകരെ നിയമിക്കുകയും ചെയ്യുന്നതാണ്. ഓരോ പ്രദേശത്തെയും പൗരൻമാരുടെ മുഴുവൻ അടിസ്ഥാന ആരോഗ്യവിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലീരോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുകയും, പ്രതിരോധിക്കുകയും ചെയ്യുന്നു.

കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ക്യാൻസർ ചികിത്സാസൗകര്യം ഉറപ്പാക്കും. പ്രാരംഭ ഘട്ടത്തിൽ രോഗികൾക്ക് ക്യാൻസർ രോഗം കണ്ടുപിടിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കും. സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകളേയും മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകളേയും ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം നടപ്പാക്കുകയും പാലിയേറ്റിവ് കെയർ നെറ്റ്‌വർക്കുകൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. പകർച്ചവ്യാധി രോഗനിയന്ത്രണ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും, മലേറിയ, കാലാഅസാർ, ഫൈലേറിയാസിസ്, ക്ഷയരോഗം എന്നിവയുടെ നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും വയോജനങ്ങളുടെ പ്രത്യേക ആരോഗ്യ ആവശ്യങ്ങൾ പരിഗണിച്ച് പാലിയേറ്റിവ്, ഫിസിയോതെറാപ്പി സേവനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആവശ്യമായ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

ഐക്യരാഷ്ട്രസഭ നിർദ്ദേശിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി സംസ്ഥാനം തയ്യാറാക്കിയിട്ടുള്ള ആരോഗ്യമേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആദിവാസി വിഭാഗങ്ങൾ, തീരദേശത്ത് വസിക്കുന്നവർ, LGBTIQA+, സ്ത്രീകൾ, ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിഭാഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ വിശകലനം ചെയ്ത് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നതാണ്. പുതിയ ജന്തുജന്യ രോഗങ്ങൾ അടക്കമുള്ള പുതുരോഗങ്ങൾ

ആരംഭത്തിൽത്തന്നെ പരിശോധിക്കുകയും കണ്ടെത്തുകയും ഇടപെടുകയും ചെയ്യുന്ന 'ഏകാരോഗ്യ' പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു.

കോവിഡിന്റെ മൂന്നാം ഘട്ടത്തെയും, തുടർ പ്രശ്നങ്ങളെയും നേരിടാനും പുതുരോഗങ്ങളുടെ ചികിത്സയ്ക്കും ആവശ്യമായി വരുന്ന ഐസോലേഷൻ വാർഡുകൾ എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഒന്നു വീതം സജ്ജമാക്കുകയും പുതുരോഗങ്ങളുടെ ആരംഭം, വ്യാപനം തുടങ്ങിയവ കണ്ടെത്താനും നിയന്ത്രണത്തിനും സഹായകമായ കൊളാബറേറ്റീവ് റിസർച്ച് സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണം വഴി ശക്തിപ്പെടുത്തുന്നതുമാണ്. ആരോഗ്യ മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കാനുള്ള സാഹചര്യങ്ങൾ എല്ലാ തലങ്ങളിലും സജ്ജമാക്കുന്നതിനായി സംസ്ഥാന തലത്തിൽ എസ്.എച്ച്.എസ്.ആർ.സി യുടെ നേതൃത്വത്തിൽ എത്തിക്സ് കമ്മിറ്റി രൂപീകരിക്കും.

സാമ്പിളുകളെടുത്ത് ആരോഗ്യ വകുപ്പിന്റെ മേലേത്തട്ടിലുള്ള ലാബുകളിലേക്ക് അയച്ച് പരിശോധന നടത്തുന്ന "ഹബ്ബ് ആന്റ് സ്പോക്ക് രീതിയിലുള്ള ലാബ്സർവ്വീസുകൾ ഏകോപിപ്പിക്കുന്നതിനും റഫറൽ പ്ലാൻ ഉൾപ്പെടെയുള്ള ചികിത്സാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതുമാണ്. വയോജനങ്ങളുടെ സ്വാസ്ഥ്യത്തിനായി മാനസികാരോഗ്യം, വീഴ്ചകൾ, ഡിമെൻഷ്യ, തുടങ്ങിയ മേഖലകളിൽ ഇടപെടലുകൾ നടത്തും. ആയുഷുമായി ചേർന്ന് പ്രവർത്തനങ്ങൾ നടപ്പിലാക്കും. പഞ്ചായത്തുകൾ വയോജന സൗഹൃദമാക്കും. ജീവിതശൈലി രോഗങ്ങൾ, മാനസികാരോഗ്യം, വയോജന ആരോഗ്യവും ക്ഷേമവും. പകർച്ചവ്യാധി നിയന്ത്രണം, രോഗ നിവാരണം എന്നീ ഘടകങ്ങൾക്ക് ഊന്നൽ നൽകി ക്യാമ്പയിനുകൾ നടത്തുന്നു.

### ജനകീയ ആരോഗ്യ കേന്ദ്രം

കേരളത്തിലെ ആരോഗ്യ ഉപകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച പ്രദേശത്തെ ജനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ എല്ലാവർക്കും ആരോഗ്യത്തോടെ ജീവിക്കാൻ സഹായകമായ ആരോഗ്യദായക പ്രവർത്തനങ്ങൾ നടത്തി രോഗാതുരത കുറയ്ക്കുക എന്നതാണ് ആർദ്രം മിഷൻ മുന്നോട്ട് വയ്ക്കുന്ന നയസമീപനം. ആരോഗ്യവർദ്ധക സേവനങ്ങൾ, രോഗ പ്രതിരോധം, രോഗ നിരീക്ഷണം, രോഗനിയന്ത്രണം, മാതൃ-ശിശു ആരോഗ്യം മുതലായ മേഖലകളിലെ ഇടപെടലുകളുടെ ഒരു കേന്ദ്രബിന്ദുവായി ആരോഗ്യ ഉപകേന്ദ്രങ്ങളെ മാറ്റുന്നതിനും അവയെ ജനകീയ ആരോഗ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പ്രാപ്തമാക്കുന്ന രീതിയിൽ കാലാനുസൃതമായി ശാക്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഓരോ വ്യക്തിയും ആരോഗ്യത്തോടെ ജീവിക്കുന്നു എന്ന് ഉറപ്പു വരുത്താനുള്ള ഉത്തരവാദിത്തം സമൂഹം ഒറ്റക്കെട്ടായി ഏറ്റെടുക്കേണ്ടതുണ്ട്. ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ, വ്യായാമം മുതലായ ആരോഗ്യദായക ശീലങ്ങൾ അനുവർത്തിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിലൂടെ മാത്രമേ രോഗാതുരത കുറയ്ക്കാൻ സാധിക്കുകയുള്ളൂ. ഇത്തരം പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ ജനപങ്കാളിത്തം ആവശ്യമാണ്. പൊതുജനാരോഗ്യ മേഖലയിൽ ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ഉപകേന്ദ്രങ്ങളേയും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ആയി ഉയർത്തിയത് ഈ സാഹചര്യത്തിലാണ്. സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ താഴെ തട്ടിൽ എത്തിക്കുക എന്നതാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ലക്ഷ്യം. ഇതിനായി ആർദ്രം മിഷനിലൂടെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി നവീകരിച്ച് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ജനസൗഹൃദ സ്ഥാപനങ്ങളായി മാറ്റുകയും ചെയ്യുന്നു. 2023 നവംബർ 15 ലെ കണക്കനുസരിച്ച് ആയുഷ് ഉൾപ്പെടെ 6825 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ട്.

### നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യു.എ.എസ്.)

2013-ൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് ആരംഭിച്ചെങ്കിലും എൻ.ക്യു.എ.എസ്. ചെക്ക് ലിസ്റ്റിലെ ചില ചെക്ക് പോയിന്റുകൾ കേരളത്തിൻറെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്തതുകൊണ്ട് എൻ.ക്യു.എ.എസ്. മാനദണ്ഡപ്രകാരമുള്ള അംഗീകാരം കേരളത്തിലെ സ്ഥാപനങ്ങൾക്ക് ലഭിച്ചില്ല. നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ സഹായത്തോടെ 2017 ൽ കേരള മാനദണ്ഡങ്ങൾക്കനുസരിച്ച് എൻ.ക്യു.

**ബോക്സ് 6.2.1 ഏകാരോഗ്യം**

ഏകാരോഗ്യ പ്രവർത്തനങ്ങൾക്കായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും എല്ലാ ജില്ലകളിലും ഏകാരോഗ്യ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലെ ഏകാരോഗ്യ പ്രവർത്തനങ്ങൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.), ലോകബാങ്ക് എന്നിവയുടെ സഹായം ലഭ്യമാണ്. ഈ നാല് ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ സെന്റർ ഫോർ വൺ ഹെൽത്തും ജില്ലാതലത്തിൽ ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് & സപ്പോർട്ട് യൂണിറ്റും (ഡിപിഎസ്‌യു) സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നോഡൽ ഓഫീസർമാരെ ഉൾപ്പെടുത്തി ലൈൻ ഡിപ്പാർട്ട്മെന്റ് തലത്തിൽ ഏകാരോഗ്യ സമിതി രൂപീകരിക്കാൻ വകുപ്പ് മേധാവികളുടെ യോഗം തീരുമാനിച്ചു. താഴെപ്പറയുന്ന സംവിധാനങ്ങൾ സ്ഥാപിക്കാൻ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു; 1. സംസ്ഥാനതല ഏകാരോഗ്യ സമിതി, 2. ജില്ലാതല ഏകാരോഗ്യ സമിതി 3. തദ്ദേശ ഭരണ തല ഏകാരോഗ്യ കമ്മിറ്റി, 4. ലൈൻ ഡിപ്പാർട്ട്മെന്റ് ലെവൽ ഏകാരോഗ്യ കമ്മിറ്റിയും നോഡൽ ഓഫീസർമാരും.

എം.എസ്. ചെക്ക് ലിസ്റ്റ് മാറ്റംവരുത്തുവാൻ സംസ്ഥാനം മുൻകൈയെടുത്തു. കേരള വ്യവസ്ഥകൾക്ക് യോജിക്കാത്ത ചില ഇനങ്ങൾ നീക്കം ചെയ്യുകയും പകരം പാലിയേറ്റീവ് കെയർ ഉൾപ്പെടുത്തിയുമാണ് ചെക്ക് ലിസ്റ്റ് നവീകരണം നടത്തിയത്. ചെക്ക് ലിസ്റ്റ് നവീകരിച്ച ശേഷം എൻ. ക്യു.എ.എസ്. അക്രഡിറ്റേഷനിൽ കേരളം വളരെയധികം പുരോഗതി കൈവരിച്ചു. 2023 ഒക്ടോബർവരെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ 1284 സ്ഥാപനങ്ങളിൽ 148 സ്ഥാപനങ്ങൾക്ക് [ജില്ലാ ആശുപത്രികൾ (5), താലൂക്ക് ആശുപത്രികൾ (4), കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (8), കുടുംബാരോഗ്യ കേന്ദ്രം (93), അർബൻ പിഎച്ച്സി (38)] സംസ്ഥാനത്ത് നിന്നു ഇതിനകം ദേശീയതല അംഗീകാര സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. കേരളത്തിലെ കാഷ് (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്) അംഗീകൃത സ്ഥാപനങ്ങളുടെ എണ്ണം 178 ആണ്.

### ഇ-ഹെൽത്ത് പ്രൊജക്റ്റ്

കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് ഇ-ഹെൽത്ത് പ്രോജെക്റ്റ് ലക്ഷ്യമിടുന്നു. ഡോക്ടർമാർക്ക് എളുപ്പത്തിൽ പരിശോധിക്കാവുന്ന വ്യക്തിഗത മെഡിക്കൽ രേഖകളുടെ ഒരു ഡാറ്റാബേസ് നിർമ്മിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. രോഗിയുടെ സവിശേഷമായ തിരിച്ചറിയൽ, സംസ്ഥാനത്തെ വിവിധ പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിലുള്ള വിവിധ ആരോഗ്യ പരിപാലന വിതരണ യൂണിറ്റുകൾ തമ്മിലുള്ള ഡാറ്റ എക്സ്ചേഞ്ച് എന്നിവ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഇത് മൂലം ആവർത്തിച്ചു വരുന്ന മെഡിക്കൽ പരിശോധനകൾ ഒഴിവാക്കാനും രോഗിയുടെ ചെലവ് കുറക്കുന്നതിനും ക്ലിനിക്കുകളിലും ലാബുകളിലും തിരക്ക് കുറയ്ക്കാനും കഴിയും. തിരുവനന്തപുരം പൈലറ്റ് ജില്ലയായി ആരംഭിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. 597 ആശുപത്രികളിൽ ഇ-ഹെൽത്ത് പൂർത്തിയായി, അതിൽ 200 എണ്ണം പേപ്പർ ഉപയോഗിക്കേണ്ടതില്ലാത്ത ആശുപത്രികളായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തിന്റെ ഇ-ഹെൽത്ത് പദ്ധതിയെ നിതി ആയോഗ് അഭിനന്ദിച്ചു. 2,59,55,998 വ്യക്തികളുടെ ഡാറ്റാ ബേസ് ശേഖരിച്ച് ഇലക്ട്രോണിക് രേഖകളായി സംഭരിച്ച രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. ഇതിൽ 68,35,432 വീടുകളും 1,26,83,803 പുരുഷന്മാരും 1,32,71,379 സ്ത്രീകളും 816 ട്രാൻസ്ജെൻഡറുകളും ഉൾപ്പെടുന്നു. വിശദാംശങ്ങൾ **പട്ടിക 6.2.5** ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.5** ഇ-ഹെൽത്ത് പ്രോഗ്രാമിന് കീഴിൽ ജില്ല തിരിച്ചുള്ള ജനസംഖ്യാസർവേ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | ജനസംഖ്യ സർവേ നടത്തിയത് | ക്രമ നമ്പർ | ജില്ല | ജനസംഖ്യ സർവേ നടത്തിയത് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 24,06,760 | 8 | തൃശ്ശൂർ | 23,01,629 |
| 2 | കൊല്ലം | 21,68,789 | 9 | പാലക്കാട് | 23,44,974 |
| 3 | പത്തനംതിട്ട | 10,26,328 | 10 | മലപ്പുറം | 38,44,650 |
| 4 | ആലപ്പുഴ | 15,21,575 | 11 | കോഴിക്കോട് | 25,00,494 |
| 5 | കോട്ടയം | 15,22,289 | 12 | വയനാട് | 6,23,272 |
| 6 | ഇടുക്കി | 8,67,546 | 13 | കണ്ണൂർ | 19,41,501 |
| 7 | എറണാകുളം | 18,70,452 | 14 | കാസർഗോഡ് | 10,15,739 |
| | ആകെ | 2,59,55,998 | | | |

അവലംബം: ഇ-ഹാൽത്ത് കേരള, ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ് 2023 നവംബർ 15

പദ്ധതിക്കാലത്തെ ആരോഗ്യമേഖലയ്ക്കുള്ള ധനസഹായം കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനബജറ്റിൽ നിന്നും വലിയ തുക നീക്കി വയ്ക്കുന്ന ഒരു പ്രധാന മേഖലയാണ് ആരോഗ്യം. അടുത്ത കാലത്തായി സർക്കാരിന്റെ ആരോഗ്യ സംരക്ഷണ ചെലവ് നിരന്തരമായി വർദ്ധിക്കുന്നതായികാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും സംഭാവനയെ ഒഴിച്ചുനിർത്തിയാൽ തന്നെ മൊത്തം സംസ്ഥാന ബഡ്ജറ്റ് (2023-24 കാലയളവിൽ 30370 കോടി) വിഹിതത്തിന്റെ 6.62 ശതമാനത്തോളമാണ് (2023-24 കാലയളവിൽ 2010.83 കോടി) ആരോഗ്യ സംരക്ഷണത്തിന് കേരളം ചെലവഴിക്കുന്നത് എന്നതാണ് വസ്തുത. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ അനുസരിച്ച്, മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 27.19 ശതമാനം (8258 കോടി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (എൽഎസ്ജിഐ) നീക്കിവച്ചിരിക്കുന്നു. എൽ.എസ്ജി.ഐ.-കൾ അവരുടെ ചെലവിന്റെ ഗണ്യമായ ശതമാനം ആരോഗ്യ സംരക്ഷണത്തിനായി ചെലവഴിക്കുന്നു. ഇതിനുപുറമെ, കെട്ടിട നിർമ്മാണത്തിനും ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുമായി കിഫ്ബിയും നബാർഡും വഴി സർക്കാർ ഈ മേഖലയിൽ വലിയ തുക നിക്ഷേപിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പദ്ധതികൾ നടപ്പാക്കുന്നതിന് നീക്കിവച്ചിരുന്ന തുക 3,31,888.00 ലക്ഷം രൂപ (ബി.ഇ) ആയിരുന്നു. പദ്ധതി കാലയളവിൽ റിപ്പോർട്ട് ചെയ്ത ആകെ ചെലവ് 3,00,600.50 ലക്ഷം (90.57%) രൂപയാണ്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരോഗ്യമേഖലയ്ക്ക് 7,19,929 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ ചെലവ് റിപ്പോർട്ട് ചെയ്തത് 910077 ലക്ഷം രൂപയാണ് (126.41%). 13-ാം പഞ്ചവത്സര പദ്ധതിയുടെ അവസാന മൂന്നു വാർഷിക പദ്ധതി കാലയളവിലെ വകുപ്പനുസരിച്ചുള്ള

പദ്ധതി വിഹിതവും ചെലവും കൂടാതെ 14-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ രണ്ടുവർഷത്തെ 2023 ഒക്ടോബർ വരെ (2023-24) ആകെ പദ്ധതി വിഹിതവും ചെലവും **പട്ടിക 6.2.6** ൽ കൊടുത്തിട്ടുണ്ട്.

ആരോഗ്യരംഗത്തെ പദ്ധതികളും പദ്ധതിയേതര ചെലവുകളും ഈ അഞ്ച് വർഷത്തിനിടയിൽ വർദ്ധിച്ചു. ആരോഗ്യ കുടുംബക്ഷേമത്തിൽ 2017-18 മുതൽ 2022-23 വരെയുള്ള പദ്ധതി പദ്ധതിയേതര നിക്ഷേപങ്ങൾ റവന്യൂ ചെലവിലും മൂലധന ചെലവിലും ആരോഗ്യച്ചെലവിന്റെ ശതമാനം മൊത്തം സർക്കാർ ചെലവിന്റെ അടിസ്ഥാനത്തിലും ആരോഗ്യച്ചെലവിന്റെ ശതമാനം ജിഎസ്ഡിപിയുടെ അടിസ്ഥാനത്തിലും **പട്ടിക 6.2.7** ൽ നൽകിയിരിക്കുന്നു.

## കേരളത്തിലെ പ്രധാന ആരോഗ്യ പ്രശ്നങ്ങൾ

### സാംക്രമിക രോഗങ്ങൾ

കേരളത്തിൽ സാംക്രമിക സാംക്രമികേതര രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടുവരുന്നു. കേരളത്തിൽ ഒരുകാലത്ത് സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കപ്പെട്ടിരുന്നുവെങ്കിലും ഡെങ്കി, ലെപ്റ്റോസ്പൈറോസിസ്, മലേറിയ, ഹെപ്പറ്റൈറ്റിസ്, എച്ച്1എൻ1, സ്ക്രബ് ടൈഫസ്, കോവിഡ്-19 തുടങ്ങിയവയുടെ വ്യാപനം അടുത്ത കാലത്തായി രോഗനിരക്കും മരണനിരക്കും വർദ്ധിക്കുന്നതിന് നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഡെങ്കി, മലേറിയ, സ്ക്രബ് ടൈഫസ് മുതലായ കൊതുകുജന്യ രോഗങ്ങൾ പല ജില്ലകളിലും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള വയറിളക്കരോഗങ്ങൾ, ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ ജലജന്യ അണുബാധകൾ പല ജില്ലകളിലും നിരന്തരമായി കണ്ടുവരുന്നു.

### പ്രധാന സാംക്രമിക രോഗങ്ങളുടെ വ്യാപനം

കഴിഞ്ഞ 5 വർഷങ്ങളിലെ സാംക്രമിക രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച താരതമ്യ വിശകലനം **പട്ടിക 6.2.8**-ൽ നൽകിയിട്ടുണ്ട്.

### ഡെങ്കിപ്പനി

ഇപ്പോൾ ഏറ്റവും വലിയ കൊതുക്ജന്യ രോഗമായി മാറിയിരിക്കുന്ന ഡെങ്കിപ്പനി കേരളത്തിൽ 1998 ലാണ് പടർന്നു പിടിച്ചത്. 2015 വരെ രോഗം കൂടുതലും തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ വ്യാപകമായിരുന്നു. എന്നാൽ 2017 ൽ എല്ലാ ജില്ലകളിലും ഡെങ്കിപ്പനി വ്യാപകമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉയരത്തിൽ സ്ഥിതിചെയ്യുന്ന ജില്ലകളിൽ കുറഞ്ഞ നിരക്കിലും മറ്റുള്ള ജില്ലകളിൽ കൂടുതലായും കാണപ്പെട്ടു. ഗ്രാമീണ പശ്ചാത്തലത്തിൽ മുൻകാലങ്ങളിൽ കണ്ടുവന്നിരുന്ന ഈ കൊതുക് ഇപ്പോൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും വ്യാപിച്ചു. 2019 മുതൽ 2023 ഓഗസ്റ്റ് 31 വരെയുള്ള കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.8** ൽ നൽകിയിരിക്കുന്നു.

### എലിപ്പനി

സംസ്ഥാനം അഭിമുഖീകരിക്കുന്ന മറ്റൊരു പൊതുജനാരോഗ്യവെല്ലുവിളിയാണ് എലിപ്പനി. എൺപതുകളുടെ തുടക്കത്തിൽ അപൂർവരോഗമായി കണക്കാക്കപ്പെട്ടിരുന്ന ഇത് ഇപ്പോൾ എല്ലാ ജില്ലകളിലും വ്യാപിച്ചിരിക്കുന്നു. തുടക്കത്തിൽ രോഗം ബാധിച്ച എലികളുടെ മൂത്രത്തിൽ നിന്നും പരിസ്ഥിതി മലിനീകരണം മൂലമാണ് വ്യാപിച്ചത്. പശുക്കൾ, നായ്ക്കൾ, പന്നികൾ തുടങ്ങിയ വളർത്തു മൃഗങ്ങളിൽ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ട് തന്നെ

**പട്ടിക 6.2.6** കഴിഞ്ഞ അഞ്ചു വർഷത്തെ വകുപ്പ് തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും

(രൂപ ലക്ഷത്തിൽ)

| വകുപ്പ് | വാർഷിക പദ്ധതി 2019-20 | | വാർഷിക പദ്ധതി 2020-21 | | വാർഷിക പദ്ധതി 2021-22 | | വാർഷിക പദ്ധതി 2022-23 | | വാർഷികപദ്ധതി 2023-24 (ഒക്ടോബർ 31 വരെ) | |
|---|---|---|---|---|---|---|---|---|---|---|
| | 2023-24 | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം |
| ആരോഗ്യ സേവനം | 783.29 | 82 | 991.40 | 135 | 991.40 | 206 | 1297.76 | 159.30 | 1416.46 | 64.11 |
| മെഡിക്കൽ വിദ്യാഭ്യാസം | 484.25 | 72 | 420.60 | 77 | 420.60 | 111 | 463.75 | 75.26 | 463.75 | 26.03 |
| ഭാരതീയ ചികിത്സാ വകുപ്പ് | 47.55 | 67 | 41.95 | 120 | 41.95 | 91 | 44.05 | 84.86 | 49.05 | 36.75 |
| ആയുർവേദ വിദ്യാഭ്യാസം | 49.75 | 41 | 43.20 | 39 | 43.20 | 62 | 47.52 | 31.63 | 47.52 | 7.67 |
| ഹോമിയോപ്പതി | 26.60 | 65 | 23.75 | 85 | 23.75 | 104 | 25.15 | 73.57 | 25.15 | 35.29 |
| ഹോമിയോ വിദ്യാഭ്യാസം | 10.00 | 68 | 8.65 | 170 | 8.65 | 129 | 8.90 | 81.27 | 8.90 | 33.15 |
| ആകെ | 1401.44 | 76 | 1529.55 | 115 | 1529.55 | 170 | 1887.13 | 132.18 | 2010.83 | 52.83 |

അവലംബം: പ്ലാൻ സ്പെയിസ്

**പട്ടിക 6.2.7** ആരോഗ്യ കുടുംബക്ഷേമത്തിനുള്ള നിക്ഷേപം (രൂപ കോടിയിൽ)

| വർഷം | മൊത്തം സർക്കാർ ആരോഗ്യ ചെലവ് | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ആരോഗ്യ വകുപ്പുകൾ മുഖേനയുള്ള പദ്ധതി ചെലവ് | മറ്റ് വകുപ്പുകൾ മുഖേനയുള്ള പദ്ധതി ചെലവ് | മറ്റ് വകുപ്പുകൾ ഉൾപ്പെടെ ആരോഗ്യ മേഖലയുടെ ആകെ പദ്ധതി ചെലവ് | പദ്ധതിയേതരം | ആകെ | മൊത്തം സർക്കാർ ചെലവ് | ആരോഗ്യ ചെലവിന്റെ ശതമാനം മൊത്തം സർക്കാർ ചെലവിന്റെ അടിസ്ഥാനത്തിൽ | ജിഎസ്ഡിപി കോടിയിലും സ്ഥിര വിലയിലും | ആരോഗ്യ ചെലവിന്റെ ശതമാനം ജിഎസ്ഡിപിയുടെ അടിസ്ഥാനത്തിൽ |
| 2018-19 (കണക്ക്) | 1862.76 | 760.50 | 2623.26 | 5235.8 | 7859.06 | 120069.82 | 6.55 | 554228.31 | 1.42 |
| 2019-20 (കണക്ക്) | 2246.61 | 664.99 | 2911.60 | 5292.21 | 8203.81 | 114384.94 | 7.17 | 559194.18 | 1.47 |
| 2020-21 (കണക്ക്) | 3144.73 | 1142.61 | 4287.34 | 5657.63 | 9944.97 | 138884.49 | 7.16 | 512076.08 | 1.94 |
| 2021-22 (കണക്ക്) | 4104.83 | 1258.87 | 5363.70 | 7835.24 | 13198.94 | 163225.53 | 8.09 | 573591.46 | 2.30 |
| 2022-23 (ബജറ്റ് എസ്റ്റിമേറ്റ്) | 2711.33 | 1124.99 | 3836.32 | 7255.57 | 11091.89 | 173587.51 | 6.39 | | |

അവലംബം : ബജറ്റ് ഇൻ ബ്രീഫ്, ഡി.ഇ.എസ്.
കുറിപ്പ്: ACC എന്നത് അക്കൗണ്ടുകളാണ്, RE എന്നത് പുതുക്കിയ എസ്റ്റിമേറ്റ് ആണ്
Note: ACC is Accounts, RE is Revised Estimate

**പട്ടിക 6.2.8** കേരളത്തിലെ സാംക്രമികരോഗങ്ങളുടെ വ്യാപനം

| ക്രമ നമ്പർ | രോഗം | | 2018 | | 2019 | | 2020 | | 2021 | | 2022 (ഓഗസ്റ്റ് 31) | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം |
| 1 | ഡെങ്കിപ്പനി | | 4651 | 14 | 2722 | 22 | 3251 | 27 | 4468 | 58 | 8902 | 35 |
| 2 | മലേറിയ | | 656 | 1 | 267 | 1 | 309 | 1 | 438 | 0 | 272 | 4 |
| 3 | ചിക്കൻഗുനിയ | | 109 | 0 | 558 | 0 | 334 | 0 | 66 | 0 | 20 | 0 |
| 4 | ജാപ്പനീസ് എൻസെഫലൈറ്റിസ് (ജെ.ഇ.) | | 11 | 2 | 0 | 0 | 0 | 0 | 2 | 0 | 4 | 1 |
| 5 | ലെപ്റ്റോസ്പൈറോസിസ് | | 1211 | 57 | 1039 | 48 | 1745 | 97 | 2482 | 121 | 1228 | 52 |
| 6 | സ്ക്രബ്ബ് ടൈഫസ് | | 579 | 14 | 423 | 8 | 438 | 6 | 727 | 24 | 329 | 8 |
| 7 | കല അസർ | | 4 | 0 | 1 | 0 | 1 | 1 | 13 | 0 | 10 | 0 |
| 8 | കൈസന്നൂർ ഫോറസ്റ്റ്ഡിസീസ് | | 8 | 2 | 29 | 3 | 4 | 0 | 1 | 0 | 0 | 0 |
| 9 | എച്ച് 1 എൻ 1 | | 853 | 45 | 58 | 2 | 1 | 0 | 94 | 11 | 834 | 49 |
| 10 | പനി | ഒ.പി. | 2862375 | 51 | 1265782 | 0 | 1463517 | 0 | 3285392 | 6 | 1951773 | 6 |
| | | ഐ.പി. | 60080 | | 18879 | | 12458 | | 25257 | | 30568 | |
| 11 | മീസിൽസ് | | 199 | 1 | 76 | 1 | 3 | 0 | 183 | 0 | 739 | 0 |
| 12 | ചിക്കൻപോക്സ് | | 29583 | 20 | 14959 | 3 | 3457 | 2 | 9927 | 14 | 18311 | 4 |

അവലംബം: ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ്

കൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് രോഗ സാധ്യതയുണ്ട്. കെട്ടികിടക്കുന്ന കനാലുകളിൽ ശുചീകരണത്തിൽ പങ്കെടുക്കുന്നവർക്ക ഈ രോഗം ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ലെപ്റ്റോസ്പൈറോസിസ് കാരണം മരണനിരക്ക് ഉയരുന്നതു വെറ്റിനറി, മൃഗസംരക്ഷണ വകുപ്പുകളുടെ കൂട്ടായ പരിശ്രമത്തിൻ ഫലപ്രദമായി നിയന്ത്രിക്കേണ്ടതുണ്ട്. 2022 ലും 2023 ലും (ഓഗസ്റ്റ് 2023 വരെ) എലിപ്പനിക്ക് ചികിത്സ തേടിയവരുടെയും മരണം റിപ്പോർട്ട് ചെയ്തതിന്റെയും ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 6.2.1** ൽ കൊടുത്തിരിക്കുന്നു. 2019 മുതൽ 2023 ഓഗസ്റ്റ് 31 വരെയുള്ള കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.8** ൽ നൽകിയിരിക്കുന്നു.

### ചിക്കൻഗുനിയ

കൊതുകുജന്യ അണുബാധകളിൽ പുതുതായിട്ടുള്ളതാണ് ചിക്കൻഗുനിയ. 2005-06 കാലയളവിൽ അറബിക്കടലിലെ വിദൂര ദ്വീപുകളിലാണ് ഈ രോഗം ഉണ്ടായത് എന്ന് വിശ്വസിക്കപ്പെടുന്നു. അടുത്ത രണ്ട് വർഷത്തിനുള്ളിൽ കേരളം മുഴുവൻ അതിവേഗം വ്യാപിക്കുകയും നമ്മുടെ ജനസംഖ്യയുടെ 80 ശതമാനത്തിലധികം ജനങ്ങളെ ബാധിക്കുകയും ചെയ്തു. രോഗബാധിതരായ ജനങ്ങൾക്ക് ദീർഘകാല പ്രതിരോധശേഷി ലഭിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷമായി ചിക്കുൻഗുനിയ ബാധിച്ച് മരണങ്ങളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ 2022 ൽ 66 കേസുകളാണ് കേരളത്തിൽ റിപ്പോർട്ട് ചെയ്തത്. ഇവിടെ രോഗം പകർത്തുന്നത് ഈഡിസ് കൊതുകുകൾ ആണ്. ഡെങ്കി, ചിക്കൻഗുനിയ എന്നിവ ഇതേ കൊതുകിലൂടെ പടർന്ന് കൊണ്ടിരിക്കുന്നതിനാലും സിക വൈറസ്, മഞ്ഞപ്പനിയുടെ ഭീഷണി എന്നിവക്കു ഒരേ കൊതുകുകൾ ഉത്തരവാദികൾ ആയതിനാലും ഭാവിയിൽ നാം ഇവയെ നേരിടാൻ ശ്രദ്ധാലുക്കളായിരിക്കണം. 2022-ൽ 66 ചിക്കൻഗുനിയ കേസുകൽ റിപ്പോർട്ട് ചെയ്തതിൽ 62 എണ്ണം തിരുവനന്തപുരം ജില്ലയിൽ ആണ്. 2023 (ഓഗസ്റ്റ് 31 വരെ) ൽ 20 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ 17 എണ്ണം തിരുവനന്തപുരം ജില്ലയിൽ ആണ്. 2022 ലും 2023 ലും (ഓഗസ്റ്റ് 31 വരെ) ചിക്കൻഗുനിയക്ക ചികിത്സതേടിയവരുടെയും മരണത്തിന്റെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 6.2.2 ൽ കൊടുത്തിരിക്കുന്നു. 2019 മുതൽ 2023 ഓഗസ്റ്റ് 31 വരെയുള്ള കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.8** ൽ നൽകിയിരിക്കുന്നു.

### പനി

ശരീര താപനില സാധാരണയേക്കാൾ കൂടുതലാകുന്നതാണ് പനി. നിരവധി അണുബാധകൾ മനുഷ്യരെ ബാധിക്കും. ഒരു പനി പോലും പല അണുബാധകളുടെയും ലക്ഷണമായിരിക്കാം. വൈറൽ രോഗം മൂലമുണ്ടാകുന്ന പനിയാണ് വൈറൽ പനി. ചില വൈറൽ അണുബാധകൾ ഡെങ്കിപ്പനി പോലുള്ള പനിക്ക് കാരണമാകും. 2022 ൽ കേരളത്തിൽ 32,85,392 വൈറൽ പനി കേസുകൾ റിപ്പോർട്ട് ചെയ്തു. 2023ൽ (ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 19,51,773 ആയിരുന്നു. വൈറൽ പനി ബാധിച്ച് 2022 ലും 2023 ലും (ഓഗസ്റ്റ് 31 വരെ) ചികിത്സ തേടിയ രോഗികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 6.2.2** ൽ നൽകിയിരിക്കുന്നു. 2019 മുതൽ 2023 ഓഗസ്റ്റ് 31 വരെയുള്ള കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.8** ൽ നൽകിയിരിക്കുന്നു.

### മലേറിയ

കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി നമ്മുടെ രാജ്യത്തിന്റെ പൊതുജനാരോഗ്യ മേഖല നേരിടുന്ന ഒരു പ്രധാന വെല്ലുവിളി അനോഫിലസ് കൊതുകുകളിലൂടെ പകരുന്ന മലേറിയ രോഗമാണ്. ഇതിന്റെ നിർമാർജ്ജനം ലക്ഷ്യമിടുന്ന വിവിധ ദേശീയ പരിപാടികൾ പരിമിതമായ വിജയമേ നേടിയിട്ടുള്ളൂ. എഴുപതുകളുടെ ആരംഭത്തിൽ കേരളത്തിൽ നിന്നും മലേറിയ രോഗം നിർമാർജനം ചെയ്തെങ്കിലും ഒരു പൊതുജനാരോഗ്യ വെല്ലുവിളിയായി ഈ രോഗം ഇപ്പോൾ ഉയർന്നു വരുന്നു. മലേറിയ രോഗബാധിത സംസ്ഥാനങ്ങളിൽ നിന്നുള്ള വൻതോതിലുള്ള കുടിയേറ്റം കാരണം അടുത്തകാലത്തായി പ്രശ്നം കൂടുതൽ വഷളായി. ഏറ്റവും ഗുരുതരമായ ഫാൽസിപിയം മലേറിയയും കേരളത്തിൽ നിലവിലുണ്ട്. തദ്ദേശീയമായി മലേറിയ നീക്കം ചെയ്യൽ സംസ്ഥാനത്തെ എസ്.ഡി.ജി. ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് നിറവേറ്റുന്നതിനുള്ള പ്രശ്നങ്ങൾ പലതാണ്. ദ്രുത നഗരവൽക്കരണം, ജില്ലകളിലെ വിപുലമായ അടിസ്ഥാന സൗകര്യ വികസനം, നഗര പ്രദേശത്ത് അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ, കാലാവസ്ഥാ വ്യതിയാനം നിമിത്തം കൊതുകുകളുടെ ജീവിത പരിണാമത്തിൽ ഉണ്ടായ മാറ്റം എന്നിവയാണ് എസ്.ഡി.ജി ലക്ഷ്യം നേടിയെടുക്കുന്നതിൽ വലിയ തടസം. കേരളത്തിലെ മലേറിയയുടെ വാർഷിക കണക്കുകൾ 500 ൽ താഴെയും മരണനിരക്ക് വളരെ കുറവുമാണ്. കർണാടകയിലെ വളരെ ഉയർന്ന മലമ്പനി നിരക്കുള്ള ജില്ലകളുടെ സമീപത്താകയാൽ കാസർകോട് ജില്ലയിൽ വർഷങ്ങളായി വളരെയധികം മലമ്പനി രോഗം ഉണ്ട്. കേരളത്തിന്റെ പടിഞ്ഞാറൻ തീരദേശ മേഖലയിലൂടെയുള്ള മത്സ്യതൊഴിലാളികളുടെ സഞ്ചാരം തീരദേശ ജില്ലകളിലെ മലേറിയ വ്യാപന സാധ്യത വളരെ വർധിപ്പിക്കുന്നു. 2022-ൽ മലേറിയ ബാധിതരുടെ എണ്ണം 438 ഉം മരണം റിപ്പോർട്ട് ചെയ്തത് 0 ഉം ആണ്. 2023 (ഓഗസ്റ്റ് 31 വരെ) ൽ മലേറിയ ബാധിതരുടെ എണ്ണം 272 ഉം മരണം നാലും ആണ്. 2019 മുതൽ 2023 ഓഗസ്റ്റ് 31 വരെയുള്ള കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.8** ൽ നൽകിയിരിക്കുന്നു.

### ജപ്പാൻ ജ്വരം

ഇത് കൊതുക് പരത്തുന്നതും മസ്തിഷ്കത്തിന്റെയും അതിന്റെ ആവരണങ്ങളെയും ബാധിക്കുന്ന കോശജ്വലന മസ്തിഷ്ക ജ്വരത്തിന്റെ ഒരു രൂപമാണ്. നെൽവയലുകളുടെ സാന്നിധ്യം മൂലം കേരളത്തിൽ ഈ രോഗ സാധ്യത കൂടുതലാണ് കാരണം ഈ രോഗം പരത്തുന്ന വൈറസ് വാഹകരായ കൊതുകുകൾ നെൽവയലുകളിലെ വെള്ളക്കെട്ടുകളിൽ പടർന്ന് കിടക്കുന്നു. മലിനമായ വെള്ളത്തിൽ മുട്ടയിടുന്ന ക്യൂലെക്സ്

കൊതുകിന്റെ ഈ പ്രത്യേകമായ സ്വഭാവം മൂലം മറ്റ് മേഖലകളിലും രോഗ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു. ജാപ്പനീസ് എൻസെഫലൈറ്റിസ് (ജെ.ഇ.) ദേശാടന പക്ഷികളുടെ സാന്നിധ്യം വഴി കൈമാറ്റം ചെയ്യപ്പെടുന്നു എന്നത് അധിക അപകടമാണ്. കാരണം നമ്മുടെ നാട്ടിൽ ദേശാടന പക്ഷികളെ ആകർഷിക്കുന്ന നിരവധി സങ്കേതങ്ങളുണ്ട്. എന്നാൽ ജെ.ഇ.ക്കെതിരെ ഫലപ്രദമായ വാക്സിൻ ഉള്ളതിനാൽ വാക്സിനേഷൻ ശക്തിപ്പെടുത്തുന്നതിലൂടെ അതിന്റെ നിയന്ത്രണ പരിപാടിയിൽ നമുക്ക് ശുഭാപ്തി വിശ്വാസമുണ്ട്. 2022 ൽ 2 കേസുകളും 0 മരണവും റിപ്പോർട്ട് ചെയ്തു. 2023-ൽ (ഓഗസ്റ്റ് 31 വരെ) 4 കേസുകളും 1 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2019 മുതൽ 2023 ഓഗസ്റ്റ് 31 വരെയുള്ള കേസുകളുടെയും മരണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.8** ൽ നൽകിയിരിക്കുന്നു.

### ജല ജന്യ രോഗങ്ങൾ

ജില്ലയുടെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ആദിവാസി തീരദേശ പ്രദേശങ്ങളിൽ സുരക്ഷിതമായ കുടിവെള്ള ലഭ്യതയില്ലെന്നതു ജലജന്യ രോഗങ്ങൾക്ക് പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നു. കിണറുകൾ, പമ്പ്, ടാങ്കർ ലോറിയിലൂടെ വിതരണം ചെയ്ത വെള്ളം, പൊതു ജലവിതരണ പൈപ്പിലെ തകരാറുകൾ നിമിത്തം കുടിവെള്ളത്തോടൊപ്പം അഴുക്കുചാൽ വെള്ളം കലരുന്നത്, ജലസ്രോതസ്സുകളിൽ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ, വാണിജ്യ ആവശ്യങ്ങൾക്കുള്ള ഐസ് ഉപയോഗിച്ച് ശീതള പാനീയങ്ങൾ തയ്യാറാക്കുന്നത്, മലിനമായ ജലം ഉപയോഗിച്ച് വെൽക്കം ഡ്രിങ്ക് തയ്യാറാക്കുന്നത് തുടങ്ങിയ സുരക്ഷിതമല്ലാത്ത ജല സ്രോതസ്സുകൾ ജല ജന്യ രോഗങ്ങൾക്കു കാരണമാകുന്നു. സാംക്രമിക രോഗങ്ങൾ തടയാനും നിയന്ത്രിക്കാനും 2017 നവംബർ മുതൽ "ജാഗ്രത" എന്ന പേരിൽ ഒരു പ്രവർത്തന പദ്ധതി ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നു. ടൈഫോയ്ഡ് രോഗികളുടെ എണ്ണത്തിൽ 2020 മുതൽ കേരളത്തിൽ വർധനവുണ്ടായി. 2019 മുതൽ 2023 ഓഗസ്റ്റ് 31 വരെ കടുത്ത വയറിളക്ക രോഗങ്ങൾക്കും ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ രോഗങ്ങൾക്കും ചികിത്സ നേടിയവരുടെ വിശദാംശങ്ങൾ **പട്ടിക 6.2.9** ൽ നൽകിയിരിക്കുന്നു.

### എച്ച്.ഐ.വി / എയ്ഡ്സ്

കേരളത്തിലെ എച്ച്.ഐ.വി യുടെ വ്യാപനം നിയന്ത്രിക്കുക, എച്ച്.ഐ.വി/എയ്ഡ്സ് രോഗത്തിനോട് പ്രതികരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവ് ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന അഗ്രഗാമിയായ സ്ഥാപനമാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി. ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി സംസ്ഥാനത്ത് നടപ്പാക്കാനാണ് ഈ സ്ഥാപനം രൂപീകരിച്ചത്. സംസ്ഥാനത്തെ എയ്ഡ്സ് വ്യാപന നിരക്ക് 2008-09 -ൽ 0.21 ശതമാനത്തിൽ നിന്നും 2010-11 -ൽ 0.13 ശതമാനമായും 2021 -ൽ 0.06 ശതമാനമായും കുറഞ്ഞിരിക്കുന്നു. 2021-ൽ ഇന്ത്യയിലെ വ്യാപന നിരക്ക് 0.21 ശതമാനമാണ്. സംസ്ഥാനത്തെ എച്ച്.ഐ.വി. മഹാമാരി എന്ന പകർച്ചാവ്യാധി മുഖ്യമായും കേന്ദ്രീകരിച്ചിരിക്കുന്നത്, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർക്കിടയിൽ 0.41 ശതമാനവും (2011 -ൽ 4.95 ശതമാനം) - ദേശീയ ശരാശരി ഇത് 6.26 ശതമാനം, പുരുഷന്മാരുമായി ലൈംഗികബന്ധത്തിലേർപ്പെടുന്ന പുരുഷന്മാരുടെയിടയിൽ (എം.എസ്.എം.) 0.23 ശതമാനവും (2011 -ൽ 0.36 ശതമാനം) - ദേശീയ ശരാശരി ഇത് 2.69 ശതമാനം, സ്ത്രീ ലൈംഗിക

**പട്ടിക 6.2.9** കേരളത്തിലെ ജലജന്യരോഗങ്ങളുടെ വ്യാപനം

| ക്രമ നമ്പർ | രോഗം | 2018 | | 2019 | | 2020 | | 2021 | | 2022 (ഓഗസ്റ്റ് 31) | |
|---|---|---|---|---|---|---|---|---|---|---|---|
| | | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം |
| 1 | ഹെപ്പറ്റൈറ്റിസ് - എ | 1620 | 7 | 464 | 2 | 114 | 0 | 231 | 2 | 326 | 2 |
| 2 | കോളറ | 9 | 0 | 2 | 0 | 1 | 0 | 0 | 0 | 24 | 0 |
| 3 | ടൈഫോയ്ഡ് | 27 | 0 | 16 | 0 | 30 | 0 | 55 | 0 | 78 | 0 |
| 4 | എ.ഡി.ഡി. (വയറിളക്കം) | 544027 | 6 | 250788 | 1 | 238227 | 3 | 466211 | 2 | 350037 | 2 |

അവലംബം: ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ്

തൊഴിലാളികളുടെയിടയിൽ (എഫ്.എസ്.ഡബ്ല്യു.) 0.10 ശതമാനവും (2011 -ൽ 0.73 ശതമാനം) - ദേശീയ ശരാശരി ഇത് 2017 -ൽ 1.56 ശതമാനം എന്ന തോതിലുമാണ്. കേരളത്തിൽ ട്രാൻസ്ജെന്ഡറുകൾക്കിടയിൽ എച്ച്.ഐ.വി. വ്യാപന നിരക്ക് 0.16 ശതമാനവും ദേശീയ ശരാശരി 3.14 ശതമാനവും ആണ്. ഇന്ത്യയിൽ കുടിയേറ്റക്കാർക്കിടയിലെ എച്ച്.ഐ.വി. വ്യാപനം 0.51 ശതമാനമാണ്. (അവലംബം: കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി). 2021 ലെ ഇന്ത്യയുടെ എച്ച്ഐവി എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി ഇന്ത്യയിലെയും കേരളത്തിലെയും എച്ച്ഐവി കണക്കുകൾ **പട്ടിക 6.2.10-**ൽ നൽകിയിരിക്കുന്നു.

### കൊറോണ വൈറസ് രോഗം (കോവിഡ് –19)

ഇന്ത്യയിലെ ആദ്യ കോവിഡ് -19 രോഗം കേരളത്തിൽ 2020 ജനുവരി 30 ന് തിരിച്ചറിഞ്ഞു. ആദ്യത്തെ കോവിഡ്

-19 സ്ഥിരീകരിക്കുന്നതിന് മുന്നേതന്നെ പകർച്ചവ്യാധിയെ നേരിടാൻ കേരളം ബഹുമുഖ തന്ത്രങ്ങൾ അവലംബിച്ചു. ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ (ഡബ്ല്യു.എച്ച്.ഒ.) കോവിഡ് -19 ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിക്കുന്നതിന് വളരെ മുമ്പുതന്നെ കോവിഡ് -19 നുള്ള കേരളത്തിന്റെ പ്രതിരോധം ആരംഭിച്ചു. ആദ്യ കേസ് റിപ്പോർട്ട് ചെയ്ത ദിവസം മുതൽ സംസ്ഥാനത്തെ നിയന്ത്രണ തന്ത്രങ്ങൾ നന്നായി നടന്നിരുന്നു. കോവിഡ് -19 നിയന്ത്രണ പ്രവർത്തനങ്ങളുടെ തുടക്കം മുതൽ സ്വകാര്യ ആശുപത്രികളുമായി ഇടപെടാൻ നിയോഗിക്കപ്പെട്ട സംഘം ജില്ലാ സ്വകാര്യ ആശുപത്രി നോഡൽ ഓഫീസർമാരുമായും, സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ, ഐ.എം.എ. എന്നിവരുമായും നിരന്തരമായി ബന്ധം പുലർത്തിയിരുന്നു. കോവിഡ്-19 സംശയിക്കപ്പെടുന്നവരെയും രോഗികളെയും അവരുടെ വീടുകളിൽ നിന്ന്/എക്സിറ്റ് പോയിന്റുകളിൽ നിന്ന്/ ഐസൊലേഷൻ സൗകര്യങ്ങളിലേക്ക് എത്തിക്കുന്നതിനായി 'കനിവ് -108' ആംബുലൻസുകൾ വഴി കെ.എം.എസ്.സി.എൽ. നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിൽ കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ക്വാറന്റൈനിലും / ഐസൊലേഷനിലും ഉള്ള വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും 'ഒറ്റക്കല്ല ഒപ്പമുണ്ട്' എന്ന പേരിൽ മാനസിക-സാമൂഹിക പിന്തുണ നൽകുന്നു. ആരോഗ്യമേഖലയിൽ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരെയും സമൂഹത്തിലെ പല വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്രവും വിശാലവുമായ രീതിയിൽ സംസ്ഥാനതല പരിശീലനം നടത്തുവാൻ കഴിഞ്ഞു. എല്ലാ പഞ്ചായത്തിലും വാർഡ് തല സംഘങ്ങൾ സജീവമാവുകയും വയോജനങ്ങളുടെ വീടുകളിലേക്ക് ദിവസേനയുള്ള കോളുകളും സന്ദർശനങ്ങളും ഉറപ്പു വരുത്തുകയും ചെയ്തു. കോവിഡ് -19 അവബോധ ത്തിനായി 2020 ന്റെ തുടക്കം മുതൽ തന്നെ നിരവധി മാധ്യമ പ്രചരണങ്ങൾ നടക്കുന്നു. കേരളത്തിൽ ഇ-സഞ്ജീവനി ടെലിമെഡിസിൻ സേവനങ്ങൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ 2020 ജൂൺ 10-ന് ആരംഭിച്ചു. കേന്ദ്രീകൃതമായ രീതിയിലാണ് ഇതിൽ സേവനങ്ങൾ നൽകുന്നത്. സംസ്ഥാനത്തിനായുള്ള ടെലിമെഡിസിൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് 'ദിശ'യാണ്.

### സാംക്രമികേതര രോഗങ്ങൾ

പ്രമേഹം, രക്തസമ്മർദ്ദം, കാർഡിയോവാസ്കുലാർ രോഗങ്ങൾ, അർബുദം, ശ്വാസകോശസംബന്ധമായ രോഗങ്ങൾ എന്നിവയാണ് മനുഷ്യന്റെ ആരോഗ്യകരമായ ജീവിതത്തിനു ഭീഷണിയായിട്ടുള്ള പ്രധാനപ്പെട്ട സാംക്രമികേതര രോഗങ്ങൾ. ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഭാവിയിൽ ഉണ്ടാക്കാനിടയുള്ള കഷ്ടനഷ്ടങ്ങൾ വളരെ വലുതായിരിക്കും. പ്രായാധിക്യവും ജീവിത രീതികളും ഇതിനെ സ്വാധീനിക്കുന്നു. താഴ്ന്ന വരുമാനക്കാരെ സംബന്ധിച്ച് മരുന്നുകളുടെ ഉയർന്ന വിലയും ചികിത്സാവശ്യമായ സുദീർഘമായ കാലപരിധിയും വമ്പിച്ച സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്. വൻതോതിൽ ആധുനികവൽക്കരണവും നഗരവത്കരണവും, ജീവിത രീതിയിലുള്ള മാറ്റം, മദ്യം, പുകയില എന്നിവയിലുള്ള ആശ്രയത്വം, വൈറ്റ് കോളർ തൊഴിലുകൾക്കുള്ള മുൻഗണന, അനാരോഗ്യകരമായ ഭക്ഷണരീതികൾ, ശാരീരിക പ്രയത്നത്തിന് കുറഞ്ഞ മുൻഗണന, എല്ലാവിഭാഗം ജനങ്ങളിലും ഉള്ള ഉയർന്ന തലത്തിലുള്ള സമ്മർദ്ദം എന്നിവ സംസ്ഥാനത്ത് സാംക്രമികേതര രോഗങ്ങൾ ഉണ്ടാകുന്നതിന് ചില കാരണങ്ങളാണ്.

**പട്ടിക 6.2.10** ഇന്ത്യയിലെയും കേരളത്തിലെയും എച്ച്.ഐ.വി. കണക്കുകൾ

| ക്രമ നമ്പർ | വിഭാഗം | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | മുതിർന്നവരുടെ എച്ച്ഐവി വ്യാപനത്തിന്റെ ശതമാനം (15-49 വയസ്സ്), 2021 | 0.06 | 0.21 |
| 2 | എച്ച്ഐവി ബാധിതരായ ആളുകളുടെ ആകെ എണ്ണം, 2021 | 21,211 | 24,01,284 |
| 3 | രോഗബാധിതരല്ലാത്ത 1,000 ജനസംഖ്യയിലെ എച്ച്ഐവി ബാധ, 2021- ൽ | 0.01 | 0.05 |
| 4 | പുതിയ എച്ച്ഐവി അണുബാധകളുടെ ആകെ വാർഷിക കണക്ക്, 2021 | 403 | 62967 |
| 5 | പുതിയ എച്ച്ഐവി അണുബാധകളുടെ വാർഷിക % മാറ്റം, 2010-2021 | -66.80 | -46.25 |
| 6 | 1,00,000 ജനസംഖ്യയിൽ എയ്ഡ്സുമായി ബന്ധപ്പെട്ട മരണനിരക്ക്, 2021 | 0.34 | 3.08 |
| 7 | എയ്ഡ്സ് സംബന്ധമായ മരണങ്ങളുടെ വാർഷിക കണക്ക്, 2021 | 121 | 41,968 |
| 8 | 2010-2021 വർഷങ്ങളിലെ എയ്ഡ്സ് സംബന്ധമായ മരണങ്ങളിലെ % മാറ്റം | -81.69 | -76.54 |
| 9 | അമ്മയിൽ നിന്ന് കുഞ്ഞിലേക്ക് പകരുന്നത് ഒഴിവാക്കേണ്ടതിന്റെ എണ്ണം | 114 | 20,612 |

(അവലംബം: 2021-ലെ ഇന്ത്യ എച്ച്ഐവി എസ്റ്റിമേറ്റ്സ്, ദേശീയ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി)

അമിതവണ്ണം, ഹൈപ്പർ ലിപിഡെമിയ, ഹൃദയാഘാതം, പക്ഷാഘാതം എന്നിവയും കൂടുതലാണ്. ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ പുരുഷന്മാരിൽ കാൻസർ മരണനിരക്ക് വളരെ കൂടുതലാണ്. അച്ചുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ്, തിരുവനന്തപുരം 2016-17 ൽ നടത്തിയ സർവേയിൽ സംസ്ഥാനത്തെ എൻ.സി.ഡി. സ്ഥിതി കൂടുതൽ വഷളായതായി കാണുന്നു. മൂന്നിൽ ഒരാൾക്ക് രക്താതിമർദ്ദമുണ്ടെന്നും അഞ്ചിൽ ഒരാൾക്ക് പ്രമേഹമുണ്ടെന്നും സർവേ വെളിപ്പെടുത്തുന്നു. നേരത്തേ കണ്ടുപിടിച്ചതിനുശേഷവും രക്തത്തിലെ പഞ്ചസാരയും രക്തസമ്മർദ്ദവും സാധാരണനിലയുടെ അളവ് മാനദണ്ഡങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവ് മാത്രമേ സാധാരണ നിരക്കിലേക്കു നിയന്ത്രിക്കുന്നതിനു സാധിച്ചിട്ടുള്ളൂവെന്നു പഠനം വെളിപ്പെടുത്തി.

ഗ്ലോബൽ അഡൾട്ട് ടുബാക്കോ സർവേ 2016 റിപ്പോർട്ടിൽ സംസ്ഥാനത്ത് പുകയിലയുടെ ഉപയോഗം 21 ശതമാനത്തിൽ നിന്ന് 12 ശതമാനം ആയി മദ്യത്തോടുള്ള വർദ്ധിച്ചുവരുന്ന അടുപ്പം ആരോഗ്യത്തെ ബാധിക്കുന്നു, ഇതിന്റെ വ്യാപനം നിരക്ക് 44 ശതമാനം എന്ന ഉയർന്ന നിരക്കിലാണ്. ഓരോ വർഷവും മദ്യപാനം തുടങ്ങുന്ന പ്രായവും കുറയുന്നു. പ്രായവും സാമ്പത്തിക നിലയും കണക്കിലെടുക്കാതെ ജനസംഖ്യയുടെ എല്ലാ വിഭാഗങ്ങളിലെയും അനാരോഗ്യകരമായ ഭക്ഷണരീതികളും ശാരീരിക വ്യായാമത്തിന്റെ അഭാവവും ജീവിതശൈലി രോഗങ്ങളുടെ വർദ്ധനവിന് കാരണമായി. 30 നും 70 നും ഇടയിൽ പ്രായമുള്ളവരുടെ മൊത്തം മരണത്തിന്റെ 52 ശതമാനം സാംക്രമികേതര രോഗങ്ങൾ കാരണമാണ്. (**അവലംബം: ഡി.എച്ച്.എസ്സ്**)

### വിളർച്ചയുടെ വ്യാപനം

എൻ.എഫ്.എച്ച്.എസ്.-4, 2015-16 നെ അപേക്ഷിച്ച് സ്ത്രീകളിലും കുട്ടികളിലും വിളർച്ചയുടെ വ്യാപനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് എൻ.എഫ്.എച്ച്.എസ്.-5 (2019 - 2021) ന്റെ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നു. പഠനം നടത്തിയ എല്ലാ പ്രായക്കാരിലും 40 ശതമാനത്തിൽ താഴെ വ്യാപനം രേഖപ്പെടുത്തിയ ഏക സംസ്ഥാനമാണ് കേരളം. കുട്ടികൾ, പ്രത്യുൽപാദന പ്രായത്തിലുള്ള സ്ത്രീകൾ, കൗമാരക്കാർ, എന്നിവരിൽ വിളർച്ചയുടെ വ്യാപനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 2018 ൽ അനീമിയ മുക്ത് ഭാരത് (എഎംബി) പ്രവർത്തനം ആരംഭിച്ചു. അനീമിയ മുക്ത ഭാരതിന്റെ ഭാഗമായി നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും വിളർച്ച നേരിടുന്നതിനുള്ള സംസ്ഥാന കേന്ദ്രീകൃതമായ പുതിയ തന്ത്രങ്ങൾ പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ് അനീമിയ ഫ്രീ കേരളയുടെ ലക്ഷ്യം. എൻ.എഫ്.എച്ച്.എസ്. 4 നെ അപേക്ഷിച്ച് എൻ.എഫ്. എച്ച്.എസ്. 5 അനുസരിച്ച് കേരളത്തിൽ വിളർച്ച വ്യാപനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 6.2.11**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.11** എൻ.എഫ്.എച്ച്.എസ്. 4 നെ താരതമ്യപ്പെടുത്തി എൻ.എഫ്.എച്ച്.എസ്. 5 അനുസരിച്ചുള്ള കേരളത്തിലെ വിളർച്ച വ്യാപനത്തിന്റെ വിശദാംശങ്ങൾ

| സൂചകം | എൻ.എഫ്.എച്ച്.എസ്. 4 | എൻ.എഫ്.എച്ച്.എസ്. 5 |
|---|---|---|
| വിളർച്ചയുള്ള 6-59 മാസം പ്രായമുള്ള കുട്ടികൾ (<11.0 g/dl) 22 (%), 11 g/dL-ൽ താഴെ ഹീമോഗ്ലോബിൻ സാന്ദ്രതയുള്ള പ്രസ്തുത പ്രായത്തിലുള്ള കുട്ടികളുടെ ശതമാനം | 35.7 | 39.4 |
| അനീമിയ ഉള്ള 15-49 വയസ്സ് പ്രായമുള്ള ഗർഭിണികളല്ലാത്ത സ്ത്രീകൾ (<12.0 g/dl) 22 (%) | 34.7 | 36.5 |
| വിളർച്ചയുള്ള 15-49 വയസ്സ് പ്രായമുള്ള ഗർഭിണികൾ (<11.0 g/dl) (%) ഹീമോഗ്ലോബിൻ സാന്ദ്രത 11 g/dL-ൽ താഴെയുള്ള സ്ത്രീകളുടെ ശതമാനം | 22.6 | 31.4 |
| വിളർച്ചയുള്ള 15-49 വയസ്സ് പ്രായമുള്ള എല്ലാ സ്ത്രീകളും (%) | 34.3 | 36.3 |
| ഒരു ഡെസിലിറ്ററിന് 12 ഗ്രാമിൽ താഴെ (g/dL) ഹീമോഗ്ലോബിൻ സാന്ദ്രത ഉള്ള സ്ത്രീകളുടെ ശതമാനം | 37.8 | 32.5 |
| വിളർച്ചയുള്ള 15-19 വയസ്സ് പ്രായമുള്ള എല്ലാ സ്ത്രീകളും 22 (%) | 11.8 | 17.8 |
| വിളർച്ചയുള്ള 15-49 വയസ്സ് പ്രായമുള്ള പുരുഷന്മാർ (<13.0 g/dl) 22 (%) | 14.3 | 27.4 |
| വിളർച്ചയുള്ള 15-19 വയസ്സ് പ്രായമുള്ള പുരുഷന്മാർ (<13.0 g/dl) 22 (%) | | |

അവലംബം : ആരോഗ്യ സേവന ഡയറക്ടറേറ്റ്

### വിവ പദ്ധതി

വിവ ( വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് ) 18-02-2023-ന് ആരംഭിച്ച വിളർച്ച പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ്. കേരള സർക്കാരിന്റെ ആരോഗ്യ-കുടുംബക്ഷേമ വകുപ്പും വനിതാ-ശിശു വികസന വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 15 നും 59 നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും അനീമിയ പരിശോധന, ചികിത്സ, ബോധവൽക്കരണം എന്നിവ ലക്ഷ്യമിടുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം ലോകത്ത് അഞ്ചുവയസിൽ താഴെയുള്ള 42% കുട്ടികൾക്കും 40% ഗർഭിണികൾക്കും വിളർച്ചയുണ്ട്. 2022ലെ ഇന്ത്യയിൽ ദേശീയ ആരോഗ്യ കുടുംബാരോഗ്യ സർവേ-5 പ്രകാരം ഇന്ത്യയിലെ 5 വയസിൽ താഴെയുള്ള കുട്ടികളിലും, ഗർഭിണികളിലും, മുലയൂട്ടുന്ന അമ്മമാരിലും വിളർച്ചയുടെ അളവ് യഥാക്രമം 40 ശതമാനം, 32 ശതമാനം, 40 ശതമാനം ആണ്. ദേശീയ കുടുംബാരോഗ്യ സർവേ അനുസരിച്ച് ഇന്ത്യയിൽ അനീമിയയുടെ തോത് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. എങ്കിലും ഫലപ്രദമായ ഇടപെടലുകളിലൂടെ വിളർച്ച മുക്ത കേരളമാക്കാനാണ് ലക്ഷ്യമിടുന്നത്.

### അമൃതം ആരോഗ്യം

അമൃതം ആരോഗ്യം സംസ്ഥാനം നടത്തുന്ന സാംക്രമികേതര രോഗ നിയന്ത്രണ പരിപാടിയാണ്. പരിപാടിയുടെ ലക്ഷ്യങ്ങൾ ഇവയാണ്: 1. ജനങ്ങളിലെ അപായ ഘടകങ്ങൾ ലഘൂകരിക്കുക 2. ആരോഗ്യകരമായ ഭക്ഷണക്രമം, വ്യായാമം, ആസക്തിയുടെ ദൂഷ്യഫലങ്ങൾ എന്നിവയെക്കുറിച്ച് അറിവ് പകരുക 3. മുപ്പത് വയസ്സിന് മുകളിലുള്ള എല്ലാവർക്കും രോഗാവസ്ഥകൾ പരിഗണിക്കാതെ സാംക്രമികേതര രോഗങ്ങൾക്കുള്ള പരിശോധനയും രോഗം കണ്ടെത്തിയ എല്ലാവർക്കും സൗജന്യമായി മരുന്നുവിതരണവും 4. സങ്കീർണതകളുടെ തുടക്കത്തിൽ തന്നെ മാനേജ്മെന്റും ചികിത്സയും. എല്ലാ ജില്ലകളിലും വ്യാപിച്ചുകിടക്കുന്ന അമൃതം ആരോഗ്യം പരിപാടി, ജില്ലാ/ജനറൽ ആശുപത്രികൾ, ഉപജില്ലാതല ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ,

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കൂടാതെ അയ്യായിരം ജനസംഖ്യയുള്ള 5400 ഉപകേന്ദ്രങ്ങൾ എന്നിവയിലൂടെയും സേവനങ്ങൾ നൽകുന്നു. മുഴുവൻ ആരോഗ്യ സംവിധാനങ്ങളിലും എൻസിഡി സ്ക്രീനിംഗ് പ്രോഗ്രാം ഉള്ള ഏക സംസ്ഥാനമാണ് കേരളം. 30 വയസ്സിനു മുകളിൽ പ്രായമുള്ളവരെ അമൃതം ആരോഗ്യം ക്ലിനിക്കുകളിൽ എൻസിഡി പരിശോധനയ്ക്ക് വിധേയമാക്കുന്നു.

**കേരള സി.ഒ.പി.ഡി. പ്രതിരോധ നിയന്ത്രണ പരിപാടി – ശ്വാസ്**

ലോകവ്യാപകമായി രോഗാവസ്ഥക്കും മരണത്തിനും നിദാനമായ പ്രമുഖ കാരണങ്ങളിലൊന്നാണ് ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമൊണറി ഡിസീസ് (സി.ഒ.പി.ഡി.). ഇന്ത്യയെ സംബന്ധിച്ച 'ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസസ്' (വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് മെട്രിക്സ് ആൻഡ് ഇവാലുവേഷൻ (ഐ.എച്ച്.എം.ഇ.) കണക്കനുസരിച്ച് ഇന്ത്യയിലെ മരണനിരക്കിന്റെ രണ്ടാമത്തെ പ്രധാന കാരണം സി.ഒ.പി.ഡി. യാണ്. അടുത്തിടെ ഇന്ത്യയിലെ എൻ.സി.ഡി. പ്രോഗ്രാമിൽ മുൻഗണനയുള്ള എൻ.സി.ഡി.കളിൽ സി.ഒ.പി.ഡി. യും കടുത്ത വൃക്കരോഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ സി.ഒ.പി.ഡി.ക്കായുള്ള ഒരു പ്രത്യേക പൊതുജനാരോഗ്യ പദ്ധതിയാണ് ശ്വാസ്. ഇത് ആർദ്രം മിഷന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്റർ (എഫ്.എച്ച്.സി.) തലം മുതൽ നടപ്പിലാക്കുന്നു. 591 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 49 ഉപജില്ല / ജില്ലാ ആശുപത്രികളിലും ശ്വാസ് ക്ലിനിക്കുകൾ ആരംഭിച്ചിരിക്കുന്നു. ശ്വാസ് ക്ലിനിക്കുകളുടെ വിശദാംശങ്ങളും സി.ഒ.പി.ഡി. ആസ്ത്മ എന്നിവയുടെ സ്ക്രീനിംഗ്, രോഗനിർണയം എന്നിവയും **പട്ടിക 6.2.12**-ൽ നൽകിയിരിക്കുന്നു.

**ഇന്ത്യ ഹൈപ്പർടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവ് (ഐഎച്ച്എംഐ)**

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, കേരള സർക്കാർ, ലോകാരോഗ്യ സംഘടന, റിസോൾവ് ടു സേവ് ഇനിഷ്യറ്റീവ് ഓഫ് വൈറ്റൽ സ്ട്രാറ്റജീസ് എന്നിവയുടെ സഹകരണത്തോടെയുള്ള പദ്ധതിയാണ് ഇന്ത്യാ ഹൈപ്പർടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവ്. ഐഎച്ച്എംഐയ്ക്കൊപ്പം പ്രമേഹ നിയന്ത്രണവും നിരീക്ഷണവും കേരള സംസ്ഥാനവും ലക്ഷ്യം വയ്ക്കുന്നു. കേരളത്തിലെ തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, വയനാട് എന്നീ നാല് ജില്ലകളിലാണ് ഈ സംരംഭം നടപ്പിലാക്കുന്നത്. ഡബ്ല്യു.എച്ച്.ഒ. ഹാർട്ട്സ് പാക്കേജിനെ അടിസ്ഥാനമാക്കി ഹൈപ്പർടെൻഷന്റെ അളക്കാൻ കഴിയുന്ന ചികിത്സയുടെ അഞ്ച് അവശ്യഘടകങ്ങളിൽ ഐഎച്ച്എംഐ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

നയനാമൃതം- ഡയബറ്റിക് റെറ്റിനോപ്പതി പരിശോധന ഡയബറ്റിക് റെറ്റിനോപ്പതി ദീർഘനാളായി തുടരുന്ന ഡയബറ്റിസ് മെലിറ്റസിൽ സാധാരണ കണ്ടുവരുന്ന ഒരു സങ്കീർണതയാണ്. ഇത് കാഴ്ചശക്തി പൂർണ്ണമായും നഷ്ടപ്പെടുത്തിയേക്കും. ഡയബറ്റിക് റെറ്റിനോപ്പതിയുടെ ആദ്യഘട്ടത്തിൽ തന്നെ രോഗാവസ്ഥ കണ്ടെത്തിയാൽ പൂർണ്ണമായും ഫലപ്രദമായ ചികിത്സ ലഭ്യമാണ്. ഇ-ഹെൽത്ത് നൽകുന്ന സാങ്കേതിക പിന്തുണയോടെ കേരളത്തിൽ തിരുവനന്തപുരം ജില്ലയിലെ പ്രാഥമിക കേന്ദ്രങ്ങൾ, ദ്വിതീയ കേന്ദ്രങ്ങൾ, തൃതീയ പരിചരണ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന പൊതുജനാരോഗ്യ സംവിധാനത്തിൽ ആരോഗ്യ സേവന വകുപ്പ് ഒരു പരിചരണ പദ്ധതി നടപ്പിലാക്കി. സമൂഹത്തിലെ പ്രമേഹ രോഗികളെ കണ്ടെത്തുന്നതിലും സ്ക്രീനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിലും ആശാ വർക്കർമാരും മറ്റ് ഫീൽഡ് വർക്കർമാരും സജീവ പങ്ക് വഹിക്കുന്നു.

**ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ്**

കേരളത്തിൽ സാംക്രമികേതര രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച് ക്ലിനിക്ക് അടിസ്ഥാനമാക്കിയുള്ള ഡാറ്റ ഉണ്ടെങ്കിലും ജനസംഖ്യാടിസ്ഥാനത്തിലുള്ള രജിസ്ട്രി ഇല്ല. സംസ്ഥാനം നാല് ജില്ലകളിൽ സാംക്രമികേതര രോഗങ്ങളുടെ ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ് ആരംഭിച്ചിട്ടുണ്ട്. ആശ വൊളന്റിയർ അവരുടെ പരിധിയിലുള്ള വീടുകൾ സന്ദർശിച്ച് സാംക്രമികേതര രോഗങ്ങളുടെ അവസ്ഥയും അതിന്റെ അപകട ഘടകങ്ങളും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കും. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവരവരുടെ എൻസിഡി നിലയെക്കുറിച്ച് അറിയാത്തവർക്കായി ക്യാമ്പ് അടിസ്ഥാനത്തിലും ഗൃഹാടിസ്ഥാനത്തിലും സ്ക്രീനിംഗ് നടത്തുകയും ആരോഗ്യ കേന്ദ്ര തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിവരശേഖരം തയ്യാറാക്കുകയും ചെയ്യും. ആശാ പ്രവർത്തകർക്ക് വിവരശേഖരണത്തിന് ഉപയോഗിക്കുന്നതിനായി ഇ ഹെൽത്ത് ഒരു ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു. ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗിന്റെ ഭാഗമായി നടത്തിയ സ്ക്രീനിംഗിന്റെ

**പട്ടിക 6.2.12** ശ്വാസ് ക്ലിനിക്കുകളും സി.ഒ.പി.ഡി, ആസ്ത്മ എന്നിവയുടെ സ്ക്രീനിംഗും രോഗനിർണയ വിശദാംശങ്ങളും

| | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | ആകെ |
|---|---|---|---|---|---|---|---|
| രോഗലക്ഷണമുള്ളവരിലെ സ്ക്രീനിംഗ് | 47601 | 63206 | 45444 | 3750 | 35244 | 26076 | 221321 |
| ശ്വാസ് ക്ലിനിക്ക്-എഫ്.എച്ച്.സി. | 89 | 90 | 91 | 108 | 96 | 117 | 591 |
| ശ്വാസ് ക്ലിനിക്ക്- ജില്ല/ജനറൽ /താലൂക്ക് ആശുപത്രികൾ | 14 | 25 | 10 | 0 | 0 | 0 | 49 |
| സ്പൈറോമെട്രി സ്ക്രീനിംഗ് | 9147 | 18428 | 1952 | 299 | 7017 | 3978 | 40821 |
| സി.ഒ.പി.ഡി. രോഗനിർണയം നടത്തിയത് | 4677 | 11557 | 3709 | 737 | 4764 | 1605 | 27049 |
| ആസ്ത്മ രോഗനിർണയം നടത്തിയത് | 4145 | 7081 | 4371 | 359 | 3036 | 1836 | 20,828 |

അവലംബം : ആരോഗ്യ സേവന ഡയറക്ടറേറ്റ്

**ബോക്സ് 6.2.2** ശൈലി ആപ്പ്

കേരളത്തിലെ ജനങ്ങൾക്കിടയിലെ ജീവിതശൈലീ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ട് കേരള സർക്കാർ 'ശൈലി' എന്ന ആൻഡ്രോയിഡ് ആപ്പ് പുറത്തിറക്കി. നവകേരളം കർമപദ്ധതി പ്രകാരം ആരോഗ്യവകുപ്പ് ആരംഭിച്ച ജനസംഖ്യാടിസ്ഥാനത്തിലുള്ള പരിശോധന പദ്ധതിയുടെ ഭാഗമായാണ് ആപ്പ് സജ്ജീകരിച്ചിരിക്കുന്നത്. അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്റ്റിവിസ്റ്റ് (ആശ) പ്രവർത്തകരെ അതത് പ്രദേശങ്ങളിലെ 30 വയസ്സിന് മുകളിലുള്ള വ്യക്തികളിൽ നിന്ന് ഏതെങ്കിലും ജീവിതശൈലി രോഗങ്ങളെക്കുറിച്ചോ അപകടസാധ്യത ഘടകങ്ങളെക്കുറിച്ചോ വിവരങ്ങൾ ശേഖരിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇ-ഹെൽത്ത് സംരംഭത്തിന് കീഴിലാണ് ആപ്പ് സജ്ജീകരിച്ചത്. ആപ്പ് പ്രാഥമികമായി പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, ഹൃദ്രോഗം, ശ്വാസകോശ രോഗങ്ങൾ, മറ്റ് ജീവിതശൈലി സംബന്ധമായ അസുഖങ്ങൾ, ക്യാൻസർ എന്നിവയെ കുറിച്ചുള്ള വിവരങ്ങളാണ് ശേഖരിക്കുക. വ്യക്തികളുടെ ആരോഗ്യനില സ്കോർ ചെയ്യുകയും നാലിന് മുകളിൽ സ്കോർ ഉള്ളവരോട് ജീവിതശൈലീ രോഗങ്ങൾ പരിശോധിക്കുന്നതിനായി അടുത്തുള്ള ആരോഗ്യ കേന്ദ്രം സന്ദർശിക്കാൻ ആവശ്യപ്പെടുകയും ചെയ്യും.

വിശദാംശങ്ങൾ **പട്ടിക 6.2.13** ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.13** ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഘടകം | നമ്പർ |
|---|---|---|
| 1 | 30 വയസ്സിനു മുകളിലുള്ള ജനസംഖ്യ | 17360285 |
| 2 | ജനസംഖ്യാടിസ്ഥാനത്തിലുള്ള എൻസിഡി സർവേ നടത്തിയത് | 15094350 |
| 3 | സി. ബി. എ. സി. സ്കോർ > 4 | 2760172 |
| 4 | കാൻസർ സ്ക്രീനിംഗിന് റഫർ ചെയ്തത് | 898897 |
| 5 | ഓറൽ ക്യാൻസർ സ്ക്രീനിംഗിനായി റഫർ ചെയ്തത് | 41095 |
| 6 | സ്തനാർബുദ പരിശോധനയ്ക്കായി റഫർ ചെയ്തത് | 779795 |
| 7 | സെർവിക്കൽ ക്യാൻസർ സ്ക്രീനിംഗിനായി റഫർ ചെയ്തത് | 96186 |
| 8 | ടിബി സ്ക്രീനിംഗിനായി റഫർ ചെയ്തത് | 112159 |
| 9 | ശ്വസന മൂല്യനിർണയത്തിനായി റഫർ ചെയ്തത് | 435496 |
| 10 | ഹൈപ്പർടെൻഷൻ മാത്രം കണ്ടെത്തിയ രോഗികൾ | 1631565 |
| 11 | പ്രമേഹം കണ്ടെത്തിയ രോഗികൾ | 1320045 |
| 12 | രക്താതിമർദ്ദവും പ്രമേഹവും കണ്ടെത്തിയ രോഗികൾ | 619257 |
| 13 | കിടപ്പിലായ രോഗികൾ | 107122 |
| 14 | വീട്ടിൽ നിന്നും പുറത്തുപോകാൻ കഴിയാത്ത രോഗികൾ | 188097 |
| 15 | 60 വയസ്സിനുമുകളിൽ ജനസംഖ്യ സർവേ നടത്തിയത് | 4544616 |

അവലംബം : shaili.ehealth.kerala.gov.in 05.12.2023 പ്രകാരം

### സി.എ.പി.ഡി. ക്ലിനിക്കുകൾ (കണ്ടിന്യൂസ് ആംബുലേറ്ററി പെരിറ്റോണിയൽ ഡയാലിസിസ്)

വൃക്കസംബന്ധമായ സങ്കീർണതകളുള്ള രോഗികളുടെ എണ്ണം വർധിച്ചതിനാൽ കേരളത്തിൽ ഹീമോഡയാലിസിസ് കേന്ദ്രങ്ങൾ കൂണുപോലെ മുളച്ചുപൊങ്ങുന്നു. ഇത് സാമ്പത്തിക ബാധ്യതയ്ക്കൊപ്പം ജീവിതനിലവാരത്തെയും പ്രതികൂലമായി ബാധിക്കുന്നു. ഈ സാഹചര്യം ലഘൂകരിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് സി.എ.പി.ഡി. പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പരിപാടി ആരംഭിച്ചിട്ടുണ്ട്. അത് രോഗികളുടെ ദൈനംദിന ജീവിതത്തെ ബാധിക്കാതെ ഡയാലിസിസ് തുടരാൻ കഴിയുന്നതും ചെലവ് കുറഞ്ഞതും സൗകര്യപ്രദവുമാണ്. 14 ജില്ലകളിലും സിഎപിഡി കേന്ദ്രങ്ങൾ സ്ഥാപിച്ചു.

### സ്ട്രോക്ക് മാനേജ്മെന്റ് (എസ്.ഐ.ആർ.എ.എസ്– സ്ട്രോക്ക് ഐഡന്റിഫിക്കേഷൻ റീഹാബിലിറ്റേഷൻ അവയര്‍നെസ്സ് ആൻഡ് സ്റ്റബിലൈസേഷൻ പ്രോഗ്രാം)

രക്താതിമർദ്ദത്തിന്റെ ഒരു സങ്കീർണതയാണ് സ്ട്രോക്ക്. ഇതിൽ രക്തസ്രാവം മൂലം രക്തക്കുഴലുകൾ അടഞ്ഞുപോകുന്നു. സ്ട്രോക്ക് മാനേജ്മെന്റ് സമയബന്ധിതമാണ്. ഇത് രോഗി ചികിത്സാ കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന സമയപരിധിയെ ആശ്രയിച്ചിരിക്കുന്നു. ഇത് സാധാരണഗതിയിൽ 4 മണിക്കൂർ ആണ്. സ്ട്രോക്ക് നിയന്ത്രണത്തിനായി പ്രത്യേക വൈദഗ്ധ്യവും അടിസ്ഥാന സൗകര്യങ്ങളും വിലകൂടിയ മരുന്നുകളും ആവശ്യമായതിനാൽ സ്ട്രോക്ക് മാനേജ്മെന്റ് സങ്കീർണ്ണമാണ്. എസ്.സി.ടി.ഐ.എം.എസ്.ടി -യിൽ സ്ട്രോക്ക് മാനേജ്മെന്റിൽ ഫിസിഷ്യൻമാരെ പരിശീലിപ്പിച്ചും സി. ടി. സ്കാൻ, ടെലി റേഡിയോളജി സേവനങ്ങളുള്ള ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് ഐ.സി.യു. സജ്ജീകരിച്ചും ആരോഗ്യവകുപ്പ് എസ്.ഐ.ആർ.എ.എസ് എന്ന സ്ട്രോക്ക് മാനേജ്മെന്റ് പ്രോഗ്രാം ആരംഭിച്ചു. ഒമ്പത് ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിക്കുകയും ബാക്കിയുള്ള ജില്ലകളിൽ സ്ട്രോക്ക് ഐസിയു പൂർത്തിയാക്കുകയുമാണ്.

### ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ (പാദസ്പർശം)

നീണ്ടുനിൽക്കുന്ന പ്രമേഹത്തിന്റെ ഒരു പ്രധാന സങ്കീർണതയാണ് പ്രമേഹ പാദം, പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തിയില്ലെങ്കിൽ കൈകാലുകൾ നഷ്ടപ്പെടാം. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് ഡയബറ്റിക് ഫൂട്ട് മാനേജ്മെന്റിനെക്കുറിച്ച് മെഡിക്കൽ ഓഫീസർമാർക്ക് പരിശീലനം നൽകി. 82 ഡയബറ്റിക് ഫുട്ട് ക്ലിനിക്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

### 360 ഡിഗ്രി മെറ്റബോളിക് സെന്റർ ഓഫ് എക്സലൻസ്

ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കാനുള്ള ദൗത്യത്തിന്റെ ഭാഗമായി, ബാഹ്യ പിന്തുണയോടെ കേരള സർക്കാർ എറണാകുളം ജനറൽ ആശുപത്രിയിൽ 360 ഡിഗ്രി മെറ്റബോളിക് സെന്റർ ഓഫ് എക്സലൻസ് എന്ന പേരിൽ ഒരു മാതൃകാ കേന്ദ്രം പ്രവർത്തനം

ആരംഭിച്ചു. കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ രോഗിക്ക് ഒരു ഐഡി ലഭിക്കും. അപ്പോൾ രോഗിയുടെ ഉയരം, ഭാരം, രക്തസമ്മർദ്ദം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്ന പ്രീ-ക്ലിനിക്കൽ ഏരിയയിലേക്ക് അവർക്ക് നീങ്ങാൻ കഴിയും. അഡ്വാൻസ്ഡ് പോയിന്റ് ഓഫ് കെയർ (പിഒസി) ഉപകരണങ്ങളുടെ സഹായത്തോടെ രോഗിക്ക് ലാബിൽ നിന്ന് ചുരുങ്ങിയ സമയത്തിനുള്ളിൽ പരിശോധനാ ഫലങ്ങൾ ലഭിക്കും. ലാബ് റിപ്പോർട്ടുകൾ വിശകലനം ചെയ്ത ശേഷം, ആവശ്യമെങ്കിൽ, പോഷകാഹാര കൗൺസലിംഗ്, ഫിസിയോതെറാപ്പി, പൾമണറി ഫംഗ്ഷൻ ടെസ്റ്റ്, റെറ്റിനൽ സ്കാനിംഗ്, ഡയബറ്റിക് ഫൂട്ട് അസസ്മെന്റ് തുടങ്ങിയ തുടർ പരിശോധനകൾക്കും നടപടികൾക്കും ഡോക്ടർ രോഗിയെ നയിക്കും. പരിശോധനാ ഫലങ്ങൾ, രോഗനിർണയം മുതലായവ ഉൾപ്പെടെയുള്ള ചികിത്സാ സംഗ്രഹം ഡാറ്റാ ബേസ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ച് ശേഖരിക്കുകയും ഭാവിയിലെ റഫറൻസിനായി സംരക്ഷിക്കുകയും ചെയ്യുന്നു. കേന്ദ്രത്തിൽ നിന്ന് പുറത്തുപോകുമ്പോൾ രോഗിക്ക് പൂർണ്ണമായ ചികിത്സാ സംഗ്രഹം ലഭിക്കും. ടെലി കോളിംഗ് സൗകര്യം ഉപയോഗിക്കുന്ന രോഗിക്ക് ഷെഡ്യൂൾ ചെയ്ത ഫോളോ അപ്പ് തീയതിക്ക് കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഒരു റിമൈൻഡർ കോൾ ലഭിക്കുന്നു.

### ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്

കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്. പ്രമേഹത്തിനും അതിന്റെ സങ്കീർണ്ണമായ ചികിത്സയ്ക്കും മാത്രമായി പ്രവർത്തിക്കുന്ന സർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണിത്. തിരുവനന്തപുരം നഗരത്തിലെ ആക്കുളത്തിനടുത്തുള്ള പുലയനാർകോട്ടയിൽ, 2001 ലാണ് ഐ.ഐ.ഡി. പ്രവർത്തനം ആരംഭിച്ചത്. പ്രമേഹത്തിന്റെ ജനിതക അടിത്തറയെക്കുറിച്ച് അന്വേഷിക്കുക, ഡോക്ടർമാർക്കും, പാരാമെഡിക്കൽ സ്റ്റാഫിനും വേണ്ട പരിശീലനം നൽകുക, ചികിത്സാ രീതികൾ വികസിപ്പിക്കുന്നതിന് ഗവേഷണ സഹായം നൽകുക, അക്കാദമിക് തലത്തിൽ പ്രാധാന്യം നൽകുക, കൂടാതെ പ്രമേഹ രോഗത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അത്യാധുനിക കോൺഫറൻസുകൾ സംഘടിപ്പിക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഐ.ഐ.ഡി. യിൽ ലഭ്യമായ കിടക്കകളുടെ എണ്ണം 40 ആണ്. ശരാശരി ഓരോ വർഷവും കണ്ടെത്തിയ പുതിയ കേസുകളുടെ എണ്ണം 6000 ആണ്. 2022-23 ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 66741 ഉം ഐപി 234 ഉം പുതിയ കേസുകൾ 11905 ഉം ആണ്. 2023-24 ൽ (ഓഗസ്റ്റ് 31 വരെ) ഐപി, ഒപി, പുതിയ കേസുകൾ എന്നിവ യഥാക്രമം 208, 33598, 4872 എന്നിങ്ങനെയായിരുന്നു.

### അർബുദം

കേരളത്തിലെ ഒരു പ്രധാന സംക്രമികേതര രോഗമാണ് അർബുദം. മെഡിക്കൽ കോളേജുകൾ കൂടാതെ റീജണൽ കാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ ആൻഡ് റിസേർച്ച് സെന്റർ എന്നീ സർക്കാർ മേഖലയിലുള്ള ആശുപത്രികളും അർബുദത്തിന് ചികിത്സ നൽകി വരുന്നു. ഈ സ്ഥാപനങ്ങൾ കൂടാതെ എല്ലാ പ്രധാന സർക്കാർ ആശുപത്രികളും ക്യാൻസർ ചികിത്സ നൽകുന്നുണ്ട്. നേരത്തേരോഗം തിരിച്ചറിയാതിരിക്കുക, വൻചികിത്സാചെലവ്, തുച്ഛമായ ചികിത്സാ സൗകര്യങ്ങൾ, അവബോധമില്ലായ്മ എന്നീ കാര്യങ്ങൾ ഈ രോഗം വന്ന് മരിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നു.

### മലബാർ ക്യാൻസർ സെന്റർ

കേരള സർക്കാരിനുകീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കണ്ണൂരിലെ മലബാർ ക്യാൻസർ സെന്റർ. വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് അർബുദചികിത്സ നൽകാൻ സ്ഥാപിതമായതാണ് മലബാർ ക്യാൻസർ സെന്റർ. ഇവിടെ 204 പേരെ കിടത്തി ചികിത്സിക്കാൻ സാധിക്കും. അർബുദരോഗികളെ ചികിത്സിക്കുന്നതിനായി ഏറ്റവും പുതിയ സംവിധാനങ്ങൾ ഇവിടെയുണ്ട്. 2022-23 ൽ മലബാർ ക്യാൻസർ സെന്ററിൽ ചികിത്സ ലഭിച്ചതിൽ 5566 പേർ കിടത്തി ചികിത്സ ലഭ്യമായവരും 85802 പേർ ഔട്ട്പേഷ്യന്റ്സുമാണ്. ഇതിൽ പുതിയ കേസുകൾ 7795 ആണ്. 2023-24 കാലയളവിൽ (31.08.2023 വരെ), ഐപിയുടെയും ഒപിയുടെയും എണ്ണം യഥാക്രമം 2323 ഉം 39952 ഉം പുതിയ കേസുകൾ 3112 ഉം ആണ്. കേന്ദ്രത്തിൽ ഓരോ വർഷവും കണ്ടെത്തുന്ന പുതിയ കേസുകളുടെ ശരാശരി എണ്ണം 7142 ആണ് (കഴിഞ്ഞ അഞ്ച് വർഷത്തെ വിവരങ്ങൾ അടിസ്ഥാനമാക്കി).

### കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ

കാൻസർ രോഗബാധാ നിരക്കിലുള്ള ഭീതിജനകമായ വർദ്ധനവും മധ്യകേരളത്തിൽ സർക്കാർ തലത്തിൽ ഒരു തൃതീയ കാൻസർ പരിചരണ ഗവേഷണ കേന്ദ്രത്തിന്റെ ആവശ്യകതയും കൊച്ചിയിലെ കാൻസർ റിസർച്ച് സെന്ററിന്റെ പിറവിക്കു കാരണമായി. സി.സി.ആർ.സി. എന്നത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റിയാണ്. സി.സി.ആർ.സി. യിൽ നിലവിൽ ലഭ്യമാകുന്ന കിടക്കകളുടെ എണ്ണം 20 ആണ്. കൂടാതെ 100 കിടക്കകളുള്ള സൗകര്യം 2023-24 സാമ്പത്തിക വർഷത്തിൽ സജ്ജമാകും. എന്നാൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന പുതിയ കേസുകളുടെ എണ്ണം 1351 ആണ്. 2022 ൽ ചികിത്സയിലുള്ള ഒപിയുടെ എണ്ണം 13673 ഉം ഐപി 325 ഉം പുതിയ കേസുകൾ 1606 ഉം ആണ്. 2023 ൽ (ഓഗസ്റ്റ് 31 വരെ), ഒപിയുടെ എണ്ണം 7692 ഉം പുതിയ കേസുകൽ 1009 ആയിരുന്നു.

### റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി.)

കേരളത്തിൽ ക്യാൻസർ രോഗനിർണയത്തിനും ചികിത്സയ്ക്കും നിയന്ത്രണത്തിനുമായുള്ള സമ്പൂർണ സമർപ്പിത കേന്ദ്രമാണ് ആർ.സി.സി., തിരുവനന്തപുരം. രാജ്യത്തെ ഏറ്റവും മികച്ച 28 ആർ.സി.സി. കളിൽ ഒന്നായ ആർ.സി.സി., തിരുവനന്തപുരം അന്താരാഷ്ട്ര സ്ഥാപനങ്ങളുമായുള്ള പ്രവർത്തന ബന്ധവും നിലനിർത്തുന്നു. 2022-23 ൽ ആർ.സി.സിയിൽ ദിവസേനയുള്ള ശരാശരി രോഗി സന്ദർശനങ്ങൾ

847 ആണ്. കഴിഞ്ഞ മുപ്പത്തിയൊൻപതു വർഷങ്ങളായി കേരളത്തിന്റെയും തമിഴ്നാട്ടിലെയും കർണാടകത്തിലെയും ചില പ്രദേശങ്ങളിലെയും ജനങ്ങളുടെ വർധിച്ചു വരുന്ന കാൻസർ പരിചരണ ആവശ്യങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിൽ നിർവഹിക്കുന്നു. 2022-23 ൽ പുതിയതായി 15324 കേസുകൾ കണ്ടെത്തുകയും 242129 കേസുകൾ അവലോകനം ചെയ്യുകയും 12346 ഇൻ-പേഷ്യന്റ് അഡ്മിഷനുകളും ആർ.സി.സിയിൽ നടത്തി. ആർ.സി.സി.-യെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ സെക്ഷൻ 5.2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### മാനസികാരോഗ്യം

ഭാരതസെൻസസ് 2011 പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 0.20% മാനസിക രോഗങ്ങളുള്ളവരും 0.20% മാനസികവൈകല്യമുള്ളവരുമാണ്. ദേശീയശരാശരി യഥാക്രമം 0.06% വും 0.12% വുമാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ഈ നിരക്ക് വളരെ കൂടുതലാണെങ്കിലും അതിനനുസരിച്ച് വേണ്ടത്ര പ്രാധാന്യം കേരളത്തിൽ നൽകിയിട്ടില്ല. ഒരു മാനസികാരോഗ്യനയത്തിന് സംസ്ഥാനസർക്കാർ 2013 മെയ് മാസം രൂപം നൽകി അംഗീകരിച്ചു. ഈ നയത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന കാര്യങ്ങൾ ഇവയാണ്. മാനസികാസ്വാസ്ഥ്യത്തിന്റെ ചികിത്സ തുടങ്ങേണ്ടത് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിന്നാണ്. സൈക്യാട്രിക് മെഡിസിൻ വകുപ്പും മനോരോഗാശുപത്രികളും റഫറൽ സംവിധാനങ്ങളാക്കണം. ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമിക ചികിത്സയിൽ 'ആശ്വാസം' വിഷാദരോഗ മാനേജ്മെന്റ് സംസ്ഥാനത്തൊട്ടാകെയുള്ള 241 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ചു. ആശ്വാസം പ്രോഗ്രാമിന്റെ 2022-23, 2023-24 വർഷങ്ങളിലെ വിശദാംശങ്ങൾ **പട്ടിക 6.2.14** ൽ നൽകിയിരിക്കുന്നു.

പട്ടിക 6.2.14 ആശ്വാസം പ്രോഗ്രാമിന്റെ വിശദാംശങ്ങൾ 2022-23 ലും 2023-24 ലും

| ഘടകം | കേസുകൾ 2022-23 | കേസുകൾ 2023-24 (ഓഗസ്റ്റ് 31) |
|---|---|---|
| പരിശോധിച്ച കേസുകളുടെ എണ്ണം | 12801 | 7686 |
| പരിശോധിച്ച പോസിറ്റീവുകളുടെ എണ്ണം | 2528 | 1164 |
| ഫാർമക്കോതെറാപ്പി നൽകിയത് | 1273 | 555 |
| സൈക്കോ സോഷ്യൽ ഇടപെടൽ നടത്തിയത് | 3881 | 2044 |
| ജില്ലാ മാനസികാരോഗ്യ പരിപാടിയിലേക്ക് ശുപാർശ ചെയ്തത് | 493 | 251 |

അവലംബം : ആരോഗ്യ സേവന വകുപ്പ്

കേരളത്തിൽ മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളിലായി 1366 കിടക്കകൾ നിലവിലുണ്ട്. മാസംതോറും 10000 ഔട്ട്പേഷ്യൻസുമായി എല്ലാ ജില്ലകളിലും ജില്ലാമാനസികാരോഗ്യപരിപാടി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കേന്ദ്രങ്ങളിലൂടെ പുനരധിവാസ സൗകര്യവും നല്കിവരുന്നു. അവബോധമില്ലായ്മ, പൊതുമനോഭാവം, കുടുംബാംഗങ്ങളുടെ ശ്രദ്ധക്കുറവ്, തുടർ നടപടികളുടെ അഭാവം തുടങ്ങിയവയാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പ്രധാന പ്രശ്നങ്ങൾ. സംസ്ഥാനസർക്കാർ 26 പകൽവീടുകൾ ആരംഭിച്ചിട്ടുണ്ട്. രോഗം ഭേദമായ 506 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

### ജില്ലാ മാനസികാരോഗ്യ പരിപാടി

സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി) പ്രവർത്തിക്കുന്നു. ജില്ലയിലെ എല്ലാ പി.എച്ച്.സികളിലും സി.എച്ച്.സികളിലും ബന്ധപ്പെട്ട ആശുപത്രികളിലെ പരിശീലനം ലഭിച്ച ഡോക്ടർമാർ മാനസികാരോഗ്യ ക്ലിനിക്കുകൾ നടത്തുന്നു. തങ്ങളുടെ അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് മരുന്നുകൾ രോഗികൾക്ക് ലഭ്യമാകും. സംസ്ഥാനത്ത് ഡിഎംഎച്ച്പിയിൽ നിന്ന് ഓരോ മാസവും 50,000 രോഗികൾ ചികിത്സ തേടുന്നുണ്ട്. പൊതു ജനങ്ങൾക്കു അവബോധം സൃഷ്ടിക്കുന്നതിനായി വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ, മാനസികാരോഗ്യവും പ്രാഥമികാരോഗ്യവും ശരിയായി ബന്ധപ്പെടുത്തുന്നതിനായി ഡോക്ടർമാർക്കും നഴ്സുമാർക്കും ഫാർമസിസ്റ്റുകൾക്കും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം, ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയൽ, ആത്മഹത്യ തടയൽ, വയോജന മാനസികാരോഗ്യം, മാനസിക സമ്മർദ്ദ നിയന്ത്രണം എന്നിവ പ്രവർത്തനങ്ങളാണ്. സമഗ്ര മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി മാനസിക വൈകല്യമുള്ളവർക്കായി പകൽ പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. ഇപ്പോൾ സംസ്ഥാനത്ത് 31 പരിചരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയ മാനസികാരോഗ്യ പരിപാടി എൻഎച്ച്എം സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നു. ജില്ലാ മാനസികാരോഗ്യ പരിപാടി ക്ലിനിക്കുകളുടെ 2022-23 ലെ വിശദാംശങ്ങൾ **പട്ടിക 6.2.15** ൽ നൽകിയിരിക്കുന്നു.

### ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (ഇംഹാൻസ്)

1982 ൽ കേരള സർക്കാർ സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസസ് (ഇംഹാൻസ്) കോഴിക്കോട്. കോഴിക്കോട് ഗവണ്മെൻറ് മെഡിക്കൽ കോളേജ് കാമ്പസിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നു. സൈക്ക്യാട്രിക് സോഷ്യൽ വർക്ക് (8 സീറ്റ്), ക്ലിനിക്കൽ സൈക്കോളജി (8 സീറ്റ്), പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സൈക്ക്യാട്രിക് നഴ്സിങ് (10 സീറ്റ്) എന്നിവയിൽ ഇപ്പോൾ എം.ഫിൽ കോഴ്സുകൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു. കൂടാതെ പിഎച്ച്ഡിക്ക് 3 സീറ്റുകളും ഉണ്ട്. ക്ലിനിക്കൽ സേവനങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ കമ്മ്യൂണിറ്റി സൈക്ക്യാട്രി, ചൈൽഡ് സൈക്ക്യാട്രി, പുനരധിവാസ സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇംഹാൻസിന് നിലവിൽ കിടത്തിച്ചികിത്സയ്ക്കുള്ള സൗകര്യമില്ല. 2022-23-ൽ (ഓഗസ്റ്റ്

**പട്ടിക 6.2.15** ജില്ലാ മാനസികാരോഗ്യ പരിപാടി ക്ലിനിക്കുകളുടെ വിശദാംശങ്ങൾ 2022-23

| | നടത്തിയ ക്ലിനിക്കുകളുടെ ആകെ എണ്ണം | പുതിയ കേസുകളുടെ എണ്ണം | മാസംതോറുമുള്ള പരിശോധനകൾ (എണ്ണം) | കൗൺസിലിംഗ്/ സൈക്കോതെറാപ്പി നടത്തിയതിന്റെ എണ്ണം | മാനസിക വിദ്യാഭ്യാസം നൽകിയതിന്റെ എണ്ണം | പുനരധിവസിപ്പിച്ച രോഗികളുടെ എണ്ണം |
|---|---|---|---|---|---|---|
| ജില്ല | 237 | 2313 | 4756 | 1641 | 1265 | 4 |
| തിരുവനന്തപുരം | 238 | 1075 | 1127 | 908 | 812 | 8 |
| കൊല്ലം | 240 | 515 | 1254 | 233 | 838 | 16 |
| പത്തനംതിട്ട | 221 | 1056 | 966 | 152 | 607 | 0 |
| ആലപ്പുഴ | 192 | 538 | 860 | 764 | 535 | 0 |
| കോട്ടയം | 274 | 669 | 1008 | 1143 | 513 | 0 |
| ഇടുക്കി | 240 | 1273 | 1236 | 305 | 884 | 0 |
| എറണാകുളം | 336 | 579 | 1130 | 628 | 315 | 0 |
| തൃശ്ശൂർ | 228 | 561 | 1042 | 289 | 866 | 1 |
| പാലക്കാട് | 397 | 3544 | 11263 | 1243 | 2572 | 0 |
| മലപ്പുറം | 288 | 692 | 1474 | 388 | 494 | 0 |
| കോഴിക്കോട് | 239 | 413 | 1478 | 874 | 804 | 0 |
| വയനാട് | 276 | 681 | 1700 | 720 | 720 | 0 |
| കണ്ണൂർ | 228 | 654 | 1674 | 69 | 421 | 2 |
| കാസർഗോഡ് | 3634 | 14563 | 30968 | 9357 | 11646 | 31 |
| ആകെ | | | | | | |

അവലംബം : ആരോഗ്യ സേവന വകുപ്പ്

31 വരെ) പുതിയ ഒ.പി. കേസുകളുടെ എണ്ണം 9572 ഉം ഫോളോ അപ്പ് കേസുകൾ 3773 ഉം ആയിരുന്നു.

### ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോസയൻസ് (ഐക്കോൺസ്)

1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിൻ കീഴിൽരജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്-ഓർഡർ (എസ്.ആർ. സി.സി.ഡി). കമ്മ്യൂണിക്കേറ്റീവ്, കോഗ്നിറ്റീവ് ന്യൂറോ സയൻസ്, ഡിസെബിലിറ്റി എന്നീ മേഖലകളിൽ ശാസ്ത്രീയ ഗവേഷണം, ക്ലിനിക്കൽ സേവനങ്ങൾ, നൂതന വിദ്യാഭ്യാസം, പരിശീലനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എസ്.ആർ.സി.സി.ഡി തിരുവനന്തപുരത്തും ഷൊർണ്ണൂരിലും ഐക്കോൺസ് സ്ഥാപിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്) ഓട്ടിസം, പഠന വൈകല്യം, ബുദ്ധിമാന്ദ്യം, മസ്തിഷ്ക പക്ഷാഘാതം, ജന്മനാലുള്ള സിംഗിൾ/ മൾട്ടിപ്പിൾ വൈകല്യങ്ങൾ, അപസ്മാരം, പക്ഷാഘാതബാധിതർ, മാരകമായ അപകടബാധിതർ തുടങ്ങിയ നാഡീവ്യവസ്ഥയെ ബാധിക്കുന്ന വിവിധ ഡീജനറേറ്റീവ് ഡിസോർഡേഴ്സും ശൈശവം മുതൽ പ്രായമായവർ വരെയുള്ള വികസന വൈകല്യങ്ങളുടെ സമഗ്രമായ മാനേജ്മെന്റ്, പുനരധിവാസം, വിദ്യാഭ്യാസം, ഗവേഷണം, വികസനം എന്നിവയ്ക്കായി ഗവൺമെന്റിന് കീഴിലുള്ള ഒരു പ്രധാന സ്ഥാപനമാണ്. വൈജ്ഞാനികം, ഭാഷ, ചലന പ്രവർത്തനങ്ങൾ എന്നിവയെ തടസ്സപ്പെടുത്തുന്ന അവസ്ഥകൾക്ക് കേന്ദ്രം പ്രത്യേക ഊന്നൽ നൽകുന്നു. ന്യൂറോളജിസ്റ്റുകൾ, പീഡിയാട്രീഷ്യൻമാർ, ഇഎൻടി വിദഗ്ധർ, ഓഡിയോളജിസ്റ്റുകൾ, സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റുകൾ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, ഫിസിയോതെറാപ്പിസ്റ്റുകൾ, പ്രത്യേക അധ്യാപകർ എന്നിവരടങ്ങുന്ന ഒരു മൾട്ടി ഡിസിപ്ലിനറി ടീം സ്ഥാപനത്തിന്റെ പുനരധിവാസ സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. മേൽപ്പറഞ്ഞ രോഗികളുടെ ഗ്രൂപ്പിന് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിരമായി ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് സേവനങ്ങൾ, സ്പീച്ച് തെറാപ്പി, ബിഹേവിയറൽ ട്രെയിനിംഗ്, ഫിസിയോതെറാപ്പി, ഭാഷാശാസ്ത്ര പരിശീലനം തുടങ്ങിയ പുനരധിവാസ പരിപാടികൾ നൽകുന്നു. ഐക്കോൺസ് ഷൊർണ്ണൂരിൽ അടിയന്തര സേവനങ്ങൾക്കായി ന്യൂറോ-ഐ. സി.യു. ഉള്ള 60 കിടക്കകളുള്ള ഇൻപേഷ്യന്റ് വാർഡും രോഗികളുടെ സേവനത്തിനായി വിപുലമായ പൂർണ്ണ ഓട്ടോമേറ്റഡ് ന്യൂറോ-എൻഡോക്രൈൻ മെറ്റബോളിക് ലാബും ഇലക്ട്രോ ഫിസിയോളജി ലാബും ഉണ്ട്. ഓട്ടിസം, ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, ജന്മനാലുള്ള സിംഗിൾ/ മൾട്ടിപ്പിൾ വൈകല്യങ്ങൾ, പക്ഷാഘാതബാധിതർ, പോസ്റ്റ് മെന്റൽ ട്രോമാറ്റിക് സിൻഡ്രോം, മുതിർന്നവരിലെ അഫാസിയ, ഡിമെൻഷ്യ തുടങ്ങിയ വിവിധ വികസന വൈകല്യങ്ങളുള്ള കുട്ടികൾക്കും മുതിർന്നവർക്കും പ്രായമായവർക്കും ഈ കേന്ദ്രം ചികിത്സ

നൽകുന്നു. ഐക്കോൺസ് ഷൊർണ്ണൂരിൽ ഗ്രാജ്വേറ്റ് ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജിയിൽ (ബിഎഎസ്എൽപി) നാല് വർഷത്തെ കോഴ്സ് നടത്തുന്നു. ഇത് കെയുഎച്ച്എസുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു. കൂടാതെ റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരവുമുണ്ട്. വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം 20 ആണ്. 2022-23 കാലയളവിൽ തിരുവനന്തപുരം സെന്ററിൽ ചികിത്സ തേടിയവരുടെ എണ്ണം 17873 ഉം ഷൊർണ്ണൂർ സെന്ററിൽ 35035 ഉം ആണ്.

#### പബ്ലിക് ഹെൽത്ത് ലബോറട്ടറീസ്

സംസ്ഥാനത്ത് ആകെ 9 പബ്ലിക്ക് ഹെൽത്ത് ലാബുകളാണുള്ളത്. തിരുവനന്തപുരത്തുള്ള സംസ്ഥാന പൊതുജനാരോഗ്യ ലാബും, എറണാകുളം, കോഴിക്കോട്, പത്തനംതിട്ട, കണ്ണൂർ എന്നിവിടങ്ങളിലുള്ള റീജിയണൽ ഹെൽത്ത് ലബോറട്ടറികളും കൂടാതെ ആലപ്പുഴ, മലപ്പുറം, വയനാട്, കൊല്ലം ജില്ലകളിലും പബ്ലിക്ക് ഹെൽത്ത് ലാബുകളും പ്രവർത്തിക്കുന്നു. ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലാബാണ് എല്ലാ പി.എച്ച്. ലാബുകളിലേക്കുമുള്ള സാങ്കേതിക മാർഗ നിർദ്ദേശവും മെറ്റീരിയലുകളും നൽകുന്നത്. ഏകദേശം 200 രോഗികൾ വീതമാണ് വിവിധ ലാബുകളിൽ പരിശോധനക്കായി ദിവസവും എത്തുന്നത്. ഓരോ ദിവസവും ഏകദേശം 1300 ത്തോളം പരിശോധനകളാണ് വിവിധ ലാബോറട്ടറികളിലായി നടക്കുന്നത്.

#### ന്യൂ ബോൺ സ്ക്രീനിംഗ് (എൻ.ബി.എസ്.) പ്രോഗ്രാം (2013–23)

2013 മാർച്ചിൽ ആരംഭിച്ച ന്യൂബോൺ സ്ക്രീനിംഗ് (എൻ.ബി.എസ്.) പ്രോഗ്രാം 2017 സെപ്റ്റംബറിൽ പ്രസവം നടത്തുന്ന എല്ലാ ആശുപത്രികളിലേക്കും വ്യാപിപ്പിച്ചു. നവജാത ശിശുക്കളുടെ രക്ത സാമ്പിളുകൾ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ മൂന്ന് പ്രാദേശിക ലാബോറട്ടറികളിലും പരിശോധിക്കുന്നു. കൺജനിറ്റൽ ഹൈപ്പോതൈറോയിഡിസം, കൺജനിറ്റൽ അഡ്രിനാൾ ഹൈപ്പർപ്ലാസിയ, ഫീനൽ കെറ്റോണൂറിയ, ജി 6 പി.ഡി യുടെ കുറവ് എന്നീ രോഗങ്ങൾക്കാണ് സ്ക്രീനിംഗ് പരിശോധന നടത്തുന്നത്. സ്റ്റേറ്റ് പി.എച്ച് ലാബിലെ ഡയറക്ടർ ആണ് കേരളത്തിലെ എൻ.ബി.എസ്. പ്രോഗ്രാമുകളുടെ സ്റ്റേറ്റ് നോഡൽ ഓഫീസർ. 2013 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ നാല് പി.എച്ച്. ലാബുകളിലായി എൻ.ബി.എസിനായി ലഭിച്ച മൊത്തം സാമ്പിളുകളുടെ എണ്ണം 1039316 ശിശുക്കളുടെതാണ്. അതിൽ പോസിറ്റീവ് കൺജെനിറ്റൽ ഹൈപ്പോതൈറോയിഡിസം (552 കേസുകൾ), കൺജെനിറ്റൽ അഡ്രീനൽ ഹൈപ്പർപ്ലാസിയ (172 കേസുകൾ), ജി6പിഡി കുറവ് (335 കേസുകൾ), ഗാലക്ടോസെമിയ (11 കേസുകൾ) എന്നിവ കണ്ടെത്തി.

#### കുടുംബക്ഷേമ പരിപാടികൾ

നിരവധി പദ്ധതി കാലയളവുകളിൽ കുടുംബക്ഷേമ പരിപാടികൾ 100 ശതമാനം കേന്ദ്രവിഷ്കൃത പദ്ധതി ആയിരുന്നു. കൂടാതെ 2016-17 സാമ്പത്തിക വർഷം മുതൽ കേന്ദ്രവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് രീതിയും ധനസഹായ ഘടകങ്ങളും മാറ്റിയിട്ടുണ്ട്. സംസ്ഥാനത്ത് കുടുംബക്ഷേമ പരിപാടി നടപ്പിലാക്കുന്ന സ്ഥിരം ജീവനക്കാരുടെ ശമ്പളയിനത്തിൽ കേന്ദ്ര സഹായം പരിമിതപ്പെടുത്തിയിരിക്കുന്നു. നാഷണൽ ഹെൽത്ത് മിഷന്റെയും (എൻഎച്ച്എം) ഡിഎച്ച്എസിന്റെയും ഭാഗമായാണ് ഇപ്പോൾ ഈ പരിപാടി നടപ്പിലാക്കുന്നത്.

#### പ്രസവവും മാതൃമരണ അനുപാതവും

ഡി.എച്ച്.എസ്-ന്റെ കഴിഞ്ഞ 10 വർഷത്തെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ആശുപത്രികളിലെ പ്രസവങ്ങൾ വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നു. മാതൃമരണ അനുപാതം കേരളത്തിൽ 19 ഉം ഇന്ത്യയിൽ 97 ഉം ആണ് (അവലംബം : 2018-20-ലെ എം.എം.ആർ. പ്രത്യേക ബുള്ളറ്റിൻ). 2012-13 മുതൽ പൊതു-സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 6.2.16** ൽ കൊടുത്തിരിക്കുന്നു.

#### രോഗപ്രതിരോധവ്യാപനം

മരുന്നും പ്രതിരോധകുത്തിവയ്പ്പും കൊണ്ട് ഒഴിവാക്കാനാകുന്നതും ആരോഗ്യത്തെ ദുർബലപ്പെടുത്തുന്നതുമായ വ്യാധികൾ, വൈകല്യം, മരണം തുടങ്ങിയവയിലേക്ക് നയിക്കുന്ന രോഗങ്ങളായ ഡിഫ്റ്റീരിയ, ഹെപ്പറ്റൈറ്റിസ് എയും ബിയും, അഞ്ചാം പനി, മുണ്ടിനീര്, ന്യൂമോണിയയും അനുബന്ധരോഗങ്ങളും, പോളിയോ, അതിസാരം, ടെറ്റനസ് തുടങ്ങിയവ ചെറുക്കുന്നതിന് ഏറ്റവും ഫലപ്രദവും ചെലവ് കുറഞ്ഞതുമായ ഇടപെടലാണ് പ്രതിരോധകുത്തിവയ്പുകൾ. 2019-20 മുതലുള്ള 5 വർഷങ്ങളിലെ രോഗപ്രതിരോധ വ്യാപന പരിപാടി **അനുബന്ധം 6.2.15** ൽ കാണാം.

#### ആധുനിക വൈദ്യശാസ്ത്രം

കേരളത്തിൽ ആധുനിക വൈദ്യശാസ്ത്രസേവനങ്ങൾ ചെയ്യുന്നത് ആരോഗ്യസേവന ഡയറക്ടറേറ്റും (ഡി.എച്ച്.എസ്.) അതുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ മേഖലകൈകാര്യം ചെയ്യുന്നത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റു(ഡി.എം.ഇ.)മാണ്.

#### ആരോഗ്യവകുപ്പിനു കീഴിലുള്ള ആരോഗ്യ പരിരക്ഷാസ്ഥാപനങ്ങൾ

ആരോഗ്യസേവനവകുപ്പിന് കീഴിലുള്ള 1,288 ആരോഗ്യപരിരക്ഷാസ്ഥാപനങ്ങളിലായി 38,525 കിടക്കകളും 6537 ഡോക്ടർമാരും, 14377 നഴ്സിംഗ് ജീവനക്കാരും 7305 പാരാമെഡിക്കൽ ജീവനക്കാരും ഉണ്ട്. ഇതിൽ 849 പിഎച്ച്സി/എഫ്എച്ച്സികൾ, 227 സിഎച്ച്സികൾ/ബ്ലോക്ക് എഫ്എച്ച്സികൾ, 87 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ, 18 ജില്ലാ ആശുപത്രികൾ, 18 ജനറൽ ആശുപത്രികൾ, 3 മാനസികാരോഗ്യ ആശുപത്രികൾ, 10 സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, 3 കുഷ്ഠരോഗ ആശുപത്രികൾ, 14 ടിബി

**പട്ടിക 6.2.16** 2012-13 മുതൽ കേരളത്തിലെ പൊതു സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങളുടെ വിശദാംശങ്ങൾ

| വർഷം | പൊതുആശുപത്രി | സ്വകാര്യആശുപത്രി | ആകെ | പൊതുആശുപത്രി % | സ്വകാര്യആശുപത്രി % |
|---|---|---|---|---|---|
| 2012-13 | 135941 | 358563 | 494504 | 27 | 73 |
| 2013-14 | 151277 | 344980 | 496257 | 30 | 70 |
| 2014-15 | 151524 | 342112 | 493636 | 31 | 69 |
| 2015-16 | 139808 | 340841 | 480649 | 29 | 71 |
| 2016-17 | 124115 | 332293 | 456408 | 27 | 73 |
| 2017-18 | 138510 | 313617 | 452127 | 31 | 69 |
| 2018-19 | 143847 | 339989 | 483836 | 30 | 70 |
| 2019-20 | 146174 | 314209 | 460383 | 32 | 68 |
| 2020-21 | 131620 | 288187 | 419807 | 31 | 69 |
| 2021-22 | 134093 | 291546 | 425639 | 32 | 68 |
| 2022-23 (സെപ്റ്റംബർ വരെ) | 128150 | 286430 | 414580 | 31 | 69 |

അവലംബം : ആരോഗ്യ സേവന ഡയറക്ടറേറ്റ്

ആശുപത്രികൾ, / ക്ലിനിക്കുകൾ, 2 മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികൾ, 58 മറ്റ് ആശുപത്രികൾ എന്നിവയുണ്ട്. രോഗപ്രതിരോധവും രോഗശമനവുമുൾപ്പെടെയുള്ള സമഗ്രമായ പ്രാഥമികതല സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ. സാമൂഹ്യാരോഗ്യകേന്ദ്രങ്ങളും, താലൂക്ക് ആസ്ഥാന ആശുപത്രികളും ദ്വിതീയതലപരിചരണം ലഭിക്കുന്നയിടങ്ങളാണ്. ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്ത്രീകളുടെ ആശുപത്രികൾ എന്നിവ സ്പെഷ്യാലിറ്റി സേവനങ്ങളും ചില സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും നൽകുന്നു. 2022-23 ലും 2023-24 ലും കേരളത്തിലെ പ്രധാന ആരോഗ്യസ്ഥാപനങ്ങളും കിടക്കകളും ഇനം തിരിച്ച്, ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് വിവരങ്ങൾ ചെറുതും വലുതുമായി നടത്തിയ ശാസ്ത്രക്രിയകൾ, ഡി.എച്ച്.എസിനു കീഴിലുള്ള മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫുകൾ, എന്നിവ **അനുബന്ധം 6.2.3, 6.2.4, 6.2.5** എന്നിവയിൽ കൊടുത്തിരിക്കുന്നു.

### കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം

കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള **ചിത്രം 6.2.1** ൽ നൽകിയിരിക്കുന്നു. മറ്റ് ജില്ലകളെ അപേക്ഷിച്ച് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ കൂടുതൽ കിടക്കകളുണ്ട്. എന്നാൽ കാസറഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ കിടക്കകളുടെ എണ്ണം കുറവാണ്. കേരളത്തിലെ കിടക്ക ജനസംഖ്യ **അനുപാതം 1:604** ആണ്, ഇത് ആധുനിക വൈദ്യശാസ്ത്രത്തിന് മാത്രം 1:668 ആണ്. കേരളത്തിലെ ശരാശരി ഡോക്ടർ ബെഡ് **അനുപാതം 1:4** ഉം ആധുനിക വൈദ്യശാസ്ത്രത്തിന് മാത്രമായി 1:5 ഉം ആണ്. കേരളത്തിലെ ഡോക്ടർ ജനസംഖ്യാ **അനുപാതം 1:2630** ആണ്. 2021 ലെ എസ്റ്റിമേറ്റഡ് ജനസംഖ്യയാണ് ഇവിടുത്തെ ജനസംഖ്യ. ഈ കണക്കുകൾ സർക്കാർ മേഖലയുടെ മാത്രം സ്ഥിതിയെ പ്രതിഫലിപ്പിക്കുന്നതാണ്, സ്വകാര്യ മേഖലയും പരിഗണിക്കുകയാണെങ്കിൽ ഈ കണക്കുകൾ കൂടുതൽ മെച്ചപ്പെട്ടതായിരിക്കും.

## ആരോഗ്യ ഇൻഷുറൻസ്

### സംസ്ഥാന ആരോഗ്യ ഏജൻസി (എസ്. എച്ച്. എ.)


സംസ്ഥാനത്ത് ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് സംസ്ഥാന ആരോഗ്യ ഏജൻസി.

### കാരുണ്യ ആരോഗ്യ സുരക്ഷാ പധതി (കെഎഎസ്പി)

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെഎഎസ്പി) എന്നത് കേരള സർക്കാരിന്റെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് ഇതിൽ പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (പി.എം-ജെ.എ.വൈ.) ഉൾപ്പെടുന്നു. സർക്കാർ സ്പോൺസർ ചെയ്ത ആരോഗ്യ ഇൻഷുറൻസ് പദ്ധതികളായ രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന (ആർഎസ്ബിവൈ), സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്), സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷുറൻസ് സ്കീം (എസ്ചിസ് ) എന്നിവ കെഎഎസ്പി സംയോജിപ്പിക്കുന്നു.

തുടക്കത്തിൽ, 5 ലക്ഷം രൂപ കവറേജുമായി ഇൻഷുറൻസ് മോഡിൽ 2019 ഏപ്രിൽ 1 മുതൽ 2020 ജൂൺ വരെ പദ്ധതി നടപ്പാക്കി. 2020 ജൂലൈ 1 മുതൽ ₹ 5 ലക്ഷം കവറേജുമായി അഷ്വറൻസ് മോഡിലാണ് പദ്ധതി നടപ്പാക്കുന്നത്. മൊത്തം 41.99 ലക്ഷം കുടുംബങ്ങളെ കെഎഎസ്പി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 23.98 ലക്ഷം കുടുംബങ്ങൾ മാത്രമാണ് പി.എം-ജെ.എ.വൈ. / എസ്.ഇ.സി.സി. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. പിഎംജെഎവൈ, എസ്ഇസിസി എന്നിവയ്ക്ക് കീഴിൽ വരുന്ന കുടുംബങ്ങൾക്ക് മാത്രമായി കേന്ദ്ര സഹായം പരിമിതപ്പെടുത്തിയിരിക്കുന്നു. ഓരോ കുടുംബത്തിനും പ്രീമിയം പരിധി 900 രൂപയാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. അതിൽ 60 ശതമാനം സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി നൽകും. അതിനാൽ, എൻറോൾ ചെയ്ത ഓരോ പി.എം-ജെ.എ.വൈ. (ആർഎസ്ബിവൈ) കുടുംബത്തിനും കേന്ദ്ര സർക്കാർ 631.2 രൂപ നൽകുന്നു. അതിനാൽ

**ചിത്രം 6.2.1** കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം




അവലംബം : വിവിധ ആരോഗ്യ വകുപ്പുകൾ / സ്ഥാപനങ്ങൾ

പ്രതീക്ഷിക്കുന്ന കേന്ദ്രസഹായം 151 കോടി രൂപ (22,00,554 കുടുംബങ്ങൾ * 631.2) ആയിരിക്കും. 2022-23 കാലയളവിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നൽകിയ മൊത്തം ക്ലെയിം തുക 982.70 കോടിയാണ്. ഇതുവരെ 613 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്, ഇതിൽ 411 സ്വകാര്യ ആശുപത്രികളും 202 പൊതു ആശുപത്രികളും ഉൾപ്പെടുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട് (കെബിഎഫ്) പദ്ധതിയും ഇതേ മിഷനു കീഴിൽ സംസ്ഥാനത്ത് പ്രത്യേകം പ്രവർത്തിക്കുന്നു.

പി.എം-ജെ.എ.വൈ./ കെഎഎസ്‌പി എന്നിവയുടെ പുരോഗതി **പട്ടിക 6.2.17** ൽ നൽകിയിരിക്കുന്നു. പി.എം -ജെ.എ.വൈ./ കെഎഎസ്‌പി എന്നിവയുടെ മേഖലാതല ഉപഭോഗം **അനുബന്ധം 6.2.6**ൽ നൽകിയിരിക്കുന്നു.

### കാരുണ്യ ബെനവലന്റ് ഫണ്ട്

ചില മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി 2012 ഫെബ്രുവരിയിൽ കേരള സർക്കാർ കാരുണ്യ ബെനവലന്റ് ഫണ്ട് (കെബി.എഫ്) പദ്ധതി ആരംഭിച്ചു. എ.പി.എൽ. നില കണക്കിലെടുക്കാതെ റേഷൻ കാർഡ് അനുസരിച്ച് വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള ഓരോ കുടുംബത്തിനും സാമ്പത്തിക സഹായം ലഭിക്കും. എന്നിരുന്നാലും ഈ വരുമാന പരിധി ഹീമോഫീലിയ ചികിത്സയിൽ ഏർപ്പെടുത്തിയിട്ടില്ല. ഓരോ കുടുംബത്തിനും വൃക്കരോഗങ്ങളുടെ ചികിത്സയ്ക്കായി 3 ലക്ഷം രൂപ വരെയും മറ്റ് നിർദ്ദിഷ്ട രോഗങ്ങൾക്ക് 2 ലക്ഷം രൂപവരെയും ധനസഹായം ലഭിക്കും. ഒന്നോ അതിലധികമോ ആളുകൾക്ക് മുകളിൽ നിർദ്ദേശിച്ച പരിധിക്ക് വിധേയമായി ഒരേ റേഷൻ കാർഡിൽ നിന്ന് പ്രയോജനം നേടാം. സംസ്ഥാന ലോട്ടറി വകുപ്പ് വഴിയാണ് പദ്ധതി നടപ്പാക്കിയിരുന്നത്. 2020 സെപ്റ്റംബർ 1 മുതൽ ഇത് സംസ്ഥാന ആരോഗ്യ ഏജൻസി വഴി നടപ്പാക്കുന്നു. 2022-23 ൽ സംസ്ഥാന ആരോഗ്യ ഏജൻസി 70 കോടി രൂപ ചെലവഴിച്ചു.

### ആരോഗ്യകിരണം

കേരളസർക്കാരിന്റെ പ്രധാന ആരോഗ്യ പദ്ധതികളിലൊന്നാണ് ആരോഗ്യകിരണം. ജനനം മുതൽ 18 വയസ്സ് വരെയുള്ള അർഹതപ്പെട്ട എല്ലാരോഗികൾക്കും പദ്ധതി സൗജന്യചികിത്സയും അനുബന്ധവൈദ്യസേവനങ്ങളും നല്കുന്നു. ഒ.പി. രജിസ്ട്രേഷൻ ചെലവ്, രോഗനിർണ്ണയം/മരുന്നുകൾ/ ഇംപ്ലാന്റുകൾ ചികിത്സയ്ക്കുപയോഗിക്കുന്ന വസ്തുക്കൾ എന്നീ ചെലവുകളാണ് ഈ പദ്ധതിയിലുൾപ്പെടുന്നത്. മേൽപ്പറഞ്ഞ ചെലവുകൾ നിർവഹിക്കുന്നത് ഓരോ ജില്ലയ്ക്കും നൽകുന്ന കോർപ്പസ് ഫണ്ടിൽ നിന്നാണ്. 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ആരോഗ്യ ഏജൻസിയാണ് പദ്ധതി നടപ്പാക്കുന്നത്. 2022-23 കാലയളവിൽ മൊത്തം ക്ലെയിമുകളുടെ എണ്ണം 13051 ഉം, തീർപ്പാക്കിയ തുക 12.46 കോടിയും ആയിരുന്നു. 2023 ലെ ഈ കണക്കുകൾ (2023 ഓഗസ്റ്റ് 31 വരെ) യഥാക്രമം 10889 എണ്ണവും 12.82 കോടിയും ആണ്.

### ശ്രുതി തരംഗം

ശ്രുതിതരംഗം കുട്ടികൾക്കിടയിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയക്കും അതിന്റെ തുടർചികിത്സക്കും വേണ്ടിയുള്ളതാണ്. 0-5 വയസ്സിനിടയിലുള്ള കുട്ടികൾക്ക് ഈ പദ്ധതിക്ക് അർഹതയുണ്ട്. എന്നിരുന്നാലും, 5 വയസ്സിന് മുകളിലുള്ള കുട്ടികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനാൽ, പോസ്റ്റ് മെനിഞ്ചൈറ്റിസ്

**പട്ടിക 6.2.17** 2021-22 മുതൽ 2023-24 (2023 ഓഗസ്റ്റ് 31 വരെ) വരെയുള്ള കാലയളവിൽ പി.എം-ജെ.എ.വൈ./ കെഎഎസ്പി യുടെ പുരോഗതി

| വർഷം | അംഗമാക്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | നഷ്ടപരിഹാരം നൽകിയതിന്റെ എണ്ണം | നഷ്ടപരിഹാരം നൽകിയ തുക (കോടിയിൽ) | നഷ്ടപരിഹാരം നൽകിയത് (കോടിയിൽ) |
|---|---|---|---|---|
| 2021-22 | 4162609 | 1524605 | 1383.80 | 1302.97 |
| 2022-23 | 4186868 | 1120347 | 1537.54 | 982.70 |
| 2023-24 (2023 ഓഗസ്റ്റ് 31 വരെ) | 4198301 | 403131 | 619.29 | 58.36 |

അവലംബം : സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കേരള

പരിക്ക് കാരണം അഗാധമായ കേൾവിക്കുറവ് സംഭവിക്കുന്ന സന്ദർഭങ്ങളിലും 5 വയസ്സിന് മുകളിലുള്ള കുട്ടികളെ പരിഗണിക്കും. ചികിത്സയുടെ ചെലവ് 5.2 ലക്ഷം രൂപയാണ്. ഓരോ വർഷവും ശരാശരി 200 അപേക്ഷകൾ തീർപ്പാക്കുകയും 200 അപ് ഗ്രേഡേഷനുകളും തീർപ്പാക്കുകയും ചെയ്യുന്നു.

**താലോലം**

കിഡ്നി രോഗങ്ങൾ, ഹൃദയ സംബന്ധമായ അസുഖങ്ങൾ, സെറിബ്രൽ പാൾസി, അസ്ഥി രോഗം, ഹീമോഫീലിയ, തലസീമിയ, സിക്കിൾ സെൽ അനീമിയ, ഓർത്തോപീഡിക് വൈകല്യങ്ങൾ, മറ്റ് ന്യൂറോ ഡെവലപ്മെന്റൽ ഡിസെബിലിറ്റികൾ, ജന്മനായുള്ള അപാകതകൾ (എൻഡോസൾഫാൻ ഇരകൾ), ശസ്ത്രക്രിയ ആവശ്യമായ അപകട കേസുകൾ എന്നിവയാൽ ബുദ്ധിമുട്ടുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകാനാണ് താലോലം പദ്ധതി ലക്ഷ്യമിടുന്നത്.

**കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാപദ്ധതി**

18 വയസ്സിന് താഴെയുള്ള കാൻസർ ബാധിതരായ, ചികിത്സ താങ്ങാൻ കഴിയാത്തവിധം ദരിദ്രരായ കുട്ടികൾക്ക് അടിയന്തര സാമ്പത്തിക സഹായം നൽകേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞ്, 2008 നവംബർ 1 ന് സംസ്ഥാനം കാൻസർ സുരക്ഷാ പദ്ധതി ആരംഭിച്ചു.

**ദേശീയ ആരോഗ്യ മിഷൻ**

ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച ദേശീയ ആരോഗ്യ മിഷൻ (എൻഎച്ച്എം) പരിപാടിയിൽ എൻആർഎച്ച്എം, എൻയുഎച്ച്എം എന്നീ രണ്ട് ഉപമിഷനുകൾ ഉൾപ്പെടുന്നു. ദേശീയ ആരോഗ്യമിഷന് അഞ്ച് ധനസഹായഘടകങ്ങൾ ഉണ്ട്. ഇവ: 1) എൻ.ആർ.എച്ച്.എം/ ആർ.സി.എച്ച് ഫ്ലെക്സി പൂൾ 2) എൻ.യു.എച്ച്.എം ഫ്ലെക്സി പൂൾ 3) സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ലെക്സി പൂൾ 4) സാംക്രമികേതര രോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ലെക്സി പൂൾ 5)ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്നിവയാണ്. ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്ന ഘടകത്തിന് വിവിധ പദ്ധതി കാലയളവുകളിൽ ധനസഹായം ലഭ്യമായിട്ടുണ്ട്. ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാതലങ്ങളിൽ കുടുംബക്ഷേമ ബ്യൂറോകൾ) സബ്സെന്ററുകൾ, നഗര കുടുംബക്ഷേമകേന്ദ്രങ്ങൾ, അർബൻ റീവാംബിംഗ് സ്കീം (ഹെൽത്ത് തസ്തികകൾ), എ.എൻ.എം/എൽ.എച്ച്.വി പരിശീലന സ്കൂളുകൾ, ആരോഗ്യകുടുംബക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷതൊഴിലാളികളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങൾക്ക് ശമ്പളം നൽകുന്നതിനാണ് തുക അനുവദിക്കുന്നത്.

കേന്ദ്ര സർക്കാർ ധനസഹായത്തോടെ ആരോഗ്യ സ്ഥാപനങ്ങളുടെ വികസനത്തിനായി എൻ.എച്ച്.എം സംസ്ഥാനത്ത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായാണ് പ്രവർത്തിക്കുന്നത്. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നല്കുന്ന ആകെ വിഹിതത്തിന്റെ 40 ശതമാനം സംസ്ഥാന സർക്കാർ വിഹിതമായി നൽകുന്നു. ഹെൽത്ത് സർവ്വീസസ് വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആയുഷ് എന്നിവയ്ക്ക് എൻ.എച്ച്.എം. ധനസഹായം നൽകുന്നു. ഒറ്റപ്പെട്ടതും വിദൂരവുമായ പ്രദേശങ്ങളിലുള്ള പാവപ്പെട്ടവർക്ക് നിലവാരമുള്ളതും അഭികാമ്യമായതും താങ്ങാൻ കഴിയുന്നതും ഉത്തരവാദിത്തത്തോട് കൂടിയതുമായ ആരോഗ്യസേവനങ്ങൾ പ്രദാനം ചെയ്യുന്നതിനാണ് മിഷൻ ലക്ഷ്യം വയ്ക്കുന്നത്. എൻആർഎച്ച്എം. ഗ്രാമതലത്തിൽ നിന്ന് ജില്ലയിലേക്കുള്ള ഒരു സജീവ ആരോഗ്യ സംവിധാനമാണ്. എൻ.എച്ച്.എം നു 102 നഗര പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉണ്ട്. 2016-17 മുതൽ 2023-24 വരെ സംസ്ഥാനത്തിനു ലഭിച്ച മൊത്തം കേന്ദ്ര വിഹിതം **പട്ടിക 6.2.18** ൽ നൽകിയിരിക്കുന്നു. മെഡിക്കൽ, പാരാമെഡിക്കൽ, മറ്റുള്ള വിഭാഗങ്ങൾ എന്നിവയിലായി എൻഎച്ച്എമ്മിന്റെ മൊത്തം ജീവനക്കാരുടെ എണ്ണം 12003 ആണ് (2023 ഓഗസ്റ്റ് വരെ).

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സിമറ്റ്)**

സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട്(സിമറ്റ്) മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പരിപോഷിപ്പിക്കുന്നതിന് 2008 ൽ ആരംഭിച്ച സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് കീഴിൽ 4 നഴ്സിംഗ് കോളേജുകളിലായി 280 കുട്ടികൾ വാർഷിക പ്രവേശനം നേടുന്നു. 2022 ഒക്ടോബർ -ൽ സിമറ്റിന് കീഴിലുള്ള നഴ്സിംഗ് കോളേജുകളിൽ ആകെ 1058 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. കൂടാതെ 60 ബിഎസ്സി നഴ്സിംഗ് വിദ്യാർത്ഥികളെ വീതം ഉൾപ്പെടുത്തി 7 പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതിയും എൻഒസിയും നൽകിയിട്ടുണ്ട്.

**ചൈൽഡ് ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി)**

ശിശുസംരക്ഷണവും വിദ്യാഭ്യാസവും, കൗമാരപരിചരണവും വിദ്യാഭ്യാസവും,

**പട്ടിക 6.2.18** 2016-17 മുതൽ 2023-24 വരെ (ഒക്ടോബർ 31 വരെ) എൻ.എച്ച്.എം-നുള്ള കേന്ദ്രസഹായം

| വർഷം | എൻ.എച്ച്.എം പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര വിഹിതം | കോവിഡ് പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര റിലീസ് | അടിസ്ഥാന സൗകര്യ പരിപാലനത്തിനുള്ള കേന്ദ്ര റിലീസ് | മൊത്തം കേന്ദ്ര റിലീസ് | സംസ്ഥാന വിഹിതം |
|---|---|---|---|---|---|
| | 191.95 | 0 | 252.49 | 444.44 | 302.80 |
| 2017-18 | 241.31 | 0 | 255.41 | 496.72 | 258.11 |
| 2018-19 | 271.06 | 0 | 574.61 | 845.67 | 226.96 |
| 2019-20 | 299.12 | 74.21 | 430.26 | 803.59 | 430.29 |
| 2020-21 | 341.95 | 583.04 | 404.69 | 1329.68 | 957.51 |
| 2021-22 | 327.25 | 222.71 | 381.42 | 931.38 | 489.32 |
| 2022-23 | 603.64 | 0 | 381.42 | 985.06 | 684.65 |
| 2023-24 | 0 | 0 | 103.15 | 103.15 | 228.01 |
| ആകെ | 2276.28 | 879.96 | 2783.45 | 5939.69 | 3577.65 |

അവലംബം : എൻ.എച്ച്.എം. കേരള

വിവാഹപൂർവ്വ കൗൺസലിംഗ്, വനിതാക്ഷേമം, ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ശിശുവൈകല്യങ്ങൾ ഇല്ലാതാക്കൽ എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ കീഴിൽ സ്വയം ഭരണാധികാരമുള്ള ഒരു മികവിന്റെ കേന്ദ്രമായാണ് ശിശുവികസനകേന്ദ്രം ആരംഭിച്ചത്. കുട്ടികളെയും കൗമാരക്കാരെയും പൂർണ്ണആരോഗ്യവാൻമാരാക്കി വളർത്തി അവരിലൂടെ ആരോഗ്യകരമായ ഒരു യുവതലമുറയെ സൃഷ്ടിക്കലാണ് ലക്ഷ്യം. 2021-22 ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 20511 ആണ്. ഇവിടെ ഔട്ട് പേഷ്യന്റ് സേവനങ്ങൾ മാത്രമേ ലഭിക്കൂ. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ലഭ്യമല്ല. 2022-23 ൽ 4000 പേർ 60 വിവിധ പരിശീലനങ്ങൾ, കോൺഫറൻസുകൾ കമ്മ്യൂണിറ്റി എക്സ്റ്റൻഷൻ പ്രോഗ്രാം തുടങ്ങിയവയിൽ പങ്കെടുത്തു.

### ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ഗുണനിലവാരമുള്ള മരുന്നുകൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, രേഖപ്പെടുത്തിയിരിക്കുന്ന ചില്ലറ വിലയേക്കാൾ കൂടുതൽ വില മരുന്നുകൾക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുക എന്നതാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ചുമതലകൾ. വകുപ്പിന് കീഴിൽ 6 മേഖലാ ഓഫീസുകൾ, 11 ജില്ലാ ഓഫീസുകൾ, 4 ആയുർവേദ വിഭാഗങ്ങൾ, 4 മരുന്ന് പരിശോധനാലബോറട്ടറികൾ എന്നിവയുണ്ട്. തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ). പ്രതിവർഷം 11,500 സാമ്പിളുകളുടെ വിശകലന ശേഷിയുള്ള എൻ.എ.ബി.എൽ. അംഗീകാരമുള്ള മരുന്ന് പരിശോധനാലബോറട്ടറികൾ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്നു. കണ്ണൂരിൽ ഒരു ലബോറട്ടറി കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്ത് ഏകദേശം 23,000 മെഡിക്കൽ ഷോപ്പുകളും/ ഡീലർമാരും ഫാർമസികളും ഉണ്ട്. ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് റൂൾസ്, 1945 ലെ റൂൾ 51 പ്രകാരം ഡ്രഗ്സ് ഇൻസ്പെക്ടർ വർഷത്തിൽ ഒരിക്കലെങ്കിലും അവർക്ക് നിയോഗിക്കപ്പെട്ട പ്രദേശത്തിനുള്ളിൽ മരുന്നുകൾ വിൽക്കാൻ ലൈസൻസുള്ള എല്ലാ സ്ഥാപനങ്ങളും പരിശോധിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് നിലവിൽ 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ തസ്തികകളാണുള്ളത്. 2022-23 വകുപ്പിന്റെ പ്രധാനനേട്ടങ്ങൾ **പട്ടിക 6.2.19**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 6.2.19** 2022-23 ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടം

| | |
|---|---|
| നടത്തിയ പരിശോധനകളുടെ എണ്ണം | 15935 |
| പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചതിന്റെ എണ്ണം | 79 |
| വിൽക്കാൻ അനുവദിക്കുന്ന ലൈസൻസ് സസ്പെന്റ് ചെയ്തവരുടെ എണ്ണം | 308 |
| ടെസ്റ്റ് ചെയ്ത സാമ്പിളുകളുടെ എണ്ണം | 9765 |
| പുതിയ നിർമ്മാണലൈസൻസുകൾ (അലോപ്പതി / കോസ്മെറ്റിക്സ്) വിതരണം ചെയ്തവയുടെ എണ്ണം | 48 |
| വില ലംഘനങ്ങൾ കണ്ടെത്തി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്തതിൻറെ എണ്ണം | 65 |

അവലംബം: ഡ്രഗ്സ് കൺട്രോൾ വകുപ്പ്

### ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

2006 ലെ ഭക്ഷ്യ സുരക്ഷാ സ്റ്റാൻഡേർഡ്സ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ അടിസ്ഥാന മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും ഭക്ഷ്യ ഉൽപാദനം, സംഭരണം, വിതരണം, ഇറക്കുമതി എന്നിവ നിയന്ത്രിക്കുന്നതിനും സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പിക്കുന്നതിനും വേണ്ടി നിയമാനുസൃതമായ ഒരു സ്ഥാപനമായി ഭക്ഷ്യ സുരക്ഷ സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ സ്ഥാപിച്ചു. സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം, വെള്ളം, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ തുടങ്ങിയവ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ വകുപ്പ് ലക്ഷ്യമിടുന്നത്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ലാബുകൾ, ഗവൺമെന്റ് അനലറ്റിക്കൽ ലാബ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ രണ്ട് റീജിയണൽ അനലറ്റിക്കൽ ലബോറട്ടറികൾ, പത്തനംതിട്ടയിലെ സംസ്ഥാന

ഭക്ഷ്യപരിശോധന ലബോറട്ടറി എന്നിവയാണ്. വെള്ളം, പാൽ, സാധാരണയിൽ കവിഞ്ഞ കളർ ചേർക്കൽ, ക്രിത്രിമ മധുരം ചേർക്കൽ, ബാഹ്യവസ്തുക്കൾ, ഫംഗസ് വളർച്ച തുടങ്ങിയവയുടെ പരിശോധനകളാണ് ഈ ലബോറട്ടറികളിൽ നടക്കുന്നത്. തിരുവനന്തപുരം, ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളത്തും കോഴിക്കോട്ടും ഉള്ള റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾ എന്നിങ്ങനെ മൂന്ന് അനലിറ്റിക്കൽ ലബോറട്ടറികൾക്ക് എൻ.എ.ബി. എൽ. അക്രഡിറ്റേഷൻ ലഭിച്ചു. 2022-23 ലും 2023-24 ലും ഭക്ഷ്യാസുരക്ഷാ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ **പട്ടിക 6.2.20**ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.20** ഭക്ഷ്യ സുരക്ഷാ കമ്മിഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ-2022-23, 2023-24 വരെ

| പരിപാടികൾ | 2022-23 | 2023-24 (upto August 31) |
|---|---|---|
| ദ്രുത പ്രതികരണ സംഘം നടത്തിയ പരിശോധനകളുടെ എണ്ണം | 48910 | 23042 |
| ദ്രുത പ്രിതികരണ സംഘം നടപടി സ്വീകരിച്ച ഭക്ഷ്യ വിഷ കേസുകളുടെ എണ്ണം | 66 | 32 |
| നൽകിയ ലൈസൻസിന്റെ എണ്ണം | 44135 | 12971 |
| മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് ഉപയോഗിച്ച് നടത്തിയ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ എണ്ണം | 2152 | 1143 |
| FoSTaC പരിശീലന സംരംഭത്തിന് കീഴിൽ പരിശീലനം നേടിയ ഭക്ഷണം കൈകാര്യം ചെയ്യുന്നവരുടെ എണ്ണം | 574 Training & 22,700 trainees | 115 Training & 6795 trainees |
| ശുചിത്വ റേറ്റിംഗ് ഓഡിറ്റുകൾ നടത്തിയത് | 978 | 1311 |
| സ്കൂളുകളിൽ സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം പരിപാടി (സ്കൂളുകടെ എണ്ണം) | 500 | 100 |
| സമ്പൂർണ്ണ ഭാഗ്യ സുരക്ഷ ഗ്രാമപഞ്ചായത്ത് പരിപാടി (ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം) | 140 | 25 |
| ലാബ് അനാലിസിസ് | 33849 | 17690 |
| വിശകലനം ചെയ്ത സാമ്പിളുകളുടെ എണ്ണം | | |

അവലംബം: ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

മാനവ വിഭവശേഷിയും സ്ഥാപന ഡാറ്റയും, ഭക്ഷ്യ സുരക്ഷ പാലിക്കൽ, ഭക്ഷ്യ പരിശോധന, അടിസ്ഥാന സൗകര്യങ്ങളും നിരീക്ഷണവും, പരിശീലനവും ശേഷി വർദ്ധിപ്പിക്കലും, ഉപഭോക്തൃ ശാക്തീകരണം എന്നീ വിവിധ മാനദണ്ഡങ്ങൾ പരിഗണിച്ച മൊത്തത്തിലുള്ള പ്രകടനത്തിന്റെ അംഗീകാരമായി എഫ്.എസ്. എസ്.എ.ഐ. പുറത്തിറക്കിയ 2022-23 ലെ സംസ്ഥാന ഭക്ഷ്യ സുരക്ഷാ സൂചികയിൽ 63 പോയിന്റുമായി (വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ) കേരള സംസ്ഥാനത്തിന് ഒന്നാം റാങ്ക് ലഭിച്ചു. വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 57.5 പോയിന്റുമായി പഞ്ചാബ് രണ്ടാം സ്ഥാനത്തും വലിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ തമിഴ്നാട് മൂന്നാം സ്ഥാനത്തുമാണ്. പൊതു ജനങ്ങൾക്ക് സുരക്ഷിതമായ ഭക്ഷണം നൽകുന്നതിനായി ഭക്ഷ്യ സുരക്ഷാ സ്റ്റാൻഡേർഡ് നിയമത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാനങ്ങൾ/ കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഒരു നല്ല മത്സര അന്തരീക്ഷം സൃഷ്ടിക്കുന്നതിന് മുൻ സാമ്പത്തിക വർഷത്തിലെ സംസ്ഥാനങ്ങളുടെ/ കേന്ദ്ര ഭരണ പ്രദേശങ്ങളുടെ മൊത്തത്തിലുള്ള പ്രകടനത്തെ അടിസ്ഥാനമാക്കി എല്ലാ വർഷവും എഫ്.എസ്. എസ്.എ.ഐ. സംസ്ഥാന ഭക്ഷ്യസുരക്ഷാ സൂചിക പുറത്തിറക്കുന്നു.

### 'ഈറ്റ് റൈറ്റ് മില്ലറ്റ് മീൽസ്'

2023 അന്താരാഷ്ട്ര മില്ലറ്റ് വർഷമായി യുഎൻ പ്രഖ്യാപിച്ചിരുന്നു. എഫ്എസ്എസ്എഐയുടെ നിർദ്ദേശപ്രകാരം, ആരോഗ്യകരവും പോഷകപ്രദവുമായ ഭക്ഷണ ഓപ്ഷനായി തിനയെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി കേരളം പരമാവധി ഈറ്റ് റൈറ്റ് മില്ലറ്റ് മേളകൾ സംഘടിപ്പിച്ചു. ഈറ്റ് റൈറ്റ് മില്ലറ്റ് മേളയുടെ ഭാഗമായി വാക്കത്തോൺ, സൈക്ലത്തോൺ, യോഗ, സെമിനാറുകൾ, മില്ലറ്റുകളുടെയും അതിന്റെ മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും പ്രദർശനങ്ങൾ എന്നിവയും നടത്തി. തിനയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ജനപ്രിയമാക്കുന്നതിനും ശരിയായ ഭക്ഷണരീതികളോടുള്ള ഉപഭോക്താക്കളുടെ പെരുമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള ഭക്ഷ്യസുരക്ഷാ വകുപ്പ് എല്ലാ ജില്ലകളിലും ഈറ്റ് റൈറ്റ് മില്ലറ്റ് മേളകൾ നടത്തി. കേരളത്തിലെ എല്ലാ ജില്ലകളിലും പരമാവധി ഈറ്റ് റൈറ്റ് മില്ലറ്റ് മേളകൾ നടത്തിയതിന് എഫ്എസ്എസ്എഐ കേരള ഭക്ഷ്യസുരക്ഷാ വകുപ്പിന് അഭിനന്ദന സർട്ടിഫിക്കറ്റ് നൽകി.

### മെഡിക്കൽ വിദ്യാഭ്യാസം

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, മഞ്ചേരി, എറണാകുളം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, ഇടുക്കി, കോന്നി എന്നിവിടങ്ങളിലുള്ള 11 മെഡിക്കൽ കോളേജുകളിലൂടെയാണ് കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നത്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ നഴ്സിംഗ് വിദ്യാഭ്യാസം നൽകുന്നതിനായി 7 നഴ്സിംഗ് കോളേജുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ ജില്ലകളിൽ 6 ദന്തൽകോളേജുകൾ പ്രവർത്തിക്കുന്നു. ഇവ കൂടാതെ 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമുണ്ട്. കാസർഗോഡ്, വയനാട് എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2023 ഓഗസ്റ്റ് 31-ന് ഡി.എം.ഇ.യുടെ കീഴിലുള്ള ആകെ ഫാക്കൽറ്റികളുടെ എണ്ണം 3,454 ആണ്. 2022-


23ൽ 9 മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ, പാരാമെഡിക്കൽ സീറ്റുകളുടെ ആകെ എണ്ണം 5233 ആണ്. 2023-24ൽ ഇത് 6168 ആണ്. 2023-24 ലെ സർക്കാർ മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ, പാരാ മെഡിക്കൽ കോഴ്സുകളുടെ വാർഷിക പ്രവേശനകണക്കുകൾ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള മെഡിക്കൽകോളേജുകളിലെ ക്ലിനിക്കൽ, നോൺക്ലിനിക്കൽ വിഭാഗത്തിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 6.2.7** ലും **6.2.8** ലും കൊടുത്തിരിക്കുന്നു. 2022-23 & 2023-24 വർഷങ്ങളിൽ മെഡിക്കൽ കോളേജ് ആശുപത്രികളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഒരു താരതമ്യ വിശകലനം **അനുബന്ധം 6.2.9**ൽ കാണാം. 2023-24 കാലഘട്ടത്തിൽ മെഡിക്കൽ കോളേജ് സ്ഥാപനങ്ങളിലെ കിടക്കകളുടെ എണ്ണം മുൻവർഷത്തെ 15035 ൽ നിന്ന് 68 എണ്ണം വർധിച്ചു.

### കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് (കെ.യു.എച്ച്.എസ്.)

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെല്ത്ത് ആന്റ് അലൈഡ് സയൻസസ് ആക്ട് 2010 പ്രകാരം സ്ഥാപിതമായ ഈ സർവകലാശാല കൃത്യവും ചിട്ടയുള്ളതുമായ വിദ്യാഭ്യാസരീതി ഉറപ്പുവരുത്താനും ആധുനികവൈദ്യശാസ്ത്രം, ഹോമിയോ, ഭാരതീയ ചികിത്സാരീതി തുടങ്ങി എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലും പരിശീലന ഗവേഷണപരിപാടികൾ നടത്താനും ഉദ്ദേശിച്ചുള്ളതാണ്. 2010-11 അധ്യയന വർഷത്തിലാണ് സർവകലാശാലയിൽ അദ്ധ്യയന പ്രവർത്തനങ്ങൾ ആരംഭിച്ചത്. സർവ്വകലാശാലയ്ക്ക് കീഴിൽ 2023 ഒക്ടോബർ വരെ 340 പ്രൊഫഷണൽ കോളേജുകളാണ് ചേർക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 45 സർക്കാർ കോളേജുകൾ, 5 സർക്കാർ ധനസഹായമുള്ള കോളേജുകൾ, 6 സ്വാശ്രയ സഹകരണ കോളേജുകൾ, 284 സ്വാശ്രയ കോളേജുകൾ എന്നിവ ഉൾപ്പെടുന്നു. അലോപ്പതി, ആയുർവേദ, സിദ്ധ, യുനാനി, യോഗ, നാച്ചുറോപ്പതി, നഴ്സിംഗ്, ഫാർമസ്യൂട്ടിക്കൽ സയൻസ്, പാരാമെഡിക്കൽ തുടങ്ങി കേരളത്തിലെ എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലേയും പ്രൊഫഷണൽ കോളേജുകൾ ഈ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് കോളേജുകളുടെ വിശദാംശങ്ങൾ **പട്ടിക 6.2.21** ൽ കൊടുത്തിരിക്കുന്നു.

2023 ഒക്ടോബർ വരെ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആൻഡ് അലൈഡ് സയൻസസുമായി (കെയുഎച്ച്എസ്) അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ ഗ്രാഫിക്കൽ പ്രാതിനിധ്യം **ചിത്രം 6.2.2** ൽ നൽകിയിരിക്കുന്നു. കെ.യു.എച്ച്.എസുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മൊത്തം കോളേജുകളുടെ 14 ശതമാനം മാത്രമാണ് സർക്കാർ, സർക്കാർ എയ്ഡഡ് കോളേജുകൾ.

**ചിത്രം 6.2.2** കെയുഎച്ച്എസിന് കീഴിലുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകൾ ശതമാനം




അവലംബം : കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ്

**പട്ടിക 6.2.21** വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ (ഒക്ടോബർ 2023 ലെ എണ്ണം)

| വിഭാഗം | ഗവൺമെന്റ് | എയ്ഡഡ് | അൺഎയ്ഡഡ് (സഹകരണം) | അൺഎയ്ഡഡ് (പ്രൈവറ്റ്) | ആകെ |
|---|---|---|---|---|---|
| മോഡേൺമെഡിസിൻ | 13 | | | 20 | 33 |
| ഡെന്റൽ | 6 | | | 20 | 26 |
| ആയുർവേദമെഡിസിൻ | 3 | 2 | | 12 | 17 |
| ഹോമിയോ മെഡിസിൻ | 3 | 3 | | | 6 |
| സിദ്ധ മെഡിസിൻ | | | | 1 | 1 |
| നഴ്സിംഗ് | 9 | | 2 | 127 | 138 |
| ഫാർമസി | 5 | | 1 | 52 | 58 |
| പാരാമെഡിക്കൽ | 6 | | 3 | 51 | 60 |
| യുനാനി മെഡിസിൻ | | | | 1 | 1 |
| ആകെ | 45 | 5 | 6 | 284 | 340 |

അവലംബം : കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ്

വിവിധ ആരോഗ്യശാസ്ത്ര വിഭാഗങ്ങളിലായി 2023-24 -ൽ ഏകദേശം 23381 (4504 വിദ്യാർത്ഥികളും 18874 വിദ്യാർത്ഥിനികളും) വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ഓരോ വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെയും ഓരോ വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ പുരുഷ/സ്ത്രീ എണ്ണത്തിന്റെയും വിശദാംശങ്ങൾ എന്നിവ **പട്ടിക 6.2.22**ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.22** ഓരോ പഠനശാഖയിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെ വിശദാംശങ്ങൾ, പുരുഷ/സ്ത്രീ വിദ്യാർത്ഥികളുടെ എണ്ണം, 2023 ഒക്ടോബർ

| വിഭാഗം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| മോഡേൺമെഡിസിൻ | 1765 | 3954 | 5719 |
| ഡെന്റൽ | 237 | 1433 | 1670 |
| ആയുർവേദമെഡിസിൻ | 121 | 772 | 893 |
| ആയുർവേദ നഴ്സിംഗ് | 2 | 19 | 21 |
| ആയുർവേദ ഫാർമസി | 5 | 20 | 25 |
| ഹോമിയോ മെഡിസിൻ | 36 | 344 | 380 |
| സിദ്ധമെഡിസിൻ | 3 | 6 | 9 |
| നഴ്സിംഗ് | 1224 | 7027 | 8254 |
| ഫാർമസി | 741 | 3034 | 3775 |
| പാരാമെഡിക്കൽ | 362 | 2248 | 2610 |
| യുനാനി മെഡിസിൻ | 8 | 17 | 25 |
| ആകെ | 4504 | 18874 | 23381 |

അവലംബം : കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ്അലൈഡ് സയൻസസ്

### ആയുഷ്

### ഭാരതീയ വൈദ്യശാസ്ത്രസമ്പ്രദായം

ആയുർവ്വേദം രോഗങ്ങൾ ചികിത്സിക്കാനുള്ള ശാസ്ത്രം മാത്രമല്ല, മറിച്ച് സമ്പൂർണ്ണമായ ഒരു ജീവിതശൈലി കൂടിയാണ്. ആയുർവ്വേദ, സിദ്ധ, യുനാനി, വിഷ, നേത്ര, പ്രകൃതിജീവനം എന്നീ ശൃംഖലകളിലൂടെ ആയുർവേദ വകുപ്പ് ജനങ്ങൾക്ക് വൈദ്യ സഹായം നല്കിവരുന്നു. ഈ വകുപ്പിന് കീഴിൽ മാനസീകരോഗാശുപത്രി (1), പഞ്ചകർമ്മ(1), പ്രകൃതി ചികിത്സ(1), സിദ്ധ(1), വിഷ(3), സ്പോർട്സ് ആയുർവേദ(1), മർമ്മ(1) തുടങ്ങിയ സ്പെഷ്യൽ ആശുപത്രികളും പ്രവർത്തിച്ചു വരുന്നു. ഐ.എസ്.എം.ന്റെ കീഴിൽ ഇപ്പോൾ 130 ആശുപത്രികളും 818 ഡിസ്പെൻസറികളുമുണ്ട്. ഇതിൽ ആയുർവേദം (806), വിഷ (4), സിദ്ധ (6), പ്രകൃതി ചികിത്സ (1), യുനാനി (1) എന്നിവ ഉൾപ്പെടുന്നു. ഈ ആശുപത്രികളിലെ കിടക്കകളുടെ ആകെ എണ്ണം 3,154 ആണ്. സംസ്ഥാന ഔഷധബോർഡ്, ഔഷധസസ്യങ്ങളുടെ കൃഷി, സംരക്ഷണം, ഗവേഷണം, വികസനം, വ്യാപനം, എന്നിവ ഏകോപിപ്പിച്ചുകൊണ്ടുപോകുന്നു. 2022-23 ലും 2023-24 ലും ഐ.എസ്.എം.ന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാനസ്ഥാപനങ്ങൾ, കിടക്കകൾ, രോഗികൾ എന്നിവ ജില്ലതിരിച്ച് **അനുബന്ധം 6.2.10**ൽ കൊടുത്തിരിക്കുന്നു.

സാധാരണ വൈദ്യചികിത്സയ്ക്കുപുറമേ സ്പെഷ്യൽ പ്രോജക്ടുകളും ഭാരതീയ ചികിത്സാവകുപ്പ് 2022-23, 2022-24 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. അത്തരം പ്രോജക്ടുകളാണ്; ദൃഷ്ടി, ജീവനി, പുനർനവ, സ്നേഹധാര, ജറിയാട്രിക് കെയർ, യോഗ, സ്പോർട്സ് മെഡിസിൻ, പഞ്ചകർമ്മ, ക്ഷാരസൂത്ര, മാനസികം, കൗമാരഭ്രിത്യം, പ്രസൂതിതന്ത്ര, കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണം, സിക്കിൾ സെൽ, നിർവിഷ, സിദ്ധ, മുതലായവ. പ്രത്യേക പ്രോജക്ടുകൾ, നടപ്പാക്കിയ ജില്ലകൾ, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം 6.2.11 ൽ നൽകിയിരിക്കുന്നു.

### ആയുഷ് (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി)

മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നിലവാരം നിശ്ചയിക്കാൻ ഭാരതസർക്കാർ രണ്ട് റെഗുലേറ്ററി ബോഡികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ ആദ്യത്തേത് ആയുർവേദം, യുനാനി, സിദ്ധ എന്നീ വൈദ്യശാസ്ത്ര മേഖലകളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടേയും നിയന്ത്രണത്തിനായുള്ള ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ (ഐ.എം.സി.സി.) ആക്ട് 1970 ന് കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ (സി.സി.ഐ.എം) ആണ്. രണ്ടാമത്തേത് ഹോമിയോ മെഡിക്കൽ സംവിധാനത്തിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടെയും നിയന്ത്രണത്തിനുള്ള ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973 കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയാണ്. നിലവിൽ യോഗയും പ്രകൃതി ചികിത്സയും പ്രത്യേകം മരുന്നുകൾ ഉപയോഗിക്കാത്തതിനാൽ ഇവയെ പൂർണ്ണമായും നിയന്ത്രിക്കുന്നില്ല.

### ദേശീയ ആയുഷ് മിഷൻ

കേന്ദ്രസർക്കാരിന്റെ ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ്മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ്സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ സിദ്ധ-യുനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. ഓഗസ്റ്റ് 08, 2015 ന് സംസ്ഥാനത്ത് കേരള സർക്കാർ ആയുഷ് വകുപ്പ് ആരംഭിച്ചു. കഴിഞ്ഞ അഞ്ച് വർഷത്തെ കേന്ദ്ര ഫണ്ട് റിലീസ് **പട്ടിക 6.2.23**ൽ നൽകിയിരിക്കുന്നു.

ദേശീയ ആയുഷ് മിഷന്റെ കേരളത്തിലേക്കുള്ള കേന്ദ്ര റിലീസ് വിവിധ സാമ്പത്തിക വർഷങ്ങളിൽ വർദ്ധിച്ചു.

### ആയുർവ്വേദ മരുന്ന് നിർമ്മാണം–ഔഷധി

ഇന്ത്യയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ആയുർവേദ മരുന്ന് നിർമ്മാണശാലയാണ് ഔഷധി. ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ

**പട്ടിക 6.2.23** ദേശീയ ആയുഷ് മിഷൻ കേരളയുടെ വർഷം തിരിച്ചുള്ള വിഭവ വിഹിതം

| വർഷം | കേന്ദ്ര റിസോഴ്സ് എൻവലപ്പ് | നിർദ്ദേശം സമർപ്പിച്ചത് | കേന്ദ്ര അംഗീകാരം ലഭിച്ചത് | കേന്ദ്ര വിഹിതം ലഭിച്ചത് | സംസ്ഥാന വിഹിതം ലഭിച്ചത് |
|---|---|---|---|---|---|
| 2018-19 | 2700.30 | 5819.47 | 4329.73 | 2597.84 | 1731.89 |
| 2019-20 | 2072.80 | 3507.76 | 2567.55 | 1540.54 | 1027.025 |
| 2020-21 | 3544.30 | 4461.68 | 3895.98 | 2337.59 | 1558.39 |
| 2021-22 | 2440.50 | 3499.48 | 3462.43 | 2077.28 | 1384.85 |
| 2022-23 | 4229.70 | 10072.72 | 9777.40 | 5866.44 | 3910.96 |
| 2023-24 (ഓഗസ്റ്റ് 31) | 9869.90 | 17882.31 | 17754.33 | 10692.59 | 7101.73 |
| ആകെ | 24857.5 | 45243.42 | 41787.42 | 25112.28 | 16714.845 |

അവലംബം : ആയുഷ് മിഷൻ കേരള

സ്ഥാപനങ്ങളിലൊന്നാണിത്. ആയുർവേദ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആയുർവേദമരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യുന്ന സ്ഥാപനം ഔഷധിയാണ്. കേരളത്തിൽ മരുന്നുകൾ ഔഷധി ആയുർവേദവകുപ്പിന് മാർക്കറ്റ് വിലയെക്കാളും 30 ശതമാനം വിലക്കുറവിലാണ് നല്കുന്നത്. ഐ.എസ്.എം. ഈ മരുന്നുകൾ സംസ്ഥാനത്തെ ദരിദ്രരായ രോഗികൾക്ക് സൗജന്യമായി നൽകുന്നു. സംസ്ഥാനത്തുടനീളവും സംസ്ഥാനത്തിന് പുറത്തുമുള്ള 840 പ്രത്യേക ഏജൻസികളിലൂടെ പൊതുജനത്തിനും കമ്പനി മരുന്ന് എത്തിക്കുന്നു. 2022-23 കാലയളവിൽ നികുതിക്കു മുൻപുള്ള സ്ഥാപനത്തിന്റെ ലാഭം 183.25 ലക്ഷം രൂപയായിരുന്നത് 2022-23 ൽ 187.73 ലക്ഷം രൂപയായി.

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം – ആയുർവ്വേദകോളേജുകൾ**

തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിലായി 1361 കിടക്കകളുള്ള മൂന്ന് സർക്കാർ ആയുർവ്വേ മെഡിക്കൽകോളേജുകളുണ്ട്. 2022-23 ൽ 10269 ഇൻപേഷ്യൻസിനും 360032 ഔട്ട്പേഷ്യൻസിനും ചികിത്സ നൽകുകയുണ്ടായി. ഇത് 2023-24 ൽ (ഓഗസ്റ്റ് 31 വരെ) യഥാക്രമം 3863 ഉം 150765 ഉം ആണ്. ഇതിൽ പുതിയ രോഗികൾ 151343 ആണ്. തിരുവനന്തപുരം ആയുർവ്വേ മെഡിക്കൽകോളേജിന് കീഴിൽ പഞ്ചകർമ്മാശുപത്രിയും, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുമുണ്ട്. 2 എയ്ഡഡ് ആയുർവേദകോളേജുകളും, 12 സ്വാശ്രയ ആയുർവേദകോളേജുകളും, ഒരു സ്വാശ്രയസിദ്ധ കോളേജും, ഒരു സ്വാശ്രയ യുനാനി കോളേജും, 6 പാരാമെഡിക്കൽ സ്വാശ്രയകോളേജുകളും മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. സർക്കാർ തലത്തിൽ ബിരുദകോഴ്സിന് 454, ബിരുദാനന്തരബിരുദകോഴ്സിന് 162, പാരാമെഡിക്കൽ പിജി ഡിപ്ലോമ കോഴ്സുകൾക്ക് 30 എന്നിങ്ങനെ വിദ്യാർത്ഥികൾ വാർഷിക പ്രവേശനം നേടുന്നുണ്ട്. 2022-23, 2023-24 കാലയളവിൽ (ഓഗസ്റ്റ് 31 വരെ) കേരളത്തിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന് കീഴിൽ ചികിത്സിച്ച രോഗികളുടെയും കിടക്കകളുടെയും കോളേജ് തിരിച്ചുള്ള വിതരണം **അനുബന്ധം 6.2.12**-ൽ നൽകിയിരിക്കുന്നു.

**ഹോമിയോപ്പതി**

സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 669 ഹോമിയോപ്പതി ഡിസ്പെൻസറികൾ 14 ജില്ലാ ആശുപത്രികൾ, 17 താലൂക്ക് ആശുപത്രികൾ, 2 ടെൻ ബെഡ്ഡ് ആശുപത്രികൾ, ഒരു ആശുപത്രി എന്നിവയിലായി 1000 കിടക്കകൾ ഉണ്ട്. കൂടാതെ ഹോമിയോപ്പതി ഡയറക്ടറേറ്റിന് കീഴിൽ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി (ഹോംകോ) എന്ന മരുന്ന് നിർമ്മാണ യൂണിറ്റ് ഉണ്ട്. കഴിഞ്ഞ 30 വർഷങ്ങളായി ഹോംകോ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2022-23 കാലയളവിൽ ഹോംകോയുടെ മൊത്തലാഭം 9.40 കോടിയാണ്. 2022 ലും 2023 ലും ഹോമിയോപ്പതി വകുപ്പിന് കീഴിൽ ജില്ല തിരിച്ചുള്ള സ്ഥാപനങ്ങൾ, കിടക്കകൾ, ചികിത്സ നേടിയ രോഗികളുടെ എണ്ണം എന്നിവ **അനുബന്ധം 6.2.13**ൽ കൊടുത്തിട്ടുണ്ട്.

**ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം**

സർക്കാർതലത്തിൽ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള രണ്ട് ഹോമിയോ മെഡിക്കൽകോളേജുകൾ വഴി ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നു. ഇവ കൂടാതെ 3 എയ്ഡഡ് കോളേജുകളും, ഒരു അൺഎയ്ഡഡ് പരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഉം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ആകെ കിടക്കകൾ 116 ഉം കോഴിക്കോട് 100 ഉം ആണ്. 2022-23 ൽ ഈ രണ്ടു മെഡിക്കൽകോളേജുകളിലായി ചികിത്സ ലഭിച്ച ഇൻപേഷ്യന്റ്സ് 1793 ഉം ഔട്ട് പേഷ്യന്റ്സ് 244042 ഉം ആണ്. 2023-24 ൽ (ഓഗസ്റ്റ് 31 വരെ) 605 ഐപി, 98585 ഒപി, എന്നിങ്ങനെയായിരുന്നു കണക്കുകൾ. ആറ് ഹോമിയോ മെഡിക്കൽ കോളേജുകളിലെയും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെയും കോഴ്സുകളുടെയും കോഴ്സുകളിലെ വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം, കിടക്കകളുടെയും ചികിത്സിക്കുന്ന രോഗികളുടെയും വിതരണം എന്നിവ **അനുബന്ധം 6.2.14**-ൽ നൽകിയിരിക്കുന്നു.

**ഭാവി വീക്ഷണം**

ഒരു സമൂഹത്തിലെ മാനവവികസനത്തിന്റെ നിർണായക സൂചകങ്ങളിലൊന്നാണ് ജനങ്ങളുടെ ആരോഗ്യനിലയിലെ പുരോഗതി. ആരോഗ്യകരമായ

**ബോക്സ്–6.2.3** ആരോഗ്യമേഖലയുടെ പ്രധാന നേട്ടങ്ങൾ

| | |
|---|---|
| സർക്കാരിലെ ആകെ ഡോക്ടർമാരുടെ എണ്ണം ആശുപത്രികൾ | 13696 |
| മോഡേൺ മെഡിസിനിൽ ആകെയുള്ള ഡോക്ടർമാരുടെ എണ്ണം | 10704 |
| ആയുഷിലെ ആകെ ഡോക്ടർമാരുടെ എണ്ണം | 6285 |
| സർക്കാർ ആശുപത്രികളിലെ മൊത്തം കിടക്കകളുടെ എണ്ണം | 59692 |
| ആയുഷ് വകുപ്പുകളിലെ മൊത്തം കിടക്കകളുടെ എണ്ണം | 5733 |
| ഗവൺമെന്റിൽ മോഡേൺ മെഡിസിനിൽ ആകെയുള്ള കിടക്കകളുടെ എണ്ണം. | 53959 |
| കിടക്കയുള്ള സർക്കാർ മെഡിക്കൽ സ്ഥാപനങ്ങൾ എണ്ണം | 1471 |
| ആരോഗ്യ സേവന വകുപ്പിന് കീഴിലുള്ള മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ എണ്ണം | 28219 |
| സർക്കാർ മെഡിക്കൽ കോളേജുകളിലെ യുജി സീറ്റുകളുടെ എണ്ണം | 3799 |
| സർക്കാർ മെഡിക്കൽ കോളേജുകളിലെ പിജി/സ്പെഷ്യാലിറ്റി സീറ്റുകളുടെ എണ്ണം | 1313 |
| സർക്കാർ മെഡിക്കൽ കോളേജുകളിലെ പാരാമെഡിക്കൽ ഡിപ്ലോമ സീറ്റുകളുടെ എണ്ണം | 1056 |
| ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡുള്ള ആളുകളുടെ എണ്ണം (ഇ-ഹെൽത്ത്) | 2,59,55,998 |
| മൊത്തം സർക്കാർ ചെലവിലേക്കുള്ള ആരോഗ്യ ചെലവിന്റെ ശതമാനം (2021-22 അക്കൗണ്ട്സ്) | 7.32 |
| ജി.എസ്.ഡി.പി യിലേക്കുള്ള ആരോഗ്യ ചെലവിന്റെ ശതമാനം (2021-22 അക്കൗണ്ട്സ്) | 2.08 |
| കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ എൻറോൾ ചെയ്ത ആകെ കുടുംബങ്ങളുടെ എണ്ണം | 41.98 lakh |
| കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ് -ൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ ആകെ എണ്ണം | 340 |
| ഒരു വർഷത്തിൽ കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ് -ൽ അഫിലിയേറ്റ് ചെയ്ത മൊത്തം വിദ്യാർത്ഥികളുടെ എണ്ണം | 23381 |
| സംസ്ഥാനത്തെ എൻക്യുഎഎസ് അംഗീകൃത സർക്കാർ സ്ഥാപനങ്ങൾ (എണ്ണം) | 148 |
| സംസ്ഥാനത്തെ കാഷ് അംഗീകൃത സർക്കാർ സ്ഥാപനങ്ങൾ (എണ്ണം) | 178 |

അവലംബം : വിവിധ ആരോഗ്യ വകുപ്പുകൾ / സ്ഥാപനങ്ങൾ

ഒരു സമൂഹത്തിന് സാമ്പത്തിക വികസനത്തിന് കൂടുതൽ പ്രാധാന്യത്തോടെയും കാര്യക്ഷമമായും സംഭാവന ചെയ്യാൻ കഴിയും. ശക്തമായ പൊതുജനാരോഗ്യ സംരക്ഷണ സംവിധാനത്തിലാണ് കേരളത്തിന്റെ ശക്തി. പുതിയതും നിലവിലുള്ളതുമായ വെല്ലുവിളികളെ നേരിടാൻ ആരോഗ്യ സൗകര്യങ്ങൾ നിരന്തരം നവീകരിക്കേണ്ടതുണ്ട്. പൊതു ആരോഗ്യം, ഗ്രാമീണ ആരോഗ്യം, പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ആരോഗ്യം, സ്ത്രീകളുടെ ആരോഗ്യം, മാതൃ-ശിശു ആരോഗ്യ സംരക്ഷണം, ആരോഗ്യ ഇൻഷുറൻസ്, മെഡിക്കൽ ടൂറിസം എന്നീ മേഖലകളിൽ 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്. ഈ വെല്ലുവിളികളെ നേരിടാൻ പൊതുജനാരോഗ്യ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

# 6.3 ജനസംഖ്യ ഘടനയിലെ മാറ്റങ്ങൾ

വയോജനങ്ങളുടെ ജനസംഖ്യ വർദ്ധനവ് അടുത്ത അരനൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക മാറ്റങ്ങളിലൊന്നായിരിക്കും. വ്യത്യസ്ത പ്രായക്കാരായ ആളുകൾക്ക് വ്യത്യസ്തമായ കഴിവുകളും താല്പര്യങ്ങളും ഉദ്ദേശങ്ങളും ഉള്ളതിനാൽ പ്രായഘടനയിലുള്ള മാറ്റങ്ങൾ എല്ലാ സാമൂഹ്യസ്ഥാപനങ്ങളിലും സർക്കാരിലും കുടുംബത്തിലും പ്രതിഫലിക്കുകയും ചെയ്യുന്നു. ജനസംഖ്യാ ഘടനയിൽ വരാനിരിക്കുന്ന മാറ്റങ്ങളെ ഈ സ്ഥാപനങ്ങൾ എങ്ങനെ ഉൾക്കൊള്ളുന്നു എന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ജീവിത നിലവാരത്തിൽ കാര്യമായ സ്വാധീനം ചെലുത്തും.

ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ നിർണായക മേഖലകളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് സാമൂഹിക നീതിയും ക്ഷേമവും ലഭ്യമാകുന്ന ഒരു സമഗ്രമായ സമീപനം കേരള സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വൃദ്ധരുടെ ക്ഷേമത്തിനായി, വാർദ്ധക്യ പെൻഷനുകൾ, ഡേ കെയർ സെന്ററുകൾ, മൊബൈൽ മെഡികെയർ യൂണിറ്റുകൾ എന്നിവയുൾപ്പെടെ നിരവധി സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. കൂടാതെ, പാലിയേറ്റീവ് കെയർ സേവനങ്ങൾ പ്രാഥമിക ആരോഗ്യ സേവനങ്ങളുമായി സംയോജിപ്പിച്ചിരിക്കുന്നു. ഇത് മുതിർന്ന പൗരന്മാർക്കുള്ള പിന്തുണ വർദ്ധിപ്പിക്കുന്നു.
ആഗോളതലത്തിലും കേരളത്തിലും പ്രായമായവരുടെ എണ്ണവും അനുപാതവും അതിവേഗം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഐക്യരാഷ്ട്രസഭയുടെ വേൾഡ് പോപ്പുലേഷൻ പ്രോസ്പെക്ട്സ് 2022 അനുസരിച്ച്, ആഗോള ജനസംഖ്യ 2030ൽ 8.5 ബില്യണും 2050ൽ 9.7 ബില്യണും എത്തുമെന്ന് പ്രതീക്ഷിക്കുന്നു. ജനസംഖ്യാപരമായ പരിവർത്തനം, അഥവാ 'ജനസംഖ്യാ വാർദ്ധക്യം' എന്ന് വിളിക്കപ്പെടുന്ന, പ്രായമായവരുടെ അനുകൂലമായ ജനസംഖ്യയിൽ സമീപവർഷങ്ങളിൽ ആഗോളതലത്തിൽ വർദ്ധനവ് സംഭവിച്ചിട്ടുണ്ട്. സാമ്പത്തിക അഭിവൃദ്ധിയും മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണ സൗകര്യങ്ങളും കൈവരിച്ചതിലൂടെ പ്രത്യുല്പാദനക്ഷമത കുറയുകയും ആയുർദൈർഘ്യം വർദ്ധിക്കുകയും ചെയ്തതാണ് ഇതിന്റെ പ്രാഥമിക കാരണം.

വാർദ്ധക്യ ആശ്രിത അനുപാതം (OADR) എന്നത് ജോലി ചെയ്യുന്ന 100 പേരിൽ 65 വയസോ അതിൽ കൂടുതലോ പ്രായമുള്ള (20-64 വയസ്സ് വരെ) എത്ര ആളുകളുണ്ടെന്നതാണ്. ജനസംഖ്യയുടെ പ്രായഘടനയിലെ മാറ്റങ്ങൾ നിരീക്ഷിക്കുന്നതിനുള്ള ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന സൂചകമായി ഇതിനെ കണക്കാക്കാം. പ്രത്യുൽപാദനക്ഷമത കുറയുകയും ആയുർദൈർഘ്യം വർദ്ധിക്കുകയും ചെയ്തതോടെ, പ്രായമായവരുടെ ജനസംഖ്യ ആപേക്ഷികമായി വർദ്ധിക്കുകയും, യുവാക്കളുടെ എണ്ണം കുറയുകയും ചെയ്യുന്നു. ലോകത്തിന്റെ എല്ലാ പ്രദേശങ്ങളിലും വാർദ്ധക്യ ആശ്രിത അനുപാതം വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. ലോകമെമ്പാടുമുള്ള 65 വയസോ അതിൽ കൂടുതലോ പ്രായമുള്ള ആളുകളുടെ ശതമാനം 1990ൽ 6 ശതമാനത്തിൽ നിന്ന് 2022ൽ 10 ശതമാനമായി വർദ്ധിച്ചു, 2050ൽ ഇത് 16 ശതമാനമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും 65 വയസ്സിന് മുകളിലുള്ള അതിജീവനം വർദ്ധിച്ചുവരുന്നു. പ്രായമായവരിലെ ആയുർദൈർഘ്യം ഉയരുന്നുണ്ടെങ്കിലും ജനനസമയത്തെ അതിജീവനനിരക്ക് അതിനേക്കാളുപരിയാണ് (ഉറവിടം: വേൾഡ് പോപ്പുലേഷൻ ഏജിംഗ്, 2022).

പ്രായമായവരുടെയും അവരുടെ കുടുംബങ്ങളുടെയും അവർ ജീവിക്കുന്ന സമൂഹത്തിന്റെയും ജീവിതരീതി മെച്ചപ്പെടുത്തുന്നതിനായി സർക്കാരുകൾ, പൗരസമൂഹങ്ങൾ, അന്താരാഷ്ട്ര ഏജൻസികൾ, പ്രൊഫഷണലുകൾ, മാധ്യമങ്ങൾ, സ്വകാര്യ മേഖല എന്നിവയെ ഒരുമിച്ച് കൊണ്ടുവരുന്ന ഒരു ആഗോള സഹകരണമാണ് ഐക്യരാഷ്ട്രസഭയുടെ ആരോഗ്യകരമായ ഏജിംഗ് ദശകം (2021-2030). ഇത് ആരോഗ്യകരമായ വാർദ്ധക്യത്തിനു വേണ്ടി നിലകൊള്ളുന്നു. അത് വെറും രോഗങ്ങളുടെ അഭാവം മാത്രമല്ല ഉദ്ദേശിക്കുന്നത്. പ്രായമായവരുടെ ജീവിത ചുറ്റുപാട് അവരുടെ ക്ഷേമം നിർണ്ണയിക്കുന്ന പ്രധാന ഘടകമാണ്. വേൾഡ് പോപ്പുലേഷൻ ഏജിംഗ്, 2020-ൽ പ്രായമായവരുടെ ജീവിത ചുറ്റുപാടുകൾ, അവരുടെ സാമൂഹിക സാമ്പത്തിക നില, അവരുടെ ആരോഗ്യം, ക്ഷേമം എന്നിവ തമ്മിലുള്ള പരസ്പരബന്ധം മനസ്സിലാക്കേണ്ടതിന്റെ ആവശ്യകത എടുത്തുകാണിക്കുന്നു.

**ജനസംഖ്യാ പരിവർത്തനം – ഇന്ത്യയും കേരളവും**

2011-ലെ സെൻസസ് പ്രകാരം 52.8 ദശലക്ഷം സ്ത്രീകളും 51.1 ദശലക്ഷം പുരുഷന്മാരും ഉൾപ്പെടെ ഇന്ത്യയിൽ ഏകദേശം 104 ദശലക്ഷം വയോധികർ (60 വയസോ അതിൽ കൂടുതലോ പ്രായമുള്ളവർ) ഉണ്ട്. അടുത്ത കാലത്തായി രാജ്യത്ത് പ്രായമായവരുടെ ശതമാനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു, വരും വർഷങ്ങളിലും ഈ പ്രവണത തുടരാനാണ് സാധ്യത. 60 വയസ്സിന് മുകളിലുള്ളവരുടെ ജനസംഖ്യയുടെ ശതമാനം 2015-ൽ 8 നിന്ന് 2050 ൽ 19 ശതമാനമായി വർദ്ധിക്കുമെന്ന് പ്രവചിക്കപ്പെടുന്നു. ഇന്ത്യയിലെ പ്രായമായവരുടെ ജനസംഖ്യ 2031-ൽ 194 ദശലക്ഷത്തിലെത്തുമെന്ന് പ്രവചിക്കപ്പെടുന്നു. ഇന്ത്യ ഏജിങ് റിപ്പോർട്ട്, 2017 അനുസരിച്ച് രാജ്യത്തെ മൊത്തം പ്രായമായവരുടെ ജനസംഖ്യ ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ ഏകദേശം 34 ശതമാനമാകുമെന്ന് കണക്കാക്കപ്പെടുന്നു. സമീപ ദശകങ്ങളിൽ സംസ്ഥാനത്തെ വൃദ്ധരുടെ ജനസംഖ്യ അതിവേഗം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. 2011-ലെ സെൻസസ് പ്രകാരം 60 വയസും അതിൽ കൂടുതലുമുള്ളവരുടെ ജനസംഖ്യ ദേശീയ ശരാശരി 8 ശതമാനമാണെങ്കിൽ കേരളത്തിൽ അത് 12.6 ശതമാനമാണ്. വാർദ്ധക്യ ആശ്രിത അനുപാതം കേരളത്തിലേത് 19.6 ശതമാനവും ഇന്ത്യയിലേത് 14.2 ശതമാനവുമാണ്.

പ്രായമായ ജനസംഖ്യയുടെ ഉയർന്ന വളർച്ചാ നിരക്ക് സാധാരണ ജനസംഖ്യാ വർദ്ധനയുമായി താരതമ്യപ്പെടുത്തുമ്പോൾ അതിശയകരമാണെന്ന് 2021ലെ എൽഡേർലി ഇൻ ഇന്ത്യ റിപ്പോർട്ട് എടുത്തുകാണിക്കുന്നു. 2011-2021 കാലയളവിൽ സാധാരണ ജനസംഖ്യയുടെ വളർച്ചാ നിരക്ക് 12.4 ശതമാനവും പ്രായമായവരുടെ വളർച്ചാ നിരക്ക് 36 ശതമാനവുമായിരുന്നു. അതുകൊണ്ടുതന്നെ ഇന്ത്യയിലെ മൊത്തം ജനസംഖ്യയിലെ പ്രായമായവരുടെ ശതമാനവും വിഹിതവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് 2021-ൽ 10.1 ശതമാനത്തിൽ നിന്ന് 2031-ൽ 13.1 ശതമാനത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. ആകെ ജനസംഖ്യയിലെ വയോജനങ്ങളുടെ അനുപാതത്തിൽ കേരളം ഒന്നാം സ്ഥാനത്താണ് എന്ന് കണക്കുകൾ കാണിക്കുന്നു(16.5 ശതമാനം). ഇത് 2031-ൽ 20.9 ശതമാനത്തിലെത്തുമെന്ന് കണക്കാക്കപ്പെടുന്നു. വയോജന ജനസംഖ്യയുടെ വാർഷിക വളർച്ചാ നിരക്ക് ദേശീയ തലത്തിൽ 3.28 ശതമാനമായിരിക്കുമ്പോൾ കേരളത്തിന് ഇത് 3.96 ശതമാനമായിരിക്കുമെന്നും പ്രതീക്ഷിക്കുന്നു. 2031-ൽ ഇന്ത്യയിലെ പ്രായമായ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെക്കാൾ കൂടുമെന്ന് കണക്കാക്കപ്പെടുന്നു. 2031-ൽ 194 ദശലക്ഷം വരുന്ന മൊത്തം ജനസംഖ്യയിൽ 101 ദശലക്ഷം സ്ത്രീകളും 93 ദശലക്ഷം പുരുഷന്മാരും ആയിരിക്കും. പ്രായമായ ജനസംഖ്യയുടെ ലിംഗാനുപാതം ആകെ ജനസംഖ്യയുടെ അനുപാതവുമായി ഒത്തുപോകുന്നതാണ്. 2031-ലെ ജനസംഖ്യാപ്രവചന കണക്കനുസരിച്ച് ഈ അനുപാതം ആകെ ജനസംഖ്യയിലും പ്രായമായവരുടെ സംഖ്യയിലും യഥാക്രമം 955, 1,085 എന്നിങ്ങനെയാണ്.

**വയോധികരുടെ സാമ്പത്തിക സ്ഥിതി**

വാർദ്ധക്യ ആശ്രിത അനുപാതം വർദ്ധിച്ചുവരുന്ന പ്രവണതയുള്ളതായി നിരീക്ഷിക്കപ്പെടുന്നു. അഖിലേന്ത്യാ തലത്തിൽ ഈ അനുപാതം 2011-ൽ 14.2 ശതമാനമായിരുന്നത് 2021-ൽ 15.7 ശതമാനമായി വർദ്ധിച്ചു, ഇത് 2031-ൽ 20.1 ശതമാനമാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനങ്ങളിൽ, 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ വാർദ്ധക്യ ആശ്രിത അനുപാതം 19.6 ശതമാനമായിരുന്നു. 2031-ൽ ഇത് 34.3 ശതമാനമാകുമെന്ന് കണക്കാക്കപ്പെടുന്നു. ആശ്രിത അനുപാതവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2031-ൽ വാർദ്ധക്യ ആശ്രിത അനുപാതം സ്ത്രീകൾക്കും പുരുഷന്മാർക്കും യഥാക്രമം 21.5 ശതമാനവും 18.8 ശതമാനവും ആയിരിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്. 2021-ൽ കേരളം, തമിഴ്നാട്, ഹിമാചൽ പ്രദേശ്, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിലെ സ്ത്രീകളുടെ വാർദ്ധക്യാനുപാതം പുരുഷന്മാരെ അപേക്ഷിച്ച് ഗണ്യമായി കൂടുതലാണ്.

2017-18ൽ നടത്തിയ 75-)o റൗണ്ട് നാഷണൽ സാമ്പിൾ സർവ്വേ പ്രകാരം ഇന്ത്യയിലെ ആരോഗ്യത്തെക്കുറിച്ചുള്ള സാമൂഹിക ഉപഭോഗം പ്രായമായ സ്ത്രീകളുടെ സാമ്പത്തിക സ്ഥിതി പ്രായമായ പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ വലിയ അന്തരമുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ 10 ശതമാനവും നഗരപ്രദേശങ്ങളിൽ 11 ശതമാനവും മാത്രം മുതിർന്ന സ്ത്രീകൾ സാമ്പത്തികമായി സ്വതന്ത്രരാണ്. എന്നാൽ മുതിർന്ന പുരുഷന്മാരിൽ ഈ അനുപാതം യഥാക്രമം 48 ശതമാനവും 57 ശതമാനവുമാണ്.

**ആരോഗ്യവും സാമൂഹിക നിലയും**

വാർദ്ധക്യം ആരോഗ്യാവസ്ഥയുടെ വിഭിന്ന സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന ഒരു കാലമാണ്. വിട്ടുമാറാത്ത രോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, വാർദ്ധക്യം, ശാരീരിക

വൈകല്യങ്ങൾ, മറ്റ് കോമോർബിഡിറ്റികൾ എന്നിവയിൽ നിന്ന് ഉണ്ടാകുന്ന മാനസികവും ശാരീരികവുമായ ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യയിലെ സാമൂഹിക ഉപഭോഗ ആരോഗ്യത്തിന്റെ 76-)ാം റൗണ്ട് (ജൂലൈ 2017 മുതൽ ജൂൺ 2018 വരെ) നാഷണൽ സാമ്പിൾ സർവ്വേയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 2021 ലെ എൽഡർലി റിപ്പോർട്ട് വൃദ്ധജനങ്ങളുടെ ആരോഗ്യനിലവാരത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നു. പ്രായമായവരിൽ, രോഗം ഉണ്ടായിരുന്നിട്ടും, സ്ത്രീകളെ അപേക്ഷിച്ച് (60 ശതമാനം) കൂടുതൽ പുരുഷന്മാർക്ക് (64 ശതമാനം) സാമാന്യം നല്ല ആരോഗ്യമുണ്ടെന്ന തോന്നൽ ഉണ്ടെന്ന് കാണപ്പെടുന്നു. 2004ലും 2017-18ലും ഗ്രാമങ്ങളിലും നഗരങ്ങളിലും 60-64 വയസ്സിനിടയിലുള്ള ശാരീരിക ചലനശേഷിയുള്ള വൃദ്ധരുടെ അനുപാതം ഏതാണ്ട് സമാനമാണ്. 2004ൽ ഇത് 94.7 ശതമാനവും (ഗ്രാമനഗര പ്രദേശങ്ങളിൽ) 2017-18ൽ 96.4 ശതമാനവുമായിരുന്നു. കേരളത്തിൽ, ശാരീരിക ചലനശേഷി അനുസരിച്ച് പ്രായമായവരുടെ ശതമാനം പുരുഷന്മാരിൽ 92ഉം സ്ത്രീകളിൽ 87ഉം ആണ്. നഗര-ഗ്രാമ വർഗ്ഗീകരണത്തിന്റെ അടിസ്ഥാനത്തിൽ നഗരത്തിൽ 91 ശതമാനവും ഗ്രാമത്തിൽ 88 ശതമാനവുമാണ്.

ദേശീയ തലത്തിൽ, പ്രായമായവരിൽ ഏറ്റവും പ്രബലമായ വൈകല്യം ചലന വൈകല്യമാണ് (4.9 ശതമാനം), തുടർന്ന് വരുന്നത് ശ്രവണ വൈകല്യം (1.2 ശതമാനം), കാഴ്ച വൈകല്യം (1.1 ശതമാനം) എന്നിവയാണ്. വൈകല്യങ്ങളെ പ്രാദേശികാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ പ്രായമായവരിലെ അന്ധത, കാഴ്ചക്കുറവ്, കാഴ്ച വൈകല്യം, ശ്രവണ വൈകല്യം തുടങ്ങിയ വൈകല്യങ്ങളുടെ ശതമാനം നഗരപ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമപ്രദേശങ്ങളിൽ അൽപം കൂടുതലാണെന്ന് കാണപ്പെടുന്നു (NSS 76-ാം റൗണ്ട്, ജൂലൈ - ഡിസംബർ 2018 - ഇന്ത്യയിലെ ഭിന്നശേഷിക്കാർ).

### കേരള സർക്കാരിന്റെ ഇടപെടലുകൾ

60 വയസ്സിന് മുകളിലുള്ള എല്ലാ പൗരന്മാരുടെയും പ്രത്യേകിച്ച് പ്രായമായ സ്ത്രീകളുടെയും ക്ഷേമത്തിനായി പദ്ധതികൾ രൂപപ്പെടുത്തുന്നതിനുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയായി 2013-ലെ കേരള ഗവൺമെന്റിന്റെ വയോജനനയം വർത്തിക്കുന്നു. സംസ്ഥാനത്ത് മുതിർന്നവർക്ക് മികച്ച സാമൂഹികവും സാമ്പത്തികവും ആരോഗ്യകരവുമായ ജീവിതം പ്രദാനം ചെയ്യുന്നതിനാണ് നയം ലക്ഷ്യമിടുന്നത്.

### വാർദ്ധക്യകാല പെൻഷൻ പദ്ധതി

BPL വിഭാഗത്തിൽപ്പെടുന്ന 60 വയസും അതിൽ കൂടുതലുമുള്ള പൗരന്മാർക്ക് വേണ്ടിയുള്ള ഒരു നോൺ-കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയാണിത്. ഐ.ജി. എൻ.ഒ.എ.പി.എസ്സ് ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാ പെൻഷനുകളുടെ ഗുണഭോക്താക്കൾക്ക് പ്രതിമാസം 1,600 രൂപ പെൻഷൻ ലഭിക്കുന്നു. വിഹിതത്തിന്റെ ഭൂരിഭാഗവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 60-79 വയസ് പ്രായമുള്ളവർക്ക് പ്രതിമാസം 200 രൂപയും 80 വയസും അതിൽ കൂടുതലുമുള്ളവർക്ക് 500 രൂപയും ആണ് കേന്ദ്ര വിഹിതം. ഇതിൽ അധികമായി വേണ്ടി വരുന്ന തുക സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2023 നവംബർ വരെയുള്ള കണക്കനുസരിച്ച്, 26.44 ലക്ഷം പൗരന്മാർ വാർദ്ധക്യ പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. തദ്ദേശഭരണസ്ഥാപനാടിസ്ഥാനത്തിൽ 2023 നവംബർ വരെയുള്ള വാർദ്ധക്യ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ **പട്ടിക 6.3.1**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.3.1** പെൻഷൻ ഗുണഭോക്താക്കൾ (തദ്ദേശഭരണസ്ഥാപനം തിരിച്ച്)

| തദ്ദേശഭരണസ്ഥാപനങ്ങൾ | നവംബർ 13, 2023 വരെയുള്ള വർദ്ധക്യ കാല പെൻഷൻ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം (ലക്ഷത്തിൽ) |
|---|---|
| ഗ്രാമ പഞ്ചായത്ത് | 21.30 |
| മുനിസിപ്പാലിറ്റി | 3.27 |
| കോർപ്പറേഷൻ | 1.87 |
| ആകെ | 26.44 |

ഉറവിടം:സേവന പെൻഷൻ, ഐ.കെ.എം

ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വഴി കേരള സർക്കാർ സേവന പെൻഷൻ എന്ന ഓൺലൈൻ ആപ്ലിക്കേഷൻ സംവിധാനം വികസിപ്പിച്ചെടുത്തു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി പെൻഷനുകൾ വിതരണം ചെയ്യുന്നു. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ എന്ന സംവിധാനം സംസ്ഥാനം വിജയകരമായി നടപ്പിലാക്കി.

### വയോധിക പരിചരണത്തിനുള്ള സ്ഥാപനങ്ങൾ

സാമൂഹ്യനീതി വകുപ്പ് വൃദ്ധസദനങ്ങൾ നടത്തുകയും സർക്കാർ ഇതര സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുകയും, വയോജനങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ 16 സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. വകുപ്പ് നടത്തുന്ന വൃദ്ധസദനങ്ങൾ കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത ഏകദേശം 623 വൃദ്ധസദനങ്ങളുണ്ട്. വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഈ വൃദ്ധസദനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നത് വളരെ അത്യാവശ്യമാണ്. **പട്ടിക 6.3.2**–ൽ കാണുന്നത് പോലെ 2022-23-ൽ വൃദ്ധസദനങ്ങളിലുള്ളവരുടെ എണ്ണം മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്. അന്തേവാസികൾ ബന്ധുക്കളുമായി അവരുടെ വീട്ടുകളിലേക്ക് തിരികെ പോകുക, മരണം സംഭവിക്കുക, മറ്റ് സ്ഥാപനങ്ങളിലേക്ക് മാറി പോകുക തുടങ്ങിയവയാണ് ഇതിനു കാരണമായിട്ടുള്ളത്.

**പട്ടിക 6.3.2** 2016-17 മുതൽ 2022-23 വരെയുള്ള കേരളത്തിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം

| വർഷം | അന്തേവാസികളുടെ എണ്ണം |
|---|---|
| 2016-17 | 19,149 |
| 2017-18 | 27,272 |
| 2018-19 | 28,029 |
| 2019-20 | 28,021 |
| 2020-21 | 28,788 |
| 2021-22 | 30,105 |
| 2022-23 | 25,902 |

ഉറവിടം: സാമൂഹിക നീതി ഡയറക്ടറേറ്റ്, കേരള സർക്കാർ

ഇതുകൂടാതെ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച്, വയോജനങ്ങൾക്ക് ഡേ കെയർ സൗകര്യങ്ങൾ നൽകുന്നതിനായി വകുപ്പ് "സായംപ്രഭ ഹോമുകൾ" നടത്തുന്നു. 2018-ൽ 82 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സായംപ്രഭ ഹോമുകൾ ആരംഭിച്ചു. പ്രായമായവരുടെ പകൽ സമയത്തുള്ള പരിചരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 'പകൽ വീട്' (ഡേ കെയർ ഹോമുകൾ) നടപ്പാക്കുകയും പിന്നീട് മുതിർന്നവർക്ക് വേണ്ടി വിനോദം, ആരോഗ്യം, പരിചരണം, പോഷകാഹാരം എന്നീ ഘടകങ്ങൾ കൂടി സംയോജിപ്പിച്ചുകൊണ്ട് അവയെ സായംപ്രഭ ഹോമുകളായി ഉയർത്തുകയും ചെയ്തു. 2022-23 കാലയളവിൽ 54 ഡേ കെയർ സെന്ററുകൾക്കായി 53,62,007 രൂപ ചെലവഴിച്ചു.

വൃദ്ധരുടെ വിവിധ ആവശ്യങ്ങൾക്കായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ വകുപ്പ് "മാതൃകാ സായംപ്രഭ ഹോമുകളെ" മൾട്ടി സർവ്വീസ് ഡേകെയർ സെന്ററുകളായി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. സർക്കാർ വൃദ്ധസദനങ്ങളുടെ നിലവാരം ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി വകുപ്പ് "രണ്ടാം ഇന്നിംഗ്സ് പദ്ധതി" ആരംഭിച്ചു. സർക്കാർ വൃദ്ധസദനങ്ങളിൽ കഴിയുന്ന മുതിർന്ന പൗരന്മാരുടെ ജീവിത നിലവാരം ഉയർത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. താമസം, ഭക്ഷണം, വൈദ്യസഹായം, വിനോദ അവസരങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2022-23 കാലയളവിൽ ഈ പദ്ധതിക്കായി 48,29,737/- രൂപ ചെലവഴിച്ചു.

ഡിമെൻഷ്യ പരിചരണ പരിപാടി- ഡിമെൻഷ്യ പരിചരണത്തിന്റെ ഭാഗമായി കേരള സർക്കാർ ആരംഭിച്ച ഒരു പദ്ധതിയാണ് 'സ്മൃതിപഥം'. സാമൂഹ്യനീതി വകുപ്പും അൽഷിമേഴ്സ് ആൻഡ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയുമാണ് ഈ സംരംഭം ഏറ്റെടുത്തിരിക്കുന്നത്. പദ്ധതി പ്രകാരം കുന്നംകുളത്ത് ഒരു ഡേകെയർ സൗകര്യവും എറണാകുളം എടവനക്കാട്ട് മുഴുവൻ സമയ ഡേകെയർ സെന്ററും ലഭ്യമാണ്. 2022-23-ൽ ഈ പദ്ധതിക്കായി 15,83,693 രൂപ ചെലവഴിച്ചു.

### കേരള സർക്കാർ വയോജനങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

രാജ്യത്ത് ഏറ്റവും കൂടുതൽ വയോജനങ്ങളുള്ള സംസ്ഥാനമാണ് കേരളം. സാമൂഹിക പിന്തുണയുടെ അഭാവമാണ് പ്രായം കൂടുമ്പോൾ വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികളിലൊന്ന്. വയോജനങ്ങൾ ഒരു ഏകീകൃത ഗ്രൂപ്പല്ലാത്തതിനാൽ, കേരളത്തിലെ വാർദ്ധക്യത്തിന്റെ ജനസംഖ്യാശാസ്ത്രവും അവരുടെ ആരോഗ്യം, വൈകല്യം, ജീവിത ക്രമീകരണങ്ങൾ, സാമ്പത്തിക സ്വാതന്ത്ര്യം എന്നിവയെ സ്വാധീനിക്കുന്ന ഘടകങ്ങളും അറിയുന്നതിലൂടെ അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു തന്ത്രം രൂപപ്പെടുത്തേണ്ടത് നിർണായകമാണ്. 80 വയസ്സിനു മുകളിൽ പ്രായമുള്ളവർ, വിധവ/ അവിവാഹിതർ/കുട്ടികളില്ലാത്ത സ്ത്രീകൾ, അംഗവൈ കല്യമുള്ളവർ, ദുർബലർ, അടുത്ത ബന്ധുക്കളില്ലാത്തവർ, ഒറ്റയ്ക്ക് താമസിക്കുന്നവർ, നിരാലംബർ, ഗുരുതരവും മാരകവുമായ രോഗങ്ങളാൽ കഷ്ടപ്പെടുന്നവർ എന്നീ വിവിധ വിഭാഗക്കാർ നേരിടുന്ന പ്രത്യേക ആവശ്യങ്ങളും വെല്ലുവിളികളും പരിഗണിക്കേണ്ടതായിട്ടുണ്ട്.

വയോജനങ്ങൾക്കായുള്ള സാമൂഹിക സുരക്ഷയും സാമൂഹിക സംരക്ഷണ പദ്ധതികളും സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ ഉൾപ്പെടുന്നു. സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനുമാണ് വയോജനങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കുന്നതിൽ മുന്നിൽ നിൽക്കുന്ന രണ്ട് ഏജൻസികൾ. വയോജനങ്ങൾക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കേന്ദ്രീകൃത വകുപ്പാണ് സാമൂഹ്യനീതി വകുപ്പ്. വയോജന പരിപാലനത്തിൽ വകുപ്പിന് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വയോജന സ്വയം സഹായ സംഘങ്ങൾക്കും വലിയ പങ്കുണ്ട്. അതുപോലെ, നിരവധി സർക്കാർ ഇതര സംഘടനകളും ചാരിറ്റബിൾ ഓർഗനൈസേഷനുകളും വയോജനങ്ങളെ സേവിക്കാൻ മുൻപന്തിയിലുണ്ട്. വയോജനങ്ങളുടെ പരിചരണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് (i) വയോജനങ്ങളെ ഉൾപ്പെടുത്തൽ പരിപാടി, (ii) നിരാലംബ പുനരധിവാസ പദ്ധതി (ആശ്രയ), (iii) സാന്ത്വന പരിചരണം എന്നിവയിൽ പങ്കെടുത്തുകൊണ്ടുള്ള കുടുംബശ്രീയുടെ പങ്കാളിത്തവും ഇതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു.

വയോജന ക്ഷേമത്തിനായി കേരള സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ചില പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു.

സായംപ്രഭ പദ്ധതിയിലെ പരിപാടികൾ - വയോജന സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് വയോജനങ്ങൾ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനും ശാരീരികവും മാനസികവുമായ ആരോഗ്യം സുസ്ഥിരമായി കൈവരിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന സമഗ്രമായ പാക്കേജാണിത്. സായംപ്രഭ പദ്ധതിക്ക് കീഴിൽ താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കുന്നു:

- മോഡൽ സായംപ്രഭ ഹോമുകൾ വയോജനങ്ങൾക്കുള്ള മൾട്ടി-സർവീസ് ഡേ കെയർ സെന്ററുകളായി പ്രവർത്തിക്കുന്നു. 2022-23 വർഷം 54 ഡേ കെയർ സെന്ററുകൾക്കായി 53,62,007 രൂപ ചെലവഴിച്ചു.
- വയോപോഷണം പരിപാടി സായംപ്രഭ ഡേ കെയർ സെന്ററുകളിലെ മുതിർന്ന പൗരൻമാരുടെ ആരോഗ്യവും പോഷണവും ഉറപ്പ് വരുത്തുന്നതിനായി പോഷകാഹാര കിറ്റുകൾ വിതരണം ചെയ്യുന്നു. 2022-23-ൽ 2,572 ഗുണഭോക്താക്കൾക്കായി 39,48,536 രൂപ ചെലവഴിച്ചു.
- നിർദ്ധനരും ഉപേക്ഷിക്കപ്പെട്ടവരുമായ വയോജനങ്ങൾക്ക് അടിയന്തര പ്രഥമ ശുശ്രൂഷ, ചികിത്സയ്ക്കുള്ള അടിയന്തര സഹായം, ശസ്ത്രക്രിയ, ആംബുലൻസ് സേവനം, പുനരധിവാസം തുടങ്ങിയവ വയോരക്ഷ പദ്ധതി നൽകുന്നു. 2022-23-ൽ 122 ഗുണഭോക്താക്കൾക്കായി 10,93,147 രൂപ ചെലവഴിച്ചു.
- സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിൽസയ്ക്കായി ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന്റെ പിന്തുണയോടെയാണ് വയോഅമൃതം പദ്ധതി നടപ്പിലാക്കുന്നത്. എല്ലാ വർഷവും 16 സർക്കാർ വൃദ്ധസദനങ്ങളിലെ 900 അന്തേവാസികൾ പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നു. 2022-23 വർഷത്തിൽ 1,05,83,678 രൂപ ഈ പദ്ധതിക്കായി ചെലവഴിക്കുകയും 900 പേർക്ക് പദ്ധതി പ്രയോജനപ്പെടുകയും ചെയ്തു.
- ബെംഗളൂരുവിലെ നിംഹാൻസുമായി സഹകരിച്ച് വൃദ്ധസദനങ്ങളിൽ മാനസിക-സാമൂഹിക പരിചരണം നൽകുന്നു.
- വയോമധുരം പദ്ധതിയിലൂടെ 2022-23 വർഷത്തിൽ ബിപിഎൽ വിഭാഗത്തിന് കീഴിലുള്ള 865 വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്ററുകൾ സൗജന്യമായി നൽകി.
- വയോജന സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾക്ക് വയോസേവന അവാർഡ് നൽകുന്നു. കലാ-കായിക രംഗത്ത് ജീവിതകാലനേട്ടം കൈവരിച്ച മുതിർന്നവരുടെ സംഭാവനകളെ പദ്ധിയിലൂടെ ആദരിച്ചു. 2022-23-ൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി 11,37,090/- രൂപ ചെലവഴിച്ചു.
- മ്യൂസിക് തെറാപ്പിയും യോഗ തെറാപ്പിയും വൃദ്ധസദനങ്ങളിൽ നൽകുന്നു.

**വയോമിത്രം** - കേരളത്തിലെ കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സിന് മുകളിലുള്ള വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷയും പിന്തുണയും നൽകുന്ന വയോമിത്രം, കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയാണ്. നിലവിൽ, 95 വയോമിത്രം യൂണിറ്റുകൾ സംസ്ഥാനത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നു. ഇത് 6 കോർപ്പറേഷൻ ഏരിയകളിലും 85 മുനിസിപ്പൽ ഏരിയകളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും പ്രവർത്തിക്കുന്നു. മൊബൈൽ ക്ലിനിക്കുകൾ വഴി സൗജന്യ വൈദ്യപരിശോധനയും ചികിത്സയും നടത്തി ആരോഗ്യ പരിരക്ഷയും പിന്തുണയും പദ്ധതിയിലൂടെ നൽകുന്നു. 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ വയോമിത്രം പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **പട്ടിക 6.3.3** ൽ നൽകിയിരിക്കുന്നു.

**നവജീവൻ:** 50-65 വയസ്സിനിടയിലുള്ള മുതിർന്ന പൗരന്മാരുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി നവജീവൻ പദ്ധതി തൊഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നു. മുതിർന്ന പൗരന്മാർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50,000 രൂപ വരെയുള്ള ബാങ്ക് വായ്പകൾ നൽകുന്നു. പരമാവധി 12,500 രൂപ എന്ന രീതിയിൽ ബാങ്ക് വായ്പയുടെ 25 ശതമാനം സർക്കാർ സബ്സിഡി നൽകുന്നു. 2022-23ൽ ഈ പദ്ധതിക്കായി 40,00,000 രൂപ ചെലവഴിക്കുകയും 329 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു.

#### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ മൊത്തം വികസന ഫണ്ടിന്റെ 5 ശതമാനം തുക വയോജനങ്ങളുടെ ക്ഷേമത്തിനും സാന്ത്വന പരിചരണത്തിനുമായി മാത്രം നീക്കിവയ്ക്കുന്നു. ആശുപത്രികളിൽ പ്രത്യേക ക്യൂ, ഇരിപ്പിടങ്ങൾ, ഓഫീസുകളിൽ റാമ്പ് സൗകര്യം, വയോജന സൗഹൃദ ടോയ്‌ലറ്റുകൾ, കുളിമുറികൾ, വയോജന സൗഹൃദ വിനോദസഞ്ചാര കേന്ദ്രം തുടങ്ങി എല്ലാ സ്ഥാപനങ്ങളേയും വയോജന സൗഹൃദമാക്കുന്നതിനുള്ള പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നു. വയോക്ലബ്ബുകൾ, വൃദ്ധസദനങ്ങൾ, പകൽവീടുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വയോജനങ്ങൾക്കായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്. ചികിത്സ, മരുന്നുകൾ, പോഷകാഹാരം, പാലിയേറ്റീവ് കെയർ എന്നിവയും നൽകുന്നു.

#### മുന്നോട്ടുള്ള വഴി

ആരോഗ്യകരമായ വാർദ്ധക്യത്തിനായുള്ള തന്ത്രം ഫലപ്രദമായി ആസൂത്രണം ചെയ്യുന്നതിന്, ജനസംഖ്യയുടെ സവിശേഷതകളെക്കുറിച്ചുള്ള വിശ്വസനീയവും പുതുക്കിയതുമായ ഒരു ഡാറ്റാബേസ് ഉണ്ടായിരിക്കണം. ഈ മേഖലയിലെ വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെ സംയോജനത്തിന് ഇത്തരമൊരു ഡാറ്റാബേസ് സഹായിക്കും. ആരോഗ്യകരമായ വാർദ്ധക്യം പ്രോത്സാഹിപ്പിക്കുന്നതിന്, അവയവ കേന്ദ്രീകൃത സമീപനത്തിനപ്പുറം പ്രവർത്തന ശേഷിയെ മാനദണ്ഡമായി അംഗീകരിക്കേണ്ടത് പ്രധാനമാണ്.

**പട്ടിക 6.3.3** 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ വയോമിത്രത്തിന്റെ ഗുണഭോക്താക്കൾ

| വർഷം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| വയോജന ഗുണഭോക്താക്കളുടെ എണ്ണം | 2,53,503 | 2,62,845 | 2,79,635 | 2,80,165 | 2,78,623 | 2,89,030 |

ഉറവിടം: കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സർക്കാർ

രോഗങ്ങൾ ഉള്ള അവസ്ഥയിലും പ്രവർത്ത നക്ഷമമായിരിക്കുക എന്നതാണ് ഏറ്റവും പ്രധാനം. ഇതിൽ പൊതുസ്ഥലങ്ങളെ വയോസൗഹൃദമാക്കുക, അത്യാവശ്യമായ ആരോഗ്യ പരിരക്ഷലഭ്യമാക്കുക, പ്രായഭേദമന്യേ അഭിസംബോധന ചെയ്യുക, വിവിധതലങ്ങളിൽ സഹകരണം വളർത്തുക എന്നിവ ഉൾപ്പെടുന്നു. ചെലവു വഹിക്കാൻ കഴിയത്തക്ക തരത്തിൽ അവശ്യമരുന്നുകൾ ലഭിക്കുന്നതും, മെച്ചപ്പെട്ട ജീവിതശൈലിയും മെച്ചപ്പെട്ട ജീവിതവും പ്രാപ്തമാകുന്നതും പ്രധാനമാണ്. അടുത്ത പത്ത് വർഷത്തിനുള്ളിൽ അത് മെച്ചപ്പെടുത്തേണ്ടതുണ്ട്. പ്രതിരോധ നടപടികൾ മുതൽ പാലിയേറ്റീവ് പരിചരണവും, ജീവിതാവസാനം വരെയുള്ള പരിചരണവും പ്രായമായ വ്യക്തികൾക്ക് തുടർച്ചയായി നൽകേണ്ടതാണ്. പ്രായമായവരെ ആരും ഉപേക്ഷിക്കാനിടയാകരുത്. വയോജനങ്ങൾക്കിടയിൽ സാംസ്കാരികമായും വിവിധ വിഷയങ്ങളുമായും ബന്ധപ്പെട്ട സഹപ്രവർത്തനം വളരെ പ്രാധാന്യമുള്ളതാണ്.

അദ്ധ്യായം

# 07

# തൊഴിലും സാധ്യതകളും

# തൊഴിലും സാധ്യതകളും

## 7.1 തൊഴിൽ

തൊഴിൽ പങ്കാളിത്ത നിരക്ക്, സാമ്പത്തികമായി സജീവമായ ജനസംഖ്യയുടെ അനുപാതത്തെ സൂചിപ്പിക്കുന്നു, അതിൽ ജോലിയുള്ളവരും തൊഴിലില്ലാത്തവരും എന്നാൽ സജീവമായി ജോലി അന്വേഷിക്കുന്നവരും ഉൾപ്പെടുന്നു. ജോലി ചെയ്യുന്ന ജനസംഖ്യയുടെ അനുപാതം തൊഴിലാളികളുടെ പങ്കാളിത്ത നിരക്ക് അല്ലെങ്കിൽ തൊഴിലാളി ജനസംഖ്യാ അനുപാതം കൊണ്ടാണ് സൂചിപ്പിക്കുന്നത്. സാമ്പത്തികമായി സജീവമല്ലാത്ത വ്യക്തികളിൽ ജോലി ചെയ്യാൻ കഴിയാത്ത പ്രായമുള്ളവർ, വിദ്യാർത്ഥികൾ, വാടകയ്ക്ക് താമസിക്കുന്നവർ, പെൻഷൻ അല്ലെങ്കിൽ പണമയയ്ക്കൽ സ്വീകർത്താക്കൾ, ഭിന്നശേഷിക്കാർ, അതുപോലെ തന്നെ "ഗാർഹിക ജോലികളിൽ" പങ്കെടുക്കുന്ന വ്യക്തികൾ എന്നിവർ ഉൾപ്പെടുന്നു. ആനുകാലിക ലേബർ ഫോഴ്സ് സർവേയുടെ (PLFS) ത്രൈമാസ, വാർഷിക റിപ്പോർട്ടുകളിലൂടെ തൊഴിൽ ശക്തിയെയും തൊഴിലവസരങ്ങളെയും കുറിച്ചുള്ള ദേശീയ ഡാറ്റ പ്രസിദ്ധീകരിക്കുന്നു.

**തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) സാധാരണ നിലയിലും പ്രതിവാര നിലയിലും**

സാധാരണ നിലയും (usual status) പ്രതിവാര നിലയും (CWS) അനുസരിച്ച് അഖിലേന്ത്യാ തലത്തിൽ 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിലെ തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) (ശതമാനത്തിൽ), ഗ്രാമീണ-നഗര വർഗ്ഗീകരണത്തോടുകൂടി **അനുബന്ധം 7.1.1**ൽ കാണിച്ചിരിക്കുന്നു. 2017-18 മുതൽ, 2022-23 വരെ (എല്ലാ തലങ്ങളിലും) രണ്ട് വിഭാഗങ്ങളിലെയും (ഗ്രാമീണ + നഗര, വ്യക്തി) തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

**പട്ടിക 7.1.1**ൽ അഖിലേന്ത്യാ തലത്തിലും, കേരളത്തിലും 2021-22, 2022-23 വർഷങ്ങളിൽ (വിവിധ പ്രായക്കാർ) സാധാരണ നില (ps+ss) അടിസ്ഥാനമാക്കിയുള്ള തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) കാണിക്കുന്നു.

2021-22, 2022-23 വർഷങ്ങളിൽ കേരളത്തിലെ സ്ത്രീ-പുരുഷ തൊഴിൽ സേന പങ്കാളിത്ത നിരക്ക് (നഗര-പുരുഷൻ) ഒഴികെ (എല്ലാ പ്രായത്തിലും (0+)) ഇന്ത്യയിലേതിനേക്കാൾ കൂടുതലാണ്. ഗ്രാമീണ നഗരപ്രദേശങ്ങളിലെ എല്ലാ പ്രായ വിഭാഗങ്ങളിലും, സ്ത്രീ തൊഴിൽ പങ്കാളിത്തം എല്ലാ ഇന്ത്യയിലേതിനേക്കാൾ വളരെ കൂടുതലാണ്. 2017-18 മുതൽ 2022-23 വരെയുള്ള തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) **അനുബന്ധം 7.1.2**ൽ കാണിച്ചിരിക്കുന്നു.

2022-23 ൽ കേരളത്തിലെ (എല്ലാ പ്രായത്തിലുമുള്ള 0+) തൊഴിൽ സേന പങ്കാളിത്ത നിരക്ക് (എൽഎഫ്പിആർ) ഇതേ കാലയളവിലെ അഖിലേന്ത്യാ തലവുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ മികച്ച സ്ഥാനം കാണിക്കുന്നുവെന്ന് **ചിത്രം 7.1.1**ൽ നിന്ന് വ്യക്തമാണ്.

**തൊഴിലാളി ജനസംഖ്യാ അനുപാതം (ഡബ്ല്യു.പി.ആർ)**


തൊഴിൽ സാഹചര്യം വിശകലനം ചെയ്യുന്നതിനും സമ്പദ്‌വ്യവസ്ഥയിലെ സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദനത്തിൽ സജീവമായി സംഭാവന ചെയ്യുന്ന ജനസംഖ്യയുടെ അനുപാതം അറിയുന്നതിനും ഉപയോഗിക്കുന്ന ഒരു സൂചകമാണ് ഡബ്ല്യു.പി.ആർ. ജനസംഖ്യയിൽ ജോലി ചെയ്യുന്ന ആളുകളുടെ ശതമാനമാണിത്. അഖിലേന്ത്യാ തലത്തിലും കേരളത്തിലും പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2017-18, 2022-23 സാധാരണ സ്റ്റാറ്റസ് സമീപന (ps+ss)

**പട്ടിക 7.1.1.** സാധാരണ നില പ്രകാരം 2021-22, 2022-23 വർഷങ്ങളിൽ അഖിലേന്ത്യാ തലത്തിലും കേരളത്തിലുമുള്ള തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR, ps+ss)

| | ഗ്രാമം | | | നഗരം | | | ഗ്രാമം + നഗരം | | | ഗ്രാമം | | | നഗരം | | | ഗ്രാമം + നഗരം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വയസ്സ് | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| | ഇന്ത്യ 2021-22 | | | | | | | | | കേരളം 2021-22 | | | | | | | | |
| 15-29 വയസ്സ് | 62.1 | 22.3 | 42.6 | 58.9 | 20.2 | 40.6 | 61.2 | 21.7 | 42 | 57 | 26.3 | 42.1 | 55.6 | 27.5 | 41.6 | 56.4 | 26.9 | 41.9 |
| 15-59 വയസ്സ് | 82.1 | 39.3 | 60.8 | 81.2 | 26.5 | 54.5 | 81.8 | 35.6 | 58.9 | 81.2 | 45.7 | 62.6 | 80.5 | 38.5 | 58.4 | 80.9 | 42.1 | 60.5 |
| 15 വയസ്സിനു മുകളിൽ | 78.2 | 36.6 | 57.5 | 74.7 | 23.8 | 49.7 | 77.2 | 32.8 | 55.2 | 75.2 | 40.4 | 56.6 | 71.6 | 33.5 | 51.5 | 73.4 | 37 | 54 |
| എല്ലാ പ്രായത്തിലും (0+) | 56.9 | 27.2 | 42.2 | 58.3 | 18.8 | 39 | 57.3 | 24.8 | 41.3 | 61.1 | 33.4 | 46.4 | 57.1 | 27.2 | 41.4 | 59.1 | 30.3 | 43.9 |
| | ഇന്ത്യ 20221-23 | | | | | | | | | കേരളം 2022-23 | | | | | | | | |
| 15-29 വയസ്സ് | 65.5 | 25.8 | 45.9 | 58.4 | 20.8 | 40.7 | 63.5 | 24.5 | 44.5 | 57.7 | 26.8 | 41.6 | 50.5 | 28.4 | 39.4 | 54.2 | 27.5 | 40.6 |
| 15-59 വയസ്സ് | 84.2 | 44.3 | 64.2 | 80.8 | 28.3 | 55.1 | 83.2 | 39.8 | 61.6 | 82.5 | 45.8 | 62.8 | 78.2 | 39.3 | 57.4 | 80.5 | 42.8 | 60.3 |
| 15 വയസ്സിനു മുകളിൽ | 80.2 | 41.5 | 60.8 | 74.5 | 25.4 | 50.4 | 78.5 | 37 | 57.9 | 76.2 | 40.8 | 57.1 | 70.8 | 33.6 | 51.1 | 73.7 | 37.5 | 54.3 |
| എല്ലാ പ്രായത്തിലും (0+) | 55.5 | 30.5 | 43.4 | 58.3 | 20.2 | 39.8 | 56.2 | 27.8 | 42.4 | 60.7 | 34.1 | 46.6 | 56.2 | 28 | 41.6 | 58.6 | 31.3 | 44.3 |

ഉറവിടം: ആനുകാലിക ലേബർ ഫോഴ്സ് സർവ്വേ, 2017-18, 2022-23

**ചിത്രം 7.1.1** 2022-23 ലെ അഖിലേന്ത്യാ തലത്തിലും കേരളത്തിലും സാധാരണ നില (ps+ss) അനുസരിച്ചുള്ള (എല്ലാ പ്രായത്തിലുമുള്ള) തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR)





ഉറവിടം: ആനുകാലിക ലേബർ ഫോഴ്സ് സർവ്വേ, 2022-23

പ്രകാരം കണക്കാക്കിയിട്ടുള്ള തൊഴിലാളി ജനസംഖ്യാ അനുപാതം (WP)R **പട്ടിക 7.1.2** ൽ കാണിച്ചിരിക്കുന്നു. 2022-23ൽ കേരളത്തിലും അഖിലേന്ത്യയിലും യഥാക്രമം 41.20 ശതമാനവും 41.10 ശതമാനവും ആണ് തൊഴിലാളി ജനസംഖ്യ അനുപാതം. ഇത് അഖിലേന്ത്യാ തലത്തെ അപേക്ഷിച്ച് കേരളത്തിൽ സാമ്പത്തികമായി സജീവമായ ജനസംഖ്യ ഒരല്പം കൂടുതലാണെന്ന് പട്ടികയിൽ നിന്ന് വ്യക്തമാണ്. 2017-18 നെ അപേക്ഷിച്ച് 2022-23 ൽ തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) (എല്ലാ പ്രായത്തിലും) ഇന്ത്യയും കേരളവും പുരോഗതി കൈവരിച്ചിട്ടുണ്ട്.

2017-18 മുതൽ 2022-23 വരെ ഇന്ത്യയുടെ തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) (ശതമാനം) സാധാരണ നില (ps+ss) അനുസരിച്ച് തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് എന്ന് **ചിത്രം 7.1.2** ൽ നിന്ന് വ്യക്തമാകുന്നു. എന്നിരുന്നാലും, 2020-21 നെ അപേക്ഷിച്ച് 2021-22 ൽ നേരിയ കുറവുണ്ടായി. എന്നാൽ കേരളത്തിന്റെ തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) 2017-18 മുതൽ 2022-23 വരെ തുടർച്ചയായി ഉയരുന്നതായി കാണുന്നു, അതായത്; 32.4 ശതമാനത്തിൽ നിന്ന് 41.20 ശതമാനമായി ഉയർന്നിരിക്കുന്നു.

2022-23 ലെ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (PLFS) റിപ്പോർട്ട് പ്രകാരം, കേരളത്തിൽ സ്ത്രീകളുടെ തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) ഗ്രാമങ്ങളിൽ 30.90 ഉം നഗരങ്ങളിൽ 24.40 ശതമാനവുമാണ്. ഇന്ത്യയിലും, കേരളത്തിലും സ്ത്രീകളുടെ തൊഴിലാളി ജനസംഖ്യാ അനുപാതത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, കണക്കുകൾ പ്രകാരം ഇന്ത്യയിലെയും കേരളത്തിലെയും ഗ്രാമ-നഗര പ്രദേശങ്ങളിലെ തൊഴിലാളി ജനസംഖ്യാ നിരക്ക് (WPR) തമ്മിൽ വലിയ അന്തരമുണ്ട് എന്നാണ്. അഖിലേന്ത്യാ തലത്തിലും കേരളത്തിലും, ഗ്രാമപ്രദേശങ്ങളിലെ തൊഴിലാളി ജനസംഖ്യാ അനുപാതം എല്ലാ വിഭാഗങ്ങളിലും നഗരപ്രദേശങ്ങളേക്കാൾ കൂടുതലാണ്. 2017-18 മുതൽ 2022-23 വരെയുള്ള തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) **അനുബന്ധം 7.1.3**ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 7.1.2** ഇന്ത്യയിലെയും, കേരളത്തിലെയും തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) 2017-18 മുതൽ 2022-23 വരെയുള്ള സാധാരണ നില (ps+ss) അനുസരിച്ച് (ശതമാനത്തിൽ)




ഉറവിടം: ആനുകാലിക ലേബർ ഫോഴ്സ് സർവേ 2017-18 മുതൽ 2022-23 വരെ

### കേരളത്തിലെ വേതന നിരക്ക്

ഇൻറർനാഷണൽ ലേബർ ഓർഗനൈസേഷൻ (ILO 2018) തയ്യാറാക്കിയ ഇന്ത്യ വേജ് റിപ്പോർട്ട് അനുസരിച്ച്, ഗ്രാമങ്ങളിലും നഗരങ്ങളിലും സ്ഥിരമായ ഉയർന്ന കാഷ്വൽ വേതനമുള്ള സംസ്ഥാനങ്ങൾ കേരളം, ജമ്മു കശ്മീർ, പഞ്ചാബ്, ഹരിയാന എന്നിവയാണ്. കാഷ്വൽ തൊഴിലാളികൾക്ക് നഗര പ്രദേശങ്ങളിൽ ഏറ്റവും കുറഞ്ഞ വേതനമുള്ള സംസ്ഥാനങ്ങൾ ഉത്തർപ്രദേശ്,

**പട്ടിക 7.1.2** തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) (ശതമാനത്തിൽ) സാധാരണ നില (ps+ss) അനുസരിച്ച്

| വയസ്സ് | ഇന്ത്യ | | | കേരളം | | |
|---|---|---|---|---|---|---|
| | ഗ്രാമീണ+നഗര | | | ഗ്രാമീണ+നഗര | | |
| | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| പി.എൽ.എഫ്.എസ് 2017-18 | | | | | | |
| 15-29 വയസ്സ് | 48.3 | 13.5 | 31.4 | 40.1 | 8.6 | 23.8 |
| 15-59 വയസ്സ് | 74.9 | 23.8 | 49.5 | 73.4 | 24 | 46.8 |
| 15 വയസ്സിനു മുകളിൽ | 71.2 | 22 | 46.8 | 65.8 | 20.4 | 41.2 |
| എല്ലാ പ്രായത്തിലും (0+) | 52.1 | 16.5 | 34.7 | 50.5 | 16.4 | 32.4 |
| പി.എൽ.എഫ്.എസ് 2022-23 | | | | | | |
| 15-29 വയസ്സ് | 57.3 | 21.9 | 40.1 | 43 | 15.5 | 28.9 |
| 15-59 വയസ്സ് | 80.20 | 38.50 | 59.50 | 75.80 | 37.40 | 55.20 |
| 15 വയസ്സിനു മുകളിൽ | 76.00 | 35.90 | 56.00 | 70.20 | 33.50 | 50.50 |
| എല്ലാ പ്രായത്തിലും (0+) | 54.40 | 27.00 | 41.10 | 55.80 | 27.90 | 41.20 |

ഉറവിടം: ആനുകാലിക ലേബർ ഫോഴ്സ് സർവേ 2017-18, 2022-23

**പട്ടിക 7.1.3 (എ)** ഇന്ത്യയിലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള (ഗ്രാമീണ മേഖല) ശരാശരി പ്രതിദിന വേതന നിരക്ക് (പുരുഷ - കാർഷികേതര തൊഴിലാളികൾ)

| നം. | സംസ്ഥാനം /കേന്ദ്ര ഭരണ പ്രദേശം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|---|
| 1 | ആന്ധ്രപ്രദേശ് | 232.4 | 247.5 | 271.2 | 291.3 | 305.3 | 337.7 | 374.5 |
| 2 | ആസ്സാം | 233.8 | 245.5 | 258.3 | 263.6 | 299.3 | 306.4 | 333.3 |
| 3 | ബീഹാർ | 228.6 | 237.2 | 250.9 | 268.5 | 289.3 | 299.1 | 313.1 |
| 4 | ഗുജറാത്ത് | 204.3 | 216.1 | 224.1 | 234.5 | 239.3 | 252.5 | 273.1 |
| 5 | ഹരിയാന | 352.7 | 355.5 | 362.3 | 376.9 | 384.4 | 409.3 | 451.0 |
| 6 | ഹിമാചൽ പ്രദേശ് | 303.4 | 330.4 | 336.4 | 344.1 | 342.1 | 389.8 | 416.3 |
| 7 | ജമ്മു & കാശ്മീർ | 408.8 | 417.3 | 433.9 | 452.8 | 483.0 | 500.8 | 517.9 |
| 8 | കർണാടക | 238.5 | 242.4 | 261.1 | 263.4 | 279.2 | 297.9 | 336.2 |
| 9 | കേരളം | 615.6 | 625.6 | 657.2 | 670.4 | 677.6 | 681.8 | 696.6 |
| 10 | മദ്ധ്യ പ്രദേശ് | 184.4 | 198.1 | 202.4 | 205.9 | 232.6 | 230.3 | 246.3 |
| 11 | മഹാരാഷ്ട്ര | 215.9 | 226.7 | 229.6 | 240.2 | 262.3 | 277.2 | 293.7 |
| 12 | പഞ്ചാബ് | 300.5 | 313.1 | 319.2 | 331.9 | 344.2 | 356.9 | 375.3 |
| 13 | രാജസ്ഥാൻ | 300.1 | 301.2 | 316.3 | 312.1 | 329.0 | 338.6 | 354.3 |
| 14 | തമിഴ് നാട് | 389.6 | 401.7 | 414.3 | 438.6 | 449.5 | 462.3 | 481.5 |
| 15 | ഉത്തർ പ്രദേശ് | 222.7 | 244.7 | 261.1 | 272.3 | 286.8 | 302.9 | 323.6 |
| 16 | വെസ്റ്റ് ബംഗാൾ | 259.9 | 279.3 | 287.0 | 291.1 | 305.8 | 320.7 | 338.0 |
| | ഇന്ത്യ | 261.3 | 273.8 | 284.8 | 293.9 | 315.3 | 326.6 | 348.0 |

**പട്ടിക 7.1.3 (ബി)** ഇന്ത്യയിലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള (ഗ്രാമീണ മേഖല) ശരാശരി പ്രതിദിന വേതന നിരക്ക് (പുരുഷ - കാർഷിക തൊഴിലാളികൾ)

| നം. | സംസ്ഥാനം /കേന്ദ്ര ഭരണ പ്രദേശം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|---|
| 1 | ആന്ധ്രപ്രദേശ് | 249.1 | 269.5 | 282.0 | 302.6 | 318.6 | 340.5 | 384.4 |
| 2 | ആസ്സാം | 229.3 | 237.5 | 248.5 | 252.1 | 277.4 | 307.6 | 344.1 |
| 3 | ബീഹാർ | 212.7 | 223.0 | 240.3 | 258.4 | 272.6 | 290.3 | 308.7 |
| 4 | ഗുജറാത്ത് | 184.0 | 187.9 | 199.3 | 208.6 | 213.1 | 220.3 | 241.9 |
| 5 | ഹരിയാന | 359.3 | 361.4 | 391.9 | 389.5 | 384.8 | 395.0 | 424.8 |
| 6 | ഹിമാചൽ പ്രദേശ് | 339.8 | 368.3 | 388.6 | 419.0 | 421.7 | 457.6 | 473.3 |
| 7 | ജമ്മു & കാശ്മീർ | 409.8 | 436.0 | 443.6 | 451.6 | 501.1 | 524.6 | 550.4 |
| 8 | കർണാടക | 251.9 | 267.3 | 288.7 | 292.0 | 312..5 | 335.2 | 379.5 |
| 9 | കേരളം | 644.0 | 659.8 | 682.4 | 700.9 | 706.5 | 726.8 | 764.3 |
| 10 | മദ്ധ്യ പ്രദേശ് | 173.1 | 191.3 | 196.3 | 198.6 | 217.6 | 217.8 | 229.2 |
| 11 | മഹാരാഷ്ട്ര | 196.8 | 207.4 | 213.7 | 231.8 | 267.7 | 284.2 | 303.5 |
| 12 | പഞ്ചാബ് | 319.3 | 324.6 | 337.7 | 349.2 | 357.0 | 372.5 | 393.3 |
| 13 | രാജസ്ഥാൻ | 285.5 | 287.1 | 292.9 | 298.1 | 327.1 | 358.3 | 366.4 |
| 14 | തമിഴ് നാട് | 378.7 | 385.9 | 398.7 | 410.4 | 434.2 | 445.6 | 470.0 |
| 15 | ഉത്തർ പ്രദേശ് | 211.8 | 229.8 | 247.1 | 258.8 | 274.5 | 288.0 | 309.3 |
| 16 | വെസ്റ്റ് ബംഗാൾ | 237.6 | 255.9 | 263.1 | 267.5 | 288.6 | 305.3 | 323.7 |
| | ഇന്ത്യ | 252.6 | 267.1 | 277.4 | 287.1 | 309.9 | 323.2 | 345.7 |

അസം, മധ്യപ്രദേശ്, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഢ് എന്നിവയും, ഗ്രാമപ്രദേശങ്ങളിൽ ഒഡീഷ, മഹാരാഷ്ട്ര, ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവയുമാണ്.

കേരളത്തിന്റെ ഉയർന്ന വിദ്യാഭ്യാസ നിലവാരം, സാമൂഹിക ചുറ്റുപാടുകൾ, രാഷ്ട്രീയ കാഴ്ചപ്പാടുകൾ, തൊഴിലാളി ക്ഷേമ ബോർഡുകളുടെ ആവിർഭാവം എന്നിവ സംസ്ഥാനത്തെ ഉയർന്ന വേതനത്തിന് കാരണമായി. കേരളത്തിൽ മിനിമം വേതനം നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിൽ തൊഴിലാളി സംഘടനകളും അതീവ ജാഗ്രത പുലർത്തുന്നുണ്ട്. കേരളത്തിലെ പുരുഷ-സ്ത്രീ അവിദഗ്ധ തൊഴിലാളികളുടെ കൂലി നിരക്ക് ദേശീയ ശരാശരി വേതനത്തേക്കാളും, സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം വേതനത്തേക്കാളും വളരെ കൂടുതലാണ്. കേരളത്തിൽ 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം ഉറപ്പാക്കിയിട്ടുണ്ട്.

**പട്ടിക 7.1.4 (എ)** ഗ്രാമീണ ഇന്ത്യയിലെ പ്രധാന 16 സംസ്ഥാനങ്ങളിലെ (പുരുഷ കർഷേതര തൊഴിലാളികൾ) ശരാശരി പ്രതിദിന വേതന നിരക്ക് ചിത്രീകരിക്കുന്നു, കൂടാതെ **പട്ടിക 7.1.4 (ബി)** ഗ്രാമീണ ഇന്ത്യയിലെ (പുരുഷ - കർഷകത്തൊഴിലാളികൾ) ശരാശരി പ്രതിദിന വേതന നിരക്ക് കാണിക്കുന്നു.

2022-23 എസ്റ്റിമേറ്റ് പ്രകാരം, പ്രതിദിന വേതന നിരക്കിൽ (ഗ്രാമീണ ഇന്ത്യയിലെ സംസ്ഥാന തിരിച്ചുള്ള ശരാശരി പ്രതിദിന വേതന നിരക്ക് - പുരുഷന്മാർ - കാർഷികേതര തൊഴിലാളികൾ) 696.6 രൂപയുമായി കേരളം ഒന്നാം സ്ഥാനത്താണ്. 517.9 രൂപയുമായി കശ്മീരും, 481.5 രൂപ യുമായി തമിഴ് നാടും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലുമാണ്. ഈ മേഖലയിലെ അഖിലേന്ത്യ കൂലി നിരക്കിനേക്കാൾ 100.17 ശതമാനം കൂടുതലാണ് കേരളത്തിലെ കൂലി നിരക്ക് എന്ന് കണക്കുകളിൽ നിന്ന് മനസ്സിലാക്കാം.

കാർഷികേതര ജോലികളിലെന്നപോലെ 2016-17 മുതൽ 2021-22 വരെ, കേരളത്തിലെ കാർഷിക മേഖലയിലെ കൂലി നിരക്ക് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ചും, അഖിലേന്ത്യാ ശരാശരി നിരക്കിനെ അപേക്ഷിച്ചും വളരെ കൂടുതലാണെന്ന് **പട്ടിക 7.1.4 (ബി)** യിൽ നിന്ന് വ്യക്തമാണ്.

2022-23 എസ്റ്റിമേറ്റ് പ്രകാരം, കേരളത്തിലെ കാർഷിക മേഖലയിലെ വേതന നിരക്ക് തൊട്ടടുത്തുള്ള ജമ്മു കശ്മീരിലെ വേതന നിരക്കിനേക്കാൾ 38.86 ശതമാനവും കൂടാതെ അഖിലേന്ത്യാ നിരക്കിനേക്കാൾ 121.08 ശതമാനവും കൂടുതലാണ്.

പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2021-22 (ഏപ്രിൽ-ജൂൺ 2022) അനുസരിച്ച്, കേരളത്തിലെ സ്ത്രീകളുടെ വേതന നിരക്ക് മറ്റ് സംസ്ഥാനങ്ങളേക്കാളും, അഖിലേന്ത്യാ ശരാശരിയേക്കാൾ 64 ശതമാനവും കൂടുതലാണ്. മറ്റ് സംസ്ഥാനങ്ങളിലെ സ്ത്രീകളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾക്ക് ഉയർന്ന കൂലി ലഭിക്കുമെങ്കിലും, കേരളത്തിലെ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കുറഞ്ഞ വേതനമാണ് ലഭിക്കുന്നത്.

**കേരളത്തിലെ തൊഴിൽ, തൊഴിലാളി ക്ഷേമം**

തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും, കഴിവുകൾ വികസിപ്പിക്കാനും ലിംഗസമത്വം ഉറപ്പാക്കാനും മിനിമം വേതനവും ആരോഗ്യ സംരക്ഷണവും ഉറപ്പാക്കാനും അതുവഴി മെച്ചപ്പെട്ട ജോലിസ്ഥല അന്തരീക്ഷം സൃഷ്ടിക്കാനും കേരളത്തിലെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എല്ലാ മേഖലകളിലെയും തൊഴിലാളികൾക്ക് വേതന സംരക്ഷണവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കി അവരുടെ മൊത്തത്തിലുള്ള ക്ഷേമമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**തൊഴിലാളി ക്ഷേമ ബോർഡുകൾ**

തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ തൊഴിൽ വകുപ്പ് ഒരു പ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാനത്ത് 28 ലേബർ വെൽഫെയർ ബോർഡുകളുണ്ട് (ലേബർ കമ്മീഷണറേറ്റ്). നിലവിൽ തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുകയും അതത് തൊഴിൽ മേഖലയ്ക്ക് ക്ഷേമ സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നു. ബാക്കിയുള്ള ബോർഡുകൾ കൃഷി, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമ ബോർഡുകളും രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ എണ്ണവും അനുബന്ധം 7.1.4 ൽ കാണിച്ചിരിക്കുന്നു.

2022-23 വർഷത്തിൽ തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ലേബർ വെൽഫെയർ ബോർഡുകളിലായി 5330706 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് **അനുബന്ധം 7.1.4**ൽ നിന്ന് വ്യക്തമാണ്. 16 ബോർഡുകളിൽ, കേരള ബിൽഡിംഗ് ആൻഡ് മറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിലാണ് ഏറ്റവും കൂടുതൽ തത്സമയ അംഗങ്ങൾ ഉള്ളത്, അതായത് 2071520 അംഗങ്ങൾ. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ആകെ അംഗങ്ങളുടെ എണ്ണത്തിൽ ലൈവ് മെമ്പർമാരുടെ എണ്ണത്തിൽ 10 ശതമാനം കുറവുണ്ടായിട്ടുണ്ട്.

**ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒഡിഇപിസി)**

എംപ്ലോയ്മെന്റ് ആൻഡ് സ്കിൽസ് വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി വിദേശ റിക്രൂട്ട്മെന്റ് രംഗത്ത് പ്രശംസനീയമായ പ്രകടനമാണ് കാഴ്ചവെക്കുന്നത്.

ഈ പൊതുമേഖലാ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം വിദ്യാസമ്പന്നരായ തൊഴിലന്വേഷകർക്ക് അനുയോജ്യമായ വിദഗ്ധ, അവിദഗ്ധ അർദ്ധ

വൈദഗ്ധ്യമുള്ള തൊഴിലാളികൾക്കായി വിദേശ രാജ്യങ്ങളിൽ കുറഞ്ഞ ചെലവിൽ തൊഴിൽ മേഖലകൾ കണ്ടെത്തുക എന്നതാണ്. ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ (IATA)- അംഗീകൃത ട്രാവൽ ഡിവിഷനും ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് ന് യുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു.

വിദേശ റിക്രൂട്ട്മെന്റിനും എയർ ടിക്കറ്റിംഗിനും പുറമെ, പാക്കേജ്ഡ് ടൂറുകൾ, പരിശീലനം, വിദേശ പഠനം തുടങ്ങിയ മേഖലകളിലും ODEPC അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ചിട്ടുണ്ട്.

**നേട്ടങ്ങൾ**

വിദേശ റിക്രൂട്ട്മെന്റ്: ഒ.ഡി.ഇ.പി.സി പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് വിദേശ രാജ്യങ്ങളിലെ ഗവൺമെന്റ് ഓർഗനൈസേഷനുകളിലേക്ക് മനുഷ്യശക്തിയെ റിക്രൂട്ട് ചെയ്യുന്നതിലാണ്. 2016 മുതൽ 2022 വരെ ഒ.ഡി.ഇ.പി.സി നടത്തിയ റിക്രൂട്ട്മെന്റുകളുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

**പട്ടിക 7.1.4** ഒ.ഡി.ഇ.പി.സി നടത്തുന്ന റിക്രൂട്ട്മെന്റുകളുടെ വിശദാംശങ്ങൾ

| വർഷം | വിദേശ രാജ്യങ്ങളിലെ ആകെ തൊഴിൽ |
|---|---|
| 2016-17 | 650 |
| 2017-18 | 325 |
| 2018-19 | 347 |
| 2019-20 | 284 |
| 2020-21 | **646** |
| 2021-22 | 475 |
| 2022-23 | 157 |
| ആകെ | 2,884 |

ഉറവിടം: ഒ.ഡി.ഇ.പി.സി

**പട്ടിക 7.1.5**ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ഒ.ഡി.ഇ.പി.സി 2016-17 മുതൽ 2022-23 വരെ വിവിധ വിദേശ രാജ്യങ്ങളിലെക്കായി 2884 റിക്രൂട്ട്മെന്റുകൾ നടത്തിയിട്ടുണ്ട്. 2016-17 ലാണ് ഏറ്റവും കൂടുതൽ റിക്രൂട്ട്മെന്റ് നടന്നത്. ഒ.ഡി.ഇ.പി.സി പ്രധാനമായും ഗൾഫ് രാജ്യങ്ങളിലേക്കാണ് റിക്രൂട്ട്മെന്റ് നടത്തിയിട്ടുള്ളത്, എന്നാൽ 2016-ന് ശേഷം ജർമ്മനി, ബെൽജിയം, ഉസ്ബെക്കിസ്ഥാൻ എന്നിവിടങ്ങളിലെ തൊഴിലുടമകളിലേക്ക് എത്തുകയും, ഇത് കൂടുതൽ തൊഴിലവസരങ്ങൾക്ക് കാരണമായി മാറുകയും ചെയ്തിട്ടുണ്ട്.

സൗദി അറേബ്യയിലെ ആരോഗ്യ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ ആശുപത്രികളിലേക്ക് നഴ്സുമാർക്കും ഡോക്ടർമാർക്കും മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകൾക്കുമായി ഒഡിഇപിസി ഇപ്പോഴും റിക്രൂട്ട്മെന്റ് നടത്തി വരുന്നുണ്ട്.

ഒ.ഡി.ഇ.പി.സി, ബെൽജിയത്തിലേക്കും നഴ്സുമാരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്. ആദ്യ ബാച്ചിലെ 22 നഴ്സുമാർ 2022 മാർച്ചിലും രണ്ടാം ബാച്ചിലെ 37 നഴ്സുമാർ 2023 ജനുവരിയിലും ബെൽജിയത്തിലേക്ക് പോയി. 36 നഴ്സുമാരുടെ മൂന്നാമത്തെ ബാച്ചിന്റെ പരിശീലനം പുരോഗമിക്കുകയാണ്. കോഴ്സിൽ പങ്കെടുക്കുന്നവർക്ക് പ്രതിമാസം 11,000 രൂപ സ്റ്റൈപ്പന്റ് നൽകുന്നുണ്ട്.

ഉസ്ബെക്കിസ്ഥാനിലെ പൊതുവിദ്യാലയങ്ങളിലെക്കായി ഒഡിഇപിസി തിരഞ്ഞെടുത്ത 120 അധ്യാപകരിൽ 96 പേർ ജോലിയിൽ പ്രവേശിച്ചു.

അങ്ങനെ ഒ.ഡി.ഇ.പി.സി വഴി റിക്രൂട്ട് ചെയ്യുന്ന വിദേശ സർക്കാർ സ്ഥാപനങ്ങളുടെ എണ്ണം വർധിച്ചു കൊണ്ടിരിക്കുകയാണ്.

**പരിശീലനം:** ഒ.ഡി.ഇ.പി.സി ഏഷ്യയിലെ ഏറ്റവും വലിയ ഒക്യുപേഷണൽ ഇംഗ്ലീഷ് ടെസ്റ്റ് (OET) പരീക്ഷാ കേന്ദ്രം 2021 ജനുവരിയിൽ അങ്കമാലിയിൽ തുറന്നു. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഇന്ത്യയിലെ ആദ്യത്തെ പരീക്ഷാ കേന്ദ്രമാണിത്. 2023 വരെ 11,455 ഉദ്യോഗാർത്ഥികൾ ഈ കേന്ദ്രം വഴി പരീക്ഷ എഴുതിയിട്ടുണ്ട്, കൂടാതെ 2000 ഉദ്യോഗാർത്ഥികൾ വിവിധ വിദേശ ഭാഷകളിൽ ഇവിടെ പരിശീലനം നേടിയിട്ടുണ്ട്.

**ട്രാവൽ ഡിവിഷൻ:** 1990 മുതൽ ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ (IATA) അംഗീകൃത ട്രാവൽ ഡിവിഷൻ ഒ.ഡി.ഇ.പി.സിക്ക് കീഴിൽ പ്രവർത്തിക്കുന്നു. റഷ്യ-ഉക്രെയ്ൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ, ഉക്രെയ്നിൽ നിന്നുള്ള വിദ്യാർത്ഥികളെ തിരികെ കൊണ്ടുവരാൻ ഒ.ഡി.ഇ.പി.സി യുടെ ട്രാവൽ ഡിവിഷന്റെ സേവനം സംസ്ഥാന സർക്കാർ ഉപയോഗപ്പെടുത്തിയിരുന്നു.

**ടൂർ ഡിവിഷൻ:** പ്രമുഖ ടൂർ ഓപ്പറേറ്ററായ തോമസ് കുക്കുമായി സഹകരിച്ച് ടൂർ പാക്കേജുകൾ നടപ്പിലാക്കുന്നതിനായി ട്രാവൽ ഡിവിഷന്റെ കീഴിൽ 2018-ൽ ഒരു ടൂർ ഡിവിഷൻ ആരംഭിച്ചു. വിവിധ ആഭ്യന്തര/ വിദേശ ടൂർ പാക്കേജുകൾ ലഭ്യമാണ്. ആഡംബര കപ്പൽ വിനോദ പാക്കേജുകളും നൽകുന്നു. സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക ഇളവുകൾ ലഭ്യമാണ്.

**പട്ടിക 7.1.5** ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം

| വർഷം | തൊഴിലാളികളുടെ എണ്ണം |
|---|---|
| 2016 | 702129 |
| 2017 | 678058 |
| 2018 | 698679 |
| 2019 | 726195 |
| 2020 | 702901 |
| *2021 | 665775 |
| *2022 | 582419 |
| *2023 | 661698 |

(31.08.2023 വരെ)
ഉറവിടം: ലേബർ കമ്മീഷണറേറ്റ്
*ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നൽകിയ ഡാറ്റ

**വിദേശ പഠനം:** 2023 ആയപ്പോഴേക്കും 23 വിദ്യാർത്ഥികൾ ഒ.ഡി.ഇ.പി.സി വഴി വിദേശത്ത് പഠനത്തിനായി പോയിട്ടുണ്ട്, അതിൽ 16 വിദ്യാർത്ഥികൾ ഓസ്ട്രേലിയയിലും 7 പേർ യുകെയിലുമാണ്. പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ്, ഒ.ഡി.ഇ.പി.സി.യുടെ സഹായത്തോടെ നടപ്പാക്കുന്ന പുതിയ പദ്ധതിയാണ് ഓവർസീസ് സ്റ്റഡീസിനുള്ള 'ഉന്നതി' സ്കോളർഷിപ്പ്. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്ന പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്ക് അവരുടെ കുടുംബ വാർഷിക വരുമാനം അനുസരിച്ച്, 25 ലക്ഷം വരെ സ്കോളർഷിപ്പ് വാഗ്ദാനം ചെയ്യുന്നു.

**ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്**

തൊഴിൽ, നൈപുണ്യ മന്ത്രാലയത്തിന് കീഴിലാണ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് സ്ഥിതി ചെയ്യുന്നത്. 1948-ലെ ഫാക്ടറി നിയമവും, 1923-ലെ ഇന്ത്യൻ ബോയിലർ നിയമവും ഫാക്ടറികളിൽ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുകയാണ് വകുപ്പിന്റെ പ്രധാന ഉത്തരവാദിത്തം. കേരളത്തിലെ രജിസ്റ്റർ ചെയ്യപ്പെട്ട ഫാക്ടറികളിൽ ജോലി ചെയ്യുന്ന ഏകദേശം 7 ലക്ഷത്തോളം തൊഴിലാളികളുടെയും, അപകടസാധ്യതയുള്ള ഫാക്ടറികൾക്ക് സമീപമുള്ള പൊതുജനങ്ങളുടെയും സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിന് 20 വ്യത്യസ്ത നിയമങ്ങളിലൂടെയും നിയമപരമായ നിർവ്വഹണ അധികാരങ്ങൾ വകുപ്പിന് നിക്ഷിപ്തമാണ്. അതുപോലെ തന്നെ തൊഴിൽപരമായ അപകടങ്ങൾ, തൊഴിൽപരമായ രോഗങ്ങൾ, വ്യാവസായിക ദുരന്തങ്ങൾ എന്നിവ ഒഴിവാക്കുന്നതിലും വകുപ്പ് ശ്രദ്ധ ചെലുത്തുന്നു.

**വിദ്യാഭ്യാസ സ്ട്രാറ്റജി:** തൊഴിൽപരമായ അപകടങ്ങളും രോഗങ്ങളും കുറയ്ക്കുന്നതിന് EEE സ്ട്രാറ്റജി-എഞ്ചിനീയറിംഗ്, വിദ്യാഭ്യാസം, എൻഫോഴ്സ്മെന്റ് എന്നിവ സംയോജിപ്പിച്ച സ്ട്രാറ്റജി വകുപ്പ് സ്വീകരിക്കുന്നു. എറണാകുളത്ത് സ്ഥാപിതമായ ഒക്യുപേഷണൽ ഹെൽത്ത് ആന്റ് സേഫ്റ്റി ട്രെയിനിംഗ് സെന്റർ വഴിയും ഡിപ്പാർട്ട്മെന്റിന്റെ അഭിമാന പദ്ധതിയായ "സുരക്ഷരഥം" മൊബൈൽ പരിശീലന വാഹനത്തിന്റെ സഹായത്തോടെയും തൊഴിൽപരമായ അപകടങ്ങളെക്കുറിച്ചും തൊഴിൽപരമായ രോഗങ്ങളെക്കുറിച്ചും തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വകുപ്പ് പ്രവർത്തിക്കുന്നു. ഇലക്ട്രിക്കൽ സേഫ്റ്റി, ഫയർ സേഫ്റ്റി, എൽ.പി.ജി സുരക്ഷ, കെമിക്കൽ സേഫ്റ്റി, ഫസ്റ്റ് എയ്ഡ് തുടങ്ങിയ ആരോഗ്യ-സുരക്ഷാ വിഷയങ്ങളിൽ റീജിയണൽ സെന്ററുകൾ വഴിയാണ് പരിശീലനം നൽകുന്നത്.

**എൻഫോഴ്സ്മെന്റ് സ്ട്രാറ്റജി:** എൻഫോഴ്സ്മെന്റ് സ്ട്രാറ്റജിയുടെ ഭാഗമായി, വകുപ്പിലെ ഉദ്യോഗസ്ഥർ അപകടകരമായ ഫാക്ടറികളിലും മറ്റ് ഫാക്ടറികളിലും കേരള - കേന്ദ്രീകൃത പരിശോധനാ സംവിധാനം (കെ-സിഐഎസ്) അനുസരിച്ച് മുൻഗണനാ പരിശോധനകൾ നടത്തി വരുന്നു. നിയമലംഘനം കണ്ടെത്തിയാൽ ഫാക്ടറി മാനേജ്മെന്റിനെതിരെ നിയമനടപടി സ്വീകരിക്കുകയും അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഇതിനുപുറമെ, തൊഴിൽപരമായ രോഗങ്ങൾ കണ്ടെത്തുന്നതിനായി ഇന്ത്യയിൽ തൊഴിൽ ആരോഗ്യ സർവ്വെ ആരംഭിച്ചിട്ടുണ്ട്. കൊല്ലത്ത് സ്ഥാപിതമായ ഒക്യുപേഷണൽ ഹെൽത്ത് റിസർച്ച് സെന്റർ (OHRC) സഹായത്തോടെ, കയർ, കശുവണ്ടി, മത്സ്യ സംസ്കരണം, ക്രഷർ, പാക്കിംഗ്, ടെക്സ്റ്റൈൽ, തേയില ഫാക്ടറികളിലെ തൊഴിലാളികൾക്കിടയിൽ ഒരു തൊഴിൽ രോഗ സർവ്വെ പഠനം പൂർത്തിയാക്കിട്ടുണ്ട്.

വ്യാവസായിക ശുചിത്വ ലബോറട്ടറിയുടെ സഹായത്തോടെ, തൊഴിൽപരമായ രോഗങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങൾ തിരിച്ചറിയുന്നതിനായി തൊഴിൽ സ്ഥലങ്ങളിൽ വ്യാവസായിക ശുചിത്വ നിരീക്ഷണ പഠനങ്ങൾ നടത്തുകയും, ബന്ധപ്പെട്ട ഫാക്ടറി നിയമം ഭേദഗതി ചെയ്തുകൊണ്ട് തൊഴിൽ രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

**കേരളത്തിലെ ഫാക്ടറി തൊഴിലാളികൾ**

2016 മുതൽ 2023 വരെ (31.08.2023 പ്രകാരം) ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിൽ വരുന്ന ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം **പട്ടിക 7.1.5** ൽ കാണിച്ചിരിക്കുന്നു. 2019 മുതൽ 2022 വരെ ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം കുറയുന്ന പ്രവണതയുണ്ടെങ്കിലും, 2023ൽ ഇത് ഉയർന്നു. 2016 മുതൽ 2023 വരെ (31.08.2023 വരെ) പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഫാക്ടറികളുടെ വിശദാംശങ്ങൾ **അനുബന്ധം 7.1.5**ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.1.6** കേരളത്തിലെ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിൽ വരുന്ന ഫാക്ടറികളിലെ വ്യാവസായിക അപകടങ്ങൾ - 2016 മുതൽ 2023 വരെ (എണ്ണത്തിൽ)

| അപകടങ്ങൾ | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | (2023 മുതൽ ഒക്ടോബർ വരെ) |
|---|---|---|---|---|---|---|---|---|
| *മാരകമായവ | 14 | 16 | 22 | 26 | 14 | 12 | 9 | 16 |
| *മരകമല്ലാത്തവ | 192 | 236 | 129 | 121 | 58 | 117 | 67 | 51 |
| ആകെ | 206 | 252 | 151 | 147 | 72 | 129 | 76 | 67 |

ഉറവിടം: ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്, കേരള സർക്കാർ
* ഫാക്ടറികൾ ആൻഡ് ബോയിലേഴ്സ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ

#### ഫാക്ടറി തൊഴിലാളികളുടെ സുരക്ഷ

തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് വിവിധ പരിപാടികൾ നടത്തുന്നുണ്ട്. 2023-24ൽ (31.08.2023 വരെ), മേജർ ആക്സിഡന്റ് ഹസാർഡ് (MAH) ഫാക്ടറികളിൽ 16 മുൻഗണനാ പരിശോധനകളും, അപകടകരമായ ഫാക്ടറികളിൽ 22 പരിശോധനകളും സ്പെഷ്യലിസ്റ്റ് ഇൻസ്പെക്ടർമാർ നടത്തിയിട്ടുണ്ട്. ഫാക്ടറി തൊഴിലാളികൾക്കും ജീവനക്കാർക്കും മാത്രമല്ല, സ്കൂൾ കുട്ടികൾക്കും ഫാക്ടറി പരിസരത്തുള്ള പൊതുജനങ്ങൾക്കുമായി ഡിപ്പാർട്ട്മെന്റ് പരിശീലന പരിപാടികൾ നടത്തിവരുന്നു. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നടത്തുന്ന വിവിധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 7.1.6**ൽ നൽകിയിരിക്കുന്നു.

#### കേരളത്തിലെ വ്യാവസായിക അപകടങ്ങൾ

2019 മുതൽ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന് കീഴിലുള്ള വ്യവസായങ്ങളിൽ മാരകമായ അപകടങ്ങളുടെയും മാരകമല്ലാത്ത അപകടങ്ങളുടെയും എണ്ണം തുടർച്ചയായി കുറഞ്ഞുവരികയാണ്. വകുപ്പിന്റെ മാതൃകാപരമായ ഇടപെടലുകളാണ് വകുപ്പിന് കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളിലെ അപകടങ്ങൾ കുറയ്ക്കാൻ കാരണമായതെന്നാണ് മനസ്സിലാക്കുന്നത്. 2016 മുതൽ 2023 വരെയുള്ള (ഒക്ടോബർ വരെ) അപകട വിശദാംശങ്ങൾ **പട്ടിക 7.1.7**ൽ കാണിക്കുന്നു.

**പട്ടിക 7.1.7** AAWAZ രജിസ്ട്രേഷൻ പ്രകാരം കേരളത്തിലെ ജില്ലകളിൽ (31.08.2023 വരെ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും / കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നും രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളുടെ കണക്ക്

| നം.. | ജില്ല | ആകെ |
|---|---|---|
| 1 | തിരുവനന്തപുരം | 63788 |
| 2 | കൊല്ലം | 24946 |
| 3 | പത്തനംതിട്ട | 24119 |
| 4 | ആലപ്പുഴ | 36927 |
| 5 | ഇടുക്കി | 19587 |
| 6 | കോട്ടയം | 34251 |
| 7 | എറണാകുളം | 115053 |
| 8 | തൃശ്ശൂർ | 41900 |
| 9 | പാലക്കാട് | 24694 |
| 10 | മലപ്പുറം | 29856 |
| 11 | കോഴിക്കോട് | 44628 |
| 12 | വയനാട് | 11839 |
| 13 | കണ്ണൂർ | 28874 |
| 14 | കാസറഗോഡ് | 15858 |
| | ആകെ | 516320 |

ഉറവിടം: ലേബർ കമ്മീഷണറേറ്റ്

#### വ്യാവസായിക തർക്കങ്ങൾ

തൊഴിലാളിയും തൊഴിലുടമയും തമ്മിലുള്ള പരാതികൾ ഉന്നയിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള ഒരു വേദി സംസ്ഥാനത്ത് യോജിച്ച തൊഴിൽ ബന്ധങ്ങൾ ഉറപ്പാക്കുന്നതിന് അത്യന്താപേക്ഷിതമാണ്. 1947-ലെ വ്യാവസായിക തർക്ക നിയമം, സംഘടിത മേഖലയ്ക്ക് മാത്രം ബാധകമാണെങ്കിലും അതിനുള്ള നിയമ ചട്ടക്കൂട് ലേ ഓഫ്, റിട്രെഞ്ച്മെന്റ് എന്നിവയും നിയന്ത്രിക്കുന്നു. 2022-23 വർഷത്തിന്റെ തുടക്കത്തിൽ തീർപ്പാക്കാത്ത തർക്കങ്ങളുടെ എണ്ണം 2950 ആയിരുന്നു, 2022-23 ൽ ഉടലെടുത്ത തർക്കങ്ങളുടെ എണ്ണം 2347 ആണ്. 2022-23 വർഷത്തിൽ കൈകാര്യം ചെയ്ത ആകെ തർക്കങ്ങളുടെ എണ്ണം 5297 ആണ്. 2022-23 വർഷത്തിൽ തീർപ്പാക്കിയ തർക്കങ്ങളുടെ എണ്ണം 3784 ആയിരുന്നു. ഏകദേശം 72 ശതമാനം തർക്കങ്ങളും 2022-23 വർഷത്തിൽ തീർപ്പാക്കിയെന്നാണ് ഇത് സൂചിപ്പിക്കുന്നത്. 2016-17 മുതൽ 2023-24 വരെയുള്ള വ്യാവസായിക തർക്കങ്ങളുടെയും ഒത്തുതീർപ്പുകളുടെയും വിശദാംശങ്ങൾ (31.08.2023 വരെ) **അനുബന്ധം 7.1.4**-ൽ കാണിച്ചിരിക്കുന്നു.

#### പണിമുടക്കുകളും ലോക്കൗട്ടുകളും പിരിച്ചുവിടലുകളും കാരണം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം

പണിമുടക്കുകളും, ലോക്കൗട്ടുകളും, പിരിച്ചുവിടലുകളുമാണ് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാൻ കാരണം. 2022-23ൽ 10,15,150 തൊഴിൽ ദിനങ്ങളാണ് കേരളത്തിൽ നഷ്ടമായത്. അനുബന്ധം 7.1.8, 7.1.9, 7.1.10 എന്നിവയിൽ വിവിധ കാരണങ്ങളാൽ നഷ്ടപ്പെട്ട പ്രവൃത്തി ദിവസങ്ങളുടെ എണ്ണത്തിന്റെ വിശദാംശങ്ങൾ നൽകിയിരിക്കുന്നു.

#### ലേബർ കമ്മീഷണറേറ്റ്

ഒരു നല്ല തൊഴിലാളി-തൊഴിലുടമ ബന്ധം വികസിപ്പിക്കുന്നതിനും ജീവനക്കാരുടെ അവകാശങ്ങളെയും കടമകളെയും കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ലേബർ കമ്മീഷണറേറ്റ് ഊന്നൽ നൽകുന്നു. തൊഴിലുടമകളുടെയും ജീവനക്കാരുടെയും താൽപര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അതിനാൽ, വ്യക്തിദിനങ്ങൾ നഷ്ടപ്പെടാതെ കാര്യക്ഷമത വർധിപ്പിക്കാനും തൊഴിൽ നിയമങ്ങളുടെ പ്രയോജനം ജീവനക്കാരനും സമൂഹത്തിനും ഉറപ്പാക്കാനും വകുപ്പ് ലക്ഷ്യമിടുന്നു. കേരളത്തിൽ സ്വയം തൊഴിൽ ചെയ്യുന്ന സംഘങ്ങൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയുടെ സാമൂഹിക-സാമ്പത്തിക സുരക്ഷയ്ക്ക് അർഹമായ പ്രാധാന്യം വകുപ്പ് നൽകുന്നുണ്ട്.

#### കേരളത്തിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷയും ക്ഷേമ പ്രവർത്തനങ്ങളും

ലേബർ കമ്മീഷണറേറ്റിന് കീഴിലുള്ള പ്രധാന തൊഴിലാളി ക്ഷേമ പദ്ധതികൾ

**1. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള ധനസഹായം**

ലേബർ കമ്മീഷണറേറ്റിന്റെ പ്രധാന പദ്ധതിയാണിത്. സംസ്ഥാനത്ത് ബീഡി, ഖാദി, ഈറ്റ, മുള, ചൂരൽ, മത്സ്യബന്ധനം, മത്സ്യ സംസ്കരണം, കയർ തുടങ്ങിയ പരമ്പരാഗത മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അവരുടെ കൂലി വിടവ് (wage gap)

നികത്തുന്നതിനായി 1250 രൂപ സാമ്പത്തിക സഹായം നൽകുന്നതിനായി 2010-11 കാലയളവിലാണ് ഈ പദ്ധതി ആരംഭിച്ചത്. കയർ, ഫിഷറീസ്, ഖാദി, കൈത്തറി വകുപ്പുകൾ മറ്റ് തൊഴിലാളി ക്ഷേമ ബോർഡുകൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

### 2. തോട്ടം തൊഴിലാളികൾക്കായി മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കലും, നിർദ്ധനരായ അസംഘടിത നഗര തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിയും

തോട്ടം മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ, വേതന വ്യവസ്ഥ, സൗകര്യങ്ങളുടെ അഭാവം, മോശം അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരിഗണിച്ച് തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് പാർപ്പിടം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

40 വീടുകൾക്കുള്ള വർക്ക് ഓർഡർ COSTFORD-ന് നൽകിയിരുന്നു, എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ 6 യൂണിറ്റുകൾ മാത്രമാണ് പൂർത്തിയാക്കിയത്.

### 3. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണം

ഈ സ്കീമിന് ഇനിപ്പറയുന്ന മൂന്ന് ഘടകങ്ങൾ ഉണ്ട്:

(എ) അസംഘടിത ദിവസ വേതന
തൊഴിലാളികൾക്കുള്ള ആശ്വാസ നിധി

- 2007-08 വർഷത്തിൽ നിലവിൽ വരുകയും തൊഴിൽ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ പദ്ധതിയിലൂടെ ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ, ദിവസ വേതന തൊഴിലാളികളുടെ നിർവചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽ പരിക്ക് പറ്റിയാൽ അപേക്ഷയിന്മേൽ ഒറ്റത്തവണ 2000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(ബി) അവശതയനുഭവിക്കുന്ന മരംകയറ്റ
തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി

- മരംകയറ്റ തൊഴിലാളി ക്ഷേമസ്കീം വഴി ആനുകൂല്യങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ പെൻഷൻ നൽകുന്ന കേരള മരംകയറ്റ തൊഴിലാളി പെൻഷൻ പദ്ധതി 1-1-2012-ലാണ് നിലവിൽ വന്നത്.

സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള
പ്രസവ ആനുകൂല്യങ്ങൾ

- വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് നൽകിവരുന്ന പ്രസവാനുകൂല്യ സഹായനിധി ഒരു ഏകീകൃത സംവിധാനത്തിലേക്ക് കൊണ്ടു വരുന്നതിനും, അർഹമായ മിനിമം വേതനം ലഭിക്കുന്നതിനുമായി 2011-12 വർഷത്തിലാണ് ഗവൺമെന്റ് പ്രസവാനുകൂല്യ പദ്ധതി നടപ്പിലാക്കിയത്.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണ പദ്ധതിയിലൂടെ 2022-23ൽ 5952 ഗുണഭോക്താക്കൾക്ക് 7.65 കോടി രൂപ വിതരണം ചെയ്തു.

### 4. കേരളത്തിലെ അതിഥി തൊഴിലാളികൾ

2001 വരെ കേരളത്തിലേക്കുള്ള കുടിയേറ്റക്കാർ പ്രധാനമായും അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നു. എന്നിരുന്നാലും, സമീപ വർഷങ്ങളിൽ, കുടിയേറ്റക്കാർ കൂടുതലും പശ്ചിമ ബംഗാൾ, അസം, ഒഡീഷ, ബിഹാർ എന്നിവിടങ്ങളിൽ നിന്നാണ്. നിർമ്മാണ മേഖലയിലാണ് ഏറ്റവും കൂടുതൽ കുടിയേറ്റ തൊഴിലാളികൾ ഉള്ളത് അതായത് 17.5 ലക്ഷം പേർ, നിർമ്മാണ മേഖലയിൽ6.3 ലക്ഷം അതിഥി തൊഴിലാളികളും ജോലി ചെയ്യുന്നു.. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള ആവാസ് രജിസ്ട്രേഷനു കീഴിൽ രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളുടെ കേരളത്തിലെ വിവിധ ജില്ലകളിലെ കണക്ക് (31.08.2023 വരെ) **അനുബന്ധം 7.1.12** ൽ കാണിച്ചിരിക്കുന്നു.

### കേരളത്തിലെ അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ

പരിദയുടെയും രവിരാമന്റെയും 2021 ലെ പഠനമനുസരിച്ച്, അതിഥി തൊഴിലാളികളുടെ എണ്ണം ഏകദേശം 31 ലക്ഷമാണ്, എന്നാൽ ലേബർ കമ്മീഷണറേറ്റിന്റെ ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം 5 ലക്ഷത്തിന് മുകളിൽ മാത്രമാണ്. ചുരുങ്ങിയ കാലം കേരളത്തിൽ താമസിച്ച് ജോലി ചെയ്ത് സ്വന്തം നാട്ടിലേക്ക് മടങ്ങുക എന്നതാണ് അതിഥി തൊഴിലാളികളുടെ ഇപ്പോഴത്തെ കുടിയേറ്റത്തിന്റെ രീതി. അതിനാൽ, ഇത്തരത്തിലുള്ള കുടിയേറ്റ പ്രവാഹത്തെക്കുറിച്ച് കൃത്യമായ കണക്ക് ലഭിക്കാൻ പ്രയാസമാണ്.

### അപ്നാഘർ

കുടിയേറ്റ തൊഴിലാളികൾക്ക് മിതമായ നിരക്കിൽ വാസസ്ഥലങ്ങൾ നൽകുന്നതിനായി സർക്കാർ 'അപ്നാ ഘർ പദ്ധതി' ആരംഭിച്ചു. കേരളത്തിൽ ജോലി ചെയ്യുമ്പോൾ അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് വാടകക്ക് നല്ല നിലവാരമുള്ളതും ശുചിത്വമുള്ളതും സുരക്ഷിതവുമായ ഹോസ്റ്റൽ താമസസൗകര്യം നൽകുന്ന പദ്ധതിയാണിത്. പങ്കിട്ട് ഉപയോഗിക്കാവുന്ന മുറികൾ, ഒന്നിലധികം അടുക്കളകൾ, മെസ് ഏരിയകൾ, കുളിമുറി, ടോയ്‌ലറ്റുകൾ, വിനോദ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെയാണ് ഈ ഹോസ്റ്റലുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ ഹോസ്റ്റലുകളിൽ മലിനജല ശുദ്ധീകരണ പ്ലാന്റ്, മഴവെള്ള സംഭരണം, ഡീസൽ ജനറേറ്റർ ബാക്കപ്പ്, സിസിടിവി സംവിധാനങ്ങൾ എന്നിവയും ഉണ്ടായിരിക്കും.

620 കിടക്കകളുള്ള അപ്നാഘർ ഹോസ്റ്റൽ പാലക്കാട് തയ്യാറായിട്ടുണ്ട്. അതുപോലെ കിനാലൂരിലെ 100 കിടക്കകളുള്ള അപ്നാഘർ ഹോസ്റ്റൽ ഒന്നാം ഘട്ടവും പൂർത്തിയായിട്ടുണ്ട്.

**ബോക്സ്: 7.1.1** ഇന്റർനാഷണൽ ലേബർ കോൺക്ലേവ് 2023

2023 മെയ് 24 മുതൽ 26 വരെ തിരുവനന്തപുരത്ത് വെച്ച് കേരള സർക്കാർ ഇന്റർനാഷണൽ ലേബർ കോൺക്ലേവ് സംഘടിപ്പിച്ചു. ഇന്ത്യയുമായും കേരളവുമായുള്ള ഐഎൽഒയുടെ ബന്ധത്തിന്റെ ചരിത്രവും ലോകത്തിന്റെ തൊഴിൽ ഭൂപടത്തിൽ ഐ.എൽ.ഒ യുടെ തത്വങ്ങളും, ലക്ഷ്യങ്ങളും ഉയർത്തിപ്പിടിക്കുന്നതിൽ കേരളം നൽകിയ സംഭാവനകളും കോൺക്ലേവ് അനുസ്മരിച്ചു. തൊഴിലും, നൈപുണ്യ വകുപ്പും, കേരള സംസ്ഥാന ആസൂത്രണ ബോർഡും സംയുക്തമായാണ് കോൺക്ലേവ് സംഘടിപ്പിച്ചത്. കോൺക്ലേവ് ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആയിരുന്നു.

കോൺക്ലേവിന്റെ പ്രധാനവിഷയങ്ങൾ ഇവയായിരുന്നു

- അവകാശങ്ങൾ, നിയമനിർമ്മാണം, സാമൂഹിക സംരക്ഷണം
- പരമ്പരാഗത വ്യവസായങ്ങൾ: പരിവർത്തനത്തിന്റെ പ്രശ്നങ്ങൾ
- 3. ആഭ്യന്തര കുടിയേറ്റവും കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങളും
- 4. കെയർ വർക്കർമാർ, സ്കീം വർക്കർമാർ, ഗാർഹിക തൊഴിലാളികൾ
- 5. നൈപുണ്യവും ജോലിയുടെ ഭാവി രൂപങ്ങളും
- 6. ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളുടെ ക്ഷേമം
- 7. ഇന്ത്യയിലെ തൊഴിൽ സ്ഥിതിവിവരക്കണക്കുകൾ

### അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷുറൻസ് (AWAAZ)

അതിഥി തൊഴിലാളികൾക്കായി സർക്കാർ ഹെൽത്ത് കം ഡെത്ത് ഇൻഷുറൻസ് പദ്ധതി ആരംഭിച്ചു. അതനുസരിച്ച് ഇൻഷ്വർ ചെയ്ത വ്യക്തിക്ക് 25000/- രൂപയുടെ ആരോഗ്യ ഇൻഷുറൻസും 2.00 ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസ് ക്ലെയിമും ലഭിക്കും. 5,16,320 അതിഥി തൊഴിലാളികൾ ഈ പദ്ധതി പ്രകാരം രജിസ്ട്രേഷൻ കാർഡ് എടുത്തിട്ടുണ്ട്.

2023 ഒക്ടോബർ വരെ, 48 അതിഥി തൊഴിലാളികൾക്ക് മെഡിക്കൽ ആനുകൂല്യങ്ങളും ഒരു അതിഥി തൊഴിലാളിയുടെ ആശ്രിതർക്ക് അപകട മരണ സഹായവും നൽകിയിട്ടുണ്ട്.

## 7.2 ആഗോള തൊഴിൽ വീക്ഷണം

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ഐഎൽഒ) പ്രസിദ്ധീകരിച്ച "വേൾഡ് എംപ്ലോയ്മെന്റ് ആൻഡ് സോഷ്യൽ ഔട്ട്‌ലുക്ക്: ട്രെൻഡ്സ് 2023" അനുസരിച്ച്, ആഗോള തൊഴിലില്ലായ്മ 2020 ലെ 235 ദശലക്ഷത്തിൽ നിന്ന് 2022 ൽ 205 ദശലക്ഷമായി കുറഞ്ഞു, പക്ഷേ ഇപ്പോഴും 2019 ലെ നിലവാരത്തേക്കാൾ 13 ദശലക്ഷത്തിലധികം ആണ് തൊഴിൽ രഹിതർ. 2022-ൽ 5.8 ശതമാനമാണ് തൊഴിലില്ലായ്മ നിരക്ക് ഇത് 2019-ലെ നിരക്കിനേക്കാൾ കൂടുതൽ ആണ്. ആഗോള തൊഴിലില്ലായ്മ നിരക്ക്, COVID-19-ന് മുമ്പുള്ള നിലവാരത്തിന് മുകളിലായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2022 ൽ ഏകദേശം 268 ദശലക്ഷം ആളുകൾ തൊഴിൽ സേനയിൽ ഇല്ലെങ്കിലും, തൊഴിൽ നേടുന്നതിൽ താൽപ്പര്യം പ്രകടിപ്പിക്കാത്തതായി ഐ എൽ ഒ യുടെ റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. ഈ ഗ്രൂപ്പിൽ ലാഭകരമായ തൊഴിൽ ലഭിക്കാനുള്ള സാധ്യത കാണാത്തതിനാൽ തൊഴിൽ ചെയ്യുന്നതിന് വിമുഖരായ തൊഴിലാളികളും, നിലവിൽ ജോലി ഏറ്റെടുക്കാൻ സാധ്യമല്ലാത്തവരും ഉൾപ്പെടുന്നു. ആഗോള തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) 2022-ൽ 60 ശതമാനത്തിന് അടുത്ത് വീണ്ടെടുത്തതായി കണക്കാക്കപ്പെടുന്നു ഇത് 2019-ലെ അതിൻറെ നിലവാരത്തിന് അൽപ്പം താഴെയാണ്. ഇത് 2023 വരെ അതിന്റെ ദീർഘകാല താഴോട്ടുള്ള പ്രവണത തുടരുമെന്നും 2024 വരെ പോയിൻറ് 0.2 ശതമാനം കുറയുകയുമെന്നും പ്രതീക്ഷിക്കുന്നു. ഉയർന്ന തോതിലുള്ള അസമത്വവും കൂടുതൽ വ്യത്യസ്തമായ തൊഴിൽ സാഹചര്യങ്ങളും ദുർബലമായ സാമൂഹിക സംരക്ഷണ സംവിധാനങ്ങളും അനുഭവിച്ച വികസ്വര രാജ്യങ്ങൾക്ക് ഈ ആഘാതം പ്രത്യേകിച്ചും മഹാമാരിക്ക് മുമ്പ് ഗുരുതരമായിരുന്നു. 2023-ൽ ആഗോള തൊഴിലില്ലായ്മ 208 ദശലക്ഷമായും തൊഴിലില്ലായ്മ നിരക്ക് 5.8 ശതമാനമായും ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.


### തൊഴിൽ രംഗം: ഇന്ത്യയും കേരളവും

### തൊഴിലില്ലായ്മ നിരക്ക്

പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (പി.എൽ.എഫ്.എസ്) അനുസരിച്ച് തൊഴിലില്ലായ്മ നിരക്ക് എന്നത് തൊഴിൽ സേനയിലെ തൊഴിൽരഹിതരായ വ്യക്തികളുടെ ശതമാനമാണ്. പിഎൽഎഫ്എസ് സർവേകളിലെ യൂഷ്വൽ സ്റ്റാറ്റസും (പി.എസ്.+എസ്.എസ്) പ്രതിവാര സ്റ്റാറ്റസും അനുസരിച്ചാണ് ഇത് കണക്കാക്കുന്നത്. ഇത് തൊഴിൽ ശക്തിയുടെ ഉപയോഗപ്പെടുത്താത്ത ഭാഗത്തെയാണ് കാണിക്കുന്നത്. പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2022 ജൂലൈ മുതൽ 2023 ജൂൺ വരെ നടത്തിയ സർവ്വേ പ്രകാരം, പ്രധാന സംസ്ഥാനങ്ങളിൽ 15 വയസ്സും അതിൽ കൂടുതലുമുള്ള വ്യത്യസ്ത പൊതു വിദ്യാഭ്യാസ തലത്തിലുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് യൂഷ്വൽ സ്റ്റാറ്റസ്(പി.എസ്. + എസ്.എസ്) പ്രകാരം കേരളത്തിൽ, 7.0 ശതമാനവും അഖിലേന്ത്യാ തലത്തിൽ 3.2 ശതമാനവുമാണ് **(ചിത്രം 7.2.1).**

ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് 2021-22-ൽ 4.2 ശതമാനമായിരുന്നത് 2022-23-ൽ 3.2 ശതമാനമായി കുറഞ്ഞു. 2022-23-ൽ പുരുഷന്മാർക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 3.3 ശതമാനവും സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 2.9

**ചിത്രം 7.2.1** ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേയും/കേന്ദ്രഭരണ പ്രദേശങ്ങളിലേയും 15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കുകൾ, ശതമാനത്തിൽ




അവലംബം: പി.എൽ.എഫ്.എസ് റിപ്പോർട്ട്, കേന്ദ്രസർക്കാർ, 2022-23

ശതമാനവുമാണ്. 2021-22-ൽ ഈ നിരക്കുകൾ യഥാക്രമം 4.4 ശതമാനവും 3.3 ശതമാനവും ആയിരുന്നു. 2022-23-ൽ ഗ്രാമപ്രദേശങ്ങളിൽ പുരുഷൻമാരുടെ തൊഴിലില്ലായ്മ നിരക്ക് 2.7 ശതമാനവും സ്ത്രീകളുടേത് 1.8 ശതമാനവുമാണ്. നഗരപ്രദേശങ്ങളിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്ക് 4.7 ശതമാനവും സ്ത്രീകളുടേത് 7.5 ശതമാനവുമാണ്.

കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 2021-22 ൽ 10.1 ശതമാനമായിരുന്നത് 2022-23 ആയപ്പോഴേക്കും 7.0 ശതമാനമായി കുറഞ്ഞു. തൊഴിലില്ലായ്മ നിരക്ക് പുരുഷന്മാർക്കിടയിൽ 4.8 ശതമാനവും സ്ത്രീകൾക്കിടയിൽ 10.7 ശതമാനവുമാണ്. തൊഴിലില്ലായ്മ നിരക്ക് ഗ്രാമപ്രദേശങ്ങളിൽ പുരുഷന്മാരുടേത് 4.7 ശതമാനവും സ്ത്രീകളുടേത് 9.2 ശതമാനവും, അതേസമയം നഗര പ്രദേശങ്ങളിൽ പുരുഷന്മാരുടേത് 4.8 ശതമാനവും സ്ത്രീകളുടേത് 12.9 ശതമാനവുമാണ്. സംസ്ഥാനങ്ങളിലേയും/കേന്ദ്രഭരണ പ്രദേശങ്ങളിലേയും 15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ യൂഷ്വൽസ്റ്റാറ്റസ് (പി.എസ്. + എസ്.എസ്) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കിന്റെ വിശദാംശങ്ങൾ **അനുബന്ധം 7.2.1**-ൽ കൊടുത്തിരിക്കുന്നു.

ഇന്ത്യയിൽ 15 വയസ്സും അതിനു മുകളിലും ഉള്ള അഭ്യസ്തവിദ്യരായവരുടെ (സെക്കന്ററി വിദ്യാഭ്യാസവും അതിനുമുകളിലും) യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്.+എസ്.എസ്) തൊഴിലില്ലായ്മ നിരക്ക് 7.3 ശതമാനമാണ്, ഗ്രാമ പ്രദേശങ്ങളിൽ ഇത് 6.6 ശതമാനവും,

നഗരപ്രദേശങ്ങളിൽ 8.4 ശതമാനവുമാണ്. ഇതിൽ ഗ്രാമപ്രദേശങ്ങളിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും തൊഴിലില്ലായ്മ നിരക്ക് യഥാക്രമം 6.1 ശതമാനവും, 8.3 ശതമാനവും, നഗരപ്രദേശങ്ങളിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്ക് 6.8 ശതമാനവും, സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് 13.7 ശതമാനവുമാണ്. കേരളത്തിലെ വിദ്യാസമ്പന്നരായ (സെക്കന്ററി വിദ്യാഭ്യാസവും അതിനുമുകളിലും) 15 വയസ്സും അതിൽ കൂടുതലുമുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് ആകെയും, ഗ്രാമ പ്രദേശങ്ങളിലും ,നഗര പ്രദേശങ്ങളിലും 12.2 ശതമാനമാണ്. 2022-23-ൽ ഓരോ സംസ്ഥാനത്തിനും/ കേന്ദ്രഭരണ പ്രദേശത്തിനും 15 വയസും അതിനുമുകളിലും പ്രായമുള്ള അഭ്യസ്തവിദ്യരായ ആളുകളുടെ (സെക്കൻഡറിയും അതിനുമുകളിലും) തൊഴിലില്ലായ്മ നിരക്കിന്റെ വിശദാംശങ്ങൾ യൂഷ്വൽ സ്റ്റാറ്റസ് (ps+ss) അനുസരിച്ച് **(അനുബന്ധം 7.2.2)** ൽ നൽകിയിരിക്കുന്നു.


നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരം 15 വയസ്സിനും അതിന് മുകളിലും പ്രായമുള്ള പുരുഷന്മാരുടേയും സ്ത്രീകളുടേയും തൊഴിലില്ലായ്മാനിരക്ക് ഇന്ത്യയിൽ 5.1 ശതമാനവും, കേരളത്തിൽ 10.4 ശതമാനവുമാണ്. ഇതിൽ ഗ്രാമീണ മേഖലയിലെ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്ക് 4.6 ശതമാനവും സ്ത്രീകളുടേത് 4.0 ശതമാനവുമാണ്. അതേസമയം നഗരപ്രദേശങ്ങളിൽ ഇത് പുരുഷന്മാരിൽ 6.3 ശതമാനവും സ്ത്രീകളിൽ 9.1 ശതമാനവുമാണ്. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ തൊഴിലില്ലായ്മ നിരക്ക് പുരുഷന്മാരിൽ 8.3 ശതമാനവും സ്ത്രീകളിൽ 13.4 ശതമാനവുമാണ്. അതേസമയം നഗരപ്രദേശങ്ങളിൽ തൊഴിലില്ലായ്മ നിരക്ക് പുരുഷന്മാരുടേത് 8.5 ശതമാനവും സ്ത്രീകളുടേത് 15.1 ശതമാനവുമാണ്. നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരം കേരളത്തിലെ 15 വയസും അതിൽ കൂടുതലുമുള്ള വ്യക്തികളുടെ തൊഴിലില്ലായ്മ നിരക്കിന്റെ വിശദാംശങ്ങൾ **(അനുബന്ധം 7.2.3)** ൽ നൽകിയിരിക്കുന്നു. പ്രതിവാര സ്റ്റാറ്റസ് (CWS) പ്രകാരം 2022-23 ൽ 15 വയസ്സിന് മുകളിലുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് (ശതമാനത്തിൽ) **(ചിത്രം 7.2.2)** ൽ കാണിച്ചിരിക്കുന്നു.

കേരളത്തിലെ എല്ലാ പ്രായത്തിലുമുള്ള സ്ത്രീ തൊഴിലാളി പങ്കാളിത്ത നിരക്ക് (എൽ എഫ് പി ആർ ) 31.3 ശതമാനമായി കണക്കാക്കപ്പെടുന്നു, ഇത് 2022-23 ലെ അഖിലേന്ത്യാ നിരക്കായ 27.8 ശതമാനത്തേക്കാൾ കൂടുതലാണ്. കേരളത്തിലെ ഗ്രാമീണ മേഖലയിലെയും നഗരങ്ങളിലെയും സ്ത്രീകളുടെ എൽഎഫ്പിആർ യഥാക്രമം 34.1 ശതമാനവും 28.0 ശതമാനവുമാണ്, അതേസമയം ഇന്ത്യയിലെ ഗ്രാമീണ മേഖലയിലേയും നഗരപ്രദേശങ്ങളിലേയും സ്ത്രീ തൊഴിലാളി പങ്കാളിത്ത നിരക്ക് യഥാക്രമം 30.5 ഉം 20.2 ഉം ആണ്. വിശദാംശങ്ങൾ **(അനുബന്ധം 7.2.4)** ൽ കാണിച്ചിരിക്കുന്നു.

**യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക്**

സാമ്പത്തിക വികസനത്തിന് യുവാക്കളുടെ (15-29 വയസ് പ്രായമുള്ളവർ) ഉൽപാദനക്ഷമമായ തൊഴിൽ അനിവാര്യ ഘടകമാണ്. അഖിലേന്ത്യാ തലത്തിൽ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക്, പിഎൽഎഫ്എസ്-ലും എൻഎസ്എസ്ഒയുടെ അവസാന മൂന്ന് ക്വിൻക്വീനിയൽ റൗണ്ടുകളിലും, കണക്കാക്കിയിട്ടുണ്ട്. 2004-05 മുതൽ 2011-12 വരെയുള്ള കാലയളവിൽ ഗ്രാമീണ പുരുഷ യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക് 3.9 ശതമാനം മുതൽ 5 ശതമാനം വരെ ആയിരുന്നെങ്കിലും, 2020-21-ൽ ഇത് 11.6 ശതമാനമായി ഉയർന്നു. 2022 -23 ൽ ഈ നിരക്ക് 10.0 ശതമാനം ആയി കുറഞ്ഞു. അതേസമയം 2004-05 മുതൽ 2011-12 വരെയുള്ള കാലയളവിൽ ഗ്രാമീണ യുവജനങ്ങൾക്കിടയിലെ സ്ത്രീ തൊഴിലില്ലായ്മ നിരക്ക് 4.2 ശതമാനത്തിൽ നിന്ന് 4.8 ശതമാനം ആവുകയും, 2020-21 ൽ 8.2 ശതമാനമായി ഉയരുകയും ചെയ്തു. 2022 -23 ൽ ഈ നിരക്ക് 7.4 ശതമാനം ആയി കുറഞ്ഞു. ഇതേ കാലയളവിൽ (2004-05 മുതൽ 2011-12 വരെ) നഗരങ്ങളിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പുരുഷന്മാരിൽ 7.5 ശതമാനത്തിൽ നിന്ന് 8.8 ശതമാനം ആകുകയും, തുടർന്ന് 2020-21 ആകുമ്പോഴേക്കും 16.6 ശതമാനമായി ഉയരുകയും ചെയ്തു. 2022 -23 ൽ ഈ നിരക്ക് 13.8 ശതമാനം ആയി കുറഞ്ഞു. എന്നാൽ നഗരങ്ങളിലെ യുവജനങ്ങൾക്കിടയിലെ സ്ത്രീ തൊഴിലില്ലായ്മ നിരക്ക് 13.1 ശതമാനത്തിൽ നിന്നും 2011-12-ൽ 14.9 ശതമാനം ആവുകയും തുടർന്ന് 2020-21-ൽ ഇത് 24.9 ശതമാനമായി ഉയരുകയും ചെയ്തു. 2022 -23 ൽ ഈ നിരക്ക് 21.7 ശതമാനം ആയി കുറഞ്ഞു.


**ചിത്രം 7.2.2** കേരളത്തിലെ 15 വയസും അതിൽ കൂടുതലുമുള്ള വ്യക്തികളുടെ തൊഴിലില്ലായ്മ നിരക്ക് നിലവിലെ പ്രതിവാര സ്റ്റാറ്റസ് (സി ഡബ്ല്യൂ എസ്) പ്രകാരം (ശതമാനത്തിൽ)




അവലംബം: പി.എൽ.എഫ്.എസ് റിപ്പോർട്ട്, കേന്ദ്രസർക്കാർ, 2022-23
കുറിപ്പ്: നിലവിലെ പ്രതിവാര സ്റ്റാറ്റസ് പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കിന്റെ കണക്ക് ഹ്രസ്വ കാലമായ 7 ദിവസത്തെ അടിസ്ഥാനമാക്കിയുള്ള ഏകദേശ ചിത്രമാണ്.

കേരളത്തിലെ ഗ്രാമീണ പ്രദേശങ്ങളിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 29.4 ശതമാനവും നഗരപ്രദേശങ്ങളിലേത് 27.9 ശതമാനവുമാണ്. അഖിലേന്ത്യാ തലത്തിൽ 2022 -23 ൽ ഈ നിരക്ക് യഥാക്രമം 8 ശതമാനവും 15 .7 ശതമാനവും ആണ്. അതുപോലെ യുവജനങ്ങൾക്കിടയിൽ സ്ത്രീ തൊഴിലില്ലായ്മയാണ് പുരുഷ തൊഴിലില്ലായ്മയേക്കാൾ കൂടുതൽ. ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് 44.7 ശതമാനവും, നഗരപ്രദേശങ്ങളിൽ 42.8

ചിത്രം 7.2.3 യൂഷ്വൽ സ്റ്റാറ്റസ് (പി.എസ്+എസ്.എസ്) പ്രകാരം കേരളത്തിലെയും ഇന്ത്യയിലെയും യുവജനങ്ങൾക്കിടയിലെ (15 മുതൽ 29 വയസ്സ് വരെ) തൊഴിലില്ലായ്മാ നിരക്ക് (ശതമാനത്തിൽ)




അവലംബം: പി.എൽ.എഫ്.എസ് റിപ്പോർട്ട്, കേന്ദ്രസർക്കാർ, 2022-23

ശതമാനവും, പുരുഷൻമാരുടെ തൊഴിലില്ലായ്മ യഥാക്രമം 21.7 ശതമാനവും, 19.3 ശതമാനവുമാണ്. **(ചിത്രം 7.2.3).**

കേരളത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ അഭിമുഖീകരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട പരിപാടികളും, തൊഴിലവസരങ്ങൾ വർദ്ധിക്കുന്ന പരിപാടികളും കൂടുതൽ ഫലപ്രദമാക്കേണ്ടതും യുവജനങ്ങളെ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് പ്രാപ്തരാക്കേണ്ടതുമാണ്.


### സംഘടിത മേഖലയിലെ തൊഴിൽ

കേരളത്തിലെ സംഘടിത മേഖലയിൽ, തൊഴിലവസരങ്ങൾ ഏകദേശം നിശ്ചലമായി നിൽക്കുന്ന പ്രവണതയാണ് കാണിക്കുന്നത്. 2013-ൽ കേരളത്തിലെ സംഘടിത മേഖലയിൽ, തൊഴിലവസരങ്ങൾ 10.9 ലക്ഷമായിരുന്നത് 2023 (മാർച്ച് 31, 2023 വരെ) ആയപ്പോഴേക്കും നാമമാത്രമായി വർദ്ധിച്ച് 12.6 ലക്ഷമായി. സ്വകാര്യമേഖലയും, പൊതുമേഖലയും ഉൾക്കൊള്ളുന്നതാണ് കേരളത്തിലെ സംഘടിത മേഖല . 2020 വരെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ സാവധാനത്തിൽ ഉയർന്നിരുന്നു, എന്നാൽ 2021 ലും 2022 ലും ചെറിയ കുറവ് രേഖപ്പെടുത്തി. 2023 ൽ സംഘടിത മേഖലയിലെ തൊഴിലവസരത്തിൽ നേരിയ വർദ്ധനവ് കാണിക്കുന്നു എന്നത് ശ്രദ്ധേയമാണ്. 2023ൽ സംഘടിത മേഖലയിൽ ജോലി ചെയ്യുന്ന 12.6 ലക്ഷം പേരിൽ 5.6 ലക്ഷം (44.5 ശതമാനം) പൊതുമേഖലയിലും 7.0 ലക്ഷം (55.5 ശതമാനം) സ്വകാര്യ മേഖലയിലുമാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് 2016 മുതൽ പൊതുമേഖലയിൽ തൊഴിലവസരത്തിൽ നിശ്ചലാവസ്ഥയാണ് കാണിക്കുന്നത്. സംഘടിത മേഖലയിലെ തൊഴിലവസരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **(അനുബന്ധം 7.2.5, ചിത്രം 7.2.4)** ൽ കാണിച്ചിരിക്കുന്നു.

പൊതുമേഖലയിൽ തൊഴിലെടുക്കുന്നവരിൽ 46.6 ശതമാനം സംസ്ഥാന സർക്കാർ ജീവനക്കാരും, 10.8 ശതമാനം കേന്ദ്ര സർക്കാർ ജീവനക്കാരും, 23.6 ശതമാനം സംസ്ഥാന അർദ്ധ സർക്കാർ ജീവനക്കാരും, 4.5 ശതമാനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും, 14.5 ശതമാനം കേന്ദ്ര അർദ്ധ സർക്കാർ ജീവനക്കാരുമാണ് **(അനുബന്ധം 7.2.6, ചിത്രം 7.2.5).**


2023 മാർച്ചിലെ ജില്ല തിരിച്ചുള്ള തൊഴിലവസരങ്ങളുടെ കണക്കുകൾ സൂചിപ്പിക്കുന്നത് ഏറ്റവും കൂടുതൽ ആളുകൾ തൊഴിലെടുക്കുന്നത് എറണാകുളം ജില്ലയിലും ഏറ്റവും കുറവ് വയനാട് ജില്ലയിലുമാണ്. എറണാകുളം

ചിത്രം 7.2.4 കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ - (ലക്ഷത്തിൽ)




അവലംബം: എംപ്ലോയ്മെന്റ് ഡയറക്റ്ററേറ്റ്, കേരള സർക്കാർ, 2023

ചിത്രം 7.2.5 പൊതുമേഖലയിലെ തൊഴിൽ വിതരണം




അവലംബം: എംപ്ലോയ്മെന്റ് ഡയറക്റ്ററേറ്റ്, കേരള സർക്കാർ, 2023

ജില്ലയിൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നത് 2.7 ലക്ഷം ആളുകളാണ്. ഇത് സംസ്ഥാനത്തെ മൊത്തം തൊഴിലിന്റെ 21.2 ശതമാനം വരും. അതേ സമയം വയനാട് ജില്ലയിൽ സംഘടിത മേഖലയിൽ 35,286 ആളുകളാണ് തൊഴിലെടുക്കുന്നത്. ഇതാകട്ടെ സംസ്ഥാനത്തെ മൊത്തം തൊഴിലിന്റെ 2.8 ശതമാനം മാത്രമേയുള്ളൂ **(അനുബന്ധം 7.2.7)**.

കേരളത്തിൽ പൊതുമേഖലാ ജോലികളിൽ പുരുഷൻമാരാണ് സ്ത്രീകളേക്കാൾ എണ്ണത്തിൽ കൂടുതലുള്ളത്. പൊതുമേഖലയിൽ 2023 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം 3,63,172 പുരുഷന്മാരും 1,94,323 സ്ത്രീകളും ജോലി ചെയ്യുന്നു. എന്നാൽ സ്വകാര്യ മേഖലയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ് ജോലി ചെയ്യുന്നത്. സ്ത്രീകളുടെയും പുരുഷൻമാരുടെയും എണ്ണം യഥാക്രമം 3,54,098, 3,41,195 ആണ്. **(അനുബന്ധം 7.2.5).** 2022-23 ൽ പൊതുമേഖലയിൽ ജോലി ചെയ്യുന്നവരിൽ 65.1 ശതമാനം പുരുഷൻമാരും, 34.9 ശതമാനം സ്ത്രീകളുമാണ്. പൊതുമേഖലയിലെ തൊഴിലിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നത് തിരുവനന്തപുരം ജില്ലയിലും ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ്. തിരുവനന്തപുരം ജില്ലയിൽ പൊതുമേഖലയിൽ 30,677 സ്ത്രീകളാണ് ജോലി ചെയ്യുന്നത്, തൊട്ടു പിന്നിൽ എറണാകുളം (23,086), തൃശ്ശൂർ (21,989), കൊല്ലം (16,985), മലപ്പുറം (14,902), കോഴിക്കോട് (13,595), കണ്ണൂർ (13,537), പാലക്കാട് (13,523), കോട്ടയം (10,584), ആലപ്പുഴ (10,539), എന്നീ ജില്ലകൾ ആണ്. അതേസമയം ഇടുക്കി ജില്ലയിൽ 3,442 സ്ത്രീകൾ മാത്രമാണ് പൊതുമേഖലയിലുള്ളത്. തൊട്ടു പുറകിൽ കാസർഗോഡും (6,522), വയനാടും (6,880), പത്തനംതിട്ടയുമാണ് (8,062) **(അനുബന്ധം 7.2.8)**. പൊതുമേഖലയിലെ സ്ത്രീ പങ്കാളിത്തം **പട്ടിക 7.2.1**–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 7.2.1** പൊതു മേഖല തൊഴിൽ-സ്ത്രീ പങ്കാളിത്തം, 2022-23

| ക്രമ നമ്പർ | വിഭാഗം | തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം | ശതമാനം (%) |
|---|---|---|---|
| 1 | സംസ്ഥാന സർക്കാർ | 105711 | 54.4 |
| 2 | സംസ്ഥാന അർദ്ധ സർക്കാർ | 39182 | 20.2 |
| 3 | കേന്ദ്ര സർക്കാർ | 14751 | 7.6 |
| 4 | കേന്ദ്ര അർദ്ധ സർക്കാർ | 25407 | 13.1 |
| 5 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ | 9272 | 4.8 |
| | ആകെ | 194323 | 100.0 |

അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2023

കേരളത്തിൽ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ മേഖല തിരിച്ചുള്ള കണക്കുകൾ പരിശോധിച്ചാൽ, സേവന മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായും, കാർഷിക മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായും കാണാം. മറ്റ് മേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ കാർഷിക മേഖലയിലെ തൊഴിൽ അവസരങ്ങൾ കുറയുകയും വിദ്യാഭ്യാസ മേഖലയിലേയും ഉൽപ്പന്ന നിർമ്മാണമേഖലയിലേയും തൊഴിൽ അവസരങ്ങൾ ഉയരുന്നതായും കാണാം. **(അനുബന്ധം 7.2.9, ചിത്രം 7.2.6)**.

### അസംഘടിത മേഖലയിലെ തൊഴിൽ

ഇന്ത്യൻ സമ്പദ് ഘടനയിൽ, മൊത്തം ആഭ്യന്തര ഉൽപാദനം, തൊഴിൽ, സമ്പാദ്യം, മൂലധന രൂപീകരണം എന്നിവയിലേക്കുള്ള സംഭാവന കണക്കിലെടുക്കുമ്പോൾ, അസംഘടിത തൊഴിൽ മേഖല നിർണ്ണായകമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. രാജ്യത്തും സംസ്ഥാനത്തും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വലിയൊരു വിഭാഗം തൊഴിലാളികൾ അസംഘടിത മേഖലയിലാണ് തൊഴിലിലേർപ്പെട്ടിരിക്കുന്നത്.


അസംഘടിത മേഖലയിലെ തൊഴിലാളികളിൽ തൊഴിൽ സുരക്ഷിതത്വകുറവ്, സാമൂഹ്യ പരിരക്ഷയില്ലായ്മ, തൊഴിലിൽ ഉയർച്ചയ്ക്കുള്ള സാധ്യതക്കുറവ്, ശമ്പളത്തോടെയുള്ള അവധി ദിനങ്ങൾ ഇല്ലാത്ത അവസ്ഥ എന്നിവ കണ്ടുവരുന്നു. അസംഘടിത മേഖലയിലെ ദുരിത സാഹചര്യങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേരള സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത് എംപ്ളോയ്മെൻറ് ഡയറക്റ്ററേറ്റിനെയാണ്. അടുത്ത കാലത്തായി, കേരള സർക്കാർ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും സേവനങ്ങളും രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സജീവ രജിസ്റ്ററുകളിലെ കണക്കുകളനുസരിച്ച് തൊഴിലന്വേഷകരുടെ എണ്ണം 2015 ഡിസംബർ 31 ന 34.9 ലക്ഷം ആയിരുന്നത് 28.4 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. 2023 ജൂലൈ വരെയുള്ള തൊഴിലന്വേഷകരുടെ എണ്ണം 28.6 ലക്ഷമാണ്. തൊഴിലന്വേഷകരുടെ വർഷം തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 7.2.10**-ലും **ചിത്രം 7.2.7**-ലും കാണിച്ചിരിക്കുന്നു.

അഖിലേന്ത്യാ തലത്തിലെ സാഹചര്യത്തിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സജീവ രജിസ്റ്ററുകളിലെ തൊഴിലന്വേഷകരിൽ ഭൂരിഭാഗവും സ്ത്രീകളാണുള്ളത്. (2023 ജൂലൈ 31 വരെ) ആകെയുള്ള തൊഴിലന്വേഷകരിൽ 63.86 ശതമാനവും സ്ത്രീകളാണ്. തൊഴിലന്വേഷകരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് എസ്.എസ്.എൽ.സി.ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ 6.5 ശതമാനം മാത്രമേയുള്ളൂ എന്നാണ്. ഏകദേശം 93.5 ശതമാനം തൊഴിലന്വേഷകരും എസ്.എസ്.

**ചിത്രം 7.2.6** സംഘടിത മേഖലയിലെ പ്രധാനപ്പെട്ട തൊഴിൽ വിതരണം – മാർച്ച് 2023 (ശതമാനത്തിൽ)




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2023

എൽ.സി യും അതിനു മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. കേരളത്തിലെ തൊഴിലന്വേഷകരുടെ വിദ്യാഭ്യാസ നിലവാരമനുസരിച്ചുള്ള വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു. **(അനുബന്ധം 7.2.11, (ചിത്രം 7.2.8)**


2023 ജൂലൈ 31 ലെ കണക്കനുസരിച്ച് പ്രൊഫഷണലും സാങ്കേതിക യോഗ്യതയുള്ള തൊഴിലന്വേഷകർ 2.5 ലക്ഷമാണ്. ഇതിൽ 63.7 ശതമാനവും ഐ.ടി.ഐ. സർട്ടിഫിക്കറ്റ്, ഡിപ്ലോമ, എഞ്ചിനീയറിംഗ് എന്നീ യോഗ്യതയുള്ളവരാണ്. ഇതിൽ രജിസ്റ്റർ ചെയ്ത 45,932 എഞ്ചിനീയറിംഗ് ബിരുദധാരികളായ തൊഴിലന്വേഷകരും, 8,308 മെഡിക്കൽ ബിരുദധാരികളായ തൊഴിലന്വേഷകരുമാണ്. കൂടാതെ 1,81,757 മറ്റ് പ്രൊഫഷണൽ ഉദ്യോഗാർത്ഥികളുമുണ്ട് (ബിരുദാനന്തര

**ചിത്രം 7.2.7** കേരളത്തിലെ തൊഴിലന്വേഷകർ 2022-23 (എണ്ണം ലക്ഷത്തിൽ)




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2023

**ചിത്രം 7.2.8** വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകർ




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2023

ബിരുദം രണ്ടാം ക്ലാസും അതിനുമുകളിലുള്ളവരും, LLB, Ph.D, മുതലായവ). കേരളത്തിലെ തൊഴിലന്വേഷകരുടെ വിദ്യാഭ്യാസ തലത്തിലുള്ള വിതരണം **(അനുബന്ധം 7.2.12)** ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. കേരളത്തിലെ തൊഴിലന്വേഷകരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 7.2.9** ൽ കാണിച്ചിരിക്കുന്നു. **(അനുബന്ധം 7.2.12).** തൊഴിലന്വേഷകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **ചിത്രം 7.2.9**-ൽ നൽകിയിട്ടുണ്ട്.

2023 ജൂലൈ 31 വരെയുള്ള കണക്കുകൾ പ്രകാരം പൊതു വിഭാഗത്തിലെയും, പ്രൊഫഷണൽ/ സാങ്കേതിക വിഭാഗത്തിലെയും തൊഴിലന്വേഷകരുടെ എണ്ണത്തിൽ തിരുവനന്തപുരം ജില്ല ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. ജില്ലയിൽ ആകെ 4.6 ലക്ഷം തൊഴിലന്വേഷകരുള്ളതിൽ 3.0 ലക്ഷം പേർ സ്ത്രീകളും 1.6 ലക്ഷം പേർ പുരുഷന്മാരുമാണ്. തൊഴിലന്വേഷകരുടെ എണ്ണത്തിൽ രണ്ടാം സ്ഥാനത്തുള്ളത് കൊല്ലം ജില്ലയാണ്. ഇവിടെ 3.3 ലക്ഷം തൊഴിലന്വേഷകരാണുള്ളത്. ഏറ്റവും കുറവ് തൊഴിലന്വേഷകരുള്ളത് കാസർഗോഡ് ജില്ലയിലാണ് 0.8 ലക്ഷം. തൊഴിൽ അന്വേഷകരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **(അനുബന്ധം 7 .2 .13)** ൽ പ്രതിപാദിച്ചിരിക്കുന്നു.

### കൈവല്യ

2016-ൽ കേരള സർക്കാരിന്റെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ഭിന്നശേഷിക്കാരായ പൗരന്മാരുടെ സാമൂഹ്യ ഉൾപ്പെടുത്തൽ, അവസര തുല്യത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ആരംഭിച്ച സമഗ്ര പദ്ധതിയാണ് കൈവല്യ. ഭിന്ന ശേഷിക്കാരുടെ പൂർണ്ണമായ പങ്കാളിത്തവും ഏകീകരണവും സാധ്യമാകത്തക്ക രീതിയിൽ ഭൗതിക സാമൂഹിക സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. 'കൈവല്യ' പദ്ധതിയിൽ താഴെ പറയുന്ന 4 ഘടകങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു;

- വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്
- കാര്യക്ഷമത വർധിപ്പിക്കൽ
- മത്സര പരീക്ഷകൾക്കായുള്ള പരിശീലനം
- സ്വയം തൊഴിൽ ഉദ്യമങ്ങൾക്ക് പലിശരഹിത വായ്പ


മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2022-ൽ 368.00 ലക്ഷം രൂപ ചെലവഴിക്കുകയും 736 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു . 2023-24ൽ (ജൂലൈ 31, 2023 വരെ) 20.60 ലക്ഷം രൂപ വിതരണം ചെയ്തു. കൈവല്യപദ്ധതിയിലൂടെ വിതരണം ചെയ്ത തുകയുടെയും ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ **(അനുബന്ധം 7.2.14)** ൽ നൽകിയിരിക്കുന്നു.

### സ്വയം തൊഴിൽ പദ്ധതികൾ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന കേരളത്തിൽ 3 സ്വയം തൊഴിൽ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.

- **കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്റ്റേർഡ് അൺ എംപ്ലോയിഡ് (കെഇഎസ്ആർയു):** "കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്" (കെ.ഇ.എസ്.ആർ.യു) എന്ന സ്വയം തൊഴിൽ പരിപാടി 1999 മുതൽ നടപ്പാക്കിവരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 21 നും 50 നും ഇടയിൽ പ്രായമുള്ളവരും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളതുമായ തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ പരിപാടി. ഐറ്റിഐ/ ഐറ്റിസി സർട്ടിഫിക്കറ്റുള്ളവർ, പ്രൊഫഷണൽ/ സാങ്കേതിക യോഗ്യതയുള്ളവർ, ബിരുദധാരികളായ വനിതകൾ, തൊഴിലില്ലായ്മ വേതന പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർക്ക് പ്രത്യേക മുൻഗണന നൽകുന്നു. ഈ പരിപാടി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 20 ശതമാനം സബ്സിഡിയോടെ ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ നൽകുന്നു. 2022-23 ൽ 137.0 ലക്ഷം രൂപ ഈ പദ്ധതിക്കായി അനുവദിച്ചതിൽ, 74.20 ലക്ഷം രൂപ 417 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.
- **മൾട്ടി പർപ്പസ് സർവ്വീസ് സെന്റർ/ ജോബ് ക്ലബുകൾ (എം.പി.എസ്.സി./ജെ.സി.):** അസംഘടിതമേഖലയിൽ സംരംഭങ്ങളുടെ വികസനത്തിനായുള്ള ഒരു ഗ്രൂപ്പ് അധിഷ്ഠിത സ്വയം തൊഴിൽ പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള 21-45 പ്രായവിഭാഗത്തിൽപ്പെടുന്ന 2 മുതൽ 5 അംഗങ്ങൾ വരെയുള്ള തൊഴിൽരഹിതർ ചേർന്ന് സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 25 ശതമാനം, സബ്സിഡിയോടെ (പരമാവധി 2 ലക്ഷം രൂപ) 10 ലക്ഷം രൂപ വരെ ബാങ്ക് വായ്പ നൽകുന്നു. ഈ പദ്ധതി ക്രെഡിറ്റ് ഗ്യാരന്റി സ്കീമിൽ ലയിപ്പിച്ചിട്ടുണ്ട്. 2022-23-ൽ 101 ജോബ് ക്ലബുകൾക്കായി 76.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- **ശരണ്യ:** വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, 30 വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾ, വിവാഹബന്ധം വേർപ്പെടുത്തിയവർ, പട്ടികവർഗ്ഗക്കാരിലെ അവിവാഹിതരായ അമ്മമാർ, ശാരീരിക വൈകല്യമുള്ള സ്ത്രീകൾ, കിടപ്പിലായ വ്യക്തിയുടെ ഭാര്യ എന്നിങ്ങനെയുള്ള അശരണരായ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഒരു പരിപാടിയാണ് "എംപ്ലോയ്മെന്റ് സ്കീം ഫോർ ദി ഡെസ്റ്റിറ്റ്യൂട്ട് വിമൻ (ശരണ്യ). ഈ പരിപാടി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50 ശതമാനം സബ്സിഡിയോടെ 50,000 രൂപവരെ പലിശ രഹിത ബാങ്ക് വായ്പ നൽകുന്നു. ഈ

**ചിത്രം 7.2.9** വനിത, പുരുഷ തൊഴിലന്വേഷകരുടെ ജില്ലതിരിച്ചുള്ള കണക്കുകൾ, 2023 (ലക്ഷത്തിൽ)




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2023

പദ്ധതിയ്ക്ക് 2022-23 ൽ അനുവദിച്ച 1,900.00 ലക്ഷം രൂപയിൽ 1,329.85 ലക്ഷം രൂപ 2,995 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.

### മോഡൽ കരിയർ സെന്റർ

കേന്ദ്ര ലേബർ & എംപ്ലോയ്മെന്റ് മന്ത്രാലയത്തിന് കീഴിലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്, കേരള സർക്കാരിന്റെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് മോഡൽ കരിയർ സെന്റർ നടപ്പിലാക്കുന്നത്. തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിലാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. ഉദ്യോഗാർത്ഥികളായ യുവാക്കൾക്ക് അവരുടെ യോഗ്യതയ്ക്കും നൈപുണ്യത്തിനും അനുസൃതമായി അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ ഒരു ഏകജാലക സഹായ കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് ഈ സെന്റർ കൊണ്ട് ലക്ഷ്യമിടുന്നത്. വ്യവസായങ്ങളുടെ സഹകാരിയാക്കുക, കാന്റിഡേറ്റ് എൻഗേജ്മെന്റ്, തൊഴിലും & നൈപുണ്യവും മാപ്പിങ്, പ്ലേയ്സ്മെന്റ്/തൊഴിൽ മേളകൾ സംഘടിപ്പിക്കുക എന്നിവ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങളാണ്.

### നവജീവൻ പദ്ധതി

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-നും 65-നും ഇടയിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് അനുയോജ്യമായ ഉപജീവന മാർഗ്ഗം നൽകിക്കൊണ്ട് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് നവജീവൻ പദ്ധതി. അപേക്ഷകന്റെ വാർഷിക വരുമാനം ഒരു ലക്ഷത്തിന് മുകളിൽ ആയിരിക്കരുത്. കൊളാറ്ററൽ സെക്യൂരിറ്റിയുടെ ആവശ്യമില്ല. അനുവദിച്ച വായ്പയുടെ പരമാവധി തുക 50,000/- രൂപ ആയി നിജപ്പെടുത്തിയിരിക്കുന്നു, അതിൽ വായ്പയുടെ 25% (പരമാവധി 12,500/- രൂപ) സബ്സിഡിയാണ്. 75% വരെ ബാങ്ക് വായ്പ അനുവദിക്കും. 2022-23ൽ അനുവദിച്ച 40.00 ലക്ഷം രൂപ 329 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചു.

### സമന്വയ

സംസ്ഥാനത്തുടനീളമുള്ള പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായുള്ള സമഗ്രമായ കരിയർ, എംപ്ലോയബിലിറ്റി വികസന പരിപാടിയാണ് ഈ പദ്ധതി. മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ്, നൈപുണ്യ വികസനം, സ്വയം തൊഴിലിനുള്ള പിന്തുണ, ഇന്റർവ്യൂ, ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയ്ക്കുള്ള പ്രായോഗിക പരിശീലനം, കൂടാതെ മത്സര പരീക്ഷകൾക്കുള്ള ഓൺലൈൻ രജിസ്ട്രേഷനുള്ള സഹായം, സംരംഭകത്വ വികസനം, കരിയർ ഗൈഡൻസ്, ഡെവലപ്മെന്റ് തുടങ്ങിയ വൈവിധ്യമാർന്ന സേവനങ്ങൾ ഈ പദ്ധതിയിലൂടെ പ്രദാനം ചെയ്യുന്നു.

### നിയുക്തി മെഗാ തൊഴിൽ മേള

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് ഡിപ്പാർട്ട്മെന്റ് 2015 മുതൽ കേരളത്തിലുടനീളം 'നിയുക്തി' എന്ന പേരിൽ മെഗാ തൊഴിൽ മേളകൾ നടത്തിവരുന്നു. സാധ്യതയുള്ള തൊഴിലന്വേഷകർക്ക് തൊഴിൽദാതാക്കളുടെ കീഴിൽ അനുയോജ്യമായ ജോലി കണ്ടെത്തുന്നതിനുള്ള ഒരു വേദിയായി നിയുക്തി പ്രവർത്തിക്കുന്നു. 2022-23 കാലയളവിൽ മൂന്ന് തൊഴിൽ മേളകൾ നടത്തി.


### തൊഴിലില്ലായ്മ വേതനം

കേരള സർക്കാർ 1982-ലാണ് തൊഴിലില്ലായ്മ വേതന പരിപാടി ആരംഭിച്ചത്. ഈ പരിപാടി പ്രകാരം 18 വയസ് പൂർത്തിയായതും മൂന്ന് വർഷമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തതുമായ (വികലാംഗർക്ക് ഇത് രണ്ട് വർഷം) എസ്.എസ്.എൽ.സി വിജയിച്ച (വികലാംഗരായ എസ്സി/എസ്സ്.റ്റി ഉദ്യോഗാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഹാജരായാൽ മതി) കുടുംബ വാർഷിക വരുമാനം 12,000 രൂപയിൽ താഴെയും വ്യക്തിഗത വരുമാനം പ്രതിമാസം 100 രൂപയിൽ താഴെയും ഉള്ള തൊഴിൽരഹിതരായ യുവാക്കൾക്ക് 35 വയസ്സ് വരെ പ്രതിമാസം 120 രൂപ തൊഴിലില്ലായ്മ വേതനമായി നൽകി വരുന്നു. കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും നിലവിൽ വന്നതോടെ ഈ പരിപാടിയുടെ നടത്തിപ്പ് ചുമതല 1998 മുതൽ ഗ്രാമ,നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. അർഹരായ അപേക്ഷകർക്ക് അവരുടെ അപേക്ഷ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി തീരുമാനമെടുക്കുന്നതാണ്. 2022-ൽ 21,985 ഗുണഭോക്താക്കൾക്കായി 157.27 ലക്ഷം രൂപ തൊഴിലില്ലായ്മ വേതനമായും, 5,251 ഗുണഭോക്താക്കൾക്കായി 2,454.25 ലക്ഷം രൂപ സ്വയം തൊഴിൽ സഹായവും വിതരണം ചെയ്തു. നടപ്പു സാമ്പത്തിക വർഷം, 2023 ൽ (2023 ആഗസ്റ്റ് 31 വരെ) 4,289 ഗുണഭോക്താക്കൾക്കായി 30.53 ലക്ഷം രൂപ തൊഴിലില്ലായ്മാ വേതനമായും, 1,695 ഗുണഭോക്താക്കൾക്കായി 732.82 ലക്ഷം രൂപ സ്വയം തൊഴിൽ സഹായമായും വിതരണം ചെയ്തിട്ടുണ്ട് . തൊഴിലില്ലായ്മ വേതനം ലഭിച്ച ഗുണഭോക്താക്കളുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ **(അനുബന്ധം 7.2.15)** ൽ ചേർത്തിരിക്കുന്നു.

### കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള പ്ലെയ്സ്മെന്റ് 2010 മുതൽ ഏറ്റക്കുറച്ചിലുകളുള്ള പ്രവണതയാണ് കാണിക്കുന്നത്. 2022 ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനെ 14,432 പേർക്ക് തൊഴിൽ ലഭിച്ചു. ഇതേ സമയം 2021 ൽ 10,705 പേർക്ക് ആണ് തൊഴിൽ ലഭിച്ചിരുന്നത്. 2010 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനെ തൊഴിൽ ലഭിച്ചവരുടെ വിശദാംശങ്ങൾ **(അനുബന്ധം 7.2.16, ചിത്രം 7.2.10)** ൽ -ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 7.2.10** കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ




അവലംബം: എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, കേരള സർക്കാർ, 2023

# 7.3 നൈപുണ്യ വികസനം

തൊഴിലവസരങ്ങൾ, ഉൽപ്പാദനക്ഷമത, സുസ്ഥിരമായ സംരംഭകത്വ വികസനം, സമഗ്രമായ വളർച്ച എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെ ദാരിദ്ര്യം കുറയ്ക്കുന്നതിനുള്ള ഒരു പ്രധാന ചാലകമാണ് നൈപുണ്യ വികസനം. സമീപകാലത്ത്, വികസിത രാജ്യങ്ങളും, വികസ്വര രാജ്യങ്ങളും നൈപുണ്യ വികസന കാഴ്ചപ്പാടിന് മുൻഗണന നൽകിയിട്ടുണ്ട്. ശരിയായ വൈദഗ്ധ്യവും അറിവും ഉള്ള വ്യക്തികൾക്ക് തൊഴിൽ കണ്ടെത്താനുള്ള സാധ്യത കൂടുതലായതിനാൽ, തൊഴിലില്ലായ്മ കുറയ്ക്കുന്നതിലും വരുമാനം ഉയർത്തുന്നതിലും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും നൈപുണ്യ വികസനം അനുകൂല ഫലങ്ങൾ ഉണ്ടാക്കും.

ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക വളർച്ചയുടെയും സാമൂഹിക വികസനത്തിന്റെയും ചാലകശക്തികളാണ് നൈപുണ്യങ്ങളും, അറിവും. നല്ല പരിശീലനം ലഭിച്ച, വിദഗ്ധ തൊഴിലാളികളുടെ കടുത്ത ക്ഷാമമാണ് ഇന്ത്യ ഇപ്പോൾ നേരിടുന്നത്. അതിനാൽ, തൊഴിലുടമകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സാമ്പത്തിക വളർച്ചയെ നയിക്കുന്നതിനുമുള്ള നൈപുണ്യ പരിശീലന ശ്രമങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

ലോകത്തിൽ ഏറ്റവും പ്രായം കുറഞ്ഞ ആളുകളുള്ള രാഷ്ട്രങ്ങളിലൊന്നാണ് ഇന്ത്യ, മൊത്തം ജനസംഖ്യയുടെ 54 ശതമാനത്തിലധികം 25 വയസ്സിന് താഴെയുള്ളവരും ജനസംഖ്യയുടെ 62 ശതമാനത്തിലധികം (15-59 വയസ്സ്) പ്രായമുള്ളവരുമാണ്. രാജ്യത്തെ ജനസംഖ്യാ പിരമിഡ് അടുത്ത ദശകത്തിൽ 15-59 പ്രായ വിഭാഗങ്ങളിൽ വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ദേശീയ നൈപുണ്യ വികസന മിഷൻ (NSDM)**

2015 ജൂലൈ 15-ന് ലോക യുവജന നൈപുണ്യ ദിനത്തോടനുബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ദേശീയ നൈപുണ്യ വികസന മിഷൻ (എൻഎസ്ഡിഎം) ആരംഭിച്ചു. ദേശീയ നൈപുണ്യ നയത്തിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾക്കായി രാജ്യത്തെ എല്ലാ നൈപുണ്യ ശ്രമങ്ങളും നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമാണ് ദേശീയ നൈപുണ്യ വികസന മിഷൻ ആരംഭിച്ചത്. ഉന്നത അധികാരമുള്ള തീരുമാനമെടുക്കൽ ചട്ടക്കൂടിലൂടെ സംയോജനം സാധ്യമാക്കാനും, അന്തർ-മേഖല തീരുമാനങ്ങൾ വേഗത്തിലാക്കാനും ഇത് ലക്ഷ്യമിടുന്നു. ഇത് പാൻ-ഇന്ത്യ അടിസ്ഥാനത്തിൽ നൈപുണ്യ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. മിഷന് ഒരു ത്രിതല സ്ഥാപന ഘടനയാണ് നിലവിലുള്ളത്; നയപരമായ നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക, മൊത്തത്തിലുള്ള പുരോഗതി, മിഷൻ ലക്ഷ്യങ്ങൾക്ക് അനുസൃതമായി യഥാർത്ഥ നടപ്പാക്കൽ എന്നിവ അവലോകനം ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യുന്നതാണ് മിഷന്റെ പ്രവർത്തനങ്ങൾ.

[1]National Skill Development Mission - Ministry of Skill Development and Entrepreneurship, GoI; also see Mehrotra S, Kalaiyarasan A, Neha Kumra and Ravi Raman (2015), Vocational training in India and the duality principle: A case for evidence-based reform, Prospects 45 (2): 259-73

[2]National Policy for Skill Development and Entrepreneurship, Ministry of Skill Development and Entrepreneurship, GoI-2015

നൈപുണ്യ വികസനം മാത്രമല്ല അതോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക കൂടി വേണ്ടതുണ്ട്. അതിനാൽ, ഗവൺമെന്റിന് വേണ്ടത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയും ഉണ്ട്, അത് പൂർത്തീകരിക്കാൻ കേവലം മൂലധനമോ സാങ്കേതികവിദ്യയോ അടിസ്ഥാനമാക്കിയുള്ള തൊഴിൽ മാത്രമല്ല തൊഴിലാളി കേന്ദ്രീകൃത സ്വഭാവമുള്ള വ്യവസായങ്ങളിൽ കൂടി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

**ഇന്ത്യയിലെ നൈപുണ്യത്തിലും സംരംഭകത്വത്തിലും ഉള്ള വെല്ലുവിളികൾ**

ഉയർന്ന മികവിലും, മികച്ച നിലവാരത്തിലുള്ള നൈപുണ്യവുമുള്ള രാജ്യങ്ങൾ ആഭ്യന്തര, അന്തർദേശീയ തൊഴിൽ വിപണികളിലെ വെല്ലുവിളികളോടും അവസരങ്ങളോടും കൂടുതൽ ഫലപ്രദമായി യോജിച്ചു പോകുന്നു. NSSO, 2020-21 (78-ആം റൗണ്ട്) റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ മൾട്ടിപ്പിൾ ഇൻഡിക്കേറ്റർ സർവേയിൽ, ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസത്തിലും പരിശീലനത്തിലും കഴിഞ്ഞ 12 മാസങ്ങളിൽ 15-35 വയസ്സ് പ്രായമുള്ള വ്യക്തികളുടെ ശതമാനം അഖിലേന്ത്യാ തലത്തിൽ ഗ്രാമങ്ങളിലും നഗരങ്ങളിലും യഥാക്രമം 25.6 ശതമാനവും 29.6 ശതമാനവുമാണ്. നന്നായി പരിശീലിനം ലഭിച്ചവരും വൈദഗ്ധ്യമുള്ളവരുമായ തൊഴിലാളികളുടെ രൂക്ഷമായ ക്ഷാമമാണ് ഇന്ത്യ ഇപ്പോൾ നേരിടുന്നത്. പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2022-23 പ്രകാരം, 4.4 ശതമാനം പേർ (പ്രായം 15-59), (നഗര ഗ്രാമീണ, സ്ത്രീ- പുരുഷ) ഔപചാരിക തൊഴിൽ/ സാങ്കേതിക പരിശീലനം നേടിയിട്ടുണ്ട്. നമ്മുടെ രാജ്യത്തെ നൈപുണ്യ വികസനത്തിന്റെ ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന്, (പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2022-23 പ്രകാരം) 74.3 ശതമാനം തൊഴിലാളികളും അനൗപചാരിക/അസംഘടിത മേഖലയിൽ ഏർപ്പെട്ടിരിക്കുന്നു എന്നതാണ്. തൽഫലമായി, അസംഘടിത മേഖലയിൽ നിലവിലുള്ള കഴിവുകൾ അടയാളപ്പെടുത്താനും മേഖലയിലെ നൈപുണ്യ ആവശ്യകത അളക്കാനും പ്രയാസമാണ്.

ജനസംഖ്യാപരമായ വിഹിതത്തിന്റെ പകുതിയോളം സ്ത്രീകളാണ്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന രാജ്യത്തിന്റെ തൊഴിൽ ശക്തിയിൽ അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്നതാണ് ഇവിടെ പ്രധാന വെല്ലുവിളി. പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (സാധാരണ നില) 2022-23 റിപ്പോർട്ട് അനുസരിച്ച്, ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 30.5 ശതമാനവും നഗരപ്രദേശങ്ങളിൽ 20.2 ശതമാനവുമാണ്. കേരളത്തിൽ ഇത് യഥാക്രമം 34.1 ശതമാനവും 28 ശതമാനവുമാണ്.

**കേരളത്തിലെ നൈപുണ്യ വികസന മുന്നേറ്റങ്ങൾ**

വേഗമേറിയതും സുസ്ഥിരവും സമഗ്രവുമായ വളർച്ച കൈവരിക്കുന്നതിനും കേരളത്തിലെ യുവജനങ്ങൾക്ക് മാന്യമായ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും നൈപുണ്യ വികസനം നിർണായകമാണ്. ഉയർന്ന സാമൂഹികവും മാനുഷികവുമായ സൂചകങ്ങൾ കണക്കിലെടുക്കുമ്പോൾ, രാജ്യത്തിന്റെ വളരുന്ന സമ്പദ്‌വ്യവസ്ഥയ്ക്ക് മാത്രമല്ല, ലോകത്തിന്റെ മറ്റ് ഭാഗങ്ങൾക്കും സാങ്കേതികമായി പരിശീലനം ലഭിച്ച തൊഴിലാളികളുടെ ആവശ്യകതകൾക്ക് ഉതകുന്ന തരത്തിലുള്ള തൊഴിലാളികളെ നൽകാൻ കേരളത്തിന് കഴിയും.

2011 ലെ സെൻസസ് പ്രകാരം, രാജ്യത്തെ ഏറ്റവും സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം, ഇന്ത്യയിലെ ശരാശരി 74.0 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സാക്ഷരത 94 ശതമാനമാണ്. കേരളത്തിലെ പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 96.1 ശതമാനവും സ്ത്രീ സാക്ഷരതാ നിരക്ക് 92.1 ശതമാനവുമാണ്. ഇതിൽ 94.9 ശതമാനം നഗര സാക്ഷരതയും 92.9 ശതമാനം ഗ്രാമീണ സാക്ഷരതാ നിരക്കുമാണ് ഉള്ളത്. നഗര, ഗ്രാമ പ്രദേശങ്ങളിലെ സാക്ഷരതാ നിരക്കുകൾ തമ്മിൽ വലിയ വ്യത്യാസം ഇല്ല. എന്നിരുന്നാലും, ആഭ്യന്തരവും അന്തർദേശീയവുമായ തൊഴിൽ വിപണികൾക്ക് അനുയോജ്യമായ നൈപുണ്യത്തിന്റെ കാര്യത്തിൽ കേരളത്തിൽ വലിയ വിടവുണ്ട്.

മെച്ചപ്പെട്ട ഉൽപ്പാദനക്ഷമതയ്ക്കും സാമ്പത്തിക വളർച്ചയ്ക്കും വേണ്ടി തൊഴിൽ സേനയുടെ കാര്യക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനുള്ള നിർണായക ഘടകമാണ് നൈപുണ്യ വികസനം. വിവിധ വകുപ്പുകളുടെ നൈപുണ്യ പ്രവർത്തനങ്ങളുടെ ആവർത്തനം ഒഴിവാക്കാനും ഇടപെടലുകളിലുടനീളം സമന്വയം കൊണ്ടുവരാനും സഹായിക്കും. ഇക്കാര്യത്തിൽ, നൈപുണ്യ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു പാൻ ഇന്ത്യ വീക്ഷണത്തോടെ, സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (സിമോ)/ സ്കിൽസ് അക്വിസിഷൻ ആൻഡ് നോളജ് അവയർനസ് ഫോർ ലൈവ് ലിഹുഡ് പ്രൊമോഷൻ (സങ്കൽപ്) സ്കീം ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്.

ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ സ്ഥാപനപരമായ ശാക്തീകരണത്തിനായി, തൊഴിൽ നൈപുണ്യ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്)നെ സംസ്ഥാന നൈപുണ്യ വികസന മിഷൻ (എസ്.എസ്ഡി. എം) ആയി നിയമിച്ചിട്ടുണ്ട്. ഈ മിഷൻ നൈപുണ്യ സംരംഭങ്ങളെ, നിരീക്ഷിക്കുകയും, ഏകോപിപ്പിക്കുകയും, വിലയിരുത്തുകയും, നയിക്കുകയും ചെയ്യുന്നു. കൂടാതെ മിഷൻ സംസ്ഥാനത്തെ എല്ലാ നൈപുണ്യ വികസന പ്രവർത്തനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നു.

**വിവിധ വകുപ്പുകൾ മുഖേനയുള്ള നൈപുണ്യ പരിശീലന പരിപാടികൾ**

**1. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) കേരളം:** കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്ഥിതി ചെയ്യുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്), വിദ്യാർത്ഥികൾക്കും

പൊതുജനങ്ങൾക്കും അവരുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിന് വ്യവസായവുമായി ബന്ധപ്പെട്ട നൈപുണികൾ പ്രദാനം ചെയ്യുന്നു. സ്കൂളുകളിലും കോളേജുകളിലും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലും ഓൺലൈനായും നേരിട്ടും നൈപുണ്യ പരിശീലനം നൽകുന്നു.

- എ) കെ-നൈപുണ്യ പരിശീലന ക്യാമ്പയിൻ: 2022-23 വർഷത്തേക്കുള്ള ASAP കേരളയുടെ K-Skill കാമ്പെയ്ൻ 2022 മാർച്ചിൽ ആരംഭിച്ചു. ഇത് 4 തരത്തിൽ 3 മാസത്തേക്ക് ഉള്ള പരിപാടിയായിരുന്നു, 2023 ഫെബ്രുവരിയിൽ അവസാനിച്ചു. 3965 കുട്ടികളുമായി 104 ബാച്ചുകൾ രൂപീകരിക്കുകയും, 1409 വിദ്യാർത്ഥികൾ 38 കോഴ്സുകൾ പൂർത്തിയാക്കി, ശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 2023 ഡിസംബറോടെ പരിശീലനം നൽകുകയും ചെയ്യും.
- ബി) പട്ടികവർഗ വികസന വകുപ്പുമായി ചേർന്ന് മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് അടിസ്ഥാന ഇംഗ്ലീഷ് നൈപുണ്യ പരിശീലനം: കമ്മ്യൂണിറ്റിയുടെ അടിസ്ഥാന ആശയവിനിമയ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പട്ടികവർഗ (എസ്.ടി) വികസന വകുപ്പിന്റെ ശ്രമത്തിന്റെ ഭാഗമായി മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് അടിസ്ഥാന ഇംഗ്ലീഷ് വിഭാഗത്തിൽ പരിശീലനം നൽകുന്നു. 2022 ഡിസംബറിൽ പ്രോഗ്രാം ആരംഭിച്ചു, നിലവിൽ 2016 വിദ്യാർത്ഥികൾ കോഴ്സിൽ ചേർന്നിട്ടുണ്ട്. 194 വിദ്യാർത്ഥികൾ പരിശീലനം നൽകി.
- സി) വ്യവസായ, വാണിജ്യ ഡയറക്ടറേറ്റുമായി സഹകരിച്ച് സംരംഭകത്വ തല്പരർക്ക് നൈപുണ്യ പരിശീലനം: ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സിന്റെ ധനസഹായത്തോടെ ഡിസൈൻ, ഇലക്ട്രോണിക്സ്, ഫുഡ് പ്രോസസിംഗ്, ബ്യൂട്ടി ആൻഡ് വെൽനസ്, മീഡിയ, ബി.എഫ്.എസ്.ഐ എന്നീ തിരഞ്ഞെടുത്ത മേഖലകളിൽ 560 സംരംഭകത്വ തല്പരർക്ക് അസാപ് കേരള നൈപുണ്യ പരിശീലനം പൂർത്തിയാക്കി.
- ഡി) വാഷ് (WASH) ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ടെക്നീഷ്യൻ കോഴ്സ്: ഈ മേഖലയിലെ കഴിവുകൾ വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ള ഹരിത തൊഴിൽ മേഖലയിലെ 'വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ടെക്നീഷ്യൻ' എന്ന ജോലിക്കായി ഉദ്യോഗാർത്ഥികൾക്ക് വൈദഗ്ധ്യം നൽകുന്നതിനായി വാഷ് (WASH) ഇൻസ്റ്റിറ്റ്യൂട്ട് അസാപ് (ASAP) കേരളയുമായി കൈകൊർത്തിരിക്കുന്നു. മൊത്തം 20 ഉദ്യോഗാർത്ഥികളുടെ പരിശീലനവും മൂല്യനിർണയവും സർട്ടിഫിക്കേഷനും പൂർത്തിയാക്കി.

**2. പട്ടികവർഗ വികസന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടികൾ**

പട്ടികവർഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മയുടെ തീവ്രത കുറയ്ക്കുന്നതിന്, ആധുനിക നൈപുണ്യ മേഖലകളിൽ നൈപുണ്യ പരിശീലനം നൽകി പട്ടിക വർഗ്ഗ കുടുംബങ്ങളെ സഹായിക്കാനും വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായം നൽകി ഉപജീവനമാർഗം കണ്ടെത്താനും വകുപ്പ് ഉദ്ദേശിക്കുന്നു. പട്ടികവർഗക്കാരുടെ ഉപജീവന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിവിധ നൈപുണ്യ പരിശീലന പരിപാടികളും കരിയർ ഗൈഡൻസ് ക്യാമ്പുകളും സംഘടിപ്പിച്ചു. കഴിഞ്ഞ 5 വർഷമായി പട്ടികവർഗ യുവാക്കൾക്കായി പ്രാബല്യത്തിൽ വന്ന നൈപുണ്യ പരിശീലനത്തിന്റെയും പ്ലെയ്സ്മെന്റിന്റെയും വിശദാംശങ്ങൾ **പട്ടിക 7.3.1**-ൽ പരാമർശിച്ചിരിക്കുന്നു.

കഴിഞ്ഞ 5 വർഷത്തിനിടെ വകുപ്പ് 23 നൈപുണ്യ പരിശീലന കോഴ്സുകൾ നടത്തി, ഇതിൽ 4217 പേർ പങ്കെടുത്തു. ഇതിന്റെ ഫലമായി 1870 ഉദ്യോഗാർത്ഥികൾക്ക് ഇന്ത്യയിലും, 21 പേർക്ക് വിദേശത്തും ജോലി ലഭിക്കുകയും ചെയ്തു.

**3. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള നൈപുണ്യ പരിശീലന പരിപാടികൾ**

ദുർബല വിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷിതത്വം നൽകുന്നതിന് മാനവ വിഭവശേഷി വികസന പരിശീലനവും തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും ഉൾപ്പെടെ വിവിധ തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കി വരുന്നു. മറ്റ് ഏജൻസികളുമായി സഹകരിച്ച് ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യങ്ങൾ നൽകുന്നതിനു പുറമേ, ഒരു ചെറുകിട സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് അതിനുതകുന്ന നൈപുണ്യ പരിശീലനവും നൽകുന്നു. നൈപുണ്യ പരിശീലനങ്ങളിൽ നിന്നും സ്വയം തൊഴിൽ പദ്ധതികളിൽ നിന്നുമുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **പട്ടിക 7.3.2**ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.3.1** പട്ടിക വർഗ്ഗ യുവാക്കൾക്കുള്ള നൈപുണ്യ പരിശീലനത്തിന്റെയും പ്ലേസ്മെന്റിന്റെയും വിശദാംശങ്ങൾ

| വർഷം | നടത്തിയ നൈപുണ്യ പരിശീലന കോഴ്സുകളുടെ എണ്ണം | പങ്കെടുത്തവരുടെ എണ്ണം | പ്ലേസ്മെന്റ് | |
|---|---|---|---|---|
| | | | ഇന്ത്യ | വിദേശം |
| 2018-19 | 4 | 870 | 659 | 0 |
| 2019-20 | 2 | 1148 | 647 | 10 |
| 2020-21 | 6 | 1600 | 306 | 11 |
| 2021-22 | 2 | 100 | 84 | 0 |
| 2022-23 | 2 | 150 | 140 | 0 |
| 2023-24 (30.09.2023 വരെ) | 7 | 349 | 34 | 0 |
| ആകെ | 23 | 4217 | 1870 | 21 |

ഉറവിടം: പട്ടികവർഗ വികസന ഡയറക്ടറേറ്റ്

**പട്ടിക 7.3.2** 2022-23, 2023-24 കാലയളവിൽ സ്വയം തൊഴിൽ പദ്ധതിയിലെ പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം

| നം | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|
| | | 2022-23 | 2023-24* |
| 1 | തിരുവനന്തപുരം | 6 | 4 |
| 2 | കൊല്ലം | 4 | 1 |
| 3 | പത്തനംതിട്ട | 5 | 1 |
| 4 | ആലപ്പുഴ | 5 | 6 |
| 5 | കോട്ടയം | 1 | 0 |
| 6 | ഇടുക്കി | 7 | 1 |
| 7 | എറണാകുളം | 0 | 11 |
| 8 | തൃശ്ശൂർ | 8 | 8 |
| 9 | പാലക്കാട് | 0 | 11 |
| 10 | മലപ്പുറം | 0 | 4 |
| 11 | കോഴിക്കോട് | 5 | 1 |
| 12 | വയനാട് | 0 | 0 |
| 13 | കണ്ണൂർ | 8 | 1 |
| 14 | കാസറഗോഡ് | 2 | 2 |
| | ആകെ | 51 | 51 |

ഉറവിടം: പട്ടികജാതി വികസന ഡയറക്ടറേറ്റ് * (31.10.2023 വരെ)

2022-23, 2023-24 വർഷങ്ങളിൽ സ്വയം തൊഴിൽ പദ്ധതിക്ക് കീഴിലുള്ള പട്ടികജാതി ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ (2023 ഒക്ടോബർ 31 വരെ) **പട്ടിക 7.3.2**ൽ നൽകിയിരിക്കുന്നു. 2022-23 കാലയളവിൽ, വകുപ്പ് നടത്തിയ സ്വയം തൊഴിൽ പരിശീലന പരിപാടിയിലൂടെ 51 പട്ടികജാതിക്കാർക്കും 2023-24 ൽ (ഒക്ടോബർ 31 വരെ) 51 പേർക്കും ജോലി ലഭിച്ചിട്ടുണ്ട്.

### കുടുംബശ്രീയുടെ കീഴിൽ നൈപുണ്യ പരിശീലന പരിപാടികൾ

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമാർജ്ജനം എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന ദൗത്യമായ കുടുംബശ്രീ രൂപീകരിച്ചത്. സ്ത്രീകൾക്കിടയിലെ നൈപുണ്യ വികസനത്തിന്റെ ഭാഗമായി ഈ ഏജൻസി നിരവധി പരിശീലന പരിപാടികൾ നടത്തുന്നു. ദീൻധയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം [DAY-NRLM] എന്ന കേന്ദ്രാവിഷ്കൃത പരിപാടിയുടെ നോഡൽ ഏജൻസിയാണ് കുടുംബശ്രീ. ഈ സ്കീമിന് കീഴിൽ, ഗ്രാമീണ ദരിദ്രർക്ക് ഒരു ചെലവും കൂടാതെ ഡിമാൻഡ്-ലെഡ് നൈപുണ്യ പരിശീലനം എന്ന ലക്ഷ്യത്തോടെ, ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന [DDU GKY] സ്ത്രീകൾക്കും പുരുഷന്മാർക്കും നൈപുണ്യ അധിഷ്ഠിത പരിശീലനം നൽകുന്നു, അവരിൽ വലിയൊരു വിഭാഗം കുടുംബശ്രീ അംഗങ്ങളാണ്.

ഗ്രാമവികസന മന്ത്രാലയവും (MORD) കുടുംബശ്രീയും സംയുക്തമായി നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതിയാണ് DDU-GKY. ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ള 15 നും 35 നും ഇടയിൽ പ്രായമുള്ള ഗ്രാമീണ യുവാക്കളിൽ DDU-GKY അദ്വിതീയമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 2023 സെപ്റ്റംബർ വരെ 65821 പേർ പരിശീലനം പൂർത്തിയാക്കി, 37809 പേർ ജോലിയിൽ 3 മാസം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**പട്ടിക 7.3.3** കേരളത്തിലെ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന വിശദാംശങ്ങൾ

| DDU GKY status | | | | |
|---|---|---|---|---|
| കൃത്യമല്ലാത്ത് | ആരംഭിച്ചവ | പൂർത്തിയായവ | നിയമിച്ചവ | 3 മാസത്തെ ജോലി പൂർത്തിയാക്കിയവർ |
| | 76616 | 65821 | 47286 | 37809 |
| 2022-23 | 2618 | 3819 | 3128 | 2128 |
| 2021-22 | 5664 | 5718 | 1568 | 3143 |
| 2020-21 | 3358 | 3152 | 1787 | 2931 |
| 2019-20 | 15221 | 12812 | 9957 | 9100 |
| 2018-19 | 16428 | 13736 | 10972 | 9656 |
| 2017-18 | 12998 | 10693 | 9196 | 5093 |
| 2016-17 | 10722 | 11630 | 8232 | 5077 |
| 2015-16 | 9607 | 4261 | 2446 | 681 |

ഉറവിടം: കുടുംബശ്രീ

### 4. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്)

സംസ്ഥാനത്ത് ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രാഥമിക ഏജൻസിയാണ് കെ-ഡിസ്ക്. ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ പരിവർത്തനം സുഗമമാക്കുന്നതിനുള്ള അധിക ചുമതലയും കെ-ഡിസ്ക് നു നൽകിയിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിനും പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതും കെ-ഡിസ്കിന്റെ മുൻഗണനാ വിഷയങ്ങളാണ്.

കെ-ഡിസ്കിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്, നൈപുണികളെ ശക്തിപ്പെടുത്തി ഭൗതികവും മാനുഷികവും വിജ്ഞാന മൂലധനവുമായുള്ള തടസ്സങ്ങൾ ഇല്ലാതാക്കുന്നതിനും അത് വഴി, പ്രത്യേകിച്ചും യുവ ജനങ്ങളുടെ കഴിവുകൾ, പെരുമാറ്റങ്ങൾ, മനോഭാവങ്ങൾ എന്നിവ ശക്തിപ്പെടുത്തി വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുക എന്നതാണ്.

### കേരള നോളജ് ഇക്കോണമി മിഷൻ

തൊഴിലന്വേഷകർക്ക് അവസരങ്ങളുടെ പുതിയ വഴികൾ തുറക്കുന്നതിനായി കേരള സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഒരു നൂതന പദ്ധതിയാണ് കേരള നോളജ് ഇക്കോണമി മിഷൻ. വിദ്യാസമ്പന്നരായ തൊഴിലന്വേഷകർക്ക് അവരുടെ ഇഷ്ട തൊഴിലുകളിൽ വൈദഗ്ധ്യം നൽകിക്കൊണ്ട് ആഗോള തൊഴിലിടങ്ങളിൽ മികച്ച

ജോലികൾ കണ്ടെത്തുന്നതിന് അവരെ പ്രാപ്തരാക്കുകയും അവസരങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് മിഷൻ ലക്ഷ്യമിടുന്നത്. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിനാണ് (കെ-ഡിസ്ക്) ഇതിന്റെ നടത്തിപ്പ് ചുമതല.

ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡിഡബ്ല്യുഎംഎസ്) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ 2026-ഓടെ 20 ലക്ഷം പേർക്ക് തൊഴിൽ നൽകുക എന്നതാണ് ദൗത്യത്തിന്റെ ലക്ഷ്യം.

കെ.കെ.ഇ.എം-ന്റെ 2023 ലെ നേട്ടങ്ങളും ജൂലൈയിലെ അതിന്റെ ഫലവും **പട്ടിക 7.3.4**ൽ ചിത്രീകരിച്ചിരിക്കുന്നു.

**പട്ടിക 7.3.4** കേരള നോളജ് ഇക്കണോമി മിഷനുമായി ബന്ധപ്പെട്ട നേട്ടങ്ങൾ

| | |
|---|---|
| മൊത്തം തൊഴിലുടമകൾ | 4,264 |
| ആകെ സൃഷ്ടിച്ച ഒഴിവുകൾ | 5,66,640 |
| കേരളത്തിൽ ലഭ്യമാക്കിയ തൊഴിലവസരങ്ങൾ | 2,54,958 |
| വൈദഗ്ധ്യം നൽകിയ തൊഴിലന്വേഷകരുടെ എണ്ണം | 8,005 |
| എംപാനൽ ചെയ്ത പരിശീലകരുടെ എണ്ണം | 114 |
| നൈപുണ്യത്തിനായി കീഴിൽ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെ എണ്ണം | 13,305 |
| നടത്തിയ തൊഴിൽ സഭകളുടെ എണ്ണം | 3,586 |
| മൊത്തം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ | 14,22,236 |
| അപേക്ഷിച്ച മൊത്തം ഉദ്യോഗാർത്ഥികൾ | 9,29,021 |
| അഭിമുഖം നടത്തിയ ഉദ്യോഗാർത്ഥികളുടെ എണ്ണം | 38,140 |
| തിരഞ്ഞെടുത്തവർ/ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടവർ | 27,797 |
| തൊഴിൽ നൽകിയവരുടെ എണ്ണം | 50,695 |

ഉറവിടം: കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം)

### 5. വ്യാവസായിക പരിശീലന വകുപ്പ്

കേരള സർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പിന് കീഴിലാണ് വ്യാവസായിക പരിശീലന വകുപ്പ് പ്രവർത്തിക്കുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ നൈപുണ്യ വികസന-സംരംഭകത്വ മന്ത്രാലയത്തിന്റെ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനതല നോഡൽ ഏജൻസി കൂടിയാണിത്. ഡിജിടി അവതരിപ്പിച്ച പ്രധാന രണ്ട് പദ്ധതികളായ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം, അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് സ്കീം എന്നിവ സംസ്ഥാനത്തെ നഗര, അർദ്ധ നഗര, ഗ്രാമ പ്രദേശങ്ങളിൽ ചിതറിക്കിടക്കുന്ന വിവിധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ വഴി വകുപ്പ് നടപ്പിലാക്കുന്നു. ട്രെയിനികൾക്ക് നൽകുന്ന സൗജന്യ പരിശീലനവും മറ്റ് സഹായങ്ങളും സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങളെ സാങ്കേതിക പുരോഗതിയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സഹായിക്കുന്നു. പരിശീലനം നൽകുന്നതിൽ അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിലൂടെ ഡിപ്പാർട്ട്മെന്റ് ട്രെയിനികളുടെ തൊഴിൽ ക്ഷമത വർദ്ധിക്കുന്നു. രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും സംഭാവന നൽകുന്ന നൈപുണ്യവും സാങ്കേതിക യോഗ്യതയുള്ളതുമായ ഒരു തൊഴിൽ സേനയെ സൃഷ്ടിക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം.

#### a) ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി (CTS)

ഗാർഹിക വ്യവസായങ്ങൾക്ക് വിവിധ ട്രേഡുകളിൽ വിദഗ്ധ തൊഴിലാളികളുടെ സ്ഥിരമായ ഒഴുക്ക് ഉറപ്പാക്കാനും ചിട്ടയായ പരിശീലനത്തിലൂടെ വ്യാവസായിക ഉൽപ്പാദനം അളവിലും ഗുണപരമായും ഉയർത്താനും അഭ്യസ്തവിദ്യരായ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ കുറയ്ക്കാനും, അവർക്ക് തൊഴിൽ യോഗ്യമായ പരിശീലനം നൽകാനും 1950-ൽ ഇന്ത്യാ ഗവൺമെന്റ് ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം അവതരിപ്പിച്ചു.. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ് പദ്ധതിയുടെ നടത്തിപ്പിൽ രാജ്യത്തെ പരമോന്നത അതോറിറ്റി. പദ്ധതി പ്രകാരം ഒരു പ്രത്യേക ട്രേഡിൽ പരിശീലനം പൂർത്തിയാക്കി അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് വിജയിക്കുന്ന ട്രെയിനിക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻടിസി) നൽകും.

#### b) അപ്രന്റീസ്ഷിപ്പ് പരിശീലന പദ്ധതി (ATS)

1961ലെ അപ്രന്റീസ് ആക്റ്റിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചാണ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് സ്കീം നടത്തുന്നത്. വ്യവസായത്തിനാവശ്യമായ വൈദഗ്ധ്യമുള്ള മനുഷ്യശക്തിയുടെ ആവശ്യകതകൾ നിറവേറ്റുന്നതിനുള്ള ഒരു കാഴ്ചപ്പാട് വിപുലമാക്കുന്നതിനാണ് 1961ലെ അപ്രന്റീസ് ആക്ട് നിലവിൽ വന്നത്. വ്യവസായത്തിലെ അപ്രന്റീസുകളുടെ പരിശീലന പരിപാടി നിയന്ത്രിക്കുകയും അതിലൂടെ ഒരു സ്റ്റാൻഡേർഡ് സിലബസ്, പരിശീലന കാലയളവ്, നൈപുണ്യ സെറ്റുകൾ മുതലായവ സ്ഥിരീകരിക്കുകയും വ്യവസായത്തിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് പ്രായോഗിക പരിശീലനം നൽകുകയും ചെയ്യുന്നു.

1961ലെ അപ്രന്റീസ് ആക്ട് പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്റ്റൈപ്പൻഡ് നൽകുന്നതിന് ഒരു അപ്രന്റീസും തൊഴിലുടമയും തമ്മിലുള്ള കരാറാണ് അപ്രന്റീസ്ഷിപ്പ്. ഈ പ്രക്രിയ നിയന്ത്രിക്കുന്നതിലും നിരീക്ഷിക്കുന്നതിലും കേന്ദ്ര/സംസ്ഥാന സർക്കാർ മൂന്നാം കക്ഷിയായി പ്രവർത്തിക്കുന്നു.

അടുത്തിടെ, ഇന്ത്യാ ഗവൺമെന്റ് നാഷണൽ അപ്രന്റീസ് പ്രൊമോഷൻ എന്ന പദ്ധതി (NAPS) ആവിഷ്കരിച്ചു, ഇതിലൂടെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് സ്റ്റൈപ്പൻഡിന്റെ 25 ശതമാനം തിരികെ നൽകും.

കേരളത്തിലെ അപ്രന്റീസ്ഷിപ്പ് പരിശീലനം കേന്ദ്ര-സംസ്ഥാന സംരംഭമാണ്. "ഒരു ഓർഗനൈസേഷനിൽ അപ്രന്റീസ്ഷിപ്പ് പരിശീലനം പൂർത്തിയാക്കി നാഷണൽ അപ്രന്റീസ്ഷിപ്പ് ട്രേഡ് ടെസ്റ്റ് വിജയിക്കുന്നവർക്ക് നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് (എൻ.എ.സി) നൽകുന്നു."

സംസ്ഥാനത്തെ അപ്രന്റീസ്ഷിപ്പ് സ്കീമുകൾ സംസ്ഥാന അപ്രന്റീസ്ഷിപ്പ് അഡ്വൈസറുടെയും 14 ജില്ലകളിലെ അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസറുടെയും ഓഫീസ് മുഖേനയാണ് നടപ്പിലാക്കുന്നത്. 81 ട്രേഡുകളിലായി അപ്രന്റീസ്ഷിപ്പ് പരിശീലനത്തിന് സീറ്റ് അനുവദിക്കപ്പെട്ടിട്ടുണ്ട്.

### c) വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ

സംസ്ഥാനത്ത് 104 ഗവൺമെന്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു, മൊത്തം 33,582 സീറ്റുകൾ (ഒന്നാം വർഷം, രണ്ടാം വർഷം) ഇതിൽ 30 ശതമാനം സീറ്റുകളും വനിതാ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഇവ കൂടാതെ സർക്കാർ മേഖലയിൽ 14 വനിതാ ഐടിഐകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

ഗവൺമെന്റ്, പ്രൈവറ്റ് ഐടിഐകളുടെ ലിസ്റ്റ്, വർഷം തിരിച്ചുള്ള എൻറോൾമെന്റ് വിശദാംശങ്ങൾ, ട്രേഡ് തിരിച്ചുള്ള വിശദാംശങ്ങൾ (ഒന്നാം വർഷ, രണ്ടാം വർഷ കോഴ്സുകൾ), സ്ഥാപനം തിരിച്ചുള്ള അപ്രന്റീസുകളുടെ വിശദാംശങ്ങൾ, പ്ലേസ്മെന്റ് വിശദാംശങ്ങൾ എന്നിവ **അനുബന്ധം 7.3.1,7.3.2. 7.3.3,7.3.4, 7.3.5** കൂടാതെ **7.3.6, 7.3.7** എന്നിവയിൽ കാണിച്ചിരിക്കുന്നു.

2022-23ൽ സർക്കാർ ഐടിഐകളിലെ ആകെ സീറ്റ് 23369 ഉം വിദ്യാർത്ഥികളുടെ ആകെ എൻറോൾമെന്റ് 22759 ഉം ആണെന്ന് **അനുബന്ധം 7.3.1**ൽ നിന്ന് വ്യക്തമാണ്,. 2022-23 ലെ മൊത്തം എൻറോൾമെന്റിൽ 5429 പെൺകുട്ടികളാണ്. പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികളുടെ എണ്ണം യഥാക്രമം 4207 ഉം 733 ഉം ആണ്. സ്ത്രീകളുടെ എണ്ണത്തിലും പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികളുടെ എണ്ണത്തിലും മുൻവർഷത്തെ അപേക്ഷിച്ച് നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്.

**അനുബന്ധം 7.3.7**ൽ സർക്കാർ, സ്വകാര്യ ഐടിഐകളിൽ നിന്നുള്ള കഴിഞ്ഞ 7 വർഷങ്ങളിലായുള്ള ഐടിഐ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റ് വിശദാംശങ്ങൾ സൂചിപ്പിക്കുന്നു. 2022-23 ൽ സർക്കാർ ഐടിഐകളിൽ നിന്ന് 4763 പേരും സ്വകാര്യ ഐടിഐകളിൽ നിന്ന് 1090 കുട്ടികളും ജോലിയിൽ പ്രവേശിച്ചു. മൊത്തം പ്ലെയ്സ്മെന്റുകളിൽ 980 പെൺകുട്ടികളും 91 എസ്‌സി/ എസ്ടി വിദ്യാർത്ഥികളും ഉൾപ്പെടുന്നു.

### d) സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് (SUIIT) – കേരളം, കഴക്കൂട്ടം

ഇൻസ്ട്രക്ഷണൽ സ്റ്റാഫിന്റെയും മറ്റുള്ളവരുടെയും വൈദഗ്ധ്യവും അറിവും സാങ്കേതിക വികാസത്തിനനുസരിച്ച് അപ്ഡേറ്റ് ചെയ്യുന്നതിനായി 1999-ൽ തിരുവനന്തപുരത്തെ കഴക്കൂട്ടത്ത് സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് - കേരള ആരംഭിച്ചു. ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ ടി.എൻ.എ യെ (Training Need Analysis) കുറിച്ചുള്ള പഠനം, കോഴ്സ് ഡിസൈൻ തയ്യാറാക്കൽ, നൈപുണ്യ പരിശീലനത്തിന്റെയും അദ്ധ്യാപനത്തിന്റെയും പുതിയ രീതികളിലെ ഗവേഷണം, സാങ്കേതിക ജീവനക്കാരുടെ നൈപുണ്യ അപ്ഡേറ്റ് പ്രോഗ്രാമുകൾ, സോഫ്റ്റ് സ്കിൽ പരിശീലനം, ഐ.എം. ജിയിലെ സംസ്ഥാന പരിശീലന നയത്തിന് കീഴിലുള്ള പരിശീലന പരിപാടികൾ, ഓഫ് കാമ്പസ് പരിശീലന പരിപാടികൾ എന്നിവ ഉൾപ്പെടുന്നു. വെർച്വൽ ക്ലാസ് പരിശീലനത്തിന്റെ നിരീക്ഷണം, ഡിജിടിയുടെ ഡി.എൽ. പി പരിശീലനം ഏകോപിപ്പിക്കുക എന്നിവയും ഇതിൽ ഉൾപ്പെടുന്നു. SUIIT-കേരളം നടത്തുന്ന പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നവയാണ്:

**പട്ടിക 7.3.5** എസ്.യു.ഐ.ഐ.ടി പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ

| കോഴ്സിന്റെ പേര് | പരിശീലന പരിപാടികളുടെ എണ്ണം | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|
| ഐ.എം.ജി | 35 | 734 |
| എസ്.യു.ഐ.ഐ.ടി | 36 | 1247 |
| DGT ഫീൽഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ | 7 | 162 |
| അന്താരാഷ്ട്ര പരിശീലനം പ്രോഗ്രാമുകൾ | 1 | 1 |
| മറ്റുള്ളവ | 17 | 413 |
| ആകെ | 96 | 2557 |

ഉറവിടം: വ്യാവസായിക പരിശീലന വകുപ്പ്

2022-23 വർഷത്തിൽ 2557 ഉദ്യോഗസ്ഥർക്കായി ഏകദേശം 95 ദേശീയ പരിശീലന പരിപാടികളും, 1 അന്തർദേശീയ പരിശീലന പരിപാടിയും വകുപ്പ് നടത്തിയിട്ടുണ്ടെന്ന് പട്ടിക കാണിക്കുന്നു.

**2022–23 സാമ്പത്തിക വർഷത്തിലെ പ്രധാന നേട്ടങ്ങൾ**

- ഐടിഐ തിരുവാർപ്പ്, വാഴക്കാട്, ഏലപ്പാറ, ചിത്തിരപുരം, കൊടേംബെല്ലൂർ എന്നിവയ്ക്കായി സ്ഥലം ഏറ്റെടുത്തു
- 104 സർക്കാർ ഐടിഐകളിലായി ഏകദേശം 32,000 ട്രെയിനികൾക്ക് പോഷകസമൃദ്ധമായ ഭക്ഷണം നൽകി
- ഐടിഐ എറിയാട്, പേരാവൂർ, ബേപ്പൂർ, ആരക്കുഴ എന്നിവയുടെ പുതിയ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തു
- RIC പാലക്കാട്, ഐടിഐപിലിക്കോട്, ഐടിഐ കുറ്റിക്കോൽ എന്നിവയ്ക്ക് കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകി.

### 6. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്)

പ്രതിഭകളെ പരിപോഷിപ്പിക്കുക, വിദ്യാഭ്യാസവും വ്യവസായവും തമ്മിലുള്ള വിടവ് നികത്തുക എന്ന കാഴ്ചപ്പാടോടെ സ്ഥാപിതമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്) കേരളത്തിലെ നൈപുണ്യ വികസനത്തിന്റെയും ശാക്തീകരണത്തിന്റെയും ഒരു വഴിവിളക്കായി നിലകൊള്ളുന്നു. നൈപുണ്യ വികസന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൽ മുൻനിര സ്ഥാപനമായി

കെയ്സ് (KASE) ഉയർന്നിട്ടുണ്ട്.

വ്യവസായത്തിന്റെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങളുമായി അതിന്റെ സംരംഭങ്ങളെ വിന്യസിച്ചുകൊണ്ട്, കെയ്സ് (KASE) സാമൂഹ്യ-സാമ്പത്തിക വളർച്ചയ്ക്കും ജീവിതത്തെ പരിവർത്തനം ചെയ്യുന്നതിനും കേരളത്തെ ശോഭനമായ ഭാവിയിലേക്ക് നയിക്കുന്നതിനും ഒരു ഉത്തേജകമായി മാറിയിരിക്കുന്നു.

വ്യത്യസ്ത വ്യാവസായിക ഡൊമെയ്നുകൾക്കായി കേന്ദ്രീകൃത നൈപുണ്യ വികസനം ആരംഭിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പരമോന്നത സ്ഥാപനമായി പ്രവർത്തിക്കുന്നതിനാണ് കെയ്സ് രൂപീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ എല്ലാ നൈപുണ്യ പരിശീലന സംരംഭങ്ങളുടെയും സംയോജനത്തിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിന് സംസ്ഥാന നൈപുണ്യ വികസന മിഷൻ (എസ്എസ്ഡിഎം) ആയി കേയ്സിനെ നിയുക്തമാക്കിയിട്ടുണ്ട്. വികസനത്തിനായുള്ള നൈപുണ്യ മികവിനായി സ്ഥാപനങ്ങളും അക്കാദമികളും പ്രോത്സാഹിപ്പിക്കുക, സ്ഥാപിക്കുക, സജ്ജീകരിക്കുക, നിരീക്ഷിക്കുക, നിയന്ത്രിക്കുക, എന്നിവയാണ് എസ്.എസ്.ഡി.എം ന്റെ പ്രധാന ചുമതലകൾ.

കൂടാതെ, വ്യാവസായിക പ്രസക്തിയുള്ള മേഖലകളിൽ യോഗ്യതയുള്ളതും കഴിവുറ്റതുമായ പരിശീലകരെ പരിപോഷിപ്പിക്കുന്നതിനായി കെയ്സ് ഒരു ട്രെയിനിംഗ് ഓഫ് ട്രെയിനർ (ToT) അക്കാദമി സ്ഥാപിച്ചിരിക്കുന്നു. വൈദഗ്ധ്യമുള്ള പരിശീലകരുടെ നൈപുണ്യ വികസനത്തിൽ നിക്ഷേപിക്കുന്നതിലൂടെ, പരിശീലനത്തിന്റെ ഗുണനിലവാരം സ്ഥിരമായി ഉയർന്ന നിലയിൽ തുടരുന്നുവെന്ന് കെയ്സ് ഉറപ്പാക്കുന്നു, ആത്യന്തികമായി പഠിതാക്കൾക്കും വ്യവസായത്തിനും ഒരുപോലെ ഇത് പ്രയോജനം നൽകുന്നു. ചുരുക്കത്തിൽ, സംസ്ഥാന നൈപുണ്യ വികസന മിഷൻ എന്ന നിലയിൽ, കെയ്സിന്റെ ബഹുമുഖമായ കടമ വ്യക്തികൾക്ക് ആവശ്യമായ വൈദഗ്ധ്യം നൽകുന്നതിന് മാത്രമല്ല, തൊഴിൽ പരിശീലനത്തിന്റെ ഭൂപ്രകൃതിയെ കൂടുതൽ ഉപയോഗപ്പെടുത്തുന്നതും ഉൾക്കൊള്ളുന്നതും വ്യവസായ ആവശ്യങ്ങളുമായി യോജിപ്പിക്കുന്നതുമാക്കി മാറ്റുന്നതിനും സഹായിക്കുന്നു, അതുവഴി സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിൽ ഗണ്യമായ സംഭാവന നൽകുന്നു.

**നൈപുണ്യ സംയോജനം കേരളത്തിൽ**

വിവിധ വകുപ്പുകൾക്ക് അവരുടേതായ നൈപുണ്യ പരിപാടികൾ ഉണ്ട്, അത് അശ്രദ്ധമായി ഡ്യൂപ്ലിക്കേഷനിൽ കലാശിക്കുന്നു. സംസ്ഥാന തലത്തിൽ ഒരു മിഷന്റെ കീഴിലുള്ള വകുപ്പുകളിലുടനീളം ഒത്തുചേരേണ്ടതിന്റെ ആവശ്യകത ഇത് ഊന്നിപ്പറയുന്നു. KASE നൈപുണ്യ സംരംഭങ്ങളെ നയിക്കുകയും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും സംസ്ഥാനത്തിന്റെ എല്ലാ നൈപുണ്യ വികസന പ്രവർത്തനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുകയും ചെയ്യും.

കെയ്സിന്റെ (KASE) പ്രധാന സംരംഭങ്ങളെക്കുറിച്ചുള്ള ഒരു ഹ്രസ്വ അവലോകനം ഇപ്രകാരമാണ്; വ്യാവസായിക പരിശീലന വകുപ്പിന്റെ ഐ.ടി.ഐകളുടെ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കെയ്സ് നെ തിരഞ്ഞെടുത്തിരിക്കുന്നു.

**കൗശൽ കേന്ദ്രങ്ങൾ**

കരിയർ ഗൈഡൻസ്, വിദ്യാഭ്യാസ വായ്പകളെക്കുറിച്ചുള്ള വിവരങ്ങൾ, ഒരു പ്രത്യേക കോഴ്സിന്റെ തൊഴിൽ സാധ്യതകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ, വിവിധ മത്സര പരീക്ഷകൾ, സ്കോളർഷിപ്പുകൾ എന്നിവക്കായി ഗ്രാമീണ ജനതയെ കേന്ദ്രീകരിച്ചുള്ള പ്രത്യേക സൗകര്യങ്ങളോട് കൂടിയ കമ്മ്യൂണിറ്റി സ്കിൽ സെന്ററുകളാണിത്.

2022-23 സാമ്പത്തിക വർഷത്തിൽ, പൂർത്തിയാക്കിയ എല്ലാ കൗശൽ കേന്ദ്രങ്ങളിലും ക്ലാസുകൾ ആരംഭിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് (NIELIT) മായി ഒരു ധാരണാപത്രം ഒപ്പ് വെക്കുകയും ഡിജിറ്റൽ സാക്ഷരത എന്ന പേരിൽ ഒരു കോഴ്സ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പരിപാടിയിലൂടെ 67 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

**അന്താരാഷ്ട്ര നൈപുണ്യ പരിശീലനവും, എംപ്ലോയബിലിറ്റി പദ്ധതിയും (iSTEP)**

ഇന്റർനാഷണൽ ഔട്ട്റീച്ച് സംരംഭം - iSTEP (ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം), വിവിധ മേഖലകളിൽ സെന്റർ ഓഫ് എക്സലൻസ് (CoE) സ്ഥാപിക്കുന്നതിന് ആവശ്യമായ വേഗമേറിയതും ലളിതവും കാര്യക്ഷമവുമായ പ്രോസസ്സിംഗിനായി വിഭാവനം ചെയ്ത ഒരു സംവിധാനമാണ് ഇത്. നിലവിൽ അത്തരം എല്ലാ മോഡലുകളിലും, കെയ്സ് (KASE) അടിസ്ഥാന സൗകര്യങ്ങൾ നൽകും. കെയ്സ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച്, അടിസ്ഥാന സൗകര്യങ്ങൾ കെയ്സ് നൽകും, എന്നാൽ വിദേശ പ്ലെയ്സ്മെന്റ് ഉൾപ്പെടെയുള്ള പരിശീലനവും സർട്ടിഫിക്കേഷനും പ്ലേസ്മെന്റും വ്യവസായ പങ്കാളിയുടെ ഉത്തരവാദിത്തമാണ്.

iSTEP വ്യവസായത്തിലെ ഏത് മേഖലയ്ക്കും തുറന്നിരിക്കുന്നു, അവിടെ പങ്കാളികൾ നൈപുണ്യ വിടവ് തിരിച്ചറിയുന്നു. iSTEP ന് കീഴിലുള്ള മോഡലുകൾ ഇനി പറയുന്നവയാണ്:

- മികവിന്റെ കേന്ദ്രങ്ങൾ (CoE)
- നൈപുണ്യ പരിശീലന കോഴ്സുകളുടെ അക്രഡിറ്റേഷൻ

**മികവിന്റെ കേന്ദ്രങ്ങൾ (CoE)**

KASE-ന് കീഴിൽ പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ താഴെ വിശദമായി പ്രതിപാദിക്കുന്നു:

നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE), നഴ്സിംഗിലെ സെന്റർ ഓഫ് എക്സലൻസ്, നഴ്സുമാരുടെ തൊഴിൽ വൈദഗ്ധ്യം വർധിപ്പിക്കുന്നതിന് ലോകോത്തര പരിശീലന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണ്. തിരുവനന്തപുരത്തെ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ ഈ സെന്റർ ഓഫ് എക്സലൻസ് ഇൻ നഴ്സിംഗ് സ്ഥാപിക്കാൻ ട്രിവാൻഡ്രം സ്പെഷ്യാലിറ്റി ഹോസ്പിറ്റൽസ് (എൻഎംസി ഹെൽത്ത് കെയർ ഗ്രൂപ്പ്, യുഎഇ) കെയ്സുമായി (KASE) സഹകരിച്ചു. കെയ്സ് പട്ടികജാതി വികസന വകുപ്പ് (SCDD), പട്ടികവർഗ്ഗ വികസന വകുപ്പ് (STDD) എന്നിവയുമായി സഹകരിച്ച് NICE മുഖേന വിദ്യാർത്ഥികൾക്ക് അവരുടെ കരിയർ പുരോഗതിക്കും സാമൂഹിക ഉന്നമനത്തിനുമായി നിരവധി നൈപുണ്യ വികസന പരിശീലന പരിപാടികൾ നടത്തിവരുന്നു.

### എൻലൈറ്റൻ സ്കിൽ പ്രോഗ്രാം ഫോർ ഓയിൽ ആൻഡ് റിഗ് (ഇ.എസ്.പി.ഒ.ഐ.ആർ)

ഈ വ്യവസായത്തിന് ആവശ്യമായ വൈദഗ്ധ്യം യുവാക്കളെ സജ്ജരാക്കുന്നതിനായി കെയ്സ് (KASE) ഖത്തറിലെ ഇറാം എഞ്ചിനീയറിംഗ് ഡബ്ല്യു.എൽ.എൽ മായി സഹകരിച്ച്, കൊച്ചി അങ്കമാലിയിലെ ഇൻകെൽ ടവറിൽ ഓയിൽ ആൻഡ് റിഗിൽ മികവിന്റെ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രോഗ്രാം മെക്കാനിക്കൽ, ഇൻസ്ട്രുമെന്റേഷൻ, ഇലക്ട്രിക്കൽ അനുബന്ധ ട്രേഡുകളിലെ കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നു. ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻ, പൈപ്പ് ഫാബ്രിക്കേറ്റർ, സർട്ടിഫൈഡ് വെൽഡർമാർ, ഇൻസ്ട്രുമെന്റ് ഫിറ്റർ, സർട്ടിഫൈഡ് സ്കാർഫോൾഡർമാർ, സൂപ്പർവൈസർമാർ തുടങ്ങിയവയാണ് ഈ കോഴ്സുകൾ. അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന സുസജ്ജമായ ലാബുകൾ, വർക്ക്ഷോപ്പുകൾ എന്നിവയിലൂടെ പ്രായോഗിക വൈദഗ്ധ്യവും പരിശീലനവും നൽകുന്നതിൽ ഇ.എസ്.പി.ഒ.ഐ.ആർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിലും ഇൻസ്റ്റിറ്റ്യൂട്ട് സജീവമായി ഇടപെടുന്നു.

### ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ (IIIC)

ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ ഡൊമെയ്നിലെ മികവിന്റെ കേന്ദ്രമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (ഐഐഐസി). താഴെത്തട്ടിലുള്ള തൊഴിലാളികൾ മുതൽ സൂപ്പർവൈസറി വരെയുള്ള ഇൻഫ്രാസ്ട്രക്ചർ, കൺസ്ട്രക്ഷൻ മേഖലയിലെ എല്ലാ കേഡറുകളിലെയും ഉദ്യോഗസ്ഥർക്ക് തൊഴിൽ വൈദഗ്ധ്യം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഇത്. അവരെ ദേശീയ അന്തർദ്ദേശീയ വിപണികളിൽ എളുപ്പത്തിൽ തൊഴിൽ യോഗ്യമാക്കുന്നതിനും ഐഐഐസിയുടെ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ മാനേജീരിയൽ തലത്തിൽ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു ഇടനിലക്കാരനായും ഇത് പ്രവർത്തിക്കുന്നു. കേരളത്തിലെ കൊല്ലം ജില്ലയിലെ ചവറയിൽ 9 ഏക്കർ സ്ഥലത്ത് അത്യാധുനിക കാമ്പസുമായി സ്ഥാപിതമായ IIIC യുടെ ലക്ഷ്യങ്ങളിൽ, നിർമ്മാണ വ്യവസായത്തിലെ എല്ലാ കേഡറുകളിലെയും ഉദ്യോഗസ്ഥർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള നൈപുണ്യ സെറ്റുകൾ നൽകുന്നതിനായി ഒരു ലോകോത്തര നൈപുണ്യ കേന്ദ്രം സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു. കപ്പാസിറ്റി ഇൻടേക്കിന്റെയും ഉപ മേഖലകളുടെയും കാര്യത്തിൽ നൈപുണ്യ കേന്ദ്രമായ ഈ സ്ഥാപനം, ലോകമെമ്പാടുമുള്ള സെന്ററിന്റെ കോഴ്സുകൾക്ക് ഉയർന്ന അംഗീകാരം നേടുകയും കോഴ്സുകളെ തൊഴിൽ വൈഡ് വ്യാവസായിക ബന്ധങ്ങളുമായി ബന്ധിപ്പിക്കുന്നതിലൂടെ പരമാവധി തൊഴിൽ ഉറപ്പാക്കുകയും ചെയ്യുന്നു. 2018 ജൂലായ് 23-ന് ഇൻസ്റ്റിറ്റ്യൂട്ട് ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയും 2018 ഒക്ടോബറിൽ ആദ്യ ബാച്ചിന്റെ ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിലും ഇൻസ്റ്റിറ്റ്യൂട്ട് സജീവമായി ഇടപെടുന്നു.

### ഒ.ഡി.ഇ.പി.സി.യുടെ പങ്കാളിത്തത്തോടെ അങ്കമാലിയിൽ ബഹുഭാഷാ പഠന സ്ഥാപനം

IELTS/OET കോഴ്സുകൾ നടത്തുന്നതിനായി KASE, ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിന്റെ (ODEPC) പങ്കാളിത്തത്തോടെ അങ്കമാലിയിലെ INKEL ടവേഴ്സിൽ മൾട്ടി-ലാംഗ്വേജ് ലേണിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന കോഴ്സുകൾ, യോഗ്യതയുള്ള നഴ്സുമാർക്ക് ഫിനിഷിംഗ് വൈദഗ്ധ്യം നൽകാനും അവരെ അന്താരാഷ്ട്ര വിപണിയിൽ എളുപ്പത്തിൽ തൊഴിൽ ചെയ്യാനും, കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ നഴ്സുമാരെ തൊഴിലുടമകളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു ഇടനിലക്കാരനായി പ്രവർത്തിക്കാനും ലക്ഷ്യമിടുന്നു. ഹെൽത്ത് കെയർ പ്രൊഫഷണലുകൾക്കായി ഒരു OET ടെസ്റ്റ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

### സെന്റർ ഓഫ് എക്സലൻസി ഇൻ റിന്യൂവബിൾ എനർജി

കേരള സംസ്ഥാനത്ത് നൈപുണ്യ വികസന പരിശീലനവും ഗുണനിലവാര നിയന്ത്രണവും നൽകുന്നതിനായി കെയ്സ് അനെർട്ടുമായി സഹകരിച്ച് പുനരുപയോഗ ഊർജ പദ്ധതികളിലും ഗ്രീൻ ജോലികളിലും കപ്പാസിറ്റി ബിൽഡിംഗിൽ ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ചു. തിരുവനന്തപുരത്ത് അനെർട്ടിന്റെ ആസ്ഥാനത്തും സംസ്ഥാനത്തുടനീളമുള്ള വിവിധ എക്സ്റ്റൻഷൻ സെന്ററുകളിലും ടെക്നോളജി സെന്ററുകളിലും സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ട്.

### ലൈഫ് സയൻസ് മേഖലയിലെ മികവിന്റെ കേന്ദ്രം

നൂറുൽ ഇസ്ലാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസും (നിംസ്) റിസർച്ച് ഫൗണ്ടേഷനുമായി സഹകരിച്ച് കെഎഎസ്ഇ ലൈഫ് സയൻസസ്

മേഖലയിൽ ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിച്ചു. മോളിക്യുലാർ ഡയഗ്നോസ്റ്റിക് ടെക്നിക്കുകളിൽ ഹ്രസ്വകാല തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികൾ കേന്ദ്രം നടത്തുന്നു. ബയോടെക്നോളജി, മോളിക്യുലാർ ഡയഗ്നോസ്റ്റിക്സ്, ഹെൽത്ത്കെയർ എന്നീ മേഖലകളിൽ വിദ്യാർത്ഥികളെ രാജ്യത്തിനകത്തും പുറത്തും തൊഴിൽ സജ്ജരാക്കുന്നതിനും, കേരളത്തിലെ ബയോടെക്നോളജിയുടെ സംരംഭകത്വവും വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിനും അത്യാധുനിക സാങ്കേതിക വിദ്യയിലും വൈദഗ്ധ്യത്തിലും പരിശീലനം നൽകുകയുമാണ് കേന്ദ്രം ലക്ഷ്യമിടുന്നത്. RT-PCR, NGS അടിസ്ഥാനമാക്കിയുള്ള മോളിക്യുലാർ ഡയഗ്നോസ്റ്റിക്സ്, ടാർഗെറ്റുചെയ്ത ജീൻ പാനലിനായി NGS പ്ലാറ്റ്ഫോമിലെ മോളിക്യുലാർ ഡയഗ്നോസ്റ്റിക്സ് ടെക്നിക്കുകൾ എന്നിവയിലെ കോഴ്സുകൾ ഇൻസ്റ്റിറ്റ്യൂട്ട് വാഗ്ദാനം ചെയ്യുന്നുണ്ട്.

### OET പരീക്ഷാ കേന്ദ്രം

കെയ്സ്, ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡുമായി (ഒഡിഇപിസി) സഹകരിച്ച്, ആരോഗ്യപരിപാലന വിദഗ്ധർക്കായി അങ്കമാലിയിലെ ഇൻകെൽ ടവേഴ്സിൽ ഒക്യുപേഷണൽ ഇംഗ്ലീഷ് ടെസ്റ്റ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഇംഗ്ലീഷ് സംസാരിക്കുന്ന മേഖലകളിൽ രജിസ്റ്റർ ചെയ്യാനും പ്രാക്ടീസ് ചെയ്യാനും ആഗ്രഹിക്കുന്ന ഹെൽത്ത് കെയർ പ്രൊഫഷണലുകളുടെ ഭാഷാ ആശയവിനിമയ കഴിവുകൾ കേന്ദ്രം വിലയിരുത്തുന്നു.

### നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ

പ്രശസ്തരായ നൈപുണ്യ പരിശീലന സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നേടുന്നതിന് കെയ്സ് (KASE) മായി സഹകരിക്കാൻ കഴിയും, അവർക്ക് ഇതിലൂടെ അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ആകർഷിക്കുന്നതിനും സ്വീകാര്യതയും വർദ്ധിപ്പിക്കാനും കഴിയും. മാനദണ്ഡങ്ങൾ നിരീക്ഷിക്കുകയും നടപ്പാക്കുകയും ചെയ്യുന്നുവെന്ന് അറിയുമ്പോൾ അംഗീകൃത സ്ഥാപനങ്ങളുടെ സേവനങ്ങളിൽ പൊതുജന സ്വീകാര്യത വർദ്ധിക്കുകയും ചെയ്യും. ഉയർന്ന നിലവാരം പുലർത്തുകയും അത് നിലനിർത്തുകയും ചെയ്യുന്ന സ്ഥാപനങ്ങളെ തിരിച്ചറിയുന്നതിനുള്ള ഒരു മാർഗമാണ് കെയ്സ് മായുള്ള സഹകരണത്തിന്റെ നേട്ടം.

പരിശീലനം ലഭിച്ചതും സ്ഥാപിച്ചതുമായ വിശദാംശങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു:-

**പട്ടിക 7.3.6** കെയ്സിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പ്ലേസ്മെന്റ് വിശദാംശങ്ങൾ കാണിക്കുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടെ 6972 പേർ പരിശീലനം നേടി എന്നും, അവരിൽ 745 പേർക്ക് വിവിധ സ്ഥാപനങ്ങളിലായി നിയമനം ലഭിച്ചു എന്നും പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

**പട്ടിക 7.3.6** കെയ്സിന്റെ പരിശീലന പ്ലെയ്സ്മെന്റ് വിശദാംശങ്ങൾ

| വർഷം | ആകെ പരിശീലിച്ചവർ | പ്ലെയ്സ്മെന്റ് ലഭ്യമായവർ |
|---|---|---|
| 2021-22 | 870 | 489 |
| 2022-23 | 6102 | 256 |
| ആകെ | 6972 | 745 |

ഉറവിടം: കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്)

### കേരള സ്റ്റേറ്റ് ജോബ് പോർട്ടൽ

കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പ് സംസ്ഥാനത്തെ തൊഴിലന്വേഷകർക്കും തൊഴിലുടമകൾക്കുമായി സംസ്ഥാന ജോബ് പോർട്ടൽ എന്ന പേരിൽ സവിശേഷമായ ഏകജാലക സൗകര്യം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ജോബ് പോർട്ടൽ ജോലി തെരഞ്ഞെടുക്കുന്നതിനും, റിക്രൂട്ട്മെന്റിനുമുള്ള ഒരു ഏകജാലക പരിഹാരമാണ് അല്ലെങ്കിൽ എല്ലാം ഉൾക്കൊള്ളുന്ന പിന്തുണ സംവിധാനമാണ്. സ്റ്റേറ്റ് ജോബ് പോർട്ടൽ തൊഴിലുടമകൾക്ക് തൊഴിൽ പോസ്റ്റിംഗ് മുതൽ അവസാന ഓഫർ ലെറ്റർ ഇഷ്യു വരെ എൻഡ്-ടു-എൻഡ് റിക്രൂട്ട്മെന്റ് പരിഹാരം നൽകുന്നു. തൊഴിലന്വേഷകർക്ക് അവർക്ക് അനുയോജ്യമായ ജോലി കണ്ടെത്തുന്നതിന് പോർട്ടലിൽ അവരുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാം, കൂടാതെ തൊഴിൽ അവസരങ്ങളുടെ പോർട്ടലിൽ പ്രവേശിച്ച് തൊഴിലുടമയ്ക്ക് അവർക്ക് അനുയോജ്യമായ ഉദ്യോഗാർത്ഥിയെ കണ്ടെത്താൻ കഴിയും. 2022-2023 സാമ്പത്തിക വർഷത്തിൽ 148 തൊഴിലുടമകളും 17,716 തൊഴിലന്വേഷകരും സംസ്ഥാന ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരിൽ 327 പേർക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭ്യമായിട്ടുണ്ട്.

### പ്രധാനമന്ത്രി കൗശൽ വികാസ് യോജന 3.0

നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയം (MSDE) അതിന്റെ പ്രധാന പദ്ധതിയുടെ മൂന്നാം ഘട്ടം - പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY 3.0) 2021 ജനുവരിയിൽ ആരംഭിച്ചു. PMKVY 3.0 രാജ്യത്തുടനീളമുള്ള നൈപുണ്യ വികസനത്തെ ശക്തിപ്പെടുത്തുകയും, പ്രോത്സാഹിപ്പിക്കുകയും വ്യവസായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും വിപണി ആവശ്യങ്ങൾ നിറവേറ്റുന്നതിനും സേവനങ്ങളിലും പുതിയ കാലത്തെ തൊഴിൽ സാധ്യതകളിലും നൈപുണ്യങ്ങൾ നൽകുകയും ചെയ്യും. ഹ്രസ്വകാല നൈപുണ്യ പരിശീലന പരിപാടിയും (എസ്.ടി.ടി), മുൻകൂർ പഠനത്തിനുള്ള അംഗീകാരവും (ആർ.പി.എൽ) വഴി തൊഴിലില്ലാത്തവർക്കും തൊഴിലിൽ നിന്നും കൊഴിഞ്ഞുപോകുന്ന യുവജനങ്ങൾക്കും ഉപജീവനമാർഗം നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**പട്ടിക 7.3.7**ൽ കാണുന്നത് പോലെ, പിഎംകെവിവൈ 3.0 എസ്.ടി.ടി (ഹ്രസ്വകാല നൈപുണ്യ പരിശീലന പരിപാടി) കീഴിലുള്ള മൊത്തം രജിസ്റ്റർ ചെയ്തവരിൽ 26.18 ശതമാനവും പിഎംകെവിവൈ 3.0 ആർ.പി.എൽ (മുൻപഠനത്തിന്റെ അംഗീകാരം) പ്രകാരം 62.91 ശതമാനവും പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്.

**പട്ടിക 7.3.7** പ്രധാനമന്ത്രി കൗശൽ വികാസ് യോജന 3.0 ന്റെ വിശദാംശങ്ങൾ

| പദ്ധതിയുടെ പേര് | എൻ റോൾ ചെയ്തവരുടെ എണ്ണം | പരിശീലനം ലഭിച്ചവർ | പ്ലേസ്മെന്റ് ലഭിച്ചവർ |
|---|---|---|---|
| പിഎംകെവിവൈ 3.0 (എസ്.ടി.ടി) | 2330 | 2319 | 610 |
| പിഎംകെവിവൈ 3.0 (ആർ.പി.എൽ) | 2788 | 2655 | 1754 |

ഉറവിടം: കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്)

**സ്കിൽസ് അക്വിസിഷൻ ആൻഡ് നോളജ്അവയർനെസ് ഫോർ ലൈവ് ലിഹുഡ് പ്രൊമോഷൻ (സങ്കൽപ്)**

ലോകബാങ്കിന്റെ വായ്പാ സഹായത്തോടെ തൊഴിൽ, നൈപുണ്യ വകുപ്പും (കേരള സർക്കാർ) നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയവും നടത്തുന്ന (എംഎസ്ഡിഇ) (ഇന്ത്യ ഗവൺമെന്റ്) സംയുക്ത സംരംഭമാണ് സങ്കൽപ്. സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക, മെച്ചപ്പെട്ട വിപണി സംയോജനം കൊണ്ടുവരിക, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ഉൾപ്പെടുത്തുക എന്നിവയിലൂടെ ഹ്രസ്വകാല നൈപുണ്യ പരിശീലനം ഗുണപരമായും അതിന്റെ പരിമാണത്തിലും മെച്ചപ്പെടുത്തുകയാണ് സങ്കൽപ് ലക്ഷ്യമിടുന്നത്. വിദഗ്ദ്ധ തൊഴിലാളികളുടെ ആവശ്യവും വിതരണവും തമ്മിലുള്ള തടസ്സങ്ങൾ നീക്കുന്നതിനും സംസ്ഥാനങ്ങൾ നയിക്കുന്ന വികേന്ദ്രീകൃത താഴെ തട്ടുമുതൽ ഉയർന്ന തലം വരെയുള്ള നൈപുണ്യ വികസന തന്ത്രം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

ആധുനിക തൊഴിലിൽ വൈദഗ്ധ്യം നിർണായകമാണ്, നൈപുണ്യ തൊഴിൽ കേന്ദ്രമാകാനുള്ള എല്ലാ സാധ്യതകളും കേരളത്തിനുണ്ട്. ഇന്ത്യയിലും വിദേശത്തുമുള്ള തൊഴിലുടമകളുടെ മുൻഗണനാ തിരഞ്ഞെടുപ്പിലാണ് സംസ്ഥാനത്തെ വിദഗ്ധരായ പ്രൊഫഷണലുകൾ. സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിൽ നൈപുണ്യ പരിശീലനവും വികസനവും നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് കേരള സർക്കാർ തിരിച്ചറിയുന്നു. ജോലിയുടെ ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന പുതിയ മേഖലകളിൽ അത്യാധുനിക നൈപുണ്യ പരിശീലനവും വികസനവും ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

അദ്ധ്യായം

08

# സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ

# സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ

## 8.1 ലിംഗ പദവിയും വികസനവും

ലിംഗസമത്വം ഒരു വികസന ലക്ഷ്യവും അതുപോലെ തന്നെ മറ്റ് പല വികസന ലക്ഷ്യങ്ങളും കൈവരിക്കുന്നതിനുള്ള ഒരു മുൻവ്യവസ്ഥയുമാണ്. മഹനീയമായ ലിംഗസമത്വം വഴി സാമ്പത്തിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും വികസന ഫലങ്ങൾ മെച്ചപ്പെടുത്താനും സ്ഥാപനങ്ങളെയും നയങ്ങളെയും കൂടുതൽ പ്രാതിനിധ്യമാക്കാനും കഴിയും.

യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം വികസിപ്പിച്ച സാധാരണയായി ഉപയോഗിക്കുന്ന ലിംഗപദവി സംബന്ധിയായ രണ്ട് പ്രധാന സൂചികകളാണ് ലിംഗപദവി വികസന സൂചികയും (GDI) ലിംഗപദവി ശാക്തീകരണ അളവും (GEM). അടിസ്ഥാന ശേഷികളും ജീവിത നിലവാരവുമാണ് ജിഡിഐ സൂചിപ്പിക്കുന്നത്. ഇതിന് മാനവ വികസന സൂചികയുടെ (എച്ച്ഡിഐ) അതേ സൂചകങ്ങൾ ഉപയോഗിക്കുന്നു. ഇത് പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അസമത്വത്തിനും ജനങ്ങളുടെ ശരാശരി പൊതു നേട്ടത്തിനും ഊന്നൽ നൽകുന്നു. 2021ൽ ശേഖരിച്ചതും 2022-ൽ പ്രസിദ്ധീകരിച്ചതുമായ ഡാറ്റയെ അടിസ്ഥാനമാക്കിയുള്ള ലിംഗപദവി വികസന സൂചിക, എച്ച്ഡിഐ മൂല്യങ്ങളിലെ ലിംഗപദവി സമത്വത്തിൽ നിന്നുള്ള കേവല വ്യതിയാനത്തെ അടിസ്ഥാനമാക്കി രാജ്യങ്ങളെ ക്രമീകരിച്ചിട്ടുണ്ട്. 191 രാജ്യങ്ങളിൽ എച്ച്ഡിഐയിൽ ഇന്ത്യയുടെ സ്ഥാനം 132 ആണ്. വിവിധ രാജ്യങ്ങൾക്കിടയിൽ താരതമ്യങ്ങൾ നടത്തുന്നതിൽ ലിംഗപദവി വികസന സൂചികയുടെ (ജിഡിഐ) വിശ്വാസ്യതയും ഉപയോഗവും സംബന്ധിച്ച് നിരവധി ചർച്ചകൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും, ലിംഗപദവി അവബോധവും ലിംഗപദവി സെൻസിറ്റീവ് വികസനവും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്കുള്ള വഴികാട്ടിയാണിത്.എച്ച്.ഡി.ഐ മൂല്യങ്ങളിലെ ലിംഗസമത്വത്തിൽ നിന്നുള്ള വ്യതിയാനത്തെ അടിസ്ഥാനമാക്കി രാജ്യങ്ങളെ അഞ്ച് ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു, ലിംഗ വികസന സൂചിക ഗ്രൂപ്പിൽ ഇന്ത്യയുടെ സ്ഥാനം 5 ആണ്. ഇന്ത്യയിൽ സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള എച്ച്.ഡി.ഐ നേട്ടങ്ങളിൽ തുല്യത കുറവാണെന്നുള്ളത് സൂചിപ്പിക്കുന്നു. (മാനവ വികസന റിപ്പോർട്ട് 2021/2022).

ലിംഗപദവിസമത്വം കൈവരിക്കുകയും എല്ലാ സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുകയും ചെയ്യുക എന്നത് ഐക്യരാഷ്ട്രസഭയുടെ (യുഎൻ) സുസ്ഥിര വികസന ലക്ഷ്യം 5 (SDG 5) ന്റെ ലക്ഷ്യങ്ങളിലൊന്നാണ്. സ്ത്രീകൾക്കെതിരായ വിവേചനം അവസാനിപ്പിക്കുന്നത് അടിസ്ഥാന മനുഷ്യാവകാശമായി മാത്രമല്ല, സുസ്ഥിരമായ ഭാവിക്ക് ആവശ്യമായ വ്യവസ്ഥയായും യുഎൻ അംഗീകരിക്കുന്നു. ലിംഗപദവിസമത്വത്തിലേക്കും സ്ത്രീശാക്തീകരണത്തിലേക്കും കാര്യമായ പുരോഗതി കഴിഞ്ഞ നാല് പതിറ്റാണ്ടിനിടെ ഉണ്ടായി എന്നത് വളരെ വ്യക്തമാണ്. എന്നിരുന്നാലും, ഒരു ആഗോള സമൂഹം എന്ന നിലയിൽ, ലിംഗപദവി-സമത്വ ലോകത്തിൽ നിന്ന് നമ്മൾ ഇപ്പോഴും അകലെയാണ്.

ലിംഗസമത്വത്തിന്റെ കാര്യത്തിൽ വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ ഗ്ലോബൽ ജെൻഡർ ഗ്യാപ് റിപ്പോർട്ട് 2023ൽ ഇന്ത്യ 146 രാജ്യങ്ങളിൽ 127-ാം സ്ഥാനത്താണ്. കൂടാതെ, ആരോഗ്യം, ശാക്തീകരണം, തൊഴിൽ വിപണി തുടങ്ങിയ മേഖലകളിലെ ലിംഗപദവിപരമായ അസമത്വങ്ങളുടെ ഒരു ചിത്രവും ലിംഗപദവി അസമത്വ സൂചിക (ജിഐഐ) നല്കുന്നുണ്ട്.

വനിതാ വികസനവുമായി ബന്ധപ്പെട്ട നിരവധി സൂചകങ്ങളുടെ കാര്യത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളം വേറിട്ടുനിൽക്കുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സീറ്റുകൾ സംവരണം ചെയ്യാനുള്ള നിയമനിർമ്മാണം വഴി 2010 ൽ ചരിത്രപരമായ ഒരു ചുവടുവെപ്പായിരുന്നു കേരളം നടത്തിയത്. 2021-ൽ ആകെയുള്ള 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 602 ലും സ്ത്രീകൾ നേതൃത്വം നൽകുന്നു (പഞ്ചായത്ത് വകുപ്പ്, കേരള സർക്കാർ 2021). ഇന്ത്യയിലെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണ പദ്ധതികളിലൊന്നായ കുടുംബശ്രീ മിഷൻ കേരളത്തിന്റെ വനിതാ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. പ്രാദേശിക ഭരണകൂടങ്ങളിലെ ഗണ്യമായ സ്ത്രീ പ്രാതിനിധ്യം, പരിശീലനം, സംരംഭകത്വ പിന്തുണ, വിദ്യാഭ്യാസം എന്നിവയിലൂടെ ലക്ഷക്കണക്കിന് സ്ത്രീകളെ ശാക്തീകരിക്കുന്നത് കുടുംബശ്രീയുടെ നിരന്തരമായ ഇടപെടലിന്റെയും പ്രാദേശിക തലത്തിൽ സ്ത്രീകളുടെ രാഷ്ട്രീയവൽക്കരണം വർദ്ധിച്ചതിന്റേയും കൂടി പ്രതിഫലനം ആയി കാണേണ്ടതുണ്ട്. നവലിബറലിസത്തിന്റെ ഈ കാലഘട്ടത്തിൽ, ഇന്ത്യയൊട്ടാകെ സാമ്പത്തിക നയത്തിന്റെ സ്വാധീനം ഉണ്ടായിട്ടും, കേരള സംസ്ഥാനത്തിന്റെ സാമൂഹിക ചെലവ് ഇപ്പോഴും ലിംഗ പദവിസമത്വ വികസന മേഖലകളിൽ ശ്രദ്ധേയമാണ്. ലിംഗപദവി സമത്വ സമൂഹത്തിലേക്കുള്ള പാതയൊരുക്കുന്നതിൽ കേരള സർക്കാരും അതിന്റെ വിവിധ ഏജൻസികളും നേതൃത്വപരമായ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

2011-ലെ സെൻസസ് പ്രകാരം, കേരളത്തിലെ സ്ത്രീ പുരുഷ അനുപാതം 1,084 എന്നത് ദേശീയ കണക്കായ 940-മായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണ്. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 52 ശതമാനം സ്ത്രീകളാണ്. 0-14 വയസ്സ് പ്രായമുള്ള കുട്ടികൾ കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 23.44 ശതമാനത്തെ പ്രതിനിധീകരിക്കുന്നു, അവരിൽ 48.91 ശതമാനം പെൺകുട്ടികളാണ്. ദേശീയ ശരാശരിയായ 11 ശതമാനത്തിൽ നിന്ന് വ്യത്യസ്തമായി, കേരളത്തിലെ മൊത്തം കുടുംബങ്ങളിൽ 22 ശതമാനവും സ്ത്രീകൾ നയിക്കുന്നതാണ്. അടുത്തിടെ, പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിൽ സ്ത്രീകളുടെ തൊഴിലവസരങ്ങളിൽ പ്രശംസനീയമായ വർധനയുണ്ടായി. 2023ൽ 515 വനിതാ പോലീസുകാരെയാണ് നിയമിച്ചത്. 2023ൽ എക്സൈസ് വകുപ്പിൽ 577 സ്ത്രീകളെ പട്രോളിംഗിനായി ഉൾപ്പെടുത്തി. വനംവകുപ്പിലെ 3126 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ 756 വനിതാ ബീറ്റ് ഓഫീസർമാരാണ്. മഹാമാരിക്കു ശേഷം ആരോഗ്യ പ്രവർത്തകരുടെ പുതിയ നിയമനം ഗണ്യമായി നടന്നതിൽ, വലിയൊരു വിഭാഗം സ്ത്രീകളാണ്.

**വിദ്യാഭ്യാസവും ലിംഗപദവിസമത്വവും**

സംസ്ഥാനത്തിന്റെ സാമൂഹിക-സാംസ്കാരിക വികസനത്തിന് ഉയർന്ന സ്ത്രീ സാക്ഷരതയും വിദ്യാഭ്യാസവും കാരണമായി കണക്കാക്കാം. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന സ്ത്രീ സാക്ഷരതാ നിരക്ക് ഉള്ളത് കേരളത്തിലാണ്, 92 ശതമാനം. ഇതിലെ ലിംഗപദവി വ്യത്യാസം വളരെ ചെറുതുമാണ് (സെൻസസ്, 2011). കേരളത്തിൽ ഈ ആറു പതിറ്റാണ്ടിനിടെ ലിംഗപദവി വ്യത്യാസം കുറഞ്ഞിട്ടുണ്ടെന്നും കാണുന്നു (കൂടുതൽ വിവരങ്ങൾക്ക് ഈ അവലോകനത്തിന്റെ 6-ാം അധ്യായം കാണുക). NFHS-5, 2019-20 സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, കേരളത്തിലെ സ്ത്രീകളുടെ (പ്രായം 15-49) സാക്ഷരതാ നിരക്ക് 97.4 ശതമാനമായി വർദ്ധിച്ചു. എന്നാൽ കമ്പ്യൂട്ടർ സാക്ഷരത, അടിസ്ഥാന ഇന്റർനെറ്റ് പരിജ്ഞാനം തുടങ്ങിയ സാക്ഷരതയുടെ മറ്റ് തലങ്ങളിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണ്. ഇത് ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ പ്രകടമാണ്. സാക്ഷരതയുടെ വിവിധ തലങ്ങളിലെ ലിംഗപദവിഭേദവും ഗ്രാമ-നഗര വ്യത്യാസങ്ങളും **പട്ടിക 8.1.1**ൽ നൽകിയിരിക്കുന്നു.

പൊതു വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, സ്കൂൾ പ്രവേശനം പ്രാഥമിക തലത്തിൽ സാർവത്രികമാണ്, കൂടാതെ സ്ത്രീ-പുരുഷ തുല്യത കൈവരിക്കുകയും ചെയ്തു. സ്കൂളുകളിലെ മൊത്തം വിദ്യാർത്ഥികളുടെ 49.05 ശതമാനം പെൺകുട്ടികളാണ്. ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനത്തിന്റെ കാര്യത്തിൽ 50.80 ശതമാനത്തോടെ ആൺകുട്ടികളേക്കാൾ പെൺകുട്ടികൾ കൂടുതൽ ആണ്. തൃതീയ തലത്തിലും പെൺകുട്ടികളുടെ പ്രവേശനം ആൺകുട്ടികളേക്കാൾ കൂടുതലാണ്, എന്നാൽ ടെക്നിക്കൽ സ്കൂളുകളിലെ പെൺകുട്ടികളുടെ എണ്ണം 6.36 ശതമാനം മാത്രമാണ്. വിശദാംശങ്ങൾ **പട്ടിക 8.1.2**ൽ നൽകിയിരിക്കുന്നു.

**പട്ടിക 8.1.1** ഇന്ത്യയിലും കേരളത്തിലും വിവിധ തലങ്ങളിലെ സാക്ഷരതയുടെ ശതമാനം(വയസ്സ് 15-49)

| നഗരം/ഗ്രാമം | കേരളം | | | ഇന്ത്യ | | |
|---|---|---|---|---|---|---|
| | നഗരം | ഗ്രാമം | ആകെ | നഗരം | ഗ്രാമം | ആകെ |
| ആൺ സാക്ഷരത | 99.2 | 97.4 | 98.2 | 89.6 | 81.5 | 84.4 |
| പെൺ സാക്ഷരത | 99.1 | 97.5 | 98.3 | 83 | 65.9 | 71.5 |
| ഇന്റർനെറ്റ് എപ്പോഴെങ്കിലും ഉപയോഗിച്ചിട്ടുള്ള പുരുഷൻ | 78.3 | 74.2 | 76.1 | 72.5 | 48.7 | 57.1 |
| ഇന്റർനെറ്റ് എപ്പോഴെങ്കിലും ഉപയോഗിച്ചിട്ടുള്ള സ്ത്രീ | 64.9 | 57.5 | 61.1 | 51.8 | 24.6 | 33.3 |

അവലംബം:ദേശീയ കുടുംബാരോഗ്യ സർവ്വേ (എൻ.എഫ്.എച്ച്.എസ്) 5, 2019-20

**പട്ടിക 8.1.2** വിവിധ തലങ്ങളിലുള്ള പെൺകുട്ടികളുടെ പ്രവേശനം, കേരളം 2023-24

| മേഖല | ആകെ | പെൺകുട്ടികൾ | ശതമാനം |
|---|---|---|---|
| എൽ.പി | 1308415 | 642618 | 49.11 |
| യു.പി | 1169557 | 575719 | 49.22 |
| എച്ച്.എസ് | 1268675 | 619328 | 48.82 |
| *എച്ച്.എസ്.എസ് | 384556 | 195357 | 50.80 |
| വി.എച്ച്.എസ്.എസ് | 28059 | 10871 | 38.74 |
| ടെക്ക്നിക്കൽ ഹൈസ്കൂൾ | 7924 | 504 | 6.36 |

* 2022-23 ഡാറ്റ പ്രകാരം

അവലംബം: ഡി.ജി.ഇ, ഡി.വി.എച്ച്.എസ്.ഇ, ഡി.ടി.ഇ, ഡി.എച്ച്.എസ്.ഇ

കേരളത്തിലെ വിവിധ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ, ബിരുദാനന്തര കോഴ്സുകളിലെ പെൺകുട്ടികളുടെ വാർഷിക പ്രവേശനത്തിന്റെ ശതമാനം 2022-23ൽ 65.28 ആണ്. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും പെൺകുട്ടികളുടെ വാർഷിക പ്രവേശനം പരിഗണിക്കുമ്പോൾ സ്ഥിതി വ്യത്യസ്തമാണ്. മൊത്തം വിദ്യാർത്ഥികളിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ 48.52 ശതമാനവും പോളിടെക്നിക്കുകളിൽ 23.04 ശതമാനവും മാത്രമാണ് പെൺകുട്ടികൾ. ആരോഗ്യവും അനുബന്ധ കോഴ്സുകളും കണക്കാക്കുമ്പോൾ ഈ അനുപാതം ഉയർന്നതാണ്. മറ്റേതൊരു വിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ, മെഡിക്കൽ സയൻസുമായി ബന്ധപ്പെട്ട കോഴ്സുകളിലെ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കാർഷിക കോഴ്സുകളിൽ പെൺകുട്ടികളുടെ വാർഷിക പ്രവേശനം 72.02 ശതമാനമാണ്. 2022-23ൽ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാലയിൽ ചേർന്ന വിദ്യാർത്ഥികളിൽ 60 ശതമാനത്തിലധികം പെൺകുട്ടികളാണ്. അതുപോലെ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിലെ (കുഫോസ്) 70 ശതമാനത്തിലധികം വിദ്യാർത്ഥികളും പെൺകുട്ടികളാണ്.

ആരോഗ്യ-അനുബന്ധ കോഴ്സുകളിലെ വിദ്യാർത്ഥികളിൽ 80 ശതമാനത്തിലധികം പെൺകുട്ടികളാണ്. **പട്ടിക 8.1.3**

കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസത്തിൽ 80 ശതമാനത്തിലധികം പെൺകുട്ടികളാണെന്നാണ് മെഡിക്കൽ വിദ്യാഭ്യാസത്തിലെ സ്ത്രീകളുടെ വാർഷിക പ്രവേശനം കാണിക്കുന്നത്. **പട്ടിക 8.1.4**

### കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യ നിലവാരം

മാതൃമരണനിരക്ക്, ആയുർദൈർഘ്യം, ലിംഗാനുപാതം തുടങ്ങിയ സ്ത്രീകളുടെ ചില ആരോഗ്യ സൂചകങ്ങളിൽ കേരളം ഉയർന്ന പദവി നേടിയിട്ടുണ്ട്. കേരളത്തിലെ ജനനത്തെ ആധാരമാക്കിയുള്ള സ്ത്രീകളുടെ

**പട്ടിക 8.1.3** ഉന്നത വിദ്യാഭ്യാസ മേഖലയിലെ പെൺകുട്ടികളുടെ പ്രവേശനം (സർക്കാരും എയ്ഡഡും) 2022-23

| മേഖല | പെൺകുട്ടികൾ | ആകെ | ശതമാനം |
|---|---|---|---|
| ബിരുദ,ബിരുദാനന്തരം (ആർട്സ് & സയൻസ്) | 230350 | 352874 | 65.28 |
| പോളിടെക്നിക്* | 2700 | 11718 | 23.04 |
| ബി.ടെക് & എം.ടെക്* | 3480 | 7172 | 48.52 |
| ബിരുദ,ബിരുദാനന്തരം (KAU) | 2162 | 3002 | 72.02 |
| ബിരുദ,ബിരുദാനന്തരം (KUFOS) | 368 | 513 | 71.73 |
| ബിരുദ,ബിരുദാനന്തരം (KVASU) | 1291 | 1986 | 65.00 |
| ആരോഗ്യവും അനുബന്ധ ശാസ്ത്രവും* | 18874 | 23378 | 80.73 |

*വാർഷിക പ്രവേശന വിശദാംശങ്ങൾ

അവലംബം: ഡി.ടി.ഇ, ഡി.സി.ഇ, കെ.എ.യു, കെ.യു.എഫ്.ഒ.എസ്, കെ.വി.എ.എസ്.യു, കെ.യു.എച്ച്.എസ്

**പട്ടിക 8.1.4** 2023 ആഗസ്റ്റ് പ്രകാരം 2022-23 ലെ മെഡിക്കൽ വിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ വാർഷിക പ്രവേശനത്തിന്റെ അനുപാതം

| വിഭാഗം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|
| ആധുനിക വൈദ്യശാസ്ത്രം | 1765 | 3954 | 5719 | 69 |
| ദന്ത ചികിത്സ | 237 | 1433 | 1670 | 86 |
| ഹോമിയോ | 36 | 344 | 380 | 91 |
| ആയുർവേദം | 121 | 772 | 893 | 86 |
| യുനാനി | 8 | 17 | 25 | 68 |
| സിദ്ധ | 3 | 6 | 9 | 67 |

അവലംബം: കേരള ആരോഗ്യ സർവ്വകലാശാല (കെ.യു.എച്ച്.എസ്)

ആയുർദൈർഘ്യം 77.9 വയസ്സ്, എന്നത് ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന നിരക്കാണ്. ഇന്ത്യയിലെ മൊത്തത്തിലുള്ള സ്ത്രീകളുടെ ആയുർദൈർഘ്യ നിരക്ക് 70.7 വയസ്സ് എന്നതിനേക്കാൾ വളരെ ഉയർന്നതാണിത്. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലുള്ള സ്ത്രീകളേക്കാൾ കേരളത്തിലെ സ്ത്രീകളുടെ ഉയർന്ന ആരോഗ്യനില സംസ്ഥാനത്തിന്റെ ആകെയുള്ള സാമൂഹിക വികസനത്തിന്റെ പ്രതിഫലനമാണ്. മിക്ക ആരോഗ്യ സൂചകങ്ങളും സംസ്ഥാനത്തെ സ്ത്രീകൾക്ക് വളരെ അനുകൂലമാണ്. രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറത്തുവിട്ട കണക്കുകൾ പ്രകാരം, എല്ലാ ജനസംഖ്യാ സൂചകങ്ങളും കേരളത്തിലെ സ്ത്രീകൾക്ക് അനുകൂലമാണ് **പട്ടിക 8.1.5**.

**പട്ടിക 8.1.5** ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ ആരോഗ്യസ്ഥിതി

| ക്രമ നം. | സൂചകങ്ങൾ | | കേരളം | ഇന്ത്യ |
|---|---|---|---|---|
| 1 | ശിശുമരണ നിരക്ക്# | ആകെ | 6 | 30 |
| | | പുരുഷന്മാർ | 6 | 30 |
| | | സ്ത്രീകൾ | 7 | 31 |
| 2 | ശരാശരി വിവാഹ പ്രായം സ്ത്രീകൾ * | 18 വയസിന് താഴെ ഉള്ളവർ | 17 | 16.8 |
| | | 18-20 | 19.1 | 19.2 |
| | | 21 വയസിന് മുകളിൽ ഉള്ളവർ | 24.6 | 24 |
| | | എല്ലാ പ്രായക്കാരിലും | 23.2 | 22.3 |
| 3 | മാതൃ മരണ നിരക്ക്** | | 43 | 113 |
| 4 | ജനനത്തെ അടിസ്ഥാനമാക്കിയുള്ള ആയുർദൈർഘ്യം *** | ആകെ | 75.3 | 69.4 |
| | | പുരുഷൻമാർ | 72.5 | 68.2 |
| | | സ്ത്രീകൾ | 77.9 | 70.7 |

അവലംബം: # എസ്.ആർഎസ് ബുള്ളറ്റിൻ ഒക്ടോബർ 2021
*എസ്.ആർഎസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018
**എം.എം.ആർ നെ കുറിച്ചുള്ള പ്രത്യേക ബുള്ളറ്റിൻ 2016-18
***എസ്.ആർഎസ് ലൈഫ് ടേബിൾ 2014-18

സംസ്ഥാനത്ത് മാതൃ പരിചരണത്തിനുള്ള വിപുലമായ പൊതുസംവിധാനം കൊണ്ടുവന്നതിന്റെ ഫലമാണ് കേരളത്തിലെ കുറഞ്ഞ മാതൃമരണ നിരക്കും ഉയർന്ന സ്ത്രീ ആയുർദൈർഘ്യവും. എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2018 അനുസരിച്ച്, കേരളത്തിലെ 15-49 വയസ്സിനിടയിലുള്ള നിരക്ഷരരായ സ്ത്രീകളുടെ മൊത്തം ഉൽപ്പാദനക്ഷമതാ നിരക്ക് 1.8 ഉം മൊത്തം സാക്ഷരരായ സ്ത്രീകളുടേത് 1.7 ഉം ആണ്. ദേശീയ തലത്തിൽ ഇത് യഥാക്രമം 3 ഉം 2.1 ഉം ആണ്. ആരോഗ്യ പരിപാലന സ്ഥാപനങ്ങളിലേക്കുള്ള സാർവത്രിക പ്രവേശനം മാതൃ പരിചരണവും ആശുപത്രിയിലെ പ്രസവവും എല്ലാവർക്കും ഉറപ്പാക്കാൻ സഹായിക്കുന്നു. കേരളത്തിലെ മാതൃ പരിചരണ സൂചകങ്ങളുടെ കൂടുതൽ വിവരങ്ങൾക്ക് **പട്ടിക 8.1.6** കാണുക. കേരള സർക്കാർ രൂപീകരിച്ചതു മുതൽ ദശാബ്ദങ്ങളായുള്ള പരിശ്രമത്തിന്റെ ഫലമാണ് പൊതുജനാരോഗ്യ സംരക്ഷണം നൽകുന്നതിലുള്ള ഈ നേട്ടങ്ങൾ.

ഉയർന്ന സാക്ഷരത, വിദ്യാഭ്യാസ നിലവാരം, അനുകൂലമായ ആരോഗ്യ സൂചകങ്ങൾ എന്നിവ ജീവിതശൈലി ആരോഗ്യ സൂചകങ്ങളിൽ പ്രതിഫലിക്കുന്നില്ല. എൻഎഫ്എച്ച്എസ് 2019-20-ന്റെ റിപ്പോർട്ടുകൾ പ്രകാരം ശരീര ഭാര സൂചിക, പൊണ്ണത്തടി, അനീമിയ എന്നിവയുടെ കാര്യത്തിൽ സ്ത്രീകളുടെ സ്ഥാനം മെച്ചമല്ല. കേരളത്തിലും ഇന്ത്യയിലും, ശരീര ഭാര സൂചിക, സാധാരണയിലും താഴെയുള്ള സ്ത്രീകളുടെ ശതമാനം പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണ്, എന്നിരുന്നാലും കേരളത്തിലെ സ്ത്രീകൾ

**പട്ടിക 8.1.6** മാതൃ പരിചരണത്തിന്റെ സൂചകങ്ങൾ

| സൂചകങ്ങൾ | ഇന്ത്യ | | | കേരളം | | |
|---|---|---|---|---|---|---|
| | എൻ.എഫ്.എച്ച്.എസ്-3 (2005-06) | എൻ.എഫ്.എച്ച്.എസ്-4 (2015-16) | എൻ.എഫ്.എച്ച്.എസ്-5 (2019-20) | എൻ.എഫ്.എച്ച്.എസ്-3 (2005-06) | എൻ.എഫ്.എച്ച്.എസ്-4 (2015-16) | എൻ.എഫ്.എച്ച്.എസ്-5 (2019-20) |
| കൗമാര പ്രായക്കാരിലെ ഗർഭധാരണം | 16 | 7.9 | 6.8 | 5.8 | 3 | 2.4 |
| അമ്മമാരുടെ പ്രസവ പൂർവ പരിശോധനകൾ | 43.9 | 58.6 | 70 | 91.9 | 95.1 | 93.6 |
| ആശുപത്രികളിലെ ജനനങ്ങൾ (ശതമാനം) | 38.7 | 78.9 | 88.6 | 99.3 | 99.8 | 99.8 |
| മാതൃ ശിശു സംരക്ഷണം(എം.സി.പി കാർഡ് ഉടമ) (ശതമാനം) | ലഭ്യമല്ല | 89.3 | 95.9 | ലഭ്യമല്ല | 84.2 | 91.3 |
| ആകെ പ്രത്യുല്പാദന നിരക്ക് (ഓരോ സ്ത്രീകൾക്കുമുള്ള കുട്ടികൾ) | 2.7 | 2.2 | 2 | 1.9 | 1.6 | 1.8 |
| സമ്പൂർണ്ണ പ്രസവ പൂർവ പരിചരണം (ശതമാനം) | 11.6 | 21 | ലഭ്യമല്ല | 66.7 | 61.2 | ലഭ്യമല്ല |
| അമ്മമാരുടെ പ്രസവാനന്തര പരിചരണം ലഭിച്ചത് (ശതമാനം) | 34.6 | 62.4 | 78 | 84.6 | 88.7 | 93.3 |
| സിസേറിയനിലൂടെയുള്ള പ്രസവം (ശതമാനം) | 8.5 | 17.2 | 21.5 | 30.1 | 35.8 | 38.9 |
| കൗമാര പ്രായക്കാരിലെ വിളർച്ച (ശതമാനം) | 55.3 | 53.1 | 57 | 32.8 | 34.3 | 36.3 |
| ഗർഭാവസ്ഥയിൽ അനുഭവിച്ച അക്രമം (ശതമാനം) | ലഭ്യമല്ല | 3.9 | 3.1 | ലഭ്യമല്ല | 1.2 | 0.5 |

അവലംബം: ദേശീയ കുടുംബ ആരോഗ്യ സർവ്വേ

അഖിലേന്ത്യാ ശരാശരിയെ അപേക്ഷിച്ച് മികച്ചവരാണ്. എന്നാൽ പൊണ്ണത്തടിയുടെ കാര്യത്തിൽ, കേരളത്തിലെ സ്ത്രീകളുടെ ശതമാനം ഇന്ത്യയിലേതിനേക്കാൾ കൂടുതലാണ്, കൂടാതെ സംസ്ഥാനത്തെ അവരുടെ പങ്കാളികളേക്കാൾ കൂടുതലാണ്. വിളർച്ചയുടെ കാര്യത്തിൽ, 2015-16 മുതൽ 2019-20 വരെ അതിന്റെ ശതമാനം വർദ്ധിച്ചതായി കാണുന്നു, എന്നിരുന്നാലും കേരളത്തിന്റെ സ്ഥിതി അഖിലേന്ത്യാ ശരാശരിയേക്കാൾ മികച്ചതാണ് **(അനുബന്ധം 8.1.1)**. കൗമാരക്കാരുടെ ഗർഭധാരണവും കേരളത്തിൽ വളരെ കുറവാണ്. കേരളത്തിൽ വയോജനങ്ങളുടെ അനുപാതം കൂടുതലായതിനാൽ രക്ത സമ്മർദ്ദം, പ്രമേഹം, ഹൃദയ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ സാംക്രമികേതര രോഗങ്ങളും വർധിച്ചുവരികയാണ്. കായികാദ്ധ്വാനങ്ങളുടെ അഭാവം സ്ത്രീകൾക്കിടയിൽ അമിതവണ്ണം, സാംക്രമികേതര രോഗങ്ങൾ വർദ്ധിക്കൽ പോലുള്ള നിരവധി ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. എൻ.എഫ്.എച്ച്.എസ്-5 കണക്കുകൾ പ്രകാരം കേരളത്തിലെ 24.8 ശതമാനം സ്ത്രീകൾക്ക് പ്രമേഹവും 30.9 ശതമാനം പേർക്ക് രക്ത സമ്മർദ്ദവുമുണ്ട്.

സ്ത്രീകളുടേയും കുട്ടികളുടേയും പോഷകാഹാര നില മെച്ചപ്പെടുത്തുന്നതിനായി അനുബന്ധ പോഷകാഹാര പരിപാടി, പോഷൻ അഭിയാൻ, ആദ്യ 1,000 ദിന പരിപാടി തുടങ്ങിയ വിവിധ പദ്ധതികൾ വനിതാ ശിശു വികസന വകുപ്പ് (ഡബ്ല്യൂസിഡി) നടപ്പിലാക്കിയിട്ടും, എൻഎഫ്എച്ച്എസ്-4 നെ അപേക്ഷിച്ച് കേരളത്തിൽ സ്ത്രീകളിലും കുട്ടികളിലും വിളർച്ച വർധിച്ചതായി എൻഎഫ്എച്ച്എസ്-5 റിപ്പോർട്ട് പ്രകാരം കാണുന്നു. പോഷകാഹാരക്കുറവിന്റെ പ്രശ്നം പരിഹരിക്കുന്നതിന്, സാമൂഹ്യ തലത്തിൽ ആരോഗ്യ-പോഷകാഹാര പരിപാടികളുടെ കൂടുതൽ സംയോജനവും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കലും ആവശ്യമാണ്. സ്ത്രീകൾക്കിടയിലെ വിളർച്ച പരിഹരിക്കുന്നതിനുള്ള വിവ പ്രോഗ്രാം 2021 ജനുവരി 12-ന് ആരംഭിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെയും ഡബ്ല്യൂസിഡിയുടെയും സഹകരണത്തോടെ ആരോഗ്യവകുപ്പാണ് ഈ പരിപാടി നടപ്പിലാക്കുന്നത്.


കുടുംബാസൂത്രണത്തെ സംബന്ധിച്ചിടത്തോളം ഗർഭനിരോധനത്തെക്കുറിച്ചുള്ള അറിവ് കേരളത്തിൽ ഏറെക്കുറെ സാർവത്രികമാണ്. വിവാഹ-വിവാഹേതര ബന്ധങ്ങളിൽ ഗർഭനിരോധന മാർഗ്ഗങ്ങളുടെ ഉപയോഗം ഗൗരവമുള്ള കാര്യമാണ്. എൻഎഫ്എച്ച്എസ്-5 വിവരങ്ങൾ പ്രകാരം ഗർഭനിരോധന മാർഗ്ഗങ്ങളിൽ പുരുഷ പങ്കാളിത്തം തുച്ഛമാണ്. കേരളത്തിൽ സ്ത്രീകളുടെ വന്ധ്യംകരണ നിരക്ക് 46.6 ശതമാനവും പുരുഷൻമാരുടേത് 0.1 ശതമാനവും ആണെന്ന് വിവരങ്ങൾ സൂചിപ്പിക്കുന്നു. ദേശീയ തലത്തിൽ ഇത് സ്ത്രീകളിൽ 37.9 ശതമാനവും പുരുഷന്മാരിൽ 0.3 ശതമാനവുമാണ്.

### സമ്പദ് വ്യവസ്ഥയിലെ പങ്കാളിത്തം

ആരോഗ്യം, വിദ്യാഭ്യാസം, മറ്റ് പല വികസന സൂചകങ്ങൾ എന്നിവയുടെ കാര്യത്തിൽ, കേരളത്തിലെ സ്ത്രീകൾ അവരുടെ പുരുഷ പങ്കാളികളേക്കാൾ മികച്ചവരാണ്; എന്നാലും സാമ്പത്തിക മേഖലയിൽ അവരുടെ പങ്കാളിത്തം ഇനിയും മെച്ചപ്പെടാനുണ്ട്. എൻഎസ്എസ്ഒയുടെ മുൻ റൗണ്ടുകളിൽ, തൊഴിൽ സേനാ പങ്കാളിത്ത നിരക്കിലും (എൽ എഫ് പി ആർ) തൊഴിൽ പങ്കാളിത്ത നിരക്കിലും (ഡബ്ല്യൂപിആർ) പുരുഷന്മാരും സ്ത്രീകളും തമ്മിൽ വലിയ വിടവുകൾ ഉണ്ടായിരുന്നു. സമകാലിക കേരള സമൂഹത്തിലെ ലിംഗ പദവീ വിപരീതാഭിപ്രായങ്ങൾ സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കിലും ആനുപാതികമല്ലാത്ത ഉയർന്ന തൊഴിലില്ലായ്മ നിരക്കിലും പ്രതിഫലിക്കുന്നുണ്ട്. ഔദ്യോഗിക തൊഴിൽ സേനാ സർവേ പ്രകാരം സ്ത്രീ തൊഴിൽ സേനാ പങ്കാളിത്ത നിരക്ക്, ഇന്ത്യാ തലത്തിലേതിനേക്കാൾ കേരളത്തിൽ കുറവാണ് പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ. ഒരു സാക്ഷര സംസ്ഥാനത്തിന്റെ നേട്ടങ്ങളെ പ്രതിഫലിപ്പിക്കുന്ന രീതിയിൽ നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് എല്ലായ്പ്പോഴും കേരളത്തിൽ വളരെ കൂടുതലാണ്. ഈയിടെ നടന്ന ആനുകാലിക ലേബർ ഫോഴ്സ് സർവേകൾ (പിഎൽഎഫ്എസ്) കാണിക്കുന്നത് ഇക്കാര്യത്തിൽ പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അന്തരം ഒരു പരിധിവരെ കുറഞ്ഞിട്ടുണ്ടെന്നാണ്. അതുപോലെ, 2021-22ൽ അവർ ഇന്ത്യയിലെ അവരോടൊപ്പമുള്ള മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ട സ്ഥാനത്തെത്തിയിട്ടുണ്ട്. **(അനുബന്ധം 8.1.2)**. 2018-19 ലെ പിഎൽഎഫ്എസ് അനുസരിച്ച്, ദേശീയ തലത്തിലുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ പുരുഷന്മാരുടെയും സ്ത്രീകളുടെയും എൽ എഫ് പി ആർ, ഡബ്ല്യൂപിആർ എന്നിവ ചെറുതായി വർദ്ധിച്ചു. എന്നാൽ 2020-21ൽ ഇത് വീണ്ടും കുറഞ്ഞത് സാമ്പത്തിക മേഖലയിൽ കോവിഡ്-19 മഹാമാരിയുടെ പ്രഭാവം കാരണമാണ്. സ്ത്രീകളുടെ ഡബ്ല്യൂപിആർ എല്ലാ പ്രായ വിഭാഗങ്ങളിലും 2018-19ൽ 20.4 ശതമാനത്തിൽ നിന്ന് 2022-23-ലെ 27.9 ശതമാനമായി വർദ്ധിച്ചു. ഉല്പാദന ക്ഷമതയുള്ള 15-59 വയസ് വിഭാഗത്തിൽ, കേരളത്തിലെ സ്ത്രീകളുടെ ഡബ്ല്യൂപിആർ 37.4 ആണ്, അതേ സമയം ഇതിന്റെ അഖിലേന്ത്യാ ശരാശരി 38.5 ആണ്. എല്ലാ പ്രായ വിഭാഗങ്ങളിലും, സ്ത്രീകളുടെ ഡബ്ല്യൂപിആർ അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതലാണ്. ഇക്കാര്യത്തിൽ വനിതാ ശിശു വികസന വകുപ്പ്, കുടുംബശ്രീ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ നിരന്തര ശ്രമങ്ങൾ നല്ല സൂചനകൾ കാണിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇത് **ചിത്രം 8.1.1** ൽ കാണിച്ചിരിക്കുന്നു.

ഡബ്ല്യൂപിആറിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലവസരങ്ങളുടെ തലത്തിലുള്ള ലിംഗ പദവി വ്യത്യാസം **ചിത്രം 8.1.2**ൽ കാണിച്ചിരിക്കുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കും ഇടയിലുള്ള വേതന നിരക്ക് ഉയർന്ന പ്രവണത കാണിക്കുന്നുണ്ടെങ്കിലും, പ്രത്യേകിച്ചും ഗ്രാമ പ്രദേശങ്ങളിൽ സ്വയം തൊഴിലിലും കാഷ്വൽ ജോലിയിലുമാണ് ഈ വർദ്ധനവുള്ളത്; എൽ.എഫ്.പി.ആർ, ഡബ്ല്യൂപിആർ എന്നിവയെക്കുറിച്ച് വിശദമായി

**ചിത്രം 8.1.1** കേരളത്തിലെയും ഇന്ത്യയിലെയും തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം (എല്ലാ പ്രായക്കാർക്കും)





അവലംബം: പീരിയോഡിക് ലേബർ ഫോർസ് സർവ്വേ 2022-23

ഈ അവലോകനത്തിന്റെ ഏഴാം അധ്യായത്തിലെ തൊഴിൽ എന്ന വിഭാഗത്തിൽ നൽകിയിരിക്കുന്നു.

**വേതന നിരക്കിലെ അസമത്വം**

വേതനത്തിന്റെയും പ്രതിഫലത്തിന്റെയും കാര്യത്തിൽ, സംസ്ഥാനത്തും ദേശീയ തലത്തിലും ലിംഗപദവിപരമായ അസമത്വം സാരമായി നിലനിൽക്കുന്നു. ഈ അവലോകനത്തിന്റെ ഏഴാം അധ്യായത്തിലെ തൊഴിൽ എന്ന വിഭാഗത്തിൽ, ശമ്പളമുള്ള ജോലി, സ്വയം തൊഴിൽ, കൂലിപ്പണി എന്നിവയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും ഇടയിലുള്ള വേതന നിരക്കുകളിലെ അസമത്വം നിലനിൽക്കുന്നതിനെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വേതന നിരക്കിലെ ലിംഗപദവിപരമായ അസമത്വം അനൗപചാരികമോ അസംഘടിതമോ ആയ മേഖലയിൽ മാത്രമല്ല, **അനുബന്ധം8.1.3**ൽ കാണിച്ചിരിക്കുന്നതുപോലെ സ്ഥിരം വേതനം/ശമ്പളമുള്ള ജോലികളിലും വ്യാപകമാണ്. വരുമാനത്തിലെ ലിംഗപദവിപരമായ വ്യത്യാസം ശമ്പളമുള്ള ജോലികളേക്കാളും സ്വയം തൊഴിലിനേക്കാളും കൂലിപ്പണിയിലാണ് കൂടുതൽ. കേരളത്തിലെ സ്ത്രീകൾക്കും പുരുഷന്മാർക്കും കൂലിപ്പണിയിൽ ദേശീയ തലത്തിലുള്ളവരേക്കാൾ ഉയർന്ന

**ചിത്രം 8.1.2** ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലവസരങ്ങളുടെ തലത്തിലുള്ള ലിംഗ പദവി വ്യത്യാസം (എല്ലാ പ്രായക്കാരും)




അവലംബം: പീരിയോഡിക് ലേബർ ഫോർസ് സർവ്വേ 2022-23

വേതനം ലഭിക്കുന്നുണ്ടെങ്കിലും, വേതന നിരക്കിലെ ലിംഗപദവിപരമായ വ്യത്യാസം കേരളത്തിലും നിലനിൽക്കുന്നു **പട്ടിക 8.1.7**.

തൊഴിൽ സേനയുടെ അവിഭാജ്യ ഘടകമായി മാറുകയും വീട്ടുജോലികളുടെയും പരിപാലനത്തിന്റെയും ഉത്തരവാദിത്തങ്ങളുടെ മുഴുവൻ ഭാരവും വഹിക്കാതെ മികച്ച തൊഴിൽ നേട്ടകയും ചെയ്യുമ്പോഴാണ് സ്ത്രീകൾ സാമ്പത്തിക ശാക്തീകരണം കൈവരിക്കുന്നത്. ഇത് തിരിച്ചറിയപ്പെടേണ്ടതും കുടുംബത്തിനുള്ളിൽ കൂട്ടുത്തരവാദിത്തം പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ നീതിയുക്തമായ രീതിയിൽ ശമ്പളമില്ലാത്ത ഗാർഹിക, പരിചരണ ജോലികൾ കുറയ്ക്കാനും പുനർവിതരണം ചെയ്യാനും ശ്രമിക്കേ ണ്ടതും ആവശ്യമാണ്. ഇവ കുറയ്ക്കുന്നതിനും ജോലികളുടെ പുനർവിതരണം ചെയ്യുന്നതിനും സഹായിക്കുന്ന ഉചിതമായ നയങ്ങൾ/പദ്ധതികൾ രൂപപ്പെടുത്തുന്നതിൽ സംസ്ഥാനത്തിന് നിർണായക പങ്ക് വഹിക്കേണ്ടതുണ്ട്.

**സ്ത്രീ തൊഴിലാളികളുടെ വ്യാവസായിക വിതരണം**

കേരളത്തിൽ സ്ത്രീ തൊഴിൽ സേന കൃഷിയിൽ നിന്ന് അകന്നുപോയതായി കേരളത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്കിനെക്കുറിച്ച് സിഡിഎസിന്റെ 2015-ലെ ഒരു പ്രോജക്ട് റിപ്പോർട്ട് കാണിക്കുന്നു. പിഎൽഎഫ്എസ് 2021-22 അനുസരിച്ച്, ഉൽപ്പാദനമേഖലയിലെ സ്ത്രീകളുടെ അനുപാതം, അഖിലേന്ത്യാതലവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ഉയർന്നതാണ് **ചിത്രം 8.1.3**. വലിയൊരു വിഭാഗം സ്ത്രീകൾ കുറഞ്ഞ ഉൽപ്പാദനക്ഷമതയുള്ളതും, അത്യദ്ധ്വാനം ആവശ്യമുള്ളതും ആയ പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, ഖാദി, കയർ, കശുവണ്ടി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതിനാലാകാം ഇത്. കേരളത്തിലെ വിവിധ ക്ഷേമനിധി ബോർഡുകളിലെ സ്ത്രീകളുടെ അംഗത്വത്തിൽ നിന്ന്, കുറഞ്ഞ വരുമാനമുള്ള വ്യവസായങ്ങളിലെ സ്ത്രീകളുടെ കേന്ദ്രീകരണം വ്യക്തമാകുന്നു.

**പട്ടിക 8.1.7** പൊതു ജോലികളല്ലാതെ കൂലിപ്പണിയിൽ നിന്ന് ശരാശരി ദിവസ വേതനം/ശമ്പളം/വരുമാനം എന്നിവയിലെ ലിംഗ പദവി വ്യത്യാസം


| കാലയളവ് | കേരളം/ഇന്ത്യ | ഗ്രാമം | | നഗരം | |
|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| ജൂലൈ- സെപ്റ്റംബർ -2019 | കേരളം | 667.71 | 372.05 | 744.50 | 385.75 |
| | ഇന്ത്യ | 297.30 | 185.01 | 374.96 | 243.43 |
| ഒക്ടോബർ- ഡിസംബർ 2019 | കേരളം | 721.39 | 395.56 | 736.51 | 369.43 |
| | ഇന്ത്യ | 305.40 | 193.10 | 384.32 | 244.10 |
| ജനുവരി- മാർച്ച് -2020 | കേരളം | 715.96 | 430.54 | 729.58 | 351.86 |
| | ഇന്ത്യ | 315.13 | 205.43 | 391.31 | 264.86 |
| ഏപ്രിൽ-ജൂൺ 2020 | കേരളം | 685.12 | 318.79 | 697.62 | 489.62 |
| | ഇന്ത്യ | 309.02 | 209.10 | 390.06 | 256.20 |
| ജൂലൈ- സെപ്റ്റംബർ -2021 | കേരളം | 758.36 | 439.85 | 812.65 | 490.19 |
| | ഇന്ത്യ | 381.04 | 260.68 | 450.44 | 317.43 |
| ഒക്ടോബർ- ഡിസംബർ 2021 | കേരളം | 824.55 | 452.01 | 820.96 | 412.12 |
| | ഇന്ത്യ | 387.03 | 260.79 | 466.13 | 322.1 |
| ജനുവരി- മാർച്ച് -2022 | കേരളം | 817.91 | 414.02 | 838.63 | 415.77 |
| | ഇന്ത്യ | 392.12 | 258.08 | 473.48 | 325.42 |
| ഏപ്രിൽ-ജൂൺ 2022 | കേരളം | 842.36 | 433.74 | 846.14 | 404.41 |
| | ഇന്ത്യ | 393.34 | 264.68 | 482.61 | 333.48 |
| ജൂലൈ- സെപ്റ്റംബർ -2022 | കേരളം | 795.54 | 446.73 | 858.97 | 416.73 |
| | ഇന്ത്യ | 437.06 | 258.72 | 488.09 | 325.47 |
| ഒക്ടോബർ- ഡിസംബർ 2022 | കേരളം | 826.03 | 404.93 | 869.77 | 401.87 |
| | ഇന്ത്യ | 413.20 | 270.45 | 503.65 | 336.20 |
| ജനുവരി- മാർച്ച് -2023 | കേരളം | 834.53 | 431.46 | 880.96 | 440.81 |
| | ഇന്ത്യ | 413.16 | 280.20 | 506.73 | 343.03 |
| ഏപ്രിൽ-ജൂൺ 2023 | കേരളം | 845.63 | 418.86 | 903.26 | 493.54 |
| | ഇന്ത്യ | 416.14 | 286.66 | 515.34 | 332.85 |

അവലംബം: പി.എൽ.എഫ്.എസ് 2022-23, സി.ഡബ്ല്യു.എസ്

### തൊഴിൽ നില

**പട്ടിക 8.1.8** ൽ കാണിച്ചിരിക്കുന്നതു പോലെ സ്ത്രീ തൊഴിലിന്റെ സ്ഥിതി വ്യക്തമാക്കുന്നത് കേരളത്തിലെ തൊഴിൽ ചെയ്യുന്ന സ്ത്രീകളിൽ പകുതിയോളം പേരും സ്ഥിര വരുമാനമുള്ള ജോലിയിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്നാണ്. ഇത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേതിന്റെ ഇരട്ടിയോളം വരും. അതുപോലെ, ഇത് കേരളത്തിലെ എല്ലാ സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളേക്കാളും കൂടുതലാണ്. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ ഭൂരിഭാഗം സ്ത്രീ തൊഴിലാളികളും ഗാർഹിക സംരംഭങ്ങളിലെ സഹായികളാണെങ്കിലും കേരളത്തിൽ ഇത് 11.7 ശതമാനം മാത്രമാണ്. സംസ്ഥാനത്തിന് അതിന്റെ സ്ത്രീ തൊഴിലാളികൾക്ക് നൽകാൻ കഴിയുന്ന മികച്ച തൊഴിൽ നിലവാരത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. 2021-22 ലും 2022-23 ലും അഖിലേന്ത്യാ തലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ സ്ഥിരമായി ശമ്പളം വാങ്ങുന്ന വനിതാ ജീവനക്കാരുടെ താരതമ്യേന വലിയ പങ്കുണ്ട്. അഖിലേന്ത്യാ തലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ ചെറിയ തോതിലുള്ള ദിവസ കൂലിക്കാരായ സ്ത്രീകളുണ്ട്.

**ചിത്രം 8.1.3** ഉൽപ്പാദനമേഖലയിലെ സ്ത്രീകളുടെ അനുപാതം




അവലംബം: പി.എൽ.എഫ്.എസ് 2022-23

### സംഘടിത മേഖലയിലെ സ്ത്രീകൾ

2023-ൽ കേരളത്തിലെ സംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ അനുപാതം (43.77 ശതമാനം) പുരുഷന്മാരുമായി (56.23 ശതമാനം) താരതമ്യപ്പെടുത്തുമ്പോൾ കുറവാണ്. എന്നാൽ സംഘടിത മേഖലയിലെ മൊത്തം സ്ത്രീ തൊഴിലാളികളുടെ എണ്ണം കഴിഞ്ഞ പത്ത് വർഷത്തിനിടെ വർദ്ധിച്ചു **(അനുബന്ധം 8.1.4**). എന്നാൽ സംഘടിത മേഖലയിലെ മൊത്തം സ്ത്രീ തൊഴിലാളികളിൽ (5,48,421) ഭൂരിഭാഗവും സ്വകാര്യമേഖലയിൽ (64.57 ശതമാനം) ഏർപ്പെട്ടിരിക്കുന്നതായാണ് കാണാൻ കഴിയുന്നത്. **പട്ടിക 8.1.9**

സംഘടിത മേഖലയിലെ തൊഴിൽ സ്ഥിതിവിവരക്കണക്കുകളുടെ മേഖല തിരിച്ചുള്ള ശതമാനം വിഹിതം പരിശോധിച്ചാൽ, പൊതുമേഖലയിലെ പുരുഷന്മാരും അവരോടോപ്പമുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകൾ പിന്നാക്കാവ സ്ഥയിലാണെന്ന് വെളിപ്പെടുത്തുന്നു. പൊതുമേഖലയിലെ സ്ത്രീകളുടെ തൊഴിൽ വിഹിതം 2023-ൽ 1.9 ലക്ഷവും 34.85 ശതമാനവുമാണ്. 3.5 ലക്ഷം സ്ത്രീകൾ (50.92 ശതമാനം) ജോലി ചെയ്യുന്ന സ്വകാര്യമേഖലയുടെ കാര്യത്തിൽ സ്ഥിതി മെച്ചമാണ്.

പൊതുമേഖലയിലും സ്വകാര്യമേഖലയിലും കഴിഞ്ഞ 6 വർഷമായി സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ വർധിച്ചുവരികയാണ്. **ചിത്രം 8.1.4**. 2022-ലും 2023-ലും പൊതുമേഖലയിലെ തൊഴിലവസരങ്ങളേക്കാൾ കൂടുതലാണ് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങളിലെ വർദ്ധനവ്.

**പട്ടിക 8.1.10**–ൽ കാണിച്ചിരിക്കുന്നതുപോലെ വിവിധ തരത്തിലുള്ള സർക്കാർ സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പൊതുമേഖലാ തൊഴിൽ വിതരണം 2021-22 ലും 2022-23 ലും സംസ്ഥാന സർക്കാരിൽ സ്ത്രീകളുടെ അനുപാതം കൂടുതലാണെന്ന് വെളിപ്പെടുത്തുന്നു.

വിവിധ തലങ്ങളിലെ സർക്കാർ സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.1.5** ൽ കൊടുത്തിരിക്കുന്നു. പൊതുമേഖലയിലെ ജീവനക്കാരിൽ വനിതകളുടെ എണ്ണവും അനുപാതവും ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലാണ്. തുടർന്ന് വയനാട് ജില്ലയിലും. എന്നാൽ സംസ്ഥാന സർക്കാരിൽ ഏറ്റവും കൂടുതൽ വനിതാ ജീവനക്കാരുള്ളത് തിരുവനന്തപുരത്തും രണ്ടാമതായി തൃശ്ശൂരുമാണ്. കേന്ദ്രസർക്കാർ ജീവനക്കാരുടെ കണക്കെടുത്താൽ വനിതാ പ്രാതിനിധ്യം കൂടുതൽ തിരുവനന്തപുരവും രണ്ടാമതായി എറണാകുളവുമാണ്.

### നൈപുണ്യവും സംരംഭകത്വ വികസനവും


മതിയായ വിദ്യാഭ്യാസ പശ്ചാത്തലമോ വൈദഗ്ധ്യമോ ഇല്ലാത്ത സമർത്ഥരായ വനിതാ സംരംഭകരെ

**പട്ടിക 8.1.8** കേരളത്തിലും ഇന്ത്യയിലുമുള്ള സ്ത്രീ തൊഴിലാളികൾ ശതമാനത്തിൽ (സിഡബ്ല്യൂഎസ്)

| | തൊഴിൽ വിഭാഗം | 2021-22 | | 2022-23 | |
|---|---|---|---|---|---|
| | | ഇന്ത്യ | കേരളം | ഇന്ത്യ | കേരളം |
| എല്ലാ സ്വയം തൊഴിലുകളും | സ്വന്തം നിലയിലെ തൊഴിലാളി, തൊഴിൽ ദാതാവ്<br>കുടുംബ സംരംഭങ്ങളിലെ സഹായി | 60.6 | 36.1 | 64.3 | 35.9 |
| സ്ഥിരം വേതനമുള്ളവർ | | 20.0 | 44.5 | 18.6 | 47.4 |
| ദിവസ കൂലിക്കാർ | | 19.4 | 19.4 | 17.1 | 16.7 |

അവലംബം: പി.എൽ.എഫ്.എസ്

ചിത്രം 8.1.4 സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ




അവലംബം: തൊഴിൽ ഡയറക്ടറേറ്റ്

പട്ടിക 8.1.9 സംഘടിത മേഖലയിലെ തൊഴിൽ എണ്ണത്തിലും ശതമാനത്തിലും

| വർഷം | പൊതു മേഖല | | സ്വകാര്യ മേഖല | | ആകെ | |
|---|---|---|---|---|---|---|
| | സ്ത്രീകൾ | ആകെ | സ്ത്രീകൾ | ആകെ | സ്ത്രീകൾ | ആകെ |
| 2019 | 193807 | 560619 | 342877 | 686881 | 536684 | 1247500 |
| ശതമാനം | 34.60 | 100 | 49.90 | 100 | 43 | 100 |
| 2020 | 193224 | 554919 | 368153 | 699447 | 561377 | 1254366 |
| ശതമാനം | 34.82 | 100 | 52.63 | 100 | 44.75 | 100 |
| 2021 | 194080 | 556634 | 349978 | 691134 | 544058 | 1247768 |
| ശതമാനം | 34.86 | 100 | 50.64 | 100 | 43.60 | 100 |
| 2022 | 194191 | 556933 | 351822 | 693146 | 546013 | 1250079 |
| ശതമാനം | 34.86 | 100 | 50.75 | 100 | 43.67 | 100 |
| 2023 | 194323 | 557495 | 354098 | 695293 | 548421 | 1252788 |
| ശതമാനം | 34.85 | 100 | 50.92 | 100 | 43.77 | 100 |

അവലംബം: തൊഴിൽ ഡയറക്ടറേറ്റ്.

പട്ടിക 8.1.10 സർക്കാരിന്റെ വിവിധ തലങ്ങളിലെ വനിതാ ജീവനക്കാരുടെ വിന്യാസം

| വർഷം | 2022-23 | | | 2021-22 | | |
|---|---|---|---|---|---|---|
| ഗവൺമെന്റിന്റെ തരം | ആകെ | വനിതകൾ | ശതമാനം | ആകെ | വനിതകൾ | ശതമാനം |
| കേന്ദ്ര സർക്കാർ | 60215 | 14751 | 24.49 | 60063 | 14726 | 24.51 |
| സംസ്ഥാന സർക്കാർ | 259560 | 105711 | 40.72 | 259339 | 105627 | 40.72 |
| കേന്ദ്ര അർദ്ധ സർക്കാർ | 80812 | 25407 | 31.43 | 80736 | 25391 | 31.44 |
| സംസ്ഥാന അർദ്ധ സർക്കാർ | 131614 | 39182 | 29.77 | 131372 | 39120 | 29.77 |
| എൽ.എസ്.ജി.ഐ | 25294 | 9272 | 36.65 | 25296 | 9272 | 36.65 |
| ആകെ | 557495 | 194323 | 34.85 | 556933 | 194136 | 34.85 |

അവലംബം: തൊഴിൽ ഡയറക്ടറേറ്റ്.

സഹായിക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വകുപ്പ്, കുടുംബശ്രീ, വനിതാ വികസന കോർപ്പറേഷൻ തുടങ്ങി നിരവധി സർക്കാർ വകുപ്പുകൾ സംരംഭകത്വ വികസന പരിപാടികൾ (ഇഡിപി) ഉൾപ്പെടെ വിവിധ പരിപാടികൾ നടത്തുന്നു. കേന്ദ്ര-സംസ്ഥാന തലങ്ങളിൽ സർക്കാരിന്റെ മറ്റ് നിരവധി പദ്ധതികളും ഉണ്ട്, അവ നിർദ്ധനരായ സ്ത്രീകളെ സാമ്പത്തികമായി സ്വതന്ത്രരാക്കുന്നതിനായി പരിശീലനവും വരുമാനവും നേടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സഹായവും നൽകുന്നു. ചില ബാങ്കുകളും നബാർഡ് പോലുള്ള ധനകാര്യ സ്ഥാപനങ്ങളും വനിതാ സംരംഭകർക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വനിതാ സംരംഭകർക്കുള്ള പ്രത്യേക പദ്ധതികൾക്ക് പുറമേ, ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ-കൗശല്യ യോജന (ഡിഡിയു-ജികെവൈ), നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ (എൻആർഎൽഎം), കുടുംബശ്രീയുടെ എംഎസ്എംഇ പദ്ധതികളും, വ്യവസായ വകുപ്പിന്റെ സംരംഭ സഹായ പദ്ധതി തുടങ്ങിയ ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള വിവിധ സർക്കാർ പദ്ധതികളും വനിതാ സംരംഭകർക്ക് ചില പ്രത്യേക പ്രോത്സാഹനങ്ങളും ഇളവുകളും നൽകുന്നു. ഈ പദ്ധതിയിൽ സ്ത്രീ ഗുണഭോക്താക്കളുടെ പങ്കാളിത്തം സുഗമമാക്കുന്നതിന് സ്ത്രീകൾക്ക് സർക്കാർ നിരവധി ഇളവുകൾ വരുത്തിയിട്ടുണ്ട്. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്), കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെഎഎസ്ഇ), ലേബർ ഡിപ്പാർട്ട്മെന്റുകൾ എന്നിവയിൽ സ്കിൽഡ് വനിതാ തൊഴിൽ സേനയെ സൃഷ്ടിക്കുന്നതിനും സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്ത്രീകൾക്കായി വിവിധ നൈപുണ്യ പരിപാടികൾ ഉണ്ട്.

**ഐ ടി മേഖലയിലെ സ്ത്രീകൾ**

ഐടി മേഖലയിൽ (ടെക്നോ പാർക്ക്, സൈബർ പാർക്ക്, ഇൻഫോ പാർക്ക്) 2021-22, 2022-23 വർഷങ്ങളിൽ തൊഴിലവസരങ്ങൾ വർധിച്ചു. ടെക്നോ പാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിൽ വനിതാ ജീവനക്കാരുടെ അനുപാതം ഈ കാലഘട്ടത്തിൽ സ്ഥിരമായിരുന്നു. **പട്ടിക 8.1.11.** കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി-വുമൺ ഇൻകുബേഷൻ, സ്റ്റാർട്ടപ്പുകളും എന്റർപ്രണർഷിപ്പ് സ്കീം(WISE) സംരംഭകത്വത്തിലൂടെ സ്ത്രീകളെ ശാക്തീകരിക്കാൻ ലക്ഷ്യമിടുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള സ്റ്റാർട്ടപ്പ് മിഷൻ വഴി 43,150 പേർക്ക് തൊഴിൽ ലഭിച്ചു അതിൽ 15,100 പേരും സ്ത്രീകളാണ്.

**കുടുംബശ്രീ വഴി സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം**

സംസ്ഥാന ദാരിദ്ര്യ നിർമാർജന ദൗത്യമായി 1998-ൽ സ്ഥാപിതമായ സ്ത്രീ അയൽക്കൂട്ടങ്ങളുടെ (എൻ.എച്ച്.ജി) സാമൂഹ്യ സംഘടനയായ കുടുംബശ്രീ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. തുടക്കത്തിൽ സമ്പാദ്യ, വായ്പാ പ്രവർത്തനങ്ങളിൽ തുടങ്ങി, ആരോഗ്യം, പോഷകാഹാരം, കൃഷി, സാമൂഹിക വികസനം തുടങ്ങിയ നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പുറമെ, വരുമാന വർദ്ധന പ്രവർത്തനങ്ങളിലൂടെയും ചെറുകിട വായ്പകളിലൂടെയും സ്ത്രീകളെ ശാക്തീകരിക്കുന്നതിലും എൻ.എച്ച്.ജി-കൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ദരിദ്രരായ സ്ത്രീകളെ സാമ്പത്തികമായി ഉൾപ്പെടുത്തുന്നതിൽ കുടുംബശ്രീ ഒരു പ്രധാന പങ്ക് വഹിക്കുകയും അതിന്റെ സമ്പാദ്യ, വായ്പാ പദ്ധതികളിലൂടെ താഴേക്കിടയിലുള്ള സ്ത്രീകളുടെ സാമ്പത്തിക നില ഉയർത്തുകയും ചെയ്തു. അയൽക്കൂട്ടങ്ങളുടെ മിച്ചം പിടിച്ച ചെറിയ സ്ഥിര സമ്പാദ്യത്തിൽ നിന്ന് അർഹരായ അംഗങ്ങൾക്ക് അതിനുള്ളിൽ തന്നെ വായ്പ നൽകുന്നു. എൻഎച്ച്ജിക്ക് സ്വയംഭരണാധികാരവും സാമ്പത്തിക പ്രവർത്തനങ്ങളിൽ വിവേചനാധികാരവുമുണ്ടെങ്കിലും ഓരോ എൻഎച്ച്ജിയും കുടുംബശ്രീ നിയമം അനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. പ്രവർത്തനങ്ങൾ പ്രാദേശിക വികസന സൊസൈറ്റി (എഡിഎസ്), സാമൂഹ്യ വികസന സൊസൈറ്റി (സിഡിഎസ്) എന്നിവയിൽ റിപ്പോർട്ട് ചെയ്യണം. 2022-23 കാലയളവിൽ എൻ.എച്ച്.ജി കൾ സമാഹരിച്ച മൊത്തം മിച്ച തുക 532 കോടി രൂപയിൽ കൂടുതലാണ്, ഈ തുകയിൽ നിന്ന് ലഭിക്കുന്ന ആഭ്യന്തര വായ്പ മിച്ച തുകയുടെ മൂന്നിരട്ടിയിലധികം വരും **പട്ടിക 8.1.12**.

2018-ൽ കേരളത്തിന്റെ സേവനമേഖലയിൽ നിലനിൽക്കുന്ന അവസരങ്ങൾ മനസ്സിലാക്കി കുടുംബശ്രീ "ഹർഷം" പരിപാടിക്ക് തുടക്കമിട്ടിരുന്നു. സ്ത്രീകൾക്ക് 15 ദിവസത്തെ തീവ്രപരിശീലനം നൽകുകയും വയോജന പരിചരണ മേഖലയിൽ സേവനം നൽകാൻ അവരെ സജ്ജരാക്കുകയും ചെയ്യുക എന്നതാണ് ഹർഷം പരിപാടിയുടെ ലക്ഷ്യം. സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആശുപത്രികളിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ആശുപത്രി മാനേജ്മെന്റിന്റെയും സഹായത്തോടെയാണ് പരിചരിക്കുന്നവർക്ക് പരിശീലനം നൽകിയത്. വയോജനങ്ങൾക്ക് സംരംഭക മാതൃകയിൽ മുഴുവൻ സമയ പ്രൊഫഷണൽ പരിചരണം നൽകാനും പകൽ സമയ സംരക്ഷണം നൽകാനും ആശുപത്രികളിൽ കൂട്ടിരിപ്പുകാരായി സേവനം നൽകാനും സുരക്ഷാ ഭവനങ്ങളിലെ വയോജനങ്ങൾക്ക് കെയർടേക്കറായി സേവനം വ്യാപിപ്പിക്കാനും ഹർഷം ടീം തയ്യാറാണ്. 636 പേർക്ക് പരിശീലനം നൽകിയതിൽ 198 പേർക്ക് ഇതിനകം തന്നെ വിവിധ സ്ഥാപനങ്ങൾ/ സുരക്ഷാ ഭവനം/ വീടുകളിൽ പ്രതിമാസ ശമ്പള അടിസ്ഥാനത്തിൽ സേവനത്തിനുള്ള അവസരം ലഭിച്ചു.

കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെഎൽജി) സംരംഭങ്ങളുമാണ് കുടുംബശ്രീയുടെ കീഴിലുള്ള പ്രധാന വരുമാനം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ. ഈ സ്ത്രീകളെ കൂട്ടുത്തരവാദിത്ത സംഘം എന്ന് വിളിക്കുന്ന ചെറുകിട കർഷക ഗ്രൂപ്പുകളായി സംയോജിപ്പിച്ചിരിക്കുന്നു, കൂടാതെ ജില്ലാ മിഷനുകൾ വഴിയുള്ള പരിശീലനം, സാമ്പത്തിക സഹായം, ഒത്തുചേരാനുള്ള അവസരങ്ങൾ തുടങ്ങിയവയിലൂടെയും വരുമാന വർദ്ധനയ്ക്കായി ഉപജീവന സംരംഭങ്ങളുടെ വിപുലമായ രംഗം തുറന്നു കൊടുക്കുന്നതിലൂടെയും സ്ത്രീകളെ കുടുംബശ്രീ

**പട്ടിക 8.1.11** കേരളത്തിലെ വിവര സാങ്കേതിക (ഐറ്റി) മേഖലയിലെ തൊഴിൽ സൃഷ്ടിക്കൽ

| ഐറ്റി പാർക്കുകൾ | 2021-22 | | | 2022-23 | | |
|---|---|---|---|---|---|---|
| | ആകെ | സ്ത്രീകൾ | ശതമാനം | ആകെ | സ്ത്രീകൾ | ശതമാനം |
| ടെക്നോ പാർക്ക് | 64000 | 28800 | 45 | 72000 | 32400 | 45 |
| ഇൻഫോ പാർക്ക് | 63600 | 25440 | 40 | 67000 | 26800 | 40 |
| സൈബർ പാർക്ക് | 1237 | 495 | 40 | 2078 | 832 | 40 |

അവലംബം: ടെക്നോ പാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക്

പിന്തുണയ്ക്കുന്നു. കുട്ടകൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഭൂരിഭാഗം സ്ത്രീകൾക്കും അവരുടെ കുടുംബ ഫാമുകളിൽ കൂലിപ്പണിക്കാരോ തൊഴിലാളികളോ സഹായികളോ കാർഷികമേഖലയിലെ താൽക്കാലിക തൊഴിലാളികളോ ആയി കൃഷിയിൽ പരിചയമുണ്ടായിരുന്നു. ഇപ്പോൾ ഈ പദ്ധതി അവരെ തൊഴിലാളി എന്ന നിലയിൽ നിന്ന് സ്ത്രീ കർഷകരാക്കി മാറ്റി. സുസ്ഥിരമായ സാമ്പത്തിക വളർച്ചയ്ക്കും ജീവിത നിലവാരത്തിനും, മുകളിൽ പറഞ്ഞവയ്ക്ക് പുറമെ പിന്തുണയായി യാതൊരു ഈടും കൂടാതെ പ്രായോഗികമായി പൂജ്യം ശതമാനം പലിശയ്ക്ക് ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ലിങ്കേജ് വായ്പകളും, കൂടാതെ മാസ്റ്റർ ഫാർമേഴ്സ് എന്ന് വിളിക്കപ്പെടുന്ന കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരുടെ തുടർച്ചയായതും തടസ്സമില്ലാത്തതും വർഷം മുഴുവനുമുള്ള സേവനവും ഉൾപ്പെടുന്നതാണ്. **പട്ടിക 8.1.13**ൽ കാണിച്ചിരിക്കുന്നതുപോലെ, 3.7 ലക്ഷത്തിലധികം സ്ത്രീ കർഷകർ കൃഷിയിൽ സജീവമായി ഏർപ്പെടുകയും, അവർ 2022-23 കാലയളവിൽ മുപ്പത്തിയെട്ടായിരം ഹെക്ടറിലധികം സ്ഥലത്ത് കൃഷി ചെയ്യുകയും ചെയ്യുന്നു.

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി. എൻ.ആർ.ഇ.ജി.എ)

കേരളത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എയിലെ തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളാണ്. 2022-23ൽ സൃഷ്ടിക്കപ്പെട്ട വ്യക്തിഗത തൊഴിൽ ദിനങ്ങളും എം.ജി.എൻ.ആർ.ഇ.ജിഎ വഴി സൃഷ്ടിക്കപ്പെട്ട സ്ത്രീകളുടെ വ്യക്തിഗത ദിവസങ്ങളുടെ ശതമാനവും വർദ്ധിക്കുകയുണ്ടായി(89.82 ശതമാനം) **പട്ടിക 8.1.14**.

ഗ്രൂപ്പ് വൈസ് ടാസ്ക് നാപി പേയ്മെന്റ് സിസ്റ്റം (ജിടിഎൻപിഎസ്) വഴി മേറ്റുകളുടെ വിന്യാസത്തിൽ 100 ശതമാനം മേറ്റുകളെയും തെരഞ്ഞെടുത്തത് സ്ത്രീകളിൽ നിന്നാണ്. സംസ്ഥാനത്ത് വിന്യസിച്ചിരിക്കുന്ന എല്ലാ മേറ്റുകൾക്കും വാർഷിക പരിശീലനം നൽകുന്നു. 2020-21 ൽ 90,789 മേറ്റുകൾ പരിശീലനം നേടി. എൻ.ആർ.ഇ.ജി.എ യിലെ 37.34 ശതമാനം അർദ്ധ നൈപുണ്യ തൊഴിലാളികളും 25.6 ശതമാനം നൈപുണ്യ തൊഴിലാളികളും സ്ത്രീകളാണ്.

### സ്ത്രീ ശാക്തീകരണവും തീരുമാനമെടുക്കുന്നതിലെ പങ്കാളിത്തവും

ഗാർഹിക കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിലും സംസ്ഥാനത്തിന്റെ നയപരമായ തീരുമാനങ്ങളിലും സ്ത്രീകൾ സജീവമായ പങ്ക് വഹിക്കേണ്ടതുണ്ട്. ഇത് വികസന പ്രക്രിയയിലും ലിംഗപദവിനീതിയുള്ള ഒരു സമൂഹം വികസിപ്പിക്കുന്നതിലും അവരുടെ ആവശ്യങ്ങളുടെയും താൽപര്യങ്ങളുടെയും ഒരു സംയോജനം ഉറപ്പാക്കും. എൻഎഫ്എച്ച്എസ് 5 റിപ്പോർട്ട് കാണിക്കുന്നത് കേരളത്തിലെ 40-49 വയസ്സിനിടയിലുള്ള വിവാഹിതരായ സ്ത്രീകളിൽ 89 ശതമാനവും തങ്ങൾതന്നെയോ പങ്കാളികളുമൊത്തോ പണം സമ്പാദിക്കുന്നതിൽ സ്വയം പര്യാപ്തരാണ്. പങ്കാളികൾക്ക് തുല്യമോ അതിലധികമോ സമ്പാദിക്കുന്ന സ്ത്രീകൾ 40-49 വയസ്സിനിടയിൽ 32.8 ശതമാനവും 30-39 പ്രായത്തിലുള്ളവരിൽ 32.2 ശതമാനവുമാണ്. 12-ാം ക്ലാസിനു മുകളിൽ വിദ്യാഭ്യാസം നേടിയ 92.8 ശതമാനം സ്ത്രീകളും തങ്ങൾതന്നെയോ പങ്കാളികൾക്കൊപ്പമോ സ്വയം പര്യാപ്തരാണ്.

കേരളത്തിൽ, 30-39 വയസ്സിനിടയിലുള്ള 72.7 ശതമാനം സ്ത്രീകളും 20-24 വയസ്സിനിടയിലുള്ള 56.5 ശതമാനം സ്ത്രീകളും ആരോഗ്യ സംരക്ഷണം, പ്രധാന വീട്ടുസാധനങ്ങൾ വാങ്ങൽ, അവരുടെ കുടുംബത്തിനേയോ ബന്ധുക്കളെയോ സന്ദർശിക്കൽ തുടങ്ങിയ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ പങ്കെടുക്കുന്നു. 73.1 ശതമാനം ജോലിയുള്ള സ്ത്രീകളും അവരുടെ ദൈനംദിന തീരുമാനങ്ങൾ എടുക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നു, അതേസമയം തൊഴിലില്ലാത്ത സ്ത്രീകളിൽ ഇത് 67.8 ശതമാനമാണ്.

**പട്ടിക 8.1.12** അയൽക്കൂട്ടങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ

| വർഷം | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|
| അയൽക്കൂട്ടങ്ങളുടെ എണ്ണം | 287723 | 294436 | 306551 | 317226 |
| അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | 45.1 | 45.85 | 45.86 | 48.02 |
| വരിസംഖ്യ (കോടിയിൽ) | 443.7 | 406.71 | 514 | 532 |
| ബാങ്കുമായി ബന്ധിപ്പിച്ചിട്ടുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം | 73522 | 250018 | 52837 | 93080 |
| വിതരണ തുക മൊത്തത്തിൽ (കോടിയിൽ) | 2670 | 4070.26 | 3436 | 6550.8 |
| ആഭ്യന്തര വായ്പ (കോടിയിൽ) | 1778.4 | 1323.11 | 2510 | 2660 |

അവലംബം: കുടുംബശ്രീ

**പട്ടിക 8.1.13** കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെ.എൽ.ജി) സൂക്ഷ്മ സംരംഭങ്ങളും

| കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങൾ | | |
|---|---|---|
| വർഷം | 2021-22 | 2022-23 |
| ജെ എൽ ജികളുടെ എണ്ണം | 74776 | 74783 |
| ജെ എൽ ജി അംഗങ്ങളുടെ എണ്ണം | 343271 | 373915 |
| കൃഷിയിടത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ) | 33310.05 | 38956.824 |
| തരിശു നിലത്തിന്റെ വിസ്തീർണ്ണം (ഏക്കറിൽ) | 6634.62 | 4468.725 |
| കുടുംബശ്രീയുടെ കീഴിലുള്ള വനിതാ സംരംഭങ്ങൾ | | |
| സംരംഭങ്ങളുടെ എണ്ണം | 54471 | 106981* |
| സംരംഭത്തിലെ സ്ത്രീകളുടെ എണ്ണം | 175006 | 283512 |

* സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ്.വി.ഇ.പി) ഉൾപ്പെടെ

അവലംബം: കുടുംബശ്രീ

15-49 വയസ് പ്രായമുള്ള സ്ത്രീകളുടെ പേരിൽ ബാങ്ക് അക്കൗണ്ടുള്ളവരുടെ ശതമാനം 76.48 ആണ്. 40-49 പ്രായമുള്ളവരിൽ 61.4 ശതമാനവും 30-39 പ്രായത്തിലുള്ള 62.6 ശതമാനവും ചെറുകിട വായ്പാ പരിപാടിയെക്കുറിച്ച് ബോധമുള്ളവരാണ്. എന്നാൽ 15-19 വയസ്സിനിടയിൽ ചെറുകിട വായ്പാ പരിപാടിയെക്കുറിച്ച് അറിയാവുന്ന സ്ത്രീകൾ 35.9 ശതമാനം മാത്രമാണ്. 15.4 ശതമാനം തൊഴിൽ ചെയ്യുന്ന സ്ത്രീകളും 7.8 ശതമാനം തൊഴിലില്ലാത്ത സ്ത്രീകളും ചെറുകിട വായ്പാ പരിപാടികളിൽ നിന്ന് വായ്പ എടുത്തിട്ടുണ്ട്. 15-49 വയസ് പ്രായമുള്ള സ്ത്രീകളിൽ 24.5 ശതമാനം പേർക്ക് സ്വന്തം പേരിലോ അവരുടെ പങ്കാളി കളുടെകൂടെയോ ഒരു വീട് സ്വന്തമായി ഉണ്ട്. എന്നാൽ ഒറ്റയ്ക്കോ കൂട്ടായോ ഭൂമി സ്വന്തമായുള്ള സ്ത്രീകൾ 11.5 ശതമാനം മാത്രമാണ്. 15-49 വയസ്സിനിടയിലുള്ള സ്ത്രീകളിൽ 86.5 ശതമാനം പേർക്കും മൊബൈൽ ഫോണുണ്ട്.

എൻഎഫ്എച്ച്എസ് 2019-20ൽ ശേഖരിച്ച മൂന്ന് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബത്തിന്റെ തീരുമാനങ്ങൾ എടുക്കുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം ഇവിടെ പരിഗണിക്കുന്നു. സാധാരണയായി ഗാർഹിക തീരുമാനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകളുടെ ശതമാനവും അവർ തന്നെ കൈകാര്യം ചെയ്യുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉള്ള സ്ത്രീകളുടെ ശതമാനവും അവർ സ്വയം ഉപയോഗിക്കുന്ന മൊബൈൽ ഫോൺ കൈവശമുള്ള സ്ത്രീകളുടെ ശതമാനവുമാണ് അവ. **പട്ടിക 8.1.15**ൽ കാണിച്ചിരിക്കുന്നതുപോലെ, തീരുമാനമെടുക്കൽ പ്രക്രിയയിൽ കേരളത്തിലെ സ്ത്രീകൾ അഖിലേന്ത്യാ തലത്തിലുള്ള സ്ത്രീകളേക്കാൾ കൂടുതൽ സജീവമായി പങ്കെടുക്കുന്നു.

ലോക് സഭാ തെരഞ്ഞെടുപ്പിലെ വനിതാ വോട്ടർമാരുടെ പങ്കാളിത്തം 1962ലെ മൂന്നാം ലോക് സഭാ തെരഞ്ഞെടുപ്പിലെ 46.63 ശതമാനത്തിൽ നിന്ന് 16-ാം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ 66 ശതമാനമായി വർദ്ധിച്ചു വന്നിട്ടുണ്ട്. അഖിലേന്ത്യാ ശരാശരിയെ അപേക്ഷിച്ച് കേരളത്തിലെ വനിതാ വോട്ടർമാരുടെ പങ്കാളിത്തം വളരെ കൂടുതലാണ്. എന്നാൽ പാർലമെന്റിലും നിയമസഭയിലും വനിതാ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ കേരളം പിന്നിലാണ്.

**പട്ടിക 8.1.14** കേരളത്തിൽ നൽകിയിട്ടുള്ള എം.ജി. എൻ. ആർ. ഇ. ജി. എ തൊഴിൽ നില, 2018-19 മുതൽ 2022-23 വരെ

| വർഷം | സജീവ തൊഴിൽ കാർഡുകളുടെ എണ്ണം (ലക്ഷത്തിൽ) | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | സൃഷ്ടിക്കപ്പെട്ട വനിതാ തൊഴിൽ ദിനങ്ങൾ (ശതമാനത്തിൽ) | സൃഷ്ടിക്കപ്പെട്ട വ്യക്തി തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | ഓരോ വ്യക്തിക്ക് ഓരോ ദിനത്തിലും ലഭിച്ച ശരാശരി വേതന നിരക്ക് (രൂപയിൽ) | കുടുംബങ്ങൾക്ക് തൊഴിൽ നൽകിയ ശരാശരി ദിനങ്ങൾ | 100 ദിനം പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 2018-19 | 20.20 | 14.78 | 90.41 | 975.25 | 274.2 | 65.97 | 4,41,479 |
| 2019-20 | 20.00 | 14.38 | 89.8 | 802.3 | 274.29 | 55.75 | 2,51,141 |
| 2020-21 | 20.43 | 16.17 | 90.49 | 1023 | 294.65 | 63.25 | 4,70,410 |
| 2021-22 | 21.59 | 16.45 | 89.57 | 1059.66 | 294.94 | 64.41 | 5,12,823 |
| 2022-23 | 21.79 | 15.51 | 89.82 | 965.78 | 310.5 | 62.26 | 4,49,638 |

അവലംബം: എൻ ആർ ഇ ജി എ ഡാറ്റാ ബേസ്

16-ാം ലോക്സഭയിൽ, പാർലമെന്റിലെ മൊത്തം അംഗങ്ങളുടെ 12 ശതമാനം സ്ത്രീകളാണെങ്കിൽ, കേരളത്തിൽ നിന്ന് ഒരു വനിതാ എംപിക്ക് (5 ശതമാനം) മാത്രമേ പാർലമെന്റിൽ എത്താൻ കഴിഞ്ഞുള്ളൂ. അതുപോലെ സംസ്ഥാന അസംബ്ലിയിലും സ്ത്രീ പ്രാതിനിധ്യം കുറവാണ്.

എന്നാൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതലാണ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾ എടുക്കുന്ന സ്ഥാനങ്ങളിൽ പകുതിയും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. 2020ലെ തെരഞ്ഞെടുപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മൊത്തം വ്യക്തികളിൽ 54 ശതമാനവും സ്ത്രീകളാണെന്നത് ശ്രദ്ധേയമാണ്. സാമൂഹികവും രാഷ്ട്രീയവും മതപരവുമായ പ്രാധാന്യമുള്ള സ്ഥാപനങ്ങളുടെ താഴേത്തട്ടിൽ മതിയായ പ്രാതിനിധ്യം ഉണ്ടെങ്കിലും, ഉന്നത സ്ഥാനങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം തുച്ഛമാണ്. കേരളത്തിന്റെ 64 വർഷത്തെ രാഷ്ട്രീയ ചരിത്രത്തിൽ ഇതുവരെ തെരഞ്ഞെടുക്കപ്പെട്ട വനിതാ എംഎൽഎമാർ, കേരള നിയമസഭയുടെ 10 ശതമാനത്തിൽ കവിഞ്ഞിട്ടില്ലെന്നത് ആശങ്കാജനകമാണ്.

### സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ

കഴിഞ്ഞ രണ്ട് വർഷമായി സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ നേരിയ രീതിയിൽ കുറഞ്ഞുവെങ്കിലും സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ കേരളത്തിൽ വലിയ ഭീഷണിയായി തന്നെ തുടരുകയാണ്. ബലാത്സംഗം, പീഡനം, തട്ടിക്കൊണ്ടുപോകൽ, പൂവാല ശല്യം, സ്ത്രീധന മരണം, ഭർത്താവ്/ബന്ധുക്കൾ എന്നിവരിൽ നിന്നുള്ള ക്രൂരത, മറ്റ് കുറ്റകൃത്യങ്ങൾ എന്നിങ്ങനെ താഴെപ്പറയുന്ന വിഭാഗങ്ങളിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ ഡാറ്റ കേരളത്തിലെ ക്രൈം റെക്കോർഡ് ബ്യൂറോ നൽകുന്നു. സ്ത്രീകൾക്കെതിരായ കുറ്റകൃത്യ വിഭാഗങ്ങളിലുള്ള ഭൂരിഭാഗം കേസുകളും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത് മറ്റ് കുറ്റകൃത്യങ്ങളുടെ വിഭാഗത്തിലാണ് (33 ശതമാനം), സ്ത്രീ പീഡനം (24.5 ശതമാനം). 2016-2023 കാലയളവിൽ കേരളത്തിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ **അനുബന്ധം 8.1.6** ൽ കാണിച്ചിരിക്കുന്നു. 2018-19 ലെ നാഷണൽ ഫാമിലി ഹെൽത്ത് സർവേ (എൻ.എഫ്.എച്ച്.എസ്-5) കണക്കുകൾ പ്രകാരം, കേരളത്തിലെ 9 ശതമാനം സ്ത്രീകൾ ശാരീരിക പീഡനങ്ങളും ഒരു ശതമാനം ലൈംഗികാതിക്രമവും അനുഭവിച്ചിട്ടുണ്ട്.

### ലിംഗ പദവി അധിഷ്ഠിത അതിക്രമങ്ങൾ പരിഹരിക്കാൻ സംസ്ഥാന സർക്കാർ ആരംഭിച്ച പരിപാടികൾ

ലിംഗ പദവി അധിഷ്ഠിത അതിക്രമങ്ങൾ തടയുക, നേരിടുക, അതിനെ അതിജീവിച്ചവരെ പുനരധിവസിപ്പിക്കുക എന്നിവ വനിതാ വികസനത്തിൽ വളരെ പ്രധാനമാണ്. നോഡൽ ഏജൻസിയായ ഡബ്ല്യുസിഡിയും പോലീസും ജുഡീഷ്യറിയും ഉൾപ്പടെ നിർണ്ണായകമായ നിരവധി വകുപ്പുകളെ ഇത് ഉൾക്കൊള്ളുന്നു. സ്ഥിര സംവേദനം, പൊതുബോധവൽക്കരണം, സമൂഹാധിഷ്ഠിത കുറ്റകൃത്യങ്ങളുടേയും ദുർബലതയുടേയും മാപ്പിംഗ്, കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള കൗൺസിലിംഗ്, സ്വയം പ്രതിരോധ പരിശീലനം, പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ, ഷെൽട്ടർ ഹോമുകൾ, ഷോർട്ട് സ്റ്റേ ഹോമുകൾ, വൺ സ്റ്റോപ്പ് അടിയന്തിര കേന്ദ്രം, അക്രമത്തിനിരയായവർക്കുള്ള വൈദ്യ ശുശ്രൂഷ തുടങ്ങി ധാരാളം നടപടികൾ ഈ പരിപാടിയുടെ ഭാഗമാണ്.

**നിർഭയ നയം:** സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങൾ ചെറുക്കുന്നതിനും ചൂഷണത്തിനായി കടത്തി കൊണ്ടു പോകുന്നതിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുമായി കേരള സർക്കാർ നിർഭയ നയം രൂപീകരിച്ചു. നിർഭയ സെൽ ഇപ്പോൾ വനിതാ ശിശു വികസന ഡയറക്ടറേറ്റിന്റെ കീഴിലാണ്. നിർഭയ പദ്ധതിയിൽ ലൈംഗികമായി ദുരുപയോഗം

**പട്ടിക 8.1.15** തീരുമാനമെടുക്കുന്നതിൽ വനിതാ പങ്കാളിത്തം ഇന്ത്യയിലും കേരളത്തിലും

| സൂചികകൾ | ഇന്ത്യ | | | | കേരളം | | | |
|---|---|---|---|---|---|---|---|---|
| | എൻ.എഫ്.എച്ച്.എസ്-5 (2019-20) | | | എൻ എഫ് എച്ച് എസ്-4 (2015-16) | എൻ എഫ് എച്ച് എസ്-5 (2019-20) | | | എൻഎഫ്എച്ച്എസ്-4 (2015-16) |
| | നഗരം | ഗ്രാമം | ആകെ | ആകെ | നഗരം | ഗ്രാമം | ആകെ | ആകെ |
| ഇപ്പോൾ വിവാഹം കഴിഞ്ഞ, സാധാരണ ഗാർഹിക തീരുമാനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകൾ (ശതമാനത്തിൽ) | 91 | 87.7 | 88.7 | 84 | 93.6 | 94.6 | 94 | 92.1 |
| സ്വയം ഉപയോഗിക്കുന്ന ബാങ്ക്/സേവിംഗ്സ് അക്കൗണ്ടുള്ള സ്ത്രീകൾ (ശതമാനത്തിൽ) | 80.9 | 77.4 | 78.6 | 53 | 78.9 | 78.2 | 78.5 | 70.6 |
| സ്വന്തമായി മൊബൈൽ ഫോണുള്ള സ്ത്രീകൾ (ശതമാനത്തിൽ) | 69.4 | 46.6 | 54 | 45.9 | 86.2 | 86.9 | 86.6 | 81.2 |

അവലംബം: എൻ.എഫ്.എച്ച്.എസ്

ചെയ്യപ്പെടുന്ന സ്ത്രീകൾക്കുള്ള അഭയകേന്ദ്രങ്ങൾ ഉൾപ്പെടുന്നു, അവിടെ അവർക്ക് ഉപജീവനം നേടാനും തൊഴിൽ നേടാനുമായി ജീവിത നൈപുണ്യ വിദ്യാഭ്യാസം നൽകി വരുന്നു. നിർഭയ സെൽ സംസ്ഥാനത്തുടനീളം ഇരുപത്തിമൂന്ന് ശിശു സംരക്ഷണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

**എസ്.ഒ.എസ് മോഡൽ ഹോം:** 12 വയസ്സിന് താഴെയുള്ള പോക്സോയെ അതിജീവിച്ച പെൺകുട്ടികൾക്കായി തിരുവനന്തപുരം ജില്ലയിലാണ് ഈ മാതൃകാ ഷെൽട്ടർ ഹോം ആരംഭിച്ചത്.

**വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ:** പൊതു-സ്വകാര്യ സ്ഥലങ്ങളിലും കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തും അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ഡബ്ല്യുസിഡിയുടെ ഈ കേന്ദ്രങ്ങൾ പിന്തുണ നൽകുന്നു. ഗതാഗതം, വൈദ്യസഹായം, പോലീസുമായി ഇടപെടുന്നതിനുള്ള സൗകര്യം, നിയമസഹായം, മാനസിക സാമൂഹ്യ കൗൺസിലിംഗ്, ആവശ്യമെങ്കിൽ താൽകാലിക അഭയം എന്നിവ ഉൾപ്പെടെയുള്ള സംയോജിത സേവനങ്ങളുടെ ഒരു ശ്രേണി ഈ കേന്ദ്രങ്ങൾ നൽകും. 2019-20ൽ എല്ലാ ജില്ലകളിലും വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ ഉള്ള ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനങ്ങളിലൊന്നായി കേരളം മാറി.

**കാതോർത്ത്:** സ്ത്രീകൾക്കായി ഡബ്ല്യുസിഡിയുടെ ഈ ഓൺലൈൻ കൺസൾട്ടേഷൻ പരിപാടി 2021 ഫെബ്രുവരിയിൽ ആരംഭിച്ചു, കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവയിലൂടെ അവരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇത് ലക്ഷ്യമിടുന്നു. www.kathorthu.wcd.kerala.gov.in എന്ന വെബ്സൈറ്റ് വഴി പരാതികൾ സമർപ്പിക്കാം.

**ആശ്വാസനിധി:** ലൈംഗിക കുറ്റകൃത്യങ്ങളുടെയും ഹീനമായ ലിംഗ പദവി അധിഷ്ഠിത അക്രമങ്ങളുടെയും ഇരകൾക്ക് സാമ്പത്തിക സഹായം നൽകേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി, സംസ്ഥാന സർക്കാർ ഇത്തരം ഇരകൾക്ക് ഇടക്കാലാശ്വാസം നൽകുന്നതിന് 300 ലക്ഷം രൂപയുടെ ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുമെന്ന് 2018-19-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചു. ലൈംഗിക കുറ്റകൃത്യങ്ങൾ, ഗാർഹിക പീഡനം, ആസിഡ് ആക്രമണങ്ങൾ, ഹീനമായ ലിംഗാധിഷ്ഠിത അക്രമം എന്നിവയുടെ ഇരകൾക്ക് വനിതാ ശിശു വികസന വകുപ്പ് ഈ ഫണ്ട് നല്കി വരുന്നു. 2022-23 ൽ 294 ഗുണഭോക്താക്കൾക്കായി 2.32 കോടിയാണ് ചെലവഴിച്ചത്.

**ഭൂമിക:** ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ (എൻ.ആർ.എച്ച്.എം) പിന്തുണയോടെ ലിംഗാധിഷ്ഠിത അതിക്രമങ്ങൾ/സാമൂഹിക ദുരുപയോഗങ്ങൾ എന്നിവയ്ക്ക് ഇരയായവർക്കായി വൈദ്യശാസ്ത്ര, മനഃശാസ്ത്ര പരിചരണം നൽകുന്ന പരിപാടിക്ക് സർക്കാർ തുടക്കമിട്ടിരുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്ന കേന്ദ്രമായ "ഭൂമിക" ഇരകൾക്ക് സാമൂഹികവും മാനസികവുമായ പിന്തുണ നൽകുന്നു.

**സ്നേഹിത:** കുടുംബശ്രീ ജെൻഡർ ഹെൽപ്പ് ഡെസ്ക് ആയ സ്നേഹിത ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സേവനങ്ങൾ നൽകുന്നു. മറ്റ് വകുപ്പുകളുമായും എൻജിഒകളുമായും ഒത്തുചേർന്നു കൊണ്ട് അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി ഷോർട്ട് സ്റ്റേ ഹോമുകൾ, വ്യക്തികൾ, കൗമാരക്കാർ, വിവാഹം കഴിക്കേണ്ടവർ എന്നിവർക്കായുള്ള കൗൺസിലിംഗ്, ബോധവൽക്കരണ കൂട്ടായ്മകൾ, നിയമ-വൈദ്യ സഹായങ്ങൾ, പുനരധിവാസം എന്നിവ ഈ സേവനങ്ങളിൽ ഉൾപ്പെടുന്നു.

**അപരാജിത ഈസ് ഓൺലൈൻ:** സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള പീഡനങ്ങളുടെ പരാതി പരിഹാരത്തിനുള്ള ദ്രുത പ്രതികരണ സംവിധാനമായ ഇത് പോലീസ് വകുപ്പാണ് പ്രവർത്തിപ്പിക്കുന്നത്.

**മിത്ര–181 ഹെൽപ്പ് ലൈൻ:** കെ.എസ്.ഡബ്ല്യു.ഡി.സി ആരംഭിച്ച ഈ ഹെൽപ്പ് ലൈൻ സഹായം ആവശ്യമുള്ള സ്ത്രീകൾക്കായി 24x7 ലഭ്യമാകുന്ന ഒരു അടിയന്തിര പ്രതികരണ സേവനമായി വിജയകരമായി പ്രവർത്തിച്ചു വരുന്നു.

**ധീര:** ആത്മവിശ്വാസവും ധൈര്യവും വളർത്തുന്നതിനും ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും അക്രമങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും സ്വയം പ്രതിരോധം സാധ്യമാക്കുന്നതിനുമായി വനിതാ ശിശു വികസന വകുപ്പ് നിർഭയ സെൽ മുഖേന പോലീസ് വകുപ്പിന്റെ സഹായത്തോടെ പെൺകുട്ടികൾക്കായി "ധീര" എന്ന നൂതന പദ്ധതി നടപ്പിലാക്കുന്നു. 10നും 15നും ഇടയിൽ പ്രായമുള്ള ദുർബല പ്രദേശങ്ങളിൽ നിന്നുള്ള 90 പെൺകുട്ടികളെ ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത് മാസ്റ്റർ ട്രെയിനർമാർ കരാട്ടെ, തൈക്കൊണ്ടോ, കളരിപ്പയറ്റ് തുടങ്ങിയ ആയോധനകലകളിൽ പരിശീലനം നൽകി. 2022-23ൽ 1260 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു.

**വിവ പ്രോഗ്രാം:** 2022-23 ൽ കേരളത്തിലെ സ്ത്രീകൾക്കിടയിലെ അനീമിയ പ്രശ്നം പഠിക്കുന്നതിനും വിളർച്ച നിർമ്മാർജനം ചെയ്യുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതിനുമായി ആരോഗ്യവകുപ്പിന്റെയും വനിതാ ശിശുവികസന വകുപ്പിന്റെയും നേതൃത്വത്തിൽ വനിതാ ശിശുവികസന വകുപ്പ് "വിവ" എന്ന പേരിൽ ഒരു പരിപാടി ആരംഭിച്ചു. വിളർച്ച സംബന്ധിച്ച ബോധവൽക്കരണം പൊതുസമൂഹത്തിൽ പ്രചരിപ്പിക്കാൻ കഴിയുന്ന തരത്തിൽ സാമൂഹമാധ്യമങ്ങളിലൂടെ സന്ദേശം പ്രചരിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### വനിതാ ശിശുവികസന വകുപ്പിന്റെ രൂപീകരണം

സർക്കാരിന്റെ ഒരു സുപ്രധാന നേട്ടം സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണവും സാമൂഹ്യ പിന്തുണയും എന്ന ലക്ഷ്യ

ത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി, 2017 ജൂണിൽ വനിതാ ശിശുവികസന വകുപ്പ് (ഡബ്ല്യുസിഡി) സ്ഥാപിച്ചതാണ്, സംസ്ഥാന വനിതാ കമ്മീഷൻ, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, ജെൻഡർ പാർക്ക്, നിർഭയ പദ്ധതി, സ്ത്രീകളുടെയും കുട്ടികളുടെയും അഭയ കേന്ദ്രങ്ങൾ, ഐ.സി.ഡി.എസ്., അങ്കണവാടികൾ എന്നിവ ഉൾപ്പെടുന്ന ഒരു സമഗ്ര ഘടനയാണ് ഇത്. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും പുനരധിവാസത്തിനുമായുള്ള 44 ക്ഷേമ സ്ഥാപനങ്ങളുടെ (16 സ്ത്രീകൾക്കും 28 കുട്ടികൾക്കും) നടത്തിപ്പുമായി ബന്ധപ്പെട്ടതാണ് അതിന്റെ പ്രവർത്തനത്തിന്റെ വലിയൊരു ഭാഗം. ദുർബലരായ ജനങ്ങൾക്ക് സ്ഥാപനങ്ങളിലൂടെ പരിചരണം നൽകുന്നതിൽ എൻജിഒകളും സന്നദ്ധ സംഘടനകളും ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രവും ശാരീരികവും മാനസികവും ബോധപരവും വൈകാരികവുമായ വികാസങ്ങളും ലിംഗാവ ബോധം പുലർത്തുന്ന കുടുംബം, സമൂഹം, എന്നിവ ഉറപ്പുവരുത്തുന്നതിനാണ് വനിതാ ശിശുവികസന വകുപ്പ് പ്രവർത്തിക്കുന്നത്.

**പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017–22) കാലയളവിൽ ഡബ്ല്യുസിഡിയുടെ സംരംഭങ്ങൾ**

കേരളത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ എണ്ണത്തിലും ആയുസ്സിലും കൂടുതലാണ്. വൈവാഹിക നില അവർക്ക് അവരുടെ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ലഭിക്കുന്ന പിന്തുണയുടെയും സാമ്പത്തിക സുരക്ഷയുടെയും മൊത്തത്തിലുള്ള തലത്തെ സ്വാധീനിച്ചേക്കാം.കേരളത്തിലെ മൊത്തം പുരുഷ ജനസംഖ്യയുടെ 3.5 ശതമാനം മാത്രമാണ് ഭാര്യ മരിച്ച പുരുഷൻമാരെന്നും ജനസംഖ്യയുടെ 11.56 ശതമാനം വിധവകൾ ആണെന്നും സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. ഈ ലിംഗപദവി വ്യത്യാസം അവരുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്നു. ഈ സാഹചര്യത്തിലാണ് വിധവാ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ "മംഗല്യ" എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്. വിധവകൾ/വിവാഹമോചിതർ എന്നിവർക്ക് പുനർവിവാഹത്തിന് സാമ്പത്തിക സഹായം നൽകുന്നതാണ് പദ്ധതി. നിരാലംബരും ഭവനരഹിതരുമായ വിധവകൾക്ക് സുരക്ഷിതവും മെച്ചപ്പെട്ടതുമായ ജീവിത സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ, അഭയകിരണം പദ്ധതിയിൽ നിർധനരായ വിധവകൾക്ക് സംരക്ഷണവും പാർപ്പിടവും നൽകുന്ന അടുത്ത ബന്ധുക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം നൽകുന്നു. വിധവകളുടെ കുടുംബങ്ങളിൽ ഭൂരിഭാഗവും പരിതാപകരമായ അവസ്ഥയിലാണ് കഴിയുന്നത്. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് ഈ കുടുംബങ്ങൾക്ക് സഹായഹസ്തം നീട്ടാൻ സഹായഹസ്തം പദ്ധതി നിർദ്ദേശിക്കുന്നു. 3,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്ന പദ്ധതിയാണ്

**അതിജീവിക:–** അവിചാരിതമായി സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സ്ത്രീ നയിക്കുന്ന കുടുംബങ്ങൾക്ക് പരമാവധി 50,000 രൂപ വരെ ഒറ്റത്തവണ ധനസഹായം നൽകാൻ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് "അതിജീവിക".

**തേജോമയ ആഫ്റ്റർ കെയർ ഹോം:-** എറണാകുളം എടയ്ക്കാട്ടുവയലിൽ തേജോമയ ആഫ്റ്റർ കെയർ ഹോം സ്ഥാപിച്ചു. പഠനം പൂർത്തിയാക്കിയവരും വിവിധ തൊഴിലുകളിൽ താൽപ്പര്യമുള്ളവരുമായ, സ്ത്രീകളുടെയും കുട്ടികളുടെയും ഭവനങ്ങളിലെ പോക്സോ അതിജീവിക്കുന്നവരെ ഉദ്ദേശിച്ചാണ് ഇത്. എച്ച്.എൽ. എഫ്.പി.പി.റ്റി (ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ്) യുടെ സഹായത്തോടെ ഒരു കരിയർ അസസ്മെന്റ് പരിപാടി നടത്തുകയും കാറ്ററിംഗ്, ടൈലറിംഗ്, ബ്യൂട്ടീഷ്യൻ, ഡ്രൈവിംഗ് തുടങ്ങിയ വിവിധ തൊഴിലുകൾക്കായി 42 അന്തേവാസികളെ തിരഞ്ഞെടുക്കുകയും ചെയ്തു. 26 അന്തേവാസികൾക്കായി മനഃശാസ്ത്രപരമായ ഇടപെടൽ പരിപാടി/ക്ഷേമ പരിപാടിയും നടത്തി.

**മാനസികാരോഗ്യത്തിനുള്ള ഭവനം:–** വനിതാ ശിശുവകുപ്പിന്റെ സ്ത്രീകളുടെയും കുട്ടികളുടെയും ഹോമുകളിൽ താമസിക്കുന്ന മാനസിക പ്രശ്നങ്ങളുള്ള അന്തേവാസികളെ ഉദ്ദേശിച്ചുള്ളതാണ്. തൃശ്ശൂരിൽ മാനസികാരോഗ്യ ഭവനം ആരംഭിക്കുന്നതിന് 39.87 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയും ഇത് തുടങ്ങുന്നതിനായി ഗാന്ധിഭവൻ അന്താരാഷ്ട്ര ട്രസ്റ്റിനെ ഏൽപ്പിക്കുകയും ചെയ്തു. 2019-20 കാലയളവിലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്.

**വൺ ഡേ ഹോം:–** ഒറ്റയ്ക്ക് യാത്ര ചെയ്ത് വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാനത്ത് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസ സൗകര്യം ഉറപ്പാക്കുക എന്ന ലക്ഷ്യ ത്തോടെ തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്തുള്ള കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കെട്ടിടത്തിന്റെ എട്ടാം നിലയിൽ തിരുവനന്തപുരം കോർപ്പറേഷന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും സംയുക്ത സംരംഭമായി ഒരു വൺഡേ ഹോം ആരംഭിച്ചു. മിതമായ നിരക്കിൽ സുരക്ഷിതമായ താമസവും ഭക്ഷണവും നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2020 മാർച്ച് 7 മുതലാണ് വൺ ഡേ ഹോം പ്രവർത്തനം ആരംഭിച്ചത്.

**സ്ത്രീധന നിരോധനം:–** 2019-2020 കാലഘട്ടത്തിൽ സ്ത്രീധനം ഇല്ലാതാക്കുന്നതിനുള്ള ഒരു ജനകീയ പ്രചാരണം വകുപ്പ് ആരംഭിച്ചു. അവബോധ സൃഷ്ടിയിലൂടേയും ശാക്തീകരണത്തിലൂടേയും സ്ത്രീധനം പൂർണമായി ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ അഞ്ചുവർഷത്തെ ഒരു കർമപദ്ധതി തയാറാക്കിയിട്ടുണ്ട്. സ്ത്രീകളുടെ വിദ്യാഭ്യാസം, സാമ്പത്തിക സ്വാതന്ത്ര്യം, പുരുഷന്മാരുടെ ചിന്താഗതി എന്നിവയുടെ പ്രാധാന്യം എടുത്തുകാണിക്കുന്നതിലൂടെ സ്ത്രീകളെ അപമാനിക്കുന്ന ഈ പഴയ ആചാരത്തോട് സമഗ്രമായ ഒരു സമീപനം

ഉറപ്പാക്കാൻ കഴിയേണ്ടതാണ്. പ്രധാനമായും യുവജനങ്ങൾ ഇന്റർനെറ്റ് വഴി ഉപയോഗിക്കുന്ന മീമുകൾ പോലുള്ള മാർഗ്ഗങ്ങളിലൂടെ പ്രചാരണത്തിന്റെ പ്രാരംഭ ഘട്ടം വിജയിച്ചു. അടുത്ത 3 വർഷത്തേക്ക് പ്രചാരണം തുടരും. കേരള സ്ത്രീധന നിരോധന നിയമങ്ങളുടെ ഭേദഗതി (ജൂലൈ 13, 2021) പ്രകാരം, സ്ത്രീധനത്തിന്റെ മോശമായ സ്വാധീനത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും സ്ത്രീധനത്തിനെതിരായി ജില്ലകളിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാനുമായി ജില്ലാ സ്ത്രീധന നിരോധന ഓഫീ സർമാരെ (ഡിസിപിഒകൾ) നിയമിച്ചു.

**സ്ത്രീധന പരാതി പോർട്ടൽ:–** സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി വകുപ്പ് സ്ത്രീധന പരാതി പോർട്ടൽ ആരംഭിച്ചു. ഈ പോർട്ടൽ വഴി വ്യക്തികൾക്കോ പൊതുജനങ്ങൾക്കോ സംഘടനകൾക്കോ സ്ത്രീധനം വാങ്ങുന്നതോ നൽകുന്നതോ ശ്രദ്ധയിൽപെട്ടാൽ പരാതിയായി സമർപ്പിക്കാം.

**മഹാമാരി നേരിടുന്നതിനായി ഡബ്ല്യൂ സി ഡി യുടെ സ്ത്രീകൾക്കു വേണ്ടിയുള്ള സംവിധാനങ്ങൾ**

കോവിഡ്-19 മഹാമാരിയുടെ ആഘാതം പ്രത്യേകിച്ച് സ്ത്രീകളെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. കോവിഡ്-19 മഹാമാരി സഞ്ചാര നിയന്ത്രണങ്ങളും സാമൂഹിക ഒറ്റപ്പെടലും ഇരട്ടിയാക്കുന്നത് കാരണം സാമ്പത്തികവും സാമൂഹികവുമായ സമ്മർദ്ദവും അതിതീവ്രമാകുന്നു. അതുകൊണ്ടുതന്നെ ലിംഗപദവി യിലധിഷ്ഠിതമായ അക്രമം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള നോഡൽ വകുപ്പെന്ന നിലയിൽ, പകർച്ചവ്യാധിയുടെ കാലത്ത് കുട്ടികളും സ്ത്രീകളും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കി.

ലോക്ക്ഡൗൺ കാലത്ത് ഗാർഹിക പീഡനം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്യാൻ ആളുകളെ പ്രാപ്തരാക്കുന്നതിനായി എൻഎസ്എസ് സാങ്കേതിക സെല്ലിന്റെ പിന്തുണയോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന വാട്ട്സ്ആപ്പ്/എസ്എംഎസ് ഹെൽപ്പ് ലൈൻ "9400080292" വകുപ്പ് ആരംഭിച്ചു, തപാൽ വകുപ്പുമായി സഹകരിച്ച് വിദൂര പ്രദേശങ്ങളിലുള്ള സ്ത്രീകൾക്കും ഫോൺ, ഗതാഗത സൗകര്യങ്ങൾ ഇല്ലാത്ത സ്ത്രീകൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനായി "രക്ഷാദൂത്" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിച്ചു. വാട്ട്സ്ആപ്പ്, വീഡിയോ കോൺഫറൻസ് കോളുകൾ വഴി പരമാവധി ഗുണഭോക്താക്കളുമായി ബന്ധം നിലനിർത്താൻ വകുപ്പ് മുൻകൈ എടുത്തിട്ടുണ്ട്. ശിശു സംരക്ഷണവും ഭക്ഷണ രീതികളും സംബന്ധിച്ചും ഗർഭാവസ്ഥയിലും മുലയൂട്ടൽ കാലത്തും നേരിടുന്ന പ്രശ്നങ്ങളെ കുറിച്ചുമുള്ള ബോധവത്ക്കരണ പരിപാടികൾ നടത്തി ഗുണഭോക്താക്കളുടെ ആശങ്കകൾ പരിഹരിച്ചു. ഏകദേശം 3.5 ലക്ഷം ആളുകൾക്ക് ഇതിന്റെ ഗുണം ലഭിച്ചു. ലോക ജനസംഖ്യാ ദിനത്തിൽ, ആസൂത്രിതമല്ലാത്ത ഗർഭധാരണം, ഗർഭനിരോധനം എന്നിവയുടെ പ്രശ്നങ്ങളും സ്ത്രീകൾക്കും ദമ്പതികൾക്കുമുള്ള മറ്റ് പ്രത്യുൽപാദന പ്രശ്നങ്ങളും വകുപ്പ് അഭിസംബോധന ചെയ്തു. ഏകദേശം 96,000 കുടുംബം/ദമ്പതികൾക്ക് പരിരക്ഷ ലഭിച്ചു. "പോഷൻ മാ" പ്രവർത്തനങ്ങളുടെ ഭാഗമായി പോഷകാഹാര ഉദ്യാനവും വഴിയരികിൽ ഫലവൃക്ഷങ്ങളും പച്ചക്കറികളും നട്ടുപിടിപ്പിക്കൽ, സ്ത്രീകൾ, കുട്ടികൾ, പുരുഷന്മാർ എന്നിവരുടെ പോഷകാഹാര വെല്ലുവി ളികൾ കണ്ടെത്തുക എന്നിവ നടത്തി. പോഷകാഹാരക്കുറവ്, പ്രതിരോധ കുത്തിവയ്പ്പ്, വളരുന്ന കുട്ടിയുടെ ശരിയായ വികസനം, ഗർഭിണികളുടെയും മുലയൂട്ടുന്ന സ്ത്രീകളുടെയും ആശങ്കകൾ എന്നിവ പരിഹരിക്കുന്നതിനായി ടെലിഫോൺ വഴിയുള്ള പോഷകാഹാര കൗൺ സിലിംഗും പരിശോധനാ സൗകര്യവും ഇന്ത്യൻ പോഷകാഹാരവിദഗ്ധരുടെ അസോസിയേഷന്റെയും ഇന്ത്യൻ ശിശുരോഗ വിദഗ്ധ അക്കാദമിയുടേയും ഐ.എം.എ യുടെയും സഹായത്തോടെ സംഘടിപ്പിച്ചു. ഏകദേശം 7.31 ലക്ഷം ആളുകൾക്ക് പരിരക്ഷ ലഭിച്ചു. വകുപ്പുതല കമ്മ്യൂണിക്കേഷൻ നെറ്റ് വർക്കിലൂടെ ദൈനംദിന പോഷകാഹാര പാചകക്കുറിപ്പ് പങ്കിട്ടു.

**കേരള വനിതാ വികസന കോർപ്പറേഷൻ (കെഎസ്ഡബ്ല്യൂഡിസി)**

സംസ്ഥാനത്തിലെ സ്ത്രീകളെ സാമൂഹിക വികസനത്തിലും പുരോഗതിയിലും സജീവ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ അവരുടെ സർവോൻമുഖമായ വികസനമാണ് കെഎസ്ഡബ്ല്യൂഡിസി ലക്ഷ്യമിടുന്നത്. കോർപ്പറേഷൻ വനിതാ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിലും പരിശീലനങ്ങളിലും ലിംഗപദവി ബോധവൽക്കരണ പരിപാടികളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 2022-23 സാമ്പത്തിക വർഷം വരെ കോർപ്പറേഷൻ 2,198 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 4.5 ലക്ഷം പെൺകുട്ടികൾക്കായി ഷീ-പാഡ് എന്ന ആർത്തവ ശുചിത്വ പരിപാലന ബോധവൽക്കരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കാക്കനാട്ട് (എറണാകുളം) വനിതാ മിത്ര കേന്ദ്ര വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഒന്നാം ഘട്ട നിർമ്മാണം 2021 ഫെബ്രുവരി 12 ന് ഉദ്ഘാടനം ചെയ്തു. 'വനിതാമിത്ര കേന്ദ്ര' വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഒമ്പത് ജില്ലകളിലായി പ്രവർത്തിക്കുന്നു, ആകെ 1100 താമസക്കാരുണ്ട്.

സ്ത്രീകൾക്ക് സുരക്ഷിതവും താങ്ങാനാവുന്നതുമായ താമസം ഉറപ്പാക്കുന്നതിനുള്ള സുരക്ഷിത താമസ പദ്ധതി 2021 ഫെബ്രുവരി 5 ന് ഉദ്ഘാടനം ചെയ്തു. ആദ്യ ഘട്ട പരിപാടിക്കു വേണ്ടി 30 വനിതാ ഹോസ്റ്റലുകളുമായി ബന്ധിപ്പിച്ചുകൊണ്ട് സമഗ്രമായ ആപ്പ് വികസിപ്പിച്ചെടുത്തു. നൂറിലധികം സ്ത്രീകൾ ഈ സേവനം പ്രയോജനപ്പെടുത്തി.

പോലീസ് ഉദ്യോഗസ്ഥർക്കുള്ള ജെൻഡർ സെൻസിറ്റൈസേഷൻ പ്രോഗ്രാം-ബോധ്യം: പോലീസ്

ഉദ്യോഗസ്ഥർക്കുള്ള ലിംഗ പദവി ബോധവൽക്കരണം ഓൺലൈൻ പരിശീലന പരിപാടി കെ.എസ്. ഡബ്ല്യൂ.ഡി.സി 2019 സെപ്റ്റംബർ 4ന് ആരംഭിച്ചു. തിരുവനന്തപുരം, കേരള പോലീസ് ട്രെയിനിംഗ് കോളേജിലും (പിടിസി) തൃശ്ശൂർ കേരള പോലീസ് അക്കാദമി (കെഇപിഎ) യിലുമാണ് പരിശീലനം നൽകിയത്. സ്ത്രീകൾക്കുള്ള അടിയന്തിര പ്രതികരണ സേവനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനൊപ്പം സംസ്ഥാനത്ത് ലിംഗപദവിസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം. കേരളത്തിലുടനീളമുള്ള പോലീസ് ബറ്റാലിയനുകളിൽ നിന്നുള്ള 902 പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലനം 2022-23 ൽ കോർപ്പറേഷൻ പൂർത്തിയാക്കി.

**വിമൻസ് കോളേജുകളിൽ വനിതാ സെല്ലുകൾ:** ലിംഗ പദവി ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കോളേജുകളിൽ കെഎസ്ഡബ്ല്യൂഡിസി വനിതാ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുത്ത വനിതാ കോളേജുകളിൽ ലിംഗ പദവി ബോധവൽക്കരണ പരിശീലനങ്ങൾ, വിവാഹ പൂർവ്വ കൗൺസിലിംഗ്, തുറന്ന ചർച്ചകൾ, സാംസ്കാരിക പരിപാടികൾ, കൈയ്യെഴുത്ത് പ്രസിദ്ധീകരണം, ഐടി/സോഫ്റ്റ് സ്കിൽ പരിശീലനം, ക്രിയാത്മക ശില്പശാലകൾ, സാമൂഹ്യ ഇടപെടൽ പരിപാടികൾ എന്നിങ്ങനെയുള്ള വിവിധ പരിപാടികൾക്ക് തുടക്കമിട്ടു. 2022-23 കാലയളവിൽ 22,000-ത്തിലധികം അംഗങ്ങളുള്ള 111 വനിതാ കോളേജുകളിൽ വനിതാ സെല്ലുകൾ പ്രവർത്തിച്ചിട്ടുണ്ട്. സമൂഹത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് യുവജനങ്ങളെ ബോധവാന്മാരാക്കുകയും ദൈനംദിന കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ആവശ്യമായ മാനേജ്മെന്റ് കഴിവുകളോടെ അവരെ സജ്ജമാക്കുകയും ചെയ്യുക എന്നതാണ് വനിതാ സെല്ലിന്റെ പ്രധാന ലക്ഷ്യം.

**സ്ത്രീകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ:** കെ.എസ്. ഡബ്ല്യൂ.ഡി.സി സ്ത്രീകളുടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനായി അവരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി റീച്ച് (ആർഇഎസിഎച്ച്) ആരംഭിച്ചു. 2022-23 കാലയളവിൽ 2105 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. നഴ്സുമാർക്കുള്ള അഡ്വാൻസ്ഡ് സ്കിൽ എൻഹാൻസ്മെന്റ് പരിപാടിയിലൂടെ (എഎസ്ഇപിഎൻ) 270 പ്രൊഫഷണലുകൾക്ക് പരിശീലനം നൽകി.

**ജെൻഡർ പാർക്ക്:** വിവിധ പദ്ധതികൾസാംസ്കാരിക, അക്കാദമിക് പരിപാടികൾ എന്നിവയുടെ സംയോജന കേന്ദ്രമായി കോഴിക്കോട് സ്ഥിതി ചെയ്യുന്ന പ്രധാന കാമ്പസിലൂടെ സംസ്ഥാനത്ത് ലിംഗപദവിസമത്വത്തിനും ശാക്തീകരണത്തിനും തുടക്കമിടാനുള്ള വനിതാ-ശിശു വികസന വകുപ്പിന്റെ സംരംഭമാണിത്. ഇതിൽ ഒരു ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, ആംഫി തിയേറ്റർ, ജെൻഡർ ലൈബ്രറി, ജെൻഡർ മ്യൂസിയം എന്നിവ ഉൾപ്പെടുന്നു. ജെൻഡർ പാർക്കിനെ ലിംഗപദവി പ്രവർത്തനങ്ങളുടെ ദക്ഷിണേഷ്യൻ ഹബ്ബാക്കി മാറ്റുന്ന ഹെറിറ്റേജ് മ്യൂസിയം, ലൈബ്രറി എന്നിവയ്ക്കൊപ്പം യുഎൻ വനിതകളുമായി (UN WOMEN) സഹകരിച്ച് ഒരു ജെൻഡർ ഡാറ്റാ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി, ജെൻഡർ പാർക്കിന്റെ കോഴിക്കോട് കാമ്പസിൽ ഒരു അന്താരാഷ്ട്ര വനിതാ വ്യവസായ കേന്ദ്രം (ഐഡബ്ല്യൂടിസി) സ്ഥാപിക്കും. സ്ത്രീകൾക്ക് സുരക്ഷിതമായി സംരംഭങ്ങൾ ആരംഭിക്കാനും വിപുലീകരിക്കാനും ആഗോളതലത്തിൽ അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനും ഐഡബ്ല്യൂടിസി ഒരു വേദിയാകും. ദക്ഷിണേഷ്യൻ മേഖലയിലെ ലിംഗപദവിസമത്വത്തെ അഭിസംബോധന ചെയ്യുന്നതിനായി തുല്യ പങ്കാളികളായി ഒത്തുചേരുന്നതിന് 2020 ഡിസംബറിൽ ജെൻഡർ പാർക്കും യുഎൻ വനിതകളും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. യുഎൻ വുമൺ ഇന്ത്യയുമായി സഹകരിച്ച് രൂപകൽപ്പന ചെയ്യുകയും സംഘടിപ്പിക്കുകയും ചെയ്യുന്ന ഒരു ബോധവൽക്കരണ പരിപാടിയാണ് അവന്റ് ഗാർഡ്. കലാപ്രകടനങ്ങളിലൂടെ സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗവിവേചനപരമായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് ആൺകുട്ടികളിലും പെൺകുട്ടികളിലും അവബോധം സൃഷ്ടിക്കുകയാണ് ലക്ഷ്യം.

**ലിംഗപദവി സ്വയം പഠന പരിപാടി (ജിഎസ്എൽപി):** ലിംഗപദവിപരമായ പ്രശ്നങ്ങൾ സ്വയം മനസിലാക്കാനും പഠിക്കാനും സ്ത്രീകളെ പ്രാപ്തരാക്കുന്നതിനായി 2007ൽ കുടുംബശ്രീ ജി.എസ്.എൽ.പി ആരംഭിച്ചു. "അയൽക്കൂട്ടങ്ങളിലെ സ്ത്രീകൾ ലിംഗപദവി ഭേദങ്ങളെയും അവരുടെ ജീവിതാനുഭവത്തിലെ സന്ദർഭങ്ങൾ വച്ച് മനസിലാക്കുന്ന ഒരു പങ്കാളിത്ത വിദ്യാഭ്യാസ പദ്ധതിയാണിത്". സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ചും അവരുടെ കാഴ്ചപ്പാടുകൾ എങ്ങനെ പ്രകടിപ്പിക്കുമെന്നതിനെക്കുറിച്ചും ഒരു കൂട്ടായ ബോധം വളർത്തിയെടുക്കാൻ ഈ പഠന പ്രക്രിയ സ്ത്രീകളെ സഹായിക്കുന്നു. ഈ പരിപാടിയിൻ കീഴിൽ, അയൽക്കൂട്ടങ്ങളുടെ തലം വരെയുള്ള റിസോഴ്സ് പേഴ്സൺമാരായി ആകെ ഏകദേശം 86,307 സ്ത്രീകളെ പരിശീലിപ്പിച്ചു, റിസോഴ്സ് പേഴ്സൺമാരും 3,47,006 സപ്പോർട്ട് ടീം അംഗങ്ങളും ഉൾപ്പെടെ ആകെ 4,33,313 സ്ത്രീകൾ പരിശീലനത്തിന് വിധേയരായി. സംസ്ഥാനത്തിലെ 35 ലക്ഷം സ്ത്രീകൾ ഈ പദ്ധതിയിൽ ഉൾപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. പഠന പ്രക്രിയയ്ക്കായി തിരഞ്ഞെടുത്ത അഞ്ച് വിഷയങ്ങൾ ഇവയാണ്: (1) സ്ത്രീകളും തൊഴിലും, (2) സ്ത്രീകളും ആരോഗ്യവും, (3) സ്ത്രീകളും ചലനാത്മകതയും, (4) ലിംഗനീതിയും സമത്വവും, (5) സ്ത്രീധനത്തിനും ലിംഗാധിഷ്ഠിത അക്രമത്തിനും എതിരായ പ്രമേയം. സ്ത്രീധനത്തിനും ലിംഗാധിഷ്ഠിത അക്രമത്തിനുമെതിരെയുള്ള പ്രതിപാദ്യം 2021-ൽ "സ്ത്രീപക്ഷനവകേരളം പ്രോഗ്രാം" എന്ന പേരിൽ ആരംഭിച്ചു.

**കേരള വനിതാ കമ്മീഷൻ:** ലിംഗപദവി ബോധവൽക്കരണ പരിപാടി- കെ.ഡബ്ല്യൂ.സി യുടെ ഒരു പ്രധാന പ്രവർത്തനം ജാഗ്രത സമിതി (താഴ്ന്ന തലത്തിലുള്ള ഒരു കാവൽ സ്ഥാപനം) അംഗങ്ങളുടെ പരിശീലനമാണ്, ഇതിന് സാമൂഹ്യ പങ്കാളിത്തത്തോടെ കുറ്റകൃത്യങ്ങൾ തടയുന്നതിൽ വളരെ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും. കമ്മീഷൻ സെമിനാറുകൾ/നിയമ ശിൽപശാലകൾ, പഞ്ചായത്ത് ജാഗ്രതാ സമിതികൾക്കായി സ്ത്രീകളുമായി ബന്ധപ്പെട്ടതും മറ്റുള്ളതുമായ വിവിധ നിയമ നടപടികളെക്കുറിച്ചും അദാലത്തുകളെക്കുറിച്ചും പരിശീലന പരിപാടികൾ എന്നിവ നടത്തുന്നു. നമ്മുടെ സംസ്ഥാനത്തെ യുവാക്കളെ കൗമാരകാലത്ത് അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അവരെ ബോധവത്കരിക്കുന്നതിനായി കമ്മീഷൻ ഒരു വർഷം നീണ്ടുനിൽക്കുന്ന ബോധവൽക്കരണ പരിപാടി "കൗമാരം കരുതാക്കു" നടത്തുകയുണ്ടായി. 2022-23 കാലയളവിൽ (2023 മാർച്ച് 31 വരെ) കേരളത്തിൽ സ്ത്രീകൾക്കെതിരായ വിവിധ കേസുകളുമായി ബന്ധപ്പെട്ട് മൊത്തം 74,991 പരാതികൾ വനിതാ കമ്മീഷനു ലഭിച്ചു, അതിൽ 27,076 പരാതികളുമായി തലസ്ഥാന നഗരം ഒന്നാം സ്ഥാനത്തും 7,161 പരാതികളുമായി കൊല്ലം ജില്ല തൊട്ടുപിന്നാലെയുമാണ്. ആകെയുള്ള പരാതികളിൽ 14,551 കുടുംബ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടും 8,215 ഗാർഹിക പീഡന കേസുകളും 6,399 സ്വത്ത് സംബന്ധമായ കേസുകളുമാണ്. 2023 മാർച്ച് വരെ ലഭിച്ച പരാതികളുടെ വിഭാഗം തിരിച്ചുള്ളതും ജില്ല തിരിച്ചുള്ളതുമായ വിശദാംശങ്ങൾ **അനുബന്ധം 8.1.7** ൽ കൊടുത്തിരിക്കുന്നു.

**ശരണ്യപദ്ധതി–** തൊഴിലില്ലാത്ത വിധവകൾ, ഉപേക്ഷിക്കപ്പെട്ട/വിവാഹമോചിതരായ/അവിവാഹിതരായ സ്ത്രീകൾ/അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ സ്ത്രീകൾ, കിടപ്പിലായവരുടെ ഭാര്യമാർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകി സഹായിക്കുന്നതിനുള്ള ഒരു സ്വയം തൊഴിൽ പദ്ധതിയാണ് ശരണ്യ. തൊഴിൽ വകുപ്പാണ് ഇത് നടപ്പാക്കുന്നത്. 2022-23 കാലയളവിൽ 2,995 സ്ത്രീകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായവരുടെ പുനരധിവാസവും ക്ഷേമവും ലക്ഷ്യമിട്ടാണ് കൈവല്യ പദ്ധതി. എംപ്ലോയ്മെന്റ് വകുപ്പാണ് ഇത് നടപ്പിലാക്കുന്നത്. 2022-23ൽ 100 സ്ത്രീകൾക്കും 2023-24ൽ (നവംബർ 28, 2023 വരെ) 63 സ്ത്രീകൾക്കും യഥാക്രമം ഈ പദ്ധതിയിലൂടെ ധനസഹായം ലഭിച്ചു. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ (ICFOSS) ജെൻഡർ, ടെക്നോളജി ഹാക്കത്തോൺ, ബാക്ക് ടു വർക്ക്, വിന്റർ സ്കൂൾ, സമ്മർ സ്കൂൾ, വെർച്വൽ പരിശീലനം, കാമ്പെയ്നുകൾ, ഫെലോഷിപ്പുകൾ എന്നിവയിലൂടെ അവരുടെ ജെൻഡർ ടെക്നോളജി സംരംഭത്തിന്റെ ഘടകഭാഗങ്ങളിൽ പിന്തുണ നൽകുന്നു.

**കേരളത്തിലെ ട്രാൻസ്ജെൻഡർ സമൂഹം**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് (ടിജികൾ) തുല്യതയ്ക്കും തുല്യ സംരക്ഷണത്തിനുമുള്ള അവകാശം ദൃഢമായി സ്ഥാപിച്ച 2014 ലെ സുപ്രിം കോടതിയുടെ സുപ്രധാന വിധിക്ക് ശേഷം സംസ്ഥാന സർക്കാർ 2015 ലെ അവകാശാടിസ്ഥാനത്തിലുള്ള ട്രാൻസ്ജെൻഡർ നയം പുറത്തിറക്കി. ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണം) നിയമം, 2019, ഇന്ത്യയിലെ ട്രാൻസ്ജെൻഡറുകളുടെ അവസ്ഥയെക്കുറിച്ച്, പ്രത്യേകിച്ച് സ്വയം തിരിച്ചറിയാനുള്ള അവകാശവുമായി ബന്ധപ്പെട്ട് നിരവധി ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്. ടിജികൾക്ക് രജിസ്റ്റർ ചെയ്യാനും തിരിച്ചറിയൽ കാർഡുകൾ നൽകാനും കഴിയുന്ന ജില്ലാതല ടിജി ബോർഡുകൾ സ്ഥാപിക്കാനും നയം ശുപാർശ ചെയ്യുന്നു. കേരളത്തിൽ പൊതു ഇടങ്ങളിൽ ട്രാൻസ്ജെൻഡറുകളുടെ ദൃശ്യപരതയും കഴിഞ്ഞ കുറച്ച് വർഷങ്ങളായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ലൈംഗിക സ്വത്വങ്ങളുള്ള ആളുകളുടെ പ്രശ്നങ്ങൾ ഇപ്പോഴും ആ രീതിയിൽ എടുത്തുകാണിക്കുന്നില്ല. ക്ഷേമവും അന്തസ്സും നിറഞ്ഞ ജീവിതത്തിന് ആവശ്യമായ അടിസ്ഥാന കഴിവുകൾ പോലും സ്വായത്തമാക്കാൻ ഇവർക്ക് കഴിയുന്നില്ലെന്ന് സാമൂഹ്യനീതി വകുപ്പ് നടത്തിയ സർവേയിൽ കണ്ടെത്തി. അതിനാൽ, ടിജികളെ ഉൾപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ കേവലം സാമ്പത്തിക നടപടികളിൽ മാത്രമായി പരിമിതപ്പെടുത്താനാവില്ല.

ട്രാൻസ്ജെൻഡർമാരുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ വിവിധ വകുപ്പുകൾ, പ്രാഥമികമായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്നു. അതുപോലെ, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ എൽജിബിടികളുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ/പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ലിംഗമാറ്റ ശസ്ത്രക്രിയകൾക്കുള്ള നടപടികൾ ഡിഎച്ച്എസ് ആരംഭിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡറുകൾക്കുള്ള കൗൺസിലിങ്ങിനും മരുന്നിനുമായി ഹോമിയോപ്പതി ഡയറക്ടറേറ്റ് 'നിസർഗ' എന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. 2023-24 മുതൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (KASP) എല്ലാ ട്രാൻസ്ജെൻഡർ ആളുകളെയും വൈകല്യമുള്ളവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ കൂടാതെ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെഎസ്എൽഎംഎ) അനുവദിച്ച പ്രത്യേക സാക്ഷരതാ പരിപാടിയിൽ, സംസ്ഥാനത്തെ ന്യൂനപക്ഷ ലിംഗക്കാർക്ക് സൗജന്യവും തുടർ വിദ്യാഭ്യാസവും നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സമന്വയ പരിപാടിയുടെ ഭാഗമായി, അവർ കെഎസ്എൽഎംഎ യുടെ 4, 7, 10, 12 തുല്യതാ പ്രോഗ്രാമുകളിൽ ചേർന്നിട്ടുണ്ട്. 2021-22-ൽ 120 ട്രാൻസ്ജെൻഡ റുകൾക്ക് ഈ പരിപാടിയുടെ പ്രയോജനം ലഭിച്ചു. തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി, ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയിൽ നിന്നുള്ള 918 പേർക്കിടയിൽ കെഎസ്എൽഎംഎ ഒരു സർവേ നടത്തി, അതിൽ 20.35 ശതമാനം പേർ തൊഴിലില്ലാത്തവരാണെന്നും 16.70 ശതമാനം പേർ സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്നവരാണെന്നും 1.65 ശതമാനം പേർക്ക് സർക്കാർ ജോലിയുണ്ടെന്നും 5.86

ശതമാനം പേർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണെന്നും കണ്ടെത്തി. 30 ശതമാനത്തിലധികം പേർ ഏതെങ്കിലും തരത്തിലുള്ള സ്വയം തൊഴിലിൽ ഏർപ്പെട്ടിരുന്നു. ജോലി ചെയ്തിരുന്ന ഭൂരിഭാഗം ആളുകളും തങ്ങളുടെ വ്യതിരിക്തമായ ലൈംഗിക സ്വത്വം ഏതെങ്കിലും ഔദ്യോഗിക രേഖകളിൽ സമൂഹത്തിന് മുന്നിൽ വെളിപ്പെടുത്തിയിരുന്നില്ല. 100 ട്രാൻസ്ജെൻഡറുകളിൽ ആറ് പേർ ഭിക്ഷാടനത്തിലും എട്ട് പേർ ലൈഗിംക തൊഴിലിലും ഏർപ്പെട്ടി രിക്കുന്നതായും സർവേ കണ്ടെത്തി. നാല് ശതമാനത്തിലധികം ആളുകൾക്ക് അവരുടെ ഐഡന്റിറ്റി തെളിയിക്കാനുള്ള രേഖകളൊന്നും ഉണ്ടായിരുന്നില്ല. സർവേയിൽ പങ്കെടുത്ത ട്രാൻസ്ജെൻഡർമാരിൽ 1.2 ശതമാനം പേർക്ക് മാത്രമേ എഴുതാനും വായിക്കാനും അറിയാതെയുള്ളൂ. ട്രാൻസ്ജെൻഡറുകൾക്കിടയിൽ ഉയർന്ന ക്ലാസിലെത്തുമ്പോൾ കൂടുതലും സാമൂഹിക അവഹേളനം കാരണം സ്കൂൾ ഉപേക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. 10.61 ശതമാനം പേർ iv നും vii നും ക്ലാസ്സുകൾക്കിടയിൽ സ്കൂൾ വിട്ടു പോയപ്പോൾ 40 ശതമാനം പേർ vii -നും x -നും ഇടയിൽ പഠനം ഉപേക്ഷിച്ചു. സർവേയിൽ പങ്കെടുത്ത ട്രാൻസ്ജെൻഡറുകളിൽ 26.55 ശതമാനം പേർ പ്ലസ് ടു പാസായിരുന്നു. 13.60 ശതമാനം പേർ ബിരുദധാരികളും 2.10 ശതമാനം ബിരുദാനന്തര ബിരുദധാരികളും. സർവേയിൽ പങ്കെടുത്തവരിൽ 67.14 ശതമാനം പേരും കെഎസ്എൽഎംഎയുടെ തുടർവിദ്യാഭ്യാസ പരിപാടികളിൽ ചേരാൻ താൽപര്യമുള്ളവരായിരുന്നു.

കേരളത്തിൽ നടത്തിയ വികലാംഗ സെൻസസ് പ്രകാരം 1,187 ട്രാൻസ്ജെൻഡറുകൾ ഉൾപ്പെടുന്നു. ട്രാൻസ്ജെൻഡറുകളുടെ ക്ഷേമത്തിനായി കേരളസർക്കാർ അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള സമീപനത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. 2018-19ൽ, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ സ്വന്തം ആസൂത്രണത്തിന് സഹായിക്കുന്ന വിവിധ പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി സാമൂഹിക നീതി ഡയറക്ടറേറ്റിലെ ട്രാൻസ്ജെൻഡർ സെൽ രൂപീകരിച്ചു. അതിനുശേഷം, എസ്.ജെ.ഡി യുടെ കീഴിലുള്ള എല്ലാ പദ്ധതികളും ഒരു സമഗ്ര പദ്ധതിയായ മഴവില്ലിന് കീഴിലായി. സാമൂഹ്യ തല പരിപാടി, സ്ഥാപനപരമായ ഇടപെടൽ, ഗവേഷണവും സർവേയും, അവബോധനവും ശിൽപശാലകളും, പെൻഷൻ, ഇൻഷുറൻസ്, ലോൺ, നൈപുണ്യ വികസനം എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. റ്റിജികളുടെ കലോത്സവം സംഘടിപ്പിക്കുകയും, വിവാഹ സഹായം നൽകുകയും, ലൈഫ് മിഷൻ ഭവന പദ്ധതിയിൽ മുൻഗണനാ വിഭാഗമായി അവരെ ഉൾപ്പെടുത്തുകയും ചെയ്തു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത എൻജിഒകളുടെ സഹായത്തോടെ ട്രാൻസ്ജെ ൻഡർ വ്യക്തികളുടെ ഹെൽപ്പ് ലൈനും (24x7) പ്രതിസന്ധി കൈകാര്യ കേന്ദ്രവും സ്ഥാപിച്ചു. വിദ്യാഭ്യാസം (സ്കൂൾ കൊഴിഞ്ഞുപോക്ക് കൂടുതലാണ്), തൊഴിലധിഷ്ഠിത പരിശീലനം, സ്വയം തൊഴിൽ, മത്സര പരീക്ഷകളിൽ പങ്കെടുക്കൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. വൈദ്യോപദേശത്തെ അടിസ്ഥാനമാക്കി ആശുപത്രികളിലെ ലിംഗമാറ്റ ശസ്ത്രക്രീയ (എസ്ആർഎസ്) യുടെ തുക 2019-ൽ 2 ലക്ഷം രൂപയായും 2020-ഓടെ 5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു.

2020-21 കാലയളവിൽ 3576 ട്രാൻസ്ജെൻഡർ ഗുണഭോക്താക്കൾ വിവിധ വകുപ്പുകൾ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഉണ്ട്. ഹോസ്റ്റൽ സൗകര്യം, ബ്യൂട്ടീഷ്യൻ കോഴ്സ്, തുടർ വിദ്യാഭ്യാസ പദ്ധതി, തയ്യൽ മെഷീൻ വിതരണം, സംരംഭകത്വ വികസന പരിപാടികൾ, ടിജി ഷോർട്ട് സ്റ്റേ/ഷെൽട്ടർ ഹോമുകൾ, എസ്ആർഎസ് ശസ്ത്രക്രിയക്ക് ശേഷമുള്ള തുടർ ചികിത്സ, എച്ച്ഐവി സീറോ നിരീക്ഷണ കേന്ദ്രം (കെഎസ്എസ്ഡബ്ല്യുബി), ഡ്രൈവിംഗ് പരിശീലനം നൽകൽ, ടിജി സൗഹൃദ ടോയ്ലറ്റ്, സ്വയം തൊഴിൽ സഹായം, വർണം (ടിജി ഉത്സവം), വിവിധ ഉദ്യോഗസ്ഥർ, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്നിവർക്കിടയിലും സ്കൂൾ/കോളേജുകളിലും ബോധവൽക്കരണം എന്നിവ 13-ാം പഞ്ചവത്സര പദ്ധതിയിൽ എസ്ജെഡി നടപ്പിലാക്കിയ ടിജികൾക്കായുള്ള മറ്റ് പദ്ധതികളാണ്.

2020-21ൽ ട്രാൻസ്ജെൻഡർ വ്യക്തികളെ സ്വയം തൊഴിലിലൂടെ സ്വയം പര്യാപ്തരാക്കാൻ സഹായിക്കുന്നതിനായി കെഎസ്ഡബ്ല്യുഡിസി സ്വയം തൊഴിൽ വായ്പാ പദ്ധതി ആരംഭിച്ചു. സാമൂഹ്യനീതി ഡയറക്ടറേറ്റിന്റെ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പ്രാരംഭ ഘട്ട വായ്പ വിതരണത്തിനായി 30 ലക്ഷം അനുവദിക്കുകയും 22 ട്രാൻസ്ജെൻഡറുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും ചെയ്തു.

**ലിംഗപദവി ബജറ്റ്**

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വനിത ഘടക പദ്ധതി (ഡബ്ല്യൂസിപി) നിർബന്ധമായി ഉൾപ്പെടുത്തികൊണ്ട് ഒൻപതാം പദ്ധതിയുടെ സമയത്ത് പ്രാദേശിക സർക്കാർ തലത്തിൽ ഒരു ലിംഗപദവി പ്രതികരണ ബജറ്റ് കേരളത്തിൽ അവതരിപ്പിച്ചു. സംസ്ഥാനത്ത് നിന്ന് 35-40 ശതമാനം വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് (എൽ.എസ്.ജി.ഐകൾ) വിഭജിച്ചതോടെ, ഓരോ പഞ്ചായത്തിനും അവരുടെ വികസന പദ്ധതി രേഖയിൽ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് ഒരു അധ്യായം തയ്യാറാക്കാൻ നിർദ്ദേശം നൽകുകയും ലിംഗപദവി ബജറ്റിന്റെ ആദ്യരൂപം 1996ൽ സംസ്ഥാനത്ത് ഉണ്ടാകുകയും ചെയ്തു. 9-ാം പദ്ധതി സമയത്ത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകളുടേയോ, സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതികൾക്കുവേണ്ടിയോ നീക്കി വച്ചിരുന്നു. അവ വനിതാ ഘടക പദ്ധതി (ഡബ്ല്യൂ.സി.പി) എന്നറിയപ്പെട്ടു.

ലിംഗപദവി ബജറ്റിംഗ് പ്രക്രിയ സ്ഥാപന വൽക്കരിക്കുന്നതിന് 2005-06 ലെ കേന്ദ്ര ബജറ്റിലാണ് ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്. കേരളത്തിലെ സംസ്ഥാന ബജറ്റിൽ ലിംഗപദവി പ്രതികരണ ബജറ്റ് ആക്കുന്നതിന് കാര്യമായ ശ്രമങ്ങൾ നടന്നിട്ടുണ്ട്. 11-ാം പദ്ധതിയിലാണ് ലിംഗപദവി ബജറ്റിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയത്. ഉൾപ്പെടുത്തിട്ടുള്ള പ്രത്യേക രേഖയായി വകുപ്പുകളിലുടനീളം പെൺകുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി അടയാളപ്പെടുത്തിയ വിഭവങ്ങൾ ഉൾപ്പെടുത്തി 2017-18 ലാണ് സംസ്ഥാനത്ത് ആദ്യമായി ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്.

2022-23-ൽ സ്ത്രീകളുടെ നിർദ്ദിഷ്ട പദ്ധതികൾക്കായി (പാർട്ട് എ) 1,619.82 കോടി രൂപയും (7.26 ശതമാനം) പാർട്ട് ബി യിൽ ഘടക പദ്ധതികൾക്കായി 3,045.38 കോടി രൂപയും (13.64 ശതമാനം) സ്ത്രീകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സ്ത്രീകൾക്കായി ആകെ 4665.20 കോടി രൂപ വകയിരുത്തിയിട്ടുള്ളത് മൊത്തം അടങ്കലിന്റെ 20.90 ശതമാനമാണ്. ഈ തുകയിൽ 5.0 കോടി രൂപ ട്രാൻസ്ജെൻഡറുകൾക്കായുള്ള പദ്ധതിയായ "മഴവില്ല്" നാണ് അനുവദിച്ചിരിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ 4,670.22 കോടി രൂപയാണ് സംസ്ഥാനത്തെ ജെൻഡർ ബജറ്റിങ്ങിന്റെ ആകെ അടങ്കൽ. 2021-22 ലെ 19.54 ശതമാനം (₹4,025.4 കോടി) ൽ നിന്ന് സ്ത്രീകൾക്കുള്ള വിഹിതം മൊത്തം പദ്ധതി വിഹിതത്തിന്റെ 21.12 ശതമാനം എന്ന ഉയർന്ന തലത്തിലെത്തി. 90-100 ശതമാനം സ്ത്രീ-നിർദ്ദിഷ്ട പദ്ധതികൾക്കുള്ള വിഭവ വിഹിതം 2021-22 ൽ 6.54 ശതമാനത്തിൽ നിന്ന് 6.69 ശതമാനം വർധിച്ചപ്പോൾ, 90 ശതമാനത്തിൽ താഴെയുള്ള സ്കീമുകൾക്ക് 2021-22-ൽ 13 ൽ നിന്ന് 14.43 ശതമാനത്തിന്റെ വർദ്ധനവാണ് കാണുന്നത്. ഈ രണ്ട് വിഭാഗങ്ങളിലും നാമമാത്രമായ എന്നാൽ സ്ഥിരമായ വളർച്ചയെ സൂചിപ്പിക്കുന്നു.

**ഭാവി വീക്ഷണം**

ലിംഗപദവി വികസനം, സംസ്ഥാന പദ്ധതിയുടെ അഭിവാജ്യ ഘടകമാണ്. ലിംഗപദവി സമത്വം സംസ്ഥാനത്ത് സ്ത്രീകളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും കാര്യമായ പരിശ്രമം നടത്തുന്നുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ ചില തലങ്ങളിൽ കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെ മുന്നിലാണ്. എന്നിരുന്നാലും വേതന അസമത്വം, കുറഞ്ഞ വരുമാനമുള്ള ജോലികളിൽ സ്ത്രീകളുടെ കേന്ദ്രീകരണം, ലിംഗാധിഷ്ഠിത അക്രമം എന്നിവ പരിഹരിക്കപ്പെടേണ്ട മേഖലയാണ്. അതുപോലെ തന്നെ ഉയർന്ന തലങ്ങളിലുള്ള (ലെജിസ്ലേറ്റീവ് അസംബ്ലി, പാർലമെന്റ് ) തീരുമാനമെടുക്കുന്ന സ്ഥാപനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. ഇത് ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. കൂടാതെ, സുരക്ഷിതമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നത് സ്ത്രീകളെ സ്വതന്ത്രരായി വീടുകളിൽ നിന്ന് പുറത്തുപോകാൻ പ്രാപ്തരാക്കുകയും അതുവഴി അവരുടെ സാമ്പത്തിക പങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യും.

# 8.2 സാമൂഹ്യ-സാമ്പത്തിക ദുർബലതകളെ അഭിമുഖീകരിക്കൽ

**പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾ**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, വിവിധ പദ്ധതികളിലൂടേയും പരിപാടികളിലൂടേയും ഈ സമുദായങ്ങളുടെ വികസന ആവശ്യങ്ങൾ പ്രത്യേകം പരിഗണിച്ചുകൊണ്ട് പുരോഗതിയും ക്ഷേമവും ഉറപ്പാക്കാനും കേരള സർക്കാർ പരിശ്രമിക്കുന്നു. സംസ്ഥാനത്തിന്റെ ആകെ പദ്ധതിവിഹിതത്തിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യാനുപാതത്തേക്കാൾ കൂടിയ വിഹിതം അവരുടെ വികസനത്തിനായി വകയിരുത്തുന്നതും, ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവസര സമത്വം ഉറപ്പാക്കിക്കൊണ്ട് അവരുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട സാമൂഹിക ദുർബലതകൾ ഇല്ലാതാക്കുക എന്നതും കേരള സർക്കാരിന്റെ നയമാണ്.

കേരളത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ ജനസംഖ്യയുടെ യഥാക്രമം 9.1 ശതമാനവും 1.45 ശതമാനവുമാണ്. ജില്ല തിരിച്ചുള്ള പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യയുടെ വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 8.2.1** ലും, **8.2.2** ലും നൽകിയിരിക്കുന്നു. കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യയുടെ സാക്ഷരത, ലിംഗാനുപാതം എന്നിവയുടെ ദേശീയതല കണക്കുകളുമായുള്ള താരതമ്യം **അനുബന്ധം 8.2.3** ൽ നൽകിയിരിക്കുന്നു. കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസ് 1958 ലെ റൂൾ 14(എ) പ്രകാരം, സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 10 ശതമാനം പ്രാതിനിധ്യം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി (പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവും) സംവരണം ചെയ്തിട്ടുണ്ട്. 89 സർക്കാർ വകുപ്പുകളിൽ, 46 വകുപ്പുകളിലെ വാർഷിക അവലോകന കണക്ക് പ്രകാരം, പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം, 2023 ജനുവരി 1-ന് ആകെ 12.58 ശതമാനമാണ്. ഇതിൽ 9.63 ശതമാനം പട്ടികജാതിക്കാരും 2.94 ശതമാനം പട്ടികവർഗ്ഗക്കാരുമാണ്. 89 സർക്കാർ വകുപ്പുകളിൽ, 82 വകുപ്പുകളിലെ 2022 ജനുവരി 1-ലെ വാർഷിക അവലോകന കണക്ക് പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർക്കാർ സർവീസിലുള്ള പ്രാതിനിധ്യം യഥാക്രമം 9.61 ശതമാനവും 2.55 ശതമാനവുമാണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർക്കാർ സർവീസിലുള്ള പ്രാതിനിധ്യത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.4**-ൽ നൽകിയിരിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള വികസന പരിപാടികൾ**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ജനങ്ങളുടെ വികസനവും ക്ഷേമവും ഉറപ്പാക്കുന്നതിൽ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മേൽ സൂചിപ്പിച്ചതുപോലെ, പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും വികസനത്തിനായി സംസ്ഥാന സർക്കാർ ആകെ വാർഷിക പദ്ധതി അടങ്കലിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യാനുപാതത്തേക്കാൾ കൂടിയ വിഹിതം പട്ടികജാതി ഉപപദ്ധതിയ്ക്കായും (എസ്.സി.എസ്.പി) പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കായും (ടി.എസ്.പി) നീക്കിവയ്ക്കുന്നുണ്ട്. നിലവിൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81 ശതമാനം പട്ടികജാതിക്കാരുടെ ക്ഷേമത്തിനും 2.83 ശതമാനം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായും വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും വികേന്ദ്രീകൃത ആസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്ക് ഏകദേശം 45 ശതമാനം ഫണ്ട് പട്ടികജാതി ഉപപദ്ധതിയിലും (എസ്.സി.എസ്.പി) 23 ശതമാനം ഫണ്ട് പട്ടികവർഗ്ഗ ഉപപദ്ധതിയിലും (ടി.എസ്.പി) വകയിരുത്തുന്നു. ബാക്കി തുക പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി നീക്കിവച്ചിരിക്കുന്നു.

സംസ്ഥാനത്തിന്റെ ആകെ പദ്ധതി അടങ്കലായ 30,370 കോടി രൂപയിൽ നിന്നും പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി യഥാക്രമം 2,979.40 കോടി രൂപയും 859.50 കോടി രൂപയുമാണ് 2023-24 ൽ നീക്കിവെച്ചിരുന്നത്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി 2018-19 മുതൽ 2023-24 വരെ, പ്രതിവർഷം വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ **പട്ടിക 8.2.1**-ൽ നൽകിയിരിക്കുന്നു.

**പട്ടികജാതി വിഭാഗക്കാരുടെ വികസനം**

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികജാതി ജനസംഖ്യ 30.39 ലക്ഷം ആണ്. ഇവർ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 9.10 ശതമാനത്തോളം വരുന്നു. സംസ്ഥാനത്ത് 26,342 പട്ടികജാതി സെറ്റിൽമെന്റുകൾ/ ആവാസകേന്ദ്രങ്ങൾ ആണുള്ളത്. പട്ടികജാതി വിഭാഗത്തിൽ 53 സമുദായങ്ങളുണ്ട്. ഇതിൽ വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്കിലിയർ തുടങ്ങിയ സമുദായങ്ങളെ പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങളായി കണക്കാക്കുന്നു. സംസ്ഥാനത്തെ മൊത്തം പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനത്തോളം വരും ഈ ദുർബല വിഭാഗങ്ങളിലെ ജനങ്ങൾ.

വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള സർക്കാർ പട്ടികജാതി വികസന വകുപ്പിനും പ്രാദേശിക സർക്കാരുകൾക്കും പദ്ധതി വിഹിതം വകയിരുത്തുന്നുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരും ഫണ്ട് അനുവദിക്കുന്നുണ്ട്. 2022-23-ലെ ബജറ്റിൽ പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ 2,979.40 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 1,638.10 കോടി രൂപ പട്ടികജാതി വികസന വകുപ്പിനും 1,341.30 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് വകയിരുത്തിയിട്ടുള്ളത്. അനുവദിച്ച ബജറ്റ് വിഹിതത്തിൽ നിന്നും പട്ടികജാതി വികസന വകുപ്പ് 1,295.36 കോടി രൂപയും (79.08 ശതമാനം) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1,127.35 കോടി രൂപയും (84.05 ശതമാനം) ചെലവഴിക്കുകയുണ്ടായി. പട്ടികജാതി ക്ഷേമത്തിനായി 2023-24 ബജറ്റിൽ വകയിരുത്തിയ 2,979.40 കോടി രൂപയിൽ നിന്നും പട്ടികജാതി വികസന വകുപ്പിന് 1,638.10 കോടി രൂപയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് 1,341.30 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആകെ പദ്ധതി അടങ്കലിൽ നിന്നും 2017-18 മുതൽ 2023-24 വരെ അനുവദിച്ച പട്ടികജാതി ഉപപദ്ധതി വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 8.2.5**-ൽ നൽകിയിരിക്കുന്നു. പട്ടികജാതി വികസന വകുപ്പ്, 2022-23, 2023-24 (2023 സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെ വിഹിതം, ചെലവ്, ഭൗതീക നേട്ടങ്ങൾ എന്നിവ യഥാക്രമം **അനുബന്ധം 8.2.6, 8.2.7** എന്നിവയിൽ നൽകിയിരിക്കുന്നു. പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി പട്ടികജാതി

**പട്ടിക 8.2.1** 2018-19 മുതൽ 2023-24 വരെ പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും വകയിരുത്തിയ വിഹിതം (തുക കോടിയിൽ)

| വർഷം | ആകെ സംസ്ഥാന പദ്ധതി അടങ്കൽ | എസ്.സി.എസ്.പി വിഹിതം | | | | ടി.എസ്.പി വിഹിതം | | | |
|---|---|---|---|---|---|---|---|---|---|
| | | വകുപ്പിന് അനുവദിച്ച വിഹിതം | പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വിഹിതം | ആകെ | പട്ടികജാതി ഉപപദ്ധതിയിലേയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം | വകുപ്പിന് അനുവദിച്ച വിഹിതം | പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വിഹിതം | ആകെ | പട്ടിക വർഗ്ഗ ഉപ പദ്ധതിയിലേയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം |
| 2018-19 | 29150 | 1570.36 | 1289.26 | 2859.62 | 9.81 | 632.59 | 193.60 | 826.19 | 2.83 |
| 2019-20 | 30610 | 1649.00 | 1353.84 | 3002.84 | 9.81 | 663.27 | 202.99 | 866.26 | 2.83 |
| 2020-21 | 27610 | 1487.39 | 1221.15 | 2708.54 | 9.81 | 598.26 | 183.10 | 781.36 | 2.83 |
| 2021-22 | 27610 | 1487.39 | 1221.15 | 2708.54 | 9.81 | 598.26 | 183.10 | 781.36 | 2.83 |
| 2022-23 | 30370 | 1638.10 | 1341.30 | 2979.4 | 9.81 | 657.95 | 201.55 | 859.50 | 2.83 |
| 2023-24 | 30370 | 1638.10 | 1341.30 | 2979.4 | 9.81 | 657.95 | 201.55 | 859.50 | 2.83 |
| ആകെ | 175720 | 9470.34 | 7768.00 | 17238.34 | 9.81 | 3808.28 | 1165.89 | 4974.17 | 2.83 |

അവലംബം: ബഡ്ജറ്റ് രേഖകൾ, കേരള സർക്കാർ

വികസന വകുപ്പ് വിവിധതരം പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നു. അവയിൽ പ്രധാനപ്പെട്ട ചില പദ്ധതികളും പരിപാടികളും ചുവടെ സംഗ്രഹിച്ചിരിക്കുന്നു.

**പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായുള്ള പ്രധാന വികസന പരിപാടികൾ**

**ഭൂമിയും പാർപ്പിടവും**


ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി, സംസ്ഥാന സർക്കാർ 'ഭൂരഹിത കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ ഭൂമി' എന്ന പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഭൂമി വാങ്ങൽ പദ്ധതിയ്ക്കായി 2022-23- ൽ അനുവദിച്ച 180.00 കോടി രൂപയിൽ 128.88 കോടി രൂപ (71.6 ശതമാനം) ചെലവഴിച്ച് 3,303 ഭൂരഹിത കുടുംബങ്ങളെ സഹായിച്ചു. പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിനായി ഈ പദ്ധതിയുടെ സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താവുന്നതാണ്. ഈ പദ്ധതി പ്രകാരം 2017-18 മുതൽ 2022-23 വരെ പ്രയോജനം ലഭിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം **ചിത്രം 8.2.1** ൽ നൽകിയിരിക്കുന്നു.

ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം, 2021-22 മുതൽ 2023-24 വരെ (2023 സെപ്റ്റംബർ 30 വരെ) പട്ടികജാതിക്കാർക്ക് ഭൂമി നൽകിയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.8**-ൽ നൽകിയിരിക്കുന്നു. ഭവന നിർമ്മാണ പദ്ധതിയിൽ, 2007-08 മുതൽ 2016-17 വരെ പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്തതിൽ പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണവും പുതിയ വീടുകളുടെ നിർമ്മാണവും ലൈഫ് മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. 2017-18 മുതൽ ലൈഫ് മിഷൻ വഴി മൂന്ന് ഘട്ടങ്ങളിലായാണ് പുതിയ ഭവന നിർമ്മാണം നടപ്പിലാക്കുന്നത്. പട്ടികജാതി ഗുണഭോക്താക്കളുടേതായി 92,411 വീടുകളുടെ നിർമ്മാണം മൂന്ന് ഘട്ടങ്ങളിലും അധിക ഗുണഭോക്തൃ ലിസ്റ്റുകളിലുമായി ഇതുവരെ (2023, സെപ്റ്റംബർ 30 വരെ) പൂർത്തിയാക്കാൻ കഴിഞ്ഞു. ലൈഫ് മിഷന്റെ ആദ്യ ഘട്ടത്തിൽ (അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം) ഉൾപ്പെട്ട 19,566 അപൂർണ്ണമായ വീടുകളിൽ 19,153 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

രണ്ടാം ഘട്ടത്തിൽ (ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുന്ന ഘട്ടം) പദ്ധതിക്കനുയോജ്യരായി കണ്ടെത്തിയ 69,804 ഗുണഭോക്താക്കളിൽ 58,905 കുടുംബങ്ങൾ വീട്ടുനിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെടുകയും 50,114 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ, 8,791 വീടുകളുടെ നിർമാണം പുരോഗമിക്കുന്നു. മൂന്നാം ഘട്ടത്തിൽ (ഭൂരഹിതരും ഭവനരഹിതരുമായവർക്ക് വീട് നൽകുന്ന ഘട്ടം) ലൈഫ് മിഷൻ കണ്ടെത്തിയ ആകെ 22,570 ഗുണഭോക്താക്കളിൽ 7,489 കുടുംബങ്ങൾ നിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെടുകയും, ഇതിൽ 5,363 കുടുംബങ്ങൾ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 2,126 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

'ഭൂമിയുള്ള ഭവനരഹിതർക്ക് വീട്'നൽകുന്ന അധിക ഗുണഭോക്തൃ പട്ടികയിലെ യോഗ്യരായ 32,818 ഗുണഭോക്താക്കളിൽ 21,519 പേർ കരാറിൽ ഏർപ്പെടുകയും അവരിൽ 15,791 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 5,728 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. അതുപോലെ, ഭൂരഹിതരും ഭവനരഹിതരുമായവർക്ക് വീട് നൽകുന്ന അധിക ഗുണഭോക്തൃ പട്ടികയിൽ അർഹരായ 17,587 ഗുണഭോക്താക്കളിൽ 288 പേർ കരാറിൽ ഏർപ്പെടുകയും 543 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. നിലവിൽ 1,745 വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

**ചിത്രം 8.2.1** 2017-18 മുതൽ 2022-23 വരെ ഭൂമി ലഭ്യമാക്കിയ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം




അവലംബം: പട്ടികജാതി വികസന വകുപ്പ് 2023

ഭൂമിയുള്ള ഭവനരഹിതർക്കായുള്ള ലൈഫ് 2020-ന്റെ കാര്യത്തിൽ യോഗ്യരായ 68,147 ഗുണഭോക്താക്കളിൽ 26,449 പേർ കരാറിൽ ഏർപ്പെടുകയും അവരിൽ 1,447 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 25,002 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. അതുപോലെ ഭൂരഹിതരും ഭവനരഹിതരുമായവർക്കുള്ള ലൈഫ് 2020-ൽ 46,505 പട്ടികജാതിക്കാരെ അർഹരായ ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുണ്ട്. ലൈഫ് മിഷന്റെ കീഴിലുള്ള ഭവന നിർമ്മാണത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.9**–ൽ കൊടുത്തിരിക്കുന്നു.

2010-ന് ശേഷം സാങ്കേതികമായി പണിതീർത്തതും എന്നാൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ അറ്റകുറ്റപ്പണികൾ, പൂർത്തീകരണം, നവീകരണം എന്നിവയ്ക്കായി 'സേഫ്' (സെക്യുർ അക്കോമോഡേഷൻ ആൻഡ് ഫെസിലിറ്റി എൻഹാൻസ്മെന്റ്) എന്ന പേരിൽ ഒരു പുതിയ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഈ ഉദ്യമം വഴി, വീടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

**വിദ്യാഭ്യാസം**

പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി പട്ടികജാതി വികസന വകുപ്പ് 87 നഴ്സറി സ്കൂളുകൾ, 10 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, 44 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 86 പ്രീ-മെട്രിക് ഹോസ്റ്റലുകൾ, 19 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, നാല് പ്രീ-എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാം ട്രെയിനിംഗ് സൊസൈറ്റി (ഐ.സി.എസ്.ഇ.റ്റി.എസ്), വടക്കാഞ്ചേരിയിലുള്ള കമ്മ്യൂണിറ്റി കോളേജ്, കോഴിക്കോടുള്ള സെന്റർ ഫോർ റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (സി.ആർ.ഇ.എസ്.റ്റി.), പാലക്കാട് ജില്ലയിലെ മെഡിക്കൽ കോളേജ് എന്നിവ നടത്തുന്നുണ്ട്. പ്രതിവർഷം ഏകദേശം 70 പട്ടികജാതി വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്. കോഴ്സ് പഠിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്ന പാലക്കാട് മെഡിക്കൽ കോളേജ്, പട്ടികജാതി വികസന വകുപ്പിന്റെ ഒരു മുൻനിര സംരംഭമാണ്. എൻ.സി.വി.ടി.-യുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള 44 ഐ.ടി.ഐ.-കളിൽ, 11 ട്രേഡുകളിൽ പരിശീലനം നൽകുകയും പ്രതിവർഷം ഏകദേശം 1,600 ട്രെയിനികൾക്ക് പ്രവേശനം നൽകുകയും ചെയ്യുന്നു. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രാഥമിക/സെക്കന്ററി വിദ്യാഭ്യാസ സഹായം, ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, അൺ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ-ഇമ്പേഴ്സ്മെന്റ്, പ്രത്യേക പ്രോത്സാഹനം, മെഡിക്കൽ-എഞ്ചിനീയറിംഗ് കോച്ചിംഗ് സഹായം, പ്രീ മെട്രിക്-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, വിദേശ സ്കോളർഷിപ്പ് എന്നിങ്ങനെ വിവിധ തരത്തിലുള്ള വിദ്യാഭ്യാസ സഹായങ്ങളും സർക്കാർ നൽകുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് 2022-23-ൽ നൽകിയ പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **ബോക്സ് 8.2.1**–ൽ നൽകിയിരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിൽപ്പെട്ട എല്ലാ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി 'ഇ-ഗ്രാന്റ്സ് സിസ്റ്റം' എന്ന ഓൺലൈൻ കേന്ദ്രീകൃത സംവിധാനം നിലവിലുണ്ട്. ഇ-ഗ്രാൻറ്സ് പ്രീ മെട്രിക് പ്ലാറ്റ്ഫോം പ്രതിവർഷം 3.5 ലക്ഷത്തിലധികം പട്ടികജാതി വിദ്യാർത്ഥികളെയും, പോസ്റ്റ്-മെട്രിക് പ്ലാറ്റ്ഫോം പ്രതിവർഷം ഏകദേശം 1.5 ലക്ഷം പട്ടികജാതി വിദ്യാർത്ഥികളെയും ഉൾക്കൊള്ളുന്നു. 2020-21-ൽ കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ രണ്ട് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പുതുതായി ആരംഭിക്കുകയുണ്ടായി. 2019-20-ൽ പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, പ്രൊഫഷണൽ കോഴ്സുകൾക്കായി, പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് എന്നിവയുടെ ധനസഹായ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് നൽകുന്ന വിദ്യാഭ്യാസ സഹായങ്ങളിൽ, 'ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്' പദ്ധതി പ്രത്യേക പരാമർശം അർഹിക്കുന്നു. ഈ പദ്ധതിയിലൂടെ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകിവരുന്നു. 2022-23-ൽ മാത്രം, 330 പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്തമായ വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനത്തിനായി സർക്കാർ പിന്തുണ നൽകി. 2023-24-ൽ ഇതുവരെ 181 വിദ്യാർത്ഥികൾക്ക് (2023, സെപ്റ്റംബർ 30 വരെ) പ്രസ്തുത സഹായം ലഭിച്ചു.

പട്ടികജാതി വിദ്യാർത്ഥികൾക്ക് 2022-23, 2023-24 (2023, സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ നൽകിയ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി തുടങ്ങിയവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.10**-ൽ നൽകിയിരിക്കുന്നു. അതുപോലെ, 2019-20 മുതൽ 2023-24 (2023, സെപ്റ്റംബർ 30 പ്രകാരം) വരെ അനുവദിച്ച വിവിധ തരത്തിലുള്ള സ്കോളർഷിപ്പുകളും സഹായങ്ങളും ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം **അനുബന്ധം 8.2.11**-ൽ കൊടുത്തിരിക്കുന്നു.

ഒരു ലക്ഷം രൂപയിൽ താഴെ മാത്രം വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിൽ നിന്നുള്ള ഹൈസ്കൂൾ, ഹയർസെക്കൻഡറി ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി 5,012 പഠനമുറികളുടെ നിർമാണം 2022-23-ൽ പൂർത്തീകരിച്ചു. ഇതിൽ 81 പഠനമുറികൾ, പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങളിൽപ്പെട്ട കുട്ടികൾക്കായി നിർമ്മിച്ചിട്ടുള്ളതാണ്. അതുപോലെ, 2023-24-ൽ പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായുള്ള 245 പഠനമുറികൾ ഉൾപ്പെടെ ആകെ 1,351 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് (2023, സെപ്റ്റംബർ 30 വരെ) (**ബോക്സ് 8.2.2**).

**ബോക്സ് 8.2.1** പട്ടികജാതി വിദ്യാർത്ഥികൾക്ക് 2022-23-ൽ നൽകിയ പ്രധാന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ (പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം)

| | |
|---|---|
| പ്രീ മെട്രിക് സ്കോളർഷിപ്പ് | 4,15,171 |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 1,35,515 |
| പ്രാഥമിക വിദ്യാഭ്യാസ സഹായം | 2,66,728 |
| പോസ്റ്റ്-മെട്രിക് വിദ്യാർത്ഥികൾക്ക് അധിക സംസ്ഥാന സഹായം | 1,20,759 |
| വിദേശത്ത് പഠിക്കാനുള്ള സഹായം | 330 |
| മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കാനുള്ള സഹായം | 365 |
| ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള സഹായം | 1,151 |
| സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള സഹായം | 127 |
| അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് | 6,914 |
| പ്രത്യേക പ്രോത്സാഹനം (എസ്എസ്എൽസി മുതൽ പിജി വരെയുള്ള ക്ലാസ്സുകളിലും മറ്റ് പ്രൊഫഷണൽ കോഴ്സുകളിലും വാർഷിക പരീക്ഷകളിൽ മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്) | 1,555 |
| എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയവരുടെ പ്രാരംഭ ചെലവുകൾ | 591 |
| ലംപ്സം ഗ്രാന്റ് | 1,32,184 |
| സ്റ്റൈപ്പന്റ് | 1,09,572 |
| പോക്കറ്റ് മണി | 13,351 |
| വിഷൻ-2013 (മെഡിക്കൽ ആൻഡ് എഞ്ചിനീയറിംഗ് കോച്ചിംഗ്) | 314 |

അവലംബം: പട്ടികജാതി വികസന വകുപ്പ്, 2023

**ആരോഗ്യം**

ആരോഗ്യ പരിരക്ഷാ പദ്ധതിയ്ക്ക് കീഴിൽ, 'ടി-ഗ്രാന്റ്സ്' സൈറ്റിലൂടെ അർഹരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നു. പട്ടികജാതി കുടുംബത്തിലെ ഏക വരുമാനദായകന്റെ മരണത്തിന് ആശ്വാസമായി 2 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നതും പദ്ധതിയുടെ ഭാഗമാണ്. ഈ പദ്ധതിക്ക് കീഴിൽ 2022-23-ൽ സംസ്ഥാനത്ത് 13,190 പേർക്ക് വിവിധ രോഗങ്ങൾക്കുള്ള ചികിത്സാ സഹായം നൽകുകയുണ്ടായി. 2023, സെപ്റ്റംബർ 30-ലെ കണക്കനുസരിച്ച് 2023-24-ൽ ഇതുവരെ 2,331 വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം ചികിത്സാ സഹായം നല്കിയിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകന്റെ മരണത്തിനുള്ള ആശ്വാസ ധനസഹായത്തിന്റെ കാര്യത്തിൽ, 2022-23 ൽ 676 കുടുംബങ്ങൾക്കും 2023-24 ൽ 211 കുടുംബങ്ങൾക്കും (2023, സെപ്റ്റംബർ 30 വരെ) സഹായം ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ, പട്ടികജാതി കോളനികളിൽ 29 ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നു. ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ 2022-23-ൽ 47.82 കോടി രൂപയും 2023-24-ൽ (2023, സെപ്റ്റംബർ 30 വരെ) 19.09 കോടി രൂപയും ചെലവഴിച്ചു. കഴിഞ്ഞ അഞ്ച് വർഷക്കാലം ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള വിഹിതം, ചെലവ് എന്നിവയുടെ വിശദാംശങ്ങളും അനുവദിച്ചിട്ടുള്ള ചികിത്സാ സഹായം സംബന്ധിച്ച വിവരങ്ങളും **അനുബന്ധം 8.2.12** ൽ നൽകിയിരിക്കുന്നു.

**നൈപുണ്യ പരിശീലനവും തൊഴിലും**

ദുർബല വിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷ ഒരുക്കുന്നതിനായി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2022-23-ൽ

**ബോക്സ് നമ്പർ 8.2.2** പഠനമുറികളുടെ നിർമ്മാണം

കേരളത്തിലെ വിവിധ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഏകദേശം 6 ലക്ഷം പട്ടികജാതി വിദ്യാർത്ഥികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത്. മാതാപിതാക്കളുടെ സാമ്പത്തിക സ്ഥിതി, കുട്ടികൾക്ക് പഠനത്തിന് അനുയോജ്യമായ അന്തരീക്ഷം വീട്ടിൽ ഒരുക്കുന്നതിന് തടസ്സമാകുമെന്നതിനാൽ അത്തരം സൗകര്യങ്ങൾ കുട്ടികൾക്കായി ഒരുക്കി നൽകേണ്ടത് അത്യാവശ്യമാണ്. അതിനാൽ, സർക്കാർ, എയ്ഡഡ്, സ്പെഷ്യൽ, ടെക്നിക്കൽ സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളും അഞ്ച് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന, വാർഷിക കുടുംബ വരുമാനം/രക്ഷിതാവിന്റെ വരുമാനം ഒരു ലക്ഷം രൂപ കവിയാത്ത, പട്ടികജാതി വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിന് 120 ചതുരശ്ര അടി വിസ്തീർണമുള്ള അധിക മുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. കൂടാതെ, പുസ്തക ഷെൽഫ്, കസേര, മേശ, ഫാനും ലൈറ്റും, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ തുടങ്ങിയ അധിക സൗകര്യങ്ങൾ ഒരുക്കാനും പദ്ധതി ലക്ഷ്യമിടുന്നു. 2017-18ൽ പദ്ധതി ആരംഭിച്ചതു മുതൽ ഇതുവരെ 34,000-ൽ അധികം പഠനമുറികളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

അവലംബം: പട്ടികജാതി വികസന വകുപ്പ്, 2023

32.85 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന്, വായ്പയുടെ മുന്നിലൊന്ന് സബ്സിഡിയായി വ്യക്തികൾക്കും/ സ്വയം സഹായ ഗ്രൂപ്പുകൾക്കും ധനസഹായം നൽകിവരുന്നു. 2022-23-ൽ, 51 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിനായി സബ്സിഡി നൽകിയിട്ടുണ്ട്. സ്വയംതൊഴിൽ പദ്ധതി പ്രകാരം, 2022-23, 2023-24 (2023, സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ ആനുകൂല്യങ്ങൾ നേടിയവരുടെ എണ്ണം **അനുബന്ധം 8.2.13** ൽ നൽകിയിരിക്കുന്നു. വാർഷിക കുടുംബ വരുമാന പരിധി 2.50 ലക്ഷം രൂപയിൽ താഴെയുള്ള, തൊഴിലില്ലാത്ത പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ജോലി നേടുന്നതിനായി ഒരു ലക്ഷം രൂപ വരെ വകുപ്പ് ധനസഹായം നൽകുന്നുണ്ട്. വിദേശത്ത് തൊഴിൽ തേടുന്നതിന് 2022-23-ൽ 864 പേർക്കും 2023-24-ൽ (2023, സെപ്റ്റംബർ 30 വരെ) 700 പേർക്കും ധനസഹായം നൽകുകയുണ്ടായി. വിദേശ തൊഴിൽ സഹായത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.14** ൽ നൽകിയിരിക്കുന്നു. വിവിധ മേഖലകളിലെ പട്ടികജാതി പ്രൊഫഷണലുകൾക്കും യോഗ്യതയുള്ള പട്ടികജാതി യുവതീ-യുവാക്കൾക്കും ഇന്റേൺഷിപ്പുകൾ/ അപ്രന്റീസ്ഷിപ്പുകൾ/ പ്ലെയ്സ്മെന്റ് പരിശീലനം എന്നിവ നൽകുന്നതിനും, അതുവഴി അവർക്ക് മതിയായ തൊഴിൽ പരിചയം നേടുന്നതിന് സഹായിക്കുന്നതിനുമായി 'ട്രേസ്' (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) എന്ന പേരിൽ ഒരു പരിപാടി ആരംഭിച്ചിട്ടുണ്ട് (**ബോക്സ് 8.2.3**). പട്ടികജാതി വിഭാഗത്തിലെ യുവതീ-യുവാക്കൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിൽ സഹായിക്കുന്നതിനുമായി, കെൽട്രോൺ, കെ.എ.എസ്.ഇ (K.A.S.E.), അസാപ് (A.S.A.P.), സി.ഐ.പി.ഇ.റ്റി. (CIPET), സ്വകാര്യ ഏജൻസികൾ എന്നിവ മുഖേന ഇൻഫർമേഷൻ ടെക്നോളജി, ഓട്ടോമൊബൈൽ, ഇലക്ട്രിക്കൽ, ടെക്സ്റ്റൈൽ ഡിസൈനിംഗ്, ഹെൽത്ത് കെയർ, പ്രിന്റിംഗ് ടെക്നോളജി തുടങ്ങിയ മേഖലകളിൽ നൈപുണ്യ വികസന പരിശീലനങ്ങൾ നടത്തി. വിവിധ നൈപുണ്യ വികസന പരിപാടികൾക്ക് കീഴിലായി, 2022-23-ൽ 421 പേർക്ക് പരിശീലനം ലഭിക്കുകയും, അവരിൽ 100 പേർക്ക് നിയമനം ലഭിക്കുകയും ചെയ്തു. പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്ക് കൊമേഴ്സ്യൽ പൈലറ്റ് പരിശീലനത്തിൽ സ്കോളർഷിപ്പ് അവസരങ്ങൾ വിപുലീകരിക്കുന്നതിനും അതിലൂടെ അവർക്ക് ആ മേഖലയിൽ ജോലി ഉറപ്പാക്കുന്നതിനുമായാണ് 'വിംഗ്സ്' എന്ന പദ്ധതി നടപ്പിലാക്കിയത്. മൂന്ന് പട്ടികജാതി വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. പ്രസ്തുത പദ്ധതിയിൻ കീഴിൽ, നിലവിൽ അഞ്ച് പട്ടികജാതി വിദ്യാർത്ഥികൾ രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിൽ പഠിക്കുന്നു. പട്ടികജാതി യുവാക്കൾക്ക് ഇന്ത്യയിലുടനീളമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സിവിൽ സർവീസ് പരീക്ഷ കോച്ചിംഗ് നേടുന്നതിനായി സ്കോളർഷിപ്പ് നൽകുക എന്ന ലക്ഷ്യത്തോടെയാണ് 'ലക്ഷ്യ' എന്ന പദ്ധതി ആരംഭിച്ചത്. നിലവിൽ, 60 പേർക്ക് സ്കോളർഷിപ്പുകൾ നൽകിവരുന്ന പദ്ധതിയിൽ, കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, ബുക്ക് അലവൻസ്, ടെസ്റ്റ് സീരീസിനുള്ള സഹായം തുടങ്ങിയവ സ്കോളർഷിപ്പിൽ ഉൾപ്പെടുന്നു.

'ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി'-യുടെ ആരംഭമാണ് തൊഴിൽ മേഖലയിലെ ഒരു പ്രധാന മുന്നേറ്റം. ധാരാളം ഉപജീവന മാർഗ്ഗങ്ങൾ ഒരുക്കിക്കൊണ്ട് ദുർബലരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ ശാക്തീകരിക്കുന്ന, അഭിവൃദ്ധിപ്പെടുന്നതും ഉൾക്കൊള്ളുന്നതുമായ ഒരു ആവാസവ്യവസ്ഥ അവർക്കായി വിഭാവനം ചെയ്യുന്നതിനോടൊപ്പം, വിദ്യാസമ്പന്നരായ പട്ടികജാതി, പട്ടികവർഗ്ഗ യുവതീ-യുവാക്കളെ സംരംഭകരും തൊഴിലുടമകളും ആക്കി മാറ്റാനും 'കേരള എംപവർമെന്റ് സൊസൈറ്റി' ലക്ഷ്യമിടുന്നു. മാറുന്ന ആധുനിക ലോകത്ത്, സാമൂഹിക-സാമ്പത്തിക വികസനം എന്ന വിശാലമായ ലക്ഷ്യത്തോടെ അവർക്ക് ആവശ്യമായ വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, തൊഴിൽ/സംരംഭകത്വ അവസരങ്ങൾ എന്നിവ നൽകിക്കൊണ്ടാണ് ഈ ലക്ഷ്യം കൈവരിക്കേണ്ടത്. എംപവർമെന്റ് സൊസൈറ്റി, പട്ടികജാതി-പട്ടികവർഗ്ഗ യുവജന ഗ്രൂപ്പുകൾ/സഹകരണ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരെ അവരുടെ സംരംഭകത്വ ശ്രമങ്ങളിലും

**ബോക്സ് നമ്പർ 8.2.3** ട്രേസ് (TRACE-ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്), അപ്രന്റീസ്ഷിപ്പ് പ്രോഗ്രാമുകൾ

പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള, യോഗ്യതയുള്ള യുവതീ-യുവാക്കൾക്ക് സർക്കാർ സംവിധാനത്തിലും സർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്ന പ്രക്രിയയിലും നൽകുന്ന 2 വർഷത്തെ അപ്രന്റീസ്ഷിപ്പ്/ തൊഴിൽ പരിശീലനത്തിലൂടെ നൈപുണ്യ വികസനവും തൊഴിൽ പരിചയം നേടാനുള്ള അവസരവും 'ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്' പദ്ധതി വഴി വാഗ്ദാനം ചെയ്യുന്നു. 300 ബി.ടെക്, എം.ടെക് ബിരുദധാരികളെയും സിവിൽ എൻജിനീയറിങ് ഡിപ്ലോമയുള്ളവരെയും അക്രഡിറ്റഡ് എൻജിനീയർമാരായും ഓവർസിയർമാരായും നിയമിച്ചതും, 245 അപ്രന്റിസ് ക്ലർക്കുകൾ, 1,217 എസ്.സി. പ്രൊമോട്ടർമാർ, 60 കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാർ എന്നിവരുടെ നിയമനവും 18 നിയമബിരുദധാരികളായ പട്ടികജാതിക്കാരെ ജസ്റ്റിസ്, വെൽഫെയർ ആൻഡ് ലീഗൽ അസിസ്റ്റൻസ് (JWALA) പദ്ധതിയിൽ നിയമിച്ചതും 2022-23-ൽ ട്രേസിനും അപ്രന്റീസ്ഷിപ്പ് പ്രോഗ്രാമുകൾക്കും കീഴിൽ നടപ്പിലാക്കിയ ചില പ്രധാന പരിപാടികളാണ്. 300 അംഗീകൃത എഞ്ചിനീയർമാർ, 60 കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാർ, ജ്വാല പ്രോജക്റ്റിന് കീഴിൽ 87 നിയമ ബിരുദധാരികൾ എന്നിവർക്ക് 2023-24-ൽ (2023 സെപ്റ്റംബർ 30 വരെ) ട്രേസിനും അപ്രന്റീസ്ഷിപ്പ് പ്രോഗ്രാമുകൾക്കും കീഴിൽ വിജയകരമായി നിയമനം നൽകി.

അവലംബം: പട്ടികജാതി വികസന വകുപ്പ്, 2023

ഉപജീവന അവസരങ്ങൾ മെച്ചപ്പെടുത്തുന്നതിലും സഹായിക്കുന്നതിനോടൊപ്പം സർക്കാരിന്റെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ അവരുടെ നേരിട്ടുള്ള പങ്കാളിത്തം കൊണ്ടുവരുന്നതിലും ശ്രദ്ധ നൽകുന്നതാണ്. പട്ടികജാതി വികസന വകുപ്പിന്റെ തൊഴിൽ, സംരംഭകത്വം, ഉപജീവന പരിപാടികൾ എന്നിവ പുനഃക്രമീകരിക്കുന്നതിനും പട്ടികജാതി വിഭാഗങ്ങളുടെ രണ്ടാം തലമുറ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ/പരിപാടികൾ ആവിഷ്കരിക്കുന്നതിലും എംപവർമെന്റ് സൊസൈറ്റിയ്ക്ക് മികച്ച പങ്ക് വഹിക്കാനാകും.

### പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം

പട്ടികജാതി കോളനികളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി, ഇരുപത്തിഅഞ്ചിൽ അധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി കോളനികളിൽ 'അംബേദ്കർ ഗ്രാമ വികസന പദ്ധതി' ആരംഭിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം, കുടിവെള്ളം, കക്കൂസ്, ശുചിത്വം, മാലിന്യ നിർമാർജനം, റോഡ് കണക്റ്റിവിറ്റി, വൈദ്യുതീകരണം, സംരക്ഷണ ഭിത്തി നിർമ്മാണം, ജലസേചനം, കളിസ്ഥലം, കമ്മ്യൂണിറ്റി ഹാൾ, വീട് നവീകരണം, വരുമാനദായക പ്രവർത്തനങ്ങൾക്ക് ധനസഹായം, കോളനിക്കുള്ളിൽ/കോളനിയോട് ചേർന്നുള്ള ശ്മശാനങ്ങളുടെ നവീകരണം എന്നിവക്കെല്ലാമായി ഓരോ കോളനിക്കും, ഒരു കോടി രൂപ വീതം നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം 2022-23-ൽ 60 കോളനികളിൽ വികസന പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.15**-ൽ നൽകിയിരിക്കുന്നു.

### മറ്റ് സാമൂഹിക വികസന പരിപാടികൾ

### വിവാഹ ധനസഹായം

വിവാഹ ധനസഹായം എന്ന പദ്ധതി വഴി പട്ടികജാതി കുടുംബങ്ങൾക്ക് പെൺകുട്ടികളുടെ വിവാഹത്തിനായി ധനസഹായം നൽകി വരുന്നുണ്ട്. ഈ പദ്ധതി മുഖേന 2022-23-ൽ 6,785 പട്ടികജാതി കുടുംബങ്ങൾക്ക് സഹായം നൽകുകയും, 54.10 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2023-24-ൽ 30.68 കോടി രൂപ (2023, സെപ്റ്റംബർ 30 വരെ) ചെലവഴിച്ച് 3,054 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. വിവാഹ ധനസഹായ നിരക്ക് 2016-17-ൽ 50,000 രൂപയിൽ നിന്ന് 75,000 രൂപയായി ഉയർത്തുകയുണ്ടായി. 2021-22-ലെ ബജറ്റ് പ്രസംഗ പ്രഖ്യാപനത്തെ തുടർന്ന് ഇത് 1,25,000 രൂപയായി ഉയർത്തി. പ്രസ്തുത പദ്ധതിയ്ക്ക് കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ചെലവഴിച്ച തുക, പദ്ധതി മുഖേന പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം എന്നിവ **ചിത്രം 8.2.2**-ൽ നൽകിയിരിക്കുന്നു.


### ദുർബല വിഭാഗങ്ങൾക്കായി പ്രത്യേക പാക്കേജ്

പട്ടികജാതിവിഭാഗക്കാർക്കിടയിലെ ദുർബല സമുദായങ്ങളായ വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്ലിയർ എന്നിവർക്ക് കാർഷിക ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നതിനായി 2019-20-ൽ ഒരു പ്രത്യേക പാക്കേജ് ആരംഭിക്കുകയുണ്ടായി. ഈ പാക്കേജിന് കീഴിൽ, കുറഞ്ഞത് 25 സെന്റ് ഭൂമി വാങ്ങുന്നതിന് പരമാവധി 10.00 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നു. ദുർബല വിഭാഗങ്ങൾക്കുള്ള വികസന പ്രവർത്തനങ്ങൾക്കായി 2022-23-ൽ 50 കോടി വകയിരുത്തിയതിൽ 32.26 കോടി രൂപ ചെലവഴിച്ചു. 2022-23-ൽ 21 ഗുണഭോക്താക്കൾക്ക് കൃഷിഭൂമി വാങ്ങുന്നതിനും 200 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിനും സഹായം നൽകുകയുണ്ടായി. ഇതുകൂടാതെ 81 പഠനമുറികൾ, 284 വീടുകൾ, 89 ശൗചാലയങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും 212 കുടുംബങ്ങൾക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾക്കായും 2022-23-ൽ സഹായവും നൽകിയിട്ടുണ്ട്. ഈ ദുർബല സമൂഹങ്ങളിൽ നിന്നുള്ള കുടുംബങ്ങളുടെ സമഗ്രമായ വികസനത്തിനായി 'ഹോം' എന്ന പേരിൽ ഒരു മൈക്രോ പ്ലാനിംഗ് പരിപാടിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ വിശദവിവരങ്ങൾ **ബോക്സ് 8.2.4**-ൽ നൽകിയിരിക്കുന്നു.

### നിയമപരമായ സേവനങ്ങൾ

പട്ടികജാതി വിഭാഗക്കാരുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ സംസ്ഥാന സർക്കാർ തികഞ്ഞ പ്രതിബദ്ധത പുലർത്തുന്നു. 1955-ലെ പൗരാവകാശ സംരക്ഷണ നിയമം, 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം എന്നിവ കർശനമായി നടപ്പിലാക്കുന്നതിലും അതിനായി ആവശ്യമായ വിഭവങ്ങൾ വകയിരുത്തുന്നതിലും സർക്കാർ അതീവ ശ്രദ്ധ ചെലുത്തുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കും അതിക്രമങ്ങൾക്ക് ഇരയായവർക്ക് ആശ്വാസവും പുനരധിവാസവും നൽകുന്നതിനും പ്രത്യേക കോടതികൾ, പ്രത്യേക പോലീസ് സ്റ്റേഷനുകൾ, പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ എന്നിവ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 2022-23-ൽ 13.10 കോടി രൂപ വകയിരുത്തുകയും 3.64 കോടി രൂപ ചെലവഴിക്കുകയുമുണ്ടായി. 2022-23-ൽ 227 ദമ്പതികൾക്ക് മിശ്രവിവാഹ ധനസഹായം നൽകുകയുണ്ടായി. ഇതുകൂടാതെ അതിക്രമങ്ങൾക്ക് ഇരയായ 244 പേർക്ക് നഷ്ടപരിഹാരമായി ധനസഹായം നൽകിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ മിശ്രവിവാഹ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ **അനുബന്ധം 8.2.16** ൽ കൊടുത്തിരിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി പരാതികൾ കേൾക്കുക, അവയ്ക്ക് പരിഹാരങ്ങൾ കാണുക, നഷ്ടപരിഹാര സഹായം കൃത്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ഇരകൾക്ക് ആവശ്യമായ നിയമ സഹായം നൽകുക, അതിക്രമങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുക എന്നിവയെല്ലാം ലക്ഷ്യമാക്കി ഓരോ ജില്ലയിലും ഒരു ലീഗൽ കൗൺസിലർ, ഒരു നിയമോപദേഷ്ടാവ്, സംസ്ഥാന തലത്തിൽ മൂന്ന് കോൾ സെന്റർ അസിസ്റ്റന്റുമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്.

**ചിത്രം 8.2.2** വിവാഹ ധനസഹായ പദ്ധതിയുടെ ചെലവും പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണവും, (രൂപ ലക്ഷത്തിൽ)




അവലംബം: പട്ടികജാതി വികസനവകുപ്പ്, 2023

**വാത്സല്യനിധി**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യനിധി എന്ന പേരിൽ ഒരു ഇൻഷ്വറൻസ് ബന്ധിത സാമൂഹിക സുരക്ഷാ പരിപാടി 2017-18-ൽ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, പട്ടികജാതി വികസന വകുപ്പ് പെൺകുട്ടിയുടെ പേരിൽ 1,38,000 രൂപ എൽ.ഐ.സിയിൽ 4 തവണകളായി നിക്ഷേപിക്കുന്നു. കുട്ടിക്ക് 6 മാസം തികയുമ്പോൾ ആദ്യ ഗഡുവായ 30,000 രൂപയും, കുട്ടിക്ക് പ്രൈമറി ക്ലാസ്സിൽ അഡ്മിഷൻ ലഭിക്കുകയോ അഞ്ച് വയസ്സ് തികയുകയോ ചെയ്യുമ്പോൾ 33,000 രൂപയും, കുട്ടിക്ക് 10 വയസ്സ് തികയുന്ന മുറയ്ക്കോ അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴോ മൂന്നാം ഗഡുവായ 36,000 രൂപയും, പത്താം സ്റ്റാന്റേർഡിൽ എത്തുമ്പോൾ നാലാം ഗഡുവായ 39,000 രൂപയും എന്നിങ്ങനെ നാല് ഗഡുക്കളായി നിക്ഷേപിക്കുന്നു. കുട്ടിക്ക് 18 വയസ്സ് തികയുമ്പോൾ 3,00,000 രൂപ ഇൻഷ്വറൻസ് തുകയായി ഉറപ്പു നൽകുന്നു. കൂടാതെ കുടുംബത്തിലെ വരുമാനം നേടുന്ന അംഗത്തിന് ഇൻഷുറൻസ് ആനുകൂല്യങ്ങളും, ഒൻപത് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടിയുടെ സഹോദരനോ, സഹോദരിക്കോ 1000 രൂപ വാർഷിക വിദ്യാഭ്യാസ സഹായമായും നൽകുന്നു.

**പട്ടികജാതി ഉപപദ്ധതിക്കായുള്ള കോർപ്പസ് ഫണ്ട് (ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ്)**

പട്ടികജാതി ഉപപദ്ധതികളിലെ നിർണായക വിടവുകൾ നികത്തുന്നതിനായി പട്ടികജാതി വികസന വകുപ്പ് ബഡ്ജറ്റിൽ കോർപ്പസ് ഫണ്ടായി പ്രതിവർഷം തുക

**ബോക്സ് നമ്പർ 8.2.4** ഹോം (ഹൌസ് ഹോൾഡ് ഓറിയന്റഡ് മൈക്രോപ്ലാനിംഗ് ഫോർ എംപവർമെന്റ്)

പട്ടികജാതി വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളായി പരിഗണിയ്ക്കപ്പെടുന്ന വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്ലിയർ തുടങ്ങിയ കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ വികസനം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള ഒരു പരിപാടിയായാണ് 'ഹോം'. ഈ സമുദായങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് ശാശ്വത പരിഹാരമായി സാമൂഹ്യക്ഷേമ പരിപാടികളും സുസ്ഥിര വരുമാനം വർദ്ധിപ്പിക്കുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. കുടുംബാധിഷ്ഠിത മൈക്രോ പ്ലാനിങ്ങിലൂടെ ഓരോ കുടുംബത്തിന്റേയും ആവശ്യങ്ങൾ വിലയിരുത്തുകയും ഈ കുടുംബങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ സമീപനം. നാല് ഘട്ടങ്ങളിലായാണ് ഇത് നടപ്പിലാക്കുന്നത്, അതായത് (1) അതിദാരിദ്ര്യ സർവ്വേ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അതിദുർബല കുടുംബങ്ങളുടെ ഭവന സന്ദർശന-വിവര ശേഖരണം, (2) ക്ലേശ ഘടകങ്ങളെ അടിസ്ഥാനമാക്കി ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ, (3) സൂക്ഷ്മതല പദ്ധതി രൂപീകരണം (4)പദ്ധതി നിർവഹണവും അവലോകനവും. ആദ്യഘട്ടമെന്നോണം, അതിദരിദ്ര വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളുടെ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. അത്തരത്തിലുള്ള 454 കുടുംബങ്ങളുടെ ഭവന സന്ദർശനവും അവരുടെ നീഡ് അസസ്മെന്റ് റിപ്പോർട്ട് തയ്യാറാക്കലും അവർക്കായുള്ള മൈക്രോ പ്ലാനിംഗ് പ്രക്രിയയും പൂർത്തിയായിട്ടുണ്ട്.

അവലംബം: പട്ടികജാതി വികസന വകുപ്പ്, 2023

നീക്കിവയ്ക്കുന്നു. പട്ടികജാതി ഉപപദ്ധതിയുടെ കീഴിലുള്ള വിവിധ പദ്ധതികളിൽ ഉണ്ടാവുന്ന നിർണ്ണായക വിടവുകൾ നികത്തുന്നതിനായി, സാമൂഹ്യ-സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകി പ്രോജക്ട് അടിസ്ഥാനത്തിൽ ഫണ്ട് നൽകാനാണ് കോർപ്പസ് ഫണ്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. കോർപ്പസ് ഫണ്ട് പദ്ധതിയ്ക്കായി നീക്കിവച്ചിരിക്കുന്ന ആകെ തുകയുടെ മൂന്നിലൊന്ന് ജില്ലകൾക്ക് പദ്ധതി നടത്തിപ്പിനായി നൽകുന്നു. 25 ലക്ഷം രൂപ വരെയുള്ള പ്രോജക്റ്റുകൾക്ക്, ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള ജില്ലാതല കമ്മറ്റിയ്ക്ക് ഭരണാനുമതി നൽകാവുന്നതും 25 ലക്ഷത്തിന് മുകളിലുള്ള പ്രോജക്റ്റുകൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കാവുന്നതുമാണ്. ഈ പദ്ധതിയിലൂടെ 2022-23-ൽ 17.05 കോടി രൂപ ചെലവഴിച്ച് 79 പ്രോജക്റ്റുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, സാംസ്കാരിക കേന്ദ്രങ്ങൾ, പട്ടികജാതിക്കാരുടെ വീടുകൾക്ക് സംരക്ഷണ മതിൽ നിർമ്മാണം എന്നിവയാണ് ഈ ഫണ്ട് വിനിയോഗിച്ച് ഏറ്റെടുക്കാറുള്ള ചില പ്രധാന പ്രവർത്തികൾ. 2019-20 മുതൽ 2023-24 വരെ (2023, സെപ്റ്റംബർ 30 വരെ) പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം 8.2.17** ൽ നൽകിയിരിക്കുന്നു.

### കേരളത്തിലെ പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള കേന്ദ്രസഹായം

പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായുള്ള പരിപാടികൾ ഏറ്റെടുക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ. റ്റു എസ്.സി.എസ്.പി.) ലഭിച്ചിരുന്നു. കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കുന്ന പദ്ധതികളിലെ നിർണ്ണായക വിടവുകൾ നികത്തുന്നതിന് ഇത് സഹായകരമായിരുന്നു. പട്ടികജാതി ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം (എസ്.സി.എ. റ്റു എസ്.സി.എസ്.പി.), മറ്റ് രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ആദർശ് ഗ്രാം യോജന (പി.എം.എ.ജി.വൈ.), ബാബു ജഗജീവൻറാം ഛാത്രവാസ് യോജന (ബി.ജെ.ആർ.സി.വൈ.) എന്നിവ ലയിപ്പിച്ച് പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന (പി.എം.എ.ജെ.എ.വൈ.) എന്ന പേരിൽ പുതിയ കേന്ദ്രപദ്ധതി 2022-23-ൽ രൂപീകരിച്ചു. (എ) നൈപുണ്യ വികസനത്തിലൂടേയും വരുമാനദായക പദ്ധതികളിലൂടേയും, മറ്റ് സംരംഭങ്ങളിലൂടേയും അധിക തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പട്ടികജാതി വിഭാഗങ്ങളുടെ ദാരിദ്ര്യം കുറയ്ക്കുക, (ബി) പട്ടികജാതി ഭൂരിപക്ഷമുള്ള ഗ്രാമങ്ങളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ സേവനങ്ങളും ഉറപ്പാക്കിക്കൊണ്ട് സാമൂഹിക-സാമ്പത്തിക വികസന സൂചകങ്ങൾ മെച്ചപ്പെടുത്തുക (സി) ആസ്പിരേഷണൽ ജില്ലകളിലും പട്ടികജാതി ഭൂരിപക്ഷമുള്ള ബ്ലോക്കുകളിലും ഇന്ത്യയിലെ മറ്റിടങ്ങളിലുമുള്ള നിലവാരമുള്ള സ്ഥാപനങ്ങളിൽ മതിയായ റസിഡൻഷ്യൽ സൗകര്യങ്ങളും, ആവശ്യമുള്ളിടത്ത് റസിഡൻഷ്യൽ സ്കൂളുകളും നൽകിക്കൊണ്ട്, പട്ടികജാതി വിഭാഗങ്ങളുടെ സാക്ഷരത വർധിപ്പിക്കുകയും, സ്കൂളുകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അവരുടെ എൻറോൾമെന്റ് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ. 1955-ലെ പൗരാവകാശ സംരക്ഷണ നിയമം, 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം എന്നിവ നടപ്പാക്കുന്നതിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തെ പിന്തുണയ്ക്കുന്നു. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ഓഹരി മൂലധന സഹായത്തിന്റെ ഒരു വിഹിതവും കേന്ദ്രം നൽകി വരുന്നു. എന്നിരുന്നാലും, സമീപ വർഷങ്ങളിൽ, 'പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്', 'ഒമ്പതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്', 'ശുചിത്വഹീന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്' തുടങ്ങിയ പ്രധാന പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേൺ, 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി എന്നതിൽ നിന്ന് 40 ശതമാനം തുക സംസ്ഥാനം വഹിക്കേണ്ടിവരുന്ന 60 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി എന്ന രീതിയിൽ മാറ്റിക്കൊണ്ട്, പട്ടികജാതി വിഭാഗങ്ങളുടെ വിവിധ സ്കോളർഷിപ്പ് പദ്ധതികൾക്കുള്ള പിന്തുണ കേന്ദ്ര സർക്കാർ കുറയ്ക്കുകയാണ്.

### പട്ടികവർഗ്ഗ വികസനം

നിയമത്തിനു മുന്നിൽ തുല്യതയും അതുവഴി ജാതി വ്യവസ്ഥയുടെ ദുരാചാരങ്ങൾ തകർക്കുകയും ചെയ്യുന്ന ഭരണഘടനയുടെ അനുഛേദം 14 അനുശാസിക്കുന്ന ഭരണഘടനാപരമായ ഉറപ്പിന്മേലാണ് പ്രാഥമികമായി പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങളും ആവശ്യങ്ങളും നിറവേറ്റുന്നതിനുള്ള സർക്കാരുകളുടെ നയസമീപനം രൂപപ്പെടുന്നത്. ഇത് സാമൂഹ്യ അനീതിയിൽ നിന്നും ചൂഷണത്തിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗക്കാരെ സംരക്ഷിക്കുന്നതോടൊപ്പം അവരുടെ രാഷ്ട്രീയ, വിദ്യാഭ്യാസ, സാമ്പത്തിക താൽപ്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. സർക്കാർ മേഖലകളിലും ജനാധിപത്യ രാഷ്ട്രീയ സംവിധാനങ്ങളിലും സംവരണം പോലുള്ള പ്രത്യേക നടപടികൾ ഈ സമുദായങ്ങളെ ശാക്തീകരിക്കുന്നതിന് രൂപപ്പെടുത്തിയിട്ടുണ്ട്. വിശാലാർത്ഥത്തിൽ, പട്ടികവർഗക്കാരെ സംബന്ധിച്ച സർക്കാരിന്റെ സമീപനവും തന്ത്രവും ഇനി പറയുന്ന പ്രധാന തത്വങ്ങളിൽ രൂപപ്പെട്ടതാണ്. ഒന്നാമതായി, ജീവിതത്തിന്റെ പൗര, സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക വശങ്ങളിൽനിന്ന് പ്രസ്തുത വിഭാഗങ്ങൾ ഒഴിവാക്കപ്പെടാതിരിക്കാനും, വിവേചനത്തിൽ നിന്നു സംരക്ഷിക്കുന്നതിനും നിയമപരമായ പരിരക്ഷകൾ നൽകുന്നത് ലക്ഷ്യമിടുന്നു. രണ്ടാമതായി, പട്ടികവർഗ്ഗക്കാർ അഭിമുഖീകരിക്കുന്ന ചരിത്രപരമായ വിവേചനങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക നടപടികൾ കൈക്കൊള്ളുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ (2022-27), പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ, പ്രത്യേകിച്ച്, പട്ടികജാതി-പട്ടികവർഗ സമുദായങ്ങളുടെയും പിന്നാക്ക വിഭാഗങ്ങളുടെയും സുസ്ഥിരമായ വികസനവും

ഉൾച്ചേർക്കലും മുൻഗണനയായി കാണുന്ന ഒരു വികസന തന്ത്രമാണ് സംസ്ഥാനം സ്വീകരിച്ചിരിക്കുന്നത്. സമൂഹത്തിലെ മറ്റ് വിഭാഗങ്ങളുമായി തുല്യത കൈവരിക്കാനുതകുന്ന തരത്തിൽ നയങ്ങൾ രൂപീകരിച്ചുകൊണ്ട്, സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രക്രിയകളിൽ അവരുടെ സാന്നിധ്യവും പങ്കാളിത്തവും വർദ്ധിപ്പിക്കുന്ന വിധത്തിൽ പദ്ധതികൾ രൂപകൽപ്പന ചെയ്തിരിക്കുന്നു.

കേരളത്തിൽ 37 പട്ടികവർഗ്ഗ സമുദായങ്ങളുണ്ട്. ഇത് സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 1.43 ശതമാനത്തോളമാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ ഏറ്റവും പുതിയ പട്ടികവർഗ്ഗ സർവേ പ്രകാരം, 6748 ഊരുകളിൽ 1,47,868 കുടുംബങ്ങളിലായി 4,88,053 പട്ടികവർഗ്ഗ വിഭാഗക്കാർ അധിവസിക്കുന്നു. ഇവരിൽ ഭൂരിഭാഗവും വയനാട് (34.05 ശതമാനം) കാസർഗോഡ് (16.97 ശതമാനം) ജില്ലകളിലായാണ് വസിക്കുന്നത്. സംസ്ഥാനത്തെ 37 പട്ടികവർഗ്ഗ സമുദായങ്ങളിൽ, കാടർ, കുറുമ്പർ, കാട്ടുനായ്ക്കൻ, കൊറഗ, ചോലനായ്ക്കൻ എന്നീ അഞ്ച് സമുദായങ്ങളെ പ്രത്യേക ദുർബല പട്ടികവർഗ്ഗ വിഭാഗമായി പരിഗണിക്കുന്നു. സംസ്ഥാനത്തെ പ്രത്യേക ദുർബല പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിശദ വിവരങ്ങൾ **അനുബന്ധം 8.2.18**-ൽ കൊടുത്തിരിക്കുന്നു.

വളരെ പ്രത്യേകതയുള്ള സങ്കേത ആവാസ രീതികളും, സാംസ്കാരിക ആചാരങ്ങളും, പാരമ്പര്യ സവിശേഷതകളും ഉള്ള പട്ടികവർഗ്ഗ സമൂഹം വനത്തിന്റെ ഉൾപ്രദേശങ്ങളിലോ സമീപത്തോ കേന്ദ്രീകരിച്ച് അധിവസിച്ചുവരുന്നു. കേരളത്തിൽ, പട്ടികവർഗ്ഗക്കാരുടെ അധിവാസ കേന്ദ്രങ്ങളിൽ 11 ശതമാനവും വനത്തിനകത്തും 20 ശതമാനം റിസർവ് വനങ്ങളുടെ സമീപപ്രദേശങ്ങളിലുമാണ് സ്ഥിതി ചെയ്യുന്നത്.

സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനസംഖ്യയുടെ അനുപാതത്തേക്കാൾ (പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഏറ്റവും പുതിയ സർവേ പ്രകാരം 1.43 ശതമാനം) കൂടിയ നിരക്കിലാണ് സംസ്ഥാനം പട്ടികവർഗ്ഗ ഉപപദ്ധതിക്ക് ഫണ്ട് അനുവദിച്ചു വരുന്നത്. 2017 മുതൽ സംസ്ഥാന പദ്ധതിയുടെ 2.83 ശതമാനം പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതമായി വകയിരുത്തി വരുന്നു.

സംസ്ഥാന പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പരിപാടികളിലെ പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം, ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ധനസഹായം എന്നിവയാണ് പട്ടികവർഗ്ഗ വികസനത്തിന്റെ പ്രധാന വിഭവ സ്രോതസ്സുകൾ. 2016-17 നും 2023-24 നും ഇടയിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ 6408.05 കോടി രൂപ വകയിരുത്തി നൽകിയിരുന്നു. ഇതിൽ 4909.95 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിനും 1497.89 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വകയിരുത്തിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസനത്തിനായി 859.50 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പ് വിഹിതം 657.95 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 201.55 കോടി രൂപയുമാണ്. അനുവദിച്ച തുകയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 584.45 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 173.59 കോടിയും ചെലവഴിച്ചു. 2023-24ൽ പട്ടികവർഗ്ഗ വികസനത്തിനായി 859.50 കോടി രൂപയാണ് സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ 657.95 കോടി രൂപ (76.55 ശതമാനം) പട്ടികവർഗ്ഗ വികസന വകുപ്പിനും, 201.55 കോടി രൂപ (23.45 ശതമാനം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റായും വകയിരുത്തിയിട്ടുണ്ട്. 2023-24ൽ, 50 ശതമാനം, 100 ശതമാനം വിഹിതമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് (സി.എസ്.എസ്) കീഴിൽ, കേന്ദ്ര ബജറ്റ് വിഹിതം യഥാക്രമം 1.49 കോടി രൂപയും 77.07 കോടി രൂപയും ആയിരുന്നു.

സംസ്ഥാന പദ്ധതിയുടേയും കേന്ദ്ര വിഹിതത്തിന്റെയും 2016-17 മുതൽ 2023-24 വരെയുള്ള അടങ്കലും ചെലവും **അനുബന്ധം 8.2.19** ൽ കൊടുത്തിരിക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിനായി 2022-23, 2023-24 വർഷങ്ങളിൽ വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങളുടെ വിശദാംശങ്ങൾ (2023 സെപ്റ്റംബർ 30 വരെ) **അനുബന്ധം 8.2.20**-ലും, **അനുബന്ധം 8.2.21**-ലും രേഖപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനായി ഏറ്റെടുത്ത പ്രധാന വികസന പരിപാടികൾ ചുവടെ ചേർക്കുന്നു.

**ഭൂമി**

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി നൽകുന്നതിനായി 2001-ൽ പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ (ട്രൈബൽ റീസെറ്റിൽമെൻറ് & ഡെവലപ്പ്മെന്റ് മിഷൻ (ടി.ആർ.ഡി.എം)) രൂപീകരിക്കുകയുണ്ടായി. ഭൂരഹിതർക്ക് ഭൂമി നൽകലും പുനരധിവാസ മേഖലകളുടെ സമഗ്ര വികസനവുമാണ് ടി.ആർ.ഡി.എം -ന്റെ പ്രധാന പ്രവർത്തനങ്ങൾ. ടി.ആർ.ഡി.എം -ന്റെ ഏറ്റവും പുതിയ കണക്ക് പ്രകാരം സംസ്ഥാനത്ത് 7449 ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാരുണ്ട്. ഭൂരഹിത കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.22** ൽ നൽകിയിരിക്കുന്നു. ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം എന്നിവ വഴിയാണ് ടി.ആർ.ഡി.എം ഭൂമിയുടെ വിതരണം നടത്തുന്നത്. 2022-23-ൽ പദ്ധതിക്ക് കീഴിലെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 32.40 ഏക്കർ ഭൂമി, തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ 145 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.
- വനാവകാശ നിയമപ്രകാരം 1054

പട്ടികവർഗ്ഗക്കാർക്ക് 1555.18 ഏക്കർ ഭൂമി വിതരണം ചെയ്തു. ഇതിലൂടെ തിരുവനന്തപുരം ജില്ലയിലെ 128 ഗുണഭോക്താക്കൾക്ക് 73.07 ഏക്കർ ഭൂമിയും, പത്തനംതിട്ട ജില്ലയിലെ 195 ഗുണഭോക്താക്കൾക്ക് 112.57 ഏക്കർ ഭൂമിയും, പാലക്കാട് ജില്ലയിലെ അട്ടപാടി പ്രദേശത്തെ 313 ഗുണഭോക്താക്കൾക്ക് 1000.17 ഏക്കർ ഭൂമിയും, വയനാട് ജില്ലയിലെ 210 ഗുണഭോക്താക്കൾക്ക് 110.22 ഏക്കർ ഭൂമിയും, ഇടുക്കി ജില്ലയിലെ 81 ഗുണഭോക്താക്കൾക്ക് 145.17 ഏക്കർ ഭൂമിയും ലഭിച്ചു.

- നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 52.20 ഏക്കർ ഭൂമി വയനാട്, പാലക്കാട് ജില്ലയിലെ 117 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

ഭൂമി വിതരണവുമായി ബന്ധപ്പെട്ട് 2022-23-ൽ ടി.ആർ.ഡി.എം -ന്റെ വിവിധ പദ്ധതികൾളിലൂടെ 1,316 പട്ടികവർഗ്ഗക്കാർക്ക് 1639.78 ഏക്കർ ഭൂമി വിതരണം ചെയ്തു. 2023 സെപ്റ്റംബർ 30 വരെയുള്ള കണക്കുപ്രകാരം ടിആർഡിഎം വിവിധ പദ്ധതികൾളിലൂടെ 966 പട്ടികവർഗ്ഗക്കാർക്ക് 1,196.07 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിതുര പഞ്ചായത്തിലെ ചെറ്റച്ചലിൽ 20 വർഷമായി ഭൂമിക്കുവേണ്ടിയുള്ള സമരം അവസാനിപ്പിച്ച് വനാവകാശ നിയമപ്രകാരം 33 കുടുംബങ്ങൾക്ക് അവകാശരേഖ (ആർ.ഒ.ആർ) നൽകി. ഇതോടെ തിരുവനന്തപുരം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ ഇല്ലാത്ത ജില്ലയായി. വനാവകാ ശ നിയമപ്രകാരം പത്തനംതിട്ട ജില്ലയിലെ നാടോടികളായ 20 മലപണ്ടാരം കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി നൽകുകയുണ്ടായി.

പട്ടികവർഗ്ഗക്കാർക്കായി 2018-19 മുതൽ 2023-24 സെപ്റ്റംബർ വരെ ഭൂമി വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.23**-ൽ നൽകി യിരിക്കുന്നു. വിവിധ ഭൂമി വിതരണ പദ്ധതികൾക്ക് കീഴിൽ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകിയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.24**-ൽ നൽകിയിരിക്കുന്നു.

പുനരധിവാസ മേഖലകളിലെ മറ്റ് പ്രധാന പ്രവർത്തനങ്ങൾ

- പട്ടികവർഗ്ഗ പുനരധിവാസ മേഖലകളിൽ 2022-23 കാലയളവിൽ ടി.ആർ.ഡി.എം നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതികൾക്കായി 14.07 കോടി രൂപ ചെലവഴിച്ചു. ഈ പദ്ധതിയുടെ ഭാഗമായി 86 പുതിയ വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും മുൻ വർഷങ്ങളിൽ ആരംഭിച്ച 473 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. വയനാട് ജില്ലയിൽ പുനരധിവാസ മേഖലയിലെ വീടുകളുടെ വൈദ്യുതീകരണത്തിന് 0.80 കോടി രൂപ, കുടിവെള്ള പദ്ധതികൾക്കായി 0.492 കോടി രൂപ എന്നിങ്ങനെ അനുവദിച്ചു, കൂടാതെ 2.97 കോടി രൂപ ചെലവിൽ 2 റോഡുകളുടെ നിർമാണവും പൂർത്തീകരിച്ചു.
- പട്ടികവർഗ്ഗ പുനരധിവാസ മേഖലകളിൽ 2023-24 കാലയളവിൽ (സെപ്റ്റംബർ, 2023 വരെ) ടി.ആർ.ഡി.എം നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്കായി 6.06 കോടി രൂപ അനുവദിച്ചു. കൂടാതെ, വയനാട് ജില്ലയിൽ റോഡ് നിർമാണത്തിന് 1.97 കോടിയും വൈദ്യുതീകരണത്തിന് 0.0178 കോടിയും അനുവദിച്ചു.
- **ആനമതിൽ:** ആറളം പുനരധിവാസ മേഖല, ആറളം വന്യജീവി സങ്കേതവുമായി 16.5 കിലോമീറ്റർ അതിർത്തി പങ്കിടുന്നുണ്ട്. ഇതിനാൽ തന്നെ രൂക്ഷമായ വന്യമൃഗ ശല്യം പ്രദേശത്തെ ജനങ്ങൾ അനുഭവിച്ചു വരുന്നുണ്ട്. ഇതിന് പരിഹാരമായാണ് ആന മതിലും അനുബന്ധ പ്രവർത്തികളും നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത്. ആയതിൻ പ്രകാരം ആനപ്രതിരോധ മതിലും അനുബന്ധ പ്രവർത്തികളും (റെയിൽ ഫ്രൻസിങ്, ക്രൂപ്പ് റോഡ്, ഗേറ്റ്) രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതി തുകയായ 53.23 കോടിയിൽ 41.77 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ഭവനം**

സംസ്ഥാനത്ത് ഒരു ഭവനരഹിത പട്ടികവർഗ്ഗ കുടുംബം പോലും ഉണ്ടാകാതെ എല്ലാ പട്ടികവർഗക്കാർക്കും വീട് നൽകുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കണക്ക് പ്രകാരം ഭൂമിയുള്ള ഏകദേശം 7251 പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിൽ ഭവനരഹിതരാണ്. 2017-18 മുതൽ ലൈഫ് മിഷൻ വഴിയാണ് ഭവന പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട്, പ്രധാനമന്ത്രി ആവാസ് യോജന എന്നിവയിൽ നീക്കിവച്ചിരിക്കുന്ന തുകകളും ഈ വിഭാഗക്കാരുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. 2016-17 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ ഭവന പദ്ധതികൾക്ക് കീഴിൽ അനുവദിച്ച 7,708 വീടുകളിൽ 3,901 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട് (2023 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം). അപൂർണ്ണമായ ഭവനങ്ങളുടെ പൂർത്തീകരണം ലക്ഷ്യമിട്ട ലൈഫ് മിഷന്റെ ആദ്യ ഘട്ടത്തിൽ 18,182 വീടുകളിൽ 17,400 എണ്ണം പൂർത്തീകരിച്ചു. ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുക എന്ന ലക്ഷ്യത്തോടെയുള്ള രണ്ടാം ഘട്ടത്തിന് കീഴിൽ, 46,003 ഗുണഭോക്താക്കളുടെ വീടുകളിൽ 21,302 എണ്ണവും (അധിക ലിസ്റ്റ് ഉൾപ്പെടെ), ഭൂരഹിത-ഭവനരഹിതർക്ക് ഭവനനിർമ്മാണം ലക്ഷ്യമിട്ടുള്ള മൂന്നാം ഘട്ടത്തിൽ, 16,171 ഗുണഭോക്താക്കളുടെ വീടുകളിൽ 618 എണ്ണവും (അധിക ലിസ്റ്റ് ഉൾപ്പെടെ) പൂർത്തീകരിച്ചു കഴിഞ്ഞു.

ലൈഫ് മിഷന്റെ കീഴിലുള്ള ഭവന നിർമ്മാണത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.25** -ൽ കൊടുത്തിരിക്കുന്നു. വകുപ്പ് 2018-19 മുതൽ 2023-24 വരെ ഭവന പദ്ധതിൾക്ക് അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം 8.2.26** ൽ നൽകിയിരിക്കുന്നു.

**ഊരുകളിലെ വൈദ്യുതീകരണം**

കോളനികളിലെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ആകെയുള്ള 6,748 പട്ടികവർഗ്ഗ ഊരുകളിൽ 6,672 ഊരുകളും വൈദ്യുതീകരിക്കാനായിട്ടുണ്ട്. നിലവിൽ ഒമ്പത് ജില്ലകളിലെ എല്ലാ പട്ടികവർഗ്ഗ ഊരുകളും പൂർണ്ണമായി വൈദ്യുതീകരിക്കാനായിട്ടുണ്ട്. വൈദ്യു

തീകരിച്ച ഊരുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.27.** ൽ നൽകിയിരിക്കുന്നു.

**വിദ്യാഭ്യാസ പരിപാടികൾ**

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി വിദ്യാഭ്യാസ മേഖലയിലെ സംസ്ഥാന സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങൾ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരത്തിൽ വലിയ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കുള്ള റസിഡൻഷ്യൽ സ്കൂൾ, വിവിധ സ്കോളർഷിപ്പ് പദ്ധതികൾ എന്നിവ, പ്രത്യേകിച്ചും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. പെൺകുട്ടികൾക്കായി ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് ദശകങ്ങളിൽ സംസ്ഥാന സർക്കാർ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും സ്ഥാപിക്കുന്നതിന് പ്രത്യേക പ്രധാന്യം നൽകിയിട്ടുണ്ട്. റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ ബോർഡിംഗ്, താമസ സൗകര്യങ്ങൾ, യൂണിഫോം, ടോയ്ലറ്റ് സാമഗ്രികൾ, മറ്റ് ആവശ്യമായ സൗകര്യങ്ങൾ എന്നിവ സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പ്രവർത്തനത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഓരോ വർഷവും ഗണ്യമായ തുകയാണ് ബജറ്റിൽ നീക്കിവയ്ക്കുന്നത്. വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ കുട്ടികൾ അഭിമുഖീകരിക്കുന്ന യാത്രാ സംബന്ധമായ ബുദ്ധിമുട്ടുകൾ പരിഹരിക്കാനും, കുട്ടികളുടെ വിദ്യാഭ്യാസത്തിനായുള്ള എല്ലാ ചെലവുകളും ഏറ്റെടുത്ത് പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാമ്പത്തിക ഭാരം ലഘൂകരിക്കാനും സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പമുള്ള റസിഡൻഷ്യൽ സൗകര്യങ്ങൾ സഹായിക്കുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി–പദ്ധതിയേതര ധനസ്രോതസ്സുകളിലൂടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഒരു പ്രധാന പദ്ധതിയാണ് സ്കോളർഷിപ്പ്. സ്കോളർഷിപ്പുകളുടെ ധനസഹായത്തിന്റെ മാനദണ്ഡങ്ങളും രീതികളും സംസ്ഥാനത്തിന്റെ താൽപര്യത്തിന് വിരുദ്ധമായി കേന്ദ്ര സർക്കാർ മാറ്റിയപ്പോഴും സംസ്ഥാന പദ്ധതിയിലൂടെ ഈ പരിപാടി നടപ്പിലാക്കിവരുന്നു. പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് സ്കോളർഷിപ്പുകൾ കൂടാതെ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, പെരിപ്പതെറ്റിക്-പ്രീ-സ്കൂൾ വിദ്യാഭ്യാസം, കായികരംഗത്തെ പ്രോത്സാഹനവും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സമഗ്രമായ വികസനത്തിന് വളരെയധികം സഹായകരമാകുന്നുണ്ട്.

2022-23 ലെ വിദ്യാഭ്യാസ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങളും പുതിയ സംരംഭങ്ങളും ചുവടെ നൽകിയിരിക്കുന്നു.

- 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കീമിന്റെ ഭാഗമായി 2022-23ൽ 1,200 പ്രതിഭാധനരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 2023-24ൽ (2023 സെപ്റ്റംബർ വരെ) 636 വിദ്യാർത്ഥികൾക്കും സഹായം നൽകി.
- 2022-23 കാലയളവിൽ, 9,457 വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പും, 17,652 വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പും ലഭ്യമാക്കി.
- 2022-23 കാലയളവിൽ 2,965 സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കി.
- 2022-23 ൽ, 502 അനാഥകുട്ടികൾക്കും, 2023-24 കാലയളവിൽ (2023 സെപ്റ്റംബർ വരെ), 474 അനാഥകുട്ടികൾക്കും പ്രത്യേക സഹായം നൽകുകയുണ്ടായി.
- 2022-23 ൽ 382 വിദ്യാർത്ഥികൾക്കും, 2023-24 ൽ (2023 സെപ്റ്റംബർ വരെ) 313 വിദ്യാർത്ഥികൾക്കും ലാപ്ടോപ്പുകൾ വിതരണം ചെയ്തു.
- 20 എം.ആർ.എസ്സുകളിലെ 7600-ലധികം വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് സെല്ലിലൂടെ പ്രയോജനം ലഭിച്ചു, കൂടാതെ എം.ആർ. എസിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ഒരു തൊഴിലധിഷ്ഠിത പരിശീലന സെൽ ആരംഭിച്ചു.
- സിവിൽ സർവീസ് കോച്ചിംഗ് : സിവിൽ സർവീസിൽ താൽപര്യമുള്ള പട്ടികവർഗ്ഗ യുവതി/യുവക്കൾക്ക് ഇന്ത്യയിലുടനീളമുള്ള ഏത് അംഗീകൃത കേന്ദ്രത്തിലും കോച്ചിംഗിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സ്കോളർഷിപ്പ് നൽകിവരുന്നു. 30 വയസ്സിന് താഴെയുള്ള, കുടുംബവരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ള, 50 ശതമാനം മാർക്കോടെ ബിരുദം നേടിയിട്ടുള്ള പട്ടികവർഗ്ഗ യുവതി/യുവക്കൾക്കാണ് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുള്ളത്.
- പട്ടികവർഗ്ഗ ഉൾ ഗ്രാമങ്ങളിൽ കമ്മ്യൂണിറ്റി സ്റ്റഡി സെന്ററുകൾ (സാമൂഹ്യ പഠനമുറികൾ): പട്ടികവർഗ്ഗ കുട്ടികളെ പഠന മികവ് കൈവരിക്കുവാൻ സഹായിക്കുന്നതിന്, ട്യൂഷനും ഇ-ലേണിംഗ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിനായി വിവിധ ഊരുകളിൽ 364 സാമൂഹ്യ പഠനമുറികൾ സ്ഥാപിച്ചിട്ടുണ്ട്. കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനും, സ്കൂൾ റിറ്റൻഷൻ മെച്ചപ്പെടുത്തുന്നതിനും, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ഈ കേന്ദ്രങ്ങൾ സഹായിക്കുന്നു.
- ഉന്നതി ഓവർസീസ് എജ്യുക്കേഷൻ സ്കോളർഷിപ്പ്: ഈ പദ്ധതിക്ക് കീഴിൽ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് ബിരുദാനന്തര ബിരുദ പഠനത്തിന് 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകിവരുന്നു. ഇപ്രകാരം പദ്ധതിയുടെ തുടക്കം മുതൽ 2023 മാർച്ച് വരെ, 24 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിന് സഹായം ലഭിച്ചു.
- ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി, പട്ടികവർഗ്ഗ വികസന വകുപ്പ് ഇന്റർനെറ്റ് കണക്റ്റിവിറ്റി ഇല്ലാത്ത 1,284 ഊരുകളിൽ 1,083 ഊരുകൾക്ക് ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കി. പട്ടികവർഗ്ഗ മേഖലകളിലെ ജനങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നിവയ്ക്ക് ഊന്നൽ നൽകി സാമൂഹ്യ പഠനമുറികൾ കേന്ദ്രീകരിച്ച് സി-ഡാക്കിന്റെ സഹകരണത്തോടെ 'ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ പദ്ധതി' വയനാട്ടിൽ ആരംഭിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കൽ, ഐ.ടി.ഐ -കളെ സമഗ്ര തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളാക്കി നവീകരിക്കൽ, അട്ടപ്പാടിയിലും കാസർഗോഡും ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (ഇ.എം.ആർ.എസ്) ആരംഭിക്കൽ, സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിലുള്ള എല്ലാ ലൈബ്രറികളിലും

പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് സൗജന്യ അംഗത്വം നൽകൽ എന്നിവയാണ് വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി കൈക്കൊണ്ടിട്ടുള്ള മറ്റ് പ്രധാന പ്രവർത്തനങ്ങൾ.

വകുപ്പ് 2018-19 മുതൽ 2023-24 വരെ (2023 സെപ്റ്റംബർ 30 വരെ) വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയ സ്കോളർ ഷിപ്പുകളുടെയും വിദ്യാഭ്യാസ സഹായങ്ങളുടേയും വിശദാംശങ്ങൾ **അനുബന്ധം 8.2.28**-ൽ നൽകിയി രിക്കുന്നു. 2022-23, 2023-24 വർഷങ്ങളിൽ (2023 സെപ്റ്റംബർ 30 വരെ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിയ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പൻഡ്, പോക്കറ്റ് മണി എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.29**-ൽ നൽകിയിരിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ **അനുബന്ധം 8.2.30**–ൽ നൽകിയിരിക്കുന്നു.

വിദ്യാഭ്യാസ മേഖലക്കായി 2022-23 ൽ 148.05 കോടി രൂപ (വകുപ്പിനുള്ള ആകെ വിഹിതത്തിന്റെ 22.50 ശതമാനം) വകയിരുത്തിയിരുന്നു. വിദ്യാഭ്യാസമേഖലയിൽ അനുവദിച്ച വിഹിതം, ചെലവ് എന്നിവയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.31**–ൽ നൽകിയിരിക്കുന്നു.

**ആരോഗ്യ പരിപാടികൾ**

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യം ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പരിപാടികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നുണ്ട്. സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ പരിരക്ഷാ പദ്ധതി, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ധനസഹായം, ഗർഭിണികളുടെയും കൗമാരക്കാരുടെയും പോഷകാഹാര പ്രശ്നം പരിഹരിക്കുന്നതിന് ജനനി ജന്മരക്ഷ, പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യന്മാർക്കുള്ള ധനസഹായം, മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെ നടത്തിപ്പ് എന്നിവ പ്രധാന ആരോഗ്യ പരിരക്ഷാ പദ്ധതികളാണ്. മാതാപിതാക്കളെ നഷ്ടപ്പെട്ട പട്ടികവർഗ്ഗ കുട്ടികൾക്കായി 'കൈത്താങ്ങ്' പദ്ധതിയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി 'കാറ്റാടി' (കേരള ആക്സിലറേറ്റഡ് ട്രൈബൽ എബിലിറ്റി ഡെവലപ്മെന്റ് & ഇൻക്ലൂഷൻ ഇനീഷ്യേറ്റീവ്) പദ്ധതിയും (**ബോക്സ് 8.2.5**) നടപ്പിലാക്കി വരുന്നു. 2022-23-ൽ ആരോഗ്യമേഖലയിൽ നൽകിയ സഹായങ്ങൾ **ബോക്സ് 8.2.6**-ൽ നൽകിയിരിക്കുന്നു.

പട്ടികവർഗ്ഗ ആരോഗ്യമേഖലയ്ക്കായി 2022-23-ൽ 73.07 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നതിൽ 64.15 കോടി രൂപ വിവിധ ആരോഗ്യ പരിരക്ഷാ പദ്ധതികൾക്കായി ചെലവഴിച്ചു. 2023-24-ൽ (2023 സെപ്റ്റംബർ 30 വരെ) ആരോഗ്യ പരിരക്ഷാ പദ്ധതിക്കായി 20.53 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം ആരോഗ്യമേഖലയിൽ വകയിരുത്തിയ വിഹിതം, ചെലവ്, ഭൗതിക നേട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.32**-ൽ നൽകിയിരിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രധാന ആരോഗ്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ **അനുബന്ധം 8.2.33** ൽ നൽകിയിരിക്കുന്നു.

**നൈപുണ്യ വികസനം, തൊഴിൽ, ഉപജീവന പരിപാടി**

തൊഴിലില്ലായ്മ മറികടക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളുടെ ഭാഗമായി, സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവജനങ്ങൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് കരിയർ ഗൈഡൻസ് ക്യാമ്പുകളും നൈപുണ്യ പരിശീലനവും നടത്തിവരുന്നു. കരിയർ ഗൈഡൻസ് പ്രോഗ്രാമുകളിൽ നിന്നുള്ള ഫീഡ്ബാക്കിന്റെയും നൈപുണ്യ വിടവ് വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ, വിവിധ തൊഴിൽ അധിഷ്ഠിത സാങ്കേതിക കോഴ്സുകളിൽ നൈപുണ്യ പരിശീലനം നൽകുകയും, ഇത്തരത്തിൽ പരിശീലനം ലഭിച്ച യുവതി/യുവാക്കൾക്ക് സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, വിദേശ ബഹുരാഷ്ട്ര കമ്പനികൾ എന്നിവിടങ്ങളിൽ തൊഴിൽ നേടാനുമായിട്ടുണ്ട്.

**നൂതന സംരംഭങ്ങൾ.**

- **ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് (ട്രേസ്):** പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ പരിശീലനം, നൈപുണ്യ വികസനം, വിവിധ സർക്കാർ വകുപ്പുകളിൽ 2 വർഷത്തെ പ്രവൃത്തിപരിചയം എന്നിവ നേടാനുള്ള അവസരം ട്രേസ് പരിപാടിയിലൂടെ വകുപ്പ് ഒരുക്കിനല്കുന്നു. ഈ പരിപാടിയിലൂടെ 500 എഞ്ചിനീയർമാരെയും, എം.എസ്.ഡബ്ല്യു യോഗ്യതയുള്ള 114 സാമൂഹിക പ്രവർത്തകരെയും, 380 മാനേജ്മെന്റ് ട്രെയിനികളെയും വിവിധ വകുപ്പ് ഓഫീസുകളിൽ നിയമിക്കുവാനായി.
- **'വിംഗ്സ്' പദ്ധതി:** പദ്ധതിയുടെ ഭാഗമായി പൈലറ്റ് പരിശീലനത്തിനുള്ള സ്കോളർഷിപ്പുകൾ നൽകുന്നു. കൂടാതെ, വ്യോമയാന മേഖലയിലെ എയർപോർട്ട്-എയർലൈൻ മാനേജ്മെന്റിലെ രണ്ട് നൈപുണ്യ വികസന പരിപാടികളുടെ ഭാഗമായി 150 പട്ടികവർഗ്ഗക്കാർക്ക് പരിശീലനം നൽകുകയും, അവരിൽ 140 ഓളം പേർക്ക് രാജ്യത്തെ വിവിധ അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും അനുബന്ധ മേഖലകളിലും തൊഴിൽ നേടുവാനും കഴിഞ്ഞിട്ടുണ്ട്. ഈ പരിശീലന പരിപാടിയിലൂടെ, സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ആദ്യമായി ഒരാൾക്ക് ക്യാബിൻ ക്രൂ ആയി (എയർ ഹോസ്റ്റസ്) ജോലി നേടുവാനും കഴിഞ്ഞു. 2022-23ൽ വ്യോമയാന മേഖലയിൽ 65 വിദ്യാർഥികൾക്ക് പരിശീലനം നൽകി വരുന്നു.
- **ജസ്റ്റിസ്, വെൽഫെയർ, ലീഗൽ അസിസ്റ്റൻസ് (ജ്വാല)** പ്രോഗ്രാമിന്റെ ഭാഗമായി, പട്ടികവർഗ്ഗക്കാർക്കിടയിലെ നിയമ ബിരുദധാരികൾക്ക് പ്രായോഗിക പരിശീലനം ലഭ്യമാക്കുന്നു. പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിലെ നിയമ ബിരുദധാരികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർക്ക് മൂന്ന് വർഷത്തേക്ക് നിയമവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പിന് അവസരം ഒരുക്കി നൽകുന്നു. 1.62 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ ഈ പദ്ധതിക്ക് കീഴിൽ 25 പട്ടികവർഗക്കാരെ തിരഞ്ഞെടുക്കാൻ നിശ്ചയിച്ചിട്ടുണ്ട്.
- **ട്രൈബൽ പാരാമെഡിക്സ് ട്രെയിനി:** പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യവകുപ്പുമായി ചേർന്ന് നേഴ്സിങ് ഉൾപ്പെടെയുള്ള വിവിധ പാരാ മെഡിക്കൽ കോഴ്സുകൾ വിജയകരമായി

**ബോക്സ് 8.2.5** കേരള ആക്സിലറേറ്റഡ് ട്രൈബൽ എബിലിറ്റി ഡെവലപ്മെന്റ് & ഇൻക്ലൂഷൻ ഇനീഷ്യേറ്റീവ്

കാറ്റാടി : സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ വൈകല്യങ്ങൾ തരണം ചെയ്യുന്നതിന് വീൽചെയർ, ശ്രവണസഹായി എന്നിവ ഉൾപ്പെടെയുള്ള സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതി. പദ്ധതിയുടെ ആദ്യഘട്ടം വയനാട്, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കി വരുന്നു. പദ്ധതി മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പും, കേന്ദ്ര സാമൂഹ്യ നീതി മന്ത്രാലയത്തിന് കീഴിൽ നൈപുണ്യ വികസനത്തിനും പുനരധിവാസത്തിനും വികലാംഗരുടെ ശാക്തീകരണത്തിനുമായി പ്രവർത്തിക്കുന്ന കോമ്പോസിറ്റ് റീജിയണൽ സെന്റർ (സി.ആർ.സി) കോഴിക്കോട് എന്ന സ്ഥാപനവും സംയോജിതമായാണ് പദ്ധതി നടപ്പാക്കുന്നത്.

അവലംബം: പട്ടികജാതി വികസന വകുപ്പ്

**ബോക്സ് 8.2.6** 2022-23 ലെ ആരോഗ്യ മേഖലയിലെ പ്രധാന ഭൗതിക നേട്ടങ്ങൾ

- സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ പരിരക്ഷാ പദ്ധതി പ്രകാരം 1,67,912 പേർക്ക് ചികിത്സാ സഹായം നൽകി.
- ആരോഗ്യ പരിരക്ഷാ പദ്ധതിയുടെ ദുരിതാശ്വാസ ഘടകത്തിന് കീഴിൽ, ഏകവരുമാനദായകന്റെ മരണമൂലം കഷ്ടതയനുഭവിക്കുന്ന 54 കുടുംബങ്ങളെ സഹായിക്കാൻ 1.005 കോടി രൂപ ചെലവഴിച്ചു.
- 889 സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2500 രൂപ ധനസഹായം നൽകി.
- ജനനി ജന്മരക്ഷ പദ്ധതിക്ക് കീഴിൽ 9,601 ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 2,000 രൂപ നിരക്കിൽ ധനസഹായം നൽകി.
- 'പരമ്പരാഗത പട്ടിക വർഗ്ഗ വൈദ്യന്മാർക്കുള്ള ധനസഹായം' എന്ന പദ്ധതി പ്രകാരം 261 പരമ്പരാഗത വൈദ്യന്മാർക്ക് 10,000 രൂപ നിരക്കിൽ വാർഷിക ഗ്രാന്റ് നൽകി.
- ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ഉപയോഗപ്പെടുത്തുകയും 3,900 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി.

അവലംബം: പട്ടികജാതി വികസന വകുപ്പ്

പൂർത്തിയാക്കിയ പട്ടികവർഗ്ഗക്കാരെ, പട്ടികവർഗ്ഗ മേഖലകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണിത്. ഇതിലൂടെ 250 ഓളം പട്ടികവർഗ്ഗ യുവതി- യുവാക്കൾക്ക് താത്കാലിക നിയമനം നൽകുവാൻ ഉദ്ദേശിക്കുന്നു. തെരഞ്ഞെടുപ്പ് മുതലായ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

- **പുനർജനി:** സഹകരണ വകുപ്പിന്റെ സഹായത്തോടെ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സ്വയംപര്യാപ്ത സംഘങ്ങളാക്കി മാറ്റുന്നതിനാണ് ഈ പരിപാടി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന സംസ്ഥാന സർക്കാർ 500 പട്ടികവർഗ്ഗക്കാരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിച്ചു. അതുപോലെ 100 പട്ടികവർഗ്ഗ വിഭാഗക്കാരെ എക്സൈസ് ഗാർഡുകളായി നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ, അധ്യാപന രംഗത്തും മറ്റ് നൂതന മേഖലകളായ ക്യാബിൻ ക്രൂ പരിശീലനം, വിതരണ ശൃംഖല, ഗതാഗതം, മറൈൻ സ്ട്രക്ചറൽ ഫിറ്റിംഗ് എന്നീ മേഖലകളിലുടനീളം വൈവിധ്യമാർന്ന തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും, തൊഴിൽ മേഖലകൾ വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നൈപുണ്യ വികസനത്തിൽ 2022-23 & 2023-24 (2023 സെപ്റ്റംബർ 30 വരെ) വർഷങ്ങളിലായി ഒമ്പത് നൈപുണ്യ പരിശീലന പരിപാടികളിലായി 499 പട്ടികവർഗ യുവാക്കൾ പങ്കെടുക്കുകയും ഇവരിൽ പരിശീലന പരിപാടികൾ പൂർത്തിയാക്കിയ 174 യുവാക്കൾ വിവിധ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിൽ തൊഴിൽ നേടുകയുമുണ്ടായി. കഴിഞ്ഞ ആറ് വർഷമായി നടത്തിയ നൈപുണ്യ പരിശീലനങ്ങളുടെയും പ്ലേസ്മെന്റുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 8.2.34** ൽ നൽകിയിരിക്കുന്നു.

### ഭക്ഷ്യ സുരക്ഷയും പോഷകാഹാര വികസന പരിപാടികളും

പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിലെ പോഷകാഹാരക്കുറവും ദാരിദ്ര്യവും പരിഹരിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മൺസൂൺ സമയങ്ങളിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. അട്ടപ്പാടിയിലും വയനാട്ടിലും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, കൗമാരക്കാർ, മുതിർന്ന പൗരന്മാർ, നിത്യരോഗികളായവർ തുടങ്ങി ദുർബലരായ ജനങ്ങളുടെ പോഷണം ഉറപ്പാക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചണും നടപ്പിലാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടും പൂൾഡ് ഫണ്ടും ഉപയോഗിച്ച് വിവിധ ജില്ലകളിൽ നിരവധി കാർഷിക പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടിയിൽ 'മില്ലറ്റ് ഗ്രാമം' പദ്ധതിയും 'അഗ്രോ ഇക്കോളജിയിലൂടെ ന്യൂട്രിഷൻ' എന്ന പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്. 60 വയസ്സിന് മുകളിലുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും പ്രത്യേക പോഷകാഹാരം ഉറപ്പാക്കുന്നതിന്, ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, എണ്ണ മുതലായവ അടങ്ങിയ ഭക്ഷ്യക്കിറ്റും വിതരണം ചെയ്യുന്നു. ഇടുക്കി, വയനാട് ജില്ലകളിലെ പട്ടികവർഗ്ഗ മേഖലകളിൽ പോഷകാഹാര അപര്യാപ്തത പരിഹരിക്കുന്നതിനായി ഹരിത രശ്മി എന്ന നൂതന പദ്ധതിക്ക് പട്ടികവർഗ്ഗ

ബോക്സ് 8.2.7 ഹരിത രശ്മി

**സുസ്ഥിരമായ കാർഷിക ഇടപെടൽ**

വിതരണം ചെയ്ത ഭൂമിയുടെ അപര്യാപ്തമായ വിനിയോഗം, സാമ്പത്തിക പരിമിതികൾ, വിപണന വെല്ലുവിളികൾ തുടങ്ങിയ നിർണായക പ്രശ്നങ്ങൾ പരിഹരിച്ച് സുസ്ഥിരമായ ഉപജീവനമാർഗം സൃഷ്ടിക്കുവാൻ 'ഹരിത രശ്മി' എന്നറിയപ്പെടുന്ന, പട്ടികവർഗ്ഗക്കാർക്കിടയിൽ സുസ്ഥിരമായ കാർഷിക ഇടപെടൽ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇടുക്കി, വയനാട് ജില്ലകളിലായി നടപ്പിലാക്കുന്ന ഈ പദ്ധതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റാണ് രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിലുള്ള ഉപയോഗിക്കാത്ത ഭൂമിയിൽ ശാസ്ത്രീയവും ആധുനികവുമായ കൃഷി പ്രോത്സാഹിപ്പിക്കുകയും അതുവഴി അവരുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വയനാട് ജില്ലയിലെ തിരഞ്ഞെടുത്ത 3,000 കുടുംബങ്ങൾക്കും ഇടുക്കി ജില്ലയിൽ തിരഞ്ഞെടുത്ത 1,113 കുടുംബങ്ങൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. പദ്ധതിയുടെ ഭാഗമായി 157 കർഷക സംഘങ്ങൾ രൂപീകരിച്ചു. തീരുമാനങ്ങൾ എടുക്കുന്നതിലും നടപ്പിലാക്കുന്നതിലും പട്ടികവർഗ്ഗ സമൂഹങ്ങളെ ശാക്തീകരിക്കുന്ന ഒരു സമ്പൂർണ്ണ വികേന്ദ്രീകൃത മാതൃകയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. വിള തിരഞ്ഞെടുക്കുന്നതിലെ ഫ്ലക്സിബിലിറ്റി, ദീർഘകാല സുസ്ഥിരത എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, പരസ്പരബന്ധിതമായ മൂന്ന് ഘട്ടങ്ങളിലായുള്ള സമഗ്രമായ സമീപനത്തിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഇടുക്കി, വയനാട് ജില്ലകളിലെ ഹരിത രശ്മിയുടെ പദ്ധതി പ്രദേശങ്ങളിൽ 1.65 ലക്ഷം കിലോ വിത്തുകളും 2.88 ലക്ഷം തൈകളും വിതരണം ചെയ്തു. കൃഷിരീതികൾ, ശാസ്ത്രീയമായ വിളവെടുപ്പ്, വിത്ത് പരിപാലനം, നഴ്സറി പരിപാലനം എന്നിവയിൽ പ്രായോഗിക പരിശീലനത്തോടൊപ്പം ഗുണഭോക്താക്കൾക്ക് വളവും നടീൽ വസ്തുക്കളും വിതരണം ചെയ്യുന്നുണ്ട്. ഘട്ടം ഘട്ടമായുള്ള സമീപനത്തോടൊപ്പം, നിരീക്ഷണവും മേൽനോട്ടവും സമൂഹത്തിന്റെ മാറിവരുന്ന ആവശ്യങ്ങളോടുള്ള പ്രതികരണം ഉറപ്പാക്കുന്നു. ഹരിത രശ്മി ഓർഗാനിക് മാർക്കറ്റ്, ആഴ്ച്ചചന്തകൾ, വയനാട്ടിലെ എന്നൂരിലെ ഓണം ഫെയർ ഉൾപ്പെടെയുള്ള പ്രത്യേക പരിപാടികൾ തുടങ്ങിയ സംരംഭങ്ങളിലൂടെ ശൈത്യകാല പച്ചക്കറികൾ സജീവമായി വിപണനം ചെയ്യുവാൻ ഹരിത രശ്മി പദ്ധതിക്കായി. നിരവധി സൂപ്പർമാർക്കറ്റുകൾ, ജനകീയ ഹോട്ടലുകൾ, എം.ആർ.എസ് ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുവാനും കഴിഞ്ഞിട്ടുണ്ട്. പദ്ധതി പ്രകാരം ഇടനിലക്കാരെ ഒഴിവാക്കികൊണ്ട് മെച്ചപ്പെട്ട വിപണി പ്രവേശനം ഉറപ്പാക്കിയതിലൂടെയും, ഉൽപ്പന്നങ്ങളുടെ വിലയിലെ ഏറ്റക്കുറച്ചിലുകൾക്കുള്ള സാധ്യത കുറച്ചുകൊണ്ട് മെച്ചപ്പെട്ട വില ഉറപ്പാക്കിയതിലൂടേയും പട്ടികവർഗ്ഗ കർഷകർക്ക് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുവാനായി.

അവലംബം: പട്ടികജാതി വികസന വകുപ്പ്

വികസന വകുപ്പ് തുടക്കമിട്ടിട്ടുണ്ട്.

### മില്ലറ്റ് വില്ലേജ് പദ്ധതി

അട്ടപ്പാടിയിലെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണിത്. 1900 ഏക്കർ വിസ്തൃതിയുള്ള 70 സെറ്റിൽമെന്റുകളിലായി നടപ്പിലാക്കുന്ന പദ്ധതിയുടെ ആകെ ചെലവ് 7.41 കോടി രൂപയാണ്. തിന, പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, പച്ചക്കറികൾ എന്നിവയുടെ ഉൽപ്പാദനത്തിനും തേനീച്ചവളർത്തലിനും പുറമെ, തിനയുടെ സംഭരണം, സംസ്കരണം, പാക്കിംഗ്, ലേബലിംഗ്, വിപണനം എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു. 'അട്ടപ്പാടി ഓർഗാനിക്' എന്ന ബ്രാൻഡിലാണ് ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉപജീവനമാർഗം ഉറപ്പാക്കുന്നതിനുമപ്പുറം അട്ടപ്പാടിയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ-പോഷകാഹാര സുര ക്ഷ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പരമ പ്രധാനമായ ലക്ഷ്യം.

### ന്യൂട്രിഷ്യൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ അഗ്രോളജി ഇൻ അട്ടപ്പാടി

അട്ടപ്പാടിയിലെ 19 ഉൾഗ്രാമങ്ങളിലെ 1,671 ഏക്കറിലായി നടത്തിവരുന്ന 'ന്യൂട്രിഷ്യൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ അഗ്രോളജി' (ഗോത്ര ഭാഷയിൽ 'നമുത് വെള്ളമേ' എന്ന് നാമകരണം ചെയ്തിരിക്കുന്നു) അഥവാ കാർഷിക പരിസ്ഥിതിയിലൂടെ ഭക്ഷണത്തിലെ പോഷകാഹാര പര്യാപ്തത എന്ന പരിപാടിയിലൂടെ 1208 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നു.

പദ്ധതിക്ക് കീഴിലെ കഴിഞ്ഞ മൂന്ന് വർഷത്തെ നേട്ടങ്ങൾ

- തരിശായി കിടന്ന ഏക്കറുകണക്കിന് വനഭൂമി കൃഷിഭൂമിയാക്കി മാറ്റുവാനും, ഇതിലൂടെ വനം കയ്യേറ്റവുമായി ബന്ധപ്പെട്ട തർക്കങ്ങൾ ഒരു പരിധി വരെ പരിഹരിക്കുവാനും സാധിച്ചു.
- ഉത്പാദിപ്പിക്കുന്ന ധാന്യങ്ങൾ ഉപഭോഗതിനും വിപണനത്തിനും ഉപയോഗിക്കുവാനായി.
- മില്ലറ്റ് അടിസ്ഥാനമാക്കിയുള്ള പരമ്പരാഗത ഭക്ഷണക്രമം ഗുണഭോക്താക്കൾക്കിടയിലെ പോഷകാഹാരക്കുറവ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്.
- പദ്ധതി പ്രദേശത്തെ പട്ടികവർഗ്ഗക്കാരുടെ തനതായ ജീവിതശൈലി, കാർഷിക സംസ്കാരം എന്നിവ തിരിച്ചുകൊണ്ടുവരാൻ പദ്ധതിയിലൂടെ സാധിച്ചു.

### കേരള ട്രൈബൽ പ്ലസ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആ സാമ്പത്തിക വർഷം 100 അധിക ദിവസ തൊഴിൽ കൂടി നൽകുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'കേരള ട്രൈബൽ പ്ലസ് പദ്ധതി'. എം.എൻ.

ആർ.ഇ.ജി.എസ് മിഷൻ മുഖേന നടപ്പാക്കി വരുന്ന 'കേരള ട്രൈബൽ പ്ലസ് പദ്ധതിക്ക് ധനസഹായം പൂർണമായും നൽകുന്നത് കേരള സർക്കാരാണ്. 2017-18 മുതൽ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി. എസ് മിഷനാണ് പദ്ധതി നടപ്പാക്കുന്നത്, പട്ടികവർഗ്ഗ വികസന വകുപ്പാണ് ഫണ്ട് നൽകുന്നത്. ഈ പദ്ധതി വഴി 200 തൊഴിൽ ദിനങ്ങൾ വാഗ്ദാനം ചെയ്ത ഏക സംസ്ഥാനമാണ് കേരളം. ഈ കാര്യത്തിൽ ഇന്ത്യയിൽ, കേരളം ഒരു മാതൃകാ സംസ്ഥാനമാണ്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിലും, 100 ദിവസത്തെ തൊഴിൽ നേടുന്ന കുടുംബങ്ങളുടെ ശരാശരിയിലും ദേശീയ ശരാശരിയേക്കാൾ കേരളം ഏറെ മുന്നിലാണ്. പട്ടികവർഗ്ഗ ഉൾ ഗ്രാമങ്ങളിലേക്കുള്ള റോഡുകളുടെ നിർമാണം, പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഉപജീവന ആസ്തി സൃഷ്ടിക്കൽ, അവരുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ തൊഴിൽ ദിനങ്ങൾ നൽകുന്നതോടൊപ്പം പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

കൂടുതൽ പട്ടികവർഗ്ഗക്കാരെ പദ്ധതിയിലേക്ക് കൊണ്ടുവരുന്നതിനായി, എം.ജി.എൻ.ആർ.ഇ.ജി. എയ്ക്ക് മുൻകൂറായി വേതനം നൽകുന്ന സംവിധാനം കൈകൊള്ളുവാൻ സംസ്ഥാനം തീരുമാനിക്കുകയും ഇതിലൂടെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെയും, വയനാട് ജില്ലയിലെയും, കണ്ണൂർ ജില്ലയിലെ ആറളം ഫാമിലെയും പട്ടികവർഗ കുടുംബങ്ങളെ പരിപാടിയിൽ ഉൾപ്പെടുത്തുവാനും സാധിച്ചു. ഇതിനായി സംസ്ഥാന സർക്കാർ കോർപ്പസ് ഫണ്ട് ഉപയോഗപ്പെടുത്തി തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മുൻകൂറായി വേതനം നൽകുകയും, ഈ അഡ്വാൻസ് തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്ന് അവരുടെ സമ്മതത്തോടെ പിന്നീട് തിരിച്ചുപിടിക്കുകയുമാണ് ചെയ്യുന്നത്.

കേരള ട്രൈബൽ പ്ലസ് പദ്ധതിക്ക് കീഴിൽ 2018-19 മുതൽ 2023-24 വരെ (2023 സെപ്റ്റംബർ വരെ) കൈവരിച്ച പുരോഗതി **അനുബന്ധം 8.2.35**-ലും 2022-23 വർഷത്തെ ട്രൈബൽ പ്ലസ് പദ്ധതിയുടെ ജില്ല തിരിച്ചുള്ള പുരോഗതി വിശദാംശങ്ങൾ **അനുബന്ധം 8.2.36**-ലും നൽകിയിരിക്കുന്നു.

#### പട്ടികവർഗ്ഗക്കാരും കുടുംബശ്രീയും

പട്ടികവർഗ്ഗ മേഖലയിലെ ഇടപെടലുകളിലൂടെ അയൽക്കൂട്ടത്തിന്റെ അംഗത്വത്തിലേക്ക് 96.8% കുടുംബത്തേയും ഉൾപ്പെടുത്താൻ കുടുംബശ്രീക്ക് സാധിച്ചു. പട്ടികവർഗ്ഗ മേഖലകളിലെ കുടുംബശ്രീയുടെ എല്ലാ പ്രവർത്തനങ്ങളും താഴെ തട്ടിൽ എത്തിക്കുന്നത് കുടുംബശ്രീയുടെ തന്നെ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സണായ ആനിമേറ്റർമാർ വഴിയാണ്. പട്ടികവർഗ്ഗ സമൂഹങ്ങൾക്കുള്ളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ശക്തമായ അടിത്തറ ഒരുക്കുക എന്നതാണ് കുടുംബശ്രീയുടെ പട്ടികവർഗ്ഗ മേഖലയിലെ പദ്ധതികളുടെ പ്രാഥമിക ലക്ഷ്യം. ഇത്തരം പദ്ധതികളിൽ പ്രധാനപ്പെട്ട ഒന്നാണ് ബ്രിഡ്ജ് കോഴ്സ് സംരംഭം. ഇതിലൂടെ, പഠനത്തിൽ സഹായം ആവശ്യമുള്ളവർക്ക് അല്ലെങ്കിൽ സ്കൂളിൽ ചേരുന്നതിൽ വിമുഖത കാണിക്കുന്നവർക്ക് വിദ്യാഭ്യാസ സഹായം നൽകിവരുന്നു.

#### 2022–23, 2023–24 വർഷങ്ങളിലെ നേട്ടങ്ങൾ

- സ്വയംപര്യാപ്ത അയൽക്കൂട്ടങ്ങളായി 1170 അയൽക്കൂട്ടങ്ങളെ കണ്ടെത്തുകയും അവയിലെ 122 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുകയും ചെയ്തു. ഇവയെല്ലാം ഇപ്പോൾ പഞ്ചസൂത്രയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- 811 ആട് വളർത്തൽ യൂണിറ്റുകളും 357 വീട്ടുമുറ്റത്തെ കോഴിവളർത്തൽ യൂണിറ്റുകളും രൂപീകരിച്ചു. ഇതിന് പുറമേ, കാർഷിക പ്രവർത്തനങ്ങൾക്കായി 341 പുതിയ പട്ടികവർഗ്ഗ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും രൂപീകരിച്ചു.
- പട്ടികവർഗ്ഗ മേഖലയിൽ 76 ഗ്രൂപ്പ് സംരംഭങ്ങളും 112 വ്യക്തിഗത സംരംഭ യൂണിറ്റുകളും മൈക്രോ എന്റർപ്രൈസുകളായി ആരംഭിച്ചു. പട്ടികവർഗ്ഗ ഉൽപന്നങ്ങൾ കുടുംബശ്രീ ബസാർ വഴി വിറ്റഴിച്ചു.
- ഒരു ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിന് 4000 രൂപ നിരക്കിൽ കോർപ്പസ് ഫണ്ട് വിതരണത്തിലൂടെ 355 പട്ടികവർഗ്ഗ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പിന്തുണ നൽകി.
- ഊരുകളിലെ സ്കൂൾ കുട്ടികൾക്കായി 190 ബ്രിഡ്ജ് കോഴ്സ് സെന്ററുകൾ തുടങ്ങികൊണ്ട് 2675 വിദ്യാർത്ഥികൾക്ക് റെഗുലർ ട്യൂഷൻ പ്രോഗ്രാം പ്രയോജനം ലഭ്യമാക്കി.
- 217 അയൽക്കൂട്ടങ്ങൾക്ക് അവരുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കായി കോർപ്പസ് ഫണ്ട് നൽകി.
- നിലവിലുള്ള യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സുമായി ബന്ധപ്പെട്ട പിന്തുണ ഉറപ്പാക്കിക്കൊണ്ട് 91 പട്ടികവർഗ്ഗ യൂത്ത് ക്ലബ്ബുകൾ ആരംഭിച്ചു.

#### സാമൂഹിക വികസന പരിപാടികൾ

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനായി നടപ്പിലാക്കുന്ന പ്രധാനപ്പെട്ട സാമൂഹിക സുരക്ഷാ പദ്ധതികളിൽ പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം, അടിയ, പണിയ, തുടങ്ങിയ ഗോത്ര വിഭാഗങ്ങളുടെ വികസനത്തിനുള്ള പ്രത്യേക പാക്കേജുകൾ, ഗോത്രവാത്സല്യനിധി, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നിവ ഉൾപ്പെടുന്നു. ഈ പദ്ധതികൾക്ക് കീഴിലുള്ള പ്രധാന ഭൗതിക നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- പട്ടികവർഗ്ഗ വിഭാഗത്തിലെ 337 പെൺകുട്ടികൾക്ക് 1.50 ലക്ഷം രൂപ നിരക്കിൽ വിവാഹ ധനസഹായം നൽകി.
- അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയ്ക്ക് കീഴിൽ തിരഞ്ഞെടുത്ത 94 സെറ്റിൽമെന്റുകളിൽ 65 സെറ്റിൽമെന്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചു.
- വനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർ, അടിയ, പണിയ മറ്റ് പ്രാക്തന ഗോത്രവർഗക്കാർ എന്നിവർക്കായുള്ള പ്രത്യേക പദ്ധതി പ്രകാരം 489 ഗുണഭോക്താക്കൾക്ക് സഹായം നൽകി.
- **മൈക്രോപ്ലാൻ**- സമുദായങ്ങൾ അടിസ്ഥാനമാക്കി പട്ടികവർഗ്ഗ സെറ്റിൽമെന്റുകളുടെ വികസനത്തിനും പരിപാലനത്തിനുമായി പദ്ധതികൾ തയ്യാറാക്കുന്ന ഒരു ശാക്തീകരണ പ്രക്രിയയാണിത്. കേരളത്തിലെ 6748 പട്ടികവർഗ്ഗ സെറ്റിൽമെന്റുകളുടെ ആവശ്യങ്ങൾ അടിസ്ഥാനമാക്കി ഓരോ സെറ്റിൽമെന്റിനും മൈക്രോപ്ലാൻ തയ്യാറാ ക്കുന്ന പ്രക്രിയയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. മൈക്രോ

പ്ലാനിനായി ഗ്രാമങ്ങൾ തിരഞ്ഞെടുത്ത് അടിസ്ഥാന വിവര ശേഖരണം നടന്നു വരുന്നു.

- **ഇടമലക്കുടി പ്രത്യേക പാക്കേജ്:** പാക്കേജിന്റെ ഭാഗമായി പെട്ടിമുടി-ഇടലിപ്പാറക്കുടി റോഡ് (7.2 കി.മീ.) നിർമാണത്തിന് 13.70 കോടി അനുവദിക്കുകയും, ആയതു പ്രകാരം നിർമാണ പ്രവൃത്തി ആരംഭിച്ചിട്ടുമുണ്ട്. കൂടാതെ ഇടലിപ്പാറക്കുടി മുതൽ സൊസൈറ്റിക്കുടി വരെയുള്ള അനുബന്ധ റോഡിന്റെ നിർമാണത്തിന് 4.75 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രത്യേക പാക്കേജിന്റെ ഭാഗമായി 4.30 കോടി രൂപ ചെലവഴിച്ച് ഇടമലക്കുടി മേഖലയിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുവാനുമായിട്ടുണ്ട്.
- **എ.ബി.സി.ഡി പ്രോജക്റ്റ് (അക്ഷയ ബിഗ് കാമ്പെയ്ൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റൈസേഷൻ):** സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അവശ്യ രേഖകൾ നൽകുന്നത് ലക്ഷ്യമിട്ടുള്ള ഒരു നൂതന സംരംഭമാണിത്. രേഖകൾ ഡിജിറ്റൽ ഫോർമാറ്റിൽ സുരക്ഷിതമായും ശാശ്വതമായും സൂക്ഷിക്കുന്നതിൽ പ്രോജക്റ്റിൽ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. ഇന്ത്യയിൽ ഇത്തരത്തിലുള്ള ആദ്യത്തെ പ്രോജക്റ്റാണിത്. വയനാട്, പാലക്കാട് ജില്ലകളിൽ വിജയകരമായി നടപ്പിലാക്കിയ പദ്ധതി നിലവിൽ മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിച്ചുവരുന്നു.

### പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രധാന ഫാമുകൾ

#### ആറളം ഫാം

കണ്ണൂർ ജില്ലയിൽ 1970 ലാണ് ആറളം ഫാം സ്ഥാപിതമായത്. കണ്ണൂരിലെയും സമീപ ജില്ലകളിലെയും ഭൂരഹിതരായ 3500 പട്ടികവർഗ കുടുംബങ്ങൾക്ക് ആറളം ഫാമിന്റെ 7000 ഏക്കറിൽ ഒരേക്കർ വീതം ഭൂമി നൽകിയത് ശ്രദ്ധേയമാണ്. റബ്ബർ തോട്ടങ്ങളുൾപ്പെടെ വിവിധ കാർഷിക വിളകൾക്കാവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കളാണ് ഫാമിൽ ഉത്പാദിപ്പിക്കുന്നത്. ഭൂമിയുടെ പകുതി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്കായി നീക്കിവച്ച്, ശേഷിക്കുന്ന സ്ഥലം കൃഷിക്കായി വിനിയോഗിക്കുന്നതിലൂടെ, പട്ടികവർഗ്ഗ സമൂഹങ്ങളുടെ വികസനവും ക്ഷേമവും പരിപോഷിപ്പിക്കുന്ന പാരമ്പര്യമാണ് ആറളം ഫാമിനുള്ളത്. കാർഷിക വരുമാനദായക സംരംഭങ്ങളുടെ ഭാഗമായി 3000 പട്ടികവർഗ്ഗ കുടുംബങ്ങളെ സഹായിക്കുന്നതിനായി വിവിധ കാർഷിക പ്രവർത്തന പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കൂൺ കൃഷി, ഇഞ്ചിത്തോട്ടങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, എണ്ണക്കുരുക്കൾ, ജൈവ ഉൽപന്നങ്ങൾ, നാരങ്ങ പുല്ല് കൃഷി, ആറളം ഫാമിലെ ഹൈടെക് നഴ്സറി യൂണിറ്റ്, ശാസ്ത്രീയ തേനീച്ച വളർത്തൽ, തേൻ സംസ്കരണം എന്നിവ ഉൾപ്പെടെ 2.69 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത്.

#### അട്ടപ്പാടി കോ–ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ നവീകരണത്തിന്റെ ഭാഗമായി പത്ത് വർഷത്തേക്കുള്ള പ്രവർത്തനങ്ങളുടെ രൂപരേഖ 2020 –ൽ കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റിയുടെ കാർഷിക പ്രവർത്തനങ്ങൾക്ക് 1.424 കോടി രൂപ അനുവദിക്കുകയുമുണ്ടായി. ഇതിനുപുറമേ, കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ഗോഡൗൺ നിർമ്മിക്കുന്നതിന് 43.52 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉല്പാദനം വർദ്ധിപ്പിച്ച് മെച്ചപ്പെട്ടവരുമാനം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ തൈകൾ വച്ചുപിടിപ്പിക്കുക, നിലവിലുള്ള വിളകളുടെ പരിപാലനം, ഫെൻസിംഗുകൾ നിർമ്മിച്ച് സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് പ്രധാനമായും തുക വിനിയോഗിക്കുന്നത്. ഫാമുകളെ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ സഹകരണത്തോടെ ഫാമിൽ യന്ത്രവൽക്കരണവും നടന്നുവരുന്നു.

#### പ്രിയദർശിനി ടീ എസ്റ്റേറ്റും പ്രിയദർശിനി ടീ ഫാക്ടറിയും

വയനാട് ജില്ലയിൽ അടിമത്തത്തിൽ കഴിഞ്ഞിരുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി 1984-ൽ രൂപീകരിച്ച ഒരു സഹകരണ സംഘമാണ് പ്രിയദർശിനി ടീ എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ കോ-ഓപ്പറേഷൻ ലിമിറ്റഡ്. സൊസൈറ്റി കഴിഞ്ഞ 38 വർഷമായി വിവിധ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് പ്രിയദർശിനി ടീ എസ്റ്റേറ്റും പ്രിയദർശിനി ടീ ഫാക്ടറിയും നടത്തിവരുന്നു. സൊസൈറ്റിക്കുകീഴിലെ 995.23 ഏക്കർ സ്ഥലത്തെ 402.10 ഏക്കറിൽ തേയില കൃഷി ചെയ്തുവരുന്നു. ബാക്കിയുള്ള 593.13 ഏക്കർ, തേയില-കാപ്പി തോട്ടങ്ങൾ വികസിപ്പിക്കുന്നതിനും ഫലസസ്യങ്ങളുടെ കൃഷിക്കുമായി വിനിയോഗിക്കുന്നു.

വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി, പ്രിയദർശിനി അഗ്രോ ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ ഏർപ്പെടാൻ എസ്റ്റേറ്റ് തീരുമാനിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ സമൂഹത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും എസ്റ്റേറ്റിലെ പട്ടികവർഗ്ഗ തൊഴിലാളികൾക്ക് തൊഴിലും ഉപജീവനവും നൽകുന്നതിനും അംഗങ്ങൾക്ക് ലാഭകരമായ വരുമാനം സൃഷ്ടിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിയദർശിനി ടീ എസ്റ്റേറ്റിൽ രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാമത്തെ പദ്ധതിയിലൂടെ തേയില,കാപ്പി ചെടികളുടെ വ്യാപനം, ഫലവൃക്ഷത്തൈകളുടെ കൃഷി, പ്രിയദർശിനി അഗ്രോ ഉൽപന്നങ്ങളുടെ വിപണനം തുടങ്ങി ആകെ 63.79 ലക്ഷം രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളും, രണ്ടാമത്തെ പദ്ധതിയിൽ 1.22 കോടി രൂപ വിനിയോഗിച്ചുകൊണ്ട് ഇടവിളയായി കുരുമുളക് നടലും പച്ചക്കറി കൃഷിയും ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതികളിലൂടെ എസ്റ്റേറ്റിലെ പട്ടികവർഗ്ഗക്കാരുടെ ഉപജീവനവും ക്ഷേമവും മെച്ചപ്പെടുത്തുവാനാകും.

### നിയമ പരിരക്ഷ പരിപാടികൾ : പൗരാവകാശ സംരക്ഷണവും അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമവും

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ

**ബോക്സ് 8.2.8** "ഊരിന്റെ താരാട്ട്"

പട്ടികവർഗ്ഗക്കാർക്കിടയിലെ ശിശു മരണങ്ങളുടെ പശ്ചാത്തലത്തിൽ, ഭാവിയിൽ നവജാത ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും, നവജാത ശിശു സംരക്ഷണത്തെ കുറിച്ചുള്ള അറിവ് നൽകുന്നതിനും പട്ടികവർഗ്ഗ ഊരുകൾ കേന്ദ്രീകരിച്ച് മൂന്ന് ഘട്ടങ്ങളിലായി പട്ടികവർഗ്ഗ വികസന വകുപ്പും ജില്ലാ ഭരണഘടവും നടപ്പിലാക്കുന്ന സംയുക്ത പദ്ധതിയാണ് "ഊരിന്റെ താരാട്ട്". നിലവിൽ അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്ന പദ്ധതിക്കായി 20.78 ലക്ഷം രൂപയാണ് പദ്ധതി ചെലവായി കണക്കാക്കിയിരിക്കുന്നത്. സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ നിന്നാണ് ഫണ്ട് കണ്ടെത്തുന്നത്.

ആദ്യ ഘട്ടത്തിൽ ഓരോ ഊരിൽ നിന്നും കൗമാരക്കാരായ ആൺകുട്ടികളെയും പെൺകുട്ടികളെയും ഉൾപ്പെടുത്തി "കരുതൽ കൂട്ടം" എന്ന ഗ്രൂപ്പുകൾ ഉണ്ടാക്കുന്നു. മുലയൂട്ടൽ, ഗർഭധാരണം എന്നിവയെ കുറിച്ചുള്ള കൃത്യമായ അറിവ് നൽകുന്നതിന് ഇവർക്ക് ട്രെയിനിങ് നൽകുക എന്നതാണ് ഈ ഘട്ടത്തിൽവിഭാവനം ചെയ്തിരുന്നത്. ക്വിസ്, റോൾ പ്ലേയിംഗ്, പോസ്റ്റർ ഡിസൈൻ തുടങ്ങിയ നിരവധി പരിപാടികളിലൂടെ പദ്ധതിയുടെ ആദ്യ ഘട്ടം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

"സ്നേഹപൂർവ്വം അമ്മക്ക്" എന്ന പേരിൽ ഗർഭസ്ഥ ശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോനാറ്റൽ കിറ്റ് ലഭ്യമാക്കുക എന്നതാണ് രണ്ടാമത്തെ ഘട്ടം. സോപ്പ്, പൗഡർ, ഉടുപ്പുകൾ, കളിപ്പാട്ടങ്ങൾ തുടങ്ങി ഒരു കുട്ടി ജനിച്ച് കഴിയുമ്പോൾ മുതൽ അത്യാവശ്യമുള്ളതെല്ലാം ഉൾപ്പെടുന്നതാണ് ഈ കിറ്റ്. "ജനനി ജന്മ രക്ഷ"യിൽ രജിസ്റ്റർ ചെയ്യുമ്പോൾ റെജിസ്ട്രേഷനൊപ്പമാണ് ഗർഭിണികൾക്ക് കിറ്റ് ലഭിക്കുക.

പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കൃത്യമായ ബോധവൽക്കരണവും നിയോനാറ്റൽ കിറ്റ് വിതരണവും ലക്ഷ്യമിടുന്നു. ഒപ്പം വിദഗ്ധ പീഡിയാട്രീഷൻ മുഖേന ഊരുകളിലെ അമ്മമാർക്കും ഗർഭിണികൾക്കും ശിശുപരിചരണത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതും വിഭാവനം ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ പ്രദേശത്തെ, പ്രത്യേകിച്ച് അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ നവജാതശിശു സംരക്ഷണത്തെ കുറിച്ചുള്ള അറിവ് മെച്ചപ്പെടുത്തുന്നതിനും നവജാതശിശു മരണനിരക്ക് തടയുന്നതിനും വേണ്ടിയാണ് 'ഊരിന്റെ താരാട്ട്' പദ്ധതി നടപ്പിലാക്കുന്നത്.

അവലംബം : പട്ടികവർഗ്ഗ വികസന വകുപ്പ്

ചൂഷണങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനും അവരുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനും, ഭരണഘടനാപരവും നിയമപരവുമായ സംരക്ഷണം നൽകുന്നതിനുമായി, പൗരാവകാശ സംരക്ഷണ നിയമവും പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989 ഉം നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമത്തിലെ വ്യവസ്ഥകൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് സഹായകരമാണ്. ഈ പദ്ധതിക്ക് 2022-23-ൽ ഗ്രാന്റ്-ഇൻ-എയ്ഡായി അനുവദിച്ച 1.711 കോടി രൂപയിൽ 1.266 കോടി രൂപ പി.സി.ആർ, എസ്‌സി/എസ്ടി (അതിക്രമങ്ങൾ തടയൽ) നിയമങ്ങൾ നടപ്പിലാക്കുന്നതിനായി വിനിയോഗിച്ചു. അതിക്രമങ്ങൾക്ക് ഇരയായ 110 ഓളം പേർക്ക് ആശ്വാസ ധനസഹായം നൽകുകയുണ്ടായി. 2022-23-ൽ 44 ദമ്പതികൾക്കും, 2023-24 ൽ, 12 ദമ്പതികൾക്കും (2023 സെപ്റ്റംബർ വരെ) മിശ്ര വിവാഹ ധനസഹായം നൽകുകയുണ്ടായി. 2018-19 മുതൽ 2023-24 വരെ വിവാഹ ധനസഹായവും മിശ്ര വിവാഹ ധനസഹായവും ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.37**-ൽ നൽകിയിരിക്കുന്നു.

### പട്ടികവർഗ്ഗ ഉപപദ്ധതിക്കായുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായക വിടവുനികത്തൽ പദ്ധതി)

പട്ടികവർഗ്ഗ ഉപപദ്ധതി പദ്ധതികളിൽ കണ്ടെത്തുന്ന നിർണായക വിടവുകൾ നികത്തുന്നതിനായി വാർഷിക ബജറ്റിന്റെ ഒരു വിഹിതം പട്ടികവർഗ്ഗ വികസന വകുപ്പ് നീക്കിവയ്ക്കാറുണ്ട്. 2022-23ൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഈ പദ്ധതിക്ക് കീഴിൽ ഏറ്റെടുത്ത വിവിധ പ്രവർത്തനങ്ങൾക്കായി 49.79 കോടി രൂപ വകയിരുത്തുകയും ആയതിൽ 45.42 കോടി രൂപ ചെലവഴിക്കുകയുമുണ്ടായി. 2018-19 മുതൽ 2023-24 വരെ (2023 സെപ്റ്റംബർ 30 വരെ) ഈ പദ്ധതിക്ക് കീഴിൽ അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം 8.2.38**-ൽ നൽകിയിരിക്കുന്നു.

### പട്ടികവർഗ്ഗ ഉപപദ്ധതിക്കുവേണ്ടിയുള്ള പ്രത്യേക കേന്ദ്ര സഹായം

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, വരുമാനം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയ്ക്കായി സംസ്ഥാന പദ്ധതി വിഹിതത്തിന് പുറമേ, 'കേന്ദ്ര ഫണ്ടായി' പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക സഹായം ലഭിക്കാറുണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ , ഈ പദ്ധതി 'പ്രധാൻ മന്ത്രി ആദി ആദർശ് ഗ്രാം യോജന' എന്ന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു.

### കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിങ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഫോർ എസ്.സി/എസ്.റ്റി (കിർത്താഡ്സ്)

കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ട്രൈബ്സ് (കിർത്താഡ്സ്) പൂർണ്ണമായും പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിന് കീഴിൽ ഒരു പ്രത്യേക ഡയറക്ടറേറ്റായി പ്രവർത്തിക്കുന്ന ഒരു സർക്കാർ ഗവേഷണ സ്ഥാപനമാണ്. കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കുന്ന ഗവേഷണം നടത്തുക എന്നതാണ്

ഇതിന്റെ പ്രധാന ലക്ഷ്യം. ഈ സ്ഥാപനം 1972-ൽ ട്രൈബൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെന്റർ (ടി. ആർ & ടി.സി) എന്ന പേരിൽ ഒരു ദേശീയ മാതൃകയിൽ സ്ഥാപിതമായി, പിന്നീട് 1979-ൽ കിർത്താഡ്സ് ആയി അംഗീകരിക്കപ്പെട്ടു. ഗവേഷണം, പരിശീലനം, വികസന പഠനം എന്നിങ്ങനെ മൂന്ന് പ്രധാന വിഭാഗങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ളത്. വിവിധ ജനവിഭാഗങ്ങളെക്കുറിച്ചുള്ള പഠനങ്ങളുടെയും ഗവേഷണത്തിന്റെയും വർഗ്ഗീകരണത്തിന്റെയും ഭാഗമായി നരവംശ ശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും മേഖലകളിൽ നിന്നുള്ള സൈദ്ധാന്തിക വീക്ഷണങ്ങൾ സംയോജിപ്പിച്ച് റിസർച്ച് വിംഗ് വിവിധ സമുദായങ്ങളുടെ, പ്രത്യേകിച്ച് സംസ്ഥാനത്തെ പട്ടികവർഗ്ഗ സമൂഹങ്ങളെക്കുറിച്ച്, നരവംശശാസ്ത്രപരവും സാമൂഹിക-സാംസ്കാരികപരവുമായ പഠനങ്ങൾ നടത്തുന്നു. സംസ്ഥാനത്തെ പട്ടികവിഭാഗങ്ങളുടെ വികസനത്തിനായി നടപ്പിലാക്കിയ പരിപാടികളുടെ വിവിധ വിലയിരുത്തൽ പഠനങ്ങൾ കിർത്താഡ്സിന്റെ 'വികസന പഠന' വിഭാഗം നടത്തുന്നുണ്ട്. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനായി, 'പരിശീലന വിഭാഗം' നിരവധി പരിപാടികൾ ഏകോപിപ്പിക്കുകയും നടത്തുകയും ചെയ്യുന്നുണ്ട്. ബോധവൽക്കരണ പരിപാടികൾ, ശേഷി വർദ്ധിപ്പിക്കൽ പ്രവർത്തനങ്ങൾ, ശാക്തീകരണം, വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളും ഈ വിഭാഗം നടത്തിവരുന്നു.

ഇവ കൂടാതെ റസിഡൻഷ്യൽ പരിശീലന പരിപാടികൾക്കായി ഒരു എത്നോളജിക്കൽ മ്യൂസിയം, കേരളത്തിലെ പട്ടിക വിഭാഗങ്ങളുടെ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ കേന്ദ്രമായ ആദികലാ കേന്ദ്രം എന്നിവയും, പ്രധാന കെട്ടിടത്തിൽ ഒരു ലൈബ്രറിയും പ്രവർത്തിക്കുന്നു.

### എത്നോളജിക്കൽ മ്യൂസിയം

കേരളത്തിലെ ഗോത്രങ്ങളെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നവർക്ക് ഏറ്റവും വിജ്ഞാനപ്രദവും ഉപകാരപ്രദവുമായ ഒരു ശേഖരണശാലയാണ് എത്നോളജിക്കൽ മ്യൂസിയം. 1973-ലാണ് ഇത് സ്ഥാപിതമായത്. ഗോത്ര സംസ്കാരത്തെക്കുറിച്ചുള്ള പഠനത്തിൽ ഗവേഷകരെയും വിദ്യാർത്ഥികളെയും സഹായിക്കുന്നതിനായി ഗോത്രവർഗക്കാരിൽ നിന്ന് ഭൗതിക സംസ്കാരത്തിന്റെ വൈവിധ്യമാർന്ന ഇനങ്ങൾ ശേഖരിക്കുക എന്നതായിരുന്നു ഇതിന്റെ പ്രാരംഭ ലക്ഷ്യം. പിന്നീട് ഇവയിൽ താൽപ്പര്യമുള്ള പൊതുജനങ്ങൾക്ക് ഇവിടേയ്ക്ക് പ്രവേശനം അനുവദിക്കുകയുണ്ടായി. കേരളത്തിലെ എല്ലാ ഗോത്ര സമൂഹങ്ങളുടെയും പുരാവസ്തുക്കൾ, വസ്ത്രങ്ങൾ, ആഭരണങ്ങൾ, വീട്ടുപകരണങ്ങൾ, കാർഷിക ഉപകരണങ്ങൾ, സംഗീതോപകരണങ്ങൾ, ആചാരപരമായ വസ്തുതകൾ എന്നിവയുടെ ഒരു വലിയ ശേഖരം മ്യൂസിയത്തിലുണ്ട്. കേരളത്തിൽ അധിവസിക്കുന്ന ഓരോ ഗോത്രത്തിന്റെയും പശ്ചാത്തലങ്ങളും വിവിധ സാംസ്കാരിക സവിശേഷതകളും ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്.

### വയനാട്ടിലെ ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മ്യൂസിയം.

"കേരളത്തിലെ ഗോത്രവർഗ്ഗ സ്വാതന്ത്ര്യ സമര സേനാനികൾക്കായി മ്യൂസിയം സ്ഥാപിക്കൽ" എന്ന പദ്ധതി കിർത്താഡ്സിന്റെ ഒരു പ്രധാന പദ്ധതിയാണ്. കേരളത്തിലെ ഗോത്രവർഗ്ഗ സ്വാതന്ത്ര്യ സമര സേനാനികളുടെ അവിശ്വസനീയ പോരാട്ട ചരിത്രവും സംസ്കാരവും കണ്ടെത്തുന്നതിൽ മ്യൂസിയം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മുൻകാലങ്ങളിലെ നായകന്മാരുടെ അറിയപ്പെടാതെ പോയ ചരിത്രം കണ്ടെത്തുന്നത് ശ്രമകരമാണ്. എന്നാൽ, അനിവാര്യവുമാണ്.

പട്ടികവർഗ്ഗ സ്വാതന്ത്ര്യ സമര സേനാനികളുടെ മ്യൂസിയം (90% കേന്ദ്ര ഫണ്ടും 10% സംസ്ഥാന ഫണ്ടും) നിർമ്മിക്കുന്നതിനായി കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയം 16.66 കോടി രൂപ കേന്ദ്ര വിഹിതം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്നത് കേരള സർക്കാരാണ്. ഒരു വർഷത്തിനകം നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

കിർത്താഡ്സിന്റെ വിവിധ പദ്ധതികളും അവയുടെ വിഹിതവും ചെലവും **അനുബന്ധം 8.2.39**-ൽ നൽകിയിരിക്കുന്നു. 2017-18 മുതൽ 2022-23 വരെ (2023 സെപ്റ്റംബർ 30 വരെ) കേരളത്തിലെ പട്ടികജാതി- പട്ടികവർഗ്ഗക്കാരെ അടിസ്ഥാനമാക്കി കിർത്താഡ്സ് നടത്തിയ ആന്ത്രോപോളജിക്കൽ ഇൻവെസ്റ്റിഗേഷനുകളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.40** ൽ നൽകിയിരിക്കുന്നു. 2022-23 കാലയളവിൽ (2023 സെപ്റ്റംബർ 30 വരെ) വിവിധ പദ്ധതിക്കൾക്ക് കീഴിലെ സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങൾ **അനുബന്ധം 8.2.41**-ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള സംരംഭകരുടെ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുന്നതിനായി നിരവധി വരുമാനദായക പദ്ധതികളും ഒപ്പം മറ്റ് ക്ഷേമ പരിപാടികളും രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നു. കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളെ (i) സ്വന്തം വായ്പാ പദ്ധതികൾ (ii) ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനുമായി (എൻ.എസ്.എഫ്.ഡി.സി.) സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ, (iii) ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എസ്.ടി.എഫ്.ഡി.സി) നടപ്പിലാക്കുന്ന പദ്ധതികൾ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വരുമാനം സൃഷ്ടിക്കുന്നതിനും സ്വയം തൊഴിൽ ചെയ്യുന്നതിനുമായുള്ള പദ്ധതികളിൽ ഗുണഭോക്താധിഷ്ഠിത പദ്ധതികൾ, വിവിധോദ്ദേശ്യ യൂണിറ്റ് വായ്പ, ഗതാഗത പദ്ധതി, സ്റ്റാർട്ട് അപ്പ് സംരംഭകർക്കായുള്ള വായ്പ, മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള വായ്പ, വിദേശ തൊഴിൽ വായ്പ, മൈക്രോ ക്രെഡിറ്റ് ഫിനാൻസ്

സിസ്റ്റം, ലഘു വ്യവസായ പദ്ധതി, പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പ, വനിതാ സ്വയം സഹായ സംഘങ്ങൾക്കുള്ള സ്ത്രീ ശാക്തീകരണ പരിപാടി, മഹിളാസമൃദ്ധി യോജന, പ്രൊഫഷണൽ സേവന പദ്ധതികൾ, കർഷക തൊഴിലാളികൾക്കായുള്ള ഭൂമി വാങ്ങൽ പദ്ധതി, പെട്രോളിയം ഡീലർമാർക്കുള്ള പ്രവർത്തന മൂലധന വായ്പ തുടങ്ങിയവ ഉൾപ്പെടുന്നു. വിദ്യാഭ്യാസ വായ്പ, വിദേശ വിദ്യാഭ്യാസ വായ്പ, വിവാഹ സഹായം, ഭവന വായ്പ, ഭവന നവീകരണ വായ്പ തുടങ്ങിയവ സാമൂഹ്യക്ഷേമ പദ്ധതികളും കോർപ്പറേഷൻ നടപ്പിലാക്കുന്നു. 2022-23-ൽ കോർപ്പറേഷൻ പട്ടികജാതിക്കാരെ സഹായിക്കുന്നതിനുള്ള പദ്ധതികളിലൂടെ 95.07 കോടി രൂപ ചെലവഴിക്കുകയും 5,283 പേർക്ക് അതിൻറെ പ്രയോജനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികളിലൂടെ ആകെ 9.83 കോടി രൂപ ചെലവഴിക്കുകയും 643 ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2023-24-ൽ 2,467 പട്ടികജാതി ഗുണഭോക്താക്കൾക്കും 304 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും (2023 സെപ്റ്റംബർ 30 വരെ) കോർപ്പറേഷൻ സഹായം നൽകിയിട്ടുണ്ട്.

കോർപ്പറേഷന്റെ 2022-23 ലെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

**വരുമാനദായക/സ്വയം തൊഴിൽ പദ്ധതികൾ**

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യക്തിഗത പദ്ധതിയിലൂടെ തൊഴിലില്ലാത്ത യുവതീ-യുവാക്കൾക്ക് പദ്ധതിച്ചെലവിന്റെ പരമാവധി 3 ലക്ഷം രൂപ വരെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകുന്നു. ഈ പദ്ധതിയിലൂടെ 2022-23-ൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്ന് യഥാക്രമം 1024 പേർക്കും 101 പേർക്കും സഹായം ലഭിച്ചിട്ടുണ്ട്. മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ പദ്ധതിയിൽ, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകരുടെ പ്രായോഗികവും കുറഞ്ഞ സമയം ആവശ്യമുള്ളതുമായ ചെറുതും ഇടത്തരവുമായ പ്രോജക്റ്റുകൾക്ക് ധനസഹായം നൽകുന്നു. 2022-23-ൽ 51 പട്ടികജാതി സംരംഭകർക്കും 5 പട്ടികവർഗ സംരംഭകർക്കും ഈ പദ്ധതി പ്രകാരം സഹായം ലഭ്യമാക്കി. സ്റ്റാർട്ടപ്പ് സംരംഭകർക്ക് വായ്പ നൽകുന്ന പദ്ധതിയിൽ യുവ പട്ടികജാതി സംരംഭകരുടെയും നൂതന ആശയങ്ങൾ ഉള്ളവരുടേയും ചെറുകിട, ഇടത്തരം സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ 50 ലക്ഷം രൂപയിൽ അധികരിക്കാത്ത പദ്ധതികൾക്ക് ഏഴ് ശതമാനം പലിശ നിരക്കിൽ വായ്പാ നൽകുന്നു. ഇതിൽ പുതുതായി പ്രൊഫഷണൽ കോഴ്സുകൾ വിജയിച്ച വിദ്യാർത്ഥികൾക്കാണ് മുൻഗണന നൽകുന്നത്. അതുപോലെ, കൃഷി, വ്യാപാരം ഉൾപ്പെടെയുള്ള മേഖലകളിൽ ചെറുകിട പദ്ധതികൾ ആരംഭിക്കുന്നതിന് പാവപ്പെട്ട പട്ടികവർഗ യുവാക്കളെ സഹായിക്കാൻ 'ആദിവാസി സംരംഭകർക്ക് വായ്പ' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതി പട്ടികവർഗ വിഭാഗത്തിൽ നിന്ന് 129 സംരംഭകരെ സഹായിക്കുകയുണ്ടായി. അതുപോലെ, ലഘു വ്യവസായ യോജന വഴി 2022-23-ൽ 1531 പട്ടികജാതി സംരംഭകർക്ക് സഹായം ലഭിച്ചു. 'മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള ലോൺ' പദ്ധതി വഴി, നോർക്ക റൂട്ട്സ് കണ്ടെത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർക്ക് ലാഭകരമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ആവശ്യകത അടിസ്ഥാനമാക്കിയുള്ള വായ്പയായി പരമാവധി 20 ലക്ഷം രൂപ നൽകുന്നു. പദ്ധതിയുടെ 15 ശതമാനം മൂലധന സബ്സിഡിയായി നോർക്ക അനുവദിക്കുകയും ചെയ്യുന്നു.

ഗ്രാമീണ സ്ത്രീകളുടെ ശാക്തീകരണത്തിനായി കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കുന്ന വനിതാ ശാക്തീകരണ പരിപാടിയിൻ കീഴിൽ പട്ടികജാതി/പട്ടികവർഗ്ഗ വനിതാ സംരംഭകരുടെ ഗ്രൂപ്പുകൾക്കാണ് വായ്പ നൽകുന്നത്. 2022-23-ൽ 817 പട്ടികജാതി ഗുണഭോക്താക്കൾക്കും, 180 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചു. ഇതുകൂടാതെ, പട്ടികജാതി വനിതാ സംരംഭകർക്ക് സോഫ്റ്റ് ലോൺ സഹായം ലഭ്യമാക്കുന്ന മഹിളാ സമൃദ്ധി യോജനയും പട്ടികവർഗ വനിതകൾക്കായി ആദിവാസി മഹിളാ സശക്തികരൺ യോജനയും (എൻ. എസ്.ടി.എഫ്.ഡി.സി) കോർപ്പറേഷൻ നടപ്പിലാക്കുന്നു. 2022-23-ൽ മഹിളാ സമൃദ്ധി യോജനയിലൂടെ 141 പട്ടികജാതിക്കാർക്കും, മഹിളാ സശക്തികരൺ യോജനയിലൂടെ 96 പട്ടിക വർഗ്ഗക്കാർക്കും അവരുടെ സ്വയം തൊഴിൽ സംരംഭത്തിന് സഹായം ലഭിക്കുകയുണ്ടായി.

**സാമൂഹ്യക്ഷേമ പദ്ധതികൾ**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക ക്ഷേമത്തിനായുള്ള നിരവധി കാര്യങ്ങൾക്കായി കോർപ്പറേഷൻ വായ്പകളും സഹായങ്ങളും വാഗ്ദാനം ചെയ്യുന്നു. പ്രൊഫഷണൽ കോഴ്സുകൾക്കുള്ള വിദ്യാഭ്യാസ വായ്പ, 10 ലക്ഷം രൂപ വരെയുള്ള വിദേശ വിദ്യാഭ്യാസ വായ്പ, 2.50 ലക്ഷം രൂപ വരെ വിവാഹ സഹായം, ഭവന വായ്പ, ഭവന പുനരുദ്ധാരണ വായ്പ തുടങ്ങിയവ അത്തരം ചില പദ്ധതികളാണ്.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ 2022-23, 2023-24 വർഷങ്ങളിലെ ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ (2023 സെപ്റ്റംബർ 30 വരെ) **അനുബന്ധം 8.2.42**-ൽ നൽകിയിരിക്കുന്നു.

**മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം**

സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി ശ്രമങ്ങൾ സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ ആവിഷ്കരിക്കുകയുണ്ടായി. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 15(4), 16(4) എന്നിവ വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധയും സംവരണവും ഉറപ്പാക്കുന്നുണ്ട്. ഇന്ത്യൻ

ഭരണഘടനയുടെ 340-ാം അനുച്ഛേദവും മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശകളും അനുസരിച്ച്, സമൂഹത്തിലെ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി 2011 നവംബറിൽ സംസ്ഥാന സർക്കാർ പിന്നാക്ക വിഭാഗ വികസന വകുപ്പ് തന്നെ രൂപീകരിക്കുകയുണ്ടായി. മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ തന്നെ ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെ ഒ.ഇ.സി (മറ്റ് അർഹരായ സമുദായങ്ങൾ) എന്ന് പ്രത്യേകം തരം തിരിച്ചിരിക്കുന്നു.

തൊഴിലിലും വിദ്യാഭ്യാസത്തിലും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം ഉറപ്പാക്കുന്ന രാജ്യത്തെ സംസ്ഥാനങ്ങളിൽ മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അതുകൊണ്ടുതന്നെ ക്രിയാത്മകമായ ഈ സമീപനം കേരളത്തിലെ പിന്നാക്ക വിഭാഗത്തിന് ശ്രദ്ധേയമായ വലിയ സാമൂഹിക പുരോഗതി നേടിക്കൊടുത്തിട്ടുണ്ട്. മാത്രമല്ല, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹിക പുരോഗതി വളരെ മെച്ചപ്പെട്ടതുമാണ്. സംസ്ഥാന ജനസംഖ്യയുടെ 65 ശതമാനത്തോളം മറ്റു പിന്നാക്ക വിഭാഗങ്ങളിൽ പെടുന്നവരാണ്. അതിൽ 84 സമുദായങ്ങൾ പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിലും 83 സമുദായങ്ങൾ സാമൂഹികമായും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ (എസ്ഇബിസി) പട്ടികയിലും ഉൾപ്പെടുന്നു. കേരളത്തിലെ പിന്നാക്ക വിഭാഗങ്ങളിൽ പ്രമുഖർ ഈഴവ, മുസ്ലീം എന്നീ വിഭാഗങ്ങളാണ്. വിശ്വകർമ, ലത്തീൻ കത്തോലിക്കർ, ക്രിസ്ത്യാനികളായി പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതിക്കാർ, ഹിന്ദു നാടാർ, എസ്ഐയുസി നാടാർ, ധീവര എന്നിവരും സംസ്ഥാനത്തെ ജനസംഖ്യ കൂടുതലുള്ള മറ്റ് പിന്നാക്ക സമുദായങ്ങളിൽ ഉൾപ്പെടുന്നു.

പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, തൊഴിലവസര പദ്ധതികൾ, നൈപുണ്യ പരിശീലനം, പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സഹായം തുടങ്ങിയ വിവിധ പദ്ധതികൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമൂഹങ്ങളെ, പ്രത്യേകിച്ച് ഏറ്റവും ദുർബലരായ വിഭാഗങ്ങളെ കേന്ദ്രീകൃതമായ ഇടപെടലുകളിലൂടെയും പരിപാടികളിലൂടെയും ഉയർത്തിക്കൊണ്ടുവരുന്നതിന് വകുപ്പ് നിരവധി പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസ പദ്ധതികൾ**

വിദേശ സർവകലാശാലകളിൽ പഠിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ ഉൾപ്പെടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നിരവധി വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ നൽകുന്നു. ഒ.ബി.സി വിദ്യാർത്ഥികൾക്കും ഒ.ഇ.സി വിദ്യാർത്ഥികൾക്കും പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന എല്ലാത്തരം വിദ്യാഭ്യാസ സഹായങ്ങളും വരുമാന പരിധിയില്ലാതെ ലഭിക്കുവാൻ ഒ.ഇ.സി വിദ്യാർത്ഥികൾക്കും അർഹതയുണ്ട്. 2022-23-ൽ ഒ.ബി.സി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് നൽകിയ പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട 32,281 വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പും 38,550 വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പും നൽകിയിട്ടുണ്ട്.
- ഒ.ബി.സി വിഭാഗത്തിൽപ്പെട്ട 60,002 വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പും 1,49,107 വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പും നൽകിയിട്ടുണ്ട്.
- വിദേശ സർവകലാശാലകളിൽ ഉപരിപഠനത്തിനായി 36 വിദ്യാർത്ഥികൾക്ക് ഓവർസീസ് സ്കോളർഷിപ്പ് ലഭ്യമാക്കി. ഒരു വിദ്യാർത്ഥിക്ക് പരമാവധി 10.00 ലക്ഷം രൂപ വരെ സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്.

**തൊഴിൽദായക പദ്ധതികൾ**

പിന്നാക്ക വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനായി 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം', 'പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ഓട്ടോമൊബൈൽ മേഖലയിലെ തൊഴിലുകൾ ലഭ്യമാക്കൽ' എന്നീ പരിപാടികൾ നടപ്പിലാക്കുകയുണ്ടായി. മെഡിക്കൽ/ എൻജിനീയറിങ് പ്രവേശന പരീക്ഷ, സിവിൽ സർവീസ് പരീക്ഷ, യുജിസി/നെറ്റ്/ജെആർഎഫ്/ഗേറ്റ്/മാറ്റ്, മറ്റ് മത്സര പരീക്ഷകൾ എന്നിവയക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് പ്രശസ്ത സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പരിപാടിയിലൂടെ സാമ്പത്തിക സഹായം നൽകുകയുണ്ടായി. ഈ പദ്ധതി പ്രകാരം 2022-23 വർഷത്തിൽ, 1533 ഗുണഭോക്താക്കൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. 'പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ ഓട്ടോമൊബൈൽ വ്യവസായത്തിലെ തൊഴിലുകൾ ലഭ്യമാക്കൽ' എന്ന പദ്ധതിയിലൂടെ ഓട്ടോമൊബൈൽ, ലൊജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, പോളിമർ ടെക്നോളജി തുടങ്ങിയ മേഖലകളിൽ തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നു. ഈ പദ്ധതിയിലൂടെ 2022-23-ൽ 397 വ്യക്തികൾക്ക് പ്രയോജനം ലഭിക്കുകയുണ്ടായി.

പിന്നാക്ക വിഭാഗങ്ങളിലെ പല സമുദായങ്ങളും മൺപാത്ര നിർമ്മാണം, മത്സ്യബന്ധനം, നെയ്ത്ത്, അലക്ക്, ക്ഷുരകം തുടങ്ങിയ പ്രത്യേക പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. മറ്റ് പിന്നാക്ക വിഭാഗക്കാർക്കിടയിലെ പരമ്പരാഗത തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൺപാത്ര തൊഴിലാളികൾ, ബാർബർഷോപ്പ് തൊഴിലാളികൾ, കരകൗശല വിദഗ്ധർ എന്നിവർക്ക് ധനസഹായം നൽകിവരുന്നു. ഈ പദ്ധതികൾ പ്രകാരം 2022-23 ൽ 70 മൺപാത്ര നിർമാണ തൊഴിലാളികൾക്കും 222 പരമ്പരാഗത ക്ഷുരകർക്കും സഹായം നൽകിയിട്ടുണ്ട്. പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങൾക്ക്,

പ്രത്യേകിച്ച് കരകൗശല വിദഗ്ധർക്ക് അവരുടെ ഉത്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി നൂതനമായ ടൂൾകിറ്റുകൾ വാങ്ങുന്നതിനു വകുപ്പ് സാമ്പത്തിക സഹായം നൽകുന്നുണ്ട്. 'നൈപുണ്യപരിശീലനവും പരമ്പരാഗത കരകൗശല വിദഗ്ധർക്കുള്ള ടൂൾകിറ്റ് ഗ്രാന്റും' എന്ന പദ്ധതിക്ക് കീഴിൽ 1712 പേർക്ക് നൈപുണ്യ വികസന പരിശീലനവും ടൂൾകിറ്റുകൾ വാങ്ങുന്നതിനുള്ള ധന സഹായവും നൽകുകയുണ്ടായി.

പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട കുംഭാരൻ, കുശവൻ, കുലാലൻ, ഓടൻ, വേളാൻ തുടങ്ങിയ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത മൺപാത്ര നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങൾ അധിവസിക്കുന്ന കേരളത്തിലെ ജനസാന്ദ്രതയേറിയ കുംഭാര കോളനികളുടെ ഉന്നമനം ലക്ഷ്യമിട്ടുള്ള ഒരു സമഗ്ര പദ്ധതിയാണ് 'കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം'. നിലവിൽ, ഈ സമുദായങ്ങൾ ധാരാളം സാമൂഹിക-സാമ്പത്തിക വെല്ലുവിളികൾ അഭിമുഖീകരിക്കുന്നുണ്ട്. അവരുടെ തൊഴിലിന് ആവശ്യമായിട്ടുള്ള വർക്ക് ഷെഡുകൾ, ചിമ്മിനികൾ, ആധുനിക ഉപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലും നിലവിൽ പലർക്കും ലഭ്യമല്ല.

ഈ അടിയന്തര പ്രശ്നങ്ങൾക്ക് പരിഹാരമായി, ശുദ്ധമായ കുടിവെള്ളം, വൈദ്യുതി, റോഡുകൾ, നടപ്പാതകൾ, കമ്മ്യൂണിറ്റി ഹാളുകൾ, ലൈബ്രറികൾ എന്നിവയുൾപ്പെടെയുള്ള അവശ്യ സേവനങ്ങൾ കുംഭാര കോളനികളിൽ ലഭ്യമാക്കുന്നതിനായിട്ടാണ് ഈ പരിപാടി ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ, ഈ പദ്ധതിയിൽ, മൺപാത്ര വ്യവസായത്തെ നവീകരിക്കുന്നതിനായി വർക്ക് ഷെഡുകൾ, ചിമ്മിനികൾ, അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി വാഹന സൗകര്യങ്ങൾ ലഭ്യമാക്കൽ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 50.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആദ്യഘട്ടമെന്ന നിലയിൽ തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനിയിൽ പദ്ധതി നടപ്പിലാക്കുകയും കോളനിയിൽ അടിസ്ഥാന സൗകര്യങ്ങളും പഗ് മില്ലും (മണ്ണ് കുഴയ്ക്കുന്ന യന്ത്രം) ഒരുക്കുന്നതിന് 1.00 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. ഇത് കോളനിയിൽ താമസിക്കുന്ന 85 പാവപ്പെട്ട കുടുംബങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുകയും ചെയ്തു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആകെ 731.19 കോടി രൂപ ചെലവഴിച്ചുകൊണ്ട് 23,49,815 ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നതിന് വകുപ്പിന് സാധിച്ചു. 2022-23ൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന് സംസ്ഥാന സർക്കാർ 161.44 കോടി രൂപ അനുവദിച്ചതിൽ, വകുപ്പ് 166.60 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2023-24 ൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന് 127.14 കോടി രൂപയാണ് അനുവദിച്ചത്. 2022-23, 2023-24 (2023 സെപ്റ്റംബർ 30 വരെ) വർഷങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ പരിപാടികളുടെ പദ്ധതി തിരിച്ചുള്ള വിഹിതം, ചെലവ്, ഭൗതികനേട്ടം എന്നിവ **അനുബന്ധം 8.2.43** ലും **അനുബന്ധം 8.2.44** ലും നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി) ലിമിറ്റഡ്

ദേശീയ ധനകാര്യ ഏജൻസികളായ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി), നാഷണൽ സഫായി കരംചാരീസ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് (എൻ.എസ്.കെ.എഫ്.ഡി) എന്നിവയുടെ സംസ്ഥാനതലത്തിലെ ഏകോപന ഏജൻസിയായി പ്രവർത്തിക്കുന്നത് കെ.എസ്.ബി.സി.ഡി.സി ആണ്. പിന്നാക്ക സമുദായങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം നൽകുക വഴി പിന്നാക്ക വിഭാഗങ്ങളിലെ ദാരിദ്ര്യവും പിന്നോക്കാവസ്ഥയും ഇല്ലാതാക്കുകയെന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പിന്നാക്ക വിഭാഗക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ കോർപ്പറേഷൻ ധനസഹായം നൽകിവരുന്നുണ്ട്. വിവാഹ ധനസഹായ പദ്ധതി, സ്വയംതൊഴിൽ, വിദ്യാഭ്യാസ വായ്പകൾ, മൈക്രോഫിനാൻസ്, വീട് നിർമാണം/അറ്റകുറ്റപ്പണി, വ്യക്തിഗത വായ്പ എന്നീ ക്ഷേമപദ്ധതികൾ കോർപ്പറേഷൻ തനത് ഫണ്ടും സംസ്ഥാന സർക്കാർ സഹായവും വിനിയോഗിച്ച് നടപ്പിലാക്കി വരുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ (2017-

**ബോക്സ് നം 8.2.9** കെടാവിളക്ക്- ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള മറ്റ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ്

2023-24 മുതൽ, പിന്നാക്ക വിഭാഗങ്ങളിലെ ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള സഹായം കേന്ദ്ര സർക്കാർ പിൻവലിച്ചിട്ടുണ്ട്. നിലവിൽ, ഒമ്പത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമാണ് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് നൽകുന്നത്. ഈ സാഹചര്യത്തിൽ , പിന്നാക്ക വിഭാഗങ്ങളിലെ ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നത് തുടരുന്നതിനായി സംസ്ഥാന സർക്കാർ 'ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള മറ്റ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ്' എന്ന പുതിയ പദ്ധതി ആവിഷ്കരിക്കുകയും അതിനായി 2500.00 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. പിന്നാക്ക വിഭാഗങ്ങളിലെ പാവപ്പെട്ട കുടുംബങ്ങളിലെ 1,60,000 വിദ്യാർത്ഥികൾക്ക് ഗുണകരമാകുന്നതാണ് ഈ പദ്ധതി.

2021) കെ.എസ്.ബി.സി.ഡി.സി 2727.21 കോടി രൂപ 2,77,539 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുണ്ടായി. കോർപ്പറേഷൻ സ്വന്തമായി പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നതിലൂടെയും സംസ്ഥാന സർക്കാരും ദേശീയ ധനകാര്യ ഏജൻസികളും സംഘടിപ്പിക്കുന്ന പ്രദർശന വ്യാപാര മേളകളിലൂടെയും അതിന്റെ ഗുണഭോക്താക്കൾക്ക് വിപണന അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു. കോർപ്പറേഷൻ ഒരു "ലോണേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട്" (എൽഡിആർഎഫ്) നടപ്പിലാക്കിയതിലൂടെ ഗുണഭോക്താവിന്റെ മരണം, സ്ഥിരമായ വൈകല്യം, അപകടം, അല്ലെങ്കിൽ വിട്ടുമാറാത്ത അസുഖം തുടങ്ങിയ ഘട്ടങ്ങളിൽ ഗുണഭോക്താവിനെയോ അവന്റെ കുടുംബത്തെയോ സഹായിക്കുന്നതിന് സാധിക്കുന്നു. പിന്നാക്ക വിഭാഗങ്ങളിലെ സ്ത്രീകൾക്ക് വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കോർപ്പറേഷൻ 'ന്യൂ സ്വർണിമ' പദ്ധതി നടപ്പിലാക്കുകയും അതുവഴി 65 സ്ത്രീകൾക്ക് 1.10 കോടി രൂപ വിതരണം ചെയ്യുകയുമുണ്ടായി. 2022-23 ൽ 795.00 കോടി രൂപയുടെ വായ്പ കോർപ്പറേഷൻ വിതരണം ചെയ്യുകയും അതുവഴി 67,722 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2023 സെപ്റ്റംബർ 5, വരെയുള്ള കണക്ക് അനുസരിച്ച് 283.00 കോടി രൂപ കോർപ്പറേഷൻ വിതരണം ചെയ്യുകയും അതുവഴി 20,782 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2022-23, 2023-24 (സെപ്റ്റംബർ 5, 2023 വരെ) വർഷങ്ങളിൽ കോർപ്പറേഷന്റെ ഇനം തിരിച്ചുള്ള ചെലവുകളും ഭൗതിക നേട്ടങ്ങളും **അനുബന്ധം 8.2.45** ൽ നൽകിയിരിക്കുന്നു. 2022-23, 2023-24 (സെപ്റ്റംബർ 5, 2023 വരെ) വർഷങ്ങളിലെ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ സാമ്പത്തിക നേട്ടങ്ങളും ഭൗതിക നേട്ടങ്ങളും **അനുബന്ധം 8.2.46** ൽ നൽകിയിരിക്കുന്നു. ഗ്രീൻ കാർഡ് ബെനിഫിറ്റ്, ലോണേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട് (എൽഡിആർഎഫ്), സബ്സിഡി ലിങ്ക്ഡ് ലോൺ സ്കീമുകൾ (റീ-ടേൺ ലോൺ സ്കീം, സ്റ്റാർട്ടപ്പ് ലോൺ സ്കീം) തുടങ്ങിയവയാണ് കോർപ്പറേഷന്റെ ചില മികച്ച പദ്ധതികൾ.

### കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്

ഇന്ത്യൻ കമ്പനീസ് ആക്ട് 1956 അനുസരിച്ച്, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ 1980-ലാണ് രൂപീകരിച്ചത്. പട്ടികജാതി വിഭാഗങ്ങളിൽ നിന്നും മറ്റ് ശുപാർശിത വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യൻ വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്തവരുടെ സാമൂഹ്യവും വിദ്യാഭ്യാസപരവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനവും അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതുമാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. സംസ്ഥാന സർക്കാരിൽ നിന്നും വാർഷികാടിസ്ഥാനത്തിൽ ലഭിക്കുന്ന ഓഹരി മൂലധന സഹായവും ഗ്രാന്റുകളും എൻ.ബി.സി.ഡി.എഫ്.സി-ൽ നിന്നു ലഭിക്കുന്ന വായ്പ സഹായവുമാണ് കോർപ്പറേഷന്റെ പ്രധാന ധനസ്രോതസ്സുകൾ. സ്വയം തൊഴിൽ വായ്പകൾ, പാർപ്പിട നിർമ്മാണത്തിനും നവീകരണത്തിനുമുള്ള വായ്പകൾ, വിവാഹ വായ്പ, കൃഷിയും അനുബന്ധമേഖലകളിലുമുള്ള സഹായം, ചെറുകിട കച്ചവട വായ്പകൾ, വിദ്യാഭ്യാസ വായ്പ തുടങ്ങിയവയാണ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന വായ്പ പദ്ധതികൾ. ഈ വായ്പാ പദ്ധതികൾക്ക് പുറമേ, ഇൻസെന്റീവ് ഗ്രാന്റ്, സ്പോട്ട് ദി ടാലന്റ്, കരിയർ ഗൈഡൻസ് പ്രോഗ്രാം, മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവീസ്, പിഎസ്.സി തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ് അസിസ്റ്റൻസ് തുടങ്ങിവയും ഈ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് കോർപ്പറേഷൻ നൽകുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ, ഈ വിഭാഗങ്ങളിലെ ദരിദ്രരായ വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനായി കോർപ്പറേഷൻ കുറഞ്ഞ പലിശ നിരക്കിൽ ഒരു വിദേശ വിദ്യാഭ്യാസ വായ്പ പദ്ധതി ആരംഭിച്ചു. കോർപ്പറേഷന്റെ നോൺ പെർഫോമിംഗ് അസറ്റ് (എൻപിഎ) നില കുറയ്ക്കുന്നതിനും വായ്പ തിരിച്ചടവ് വേഗത്തിലാക്കുന്നതിനുമായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചതിലൂടെ നേരത്തെയുണ്ടായിരുന്ന കോർപ്പറേഷന്റെ നഷ്ടം ഏറെക്കുറെ നികത്തുവാൻ സാധിച്ചു. 2022-23 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ 11.7 കോടി രൂപ ലോൺ റിക്കവറിയായി ശേഖരിക്കുകയുണ്ടായി.

2022-23ൽ കോർപ്പറേഷന് വിവിധ പദ്ധതികൾക്കായി 5.70 കോടി രൂപയാണ് അനുവദിച്ചത്. എന്നാൽ കോർപ്പറേഷൻ 10.33 കോടി രൂപ ചെലവഴിക്കുകയുണ്ടായി. കോർപ്പറേഷന് ലഭിച്ച വായ്പ തിരിച്ചടവിൽ നിന്നും വായ്പകൾ നൽകിയത് കാരണമാണ് അധിക ബിസിനസ്സ് ഉണ്ടായത്. 2018-19 മുതൽ 2023-24 വരെ (2023 സെപ്റ്റംബർ വരെ) സംസ്ഥാന സർക്കാർ സഹായത്തോടെയുള്ള വായ്പ പദ്ധതികൾ, അവ വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ എന്നിവ **അനുബന്ധം 8.2.47** ൽ നൽകുന്നു. കോർപ്പറേഷന്റെ ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.48** ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്

സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര മേഖലയുടെ ആധുനികവത്കരണം സാധ്യമാക്കുകയും അതുവഴി ഈ മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 2016-ൽ കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ, വിപണന ക്ഷേമ വികസന കോർപ്പറേഷൻ (കെ.എസ്.പി.എം.എം.ഡബ്ല്യു.ഡി.സി) രൂപീകരിച്ചത്. എന്നാൽ കോർപ്പറേഷന്റെ ശരിയായ പ്രവർത്തനം 2020-21 ൽ മാത്രമാണ് ആരംഭിച്ചത്. മൺപാത്ര നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള വായ്പ, വിപണനത്തിനുള്ള വായ്പ, വിവാഹ സഹായ വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയം സഹായക സംഘങ്ങൾക്കുള്ള വായ്പ എന്നിവ കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പരിപാടികളിൽ

ഉൾപ്പെടുന്നു. വിവിധ പ്രദർശന വിപണന മേളകളിൽ കോർപ്പറേഷന് സ്റ്റാളുകളും മൊബൈൽ മാർക്കറ്റിംഗ് യൂണിറ്റുകളും ഉണ്ടായിരുന്നു. നിലവിൽ, കോർപ്പറേഷൻ പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ മൺപാത്ര നിർമാണ യൂണിറ്റുകളിൽ നിന്ന് മൺപാത്ര ഉൽപന്നങ്ങൾ സംഭരിച്ച് കാർഷിക സർവകലാശാല, അഗ്രോ ബസാർ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്ക് വിതരണം ചെയ്തുവരുന്നു. 2022-23 ൽ വിവിധ പ്രവർത്തനങ്ങൾക്കായി കോർപ്പറേഷൻ 14.95 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

### ന്യൂനപക്ഷ ക്ഷേമം

പൗരൻമാരുടെ സമത്വത്തിനും മതം, ഭാഷ, സംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ ന്യൂനപക്ഷ സമുദായങ്ങളുടെ അവകാശ സംരക്ഷണത്തിനും ഇന്ത്യൻ ഭരണഘടന ഊന്നൽ നൽകിയിട്ടുണ്ട്. ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ചുള്ള 1992 ലെ യുഎൻ പ്രഖ്യാപനത്തിലെ ആർട്ടിക്കിൾ (1) അടിവരയിടുന്നു, "സംസ്ഥാനങ്ങൾ അതത് പ്രദേശങ്ങളിലെ ന്യൂനപക്ഷങ്ങളുടെ അസ്തിത്വവും ദേശീയ അല്ലെങ്കിൽ വംശീയ, സാംസ്കാരിക, മത, ഭാഷാ സ്വത്വവും സംരക്ഷിക്കുകയും അവരുടെ ഉന്നമനത്തിനായുള്ള പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടതാണ്." 2011-ലെ സെൻസസ് പ്രകാരം, ഇന്ത്യയിലെ ജനസംഖ്യയുടെ 79.8 ശതമാനം പേർ ഹിന്ദുമതവും, 14.2 ശതമാനം പേർ ഇസ്ലാം മതവും, 2.3 ശതമാനം പേർ ക്രിസ്തു മതവും, 1.7 ശതമാനം പേർ സിഖ് മതവും, 0.7 ശതമാനം പേർ ബുദ്ധമതവും, 0.4 ശതമാനം പേർ ജൈന മതവും. 0.006 ശതമാനം പേർ പാഴ്സി മതവുമാണ് പിന്തുടരുന്നത്. സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങിയ മാനവ വികസന സൂചകങ്ങളിൽ ഇന്ത്യ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, രാഷ്ട്രത്തിന്റെ വികസനത്തിന്റെ നേട്ടങ്ങൾ എല്ലാ മത വിഭാഗങ്ങളിലെ ജനങ്ങൾക്കും സാമൂഹിക വിഭാഗങ്ങൾക്കും തുല്യമായി ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

സംസ്ഥാന ജനസംഖ്യയുടെ 45 ശതമാനത്തോളം (26.56% മുസ്ലീങ്ങൾ, 18.38% ക്രിസ്ത്യാനികൾ, 0.014% ബുദ്ധർ, 0.013% ജൈനർ, 0.011% സിഖുകളും പാഴ്സികളും) ന്യൂനപക്ഷങ്ങളാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 29, 30 എന്നിവയിൽ വിഭാവനം ചെയ്യുന്ന ന്യൂനപക്ഷ അവകാശങ്ങൾക്ക് അവർ അർഹരാണ്. ഈ ന്യൂനപക്ഷ വിഭാഗങ്ങളിൽ മുസ്ലീങ്ങൾ, ലത്തീൻ കാത്തോലിക്കർ, പരിവർത്തിത ക്രിസ്ത്യാനികൾ, നവ ബുദ്ധിസ്റ്റുകൾ എന്നിവരെ കേരളത്തിലെ പിന്നാക്ക സമുദായങ്ങളായി കണക്കാക്കുന്നു. മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, ബുദ്ധമതക്കാർ, സിഖുകാർ, ജൈന മതക്കാർ, പാഴ്സികൾ എന്നിങ്ങനെ വിജ്ഞാപനം ചെയ്യപ്പെട്ട ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി 2008-ൽ സർക്കാരിന്റെ കീഴിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമവകുപ്പ് ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സഹായം, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി, ന്യൂനപക്ഷ സമുദായങ്ങളിലെ വിധവകൾ/ വിവാഹമോചിതർ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കുള്ള ഭവന പദ്ധതി, പി.എം.ജെ.വി.കെ (പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം), വിവാഹപൂർവ്വ കൗൺസിലിംഗ് എന്നിവയാണ് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ. വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഭൗതിക നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

- പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പിഎംജെവികെ) പദ്ധതി വഴി 216.55 കോടി രൂപയുടെ 97 പദ്ധതികൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. 2022-23 ൽ പദ്ധതിക്കായി മൊത്തം 40.00 കോടി രൂപ വകയിരുത്തിയതിൽ 6.75 കോടി രൂപ ചെലവഴിക്കുകയുണ്ടായി.
- സംസ്ഥാനത്തുടനീളമുള്ള വിവിധ ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളിലൂടെ വകുപ്പ് ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പിഎസ്സി/ യുപിഎസ്സി/സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ/ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്/ബാങ്കിംഗ് മേഖലയിലെ മത്സര പരീക്ഷകൾക്കായി സൗജന്യ പരിശീലനം നൽകുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ 37,470 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും അവരിൽ 2,837 വിദ്യാർത്ഥികൾക്ക് സംസ്ഥാന-കേന്ദ്ര സർക്കാരുകളിൽ സ്ഥിരം ജോലി ലഭിക്കുകയും ചെയ്തു. 2022-23 ൽ 11,294 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും അവരിൽ 581 വിദ്യാർത്ഥികൾക്ക് സംസ്ഥാന-കേന്ദ്ര സർക്കാരുകളിൽ സ്ഥിരം ജോലി ലഭിക്കുകയും ചെയ്തു.
- ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾ/ വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കുള്ള ഇമ്പിച്ചി ബാവ പാർപ്പിടം/ നവീകരണ പദ്ധതിക്ക് 500.00 ലക്ഷം രൂപ അനുവദിച്ചു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 747 പൂർത്തീകരിക്കപ്പെടാത്ത വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 241 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.
- 'ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണം' എന്ന പദ്ധതി വഴി ഏകദേശം 1000 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

### 2022–23 ൽ നൽകിയിട്ടുള്ള പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ

- സിഎ/സിഎംഎ/സിഎസ്, യുജിസി, സിഎസ്ഐആർ, നെറ്റ്, എൻടിഎസ്ഇ, ജിഎസ്ടിയിൽ പിജി ഡിപ്ലോമ തുടങ്ങിയ കോഴ്സുകൾക്കുള്ള പരിശീലനത്തിനായി 1196 ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി.
- സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് 4248 വിദ്യാർത്ഥികൾക്കും സിവിൽ സർവീസ് കോച്ചിംഗ് ഫീസ് റീഇംബേഴ്സ്മെന്റ് 55 ന്യൂനപക്ഷ വിദ്യാർത്ഥികൾക്കും നൽകി.
- 73 ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിൽ പഠിക്കുന്നതിനുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശയിനത്തിലുള്ള തുക തിരികെ നൽകി.

- ന്യൂനപക്ഷ വിദ്യാർത്ഥികൾക്കിടയിൽ നൈപുണ്യ പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിനായി അംഗീകൃത ഐടിസികളിൽ സാങ്കേതിക കോഴ്സുകളോ ട്രേഡുകളോ പഠിക്കുന്ന 3960 വിദ്യാർത്ഥികൾക്ക് ഫീസ് തിരിച്ചടവ് നൽകി.
- സർക്കാർ/സർക്കാർ-എയ്ഡഡ് പോളിടെക്നിക് കോളേജുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്ന 411 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി.
- നഴ്സിംഗ് ഡിപ്ലോമ/പാരാ മെഡിക്കൽ കോഴ്സുകൾ പഠിക്കുന്ന 388 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി.
- ന്യൂനപക്ഷ വിഭാഗങ്ങളിലെ 9000 യുവതീയുവാക്കൾക്ക വിവാഹത്തിനു മുമ്പുള്ള കൗൺസിലിംഗും സോഫ്റ്റ് സ്കിൽ ഡെവലപ്മെന്റും നൽകിയിട്ടുണ്ട്.

**പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം–പിഎംജെവികെ**

വികസന വിടവുകൾ നിലനിൽക്കുന്നതായി കണ്ടെത്തിയ പ്രദേശങ്ങളിലെ സാമൂഹിക സാമ്പത്തിക വികസനത്തിനായി ആ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ പദ്ധതികൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. നിലവിലുണ്ടായിരുന്ന ബഹുമേഖലാ വികസന പരിപാടികൾ എന്ന പദ്ധതിയെ ന്യൂനപക്ഷ കാര്യ മന്ത്രാലയം 2018-19 ൽ പുന:സംഘടിപ്പിച്ച് കേന്ദ്ര, സംസ്ഥാന വിഹിതങ്ങളുടെ അനുപാതം 60:40 എന്ന തോതിൽ മാറ്റി പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ) എന്ന് പുനർ നാമകരണം ചെയ്യുകയുണ്ടായി. പുതുക്കിയ പിഎംജെവികെ പദ്ധതി പ്രകാരം ന്യൂനപക്ഷ ജനസംഖ്യ 25% കൂടുതലുള്ളതായി കണ്ടെത്തിയ പ്രദേശങ്ങളിൽ (15 K.M ചുറ്റളവിൽ) ഇപ്പോൾ പദ്ധതി നടപ്പിലാക്കാവുന്നതാണ്. വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യ വികസനം എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളാണ് പിഎംജെവികെയുടെ കീഴിൽ ഏറ്റെടുക്കുന്ന പദ്ധതികളിൽ പ്രധാനമായും ഉൾപ്പെടുന്നത്, കൂടാതെ ന്യൂനപക്ഷ സമുദായങ്ങളുടെയും നിയുക്ത പ്രദേശത്ത് താമസിക്കുന്ന മറ്റ് സമുദായങ്ങളുടെയും സാമൂഹിക-സാമ്പത്തിക, ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതികളും ഇതിൽ ഉൾപ്പെടുന്നുണ്ട്. 2022-23 ൽ പദ്ധതിക്കായി മൊത്തം 40.00 കോടി രൂപ വകയിരുത്തിയതിൽ 6.75 കോടി രൂപ ചെലവഴിക്കുകയുണ്ടായി. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, സ്കൂളുകളിൽ അധിക ക്ലാസ് മുറികളുടെയും ടോയ്‌ലറ്റ് ബ്ലോക്കുകളുടെയും നിർമ്മാണം എന്നിവയൊക്കെ പദ്ധതിയുടെ ഭൗതിക നേട്ടങ്ങളിൽ ഉൾപ്പെടുന്നു. ഈ പദ്ധതിക്ക് കീഴിൽ പൂർത്തീകരിച്ച പ്രവർത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.49** ൽ നൽകിയിരിക്കുന്നു.

സംസ്ഥാന സർക്കാർ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി 2022-23 ൽ മൊത്തം 76.01 കോടി രൂപ വകയിരുത്തിയതിൽ 31.36 കോടി രൂപ (41.26%) ചെലവഴിച്ചു. 2023-24 ൽ 76.01 കോടി രൂപ സർക്കാർ വകയിരുത്തുകയുണ്ടായി. വകുപ്പ് 2022-23, 2023-24 (സെപ്റ്റംബർ 5 2023 വരെ) നടപ്പിലാക്കിയ പദ്ധതികളുടെ വിഹിതം, ചെലവ്, ഭൗതിക സാമ്പത്തിക നേട്ടങ്ങൾ എന്നിവ **അനുബന്ധം 8.2.50** ലും **അനുബന്ധം 8.2.51** ലും നൽകിയിരിക്കുന്നു.

**കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്**

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധമതക്കാർ, ജൈനർ, സിഖ്, പാഴ്സി തുടങ്ങിയ ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 2013 മാർച്ച് 22 ന് സ്ഥാപിതമായ ഒരു സർക്കാർ കമ്പനിയാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ. സ്വയംതൊഴിൽ വായ്പ, ബിസിനസ്സ് വികസന വായ്പ, വിദ്യാഭ്യാസ വായ്പ, വിസയ്ക്കുള്ള വായ്പ, പ്രവാസി വായ്പ, ജീവനക്കാർക്കുള്ള വിവിധോദ്ദേശ വായ്പ, മദ്രസ്സ/പൊതുവിഭാഗ അദ്ധ്യാപകർക്കുള്ള ഭവനവായ്പ മുതലായവയാണ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ.

കോർപ്പറേഷൻ നടപ്പിലാക്കുന്ന 'സുമിത്രം' വിവിധോദ്ദേശ വായ്പ പദ്ധതിയിൽ വിവാഹ വായ്പ, ചികിത്സാ വായ്പ, കോവിഡ്-19 രോഗവുമായി ബന്ധപ്പെട്ട വായ്പ എന്നിവ ഉൾപ്പെടുന്നു. 2022-23 ൽ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട 875 ഗുണഭോക്താക്കൾക്ക് കോർപ്പറേഷൻ 53.17 കോടി രൂപ വായ്പയായി വിതരണം ചെയ്തു. 2023-24 ൽ (സെപ്റ്റംബർ 5, 2023 വരെ), 183 പേർക്ക് ഇതിനോടകം 14.19 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ സാമ്പത്തിക, ഭൗതിക നേട്ടങ്ങൾ **അനുബന്ധം 8.2.52** ൽ നൽകിയിരിക്കുന്നു.

**മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം**

കേരളത്തിലെ മുന്നാക്ക സമുദായങ്ങളിൽ 19 ക്രിസ്ത്യൻ സമുദായങ്ങൾ ഉൾപ്പെടെ 168 സമുദായങ്ങൾ ഉൾപ്പെടുന്നു. ഇവർ ഏതെങ്കിലും തരത്തിലുള്ള ജാതി അടിസ്ഥാനമാക്കിയുള്ള സംവരണത്തിന്റെ പരിധിക്ക് പുറത്താണ്. 2012 നവംബർ 8-ന് സംസ്ഥാന സർക്കാർ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചു. കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരവും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തികൊണ്ട് അവരുടെ സമഗ്ര വികസനവും ക്ഷേമവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കോർപ്പറേഷൻ സ്ഥാപിതമായത്.

കേരള സർക്കാരിൽ നിന്ന് ഗ്രാന്റ്-ഇൻ എയ്ഡായി ലഭിക്കുന്ന തുക ഉപയോഗിച്ച് കോർപ്പറേഷൻ വിദ്യാസമുന്നതി മെറിറ്റ് സ്കോളർഷിപ്പുകൾ, വിദ്യാസമുന്നതി കോച്ചിംഗ് അസിസ്റ്റൻസ്, സംരംഭ സമുന്നതി ടേം ലോൺ സഹായം, നൈപുണ്യ സമുന്നതി-നൈപുണ്യ സംരംഭകത്വ വികസനം, മംഗല്യസമുന്നതി, ജീർണിച്ച അഗ്രഹാരങ്ങളുടെയും വീടുകളുടെയും നവീകരണം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. സാധാരണക്കാർക്ക് ന്യായമായ നിരക്കിൽ ഗുണമേന്മയുള്ള ഭക്ഷണം തയ്യാറാക്കി നൽകുക എന്ന ഉദ്ദേശത്തോടെ മുന്നാക്ക

സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകളുടെ കുട്ടത്തരവാദിത്വ സംഘങ്ങളിലൂടെ കെഎസ്ഡബ്ല്യുസിഎഫ്.സി 'സമുന്നതി ശുശനില മിനി കഫേ' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചു. ഈ പരിപാടിക്ക് കീഴിൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ 52 ശുശനില മിനി കഫേകൾ ആരംഭിച്ചിട്ടുണ്ട്. സ്വയംതൊഴിലും സംരംഭക പ്രവർത്തനങ്ങളും പ്രോത്സാഹി പ്പിക്കുന്നതിനായി കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ തൊഴിലില്ലാത്ത അംഗങ്ങളുടെ സ്വയംതൊഴിൽ/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് കൊടുക്കുന്ന വായ്പകൾക്ക് കോർപ്പറേഷൻ 3 ശതമാനം പലിശ സബ്സിഡി നൽകുന്നു. കോർപ്പ റേഷന്റെ വിവിധ ഘടകങ്ങളുടെ ഭൗതിക നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- പ്രീ-മെട്രിക് പഠനത്തിനും പോസ്റ്റ്-മെട്രിക് പഠനത്തിനുമായി 19,059 വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പ് നൽകി.
- മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ, ബാങ്ക് ടെസ്റ്റുകൾ, സിവിൽ സർവീസ് പരീക്ഷകൾ എന്നിവയ്ക്ക് പരിശീലനം നേടുന്നതിനു 555 വിദ്യാർത്ഥികൾക്ക് കോച്ചിംഗ് സഹായം നൽകിയിട്ടുണ്ട്.
- 1843 വ്യക്തികൾക്ക് വായ്പ എടുത്തതിനുള്ള പലിശ സബ്സിഡി നൽകി.
- 'നൈപുണ്യ സംരംഭകത്വ വികസന പരിപാടി'ക്ക് കീഴിൽ 357 കുട്ടത്തരവാദിത്വ സംഘങ്ങൾ, 12 വ്യക്തികൾ, 28 ശുശനില മിനി കഫേകൾ എന്നിവർക്ക് സഹായം നൽകിയിട്ടുണ്ട്.
- 198 പെൺകുട്ടികളുടെ വിവാഹത്തിനായി ധന സഹായം നൽകി.

2022-23 ൽ വിവിധ പരിപാടികൾക്കായി 38.05 കോടി രൂപ കോർപ്പറേഷന് അനുവദിച്ചതിൽ 22.56 കോടി രൂപ ചെലവഴിക്കുകയുണ്ടായി (59.42%). 2023-24 ൽ കോർപ്പറേഷന് 38.05 കോടി രൂപ അനുവദിച്ചു. 2022-23, 2023-24 വർഷങ്ങളിൽ (2023 സെപ്റ്റംബർ 5 വരെ) കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതി കളുടെ ഭൗതിക, സാമ്പത്തിക നേട്ടങ്ങൾ **അനുബന്ധം 8.2.53** ൽ നൽകിയിരിക്കുന്നു.

# 8.3 സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ

സാമൂഹിക സുരക്ഷ, പൗരന്മാരുടെ ക്ഷേമം എന്നീ ആശയങ്ങൾ കേരള സർക്കാർ അതിന്റെ അടിസ്ഥാന തത്വങ്ങളായി വിഭാവനം ചെയ്യുന്നു. ഒരു നല്ല ജീവിതം നയിക്കുന്നതിനായി അവശ്യ വസ്തുക്കൾ ലഭ്യമാകാത്തവർക്ക് മാനുഷിക അന്തസ്സ്, സാമൂഹ്യ സാമ്പത്തിക നീതി, തുല്യമായ ധനവിനിയോഗം, പൊതു ഉത്തരവാദിത്വങ്ങൾ എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് സാമൂഹിക സാമ്പത്തിക ഉന്നമനത്തിന്റെ സംരക്ഷണവും പ്രോത്സാഹനവും നൽകുന്നതിൽ സർക്കാർ പ്രധാന പങ്ക് വഹിക്കുന്നു. ദാരിദ്ര്യത്തിനെതിരായ പോരാട്ടത്തിന്റെയും മനുഷ്യ ക്ഷേമത്തിന്റെയും ഒരു പ്രധാന നയ ഉപകരണമാണിത്. സാമൂഹിക സുരക്ഷാ നടപടികൾ എല്ലാവർക്കും ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും പിന്തുണ നൽകുമെന്ന് മാത്രമല്ല, മറ്റുള്ളവർക്ക് മാനസിക സുരക്ഷയും നൽകുന്നു. സാമൂഹ്യക്ഷേമ പരിപാടികളിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വിശാലവും വൈവിധ്യപൂർണ്ണവുമായ സർക്കാർ പരിപാടികൾ ഉൾപ്പെടുന്നു. ഇവ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും, പ്രത്യേകിച്ച് ദരിദ്രരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുള്ളവയുമാണ്.

കേരളത്തിന്റെ വികസന മാതൃക, വികസന പ്രക്രിയയിലെ സമത്വത്തിന്റെയും നീതിയുടെയും തത്വങ്ങളെ പ്രതിനിധീകരിക്കുന്നു, കൂടാതെ തെരഞ്ഞെടുത്ത ജീവിത നിലവാര സൂചികകളിൽ വികസിത രാജ്യങ്ങൾക്ക് തുല്യമായി സാമൂഹിക ക്ഷേമം കൈവരിക്കുന്നതിൽ കേരളം വിജയിക്കുകയും ചെയ്തു. ആരോഗ്യം, പോഷകാഹാരം, സാന്ത്വന പരിചരണം, വിദ്യാഭ്യാസം, പരിശീലനം, തൊഴിൽ, ഉപജീവനം എന്നിവയിലും മറ്റ് മേഖലകളിലും സംസ്ഥാനം പ്രത്യേക ഇടപെടലുകൾ നടത്തുകയും അതുവഴി രാജ്യത്തിന്റെ സമ്പൂർണ ക്ഷേമത്തിനായി ജനങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക വികസന പുനരധിവാസ പദ്ധതികൾ എന്നിവയിലൂടെ ലക്ഷ്യം വച്ചിട്ടുള്ളവരെ പിന്തുണയ്ക്കുന്നതിനും ശാക്തീകരിക്കുന്നതിനും അവരുടെ സാമൂഹിക സംരക്ഷണം ഉറപ്പാക്കുന്നതിലും കേരളം ഗണ്യമായ പുരോഗതി കൈവരിച്ചു. പ്രായമായവർ, ഭിന്നശേഷിക്കാർ, വിധവകൾ തുടങ്ങിയവർക്ക് സാമൂഹിക സുരക്ഷാ പെൻഷനുകൾ സ്ഥിരവരുമാനം നൽകുന്നു. വിവിധ വിഭാഗങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സംസ്ഥാന സർക്കാരാണ് കാര്യക്ഷമമായ രീതിയിൽ പെൻഷൻ വിതരണം നടത്തുന്നത്.

സാമൂഹ്യക്ഷേമം എന്നത് സംസ്ഥാന സർക്കാരിന്റെ അടിസ്ഥാന പ്രതിബദ്ധതയാണ്. സാമൂഹിക സുരക്ഷയും, ക്ഷേമ പരിപാടികളും നടപ്പിലാക്കുന്നതിന് നേതൃത്വം വഹിക്കുന്നത് സാമൂഹിക നീതി വകുപ്പും വനിതാ ശിശു വികസന വകുപ്പും, ഈ വകുപ്പുകൾക്ക് കീഴിലുള്ള ഏജൻസികളുമാണ്. ഈ ഏജൻസികളുടെ പ്രധാന പ്രവർത്തനങ്ങൾ **അനുബന്ധം:8.3.1**ൽ നൽകിയിരിക്കുന്നു. മുതിർന്നവർ, ഭിന്നശേഷിക്കാർ, സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെൻഡർ എന്നിവർക്ക് സർക്കാർ ഏജൻസികൾ നല്കുന്ന പരിചരണവും സാമ്പത്തിക പിന്തുണയുമാണ് ഈ അദ്ധ്യായത്തിൽ കൈകാര്യം ചെയ്യുന്നത്. കേരളത്തിലെ സാമൂഹ്യസുരക്ഷാ

പരിപാടികളെ സ്ഥാപന പരിചരണമെന്നും സാമൂഹിക സഹായ പദ്ധതികൾ എന്നും രണ്ടായി തരം തിരിക്കാവുന്നതാണ്.

### സ്ഥാപനപരമായ പരിചരണം

സർക്കാരും സർക്കാരിതര സംഘടനകളും (എൻജിഒകൾ) ജനസംഖ്യയിലെ ദുർബല വിഭാഗങ്ങൾക്ക് സ്ഥാപനപരമായ പരിചരണം നൽകുന്നു. സാമൂഹ്യനീതിവകുപ്പും, വനിതാ ശിശു വികസന വകുപ്പുമാണ് ഈ മേഖലയിലെ സർക്കാർ സ്ഥാപനങ്ങൾ നടത്തുന്നത്. സാമൂഹ്യനീതി വകുപ്പിന് (എസ്ജെഡി) കീഴിൽ മുതിർന്ന പൗരന്മാർക്കായി 16 ക്ഷേമ സ്ഥാപനങ്ങളും ഭിന്നശേഷിക്കാർക്കായി 15 ക്ഷേമ സ്ഥാപനങ്ങളുമുണ്ട്. വനിതാ ശിശു ക്ഷേമ വകുപ്പ് (ഡബ്ല്യുസിഡി) സ്ത്രീകൾക്കും കുട്ടികൾക്കുമായി 64 സ്ഥാപനങ്ങൾ നടത്തുന്നു. കെയർ ഹോമുകളുടെ പട്ടിക 8.3.1ൽ നൽകിയിരിക്കുന്നു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഹോമുകളിലെ ആകെ അനുവദനീയമായ അന്തേവാസികളുടെ എണ്ണം 4,304 ഉം, ആകെ അന്തേവാസികൾ 2814 ഉം ആണ്. ചില സ്ഥാപനങ്ങളിലെ അനുവദനീയമായ അന്തേവാസികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ താമസക്കാരുടെ എണ്ണം കുറവാണ്. മരണം സംഭവിക്കുന്നതുമൂലവും, ബന്ധുക്കളോടൊപ്പം തിരികെ പോകുന്നതു മൂലവും പുതിയ ആളുകൾ വരുന്നതുമൂലവുമാണ് അന്തേവാസികളുടെ എണ്ണത്തിൽ വ്യത്യാസമുണ്ടാകുന്നത്. 2022-2023 കാലയളവിൽ സാമൂഹ്യ നീതി വകുപ്പിനും വനിതാ ശിശുക്ഷേമ വകുപ്പിനും കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം: 8.3.2** ൽ നൽകിയിരിക്കുന്നു.

ഈ വകുപ്പുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളും കെയർ ഹോമുകൾ നടത്തുന്നുണ്ട്. 2022-2023 കാലയളവിൽ സാമൂഹ്യനീതി വകുപ്പിനു കീഴിലും വനിതാശിശു വികസന വകുപ്പിനു കീഴിലും രജിസ്റ്റർ ചെയ്ത എല്ലാ ക്ഷേമസ്ഥാപനങ്ങളിലെയും അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം: 8.3.3** ൽ നൽകിയിരിക്കുന്നു. 2022-23 കാലയളവിൽ ഈ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എല്ലാ ക്ഷേമസ്ഥാപനങ്ങളിലെയും ആകെ അന്തേവാസികൾ 50,191 ആണ്. വൃദ്ധസദനങ്ങളിലാണ് ഏറ്റവും കൂടുതൽ അന്തേവാസികളുള്ളത്-25,330 അന്തേവാസിൾ. രണ്ടാമത് കൂടുതൽ വരുന്നത് ഭിന്നശേഷിക്കാരുടെ സ്ഥാപനത്തിലാണ്-12,440 അന്തേവാസികൾ. ഫൗണ്ടലിംഗ് ഹോമുകളിലാണ് ഏറ്റവും കുറവ് അന്തേവാസികൾ-318 അന്തേവാസികൾ.

### സാമൂഹ്യ സഹായ പരിപാടികൾ

സാമൂഹ്യസുരക്ഷാ പെൻഷൻ കർഷകത്തൊഴിലാളികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർ, വിധവകൾ എന്നിവർക്കുള്ള പെൻഷൻ പദ്ധതികളാണ് സംസ്ഥാന സർക്കാരിന്റെ പ്രധാന പെൻഷൻ പദ്ധതികൾ. ഒരു ഗുണഭോക്താവിനുള്ള ക്ഷേമ പെൻഷൻ 2016 ൽ 600 രൂപയായിരുന്നത് 2021 ൽ 1,600 രൂപയായി വർദ്ധിപ്പിച്ചു. 2015-16 ൽ 34 ലക്ഷമായിരുന്ന സാമൂഹിക സുരക്ഷാ പെൻഷൻകാരുടെ എണ്ണം 2022 ഒക്ടോബറിൽ 52.38 ലക്ഷമായി ഉയർന്നു. 2023 നവംബർ മാസത്തിൽ ഇത് 46.77 ലക്ഷമാണ്. ഇതുകൂടാതെ വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകളും അർഹതപ്പെട്ടവർക്ക് നൽകി വരുന്നു. 2015 ഏപ്രിൽ മാസം മുതൽ തുക ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡിബിടി) ആയി വിതരണം ചെയ്തു വരുന്നു. 51.75 ശതമാനം ഗുണഭോക്താക്കൾക്കും ബാങ്ക് ട്രാൻസ്ഫർ ആയി പെൻഷൻ ലഭിക്കുന്നു. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് പ്രാഥമിക സഹകരണ സംഘങ്ങളുടെ ഒരു വലിയ ശൃംഖലയിലൂടെ വിജയകരമായി നടപ്പിലാക്കിയ 'വീടുകളിൽ നേരിട്ട് നൽകുന്ന' രീതിയിലൂടെയാണ് പെൻഷൻ നൽകിയത്. ഗുണഭോക്താക്കൾ അവരുടെ ആരോഗ്യരീതിയും സൗകര്യവും അനുസരിച്ച് പെൻഷൻ വാങ്ങൽ രീതി തെരഞ്ഞെടുക്കുന്നു. 2023 നവംബർ മാസം വരെയുള്ള കണക്കനുസരിച്ച് ആകെ 46.77 ലക്ഷം പെൻഷൻകാരിൽ 29.45 ലക്ഷം പേരും (63 ശതമാനം) സ്ത്രീകളാണ്. 56.5 ശതമാനം ഗുണഭോക്താക്കളും വാർദ്ധക്യ പെൻഷനും 27 ശതമാനം വിധവ പെൻഷനും, 7.8 ശതമാനം ഭിന്നശേഷി പെൻഷൻകാരും 7 ശതമാനം കർഷകത്തൊഴിലാളി പെൻഷൻകാരുമാണ്. അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 81,377 ഗുണഭോക്താക്കൾക്ക് നൽകുന്നു. ജില്ല തിരിച്ച് നോക്കിയാൽ ഏറ്റവും കൂടുതൽ ഗുണഭോക്താക്കളുള്ളത് മലപ്പുറത്തും ഏറ്റവും കുറവ് വയനാട്ടുമാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.3.4** ൽ നൽകിയിരിക്കുന്നു.

ഭിന്നശേഷിക്കാർക്കായുള്ള പരിചരണ പ്രവർത്തനങ്ങൾ ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ, വൈകല്യം ഒരു വ്യക്തിയുടെ ശരീരഘടനയിലെ വൈകല്യമോ, ശാരീരികമോ മാനസികമോ ആയ പ്രവർത്തന വൈകല്യമോ, പ്രവർത്ത നങ്ങളിലേർപ്പെടുന്നതിനുള്ള പരിമിതിയോ അല്ലെങ്കിൽ ദിനംപ്രതിയുള്ള സാധാരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള തടസ്സമോ ആണ്. ദൃശ്യമായതോ അദൃശ്യമായതോ, ജന്മനായുള്ളതോ അല്ലെങ്കിൽ പിന്നീട് സംഭവിക്കുന്നതോ ആയ വൈകല്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 1995 ലെ ഭിന്നശേഷി നിയമത്തിന് കീഴിലുള്ള ഏഴ് തരം വൈകല്യങ്ങൾക്കുപരി വിവിധങ്ങളായ 21 തരം വൈകല്യങ്ങളെ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ (ആർപിഡബ്ല്യുഡി) നിയമം, 2016 വ്യവസ്ഥ ചെയ്യുന്നു. കേരളത്തിൽ, സാമൂഹ്യനീതി വകുപ്പ്, 2015-ൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ഒരു ഭിന്നശേഷി സെൻസസ് നടത്തിയിരുന്നു. അതനുസരിച്ച് ലഭിച്ച വൈകല്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 8.3.5–** ൽ നൽകിയിരിക്കുന്നു. ഭിന്നശേഷി സെൻസസ് പ്രകാരം ഭിന്നശേഷിശേഷിക്കാരുടെ എണ്ണം 7,93,937 ആണ്. ഇത് സംസ്ഥാനത്തെ മൊത്തം ജനസംഖ്യയായ 3,42,54,086 ന്റെ 2.32% ആണ്. അതായത്, കേരളത്തിലെ 8.66% വീടുകളിലും ഭിന്നശേഷിയുള്ളവരുണ്ടെന്ന് സെൻസസിൽ കണ്ടെത്തുകയുണ്ടായി. വൈകല്യങ്ങളുടെ 22 വിഭാഗങ്ങളിൽ, ലോക്കോമോട്ടർ വൈകല്യമാണ് 32.89% ശതമാനത്തോടെ ഏറ്റവും മുന്നിൽ നിൽക്കുന്നത്.

ഈ വൈകല്യത്തിന്റെ വ്യാപനം 10000 പേർക്ക് 78 എന്ന ക്രമത്തിലാണ്. ഒന്നിലധികം വൈകല്യങ്ങൾ ഉള്ള വിഭാഗം രണ്ടാം സ്ഥാനത്താണ്, അതായത് 1,37,441 പേർ (17.31 ശതമാനം) ആണ്. ഈ വിഭാഗം വൈകല്യത്തിന്റെ വ്യാപനം 10,000 പേർക്ക് 41 എന്ന ക്രമത്തിലാണ്. വൈകല്യത്തിന്റെ 22 വിഭാഗങ്ങളിൽ ഏറ്റവും കുറവ് കാണപ്പെടുന്നത് മൾട്ടിപ്പിൾ സ്ക്ലിറോസിസ് ആണ്. സംസ്ഥാനത്ത് ആകെ 515 പേർക്ക് മാത്രമാണ് ഈ വൈകല്യം ഉള്ളത്.

**പട്ടിക 8.3.1** സർക്കാർ ക്ഷേമ സ്ഥാപനങ്ങൾ

| ക്രമ നം | സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| **സാമൂഹ്യനീതി വകുപ്പ്** | | |
| 1 | വൃദ്ധസദനങ്ങൾ | 16 |
| 2 | ആശാഭവനങ്ങൾ | 6 |
| 3 | എച്ച്എംഡിസി | 1 |
| 4 | പ്രത്യാശ ഭവൻ | 1 |
| 5 | പ്രതീക്ഷാഭവൻ | 1 |
| 6 | ശാരീരിക വൈകല്യമുള്ളവർക്കുള്ള വീട് | 3 |
| 7 | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള കെയർ ഹോം | 1 |
| 8 | തൊഴിൽ പരിശീലന കേന്ദ്രങ്ങൾ | 2 |
| 9 | പ്രിയ ഹോം | 1 |
| 10 | ട്രാൻസിറ്റ് ഹോം | 1 |
| **വനിതാ ശിശുവികസന വകുപ്പ്** | | |
| 1 | ഗവ.ചിൽഡ്രൻസ് ഹോം | 16 |
| 2 | സർക്കാർ ഒബ്സർവേഷൻ ഹോം | 8 |
| 3 | സർക്കാർ സ്പെഷ്യൽ ഹോം | 2 |
| 4 | സുരക്ഷിതമായ സ്ഥലം | 1 |
| 5 | മഹിളാമന്ദിരം | 12 |
| 6 | ആഫ്റ്റർ കെയർ ഹോം | 3 |
| 7 | റെസ്ക്യൂ ഹോം | 1 |
| 8 | ഷോർട്ട് സ്റ്റേ ഹോം | 1 |
| 9 | എൻട്രി ഹോം | 13 |
| 10 | ഇന്റഗ്രേറ്റഡ് കെയർ സെന്റർ | 1 |
| 11 | മോഡൽ ഹോം & SOS മോഡൽ ഹോം | 4 |
| 12 | തേജോമയ ആഫ്റ്റർ കെയർ ഹോം | 1 |
| 13 | മാനസികാരോഗ്യത്തിനുള്ള ഹോം | 1 |

അവലംബം: സാമൂഹിക നീതി വകുപ്പും വനിതാ ശിശു വികസന വകുപ്പും

2016-ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമ പ്രാബല്യത്തിലൂടെ, ഭിന്നശേഷിക്കാരുടെ (PWD) അവകാശങ്ങളെ കുറിച്ചുള്ള ഐക്യരാഷ്ട്ര കൺവെൻഷന്റെ ഓപ്ഷണൽ പ്രോട്ടോക്കോൾ പ്രാബല്യത്തിൽ വന്നു. വൈകല്യമുള്ളവരുടെ ആവശ്യങ്ങളോടുള്ള അവകാശാധിഷ്ഠിത സമീപനം ഇത് ഉയർത്തിപ്പിടിക്കുന്നു. RPWD ആക്ട് 2016-ന്റെ നിയമനിർമ്മാണത്തെത്തുടർന്ന്, സംസ്ഥാന ഗവൺമെന്റ് ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവർക്ക് മറ്റുള്ളവരുമായുള്ള അന്തരം നികത്തുന്നതിനുമുള്ള പുതിയ പദ്ധതികൾ ആരംഭിച്ചു. തടസ്സരഹിത കേരളം പദ്ധതി, വ്യക്തിഗത പരിചരണ പദ്ധതി, വൈകല്യങ്ങൾക്കായുള്ള സംസ്ഥാനത്തിന്റെ സംരംഭങ്ങൾ എന്നിവ ഇതിനായി ഏറ്റെടുത്ത പദ്ധതികളിൽപ്പെടുന്നു. ഭിന്നശേഷിക്കാർക്ക് ഗുണമേന്മയുള്ള പരിചരണവും പിന്തുണയും നൽകുന്ന സർക്കാർ ഇതര സംഘടനകളുടെ പരിശ്രമങ്ങളെ സർക്കാർ പിന്തുണയ്ക്കുന്നു. സംസ്ഥാന സർക്കാർ സർവീസുകളിൽ ഭിന്നശേഷിക്കാർക്ക് ഒഴിവുകളുടെ 4 ശതമാനം സംവരണം ചെയ്യുതും അത്തരം സംവരണത്തിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്താൻ കഴിഞ്ഞതും ഈ മേഖലയിലെ മറ്റൊരു നാഴികക്കല്ലായിരുന്നു. 2030 ലെ സുസ്ഥിര വികസന അജണ്ട, യുഎൻ ആഗോള പ്രതിബദ്ധതാ പ്രോട്ടോക്കോളുകൾക്ക് അനുസൃതമായി ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ, കാഴ്ചപ്പാടുകൾ, ക്ഷേമം എന്നിവയുടെ ആവശ്യകത തിരിച്ചറിയുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

### അംഗപരിമിതർക്കുള്ള മേഖലയിൽ സംസ്ഥാന സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളും ഏജൻസികളും

സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് സാമൂഹ്യനീതി ഡയറക്ടറേറ്റ്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM) ഒരു മിഷൻ മോഡിൽ പ്രത്യേക പരിപാടികൾ നടപ്പിലാക്കുകയും, കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. സംസ്ഥാന കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (എസ്.സി.പി.ഡബ്ല്യു.ഡി), ഭിന്നശേഷി മേഖലയിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും സ്റ്റേക്ക് ഹോൾഡർമാർക്കും സമൂഹത്തിനും ബോധവൽക്കരണം, ബോധവൽക്കരണ ക്യാമ്പുകൾ, അദാലത്തുകൾ, ഭിന്നശേഷിക്കാർക്ക് സൗജന്യ നിയമസഹായം എന്നിവ നൽകുകയും ഗവേഷണ-വികസനപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന ഒരു അർദ്ധ ജുഡീഷ്യൽ സ്ഥാപനമാണ്.

### നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്)

പ്രാരംഭ ഇടപെടൽ, വൈകല്യമുള്ളവരുടെ വിദ്യാഭ്യാസം, അവർക്കു വേണ്ട പുനരധിവാസ സേവനങ്ങൾ, കഴിവുകൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ എന്നിവ ഉൾപ്പെടെ വൈകല്യത്തിന്റെയും പുനരധിവാസത്തിന്റെയും മേഖലയിൽ പ്രവർത്തിക്കുന്ന, ദേശീയ പ്രശസ്തി നേടിയ ഒരു സ്ഥാപനമാണ് നിഷ്. വൈകല്യമുള്ളവർക്ക് ഉപരിപഠനത്തിനുള്ള മികച്ച അന്തരീക്ഷവും ഈ സ്ഥാപനം പ്രദാനം ചെയ്യുന്നു. BSc .കമ്പ്യൂട്ടർ സയൻസ് (HI), ബാച്ചിലേഴ്സ് ഇൻ ഫൈൻ ആർട്സ് (HI), ബി.കോം (HI), എം.എസ്.സി ഓഡിയോളജി, എം.എസ്.സി സ്പീച്ച് ലാംഗ്വേജ് പാത്തോളജി എന്നിങ്ങനെ ബധിരർക്കും കേൾവിക്കുറവുള്ളവർക്കും മാത്രമായി വിവിധ ബിരുദ കോഴ്സുകൾ നിഷ് നടത്തുന്നു. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസുമായി

(KUHS) അഫിലിയേറ്റ് ചെയ്തു കൊണ്ട് ബാച്ചിലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി (BOT) പ്രോഗ്രാം 2020-ൽ സ്ഥാപനം ആരംഭിക്കുകയുണ്ടായി. 2022-23-ൽ നിഷ് വിവിധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. അവയിൽ പ്രാരംഭ ഇടപെടൽ പരിപാടിയിൽ 3107 വിദ്യാർത്ഥികൾ പങ്കെടുത്തു. ഓഡിയോളജി വിഭാഗത്തിൽ 14649 കേസുകളും, സ്പീച്ച്-ലാംഗ്വേജ് പാത്തോളജി വിഭാഗങ്ങളിൽ 4792 കേസുകളും, മെഡിക്കൽ, സൈക്കോളജി, അനുബന്ധ സേവനങ്ങളിൽ 7404 കേസുകളും കൈകാര്യം ചെയ്തു. 2022-23-ൽ നിഷ് നടപ്പിലാക്കിയ അക്കാദമിക് പരിപാടികളിലൂടെ 507 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു.

**കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ**

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ. കാഴ്ച വൈകല്യം, ശ്രവണ-സംസാര വൈകല്യം, ചലന വൈകല്യം, മാനസിക വൈകല്യം തുടങ്ങിയവ നേരിടുന്നവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും വേണ്ടി വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുകയും പ്രോത്സാഹിപ്പിക്കുകയും, നടപ്പിലാക്കുകയും ചെയ്യുക, പ്രസ്തുത വിഭാഗക്കാർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായവും നൽകുക എന്നിവയാണ് സ്ഥാപനത്തിന്റെ ലക്ഷ്യം.
2022-23-ൽ കോർപ്പറേഷൻ മുഖേന നൽകിയ സേവനങ്ങൾ ഇവയെല്ലാമാണ്-

- 1,124 പേർക്ക് വിവിധ ഭിന്നശേഷി സൗഹൃദ ഉപകരണങ്ങളുടെ വിതരണം
- 300 ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിലിനുള്ള വായ്പ വിതരണം
- "ഹസ്തദാനം" പദ്ധതിയിലൂടെ 236 കുട്ടികൾക്ക് സ്ഥിരനിക്ഷേപമായി 20,000 രൂപയുടെ ധനസഹായം
- സ്വയം തൊഴിൽ ലോൺ ലഭ്യമാക്കുന്നതിന് ജാമ്യം ഒന്നും തന്നെ നൽകാനില്ലാത്ത ഭിന്നശേഷിക്കാരായ 73 പേർക്ക് 25,000 രൂപ നിരക്കിൽ ധനസഹായം.
- ലോട്ടറി ടിക്കറ്റ് വിൽപ്പന ആരംഭിക്കുന്നതിന് 89 പേർക്ക് 5,000 രൂപ നിരക്കിലുള്ള സാമ്പത്തിക സഹായം
- ഭിന്നശേഷിക്കാരായ 13 പേർക്ക് മോട്ടോറൈസ്ഡ് സ്കൂട്ടർ സബ്സിഡിയായി 15,000 രൂപ നൽകി.
- ഭിന്നശേഷിക്കാരായ 507 എസ്എസ്എൽസി, ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്ക് 5000 രൂപ നിരക്കിൽ കാഷ് അവാർഡ് നൽകി.

**ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംസ്ഥാന കമ്മീഷണറേറ്റ്**

പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി ആക്ടിന്റെ സെക്ഷൻ 63 പ്രകാരം, ഒരു സിവിൽ കോടതിയുടെ അധികാരം വിനിയോഗിക്കാൻ കഴിയുന്ന ഒരു അർദ്ധ ജുഡീഷ്യൽ ബോഡിയാണ് സംസ്ഥാനതലത്തിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന കമ്മീഷണറേറ്റ്. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി രൂപകൽപ്പന ചെയ്ത വിവിധ പരിപാടികളുടെയും, പദ്ധതികളുടെയും മേൽനോട്ടം, ബോധവൽക്കരണ ക്യാമ്പുകളും അദാലത്തുകളും സംഘടിപ്പിക്കുക, ഭിന്നശേഷിക്കാർക്ക് സൗജന്യ നിയമസഹായം നൽകുക, അവരുടെ പുനരധിവാസത്തിനായി ഗവേഷണവും വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുക തുടങ്ങിയവയാണ് കമ്മീഷണറേറ്റിന്റെ പ്രവർത്തനങ്ങൾ.

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ)**

ഭിന്നശേഷിക്കാരുടെ പരിചരണത്തിന്റെയും, പുനരധിവാസത്തിന്റെയും മികവിന്റെ കേന്ദ്രമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (നിപ്മർ). പ്രാരംഭ ഇടപെടൽ, തെറാപ്പി, അക്കാദമിക് പരിപാടികൾ തുടങ്ങിയ പതിവ് പ്രവർത്തനങ്ങൾക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവ ഉൾപ്പെടെയുള്ള പങ്കാളികളുമായി ചേർന്ന് നിരവധി പ്രോജക്ടുകളും സ്ഥാപനം നടപ്പിലാക്കുന്നു. ബാച്ചിലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി (ബോട്ട്) കോഴ്സ്, ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കെയർഗിവിംഗ് എന്നിവയാണ് എൻഐപിഎംആർ നടത്തുന്ന അക്കാദമിക് പ്രോഗ്രാമുകൾ. മെഡിക്കൽ, ചികിത്സാ സേവനങ്ങൾ നൽകുന്നതിനായി ഈ സ്ഥാപനത്തിന് വിവിധ ചികിത്സാ വകുപ്പുകളും യൂണിറ്റുകളും ഉണ്ട്. ഡെവലപ്മെന്റൽ ആൻഡ് ബിഹേവിയറൽ പീഡിയാട്രിക്സ് വകുപ്പിന് കീഴിൽ രക്ഷാകർത്താക്കൾക്കായുള്ള പ്രത്യേക പരിശീലനവും ശാക്തീകരണ പരിപാടിയിലൂടെ (സ്റ്റെപ്സ്) പ്രാരംഭ ഇടപെടലുകൾക്കും ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷാകർത്താക്കളെ ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. "റിഹാബ് ഓൺ വീൽസ്" എന്ന മൊബൈൽ ഔട്ട്റീച്ച് പദ്ധതിയിലൂടെ, പ്രത്യേകം രൂപകൽപ്പന ചെയ്ത ലോ ഫ്ലോർ ബസുകൾ ഉപയോഗിച്ച് ഫീൽഡ് തലത്തിൽ ആവശ്യമായ ഇടപെടലുകൾ, വിലയിരുത്തൽ, ആരോഗ്യ സംരക്ഷണം, സഹായകരമായ പരിഹാരങ്ങൾ എന്നിവ നിപ്മർ നടത്തി വരുന്നു. ഭിന്നശേഷിക്കാർക്ക് ഗതാഗത സൗകര്യത്തിനായി "വീൽ ട്രാൻസ്" എന്ന പദ്ധതിയും സ്ഥാപനം നടത്തിവരുന്നു. നിപ്മറിന് കീഴിലുള്ള സെന്റർ ഫോർ മൊബിലിറ്റി ആൻഡ് അസിസ്റ്റീവ് ടെക്നോളജിയിലൂടെ (സി-മാറ്റ്), ഭിന്നശേഷിക്കാരുടെ ചലനത്തിന് സഹായകമാകുന്ന ഉപകരണങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. സുഷുമ്ന നാഡിക്ക് പരിക്കേറ്റവരെ പുനരധിവസിപ്പിക്കുന്ന യൂണിറ്റാണ് മറ്റൊരു പ്രധാന സംരംഭം. സുഷുമ്ന നാഡിക്ക് പരിക്കേറ്റവരെ പുനരധിവസിപ്പിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ഇത് വളരെ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

**സാമൂഹ്യനീതി ഡയറക്ടറേറ്റ്–** പാർശ്വവത്കരിക്കപ്പെട്ടവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു. ഗുണഭോക്താക്കൾക്കുള്ള പ്രധാന

പരിപാടികൾ പട്ടിക 8.3.2ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ജീവനോപാധി എന്നിവയ്ക്ക് ധനസഹായം നൽകിക്കൊണ്ട് സാമൂഹികനീതി വകുപ്പ് ഭിന്നശേഷിക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നു. വിശദ വിവരങ്ങൾ **പട്ടിക 8.3.2** ൽ കൊടുത്തിരിക്കുന്നു.

### കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (കെ.എസ്.എസ്.എം)

യൂണിവേഴ്സൽ ഡിസെബിലിറ്റി ഐഡന്റിറ്റി കാർഡ് (യുഡിഐഡി) നൽകുന്നതിനുള്ള നോഡൽ ഏജൻസിയാണ് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ. ഭിന്നശേഷിക്കാരായ മുഴുവൻ ആളുകൾക്കും ഭിന്നശേഷി സർട്ടിഫിക്കറ്റും യുഡിഐഡി കാർഡും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനായി സംസ്ഥാനത്തുടനീളം ഭിന്നശേഷി സർട്ടിഫിക്കേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. അത് വഴി 91,511 യുഡിഐഡി കാർഡുകൾ വിതരണം നടത്തി. 100 ശതമാനം കാഴ്ച വൈകല്യമുള്ളവർ, കാൻസർ, സെറിബ്രൽ പാൾസി, ഓട്ടിസം, മാനസികരോഗം, ബൗദ്ധിക വൈകല്യങ്ങൾ എന്നിവയാൽ ബുദ്ധിമുട്ടുന്ന മുഴുവൻ സമയ പരിചരണം ആവശ്യമുള്ള രോഗികൾ, കിടപ്പിലായ വയോജനങ്ങൾ എന്നിവരെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിലൂടെ കെ.എസ്സ്.എസ്സ്.എം പ്രതിമാസം 600 രൂപ സഹായം നൽകുന്നു. വൈകല്യങ്ങൾ തടയുന്നതിനും പ്രാരംഭ ഇടപെടലുകൾ നടത്തുന്നതിനും, അവയെ കൈകാര്യം ചെയ്യുന്നതിനുമായി ഒരു സംഘടിത ശൃംഖലാ സമ്പ്രദായവും സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിനുള്ള തന്ത്രപരമായ ചട്ടക്കൂട്, ഇടപെടലുകൾ, ഏകീകൃത പദ്ധതി എന്നിവ ഉൾക്കൊള്ളുന്ന ഒരു കുടക്കീഴിൽ വരുന്ന പദ്ധതിയാണ് അനുയാത്ര. 5 മെഡിക്കൽ കോളേജുകളിൽ സ്ഥാപിതമായ റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകളും (REICs) വൈകല്യങ്ങളുടെ പ്രാരംഭ നിർണ്ണയം ഉറപ്പാക്കുന്നതിനും ഉചിതമായ സേവനങ്ങൾ നൽകുന്നതിനുമായി സ്ഥാപിച്ചിട്ടുള്ള ജില്ലാ ഏർലി ഇന്റർവെൻഷൻ സെന്ററുകളും (DEIC) അനുയാത്രയിൽ ഉൾപ്പെടുന്നു. ശ്രവണവൈകല്യം കൈകാര്യം ചെയ്യുന്നതിനുള്ള ഒരു ജീവിതചക്ര സമീപനമാണ് കാതോരം പദ്ധതി.

നവജാത ശിശുക്കളുടെ യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗിൽ 1,10,244 നവജാതശിശുക്കളെ പരിശോധിക്കുകയും 6965 പേരെ വിശദമായ രോഗനിർണയത്തിനായി ശുപാർശ ചെയ്യുകയും ചെയ്തു. ശ്രുതിതരംഗം പദ്ധതിയിലൂടെ സംസ്ഥാനത്ത് സൗജന്യമായി 109 കോക്ലിയർ ഇംപ്ലാന്റ് സർജറി നടത്തി, പ്രത്യേക അങ്കണവാടി പദ്ധതിയിലൂടെ വളർച്ചാ മുരടിപ്പുള്ള 1,343 കുട്ടികൾക്ക് സഹായം നൽകി. ഇതിൽ 338 കുട്ടികളും റഗുലർ സ്കൂളുകളിൽ ചേർന്നു. ഭിന്നശേഷിക്കാർക്ക് സ്ഥിരമായ സേവനങ്ങളും തെറാപ്പിയും നൽകുന്നതിനായി മൊബൈൽ ഇടപെടൽ യൂണിറ്റുകൾ സ്ഥാപിക്കുകയും 1,34,151 കുട്ടികൾക്ക് ഇതിന്റെ സേവനം ലഭിക്കുകയും ചെയ്തു. റീജിയണൽ എർലി ഇന്റർവെൻഷൻ സെന്ററുകൾക്ക് കീഴിൽ വളർച്ചാമുരടിപ്പും വൈകല്യവുമുള്ള 27,783 കുട്ടികൾക്ക് പിന്തുണ ലഭിച്ചു. ഓട്ടിസം സെന്ററുകളുടെ സേവനം 33,260 കുട്ടികൾക്ക് ലഭിച്ചു. NIPMR-ലെ റീജിയണൽ ഓട്ടിസം പുനരധിവാസ, ഗവേഷണ കേന്ദ്രത്തിന്റെ സേവനം 2102 കുട്ടികൾക്ക് പ്രയോജനപ്പെട്ടു.

### ഇൻക്ലൂസീവ് എഡ്യൂക്കേഷനുമായി ബന്ധപെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനുള്ള സമഗ്രതയ്ക്ക് പേരുകേട്ടതാണ്. സ്കൂളുകളിൽ വിവിധ തെറാപ്പികൾ നടത്തുന്നതിനായി റിസോഴ്സ് ടീച്ചറും ജീവനക്കാരും കൂടാതെ റിസോഴ്സ് സെന്ററും പ്രവർത്തിക്കുന്നുണ്ട്. ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾക്ക് കീഴിൽ ഓരോ ഉപജില്ലയിലും ഒരു റിസോഴ്സ് സെന്റർ പ്രവർത്തിക്കുന്നു. പ്രത്യേക വൈകല്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള മാതൃകാ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിന് ചില ജനറൽ സ്കൂളുകളെ ശക്തിപ്പെടുത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള മോഡൽ ഇൻക്ലൂസീവ് സ്കൂൾ പ്രോഗ്രാമും വകുപ്പ് നടപ്പിലാക്കുന്നു. മാനസിക വൈകല്യമുള്ള കുട്ടികൾക്ക് പരിചരണം നൽകുന്ന സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ, കുടിവെള്ളത്തിനും, വൈദ്യസഹായത്തിനുമുള്ള സൗകര്യങ്ങൾ തുടങ്ങിയവയ്ക്കായി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു. സ്പെഷ്യൽ സ്കൂളുകളിലെ അധ്യാപകരുടെ പ്രവർത്തനശേഷി വർധിപ്പിക്കുന്നതിനും വകുപ്പ് സഹായം നൽകുന്നുണ്ട്. ഓട്ടിസം ബാധിച്ച കുട്ടികളുടെ പെരുമാറ്റത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ടും അവരുടെ സാമൂഹിക പങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ടും ആശയ വിനിമയ നിലവാരം ഉയർത്തിക്കൊണ്ടും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി ഓട്ടിസം പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.

### മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് ബൗദ്ധിക വൈകല്യമുള്ളവർക്ക് പ്രത്യേക വിദ്യാഭ്യാസം, പരിശീലനം, പുനരധിവാസ സേവനങ്ങൾ എന്നിവ നൽകുന്നു. ബൗദ്ധിക വൈകല്യമുള്ള കുട്ടികൾക്കായി പ്രത്യേക സ്കൂളുകൾ, ക്ലിനിക്കൽ സേവനങ്ങൾ, ഫിസിയോതെറാപ്പി സെന്റർ, ഏർലി ഇന്റെർവെൻഷൻ സെന്റർ, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രം, പ്രത്യേക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഡിപ്ലോമ കോഴ്സുകൾ എന്നിങ്ങനെ ബൗദ്ധിക വൈകല്യ മേഖലയിൽ വിവിധ സേവനങ്ങൾ സ്ഥാപനം നല്കുന്നു. മേൽപ്പറഞ്ഞ പദ്ധതികളിൽ 4,000 ഗുണഭോക്താക്കൾക്കായി 40 സാമൂഹികാധിഷ്ഠിത രക്ഷാകർതൃ പരിശീലനം നടത്തി. പ്രാരംഭ ഇടപെടൽ മാതൃകാ പരിപാടി 1,700 കുട്ടികൾക്കും, 376 വിദ്യാർത്ഥികൾക്ക് ഓമെന്റേഷനും ഡോക്യുമെന്റേഷനും പ്രയോജനം ചെയ്തു.

**പട്ടിക 8.3.2** സാമൂഹ്യനീതി വകുപ്പിന്റെ 2022-23ലെ പ്രധാന പരിപാടികൾ

| പദ്ധതി | വിഭാഗം/മാനദണ്ഡം | ഗുണഭോക്താക്കളുടെ എണ്ണം | ആകെ തുക |
|---|---|---|---|
| പരിണയം | ഭിന്നശേഷിയുള്ള പെൺകുട്ടികൾക്കും ഭിന്നശേഷിക്കാരുടെ പെൺമക്കൾക്കും വിവാഹധന സഹായം | 520 | 1,56,00,000 |
| സ്കോളർഷിപ്പ് | കുടുംബ വാർഷിക വരുമാനം 36,000 രൂപയിൽ താഴെയുള്ള ഭിന്നശേഷിക്കാരായ (40% ഭിന്നശേഷിയുള്ള) വിദ്യാർത്ഥികൾ. | * | 88,500 |
| മാതൃജ്യോതി | ഭിന്നശേഷിക്കാരായ അമ്മമാർക്ക് അവരുടെ കുഞ്ഞിനെ പരിപാലിക്കാൻ | 80 | 21,85,031 |
| വിദ്യാകിരണം | 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ഭിന്നശേഷിക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം | 6079 | 3,00,73,150 |
| വിദ്യാ ജ്യോതി | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം സഹായം | 177 | 4,01,685 |
| സ്വാശ്രയ | ഭിന്നശേഷിയുള്ള കുട്ടികളുള്ള സിംഗിൾ മദറിന് സ്വയം തൊഴിലിനായി | 49 | 17,10,000 |
| വിജയാമൃതം | ബിരുദം/തത്തുല്യ കോഴ്സുകൾ, പിജി/ പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ ഉയർന്ന മാർക്ക് നേടിയ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ | 36 | 3,09,139 |
| നിരാമയ ഇൻഷുറൻസ് സ്കീം | ഓട്ടിസം, സെറിബ്രൽ പാർസി, മാനസ്സിക വൈകല്യം, ഒന്നിലധികം ഭിന്നശേഷിയുള്ളവർക്കുള്ള ഇൻഷുറൻസ് പദ്ധതി | 77359 | 1,61,98,212 |
| ഇംപ്രെസ്റ്റ് മണി | പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെട്ട അനാഥരുടെ പുനരധിവാസം | * | 1,32,583 |
| പരിരക്ഷ | അടിയന്തര ചികിൽസകൾക്കും പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോഴും ഭിന്നശേഷിക്കാർക്കുള്ള സാമ്പത്തിക സഹായം | 50 | 15,33,199 |
| പ്രത്യാശ | പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികളെ സ്വന്തം സംസ്ഥാനങ്ങളിലേക്ക് തിരിച്ചയക്കൽ. എംഎച്ച്സികളിലും മറ്റ് പുനരധിവാസ കേന്ദ്രങ്ങളിലും ഇതര സംസ്ഥാന അന്തേവാസികളുടെ പുനരധിവാസം | 64 | 11,71,800 |
| സഹചാരി | വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിലും മറ്റ് പാഠ്യേതര പ്രവർത്തനങ്ങളിലും സഹായം | 12 | 1,54,060 |
| സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് | സൈക്കോ സോഷ്യൽ പദ്ധതിക്ക് കീഴിൽ സർക്കാർ അംഗീകാരത്തോടെ ആളുകളെ പുനരധിവസിപ്പിക്കുന്ന സ്ഥാപനങ്ങൾക്കുള്ള സഹായം | 42 | 4,93,64,000 |
| അതിജീവനം | പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷിക്കാരുടെ, പുനരധിവാസം ഉറപ്പാക്കുന്നതിനായി സർക്കാർ ഇതര സംഘടനകളുമായുള്ള സഹകരണം | 13 | 1,40,67,262 |
| ബാരിയർ ഫ്രീ കേരള | ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ, പൊതു സ്ഥലങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ഐടി അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയവ ഭിന്നശേഷി സൗഹൃദമാക്കുക | * | 4,50,70,332 |

ഉറവിടം: സാമൂഹ്യനീതി വകുപ്പ്,
* വിവരം ലഭ്യമല്ല

**തൊഴിൽ വകുപ്പ്**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി ഒരു പുനരധിവാസ പാക്കേജ് തൊഴിൽ വകുപ്പ് നൽകുന്നു. ഇതനുസരിച്ച് (കൈവല്യ) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 50,000 രൂപ വായ്പ നൽകുകയും, തൊഴിൽ അവസരങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സോഫ്റ്റ് സ്കിൽ പരിശീലനം തുടങ്ങിയവയും നൽകുന്നു. 2022-23 ൽ 2.47 കോടി രൂപ വിതരണം ചെയ്യുതിലൂടെ 277 ഭിന്നശേഷിക്കാർക്ക് കൈവല്യ പദ്ധതിയുടെ പ്രയോജനം ലഭിച്ചു. തൊഴിൽരഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ട/ വിവാഹമോചിതരായ/അവിവാഹിതരായ സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിയുള്ള സ്ത്രീകൾ, കിടപ്പിലായവരുടെ ഭാര്യമാർ എന്നീ വിഭാഗങ്ങളിലെ താഴ്ന്ന വരുമാനക്കാരായ സ്ത്രീകൾക്കുള്ള മറ്റൊരു സ്വയം തൊഴിൽ പദ്ധതിയാണ് 'ശരണ്യ'. അർഹതയുള്ള ഗുണഭോക്താക്കൾക്ക് പലിശ രഹിത വായ്പയും 50 ശതമാനം സബ്സിഡിയും ഈ പദ്ധതിയിലൂടെ നൽകുന്നു.

**പ്രായമായവർക്കുള്ള പരിചരണം**

കേരളത്തിലെ വയോജന ജനസംഖ്യാനുപാതം മറ്റേത് ഇന്ത്യൻ സംസ്ഥാനത്തെക്കാളും കൂടുതലാണ്. കേരളത്തിന്റെ ഉയർന്ന സാമൂഹിക പുരോഗതിയുടെ ഫലമായി കൈവരിച്ച കുറഞ്ഞ പ്രത്യുല്പാദന നിരക്ക്, കുറഞ്ഞ മരണനിരക്ക്, വർദ്ധിച്ച ആയുർദൈർഘ്യം എന്നിവ മൂലം കേരളം ഒരു നിർണ്ണായക

ഘട്ടത്തിലൂടെ കടന്നുപോകുന്നതായി ജനസംഖ്യാ പ്രവണത കാണിക്കുന്നു. ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ വയോജന ജനസംഖ്യ പ്രതിഫലിപ്പിക്കുന്നു. എന്നിരുന്നാലും വയോജനങ്ങളുടെ ജനസംഖ്യ വർദ്ധിച്ചതോടെയുള്ള ജനസംഖ്യാപരമായ ഈ മാറ്റം മൂലം സംസ്ഥാനത്തും കുടുംബത്തിലും മുതിർന്നവർക്കും ചില വെല്ലുവിളികൾ നേരിടേണ്ടിവന്നു.

കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും കുറഞ്ഞു വരുന്ന മാനസിക-സാമൂഹിക വൈകാരിക പിന്തുണ, ആരോഗ്യ പ്രശ്നങ്ങൾ, ചൂഷണം, വയോജന സൗഹൃദമില്ലായ്മ, ഡിജിറ്റൽ വിഭജനം, തൊഴിലവസരങ്ങളുടെ ലഭ്യതക്കുറവ്, അപര്യാപ്തമായ സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ, ഏകാന്തത എന്നിവ ഉൾപ്പെടെയുള്ള ധാരാളം പ്രശ്നങ്ങൾ മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ വൃദ്ധജനങ്ങൾ നേരിടുന്നതിനാലാണ് വയോജനങ്ങൾ കൂടുതലായും ജനസംഖ്യയിലെ ദുർബലവിഭാഗക്കാരായി മാറുന്നത്. ഇവയെ നേരിടുന്നതിനും മുൻകൂട്ടി ഇല്ലാതാക്കുന്നതിനും ആവശ്യമായ നയങ്ങളും നടപടികളും വയോജനക്ഷേമത്തിനായി സംസ്ഥാനം സജ്ജമാക്കേണ്ടതാണ്.

2007 ലെ മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പേരന്റ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് കാര്യക്ഷമമായി നടത്തുന്നതിനും വയോജന ങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിനും സംസ്ഥാന സർക്കാർ വളരെയധികം ശ്രദ്ധിക്കുന്നു. മെയിന്റനൻസ് ട്രിബ്യൂണലുകളെ ശക്തിപ്പെടുത്തുന്നതും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സർക്കാർ ഇതര സംഘടനകൾ എന്നിവയുമായി സഹകരിച്ച് വാതിൽപ്പടി സേവനം, സായംപ്രഭ ഹോമുകൾ- ഡേകെയർ സൗകര്യങ്ങൾ എന്നിവയുൾപ്പെടെയുള്ള സാമൂഹിക സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 2022-23 കാലയളവിൽ 54 ഡേ കെയർ സെന്ററുകൾക്കായി 53,62,007/- രൂപ ചെലവഴിച്ചു. എന്നിരുന്നാലും വാർദ്ധക്യത്തോടുള്ള സമൂഹത്തിന്റെയും മുതിർന്നവരുടെയും കാഴ്ചപ്പാടിൽ 'ആക്റ്റീവ് ഏജിംഗ്' എന്ന നിലയിൽ ഒരു മാറ്റത്തിനായി സംസ്ഥാന സർക്കാർ നിലകൊള്ളുന്നു. 2002-ലെ ലോകാരോഗ്യ സംഘടനയുടെ നയം അനുസരിച്ച്, ആളുകളുടെ പ്രായം കൂടുന്നതനുസരിച്ച് ജീവിതത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ആരോഗ്യം, പങ്കാളിത്തം, സുരക്ഷ എന്നിവയ്ക്കുള്ള അവസരങ്ങൾ ശരിയായ രീതിയിൽ വിനിയോഗിക്കുന്ന ഒരു പ്രക്രിയയായി 'സജീവമായ വാർദ്ധക്യത്തെ' നിർവചിച്ചിട്ടുണ്ട്. വയോജനങ്ങൾക്കായുള്ള പ്രവർത്തനങ്ങൾക്കായി നോഡൽ വകുപ്പെന്ന നിലയിൽ സാമൂഹ്യനീതി വകുപ്പ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, പ്രാദേശിക കമ്മ്യൂണിറ്റികൾ എന്നിവയുൾപ്പെടെ വയോജനങ്ങളുടെ പരിചരണത്തിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന മറ്റ് നിരവധി വകുപ്പുകളെയും ഏജൻസികളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കേണ്ടത് അനിവാര്യമാണ്.

താഴ്ന്ന വരുമാനക്കാരായ 26.44 ലക്ഷം മുതിർന്ന പൗരന്മാർക്ക് കേരള സർക്കാർ വാർദ്ധക്യ പെൻഷൻ നൽകുകയും അവരുടെ പരിചരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആരോഗ്യ പരിരക്ഷയും പാലിയേറ്റീവ്, ഹോം കെയർ സൗകര്യങ്ങളും നല്കുകയും ചെയ്യുന്നു. പ്രാദേശിക സർക്കാരുമായി സഹകരിച്ച് സാമൂഹികാടിസ്ഥാനത്തിലുള്ള പിന്തുണാ പരിപാടികളും ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും വയോമിത്രം പദ്ധതി പോലുള്ള നിരവധി പരിപാടികൾ സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനും ചേർന്ന് നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ വയോജനങ്ങൾക്ക് തുടർച്ചയായുള്ള വൈദ്യപരിശോധന ലഭിക്കുന്നു. 2022-23 കാലയളവിൽ 2,89,030 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രയോജനപ്പെട്ടു. വയോരക്ഷ, വയോക്ഷേമം എന്നീ പദ്ധതികളിലൂടെ പ്രായമായവർക്ക് ചികിത്സാ സേവനവും വിപുലമായ അടിയന്തര സഹായവും നൽകുന്നു.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും സർക്കാരിതര സംഘടനകളുടെയും മുതിർന്ന പൗരന്മാർക്കുള്ള സഹായ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഒരു അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. വയോജന സംരക്ഷണ ഹോമുകളുടെ പ്രത്യേകിച്ചും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന ഹോമുകളുടെ രജിസ്ട്രേഷൻ, പ്രവർത്തനം, നിരീക്ഷണം എന്നിവയ്ക്കായി വകുപ്പ് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം (എസ്ഒപി) തയ്യാറാക്കിവരുന്നു. സമൂഹത്തിലെ മുതിർന്നവരെ വിവിധ പരിപാടികളിലൂടെ സമൂഹവുമായി ഇടപഴകാനും അവരുടെ വ്യക്തിത്വവും ആത്മാഭിമാനവും നിലനിർത്താനും അവരുടെ അറിവും അനുഭവസമ്പത്തും സമൂഹത്തിന്റെ അത്യന്താപേക്ഷിതമായ വികസന ത്തിനായി പ്രയോജനപ്പെടുത്തുന്നതിനുമുള്ള പരിപാടികൾ തയ്യാറാക്കിവരുന്നു. വയോജന പരിപാലന പരിപാടികൾ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ മാനവവികസനം എന്ന അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ ക്ഷേമം**

2015-ൽ ട്രാൻസ്ജെൻഡർ (ടിജി) നയം പ്രഖ്യാപിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ട്രാൻസ്ജെൻഡർ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി മഴവില്ല് എന്ന പദ്ധതിക്കു കീഴിൽ സംസ്ഥാനം ട്രാൻസ്ജെൻഡറുകൾക്കായി പ്രത്യേക പരിപാടികൾ നടപ്പാക്കി വരുന്നു. തൊഴിലധിഷ്ഠിത പരിശീലനത്തിനുള്ള ധന സഹായം, ലിംഗമാറ്റ ശസ്ത്രക്രിയ (എസ്ആർഎസ്), എസ്ആർഎസിനു ശേഷമുള്ള ശസ്ത്രക്രിയകൾ, വിവാഹ സഹായം, സ്കോളർഷിപ്പുകൾ, പെൻഷൻ, ഇൻഷ്വറൻസ് എന്നീ പരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുന്നു. ട്രാൻസ്ജെൻഡറുകൾക്ക് സർക്കാർ ഐഡി കാർഡ് നൽകുകയും, TG സെൽ, ക്രൈസിസ്

മാനേജ്മെന്റ് സെന്റർ, 24x7 ഹെൽപ്പ്ലൈൻ എന്നിവ ആരംഭിക്കുകയും ചെയ്തു. ട്രാൻസ്ജെൻഡറുകളുടെ നൈപുണ്യ വികസനത്തിനും, പുനരധിവാസത്തിനുമുള്ള പ്രവർത്തനങ്ങൾ നടത്താൻ സർക്കാരിതര സംഘടനകളെയും സാമൂഹ്യാധിഷ്ഠിത സംഘടനകളെയും സംസ്ഥാന സർക്കാർ പ്രോത്സാഹിപ്പിക്കുന്നു. ട്രാൻസ്ജെൻഡറുകളോടുള്ള പൊതുജനങ്ങളുടെ മനോഭാവവും സമീപനവും മാറ്റുന്നതിനായി പൊതുജനങ്ങൾ, ട്രാൻസ്ജെൻഡർമാരുടെ കുടുംബാംഗങ്ങൾ, അധ്യാപകർ, മറ്റ് സർക്കാർ ഉദ്യോഗസ്ഥർ എന്നിവർക്കായി ബോധവൽക്കരണ പരിപാടികളും ശിൽപശാലകളും പോലുള്ള സ്ഥാപനപരമായ ഇടപെടലുകൾ നടത്തുകയും അവർക്കായി ഷെൽട്ടർ ഹോമുകളും ഷോർട്ട്-സ്റ്റേ ഹോമുകളും സ്ഥാപിക്കുകയും ചെയ്തു. സംസ്ഥാനത്തെ ട്രാൻസ്ജെൻഡറുകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി അവർക്ക് സ്വയംതൊഴിൽ വായ്പ നൽകുകയും മറ്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തുവരുന്നു. 2022-23 വർഷം ട്രാൻസ്ജെൻഡറുകൾക്കായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ താഴെ പറയുന്നു.

- സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1,000 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് 2,000 രൂപയും സ്കോളർഷിപ്പായി വിദ്യാഭ്യാസ സഹായം നൽകുന്നു. ഇതിനായി സംസ്ഥാനത്തുടനീളമുള്ള 25 ഗുണഭോക്താക്കൾക്ക് 4,67,000 രൂപ ചെലവഴിച്ചു.
- സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. ഇത് പ്രകാരം യോഗ്യരായ വിദ്യാർത്ഥികൾക്ക് പ്രതിമാസം ₹ 4,000 ലഭിക്കും. പദ്ധതി പ്രകാരം 23 ഗുണഭോക്താക്കൾക്കായി മൊത്തം 7,44,000 രൂപ ചെലവഴിച്ചു.
- ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ നിയമപരമായി വിവാഹിതരായ ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് 30,000 രൂപ നിരക്കിൽ വിവാഹ സഹായം നൽകുന്നു. 2022-23ൽ ഇത്തരത്തിലുള്ള 8 ഗുണഭോക്താക്കൾക്കായി 2,40,000 രൂപ ധനസഹായം നൽകി.
- ബിരുദം, ഡിപ്ലോമ, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സഫലം പദ്ധതി പ്രകാരം പ്രതിവർഷം 1 ലക്ഷം രൂപ ധനസഹായം നൽകുന്നു. 2022-23 ൽ 2 ഗുണഭോക്താക്കൾക്കായി മൊത്തം 1,90,000 രൂപ ചെലവഴിച്ചു.
- അതിക്രമങ്ങളും അക്രമങ്ങളും പോലുള്ള പ്രതിസന്ധികൾ അഭിമുഖീകരിക്കുമ്പോൾ അടിയന്തര പിന്തുണ ആവശ്യമുള്ള നിർധനരായ ട്രാൻസ്ജെൻഡർമാർക്ക് കരുതൽ പദ്ധതി സഹായം നൽകുന്നു. 2 ഗുണഭോക്താക്കൾക്കായി 2,08,142 രൂപ ചെലവഴിക്കുകയും ചെയ്തു.
- ട്രാൻസ്ജെൻഡർ ഇരകൾക്കുള്ള മറ്റൊരു പ്രധാന സംരംഭം ലിംഗമാറ്റ ശസ്ത്രക്രിയയും തുടർ പരിചരണ സഹായവുമാണ്. ട്രാൻസ് വുമൺമാർക്ക് 2.5 ലക്ഷം രൂപയും ട്രാൻസ്മെൻമാർക്ക് 5 ലക്ഷം രൂപയും ഈ ശസ്ത്രക്രിയയ്ക്കായി വകുപ്പ് നൽകുന്നു. പരിചരണ സഹായത്തിനായി പ്രതിമാസം 3,000 രൂപ എന്ന നിശ്ചിത തുക 12 മാസം വരെ നൽകും. 2022-23 ൽ തുടർ പരിചരണ സഹായമായി 277 ട്രാൻസ്ജെൻഡറുകൾക്കായി 1,70,11,717 രൂപ ചെലവഴിച്ചു.
- മത്സര പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ട്രാൻസ്ജെൻഡർമാർക്ക് യത്നം പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നു. 2022-23ൽ 2 ഗുണഭോക്താക്കൾക്കായി ആകെ 62,000 രൂപ ചെലവഴിച്ചു.

### സ്ത്രീ ശാക്തീകരണവും സാമൂഹ്യക്ഷേമവും

സാമൂഹിക, രാഷ്ട്രീയ, പൊതു കാര്യങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള നിരവധി ഇടപെടലുകൾ വർഷങ്ങളായി കേരളത്തിൽ നടന്നിട്ടുണ്ട്. എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ഉറപ്പാക്കുന്നതിനും, സംസ്ഥാനത്തെ പൊതു ഇടങ്ങളിൽ അവർക്ക് തുല്യമായ പ്രവേശനം സുഗമമാക്കുന്നതിനും, നിരവധി നയ നടപടികളിലൂടെ സംസ്ഥാന സർക്കാർ ഗണ്യമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലും, 1,000 പുരുഷന്മാർക്ക് 1,084 സ്ത്രീകൾ എന്ന സ്ത്രീ- പുരുഷ അനുപാതത്തിലും (സെൻസസ് 2011), മറ്റ് നിരവധി സൂചികകളിലും ലിംഗഭേദം വളരെ കുറവാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

2019-2020 കാലഘട്ടത്തിൽ സ്ത്രീധനം എന്ന വിപത്തിൽ നിന്ന് മുക്തി നേടുന്നതിനായി വനിതാ ശിശുവികസന വകുപ്പ് ഒരു ജനകീയ കാമ്പയിൻ നടത്തുകയും അവബോധം സൃഷ്ടിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി അഞ്ച് വർഷത്തെ പ്രവർത്തന പദ്ധതിക്ക് രൂപം നൽകുകയും ചെയ്തു. സ്ത്രീധന നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി, കേരള സ്ത്രീധന നിരോധന നിയമം 2004 ഭേദഗതി ചെയ്യുകയും സ്ത്രീധന നിരോധന പ്രവർത്തനങ്ങൾക്കായി പ്രത്യേക ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തു. ജില്ലാ ഉപദേശക ബോർഡ് രൂപീകരിക്കുകയും, സ്ത്രീധന പരാതികൾക്കായി ഒരു പോർട്ടൽ തുറക്കുകയും മറ്റ് നിരവധി നടപടികൾ ആരംഭിക്കുകയും ചെയ്തു. ഗാർഹിക പീഡനവും സ്ത്രീധനവും തടയാൻ വിവാഹ/വിവാഹ പൂർവ കൗൺസിലിംഗ്, സ്ത്രീകളുടെ പരാതികൾ ശ്രദ്ധിക്കുകയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അവരെ സഹായിക്കുകയും ചെയ്യുന്നതിനുള്ള ഓൺലൈൻ കൺസൾട്ടേഷൻ പ്രോഗ്രാം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് നിയമസഹായം, പോലീസ് സഹായം എന്നീ പ്രവർത്തനങ്ങൾ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിനായി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ലൈംഗിക കുറ്റകൃത്യങ്ങൾ, ഗാർഹിക പീഡനം, ആസിഡ് ആക്രമണങ്ങൾ, ഹീനമായ ലിംഗാധിഷ്ഠിത അക്രമങ്ങൾ എന്നിവയ്ക്ക് ഇരയായവർക്ക് ഇടക്കാലാശ്വാസം നൽകുന്നതിന്, മറ്റ് വ്യവസ്ഥാപിത സഹായങ്ങൾക്കുപരിയായി 300 ലക്ഷം രൂപയുടെ ആശ്വാസനിധി കോർപ്പസ് ഫണ്ടായി സർക്കാർ രൂപീകരിച്ചു. ഇതുകൂടാതെ, സ്വകാര്യ ഇടങ്ങളിലും പൊതു ഇടങ്ങളിലും കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തുമെല്ലാം അക്രമത്തിനിരയായവർക്കായി സർക്കാർ എല്ലാ ജില്ലകളിലും വൺ സ്റ്റോപ്പ് സെന്ററുകൾ ആരംഭിച്ചു. വൈദ്യസഹായം, എ ഫ് ഐ ആ ർ / എ ൻ സി ആ ർ / ഡി ഐ ആ ർ എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സഹായം,

മാനസിക-സാമൂഹിക പിന്തുണയും കൗൺസിലിംഗും, നിയമസഹായം, അഭയം, റഫറൽ സേവനങ്ങൾ എന്നിവ ഉൾപ്പെടെ 24 മണിക്കൂർ പ്രത്യേക സേവനങ്ങൾ വൺ സ്റ്റോപ്പ് സെന്ററുകൾ നൽകുന്നു.

സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ കാലം ജീവിക്കുന്നു എന്നത് ഒരു ആഗോള പ്രതിഭാസമാണ്. 2021-25 ലെ ജനസംഖ്യാ പ്രവചനമനുസരിച്ച് കേരളത്തിൽ പുരുഷന്മാരുടെ ആയുർദൈർഘ്യം 73.49 വയസ്സും സ്ത്രീകളുടേത് 79.15 വയസ്സുമാണ്. ആയുർദൈർഘ്യത്തിലെ വർദ്ധനവും അനുകൂലമായ ലിംഗാനുപാതവും കേരളത്തിലെ വിധവാ ജനസംഖ്യയിലെ വർദ്ധനവിന് പ്രധാന കാരണമാണ്. ഈ സാഹചര്യത്തിലാണ് കേരള സർക്കാർ വിധവകൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. സഹായഹസ്തം പദ്ധതിയിലൂടെ സ്വയം തൊഴിൽ ചെയ്യാൻ 30,000 രൂപ ഒറ്റത്തവണ ധനസഹായം, പടവുകൾ പദ്ധതിയിലൂടെ അവരുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ചേരുന്നതിന് വിദ്യാഭ്യാസ സഹായം, നിരാലംബരായവരുടെ അടുത്ത ബന്ധുക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം നല്കുന്ന അഭയകിരണം പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ വിധവ/വിവാഹമോചിതർക്ക് പുനർവിവാഹത്തിന് സാമ്പത്തിക പ്രോത്സാഹനം നൽകുന്നതിനായി മംഗല്യ എന്ന പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.

"പൊൻവാക്ക്", തേജോമയ ആഫ്റ്റർ കെയർ ഹോം തുടങ്ങിയ ജനപ്രിയ സംരംഭങ്ങൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. സാമുദായിക പങ്കാളിത്തത്തിലൂടെ കേരള സമൂഹത്തിൽ നിന്ന് ശൈശവ വിവാഹം ഇല്ലാതാക്കുക എന്നതാണ് ആദ്യത്തെ സംരംഭത്തിന്റെ ലക്ഷ്യം. സ്ത്രീകളുടെയും കുട്ടികളുടെയും ഹോമുകളിലെ അന്തേവാസികളെ പഠനം പൂർത്തിയാക്കിയ ശേഷം സമൂഹത്തിലേക്ക് തിരികെ കൊണ്ടുവരുന്ന പ്രക്രിയ സുഗമമാക്കുന്നതിനുള്ള വകുപ്പിന്റെ മറ്റൊരു പുരോഗമന ആശയമാണ് തേജോമയ ആഫ്റ്റർ കെയർ ഹോം.

**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**

സ്ത്രീകളുടെ വളർച്ചയ്ക്കും പുരോഗതിക്കും തടസ്സമാകുന്ന പരിമിതികളെയും വെല്ലുവിളികളെയും അതിജീവിക്കാൻ സഹായിക്കുന്നതിലൂടെ അവരെ ശാക്തീകരിക്കുകയെന്നതാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. ഇതിലൂടെ സാമ്പത്തിക ശാക്തീകരണത്തിലേക്കും അവസരങ്ങളിലേക്കും എത്തിച്ചേരുന്നതിനും വിദ്യാഭ്യാസം, തൊഴിൽ, സ്വയം തൊഴിൽ എന്നിവ നേടുന്നതിനും സ്ത്രീകളെ പ്രാപ്തമാക്കുന്നു. കുടുംബത്തിൽ സാമ്പത്തിക സ്വാതന്ത്ര്യം നേടുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വനിതാ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിലാണ് വനിതാ വികസന കോർപ്പറേഷൻ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്. കോർപ്പറേഷൻ വായ്പാ പദ്ധതികളിലൂടെയും സംസ്ഥാന പദ്ധതികളിലൂടെയും ദരിദ്രരായ സ്ത്രീകളെ കൈപിടിച്ചുയർത്തുകയും അവർക്ക് തൊഴിൽ പരിശീലനം, പദ്ധതികൾക്കു സഹായം, സ്വയംസംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം എന്നിവ നൽകുകയും ചെയ്തു. ചെറുകിട വനിതാ സംരംഭകർക്ക് അവരുടെ ഉൽപാദന, വിപണന കഴിവുകൾ വികസിപ്പിക്കുന്നതിന് വിപണന സാങ്കേതിക സഹായങ്ങൾ നൽകുക, നൈപുണ്യത്തിലൂടെ സ്ത്രീകളുടെ തൊഴിലവസരം ശക്തിപ്പെടുത്തുക, പെൺകുട്ടികളുടെ കാഴ്ചപ്പാട് മാറ്റുന്നതിന് സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നൽകുക എന്നിവയാണ് സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനായി കോർപറേഷൻ ഏറ്റെടുത്തിട്ടുള്ള ചില പ്രവർത്തനങ്ങൾ. കോർപ്പറേഷൻ 21,257 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ വായ്പ നൽകുകയും 248.17 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. എംപ്ലോയ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണം, തൊഴിൽ പരിശീലന പരിപാടികൾ തുടങ്ങിയവ 1,095 ഗുണഭോക്താക്കൾക്ക് പ്രയോജനം ചെയ്തു. കോർപ്പറേഷൻ നടത്തുന്ന ഫിനിഷിംഗ് സ്കൂളുകൾ മുഖേന 2022-23ൽ 2570 വിദ്യാർത്ഥികൾക്ക് പരിശീലനം ലഭിച്ചു. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ, സ്ത്രീകൾക്ക് ഹ്രസ്വകാല താമസ സൗകര്യം, പട്ടികവർഗ്ഗ വനിതകൾക്കുള്ള വനമിത്ര സ്കിൽ ഡെവലപ്മെന്റ് സെന്റർ, ബോദ്ധ്യം പോലീസുകാർക്കായുള്ള ലിംഗ ബോധവൽക്കരണ പരിശീലനം, വനിതാ സെൽ, മിത്ര 181 വനിതാ ഹെൽപ്പ് ലൈൻ തുടങ്ങി നിരവധി ശ്രദ്ധേയമായ പരിപാടികൾ വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

**കേരള വനിതാ കമ്മീഷൻ**

1990 ലെ കേരള വനിതാ കമ്മീഷൻ ആക്ടിലെ സെക്ഷൻ '5' പ്രകാരം നിയമപരമായി രൂപീകരിക്കപ്പെട്ട ഒരു സ്ഥാപനമാണ് കേരള വനിതാ കമ്മീഷൻ. പ്രസ്തുത ആക്ട് പ്രകാരം, കേരളത്തിലെ സ്ത്രീകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും അവർക്കെതിരെയുള്ള അതിക്രമങ്ങളും കൂടാതെ അവരുമായി ബന്ധപ്പെട്ട ആകസ്മികമായുണ്ടാകുന്ന പ്രശ്നങ്ങളും അന്വേഷിക്കുന്നതിനുമായിട്ടാണ് കമ്മീഷൻ സ്ഥാപിച്ചിട്ടുള്ളത്. ഇത് ഒരു അർദ്ധ ജുഡീഷ്യറി ബോഡിയാണ്. ലിംഗപദവി സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ, നിയമ ശിൽപശാലകൾ/സെമിനാറുകൾ, അദാലത്തുകൾ എന്നിവ നടത്തുകയും, പുതിയ ആശയങ്ങളും കാഴ്ചപ്പാടുകളും സ്വീകരിക്കുന്നതിന് കമ്മീഷനുമായി മുഖാമുഖം നടത്തുന്നതിനുള്ള സൗകര്യങ്ങളും നടപ്പിലാക്കുന്നു. സംസ്ഥാനത്തുള്ള സ്ത്രീകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്നതിനു പുറമെ പ്രത്യേക പ്രശ്നങ്ങൾ അന്വേഷിക്കുന്നതിനുമായിട്ടാണ് കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കുടുംബത്തിലും സമൂഹത്തിലും അവർ നേരിടുന്ന ഏത് തരത്തിലുള്ള പീഡനങ്ങൾക്കും പ്രശ്നങ്ങൾക്കുമെതിരെ സംരക്ഷണവും തുല്യതയും ഉറപ്പാക്കാനും കമ്മീഷന് അധികാരമുണ്ട്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ലിംഗഭേദവും വികസനവും എന്ന അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ജെൻഡർ പാർക്ക്

ലിംഗപദവി സമത്വത്തിന്റെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള തന്ത്രങ്ങൾ, നയങ്ങൾ, പരിപാടികൾ, പദ്ധതികൾ എന്നിവ ആവിഷ്കരിക്കുന്നതിന് ജെൻഡർ പാർക്ക് വിഭാവനം ചെയ്യുന്നു. ലിംഗ പദവി വികസന പദ്ധതിയുടെ സംയോജന കേന്ദ്രമായി പ്രവർത്തിക്കുന്ന ഇത് ഗവേഷണം, സംവാദം, നയ ഇടപെടലുകൾ, അവബോധം സൃഷ്ടിക്കൽ എന്നിവയ്ക്കായുള്ള ജെൻഡർ-സെൻസിറ്റീവ് രീതികളിൽ വേരൂന്നിയ ഒരു ബഹുമുഖ സമീപനത്തിലൂടെയാണ് പ്രവർത്തിക്കുന്നത്. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിന് സംഭാവന നൽകുന്ന സുസ്ഥിര സംരംഭങ്ങൾക്കുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള പ്രക്രിയയിലാണ് ജെൻഡർ പാർക്ക്.

### കുട്ടികളുടെ ക്ഷേമം

ശിശുക്ഷേമം എന്നത് കുട്ടികളുടെ, പ്രത്യേകിച്ച് ദാരിദ്ര്യം അനുഭവിക്കുന്നതോ, മാതാപിതാക്കളുടെ സാധാരണ പരിചരണവും മേൽനോട്ടവും ലഭിക്കാത്തതോ ആയ കുട്ടികളുടെ ശാരീരികവും സാമൂഹികവും മാനസികവുമായ ക്ഷേമവുമായി ബന്ധപ്പെട്ടതാണ്. കുട്ടികൾ സുരക്ഷിതരാണെന്നും കുടുംബങ്ങൾക്ക് അവരുടെ കുട്ടികളെ പരിപാലിക്കാൻ ആവശ്യമായ പിന്തുണ ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്ന തുടർ സേവനങ്ങളാണ് ശിശുക്ഷേമത്തിനായി രൂപകൽപ്പന ചെയ്തിട്ടുള്ളത്. ജാതി, ദേശീയത, മതം തുടങ്ങിയ എല്ലാ പരിഗണനകൾക്കും അതീതമായി കുട്ടികൾക്ക് നല്കാവുന്നതിൽ ഏറ്റവും മികച്ചവ നല്കാൻ മനുഷ്യർ കടപ്പെട്ടിരിക്കുന്നുവെന്ന തത്വം പ്രഖ്യാപിക്കേണ്ടതും സ്വീകരിക്കേണ്ടതും നൽകേണ്ടതുമാണെന്ന് 1989-ലെ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ കൺവെൻഷൻ അംഗീകരിച്ചിട്ടുണ്ട്.

കുട്ടികളോടുള്ള അവഗണനയും ദുരുപയോഗവും തടയുക, സംഭവിക്കാൻ സാധ്യതയുള്ള ദുരുപയോഗവും അവഗണനയും സംബന്ധിച്ച് റിപ്പോർട്ടുകൾ സ്വീകരിക്കുകയും അന്വേഷിക്കുകയും ചെയ്യുക, അവരെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സഹായം ആവശ്യമുള്ള കുടുംബങ്ങൾക്ക് സേവനങ്ങൾ നൽകുക, കുട്ടികളുടെ ആവശ്യങ്ങൾ, കഴിവുകൾ, ലഭ്യമായ സൗകര്യങ്ങൾ എന്നിവ വിലയിരുത്തുക, കുടുംബങ്ങൾ, ബന്ധുക്കൾ അല്ലെങ്കിൽ വളർത്തു കുടുംബങ്ങൾ എന്നിവിടങ്ങളിൽ കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുക എന്നിവയ്ക്ക് ശിശുക്ഷേമപരിപാടികൾ പിന്തുണ നൽകുന്നു. ആരോഗ്യം, വിദ്യാഭ്യാസം എന്നിവ ലഭിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക, അവരുടെ വ്യക്തിത്വം വികസിപ്പിക്കുക, സന്തോഷകരമായ അന്തരീക്ഷത്തിൽ വളർത്തുക, അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഉറപ്പാക്കൽ എന്നിവ പ്രസ്തുത പരിപാടികളിൽ ഉൾപ്പെടുന്നു.

2011-ലെ സെൻസസ് പ്രകാരം, 0-6 പ്രായത്തിലുള്ള കുട്ടികൾ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 10.4 ശതമാനമാണ്, കേരളത്തിലെ കുട്ടികളുടെ ലിംഗാനുപാതം 964 ആണ്. NFHS-5 റിപ്പോർട്ട് അനുസരിച്ച്, കേരളത്തിലെ ശിശുമരണ നിരക്ക് (IMR) 4.4 ആണ്. NFHS-4-ൽ 5.6 ആയിരുന്നു. അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് (U5MR) NFHS-4ലെ 7.1 നിന്ന് NFHS-5ൽ 5.2 എന്ന് പുരോഗമിച്ചിട്ടുണ്ട്. പക്ഷേ, വിളർച്ച നിരക്ക് കുട്ടികളുടെ ആരോഗ്യനിലവാരം കുറയുന്നതായി വെളിപ്പെടുത്തുന്നു. 6-59 മാസം പ്രായമുള്ള കുട്ടികളിൽ വിളർച്ച നിരക്ക് 35.7 (NFHS-4) ശതമാനത്തിൽ നിന്ന് 39.4 ശതമാനമായി വർദ്ധിച്ചതായി NFHS-5 ഡാറ്റ കാണിക്കുന്നു. NFHS-5 ഡാറ്റയുടെ കുട്ടികളുടെ പോഷകാഹാര നിലയെക്കുറിച്ചുള്ള കണക്കുകളും വളരെ ആശ്വാസജനകമാണ്. NFHS-4 എന്ന 16.1-നെ അപേക്ഷിച്ച്, 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ ഭാരക്കുറവ് 19.7 ശതമാനമായി ഉയർന്നതായി കണക്കുകൾ വെളിപ്പെടുത്തുന്നു. അതുപോലെ, വളർച്ച മുരടിച്ച 5 വയസ്സിന് താഴെയുള്ള കുട്ടികൾ 19.7 ശതമാന (NFHS-4) ത്തിൽ നിന്ന് 23.4 ശതമാനം (NFHS-5) ആയി വർദ്ധിച്ചിട്ടുണ്ട്.

18 വയസ്സുവരെയുള്ള കുട്ടികളുടെ സമഗ്രമായ വികസനത്തിൽ അവരുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വികസനം ഉൾക്കൊള്ളുന്നു. കേരളത്തിൽ എല്ലാ സർക്കാർ സ്ഥാപനങ്ങളിലൂടെയും സൗജന്യ വിദ്യാഭ്യാസവും ചികിത്സാസേവനവും നൽകി വരുന്നു. ശൈശവ വിവാഹം കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കുകയും അവരുടെ ആരോഗ്യത്തെയും ക്ഷേമത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. അവഗണന, അക്രമം, ദുരുപയോഗം, ചൂഷണം എന്നിവയിൽ നിന്ന് മുക്തരാക്കി എല്ലാ കുട്ടികൾക്കും സുരക്ഷിതവും കരുതലുള്ളതുമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, ബാലാവകാശ സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങൾ പുനരവലോകനം ചെയ്യുകയും ബാലാവകാശ ലംഘന കേസുകൾ അന്വേഷിക്കുകയും ആ അവകാശങ്ങൾ ലഭ്യമാകുന്നതിന് തടസമായിട്ടുള്ള ഘടകങ്ങൾ പരിശോധിക്കുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുന്നത് തുടർന്നു വരുന്നു.

കേരളത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയിലും 17 പ്രത്യേക ദത്തെടുക്കൽ ഏജൻസികളിലുമായി 2013-14 മുതൽ 2022-23 വരെ 1,298 രാജ്യാന്തര ദത്തെടുക്കലുകളും 130 അന്തർ രാജ്യ ദത്തെടുക്കലുകളും നടത്തി. 2022-23 കാലയളവിൽ കേരളത്തിൽ നിന്നും 108 കുട്ടികളെ ദത്തെടുത്തു (12 രാജ്യാന്തര ദത്തെടുക്കലുകളും 96 രാജ്യ ദത്തെടുക്കലുകളും), അതിൽ 47 പേർ പെൺകുട്ടികളാണ്. ദത്തെടുത്ത കുട്ടികളുടെ എണ്ണം **അനുബന്ധം 8.3.6**ൽ നൽകിയിരിക്കുന്നു.

കുട്ടികൾ നേരിടുന്ന പെരുമാറ്റപരവും വൈകാരികവും പഠനപരവും മാനസികവുമായ വെല്ലുവിളികൾ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ശാസ്ത്രീയമായി തിരിച്ചറിയു ന്നതിനും പരിഹരിക്കുന്നതിനുമാണ് സ്കൂള

കളിൽ നടപ്പിലാക്കുന്ന 'കുട്ടികളോടുള്ള നമ്മളുടെ ഉത്തരവാദിത്തം' എന്ന പരിപാടി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ 304 സ്കൂളുകളിൽ പദ്ധതി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. സംരക്ഷണം ആവശ്യമുള്ള കുട്ടികൾക്കും പോക്സോയെ അതിജീവിച്ചവർക്കും മാനസിക സാമൂഹിക സമീപനത്തിലൂടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസത്തിലും പുനർ സമന്വയത്തിലും 'കാവൽ പ്ലസ്" പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നുള്ള കുട്ടികളുടെ സംരക്ഷണ നിയമം, 2012: ലൈംഗികാതിക്രമം, അശ്ലീലം എന്നിവയിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനും ഈ കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി ഒരു ശിശു സൗഹൃദ സംവിധാനം നൽകുന്നതിനുമാണ് പോക്സോ നിയമം നടപ്പിലാക്കിയത്.

**നിർഭയ നയം:** സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങളെ ചെറുക്കുന്നതിനും, ചൂഷണത്തിനായി കുട്ടികളെ കടത്തിക്കൊണ്ടുപോകുന്നതിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുമായി കേരള സർക്കാർ നിർഭയ നയം രൂപീകരിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങൾ തടയൽ, ലൈംഗികാതിക്രമത്തിന് ഇരയായവരുടെ സംരക്ഷണം, ലൈംഗികാതിക്രമം നടത്തുന്നവരെ വിചാരണ ചെയ്യൽ, ലൈംഗികാതിക്രമത്തെ അതിജീവിച്ചവരുടെ പുനരധിവാസം, ലൈംഗികാതിക്രമത്തെ അതിജീവിച്ചവരുടെ സാമൂഹിക സംയോജനം എന്നിവയാണ് നയം ലക്ഷ്യമിടുന്നത്. നിർഭയ പരിപാടി ഏകോപിപ്പിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റിന് കീഴിൽ ജോയിന്റ് ഡയറക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ (നിർഭയ സെൽ) രൂപീകരിച്ചിട്ടുണ്ട്.

ഒരു വ്യക്തിയുടെ വികാസത്തിന്റെ ഏറ്റവും പ്രാധാന്യമേറിയതാണ് ബാല്യകാലം. ഒരു സ്ത്രീയുടെ ഗർഭധാരണത്തിന്റെയും (270 ദിവസം) കുട്ടികളുടെ രണ്ടാം ജന്മദിനത്തിന്റെയും ഇടയിലുള്ള (730 ദിവസം) ആദ്യ 1,000 ദിവസങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് സർക്കാർ 1,000 ദിന പരിപാടി ആരംഭിച്ചു. ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കുമായി പതിവായി മെഡിക്കൽ ക്യാമ്പുകൾ, ചികിത്സ, ശരിയായ പോഷകാഹാര വിതരണം, ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ എന്നിവ പരിപാടിയിൽ ഉൾപ്പെടുന്നു. പരീക്ഷണാടിസ്ഥാനത്തിൽ അട്ടപ്പാടിയിൽ ആരംഭിച്ച പദ്ധതി 2022-23 കാലയളവിൽ തീരദേശ, മലയോര മേഖലയിലെ 42 ഐസിഡിഎസ് പദ്ധതികളിലേക്ക് വ്യാപിപ്പിച്ചു.

ഇൻറഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവീസസ് (ഐസിഡിഎസ്) ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകുന്ന ഒരു പ്രധാന സർക്കാർ പരിപാടിയാണ്. സംസ്ഥാനത്ത് 33,115 അംഗൻവാടികൾ (മാർച്ച് 2023 വരെ) പ്രവർത്തിക്കുന്നുണ്ട്. ഐസിഡിഎസ് ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കവറേജ് **അനുബന്ധം 8.3.7** ൽ നൽകിയിരിക്കുന്നു. 5.12 ലക്ഷം ഗുണഭോക്താക്കൾ 0-3 വയസ് പ്രായമുള്ള കുട്ടികളും 4.30 ലക്ഷം ഗുണഭോക്താക്കൾ 3-6 വയസ് പ്രായമുള്ള കുട്ടികളുമാണ്. വനിതാശിശുവികസന വകുപ്പ്, വേൾഡ് ഫുഡ് പ്രോഗ്രാമുമായി (WFP) സഹകരിച്ച്, അങ്കണവാടികളിലെ 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് പാകം ചെയ്ത ഭക്ഷണമായി വിളമ്പുന്ന ഫോർട്ടിഫിക്കേഷൻ ഓഫ് റൈസ് എന്ന പരിപാടി ആരംഭിച്ചു. ഈ പദ്ധതി പ്രകാരം അരിയിൽ 8 മൈക്രോ ന്യൂട്രിയന്റുകൾ (ഇരുമ്പ്, ഫോളിക് ആസിഡ്, സിങ്ക്, വിറ്റ്. എ, വിറ്റ്.ബി 12, നിയാസിൻ, വിറ്റ്.ബി6, തയാമിൻ) ഉപയോഗിക്കുന്നു. അസംസ്കൃത അരി 100:1 എന്ന അനുപാതത്തിൽ ഫോർട്ടിഫൈഡ് നെല്ലിന്റെ വിത്തുമായ കേർണലുമായി കലർത്തുന്നു. ഇതിനുപുറമെ, 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് ടേക്ക് ഹോം റേഷനായി നൽകുന്ന അമൃതം ന്യൂട്രിമിക്സിന്റെ മൈക്രോ ന്യൂട്രിയന്റ് ഫോർട്ടിഫിക്കേഷൻ വയനാട് ജില്ലയിൽ ആരംഭിക്കുകയും പിന്നീട് മറ്റെല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. ഇത് കൂടാതെ, 2022-23 കാലയളവിൽ എല്ലാ അങ്കണവാടികളിലും രണ്ട് ദിവസം മുട്ടയും രണ്ട് ദിവസം പാലും നൽകുന്നതിനുള്ള ഒരു പുതിയ പരിപാടിയും സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്.

പോഷകാഹാര വിദഗ്ധരുടെ സഹായത്തോടെ പോഷകാഹാര കൗൺസിലിംഗ്, മാർഗ്ഗനിർദ്ദേശം, റഫറലുകൾ, മറ്റ് സാമൂഹിക പിന്തുണ എന്നിവയിലൂടെ സ്ത്രീകളുടെയും കുട്ടികളുടെയും കൗമാരക്കാരുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ന്യൂട്രീഷൻ ക്ലിനിക്കുകൾ ആരംഭിച്ചു. ഒരു വ്യക്തിയുടെ മൊത്തത്തിലുള്ള ആരോഗ്യകരമായ ഭക്ഷണരീതി പരിശോധിക്കുകയും പോഷകാഹാരക്കുറവിന്റെ അപകടസാധ്യത പ്രാരംഭ ഘട്ടത്തിൽ തിരിച്ചറിയുകയും വ്യക്തിക്ക് പോഷകാഹാരക്കുറവ് നേരിടുന്നതിന് മുമ്പ് ഇടപെടുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. 152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലും പോഷകാഹാര ക്ലിനിക്കുകൾ സ്ഥാപിച്ചു.

ക്ലാസ് മുറികൾ, ഡൈനിംഗ് ഹാൾ, അടുക്കള, സ്റ്റോർ റൂം, ക്രിയേറ്റീവ് സോൺ, ഇൻഡോർ, ഔട്ട്ഡോർ പ്ലേ ഏരിയകൾ എന്നിവയ്ക്ക് മതിയായ ഇടമുള്ള അങ്കണവാടി കെട്ടിടങ്ങളെ സ്മാർട്ട് അങ്കണവാടികളാക്കി വകുപ്പ് പരിഷ്ക്കരിച്ചുവരികയാണ്. ആദ്യത്തേത് തിരുവനന്തപുരം ജില്ലയിൽ നിർമ്മിക്കുകയും 204 സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണത്തിന് അംഗീകാരം നൽകുകയും ചെയ്തു. കൂടാതെ വകുപ്പിന്റെ തീം അടിസ്ഥാനമാക്കിയുള്ള പ്രീസ്കൂൾ പ്രവർത്തന പോസ്റ്ററുകൾ വികസിപ്പിക്കുകയും കുട്ടികൾക്ക് അവ വിതരണം ചെയ്യുകയും ചെയ്തു.

**ആരോഗ്യ സംരക്ഷണത്തിലൂടെ കുട്ടികളുടെ സാമൂഹിക സുരക്ഷ**

ക്യാൻസർ രോഗം ബാധിച്ച 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ക്യാൻസർ സുരക്ഷാ പദ്ധതി, താലോലം പദ്ധതി എന്നിവയിലൂടെ സൗജന്യ ചികിത്സ നൽകുന്നു. 13 സർക്കാർ ആശുപത്രികളിലൂടെ നടപ്പിലാക്കിവരുന്ന കാൻസർ സുരക്ഷാ പദ്ധതിയിൽ 8652 ഗുണഭോക്താക്കൾക്കായി 439.17 ലക്ഷം രൂപ ചെലവഴിച്ചു. കുട്ടികൾക്ക് ജീവന് ഭീഷണിയുണ്ടാകുന്ന രോഗങ്ങൾ തടയുന്നതിനായി താലോലം പദ്ധതി സംസ്ഥാനത്തെ 16 പ്രധാന സർക്കാർ ആശുപത്രികളിലൂടെയും നടപ്പിലാക്കുന്നു. 2022-23ൽ താലോലം പദ്ധതിയിൽ 1857 ഗുണഭോക്താക്കൾക്കായി 700 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. കോക്ലിയർ ഇംപ്ലാന്റേഷൻ ഇൻ ചിൽഡ്രൻ (ശ്രുതിതരംഗം) 0-5 വയസ്സുവരെയുള്ള കുട്ടികൾക്ക് പിന്തുണ നൽകുന്നു. 2022-23ൽ 591കുട്ടികൾ ഇതിലൂടെ പ്രയോജനം നേടി. ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കായുള്ള സോഷ്യൽ സപ്പോർട്ട് സ്കീം (മിഠായി) സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുള്ള മിഠായി ക്ലിനിക്കുകൾ വഴി ടൈപ്പ്-1 പ്രമേഹമുള്ള കുട്ടികൾ/കൗമാരക്കാർ എന്നിവർക്ക് സമഗ്രമായ പരിചരണം നൽകുന്നു. 2022-23ൽ 1469 കുട്ടികൾ ഇതിലൂടെ പ്രയോജനം നേടുകയും 378.01 ലക്ഷം രൂപ ഇതിനായി ചെലവഴിക്കുകയും ചെയ്തു. കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിന് പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സ്നേഹസ്വാന്തനം പദ്ധതിയിൽ കിടപ്പിലായ എൻഡോസൾഫാൻ ഇരകൾക്ക് 2,200 രൂപയും ഭിന്നശേഷി പെൻഷൻ ലഭിക്കുന്നവർക്ക് 1,700 രൂപയും ഉൾപ്പെടെ 2022-23 വർഷത്തിൽ 5376 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി. എൻഡോസൾഫാൻ ദുരിതബാധിതരോ പൂർണമായി വലയുന്നവരോ ആയവരെ പരിചരിക്കുന്നവർക്ക് പ്രത്യേക ആശ്വാസകിരണം പദ്ധതി പ്രതിമാസ സഹായം നൽകുന്നു. ബുദ്ധിമാന്ദ്യമുള്ള 684 ഗുണഭോക്താക്കൾക്ക് പ്രതിമാസം 700 രൂപ ധനസഹായം നൽകുന്നു. എൻഡോസൾഫാൻ ബാധിത കുടുംബങ്ങളിലെ ഒന്നു മുതൽ പന്ത്രണ്ടു വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2,000, 3,000, 4,000 രൂപ വീതം വിദ്യാഭ്യാസ സഹായം നൽകി. ഈ പദ്ധതി 2022-23 ൽ 804 കുട്ടികളെ പിന്തുണച്ചു.

മാതാപിതാക്കൾ രണ്ടുപേരോ ഒരാളോ നഷ്ടപ്പെട്ട സാമ്പത്തിക പരാധീനതകൾ ഉള്ള കുട്ടികൾക്ക് സ്നേഹപൂർവം പദ്ധതിയിലൂടെ വിദ്യാഭ്യാസ സഹായം നൽകുന്നുണ്ട്. എച്ച്ഐവി/എയ്ഡ്സ് ബാധിതരായ വിദ്യാർഥികൾക്ക് ഡിഗ്രി തലം വരെയുള്ള വിദ്യാഭ്യാസ സഹായവും ഈ പദ്ധതി നൽകുന്നുണ്ട്. ഈ പദ്ധതി 2022-23ൽ 21,742 കുട്ടികൾക്ക് വിദ്യാഭാസ സഹായം നൽകി.

**ഭാവി വീക്ഷണം**

സമൂഹത്തിലെ ഏറ്റവും അവഗണിക്കപ്പെട്ടതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ വിഭാഗങ്ങൾക്ക് അവകാശാധിഷ്ഠിത സേവനം ഉറപ്പാക്കുന്നത് പ്രധാന ഊന്നൽ നൽകേണ്ടതാണ്. ഇതിനായി സ്ഥാപനപരമായ സംവിധാനങ്ങളുടെ സമഗ്രവും ശാസ്ത്രീയവുമായ സമീപനം അത്യാവശ്യമാണ്. സാമൂഹ്യാധിഷ്ഠിത പദ്ധതികളിലൂടെയും മികച്ച നികുതി-ധനസഹായ പദ്ധതികളിലൂടെയും നിയമപരമായ പരിരക്ഷ നൽകുന്നതിലൂടെ സാമൂഹ്യസുരക്ഷ വ്യാപിപ്പിക്കുവാൻ കഴിയും. സാമൂഹ്യ സുരക്ഷാ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ശക്തമായ സ്ഥാപനങ്ങളുടെയും ഒന്നിലധികം വകുപ്പുകളുടെയും സംയോജനവും ആവശ്യമാണ്.

അദ്ധ്യായം

09

# കല, സംസ്കാരം, കായികരംഗം

# കല, സംസ്കാരം, കായികരംഗം

## 9.1 കലയും സംസ്കാരവും

കേരളത്തിലെ പുരോഗമനപരമായ സാമൂഹിക പരിവർത്തനത്തിൽ കലയും സംസ്കാരവും ഒരു പ്രധാന പങ്ക് വഹിക്കുന്നു. പുരോഗമന മൂല്യങ്ങൾ ഉൾക്കൊണ്ട് കാലാകാലങ്ങളിൽ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന നിരവധിയായ കലാരൂപങ്ങളുടെയും സാംസ്കാരിക സവിശേഷതകളുടെയും മഹത്തായ പാരമ്പര്യമാണ് കേരളത്തിനുള്ളത്. കേരളത്തിന് ലോകപ്രശസ്തമായ നിരവധി കലാരൂപങ്ങളുണ്ട്, അവയുടെ രചന, സൂക്ഷ്മത, ഉള്ളടക്കത്തിന്റെ സമൃദ്ധി എന്നിവയാൽ അവ എക്കാലവും വിലമതിക്കപ്പെടുന്നു. കലയെ ജനങ്ങളിലേക്കെത്തിക്കുന്നതിന് വൈവിധ്യമാർന്ന സംരംഭങ്ങൾ കൈക്കൊണ്ടുകൊണ്ട് കലയും സംസ്കാരവും വളർത്തിയെടുക്കുന്നതിൽ കേരള സർക്കാർ അതീവ ശ്രദ്ധ ചെലുത്തുന്നു; കലാകാരന്മാരെയും എഴുത്തുകാരെയും പെർഫോമെഴ്സിനെയും സഹായിക്കുക; കലയുടെയും സംസ്കാരത്തിന്റെയും വിവിധ സ്ഥാപനങ്ങളെ പിന്തുണയ്ക്കുക, വിവിധ കലാരൂപങ്ങളിലൂടെ പുരോഗമനപരവും മതേതരവുമായ മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിന് മൊത്തത്തിലുള്ള സുഗമമായ അന്തരീക്ഷം സൃഷ്ടിക്കുക.

കോവിഡ്-19 മഹാമാരിയുടെ അപകടകരമായ ആഘാതവും, നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധിയും കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ കലാ-സാംസ്കാരിക ചുറ്റുപാടുകളെ ശക്തിപ്പെടുത്തുന്നതിൽ കേരള സർക്കാർ ഊന്നൽ നല്കുന്നു. കലാ-സാംസ്കാരിക മേഖലയെ പിന്തുണയ്ക്കുന്നത് കലാകാരന്മാർക്ക് കഴിയുന്നത്രയും അവരുടെ കലാ വൈവിദ്ധ്യങ്ങൾ അവതരിപ്പിക്കാനുള്ള അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടും കലാ-സാംസ്കാരിക സ്ഥാപനങ്ങളെ അവരുടെ മാനേജ്മെന്റ് സംവിധാനങ്ങൾ നവീകരിക്കുന്നതിനും വരുമാനം സൃഷ്ടിക്കുന്നതിനുള്ള പുതിയ നടപടികൾ അവതരിപ്പിക്കുന്നതിനുമുള്ള നിരവധിയായ നടപടികളിലൂടെ അവരുടെ കലാചക്രവാളങ്ങൾ വികസിപ്പിക്കുന്നതിന് സഹായിച്ചു.

കേരളത്തിന്റെ കലാ-സാംസ്കാരിക ഭൂപ്രകൃതി, സംസ്ഥാനത്തെ വിവിധ ജാതികളുടെയും മതങ്ങളുടെയും വിവിധ സാംസ്കാരിക ആചാരങ്ങൾ, കലാരൂപങ്ങൾ, ജീവിതരീതികൾ എന്നിവയുടെയും സമന്വയമാണ്. സംസ്ഥാനത്തിന്റെ സാംസ്കാരിക അന്തരീക്ഷം കാരണം കേരളത്തിലെ അനേകം ജനവിഭാഗങ്ങൾ സമാധാനപരമായി സഹവർത്തിത്തോടെ സഹവസിച്ചു വരുന്നു. കേരളത്തിന്റെ സമ്പന്നമായ ചരിത്രം മതനിരപേക്ഷതയിലും സഹിഷ്ണുതയിലും വൈവിധ്യത്തെ ഉൾക്കൊള്ളാനുള്ള തുറന്ന മനസ്സാലും ഉറച്ചു നിൽക്കുന്നു. പലതരത്തിലുള്ള അസഹിഷ്ണുതയുടെയും ഭിന്നിപ്പിന്റെയും പിന്തിരിപ്പൻ ചിന്തയുടെയും സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച രാജ്യത്തിന്, സാമൂഹിക ഐക്യത്തിനും പുരോഗമനത്തിനും പ്രസ്തുത മൂല്യങ്ങൾ നിലനിർത്തുന്നതിലും കേരളം മാതൃകയായി നിൽക്കാൻ ശക്തമായ പ്രതിബദ്ധത പ്രകടിപ്പിച്ചു.

**സാംസ്കാരിക ഡയറക്ടറേറ്റ്**

സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ കലാ-സാഹിത്യ-സാംസ്കാരിക സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായാണ് സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിച്ചത്. കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി, സംഗീത നാടക അക്കാദമി, സാഹിത്യ അക്കാദമി, ലളിത കലാ അക്കാദമി, ഫോക് ലോർ അക്കാദമി, മഹാകവി മോയിൻ കുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, കെ.എസ്.എഫ്.ഡി.സി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി എന്നിവയുൾപ്പെടെ വിവിധ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് സാംസ്കാരിക ഡയറക്ടറേറ്റ് സൗകര്യമൊരുക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു.

വാർഷിക പദ്ധതിയിൽ സഹായം ലഭിക്കാത്ത എല്ലാ സാംസ്കാരിക സ്ഥാപനങ്ങൾക്കുമുള്ള വാർഷിക ഗ്രാന്റുകളുടെ വിതരണവും ഡയറക്ടറേറ്റ് ഏകോപിപ്പിക്കുന്നു. ഡയറക്ടറേറ്റിന്റെ മറ്റ് പ്രധാന

ച്ചമതലകളിൽ, കലാ-സാഹിത്യ-സാംസ്കാരിക പ്രതിഭകളുടെ സ്മാരകങ്ങളിലെ സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സഹായ വിതരണം; പ്രമുഖ കലാകാരന്മാരുടെയും എഴുത്തുകാരുടെയും ആശ്രിതർക്ക് പ്രതിമാസ പെൻഷൻ വിതരണം, കേരളത്തിലെ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവ ഉൾപ്പെടുന്നു.

സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ ഡയറക്ടറേറ്റ് നടപ്പാക്കിവരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കലാകാരന്മാരെ സഹായിക്കാനുള്ള ഉത്തരവാദിത്തവും സാംസ്കാരിക ഡയറക്ടറേറ്റിനുണ്ട്. ഇതനുസരിച്ച്, കലാകാരന്മാർക്കും, മരണമടഞ്ഞ കലാകാരന്മാരുടെ ആശ്രിതർക്കും, പ്രശസ്തരായ എഴുത്തുകാർക്കും പ്രതിമാസ പെൻഷൻ നൽകുന്നു. സംസ്ഥാനത്തെ എല്ലാ സാംസ്കാരിക സ്ഥാപനങ്ങൾക്കും അവരുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സാംസ്കാരിക ഡയറക്ടറേറ്റ് വാർഷിക ഗ്രാന്റുകൾ വിതരണം ചെയ്യുന്നു

## പ്രധാന നേട്ടങ്ങളും പ്രവർത്തനവും

ഡയറക്ടറേറ്റിന്റെ പ്രധാന നേട്ടങ്ങൾ താഴെ കൊടുക്കുന്നു:

**സംസ്കാരത്തിന്റെ വ്യാപനം:** സാംസ്കാരിക പ്രചാരം എന്നത് കേരളത്തിന്റെ തനതായ കലകളും പൈതൃകവും കാണാനും കേൾക്കാനും ആസ്വദിക്കാനും അനുഭവിക്കാനുമുള്ള അവസരമൊരുക്കുന്നു, അതുവഴി വരും തലമുറകൾ ഈ സാംസ്കാരിക നേട്ടങ്ങളുമായി പരിചിതരാകും. ഈ പരിപാടിയുടെ ഭാഗമായി സാംസ്കാരിക സ്ഥാപനങ്ങൾക്കായി പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുകയും, മലയാള സാഹിത്യത്തിലെ ഉന്നതനായ ശ്രീ. എം ടി വാസുദേവൻ നായരെ ആദരിക്കുകയും ചെയ്തു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വാസ്തു വിദ്യാ ഗുരുകുലത്തിന്റെ ഫോട്ടോ ഗാലറി ഉൾപ്പെടെയുള്ള ഒരു കോഫി ടേബിൾ ബുക്കും ഈ പരിപാടിയുടെ ഭാഗമായി പ്രസിദ്ധീകരിച്ചു. വിവിധ സാംസ്കാരിക സ്ഥാപനങ്ങളുമായി അവരുടെ സംഭാവനകൾ കൂടുതൽ ദൃശ്യപരതയിലെക്ക് എത്തിക്കുന്നതിനായി വകുപ്പ് സഹകരിക്കുന്നു.

**'മഴമിഴി':** കൊവിഡ് മഹാമാരിയും പ്രളയവും മൂലം ദയനീയാവസ്ഥയിൽ കഴിയുന്ന, ഉപജീവനമാർഗം നഷ്ടപ്പെട്ട കലാകാരന്മാരുടെയും അവരുടെ കൂട്ടായ്മകൾക്ക് സഹായഹസ്തമായി നിൽക്കുന്നതിനുമായി രൂപം നൽകിയ പദ്ധതിയാണ് ഇത്. കലാ-സാംസ്കാരിക രംഗങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും ഒരുമിച്ച് കൊണ്ടുവരികയും അവരുടെ സൃഷ്ടികൾ ഓൺലൈനിൽ പ്രദർശിപ്പിക്കുകയും അത് വഴി സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ ഭാരത് ഭവനാണ് സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ അക്കാദമികളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പരിപാടികൾ നടത്തിവരുന്നത്. കോവിഡിന് ശേഷമുള്ള സാഹചര്യത്തിൽ, പ്രകടനങ്ങൾ ഓഫ്‌ലൈനായും ഓൺലൈനായും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വിവരസാങ്കേതികവിദ്യയുടെ നൂതനമായ മാർഗങ്ങളിലൂടെ കലയും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള തടസ്സങ്ങളെ മറികടക്കാൻ ശ്രമിച്ചതിനാൽ ഈ പരിപാടി പരക്കെ പ്രശംസിക്കപ്പെട്ടു.

**"സമം"**: സാംസ്കാരിക വകുപ്പ് വിഭാവനം ചെയ്ത ഈ പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ചൂഷണങ്ങൾക്കും അതിക്രമങ്ങൾക്കും എതിരെ ക്രിയാത്മകമായി പ്രതികരിച്ചുകൊണ്ട് കലയുടെയും സംസ്കാരത്തിന്റെയും എല്ലാ മേഖലകളിലും ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള ഒന്നാണ്. യുവജനക്ഷേമ ബോർഡ്, യുവജന കമ്മീഷൻ, നാഷണൽ സർവീസ് സ്കീം, സ്കൗട്ട്സ്, സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിങ്ങനെ വിവധ വകുപ്പുകളെ ഉൾപ്പെടുത്തിയുള്ള ഒരു സഹകരണ പരിപാടിയായാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്.

**വജ്ര ജൂബിലി ഫെല്ലോഷിപ്പ്:** വിവിധ കലാരൂപങ്ങളിൽ ആളുകൾക്ക് ഓറിയന്റേഷൻ നൽകുന്നതിന് വേണ്ടി പ്രതിഭാധനരായ ആയിരം യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും ഉദ്ദേശിച്ചുള്ള പരക്കെ പ്രശംസിക്കപ്പെട്ട ഒരു പദ്ധതിയാണ്. കലാപ്രവർത്തനങ്ങളിൽ നിശ്ചിത യോഗ്യതയും നാടൻ കലകളിൽ പ്രാവീണ്യവുമുള്ള യുവകലാകാരന്മാർക്ക് ആളുകളെ പരിശീലിപ്പിക്കാനുള്ള വേദിയാണ് ഒരുക്കിയിരിക്കുന്നത്. ഈ കലാകാരന്മാർക്ക് ഒരു നിശ്ചിത കാലയളവിലേക്ക് ഫെലോഷിപ്പുകൾ നൽകി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി 1000 യുവ കലാകാരന്മാരെ പരിശീലകരായി തിരഞ്ഞെടുത്തു. ഈ കലാകാരന്മാർ 45 വ്യത്യസ്ത കലാരൂപങ്ങളിൽ പരിശീലനം നൽകുകയും ചെയ്യുന്നു. പ്രായ-ലിംഗ വ്യത്യാസമില്ലാതെ ആർക്കും പരിശീലന പരിപാടിയിൽ പങ്കെടുക്കാം. നിലവിൽ, 171 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ) സ്ഥിതി ചെയ്യുന്ന ആയിരത്തിലധികം പരിശീലന കേന്ദ്രങ്ങളിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കലാകാരൻമാർക്ക് സംസ്ഥാന സർക്കാർ പ്രതിമാസം 10,000 രൂപയും ബന്ധപ്പെട്ട പ്രാദേശിക സർക്കാർ 7,500 രൂപയും രണ്ട് വർഷത്തേക്ക് നൽകുന്നു. ഡയമണ്ട് ജൂബിലി ഫെലോഷിപ്പുകളുടെ വിതരണത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 9.1.1**ൽ നൽകിയിരിക്കുന്നു.

വിഷയ വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കിയ 45 കലാരൂപങ്ങളിലും ഒരു സിലബസ് അടിസ്ഥാനമാക്കി നടപ്പിലാക്കിയ ഒരു ഘടനാപരമായ ഒന്നാണ് ഈ പദ്ധതി. സംസ്ഥാനത്തുടനീളം ഏകീകൃത പരിശീലനം നൽകുന്നതിന് ഇത് സഹായകമായി. ഒരു കലാകാരൻ ആഴ്ചയിൽ രണ്ടര മണിക്കൂർ വീതമുള്ള നാല് ക്ലാസുകളെങ്കിലും നടത്തണമെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### റൂറൽ ആർട്ട് ഹബ്/ഗ്രാമീണ കലാകേന്ദ്രം:

സംസ്ഥാനത്തെ ഗ്രാമീണ കലാകാരന്മാരുടെയും, കരകൗശല വിദഗ്ധരുടെയും ജീവിത സുസ്ഥിരത ഉറപ്പുവരുത്തുക, അവരുടെ കഴിവുകൾ ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി സുസ്ഥിര വിപണി ബന്ധം സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയാണിത്. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 25 പൈതൃക ഗ്രാമങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്. പൈതൃക ഗ്രാമങ്ങളുടെയും ഉൽപന്നങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം 9.1.2 ൽ നൽകിയിരിക്കുന്നു. തിരഞ്ഞെടുത്ത ഓരോ ഗ്രാമത്തിലും ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള വിപണന കേന്ദ്രവും സജ്ജീകരിച്ചിട്ടുണ്ട്.

### സാംസ്കാരിക ഡയറക്ടറേറ്റിന് കീഴിലുള്ള പ്രധാന സ്ഥാപനങ്ങൾ

വകുപ്പിന് കീഴിൽ വാർഷിക പദ്ധതി ഫണ്ട് വിനിയോഗിക്കുന്ന 23 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സാംസ്കാരിക വകുപ്പ് മുഖേന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അവരുടെ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ അക്കാദമികൾ, സ്ഥാപനങ്ങൾ, സ്മാരക കെട്ടിടങ്ങൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങൾ **അനുബന്ധം 9.1.3**ൽ കൊടുത്തിരിക്കുന്നു.

### കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (KSFDC)

മലയാള സിനിമയുടെ നിർമ്മാണവും, പ്രോൽസാഹനവും സുഗമമാക്കുന്നതിനും, ഗുണനിലവാരവും മികവും അംഗീകരിക്കുന്നതിനും അഭിനന്ദിക്കുന്നതിനുമുള്ള ഒരു സംസ്കാരം വികസിപ്പിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ 1975 ജൂലൈ 23 നാണ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (KSFDC) സ്ഥാപിതമായത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 17 ആഗോള നിലവാരമുള്ള തിയേറ്ററുകൾ കെ.എസ്.എഫ്.ഡി.സി ക്ക് കീഴിൽ സ്വന്തമായി പ്രവർത്തിക്കുന്നുണ്ട്. മലയാള സിനിമാ നിർമ്മാണ വ്യവസായത്തെ മദ്രാസിൽ നിന്ന് നമ്മുടെ സ്വന്തം സംസ്ഥാനത്തേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ കെ.എസ്.എഫ്.ഡി.സി സ്ഥാപിച്ചതാണ് തിരുവനന്തപുരത്തെ തിരുവല്ലത്ത് ചിത്രാഞ്ജലി സ്റ്റുഡിയോ. ആഭ്യന്തര ചലച്ചിത്ര വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി, ചിത്രാഞ്ജലിക്ക് കീഴിൽ നിർമ്മിക്കുന്ന ഫീച്ചർ ഫിലിമുകൾക്കും കുട്ടികളുടെ സിനിമകൾക്കും സബ്സിഡി നൽകുന്ന ഒരു പദ്ധതിയേതര പരിപാടി കെ.എസ്.എഫ്.ഡി.സി നടത്തുന്നു. കേരള സർക്കാർ നൽകുന്ന സബ്സിഡി ഉപയോഗിച്ച് പ്രതിവർഷം 40-45 സിനിമകൾ നിർമ്മിക്കപ്പെടുന്നുണ്ട്. തിരുവനന്തപുരത്ത് വഴുതക്കാട് കലാഭവൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന കെ.എസ്.എഫ്.ഡി..സി തിയേറ്ററുകളാണ് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ (ഐ.എഫ്.എഫ്.കെ) പ്രധാന വേദി.

കിഫ്ബിയുടെ സഹായത്തോടെ എല്ലാ ജില്ലയിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നത് സാംസ്കാരിക വകുപ്പിന്റെ ഒരു പ്രധാന പദ്ധതയാണ്. ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കെ.എസ്.എഫ്.ഡി..സിയാണ്. കൊല്ലത്ത് ശ്രീനാരായണഗുരു കൾച്ചറൽ കോംപ്ലക്സ് 2023 മെയ് 04 ന് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. പാലക്കാട് സാംസ്കാരിക സമുച്ചയം പൂർത്തിയാകുന്നു, കാസർകോട് നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

### പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടപ്പെട്ടവരുടെയും, വനിതാ സംവിധായകരുടെയും സിനിമകൾ:

പ്രഗത്ഭരായ സ്ത്രീകളുടെയും, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിലെ അംഗങ്ങളുടെയും സിനിമ സംവിധാനം ചെയ്യാനുള്ള ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ സർക്കാർ ബദ്ധശ്രദ്ധ ചെലുത്തുന്നുണ്ട്. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനാണ് ഈ ചിത്രങ്ങളുടെ നിർമ്മാണ ചുമതല. പദ്ധതിയുടെ ഭാഗമായി, മിസ് മിനി ഐ ജി സംവിധാനം ചെയ്ത 'ഡിവോഴ്സ്' എന്ന ചിത്രം 2023 ഫെബ്രുവരി 24-ന് കേരളത്തിലുടനീളം റിലീസ് ചെയ്തു. മിസ് ശ്രുതി ശരണ്യം സംവിധാനം ചെയ്ത 'ബി 32 മുതൽ 44' എന്ന ചിത്രവും മിസ് ഇന്ദു

**ബോക്സ് 9.1.1** സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള ആവർത്തന ഗ്രാന്റുകൾ

സാംസ്കാരിക സംഘടനകൾക്കും അസോസിയേഷനുകൾക്കും അവരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ക്രിയാത്മകമായ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ പദ്ധതി സാമ്പത്തിക സഹായം നൽകുന്നു. ഈ പദ്ധതിയുടെ വ്യവസ്ഥകൾ അനുസരിച്ച്, ഒരു സ്ഥാപനത്തിന് അഞ്ച് വർഷത്തിനുള്ളിൽ മൂന്ന് തവണ ധനസഹായം നൽകും. കഴിഞ്ഞ സാമ്പത്തിക വർഷം താഴെ പറയുന്ന 11 സ്ഥാപനങ്ങൾക്കും സാംസ്കാരിക പ്രവർത്തനങ്ങൾക്കായി 50,00,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്.

1. കുമാരനാശാൻ സ്മാരകം, പല്ലന
2. രാജ്യാന്തര ചലച്ചിത്രമേള തൃശ്ശൂർ
3. തിലകൻ സ്മാരക വേദി, കൊടുമൺ
4. പ്രൊഫ.എൻ.കൃഷ്ണപിള്ള ഫൗണ്ടേഷൻ, തിരുവനന്തപുരം
5. ശ്രീചിത്തിര തിരുനാൾ സംഗീത നാട്യ കലാ കേന്ദ്രം
6. കാട്ടാൽ പുസ്തകമേള
7. ഒ.വി. വിജയൻ സ്മാരക സമിതി
8. തകഴി സ്മാരകം, ശങ്കരമംഗലം
9. ഓൾ ഇന്ത്യ അഗ്രിബിസിനസ് ഹെൽത്ത് എക്സിബിഷൻ
10. മാതാ തിയറ്റർ ആർട്സ്, കോഴിക്കോട്
11. പുരോഗമന കലാ സാഹിത്യ സംഘം, തിരുവനന്തപുരം

ഉറവിടം: ഡയറക്ടറേറ്റ് ഓഫ് കൾച്ചർ, 2023

ലക്ഷ്മി സംവിധാനം ചെയ്ത 'നിള'യും 2023 ഓഗസ്റ്റ് 4-ന് റിലീസ് ചെയ്തു. ശ്രുതി ശരണ്യം സംവിധാനം ചെയ്ത 'B32 to 44' എന്ന സിനിമ പ്രത്യേക വിഭാഗത്തിൽ മികച്ച വനിതാ/ട്രാൻസ്ജെൻഡർ ചിത്രത്തിനുള്ള 2022-ലെ കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയത് സന്തോഷകരമാണ്. രണ്ട് ചിത്രങ്ങളും ഇന്ത്യയിലും വിദേശത്തും വിവിധ ചലച്ചിത്രമേളകളിൽ പ്രദർശിപ്പിക്കുകയും നിരവധി അഭിനന്ദനങ്ങൾ നേടുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷത്തേക്ക് തിരഞ്ഞെടുത്ത വനിതാ ഡയറക്ടർമാർ ആതിര ടി എൻ (കഫേ അൺലിമിറ്റഡ്), മിസ് മിനി പൂങ്ങാട്ട് (കൂത്ത്) എന്നിവരാണ്. 2022-23 സാമ്പത്തിക വർഷത്തേക്ക് തിരഞ്ഞെടുത്ത പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഡയറക്ടർമാർ ശ്രീ അജിത് വി (ആറ്റുമാലി), ശ്രീ സുമേഷ് സി എസ് (ബ്രേക്ക് സുകുമാരൻ) എന്നിവരാണ്.

**കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

കേരള സർക്കാരിന്റെ സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ ലാഭേച്ഛയില്ലാത്ത പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ, സ്ഥാപനമാണ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി. 1998 ഓഗസ്റ്റിൽ സംസ്ഥാനത്തെ സിനിമയുടെ പ്രോത്സാഹനത്തിനായി ഇത് സ്ഥാപിതമായി. ചലച്ചിത്ര മാധ്യമത്തിന്റെ മൊത്തത്തിലുള്ള ചരക്ക് വൽക്കരണത്തെ ചെറുക്കുന്നതിനും സമൂഹത്തിന്റെ സാംസ്കാരിക പ്രബുദ്ധതയ്ക്ക് സിനിമയുടെ സംഭാവനകളെ ശരിയായ രീതിയിൽ അംഗീകരിക്കുന്നതിനുമുള്ള ശ്രമമാണ് അക്കാദമി.

**അക്കാദമിയുടെ പ്രധാന പ്രവർത്തനവും, പ്രകടനവും**

27-മത് ഐ.എഫ്.എഫ്.കെ കേരള സർക്കാരിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഏറ്റവും വലിയ സാംസ്കാരിക പരിപാടിയാണ് കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവം. കോവിഡ് 19 കാരണം 2022 മാർച്ചിലാണ് 26-ാമത് ഐ.എഫ്.എഫ്.കെ നടന്നതെങ്കിലും, ഷെഡ്യൂൾ കാര്യക്ഷമമാക്കുന്നതിനായി 27-ാം പതിപ്പ് 2022 ഡിസംബറിൽ തന്നെ നടത്തി. അങ്ങനെ ഐ.എഫ്.എഫ്.കെയുടെ ചരിത്രത്തിലാദ്യമായി ഒരു വർഷത്തിനിടെ രണ്ട് അന്താരാഷ്ട്ര ചലച്ചിത്രമേളകൾ നടന്നു. 2022 ഡിസംബർ 9 മുതൽ 16 വരെ തിരുവനന്തപുരത്താണ് 27-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവം നടന്നത്. 8 ദിവസങ്ങളിലായി നടന്ന മേളയിൽ 15 സ്ക്രീനുകളിലായി 70 രാജ്യങ്ങളിൽ നിന്നുള്ള 180 മികച്ച സിനിമകൾ പ്രദർശിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തിരുവനന്തപുരം നിശാഗന്ധി തിയേറ്ററിൽ ആണ് കലോത്സവം ഉദ്ഘാടനം ചെയ്തത്. ലോകസിനിമ കാണാനുള്ള താൽപര്യത്തിൽ ശ്രദ്ധേയമായ വർദ്ധനവ് കാണിച്ചുകൊണ്ട്, 13,000 പ്രതിനിധികൾ ഫീസ് നൽകി മേളയിൽ പങ്കെടുത്തു. കൂടാതെ മാധ്യമ, ഉദ്യോഗസ്ഥ, രക്ഷാധികാരി, സഹരക്ഷാധികാരി വിഭാഗങ്ങളിലായി 20,000-ത്തോളം പ്രതിനിധികൾ മേളയിൽ പങ്കെടുത്തു. ലോകമെമ്പാടുമുള്ള സിനിമാ ആസ്വാദകരെ ആകർഷിക്കുന്ന ഒരു അഭിമാനകരമായ ഇവന്റായി അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ വളർന്നു.

ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് പ്രശസ്ത ഹംഗേറിയൻ സംവിധായിക ബേല താറിനും, സ്പിരിറ്റ് ഓഫ് സിനിമാ അവാർഡ് ഇറാനിയൻ സംവിധായകൻ മെഹ്നാസ് മുഹമ്മദിക്കും സമ്മാനിച്ചു.

**നാലാമത് അന്താരാഷ്ട്ര വനിതാ ചലച്ചിത്രോത്സവം:** വനിതാ സംവിധായകരുടെ സൃഷ്ടികൾ മാത്രം പ്രദർശിപ്പിച്ച് ചലച്ചിത്രോത്സവം നടത്താനുള്ള സർക്കാർ തീരുമാനത്തിന് വലിയ സ്വീകാര്യത ലഭിച്ചു. 2023 മാർച്ച് 17 മുതൽ 19 വരെ ആലപ്പുഴയിൽ കൈരളി, ശ്രീ തിയേറ്ററുകളിലായാണ് മേള നടന്നത്. മേളയിൽ വനിതാ സംവിധായകരുടെ 25 ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. മലയാളം, ഇന്ത്യൻ, ലോകസിനിമ, ഡോക്യുമെന്ററി, ഷോർട്ട് ഫിക്ഷൻ വിഭാഗങ്ങളിലാണ് പ്രദർശനം നടന്നത്.

**പതിനഞ്ചാമത് അന്താരാഷ്ട്ര ഡോക്യുമെന്ററി ഷോർട്ട് ഫിലിം ഫെസ്റ്റിവൽ (IDSFFK):**

15000-ലധികം പ്രതിനിധികളെ പങ്കെടുപ്പിച്ച് 2023 ആഗസ്റ്റ് 4 മുതൽ 9 വരെ തിരുവനന്തപുരം കൈരളി, ശ്രീ, നിള തിയേറ്ററുകളിൽ 15-ാമത് അന്താരാഷ്ട്ര ഡോക്യുമെന്ററി, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ 2023 നടന്നു. ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് പ്രശസ്ത ഡോക്യുമെന്ററി സംവിധായിക ശ്രീമതി ദീപാ ധനരാജിന് സമ്മാനിച്ചു. സമകാലിക വിഷയങ്ങളെ ആസ്പദമാക്കിയുള്ള നിരവധി സിനിമകൾക്ക് ഐ.ഡി.എസ്.എഫ്.എഫ്.കെ വേദിയായിട്ടുണ്ട്.

**മാർഗി**

ക്ഷേത്രകലകളായ കഥകളി, കൂടിയാട്ടം, ചാക്യാർകൂത്ത്, നങ്ങ്യാർകൂത്ത്, പാഠകം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി മാർഗി അതിന്റെ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. തിരുവനന്തപുരത്ത് രണ്ടിടത്താണ് മാർഗി അതിന്റെ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. കൂടിയാട്ടം, നങ്ങ്യാർകൂത്ത് എന്നിവ വലിയശ്ശാല മാർഗി കേന്ദ്രത്തിലാണ് അവതരിപ്പിക്കുന്നത്. കിഴക്കേക്കോട്ടയ്ക്ക് സമീപമുള്ള മറ്റൊരു കേന്ദ്രം കഥകളിക്ക് മാത്രമായി നീക്കിവച്ചിരിക്കുന്നു. രണ്ട് കേന്ദ്രങ്ങളിലും വിദ്യാർത്ഥികൾക്ക് അവർ തിരഞ്ഞെടുത്ത കലാരൂപങ്ങളിൽ പരിശീലനം നൽകിവരുന്നു. ചെണ്ട, മദ്ദളം, ഇടക്ക, തിമില തുടങ്ങിയ വാദ്യോപകരണങ്ങളിലും മാർഗി പരിശീലനം നൽകുന്നുണ്ട്.

2022 ഓഗസ്റ്റ് 14 മുതൽ 17 വരെ പത്മശ്രീ കലാമണ്ഡലം കൃഷ്ണൻ നായർ അനുസ്മരണവും ഗുരുദിനവും മാർഗിയിൽ നടന്നു. ഇതോടൊപ്പം കഥകളി, നങ്ങ്യാർകൂത്ത് എന്നിവയും അരങ്ങേറി. 2022 നവംബർ 21, 22, 26, 27 തീയതികളിൽ കഥകളി, നങ്ങ്യാർകൂത്തും, ചാക്യാർ കൂത്തും പരിപാടികൾ നടന്നു. എല്ലാ മാസവും മാർഗിയിൽ ഇത്തരം പരിപാടികൾ നടത്താറുണ്ട്.

**കേരള സാഹിത്യ അക്കാദമി**

1956 ഓഗസ്റ്റ് 15-ന് തിരു-കൊച്ചി സർക്കാരാണ് കേരള സാഹിത്യ അക്കാദമി സ്ഥാപിച്ചത്. 1958-ൽ അക്കാദമിയുടെ ആസ്ഥാനം തൃശ്ശൂരിലേക്ക് മാറ്റുകയുണ്ടായി. മലയാള ഭാഷയുടെയും, സാഹിത്യത്തിന്റെയും വികാസവും വളർച്ചയും സുഗമമാക്കുക എന്നതാണ് കേരള സാഹിത്യ അക്കാദമിയുടെ പ്രധാന ലക്ഷ്യം. ഇതിനായി അക്കാദമി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത്

നടപ്പാക്കിവരികയാണ്. 2022-23 കാലയളവിൽ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്.

**'അതിരണിപ്പാടം@50':** കേരള സാഹിത്യ അക്കാദമിയും എസ്. പൊറ്റെക്കാട്ട് കൾച്ചറൽ സെന്റർ സംയുക്തമായി സംഘടിപ്പിച്ച ശ്രീ. എസ് കെ പൊറ്റെക്കാടിന്റെ 'ഒരു ദേശത്തിന്റെ കഥ' എന്ന നോവലിന്റെ 50-ാം വാർഷികാഘോഷം നടത്തി. പരിപാടിയുടെ ഉദ്ഘാടനം 2022 ജനുവരി 15-ന് ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ നടത്തുകയുണ്ടായി.

**പൂരം പുസ്തകോത്സവം:** തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പൂരം പുസ്തകോത്സവം സംഘടിപ്പിച്ചു. ബഹു. ഉന്നത വിദ്യാഭ്യാസ, സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു, പ്രസ്തുത പരിപാടി 2022 ഏപ്രിൽ 28-ന് ഉദ്ഘാടനം ചെയ്തു. 2022 ഏപ്രിൽ 28 മുതൽ മെയ് 7 വരെ നടന്ന പുസ്തകോത്സവത്തിൽ ഒരു സാംസ്കാരികോത്സവം സംഘടിപ്പിക്കുകയും, അത് പൊതുജനങ്ങളുടെ പ്രശംസ പിടിച്ചുപറ്റുകയുമുണ്ടായി.

**സ്ത്രീകൾ:** ഭാഷ, എഴുത്ത്, തിയേറ്റർ - ഏകദിന ശിൽപശാല: അക്കാദമിയും ദർശനം സാന്ത്വരവേദിയും സംയുക്തമായി 'സ്ത്രീ: ഭാഷ, എഴുത്ത്, നാടകം' എന്ന വിഷയത്തിൽ 2022 ജൂൺ 20 ന് കോഴിക്കോട് വെള്ളിമാടുകുന്ന് ജെൻഡർ പാർക്കിൽ ശിൽപശാല സംഘടിപ്പിച്ചു.

**സമം:** സ്ത്രീ സമത്വത്തിനായുള്ള സാംസ്കാരിക മുന്നേറ്റം': സാംസ്കാരിക വകുപ്പും സാഹിത്യ അക്കാദമിയും സംയുക്തമായി 2022 ജൂലൈ 2-ന് 'സമം: സ്ത്രീ സമത്വത്തിനായുള്ള സാംസ്കാരിക മുന്നേറ്റം' എന്ന പരിപാടി സംഘടിപ്പിച്ചു. തുടർന്ന് ചെറുകാടിന്റെ 'സ്വതന്ത്ര' എന്ന നാടകം അരങ്ങേറി.

**'ദുരവസ്ഥ', 'ചണ്ഡാലഭിക്ഷുകി':** ശതാബ്ദി ആഘോഷങ്ങൾ: കുമാരനാശാന്റെ ക്ലാസിക്കുകളായ 'ദുരവസ്ഥ', 'ചണ്ഡാലഭിക്ഷുകി' എന്നീ നോവലുകളുടെ ശതാബ്ദി ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം 2022 ഒക്ടോബർ 15-ന് കേരള സാഹിത്യ അക്കാദമിയിൽ നടന്നു.

**ഭാഷാ ദിനാചരണം:** കേരള സാഹിത്യ അക്കാദമി, ജില്ലാ ആസൂത്രണ സമിതി, തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2022 നവംബർ 1 ന് അക്കാദമി ഓഡിറ്റോറിയത്തിൽ ഭാഷാ ദിനാചരണം സംഘടിപ്പിച്ചു.

തുടർന്ന് തൃശ്ശൂർ ചങ്ങമ്പുഴ ഹാളിൽ കേരള കലയുടെ കൂടിയാട്ടം, ഭാഷ, വായന എന്നിവയെ കുറിച്ച് കലാമണ്ഡലം മണികണ്ഠൻ, വിവേക്ദാസ് എം എം എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

**കേരള ലളിതകലാ അക്കാദമി**

ദൃശ്യകലകളെ സംരക്ഷിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 1962-ൽ സ്ഥാപിതമായ കേരള ലളിതകലാ അക്കാദമി കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സാംസ്കാരിക സംഘടനയാണ്. തിരുവനന്തപുരം, കിളിമാനൂർ, കായംകുളം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാലടി, മലമ്പുഴ, മലപ്പുറം, കോഴിക്കോട്, തലശ്ശേരി, പയ്യന്നൂർ, മാനന്തവാടി, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ കേരള ലളിതകലാ അക്കാദമിക്ക് ആർട്ട് ഗാലറികളുണ്ട്. ഇക്കാലയളവിൽ ലളിതകലാ അക്കാദമി നിരവധി പരിപാടികൾ ഏറ്റെടുത്ത് നടത്തുകയും, പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**ആർട്ടിസ്റ്റ് റെസിഡൻസി സ്റ്റുഡിയോ:** കലാകാരന്മാർക്ക് താമസിക്കാനും ചിത്രങ്ങളും ശിൽപങ്ങളും നിർമ്മിക്കാനും കിളിമാനൂർ രാജാ രവിവർമ്മ സാംസ്കാരിക കേന്ദ്രത്തിൽ ആർട്ടിസ്റ്റ് റെസിഡൻസി സ്റ്റുഡിയോ തുറന്നു.

കോഴിക്കോട് കാരപ്പറമ്പ് ജി.എച്ച്.എസ്.എസിൽ ആർട്ട് ഗാലറിയുടെ നിർമാണോദ്ഘാടനം 2022 മെയ് 19 ന് ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ നടത്തുകയുണ്ടായി. സ്കൂൾ തലം മുതൽ തന്നെ കുട്ടികളിൽ കലാസ്വാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ പതിനാല് ജില്ലകളിലെയും തിരഞ്ഞെടുത്ത സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കലാസൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിന് ആർട്ട് ഗാലറികൾ സ്ഥാപിക്കുന്നതിനുള്ള സർക്കാർ പദ്ധതിക്ക് ഇത് തുടക്കം കുറിച്ചു.

**ദേശീയ തടി ശിൽപ ക്യാമ്പ്:** കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ 2022 മെയ് 20 മുതൽ 29 വരെ കണ്ണൂർ ശ്രീകണ്ഠപുരം കാക്കണ്ണൻ പാറ കെ.ജി. എസ് കലാഗ്രാമത്തിൽ 11 ദിവസത്തെ ദേശീയ ശിൽപ ക്യാമ്പ് സംഘടിപ്പിച്ചു. പരമ്പരാഗത ശിൽപികൾക്കും, പ്രഫഷണൽ കലാകാരന്മാർക്കും ഒത്തുചേരാനും അറിവുകളും അനുഭവങ്ങളും പരസ്പരം കൈമാറാനും ക്യാമ്പ് ഒരു സവിശേഷ വേദിയായി മാറി. രാജ്യത്തിന്റെ സമകാലിക കലാചരിത്രത്തിലെ നാഴികക്കല്ലായി ഈ സംഭവം വിലയിരുത്തപ്പെട്ടു.

**തോഹോക – ജാപ്പനീസ് ഫോട്ടോഗ്രാഫി പ്രദർശനം:** ഇന്ത്യയിലും വിദേശത്തുമുള്ള സമാന സ്വഭാവമുള്ള സാംസ്കാരിക സംഘടനകളുമായും സ്ഥാപനങ്ങളുമായും സഹകരിച്ച് സാമൂഹികവും സാംസ്കാരികവുമായ കൈമാറ്റങ്ങൾക്ക് കേരള ലളിതകലാ അക്കാദമി പ്രതിജ്ഞാബദ്ധമാണ്. ഇത്തരം സംരംഭങ്ങളുടെ ഭാഗമായി ജപ്പാൻ ഫൗണ്ടേഷന്റെ സഹകരണത്തോടെ അക്കാദമിയുടെ എറണാകുളം ദർബാർ ഹാൾ ആർട്ട് സെന്ററിൽ 2022 ജൂലൈ 2 മുതൽ 16 വരെ ജാപ്പനീസ് ഫോട്ടോഗ്രാഫർമാരുടെ ഫോട്ടോഗ്രാഫി പ്രദർശനം 'തൊഹോക' എന്നാ പേരിൽ സംഘടിപ്പിച്ചു.

**ആദിവാസി വിദ്യാർഥികൾക്കായി ദ്വിദിന ചിത്ര–ശിൽപ പരിശീലന ക്യാമ്പ് – മലമ്പുഴ:** ചിത്രരചനയിൽ താൽപര്യമുള്ള 100 ആദിവാസി വിദ്യാർഥികളെ പങ്കെടുപ്പിച്ച് 2022 ജൂലൈ 30 മുതൽ 31 വരെ പാലക്കാട് മലമ്പുഴ ആശ്രമം എച്ച്.എസ്.എസിൽ ദ്വിദിന ചിത്ര-ശിൽപ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു.

**ബേക്കൽ ആർട്ട് പ്രോജക്ട്:** ബി.ആർ.ഡി.സി ആക്സസ് ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി, കേരള

ലളിതകലാ അക്കാദമി 2022 ഡിസംബർ 10 മുതൽ 19 വരെ കാസർകോട് ബേക്കൽ ബീച്ചിൽ ദേശീയ ആർട്ട് വാൾ പെയിന്റിംഗ് ക്യാമ്പ് സംഘടിപ്പിച്ചു.

**അക്ഷര വർണം ദേശീയ ചിത്രകലാ ക്യാമ്പ്:** കേരള ലളിതകലാ അക്കാദമിയും, ഇന്ത്യൻ ലൈബ്രറി കോൺഗ്രസും സംയുക്തമായി 2022 ഡിസംബർ 8 മുതൽ 12 വരെ (5 ദിവസം) കണ്ണൂർ ജില്ലയിലെ കണ്ണൂർ യൂണിവേഴ്സിറ്റി കാമ്പസിൽ "അക്ഷരവർണമണൽ" ദേശീയ കലാ ക്യാമ്പ് സംഘടിപ്പിച്ചു.

**കേരള ഫോക് ലോർ അക്കാദമി**

സാംസ്കാരിക വകുപ്പിന് കീഴിലുള്ള ഒരു സ്വതന്ത്ര കേന്ദ്രമായ കേരള ഫോക് ലോർ അക്കാദമി 1995 ജൂൺ 28 നാണ് സ്ഥാപിതമായത്. കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുകയും പ്രൊജക്റ്റ് ചെയ്യുകയുമാണ് അക്കാദമിയുടെ പ്രധാന ലക്ഷ്യം. കേരളത്തിലെ കണ്ണൂരിലാണ് കേരള ഫോക്ലോർ അക്കാദമി സ്ഥിതി ചെയ്യുന്നത്.

**പി.കെ കാളൻ അവാർഡ് 2022:** പരമ്പരാഗത കൃഷിയെ സംരക്ഷിക്കുന്ന ലോകപ്രശസ്ത ജീനോം രക്ഷകനായ 'നെല്ലച്ചൻ' എന്നറിയപ്പെടുന്ന കുറിച്യ ജാതിയിലെ കർഷകനായ ശ്രീ. ചെറുവയൽ രാമനെ പി.കെ. കാളൻ പുരസ്കാരം നൽകി ആദരിക്കുകയുണ്ടായി. നൂറ്റാണ്ടുകളായി വയനാട്ടിൽ കൃഷിചെയ്യുന്ന 51 പരമ്പരാഗത വിത്തുകളെ അദ്ദേഹം സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു.

**കർക്കിടകപ്പെരുമ – 2022:** കർക്കിടകപ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ, ആദിവേടൻ കർക്കിടക ചികിത്സ, പരമ്പരാഗത ഭക്ഷണം എന്നിവയെക്കുറിച്ചുള്ള അറിവ് പുതുതലമുറയ്ക്ക് പകർന്നുനൽകുക എന്ന ഉദ്ദേശത്തോടെ 2022 സെപ്റ്റംബർ 10 ന് അക്കാദമി ആസ്ഥാനത്ത് കർക്കിടകപ്പെരുമ എന്ന പരിപാടി സംഘടിപ്പിച്ചു. മൂന്നുതരം കർക്കിടക കഞ്ഞി പാകം ചെയ്ത് വിളമ്പി. വിവിധയിനം നാടൻ ഇലക്കറികൾ പരിപാടിയിൽ അവതരിപ്പിച്ചു.

**ഫോക്‌ലോർ ദിനാചരണം:** 2022 ഓഗസ്റ്റ് 22ന് നടന്ന ഫോക്‌ലോർ ദിനാചരണത്തോടനുബന്ധിച്ച് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫോക്‌ലോർ വിഭാഗത്തിന്റെ സഹകരണത്തോടെ സെമിനാറും മുടിയേറ്റും നടത്തി.

**നാട്ടുൽസവം:** കേരള സർവകലാശാല മലയാളം വിഭാഗത്തിന്റെ സഹകരണത്തോടെ നാടോടി വിജ്ഞാനീയം സെമിനാർ, നാടൻ കല സോദാഹരണ ക്ലാസ്, നാടൻപാട്ട്, നാടൻ കലാസംഗമം എന്നിവ സംഘടിപ്പിച്ചു.

**ചെങ്ങന്നൂർ പെരുമ:** ചെങ്ങന്നൂരിന്റെ പൈതൃക കലാരൂപങ്ങളിൽ അവതരിപ്പിക്കുന്നതിനായി അക്കാദമി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ 9 പഞ്ചായത്തുകളിൽ ഗ്രാമസന്ധ്യയും ചെങ്ങന്നൂരാദി മഹോത്സവവും 2022 ഒക്ടോബർ 22 മുതൽ നവംബർ 5 വരെ സംഘടിപ്പിച്ചു.

**ആയോധന കലാ പൈതൃകോത്സവം:** കേരള ഫോക് ലോർ അക്കാദമി, കതിരൂർ ഗ്രാമപഞ്ചായത്തിന്റെയും പുല്ലോടി പാട്യം ഗോപാലൻ വായനശാലയുടെയും സഹകരണത്തോടെ 2021 ഫെബ്രുവരി 21 മുതൽ 27 വരെ തലശ്ശേരി പൊന്ന്യം ഏഴരക്കണ്ടത്ത് ആയോധന കലാ പൈതൃകോത്സവം സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി കളരിപ്പയറ്റ് പ്രദർശനവും, വിവിധ നാടൻ കലാപരിപാടികളും നടന്നു.

**വാസ്തു വിദ്യ ഗുരുകുലം**

കേരളത്തിന്റെ വാസ്തു ശിൽപ പാരമ്പര്യം, ചുമർ ചിത്രകലാപൈതൃകം, ദാരുശില ശിൽപം, കരകൗശലപാരമ്പര്യം, കലയും പ്രകൃതിസൗഹൃദവുമായ നിർമാണരീതികൾ പ്രചരിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ മൂന്നു പതിറ്റാണ്ടായി വാസ്തു വിദ്യാ ഗുരുകുലം പ്രവർത്തിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സ്ഥാപനം താഴെപ്പറയുന്ന പരിപാടികൾ നടത്തി.

**ഗ്രീൻ ബിൽഡിംഗ് കൗൺസിലിലെ അംഗത്വം:** ഗ്രീൻ ബിൽഡിംഗ് കൗൺസിൽ ഓഫ് ഇന്ത്യയുടെ ഗ്രീൻ ബിൽഡിംഗ് ടെക്നിക്കുകൾ പ്രോത്സാഹിപ്പിക്കുന്ന ഒരു സ്ഥാപനം എന്ന നിലയിൽ വാസ്തു വിദ്യ ഗുരുകുലം അംഗത്വം നേടിയിട്ടുണ്ട്.

**റൂറൽ ആർട്ട് ഹബ്ബ് നടപ്പിലാക്കുന്ന ഏജൻസി:** ഗ്രാമീണ കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും ജീവിത സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും അവർക്ക് പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനും വിപുലമായ വിപണി ശൃംഖലകൾ സ്ഥാപിക്കുന്നതിനും അതുവഴി രാജ്യത്തിന്റെ കരകൗശല പൈതൃകം സംരക്ഷിക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് റൂറൽ ആർട്ട് ഹബ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വാസ്തു വിദ്യാ ഗുരുകുലം അതിന്റെ നിർവഹണ ഏജൻസിയായി പ്രവർത്തിക്കുന്നു.

**സുസ്ഥിര നിർമ്മാണ സാങ്കേതിക വിദ്യകൾ:** വെള്ളപ്പൊക്കത്തെ അതിജീവിക്കുന്ന മൺപാത്രങ്ങൾ, നിർമ്മാണ, പൊളിക്കൽ മാലിന്യങ്ങളുടെ പുനരുപയോഗം, ജൈവ ബോണ്ടിംഗ് മിശ്രിതമായ അഷ്ടബന്ധ കൂട്ട് എന്നിവയുടെ ശാസ്ത്രം എന്നിവയെക്കുറിച്ച് സ്ഥാപനം ഗവേഷണം നടത്തുന്നു. വാസ്തുവിദ്യാ ഗുരുകുലത്തിന്റെ വാസ്തുവിദ്യയെക്കുറിച്ചുള്ള നിർദ്ദേശം തിരഞ്ഞെടുക്കപ്പെടുകയും, അഖിലേന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ ഈ മേഖലയിൽ ദേശീയാടിസ്ഥാനത്തിൽ മികവ് കണ്ടെത്തിയ 13 ഗവേഷണ സ്ഥാപനങ്ങളിൽ ഒന്നായി സ്ഥാപനത്തെ പരിഗണിക്കുകയും ചെയ്തു.

**നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാര നിയന്ത്രണത്തിനുള്ള ലബോറട്ടറി സൗകര്യം:** പുനരുപയോഗം ചെയ്ത കെട്ടിട അവശിഷ്ടങ്ങളും കോൺക്രീറ്റ് ഖരമാലിന്യവും ഉപയോഗിച്ച് നിർമ്മിച്ച ഒരു പൂർണ്ണ സജ്ജീകരണ ലബോറട്ടറിയിലാണ് പരിസ്ഥിതി സൗഹൃദ സുസ്ഥിര നിർമ്മാണ സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള ഗവേഷണ പരിപാടികൾ നടത്തുന്നത്. നിർമാണ സാമഗ്രികളുടെ ഗുണനിലവാര പരിശോധനയും ഈ ലബോറട്ടറിയിൽ സാധ്യമാണ്.

**കേരള കലാമണ്ഡലം**

കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമുള്ള രാജ്യത്തെ

പ്രമുഖ പൊതുസ്ഥാപനമാണ് കേരള കലാമണ്ഡലം. അതിന്റെ തുടക്കം മുതൽ, ലോകമെമ്പാടുമുള്ള കലാകാരന്മാർ, കലാ-പണ്ഡിതർ, ചരിത്രകാരന്മാർ, നാടക-കലാകാരന്മാർ/സംവിധായകർ, നൃത്തസംവിധായകർ, കലാപ്രേമികൾ എന്നിവരെ ആകർഷിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമാണ് ഇത്. കേരള കലാമണ്ഡലത്തെ കലാ സാംസ്കാരിക മേഖലയിലെ ഡീംഡ് യൂണിവേഴ്സിറ്റിയായി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം പ്രഖ്യാപിച്ചു. 2006 മാർച്ച് 14-ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഉപദേശപ്രകാരം ഇന്ത്യ ഗവൺമെന്റും കേരള സർക്കാരും അതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ആൻഡ് റൂൾസ് 2007 മെയ് 15-ന് അംഗീകരിച്ചു.

**നേട്ടങ്ങൾ**

2022-23 അധ്യയന വർഷത്തിൽ ബിഎ കോഴ്സിൽ 52 വിദ്യാർത്ഥികൾ ഉപരിപഠനത്തിന് യോഗ്യത നേടുകയും 9 ഗവേഷകർക്ക് പി.എച്ച്.ഡി ബിരുദം നൽകുകയും ചെയ്തു.

അമേരിക്ക ആസ്ഥാനമായുള്ള കൊളറാഡോ ഫൈൻ ആർട്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന കൊളറാഡോ ഫെസ്റ്റിവലിൽ കേരള കലാരൂപങ്ങളായ കഥകളി, കൂടിയാട്ടം, ഓട്ടം തുള്ളൽ, ചാക്യാർ കൂത്ത്, മഴയൊലി എന്നിവ കലാമണ്ഡലത്തിലെ അധ്യാപകരും വിദ്യാർത്ഥികളും അവതരിപ്പിച്ച് പ്രദർശിപ്പിച്ചു.

**മാർഗഴി ഫെസ്റ്റിവൽ:** ചെന്നൈ ആസ്ഥാനമായുള്ള കലാക്ഷേത്ര ഫൗണ്ടേഷനും കലാമണ്ഡലം ഡീംഡ് സർവകലാശാലയും സംയുക്തമായാണ് മാർഗഴി ഫെസ്റ്റിവൽ സംഘടിപ്പിച്ചത്. ഇന്ത്യയിലെ പ്രശസ്തരായ കലാകാരന്മാർ മേളയിൽ അവതരിപ്പിച്ചു.

ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന കലാക്ഷേത്ര ഫൗണ്ടേഷനും കേരള കലാമണ്ഡലം ഡീംഡ് സർവകലാശാലയും സംയുക്തമായി സംഘടിപ്പിക്കുന്ന മാർഗഴി മഹോത്സവം 2023 ജനുവരി 7, 8 തീയതികളിൽ കലാമണ്ഡലം കൂത്തമ്പലത്തിൽ നടന്നു. പ്രസ്തുത പരിപാടിയിൽ ഇന്ത്യയിലെ പ്രശസ്തരായ കലാകാരന്മാർ പരിപാടികൾ അവതരിപ്പിച്ചു.

**നിള ദേശീയ നൃത്ത സംഗീതോത്സവം:** നിള ദേശീയ നൃത്ത സംഗീതോത്സവം 2023 ജനുവരി 21 മുതൽ 30 വരെ കലാമണ്ഡലത്തിൽ സംഘടിപ്പിച്ചു. പരിപാടിയിൽ ശ്രീ. ഉസ്താൻ മിർ അവതരിപ്പിച്ച ഗസൽ സന്ധ്യ, അഭിഷേക് രഘുറാമിന്റെ കർണാടക സംഗീത കച്ചേരി, ഡോ. ദീപ്തി ഓംചേരിയുടെ മോഹിനിയാട്ടം, പണ്ഡിറ്റ് ഉമാകാന്ത് ഗുണ്ടേച്ചയുടെ ഹിദുസ്ഥാനി സംഗീത പാരായണം, ശ്രീ. രാജേന്ദ്ര ഗംഗാനി, പത്മശ്രീ ഉമയാൾപുരം ശിവരാമൻ, പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ എന്നിവരുടെ നേതൃത്വത്തിൽ സംഗീത നിശ, ശ്രീ. എൻ. എസ്. മാധവന്റെ ഹിഗ്വിറ്റ നാടകാവതരണം, തെയ്യം, തിറയാട്ടം, മാപ്പിളപ്പാട്ടുകൾ തുടങ്ങിയവയും ഉണ്ടായിരുന്നു.

**കേരള കലാമണ്ഡലം ട്രൂപ്പ്:** കേരള കലാമണ്ഡലത്തിന്റെ കലാസംഘങ്ങൾ കേരളത്തിനകത്തും പുറത്തുമുള്ള നിരവധി വേദികളിൽ പരിപാടികൾ അവതരിപ്പിച്ചത് കലാമണ്ഡലത്തിന്റെ പ്രധാന വരുമാന മാർഗമായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരത്തിൽ 126 ഔട്ട്ഡോർ പ്രോഗ്രാമുകൾ നടത്തി.

**മ്യൂസിയം മൃഗശാല ഡയറക്ടറേറ്റ്**

തിരുവനന്തപുരം മ്യൂസിയവും മൃഗശാലയും, ആർട്ട് ഗാലറി, തൃശ്ശൂർ മൃഗശാല, കോഴിക്കോട്ടെ കൃഷ്ണമേനോൻ മ്യൂസിയം എന്നിവയാണ് വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങൾ. മ്യൂസിയങ്ങളും മൃഗശാലകളും വകുപ്പ് വന്യജീവികളെക്കുറിച്ചുള്ള വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും അവസരങ്ങൾ നൽകുന്നു. പ്രകൃതിദത്തവും കലാ പരവും, ചരിത്രപരവുമായ വസ്തുക്കളുടെ ഗണ്യമായ ശേഖരം വികസിപ്പിക്കുന്നതിലും സംരക്ഷിക്കുന്നതിലും പ്രദർശിപ്പിക്കുന്നതിലും വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചു. തിരുവനന്തപുരം സുവോളജിക്കൽ ഗാർഡനെ കുറിച്ചുള്ള വിവരങ്ങൾ പങ്കുവയ്ക്കാൻ സ്ഥാപനത്തിന് 'ട്രിവാൻഡ്രം സൂ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉണ്ട്.

മ്യൂസിയം വകുപ്പിന് കീഴിലുള്ള കേരളത്തിലെ പ്രധാനപ്പെട്ട മ്യൂസിയങ്ങളുടെ പട്ടിക **അനുബന്ധം 9.1.4**ൽ കൊടുത്തിരിക്കുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മ്യൂസിയം ആൻഡ് മൃഗശാല വകുപ്പിന് കീഴിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്.

**പുതിയ രാജാ രവിവർമ്മ ആർട്ട് ഗാലറി**

ലോകപ്രശസ്ത ചിത്രകാരൻ രാജാ രവിവർമ്മയുടെ സ്മരണ നിലനിർത്തി തിരുവനന്തപുരം ശ്രീചിത്ര ആർട്ട് ഗ്യാലറിക്ക് സമീപം സ്ഥാപിച്ച ആധുനിക ആർട്ട് ഗാലറിയുടെ പുതിയ കെട്ടിടം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 25.09.2023-ന് രാഷ്ട്രത്തിന് സമർപ്പിച്ചു. രാജാ രവിവർമ്മയുടെയും മറ്റ് പ്രശസ്ത ചിത്രകാരന്മാരുടെയും ചിത്രങ്ങളുടെ അമൂല്യ ശേഖരം ഗാലറിയിലുണ്ട്.

**തിരുവനന്തപുരത്ത് കൺസർവേഷൻ ലാബ്**

രാജാ രവിവർമ്മയുടെയും മറ്റ് പ്രശസ്ത ചിത്രകാരന്മാരുടെയും അമൂല്യമായ ചിത്രങ്ങളും വരകളും സമയബന്ധിതമായി സംരക്ഷിക്കുന്നതിന്റെ ഭാഗമായുള്ള മൂന്നാം ഘട്ട സംരക്ഷണ പ്രവർത്തനങ്ങൾ തിരുവനന്തപുരം മ്യൂസിയം മൃഗശാല വകുപ്പ് ആരംഭിച്ചു. ഇതിന്റെ ഭാഗമായി 2023-24 സാമ്പത്തിക വർഷത്തിൽ രാജാ രവിവർമ്മയുടെ 47 പെയിന്റിംഗുകളും സ്കെച്ചുകളും സംരക്ഷിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**കണ്ണൂരിൽ എ.കെ.ജി സ്മൃതി മ്യൂസിയം സ്ഥാപിക്കൽ**

സ്വാതന്ത്ര്യ സമര സേനാനി ശ്രീ. കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ എ കെ ഗോപാലൻ 2023-2024 സാമ്പത്തിക വർഷത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് ആരംഭിച്ചത്.

**തെയ്യം മ്യൂസിയം**

വടക്കേ മലബാറിലെ അനുഷ്ഠാന കലയായ തെയ്യത്തെ അടിസ്ഥാനമാക്കി, തെയ്യത്തിന്റെ ഉത്ഭവം, ആവിഷ്കാരം, ചരിത്രം, പൈതൃകം, വിശ്വാസം എന്നിവയെ കേന്ദ്രീകരിച്ച് പുതിയ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിനായി മ്യൂസിയം, മൃഗശാല വകുപ്പ് കണ്ണൂർ ചന്തപ്പുരയിൽ 90 സെന്റ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

#### കേരള സംസ്ഥാന പുരാവസ്തു വകുപ്പ്

തിരുവിതാംകൂർ പുരാവസ്തു വകുപ്പും പഴയ കൊച്ചിയിലെ പുരാവസ്തു ഗവേഷണ കേന്ദ്രവും സംയോജിപ്പിച്ച് 1962-ലാണ് കേരള സംസ്ഥാന പുരാവസ്തു വകുപ്പ് രൂപീകരിച്ചത്. വിവിധ ഭാഗങ്ങളിൽ നിന്ന് കണ്ടെത്തിയ ശിലാശാസനങ്ങളുടെ വാല്യങ്ങൾ പ്രസിദ്ധീകരിക്കുക, ചെമ്പ് തകിടുകളിലെ രചനകൾ പകർത്തുക, ഖനനങ്ങളും പര്യവേക്ഷണങ്ങളും നടത്തുക, ബിസി 200 മുതൽ വിവിധ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന പുരാതന ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഈ വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട മ്യൂസിയങ്ങൾ **ബോക്സ് 9.1.2**ൽ പട്ടികപ്പെടുത്തിയിട്ടുണ്ട്.

പൊതുജനങ്ങൾക്കായി തുറന്നിരിക്കുന്ന പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളുടെയും സ്മാരകങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം 9.1.5 നൽകിയിരിക്കുന്നു. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെയും കേരള പുരാവസ്തു വകുപ്പിന്റെയും കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ പട്ടിക യഥാക്രമം **അനുബന്ധം 9.1.6, അനുബന്ധം 9.1.7** എന്നിവയിൽ നൽകിയിരിക്കുന്നു.

#### വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

- ഓച്ചിറ വലിയ കുളങ്ങര ക്ഷേത്ര സ്ഥലം സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു
- കുമാരനാശാന്റെ വീടും എഴുത്ത്പുരയും സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു
- മലബാറിന്റെ ചരിത്രത്തിൽ സുപ്രധാന സ്ഥാനം വഹിക്കുന്ന കോഴിക്കോട് ഫറോക്ക് കോട്ടയിൽ ഒരു ഘട്ടം ഉത്ഖനനം പൂർത്തിയായി
- 'കേരളത്തിലെ ക്ഷേത്ര വാസ്തുവിദ്യ', 'കോട്ടപ്പുറത്തെ പുരാവസ്തു ഖനനത്തെക്കുറിച്ചുള്ള റിപ്പോർട്ട്' തുടങ്ങിയ പുസ്തകങ്ങൾ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- കോഴിക്കോട് ഈസ്റ്റ് ഹില്ലിലെ പഴശ്ശിരാജ മ്യൂസിയം പൂർണമായും പുനഃസ്ഥാപിച്ച് സന്ദർശകർക്കായി തുറന്നുകൊടുത്തു

#### കേരള സംസ്ഥാന പുരാ രേഖ വകുപ്പ്

സംസ്ഥാന ആർക്കൈവ്സ് വകുപ്പ് 1962-ൽ രൂപീകൃതമായി. സംസ്ഥാന സർക്കാരിന്റെയും അതിന്റെ വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സ്ഥിരമായ മൂല്യത്തിന്റെ നിലവിലുള്ള എല്ലാ രേഖകളുടെയും സംരക്ഷകനാണ് ആർക്കൈവ്സ് വകുപ്പ്. സർക്കാർ രേഖകൾ, താളിയോല കൈയെഴുത്തുപ്രതികൾ തുടങ്ങിയ ചരിത്രപരമായ മൂല്യമുള്ള രേഖകളുടെ സൂക്ഷിപ്പുകാരായും വകുപ്പ് പ്രവർത്തിക്കുന്നു. വകുപ്പ് അത്തരം രേഖകൾ സംരക്ഷിക്കുകയും ശാസ്ത്രീയമായി സംരക്ഷിക്കുകയും ചെയ്യുന്നു, അങ്ങനെ അവ റഫറൻസ് ആവശ്യങ്ങൾക്കായി സംരക്ഷിക്കപ്പെടുന്നു.

#### പ്രധാന നേട്ടങ്ങളും പ്രകടനങ്ങളും

#### താളിയോല മ്യൂസിയം സ്ഥാപിക്കൽ

കേരളത്തിന്റെ ചരിത്രവും സമ്പന്നമായ സാംസ്കാരിക പൈതൃകവും പ്രദർശിപ്പിക്കുന്നതിനായി സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യയിലെ ആദ്യത്തെ താളിയോല കയ്യെഴുത്തുപ്രതി മ്യൂസിയം പദ്ധതി സ്ഥാപിച്ചു. 2022 മാർച്ച് 22 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മ്യൂസിയം ഉദ്ഘാടനം ചെയ്തത്. ഇത്തരത്തിലുള്ള ഏറ്റവും വലിയ ശേഖരങ്ങളിലൊന്നായി കണക്കാക്കപ്പെടുന്ന ഒരു കോടിയിലധികം താളിയോല കൈയെഴുത്തുപ്രതികളുടെ വലിയ ശേഖരം കേരള സ്റ്റേറ്റ് ആർക്കൈവ്സ് വകുപ്പിന്റെ കസ്റ്റഡിയിലുണ്ട്. ഈ വലിയ റെക്കോർഡ് ശേഖരത്തിൽ നിന്ന്, കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിലെ നാഴികക്കല്ലുകളായ ചരിത്രസംഭവങ്ങൾ ചിത്രീകരിക്കുന്ന 160 അപൂർവ താളിയോല കൈയെഴുത്തുപ്രതികൾ തിരഞ്ഞെടുത്ത് മ്യൂസിയത്തിന്റെ വിവിധ ഗാലറികളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

#### ഡിജിറ്റൈസേഷൻ

**ബോക്സ് 9.1.2** പുരാവസ്തു വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട മ്യൂസിയങ്ങൾ

- പഴശ്ശി ടോംബ് മ്യൂസിയം, മാനന്തവാടി, വയനാട്
- കുഞ്ഞാലി മരക്കാർ സ്മാരക മ്യൂസിയം, കോട്ടക്കൽ, വടകര
- പഴശ്ശി രാജ മ്യൂസിയം, ഈസ്റ്റ് ഹിൽ, കോഴിക്കോട്
- ഗാന്ധി സ്മൃതി മ്യൂസിയം, പയ്യന്നൂർ, കണ്ണൂർ
- റീജിയണൽ ഹിസ്റ്ററി മ്യൂസിയം, കണ്ടോന്താർ, കണ്ണൂർ.
- പാലക്കാട് ജില്ലാ ഹെറിറ്റേജ് മ്യൂസിയം, കൽപ്പാത്തി, പാലക്കാട്
- തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം, തൃശ്ശൂർ
- ആർക്കിയോളജിക്കൽ മ്യൂസിയം, ശക്തൻ തമ്പുരാൻ കൊട്ടാരം, തൃശ്ശൂർ.
- എറണാകുളം ജില്ലാ ഹെറിറ്റേജ് മ്യൂസിയം, ബാസ്റ്റ്യൻ ബംഗ്ലാവ്, ഫോർട്ട് കൊച്ചി.
- ഹിൽ പാലസ് ആർക്കിയോളജിക്കൽ മ്യൂസിയം, തൃപ്പൂണിത്തുറ, എറണാകുളം
- ഇടുക്കി ജില്ലാ ഹെറിറ്റേജ് മ്യൂസിയം, പൈനാവ്, ഇടുക്കി.
- പുരാവസ്തു മ്യൂസിയം, കൃഷ്ണപുരം കൊട്ടാരം, കായംകുളം
- കൊട്ടാരക്കര തമ്പുരാൻ മെമ്മോറിയൽ ക്ലാസിക്കൽ ആർട്ട്സ് മ്യൂസിയം, കൊട്ടാരക്കര, കൊല്ലം
- വേലുത്തമ്പി ദളവ മെമ്മോറിയൽ മ്യൂസിയം, മണ്ണടി, പത്തനംതിട്ട
- കോയിക്കൽ പാലസ് മ്യൂസിയം, നെടുമങ്ങാട്, തിരുവനന്തപുരം
- പദ്മനാഭപുരം പാലസ് മ്യൂസിയം, തക്കല, കന്യാകുമാരി, തമിഴ്നാട്

അവലംബം: പുരാവസ്തു വകുപ്പ്, കേരള സർക്കാർ

എം/എസ് പ്രഗ്യാവാൻ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് വഴി ഡിപ്പാർട്ട്മെന്റ് ഇതിനകം 51,42,501 പേജുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ലിമിറ്റഡ് ഈ സാമ്പത്തിക വർഷത്തിൽ. സി-ഡിറ്റിന്റെ സഹായത്തോടെ 10,22,822 പേജുള്ള ക്യാബിനറ്റ് രേഖകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.

**ചരിത്ര ക്വിസ്**

കുട്ടികളിൽ ചരിത്രാവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നാല് തലങ്ങളിലായി ക്വിസ് മത്സരം സംഘടിപ്പിച്ചു. 2022 നവംബർ 21നാണ് സംസ്ഥാനതല മത്സരം നടന്നത്.

# 9.2 കായികവും, യുവജനകാര്യവും

കേരളത്തിന്റെ വികസനത്തിലും പുരോഗതിയിലും കായികവും യുവജനക്ഷേമവും നിർണായക പങ്ക് വഹിക്കുന്നു. സമ്പന്നമായ സാംസ്കാരിക പൈതൃകത്തിനും പ്രകൃതി സൗന്ദര്യത്തിനും പേരുകേട്ട കേരളം കായികരംഗത്തും യുവജന ശാക്തീകരണത്തിലും വളരെയധികം ഊന്നൽ നൽകുന്നു. ഈ ഊന്നൽ അതിന്റെ ചരിത്ര പാരമ്പര്യങ്ങളുടെ പ്രതിഫലനം മാത്രമല്ല, അവ സംസ്ഥാനത്തിന് നൽകുന്ന ബഹുവിധ നേട്ടങ്ങളുടെ അംഗീകാരവുമാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പരിമിതമായ കായിക അടിസ്ഥാന സൗകര്യങ്ങളും സംഘടിത പ്രവർത്തനങ്ങളും മാത്രമാണ് ഉണ്ടായിരുന്നത്. കബഡി, കളരിപ്പയറ്റ് തുടങ്ങിയ ജനപ്രിയ പരമ്പരാഗത കായിക ഇനങ്ങൾ സാധാരണമായിരുന്നു. സ്വതന്ത്ര്യാനന്തര കാലഘട്ടത്തിൽ, പരമ്പരാഗതവും തദ്ദേശീയവുമായ കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് 1954-ൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്ഥാപിതമായി. എന്നാൽ ഇതിന് ആധുനിക കായിക വിനോദങ്ങളിലേക്കും സൗകര്യങ്ങളിലേക്കും പരിമിതമായി മാത്രമേ എത്തിച്ചേരാൻ കഴിഞ്ഞിരുന്നുള്ളൂ.

1970 മുതൽ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ വളർച്ചയുടെ ഭാഗമായി സ്റ്റേഡിയങ്ങളും സ്പോർട്സ് സ്കൂളുകളും സ്ഥാപിക്കപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ധാരാളം സ്പോർട്സ് അക്കാദമികളും ക്ലബ്ബുകളും സംഘടിപ്പിച്ച് അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ദേശീയതല മത്സരങ്ങളിൽ പങ്കെടുക്കാൻ തുടങ്ങുകയും ചെയ്തു.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ഒന്നാം ഘട്ടത്തിൽ, കേരള ബ്ലാസ്റ്റേഴ്സ് പോലുള്ള ക്ലബ്ബുകൾക്കൊപ്പം ഇന്ത്യൻ ഫുട്ബോളിലെ ഒരു ശക്തികേന്ദ്രമായി കേരളം ഉയർന്നു. കേരളം ക്രിക്കറ്റിനായുള്ള അടിസ്ഥാന സൗകര്യങ്ങളും കഴിവുകളും വികസിപ്പിക്കുകയും കായിക വിദ്യാഭ്യാസത്തിലും സ്കോളർഷിപ്പുകളിലും ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. ബാഡ്മിന്റണും അത്ലറ്റിക്സും ഉൾപ്പെടെ വിവിധ കായിക ഇനങ്ങളിൽ കേരളം അത്ലറ്റുകളെ സൃഷ്ടിച്ചുകൊണ്ടിരുന്നു. യുവാക്കൾക്കിടയിൽ കായികക്ഷമതയെയും ആരോഗ്യത്തെയും കുറിച്ചുള്ള അവബോധം വളർത്തുന്നതോടൊപ്പം മത്സരങ്ങളിലൂടെയും ആഘോഷങ്ങളിലൂടെയും പരമ്പരാഗത കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കേരളം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ഇക്കാലയളവിലുടനീളം, സാമ്പത്തിക സഹായം, അടിസ്ഥാന സൗകര്യ വികസനം, യുവ പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ എന്നിവയിലൂടെ കായികവും യുവജനക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിൽ കേരള സർക്കാർ ഗണ്യമായ പങ്ക് വഹിച്ചു. എന്നിരുന്നാലും, പരിമിതമായ വിഭവങ്ങൾ, ദേശീയ അന്തർദേശീയ തലങ്ങളിൽ ഫലപ്രദമായി മത്സരിക്കുന്നതിന് കായിക അടിസ്ഥാന സൗകര്യങ്ങളിൽ കൂടുതൽ നിക്ഷേപം നടത്തേണ്ടതിന്റെ ആവശ്യകത തുടങ്ങിയ വെല്ലുവിളികൾ സംസ്ഥാനം ഇപ്പോഴും അഭിമുഖീകരിക്കുന്നു.

**കേരള സർക്കാരിനു കീഴിലുള്ള കായിക സ്ഥാപനങ്ങൾ**

കായിക പ്രതിഭകളെ വളർത്തുന്നതിനും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സർക്കാർ വിവിധ കായിക സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. കേരളത്തിലെ സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സിന് കീഴിലുള്ള ചില പ്രധാന കായിക സ്ഥാപനങ്ങൾ ഇനിപ്പറയുന്നവയാണ്.

1. കായിക യുവജനകാര്യ ഡയറക്ടറേറ്റ്
2. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ
3. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്
4. കേരള സംസ്ഥാന യുവജന കമ്മീഷൻ

**1. കായിക യുവജനകാര്യ ഡയറക്ടറേറ്റ്**

1986 -ൽ സ്ഥാപിതമായ ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് (ഡി.എസ്.വൈ.എ) കേരളത്തിലെ കായിക വിനോദങ്ങളുടെ വികസനത്തിനും ഉന്നമനത്തിനും വേണ്ടി ഒരു പ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനമാണ്. ഉചിതമായതും മികച്ചതുമായ അടിസ്ഥാന

സൗകര്യങ്ങൾ പ്രദാനം ചെയ്തുകൊണ്ടും കായിക രംഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം നൽകികൊണ്ടും, അന്താരാഷ്ട്ര നിലവാരത്തിലേക്ക് കായിക താരങ്ങളെ പരിശീലിപ്പിച്ച് സംസ്ഥാനത്തെ കായിക വിനോദങ്ങളുടെ ഉന്നമനവും വികസനവും ലക്ഷ്യമാക്കിയുമാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇതിനുപുറമെ, കേരളത്തിൽ നിന്നുള്ള കായിക രംഗത്തുള്ള വ്യക്തികളുടെ മത്സര നൈപുണ്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ ഏറ്റവും പുതിയ സാങ്കേതിക വിദ്യകളും കായിക രംഗത്തുള്ള നൂതന ആശയങ്ങളും കൊണ്ടു വരുന്നതിനുള്ള പദ്ധതികൾ കായിക യുവജനകാര്യ ഡയറക്ടറേറ്റ് നടപ്പിലാക്കി വരുന്നു.

**ഖേലോ ഇന്ത്യ യൂത്ത് ഗെയിമുകളിലെ പങ്കാളിത്തം**

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് (കെഐവൈജി), മുൻപ് ഖേലോ ഇന്ത്യ സ്കൂൾ ഗെയിംസ് (കെഐഎസ്ജി), എന്നത് വർഷം തോറും ജനുവരി അല്ലെങ്കിൽ ഫെബ്രുവരിയിൽ, 17 വയസ്സിന് താഴെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കും 21 വയസ്സിന് താഴെയുള്ള കോളേജ് വിദ്യാർത്ഥികൾക്കും രണ്ട് പ്രായ വിഭാഗങ്ങളിലായി ഇന്ത്യയിൽ ദേശീയ തലത്തിൽ നടത്തി വരുന്നു. എല്ലാ വർഷവും മികച്ച 1,000 കുട്ടികൾക്ക് അന്താരാഷ്ട്ര കായിക മത്സരങ്ങൾക്കായി വാർഷിക സ്കോളർഷിപ്പായി 5 ലക്ഷം രൂപ വീതം നൽകും. അഞ്ചാമത്തെ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2023 ജനുവരി 30 മുതൽ ഫെബ്രുവരി 11 വരെ മധ്യപ്രദേശിൽ ഭോപാൽ ആതിഥേയ നഗരമായി നടന്നു. 25 ഇനങ്ങളിലായി കേരളം 46 മെഡലുകൾ (15 സ്വർണം, 12 വെള്ളി, 19 വെങ്കലം) നേടി ആറാം സ്ഥാനത്തെത്തി.

**കേരള ഷൂട്ടിംഗ് അക്കാദമി**

നാഷണൽ റൈഫിൾ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ കേരളത്തിൽ നിന്നുള്ള ലോകോത്തര ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കാൻ 2020 ഫെബ്രുവരി 3 -ന് കേരള ഷൂട്ടിംഗ് അക്കാദമി സ്ഥാപിച്ചു. ഒരു ബാച്ചിൽ 90 വിദ്യാർത്ഥികൾക്ക് അക്കാദമി പരിശീലനം നൽകുന്നു.

**പ്രത്യേക പദ്ധതികൾ**

എ.ഗോൾ(കിക്ക് ഓഫ്) : കുട്ടികളിൽ ഫുട്ബോൾ കളിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഉപ-നഗര, ഗ്രാമീണ, ഗോത്രവർഗ്ഗ, മറ്റ് ദുർബല പ്രദേശങ്ങളിൽ നിന്നുള്ള ഫുട്ബോൾകളിയിൽ കഴിവുള്ള കുട്ടികളെ ചെറുപ്പത്തിൽത്തന്നെ കണ്ടുപിടിച്ച് നല്ല കളിക്കാരായി വളർത്തുകയെന്ന ലക്ഷ്യത്തോടെയുള്ള താഴെതട്ടിലുള്ള പരിശീലന പദ്ധതിയാണിത്. സംസ്ഥാനത്തൊട്ടാകെയുള്ള 33 കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്, ഇതിൽ 15 കേന്ദ്രങ്ങൾ പെൺകുട്ടികളെ പരിശീലിപ്പിക്കുന്നതിന് മാത്രമുള്ളതും ഓരോ കേന്ദ്രത്തിലും 25 വിദ്യാർത്ഥികൾ വീതവുമാണുള്ളത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള കിക്കോഫ് പ്രോഗ്രാം സംയോജിപ്പിച്ച് 'ഗോൾ' എന്ന് പുനർനാമകരണം ചെയ്തു.

**ബി. ഹൂപ്സ് :** ഗ്രാസ് റൂട്ട് ബാസ്കറ്റ് ബോൾ പ്രോഗ്രാം: ബാസ്ക്കറ്റ്ബോളിൽ താൽപര്യമുള്ള കുട്ടികളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി പരിശീലിപ്പിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി 2020-ൽ 5 ജില്ലകളിലെ 10 സ്കൂളുകളിൽ ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേക്കും പദ്ധതി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം. ഓരോ കേന്ദ്രത്തിലും 5 നും 9 നും ഇടയിൽ പ്രായമുള്ള 120 വിദ്യാർത്ഥികൾക്ക് 6 മാസത്തിനുള്ളിൽ പരിശീലനം നൽകുകയാണ് ലക്ഷ്യം.

**സി. സ്പ്രിന്റ്:** അത്ലറ്റിക്സിനുള്ള ഗ്രാസ് റൂട്ട് പരിശീലന പരിപാടി: ചെറുപ്രായത്തിൽ തന്നെ ലോകോത്തര നിലവാരത്തിലുള്ള കായിക താരങ്ങളെ കണ്ടെത്തി രാജ്യാന്തര തലത്തിൽ കേരളത്തിന്റെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് സ്പ്രിന്റ്. പ്രകടനം മെച്ചപ്പെടുത്തുന്നതിന്, സംസ്ഥാനത്തുടനീളം ഗ്രാസ് റൂട്ട് തലത്തിലുള്ള പരിശീലനം, ഇന്റർ സ്കൂൾ, ഇന്റർ ഡിസ്ട്രിക്റ്റ് ടൂർണമെന്റുകൾ എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അതിനാൽ അത്ലറ്റിക്സിനെ മുൻഗണന നൽകേണ്ട കായിക വിഭാഗമായി തെരഞ്ഞെടുക്കുകയും 5 നും 12 നും ഇടയിൽ പ്രായമുള്ള സ്കൂളിൽ പോകുന്ന കുട്ടികൾക്ക് തുടർച്ചയായ പരിശീലനം നൽകുകയും വേണം. ഉപ നഗര, ഗ്രാമ, ആദിവാസി, അധികം പ്രോത്സാഹനം ലഭിക്കാത്ത മറ്റ് പ്രദേശങ്ങളിൽ നിന്നുള്ള കഴിവുള്ള കുട്ടികകൾ എന്നിവരെ ചെറുപ്പത്തിലെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കണ്ണൂർ, കാസർകോട്, ഇടുക്കി, പത്തനംതിട്ട, കോട്ടയം, പാലക്കാട് എന്നീ 6 ജില്ലകളിലായി 6 കേന്ദ്രങ്ങളിലാണ് സ്പ്രിന്റ് പദ്ധതി നടപ്പാക്കുന്നത്.

**ഡി. ജൂഡോക്ക:** ജൂഡോയിൽ മികവ് പുലർത്താനും കായിക അച്ചടക്കത്തിന്റെ അടിസ്ഥാന വികസനത്തിനും വേണ്ടിയുള്ള സംസ്ഥാനത്തെ കായിക പ്രേമികളെ പ്രചോദിപ്പിക്കാൻ സ്വീകരിച്ച സുപ്രധാന ചുവടുവയ്പ്പാണ് ജൂഡോക്ക. 8-11 വയസ്സിനിടയിൽ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കായി സംസ്ഥാനത്ത് അടിസ്ഥാന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് ജൂഡോയിൽ സംസ്ഥാന വ്യാപകമായി നടത്തുന്ന ഗ്രാസ്റൂട്ട് പരിശീലന പരിപാടിയാണ് ജൂഡോക്ക. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 10 കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പാക്കുക.

**ഇ. 'ഹെൽത്തി കിഡ്സ്' (പ്ലേ ഫോർ ഹെൽത്ത്)**: സ്പോർട്സിലേക്കും കളികളിലേക്കും കുട്ടികളെ എത്തിക്കുന്നതിലൂടെ അവരുടെ ശാരീരികവും മാനസികവുമായ കഴിവുകൾ മെച്ചപ്പെടുത്തുകയാണ് 'ഹെൽത്തി കിഡ്സ്' പദ്ധതി ലക്ഷ്യമിടുന്നത്. കുട്ടികളെ ചിട്ടയായതും ശാസ്ത്രീയവുമായ പരിശീലനത്തിലൂടെ പിന്നീട് പ്രയോജനപ്പെടുത്താൻ കഴിയുന്ന രീതിയിൽ വിവിധ ഗെയിമുകളിൽ അഭിരുചി വളർത്താൻ സഹായിക്കുക എന്നതിലാണ് പ്രാഥമികമായി ശ്രദ്ധ ചെലുത്തുന്നത്. സ്കൂളുകളെ കായിക കേന്ദ്രങ്ങളായി മാറ്റുന്നതിനും സ്കൂൾ കുട്ടികൾക്കിടയിൽ പതിവ് ശാരീരിക പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. 4-12 വയസ്സിനിടയിലുള്ള കുട്ടികളുടെ സമഗ്രവികസനം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ഒരു അഭിലാഷ പദ്ധതിയാണ് 'ഹെൽത്തി കിഡ്സ്' ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021 ജനുവരി 25 -ന് കണ്ണൂർ തലപ്പ് മിക്സഡ് അപ്പർ പ്രൈമറി സ്കൂളിൽ നടന്നു. കേരളത്തിലെ വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഭാഗമായി സ്പോർട്സിനെ ഉൾപ്പെടുത്തുക എന്നതാണ് അന്തിമ

ലക്ഷ്യം. പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പാക്കിയ 25 കേന്ദ്രങ്ങൾക്കൊപ്പം 30 പുതിയ കേന്ദ്രങ്ങളിലും പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

**എഫ്. പഞ്ച്:** കേരളത്തിലെ വിദ്യാർത്ഥികൾക്കിടയിൽ ബോക്സിംഗ് പരിചയപ്പെടുത്തുന്നതിനും സംസ്ഥാന ദേശീയ അന്തർദ്ദേശീയ തലത്തിൽ മെഡലുകൾ നേടുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനായി താഴേത്തട്ടിലെ പ്രതിഭാ വികസന ഘടന ശക്തിപ്പെടുത്തുന്നതിനായി കേരളത്തിലുടനീളം 5 കേന്ദ്രങ്ങളിൽ പഞ്ച് എന്ന പേരിൽ ബോക്സിംഗിനായുള്ള ഗ്രാസ് റൂട്ട് ലെവൽ പരിശീലന പരിപാടി അവതരിപ്പിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. കേരളത്തിലുടനീളം ബോക്സിംഗിന്റെ അറിവും മൂല്യങ്ങളും പ്രചരിപ്പിക്കാൻ ഈ പദ്ധതി സഹായിക്കുന്നു.

കായിക മേഖലയുടെ പുനരുജ്ജീവനം ലക്ഷ്യം വച്ചുകൊണ്ട് ദേശീയ-അന്തർദേശീയ തലങ്ങളിൽ സമൂഹത്തിലും കായികരംഗത്തും ഉളവാകുന്ന മാറ്റം പരിഗണിച്ച് സർക്കാർ കായികനയം -2023 രൂപീകരിച്ചു. **ബോക്സ് 9.2.1** - കായികനയം -2023

**ഗ്രാമീണ കളിസ്ഥലം (ഒരു പഞ്ചായത്ത്, ഒരു കളിസ്ഥലം)**
ഒരു പഞ്ചായത്തിന് ഒരു കളിസ്ഥലം എന്ന പദ്ധതി എല്ലാ പഞ്ചായത്തിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഗ്രാമപ്രദേശങ്ങളിലും ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു. എല്ലാവർക്കും "ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം" എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മാനസിക ശാരീരിക ശേഷി മെച്ചപ്പെടുത്തുന്നതിനായി വിപുലമായ

**ബോക്സ് 9.2.1** കായികനയം -2023

- കേരളത്തിന്റെ സമഗ്ര കായിക വികസനത്തിന് പുതിയ കായിക നയം അനിവാര്യമായിരുന്നു. അത് വളരെ പ്രാധാന്യത്തോടെ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചു. ഭാവി കാര്യങ്ങളെ ഉൾക്കൊള്ളാൻ ദീർഘകാല തന്ത്രങ്ങൾ രൂപപ്പെടുത്തുക എന്നതാണ് പോളിസിയുടെ ലക്ഷ്യം.
- സംസ്ഥാനത്തെ മുഴുവൻ കായിക മേഖലകളെയും പുതിയ തലത്തിലേക്ക് കൊണ്ടുപോകാനും കായിക പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഉയർന്ന കായിക സംസ്കാരം വളർത്തിയെടുക്കാനും നയം നിർദ്ദേശിക്കുന്നു.
- എല്ലാവർക്കും ആരോഗ്യം എന്നതാണ് നയത്തിന്റെ അടിസ്ഥാന തത്വം. അതിനായി സ്പോർട്സും ശാരീരികക്ഷമതയും ഓരോ പൗരന്റെയും അവകാശമാക്കാനുള്ള സുപ്രധാന നിർദ്ദേശം നയം മുന്നോട്ട് വക്കുന്നു.
- കമ്യൂണിറ്റി സ്പോർട്സിന്റെ ആശയങ്ങൾ നടപ്പിലാക്കുന്നതിലൂടെ  ജനങ്ങളുടെ  ശാരീരിക ക്ഷമത കൈവരിക്കുന്നതിന് കഴിയും. അതിനായി ശാരീരിക പ്രവർത്തനങ്ങളും കായിക മത്സരങ്ങളും പ്രചരിപ്പിക്കാൻ നയം നിർദേശിക്കുന്നു. പ്രായഭേദമന്യേ എല്ലാവർക്കും ശാരീരിക സാക്ഷരത ഉറപ്പാക്കും.
- കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും നയം മുൻഗണന നൽകുന്നു. ശാസ്ത്രീയ തെരഞ്ഞെടുപ്പിലൂടെയും പരിശീലന രീതികളിലൂടെയും അന്താരാഷ്ട്ര നിലവാരമുള്ള കളിക്കാരെ വികസിപ്പിക്കുന്നതിന് വ്യക്തമായ മാർഗനിർദ്ദേശങ്ങളുണ്ട്.
- തദ്ദേശ സ്ഥാപന തലത്തിലുള്ള സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ ഗ്രാസ് റൂട്ട് തലത്തിൽ കായികരംഗം സജീവമാക്കും.
- കായിക അടിസ്ഥാന സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള മാർഗ നിർദേശങ്ങൾ നൽകുന്നു.  ഈ സൗകര്യങ്ങൾ പരമാവധി അത്ലറ്റുകൾക്ക് ഏറ്റവും സൗകര്യപ്രദമായിരിക്കണം. സാധാരണക്കാരുടെ ആരോഗ്യ സംരക്ഷണത്തിന് ഇവ ഫലപ്രദമായി ഉപയോഗിക്കണം.
- സ്കൂൾതല സ്പോർട്സിന്റെ പ്രാധാന്യം വിശദീകരിക്കുകയും പ്രാഥമിക തലം മുതൽ സ്പോർട്സ് നിർബന്ധമായും നടപ്പാക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു.
- കായിക രംഗത്ത് പുത്തൻ സാങ്കേതിക വിദ്യകളും ഗവേഷണങ്ങളും കണ്ടുപിടിത്തങ്ങളും പ്രോത്സാഹിപ്പിക്കണം. കായിക വ്യവസായത്തിന്റെ സാധ്യതകളും പ്രയോജനപ്പെടുത്തണം.
- സ്പോർട്സ് ടെക്നോളജി, സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് സയൻസ് എന്നീ മേഖലകളിൽ ഉന്നത പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സ്പോർട്സിനായി മനുഷ്യ വിഭവശേഷി സൃഷ്ടിക്കും.
- സഹകരണ മേഖലയിലെ സ്വകാര്യ സംരംഭകരുടെ സഹായത്തോടെ കായികരംഗത്ത് ലോകത്തെ മികച്ച സമ്പ്രദായങ്ങൾ ആവിഷ്കരിക്കും.
- ലോകത്തിലെ ഏറ്റവും മികച്ച കായികാഭ്യാസങ്ങൾ പഠിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രതിബദ്ധതയാണ് നയദർശനം ഊന്നിപ്പറയുന്നത്.
- സ്വകാര്യ സംരംഭകർ, സഹകരണ മേഖല, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹായത്തോടെ വിവിധ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പാക്കും. NGO, MSME, സാമൂഹിക സംഘടനകൾ തുടങ്ങിയവയെയും കായിക മേഖലയിൽ ഇടപെടാൻ പ്രോത്സാഹിപ്പിക്കും. PPP മാതൃക പ്രോത്സാഹിപ്പിക്കും.
- സ്പോർട്സ് സമ്പദ് വ്യവസ്ഥയെ സജീവമാക്കുന്നതിനുള്ള വഴികൾ നയത്തിൽ പ്രതിപാദിക്കുന്നു. ഇതിലൂടെ 5 വർഷത്തിനുള്ളിൽ കേരള  സമ്പദ് വ്യവസ്ഥയിൽ കായിക മേഖലയുടെ സംഭാവന 4 ശതമാനവും 2026 ആകുമ്പോഴേക്കും 40000 കോടി സമ്പദ് വ്യവസ്ഥയായി മാറുകയും ചെയ്യും.
- കായിക സാമഗ്രികളുടെയും സാങ്കേതിക വിദ്യയുടെയും നിർമാണത്തിൽ സംസ്ഥാനം സ്വയം പര്യാപ്തമാകണം. കായിക രംഗത്തെ സ്റ്റാർട്ടപ്പ്കളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.
- വർധിച്ചുവരുന്ന തൊഴിലവസരങ്ങളുടെ ഉറവിടമായി  കായിക മേഖല വികസിക്കും. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ തൊഴിലവസരങ്ങളിൽ 100 ശതമാനം വർദ്ധനവുണ്ടാകും. അത്ലറ്റുകളുടെ തൊഴിൽ സാധ്യതകളും വർദ്ധിക്കേണ്ടതുണ്ട്.

ഉറവിടം – *കായിക യുവജനകാര്യ ഡയറക്ടറേറ്റ്*

ഫിറ്റ്നസ് പവലിയൻ, ജിം എന്നിവയുൾപ്പെടെ സാമൂഹിക നിലവാരവും സ്ത്രീ സൗഹൃദ അന്തരീക്ഷവും കണക്കിലെടുത്താണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. സംസ്ഥാന പ്ലാൻ ഫണ്ട്, എംഎൽഎമാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സിഎസ്ആർ ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകൾ സമാഹരിച്ചാണ് ഫണ്ട് സ്വരൂപിക്കുന്നത്. വിശദമായ നിർദേശങ്ങളും പദ്ധതിയുടെ മാർഗരേഖകളും 12.07.2022-ലെ G.O(P)No.1/2022/S&YA പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തുടനീളം 111 കളിസ്ഥലങ്ങൾ പദ്ധതിക്ക് കീഴിൽ തെരഞ്ഞെടുത്തു.

### കേരള സംസ്ഥാന ഫുട്ബോൾ & ഹോക്കി വികസനം– നെതർലാൻഡ്സ് കിംഗ്ഡവുമായുള്ള കായിക സഹകരണം

കേരള-നെതർലാൻഡ്സ് വട്ടമേശ സമ്മേളനത്തിൽ, ഫുട്ബോൾ, ഹോക്കി എന്നീ വിഭാഗങ്ങളിൽ തെരഞ്ഞെടുത്ത സംഘടനകളുമായി സഹകരിച്ചുള്ള പങ്കാളിത്തം ആരംഭിക്കുന്നതിന് നെതർലാൻഡ്സുമായി സഹകരിക്കാൻ തീരുമാനിച്ചു. ഒരു പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിൽ, നെതർലാൻഡ്സിലെ സ്പോർട്സ് ഓർഗനൈസേഷനുകളുമായി സഹകരിച്ച് 2022 ഓഗസ്റ്റിൽ ഫുട്ബോളിനും ഹോക്കിക്കുമായി 8 ദിവസത്തെ കോച്ചിംഗ് പ്രോഗ്രാം നടത്തി-(1) KNVB വേൾഡ് കോച്ചസ് പ്രോഗ്രാമും (2) ബോവ്ലാൻഡർ ഫൗണ്ടേഷൻ പ്രോഗ്രാമും. പരിശീലകരുടെയും കളിക്കാരുടെയും നിലവിലെ സാഹചര്യം മനസിലാക്കാൻ മീറ്റിംഗും ഫീൽഡ് വിസിറ്റും പൈലറ്റ് കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### CHE അന്താരാഷ്ട്ര ചെസ്സ് ഫെസ്റ്റിവൽ

കേരള ക്യൂബ 'CHE' അന്താരാഷ്ട്ര ചെസ്സ് ഫെസ്റ്റിവൽ 2023 നവംബർ 16 മുതൽ 20 വരെ കേരളത്തിലെ തിരുവനന്തപുരത്ത് ഹയാത്ത് റീജൻസിയിൽ നടന്നു. മൂന്ന് ഗ്രാൻഡ് മാസ്റ്റർമാരും (ജിഎം) ഒരു വുമൺ ഗ്രാൻഡ് മാസ്റ്ററും (ഡബ്ല്യുജിഎം) അടങ്ങുന്ന ഒരു ക്യൂബൻ ടീമിനെ ഉൾപ്പെടുത്തിയ അഭിമാനകരമായ ഒരു ചെസ്സ് മത്സരമായിരുന്നു അത്. ചെസ്സിൽ ഇന്ത്യയുടെ സമ്പന്നമായ പാരമ്പര്യം പ്രദർശിപ്പിക്കുക മാത്രമല്ല, നമ്മുടെ സംസ്ഥാനത്തെ ചെസ്സ് പ്രേമികൾക്ക് ലോകത്തിലെ ഏറ്റവും മികച്ച കളിക്കാരോടൊപ്പം മത്സരിക്കാനും കൂടുതൽ അറിവ് നേടുന്നതിനുമുള്ള ഒരു അതുല്യമായ അവസരം കൂടിയായിരുന്നു ഇത്. അന്താരാഷ്ട്ര ചെസ്സ് ഫെസ്റ്റിവലിനോട് അനുബന്ധിച്ച് നവംബർ 12 ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കർട്ടൻ റൈസർ ചെസ്സ് മത്സരം നടത്തി, അതിൽ നിന്ന് യുവപ്രതിഭകളെ തെരഞ്ഞെടുത്തു. കേരളവും ക്യൂബൻ ടീമും തമ്മിൽ നടന്ന മത്സരങ്ങളിൽ കേരള ടീം വിജയിച്ചു. ഐഎം. വി ശരവണൻ, ജിഎം. ആർ ബി രമേഷ് എന്നിവർ ചെസ് പരിശീലന സെഷനുകൾ നയിച്ചു. അവസാന ദിവസം നമ്മുടെ ദേശീയ അഭിമാനമായ ജിഎം. പ്രഗ്നാനന്ദയും ജിഎം. നിഹാൽ സരിനും പരസ്പരം മത്സരിക്കുകയും 16 യുവ പ്രതിഭകൾക്കൊപ്പം ഒരേസമയം ചെസ്സ് മത്സരങ്ങളിൽ ഏർപ്പെടുകയും ചെയ്തു. ഗ്രാൻഡ്മാസ്റ്റേഴ്സ്, മറ്റ് ചെസ്സ് പ്രതിഭകൾ, ആർബിട്രേറ്റർമാർ, ഡിജിറ്റൽ ബോർഡ് ഓപ്പറേറ്റർമാർ എന്നിവരുൾപ്പെടെ ചെസ് രംഗത്തെ എല്ലാ പ്രമുഖരെയും ചടങ്ങിൽ ആദരിച്ചു.

### സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ

ഓരോ പൗരന്റെയും സമഗ്ര വികസനത്തിൽ കായിക വിനോദങ്ങളും, ശാരീരികക്ഷമതയും ഒരു പ്രധാന പങ്ക് വഹിക്കുന്നു. ടീം സ്പിരിറ്റിനെ വളർത്തികൊണ്ട്, തന്ത്രപരവും വിശകലനപരവുമായി ചിന്തിക്കാനും, നേതൃത്വപരമായ കഴിവുകൾ വർദ്ധിപ്പിക്കാനും, ലക്ഷ്യങ്ങളിൽ ഊന്നി നിൽക്കാനും, റിസ്ക് എടുക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കുന്നതിനും സാധിക്കുന്നു. അന്താരാഷ്ട്ര നിലവാരമുള്ള എയർ കണ്ടീഷൻ ചെയ്ത സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ഇതിനകം സംസ്ഥാനത്ത് ഒമ്പത് സ്ഥലങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും അത്തരമൊരു കേന്ദ്രമെങ്കിലും സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ പ്രദേശത്തെ ജനങ്ങൾക്കിടയിൽ ഒരു കായിക സംസ്കാരം വളർത്തിയെടുക്കുമെന്നും ആരോഗ്യകരമായ ജീവിതത്തെ പ്രോത്സാഹിപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നു.

### സ്റ്റേഡിയങ്ങൾ

കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനും അവർക്ക് മെച്ചപ്പെട്ട പ്രകടനം കാഴ്ചവക്കുന്നതിനും, കുട്ടികളുടെയും യുവാക്കളുടെയും ആത്മവിശ്വാസം വളർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സ്റ്റേഡിയങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. 36 സ്റ്റേഡിയങ്ങൾ സംസ്ഥാനത്തുണ്ട്. കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങളുടെ ഉപയോഗവും ഇരിപ്പിടങ്ങളുടെ എണ്ണവും സംബന്ധിച്ച, വിവരങ്ങൾ **പട്ടിക. 9.2.1**ലും പൂർണ്ണമായ വിവരങ്ങൾ **അനുബന്ധം 9.2.1**ലും നൽകിയിരിക്കുന്നു.

### സ്പോർട്സ് കേരള ഫൗണ്ടേഷൻ

സംസ്ഥാനത്തെ സ്റ്റേഡിയത്തിന്റെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം, പ്രവർത്തനങ്ങൾ, പതിവ് അറ്റകുറ്റപ്പണികൾ എന്നിവക്കായി, 2021-22 ൽ കേരള സർക്കാർ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പൊതുമേഖലാ സംരംഭം (പിഎസ്‌ഇ) രൂപീകരിച്ചു. ആസ്തി നിർമ്മാണം, മാനേജ്മെന്റ് കമ്പനി എന്ന ഇരട്ട ലക്ഷ്യങ്ങളോടെ ഒരു പ്രത്യേക ഉദ്ദേശ്യത്തോടെ ഇത് പ്രവർത്തിക്കുന്നു. സ്വയം സുസ്ഥിരമായ വരുമാനം ഉണ്ടാക്കുന്ന കായിക ആസ്തികൾ വികസിപ്പിക്കുന്നതിലും കേരളത്തിലെ കായിക വികസനത്തിനായി താഴെ തട്ടിലുള്ള വിവിധ പ്രോഗ്രാമുകളും പദ്ധതികളും നടത്തുന്നതിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരള സംസ്ഥാനത്തിലെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമുള്ള നോഡൽ ഏജൻസിയായും ഇത് പ്രവർത്തിക്കുന്നു.

### II. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ

കേരള സ്പോർട്സ് ആക്റ്റ് 2000 (2001 ലെ ആക്റ്റ് 2) പ്രകാരം രൂപീകരിച്ച ഒരു നിയമപരമായ സ്ഥാപനമാണ് കേരള സംസ്ഥാന കായിക സമിതി. ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം 1954 ൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്ഥാപിക്കുകയും കേരള സ്പോർട്സ് കൗൺസിൽ എന്ന പേരിൽ കേരളത്തിൽ സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിന് 1974 ൽ പുനസംഘടിപ്പിക്കുകയും ചെയ്തു. കേരള സ്പോർട്സ് കൗൺസിൽ പിരിച്ചുവിടുകയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിലവിൽ വരികയും കേരള സ്പോർട്സ്

**പട്ടിക 9.2.1.** ഉപയോഗവും ഇരിപ്പിടവും അനുസരിച്ച് കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങൾ

| ക്രമ നം. | സ്റ്റേഡിയത്തിന്റെ പേര് | ഉപയോഗം | ഇരിപ്പിടങ്ങളുടെ എണ്ണം (ഏകദേശ എണ്ണം) |
|---|---|---|---|
| 1 | കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് | കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് | 80000 |
| 2 | ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം | ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം | 50000 |
| 3 | ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയം, കൊല്ലം | ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയം, കൊല്ലം | 30000 |
| 4 | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | 25000 |
| 5 | മെഡിക്കൽ കോളേജ് സ്റ്റേഡിയം, കോഴിക്കോട് | മെഡിക്കൽ കോളേജ് സ്റ്റേഡിയം, കോഴിക്കോട് | 15000 |
| 6 | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ | 15000 |
| 7 | രാജീവ് ഗാന്ധി സ്റ്റേഡിയം, കൊച്ചി | രാജീവ് ഗാന്ധി സ്റ്റേഡിയം, കൊച്ചി | 10000 |
| 8 | ഹോക്കി സ്റ്റേഡിയം, കൊല്ലം | ഹോക്കി സ്റ്റേഡിയം, കൊല്ലം | 5000 |
| 9 | ഇൻഡോർസ്റ്റേഡിയം, കണ്ണൂർ | ഇൻഡോർസ്റ്റേഡിയം, കണ്ണൂർ | 5000 |
| 10 | നീന്തൽകുളം, പിരപ്പൻകോട്, തിരുവനന്തപുരം | നീന്തൽകുളം, പിരപ്പൻകോട്, തിരുവനന്തപുരം | 5000 |

ഉറവിടം – കായിക യുവജനകാര്യ ഡയറക്ടറേറ്റ്.

**പട്ടിക 9.2.2** 22023-24 ഏഷ്യൻ ഗെയിംസിൽ കേരളം വിവിധ അത്ലറ്റിക് ഇനങ്ങളിൽ നേടിയ മെഡലുകൾ:

| ക്രമ നം. | പേര് | ഇനം | മെഡൽ |
|---|---|---|---|
| 1. | മുഹമ്മദ് അജ്മൽ | 4*400 മീറ്റർ റിലേ | സ്വർണം |
| 2. | മുഹമ്മദ് അജ്മൽ | 4*400 മീറ്റർ മിക്സഡ് റിലേ | വെള്ളി |
| 3. | മുഹമ്മദ് അനസ് | 4*400 മീറ്റർ റിലേ | സ്വർണം |
| 4. | ആൻസി സോജൻ | ലോംഗ് ജംപ് | വെള്ളി |
| 5. | എം.ശ്രീശങ്കർ | ലോംഗ് ജംപ് | വെള്ളി |
| 6. | മുഹമ്മദ് അഫ്സൽ | 800 മീറ്റർ | വെള്ളി |
| 7. | ജിൻസൺ ജോൺസൺ | 1500 മീറ്റർ | ബ്രോൺസ് |
| 8. | മിന്നുമണി | ക്രിക്കറ്റ് | സ്വർണം |
| 9. | പി.ആർ.ശ്രീജേഷ് | ഹോക്കി | സ്വർണം |
| 10. | അർജ്ജുൻ.എം.ആർ | ബാഡ്മിന്റൺ | വെള്ളി |

ഉറവിടം – കായിക യുവജനകാര്യ ഡയറക്ടറേറ്റ്.

ആക്ട് 2000, കേരള സ്പോർട്സ് റൂൾസ് 2008 എന്നിവ പ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നു.

**സ്പോർട്സ് അക്കാദമികൾ**

വിവിധ കായിക ഇനങ്ങളിൽ മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നതതല പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 31 ജില്ലാ സ്പോർട്സ് അക്കാദമികൾ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്നു. കൂടാതെ, കൗൺസിലിന്റെ സഹായത്തോടെ യഥാക്രമം 51 സ്പോർട്സ് അക്കാദമികളും 23 സ്പോർട്സ് അക്കാദമികളും കോളേജ്, സ്കൂൾ തലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഭാവി വാഗ്ദാനമായ കായിക താരങ്ങളെ സെലക്ഷൻ ട്രയലുകൾക്ക് ശേഷം മെറിറ്റിൽ തെരഞ്ഞെടുക്കുന്നു. അക്കാദമികളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ്, ലോഡ്ജിംഗ് ചാർജ്ജുകളാണ് നൽകുന്നത്. കൂടാതെ, അവരുടെ ചികിത്സാ ചെലവുകളും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ ചെലവുകളും ദൈനംദിന ചെലവുകളും കൗൺസിൽ വഹിക്കുന്നു. കൗൺസിലിന്റെ നേതൃത്വത്തിൽ വിദഗ്ധരാണ് ഇവർക്ക് പരിശീലനം നൽകുന്നത്. അക്കാദമികളിൽ പരിശീലനത്തിനായി കായിക ഉപകരണങ്ങളും സ്പോർട്സ് കിറ്റുകളും കൗൺസിൽ നൽകുന്നുണ്ട്.

**റൂറൽ കോച്ചിംഗ് സെന്ററുകളും ഡേ ബോർഡിംഗ് സെന്ററുകളും**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങളിലെ പരിശീലകർക്ക് പ്രതിഫലവും ഓരോ വിദ്യാർത്ഥിക്കും ഒരു ദിവസം 25 രൂപ വീതം പ്രതിമാസ ഗ്രാന്റും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതി പ്രകാരം നൽകുന്നു. 14 ജില്ലകളിലായി വിവിധ കായിക ഇനങ്ങളിലായി 61 ബോർഡിംഗ് സെന്ററുകളുണ്ട്. പരിശീലകർക്ക് ആവശ്യമായ കായിക ഉപകരണങ്ങളും ലഘുഭക്ഷണവും കൗൺസിൽ നൽകുന്നു. ജില്ലാ

**ബോക്സ് നമ്പർ 9.2.2** കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ 2022-23 ലെ നേട്ടങ്ങൾ

2022 ഏപ്രിൽ 13 മുതൽ മെയ് 02 വരെ നടന്ന സന്തോഷ് ട്രോഫി- സീനിയർ പുരുഷന്മാർക്കുള്ള ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്-ന് സംസ്ഥാനം ആതിഥേയത്വം വഹിച്ചു. നാല് വർഷത്തിന് ശേഷം കേരളം ചാമ്പ്യൻഷിപ്പ് നേടി. വിജയികളായ കേരള ടീമംഗങ്ങളെ സർക്കാർ പ്രത്യേക ചടങ്ങിലൂടെ ആദരിക്കുകയും അവാർഡ് നൽകുകയും ചെയ്തു.

ഓൾ ഇന്ത്യ ടെന്നീസ് അസോസിയേഷൻ കുമാരപുരം കേരള ടെന്നീസ് അക്കാദമിയിൽ വച്ച് കേരള ടെന്നീസ് അസോസിയേഷന്റെയും തിരുവനന്തപുരം ജില്ലാ ടെന്നീസ് അസോസിയേഷന്റെയും സഹകരണത്തോടെ സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി ദേശീയ ടെന്നീസ് ടൂർണമെന്റുകൾ (AITA U-14 ടാലന്റ് സീരീസ്, AITA U-16 ചാമ്പ്യൻഷിപ്പ് സീരീസ്, AITA U-18 ചാമ്പ്യൻഷിപ്പ് സീരീസ്) സംഘടിപ്പിച്ചു.
സ്പോർട്സ് എക്സ്പോട്ടിക്കയുടെ സഹകരണത്തോടെ സ്പോർട്സ് കേരള ഫൗണ്ടേഷൻ ആലപ്പുഴ ബീച്ചിൽ കിക്ക്സാൻഡ് മത്സരങ്ങൾ വിജയകരമായി നടത്തി.

കേരള-നെതർലാൻഡ്സ് വട്ടമേശ സമ്മേളനത്തിലെ തീരുമാനമനുസരിച്ച്, നെതർലൻഡ്സിലെ രണ്ട് കായിക സംഘടനകളുമായി സഹകരിച്ച് 2022 ഓഗസ്റ്റിൽ ഫുട്ബോളിനും ഹോക്കിക്കുമായി ഒരു പൈലറ്റ് പ്രോജക്റ്റ്, 8 ദിവസത്തെ കോച്ചിംഗ് പ്രോഗ്രാം നടത്തി-(i) KNVB വേൾഡ് കോച്ചസ് പ്രോഗ്രാം കൂടാതെ (ii) ബോവ്ലാൻഡർ ഫൗണ്ടേഷൻ പ്രോഗ്രാം. കായിക സംഘടനകളായ ബോവ്ലാൻഡർ ഫൗണ്ടേഷനിലെയും കെഎൻവിബിയിലെയും 8 പരിശീലകരുടെ നേതൃത്വത്തിൽ നടന്ന പരിശീലന പരിപാടിയിൽ സംസ്ഥാനത്ത് നിന്ന് തെരഞ്ഞെടുത്ത 40 പരിശീലകർ പങ്കെടുത്തു.

സ്കൂൾ വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ആരോഗ്യവും ശാരീരികക്ഷമതയും വിലയിരുത്തുന്നതിനും അവരിൽ ലഹരിവിരുദ്ധ അവബോധം സൃഷ്ടിക്കുന്നതിനുമായി ഹെൽത്ത് & ഫിറ്റ്നസ് അസസ്മെന്റ് ആൻഡ് ആന്റി ഡ്രഗ് ബോധവൽക്കരണ ക്യാമ്പയിൻ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി. സ്പോർട്സ് കേരള ഫൗണ്ടേഷന്റെയും ട്രാൻസ് സ്റ്റേഡിയയുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കിയത്. പ്രാഥമിക ഫിറ്റ്നസ് നിലവാരം വിലയിരുത്താൻ പ്രത്യേകം സജ്ജീകരിച്ച മൊബൈൽ ലാബ് വിവിധ ജില്ലകളിലൂടെ മുൻകൂട്ടി നിശ്ചയിച്ച കേന്ദ്രങ്ങളിൽ സഞ്ചരിച്ചു.

ദേശീയ ഉത്തേജക വിരുദ്ധ ഏജൻസിയുടെ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി, ഏപ്രിൽ 4, 5 തീയതികളിൽ തിരുവനന്തപുരം ജില്ലയിൽ നടത്തിയ ശിൽപശാലയിൽ കായിക താരങ്ങൾ, കായികാധ്യാപകർ, പരിശീലകർ, കായിക മേഖലയിലെ മറ്റ് ഉദ്യോഗസ്ഥർ, ഡോക്ടർമാർ, നഴ്സുമാർ ഫാർമസിസ്റ്റുകൾ തുടങ്ങി 250 പേർ പങ്കെടുത്തു.

ഉറവിടം – കായിക യുവജനകാര്യ ഡയറക്ടറേറ്റ്.

സ്പോർട്സ് കൗൺസിലുകൾ മുഖേനയാണ് ഡേ ബോർഡിംഗ് സ്കീമിനുള്ള ധനസഹായം നൽകുന്നത്.

### മികവിന്റെ കേന്ദ്രങ്ങൾ (എലൈറ്റ് ട്രെയിനിംഗ് സെന്റർ– അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്ക്കറ്റ് ബോൾ)

കായിക പ്രതിഭകളായ യുവതാരങ്ങളിൽ കായിക വൈദഗ്ധ്യം പരിപോഷിപ്പിക്കുന്നതിനും ഏഷ്യൻ, കോമൺവെൽത്ത്, ഒളിംപിക് ഗെയിംസുകളിൽ മെഡലുകൾ നേടുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമായി അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ തുടങ്ങിയ വിവിധ മേഖലകളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എലൈറ്റ് സ്കീം നടപ്പാക്കിയിട്ടുണ്ട്.

മികച്ച കായിക താരങ്ങളെ സെലക്ഷൻ ട്രയലുകൾക്ക് ശേഷം മെറിറ്റിൽ തെരഞ്ഞെടുക്കുകയും അവർക്ക് വിദഗ്ധ പരിശീലകരുടെ കീഴിൽ പരിശീലനം, വൈദ്യചികിത്സ, പഠന സൗകര്യങ്ങൾ, മറ്റു അനുബന്ധ സൗകര്യങ്ങൾ എന്നിവ നൽകുകയും ചെയ്യുന്നു. നിലവിൽ എലൈറ്റ് സ്കീമിന് കീഴിൽ 4 മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു **(പട്ടിക 9.2.3)**.വിവിധ അവാർഡുകൾ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ തരം അവാർഡുകൾ **പട്ടിക 9.2.4**ലും 2022 ലെ അവാർഡ് ജേതാക്കളെ **അനുബന്ധം 9.2.5**ലും നൽകിയിരിക്കുന്നു.

**ഡോ. എപിജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി**

നമ്മുടെ സംസ്ഥാനത്തെ പ്രമുഖ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്നതാണ് ഡോ.എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി. ഈ സ്കീമിന് കീഴിൽ, 14 നും 20 നും ഇടയിൽ പ്രായമുള്ള 11 കായികതാരങ്ങൾക്ക് പ്രതിവർഷം ₹ 10,000/- വീതം സ്കോളർഷിപ്പ് നൽകുന്നു. അതാത് വർഷത്തെ

**പട്ടിക 9.2.3** എലൈറ്റ് സ്കീമിന് കീഴിൽ പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ

| സെന്റർ | വിദ്യാർത്ഥികളുടെ എണ്ണം | കോച്ചുകളുടെ എണ്ണം |
|---|---|---|
| ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ കാര്യവട്ടം (അത്‌ലറ്റിക്സ്) | 10 | 2 |
| തൃപ്രയാർ വോളിബോൾ അക്കാദമി, തൃശ്ശൂർ | 23 | 1 |
| ബാസ്കറ്റ് ബോൾ അക്കാദമി, കണ്ണൂർ | 9 | 1 |
| ഫുട്ബോൾ അക്കാദമി, എറണാകുളം | 6 | 1 |

ഉറവിടം:- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

**പട്ടിക 9.2.4** കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ കായിക അവാർഡുകൾ

| ക്രമ നം. | അവാർഡുകൾ | വിവരണം |
|---|---|---|
| 1 | ജി വി രാജ അവാർഡ് | കേരളത്തിലെ ഏറ്റവും മികച്ച പുരുഷ-വനിതാ കായികതാരങ്ങൾക്കുള്ള ലെഫ്. കേണൽ ഗോദവർമ രാജയുടെ പേരിൽ കൗൺസിൽ ഏർപ്പെടുത്തിയ പരമോന്നത കായിക ബഹുമതിയാണ് ജി.വി.രാജ അവാർഡ്. മൂന്നുലക്ഷം രൂപയും ഫലകവും പ്രശംസാപത്രവുമാണ് അവാർഡ് ജേതാവിന് നൽകുന്നത് |
| 2 | ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് | ഒളിമ്പ്യൻ സുരേഷ് ബാബുവിന്റെ സ്മരണാർത്ഥം ദേശീയ അന്തർദേശീയ കായികരംഗത്ത് സമഗ്ര സംഭാവനകൾ നൽകിയ വ്യക്തികൾക്കായി ഏർപ്പെടുത്തിയ പുരസ്കാരമാണിത്. ഒരു ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവുമാണ് അവാർഡ് ജേതാവിന് നൽകുന്നത്. |
| 3 | മികച്ച കായിക പരിശീലകൻ | കേരളത്തിലെ മികച്ച കായിക പരിശീലകന് ഒരു ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവും നൽകും. |
| 4 | മറ്റ് കായിക അവാർഡുകൾ | മികച്ച കായിക അധ്യാപകൻ (സ്കൂൾ തലം)<br>മികച്ച കായിക അധ്യാപകൻ (കോളേജ് തലം)<br>മികച്ച കായിക മികവു നേടിയ കോളേജ്<br>മികച്ച കായിക മികവു നേടിയ സ്കൂൾ<br>മികച്ച സ്പോർട്സ് അക്കാദമി - സ്കൂൾ തലം (ആൺകുട്ടികളും പെൺകുട്ടികളും)<br>മികച്ച സ്പോർട്സ് അക്കാദമി - കോളേജ് തലം (പുരുഷൻമാരും സ്ത്രീകളും)<br>50,000 രൂപ ക്യാഷ് പ്രൈസും ഫലകവും പ്രശംസാപത്രവും അവാർഡ് ജേതാവിന് നൽകുന്നു. |
| 5 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മീഡിയ അവാർഡ് | മികച്ച സ്പോർട്സ് ഫോട്ടോഗ്രാഫർ<br>മികച്ച വിഷ്വൽ മീഡിയ ഫീച്ചർ<br>മികച്ച കായിക പുസ്തകം<br>മികച്ച സ്പോർട്സ് ജേർണലിസ്റ്റ്<br>50,000 രൂപ ക്യാഷ് പ്രൈസും ഫലകവും പ്രശംസാപത്രവും അവാർഡ് ജേതാവിന് നൽകുന്നു. |

ഉറവിടം:- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് അർഹരായ കായികതാരങ്ങൾക്ക് സ്കോളർഷിപ്പ് നൽകുന്നത്. ഓരോ വർഷവും പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ 24 വയസ്സ് പൂർത്തിയാകുന്നതു വരെ അല്ലെങ്കിൽ പരമാവധി അഞ്ച് വർഷം വരെ സ്കോളർഷിപ്പ് നൽകും.

### വനിതാ ഫുട്ബോൾ അക്കാദമി

രാജ്യത്തെ ഏറ്റവും മികച്ച ഫുട്ബോൾ പാരമ്പര്യമാണ് കേരളത്തിനുള്ളത്. എന്നാൽ സംസ്ഥാനത്ത് വനിതാ ഫുട്ബോൾ വികസനത്തിന് പരിമിതമായ പദ്ധതികൾ മാത്രമാണുള്ളത്. താമസത്തിനും പരിശീലനത്തിനും അനുയോജ്യമായ സ്ഥലത്ത് ദേശീയ നിലവാരത്തിലുള്ള തനത് അക്കാദമിയാണ് ലക്ഷ്യം. എട്ടാം ക്ലാസ് മുതൽ 12-)ം ക്ലാസ് വരെ അഞ്ച് വർഷമാണ് പരിശീലന കാലയളവ്. ഇത് രണ്ട് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. 3 വർഷത്തിനു ശേഷം (8 ,9,10) ഉയർന്ന നിലവാരം മാത്രം കാണിക്കുന്നവരെ അടുത്ത 2 വർഷത്തേക്ക് (+1,+2 ക്ലാസ്) പ്രമോട്ടുചെയ്യും. 25 പെൺകുട്ടികളെ അക്കാദമിയിലേക്ക് തെരഞ്ഞെടുക്കും. 2021 നവംബർ 19-ന് എറണാകുളത്തെ പനമ്പിള്ളി നഗറിൽ അക്കാദമി സ്ഥാപിതമായി. എറണാകുളം പനമ്പിള്ളി നഗർ സ്റ്റേഡിയത്തിൽ പരിശീലനം നടത്തുന്ന 15 കുട്ടികൾ കഴിഞ്ഞ സുബ്രതോ കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ചു.

### ദേശീയ അന്തർദേശീയ മത്സരങ്ങളിൽ കേരളത്തിന്റെ പ്രകടനം

ദേശീയ അന്തർദേശീയ ഗെയിമുകളിൽ മെഡൽ നേടുന്നതിൽ സംസ്ഥാനത്തെ താരങ്ങളുടെ പ്രകടനം ശ്രദ്ധേയമാണ്. ദേശീയ അന്തർദേശീയ ഗെയിമുകളിൽ പങ്കെടുത്ത് 2022-23ൽ 1705 മെഡലുകൾ നേടിയിട്ടുണ്ട്. ദേശീയ അന്തർദ്ദേശീയ ഇനങ്ങളിലായി 2584 പേർ വിവിധ കായിക മത്സരങ്ങളിലും ഗെയിംസ് മീറ്റുകളിലും പങ്കെടുത്തു.

2022-23 വർഷത്തിൽ പങ്കെടുത്തവരുടെ ആകെ എണ്ണം 2584ഉം ആകെ നേടിയ മെഡലുകൾ 1710ഉം ദേശീയ മത്സരങ്ങളിൽ നിന്ന് ആകെ ലഭിച്ച മെഡലുകളുടെ എണ്ണം 143ഉം ആയിരുന്നു. കായിക താരങ്ങളെ പരിശീലിപ്പിക്കുന്നതിൽ കേന്ദ്രീകൃതമായ പ്രയത്നങ്ങൾ മികച്ച ഫലങ്ങളിലേക്ക് നയിക്കും.

### കേരള സംസ്ഥാന സ്കൂൾ സ്പോർട്സും ഗെയിമുകളും

പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വർഷവും സ്കൂൾ കുട്ടികൾക്കായി സ്പോർട്സ്, ഗെയിംസ് ഇവന്റുകൾ നടത്തുന്നു. എല്ലാ ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂളുകളിലും ഗെയിംസ്, അത്ലറ്റിക്സ് എന്നിവയിൽ സ്കൂൾ തല മത്സരങ്ങൾ നടത്തപ്പെടുന്നു. സീനിയർ (19 വയസ്സിന് താഴെ), ജൂനിയർ (17 വയസ്സിന് താഴെ), സബ് ജൂനിയർ (14 വയസ്സിന് താഴെ), കുട്ടികൾ (12 വയസ്സിന് താഴെ), എൽപി കുട്ടികൾ (10 വയസ്സിന് താഴെ) എൽപി മിനി (8 വയസ്സിന് താഴെ) എന്നിങ്ങനെ ആറ് പ്രായ വിഭാഗങ്ങളിലായാണ് അക്വാറ്റിക്സ്, അത് ലറ്റിക്സ്, മറ്റ് 17 കാറ്റഗറി ഗെയിമുകൾ എന്നിവയ്ക്കായി ഇന്റർ സ്കൂൾ മത്സരങ്ങൾ നടക്കുന്നത്. സ്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കിന് അർഹതയുണ്ട്. ഉപജില്ലാ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കായിക മത്സരങ്ങളും നടക്കുന്നു. 2022-23 വർഷത്തെ അക്വാട്ടിക്സ്, അത്ലറ്റിക്സ്, ഗെയിംസ് എന്നിവയുടെ പ്രകടന വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം.9.2.2, അനുബന്ധം.9.2.3, അനുബന്ധം.9.2.4** എന്നിവയിൽ നൽകിയിരിക്കുന്നു. 2022-23 സ്പോർട്സ് മീറ്റിനുള്ള ജില്ലകളുടെ മൊത്തത്തിലുള്ള പ്രകടനം **പട്ടിക.9.2.6**ൽ നൽകിയിരിക്കുന്നു.

2022-23ൽ നടത്തിയ സ്പോർട്സ് മീറ്റിൽ 214 സ്വർണവും 153 വെള്ളിയും 165 വെങ്കലവും നേടി ആകെ 532 മെഡലുകളോടെയാണ് തിരുവനന്തപുരം ജില്ല

**പട്ടിക 9.2.5.** 2022-23 വർഷത്തെ വിവിധ മത്സരങ്ങളിൽ പങ്കെടുത്തവരുടെ എണ്ണത്തിന്റെയും മെഡലുകളുടെയും വിശദാംശങ്ങൾ

| | പങ്കെടുത്തവരുടെ എണ്ണം | സ്വർണം | വെള്ളി | വെങ്കലം | ആകെ മെഡലുകൾ |
|---|---|---|---|---|---|
| അന്തർദേശീയം | 7 | 0 | 0 | 0 | 0 |
| ദേശീയം | 477 | 35 | 46 | 62 | 143 |
| ആൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി | 225 | 26 | 20 | 17 | 63 |
| സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി | 171 | 5 | 15 | 15 | 35 |
| സൗത്ത് സോൺ നാഷണൽ | 70 | 13 | 17 | 14 | 44 |
| സ്റ്റേറ്റ് മീറ്റ് | 1171 | 356 | 246 | 243 | 845 |
| ഇന്റർ കോളീജിയറ്റ് | 463 | 337 | 146 | 97 | 580 |
| ആകെ | 2584 | 772 | 490 | 448 | 1710 |

ഉറവിടം:- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

ഒന്നാമതെത്തിയത്. ആകെ 266 മെഡലുകളുമായി പാലക്കാട് ജില്ല രണ്ടാം സ്ഥാനത്തും 214 മെഡലുമായി കോഴിക്കോട് മൂന്നാം സ്ഥാനത്തുമാണ്. 2022-23 ദേശീയ മീറ്റിൽ കേരളം 54 മെഡലുകൾ (23 സ്വർണവും 18 വെള്ളിയും 13 വെങ്കലവും) നേടി.

### III. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 1985-ൽ രൂപീകരിച്ചു. യുവജനക്ഷേമ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് ബോർഡിന്റെ പ്രധാന ലക്ഷ്യം. തൊഴിൽ രഹിതരായ യുവാക്കൾക്ക് പരിശീലന പരിപാടികളും സ്വയം തൊഴിൽ സംരംഭങ്ങളും ആരംഭിക്കുന്നതിന് യൂത്ത് ക്ലബുകൾക്കും

**പട്ടിക 9.2.6** കേരള 2022-23 ലെ സ്പോർട്സ് മീറ്റിലെ ജില്ല തിരിച്ചുള്ള മെഡൽ നില

| ക്രമ നം. | ജില്ല | സ്വർണം | വെള്ളി | വെങ്കലം | ആകെ മെഡലുകൾ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 214 | 153 | 165 | 532 |
| 2 | പാലക്കാട് | 61 | 87 | 118 | 266 |
| 3 | കോഴിക്കോട് | 46 | 73 | 95 | 214 |
| 4 | തൃശ്ശൂർ | 81 | 55 | 74 | 210 |
| 5 | കണ്ണൂർ | 66 | 58 | 83 | 207 |
| 6 | മലപ്പുറം | 47 | 68 | 89 | 204 |
| 7 | എറണാകുളം | 56 | 57 | 76 | 189 |
| 8 | കോട്ടയം | 30 | 39 | 49 | 118 |
| 9 | ആലപ്പുഴ | 16 | 26 | 48 | 90 |
| 10 | കാസറഗോഡ് | 21 | 29 | 37 | 87 |
| 11 | വയനാട് | 19 | 19 | 40 | 78 |
| 12 | കൊല്ലം | 13 | 11 | 39 | 63 |
| 13 | ഇടുക്കി | 15 | 14 | 28 | 57 |
| 14 | പത്തനംതിട്ട | 5 | 4 | 10 | 19 |
| | ആകെ | 690 | 693 | 951 | 2334 |

ഉറവിടം:- പൊതു വിദ്യാഭ്യാസ ഡയറക്റ്ററേറ്റ് (സ്പോർട്സ് വിഭാഗം)

സംഘടനകൾക്കും ബോർഡ് ധനസഹായം നൽകി വരുന്നു.

### പ്രധാന പ്രവർത്തനങ്ങൾ

- **യുവശക്തി:–** പ്രതിമാസ ഓണറേറിയം അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജില്ലാ കോ-ഓർഡിനേറ്റർമാരാണ് യുവശക്തി പരിപാടി ഏകോപിപ്പിക്കുന്നത്. യൂത്ത് ക്ലബ്ബുകൾ സംഘടിപ്പിക്കുക, സാമൂഹിക വികസന പ്രവർത്തനങ്ങൾ നടത്തുക, സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുക, സാമൂഹിക വളർച്ചയ്ക്കുവേണ്ടിയുള്ള മറ്റ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, കേരളോത്സവത്തിൽ യുവജന പങ്കാളിത്തം വർധിപ്പിക്കുക, ഗ്രാമസഭകളിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുക, ലേബർ ബാങ്ക് ഉൾപ്പെടെയുള്ള തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ താഴെ തലത്തിലേക്ക് കൊണ്ടുവരിക എന്നിവയാണ് യൂത്ത് കോർഡിനേറ്റർമാരുടെ പ്രധാന ചുമതലകൾ.

- **വിവിധ ക്ലബ്ബുകൾ–** കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ബോധവൽക്കരണ പരിപാടികൾ, മത്സര പരീക്ഷകൾക്കുള്ള പരിശീലനം, ആരോഗ്യ പ്രചാരണങ്ങൾ, പരിസ്ഥിതി പ്രവർത്തനങ്ങൾ, സ്പോർട്സ് കിറ്റ് വിതരണം, യൂത്ത് കേരള എക്സ്പ്രസ് റിയാലിറ്റി ഷോ എന്നിവയിലൂടെ പട്ടികജാതി-പട്ടികവർഗ കോളനികളിലെയും തീരപ്രദേശങ്ങളിലെയും യുവജന ക്ലബ്ബുകളെ ശാക്തീകരിക്കാൻ ലക്ഷ്യമിടുന്നു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത വിവിധ ക്ലബ്ബുകളുടെ വിശദാംശങ്ങൾ പട്ടിക 9.2.7 ൽ നൽകിയിരിക്കുന്നു.

2022-23ൽ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ വിവിധ ക്ലബ്ബുകളിൽ നിന്ന് സംസ്ഥാനത്തുടനീളമുള്ള 1,11,800 യുവാക്കൾക്ക് പ്രയോജനം ലഭിച്ചു, ഇതിൽ 52,000 സ്ത്രീകളും 1400 ട്രാൻസ്ജെൻഡർമാരുമാണ്. ഓരോ ക്ലബ്ബിന്റെയും പ്രവർത്തനങ്ങൾക്ക് 5,000 രൂപ സാമ്പത്തിക സഹായം നൽകുന്നു.

**കേരളോത്സവം:** സാംസ്കാരിക, കല, കായിക രംഗങ്ങളിൽ യുവാക്കൾക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള

**പട്ടിക 9.2.7** വിവിധ തരം ക്ലബ്ബുകളും അവയുടെ പ്രവർത്തനങ്ങളും

| ക്രമ നം. | ക്ലബ്ബുകളുടെ പേര് | ക്ലബ്ബുകളുടെ/ ഗുണഭോക്താക്കളുടെ എണ്ണം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | കാർഷിക ക്ലബ്ബുകൾ (കതിർ) | 140/7000 | കൃഷിയിൽ താൽപ്പര്യമുള്ള യുവാക്കളെ പ്രചോദിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക, അതുവഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും യുവജന സംഘങ്ങൾക്ക് അവസരങ്ങൾ നൽകാനും സഹായിക്കുന്നു. | കാർഷിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു |
| 2 | വനിതാ ക്ലബ്ബുകൾ (അവളിടം) | 1040/52000 | സ്ത്രീ ശാക്തീകരണത്തിന്റെയും യുവതികളെ മുഖ്യധാരായിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി, സ്വയം പര്യാപ്തത നേടാനും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാനും സഹായിക്കുന്നു. | സ്ത്രീധനം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ചുള്ള പരിപാടികൾ, സ്ത്രീകൾക്ക് സ്വയം തൊഴിൽ പരിശീലനം, ആരോഗ്യ മുൻനിര സേവനങ്ങൾ. |
| 3 | ഭിന്നശേഷി കാർക്കുള്ള ക്ലബ്ബുകൾ (യെസ്) | 14/1400 | ബുദ്ധിപരമായി വൈകല്യമുള്ളവരുടെ സാമൂഹിക ഒറ്റപ്പെടൽ കുറയ്ക്കുകയും അവരിലെ വിവിധ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | യാത്രകൾ സംഘടിപ്പിക്കുക, പ്രമുഖരുമായി ആശയവിനിമയം നടത്തുക, വിവിധ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുക |
| 4 | ട്രാൻസ് ജെൻഡർ ക്ലബ്ബുകൾ (മാരിവില്ല്) | 14/1400 | സമൂഹത്തിലെ ട്രാൻസ്ജെൻഡറുകളെ മുഖ്യധാരയിലേക്ക് എത്തിക്കുകയും, അവരെ സ്വയംപര്യാപ്തരാക്കുകയും അവരിലെ വിവിധ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | ട്രാൻസ്ജെൻഡറുകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സെമിനാറുകൾ, കലാപരിപാടികൾ, വിവിധ ക്യാമ്പുകൾ തുടങ്ങിയവ നടത്തുന്നു. |
| 5 | യൂത്ത് ക്ലബ്ബുകൾ (യുവ) | 290/50000 | സമൂഹത്തിന് ഉപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ യുവാക്കളെ പ്രോത്സാഹിപ്പിക്കുകയും സാമൂഹിക പ്രവർത്തന രംഗത്ത് അവരെ സജീവമായി ഉൾപ്പെടുത്തുകയും ചെയ്യുക. | യുവജനങ്ങൾക്ക് പ്രയോജനകരമായ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. |

ഉറവിടം: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളോത്സവം സംഘടിപ്പിക്കുന്നത്. ഈ ഫെസ്റ്റിവലിൽ 15-35 വയസ്സിനിടയിലുള്ള യുവജനങ്ങൾക്ക് ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ സാംസ്കാരിക, കലാ, കായിക മത്സരങ്ങളിൽ പങ്കെടുക്കാം. 14 ജില്ലകളിലും പ്രാഥമിക ജില്ലാതല പരിപാടികൾ നടത്തുന്നു. വിജയികൾക്ക് പ്രാദേശിക സർക്കാർ തലത്തിലും ജില്ലാതലത്തിലും ക്യാഷ് പ്രൈസും സംസ്ഥാന തലത്തിൽ ഉയർന്ന പോയിന്റ് നേടുന്ന വ്യക്തിഗത ചാമ്പ്യന്മാർക്കുള്ള ട്രോഫിയും നൽകും. 2022-23ൽ കണ്ണൂരിൽ നടന്ന കേരളോത്സവത്തിന്റെ സംസ്ഥാനതല കലാമത്സരങ്ങളിലെ 59 ഇനങ്ങളിലായി 2996 മത്സരാർത്ഥികളും കൊല്ലത്ത് നടന്ന കേരളോത്സവത്തിന്റെ സംസ്ഥാനതല കായിക മത്സരത്തിൽ 3625 മത്സരാർത്ഥികളും പങ്കെടുത്തു.

**കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ്(ടീം കേരള):** പ്രകൃതി ദുരന്തങ്ങളെ നേരിടാൻ യുവ സന്നദ്ധ പ്രവർത്തകരെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ഒരു സന്നദ്ധ സേനയാണ് കേരള വോളണ്ടിയർ യൂത്ത് ആക്ഷൻ ഫോഴ്സ് (KVYAF). കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ച സന്നദ്ധ സേവന ടീമായ കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ രൂപീകരണത്തിന്റെ ആദ്യ ഘട്ടം. പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ ക്യാപ്റ്റൻമാരെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകുന്ന പദ്ധതി പൂർത്തിയായി. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമായി 1034 ക്യാപ്റ്റൻമാർക്കാണ് പരിശീലനം നൽകിയത്. പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ, ഫോറസ്റ്റ്, എക്സൈസ്, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ ദുരന്തനിവാരണം, പ്രഥമശുശ്രൂഷ, കായിക പരിശീലനം, വ്യക്തിത്വ വികസനം, സാന്ത്വന പരിചരണം തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി. പഞ്ചായത്ത്, മുനിസിപ്പാലിറ്റി,/കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത ക്യാപ്റ്റൻമാരെ കൂടാതെ 14 ജില്ലകളിൽ നിന്ന് 2800 അംഗങ്ങളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി. യൂണിഫോം, ഷൂ, തൊപ്പി എന്നിവയും തയ്യാറാക്കി ഇവർക്ക് നൽകുന്നുണ്ട്. 2023 ജനുവരി 26-ന് കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ റിപ്പബ്ലിക് ദിന പരേഡിൽ 25 ടീം കേരള അംഗങ്ങൾ പങ്കെടുത്തു. ടീം കേരളയുടെ 2131 വോളണ്ടിയർമാരുടെ പാസിംഗ് ഔട്ട് പരേഡ് ബഹു. കേരള മുഖ്യമന്ത്രി 2023 ഫെബ്രുവരി 23ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വെച്ച് ഉദ്ഘാടനം ചെയ്തു. യുവാക്കളുടെ സ്വന്തം സന്നദ്ധ സേവന സേനയെ താഴെത്തട്ടിലെത്തിക്കുക, യുവാക്കളെ സന്നദ്ധസേവനം ചെയ്യാൻ താൽപര്യം ജനിപ്പിക്കുക, അവരെ സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കുക, ദുരന്തങ്ങൾ, പകർച്ചവ്യാധികൾ, മറ്റ് അടിയന്തര സാഹചര്യങ്ങൾ എന്നിവയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പ്രാദേശിക യുവാക്കളെ സഹായിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ടീം കേരള പ്രവർത്തിക്കുന്നത്. ഈ സേനയുടെ പ്രവർത്തനം നമ്മുടെ സംസ്ഥാനത്തിന് ഒരു മുതൽക്കൂട്ടായി മാറുന്നു. ഏകദേശം 60000 യുവാക്കൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറും.

## മറ്റ് യുവജന വികസന പരിപാടികൾ

- സമൂഹത്തിലെ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച യുവതാരങ്ങളെ ബോർഡ്, "സ്വാമി വിവേകാനന്ദ യുവപ്രതിഭാ പുരസ്കാരം" നൽകി ആദരിക്കുന്നു. ജില്ലാതലത്തിൽ മികച്ച യൂത്ത് ക്ലബ്ബ് അവാർഡ് നൽകുകയും അതിൽ ഒരാളെ സംസ്ഥാന തലത്തിൽ അവാർഡിന് തെരഞ്ഞെടുക്കുകയും ചെയ്യുന്നു. യുവ പത്രപ്രവർത്തകർക്കും ജേർണലിസം വിദ്യാർത്ഥികൾക്കുമായി ബോർഡ്, മീഡിയ ക്യാമ്പുകൾ സംഘടിപ്പിച്ചു. വിവിധ മേഖലകളിൽ യുവജനങ്ങൾക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കി, ജില്ലാ യുവജന

കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന വിവിധ യുവജന പരിപാടികൾക്കും പദ്ധതികൾക്കും ധനസഹായം നൽകി. മാധ്യമരംഗത്ത് ഉയർന്നുവരുന്ന പ്രവണതകളെക്കുറിച്ച് യുവാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സോഷ്യൽ മീഡിയ ശിൽപശാലകളും സെമിനാറുകളും സംഘടിപ്പിച്ചു. ഒരു നല്ല മാധ്യമപ്രവർത്തകൻറെ ഉത്തരവാദിത്തങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി മലമ്പുഴയിലും കോന്നിയിലും യൂത്ത് ജേർണൽ ക്യാമ്പ് (നേരന്വേഷണം) നടത്തി. 'ലഹരി വിരുദ്ധ കാമ്പയിൻ ജനസഭ'-യുടെ ബാനറിൽ ലഹരിക്കെതിരെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. പരിസ്ഥിതി ദിനം, ഗാന്ധി ജയന്തി, സ്വാതന്ത്ര്യ ദിനം, മയക്കുമരുന്ന് വിരുദ്ധ ദിനം, മറ്റ് പ്രധാന ദിനങ്ങൾ എന്നിവയെ അനുസ്മരിക്കുന്ന പരിപാടികൾ സംഘടിപ്പിച്ചു. ഫിഫ വേൾഡ് കപ്പിനോട് അനുബന്ധിച്ച് സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും വിവിധ ക്ലബ്ബുകളുടെ സഹകരണത്തോടെ KSYWB ബിഗ് സ്ക്രീൻ എക്സിബിഷൻ നടത്തി. ബോർഡിന്റെയും യൂത്ത് ക്ലബ്ബുകളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം പ്രചരിപ്പിക്കുന്നതിനായി ബോർഡ് "യുവത" എന്ന പേരിൽ ഒരു മാസികയും പ്രസിദ്ധീകരിക്കുന്നു.

### IV. കേരള സംസ്ഥാന യുവജനകമ്മീഷൻ (കെ.എസ്.വൈ.സി)

കേരളത്തിലെ യുവജനങ്ങളെ ശാക്തീകരിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി 2013-ൽ രൂപീകരിച്ച ഒരു അർദ്ധ ജുഡീഷ്യൽ ബോഡിയാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. കേരള സർക്കാരിന്റെ കീഴിൽ ഒരു ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായി ഇത് പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ യുവാക്കളെ നയിക്കുകയും സഹായം നൽകുകയും വികസിപ്പിക്കുകയും യുവജനകാര്യങ്ങളുടെ സംരക്ഷകനായി പ്രവർത്തിക്കുകയും തൊഴിൽ മാന്യത നിലനിർത്തുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസവും തൊഴിലും ഉറപ്പാക്കുന്നതിനും യുവാക്കളെ ബോധവൽക്കരിക്കുകയുമാണ് കമ്മീഷന്റെ ലക്ഷ്യം.

2022-23 ലെ കേരള സംസ്ഥാന യുവജന കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്.

- കോളേജുകളിലെ പ്രൊജക്ട് കോർഡിനേറ്ററിനു കീഴിലും യുവാക്കൾക്കുളള വേദികളിലും, എസ് സി/എസ്.ടി കോളനികളിലെ യുവാക്കൾക്കിടയിലും ബോധവൽക്കരണം നടത്തുക: 2022-23ൽ "യുവജന പ്രതിരോധ സേന" 500 പരിപാടികൾ നടത്തി. ഏകദേശം 50000 യുവജനങ്ങൾ ഈ പരിപാടികളിൽ പങ്കെടുക്കുകയും കമ്മീഷന് കേരളത്തിലെ ഒരു ലക്ഷത്തിലധികം യുവജനങ്ങൾക്കിടയിൽ അതിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കാനും കഴിഞ്ഞു.
- ജില്ലാ സെമിനാറുകൾ, സിമ്പോസിയങ്ങൾ, ശിൽപശാലകൾ: മദ്യം, മയക്കമരുന്ന് എന്നിവയുടെ ഉപഭോഗം തടയുന്നതിനും പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യ ബോധം എന്നിവ ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും യുവാക്കളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും കമ്മീഷൻ ലക്ഷ്യമിടുന്നു. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും യുവാക്കളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ആശയങ്ങൾ രൂപീകരിക്കുന്നതിനുമായി, കമ്മീഷൻ വിവിധ വിഷയങ്ങളിൽ ദേശീയ തലത്തിൽ സെമിനാറുകൾ നടത്തി. "ആൾട്ടർനേറ്റീവ് റെസിസ്റ്റൻസ് യൂത്ത്" എന്ന വിഷയത്തിൽ കമ്മീഷൻ കൊല്ലം ജലദർശിനി ഹാളിൽ ദേശീയതല സെമിനാർ നടത്തി. തെരഞ്ഞെടുത്ത 75 പ്രതിനിധികൾ പങ്കെടുക്കുകയും വിവിധ മേഖലകളിലെ വിദഗ്ധർ അവരുടെ പോർട്ട്ഫോളിയോ പ്രകാരം സെഷനുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.
- അദാലത്തും പ്രാദേശിക തല സിറ്റിംഗുകളും: യുവാക്കൾക്ക് നീതി നിഷേധിക്കപ്പെടുന്നുവെന്ന പരാതികളിൽ കമ്മീഷൻ നടത്തിയ ഇടപെടലിലൂടെ നിരവധി യുവാക്കളുടെ അവകാശങ്ങൾ പുനഃസ്ഥാപിക്കാൻ കഴിഞ്ഞു. 2022-23 സാമ്പത്തിക വർഷത്തിൽ ആകെ ലഭിച്ച 136 ഹർജികളിൽ 23 കേസുകൾ തീർപ്പാക്കി, ബാക്കിയുള്ള കേസുകളിൽ നടപടി സ്വീകരിച്ചുവരികയാണ്.
- യൂത്ത് ഐക്കൺ അവാർഡുകൾ: കല, സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹിക പ്രവർത്തനം, സംരംഭകത്വം എന്നീ

**ബോക്സ് 9.2.3** 2022-23 ലെ കേരള യുവജനക്ഷേമ ബോർഡിന്റെ നേട്ടങ്ങൾ

- 'നോ ടു ഡ്രഗ്സ്' എന്ന സർക്കാർ പരിപാടിയുമായി ബന്ധപ്പെട്ട് കേരള യുവജന ക്ഷേമ ബോർഡ് കൂട്ട ഓട്ടം, ഐ.റ്റി പ്രഫഷണലുകളുടെ പ്രചാരണം, സൈക്കിൾ/ബൈക്ക് റാലി, ഫിലിം പ്രൊഡക്ഷൻ, വർക്ക്ഷോപ്പ്, ലഹരി വിരുദ്ധ മാർച്ച് കായിക പ്രവർത്തനങ്ങൾ തുടങ്ങി വിവിധ പരിപാടികൾ നടത്തി.
- സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി 'അവളിടം' ക്ലബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും നിയമ ബോധവത്കരണം, സ്ത്രീധനം, സ്ത്രീ സുരക്ഷിതത്വം തുടങ്ങി വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി ബോധവത്കരണ ക്ലാസുകൾ നടത്തി.
- സാഹസിക പ്രവർത്തനങ്ങളുടെ ഭാഗമായി റാണിപുരം, കാഞ്ഞിരക്കൊല്ലി, ചെമ്പ്രക്കുടി പീക്ക്, കൊലുക്കുമല, പൈതൽമല, ആറളം വന്യജീവി സങ്കേതം എന്നിവിടങ്ങളിൽ ട്രക്കിംഗ് നടത്തി.
- ട്രാൻസ്ജെന്റർമാരുടെ ശാക്തീകരണത്തിനായി കാസറഗോഡ്, തൃശ്ശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ മൂന്ന് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടത്തുകയും 30 പേർ അതിൽ പങ്കെടുക്കുകയും ചെയ്തു.
- റീൽസ് - 2022 എന്ന പേരിൽ ഒരു ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുകയും 158 സിനിമകൾ സ്ക്രീൻ ചെയ്യുകയും 30 ഹ്രസ്വ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. പത്ത് ചിത്രങ്ങളാണ് അവാർഡിനായി തെരഞ്ഞെടുത്തത്. റീൽസ് - ഷോർട്ട് ഫിലിം ഫെസ്റ്റിവലിന്റെ അന്തിമ പ്രദർശനവും അവാർഡ് വിതരണവും 28 മാർച്ച് 2023 ന് തൃശ്ശൂർ റീജിയണൽ തിയേറ്ററിൽ സംഘടിപ്പിച്ചു.
- ശ്രീ കലാഭവൻ മണിയുടെ ചരമവാർഷിക ദിനത്തിൽ "മണിനാദം" എന്ന പേരിൽ സംസ്ഥാനതല നാടൻ പാട്ട് മത്സരം തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ നടത്തി

ഉറവിടം : കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

മേഖലകളിൽ മികവ് തെളിയിച്ച യുവജനങ്ങളെ ആദരിക്കുന്നതിനായി കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡ് നൽകുന്നു.

- പാർശ്വവൽക്കരിക്കപ്പെട്ട യുവാക്കളുടെ ശാക്തീകരണവും ആരോഗ്യ സംരക്ഷണവും: സാമൂഹ്യനീതി വകുപ്പുമായും പട്ടികവർഗ വകുപ്പുമായും സഹകരിച്ച്, ആദിവാസി സ്ത്രീകൾക്ക് ആരോഗ്യ അവബോധം നൽകാനും ആദിവാസി കോളനികളിലെ യുവാക്കളുടെ തൊഴിൽ, ആരോഗ്യം, സാമൂഹിക വികസനം എന്നിവ പ്രോത്സാഹിപ്പിക്കാനും കമ്മീഷൻ ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി കോട്ടൂർ- തിരുവനന്തപുരം, തിരുനെല്ലി- വയനാട്, എൻഡോസൾഫാൻ ദുരിതബാധിത പ്രദേശമായ കാസർകോട്, ആലപ്പുഴ ജില്ലയിലെ വളവനാട് പാലക്കാട്, എന്നിവിടങ്ങളിലെ ആദിവാസി സെറ്റിൽമെന്റുകളിൽ കമ്മീഷൻ ആരോഗ്യ ക്യാമ്പുകൾ നടത്തി. 100 യുവജനങ്ങൾക്കായി കണ്ണൂർ കോളേജ് ഓഫ് കൊമേഴ്സിൽ ആയോധന കലയിൽ പരിശീലന ക്യാമ്പ് നടത്തി.
- യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ: സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന യുവാക്കൾക്കും നിയമസഹായം ആവശ്യമുള്ളവർക്കും 7511100900 എന്ന ടോൾ ഫ്രീ നമ്പരിലൂടെ സേവനങ്ങൾ നൽകുന്ന പദ്ധതിയാണ് യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ. രണ്ട് നിയമവിദഗ്ധർ അടങ്ങുന്ന ഒരു ടീമിനെ തെരഞ്ഞെടുത്ത്, വോഡഫോൺ- ഐഡിയ നെറ്റ്‌വർക്ക് സേവനങ്ങളുമായി സഹകരിച്ച് യുവാക്കൾക്ക് പതിവായി നിയമസഹായം ലഭ്യമാക്കുന്നതിന് ഒരു പ്ലാറ്റ്ഫോം വികസിപ്പിച്ചെടുത്തു.
- ഇ എം എസ് മെമ്മോറിയൽ അന്തർ സർവകലാശാല പ്രഭാഷണ മത്സരവും ദേശീയ യുവജന ദിന പരിപാടിയും: എല്ലാ വർഷവും ജനുവരി 12 ന് സ്വാമി വിവേകാനന്ദന്റെ ജന്മദിനം ദേശീയ യുവജന ദിനമായി ആഘോഷിക്കുന്നു. ദേശീയ യുവജനദിനത്തോടനുബന്ധിച്ച് ഇഎംഎസ് സ്മാരക അന്തർ സർവകലാശാല പ്രഭാഷണ മത്സരത്തിലെ വിജയികളെ അനുമോദിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു.
- ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾ: ഹരിത യുവജന പരിപാടി, മാലിന്യ നിർമാർജനം, വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവയാണ് കമ്മീഷൻ നടത്തുന്ന ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾ. യുവജനങ്ങളുടെ കൂട്ടായ പരിശ്രമത്തിലൂടെ സാമൂഹികവും പൗരപരവും ജനസംഖ്യാപരവും പാരിസ്ഥിതികവുമായ അവബോധം വളർത്തിയെടുക്കാനും ആരോഗ്യകരമായ ജീവിതം ഉറപ്പാക്കാനും ഹരിത യുവജന പരിപാടി ലക്ഷ്യമിടുന്നു. പരിസ്ഥിതി മലിനീകരണത്തിനെതിരെ യുവാക്കളെ സംഘടിപ്പിക്കുന്നതിനും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം ഉറപ്പാക്കുന്നതിനുമായി ശുചിത്വ മിഷനുമായി സഹകരിച്ച് ഭാഗമായി ഈ പദ്ധതിയുടെ ഭാഗമായി നദികളും തോടുകളും നീരുറവകളും ശുചീകരിക്കുന്നു.
- 2022-23-ൽ വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രോഗ്രാമിന് കീഴിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസുമായി യോജിച്ച് തൃശ്ശൂർ, കാസർകോട്, പത്തനംതിട്ട, ആലപ്പുഴ, വയനാട് ജില്ലകളിൽ ജോബ് ഫെസ്റ്റ് നടത്തി. വിശദാംശങ്ങൾ ഇപ്രകാരമാണ്: **(പട്ടിക 9.2.8)**

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും കേരള സംസ്ഥാന യുവജന കമ്മീഷനും യുവാക്കളെ അവരുടെ ആശയങ്ങൾ പ്രവർത്തനക്ഷമമാക്കാൻ സഹായിക്കുന്നു, ഉചിതമായ കൗൺസിലിംഗിലൂടെയും മാർഗനിർദേശത്തിലൂടെയും അവർ സാമ്പത്തികമായി ഉൽപാദനക്ഷമവും സാമൂഹിക പ്രതിബദ്ധതയുള്ളതുമായ പൗരന്മാരായി മാറും. ഈ വകുപ്പുകൾ യുവാക്കളെ പുതിയ കാലത്തെ വൈദഗ്ധ്യം നേടുന്നതിനും പരമ്പരാഗത വൈദഗ്ധ്യം വീണ്ടെടുക്കുന്നതിനും മാറുന്ന വിപണിയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സോഫ്റ്റ് സ്കിൽ പഠിക്കുന്നതിനും സഹായിക്കുന്നു. അവരുടെ വിവിധ പ്രവർത്തനങ്ങളിലൂടെ ഓരോ യുവാക്കളുടെയും ശാരീരികവും മാനസികവുമായ സുസ്ഥിതിയുടെ പ്രാധാന്യവും അവർ അംഗീകരിക്കുന്നു.

ചുരുക്കത്തിൽ, കായികവും യുവജനക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിൽ കേരള സംസ്ഥാനം പ്രശംസനീയമായ ശ്രമങ്ങൾ നടത്തി. അടിസ്ഥാന സൗകര്യ വികസനം, ഗ്രാസ് റൂട്ട് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, പ്രാദേശിക പ്രതിഭകളെ പരിപോഷിപ്പിക്കൽ എന്നിവയിലെ നിക്ഷേപത്തിലൂടെ കേരളം കായിക പ്രേമികൾക്കും കായികതാരങ്ങൾക്കുമുള്ള ഒരു കേന്ദ്രമായി ഉയർന്നു. കേരളത്തിലെ സ്പോർട്സ് ടൂറിസം സമീപ വർഷങ്ങളിൽ വൻ കുതിപ്പ് ഉളവാക്കും. സ്പോർട്സ് ടൂറിസം വിപണിയിൽ മത്സരിക്കുന്നതിന്, സ്പോർട്സ് ടൂറിസത്തിന്റെ നേട്ടങ്ങളെയും പ്രത്യാഘാതങ്ങളെയും കുറിച്ച് ഉൾക്കാഴ്ചയുള്ള ഒരു ധാരണ നാം വളർത്തിയെടുക്കണം.

സ്പോർട്സ് എല്ലായ്പ്പോഴും സമൂഹത്തിന്റെ ഒരു പ്രധാന ഭാഗമാണ്, എന്നാൽ അത് ഇപ്പോൾ

**പട്ടിക 9.2.8** 2022-23 ലെ വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രോഗ്രാം ജോബ് ഫെസ്റ്റിലെ പങ്കാളിത്തം.

| ക്രമ നം. | ജില്ല | പങ്കെടുത്ത തൊഴിൽ ദായകരുടെ എണ്ണം | പങ്കെടുത്ത തൊഴിലന്വേഷകരുടെ എണ്ണം | താത്കാലിക ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ | ജോലിക്കായി തെരഞ്ഞെടുത്തവരുടെ എണ്ണം |
|---|---|---|---|---|---|
| 1. | തൃശ്ശൂർ | 45 | 1395 | 585 | 159 |
| 2. | കാസർകോട് | 37 | 850 | 420 | 205 |
| 3. | പത്തനംതിട്ട | 20 | 540 | 220 | 130 |
| 4. | ആലപ്പുഴ | 52 | 950 | 360 | 190 |
| 5. | വയനാട് | 55 | 1100 | 510 | 300 |
| ആകെ | | 209 | 4835 | 2095 | 984 |

ഉറവിടം : കേരള സംസ്ഥാന യുവജന കമ്മീഷൻ

സമ്പദ്‌വ്യവസ്ഥയുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യമുള്ള ഭാഗമായി മാറുകയാണ്. അതിനാൽ, കായികരംഗത്തെ സാമ്പത്തിക സ്വാധീനവും ദേശീയ വരുമാന അക്കൗണ്ടിംഗിൽ അതിന്റെ അടിസ്ഥാനവും വിലയിരുത്തേണ്ടത് ആവശ്യമാണ്. സ്പോർട്സിന്റെ സാമ്പത്തിക സംഭാവന അല്ലെങ്കിൽ സ്വാധീനം അത് അളക്കുന്ന ജിഡിപിയെ എത്രത്തോളം മാറ്റുന്നു എന്നതിൽ പ്രതിഫലിക്കുന്നു.

ഗവൺമെന്റിന്റെ സംരംഭങ്ങൾ യുവാക്കളുടെ ശാരീരിക ക്ഷേമത്തിന് മാത്രമല്ല, ജനങ്ങൾക്കിടയിൽ ഐക്യവും അഭിമാനവും വളർത്തിയെടുത്തിട്ടുണ്ട്. എന്നിരുന്നാലും, സൗകര്യങ്ങൾ, കോച്ചിംഗ്, സ്പോർട്സ് പ്രോത്സാഹന തന്ത്രങ്ങൾ എന്നിവയിൽ മെച്ചപ്പെടാനും കൂടുതൽ നിക്ഷേപങ്ങൾ നടത്തുകയും വഴി, കായികരംഗത്തെ ശക്തികേന്ദ്രമാകാനുള്ള കേരളത്തിന്റെ പ്രയാണം തുടരാൻ സഹായിക്കും. സമ്പന്നമായ ചരിത്രവും സാംസ്കാരിക വൈവിധ്യവും കായിക വിനോദങ്ങളോടുള്ള അഭിനിവേശവും ഉള്ളതിനാൽ, വരും വർഷങ്ങളിൽ കായിക, യുവജനക്ഷേമ മേഖലകളിൽ കൂടുതൽ മികച്ച വിജയം കൈവരിക്കാൻ കേരളം തയ്യാറാവുകയാണ്.

അദ്ധ്യായം

# 10

# പ്രവാസി മലയാളികൾ

# പ്രവാസി മലയാളികൾ

താൽക്കാലികമായോ ശാശ്വതമായോ അതിർത്തികൾ ക്കകത്തേക്കോ പുറത്തേക്കോ മാറുന്ന പ്രക്രിയയാണ് കുടിയേറ്റം. കുടിയേറ്റത്തിന് ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും സാമ്പത്തിക അഭിവൃദ്ധി ത്വരിതപ്പെടുത്താനും കഴിയും.

കുടിയേറ്റക്കാരനെ നിർവചിച്ചിരിക്കുന്നത്, ഒരു രാജ്യത്തിനകത്തോ അല്ലെങ്കിൽ ഒരു അന്താരാഷ്ട്ര അതിർത്തിക്കപ്പുറത്തോ, താത്കാലികമായോ സ്ഥിരമായോ, വിവിധ കാരണങ്ങളാൽ തന്റെ സ്ഥിരമായ താമസസ്ഥലത്ത് നിന്ന് മാറി നിൽക്കുന്ന ഒരു വ്യക്തി എന്നാണ്. (ഐ.ഒ.എം, യുഎൻ മൈഗ്രേഷൻ).

2020-ൽ ലോകത്ത് ഏകദേശം 281 ദശലക്ഷം അന്താരാഷ്ട്ര കുടിയേറ്റക്കാർ ഉണ്ടെന്നാണ് നിലവിലെ ആഗോള കണക്ക്, ഇത് ആഗോള ജനസംഖ്യയുടെ 3.6 ശതമാനമാണ്.

ഐക്യരാഷ്ട്രസഭ (അന്താരാഷ്ട്ര കുടിയേറ്റത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ സംബന്ധിച്ച ശുപാർശകൾ) ഒരു അന്താരാഷ്ട്ര കുടിയേറ്റക്കാരനെ നിർവചിക്കുന്നത്, കുറഞ്ഞത് മൂന്ന് മാസമെങ്കിലും താമസ സ്ഥലം മാറിയവരെ ഹ്രസ്വകാല കുടിയേറ്റക്കാർ എന്നും കുറഞ്ഞത് ഒരു വർഷമെങ്കിലും രാജ്യം മാറിയവരെ ദീർഘകാല കുടിയേറ്റക്കാർ എന്നും വേർതിരിച്ചുകൊണ്ടാണ്.

**അന്താരാഷ്ട്ര കുടിയേറ്റ പ്രവണതകൾ**


മൊത്തത്തിൽ, കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളായി അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 2020-ൽ മാതൃ രാജ്യങ്ങൾ ഒഴികെയുള്ള രാജ്യങ്ങളിൽ താമസിക്കുന്ന ആളുകൾ 281 ദശലക്ഷം ആണ്, ഇത് 1990-നെ അപേക്ഷിച്ച് 128 ദശലക്ഷം കൂടുതലും,, 1970-ൽ കണക്കാക്കിയതിന്റെ മൂന്നിരട്ടിയാണ്. (IOM, UN മൈഗ്രേഷൻ).

**ചിത്രം** 10.1 അന്താരാഷ്ട്ര കുടിയേറ്റക്കാരുമായി ബന്ധപ്പെട്ട് ലോകത്തിലെ ഏറ്റവും മികച്ച അഞ്ച് രാജ്യങ്ങളെ കാണിക്കുന്നു. ഏകദേശം 18 ദശലക്ഷം ആളുകൾ വിദേശത്ത് താമസിക്കുന്ന, ലോകത്തിലെ ഏറ്റവും വലിയ കുടിയേറ്റ ജനസംഖ്യയുള്ള ഇന്ത്യയാണ് ആഗോളതലത്തിൽ ഏറ്റവും ഉയർന്ന രാജ്യം. ഏകദേശം 11 ദശലക്ഷമുള്ള മെക്സിക്കോ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ രാജ്യമാണ്. റഷ്യൻ ഫെഡറേഷനാണ് കൂടുതൽ കുടിയേറ്റക്കാരുള്ള മൂന്നാമത്തെ രാജ്യം; തൊട്ടുപിന്നിൽ ചൈനയാണ് (യഥാക്രമം 10.8 ദശലക്ഷവും 10 ദശലക്ഷവും). ഏറ്റവും കൂടുതൽ കുടിയേറ്റക്കാരുടെ അഞ്ചാമത്തെ രാജ്യം സിറിയൻ അറബ് റിപ്പബ്ലിക്കാണ് അവിടത്തെ 8 ദശലക്ഷത്തിലധികം ആളുകൾ വിദേശത്ത് താമസിക്കുന്നു. പ്രധാനമായും കഴിഞ്ഞ ദശകത്തിൽ വലിയ തോതിലുള്ള കുടിയൊഴിപ്പിക്കൽ കാരണം അഭയാർത്ഥികളായവരാണ് കൂടുതലും.

നിലവിൽ ലോകമെമ്പാടുമുള്ള അന്താരാഷ്ട്ര കുടിയേറ്റക്കാരായ സ്ത്രീകളേക്കാൾ പുരുഷന്മാരുടെ എണ്ണം കൂടുതലാണ്. ലോകമെമ്പാടുമുള്ള അന്താരാഷ്ട്ര കുടിയേറ്റക്കാർ എന്ന നിലയിൽ പുരുഷൻമാർ നിലവിൽ സ്ത്രീകളേക്കാൾ കൂടുതലാണ്, കഴിഞ്ഞ 20 വർഷമായി ഈ വിടവ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

സ്ത്രീ കുടിയേറ്റക്കാരായ പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള വിഭജനം 50.6 മുതൽ 49.4 ശതമാനം വരെയാണ് (2000-ൽ 88 ദശലക്ഷം പുരുഷ കുടിയേറ്റക്കാരും 86 ദശലക്ഷം സ്ത്രീ കുടിയേറ്റക്കാരും). 2020-ൽ, 146 ദശലക്ഷം പുരുഷ കുടിയേറ്റക്കാരും 135 ദശലക്ഷം സ്ത്രീ കുടിയേറ്റക്കാരും

**ചിത്രം 10.1.1** കുടിയേറ്റക്കാരുടെ പ്രധാന 5 പ്രഭവ കേന്ദ്രങ്ങൾ




ഉറവിടം: വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2022

ആണ് ഉള്ളത്, അതായത് ഇവർ തമ്മിലുള്ള അന്തരം കൂടി വരുന്നതായി കാണാം (പുരുഷന്മാർ 51.9, സ്ത്രീകൾ 48 ശതമാനം). 2000 മുതൽ സ്ത്രീ കുടിയേറ്റക്കാരുടെ വിഹിതം കുറയുന്നു, അതേസമയം പുരുഷ കുടിയേറ്റക്കാരുടെ വിഹിതം 1.4 ശതമാനം വർദ്ധിച്ചിട്ടുണ്ട്.

**അന്താരാഷ്ട്ര പണമയയ്ക്കൽ (International Remittance)**

കുടിയേറ്റക്കാർ അവരുടെ സ്വന്തം രാജ്യങ്ങളിലെ കുടുംബങ്ങളിലേക്കോ കമ്മ്യൂണിറ്റികളിലേക്കോ നേരിട്ട് നടത്തുന്ന സാമ്പത്തികമോ അല്ലാത്തതോ ആയ തരത്തിലുള്ള കൈമാറ്റങ്ങളാണ് പണമയയ്ക്കൽ എന്ന് സൂചിപ്പിക്കാം. എന്നിരുന്നാലും, പണമടക്കുന്നതിനെകുറിച്ചുള്ള കണക്കുകൾ, ഔപചാരികമോ അനൗപചാരികമോ ആയ ചാനലുകളിലൂടെ രേഖപ്പെടുത്താത്ത ഒഴുക്ക് കണക്കിലെടുക്കുന്നില്ല. അതിനാൽ ആഗോള പണമടയ്ക്കലിന്റെ യഥാർത്ഥ അളവ് ലഭ്യമായ കണക്കുകളേക്കാൾ വലുതായിരിക്കും (ലോക ബാങ്ക്, 2016).

2020-ൽ (ഏപ്രിൽ) ആഗോളതലത്തിൽ രാജ്യാന്തര പണമയയ്ക്കലിൽ 20 ശതമാനം ഇടിവ് പ്രവചിച്ചിട്ടുണ്ടെങ്കിലും, പ്രസ്തുത വർഷത്തിൽ ആഗോളതലത്തിൽ പണമയക്കുന്നതിൽ നേരിയ ഇടിവ് (2.4% കുറവ്) മാത്രമേ ഉണ്ടായിട്ടുള്ളൂ, അതായത് 2019-ലെ 719 ബില്യൺ ഡോളറിൽ നിന്ന് 702 ബില്യൺ ഡോളറായി കുറഞ്ഞു. എന്നിരുന്നാലും, 2020-ന് മുമ്പുള്ള തുടർച്ചയായ മൂന്ന് വർഷങ്ങളിൽ വർദ്ധനയുണ്ടായി: 2016 മുതൽ 2019 വരെ, ആഗോള (അകത്തേക്ക്) പണമയയ്ക്കൽ 7.2 ശതമാനം വർദ്ധിച്ചു, 2016-ൽ 597 ബില്യൺ ഡോളറിൽ നിന്ന് 2017-ൽ 640 ബില്യൺ ഡോളറായും, 2018 ൽ 694 ബില്യൺ ഡോളറിലേക്കും 2019 ൽ 719 ബില്യൺ യുഎസ് ഡോളറിലേക്കും ഉയർന്നു. ഈ പ്രവണതയ്ക്ക് അനുസൃതമായി, 2016 മുതൽ 2018 വരെയുള്ള പോസിറ്റീവ് ട്രെൻഡിന് ശേഷം താഴ്ന്ന, ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിലേക്കുള്ള പണമടയ്ക്കൽ 2020-ൽ (2019-ൽ 548 ബില്യൺ ഡോളറിൽ നിന്ന് 540 ബില്യൺ ഡോളറായി) കുറഞ്ഞു.

2020-ൽ, ഇന്ത്യ, ചൈന, മെക്സിക്കോ, ഫിലിപ്പീൻസ്, ഈജിപ്ത് എന്നിവ ആയിരുന്നു (അവരോഹണക്രമത്തിൽ) പണമയയ്ക്കൽ സ്വീകർത്താക്കളായ ആദ്യ അഞ്ച് രാജ്യങ്ങൾ. മൊത്തം അന്താരാഷ്ട്ര പണലഭ്യത (inward remittance) 59 ബില്യൺ യുഎസ് ഡോളറിലധികം കവിഞ്ഞ് ഇന്ത്യയും ചൈനയും മറ്റുള്ളവയെക്കാൾ വളരെ മുകളിലാണ്.

**ഇന്ത്യയിലേക്കും കേരളത്തിലേക്കും ഉള്ള പണമയയ്ക്കൽ**

വിദേശ നേരിട്ടുള്ള നിക്ഷേപത്തിന് ശേഷം താഴ്ന്ന-ഇടത്തരം വരുമാനമുള്ള രാജ്യങ്ങൾക്ക് വിദേശ വരുമാനത്തിനുള്ള രണ്ടാമത്തെ പ്രധാന ഉറവിടമാണ് പണമയയ്ക്കൽ. ഗാർഹിക വരുമാനത്തിൽ അതിന്റെ സ്വാധീനവും ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക ആസ്തി നിർമ്മാണത്തിനുള്ള സംഭാവനയും സാമ്പത്തിക ചരിത്രത്തിൽ നന്നായി അംഗീകരിക്കപ്പെട്ടിട്ടുണ്ട് (അസിസി, 2021; ബാസ്റ്റെറ്റ് എന്നിവർ, 2021; ഒഗുന്നിയി., 2020).

പണമയയ്ക്കലിനെക്കുറിച്ചുള്ള ആർബിഐയുടെ അഞ്ചാം റൗണ്ട് സർവേ പ്രകാരം, ജിസിസി മേഖലയിൽ നിന്നും ഇന്ത്യയിലേക്കുള്ള അന്താരാഷ്ട്ര പണലഭ്യതയുടെ

**പട്ടിക 10.1.1** അന്താരാഷ്ട്ര പണമയയ്ക്കൽ സ്വീകരിക്കുന്ന മികച്ച 10 രാജ്യങ്ങൾ (2005-2020) (നിലവിലെ USD ബില്യൺ)

| 2005 | | 2010 | | 2015 | | 2020 | |
|---|---|---|---|---|---|---|---|
| ചൈന | 23.63 | ഇന്ത്യ | 53.48 | ഇന്ത്യ | 68.91 | ഇന്ത്യ | 83.15 |
| മെക്സിക്കോ | 22.74 | ചൈന | 52.46 | ചൈന | 63.94 | ചൈന | 59.51 |
| ഇന്ത്യ | 22.13 | മെക്സിക്കോ | 22.08 | ഫിലിപ്പിൻസ് | 29.80 | മെക്സിക്കോ | 42.88 |
| നൈജീരിയ | 14.64 | ഫിലിപ്പിൻസ് | 21.56 | മെക്സിക്കോ | 26.23 | ഫിലിപ്പിൻസ് | 34.91 |
| ഫ്രാൻസ് | 14.21 | ഫ്രാൻസ് | 19.90 | ഫ്രാൻസ് | 24.07 | ഈജിപ്റ്റ് | 29.60 |
| ഫിലിപ്പിൻസ് | 13.73 | നൈജീരിയ | 19.74 | നൈജീരിയ | 20.63 | പാകിസ്ഥാൻ | 26.11 |
| ബെൽജിയം | 6.88 | ജർമ്മനി | 12.79 | പാകിസ്ഥാൻ | 19.31 | ഫ്രാൻസ് | 24.48 |
| ജർമ്മനി | 6.86 | ഈജിപ്റ്റ് | 12.45 | ഈജിപ്റ്റ് | 18.33 | ബംഗ്ലാദേശ് | 21.75 |
| സ്പെയിൻ | 6.66 | ബെൽജിയം | 10.99 | ജർമ്മനി | 15.58 | ജർമ്മനി | 17.90 |
| പോളണ്ട് | 6.47 | ബംഗ്ലാദേശ് | 10.85 | ബംഗ്ലാദേശ് | 15.30 | നൈജീരിയ | 17.21 |

ഉറവിടം: വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2022

പങ്ക് 2016-17 ൽ (അവസാനം സർവേ നടത്തിയ കാലയളവ്) 50 ശതമാനത്തിൽ നിന്ന് 2020-21 ൽ ൽ ഏകദേശം 30 ശതമാനമായി കുറഞ്ഞതായി കണക്കാക്കുന്നു.

കുടിയേറ്റത്തെയും പണമയക്കലിനെയും കുറിച്ചുള്ള ലോകബാങ്ക് റിപ്പോർട്ട് (വേൾഡ് ബാങ്ക്, 2021 ബി) അനുസരിച്ച്, താഴ്ന്ന, ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിലേക്കുള്ള പണമയയ്ക്കൽ 2020-ൽ 540 ബില്യൺ ഡോളറായി കുറഞ്ഞു, 2019-ലെ 548 ബില്യൺ യുഎസ് ഡോളറിൽ നിന്ന് 1.6 ശതമാനം കുറവാണ് രേഖപ്പെടുത്തിയത്. സാമ്പത്തിക മാന്ദ്യത്തിന്റെയും എണ്ണവിലയിലെ ഇടിവിന്റെയും ഇരട്ട പ്രഭാവത്തിന് ആതിഥേയ രാജ്യം ഇരയായതിനാൽ, ഏറ്റവും കൂടുതൽ പണമയക്കൽ സ്വീകരിക്കുന്ന ഇന്ത്യയെ ഇത് മോശമായി ബാധിക്കുമെന്ന് (ലോക ബാങ്ക്, 2020) (പ്രതീക്ഷിത ഇടിവ് 23 ശതമാനം) പ്രതീക്ഷിച്ചിരുന്നു.

ജിസിസി മേഖലയിൽ ശക്തമായ ആധിപത്യം പുലർത്തിയിരുന്ന പരമ്പരാഗത പണമയയ്ക്കൽ സ്വീകരിക്കുന്ന സംസ്ഥാനങ്ങളായ കേരളം, തമിഴ്നാട്, കർണാടക എന്നിവയുടെ വിഹിതം 2020-21ൽ ഏതാണ്ട് പകുതിയായി കുറഞ്ഞു, അതായത് 2016-17 മുതലുള്ള മൊത്തം പണമയക്കലിന്റെ 25 ശതമാനം മാത്രമേ ഉള്ളൂ, അതേസമയം ഇപ്പോൾ കേരളത്തെ മറികടന്ന് ഏറ്റവും കൂടുതൽ സ്വീകരിക്കുന്ന സംസ്ഥാനമായി മഹാരാഷ്ട്ര ഉയർന്നു.

ആതിഥേയ രാജ്യത്തിന്റെ ചലനാത്മകതയ്ക്ക് പുറമെ, വേതന വ്യത്യാസങ്ങളിലെ കുറവ്, ജിസിസി മേഖലയിലേക്കുള്ള വൈറ്റ് കോളർ കുടിയേറ്റ തൊഴിലാളികളുടെ വർദ്ധനവ്, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഏഷ്യൻ രാജ്യങ്ങളിൽ നിന്നും കുറഞ്ഞ വേതനമുള്ള അർദ്ധ വിദഗ്ധ തൊഴിലാളികളുടെ വരവ്, ഈ സംസ്ഥാനങ്ങളിലെ തൊഴിൽ രീതികളിലെ മാറ്റങ്ങൾ എന്നിവ ഈ ഘടനാപരമായ മാറ്റത്തിന് കാരണമാവാം.

**ഇന്ത്യയിൽ നിന്നുള്ള കുടിയേറ്റം**

കുടിയേറ്റക്കാരെ നിർവ്വചിക്കുന്നത് കണക്കെടുപ്പിന്റെ വേളയിൽ താമസിക്കുന്ന സ്ഥലങ്ങളിൽ നിന്ന് മാറി മറ്റ് സ്ഥലങ്ങളിൽ താമസിക്കുന്നവർ എന്നാണ്. ആ വ്യക്തി 6 മാസമോ അതിൽ കൂടുതലോ തുടർച്ചയായി താമസിച്ച അല്ലെങ്കിൽ 6 മാസമോ അതിൽ കൂടുതലോ താമസിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലമാണ് (ഗ്രാമം/നഗരം) സാധാരണ താമസസ്ഥലം (Migration in India 2020-21, Periodic Labour Force Survey).

**പട്ടിക 10.1.2** 2020-21 ലെ ഇൻവാർഡ് റെമിറ്റൻസിൽ സംസ്ഥാനം തിരിച്ചുള്ള വിഹിതം

| നം. | സംസ്ഥാനം | മൊത്തം പണമയക്കലിലെ പങ്ക് (ശതമാനം) |
|---|---|---|
| 1 | മഹാരാഷ്ട്ര | 35.2 |
| 2 | കേരളം | 10.2 |
| 3 | തമിഴ്നാട് | 9.7 |
| 4 | ഡൽഹി | 9.3 |
| 5 | കർണാടക | 5.2 |
| 6 | ആന്ധ്രാപ്രദേശ് | 4.4 |
| 7 | ഉത്തർ പ്രദേശ് | 3.7 |
| 8 | ഗുജറാത് | 3.2 |
| 9 | പഞ്ചാബ് | 3 |
| 10 | ജാർഖ | 1.9 |

ഉറവിടം: RBI റെമിറ്റൻസ് സർവേ, 2021

വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2022 അനുസരിച്ച്, ഇന്ത്യയിലെ ഏകദേശം 18 ദശലക്ഷം ആളുകൾ

1സക്കറിയ കെ.സി., രാജൻ എസ്. ഇരുദയ, ജനുവരി 2019: 'എമിഗ്രേഷനും പണമയക്കലും: കേരള മൈഗ്രേഷൻ സർവേയിൽ നിന്നുള്ള പുതിയ തെളിവുകൾ, 2018'

വിദേശത്ത് താമസിക്കുന്നു, ലോകത്തിലെ ഏറ്റവും വലിയ കുടിയേറ്റ ജനസംഖ്യ ഇന്ത്യയിലാണ്, ഇത് ആഗോളതലത്തിൽ ഇന്ത്യയെ ഏറ്റവും ഉയർന്ന കുടിയേറ്റ പ്രഭവ കേന്ദ്ര രാജ്യമാക്കി മാറ്റുന്നു. ഏകദേശം 11 ദശലക്ഷമുള്ള കുടിയേറ്റക്കാർ ഉള്ള മെക്സിക്കോ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ രാജ്യമാണ്.

**കേരളത്തിൽ നിന്നുള്ള കുടിയേറ്റം**

2018-ലെ കേരള മൈഗ്രേഷൻ സർവേ പ്രകാരം 21,21,887 പ്രവാസികൾ കേരളത്തിൽ നിന്നുള്ളവരാണ്. ഇത് 2016 കേരള മൈഗ്രേഷൻ സർവ്വേയേക്കാൾ 1.49 ലക്ഷവും, 2013 കേരള മൈഗ്രേഷൻ സർവ്വേയേക്കാൾ 2.78 ലക്ഷവും കുറവാണ്. കൂടാതെ, കഴിഞ്ഞ പത്തുവർഷമായി എമിഗ്രേഷനിൽ കുറവുണ്ടായിട്ടുണ്ട്. 2008 മുതൽ എമിഗ്രേഷൻ വളർച്ചാ നിരക്ക് തുടർച്ചയായി കുറയുന്നതായി കണക്കുകൾ കാണിക്കുന്നു. 2008 മുതൽ കുടിയേറ്റത്തിൽ ഒരു നെഗറ്റീവ് പ്രവണത കാണപ്പെടുന്നുണ്ടെങ്കിലും, ചില വർഷങ്ങളിൽ പ്രത്യേകിച്ച് 2011 ലും 2013 ലും വർദ്ധനവുണ്ടായി എന്നതും ശ്രദ്ധിക്കേണ്ടതാണ്. 2008 മുതൽ 2011 വരെയുള്ള കാലയളവിൽ 87000-ലധികം ആളുകളും 2011 മുതൽ 2013 വരെയുള്ള കാലയളവിൽ ഏകദേശം 1.1 ലക്ഷം പേരും കുടിയേറ്റത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

2013ൽ പ്രവചിച്ചതുപോലെ, കേരള മൈഗ്രേഷൻ സർവേ (കെഎംഎസ്) എമിഗ്രേഷൻ കുറയുന്നതായി കാണിക്കുന്നു. 2013-ൽ മൊത്തം പ്രവാസികളുടെ എണ്ണം 24 ലക്ഷമായിരുന്നു, 2018-ൽ ഇത് 21 ലക്ഷമായി കുറഞ്ഞു. 2013-ൽ നിന്ന് 2018-ലേക്ക് എത്തിയപ്പോൾ ഏകദേശം 12 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. കേരള മൈഗ്രേഷൻ സർവേ 2018 കണക്കാക്കിയ തിരിച്ച് വന്ന പ്രവാസികളുടെ എണ്ണം 12.95 ലക്ഷമാണ്, അതായത് കേരളത്തിൽ നിന്നുള്ള മൊത്തം കുടിയേറ്റക്കാരുടെ ഏകദേശം 60 ശതമാനം. കേരള മൈഗ്രേഷൻ സർവേ 2018 അവസാന റൗണ്ടിൽ കണ്ട പ്രവണത സ്ഥിരീകരിച്ച കേരളത്തിൽ നിന്നുള്ള കുടിയേറ്റം കുറയുകയും പ്രവാസികൾ തിരികെ വരികയും ചെയ്യുന്നു.

**ജില്ല തിരിച്ചുള്ള പ്രവാസികൾ**

2018-ൽ കേരളത്തിൽ നിന്ന് ജില്ല തിരിച്ചുള്ള കുടിയേറ്റക്കാരുടെ എണ്ണം **ചിത്രം 10.1.2** കാണിക്കുന്നു. മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ളത് (4.06 ലക്ഷം), കണ്ണൂർ (2.49 ലക്ഷം), തൃശ്ശൂർ (2.41 ലക്ഷം), കൊല്ലം (2.40 ലക്ഷം). കേരളത്തിലെ മലയോര ജില്ലകളായ വയനാടും ഇടുക്കിയുമാണ് ഏറ്റവും കുറവ് പ്രവാസികൾ ഉള്ള ജില്ലകൾ, അത് യഥാക്രമം 0.36 ലക്ഷം, 0.32 ലക്ഷം എന്നിങ്ങനെയാണ്.

**2013, 2018 വർഷങ്ങളിലെ കേരളത്തിലെ പ്രവാസികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ**

2013-ലും 2018-ലും കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 10.1.3** ൽ നൽകിയിരിക്കുന്നു. കേരളത്തിലെ മൊത്തം പ്രവാസികളുടെ എണ്ണം 2013ൽ 24 ലക്ഷമായിരുന്നെങ്കിൽ 2018ൽ 21 ലക്ഷമായി കുറഞ്ഞിരിക്കുന്നു. അതായത് 5 വർഷത്തിനുള്ളിൽ 11.6 ശതമാനം കുറവ്. ഇതിൽ എറണാകുളം ജില്ല 72 ശതമാനം ഇടിവ് കാണിക്കുന്നു **(അനുബന്ധം 10.1.1).**

നിലവിൽ മൊത്തത്തിൽ കുറയുന്ന പ്രവണതയാണ് കാണിക്കുന്നതെങ്കിലും വയനാട്, പാലക്കാട്, തൃശ്ശൂർ, കോട്ടയം, ഇടുക്കി, ആലപ്പുഴ, കൊല്ലം തുടങ്ങിയ ജില്ലകളിൽ പ്രവാസികളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു.

അഞ്ച് വർഷത്തെ ഇടവേളകളിൽ 2013 മുതൽ 2018 വരെയുള്ള കുടിയേറ്റക്കാരുടെ എണ്ണം **ചിത്രം 10.1.3** ൽ കാണിക്കുന്നു. 2015-2018 കാലയളവിൽ പ്രവാസികളുടെ എണ്ണം 2.78 ലക്ഷം കുറഞ്ഞു. 1998 മുതൽ 2018 വരെയുള്ള വിവിധ ജില്ലകളിൽ നിന്നുള്ള കുടിയേറ്റക്കാരുടെ വിശദാംശങ്ങൾ (5 വർഷത്തെ ഇടവേള) **അനുബന്ധം 10.1.2** ൽ കാണിച്ചിരിക്കുന്നു.

**റിട്ടേൺ മൈഗ്രേഷൻ**


തിരിച്ചെത്തിയ പ്രവാസികൾ എന്ന് നിർവചിച്ചിരിക്കുന്നത്, ജോലിയ്ക്കോ, പഠനത്തിനോ അല്ലെങ്കിൽ മറ്റേതെങ്കിലും ആവശ്യങ്ങൾക്കോ (ഇണകളും മാതാപിതാക്കളും ഉൾപ്പെടെ) കുറഞ്ഞത് ആറ് മാസമെങ്കിലും കേരളത്തിന് പുറത്ത് താമസിച്ച് ഇപ്പോൾ കേരളത്തിൽ താമസിക്കുന്നവരെയാണ്. കേരള മൈഗ്രേഷൻ സർവേ പ്രകാരം, കേരളത്തിലെ കുടിയേറ്റക്കാരിൽ 90 ശതമാനവും താൽക്കാലിക കരാർ ജോലികൾക്കായി ഗൾഫിലേക്ക് പോകുന്നു. ഗൾഫ് രാജ്യങ്ങൾ പൗരത്വം നൽകാത്തതിനാൽ, കരാർ അവസാനിച്ചാൽ ഇവരെല്ലാം കേരളത്തിലേക്ക് മടങ്ങണം (സക്കറിയ കെ.സി., രാജൻ എസ്. ഇരുദയ, ജനുവരി 2019)[1].

**കേരളത്തിലെ എമിഗ്രേഷൻ ട്രെൻഡ്**

2018-ലെ കേരള മൈഗ്രേഷൻ സർവേ പ്രകാരം കേരളത്തിൽ നിന്ന് ലോകമെമ്പാടും 21,21,887 കുടിയേറ്റക്കാരുണ്ട്. ഇത് 2016 കേരള മൈഗ്രേഷൻ സർവേയെ അപേക്ഷിച്ച് 1.49 ലക്ഷവും, 2013 കേരള മൈഗ്രേഷൻ സർവേയെ അപേക്ഷിച്ച് 2.78 ലക്ഷവും കുറവാണ്. കൂടാതെ, കഴിഞ്ഞ പത്തുവർഷമായി എമിഗ്രേഷനിൽ കുറവുണ്ടായിട്ടുണ്ട്. 2008 മുതൽ എമിഗ്രേഷൻ വളർച്ചാ നിരക്ക് തുടർച്ചയായി കുറയുന്നതായി ഇത് കാണിക്കുന്നു. 2008 മുതൽ കുടിയേറ്റത്തിൽ ഒരു നെഗറ്റീവ് പ്രവണത കാണപ്പെടുന്നുണ്ടെങ്കിലും, ചില വർഷങ്ങളിൽ പ്രത്യേകിച്ച് 2011 ലും 2013 ലും ഒരു നല്ല വളർച്ചയുണ്ടായി. എന്നതും ശ്രദ്ധേയമാണ്. 2008 മുതൽ 2011 വരെയുള്ള കാലയളവിൽ 87000-ലധികം ആളുകളും 2011 മുതൽ 2013 വരെയുള്ള കാലയളവിൽ ഏകദേശം 1.2 ലക്ഷം പേരും കുടിയേറ്റക്കാരായിട്ടുണ്ട്.


[1]സക്കറിയ കെ.സി., രാജൻ എസ്. ഇരുദയ, ജനുവരി 2019: 'എമിഗ്രേഷനും പണമയക്കലും: കേരള മൈഗ്രേഷൻ സർവേയിൽ നിന്നുള്ള പുതിയ തെളിവുകൾ, 2018'

ചിത്രം 10.1.2 കേരളത്തിൽ നിന്നുള്ള ജില്ല തിരിച്ചുള്ള കുടിയേറ്റം 2018




ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2018, സിഡിഎസ്, തിരുവനന്തപുരം

ചിത്രം 10.1.3 കേരളത്തിലെ പ്രവാസികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ




ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2018, സിഡിഎസ്, തിരുവനന്തപുരം

1998 മുതലുള്ള ഇന്റർ-സർവേ വളർച്ചാ നിരക്ക് കുറഞ്ഞു. ഇന്റർ സർവേ വ്യത്യാസങ്ങൾ ഒരു ഇടവേളയിൽ നിന്ന് മറ്റൊന്നിലേക്ക് 4.7 ലക്ഷം (1998) മുതൽ -1.4 ലക്ഷം (2018) വരെ വ്യത്യാസപ്പെടുന്നു. ആദ്യ നാല് കാലയളവുകളിൽ പോസിറ്റീവ് വളർച്ചയും അവസാന കാലയളവുകളിൽ നെഗറ്റീവ് വളർച്ചയുമാണ് കാണിക്കുന്നത്.

കേരളത്തിലെ സാമൂഹിക-സാമ്പത്തിക മേഖലകളിൽ പ്രവാസികൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരള ഗവൺമെന്റിന് പ്രവാസികൾക്കും തിരിച്ചു വന്ന പ്രവാസികൾക്കും വികസനോന്മുഖവും സാമൂഹിക നീതി അധിഷ്ഠിതവുമായ വിവിധ പദ്ധതികളും, പ്രോജക്ടുകളും ഉണ്ട്.

**പട്ടിക 10.1.3** എമിഗ്രന്റ്സും ഇന്റർ സർവേ മാറ്റവും

| വർഷം | എമിഗ്രന്റ്സ് | ഇന്റർ സർവേ വ്യത്യാസം | കൂടുതൽ/ കുറവ് |
|---|---|---|---|
| 1998 | 1361919 | - | |
| 2003 | 1838478 | 476559 | 25.9 |
| 2008 | 2193412 | 354934 | 16.2 |
| 2011 | 2280543 | 87131 | 3.8 |
| 2013 | 2400375 | 119832 | 5.0 |
| 2016 | 2271725 | -128650 | -5.7 |
| 2018 | 2121887 | -149838 | -7.1 |

ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2018, സിഡിഎസ്, തിരുവനന്തപുരം

## നോർക്ക റൂട്ട്സ്

മുൻപ് നോൺ റെസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി എന്നറിയപ്പെട്ടിരുന്ന നോർക്ക റൂട്ട്സ്, 2002 മുതൽ നോർക്ക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു ഫീൽഡ് ഏജൻസിയാണ്. പ്രവാസി ക്ഷേമം ഉറപ്പാക്കുകയും അവരെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങൾക്കും ഒരൊറ്റ കിയോസ്കായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ഏജൻസിയുടെ പ്രധാന ലക്ഷ്യം.

## നോർക്ക റൂട്ട്സിന്റെ പ്രധാന പദ്ധതികൾ

### സാന്ത്വന പദ്ധതി

ഇത് പൂർണ്ണമായും ഒറ്റത്തവണ സഹായ പദ്ധതിയാണ്. സാന്ത്വന പദ്ധതിക്ക് അപേക്ഷിക്കുന്ന പ്രവാസി രണ്ട് വർഷത്തിൽ കുറയാതെ വിദേശത്ത് ജോലി ചെയ്തിരിക്കണം. അപേക്ഷകന്റെ/ ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 1.5 ലക്ഷം രൂപയിൽ കവിയരുത്. ചികിത്സാ സഹായങ്ങൾ (50,000 വരെ), മരണാനന്തര ധന സഹായം (1,00,000/- വരെ) വിവാഹ ധന സഹായം (15,000 വരെ), വൈകല്യത്തെ ചെറുക്കുന്നതിനുള്ള ശാരീരിക സഹായഉപകരണങ്ങൾ വാങ്ങൽ (10,000 വരെ) എന്നിവയ്ക്ക് ഈ പദ്ധതി പ്രയോജനപ്പെടുന്നു.

സാന്ത്വന പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 4016 ഗുണഭോക്താക്കൾക്ക് 26.19 കോടി രൂപ അനുവദിച്ചു.

### മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസം (എൻ. ഡി.പി.ആർ.ഇ.എം.)

മടങ്ങിയെത്തിയ കുടിയേറ്റക്കാരുടെ പുനരധിവാസത്തിന് പിന്തുണ നല്കുന്നതിന്റെ ഭാഗമായി, സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മടങ്ങിവരുന്ന പ്രവാസികൾക്ക് സുസ്ഥിരമായ ഉപജീവനമാർഗം പ്രദാനം ചെയ്യുന്നതിനായി 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ. ഡി.പി.ആർ.ഇ.എം.)' എന്നൊരു പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി, അഗ്രി-ബിസിനസ്, ട്രേഡിംഗ്, സർവീസ്, മാനുഫാക്ചറിംഗ് എന്നീ മേഖലകളിൽ സ്വന്തമായി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന മടങ്ങി വന്ന പ്രവാസികളിൽ നിന്നുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സ്കീമിന് കീഴിൽ, ഓരോ അപേക്ഷകനും 30 ലക്ഷം വരെ മൂലധന ചെലവുള്ള പദ്ധതികൾക്ക് 15% മൂലധന സബ്സിഡി അനുവദിക്കും. യൂണിറ്റ് പ്രവർത്തിക്കുന്ന ആദ്യത്തെ 4 വർഷത്തേക്ക് 3 ശതമാനം പലിശ സബ്സിഡി നൽകാനുള്ള വ്യവസ്ഥയുണ്ട്.

മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസം പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷത്തിൽ 1200 ഗുണഭോക്താക്കളുണ്ട്, കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതിയിലൂടെ 16.29 രൂപ ചെലവഴിച്ചു. ഈ പദ്ധതിയിലൂടെ 6600-ലധികം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### പ്രവാസികളുടെ പുനരധിവാസം, പുനർ സംയോജനം, ഏകോപനം

പ്രവാസികളെ പുനരധിവസിപ്പിക്കാനും പുനഃസംയോജിപ്പിക്കാനും പുതിയതും വിജയകരവുമായ ഒരു ജീവിതത്തിലേക്ക് ഏകോപിപ്പിക്കാനുമാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. മറ്റ് രാജ്യങ്ങളിലേക്ക് കുടിയേറാൻ ആഗ്രഹിക്കുന്നവർക്ക് പുതിയ ജോലികളോ അവസരങ്ങളോ നൽകുക എന്നതാണ് സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്. അതിലൂടെ അവർക്ക് സ്ഥിരമായ വരുമാനം നേടാനാകും. പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ള പുനരധിവാസ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

കോവിഡ്-19 മൂലം ജോലി നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങിയവർക്കും സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരായവർക്കും വേണ്ടി 2021-2022 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് പ്രവാസി ഭദ്രത. പേൾ, മൈക്രോ, മെഗാ എന്നിങ്ങനെ മൂന്ന് ഉപപദ്ധതികളിലൂടെയാണ് ധനസഹായം നൽകുന്നത്.

2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതിക്ക് കീഴിലുള്ള മൊത്തം ഗുണഭോക്താക്കളുടെ എണ്ണം 7359 ആയിരുന്നു, പ്രസ്തുത സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 27.65 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ലോക കേരള സഭ**
ലോകമെമ്പാടുമുള്ള കേരളീയർക്ക് ഒരു പൊതുവേദിയായി ലോക കേരള സഭ (എൽ.കെ.എസ്) രൂപീകരിക്കാൻ കേരള സർക്കാർ തീരുമാനിച്ചു; അസംഖ്യം കേരളീയരുടെ സാംസ്കാരികവും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ സമന്വയത്തിനുള്ള ഒരു വേദിയായാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്.

കേരളം സംസ്ഥാന അതിർത്തികൾക്കപ്പുറത്തേക്ക് വളർന്ന് ലോകമെമ്പാടും വ്യാപിച്ചിട്ടുണ്ടെങ്കിലും, കേരള ഭരണവും അധികാരവും ഇപ്പോഴും പൂർണ്ണമായും പ്രാദേശിക കേന്ദ്രീകൃതമായി തുടരുന്നു. ഈ കുറവ് പരിഹരിക്കുകയാണ് ലോക കേരള സഭ ലക്ഷ്യമിടുന്നത്. കേരളത്തിന്റെയും, അത് പോലെ തന്നെ പ്രവാസികളുടെയും പ്രശ്നങ്ങൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്യാൻ ഇതര സംസ്ഥാനങ്ങളിലെയും വിദേശരാജ്യങ്ങളിലെയും മലയാളികളുടെ പ്രതിനിധികൾ ഒത്തുചേരുന്ന വേദിയാണ് ലോക കേരള സഭ. കേരളത്തിന്റെ വികസനത്തിന് ക്രിയാത്മകമായ നിർദ്ദേശങ്ങളും സംഭാവനകളും നൽകുന്നതിനും പ്രവാസികളുടെ പ്രശ്നങ്ങൾ വെളിച്ചത്തുകൊണ്ടുവരുന്നതിനുമുള്ള ആധുനിക ജനാധിപത്യ വേദിയാണ് ലോക കേരള സഭ.

ഇതുവരെ 3 ലോക കേരള സഭ സമ്മേളനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. (2018 ജനുവരി 12,13, 2020 ജനുവരി 1,2,3, 2022 ജൂൺ 16,17,18). 2022-ലെ അവസാനമായി സംഘടിപ്പിച്ച ലോക കേരള സഭയിൽ 182 പ്രവാസി പ്രതിനിധികൾ ഉൾപ്പെടെ 351 അംഗങ്ങളാണുള്ളത്.

**കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് (കെഎൻആർകെഡബ്ല്യുബി)**
പ്രവാസി കേരളീയരുടെ (എൻ.ആർ.കെ) ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ നിയമം അനുസരിച്ച് രൂപീകരിച്ച കേരള സർക്കാരിന്റെ നിയമപരമായ ബോർഡാണ് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം ചെയ്ത 2009 ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്ത പദ്ധതികളാണ് ബോർഡ് നടപ്പിലാക്കുന്നത്. ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആക്റ്റിന്റെയും സ്കീമിന്റെയും വ്യവസ്ഥകൾ അനുസരിച്ച് ഒരു ക്ഷേമനിധി രൂപീകരിക്കുന്നു.

ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് പെൻഷൻ, കുടുംബ പെൻഷൻ, അസാധുവായ പെൻഷൻ, മരണ സഹായം, ചികിത്സാ സഹായം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, പ്രസവ സഹായം എന്നിങ്ങനെ വിവിധ സഹായങ്ങൾ ബോർഡ് നൽകുന്നു.

നോർക്ക വെൽഫെയർ ബോർഡ് നൽകുന്ന പെൻഷൻ **പട്ടിക 10.1.4**ൽ വിവരിച്ചിരിക്കുന്നു.

2021-22 വർഷം മുതൽ 2023-24 (2023, ഒക്ടോബർ 31) വരെ രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻകാരുടെയും ആകെ എണ്ണവും, ചെലവഴിച്ച തുകയും പട്ടിക 10.1.7 ൽ കാണിച്ചിരിക്കുന്നു. നോർക്ക വെൽഫെയർ ബോർഡ് വഴി 2022-23 സാമ്പത്തിക വർഷത്തിൽ 34061 അംഗങ്ങൾക്കായി 124 കോടി രൂപയിൽ കൂടുതൽ പെൻഷൻ ഇനത്തിൽ ചെലവഴിച്ചു. 2023-24 ഒക്ടോബർ വരെ, 41471 അംഗങ്ങൾക്കായി പെൻഷൻ ഇനത്തിൽ 98 കോടിയിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 23117 അംഗങ്ങൾക്കായി 52 കോടി രൂപയിലധികവും ചെലവഴിച്ചിട്ടുണ്ട്.

ലോകത്തെവിടെ നിന്നും പ്രവാസി ക്ഷേമനിധിയിൽ എൻറോൾ ചെയ്യാനും കുടിശ്ശിക അടയ്ക്കാനും സുതാര്യവും സുരക്ഷിതവുമായ ഓൺലൈൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

**പ്രവാസി ഡിവിഡന്റ് സ്കീം**
കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് കിഫ്ബിയുമായി സഹകരിച്ച് പ്രവാസി ലാഭവിഹിത പദ്ധതി നടപ്പിലാക്കുന്നു. ഇത് ജന്മനാടിന്റെ

**ബോക്സ് 10.1.1** നിലവിലെ യുദ്ധസാഹചര്യത്തിൽ നോർക്ക റൂട്ട്സ് നടത്തിയ ഇടപെടലുകൾ

പശ്ചിമേഷ്യയിലെ ഇസ്രായേൽ-ഗാസ യുദ്ധത്തിന്റെ തുടക്കത്തിൽ, സംഘർഷം ഗാസാ മുനമ്പിന്റെ അതിർത്തി പ്രദേശങ്ങളിൽ മാത്രമായിരുന്നു. സംഘർഷം ഇസ്രായേലിന്റെ വിവിധ മേഖലകളിലേക്ക് വ്യാപിച്ചപ്പോൾ, നോർക്ക റൂട്ട്സ് ഉദ്യോഗസ്ഥരും നോർക്ക വകുപ്പും, കേന്ദ്രസർക്കാർ വിദേശകാര്യ മന്ത്രാലയവും പ്രവാസി മലയാളികളെ തിരികെ കൊണ്ടുവരാൻ ഒറ്റക്കെട്ടായി ഇടപെട്ടു.

ഇതിനെത്തുടർന്ന്, ഇസ്രായേലിലെയും ഫലസ്തീനിലെയും സംഘർഷ ബാധിത പ്രദേശങ്ങളിൽ നിന്ന് ഇന്ത്യക്കാരെ ഒഴിപ്പിക്കാൻ ഓപ്പറേഷൻ അജയ് പ്രോജക്റ്റ് ആരംഭിക്കുകയും നാട്ടിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന ഇന്ത്യക്കാരുടെ പേര് രജിസ്റ്റർ ചെയ്യാൻ ഇസ്രായേലിലെ ഇന്ത്യൻ എംബസിയെ അറിയിക്കുകയും ചെയ്തു.

23.10.2023 വരെ 123 പ്രവാസികൾ ഡൽഹിയിൽ എത്തിയിട്ടുണ്ട്, അവരെ ഡൽഹി നോർക്ക റൂട്ട്സ് ഡെവലപ്മെന്റ് ഓഫീസറുടെ നേതൃത്വത്തിൽ വിമാനത്താവളത്തിൽ സ്വീകരിച്ച് ആവശ്യമായ സഹായങ്ങൾ നൽകി. ഇതിൽ 99 പേരെ നോർക്ക റൂട്ട്സ് കേരളത്തിലെത്തിക്കുകയും 24 പേർ ഡൽഹിയിൽ നിന്ന് സ്വന്തം ചെലവിൽ നാട്ടിലെത്തുകയും ചെയ്തു.

ഉറവിടം: നോർക്ക റൂട്ട്സ്

**പട്ടിക 10.1.4** കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് (കെഎൻആർകെഡബ്ല്യുബി) - 2021-22, 2022-23, 2023-24 വർഷങ്ങളിൽ അനുവദിച്ച പെൻഷന്റെ വിശദാംശങ്ങൾ (2023 ഒക്ടോബർ വരെ))

| വർഷം | രജിസ്റ്റർ ചെയ്തവരുടെ ആകെ എണ്ണം | പെൻഷൻകാരുടെ എണ്ണം | തുക |
|---|---|---|---|
| 2021-22 | 64151 | 23117 | 525820325 |
| 2022-23 | 90354 | 34061 | 1244199081 |
| 2023-24 (ഒക്ടോബർ 2023 വരെ) | 35618 | 41471 | 982469217 |

ഉറവിടം: കെ.എൻ.ആർ.കെ.ഡബ്ല്യു.ബി, കേരള സർക്കാർ

വികസനത്തിനായി പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ്.

പ്രവാസി ഡിവിഡന്റ് സ്കീം പ്രവാസികൾക്കും അവരുടെ പങ്കാളികൾക്കും ആജീവനാന്ത സാമ്പത്തിക സാമൂഹിക സുരക്ഷ വാഗ്ദാനം ചെയ്യുന്നു. ഈ വരുമാന ഗ്യാരന്റി പദ്ധതിക്ക് എൻആർകെ കമ്മ്യൂണിറ്റികളിൽ നിന്ന് മികച്ച സ്വീകാര്യതയാണ് ലഭിക്കുന്നത്. ഈ സ്കീമിന് കീഴിൽ ഇതുവരെ 323 കോടിയിലധികം രൂപ സമാഹരിച്ച് കിഫ്ബിയിലേക്ക് മാറ്റിയിട്ടുണ്ട്.

കേരളത്തിന്റെ വികസനത്തിന് പ്രവാസികൾ നൽകുന്ന സംഭാവനകൾ സാമ്പത്തികമായി മാത്രം അളക്കാവുന്നതല്ല. പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി കേരള സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എന്നിരുന്നാലും, ഈ മേഖലയുടെ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ, അവിടെ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് ആവശ്യമാണ്. നോർക്ക റൂട്ട്സിന്റെ അടിസ്ഥാന സൗകര്യങ്ങൾ, പ്രവാസികളെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങളുടെ അഭാവം, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികളുടെ പ്രശ്നങ്ങൾ എന്നിവയും പരിഹരിക്കേണ്ടതുണ്ട്.

കേരളത്തെ വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയാക്കി മാറ്റുന്നതിനായി കേരള സർക്കാർ കേരള നോളജ് മിഷൻ രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ മൂലധന വളർച്ച ത്വരിതപ്പെടുത്തുന്നതിനുള്ള വിവിധ നിക്ഷേപ അവസരങ്ങൾക്കായി തിരിച്ചു വന്ന പ്രവാസികൾ ഉറ്റു നോക്കി കൊണ്ടിരിക്കുകയാണ്.

അദ്ധ്യായം

11

# പശ്ചാത്തല സൗകര്യം

# പശ്ചാത്തല സൗകര്യം

## 11.1 ഗതാഗതം

ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക വികസനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യമാണ് ഗതാഗതം. വികസനത്തിന്റെ വേഗത, ഘടന, മാതൃക എന്നിവയിൽ ഗതാഗതം നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. ജനവാസ മേഖലകളിലേക്ക് കടന്നു ചെല്ലാനുള്ള ശേഷിയും ആദ്യ-അവസാന കണക്ടിവിറ്റിയും കണക്കിലെടുക്കുമ്പോൾ ചരക്കു നീക്കത്തിനും യാത്രയ്ക്കും സൗകര്യപ്രദമായതും ജനപ്രിയവുമായ ഒരു ഗതാഗത മാർഗ്ഗമാണ് റോഡ് മാർഗ്ഗമുള്ള ഗതാഗതം. ആയതുകൊണ്ട് തന്നെ രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിനും സാമൂഹിക ഏകീകരണത്തിനും ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. രാജ്യത്തിന്റെ വിദൂരദേശങ്ങളിലേക്കുള്ള അവസാന മൈൽ കണക്റ്റിവിറ്റി ഉറപ്പാക്കുന്നതു വഴി റെയിൽ, ജല, വ്യോമ ഗതാഗത മാർഗ്ഗങ്ങൾക്ക് അനുബന്ധമായി റോഡുകൾ വർത്തിക്കുന്നു.

### ഇന്ത്യയിലെ റോഡ് ശൃംഖല

അമേരിക്ക കഴിഞ്ഞാൽ, 6.3 ദശലക്ഷം കിലോമീറ്റർ വ്യാപിച്ചുകിടക്കുന്ന ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ റോഡ് ശൃംഖലയാണ് ഭാരതത്തിനുള്ളത്. നഗരങ്ങളെയും ഗ്രാമങ്ങളെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് കഴിഞ്ഞ കുറെ വർഷങ്ങളായി ഭാരതത്തിന്റെ റോഡ് ശൃംഖല വളർന്നുകൊണ്ടിരിക്കുകയാണ്. അനായാസ ലഭ്യത, വ്യക്തിഗത ആവശ്യങ്ങൾക്കുള്ള അനുയോജ്യത, കുറഞ്ഞ ചിലവ് തുടങ്ങിയ ഘടകങ്ങൾ ഇതര ഗതാഗത മാർഗ്ഗങ്ങളെയപേക്ഷിച്ച് റോഡ് ഗതാഗതത്തിന്റെ മേന്മകളാണ്. ദേശീയ പാതകൾ, എക്സ്പ്രസ് വേകൾ, സംസ്ഥാന പാതകൾ, ജില്ലാ റോഡുകൾ, ഗ്രാമീണ, നഗര റോഡുകൾ, വനം, റെയിൽവേ തുടങ്ങിയ സർക്കാർ വകുപ്പുകൾ നിർമ്മിച്ച മറ്റ് റോഡുകൾ തുടങ്ങിയ ഉൾപ്പെടുന്ന വിപുലമായ റോഡ് ശൃംഖലയാണ് ഇന്ത്യയുടേത്. ഇന്ത്യയിലെ റോഡ് ശൃംഖലയുടെ വിശദാംശങ്ങൾ **പട്ടിക 11.1.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 11 .1 .1** ഇന്ത്യയിലെ റോഡ് ശൃംഖല

| ക്രമ. നം. | റോഡിന്റെ തരം | റോഡ് ദൈർഘ്യം (കിലോമീറ്ററിൽ) |
|---|---|---|
| 1 | ദേശീയ പാത /എക്സ്പ്രസ്സ് ഹൈവേ | 1,44,955 |
| 2 | സംസ്ഥാന പാതകൾ | 1,67,079 |
| 3 | മറ്റു റോഡുകൾ | 60,19,757 |
| | ആകെ | 63,31,791 |

അവലംബം : വാർഷിക റിപ്പോർട്ട്-2022-23, ഹൈവേ-റോഡ് ഗതാഗത മന്ത്രാലയം,ഭാരത സർക്കാർ.

രാജ്യത്തിന്റെ നാഡീവ്യൂഹമായി പ്രവർത്തിക്കുന്ന പാതകളാണ് ദേശീയ പാതകൾ. ഇന്ത്യയിലെ ദേശീയ പാതയുടെ ആകെ നീളം 1,44,955 കിലോമീറ്ററാണ്. ഇവയുടെ വികസനവും പരിപാലനവും പ്രാഥമികമായി ഭാരത സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ദേശീയ പാത വികസന പദ്ധതിയുടെ (എൻ.എച്ച്.ഡി.പി) വിവിധ ഘട്ടങ്ങളിലൂടെ ദേശീയ പാതകൾ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രധാന സംരംഭങ്ങൾ ഭാരത സർക്കാർ നടപ്പിലാക്കി വരുന്നു. കൂടാതെ 'ഭാരത് മാല പരിയോജന' എന്ന സമഗ്രപരിപാടിയിലൂടെയും മറ്റ് പദ്ധതികളിലൂടെയും ദേശീയ പാതകളുടെ നവീകരികണവുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുന്നോട്ട് പോകുന്നു.

സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിൽ ഗതാഗതം സുഗമമാക്കുകയാണ് സംസ്ഥാന പാതകൾ(എസ്.എച്ച്)ചെയ്യുന്നത്. മറ്റു ജില്ലാ റോഡുകളും ഗ്രാമീണ പാതകളും പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും ജനങ്ങളുടെ സാമൂഹിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും കാർഷിക ഉല്പന്നങ്ങൾ ഗ്രാമങ്ങളിൽ നിന്ന് അടുത്തുള്ള വിപണികളിലേക്ക് എത്തിക്കുന്നതിനുമുള്ള മാർഗ്ഗം പ്രദാനം ചെയ്യുന്നു.

## കേരളത്തിലെ റോഡ് സംവിധാനം


കേരളത്തിലെ റോഡുകളുടെ ആകെ ദൈർഘ്യം 2,35,643.36 കിലോമീറ്ററാണ്. ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന ക്ലാസിഫൈഡ്,നോൺ-ക്ലാസിഫൈഡ് റോഡുകൾ ഇതിൽ ഉൾപ്പെടുന്നു. കേരളത്തിലെ റോഡ് സാന്ദ്രത 100 ചതുരശ്ര കിലോമീറ്ററിന് 545 കിലോമീറ്ററാണ്, ഇത് ദേശീയ ശരാശരിയുടെ ഏകദേശം മൂന്നിരട്ടിയാണ്. സംസ്ഥാനത്തെ ഒരു ലക്ഷം ജനസംഖ്യയ്ക്കുള്ള റോഡിന്റെ നീളം 705 കിലോമീറ്ററാണ്. പ്രാഥമിക ശൃംഖലയായി കണക്കാക്കപ്പെടുന്ന ദേശീയപാതകൾ മൊത്തം ഗതാഗതത്തിന്റെ 40 ശതമാനം കൈകാര്യം ചെയ്യുമ്പോൾ സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ (എം.ഡി.ആർ)എന്നിവ ഉൾപ്പെടുന്ന ദ്വിതീയ ശൃംഖല റോഡ് ഗതാഗതത്തിന്റെ 40 ശതമാനം കൈകാര്യം ചെയ്യുന്നുണ്ട്. ഇപ്രകാരം ഏകദേശം 13 ശതമാനം വരുന്ന റോഡ് ശൃംഖലയാണ് സംസ്ഥാന ഗതാഗതത്തിന്റെ 80 ശതമാനവും കൈകാര്യം ചെയ്യുന്നത്. സംസ്ഥാനത്തെ ഗതാഗത വാർത്താവിനിമയ മേഖലയുടെ 2013 മുതലുള്ള പ്രധാന വികസന സൂചകങ്ങൾ **അനുബന്ധം 11.1.1.** ൽ നൽകിയിരിക്കുന്നു.

ആകെ 1,781.56 കിലോമീറ്റർ ദൈർഘ്യമുള്ള 11 ദേശീയ പാതകൾ (എൻ.എച്ച്) കേരളത്തിലൂടെ കടന്നു പോകുന്നുണ്ട്. ഇതിൽ, 552.32 കിലോമീറ്റർ ദൈർഘ്യം വരുന്ന ദേശീയ പാതയുടെ പരിപാലനം സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ദേശീയ പാത വിഭാഗത്തിൽ നിക്ഷിപ്തമാണ്. ശേഷിക്കുന്ന 1,229.24 കിലോമീറ്റർ, കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിന്(മോർത്ത്) കീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്(എൻ.എച്ച്.എ.ഐ)പരിപാലിക്കുന്നത്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ദേശീയ പാത വിഭാഗം പരിപാലിക്കുന്ന റോഡുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.1.2**-ലും സംസ്ഥാനത്തെ ദേശീയപാതകളുടെ ദൈർഘ്യം സംബന്ധിച്ചുള്ള വിവരങ്ങൾ **അനുബന്ധം 11.1.3**-ലും നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ പ്രധാന റോഡുകളുടെ വികസനവും പരിപാലനവും സംസ്ഥാന പൊതുമരാമത്ത് വകുപ്പാണ് നിർവ്വഹിച്ചു വരുന്നത്. 2022-23 വർഷത്തെ കണക്കനുസരിച്ച് പൊതുമരാമത്ത് വകുപ്പ് (പാലങ്ങളും റോഡുകളും) വിഭാഗം പരിപാലിക്കുന്ന റോഡുകളുടെ ആകെ ദൈർഘ്യം 29,573.16 കിലോമീറ്ററാണ്, ഇതിൽ 4,128.38 കി.മീ (13.95 ശതമാനം) സംസ്ഥാനപാതകളും 25,444.78 കി.മീ (86.04 ശതമാനം) പ്രധാന ജില്ല റോഡുകളുമാണ് (എം.ഡി.ആർ). സംസ്ഥാന പാതകളുടെ ആകെ നീളത്തിൽ 898.74 കിലോമീറ്റർ നാലുവരിപ്പാതകളും 3,193.50 കിലോമീറ്റർ രണ്ടുവരിപ്പാതകളും ബാക്കി 35.75 കിലോമീറ്റർ ഒറ്റവരിപ്പാതകളുമാണ്. 25,444.78 കിലോമീറ്റർ വരുന്ന പ്രധാന ജില്ലാ റോഡുകളിൽ 52.51 കിലോമീറ്റർ നാലുവരിപ്പാതയും 10,593.03 കിലോമീറ്റർ രണ്ടുവരിപ്പാതയും ബാക്കി 14,748.46 കിലോമീറ്റർ ഒറ്റവരിപ്പാതയുമാണ്. സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ 83.50 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ്. 12.55 ശതമാനം റോഡ് പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങളും റോഡുകളും വിഭാഗവും 0.76 ശതമാനം ദേശീയ പാത വിഭാഗവുമാണ് പരിപാലിക്കുന്നത്. ശേഷിക്കുന്ന 3.19 ശതമാനം വരുന്ന മറ്റ് റോഡുകൾ റെയിൽവേ, കെ.എസ്.ഇ.ബി, ജലസേചനം,വനം, ദേവസ്വം വകുപ്പുകൾ നിർമ്മിച്ച് പരിപാലിക്കുന്നവയാണ്.

പൊതുമരാമത്ത് വകുപ്പിന്റെ റോഡ് വിഭാഗം റോഡുകളുടെ നിർമ്മാണത്തിന് പുറമെ, റോഡുകളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തൽ,നിലവിലുള്ള റോഡുകളുടെ പരിപാലനം, അറ്റകുറ്റപ്പണികൾ, റൈഡിംഗ് ഗുണനിലവാരവും, റോഡ് സുരക്ഷയും മെച്ചപ്പെടുത്തുന്നതിനായി റിലേയിംഗ്, നവീകരണം എന്നിവയിലൂടെ റോഡിന്റെ ജ്യാമിതീയത,ജംഗ്ഷൻ മെച്ചപ്പെടുത്തൽ എന്നിവയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**ചിത്രം.11.1.1** വിവിധ വകുപ്പുകൾ സംരക്ഷിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ, ശതമാനത്തിൽ




അവലംബം : വിവിധ വകുപ്പുകൾ

ബിറ്റുമെൻ മെക്കാഡം (ബിഎം), ബിറ്റുമെൻ കോൺക്രീറ്റ് (ബിസി) എന്നിവ ഉപയോഗിച്ച് റോഡ് വിഭാഗം ആകെ 16,456 കിലോമീറ്റർ നീളമുള്ള റോഡുകളുടെ വികസനവും മെച്ചപ്പെടുത്തലും നടപ്പാക്കിയിട്ടുണ്ട്. 2022-23 ൽ 419.71 കി.മീ. റോഡുകളുടെ പ്രതലം ചിപ്പിങ് കർപ്പെറ്റുകൾ ഉപയോഗിച്ച് പുനർനിർമ്മിക്കുകയും 628 കി. മീ. റോഡിന്റെ പ്രവൃത്തികൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ചും ഇതേ കാലയളവിൽ, 1,465.10 കിലോമീറ്റർ റോഡ് നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമെൻ (എൻആർഎൻബി) ഉപയോഗിച്ചും സ്ഥിരത ലഭിക്കുന്നതിനായി 37.05 കിലോമീറ്റർ റോഡ് ജിയോടെക്സ്റ്റൈൽസ് ഉപയോഗിച്ചും മെച്ചപ്പെടുത്തുകയുണ്ടായി.

പൊതുമരാമത്ത് വകുപ്പ്(പാലങ്ങളും റോഡുകളും വിഭാഗം) പരിപാലിക്കുന്ന റോഡുകളുടെ എണ്ണത്തിൽ/ദൈർഘ്യത്തിൽ കോട്ടയം ജില്ലയാണ് മുന്നിൽ. ജില്ലയിലെ റോഡുകളുടെ ആകെ ദൈർഘ്യം 3,040.15 കിലോമീറ്ററാണ്, ഇത് വകുപ്പ് സംരക്ഷിക്കുന്ന ആകെ റോഡുകളുടെ 10.28 ശതമാനമാണ്. 913.97 കിലോമീറ്റർ (3.1 ശതമാനം) ദൈർഘ്യം മാത്രമുള്ള വയനാട് ജില്ലയാണ് റോഡുകളുടെ എണ്ണത്തിൽ/ദൈർഘ്യത്തിന്റെ കാര്യത്തിൽ പിറകിൽ. പൊതുമരാമത്ത് വകുപ്പ് (പാലങ്ങളും റോഡുകളും) പരിപാലിക്കുന്ന റോഡുകളുടെ ജില്ല തിരിച്ചുള്ള വിഭാഗത്തിന്റെയും ഉപരിതലം തിരിച്ചുള്ള നീളത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 11.1.4**, **അനുബന്ധം 11.1.5** എന്നിവയിൽ നൽകിയിരിക്കുന്നു. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരക്ഷിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ **ചിത്രം.11.1.1** ൽ നൽകിയിരിക്കുന്നു.

2022-23 വർഷത്തിൽ വിവിധ തദ്ദേശ സ്ഥാപനങ്ങൾ പരിപാലിച്ച റോഡുകളുടെ ആകെ നീളം 1,96,773 കിലോമീറ്ററാണ്. ഇതിൽ 1,70,101 കിലോമീറ്റർ (86.44 ശതമാനം) ജില്ലാ,ഗ്രാമപഞ്ചായത്തുകളും 18,139 കിലോമീറ്റർ (9.21 ശതമാനം) മുനിസിപ്പാലിറ്റികളും പരിപാലിക്കുന്നു. 8,533 കിലോമീറ്റർ (4.33 ശതമാനം) കോർപ്പറേഷനുകളാണ് പരിപാലിക്കുന്നത്. വിവിധ തദ്ദേശ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകൾ **പട്ടിക 11.1.2** ൽ കൊടുത്തിരിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് (പാലം) വിഭാഗം ആകെ 2,831 പാലങ്ങൾ പരിപാലിക്കുന്നുണ്ട്. അതിൽ 546 പാലങ്ങൾ സംസ്ഥാന പാതകളിലും പ്രധാന ജില്ലാ റോഡുകളിലും മറ്റ് ജില്ലാ റോഡുകളിലുമായി 2,135 പാലങ്ങളും 150 പാലങ്ങൾ ഗ്രാമീണ റോഡുകൾ റെയിൽവേ മേൽപ്പാലങ്ങൾ (ആർഒബി) എന്നിവിടങ്ങളിലുമാണ്. ബൗ സ്ട്രിംഗ് ആർച്ച് ബ്രിഡ്ജുകൾ, എക്സ്റ്റഡോസ്ഡ് ബ്രിഡ്ജുകൾ, ഇന്റഗ്രൽ, അർദ്ധ അവിഭാജ്യ പാലങ്ങൾ എന്നിങ്ങനെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഭംഗിയുള്ള പാലങ്ങൾ നിർമ്മിക്കുന്നതിൽ പൊതുമരാമത്ത് വകുപ്പ് (പാലം) വിഭാഗം ശ്രദ്ധിക്കുന്നു. 2022-23 ൽ 258.72 കോടി രൂപ ചെലവിൽ 35 പാലങ്ങളുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് (പാലം) വിഭാഗം പൂർത്തിയാക്കിയിട്ടുണ്ട്. ജലഗതാഗതം സുഗമമാക്കുന്നതിന് 110 മീറ്റർ സ്പാനും 12 മീറ്റർ ഉയരവും ബൗ സ്ട്രിംഗ് ആർച്ചും 981 മീറ്റർ നീളവും ഉള്ള വലിയഴീക്കൽ പാലം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തതാണ് വിഭാഗത്തിന്റെ സമീപകാലത്തെ പ്രധാന നേട്ടം.

ആദിവാസി കോളനികൾ, ദ്വീപുകൾ തുടങ്ങിയ അപ്രാപ്യമായ അധിവാസമേഖലകളെ പാലം മുഖേന ബന്ധിപ്പിക്കാനും തകർന്ന പാലങ്ങൾ പുനർനിർമ്മിക്കുവാനും വകുപ്പ് വിഭാവനം ചെയ്യുന്നു. കാലഹരണപ്പെട്ട പഴയ പാലങ്ങൾ വിശ്രമകേന്ദ്രങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളുമാക്കി മാറ്റുക, രാജ്യാന്തര നിലവാരത്തിൽ കേരളത്തിലുടനീളമുള്ള പാലങ്ങളിൽ അലങ്കാര ദീപങ്ങൾ സജ്ജീകരിക്കുക, റെയിൽവേ മേൽപ്പാലങ്ങളുടെ ചുവട്ടിലുള്ള സ്ഥലം ഷട്ടിൽ കോർട്ട്, ടെന്നീസ് കോർട്ട്, ടർഫ്, വയോജനങ്ങൾക്കുള്ള വിശ്രമകേന്ദ്രങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിനായുള്ള പുതിയ പദ്ധതികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 2023 ഓഗസ്റ്റ് 31 വരെ പൊതുമരാമത്ത് വകുപ്പ് (പാലം) വിഭാഗം നിർമ്മിച്ച പാലങ്ങളുടെയും കലുങ്കുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 11.1.6**-ൽ നൽകിയിരിക്കുന്നു.

രാജ്യത്താദ്യമായി സംസ്ഥാന പൊതുമരാമത്ത് വകുപ്പ് 'ഫ്യൂച്ചർ ബൈ ഡിസൈൻ' എന്ന മുദ്രാവാക്യവുമായി ഒരു കരട് ഡിസൈൻ നയം പ്രഖ്യാപിച്ചു. സർക്കാർ കെട്ടിടങ്ങൾക്ക് സവിശേഷമായ കാഴ്ചപ്പാട് രൂപകൽപന ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് കേരളത്തെ ആകർഷകമായ സംസ്ഥാനമാക്കി മാറ്റുകയാണ് നയം ലക്ഷ്യമിടുന്നത്. ഓരോ പ്രദേശത്തിന്റെയും കാലാവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ അതിന്റെ പൈതൃകം സംരക്ഷിക്കുക എന്നതാണ് നയത്തിന്റെ പ്രധാന ലക്ഷ്യം. ഇതുവഴി കേരളത്തെ ഒരു ആഗോള ഡിസൈൻ ഹബ്ബാക്കി മാറ്റുവാൻ വകുപ്പ് ലക്ഷ്യമിടുന്നു.

**റോഡ് ഗതാഗതം**


2023 മാർച്ച് വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 163.52 ലക്ഷം നിയമാനുസൃത രജിസ്ട്രേഷനുള്ള മോട്ടോർ വാഹനങ്ങളുണ്ട്. മുൻവർഷം ഇത് 155.65 ലക്ഷം

**പട്ടിക 11.1.2** വിവിധ തദ്ദേശ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകൾ, ദൈർഘ്യം (കി.മീ)

| ക്രം നം. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | ടാറിട്ട റോഡ് (ബ്ലാക്ക് ടോപ്പ്) | കോൺക്രീറ്റ് / സിമന്റ് റോഡ് | മണ്ണ് റോഡ് | ആകെ |
|---|---|---|---|---|---|
| 1 | കോർപ്പറേഷനുകൾ | 6,482 | 1,620 | 431 | 8,533 |
| 2 | മുനിസിപ്പാലിറ്റികൾ | 12,089 | 3,189 | 2,861 | 18,139 |
| 3 | ജില്ലാ പഞ്ചായത്തുകൾ | 12,306 | 327 | 533 | 13,165 |
| 4 | ബ്ലോക്ക് പഞ്ചായത്തുകൾ | ബ്ലോക്ക് പഞ്ചായത്തുകൾക്ക് റോഡ് ആസ്തിയില്ല | | | |
| 5 | ഗ്രാമപഞ്ചായത്തുകൾ | 80,169. | 23,639 | 53,127 | 1,56,936 |
| | ആകെ | 1,11,046 | 28,775 | 56,952 | 1,96,773 |

അവലംബം: തദ്ദേശ സ്വയംഭരണ വകുപ്പ്

**ചിത്രം 11.1.2** മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്, 2013 മുതൽ 2023 വരെ





അവലംബം : മോട്ടോർ വാഹന വകുപ്പ്

ആയിരുന്നു. മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 5.06 ശതമാനം വാർഷിക വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നു. 2023 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം, ആയിരം ആളുകൾക്ക് 490 വാഹനങ്ങളാണ് ഉള്ളത്. 2023 മാർച്ച് വരെ, 106.79 ലക്ഷം ഇരുചക്രവാഹനങ്ങളും (മോട്ടോർ സൈക്കിളുകൾ/സ്കൂട്ടറുകൾ/മോപ്പഡുകൾ) 7.28 ലക്ഷം ഓട്ടോ റിക്ഷകളും 34.62 ലക്ഷം കാറുകളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ,2023 മാർച്ച് വരെ, സംസ്ഥാനത്ത് 79,621 കോൺട്രാക്ട് കാര്യേജുകളും (ഓമ്നി ബസ് ഉൾപ്പെടെ) 50,168 സ്റ്റേജ് കാര്യേജുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ സംസ്ഥാനത്ത് ആകെ 7.87 ലക്ഷം (2021-22ൽ ഇത് 7.18 ലക്ഷമായിരുന്നു) പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം11.1.7**, **അനുബന്ധം 11.1.8** എന്നിവയിൽ നൽകിയിരിക്കുന്നു. 2013 മുതൽ കഴിഞ്ഞ പത്ത് വർഷങ്ങളിൽ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിൽ സംസ്ഥാനത്തുണ്ടായ വർദ്ധനവ് **ചിത്രം 11.1.2** ൽ കാണിച്ചിരിക്കുന്നു.

23.22 ലക്ഷം വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ

**ചിത്രം 11.1.3** 2022-23-ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ തരം/ഇനം തിരിച്ചുള്ള കണക്ക്, ശതമാനത്തിൽ




അവലംബം : മോട്ടോർ വാഹന വകുപ്പ്

വാഹനങ്ങൾ (14.2 ശതമാനം) ഉള്ളത്. 20.31 ലക്ഷം (12.42 ശതമാനം) വാഹനങ്ങളുള്ള തിരുവനന്തപുരം ജില്ലയാണ് രണ്ടാം സ്ഥാനത്ത്. ഏറ്റവും കുറവ് വാഹനങ്ങൾ(2.75 ലക്ഷം) ഉള്ളത് വയനാട് ജില്ലയിലാണ് (1.68 ശതമാനം). കേരളത്തിലെ മോട്ടോർ വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള വളർച്ച **അനുബന്ധം 11.1.9** ൽ കൊടുത്തിരിക്കുന്നു. 2012-13 മുതൽ 2022-23 വരെയുള്ള കാലയളവിൽ കേരളത്തിലെ മോട്ടോർ വാഹന രജിസ്ട്രേഷനുകളുടെ ഇനം തിരിച്ചുള്ള വളർച്ച **അനുബന്ധം 11.1.10**-ൽ കൊടുത്തിരിക്കുന്നു. മോട്ടോർ വാഹനങ്ങളുടെ വളർച്ചയും റോഡുകളുടെ ശേഷി വർദ്ധനവും തമ്മിലുള്ള പൊരുത്തക്കേട് കേരളത്തിലുടനീളമുള്ള ഗതാഗതക്കുരുക്കിനും റോഡപകടങ്ങൾക്കും കാരണമാകുന്നു. 2022-23ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ തരം തിരിച്ചുള്ള എണ്ണം **ചിത്രം 11.1.3** ൽ കൊടുത്തിരിക്കുന്നു.

### ഇ–മൊബിലിറ്റി

ഹരിത നയങ്ങൾ പിന്തുടരുന്നതോടൊപ്പം പരിസ്ഥിതി സൗഹൃദ പരിപാടികളും സംസ്ഥാനം സജീവമായി സംഘടിപ്പിക്കുന്നുണ്ട്. ഇലക്ട്രിക് മൊബിലിറ്റി വൻതോതിൽ പ്രോത്സാഹിപ്പിക്കുന്നത് സംസ്ഥാനത്തിന് പാരിസ്ഥിതികമായും സാമ്പത്തികമായും ഗുണം ചെയ്തിട്ടുണ്ട്. വൈദ്യുത വാഹനങ്ങളോടുള്ള കേരളത്തിലെ ജനങ്ങളുടെ താത്പര്യം വർദ്ധിച്ചു വരുന്ന പ്രവണതയാണ് കാണിക്കുന്നത്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മൊത്തം ഇലക്ട്രിക് വാഹനങ്ങളുടെ(ഇ.വി.) എണ്ണം മുൻ വർഷം 39,576 ആയിരുന്നുവെങ്കിൽ 2023 ജനുവരി മുതൽ ഓഗസ്റ്റ് വരെയുള്ള വാഹനങ്ങളുടെ എണ്ണം 50,315 ആണ്. 2023 ആഗസ്റ്റ് വരെ, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മൊത്തം ഇ.വി. കളുടെ എണ്ണം 98,332 ആണ്, ഇത് രജിസ്റ്റർ ചെയ്ത മൊത്തം വാഹനങ്ങളുടെ എണ്ണത്തിന്റെ 0.6 ശതമാനമാണ്.

സംസ്ഥാനത്ത് ഇലക്ട്രിക് മോട്ടോർ സൈക്കിളുകൾ/ സ്കൂട്ടറുകൾ,മോട്ടോർ കാറുകൾ എന്നിവയുടെ രജിസ്ട്രേഷനിലുണ്ടായ വർദ്ധനവ് ശ്രദ്ധേയമാണ്. മോട്ടോർ സൈക്കിൾ/സ്കൂട്ടർ രജിസ്ട്രേഷനുകളുടെ എണ്ണം 2022-ലെ 33,226-ൽ നിന്ന് 2023 ആഗസ്റ്റിൽ 41,483 ആയി ഉയർന്നിട്ടുണ്ട്. മോട്ടോർ കാറുകളുടെ കാര്യത്തിൽ, 2022 ൽ 3,787 ആയിരുന്ന രജിസ്ട്രേഷൻ 2023 ഓഗസ്റ്റ് ആയപ്പോൾ 6,360 ആയി ഉയർന്നു. 2023 ഓഗസ്റ്റ് വരെയുള്ള കേരളത്തിലെ ഇ-വാഹനങ്ങളുടെ രജിസ്ട്രേഷൻ വിശദാംശങ്ങൾ **അനുബന്ധം 11.1.11**-ൽ നൽകിയിരിക്കുന്നു.

സംസ്ഥാന സർക്കാർ ഓഫീസുകളിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വലിയ രീതിയിൽ പ്രോത്സാഹിപ്പിക്കുന്നുണ്ട്. വൈദ്യുതി മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിൽ (ഇ.ഇ.എസ്.എൽ) നിന്ന് നോൺ-കൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി ഏജൻസി(അനർട്ട്) മുഖേന മോട്ടോർ വാഹന വകുപ്പും (എംവിഡി) മറ്റ് വകുപ്പുകളും ഡ്രൈ-ലീസിന് 'പ്ലഗ്-ഇൻ ഇലക്ട്രിക് വാഹനങ്ങൾ' ലഭ്യമാക്കി ഉപയോഗിക്കുന്നു.

### റോഡ് സുരക്ഷ

നല്ല രീതിയിൽ പരസ്പര ബന്ധിതമാണെങ്കിലും നഗര വ്യാപനവും വഴിയിലുടനീളമുള്ള അടുക്കും ചിട്ടയുമില്ലാത്ത വികസന രീതികളും കേരളത്തിലെ പ്രധാന റോഡ് ശൃംഖല രൂക്ഷമായ പ്രതിസന്ധികൾ നേരിടുന്നതിന് കാരണമാകുന്നു. മിക്ക സ്ഥലങ്ങളിലും നിലവിലുള്ള ഗതാഗത നില റോഡിന്റെ ശേഷിക്ക് അപ്പുറമാണ്. സംസ്ഥാന റോഡ് ശൃംഖലയിൽ സമ്മർദ്ദം സൃഷ്ടിച്ചുകൊണ്ട് റോഡുകളിലെ ഗതാഗതം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നിലവിലുള്ള റോഡുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് പരിമിതമായ പ്രവേശന മാർഗ്ഗങ്ങൾ,ഭൂമി ഏറ്റെടുക്കൽ മുതലായ പ്രശ്നങ്ങളാണ്.


സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ ഓഫ് കേരളയുടെ (എസ്.സി.ആർ.ബി) കണക്കനുസരിച്ച്, 2022 ൽ കേരളത്തിൽ 43,910 റോഡപകടങ്ങളിലായി, 4,317 മരണങ്ങളും, 49,307 പരിക്കുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2022-ൽ തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ മരണങ്ങൾ (543) റിപ്പോർട്ട് ചെയ്തതെങ്കിൽ റോഡപകടങ്ങളിൽ നിന്നുള്ള മരണങ്ങളുടെ എണ്ണം കുറവ് രേഖപ്പെടുത്തിയത് വയനാട് (67) ജില്ലയിലാണ്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ രേഖകൾ പ്രകാരം, 2023 ജനുവരി മുതൽ ഓഗസ്റ്റ് വരെ 32,073 വാഹനാപകടങ്ങളിലായി 2,776 മരണങ്ങളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തത്.

റോഡ് അപകടങ്ങൾ പ്രധാനമായും സംഭവിക്കുന്നത് അലക്ഷ്യമായ ഡ്രൈവിംഗ്, റോഡിന്റെ ശോചനീയവസ്ഥ, ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ, പ്രതികൂലമായ കാലാവസ്ഥ എന്നിവ കരണമാണ്. റോഡ് സുരക്ഷ ഒരു സങ്കീർണ്ണമായ പ്രശ്നമായതിനാൽ, ലക്ഷ്യം കൈവരിക്കുന്നതിന് വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിൽ നിന്നും സ്ഥിരവും ദീർഘവും യോജിച്ചതുമായ ശ്രമങ്ങൾ ആവശ്യമാണ്. നിയമങ്ങളും അച്ചടക്കവും പാലിക്കാൻ മോട്ടോർ വാഹന വകുപ്പും പോലീസും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും റോഡപകടങ്ങൾ വർദ്ധിച്ചുവരികയാണ്. വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ പ്രവണത ആശങ്കാജനകമാണ്. കേരളത്തിലെ ജില്ല തിരിച്ചുള്ള മോട്ടോർ വാഹന അപകടങ്ങളും റോഡപകടങ്ങളിൽ ഉൾപ്പെട്ട മോട്ടോർ വാഹനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങളും **അനുബന്ധം 11.1.12**, **അനുബന്ധം 11.1.13** എന്നിവയിൽ യഥാക്രമം നൽകിയിരിക്കുന്നു.

സംസ്ഥാനത്ത് 2023 ജനുവരി മുതൽ ഓഗസ്റ്റ് വരെ നടന്ന റോഡപകടങ്ങളിൽ ഭൂരിഭാഗവും (40.5 ശതമാനം) ഇരുചക്രവാഹനങ്ങൾ ഉൾപ്പെട്ടവയാണ്. വിവിധ റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടും ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടുന്ന റോഡപകടങ്ങൾ വർദ്ധിച്ചുവരികയാണ്. ഇരുചക്രവാഹനങ്ങളാൽ ഉണ്ടാകുന്ന റോഡ് അപകടങ്ങളുടെ എണ്ണം 2022ൽ 17,789(പ്രതിദിനം 49 അപകടങ്ങൾ) ആയിരുന്നു, എന്നാൽ 2023 ജനുവരി മുതൽ ഓഗസ്റ്റ് വരെ ഇത് 13,001 (പ്രതിദിനം ഏകദേശം 53 അപകടങ്ങൾ) ആണ്. കേരളത്തിൽ 2023 ജനുവരി മുതൽ ഓഗസ്റ്റ് വരെ നടന്ന വാഹന അപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ ഇനം തിരിച്ചുള്ള കണക്കുകൾ **ചിത്രം 11.1.4** ൽ നൽകിയിരിക്കുന്നു.

2022 ജനുവരി മുതൽ ഓഗസ്റ്റ് വരെ സംസ്ഥാനത്ത് ആകെ 2,936 ബസ് അപകടങ്ങളാണ് രജിസ്റ്റർ

**ചിത്രം. 11.1.4** കേരളത്തിലുണ്ടായ റോഡ് അപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ തരം / ഇനം തിരിച്ചുള്ള വിശദാംശങ്ങൾ, 2023 ജനുവരി മുതൽ ഓഗസ്റ്റ് വരെ, ശതമാനത്തിൽ





അവലംബം : സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ

ചെയ്തത്. ഇതിൽ 551 അപകടങ്ങൾ കെ.എസ്.ആർ.ടി.സി ബസ്സുകൾ ഉൾപ്പെട്ടവയാണ്. ഇതേ കാലയളവിൽ മറ്റ് ബസ്സുകൾ മൂലം 2,385 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. 2012 മുതൽ 2023 ആഗസ്റ്റ് വരെയുള്ള കാലയളവിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മോട്ടോർ വാഹന അപകടങ്ങൾ, പരിക്കുകൾ, മരണങ്ങൾ എന്നിവയുടെ പ്രവണത **ചിത്രം 11.1.5**-ൽ നൽകിയിരിക്കുന്നു.

2012 മുതൽ 2023 ഓഗസ്റ്റ് വരെ സംസ്ഥാനത്ത് നടന്ന മോട്ടോർ വാഹന അപകടങ്ങളുടെ പ്രവണത വെളിപ്പെടുത്തുന്നത് സംസ്ഥാനത്ത് അപകടങ്ങളുടെ എണ്ണം 2018 കാലയളവ് വരെ ഏതാണ്ട് സ്ഥിരത പുലർത്തുകയും 2019 ൽ അത് ഉയരുകയും 2020 ൽ കുത്തനെ കുറഞ്ഞ് 2021 ൽ വീണ്ടും വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് 2020ൽ ലക്ഷം

**ചിത്രം 11.1.5.** കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മോട്ടോർ വാഹന അപകടങ്ങൾ, പരിക്കുകൾ, മരണങ്ങൾ എന്നിവയുടെ പ്രവണത, 2012 മുതൽ 2023 ആഗസ്റ്റ് വരെ




*2023 ആഗസ്റ്റ് വരെയുള്ള കണക്കുകൾ പ്രകാരം

അവലംബം: കേരള സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ & മോർത്ത്, ഭാരത സർക്കാർ

വാഹനങ്ങൾക്ക് 196 അപകടങ്ങൾ എന്ന നിരക്കിലാണ് അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അപകടങ്ങളുടെ നിരക്ക് സംസ്ഥാനത്ത് 2021ൽ 224 ആയും 2022ൽ 282 ആയും ഉയർന്നു. 2022-23 സാമ്പത്തിക വർഷം ജൂൺ മുതൽ സെപ്റ്റംബർ വരെ, മോട്ടോർ വാഹന വകുപ്പ് അമിത വേഗതയും ചുവപ്പ് ലൈറ്റ് ലംഘനത്തിനും ഉൾപ്പെടെ 15,66,629 മോട്ടോർ വാഹന നിയമ ലംഘനക്കേസുകൾ രജിസ്റ്റർ ചെയ്യുകയും വാഹന/റോഡ് നിയമങ്ങൾ ലംഘിച്ചതിന് 14,98,30,750 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ ഗതാഗത നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് (247,558 കേസുകൾ). മലപ്പുറം (172,076), തൃശ്ശൂർ (159,627) ജില്ലകളാണ് കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റ് ജില്ലകൾ. 2023 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ ഏറ്റവും കുറവ് നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്തത് വയനാട് 41,022) ജില്ലയിലാണ്. മോട്ടോർ വാഹന വകുപ്പ്, നിർമ്മിത ബുദ്ധി(എ.ഐ) ക്യാമറകൾ ഉപയോഗിച്ച് നടപ്പിലാക്കിയ സമ്പൂർണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ വിശദാംശങ്ങൾ **ബോക്സ് 11.1.1**-ൽ നൽകിയിരിക്കുന്നു.

പോലീസ് (ട്രാഫിക്) വകുപ്പിലും ക്രൈം റെക്കോർഡ്സ് ബ്യൂറോയിലും, ലഭ്യമായ രേഖകൾ പ്രകാരം മിക്ക അപകടങ്ങൾക്കും കാരണം ഡ്രൈവർമാരുടെ അശ്രദ്ധയാണ്. എന്നിരുന്നാലും, റോഡ് രൂപകല്പനയിലെ പോരായ്മകൾ മോട്ടോർ വാഹനങ്ങളെയും ബാധിക്കുന്നു, റോഡുകളുടെ ശോചനീയവസ്ഥ പൊതുവെ അവഗണിക്കപ്പെടുന്ന മറ്റൊരു വസ്തുതയാണ്. വിവിധ വിഭാഗം റോഡ് ഉപയോക്താക്കൾക്കുള്ള റോഡ് സുരക്ഷാ പരിശീലനം, റോഡ് രൂപകൽപ്പനയിൽ ശാസ്ത്രീയത പിന്തുടരുക റോഡ് നിർമ്മാണത്തിന്റെ ആസൂത്രണത്തിലും പ്രവർത്തന ഘട്ടത്തിലും റോഡ് സുരക്ഷാവശങ്ങൾ ഉൾപ്പെടുത്തുന്നതിലെ പോരായ്മകൾക്ക് പരിഹാരം കണ്ടെത്തുക എന്നിവയാണ് അപകടങ്ങൾ കുറയ്ക്കുന്നതിന് പ്രാഥമികമായി സ്വീകരിക്കേണ്ട നടപടികൾ. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റിന്റെ (കെഎസ്‌സിഎസ്ടിഇ) കീഴിലുള്ള നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്) 2018-2020 വർഷത്തെ ക്രാഷ് ഡാറ്റയുടെ അടിസ്ഥാനത്തിൽ 2021ൽ സംസ്ഥാനത്തുടനീളം 4,592 ക്രാഷ് ബ്ലാക്ക് സ്പോട്ടുകൾ/അപകടകരമായ സ്ഥലങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് (കെആർഎസ്എ)ക്കു സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഏറ്റവും കൂടുതൽ ക്രാഷ് ബ്ലാക്ക് സ്പോട്ടുകൾ ഉള്ളത് എറണാകുളം ജില്ലയിലാണ് (703), തുടർന്ന് തിരുവനന്തപുരം ജില്ലയിൽ (694), തൃശ്ശൂർ ജില്ലയിൽ (548) എന്നിങ്ങനെയാണ്. ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയൽ, വിശകലനം, ലഘൂകരണം എന്നിവ റോഡ് അപകടങ്ങൾ തടയുന്നതിനുള്ള ഏറ്റവും ഫലപ്രദമായ സമീപനങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. കേരളത്തിലെ ദേശീയ പാതകളിലും സംസ്ഥാന പാതകളിലുമായി മൊത്തം 323 അപകടസാധ്യതയുള്ള റോഡ് ഇടനാഴികൾ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ (കെഎസ്ആർഎ) നിർദ്ദേശാനുസരണം നാറ്റ്പാക് കണ്ടെത്തിയിട്ടുണ്ട്. അതിൽ 149 അപകടസാധ്യതയുള്ള ഇടനാഴികൾ ദേശീയ പാതകളിലും 174 ഇടനാഴികൾ കേരളത്തിലെ സംസ്ഥാന പാതകളിലുമാണ്.

### റോഡ് മെച്ചപ്പെടുത്തലുകൾ

ദേശീയ പാത അതോറിറ്റിക്കുവേണ്ടി (എൻ.എച്ച്.എ.ഐ) ദേശീയ-സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ (എം.ഡി.ആർ.) എന്നിവയ്ക്കായുള്ള നയ രൂപീകരണം, ആസൂത്രണം, ഡിസൈൻ, നിർമ്മാണം, അറ്റകുറ്റപ്പണികൾ തുടങ്ങിയവ നടത്തുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്തം സംസ്ഥാന പൊതുമരാമത്ത് വകുപ്പിനാണ്. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്

**ബോക്സ് 11.1.1** മോട്ടോർ വാഹന വകുപ്പ് നിർമ്മിത ബുദ്ധി (എ.ഐ) ക്യാമറകൾ ഉപയോഗിച്ച് നടപ്പിലാക്കിയ സമ്പൂർണ്ണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് സംവിധാനം

റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനും ഗതാഗത നിയമ ലംഘനങ്ങൾ തടയുന്നതിനുമായി സേഫ് കേരള പദ്ധതിക്ക് കീഴിൽ മോട്ടോർ വാഹന വകുപ്പ് 2023 ജൂൺ 5 ന് ആധുനിക എ.എൻ.പി.ആർ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ) ഉള്ള 726 ക്യാമറകൾ സ്ഥാപിച്ചുകൊണ്ട് സമ്പൂർണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് സംവിധാനം നടപ്പിലാക്കുകയുണ്ടായി. എ.ഐ (നിർമ്മിത ബുദ്ധി/ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) അടിസ്ഥാനമാക്കിയുള്ള ഡിറ്റക്ഷൻ സിസ്റ്റം, കൂടുതൽ കൃത്യതയാർന്നതും അമിത വേഗതയും ചുവപ്പ് ലൈറ്റ് ലംഘനങ്ങളും കൃത്യതയോടെ കണ്ടെത്താത്ത പരമ്പരാഗത ക്യാമറകളേക്കാൾ കൂടുതൽ കാര്യക്ഷമവുമാണ്. സംസ്ഥാനത്തെ റോഡപകടങ്ങളുടെ പ്രധാന കാരണമായി കണ്ടെത്തിയിട്ടുള്ള ഹെൽമറ്റ് ധരിക്കാതെ ഇരുചക്രവാഹനങ്ങളുടെ പിന്നിലിരുന്ന് യാത്ര ചെയ്യുന്നത്, ഇരുചക്രവാഹനങ്ങളിൽ രണ്ടിൽ കൂടുതൽ പേർ സഞ്ചരിക്കുന്നത്, വാഹനങ്ങളോടിക്കുമ്പോൾ ഡ്രൈവർമാർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത്, സീറ്റ് ബെൽറ്റ് ധരിക്കാത്തത് തുടങ്ങിയ നിയമ ലംഘനങ്ങളാണ് എ. ഐ ക്യാമറകൾ പ്രധാനമായും കണ്ടെത്തുന്നത്.

എ.ഐ ക്യാമറ നിരീക്ഷണ സംവിധാനം നടപ്പിലാക്കിയതിന്റെ ഫലമായി റോഡപകടങ്ങൾ മൂലമുണ്ടാകുന്ന മരണങ്ങളുടെ എണ്ണത്തിലുണ്ടായ കുറവ് ശ്രദ്ധേയമാണ്. 2022 ജൂൺ മുതൽ ഓഗസ്റ്റ് വരെ, അതായത് എ.ഐ ക്യാമറകൾ സ്ഥാപിക്കുന്നതിന് മുമ്പ് റോഡപകടങ്ങൾ മൂലമുണ്ടാകുന്ന മരണങ്ങളുടെ എണ്ണം 964 ആയിരുന്നത് 2023 ജൂൺ മുതൽ ഓഗസ്റ്റ് വരെ ക്യാമറകൾ സ്ഥാപിച്ചതിന് ശേഷം 904 ആയി കുറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ട്രോമ കെയർ യൂണിറ്റുകളിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം, എ.ഐ ക്യാമറ മോണിറ്ററിംഗ് സംവിധാനം പ്രാവർത്തികമായതിനുശേഷം റോഡപകടങ്ങൾ മൂലമുണ്ടായ മരണ നിരക്കിലെ കുറവുകൾ കൂടാതെ ഗുരുതരമായ പരിക്കുകളുടെ എണ്ണത്തിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. 2022 ജൂണിൽ റോഡ് ട്രാഫിക് ആക്സിഡന്റ് (ആർ.ടി.എ) കേസുകളുടെ എണ്ണം 6,610 ആയിരുന്നത് 2023 ജൂണിൽ 6,333 ആയി കുറഞ്ഞത് ഇതിന്റെ ദൃഷ്ടാന്തമാണ്

അവലംബം: മോട്ടോർ വാഹന വകുപ്പ് & സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ

(കെ.എസ്.ടി,പി.), കേരള റോഡ് ഫണ്ട് ബോർഡ് (കെ. ആർ.എഫ്.ബി.), റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ.), റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (ആർ.ഐ.സി.കെ) എന്നിവയും സംസ്ഥാനത്തെ റോഡ് പദ്ധതികൾ നടപ്പിലാക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നു.

കേന്ദ്ര ധനസഹായമാണ് ദേശീയപാത അറ്റകുറ്റപണികൾക്കുള്ള പ്രധാന സാമ്പത്തിക സ്രോതസ്സ്. സെൻട്രൽ റോഡ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സിആർഐഎഫ്) സംസ്ഥാനങ്ങളുടെ/കേന്ദ്ര ഭരണ പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ വിസ്തീർണ്ണത്തിന്റെ വെയിറ്റേജ് അടിസ്ഥാനമാക്കിയാണ് ഫണ്ട് അനുവദിക്കുന്നത്. സിആർഐഎഫ്-ന് കീഴിൽ, സംസ്ഥാന സർക്കാരുമായി ഏകോപിപ്പിച്ച് ഏറ്റെടുക്കേണ്ട പദ്ധതികളുടെ പട്ടികയ്ക്ക് റോഡ്-ഗതാഗത ഹൈവേ മന്ത്രാലയം അംഗീകാരം നൽകുകയും, അതിനുശേഷം സാങ്കേതിക-സാമ്പത്തിക അനുമതി സംസ്ഥാന സർക്കാർ നൽകുകയുമാണ് വേണ്ടത്. സംസ്ഥാന സർക്കാർ സാധാരണയായി സെൻട്രൽ റോഡ് ഫണ്ട് ജോലികൾക്കായി വരുന്ന ചെലവ് മുൻകൂറായി മുടക്കുകയും പിന്നീട് ഈ തുക റോഡ്-ഗതാഗത ഹൈവേ മന്ത്രാലയം തിരിച്ച് നൽകുകയുമാണ് ചെയ്യുന്നത്.

2019 ജൂലൈ മുതൽ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (ആർ.എം.എം.എസ്) നടപ്പിലാക്കുന്നതിനാവശ്യമായ വിവരശേഖരണം റോഡ് മെയിന്റനൻസ് വിഭാഗം നടത്തിവരുന്നുണ്ട്. മെച്ചപ്പെട്ടതും ഉപയോക്തൃ സൗഹൃദവുമായ ഒരു വെബ് അധിഷ്ഠിത റോഡ് വിവര സംവിധാനം നടപ്പിലാക്കുക എന്നതാണ് ആർ എം എം എസ്സിന്റെ അത്യന്തികമായ ലക്ഷ്യം. പരിമിതമായ വിഭവങ്ങളുടെ പരമാവധി വിനിയോഗം, റോഡ് അറ്റകുറ്റപ്പണികളുടെ ചിട്ടയായ സമീപനവും ആസൂത്രണവും, ശരിയായതും സമയോചിതവുമായ റോഡ് അറ്റകുറ്റപ്പണിയിലൂടെ പരമാവധി ഗതാഗത ചെലവുകൾ കുറയ്ക്കുക എന്നിവയാണ് ആർഎംഎംഎസ്-ന്റെ മറ്റൊരു ലക്ഷ്യം. എല്ലാ സംസ്ഥാനപാതകളും ചില എംഡിആറുകളും ഉൾപ്പെടെ 7,000 കിലോമീറ്റർ റോഡ് സ്ട്രെച്ചുകൾ കോർ റോഡ് നെറ്റ്വർക്കായി (സിആർഎൻ) സർക്കാർ പ്രഖ്യാപിക്കുകയും, ഈ റോഡുകളിൽ ആർഎംഎംഎസ് നടപ്പാക്കുകയും ചെയ്തുവരുന്ന സാമ്പത്തിക പ്രാധാന്യം, സാമ്പത്തിക വളർച്ചാ കേന്ദ്രങ്ങൾ, തന്ത്രപ്രധാനമായ ഇടനാഴികൾ, ട്രാഫിക് വോളിയം, വാണിജ്യ വാഹനങ്ങളുടെ വിഹിതം, പൊതുഗതാഗത മാർഗങ്ങൾ, ദുരന്ത നിവാരണം, കാലാവസ്ഥാ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് കോർ റോഡ് നെറ്റ്വർക്കിന്റെ (സിആർഎൻ) മുൻഗണന നൽകുന്നത്.

**തീരദേശ ഹൈവേ:** തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള തീരദേശ ഹൈവേ, സംസ്ഥാനത്തെ ഏറ്റവും മനോഹരമായ തീരപ്രദേശത്ത് കേരള സർക്കാർ വിഭാവനം ചെയ്യുന്ന ഒരു അഭിമാന പദ്ധതിയാണ്. തീരദേശ ഹൈവേ ദേശീയ പാത 66 ന് ബദലായി പ്രവർത്തിക്കുകയും, ഏത് അടിയന്തര സാഹചര്യത്തിലും ഒരു ഒഴിപ്പിക്കൽ റൂട്ടായി ഇതിനെ മാറ്റാനും സാധിക്കും. 600.25 കിലോമീറ്റർ നീളമുള്ള തീരദേശ ഹൈവേ 9 ജില്ലകളിലൂടെ കടന്നുപോകുകയും ദേശീയ പാതയുടെ 65.3 കിലോമീറ്റർ ദൂരം ഓവർലാപ്പ് ചെയ്യുകയും ചെയ്യുന്നു. തീരദേശ ഹൈവേ, മറ്റ് ചെറുകിട തുറമുഖങ്ങൾ, ഹാർബറുകൾ എന്നിവ കൂടാതെ വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം എന്നിവയെയും ബന്ധിപ്പിക്കുന്നു. 2023 മാർച്ചിലെ കണക്കനുസരിച്ച്, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് പദ്ധതിക്കായി (കിഫ്ബി) 2,899.11 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് (കെആർഎഫ്ബി) ആണ് പദ്ധതിയുടെ നടത്തിപ്പിനുള്ള പ്രത്യേക ഉദ്ദേശ്യ സ്ഥാപനം. കിഫ്ബി അംഗീകരിച്ച തീരദേശ ഹൈവേയുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.14**ൽ നൽകിയിരിക്കുന്നു.

**മലയോര ഹൈവേ:** ആലപ്പുഴ ഒഴികെയുള്ള കേരളത്തിലെ എല്ലാ ജില്ലകളെയും ബന്ധിപ്പിച്ചുകൊണ്ട് കാസർഗോഡിലെ നന്ദാരപടവിൽ നിന്ന് തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ വ്യാപിച്ചുകിടക്കുന്ന കേരളത്തിലെ ഏറ്റവും നീളം കൂടിയ സംസ്ഥാന പാതയായ സംസ്ഥാന ഹൈവേ 59 (എസ് എച്ച് 59) നെ 'ഹിൽ ഹൈവേ' അഥവാ 'മലയോര ഹൈവേ' ആയി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് ശൃംഖല മികച്ച രീതിയിൽ നവീകരിക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്തുകൊണ്ട് മലയോര മേഖലകളിലൂടെ ഏറെ ആവശ്യമുള്ള വടക്ക്-തെക്ക് ഇടനാഴികളുടെ വികസനമാണ് നിർദ്ദിഷ്ട മലയോര ഹൈവേ വിഭാവനം ചെയ്യുന്നത്. സർക്കാർ അംഗീകരിച്ച അലൈൻമെൻറ് അടിസ്ഥാനത്തിൽ മലയോര ഹൈവേയുടെ ആകെ നീളം 1,166.27 കിലോമീറ്ററാണ്, ഇതിൽ 793.68 കിലോമീറ്റർ നിർമ്മാണ പ്രവൃത്തികൾക്ക് കിഫ്ബി ധനസഹായം നൽകുന്നു. കേരളത്തിലെ സുഗന്ധവ്യഞ്ജനങ്ങളുടെയും മറ്റ് ഹൈറേഞ്ച് ഉൽപ്പന്നങ്ങളുടെയും വ്യാപാരത്തിലും കൃഷിയിലും ഏർപ്പെട്ടിരിക്കുന്ന മിക്കവാറും എല്ലാ നഗരങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനാൽ നിർദ്ദിഷ്ട ഹിൽ ഹൈവേയെ 'കേരള സ്പൈസസ് റൂട്ട്' എന്നും വിളിക്കുന്നു. ഹൈറേഞ്ചുകളിലെ വ്യാപാരം വർദ്ധിപ്പിക്കുക, സുഗന്ധവ്യഞ്ജനങ്ങൾ, കാർഷിക ഉൽപന്നങ്ങൾ എന്നിവയുടെ സുഗമമായ സഞ്ചാരം ഉറപ്പാക്കുക അതുപോലെ തന്നെ കേരളത്തിലെ പ്രധാന മധ്യ പാതയിലെ ഗതാഗത തീവ്രത കുറയ്ക്കുകയും ചെയ്യുക എന്നിവയാണ് ഇത്തരമൊരു ഹൈവേ നിർമ്മിക്കുന്നതിന്റെ ലക്ഷ്യം. കൂടാതെ, മലയോര മേഖലകളിൽ ആവശ്യത്തിന് ഒഴിഞ്ഞുകിടക്കുന്ന ഭൂമിയുള്ളതിനാൽ മലയോര ഹൈവേ ബന്ധിപ്പിക്കുന്ന സ്ഥലങ്ങളെ വ്യാവസായിക/ഐടി ഹബ്ബുകളായി വികസിപ്പിക്കാൻ സഹായിക്കും. കെ.ആർ.എഫ്ബിയെ പദ്ധതിയുടെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായി (എസ്.പി.വി) നിയമിച്ചിട്ടുണ്ട്. 2023 മാർച്ചിലെ കണക്കനുസരിച്ച്, മൊത്തം 732.42 കിലോമീറ്റർ ദൈർഘ്യമുള്ള റീച്ചുകൾക്കുള്ള പ്രവൃത്തികൾക്കായി 3,167.89 കോടി രൂപയുടെ അംഗീകാരം കിഫ്ബി നല്കിയിട്ടുണ്ട്. മലയോര ഹൈവേയുടെ 4 റീച്ചുകളിലെ പ്രവൃത്തികൾ പൂർത്തിയാക്കി മറ്റ് റീച്ചുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കിഫ്ബി അംഗീകരിച്ച ഹിൽ ഹൈവേ സ്ട്രെച്ചുകളുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.15**-ൽ നൽകിയിരിക്കുന്നു.

**കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് (കെ.എസ്.ടി.പി):** ലോകബാങ്കിന്റെയും ജർമ്മൻ ബാങ്കിന്റെയും (കെഎഫ്ഡബ്ല്യു) ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്. പദ്ധതിക്കു കീഴിൽ രണ്ട് പ്രധാന പദ്ധതികളാണുള്ളത്.) ലോകബാങ്ക് ധനസഹായം നൽകുന്ന കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ്-II, ii) ലോകബാങ്കും കെഎഫ്ഡബ്ല്യു ജർമ്മൻ ബാങ്കും ചേർന്ന കേരളത്തിന്റെ പുനർനിർമ്മാണം എന്നിവ. ലോകബാങ്കിന്റെ (ഐബിആർഡി) സഹായത്തോടെയുള്ള പദ്ധതിയാണ് കെഎസ്ടിപി - II, പദ്ധതിക്കായി 2,403 കോടി രൂപ (445 ദശലക്ഷം യുഎസ് ഡോളർ) ബാങ്ക് അംഗീകരിച്ചിട്ടുണ്ട്. 363 കിലോമീറ്റർ സംസ്ഥാനപാതകളുടെ നവീകരണം, റോഡ് സുരക്ഷാ പരിപാലനം, പൊതുമരാമത്ത് വകുപ്പിന്റെ (പിഡബ്ല്യുഡി) സ്ഥാപനപരമായ ശക്തിപ്പെടുത്തൽ എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ ചെലവ് 445 ദശലക്ഷം യുഎസ് ഡോളറാണ് (2,403 കോടി രൂപ), ഇതിൽ 216 ദശലക്ഷം യുഎസ് ഡോളർ (1,166 കോടി രൂപ) ലോകബാങ്കിൽ നിന്നുള്ള വായ്പാ സഹായമാണ്. അർഹതയുള്ള ഇനങ്ങൾക്ക് (ഭൂമി ഏറ്റെടുക്കലും പ്രവർത്തനച്ചെലവും ഒഴികെ) ലോക ബാങ്കും കേരള സർക്കാരും തമ്മിലുള്ള വിതരണ അനുപാതം 56:44 ആണ്. യഥാർത്ഥ വായ്പാ തിരിച്ചടവ് തീയതി 2019 ഏപ്രിൽ ആയിരുന്നുവെങ്കിലും ഇത് 2021 ഏപ്രിൽ വരെ നീട്ടുകയും 2021 ഏപ്രിൽ അവസാനിപ്പിക്കുകയും ചെയ്തു. 80 കിലോമീറ്റർ ദൈർഘ്യമുള്ള ഒരു ഡെമോൺസ്ട്രേഷൻ സുരക്ഷാ ഇടനാഴിയുടെ വികസനം, കേരള റോഡ് സുരക്ഷാ അതോറിറ്റി, പിഡബ്ല്യുഡി റോഡ് സുരക്ഷാ സെൽ, കമ്മ്യൂണിറ്റി പാർടിസിപ്പേറ്ററി റോഡ്, അസറ്റ് മാനേജ്മെന്റ് പ്രോഗ്രാമുകൾ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ, പൊതുവിവരങ്ങളും പരാതി പരിഹാര സെല്ലും ശക്തിപ്പെടുത്തൽ, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (പിപിപി) റോഡ് മെച്ചപ്പെടുത്തുന്നതിനുള്ള പൈലറ്റ് പദ്ധതി തുടങ്ങിയ നൂതന ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നു. കെഎസ്ടിപി രണ്ടാം ഘട്ട പദ്ധതിയുടെ 11 റീച്ചുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.

**റീ–ബിൽഡ് കേരള:** റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർകെഐ) ഭാഗമായി, 2018-ലെ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും തകർന്ന റോഡുകളുടെ പുനർനിർമ്മാണം/ പുനരുദ്ധാരണം പ്രവർത്തനങ്ങൾ കെഎസ്ടിപി ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കുന്നത് കൂടാതെ 3.346.09 കോടി രൂപയുടെ കാലാവസ്ഥാ പ്രതിരോധ, ഹരിത റോഡുകളുടെ പുനർനിർമ്മാണം നടപ്പിലാക്കുന്നതിന് 1,200 കോടി രൂപ ലോകബാങ്ക് സഹായവും 1,800.00 കോടി രൂപ കെഎഫ്ഡബ്ല്യു (ജർമ്മൻ ബാങ്ക്) സഹായവും ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. വികസന നയ വായ്പയിൻ കീഴിൽ ലോകബാങ്ക് 100 ശതമാനം സഹായവും ജർമ്മൻ ബാങ്ക് (കെഎഫ്ഡബ്ല്യു) മതിപ്പുചെലവിന്റെ 70 ശതമാനം വായ്പാ സഹായവും നൽകും,ശേഷിക്കുന്ന 30 ശതമാനം സംസ്ഥാനം വഹിക്കും. പൊതുമരാമത്ത് വകുപ്പ് നിർദേശിച്ച 62 റോഡുകളിൽ 59 റോഡുകൾ പുനർനിർമ്മാണത്തിനും നവീകരണത്തിനുമായി ഏറ്റെടുത്തു. ഈ 59 റോഡുകളുടെ ആകെ നീളം 1,609 കിലോമീറ്ററാണ്; ഇതിൽ 16 എണ്ണം മലയോര റോഡുകളും (431.17 കി.മീ.) ബാക്കി 43 എണ്ണം മലയോര ഇതര (1,177.83 കി.മീ) റോഡുകളുമാണ്.

**നഗര പാതകളുടെ മെച്ചപ്പെടുത്തൽ:** 2001-ലെ കേരള റോഡ് ഫണ്ട് നിയമ (കെആർഎഫ് ആക്റ്റ്) പ്രകാരം സംസ്ഥാന സർക്കാരിന് കീഴിൽ 2002 ൽ സ്ഥാപിതമായ ഒരു സ്ഥാപനമാണ് കേരള റോഡ് ഫണ്ട് ബോർഡ് (കെആർഎഫ്ബി). സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഈ ഏജൻസി നിർണായക പങ്ക് വഹിക്കുന്നു. ഇത് പ്രധാനമായും ബജറ്റ് ഇതര ഫണ്ടുകളുടെ മേൽനോട്ടം വഹിക്കുകയും നിയന്ത്രിക്കുകയും റോഡുകളും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഫണ്ടുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള നഗര പാതകളുടെ മെച്ചപ്പെടുത്തൽ പദ്ധതി(പി.പി.പി) കളാണ് പ്രധാനമായും കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്നത്. തിരുവനന്തപുരം സിറ്റിയിൽ 42.07 കിലോമീറ്റർ ദൈർഘ്യമുള്ള 16 സ്ട്രെച്ചുകളുടെ റോഡ് പണികൾ പൂർത്തീകരിച്ചു. ഇപ്പോൾ പദ്ധതി അതിന്റെ പ്രവർത്തന, പരിപാലന ഘട്ടത്തിലാണ്. 211.00 കോടി രൂപ ചെലവിൽ ആറ് ഇടനാഴികൾ ഉൾപ്പെട്ട 22.25 കിലോമീറ്റർ കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഒന്നാം ഘട്ടം (എ) വികസനം കേരള റോഡ് ഫണ്ട് ബോർഡ് പൂർത്തിയാക്കി.

**സ്മാർട്ട് സിറ്റി പദ്ധതികൾ:** തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിക്ക് കീഴിൽ 54 കിലോമീറ്റർ റോഡ് സ്മാർട്ട് റോഡുകളായി വികസിപ്പിക്കുന്നതിന് കണ്ടെത്തിയിട്ടുണ്ട്. വിശദമായ സ്ട്രിപ്പ് പ്ലാനുകൾ, ജംഗ്ഷൻ ഡിസൈനുകൾ, സൈക്കിൾ ട്രാക്ക്, നടപ്പാതയുടെ രൂപകൽപന എന്നിവ ഉപയോഗിച്ച് നിലവിലുള്ള റോഡിന് ഓവർലേ ഡിസൈൻ നൽകുക എന്നതാണ് സ്മാർട്ട് റോഡ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ഈ പദ്ധതിക്ക് കീഴിൽ റോഡ് രൂപകൽപന, റോഡ് അടയാളപ്പെടുത്തൽ തുടങ്ങിയവ ചെയ്തുവരുന്നു. തെരഞ്ഞെടുത്ത സംസ്ഥാന പാതകളുടെയും എംഡിആർ-കളുടെയും വികസനം ലക്ഷ്യമിട്ട് സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (എസ്ആർഐപി) നടപ്പിലാക്കുന്നതിന് കെആർഎഫ്ബി യുടെ കീഴിൽ റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (ആർഐസികെ) എന്ന പേരിൽ സംസ്ഥാന സർക്കാർ ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനം (എസ്.പി.വി) രൂപീകരിച്ചു. എസ്ആർഐപി യിൽ രണ്ട് പാക്കേജുകളുണ്ട് -പുനരധിവാസത്തിന് കീഴിൽ പിപിപി ആന്വിറ്റി മോഡും, ബഹുമുഖ ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള അപ്ഗ്രഡേഷനും പാക്കേജും. തിരുവനന്തപുരം, കോട്ടയം, കാസറഗോഡ് ജില്ലകളിൽ എ, ബി എന്നീ രണ്ട് പാക്കേജുകളിലായി 83 കിലോമീറ്റർ റോഡ് നവീകരിക്കാനാണ് പുനരധിവാസ പാക്കേജ് ഉദ്ദേശിക്കുന്നത്. ഉപ്പള-കണിയാന റോഡ് (9.4 കി.മീ), വിദ്യാനഗർ-സീതാംഗോളി റോഡ് (15.6 കി.മീ), കാഞ്ഞിരപ്പള്ളി- കാഞ്ഞിരംകവല റോഡ് (36.10 കി.മീ), വെള്ളനാട്-ചെറ്റച്ചൽ റോഡ് (21.90 കി.മീ), കരമന-വെള്ളറട റോഡ് (35.5 കി.മീ) ഭൂമി ഏറ്റെടുക്കൽ എന്നിവയാണ് റിക്ക് ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾ. ഭൂമി, റോഡ് നിർമ്മാണം, റെയിൽവേ മേൽപ്പാലങ്ങൾ,ടോൾ പിരിവ് അവകാശങ്ങൾ, വിശദ

പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കൽ, സ്ഥാവര-ജംഗമ സ്വത്തുക്കളും ആസ്തികളും കൈകാര്യം ചെയ്യുക, തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർബിഡിസികെ) എന്നൊരു കമ്പനിയും സംസ്ഥാന പൊതുമരാമത്തു വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു.

**റോഡ് മേഖലയിലെ ഗവേഷണവും വികസനവും**

റോഡ് സംവിധാനം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട പൊതുവായ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും, മിതവ്യയത്തിലൂടെ അടിസ്ഥാന സൗകര്യങ്ങളുടെ സാങ്കേതിക നിലവാരം ഉയർത്തുന്നതിനുമുള്ള നൂതന മാതൃകകളും സാങ്കേതിക വിദ്യകളും വികസിപ്പിക്കുന്നതിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഡിസൈൻ, റിസർച്ച്, ഇൻവെസ്റ്റിഗേഷൻസ് ആൻഡ് ക്വാളിറ്റി കൺട്രോൾ ബോർഡ് (DRIQ ബോർഡ്), കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KHRI), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (NATPAC) എന്നിവയാണ് നിലവിൽ റോഡ് ഗതാഗത മേഖലയിൽ ഗവേഷണത്തിലും വികസനത്തിലും ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ.

കേരള ദേശീയപാത ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് (കെഎച്ച്ആർഐ), കേരളത്തിലെ റോഡ് മേഖലയെ നവീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു ഉപദേശക സമിതി/ബുദ്ധി കേന്ദ്രമായി ആയി പ്രവർത്തിക്കേണ്ട ഒരു മികവിന്റെ കേന്ദ്രമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. റോഡ് അസറ്റ് മാനേജ്മെന്റ്, റോഡ് സുരക്ഷാ മാനേജ്മെന്റ്, ഗുണനിലവാരം ഉറപ്പാക്കൽ,കരാർ മാനേജ്മെന്റ്, തദ്ദേശീയ ഗവേഷണ-വികസനപ്രവർത്തനങ്ങളുടെ പ്രോത്സാഹനം,ഡിസൈൻ/കൺസ്ട്രക്ഷൻ പ്രാക്ടീസ് എന്നി നൂതനത്വങ്ങളിൽ കെ.എച്ച്.ആർ.ഐ. ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റിന്റെ (കെ.എസ്.സി.എസ്.ടി.ഇ.)കീഴിൽ ഗതാഗത മേഖലയിലും അനുബന്ധ മേഖലകളിലുമുള്ള വികസന,ഗവേഷണ,വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്ന ദേശീയ കേന്ദ്രമാണ് നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്ക്).ഗതാഗതം, ട്രാഫിക് മാനേജ്മെന്റ്, റോഡ് സുരക്ഷ തുടങ്ങിയ എല്ലാ മേഖലകളിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സർക്കാരിനും മേഖലയിലെ വിവിധ ഉപയോക്തൃ ഏജൻസികൾക്കും കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നതിനും നാറ്റ്പാക് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. റോഡ് സുരക്ഷ, ട്രാഫിക് എഞ്ചിനീയറിംഗ്, പരിസ്ഥിതി പ്രശ്നങ്ങൾ, നയങ്ങളും പരിപാടികളും, നഗര ഗതാഗതം, പൊതുഗതാഗത പ്രശ്നങ്ങൾ, ടൂറിസം, ഉൾനാടൻ ജലഗതാഗതം തുടങ്ങിയ മേഖലകളിലാണ് നാറ്റ്പാക് -ന്റെ സേവനം ലഭ്യമാവുന്നത്. കേരളത്തിലെ ക്രാഷ് ബ്ലാക്ക് സ്പോട്ടുകൾ തിരിച്ചറിയുകയും മുൻഗണന നൽകുകയും ചെയ്യുക, അഡാപ്റ്റീവ് ട്രാഫിക് സിഗ്നൽ സംവിധാനത്തിലൂടെ റോഡ് സുരക്ഷ വർദ്ധിപ്പിക്കുക, മോഡൽ റോഡ് സുരക്ഷാ ഇടനാഴികളുടെ രൂപകല്പന,പ്രധാന അപകട സ്ഥലങ്ങളുടെ(ബ്ലാക്ക്സ്പോട്ടുകൾ)കണ്ടെത്തൽ ,അവയുടെ കാരണ വിശകലനവും ലഘൂകരണവും തുടങ്ങിയയവയാണ് സമീപ വർഷങ്ങളിൽ ഈ ഗവേഷണ സ്ഥാപനം നൽകിവന്ന ചില പ്രധാന സേവനങ്ങൾ.

പാലങ്ങളുടെയും കെട്ടിടങ്ങളുടെയും ഘടനാപരമായ രൂപകല്പന, റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ, പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുക, വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം നൽകുക,ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക തുടങ്ങിയ സേവനങ്ങളാണ് പൊതുമരാമത്ത് ഡിസൈൻ വിഭാഗം ചെയ്തുവരുന്നത്.

**കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി)**

സംസ്ഥാനത്തിന്റെ പൊതുഗതാഗത മേഖലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഗതാഗത സേവനങ്ങളും (കെ.എസ്.ആർ.ടി.സി, കെ.യു.ആർ.ടി.സി, കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റ് ലിമിറ്റഡ്) സ്വകാര്യ സ്റ്റേജ് ക്യാരേജുകളും ഉൾപ്പെടുന്നു. സംസ്ഥാനത്തിന്റെ പൊതുഗതാഗത്തിൽ സ്വകാര്യ സ്റ്റേജ് ക്യാരേജുകളുടെ ഉയർന്ന പങ്ക് കേരളത്തെ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമാക്കുന്നു. വർഷങ്ങളായി, കേരളത്തിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് യൂണിറ്റുകളുടെ (എസ്.ടി.യു) എണ്ണത്തിൽ ക്രമാനുഗതമായ കുറവുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച്, കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി. കോവിഡ് മഹാമാരി പുതിയ ബസുകളുടെ രജിസ്ട്രേഷന്റെ എണ്ണം കുറയുന്നതിന് കാരണമായതും ഈ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചു. 2023 മാർച്ച് വരെ, സംസ്ഥാനത്തെ പൊതുഗതാഗത ബസ്സുകളുടെ എണ്ണം, 5,164 ആണ്. ഇതിൽ 4,807 ബസ്സുകൾ കെ.എസ്.ആർ.ടി.സി യുടെ ഉടമസ്ഥതയിലും ബാക്കി 357 കെ-സ്വിഫ്റ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുമാണ്.

സംസ്ഥാനത്തെ റോഡ് മാർഗ്ഗമുള്ള ചരക്ക് സേവനങ്ങൾ പൂർണ്ണമായും സ്വകാര്യമേഖലയിലാണ്. സംസ്ഥാനത്ത് റോഡ് ഗതാഗത സേവനങ്ങൾ പ്രദാനം ചെയ്യുന്ന ഏറ്റവും വലിയ ഏക പൊതുമേഖലാ സ്ഥാപനമാണ് കെഎസ്ആർടിസി. കോർപ്പറേഷൻ ഇപ്പോൾ മാറ്റത്തിന്റെ പാതയിലാണ്. അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും സമ്പൂർണ്ണ കംപ്യൂട്ടർവൽക്കരണവുമാണ് കെ.എസ്.ആർ.ടി.സി ലക്ഷ്യമിടുന്നത്. ഫ്ലീറ്റ് നവീകരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി അതിന്റെ ഡീലർമാരിൽ നിന്ന് വെറ്റ് ലീസ് അടിസ്ഥാനത്തിൽ സ്കാനിയ പോലുള്ള മൾട്ടി ആക്സിൽ ബസുകൾ ലഭ്യമാക്കി അന്തർ സംസ്ഥാന റൂട്ടുകളിൽ സർവീസ് നടത്തുന്നു. കെ.എസ്.ആർ.ടി.സി ഉടമസ്ഥതയിലുള്ള ബസുകളുടെ എണ്ണം **അനുബന്ധം 11.1.16**-ലും കെ.എസ്.ആർ.ടി.സി ഉടമസ്ഥതയിലെ വാഹനങ്ങളുടെ കാലപ്പഴക്കം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.1.17**-ലും കെ.എസ്.ആർ.ടി.സി യുടെ പ്രധാന ആന്തരിക സൂചകങ്ങൾ **അനുബന്ധം 11.1.18**-ലും നൽകിയിട്ടുണ്ട്.

കേരളാ അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.യു.ആർ.ടി.സി.) സംസ്ഥാനത്തെ നഗര പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ചിട്ടുള്ളതാണ്. 2008-ൽ, ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ (ജെ.എൻ.എൻ.യു.ആർ.എം) കീഴിൽ നഗര ഗതാഗതം നമ്മുടെ രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന്റെ പ്രധാന ചാലകശക്തിയായി വർത്തിക്കുമെന്നും ജനങ്ങളുടെ യാത്ര ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുമെന്നുമുള്ള ആശയത്തിന്റെ അടിസ്ഥാനത്തിൽ നഗര ബസുകൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഭാരത സർക്കാർ ആവിഷ്കരിച്ചു. ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം കോർപ്പറേഷനുകളെയാണ് നഗര ഗതാഗത സംവിധാനം നടപ്പാക്കാനായി തെരഞ്ഞെടുത്തത്. പദ്ധതി പ്രകാരം 320 ബസുകൾ (80 എ.സി ബസുകളും 240 നോൺ-എ.സി ബസുകളും) ഈ നഗരങ്ങളിലേക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ 50 എ.സി ലോ-ഫ്ലോർ,120 നോൺ-എസി ബസുകൾ എറണാകുളത്തും 30 എ.സി ബസുകളും 120 നോൺ എസി ബസുകളും തിരുവനന്തപുരത്തുമാണ് സർവീസ് നടത്തുന്നത്. പദ്ധതിയുടെ 80 ശതമാനം കേന്ദ്രസർക്കാരും 10 ശതമാനം സംസ്ഥാന സർക്കാരും 10 ശതമാനം കെ.എസ്.ആർ.ടി.സിയും വഹിക്കുന്നു. 2023 ഓഗസ്റ്റ് വരെ കെയുആർടിസിക്ക് കീഴിൽ 462 ലോ ഫ്ലോർ ബസുകൾ വിന്യസിച്ചിട്ടുണ്ട്. കെ.യു.ആർ.ടി.സി-യുടെ പ്രവർത്തനക്ഷമത **അനുബന്ധം 11.1.19**-ൽ നൽകിയിരിക്കുന്നു.

കെ.എസ്.ആർ.ടി.സിയുടെ പ്രകടന സൂചകങ്ങൾ കാണിക്കുന്നത് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 55 ശതമാനത്തിലധികം ബസുകളും പത്തോ അതിലധികമോ വർഷത്തെ പഴക്കമുള്ളവയാണ് (5,164 ബസുകളിൽ 2,833 എണ്ണം). 2022-23ൽ 3,645 ബസ്സുകളാണ് കെഎസ്ആർടിസി പ്രവർത്തിപ്പിച്ചത്. ഇവയുടെ ശരാശരി കാലപഴക്കം 10.91 വർഷമാണ്. 2022-23ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി യിൽ 24,910 ജീവനക്കാരാണ് ഉള്ളത്. ഒരു ബസിലെ ഡ്രൈവർ-കണ്ടക്ടർ അനുപാതം 1.81 ഉം 1.78 ഉം ആണ്. മിനിസ്റ്റീരിയൽ മെക്കാനിക്കൽ-ജീവനക്കാർ തമ്മിലുള്ള അനുപാതം യഥാക്രമം 0.26ഉം 0.58 ഉം ആണ്. 2023 ആഗസ്റ്റിലെ കണക്കനുസരിച്ച് ഒരു ബസിലെ ശരാശരി പ്രതി മാസ ഒക്കുപെൻസി നിരക്ക് 40.5 ഉം ആണ്. കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തന കാര്യക്ഷമതയും ജില്ല തിരിച്ചുള്ള പ്രവർത്തന സ്ഥിതിവിവരക്കണക്കുകളും കാണിക്കുന്ന പ്രധാന സൂചകങ്ങൾ **അനുബന്ധം 11.1.20**, **അനുബന്ധം 11.1.21** എന്നിവയിൽ നൽകിയിരിക്കുന്നു.

കെ.എസ്.ആർ.ടി.സിയുടെ മൊത്ത വരുമാനം 2021-22ലെ 1095.52 കോടി രൂപയിൽ നിന്ന് 2022-23ൽ 2,227.10 കോടി രൂപയായി വർദ്ധിച്ചത്, കോർപ്പറേഷൻ അതിന്റെ വരുമാനം മെച്ചപ്പെടുത്തുന്നു എന്നതിന്റെ നല്ല സൂചനയാണ്. 2023 ഏപ്രിൽ-ഓഗസ്റ്റ് മാസങ്ങളിൽ കോർപ്പറേഷന് 875.10 കോടി രൂപ വരുമാനം ലഭിച്ചു. 2022-23 ലെ മൊത്ത റവന്യൂ ചെലവ് 2021-22 ലെ 2,107.66 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 2,683.43 കോടി രൂപയും 2021-22 ലെ 1,012.14 കോടി രൂപയെ അപേക്ഷിച്ച് 2022-23 കാലയളവിൽ പ്രവർത്തന നഷ്ടം 456.38 കോടി രൂപയുമാണ്.

സ്ഥാപനത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് ലോജിസ്റ്റിക്സ്, ഷോപ്പ് വൺ വീൽസ്, മൂന്നാറിലെ കെഎസ്ആർടിസി ബസ്സിൽ സ്റ്റേ, കെഎസ്ആർടിസി ലൂബ് ഷോപ്പ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നിവയുമായി ചേർന്ന് റീട്ടെയിൽ ഇന്ധനം നിറയ്ക്കുന്ന സ്റ്റേഷനുകൾ 'യാത്രാ ഫ്യൂവെൽ' എന്ന പേരിൽ കെഎസ്ആർടിസി അവതരിപ്പിച്ചു. കെഎസ്ആർടിസിയുടെ മറ്റൊരു നവീന സംരംഭം കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റമാണ്, ഇത് പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമായ രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സേവനങ്ങളുടെയും തത്സമയ സമയം അറിയുന്നതിന് യാത്രക്കാരെ സഹായിക്കുന്നു. 'എന്റെ കെ.എസ്.ആർ.ടി സി നിയോ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഷെഡ്യൂളുകളുടെയും സേവനങ്ങളുടെയും വിവരങ്ങൾ തത്സമയം ഓൺലൈനിൽ ലഭ്യമാണ്. കൊറിയർ/പാഴ്സൽ സംവിധാനം, ഫോൺപേ അധിഷ്ഠിത ടിക്കറ്റിംഗ് എന്നിവ പൊതുജനങ്ങൾക്കും യാത്രക്കാർക്കും വേണ്ടിയുള്ള കെഎസ്ആർടിസിയുടെ മറ്റ് നവീന സംരംഭങ്ങളാണ്. കെഎസ്ആർടിസി സമീപ കാലത്ത് നടപ്പിലാക്കിയ ചില ശ്രദ്ധേയമായ പദ്ധതികൾ താഴെ കൊടുക്കുന്നു:

## പുതിയ സംരംഭങ്ങൾ

### ഗ്രാമവണ്ടി

ഗ്രാമീണ മേഖലയിലെ കണക്റ്റിവിറ്റി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 2022 ജൂലൈയിൽ കെ.എസ്.ആർ.ടി.സി ആവിഷ്കരിച്ച പദ്ധതിയാണ് ഗ്രാമവണ്ടി. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കോർപ്പറേഷനിൽ നിന്ന് ബസ്സുകൾ അവർക്ക് ഇഷ്ടമുള്ള റൂട്ടുകളിൽ സർവീസ് നടത്താൻ ആവശ്യപ്പെടാം. ബസ്സും ജീവനക്കാരെയും കെ.എസ്.ആർ.ടി.സി നല്കും, ഇന്ധനച്ചെലവ് തദ്ദേശസ്വയം ഭരണ സ്ഥാപനം വഹിക്കണം. സാമ്പത്തിക ബാധ്യതയുള്ള ഗ്രാമീണ ബസ്സ് സർവീസിന് പരിഹാരമായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2023 മാർച്ച് വരെ 11 ജില്ലകളിലായി 15 ഗ്രാമവണ്ടി സർവീസുകളാണ് കെ.എസ്.ആർ.ടി.സി നടത്തുന്നത്. കേന്ദ്ര ഭവന, നഗരകാര്യ മന്ത്രാലയം (MoHUA) ഏർപ്പെടുത്തിയ നഗരഗതാഗത രംഗത്തെ മികവിനുള്ള അവാർഡ് ഗ്രാമവണ്ടി പദ്ധതിക്ക് ലഭിച്ചിരുന്നു.

### സമുദ്ര

ഫിഷറീസ് വകുപ്പുമായി സഹകരിച്ച് തീരദേശത്ത് നിന്ന് നഗരത്തിലേക്ക് മത്സ്യക്കച്ചവടക്കാരായ സ്ത്രീകളെ എത്തിക്കാൻ കെ.എസ്.ആർ.ടി.സി 'സമുദ്ര' എന്ന പേരിൽ പ്രത്യേക ബസ്സ് സർവീസ് ആരംഭിച്ചു. മീൻകൊട്ടകൾ വയ്ക്കുന്നതിനുള്ള റാക്കുകളും മറ്റ് സൗകര്യങ്ങളും ഉള്ള ഈ ബസ്സുകളിൽ മത്സ്യവിൽപ്പനക്കാരായ സ്ത്രീകൾക്ക് യാത്ര

സൗജന്യമാണ്. പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി തലസ്ഥാന നഗരിയിൽ മൂന്ന് ബസ്സുകൾ സർവീസ് നടത്തുന്നുണ്ട്.

**സ്മാർട്ട് ട്രാവൽ കാർഡ്**

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിനും യാത്രക്കാർക്ക് പണമിടപാട് ആയാസരഹിതമാക്കുന്നതിനും കെഎസ്ആർടിസി 2022 ഒക്ടോബറിൽ സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി അവതരിപ്പിച്ചു. സ്കീമിന് കീഴിൽ RFID സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന നൽകുന്ന കാർഡ് ഫീഡർ, സർക്കുലർ, സിറ്റി ഷട്ടിൽ സർവീസ് ബസ്സുകളിൽ യാത്ര ചെയ്യുമ്പോൾ ഉപയോഗിക്കാവുന്നതാണ്. റീചാർജിൽ 10 ശതമാനം ഇളവ് നൽകി ട്രാവൽ കാർഡ് സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോത്സാഹന പദ്ധതി കോർപ്പറേഷൻ അവതരിപ്പിച്ചിട്ടുണ്ട്.കേന്ദ്ര ഭവന, നഗരകാര്യ മന്ത്രാലയം (MoHUA) ഏർപ്പെടുത്തിയ മികച്ച പൊതുഗതാഗത സൗകര്യമുള്ള നഗരം എന്ന വിഭാഗത്തിൽ കെ.എസ്.ആർ.ടി.സിയുടെ സിറ്റി സർക്കുലർ സർവീസ് ദേശീയ 'അർബൻ ട്രാൻസ്പോർട്ടിലെ പ്രശംസാ അവാർഡ് നേടി.

പ്രവർത്തനച്ചെലവിലെ വർദ്ധനവ്, പെൻഷൻ പ്രതിബദ്ധതകളിലെ വർദ്ധനവ്, പലിശ പേയ്മെന്റുകളുടെ വർദ്ധനവ്, ഇളവുള്ള യാത്രകൾ അനുവദിക്കൽ എന്നിവ കോർപ്പറേഷന്റെ നഷ്ടം വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നു. പ്രവർത്തനത്തിലെ അപാകത, ഉയർന്ന ബസ്-സ്റ്റാഫ് അനുപാതം, ലാഭകരമല്ലാത്ത റൂട്ടുകളിലെ പ്രവർത്തനം, പ്രവർത്തനക്ഷമമല്ലാത്ത ഡിപ്പോകൾ എന്നിവ മൂലമുണ്ടാകുന്ന കനത്ത നഷ്ടം കെഎസ്ആർടിസിക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. കെഎസ്ആർടിസിയുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനായി യാത്രക്കാർക്ക് മികച്ച യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്താൻ കോർപ്പറേഷൻ ശ്രദ്ധിക്കുന്നുണ്ട്.

**വെല്ലുവിളികൾ**

എല്ലാ ഗ്രാമങ്ങളെയും ബന്ധിപ്പിക്കുന്നതും എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായതുമായ റോഡുകൾ നിർമ്മിക്കുക എന്നതാണ് റോഡ് മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. റോഡുകളുടെ ദൈർഘ്യത്തിന്റെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് താരതമ്യേന ഭേദപ്പെട്ട സ്ഥാനമുണ്ടെങ്കിലും, പല റോഡുകളുടെയും ഗുണനിലവാരം മോശമാണ് എന്നതാണ് വസ്തുത. അതുകൊണ്ടുതന്നെ, പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുപകരം നിലവിലുള്ള റോഡുകളുടെ ഗുണനിലവാര മെച്ചപ്പെടുത്തുന്നതിനാണ് സംസ്ഥാനം ശ്രദ്ധനൽകുന്നത്. ഇതിനായി, സംസ്ഥാനത്തെ റോഡ് മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതോടൊപ്പം റോഡ് നിർമ്മാണത്തിനും പരിപാലനത്തിനുമായി ഇന്ത്യൻ റോഡ് കോൺഗ്രസ് (IRC)/കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം (MORTH) എന്നീ സ്ഥാപനങ്ങൾക്ക് ബാധകമായ മാനദണ്ഡങ്ങൾ സംസ്ഥാനവും പിന്തുടരേണ്ടതുണ്ട്. കർശനമായ ഗുണനിലവാര നിയന്ത്രണം,സംസ്ഥാനത്തിന് അനുയോജ്യമായ സ്വാശ്രയ വരുമാന മാതൃകകൾ സ്വീകരിക്കൽ എന്നിവയും അനുപേക്ഷണീയമാണ്. റോഡ് മേഖലയിലെ വികസനത്തിനാവശ്യമായ നിക്ഷേപത്തിന്റെ വലിപ്പം പലപ്പോഴും സർക്കാരിന്റെ പരിമിതമായ വിഭവ ലഭ്യതയ്ക്കുപ്പുറമായതുകൊണ്ട് തന്നെ, റോഡ് നിർമ്മാണത്തിലും തെരഞ്ഞെടുക്കപ്പെട്ട ഹൈവേകളുടെ നിലവാരം ഉയർത്തുന്നതിലും പങ്കാളികളാകാൻ സ്വകാര്യ,സർക്കാരിതര ഏജൻസികൾ/കോർപ്പറേറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കേണ്ടത് അനിവാര്യമാണ്.

സംസ്ഥാനത്തെ ഒട്ടുമിക്ക റോഡുകൾക്കും നിലവിലുള്ള ഗതാഗതത്തിരക്ക് പരിഹരിക്കാൻ മതിയായ വീതിയില്ല. റോഡുകളുടെ നാലിലൊന്നിന് മാത്രമേ രണ്ടുവരി അല്ലെങ്കിൽ നാലുവരി ശേഷി ഉള്ളൂ, മിക്ക റോഡുകളും സിംഗിൾ ലെയ്ൻ അല്ലെങ്കിൽ ഇന്റർമീഡിയറ്റ് ലെയ്ൻ ശേഷി മാത്രം ഉള്ളവയാണ്. മൊത്തം റോഡ് ശൃംഖലയുടെ 8 ശതമാനം മാത്രമുള്ള ദേശീയ, സംസ്ഥാന പാതകളാണ് അന്തർ-നഗര, അന്തർ സംസ്ഥാന ഗതാഗതത്തിന്റെ ഭൂരിഭാഗവും വഹിക്കുന്നത്. ആവശ്യകതയും ലഭ്യതയും തമ്മിലെ വിടവ് കണക്കിലെടുക്കുമ്പോൾ, നിലവിലുള്ള റോഡ് ശൃംഖലയുടെ നിലവാരമുയർത്തേണ്ടത് അനിവാര്യമാണ്. ഗതാഗതക്കുരുക്കും കാലതാമസവും കുറയ്ക്കുക, ലക്ഷ്യസ്ഥാനങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരൽ, അപകടസാധ്യതകൾ കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ നിലവിലുള്ള റോഡ് ശൃംഖല ഗുണപരമായ മാറ്റത്തിന് വിധേയമാക്കേണ്ടതുണ്ട്. പൊതു മരാമത്ത് വകുപ്പിന് കീഴിലുള്ള മിക്ക റോഡുകളും വീതികൂട്ടി റോഡ് സുരക്ഷാ സവിശേഷതകൾ ഉൾപ്പെടുത്തി നവീകരിക്കേണ്ടതുണ്ട്.

**മുന്നോട്ടുള്ള വഴി**

സംസ്ഥാനത്ത് റോഡ് പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതിന് കർമ്മപദ്ധതി തയ്യാറാക്കണം. പ്രൊഫഷണൽ ഡിസൈൻ, മതിയായ ഡ്രെയിനേജ് സൗകര്യങ്ങൾ എന്നിവയോടുകൂടി സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും വീതികൂട്ടുന്നതിന് ഊന്നൽ നൽകണം. ദേശീയ പാത നാലുവരിപ്പാതയാക്കൽ, ഹൈവേകൾ, തീരദേശ ഹൈവേകൾ, ബൈപാസുകൾ തുടങ്ങിയ പുതിയ റോഡ് വികസന സംരംഭങ്ങൾ 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പൂർത്തിയാക്കേണ്ടതുണ്ട്.

ജ്യാമിതീയ മെച്ചപ്പെടുത്തൽ, ജംഗ്ഷൻ മെച്ചപ്പെടുത്തൽ, കാൽനട സൗകര്യങ്ങൾ, യൂട്ടിലിറ്റി ഡക്ടുകൾ, സാങ്കേതിക തിരുത്തലുകൾ എന്നിവ ഉൾപ്പെടുത്തി റോഡുകൾ പുനർനിർമ്മിക്കൽ, അറ്റകുറ്റപ്പണി കരാറുകളിൽ ഏർപ്പെടൽ എന്നിവയിലൂടെ സംസ്ഥാനപാതകളുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും സംസ്ഥാനത്തെ നഗര റോഡുകളുടെയും ഭാവി വികസനം ഏറ്റെടുക്കേണ്ടത് ആവശ്യമാണ്. സർവീസ് നിലവാരം മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ട മറ്റൊരു പ്രശ്നമാണ് റോഡ് സൈഡ് പാർക്കിംഗ്.

**റെയിൽ ഗതാഗതം**

റണ്ണിംഗ് ട്രാക്ക് ഉൾപ്പെടെ ആകെ 2,106 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽവേ ശൃംഖലയുള്ള കേരളത്തിന് ഇന്ത്യയുടെ റെയിൽ ഭൂപടത്തിൽ സുപ്രധാന സ്ഥാനമാണുള്ളത്. ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളുടെ കീഴിലാണ് സംസ്ഥാനത്തെ റെയിൽവേ സംവിധാനം പ്രവർത്തിക്കുന്നത്. 1,075 കിലോമീറ്റർ ആകെ റൂട്ട്

ദൈർഘ്യമുള്ള പാലക്കാട് ഡിവിഷനു കീഴിൽ, 99 മെയിൽ/ എക്സ്പ്രസ്, 60 പാസഞ്ചർ ട്രെയിനുകൾ, 64 ചരക്ക് ട്രെയിനുകൾ എന്നിവ സർവീസ് നടത്തിവരുന്നു. ആകെ 1,031.7 കിലോമീറ്റർ റൂട്ട് ദൈർഘ്യമുള്ള തിരുവനന്തപുരം ഡിവിഷനിന് കീഴിൽ 170 മെയിൽ/ എക്സ്പ്രസ്/പാസഞ്ചർ തീവണ്ടികളും 8 ചരക്ക് തീവണ്ടികളും പ്രതിദിനം സർവീസ് നടത്തുന്നുണ്ട്. സംസ്ഥാനത്തുകൂടി കടന്നുപോകുന്ന എല്ലാ റെയിൽവേ ലൈനുകളും ബ്രോഡ് ഗേജാക്കി മാറ്റിയിട്ടുള്ളതാണ്. രണ്ടു ഡിവിഷനുകളുടെ കീഴിലുമായി സംസ്ഥാനത്ത് ആകെ 200 റെയിൽവേ സ്റ്റേഷനുകളുണ്ട്(പാലക്കാട് ഡിവിഷനിൽ 95, തിരുവനന്തപുരം ഡിവിഷനിൽ 105). സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം തുടങ്ങിയ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. പുതിയ ചില പാതകളുടെ സാധ്യതാപഠനവും റെയിൽവേ മേഖലയിൽ നടക്കുന്നുണ്ട്.

### കേരള റെയിൽ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ. ആർ.ഡി.സി.എൽ)

കേരള സർക്കാരിന് 51 ശതമാനവും ഭാരത സർക്കാരിന് 49 ശതമാനവും ഇക്വിറ്റി വിഹിതമുള്ള ഒരു സംയുക്ത സംരംഭമാണ് കേരള റെയിൽ വികസന കോർപ്പറേഷൻ ലിമിറ്റഡ്(കെ.ആർ.ഡി.സി.എൽ). ചെലവ് പങ്കിടൽ രീതിയിൽ കേരളത്തിലെ പ്രധാന റെയിൽവേ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രത്യേക ഉദ്ദേശ സ്ഥാപനം(എസ്.പി.വി) രൂപീകരിച്ചത്. കമ്പനിക്ക് 100 കോടി രൂപയുടെ പ്രാരംഭ മൂലധനം ഉണ്ട്, അത് ഏറ്റെടുക്കേണ്ട പ്രോജക്റ്റുകളുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കാൻ കഴിയും.

### അർദ്ധ അതിവേഗ റെയിൽ പദ്ധതി(സിൽവർലൈൻ)

കാസറഗോഡിനെയും തിരുവനന്തപുരത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന 529.45 കിലോമീറ്റർ ദൈർഘ്യം വരുന്ന അർദ്ധ അതിവേഗ റെയിൽ ഇടനാഴി (സിൽവർ ലൈൻ) മണിക്കൂറിൽ 200 കിലോമീറ്റർ വേഗതയിൽ ട്രെയിൻ ഓടിക്കാൻ പ്രാപ്തമാക്കുന്ന റെയിൽ പദ്ധതിയാണ്. 1,435 എം.എം സ്റ്റാൻഡേർഡ് ഗേജും ഇരട്ട ട്രാക്കും ഉള്ള പദ്ധതിക്ക് തുടക്കത്തിൽ 9 കോച്ചുകളുള്ള റോളിംഗ് സ്റ്റോക്കാണ് ഉണ്ടായിരിക്കുക. ഇത് 12 ആക്കി ഉയർത്താനാവും. പദ്ധതി സാധ്യമാവുന്നതോടുകൂടി സംസ്ഥാനത്തിന്റെ വടക്ക്-തെക്ക് അറ്റങ്ങൾ തമ്മിലുള്ള റെയിൽ ഗതാഗതം സുഗമമാവുകയും യാത്ര സമയം നിലവിലുള്ള 10-12 മണിക്കൂറിൽ നിന്ന് 4 മണിക്കൂറായി ചുരുങ്ങുകയും ചെയ്യും. പൂർണ്ണമായും ഒരു ഹരിത പദ്ധതിയായാണ് സിൽവർ ലൈൻ വിഭാവനം ചെയ്തിരിക്കുന്നത്. 11 ജില്ലകളിലൂടെ കടന്നുപോകുന്ന പദ്ധതിക്ക് 11 സ്റ്റേഷനുകളുണ്ട്. ഇത് വിമാനത്താവളങ്ങൾ, ഐടി പാർക്കുകൾ, ആശുപത്രികൾ, സാംസ്കാരിക സ്ഥാപനങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ എന്നിവയെയും ബന്ധിപ്പിക്കും. സിൽവർ ലൈൻ റോഡ് വാഹനങ്ങളെയും ട്രക്കുകളെയും നിരത്തിൽ നിന്നും ഒഴിവാക്കുകയും കാർബൺ ഡൈ ഓക്സൈഡിന്റെ ബഹിർഗമനം കുറയ്ക്കുകയും ചെയ്യും. പരിസ്ഥിതി വികസന കേന്ദ്രത്തിന്റെ പരിസ്ഥിതി ആഘാത വിലയിരുത്തൽ റിപ്പോർട്ട് പ്രകാരം, സിൽവർ ലൈൻ പദ്ധതി പത്തുവർഷത്തിനുള്ളിൽ ഏകദേശം 3,51,940 ടൺ കാർബൺഡയോക്സൈഡ് പുറന്തള്ളൽ കുറയ്ക്കും.

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ) പാരീസിലെ M/s സിസ്ട്രോവ വഴി സിൽവർ ലൈൻ പദ്ധതിക്കായി ഡി.പി.ആർ തയ്യാറാക്കി. ഇതിന് കേരള സർക്കാർ അംഗീകാരം നൽകി. പദ്ധതി ചെലവ് 63,941 കോടി രൂപയായി കണക്കാക്കുന്ന റിപ്പോർട്ടിൽ 2025-ഓടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിക്ക് ഇന്ത്യാ ഗവൺമെന്റിന്റെ റെയിൽവേ മന്ത്രാലയം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്, എന്നിരുന്നാലും റെയിൽവേ പദ്ധതികൾക്കായി നിലവിലുള്ള മാനദണ്ഡങ്ങളും സമ്പ്രദായങ്ങളും അനുസരിച്ച് വിശദമായ പഠനത്തിനും ശേഷം പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ റെയിൽവേ ബോർഡ് ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് അനുമതി നൽകുകയും കെ.ആർ.ഡി.സി.എൽ-നെ എസ്.പി.വി യായി തെരഞ്ഞെടുക്കുകയും ചെയ്തു.

തലശ്ശേരി മുതൽ മൈസൂർ വരെയുള്ള ബ്രോഡ്-ഗേജ് ലൈൻ (240 കി.മീ), 27 റോഡ് ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണവും കമ്മീഷൻ ചെയ്യലുമാണ്. കെ.ആർ. ഡി.സി.എൽ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മറ്റ് പദ്ധതികൾ. അങ്കമാലി-ശബരി റെയിൽ പദ്ധതിയുടെ ലിഡാർ സർവ്വേ പ്രവർത്തനങ്ങൾ ഏജൻസി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്.

### കൊച്ചി മെട്രോ റെയിൽ പദ്ധതി

കൊച്ചി നഗരത്തിന്റെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള സർക്കാർ വിഭാവനം ചെയ്ത സുപ്രധാന പദ്ധതിയാണ് കൊച്ചി മെട്രോ റെയിൽ പദ്ധതി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഓഹരി പങ്കാളിത്തവും സംയുക്ത ഉടമസ്ഥതയുമുള്ള ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്(കെ.എം.ആർ.എൽ) ആണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. 6,218.14 കോടി രൂപ ചെലവിൽ(പുതുക്കിയത്) ആലുവ മുതൽ പേട്ട മുതൽ വരെ 25.2 കിലോമീറ്റർ നീളത്തിൽ 22 സ്റ്റേഷനുകളോടുകൂടിയ പൂർണ്ണമായും ഉയർത്തിയ മെട്രോ വയഡക്ടുകളോടുകൂടിയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്(ബ്ലൂ ലൈൻ) 2012 ജൂലൈയിൽ കേന്ദ്ര സർക്കാർ അനുമതി നൽകുകയും 2017 ജൂൺ 19-ന് ഇത് കമ്മീഷൻ ചെയ്യുകയും ചെയ്തു.

ഘട്ടം I (പേട്ട മുതൽ തൃപ്പൂണിത്തുറ ടെർമിനൽ വരെ) വിപുലീകരണം രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നു, ഘട്ടം IA പേട്ട മുതൽ എസ്എൻ ജംഗ്ഷൻ (1.80 കിലോമീറ്റർ) വരെ ഘട്ടം IB എസ്എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ ടെർമിനൽ വരെ (1.2 കിലോമീറ്റർ)യാണ്. ഘട്ടം IA, 7,10.93 കോടിയുടെ ചെലവിൽ 2022 സെപ്റ്റംബറിൽ കമ്മീഷൻ ചെയ്തു. 448.33 കോടി രൂപ മൊത്തം പദ്ധതിച്ചെലവുള്ള ഘട്ടം IB 2024 ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കെ.എം.ആർ.എൽ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്(MOUHA)സമർപ്പിച്ച പുതുക്കിയ വിശദമായ പദ്ധതി രേഖ,ബദൽ വിശകലന റിപ്പോർട്ട്, സമഗ്ര പദ്ധതി എന്നിവ പരിഗണിച്ചുകൊണ്ട്, ജെ.എൻ.എൽ സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള(11.2 കി.മി) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്(പിങ്ക് ലൈൻ) കേന്ദ്ര സർക്കാരിന്റെ എക്സ്പെൻഡിച്ചർ വകുപ്പ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 1,957.05 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ


ശിലാസ്ഥാപനം 2022 സെപ്റ്റംബറിൽ നടക്കുകയുണ്ടായി. മെട്രോയുടെ തുടക്കം മുതൽ റൈഡർഷിപ്പിൽ സുസ്ഥിരമായ വളർച്ചയുണ്ടായി, ഇത് യാത്രക്കാർക്കും ജനങ്ങൾക്കും ഇടയിൽ അതിന്റെ വർദ്ധിച്ചുവരുന്ന ജനപ്രീതിയെ സൂചിപ്പിക്കുന്നു. 2021 ജൂലൈയിൽ കോവിഡിന് ശേഷമുള്ള കാലയളവിൽ, മെട്രോ വഴി യാത്ര ചെയ്യുന്ന യാത്രക്കാരുടെ എണ്ണം പ്രതിദിനം 12,000 മാത്രമായിരുന്നു. എന്നിരുന്നാലും, ഇത് 2022 സെപ്റ്റംബറിൽ 75,000 ആയും 2023 ഓഗസ്റ്റിൽ ഏകദേശം 90,000 ആയും വർദ്ധിച്ചു. 2022-23 സാമ്പത്തിക വർഷത്തിലെ (ഏപ്രിൽ, 2022 മുതൽ മാർച്ച്, 2023 വരെ) ശരാശരി പ്രതിദിന യാത്രക്കാരുടെ എണ്ണം 68,153 ആണ്. 2023-24 സാമ്പത്തിക വർഷത്തിലെ (ഏപ്രിൽ, 2023 മുതൽ ഓഗസ്റ്റ്, 2023 വരെ) ശരാശരി പ്രതിദിന യാത്രക്കാരുടെ എണ്ണം 86,726 ആണ്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ) 2022-23 സാമ്പത്തിക വർഷത്തിൽ 5.35 കോടി രൂപ പ്രവർത്തന ലാഭം നേടിയിട്ടുണ്ട്. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ 2017-2023 കാലയളവിലെ വരുമാനവും ചെലവും **ചിത്രം.11.1.6** ൽ നല്കിയിരിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ 78.00 കോടി രൂപയായിരുന്ന കൊച്ചി മെട്രോയുടെ മൊത്ത വരുമാനം 2022-23 സാമ്പത്തിക വർഷത്തിൽ 132.00 കോടി രൂപയായി ഉയർന്നു. 2023 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷന് വരുമാന ഇനത്തിൽ 67.00 കോടി രൂപ ലഭിച്ചു. കൊച്ചി മെട്രോയുടെ മൊത്ത റവന്യൂ ചെലവ് 2021-22 ൽ 113.00 കോടി രൂപ ആയിരുന്നത് 2022-23 ൽ 127 കോടി രൂപയായി വർദ്ധിച്ചു. 2021-22ൽ 97 ലക്ഷമായിരുന്ന യാത്രക്കാരുടെ എണ്ണം 2022-23 ൽ 249 ലക്ഷമായി ഉയർന്നു. കൊച്ചി മെട്രോയുടെ പ്രവർത്തനക്ഷമത കാണിക്കുന്ന പ്രധാന സൂചകങ്ങൾ **അനുബന്ധം 11.1.22**-ൽ നൽകിയിരിക്കുന്നു. ഒരു സംസ്ഥാനത്തെ വിവിധ നഗരങ്ങളിൽ മെട്രോ റെയിൽ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിന് ഒരു പ്രത്യേക ഉദ്ദേശ സ്ഥാപനം മാത്രമേ സംസ്ഥാനങ്ങൾ രൂപീകരിക്കാവൂ എന്ന കേന്ദ്ര സർക്കാരിന്റെ ഹൗസിംഗ് ആൻഡ് അർബൻ അഫയേഴ്സ് മന്ത്രാലയത്തിന്റെ (MoHUA) നിർദ്ദേശാനുസൃതം, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്(കെ.ആർ.ടി.എൽ) നടപ്പാക്കിയിരുന്ന തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതിയുടെ വികസനവും ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിലെ മേൽപ്പാലങ്ങളുടെ നിർമ്മാണവും കേരള സർക്കാർ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്(കെ.എം.ആർ.എൽ) കൈമാറി. കൂടാതെ, ലൈറ്റ് മെട്രോ പദ്ധതികൾക്കായി പുതുക്കിയ വിശദമായ പദ്ധതി രേഖ തയ്യാറാക്കാനുള്ള ചുമതലയും കൊച്ചി മെട്രോയെ ഏൽപ്പിച്ചിട്ടുണ്ട്. അർബൻ മാസ് ട്രാൻസിറ്റ് കമ്പനി ലിമിറ്റഡ് (യു.എം.ടി.സി) തയ്യാറാക്കിയ തിരുവനന്തപുരത്തിനായുള്ള ബദൽ വിശകലന റിപ്പോർട്ടും (എ.എ.ആർ) കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാനും (സി.എം.പി) സർക്കാരിന്റെ പരിഗണനയിലാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനായി കെഎംആർഎൽ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ (ഡി.എം.ആർ.സി) ഏല്പിച്ചിട്ടുണ്ട്.

### കൊച്ചി വാട്ടർ മെട്രോ പദ്ധതി

കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി കൊച്ചി മെട്രോ റെയിൽ കോർപറേഷൻ ലിമിറ്റഡ്(കെ.എം.ആർ.എൽ)ഉം സംസ്ഥാന സർക്കാരും യഥാക്രമം 74 ശതമാനം 26 ശതമാനം വിഹിതം പങ്കാളികളായി രൂപീകരിച്ച പ്രത്യേക ഉദ്ധേശ സ്ഥാപനമാണ്(എസ്.പി.വി)യാണ് കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് (കെ.ഡബ്ല്യു.എം.എൽ). ഭൂമി ഏറ്റെടുക്കൽ ഉൾപ്പടെ പദ്ധതിയുടെ ആകെ ചെലവ് 1,136.83 കോടി രൂപയാണ്, അതിൽ 908.76 കോടി രൂപ ജർമ്മൻ ബാങ്കായ കെ.എഫ്ഡബ്ലിയും, 228.07 കോടി

**ചിത്രം. 11.1.6** കൊച്ചി മെട്രോ പദ്ധതിയുടെ വരുമാനവും ചെലവും, 2017 മുതൽ 2023 വരെ,(കോടി രൂപയിൽ)




അവലംബം: കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.ആർ.എൽ)

**ബോക്സ് 11.1.2** കൊച്ചി വാട്ടർ മെട്രോ

ജലപാതകളിലൂടെ നഗരത്തിന്റെ വിവിധ ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന നൂതനവും സുസ്ഥിരവുമായ ഗതാഗത മാർഗ്ഗമെന്ന നിലയിൽ 2023 ഏപ്രിൽ 25ന് ഇന്ത്യയിലാദ്യമായി പരിസ്ഥിതി സൗഹൃദമായ ഒരു സംയോജിത ജലഗതാഗത സംവിധാനമായ കൊച്ചി വാട്ടർ മെട്രോ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു. പത്ത് (10) ദ്വീപ് സമൂഹങ്ങളിലായി മുപ്പത്തിയെട്ട് (38) ജെട്ടികളെ ബന്ധിപ്പിക്കുന്ന പതിനഞ്ച് (15) തിരഞ്ഞെടുക്കപ്പെട്ട റൂട്ടുകളാണ് വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുന്നത്. കൂടാതെ 2 ബോട്ട് യാർഡുകളും വാട്ടർ മെട്രോയുടെ ഭാഗമാണ്. ഈ 15 റൂട്ടുകളുടെ മൊത്തം നീളം 76.2 ലൈൻ കിലോ മീറ്ററാണ്. 34,000 ദ്വീപുവാസികൾക്ക് വാട്ടർ മെട്രോയുടെ പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാസഞ്ചർ സർവീസിനായി 78 പരിസ്ഥിതി സൗഹൃദ ബോട്ടുകളുണ്ട്, അതിൽ 23 എണ്ണം 100 യാത്രികരെ വഹിക്കാൻ ശേഷിയുള്ളതും ബാക്കി 55 എണ്ണം 50 യാത്രക്കാർക്കുള്ളവയുമാണ്. ഈ പദ്ധതി നഗരത്തിലെ മലിനീകരണവും ഗതാഗതക്കുരുക്കും കുറയ്ക്കുമെന്നും, കൊച്ചി തടാകതീരത്ത് സ്ഥിതി ചെയ്യുന്ന നഗരങ്ങളിലെ കുടുംബങ്ങൾക്ക് പ്രധാന ഭൂപ്രദേശത്തെ വ്യാപാര മേഖലകളിലേക്കുള്ള പ്രവേശനം എളുപ്പമാക്കുമെന്നും പ്രതീക്ഷിക്കുന്നു. ഒരു ഗതാഗത സേവനം എന്നതിലുപരി, സ്ഥലത്തിന്റെ വാണിജ്യ വികസനം, ടൂറിസം അധിഷ്ഠിത സംരംഭങ്ങൾ എന്നിവയിലൂടെ മെച്ചപ്പെട്ട ഉപജീവനമാർഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു സാമൂഹിക ഗതാഗത സംവിധാനമായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2022-ൽ മികച്ച വാണിജ്യ പാസഞ്ചർ ഇലക്ട്രിക് ബോട്ടുകൾക്കുള്ള ഫ്രാൻസിലെ പ്രശസ്തമായ ഗസ്സി(Gussie)അവാർഡ് വാട്ടർ മെട്രോയ്ക്ക് ലഭിച്ചു.

അവലംബം: കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് (കെ.ഡബ്ല്യു.എം.എൽ)

സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെ വിശദാംശങ്ങൾ **ബോക്സ് 11.1.2** ൽ നൽകിയിരിക്കുന്നു.

2023 ഓഗസ്റ്റ് വരെ, കൊച്ചി വാട്ടർമെട്രോ 13,754 ഷെഡ്യൂളുകളിലായി മൊത്തം 52,004 കിലോമീറ്റർ ദൈർഘ്യം സർവീസ് നടത്തിയിട്ടുണ്ട്. ഇപ്രകാരം വാട്ടർ മെട്രോ 1.82 കോടി രൂപ മൊത്ത വരുമാനം നേടി. ഈ കാലയളവിൽ 9 ബോട്ടുകളിലായി 7,87,000 യാത്രക്കാരാണ് വാട്ടർമെട്രോയിൽ യാത്ര ചെയ്തത്. വാട്ടർ മെട്രോയുടെ പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ **അനുബന്ധം 11.1.23** ൽ നൽകിയിരിക്കുന്നു.

### വ്യോമ ഗതാഗതം

ലോകത്തിലെ വളരെ വേഗത്തിൽ വളരുന്ന വ്യോമ ഗതാഗത വ്യവസായ മേഖലകളിലൊന്നാണ് ഇന്ത്യയുടെ വ്യോമയാന മേഖല. എയർപോർട്ട് കൗൺസിൽ ഇന്റർനാഷണലിന്റെ ദീർഘകാല പ്രവചനമനുസരിച്ച്, 1.1 ബില്യൺ യാത്രക്കാരുടെ യാത്രാ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് 2041 ഓടെ ഇന്ത്യയുടെ വ്യോമ രംഗം 2022-നെ അപേക്ഷിച്ച് 339 ശതമാനം വളർച്ച കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷന്റെ കണക്കനുസരിച്ച് 2025 ഓടെ ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ വ്യോമയാന വിപണിയാകുമെന്ന് വിലയിരുത്തപ്പെടുന്നു.


വ്യോമയാന വ്യവസായത്തിന്റെ നിലവിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നിലവിലുള്ള നിയന്ത്രണങ്ങൾ നവീകരിക്കുകയും കാര്യക്ഷമമാക്കുകയും ലളിതമാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത അംഗീകരിക്കുന്ന കരട് എയർക്രാഫ്റ്റ് ബിൽ, 2023 സിവിൽ ഏവിയേഷൻ മന്ത്രാലയം അടുത്തിടെ അവതരിപ്പിച്ചു. പുതിയ നിയന്ത്രണത്തിന്റെ ലക്ഷ്യം വിമാനങ്ങളുടെ രൂപകൽപ്പന, നിർമ്മാണം, കൈവശം വയ്ക്കൽ, ഉപയോഗം, ഓപ്പറേഷൻ, വിൽപന, ഇറക്കുമതി, കയറ്റുമതി എന്നിവയുടെ നിയന്ത്രണത്തിനായി കൂടുതൽ മെച്ചപ്പെട്ട വ്യവസ്ഥകൾ ഉണ്ടാക്കുക എന്നതാണ് ഇന്ത്യയിൽ വിമാന യാത്രയ്ക്കുള്ള വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിക്കുമ്പോൾ പശ്ചാത്തല വികസനവും പിന്തുണയുള്ള സർക്കാർ നയങ്ങളും ഈ മേഖലയിൽ ആവശ്യമായി വന്നിരിക്കുന്നു.

2019-ൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം സ്ഥാപിതമായതോടെ, സംസ്ഥാനത്തിന് നാല് പ്രവർത്തനക്ഷമമായ അന്താരാഷ്ട്ര വിമാനത്താവളങ്ങളുണ്ട്. കൂടാതെ, കേരളത്തിലെ വ്യോമയാന വ്യവസായം സമീപകാലത്ത് അതിവേഗം വളരുന്ന ഒന്നായി മാറിയിരിക്കുന്നു. ഈ നാല് വിമാനത്താവളങ്ങളിൽ, കൊച്ചി, കണ്ണൂർ വിമാനത്താവളങ്ങൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ(പി.പി.പി) വികസിപ്പിച്ചവയാണ്, തിരുവനന്തപുരം വിമാനത്താവളം പി.പി.പി രീതിയിൽ വികസിപ്പിക്കുന്നതിനായി അദാനി ഗ്രൂപ്പിന് കൈമാറി, കോഴിക്കോട് വിമാനത്താവളം എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ (എ.എ.ഐ) ഉടമസ്ഥതയിലാണ്.

### കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം (സിയാൽ)

ഇന്ത്യയിലെ ആദ്യത്തെ ഗ്രീൻഫീൽഡ് വിമാനത്താവളമായ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം കാനഡയിലെ മോണ്ട്രിയലിൽ പ്രവർത്തിക്കുന്ന എയർപോർട്ട് കൗൺസിൽ ഇന്റർനാഷണൽ (എസി.ഐ.എ) 2016-ൽ എയർപോർട്ട് സർവീസ് ക്വാളിറ്റി (എ.എസ്.ക്യു) സർവേയുടെ അടിസ്ഥാനത്തിൽ, 50 മുതൽ 150 ലക്ഷം വരെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുന്ന മൂന്നാമത്തെ മികച്ച വിമാനത്താവളമായി സിയാൽ അഥവാ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം തിരഞ്ഞെടുക്കപ്പെട്ടു. വിമാനത്താവളത്തിന്റെ പുതുക്കിയ അഭ്യന്തര ടെർമിനലിന് ആറ് ലക്ഷം ചതുരശ്ര അടി വിസ്തീർണം കൂടാതെ 3,400 മീറ്റർ നീളവും 45 മീറ്റർ വീതിയുമുള്ള കോഡ് ഇ റൺവേയുമുണ്ട്. തിരക്കുള്ള സമയങ്ങളിൽ 2,000 യാത്രക്കാരെ ചെക്ക് ഇൻ ചെയ്യാനുള്ള 56 ചെക്ക് ഇൻ കൗണ്ടറുകളും, 11 ഗേറ്റുകൾ, ഏഴ് എയ്റോ ബ്രിഡ്ജുകൾ എന്നിവ ഉൾപ്പെടുന്ന അത്യാധുനിക സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. 2022-23ൽ 8.9 ദശലക്ഷം യാത്രക്കാരെ ലക്ഷ്യസ്ഥാനത്തിലെത്തിച്ച സിയാൽ, രാജ്യാന്തര മേഖലയിൽ രാജ്യത്തെ മൂന്നാമത്തെ വലിയ വിമാനത്താവളമായി മാറി. 2022-

**ചിത്രം. 11.1.7** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരുടെ(ആഭ്യന്തരവും അന്താരാഷ്ട്രവുമായ) എണ്ണം സംബന്ധിക്കുന്ന വിശദാംശങ്ങൾ, 2019 മുതൽ 2023 വരെ




അവലംബം : കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)

23 സാമ്പത്തിക വർഷത്തിൽ സിയാൽ 770.91 കോടി രൂപയുടെ റെക്കോർഡ് വരുമാനം നേടുകയുണ്ടായി. ഇത് അതുവരെയുള്ള വർഷങ്ങളിലെ വാർഷിക വരുമാനത്തെക്കാൾ കൂടുതലാണ്. എയർപോർട്ട് ഇക്കണോമിക് റെഗുലേറ്ററി അതോറിറ്റിയുടെ (എ.ഇ.ആർ.എ) അംഗീകൃത താരിഫ് കാർഡ് പ്രകാരം എയറോ ഇതര വരുമാനത്തിന്റെ (യുഡിഎഫ്) ശേഖരണവും എയറോനോട്ടിക്കൽ താരിഫുകളിലെ വർദ്ധനവുമാണ് വരുമാനത്തിൽ ഗണ്യമായ വർദ്ധനവിന് കാരണമായത്. 2019 മുതൽ 2023 വരെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരുടെ (ആഭ്യന്തരവും അന്താരാഷ്ട്രവുമായ) എണ്ണം സംബന്ധിക്കുന്ന വിശദാംശങ്ങൾ **ചിത്രം.11.1.7** ൽ ചിത്രീകരിച്ചിരിക്കുന്നു.


മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി 25,742 അന്താരാഷ്ട്ര സർവ്വീസുകളും 35,490 ആഭ്യന്തര സർവ്വീസുകളും നടത്തിയിട്ടുണ്ട്. 2021-22ൽ വിമാനത്താവളത്തിലൂടെ 17,546 അന്താരാഷ്ട്ര വിമാന സർവീസുകളും, 25,649 ആഭ്യന്തര വിമാന സർവ്വീസുകളുമായിരുന്നു നടത്തിയിരുന്നത്. യാത്രക്കാരുടെ എണ്ണത്തിൽ 41.76 ശതമാനം വർദ്ധനവുണ്ടാവുകയും 2022-23 ൽ വിമാനത്താവളത്തിലൂടെ 42,13,648 അന്താരാഷ്ട്ര യാത്രക്കാരെയും 47,13,648 അഭ്യന്തര യാത്രക്കാരെയും (2021-22 ൽ വിമാനത്താവളത്തിലൂടെ 22,31,256 അന്താരാഷ്ട്ര യാത്രക്കാരെയും 25,27,401 ) അഭ്യന്തര യാത്രക്കാരെയും ലക്ഷ്യസ്ഥാനങ്ങളിലെത്തിച്ചു. 2022-23ൽ മൊത്തം 89.29 ലക്ഷം യാത്രക്കാർ എയർപോർട്ടിന്റെ സേവനം വിനിയോഗിച്ചതിലൂടെ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് അന്താരാഷ്ട്ര ട്രാഫിക്കിന്റെ കാര്യത്തിൽ രാജ്യത്തെ മൂന്നാമത്തെ വിമാനത്താവളമായി മാറുകയുണ്ടായി. 2022-23ൽ ചരക്ക് നീക്കത്തിൽ 22 ശതമാനം വർദ്ധനവുണ്ടായി, മുൻവർഷത്തെ 59,582 മെട്രിക് ടണ്ണിൽ നിന്ന് 2022-23ൽ 72,818.20 മെട്രിക് ടൺ കാർഗോ കൈകാര്യം ചെയ്തു. 2022-23 സാമ്പത്തിക വർഷത്തിൽ എയർപോർട്ട് ഓപ്പറേഷനിൽ നിന്ന് സിയാൽ 75,936.48 ലക്ഷം രൂപ വരുമാനം നേടിയിട്ടുണ്ട്, മുൻ സാമ്പത്തിക വർഷം ഇത് 40,398.11 ലക്ഷം രൂപയായിരുന്നു. അതായത്, 2021-22 സാമ്പത്തിക വർഷത്തേക്കാൾ 2022-23ൽ 87.97 ശതമാനം വർദ്ധനവാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ഏയർപോർട്ട് ഓപ്പറേഷനിൽ നിന്നും നേടിയത്.

### കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം(കിയാൽ)

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണത്തിനും പ്രവർത്തനത്തിനുമായി കേരള സർക്കാർ സ്ഥാപിച്ച ഒരു കമ്പനിയാണ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് അഥവാ കിയാൽ. കിയാൽ രണ്ട് ഘട്ടങ്ങളിലായാണ് വിമാനത്താവള പദ്ധതി വികസിപ്പിക്കുന്നത്. ആദ്യ ഘട്ടം 2016-17 മുതൽ 2025-26 വരെയും രണ്ടാം ഘട്ടം 2026-27 മുതൽ 2045-46 വരെയും ആണ്. ആദ്യഘട്ടം 2018 ഡിസംബറിൽ ഉദ്ഘാടനം ചെയ്തു. മധ്യ കിഴക്കൻ മേഖലയിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികൾക്ക് (എൻ.ആർ.കെ) ഏറെ പ്രയോജനപ്രദമായ ഈ വിമാനത്താവളം വിനോദസഞ്ചാരവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതോടൊപ്പം നിരവധി തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നുണ്ട്.

3,050 മീറ്റർ (10,006.56 അടി) നീളമുള്ള റൺവേ, 96,000 ചതുരശ്ര മീറ്റർ ടെർമിനൽ കെട്ടിടം, 20 പാർക്കിംഗ് സ്റ്റാൻഡുകൾ (ഏപ്രോൺ), 22,000 ചതുരശ്ര മീറ്റർ കാർ/ബസ് പാർക്കിംഗ്, 1,200 ചതുരശ്ര അടി എയർ ട്രാഫിക കണ്ട്രോൾ/ടെക്നിക്കൽ ബിൽഡിംഗ്, ഏപ്രോൺ ഏരിയയ്ക്ക് സമീപത്തായുള്ള 7,750 ച.മീ വിസ്തീർതിയുള്ള ഗ്രൗണ്ട് സർവീസ് എക്യുപ്മെന്റ് പാർക്കിംഗ് ഏരിയ എന്നിവയാണ് വിമാനത്താവളത്തിലെ സൗകര്യങ്ങൾ. 2022-23 ൽ, കണ്ണൂർ വിമാനത്താവളത്തിൽ നിന്ന്

**ചിത്രം 11.1.8** കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരുടെ(ആഭ്യന്തരവും അന്താരാഷ്ട്രവുമായ) എണ്ണം, 2019 മുതൽ 2023 വരെ.




അവലംബം : കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്(കിയാൽ)

സർവ്വീസ് നടത്തിയ ആഭ്യന്തര വിമാനങ്ങളുടെ എണ്ണം മുൻ സാമ്പത്തിക വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏതാണ്ട് മാറ്റമില്ലാതെ തുടർന്നു. 2022-23 ൽ 5,727 ആഭ്യന്തര വിമാന സർവീസുകൾ നടത്തി, 2021-22 ൽ ഇത് 5,730 ആയിരുന്നു. ആഭ്യന്തര വിമാന യാത്രയിൽ നിന്ന് വ്യത്യസ്തമായി, വിമാനത്താവളം 2021-22 ൽ 4,130 അന്താരാഷ്ട്ര വിമാനങ്ങളുടെ എണ്ണത്തിൽ നിന്ന് 2022-23 ൽ 6,212 ആയി ഉയർന്നു, ഇത് അന്താരാഷ്ട്ര ഫ്ലൈറ്റ് ഓപ്പറേഷനിൽ 50.41 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുകയുണ്ടായി.

2022-23ൽ, മുൻവർഷത്തേക്കാൾ 58.75 ശതമാനം യാത്രക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. 2022-23ൽ കൈകാര്യം ചെയ്ത മൊത്തം യാത്രക്കാരുടെ എണ്ണം 12,46,003 ആണ്, ഇതിൽ ആഭ്യന്തര യാത്രക്കാരുടെ എണ്ണം 4,03,713 ഉം അന്താരാഷ്ട്ര യാത്രക്കാരുടെ എണ്ണം 8,42,290 ഉം ആണ്.

2023-24ൽ (2023 ഓഗസ്റ്റ് വരെ) 1,65,549 ആഭ്യന്തര യാത്രക്കാരും 3,18,298 അന്താരാഷ്ട്ര യാത്രക്കാരും ഉൾപ്പടെ മൊത്തം 4,83,847 യാത്രക്കാർ യാത്ര ചെയ്യുകയുണ്ടായി. 2019 മുതൽ 2023 വരെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം വഴി സഞ്ചരിച്ച യാത്രക്കാരുടെ എണ്ണം സംബന്ധിക്കുന്ന (ആഭ്യന്തരവും അന്താരഷ്ട്രവുമായ) വിശദാംശങ്ങൾ **ചിത്രം 11.1.8** ൽ നൽകിയിട്ടുണ്ട്

2022-23ൽ (2023 ഓഗസ്റ്റ് വരെ), വിമാനത്താവളം 3,865 മെട്രിക് ടൺ (കയറ്റുമതി), 1.61 മെട്രിക് ടൺ (ഇറക്കുമതി) ചരക്ക് കൈകാര്യം ചെയ്തു. 2022-23 സാമ്പത്തിക വർഷത്തിൽ കിയാലിന്റെ വരുമാനം 115.17 കോടി രൂപയും നടപ്പു സാമ്പത്തിക വർഷം 2023 ഓഗസ്റ്റ് വരെ വരുമാനം 41.06 കോടി രൂപയുമാണ്.

### തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

കേരളത്തിൽ തിരുവനന്തപുരം ജില്ലയിൽ 1932-ൽ സ്ഥാപിക്കപ്പെട്ട തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സംസ്ഥാനത്തെ ആദ്യത്തെ വിമാനത്താവളമാണ്. എയർ ഇന്ത്യ വിമാനങ്ങൾ ഒഴികെയുള്ള ആഭ്യന്തര വിമാന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് ടെർമിനൽ 1 ഉം എല്ലാ അന്താരാഷ്ട്ര വിമാന പ്രവർത്തനങ്ങളും നിയന്ത്രിക്കുന്ന ടെർമിനൽ 2 ഉം ഉൾപ്പടെ വിമാനത്താവളത്തിന് രണ്ട് ടെർമിനലുകളാണുള്ളത്. 700 ഏക്കർ (280 ഹെക്ടർ) വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് 11,178 അടി (3,407 മീറ്റർ) നീളമുള്ള റൺവേയുണ്ട്. കേരളത്തിലെ രണ്ടാമത്തെ തിരക്കേറിയ വിമാനത്താവളവും ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ പതിനാലാമത്തെ വിമാനത്താവളവുമാണിത്. വിമാനത്താവളത്തിൽ നിന്ന് അന്താരാഷ്ട്ര ഗതാഗതം പ്രധാനമായും മിഡിൽ ഈസ്റ്റേൺ, തെക്ക് കിഴക്കൻ രാജ്യങ്ങളിലേക്കാണ് നടത്തുന്നത്.

2022-23ൽ 12,229 രാജ്യാന്തര വിമാനങ്ങളും 11,984 ആഭ്യന്തര വിമാനങ്ങളും വിമാനത്താവളത്തിൽ നിന്ന് സർവ്വീസ് നടത്തിയിട്ടുണ്ട്. തിരുവനന്തപുരം വിമാനത്താവളം വഴി 17,65,212 അന്തർദേശീയ യാത്രക്കാരും 17,20,414 ആഭ്യന്തര യാത്രക്കാരും യാത്ര ചെയ്തു . 2022-23ൽ 16,980 മെട്രിക് ടൺ കാർഗോയാണ് വിമാനത്താവളം കൈകാര്യം ചെയ്തത്.

### ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതി

ശബരിമല തീർഥാടകരുടെ സൗകര്യാർത്ഥം കോട്ടയം ജില്ലയിലെ എരുമേലിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം. ശബരിമല തീർഥാടകർക്ക് വ്യോമ യാത്ര സൗകര്യം ലഭ്യമാകുമെന്നത് കൂടാതെ സംസ്ഥാനത്തെ വിനോദ സഞ്ചാര വികസനത്തിനും പത്തനംതിട്ട, കോട്ടയം,

ഇടുക്കി ജില്ലകളിലെ പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവേകാനും പദ്ധതിക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാഞ്ഞിരപ്പള്ളി താലൂക്കിലെ മണിമല പഞ്ചായത്തിലെ ചെറുവള്ളി എസ്റ്റേറ്റിൽ 2,263 ഏക്കർ (9.16 കി.മീ2) ശബരിമല ക്ഷേത്ര വഴിമദ്ധ്യേ ഉള്ള സ്ഥലത്താണ് നിർദ്ദിഷ്ട പദ്ധതി വരുന്നത്. പദ്ധതിയുടെ മാസ്റ്റർ പ്ലാൻ അനുസരിച്ച്, വിമാനത്താവളത്തിന് 08/26 അലൈൻമെന്റിൽ 3,500 മീറ്ററിൽ കുറയാത്ത റൺവേ നീളമുണ്ടാകും. ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട് പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിശാസ്ത്രപരമായ വസ്തുതകൾക്ക ബിസാഗ്-എൻ പരിപാലിക്കുന്ന പിഎം ഗതി ശക്തി നാഷണൽ മാസ്റ്റർ പ്ലാൻ പോർട്ടലുമായി സംയോജിപ്പിച്ച് സിവിൽ ഏവിയേഷൻ മന്ത്രാലയം (MoCA) സൈറ്റ് ക്ലിയറൻസ് 2023 ഏപ്രിലിൽ അനുവദിക്കുകയുണ്ടായി. ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി സ്റ്റഡി (TEFS), പരിസ്ഥിതി ആഘാത വിലയിരുത്തൽ (EIA), ഭൂമി ഏറ്റെടുക്കൽ എന്നിവ നടത്തുന്നതിന് സാങ്കേതികമായി കഴിവുള്ള ഒരു ഏജൻസിയെ കണ്ടെത്തുന്നതിനുള്ള ചുമതല കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.എസ്. ഐ.ഡി.സി) ഏൽപ്പിച്ചു. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം കമ്മീഷൻ ചെയ്യുന്നതോടെ ഇത് സംസ്ഥാനത്തെ അഞ്ചാമത്തെ അന്താരാഷ്ട്ര വിമാനത്താവളമായി മാറും.

### എയർ സ്ട്രിപ്പുകളും ഹെലിപോർട്ടുകളും

സംസ്ഥാനത്തിനകത്ത് ജില്ലകൾക്കിടയിൽ തടസ്സമില്ലാത്ത വിമാനയാത്ര ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തിരഞ്ഞെടുത്ത ജില്ലകളിൽ എയർ സ്ട്രിപ്പുകളും മറ്റുള്ളവയിൽ ഹെലിപോർട്ടുകളും ഹെലിപാഡുകളുമുള്ള വിപുലമായ എയർ കണക്റ്റിവിറ്റി പദ്ധതിയാണ് സംസ്ഥാനം എയർ സ്ട്രിപ്പുകളുടെയും ഹെലിപോർട്ടുകളുടെയും നിർമ്മാണത്തിലൂടെ ലക്ഷ്യമിടുന്നത്. 8 മുതൽ 10 വരെ സീറ്റുകളുള്ള ചെറിയ ഒറ്റ എഞ്ചിൻ വിമാനങ്ങൾ പ്രവർത്തിപ്പിച്ച് സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് എയർലൈൻ സർവ്വീസ് നടത്താനാണ് എയർസ്ട്രിപ്പ് പദ്ധതിയിട്ടിരിക്കുന്നത്. കാസറഗോഡ് ബേക്കലിലും വയനാട്ടിലെ കൽപ്പറ്റയിലും ഇടുക്കിയിലും പ്രാരംഭഘട്ടത്തിൽ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്. അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോർട്ടുകളായി പ്രവർത്തിപ്പിക്കുന്നതിന് പ്രാദേശിക കണക്റ്റിവിറ്റി പദ്ധതിയായ 'ഉഡാൻ'(UDAN) പ്രകാരം നിർദ്ദിഷ്ട എയർ സ്ട്രിപ്പുകൾ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## ജലഗതാഗതം

ഏറ്റവും പഴക്കമേറിയതും ചെലവുകുറഞ്ഞതുമായ ഗതാഗത മാർഗ്ഗമാണ് ജലഗതാഗതം. ജലഗതാഗതത്തിന്റെ പ്രവർത്തനച്ചെലവും വളരെ കുറവാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളെ ബന്ധിപ്പിക്കുന്നതിനും വിദേശവ്യാപാരത്തിന് ഒഴിച്ചുകൂടാനാകാത്തതിനാലും ഗതാഗത മേഖലയിൽ ജലഗതാഗതം വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. കേരളത്തിൽ റോഡ്, റെയിൽ ഗതാഗതം എന്നിവയ്ക്ക് ഒരു അനുബന്ധ ഗതാഗതമാർഗ്ഗമാണ് ജലഗതാഗതം. വലിയ വാഹക ശേഷിയും ദൂരത്തേക്ക് വൻതോതിൽ സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള അനുയോജ്യതയും ജലഗതാഗതത്തെ കൂടുതൽ ആകർഷകമാക്കുന്നു. ജലഗതാഗതത്തിന്റെ കാര്യക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുന്നതിന്, നാവിഗേഷന്റെ ഭാഗമായി ഒരു സമഗ്ര ചട്ടക്കൂട് സ്ഥാപിക്കേണ്ടതുണ്ട്. തീരദേശ ഷിപ്പിംഗ്, വിദേശ വ്യാപാരം, ഉൾനാടൻ ജലഗതാഗതം എന്നിവ സുഗമമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന തുറമുഖങ്ങളുടെയും ഉൾനാടൻ ജലപാതകളുടെയും മൊത്തത്തിലുള്ള വികസനം ലക്ഷ്യമാക്കിയുള്ള ഈ മേഖലയുടെ പ്രവർത്തനം, വിവിധ സർക്കാർ പദ്ധതികളുടെയും നയങ്ങളുടെയും ഫലപ്രാപ്തി എന്നിവ ഈ വിഭാഗത്തിൽ അവലോകനം ചെയ്യുന്നു.

### തുറമുഖ മേഖല

ആഗോളതല വ്യാപാരത്തിന്റെയും ഉൽപ്പാദന വിതരണ ശൃംഖലയുടെയും നട്ടെല്ലാണ് സമുദ്ര ഗതാഗതം. തുറമുഖങ്ങൾ, ഷിപ്പിംഗ്, കപ്പൽ നിർമ്മാണം, കപ്പൽ അറ്റകുറ്റപ്പണികൾ, ഉൾനാടൻ ജലഗതാഗത സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഇന്ത്യയിലെ സമുദ്രഗതാഗതമേഖല. തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന്റെ കണക്കനുസരിച്ച്, ഇന്ത്യയ്ക്ക് സർക്കാർ ഉടമസ്ഥതയിലുള്ള 12 വൻകിട തുറമുഖങ്ങളും ഏകദേശം 200 ചെറുകിട, ഇടത്തരം തുറമുഖങ്ങളും ഉണ്ട്. മന്ത്രാലയത്തിന്റെ വാർഷിക റിപ്പോർട്ട് 2022-23 അനുസരിച്ച്, ഇന്ത്യൻ ഷിപ്പിംഗ് വ്യവസായം വർഷങ്ങളായി ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയുടെ ഗതാഗത മേഖലയിൽ നിർണായക പങ്ക് വഹിച്ചു വരുന്നു. ഇന്ത്യയുടെ വ്യാപാരത്തിന്റെ അളവിൽ 95 ശതമാനവും മൂല്യത്തിന്റെ 68 ശതമാനവും മാരിടൈം ട്രാൻസ്പോർട്ട് വഴിയാണ് നടക്കുന്നത്. അതിനാൽ, ഷിപ്പിംഗ്, സമുദ്ര വിഭവങ്ങൾ, കപ്പലിന്റെ രൂപകൽപ്പനയും നിർമ്മാണവും, തുറമുഖങ്ങളും ഹാർബറുകളും, മാനവ വിഭവശേഷി വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ധനകാര്യം, അനുബന്ധപ്രവർത്തനങ്ങൾ, പുതിയ സാങ്കേതികവിദ്യകൾ എന്നിവ മാറ്റങ്ങൾക്കനുസൃതമായി വികസിപ്പിക്കേണ്ടതുണ്ട്. ലോകത്തിലെ ഏറ്റവും കാര്യക്ഷമമായ ഗതാഗത മാർഗ്ഗമെന്ന നിലയിൽ ഷിപ്പിംഗ് വെല്ലുവിളികളില്ലാതെ തുടരുന്നു. തുറമുഖ, ഹാർബർ നിർമ്മാണ, പരിപാലന പദ്ധതികൾക്കായി ഓട്ടോമാറ്റിക് റൂട്ടിൽ 100 ശതമാനം വരെ നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്ഡിഐ) ഇന്ത്യാ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. 2022 ഡിസംബർ 31 വരെയുള്ള കണക്കുകൾ അനുസരിച്ചു ഇന്ത്യയിലെ വൻകിട തുറമുഖങ്ങൾക്ക് പ്രതിവർഷം 2604.99 ദശലക്ഷം ടൺ (എംടിപിഎ) ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷിയുണ്ട് . 2022-23 -ൽ, ഇന്ത്യയിലെ വൻകിട ചെറുകിട തുറമുഖങ്ങൾ ഏകദേശം 1433.39 ദശലക്ഷം ടൺ ചരക്ക് കൈകാര്യം ചെയ്തു .

ഇന്ത്യയുടെ 7,517 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശം, 14,500 കിലോമീറ്റർ സഞ്ചാരയോഗ്യമായ ജലപാതകൾ, പ്രധാന അന്തർദ്ദേശീയ സമുദ്ര വ്യാപാര പാതകളിൽ തന്ത്രപ്രധാനമായ സ്ഥാനം എന്നിവ പ്രയോജനപ്പെടുത്തുന്നതിനും, പുതിയവയുടെ നവീകരണത്തിലൂടെയും വികസനത്തിലൂടെയും രാജ്യത്ത് തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള വികസനം പ്രോത്സാഹിപ്പിക്കുന്നതിനും ഇന്ത്യാ ഗവൺമെന്റ് സാഗർമാല പരിപാടി ആരംഭിച്ചു. തുറമുഖ ആധുനികവത്ക്കരണം, കണക്റ്റിവിറ്റി

വർദ്ധിപ്പിക്കൽ, തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കൽ, തീരദേശ സമൂഹ വികസനം, തീരദേശ ഷിപ്പിംഗിന്റെയും ഉൾനാടൻ ജലപാതകളുടെയും പ്രോത്സാഹനം എന്നിവയാണ് ഈ പ്രോഗ്രാമിന് കീഴിൽ വരുന്ന ഘടകങ്ങൾ. ടി പദ്ധതിയുടെ കീഴിൽ സാഗർമാല പ്രോഗ്രാമിന് കീഴിൽ 5.40 ലക്ഷം കോടി രൂപയുടെ നിക്ഷേപത്തോടുകൂടി 802 പ്രോജക്ടുകളാണുള്ളത്. ഇതിൽ 1.12 ലക്ഷം കോടി രൂപയുടെ 220 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2.21 ലക്ഷം കോടി രൂപയുടെ 231 പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. മേൽപ്പറഞ്ഞവ കൂടാതെ 2.07 ലക്ഷം കോടി രൂപയുടെ 351 പദ്ധതികൾ വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഈ പദ്ധതികൾ അതാത് കേന്ദ്ര മന്ത്രാലയങ്ങൾ, സംസ്ഥാന സർക്കാരുകൾ, വൻകിട തുറമുഖങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയിലൂടെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ അല്ലെങ്കിൽ പി പി പി മാതൃകയിൽ നടപ്പിലാക്കുന്നു. സാഗർമാല പ്രോജക്റ്റിന് കീഴിൽ ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ ഒരു സംഗ്രഹം **പട്ടിക11.1.3** ൽ നൽകിയിരിക്കുന്നു.

ഇന്ത്യാ ഗവൺമെന്റ് സാഗർമാല ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് (എസ് ഡി സി എൽ) രൂപീകരിക്കുകയും പദ്ധതി ആവശ്യകത അനുസരിച്ച്, ഇന്ത്യാ ഗവൺമെന്റും മൾട്ടി-ലാറ്ററൽ, ഉഭയകക്ഷി ഫണ്ടിംഗ് ഏജൻസികളിൽ നിന്നും നൽകുന്ന വിഭവങ്ങൾ പ്രയോജനപ്പെടുത്തി ഡെറ്റ്/ഇക്വിറ്റി രൂപത്തിൽ (ദീർഘകാല മൂലധനമായി) ഇത് ഫണ്ട് സ്വരൂപിക്കുകയും ചെയ്യുന്നുണ്ട്. സാഗർമാല പ്രോഗ്രാമിന്റെ അംഗീകൃത ഘടന അനുസരിച്ച്, അനുബന്ധ മന്ത്രാലയങ്ങൾ, സംസ്ഥാന സർക്കാരുകൾ/സംസ്ഥാന മാരിടൈം ബോർഡുകൾ (എസ്എംബികൾ), എസ്.പി.വികൾ പദ്ധതികൾ നടപ്പിലാക്കുന്നു. എസ്ഡിസിഎൽ ഒരു ഫണ്ടിംഗ് വിൻഡോ നൽകുകയും ശേഷിക്കുന്ന പദ്ധതികൾ മാത്രം നടപ്പിലാക്കുകയും ചെയ്യുന്നതാണ്. മറ്റേതെങ്കിലും മാർഗ്ഗം/ മാതൃക വഴി ഫണ്ടിംഗ് ലഭ്യമല്ലാത്ത ശേഷിക്കുന്ന പദ്ധതികൾ മാത്രം നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

## ഇന്ത്യയിലെ തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം

### ഇന്ത്യയിലെ പ്രധാന വൻകിട തുറമുഖങ്ങൾ

ലോക സമ്പദ്‌വ്യവസ്ഥയിലെ വികസനം, അതായത് ലോക വരുമാനത്തിലും വ്യാപാരത്തിലുമുള്ള വളർച്ചയാണ് സമുദ്ര ഗതാഗത പ്രവർത്തനങ്ങളെ നയിക്കുന്നത്. അതിനാൽ, തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന സമുദ്രമാർഗ്ഗം വഴിയുള്ള ചരക്ക് ഗതാഗതത്തിന്റെ അളവ് പ്രധാനമായും രൂപപ്പെടുന്നത് ആഗോളവും ആഭ്യന്തരവുമായ പ്രവർത്തനങ്ങളിലെ മാറ്റങ്ങൾ ഉൾകൊണ്ടുകൊണ്ടാണ്. 2022-23-ൽ ഇന്ത്യയിലെ 12 വൻകിട തുറമുഖങ്ങളിലെ ചരക്കുഗതാഗതം 8.8 ശതമാനം വർദ്ധിച്ച് 783.50 ദശലക്ഷം ടണ്ണായി രേഖപ്പെടുത്തുകയുണ്ടായി.

2022-23 ഏപ്രിൽ-മാർച്ച് കാലയളവിൽ വൻകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്കുഗതാഗതത്തിൽ പാരദീപ് തുറമുഖം 16.6 ശതമാനം ഉയർന്ന വളർച്ച രേഖപ്പെടുത്തി, തുടർന്ന് ശ്യാമ പ്രസാദ് മുഖർജി തുറമുഖം, ഹാൽദിയ (13.4 ശതമാനം), കാമരാജർ തുറമുഖം (12.6 ശതമാനം), വി.ഒ. ചിദംബരം തുറമുഖം, തൂത്തുക്കുടി (11.1 ശതമാനം), ജവഹർലാൽ നെഹ്റു തുറമുഖ അതോറിറ്റി (ജെഎൻപിഎ) (10.4 ശതമാനം), ശ്യാമ പ്രസാദ് മുഖർജി തുറമുഖം, കൊൽക്കത്ത (9.6 ശതമാനം), ദീൻദയാൽ തുറമുഖം (ഡിപിഎ) (7.7 ശതമാനം), വിശാഖപട്ടണം തുറമുഖം (വിപിഎ) (6.8 ശതമാനം), മുംബൈ തുറമുഖം (6.2 ശതമാനം), ന്യൂ മംഗളൂരു തുറമുഖ അതോറിറ്റി (എൻഎംപിഎ) (5.4 ശതമാനം), കൊച്ചി തുറമുഖം (2.0 ശതമാനം), ചെന്നൈ തുറമുഖവും (0.8 ശതമാനം) വളർച്ച രേഖപ്പെടുത്തുകയുണ്ടായി. 2022-23-ൽ ചരക്ക് ഗതാഗതത്തിൽ നെഗറ്റീവ് വളർച്ച രേഖപ്പെടുത്തിയ വൻകിട തുറമുഖമാണ് മൊർമുഗാവോ തുറമുഖം (6.2 ശതമാനം).


2022-23 ഏപ്രിൽ-മാർച്ച് കാലയളവിൽ വൻകിട തുറമുഖങ്ങളിൽ, ദീൻദയാൽ തുറമുഖം 137.56 ദശലക്ഷം

**പട്ടിക 11.1.3** സാഗർമാല പ്രോഗ്രാമിന് കീഴിലുള്ള പദ്ധതികളുടെ സംഗ്രഹം

| ക്രമ നം | പ്രോജക്റ്റ് തീം | ആകെ | | പൂർത്തീകരിച്ചത് | | നടപ്പിലാക്കി കൊണ്ടിരിക്കുന്നത് | |
|---|---|---|---|---|---|---|---|
| | | പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് (കോടി രൂപ) | പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് (കോടി രൂപ) | പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് (കോടി രൂപ) |
| 1 | തുറമുഖ ആധുനികവത്ക്കരണം | 241 | 249660.00 | 89 | 31214.00 | 63 | 64063.00 |
| 2 | കണക്റ്റിവിറ്റി വർദ്ധി പ്പിക്കൽ | 209 | 142226.00 | 69 | 32005.00 | 67 | 76295.00 |
| 3 | തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണം | 33 | 119846.00 | 9 | 45865.00 | 21 | 72706.00 |
| 4 | തീരദേശ സമൂഹ വികസനം | 82 | 11375.00 | 20 | 1482.00 | 19 | 2577.00 |
| 5 | തീരദേശ ഷിപ്പിംഗും ഉൾനാടൻ ജലപാതകളും | 237 | 17235.00 | 33 | 1705.00 | 61 | 5255.00 |
| ആകെ | | 802 | 540341.00 | 220 | 112272.00 | 231 | 220896.00 |

ഉറവിടം: വാർഷിക റിപ്പോർട്ട് 2022-23, തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം


**ചിത്രം 11.1.9** 2022-23 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം




ഉറവിടം : തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം

ടൺ പരമാവധി ചരക്ക് കൈകാര്യം ചെയ്തു, തുടർന്ന് പാരദ്വീപ് തുറമുഖം (135.36 ദശലക്ഷം ടൺ), ജവഹർലാൽ നെഹ്റു തുറമുഖ അതോറിറ്റി (ജെഎൻപിഎ) (83.87 ദശലക്ഷം ടൺ), വിശാഖപട്ടണം തുറമുഖം (വിപിഎ) (73.75 ദശലക്ഷം ടൺ), മുംബൈ തുറമുഖം (63.61 ദശലക്ഷം ടൺ), ചെന്നൈ തുറമുഖം (48.95 ദശലക്ഷം ടൺ), ശ്യാമ പ്രസാദ് മുഖർജി തുറമുഖം, ഹാൽദിയ (48.61 ദശലക്ഷം ടൺ), കാമരാജർ തുറമുഖം (43.51 ദശലക്ഷം ടൺ), ന്യൂ മംഗളൂരു തുറമുഖ അതോറിറ്റി (എൻഎംപിഎ) (41.42 ദശലക്ഷം ടൺ), വി.ഒ. ചിദംബരം തുറമുഖം, തൂത്തുക്കുടി (37.92 ദശലക്ഷം ടൺ), കൊച്ചിൻ തുറമുഖം (35.26 ദശലക്ഷം ടൺ) മൊർമുഗാവോ തുറമുഖം (17.32 ദശലക്ഷം ടൺ), ശ്യാമ പ്രസാദ് മുഖർജി തുറമുഖം, കൊൽക്കത്ത (16.38 ദശലക്ഷം ടൺ) എന്നിങ്ങനെയാണ് ചരക്ക് കൈകാര്യം ചെയ്തിട്ടുള്ളത്. വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത മൊത്തം ചരക്ക് ഗതാഗതത്തിന്റെ പങ്ക് **ചിത്രം– 11.1.9**-ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 11.1.10.** 2022-23 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത വിദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം




ഉറവിടം : തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം

വൻകിട തുറമുഖങ്ങളിൽ, 2022-23-ൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതത്തിൽ യഥാക്രമം ദീൻദയാൽ തുറമുഖം (ഡിപിഎ) 20.6 ശതമാനം വിഹിതത്തോടെ 123.88 ദശലക്ഷം ടൺ പരമാവധി വിദേശ ചരക്ക് കൈകാര്യം ചെയ്തു, തുടർന്ന് ജവഹർലാൽ നെഹ്റു തുറമുഖ അതോറിറ്റി (ജെഎൻപിഎ) (78.97 ദശലക്ഷം ടൺ),പാരദ്വീപ് തുറമുഖം (77.28 ദശലക്ഷം ടൺ), വിശാഖപട്ടണം തുറമുഖം (വിപിഎ) (54.84 ദശലക്ഷം ടൺ), ചെന്നൈ തുറമുഖം (43.03 ദശലക്ഷം ടൺ), ശ്യാമ പ്രസാദ് മുഖർജി തുറമുഖം, ഹാൽദിയ (43.22 ദശലക്ഷം ടൺ), മുംബൈ തുറമുഖം (41.00 ദശലക്ഷം ടൺ), ന്യൂ മംഗളൂരു തുറമുഖ അതോറിറ്റി (എൻഎംപിഎ) (31.96 ദശലക്ഷം ടൺ), കാമരാജർ തുറമുഖം (25.81 ദശലക്ഷം ടൺ), വി.ഒ. ചിദംബരം തുറമുഖം, തൂത്തുക്കുടി (25.23 ദശലക്ഷം ടൺ), കൊച്ചി തുറമുഖം (21.15 ദശലക്ഷം ടൺ), ശ്യാമ പ്രസാദ് മുഖർജി തുറമുഖം, കൊൽക്കത്ത (15.98 ദശലക്ഷം ടൺ), മോർമുഗാവോ തുറമുഖം (15.64 ദശലക്ഷം ടൺ) എന്നിങ്ങനെ ആണ്. 2022-23-ൽ കൈകാര്യം ചെയ്ത വിദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം **ചിത്രം–11.1.10** ൽ കാണിച്ചിരിക്കുന്നു.


വൻകിട തുറമുഖങ്ങളിൽ, പാരദീപ് തുറമുഖം 31.6 ശതമാനം വിഹിതത്തോടെ 58.08 ദശലക്ഷം ടൺ തീരദേശ ചരക്ക് കൈകാര്യം ചെയ്തു, തുടർന്ന് മുംബൈ തുറമുഖം (22.61 ദശലക്ഷം ടൺ), വിശാഖപട്ടണം തുറമുഖം (വിപിഎ) (18.91 ദശലക്ഷം ടൺ), കാമരാജർ തുറമുഖം (17.69 ദശലക്ഷം ടൺ), ദീൻദയാൽ തുറമുഖം (ഡിപിഎ) (13.68 ദശലക്ഷം ടൺ), വി.ഒ. ചിദംബരം തുറമുഖം, തൂത്തുക്കുടി (12.68 ദശലക്ഷം ടൺ), കൊച്ചിൻ തുറമുഖം (12.11 ദശലക്ഷം ടൺ), ന്യൂ മംഗളൂരു തുറമുഖ അതോറിറ്റി (എൻഎംപിഎ) (9.47 ദശലക്ഷം ടൺ), ചെന്നൈ തുറമുഖം (5.92 ദശലക്ഷം ടൺ), ശ്യാമ പ്രസാദ് മുഖർജി തുറമുഖം, ഹാൽദിയ (5.39 ദശലക്ഷം ടൺ), ജവഹർലാൽ നെഹ്റു തുറമുഖ അതോറിറ്റി (ജെഎൻപിഎ) (4.90 ദശലക്ഷം ടൺ), മോർമുഗാവോ തുറമുഖം (1.68 ദശലക്ഷം ടൺ), ശ്യാമ പ്രസാദ് മുഖർജി തുറമുഖം, കൊൽക്കത്ത (0.40 ദശലക്ഷം ടൺ) എന്നിങ്ങനെയാണ്. 2022-23-ൽ കൈകാര്യം ചെയ്ത തീരദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം **ചിത്രം–11.1.11** ൽ കാണിച്ചിരിക്കുന്നു.

2021-22, 2022-23 വർഷങ്ങളിലെ വൻകിട തുറമുഖങ്ങളിലെ ചരക്കു ഗതാഗതം തുറമുഖം തിരിച്ച് **അനുബന്ധം 11.1.24** ൽ നൽകിയിരിക്കുന്നു.

### ഇന്ത്യയിലെ നോൺ– മേജർ തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം


2022-23 ൽ നോൺ- മേജർ തുറമുഖങ്ങളിലെ ചരക്ക് ഗതാഗതം 2021-22 ൽ കൈകാര്യം ചെയ്ത 599.12 ദശലക്ഷം ടണ്ണിൽ നിന്ന് 8.5 ശതമാനം വർദ്ധിച്ച് 649.89 ദശലക്ഷം ടണ്ണായി. സംസ്ഥാന മാരിടൈം ബോർഡുകൾ/ സംസ്ഥാന ഡയറക്ടറേറ്റുകൾ എന്നിവ 2022-23 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം യഥാക്രമം ഗുജറാത്ത് മാരിടൈം ബോർഡ് 64.1 ശതമാനം വിഹിതത്തോടെ 416.34 ദശലക്ഷം ടൺ പരമാവധി ചരക്ക് കൈകാര്യം ചെയ്യുകയും തുടർന്ന് ആന്ധ്രാപ്രദേശ് മാരിടൈം ബോർഡ് (101.45 ദശലക്ഷം ടൺ), മഹാരാഷ്ട്ര മാരിടൈം ബോർഡ് (69.00 ദശലക്ഷം ടൺ), തുറമുഖ ഡയറക്ടറേറ്റ്, ഒഡീഷ (38.71 ദശലക്ഷം ടൺ), തമിഴ്നാട് മാരിടൈം ബോർഡ് (11.24 ദശലക്ഷം ടൺ), തുറമുഖ ഡയറക്ടറേറ്റ്, പുതുച്ചേരി (10.12 ദശലക്ഷം ടൺ), മറ്റുള്ളവ (2.63 ദശലക്ഷം ടൺ) എന്നിങ്ങനെയാണ്. ഇതിൽ മറ്റുള്ളവയിൽ ആൻഡമാൻ

**ചിത്രം 11.1.11.** 2022-23 ഏപ്രിൽ -മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത തീരദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം




എച്ച്ഡിസി-ഹാൽദിയ ഡോക്ക് കോംപ്ലക്സ്, കെഎസ്ഡി- കൊൽക്കത്ത ഡോക്ക് സിസ്റ്റം, എൻഎംപിഎ-ന്യൂ മംഗളൂരു, വിപിഎ-വിശാഖപട്ടണം
ഉറവിടം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം

**ചിത്രം 11.1.12.** നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്ക് ഗതാഗതം (തുറമുഖം തിരിച്ച്)





ഉറവിടം : തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം

നിക്കോബാർ ദ്വീപുകൾ, ഗോവ, കേരളം, കർണാടക എന്നി നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്ക് ഉൾപ്പെടുന്നു. നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന മൊത്തം ചരക്കു ഗതാഗതത്തിന്റെ പങ്ക് **ചിത്രം 11.1.12**-ൽ കാണിച്ചിരിക്കുന്നു.

2022-23 ഏപ്രിൽ-മാർച്ച് കാലയളവിൽ നോൺ-മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം 2021-22 ഏപ്രിൽ-മാർച്ച് കാലയളവിലെ 509.05 ദശലക്ഷം ടണ്ണിൽ നിന്ന് 4.3 ശതമാനം വർദ്ധിച്ച് 530.89 ദശലക്ഷം ടണ്ണായി. നോൺ-മേജർ തുറമുഖങ്ങളിൽ, 2022-23 ഏപ്രിൽ-മാർച്ച് വരെയുള്ള കാലയളവിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം യഥാക്രമം ഗുജറാത്ത് മാരിടൈം ബോർഡ് 69.7 വിഹിതവുമായി 369.95 ദശലക്ഷം ടൺ പരമാവധി വിദേശ ചരക്ക് കൈകാര്യം ചെയ്യുകയും, ആന്ധ്രാപ്രദേശ് മാരിടൈം ബോർഡ് (78.49 ദശലക്ഷം ടൺ), തുറമുഖങ്ങളുടെ ഡയറക്ടറേറ്റ്, ഒഡീഷ (35.62 ദശലക്ഷം ടൺ), മഹാരാഷ്ട്ര മാരിടൈം ബോർഡ് (25.10 ദശലക്ഷം ടൺ), തമിഴ്നാട് മാരിടൈം ബോർഡ് (10.60 ദശലക്ഷം

**ചിത്രം 11.1. 13.** 2022-23 ഏപ്രിൽ-മാർച്ച് കാലയളവിൽ നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം




ഉറവിടം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം
*ഗോവ, കേരളം എന്നിവിടങ്ങളിലെ നോൺ-മേജർ തുറമുഖങ്ങളിൽ ഈ കാലയളവിൽ വിദേശ ചരക്ക് ഗതാഗതം രേഖപ്പെടുത്തിയിട്ടില്ല.

ടൺ), പുതുച്ചേരി (10.12 ദശലക്ഷം ടൺ), മറ്റുള്ളവ (1.01 ദശലക്ഷം ടൺ) ഇതിൽ ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, കർണാടക എന്നീ നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് ഉൾപ്പെടുന്നു. നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതത്തിന്റെ പങ്ക് **ചിത്രം 11.1.13** ൽ കാണിച്ചിരിക്കുന്നു.

2022-23 ഏപ്രിൽ-മാർച്ച് കാലയളവിൽ നോൺ-മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം 2021-22 ഏപ്രിൽ-മാർച്ച് കാലയളവിൽ കൈകാര്യം ചെയ്ത 90.07 ദശലക്ഷം ടണ്ണിൽ നിന്ന് 32.1 ശതമാനം വർദ്ധിച്ച് 119.00 ദശലക്ഷം ടണ്ണായി രേഖപ്പെടുത്തിയിട്ടുണ്ട്. നോൺമേജർ തുറമുഖങ്ങളിൽ, 2022-23 ഏപ്രിൽ-മാർച്ച് വരെയുള്ള കാലയളവിൽ നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം യഥാക്രമം ഗുജറാത്ത് മാരിടൈം ബോർഡ് 39.0 ശതമാനം വിഹിതത്തോടെ 46.39 ദശലക്ഷം ടൺ പരമാവധി തീരദേശ ചരക്ക് കൈകാര്യം ചെയ്യുകയും, മഹാരാഷ്ട്ര മാരിടൈം ബോർഡ് (43.90 ദശലക്ഷം ടൺ), ആന്ധ്രാപ്രദേശ് മാരിടൈം ബോർഡ് (22.96 ദശലക്ഷം ടൺ), തുറമുഖങ്ങളുടെ ഡയറക്ടറേറ്റ്, ഒഡീഷ (3.09 ദശലക്ഷം ടൺ), ആൻഡമാൻ നിക്കോബാർ ദ്വീപുകൾ (1.72 ദശലക്ഷം ടൺ), തമിഴ്നാട് മാരിടൈം ബോർഡ് (0.64 ദശലക്ഷം ടൺ), മറ്റുള്ളവ (0.30 ദശലക്ഷം ടൺ) ഇതിൽ ഗോവ, കേരള, കർണാടക എന്നീ നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്ക് ഉൾപ്പെടുന്നു. നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതത്തിന്റെ പങ്ക് **ചിത്രം 11.1.14** ൽ കാണിച്ചിരിക്കുന്നു.

2021-22, 2022-23 വർഷങ്ങളിലെ നോൺ മേജർ തുറമുഖങ്ങളിലെ ചരക്കു ഗതാഗതം തുറമുഖം തിരിച്ച് **അനുബന്ധം 11.1.25** നൽകിയിരിക്കുന്നു.

വൻകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും ശേഷി വർദ്ധിപ്പിക്കലും തുടർച്ചയായ പ്രക്രിയയാണ്. വൻകിട തുറമുഖങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി നവീകരണത്തിനും പുതിയ ബർത്തുകളുടെയും ടെർമിനലുകളുടെയും നിർമ്മാണം, നിലവിലുള്ള ബർത്തുകളുടെയും ടെർമിനലുകളുടെയും യന്ത്രവൽക്കരണം, വലിയ കപ്പലുകൾ ആകർഷിക്കുന്നതിനുള്ള ഡ്രാഫ്റ്റുകളുടെ ആഴം കൂട്ടുന്നതിനുള്ള മൂലധന ഡ്രെഡ്ജിംഗ്, റോഡ്, റെയിൽ കണക്റ്റിവിറ്റി വികസനം തുടങ്ങി നിരവധി പദ്ധതികൾ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി നടപ്പിലാക്കി വരുന്നു.


### കേരളത്തിലെ തുറമുഖങ്ങൾ

കേരളത്തിന്റെ തീരദേശത്തിനു ഏകദേശം 590 കിലോമീറ്റർ നീളമുണ്ട്. കൊച്ചിയിൽ ഒരു വൻകിട തുറമുഖവും 17 നോൺ മേജർ തുറമുഖങ്ങളും വിഴിഞ്ഞത്ത് പിപിപി മോഡിൽ വികസിപ്പിച്ചുകൊണ്ടിരിക്കുന്നതും വരാനിരിക്കുന്നതുമായ മറ്റൊരു ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖവും ഉണ്ട്. കേരളത്തിലെ 17 നോൺ മേജർ തുറമുഖങ്ങളിൽ നാലെണ്ണം ബെർത്തിംഗ്, ചരക്ക് കൈകാര്യം ചെയ്യൽ, സംഭരണ സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇന്റർമീഡിയറ്റ് തുറമുഖങ്ങളായി കണക്കാക്കപ്പെടുന്നു. വിഴിഞ്ഞം, ബേപ്പൂർ-കോഴിക്കോട്, അഴീക്കൽ, കൊല്ലം തുറമുഖങ്ങളാണ് അവ. ഇതുകൂടാതെ കോട്ടയം നാട്ടകത്ത് ഒരു ഉൾനാടൻ തുറമുഖവുമുണ്ട്.

### കേരള മാരിടൈം ബോർഡ് (കെ എം ബി )

2017 സെപ്റ്റംബറിൽ കേരള മാരിടൈം ബോർഡ് ആക്ട് അംഗീകാരം ലഭിച്ചതിന് ശേഷമാണ് കേരള മാരിടൈം ബോർഡ് നിലവിൽ വന്നത്. ഈ നിയമം അനുസരിച്ച്, കേരളത്തിലെ നോൺ മേജർ തുറമുഖങ്ങൾക്കായിട്ടാണ് കെഎംബി രൂപീകരിച്ചത്, കൂടാതെ ഈ നോൺ മേജർ

**ചിത്രം 11.1. 14** 2022-23 ഏപ്രിൽ -മാർച്ച് വരെയുള്ള കാലയളവിൽ നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം




ഉറവിടം: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയ
* പുതുച്ചേരിയിലെ ചെറുകിട തുറമുഖങ്ങൾ ഈ കാലയളവിൽ തീരദേശ ചരക്ക് ഗതാഗതം കൈകാര്യം ചെയ്തില്ല.

തുറമുഖങ്ങളുടെ ഭരണം, നിയന്ത്രണം, മാനേജ്മെന്റ് എന്നിവ കെ എം ബി യിൽ നിക്ഷിപ്തമാണ്. ഡയറക്ടറേറ്റ് ഓഫ് പോർട്ട്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള മാരിടൈം സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ സംയോജിപ്പിച്ചാണ് സർക്കാർ കെഎംബി രൂപീകരിച്ചത്.ഒരു ചെയർമാൻ, ഒരു വൈസ് ചെയർമാൻ, 6 എക്സ് ഒഫീഷ്യോ അംഗങ്ങളും നാല് നോമിനേറ്റഡ് അംഗങ്ങളും അടങ്ങുന്നതാണ് ബോർഡ്. തുറമുഖവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും തുറമുഖങ്ങളുടെ നവീകരണവും ഷിപ്പിംഗ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തലും കേരള മാരിടൈം ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

2022-23 കാലയളവിലെ കേരള മാരിടൈം ബോർഡിന്റെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്.

- കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ വെബ് പോർട്ടൽ സ്ഥാപിച്ചു.
- ഇ-ഓഫീസ്, പരിശീലനം, കാര്യശേഷി വർദ്ധിപ്പിക്കൽ, അന്വേഷണം, ആസൂത്രണം, ഗവേഷണം, വികസന പ്രവർത്തനങ്ങൾ എന്നിവയിലൂടെ തുറമുഖ മേഖലയിൽ തടസ്സരഹിത ഭരണം.
- കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖത്ത് ഓട്ടോമേറ്റഡ് കാർഗോ ഹാൻഡ് ലിംഗ് ഗിയറുകൾ പൂർത്തിയായി.
- ലക്ഷദ്വീപിനെ ബേപ്പൂർ തുറമുഖവുമായി ബന്ധിപ്പിക്കുന്ന സ്ഥിരയാത്ര സേവനങ്ങൾ ആരംഭിച്ചു.
- വിഴിഞ്ഞം തുറമുഖം മാലിദ്വീപിലേക്ക് പ്രതിവാര കപ്പൽ പ്രവർത്തനങ്ങൾ നടത്തുവാൻ ആരംഭിച്ചു.
- അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ കണ്ടെയ്നർ കൈകാര്യം ചെയ്യുന്ന ക്രെയിൻ കമ്മീഷൻ ചെയ്തു.

### കേരള ഇൻലാൻഡ് വെസ്സൽ (കെഐവി) നിയമങ്ങൾ, 2010

2010 സെപ്റ്റംബർ 15-ന് കെ ഐ വി നിയമങ്ങൾ നിലവിൽ വന്നു. തുറമുഖ വകുപ്പ് ഡയറക്ടറായിരുന്നു നിർവഹണ അധികാരി, എന്നാൽ ഇപ്പോൾ നിയമങ്ങൾ നടപ്പിലാക്കൽ കെഎംബിയിൽ നിക്ഷിപ്തമാണ്. കെഐവി ചട്ടങ്ങൾ പ്രകാരം വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നിവയുൾപ്പെടെ 6 പോർട്ട് ഓഫ് രജിസ്ട്രികളുണ്ട്. കെ ഐ വി നിയമങ്ങൾ അനുസരിച്ച്, കപ്പലുകളുടെ രജിസ്ട്രേഷൻ കാലയളവ് 5 വർഷമായി തീരുമാനിക്കുകയും വാർഷിക സർവ്വേ സർട്ടിഫിക്കറ്റ് 1 വർഷത്തേക്ക് സാധുതയുള്ളതുമാണ്. ഈ രണ്ട് സർട്ടിഫിക്കറ്റുകളും കപ്പലിന്റെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. കൂടാതെ, 3 വർഷത്തിലൊരിക്കൽ ഡ്രൈ ഡോക്കിൽ കപ്പലുകൾ സർവ്വേ ചെയ്യണം. കെഐവി ചട്ടങ്ങൾ അനുസരിച്ച്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് 3 വർഷത്തേക്ക് വയബിലിറ്റി സർട്ടിഫിക്കറ്റും ഒരു വർഷത്തേക്ക് തേർഡ് പാർട്ടി ഇൻഷുറൻസും നൽകിയാൽ മാത്രമേ ഹൗസ് ബോട്ടുകൾക്ക് സർവ്വേ സർട്ടിഫിക്കറ്റ് നൽകാവൂ എന്നൊരു നിബന്ധനയും നിലവിലുണ്ട്.

### രജിസ്റ്റർ ചെയ്ത വെസ്സലുകൾ

രജിസ്റ്റർ ചെയ്ത വെസ്സലുകൾ പാസഞ്ചർ വെസ്സൽ, സ്പീഡ് ബോട്ട്, ഹൗസ് ബോട്ട്, ചരക്ക് കപ്പൽ, ഫ്ലോട്ടിംഗ് റിസോർട്ട്, മോട്ടോർ ബോട്ട്, കട്ടർ സെക്ഷൻ ഡ്രെഡ്ജർ, ജങ്കാർ, ഷിക്കാരസ്, ടഗ്, റെസ്ക്യൂ ബോട്ട്, ക്രൂയിസ് ബോട്ട് എന്നിവയാണ്. 2022-23ൽ 1120 വെസ്സലുകൾ പരിശോധിച്ചതിൽ 830 വെസ്സലുകൾ തികച്ചും മെച്ചമായതും 290 എണ്ണം തകരാറിലായവയാണെന്നും കണ്ടെത്തുകയുണ്ടായി. തുറമുഖ വകുപ്പ് കെഐവി നിയമങ്ങൾ നടപ്പാക്കുന്നതിനാൽ, പരിശോധനകൾ നടത്തുകയും കപ്പലുകളുടെ രജിസ്ട്രേഷൻ സുഗമമാക്കുകയും ചെയ്യുന്നു. വിശദാംശങ്ങൾ **പട്ടിക 11.1.4**, **11.1.5** എന്നിവയിൽ നൽകിയിരിക്കുന്നു.

2022-23ൽ 623 വെസ്സലുകളാണ് (ഇതിൽ ബ്രേക്ക് ബൾക്ക് ഷിപ്പ്, മിനി കണ്ടെയ്നർ വെസ്സൽ, പാസഞ്ചർ വെസ്സൽ, മിനി ബൾക്ക് വെസ്സൽ, ഉരുക്കൾ,

**പട്ടിക11.1.4** കെഐവി നടപ്പിലാക്കുന്നതിനായി നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ

| ക്രമ നം | ഇനങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|
| 1 | പരിശോധിച്ച വെസ്സലുകളുടെ എണ്ണം | 852 | 846 | 770 | 580 | 651 | 1120 |
| 2 | തൃപ്തികരമായി പരിശോധന പൂർത്തീകരിച്ച വെസ്സലുകളുടെ എണ്ണം | 573 | 615 | 527 | 435 | 485 | 830 |
| 3 | പരിശോധനയിൽ പോരായ്മകൾ കണ്ടെത്തിയ വെസ്സലുകളുടെ എണ്ണം | 279 | 231 | 243 | 145 | 166 | 290 |
| 4 | പുറപ്പെടുവിച്ച ഡിറ്റൻഷൻ ഉത്തരവുകളുടെ എണ്ണം | 42 | 21 | 73 | 16 | 17 | 45 |

ഉറവിടം: കേരള മാരിടൈം ബോർഡ്

**പട്ടിക 11.1.5** കേരളത്തിൽ രജിസ്റ്റർ ചെയ്ത കപ്പലുകളുടെ എണ്ണം( കെ.ഐ.വി നിയമപ്രകാരം)

| ക്രമ നം | ഇനങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|
| 1 | കാറ്റഗറി എ | 29 | 37 | 23 | 6 | 1 | 5 |
| 2 | കാറ്റഗറി ബി | 133 | 154 | 169 | 158 | 192 | 224 |
| 3 | പുതിയതായി നിർമ്മിച്ച വെസ്സലുകൾ | 12 | 21 | 43 | 37 | 56 | 80 |
| 4 | രജിസ്ട്രേഷൻ പേര് മാറ്റിയവ | 49 | 37 | 52 | 73 | 109 | 122 |
| | ആകെ | 223 | 249 | 287 | 274 | 358 | 431 |

ഉറവിടം: കേരള മാരിടൈം ബോർഡ്

**പട്ടിക 11.1.6** കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ 2019 മുതൽ 2023 വരെ കൈകാര്യം ചെയ്ത ചരക്ക ഗതാഗതം (അളവ് ടണ്ണിൽ)

| വർഷം | ഇറക്കുമതി | | | കയറ്റുമതി | | | ആകെ |
|---|---|---|---|---|---|---|---|
| | തീരദേശ | വിദേശ | ആകെ | തീരദേശ | വിദേശ | ആകെ | |
| 2019 | 92542 | 4459 | 97001 | 122380 | 3767 | 126147 | 223148 |
| 2020 | 37338 | 908 | 38246 | 115968 | 0 | 115968 | 154214 |
| 2021 | 8074 | 119 | 8193 | 41118 | 69 | 41187 | 49380 |
| 2022 | 57253 | 0 | 57253 | 264989 | 549 | 265538 | 322791 |
| 2023 | 7648 | 0 | 7648 | 233216 | 0 | 233216 | 240864 |
| ആകെ | 202855 | 5486 | 208341 | 777671 | 4385 | 782056 | 990397 |

ഉറവിടം: കേരള മാരിടൈം ബോർഡ്

റിസർച്ച് വെസ്സലുകൾ, ബാർജുകൾ, യാച്ചുകൾ എന്നിവ ഉൾപ്പെടുന്നു) സംസ്ഥാനത്തെ പ്രവർത്തന തുറമുഖങ്ങളിൽ എത്തി ചേർന്നത്. 348 എണ്ണം ബേപ്പൂരിലും 227 എണ്ണം വിഴിഞ്ഞത്തും, 48 എണ്ണം കൊല്ലത്തും എത്തി ചേർന്നു. വിശദ വിവരങ്ങൾ **അനുബന്ധം 11.1.28** നൽകിയിട്ടുണ്ട്.

**കേരളത്തിലെ ഇന്റർമീഡിയറ്റ് തുറമുഖങ്ങളിലും മൈനർ തുറമുഖങ്ങളിലും കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം**

കഴിഞ്ഞ അഞ്ച് വർഷമായി കേരളത്തിലെ ഇന്റർമീഡിയറ്റ് തുറമുഖങ്ങളിലും മൈനർ തുറമുഖങ്ങളിലും കൈകാര്യം ചെയ്ത ചരക്കുകളുടെ വിശദാംശങ്ങൾ **പട്ടിക 11.1.6** കൊടുത്തിരിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക പരിശോധിക്കുമ്പോൾ, കേരളത്തിലെ ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ അളവിൽ വലിയ ഏറ്റക്കുറച്ചിലുകൾ കാണപ്പെടുന്നു. ഈ അഞ്ച് വർഷങ്ങളിലും, കയറ്റുമതി ചരക്ക് (കയറ്റുമതി = തീരദേശവും വിദേശവും) ഇറക്കുമതി ചരക്കുകളേക്കാൾ കൂടുതലാണ് (ഇറക്കുമതി = തീരദേശവും വിദേശവും). കേരളത്തിൽ നിന്നുള്ള മൊത്തം ചരക്ക കയറ്റുമതി 2019ൽ 1,26,147 ടണ്ണും 2022-2023ൽ 2,33,216 ടണ്ണുമായിരുന്നു.

കേരളത്തിൽ 4 തുറമുഖങ്ങളിൽ മാത്രമാണ് ചരക്ക് കൈകാര്യം ചെയ്യുന്നത്. അവ, ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം എന്നിവയാണ് (വിശദാംശങ്ങൾ **അനുബന്ധം 11.1.26** ൽ കാണിച്ചിരിക്കുന്നു).

**കേരളത്തിലെ തുറമുഖങ്ങളിൽ നിന്നുള്ള വരുമാനം**

2019 മുതൽ 2023 വരെ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ നിന്ന് സമാഹരിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 11.1.7**-ൽ നൽകിയിരിക്കുന്നു. 2021ൽ കോവിഡ് കാരണം മൊത്തം വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. 2023-ൽ, എല്ലാ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ നിന്നും ശേഖരിച്ച ആകെ വരുമാനം 46.01 കോടി രൂപയാണ്. ഒരു തുറമുഖത്തിന്റെ പ്രധാന പ്രവർത്തനം ചരക്ക് ഗതാഗതമായി കണക്കാക്കപ്പെടുന്നു. നിർഭാഗ്യവശാൽ, കയറ്റുമതി, ഇറക്കുമതി കൂടിച്ചേർന്നുള്ള ഡ്യൂട്ടികളുടെ വിഹിതം മൂന്ന് വർഷത്തിനിടയിൽ മൊത്തം വരുമാനത്തിന്റെ ഒരു ശതമാനത്തിൽ താഴെയാണ്. തുറമുഖ വരുമാനത്തിന്റെ പ്രധാന പങ്ക് ഡ്രെഡ്ജ് ചെയ്ത മെറ്റീരിയലിൽ നിന്നാണ്. ഇത് മൊത്തം വരുമാനത്തിന്റെ 77 ശതമാനമാണ്. തുറമുഖ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. 2022-23 കാലയളവിൽ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങളിൽ നിന്ന് സമാഹരിച്ച വരുമാനത്തിന്റെ കാറ്റഗറി തിരിച്ച് **അനുബന്ധം 11.1.27**നൽകിയിരിക്കുന്നു.

**പട്ടിക 11.1.7** കേരളത്തിലെ ഇന്റർമീഡിയറ്റ് മൈനർ തുറമുഖങ്ങളിൽ 2019 മുതൽ 2023 വരെ ശേഖരിച്ച വരുമാനം (തരം തിരിച്ച്) കോടി രൂപയിൽ

| വർഷം | തുറമുഖ ഡ്യൂസ് | | കയറ്റുമതി ഇറക്കുമതി ഡ്യൂസ് | | വ്യാപാരി ഓവർടൈം ചാർജുകൾ | | ഡ്രെഡ്ജ് ചെയ്ത മെറ്റീരിയൽ | | മറ്റുള്ളവ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| | തുക | ശതമാനത്തിൽ | തുക | ശതമാനത്തിൽ | തുക | ശതമാനത്തിൽ | തുക | ശതമാനത്തിൽ | തുക | ശതമാനത്തിൽ | |
| 2019 | 0.08 | 0.17 | 0.33 | 0.68 | 0.33 | 0.68 | 43.42 | 89.7 | 4.24 | 8.76 | 48.41 |
| 2020 | 0.04 | 0.07 | 0.05 | 0.09 | 0.46 | 0.79 | 52.73 | 90.9 | 4.73 | 8.15 | 58.02 |
| 2021 | 0.04 | 0.10 | 0.37 | 0.90 | 10.15 | 24.66 | 25.78 | 62.6 | 4.81 | 11.69 | 41.16 |
| 2022 | 0.12 | 0.23 | 0.55 | 1.05 | 0.74 | 1.42 | 39.51 | 75.7 | 11.28 | 21.62 | 52.17 |
| 2023 മാർച്ച് | 0.06 | 0.13 | 0.17 | 0.37 | 0.33 | 0.72 | 35.58 | 77.33 | 9.87 | 21.45 | 46.01 |

ഉറവിടം: കേരള മാരിടൈം ബോർഡ്

### തുറമുഖ പദ്ധതികളും പ്രവർത്തനങ്ങളും (കേരളത്തിലെ നോൺ–മേജർ തുറമുഖങ്ങൾ)

2022-23 ൽ 17 നോൺ–മേജർ തുറമുഖങ്ങളിൽ നാല് തുറമുഖങ്ങൾ വ്യാപാര ആവശ്യത്തിനായി പ്രവർത്തനക്ഷമമായിരുന്നു. കൊല്ലം തുറമുഖത്തിന് സ്ക്രാപ്പിന്റെയും ബൗൾഡോഴ്സിന്റെയും വിദേശ ചരക്ക് ഗതാഗതവും, ബേപ്പൂരിൽ (കോഴിക്കോട്) പെട്രോളിയം ഉൽപന്നങ്ങളുടെയും (പിഒഎൽ) മറ്റു ഉൽപ്പന്നങ്ങളുടെയും വിദേശ ചരക്ക് ഗതാഗതവും ഉണ്ടായിരുന്നു. അഴീക്കൽ, ബേപ്പൂർ (കോഴിക്കോട്) തുറമുഖങ്ങളിൽ 2022-23 ൽ വ്യാപാര പ്രവർത്തനങ്ങൾ നടന്നില്ല. വിശദാംശങ്ങൾ **അനുബന്ധം 11.1.26** ൽ നൽകിയിരിക്കുന്നു.

2022-23ൽ കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങൾ വഴി തുറമുഖവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ നിന്ന് 46.01 കോടി രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. ഡ്രഡ്ജ് ചെയ്ത മെറ്റീരിയലുകളിൽ നിന്നാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചത് (35.58 കോടി രൂപ.). 2022-23ൽ മൊത്തം ഇറക്കുമതി കയറ്റുമതിയിൽ നിന്നും 17 ലക്ഷം രൂപ വരുമാനമായി ലഭിക്കുകയുണ്ടായി. കേരളത്തിലെ ഇന്റർമീഡിയറ്റ്, മൈനർ തുറമുഖങ്ങൾ വഴി ലഭിക്കുന്ന വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 11.1.27**-ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ പ്രവർത്തനക്ഷമമായ നാല് തുറമുഖങ്ങളിൽ വെസ്സലുകളുടെ എണ്ണത്തിൽ ഏറ്റവും തിരക്കേറിയ തുറമുഖം ബേപ്പൂരും (കോഴിക്കോട്) സ്റ്റീമറുകളുടെ എണ്ണത്തിൽ വിഴിഞ്ഞം തുറമുഖവുമാണ്. 2022-23 ൽ 354 സ്റ്റീമറുകളും 269 സെയിലിംഗ് വെസ്സലുകളും കേരളത്തിലെ നോൺ മേജർ തുറമുഖങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഇതിൽ 227 സ്റ്റീമറുകൾ ബേപ്പൂർ തുറമുഖവും 269 സെയിലിംഗ് വെസ്സലുകൾ വിഴിഞ്ഞം തുറമുഖവും സന്ദർശിക്കുകയുണ്ടായി. വിശദാംശങ്ങൾ **അനുബന്ധം 11.1.28** ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ പ്രവർത്തനക്ഷമമായ നാല് തുറമുഖങ്ങളിൽ ഏറ്റവും വലിയ സൗകര്യങ്ങളുള്ളത് ബേപ്പൂർ തുറമുഖത്താണ്. ബേപ്പൂരിൽ 310 മീറ്റർ വാർഫും 4 ഗോഡൗണുകളുമുണ്ട്. കേരളത്തിലെ നോൺ- മേജർ തുറമുഖങ്ങളിൽ ലഭ്യമായ സൗകര്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.29**-ൽ നൽകിയിരിക്കുന്നു.

### കൊച്ചി തുറമുഖം

കേരളത്തിലെ ഏക വൻകിട തുറമുഖമാണ് കൊച്ചി തുറമുഖം. ഇത് 827 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്നു. ഇതിന് 7.5 കിലോമീറ്റർ ജലമുഖമുണ്ട്. എൻ എച്ച് 544, എൻ എച്ച് 66, എൻ എച്ച് 185 എന്നിവയിലൂടെ തുറമുഖത്തിന് ഉൾപ്രദേശങ്ങളിലേക്ക് കണക്റ്റിവിറ്റി ഉണ്ട്. കൊങ്കൺ, ദക്ഷിണ റെയിൽവേ എന്നിവയിലേക്കുള്ള റെയിൽ ലിങ്കുകൾ അതിന്റെ ഉൾപ്രദേശങ്ങളിലേക്ക് റെയിൽ പ്രവേശനം നൽകുന്നു. കൊല്ലത്തെയും കോട്ടപ്പുറത്തെയും ബന്ധിപ്പിക്കുന്ന ഒരു ഉൾനാടൻ ജലപാത ഇൻലാൻഡ് വാട്ടർവേസ് അതോറിറ്റി ഓഫ് ഇന്ത്യ ഇരുവശത്തും വികസിപ്പിച്ച് വരികയാണ്. യൂറോപ്പിനും ഫാർ ഈസ്റ്റിനും ഓസ്ട്രേലിയയ്ക്കും ഇടയിലുള്ള അന്താരാഷ്ട്ര കടൽ പാതയുടെ സാമീപ്യമുള്ള കൊച്ചിക്ക് വിപുലമായ ബിസിനസ്സ് അവസരങ്ങൾ വാഗ്ദാനം ചെയ്യുന്ന ധാരാളം കണ്ടെയ്നർ ലൈനുകൾ ആകർഷിക്കാനാകും.

കൊച്ചി തുറമുഖത്തിന് 73.67 എം ടി പി എ ശേഷിയുള്ള 1 എസ് പി എം ഉൾപ്പെടെ 21 ബെർത്തുകളുണ്ട്. 2022-23 ഏപ്രിൽ മുതൽ മാർച്ച് വരെ, ഇന്ത്യയിലെ 12 പ്രധാന തുറമുഖങ്ങൾ കൈകാര്യം ചെയ്ത മൊത്തം ചരക്കിന്റെ 4.50 ശതമാനം കൊച്ചി തുറമുഖമാണ് കൈകാര്യം ചെയ്തത് (**പട്ടിക 11.1.8**).

### വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിസിൽ)

വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ഇന്ത്യയിലെ ആദ്യത്തെ ഡീപ് വാട്ടർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ആണ്. 18 മീറ്റർ സ്വാഭാവിക ആഴവും പ്രധാന അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടിൽ നിന്ന് 10 നോട്ടിക്കൽ മൈൽ അകലവുമാണ് വിഴിഞ്ഞം തുറമുഖത്തിന്റെ പ്രധാന നേട്ടം. ടി തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി കേരള സർക്കാർ വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (വിസിൽ) എന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനം രൂപീകരിച്ചു. വിഴിഞ്ഞം തുറമുഖത്തിന് ഒരു അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി വികസിപ്പിക്കുന്നതിന് ഭൂമിശാസ്ത്രപരമായ നിരവധി നേട്ടങ്ങളുണ്ട്. തീരത്ത് നിന്ന് ഒരു നോട്ടിക്കൽ മൈലിനുള്ളിൽ 20 മീറ്റർ കോണ്ടൂർ ലഭ്യതയും തീരത്ത് കുറഞ്ഞ ലിറ്റോറൽ ഡ്രിഫ്റ്റും ആവശ്യമില്ലാത്ത ഡ്രെഡ്ജിംഗ്, ദേശീയ/ പ്രാദേശിക റോഡ്, റെയിൽ ശൃംഖലയിലേക്കുള്ള ലിങ്കുകൾ, അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടിന്റെ സാമീപ്യം, ഗ്രീൻഫീൽഡ് പ്രോജക്റ്റായി രൂപകല്പന ചെയ്യാനും വികസിപ്പിക്കാനുമുള്ള വഴക്കം എന്നിവ ശ്രദ്ധേയമായ നേട്ടങ്ങളാണ്.

തുറമുഖ വികസനപ്രവർത്തനങ്ങൾ പിപിപി മാതൃകയിൽ സമ്മതപത്ര പ്രകാരമുള്ള കാലയളവിലേക്ക് ആസൂത്രണം ചെയ്തിട്ടുള്ളതാണ്. കണ്ടെയ്നർ യാർഡ്, ടെർമിനൽ കെട്ടിടങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനും കാർഗോ

**പട്ടിക 11.1.8** കൊച്ചി തുറമുഖത്ത് കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം(വർഷം തിരിച്ച്) (ആയിരം ടണ്ണിൽ)

| | സാമ്പത്തിക വർഷം (2021-22) | | സാമ്പത്തിക വർഷം (2022-23) | |
|---|---|---|---|---|
| | കൈകാര്യം ചെയ്ത ചരക്ക് | മൊത്തം വൻകിട തുറമുഖങ്ങളിലേക്കുള്ള വിഹിതം(ശതമാനത്തിൽ) | കൈകാര്യം ചെയ്ത ചരക്ക് | മൊത്തം വൻകിട തുറമുഖങ്ങളിലേക്കുള്ള വിഹിതം(ശതമാനത്തിൽ) |
| ഓവർസീസ് | 22704 | 4.1 | 23149 | 3.9 |
| കോസ്റ്റൽ | 11846 | 7 | 12106 | 6.6 |
| ആകെ | 34550 | 4.8 | 35255 | 4.50 |

ഉറവിടം: പോർട്ട് ഡാറ്റ മാനേജ്മെന്റ് പോർട്ടൽ (പി.ഡി.എം.പി), തുറമുഖ, ഷിപ്പിംഗ് & ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ് പോർട്ടൽ
-പ്രൊവിഷണൽ

**ബോക്സ് 11.1.3** ഇന്ത്യയുടെ മാരിടൈം മേഖലയിലെ ഒരു സുപ്രധാന നാഴികക്കല്ല്: 2024-ൽ വിഴിഞ്ഞം തുറമുഖത്തിന്റെ കമ്മീഷനിംഗിന്റെ മുന്നോടിയായി ആദ്യകപ്പലിന്റെ ആഗമനം

ആദ്യത്തെ അന്താരാഷ്ട്ര ചരക്ക് കപ്പൽ 'ഷെൻഹുവ 15' 2023 ഒക്ടോബർ 15 ന് ഇന്ത്യയുടെ ആദ്യത്തെ മദർ പോർട്ട് ആയ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തി. ഇന്ത്യയിലെ നാവിക വ്യവസായം ഒരു ചരിത്രപരമായ പരിവർത്തനത്തിന്റെ വക്കിലാണ്, തിരുവനന്തപുരത്തെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ആദ്യമായി ഉപകരണങ്ങൾ വഹിച്ചുവന്ന ആദ്യ കപ്പലിന്റെ വരവോടുകൂടി ഈ പരിവർത്തനം ഒരു സുപ്രധാന നിമിഷത്തിലെത്തി. ഈ നിർണായക സംഭവം ഒരു അതിപ്രധാന നേട്ടമായി മാറുക മാത്രമല്ല, 2024 മേയ് മാസത്തിൽ തുറമുഖം പ്രവർത്തനക്ഷമമാക്കുന്നതിന്റെ മുന്നോടിയായും വർത്തിക്കുന്നു, ഇത് ഇന്ത്യൻ സമുദ്രമേഖലയ്ക്ക് ഒരു പുതിയ യുഗത്തിന്റെ തുടക്കത്തെ സൂചിപ്പിക്കുന്നു.

തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഒരു തുറമുഖം മാത്രമല്ല; അത് ഇന്ത്യയുടെ സമുദ്ര മേഖലയുടെ മികച്ച നേട്ടങ്ങളുടെ പ്രതീകമാണ്. അറബിക്കടലിനോട് ചേർന്നുള്ള തന്ത്രപ്രധാനമായ സ്ഥാനം കൊണ്ട്, ഈ ആഴക്കടൽ വാട്ടർ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ഹബ് രാജ്യത്തിന്റെ സമുദ്ര ഭൂപ്രകൃതിയിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് ഒരുങ്ങുകയാണ്. വർഷങ്ങളായി രാജ്യത്തിന് ഒരു നിർണ്ണായക വെല്ലുവിളിയായ മദർ വെസ്സലുകളെ ഇന്ത്യയിൽ എത്തിക്കുക എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് ഈ അഭിലാഷ പദ്ധതി വിഭാവനം ചെയ്തത്. കൂടാതെ ഇത് ചരക്കുകളുടെ കാര്യക്ഷമമായ ട്രാൻസ്ഷിപ്പ്മെന്റും വർദ്ധിപ്പിക്കും.

ഇന്ത്യയുടെ കണ്ടെയ്നർ ചരക്ക് ട്രാൻസ്ഷിപ്പ്മെന്റിന്റെ ഒരു പ്രധാന ഭാഗം അയൽ രാജ്യങ്ങളിലൂടെ കടന്നുപോകുന്നതുവഴി പരമ്പരാഗതമായി അധിക ചെലവുകളും കാലതാമസവും ഉണ്ടാക്കി. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം 24,000 ടിഇയു ശേഷിയുള്ള കണ്ടെയ്നർ കപ്പലുകൾ കൈകാര്യം ചെയ്യാൻ പ്രാപ്തമായ ഹബ്ബായി മാറാൻ ലക്ഷ്യമിടുന്നു. ഇത് ഇന്ത്യയെ മാരിടൈം മേഖലയിൽ പ്രബലമായി ഉയർത്തുക മാത്രമല്ല, വിദേശ തുറമുഖങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെലവ് കുറഞ്ഞതും കാര്യക്ഷമവുമായ ട്രാൻസ്ഷിപ്പ്മെന്റ് സേവനങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

ആദ്യത്തെ ഒട്ടനവധി ഉപകരണങ്ങളുമായി കപ്പലിന്റെ ആദ്യ ആഗമനം ഇന്ത്യയുടെ സമുദ്ര ചരിത്രത്തിലെ ഒരു വഴിത്തിരിവാണ്. വർഷങ്ങളുടെ ആസൂത്രണത്തിന്റെയും നിക്ഷേപത്തിന്റെയും സമർപ്പണത്തിന്റെയും പരിസമാപ്തിയെ ഇത് പ്രതിഫലിപ്പിക്കുന്നു. അതിന്റെ പ്രതീകാത്മക മൂല്യത്തിനപ്പുറം, ഈ നാഴികക്കല്ലിന് ഇന്ത്യയുടെ വ്യാപാരത്തിലും സമ്പദ്‌വ്യവസ്ഥയിലും വ്യക്തമായ പ്രത്യാഘാതങ്ങളുണ്ട്.

ഇന്ത്യ അതിന്റെ കയറ്റുമതി-ഇറക്കുമതി കഴിവുകൾ വർദ്ധിപ്പിക്കാനും ആഗോള വ്യാപാരത്തിൽ സജീവമായി പങ്കെടുക്കാനും ലക്ഷ്യമിടുന്നതിനാൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഈ അഭിലാഷങ്ങളെ പിന്തുണയ്ക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നു. തുറമുഖമേഖലയിലും രാജ്യത്തും സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപം ഉത്തേജിപ്പിക്കുന്നതിനും ഇത് ഒരു ഉൽപ്രേരകമായി വർത്തിക്കും.

കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ടെർമിനൽ ഓപ്പറേറ്റർ(കൾ) ആവശ്യമാണ്. വിസിലിന്റെ വികസനത്തിനായുള്ള ഫണ്ടിംഗിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ വിഹിതം സംസ്ഥാന സർക്കാരിൽ നിന്നാണ് വരുന്നത്, ഇത് മൊത്തം ഫണ്ടിംഗിന്റെ 60.46 ശതമാനം വരും, തുടർന്ന് കൺസഷനയർ (അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്) 29.89 ശതമാനവും ബാക്കിയുള്ളവ 9.65 ശതമാനം ഇന്ത്യാ ഗവൺമെന്റിന്റെ വിഹിതവുമാണ്. നിർമ്മാണ പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള പുരോഗതിയുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.30** ൽ നൽകിയിരിക്കുന്നു.

### മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് (അഴീക്കൽ തുറമുഖം)

അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് (എം ഐ പി എസ് ലിമിറ്റഡ്) എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. മലബാർ പ്രദേശത്തെ സാധ്യതയുള്ള മേഖലകളിലേക്ക് തുറമുഖത്തേക്കുള്ള ചരക്കുകളും സംരംഭക വിഭവങ്ങളും എത്തിക്കാൻ കഴിയുന്ന, സെസ്സുകൾ/ഇൻഡസ്ട്രിയൽ പാർക്കുകൾ എന്നിവയുമായി ഇന്റർ മോഡൽ കണക്റ്റിവിറ്റിയുള്ള, ഒരു അന്തർദേശീയ, തീരദേശ ഷിപ്പിംഗ് തുറമുഖമായാണ് അഴീക്കൽ തുറമുഖം വിഭാവനം ചെയ്തിരിക്കുന്നത്.

അഴീക്കലിൽ കടലിൽ ആഭ്യന്തര, അന്തർദ്ദേശീയ ചരക്കുകൾക്കായി ഒരു പുതിയ തുറമുഖം വികസിപ്പിക്കുന്നത് പനാമാക്സ് വലുപ്പമുള്ള കപ്പലുകൾ വരെ (4000 മുതൽ 4500 കണ്ടെയ്നറുകൾ വരെ) കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിൽ 3 ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 500 മീറ്റർ ബെർത്തും, രണ്ടാം ഘട്ടത്തിൽ 300 മീറ്റർ ബെർത്തും, മൂന്നാം ഘട്ടത്തിൽ 300 മീറ്റർ ബെർത്തും ആസൂത്രണം ചെയ്തിട്ടുണ്ട്. തുറമുഖ തടത്തിൽ 14.5 മീറ്റർ ആഴത്തിൽ ഡ്രെഡ്ജ് ചെയ്ത് തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായാൽ, 4500 റ്റി ഇ യു പനാമാക്സ് കപ്പലുകൾ വരെ കൈകാര്യം ചെയ്യാനും, തുറമുഖത്തിന് കണ്ടെയ്നറുകൾ, ലിക്വിഡ് ബൾക്ക്, പെട്രോളിയം ഉൽപ്പന്നങ്ങൾ, ഡ്രൈ ബൾക്ക്, ബ്രേക്ക്-ബൾക്ക് ചരക്ക് മുതലായവ കൈകാര്യം ചെയ്യാൻ കഴിയും.

സാങ്കേതിക കൺസൾട്ടന്റുമാർ പദ്ധതിയുടെ കരട് ഡിപിആർ കേരള സർക്കാരിന്റെ അംഗീകാരത്തിനായി സെപ്റ്റംബറിൽ സമർപ്പിച്ചു. കരട് ഡിപിആർ സൂക്ഷ്മമായി പരിശോധിക്കാനും പദ്ധതിയുടെ

സാമ്പത്തിക ഘടനയും ഫണ്ടിംഗും സംബന്ധിച്ച് ആവശ്യമായ ശുപാർശകൾ നൽകാനും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി, നടപ്പിലാക്കാൻ അനുയോജ്യമായ ഏറ്റവും നല്ല സാമ്പത്തിക മാതൃക തീരുമാനിക്കാൻ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ (സി എം ഡി) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇഐഎ റിപ്പോർട്ടിന്റെ കരടും തയ്യാറാക്കിയിട്ടുണ്ട്.

### ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (എച്ച്ഇഡി)

ഫിഷിംഗ് ഹാർബറുകളുടെയും ഫിഷ് ലാൻഡിംഗ് സെന്ററുകളുടെയും നിർമ്മാണവും പരിപാലനവും, മത്സ്യബന്ധന അടിസ്ഥാന സൗകര്യങ്ങൾ (ഹാച്ചറികൾ, കുളങ്ങൾ, ഫാമുകൾ പോലുള്ളവ) തീരത്തെ അടിസ്ഥാനമാക്കിയുള്ള വിനോദസഞ്ചാര പദ്ധതികൾ, തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, തീരദേശ റോഡുകൾ എന്നിവയിലാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (എച്ച്ഇഡി) പ്രാഥമികമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇതുവരെ 21 ഫിഷറീസ് ഹാർബറുകളുടെ നിർമ്മാണം പൂർത്തിയാക്കി. മറ്റ് 4 ഫിഷറീസ് ഹാർബറുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേരള തീരപ്രദേശത്ത് ഫിഷ് ലാൻഡിംഗ് സെന്ററുകൾ, മത്സ്യ സീഡ് ഫാമുകൾ, ഹാച്ചറികൾ, ഫിഷറീസ് സ്കൂളുകൾ, ഡിസ്പെൻസറികൾ, തീരദേശ റോഡുകൾ, ജലവിതരണം, ശുചിത്വ പദ്ധതികൾ തുടങ്ങി നിരവധി സാമൂഹിക അടിസ്ഥാന സൗകര്യങ്ങളും വകുപ്പ് നടപ്പിലാക്കി വരുന്നു.

### 2022-23 ലെ എച്ച്ഇഡി യുടെ പ്രധാന നേട്ടങ്ങൾ

- പൊന്നാനി ഡിവിഷൻ ഓഫീസിൽ ഗുണനിലവാര നിയന്ത്രണ ലാബ് സ്ഥാപിച്ചു.
- ചീഫ് എഞ്ചിനീയറുടെ ഓഫീസിലും മൂന്ന് സർക്കിൾ ഓഫീസർമാരുടെ ഓഫീസിലും ഇ-ഓഫീസ് നടപ്പിലാക്കി.
- എല്ലാ എച്ച്ഇഡി ഓഫീസുകളിലും ആധാർ അധിഷ്ഠിത ബയോ മെട്രിക് പഞ്ചിംഗ് മെഷീൻ സംവിധാനം നടപ്പിലാക്കി.
- എച്ച്ഇഡിയിലെ എഞ്ചിനീയർമാർക്ക് തീരദേശ എഞ്ചിനീയറിംഗ് വിഷയങ്ങളിൽ പ്രത്യേക പരിശീലന പരിപാടി നടത്തി.
- എച്ച്ഇഡിയുടെ ഇലക്ട്രിക്, മെക്കാനിക്കൽ ജീവനക്കാർക്ക് വൈദഗ്ധ്യ വികസനപരിപാടി നടത്തി.
- എച്ച്ഇഡിയുടെ വിവിധ പ്രോജക്റ്റുകളുടെ ഡോക്യുമെന്റേഷൻ പൂർത്തിയാക്കി.
- എച്ച്ഇഡി യിലെ മൂന്ന് സർക്കിൾ ഓഫീസുകളിൽ മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ വാങ്ങിച്ചു.

### ഹൈഡ്രോഗ്രാഫിക് സർവേ വിംഗ്(എച്ച് എസ് ഡബ്ല്യു)

സംസ്ഥാനത്തിന്റെ തുറമുഖ മേഖലയിലെ മറ്റൊരു ഏജൻസിയായ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് (എച്ച്എസ്ഡബ്ല്യു) ഇൻവെസ്റ്റിഗേഷനുകൾ നടത്തുകയും ഡിജിറ്റലിലും അച്ചടിച്ച രൂപത്തിലും ഹൈഡ്രോഗ്രാഫിക് ചാർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നു. അത്തരം ഹൈഡ്രോഗ്രാഫിക് ചാർട്ടുകൾ വാട്ടർ മാസ്സിന്റെ ആഴം, വെള്ളത്തിനടിയിലെ ഭൂപ്രകൃതി, രൂപരേഖകൾ, തീരത്തിന്റെയും കരയുടെയും സവിശേഷതകൾ, ജലത്തിന്റെ അടിഭാഗത്തിന്റെ സ്വഭാവം എന്നിവയെക്കുറിച്ചുള്ള നേരിട്ടുള്ള വിവരങ്ങൾ നൽകുന്നു. ഈ വിംഗ് എല്ലാ ഹൈഡ്രോഗ്രാഫിക് ഡാറ്റയും ശേഖരിക്കുകയും നാവിഗേഷൻ ചാർട്ടുകൾ അപ്ഡേറ്റ് ചെയ്യുന്നതിനായി നാഷണൽ ഹൈഡ്രോഗ്രാഫിക് ഓഫീസിലേക്ക് കൈമാറുകയും ചെയ്യുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനും തുറമുഖ വകുപ്പിനും വേണ്ടി ഈ വിംഗ് എല്ലാ വർഷവും വിവിധ സ്ഥലങ്ങളിൽ 20 ഓളം സർവ്വേകൾ നടത്തുകയും കേരള തീരത്തെ വിവിധ സ്ഥലങ്ങളിലെ വേലിയേറ്റ ഡാറ്റ ശേഖരിക്കുകയും ചെയ്യുന്നു. അക്കാദമിക് കോഴ്സുകൾ നടത്താനും, യോഗ്യതയുള്ള മാനവവിഭവശേഷി നൽകാനും ലക്ഷ്യമിട്ടുകൊണ്ട് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോഗ്രഫി ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (കിഹാസ്) സ്ഥാപിക്കുകയുണ്ടായി.

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം 2023 ആഗസ്റ്റ് 31 വരെ 44 സർവ്വേകൾ നടത്തിയിട്ടുണ്ട്. സർവ്വേയുടെ വിശദാംശങ്ങൾ **പട്ടിക 11.1.9** ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.1.9** ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം നടത്തിയ സർവ്വേയുടെ വിശദാംശങ്ങൾ

| ക്രമ നം | വകുപ്പ് | സർവ്വേകളുടെ എണ്ണം |
|---|---|---|
| 1 | സംസ്ഥാന ജല ഗതാഗത വകുപ്പ് (എസ് ഡബ്ല്യു ടി ഡി ) | 12 |
| 2 | കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡ്(സി എസ് എൽ) | 6 |
| 3 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (എച്ച് ഇ ഡി ) | 17 |
| 4 | കേരള മാരിടൈം ബോർഡ്(കെ എം ബി) | 3 |
| 5 | ജലസേചന വകുപ്പ് | 1 |
| 6 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്(കെ എം ആർ എൽ) | 4 |
| 7 | കൊച്ചിൻ പോർട്ട് ട്രസ്റ്റ് (സി പി ടി) | 1 |
| | ആകെ | 44 |

ഉറവിടം: ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്

### വെല്ലുവിളികളും അവസരങ്ങളും

പുതിയ തുറമുഖങ്ങൾ വികസിപ്പിക്കുക, നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, തുറമുഖങ്ങൾ യന്ത്രവൽക്കരിക്കുക, കണക്റ്റിവിറ്റിയും ലോജിസ്റ്റിക്സും മെച്ചപ്പെടുത്തി തുറമുഖ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ സർക്കാർ നിരവധി സംരംഭങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംരംഭങ്ങൾ ഉണ്ടായിരുന്നിട്ടും, ദേശീയമായോ അന്തർദേശീയമായോ മറ്റ് തുറമുഖങ്ങളുമായി കേരളത്തിന്റെ തുറമുഖ മേഖലയെ താരതമ്യപ്പെടുത്താനാവില്ല. തുറമുഖ മേഖലയിലെ അപര്യാപ്തമായ റോഡ് ശൃംഖല, ചരക്ക് കൈകാര്യം ചെയ്യാനുള്ള ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും അപര്യാപ്തത, റെയിൽ, റോഡ്, ഹൈവേകൾ, തീരദേശ ഷിപ്പിംഗ്, ഉൾനാടൻ ജലപാതകൾ വഴിയുള്ള മോശം കണക്റ്റിവിറ്റി തുടങ്ങിയവയാണ് ഈ മേഖല നേരിടുന്ന പ്രധാനവെല്ലുവിളികൾ. ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഒന്നിലധികം നിയമനിർമ്മാണങ്ങൾ അടങ്ങുന്ന റെഗുലേറ്ററി ചട്ടക്കൂട്

സങ്കീർണ്ണമാണ്, കൂടാതെ സംയോജിതവും മികച്ച ഏകോപനവും സാധ്യമാക്കുന്നതിന് ലളിതവൽക്കരണം ആവശ്യമാണ്. സംസ്ഥാനം അതിന്റെ തീരപ്രദേശത്തിന്റെ (തുറമുഖത്തിന്റെ) നേതൃത്വത്തിലുള്ള വികസനത്തിന്റെ പ്രയോജനങ്ങൾ പൂർണ്ണമായും സ്ഥിരമായും പ്രയോജനപ്പെടുത്തേണ്ടതുമാണ്. തീരദേശ ഷിപ്പിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും റോഡുകളിലെ തിരക്ക് കുറയ്ക്കുന്നതിനും, നിലവിലുള്ള ഇൻസന്റീവ് പദ്ധതികൾ വിപുലപ്പെടുത്തുന്നതിന് നയങ്ങൾ രൂപീകരിക്കാവുന്നതാണ്. സംസ്ഥാനത്തിന്റെ തീരദേശ ഗതാഗത സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് തുറമുഖാധിഷ്ഠിത വ്യവസായങ്ങളും കാർഷിക യന്ത്രങ്ങളുടെ ഉൽപ്പാദന കേന്ദ്രങ്ങളും വികസിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ മാരിടൈം ക്ലസ്റ്ററിന്റെ വികസനം ആവശ്യമാണ്.

**ഉൾനാടൻ ജലഗതാഗതം**

യാത്രക്കാരുടെയും ചരക്കുകളുടെയും ചലനത്തിന് അനുയോജ്യമായ ഒരു ഉപാധിയായി ഉൾനാടൻ ജലഗതാഗതം അതിവേഗം ഉയർന്നുവരുന്നു. ഇത് ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ ഗതാഗത മാർഗ്ഗമായി കണക്കാക്കപ്പെടുന്നു. റെയിൽ/റോഡ് ഗതാഗതത്തിലെ എന്തെങ്കിലും തടസ്സം യാത്രക്കാർക്കും ചരക്ക് നീക്കത്തിനും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുക മാത്രമല്ല, രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ, ഉൾനാടൻ ജലഗതാഗത മേഖല വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.

നദികൾ, കനാലുകൾ, കായലുകൾ, തോടുകൾ എന്നിങ്ങനെയുള്ള ഉൾനാടൻ ജലപാതകളുടെ വിപുലമായ ശൃംഖല ഇന്ത്യയിലുണ്ട്. വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ജലപാതകൾ വഴിയുള്ള ചരക്ക് ഗതാഗതം രാജ്യത്ത് വളരെ കുറവാണ്. ഇന്ത്യയുടെ ഉൾനാടൻ കണക്റ്റിവിറ്റി പ്രധാനമായും ആഭ്യന്തര ജലപാതകളുടെ റോഡ്, റെയിൽ കണക്റ്റിവിറ്റിയെ അടിസ്ഥാനമാക്കിയുള്ളതാണ്. അമിതഭാരമുള്ള ചരക്കുകൾ നീക്കം ചെയ്യുന്നതിനുള്ള ശേഷി റെയിൽപ്പാതകൾക്കും റോഡ്‌വേകൾക്കും അനുബന്ധമായ ശേഷി ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗതത്തിനുണ്ട് (ഐ ഡബ്ല്യു ടി). ചരക്ക് നീക്കത്തിന് പുറമേ, വാഹനങ്ങളുടെ ക്യാരേജ് റോൾ-ഓൺ-റോൾ-ഓഫ് (റോ-റോ) മോഡ് ഓഫ് ക്രോസ് ഫെറി, വിനോദസഞ്ചാരം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങളിലും ഉൾനാടൻ ജലഗതാഗത മേഖല സൗകര്യം നൽകി വരുന്നു.

ഷിപ്പിംഗും നാവിഗേഷനും പ്രോത്സാഹിപ്പിക്കുന്നതിനായി രാജ്യത്തെ 111 ഉൾനാടൻ ജലപാതകൾ 2016-ലെ ദേശീയ ജലപാത നിയമ പ്രകാരം, 'ദേശീയ ജലപാതകൾ' (എൻ ഡബ്ലി യു) ആയി പ്രഖ്യാപിക്കുകയുണ്ടായി. ദേശീയ ജലപാത നിയമം, 2016 പ്രകാരം ദേശീയ ജലപാതകളായി പ്രഖ്യാപിച്ചിട്ടുള്ള ജലപാതകളുടെ വികസനം, പരിപാലനം, നിയന്ത്രണം എന്നിവയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ഷിപ്പിംഗ് തുറമുഖ, ജലപാത മന്ത്രാലയത്തിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് (ഐ ഡബ്ല്യു എ ഐ) നടപ്പിലാക്കുന്നത്.

**ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗതത്തിൽ ചരക്ക് ഗതാഗതം**

ദേശീയ ജലപാതകളിലെ ചരക്ക് നീക്കം 2021-22 ലെ 76.65 മില്ല്യൻ മെട്രിക് ടൺ (എംഎംടി) ആയിരുന്നതിൽ നിന്നും 2022-23 വർഷത്തിൽ ഇതേ കാലയളവിൽ 19.5 ശതമാനം വളർച്ചയോടുകൂടി 91.60 മില്ല്യൻ മെട്രിക് ടൺ (എംഎംടി) ആയി വർദ്ധിച്ചു. മാരിടൈം ഇന്ത്യ വിഷൻ (എംഐവി) 2030 രേഖ പ്രകാരം, ദേശീയ ജലപാതകളിലെ ചരക്ക് നീക്കം 2030 ഓടെ 2000 എംഎംടിയായി വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു.

**കേരളത്തിലെ ദേശീയ ജലപാതകൾ**

ഇരുപതാം നൂറ്റാണ്ടിന്റെ പകുതി വരെ യാത്രക്കാരുടെയും വാണിജ്യ ഗതാഗതത്തിന്റെയും പ്രധാന മാർഗ്ഗം ഉൾനാടൻ ജലഗതാഗതം ആയിരുന്നു. വേഗമേറിയ ഗതാഗതമാർഗ്ഗങ്ങൾ കൂടുതൽ പ്രചാരത്തിലായതോടെ, ഒരുകാലത്ത് സംസ്ഥാനത്ത് പ്രബലമായിരുന്ന ഉൾനാടൻ ജലഗതാഗതം പിന്നോട്ട് മാറ്റപ്പെട്ടു. ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ പരിപാലിക്കുന്ന ദേശീയ ജലപാതകളും കേരള സംസ്ഥാനത്തിന്റെ തീരദേശ ഷിപ്പിംഗ്, ഉൾനാടൻ നാവിഗേഷൻ/ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പരിപാലിക്കുന്ന മറ്റ് ഫീഡർ, ലിങ്ക് കനാലുകൾ എന്നിവ ഉൾപ്പെടുന്ന സംസ്ഥാനത്തെ ഉൾനാടൻ ജലപാത ശൃംഖലയുടെ ആകെ നീളം 1687 കി.മീ ആണ്.

കേന്ദ്രസർക്കാരിന്റെ ജലപാത വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി, 1993-ൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗവും ഉദ്യോഗമണ്ഡലം, ചമ്പക്കര കനാലുകളും ദേശീയ ജലപാത 3 ആയി പ്രഖ്യാപിക്കുകയുണ്ടായി. ഇപ്പോൾ 2016 ലെ ജലപാത നിയമ പ്രകാരം ദേശീയപാത-3 കോഴിക്കോട് വരെ നീട്ടി. 2016 ലെ ജലപാത നിയമം നിലവിൽ വന്നതിനു ശേഷം 2.20 മീറ്റർ ഡ്രാഫ്റ്റ്, 6.0 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ്, 32-40 മീറ്റർ വീതി എന്നിങ്ങനെ ക്ലാസ് 3 സ്പെസിഫിക്കേഷനിൽ മൂന്ന് കനാലുകൾ ദേശീയ ജലപാതകളിലേക്ക് ചേർത്തിട്ടുണ്ട്. കേരളത്തിലെ ദേശീയ ജലപാതകൾ **പട്ടിക 11.1.10** ൽ ചേർത്തിയിട്ടുണ്ട്.

വെസ്റ്റ് കോസ്റ്റ് കനാൽ (ഡബ്ല്യുസിസി) യുടെ ആകെ നീളം 616 കിലോമീറ്ററാണ്. ഡബ്ല്യുസിസിയെയും വാണിജ്യ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ പ്രധാന സ്ഥലങ്ങളെയും ബന്ധിപ്പിക്കുന്ന 1,100 കിലോമീറ്റർ ഫീഡർ/ലിങ്ക് കനാലുകൾ ഉണ്ട്. ഡബ്ല്യുസിസിയെ അഞ്ച് വിഭാഗങ്ങളായി തിരിക്കാം, അതായത് (1) കോവളം-കൊല്ലം (74.18 കി.മീ), (2) കൊല്ലം-കോട്ടപ്പുറം (കൊടുങ്ങല്ലൂർ) (168 കി.മീ), (3) കോട്ടപ്പുറം-കോഴിക്കോട് (160 കി.മീ), (4) കോഴിക്കോട്-നീലേശ്വരം (187.82 കി.മീ), (5) നീലേശ്വരം-ബേക്കൽ (26 കി.മീ). ആകെയുള്ള 616 കിലോമീറ്ററിൽ മാഹിക്കും വളപട്ടണത്തിനും ഇടയിൽ 26 കിലോമീറ്റർ നീളമുള്ള മൂന്ന് കരഭാഗങ്ങൾ ഉണ്ട്. നീലേശ്വരം മുതൽ ബേക്കൽ വരെ 41 കിലോമീറ്റർ നീട്ടുന്നതും പരിഗണനയിലാണ്.

പല കാരണങ്ങളാൽ ഓവർ ഡൈമൻഷണൽ കാർഗോ (ഒഡിസി) ഗതാഗതത്തിന് ഇൻലാൻഡ് വാട്ടർവേ ട്രാൻസ്പോർട്ട് (ഐഡബ്ല്യുടി) മോഡാണ് റോഡ് ഗതാഗതത്തെക്കാൾ മെച്ചം. റൂട്ട്, സമയ

**പട്ടിക 11.1.10** കേരളത്തിലെ ദേശീയ ജലപാതകൾ

| ക്രമ നം | റൂട്ട് | നീളം (കിലോമീറ്ററിൽ) | ദേശീയ ജലപാത നമ്പർ |
|---|---|---|---|
| 1 | ഡബ്ല്യുസിസിയുടെ കൊല്ലം - കോട്ടപ്പുറം ഭാഗം | 168 | ദേശീയ ജലപാത -3 |
| | ഉദ്യോഗമണ്ഡൽ കനാൽ | 23 | |
| | ചമ്പക്കര കനാൽ | 14 | |
| | ഡബ്ല്യുസിസിയുടെ കോട്ടപ്പുറം-കോഴിക്കോട് ഭാഗം | 160 | |
| 2 | ആലപ്പുഴ -ചങ്ങനാശ്ശേരി | 28 | ദേശീയ ജലപാത -8 |
| 3 | ആലപ്പുഴ- കോട്ടയം- അതിരമ്പുഴ | 38 | ദേശീയ ജലപാത -9 |
| 4 | കോട്ടയം-വൈക്കം | 42 | ദേശീയ ജലപാത -59 |
| 5 | പൂവാർ- എരയുമാന്തുറൈ-എവിഎം കനാൽ (തമിഴ് നാട്ടിലെ പ്രധാന ഭാഗം) | | ദേശീയ ജലപാത -58 |
| ആകെ നീളം (എവിഎം കനാൽ ഒഴികെ) | | | 473 കിലോമീറ്റർ |

ഉറവിടം: ഇൻലാൻഡ് വാട്ടർ വേയ്സ് അതോറിറ്റി, കൊച്ചി.

നിയന്ത്രണങ്ങൾ, ഒന്നിലധികം അനുമതികളുടെ ആവശ്യകത എന്നിവ പോലുള്ളവയുടെ വെല്ലുവിളികൾ റോഡ് ഗതാഗതം അഭിമുഖീകരിക്കേണ്ടി വരുന്നു. വാഹനങ്ങൾ സ്റ്റാൻഡേർഡ് വലുപ്പം ആയതിനാൽ ഒ ഡി സി കൾ കൊണ്ടുപോകാൻ റെയിൽവേയ്ക്ക് കഴിയുന്നില്ല. ഉൾനാടൻ ജലഗതാഗത രീതി താരതമ്യേന സൗകര്യപ്രദമായ രീതിയിൽ ഒഡിസി ചരക്ക് നീക്കാൻ സാധിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ദേശീയ ജലപാത 3-ലെ ചരക്ക് നീക്കത്തിന്റെ വിശകലനം **പട്ടിക 11.1.11**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.1.11** കഴിഞ്ഞ 5 വർഷത്തിനിടെ ദേശീയ ജലപാത-3 ലെ ചരക്ക് നീക്കം - മെട്രിക് മില്യൺ ടൺ (എം എം ടി)

| സാമ്പത്തിക വർഷം | ചരക്കു നീക്കം (എം എം ടി യിൽ) |
|---|---|
| 2019-20 | 0.55 |
| 2020-21 | 0.73 |
| 2021-22 | 1.7 |
| 2022-23 | 2.69 |
| 2023-24* | 2.38 |

ഉറവിടം: ഇൻലാൻഡ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ, കൊച്ചി
* ജൂൺ വരെ

## വകുപ്പിന്റെ/ഏജൻസികളുടെ സാമ്പത്തിക പുരോഗതി

വകുപ്പ്/ഏജൻസികളുടെ സാമ്പത്തിക പുരോഗതി **പട്ടിക 11.1.12**-ൽ നൽകിയിരിക്കുന്നു.

## സംസ്ഥാന ജലപാതകൾ

സംസ്ഥാനത്തെ ഭൂരിഭാഗം കനാലുകളും ആഴം കുറഞ്ഞതും വീതി കുറഞ്ഞതും മണൽമൂടിക്കിടക്കുകയും, തീരത്ത് മണ്ണൊലിപ്പും, അടിസ്ഥാന സൗകര്യങ്ങളായ ജെട്ടികളും ടെർമിനലുകളും ഗതാഗത സംവിധാനങ്ങളുടെ അഭാവവും തുടങ്ങി നിരവധി പരിമിതികളാൽ ദുരിതമനുഭവിക്കുന്നു. കോഴിക്കോട്-വടകര പാത ഭാഗികമായി സഞ്ചാരയോഗ്യമാണ്. കൊല്ലത്തിനും കോട്ടപ്പുറത്തിനുമിടയിലുള്ള ദേശീയ ജലപാത-3 ഉം ചമ്പക്കര, ഉദ്യോഗമണ്ഡല് എന്നീ ഫീഡർ കനാലുകളും ക്ലാസ്-3 നിലവാരത്തിൽ വികസിപ്പിച്ചെടുത്ത് ബാർജ് സർവീസുകൾ നടത്തുന്നുണ്ട്. ഡബ്ല്യുസിസിയുടെ വിവിധ റീച്ചുകളുടെ നിലവിലെ പുരോഗതിപട്ടിക **അനുബന്ധം 11.1.31** ൽ നൽകിയിരിക്കുന്നു.

## തീരദേശ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് (സി എസ് ഐ എൻ ഡി)

കേരളത്തിലെ ജലപാതകളുടെ വികസനവും ഉൾനാടൻ നാവിഗേഷന്റെ പ്രോത്സാഹനവുമാണ് കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിൻറെ സുപ്രധാന ലക്ഷ്യങ്ങൾ. വകുപ്പ് സംസ്ഥാന ജലപാതകളിൽ പ്രവൃത്തികൾ ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കി വരുന്നു. കൊല്ലത്ത് കല്ലുപാലം, ആലപ്പുഴ ജില്ലകളിൽ 9 ബോട്ട് ജെട്ടികളുടെയും ജങ്കാർ കടവിന്റെയും നിർമാണം, കോഴിക്കോട് ജില്ലയിൽ 11 സ്റ്റീൽ നടപ്പാലം എന്നിവ പൂർത്തിയായി. മലപ്പുറം ജില്ലയിലെ വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജ് (രണ്ടാം ഘട്ടം) നിർമ്മാണം, കരിക്കകം സ്റ്റീൽ ലിഫ്റ്റിംഗ് ബ്രിഡ്ജ്, സെന്റ് ആൻഡ്രൂസ് പാലം എന്നിവയുടെ നിർമ്മാണം, പാർവതി പുത്തനാറിന് കുറുകെ സ്റ്റീൽ ലാറ്റിസ് പാലം നിർമ്മാണം, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ പാലത്തിന് താഴെ സ്ലൂയിസ് നിർമ്മാണം എന്നിവ പുരോഗമിക്കുന്നു.

**പട്ടിക 11.1.12** 2021-22 മുതൽ 2023-24 വരെയുള്ള വകുപ്പ് തിരിച്ച് പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ))

| വകുപ്പ് / ഏജൻസി | വാർഷിക പദ്ധതി 2021-22 | | വാർഷിക പദ്ധതി 2022-23 | | വാർഷിക പദ്ധതി 2023-24* | |
|---|---|---|---|---|---|---|
| | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് |
| എസ് ഡബ്ല്യു റ്റി ഡി | 2761.00 | 1265.52 | 2979.00 | 1162.93 | 2979.00 | 1265.55 |
| സി എസ് ഐ എൻ ഡി | 10982.00 | 6773.65 | 10356.00 | 8153.54 | 10356.00 | 6798.14 |
| കെ എസ് ഐ എൻ സി | 867.00 | 272.00 | 831.00 | 468.00 | 831.00 | 0.00 |

*ചെലവ് നവംബർ വരെ
ഉറവിടം: ബജറ്റ് ഡോക്യുമെന്റ് 2022-23 (വാല്യം 1 ), ധനകാര്യ വകുപ്പ്, പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്

### കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ എസ് ഐ എൻ സി)

കേരള ജലപാതകളിലെ ഉൾനാടൻ നാവിഗേഷനിൽ പൈനീയർ ആണ്. കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്(കെഎസ്ഐഎൻസി), ഇത് കേരള സർക്കാരിൻറെ കീഴിൽ വരുന്ന സ്ഥാപനമാണ്. ചെറിയ ജലയാനങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി കെഎസ്ഐഎൻസിയ്ക്ക് രണ്ട് യാർഡുകൾ ഉണ്ട്. ഉപഭോക്തൃ ആവശ്യങ്ങൾക്ക് അനുസൃതമായി ജലയാനങ്ങൾ നിർമ്മിക്കുന്നതിലും പരിപാലിക്കുന്നതിലും പ്രവർത്തിപ്പിക്കുന്നതിലും കെഎസ്ഐഎൻസി ഉയർന്ന നിലവാരം പുലർത്തുന്നു. കെ എസ് ഐ എൻ സിയുടെ സ്വന്തം ക്രൂയിസ് വെസ്സലുകളായ പ്രീമിയർ സാഗരറാണി (ഉം II ഉം) ആഡംബര കപ്പലായ നെഫെർറ്റിറ്റിയും ഇവരുടെ എടുത്തു പറയാവുന്ന പ്രത്യേകതകളാണ്.

കെഎസ്ഐഎൻസി 2005-ൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിച്ചു, വിനോദസഞ്ചാരികളെ 'സാഗരറാണി'യിൽ കടലിലേക്ക് കൊണ്ടുപോകുന്നു. ഇതിനായി നിലവിൽ രണ്ട് ജലയാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇത് കേരളത്തിലെ യന്ത്രവൽകൃത ചരക്ക് നീക്കത്തിന്റെ മുൻ നിരക്കാരനും ഏറ്റവും വലിയ കളിക്കാരനുമാണ് . കെഎസ്ഐഎൻസിയ്ക്ക് ഇപ്പോൾ രണ്ട് കാർഗോ ബാർജുകളും നാല് പെട്രോളിയം ബാർജുകളും ഒരു ആസിഡ് ബാർജും രണ്ട് ജങ്കാറുകളും ഉണ്ട്. കൂടാതെ, 300 മെട്രിക് ടൺ ആസിഡ് കാരിയർ ബാർജ് പ്രവർത്തനം ആരംഭിക്കുകയും 2022-23-ൽ 4.25 കോടി രൂപ ചെലവിൽ ആദ്യത്തെ സോളാർ (ഹൈബ്രിഡ്) ടൂറിസ്റ്റ് ബോട്ട് 'സൂര്യാംശു' വിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സാഗരറാണിയ്ക്ക് സമാനമായ രീതിയിൽ ഒരു സൗരോർജ്ജ-വൈദ്യുത കപ്പൽ കോഴിക്കോട് അവതരിപ്പിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. കേരളത്തിലെ ഉൾനാടൻ ജലഗതാഗത ഏജൻസികളുടെ(കെ എസ് ഐ എൻ സി) പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ **അനുബന്ധം 11.1.32** ൽ നൽകിയിരിക്കുന്നു.

### കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ)

ജലപാതകൾ വികസിപ്പിക്കുന്നതിനായി, 2017-ൽ സംസ്ഥാന സർക്കാരിന്റെയും സിയാൽ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെയും (സിയാൽ) തുല്യ ഓഹരികളോടെ കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കെഡബ്ല്യുഐഎൽ) എന്ന പേരിൽ ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനം സംസ്ഥാനം രൂപീകരിച്ചു. (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡാണ്(കിഫ്ബി) പ്രധാനമായും ഫണ്ട് നൽകുന്നത്. 2017-2023 കാലയളവിൽ, സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിച്ച പ്രകാരം ഡബ്ല്യുസിസിയുടെ വിവിധ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കൽ, കനാൽ ശുചീകരണ പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ക്വിൽ ഏറ്റെടുത്തു നടപ്പിലാക്കുന്നു.

### സംസ്ഥാന ജലഗതാഗത വകുപ്പ്

ആലപ്പുഴ, കോട്ടയം, കൊല്ലം, എറണാകുളം, കണ്ണൂർ, കാസർകോട് ജില്ലകളിലെ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന പൊതുജനങ്ങളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുക എന്ന പ്രധാന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ രൂപീകരിച്ച ഒരു അവശ്യ സേവനവകുപ്പാണ് സംസ്ഥാന ജലഗതാഗത വകുപ്പ്. 2022-23 വർഷത്തിൽ മരം/ഉരുക്ക്/സോളാർ അധിഷ്ഠിത ഫൈബർ ഗ്ലാസ് പാസഞ്ചർ ബോട്ടുകൾ ഉപയോഗിച്ചുകൊണ്ട് ആകെ 2,245 കിലോമീറ്റർ ദൈർഘ്യം വരുന്ന 116 റൂട്ടുകളിലായി ഏകദേശം 103.59 ലക്ഷം യാത്രക്കാരുടെ ഗതാഗത ആവശ്യങ്ങൾ വകുപ്പിന് നിറവേറ്റാനായിട്ടുണ്ട്. പ്രവർത്തക്ഷമമായ 63 ബോട്ടുകൾ ഉപയോഗിച്ചുകൊണ്ട് പ്രതിവർഷം ഏകദേശം 2,32,000 ട്രിപ്പുകൾ സംസ്ഥാന ജലഗതാഗത വകുപ്പ് നടത്തിവരുന്നു. വകുപ്പിന്റെ പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ **അനുബന്ധം 11.1.33**-ൽ നൽകിയിരിക്കുന്നു.

പ്രവർത്തന വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ യാത്രക്കാരുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുന്നതിലുപരിയായി വകുപ്പ് അതിന്റെ പ്രവർത്തനം വിനോദ സഞ്ചാര മേഖലയിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. കുട്ടനാടൻ ജലപാതകളുടെയും ഇതര ഉൾനാടൻ പ്രദേശങ്ങളുടെയും വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 90 പേർക്ക് യാത്ര ചെയ്യാവുന്ന 'സീ കുട്ടനാട്' എന്ന ആധുനിക ടൂറിസ്റ്റ് കം പാസഞ്ചർ വെസ്സൽ 2022 സെപ്റ്റംബറിൽ വകുപ്പ് ഉദ്ഘാടനം ചെയ്തു. ഉൾനാടൻ ജലഗതാഗതത്തിൽ വിനോദസഞ്ചാരത്തിന്റെ അനന്തസാധ്യതകൾ ഉൾകൊണ്ടുകൊണ്ട് സംസ്ഥാന ജലഗതാഗത വകുപ്പ് 'സീ കുട്ടനാട്' കൂടാതെ 'വേഗ-2', 'സീ അഷ്ടമുടി' എന്നീ ടൂറിസ്റ്റ് കം പാസഞ്ചർ യാനങ്ങൾ കൂടി നിലവിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ, വിനോദ സഞ്ചാര ബോട്ടുകളുടെ ഓപ്പറേഷനിലൂടെ 203.63 ലക്ഷം രൂപയുടെ റവന്യൂ വരുമാനം വകുപ്പിനുണ്ടായിട്ടുണ്ട്, ഇത് 2021-22ലെ വരുമാനമായ 90.35 ലക്ഷം രൂപയേക്കാൾ 125.37 ശതമാനം അധികമാണ്. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിക്കാനെത്തുന്ന വിനോദ സഞ്ചാരികൾക്കായി 2023-ൽ ജലഗതാഗത വകുപ്പ് പുറത്തിറക്കിയ പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ടായ 'സീ അഷ്ടമുടി' വകുപ്പിന് ശരാശരി 8.00 ലക്ഷം രൂപയുടെ പ്രതിമാസ വരുമാനം നേടികൊടുക്കുന്നുണ്ട്.

റോഡ് ഗതാഗത മേഖലയിൽ നിന്നും വിഭിന്നമായി, ജലഗതാഗത രംഗത്ത് ടാക്സി സർവീസുകൾ പൊതുവേ വിരളമാണ്. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് മെച്ചപ്പെട്ട ഗതാഗത സൗകര്യം ലഭ്യമാക്കുന്നതിനായി വകുപ്പ് ഉൾനാടൻ മേഖലകളിൽ വാട്ടർ ടാക്സി സേവനം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴയിലെ തേജസ് 1 ഉം പയ്യന്നൂർ മേഖലയിലെ തേജസ് 2 ഉം ഉൾപ്പടെ നിലവിൽ വകുപ്പ് നാല് വാട്ടർ ടാക്സി സർവീസുകൾ നടത്തുന്നുണ്ട്.

റെയിൽ, റോഡ് തുടങ്ങിയ ഇതര ഗതാഗത മാർഗ്ഗങ്ങളെയപേക്ഷിച്ച് ജലഗതാഗതം കൂടുതൽ കാര്യക്ഷമവും ചെലവ് കുറഞ്ഞതുമാണ്. കൂടാതെ സോളാർ/ഇലക്ട്രിക് അധിഷ്ഠിത ജലഗതാഗത

വാഹനങ്ങളുടെ ഉപയോഗം കാർബൺ ബഹിർഗമനം കുറയ്ക്കുന്നത് സഹായിക്കുമെന്നതിനാൽ നിലവിൽ ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന പഴയ ജലഗതാഗത വാഹനങ്ങൾ സോളാർ/ഇലക്ട്രിക്/പ്രകൃതി വാതക വാഹനങ്ങളാക്കി മാറ്റുന്നതിനായി വകുപ്പ് കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. ജലഗതാഗത വകുപ്പിന് കീഴിൽ 2017 മുതൽ സർവീസ് ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ സൗരോർജ്ജ ബോട്ടായ 'ആദിത്യ' നാളിതുവരെ 420 ടൺ കാർബൺ ബഹിർഗമനം ഒഴിവാക്കുകയും 1.65 ലക്ഷം ലിറ്റർ ഫോസിൽ ഇന്ധനം സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 'ആദിത്യ' യുടെ പ്രവർത്തന രീതിയും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിലുള്ള പങ്കും ഇതര സംസ്ഥാനങ്ങൾക്ക് പോലും അനുകരണീയമായ മാതൃകയാണ്.

**വെല്ലുവിളികളും അവസരങ്ങളും**

2025-ഓടെ ദേശീയ മാനദണ്ഡങ്ങൾക്കനുസൃതമായി കോവളം-കാസർഗോഡ് ജലപാത പ്രവർത്തിപ്പിക്കുകയും, വികസന പദ്ധതികൾക്കും ചരക്കുനീക്കത്തിനും ഊന്നൽ നൽകുന്ന സംസ്ഥാനത്തെ ജലപാതകൾക്കായി സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതും, ആധുനിക കപ്പലുകളുടെ വാങ്ങലും അതുപോലെ തന്നെ യാത്രക്കാരുടെയും ചരക്കുകളുടെയും സഞ്ചാരത്തിന് പ്രോത്സാഹനം നൽകുക, തുറമുഖങ്ങളും ഉൾപ്രദേശങ്ങളും തമ്മിൽ ടെർമിനൽ സൗകര്യങ്ങളും കണക്റ്റിവിറ്റിയും സ്ഥാപിക്കുക, നദീതട വ്യാവസായിക ഇടനാഴികളും വിനോദസഞ്ചാരവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുകയും ഉൾനാടൻ ജലപാതകളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ദ്രാവക ഖര മാലിന്യം കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുക, ജലപാത അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുക എന്നീ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. സംയോജിത മൾട്ടിമോഡൽ ട്രാൻസ്പോർട്ട് നയത്തിന് അനുസൃതമായി ഉൾനാടൻ ജലഗതാഗത ഉപമേഖലയുടെ സുസ്ഥിര വികസനം ഉറപ്പാക്കുന്ന ഒരു മധ്യകാല, ദീർഘകാല കാഴ്ചപ്പാട് സർക്കാർ തയ്യാറാക്കേണ്ടതുണ്ട്. ഗതാഗത മേഖലയുടെ വികസനത്തിനുള്ള മോഡൽ ഓപ്ഷനുകൾ സാമൂഹികവും പാരിസ്ഥിതികവുമായ നേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം.

സുസ്ഥിര സഞ്ചാരയോഗ്യതയും ഗതാഗത പ്രാധാന്യവും അനുസരിച്ച് ഉൾനാടൻ ജലപാത ശൃംഖല പുനഃക്രമീകരിക്കേണ്ടതാണ്. പ്രധാന ജലപാതകളിൽ തിരുവനന്തപുരത്തെയും ബേക്കലിനെയും മറ്റ് ദേശീയ ജലപാതകളെയും ബന്ധിപ്പിക്കുന്ന ഫെയർവേകളും ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ഇത് കോട്ടയത്തെ ഉൾനാടൻ തുറമുഖം ഉൾപ്പെടെ എല്ലാ തുറമുഖങ്ങളെയും ബന്ധിപ്പിക്കുന്നതും പ്രാദേശിക പട്ടണങ്ങളെ ബന്ധിപ്പിക്കുന്നതുമായിരിക്കണം. ജലപാത മാനേജ്മെന്റ് പ്ലാനിന് അനുസൃതമായി നെറ്റ്‌വർക്ക് വികസനവും ഡ്രെഡ്ജിംഗ് തന്ത്രവും തയ്യാറാക്കേണ്ടതാണ്. പുതിയ ഡ്രെഡ്ജിംഗ് തന്ത്രം സിഎസ്ഐഎൻഡിയുടെയും കേരള വാട്ടർവേയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെയും (കെഡബ്ല്യുഐഎൽ) പ്രോഗ്രാമുകളെ ഏകോപിപ്പിക്കുകയും സംയോജിപ്പിക്കുകയും വേണം.

ജലപാത മാനേജ്മെന്റ്, ഓപ്പറേഷൻസ്, ഉൾനാടൻ ജലഗതാഗത അടിസ്ഥാനസൗകര്യ വികസനം, ജലപാതകളുടെ ഡ്രെഡ്ജിംഗ്, മെയിന്റനൻസ്, ചരക്ക് കൈകാര്യം ചെയ്യുന്നതിൽ യന്ത്രവൽക്കരണം, ഉൾനാടൻ കണ്ടെയ്നർ ടെർമിനലുകളുടെ വികസനം, ജലപാതകളിലെ കണ്ടെയ്നർ ട്രാഫിക് എന്നിവയിൽ കൂടുതൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. അതിനായി, ഉൾനാടൻ കപ്പൽ സുരക്ഷ, കപ്പൽ നിർമാണം, കപ്പൽ രൂപകൽപന, കപ്പൽ നിർമാണത്തിന്റെ മേൽനോട്ടം, സർവ്വേ സർട്ടിഫിക്കറ്റുകൾ നൽകൽ, ഓരോ കപ്പലിനും ആവശ്യമായ തൊഴിലാളികളെ നിശ്ചയിക്കൽ തുടങ്ങിയവയുടെ നിലവിലുള്ള നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തി പുതിയ മാർഗനിർദേശങ്ങളും നടപടിക്രമങ്ങളും തയ്യാറാക്കേണ്ടതാണ്. ഓരോ വിഭാഗത്തിനും വേണ്ടിയുള്ള സേവന പരിശീലന മൊഡ്യൂളുകളും വിജയകരമായി പൂർത്തിയാക്കിയതിന് ശേഷം പരിശീലന സ്ഥാപനങ്ങൾ വിവിധ വിഭാഗങ്ങളിലെ ക്രൂവിന് കോംപിറ്റൻസി സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

## 11.2 ഊർജ്ജം

ഏതൊരു രാജ്യത്തിന്റെയും പുരോഗതിയിൽ ഊർജ്ജ മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. നിക്ഷേപങ്ങൾ, കണ്ടുപിടുത്തങ്ങൾ, പുതിയ വ്യവസായങ്ങൾ, മുഴുവൻ സമ്പദ്‌വ്യവസ്ഥകൾക്കുമായുള്ള അഭിവൃദ്ധി എന്നിവ സാധ്യമാക്കുന്നതിൽ ഊർജ്ജ വികസനം നിർണ്ണായകമാണ്. ഹരിതവും, സുരക്ഷിതവും, താങ്ങാനാവുന്ന തരത്തിലുള്ളതുമായ ഊർജ്ജത്തിന് അത്യന്താപേക്ഷിതവും കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കൽ, വില വ്യതിയാനം പ്രതിരോധിക്കൽ, ഊർജ്ജ ചെലവ് കുറയ്ക്കൽ എന്നിവയിൽ രാജ്യങ്ങളെ സഹായിക്കുന്നതിനും കഴിയുന്നവയുമാണ് പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജ സ്രോതസ്സുകൾ.

റഷ്യ-ഉക്രൈയ്ൻ സംഘർഷം ലോകമെമ്പാടും സൃഷ്ടിച്ച ഊർജ്ജ പ്രതിസന്ധി ജനജീവിതത്തിനും ബിസിനസ്സുകൾക്കും മുഴുവൻ സമ്പദ്‌വ്യവസ്ഥകൾക്കും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്

പരമ്പരാഗത സ്രോതസ്സുകൾ മുതൽ പ്രായോഗികമായ പാരമ്പര്യേതര സ്രോതസ്സുകൾ വരെ ഉൾപ്പെടുന്നവയാണ് ഇന്ത്യയിലെ ഊർജ്ജ സ്രോതസ്സുകൾ. ഇന്ത്യയുടെ ഊർജ്ജ ആവശ്യങ്ങളുടെ 80 ശതമാനവും നിറവേറ്റുന്നത് കൽക്കരി, എണ്ണ, ഖര ബയോമാസ് എന്നീ മൂന്ന് ഇന്ധനങ്ങളാണ്. (അവലംബം : ഇന്റർ നാഷണൽ എനർജി ഏജൻസി 2021).

സൗരോർജ്ജം, കാറ്റിൽ നിന്നുമുള്ള ഊർജ്ജം എന്നിവയുടെ ശേഷിയിലുണ്ടായ ശ്രദ്ധേയമായ വളർച്ച, പുനരുപയോഗ ഊർജ്ജം ഉപയോഗിക്കുന്നതിൽ ആഗോള തലത്തിൽ മുൻനിരയിലുള്ള സ്ഥാനം നിലനിർത്താൻ രാജ്യത്തെ പ്രാപ്തമാക്കി. പുനരുപയോഗ ഊർജ്ജത്തിന്റെ സ്ഥാപിത ശേഷിയുടെ കാര്യത്തിൽ ആഗോളതലത്തിൽ നാലാം സ്ഥാനത്തുള്ള ഇന്ത്യയുടെ മൊത്തം സ്ഥാപിത വൈദ്യുതി ശേഷിയുടെ 43 ശതമാനവും (2023 സെപ്റ്റംബർ 30 വരെ) ഫോസിൽ ഇതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നാണ്. (അവലംബം: മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജി (എംഎൻആർഇ), ഭാരതസർക്കാർ). 120 സമ്പദ്‌വ്യവസ്ഥകളുടെ ഊർജ്ജ സംവിധാനങ്ങളെ വിലയിരുത്തുന്ന വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ ഊർജ്ജ പരിവർത്തന സൂചികയിൽ ഇന്ത്യ 67-ാം സ്ഥാനത്താണ്. എനർജി ട്രാൻസിഷൻ എനേബിളറുകൾ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് എനർജി ട്രയാങ്കിളിന്റെ മൂന്ന് അനിവാര്യതകൾ - ഇക്വിറ്റി, സെക്യൂരിറ്റി, സുസ്ഥിരത എന്നിവ പരിഗണിച്ചാണ് ഈ സൂചിക വികസിപ്പിച്ചിരിക്കുന്നത്. (അവലംബം: വേൾഡ് ഇക്കണോമിക് ഫോറം).

### ഇന്ത്യയിലെ ഊർജ്ജ മേഖല

2023 ആഗസ്റ്റ് 31 ആയപ്പോഴേക്കും രാജ്യത്തിന്റെ മൊത്തം സ്ഥാപിത ശേഷി 4,24,288 മെഗാവാട്ടാണ്. ഇന്ത്യയിൽ, താപോർജ്ജത്തിൽ നിന്നുള്ള വൈദ്യുതിയാണ് ഊർജ്ജ സ്രോതസ്സുകളിൽ പ്രധാനമായിട്ടുള്ളത്. ഇത്

**പട്ടിക 11.2.1** ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട്) 2022-23 ൽ

| ഇന്ധനം | സ്ഥാപിത ശേഷി (മെഗാവാട്ട്) | | | |
|---|---|---|---|---|
| | 31.03.2023 ൽ | ശതമാനം | 31.08.2023 ൽ | ശതമാനം |
| താപവൈദ്യുതി | 2,37,268.91 | 57.02 | 2,38,443 | 56.19 |
| ജലവൈദ്യുതി | 46,850.17 | 11.26 | 46,850 | 11.04 |
| ആണവോർജ്ജം | 6,780.00 | 1.62 | 7,480 | 1.76 |
| പുനരുപയോഗ ഊർജ്ജം | 1,25,159.81 | 30.08 | 1,31,515 | 30.99 |
| ആകെ | | 4,16,058.89 | | 4,24,288 |

അവലംബം: സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ)

**പട്ടിക 11.2.2** ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട്), 2022-23ൽ, മേഖല തിരിച്ച്

| മേഖല | സ്ഥാപിതശേഷി (മെഗാവാട്ട്) | | | |
|---|---|---|---|---|
| | 31.03.2023 ൽ | ശതമാനം | 31.08.2023ൽ | ശതമാനം |
| സംസ്ഥാന മേഖല | 1,00,054.93 | 24.04 | 1,01,415 | 23.90 |
| കേന്ദ്ര മേഖല | 1,05,726.43 | 25.41 | 1,05,749 | 24.92 |
| സ്വകാര്യ മേഖല | 2,10,277.53 | 50.54 | 2,17,124 | 51.17 |
| ആകെ | 4,16,058.89 | | 4,24,288 | |

അവലംബം: കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ)

രാജ്യത്തിന്റെ മൊത്തം സ്ഥാപിത ശേഷിയുടെ 56.19 ശതമാനം വരുന്നു. നാഷണൽ ഗ്രിഡിലേക്ക് വിവിധ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ വിഹിതം **പട്ടിക 11.2.1** ൽ കൊടുത്തിരിക്കുന്നു. അടുത്തകാലത്ത്, പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോത്പാദനം ജല വൈദ്യുതി ഉൽപാദനത്തെ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളി രണ്ടാം സ്ഥാനത്തെത്തി. ഊർജ്ജോൽപ്പാദനത്തിന്റെ മേഖല തിരിച്ചുള്ള ആകെ കണക്കുകൾ **പട്ടിക 11.2.2** ൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രകാരം 2023 ആഗസ്റ്റ് 31 ആയപ്പോഴേക്കും ഇന്ത്യയിലെ മൊത്തം ഊർജ്ജ ഉല്പാദനത്തിന്റെ 1,05,749 മെഗാവാട്ട് (24.92 ശതമാനം) സംസ്ഥാന മേഖലയിൽ നിന്നും 1,01,415 മെഗാവാട്ട് (23.90 ശതമാനം) കേന്ദ്ര മേഖലയിൽ നിന്നും 2,17,124 മെഗാവാട്ട് (51.17 ശതമാനം) സ്വകാര്യ മേഖലയിൽ നിന്നുമാണ്.

### കേരളത്തിലെ ഊർജ്ജ മേഖല

കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി പ്രസിദ്ധീകരിച്ച സംസ്ഥാന ഊർജ കാര്യക്ഷമത സൂചികയിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഇറക്കുമതി ചെയ്യുന്ന വൈദ്യുതിയെ വളരെയധികം

**ബോക്സ് 11.2.1** കേരള ഗ്രീൻ എനർജി മിഷൻ

2040 ആകുമ്പോഴേക്കും 100 ശതമാനം പുനരുപയോഗ ഊർജ്ജത്തിലേക്കും 2050-ആകുമ്പോൾ നെറ്റ് കാർബൺ ന്യൂട്രാലിറ്റിയിലേക്കും മാറുന്നതിനാണ് കേരളം ലക്ഷ്യമിടുന്നത്. ഉയർന്ന അളവിൽ മഴ, സൗരോർജ്ജം, കാറ്റ് എന്നിവ ലഭിക്കുന്നതിനുള്ള സാധ്യത, ഫ്ലോട്ടിംഗ് സോളാറിന് അനുയോജ്യമായ സമൃദ്ധമായ ജലാശയങ്ങൾ, ഓഫ് ഷോർ വൈദ്യുതി ഉത്പാദനം എന്നിങ്ങനെ ഗ്രീൻ ഹൈഡ്രജൻ ഉൽപാദനത്തിന് അനുകൂലമായ അന്തരീക്ഷമാണ് സംസ്ഥാനത്തിനുള്ളത്. പുനരുപയോഗ ഊർജ്ജം ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന ഗ്രീൻ ഹൈഡ്രജൻ പരിസ്ഥിതി സൗഹൃദ വികസനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കും. ദീർഘദൂര വാഹനങ്ങളിലും കപ്പലുകളിലും ഹൈഡ്രജൻ ഇന്ധനം ഉപയോഗിക്കുന്നത് കാർബൺ ബഹിർഗമനം വലിയ തോതിൽ കുറയ്ക്കും.

കേരളത്തിന് 8,600 മെഗാവാട്ട് ആർഇ ശേഷിയുണ്ട്, കൂടാതെ സംവിധാനത്തിലുടനീളം ഗ്രീൻ ഹൈഡ്രജൻ സ്വീകരിക്കുന്നതിൽ സംസ്ഥാനം ഇതിനകം തന്നെ മുൻനിരയിലാണ്. 2050-ഓടെ കേരളത്തിന്റെ കാർബൺ ന്യൂട്രാലിറ്റി ലക്ഷ്യം കൈവരിക്കുന്നതിൽ ഗ്രീൻ ഹൈഡ്രജൻ നിർണായക പങ്ക് വഹിക്കും. ഹരിത ഹൈഡ്രജൻ ഡൊമെയ്നിലെ നിക്ഷേപം സുഗമമാക്കുന്നതിനും കേരളത്തെ ഗ്രീൻ ഹൈഡ്രജൻ ഹബ്ബാക്കി മാറ്റുന്നതിനുമായി, റോഡ്മാപ്പ്, നയം, നടപ്പാക്കൽ പദ്ധതികൾ എന്നിവ ആവിഷ്കരിക്കാൻ സംസ്ഥാനം ലക്ഷ്യമിടുന്നു. മേൽപ്പറഞ്ഞ ലക്ഷ്യം സാക്ഷാത്കരികുന്നതിനായി, ഇൻപുട്ടുകൾ സംഭാവന ചെയ്യുന്നതിനും പങ്കാളിത്തവും സഹകരണവും മിഷനിലേക്കുള്ള സഹായവും സുഗമമാക്കുന്നതിനായി ഒരു ഉന്നതതല സമിതിയോടുകൂടി സർക്കാർ 2022 നവംബറിൽ "കേരള ഹൈഡ്രജൻ ഇക്കണോമി മിഷൻ (കെഎച്ച്ഇഎം)" രൂപീകരിച്ചു.

അവലംബം: അനെർട്ട്

**പട്ടിക 11.2.3** കേരള സംസ്ഥാനത്തിന്റെ ഊർജ്ജ സംവിധാനത്തിന്റെ വളർച്ച ഒറ്റനോട്ടത്തിൽ (2018-23)

| ക്രമ നം | ഘടകം | 31.03.2023 ൽ | | | | | |
|---|---|---|---|---|---|---|---|
| | | യൂണിറ്റ് | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
| 1 | സ്ഥാപിത ശേഷി | മെഗാവാട്ട് | 3000.35 | 3063.15 | 3029.65 | 3145.82 | 3514.81 |
| 2 | വാർഷിക വിതരണം | മില്യൺ യൂണിറ്റ് | 21750.25 | 23058.91 | 22540.30 | 23983.42 | 25383.77 |
| 3 | ആളോഹരി ഉപഭോഗം | കിലോവാട്ട് | 626 | 657 | 619 | 676 | 682 |
| 4 | വാർഷിക എക്സ്പോർട്ട് | മില്യൺ യൂണിറ്റ് | 1030.20 | 323.84 | 633.39 | 2244.73 | 1832.24 |
| 5 | വാർഷിക ഇംപോർട്ട് | മില്യൺ യൂണിറ്റ് | 17982.15 | 20827.12 | 18708.40 | 19156.36 | 18249.07 |
| 6 | ഉപഭോക്താക്കൾ | എണ്ണം (ലക്ഷത്തിൽ) | 125.52 | 128.26 | 131.43 | 134.22 | 136.48 |
| 7 | തെരുവ് വിളക്കുകൾ | എണ്ണം | 1422764 | 1447820 | 1476776 | 2301556 | 2351628 |
| 8 | വൈദ്യുതി വിൽപ്പനയിൽ നിന്നുള്ള വാർഷിക വരുമാനം | രൂപ (ലക്ഷം) | 1352121 | 1431882 | 1405353 | 1596204 | 1770546 |

അവലംബം: കെ.എസ്.ഇ.ബി.എൽ

ആശ്രയിക്കുന്നുണ്ടെങ്കിലും, ലോഡ്ഷെഡിംഗ്ഗും പവർകട്ടും പോലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ, ആവശ്യാനുസരണം എല്ലാവർക്കും വൈദ്യുതി നൽകാൻ സംസ്ഥാനത്തിന് കഴിയും.

കേരളത്തിൽ ഊർജ്ജ വികസന പ്രവർത്തനങ്ങൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ), ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്), എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് എന്നീ നാല് ഏജൻസികൾ മുഖേനയാണ് മുഖ്യമായും നടപ്പിലാക്കി വരുന്നത്.

**ഊർജ്ജ ലഭ്യത**

കേന്ദ്ര സ്റ്റേഷനുകൾ, സ്വകാര്യ ഉല്പാദകർ, പവർ എക്സ്ചേഞ്ചുകൾ, ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസേഴ്സ് (ഐപിപി), ക്യാപ്റ്റീവ് പവർ പ്ലാന്റുകൾ (സിപിപി), പ്രൊസ്യൂമർ എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള ആന്തരിക സ്രോതസ്സുകളിൽ നിന്നാണ് സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള വൈദ്യുതിയുടെ അളവ് കണ്ടെത്തിയിട്ടുള്ളത്. വിശദാംശങ്ങൾ **പട്ടിക 11.2.4** ൽ കൊടുത്തിരിക്കുന്നു.

**വൈദ്യുതി ആവശ്യകത**


സംസ്ഥാനത്ത് ഏറ്റവും കൂടിയ ഊർജ്ജ ആവശ്യകത

**പട്ടിക 11.2.4** 2022-23 കാലയളവിൽ സംഭരിച്ച ഊർജ്ജത്തിന്റെ അളവും സ്രോതസ്സും

| ക്രമ നം | വിശദാംശങ്ങൾ | | വൈദ്യുതി (മില്യൺ യൂണിറ്റ്) |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി.എൽന്റെ മൊത്തം ഊർജ്ജ ഉത്പാദനം (സഹായ ഉപഭോഗം ഒഴികെ) | എ | 8560.33 |
| 2 | കേരള ചുറ്റളവിലുള്ള സിജിഎസിൽ നിന്ന് വൈദ്യുതി വാങ്ങൽ | ബി | 10386.03 |
| 3 | ദീർഘകാല / ഇടക്കാല / ഹ്രസ്വകാല കരാറുകളിലൂടെ / സ്വാപ്പ് വഴി കേരള ചുറ്റളവിൽ വൈദ്യുതി വാങ്ങൽ | സി | 9679.25 |
| 4 | സംസ്ഥാനത്തിനുള്ളിലെ ഐപിപി / സിപിപിയിൽ നിന്നുള്ള മൊത്തം വൈദ്യുതി വാങ്ങൽ | ഡി | 1068.01 |
| 5 | കേരള ചുറ്റളവിൽ മൊത്തം വൈദ്യുതി വാങ്ങൽ | ഇ=ബി+സി+ഡി | 2113.29 |
| 6 | ഓപ്പൺ ആക്സസ് വഴി സംസ്ഥാനത്തിന് പുറത്ത് വിൽപ്പന നടത്തുന്നതിനു സ്വകാര്യ ഐപിപി ജനറേറ്റർ വഴിയുള്ള വൈദ്യുതി | എഫ് | 52.77 |
| 7 | കേരള ചുറ്റളവിൽ ഓപ്പൺ ആക്സസ് വഴി ലഭിച്ച ഊർജ്ജം | ജി | 132.52 |
| 8 | കുറയ്ക്കേണ്ട സഹായ ഉപഭോഗം | എച്ച് | 23.18 |
| 9 | EXPORT- കെ എസ് ബി എൽ -ന്റെ ഊർജ്ജ വിൽപ്പന, KSEBL-ന്റെ SWAP റിട്ടേൺ, KSEB ചുറ്റളവിൽ ഓപ്പൺ ആക്സസ് വഴി സംസ്ഥാനത്തിന് പുറത്ത് വിൽക്കുന്നതിലേക്കായിസ്വകാര്യ IPP-കൾ പ്രദാനം ചെയ്യുന്ന ഊർജ്ജം | ഐ | 1881.38 |
| 10 | സംസ്ഥാനത്തിനകത്ത് ഊർജ്ജ വിൽപനയ്ക്കായി കേരള ഗ്രിഡിൽ ലഭ്യമായ മൊത്തം ഊർജ്ജം | ജെ=എ+ഇ+എഫ്+ജി-എച്ച്-ഐ | 27977.16 |


അവലംബം: കെ.എസ്.ഇ.ബി.എൽ

**ചിത്രം 11.2.1** കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഊർജ്ജ ആവശ്യകതയും ഊർജ്ജത്തിന്റെ പരമാവധി ആവശ്യകതയും




അവലംബം: കെ.എസ്.ഇ.ബി.എൽ

**ചിത്രം 11.2.2** 2018-19 മുതൽ 2022-23 വരെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം




അവലംബം: കെ.എസ്.ഇ.ബി.എൽ

2021-22 ൽ 4380.04 മെഗാവാട്ട് ആയിരുന്നത് 3.12 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിക്കൊണ്ട് 2022-23 ൽ (മാർച്ച് 28, 2023 ) 4517 മെഗാവാട്ടായിരുന്നു. 2022-23 ൽ പ്രഭാത സമയത്തെ ഏറ്റവും കൂടിയ ഊർജ്ജ ആവശ്യകത 3611 മെഗാവാട്ടും, പകൽ സമയത്തെ ആവശ്യകത 4096 മെഗാവാട്ടും ആയിരുന്നു. കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഊർജ്ജ ആവശ്യകതയും ഊർജ്ജത്തിന്റെ പരമാവധി ആവശ്യകതയും **ചിത്രം 11.2.1** ൽ കൊടുത്തിരിക്കുന്നു.

### ഊർജ്ജ ഉപഭോഗത്തിന്റെ രീതി

സംസ്ഥാനത്തെ വൈദ്യുതോർജ്ജ ഉപഭോഗം 2021-22ൽ 23983.40 എം.യു.ആയിരുന്നത് 2022-23ൽ 5.83 ശതമാനം വർദ്ധിച്ച് (ഓപ്പൺ ആക്സസ് ഉപഭോഗം ഉൾപ്പെടെ) 25383.77എം.യു ആയി. 2018-19 മുതൽ 2022-23 വരെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം, **ചിത്രം 11.2.2**ൽ നൽകിയിരിക്കുന്നു. 2023 മാർച്ച് 31 ൽ മൊത്തം ഉപഭോക്താക്കളുടെ എണ്ണം 1,36,48,851 ആയിരുന്നു.

കെ എസ് ഇ ബിയുടെ ഉപഭോക്താക്കൾ, സംസ്ഥാനത്തിന് പുറത്തുള്ള വിതരണം , മറ്റ് ബൾക്ക് ലൈസൻസികൾ എന്നിവ ഉൾപ്പെടെ 26736.62 മില്യൺ വൈദ്യുതി കെഎസ്ഇബി വിതരണം ചെയ്യുകയുണ്ടായി. 2022-23 ൽ ഇത് മുഖേന 17,705.46 കോടി രൂപയാണ് വരുമാനമായി ലഭിച്ചത്. 2022-23 ലെ വൈദ്യുതി ഉപഭോഗം, ലഭ്യമായ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.1** ൽ നൽകിയിരിക്കുന്നു.


### മൊത്തം സാങ്കേതിക വാണിജ്യ (എ. റ്റി. ആൻഡ് സി) നഷ്ടങ്ങൾ

പ്രസരണ വിതരണ (റ്റി & ഡി )നഷ്ടം കുറയ്ക്കുന്നതിൽ കേരളം പ്രശംസനീയമായ വിജയം കൈവരിച്ചു. 2022-23 ൽ, ടി ആൻഡ് ഡി നഷ്ടം മുൻ വർഷത്തെ 10.19 ശതമാനത്തിൽ നിന്ന് 9.27 ശതമാനമായി കുറഞ്ഞു. കാര്യക്ഷമമായ ഊർജ്ജ മാനേജ്മെന്റിനെയും അടിസ്ഥാന സൗകര്യ പരിപാലനത്തെയുമാണ് ഇത് സൂചിപ്പിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സാങ്കേതിക വാണിജ്യ നഷ്ടം കുറയുന്നതിന്റെ ഫലം അനുബന്ധം 11.2.2-ൽ നൽകിയിരിക്കുന്നു, കൂടാതെ 2018-19 മുതൽ 2022-23 വരെയുള്ള പ്രസരണ വിതരണ നഷ്ടം **ചിത്രം 11.2.3** കൊടുത്തിരിക്കുന്നു.

### ഉല്പാദനം


സംസ്ഥാനത്തെ വൈദ്യുതോൽപ്പാദനമേഖലയിൽ ജലവൈദ്യുത, താപ, കാറ്റ്, സൗരോർജ്ജ പ്ലാന്റുകൾ എന്നിവ ഉൾപ്പെടുന്നു. അവ സംസ്ഥാനത്തിന്റെ വൈദ്യുതി ഉൽപാദന ശേഷിക്ക് കൂട്ടായി സംഭാവന ചെയ്യുന്നു. 2023 മാർച്ച് 31 ആയപ്പോൾ കേരളത്തിലെ മൊത്തം ഊർജ്ജ സ്ഥാപിത ശേഷി 3,514.81 മെഗാവാട്ട് ആണ്. ഇതിൽ ഏറ്റവും കൂടുതൽ ഉല്പാദനം,അതായത് 2,173.57മെഗാവാട്ട് (61.84 ശതമാനം) ജല വൈദ്യുത പദ്ധതികളിൽ നിന്നും, 734.42 മെഗാവാട്ട് (20.90 ശതമാനം) സൗരോർജ്ജത്തിൽ നിന്നും 536.54

**ചിത്രം 11.2.3** പ്രസരണ വിതരണ (റ്റി & ഡി )നഷ്ടം (2018-19 മുതൽ 2022-23 വരെ ), ശതമാനത്തിൽ




ഉറവിടം : കെ.എസ്.ഇ.ബി.എൽ

**ചിത്രം 11.2.4** 2022-23 ൽ കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി (ശതമാനത്തിൽ)




അവലംബം: കെ.എസ്.ഇ.ബി.എൽ

മെഗാവാട്ട് (15.27 ശതമാനം) താപവൈദ്യുത പദ്ധതികളിൽ നിന്നും,70.28 മെഗാവാട്ട് (2 ശതമാനം) കാറ്റിൽ നിന്നും ഉല്പാദിപ്പിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലെ ഊർജ്ജ സ്രോതസ്സിന്റെയും അതിന്റെ സ്ഥാപിത ശേഷിയുടെയും വിശദാംശങ്ങൾ **അനുബന്ധം 11.2.3**ലും മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.2.4** ലും കൊടുത്തിരിക്കുന്നു. ജലം, താപം, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി **ചിത്രം 11.2.4** ൽ കൊടുത്തിരിക്കുന്നു.

2022-23 ലെ മൊത്തം സ്ഥാപിത ശേഷിയായ 3514.81 മെഗാവാട്ടിൽ സംസ്ഥാന മേഖലയുടെ സംഭാവന 2299.89 മെഗാവാട്ട് (65.43 ശതമാനം), കേന്ദ്ര മേഖല 359.58 മെഗാവാട്ട് (10.23 ശതമാനം), സ്വകാര്യ മേഖല 855.34 മെഗാവാട്ട് (24.33 ശതമാനം) എന്നിങ്ങനെയാണ്. കഴിഞ്ഞ 5 വർഷത്തെ ഊർജ്ജ ലഭ്യതയുടെ വിശദാശങ്ങൾ **അനുബന്ധം 11.2.5** ൽ കൊടുത്തിരിക്കുന്നു.

കെഎസ്ഇബിയുടെ ഉടമസ്ഥതയിലുള്ള 2096.36 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 41 ജലവൈദ്യുത പദ്ധതികളും 159.96 മെഗാവാട്ട് 2 താപ വൈദ്യുത നിലയങ്ങളും, 47.54 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളും 2.03 മെഗാവാട്ടിന്റെ ഒരു കാറ്റാടി പാടവും ചേർന്ന് മൊത്തം 2299.89 മെഗാ വാട്ട് ആണ് കെ എസ് ഇ ബി ൽ ന്റെ ആഭ്യന്തര ഉത്പാദന ശേഷി. വിശദാംശങ്ങൾ **പട്ടിക 11.2.5** ൽ ചേർത്തിരിക്കുന്നു.

**പട്ടിക 11.2.5** കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉൽപാദന ശേഷി

| ക്രമ നമ്പർ | ഇനം | 31.3.2023 ൽ ഉത്പാദന ശേഷി (മെഗാ വാട്ട്) | 2022–23 ൽ ആകെ ഉല്പാദനം (മി. യൂ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ജല വൈദ്യുതി | 2090.36 | 8636.52 |
| 2 | താപവൈദ്യുതി | 159.96 | 0.12 |
| 3 | കാറ്റ് | 47.54 | 21.55 |
| 4 | സൗരോർജ്ജം | 2.03 | 1.19 |
| | **ആകെ** | **2299.89** | **8659.38** |

അവലംബം: കെ.എസ്.ഇ.ബി.എൽ

കെ എസ് ഐ ബി എൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 209.50 മെഗാ വാട്ട് സ്ഥാപിത ശേഷിയോടു കൂടിയ 10 ജല വൈദ്യുതി പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.6** ലും കെഎസ്ഇബിയുടെ ഉടമസ്ഥതയിൽ നിലവിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ലിസ്റ്റ് **അനുബന്ധം 11.2.7** ലും നൽകിയിരിക്കുന്നു.

## പ്രസരണം

2023 മാർച്ച് 31 ആയപ്പോൾ കേരളത്തിൽ 14,431.11 സർക്യൂട്ട് കിലോമീറ്റർ ലൈനുകളുള്ള 25555.70 എംവിഎ ട്രാൻസ്ഫോർമേഷൻ കപ്പാസിറ്റിയോടുകൂടിയ 432 ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകളാണുള്ളത്, അതിൽ 6 സ്റ്റേഷനുകൾ (1755.61 സർക്യൂട്ട് കിലോമീറ്റർ)പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ (പിജിസിഐഎൽ ) ഉടമസ്ഥതയിലുള്ളവയാണ്.

## ട്രാൻസ് ഗ്രിഡ് 2.0

ഭാവിയിലെ ആവശ്യം നിറവേറ്റുന്നതിനുള്ള പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണം നടത്തുന്ന വൈദ്യുതിയുടെ വിശ്വാസ്യതയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ട്രാൻസ് ഗ്രിഡ് 2.0. പദ്ധതിയുടെ ആദ്യഘട്ടത്തിൽ (2017-23) ലക്ഷ്യമിട്ട 12 സബ്സ്റ്റേഷനുകളിൽ 11 സബ്സ്റ്റേഷനുകളും 1490 കി.മീ ഇഎച്ച്ടി ലൈനുകളും 2023 മാർച്ച് 31 വരെ പൂർത്തിയായി.

2022-23 ൽ മൊത്തം പൂർത്തിയാക്കിയ 6 പുതിയ സബ്സ്റ്റേഷനുകളിൽ 4 എണ്ണം ട്രാൻസ് ഗ്രിഡ് 2.0. പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചവയാണ്.

2023 മാർച്ച് 31 വരെയുള്ള സബ്സ്റ്റേഷനുകൾ ഉൾപ്പെടെ കേരളത്തിന്റെ പ്രസരണ അടിസ്ഥാന സൗകര്യങ്ങൾ

സംബന്ധിക്കുന്ന വിശദാംശങ്ങളും **അനുബന്ധം 11.2.8** ലും 2022-23ൽ പൂർത്തിയാക്കിയ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 11.2.9** ലും നൽകിയിരിക്കുന്നു.

**വിതരണം**
2023 മാർച്ച് 31 ആയപ്പോൾ വിതരണ ശൃംഖലയിൽ 67,920 സർക്യൂട്ട് കിലോമീറ്റർ 11 കെ.വി & 22 കെ വി ലൈനുകളും 3,02,626 സർക്യൂട്ട് കിലോമീറ്റർ എൽ റ്റി ലൈനുകളും 10,727 മെഗാ വോൾട്ട് ആംപിയർ സ്റ്റെപ്പ് ഡൗൺ കപ്പാസിറ്റിയുള്ള 87,584 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും ഉണ്ട്.

2022-23 കാലയളവിൽ വിതരണ മേഖലയിൽ പൂർത്തിയാക്കിയ പ്രധാന പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടതിനേക്കാൾ 100 ശതമാനത്തിലധികം നേട്ടം കൈവരിച്ചതായി സൂചിപ്പിക്കുന്നു. 2022-23 ൽ വിതരണ വിഭാഗത്തിൽ ലക്ഷ്യമിട്ടിരുന്ന അടിസ്ഥാന സൗകര്യങ്ങളും നേട്ടങ്ങളും **അനുബന്ധം 11.2.10** ൽ കൊടുത്തിരിക്കുന്നു.

**വൈദ്യുത അപകടങ്ങൾ**
2022-23 ൽ സംസ്ഥാനത്ത് 421 വൈദ്യുത അപകടങ്ങളാണ് മനുഷ്യർ/മൃഗങ്ങൾക്ക് സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. വിശദാംശങ്ങൾ **പട്ടിക 11.2.6** ൽ കൊടുത്തിരിക്കുന്നു.

2022-23 ൽ സംഭവിച്ച അപകടങ്ങൾ ഏകദേശം 50 ശതമാനത്തോളം മനുഷ്യർക്ക് സംഭവിച്ച മാരക അപകടങ്ങളും 35 ശതമാനം അല്ലാത്തവയുമാണ്( 15 ശതമാനം മൃഗങ്ങൾക്ക് സംഭവിച്ചത്).

**ഊർജ്ജമേഖലയിലെ ഏജൻസികൾ**
കേരളത്തിൽ ഊർജ്ജ വികസന പ്രവർത്തനങ്ങൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ), ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്), എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് എന്നീ നാല് ഏജൻസികൾ മുഖേനയാണ് മുഖ്യമായും നടപ്പിലാക്കി വരുന്നത്.

**കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)**
ഇന്ത്യൻ കമ്പനീസ് ആക്ട് 1956 (കേന്ദ്ര നിയമം 1956 ന്റെ ആക്ട് 1) പ്രകാരം സംയോജിക്കപ്പെട്ട പവർ യൂട്ടിലിറ്റി കമ്പനിയാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ). 2003 ലെ ഇലക്ട്രിസിറ്റി ആക്ട്, വകുപ്പ് 131 എന്നിവ പ്രകാരം ബോർഡ് കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ളതാണെങ്കിലും വകുപ്പ് 131, 133 എന്നിവയുടെ ഉപവകുപ്പ് 2 പ്രകാരം മുൻപുണ്ടായിരുന്ന കേരള സംസ്ഥാന വൈദ്യുതി നിക്ഷിപ്തമായിരുന്ന പ്രവർത്തനങ്ങളും, പ്രത്യേകതകളും, , അവകാശങ്ങളും, ബാധ്യതകളും, ഉത്തരവുകളും തിരികെ ഏല്പിച്ചിട്ടുണ്ട്. വിതരണം, പ്രസരണം, ഉൽപാദനം എന്നീ സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റുകളുള്ള സിംഗിൾ ഹോൾഡിംഗ് കമ്പനിയായ ബോർഡ് സംസ്ഥാനത്തെ വൈദ്യുതിയുടെ ഉത്പാദനം, പ്രസരണം,വിതരണം എന്നിവ നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തെ 99 ശതമാനം ഉപഭോക്താക്കൾക്കും ബോർഡ് നേരിട്ട് വൈദ്യുതി നൽകുകയും നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ എല്ലാവർക്കും ആവശ്യാനുസരണം വൈദ്യുതി നൽകുകയും ചെയ്യുന്നു.

കേരളത്തിൽ പാരമ്പര്യേതര പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ നിയന്ത്രണ ഏജൻസികൾ (i) ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി(അനർട്ട്) (ii) എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) എന്നിവയാണ്.

**അനർട്ട്**
കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ് ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി(അനർട്ട്). സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജപ്രചരണത്തിനും നടത്തിപ്പിനും

**പട്ടിക 11.2.6** 2022-23 ൽ വൈദ്യുത അപകടങ്ങൾ സംഭവിച്ച മനുഷ്യർ/മൃഗങ്ങളുടെ എണ്ണം

| ക്രമ നം | കാരണങ്ങൾ | മനുഷ്യർ | | മൃഗങ്ങൾ | | ആകെ |
|---|---|---|---|---|---|---|
| | | മാരകം | മാരകമല്ലാത്തവ | മാരകം | മാരകമല്ലാത്തവ | |
| 1 | കണ്ടക്റ്ററുകളുടെ സ്നാപ്പിംഗ് | 14 | 5 | 29 | 0 | 48 |
| 2 | ഇലക്ട്രിക് വയർ/ഉപകരണങ്ങളുമായി സമ്പർക്കം | 92 | 69 | 13 | 0 | 174 |
| 3 | സുരക്ഷാ മാർഗ്ഗങ്ങൾ ലംഘിക്കൽ/ മേൽ നോട്ടത്തിന്റെ അഭാവം | 29 | 37 | 1 | 0 | 67 |
| 4 | തകരാർ സംഭവിച്ച വീട്ടുപകരണങ്ങൾ | 28 | 8 | 12 | 0 | 48 |
| 5 | പര്യാപ്തമായ അറ്റകുറ്റപ്പണികളുടെ അഭാവം | 4 | 4 | 4 | 0 | 12 |
| 6 | അംഗീകൃതമല്ലാത്ത പ്രവർത്തനങ്ങൾ | 7 | 3 | 2 | 0 | 12 |
| 7 | മറ്റുള്ളവ * | 35 | 21 | 4 | 0 | 60 |
| | ആകെ | 209 | 147 | 65 | 0 | 421 |

" താൽക്കാലിക എക്സ്റ്റൻഷനുകൾ, പി&റ്റി ക്രോസിംഗ്, ദുരുപയോഗം
അവലംബം: ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

അധികാരമുള്ള നോഡൽ ഏജൻസിയാണ് അനർട്ട്. കേരളത്തിൽ കേന്ദ്രസർക്കാർ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജിയുടെ (എം.എൻ.ആർ. ഇ) നോഡൽ ഏജൻസി കൂടിയാണ് ഈ സ്ഥാപനം.

**എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി)**

സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിനും 2001 ലെ ഊർജ്ജ സംരക്ഷണ നിയമം നടപ്പാക്കുന്നതിനും വേണ്ടിയുള്ള കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സംസ്ഥാന അംഗീകൃത ഏജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ (ഇ എം സി). ചെറുകിട/ഇടത്തരം/ സൂക്ഷ്മ ജല വൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതും ഇ എം സി ആണ്. സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനത്തിന് പ്രചോദനം നൽകുന്നതിനായി സംസ്ഥാന സർക്കാർ വൈദ്യുതി വകുപ്പിന് കീഴിൽ രൂപീകരിച്ച സ്മാൾ ഹൈഡ്രോ പ്രൊമോഷൻ (എസ്.എച്ച്.പി.)സെൽ ഇ.എം.സിയുമായി ചേർന്ന് പ്രവർത്തിക്കുന്നു.

**ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്**

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന്റെ കീഴിലാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പ്രവർത്തിക്കുന്നത്. സുരക്ഷാ പരിശോധനകൾ നടത്തുന്നതും ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ, മീഡിയം വോൾട്ടേജ് ഇൻസ്റ്റലേഷൻ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുന്നതും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ആണ്. വിവിധ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ പരിശോധന, കാലിബറേഷൻ എന്നിവ നടത്തുക എന്നതാണ് മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എംടിഎസ്ൽ) യുടെ ലക്ഷ്യം. സംസ്ഥാനത്തെ എല്ലാ ഇലക്ട്രിക്കൽ അപകടങ്ങളും അന്വേഷിക്കുന്നതും ഈ വകുപ്പാണ്.

ഈ വകുപ്പുകളുടെ 2022-23, 2023-24 എന്നീ വർഷങ്ങളിലെ വാർഷിക പദ്ധതി വിഹിതം, ചെലവ്, എന്നിവ **പട്ടിക 11.2.7** ൽ കൊടുത്തിരിക്കുന്നു.

## പ്രധാന ഭൗതിക നേട്ടങ്ങൾ

**കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ എസ് ഇ ബി എൽ )**

- മൊത്തം ഊർജ്ജോല്പാദന ശേഷിയിൽ (കെഎസ്ഇബിഎൽ ഉടമസ്ഥതയിലുള്ളത്) 41.26 മെഗാവാട്ട് (30 മെഗാവാട്ട് ഹൈഡ്രോ & 17.26 മെഗാവാട്ട് സോളാർ) അധിക ശേഷി കൈവരിച്ചു. പൊരിങ്ങൽക്കുത്ത് (24 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്) എന്നീ രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പൂർത്തീകരണത്തിലൂടെ ഹൈഡ്രോയിൽ 30 മെഗാവാട്ട് കൂട്ടിച്ചേർക്കൽ സാധ്യമായി. ബ്രഹ്മപുരത്ത് നിന്ന് 2.75 മെഗാവാട്ട് , സൗര പദ്ധതിയിലൂടെ 14.51 മെഗാവാട്ട് എന്നിവയിലൂടെ സോളാറിൽ 17.26 മെഗാവാട്ട് കൂട്ടിച്ചേർത്തു.
- 2022-23ൽ മൊത്തം പ്രസരണ ശേഷി കൂട്ടിച്ചേർത്തത് 745.50 MVA ആയിരുന്നു, കൂടാതെ 47.70 സർക്യൂട്ട് കിലോമീറ്റർ ഇഎച്ച് റ്റി ലൈനും (110 കെ വി ) 3.6 കിമീ 33 കെ വി ലൈനും നിർമ്മിക്കുകയുണ്ടായി.
- 2022-23ൽ 3.73 ലക്ഷം പുതിയ സേവന കണക്ഷനുകൾ അനുവദിക്കുകയും 2283 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു; 1566 കിലോമീറ്റർ 11 കെവി ലൈനും 4036 കിലോമീറ്റർ എൽടി ലൈനുകളും നിർമ്മിക്കുകയുണ്ടായി.
- 2022-23ൽ ആകെ 33159 ഫാൾട്ടി മീറ്ററുകൾ മാറ്റിസ്ഥാപിക്കുകയുണ്ടായി.
- കെഎസ്ഇബിഎൽ ഫണ്ട് ഉപയോഗിച്ച് 21.40 കോടി രൂപ ചെലവിൽ 18,635 ബിപിഎൽ കണക്ഷനുകൾ സ്ഥാപിച്ചു.
- വൈദ്യുതീകരിക്കാത്ത 27 ആദിവാസി കോളനികൾ കെഎസ്ഇബിഎൽ വൈദ്യുതീകരിച്ചു.
- 2021-22നെ അപേക്ഷിച്ച് 8.64 ശതമാനം വർധനവ് രേഖപ്പെടുത്തിക്കൊണ്ട് 2022-23ൽ കെഎസ്ഇബിയുടെ ആകെ വരുമാനം 18453.27 കോടി രൂപ ആയിരുന്നു

**ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്)**

- റിന്യൂവബിൾ എനർജി സർവീസ് കമ്പനി (RESCO) മോഡിൽ 350 കിലോവാട്ട് , 500 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ കമ്മീഷൻ ചെയ്തു.

**പട്ടിക 11.2.7** പദ്ധതി വിഹിതവും ചെലവുകളും - വാർഷിക പദ്ധതി 2022-23, 2023-24 (രൂപ കോടിയിൽ )

| ക്രമ നമ്പർ | വകുപ്പിന്റെ/ ഏജൻസിയുടെ പേര് | വാർഷിക പദ്ധതി 2022-23 | | | വാർഷിക പദ്ധതി 2023-24 | | |
|---|---|---|---|---|---|---|---|
| | | വിഹിതം | ചെലവ് | ചെലവ് ശതമാനത്തിൽ | വിഹിതം | ചെലവ്* | ചെലവ് ശതമാനത്തിൽ |
| 1 | കെ.എസ്.ഇ.ബി.എൽ | 1093.75 | 966.69 | 88.38 | 1094.55 | 547.72 | 50.04 |
| 2 | അനെർട്ട് | 44.44 | 15.85 | 35.66 | 49.00 | 4.49 | 9.16 |
| 3 | ഇ.എം.സി | 9.14 | 4.62 | 50.54 | 9.14 | 2.20 | 24.07 |
| 4 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 5.60 | 2.70 | 48.21 | 5.40 | 0.77 | 14.25 |
| | ആകെ | 1152.93 | 989.86 | 85.85 | 1158.09 | 555.18 | 47.93 |

*നവംബർ 1, 2023 വരെ
അവലംബം: പ്ലാൻ സ്പേസ്

- ലൈഫ് മിഷൻ ഫ്ലാറ്റുകൾക്കായി 2 കിലോവാട്ട് സിസ്റ്റത്തിന്റെ 770 എണ്ണം , 3 കിലോവാട്ട് സിസ്റ്റത്തിന്റെ 305 എണ്ണം, 20 കിലോവാട്ട് 3 എണ്ണം എന്നിങ്ങനെ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു.
- 20 സൈറ്റുകളിൽ (8 ജില്ലകളിൽ) 98 കിലോ വാട്ട് ഹൈബ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ബാറ്ററി ബാക്കപ്പോടുകൂടിയ ഗ്രിഡ്-ടൈ) ഒരു മാതൃകാ പദ്ധതിയായി സ്ഥാപിച്ചു.
- സോളാർ സിറ്റി പ്രോഗ്രാമിന് കീഴിൽ തിരുവനന്തപുരത്ത് 16 സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചു.
- 65 കിലോവാട്ട് ശേഷിയുള്ള സോളാർ-വിൻഡ് ഹൈബ്രിഡ് പ്ലാന്റുകൾ ഉപയോഗിച്ചു കൊണ്ട് ആകെ 55 വീടുകളുൾപ്പെടുന്ന 2 ആദിവാസി ഗ്രാമങ്ങളിൽ വൈദ്യുതീകരണം പൂർത്തിയാക്കി.
- പൊതുജനങ്ങൾക്കായി സൗര പദ്ധതി പ്രകാരം ഏകദേശം 1900 വീടുകളിൽ 6 മെഗാവാട്ട് ശേഷിയുള്ള സോളാർ റൂഫ് ടോപ് സ്ഥാപിച്ചു.
- സംസ്ഥാനത്തുടനീളം 17 ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു
- പിഎം-കുസും പരിപാടിക്ക് കീഴിൽ മൊത്തം 188 kWp ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ ഉപയോഗിച്ച് 37 കാർഷിക പമ്പുകൾ സൗരോർജ്ജവല്ക്കരിച്ചു.
- ഇലക്ട്രീഷ്യൻമാർക്കായി സോളാർ ഫോട്ടോവോൾട്ടെയ്ക് സംവിധാനത്തിൽ 2 ദിവസത്തെ പരിശീലന പരിപാടിനടത്തുകയുണ്ടായി; ഏജൻസി നടത്തിയ തൊഴിൽ മേളകളിൽ പരിശീലനം ലഭിച്ച 417 ഇലക്ട്രീഷ്യൻമാർ പങ്കെടുത്തു.

**എനർജി മാനേജ്മെന്റ് സെൻറർ(ഇ എം സി )**

- സംസ്ഥാനത്തെ ഊർജ്ജ സംരക്ഷണത്തിലൂടെ 75.06 MU വൈദ്യുതിയും 3842.57 ToE ഓയിലും ലാഭിച്ചു.
- ആരോഗ്യ മേഖലയിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള 'ചൈതന്യം' പരിപാടിയുടെ ഭാഗമായി ഗവൺമെന്റ് വുമൺ ആൻഡ് ചിൽഡ്രൻ ഹോസ്പിറ്റൽ, (പാലക്കാട്), തിരുവനന്തപുരത്തെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നീ 2 സർക്കാർ ആശുപത്രികളിൽ ഊർജ്ജ കാര്യക്ഷമത പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- എനർജി ഓഡിറ്റ്: (i) കാട്ടാക്കട അസംബ്ലി മണ്ഡലത്തിലെ (കാർബൺ ന്യൂട്രൽ കാട്ടാക്കടയുടെ ഭാഗമായി) 81 സർക്കാർ കെട്ടിടങ്ങൾ (ii) 143 സർക്കാർ സ്കൂളുകൾ (മോഡൽ എനർജി എഫിഷ്യന്റ് സ്കൂൾ പ്രോഗ്രാമിന്റെ ഭാഗമായി) (ii) 144 സർക്കാർ കെട്ടിടങ്ങൾ ( ഊർജ്ജയാൻ പദ്ധതിയുടെ ഭാഗമായി) (iv) ഇടുക്കി ജില്ലയിൽ കേരള വാട്ടർ അതോറിറ്റിയുടെ 14 വാട്ടർ പമ്പിംഗ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുകയും 20 സർക്കാർ കെട്ടിടങ്ങളിലും 22 സർക്കാർ സ്കൂളുകളിലും ഊർജ്ജഓഡിറ്റ് ശുപാർശകൾ നടപ്പാക്കുകയും ചെയ്തു.
- ഡീവാട്ടറിംഗ് ആവശ്യങ്ങൾക്കായി കുട്ടനാട്ടിൽ ഉപയോഗിക്കുന്ന 'പെട്ടിയും പറയും' (3 എണ്ണം) സംവിധാനത്തിനു പകരമായി ഇതിനെ അപേക്ഷിച്ച് 35 ശതമാനത്തിൽ കൂടുതൽ ഊർജ്ജം ലാഭിക്കുന്നതിന് 30 എച്ച്പി, 20 എച്ച്പി ശേഷിയുള്ള ഊർജ്ജ കാര്യക്ഷമമായ ടർബൈൻ പമ്പുകൾ മാറ്റി സ്ഥാപിച്ചു
- സജീവമായ നടപടികളിലൂടെ ഊർജ്ജം പാഴാക്കുന്നത് തടയുന്നതിനും ഊർജ്ജ സംരക്ഷണത്തിന്റെയും ഊർജ്ജ കാര്യക്ഷമതയുടെയും പ്രാധാന്യം വിദ്യാർത്ഥികൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനുമായി സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി 39 വിദ്യാഭ്യാസ ജില്ലകളിലായി 81 പരിപാടികൾ സംസ്ഥാനത്തുടനീളം നടത്തി.
- 500-ലധികം ബോധവൽക്കരണ പരിശീലന പരിപാടികളും 45 സാങ്കേതിക ശിൽപശാലകളും സംഘടിപ്പിച്ചു.
- ഇഎംസി-യുടെ എനർജി മീറ്റർ കാലിബ്രേഷൻ ലാബ് 2169 വ്യത്യസ്ത തരം ഊർജ്ജ മീറ്ററുകൾ/നെറ്റ് മീറ്ററുകൾ കാലിബ്രേഷൻ ചെയ്തു.
- തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ നിന്നും മറ്റ് സ്വകാര്യ നിർമ്മാതാക്കളിൽ നിന്നും ലഭിച്ച എൽഇഡി സ്ട്രീറ്റ് ലൈറ്റുകളുടെ ഇലക്ട്രോ ഫോട്ടോമെട്രി ടെസ്റ്റുകൾ ഇഎംസി നടത്തുകയുണ്ടായി.
- കേരളത്തിലെ ഹരിത ഊർജ്ജ ആവാസവ്യവസ്ഥയുടെ വികസനത്തിനായി ക്ലീൻ എനർജി ടെക്നോളജി ഇന്നൊവേഷൻ ആൻഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ (സിഇഐബിഐസി) ആരംഭിച്ചു.

**ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്**

- 29 വൈദ്യുത സുരക്ഷാ ബോധവൽക്കരണ പരിപാടികൾ വകുപ്പ് സംഘടിപ്പിച്ചു.
- 14 ജില്ലകളിൽ സാങ്കേതിക പരിശീലന പരിപാടികൾ നടത്തി.
- കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിന്റെ എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്നതിലേക്കായി "സംരക്ഷ" എന്ന ഓൺലൈൻ സോഫ്റ്റ്വെയർ ആരംഭിച്ചു.
- ടെസ്റ്റിംഗിനായി രണ്ട് പുതിയ ടെസ്റ്റിംഗ് ഉപകരണങ്ങൾ വാങ്ങി.
- 2022-23ൽ വകുപ്പിൽ നിന്നുള്ള വരുമാനം 77.80 കോടി രൂപയാണ്.

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (കെഎസ്ഇആർ ഇസി )**

സംസ്ഥാനത്തിന്റെ വൈദ്യുതി മേഖലയിൽ ന്യായവും സുതാര്യവും വസ്തുനിഷ്ഠവുമായ ഒരു നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിന് ഉത്തരവാദിത്തമുള്ള ഒരു അർദ്ധ ജുഡീഷ്യൽ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ. സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം, വിതരണം, പ്രസരണം, ചില്ലറ വിൽപ്പന എന്നിവയ്ക്കുള്ള താരിഫ് നിർണ്ണയിക്കുക എന്നതാണ് കമ്മിഷന്റെ പ്രധാന ചുമതല. സംസ്ഥാനത്തെ വിതരണ ലൈസൻസികളുടെ പവർ പർച്ചേസ്, കരാറുകളുടെ അംഗീകാരം, ലൈസൻസികൾ/ജനറേറ്റിംഗ് കമ്പനികൾ എന്നിവ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കൽ, താരിഫുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, 2003 ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരം നിർണ്ണയിക്കൽ തുടങ്ങിയ മറ്റ് പ്രവർത്തനങ്ങളും കമ്മീഷനിൽ നിക്ഷിപ്തമാണ്. 2022-23ൽ കമ്മീഷൻ 85 ഹിയറിംഗുകൾ നടത്തുകയും ലഭിച്ച 90 ഹർജികളിൽ 50 എണ്ണം തീർപ്പാക്കുകയും ചെയ്തു.

### ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ

ഉപഭോക്തൃ പരാതി പരിഹാര ഫോറം അവരുടെ പരാതികൾ പരിഹരിക്കാത്തതിനാൽ ബുദ്ധിമുട്ടുന്ന ഉപഭോക്താക്കളുടെ പരാതികൾ തീർപ്പാക്കാൻ 2003 ലെ ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 42-ലെ ഉപവകുപ്പ് (6) പ്രകാരം കമ്മീഷൻ നിയമിച്ച നിയമപരമായ അധികാരിയായ ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ 2022-23 ൽ 110 ഹർജികൾ തീർപ്പാക്കുകയും 118 സിറ്റിങ്ങുകൾ നടത്തുകയും ചെയ്തു.

### ഊർജ്ജ മേഖലയിലെ വെല്ലുവിളികൾ

- പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിൽ കാലതാമസം
- ഉയർന്ന ഡിമാൻഡ് കാലയളവിൽ വൈദ്യുതിക്ക് വലിയതോതിലുള്ള ക്ഷാമമുണ്ട്. അതിനാൽ തിരക്കുള്ള സമയങ്ങളിൽ ഉയർന്ന ഡിമാൻഡ് നിറവേറ്റുന്നത് ഒരു വെല്ലുവിളിയാണ്
- സംസ്ഥാനത്തെ ജലവൈദ്യുതി ഉൽപ്പാദന കൂടുതൽ നിക്ഷേപത്തിന്റെ ആവശ്യകത ജലവൈദ്യുതി ഉൽപ്പാദനത്തിൽ പ്രധാന തടസ്സമായ പാരിസ്ഥിതിക, വനാനുമതി ലഭിക്കുക
- സമ്പൂർണ വൈദ്യുതീകരണം ഉറപ്പാക്കാൻ വൈദ്യുതീകരിക്കാത്ത കോളനികളെയും അംഗൻവാടികളെയും പരിഗണിക്കൽ
- കെ.എസ്.ഇ.ബി.ക്ക് ലഭിക്കേണ്ട കുടിശ്ശിക കാരണം വർദ്ധിച്ചുവരുന്ന സാമ്പത്തിക ബാധ്യത

### മുന്നോട്ട്

മാറിക്കൊണ്ടിരിക്കുന്ന വികസന സാഹചര്യത്തെ നേരിടാനും കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരാനും സമീപഭാവിയിൽ കേരളത്തിന് കൂടുതൽ ഊർജ്ജം ആവശ്യമാണ്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കേണ്ടതും പുനരുപയോഗ ഊർജ്ജ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതുമുണ്ട്.സംസ്ഥാനത്ത് ലഭ്യമായ ഊർജ്ജ സ്രോതസ്സുകളെ നൂതന ആശയങ്ങളോടെ കണ്ടെത്തി പ്രയോജനപ്പെടുത്തുന്നതിനുള്ള വിപുലമായ ഗവേഷണ വികസന പ്രവർത്തനങ്ങളിലേക്ക് സംസ്ഥാനം നീങ്ങേണ്ടതുണ്ട്.

# 11.3 വാർത്താവിനിമയം

**ടെലികമ്മ്യൂണിക്കേഷൻ**

ബഹുജനങ്ങളുടെ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം,വികസനം എന്നിവ കൈവരിക്കുന്നതിനുള്ള ശക്തമായ ഒരു ഉപാധിയായ യാണ് ടെലികമ്മ്യൂണിക്കേഷൻ മേഖലയെ ലോകം അംഗീകരിക്കുന്നത്. ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന (എസ്.ഡി.ജി) ലക്ഷ്യങ്ങളുമായും സുസ്ഥിര വികസന അജണ്ട-2030 മായും വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, ബഹുജനങ്ങളുടെ ശാക്തീകരണം എന്നിവ വളരെയധികം ബന്ധപ്പെട്ടുകിടക്കുന്നു. ഈ മേഖലയിൽ എസ്.ഡി.ജി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രാധാന്യം ഇന്റർനാഷണൽ ടെലികമ്മ്യൂണിക്കേഷൻ യൂണിയൻ തിരിച്ചറിഞ്ഞിട്ടുണ്ട്. ഉപഭോക്താകളുടെ അനുദിനം വർദ്ധിച്ചുവരുന്ന ആവശ്യങ്ങളുടെയും, അതിനുതകുന്ന പുതിയ നയങ്ങള ടെയും പിൻബലത്തിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ടെലികോം മേഖല അത്ഭുതപൂർവമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചുവരികയാണ് . 2023 മാർച്ച് വരെ, 1.17 ബില്യൺ വരിക്കാർ ഉള്ള (വയർലെസ് + വയർ ലൈൻ വരിക്കാർ) ഇന്ത്യയിലെ ടെലികോം വ്യവസായം ലോകത്തിലെ രണ്ടാമത്തെ വലിയ ടെലികോം വ്യവസായമാണ്.

100 പേരിൽ ആകെയുള്ള ടെലിഫോൺ ഉപഭോക്താ ക്കളുടെ എണ്ണം സൂചിപ്പിക്കുന്ന ടെലിസാന്ദ്രത ടെലികോം വ്യാപനത്തിന്റെ ഒരു പ്രധാന സൂചകമാണ്. 2023 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം ഇന്ത്യയുടെ ആകെ ടെലി സാന്ദ്രത 84.51 ശതമാനമാണ്, ഇതിൽ ഗ്രാമീണ മേഖലയിലെ ടെലിസാന്ദ്രത 57.71 ശതമാനവും നഗര മേഖലയിലെ ടെലിസാന്ദ്രത 133.81 ശതമാനവുമാണ്.

2023 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം, ആകെ 4.38 കോടി ടെലിഫോൺ കണക്ഷനുകളാണ് കേരളത്തിലുള്ളത്. ഇത് രാജ്യത്തെ മൊത്തം ടെലിഫോൺ കണക്ഷനുകളുടെ 3.73 ശതമാനമാണ്. 2022 മാർച്ചിൽ 13.19 ലക്ഷമായിരുന്ന സംസ്ഥാനത്തെ വയർ ലൈൻ കണക്ഷനുകളുടെ എണ്ണം 2023 മാർച്ച് ആയപ്പോഴേക്കും 4.70 ശതമാനം വാർഷിക വളർച്ച രേഖപ്പെടുത്തിക്കൊണ്ട് 13.81 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ, ഇതേ കാലയളവിൽ മൊബൈൽ(വയർലെസ്) കണക്ഷനുകളുടെ എണ്ണം 4.33 കോടിയിൽ നിന്ന് 4.24 കോടിയായി കുറയുകയാണുണ്ടായത്. 2023 മാർച്ചിൽ സംസ്ഥാനത്തിന്റെ ടെലി സാന്ദ്രത 122.13 ശതമാനമാണ്, ഇതിൽ ഗ്രാമീണ ടെലി സാന്ദ്രത 223.06 ശതമാനവും നഗര ടെലി സാന്ദ്രത 89.45 ശതമാനവുമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഗ്രാമീണ ടെലിസാന്ദ്രതയുള്ള സംസ്ഥാനമാണ് കേരളം. ഗ്രാമീണ ടെലിസാന്ദ്രതയുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്തുള്ള ഇന്ത്യൻ സംസ്ഥാനം ഹിമാചൽ പ്രദേശാണ് (86.31).

ഇന്റർനെറ്റ്, ബ്രോഡ്ബാൻഡ് എന്നിവയുടെ വളർച്ചയ്ക്ക് സർക്കാർ അതീവ പ്രാധാന്യം നൽകിയിട്ടുണ്ട്. ഇത് ഇന്റർനെറ്റ് ട്രാഫിക്കിന്റെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. കേരളത്തിലെ ഇന്റർനെറ്റ് കണക്ഷനുകൾ 2022 മാർച്ചിലെ 30.42 ദശലക്ഷത്തിൽ നിന്ന് 4.8 ശതമാനം വാർഷിക വളർച്ച രേഖപ്പെടുത്തിക്കൊണ്ട് 2023 മാർച്ചിൽ 31.91 ദശലക്ഷമായി ഉയർന്നു. സംസ്ഥാനത്തെ ടെലി സാന്ദ്രതയിൽ പ്രകടമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ 100 പേരിൽ ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം പരിശോധിച്ചാൽ 2022 മാർച്ചിൽ 150.78 ആയിരുന്നത് 2023 മാർച്ചിൽ 171.98 ആയി ഉയർന്നു. അതുപോലെ നഗരപ്രദേശങ്ങളിലെ വരിക്കാ രുടെ എണ്ണവും ഇതേ കാലയളവിൽ 61.42 ൽ നിന്ന് 62.12 ആയി ഉയർന്നിട്ടുണ്ട്. (അവലംബം : ഇന്ത്യൻ ടെലികോം സേവന പ്രകടന സൂചകങ്ങൾ, മാർച്ച് 2022 & 2023, ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ-ട്രായ് ).

**ടെലിഫോൺ വരിക്കാരുടെ വിവരങ്ങൾ**

വരിക്കാരുടെ എണ്ണത്തിൽ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ടെലികോം മേഖലയാണ് ഇന്ത്യൻ ടെലികോം വ്യവസായം. പ്രാപ്യമായ താരിഫുകൾ, വിപുലമായ സേവന ലഭ്യത, 3G,4G,5G പോലുള്ള പുതിയ സൗകര്യങ്ങളുടെയും സേവനങ്ങളുടെയും വ്യാപനം, വരിക്കാരുടെ സേവന ഉപഭോഗ രീതികളിൽ വന്ന മാറ്റം, കാര്യക്ഷമമായ നിയന്ത്രണ സംവിധാനങ്ങൾ തുടങ്ങിയ നിരവധി ഘടകങ്ങളുടെ ഫലമായി കഴിഞ്ഞ

കുറച്ച് വർഷങ്ങളായി ഈ മേഖല ഗണ്യമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ച് വരുന്നു.


2022 മാർച്ച്-ൽ 24.84 ദശലക്ഷമായിരുന്ന ഇന്ത്യയിലെ വയർ ലൈൻ ഫോൺ ഉപഭോക്താക്കളുടെ എണ്ണം 2023 ൽ 28.41 ദശലക്ഷമായി ഉയർന്നു. വയർലെസ് വരിക്കാരുടെ എണ്ണത്തിന്റെ കാര്യത്തിൽ. 2022 മാർച്ചിൽ 1,142.09 ദശലക്ഷമായിരുന്ന വയർലെസ് വരിക്കാരുടെ എണ്ണം 2023 മാർച്ച് മാസമായപ്പോഴേക്കും 1,143.93 ദശലക്ഷമായി ഉയർന്നു. വയർ ലൈൻ, വയർലെസ് ടെലിഫോൺ വരിക്കാരുടെ വാർഷിക വളർച്ചാ നിരക്ക് യഥാക്രമം 14.37 ശതമാനവും 0.16 ശതമാനവുമാണ്.

2023 മാർച്ച് അവസാനത്തോടെ നഗര മേഖലയിലെ ടെലിഫോൺ വരിക്കാരുടെ എണ്ണം 653.71 ദശലക്ഷമായി വർദ്ധിച്ചു, മുൻ വർഷം ഇത് 647.11 ദശലക്ഷമായിരുന്നു. എന്നാൽ,ഗ്രാമീണ ടെലിഫോൺ വരിക്കാരുടെ എണ്ണത്തിന്റെ കാര്യത്തിൽ നേരിയ കുറവുണ്ടായിട്ടുണ്ട്. അതായത്, 2022 മാർച്ചിൽ 519.82 ദശലക്ഷം ഗ്രാമീണ വരിക്കരുണ്ടായിരുന്നത് 2023 മാർച്ച് അവസാനത്തോടെ 518.63 ദശലക്ഷമായി കുറഞ്ഞു. ഇപ്രകാരം, നഗര, ഗ്രാമീണ ടെലിഫോൺ വരിക്കാരുടെ എണ്ണത്തിലെ വാർഷിക വളർച്ചാനിരക്ക് യഥാക്രമം 1.01 ശതമാനവും -0.23 ശതമാനവുമാണ്. 2022 മാർച്ചിൽ, 84.88 ആയിരുന്ന ഇന്ത്യയുടെ ടെലി സാന്ദ്രത 2023 മാർച്ചോടുകൂടി 84.51 ശതമാനമായി കുറഞ്ഞു. നഗര ടെലി സാന്ദ്രതയും ഇതേ കാലയളവിൽ 2022 മാർച്ചിലെ 134.94 ശതമാനത്തിൽ നിന്ന് 2023 മാർച്ചിൽ 133.81 ശതമാനമായി കുറഞ്ഞിട്ടുണ്ട് .ഗ്രാമീണ ടെലി സാന്ദ്രത കഴിഞ്ഞ വർഷത്തെയപേക്ഷിച്ച് വ്യത്യാസമില്ലാതെ 58 ശതമാനത്തിൽ തന്നെ തുടർന്നു. 2023 മാർച്ച് വരെയുള്ള കണക്കുകൾ അനുസരിച്ച് മൊത്തം ടെലിഫോൺ വരിക്കാരുടെ എണ്ണത്തിൽ നഗര, ഗ്രാമീണ വരിക്കാരുടെ എണ്ണം യഥാക്രമം 55.76 ശതമാനവും 44.23 ശതമാനവുമാണ്.

കേരളത്തിലെ വയർ ലൈൻ ടെലിഫോൺ ഉപഭോക്താക്കളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷം നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2022 മാർച്ചിൽ 13.21 ലക്ഷം വയർ ലൈൻ ഉപഭോക്താക്കളാണ് കേരളത്തിൽ ഉണ്ടായിരുന്നത്. 2023 മാർച്ചോടുകൂടി 4.5 ശതമാനം വർദ്ധിച്ച് 13.21 ലക്ഷത്തിലെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വയർലെസ്സ് ഉപഭോക്താക്കളുടെ എണ്ണം കുറയുന്ന പ്രവണതയാണ് ഈ കാലയളവിൽ പ്രകടമായത്, അതായത് 2022 മാർച്ചിൽ സംസ്ഥാനത്ത് 4.33 കോടി വയർലെസ് വരിക്കാരാണുണ്ടായിരുന്നതെങ്കിൽ, 2023 മാർച്ച് മാസത്തോടുകൂടി ഇത് -2.1 ശതമാനം കുറഞ്ഞ് 4.24കോടിയിലെത്തി. കേരളത്തിലെ നഗരങ്ങളിലെ ടെലിഫോൺ ഉപഭോക്താക്കളുടെ എണ്ണത്തിന്റെ കാര്യത്തിലും ഈ ഇടിവ് പ്രകടമാണ്, 2022 മാർച്ചിൽ 24.73 ദശലക്ഷം വരിക്കരുണ്ടായിരുന്നത് 2023 മാർച്ചിൽ 24.23 ദശലക്ഷമായി കുറഞ്ഞു. ഇതേ കാലയളവിലെ ഗ്രാമീണ വരിക്കാരുടെ എണ്ണം 19.97 ദശലക്ഷത്തിൽ നിന്നും 19.56 ദശലക്ഷമായി കുറഞ്ഞതായി കാണാം. ഇപ്രകാരം, കേരളത്തിലെ നഗര,ഗ്രാമീണ ടെലിഫോൺ വരിക്കാരുടെ എണ്ണത്തിലെ വാർഷിക വളർച്ച നിരക്ക് യഥാക്രമം -2.02 ഉം -2.09 മാണ്.

2023 മാർച്ച് വരെ കേരളത്തിലെ മൊത്തം വയർലെസ് വരിക്കാരുടെ എണ്ണം 4,24,11,116 ആണ്,

**ചിത്രം 11.3.1** വയർലെസ് സേവനദാതാക്കളുടെ വിപണി വിഹിതം (31.03.2023 വരെ)





അവലംബം: ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ട്രായ്) പ്രസിദ്ധീകരണം-മാർച്ച്, 2023

അതിൽ 1,44,70,640 ഉപഭോക്താകളുള്ള വോഡ ഫോൺ ഐഡിയ(VI)യാണ് കേരളത്തിലെ ഏറ്റവും വലിയ വയർലെസ് കണക്ഷൻ ദാതാവ്. 1,00,70,654 വരിക്കാരുള്ള റിലയൻസ് ജിയോ ആണ് രണ്ടാം സ്ഥാനത്ത്. ബി.എസ്.എൻ.എൽ-ന് 98,78,402 വരിക്കാരും ഭാരതി എയർടെല്ലിന് (ടാറ്റ ടെലി സേവനങ്ങൾ ഉൾപ്പെടെ) 79,91,307 വരിക്കാരുമാണുള്ളത്. റിലയൻസ് കമ്മ്യൂണിക്കേഷന് ആകെ 113 വരിക്കാർ മാത്രമാണുള്ളത്. വിവിധ വയർലെസ് സേവന ദാതാക്കളുടെ വിപണി വിഹിതം **ചിത്രം 11.3.1.** ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ആകെ വയർലൈൻ വരിക്കാരുടെ എണ്ണം 2023 മാർച്ച് വരെയുള്ള കണക്കുകൾ അനുസരിച്ച് 1,381,175 ആണ് . 10,26,253 കണക്ഷനുകളുള്ള ബി.എസ്. എൻ.എൽ ആണ് ഏറ്റവും വലിയ വയർലൈൻ സേവന ദാതാവ്. 2,36,123 വരിക്കാരുള്ള റിലയൻസ് ജിയോ ആണ് രണ്ടാം സ്ഥാനത്ത് . 3,610 കണക്ഷനുകൾ

**ചിത്രം 11.3.2** വയർലൈൻ സേവനദാതാക്കളുടെ വിപണി വിഹിതം (31.03.2023 വരെ)




അവലംബം: ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ട്രായ്) പ്രസിദ്ധീകരണം - മാർച്ച്, 2023

മാത്രമുള്ള റിലയൻസ് കമ്മ്യൂണിക്കേഷൻസ് ആണ് ഏറ്റവും കുറഞ്ഞ വരിക്കാരുള്ള വയർലൈൻ ടെലികോം സേവന ദാതാവ്. വിവിധ വയർലൈൻ സേവന ദാതാക്കളുടെ വിപണി വിഹിതം **ചിത്രം 11.3.2** ൽ നൽകിയിരിക്കുന്നു.

**ഡിജിറ്റൽ ഇൻക്ലൂഷൻ**

"ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ രൂപകൽപ്പന, സേവനങ്ങൾ, അനുബന്ധ അവസരങ്ങൾ എന്നിവയുടെ ലഭ്യത, സുരക്ഷിതമായ ഉപയോഗം എന്നിവയിൽ എല്ലാവർക്കും എല്ലായിടത്തും തുല്യത" എന്നാണ് ഐക്യരാഷ്ട്ര സഭ ഡിജിറ്റൽ ഇൻക്ലൂഷൻ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. സാങ്കേതികമായി പരസ്പരം ബന്ധിതമായിരിക്കുക എന്നത് വ്യക്തിപരവും സാമൂഹികവുമായ ക്ഷേമത്തിനും ഉപജീവനത്തിനുമുള്ള ഒരു ഉപാധിയായിട്ടാണ് വിലയിരുത്തപ്പെടുന്നത്.

ആരോഗ്യ സംരക്ഷണം, നൈപുണ്യ വികസനം, സാമ്പത്തികവും വ്യക്തിപരവുമായ വികസന അവസരങ്ങൾ, എല്ലാവർക്കും വിദ്യാഭ്യാസം തുടങ്ങിയ മൗലിക സേവനങ്ങളും അവകാശങ്ങളും സാക്ഷാത്കരിക്കുന്നതിന് ഓൺലൈൻ കണക്റ്റിവിറ്റി നമ്മെ പ്രാപ്തരാക്കുന്നു. ആവിഷ്കാര സ്വാതന്ത്ര്യമുൾപ്പടെയുള്ള മനുഷ്യാവകാശങ്ങൾ സുഗമമായി വിനിയോഗിക്കുന്നതിനുള്ള മാധ്യമമായി ഓൺലൈൻ കണക്റ്റിവിറ്റിയും നവ മാധ്യമങ്ങളും സഹായിക്കുന്നു.

**ഇന്റർനെറ്റ് അടിസ്ഥാനസൗകര്യങ്ങൾ**

ആധുനിക യുഗത്തിൽ, വ്യാവസായിക വളർച്ചയ്ക്ക് ഗതാഗതം , ഊർജ്ജം എന്നീ മേഖലകളെ പോലെ തന്നെ പ്രധാനമാണ് ഇന്റർനെറ്റ് കണക്റ്റിവിറ്റിയും. നാലാം വ്യാവസായിക വിപ്ലവത്തിന്റെ ഈ കാലഘട്ടത്തിൽ, സംസ്ഥാനം ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി പരിവർത്തനത്തിന് ശ്രമിക്കുന്നതിനാൽ, ഡാറ്റ കൈമാറ്റം അതിവേഗം നടക്കുന്നുവെന്ന് ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. ഇത് കണക്കിലെടുത്താണ്, ഇന്റർനെറ്റ് പൗരന്മാരുടെ അടിസ്ഥാന അവകാശമായി കേരളം പ്രഖ്യാപിച്ചത്. ഇപ്രകാരം ഇന്റർനെറ്റ് പൗരന്മാരുടെ അടിസ്ഥാന അവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമായി കേരളം മാറി. കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN), കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-FON) തുടങ്ങിയവ ഇന്റർനെറ്റ് ലഭ്യത എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള ഗവൺമെന്റിന്റെ ശ്രദ്ധേയമായ സംരംഭങ്ങളാണ്.

കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ്‌വേ, പബ്ലിക് വൈഫൈ പ്രോജക്റ്റ് എന്നിവ സംസ്ഥാനത്തെ പ്രധാന ഇ-ഗവേണൻസ് അടിസ്ഥാന സൗകര്യങ്ങളാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധിപ്പിച്ച് സംസ്ഥാനത്തെ 14 ജില്ലകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലുമായി വ്യാപിച്ച് കിടക്കുന്ന സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ (എസ്ഐഐ) നട്ടെല്ലാണ് കെസ്വാൻ. വിവിധ സർക്കാർ വകുപ്പുകളുടെ 3,500 ഓഫീസുകളെ തമ്മിൽ പാട്ടത്തിനെടുത്ത വയർലെസ് ലൈനുകൾ, ലോക്കൽ ഏരിയ നെറ്റ്‌വർക്ക് എന്നിവയിലൂടെ ഈ ശൃംഖല ബന്ധിപ്പിക്കുന്നു. കെസ്വാൻ ഡാറ്റാ സെന്ററുകളുമായി പരിധികളില്ലാതെ സംയോജിപ്പിച്ചിരിക്കുന്നതിനാൽ ഗവൺമെന്റുകൾ തമ്മിലും ഗവൺമെന്റ് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും സുരക്ഷിതമായ ഇൻടാനെറ്റിലൂടെ സർക്കാർ സ്ഥാപനങ്ങൾക്ക് നൽകാൻ നെറ്റ്‌വർക്ക് പ്രാപ്തമാകുന്നു.

**കെ–ഫോൺ – ജനങ്ങളുടെ ഇന്റർനെറ്റ്**

ഡിജിറ്റൽ വിടവ് ഇല്ലാതാക്കാൻ ലക്ഷ്യമിട്ടുള്ള സംസ്ഥാന സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ). സംസ്ഥാനത്ത് നിലവിലുള്ള ടെലികോം സംവിധാനത്തിന് പൂരകമായതും ട്രായ്(TRAI)യുടെ നിർദ്ദേശ പ്രകാരമുള്ള വിവേചനരഹിത തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതുമായ ഒരു അടിസ്ഥാന സൗകര്യപദ്ധതിയാണിത്. ശക്തമായ കോർ, മിഡിൽ-മൈൽ ഇൻഫ്രാസ്ട്രക്ചർ സൃഷ്ടിക്കുന്നതിലൂടെ ഒരു ഇൻഫർമേഷൻ സൂപ്പർ-ഹൈവേ ആയി കെ-ഫോൺ പ്രവർത്തിക്കുന്നു. വിപണി ശക്തികളെ നയിക്കാനും പൗരന്മാർക്ക് മികച്ച കണക്റ്റിവിറ്റി സേവനങ്ങൾ നൽകുന്നതിൽ മത്സരം വർദ്ധിപ്പിക്കാനും ഈ മാതൃകയ്ക്ക് കഴിയും. കൂടാതെ എല്ലാ G2G, G2C, B2C ഇടപാടുകൾക്കും ഇത് ശക്തമായ അടിത്തറയായി പ്രവർത്തിക്കുകയും ചെയ്യുന്നു. 1,061.73 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് 2017-18 ൽ കിഫ്ബി അംഗീകാരം നൽകി. ഒന്നാം ഘട്ടത്തിൽ 30,000 സർക്കാർ സ്ഥാപനങ്ങൾക്ക് 30,000 കിലോമീറ്റർ ഫൈബർ ദൈർഘ്യത്തിൽ 375 പോയിന്റ് ഓഫ് പ്രെസൻസ് (POP) ഉള്ള ഇന്റർനെറ്റ് കണക്ഷൻ നൽകാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതുവരെ പദ്ധതിക്ക് കീഴിൽ 25,000 കണക്ഷനുകൾ നൽകിയിട്ടുണ്ട്, പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാവുന്ന സ്ഥിതിയിലാണ്. മൊത്തം 3,345 ബിപിഎൽ കുടുംബങ്ങൾക്ക് കെ-ഫോൺ വഴി സൗജന്യ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകി. ഭാരത സർക്കാരിന്റെ ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിൽ നിന്നും ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (IP-1) രജിസ്ട്രേഷനും ഇൻററനെറ്റ് സേവന ദാതാവിന്റെ (ISP-B) ലൈസൻസും കെ-ഫോണിന് ഇതിനോടകം ലഭിച്ചിട്ടുണ്ട്.

**ഇന്റർനെറ്റ് വരിക്കാരുടെ വിവരങ്ങൾ**

2023 മാർച്ച് അവസാനം വരെ ഇന്ത്യയിലെ മൊത്തം ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം 881.21 ദശലക്ഷമാണ്. ഇതിൽ ഭൂരിഭാഗവും വയർലെസ്സ് കണക്ഷൻ ഉപഭോക്താക്കളാണ്. ആകെ ഇന്റർനെറ്റ് വരിക്കാരിൽ 847.31 ദശലക്ഷം പേർ വയർലെസ്സ് ഇന്റർനെറ്റ് ഉപഭോക്താക്കളാണ്, ഇത് ആകെ വരിക്കാരുടെ 96.15 ശതമാനമാണ്. കേവലം 33.94 ദശലക്ഷം പേർ വരുന്ന വയർലൈൻ ഇന്റർനെറ്റ് ഉപഭോക്താക്കൾ ആകെ ഇന്റർനെറ്റ് വരിക്കാരുടെ 3.85 ശതമാനം മാത്രമാണ്. കേരളത്തിൽ 31,713 ടെലിഫോൺ ടവറുകൾ ഉണ്ട്. 10101 ടവറുകൾ ഉള്ള റിലയൻസ് ജിയോ ആണ് ഏറ്റവും കൂടുതൽ ടവറുകൾ ഉള്ള സേവന ദാതാവ്. വോഡഫോൺ ഐഡിയയ്ക്ക് 8,593 ടവറുകളും. ബി.എസ്.എൻ.എല്ലി-ന് 6,023 ടവറുകളുമുണ്ട്.

കേരള ടെലികോം സിർക്കിളിൽ, കേരളം കൂടാതെ കേന്ദ്ര ഭരണ പ്രദേശങ്ങളായ ലക്ഷദ്വീപും പുതുച്ചേരിയുടെ ചില ഭാഗങ്ങളും (മാഹിയും) ഉൾപ്പെടുന്നു. സർക്കിളിന്

11 പ്രധാന സെക്കൻഡറി സ്വിച്ചിംഗ് ഏരിയകളും (എസ്എസ്എ) ലക്ഷദ്വീപിൽ ഒരു മൈനർ സ്വിച്ചിംഗ് ഏരിയയും ഉണ്ട്. സർക്കിളിന് കീഴിൽ 14,72,636 നമ്പറുകളുടെ ശേഷിയുള്ള 1,188 ടെലിഫോൺ എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു. കൂടാതെ 1,06,66,129 (97,48,949 മൊബൈൽ, 9,17,180 ലാൻഡ്ലൈൻ കണക്ഷനുകൾ) സജീവ കണക്ഷനുകളുമുണ്ട്. ബി.എസ്.എൻ.എൽ കേരള ടെലിഫോൺ നെറ്റ്‌വർക്കിന്റെ 2023, ആഗസ്റ്റ് വരെയുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.3.1**.-ൽ നൽകിയിരിക്കുന്നു.

### തപാൽ ശൃംഖല

കേരളം, കേന്ദ്രഭരണ പ്രദേശങ്ങളായ ലക്ഷദ്വീപ്, പുതുച്ചേരിയുടെ ഭാഗമായ മാഹി എന്നിവ ഉൾപ്പെടുന്നതാണ് കേരള തപാൽ സർക്കിൾ. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഒരു പോസ്റ്റ് ഓഫീസെങ്കിലും പ്രവർത്തിക്കുന്നുണ്ട്. 2023 ആഗസ്റ്റ് വരെയുള്ള കണക്കുകൾ പ്രകാരം, കേരള തപാൽ സർക്കിളിൽ 5,062 തപാൽ ഓഫീസുകളും, 1,508 ഡിപ്പാർട്ട്മെന്റൽ പോസ്റ്റ് ഓഫീസുകളും ബാക്കി 3,554 എക്സ്ട്രാ ഡിപ്പാർട്ട്മെന്റൽ പോസ്റ്റ് (ബ്രാഞ്ച് പോസ്റ്റ് ഓഫീസുകൾ) ഓഫീസുകളുമാണുള്ളത്. കേരളത്തിലെ ഓരോ തപാൽ ഓഫീസുകളും ഏകദേശം 7.7 ചതുരശ്രകിലോമീറ്റർ 6,613 ത്തോളം വരുന്ന ജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുമ്പോൾ ദേശീയ ശരാശരി 21.21 ചതുരശ്ര കിലോമീറ്ററിന് 7,175 ജനസംഖ്യ എന്ന തോതിലാണ്. ആകെ തപാൽ ആഫീസുകളിൽ 82.2 ശതമാനം പോസ്റ്റ് ഓഫീസുകളും ഗ്രാമ പ്രദേശങ്ങളിലാണ്. 2023, ആഗസ്റ്റ് മാസം വരെയുള്ള കണക്കനുസരിച്ച് കേരള തപാൽ സർക്കിളിൽ പ്രവർത്തിക്കുന്ന തപാൽ ഓഫീസുകളുടെ ജില്ല/കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള വിവരങ്ങൾ **പട്ടിക 11.3.1**-ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ തപാൽ ശൃംഖലയുടെ വ്യാപ്തി കണക്കിലെടുത്ത്, പുതിയതായി വികസിച്ച നഗര-ഗ്രാമ പ്രദേശങ്ങളിൽ പുതിയ പോസ്റ്റോഫീസുകൾ തുറന്നോ നിലവിലുള്ള എക്സ്ട്രാ ഡിപ്പാർട്ട്മെന്റൽ പോസ്റ്റോഫീസുകളെ (ഇ.ഡി.ബി.ഒ.) മുഴുവൻ സമയ പോസ്റ്റോഫീസുകളാക്കി ഉയർത്തിയോ തപാൽ സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിന് നിരന്തര ശ്രമങ്ങൾ നടന്ന് വരുന്നു. കേരളത്തിലെ തപാൽ ഓഫീസുകളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള വളർച്ച, നഗര-ഗ്രാമീണ തപാൽ ഓഫീസുകളുടെ എണ്ണം, സർക്കിളിനു കീഴിലെ ഡിവിഷൻ/കാറ്റഗറി തരം തിരിച്ചുള്ള തപാൽ ഓഫീസുകളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ **അനുബന്ധം 11.3.2**, **11.3.3**, **11.3.4**, **11.3.5**.ൽ നൽകിയിരിക്കുന്നു.

സംസ്ഥാന തപാൽ ശൃംഖല, 5 ദേശീയ ഹബ്ബുകൾക്ക് കീഴിലുള്ള 14 സ്പീഡ് പോസ്റ്റ് പ്രോസസ്സിംഗ് സെന്ററുകളും, സാങ്കേതിക വിദ്യയുടെ സഹായത്തോടെ തപാൽ സേവനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് തപാൽ സ്വീകരിക്കുന്നത് മുതൽ വിതരണം ചെയ്യുന്നത് വരെയുള്ള ട്രാക്ക് ആൻഡ് ട്രെയിസ് സൗകര്യത്തോടെ നവീകരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത മെയിലുകളുടെ വിഭാഗത്തിലും ട്രാക്ക് ആൻഡ് ട്രെയ്സ് സൗകര്യം ഇപ്പോൾ ഉപഭോക്താക്കൾക്ക് ലഭ്യമാണ്. ദേശീയ നയത്തിന്റെ ഭാഗമായി, ഈ മേഖലയിൽ മികച്ച സേവന

**പട്ടിക 11.3.1** കേരള തപാൽ സർക്കിളിൽ പ്രവർത്തിക്കുന്ന തപാൽ ഓഫീസുകളുടെ ജില്ല/കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള എണ്ണം (2023, ആഗസ്റ്റ് മാസം വരെ)

| ക്രമ. നമ്പർ | ജില്ല/ കേന്ദ്ര ഭരണ പ്രദേശം | തപാൽ ഓഫീസുകളുടെ എണ്ണം |
|---|---|---|
| 1 | കാസറഗോഡ് | 231 |
| 2 | കണ്ണൂർ | 382 |
| 3 | വയനാട് | 163 |
| 4 | കോഴിക്കോട് | 406 |
| 5 | മലപ്പുറം | 438 |
| 6 | പാലക്കാട് | 455 |
| 7 | തൃശ്ശൂർ | 484 |
| 8 | എറണാകുളം | 391 |
| 9 | ഇടുക്കി | 296 |
| 10 | കോട്ടയം | 406 |
| 11 | ആലപ്പുഴ | 300 |
| 12 | പത്തനംതിട്ട | 317 |
| 13 | കൊല്ലം | 365 |
| 14 | തിരുവനന്തപുരം | 414 |
| 15 | കേന്ദ്രഭരണ പ്രദേശം-ലക്ഷദ്വീപ് | 10 |
| 16 | കേന്ദ്രഭരണ പ്രദേശം പുതുച്ചേരി (മാഹി മാത്രം) | 4 |
| | ആകെ | 5,062 |

അവലംബം: ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ,തിരുവനന്തപുരം

നിലവാരം ഉറപ്പാക്കുന്നതിന് സാധാരണ മെയിലുകൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള നെറ്റ്‌വർക്ക് സർക്കിളുകളും നവീകരിച്ചിട്ടുണ്ട്. കേരള തപാൽ സർക്കിളിന്റെ പുതിയ ഇ-അധിഷ്ഠിത മൂല്യവർദ്ധിത സേവനങ്ങൾ **പട്ടിക 11.3.2**-ൽ നൽകിയിരിക്കുന്നു.

### ഫിലാറ്റലി

ഫിലാറ്റലി ഒരു ഹോബിയായി പ്രോത്സാഹിപ്പിക്കുന്ന ശ്രമങ്ങളുടെ ഭാഗമായി, വിവിധ നടപടികൾ കേരള പോസ്റ്റൽ സർക്കിൾ സ്വീകരിച്ചിട്ടുണ്ട്. കേരള പോസ്റ്റൽ സർക്കിളിൽ 4 ഫിലാറ്റലിക് ബ്യൂറോയും, 47 ഫിലാറ്റലിക് കൗണ്ടറുകളും, 45 മൈ സ്റ്റാമ്പ് കൗണ്ടറുകളും ഫിലാറ്റലിയുടെ പ്രചാരണത്തിനായി പ്രവർത്തിക്കുന്നു. ഇതിനായി തിരുവനന്തപുരം ജി.പി.ഒ, എറണാകുളം എച്ച്.ഒ, തൃശ്ശൂർ എച്ച്.ഒ, കോഴിക്കോട് എച്ച്.ഒ എന്നിവിടങ്ങളിൽ നാല് ഫിലാറ്റലിക് ബ്യൂറോകൾ പ്രവർത്തിക്കുന്നുണ്ട്.

### മൈ സ്റ്റാമ്പ്

വ്യക്തിഗത സ്റ്റാമ്പ് ഷീറ്റിന്റെ ബ്രാൻഡ് നാമമാണ് 'മൈ സ്റ്റാമ്പ്'. ഇത് സ്റ്റാമ്പുകളുടെ സംയോജനമാണ്, ഒന്ന് ഇന്ത്യാ പോസ്റ്റിന്റെ ഒരു സ്മാരക തപാൽ സ്റ്റാമ്പും മറ്റൊന്ന് ഉപഭോക്താവിന്റെ ഫോട്ടോ അച്ചടിക്കുന്നതിനുള്ള ഇടവുമാണ്. ഈ പദ്ധതിക്ക് കീഴിൽ, ഏതൊരു വ്യക്തിക്കും അവരുടെ ഫോട്ടോയോടുകൂടിയ വ്യക്തിഗത സ്റ്റാമ്പുകൾ ലഭിക്കും. സ്വകാര്യ സ്ഥാപനങ്ങൾക്കായി തപാൽ വകുപ്പ് അടുത്തിടെ 'കോർപ്പറേറ്റ് മൈ സ്റ്റാമ്പ്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് പൂർണ്ണമായും സ്റ്റാമ്പുകൾ കസ്റ്റമൈസ് ചെയ്ത് ലഭിക്കുന്ന സേവനമാണിത്.

**പോസ്റ്റൽ എക്സിബിഷൻ**

തപാൽ വകുപ്പ് വിവിധ തലങ്ങളിൽ ഫിലാറ്റലിക് പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഫിലാറ്റലി പ്രോത്സാഹന പദ്ധതികളുടെ ഭാഗമായി സ്ഥിരമായി പ്രദർശനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. അതാത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഫിലാറ്റലിക് സംഘടനകളുടെ സഹകരണത്തോടെയാണ് പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നത്.

**ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് (ഐ.പി.പി.ബി)**

1934 ലെ ആർ.ബി.ഐ നിയമത്തിന്റെ ഷെഡ്യൂൾ 2-ൽ ചേർത്ത ഇന്ത്യയിലെ ആദ്യത്തെ പേയ്മെന്റ് ബാങ്കാണ് ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് (IPPB). സർക്കാർ ഉടമസ്ഥതയിലുള്ള പേയ്മെന്റ് ബാങ്കിന് ഉപഭോക്താക്കളിൽ നിന്ന് ഒരു ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ സ്വീകരിക്കാൻ കഴിയും. എന്നാൽ ഉയർന്ന പലിശനിരക്കും അപകടസാധ്യതയുള്ളതുമായ വായ്പകൾ അഡ്വാൻസ് ചെയ്യുവാനോ ഈ ഫണ്ടുകൾ ഉപയോഗിക്കുവാനോ ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്കിന് അവകാശമില്ല. ആധാർ അധിഷ്ഠിത പേയ്മെന്റ് സിസ്റ്റം (എ.ഇപി.എസ്) സേവനങ്ങൾ ആരംഭിച്ചതോടെ, ഏത് ബാങ്കിന്റെയും ഉപഭോക്താക്കൾക്ക് ബാങ്കിംഗ് സേവനങ്ങൾ തടസ്സം കൂടാതെ ലഭ്യമാകുന്ന രാജ്യത്തെ ഏറ്റവും വലിയ ഏക പ്ലാറ്റ്ഫോമായി ഐ.പി.പി.ബി മാറി.

**ലൈഫ് ഇൻഷുറൻസ്**

ഇന്ത്യാ പോസ്റ്റ് പൗരന്മാർക്ക് തപാൽ ലൈഫ്

**പട്ടിക 11.3.2** കേരള തപാൽ സർക്കിളിന്റെ ഇ-അധിഷ്ഠിത മൂല്യവർദ്ധിത സേവനങ്ങൾ.

| ക്രമ നമ്പർ. | സേവനം | പ്രവർത്തനം |
|---|---|---|
| 1 | ഇ-പോസ്റ്റ് | ഭൗതിക പ്രക്ഷേപണം ഒഴിവാക്കിക്കൊണ്ട് ലക്ഷ്യസ്ഥാനത്തേക്ക് ആശയവിനിമയം വേഗത്തിൽ സാധ്യമാക്കുന്നതോടൊപ്പം പോസ്റ്റ്മാൻ വഴി ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുകയും ചെയ്യുന്നു. 2020 മാർച്ച് 31 വരെ 1334 പോസ്റ്റ് ഓഫീസുകളിൽ ഈ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| 2 | മെനി ടു വൺ | ഒന്നിലധികം പ്രേഷിതരിൽ നിന്നും ഇ-പോസ്റ്റ് സന്ദേശം ഒരു സ്വീകർത്താവിന്റെ ഇമെയിൽ ഇൻബോക്സിലേയ്ക്ക് അയയ്ക്കാൻ സഹായിക്കുന്നു. |
| 3 | വൺ ടു മെനി | ഒരേ ഇ-പോസ്റ്റ് സന്ദേശം ഒരാളിൽനിന്നും അനേകം സ്വീകർത്താക്കൾക്ക് അയയ്ക്കാൻ ഇത് സഹായിക്കുന്നു. |
| 4 | ഇ-മണി ഓർഡർ | 2008- ലാണ് ഇ-മണി ഓർഡർ സംവിധാനം രാജ്യത്ത് നിലവിൽ വന്നത്. ഇന്ന് ഏകദേശം 98 ശതമാനത്തോളം വരുന്ന മണി ഓർഡർ കൈമാറ്റങ്ങൾ ഇലക്ട്രോണിക് രീതിയിലാണ് നടന്നു വരുന്നത്. നിലവിൽ കേരള സർക്കിളിലെ 1508 പോസ്റ്റ് ഓഫീസിസുകളിൽ ഈ സേവനം ലഭ്യമാണ്. |
| 5 | ഇ-പേയ്മെന്റ് | എല്ലാ കമ്പ്യൂട്ടറൈസ്ഡ് പോസ്റ്റോഫീസുകളിൽ നിന്നും വിവിധ സേവന ദാതാക്കളുടെ പേരിൽ യൂട്ടിലിറ്റി ബില്ലുകൾ ഉൾപ്പെടെയുള്ള ബില്ലുകൾ ശേഖരിക്കാനും സമയപരിധി നിശ്ചയിച്ച് ക്ലയന്റ് ഓർഗനൈസേഷന് പണം നൽകുന്നതിനുമുള്ള സേവനം. നിലവിൽ കേരളത്തിലെ 1508 പോസ്റ്റ് ഓഫീസിസുകളിൽ(ഹെഡ് പോസ്റ്റ് ഓഫീസുകളിലും സബ് പോസ്റ്റ് ഓഫീസുകളിലും)ഈ സൗകര്യം ലഭ്യമാണ്. |
| 6 | അന്താരാഷ്ട്ര സ്പീഡ് പോസ്റ്റ് അഥവാ ഇ.എം.എസ് | ഇന്ത്യയിൽ നിന്ന് 99 രാജ്യങ്ങളിലേക്ക് ഈ സൗകര്യം ലഭ്യമാണ് |
| 7 | ഡയറക്ട് പോസ്റ്റ് | ടാർഗെറ്റഡ് മാർക്കറ്റിംഗിലൂടെ സ്ഥാപനങ്ങൾക്ക് അവരുടെ നിലവിലുള്ള അല്ലെങ്കിൽ വരാനിരിക്കുന്ന ഉപഭോക്താക്കളുമായി ബന്ധപ്പെടാൻ അനുവദിക്കുന്ന സേവനമാണ് ഡയറക്ട് പോസ്റ്റ്. ഏതെങ്കിലും ലഘുലേഖയോ ബ്രോഷറോ ഹാൻഡ് ബില്ലുകളോ അവർക്ക് ഡയറക്ട് പോസ്റ്റിന് കീഴിൽ വിലാസമില്ലാത്ത മെയിലായി അയയ്ക്കാം, കൂടാതെ ഉപഭോക്താവുമായി കൂടിയാലോചിച്ച് പോസ്റ്റോഫീസുകൾ തിരഞ്ഞെടുക്കുന്ന സ്ഥലങ്ങളുടെ അടിസ്ഥാനത്തിൽ അവ ടാർഗെറ്റ് ഉപഭോക്താക്കൾ താമസിക്കുന്ന പ്രദേശങ്ങളിൽ വിതരണം ചെയ്യുകയും ചെയ്യാം. |
| 8 | പാക്ക് പോസ്റ്റ് സേവനം | 30 കിലോഗ്രാം വരെ ഭാരമുള്ള സാധനങ്ങൾ ലോകത്തെവിടെയും അയക്കാനുള്ള മാർഗമാണ് പാക്ക് പോസ്റ്റ്. പ്രധാന പോസ്റ്റ് ഓഫീസുകളിൽ ഉപഭോക്താക്കൾക്ക് പാഴ്സൽ പാക്കേജിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. |
| 9 | പാർസൽ, ലോജിസ്റ്റിക് സേവനങ്ങൾ | (i) പാഴ്സൽ സേവനം: 5 കിലോ വരെ ഭാരമുള്ള പാഴ്സലുകൾ പോസ്റ്റ്മാൻ ഉപഭോക്താക്കൾക്ക് അവരുടെ വാതിൽപ്പടിയിൽ എത്തിക്കുന്നതിനുള്ള സൗകര്യമാണിത്. 5 കിലോയ്ക്ക് മുകളിൽ ഭാരമുള്ളതും പാഴ്സലുകൾക്ക്, 20 കിലോ വരെ തൂക്കമുള്ളതുമായ ഏത് പാഴ്സലിനും ₹ 5/- ഡെലിവറി ഫീസ് ഈടാക്കുന്നു. വിദൂര പ്രദേശങ്ങളിൽ പോലും സ്ഥിതി ചെയ്യുന്ന ഏത് ഡിപ്പാർട്ട്മെന്റൽ പോസ്റ്റ് ഓഫീസിൽ നിന്നും അംഗീകൃത എക്സ്ട്രാ ഡിപ്പാർട്ട്മെന്റൽ പോസ്റ്റ് ഓഫീസിൽ നിന്നും പാഴ്സൽ ബുക്ക് ചെയ്യാം.<br>(ii)ബിസിനസ് പാഴ്സൽ: "ബിസിനസ് പാഴ്സൽ" എന്നത് ഉപരിതല ഗതാഗതം വാഗ്ദാനം ചെയ്യുന്ന വളരെ ജനപ്രിയമായ ഒരു പാഴ്സൽ ഉൽപ്പന്നമാണ്; 02.12.2013-ന് കേരള പോസ്റ്റൽ സർക്കിളിൽ ആരംഭിച്ചു.<br>(iii) ലോജിസ്റ്റിക്സ് പോസ്റ്റ്: ലോജിസ്റ്റിക്സ് പോസ്റ്റ് സംസ്ഥാനത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലെ തിരഞ്ഞെടുത്ത സ്ഥലങ്ങളിലേക്കും ഏത് തരത്തിലുള്ള പാഴ്സലുകളും അയയ്ക്കുന്നതിന് സഹായിക്കുന്നു. കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, ആലുവ, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ കേന്ദ്രങ്ങൾ വഴിയാണ് സേവനങ്ങൾ സ്ഥിരമായി നൽകുന്നത്. |

അവലംബം: ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ, തിരുവനന്തപുരം.

ഇൻഷുറൻസ്, ഗ്രാമീണ തപാൽ ലൈഫ് ഇൻഷുറൻസ് എന്നീ പദ്ധതികളിലൂടെ ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. തപാൽ ലൈഫ് ഇൻഷുറൻസ് എന്നത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, പ്രതിരോധ ഉദ്യോഗസ്ഥർ, തദ്ദേശ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ ബാങ്കുകൾ മുതലായവയിലെ ജീവനക്കാർക്ക് നൽകുന്ന ഇൻഷുറൻസ് പദ്ധതിയാണ്. ഇപ്പോൾ, ഇത് എല്ലാ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർ, പ്രൊഫഷണലുകൾ തുടങ്ങിയവരിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഗ്രാമീണ ലൈഫ് ഇൻഷുറൻസ് മുഖേന ജീവിതം ഇൻഷ്വർ ചെയ്യുന്നതിലൂടെ, ഗ്രാമീണ മേഖലയിലെ സ്ത്രീകളെ ശാക്തീകരിക്കുന്നതിന് കേരള പോസ്റ്റൽ സർക്കിൾ പ്രത്യേക പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. (കേരള സർക്കിളിനു കീഴിലുള്ള ആകെ തപാൽ പോളിസി ഉടമകളിൽ 5,00,161 പോളിസി ഉടമകൾ സ്ത്രീകളും 4,54,334 പേർ പുരുഷന്മാരുമാണ്).

## 11.4 കുടിവെള്ളം

എല്ലാവർക്കും സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുക എന്നത് വികസനത്തിന്റെ നിർണ്ണായക ദൗത്യമാണ്. ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷന്റെ 'ജല-ഉപയോഗ കാര്യക്ഷമതയിലെ മാറ്റത്തെക്കുറിച്ചുള്ള പുരോഗതി 2021' എന്ന തലക്കെട്ടിലുള്ള റിപ്പോർട്ട് അനുസരിച്ച്, ജല-ഉപയോഗ കാര്യക്ഷമത 9 ശതമാനം ഉയർന്നു, എന്നാൽ ലോകത്തിന്റെ പല ഭാഗങ്ങളിലെയും ജല സമ്മർദ്ദവും ജലക്ഷാമവും ആശങ്കാജനകമാണ്. ജലത്തിന്റെ ഉപയോഗം കാര്യക്ഷമമാക്കുന്നത് ജല സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള ഒരു പ്രധാന വഴിയാണ്. ജല ഉപയോഗത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് കൂടുതൽ കാര്യക്ഷമമായ ജലസേചനം, മികച്ച കാർഷിക പരിപാലനം, വിതരണ ശൃംഖലകളിലെ ചോർച്ച പരിഹരിക്കൽ, വ്യാവസായിക, ഊർജ്ജ തണുപ്പിക്കൽ പ്രക്രിയകൾ ഒപ്റ്റിമൈസ് ചെയ്യൽ എന്നിവ ആവശ്യമാണ്.

വർദ്ധിച്ചുവരുന്ന ജല പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഫലപ്രദമായി ജല പരിപാലനം സാധ്യമാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോമിംഗ് ഇന്ത്യ (എൻ.ഐ.ടി.ഐ)-നീതി ആയോഗ് സംയോജിത ജല മാനേജ്മെന്റ് സൂചിക (സി.ഡബ്ല്യൂ.എം.ഐ) വികസിപ്പിച്ചെടുത്തു. നീതി ആയോഗ് സംയോജിത ജല മാനേജ്മെന്റ് സൂചികയിലെ - 2019-ന്റെ ഒരു റിപ്പോർട്ട് പറയുന്നത്, 2030-ഓടെ ഇന്ത്യയുടെ നഗര ജനസംഖ്യ 600 ദശലക്ഷത്തിലെത്തുമെന്നും അവരുടെ ജല ആവശ്യങ്ങൾ നിറവേറ്റുന്നത് വലിയ വെല്ലുവിളിയായിരിക്കുമെന്നും പറയുന്നു. റിപ്പോർട്ട് അനുസരിച്ച്, ലോക ജനസംഖ്യയുടെ 17 ശതമാനം ഇന്ത്യയിലാണെങ്കിലും ലോകത്തിലെ ശുദ്ധജല സ്രോതസ്സുകളുടെ 4 ശതമാനം മാത്രമാണ് രാജ്യത്തുള്ളത്.

സ്ഥാപിതമായ സാമൂഹിക മാനദണ്ഡങ്ങളും മെച്ചപ്പെട്ട പൊതു ശുചിത്വത്തിനും ശുചീകരണത്തിനും വേണ്ടിയുള്ള ആവശ്യവും കാരണം ദേശീയ ശരാശരിയേക്കാൾ ഉയർന്ന ജല ആവശ്യകതയാണ് കേരളത്തിലുള്ളത്. 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യയുടെ 62 ശതമാനവും കിണറുകളെയാണ് പ്രധാന കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്നത്. ജനസംഖ്യയുടെ 29 ശതമാനം പേർക്ക് പൈപ്പ് ജലവിതരണം ലഭ്യമാണ്. അതേസമയം 78 ശതമാനം കുടുംബങ്ങൾക്ക് ചുറ്റുവട്ടത്തിൽ തന്നെ ജലസ്രോതസ്സുകളുള്ളപ്പോൾ 14 ശതമാനം കുടുംബങ്ങൾ വീടിനു സമീപത്തുള്ള ജലസ്രോതസ്സുകളാണ് ഉപയോഗിക്കുന്നത്. 2011-ലെ സെൻസസ് അടിസ്ഥാനമാക്കിയുള്ള സംസ്ഥാന സാനിറ്റേഷൻ കവറേജ് കാണിക്കുന്നത് 67 ശതമാനം കുടുംബങ്ങൾക്ക് ടോയ്ലറ്റുകളുണ്ടെന്നും 95 ശതമാനത്തിന് ചുറ്റുവട്ടത്തിൽ തന്നെ ടോയ്ലറ്റ് സൗകര്യമുണ്ടെന്നുമാണ്. ആഗസ്റ്റ് 31, 2023 പ്രകാരം കേരള ജനസംഖ്യയുടെ 66.89 ശതമാനം പേർക്ക് കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ജലവിതരണം ലഭിക്കുന്നു.

സുസ്ഥിര വികസനത്തിന് ജലം നിർണായകമായതിനാൽ കേരളത്തിൽ കുടിവെള്ള മേഖലയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. കുടിവെള്ളവും മലിനജല നിവാരണവും എന്നിവയെക്കുറിച്ച് 14-ാം പഞ്ചവത്സര പദ്ധതി രൂപീകരിച്ച കർമ്മ സമിതി സംസ്ഥാനത്തെ ജല-ശുചീകരണ മേഖലയുടെ വികസനത്തിനും സംയോജിത ജല മാനേജ്മെന്റ് സൂചിക (സി.ഡബ്ല്യു.എം.ഐ) റാങ്കിംഗുമായി ബന്ധപ്പെട്ട് അതിന്റെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനും വ്യക്തമായ ഒരു റോഡ്മാപ്പ് രൂപപ്പെടുത്താൻ ലക്ഷ്യമിടുന്നു. 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ സമയബന്ധിതമായ നേട്ടങ്ങൾക്കായി കുടിവെള്ള വിതരണം, മലിനജല നിവാരണം, ജലസംരക്ഷണം, വരുമാനം മെച്ചപ്പെടുത്തൽ തുടങ്ങിയവയ്ക്ക് കീഴിൽ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയും (കെ.ഡബ്ല്യൂ.എ) കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസിയുമാണ് (കെ.ആർ.ഡബ്ല്യൂ.എസ്.എ) കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിലെ പ്രധാന നിർവ്വഹണ ഏജൻസികൾ. പ്രാദേശിക സർക്കാരുകളും ഒരു പ്രധാന പങ്ക് വഹിക്കുന്നു.

## കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ)

കേരളത്തിലെ ജലവിതരണത്തിന്റെ വികസനത്തിനും ക്രമീകരണത്തിനും മലിനജല ശേഖരണത്തിനും നീക്കം ചെയ്യലിനുമായി കെ.ഡബ്ല്യൂ.എ 1984 ൽ സ്ഥാപിച്ചു. ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, പ്രോജക്ടുകൾ, പ്രോജക്ട് ആസൂത്രണം, വികസനം, ഗുണ നിലവാര നിയന്ത്രണം, കൺസൾട്ടൻസി, സിവറേജ് വെർട്ടിക്കൽസ് എന്നിവയാണ് ഇതിന്റെ പ്രധാന പ്രവർത്തന യൂണിറ്റുകൾ.

കേരള വാട്ടർ അതോറിറ്റിക്ക് വിപുലീകരിച്ച ജലഗുണനിലവാര പരിശോധനയ്ക്കായി-കൊച്ചിയിൽ ഒരു സംസ്ഥാന റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും, 14 ജില്ലാ ലാബുകളും 70 സബ് ഡിവിഷണൽ ലാബുകളും ഉണ്ട്. കെ.ഡബ്ല്യൂ.എ -യുടെ കീഴിലുള്ള 83 ലാബുകൾക്ക് ഐ.എസ്.ഒ/ഐ.ഇ.സി/17025:2017 മാനദണ്ഡങ്ങൾക്കനുസൃതമായി എൻ.എ.ബി.എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ലബോറട്ടറീസ്) അക്രഡിറ്റേഷൻ നേടിയിട്ടുണ്ട്.

## മലിന ജലനിവാരണം

മലിനജല ശേഖരണവും പുറന്തള്ളലും വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. ഇത് തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. ലൈനുകൾ ആവശ്യാനുസരണം വർദ്ധിപ്പിക്കുക, മലിനജലം കവിഞ്ഞൊഴുകുന്നത് ഒഴിവാക്കാൻ കേടായ മാൻഹോളുകൾ നന്നാക്കുക, മലിനജല നിർമ്മാർജന സംവിധാനത്തിന്റെ മറ്റ് ഉറവിടങ്ങളില്ലാത്ത പ്രദേശങ്ങളിൽ ചെറിയ വിപുലീകരണങ്ങളിലൂടെ മലിനജല സൗകര്യം നൽകുക എന്നിവയാണ് നിലവിൽ ഏറ്റെടുക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. പാരിസ്ഥിതിക നാശത്തിന്റ ഭീഷണി മറികടക്കാൻ, നിലവിലുള്ള മലിനജല സംവിധാനം ശക്തിപ്പെടുത്തുന്നതിന് മതിയായ ശ്രദ്ധ അത്യാവശ്യമാണ്. മലിനജല മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. എന്നിരുന്നാലും പണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മലിനജല മാനേജ്മെന്റ് പ്ലാന്റുകൾ, പമ്പ് ഹൗസുകൾ എന്നവയ്ക്കെതിരായ ജനങ്ങളുടെ പ്രതിഷേധം, ഭൂമി ലഭിക്കുന്നതിലും റോഡ് മുറിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനായുള്ള കാലതാമസം എന്നിവ മലിനജല മാനേജ്മെന്റ് പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുമ്പ് പരിശോധിക്കേണ്ടതുണ്ട്. ചെറിയ വികേന്ദ്രീകൃത സംസ്കരണ പ്ലാന്റുകൾ ലഭ്യമാക്കുന്നതിനായി 2 മുതൽ 3 വാർഡുകൾക്ക് പര്യാപ്തമായ പുതിയ ചെറുകിട പദ്ധതികൾ ഏറ്റെടുക്കാൻ കെ.ഡബ്ല്യൂ.എ വിഭാവനം ചെയ്യുന്നു. ദേശീയ ഹരിത ട്രൈബ്യൂണൽ (എൻ.ജി.ടി) നിർദ്ദേശ പ്രകാരം ശുദ്ധീകരിച്ച മലിനജലത്തിന്റെ പുനരുപയോഗം ഉൾക്കൊള്ളുന്ന ഏറ്റവും പുതിയ സാങ്കേതിക വിദ്യകളാണ് ഈ പദ്ധതികളിൽ ഉപയോഗിക്കേണ്ടത്. നിലവിലുള്ള പ്ലാന്റിന്റെയും മലിനജല ശൃംഖലയുടെയും അറ്റകുറ്റപ്പണികളും നവീകരണവും ആവശ്യമാണ്. ചെറുകിട പദ്ധതികൾക്കായി, ഭൂമി ലഭ്യമാക്കുകയും, അഴുക്കുചാലുകൾ/സെപ്റ്റേജ് ജോലികൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് തദ്ദേശ സ്ഥാപനങ്ങൾ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും വേണം.


ഗുരുവായൂരിൽ 2021 സെപ്റ്റംബർ 30 ന് മലിനജല പദ്ധതി കമ്മീഷൻ ചെയ്തു കഴിഞ്ഞു. 2022-23ൽ 63 പ്രവൃത്തികളും 2023-24ൽ (2023 ഓഗസ്റ്റ് 31 വരെ) 10 പ്രവൃത്തികളും പൂർത്തിയായി. അതിൽ പഴയ മലിനജല ലൈനുകൾ മാറ്റി സ്ഥാപിക്കൽ, മലിനജല ശൃംഖല നീട്ടൽ, പഴയ മാൻഹോളുകളുടെ പുനരുദ്ധാരണം, പുതിയ മാൻഹോളുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു.

## ജലവിതരണ കവറേജ്

കെ.ഡബ്ല്യൂ.എ 914 ജലവിതരണ പദ്ധതികൾ പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. 41.9 ലക്ഷം കണക്ഷനുകളിലൂടെയും 1.53 ലക്ഷം പൊതു ടാപ്പുകളിലൂടെയും കെ.ഡബ്ല്യൂ.എ കേരളത്തിലെ ഏകദേശം 2.49 കോടി ജനങ്ങൾക്ക് ജലവിതരണം ലഭ്യമാക്കുന്നു. പൈപ്പ് വെള്ളത്തിന്റെ ശരാശരി പ്രതിശീർഷ ലഭ്യത പ്രതിദിനം 97 ലിറ്ററാണ് (എല്ലാ ജില്ലകളിലേയും ആവാസ വ്യവസ്ഥകളിൽ പ്രതിശീർഷ ലഭ്യത വ്യത്യസ്തമാണ്). കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റുകളുടെയും പദ്ധതികളുടെയും (ജെ.ജെ.എം, നബാർഡ്, സംസ്ഥാന പദ്ധതി, എൻ.ആർ.ഡി.ഡബ്ല്യൂ.പി, കിഫ്ബി, അമൃത് മുതലായവ) സഹായത്തോടെ നടപ്പിലാക്കിയ വിവിധ ജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്ത് കൊണ്ട് ഗ്രാമീണ നഗര ജലവിതരണ മേഖലകളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. 19,700 കോടിയിലധികം രൂപയുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിവരികയാണ്. ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ അടുത്ത 3 വർഷത്തിനുള്ളിൽ 1,400 എം.എൽ.ഡി (പ്രതിദിനം ദശലക്ഷം ലിറ്റർ) വെള്ളം അധികമായി വിതരണത്തിന് ലഭ്യമാകും. 2022-23ൽ ആർ.കെ.ഐയുടെ കീഴിൽ 101.43 കോടി രൂപയുടെ അഞ്ച് പുതിയ പ്രവൃത്തികൾ അനുവദിക്കുകയുണ്ടായി. 2022-23ലും 2023-24ലും (2023 ഓഗസ്റ്റ് 31 വരെ) 24.98 കോടി രൂപയുടെ നാല് പുതിയ പ്രവൃത്തികൾ അമൃത് 1.0ന് കീഴിൽ അനുവദിച്ചു. എല്ലാറ്റിനുമുപരിയായി, 2022-23 ൽ അമൃത് II പദ്ധതികൾ ആരംഭിക്കുകയും ചെയ്തു. സംസ്ഥാന പദ്ധതിക്ക് കീഴിലുള്ള 6 പദ്ധതികളും നബാർഡിന് കീഴിൽ 2 പദ്ധതികളും ആർ.കെ.ഐയുടെ കീഴിലുള്ള 1 പദ്ധതിയും കിഫ്ബിയുടെ കീഴിലുള്ള 6 ജലവിതരണ പദ്ധതികളും 10 റീപ്ലേസ്മെന്റ് ജോലികളും 2022-23 കാലയളവിൽ പൂർത്തിയായിട്ടുണ്ട്. ആഗസ്റ്റ് 31, 2023 പ്രകാരം കേരള ജനസംഖ്യയുടെ 66.89 ശതമാനം (63.03 ശതമാനം ഗ്രാമത്തിലും 79.97 ശതമാനം നഗരത്തിലും) പേർക്ക് കെ.ഡബ്ല്യൂ.എ യുടെ നിലവിലുള്ള പദ്ധതികളിൽ നിന്ന് പൈപ്പ് ജലവിതരണം ലഭിക്കുന്നു.

**ചിത്രം 11.4.1** ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന ജനസംഖ്യയുടെ (2023 ആഗസ്റ്റ് 31 വരെ) ജില്ലതിരിച്ചുള്ള അനുപാതം2023 ആഗസ്റ്റ് 31 ലെ കണക്കനുസരിച്ച് ജലവിതരണ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള, ജനസംഖ്യ ശതമാനത്തിൻറെ ജില്ല തിരിച്ചുള്ള **ചിത്രം 11.4.1**-ൽ കാണിച്ചിരിക്കുന്നു. കേരളത്തിലെ 14 ജില്ലകളിൽ 91.30 ശതമാനത്തോടെ എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ കവറേജുള്ളത്. 90.97 ശതമാനത്തോടെ ആലപ്പുഴ ജില്ല പിന്നിൽത്തന്നെയുണ്ട്. കാസർഗോഡ് ജില്ലയിലാണ് കവറേജ് ഏറ്റവും കുറവ് (36.69 ശതമാനം). വിശദാംശങ്ങൾ **അനുബന്ധം 11.4.1**-ൽ നൽകിയിട്ടുണ്ട്. 2023 ആഗസ്റ്റ് 31 വരെയുള്ള വിശദാംശങ്ങൾ പ്രകാരം ജില്ലാതലത്തിലും ഇനം തിരിച്ചുമുള്ള വിശകലനം കാണിക്കുന്നത് എറണാകുളത്താണ് ഏറ്റവും കൂടുതൽ

**ചിത്രം 11.4.1** ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന ജനസംഖ്യയുടെ (2023 ആഗസ്റ്റ് 31 വരെ) ജില്ലതിരിച്ചുള്ള അനുപാതം





*ഉറവിടം : കേരള വാട്ടർ അതോറിറ്റി*

ജലവിതരണ പദ്ധതികളെന്നും (93), വയനാട് ഏറ്റവും കുറവ് ജലവിതരണ പദ്ധതികളെന്നും (23) ആണ്. ഏറ്റവും കൂടുതൽ നഗര ജലവിതരണ പദ്ധതികൾ കോഴിക്കോടും (16) ഏറ്റവും കുറവ് പാലക്കാടും (1) ആണ് **അനുബന്ധം 11.4.2**.

ഗാർഹിക സേവന കണക്ഷനുകൾ (എച്ച്.എസ്.സി), തെരുവ് ടാപ്പുകൾ എന്നിവയിലൂടെ കെ.ഡബ്ല്യൂ.എ കുടിവെള്ളം വിതരണം ചെയ്യുന്നു. ഗാർഹിക, ഗാർഹികേതര (പ്രത്യേക കണക്ഷനുകൾ ഉൾപ്പെടെ), വ്യാവസായിക കണക്ഷനുകളുടെ ആകെ എണ്ണം യഥാക്രമം 39,99,105, 1,88,825, 2,083 എന്നിവയാണ്. 2023 ആഗസ്റ്റ് 31 വരെ ആകെ 1,53,677 തെരുവ് ടാപ്പ് കണക്ഷനുകളിൽ 1,12,014 എണ്ണം പഞ്ചായത്തിലും 26,533 എണ്ണം മുൻസിപ്പാലിറ്റികളിലും 15,130 എണ്ണം കോർപ്പറേഷനുകളിലുമാണ്. (**അനുബന്ധം 11.4.3**). 2023 ആഗസ്റ്റ് 31 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റിയ കെ.ഡബ്ല്യൂ.എ യുടെ ഗ്രാമീണ ജലവിതരണ പദ്ധതികളുടെ എണ്ണം 700-ഉം 14 ജില്ലകളിലേയും ആകെ ജനസംഖ്യാ കവറേജ് 11,04,360

**ചിത്രം 11.4.2** 2023 ആഗസ്റ്റ് 31 ലെ ജില്ല തിരിച്ചുള്ള ആളോഹരി ജലലഭ്യത




*ഉറവിടം : കേരള വാട്ടർ അതോറിറ്റി*

ഉം ആണ്. പ്രാദേശിക സർക്കാരുകളിലേക്ക് മാറ്റിയ ജലവിതരണ പദ്ധതികളുടെ ജില്ലാതല വിശദാംശങ്ങൾ **അനുബന്ധം 11.4.4**-ൽ കൊടുത്തിരിക്കുന്നു. **ചിത്രം 11.4.2**-ൽ കാണിച്ചിരിക്കുന്ന 2023 ആഗസ്റ്റ് 31 ലെ ജല ലഭ്യതാ ഡാറ്റ പ്രകാരം എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ ജലലഭ്യത (192 എൽ.പി.സി.ഡി) കാസർഗോഡാണ് ഏറ്റവും കുറഞ്ഞ ലഭ്യത (22 എൽ. പി.സി.ഡി). **അനുബന്ധം 11.4.5**.

**വരുമാനം**

കെ.ഡബ്ല്യൂ.എ യുടെ പ്രധാന വരുമാനം ജലവില്പനയിൽ നിന്നാണ്. കൂടാതെ 100 ശതമാനവും മീറ്റർ റീഡ് ചെയ്യുന്ന ജല കണക്ഷനുകളുള്ള, രാജ്യത്തെ ഏക സംസ്ഥാനം കേരളമാണ്. ബ്ലോക്ക് താരിഫ് ഘടനയോടു കൂടിയ (ഉപഭോഗം കൂടുന്നതിനനുസരിച്ച് നിരക്ക് വർദ്ധിക്കുന്നു) ജലതാരിഫ് സംസ്ഥാനത്തുടനീളം ഒരുപോലെയാണ്. 2022-23 ൽ സർക്കാർ ജലനിരക്ക് ലിറ്ററിന് ഒരു പൈസ വർധിപ്പിച്ചു. താരിഫ് പരിഷ്കരണത്തിലൂടെ വാർഷിക വരുമാനം 401.61 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. 2021-22ൽ 583.24 കോടി രൂപയായിരുന്നു വരുമാനം ലഭിച്ചത്. എന്നാൽ പ്രതീക്ഷിച്ച വരുമാനം പിഴയുൾപ്പെടെ 1112.33 കോടി രൂപയായിരുന്നു. 2022-23ൽ 806.21 കോടി രൂപയാണ് വരുമാനമായി ലഭിച്ചത്. എന്നാൽ പ്രതീക്ഷിച്ച വരുമാനം പിഴയുൾപ്പെടെ 1035.41 കോടി രൂപയാണ്. ഗാർഹിക കണക്ഷനുകൾക്ക് 5000 ലിറ്റർ വരെ 14.41/KLഉം, ഗാർഹികേതര കണക്ഷനുകൾക്ക് 10,000 ലിറ്റർ വരെ 26.54/KL ഉം വ്യാവസായിക കണക്ഷനുകൾക്ക് 54.10/KL ഉം ബൾക്ക് വിതരണത്തിന് 16.62/KL എന്നിങ്ങനെയാണ് ഗാർഹിക കണക്ഷനുള്ള കുറഞ്ഞ നിരക്ക്.

43.43 ലക്ഷം ഉപഭോക്താക്കളിൽ (തെരുവു ടാപ്പുകൾ ഉൾപ്പെടെ), 39.99 ലക്ഷം കണക്ഷനുകൾ ഗാർഹിക വിഭാഗത്തിലും (92.06%) 1.90 ലക്ഷം ഉപഭോക്താക്കൾ ഗാർഹികേതര/വ്യാവസായിക/പ്രത്യേക വിഭാഗങ്ങളിലും ഉൾപ്പെടുന്നു. കൂടാതെ 1.53 ലക്ഷം തെരുവു ടാപ്പുകളിലൂടെ കേരള വാട്ടർ അതോറിറ്റി വെള്ളം നൽകുകയും ചെയുന്നു. സംസ്ഥാനത്തെ 5.91 ലക്ഷം ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 15,000 ലിറ്റർ കുടിവെള്ളം കെ.ഡബ്ല്യൂ.എ സൗജന്യമായി വിതരണം ചെയ്യുന്നു. ഇത് 18.47 കോടി ചെലവ് വരുന്നതാണ്.

ഗാർഹിക ഗാർഹികേതര വ്യാവസായിക പദ്ധതികളുടെ ജല നിരക്കുകളിൽ നിന്നുള്ള വരുമാനം 2022-23, 2023-24 വർഷങ്ങളിൽ (2023 ഓഗസ്റ്റ് 31 വരെ) യഥാക്രമം 68,324 ലക്ഷം രൂപയും 39,836 ലക്ഷം രൂപയും തെരുവു ടാപ്പുകളിൽ നിന്ന് ലഭിച്ചത് 12,297 ലക്ഷം രൂപയും 5,572 ലക്ഷം രൂപയുമാണ്. (**അനുബന്ധം 11.4.6**).

## സംസ്ഥാന പദ്ധതികൾ

**സർവ്വേയും അന്വേഷണവും**

കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും വെള്ളം എത്തിക്കുക എന്നതാണ് കെ.ഡബ്ല്യൂ.എ യുടെ ലക്ഷ്യം. ഇതിനായി പദ്ധതികളുടെ പട്ടിക തയ്യാറാക്കുന്നതിനായി വിശദമായ സർവ്വേകൾ നടത്തേണ്ടതുണ്ട്. 2022-23 കാലയളവിൽ 15 പ്രവർത്തികൾ പൂർത്തീകരിക്കുകയും ആകെ 71.44 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

**നബാർഡിന്റെ സഹായത്തോടെയുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ–(ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട്)**

നബാർഡിന്റെ വായ്പാ സഹായത്തോടെ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ കെ.ഡബ്ല്യൂ.എ നടപ്പിലാക്കുന്നു. 2023 മാർച്ച് 31 വരെ അനുവദിച്ച മൊത്തം 20 പദ്ധതികളിൽ 8 പ്രോജക്ടുകൾ പൂർത്തിയായി. 2023-24 സാമ്പത്തിക വർഷത്തിൽ (2023 ഓഗസ്റ്റ് 31 വരെ) ഒരു പ്രോജെക്റ്റ് പൂർത്തിയായി. 2023-24 സാമ്പത്തിക വർഷത്തിൽ എട്ട് പദ്ധതികൾ കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പാലക്കാട് അഗളിയിലേക്കും സമീപ പഞ്ചായത്തുകളിലേക്കുമുള്ള സമഗ്ര ജലവിതരണ പദ്ധതി (സി ഡബ്ല്യൂ എസ് എസ്), പെറുനാട് പഞ്ചായത്തിലെ നിലക്കൽ പ്ലാപ്പള്ളി പ്രദേശത്തേക്കും സീതത്തോട് പഞ്ചായത്തിലേക്കും, പൂവാർ പഞ്ചായത്തിലേക്കും,കുളകട, വിതുര തൊളിക്കോട് എന്നിവിടങ്ങളിലേക്കുമുള്ള ജലവിതരണ പദ്ധതികൾ- എന്നിങ്ങനെ ചില പ്രധാന ജോലികൾ നബാർഡിന് കീഴിൽ അനുവദിച്ചു. മുട്ടം, കരികുന്നം, കുടയത്തൂർ പഞ്ചായത്തുകളിലേക്കുള്ള ജല വിതരണ പദ്ധതിയും മേലില പഞ്ചായത്തുകളിലേക്കുള്ള ജല വിതരണ പദ്ധതിയുമാണ് 2020-21-ൽ ട്രാൻചേ XXVI-ൽ അനുവദിച്ച രണ്ട് പ്രധാന പദ്ധതികൾ. കുന്നത്തൂർ താലൂക്കിലെ കുന്നത്തൂർ പോരുവഴി, ശൂരനാട് വടക്ക് പഞ്ചായത്തുകളിലേക്കും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ തഴവ, തൊടിയൂർ, കുലശേഖരപുരം പഞ്ചായത്തുകളിലേക്കുമുള്ള ജല വിതരണ പദ്ധതിയും കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ മാങ്ങാട്ടിടം പഞ്ചായത്തിലെ മാങ്ങാട്ടിടം സോൺ III ലേക്കുമുള്ള ജലവിതരണ പദ്ധതിയുമാണ് 2021-22 ൽ അനുവദിച്ച രണ്ട് പ്രധാന പദ്ധതികൾ. കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ മാങ്ങാട്ടിടം പഞ്ചായത്തിലെ മാങ്ങാട്ടിടം സോൺ IIIലേക്കുമുള്ള ജലവിതരണ പദ്ധതി 2023-24 കാലയളവിൽ പൂർത്തിയായി.

**കുപ്പിവെള്ളത്തിനുള്ള നിർമ്മാണ യൂണിറ്റുകൾ**

പൊതുജനങ്ങൾക്ക് ന്യായമായ വിലക്ക് ഗുണ നിലവാരമുള്ള, പാക്കേജ് ചെയ്ത/കുപ്പിവെള്ളം കെ ഡബ്ല്യൂ എ വഴി ലഭ്യമാക്കുന്നതിനായി തിരുവനന്തപുരത്ത് ഒരു കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സിവിൽ മെക്കാനിക്കൽ ജോലികൾ പൂർത്തിയായി. കുപ്പിവെള്ള പ്ലാന്റ് കെ.ഐ.ഐ.ഡി.സി (കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ)- ക്ക് കൈമാറി. ഇപ്പോൾ പ്ലാന്റ് പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് കെ.ഐ.ഐ.ഡി.സി ആണ്.

**കെ.ഡബ്ല്യൂ.എ യുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽ ഘടനകളുടെ നവീകരണം**

സമയബന്ധിതമായ അറ്റകുറ്റപ്പണികൾ, സംരക്ഷണം, നവീകരണം എന്നിവയുടെ അഭാവം മൂലം കേടുപാടുകൾ സംഭവിച്ച കെട്ടിടങ്ങളെ നവീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഓഫീസ് കെട്ടിടങ്ങൾ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഇൻടേക്ക്, വാട്ടർ ടാങ്കുകൾ, പമ്പ് ഹൗസുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ തുടങ്ങിയ വിവിധ സിവിൽ ഘടനകളുടെ വാർഷിക അറ്റകുറ്റപ്പണികൾ സംസ്ഥാനത്തുടനീളം നടത്തേണ്ടതുണ്ട്. അതിനാൽ

സൃഷ്ടിച്ച നേട്ടങ്ങളെ സംരക്ഷിക്കുവാനും സേവന ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും സിവിൽ ഘടനകളുടെ ഘട്ടം ഘട്ടമായുള്ള പരിപാലനവും നിർദ്ദേശിക്കുന്നു. ഡബ്ല്യു.ടി.പി.കൾ, കെ.ഡബ്ല്യു.എ ഓഫീസുകൾ, ഒഴിഞ്ഞ പ്ലോട്ടുകൾ എന്നിവയ്ക്ക് ചുറ്റും കോമ്പൗണ്ട് മതിലുകൾ നിർമ്മാണവും ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്നു. സാമൂഹിക വിരുദ്ധരുടെ കയ്യേറ്റവും കടന്നുകയറ്റവും തടയുന്നതിനായി കെ.ഡബ്ല്യു.എ യുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അതിർത്തി നിർണ്ണയിക്കാൻ ഇത് സഹായിക്കും.

2022-23 ൽ 500 ലക്ഷം രൂപ വകയിരുത്തിയതോടെ വിവിധ ജില്ലകളിൽ സ്ഥിതി ചെയ്യുന്ന ഓഫീസ് കെട്ടിടങ്ങൾ, ഗസ്റ്റ് ഹൗസുകൾ, ടാങ്കുകൾ, പമ്പ് ഹൗസുകൾ എന്നിവയുടെ അറ്റ കുറ്റപ്പണികൾ ഉൾപ്പടെ 28 ജോലികൾ ഈ ബജറ്റ് വിഹിതത്തിൽ പൂർത്തിയായി.

**നൂതന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും**

പുതിയ സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മന്റ് രീതികളും സ്വീകരിച്ച് സേവനങ്ങൾ പ്രദാനം ചെയുന്നതും ഗുണനിലവാരം മെച്ചപ്പെടുത്തുകയും എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. നൂതന ആശയങ്ങൾ പരിശീലിപ്പിക്കുന്നതിലൂടെ പരിഹരിക്കാനോ മെച്ചപ്പെടുത്താനോ കഴിയാത്ത ചില പ്രശ്നങ്ങൾ പരിഹരിക്കാനും മെച്ചപ്പെടുത്താനും കഴിയും. ആട്ടോമേറ്റഡ് നെറ്റവർക്കുകൾ, ഫ്ലോ മീറ്ററുകൾ, സ്മാർട്ട് മീറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിലൂടെ വരുമാന രഹിതജലം (എൻ.ആർ.ഡബ്ല്യു) കുറക്കുന്നതിനായി നടപടികൾ കൈകൊള്ളാനാകും. എല്ലാ പ്രധാന പദ്ധതികളിലും ബൾക്ക് മീറ്ററുകൾ വാങ്ങാനും ഇവ സൂപ്പർ വൈസറി കൺട്രോൾ ആൻഡ് ഡാറ്റാ അക്വിസിഷനുമായി (എസ്.സി.എ.ഡി.എ) സംയോജിപ്പിക്കുവാനും പദ്ധതി വിഭാവനം ചെയ്യുന്നു. ചോർച്ച കണ്ടുപിടിക്കുന്ന(leak detection) ഉപകരണങ്ങളുടെ സംഭരണം, പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ, ഡബ്ല്യു.ടി.പി കൾ വർദ്ധിപ്പിക്കുന്നതിന് ഡ്യുവൽ മീഡിയയുടെ ഉപയോഗം ജല വിതരണ പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പമ്പിംഗിലെ ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുവേണ്ടി പമ്പുകളുടെ കാര്യക്ഷമതാ പഠനം, ശുദ്ധീകരിച്ച ജലത്തിന്റെ പാഴാക്കൽ കുറയ്ക്കൽ, വരുമാന വർദ്ധനവ് എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2022-23 ൽ 14 ജോലികൾ പൂർത്തീകരിക്കുകയുണ്ടായി. കെ.ഡബ്ല്യു.എ കെട്ടിടത്തിന്റെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ, പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ, നിരീക്ഷണ ക്യാമറയും ഫ്ലോ മീറ്ററുകളും സ്ഥാപിക്കൽ, ഓട്ടോമാറ്റിക് മീറ്റർ റീഡിംഗ് സിസ്റ്റം എന്നിവ ഉൾപ്പെടുന്നു.

**മാനവ വിഭവ ശേഷി, ഗവേഷണവും, വികസനവും ഗുണനിലവാര നിയന്ത്രണവും**

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പുതിയ ഹൈ.ടെക് സംവിധാനങ്ങൾ പരിപാലിക്കുന്നതിനും വേണ്ടി ആധുനിക മാനേജ്മെന്റ് രീതികളും വിദ്യകളും പരിശീലിപ്പിച്ചുകൊണ്ട് എഞ്ചിനിയർമാരേയും മറ്റ് സ്റ്റാഫിനേയും സജ്ജരാക്കേണ്ടതുണ്ട്. 2022-23ൽ 5730 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. പ്ലംബിംഗ് ലൈസൻസ് പരീക്ഷയും നടത്തി.

**നഗര ജലവിതരണ പദ്ധതിയുടെ പുനരധിവാസം, മെച്ചപ്പെടുത്തൽ, പ്രവർത്തനങ്ങൾ**

നഗര പ്രദേശങ്ങളിൽ 100 ശതമാനം കവറേജ് നേടുക, പരിധിയിലുൾപ്പെടാത്ത നഗര തദ്ദേശ സ്ഥാപനങ്ങളിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുക, ഉൽപാദന ഘടകങ്ങൾ പൂർത്തീകരിച്ച പദ്ധതികളിൽ വിതരണ സംവിധാനങ്ങൾ സ്ഥാപിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. 2022-23ൽ അഞ്ച് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ആകെ 325.8 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

**ഗ്രാമീണ ജല വിതരണ പദ്ധതികൾ**

പൈപ്പ് ജലവിതരണത്തിലൂടെ ശുദ്ധമായ കുടിവെള്ളം ലഭ്യമല്ലാത്ത ഗ്രാമീണ വീടുകളിൽ ജലവിതരണം മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2020 ഏപ്രിൽ 1 ലെ കണക്കുകൾ പ്രകാരം ഏകദേശം 34 ശതമാനം ഗ്രാമീണ കുടുംബങ്ങൾക്ക് മാത്രമാണ് പൈപ്പ് ജലവിതരണമുള്ളത്. രണ്ട് വർഷത്തിനുള്ളിൽ എല്ലാ വീടുകളിലും പൈപ്പ് ജലവിതരണം ലക്ഷ്യമിട്ടുള്ള ജൽ ജീവൻ മിഷൻ ആരംഭിച്ചതോടെ ഈ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. പുതിയ ഗ്രാമീണ പദ്ധതികൾ, തുടർന്നു വരുന്ന ഗ്രാമീണ പദ്ധതികളുടെ പൂർത്തീകരണം, നിലവിലുള്ള സ്കീമുകളുടെ നവീകരണം എന്നിവ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു. 2022-23ൽ 9 പദ്ധതികൾ പൂർത്തീകരിച്ചു.

**പ്രത്യേക സ്ഥാപനങ്ങൾ/സ്ഥലങ്ങളിലേക്കുള്ള ജലവിതരണ പദ്ധതി**

മെഡിക്കൽ കോളേജുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ഗ്രാമീണ സ്കൂളുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലെയുള്ള ചില പ്രത്യേക സ്ഥാപനങ്ങൾ/സ്ഥലങ്ങളിലേക്ക് തടസ്സമില്ലാതെ ജലവിതരണം നൽകാനും സിവിൽ സ്റ്റേഷൻ പരിസരം, ജയിൽ, കറക്ഷൻ ഹോം തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിലും ശബരിമല പോലുള്ള സന്ദർശ്ശന കേന്ദ്രങ്ങളിലെ തീർത്ഥാടകർക്ക് മതിയായ അളവിൽ കുടിവെള്ളം നൽകാനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. 2022-23ൽ നാല് പ്രവൃത്തികൾ പൂർത്തീകരിച്ചു. ധർമശാല-പറശ്ശിനിക്കടവ് പി.ഡബ്ല്യു.ഡി റോഡിന്റെ വശങ്ങളിൽ മാങ്ങാട്ടുപറമ്പിലെ ഇ.കെ.നായനാർ സ്മാരക സർക്കാർ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് പ്രത്യേക ജലവിതരണ ലൈൻ, കല്ലിയൂർ വില്ലേജിലെ വെള്ളായണിയിലെ കാർഷിക സർവകലാശാലയ്ക്ക് ജലവിതരണം, കടയ്ക്കൽ സിവിൽ സ്റ്റേഷൻ, എന്നിവിടങ്ങളിൽ ജലവിതരണ കണക്ഷൻ, നിലമേൽ ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി.യിലേക്കുള്ള ജലവിതരണ കണക്ഷൻ എന്നിവയാണ് പൂർത്തീകരിച്ച പ്രവർത്തികൾ.

**അരുവിക്കര പമ്പിംഗ് സ്റ്റേഷൻ നവീകരണം**

തിരുവനന്തപുരം നഗരത്തിലേക്കുള്ള ജലവിതരണത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനായി കെ.ഡബ്ല്യു.എ യുടെ ഒരു പ്രധാന പദ്ധതിയാണ് അരുവിക്കരയുടെ ആധുനികവൽക്കരണം. പഴയതും കേടായതുമായ പമ്പുകൾ മാറ്റി സ്ഥാപിക്കൽ, മോട്ടോറുകൾ, ജല ശുദ്ധീകരണ പ്ലാന്റുകളിലെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഇൻസ്റ്റാലേഷനുകൾ, പമ്പ് ഹൗസുകൾ, ചിത്തിരക്കുന്ന്, അരുവിക്കര 86 എം.എൽ.ഡി കാമ്പസിലെ സബ്സ്റ്റേഷനുകൾ എന്നിവയാണ്

ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന പ്രവർത്തികൾ.

**ഉൽപ്പാദനവും വിതരണവും മെച്ചപ്പെടുത്തുക**

നിലവിലുള്ള പദ്ധതികളിലൂടെയുള്ള പ്രയോജനങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം. തടസ്സമില്ലാത്ത ജലവിതരണം, ചോർച്ച, പൊട്ടൽ എന്നിവയിലുള്ള ജലനഷ്ടം കുറയ്ക്കൽ, ഊർജ്ജ സംരക്ഷണം എന്നിവ ഉറപ്പാക്കാനാണ് ഇത് ഉദ്ദേശിക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ 114 ജോലികൾ പൂർത്തിയാക്കി. പഴയ ജലശുദ്ധീകരണ പ്ലാന്റുകളുടെ നവീകരണം, നിലവിലുള്ള ഡബ്ല്യൂ.എസ്.എസ് പൈപ്പുകളുടെ മാറ്റി സ്ഥാപിക്കലും പൈപ്പുകൾ നീട്ടുകയും കാലഹരണപ്പെട്ട പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുകയും ചെയ്യുക എന്നിവ അവയിൽ ഉൾപ്പെടുന്നു. 2022-23 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1,928.62 ലക്ഷം രൂപയാണ്.

**ഉറവിടം മെച്ചപ്പെടുത്തലും ജലസംരക്ഷണവും**

വേനൽക്കാലത്ത്/വരൾച്ചാ കാലാവസ്ഥയിൽ മതിയായ വെള്ളം ഉറവിടത്തിൽ ലഭ്യമാണെന്ന് ഉറപ്പാക്കുകയും ജല സ്രോതസ്സുകളിലെ സംഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ ലക്ഷ്യം. ഇത് പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജല നിരപ്പിലെ കാലാനുസൃതമായ വ്യതിയാനങ്ങൾ പരിഹരിക്കുന്നതിനും സഹായിക്കും. 2022-23 കാലയളവിൽ ഉറവിടം ശക്തിപ്പെടുത്തുന്നതിനും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കി; അതിൽ പ്രധാനമായും ചെക്ക് ഡാമുകളുടെയും റെഗുലേറ്ററുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു. ട്യൂബ് കിണറുകൾ, തുറന്ന കിണറുകൾ, വെള്ളം അരിച്ചെടുക്കുന്ന ഗാലറി, പ്രധാന കനാൽ തുടങ്ങിയവയുടെ മെച്ചപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ജലസംഭരണികളുടെ സംരക്ഷണ പ്രവർത്തനങ്ങൾ, അണകളിലെ പാർശ്വ സംരക്ഷണം, ചെക്ക് ഡാമുകൾ എന്നിവ നടത്തുകയും നിലവിലുള്ള ഘടനകളുടെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുമാണ്. ഈ പ്രവർത്തനത്തിലൂടെ വേനൽക്കാലത്തെ ജല സമ്മർദ്ദം വലിയൊരളവിൽ ലഘൂകരിക്കാനാകും. 2022-23 കാലയളവിൽ 7 ജോലികൾ പൂർത്തീകരിക്കുകയും ഇതിനായി 18.4 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

**കുടിവെള്ള വരൾച്ച ലഘൂകരണം**

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളും മുൻകൂട്ടി പ്രതീക്ഷിക്കാത്ത അടിയന്തിര ഇടപെടലുകളും ഈ പദ്ധതിയിൽ ഏറ്റെടുക്കുന്നു. ഇവയ്ക്ക് പുറമേ വലിയ വ്യാസമുള്ള പൈപ്പ് പൊട്ടുമ്പോൾ വസ്തുവകകൾക്കും ജലവിതരണ സംവിധാനങ്ങൾക്കും സംഭവിക്കുന്ന നാശ നഷ്ടങ്ങൾ എന്നിവ പോലുള്ള ദുരന്തോൻമുഖ സാഹചര്യങ്ങളിലും പ്രകൃതിദുരന്ത സമയത്ത് അടിയന്തിര ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള ജലവിതരണം എന്നിവയും ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കേണ്ടതുണ്ട്. വരൾച്ചാ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ വിപുലീകരണം, വരൾച്ചാക്കാലത്ത് അധിക പമ്പിംഗ്, ശേഷി വർദ്ധിപ്പിക്കൽ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23ൽ 286 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 85 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് തുകയായ 1000.00 ലക്ഷം രൂപയിൽ 627.15 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

**എ.ഡി.ബി സഹായത്തോടെ കേരള നഗര ജലവിതരണ മെച്ചപ്പെടുത്തൽ പദ്ധതി – (കെ.യു.ഡബ്ല്യൂ.എസ്.ഐ.പി)**

എൻ.ആർ.ഡബ്ല്യൂ (വരുമാന രഹിതജലം) ഗണ്യമായി കുറയ്ക്കുകയും കാര്യക്ഷമതയുടെ മൊത്തത്തിലുള്ള മെച്ചപ്പെടുത്തലും വഴി പഴയ ഉൽപ്പാദന ഘടകങ്ങളെയും ശൃംഖലയെയും പുനരധിവസിപ്പിച്ച് കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളിലെ ജലവിതരണം മെച്ചപ്പെടുത്തുകയും മേൽപ്പറഞ്ഞ മേഖലകളിൽ 24*7 വിതരണം നേടുകയുമാണ് എ.ഡി.ബി സഹായത്തോടെയുള്ള കെ.യു.ഡബ്ല്യൂ.എസ്.ഐ.പി ലക്ഷ്യമിടുന്നത്. നിലവിലുള്ള ഉൽപ്പാദന സൗകര്യങ്ങൾ പഴയതും പുനസ്ഥാപനം ആവശ്യമുള്ളതുമാണ്. അതുപോലെ തന്നെ വിതരണ ശൃംഖലയിലെ ചോർച്ച, ഉയർന്ന എൻ.ആർ.ഡബ്ല്യൂ-വിന് കാരണമാവുകയും ചെയ്യുന്നു. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റവും (എം.ഐ.എസ്) ശാക്തീകരിക്കേണ്ടതുണ്ട്.

**എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി), ഇ–ഗവേണൻസ്, ജി.ഐ.എസ്, ഇൻഫർമേഷൻ മാനേജ്മെന്റ്**

കേരള വാട്ടർ അതോറിറ്റിയിൽ സുസജ്ജമായ വെബ് അധിഷ്ഠിത മാനേജ്മെന്റ് സംവിധാനം വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഐടി റോഡ്മാപ്പിലെ പ്രധാന നാഴികക്കല്ലുകളിലേക്ക് 2022-23 ൽ കെ.ഡബ്ല്യു.എ ചുവടുവച്ചു. ശ്രദ്ധേയമായ നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്: -

**പാസ്ക്ക്:** ഈ ആപ്ലിക്കേഷനിൽ ഭരണാനുമതി, സാങ്കേതിക അനുമതി, പദ്ധതികൾ, ഘടകങ്ങൾ, ടെൻഡറുകൾ, റിസ്കുകൾ എന്നിവയുടെ വിശദാംശങ്ങൾ ഓരോ ജോലിയുടെയും ഭൗതിക, സാമ്പത്തിക(ബില്ലുകൾ) പുരോഗതി വിശദാംശങ്ങൾ, ബന്ധപ്പെട്ട ഡിവിഷന്റെ പാക്കേജ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.ഡബ്ല്യൂ.എ മുഖേന നടപ്പിലാക്കുന്ന എല്ലാ ജൽ ജീവൻ മിഷൻ (ജെ.ജെ.എം) പ്രോജക്ടുകളും, ഭൂഗർഭ ജലം, ജലനിധി എന്നിവയുടെ പദ്ധതികളും ഈ ആപ്ലിക്കേഷനിലൂടെ ഭരണാനുമതി മുതൽ പൂർത്തിയാകുന്നത് വരെ ട്രാക്ക് ചെയ്യാൻ കഴിയും. പദ്ധതി തലത്തിലുള്ള പ്രോജക്റ്റുകളുടെ പ്രതിവാര അവലോകനത്തിനായി ഈ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നു. ഒരു മിഷൻ മോഡിൽ നടപ്പിലാക്കുന്ന മുൻനിര പ്രോജക്റ്റ് ജെ.ജെ.എം നിരീക്ഷിക്കാൻ മാനേജ്മെന്റിനെ ഈ ആപ്ലിക്കേഷൻ സഹായിക്കുന്നു.

**ഇ അബാക്കസ്സ്:** ജെ.ജെ.എം പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ നിന്ന് ഏകദേശം 5.3 ലക്ഷം പുതിയ കണക്ഷനുകൾ ഇ-അബാക്കസ് സോഫ്റ്റ്വെയറിൽ ചേർത്തു. ഇത് നേടുന്നതിന്, കണക്ഷനുകൾ നൽകുന്നതിനും കണക്ഷൻ സൈറ്റിൽ തന്നെ ബില്ലിംഗ് സോഫ്റ്റ്വെയറിനായുള്ള പുതിയ കണക്ഷന്റെ ഡാറ്റ എൻട്രി ചെയ്യുന്നതിനും കെ.ഡബ്ല്യൂ.എ ഫീൽഡ് സ്റ്റാഫുകൾ ജെ.ജെ.എം മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നു.

**ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്:** കേന്ദ്ര ഗവൺമെന്റ് സംരംഭമായ "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്" നടപ്പിലാക്കുന്നത് വിജയകരമായി പൂർത്തീകരിച്ചു, കൂടാതെ ബിസിനസ് പരിഷ്കരണ പ്രവർത്തന പദ്ധതിയിലെ എല്ലാ ഇനങ്ങളും കേരള വാട്ടർ അതോറിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വകുപ്പിനെ സംരംഭക സൗഹൃദമാക്കിക്കൊണ്ട്, വ്യാവസായികവും ഗാർഹികമല്ലാത്തതുമായ ആവശ്യങ്ങൾക്കുള്ള ജലവിതരണത്തിനുള്ള അപേക്ഷ കെ.എസ്.ഐ.ഡി.സിയുടെ കെ-സ്വിഫ്റ്റ് - സ്റ്റേറ്റ് പോർട്ടലുമായി സംയോജിപ്പിച്ചിരിക്കുന്നു.

### കെ.ഡബ്ല്യു.എ യുടെ ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന് കീഴിലുള്ള അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും

എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തലം വരെ ഫലപ്രദമായ ത്രിതല പരിശോധന സംവിധാനത്തിലൂടെ നിശ്ചിത ആവൃത്തിയിൽ എടുത്ത ജല സാമ്പിളുകളുടെ വിശകലനം നടത്തി വിവിധ ജലവിതരണ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരവും നിരീക്ഷണവും കെ.ഡബ്ല്യു.എ യുടെ ക്വാളിറ്റി കൺട്രോൾ വിംഗാണ് നടത്തുന്നത്. നദീ സ്രോതസ്സുകൾ, കിണറുകൾ, സ്വകാര്യ സാമ്പിളുകൾ തുടങ്ങിയവയിലെ വെള്ളത്തിന്റെ ഗുണ നിലവാരവും ക്വാളിറ്റി കൺട്രോൾ വിംഗിന്റെ കീഴിലുള്ള ലാബുകളിൽ പരിശോധിക്കുന്നുണ്ട്. 2009-ൽ സ്ഥാപിതമായ സ്റ്റേറ്റ് ലാബ്, സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ ക്വാളിറ്റി (എസ്.ആർ.ഐ), നെട്ടൂർ, എറണാകുളം, ജലത്തിന്റെ ഗുണനിലവാര നിരീക്ഷണ പ്രവർത്തനങ്ങൾക്കുമുള്ള അപെക്സ് ബോഡിയാണ്. സംസ്ഥാന ലാബിന് 2017-ൽ NABL (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ലബോറട്ടറീസ്) അക്രഡിറ്റേഷൻ ലഭിച്ചു. 14 ജില്ലകൾക്കും ജില്ലാതല ലബോറട്ടറികളുണ്ട് കൂടാതെ NABL അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

### കിഫ്ബി പദ്ധതികൾ

കിഫ്ബിയുടെ കീഴിൽ കെ.ഡബ്ല്യു.എ യുടെ 77 കുടിവെള്ള പദ്ധതികൾക്ക് കേരള സർക്കാർ അനുമതി നൽകിയിരുന്നു. 75 പദ്ധതികൾക്ക് 5,113.61 കോടി രൂപയുടെ ധനസഹായം നൽകാൻ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 4683.373 കോടി രൂപയുടെ 64 ജലവിതരണ പദ്ധതികളും 11 സർക്കിളുകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, കൊച്ചി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) 430.233 കോടി രൂപയുടെ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കലും ഉൾപ്പെടുന്നു. ഇതിൽ 684.5 കോടി രൂപയുടെ 21 ജലവിതരണ പദ്ധതികളും 150.93 കോടി രൂപയുടെ 47 പുനഃസ്ഥാപന പ്രവൃത്തികളും ഇതിനോടകം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ, ഭരണാനുമതി ലഭിച്ച 2 പദ്ധതികൾ രണ്ടാം ഘട്ടം തുക അനുവദിക്കുന്നതിനായി കിഫ്ബിയുടെ വിലയിരുത്തലിലാണ്.

### അടൽ മിഷൻ ഫോർ റിജുവിനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (എ.എം.ആർ.യു.റ്റി–അമൃത്)

കേരളത്തിലെ 9 നഗരങ്ങളിൽ ജലവിതരണത്തിലും മലിനജലത്തിലും അടൽ മിഷൻ ഫോർ റിജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) പദ്ധതികൾ നടപ്പിലാക്കാൻ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ 6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നിങ്ങനെ 3 മുനിസിപ്പാലിറ്റികളിലുമായി കെ.ഡബ്ല്യു.എ യുടെ ജലവിതരണ പദ്ധതികൾ വ്യാപിച്ചുകിടക്കുന്നു. ഡബ്ല്യു.ഡി.പികളുടെ നിർമ്മാണം, ഓവർ ഹെഡ് സ്റ്റോറേജ് റിസർവോയറുകൾ (ഒ.എച്ച്.എസ്.ആർ), പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ, കേടായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ, സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ, ഫ്ലോ മീറ്ററുകൾ, പുതിയ ഹൗസ് കണക്ഷനുകൾ നൽകുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

അമൃതിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിൽ കെ.ഡബ്ല്യു.എ മലിനജല നിവാരണ പ്രവൃത്തികൾ നടത്തി വരുന്നു. നിലവിലുള്ള നെറ്റ്‌വർക്കുകളുടെയും കേടായ പമ്പുകളുടെയും പുനരുദ്ധാരണം, പ്രവർത്തനം തുടങ്ങിയിട്ടില്ലാത്ത പ്രദേശങ്ങളിൽ പുതിയ നെറ്റ്‌വർക്ക് നൽകുക, പുതിയ പമ്പ് ഹൗസുകളുടെ നിർമ്മാണം, പമ്പിംഗ് മെയിനുകൾ സ്ഥാപിക്കൽ, ട്രാൻസ്മിഷൻ മെയിനുകൾ സ്ഥാപിക്കൽ, എസ്.റ്റി.പി മുട്ടത്തറയിലെ സ്ലഡ്ജ് ഡ്രൈയിംഗ് യൂണിറ്റ്, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വികേന്ദ്രീകൃത 5 എം.എൽ. ടി എസ്.ടി.പി, കൊല്ലം കോർപ്പറേഷനിലെ കുരീപ്പുഴയിൽ 12 എംഎൽഡി എസ്ടിപിയും കൊച്ചി കോർപ്പറേഷനിലെ ഏലംകുളത്ത് അഞ്ച് എംഎൽഡി എസ്ടിപിയുമാണ് തിരുവനന്തപുരത്ത് അമൃതിന്റെ കീഴിൽ കെ.ഡബ്ല്യു.എ നടപ്പിലാക്കുന്ന മലിനജല പ്രവർത്തനങ്ങൾ. 2015-16 സാമ്പത്തിക വർഷം മുതൽ 2019-20 വരെ അഞ്ച് വർഷമാണ് പദ്ധതി കാലയളവ്. ഇത് ഇപ്പോൾ 2024 മാർച്ച് 31 വരെ നീട്ടിയിട്ടുണ്ട്.

### അമൃത് 1.0

അമൃത് 1.0ന് കീഴിൽ ജലവിതരണ മേഖലയിൽ 1239.93 കോടി രൂപയുടെയും (166) പ്രവൃത്തികൾ മലിനജല മേഖലയിൽ 315.13 കോടി രൂപയുടെയും (119) പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്, ഇതിൽ 794.09 കോടി രൂപയുടെ 150 ജലവിതരണ പദ്ധതികളും 78.89 കോടി രൂപയുടെ 97 മലിനജല പദ്ധതികളും പൂർത്തീകരിച്ചു. ബാക്കിയുള്ള ജോലികൾ പുരോഗമിക്കുകയാണ്.

അരുവിക്കരയിൽ 75 എം.എൽ.ടി ഡബ്ല്യു.ടി.പി, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 5 എം.എൽ.ടി മലിനജല ശുദ്ധീകരണ പ്ലാന്റ്, പീച്ചിയിൽ 20 എം.എൽ.ടി ഡബ്ല്യു.ടി.പി, പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ 45 എം.എൽ.ടി ഡബ്ല്യു.ടി.പി, കൊച്ചിയിലെ എളംകുളത്ത് 5 എം.എൽ.ടി ഡബ്ല്യു.ടി.പി, തുടങ്ങിയവയാണ് അമൃത് 1.0ന് കീഴിൽ പൂർത്തിയാക്കിയ പ്രധാന പ്രവൃത്തികൾ. കൊല്ലം ജില്ലയിലെ വസൂരിച്ചിറയിൽ 100 എം.എൽ.ഡി ഡബ്ല്യു.ടി.പിയും കുരീപ്പുഴയിൽ 12 എം.എൽ.ഡി സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റും അന്തിമഘട്ടത്തിലാണ്. എല്ലാ ജോലികളും 2024 മാർച്ചിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

### അമൃത് 2.0

ഗാർഹിക വാട്ടർ ടാപ്പ് കണക്ഷനോടൊപ്പം സാർവത്രിക പൈപ്പ് ജലവിതരണം നൽകുന്നതിനായി ഇന്ത്യാ

ഗവൺമെന്റ് (GoI) അമൃത് 2.0 ആരംഭിക്കുകയുണ്ടായി. എല്ലാ 4800 നിയമാനുസൃത പട്ടണങ്ങളിലും ജലവിതരണത്തിന്റെ സാർവത്രിക കവറേജും 500 അമൃത് നഗരങ്ങളിൽ 100 ശതമാനം മലിനജല/സെപ്റ്റേജ് മാനേജ്മെന്റും നൽകുക എന്നതാണ് അമൃത് 2.0 ലക്ഷ്യമിടുന്നത്. ഏകദേശം 3500.00 കോടി രൂപ വിഹിതത്തിൽ ഉൾപ്പെടുത്തി കേരളത്തിൽ 93 യുഎൽബികൾക്ക് ജലവിതരണത്തിന്റെ സാർവത്രിക കവറേജും 9 അമൃത് നഗരങ്ങളിൽ മലിനജലം/സെപ്റ്റേജ് മാനേജ്മെന്റിനും നൽകേണ്ടതുണ്ട്. ഇതിൽ 2449.56 കോടി രൂപ ജലവിതരണത്തിനും 902.16 കോടി രൂപ മലിനജല/സെപ്റ്റേജ് മാനേജ്മെന്റിനും ബാക്കി തുക ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനും ഹരിത ഇടങ്ങളും പാർക്ക് പദ്ധതികളും വികസിപ്പിക്കുന്നതിനും നീക്കിവച്ചിരിക്കുന്നു. വിവിധ യുഎൽബികൾക്ക് കീഴിലുള്ള 162 ജലവിതരണ പദ്ധതികൾക്കായി 1468.92 കോടി രൂപയ്ക്ക് ഒന്നും രണ്ടും ഗഡുവായി ഭരണാനുമതി (എഎസ്) ലഭിച്ചു. മലിനജല നിവാരണത്തിനു കീഴിൽ തിരുവനന്തപുരം കോർപ്പറേഷനിൽ മലിനജല സൗകര്യം മെച്ചപ്പെടുത്തുന്നതിന് 109.865 കോടി രൂപയ്ക്കും കൊല്ലം കോർപ്പറേഷനിൽ 45.436 കോടി രൂപയ്ക്കും നിലവിലുള്ള മലിനജല സംവിധാനം പുനരുദ്ധരിക്കുന്നതിനും താമരക്കുളം സോണിലേക്ക് സംവിധാനം വ്യാപിപ്പിക്കുന്നതിനുമായി ഭരണാനുമതി ലഭിച്ചു. കൂടാതെ 193.319 കോടി രൂപയ്ക്ക് കൊച്ചി കോർപ്പറേഷനിലെ ഏലംകുളത്ത് 5 എം.എൽ.ഡി എസ്ടിപി ശൃംഖലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിനും ഭരണാനുമതി ലഭിച്ചു. 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷമാണ് പദ്ധതിയുടെ കാലയളവ്. (കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും എന്ന അധ്യായം കാണുക)

**റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (ആർ.കെ.ഐ)**

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) ന്റെ കീഴിൽ 303.75 കോടി രൂപയുടെ പതിനേഴ് ജലവിതരണ പദ്ധതികൾക്ക് അനുമതി നൽകി. പുതിയ ജലസംഭരണികളുടെ നിർമ്മാണം, വിതരണ സംവിധാനം, പുതിയ ജല കണക്ഷനുകൾ, ജലവിതരണ മേഖലയിൽ നിലവിലുള്ള വിതരണ സംവിധാനത്തിന്റെ പുനരുദ്ധാരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. തിരുവനന്തപുരം കോർപ്പറേഷനുവേണ്ടി നിലവിലുള്ള സംവിധാനത്തിന്റെ പുനരുദ്ധാരണത്തിനും മലിനജല/സെപ്റ്റേജ് മാനേജ്മെന്റ് സംവിധാനം ലഭ്യമാക്കുന്നതിനുമുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കൽ, ഊർജ്ജം ഒപ്റ്റിമൈസേഷൻ, കാര്യക്ഷമമല്ലാത്ത പമ്പിംഗ് സംവിധാനം മാറ്റിസ്ഥാപിക്കൽ, തെരഞ്ഞെടുത്ത 28 നഗര തദ്ദേശ സ്ഥാപനങ്ങളിലെ (യു.എൽ.ബി) ടോപ്പോഗ്രാഫിക്കൽ സർവ്വേ, പുതിയ 7 യു.എൽ.ബികൾക്ക് ഡി.ഇ.ആർ തയ്യാറാക്കൽ, റ്റൂറൽ പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ, കൊച്ചി ഏലംകുളം -എസ്.ടി.പിയിലെ നെറ്റ്‌വർക്കിംഗ് തുടങ്ങിയവയും ആർ.കെ.ഐ വർക്കുകൾക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കോട്ടയം ജില്ലയിലെ ടിവി പുരം പഞ്ചായത്തിലേക്കും എരുമേലി പഞ്ചായത്തിലേക്കുമുള്ള ജലവിതരണ പദ്ധതി (ഡബ്ല്യു.എസ്.എസ്), കൊച്ചിയിലെ ചേരാനല്ലൂർ പഞ്ചായത്തിലേക്കുള്ള ജലവിതരണ പദ്ധതി, ചക്കംകണ്ടത്ത് സെപ്റ്റേജ് ട്രീറ്റ്മെന്റിനായി ഡൈല്യൂഷൻ ടാങ്ക് നിർമ്മാണം, എനർജി ഒപ്റ്റിമൈസേഷൻ, കാര്യക്ഷമമല്ലാത്ത പമ്പിംഗ് സംവിധാനം എന്നിവയെക്കുറിച്ചുള്ള പഠനം എന്നിവ പൂർത്തിയാക്കി. മറ്റെല്ലാ ജോലികളും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

**ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക) സഹായ കേരള ജലവിതരണ പദ്ധതി**

തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നിവിടങ്ങളിൽ അഞ്ച് ജലവിതരണ പദ്ധതികൾ നടപ്പാക്കാനാണ് ജെ.ഐ.സി.എ (ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി) സഹായ ജലവിതരണ പദ്ധതി വിഭാവനം ചെയ്യുന്നത്.

അഞ്ച് പദ്ധതികളും കമ്മീഷൻ ചെയ്യുകയും ഗുണഭോക്താക്കൾക്ക് ജലവിതരണ സംവിധാനം നടത്തുകയും ചെയ്യുന്നു. തിരുവനന്തപുരം, ചേർത്തല, പട്ടുവം എന്നിവിടങ്ങളിൽ വിഭാവനം ചെയ്ത വിതരണ ശൃംഖലകൾ പൂർണമായും സജ്ജമായി. തിരുവനന്തപുരത്ത് രണ്ട് ഡബ്ല്യൂ.ടി.പികളുടെ പുന:സ്ഥാപിക്കൽ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. കോഴിക്കോട് മീനാട് പദ്ധതികൾക്കായി, വിതരണ സംവിധാനത്തിന്റെ ഒരു ഭാഗം ഒഴികെയുള്ള എല്ലാ ഘടകങ്ങളും പൂർത്തീകരിക്കുകയും പദ്ധതികൾ ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചെയ്തു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ 5 ജില്ലകളിലായി ഏകദേശം 41 ലക്ഷം ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**ജൽജീവൻ മിഷൻ (ജെ.ജെ.എം)**

രണ്ട് വർഷത്തിനുള്ളിൽ ഗ്രാമീണ ഇന്ത്യയിലെ എല്ലാ കുടുംബങ്ങൾക്കും പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകളിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണ് ജൽജീവൻ മിഷൻ (ജെ.ജെ.എം). എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും ദീർഘകാലാടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ട ഗുണനിലവാരത്തോടുകൂടിയതും മതിയായ അളവിലും തുടർച്ചയായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം. മഴവെള്ള സംഭരണം, ഭൂഗർഭജല റീചാർജ്, ഗാർഹിക മലിനജലത്തെ കൃഷിക്ക് പുനരുപയോഗിക്കുന്നതിനു വേണ്ടിയുള്ള പരിപാലനം തുടങ്ങിയ ഉറവിട സുസ്ഥിരതയ്ക്കായി പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ ഉൾപ്പെടെ പ്രാദേശിക തലത്തിൽ ജലത്തിന്റെ ആവശ്യ-വിതരണ വശത്തിന്റെ സമഗ്രമായ മാനേജ്മെന്റിൽ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. രാജ്യത്തുടനീളം സുസ്ഥിര ജലവിതരണ പരിപാലനത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി മിഷൻ മറ്റ് കേന്ദ്ര, സംസ്ഥാന സർക്കാർ പദ്ധതികളുമായി ഒത്തുചേരും. കേന്ദ്രവും സംസ്ഥാനവും തമ്മിൽ 50:50 ചെലവ് പങ്കിടൽ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 50 ശതമാനം സംസ്ഥാന വിഹിതത്തിൽ 15 ശതമാനം പഞ്ചായത്ത് വഹിക്കുകയും 10 ശതമാനം ഗുണഭോക്തൃ വിഹിതമായി ഉറപ്പാക്കുകയും വേണം.

2020-21 മുതൽ 2022-23 വരെ, 53,34,736 പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾക്ക് (എഫ്.എച്ച്.

**ബോക്സ് 11.4.1** കേരള വാട്ടർ അതോറിറ്റിയുടെ (കെ.ഡബ്ല്യൂ.എ) നേട്ടങ്ങളും പ്രധാന ഡിജിറ്റൽ സംരംഭങ്ങളും

- സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വിഭാഗത്തിൽ കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ കമൻഡേഷൻ സർട്ടിഫിക്കറ്റ് 2021-ന് കേരള വാട്ടർ അതോറിറ്റിയെ തിരഞ്ഞെടുത്തു. പമ്പ് ഓട്ടോമേഷൻ, എനർജി ഓഡിറ്റ് തുടങ്ങിയ ഊർജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി വകുപ്പ് സ്വീകരിച്ച ശ്രമങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ അംഗീകാരം.
- സ്റ്റാർട്ടപ്പ് പ്രൊക്യൂർമെന്റിൽ മികച്ച നിർവ്വഹണത്തിനുള്ള അംഗീകാരം 2022-ൽ കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചു.
- മനുഷ്യ ഇടപെടൽ കുറയ്ക്കുന്നതിനും പ്രവർത്തനച്ചെലവ് ഒപ്റ്റിമൈസ് ചെയ്യുന്നതിനും കെ.ഡബ്ല്യൂ.എയുടെ പമ്പിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി വിവിധ ജലവിതരണ പദ്ധതികൾക്ക് കീഴിലുള്ള 1021 പമ്പ് ഹൗസുകൾ ഓട്ടോമേറ്റ് ചെയ്തിട്ടുണ്ട്.
- ഉപഭോക്തൃ, പൊതു പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജലഭവനിലെ ഹെഡ് ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര യൂണിറ്റ് സ്ഥാപിച്ചു.
- **അക്വാലൂം:** രജിസ്റ്റർ ചെയ്ത ഉപഭോക്തൃ പരാതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തു.
- **ഇ–ടാപ്പ്:** ഓൺലൈനായി വാട്ടർ കണക്ഷനുകൾ, മലിനജല കണക്ഷനുകൾ, ഉപഭോക്തൃ സേവന പോർട്ടൽ എന്നിവ സംസ്ഥാനത്തുടനീളം വ്യാപിപ്പിച്ചു.
- പ്രോജക്റ്റ് സ്റ്റാറ്റസ് അലേർട്ട് സിസ്റ്റം ഓഫ് കെ.ഡബ്ല്യൂ.എ (പാസ്സ്): എല്ലാ പ്രോജക്റ്റുകളുടെയും ദൈനംദിന അടിസ്ഥാനത്തിൽ ഭൗതികവും സാമ്പത്തികവുമായ പുരോഗതി നിരീക്ഷിക്കുന്നതിനായി കെ.ഡബ്ലൂ.എ യുടെ ഒരു ഓൺലൈൻ പ്രോജക്റ്റ് മോണിറ്ററിംഗ് പോർട്ടൽ കൊണ്ടുവന്നു.
- "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്" നടപ്പാക്കി.
- എഫ്.എഫ്.എ.എസ് (ഫ്ലോ ഫെയ്ലുവർ അലർട്ട് സിസ്റ്റം) : പമ്പിംഗിൽ പ്രധാന തകരാർ സംഭവിക്കുമ്പോൾ ഉടനടി അറിയിപ്പ് നൽകുന്ന എഫ്.എഫ്.എ.എസ് (ഫ്ലോ ഫെയ്ലുവർ അലേർട്ട് സിസ്റ്റം) എന്ന ഒരു അലേർട്ട് സിസ്റ്റം രൂപകല്പന ചെയ്തിട്ടുണ്ട്. വടക്കൻ മേഖലകളിലെ ഏഴ് മലിനജല ശുദ്ധീകരണ പ്ലാന്റുകളിൽ ഈ സംവിധാനം നടപ്പിലാക്കുകയും ഇത് വളരെ വിജയകരമാണെന്ന് തെളിയിക്കുകയും ചെയ്തിട്ടുണ്ട്. തെക്കൻ, വടക്കൻ മേഖലകളിലെ മറ്റ് പ്രധാന ഡബ്ല്യൂ.ടി.പി കളിലേക്ക് ഇത് ക്രമേണ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.
- യന്ത്രവൽകൃത മാൻഹോൾ ക്ലീനിംഗ് :കെ.ഡബ്ല്യൂ.എ ഇന്നൊവേഷൻ സോണിന് കീഴിൽ ജനറൽ റോബോട്ടിക്സ് ഇന്നൊവേഷൻ പ്രൈവറ്റ് ലിമിറ്റഡ് വികസിപ്പിച്ച ബാൻഡികൂട്ട് റോബോട്ട് ശുചിത്വ തൊഴിലാളികൾക്ക് സുരക്ഷിതമായ ജോലിസ്ഥലം പ്രദാനം ചെയ്യുന്നതിലൂടെ മാനുവൽ സ്കാവെഞ്ചിംഗ് ഇല്ലാതാക്കുന്നതിനുള്ള ഒരു സാങ്കേതിക വിദ്യയാണ്. നിലവിൽ തിരുവനന്തപുരത്തും കൊച്ചിയിലും സ്വീവറേജ് ഡിവിഷനു കീഴിലുള്ള മാൻഹോളുകൾ വൃത്തിയാക്കുന്നതിനാണ് ഇത് ഉപയോഗിക്കുന്നത്.
- എനർജി മാനേജ്മെന്റും എനർജി ഓഡിറ്റും: ഇരുപത്തിരണ്ട് ഹൈ ടെൻഷൻ (എച്ച്.ടി) കണക്ഷനുകളുടെ പൂർണ്ണ ഊർജ്ജ ഓഡിറ്റ് ഇതിനോടകം തന്നെ എനർജി മാനേജ്മെന്റ് സെന്റർ നടത്തുകയും അന്തിമ കണ്ടെത്തലുകൾ കെ.ഡബ്ല്യൂ.എ ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഉറവിടം: കെ.ഡബ്ല്യൂ.എ

ടി.സി) ജലത്തിന്റെ ഗുണനിലവാരവും പിന്തുണാ പ്രവർത്തനങ്ങളും ഉൾപ്പെടെ 40,694.19 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. 2022-23ൽ കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് 2,206.54 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചു. മൊത്തം തുകയിൽ 1,740.74 കോടി രൂപ കേന്ദ്ര വിഹിതത്തിൽ നിന്ന് ഓപ്പണിംഗ് ബാലൻസ് ഉൾപ്പെടെ വിനിയോഗിച്ചിട്ടുണ്ട്. 2022-23 ലെ സ്റ്റേറ്റ് മാച്ചിംഗ് ഷെയർ ഉൾപ്പെടെ ജെ.ജെ.എമ്മിന് കീഴിൽ ഉപയോഗിച്ച മൊത്തം ഫണ്ട് 3,483.61 കോടി രൂപയാണ്. 2022-23ൽ ജെ.ജെ.എമ്മിന് കീഴിൽ കേരളം 5,28,566 ഗ്രാമീണ ഗാർഹിക കണക്ഷൻ നൽകി. ജെ.ജെ.എമ്മിന് കീഴിൽ 1,79,47,721 എഫ്.എച്ച്.ടി.സി -കൾ നാളിതുവരെ (ഒക്ടോബർ 12, 2023) നൽകിയിട്ടുണ്ട്.

### ജലനിധി

ലോകബാങ്ക് സഹായത്തോടെ ജലനിധി നടപ്പാക്കുന്നതിനുള്ള ഒരു പ്രത്യേകോദ്ദേശ്യമായാണ് കേരള സംസ്ഥാന ഗ്രാമീണ ജലവിതരണ, ശുചിത്വ ഏജൻസി (കെ.ആർ.ഡബ്ല്യൂ.എസ്.എ) രൂപീകരിച്ചത്. 2000-2008 കാലയളവിൽ ജലനിധി ഘട്ടം -1, 2012-19 കാലയളവിൽ ഘട്ടം 2 എന്നിങ്ങനെ ജലനിധിയുടെ രണ്ട് ഘട്ടങ്ങൾ കെ.ആർ.ഡബ്ല്യൂ.എസ്.എ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. ജലനിധിയുടെ കീഴിൽ സമൂഹാധിഷ്ഠിത ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്തുകൾക്ക് നിർണ്ണായക പങ്കുണ്ട്. പങ്കാളിത്ത, സാമൂഹിക നിയന്ത്രിത ജലവിതരണവും ശുചിത്വ സൗകര്യങ്ങളും അവരുടെ തന്നെ ഉടമസ്ഥതയിലുള്ളതും പരിപാലിക്കപ്പെടുന്നതുമായ രീതിയിൽ നടപ്പിലാക്കുന്നതിനായി കെ.ആർ.ഡബ്ല്യൂ.എസ്എ എൻജിഓകളുടെ വിപുലമായ ഒരു ശൃംഖലയും സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ ഗ്രാമീണ കുടുംബങ്ങളിലെ പ്രധാനമായും പട്ടികജാതി, പട്ടികവർഗ്ഗ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിഭാഗങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ തുല്യതയും ഉൾകൊള്ളുന്നതും വികേന്ദ്രീകൃതവുമായ ഒരു വിതരണ സംവിധാനം ജലനിധി ഈ പദ്ധതി മാതൃകയിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസി കൂടിയാണ് കെ.ആർ.ഡബ്ല്യൂ.എസ്.എ. കൂടാതെ, സംസ്ഥാനത്ത് മഴവെള്ള സംഭരണ പദ്ധതിയും (ആർ.ഡബ്ല്യൂ.എച്ച്) ഭൂഗർഭ പുനരുജ്ജീവന പ്രവർത്തനങ്ങളും(ജി.ഡബ്ല്യൂ.ആർ) പ്രോത്സാഹിപ്പിക്കുന്നതിനായി 2004-ൽ 'മഴകേന്ദ്രം' രൂപീകരിച്ചു. സംസ്ഥാനത്തെ ജനങ്ങൾ, പ്രത്യേകിച്ച് മലയോര, തീരദേശ, വിദൂര പ്രദേശങ്ങളിലെ കുടിവെള്ള ലഭ്യതകുറവുള്ളവർ ഈ പരിപാടിക്ക് നല്ല സ്വീകാര്യതയാണ് നൽകുന്നത്. 10,000 ലിറ്റർ ശേഷിയുള്ള 11,312 മഴവെള്ള സംഭരണ ഘടനകളും 2,778 കിണർ റീചാർജ് ഘടനകളും 2023 ഓഗസ്റ്റ് 31 വരെ പൂർത്തിയായി. കേന്ദ്ര ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമായ "ജൽ ജീവൻ മിഷന്റെ"

ഒരു നിർവ്വഹണ ഏജൻസി കൂടിയാണ് നിലവിൽ കെ.ആർ.ഡബ്ല്യു.എസ്.എ. കേരളത്തിൽ നടപ്പാക്കിയ ജലനിധി മാതൃകയോട് ഏറെ സാമ്യമുള്ളതാണ് ജലജീവൻ മിഷനിൽ പിന്തുടരുന്ന ആശയവും നടപ്പാക്കൽ നടപടിക്രമങ്ങളും.

2023 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജലവിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ **പട്ടിക 11.4.1**-ൽ നൽകിയിട്ടുണ്ട്.

**പട്ടിക 11.4.1** 2023 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജലവിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ

| ക്രമ നം | ജില്ല | ഗാർഹിക കണക്ഷനുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 4,572 |
| 2 | കൊല്ലം | 22,447 |
| 3 | പത്തനംതിട്ട | 5,977 |
| 4 | ആലപ്പുഴ | 0 |
| 5 | കോട്ടയം | 54,129 |
| 6 | ഇടുക്കി | 40,727 |
| 7 | എറണാകുളം | 2,173 |
| 8 | തൃശ്ശൂർ | 66,540 |
| 9 | പാലക്കാട് | 50,661 |
| 10 | മലപ്പുറം | 95,336 |
| 11 | കോഴിക്കോട് | 51,110 |
| 12 | വയനാട് | 40,061 |
| 13 | കണ്ണൂർ | 24,416 |
| 14 | കാസർഗോഡ് | 22,449 |
| | **ആകെ** | **4,80,598** |

*ഉറവിടം: കെ.ആർ.ഡബ്ല്യു.എസ്.എ*

### പദ്ധതി നേട്ടങ്ങൾ

പദ്ധതി തയ്യാറാക്കൽ, രൂപകൽപന, പ്രവേശന നിലവാരം, നിർവഹണ ക്രമീകരണങ്ങൾ, നിരീക്ഷണവും വിലയിരുത്തലും, പരിസ്ഥിതി, സാമൂഹിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കൽ, വിശ്വസ്ത മാനേജ്മെന്റ്, സംഭരണം എന്നീ മേഖലകളിൽ ജലനിധി ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. 227 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി 4.52 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഘട്ടം-1 ഉം 2 ഉം പദ്ധതികളിലായി 5884 പദ്ധതികൾ കെ.ആർ.ഡബ്ല്യു. എസ്.എ നടപ്പാക്കിയിട്ടുണ്ട് - 1.04 ലക്ഷം വ്യക്തിഗത ശൗചാലയങ്ങൾ, 24,194 കക്കൂസ് കൺവർഷൻ, 96,703 പരിസ്ഥിതി മാനേജ്മെന്റ് പ്ലാൻ യൂണിറ്റുകൾ (സോക്ക് പിറ്റ്, കമ്പോസ്റ്റ് പിറ്റ്, വെർമിൻ കമ്പോസ്റ്റ് മുതലായവ) 1,916 ബയോ ഗ്യാസ് യൂണിറ്റുകൾ ഇതിൽ ഉൾപ്പെടും. ഒന്നാം ഘട്ടത്തിലെ പദ്ധതികൾ 20 വർഷത്തിലേറെയായി പ്രവർത്തനക്ഷമമാണ്. 65-70% പദ്ധതികളും ഇപ്പോഴും സുസ്ഥിരമാണെന്ന് സിഎജി നടത്തിയ നിർവ്വഹണ വിലയിരുത്തലിൽ കണ്ടെത്തിയിട്ടുണ്ട്. 38,000-ലധികം മഴവെള്ള സംഭരണ ഘടനകൾ നിർമ്മിച്ച് കെ.ആർ. ഡബ്ല്യു.എസ്.എ സംസ്ഥാനത്ത് മഴവെള്ള സംഭരണ പരിപാടി ജനകീയമാക്കി.

ജലനിധിയുടെ ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന ജില്ലതിരിച്ചുള്ള ഗ്രാമീണ ജനസംഖ്യ കണക്കിലെടുക്കുമ്പോൾ തൃശ്ശൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ കവറേജ് ഉള്ളത് (26.16 ശതമാനം). കോഴിക്കോട് ഏറ്റവും കൂടുതൽ പദ്ധതികൾ (1,052) ഉള്ളപ്പോൾ ആലപ്പുഴയ്ക്ക് പദ്ധതികളൊന്നുമില്ല. 2023 ആഗസ്റ്റ് 31 പ്രകാരം 5,884 പദ്ധതികളുടെ പരിധിയിൽ ആകെ 23,32,356 ഗ്രാമീണർ ഉൾപ്പെടുന്നു. ആഗസ്റ്റ് 31, 2023 വരെയുള്ള മൊത്തം 4,80,598 ജലവിതരണ ഗാർഹിക കണക്ഷനുകളിൽ മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ കണക്ഷനുകളുള്ളത് (95,336 കണക്ഷനുകൾ). 66,540 കണക്ഷനുകളുള്ള തൃശ്ശൂരാണ് തൊട്ടു പിന്നാലെ. ജലനിധി പ്രോജക്റ്റ് മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, പദ്ധതികൾ കമ്മീഷൻ ചെയ്തതിനുശേഷം, മുഴുവൻ പ്രവർത്തനങ്ങളും പരിപാലനവും (ഓ&എം) ഗുണഭോക്തൃ സമൂഹങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്. അതിനാൽ, അതത് പദ്ധതി മാനേജ്മെന്റ് കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരം ഓരോ പദ്ധതിക്കും ജലനിരക്കുകൾ വ്യത്യസ്തപ്പെടുന്നു. മിക്ക പദ്ധതികളിലും ഓരോ കുടുംബങ്ങൾക്കും 10,000 ലിറ്ററിന് പ്രതിമാസം ഈടാക്കുന്നത് ശരാശരി 100 രൂപയാണ്. എല്ലാ ജില്ലകളിലേയും ജലനിധിയുടെ ജലവിതരണ പദ്ധതികളുടെ പ്രതിശീർഷ പ്രതിദിന (എൽ പി സി ഡി) ജല ലഭ്യത 70 എൽ പി സി ഡി യാണ്.

**ബോക്സ് 11.4.2** സംസ്ഥാന പ്ലാൻ ഫണ്ടിലൂടെ കേരള വാട്ടർ അതോറിറ്റിയുടെയും (കെഡബ്ല്യൂഎ) ജലനിധിയുടെയും നിക്ഷേപങ്ങൾ (രൂപ കോടിയിൽ)

| ഏജൻസി | പതിമൂന്നാം പഞ്ചവത്സര പദ്ധതി | | | | | | | | | | പതിനാലാം പഞ്ചവത്സര പദ്ധതി | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2017-18 | | 2018-19 | | 2019-20 | | 2020-21 | | 2021-22 | | 2022-23 | |
| | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് |
| കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ) | 678.55 | 454.6 | 786.43 | 326.70 | 700.51 | 173.73 | 625.25 | 745.43 | 715.80 | 1239.53 | 856.75 | 1831.84 |
| ജലനിധി | 379.69 | 105 | 236 | 137.72 | 192.20 | 95.35 | 50 | 32.35 | 41.25 | 24.73 | 48.96 | 29.33 |
| ആകെ | 1058.24 | 559.6 | 1022.43 | 464.42 | 892.71 | 269.08 | 675.25 | 777.78 | 757.05 | 1264.26 | 905.71 | 1861.17 |

ഉറവിടം: ബജറ്റ് രേഖകൾ

നടത്തിയ നിക്ഷേപങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി, ഭാഗികമായോ പൂർണ്ണമായോ മുടങ്ങിക്കിടക്കുന്ന സാമൂഹിക ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് വേണ്ടി കേരള സർക്കാർ അനുവദിച്ച പദ്ധതിയാണ് സുസ്ഥിര പിന്തുണ പദ്ധതി. ഈ പദ്ധതിയ്ക്കായി 2018 മുതൽ ബഡ്ജറ്റ് വിഹിതം നീക്കിവെയ്ക്കാറുമുണ്ട്. ഈ പ്രോജക്റ്റിന് കീഴിൽ 2023 ഓഗസ്റ്റ് 31-ന് കെ.ആർ.ഡബ്ല്യു.എസ്.എയ്ക്ക് 1,244 പദ്ധതികൾ പുനഃസ്ഥാപിക്കാനാകും. 115 പദ്ധതികളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ഭാവിയിലെ ജലസുരക്ഷ ഉറപ്പാക്കുന്നതിന് പരമ്പരാഗത സ്രോതസ്സുകളെ പരമാവധി സംരക്ഷിക്കുന്നതിന് ഗാർഹിക കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്നത് വളരെ പ്രധാനമാണ്. കിണറുകൾ ഭൂഗർഭ ജലം റീചാർജ് ചെയ്യുന്നതിനുള്ള മികച്ച മാർഗ്ഗമാണ്. ശരിയായി സംരക്ഷിച്ച് റീചാർജ് ചെയ്താൽ, കിണറുകൾ വിശ്വസനീയമായ കുടിവെള്ള സ്രോതസ്സുകളായി വർത്തിക്കുകയും അതേ സമയം കുറഞ്ഞു വരുന്ന ഭൂഗർഭ ജല വിതാനം നികത്തുകയും ചെയ്യും. 2023 ഓഗസ്റ്റ് 31-ലെ കണക്കനുസരിച്ച് 273 ഗാർഹിക കിണറുകൾ മഴവെള്ള റീചാർജ് സംവിധാനത്തിലൂടെ സംരക്ഷിക്കുകയും സുസ്ഥിര കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുകയും ചെയ്തു.

കമ്മ്യൂണിറ്റി നിയന്ത്രിത ചെറിയ ജലവതരണ പദ്ധതികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് ജലത്തിന്റെ ഗുണനിലവാരം സ്ഥിരമായി പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനത്തിന്റെ അഭാവം. ഒരു പൊതു ജലവിതരണം, ശേഷിയിൽ ചെറുതാണെങ്കിലും, ജലത്തിന്റെ ഗുണനിലവാര പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പതിവ് നിരീക്ഷണവും സമയബന്ധിതമായ ലഘൂകരണവും ആവശ്യമാണ്. മലിനജല ശേഖരണത്തിന്റെയും സംസ്കരണത്തിന്റെയും അഭാവം സംസ്ഥാനത്തെ പൊതു ജനാരോഗ്യത്തിന് വലിയ ഭീഷണിയായി ഉയർന്നു വരുന്നു. വീട്ടുവളപ്പിൽ നിന്ന് ശേഖരിക്കുന്ന ചാരനിറത്തിലുള്ള വെള്ളം പൂന്തോട്ട പരിപാലനത്തിനും മറ്റ് ഗാർഹികമല്ലാത്ത ആവശ്യങ്ങൾക്കും ശുദ്ധീകരിച്ച് വീണ്ടും ഉപയോഗിക്കാം. പ്രവർത്തികൾ നടപ്പാക്കുന്ന മേഖലയിൽ ചാരനിറത്തിലുള്ള വെള്ളത്തിന്റെ പുനരുപയോഗം ജലക്ഷാമവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ പരിഹരിക്കുകയും സാമ്പത്തിക സ്രോതസ്സുകൾ ലാഭിക്കുകയും ജല സമ്പദ്‌വ്യവസ്ഥയെ പിന്തുണയ്ക്കാൻ സഹായിക്കുകയും ചെയ്യും. 2023 ഓഗസ്റ്റ് 31 വരെ ഏറ്റെടുത്ത 74 യൂണിറ്റുകളിൽ 48 വാട്ടർ ക്വാളിറ്റി മിറ്റിഗേഷൻ യൂണിറ്റുകളും 4 യൂണിറ്റുകളിൽ ഒരു ഗ്രേ വാട്ടർ മാനേജ്മെന്റ് സിസ്റ്റവും കമ്മീഷൻ ചെയ്തിട്ടുണ്ട്. 2022-2023-ൽ കെആർഡബ്ല്യുഎസ്എ രണ്ട് ട്രൈബൽ ഹോസ്റ്റലുകളിൽ ഇൻസ്റ്റിറ്റ്യൂഷണൽ ഗ്രേ വാട്ടർ നടപ്പിലാക്കി, ഇത് കമ്മീഷൻ ചെയ്യുന്ന ഘട്ടത്തിലാണ്.

നമ്മുടെ സംസ്ഥാനത്ത് ജലസംരക്ഷണവും ജലഗുണനിലവാരം മെച്ചപ്പെടുത്തലും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഏക മാർഗ്ഗം ജല സാക്ഷരതാ പ്രോത്സാഹന പരിപാടികളാണ്. സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജലസംരക്ഷണത്തിന് ഉയർന്ന മുൻഗണന നൽകുന്നു. കുട്ടികളാണ് നാളത്തെ പൗരന്മാർ എന്നതിനാൽ ജല സാക്ഷരതാ യജ്ഞം ആരംഭിക്കേണ്ടത് സ്കൂളിൽ നിന്നാണ്. ജലശ്രീ ക്ലബ് ജീവിത നൈപുണ്യ വികസനം, രക്ഷിതാക്കൾ, സമൂഹങ്ങൾ, സർക്കാരുകൾ, സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് ജലസംരക്ഷണ സാങ്കേതിക വിദ്യകളിലൂടെ ഭൂഗർഭജലനിരപ്പ് മെച്ചപ്പെടുത്തുന്നതിനും മികച്ച രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ശുചിത്വവും പരിസര ശുചീകരണവും മെച്ചപ്പെടുത്തുന്നതിനും ഊന്നൽ നൽകുന്നു. നിലവിൽ കെ.ആർ.ഡബ്ല്യു.എസ്.എ ജൽ ജീവൻ മിഷന്റെയും ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസികളുടെയും (ഐ.എസ്.എ) സഹായത്തോടെ സ്കൂളുകളിൽ 445 ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ചു.

ശുചീകരണ പ്രവർത്തനങ്ങളുടെ ഒന്നും രണ്ടും ഘട്ടങ്ങളിലെ ജില്ല തിരിച്ചുള്ള നേട്ടങ്ങൾ കാണിക്കുന്നത് മലപ്പുറം ജില്ലയിൽ 26,385 മീറ്റർ ഡ്രെയിനേജ് കവറേജ് ഉണ്ടെന്നും ഇത് 14 ജില്ലകളിൽ വച്ച് ഏറ്റവും ഉയർന്നതാണെന്നും ആണ്. ആഗസ്റ്റ് 31, 2023 ലെ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ (557) കോട്ടയത്താണ് (**അനുബന്ധം 11.4.7**). ഓഗസ്റ്റ് 31, 2023 ലെ കണക്കനുസരിച്ച് ഭൂഗർഭജല റീചാർജ് (ജി ഡബ്ല്യൂ ആർ) ഘടനകളുടെ ആകെ എണ്ണം 2,912 ആണ്. ആഗസ്റ്റ് 31, 2023 വരെയുള്ള ഭൂഗർഭ ജലറീച്ചാർജ്ജ് (ജി ഡബ്ല്യൂ ആർ) ഘടനകളുടെ ഭൂരിഭാഗവും (988) കോട്ടയത്താണ്. അതുപോലെ കെ.ആർ.ഡബ്ല്യൂ. എസ്.എ സംസ്ഥാനത്ത് സ്ഥാപിച്ച മൊത്തം മഴവെള്ള സംഭരണ (ആർ.ഡബ്ല്യു.എച്ച്) ടാങ്കുകളുടെ എണ്ണം ആഗസ്റ്റ് 31, 2023 വരെ 34,702 ആണ്. ഇത് ഏറ്റവും കൂടുതൽ എണ്ണം (10,547) ഇടുക്കിയിലും ഏറ്റവും കുറവ് (251) വയനാട്ടുമാണ് (**അനുബന്ധം 11.4.8**). കെ.ആർ.ഡബ്ല്യൂ. എസ്.എ യുടെ കണക്കനുസരിച്ച് ആഗസ്റ്റ് 31, 2023 പ്രകാരമുള്ള 5,884 പദ്ധതികളിൽ പ്രവർത്തനക്ഷമമായുള്ള 5,187 ചെറുകിട ജലവിതരണ പദ്ധതികളും 42 വൻകിട ജലവിതരണ പദ്ധതികളും ഉണ്ട്. ഇവയുടെ ഭാഗമായി 4,80,598 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നു. (**അനുബന്ധം 11.4.9**).

### ഭാവി വീക്ഷണം

ദ്രുതഗതിയിലുള്ള നഗരവൽക്കരണം, തുണ്ടുതുണ്ടായ ഭൂപ്രദേശങ്ങൾ, ജലവിതാനം താഴുന്നത് എന്നിവയ്ക്കൊപ്പം, പൈപ്പ് ജലവിതരണത്തിനും സംഘടിത മലിനജലനിവാരണത്തിനുമുള്ള ആവശ്യം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ഇതിനകം തന്നെ ദൃശ്യമാണ്, കൂടാതെ ശുദ്ധജല ലഭ്യത പരിമിതവും പ്രവചനാതീതവുമായതിനാൽ അതിന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. സപ്ലൈ-ഡിമാൻഡ് എന്ന രണ്ട് വശങ്ങളിൽ നിന്നുമുള്ള മാനേജ്മെന്റ് ഉറപ്പാക്കുന്നതിന് ഉപരിതല, ഭൂഗർഭ ജലസ്രോതസ്സുകളുടെ സംയോജിത ഉപയോഗം ആസൂത്രണം ചെയ്യുക, ഉപ്പുവെള്ളം/കടൽ വെള്ളം പോലുള്ള ഇതര സ്രോതസ്സുകൾ കണ്ടെത്തുക, പുനരുപയോഗ പരിപാടികൾ വികസിപ്പിക്കുക, വരുമാന രഹിത ജലം കുറയ്ക്കുക, നൂതന സാങ്കേതികവിദ്യകളുടെ സംയോജനം മുതലായവയിൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

# 11.5 ഭവനനിർമാണം

മുൻ വർഷങ്ങളിൽ നടത്തിയ സംഘടിതവും ലക്ഷ്യാധിഷ്ഠിതവുമായ ഇടപെടലിലൂടെ മാനവ വികസനത്തിൽ കേരളം ശ്രദ്ധേയമായ നാഴികക്കല്ലുകൾ കൈവരിച്ചു. പാർപ്പിടം എന്നത് മനുഷ്യന്റെ സുപ്രധാനമായ ആവശ്യമാണ്, പാർപ്പിടങ്ങളുടെ നിലവാരം ഒരു സമൂഹത്തിലെ ജനങ്ങളുടെ സാമ്പത്തിക അവസ്ഥയെ ഗണ്യമായി പ്രതിഫലിപ്പിക്കുന്നു.

സംസ്ഥാനത്തെ ഭവനരഹിതർക്ക് ഭവന സാധ്യതകൾ വർധിപ്പിക്കുന്നതിനും ഉയർന്ന ഗുണനിലവാരത്തിലുള്ള ഭവനനിർമാണം ഉറപ്പാക്കുന്നതിനും കേരള സർക്കാർ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. പാവപ്പെട്ടവർക്ക് മെച്ചപ്പെട്ട പാർപ്പിടം നൽകുകയെന്ന ലക്ഷ്യത്തോടെ ലൈഫ് മിഷൻ എന്നറിയപ്പെടുന്ന വിപുലമായ ഭവന പദ്ധതിക്ക് കേരളം തുടക്കമിട്ടിട്ടുണ്ട്.

### ഉപജീവനം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം (ലൈഫ്) മിഷൻ

ലൈഫ് പ്രോജക്റ്റ് അതിന്റെ നിരവധി ശ്രദ്ധേയമായ പ്രത്യേകതകളാൽ വേറിട്ടുനിൽക്കുന്ന ഒരു പദ്ധതിയാണ്. പാർപ്പിട പ്രതിസന്ധി ലഘൂകരിക്കുക എന്ന ലക്ഷ്യത്തോടെ 2016 മുതൽ ആരംഭിച്ച ഈ മഹത്തായ പദ്ധതി ഒരു സമഗ്ര പാർപ്പിട പദ്ധതിയായാണ് വിഭാവനം ചെയ്തിട്ടുള്ളത്. കേവലം പാർപ്പിട ആവശ്യങ്ങൾ പരിഹരിക്കുന്നതിനപ്പുറം, സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവർക്കുള്ള വിവിധ ക്ഷേമ, സാമൂഹികസുരക്ഷാ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ അതിന്റെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള ഒരു ബഹുമുഖ ശ്രമമായാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. അടിസ്ഥാനപരമായി, ഭൂരഹിതർക്കും ഭവനരഹിതർക്കും വേണ്ടിയുള്ള സമഗ്രമായ പുനരധിവാസമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിലൂടെ വിവിധ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കത്തക്കവണ്ണം അവരുടെ സാമൂഹികവും സാമ്പത്തികവുമായ സ്ഥിരതയും ഉപജീവനമാർഗങ്ങൾക്ക് ആവശ്യമായ നൈപുണ്യ വർധനവും ഉറപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

ലൈഫിന്റെ പ്രാഥമിക ലക്ഷ്യങ്ങളിൽ രണ്ട് പ്രധാന ഘടകങ്ങൾ ഉൾക്കൊള്ളുന്നു: (എ) സംസ്ഥാനത്തിനുള്ളിൽ ഭൂമിയോ പാർപ്പിടമോ ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും മാന്യവും സുരക്ഷിതവുമായ വീടുകൾ നിർമിക്കൽ. (ബി)കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ) ഫണ്ടുകൾ, ജീവകാരുണ്യ സാമ്പത്തിക പിന്തുണ, മറ്റ് സാധ്യതയുള്ള എല്ലാ ഫണ്ടിങ്ങും ഉൾപ്പെടെ വിവിധ സ്രോതസുകളിൽ നിന്നുള്ള വിഭവങ്ങൾ ശേഖരിക്കുന്നതിലൂടെ ഈ ലക്ഷ്യം നേടിയെടുക്കുക.

മൂന്ന് ഘട്ടങ്ങളായിട്ടാണ് ലൈഫ് മിഷൻ പദ്ധതി പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ ഭാഗികമായി നിർമിച്ചതും പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ വീടുകളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടത്. പൂർത്തീകരിക്കാത്തതായി കണ്ടെത്തിയ 54,116 വീടുകളിൽ 52,680 വീടുകളുടെയും (97.34 ശതമാനം) നിർമാണം പൂർത്തിയാക്കിയെന്ന ശ്രദ്ധേയമായ നേട്ടം കൈവരിച്ചു . പൂർത്തീകരിച്ച മൊത്തം വീടുകളിൽ 42,850 വീടുകൾ ഗ്രാമപ്രദേശങ്ങളിലും 9,830 വീടുകൾ നഗരപ്രദേശങ്ങളിലും ആണ് നിർമിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ 19,153 പട്ടികജാതി ഗുണഭോക്താക്കളും, 17,400 പട്ടികവർഗ ഗുണഭോക്താക്കളും വീടുപണി പൂർത്തിയാക്കി.

രണ്ടാംഘട്ടത്തിൽ, സ്വന്തമായി ഭൂമിയുള്ള കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായമാണ് നൽകുന്നത്. ഈ ഘട്ടത്തിൽ 1,02,542 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും 97,108 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു (94.70 ശതമാനം). ഭവനനിർമാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ ഇവർക്ക് നാല് ഘട്ടമായി 4.00 ലക്ഷം രൂപ സാമ്പത്തിക സഹായമായി അനുവദിക്കുന്നു. വിദൂര പട്ടിക വർഗ ഊരുകളിൽ ജീവിക്കുന്ന പട്ടികവർഗ ഗുണഭോക്താക്കൾക്ക് 5 ഗഡുക്കളായി 6.00 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

ഭൂമിയും വീടുമില്ലാത്ത ഗുണഭോക്താക്കളുടെ പുനരധി വാസമാണ് മിഷൻ മൂന്നാം ഘട്ടത്തിൽ ലക്ഷ്യം

വയ്ക്കുന്നത്. മൂന്നാംഘട്ടത്തിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ലൈഫ് മിഷൻ നടത്തിയ സർവേയിലൂടെ സ്ഥലവും വീടും ഇല്ലാത്ത 3.37 ലക്ഷം ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. വസ്തുനിഷ്ഠമായി ഗുണഭോക്തൃ ലിസ്റ്റ് പരിശോധന നടത്തുകയും, 1,28,351 പേരെ അർഹരായവരായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 34,487 ഗുണഭോക്താക്കൾക്ക് ഭൂമി നൽകുകയും, 22,928 വീടുകൾ നിർമിക്കുകയും ചെയ്തു.

ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കളെ ഭവന സമുച്ചയങ്ങളിൽ പുനരധിവസിപ്പിക്കുന്നതിനും മിഷൻ ലക്ഷ്യമിടുന്നു.ഭൂരഹിതരുടെ പുനരധിവാസത്തിനായി ലൈഫ് ടവറിനു കീഴിൽ ഇതുവരെ 886 യൂണിറ്റുകൾ നിർമിച്ചു. ഇതിൽ 643 യൂണിറ്റുകൾ ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തു. രണ്ട് ഭവനസമുച്ചയങ്ങൾ പാർട്ണർഷിപ്പിലും മൂന്ന് എണ്ണം പ്രാദേശിക സർക്കാരും, ഒന്ന് സംഭാവനയിലൂടെയും അഞ്ചെണ്ണം ലൈഫ് മിഷൻ നേരിട്ടും പണികഴിപ്പിച്ചു.

ലൈഫ് മിഷനു കീഴിൽ സംസ്ഥാനത്ത് 2023 സെപ്റ്റംബർ 30 വരെ 3,54,712 വീടുകൾ പൂർത്തീകരിച്ചു. നിർമ്മിച്ച മൊത്തം വീടുകളിൽ 92,411 എണ്ണം പട്ടികജാതി ഗുണഭോക്താക്കൾക്കും, 39,320 എണ്ണം പട്ടിക വർഗ ഗുണഭോക്താക്കൾക്കുമുള്ളതാണ്. മറ്റ് ഭവന നിർമാണ പദ്ധതികളായ പി.എം.എ.വൈ (അർബൻ), പി.എം.എ.വൈ (ഗ്രാമീൺ), കൂടാതെ പട്ടികജാതി, പട്ടികവർഗ, ഫിഷറീസ് വകുപ്പുകളുടെ ഭവന പദ്ധതികൾ എന്നിവ ഉൾപ്പെടെ ലൈഫ് മിഷൻ 2023 സെപ്റ്റംബർ 30 വരെ നിർമിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 11.5.1** ൽ നൽകിയിരിക്കുന്നു.

മുമ്പ് വിഭാവനം ചെയ്തതുപോലെ, സംസ്ഥാനത്തെ വിവിധ തൊഴിലുറപ്പ് പദ്ധതികളുമായി ലൈഫ് മിഷന്റെ സംയോജനം ഉറപ്പാക്കിയിട്ടുണ്ട്. ലൈഫ് മിഷനു കീഴിൽ വീടുകൾ നിർമിക്കുമ്പോൾ, മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ (എം.ജി.എൻ. ആർ.ഇ.ജി.എസ്) ഗ്രാമപ്രദേശങ്ങളിലും അയ്യങ്കാളി നഗരതൊഴിലുറപ്പ്പദ്ധതിയിലൂടെ (എ.യു.ഇ.ജി.എസ്) നഗരപ്രദേശങ്ങളിലും 90 വീതം തൊഴിൽ ദിനങ്ങൾ ഭവന നിർമ്മാണത്തിന് വിനിയോഗിക്കാവുന്നതാണ്. കുറഞ്ഞ ചെലവിൽ വീടുകളുടെ നിർമാണം പൂർത്തിയാക്കുന്നതിന് ലൈഫ് മിഷനെ സഹായിക്കാൻ വനിതാ നിർമാണ യൂണിറ്റുകൾ ആരംഭിച്ചുകൊണ്ട് ഒരു സുപ്രധാന ചുവടുവെപ്പ് കുടുംബശ്രീ നടത്തിയിട്ടുണ്ട്.

ഭവന നിർമാണ സാമഗ്രികളുടെ ഉയർന്നവില

**പട്ടിക 11.5.1** ലൈഫ് മിഷൻ പൂർത്തീകരിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ (2023 സെപ്തംബർ 30 വരെ)

| ജില്ല | ഘട്ടം 1 | ഘട്ടം II | ഘട്ടം III | പി.എം.എ.വൈ (അർബൻ) | പി.എം.എ.വൈ (ഗ്രാമീൺ) | എസ്‌സി വകുപ്പ് | എസ്ടി വകുപ്പ് | ഫിഷറീസ് വകുപ്പ് | ന്യൂനപക്ഷ വകുപ്പ്. | അഡീഷണൽ ലിസ്റ്റ് എസ്. സി/എസ്.ടി/ ഫിഷറീസ്) (ഭൂമിയുള്ള ഭവനരഹിതർ | അഡീഷണൽ ലിസ്റ്റ് എസ്. സി/എസ്.ടി// ഫിഷറീസ്) ഏറ്റെടുത്ത ഭൂമി | ഫ്ലാറ്റിൽ പുനരധിവസിപ്പിച്ചു | ലൈഫ് 2020 | ജി.ഇ..പി | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 6050 | 15528 | 1417 | 11049 | 5033 | 2399 | 351 | 2007 | 152 | 1238 | 0 | 31 | 104 | 15 | 45374 |
| കൊല്ലം | 3618 | 8530 | 3995 | 6512 | 2822 | 1986 | 152 | 824 | 107 | 1722 | 12 | 44 | 289 | 4 | 30617 |
| പത്തനംതിട്ട | 1176 | 2042 | 836 | 1684 | 1331 | 1195 | 42 | 25 | 75 | 1016 | 50 | | 167 | 7 | 9646 |
| ആലപ്പുഴ | 2728 | 9367 | 1198 | 4905 | 1682 | 1324 | 89 | 822 | 193 | 1856 | 0 | | 463 | 32 | 24659 |
| കോട്ടയം | 1102 | 4292 | 2021 | 2444 | 900 | 959 | 61 | 104 | 81 | 603 | 84 | 44 | 733 | 12 | 13440 |
| ഇടുക്കി | 3138 | 10160 | 1257 | 1784 | 1637 | 855 | 940 | 71 | 97 | 1218 | 52 | 256 | 125 | 32 | 21622 |
| എറണാകു ളം | 1059 | 5716 | 2219 | 10970 | 1252 | 1965 | 107 | 420 | 79 | 1958 | 0 | 24 | 509 | 35 | 26313 |
| തൃശ്ശൂർ | 2997 | 5100 | 2278 | 7959 | 2612 | 2264 | 50 | 180 | 118 | 1051 | 119 | | 467 | 47 | 25242 |
| പാലക്കാട് | 7628 | 14492 | 2602 | 6235 | 4458 | 2812 | 526 | 53 | 127 | 1856 | 15 | | 86 | 12 | 40902 |
| മലപ്പുറം | 2735 | 6644 | 2164 | 10394 | 3707 | 2158 | 3497 | 509 | 678 | 4360 | 106 | 200 | 1252 | 58 | 38462 |
| കോഴിക്കോട് | 6484 | 5143 | 598 | 6477 | 2167 | 1340 | 330 | 398 | 124 | 1634 | 149 | | 251 | 68 | 25163 |
| വയനാട് | 8440 | 3999 | 771 | 2919 | 1931 | 948 | 2533 | 0 | 218 | 1645 | 0 | | 36 | 18 | 23458 |
| കണ്ണൂർ | 2645 | 2525 | 652 | 4911 | 1076 | 558 | 917 | 372 | 176 | 1078 | 46 | 44 | 739 | 73 | 15812 |
| കാസർകോട് | 2880 | 3570 | 920 | 1617 | 1214 | 623 | 1097 | 224 | 138 | 1573 | 51 | | 93 | 2 | 14002 |
| ആകെ | 52680 | 97108 | 22928 | 79860 | 31822 | 21386 | 10692 | 6009 | 2363 | 22808 | 684 | 643 | 5314 | 415 | 354712 |

സ്രോതസ്: ലൈഫ് മിഷൻ

ലൈഫ് ഗുണഭോക്താക്കൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ്. ലൈഫ് മിഷൻ ഈ വിഷയം വിവിധ വെണ്ടർമാരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉല്പന്നത്തിന്റെ പരമാവധി വിൽപ്പന വിലയേക്കാളും 20-60 ശതമാനം വരെ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളായിട്ടുണ്ട്. തത്ഫലമായി ഇലക്ട്രിക്കൽ ഫിറ്റിങ്ങ്സ്, വയറിങ്ങ് സാധനങ്ങൾ, പെയിന്റ്, സെറാമിക് മെറ്റീരിയൽ, ടാപ്പ് ഫിറ്റിംഗ്സ്, വാട്ടർ ടാങ്കുകൾ, സിമന്റ് എന്നിവ കുറഞ്ഞ നിരക്കിൽ ലൈഫ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു. ഇതുമൂലം ലൈഫ് ഗുണഭോക്താക്കൾക്ക് 50,000 രൂപ മുതൽ 1,00,000 രൂപയുടെ വരെ ചെലവ് ചുരുക്കാൻ കഴിയുന്നുണ്ട്.

ഭൂമി ഉപയോഗിക്കുന്നതിലെ നിയമപരമായ തടസ്സങ്ങൾ ഈ പ്രോജക്റ്റ് നടപ്പിലാക്കുന്നതിൽ ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഉദാഹരണമായി സ്വന്തമായി ഭൂമിയുള്ള ധാരാളം ഗുണഭോക്താക്കളുടെ ഭൂമി സി.ആർ.ഇസഡ്/ തണ്ണീർത്തട മേഖലയ്ക്ക് കീഴിൽ വരുന്നതിനാൽ ആ ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള നിർമാണം നടത്തുന്നതിന് നിയന്ത്രണമുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി മിഷൻ ചില നിയമ ഭേദഗതികൾ വരുത്തുന്നുണ്ട്. ഉയർന്ന ജനസാന്ദ്രത, ഭൂമിയുടെ അപര്യാപ്തത എന്നിവ കാരണം മൂന്നാമത്തെ വിഭാഗത്തിലുള്ള ഗുണഭോക്താക്കളുടെ ഭവന ആവശ്യങ്ങൾ നിറവേറ്റുന്നതിന് അനുയോജ്യമായ ഭൂമിയും സ്ഥലവും കണ്ടെത്തുകയെന്നത് വളരെ ബുദ്ധിമുട്ടാണ്. ഈ പശ്ചാത്തലത്തിലാണ് ഒരു പരോപകാര പ്രവർത്തനമെന്ന രീതിയിൽ സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനായി 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ സംസ്ഥാന സർക്കാർ തുടക്കം കുറിച്ചത്. പരോപകാര പ്രവർത്തനമെന്ന നിലയിൽ ഭൂരഹിതർക്ക് വീടുകൾ നിർമിക്കുന്നതിന് ഭൂമി നൽകാൻ ഈ പരിപാടി ഒരു പ്രോത്സാഹനമായി.. 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ 2455.72 സെന്റ് ഭൂമി ലഭിക്കുകയും, 1371.47 സെന്റ് ഭൂമി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് രജിസ്റ്റർ ചെയ്യുകയും ചെയ്തു.

സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ ദരിദ്രർക്ക് സ്ഥായിയായ ജീവനോപാധികൾ ഉൾപ്പെടെ സുരക്ഷിതമായ പാർപ്പിട സൗകര്യങ്ങൾ ഒരുക്കുന്നതിൽ ലൈഫ് മിഷൻ വലിയ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി, വിവിധ പരിപാടികളിലൂടെയും സ്ഥാപനതലത്തിലുള്ള സംയോജനത്തിലൂടെയും പാവപ്പെട്ടവർക്ക് വീട് നൽകുന്നതിൽ വേറിട്ടതും അനുകരണീയവുമായ മാതൃകകളാണ് മിഷൻ സ്വീകരിച്ചിട്ടുള്ളത്. എല്ലാ ഭവനരഹിതർക്കും വീട് നൽകുക എന്ന ലക്ഷ്യം നേടിയെടുക്കാനുള്ള നൂതന സമീപനമെന്ന നിലയിൽ ലൈഫ് പദ്ധതി ദേശീയ തലത്തിലും ആഗോളതലത്തിലും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനത്തിന് വലിയ കുതിച്ച് ചാട്ടം തന്നെ നടത്താൻ ലൈഫ് മിഷൻ വഴി സാധിക്കുമെന്നും കരുതുന്നു.

ദരിദ്രർക്കും താഴ്ന്ന വരുമാനക്കാർക്കുമുള്ള പാർപ്പിടം എന്ന സർക്കാരിന്റെ പ്രധാന ലക്ഷ്യം, വിവിധങ്ങളായ ഇടപെടലുകളിലൂടെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ഭവനരഹിതർക്കും ഭൂരഹിതർക്കും പാർപ്പിടം ലൈഫ് മിഷൻ വഴി ഒരുക്കിയപ്പോൾ, താഴ്ന്നവരുമാനക്കാർ, ജീവനക്കാർ, സ്ത്രീകൾ, ട്രാൻസ്ജെൻഡേഴ്സ് എന്നിവർക്കുള്ള പാർപ്പിടം വിവിധ വകുപ്പുകളും ഏജൻസികളും മുഖേന നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ഭവന വകുപ്പ് പ്രത്യേക ഏജൻസികൾ വഴി സംസ്ഥാനത്ത് നിരവധി ഭവന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് . (i) കേരള സ്റ്റേറ്റ് ഹൗസിങ്ങ് ബോർഡ്, (ii) ഹൗസിങ്ങ് വകുപ്പ് (സാങ്കേതിക സെൽ) (ഹൗസിങ്ങ് കമ്മീഷണറേറ്റ്), (iii) കേരള സംസ്ഥാന നിർമിതി കേന്ദ്രം, പട്ടികജാതി വികസനം വകുപ്പ്, കുടുംബശ്രീ, ഗ്രാമവികസന കമ്മീഷണറേറ്റ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയും സംസ്ഥാനത്ത് ഭവന പദ്ധതി നടപ്പാക്കുന്നതിൽ പങ്കാളികളാണ്.

പാവപ്പെട്ടവർക്കും താഴ്ന്ന വരുമാനക്കാർക്കുമുള്ള ഭവന നിർമ്മാണം സർക്കാരിന്റെ പ്രധാന ആശങ്കയാണ്. ഒന്നിലധികം ഇടപെടലുകളിലൂടെയാണ് ഇത് പരിഹരിക്കപ്പെടുന്നത്. ഭവനരഹിതർക്കും ഭൂരഹിതർക്കും പാർപ്പിടം ലൈഫ് മിഷനിലൂടെ പരിഹരിക്കപ്പെടുമ്പോൾ, താഴ്ന്ന വരുമാനക്കാർ, ജീവനക്കാർ, സ്ത്രീകൾ, ട്രാൻസ്ജെൻഡർമാർ എന്നിവർക്കുള്ള ഭവനനിർമ്മാണം വിവിധ വകുപ്പുകളും ഏജൻസികളും വഴിയാണ് പരിഹരിക്കപ്പെടുന്നത്. ഈ മേഖലയിലെ പ്രത്യേക ഏജൻസികളായ i) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, ii) ഹൗസിംഗ് (സാങ്കേതിക സെൽ) വകുപ്പ് (ഹൗസിംഗ് കമ്മീഷണറേറ്റ്), iii) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നിവ മുഖേന ഭവന നിർമ്മാണ വകുപ്പ് സംസ്ഥാനത്ത് നിരവധി ഭവന പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ പട്ടികജാതി വികസന വകുപ്പ്, കുടുംബശ്രീ, ഗ്രാമവികസന കമ്മീഷണറേറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയും ഭവന നിർമ്മാണ മേഖലയിൽ പങ്കാളികളാണ്.

**കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്**

കേരള സർക്കാരിന്റെ കീഴിലുള്ള ഭവന നിർമ്മാണ മേഖലയിലെ പ്രധാന നിർവ്വഹണ ഏജൻസികളിലൊന്നായ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെഎസ്എച്ച്ബി) പൊതു ഭവന പദ്ധതികളിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് പാർപ്പിട സൗകര്യങ്ങൾ നൽകുന്നുണ്ട്. ഗൃഹശ്രീ ഭവന പദ്ധതി വഴി 2022-23 ൽ 362 വീടുകൾ നിർമ്മിച്ചു. ഗൃഹശ്രീ ഭവന പദ്ധതി, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും (ഇ.ഡബ്ല്യൂ. എസ്)/താഴ്ന്ന വരുമാനക്കാർക്കുമുള്ള (എൽ.ഐ.ജി) ഭവന പദ്ധതി, മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതി എന്നിവയാണ് 2022-23 ൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ പദ്ധതികൾ. ഗൃഹശ്രീ ഭവന പദ്ധതി വഴി 2017-18 മുതൽ ആകെ 1433 വീടുകൾ നിർമ്മിച്ചു. 2023 മാർച്ച് 31 വരെ 13 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ കെ.എസ്.എച്ച്.ബി നിർമ്മിച്ചു. വയനാട് ജില്ലയിലെ മാനന്തവാടിയിലും (3 നിലകൾ, 169 കിടക്കകൾ), കാസർകോട് ജില്ലയിലെ മധൂർ (3 നിലകൾ, 109 കിടക്കകൾ) എന്നിവിടങ്ങളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ പൂർത്തിയായി. മെഡിക്കൽ കോളേജുകളിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും താങ്ങാനാവുന്ന നിരക്കിൽ താമസ സൗകര്യം

ഒരുക്കുന്ന ആശ്വാസ് വാടക ഭവന പദ്ധതി പ്രകാരം ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ മെഡിക്കൽ കോളേജുകൾക്ക് സമീപം വാടക വീടുകളുടെ നിർമ്മാണം ആരംഭിച്ചു. ആലപ്പുഴയിലും കണ്ണൂരിലും കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. തൃശ്ശൂരിലെ പണി പൂർത്തിയായിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വീട് നൽകുന്നതിനായി കെ.എസ്.എച്ച്.ബി കണ്ണൂരിലെ പട്ടുവത്ത് 36 അപ്പാർട്ടുമെന്റുകളുടെയും; കോഴിക്കോട് മുക്കത്ത് 36 അപ്പാർട്ടുമെന്റുകളുടെയും വയനാട് ജില്ലയിലെ തൃക്കൈപ്പറ്റയിൽ 18 സ്വതന്ത്ര കോട്ടേജുകളുടെയും നിർമ്മാണം ആരംഭിച്ചു. നിലവിൽ തൃക്കൈപ്പറ്റയിൽ 11 വീടുകളുടെ നിർമ്മാണം പൂർത്തിയായി. ലൈഫ് മിഷന്റെ കീഴിൽ വീടുകൾക്ക് അർഹതയില്ലാത്ത സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഭവന ആവശ്യങ്ങൾ പരിഹരിക്കാൻ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആത്മാർത്ഥമായി ശ്രമിക്കുന്നു. അത്തരത്തിലുള്ള ഒരു നൂതന പദ്ധതിയാണ് 'തന്റെയിടം'. പദ്ധതിയുടെ വിശദാംശങ്ങൾ **ബോക്സ് 11.5.1** ൽ നൽകിയിരിക്കുന്നു.

### ഭവന (സാങ്കേതിക സെൽ) വകുപ്പ് (ഹൗസിംഗ് കമ്മീഷണറേറ്റ്)

ഭവന (സാങ്കേതിക സെൽ) വകുപ്പ് കേരള സംസ്ഥാനത്തിന്റെ ഭവന നിർമ്മാണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമുള്ള സംസ്ഥാനതല സാങ്കേതിക സെല്ലും നോഡൽ വകുപ്പുമായി പ്രവർത്തിക്കുന്നു. ഭവന നിർമ്മാണ മേഖലയിലെ പ്രവർത്തനങ്ങളുടെ ശരിയായ ആസൂത്രണത്തിനും ഏകോപനത്തിനും ഭവന നിർമ്മാണ പരിപാടികളിൽ സാങ്കേതിക മികവ് കൈവരിക്കുന്നതിനുമായി 1980 ൽ ഈ വകുപ്പ് രൂപീകരിച്ചു.

വിവരങ്ങൾ ലഭ്യമാക്കുകയും, സാങ്കേതിക മാർഗ്ഗനിർദേശവും നയങ്ങളുടെയും പ്രോഗ്രാമുകളുടെയും അവലോകനം, ലക്ഷ്യങ്ങൾ നിശ്ചയിക്കൽ, ഭവനനിർമ്മാണ മേഖലയിൽ തീരുമാനമെടുക്കൽ സുഗമമാക്കാനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികൾക്കും ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതികവും മറ്റ് പിന്തുണയും ലഭ്യമാക്കുക എന്നിവ ഈ വകുപ്പ് മുഖേന നൽകുന്നു. ഭവന നിർമ്മാണ മേഖലയിൽ സ്പേഷ്യൽ ഓറിയന്റഡ് ഇൻഫർമേഷൻ സിസ്റ്റം സൃഷ്ടിക്കുന്നതിൽ വകുപ്പ് ചില മുൻകൈയെടുക്കൽ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഭവന നിർമ്മാണത്തിൽ സംസ്ഥാന വ്യാപകമായി ഒരു സ്പേഷ്യൽ ഡാറ്റാബേസ് വികസിപ്പിക്കുന്നതിന് 2022-23 ൽ കേരളത്തിനായി 'ജി.ഐ.എസ് അധിഷ്ഠിത ഭവന സ്ഥിതി വിവര സംവിധാനം' (GIS based Housing Status Information System for Kerala) എന്ന പദ്ധതിക്ക് കീഴിൽ, തിരുവനന്തപുരം ജില്ലയിലെ പൂവാർ, അഞ്ചുതെങ്ങ്, ഇടവ എന്നിവിടങ്ങളിൽ സ്പേഷ്യൽ ഡാറ്റയും ഗാർഹിക വിശദാംശങ്ങളും സംയോജിപ്പിക്കുന്നതിനുള്ള പ്രാരംഭ പഠനത്തിന്റെ ഭാഗമായി സർവ്വേകൾ നടത്തുകയുണ്ടായി. പൂവാർ, അഞ്ചുതെങ്ങ് എന്നിവയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ജി.ഐ.എസ് പ്ലാറ്റ്ഫോമിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പട്ടാമ്പി, ആലത്തൂർ, അകത്തേത്തറ ഗ്രാമപഞ്ചായത്തുകളിലും വയനാട് ജില്ലയിലെ വെങ്ങപ്പള്ളി, പടിഞ്ഞാറെത്തറ, ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി, കടകരപ്പള്ളി എന്നിവിടങ്ങളിലുമാണ് സർവ്വേ പുരോഗമിക്കുന്നത്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ആസ്തികളും പദ്ധതികളും ജി.ഐ.എസ് പ്ലാറ്റ്ഫോമിലേക്ക് മാപ്പ് ചെയ്തിട്ടുണ്ട്. കേരളത്തിൽ ഭവന പദ്ധതികൾക്കായി ചെലവ് കുറഞ്ഞ മൊഡ്യൂൾ രൂപീകരിക്കുന്നതിനായി ഭവന (സാങ്കേതിക സെൽ) വകുപ്പ് തുടക്കമിട്ടിട്ടുണ്ട്, തീരദേശ മേഖലകൾക്കുള്ള മൊഡ്യൂൾ പൂർത്തീകരിച്ചു.

### കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

1989-ൽ സ്ഥാപിതമായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്) കേരള സർക്കാരിന്റെ ഭവന വകുപ്പിന് കീഴിലുള്ള ഒരു അംഗീകൃത ഏജൻസിയാണ്. നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കൽ; തൊഴിൽ രഹിതരായ യുവാക്കൾക്കും പൊതുജനങ്ങൾക്കും സാങ്കേതിക വിദഗ്ധർക്കും നിർമ്മാണ സാങ്കേതികവിദ്യകളിലും അനുബന്ധ ട്രേഡുകളിലും നൈപുണ്യ വികസനത്തിന് പരിശീലനം നൽകുക; ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ നിർമ്മാണ സാമഗ്രികളുടെ ഉത്പാദനം; സബ്സിഡി നിരക്കിൽ നിർമ്മാണ സാമഗ്രികളുടെ വിൽപ്പന; ഭവന, അനുബന്ധ മേഖലകളിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾ; നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി നിർമ്മാണ സാമഗ്രികൾ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ അതിന്റെ ടെസ്റ്റിംഗ് ലാബുകൾ വഴി നൽകുക എന്നിവ

**ബോക്സ് 11.5.1** തന്റെയിടം പദ്ധതി

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ.എസ്.എച്ച്.ബി) മുഖേന കേരള സർക്കാർ നടപ്പാക്കുന്ന ഒരു നൂതന പദ്ധതിയാണ് 'തന്റെയിടം' (എന്റെ സ്വന്തം ഇടം). സർക്കാരോ സർക്കാരിതര സംഘടനകളോ നടത്തുന്ന ക്ഷേമ ഭവനങ്ങളിൽ താമസിച്ചിരുന്ന, എന്നാൽ പതിനെട്ട് വയസ്സ് തികയുമ്പോൾ പുറത്തു പോകേണ്ടി വരുന്ന ഭവനരഹിതരായ യുവജനങ്ങൾക്ക് വീട് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. വനിതാ ശിശു ക്ഷേമ വകുപ്പുമായി സഹകരിച്ചാണ് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഈ പദ്ധതി നടപ്പാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭവന പദ്ധതികളിലൊന്നും പട്ടികപ്പെടുത്തിയിട്ടില്ലാത്ത ഗുണഭോക്താക്കളുടെ ഭവന ആവശ്യങ്ങൾ നിറവേറ്റുന്ന പദ്ധതിയാണിത്. ഗുണഭോക്താക്കളെ കണ്ടെത്തുമ്പോൾ, സ്ത്രീകൾക്ക്, പ്രത്യേകിച്ച് പോക്സോയെ അതിജീവിച്ചവർക്ക് മുൻഗണന നൽകുന്നു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത. 2022-23 മുതൽ, ഈ പദ്ധതി ഒരു സവിശേഷമായ നടപ്പാക്കൽ രീതി പിന്തുടരുന്നു. വനിതാ ശിശുവികസന വകുപ്പ് കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം (ഇ.ഡബ്ല്യു.എസ്)/ താഴ്ന്ന വരുമാനക്കാർക്കുള്ള (എൽ.ഐ.ജി) പദ്ധതി പ്രകാരം ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ച വീടുകൾ/ഫ്ലാറ്റുകൾ നൽകുന്നു. 2022-23, 2023-24 ബജറ്റിൽ യഥാക്രമം 100.00 ലക്ഷം രൂപയും, 200.00 ലക്ഷം രൂപയും 'തന്റെയിടം' പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്.

അവലംബം: കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

പോലെയുള്ള ഭവന നിർമ്മാണ മേഖലയിലെ വിവിധ പ്രവർത്തനങ്ങളിൽ ഇത് ഏർപ്പെട്ടിരിക്കുന്നു. 30 പാർപ്പിട യൂണിറ്റുകൾ അടങ്ങുന്ന ഒരു മാതൃകാ സുസ്ഥിര ഗ്രാമം കാട്ടാക്കടയിൽ കെസ്നിക് നിർമ്മിക്കുന്നു. 2021-22 കാലയളവിൽ ആദ്യ ഘട്ടത്തിൽ 16 പാർപ്പിട യൂണിറ്റുകളും 2022-23 ൽ 12 പാർപ്പിട യൂണിറ്റുകളും കെസ്നിക് പൂർത്തിയാക്കി. കാട്ടാക്കട ഗ്രാമപഞ്ചായത്തിന് ആകെ 28 യൂണിറ്റുകൾ കൈമാറുകയും ചെയ്തു.

നിർമ്മാണ മേഖലയിൽ നൈപുണ്യ വികസനം നൽകുന്നതിനായി 20 തൊഴിൽ പരിശീലന പരിപാടികൾ 2022-23-ൽ കെസ്നിക് സംഘടിപ്പിച്ചു, ഇത് 270 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. കെസ്നിക് കലവറകൾ ബി.പി. എൽ ഗുണഭോക്താക്കൾക്കും ലൈഫ് മിഷൻ ഗുണഭോക്താക്കൾക്കും സർക്കാർ പദ്ധതികൾക്ക് കീഴിലുള്ള വീടുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 15 ശതമാനം സബ്സിഡി നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ വിൽക്കുന്നു. നിർമ്മാണ മേഖലയിൽ വിദഗ്ധരായ പ്രൊഫഷണലുകളാക്കി മാറ്റുന്നതിനു 40 വിദ്യാർത്ഥികൾക്കായി തിരുവനന്തപുരത്തും കോഴിക്കോടും 'ഫിനിഷിംഗ് സ്കൂൾ ഫോർ സ്കിൽ ഇംപ്രൂവ്മെന്റ് ഫോർ സിവിൽ, ആർക്കിടെക്ചർ എഞ്ചിനീയറിംഗ് ബിരുദധാരികൾ' എന്ന പരിപാടിയുടെ കീഴിൽ 4 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സും കെസ്നിക് നടത്തിയിരുന്നു. ടെസ്റ്റിംഗ് ലാബുകളുടെ സേവനം സാധാരണക്കാരിലേക്ക് വ്യാപിപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് കെസ്നിക് ഒരു മൊബൈൽ ടെസ്റ്റിംഗ് ലാബ് ആരംഭിച്ചു. സമൂഹത്തിലെ പല വിഭാഗങ്ങളിൽ നിന്നുള്ള ആളുകൾക്ക് വിവിധ നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം മനസ്സിലാക്കാനും വിശകലനം ചെയ്യാനും ഇത് സഹായിച്ചേക്കാം. ഊർജ-കാര്യക്ഷമമായ പരിഹാര മാർഗ്ഗങ്ങളിലേക്ക് മാറുന്നതിന്റെ ഭാഗമായി കൊട്ടാരക്കരയിലും കോഴിക്കോടും രണ്ട് പ്രാദേശിക കേന്ദ്രങ്ങളിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന രണ്ട് യൂണിറ്റുകൾ സ്ഥാപിച്ചു. നിർമ്മാണ മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ കണ്ടെത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി, കേന്ദ്ര മന്ത്രാലയവുമായി സഹകരിച്ച് ചെന്നൈ ഐ.ഐ.ടി രൂപീകരിച്ച ഇൻകുബേഷൻ കമ്പനിയായ TVASTA പൂർണ്ണമായും തദ്ദേശീയമായി വികസിപ്പിച്ച 3D പ്രിന്റിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് കെസ്നിക് കാമ്പസിൽ സംസ്ഥാനത്തെ ആദ്യത്തെ 3D പ്രിന്റിംഗ് ഹൗസിന്റെ നിർമ്മാണം പൂർത്തിയാക്കി. ഈ പുതിയ സാങ്കേതികവിദ്യയെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി കെസ്നിക് കാമ്പസിൽ നിരവധി സാങ്കേതിക ശിൽപശാലകൾ നടത്തുകയുണ്ടായി. ഒരു അക്കാദമിക് സംരംഭമായി ലോറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) കേരള സർക്കാർ കെസ്നിക്കിൽ സ്ഥാപിച്ചു. കോളേജ് ഓഫ് ആർക്കിടെക്ചർ തിരുവനന്തപുരം (CAT) തിരുവനന്തപുരത്തെ ഏറ്റവും വലിയ ആർക്കിടെക്ചർ ഡിസൈൻ സ്കൂളുകളിൽ ഒന്നാണ്. വിശദമായ വാസ്തുവിദ്യാ രൂപകല്പനകൾ വികസിപ്പിക്കുന്നതിനും കെട്ടിട നിർമ്മാണങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി, ലാബിഷാസ്, കോളേജ് ഓഫ് ആർക്കിടെക്ചർ തിരുവനന്തപുരം എന്നിവയുമായി സഹകരിച്ച് CAT- LaBISHaS ഡിസൈൻ ലാബ് (സി.എൽ.ഡി.എൽ) സ്ഥാപിച്ചു. 50 കോടി രൂപയുടെ പദ്ധതികളുടെ രൂപകല്പന സി.എൽ.ഡി.എൽ 2022-23 ൽ പൂർത്തിയാക്കി.

### കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ

കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് അതിന്റെ കീഴിലുള്ള സംസ്ഥാനത്തെ പ്രാഥമിക സഹകരണ ഹൗസിംഗ് സൊസൈറ്റികളിലെ അംഗങ്ങൾക്ക് ലളിതമായ തിരിച്ചടവ് വ്യവസ്ഥയിൽ സാധ്യമായ ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള അപ്പക്സ് ബോഡിയാണ്. (i) അംഗ സംഘങ്ങളിൽ നിന്നും കേരള സർക്കാരിൽ നിന്നുമുള്ള ഓഹരി മൂലധന സംഭാവനയും (ii) എൽ.ഐ.സി, നാഷണൽ ഹൗസിംഗ് ബാങ്ക്, മറ്റ് വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നുള്ള വായ്പയുമാണ് ഫെഡറേഷന്റെ പ്രധാന ഫണ്ടുകളുടെ ഉറവിടങ്ങൾ. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിനും (ഇ.ഡബ്ല്യൂ.എസ്), ഇടത്തരം വരുമാന വിഭാഗത്തിനും (എം.ഐ.ജി) കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ വീടിന്റെ അറ്റകുറ്റപ്പണികൾക്കുമായി ഭവനവായ്പ നൽകി വരുന്നു. 2018-19 മുതൽ 2023-24 വരെ (2023 ഓഗസ്റ്റ് 31 വരെ) കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ 7330 ഗുണഭോക്താക്കൾക്ക് ഭവന വായ്പ അനുവദിക്കുകയും 36218.29 ലക്ഷം രൂപ വായ്പയായി നൽകുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 11.5.1**-ൽ നൽകിയിരിക്കുന്നു.

### ഹൗസിംഗ് ഫിനാൻസ്

ഭാവനനിർമ്മാണത്തിനായി ദീർഘകാലാടിസ്ഥാനത്തിൽ ചെലവു വഹിക്കാൻ സഹായകമായ ഒരു പ്രധാന മാർഗ്ഗമാണ് വീട് നിർമ്മാണത്തിനുള്ള ധനസഹായം. ബാങ്കുകളിൽ നിന്നുള്ള വായ്പകൾ, സബ്സിഡികൾ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുള്ള ഗ്രാന്റുകൾ, സംസ്ഥാന പദ്ധതികൾ, പ്രാദേശിക സർക്കാർ വിഹിതം, വായ്പകൾ എന്നിവ ഭവനനിർമ്മാണത്തിനുള്ള ധനസഹായത്തിൽ ഉൾപ്പെടുന്നു. ആർ.ബി.ഐ നിയമങ്ങൾക്ക് കീഴിൽ വരുന്ന എല്ലാ പ്രധാന ഷെഡ്യൂൾഡ് ബാങ്കുകളും വിവിധ ബാങ്ക് സ്കീമുകളിലൂടെ ഭവനവായ്പ നൽകി വരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം, താഴ്ന്ന വരുമാനക്കാർ, ഇടത്തരം വരുമാനക്കാർ, ഉയർന്ന വരുമാനക്കാർ എന്നിവർക്ക് സർക്കാരിന്റെ വിവിധ ഭവന പദ്ധതികളിലൂടെ ബാങ്കുകൾ വായ്പ നൽകി വരുന്നു. ദേശസാൽകൃത ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് (കെ.എസ്.സി.ആർ.ഡി), ചെറുകിട ധനകാര്യ ബാങ്കുകളായ ഹൗസ്ഫെഡ്, ഹഡ്കോ, എച്ച്.ഡി.എഫ്.സി എന്നിവയാണ് സംസ്ഥാനത്തെ സർക്കാർ ഏജൻസികൾക്കൊപ്പം വീട് നിർമ്മാണത്തിന് വായ്പ നൽകുന്ന ധനകാര്യ സ്ഥാപനങ്ങൾ. കേന്ദ്ര ഗവൺമെന്റ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ പ്രഖ്യാപനങ്ങൾക്കനുസരിച്ച് ഭവന വായ്പകളുടെ പലിശ നിരക്കുകൾ മാറുന്നു.

**ഭാവി വീക്ഷണം**

മാന്യമായ ജീവിതത്തിന് ആവശ്യമായ സൗകര്യങ്ങളോടൊപ്പം പാർപ്പിടവും സംയോജിപ്പിക്കണം. ഇതിൽ തുറസ്സായ ഇടം, വിനോദ മേഖലകൾ, കുടിവെള്ളം, ഡ്രെയിനേജ് സംവിധാനങ്ങൾ, പരിസ്ഥിതി ശുചിത്വം തുടങ്ങിയ വ്യക്തിഗത ആവശ്യങ്ങൾ പോലെയുള്ള കമ്മ്യൂണിറ്റി സൗകര്യങ്ങളും ഉൾപ്പെടും. താമസക്കാരുടെ സാമൂഹികവും വ്യക്തിപരവുമായ ജീവിതത്തിന്റെ ക്ഷേമവും സംതൃപ്തിയും ഉറപ്പുനൽകുന്ന രീതിയിലുള്ള ഭവന രൂപകൽപ്പനകൾ ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പാവപ്പെട്ടവർക്ക് ഭവനം നൽകുന്ന അടിസ്ഥാന സേവനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, തൊഴിലവസരങ്ങൾ, വരുമാനം, ഉപജീവന പ്രവർത്തികൾ, സുരക്ഷ എന്നിവയ്ക്കുള്ള അവസരങ്ങൾ, ഒരാളുടെ ക്ഷേമത്തിനും ഉയർന്ന സാമൂഹികവും സാമ്പത്തികവുമായ ചലനാത്മകതയ്ക്കുള്ള ഭവനത്തിന്റെ പ്രാധാന്യം എന്നിവയ്ക്കൊപ്പം പൂരകമാക്കണം. പ്രസ്തുത ലക്ഷ്യങ്ങൾ കണക്കിലെടുത്ത്, ഈ മേഖലയിലെ വിവിധ ഏജൻസികൾക്ക് അത്യാധുനിക വിവര പിന്തുണയും സാങ്കേതിക സഹായവും സജ്ജീകരിക്കാനും ഭവന സംബന്ധമായ ആവശ്യങ്ങളിൽ ബുദ്ധിപരമായ തീരുമാനങ്ങൾ എടുക്കാൻ ആളുകളെ സഹായിക്കാനും വകുപ്പ് ഉദ്ദേശിക്കുന്നു.

# 11.6 റീബിൽഡ് കേരളാ ഡവലപ്മെന്റ് പ്രോഗ്രാം

1924 ന് ശേഷമുള്ള ഏറ്റവും വലിയ പ്രളയമാണ് 2018, 2019 വർഷങ്ങളിൽ കേരള സംസ്ഥാനം നേരിട്ടത്. പ്രളയത്തിൻറെയും ഉരുൾപൊട്ടലിൻറെയും അനന്തരഫലം സംസ്ഥാനത്തെ ഭൂരിഭാഗം ജനങ്ങളെയും സാരമായി ബാധിച്ചു. ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതിദുരന്തങ്ങളെ നേരിടുന്നതിനും, പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും കേരള സർക്കാർ റീബിൽഡ് കേരള ഡവലപ്മെന്റ് പ്രോഗ്രാം (ആർ കെ ഐ) നടപ്പിലാക്കാൻ തീരുമാനിച്ചു. സംസ്ഥാനത്തെ പൗരന്മാരുടെ ജീവിതത്തിലും ഉപജീവനത്തിലും പ്രകടമായ മാറ്റം കൊണ്ടുവരുന്നതിനായി പുനർനിർമ്മാണത്തിനും ഉയർന്ന നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ രൂപീകരിച്ചുകൊണ്ട് പാരിസ്ഥിതികവും സാങ്കേതികവുമായ സുരക്ഷാ സംവിധാനങ്ങൾ കെട്ടിപ്പടുക്കുന്നതിന്, ഗവൺമെന്റ് റീബിൽഡ് കേരള സംരംഭം (ആർകെഐ) ആരംഭിച്ചു. പുനർനിർമ്മാണത്തിലൂടെ പുനഃസംഘടിപ്പിച്ച ആസ്തികൾക്ക് ഭാവിയിൽ വെള്ളപ്പൊക്കത്തെ നന്നായി നേരിടാൻ കഴിയും എന്ന കേരള സർക്കാരിന്റെ കാഴ്ചപ്പാടാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുള്ളത്. പ്രളയനാന്തര കേരളത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും നവകേരളത്തിലേക്ക് നീങ്ങുന്നതിനുമുള്ള കേരള സർക്കാരിന്റെ കാഴ്ചപ്പാടാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിനെ മുന്നോട്ട് നയിക്കുന്നത്. ഉയർന്ന അടിസ്ഥാന സൗകര്യങ്ങളും, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും, പാരിസ്ഥിതികമായി സുരക്ഷിതവുമായ പുതിയ പ്രധാന വികസന പദ്ധതികളും, ജനങ്ങൾക്കും ആസ്തികൾക്കും ഭാവിയിലെ ദുരന്തങ്ങളെ നേരിടാൻ കഴിയുമെന്ന് ഉറപ്പാക്കുന്ന ഹരിതവും പ്രതിരോധശേഷിയുമുള്ള കേരളമാണ് ആർകെഐ വിഭാവനം ചെയ്യുന്നത്.

പങ്കാളിത്തത്തോടും ഗുണങ്ങൾ ഉൾക്കൊള്ളുന്നതുമായ പ്രക്രിയയിലൂടെ ആർകെഡിപിയെ വികസിപ്പിക്കുകയും, ഏകോപിപ്പിക്കുകയും, സുഗമമാക്കുകയും, നിരീക്ഷിക്കുകയും ചെയ്യുക എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രധാനമായി ലക്ഷ്യമിടുന്നത്. ഹരിതവും പ്രതിരോധശേഷിയുമുള്ള കേരളം കൈവരിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ തന്ത്രപരമായ രീതിയാണ് ആർകെഡിപിയിൽ ഉൾപ്പെടുന്നത്. കാലാവസ്ഥാ വ്യതിയാന അപകടസാധ്യതകൾ ഉൾപ്പെടെയുള്ള വെള്ളപ്പൊക്കത്തിന്റെയും മറ്റ് പ്രകൃതി ദുരന്തങ്ങളുടെയും എല്ലാ പ്രധാന ചാലകങ്ങളെയും അഭിസംബോധന ചെയ്യുന്ന വിധത്തിൽ കേരളത്തെ പുനർനിർമ്മിക്കുന്നതിന്റെ വശങ്ങൾ ഉത്തേജിപ്പിക്കുന്നതിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇത് ഭാവിയിൽ സംഭവിക്കുന്ന ഏതൊരു ദുരന്തത്തെയും നേരിടാൻ സംസ്ഥാനത്തെ ശക്തിപ്പെടുത്തുകയും സജ്ജരാക്കുകയും ചെയ്യുന്നു. ആർകെഡിപിയുമായി ചേർന്ന്, ശാശ്വതമായ വീണ്ടെടുക്കലിലൂടെ ഒരു കേരളം കെട്ടിപ്പടുക്കാനും നവകേരളത്തിലേക്കുള്ള വികസന പാതയൊരുക്കാനുമാണ് കേരള ഗവൺമെന്റ് ലക്ഷ്യമിടുന്നത്. സുസ്ഥിര സമൂഹങ്ങൾ, സ്ഥാപനങ്ങൾ, ഉപജീവനമാർഗങ്ങൾ എന്നിവയെ പിന്തുണയ്ക്കുന്നതിലൂടെയും പ്രധാന അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിലൂടെയും കേരളത്തിന്റെ ദുരന്ത നിവാരണ ശേഷി വീണ്ടെടുക്കാനും അ പ ക ട സ ാ ധ്യ ത മു ൻ കൂ ട്ടി ക്ക ണ്ടു െ കാ ണ്ടു ള്ള സാമൂഹിക-സാമ്പത്തിക വികസനത്തിലേക്കുള്ള പരിവർത്തന മാറ്റത്തിന് ഉത്തേജനം നൽകുകയുമാണ് ആർകെഡിപിയുടെ ലക്ഷ്യം.

**ആർകെഡിപിയുടെ ലക്ഷ്യങ്ങൾ**

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം ചുവടെപ്പറയുന്ന ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നു:

- ഭാവിയിലെ ഏത് ദുരന്തങ്ങളെയും പ്രതിരോധിക്കാൻ അടിസ്ഥാന സൗകര്യങ്ങൾ, ആസ്തികൾ, ഉപജീവനമാർഗങ്ങൾ എന്നിവയുടെ ഉയർന്ന നിലവാരം ഉറപ്പാക്കുന്ന വിധത്തിൽ കേരളത്തെ പുനർനിർമ്മിക്കുക
- സ്വാഭാവികമായ ആപത്തുകൾക്കെതിരെ വ്യക്തിപരവും സാമൂഹികവും സ്ഥാപനപരവുമായ പ്രതിരോധശേഷി കെട്ടിപ്പടുക്കുക, അതേസമയം

തന്നെ മികച്ച രീതിയിൽ പുനർനിർമിക്കുന്ന തുല്യവും ഉൾക്കൊള്ളുന്നതും പങ്കാളിത്തത്തോടെയുള്ളതുമായ പുനർനിർമ്മാണം പ്രോത്സാഹിപ്പിക്കുക

സംസ്ഥാനത്തൊട്ടാകെ ദുരന്തങ്ങളുടെ പ്രത്യാഘാതങ്ങൾ കുറക്കുക ,ദുരന്ത-റിസ്ക് മാനേജ്മെന്റ് കഴിവുകൾ ശക്തിപ്പെടുത്തുക എന്നിവയിൽ ആർകെഡിപി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരളത്തിലുടനീളമുള്ള സംസ്ഥാന സ്ഥാപനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, പൗരൻമാർ, അവരുടെ ഉപജീവനമാർഗ്ഗം എന്നിവ തീവ്രമായ കാലാവസ്ഥയിൽ സുരക്ഷിതമായി സംരക്ഷിച്ചിക്കുന്നതിനായി കൂടുതൽ പ്രതിരോധശേഷിയുള്ള ഒരു സംസ്ഥാനം പുനർനിർമ്മിക്കുക എന്നതാണ് ആർ കെ ഐ യുടെ ലക്ഷ്യം. സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗര കേന്ദ്രീകരണം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ഉപജീവനമാർഗം, ഭൂമി, ആരോഗ്യം എന്നിവയാണ് റീ ബിൽഡ് കേരള പരിപാടിയുടെ പ്രധാന മേഖലാ മുൻഗണനകൾ. ഈ പ്രധാന മേഖലകൾക്ക് പുറമേ, ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റും പ്രതിരോധശേഷിയും, പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, സ്ഥാപനപരമായ കാര്യക്ഷമതയും പ്രതിരോധശേഷിയും സുതാര്യമായ ഡാറ്റയും ശക്തിപ്പെടുത്തുക എന്നീ നാല് പ്രധാന മേഖലാ മുൻഗണനകളുമുണ്ട്.

### റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ (ആർകെഡിപി) ധനസഹായം

2019 മുതൽ 2027 വരെയുള്ള വികസന കാലയളവിലേക്ക് മൊത്തം 36,500 കോടി രൂപ റീ ബിൽഡ് കേരള ഡവലപ്മെന്റ് പ്രോഗ്രാമിനു (ആർ കെ ഡി പി) ആവശ്യമാണെന്ന് കണക്കാക്കുന്നു. ആർകെഐക്ക് കീഴിലുള്ള പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ

**പട്ടിക 11.6.1** ആർകെഐ യുടെ കീഴിലുള്ള മൊത്തം അടങ്കലും ചെലവും (രൂപ ലക്ഷത്തിൽ)

| പദ്ധതി | 2019-20 | | 2020-21 | | 2021-22 | | 2022-23 | | 2023-24 | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | ചെലവ് | വിഹിതം | 2023 ഡിസംബർ 11-ലെ ചെലവ് | 2023 ഡിസംബർ 11 വരെയുള്ള ആകെ ചെലവ് |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ (ആർകെഐ) | 12500 | 24.04 | 15000 | 1757.09 | 22500 | 4460.15 | 9200 | 8574.91 | 18076 | 15925.65 | 30741.8 |
| ഉപജീവന സഹായം (ആർകെഐ) | 20000 | 709.62 | 32500 | 27271.98 | 15000 | 4289.19 | 3400 | 1691.44 | 1501 | 871.13 | 34833.4 |
| പി ഡബ്ല്യു ഡി റോഡുകളും പാലങ്ങളും (ആർകെഐ) | 12500 | 0 | 15000 | 9000 | 63000 | 50001.47 | 82200 | 81535.29 | 36501 | 34940.56 | 175477 |
| പൊതു കെട്ടിടങ്ങൾ- പ്രധാന അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും (ആർകെഐ ) | 12500 | 0 | 0 | 0 | 15000 | 4335.93 | 10000 | 5416.23 | 13001 | 6843.59 | 16595.8 |
| ജലവിതരണം (ആർകെഐ ) | 12500 | 0 | 10000 | 3773.03 | 30000 | 9244.67 | 7700 | 5454.52 | 3501 | 1768.75 | 20241 |
| ദുരന്തപ്രതിരോധത്തിനുള്ള തയ്യാറെടുപ്പ് (ആർകെഐ ) | 5000 | 0 | 15000 | 9263.39 | 15000 | 8840.2 | 18800 | 14871.68 | 11001 | 7766.78 | 40742.1 |
| ശുചിത്വത്തിനുള്ള തയ്യാറെടുപ്പ് (ആർകെഐ) | 12500 | 0 | 2500 | 95 | 10000 | 392.58 | 700 | 411.74 | 901 | 656.6 | 1555.92 |
| ഗതാഗതം (ആർകെഐ) | 12500 | 0 | 0 | 0 | 0 | 0 | 0 | 0 | 0.01 | 0 | 0 |
| റോഡുകളും പാലങ്ങളും (ആർകെഐ) | 0 | 0 | 0 | 0 | 12500 | 12500 | 28000 | 28000 | 31000 | 31000 | 71500 |
| പി-വി-റവന്യൂ ഹെഡ് | 0 | 0 | 100 | 80.1 | 270 | 239.28 | 350 | 304.05 | 350 | 102.07 | 725.5 |
| ആകെ | 100000 | 733.65 | 90100 | 51240.6 | 183270 | 94303.5 | 160350 | 146260 | 115832 | 99875.1 | 392413 |

സ്രോതസ് - ആർ കെ ഐ വകുപ്പ് ,2023

നടത്തിപ്പിനായി 2019-20-ൽ ₹1,000.00 കോടി രൂപയും 2020-2021 -ൽ ₹901.00 കോടി രൂപയും 2021-22ൽ 1833 കോടിയും 2022-23ൽ ₹1603 കോടിയും 2023-24ൽ 1158 കോടിയും തുടക്കത്തിൽ പ്ലാൻ ഫണ്ടായി സംസ്ഥാനം വകയിരുത്തിയിരുന്നു. പ്രവൃത്തികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളുടെ /അല്ലെങ്കിൽ അവ നടപ്പിലാക്കുന്ന ഏജൻസികളുടെ ആവശ്യകതയെ അടിസ്ഥാനമാക്കിയാണ് ഫണ്ടുകൾ റിലീസ് ചെയ്യുന്നത്. ആർകെഐക്ക് ലഭിച്ച ആകെ തുകയും അതിന്റെ അനുബന്ധ ചെലവുകളും ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ (**പട്ടിക 11 .6 .1**) നൽകിയിരിക്കുന്നു:

സംസ്ഥാന ബജറ്റിൽ ആർ കെ ഐ ക്കു കീഴിലുള്ള ഘടകങ്ങളുടെ 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ അടങ്കലും, 2023-24 വരെയുള്ള ചെലവും മേൽ പട്ടികയിൽ വിശദമാക്കിയിരിക്കുന്നു. 2019-20 ൽ 1000 കോടിയുടെ അടങ്കലിൽ മൊത്തം ചെലവ് 7.33 കോടി രൂപയായിരുന്നു (0.73%). 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ മൊത്തം ബജറ്റ് വിഹിതം 6495.52 കോടി രൂപയും വിവിധ പദ്ധതികൾക്കായി ചെലവഴിച്ച മൊത്തം തുക 3924.13 കോടി രൂപയുമാണ് (ഡിസംബർ, 2023 വരെ). ആകെ വിഹിതത്തിന്റെ 60 ശതമാനത്തിലധികം തുക വിവിധ പദ്ധതികൾക്കായി ഇതുവരെ ഉപയോഗിച്ചു.

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന് ധനസഹായം നൽകുന്നതിനായുള്ള കേരള ഗവൺമെന്റിന്റെ ചില സംരംഭങ്ങൾ താഴെ ചേർത്തിരിക്കുന്നു.

- സംസ്ഥാന ബജറ്റിൽ വിവിധ പദ്ധതികളും പദ്ധതിയേതര വിഹിതങ്ങളും ഉൾപ്പെടുന്നു. ലോകബാങ്ക്, എ ഐ ഐ ബി , എ ഡി ബി തുടങ്ങിയ ബഹുമുഖ ഏജൻസികളിൽ നിന്നും കെ എഫ് ഡബ്ല്യൂ , എ എഫ് ഡി , ജെ ഐ സി എ തുടങ്ങിയ മറ്റ് ഉഭയകക്ഷി ഏജൻസികളിൽ നിന്നുമുള്ള സഹായം എന്നിവ ഇതിൽ ഉൾപ്പെടുന്നു.
- കേന്ദ്രാവിഷ്കൃത പദ്ധതികളും വിവിധ വിഹിതങ്ങളും.
- കേന്ദ്ര ഗവൺമെന്റ് സ്കീമുകൾക്ക് കീഴിലുള്ള ഫ്ലെക്സി-ഫണ്ടിന്റെ വിന്യാസം
- ക്രൗഡ് ഫണ്ടിംഗ്
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (സി എം ഡി ആർ എഫ്) വഴിയുള്ള ഫണ്ട് സമാഹരണം
- നബാർഡ് ഫണ്ടിംഗ് (നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് (എൻ ഐ ഡി എ) മുഖേനെ
- ഹഡ്കോയും മറ്റ് വായ്പാ മാർഗങ്ങളും
- മസാല ബോണ്ടുകൾ, ഡയസ്പോറ ബോണ്ടുകൾ, മറ്റ് വിവിധ സ്വകാര്യ മേഖലയിലെ സാമ്പത്തിക സ്രോതസ്സുകൾ എന്നിവയുൾപ്പെടെ സ്ഥാപനപരവും റീട്ടെയിൽ ഫിനാൻസിംഗിന്റെ സ്വകാര്യവും പാരമ്പര്യേതരവുമായ ഉറവിടങ്ങൾ.

**ലോകബാങ്കുമായുള്ള പങ്കാളിത്തം**

കേന്ദ്ര സർക്കാരിന്റെ പിന്തുണയോടെ സംസ്ഥാന സർക്കാർ ലോകബാങ്കുമായി 250 മില്യൺ അമേരിക്കൻ ഡോളറിന്റെ വായ്പാ കരാറിൽ ഒപ്പുവച്ചു. ഈ പ്രോഗ്രാം ലോകബാങ്കിന്റെ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാന പങ്കാളിത്തത്തെ പ്രതിനിധീകരിക്കുന്നു. ദരിദ്രരുടെയും ദുർബല വിഭാഗങ്ങളുടെയും ഉപജീവനമാർഗങ്ങളും ആസ്തികളും സംരക്ഷിക്കുന്നതിനായി സംസ്ഥാനത്തിന്റെ സ്ഥാപനപരവും സാമ്പത്തികവുമായ ശേഷി ശക്തിപ്പെടുത്തുന്നതിലാണ് ഈ പ്രോഗ്രാം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഹരിതവും പ്രതിരോധശേഷിയുമുള്ള കേരളം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള റീബിൽഡ് കേരള ഡവലപ്മെന്റ് പ്രോഗ്രാമിന് കേന്ദ്രസർക്കാർ നൽകുന്ന പിന്തുണയുടെ ഭാഗമാണ് ഈ പുതിയ പരിപാടി.

താഴെപ്പറയുന്ന കാര്യങ്ങളിൽ സംസ്ഥാനത്തെ പിന്തുണയ്ക്കുക എന്നതാണ് റീ ബിൽഡ് കേരള പ്രോഗ്രാം ലക്ഷ്യമിടുന്നത്:

- നദീതട ആസൂത്രണവും ജലവിതരണവും ശുചിത്വ സേവനങ്ങളും ഉൾപ്പെടെയുള്ള ജല അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങളും മാനേജ്മെന്റും മെച്ചപ്പെടുത്തുക
- റിസ്ക് ഇൻഷുറൻസ് ഉപയോഗിച്ച് പ്രതിരോധശേഷിയുള്ളതും സുസ്ഥിരവുമായ കൃഷി പ്രോത്സാഹിപ്പിക്കുക
- പ്രധാന റോഡ് ശൃംഖലകളുടെ പ്രതിരോധശേഷി മെച്ചപ്പെടുത്തുക
- ഉയർന്ന അപകടസാധ്യതയുള്ള പ്രദേശങ്ങളിലെ ഭൂരേഖകൾ ഏകീകരിക്കുകയും പരിപാലിക്കുകയും ചെയ്യുക
- റിസ്ക് അടിസ്ഥാനമാക്കിയുള്ള നഗര ആസൂത്രണം പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക മുനിസിപ്പാലിറ്റികളുടെ ചെലവ് ആസൂത്രണം ശക്തിപ്പെടുത്തുന്നതിനും.
- കേരളത്തിന്റെ സാമ്പത്തിക, പൊതു സാമ്പത്തിക മാനേജ്മെന്റ് ശേഷി ശക്തിപ്പെടുത്തുക

ഡാം ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് ആൻഡ് റീഹാബിലിറ്റേഷൻ (ഡിആർഐപി), നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്റ്റ് ഫേസ് 2, നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റ്, കേരള ലോക്കൽ ഗവൺമെന്റ് ആന്റ് സർവീസ് ഡെലിവറി പ്രോജക്റ്റ് എന്നിങ്ങനെയുള്ള വിവിധ ഇടപെടലുകളിലൂടെ ലോകബാങ്ക് കേരളത്തെ തുടർച്ചയായി പിന്തുണയ്ക്കുന്നു. കൂടാതെ, വെള്ളപ്പൊക്കത്തെത്തുടർന്ന് ലോക ബാങ്ക് ഇന്ത്യാ ഗവൺമെന്റുമായും കേരള സംസ്ഥാന സർക്കാരുമായും സഹകരിച്ചു പ്രവർത്തിക്കുന്നു. വെള്ളപ്പൊക്കത്തിന്റെ ആഘാതം വിലയിരുത്തുന്നതിലും വീണ്ടെടുക്കൽ, പുനർനിർമാണം എന്നിവയിൽ സഹായം വാഗ്ദാനം ചെയ്യുന്നതിലും ലോകബാങ്ക് നിർണായക പങ്ക് വഹിച്ചു. ദുരന്തം, കാലാവസ്ഥാ വ്യതിയാനം എന്നിവയുമായി ബന്ധപ്പെട്ട അപകടസാധ്യതകളെ നേരിടാനുള്ള സംസ്ഥാനത്തിന്റെ നയങ്ങളും സ്ഥാപനങ്ങളും സംവിധാനങ്ങളും തിരിച്ചറിയുന്നതിനും ലോക ബാങ്ക് സംസ്ഥാനത്തെ പിന്തുണച്ചു.

**ആർകെഐയുടെ കീഴിലുള്ള സ്കീമുകളുടെ പുരോഗതി**

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ നിലവിൽ വിവിധ മേഖലകളിലായി 34 ഓളം പ്രോജക്ടുകൾ പൂർണ്ണമായി/ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. മൃഗസംരക്ഷണവും ക്ഷീരവികസനവും, ദുരന്തനിവാരണ

ക്രോസ് കട്ടിംഗ്, കൃഷി, ഉപജീവനമാർഗം, റോഡുകളും പാലങ്ങളും, ശുചിത്വം, ക്രോസ് കട്ടിംഗ് പരിസ്ഥിതി, സംയോജിത ജലവിഭവ മാനേജ്മെന്റ് (ഐ ഡബ്ല്യു ആർ എം), ജലവിതരണം, ശുചിത്വം, മത്സ്യബന്ധനം തുടങ്ങിയവയാണ് ആർ കെ ഐ പദ്ധതികളിൽ ഉൾപ്പെട്ടിരിക്കുന്ന മേഖലകൾ. 2023 ഒക്ടോബർ 15 വരെ 2019 -23 കാലയളവിലെ 5813.51 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും പൂർണ്ണമായി/ ഭാഗികമായി പൂർത്തിയാക്കിയ 34 പ്രോജക്ടുകൾക്കായി 2688.93 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആർ കെ ഐ (2023-24) പ്രകാരം പൂർത്തിയാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ **അനുബന്ധം 11.6.2**-ൽ നൽകിയിരിക്കുന്നു.

### പ്രധാന നയങ്ങൾ

പ്രധാന വകുപ്പുകളുടെ നയരൂപീകരണത്തിനും നയക്രമീകരണത്തിനും ആർ കെ ഐ സൗകര്യമൊരുക്കിയിട്ടുണ്ട്, സർക്കാർ താഴെപ്പറയുന്ന നയങ്ങൾ രൂപീകരിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്:

- സംസ്ഥാനത്തിന്റെ പുനർനിർമ്മാണ തന്ത്രം ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ചുമതല സംസ്ഥാന സർക്കാർ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനെ (ആർ കെ ഐ ) ഏൽപ്പിക്കുകയും ആർ കെ ഐ-യുടെ പ്രവർത്തന തന്ത്രത്തിനും സ്ഥാപന ചട്ടക്കൂടുകൾക്കുമായി സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.
- സാമ്പത്തിക സുസ്ഥിരത ശക്തിപ്പെടുത്തുന്നതിന്, (എ) കേരള സ്റ്റാമ്പ് ആക്ട് പ്രകാരം ഭൂമിയുടെ മൂല്യനിർണ്ണയം നൂറ് ശതമാനം വർദ്ധിപ്പിച്ച് (100%) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു; (ബി) കെട്ടിടങ്ങളുടെ മൂല്യനിർണയം വർധിപ്പിക്കുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു; കൂടാതെ (സി) ഒരു ഡയസ്പോറ ബോണ്ട് മുഖേനയുള്ള വീണ്ടെടുക്കൽ ശ്രമങ്ങൾക്കായി സ്വകാര്യ റീട്ടെയിൽ ഫിനാൻസ് സമാഹരിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കാൻ കിഫ്ബിയെ നിയോഗിക്കുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
- 13-ാം പഞ്ചവത്സര പദ്ധതിയിൽ (2017-2022) സംസ്ഥാനത്തിന്റെ നാലാം വർഷ പരിപാടി (2020-21) അനുസരിച്ച് - അഗ്രോ ഇക്കോളജിക്കൽ സോണുകളും അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളും അടിസ്ഥാനമാക്കി കൃഷി വകുപ്പിന്റെ പദ്ധതികൾ വികസിപ്പിക്കുന്നതിനും ആസൂത്രണം ചെയ്യുന്നതിനും ബജറ്റ് വികസിപ്പിച്ചെടുക്കുന്നതിനും കൃഷി വകുപ്പിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
- കേരള സർക്കാർ (എ) കോർ റോഡ് നെറ്റ്വർക്ക് കൈകാര്യം ചെയ്യുന്നതിനും, ഡിസൈനും പ്രകടന നിലവാരവും, ദുരന്തവുമായി ബന്ധപ്പെട്ട എമർജൻസി റെസ്പോൺസ് മൊഡ്യൂളും ഉൾക്കൊള്ളുന്ന പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള മാനേജ്മെന്റ് കരാർ മോഡൽ സ്വീകരിച്ചിട്ടുണ്ട്; കൂടാതെ (ബി) ചില അവശ്യേതര റോഡ് മേഖലാ ഏജൻസികളുടെ ലിക്വിഡേഷനിലൂടെയും അവരുടെ ഉത്തരവുകളും ആസ്തികളും പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിലൂടെയും ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന റോഡ് മേഖലയിൽ സ്ഥാപനപരമായ സ്ട്രീംലൈനിംഗിന് തുടക്കമിട്ടു.
- ചെലവ് കുറഞ്ഞ സെപ്റ്റേജ്, വേസ്റ്റ് മാനേജ്മെന്റ് മോഡലുകൾ ഉൾപ്പെടുത്തി, സംസ്ഥാന ശുചിത്വ, മാലിന്യ സംസ്കരണ തന്ത്രം കേരള സർക്കാർ സ്വീകരിച്ചു. (എ) പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുന്നതിന് ഒറ്റത്തവണ മാത്രം ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം, സംഭരണം, ഗതാഗതം, ഉപയോഗം എന്നിവ നിരോധിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്; കൂടാതെ (ബി) ഖരമാലിന്യങ്ങളുടെ സുസ്ഥിരമായ മാനേജ്മെന്റിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി ഒരു സംയോജിത ഖരമാലിന്യ മാനേജ്മെന്റ് തന്ത്രം അംഗീകരിച്ചു. (സി) കേരള സംസ്ഥാനത്തിനായുള്ള ഒരു ഡ്രാഫ്റ്റ് ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് നയം തയ്യാറാക്കുകയും സ്റ്റേക്ക്ഹോൾഡേഴ്സിൻറെ കൂടിയാലോചനയ്ക്ക് ശേഷം സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.
- (i)ഭേദഗതി വരുത്തിയ ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് (ടി സി പി) നിയമത്തിന്റെ കരട് മന്ത്രിസഭയുടെ അംഗീകാരത്തോടെയും (ii) മുൻഗണനയുള്ള മൾട്ടി ഇയർ മുനിസിപ്പൽ ഇൻഫ്രാസ്ടക്ചർ പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിനുള്ള വാർഷിക ആസൂത്രണ മാർഗ്ഗനിർദ്ദേശങ്ങൾ പുനഃപരിശോധിക്കുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിലൂടെയും കേരള സർക്കാർ സുസ്ഥിര അപകടസാധ്യതയുള്ള നഗരാസൂത്രണവും ബഹുവർഷ മുനിസിപ്പൽ ഇൻഫ്രാസ്ടക്ച്ചർ ആസൂത്രണവും സാധ്യമാക്കി.
- ആർ കെ ഐ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (പി എം യു) ആയ റീ ബിൽഡ് കേരള പ്രോഗ്രാമിന്റെ (പി ഫോർ ആർ) ഭാഗമായി താഴെ പറയുന്ന സംരംഭങ്ങൾ കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.
- **ഡെബ്റ്റ് മാനേജ്മെന്റ് പ്ലാൻ സ്വീകരിക്കൽ:** - പ്രകൃതി ദുരന്തങ്ങളും രോഗബാധയും മൂലമുള്ള ആകസ്മികമായ ബാധ്യതകൾ കൈകാര്യം ചെയ്യുന്നതിനുള്ള കേരള സർക്കാരിന്റെ കഴിവ് ശക്തിപ്പെടുത്തുന്നതിന്, ധനകാര്യ വകുപ്പ് ഒരു ഡെറ്റ് മാനേജ്മെന്റ് പ്ലാൻ രൂപീകരിക്കുന്നതിനും സംസ്ഥാനത്തിന്റെ കടം- ജി എസ് ഡി പി അനുപാതസ്കെയിൽ കുറയ്ക്കുന്നതിന് ഒരു ഡെറ്റ് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
- **ഏകീകൃത ഡാറ്റാബേസ്:** - ഗവൺമെന്റിന്റെയും കമ്മ്യൂണിറ്റികളുടെയും സാമ്പത്തിക ദൃഢത ശക്തിപ്പെടുത്തുന്ന ഒരു സമഗ്രമായ ഡിസാസ്റ്റർ റിസ്ക് ഫിനാൻസിംഗ് (ഡി ആർ എഫ്) ചട്ടക്കൂട് വികസിപ്പിക്കുന്നതിന്റെ ഭാഗമായി, ദുർബലരായ കുടുംബങ്ങളുടെ ഒരു ഏകീകൃത ഡാറ്റാബേസും ദുരന്താനന്തര സുരക്ഷയെ പ്രവർത്തനക്ഷമമാക്കുന്ന പേയ്മെന്റ് പ്ലാറ്റ്ഫോമും കേരള സർക്കാർ വികസിപ്പിക്കുന്നു. ഇതിലൂടെ അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൃത്യസമയത്ത് പണമടയ്ക്കുന്നതിനു സാധ്യമാകും.
- **ഫോർവേഡ് വർക്ക്സ് പ്രോഗ്രാം:** - സർവേ നടത്തിയ റോഡിന്റെ അവസ്ഥയും വിലയിരുത്തലും പോലുള്ള ഡാറ്റ ഉപയോഗിച്ച് പമ്പാ തടത്തിൽ ഏകദേശം 6000 കിലോമീറ്റർ റോഡിന്റെ (കോർ റോഡ് നെറ്റ്വർക്ക്) അറ്റകുറ്റപ്പണികൾക്കായി റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിലേക്ക് (ആർ എം എം എസ്) ഉൾപ്പെടുത്തിഫോർവേഡ് വർക്ക്സ് പ്രോഗ്രാം (എഫ് ഡബ്ല്യു പി) നടപ്പിലാക്കാൻ കേരള സർക്കാർ

ലക്ഷ്യമിടുന്നു. അതനുസരിച്ച്, ഫോർവേഡ് വർക്ക്സ് പ്രോഗ്രാം (എഫ്ഡബ്ല്യുപി) പ്രകാരം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ബജറ്റ് വകയിരുത്താൻ കേരള സർക്കാർ പദ്ധതിയിടുന്നു.

- **വൺ ഹെൽത്ത് അപ്രോച്ച്** - ജന്തുജന്യ രോഗങ്ങളുടെ ആഘാതങ്ങൾ കുറയ്ക്കുന്നതിന് രോഗനിർണയം, ട്രാക്ക് ചെയ്യൽ, രോഗ ബാധയോട് പ്രതികരിക്കുന്നതിനുള്ള ഒരു സംയോജിത ആരോഗ്യ സമീപനം എന്നിവ സംസ്ഥാനവ്യാപകമായി നടപ്പിലാക്കുന്നു.
- **ഡിസാസ്റ്റർ റിസ്ക് ഫിനാൻസിംഗും ഇൻഷുറൻസും:** - കേരള സർക്കാരിന്റെയും , കേരളത്തിലെ ദുർബല കുടുംബങ്ങളുടെയും ഡിസാസ്റ്റർ റിസ്ക് ഫിനാൻസിംഗ്, ഇൻഷുറൻസ് കപ്പാസിറ്റി എന്നിവ മെച്ചപ്പെടുത്തുന്നതിന്, സംസ്ഥാന ദുരന്ത പ്രതികരണ നിധി (എസ് ഡി ആർ എഫ്)/ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (സി എം ഡി ആർ എഫ്) എന്നിവയിലേക്ക് മാർക്കറ്റ് അധിഷ്ഠിത വിഭവങ്ങൾ ഒരു ദുരന്ത റിസ്ക് ഫിനാൻസിങ് ഉപകരണമായി സമാഹരിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ, പമ്പാ നദീതട ജില്ലകളിൽ നിന്നുള്ള ഏകദേശം 33,922 കർഷകരും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- **അപകടസാധ്യത മുന്നറിയിപ്പിനുള്ള നഗര മാസ്റ്റർ പ്ലാനുകൾ:** - ഡിപ്പാർട്ട്മെന്റ് ഓഫ് കൺട്രി ആൻഡ് ടൗൺ പ്ലാനിംഗ് (എൽ എസ് ജി ഡി - സി ടി പി), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്നിവ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുമായി (കെ എസ് ഡി എം എ) സഹകരിച്ച് സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങൾക്കും (യു എൽ ബി) കാലാവസ്ഥാ മാതൃകകൾ രൂപീകരിച്ച് നൽകുകയും അതിനെപ്പറ്റിയുള്ള വിവരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങൾക്കും ഫലപ്രദമായ റിസ്ക് ഇൻഫോർമഡ് മാസ്റ്റർ പ്ലാനുകളും (ആർ ഐ എം പി എസ്) ഡിസാസ്റ്റർ ക്ലൈമറ്റ് ആക്ഷൻ ട്രാക്കർ (ഡി സി എ ടി) ടൂളും വികസിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അപ്രകാരം മാസ്റ്റർ പ്ലാനുകൾ വികസിപ്പിക്കുന്ന നഗര തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പെർഫോമൻസ് ഗ്രാന്റുകളുടെ രൂപത്തിൽ ഇൻസെന്റീവ്സ് നൽകുമെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ നഗര തദ്ദേശ സ്ഥാപനങ്ങൾക്കായി പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കിയിട്ടുണ്ട്, പരിശീലനങ്ങൾ ഉടൻ നടത്തുമെന്ന് പ്രതീക്ഷിക്കുന്നു.
- **പ്രളയ പ്രവചനവും സംയോജിത റിസർവോയർ പ്രവർത്തന സംവിധാനങ്ങളും:** - കെ എസ് ഡി എം എ മുഖേന പൊതുജനങ്ങൾക്ക് പ്രളയ മുന്നറിയിപ്പ് നൽകുന്നതിനും, പമ്പാ തടത്തിനായി ജലവിഭവ വകുപ്പ് ഒരു വെള്ളപ്പൊക്ക പ്രവചനവും സംയോജിത റിസർവോയർ പ്രവർത്തന സംവിധാനവും വികസിപ്പിച്ചെടുത്തിട്ടുണ്ട്.

# 11.7 കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)

സംസ്ഥാന സർക്കാരിൻറെ മൂലധനച്ചെലവുകൾക്കായി ഫണ്ട് സ്വരൂപിക്കുന്നതിനുള്ള ഏജൻസിയായി 1999-ൽ കേരള സർക്കാർ രൂപീകരിച്ച ഒരു ധനകാര്യ സ്ഥാപനമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി). സംസ്ഥാനത്തുടനീളമുള്ള നിർണായക അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കുവേണ്ടിയുള്ള ധനസമാഹരണം, മേഖലിയിലെ നിക്ഷേപം സുഗമമാക്കുക തുടങ്ങിയ പ്രാഥമിക ലക്ഷ്യത്തോടുകൂടി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (കിഫ്) ആക്ട് പ്രകാരം രൂപികരിക്കപ്പെട്ട ബോർഡ് കേരളത്തിലെ അടിസ്ഥാന സൗകര്യ വികസന ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ്. ഘടനയും പദ്ധതികളുടെ ഗുണനിലവാരവും സമയക്രമവും നവീകരിക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് നിയമം 2016-ൽ ഭേദഗതിചെയ്തു. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ധനലഭ്യതയുടെ കുറവ് പരിഹരിക്കപ്പെടുകയും പൊതു-സ്വകാര്യ വിഭവങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്തുകൊണ്ട് അടിസ്ഥാന സൗകര്യ വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച ഒരു സ്ഥാപനമായി കിഫ്ബി മാറി.

സെക്യൂരിറ്റീസ് & എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി), റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർ.ബി.ഐ) എന്നിവ അംഗീകരിച്ച സാമ്പത്തിക നിർദ്ദേശങ്ങൾക്കനുസരിച്ച്, വികസനത്തിന്റെ അവിഭാജ്യമായ ഘടകമായ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങളുടെ ആസൂത്രിതവും, തടസ്സരഹിതവും സുസ്ഥിരവുമായ വികസനത്തിന് കിഫ്ബി സഹായിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിൽ ഭരണവകുപ്പുകളെ സഹായിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനമായി(എസ്.പി.വി) കേന്ദ്ര/സംസ്ഥാന/പൊതുമേഖലാ ഏജൻസികളുമായി കിഫ്ബി കൈകോർക്കുന്നു.

**പദ്ധതികളുടെ വൈവിധ്യം**

ഗതാഗതം, ശുചിത്വം, ഊർജ്ജം , സാമൂഹിക-വാണിജ്യ അടിസ്ഥാന സൗകര്യങ്ങൾ, വിവര സാങ്കേതിക വിദ്യ, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങിയ മേഖലകളിലെ പദ്ധതികളിൽ നിക്ഷേപം നടത്തുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് രൂപീകരിച്ചത്. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്, പെട്രോകെമിക്കൽ/ഫാർമ പാർക്ക് - കൊച്ചി (ഭൂമി ഏറ്റെടുക്കൽ), വെസ്റ്റ് കോസ്റ്റ് കനാൽ, തീരദേശ,മലയോര ഹൈവേകൾ, വയനാട് ഇരട്ട തുരങ്കപാത, ട്രാൻസ്ഗ്രിഡ് 2.0, ലൈഫ് സയൻസ് പാർക്ക്, തിരുവനന്തപുരം (ഘട്ടം II- ഭൂമി ഏറ്റെടുക്കൽ),ഹൈ-ടെക് സ്കൂൾ പ്രോഗ്രാം, കൊച്ചി ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) തുടങ്ങിയവ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന ചില വൻകിട പദ്ധതികളാണ്.

അടിസ്ഥാന സൗകര്യ വികസനത്തിനായി നിക്ഷേപം നടത്തുന്നതിലൂടെ, സംസ്ഥാനത്തെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുകയാണ് കിഫ്ബി ലക്ഷ്യമിടുന്നത്. വികസിത അടിസ്ഥാന സൗകര്യങ്ങൾക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും കഴിയും. പുനരുപയോഗ ഊർജ്ജം, ജല ഉപഭോഗം, നഗര വികസനം തുടങ്ങിയ പരിസ്ഥിതി സംരക്ഷണത്തിൽ അധിഷ്ഠിതമായതും സാമൂഹിക ഉൾക്കാഴ്ചയിൽ ഊന്നൽ നൽകുന്നതുമായ സുസ്ഥിര വികസനത്തിലാണ് കിഫ്ബി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ഭൂമി ഏറ്റെടുക്കൽ പദ്ധതികളും കിഫ്ബി മുഖേന നടപ്പിലാക്കിവരുന്നു. 2023 മാർച്ച് വരെ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, റോഡുകൾ, ഗതാഗതം, ജലസേചനം, ജലവിതരണം, വൈദ്യുതി, തുറമുഖങ്ങൾ, ഉൾനാടൻ ഗതാഗതം, ഡ്രെയിനേജ്, ഖരമാലിന്യ

**പട്ടിക 11.7.1.** 2023 മാർച്ച് 31 വരെ കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ (രൂപ കോടിയിൽ)

| ക്രമ.നം. | പദ്ധതി ഇനം | 2021-22 | | 2022-23 | | ആകെ (2016-23) | |
|---|---|---|---|---|---|---|---|
| | | എണ്ണം | വിഹിതം | എണ്ണം | വിഹിതം | എണ്ണം | വിഹിതം |
| 1 | അടിസ്ഥാന സൗകര്യ പദ്ധതികൾ | 58 | 7249.92 | 94 | 8392.75 | 1050 | 61,027.02 |
| 2 | ലാൻഡ് അക്വിസിഷൻ പൂളിന് കീഴിലുള്ള പദ്ധതികൾ | 1 | 840.00 | 0 | 0.00 | 7 | 20,000.00 |
| | ആകെ | 59 | 8089.92 | 94 | 8392.75 | 1057 | 81,027.02 |

അവലംബം: കിഫ്ബി

സംസ്കരണം തുടങ്ങി 81,027.02 കോടി രൂപയുടെ 1,050 അടിസ്ഥാന സൗകര്യ പദ്ധതികൾക്കും 20,000 കോടി രൂപയുടെ ലാൻഡ് അക്വസിഷൻ പൂളിന് കീഴിൽ 7 വൻകിട ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്കും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ മാത്രം 8,392.75 കോടി രൂപയുടെ 94 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയത്. അംഗീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 11.7.1**-ലും പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.7.1.**-ലും നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലായി കിഫ്ബി മുഖേനയുള്ള പദ്ധതികൾ പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലാണ്. പൊതുമരാമത്ത് വകുപ്പിനു കീഴിൽ 30,014 കോടി രൂപയുടെ 485 പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. മലയോര ഹൈവേ, തീരദേശ ഹൈവേ പദ്ധതികൾ, ആനക്കാംപൊയിൽ - കള്ളാടി-മേപ്പാടി (എ.എം) ഇരട്ട തുരങ്ക പാത തുടങ്ങിയ പ്രധാന പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. 2,134.5 കോടി രൂപ അടങ്കൽ ഉള്ള ആനക്കാംപൊയിൽ - കള്ളാടി-മേപ്പാടി തുരങ്ക പാത കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന 8.735 കിലോമീറ്റർ (ഇരുവശങ്ങളിലും അപ്രോച്ച് റോഡുകൾ ഉൾപ്പെടെ) ദൈർഘ്യമുള്ള നാലുവരി തുരങ്ക പാതയാണ്. പദ്ധതി പൂർത്തിയാവുന്നതോടെ താമരശ്ശേരി ചുരം റോഡിന് ബദലായി വിശ്വസനീയവും സുരക്ഷിതവും എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡ് കണക്റ്റിവിറ്റി പ്രദാനം ചെയ്യുന്ന മാർഗ്ഗമായി ഇത് മാറും.

വ്യവസായ വകുപ്പ് പുറത്തിറക്കിയ പുതിയ വ്യവസായ നയം സംസ്ഥാനത്തിന്റെ വ്യാവസായിക കാലാവസ്ഥയിൽ അർത്ഥവത്തായ മാറ്റം കൊണ്ടുവരുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുന്നു. കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴിയുടെ (കെ.ബി.ഐ.സി) ഭാഗമായി, ഇൻഡസ്ട്രിയൽ മാനുഫാക്ചറിംഗ് ക്ലസ്റ്റർ (എൽ.എം.സി) വികസിപ്പിക്കുന്നതിനായി 1,038 കോടി രൂപ ചെലവിൽ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) പാലക്കാട് ജില്ലയിൽ 1,351 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ അങ്കമാലിയിൽ 'ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ട്രേഡ് (ഗിഫ്റ്റ്) സിറ്റി' എന്ന പേരിൽ ബിസിനസ് കേന്ദ്രമായി പ്രവർത്തിക്കുന്നതിനുള്ള ഒരു നോൺ-മാനുഫാക്ചറിംഗ് ക്ലസ്റ്റർ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി എറണാകുളം ജില്ലയിലെ അയ്യമ്പുഴ വില്ലേജിൽ 144.9759 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബി 850 കോടി രൂപ ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

കിഫ്ബി ഫണ്ടിന്റെ പ്രധാന പങ്ക് റോഡുകൾക്കും റോഡ് ഗതാഗത മേഖലയ്ക്കുമായി നീക്കിവച്ചിട്ടുണ്ട്, 2023 മാർച്ച് വരെ ഇത് 37,512.43 കോടി രൂപയാണ്. ആനക്കാംപൊയിൽ കള്ളാടി മേപ്പാടി തുരങ്കപാത പദ്ധതി ഉൾപ്പെടെയുള്ള വിവിധ റോഡ് പദ്ധതികൾക്കായി 30,014.23 കോടി രൂപയ്ക്ക് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ,ആലപ്പുഴ മൊബിലിറ്റി ഹബ് ഒന്നാം ഘട്ടം, ആലപ്പുഴ കെഎസ്ആർടിസി ബസ് ടെർമിനൽ കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിനും ബോർഡ് തുക അനുവദിച്ചിട്ടുണ്ട്. റോഡ്, റോഡ് ഗതാഗത മേഖലയ്ക്കുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ **പട്ടിക 11.7.2**.-ൽ കാണിച്ചിരിക്കുന്നു.


**പട്ടിക 11.7.2.** 2023 മാർച്ച് 31 വരെ റോഡ്, റോഡ് ഗതാഗത മേഖലയിൽ കിഫ്ബി അനുവദിച്ച തുക (രൂപ കോടിയിൽ)

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1 | തീരദേശ ഹൈവേ | 2,899.11 |
| 2 | മലയോര ഹൈവേ | 3,167.89 |
| 3 | ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി(എ.എം) തുരങ്കപാത | 2,134.5 |
| 4 | മറ്റ് റോഡ്/പാലം പദ്ധതികൾ | 22,009.46 |
| 5 | റോഡ് ഗതാഗത പദ്ധതികൾ | 504.47 |
| 6 | ദേശീയപാത വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ | 6,797.00 |
| | ആകെ | 37,512.43 |

അവലംബം: കിഫ്ബി

ഭീമമായ ഭൂമി ഏറ്റെടുക്കൽ ചെലവ് സംസ്ഥാനത്തിന്റെ ദേശീയപാത വികസനത്തിന് വലിയ തടസ്സമായിരുന്നു. എന്നാൽ, കിഫ്ബി മുഖേന ദേശീയ പാത വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 25 ശതമാനം സംസ്ഥാനം ഏറ്റെടുക്കാൻ തീരുമാനിച്ചതോടെ ഇതിന് ഏറെക്കുറെ പരിഹാരമായി. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ആകെ വകയിരുത്തിയ 6,769 കോടി രൂപയിൽ, 2023 മാർച്ച് 31 വരെ 5,580.74 കോടി രൂപ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് (NHAI) കൈമാറിയിട്ടുണ്ട്. മലയോര ഹൈവേ പദ്ധതിക്കായി 3,167.89 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. തിരുവനന്തപുരം,കൊല്ലം,ഇടുക്കി,കാസറഗോഡ് ജില്ലകളിലെ മലയോര ഹൈവേയുടെ ചില ഭാഗങ്ങൾ കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി) ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട് .

**ചിത്രം 11.7.1** മേഖല തിരിച്ചുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ




അവലംബം: കിഫ്ബി

റോഡ്, റോഡ് ഗതാഗത മേഖല കഴിഞ്ഞാൽ കിഫ്ബി ധനസഹായത്തിന്റെ ലഭ്യതയുടെ കാര്യത്തിൽ ജലവിഭവം (6,548.92 കോടി രൂപ), ആരോഗ്യ-കുടുംബ ക്ഷേമം (5712.57 കോടി രൂപ)മേഖലകളാണ് മുന്നിട്ടു നിൽക്കുന്നത്. 344.2 കോടി രൂപ ചെലവിൽ ചെല്ലാനത്തെ തകർന്ന കടൽഭിത്തിയുടെ പുനർനിർമ്മാണവും ഗ്രോയിൻ ഫീൽഡ് നിർമ്മാണ പദ്ധതിയും ജലവിഭവ മേഖലയിൽ ഏറ്റെടുത്തിട്ടുള്ള സുപ്രധാന പദ്ധതികളാണ്. കൂടാതെ, അഞ്ച് സീ പിയർ നിർമ്മാണ പ്രവൃത്തികൾ, രണ്ട് കനാൽ നവീകരണ പ്രവർത്തനങ്ങൾ, പത്ത് ചെക്ക് ഡാമുകളുടെ നിർമ്മാണം, കുടിവെള്ള പദ്ധതികൾ എന്നിവയും കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നവയാണ്. കൊച്ചി നഗര പുനരുജ്ജീവനത്തിന്-സംയോജിത ജലഗതാഗത പദ്ധതിക്കായി 556.51 കോടി രൂപ ബോർഡ് അനുവദിച്ചു. കൂടാതെ, വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനത്തിനായി 915.84 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മേഖല തിരിച്ചുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ **ചിത്രം 11.7.1** ൽ കാണിച്ചിരിക്കുന്നു.

വൈദ്യുതി വിതരണ സംവിധാനത്തിന്റെ വിശ്വാസ്യതയും സുരക്ഷയും വർദ്ധിപ്പിക്കാനും, പരിസ്ഥിതിക്കും പൊതുജനങ്ങൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതും പ്രസരണനഷ്ടം കുറഞ്ഞതും കാര്യക്ഷമവുമായ ഒരു ഊർജ്ജ വിതരണ സംവിധാനമെന്ന ഹരിത കാഴ്ചപ്പാടോടെയാണ് കെ.എസ്.ഇ.ബി.എൽ 'ട്രാൻസ്ഗ്രിഡ് 2.0' പദ്ധതിക്ക് തുടക്കമിട്ടത്. പദ്ധതിക്ക് 5,200 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിൽ വരുന്നതോടുകൂടി പീക്ക് ലോഡ് സിസ്റ്റം നഷ്ടം ഏകദേശം 107.8 മെഗാവാട്ട് കുറയ്ക്കുവാനും അതുവഴി 522.21 ദശലക്ഷം യൂണിറ്റ് (MU) വാർഷിക ഊർജ്ജ ലാഭം ഉണ്ടാക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ ഭാഗമായി കോതമംഗലം, കലൂർ, ചാലക്കുടി, തലശ്ശേരി എന്നിവിടങ്ങളിലെ സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി.

ആയുഷ് പദ്ധതി ഉൾപ്പെടെ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന് കീഴിലെ പദ്ധതികൾക്കായി 5,895.63 കോടി രൂപ കിഫ്ബി അനുവദിച്ചു. ബോർഡ് അംഗീകരിച്ച മൊത്തം പദ്ധതികളുടെ 9.7 ശതമാനമാണിത്. താലൂക്ക് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ , കൊച്ചിൻ കാൻസർ സെന്റർ, മട്ടന്നൂരിലെ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ തുടങ്ങിയ സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പെടെ സംസ്ഥാനത്തെ 55 ആശുപത്രികളുടെ വികസനത്തിനുള്ള പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. 10 ക്രിട്ടിക്കൽ കെയർ യൂണിറ്റ് (സിസിയു), 9 കാത്‌ലാബ്, 43 ഡയാലിസിസ് യൂണിറ്റുകൾ എന്നിവയുടെ സജ്ജീകരണവും പൂർത്തിയായി. ഇതിനുപുറമെ, 140 നിയമസഭാ മണ്ഡലങ്ങളിലും 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനായി 236.30 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി

മെച്ചപ്പെടുത്തുന്നതിനുള്ള 1,137.5 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി, കിഫ്ബി 4,747 കോടി രൂപ വകയിരുത്തിയിട്ടുണ്ട്, ഇതിൽ 2,995 കോടി രൂപ പൊതുവിദ്യാഭ്യാസ മേഖലയ്ക്കും 1,752 കോടി രൂപ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കും നീക്കിവച്ചിരിക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയിൽ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ കീഴിൽ ഓരോ നിയോജകമണ്ഡലത്തിലെയും ഒരു സ്കൂളിന്റെ നവീകണത്തിനായി ആകെ 702.29 കോടി രൂപ വകയിരുത്തിയിട്ടുണ്ട്, 2023 മാർച്ച് വരെ ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട 39 സ്കൂളുകളിൽ 19 സ്കൂളുകളുടെ പ്രവൃത്തികൾ പൂർത്തിയായി. സംസ്ഥാനത്തെ ലോവർ,അപ്പർ പ്രൈമറി സ്കൂളുകളിലായി 11,257 ഹൈടെക് ലാബുകളുടെ സജ്ജീകരണം, സെക്കണ്ടറി,ഹയർ സെക്കണ്ടറി സ്കൂളുകളിലെ 44,705 ഹൈടെക് ക്ലാസ് മുറികളുടെ നിർമ്മാണം, 425 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി ധനസഹായത്തോടെ പൂർത്തീകരിച്ച പദ്ധതികളിലുൾപ്പെടുന്നു. ഇപ്രകാരം, 785.5 കോടി രൂപയാണ് വിദ്യാഭ്യാസ മേഖലയിലെ ഹൈടെക് പദ്ധതികൾക്ക് മാത്രമായി കിഫ്ബി ചെലവഴിച്ചത്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ, 55 ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ നവീകരണത്തിനുള്ള പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 5 കോളേജുകൾ പൈതൃക കോളേജുകളുടെ വികസന പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കും. 4 എഞ്ചിനീയറിംഗ് കോളേജുകൾ, 8 പോളിടെക്നിക്കുകൾ, 5 സർവ്വകലാശാലകൾ എന്നിവയുടെ വികസനത്തിന് 560.43 കോടി രൂപയുടെ പദ്ധതികൾ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. വികസനത്തിനായി ഏറ്റെടുത്ത 5 സർവ്വകലാശാലകളിൽ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലശാലയ്ക്കാണ് (കുസാറ്റ്) കൂടുതൽ വിഹിതം ലഭിക്കുന്നത്. അക്കാദമിക ഗവേഷണ മേഖലയിലെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് കുസാറ്റിന് 241.72 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

2017-18-ൽ 1061.73 കോടി രൂപ വകയിരുത്തിയ കിഫ്ബി പദ്ധതിയാണ് കേരളാ ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്(കെ-ഫോൺ). ഗ്രാമീണ മേഖലയിൽ മികച്ച നെറ്റ്‌വർക്ക് കണക്റ്റിവിറ്റി പ്രദാനം ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി, കാര്യക്ഷമമായ സേവനം ഉറപ്പുനൽകുന്നതിനും, സേവനത്തിന്റെ ഗുണനിലവാരം (QoS), വിശ്വാസ്യത,ആവൃത്തി,സുരക്ഷ എന്നിവ ഉറപ്പാക്കുകയും ഭാവിയിൽ ഉണ്ടായേക്കാവുന്ന ബാൻഡ്‌വിഡ്ത്ത് ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ സംസ്ഥാന വ്യാപക കോർ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് സജ്ജീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. 30,000 സർക്കാർ സ്ഥാപനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകയും 20,000 സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും ഇന്റർനെറ്റ് സേവനം പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ രൂപം നൽകിയ പദ്ധതിയുടെ ആദ്യ ഘട്ടം ഇതിനകം പൂർത്തിയായി. കൂടാതെ, 351.13 കോടി രൂപ ചെലവിൽ കളമശ്ശേരി, കഴക്കൂട്ടം എന്നിവടങ്ങളിലെ ഐടി പാർക്കുകളുടെ വികസനത്തിന് കിഫ്ബി ധനസഹായം നൽകുന്നുണ്ട്.


അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ്, 54 സ്റ്റേഡിയങ്ങൾ, രണ്ട് സ്പോർട്സ് സ്കൂളുകളുടെ വികസനം എന്നിവയുൾപ്പെടെ സ്പോർട്സ് മേഖലയിൽ 834.66 കോടി രൂപയുടെ 39 പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. 2023 മാർച്ച് വരെ ,ആലപ്പുഴ, തലശ്ശേരി പൈതൃക പദ്ധതികൾക്ക് പുറമെ 117.51 കോടി രൂപ ചെലവിൽ ആക്കുളം തടാകത്തിന്റെയും നീർത്തടത്തിന്റെയും പുനരുജ്ജീവന പ്രവർത്തനം ഉൾപ്പടെ 506.11 കോടി രൂപയുടെ വിനോദസഞ്ചാര പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 9 തിയേറ്റർ കോംപ്ലക്സുകൾ, 8 സാംസ്കാരിക സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണം, ചിത്രാഞ്ജലി സ്റ്റുഡിയോയെ ഒരു ഫിലിം സിറ്റിയായി വികസിപ്പിക്കുക തുടങ്ങിയ സാംസ്കാരിക പദ്ധതികൾക്കും കിഫ്ബി തുക വകയിരുത്തിയിട്ടുണ്ട്. അഞ്ച് ഘട്ടങ്ങളിലായി പൂർത്തിയാക്കാനുദ്ദേശിക്കുന്ന ആലപ്പുഴ പൈതൃക പദ്ധതിയ്ക്കായി 81.07 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, വയനാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന തലശ്ശേരി പൈതൃക പദ്ധതിക്ക് 78.16 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്.

10.5 ലക്ഷം പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജ കാര്യക്ഷമതയുള്ള എൽഇഡി ലൈറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്ന 'നിലാവ്' പദ്ധതിക്ക് 298.38 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി തിരഞ്ഞെടുത്തിട്ടുള്ള പദ്ധതിയുടെ നിർവ്വഹണ ഏജൻസി കെ.എസ്.ഇ.ബി. യാണ്. 'ഫിലമെന്റ് രഹിത കേരളം' എന്ന ലക്ഷ്യത്തെ മുൻനിർത്തി ആരംഭിച്ച പദ്ധതി ഇതിനോടകം തന്നെ സംസ്ഥാനത്തിന്റെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഒരു നാഴികക്കല്ലായി മാറിയിട്ടുണ്ട്. കൂടാതെ, ഈ പദ്ധതി നടപ്പിൽ വരുന്നതോടുകൂടി പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പദ്ധതി നിർവ്വഹണ പുരോഗതി**

2023 മാർച്ച് 31 വരെ, 13,389.89 കോടി രൂപയുടെ പദ്ധതികൾ KIIFB പൂർത്തിയാക്കി. 1,050 കിഫ്ബി അംഗീകൃത പദ്ധതികളിൽ 604 പദ്ധതികൾ ടെൻഡർ ചെയ്യുകയും 553 പദ്ധതി പ്രവൃത്തികൾ അവാർഡ് ചെയ്യുകയും/ആരംഭിക്കുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷത്തിൽ, അടിസ്ഥാന സൗകര്യ പദ്ധതികൾക്കും ഭൂമി ഏറ്റെടുക്കലിനും വേണ്ടി കിഫ്ബി 4,673.28 കോടി രൂപയാണ് അനുവദിച്ചത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇത് 8,459.47 കോടി രൂപയായിരുന്നു. 2023 മാർച്ച് 31 വരെ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി ആകെ 23,631.8 കോടി രൂപ കിഫ്ബി വിതരണം ചെയ്തിട്ടുണ്ട്. ധന വിനിയോഗ വിശദാംശങ്ങൾ **പട്ടിക 11.7.3**-ൽ നൽകിയിരിക്കുന്നു.

**ചിത്രം 11.7.2** 2023 മാർച്ച് 31 വരെയുള്ള കിഫ്ബിയുടെ സാമ്പത്തിക പ്രകടനം, (രൂപ കോടിയിൽ)




അവലംബം: കിഫ്ബി

**പട്ടിക 11.7.3** അടിസ്ഥാന സൗകര്യവികസനത്തിനും ലാൻഡ് അക്വസിഷൻ പൂളിനും കീഴിലുമായി കിഫ്ബി അംഗീകരിച്ച പദ്ധതികൾക്ക് വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ(രൂപ കോടിയിൽ)

| ക്രമ. നം. | പദ്ധതികൾ | പദ്ധതികളുടെ എണ്ണം | വിഹിതം | വിതരണം ചെയ്ത തുക |
|---|---|---|---|---|
| 1 | അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ | 1050 | 61,027.00 | 14,123.97 |
| 2 | ലാൻഡ് അക്വിസിഷൻ പൂളിന് കീഴിലുള്ള പദ്ധതികൾ | 7 | 20,000.00 | 9,507.78 |
| | ആകെ | 1057 | 81,027.00 | 23,631.8* |

* വിശദാംശങ്ങൾ 31.03.2023 വരെയുള്ള കണക്കുകൾ പ്രകാരം
അവലംബം: കിഫ്ബി

ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്ക് മാത്രമായി 2023 മാർച്ച് വരെ കിഫ്ബി 9,507.78 കോടി രൂപ അനുവദിച്ചിട്ടുണ്ട്, ഇത് മൊത്തം വിതരണത്തിന്റെ 40.23 ശതമാനമാണ്. ഇതിൽ ദേശീയ പാതയ്ക്ക് 5,580.74 കോടി രൂപയും 3 വ്യവസായ പാർക്കുകളുടെ വികസനത്തിനായി 2,952.58 കോടി രൂപയും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് 145.60 കോടി രൂപയും കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ & ഗിഫ്റ്റ് സിറ്റി പദ്ധതിക്ക് 828.85 കോടി രൂപയും നൽകിയിട്ടുണ്ട് . 2021-22 ൽ KIIFB വിതരണം ചെയ്ത 8,459.47 കോടി രൂപയിൽ 2,747 കോടി രൂപ സംസ്ഥാനത്തെ ദേശീയ പാത വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ ചെലവിലേക്ക് NHAI-ക്ക് കൈമാറിയ തുകയാണ്. 2023 മാർച്ച് വരെയുള്ള കിഫ്ബിയുടെ സാമ്പത്തിക പ്രകടനം **ചിത്രം 11.7.2** ൽ കൊടുത്തിരിക്കുന്നു

അമേരിക്കൻ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസിയായ ഫിച്ച്, 2023 സെപ്റ്റംബറിൽ കിഫ്ബിക്ക് സ്റ്റേബിൾ ഔട്ട് ലുക്കോടെയുള്ള 'ബിബി-/ബി' റേറ്റിംഗ് നൽകിയിട്ടുണ്ട്. 2023 ഏപ്രിലിൽ 'അർബൻ ഇൻഫ്രാസ്ട്രക്ചറിന് കീഴിൽ മികച്ച പ്രകടനം നടത്തിയ ഏജൻസി'യ്ക്കുള്ള ഹഡ്കോയുടെ അവാർഡ് കിഫ്ബിയ്ക്ക് ലഭിച്ചു.

# 11.8 കാസറഗോഡ് വികസന പാക്കേജ്

കാസറഗോഡ് ജില്ലയിലെ വിവിധ മേഖലകളിലെ പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടെ വികസിപ്പിക്കുന്നതു വഴി ജില്ലയുടെ സമഗ്രമായ പുരോഗതിയാണ് കാസറഗോഡ് പാക്കേജിൽ ലക്ഷ്യമിടുന്നത്. കാസറഗോഡ് ജില്ലയ്ക്കായി ഒരു സംയോജിത വികസന പദ്ധതി തയ്യാറാക്കാൻ സർക്കാർ ഡോ.പി.പ്രഭാകരൻ കമ്മീഷനെ നിയോഗിച്ചിരുന്നു. ജില്ലയിലെ പിന്നോക്ക മേഖലകളെയും പ്രദേശങ്ങളെയും കണ്ടെത്തി കാസറഗോഡിന്റെ സമഗ്ര വികസനത്തിനായി ഒരു പാക്കേജ് കമ്മീഷൻ നിർദ്ദേശിച്ചു. വിവിധ മേഖലകൾ ഉൾക്കൊള്ളുന്ന 11,123.07 കോടി രൂപയുടെ പ്രവൃത്തികളാണ് പാക്കേജിൽ വിഭാവനം ചെയ്യുന്നത്. ഇതിൽ 2,524.56 കോടി രൂപയാണ് കേരള സർക്കാരിന്റെ പദ്ധതി വിഹിതം, 756.19 കോടി രൂപ ഇന്ത്യാ ഗവൺമെന്റിന്റെ വിഹിതവും, 543.00 കോടി രൂപ മറ്റ് ഏജൻസികൾ വഴിയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഹിതമായി 7264.16 കോടി രൂപയും മറ്റ് സ്രോതസ്സുകളിൽ നിന്ന് 35.16 കോടി രൂപയുമാണ് ആകെ പദ്ധതി അടങ്കൽ.

കാസറഗോഡ് വികസന പാക്കേജിൽ പരാമർശിച്ച പദ്ധതികൾ 2013-14 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചതാണ്. 2013-14 മുതൽ 2023-24 വരെ പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന ബജറ്റിൽ നിന്നും 85,195.00 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. 2013-14 മുതൽ 2023 സെപ്റ്റംബർ വരെ 83,762.08 ലക്ഷം രൂപ 608 പ്രോജക്ടുകൾക്കായി അനുവദിച്ചു. ഇതിൽ 443 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും 165 പ്രോജക്ടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലും ആണ്.

ആരോഗ്യമേഖലയിൽ, സർക്കാർ ആശുപത്രികളുടെ നവീകരണത്തിനുള്ള പദ്ധതികളിൽ പുതിയ കെട്ടിട സൗകര്യങ്ങൾ, ഉപകരണങ്ങൾ, മലിനജല സംസ്കരണ പ്ലാന്റുകൾ, വൈദ്യുതീകരണം തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഒരുക്കുന്ന പ്രൊജക്ടുകളാണ് ഏറ്റെടുത്തിട്ടുള്ളത്. തൈക്കടപ്പുറം, പിലിക്കോട്, ചെങ്കള, ചട്ടഞ്ചാൽ, തുരുത്തി, പള്ളിക്കര, വോർക്കാടി, മൗക്കോട് എന്നിവിടങ്ങളിലെ പിഎച്ച്സി/എഫ്എച്ച്സി/സിഎച്ച്സി എന്നിവയുടെ നിർമാണം ഈ കാലയളവിൽ പൂർത്തിയാക്കിയ പ്രധാന ആരോഗ്യ പദ്ധതികളിൽ ഉൾപ്പെടുന്നു. ഗ്രാമപ്രദേശങ്ങളിൽ മികച്ച ആരോഗ്യ പരിരക്ഷ പ്രദാനം ചെയ്യുവാൻ ഈ പ്രൊജക്ടുകൾ വഴി സാധിച്ചു. വിദ്യാഭ്യാസ മേഖലയിൽ ആവശ്യത്തിന് ക്ലാസ് മുറികൾ, ടോയ്‌ലറ്റുകൾ തുടങ്ങിയവയ്ക്കായി നിർദ്ദേശിച്ച പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കി. ജില്ലയിൽ ഭൂഗർഭജലനിരപ്പ് ഉറപ്പാക്കുന്നതിനായി റഗുലേറ്ററുകൾ, റബ്ബർ ചെക്ക് ഡാമുകൾ, വിസിബികൾ, ചെക്ക് ഡാമുകൾ, നദികളുടെ പുനരുജ്ജീവനം തുടങ്ങിയ പദ്ധതികളും ഇക്കാലയളവിൽ ഏറ്റെടുത്തു നടപ്പിലാക്കി.

കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുന്ന 5 കോടി രൂപയിൽ താഴെയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി 16 അംഗ ജില്ലാതല കമ്മിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ, ചീഫ് സെക്രട്ടറിയുടെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും അദ്ധ്യക്ഷതയിലുള്ള സംസ്ഥാനതല എംപവേർഡ് കമ്മിറ്റി (SLEC) കാസർകോട് വികസന പാക്കേജിന്റെ നിർവഹണ പുരോഗതി പതിവായി

അവലോകനം ചെയ്യുന്നുണ്ട്. കാസർഗോഡ് വികസന പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭൗതികവും സാമ്പത്തികവുമായ സ്ഥിതി **പട്ടിക 11.8.1, 11.8.2** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടിക 11.8.1** കാസറഗോഡ് വികസന പാക്കേജ് - സാമ്പത്തിക പുരോഗതി (30.09.2023 വരെ)

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ഭരണാനുമതി തുക | ചെലവ് |
|---|---|---|---|
| 2013-14 | 2,500.00 | 2,790.67 | 2,390.81 |
| 2014-15 | 7,500.00 | 9,332.94 | 6,210.80 |
| 2015-16 | 8,500.00 | 9,751.49 | 5,711.93 |
| 2016-17 | 8,798.00 | 14,299.84 | 8,243.30 |
| 2017-18 | 9,000.00 | 7,629.72 | 3,307.33 |
| 2018-19 | 9,500.00 | 7,882.22 | 275.27 |
| 2019-20 | 9,065.00 | 9,048.73 | 2,102.91 |
| 2020-21 | 7,500.00 | 7,500.00 | 4,932.17 |
| 2021-22 | 7,832.00 | 7,892.57 | 6,480.64 |
| 2022-23 | 7,500.00 | 7,500.64 | 5,782.36 |
| 2023-24 | 7,500.00 | 133.26 | 1,616.99 |
| ആകെ | 85,195.00 | 83,762.08 | 4,7054.51 |

**പട്ടിക 11.8.2** കാസറഗോഡ് വികസന പാക്കേജ് - ഭൗതീക പുരോഗതി (30.09.2023 വരെ)

| സാമ്പത്തിക വർഷം | പദ്ധതികൾ അനുവദിച്ചത് | പദ്ധതികൾ പൂർത്തിയാക്കിയത് | നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ |
|---|---|---|---|
| 2013-14 | 28 | 28 | 0 |
| 2014-15 | 24 | 23 | 1 |
| 2015-16 | 76 | 75 | 1 |
| 2016-17 | 81 | 80 | 1 |
| 2017-18 | 62 | 58 | 4 |
| 2018-19 | 80 | 67 | 13 |
| 2019-20 | 55 | 42 | 13 |
| 2020-21 | 73 | 45 | 28 |
| 2021-22 | 62 | 22 | 40 |
| 2022-23 | 61 | 3 | 58 |
| 2023-24 | 6 | 0 | 6 |
| ആകെ | 608 | 443 | 165 |

അദ്ധ്യായം

# 12

# പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും

# പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും

ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ ദരിദ്രരേയും സ്ത്രീകളെയും പ്രകൃതിയെയും തൊഴിലിനേയും ചേർത്തുപിടിക്കുന്ന ഒരു മൂർത്തമായ വികസന പ്രക്രിയ ഉറപ്പുവരുത്തുന്നതിൽ വികേന്ദ്രീകൃതാസൂത്രണത്തിന് നിസ്തുലമായ പങ്കാണ് വഹിക്കുവാനുള്ളത്. കമ്പോള ഏകീകരണവും നവീന സാങ്കേതിക വിദ്യകളുടെ പ്രയോഗവും രാജ്യാതിർത്തികൾ തന്നെ അപ്രസക്തമാക്കുന്ന ഈ കാലഘട്ടത്തിൽ ചർച്ചകളും ചില ക്രമീകരണങ്ങളും ഉണ്ടാകേണ്ടതും വികേന്ദ്രീകൃതാസൂത്രണ സംവിധാനങ്ങൾ രൂപപ്പെടുകയും കരുത്താർജ്ജിക്കുകയും ചെയ്യേണ്ടത് വളരെയേറെ നിർണ്ണായകമാണ്. (യു. എൻ.ഡി.പി- ഇന്ത്യയിലെ വികേന്ദ്രീകൃതാസൂത്രണം സാധ്യതകളും വെല്ലുവിളികളും)

ഉൽപ്പാദന മേഖലയിൽ അത്യാധുനിക ശാസ്ത്ര-സാങ്കേതികവിദ്യകൾ പ്രയോഗിച്ചുകൊണ്ടും യുവാക്കൾക്ക് ആധുനിക തൊഴിൽ വൈദഗ്ദ്ധ്യം നൽകി കൊണ്ടും, ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തിയും ആധുനിക വത്ക്കരണവും സംരംഭകത്വവും പ്രോത്സാഹിപ്പിച്ചും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉയർന്ന വളർച്ചാ പാതയിലേക്ക് നയിക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നത്. ഒരു വിജ്ഞാന സമൂഹമായും വിജ്ഞാന സമ്പദ് വ്യവസ്ഥയായും വളരുന്നതിന് സംസ്ഥാനത്തെ സഹായിക്കുന്നതിനുള്ള തന്ത്രമായിട്ടാണ് ഇതിനെ വിഭാവനം ചെയ്തിരിക്കുന്നത്. ഒരു നവകേരളം സൃഷ്ടിക്കാൻ ആവശ്യമായ പരിവർത്തനത്തിന് താഴെ തട്ടിലുള്ള സംവിധാനങ്ങളെ, പ്രത്യേകിച്ച് പ്രാദേശിക സർക്കാരുകളെ ഊർജ്ജസ്വലരാക്കേണ്ടത് വളരെ പ്രധാനമാണ്. സാധാരണക്കാരനെ സർക്കാരുമായി പ്രാഥമികമായി ബന്ധിപ്പിക്കുന്നവ എന്ന നിലയിൽ പ്രാദേശിക സർക്കാരുകൾക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക പുനരുജ്ജീവനത്തിൽ നിർണായകമായ പങ്ക് വഹിക്കാനുണ്ട്.

സെക്കണ്ടറി സേവന മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പുറമേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശാസ്ത്രീയമായ പ്രകൃതിവിഭവ മാനേജ്മെന്റും സാമൂഹ്യ ഉൾച്ചേർക്കലും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ദാരിദ്ര്യ നിർമാർജ്ജനം, സേവന പ്രദാനത്തിന്റെ ഗുണനിലവാരം വർധിപ്പിക്കൽ, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ വിഭാഗങ്ങളുടെയും സാമൂഹിക സുരക്ഷ ഉറപ്പാക്കൽ എന്നിവയാണ് മറ്റ് പ്രധാന ഇടപെടലുകൾ.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ സഫലമാക്കുന്നതിനായി വിവിധ വികസന ഏജൻസികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ശ്രമങ്ങൾ പ്രയോജന പ്പെടുത്തുന്നതിനായും ഹരിതകേരളം, ലൈഫ്, ആർദ്രം, പൊതു വിദ്യഭ്യാസ സംരക്ഷണ യജ്ഞം എന്നീ നാല് മിഷനുകളെ കേരള സർക്കാർ ഏകീകരിച്ച് നവകേരള കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്

പതിനാലാം പഞ്ചവത്സര പദ്ധതി മുന്നോട്ട് വയ്ക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ലക്ഷ്യങ്ങളും, മുൻഗണനാ മേഖലകളും, പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ സർക്കാർ ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2022-23 പദ്ധതി പ്രകടനം, വെല്ലുവിളികൾ, മുന്നോട്ടുള്ള വഴികൾ എന്നിവയാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

**പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മുൻഗണനകൾ:**
പതിനാലാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള പ്രധാന മുൻഗണനകൾ ഇനി പറയുന്നവയാണ്.

നേരത്തെ സൂചിപ്പിച്ചതുപോലെ, പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യം ശാസ്ത്രം, സാങ്കേതികവിദ്യ, ആധുനിക വൈദഗ്ധ്യം, നൂതനത്വം എന്നിവയിൽ ഊന്നി ക്കൊണ്ട് ഉൽപാദന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുകയും സാമൂഹിക നിക്ഷേപം, സാമൂഹിക ക്ഷേമം, ലിംഗനീതി എന്നിവ മെച്ചപ്പെടുത്തുന്നതിലുമാണ്. ഇത് എല്ലാവരേയും ഉൾക്കൊള്ളുന്നതും സുസ്ഥിരവുമായ വളർച്ച ഉറപ്പാക്കുകയും ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം നൽകുകയും ചെയ്യും.

**പ്രധാന മുൻഗണനകൾ**

- **പ്രദേശിക സാമ്പത്തിക വികസനം:** സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച പുനരുജ്ജി വിപ്പിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും തടസ്സങ്ങളില്ലാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിന്തുണ നൽകിക്കൊണ്ട് പ്രദേശിക സർക്കാരുകൾ സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കും. തദ്ദേശ ഭരണ സ്ഥാപനങ്ങൾ സംരംഭകർക്ക് സാമ്പത്തിക സാങ്കേതിക, നൈപുണ്യ സഹായങ്ങൾ നൽകും. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ കമ്മ്യൂണിറ്റി തലത്തിലുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ തുടങ്ങിയവ സ്ഥാപിക്കും. ഈ പ്രക്രിയയിൽ, തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ മേഖലകളിൽ നിന്നുള്ള വിഭവങ്ങൾ, പ്രത്യേകിച്ച് സഹകരണ മേഖലയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വ്യത്യസ്ത വിതരണ, ശൃംഖലാ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും വിനിയോഗിക്കും
- **തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ:** തൊഴിൽ സൃഷ്ടിക്കൽ പ്രധാന ലക്ഷ്യങ്ങളിലൊന്നായി സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ പ്രാദേശിക സർക്കാരുകൾ വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നൂതന പരിപാടികൾ ആവിഷ്കരിക്കും. ഇതോടൊപ്പം, സമൂഹത്തിലെ അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത വിഭാഗങ്ങൾക്ക് രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള വൻതോതിലുള്ള നൈപുണ്യ പരിപാടികൾ സജ്ജീകരിക്കും.
- **വാതിൽപ്പടിസേവനം :** പതിനാലാം പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങൾ പൗര സേവന വിതരണം ശക്തിപ്പെടുത്തുകയും വൈവിധ്യവൽക്കരിക്കുകയും ചെയ്യും. ഇക്കാര്യത്തിൽ, വാർദ്ധക്യം, അസുഖം, വൈകല്യം, മറ്റ് പരിമിതപ്പെടുത്തുന്ന ഘടകങ്ങൾ എന്നിവ കാരണം ചലനശേഷി പിരിമിതമായ വ്യക്തികൾക്ക് വാതിൽപ്പടിയിൽ സേവനങ്ങൾ എത്തിച്ചു നൽകും. വിവിധ വികസന ഏജൻസി കളുടെ പ്രവർത്തനങ്ങളും സന്നദ്ധ പ്രവർത്തനങ്ങളും പ്രയോജനപ്പെടുത്തിയാണ് ഇത് നടപ്പാക്കുക.
- **കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രാദേശിക കർമ്മ പദ്ധതി :** കാലാവസ്ഥാ വ്യതി യാനം മൂലം സംസ്ഥാനത്തെ പ്രകടമായ രീതിയിൽ ബാധിച്ച പ്രകൃതി ദുരന്തങ്ങൾ കാര്യക്ഷമമായി ലഘൂകരിക്കുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കുന്നതിന് ശാസ്ത്രീയമായ പഠനങ്ങൾ ആവശ്യമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങളെ കുറയ്ക്കുന്നതിനും പ്രതിരോധശേഷി വളർത്തിയെടുക്കുന്നതിനും പ്രാദേശിക സർക്കാ രുകൾ പ്രത്യേക ദീർഘകാല, ഹ്രസ്വകാല കർമ്മ പദ്ധതികൾ ആവിഷ്കരിക്കും.
- **സുസ്ഥിര വകസന ലക്ഷ്യങ്ങൾ :** പതിനാലാം പദ്ധതിയിൽ, യു.എൻ പ്രഖ്യാപിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി യോജിപ്പിക്കുന്നതിന് വികസന ലക്ഷ്യങ്ങളും ഫലങ്ങളും വിന്യസി ക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ ശ്രദ്ധ കേന്ദ്രീകരിക്കും. ഈ പ്രക്രിയയിൽ, തദ്ദേശ സ്ഥാപനങ്ങൾ സുസ്ഥിര വികസന ലക്ഷ്യങ്ങളെ പ്രാദേശിക പ്രവർത്തന പരിപാടികളിലേക്ക് സമന്വയിപ്പിക്കുകയും സൂക്ഷ്മതലത്തിൽ ഈ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന്റെ പുരോഗതി നിരീക്ഷിക്കുകയും ചെയ്യും.
- **നഗരവൽക്കരണവും മാലിന്യ സംസ്കരണവും:.** വലിയ തോതിലുള്ള നഗരവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ നഗരവൽക്കരണവുമായി ബ ന്ധപ്പെട്ട പ്രശ്നങ്ങൾ പതിനാലാം പദ്ധതിയിൽ പ്രാദേശിക സർക്കാരുകൾ കൃത്യമായി പരിഹരിക്കും. ഇക്കാര്യത്തിൽ, പ്രാദേശിക സർക്കാരുകൾ ഖരമാലിന്യ സംസ്കരണത്തിന്റെ കാര്യക്ഷമമായ സാങ്കേതിക വിദ്യകൾ വീടുകളിൽ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുകയും പുനരുപയോഗത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുകയും ചെയ്യും. അതിലുപരി, ജനങ്ങളുടെ സഹകരണം അഭ്യർത്ഥിച്ചും അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും ദ്രവമാലിന്യ സംസ്കരണത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കും.
- **ദരിദ്രർക്കായി മൈക്രോ പ്ലാനുകൾ :** പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തെ അതിദാരിദ്ര്യം തുടച്ചുനീക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിദാരിദ്ര്യ നിർമാർജനം ഗവൺമെന്റിന്റെ ഒരു സുപ്രധാന ഉറപ്പായിരുന്നു, അതിനായി അതിദാരിദ്ര്യ ഉപപദ്ധതി ആവിഷ്കരിച്ചു.

മേൽപ്പറഞ്ഞവ കൂടാതെ, സാമൂഹ്യനീതി, ലിംഗ സമത്വം, ആരോഗ്യ-വിദ്യാഭ്യാസ സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ എന്നിവയാണ് 14-ാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് പ്രധാന മുൻഗണനകൾ

14-ാം പഞ്ചവത്സര പദ്ധതിയിലെ മുൻഗണനകൾക്ക് അനുസൃതമായി, പ്രധാന മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളെ സജ്ജരാക്കുന്നതിന് സർക്കാർ ഇനിപ്പറയുന്ന പരിപാടികൾ ആരംഭിച്ചു. പ്രാദേശിക തലത്തിൽ ഈ പ്രക്രിയ സുഗമമാക്കുന്നതിന് വിഭവങ്ങൾ സംയോജിപ്പിച്ച് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

**1. പ്രാദേശിക സാമ്പത്തിക വികസനം–** പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതുവരെ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത് തൊഴിൽ ദായക സംരംഭങ്ങൾക്ക് സബ്സിഡി സഹായം നൽകൽ, പരിശീലനം നൽകൽ, അടിസ്ഥാന സൗകര്യങ്ങൾ

വികസിപ്പിക്കൽ, സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ തുടങ്ങിയവയുമാണ്. എന്നിരുന്നാലും, സംസ്ഥാനതലത്തിൽ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു ആവാസവ്യവസ്ഥ കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങൾ അടിസ്ഥാനപരമായി താഴെത്തട്ടിൽ നിന്നും ആവശ്യമായി വന്ന സാഹചര്യത്തിൽ, സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതികളും തദ്ദേശഭരണസ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതനുസരിച്ച്, സംരംഭകർക്ക് സാമ്പത്തിക സഹായവും വിദഗ്ധ ഉപദേശങ്ങൾ നൽകാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ കഴിയും. വായ്പകൾക്കുള്ള പലിശ സബ്സിഡി, ടെക്നോളജി കൈമാറ്റ ഫണ്ട്, ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ട്, ഇന്നൊവേഷൻ ഫണ്ട്, ഇൻക്യുബേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം തുടങ്ങിയ സഹായത്തിനുള്ള വ്യവസ്ഥകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സംരംഭങ്ങളുടെ വികസനത്തിന് സഹായകമായിട്ടുണ്ട്. തൊഴിൽ സൃഷ്ടിക്കുന്ന സംരംഭങ്ങളെ ബന്ധിപ്പിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ പിന്തുണ നൽകും. പ്രാദേശിക തലത്തിൽ സംരംഭകത്വ-തൊഴിൽ വികസന കൗൺസിൽ, സാങ്കേതിക സമിതികൾ, ഹെൽപ്പ് ഡെസ്കുകൾ തുടങ്ങിയ പുതിയ സ്ഥാപന സംവിധാനങ്ങൾ സംരംഭകരും ചേർന്ന് സംരംഭങ്ങൾ സ്ഥാപിക്കുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സഹായകമായിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ ഇപ്പോൾ ഏകജാലക ക്ലിയറൻസ് സംവിധാനമായും സംരംഭകത്വ വികസനത്തിനുള്ള ഫെസിലിറ്റേഷൻ കേന്ദ്രമായും മാറുമെന്ന് പ്രതീക്ഷിക്കുന്നു. സംരംഭകത്വ വികസനം, വൈദഗ്ധ്യം, സ്വയം തൊഴിൽ, തൊഴിൽ സൃഷ്ടിക്കൽ എന്നിവയുടെ എല്ലാ പ്രവർത്തന ഘടകങ്ങളും പ്രാദേശിക തലത്തിൽ സംയോജിപ്പിക്കും. ഈ പുതിയ സംവിധാനങ്ങളോടെ, വികസനത്തിന്റെ പുതിയ മേഖലകളിലേക്ക് പ്രവേശിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറെടുക്കുമ്പോൾ ഇത് കേരളത്തിലെ പ്രാദേശിക ഭരണത്തിലെ ഒരു വഴിത്തിരിവാകും.

സംസ്ഥാനത്ത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2022-23 വർഷം സംരംഭകത്വ വർഷമായി പ്രഖ്യാപിച്ചിരുന്നു. 250 ദിവസങ്ങൾക്കുള്ളിൽ ലക്ഷ്യം കൈവരിക്കാൻ സാധിച്ചുവെന്നതിനാൽ ഈ ക്യാമ്പയിൻ വലിയ ശ്രദ്ധ ആകർഷിച്ചിരുന്നു. സംസ്ഥാനത്ത് 2023 മാർച്ച് 31 വരെ 1,39,840 പുതിയ എംഎസ്എംഇകൾ സ്ഥാപിതമായി, 3,00,051 പേർക്ക് തൊഴിൽ ലഭിച്ചു. ഇതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി പ്രൊഫഷണൽ യോഗ്യതയുള്ള 1,153 ഇന്റേണുകളെ നിയമിച്ചു. ഓരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലുമുള്ള എല്ലാ 20 വാർഡുകളിലും ഒരു ഇന്റേൺ ആണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്. ലഭ്യമായ വിവിധ സംരംഭകത്വ പിന്തുണാ സേവനങ്ങളെക്കുറിച്ച് സംരംഭകർക്ക് ഓറിയന്റേഷൻ നൽകാൻ അവരെ പ്രാപ്തരാക്കുന്നതിന് ഇന്റേണുകൾക്ക് പരിശീലനം നൽകുന്നു. വിവിധ ഏജൻസികളുടെയും വകുപ്പുകളുടെയും സഹായത്തോടെ ലൈസൻസുകൾ, സബ്സിഡികൾ, വായ്പകൾ എന്നിവയ്ക്ക് അപേക്ഷിക്കുന്നതിനും വായ്പകൾ ലഭ്യമാകുന്ന പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനും സാങ്കേതികവിദ്യകൾ വാങ്ങുന്നതിനും ഇന്റേണുകൾ സംരംഭകരെ സഹായിക്കും. അവർ സേവനം നൽകുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതിയ സംരംഭങ്ങൾ തിരിച്ചറിയുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമായി ഇന്റേണുകൾക്ക് പ്രത്യേക ടാർഗറ്റ് നൽകിയിട്ടുണ്ട്. ഈ ഇന്റേണുകളുടെ പ്രവർത്തനങ്ങൾ അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ / താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലെ വ്യവസായ ഓഫീസർമാർ ഏകോപിപ്പിക്കും. സംസ്ഥാനത്തുടനീളമുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതുജനങ്ങൾക്കും സംരംഭകർക്കും പരിഹാരങ്ങൾ നൽകുന്നതിനുള്ള ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ തിങ്കൾ, ബുധൻ ദിവസങ്ങളിലും ഈ ഹെൽപ്പ് ഡെസ്കുകൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇന്റേണുകളുടെ സേവനം പൊതുജനങ്ങൾക്ക് ലഭിക്കും. മാർക്കറ്റിംഗ്, ഫിനാൻസ്, ജി.എസ്.ടി. കയറ്റുമതി/ഇറക്കുമതി, ബാങ്കിംഗ്, ലൈസൻസുകൾ, അനുമതികൾ, ബിസിനസ്സിന്റെ നിയമപരവും സാങ്കേതികവുമായ വശങ്ങൾ മുതലായവയിൽ സംരംഭകർക്ക് ഉപദേശങ്ങൾ നൽകുന്നതിന് എംപാനൽ ചെയ്ത 168 വിഷയ വിദഗ്ധരുടെ സഹായത്തോടെ വ്യവസായ വകുപ്പ് എംഎസ്എംഇ ക്ലിനിക്കുകൾ രൂപീകരിച്ചു.

കൂടാതെ, 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെ എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റി. ഇതിനായി പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചിട്ടുണ്ട്. ഒരു ലക്ഷം എന്റർപ്രൈസസ് സ്കീമിനായി വ്യവസായ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി 'ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം' (OLOP) എന്ന പദ്ധതി ഏറ്റെടുത്തു. പദ്ധതിയുടെ ഭാഗമായി, ഓരോ ജില്ലയിലെയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നടത്തുന്ന സാധ്യതാ പഠനത്തിലൂടെ ഓരോ തദ്ദേശഭരണസ്ഥാപനതലത്തിലും വിഭവങ്ങളുടെ ലഭ്യതയെ അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങളുടെ വിശദമായ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിന് സമ്പന്നമായ പ്രകൃതിവിഭവങ്ങളുള്ളതിനാൽ, 'ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം' പദ്ധതി പ്രകാരം കണ്ടെത്തിയ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിനും അവയ്ക്ക് ന്യായവില ഉറപ്പാക്കുന്നതിനും സഹായിക്കും. ഈ ഉൽപന്നങ്ങളുടെ മൂല്യവർദ്ധനയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കും സംരംഭകർക്കും ഗണ്യമായ ഉയർന്ന വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സംരംഭകത്വത്തെ പിന്തുണയ്ക്കുന്നതിനായുള്ള തദ്ദേശ ഭരണസ്ഥാപനങ്ങളിലെ പുതിയ സംവിധാനങ്ങൾ മുഖേന ഈ സംരംഭങ്ങളെല്ലാം പൂർത്തീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും.

**2.മാലിന്യ സംസ്കരണത്തിനായുള്ള മാലിന്യ മുക്തം ക്യാമ്പയിൻ:**

2017-ൽ നവകേരളം കർമ്മപദ്ധതിയുടെ കീഴിലുള്ള വികസന ദൗത്യങ്ങളിലൊന്നായി ഹരിതകേരളം മിഷൻ ആരംഭിച്ചു. സുസ്ഥിരവും ശാസ്ത്രീയവുമായ മാലിന്യ സംസ്കരണമായിരുന്നു ദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. 2022-ൽ, 'നവകേരളം വൃത്തിയുള്ള കേരളം' സംസ്ഥാന കർമ്മ പദ്ധതി ആവിഷ്കരിച്ചത് 2025-ഓടെ സംസ്ഥാനത്തെ മാലിന്യ വിമുക്തമാക്കുക എന്ന ധീരമായ ലക്ഷ്യത്തോടെയാണ് . ഈ ലക്ഷ്യം നേടുന്നതിന് വാർഷിക മഴക്കാല ശുചീകരണ യജ്ഞവും അന്നു നിലവിലുള്ള സമാനമായ സംരംഭങ്ങളും സംയോജിപ്പിച്ചു. ബ്രഹ്മപുരം സംഭവവും തുടർന്നുള്ള ഹൈക്കോടതി ഇടപെടലും സർക്കാരിന്റെ മാലിന്യ സംസ്കരണ ശ്രമങ്ങൾക്ക് കാര്യമായ ആക്കം കൂട്ടി.

പിന്നീട്, 2024 മാർച്ചോടെ ലക്ഷ്യം നേടുന്നതിനാണ് മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ ആരംഭിച്ചത്. എല്ലാ മാലിന്യങ്ങളും 100 ശതമാനം ഉറവിടത്തിൽ തന്നെ വേർതിരിക്കുക, വീട്ടുതോറുമുള്ള അജൈവ മാലിന്യങ്ങളുടെ ശേഖരണം, എല്ലാ ജൈവമാലിന്യങ്ങളുടെയും ശാസ്ത്രീയ സംസ്കരണം, എല്ലാ പൊതു ഇടങ്ങളിലെ വൃത്തിയും ശുചിത്വവും, മാലിന്യക്കൂമ്പാരങ്ങൾ നീക്കം ചെയ്യൽ, എല്ലാ ജലാശയങ്ങളും വൃത്തിയാക്കി അവയുടെ പാരിസ്ഥിതിക ഒഴുക്ക് പുനഃസ്ഥാപിക്കൽ എന്നിവ ഉറപ്പാക്കുന്നതിലാണ് ക്യാമ്പയിനിന്റെ ഒന്നാം ഘട്ടം ശ്രദ്ധ കേന്ദ്രീകരിച്ചത്.

ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഫലമായി വർദ്ധിച്ചുവരുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അവശ്യ അടിസ്ഥാനസൗകര്യങ്ങളും സംവിധാനങ്ങളും ഉറപ്പാക്കുകയും മെച്ചപ്പെടുത്തലുകൾ സ്ഥാപനവൽക്കരിക്കുകയും ചെയ്യുക എന്നതാണ് ക്യാമ്പയിനിന്റെ രണ്ടാം ഘട്ടം പ്രാഥമികമായി ലക്ഷ്യമിടുന്നത്. മൂന്നാം ഘട്ടം ഇതുവരെ കൈവരിച്ച പുരോഗതി നിലനിർത്തുന്നതിന് ഊന്നൽ നൽകും. അതോടൊപ്പം ഗാർഹിക അപകടകരമായ മാലിന്യങ്ങൾ, സാനിറ്ററി മാലിന്യങ്ങൾ, സി&ഡി മാലിന്യങ്ങൾ മുതലായവ സംസ്കരിക്കുന്നതിന് ശക്തമായ ഒരു സംവിധാനം സ്ഥാപിക്കുകയും ചെയ്യും. ഡംപ്സൈറ്റ് ബയോ റിമെഡിയേഷൻ, പ്രോസസ്സിംഗ് സൗകര്യങ്ങൾ മുതലായവയിൽ നിന്ന് ഉണ്ടാകുന്ന അവശിഷ്ട വസ്തുക്കൾ എന്നിവയുടെ ശാസ്ത്രീയ നിർമാർജ്ജനം തുടങ്ങിയ പ്രവർത്തനങ്ങളിലും ശ്രമങ്ങൾ നടത്തും. മാലിന്യ ശേഖരണവും വേർതിരിക്കൽ പ്രക്രിയയും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്തുടനീളം 16,096 മിനി-മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (മിനി-എംസിഎഫ്), 1,236 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (എംസിഎഫ്), 166 റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (ആർആർഎഫ്) സ്ഥാപിച്ചു. മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കികൊണ്ടിരിക്കുകയാണ്. മാലിന്യ സംസ്കരണ പദ്ധതികൾക്കുള്ള സാങ്കേതികാനുമതി വേഗത്തിലാക്കാൻ സംസ്ഥാന-ജില്ലാതല സാങ്കേതിക സമിതികൾ രൂപീകരിച്ചു.

കുടുംബശ്രീയുടെ ചെറുകിട സംരംഭങ്ങളായ ഹരിത കർമ്മ സേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ പ്ലാസ്റ്റിക് മാലിന്യം വാതിൽപ്പടിയിൽ നിന്ന് ശേഖരിക്കുന്നതിന് നേതൃത്വം നൽകുന്നു. ഹരിത കർമ്മ സേന ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി എഫുകളിൽ തരംതിരിക്കുകയും ആർ ആർ എഫ്-കളിൽ വേർതിരിക്കുകയും ചെയ്യുന്നു. ഈ സൗകര്യങ്ങളിൽ തരംതിരിച്ച് വേർതിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുകയോ സിമന്റ് ചൂളകളിലേക്കോ വേസ്റ്റ് ടു എനർജി പ്ലാന്റുകളിലേയ്ക്ക് അയക്കുകയോ റോഡ് പണികളിൽ ഉപയോഗിക്കുകയോ ചെയ്യുന്നു. പ്രാദേശിക റോഡ് പ്രവൃത്തികളിൽ പൊടിച്ച പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇന്ന് സംസ്ഥാനമൊട്ടാകെ 14 ജില്ലകളിലായി 35,302 അംഗങ്ങളുള്ള ഒരു സേനയാണ് ഹരിത കർമ്മ സേന. ഹരിത കർമ്മ സേന അംഗങ്ങളിൽ 16,032 അംഗങ്ങൾക്ക് പ്രതിമാസ വരുമാനം 5,000/-രൂപ മുതൽ 9,999/- രൂപയും, 10,784 അംഗങ്ങൾക്ക് 10,000/-രൂപ മുതൽ 24,999/- രൂപയും, 872 അംഗങ്ങൾക്ക് 25,000/- രൂപയിൽ കൂടുതലും സമ്പാദിക്കാൻ സാധിക്കുന്നു. മാലിന്യ സംസ്കരണ പ്രക്രിയകളുടെ സമ്പൂർണ ഡിജിറ്റലൈസേഷൻ കൈവരിക്കുന്നതിനാണ് ഹരിത മിത്രം ആപ്പിന് രൂപം നൽകിയിട്ടുള്ളത്.

യൂസർ ഫീസ് അടക്കുന്നത് നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതോടെ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി വീടുകളിലും വാണിജ്യ സ്ഥാപനങ്ങളിലും ഹരിതകർമസേന എത്തുന്നതിന്റെ തോത് കൂടിയിട്ടുണ്ട്. 422 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 90 ശതമാനത്തിലധികം കവറേജ് നേടിയപ്പോൾ 298 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങളിൽ കവറേജ് 75 ശതമാനം മുതൽ 90 ശതമാനം നേടിയിട്ടുണ്ട്. ക്യാമ്പയിന്റെ തുടക്കം മുതൽ തന്നെ എംസിഎഫുകളിലേക്കും ആർആർഎഫുകളിലേക്കും എത്തുന്ന മാലിന്യത്തിൽ ഗണ്യമായ വർദ്ധന യുണ്ടായിട്ടുണ്ട്. തുടർന്ന്, സമയബന്ധിതമായി എംസിഎഫ്/ആർആർഎഫുകളിൽ നിന്ന് മാലിന്യം ശേഖരിക്കാൻ ക്ലീൻ കേരള കമ്പനിയെയും 41 സ്വകാര്യ ഏജൻസികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

100 ശതമാനം ഉറവിടത്തിൽ തന്നെ ജൈവ മാലിന്യത്തിന്റെ ശാസ്ത്രീയ സംസ്കരണം കൈവരിക്കുന്നതിന്,

വ്യക്തിഗതവും കമ്മ്യൂണിറ്റി തലത്തിലുള്ളതുമായ കമ്പോസ്റ്റിംഗ് പരിഹാരങ്ങൾ സജ്ജീകരിക്കുന്നതിന് ക്യാമ്പയിൻ സഹായിച്ചു. വ്യക്തിഗത തലത്തിൽ, സംസ്ഥാനത്തുടനീളമുള്ള 70 ശതമാനത്തിലധികം കുടുംബങ്ങളും ജൈവമാലിന്യ സംസ്കരണത്തിനായി കമ്പോസ്റ്റിംഗ് രീതിയാണ് ഉപയോഗിക്കുന്നത്. കമ്മ്യൂണിറ്റി തലത്തിൽ 634 ബയോഗ്യാസ് പ്ലാന്റുകൾ, 488 വെർമി കമ്പോസ്റ്റ് പ്ലാന്റുകൾ, 144 വിന്റോ കമ്പോസ്റ്റ് പ്ലാന്റുകൾ, 3,949 തുമ്പൂർമുഴി ബിന്നുകൾ ഉൾപ്പെടെ 1,412 തുമ്പൂർമുഴി പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചു. പൊതു-സ്വകാര്യ-പങ്കാളിത്ത മാതൃകയിൽ സംസ്ഥാനത്തൊട്ടാകെ 43 കോഴിമാലിന്യ റെൻഡറിംഗ് പ്ലാന്റുകൾ പ്രവർത്തനക്ഷമമായി. കോഴിമാലിന്യം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതുമൂലം ജലമലിനീകരണവും വർദ്ധിച്ചു വരുന്ന തെരുവുനായക്കളുടെ ശല്യം ഉൾപ്പടെ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സഹായിച്ചു. വൃത്തിയുള്ളതും ശുചിത്വമുള്ളതുമായ പൊതു ഇടങ്ങൾ ഉറപ്പാക്കുന്നതിന്, മാലിന്യത്തിന്റെ അപകടകരമായ പോയിന്റുകൾ (ഗാർബേജ് വൾനറബിൾ പോയിന്റ്സ് ജിവിപികൾ) കണ്ടെത്തി, ജിയോ ടാഗ് ചെയ്ത് വൃത്തിയാക്കി കൂടുതൽ മാലിന്യം തള്ളുന്നത് തടയാൻ നിരന്തരം നിരീക്ഷിക്കുകയും ചെയ്യുന്നു. സംസ്ഥാനത്ത് മൊത്തം 2,928 മാലിന്യക്കൂമ്പാരങ്ങളും ജലാശയങ്ങളിൽ 485 മാലിന്യക്കൂമ്പാരങ്ങളും 2,736 പാതയോര മാലിന്യക്കൂമ്പാരങ്ങളും കണ്ടെത്തി. ജിവിപികൾ നീക്കം ചെയ്യുന്നതിൽ 96.04 ശതമാനം പുരോഗതി ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൊതു ഇടങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം തള്ളുന്നത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രതിഫലം ഈ വിഷയത്തിൽ പൗരന്മാരുടെ ഇടപെടൽ സജീവമായി പ്രോത്സാഹിപ്പിക്കുന്നു. മാലിന്യ സംസ്കരണ നിയമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്

സുതാര്യതയ്ക്കും ഉത്തരവാദിത്തത്തിനും ഊന്നൽ നൽകിക്കൊണ്ട് അവരുടെ പ്രചാരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ ആനുകാലിക സോഷ്യൽ ഓഡിറ്റുകൾ നടത്താൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രചാരണ വേളയിൽ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും വിമർശനാത്മകമായി വിലയിരുത്തുന്നതിനുമുള്ള വേദിയാണ് ഹരിതസഭകൾ. ശിശുദിനമായ നവംബർ 14-ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം പരിപോഷിപ്പിക്കുന്നതിനായി കുട്ടികളുടെ ഹരിത സഭകൾ നടത്തി. നിലവിലുള്ള സൗകര്യങ്ങൾ വിലയിരുത്താനും തദ്ദേശഭരണ സ്ഥാപനങ്ങൾ ഉദ്യോഗസ്ഥരോടും ജനപ്രതിനിധികളോടും ചോദ്യങ്ങൾ ഉന്നയിക്കാനും കുട്ടികളെ പ്രോത്സാഹിപ്പിച്ചു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ പദ്ധതികളെ പിന്തുണയ്ക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും യുവ പ്രൊഫഷണലുകളുടെ സേവനം ശുചിത്വമിഷൻ വിന്യസിച്ചിട്ടുണ്ട്. വിദ്യാർത്ഥി പങ്കാളിത്തം കൊണ്ടുവരാൻ നാഷണൽ സർവീസ് സ്കീം (എൻഎസ്എസ്) സജീവമാണ്. 3,000 ജിവിപികളെ വൃത്തിയായും നന്നായി പരിപാലിക്കുന്നതിനുമുള്ള പ്രതിബദ്ധതയോടെ. സ്നേഹരാമങ്ങൾ എന്ന പേരിലുള്ള മനോഹരമായ ഹരിത ഇടങ്ങളാക്കി മാറ്റുകയാണ്.

2016 ലെ കൺസ്ട്രക്ഷൻ & ഡെമോളിഷൻ വേസ്റ്റ് റൂൾസിന് അനുസൃതമായി സി ആൻഡ് ഡി മാലിന്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി സർക്കാർ ഒരു നയം അവതരിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശഭരണ സ്ഥാപനങ്ങൾ സി ആൻഡ് ഡി മാലിന്യ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തുടങ്ങി. കേരള ഖരമാലിന്യ സംസ്കരണ പദ്ധതി (കെഎസ്ഡബ്ല്യുഎംപി) സംസ്ഥാനത്തുടനീളം സി ആൻഡ് ഡി സ്റ്റോറേജ് സൗകര്യങ്ങൾ സ്ഥാപിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തിട്ടുണ്ട്.

എല്ലാ ഗ്രാമപഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളും അവരുടെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ബൈലോ രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശവാസികൾക്കായുള്ള മാതൃകാ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ബൈലോ പുറത്തിറക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് വഴി ജലാശയങ്ങളും കനാലുകളും മലിനമാകുന്നത് തടയുക, സർക്കാർ ഓഫീസുകളും മറ്റ് പൊതുസ്ഥാപനങ്ങളും പ്ലാസ്റ്റിക് രഹിതമായി പരിപാലിക്കുക തുടങ്ങിയവയാണ് ഈ ബൈലോയിലൂടെ ലക്ഷ്യമിടുന്നത്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ വേണ്ടിയാണ് 2023ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസും 2023ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസും പാസ്സാക്കിയത് . മാലിന്യ സംസ്കരണ നിയമങ്ങളുടെ ലംഘനത്തിന് കാര്യമായ പിഴ ചുമത്തുന്നതാണ് പ്രസ്തുത ഓർഡിനൻസുകൾ. ഇതു പ്രകാരം 100-ഓ അതിലധികമോ ആളുകൾ പങ്കെടുക്കുന്ന പരിപാടികളിൽ സംഘാടകർക്കാണ് ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിക്കാനും ശരിയായ സംസ്കരണത്തിനും നിയുക്ത ഏജൻസിക്ക് കൈമാറുന്നതിനുമുള്ള ചുമതല . കൂടാതെ, കേന്ദ്രീകൃത മാലിന്യ സംസ്കരണ കേന്ദ്രങ്ങൾക്ക് സമീപം താമസിക്കുന്നവർക്ക് നികുതി ഇളവുകളും ക്ഷേമ പരിപാടികളും ഇതിൽ ഉൾപ്പെടുന്നു.

മാലിന്യ സംസ്കരണത്തിൽ സ്വകാര്യമേഖലയുമായുള്ള സഹകരണം സുഗമമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും സ്ക്രാപ്പ് കളക്ടർമാരെയും ഡീലർമാരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സ്ക്രാപ്പ് നയം, സ്വകാര്യ-പൊതു പങ്കാളിത്തത്തെക്കുറിച്ചുള്ള നയമുൾപ്പടെ സുപ്രധാന നയ ഇടപെടലുകൾ സർക്കാർ സജീവമായി രൂപപ്പെടുത്തുന്നുണ്ട്. മാലിന്യ സംസ്കരണ മേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ ബിസിനസ് അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ്

ഗ്രീൻ എന്റർപ്രൈസസ് സംരംഭം ലക്ഷ്യമിടുന്നത്. ഈ മേഖലയിലെ സാധ്യതയുള്ള സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനും നയിക്കുന്നതിനുമായി വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ ഉൾപ്പെടുന്ന ഒരു സഹകരണ ചട്ടക്കൂട് സ്ഥാപിക്കപ്പെടുന്നു. മുടിമാലിന്യവും ഇ-മാലിന്യവും കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗരേഖയുണ്ടാക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ഇപിആർ) പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങളും പുരോഗ മിക്കുകയാണ്. കൂടാതെ, മെറ്റീരിയൽ ശേഖരണവും അടിസ്ഥാന സൗകര്യങ്ങൾ തരംതിരിക്കലും കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള ഒരു പ്രോട്ടോക്കോൾ വികസിപ്പിക്കുന്നതിന് സർക്കാർ പ്രവർത്തിച്ചുവരികയാണ്. സ്ഥാപനങ്ങളിലെ ഭക്ഷണ മാലിന്യങ്ങളുടെ അവസാന നിക്ഷേപയിടങ്ങളായി പന്നിഫാമുകൾ മാറിയതിനാൽ ഇതുമായി ബന്ധപ്പെട്ട ലൈസൻസ് ചട്ടങ്ങൾ പുനഃപരിശോധിക്കേണ്ടുന്ന അവസ്ഥയുണ്ടായിട്ടുണ്ട്.

സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ വരുമാനം നൽകുന്ന മേഖലകളിൽ ഒന്ന് ടൂറിസം മേഖലയായതിനാൽ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സൗന്ദര്യവും വൃത്തിയും സംരക്ഷിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും നിലവിലുള്ള മാലിന്യ സംസ്കരണ സൗകര്യങ്ങൾ വിലയിരുത്തി സമഗ്രമായ മാപ്പിംഗ് നടത്തിയിട്ടുണ്ട്. സമീപഭാവിയിൽ ഈ കേന്ദ്രങ്ങളെ മാലിന്യരഹിത സോണുകളാക്കി മാറ്റുന്നതിന് ഇവിടുത്തെ സൗകര്യങ്ങളിലെ കണ്ടെത്തിയ വിടവുകൾ പരിഹരിക്കും. മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം' എന്ന മുദ്രാവാക്യം നേരിട്ടും വ്യക്തിപരവും പൊതുജനവുമായ സമ്പർക്കം, മാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവയിലൂടെ വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നു.

### 3 അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി:

അതിദാരിദ്ര്യം തുടച്ചുനീക്കാനുള്ള സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള ഉറച്ച തീരുമാനത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള ദൗത്യം ജനകീയ പങ്കാളി ത്തത്തോടെ പൂർത്തിയാക്കി. സംസ്ഥാനത്ത് അതി ദരിദ്രരായി കണ്ടെത്തിയ 64,006 കുടുംബങ്ങളിൽ 47.89 ശതമാനം കുടുംബങ്ങൾ വിവിധ വികസന വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും യോജിച്ച പരിശ്രമത്തിലൂടെ അതി ദാരിദ്ര്യത്തിൽ നിന്ന് കരകയറിയിട്ടുണ്ട്. ദാരിദ്ര്യത്തിന്റെ അവസ്ഥയും ഓരോ കുടുംബത്തിൽ നിന്നും ശേഖരിച്ച മറ്റ് പ്രധാന വിവരങ്ങളും അടിസ്ഥാനമാക്കിയാണ് ഭക്ഷണം, പാർപ്പിടം, ഉപജീവനമാർഗം, അവകാശങ്ങൾ , വൈദ്യസഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രത്യേക മൈക്രോ പ്ലാൻ നടപ്പാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വികസന വകുപ്പുകൾ വളരെ ആർജ്ജവത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഇതിന്റെ വിശദാംശങ്ങൾ ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ എന്ന വിഭാഗം 1.3.1 ൽ നൽകിയിരിക്കുന്നു.

### 4. നഗരവൽക്കരണം

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന നഗരവൽ ക്കരണത്തിന്റെ പശ്ചാത്തലത്തിൽ, പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഇതുമായി ബന്ധപ്പെട്ട വികസന പ്രശ്നങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. 2036ഓടെ കേരളത്തിലെ നഗര പ്രദേശങ്ങളുടെ ജനസംഖ്യ 96 ശതമാനം കവിയുമെന്നാണ് ദേശീയ ജനസംഖ്യാ കമ്മീഷൻ കണക്കാക്കുന്നത്. ഈ സാഹചര്യത്തിൽ, നഗരപ്രദേശങ്ങളുടെ സമഗ്ര വികസനത്തിന് ദിശാബോധം നൽകുന്നതിന് നഗര നയം രൂപീകരിക്കാനും അർബൻ കമ്മീഷൻ രൂപീകരിക്കാനുമുള്ള ശ്രമത്തിലാണ് സർക്കാർ. ഓരോ നഗരത്തിന്റെയും ഭൂമിശാസ്ത്രപരവും ചരിത്രപരവും സാമൂഹികവുമായ പ്രത്യേകതകൾ ആസൂത്രണ പ്രക്രിയയിൽ പരിഗണിക്കണം. നഗര തദ്ദേശഭരണസ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട പ്രധാന മേഖലകളെ കുറിച്ച് വാർഷിക പദ്ധതിയ്ക്കായുള്ള മാർഗ്ഗരേഖയിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട് പാർക്കിംഗ് ഗ്രൗണ്ട്, റോഡ് സുരക്ഷ, നഗര കേന്ദ്രങ്ങളുടെയും ജംഗ്ഷനുകളുടെയും നവീകരണം, സൗന്ദര്യവൽക്കരണം, എക്സിബിഷനുകൾക്കും മേളകൾക്കുമുള്ള മൈതാനങ്ങൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, എന്നിവ സ്ഥാപിക്കൽ, ചേരി വികസനം, കുളങ്ങളുടെയും മറ്റ് ജലാശയങ്ങളുടെയും പുനരുജ്ജീവനം, പൊതു ശൗചാലയങ്ങൾ, തെരുവ് കച്ചവടക്കാർക്കുള്ള സ്ഥലം എന്നിവ ഇതിൽ ഉൾപ്പെടുന്നു. നഗരപ്രദേശങ്ങളിലെ പൗരന്മാർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പുവരുത്തുന്നതിനായി തദ്ദേശഭരണസ്ഥാപനങ്ങൾ ഇത്തരം നിരവധി പ്രവർത്തനങ്ങൾ സജീവമായി ഏറ്റെടുക്കുന്നുണ്ട്

ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്കും, മില്യൺ പ്ലസ് സിറ്റീസ് അല്ലാത്ത നഗര പ്രാദേശിക സർക്കാരുകൾക്കുമുള്ള ഗ്രാന്റിന്റെ 60 ശതമാനം രണ്ട് തരം സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനായാണ് വിനിയോഗിക്കേണ്ടതെന്നാണ് പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്: (എ) ശുചിത്വം, ഒ.ഡി.എഫ് നിലനിർത്തൽ (ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്ക്), ഖരമാലിന്യ പരിപാലനം, എം.ഒ.എച്ച്.യു.എ ഇതുമായി ബന്ധപ്പെട്ട് വികസിപ്പിച്ചെടുത്ത സ്റ്റാർ റേറ്റിംഗുകൾ (നോൺ മില്യൺ പ്ലസ് നഗരങ്ങൾ/ കാറ്റഗറി-2 നഗരങ്ങൾ/ പട്ടണങ്ങൾ). (ബി) കുടിവെള്ളം, മഴവെള്ള സംഭരണം, ജല പുനരുപയോഗം എന്നിവ (ഗ്രാമീണ, നഗര പ്രാദേശിക സർക്കാരുകൾക്ക്). കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നത് ദശലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങൾക്ക് (മില്യൺ പ്ലസ് സിറ്റികൾ) 100 ശതമാനം ഗ്രാന്റുകളും മില്യൺ പ്ലസ് സിറ്റി ചലഞ്ച് ഫണ്ട് (എം.സി.എഫ്) വഴി പെർഫോമൻസ്-

ലിങ്ക്ഡ് ആയിട്ടായിരിക്കും എന്നാണ്. പ്രാദേശിക സർക്കാരുകൾ ഇവയെ വികസനത്തിനായുള്ള വിവിധ മിഷനുകളുമായി സംയോജിപ്പിച്ച് ഈ വകയിരുത്തലുകൾ പ്രയോജനപ്പെടുത്തണം.

**5. ദുരന്ത നിവാരണ പദ്ധതികൾ**

കഴിഞ്ഞ കുറച്ച് വർഷങ്ങളായി, തുടർച്ചയായുള്ള പ്രകൃതി ദുരന്തങ്ങളായ വെള്ളപ്പൊക്കം, തീരദേശ ശോഷണം, വരൾച്ച, ഉരുൾപൊട്ടൽ തുടങ്ങിയവ സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. തൽഫലമായി ജനങ്ങളുടെ ഉപജീവന സുരക്ഷയ്ക്കും സാമ്പത്തിക വികസനത്തിനും വലിയ വെല്ലുവിളി നേരിടേണ്ടി വരുന്നു. ഇത്തരം ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനും ദുരന്തനിവാരണ മുന്നൊരുക്കങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി, രാജ്യത്ത് തന്നെ ആദ്യമായി, സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും 2019-20 ൽ പ്രാദേശിക ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കിയിരുന്നു. പ്രാദേശിക സർക്കാരുകളുടെ ഈ ദുരന്തനിവാരണ പദ്ധതിയിൽ ഇനി പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു. (എ) പ്രാദേശിക സർക്കാരുകളുടെ അടിസ്ഥാന വിവരങ്ങൾ, (ബി) അപകടങ്ങളുടെയും ദുർബല മേഖലയുടെയും വിവരങ്ങൾ, (സി) പ്രാദേശിക സർക്കാരുകളുടെ ശേഷിയും വിഭവങ്ങളും (ഡി) പ്രതികരണ പദ്ധതികൾ (ഇ) തയ്യാറെടുപ്പ്, ലഘൂകരണം, കമ്മ്യൂണിറ്റി റെസിലിയൻസ് പ്ലാൻ.

അതാത് പ്രാദേശിക സർക്കാരുകളുടെ പ്രദേശത്ത് പ്രകൃതി ദുരന്തങ്ങൾക്കുള്ള സാധ്യത സംബന്ധിച്ചും അത് നേരിടാനുള്ള നിലവിലുള്ള ശേഷിയും കണക്കിലെടുത്ത് വാർഷിക പദ്ധതികളിൽ ദുരന്തനിവാരണത്തിനും ലഘൂകരണത്തിനുമുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തണം. പ്രകൃതി ദുരന്തങ്ങളുടെ തീവ്രത, ആവർത്തി, അനിശ്ചിതത്വം എന്നിവ കണക്കിലെടുക്കുമ്പോൾ രാജ്യമെമ്പാടും അനുകരിക്കേണ്ട ഒരു മാതൃക തന്നെയാണ് സംസ്ഥാനത്തിന്റെ ദുരന്തനിവാരണ പദ്ധതി. സർക്കാർ സ്വീകരിച്ച നവീനവും ഉചിതവുമായ നടപടി കൂടിയാണിത്. ഇത് പ്രതിരോധശേഷി കെട്ടിപ്പടുക്കുന്നതിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനുമപ്പുറം അത് നേടിയെടുക്കാനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് സമൂഹത്തിന് അവബോധം നല്കുകയും ചെയ്യുന്നു. 2022-23 ലെ ദുരന്ത നിവാരണ പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 12.1.1**ൽ കാണിച്ചിരിക്കുന്നു.

**6.വിനോദ സഞ്ചാരം:** പകർച്ചവ്യാധിയുടെ പ്രത്യാഘാതങ്ങളിൽ നിന്ന് സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ പതിനാലാം പഞ്ചവത്സര പദ്ധതി വിനോദസഞ്ചാര മേഖലയ്ക്ക് ശക്തമായ ഊന്നൽ നൽകി. ഇത് കണക്കിലെടുത്ത്, ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം, സസ്റ്റൈനബിൾ ടാൻജിബിൾ റെസ്പോൺസിബിൾ എക്സ്പീരിയൻഷ്യൽ എത്തിക് ടൂറിസം ഹബ്ബുകൾ (സ്ട്രീറ്റ്) എന്നീ വിവിധ പ്രോഗ്രാമുകൾ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നു. തങ്ങളുടെ അതിർത്തിക്കുള്ളിൽ ഒരു ട്രാവൽ ഡെസ്റ്റിനേഷൻ കണ്ടെത്താനും വികസിപ്പിക്കാനും ഭരണ കൂടങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ, ടൂറിസം സാധ്യതയുള്ളതും എന്നാൽ ശ്രദ്ധിക്കപ്പെടാതെപോയതോ അവഗണിക്കപ്പെട്ടതോ ആയ സ്ഥലങ്ങൾ പര്യവേക്ഷണം ചെയ്യാൻ ഡെസ്റ്റിനേഷൻ ചലഞ്ച് ശ്രമിക്കുന്നു. അത്തരം സ്ഥലങ്ങൾ പരിപാലിക്കുന്നതിലൂടെ വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാനും, അതു വഴി മെച്ചപ്പെട്ട പ്രാദേശിക സാമ്പത്തിക വികസനം നേടുന്നതിനും ഇടയാക്കും.

**പട്ടിക 12.1.1** 2022-23 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള ദുരന്ത നിവാരണ പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | പ്രോജക്റ്റുകളുടെ എണ്ണം |
|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് | 1198 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 54 |
| 3 | ജില്ലാ പഞ്ചായത്ത് | 17 |
| 4 | മുൻസിപ്പാലിറ്റി | 259 |
| 5 | കോർപ്പറേഷൻ | 9 |
| | ആകെ | 1537 |

അവലംബം: ഐ.കെ.എം 2023

ഇതിന്റെ പ്രധാന ഘടകങ്ങളിലൊന്ന് കേരളത്തിലെ ഗ്രാമീണ സ്ഥലങ്ങളെ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുകയും, വിനോദസഞ്ചാരികളുടെ വരവ് മൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതം കുറയ്ക്കുകയും, സ്ഥലവാസികൾക്ക് വരുമാനം ഉറപ്പാക്കുകയും ചെയ്യുക എന്നതാണ്. ഇതിനായി, ടൂറിസം വകുപ്പ് 60 ശതമാനവും (പരമാവധി 50 ലക്ഷം രൂപ) ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ഫണ്ടിൽ നിന്നോ സ്പോൺസർഷിപ്പ് മുഖേനയോ കണ്ടെത്തേണ്ടതാണ്. ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റെ കീഴിലും കുറഞ്ഞത് ഒരു ലക്ഷ്യസ്ഥാനമെങ്കിലും തിരിച്ചറിയുന്നതിന് പുറമെ, ടൂറിസം പ്രവർത്തനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളുമായി ബന്ധിപ്പിക്കുകയും അതുവഴി ജനപ്രീതി നേടിയ ആഭ്യന്തര ടൂറിസത്തിന് കോവിഡിന് ശേഷം പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ മികച്ച ഗ്രാമീണ ടൂറിസം പദ്ധതിയ്ക്കുള്ള ഗോൾഡ് അവാർഡ് ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന് ലഭിച്ചു. അതേസമയം, ഉത്തരവാദിത്ത ടൂറിസം മിഷന്റെ (ആർ.ടി) ഭാഗമായി പ്രാദേശിക സമൂഹങ്ങളുടെ സാമ്പത്തിക ഉന്നമനം വേഗത്തിലാക്കുന്നതിനും, സാമ്പത്തിക, പാരിസ്ഥിതിക, സാമൂഹിക ആഘാതം കുറയ്ക്കാനും വിഭാവനം ചെയ്യുന്നു. പ്രകൃതിദത്തവും സാംസ്കാരിക പൈതൃകങ്ങളുടെ സംരക്ഷണവും, അവയുടെ വൈവിധ്യങ്ങളുടെ സംരക്ഷണവുമാണ് ഇതിന്റെ പ്രധാന വശങ്ങൾ.

പ്രദേശത്തിന്റെ സംസ്കാരത്തിനും ഭൂമിശാസ്ത്രത്തിനും അനുയോജ്യമായ ടൂറിസം സംരംഭങ്ങൾ കൊണ്ടുവരാനാണ് സ്ട്രീറ്റ് പദ്ധതി ഉദ്ദേശിക്കുന്നത്. ഹരിതാഭമാർന്ന തെരുവുകൾ, സാംസ്കാരിക

തെരുവുകൾ, ഭക്ഷണ തെരുവുകൾ, അഗ്രി-ടൂറിസം തെരുവുകൾ, ജല തെരുവുകൾ, കലാ തെരുവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**7. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള പ്രാദേശിക കർമ്മ പദ്ധതികൾ:–** പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലെ 217 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലാവസ്ഥാ വ്യതിയാനത്തിനായുള്ള പ്രാദേശിക കർമ്മ പദ്ധതികൾ (എൽഎപിസിസി) തയ്യാറാക്കി. പമ്പാ തടത്തിനടുത്തുള്ള ഈ ജില്ലകൾ 2018, 2019, 2021 വർഷങ്ങളിലെ വെള്ളപ്പൊക്കത്തിൽ വലിയ കെടുതികൾ നേരിടേണ്ടിവന്നിട്ടുണ്ട്. കേരളത്തെ പുനർനിർമ്മിക്കുന്നതിനുള്ള പ്രധാന സംരംഭമായ റീബിൽഡ് കേരള ഡവലപ്മെന്റ് പ്രോഗ്രാമിന്റെ (ആർ.കെ.ഡി.പി) ഭാഗമാണ് ഈ സംരംഭം. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രാദേശികമായ ആഘാതങ്ങൾ പരിഹരിക്കുന്നതിനായി തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കിയ ഒരു കർമ്മ പദ്ധതിയാണ് എൽ.എ.പി.സി.സി. എൽ.എ.പി.സി.സി യിലൂടെ തദ്ദേശഭരണസ്ഥാപനങ്ങളിലെ കാർബൺ ഫൂട്ട്പ്രിന്റ് കുറയ്ക്കുന്നതിനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള വഴികൾ രൂപപ്പെടുത്തുന്നു.

ഡി -ക്യാറ്റ് പദ്ധതി:-റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായി കേരള സർക്കാർ 2021-2026 കാലയളവിലേക്ക് ലോകബാങ്കുമായി ഒരു കരാറിൽ ഒപ്പുവച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, വിവിധ അന്താരാഷ്ട്ര ഏജൻസികളെ ഏകോപിപ്പിച്ച്, ലോകബാങ്ക് പിന്തുണയ്ക്കുന്ന പ്രോഗ്രാം ഫോർ റിസൾട്ട് (പി ഫോർ ആർ) ഫണ്ടിംഗ് പ്രോഗ്രാം കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ലക്ഷ്യം വെച്ചിരിക്കുന്നു. കിലയ്ക്കാണ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) ഡിസ്ബേർസ്മെന്റ് ലിങ്ക്ഡ് ഇൻഡിക്കേറ്ററുകൾ (ഡി.എൽ.ഐ 4,5) ഉണ്ടാക്കാനുള്ള ചുമതല. തദ്ദേശ ഭരണ സ്ഥാപനങ്ങൾ കാലാവസ്ഥയെ സംബന്ധിച്ചതും അപകടസാധ്യത സംബന്ധിച്ചതുമായ വിവരങ്ങളും, അവരുടെ ആസൂത്രണ പ്രക്രിയയിലും വാർഷിക പദ്ധതികളിലും സമന്വയിപ്പിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇതിനെത്തുടർന്ന്, പി ഫോർ ആർ പ്രോഗ്രാമിന് നേതൃത്വം നൽകുന്നതിനായി കില ഒരു ഡി -ക്യാറ്റ് കോർ ടീമിനെ രൂപീകരിക്കുകയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിൽ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തദ്ദേശഭരണസ്ഥാപനതലത്തിൽ പ്രവർത്തിക്കാൻ പ്രോജക്ട് ജീവനക്കാരെ വിന്യസിക്കുകയും ചെയ്തു. ഡി എൽ ഐ 5-ന്റെ ലക്ഷ്യം കൈവരിക്കുന്നതിനും പുരോഗതി നിരീക്ഷിക്കുന്നതിനുമുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ ശേഷി വികസിപ്പിക്കുന്നതിനുമായി കില ഡി -ക്യാറ്റ് ടൂൾ (ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ആൻഡ് ക്ലൈമറ്റ് ആക്ഷൻ ട്രാക്കർ ടൂൾ) വികസിപ്പിച്ചെടുത്തു. പദ്ധതി മേഖലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായി പ്രാരംഭ ഘട്ട പരിശീലനം നടത്തി. കൂടാതെ, ദുരന്തസാധ്യത കുറയ്ക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളെ പിന്തുണയ്ക്കുന്നതിനായി വിഷയ മേഖലാടിസ്ഥാനത്തിലും പ്രാദേശികവുമായ പരിശീലനവും സഹായവും കില നൽകും.

**8. തൊഴിൽ സഭ :–** യുവാക്കൾക്ക് തൊഴിലവസരങ്ങളും സംരംഭകത്വത്തിനുള്ള അവസരങ്ങളും ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് തൊഴിൽ സഭ ആരംഭിച്ചത്. തൊഴിലന്വേഷകരെ വാർഡ് അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിനും ഗ്രാമസഭാ മാതൃകയിൽ സംഘടിപ്പിക്കുന്നതിനും തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ തൊഴിൽ ആസൂത്രണം സാധ്യമാക്കുന്നതിനുമുള്ള മൈക്രോ ലെവൽ പ്ലാറ്റ്ഫോമുകളാണ് തോഴിൽ സഭകൾ. തൊഴിൽ, സംരംഭകത്വ പദ്ധതികളും വകുപ്പുകളുടെയും സർക്കാർ ഏജൻസികളുടെയും പരിപാടികൾ തൊഴിലന്വേഷകരിലേക്കും പുതുതലമുറ സംരംഭകരിലേക്കും നേരിട്ട് എത്തിക്കുന്നതിനുള്ള വേദിയാണ് ഇത്. കെ-ഡിസ്കിന്റെ കീഴിലുള്ള നോളജ് ഇക്കണോമി മിഷന്റെ ഭാഗമായി പരിശീലനം നൽകി കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് കേരളത്തിനകത്തും പുറത്തും ജോലി കണ്ടെത്താൻ വഴികാട്ടുകയാണ് തോഴിൽ സഭയുടെ ലക്ഷ്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകത്വ പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിനായി കുടുംബശ്രീയുടെ ഷീ-സ്റ്റാർട്ട്സ് എന്ന പുതിയ സംരംഭകത്വ സംവിധാനവും തൊഴിൽ സഭകളിൽ അവതരിപ്പിക്കും.

**9. ആരോഗ്യ മേഖല:–** പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ തുടങ്ങിയ നിലവിലുള്ള പൊതുജനാരോഗ്യ സൗകര്യങ്ങൾ നവീകരിക്കുന്നതിനു പുറമെ വെൽനസ് സെന്ററുകൾ ആരംഭിച്ച് ആരോഗ്യ പരിരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും ഇവ താഴെത്തട്ടുവരെ

**ബോക്സ് 12.1.1** ദേശീയ പഞ്ചായത്ത് അവാർഡുകൾ - കേരളത്തിന് നാല് അവാർഡുകൾ

ഈ വർഷത്തെ ദേശീയ പഞ്ചായത്ത് അവാർഡിൽ കേരളത്തിൽ നിന്നുള്ള നാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ അവാർഡുകൾ കരസ്ഥമാക്കി. രാജ്യത്തെ ഏറ്റവും മികച്ച ശിശുസൗഹൃദ ഗ്രാമപഞ്ചായത്തായി ആലപ്പുഴയിലെ ചെറുതന ഗ്രാമപഞ്ചായത്തിനെ ആദരിച്ചു. ആലപ്പുഴയിലെ വീയപുരം ഗ്രാമപഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങളുടെ സ്വയംപര്യാപ്തതയുടെ കാര്യത്തിൽ ഒന്നാം സ്ഥാനം നേടി. മലപ്പുറത്തെ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിൽ രണ്ടാം സ്ഥാനം നേടി. സദ്ഭരണ വിഭാഗത്തിൽ തൃശ്ശൂരിലെ അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് മൂന്നാം സ്ഥാനം നേടി. കൂടാതെ, മികച്ച കാർബൺ ന്യൂട്രൽ സംരംഭങ്ങൾക്ക് മീനങ്ങാടി ഗ്രാമപഞ്ചായത്തിന് പ്രത്യേക അംഗീകാരം ലഭിച്ചു.

എത്തിക്കുന്നതിനും സർക്കാർ തീവ്രശ്രമം നടത്തുന്നുണ്ട്. കൂടാതെ, ജീവിതശൈലീ രോഗങ്ങൾ തടയൽ, സ്ക്രീനിംഗ് ക്ലിനിക്കുകൾ സ്ഥാപിക്കൽ, വയോജന പരിചരണം, സാന്ത്വന പരിചരണം മുതലായവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടനീളം മെഡിക്കൽ ക്യാമ്പുകൾ ആരംഭിച്ചു.


**11. വനിത ഘടക പദ്ധതി:–**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വനിതാ ഘടക പദ്ധതി (ഡബ്ലിയു സി പി) കേരളത്തിലെ വികേന്ദ്രീകരണത്തിന്റെ പ്രധാന സവിശേഷതകളിൽ ഒന്നാണ്. സിഎഫ്സി ഗ്രാന്റ് ഒഴികെയുള്ള മൊത്തം പദ്ധതി വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകളുടെ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കുന്ന വനിതാ ഘടക പദ്ധതിയ്ക്കായി (ഡബ്ല്യുസിപി) നീക്കിവയ്ക്കണം. സ്ത്രീകളുടെ വരുമാനവും സാമൂഹിക-സാമ്പത്തിക നിലയും മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച്, പ്രാദേശിക ആസൂത്രണ പ്രക്രിയയിൽ ലിംഗപരമായ പ്രശ്നങ്ങൾ മുഖ്യധാരയിൽ കൊണ്ടുവരാനുള്ള ബോധപൂർവമായ ശ്രമമാണിത്. സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രത്യേക വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്ത്രീകളിലേക്ക് വികസനം എത്തിക്കുതിനും, ലിംഗസമത്വം ഉയർത്തുന്നതിനുമായി, തദ്ദേശഭരണ സ്ഥാപനങ്ങൾ വനിതാ ഘടക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശഭരണ തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജെൻഡർ ഡെസ്ക്, ജാഗ്രതാ സമിതി മുതലായവയും ആരംഭിച്ചു.

കുട്ടികളുടെ സമഗ്രമായ വികസനം ഉറപ്പാക്കുന്നതിന്, വിവിധ സംരംഭങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കുട്ടികളിലെ ഏതെങ്കിലും തരത്തിലുള്ള വൈകല്യങ്ങൾ പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തുന്നതിന് ജില്ലാ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, വികലാംഗർക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുണ്ട്.

**2022–23–തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പിലുമുള്ള പ്രകടനം**

പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി (എസ്സിഎസ്പി), പട്ടികവർഗ്ഗ ഉപപദ്ധതി (ടിഎസ്പി) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് അനുവദിച്ചിരിക്കുന്നത്. ഫോർമുലയിലധിഷ്ഠിതമായ വകയിരുത്തൽ വഴി സംസ്ഥാനത്തിന്റെ എല്ലാ കോണുകളിലും ഫണ്ടുകൾ എത്തുന്നുവെന്നും പിന്നാക്ക പ്രദേശങ്ങൾക്ക് കൂടുതൽ ഫണ്ടുകൾ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും, പ്രാദേശിക വികസനം ഉറപ്പാക്കുകയും, ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. 2022-23-ൽ, ആരോഗ്യ ഗ്രാന്റ് ഒഴികെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വിഹിതം 7488.64 കോടി രൂപയായിരുന്നു. ബജറ്റ് തുകയുടെ 85.34 ശതമാനമായ 6390.46 കോടി രൂപയാണ് തദ്ദേശഭരണസ്ഥാപനങ്ങൾ ചെലവഴിച്ചത്. ഗ്രാമപഞ്ചായത്തുകൾ 90.48 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകൾ 86.82 ശതമാനവും ജില്ലാ പഞ്ചായത്തുകൾ 76.81 ശതമാനവുമാണ് ചെലവഴിച്ചത്. നഗരഭരണസ്ഥാപനങ്ങളിൽ മുനിസിപ്പാലിറ്റികൾ 82.53 ശതമാനം ചെലവഴിച്ചപ്പോൾ കോർപ്പറേഷനുകളിൽ ഇത് 72.33 ശതമാനമാണ്. വിവിധ തലത്തിലുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ ചെലവുകളുടെ വിശദാംശങ്ങൾ **ചിത്രം** 12.1.1-ൽ നൽകിയിരിക്കുന്നു.

**ചിത്രം** 12.1.1 വികസന ഫണ്ട്-2022-23 ലെ തദ്ദേശഭരണസ്ഥാപനാടിസ്ഥാനത്തിലുള്ള ചെലവ് ശതമാനം




അവലംബം: ഐ.കെ.എം. 2023

**വികസന ഫണ്ട്– വിഭാഗം തിരിച്ചുള്ള ചെലവ്**

പൊതു വിഭാഗം, പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി, ) പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് അനുവദിക്കുന്നത്. ആകെയുള്ള 6390.46 കോടി ചെലവ് വിശകലനം ചെയ്യുമ്പോൾ 5089 .15 കോടി പൊതു വിഭാഗത്തിലും 1127.66 കോടി എസ്.സി.എസ്.പിയിലും 173.64 കോടി രൂപ ടി.എസ്.പിക്കു കീഴിലുമായിരുന്നു. മൂന്നുതരം ഫണ്ടുകളും വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ 90 ശതമാനത്തോളം ചെലവഴിച്ച് മികച്ച പ്രകടനം കാഴ്ചവച്ചു. ബ്ലോക്ക് പഞ്ചായത്തുകൾ 80 മുതൽ 90 ശതമാനം വരെ ചെലവഴിച്ചപ്പോൾ ജില്ലാ പഞ്ചായത്തുകൾ ചെലവഴിച്ചത് 70 - 80 ശതമാനത്തിനിടയിലാണ്. മുനിസിപ്പാലിറ്റികൾ പൊതു വിഭാഗം, ടിഎസ്പി ഫണ്ട് വിനിയോഗത്തിൽ 80 ശതമാനത്തിന് മുകളിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ എസ്.സി.എസ്.പി, ഫണ്ടുകളുടെ വിനിയോഗം മെച്ചപ്പെടുത്തേണ്ടതുണ്ട്. കോർപ്പറേഷനുകൾ, ജനറൽ, എസ്.സി.എസ്.പി, ഫണ്ടുകളിൽ മെച്ചപ്പെട്ട പ്രകടനമല്ല കാഴ്ചവെച്ചത്. വിശദാംശങ്ങൾ **ചിത്രം 12.1.2, അനുബന്ധം 12.1.1** എന്നിവയിൽ നൽകിയിരിക്കുന്നു.


**മേഖല വിശകലനം**

വാർഷിക പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉത്പാദനം, സേവനം, പശ്ചാത്തലം എന്നീ മൂന്ന് നിർദ്ദിഷ്ട മേഖലകളെ അടിസ്ഥാനമാക്കിയാണ് ഫണ്ട് വകയിരുത്തേണ്ടത്. അതനുസരിച്ച്, ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പൊതു വിഭാഗം സാധാരണ വിഹിതത്തിന്റെ 30 ശതമാനമെങ്കിലും ഉൽപ്പാദന മേഖലയ്ക്ക് വകയിരുത്തണം. നഗര ഭരണ സ്ഥാപനങ്ങൾ ഉൽപ്പാദന മേഖലയ്ക്ക് 10 ശതമാനം മാത്രം നീക്കിവെച്ചാൽ മതി. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ആകെ വികസന ഫണ്ടിന്റെ 10 ശതമാനമെങ്കിലും (പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റും ഭവന നിർമ്മാണത്തിനായുള്ള 20 ശതമാനം തുകയും ഒഴികെ) വനിതാ ഘടക പദ്ധതിക്കായി നീക്കിവയ്ക്കണം. കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും 5 ശതമാനവും, കൂടാതെ കുറഞ്ഞത് 5 ശതമാനം വയോജന ക്ഷേമത്തിനും പാലിയേറ്റീവ് പരിചരണത്തിനുമായി നീക്കിവെയ്ക്കണം. ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം സാധാരണ വിഹിതത്തിന്റെ 30 ശതമാനത്തിൽ കൂടുതൽ പശ്ചാത്തല മേഖലയ്ക്ക് അനുവദിക്കരുത്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് യഥാക്രമം 25 ശതമാനവും 45 ശതമാനവുമാണ് പശ്ചാത്തല മേഖലയിലെ വിഹിത പരിധി. നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇത് 50 ശതമാനമാണ്. മേഖല തിരിച്ചുള്ള പ്രകടനം **ചിത്രം 12.1.3** ൽ നൽകിയിരിക്കുന്നു. അകെ ചെലവായ 6390.46 കോടി രൂപയിൽ 898.76 കോടി രൂപ ഉൽപ്പാദന മേഖലയിലും (14.06 ശതമാനം) 4644.61 കോടി രൂപ സേവന മേഖലയിലും (72.68 ശതമാനം) 847.09 കോടി രൂപ അടിസ്ഥാന സൗകര്യ മേഖലയിലുമാണ് (13.26 ശതമാനം) വകയിരുത്തിയത്. വിശദാംശങ്ങൾ **അനുബന്ധം 12.1.2.** നൽകിയിരിക്കുന്നു.

**ഉൽപ്പാദന മേഖല**

ഉൽപ്പാദന മേഖലയിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഉപവിഭാഗം തിരിച്ചുള്ള ചെലവ് **ചിത്രം 12.1.4** കാണിക്കുന്നു. ആകെ ഉൽപ്പാദന മേഖലയിലെ ചെലവിൽ, ഏറ്റവും കൂടുതൽ കാർഷിക മേഖലയ്ക്കും (38.61 ശതമാനം), തുടർന്ന് മൃഗസംരക്ഷണം (20.03 ശതമാനം),


**ചിത്രം 12.1.2** 2022-23 വാർഷിക പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഭാഗം തിരിച്ചുള്ള ചെലവ് ശതമാനം




അവലംബം: ഐ.കെ.എം 2023

ക്ഷീര വികസനമേഖലയ്ക്കുമാണ് (15.46 ശതമാനം). വ്യവസായം, ചെറുകിട വ്യവസായം, മത്സ്യബന്ധനം തുടങ്ങിയ മറ്റ് ഉൽപ്പാദന മേഖലകൾക്ക് ചെലവ് 6 ശതമാനത്തിൽ താഴെയാണ്.ഈ മേഖലകൾക്കായി നീക്കിവച്ചിരിക്കുന്ന വിഭവങ്ങൾ വിനിയോഗിക്കാൻ കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 12.1.4** ൽ നൽകിയിരിക്കുന്നു.

**ചിത്രം 12.1.3** പ്രാദേശിക സർക്കാരുകൾ കൈവരിച്ച മൊത്തം ചെലവിൽ വിവിധ മേഖലകളുടെ വിഹിതം (ശതമാനത്തിൽ)




അവലംബം ഐ.കെ.എം 2023

**സേവന മേഖല**

ഭവനം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ശുചിത്വം, മാലിന്യ സംസ്കരണം, ആരോഗ്യം തുടങ്ങിയവയാണ് സേവന മേഖലകളിൽ ഉൾപ്പെടുന്നത്. സേവന മേഖലയിലെ മൊത്തം ചെലവിന്റെ 38.78 ശതമാനം ചെലവായത് ഭവന നിർമ്മാണത്തിനും വീട് വൈദ്യുതീകരണത്തിനുമാണ്. 3.83 ശതമാനം പൊതുശുചിത്വത്തിനും 7.65 ശതമാനം മാലിന്യ സംസ്കരണത്തിനും (ദ്രവമാലിന്യ സംസ്കരണത്തിന് 3.03 ശതമാനം, ഖരമാലിന്യ സംസ്കരണത്തിന് 4.62), 8.96 ശതമാനം വിദ്യാഭ്യാസത്തിനും 8.90 ശതമാനം കുടിവെള്ള മേഖലയിലും ചെലവഴിച്ചു. പ്രാദേശിക സർക്കാരുകൾ ഭവന നിർമ്മാണത്തിന് നിർബന്ധമായും വിഹിതം മാറ്റി വയ്ക്കുന്നത് ഭവന നിർമ്മാണമേഖലയിൽ കൂടുതൽ ചെലവ് വരുന്നതിന് കാരണമാകുന്നതായി കാണാം. പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെയും എസ്.സി.എസ്.പി, ടി.എസ്.പിക്ക് കീഴിലുള്ള മൊത്തം ഫണ്ടിന്റെയും 20 ശതമാനം പ്രാദേശിക സർക്കാരുകൾ നിർബന്ധമായും ഭവന മേഖലയിൽ വകയിരുത്തണം. ഇതിനുപുറമെ, പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) പ്രകാരം നിർമ്മിച്ച വീടുകളുടെ യൂണിറ്റ് ചെലവ് വഹിക്കുന്നതിനുള്ള ചെലവുകളും ഇതിലുൾപ്പെടുന്നു. പോഷകാഹാരം, ഭവന നിർമ്മാണം, ഭവന വൈദ്യുതീകരണം, എന്നിവയ്ക്കാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കൂടുതൽ പ്രാധാന്യം നൽകുന്നത് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിലെ ചെലവുകൾ യൂണിയൻ ഫിനാൻസ് കമ്മീഷൻ നിർബന്ധിത ചെലവുകളാക്കിയത് ഈ ഉപ മേഖലകളിൽ ചെലവുകൾ വർദ്ധിച്ചതിന് കാരണമാകാം. വിശദാംശങ്ങൾ **ചിത്രം 12.1.5, അനുബന്ധം 12.1.4** എന്നിവയിൽ നൽകിയിരിക്കുന്നു.


**പശ്ചാത്തല മേഖല**

പശ്ചാത്തല മേഖലയിൽ ഗതാഗതം, പൊതു കെട്ടിടങ്ങൾ, തെരുവ് വിളക്കുകൾ മുതലായവ ഉൾപ്പെടുന്നു. 2022-23 ൽ, പശ്ചാത്തല മേഖലയിലെ ആകെ ചെലവിന്റെ പ്രധാന ഭാഗം (63.04 ശതമാനം) റോഡുകളും പാലങ്ങളും ഉൾപ്പെടുന്ന ഗതാഗത മേഖലയ്ക്കായി ഉപയോഗിച്ചതായി കാണാം. പൊതു കെട്ടിടങ്ങൾക്ക് 18.37 ശതമാനവും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും വൈദ്യുതീകരണത്തിനുമായി 14.11 ശതമാനവുമാണ് ചെലവഴിച്ചത്. 2022-23 ലെ പശ്ചാത്തല മേഖലയിലെ ഉപമേഖലാ തിരിച്ചുള്ള ചെലവുകളുടെ വിശദാംശങ്ങൾ **ചിത്രം 12.1.6, അനുബന്ധം 12.1.5** എന്നിവയിൽ നൽകിയിരിക്കുന്നു.

**പ്രത്യേക മേഖലാ പദ്ധതികളുടെ പ്രകടനം**


വനിതാ ഘടക പദ്ധതിയും (ഡബ്ല്യുസിപി), ദുർബല വിഭാഗങ്ങൾക്കായുള്ള പദ്ധതികളും (വൃദ്ധർ, കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ) കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ശ്രദ്ധേയമായ സവിശേഷതകളാണ്. പൊതു വിഭാഗം സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി ഫണ്ട് എന്നിവയുടെ

**ചിത്രം 12.1.4** 2022-23-ൽ ൽ പ്രാദേശിക സർക്കാരുകളുടെ ഉൽപ്പാദന മേഖലയിലെ ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് (ശതമാനത്തിൽ)




അവലംബം: ഐ.കെ.എം 2023

**ചിത്രം 12.1.5** 2022-23ൽ പ്രാദേശിക സർക്കാരുകളുടെ സേവന ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് (ശതമാനത്തിൽ)




അവലംബം: ഐ.കെ.എം 2023


ആകെ തുകയുടെ 10 ശതമാനം വനിതാ ഘടക പദ്ധതിയ്ക്കാണ്. 5 ശതമാനം കുട്ടികൾ, വികലാംഗർ, ട്രാൻസ്ജെൻഡർ എന്നിവർക്കും, 5 ശതമാനം വയോജനങ്ങൾക്കും സാന്ത്വന പരിചരണ പദ്ധതിയ്ക്കുമാണ് . 2022-23ൽ 320.72 കോടി രൂപയായിരുന്നു വനിതാ ഘടക പദ്ധതിയുടെ ചെലവ്. കുട്ടികൾക്കായുള്ള പ്രത്യേക പരിപാടിക്കും വികലാംഗർക്കുമായി യഥാക്രമം 202.20 കോടിയും 97.78 കോടിയും ചെലവഴിച്ചു. വയോജനങ്ങൾക്കുള്ള പദ്ധതികൾക്കായി 120.43 കോടി രൂപയും, സാന്ത്വന പരിചരണത്തിനായി 88.36 കോടി രൂപയും ചെലവഴിച്ചു. ട്രാൻസ്ജെൻഡറുകൾക്കായുള്ള പദ്ധതികൾക്ക് 0.27 കോടി രൂപയാണ് ചെലവഴിച്ചത്. 2022-23 ലെ പ്രത്യേക മേഖലാ പദ്ധതികൾക്കായുള്ള ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക 12.1.2, അനുബന്ധം 12.1.6** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടിക 12.1.2** 2022-23 ലെ പ്രത്യേക മേഖലാ പദ്ധതികൾക്കായുള്ള ചെലവുകളുടെ വിശദാംശങ്ങൾ (തുക ലക്ഷത്തിൽ)

| ക്രമ നം | പ്രത്യേക മേഖലകൾ | ചെലവ് |
|---|---|---|
| 1 | വനിതാ ഘടക പദ്ധതി | 32,072.53 |
| 2 | കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി | 20,220.83 |
| 3 | വയോജനങ്ങൾക്കുള്ള പ്രത്യേക പദ്ധതി | 12,043.02 |
| 4 | ഭിന്നശേഷിയുള്ളവർക്കുള്ള പ്രത്യേക പദ്ധതി | 9,778.56 |
| 5 | സാന്ത്വന പരിചരണം | 8836.00 |
| 6 | ഭിന്നലിംഗക്കാർക്കുള്ള പ്രത്യേക പദ്ധതി | 27.63 |

അവലംബം ഐ.കെ.എം 2023

**ചിത്രം 12.1.6** 2022-23ൽ പ്രാദേശിക സർക്കാരുകളുടെ പശ്ചാത്തല മേഖലയിലെ ഉപമേഖലാടിസ്ഥാനത്തിലുള്ള ചെലവ് (ശതമാനത്തിൽ)




അവലംബം: ഐ.കെ.എം 2023

**തദ്ദേശാഭരണസ്ഥാപനങ്ങൾക്കുള്ള പതിനഞ്ചാമത് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്: സാധ്യതകളും പരിമിതികളും**

പതിനഞ്ചാമത് കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശകൾ പരിശോധിച്ചാൽ, നഗരപ്രദേശങ്ങളുടെ കാര്യത്തിൽ മുൻ കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശകളിൽ നിന്ന് ഗണ്യമായ വ്യതിയാനം വരുത്തിയതായി കാണാം. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടെ ഗ്രാമീണ തലത്തിലെ എല്ലാ പഞ്ചായത്തുകൾക്കും ഗ്രാന്റുകൾ നൽകാൻ കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്; 14ാം ധനകാര്യ കമ്മീഷൻ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് ഗ്രാന്റുകൾ അനുവദിച്ചിരുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആദ്യമായി നഗരഭരണ സ്ഥാപനങ്ങളെ രണ്ട് വിഭാഗങ്ങളാക്കി പ്രത്യേകമായി ഗ്രാന്റുകൾ ശുപാർശ ചെയ്യുകയുണ്ടായി എന്നതാണ് മുൻ രീതിയിൽ നിന്നും വരുത്തിയ മറ്റൊരു മാറ്റം : അതായത് (എ) ദശലക്ഷത്തിലധികം ജനസംഖ്യയുള്ള നഗര സഞ്ചയങ്ങൾ/നഗരങ്ങൾ, (ബി) ഒരു ദശലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മറ്റെല്ലാ നഗരങ്ങളും പട്ടണങ്ങളും. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് വിനിയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ, കേന്ദ്ര ധനകാര്യ കമ്മീഷൻ നൽകുന്ന നിർദ്ദേശപ്രകാരം ഓരോ പ്രാദേശിക സർക്കാരുകളും കേന്ദ്ര ധനകാര്യ കമ്മീഷൻ ഉപപദ്ധതി തയ്യാറാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നിരുന്നാലും പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ വ്യവസ്ഥകൾ പരിശോധിച്ചാൽ തുക വിനിയോഗിക്കുന്നതിലെ സ്വാതന്ത്ര്യം ഗണ്യമായി കുറച്ചിരിക്കുന്നു എന്ന് കാണാവുന്നതാണ്. പതിനാലാം ധനകാര്യ കമ്മീഷൻ ആകട്ടെ വിഹിതം "അടിസ്ഥാന ഗ്രാന്റ്" ആയി പ്രാദേശിക സർക്കാരുകൾക്ക് നൽകുകയും ഗ്രാമീണ, നഗര പ്രാദേശിക സർക്കാരുകൾക്ക് കമ്മ്യൂണിറ്റി ആസ്തികളുടെയും റോഡുകളുടെയും അറ്റകുറ്റപ്പണികൾ ഉൾപ്പെടെ അടിസ്ഥാന പൗര സേവനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കാൻ സ്വാതന്ത്ര്യവും നല്കിയിരുന്നു. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ, ദശലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങൾക്ക് മുഴുവൻ ഗ്രാന്റും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (ടൈഡ് ഗ്രാന്റുകൾ) ആക്കുകയുണ്ടായി. മറ്റ് നഗരങ്ങളുടെയും ഗ്രാമീണ പ്രാദേശിക സർക്കാരുകളുടെയും കാര്യത്തിൽ, ഗ്രാന്റുകളുടെ 60 ശതമാനം പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് ആക്കി. ഈ ടൈഡ് ഗ്രാന്റുകൾ 50 ശതമാനം വീതം, ജലം, ശുചിത്വം എന്നീ രണ്ട് നിർണ്ണായക സേവനങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

**ആരോഗ്യ മേഖല ഗ്രാന്റ്**

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ അന്തിമ റിപ്പോർട്ടിൽ 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ പ്രാദേശിക സർക്കാരുകൾക്ക് 4,27,911.00 കോടി രൂപ മൊത്തം ഗ്രാന്റ് തുകയായി ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ പ്രാഥമിക ആരോഗ്യ പരിപാലന തലം ശക്തിപ്പെടുത്തുന്നതിനും ആരോഗ്യ പരിപാലന സംവിധാനത്തിലെ നിർണായക വിടവുകൾ നികത്തുന്നതിനുമായി 70,051.00 കോടി രൂപയാണ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. ഗ്രാമ, നഗര പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളും സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതിനായി ചില ഇടപെടലുകൾ ധനകാര്യ കമ്മീഷൻ നടത്തിയിട്ടുണ്ട്.

**പട്ടിക 12.1.3** 15-ാം ധനകാര്യ കമ്മീഷൻ-ആരോഗ്യ മേഖലയിൽ കേരളത്തിനുള്ള ഗ്രാന്റുകളുടെ വിശദാംശങ്ങൾ (രൂപ കോടിയിൽ)

| പ്രവർത്തനങ്ങൾ | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 | ആകെ |
|---|---|---|---|---|---|---|
| ആകെ ആരോഗ്യ ഗ്രാന്റ് | 559 | 559 | 587 | 616 | 647 | 2968 |
| ഗ്രാമീണ ഘടകങ്ങൾ | | | | | | |
| കെട്ടിടമില്ലാത്ത ഉപ ആരോഗ്യ കേന്ദ്രങ്ങൾ, പിഎച്ച്സികൾ, സിഎച്ച്സികൾ എന്നിവയ്ക്കുള്ള സഹായം | 0.5 | 0.5 | 0.52 | 0.55 | 0.58 | 2.65 |
| പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കൽ | 30.59 | 30.59 | 32.12 | 33.72 | 35.41 | 162.43 |
| പ്രാഥമിക ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിലേക്കുള്ള ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചറിനുള്ള പിന്തുണ | 89.19 | 89.19 | 93.66 | 98.28 | 103.25 | 473.57 |
| ഗ്രാമീണ ഉപ ആരോഗ്യ കേന്ദ്രങ്ങളെയും പിഎച്ച്സികളെയും ഹെൽത്ത് & വെൽനെസ്സ് സെന്ററുകളാക്കി മാറ്റുക | 105.43 | 105.43 | 110.7 | 116.23 | 122.04 | 559.83 |
| നഗര ഘടകങ്ങൾ | | | | | | |
| പ്രാഥമിക ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിലേക്കുള്ള ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചറിനുള്ള പിന്തുണ | 11.05 | 11.05 | 11.61 | 12.19 | 12.8 | 58.7 |
| അർബൻ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ (HWCS) | 322.22 | 322.22 | 338.34 | 355.25 | 373.01 | 1711.0 |

അവലംബം: മിനിസ്ട്രി ഓഫ് എക്സ്പെൻഡിച്ചർ ഗവണ്മെന്റ് ഓഫ് ഇന്ത്യ

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂളിൽ, ആശുപത്രി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ & ഡിസ്പെൻസറികൾ, കുടുംബക്ഷേമം എന്നിവ ഉൾപ്പെടെയുള്ള ആരോഗ്യവും ശുചിത്വവും പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളുടെ കീഴിലാണ് പട്ടികപ്പെടുത്തിയിട്ടുള്ളത്. അതുപോലെ, ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിൽ, മുനിസിപ്പാലിറ്റികൾക്കായി പൊതുജനാരോഗ്യം, ശുചിത്വ സംരക്ഷണം, ഖരമാലിന്യ സംസ്കരണം എന്നിവയും പട്ടികപ്പെടുത്തിയിട്ടുണ്ട്. സാർവത്രിക ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രാഥമിക ആരോഗ്യ പരിപാലന സേവനത്തിന്റെ വിതരണത്തിൽ, ഗ്രാമീണ, നഗര പ്രാദേശിക സർക്കാരുകൾക്ക് ഒരു സുപ്രധാന പങ്ക് വഹിക്കാനാകും.

താഴേത്തട്ടിലുള്ള ആരോഗ്യ സേവന സംവിധാനങ്ങൾ ബലപ്പെടുത്തുന്നതിന് കേരളത്തിലെ തദ്ദേശ ഭരണസ്ഥാപനങ്ങൾ ഇതിനകം കാര്യക്ഷമത തെളിയിച്ചിട്ടുണ്ട്. മെച്ചപ്പെട്ട പൊതുജനാരോഗ്യ സേവനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചു. വിഭവങ്ങൾ, ആരോഗ്യ അടിസ്ഥാനസൗകര്യങ്ങൾ, ശേഷി വികസനം എന്നിവ ശക്തിപ്പെടുത്തുന്നതിലൂടെ ആരോഗ്യ സേവനത്തിൽ അവരെ കൂടുതൽ പ്രാപ്തരാക്കും. അതിനാൽ, പതിനഞ്ചാംധനകാര്യ കമ്മീഷൻ നൽകുന്ന ആരോഗ്യ ഗ്രാന്റ്, കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനം ആഗോള നിലവാരത്തിലേക്ക് മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**നൂതന പദ്ധതികൾക്കുള്ള പ്രത്യേക സംവിധാനം**

പ്രസക്തവും നൂതനവുമായ പദ്ധതികൾ രൂപകല്പന ചെയ്യുന്നതിനായി 'നൂതന പരിപാടികൾക്ക് പ്രത്യേക സംവിധാനം' ആരംഭിച്ചതാണ് പതിമൂന്നാം പദ്ധതിയുടെ പ്രധാന സവിശേഷതകളിലൊന്ന്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പ്രാദേശിക വികസന പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും വിഭവ ശേഷിയെ അടിസ്ഥാനമാക്കി അനുയോജ്യമായ പരിഹാരങ്ങൾ രൂപപ്പെടുത്തുകയുമാണ്. പ്രാദേശികമായി ഉയർന്നുവരുന്ന ചില പ്രോജക്ടുകൾ നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പിലാക്കാൻ പറ്റിയെന്നു വരില്ല. അത്തരം പ്രോജക്ടുകളുടെ പരിശോധനയും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ജില്ലാ കളക്ടർ അധ്യക്ഷനായി ജില്ലാതല വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. വിവിധ തലങ്ങളിലെ പ്രാദേശിക സർക്കാരുകളുടെ നൂതന പ്രോജക്ടുകൾ പരിശോധിച്ച് തീരുമാനമെടുക്കേണ്ടത് ഈ സമിതിയാണ്

**ഉപസംഹാരം**

പങ്കാളിത്താധിഷ്ഠിതവും വികേന്ദ്രീകൃതവുമായ കേരളത്തിന്റെ വികസന മാതൃക ദേശീയതലത്തിലും ആഗോളതലത്തിലും ഏറെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. ഉയർന്നുവരുന്ന ജനങ്ങളുടെ ആവശ്യങ്ങൾക്കും സമൂഹത്തിന്റെ വികസന പ്രശ്നങ്ങൾക്കും അനുസൃതമായി പ്രാദേശിക ഭരണസംവിധാനങ്ങളും പ്രക്രിയകളും ശക്തിപ്പെടുത്തുന്നതിൽ പതിനാലാമത് പഞ്ചവത്സര പദ്ധതി വളരെ ശ്രദ്ധനൽകിയിട്ടുണ്ട്. മുൻപ് സൂചിപ്പിച്ചതുപോലെ, സാമ്പത്തിക വളർച്ച വർധിപ്പിക്കുക, സേവന വിതരണം മെച്ചപ്പെടുത്തുക, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ മെച്ചപ്പെട്ട സാമൂഹിക സുരക്ഷ എന്നിവയാണ് പ്രധാനമായി ലക്ഷ്യമിടുന്നത്.

എല്ലാ പ്രാദേശിക സർക്കാരുകളുടെയും സഹകരണത്തോടെ ദീർഘവീക്ഷണത്തോടെയുള്ള ജില്ലാ പദ്ധതികൾ ആവിഷ്കരിക്കുക, കൃത്യമായ ഇടവേളകളിലുള്ള സോഷ്യൽ ഓഡിറ്റ്, ജില്ലാ റിസോഴ്സ് സെന്ററുകളുടെ രൂപീകരണം, ഗ്രാമസഭ/വാർഡ് സഭകൾ സജീവ പ്രാദേശിക ആസൂത്രണത്തിൽ കൂടുതൽ ജനകീയ പങ്കാളിത്തം എന്നിവയെല്ലാമാണ് ഈ മേഖലയിലെ പ്രധാന നേട്ടങ്ങൾ. ഇത് പ്രാദേശിക ആസൂത്രണവും വികസനവും കൂടുതൽ മെച്ചപ്പെടുത്താൻ സംസ്ഥാനത്തെ പ്രാപ്തമാക്കും. കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയം, വികേന്ദ്രീകൃതാസൂത്രണത്തിൽ കേരളത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളിലും വാർഷിക ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) തയ്യാറാക്കുന്നതിനായി പീപ്പിൾസ് പദ്ധതി കാമ്പയിൻ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടുകഴിഞ്ഞിരിക്കുന്നു.

പതിനാലാം പദ്ധതി നടപ്പിലാക്കുന്നതോടെ പ്രാദേശിക സാമ്പത്തിക വളർച്ചയിലും പ്രാദേശിക സർക്കാർ തലത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും വലിയ മുന്നേറ്റമുണ്ടാകും. നൈപുണ്യ വികസന മേഖലയിലും വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു. അതിദാരിദ്ര്യ നിർമാർജ്ജനം, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള ഇടപെടലുകൾ, ദുരന്തനിവാരണം, ഫലപ്രദമായ മാലിന്യ സംസ്കരണ രീതികൾ, നഗരവൽക്കരണത്തിന് പ്രത്യേക ഊന്നൽ തുടങ്ങിയ ഇടപെടലുകൾ സംസ്ഥാനത്തെ വികസനത്തിന്റെ അടുത്ത തലത്തിലേക്ക് ഉയർത്തും എന്ന് പ്രതീക്ഷിക്കുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന കേന്ദ്ര–സംസ്ഥാന പദ്ധതികളുടെ അവലോകനം.**

വർധിച്ച സാമ്പത്തിക വളർച്ച, വിഭവങ്ങളുടെ തുല്യമായ വിതരണം, കാര്യക്ഷമമായ സാമൂഹിക സുരക്ഷാ ശൃംഖലകൾ, ശക്തമായ സേവന വിതരണ സംവിധാനങ്ങൾ എന്നിവയിലൂടെ വിവിധ വികസന മേഖലകളിലെ നേട്ടങ്ങൾ നിലനിർത്താനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി, സംസ്ഥാനം അതിന്റെ ഉൽപ്പാദനശേഷി പുനരുജ്ജീവിപ്പിക്കുകയും വിവിധ വികസന മേഖലകളിൽ നിക്ഷേപം ആകർഷിക്കുകയും ചെയ്യുക മാത്രമല്ല, വിവിധ സ്ഥാപനങ്ങളുടെ മികച്ച മാനേജ്മെന്റിനുള്ള സംവിധാനങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്യുന്നു. ഈ ഉദ്യമത്തിൽ, നൂതനമായ മാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അക്കാദമിക, ഗവേഷണ, വികസന സ്ഥാപനങ്ങളെ

പ്രാപ്തമാക്കിക്കൊണ്ട് വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ സ്ഥാപിക്കുന്നതിന് ഊന്നൽ നൽകുന്നു. ഇതിന് സംസ്ഥാന, കേന്ദ്ര ഗവൺമെന്റുകൾ വിഭാവനം ചെയ്യുന്ന വികസന പദ്ധതികൾ, സ്വകാര്യ നിക്ഷേപം എന്നിവയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വിഭവങ്ങളുടെ ഫലപ്രദമായ സമാഹരണം ആവശ്യമായി വന്നിരിക്കുന്നു.

കേരളത്തിൽ കേന്ദ്ര, സംസ്ഥാന, സർക്കരുകൾ പണം മുടക്കുന്ന മിക്ക പദ്ധതികളും നടപ്പിലാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (എൽഎസ്ജി) നിർണായകപങ്ക് വഹിക്കുന്നു. കേരളത്തിൽ പിന്തുടരുന്ന വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മാതൃക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച നടപ്പിലാക്കുന്ന പദ്ധതികളെ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികളുമായി സംയോജിപ്പിക്കുന്നതിന് വലിയ സാധ്യത നൽകുന്നു. വിവിധ മേഖലകളിലെ വികസന ഇടപെടലുകളുടെ ഫലപ്രാപ്തി വർധിപ്പിക്കുന്നതിന് സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ പ്രധാന പദ്ധതികളുമായും പരിപാടികളുമായും പ്രാദേശിക പദ്ധതികൾ സമന്വയിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷ്യമിടുന്നു. സാധ്യമാകുന്നിടത്തെല്ലാം, സാമ്പത്തികവും മാനവ വിഭവശേഷിയും പ്രയോജനപ്പെടുത്തുന്നതിനും സംയോജിത പ്രവർത്തനം സൃഷ്ടിക്കുന്നതിനും സമാന വ്യവസ്ഥകളുള്ള സ്കീമുകളെയും പ്രോജക്റ്റുകളെയും സംയോജിപ്പിക്കണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗരേഖ വ്യക്തമാക്കുന്നു.

നഗര അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുക, ഗ്രാമീണ മേഖലയിൽ കണക്റ്റിവിറ്റി വർധിപ്പിക്കുക, ശുചിത്വ, മാലിന്യ സംസ്കരണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക, ഗ്രാമങ്ങളിലും നഗരങ്ങളിലും ഭവനനിർമാണം, തൊഴിലവസരങ്ങളും ഉപജീവനമാർഗങ്ങളും സൃഷ്ടിക്കൽ തുടങ്ങിയവയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികൾ. സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യഥാക്രമം സംസ്ഥാനത്തിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾ കണക്കിലെടുത്ത് എല്ലാ വർഷവും പദ്ധതികൾ ആവിഷ്കരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിൽ സംസ്ഥാനത്തിന്റെ വിഹിതം അടങ്ങിയിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഈയിടെയായി, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ട്രാൻഷേകളിൽ (ഭാഗങ്ങളിൽ) അനുവദിക്കുന്നത് സംസ്ഥാന വിഹിതം മുൻകൂറായി വകയിരുത്തിയിട്ടുണ്ടെന്ന മുൻവ്യവസ്ഥയിൽ മാത്ര മാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ, പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ തമ്മിലുള്ള ഏകോപനം അനിവാര്യമാണ്. വിവിധ വികസന മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും വിശദാംശങ്ങൾ ചുവടെ ചർച്ചചെയ്യുന്നു.

**അടിസ്ഥാന സൗകര്യ വികസനം**

സംസ്ഥാനം സ്വീകരിച്ച വികേന്ദ്രീകൃതാസൂത്രണ സമീപനം ഗ്രാമ നഗര അടിസ്ഥാന സൗകര്യങ്ങൾ, പൗര സേവനങ്ങൾ, സാമൂഹിക സുരക്ഷ, സേവന മേഖല എന്നിവയിൽ പൊതുനിക്ഷേപം വർധിപ്പിച്ചു. ഭവന, റോഡ് കണക്റ്റിവിറ്റി, കുടിവെള്ള ലഭ്യത, ശുചിത്വം, ഡ്രെയിനേജ് സംവിധാനങ്ങൾ തുടങ്ങിയ പ്രധാന മേഖലകളിൽ പ്രാദേശിക സർക്കാരുകൾ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്, ഇവയെല്ലാം ജീവിതനിലവാരം ഉയർത്തുന്നതിലും മാന്യമായ ജീവിത ഗുണനിലവാരം പുലർത്തുന്നതിനും നിർണായകമാണ്. വികസിത രാജ്യങ്ങളുമായി കിടപിടിക്കാവുന്ന നിരവധി നേട്ടങ്ങൾ മാനവ വികസന സൂചകങ്ങളുടെ മേഖലയിൽ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞതും ഇതു മൂലമാണ്.

**പാർപ്പിടം**

സംസ്ഥാനത്തെ ഭവനരഹിതർക്ക് വീട് നൽകുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് ലൈഫ് മിഷൻ മുഖേന കേരള സർക്കാർ നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാറിന്റെയും കേന്ദ്ര സർക്കാറിന്റെയും വിവിധ ഭവന പദ്ധതികൾ സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ ഭവന പദ്ധതികളിൽ നിന്ന് ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ സംയോജിപ്പിക്കാൻ മിഷൻ ശ്രമിക്കുന്നു. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സംസ്ഥാന സർക്കാർ പദ്ധതിയുടെ വിടവുകൾ നികത്തും. കേരളത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ഭവനനിർമാണ ആവശ്യങ്ങൾ നിറവേറ്റുന്നതിന് കേന്ദ്രഗവൺമെന്റിന്റെ ഭവനപദ്ധതികളിൽ നിന്നുള്ള സഹായം തീർത്തും അപര്യാപ്തമായതിനാലാണ് ഈ നടപടി വേണ്ടി വന്നത്. ഭവനരഹിതരായവരുടെ ഉപജീവനമാർഗം ഉറപ്പാക്കുന്നതിനും ദാരിദ്ര്യത്തിലേക്ക് അവരെ നയിക്കുന്ന ഘടകങ്ങളെ മറികടക്കുന്നതിനും ഇടപെടലുകൾ ആവശ്യമായിരുന്നു. ഈ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്, കേരളത്തിലെ ഭവനരഹിതരായ പാവപ്പെട്ടവരുടെ 'ഉപജീവനമാർഗം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം' എന്നിവ ഉറപ്പാക്കാൻ ലൈഫ് എന്ന സമഗ്രമായ ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയത്.

**പ്രധാനമന്ത്രി ആവാസ് യോജന– ഗ്രാമീൺ (പിഎംഎവൈ–ജി)**

ഗ്രാമപ്രദേശങ്ങളിൽ "എല്ലാവർക്കും വീട്" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി, ഗ്രാമവികസന മന്ത്രാലയം 2016 ഏപ്രിൽ 1 മുതൽ പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2024 മാർച്ചോടെ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ 2.95 കോടി പക്കാ വീടുകൾ നിർമ്മിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി അർഹതയുള്ള ഗ്രാമീണ കുടുംബങ്ങൾക്ക് സഹായം നൽകുകയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. സാമൂഹിക-

സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി)- 2011 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഭവനനിർമ്മാണ മാന ദണ്ഡങ്ങളും, ഒഴിവാക്കൽ മാനദണ്ഡങ്ങളും, ശേഷം അതത് ഗ്രാമസഭകൾ കൃത്യമായ പരിശോധന നടത്തി, ഒരു അപ്പീൽ പ്രക്രിയ പൂർത്തിയാക്കിയതിന്റെയും അടിസ്ഥാനമാക്കിയാണ് പിഎംഎവൈ-ജിക്ക് കീഴിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

ഗ്രാമപ്രദേശങ്ങൾക്കുള്ള വീട്ടുനിർമ്മാണ പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ)- ഗ്രാമീൺ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പ്രകാരം നിർമ്മിച്ച് നൽകേണ്ട വീടുകളുടെ കുറഞ്ഞ വലുപ്പം 25 ചതുരശ്ര മീറ്ററായി നിഷ്ക്കർഷി ച്ചിട്ടുണ്ടെങ്കിലും, കേരളത്തിൽ അത്, ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടി 36 ചതുരശ്ര മീറ്ററായി നിജപ്പെടുത്തിയിരിക്കുന്നു. അനുവദിച്ച തീയതി മുതൽ 12 മാസത്തിനുള്ളിൽ വീടിന്റെ നിർമ്മാണം പൂർത്തിയാക്കണം. ഗ്രാമ വികസന മന്ത്രാലയം നിശ്ചയിച്ച, പി എം എ വൈ -ഗ്രാമീൺ പ്രകാരമുള്ള ഒരു വീടിന്റെ യൂണിറ്റ് സഹായം 1.20 ലക്ഷം രൂപ ആണ്. ഇത് 60:40 എന്ന അനുപാതത്തിൽ യഥാക്രമം 72,000 രൂപയും, 48,000 രൂപയുമായി കേന്ദ്ര- സംസ്ഥാന സർക്കാരുകൾ പങ്കിടുന്നു. കേരളത്തിൽ, ലൈഫ് മിഷനുമായി സംയോജിപ്പിച്ചതിന്റെ ഭാഗമായി, വീടിന്റെ യൂണിറ്റ് സഹായം 4.00 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. അതിനാവശ്യമായ ബാക്കി തുകയായ 2.8 ലക്ഷം രൂപ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ വകയിരുത്തുന്നു ആവാസ്സോഫ്റ്റ് എം ഐ എസിൽ രജിസ്റ്റർ ചെയ്ത, ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ടുകൾ/ പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളിലേക്ക് നേരിട്ട് മൂന്ന് ഗഡുക്കളായി ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിനു ചെലവാകുന്ന തുക വിതരണം ചെയ്യുന്നു.

ഈ പദ്ധതിയുടെ ഭാഗമായി, സന്നദ്ധരായ ഒരു ഗുണഭോക്താവിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 70,000 രൂപ വരെ ധനസഹായം ലഭ്യമാക്കുന്നതിന് സൗകര്യമുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ഒരു പിഎംഎവൈ- ജി ഗുണഭോക്താവിന്, വീട് നിർമ്മാണത്തിന്, 90 ദിവസത്തെ അവിദഗ്ധ ജോലിയുടെ വേതനം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖാന്തരം ലഭിക്കുന്നതിന് അർഹതയുണ്ട്. ടോയ്‌ലറ്റുകളുടെ നിർമ്മാണത്തിനായി, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി 12,000/- രൂപയും നൽകുന്നു. 2022-23ൽ, പിഎംഎവൈ- ഗ്രാമീൺ പദ്ധതിയ്ക്കായി 42.50 കോടി രൂപ (കേന്ദ്രവിഹിതം 25.50 കോടി രൂപയും സംസ്ഥാന വിഹിതം 17 കോടി രൂപയും) അനുവദിക്കുകയുണ്ടായി.

30/09/2023 വരെയുള്ള കണക്ക പ്രകാരം, സാമൂഹ്യ- സാമ്പത്തിക ജാതി സെൻസസ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 22066 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 21,612 വീടുകളുടെ നിർമ്മാണ പൂർത്തീകരിച്ചു. 5743 വീടുകൾ ന്യൂനപക്ഷവിഭാഗത്തിൽപെട്ടവർക്കും, 5599 ഉം, 1355 ഉം വീടുകൾ യഥാക്രമം പട്ടികജാതി വിഭാഗക്കാർക്കും പട്ടികവർഗ്ഗവിഭാഗക്കാർക്കുമായി പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്.

2011 എസ്ഇസിസി പട്ടികയിൽ നിന്നും ഒഴിവാക്ക പ്പെട്ടതായി അവകാശപ്പെടുന്ന ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് 2018 ജനുവരി മുതൽ 2019 മാർച്ച് വരെ സർക്കാർ ആവാസ് പ്ലസ് സർവേ നടത്തി. എസ്ഇസിസി സ്ഥിരം വെയിറ്റ്‌ലിസ്റ്റിലെ യോഗ്യരായ ഗുണഭോക്താക്കളുടെ മൊത്തത്തിലുള്ള ലക്ഷ്യം കൈവരിക്കുന്നതിനുള്ള വിടവ് നികത്തുന്നതിന് ആവാസ് പ്ലസ് വഴി കണ്ടെത്തിയ ഗുണഭോക്താക്കളുടെ ഡാറ്റ ഉപയോഗിക്കുന്നു. ആവാസ് പ്ലസ് ലിസ്റ്റിൽ നിന്ന് 13,101 വീടുകൾ അനുവദിക്കുകയും 9,958 വീടുകൾ സംസ്ഥാനത്ത് പൂർത്തീകരിക്കുകയും ചെയ്തു. അതിൽ 1,458 വീടുകൾ ന്യൂനപക്ഷവിഭാഗത്തിൽപെട്ടവർക്കും, 4434 വീടുകൾ പട്ടികജാതി വിഭാഗക്കാർക്കും, 900 വീടുകൾ പട്ടികവർഗ്ഗ വിഭാഗക്കാർക്കുമായി പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്.

പിഎംഎവൈ-ജി പദ്ധതി പ്രകാരം ആകെ 35,167 വീടുകൾ അനുവദിക്കുകയും 31,822 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. പദ്ധതി 2024 മാർച്ചിൽ അവസാനിക്കുന്നു. 2022-23 ൽ 25.50 കോടി രൂപ കേന്ദ്ര വിഹിതമായും 17.00 കോടി രൂപ സംസ്ഥാന വിഹിതമായും അനുവദിച്ചിരുന്നു. ആയതിൽ കേന്ദ്രവും സംസ്ഥാനവും അനുവദിച്ച തുകയും മുൻ വർഷങ്ങളിൽ നിന്നും പ്രരംഭ ബാക്കിയായി ലഭ്യമായ തുകയും ചേർത്ത് 102.89 കോടി രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചു. 2023-24 ലും അതേ തുക വീതമാണ് കേന്ദ്ര സംസ്ഥാനസർക്കാരുകൾ പദ്ധതിയ്ക്കായി വകയിരിത്തിയിരിക്കുന്നത്. 2016-17, 2017-18, 2021-22 വർഷങ്ങളിൽ ലക്ഷ്യമിട്ട വീടുകളുടെ നിർമ്മാണം 2023-24 സാമ്പത്തിക വർഷത്തോടെ പൂർത്തിയാകും. 2018 മുതൽ 2023 വർഷങ്ങളിൽ, പദ്ധതി പ്രകാരം ഗ്രാമീണ വികസന മന്ത്രാലയത്തിൽ നിന്നും അധിക വീടുകൾ അനുവദിച്ചിട്ടില്ല. പിഎംഎ വൈ-ഗ്രാമീൺ പദ്ധതിയുടെ 2022-23 വരെയും, 2023-24 സെപ്റ്റംബർ 30 വരെയുമുള്ള സാമ്പത്തികവും ഭൗതികവുമായ പുരോഗതി യഥാക്രമം **അനുബന്ധം 12.1.7, 12.1.8** എന്നിവയിൽ നൽകിയിരിക്കുന്നു.

**പ്രധാന മന്ത്രി ആവാസ് യോജന (അർബൻ)**

പ്രധാനമന്ത്രി ആവാസ് യോജന (അർബൻ), ജൂൺ 2015 മുതൽ രാജ്യത്ത് നടപ്പിലാക്കിവരുന്നു. നഗരപ്രദേശങ്ങളിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും എല്ലാ കാലാവസ്ഥയിലും ജീവിക്കുവാൻ അനുയോജ്യമായ വീടുകൾ 2022- ഓടെ നൽകുകയെന്ന ലക്ഷ്യത്തിൽ ആരംഭിച്ച ഒരു ഭവന പദ്ധതിയാണിത്. ഈ പദ്ധതിയുടെ കാലാവധി 2024ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്. പി.എം.എ.വൈ (അർബൻ) പദ്ധതിക്ക് നാല്പ ഘടകങ്ങളാണുള്ളത്.

- ഭൂമി ഒരു വിഭവമായി കണ്ട് സ്വകാര്യ

ഡെവലപ്പർമാരുടെ പങ്കാളിത്തത്തോടെ ചേരി നിവാസികളുടെ ചേരി പുനരധിവാസം.

- ക്രെഡിറ്റ്-ലിങ്ക്ഡ് സബ്സിഡി വഴി ദുർബല വിഭാഗങ്ങൾക്ക് താങ്ങാനാവുന്ന ഭവനങ്ങൾ പ്രോത്സാഹിപ്പിക്കുക.
- പൊതു-സ്വകാര്യ മേഖലകളുമായി സഹകരിച്ച് ഭവനനിർമാണം.
- വ്യക്തിഗത ഭവന നിർമാണത്തിനുള്ള സബ്സിഡി.

കേരളത്തിൽ ലൈഫ് മിഷനുമായി ഈ പദ്ധതി ഫലപ്രദമായി സംയോജിപ്പിച്ചിരിക്കുന്നു. സംസ്ഥാന ദാരിദ്ര്യ നിർമാർജന ദൗത്യമായ കുടുംബശ്രീയാണ് ഈ പരിപാടി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന തല നോഡൽ ഏജൻസി. ഇന്ത്യാ ഗവൺമെന്റിന്റെ മാനദണ്ഡമനുസരിച്ച്, ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (ബിഎൽസി) ഘടകത്തിന് കീഴിലുള്ള ഒരു യൂണിറ്റിന്റെ ചെലവ് 2.5 ലക്ഷം രൂപയാണ്. ഇതിൽ, 1.5 ലക്ഷം രൂപ കേന്ദ്ര സർക്കാരിന്റെ വിഹിതമാണ്. ഫണ്ട് മൂന്ന് ഗഡുക്കളായാണ് (40 ശതമാനം, 40 ശതമാനം, 20 ശതമാനം) അനുവദിക്കുന്നത്. ബാക്കി തുക സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ് വഹിക്കുന്നത്.

അഫോർഡബിൾ ഭവന പദ്ധതിക്ക് (എഎച്ച്പി) കീഴിൽ, ഒരു പാർപ്പിട യൂണിറ്റിന്റെ ശരാശരി ചെലവ് 10.50 ലക്ഷം രൂപയാണ്. ഈ ഘടകത്തിന്റെ കേന്ദ്ര വിഹിതം 1.5 ലക്ഷം രൂപയും സംസ്ഥാന വിഹിതം 6.50 ലക്ഷം രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം 2.50 ലക്ഷം രൂപയുമാണ്.

2022-23ൽ പദ്ധതിക്ക് 416.00 കോടി രൂപ അനുവദിച്ചതിൽ 312.00 കോടി രൂപ കേന്ദ്ര വിഹിതവും 104.00 കോടി രൂപ സംസ്ഥാനവിഹിതവുമാണ്. 2022-23-ലെ വിഹിതം 2023-24 ലും അതേപടി തുടർന്നു. 2022-23 സാമ്പത്തിക വർഷം മുതൽ 2023 സെപ്റ്റംബർ 30 വരെ 303.12 കോടി രൂപ കേന്ദ്ര വിഹിതമായും 35.40 കോടി രൂപ സംസ്ഥാന വിഹിതമായും പദ്ധതിക്ക് കീഴിലുള്ള എല്ലാ ഘടകങ്ങൾക്കുമായി അനുവദിച്ചു. 2023 സെപ്റ്റംബർ 30-ലെ പി.എം.എ.വൈ (അർബൻ) യുടെ സാമ്പത്തിക പുരോഗതി **അനുബന്ധം12.1.9**-ൽ നൽകിയിരിക്കുന്നു.

ഗുണഭോക്താവ് നയിക്കുന്ന ഭവന നിർമാണമെന്ന പ്രധാന ഘടകത്തിൽ, കേന്ദ്ര സർക്കാറിന്റെ ഹൗസിങ്ങ് ആൻഡ് അർബൻ അഫയേഴ്സ് മന്ത്രാലയം, മൊത്തം 1,30,562 വീടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ, 3,668 പാർപ്പിട യൂണിറ്റുകളുടെ നിർമാണം മൂന്ന് വികസന അതോറിറ്റികളുടെ അധികാരപരിധിയിൽ ഉൾപ്പെടുന്നു: വിശാലകൊച്ചി വികസന അതോറിറ്റി, ഗോശ്രീ ദ്വീപുകൾ വികസന അതോറിറ്റി, തിരുവനന്തപുരം വികസന അതോറിറ്റി.

പങ്കാളിത്തത്തോടെയുള്ള അഫോർഡബിൾ ഭവന പദ്ധതി (എഎച്ച്പി) എന്ന ഘടകത്തിന് കീഴിൽ, 970 പാർപ്പിട യൂണിറ്റുകൾ ഉൾപ്പെടുന്ന ഭവന സമുച്ചയങ്ങളുടെ നിർമാണത്തിനു 14.55 കോടി രൂപയുടെ 11 വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്ക് (ഡിപിആർ) അംഗീകാരം ലഭിച്ചു. ലൈഫ് മിഷന്റെ ചട്ടക്കൂടിനുള്ളിലാണ് ഈ പരിപാടി പ്രവർത്തിക്കുന്നത്. കൂടാതെ എല്ലാ അവശ്യ സൗകര്യങ്ങളോടും കൂടിയ ഭവന സമുച്ചയങ്ങൾ വികസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നുള്ള വർധിച്ച സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കും. ഈ വിഭാഗത്തിൽ, 936 വീടുകളുടെ നിർമാണം ആരംഭിച്ചു, അവയിൽ 490 വീടുകൾ പൂർത്തീകരിച്ചു.

'ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം' (സിഎൽഎസ്എസ്) ഘടകത്തിന് കീഴിൽ, അർഹരായ നഗര ദരിദ്രർക്ക് ഭൂമി ഏറ്റെടുക്കുന്നതിനോ വീട് വയ്ക്കുന്നതിനോ ഉള്ള വായ്പയ്ക്ക് പലിശ സബ്സിഡി നൽകുന്നു. 2023 സെപ്റ്റംബർ 30 വരെ 33,293 ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുകയും 28,748 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 2023 സെപ്റ്റംബർ 30 വരെ പൂർത്തിയാക്കിയ വീടുകൾ 2021 മാർച്ച് 31-ന് മുമ്പ് അനുവദിച്ചവയാണ്. നഗരത്തിലെ ദരിദ്രരായവരുടെ ഭവന ആവശ്യങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ടുള്ള ഈ ഘടകം മാർച്ച് 31, 2021 മുതൽ കേന്ദ്ര സർക്കാർ നിർത്തലാക്കി.

നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള ഗുണഭോക്തൃ നേതൃത്വത്തിലുള്ള ഭവനനിർമാണ ഘടകത്തിന്റെയും നഗരദരിദ്രർക്ക് പാർപ്പിടങ്ങൾ എന്ന ഘടകത്തിന്റെയും 2023 സെപ്റ്റംബർ 30 വരെയുള്ള ഭൗതിക പുരോഗതി സംബന്ധിച്ച വിവരങ്ങൾ യഥാക്രമം **അനുബന്ധം12.1.10, 12.1.11**ലും ചേർത്തിരിക്കുന്നു.

ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഉപജീവന മാർഗം ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികളുമായി ഈ പദ്ധതിയെ സംയോജിപ്പിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം), അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (എ.യു.ഇ.ജി.എസ്) എന്നിവയുമായി സംയോജിപ്പിച്ച് ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ഉപജീവന പിന്തുണ നൽകുന്നു. നൈപുണ്യ നവീകരണത്തിലൂടെയും സ്വയം തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിലൂടെയും നഗര ഭവനരഹിതരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ വ്യവസ്ഥകൾ ഉപയോഗിക്കാം. സംസ്ഥാന സർക്കാരിന്റെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി (എ.യു.ഇ.ജി.എസ്) സംയോജിപ്പിച്ച്, പിഎംഎവൈ (അർബൻ) ഗുണഭോക്താക്കൾക്ക് 90 തൊഴിൽ ദിനങ്ങൾ നൽകി അതിലൂടെ ഒരു ഗുണഭോക്താവിന് 27,990 രൂപ അധികമായി നൽകാൻ കഴിഞ്ഞു. പി.എം.എവൈ (അർബൻ) ഗുണഭോക്തൃ കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനുള്ള ലേബർ കാർഡുകൾ നൽകുകയും 2023 സെപ്റ്റംബർ 30 വരെ 33,05,763 തൊഴിൽ ദിനങ്ങൾ നൽകുകയും ചെയ്തു, അതിലൂടെ 73.00 കോടിരൂപ ഗുണഭോക്താക്കളിൽ എത്തിയിട്ടുണ്ട്. വിവിധ ജീവനോപാധി പരിപാടികളും സാമൂഹ്യാധിഷ്ഠിത പരിപാടികളുമായി പി.എം.എ.വൈ (അർബൻ) ഭവന

പദ്ധതിയുടെ സംയോജനം വളരെ ഫലപ്രദമായി നടപ്പിലാക്കിയതിന് സംസ്ഥാനത്തിന് രണ്ട് തവണ ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഭൂമിയുള്ള ഭവനരഹിതർക്കുള്ള ലൈഫ് മിഷൻ ഘടകത്തിൽ വിദൂരത്തും ഒറ്റപ്പെട്ടും നിൽക്കുന്ന സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗക്കാർക്കുള്ള ഭവനനിർമാണ ധനസഹായം 6.00 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. മറ്റ് എല്ലാ ഗുണഭോക്താക്കൾക്കും 4.00 ലക്ഷം രൂപയാണ് നൽകുന്നത്. ഇതിന്റെ വിശദാംശങ്ങൾ 11.5 (പാർപ്പിടം) അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

**ശുചിത്വവും മാലിന്യ നിർമാർജ്ജനവും**

ദ്രുതഗതിയിലുള്ള നഗരവത്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേകിച്ചും ശുചിത്വവും മാലിന്യ സംസ്കരണവും പ്രധാനപ്രശ്നമായി മാറിയിരിക്കുകയാണ്. മാലിന്യം സംസ്കരിച്ച് പുനരുപയോഗം ചെയ്യാനോ ഡിസ്പോസ് ചെയ്യാനോ ഉള്ള ഫലപ്രദമായ സംവിധാനങ്ങളുടെ അഭാവം പരിസ്ഥിതിയെ മലിനമാക്കുകയും പലതരം രോഗങ്ങൾക്കുള്ള സാധ്യത വർധിപ്പിക്കുകയും ചെയ്യും. സംസ്ഥാനത്തിന്റെ വികസന സാധ്യതകളിൽ മാലിന്യ സംസ്കരണത്തിന്റെ സ്വാധീനം തിരിച്ചറിഞ്ഞുകൊണ്ട്, സംസ്ഥാനത്തെ മാലിന്യ സംസ്കരണ പ്രശ്നങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കാൻ കേരള സർക്കാർ ഉറച്ച തീരുമാനമെടുത്തിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് സംസ്ഥാന തലത്തിലും പ്രദേശിക തലത്തിലും നിരവധി തന്ത്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാനമൊട്ടാകെയുള്ള പ്രചാരണങ്ങൾക്കും പരിപാടികൾക്കും പുറമെ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലും മാലിന്യസംസ്കരണം ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാനാവിഷ്കതവുമായ പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ ഉദ്യമത്തിന്റെ നോഡൽ ഏജൻസി ശുചിത്വ മിഷൻ ആണ്. കൂടാതെ ഖരദ്രവമാലിന്യ നിർമാർജന നയങ്ങളും പ്രോജക്ടുകളും രൂപീകരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്കും സംസ്ഥാന സർക്കാരിനും ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതും നിർവഹണ തന്ത്രം രൂപപ്പെടുത്തുന്നതും ശുചിത്വമിഷനാണ്.

കേരളത്തിൽ ഭൂരിഭാഗം ജൈവമാലിന്യങ്ങളും വീടുകളിലും സ്ഥാപനങ്ങളിലും കമ്യൂണിറ്റി തലങ്ങളിലുമാണ് സംസ്കരിക്കുന്നത്. നടപ്പുവർഷത്തെ നിർദ്ദിഷ്ട പദ്ധതികളിലൂടെ വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടതല മാലിന്യ സംസ്കരണം സജ്ജീകരിച്ചതിലൂടെ, മാലിന്യ സംസ്കരണ ശേഷി കൂടുതൽ വർധിപ്പിച്ചു. ഹരിതകർമ സേന യൂണിറ്റുകളും മറ്റ് പങ്കാളിത്ത ശേഖരണ ഏജൻസികളും ചേർന്നാണ് അജൈവ മാലിന്യങ്ങൾ വീട്ടുപടിക്കൽ നിന്ന് ശേഖരിക്കുന്നത്. വീടുകളിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ശേഖരിക്കുന്ന ഈ അജൈവ മാലിന്യങ്ങൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലും (എംസിഎഫ്), മിനി എംസിഎഫുകളിലും താൽക്കാലികമായി സംഭരിക്കുന്നു. (ഇതിന്റെ അധിക വിശദാംശങ്ങൾ അധ്യായം 3.7 ൽ ഹരിതകേരളം എന്ന ഭാഗത്ത് കൊടുത്തിട്ടുണ്ട്.)

പ്രതിമാസം ശരാശരി 3500 ടൺ അജൈവമാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനി മുഖേന തരംതിരിച്ച് സംസ്കരണത്തിനായി കൈമാറുന്നു. സ്വകാര്യ ഏജൻസികൾ പ്രതിമാസം ശരാശരി 2500 ടൺ അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നു. എംസിഎഫുകളിൽ സംഭരിച്ചിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് പങ്കാളി കമ്പനികൾക്ക് വിൽക്കുന്നു. ഇത് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ (ആർആർഎഫ്) പുനരുപയോഗം ചെയ്യുന്നതിനോ സംസ്കരിക്കുന്നതിനോ (ബെയിലിങ്ങും ഷ്രെഡിങ്ങും) ആണ്. ഇത് ക്ലീൻ കേരള കമ്പനിക്ക് (സി.കെ.സി.എൽ) വീണ്ടും ഉപയോഗിക്കാനായി വിൽക്കുന്നു, പ്രത്യേകിച്ച് റോഡ് ടാറിങ്ങിനായി. സി.കെ.സി.എൽ ഡാറ്റ പ്രകാരം, 2016-17 മുതൽ 2023-24 സെപ്റ്റംബർ 30 വരെ, സംസ്ഥാന പൊതുമരാമത്ത് വകുപ്പ് 3183.59 ടൺ പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് 5669.71 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകൾ നിർമിച്ചു. വിശദാംശങ്ങൾ **പട്ടിക 12.1.4** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 12.1.4:** 2016-2023 കാലയളവിൽ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ നിർമാണത്തിൽ പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ

| വർഷം | ഉപയോഗിച്ച പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് (ടൺ) | നിർമിച്ച റോഡിന്റെ നീളം (കിലോമീറ്റർ) |
|---|---|---|
| 2016-17 | 23.82 | 51.89 |
| 2017-18 | 174.78 | 358.35 |
| 2018-19 | 279.95 | 495.74 |
| 2019-20 | 614.87 | 1073.75 |
| 2020-21 | 915.75 | 1710.45 |
| 2021-22 | 734.77 | 1277.13 |
| 2022-23 | 366.03 | 518.34 |
| (2023 സെപ്റ്റംബർ 30 വരെ) | 73.63 | 184.07 |
| ആകെ | 3183.59 | 5669.71 |

അവലംബം: ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

സംസ്ഥാനത്തുടനീളം പ്രവർത്തനക്ഷമമായ 1,236 എംസിഎഫുകളും 166 ആർആർഎഫുകളും 16,096 മിനി എംസിഎഫുകളും ഉണ്ട്. 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമസേനകൾ പ്രവർത്തിക്കുന്നുണ്ട്. 2023 ഒക്ടോബർ 31 വരെയുള്ള ഹരിതകർമസേന, എംസിഎഫ് കേന്ദ്രങ്ങൾ, മിനി എംസിഎഫ്, ആർആർഎഫ് എന്നിവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 12.1.12, 12.1.13** എന്നിവയിൽ നൽകിയിരിക്കുന്നു.

ഇ-മാലിന്യം വലിയ അളവിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യമാണെങ്കിലും സംസ്ഥാനത്ത് ഇതിന്റെ ഉൽപ്പാദനം സംബന്ധിച്ച് കൃത്യമായ കണക്കുകളില്ല. സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ മുതലായവയിൽ ഉൽപ്പാദിപ്പിക്കുന്ന ഇ-മാലിന്യങ്ങൾ ശേഖരിക്കാനും അവ അംഗീകൃത ഇ-മാലിന്യ ശേഖരണക്കാർ/പുനരുപയോഗം ചെയ്യുന്നവർക്ക് കൈമാറാനും ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകിയിട്ടുണ്ട്. സിഎജി റിപ്പോർട്ട് (2022) പ്രകാരം 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ (2021 ഡിസംബർ വരെ) സംസ്ഥാനത്ത് 60 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് ഇ-മാലിന്യം (ട്യൂബ് ലൈറ്റ്, സിഎഫ്എൽ മുതലായവ) സികെസിഎല്ലിന് കൈമാറിയതെന്ന് ചൂണ്ടിക്കാണിക്കുന്നു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വാർഷിക റിപ്പോർട്ടുകൾ പ്രകാരം 2019-20 മുതൽ 2022-23 വരെ സംസ്ഥാനത്ത് ശേഖരിച്ച ഇ-മാലിന്യത്തിന്റെ അളവ് **പട്ടിക 12.1.5** ൽ കാണിച്ചിരിക്കുന്നു.

### ശുചിത്വകേരളം (ഗ്രാമവും നഗരവും)

ഖരദ്രവമാലിന്യ സംസ്കരണ മേഖലയിൽ നയരൂപീകരണത്തിന് ഉത്തരവാദിത്തമുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സാങ്കേതിക വിഭാഗമായ ശുചിത്വ മിഷൻ സംസ്ഥാന സർക്കാറിന്റെ ധനസഹായത്തോടെയുള്ള പദ്ധതികളിലൂടെയാണ് നഗര, ഗ്രാമ പ്രദേശങ്ങളിലെ മാലിന്യ സംസ്കരണത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിലൂടെ സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള മാലിന്യ സംസ്കരണ സംരംഭങ്ങൾക്കും മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കും ഭാഗികമായി ധനസഹായം നൽകുന്നുണ്ട്.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്, നാഷണൽ ഹെൽത്ത് മിഷൻ, ഹരിതകേരളം മിഷൻ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്.

ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും അവബോധം വളർത്തുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിച്ചതിലൂടെ ജനങ്ങൾക്കിടയിൽ ശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള ശീലം വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വീടുകളുടെയും സ്ഥാപനങ്ങളുടെയും മാലിന്യ സംസ്കരണ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി യഥാക്രമം ഗാർഹിക, സ്ഥാപന, കമ്യൂണിറ്റി തലങ്ങളിൽ ചെറുകിട, ഇടത്തരം, വൻകിട ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ശുചിത്വകേരളം (അർബൻ) പദ്ധതി പ്രകാരം സുൽത്താൻ ബത്തേരിയിൽ 448 പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളും പാനൂർ, കട്ടപ്പന, ചെർപ്പുളശ്ശേരി, നെയ്യാറ്റിൻകര, ചാവക്കാട്, ഈരാറ്റുപേട്ട എന്നിവിടങ്ങളിൽ ആറ് ടേക്ക് എ ബ്രേക്ക് പദ്ധതികളും 2022-23 വർഷത്തിൽ പൂർത്തിയാക്കി. കൂടാതെ, മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ അഞ്ച് കോർപ്പറേഷനുകളിലും 82 നഗര തദ്ദേശ സ്ഥാപനങ്ങളിലും നടത്തി.

### സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ)

എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും വൃത്തിയുള്ള ടോയിലറ്റുകൾ ഉറപ്പാക്കുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്. 2016 നവംബർ 1 മുതൽ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങൾ വെളിയിട വിസർജന മുക്തമായി (ഒ.ഡി.എഫ്) പ്രഖ്യാപിച്ചിട്ടുണ്ട്. ഗ്രാമങ്ങളിൽ 1,74,720 വ്യക്തിഗത ടോയിലറ്റുകൾ (ഐ.എച്ച്.എച്ച്.എൽ) നിർമിച്ചതിലൂടെ വെളിയിട വിസർജ്ജന മുക്തമായ (ഒ.ഡി.എഫ്) സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (എസ്ബിഎം (ജി)) യുടെ ഭാഗമായി, 2023 നവംബർ 23 വരെ സംസ്ഥാനത്ത് ആകെ 2,47,173 വ്യക്തിഗത ടോയിലറ്റുകൾ (ഐ.എച്ച്.എച്ച്.എൽ) നിർമ്മിച്ചു [ഉറവിടം:എസ്.ബി.എം ഗ്രാമീൺ ഡാഷ്ബോർഡ്]. സംസ്ഥാനം ഇപ്പോൾ ഒഡിഎഫ് പദവി നിലനിർത്തുന്നതിലും 'ഒഡിഎഫ് പ്ലസ്' പ്രവർത്തനങ്ങൾ എന്നറിയപ്പെടുന്ന ശുചിത്വ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ എസ്.ബി.എം (ജി) പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ (ബി.പി.എൽ), അർഹരായ എ.പി.എൽ കുടുംബങ്ങൾ എന്നിവർക്ക് ഒരു വ്യക്തിഗത ടോയിലറ്റ് (ഐ.എച്ച്.എച്ച്.എൽ) നിർമിക്കുന്നതിനും ശുചീകരണത്തിനും ടോയിലറ്റ് വൃത്തിയാക്കുന്നതിനുമുള്ള ജലലഭ്യതയും ജലസംഭരണ സംവിധാനവും ഉൾപ്പെടെയുള്ളവ നിർമിക്കുന്നതിന് 12,000 രൂപ വരെയാണ് പ്രോത്സാഹന ധനസ

**പട്ടിക 12.1.5** സംസ്ഥാനത്ത് ശേഖരിച്ച ഇ-മാലിന്യത്തിന്റെ അളവ്

| വർഷം | ഇനം തിരിച്ച ഇ-മാലിന്യത്തിന്റെ അളവ് | | | ശേഖരിച്ച ഇ-മാലിന്യത്തിന്റെ ആകെ അളവ് (ടൺ) |
|---|---|---|---|---|
| | ഇൻഫർമേഷൻ ടെക്നോളജി, ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ (ടൺ) | ഉപഭോക്തൃ ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഇനങ്ങൾ (ടൺ) | മറ്റ് ഇനങ്ങൾ (ടൺ) | |
| 2019-20 | 108.356 | 82.244 | 1098.61 | 1289.21 |
| 2020-21 | 27.66 | 88.33 | 1378.06 | 1494.05 |
| 2021-22 | 55.629 | 18.028 | 1175.951 | 1249.608 |
| 2022-23 | | 1465.27 | | 1465.27 |

അവലംബം: വാർഷിക റിപ്പോർട്ട്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ഹായമായി നൽകുന്നത്. ഇതിൽ കേന്ദ്ര വിഹിതമായി 7,200 രൂപയും (60 ശതമാനം) സംസ്ഥാന വിഹിതമായി 4,800 രൂപയും (40 ശതമാനം) സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ പദ്ധതിയിലൂടെ പ്രോത്സാഹന ധന സഹായമായി ശുചിത്വ മിഷൻ നൽകുന്നു.

**ഒ.ഡി.എഫ് പ്ലസ്**

എല്ലാ ഗ്രാമപഞ്ചായത്തുകളും ഒ.ഡി.എഫ് പ്ലസ് നേടുന്നതിന് കേന്ദ്ര കുടിവെള്ള ശുചിത്വമന്ത്രാലയം നിശ്ചയിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും നേടിയെടുക്കുന്നതിനുള്ള പരിശ്രമത്തിലാണ്. എല്ലാ വ്യക്തികൾക്കും ടോയിലറ്റ് സൗകര്യം, ടോയിലറ്റുകളുടെ ശരിയായ ഉപയോഗം, ഖരദ്രവമാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യൽ, പൊതുശുചീകരണ സംവിധാനങ്ങൾ ഉറപ്പാക്കൽ എന്നിവയാണ് ഒ.ഡി.എഫ് പ്ലസ് നേടുന്നതിനുള്ള മാനദണ്ഡങ്ങൾ. ദ്രവമാലിന്യ സംസ്കരണം ഫലപ്രദമായി കൈകാര്യം ചെയ്താൽ മാത്രമേ ഗ്രാമപഞ്ചായത്തുകൾക്ക് ഒ.ഡി.എഫ് പ്ലസ് കൈവരിക്കാൻ സാധിക്കുകയുള്ളൂ. ടോയിലറ്റുകളിൽ നിന്നുള്ള മലിനജലം പൊതുസ്ഥലങ്ങളിലും ജലസ്രോതസുകളിലും മറ്റ് ജലാശയങ്ങളിലും ഒഴുകുന്നത് തടയേണ്ടതും അതുപോലെ ഉപരിതലജല മലിനീകരണവും തടയേണ്ടതാണ്. മലിനജലം കൈകാര്യം ചെയ്യുന്നതിന് സെപ്റ്റിക് ടാങ്കുകളും ട്വിൻ പിറ്റുകളുമാണ് ഉചിതം. സോക്ക് പിറ്റുകൾ/ലീച്ച് പിറ്റുകൾ എന്നിവയിലൂടെ ഗ്രേ വാട്ടർ കൈകാര്യം ചെയ്യേണ്ടതുമാണ്. 2023 ഒക്ടോബർ 15 ലെ കണക്കനുസരിച്ച്, ആകെയുള്ള 1,509 വില്ലേജുകളിൽ, എല്ലാ വില്ലേജുകളും ഒഡിഎഫ് പ്ലസ് സ്റ്റാറ്റസിലാണ്, 1,382 എണ്ണം മാതൃകാ വിഭാഗത്തിന് കീഴിലാണ്. സംസ്ഥാനത്തെ ഒ.ഡി.എഫ് പ്ലസ് സ്റ്റാറ്റസിന്റെ വിശദാംശങ്ങൾ **പട്ടിക 12.1.6** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 12.1.6** സംസ്ഥാനത്തെ ഒ.ഡി.എഫ് പ്ലസ് നേട്ടത്തിന്റെ വിശദാംശങ്ങൾ

| ഇനം | എണ്ണം |
|---|---|
| ആകെ വില്ലേജുകൾ | 1509 |
| ആകെ ഒഡിഎഫ് പ്ലസ് വില്ലേജുകൾ | 1509 |
| മാതൃകാവിഭാഗം വില്ലേജുകൾ | 1382 |
| റൈസിങ്ങ് വില്ലേജുകൾ | 10 |
| ആസ്പയറിങ്ങ് വില്ലേജുകൾ | 118 |
| ദ്രവമാലിന്യ സംസ്കരണത്തിന് സംവിധാനമുള്ള ഗ്രാമങ്ങൾ | 1447 |

അവലംബം: എസ്.ബി.എം ഗ്രാമീൺ

**ഖരദ്രവമാലിന്യ സംസ്കരണം**

ശുചിത്വ മിഷൻ മുഖേന സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഖരദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി 2023 സെപ്റ്റംബർ 30 വരെ 4.19 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകൾ/പൊതു ടോയിലറ്റുകൾ എന്ന ഘടകത്തിൽ സെപ്റ്റംബർ 30, 2023 വരെ 70 സാനിറ്ററി കോംപ്ലക്സുകൾ/പൊതു ടോയിലറ്റുകൾ നിർമിക്കുകയും ഇതിനായി 2.90 കോടി രൂപ ചെലവഴിച്ചു. ഒ.ഡി.എഫ് നിലവാരം നിലനിർത്തുന്നതിന് വിവിധ തരത്തിലുള്ള വിവരവിദ്യാഭ്യാസ വിനിമയ/കാര്യശേഷി വികസന പ്രവർത്തനങ്ങളും 2022-23 ൽ ഏറ്റെടുത്തിട്ടുണ്ട്.

എസ്.ബി.എം ഗ്രാമീണിന്റെ ഒന്നാംഘട്ടത്തിൽ ഖരദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾക്കുള്ള ഫണ്ട് കണക്കാക്കിയിരുന്നത് 500 കുടുംബങ്ങളിൽ കൂടുതലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 20 ലക്ഷം രൂപ എന്ന രീതിയിൽ ഓരോ ഗ്രാമപഞ്ചായത്തിലുമുള്ള ആകെ കുടുംബങ്ങളുടെ അടിസ്ഥാനത്തിലാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് എസ്.ബി.എം ഗ്രാമീണിന്റെ കീഴിലുള്ള ഖരദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് ഫണ്ട് അനുവദിക്കുന്നത്. എസ്.ബി.എം ഗ്രാമീണിന്റെ ഒന്നാം ഘട്ടം ഔദ്യോഗികമായി അവസാനിച്ചെങ്കിലും പ്രോജക്ടുകൾ പൂർത്തീകരണ ഘട്ടത്തിലാണ്. ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾ സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീണിന്റെ രണ്ടാം ഘട്ടമായിട്ടാണ് പ്രോജക്ട് ഏറ്റെടുക്കുന്നത്.

2020-21 കാലയളവിൽ ആരംഭിച്ച സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഘട്ടം II, ഒ.ഡി.എഫ് നില നിലനിർത്താനും ഗ്രാമപ്രദേശങ്ങളിലെ ഖര, ദ്രവ മാലിന്യ സംസ്കരണ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ലക്ഷ്യമിടുന്നു. ഖരദ്രവമാലിന്യ സംസ്കരണമാണ് സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) ന്റെ രണ്ടാം ഘട്ടത്തിലെ ഒരു പ്രധാന ഘടകം. ഇതിലൂടെ ജനങ്ങൾക്ക് ഫലപ്രദമായ രീതിയിൽ ശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. കൂടാതെ കമ്മ്യൂണിറ്റി/ഗ്രാമപഞ്ചായത്തുകൾക്ക് പ്രോത്സാഹനം നൽകി അവരെ മുന്നോട്ട് കൊണ്ടുവരുന്നതിനും, ഈ സംവിധാനത്തെ നിലനിർത്തുന്നതിനും ശ്രമിക്കേണ്ടതുമാണ്. ഓരോ പ്രദേശത്തിനും അനുയോജ്യമായ സാങ്കേതിക വിദ്യകൾ സംസ്ഥാനം തീരുമാനിക്കേണ്ടതാണ്. വീടുകളിലെ മാലിന്യം ശേഖരിച്ച്, തരംതിരിച്ച് ശരിയായ രീതിയിൽ നീക്കം ചെയ്യുന്നതിന് വികേന്ദ്രീകൃത സംവിധാനങ്ങളായ ഗാർഹിക കമ്പോസ്റ്റിങ്ങ് പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും അനുവദിക്കാവുന്നതാണ്. ഓർഗാനിക് ഖരമാലിന്യം പരമാവധി പുനരുപയോഗത്തിലൂടെ വളമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതാണ്.

**ഗോബർധൻ (ഗാൽവനൈസിങ്ങ് ഓർഗാനിക് ബയോ-അഗ്രോ റിസോഴ്സ് ധൻ) പദ്ധതി**

ഏപ്രിൽ 2018 ആരംഭിച്ച എസ്.ബി.എം (ജി) പദ്ധതിയുടെ പ്രധാനഘടകമായ ഗോബർധനിലൂടെ ജന്തുമാലിന്യം ഉൾപ്പെടെയുള്ള ജൈവമാലിന്യം, അടുക്കളയിൽ ബാക്കി വന്ന അവശിഷ്ടങ്ങൾ, കമ്പോള മാലിന്യം തുടങ്ങിയവ ബയോഗ്യാസാക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നു. 2023 സെപ്റ്റംബർ 30 വരെ ഇത്തരത്തിലുള്ള 40 പ്രോജക്ടുകൾ പൂർത്തീകരിച്ചു പ്രവർത്തനക്ഷമമായി. ഇതിനായി 2022 സെപ്റ്റംബർ 30 വരെ 33.89 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മറ്റ് 13 പ്രോജക്ടുകൾ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്.

#### സ്വച്ഛ്ഭാരത് മിഷൻ (അർബൻ)

വൃത്തി, മാലിന്യസംസ്കരണം, ശുചിത്വം എന്നിവ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സ്വച്ഛ്ഭാരത് മിഷൻ (നഗരം) പദ്ധതി ആരംഭിച്ചത്. വ്യക്തിഗത ടോയിലറ്റുകൾ, പൊതുടോയിലറ്റുകൾ, ഖരമാലിന്യ സംസ്കരണം, ഓഫീസ് ചെലവ്, കാര്യശേഷി വികസനം, വിവരവിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പ്രോജക്റ്റിന്റെ അഞ്ച് പ്രധാന ഘടകങ്ങൾ.

എസ്ബിഎം (യു) ഒന്നാം ഘട്ടത്തിന് കീഴിൽ, 2023 സെപ്റ്റംബർ 30 വരെ, 30,928 ഗാർഹിക ടോയ്‌ലറ്റുകൾ, 210 കമ്യൂണിറ്റി ടോയ്‌ലറ്റുകൾ, 959 പൊതു ടോയ്‌ലറ്റ് സീറ്റുകൾ എന്നിവ നഗരപ്രദേശങ്ങളിൽ സ്ഥാപിച്ചു. 2016 ൽ സംസ്ഥാനം ഒഡിഎഫ് പദവിയും കൽപ്പറ്റ മുനിസിപ്പാലിറ്റിക്ക് 2022ൽ ഒഡിഎഫ്++ പദവിയും ലഭിച്ചു. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം നടത്തിയ ഇന്ത്യൻ സ്വച്ഛത ലീഗ് ഐഇസി ക്യാമ്പയിന് കീഴിൽ, സംസ്ഥാനത്തെ രണ്ട് നഗര തദ്ദേശ സ്ഥാപനങ്ങൾക്ക്- ഗുരുവായൂർ, ആലപ്പുഴ- അവരുടെ മികച്ച പ്രകടനത്തിന് അവാർഡുകൾ ലഭിച്ചു. 2022-23 ലും 2023-24 സെപ്റ്റംബർ 30 വരെയും എസ്ബിഎം(യു)വിന്റെ വിവിധ ഘടകങ്ങളിലുള്ള വിഹിതത്തിന്റെയും/ചെലവിന്റെയും വിശദാംശങ്ങൾ **അനുബന്ധം 12.1.14**–ൽ നൽകിയിരിക്കുന്നു.

#### എസ്.ബി.എം (അർബൻ) പദ്ധതിയുടെ കീഴിലെ ഖരമാലിന്യ സംസ്കരണം (എസ്.ഡബ്ല്യൂ.എം)

എസ്ബിഎമ്മിന്റെ അർബൻ) ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തെ 82 നഗര തദ്ദേശഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ സംസ്കരണ പ്രോജക്ടുകളുടെ ഡി.പി.ആർ തയ്യാറാക്കുകയും സംസ്ഥാനതല എംപവേർഡ് കമ്മിറ്റിക്ക് (എസ്.എൽ.ഇ.സി) സമർപ്പിക്കുകയും ചെയ്തു. ആകെ 295.09 കോടി രൂപയുടെ (കേന്ദ്ര വിഹിതം - 103.28 കോടി രൂപ, സംസ്ഥാനവിഹിതം - 68.75 കോടി രൂപ, നഗര തദ്ദേശഭരണ സ്ഥാപനം - 123.05 കോടി രൂപ) പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഭവന നഗരകാര്യ മന്ത്രാലയവും 82 ഡി.പി.ആർകൾ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി കാലയളവിൽ 82 യുഎൽബികൾക്ക് പദ്ധതി നടത്തിപ്പിനായി മൊത്തം 147.43 കോടി രൂപ (കേന്ദ്ര വിഹിതമായി 97.19 കോടി രൂപയും സംസ്ഥാന വിഹിതമായി 50.24 കോടി രൂപയും) അനുവദിച്ചതിൽ 117.43 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

ഉറവിടതല മാലിന്യം വേർതിരിക്കൽ 100 ശതമാനം ഉറപ്പാക്കുക, വീടുകൾ തോറുമുള്ള മാലിന്യ ശേഖരണം, ശാസ്ത്രീയമായ മാലിന്യ സംസ്കരണം, ലെഗസി വേസ്റ്റ് നിർമാർജനം, ഉപയോഗിച്ച വെള്ളത്തിന്റെ സംസ്കരണവും പരിപാലനവും എന്ന ലക്ഷ്യത്തോടെയാണ് സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0, 2021 ഒക്ടോബർ 01ന് ആരംഭിച്ചത്. രണ്ടാംഘട്ടത്തിൽ, എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവരവിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ, കാര്യശേഷി വികസനം, ഖരമാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട കർമ പദ്ധതികൾക്ക് സംസ്ഥാനതല സാങ്കേതിക സമിതി അംഗീകരിച്ച് ഭവന, നഗരകാര്യ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 2022-23 കാലയളവിൽ, ഖരമാലിന്യ സംസ്കരണത്തിനും ടോയ്‌ലറ്റ് ഘടകങ്ങൾക്കും കീഴിൽ 170 പദ്ധതികൾ പൂർത്തിയാക്കി. 2023-24ൽ, സെപ്റ്റംബർ 30 വരെ, ഖരമാലിന്യ മാനേജ്മെന്റ്, ടോയ്ലറ്റ് ഘടകങ്ങൾക്ക് കീഴിൽ 10 പദ്ധതികൾ പൂർത്തീകരിച്ചു. 2022-23 കാലയളവിലും 2023-24 സെപ്റ്റംബർ 30 വരെയും എസ്ബിഎം (യു) നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ **അനുബന്ധം 12.1.15**-ൽ നൽകിയിരിക്കുന്നു.

#### ടേക്ക് എ ബ്രേക്ക് സംരംഭം

റിഫ്രഷ്മെന്റ് സൗകര്യങ്ങളും ടോയിലറ്റ് കോംപ്ലക്സുകളും നിർമിച്ചുകൊണ്ട് സംസ്ഥാനത്തെ ഗുണനിലവാരമുള്ള പൊതു ടോയിലറ്റുകളുടെ അഭാവം പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ സുപ്രധാന കാൽവെയ്പ്പാണ് ടേക്ക് എ ബ്രേക്ക്. ദേശീയ, സംസ്ഥാന ഹൈവേകൾ, ട്രാൻസ്പോർട്ട് സ്റ്റേഷനുകൾ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കുന്നത്. സുരക്ഷിതവും, വൃത്തിയും ടേക്ക് എ ബ്രേക്ക് ടോയിലറ്റുകളിൽ വളരെ പ്രാധാന്യമുള്ളതാണ്. നാപ്കിൻ വെൻഡിങ്ങ് മെഷീനുകൾ, നാപ്കിൻ നശീകരണ സംവിധാനങ്ങൾ, വേസ്റ്റ് ബിന്നുകൾ, വൃത്തിയാക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ, കോഫി ഷോപ്പുകൾ, വിശ്രമസ്ഥലങ്ങൾ എന്നിവയും ഇതിന്റെ ഭാഗമാണ്. ഗ്രാമപഞ്ചായത്തിൽ രണ്ട്, മുനിസിപ്പാലിറ്റിയിൽ അഞ്ച്, കോർപ്പറേഷനിൽ എട്ട് എന്ന നിരക്കിൽ 14 ജില്ലകളിലായി 2,365 കേന്ദ്രങ്ങൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. അങ്ങനെ, 941 ഗ്രാമപഞ്ചായത്തുകളിൽ 1,842 ടേക്ക് എ ബ്രേക്ക് സൗകര്യങ്ങളും 87 മുനിസിപ്പാലിറ്റികളിൽ 435 ഉം ആറ് കോർപ്പറേഷനുകളിൽ 48 ഉം ആണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം 1,113 ടേക്ക് എ ബ്രേക്കുകൾ ഇതുവരെ പൂർത്തിയാക്കുകയും 371 ടേക്ക് എ ബ്രേക്കുകളുടെ നിർമാണം അവസാന ഘട്ടത്തിലുമാണ്. ഈ പ്രോജക്ടുകളിലൂടെ ടൂറിസ്റ്റുകൾക്ക് പൊതു സൗകര്യങ്ങൾ സൃഷ്ടിക്കുകയെന്ന ദീർഘകാല ആവശ്യവും പരിഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തെ ടൂറിസം മേഖലയിൽ വലിയൊരു കുതിച്ചുചാട്ടം തന്നെ ഇതു വഴി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

#### കേരള ഖരമാലിന്യ സംസ്കരണ പദ്ധതി (കെ.എസ്.ഡബ്ല്യൂ.എം.പി.)

ലോകബാങ്കും (ഐബിആർഡി), ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും കേരള സർക്കാരും സംയുക്തമായി ധനസഹായം നൽകുന്ന കേരള ഖരമാലിന്യ സംസ്കരണ പദ്ധതി (കെഎസ്ഡബ്ല്യൂഎംപി ) 2022 ജനുവരിയോടെയാണ് പ്രവർത്തനം ആരംഭിച്ചത്. പദ്ധതി ഇപ്പോൾ പ്രാരംഭ ഘട്ടത്തിലാണ്. 300 മില്യൺ യുഎസ് ഡോളറാണ് (ഏകദേശം 2,400 കോടി രൂപ) പദ്ധതി ചെലവ്.

**ബോക്സ് 12.1.2** ഹരിത മിത്രം ആപ്പ്: മാലിന്യ സംസ്കരണത്തിനുള്ള ഡിജിറ്റൽ പരിഹാരങ്ങൾ

ശുചിത്വ മിഷനുമായി സഹകരിച്ച് ഹരിതകേരളം മിഷൻ മാലിന്യ സംസ്കരണ പ്രക്രിയകളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം ആപ്പ് ആരംഭിച്ചു. വിവിധ നിർണായക വിവരങ്ങളുടെ തത്സമയ നിരീക്ഷണം ഉറപ്പാക്കിക്കൊണ്ട് ഹരിതകർമ്മ സേനയുടെയും അതിന്റെ മാലിന്യ സംസ്കരണ സംരംഭങ്ങളുടെയും പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നതിനാണ് ഈ ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിവിധ സ്രോതസ്സുകളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവ്, അതിന്റെ ശേഖരണം, ഗതാഗതം, അതിൽ ഉൾപ്പെട്ടിരിക്കുന്ന വിവിധ സങ്കീർണമായ പ്രക്രിയകൾ എന്നിവ ട്രാക്കുചെയ്യുന്നത് ഇതിൽ ഉൾപ്പെടുന്നു.

നവകേരളം കർമപദ്ധതിക്ക് കീഴിൽ, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഈ സമഗ്ര സംവിധാനത്തിലേക്ക് പരിധികളില്ലാതെ സംയോജിപ്പിച്ചിരിക്കുന്നു. ഹരിതകർമ സേനയുടെ വീട്ടുതോറുമുള്ള മാലിന്യ ശേഖരണം, മിനി മെറ്റീരിയൽ കളക്ഷൻ സെന്ററുകളുടെ ശൃംഖലകളുടെ മാനേജ്മെന്റ്, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എംസിഎഫ്), റിസോഴ്സ് റിക്കവറി സൗകര്യങ്ങൾ (ആർആർഎഫ്), ഗാർഹികവും സ്ഥാപനപരവുമായ ജൈവമാലിന്യ മാനേജ്മെന്റ്, മെറ്റീരിയൽ നിർമാർജനം എന്നിവയും ഗാർഹിക തലത്തിലും സ്ഥാപന തലത്തിലുമുള്ള ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നടത്തിപ്പും പ്രവർത്തനവും ഇതിൽ ഉൾപ്പെടുന്നു. ഈ ശൃംഖലയ്ക്കുള്ളിലെ പ്രവർത്തനങ്ങൾ ഈ ഏകീകൃത ഓൺലൈൻ പ്ലാറ്റ്ഫോം വഴി വാർഡ് തലം മുതൽ സംസ്ഥാന തലം വരെ നിരീക്ഷിക്കുന്നു.

ആദ്യഘട്ടത്തിൽ നാല് കോർപ്പറേഷനുകൾ, 59 മുനിസിപ്പാലിറ്റികൾ, 313 ഗ്രാമപഞ്ചായത്തുകൾ എന്നിവയുൾപ്പെടെ 376 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കിയത്. നടപ്പാക്കലിന്റെ രണ്ടാം ഘട്ടത്തിൽ, 216 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കൂടി പദ്ധതി ആരംഭിച്ചു. മൂന്നാം ഘട്ടത്തിൽ 304 എൽഎസ്ജികളിൽ കൂടി പദ്ധതി നടപ്പാക്കാൻ തുടങ്ങി. മാലിന്യ ഉൽപാദന സ്രോതസ്സുകളുടെ 80 ശതമാനത്തിന്റെയും എൻറോൾമെന്റ് പൂർത്തിയായി.

അവലംബം: ശുചിത്വ മിഷൻ

സംയോജിത സേവന വിതരണ മൂല്യ ശൃംഖലാ സമീപനം സ്വീകരിച്ച്, ഉചിതമായ സാങ്കേതിക സഹായത്തിലൂടെയും നൈപുണ്യ വർധന ഇടപെടലുകളിലൂടെയും നഗര പ്രാദേശിക സർക്കാരുകളിലും പ്രാദേശിക തലങ്ങളിലും ഖരമാലിന്യ പരിപാലന (എസ്.ഡബ്ല്യു.എം) മൂല്യ ശൃംഖല പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. 31 നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള സമഗ്ര ഖരമാലിന്യ സംസ്കരണ മാനേജ്മെന്റ് പദ്ധതികളുടെ കരട് പൂർത്തിയാവുകയും, അതാത് തദ്ദേശസ്വയംഭരണ സ്ഥാപന കൗൺസിലുകൾ അംഗീകരിക്കുകയും ചെയ്തു.

### നഗര അടിസ്ഥാന സൗകര്യങ്ങൾ

സംസ്ഥാനം ദ്രുതഗതിയിലുള്ള നഗരവൽക്കരണത്തിന് വിധേയമാകുന്നതിനാൽ, സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം നഗരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുള്ള കഴിവിനെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. പുതിയ പങ്കാളിത്ത മാതൃകകളിൽ പ്രവേശിക്കാൻ കഴിയുന്ന വൈവിധ്യമാർന്ന സ്രോതസ്സുകളെയും പങ്കാളികളെയും പ്രയോജനപ്പെടുത്തുന്നതിലൂടെ മാത്രമേ മികച്ച നഗര അടിസ്ഥാന സൗകര്യങ്ങൾ നിർമിക്കാൻ കഴിയൂ. ഇതിൽ എൽഎസ്ജികളും പൊതു, സ്വകാര്യ, സാമൂഹിക, കമ്മ്യൂണിറ്റി മേഖലകളിലെ വിവിധ പങ്കാളികളും ഉൾപ്പെട്ടേക്കാം.

നഗരപ്രദേശങ്ങളെ കൂടുതൽ താമസയോഗ്യവും ആകർഷകവുമാക്കാൻ കഴിയുന്ന വിപുലമായ സംരംഭങ്ങൾ നഗര അടിസ്ഥാന സൗകര്യങ്ങളിൽ ഉൾക്കൊള്ളുന്നു. ഇവ മെച്ചപ്പെട്ട ഉപജീവനമാർഗങ്ങളും പൗരസേവനങ്ങളും നൽകി നഗരവാസികളുടെ വർധിച്ചുവരുന്ന ആവശ്യകതകൾ പരിഹരിക്കണം. ജലവിതരണ സംവിധാനങ്ങൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, നഗര ശുചിത്വ ആസൂത്രണം, പൊതു സൗകര്യങ്ങളുടെ സ്ഥാപിക്കലും മെച്ചപ്പെടുത്തലും; മലിനജല മഴവെള്ള ഡ്രെയിനേജ് സംവിധാനങ്ങൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക; ആധുനിക യന്ത്രവൽകൃത പാർക്കിങ് പരിഹാരങ്ങൾക്കൊപ്പം ഫലപ്രദമായ പാർക്കിങ് നയങ്ങൾ സ്വീകരിക്കുക; നഗര സൗന്ദര്യവത്കരണം; പരിസ്ഥിതി സൗഹൃദ നഗര ഇടങ്ങൾ സൃഷ്ടിക്കുക, മോട്ടറൈസ്ഡ് അല്ലാത്ത നഗരഗതാഗതം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നഗര അടിസ്ഥാനസൗകര്യ വികസന പരിപാടികളിൽ ഉൾപ്പെടുന്നത്.

ഇത് കണക്കിലെടുത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടുകൾ, സംസ്ഥാന പദ്ധതികൾ, കേന്ദ്ര സർക്കാർ പരിപാടികൾ എന്നിവ വിനിയോഗിച്ച് സംസ്ഥാന സർക്കാർ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നിരവധി പരിപാടികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. തിരശ്ചീനമായും ലംബമായും പരസ്പര പൂരക പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിന് ഈ സംരംഭങ്ങൾ തന്ത്രപരമായി സംയോജിപ്പിച്ചിരിക്കുന്നു. സംസ്ഥാനത്ത് നടക്കുന്ന പ്രധാന അടിസ്ഥാന സൗകര്യ വികസന പരിപാടികൾ താഴെ പറയുന്ന ഭാഗം ചർച്ച ചെയ്യുന്നു.

### അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ 1.0 (അമൃത് 1.0)

അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ 1.0 (അമൃത് 1.0) എന്ന പദ്ധതി

കുടിവെള്ള വിതരണം, അഴുക്കുചാൽ നിർമാണം, കക്കൂസ് മാലിന്യ നിർമാർജ്ജനം, മഴവെള്ള ഓവുചാലുകളുടെ നിർമ്മാണം, നഗരഗതാഗതം, ഹരിതപ്രദേശങ്ങൾ, പാർക്കുകൾ, കാര്യശേഷിവികസനം തുടങ്ങി നഗര മേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനും നഗര പ്രദേശത്തെ ഭൗതികവും സ്ഥാപനപരവുമായ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുമാണ് ലക്ഷ്യം വയ്ക്കുന്നത്. കേന്ദ്രവും സംസ്ഥാനവും നഗര തദ്ദേശഭരണ സ്ഥാപനവും 50:30:20 എന്ന അനുപാതത്തിൽ ഫണ്ട് വകയിരുത്തുന്നു.

സംസ്ഥാനത്തെ ആറ് മുനിസിപ്പൽ കോർപ്പറേഷനുകളെയും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ എന്നീ മൂന്ന് മുനിസിപ്പാലിറ്റികളെയും അമൃത് പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. 2015-16 ൽ ആരംഭിച്ച് 2019-20 വരെയുള്ള അഞ്ച് വർഷമായിരുന്നു പദ്ധതി കാലാവധിയെങ്കിലും 2024 മാർച്ച് വരെ കാലാവധി നീട്ടിയിട്ടുണ്ട്. അമൃത് 1.0 ഘട്ടത്തിൽ 2,298.16 കോടി രൂപ ചെലവ് വരുന്ന 1,022 പദ്ധതികൾക്ക് അംഗീകാരം നൽകുകയും 900 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു. 1632.35 കോടി രൂപ ചെലവഴിച്ചു. ഈ മിഷന്റെ കീഴിൽ നിലവിൽ 122 പദ്ധതികൾ പുരോഗമിച്ചു വരുന്നു. എല്ലാ കുടുംബങ്ങൾക്കും പൈപ്പ് കണക്ഷൻ നൽകി കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് കുടിവെള്ള വിതരണ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുക, ജലസംഭരണികളും, ജല സംഭരണ പ്ലാന്റുകളും നിർമിക്കുക, പുതിയ പൈപ്പ് ലൈൻ കൊണ്ടു വരുക, പഴയ പൈപ്പുകൾ മാറ്റുക എന്നിവയാണ് ഈ പ്രോജക്ടിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ. ഈ മേഖലയിൽ 1319.58 കോടി രൂപയുടെ 179 പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതുവരെ, 152 പദ്ധതികൾ പൂർത്തീകരിച്ചു, 2023 സെപ്റ്റംബർ 30 വരെ 999.16 കോടി രൂപ ചെലവഴിച്ചു.

അമൃത് നഗരങ്ങളിൽ ശാസ്ത്രീയമായി ദ്രവമാലിന്യം കൈകാര്യം ചെയ്യുന്നതിനും എല്ലാ കുടുംബങ്ങൾക്കും സ്വീവറേജ് കണക്ഷനിലൂടെ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുമാണ് അഴുക്കുചാൽ നിർമാണവും കക്കൂസ് മാലിന്യം കൈകര്യം ചെയ്യുന്നതിനുള്ള പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്നത്. അഴുക്കുചാൽ നിർമാണവും കക്കൂസ് മാലിന്യം കൈകാര്യം ചെയ്യുന്ന പ്രോജക്ടുകളിലേക്കായി 408.06 കോടി രൂപയുടെ 132 പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ കേരള ജല അതോറിറ്റി മുഖേന നടപ്പാക്കുന്ന 98 പ്രോജക്ടുകൾ പൂർത്തീകരിച്ചു. ഈ മേഖലയിൽ 2023 സെപ്റ്റംബർ 30, വരെ 200.15 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഓടകളും മഴവെള്ള ഓവുചാലുകളും നിർമ്മിക്കുകയും നന്നാക്കുകയും ചെയ്യുന്നതിലൂടെ നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനാണ് മഴവെള്ള ഡ്രെയിനേജ് മേഖലയിലെ പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്നത്. ഇതിൽ 333.54 കോടി രൂപയുടെ 508 പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽ 484 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. ഈ മേഖലയിൽ 2023 സെപ്റ്റംബർ 30 വരെ 278.80 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

നഗര പ്രദേശങ്ങളിൽ മോട്ടോർ രഹിത ഗതാഗത സൗകര്യം സൃഷ്ടിക്കുന്നതിനുള്ള പരിപാടികളാണ് നഗര ഗതാഗതമേഖലയിലെ പ്രോജക്ടുകളിലൂടെ ലക്ഷ്യമിടുന്നത്. ഇതിൽ സ്കൈ വാക്ക്, നടപ്പാത, സൈഡ് വാക്ക്, മേൽപ്പാലം എന്നിവയുടെ നിർമ്മാണവും ബഹുനില പാർക്കിങ് സൗകര്യം എന്നീ പ്രോജക്ടുകൾ ഉൾപ്പെടുന്നുണ്ട്. ഈ പദ്ധതിയിൽ 187.39 കോടി രൂപയുടെ 126 പ്രോജക്ട്ുൾ ഉൾപ്പെട്ടതിൽ 100 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. ഈ മേഖലയിൽ 2023 സെപ്റ്റംബർ 30, വരെ 117.88 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഹരിത ഇടങ്ങളും പാർക്കുകളും എന്ന മേഖലയിൽ ബാല സൗഹൃദ ഘടകങ്ങൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് ഹരിത ഇടങ്ങളും പാർക്കുകളും വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 47.58 കോടി രൂപയുടെ 77 പ്രോജക്ടുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അതിൽ 66 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. ഈ മേഖലയിൽ 36.36 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അമൃത് പ്രോജക്ടിന്റെ 2023 സെപ്റ്റംബർ 30 വരെയുള്ള സാമ്പത്തിക പുരോഗതി **അനുബന്ധം 12.1.16**ൽ കൊടുത്തിരിക്കുന്നു. ഒമ്പത് നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലെ അമൃത് പ്രോജക്ടിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.17**ലും മേഖലാ പുരോഗതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.18**ലും കൊടുത്തിരിക്കുന്നു.

**അമൃത് 2.0**

ജലക്ഷാമം കുറയ്ക്കാനും അതുവഴി ശുദ്ധജലത്തിന്റെ ഉപയോഗം സുസ്ഥിരമായി വർദ്ധിപ്പിക്കാനും നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജലവിതരണം വർധിപ്പിക്കാനും ലക്ഷ്യമിട്ട് 2021 ഒക്ടോബർ 1-ന് അമൃത് 1.0 വിപുലീകരിച്ച് അമൃത് 2.0 ആരംഭിക്കുകയുണ്ടായി. സംസ്ഥാനത്തെ 93 നഗര തദ്ദേശഭരണസ്ഥാപനങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ, അമൃത് 1.0 നഗരങ്ങളിൽ (ആറ് കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളും) മലിനജല/സെപ്റ്റേജ് മാനേജ്മെന്റ് പൂർത്തിയാക്കാനും മിഷൻ ലക്ഷ്യമിടുന്നു. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷമാണ് അമൃത്-2.0-ന്റെ പദ്ധതി കാലയളവ്. അമൃത് 2.0-ന് കീഴിലുള്ള പ്രോജക്ടുകളിൽ ഗാർഹിക കുടിവെള്ള ടാപ്പ് കണക്ഷൻ, അമൃത് നഗരങ്ങളിലെ മലിനജലം/സെപ്റ്റേജ് മാനേജ്മെന്റ്, ജലാശയങ്ങളുടെ പുനരുജ്ജീവനം, ഹരിത ഇടങ്ങൾ നിർമിക്കൽ എന്നിവ ഉൾപ്പെടുന്നു.

അമൃത് 2.0-ന് കീഴിൽ ധനസഹായം ജനസംഖ്യാടിസ്ഥാനത്തിലാണ് ലഭിക്കുന്നത്. ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങളിൽ പദ്ധതിച്ചെലവിന്റെ 50 ശതമാനം കേന്ദ്ര സഹായമായും ഒരു ലക്ഷം മുതൽ

പത്തു ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങളിൽ പദ്ധതി തുകയുടെ 33.3 ശതമാനവും 10 ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങളിൽ പദ്ധതി ചെലവിന്റെ 25 ശതമാനവും കേന്ദ്ര സഹായമായി ലഭിക്കും.

സംസ്ഥാനത്തെ 93 നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജലാശയങ്ങളുടെ വിശദാംശങ്ങൾ, ജലശുദ്ധീകരണം, അതത് പ്രദേശങ്ങളിലെ വിതരണം എന്നിവ ഉൾപ്പെടെ സിറ്റി വാട്ടർ ബാലൻസ് പ്ലാൻ (സി.ഡബ്ല്യൂ ബി.പി ) സമർപ്പിച്ചിട്ടുണ്ട്. തുടർന്ന്, മിഷനിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ ഉൾക്കൊള്ളുന്ന സിറ്റി വാട്ടർ ആക്ഷൻ പ്ലാൻ (സി.ഡബ്ല്യൂ എ.പി) സമർപ്പിച്ചു. എല്ലാ നഗര തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സിറ്റി വാട്ടർ ആക്ഷൻ പ്ലാൻ ഏകീകരിച്ച് സംസ്ഥാന ജല ആക്ഷൻ പ്ലാൻ (എസ്.ഡബ്ല്യൂ.എ.പി ) രൂപീകരിക്കും. സംസ്ഥാനം 1,938.52 കോടി രൂപയുടെ (199 ജലവിതരണ പദ്ധതികളും 23 മലിനജല പദ്ധതികളും ഉൾപ്പെടെ) എസ്.ഡബ്ല്യൂ.എ.പി -I പദ്ധതികൾ സമർപ്പിക്കുകയും അനുമതി നേടുകയും ചെയ്തു, ഇതിൽ 743.69 കോടി രൂപ കേന്ദ്രസഹായമാണ്. കേന്ദ്ര വിഹിതത്തിന്റെ 20 ശതമാനം വരുന്ന 148.7381 കോടി രൂപയാണ് കേന്ദ്രം റിലീസ് ചെയ്തത്. സംസ്ഥാന ജല ആക്ഷൻ പ്ലാൻ-II ൽ(എസ്.ഡബ്ല്യൂ.എ.പി -II), 683.08 കോടി രൂപയുടെ പദ്ധതികൾ സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തു. ഇതിൽ 184.502 കോടി രൂപയുടെ 10 ജലവിതരണ പദ്ധതികൾക്കും 416.22 കോടി രൂപ 3 മലിനജല പദ്ധതികൾക്കും 82.36 കോടി രൂപ 255 ജലാശയ പുനരുജ്ജീവന പദ്ധതികൾക്കുമാണ് അംഗീകാരം ലഭിച്ചത്.

നാഷണൽ അർബൻ ഡിജിറ്റൽ മിഷന്റെ മാർഗനിർദേശപ്രകാരം വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന സംസ്ഥാന അർബൻ ഡിജിറ്റൽ മിഷൻ പദ്ധതി അമൃത് 2.0 ന്റെ ഉപപദ്ധതിയാണ്. സംസ്ഥാനത്തിനായി 22.5 കോടി രൂപ മാറ്റിവച്ചിരിക്കുന്ന ഈ പദ്ധതി നിലവിൽ രാജ്യത്തു മൂന്ന് സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു. 100 ശതമാനം കേന്ദ്രസഹായത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്, സാമ്പത്തിക വർഷത്തെ പ്രാരംഭ വിതരണമെന്ന നിലയിൽ 2023-24-ൽ സംസ്ഥാനത്തിന് ഇതിനകം 7.5 കോടി രൂപ ലഭിച്ചു.

### സ്മാർട്ട് സിറ്റി മിഷൻ

പൗരൻമാർക്ക് അടിസ്ഥാനസൗകര്യങ്ങൾ, മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ, വൃത്തിയുള്ളതും സുസ്ഥിരവുമായ പരിസ്ഥിതിയും, സ്മാർട്ട് സൊല്യൂഷനുകളും ഉറപ്പാക്കിക്കൊണ്ട് നഗരങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി ഭവന നഗരകാര്യ മന്ത്രാലയം 2015–ൽ ആരംഭിച്ച അടിസ്ഥാന സൗകര്യ വികസന പരിപാടിയാണ് സ്മാർട്ട് സിറ്റി മിഷൻ. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊച്ചി നഗരത്തെയും മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം നഗരത്തെയും തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ കാലാവധി 2024 ജൂൺ വരെ നീട്ടിയിട്ടുണ്ട്.

### സ്മാർട്ട് സിറ്റി, കൊച്ചി

കൊച്ചിയിലെ സ്മാർട്ട് സിറ്റി പദ്ധതി, നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൊച്ചി കോർപ്പറേഷൻ പ്രദേശത്തിന്റെ ആസൂത്രിതവും സംയോജിതവുമായ വികസനം ലക്ഷ്യമിടുന്നു. സ്മാർട്ട് സിറ്റി കൊച്ചിയിൽ 77 പദ്ധതികൾ വിഭാവനം ചെയ്യുന്നു, അതിൽ 28 പദ്ധതികൾ പൂർത്തീകരിച്ചു, 27 പദ്ധതികൾ നടപ്പിലാക്കി വരുന്നു, ഒരു പദ്ധതിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചു. കൂടാതെ 144.25 കോടി രൂപയുടെ 21 പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ഫണ്ട് മറ്റ് ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്.

ഇന്റഗ്രേറ്റഡ് കമാന്റ് കൺട്രോൾ ആന്റ് കമ്യൂണിക്കേഷൻ സെന്റർ, എറണാകുളത്ത് സ്മാർട്ട് റോഡുകൾ, ആശുപത്രി റോഡിൽ ആധുനിക രീതിയിലുള്ള നടപ്പാതകൾ, സർക്കാർ കെട്ടിടത്തിലെ ഗ്രിഡ് കണക്ടഡ് റൂഫ് ടോപ്പ് സംവിധാനം, ഇന്റലിജന്റ് ട്രാഫിക്ക് മാനേജ്മെന്റ് സംവിധാനം, സർക്കാർ കെട്ടിടത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ, ജനറൽ ഹോസ്പിറ്റലിൽ ഇ-ഹെൽത്ത് സംവിധാനം, വീടുകളിലെയും തെരുവുകളിലേയും ബിന്നുകൾ, ഡച്ച് പാലസിന്റെ പ്രവേശന കവാടത്തിന്റെ നവീകരണം, ഫോർട്ട് കൊച്ചിയിലെ ഓപ്പൺ എയർ തിയേറ്റർ, വാസ്കോ സ്ക്വയറിലെ ബീച്ച് കം ഫ്രണ്ട് നവീകരണം, ഹെൽത്ത് എ.ടി.എം, പോലീസ് കിയോസ്കുകൾ, ഡർബാർഹാൾ മുതൽ മംഗളവനം വരെ ബന്ധിപ്പിക്കുന്ന പൊതു ഇടനാഴി എന്നിവയാണ് പൂർത്തിയാക്കിയ പ്രോജക്ടുകളിൽ പ്രധാനമായും ഉൾപ്പെടുന്നത്.

നഗര പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നഗര ഭരണാധികാരികൾക്കായി ഡാറ്റാധിഷ്ഠിത തീരുമാനങ്ങൾ എടുക്കുന്നതിനും കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് (സി.എസ്.എം.എൽ) അത്യാധുനിക സിറ്റി കമാൻഡ് സെന്റർ (ഇന്റഗ്രേറ്റഡ് കമാൻഡ് കൺട്രോൾ ആൻഡ് കമ്യൂണിക്കേഷൻ സെന്റർ-ഐ.സി4) സ്ഥാപിച്ചു. ഇത് 2020 ഡിസംബർ മുതൽ പ്രവർത്തനക്ഷമമാണ്. നഗരഭരണത്തിനുള്ളിലെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഭാവിയിലെ വെല്ലുവിളികൾ മുൻനിർത്തി തന്ത്രപരമായ ആസൂത്രണത്തിനായി വിപുലമായ വിശകലന ശേഷികൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള വളരെ ഫലപ്രദമായ മാർഗമായി ഇത് പ്രവർത്തിക്കുന്നു. തത്സമയ സാഹചര്യ നിരീക്ഷണം, തുടർച്ചയായ 24*7 പ്രവർത്തനം, അടിയന്തര സാഹചര്യങ്ങളോടുള്ള വേഗത്തിലുള്ള പ്രതികരണങ്ങൾ, പ്രധാന പ്രകടന സൂചകങ്ങളുടെ (കെപിഐ) നിരീക്ഷണം, അപാകതകളും കാര്യക്ഷമതയില്ലായ്മയും തിരിച്ചറിയൽ, സുതാര്യതയും ഉത്തരവാദിത്വവും പ്രോത്സാഹിപ്പിക്കൽ, നഗര പ്രവർത്തനങ്ങളുടെ നിരീക്ഷണം, നൂതന ആശയങ്ങൾകൊണ്ടു വരുന്നതിനു വേദിയാകുക, നഗര ഫീൽഡ് ആസ്തികളുടെ കൂടുതൽ നവീകരണവും നിയന്ത്രണവും നിരീക്ഷണത്തിനും പൗരന്റെയും ഗവൺമെന്റിന്റെയും ഇടപെടൽ വർധിപ്പിക്കുന്നതിനുള്ള

അടിത്തറ തുടങ്ങിയവയാണ് ഐ.സി 4 ന്റെ പ്രധാന ഗുണഫലങ്ങൾ. രോഗികളെ ഒരു സ്ഥലത്ത് നിന്നും മറ്റൊരിടത്തേക്ക് മാറ്റുന്നതിനും, ഓക്സിജൻ സിലിണ്ടറിന്റെ നിരീക്ഷണം, ടെലിമെഡിസിൻ തുടങ്ങി ജില്ലാ കോവിഡ് സെല്ലായി ഐസി 4 വ്യാപകമായി ഉപയോഗിക്കപ്പെട്ടു. തുരുത്തി ടവറിലെ ബഹുനില ഭവന പദ്ധതി, മുല്ലശ്ശേരി കനാൽ നവീകരണം, കലൂർ മാർക്കറ്റ് നവീകരണം, സ്മാർട്ട് വാട്ടർ മീറ്റർ സ്ഥാപിക്കൽ, വിവിധ പാർക്കുകളുടെ നവീകരണം എന്നിവയാണ് മറ്റ് ഏജൻസികൾക്ക് കൈമാറിയ പ്രോജക്ടുകൾ.

### സ്മാർട്ട് സിറ്റി, തിരുവനന്തപുരം

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് 74 പ്രോജക്ടുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ 47 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. 27 പ്രോജക്ടുകളുടെ നിർവഹണം പുരോഗതിയിലാണ്. പാളയത്തും തമ്പാനൂരിലും ബഹുനില കാർ പാർക്കിങ്ങിന്റെ നിർമ്മാണം, മഴവെള്ള സംഭരണം, ഇന്റഗ്രേറ്റഡ് കമാന്റ് ആന്റ് കൺട്രോൾ സെന്ററിന്റെ നിർമാണം, രാജാജി നഗറിൽ സംയോജിത സോഷ്യൽ ഹൗസിങ്ങ് കോംപ്ലക്സിന്റെ നിർമാണം, രാജാജി നഗറിലെ പൊതു ആരോഗ്യ കേന്ദ്രം മെച്ചപ്പെടുത്തൽ, ടിഡയ്ക്കായി ഒരു പുനരധിവാസ ബ്ലോക്ക്, പുത്തരിക്കണ്ടത്ത് ഓപ്പൺ എയർ തിയേറ്ററിന്റെയും പാർക്കിന്റെയും നിർമാണം, കേരള ജല അതോറിറ്റിയുടെ പരിസരത്ത് കുട്ടികളുടെ പാർക്കിന്റെ നിർമ്മാണം, അഞ്ച് സ്ഥലത്ത് സോളാർ റൂഫ് ടോപ്പുകൾ, അംഗൻവാടികളുടെ നവീകരണം, ഇൻഫർമേഷൻ കിയോസ്കുകളുടെയും കുടിവെള്ള കിയോസ്കുകളുടെയും നിർമ്മാണം എന്നിവയാണ് പ്രധാന പ്രോജക്ടുകൾ. 15 ഇലക്ട്രിക് ഓട്ടോയും, 15 ഇലക്ട്രിക് റിക്ഷായും, സ്മാർട്ട് ഇവി ചാർജർ എന്നിവ വാങ്ങിയതും, 25 കുടിവെള്ള കിയോസ്കുകളുടെ നിർമാണം, മൂന്ന് അംഗൻവാടികളുടെ നവീകരണം, ഓപ്പൺ ജിംനേഷ്യവും, കുട്ടികൾക്ക് വിനോദത്തിനാവശ്യമായ ഉപകരണങ്ങൾ, സ്മാർട്ട് ബസ്ഷെൽട്ടറിന്റെ നിർമ്മാണം, ഇന്ററാക്ടീവ് ഇൻഫർമേഷൻ കിയോസ്കുകളും ഡിസ്പ്ലേ ബോർഡുകളും, പൊതുടോയിലറ്റുകളുടെ നവീകരണം, അനെർട്ടിന്റെ സോളാർ പി.വി പവർ പ്ലാന്റിന്റെ നിർമാണം, പൊന്നറ ശ്രീധർ പാർക്കിന്റെ നവീകരണം, 12 സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സ്മാർട്ട് മൊസ്കിറ്റോ ഡെൻസിറ്റി സംവിധാനം, പാളയത്തും ചാലയിലും മാലിന്യ ബയോമൈനിങ്ങ് എന്നിവ പൂർത്തിയാക്കിയ പ്രോജക്ടുകളിൽപെടുന്നവയാണ്.

സ്മാർട്ട് മൊബിലിറ്റി വർധിപ്പിക്കുക, ഗതാഗതക്കുരുക്ക് കുറയ്ക്കുക, മലിനീകരണം കുറയ്ക്കുക, ഊർജ കാര്യക്ഷമത പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യമിട്ട് ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനായി കെഎസ്ആർടിസി-സ്വിഫ്റ്റിന് ഫണ്ട് കൈമാറിയിട്ടുണ്ട്. മൊത്തം പദ്ധതിച്ചെലവ് 103.74 കോടി രൂപയാണ്. മൂന്ന് ഘട്ടങ്ങളിലായി മൊത്തം 113 ഇലക്ട്രിക് ബസുകൾ വാങ്ങും. വാങ്ങുന്ന 113 ഇലക്ട്രിക് ബസുകളിൽ 60 ബസുകൾ ഡെലിവറി ചെയ്ത് സിറ്റി സർവീസിനായി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്, ബാക്കി 53 എണ്ണം 2023 ഡിസംബറോടെ പ്രവർത്തനക്ഷമമാകും.

### ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കൽ

ഗ്രാമങ്ങൾ തമ്മിൽ റോഡ് മാർഗ്ഗമുള്ള ബന്ധിപ്പിക്കൽ ഗ്രാമീണ വികസനത്തിന്റെ ഒരു പ്രധാന ഘടകമാണ്, കാരണം ഇത് സാമ്പത്തികവും സാമൂഹികവുമായ സേവനങ്ങളിലേക്കുള്ള പ്രവേശനം വർദ്ധിപ്പിക്കുകയും, അതുവഴി കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നതിനും ഉൽപാദനപരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും. ഗ്രാമീണ റോഡുകൾ, സാധന സാമഗ്രികളുടെ വിതരണം സുഗമമാക്കുകയും, വിപണന കേന്ദ്രങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുകയും, കൂടുതൽ വിപണനം നടത്തി വരുമാനം വർധിപ്പിക്കുന്നതിന് കർഷകരെ സഹായിക്കുകയും ചെയ്യുന്നു. സംയോജിത റോഡ് ശൃംഖല, കാർഷിക യന്ത്രവൽക്കരണം, തൊഴിൽ ശക്തിയുടെ മികച്ച സമാഹരണം, വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കൽ എന്നിവയ്ക്കും സഹായകമാകുന്നു. കേരളത്തിലെ റോഡ് കണക്റ്റിവിറ്റി ഉറപ്പാക്കുന്ന പ്രധാന പരിപാടികൾ ചുവടെ പറയുന്നവയാണ്.

### മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് പുനർനിർമ്മാണ പദ്ധതി (സി എം എൽ ആർ ആർ പി)

2018ലെയും 2019ലെയും വെള്ളപ്പൊക്കത്തിൽ തകർന്നതും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽപ്പെടുന്നതുമായ, റോഡുകൾ മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് പുനർനിർമ്മാണ പദ്ധതിയുടെ (സിഎംഎൽആർആർപി) ഭാഗമായി പുനഃസ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. അനുവദിച്ച 5,050 പ്രവൃത്തികളിൽ 1,27,788.73 കിലോമീറ്റർ ദൂരം വരുന്ന 4,793 (സിഎംഎൽആർ ആർപി ) പ്രവൃത്തികൾ പൂർത്തിയാക്കി.

**പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി. എം.ജി.എസ്.വൈ):** കേരളത്തിൽ, ഗ്രാമ മേഖലകളെ റോഡ് മാർഗ്ഗം ബന്ധിപ്പിക്കുന്നതിനുള്ള ഒരു പ്രധാന പരിപാടിയാണ് പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി എം ജി എസ് വൈ). ആവശ്യമായ കലുങ്കുകളും ക്രോസ് ഡ്രെയിനേജുകളോടും കൂടിയതും വർഷം മുഴുവൻ പ്രവർത്തിക്കാവുന്നതുമായ എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡുകൾ വഴി ഗ്രാമപ്രദേശങ്ങളിലെ പരസ്പരം ബന്ധമില്ലാത്ത ആവാസ വ്യവസ്ഥകളെ ബന്ധിപ്പിക്കുക എന്നതാണ് പി.എം.ജി.എസ്.വൈ യുടെ പ്രാഥമിക ലക്ഷ്യം. സമതല പ്രദേശങ്ങളിൽ 500 ഉം അതിന് മുകളിലും, കുന്ന്-മരുഭൂമി-പട്ടികവർഗ്ഗ മേഖലകളിൽ 250 ന് മുകളിലും ജനങ്ങൾ വസിക്കുന്ന ആവാസ വ്യവസ്ഥകളെയാണ് റോഡ് മാർഗ്ഗം ബന്ധിപ്പിക്കുന്നത്. പിഎംജിഎസ്വൈയുടെ കീഴിൽ നിർമ്മിച്ച റോഡുകൾ ദീർഘകാലം നിലനിൽക്കുന്നതും ഉയർന്ന നിലവാരവും ഈടുനിൽക്കുന്നതും ആയിരിക്കണം. ജില്ലാ, സംസ്ഥാന, ദേശീയ തലങ്ങളിൽ ത്രിതല ഗുണനിലവാര മാനേജ്മെന്റ്

സംവിധാനത്തിലൂടെയാണ് ഗുണനിലവാരം ഉറപ്പാക്കുന്നത്. തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പാണ് പ്രവൃത്തിയുടെ നിർവ്വഹണം നടത്തുന്ന മുഖ്യ വകുപ്പ്. കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.) യാണ് ഈ പദ്ധതിയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസി. കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുക പ്രവൃത്തികളുടെ യഥാർത്ഥ എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവ് കണ്ടെത്തുന്നതിന് മാത്രമേ ഉപയോഗിക്കാവൂ. അധിക ടെൻഡർ, സാധന സാമഗ്രികൾ മാറ്റിസ്ഥാപിക്കൽ, പണി പൂർത്തീകരിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുള്ള ഫണ്ട് കണ്ടെത്തുന്നതിന് പദ്ധതിയിൽ വ്യവസ്ഥകളില്ല. പ്രവൃത്തികളുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ ഈ അധികച്ചെലവുകൾ നിറവേറ്റുന്നതിന്, സംസ്ഥാന ഗവൺമെന്റ് പിഎംജിഎസ്‌വൈയ്ക്കുള്ള സംസ്ഥാന പിന്തുണാ സ്കീം' വഴി നിശ്ചിത വിഹിതമായ 40 ശതമാനത്തിന് ഉപരിയായി മതിയായ ഫണ്ട് നീക്കിവയ്ക്കുന്നു. പിഎംജിഎസ്‌വൈ റോഡുകൾ 3 ഘട്ടങ്ങളിലായാണ് നിർമ്മിച്ചു വരുന്നത്.

**പിഎംജിഎസ്‌വൈഐ:** പിഎംജിഎസ്‌വൈ-ഒന്നാം ഘട്ടം പദ്ധതി പ്രകാരം എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡുകൾ വഴി ഗ്രാമപ്രദേശങ്ങളിലെ പരസ്പരം ബന്ധമില്ലാത്ത ആവാസ വ്യവസ്ഥകളെ ബന്ധിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യമിട്ടിരുന്നത്. 2000 മുതൽ 2013 വരെ അനുവദിച്ച എല്ലാ പ്രവൃത്തികളും ഇതിൽ ഉൾപ്പെടുന്നു. പിഎംജിഎസ്‌വൈഐ I ന് കീഴിൽ 3308.373 കിലോമീറ്റർ റോഡ് അനുവദിക്കുകയും 3236.484 കിലോമീറ്റർ റോഡ് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു.

**പിഎംജിഎസ്‌വൈഐ –II :** ജനങ്ങൾക്കും സാധന സാമഗ്രികൾക്കും സേവനങ്ങൾക്കുമുള്ള ഗതാഗത സേവനങ്ങളുടെ ദാതാവ് എന്ന നിലയിൽ നിലവിലുള്ള ഗ്രാമീണ റോഡ് ശൃംഖലയുടെ മൊത്തത്തിലുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനാണ് പിഎംജിഎസ്‌വൈ II യിൽ വിഭാവനം ചെയ്യുന്നത്. 2011ലെ സെൻസസ് കണക്കുകൾക്കനുസരിച്ചുള്ള, ജില്ലാ ഗ്രാമീണ റോഡ് പ്ലാൻ (ഡി.ആർ. ആർ.പി) ആസ്പദമാക്കിയാണ് റോഡുകൾ തെരഞ്ഞെടുക്കുന്നത്. പിഎംജിഎസ്‌വൈഐ -II പ്രകാരം 582.89 കിലോമീറ്റർ റോഡ് പ്രവൃത്തികൾ അനുവദിക്കുകയും, 559.93 കിലോമീറ്റർ പൂർത്തിയാക്കുകയും ചെയ്തു. യഥാക്രമം 30മീറ്റർ, 20മീറ്റർ, 60.7മീറ്റർ വീതിയിൽ മൂന്ന് പാലങ്ങൾ അനുവദിച്ചു, അതിൽ ആദ്യ രണ്ടെണ്ണം പൂർത്തീകരിച്ചു.

**പിഎംജിഎസ്‌വൈ III :** ഗ്രാമീണ കാർഷിക മാർക്കറ്റുകൾ, ഹയർ സെക്കൻഡറി സ്കൂളുകൾ, ആശുപത്രികൾ എന്നിവയുമായി ആവാസ കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന നിലവിലുള്ള പ്രധാന ഗ്രാമീണ റോഡുകളുടെ നവീകരണം ആണ് പിഎംജിഎസ്‌വൈഐ- III ലൂടെ വിഭാവനം ചെയ്യുന്നത്. പിഎംജിഎസ്‌വൈഐ- III പ്രകാരം ഇതുവരെ 1280.984 കിലോമീറ്റർ റോഡ് അനുവദിക്കുകയും 190.292 കിലോമീറ്റർ പൂർത്തിയാക്കുകയും ചെയ്തു. 2022-23 ലെയും, 2023-24 സെപ്റ്റംബർ 30 വരെയുമുള്ള പിഎംജിഎസ്‌വൈഐ യുടെ ഭൗതിക പുരോഗതി **പട്ടിക 12.1.7**ൽ നൽകിയിരിക്കുന്നു.

പിഎംജിഎസ്‌വൈ സ്കീമിന് കീഴിൽ 2022-23 ലും 2023-24 (30.09.2023) വരെയും നിർമ്മിച്ച് റോഡുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 12.1.19**-ൽ നൽകിയിരിക്കുന്നു.

ഇന്ത്യ ഗവൺമെന്റ് അനുശാസിക്കുന്ന നിർമ്മാണ മാനദണ്ഡങ്ങൾ പാലിക്കുന്നതിനു സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങളിൽ ബുദ്ധിമുട്ട് നേരിടുന്നു. സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും ജനസാന്ദ്രതയും കണക്കിലെടുക്കുമ്പോൾ പത്തിൽ 1 ഗ്രേഡിയന്റ് നിലനിർത്തുക, കാൻഡിഡേറ്റ് റോഡിന്റെ നീളം 5 കിലോമീറ്ററായി പരിമിതപ്പെടുത്തുക തുടങ്ങിയ നിബന്ധനകൾ പാലിക്കുന്നതിനു പ്രയാസം നേരിടുന്നു. കൂടാതെ റോഡ് അതിർത്തിയോട് ചേർന്നുള്ള ഇടതൂർന്ന ബിൽറ്റ്-അപ്പ് പ്രദേശങ്ങളുടെ സാമീപ്യവും ഈ നിബന്ധനകൾ പാലിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. കേന്ദ്ര സർക്കാർ നിലവിലെ വ്യവസ്ഥകൾ പുന:പരിശോധിക്കേണ്ടതും പ്രാദേശിക ഭൂമിശാസ്ത്രപരമായ സവിശേഷതകളും സംസ്ഥാന മുൻഗണനകളും അനുസരിച്ച് മാനദണ്ഡങ്ങൾ ഇച്ഛാനുസൃതമാക്കാൻ ഇളവ് അനുവദിക്കേണ്ടതുമാണ്. സർഫേസ് ഡ്രസ്സിംഗ് സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിനു വേണ്ട യന്ത്രസാമഗ്രികളുടെ ലഭ്യതക്കുറവ്, ജൽ ജീവൻ മിഷൻ (ജെജെഎം) ജോലികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം തുടങ്ങിയവ നടന്നുകൊണ്ടിരിക്കുന്ന പിഎംജിഎസ്‌വൈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നു. കിലോമീറ്ററിനുള്ള

**പട്ടിക 12.1.7** പിഎംജിഎസ്‌വൈഐ യുടെ ഭൗതിക പുരോഗതി

| വർഷം | പിഎംജിഎസ്‌വൈ-I | | പിഎംജിഎസ്‌വൈ-II | | പിഎംജിഎസ്‌വൈ-III | |
|---|---|---|---|---|---|---|
| | എണ്ണം | റോഡിന്റെ നീളം കിലോമീറ്ററിൽ | എണ്ണം | റോഡിന്റെ നീളം കിലോമീറ്ററിൽ | എണ്ണം | റോഡിന്റെ നീളം കിലോമീറ്ററിൽ |
| 2022-23 | 9 | 18.744 | 5 | 6.825 | 9 | 107.64 |
| 2023-24 (30.09.2023) | 1 | 3.747 | 1 റോഡ്+ 1ലോങ്ങ് സ്പാൻ ബ്രിഡ്ജ് (20മീ) | 7.258 | 19 | 65.593 |
| ആകെ | 10 | 22.491 | 6 റോഡുകളും + 1 ലോങ്ങ് സ്പാൻ ബ്രിഡ്ജും (20മീ) | 14.083 | 28 | 173.233 |

അവലംബം: പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -തദ്ദേശ സ്വയം ഭരണ വകുപ്പ്

യൂണിറ്റ് ചെലവ് പരിമിതപ്പെടുത്തുന്നതിനായി, വിശദമായ പ്രൊജക്റ്റ് റിപ്പോർട്ടിൽ സംരക്ഷണഭിത്തികൾക്കും അഴുക്കുചാലുകൾക്കുമുള്ള വ്യവസ്ഥകൾ പരിമിതപ്പെടുത്തേണ്ടി വരുന്നു. ഫുൾ ഡെപ്ത് റിക്ലമേഷൻ (എഫ്ഡിആർ), സബ്ഗ്രേഡ് മെച്ചപ്പെടുത്തലിനുള്ള കയർ സാങ്കേതികവിദ്യ, കോൾഡ് മിക്സ് സാങ്കേതികവിദ്യ, റോഡ് നിർമാണത്തിലൂടെ പ്ലാസ്റ്റിക് മാലിന്യ നിർമാർജനം തുടങ്ങിയ പുതിയ സാങ്കേതികവിദ്യകൾ പിഎംജിഎസ്വൈ -III പ്രകാരം അനുവദിച്ച പുതിയ റോഡിൽ (594.752 കിലോമീറ്റർ, 554.45 കോടി രൂപ) പ്രയോഗിക്കാൻ പദ്ധതിയിടുന്നു. പിഎംജിഎസ്വൈ റോഡ് പത്ത് വർഷത്തെ കാലയളവിനായി രൂപകൽപന ചെയ്തിരിക്കുന്നതും നിർമ്മാണത്തിന് ശേഷമുള്ള അഞ്ച് വർഷത്തെ അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ട് (നിർമ്മാണ ചെലവിന്റെ ഏകദേശം 9 ശതമാനം തുക) സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടതും. അഞ്ചുവർഷത്തിനു ശേഷമുള്ള അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്താണ് നിർവഹിക്കുന്നത്.

### നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ്

പ്രകൃതി വിഭവ ക്രമീകരണ മേഖലയിലെ സ്കീമുകളുടെ എണ്ണത്തിൽ നിന്നും പ്രകൃതിവിഭവ മാനേജ്മെന്റിനുള്ള ഊന്നൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാം. മുൻകാലങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന സംയോജിത നീർത്തട മാനേജ്മെന്റ് പ്രോഗ്രാം (ഐഡബ്ല്യൂഎംപി), 2015-16-ൽ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി എം കെ എസ് വൈ) യുമായി ഇന്ത്യാ ഗവൺമെന്റ് ലയിപ്പിക്കുകയും പി എം കെ എസ് വൈ യുടെ നീർത്തട വികസന ഘടകമായി (വാട്ടർ ഡെവലപ്മെന്റ് കംപോണെന്റ് ) നടപ്പിലാക്കുകയും ചെയ്തു വരുന്നു.

### പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജനയുടെ നീർത്തട വികസന ഘടകം

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള പദ്ധതിയുടെ തുക വിനിയോഗം 60:40 എന്ന അനുപാതത്തിലാണ്. ഗ്രാമവികസന വകുപ്പ് ആണ് പിഎംകെഎസ്വൈയുടെ നീർത്തട വികസന പദ്ധതിയുടെ നോഡൽ വകുപ്പ്. സംസ്ഥാന തലത്തിൽ സംസ്ഥാന തല നോഡൽ ഏജൻസിയും (എസ് എൽ എൻ എ), ജില്ലാ തലത്തിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിൽ രൂപീകരിച്ച വാട്ടർഷെഡ് സെൽ കം ഡാറ്റാ സെന്റർ (ഡബ്ലിയു സി ഡി സി) വഴിയും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി (പി ഐ എ) മുഖേനയും ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിലോ നീർത്തട തലത്തിലോ ഇതിനായി പ്രത്യേകം രൂപീകരിച്ച തണ്ണീർത്തട സമിതികൾ മുഖേനയും ആണ് പദ്ധതി നിയന്ത്രിക്കുന്നത്.

മണ്ണൊലിപ്പ് തടയൽ, പ്രകൃതിദത്ത സസ്യജാലങ്ങളുടെ പുനരുജ്ജീവനം, മഴവെള്ള സംഭരണം, ഭൂഗർഭജലം റീചാർജ് ചെയ്യൽ, വനവൽക്കരണം, കൃഷിയോഗ്യമായ തരിശുഭൂമി നികത്തൽ എന്നിവയാണ് പരിപാടിയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ. ചെക്ക് ഡാമുകൾ, പെർകോളേഷൻ ടാങ്കുകൾ, ഫാം കുളങ്ങൾ, ഡ്രെയിനേജ് ലൈൻ ട്രീറ്റ്മെന്റ് പ്രവർത്തനങ്ങൾ എന്നിവയുടെ നിർമ്മാണം പദ്ധതിക്ക് കീഴിലുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഈ ഇടപെടലുകൾ ബഹുവിള കൃഷിയും വൈവിധ്യമാർന്ന കാർഷികാധിഷ്ഠിത പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും അത് വഴി തണ്ണീർത്തട പ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് സുസ്ഥിരമായ ഉപജീവനമാർഗം പ്രദാനം ചെയ്യുന്നതിനും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 4,000 മുതൽ 6,000 ഹെക്ടർ വരെ വിസ്തൃതിയുള്ള 5-10 മൈക്രോ വാട്ടർഷെഡുകളുടെ ഒരു ക്ലസ്റ്റർ പദ്ധതി ആണ് പദ്ധതി പ്രദേശത്ത് ഉള്ളത്. ബ്ലോക്ക് പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പാക്കിയത്. സമതല പ്രദേശങ്ങളിൽ ഹെക്ടറിന് 22,000 രൂപ മുതൽ മലയോര പ്രദേശങ്ങളിൽ ഹെക്ടറിന് 28,000 രൂപ വരെയാണ് പദ്ധതിയുടെ ചെലവ്. 3 മുതൽ 5 വർഷം വരെയാണ് പദ്ധതിയുടെ കാലാവധി. കേരളത്തിൽ 2009-10ൽ പദ്ധതി അനുവദിച്ചെങ്കിലും പദ്ധതികൾ ആരംഭിച്ചത് 2010-11ൽ മാത്രമാണ്. 2014-15 വരെ 69 പദ്ധതികൾക്ക് അനുമതി നൽകുകയും 249.98 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. ഏകദേശം 99,676 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും 33,897 കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളിലെല്ലാം പ്രകൃതിവിഭവ സംരക്ഷണത്തിനാണ് പ്രാഥമിക ഊന്നൽ നൽകിയത്. പദ്ധതി പ്രദേശത്തെ മണ്ണൊലിപ്പ് ഗണ്യമായി കുറയ്ക്കുകയും ഭൂഗർഭജലം സമ്പുഷ്ടമാക്കുകയും ചെയ്തു. എൻജിനീയറിങ് ഘടനകളുടെ സ്ഥാനത്ത്, പ്രകൃതിവിഭവ മാനേജ്മെന്റിനായി അഗ്രോണമിക് നടപടികൾ പരമാവധി ഉപയോഗിച്ചു. വിവിധ പ്രവർത്തനങ്ങൾക്കിടയിൽ, കർഷകർക്ക് സ്ഥിരമായ അധിക വരുമാനം ഉറപ്പാക്കുന്നതിന് നീരുറവകളുടെയും പൂന്തോട്ട പച്ചക്കറി തോട്ടങ്ങളുടെയും പുനരുജ്ജീവനം പ്രോത്സാഹിപ്പിക്കപ്പെട്ടു.

2021-22-ൽ പിഎംകെഎസ്വൈഐ 2.0 ഒരു ന്യൂ ജനറേഷൻ വാട്ടർഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാമായി പുനരാരംഭിച്ചു. 73.26 ലക്ഷം രൂപ പദ്ധതിച്ചെലവിൽ 26,163 ഹെക്ടർ വിസ്തൃതിയുള്ള 37 സൂക്ഷ്മ നീർത്തടങ്ങൾ അനുവദിച്ചു. സ്കീമിന്റെ പ്രവർത്തന ഘടകങ്ങൾ മൂന്ന് പ്രധാന വിഭാഗങ്ങൾക്ക് കീഴിലാണ്: എ) പ്രകൃതിവിഭവ മാനേജ്മെന്റ്, ബി) ഉൽപ്പാദന സംവിധാനം മെച്ചപ്പെടുത്തൽ, സി) ഉപജീവന പിന്തുണയും മൈക്രോ സംരംഭങ്ങളും. 2022-23ൽ പദ്ധതി വിഹിതം 25 കോടി രൂപയായിരുന്നു, അതിൽ 17.50 കോടി രൂപ അനുവദിച്ചു. ഇതിൽ 7.93 കോടി രൂപ ചെലവഴിച്ച്, 137 ജലസംഭരണ ഘടനകൾ നിർമ്മിക്കുകയും 42 ജലസംഭരണ ഘടനകൾ നവീകരിക്കുകയും ചെയ്തു. 256.51 ഹെക്ടർ പ്രദേശം ജലസേചനത്തിൻ കീഴിൽ കൊണ്ടുവരികയും 11,537 കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും ചെയ്തു. 16,703 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും 158.99 ഹെക്ടർ തോട്ടം കൃഷിയിറക്കുകയും ചെയ്തു.

നടപ്പ് സാമ്പത്തിക വർഷം 2023 സെപ്റ്റംബർ വരെ 356 ജലസംഭരണി നിർമ്മിക്കുകയും 113 പഴയ ജലസംഭരണികൾ നവീകരിക്കുകയും ചെയ്തു. 461.55

ഹെക്ടർ പ്രദേശത്തെ ജലസേചനത്തിൻകീഴിൽ കൊണ്ടുവരുകയും 2504 കർഷകർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. 12140 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും 258.04 ഹെക്ടർ തോട്ടം കൃഷിയിറക്കുകയും ചെയ്തു. ഇടുക്കി, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തിരുവനന്തപുരം, വയനാട് ജില്ലകളിലാണ് പ്രധാനമായും പരിപാടി നടക്കുന്നത്.

**തൊഴിൽ സൃഷ്ടിക്കലും ഉപജീവന സഹായവും**

ഡിമാൻഡ് അടിസ്ഥാനമാക്കിയുള്ള തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് നടപ്പിലാക്കുന്നത് ഗ്രാമീണ ജനതയുടെ ഉപജീവന സുരക്ഷയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതിയുടെയും മറ്റ് ഉപജീവന സഹായ പദ്ധതികളുടെയും നടത്തിപ്പിന്റെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്)**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്), ഗ്രാമീണ മേഖലയിൽ തൊഴിൽ നൽകുന്നതിനും ദശലക്ഷക്കണക്കിന് ഗ്രാമീണ ദരിദ്രരുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനും ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഓരോ സാമ്പത്തിക വർഷവും അവിദഗ്ധമായ ജോലി ചെയ്യുന്നതിന് സന്നദ്ധരായ ഓരോ വീട്ടിലെയും മുതിർന്ന അംഗങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിലുറപ്പ് വേതനം നൽകിക്കൊണ്ട് രാജ്യത്തെ ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളുടെ ഉപജീവന സുരക്ഷ വർധിപ്പിക്കാൻ ഇത് നിർദ്ദേശിക്കുന്നു.

ദേശീയ തലത്തിൽ, 2022-23 സാമ്പത്തിക വർഷത്തിൽ 295.67 കോടി വ്യക്തി ദിനങ്ങൾ സൃഷ്ടിച്ചു. ആയതിൽ 57.46 ശതമാനവും സ്ത്രീകൾക്കായിരുന്നു ലഭ്യമായത്.പട്ടികജാതി വിഭാഗത്തിന് 19.23 ശതമാനവും പട്ടിക വർഗ്ഗക്കാർക്ക് 18 ശതമാനവും ലഭിച്ചു. 6.18 കോടി കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചു. ഒരു കുടുംബത്തിന് ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ 47.83 ആണ്. 35.98 ലക്ഷം കുടുംബങ്ങൾ 100 ദിവസം തൊഴിൽ പൂർത്തിയാക്കി. ഭിന്നശേഷിക്കാരായ 50028 പേർക്കും 473.12 ലക്ഷം സ്ത്രീകൾക്കും തൊഴിൽ ലഭ്യമായി. ചെലവിന്റെ 32.42 ശതമാനം ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനും ചെലവിന്റെ വലിയൊരു ഭാഗം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട ജോലികൾക്കും (43.74 ശതമാനം) ചെലവഴിച്ചു.

ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനും ഗ്രാമീണ ദരിദ്രർക്ക് ഉപജീവന സുരക്ഷ ഉറപ്പാക്കാനുമുള്ള ഫലപ്രദമായ പദ്ധതിയായാണ് കേരളം എക്കാലവും എംജിഎൻആർഇജിഎസ് കണക്കാക്കുന്നത്. ആയതിനാൽ പദ്ധതി സൂക്ഷ്മമായി നടപ്പാക്കാൻ കേരളം അതീവ ശ്രദ്ധ ചെലുത്തുന്നു. 2022-23 ൽ, സംസ്ഥാനം മൊത്തം 9.66 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു, അതിൽ 18.18 ശതമാനം പട്ടികജാതിക്കാർക്കും 6.89 ശതമാനം പട്ടികവർഗക്കാർക്കുമായിരുന്നു. കേരളത്തിലെ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. 57.46 എന്ന ദേശീയ കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ, കേരളത്തിൽ മൊത്തം വ്യക്തിദിനങ്ങളുടെ 89.81 ശതമാനമാണ് സ്ത്രീകളുടെ വ്യക്തിദിനങ്ങളുടെ എണ്ണം. ഒരു കുടുംബത്തിന് നൽകുന്ന ശരാശരി തൊഴിൽ ദിനങ്ങൾ 62.26 ആയിരുന്നു. 4.5 ലക്ഷം കുടുംബങ്ങൾ 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കി. 2675 ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകി.

2022-23-ൽ 3992.01 കോടി രൂപ പദ്ധതിയിനത്തിൽ ചെലവഴിച്ചു, അതിൽ 2987.94 കോടി (74.85%) അവിദഗ്ധ വേതനമായും 851.82 കോടി (21.34 ശതമാനം) മെറ്റീരിയൽ ഘടകങ്ങൾ, അർദ്ധ വൈദഗ്ധ്യം/ വൈദഗ്ധ്യം ഉള്ള തൊഴിലിനുള്ള വേതനമായി ചെലവഴിച്ചു. പദ്ധതിയുടെ 2022-23 ലെയും 2023-24 സെപ്റ്റംബർ 30 വരെയുമുള്ള സാമ്പത്തികവും ഭൗതികവുമായ പുരോഗതി യഥാക്രമം **അനുബന്ധം 12.1.20, 12.1.21, 12.1.22, 12.1.23** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടിക 12.1.8** ൽ കഴിഞ്ഞ 4 വർഷങ്ങളിൽ കേരളത്തിൽ (എം.ജി.എൻ.ആർ.ഇ.ജി.എസ്)-ന്റെ തൊഴിൽ സൃഷ്ടിക്കലും പ്രകടനവും കാണിക്കുന്നു.

കഴിഞ്ഞ നാല് വർഷത്തെ പദ്ധതിയുടെ പ്രകടനത്തിന്റെ അവലോകനത്തിൽ നിന്നും ഈ സ്കീമിന് കീഴിൽ തൊഴിൽ ഉറപ്പാക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ എണ്ണം നേരിയ തോതിൽ കുറഞ്ഞിട്ടുണ്ടെന്നും തൊഴിൽ ഉറപ്പാക്കുന്ന എസ്ടി കുടുംബങ്ങളുടെ എണ്ണം നേരിയ തോതിൽ വർധിച്ചിട്ടുണ്ടെന്നും കാണുന്നു. 2022-23-ലെയും 2023-24 ലെയും സെപ്റ്റംബർ 30 വരെയുമുള്ള സാമ്പത്തിക പുരോഗതി **പട്ടിക 12.1.9** യിൽ കാണിക്കുന്നു.

ഗ്രാമീണ മേഖലകളിൽ, പ്രത്യേകിച്ച് ഉൽപ്പാദന മേഖലയിൽ ആസ്തികൾ സൃഷ്ടിക്കുന്നതിൽ സഹായ കമായതിനാൽ പദ്ധതി സംസ്ഥാനത്തിന് വലിയ സഹായമായി. മൊത്തം ചെലവിൽ മെറ്റീരിയൽ ഘടകത്തിന്റെ ചെലവ് കഴിഞ്ഞ വർഷങ്ങളിലായി വർദ്ധിച്ചുവരുന്നത്, ആസ്തികൾ സൃഷ്ടിക്കുന്നതിൽ സംസ്ഥാനം നൽകുന്ന പ്രത്യേക ശ്രദ്ധ എടുത്തുകാട്ടുന്നു. ഈ പദ്ധതി പ്രത്യേകിച്ച് കോവിഡ് പകർച്ചവ്യാധി സമയത്തും അതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ക്ഡൗണിലും വളരെ അത്യാവശ്യമായ സാമൂഹിക സുരക്ഷാവലയങ്ങൾ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമാനമായ ഘടകങ്ങളെ സംയോജിപ്പിച്ച് പുതിയ മാനങ്ങൾ ചേർത്തുകൊണ്ട് എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും ഫലപ്രാപ്തി വർദ്ധിപ്പിച്ചു. എംജിഎൻആർഇജിഎസിന്റെ വ്യവസ്ഥകളും മറ്റ് സംസ്ഥാന സ്പോൺസർഡ് പ്രോഗ്രാമുകളുമായി സമന്വയിപ്പിച്ചിരിക്കുന്നു. 2017-18 മുതൽ, എംജിഎൻആർഇജിഎസ് പ്രവർത്തനങ്ങൾ പ്രകൃതിവിഭവ പരിപാലനത്തിനായുള്ള സംസ്ഥാന

**പട്ടിക 12.1.8** തൊഴിൽ സൃഷ്ടിക്കലിന്റെയും പ്രകടനത്തിന്റെയും അവലോകനം

| സൂചകങ്ങൾ | 2022-23 | 2021-22 | 2020-21 | 2019-20 |
|---|---|---|---|---|
| ലേബർ ബജറ്റ് പ്രകാരമുള്ള അംഗീകൃത വ്യക്തി ദിനങ്ങൾ (ലക്ഷത്തിൽ) | 950 | 1000 | 1000 | 700 |
| മൊത്തം ലേബർ ബഡ്ജറ്റിനു മുകളിലുണ്ടായ നേട്ടം ശതമാനത്തിൽ | 101.66 | 105.9661 | 102.3 | 114.61 |
| സ്ത്രീകൾക്കു വേണ്ടി ഉൽപ്പാദിപ്പിക്കപ്പെട്ട വ്യക്തിദിനങ്ങളുടെ ശതമാനം | 89.81 | 89.42 | 90.49 | 89.8 |
| പട്ടികജാതി കുടുംബങ്ങൾക്ക് വേണ്ടി ഉൽപ്പാദിപ്പിക്കപ്പെട്ട വ്യക്തിദിനങ്ങളുടെ ശതമാനം | 18.18 | 18.31 | 18.41 | 15.52 |
| പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വേണ്ടി ഉൽപ്പാദിപ്പിക്കപ്പെട്ട വ്യക്തിദിനങ്ങളുടെ ശതമാനം | 6.89 | 6.34 | 6.54 | 6.7 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി വ്യക്തി ദിനങ്ങൾ | 62.26 | 64.28 | 63.25 | 55.75 |
| 100 തൊഴിൽ ദിനങ്ങൾ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 449638 | 5,12,823 | 470410 | 2,51,150 |

അവലംബം: എം എൻ ആർ ജി എസ് വെബ് സൈറ്റ്

സർക്കാരിന്റെ പ്രധാന പരിപാടിയായ 'ഹരിതകേരളം മിഷന്റെ' പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ കാർഷിക, അനുബന്ധ മേഖലകളിലെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ എംജിഎൻ ആർഇജിഎസ് വ്യവസ്ഥ ഉപയോഗിച്ച് ആരംഭിച്ച സംസ്ഥാന സർക്കാർ സംരംഭമാണ് സുഭിക്ഷ കേരളം.

ഗ്രാമീണ മേഖലകളിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്, വ്യക്തിഗത ആസ്തികളും പൊതു ആസ്തികളും സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകുന്നു. പരിപാടിയുടെ ഭാഗമായി ഗ്രാമീണ മേഖലകളിൽ ഗ്രാമീണ ജനതയ്ക്ക് അവരുടെ ദൈനംദിന ചെലവുകൾക്കായി സ്ഥിരമായ വരുമാനം ഉണ്ടാക്കാൻ സഹായിക്കുന്ന ഉപജീവന ആസ്തികൾ സൃഷ്ടിച്ചു. 2022-23ൽ, പദ്ധതി വ്യവസ്ഥ ഉപയോഗിച്ച് 8486 കന്നുകാലി തൊഴുത്തുകൾ, 6676 ആട് തൊഴുത്തുകൾ, 6928 പൗൾട്രി ഷെഡുകൾ, 1574 അസോള ടാങ്കുകൾ, 2215 ഫാം കുളങ്ങൾ, 207 എസ്എച്ച്ജി വർക്ക് ഷെഡുകൾ എന്നിവ നിർമ്മിച്ചു. 521.93 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി ചെയ്തു.

പൊതു ആസ്തികളായ കോംപൗണ്ട് ഭിത്തികൾ, സ്കൂളുകൾക്കുള്ള കളിസ്ഥലങ്ങൾ, അങ്കണവാടി നിർമ്മാണം തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. വനിതാ ശിശുവികസന വകുപ്പിൽ നിന്ന് ലഭിച്ച ഫണ്ട് ഉപയോഗിച്ച് 720 അംഗൻവാടികളുടെ നിർമ്മാണമാണ് എം ജി എൻ ആർ ജി എസിൽ നടത്തുന്നത്. ഈ പരിപാടിയിൽ 466 അങ്കണവാടികളുടെ നിർമ്മാണം പൂർത്തിയായി. 2019-ൽ, അനുവദനീയമായ എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തി, ഗ്രാമപഞ്ചായത്ത് തലത്തിൽ എംജിഎൻആർഇജിഎസ് പ്രവൃത്തികൾ ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജിഐഎസ്) അടിസ്ഥാനമാക്കിയുള്ള സംയോജിത ആസൂത്രണത്തിൽ ഏറ്റെടുക്കാൻ കേരള സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു. അതനുസരിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകളും എംജിഎൻആർഇജിഎസിനു കീഴിൽ ജിഐഎസ് അടിസ്ഥാനമാക്കിയുള്ള സംയോജിത പദ്ധതികൾ തയ്യാറാക്കി.

ഉന്നതി (UNNATI) എന്ന് ഒരു പ്രോജക്റ്റ്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ടുപയോഗിച്ച്(100% കേന്ദ്ര വിഹിതം) തൊഴിലാളികളുടെ നൈപുണ്യ-അടിസ്ഥാനം നവീകരിക്കാനും അതുവഴി അവരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്താനും ഉദ്ദേശിച്ച് നടപ്പിലാക്കുന്നു. അതുവഴി അവർക്ക് നിലവിലുള്ള ഭാഗിക തൊഴിലിൽ നിന്ന് പൂർണ്ണമായ തൊഴിലിലേക്ക് മാറാനും അതുവഴി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിക്കുന്നത് കുറയ്ക്കാനും കഴിയും. സ്വയംതൊഴിൽ അല്ലെങ്കിൽ കൂലിത്തൊഴിലാളികൾക്ക് വൈദഗ്ധ്യം നൽകിക്കൊണ്ട് ഈ പദ്ധതി മിക്ക മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെയും ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ക്ക് കീഴിൽ 100 ദിവസത്തെ ജോലി

**പട്ടിക 12.1.9** 2022-23, 2023-24 (സെപ്റ്റംബർ 30) വരെയുമുള്ള സാമ്പത്തിക പുരോഗതി പട്ടിക (തുക കോടികളിൽ)

| സാമ്പത്തിക വർഷം | വിഹിതം | | | പ്രാരംഭ ബാക്കി | നൽകിയ തുക | | | ആകെ ലഭ്യമായ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | കേന്ദ്രം | സംസ്ഥാനം | ആകെ | | കേന്ദ്രം | സംസ്ഥാനം | ആകെ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9<br>5+8 | 10 | 11<br>(10/9)*100 |
| 2022-23 | 3827.69 | 230.1 | 4057.79 | 17.69 | 3866.86 | 170.21 | 4037.07 | 4054.76 | 3992.01 | 98.45 |
| 2023-24 (30.09.2023) | 4039.69 | 230.1 | 4269.79 | 73.82 | 1886.28 | 95.31 | 1981.59 | 2055.41 | 1977.93 | 96.23 |

അവലംബം: പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

പൂർത്തിയാക്കിയ ഒരു വീട്ടിലെ മുതിർന്ന അംഗത്തിന് (18-45 വയസ്സ്) പരിശീലനം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

ശുചിത്വ കേരളം മിഷനുമായി ചേർന്ന്, എംജിഎൻ ആർഇജിഎസ് ഫണ്ട് ഉപയോഗിച്ച് 5369 കോമ്പോസിറ്റ് പിറ്റുകളും, 17405 സോക്ക്പിറ്റുകളും, 1717 മിനി മെറ്റീരിയൽ കളക്ഷൻ സെന്ററുകളും നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളിൽ, കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത് സംസ്ഥാനത്തെ കയർ മേഖലയ്ക്ക് ഉത്തേജനം നൽകുന്നു. 2020-21 മുതൽ 2023-24 വരെയുള്ള കാലയളവിൽ പദ്ധതിക്ക് കീഴിൽ പ്രകൃതിവിഭവ മാനേജ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ഏകദേശം 146.61 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കില എന്നിവയുമായി സഹകരിച്ച് , അർദ്ധ അല്ലെങ്കിൽ വിദഗ്ധ തൊഴിലാളികളായി അപ്ഗ്രേഡ് ചെയ്യാൻ താൽപര്യപ്പെടുന്ന അവിദഗ്ധ തൊഴിലാളികൾക്ക് പരിശീലനം നൽകുന്ന, "മികവ്" എന്ന ഒരു അതുല്യമായ പരിപാടി ഏറ്റെടുത്തിട്ടുണ്ട്. സ്കീമിന് കീഴിലുള്ള അവിദഗ്ധ വേതനം 333/- രൂപ മാത്രമാണ്, അതേസമയം അർദ്ധ/ വിദഗ്ധ തൊഴിലാളിയുടേത് പ്രതിദിനം 700- 1200 രൂപ വരെയാണ്.


മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയതിലെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ പ്രകടനത്തിന്റെ താരതമ്യം **(ചിത്രം 12.1.17)** കാണിക്കുന്നത് സ്ത്രീകൾക്ക് വേണ്ടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതിൽ 89.81 ശതമാനവുമായി കേരളം ഒന്നാമതാണ് എന്നാണ്. എസ്സി, എസ്ടി വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിലും സംസ്ഥാനം മുന്നേറേണ്ടതുണ്ട്. എംജിഎൻആർഇജിഎ പാവപ്പെട്ട കുടുംബങ്ങൾക്ക് പ്രത്യേകിച്ച് പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യുന്നതിന് ലക്ഷ്യമിടുന്നതിനാൽ, അവർക്ക് വേണ്ടി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നത് മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യത കണ്ടെത്തേണ്ടത് പ്രധാനമാണ്.

ഒരു കുടുംബത്തിന് ശരാശരി 62.26 ദിവസത്തെ തൊഴിൽ നൽകിക്കൊണ്ട് കേരളം, ഇന്ത്യൻ സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു എന്നതിൽ നിന്നും കേരളത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ കാര്യക്ഷമത വ്യക്തമാണ്. കേരളത്തിലെ 4.5 ലക്ഷം കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ നൽകുക വഴി രാജസ്ഥാനും ഉത്തർപ്രദേശിനും പിന്നിൽ മൂന്നാം സ്ഥാനത്താണ് സംസ്ഥാനം.

മാർഗ്ഗരേഖ അനുസരിച്ച്, എം.ജി.എൻ.ആർ.ഇ.ജി. എസിന് കീഴിലുള്ള പ്രവൃത്തികൾ ഇനിപ്പറയുന്ന വിഭാഗങ്ങളിലായി തരം തിരിച്ചിരിക്കുന്നു: വിഭാഗം എ: പ്രകൃതിവിഭവ മാനേജ്മെന്റുമായി ബന്ധപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ വിഭാഗം ബി: ദുർബല വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (എസ്സി, എസ്ടി, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ, സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾ, ശാരീരിക വൈകല്യമുള്ള കുടുംബങ്ങൾ, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ മുതലായവയ്ക്ക് മാത്രം); വിഭാഗം സി: എൻ.ആർ.എൽ. എം അനുസരിച്ചുള്ള സ്വയം സഹായ സംഘങ്ങൾക്കുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ; കൂടാതെ ഡി വിഭാഗം: ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ. പ്രകൃതിവിഭവ മാനേജ്മെന്റിനും കൃഷിക്കും അനുബന്ധ ജോലികൾക്കും കീഴിലാണ് ഏറ്റവും കൂടുതൽ ശതമാനം ജോലികൾ നടന്നത്. 2022-23ൽ ചെലവിന്റെ 22.57 ശതമാനം ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനും, 60.32 ശതമാനം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമാണ് ചെലവഴിച്ചത്. 2022-23 ലെ ജോലി പൂർത്തീകരണ നിരക്ക് 65.79 ശതമാനം മാത്രമാണ്, ഇക്കാര്യത്തിൽ സംസ്ഥാനം അതിന്റെ പ്രകടനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

**കേരള ട്രൈബൽ പ്ലസ്:** കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലെ വിടവുകൾ നികത്താൻ പുതിയതും പൂരകവുമായ ഘടകങ്ങളും പുതിയ സ്കീമുകളും ഉൾപ്പെടുത്താൻ കേരള സർക്കാർ ശ്രദ്ധാലുവാണ്. പട്ടികവർഗ്ഗ തൊഴിലാളികൾക്ക് അധിക തൊഴിൽ നൽകുന്നതിനായി ട്രൈബൽ പ്ലസ് സ്കീം അവതരിപ്പിച്ചുകൊണ്ട് പട്ടികജാതി-പട്ടികവർഗ മേഖലകളിലെ ഇടപെടലുകൾ ഗണ്യമായി ശക്തിപ്പെടുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉറപ്പുനൽകുന്ന 100 ദിവസങ്ങൾക്ക് പുറമേ, എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും കൂടി 100 തൊഴിൽദിനങ്ങൾ (അവിദഗ്ധ തൊഴിൽ) നൽകുന്നതിനായി 2017-18ൽ കേരള സർക്കാർ 'കേരള ട്രൈബൽ പ്ലസ്' പദ്ധതി ആരംഭിച്ചു. കേരളത്തിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് ആണ് ഇതിനാവശ്യമായ തുക വഹിക്കുന്നത്. 2022-23ൽ 77562 പട്ടികവർഗ ഭവനങ്ങൾക്ക് തൊഴിൽ നൽകുകയും തൊഴിൽ ദിനങ്ങളുടെ എണ്ണം 2019-20ൽ 55.27 ലക്ഷത്തിൽ നിന്ന് 2022-23ൽ 66.58 ലക്ഷം ആയി വർധിക്കുകയും ചെയ്തു. 2022-23-ൽ 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം 30429 ആണ്. വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ 8.2 (സാമൂഹിക സാമ്പത്തിക പരാധീനതകളെ അഭിസംബോധന ചെയ്യുന്നു) ൽ ചർച്ച ചെയ്തിരിക്കുന്നു. കേരള സർക്കാരിന്റെ തുടർച്ചയായ ആവശ്യങ്ങളെ തുടർന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഒരു ഗ്രാമപഞ്ചായത്തിൽ ഒരേസമയം ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ പരിധി 20ൽ നിന്ന് 50 ആയി ഉയർത്തി. കൂടാതെ, മേറ്റുകളെ അർദ്ധ നൈപുണ്യ വേതന സേനയിൽ ഉൾപ്പെടുത്താനും അനുമതി നൽകിയിട്ടുണ്ട്. ഉയർന്ന വേതനം ലഭിക്കുന്നതിന് തൊഴിലാളികളുടെ നൈപുണ്യവും ഉയർത്തുന്നതും, എംജിഎൻ ആർഇജിഎസ് പദ്ധതികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി ബന്ധിപ്പിക്കുന്നതും മറ്റും ഇനിയും പരിഗണിക്കേണ്ടതുണ്ട്. എം.ജി.

**ചിത്രം 12.1.7** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകടനം-ദക്ഷിണേന്ത്യയിലെ സംസ്ഥാനങ്ങളുടെ താരതമ്യം (2022-23)




അവലംബം: പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

എൻ.ആർ.ഇ.ജി.എസ് ഡിമാൻഡ് അനുസരിച്ച് അനുവദിക്കുന്ന പ്രവൃത്തിയായതിനാലും സംസ്ഥാനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത് ഒരു തുടർച്ചയായ പ്രക്രിയയായതിനാലും കൂലി കുടിശ്ശിക കുമിഞ്ഞു കൂടാതിരിക്കുവാൻ ശ്രദ്ധിക്കണം, അതല്ലെങ്കിൽ ഡിമാന്റനുസരിച്ച് വർക്ക് അലോക്കേഷൻ കുറയാനിടയുണ്ട്.

**അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി (എയുഇജിഎസ്)**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ (എം.ജി.എൻ.ആർ.ഇ.ജി.എസ്) തത്വങ്ങൾ പിന്തുടർന്ന്, നഗരങ്ങളിലെ ദരിദ്രർക്ക് തൊഴിൽ നൽകുന്നതിനുള്ള പരിപാടിയായാണ് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാനം ആരംഭിച്ചത്. അവിദഗ്ധ തൊഴിൽ ചെയ്യാൻ താൽപര്യമുള്ള നഗരപ്രദേശ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് ഒരു വർഷത്തിൽ കുറഞ്ഞത് 100 ദിവസത്തെയെങ്കിലും തൊഴിൽ നൽകിക്കൊണ്ട് ജീവിത സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഒരു സംസ്ഥാന പദ്ധതിയാണിത്. 2009-10 ലാണ് സംസ്ഥാന സർക്കാർ എം.ജിഎൻ.ആർ.ഇ.ജി.എസിന്റെ മാതൃകയിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചത്. നഗരതദ്ദേശ സ്ഥാപനങ്ങളിൽ സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് ഫണ്ട് വിനിയോഗിക്കുന്നത്.

ഈ പദ്ധതിക്കായി 2021-22ൽ 100.00 കോടി രൂപ വകയിരുത്തിയിരുന്നു. വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കുകയും വിവിധ കോർപ്പറേഷനുകളിലും നഗരസഭകളിലുമായി 46,33,552 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗം എന്നീ വിഭാഗങ്ങളിലായി യഥാക്രമം 1,89,911, 51,425, 3,995 കുടുംബങ്ങൾക്ക് തൊഴിൽ കാർഡുകൾ 2021-22 ൽ നൽകുകയുണ്ടായി. അതിൽ 49,060 പുരുഷൻമാരും 1,96,271 സ്ത്രീകളും ഉൾപ്പെടുന്നു. ഈ കാലയളവിൽ 96,990 കുടുംബങ്ങൾക്കും 96,456 സ്ത്രീകൾക്കും തൊഴിൽ നൽകുകയും 9,333 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്കായി 2022-23 വർഷം 125.00 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 88.99 കോടി രൂപ ചെലവഴിക്കുകയും വിവിധ കോർപ്പറേഷനുകളിലും നഗരസഭകളിലുമായി 41,11,897.5 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 85,310 കുടുംബങ്ങൾക്കും 79,766 സ്ത്രീകൾക്കും തൊഴിൽ ലഭിക്കുകയും 12,024 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആകെ തൊഴിൽ നൽകിയ സ്ത്രീകളിൽ 15,531 തൊഴിലാളികൾ പട്ടികജാതിക്കാരും 1,714 പേർ പട്ടികവർഗക്കാരുമാണ്. ഈ വർഷം 3,187 പട്ടികജാതി കുടുംബങ്ങളും 158 പട്ടികവർഗ കുടുംബങ്ങളും 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കി. ഏറ്റവും കൂടുതൽ ഗുണഭോക്താക്കൾ, 25,680 പേർ 51നും-60നും ഇടയിൽ പ്രായമുള്ളവരാണ്.

വിവിധ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമായി 2023-24ൽ 9,95,867 തൊഴിൽ ദിനങ്ങൾ ഈ പദ്ധതി സൃഷ്ടിച്ചു, 2023 സെപ്തംബർ 30 വരെ 49,823 കുടുംബങ്ങൾക്കും 48,789 സ്ത്രീകൾക്കും

തൊഴിലവസരം നൽകി. ആകെ തൊഴിൽ നൽകിയ സ്ത്രീകളിൽ 10,570 പേർ പട്ടികജാതിക്കാരും 788 പേർ പട്ടികവർഗക്കാരുമാണ്.

**പട്ടിക 12.1.10** 2023 സെപ്റ്റംബർ 30 വരെ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്ത എസ്‌സി-/എസ്ടി കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്

| ക്രമ നം | ജില്ല | എസ്‌സി- ആകെ രജിസ്റ്റർ ചെയ്തവർ | എസ്ടി - ആകെ രജിസ്റ്റർ ചെയ്തവര് |
|---|---|---|---|
| 1 | തിരുവനന്തപുരം | 9015 | 3 |
| 2 | കൊല്ലം | 4292 | 23 |
| 3 | പത്തനംതിട്ട | 3062 | 3 |
| 4 | ആലപ്പുഴ | 2482 | 42 |
| 5 | കോട്ടയം | 1080 | 3 |
| 6 | ഇടുക്കി | 813 | 37 |
| 7 | എറണാകുളം | 4029 | 87 |
| 8 | തൃശ്ശൂർ | 6005 | 0 |
| 9 | പാലക്കാട് | 6800 | 5 |
| 10 | മലപ്പുറം | 10160 | 3098 |
| 11 | കോഴിക്കോട് | 2013 | 37 |
| 12 | വയനാട് | 917 | 1874 |
| 13 | കണ്ണൂർ | 1487 | 149 |
| 14 | കാസറഗോഡ് | 290 | 153 |
| | ആകെ | 52445 | 5514 |


സ്രോതസ്: അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ, ജലസംരക്ഷണം, വനവൽക്കരണം, പി.എം.എ.വൈ പദ്ധതിയുടെ കീഴിലുള്ള ഭവന നിർമാണം എന്നിവയാണ് എ.യു.ഇ.ജി.എസ്-ന്-കീഴിൽ എടുത്തിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്കുള്ള ബജറ്റ് വിഹിതം 2010-11ൽ 20.00 കോടി രൂപയായിരുന്നെങ്കിലും 17 ശതമാനം തുക മാത്രമാണ് വിനിയോഗിച്ചത്. തുടർന്നുള്ള അഞ്ച് വർഷങ്ങളിൽ, പദ്ധതിക്കുള്ള ബജറ്റ് വിഹിതത്തിൽ ഏറ്റക്കുറച്ചിലുകൾ സംഭവിക്കുകയും മൊത്തം ചെലവ് സാവധാനം വർധിക്കുകയും ചെയ്തു. എന്നിരുന്നാലും, ഫണ്ട് വിനിയോഗം 50 ശതമാനത്തിൽ താഴെയായിരുന്നു. 2016-17 ലെ ഭരണമാറ്റത്തോടെ, ബജറ്റ് വിഹിതത്തിലും വിനിയോഗത്തിലും തൊഴിൽ സൃഷ്ടിക്കുന്നതിലും ക്രമാനുഗതമായ വർധനവുണ്ടായി. 2016-17 സാമ്പത്തിക വർഷം മുതൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ ശ്രദ്ധേയമായ പുരോഗതിയുണ്ടായി. 2023-24ൽ, ബജറ്റ് വിഹിതം 150.00 കോടി രൂപയായി ഉയർത്തി, 2023 നവംബർ വരെ പദ്ധതിയുടെ ചെലവ് 49.40 കോടി രൂപയായിരുന്നു.

അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയിൽ സ്ത്രീകളുടെ രജിസ്ട്രേഷൻ ജില്ല തിരിച്ച് വിശകലനം നടത്തിയതിൽ നിന്നും പദ്ധതിയിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ തിരുവനന്തപുരത്തുനിന്നുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഏറ്റവും കുറവ് വയനാട് ജില്ലയിൽ നിന്നാണെന്നും കണ്ടെത്തി.

അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ പട്ടികവർഗ്ഗക്കാരുടെ രജിസ്ട്രേഷൻ വളരെ കുറവാണെന്ന് **പട്ടിക** 12.1.10 വ്യക്തമാക്കുന്നു. പട്ടികവർഗ വിഭാഗത്തിൽ (എസ്ടി) ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ നടക്കുന്നത് മലപ്പുറത്താണെന്നും തൃശ്ശൂരിൽ എയുഇജിഎസ് പദ്ധതിയിൽ പട്ടികവർഗ കുടുംബങ്ങളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ലെന്നും നിരീക്ഷിക്കപ്പെടുന്നു. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം എന്നിവയാണ് ഏറ്റവും കുറഞ്ഞ

**ചിത്രം 12.1.8** 2023 സെപ്റ്റംബർ 30 വരെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത സ്ത്രീകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ




അവലംബം: അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി

രജിസ്ട്രേഷനുള്ള മറ്റ് ജില്ലകൾ. അതുപോലെ, പട്ടികജാതി വിഭാഗത്തിൽ (എസ്‌സി) ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ ഉള്ളത് മലപ്പുറത്താണ്, ഏറ്റവും കുറവ് കാസർഗോഡാണ്

2019-20 സാമ്പത്തിക വർഷം മുതൽ ക്ഷീരകർഷകരെയും അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു ക്ഷീര സഹകരണ സംഘത്തിന് പ്രതിദിനം 10 ലിറ്ററിൽ കുറയാത്ത പാൽ നൽകുന്ന, രണ്ടിൽ കൂടുതൽ കന്നുകാലികളുള്ള ക്ഷീരകർഷകർക്ക് പദ്ധതി പ്രകാരം ഒരു ദിവസത്തെ വേതനം ലഭിക്കാൻ അർഹതയുണ്ട്. പിഎംഎവൈ ഗുണഭോക്താക്കൾക്കുള്ള ഭവന നിർമാണ സാമഗ്രികൾ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം നൽകുന്നു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 2022-23, 2023-24 (2023 സെപ്റ്റംബർ 30വരെ) വർഷങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനം തിരിച്ചുള്ള ഫണ്ട് വിതരണം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.24**-ൽ നൽകിയിരിക്കുന്നു. പദ്ധതിയുടെ ജില്ല തിരിച്ചുള്ള ഭൗതിക നേട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 12.1.25**-ൽ നൽകിയിരിക്കുന്നു.

### ദരിദ്രർക്കായുള്ള ഉപജീവനമാർഗ വികസനം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും തൊഴിൽ വേതനം ഉറപ്പാക്കുമ്പോൾ ഉപജീവന വികസനത്തിനും സർക്കാർ ഊന്നൽ നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെ ഉപജീവനം പ്രദാനം ചെയ്യുന്ന പ്രധാനപ്പെട്ട പദ്ധതികളാണ് ഗ്രാമീണ മേഖലകളിൽ ഡേ- എൻ.ആർ.എൽ.എം. ഉം നഗര മേഖലകളിൽ ഡേ-എൻ.യു.എൽ.എം. ഉം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് ധനസഹായം പങ്കിടുന്നത്.

### ദീൻദയാൽ അന്ത്യോദയ യോജന–ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡേ– എൻ.ആർ.എൽ.എം)

ഗ്രാമീണ ദരിദ്രർക്കിടയിൽ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഡിമാന്റ് അനുസരിച്ച് തുക ലഭ്യമാകുന്ന പ്രോഗ്രാമാണ് ഡേ-എൻആർ എൽഎം. ഡേ-എൻആർ എൽഎ ന്റെ ഉപഘടകങ്ങളിൽ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗസല്യ യോജന (ഡിഡിയു-ജി കെ വൈ), സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ് വി ഇ പി), മഹിളാ കിസാൻ സശക്തികരൻ പരിയോജന (എം കെ എസ് പി) എന്നിവ ഉൾപ്പെടുന്നു. ഡി.ഡി.യു ജി.കെ.വൈ എന്നത് ഡേ-എൻആർ എൽഎ -ന് കീഴിലുള്ള സ്കിൽ ആൻഡ് പ്ലേസ്മെന്റ് സംരംഭമാണ്. ഈ പദ്ധതി മുമ്പ് ആജീവിക കഴിവുകൾ എന്നറിയപ്പെട്ടിരുന്നു. നമ്മുടെ യുവജനങ്ങളെ അവരുടെ നൈപുണ്യത്തിലും തൊഴിലവസരത്തിലും മതിയായ നിക്ഷേപം നടത്തി രാജ്യത്തെ/ലോകത്തെ സാങ്കേതികമായി പരിശീലിപ്പിച്ച മനുഷ്യശക്തിയുടെ ഏറ്റവും വലിയ സംഘമായി മാറ്റുന്നതിനുള്ള ഒരു സംരംഭമാണ്. ദരിദ്രരായ ഗ്രാമീണ യുവാക്കളെ നിപുണരാക്കുകയും അവർക്ക് സംഘടിത മേഖലയിൽ ജോലി നൽകുകയും ചെയ്യുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് കുടുംബശ്രീയെ നോഡൽ ഏജൻസിയായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പരിപാടിയുടെ ഭാഗമായി 72,238 വിദ്യാർത്ഥികൾ പരിശീലനം പൂർത്തിയാക്കി, 51,477 വിദ്യാർത്ഥികൾക്ക് നിയമനം നൽകി, 40,550 വിദ്യാർത്ഥികൾ മൂന്ന് മാസത്തെ തൊഴിൽ പൂർത്തിയാക്കി.

സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനും ഗ്രാമങ്ങളിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുന്നതിനും ഗ്രാമീണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ് വി ഇ പി), പിന്തുണ നൽകുന്നു. സാമൂഹിക അടിസ്ഥാന സംഘടന (സിബിഒ) നെറ്റ്‌വർക്ക് ഉപയോഗിച്ച് എന്റർപ്രൈസസിന്റെ നിർണായകമായ ആദ്യ ആറ് മാസങ്ങളിൽ ബിസിനസ്സ് വൈദഗ്ധ്യം, എക്സ്പോഷർ, സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ലോണുകൾ, ബിസിനസ് പിന്തുണ എന്നിവ എസ് വി ഇ പി നൽകുന്നു. 2023 ആഗസ്റ്റ് വരെയുള്ള കണക്കനുസരിച്ച്, മൊത്തം 27,735 സംരംഭങ്ങൾക്ക് അവരുടെ പിന്തുണയുണ്ട്, കൂടാതെ 19,368 സംരംഭങ്ങൾക്ക് സാമൂഹിക സംരംഭക ഫണ്ടായി (സിഇഎഫ്) 74.55 കോടി രൂപ അനുവദിച്ചു.

കാർഷിക മേഖലയിൽ സ്ത്രീ പുരുഷ പങ്കാളിത്തത്തിലുള്ള വിടവ് കുറയ്ക്കുന്നതിനും , കാർഷിക വൃത്തികളിൽ നിന്നുള്ള പിൻവാങ്ങൽ പ്രവണത ഇല്ലാതാക്കുന്നതിനും. സുസ്ഥിര കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും മഹിളാ കിസാൻ സശക്തികരൻ പരിയോജന (എം കെ എസ് പി) ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരളത്തിൽ കുടുംബശ്രീ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ (ജെഎൽജി) ശൃംഖലയിലൂടെയാണ് എംകെഎസ് പി നടപ്പാക്കുന്നത്.

### ദീൻദയാൽ അന്ത്യോദയ യോജന – (ഡേ–എൻ.യു. എൽ.എം)

നഗരദരിദ്രർക്കിടയിലെ ദാരിദ്ര്യം, കഷ്ടതകൾ എന്നിവ ലഘൂകരിക്കാനായി ലക്ഷ്യമിടുന്ന പദ്ധതിയാണ് ഡേ-എൻ.യു.എൽ.എം. സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. എൻ.യു.എൽ.എം പദ്ധതിയുടെ നടത്തിപ്പിൽ മികച്ച പ്രകടനം നടത്തിയ സംസ്ഥാനത്തിനുള്ള ദേശീയ അവാർഡ് കഴിഞ്ഞ 6 വർഷമായി സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി. അതിന്റെ ഭാഗമായി സംസ്ഥാനത്തിന് നിലവിലുള്ള പദ്ധതി വിഹിതത്തിനുപരിയായി 85.00 കോടി രൂപ അധികമായി ലഭിക്കുകയുണ്ടായി.

ഡേ-എൻ.യു.എൽ.എം-ന്റെ സോഷ്യൽ മൊബിലൈസേഷൻ ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻ ഡെവലപ്മെന്റ് (എസ് എം ആന്റ് ഐ ഡി) ഘടകത്തിന് കീഴിൽ, അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. ഈ ഘടകത്തിലൂടെ, 2022-23ൽ മാത്രം, 2,036 പുതിയ അയൽപക്ക ഗ്രൂപ്പുകൾ (എൻ എച്ച് ജി) രൂപീകരിക്കുകയും 3,578 എൻ എച്ച് ജി കൾക്ക് 10,000 രൂപ വീതം റിവോൾവിങ് ഫണ്ട് നൽകുകയും

ചെയ്തു. 2023-24-ൽ, 2023 സെപ്റ്റംബർ 30 വരെ, 431 പുതിയ അയൽപക്ക ഗ്രൂപ്പുകൾ സൃഷ്ടിക്കപ്പെട്ടു, കൂടാതെ 1,153 അയൽപക്ക ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് വഴി പിന്തുണ ലഭിച്ചു. 'നൈപുണ്യവികസനവും ജോലി ഉറപ്പാക്കലും' (ഇ.എസ്ടി.ആൻഡ്പി) എന്ന ഘടകത്തിന് കീഴിൽ, 3,636 ഉദ്യോഗാർഥികളെ ഉൾപ്പെടുത്തിയിതിൽ, 4,908 ഉദ്യോഗാർഥികൾക്ക് സർട്ടിഫിക്കേറ്റ് ലഭിക്കുകയും, 2,444 ഉദ്യോഗാർത്ഥികൾക്ക് 2022-23, 2023-24 വർഷങ്ങളിൽ (സെപ്റ്റംബർ 30 വരെ) പ്ലേസ്മെന്റ് ലഭിക്കുകയും ചെയ്തു. ഡേ-എൻ.യു.എൽ.എമിന്റെ സ്വയം തൊഴിൽ പദ്ധതിക്ക് കീഴിൽ, 1,236 വ്യക്തിഗത സൂക്ഷ്മ സംരംഭങ്ങളും 318 ഗ്രൂപ്പ് സംരംഭങ്ങളും 2022-23, 2023-24ൽ (സെപ്തംബർ 30 വരെ) സ്ഥാപിതമായി.

ഡേ-എൻ.യു.എൽ.എം പദ്ധതിയുടെ 2022-23, 2023-24 (2023 സെപ്റ്റംബർ 30) വർഷങ്ങളിലെ സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങൾ യഥാക്രമം **അനുബന്ധം 12.1.26, 12.1.27** എന്നിവയിൽ നൽകിയിരിക്കുന്നു. ജില്ല തിരിച്ചുള്ള മൈക്രോ എന്റർപ്രൈസസിന്റെ പട്ടികയും എൻ.എച്ച്.ജികളുടെ ബാങ്ക് ലിങ്കേജ് ലോണുകളുടെ വിശദാംശങ്ങളും യഥാക്രമം **അനുബന്ധം 12.1.28, 12.1.29** എന്നിവയിൽ നൽകിയിരിക്കുന്നു.

### കുടുംബശ്രീ

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമാർജനം എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ കുടുംബശ്രീ രൂപീകരിച്ചത്. 45 ലക്ഷം സ്ത്രീകളുടെ പങ്കാളിത്തത്തോടെ 1998-ൽ കേരള സർക്കാർ ആരംഭിച്ച ഈ പദ്ധതി സ്ത്രീകളെ അടിസ്ഥാനമാക്കിയുള്ള, പങ്കാളിത്ത ദാരിദ്ര്യ നിർമാർജന പരിപാടിയാണ്. കുടുംബശ്രീ സ്ഥാപിച്ച മാതൃക ദേശീയതലത്തിലും അന്തർദേശീയ തലത്തിലും വളരെയധികം ശ്രദ്ധ നേടി. വർഷങ്ങളായി, കുടുംബശ്രീയുടെ പ്രൊഫൈൽ, വിപുലമായ മേഖലകളിൽ വൈവിധ്യമാർന്നതും, നൂതനവുമായ പ്രവർത്തനങ്ങളുമായി മെച്ചപ്പെട്ടിട്ടുണ്ട്.കേരള സംസ്ഥാനം മുഴുവൻ ഉൾക്കൊള്ളുന്ന ഒരു സാമൂഹ്ക ശ്രിംഖല യാണ് കുടുംബശ്രീ. പ്രാഥമിക തലത്തിലുള്ള യൂണിറ്റുകളായി അയൽപക്ക ഗ്രൂപ്പുകൾ (NHG), വാർഡ് തലത്തിൽ പ്രാദേശിക വികസന സൊസൈറ്റികൾ (എ ഡി എസ്), പ്രാദേശിക സർക്കാർ തലത്തിൽ സാമൂഹിക വികസന സൊസൈറ്റികൾ (സിഡിഎസ്) എന്നിങ്ങനെ ഒരു ത്രിതല ഘടന ഇതിൽ ഉണ്ട്. ലോകത്തിലെ ഏറ്റവും വലിയ സ്ത്രീ ശൃംഖലകളിൽ ഒന്നാണിത്.

ദീൻ ദയാൽ അന്ത്യോദയയുടെ കീഴിലുള്ള ദേശീയ ഗ്രാമീണ ഉപജീവന മിഷൻ , ദേശീയ നഗരഉപജീവന മിഷൻ, പ്രധാനമന്ത്രി ആവാസ് യോജന (അർബൻ) തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി കൂടിയാണ് കുടുംബശ്രീ. ഇതുകൂടാതെ സംസ്ഥാനത്തെ വിവിധ വികസന പ്രവർത്തനങ്ങളുമായി കുടുംബശ്രീ മിഷൻ കൈകോർക്കുന്നു. സംസ്ഥാന ബജറ്റിൽ വകയിരുത്തിയ ഘടകങ്ങളുമായി ബന്ധപ്പെട്ട് കുടുംബശ്രീയുടെ പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്.

ദരിദ്രരിൽ ഏറ്റവും ദരിദ്രരായവരുടെ പുനരധിവാസത്തിനായുള്ള 'ആശ്രയ' പദ്ധതിയെ വിപുലീകരിച്ച് 'അഗതിരഹിത കേരളം' (ഡിസ്റ്റിറ്റ്യൂട്ട് ഫ്രീ കേരള- ഡി എഫ് കെ) എന്ന് പുനർനാമകരണം ചെയ്തു. ഡിസ്റ്റിറ്റ്യൂട്ട് ഫ്രീ കേരള പ്രോജക്ട് വിഭാവനം ചെയ്യുന്നത് കേരളത്തിലെ എല്ലാ പാവപ്പെട്ടവരുടെയും സമ്പൂർണ പുനരധിവാസമാണ്. അശരണരുടെ ആവശ്യങ്ങൾ തദ്ദേശസ്ഥാപനങ്ങളിൽ സംയോജിത രീതിയിൽ വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ രൂപീകരിക്കുകയും ചെയ്യുന്നു. പൊതുവിഭാഗത്തിൽ പരമാവധി 40.00 ലക്ഷം രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിൽ 50.00 ലക്ഷം രൂപയും വിധേയമായി മൊത്തം പദ്ധതിച്ചെലവിന്റെ 40 ശതമാനം കുടുംബശ്രീ ചലഞ്ച് ഫണ്ട് വഴിയാണ് നൽകുന്നത്.. ഗുണഭോക്താക്കളുടെ അടിസ്ഥാന പരിചരണ സേവനങ്ങളായ ഭക്ഷണം, മരുന്ന്, വിദ്യാഭ്യാസം എന്നിവ നിറവേറ്റുന്നതിനായി ഇതുവരെ 1034 അംഗീകൃത പൊതു പദ്ധതികൾക്കും, 170 പട്ടികവർഗ്ഗ പദ്ധതികൾക്കും കുടുംബശ്രീ ചലഞ്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ലഭിച്ച മൊത്തം ചലഞ്ച് ഫണ്ടിന്റെ 80 ശതമാനം ചെലവഴിച്ച തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് രണ്ടാം ഗഡുവിന് അർഹതയുണ്ട്. ചലഞ്ച് ഫണ്ടിന്റെ രണ്ടാം ഗഡുവായി 85.23 കോടി രൂപ പൊതു പദ്ധതികൾക്കും, 4.23 കോടി രൂപ പട്ടികവർഗ പദ്ധതികൾക്കും കുടുംബശ്രീ വിതരണം ചെയ്തു. പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കാൻ ജില്ലാ മിഷൻ സംഘം പ്രതിമാസ യോഗം ചേരുന്നു.

### വൈകല്യമുള്ള കുട്ടികൾക്കായുള്ള ബഡ്സ് സ്ഥാപനങ്ങൾ:

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള ബഡ്സ് സ്ഥാപനങ്ങൾ, കുടുംബശ്രീ സംവിധാനം വഴിയാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാർ, വിദ്യാഭ്യാസത്തിന്റെ സാർവത്രികവൽക്കരണവും, ബുദ്ധിപരമായ വൈകല്യമുള്ളവരുടെ പുനരധിവാസവും സാക്ഷാത്കരിക്കുന്നതിന്, ആവശ്യമായ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി 200 ബഡ്സ് സ്ഥാപനങ്ങൾക്ക് കുടുംബശ്രീ 12.5 ലക്ഷം രൂപ നൽകുന്നുണ്ട് . ഇതിൽ 144 ബഡ്സ് സ്ഥാപനങ്ങൾ ആരംഭിച്ചു. നിലവിൽ 359 ബഡ്സ് സ്ഥാപനങ്ങൾ (167 ബഡ്സ് സ്കൂളുകളും 192 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും) സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്തുടനീളമുള്ള 162 ബഡ്സ് സ്ഥാപനങ്ങളിൽ കുടുംബശ്രീ പ്രത്യേക ഉപജീവന പരിപാടി ആരംഭിച്ചിട്ടുണ്ട്. വ്യക്തികളുടെ മാനസികവും ശാരീരികവുമായ വികസനം വിഭാവനം ചെയ്യുന്ന കുടുംബശ്രീയുടെ ഒരു പുതിയ ഇടപെടലാണ് 'സഞ്ജീവനി' എന്ന് പേരിട്ടിരിക്കുന്ന അഗ്രി-തെറാപ്പി പ്രോഗ്രാം. ഇതിന്റെ ഭാഗമായി 315 ബഡ്സ്/ ബി.ആർ.സി സ്ഥാപനങ്ങളിലായി 2135.5 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 25 ബഡ്സ് സ്കൂളുകൾക്ക് വാഹനം വാങ്ങാൻ കുടുംബശ്രീ ധനസഹായം നൽകിയതിൽ,

ആറ് സ്കൂളുകൾ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്.

### നിരാമയ ഹെൽത്ത് ഇൻഷുറൻസ് സ്കീം

ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക വൈകല്യങ്ങൾ, ഒന്നിലധികം വൈകല്യങ്ങൾ എന്നിവയുള്ളവർക്ക് 1999 ലെ നാഷണൽ ട്രസ്റ്റ് നിയമത്തിന്റെ പരിധിയിൽ വലിയ സഹായമായാണ് നിരാമയ ഹെൽത്ത് ഇൻഷുറൻസ് പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് 1.00 ലക്ഷം വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ഈ സ്കീമിന് കീഴിൽ എൻറോൾ ചെയ്ത എല്ലാ BUDS വിദ്യാർത്ഥികൾക്കും ഭിന്നശേഷിക്കാർക്കും, നിരാമയ ഇൻഷുറൻസ് സ്കീമിന്റെ രേഖകൾ തയ്യാറാക്കുന്നതിനായി 35,000 രൂപ അനുവദിച്ചിട്ടുണ്ട്.

### ബാലസഭ

കുട്ടികൾക്ക് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള ഒരു വേദിയാണ് ബാലസഭ. തീരുമാനങ്ങൾ എടുക്കുന്നതിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും, അവരുടെ വികസിച്ചുകൊണ്ടിരിക്കുന്ന കഴിവുകൾ പരിപോഷിപ്പിക്കുകയും, കുട്ടികളുടെ പങ്കാളിത്തത്തിന്റെ പ്രസക്തി ഉറപ്പിക്കുകയും ചെയ്യുന്നു. നിലവിൽ 4,59,151 കുട്ടികളുള്ള 31,612 ബാലസഭകളുണ്ട്. കുടുംബശ്രീ ബാലസഭ പരിപാടിയുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷൻ മുന്നോട്ട് വച്ച 'പെൻസിൽ ക്യാമ്പ്' ആരോഗ്യകരമായ കുടുംബവും സമൂഹവും കെട്ടിപ്പടുക്കുന്നതിന് കുട്ടികളിൽ ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നുണ്ട്.

### കാർഷിക പ്രവർത്തനങ്ങൾ

2022-23 ൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കുടുംബശ്രീ വിവിധ പ്രവർത്തനങ്ങൾ നടത്തി. 4-5 അംഗങ്ങൾ അടങ്ങുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുകയും ജില്ലാ മിഷനുകൾ വഴിയുള്ള പരിശീലനം, സാമ്പത്തിക സഹായം, ഒത്തുചേരൽ ,അവസരങ്ങൾ തുടങ്ങിയവയിലൂടെ പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ട്. വരുമാനം വർധിപ്പിക്കുന്നതിനായി ഉപജീവന സംരംഭങ്ങളുടെ വിശാലമായ മേഖലയിലേക്ക് അവർക്ക് സമ്പർക്കം നൽകുന്നു. നിലവിൽ, 4,14,423 സ്ത്രീ കർഷകരുമായി 90,242 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെഎൽജി) രൂപീകരിച്ചിട്ടുണ്ട്, ഈ ഗ്രൂപ്പുകൾ, 33,172.06 ഹെക്ടർ വിസ്തീർണ്ണമുള്ള കൃഷിയിടത്തിലാണ് കൃഷി ചെയ്യുന്നത്. 2022-23ൽ 7,347 ജെഎൽജികൾക്ക് ഏരിയാ ഇൻസെന്റീവായി 4.43 കോടി രൂപ നൽകിയിട്ടുണ്ട്. പച്ചക്കറികളുടെ ഉൽപ്പാദന-ഡിമാൻഡ് സൈക്കിൾ പ്രതിവാര അടിസ്ഥാനത്തിൽ ആഴ്ച്ചച്ചന്തകൾ നടത്താൻ അവസരമൊരുക്കുന്നതായി കണ്ടെത്തി. സ്ത്രീ കർഷകരുടെ കാർഷിക ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള മികച്ച മാർഗങ്ങളിലൊന്നായി നാട്ടുചന്തയെ തിരിച്ചറിഞ്ഞു. കാർഷിക ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനായി 16,814 നാട്ടുചന്തകൾ നടത്തി 14.58 കോടി രൂപ വരുമാനം നേടാനായിട്ടുണ്ട്. അന്താരാഷ്ട്ര മില്ലറ്റ് വർഷത്തിന്റെ ഭാഗമായി തിനയെക്കുറിച്ചുള്ള അവബോധം നൽകുന്നതിനായി അട്ടപ്പാടിയിൽ ദേശീയ മില്ലറ്റ് കോൺക്ലേവ് സംഘടിപ്പിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 1,819 കുടുംബശ്രീ ഗ്രൂപ്പുകൾ ചേർന്ന് പൂക്കൃഷി നടത്തുന്നു. ഓണക്കാലത്ത് പൂക്കൾക്ക് വേണ്ടി 780 ഏക്കർ സ്ഥലത്ത് ജമന്തി, മുല്ല, താമര എന്നിവ കൃഷി ചെയ്തു. മൃഗസംരക്ഷണ വകുപ്പുമായി സംയോജിപ്പിച്ച്, 2022-2023 ൽ 7,667 കുടുംബശ്രീ അംഗങ്ങൾ ഉപജീവന സംരംഭങ്ങൾ ഏറ്റെടുത്തു.ഇതിൽ കോഴിവളർത്തൽ, ആട് വളർത്തൽ, പശുവളർത്തൽ എന്നിവയാണ് പ്രധാനമായും ഉൾപ്പെട്ടിരിക്കുന്നത്. ഇത്തരം സംരംഭകഅംഗങ്ങൾക്ക് ബാക്ക് എൻഡ് സബ്സിഡി സ്കീമുകളിലൂടെയും, കുറഞ്ഞ പലിശ വായ്പാ പദ്ധതികളിലൂടെയും പിന്തുണ നൽകുന്നുണ്ട്.

### പരിശീലനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിത കർമ്മ സേനയിലെ അംഗങ്ങൾക്ക്, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കുടുംബശ്രീ പരിശീലനം നൽകുന്നുണ്ട്. നിലവിൽ 35302 ഹരിത കർമ്മ സേന അംഗങ്ങൾ 1,034 തദ്ദേശഭരണ സ്ഥാപനങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണ മേഖലയിലെ അവസരങ്ങൾ നേടുന്നതിനായി, നിർമ്മാണ പ്രവർത്തനങ്ങളിൽ താൽപര്യമുള്ള കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തി പരിശീലനം നൽകി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർമാണ പദ്ധതികൾ അവരെ ഏൽപ്പിക്കണം. സംസ്ഥാനത്തുടനീളം 292 വനിതാ നിർമ്മാണ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്, ഇത് 3,215 അംഗങ്ങൾക്ക് ഉപജീവനമാർഗമായി മാറി. അവർ ഇപ്പോൾ സ്ത്രീ മേസൺമാരായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. 1,000-ത്തിലധികം വീടുകൾ/കെട്ടിടങ്ങൾ, ചെറിയ റോഡ് നിർമ്മാണങ്ങൾ, മതിൽ നിർമ്മാണങ്ങൾ തുടങ്ങിയവയാണ് അവർ നിർമ്മിച്ചിരിക്കുന്നത്.

### ജെൻഡർ പ്രവർത്തനങ്ങൾ

സംസ്ഥാനത്തുടനീളമുള്ള 14 ജില്ലകളിലായി സ്ഥാപിതമായ ഹെൽപ്പ് ഡെസ്കുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. മദ്യത്തിന് അടിമകളായവരുടെ ആശ്രിതർക്കായി ജെൻഡർ റിസോഴ്സ് സെന്ററുകളിൽ 'ബോധന' പരിപാടി തുടങ്ങി. 14 ജില്ലകളിലും കരാട്ടെ പരിശീലനം ആരംഭിച്ചു. സംസ്ഥാന പിന്തുണയോടെ 2022-23 വർഷത്തിലാണ് ജില്ലാതല ട്രാൻസ്ജെൻഡർ ഫോറം ആരംഭിച്ചത്.

### വിപണന പ്രവർത്തനങ്ങൾ

കുടുംബശ്രീ നാല് തരം വിപണന പ്രവർത്തനങ്ങൾ സ്വീകരിക്കുന്നു. വ്യാപാര മേളകൾ, പ്രതിമാസ വിപണികൾ, ഉത്സവ മേളകൾ, സരസ് മേളകൾ എന്നിവയാണ് അവ. 173 വ്യാപാരമേളകളും 2098 പ്രതിമാസ വിപണികളും 2451 ഫെസ്റ്റിവൽ ഫെയറുകളും നടത്തി, കുടുംബശ്രീ 34.64 കോടി രൂപയുടെ വിൽപ്പന വിറ്റുവരവ് ഉണ്ടാക്കിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ മാത്രമായി

ഒരു സരസ് മേള നടത്തി 8.51 കോടി രൂപയുടെ വിൽപ്പന വിറ്റുവരവ് ഉണ്ടാക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. നാനോ മാർക്കറ്റുകൾ, കുടുംബശ്രീ ബസാർ, മാർക്കറ്റിംഗ് കിയോസ്ക്കുകൾ, മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ, പിങ്ക് കഫേകൾ എന്നിവയാണ് മിഷൻ ആരംഭിച്ച മറ്റ് സ്ഥിരം വിപണന പ്രവർത്തനങ്ങൾ. ആമസോൺ, ഫ്ലിപ്കാർട്ട്, ഓപ്പൺ നെറ്റ്വർക്ക് ഡിജിറ്റൽ കൊമേഴ്സ് പ്ലാറ്റ്ഫോം തുടങ്ങിയ ജനപ്രിയ ഓൺലൈൻ വിൽപ്പന പ്ലാറ്റ്ഫോമിൽ കുടുംബശ്രീ ഉൽപ്പന്നങ്ങളെ ഉൾപ്പെടുത്തി.

**മൈക്രോഫിനാൻസ് പ്രവർത്തനങ്ങൾ**

ബാങ്ക് ലിങ്കേജ് സ്കീം, റിവോൾവിംഗ് ഫണ്ട്, ദുരിത ലഘൂകരണ പദ്ധതികൾ എന്നിവ മിഷൻ വർഷങ്ങളായി നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. 6 മാസം പൂർത്തിയാകുന്ന അയൽക്കൂട്ട ഗ്രൂപ്പുകൾക്ക് യാതൊരു ഈട് സെക്യൂരിറ്റിയും ഇല്ലാതെ ലിങ്കേജ് ലോണുകൾ നൽകുന്നു. ഒരു അയൽക്കൂട്ട ഗ്രൂപ്പിന് 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കാൻ അർഹതയുണ്ട് . ഈ പരിപാടിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിൽ 93,080 അയൽക്കൂട്ട ഗ്രൂപ്പുകൾ ബാങ്ക് വായ്പകൾ നേടിയിട്ടുണ്ട്, മൊത്തം ലിങ്കേജ് തുക 6550.8 കോടി രൂപയാണ് . അയൽക്കൂട്ട ഗ്രൂപ്പുകൾ എടുക്കുന്ന 3 ലക്ഷം രൂപ വരെയുള്ള എല്ലാ ലിങ്കേജ് വായ്പകൾക്കും 4 ശതമാനം പലിശ സബ്സിഡിയും മിഷൻ നൽകി . പലിശ സബ്സിഡി ഇനത്തിൽ 14 കോടി രൂപ വകയിരുത്തുകയും 11.94 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു.. അംഗങ്ങളുടെ ക്രെഡിറ്റ് ആവശ്യങ്ങൾ നേരിട്ട് നിറവേറ്റുന്നതിനായി ഗ്രാമീണ മേഖലയിലെ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായും റിപ്പീറ്റ് ബാങ്ക് ഫിനാൻസ് പ്രയോജനപ്പെടുത്തുന്നതിനുള്ള ഉത്തേജക മൂലധനമായും പരമാവധി 15,000 രൂപ നൽകുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 9,766 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി 14.65 കോടി രൂപ വിതരണം ചെയ്തു. വീട്ടുകാരോ സമൂഹമോ അഭിമുഖീകരിക്കുന്ന ഭക്ഷ്യ അരക്ഷിതാവസ്ഥ, ആരോഗ്യ അപകടങ്ങൾ, പെട്ടെന്നുള്ള അസുഖം/ ആശുപത്രി പ്രവേശം, പ്രകൃതി ദുരന്തം എന്നിവ പരിഹരിക്കുന്നതിനായി ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിക്ക് പരമാവധി 1,00,000 രൂപ ദുരിത ലഘൂകരണ ഫണ്ടായി (വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട് ) നൽകുന്നു. 2022-23 വർഷത്തിൽ 14.72 കോടി രൂപ ദുരിത ലഘൂകരണ ഫണ്ടായി വിതരണം ചെയ്തു.

**മുഖ്യമന്ത്രിയുടെ ഹെൽപ്പിംഗ് ഹാൻഡ് ലോൺ സ്കീം (സി എം എച്ച് എൽ എസ് )**

മഹാമാരിയെ നേരിടാനും ഇതിനെത്തുടർന്നുണ്ടായ തൊഴിൽ നഷ്ടം തടയാനും സ്ത്രീകളെ സഹായിക്കുന്നതിന് കേരള സർക്കാർ അയൽക്കൂട്ട ഗ്രൂപ്പുകൾക്കായി ബാങ്ക് ക്രെഡിറ്റ് സ്കീം ആരംഭിച്ചു. അയൽക്കൂട്ടങ്ങൾക്ക് 2,000 കോടി രൂപയുടെ ക്രെഡിറ്റ് വിതരണം ചെയ്യാനാണ് സി എം എച്ച് എൽ എസ് ഉദ്ദേശിച്ചിരുന്നത് , ഇതുവരെ 2.30 ലക്ഷം അയൽക്കൂട്ട ഗ്രൂപ്പുകൾക്ക് 1,917.55 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 25.17 ലക്ഷം അംഗങ്ങൾക്ക് ഈ പരിപാടിയുടെ പ്രയോജനം ലഭിച്ചു, രണ്ടാം ഗഡു (ഭാഗിക) പലിശ സബ്സിഡിയായി 45.98 കോടി രൂപ അനുവദിച്ചു.

**മൈക്രോ എന്റർപ്രൈസസ് പ്രവർത്തനങ്ങൾ**

കൗൺസിലിംഗ്, പരിശീലനം, നൈപുണ്യ വികസനം, സാമ്പത്തിക സഹായം, സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള വിപണന പിന്തുണ എന്നിങ്ങനെ മൊത്തത്തിലുള്ള പിന്തുണ നൽകിക്കൊണ്ട് കുടുംബശ്രീ അംഗങ്ങളുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നു. 2022-23 വർഷത്തിൽ കുടുംബശ്രീയുടെ കൈത്താങ്ങോടെ 11,245 പുതിയ സംരംഭങ്ങളും 2,899 പുതിയ സൂക്ഷ്മ സംരംഭങ്ങളും സ്ഥാപിച്ചു.

**പ്രത്യാശ**

ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ അമ്മമാർ, ഭിന്നശേഷിക്കാർ, പ്രായമായവർ, ഇരകൾ, വിധവകൾ, കഠിനമായ രോഗി/കിടപ്പുരോഗികളുടെ ആശ്രിതർ എന്നിങ്ങനെ ദുർബലരായ സ്ത്രീകൾക്കിടയിൽ സൂക്ഷ്മസംരംഭങ്ങൾ രൂപീകരിക്കുകയാണ് 'പ്രത്യാശ' പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്. 2022-23 കാലയളവിൽ ഈ പദ്ധതിയിലൂടെ 966 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു. തീരദേശത്തെ സ്ത്രീകളെയും, അവരുടെ കുടുംബങ്ങളെയും സ്വയം പര്യാപ്തരാക്കുന്നതിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കുടുംബശ്രീ 464 ചെറുകിട സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**പൊതു സൗകര്യ കേന്ദ്രം(കോമൺ ഫെസിലിറ്റി സെന്റർ– സി എഫ് സി)**

പൊതു സൗകര്യ കേന്ദ്രം(കോമൺ ഫെസിലിറ്റി സെന്റർ) അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ അടിസ്ഥാനത്തിൽ സംരംഭങ്ങളെ ക്ലസ്റ്ററാക്കി സംരംഭകരുടെ ഒരു കൺസോർഷ്യം രൂപീകരിക്കാൻ വിഭാവനം ചെയ്തു. കോമൺ ഫെസിലിറ്റി സെന്റർ സംരംഭകരുടെ പ്രവർത്തന സ്ഥലമായിരിക്കും.

**ജനകീയ ഹോട്ടലുകൾ**

പകർച്ചവ്യാധി കാലത്ത് 20 രൂപയ്ക്ക് ഭക്ഷണം നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ രൂപീകരിച്ച ഒരു ഹോട്ടൽശൃംഖലയാണ് ജനകീയ ഹോട്ടലുകൾ. കേരളത്തെ വിശപ്പ് രഹിതമാക്കുക എന്ന സർക്കാരിന്റെ ദൗത്യം സാക്ഷാത്കരിക്കുന്നതിനായി 1,197 ജനകീയ ഹോട്ടലുകൾ ആരംഭിച്ചു. ഈ ശൃംഖലയിൽ പ്രതിദിനം ശരാശരി 2 ലക്ഷം ഭക്ഷണങ്ങൾ വിൽക്കുന്നു. ഓരോ ജില്ലയിലും സംരംഭകർക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകാതിരിക്കാൻ ജില്ലാ ആസൂത്രണ സമിതിയുടെ നിർദേശപ്രകാരം തുക 30 മുതൽ 40 രൂപയാക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 5,043 സ്ത്രീകൾക്ക് മികച്ച വരുമാനവും തൊഴിലും ലഭിക്കുന്നു.

**അമൃതം ന്യൂട്രിമിക്സ്**

6 മാസം മുതൽ 3 വയസ്സു വരെ പ്രായമുള്ള കുട്ടികൾക്ക് ടേക്ക് ഹോം റേഷനായി (THR) ഫോർട്ടിഫൈഡ് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യാൻ ലക്ഷ്യമിട്ട് സാമൂഹിക

നീതി വകുപ്പും കുടുംബശ്രീയും ഐക്യരാഷ്ട്രസഭയുടെ വേൾഡ് ഫുഡ് പ്രോഗ്രാമും സംയുക്തമായി വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന ഒരു സഹകരണ പദ്ധതിയാണ് ന്യൂട്രിമിക്സ് ഫോർട്ടിഫിക്കേഷൻ. കേരളത്തിലെ ഐസിഡിഎസ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## ഷീ–സ്റ്റാർട്ട്സ്

കുടുംബശ്രീയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സ്ത്രീകൾക്കായി പ്രത്യേക സ്റ്റാർട്ടപ്പുകൾ ആരംഭിച്ചു. ഷീ-സ്റ്റാർട്ട്സ് എന്ന സ്റ്റാർട്ടപ്പ് യുവതികളെ സംരംഭകത്വ മേഖലയിലേക്ക് കൊണ്ടുവരാൻ സഹായിക്കുന്നു. നിലവിൽ കുടുംബശ്രീയുടെ ഭാഗമല്ലാത്ത സ്ത്രീകൾക്കും ഷീ സ്റ്റാർട്ടിന്റെ പ്രയോജനം ലഭിക്കും. നിലവിൽ 310 ഷീ-സ്റ്റാർട്ടുകൾ ആരംഭിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

## കുടുംബശ്രീ സഹായ ഗ്രൂപ്പുകൾ

സാമൂഹികവും സാംസ്കാരികവുമായ ഇടപഴകലിനും, ഉപജീവന ഉന്നമനത്തിനുമായി യുവതികൾക്ക് പുതിയ ഇടങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2021-ൽ കുടുംബശ്രീയുടെ ഒരു ന്യൂ ജനറേഷൻ സംവിധാനമായ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിച്ചു. സംസ്ഥാനത്ത് 20,000 സഹായ സംഘങ്ങൾ രൂപീകരിക്കുകയും കൂടുതൽ യുവതികളെ കുടുംബശ്രീയിൽ ഉൾപ്പെടുത്തുകയും, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും സാമൂഹിക, സാമ്പത്തിക, സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ അവർക്ക് അവബോധം നൽകുകയും ചെയ്യുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. യുവജന കമ്മീഷൻ, യുവജനക്ഷേമ ബോർഡ് തുടങ്ങി യുവജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള ഒരു വഴിയൊരുക്കാനാണ് പരിപാടി ഉദ്ദേശിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളും സഹകരണ മേഖലയും നടപ്പിലാക്കുന്ന വിവിധ ഉപജീവന പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും, അതുവഴി സുസ്ഥിരമായ ഉപജീവനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഓരോ സിഡിഎസും അവരുടെ പ്രവർത്തനമേഖലയിലെ എല്ലാ വാർഡുകളിലും വനിതാ സഹായ ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. 18 നും 40 നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് ഗ്രൂപ്പുകളിൽ അംഗത്വത്തിന് അർഹതയുണ്ട്. ഒരു കുടുംബത്തിൽ നിന്ന് ഒന്നിലധികം അംഗങ്ങൾക്ക് (18 നും 40 നും ഇടയിൽ) ഗ്രൂപ്പിൽ അംഗത്വം എടുക്കാം. ഒരു ഗ്രൂപ്പിൽ ഉൾപ്പെടുത്താവുന്ന പരമാവധി അംഗങ്ങളുടെ എണ്ണം 50 ആണ്. ഒരു വാർഡിൽ 50-ൽ കൂടുതൽ സ്ത്രീകൾ മുന്നോട്ടുവന്നാൽ കൂടുതൽ ഗ്രൂപ്പുകൾ രൂപീകരിക്കാനാകും. ജില്ലാ മിഷനുകളിൽ അതത് കമ്മ്യൂണിറ്റി വികസന സൊസൈറ്റികളുടെകളുടെ ശുപാർശയോടെ ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. നിലവിൽ 19,555 സഹായ ഗ്രൂപ്പുകൾ രൂപീകരിക്കുകയും 3,02,595 അംഗങ്ങൾ ചേരുകയും ചെയ്തു.

## തീരദേശ സമൂഹങ്ങൾക്കുള്ള തീരശ്രീ പരിപാടി

തീരദേശ സമൂഹങ്ങളുടെ വികസനത്തിലൂടെ തീരദേശ ജനതയുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് കുടുംബശ്രീ ആരംഭിച്ച പദ്ധതിയാണ് തീരശ്രീ. ഇതിനായി 91 തീരദേശ കമ്മ്യൂണിറ്റി സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തി. നിലവിൽ, ഈ പ്രത്യേക പദ്ധതിയിൽ മൊത്തം 13,151 അയൽക്കൂട്ട ഗ്രൂപ്പുകളും 1,83,431 അയൽക്കൂട്ട ഗ്രൂപ്പ് അംഗങ്ങളും ഉൾപ്പെടുന്നു. 1,265 തീരദേശ അയൽക്കൂട്ട ഗ്രൂപ്പുകൾ ബാങ്ക് ലിങ്ക് ചെയ്യപ്പെട്ടു, അതിലൂടെ അവർ 112 കോടി രൂപ വായ്പയായി സ്വീകരിച്ചു. തീരശ്രീ പരിപാടിയുടെ ഭാഗമായി തുടങ്ങിയ രണ്ട് ഉപ പ്രോഗ്രാമുകളാണ് – പ്രതിഭാതീരവും കായികതീരവും. വൈകുന്നേരങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷനും ജീവനോപാധി നൈപുണ്യവും വിദ്യാഭ്യാസവും നൽകാനാണ് പ്രതിഭാതീരം ലക്ഷ്യമിടുന്നത്. ഈ പരിപാടിയുടെ ഭാഗമായി 62 കേന്ദ്രങ്ങൾ ആരംഭിച്ചു. തീരദേശത്തെ യുവാക്കൾക്ക് സ്പോർട്സിലും ഗെയിമുകളിലും പങ്കെടുക്കാനുള്ള അവസരമൊരുക്കാൻ കായികതീരം പരിപാടികൾ ആവിഷ്കരിച്ചു. ഈ പരിപാടിയുടെ ഭാഗമായി 635 സഹായ സംഘങ്ങൾ രൂപീകരിച്ചു.

## പട്ടികവർഗ്ഗ മേഖലയിലെ പ്രവർത്തനങ്ങൾ

ആദിവാസി സമൂഹങ്ങൾക്കിടയിലുള്ള പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി കുടുംബശ്രീ 96.8 ശതമാനം ആദിവാസി കുടുംബങ്ങളെ അതിന്റെ അയൽക്കൂട്ട ശേഖരത്തിൽ ഉൾപ്പെടുത്തി. ഗോത്രവർഗ്ഗക്കാർക്കിടയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സുസ്ഥിരമായ ഒരു വേദി ഒരുക്കുക എന്നതാണ് കുടുംബശ്രീ ഏറ്റെടുത്തിട്ടുള്ള പട്ടിവർഗ്ഗ മേഖലയിലെ പദ്ധതികളുടെ പ്രധാന ലക്ഷ്യം. വിദ്യാഭ്യാസ മേഖലയിലെ മറ്റൊരു പ്രധാന ഇടപെടലാണ് ബ്രിഡ്ജ് കോഴ്സ്. 2022-23 കാലയളവിൽ, 822 സ്വാശ്രയ അയൽക്കൂട്ട ഗ്രൂപ്പുകളെ കണ്ടെത്തി, 119 അയൽക്കൂട്ട ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകി. ഈ അയൽക്കൂട്ട ഗ്രൂപ്പുകൾ 631 ആട് വളർത്തൽ യൂണിറ്റുകളും, 287 വീട്ടുമുറ്റത്തെ കോഴിവളർത്തൽ യൂണിറ്റുകളും ആരംഭിച്ചു. കാർഷിക പ്രവർത്തനങ്ങൾക്കായി 325 പുതിയ ട്രൈബൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു. അതുപോലെ, 59 സൂക്ഷ്മ സംരംഭ സംഘങ്ങളും 65 വ്യക്തിഗത സൂക്ഷ്മ സംരംഭ യൂണിറ്റുകളും പട്ടിവർഗ്ഗ കുടുംബങ്ങൾക്കായി പുതുതായി ആരംഭിക്കുകയും, അവരുടെ ഉൽപ്പന്നങ്ങൾ കുടുംബശ്രീ ബസാർ വഴി വിപണനം ചെയ്യുകയും ചെയ്തു. കൂടാതെ, ഒരു അയൽക്കൂട്ടത്തിനു 4,000 രൂപയുടെ വീതം ഫണ്ട് വിതരണം ചെയ്തു കൊണ്ട് 217 പട്ടിവർഗ്ഗ അയൽക്കൂട്ടങ്ങൾക്ക് പിന്തുണ നൽകിയിട്ടുണ്ട്. 2022-23 വർഷത്തിൽ 102 അയൽക്കൂട്ട ഗ്രൂപ്പുകൾക്ക് അവരുടെ സ്റ്റാർട്ടപ്പ് പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയും 73 ട്രൈബൽ യൂത്ത് ക്ലബ്ബുകൾ ആരംഭിക്കുകയും ചെയ്തു.

**കേരള ചിക്കൻ**

2019 ൽ ആരംഭിച്ച കേരള ചിക്കൻ ഇന്റഗ്രേഷൻ പ്രോജക്റ്റ് എന്ന പദ്ധതി ദേശീയ ഗ്രാമീണ ഉപജീവന പരിപാടി, പ്ലാൻ ഫണ്ട്, സംരംഭകത്വ വികസന പരിപാടി, സംസ്ഥാന സർക്കാരിന്റെ പ്രത്യേക ഉപജീവന ഫണ്ട് എന്നിവയിൽ നിന്നുള്ള ഫണ്ട് ഉപയോഗിക്കുന്നു. കേരളത്തിലുടനീളമുള്ള ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് നല്ല ഗുണനിലവാരമുള്ള ബ്രോയിലർ ചിക്കൻ മാംസം ലഭ്യമാക്കുന്നതിനാണ് കുടുംബശ്രീ കേരള ചിക്കൻ ആരംഭിച്ചത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലാണ് ഇപ്പോൾ പദ്ധതി പ്രവർത്തിക്കുന്നത്. ഈ വർഷം കണ്ണൂർ ജില്ലയിലും പദ്ധതി ആരംഭിച്ചു. പദ്ധതിക്ക് ഇപ്പോൾ 121 ഔട്ട്ലെറ്റുകളും 360 ഫാമുകളുമുണ്ട്. പദ്ധതിയുടെ ഭാഗമായി കോഴി കർഷകർക്ക് ഇന്റഗ്രേഷൻ ഫീസായി 22.68 കോടി രൂപയും, ഔട്ട്ലെറ്റ് ഗുണഭോക്താക്കൾക്ക് 30.20 കോടി രൂപയും നൽകി. നിലവിൽ 223.25 കോടി രൂപയാണ് മൊത്തം വിൽപ്പന വിറ്റുവരവ്. കോഴി കർഷകർ ഒരു സംയോജന ചാക്രിക കാലയളവിൽ (60 ദിവസത്തിലൊരിക്കൽ) ശരാശരി 50,000 രൂപ സമ്പാദിക്കുന്നു, കൂടാതെ ഔട്ട്ലെറ്റ് ഗുണഭോക്താക്കൾ കേരള ചിക്കൻ ഔട്ട്ലെറ്റുകൾ വഴി പക്ഷികളെ വിൽക്കുന്നതിലൂടെ പ്രതിമാസം 87,000 രൂപ സമ്പാദിക്കുന്നു. പ്രതിദിനം ശരാശരി 25,000 കിലോ കോഴിയിറച്ചിയാണ് വിതരണം ചെയ്യുന്നത്. സംസ്ഥാനത്തുടനീളം 500 സ്ത്രീകൾ ഈ പദ്ധതിക്ക് കീഴിൽ കൃഷിയിലൂടെയും, ഔട്ട്ലെറ്റുകളുടെ നെറ്റ് വർക്ക് സ്ഥാപിച്ചും ഉപജീവനമാർഗം കണ്ടെത്തിയിട്ടുണ്ട്.

**ബാക്ക് ടു സ്കൂൾ ക്യാമ്പയിൻ (തിരികെ സ്കൂളിലേക്ക് ക്യാമ്പയിൻ)**

കുടുംബശ്രീയുടെ ത്രിതല ഘടന ശക്തിപ്പെടുത്തുന്നതിനും, മാറുന്ന കാലത്തിനനുസരിച്ച് പുതിയ സംരംഭങ്ങൾ ഏറ്റെടുക്കാൻ അയൽക്കൂട്ട ഗ്രൂപ്പുകളിലെ സ്ത്രീകളെ സജ്ജരാക്കുന്നതിനുമായി കുടുംബശ്രീ സംഘടിപ്പിച്ചതാണ് ബാക്ക് ടു സ്കൂൾ ക്യാമ്പയിൻ. വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സർക്കാർ സ്കൂളുകൾ പ്രയോജനപ്പെടുത്തിയാണ് ഈ കാമ്പയിൻ സംഘടിപ്പിക്കുന്നത്. 2023 ഒക്ടോബർ വരെ, 72,254 അയൽക്കൂട്ടങ്ങളിൽ നിന്നും മൊത്തം 6,16,813 അംഗങ്ങൾ 'തിരികെ സ്കൂളിലെയ്ക്ക് കാമ്പെയ്നിൽ പങ്കെടുത്തു.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ് – സംരംഭകത്വ വികസന പരിപാടി (ആർ.കെ.ഐ– ഇഡിപി)**

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി കുടുംബശ്രീ സമർപ്പിച്ച "റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം" എന്ന എസ്വിഇപി മാതൃകാ പദ്ധതിക്ക് കേരള സർക്കാർ അംഗീകാരം നൽകിയിരുന്നു. ദരിദ്രർക്കായി കാർഷിക കാർഷികേതര, ഉപജീവനമാർഗങ്ങൾ വികസിപ്പിക്കാനും നിലനിർത്താനും പരിപാടിയുടെ രൂപരേഖ സഹായിക്കുന്നു. 8 ജില്ലകളിലെ 14 പ്രളയബാധിത ബ്ലോക്കുകളിലാണ് ആർകെഐ-ഇഡിപി നടപ്പാക്കുന്നത്. ഈ പദ്ധതിക്ക് കീഴിൽ, കാർഷിക, കാർഷികേതര മേഖലകളിലായി 16,800-ലധികം പുതിയ സംരംഭങ്ങൾ സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. ഈ പദ്ധതിക്കായി ആർകെഡിപിയുടെ കീഴിൽ 75 കോടി രൂപ സർക്കാർ അനുവദിച്ചു.

# ശബ്ദാവലി

### അടിസ്ഥാന വില

ഒരു ഉൽപാദകന് അയാളുടെ ഉൽപാദനത്തിന്റെയോ വിൽപ്പനയുടെയോ ഫലമായി തന്റെ ഉല്പന്നത്തിന്റെ ഒരു യൂണിറ്റിന് (സാധനത്തിന്റെയോ സേവനത്തിന്റെയോ) വാങ്ങുന്ന ആളിൽ നിന്നും ലഭ്യമാക്കുന്ന തുകയിൽ നിന്നും അടക്കേണ്ട നികുതികൾ കിഴിച്ചും , ലഭിക്കേണ്ട സബ്സിഡികൾ സംയോജിപ്പിച്ചും ഉള്ളതാണ് അടിസ്ഥാന വില. ഉൽപാദകൻ പ്രത്യേകമായി വരുത്തുന്ന ഗതാഗത ചെലവുകൾ ഇതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു

### കാഷ്വൽ ലേബർ

മറ്റുള്ളവരുടെ കൃഷി അല്ലെങ്കിൽ കൃഷി ഇതര സംരംഭങ്ങളിൽ (ഗാർഹിക, ഗാർഹിക-ഇതര)ഏർപ്പെട്ടിരിക്കുന്ന ഒരാൾക്ക് അതിലൂടെ ദിവസ അടിസ്ഥാനത്തിൽ അല്ലെങ്കിൽ നിശ്ചിത ഇടവേളകളിലോ തൊഴിൽ കരാറിന്റെ നിബന്ധനകൾക്കനുസൃതമായി വേതനം ലഭിച്ചു എങ്കിൽ, ഇത് ഒരു കാഷ്വൽ ലേബർ ആയി കണക്കാക്കപ്പെടുന്നു.

### നിലവിലെ ദൈനംദിന പ്രവർത്തന നില

(സി.ഡി.എസ്): റഫറൻസ് ആഴ്ചയിലെ ഓരോ ദിവസവും ഓരോ വ്യക്തിയുടെയും മുൻഗണനയും പ്രധാന പ്രവർത്തന സമയവും മാനദണ്ഡമാക്കി കണക്കാക്കുന്ന പ്രവർത്തന നിലയുടെ അടിസ്ഥാനത്തിലാണ് ഒരു വ്യക്തിയുടെ നിലവിലെ ദൈനംദിന പ്രവർത്തന നില (സി.ഡി.എസ്) നിർണ്ണയിക്കുന്നത്.

### ഉപഭോക്തൃവില സൂചിക (സിപിഐ)

ഒരു നിശ്ചിത കാലയളവിനുള്ളിൽ നിശ്ചിത ഇനങ്ങളിൽപ്പെട്ട ചരക്കുകളുടെയും സേവനങ്ങളുടെയും ചില്ലറ വില്പന വിലയിൽ ഉണ്ടാകുന്ന വ്യതിയാനമാണ് ഉപഭോക്തൃവില സൂചിക സൂചിപ്പിക്കുന്നത്. ഒരു പ്രത്യേക സ്ഥലത്തെ, പ്രത്യേകം നിർദ്ദേശിക്കപ്പെട്ട ജനങ്ങളുടെ സംഘങ്ങളിൽ നിന്നും ഒരു ശരാശരി കുടുംബം ഒരു നിശ്ചിത കാലയളവിൽ ഉപയോഗിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വില വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്.

### നിലവിലെ പ്രതിവാര നില (സി.ഡബ്ല്യൂ.എസ്)

സർവേ തീയതിക്ക് മുമ്പുള്ള ഏഴു ദിവസത്തെ കാലയളവിനെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്ന പ്രവർത്തന നിലയെയാണ് ഒരു വ്യക്തിയുടെ നിലവിലെ പ്രതിവാര പ്രവർത്തന നില (സി.ഡബ്ല്യൂ.എസ്) എന്ന് കണക്കാക്കപ്പെടുന്നത്. ഒരു നിശ്ചിത മുൻഗണനാക്രമവും പ്രധാന സമയവും മാനദണ്ഡമാക്കി കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത് തീരുമാനിക്കുന്നത്. മുൻഗണനാ മാനദണ്ഡമനുസരിച്ച്, ജോലി ചെയ്യുന്ന നിലയ്ക്ക്, ജോലി ചെയ്യുന്നില്ല, പക്ഷെ  ജോലി അന്വേഷിക്കുന്നു അല്ലെങ്കിൽ ജോലി ലഭ്യമാണ് എന്ന നിലയേക്കാൾ മുൻഗണന ലഭിക്കുന്നു, ഇത് ജോലി ചെയ്യുന്നില്ല അല്ലെങ്കിൽ ജോലി ലഭ്യമല്ല എന്ന നിലയെക്കാൾ മുൻഗണന നൽകുന്നു.

### ജനസാന്ദ്രത

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന അവസ്ഥ മനസ്സിലാക്കുന്ന സൂചകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ജനസാന്ദ്രത. ഒരു ചതുരശ്ര കിലോമീറ്ററിൽ അധിവസിക്കുന്ന ജനങ്ങളുടെ എണ്ണത്തെയാണ് ജനസാന്ദ്രത എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. വാർഡ്, ടൗൺ, ജില്ല, സംസ്ഥാനം എന്നിവയാണ് ഇതിന്റെ ഭൂമിശാസ്ത്രപരമായ യൂണിറ്റ്.

### മൊത്തം ദേശീയ വരുമാനം (ജി.എൻ.ഐ)

മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു നിർമ്മാണത്തിനും ഇറക്കുമതിക്കുമുള്ള നികുതികളും തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരവും മറ്റു രാജ്യങ്ങൾക്കു നൽകേണ്ട ആസ്തി വരുമാനവും കുറവ് ചെയ്തതിനു ശേഷം മറ്റു രാജ്യങ്ങളിൽ നിന്ന് ലഭിക്കേണ്ട വരുമാനം കൂട്ടിച്ചേർത്താൽ ലഭിക്കുന്ന സംഖ്യയാണ് മൊത്തം ദേശീയ വരുമാനം. മറ്റൊരു രീതിയിൽ പറഞ്ഞാൽ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു പ്രവാസി യൂണിറ്റുകൾക്ക് നൽകേണ്ട പ്രാഥമിക വരുമാനം കിഴിവ് ചെയ്ത് പ്രവാസി യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന പ്രാഥമിക വരുമാനം കൂട്ടിച്ചേർക്കുമ്പോൾ ലഭിക്കുന്നതാണ് മൊത്തം ദേശീയ വരുമാനം. ഇത് കണക്കാക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗം എല്ലാ മേഖലയിലെയും മൊത്തം പ്രാഥമിക വരുമാനത്തിന്റെ ആകെ മൂല്യം കണക്കാക്കി നിശ്ചയിക്കുക എന്നതാണ്. (മൊത്തം ദേശീയ വരുമാനം മുമ്പ് ദേശീയ കണക്കുകളിൽ ഉപയോഗിച്ചിരുന്ന മൊത്തം ദേശീയ ഉൽപ്പന്നത്തിന് (ജിഎൻപി) സമാനമാണെന്ന് ശ്രദ്ധിക്കുക)

### മൊത്തം സംയോജിത മൂല്യം (ജി.വി.എ.)

സമ്പദ് വ്യവസ്ഥയിലെ ഒരു പ്രദേശത്തോ, വ്യവസായത്തിലോ ഒരു മേഖലയിലോ ഉല്പാദിപ്പിച്ച സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യമാണ് സാമ്പത്തിക ശാസ്ത്രത്തിലെ മൊത്തം സംയോജിത മൂല്യം (ജി.വി.എ). ദേശീയ കണക്കിൽ ഉല്പന്നത്തിൽ നിന്ന് ഇന്റർമീഡിയറ്റ് ഉപഭോഗം കുറച്ചാണ് ജി.വി.എ കണക്കാക്കുന്നത്, ഇത് ദേശിയ കണക്കിലെ പ്രൊഡക്ഷൻ കണക്കുകളുടെ ബാലൻസിങ് ഇനമാണ്.

### അടിസ്ഥാന വിലയിലെ –മൊത്തം സംയോജിത മൂല്യം

അടിസ്ഥാന വിലയിൽ ഉല്പന്നത്തിന്റെ മൂല്യത്തിൽ നിന്ന് വാങ്ങുന്ന ആളിന്റെ വിലയിൽ ഇടക്കുള്ള ഉപഭോഗത്തിന്റെ മൂല്യം കുറച്ചതിനെ അടിസ്ഥാന വിലയിൽ മൊത്തം സംയോജിത മൂല്യം എന്ന് നിർവചിച്ചിരിക്കുന്നു. ഉല്പന്നത്തിന്റെ മൂല്യം കണക്കാക്കുന്ന വിലയാണ് ഇവിടെ ജി വി എ എന്ന് അറിയപ്പെടുന്നത്. ഉൽപാദകന്റെ കാഴ്ചപ്പാടിൽ നിന്ന് നോക്കിയാൽ ഇൻപുട്ടുകൾ വാങ്ങുന്നവരുടെ വിലയും ഉൽപ്പന്നത്തിന്റെ അടിസ്ഥാന വിലയുമാണ് യഥാർത്ഥത്തിൽ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്ത വിലയെ പ്രതിനിധാനം ചെയുന്നത്. അവയുടെ ഉപയോഗം മൊത്തം സംയോജിത മൂല്യം കണക്കാക്കുന്നതിലേയ്ക്ക് നയിക്കുകയും ആയത്  പ്രത്യേകിച്ച് ഉൽപാദകന് സഹായകമാകുകയും ചെയ്യുന്നു.

### ശിശു മരണ നിരക്ക്

ഓരോ ആയിരം ശിശു ജനനത്തിലും ഉണ്ടാകുന്ന ശിശു മരണ (ഒരു ശിശുവിന്റെ ഒരു വയസു തികയുന്നതിനു മുൻപുള്ള മരണം) കണക്കിനെയാണ് ശിശു മരണ നിരക്ക് എന്ന് പറയുന്നത്.

**വാർധക്യ ആശ്രയ നിരക്ക്**

60-നും അതിനുമുകളിലും പ്രായമുള്ളവരും 15 മുതൽ 59 പ്രായമുള്ളവരും തമ്മിലുള്ള അനുപാതമാണ് ആശ്രയ നിരക്ക്.

**സമത്വ സൂചിക**

സമ്പത് വ്യവസ്ഥയിലെ വിലയുടെ അസ്ഥിരതകളുടെ പരിണത ഫലമായി കർഷകർക്ക് ഉണ്ടായ നേട്ടങ്ങളുടെയും നഷ്ടങ്ങളുടെയും ആനുപാതികമായ കണക്കാണ് സമത്വ സൂചിക.

**ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ആക്ട്, 2012**

ഈ ആക്ട് കുട്ടികൾക്ക് നേരെ ഉണ്ടാവുന്ന അധിക്ഷേപങ്ങളെക്കുറിച്ച് പ്രതിപാദിക്കുകയും ലൈംഗിക കയ്യേറ്റം, ലൈംഗിക പീഡനം എന്നിവയിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാനുള്ള രക്ഷാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

**തൊഴിൽ ശക്തി**

ഒന്നുകിൽ ജോലി ചെയ്യുന്ന (അല്ലെങ്കിൽ തൊഴിൽ ഉള്ള) അല്ലെങ്കിൽ തൊഴിൽ അന്വേഷിക്കുന്ന അല്ലെങ്കിൽ ജോലിയ്ക്കായി ലഭ്യമായ വ്യക്തികൾ (അല്ലെങ്കിൽ തൊഴിലില്ലാത്തവർ) തൊഴിൽ ശക്തിയായി കണക്കാക്കപ്പെടുന്നു.

**തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ.)**

രാജ്യത്തെ ഒരു സമപ്രായത്തിൽപ്പെട്ട ജനസംഖ്യയും തൊഴിൽ ശക്തിയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക്.

**സാക്ഷരതാ നിരക്ക്**

ആറ് വയസിനും അതിന് മുകളിലും പ്രായമുള്ള ജനങ്ങളിൽ നിത്യ ജീവിതത്തിൽ ഉപയോഗിക്കേണ്ടി വരുന്ന ഭാഷയിൽ എഴുതാനും വായിക്കാനും, ചെറിയ ലളിതമായ സ്റ്റേറ്റ്മെന്റുകൾ മനസിലാക്കാനും കഴിയുന്നവരുടെ ശതമാനമാണ് സാക്ഷരതാ നിരക്ക്.

**ചില്ലറ വില്പന വില** :

ചില്ലറ വില്പന വിലയെന്നത് ഉപഭോക്താക്കൾ ഒരു സാധനം ചെറിയ അളവിൽ വാങ്ങുമ്പോൾ നൽകേണ്ടി വരുന്ന വിലയാണ്.

**മൊത്തവ്യാപാര വില സൂചിക (ഡബ്ല്യൂപിഐ)**

ഇടപാടിന്റെ ആദ്യഘട്ട തലത്തിൽ ബൾക്ക് (മൊത്ത) വിൽപ്പനയ്ക്കുള്ള ചരക്കുകളുടെ വിലയുടെ ശരാശരി മാറ്റങ്ങളെ അളക്കുന്നു.

**തൊഴിലാളി ജനസംഖ്യ നിരക്ക് (വർക്ക് പോപ്പുലേഷൻ റേഷ്യോ, (ഡബ്ല്യൂപിആർ))**

മൊത്ത ജനസംഖ്യയുടെ തൊഴിലിലേർപ്പെട്ട വ്യക്തികളുടെ ശതമാനമായി ഡബ്ല്യൂപിആർ നിർവചിക്കപ്പെടുന്നു

# ചുരുക്കെഴുത്തുകൾ

**എഎവൈ:**
അന്ത്യോദയ അന്ന യോജന

**എഡിബി :**
ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്

**എ.എച്ച്.ഐ.ഡി.എഫ്:**
അനിമൽ ഹസ്ബൻഡറി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്

**എ.ഐ:**
ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ

**എ.ഐ.ഐ.ബി:**
ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക്

**എ.കെ.സി:**
അഗ്രിക്കൾച്ചറൽ നോളഡ്ജ് സെന്റേഴ്സ്

**അമുൽ:**
ആനന്ദ് മിൽക്ക് യൂണിയൻ ലിമിറ്റഡ്

**അനെർട്ട്:**
ഏജൻസി ഫോർ
നോൺ-കണവെൻഷനൽ എനർജി ആന്റ് റൂറൽ ടെക്നോളജി

**എഎൻപി :**
അന്നപൂർണ്ണ സ്കീം

**ആപ്കോസ്:**
ആനന്ദ് പാറ്റേൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

**എ.പി.ഇ.ഡി.എ:**
അഗ്രിക്കൾച്ചറൽ ആന്റ് പ്രോസ്സസ്ഡ് ഫുഡ് പ്രോഡക്ട്സ്
എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി

**എപിഎൽ:**
എബൗ പോവർട്ടി ലൈൻ

**എആർഡി :**
ഓതറൈസ്ഡ് റീട്ടെയ്ൽ ഡിസ്ട്രിബ്യൂട്ടേഴ്സ്

**ആംസ്:**
അനിമൽ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം

**എ.എസ്.സി:**
അഗ്രോ സർവ്വീസ് സെന്റേഴ്സ്

**എ.എസ്.സി.എ.ഡി:**
അസിസ്റ്റന്റ്സ് ടു സ്റ്റേറ്റ്സ് ഫോർ കൺട്രോൾ ഓഫ് അനിമൽ ഡിസീസസ്

**ആസിയാൻ:**
അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നേഷൻസ്

**ബി.എം.സി:**
ബയോഡൈവേഴ്സിറ്റി മാനേജ്മന്റ് കമ്മിറ്റികൾ

**ബി.എം.ഡബ്ല്യു:**
ബയോമെഡിക്കൽ വേസ്റ്റ്

**ബി.ഒ.ഡി:**
ബയോകെമിക്കൽ ഓക്സിജൻ ഡിമാന്റ്

**ബി.ഒ.ക്യു.സി.എൽ:**
ബയോ ഫെർട്ടിലൈസർ ആന്റ് ഓർഗാനിക് മന്യുവർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി

**ബി.പി.എൽ:**
ബിലോ പോവെർട്ടി ലൈൻ (ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ)

**സി.എ.എ.ക്യൂ.എം.എസ്:**
കണ്ടിന്യുവസ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ്
സ്റ്റേഷനുകൾ

**സി.എ.ജി.ആർ:**
കോമ്പൗണ്ട് ആന്വൽ ഗ്രോത്ത് റേറ്റ്

**സി.എ.എം.പി.എ:**
കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആൻഡ് പ്ലാനിംഗ് അതോറിറ്റി

**സി.എ.പി.ഇ:**
കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ

**കാപെക്സ് :**
കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പക്സ് കോ-ഓപ്പറേറ്റീവ്
സൊസൈറ്റി

**സി.ബി.ഡി:**
ജൈവ വൈവിധ്യത്തെക്കുറിച്ചുള്ള കൺവെൻഷൻ

**സി.ബി.ഡബ്ല്യൂ.റ്റി.ഡി.എഫ്:**
കോമൺ ബയോമെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് ആൻഡ് ഡിസ്പോസൽ ഫെസിലിറ്റി

**സി–ഡാക്:**
സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിംഗ്

**സി.എച്ച്.സി:**
കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

**സി.എച്ച്.സി:**
കസ്റ്റം ഹയറിംഗ് സെന്റേഴ്സ്

**സി.എച്ച്.ഐ.എസ്:**
കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് സ്കീം

**കോട്പാ:**
സിഗരറ്റ് മറ്റ് പുകയില ഉല്പന്നങ്ങളുടെയും നിയന്ത്രണം സംബന്ധിച്ച നിയമം

**സി.പി.സി:**
സെന്റർലൈസ്ഡ് പ്രോസസിംഗ് സെന്റർ

**സി.പി.സി:**
കോക്കോനട്ട് പ്രൊഡ്യൂസർ കമ്പനീസ്

**സി.പി.എഫ്:**
കോക്കോനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻസ്

**സി.പി.ഐ:**
കൺസ്യൂമർ പ്രൈസ് ഇൻഡക്സ്

**സി.പി.എസ്:**
കോക്കോനട്ട് പ്രൊഡ്യൂസർ സൊസൈറ്റീസ്

**സി.എസ്.ഒ:**
സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്

**സി.ഡബ്ല്യൂ.ആർ.ഡി.എം:**
സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മന്റ് ആൻഡ് മാനേജ്മന്റ്

**സി.ഇസഡ്.എം.പി:**
തീരദേശപരിപാലന പദ്ധതി

**ഡി.സി.എസ്:**
ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റി

**ഡി.ഇ.എസ്:**
ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്

**ഡി.ഒ.ഇ.സി.സി:**
ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചെയ്ഞ്ച്

**ഡി.പി.എൽ:**
വികസന നയ വായ്പ

**ഡി.ആർ.എഫ്.ഐ:**
ഡിസാസ്റ്റർ റിസ്ക് ഫൈനാൻസിംഗ് ആൻഡ് ഇൻഷുറൻസ്

**ഇ.ഡി.സി:**
പരിസ്ഥിതി വികസന സമിതികൾ

**ഇ.ഇ.എ:**
യൂറോപ്യൻ എൻവയോൺമെന്റ് ഏജൻസി

**ഇ.ഇ.ഇസഡ്:**
എക്സ്ക്ലൂസീവ് ഇക്കോണമിക് സോൺ

**ഇ.പി.ഐ:**
പരിസ്ഥിതി പ്രകടന സൂചിക

**ഇ.റ്റി.എസ്:**
ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ

**ഇ–പോസ്:**
ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ

**ഇ ആർ എസ് എസ്:**
എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം

**എഫ്.എ.ഒ:**
ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷൻ

**എഫ് സി ഐ:**
ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

**എഫ് ഡി എ:**
വന വികസന ഏജൻസി

**എഫ്.എഫ്.ഇ.ഡബ്ല്യു.എസ്:**
ഫ്ലെഡ് ഫോർകാസ്റ്റിംഗ് ആന്റ് ഏർളി വാണിംഗ് സിസ്റ്റം

**എഫ്.പി.എം.എസ്:**
ഫോറസ്റ്റ് ഫയർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് സ്കീം

**എഫ്.പി.ഒ:**
ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

**എഫ്.എസ്.ഐ:**
ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ

**എഫ്.എസ്.എസ്:**
ഫാർമേഴ്സ് സർവ്വീസ് സൊസൈറ്റീസ്

**എഫ്.ടി.എ:**
ഫ്രീ ട്രേഡ് എഗ്രിമെന്റ്

**ജി.ഡി.ഐ:**
ജെൻഡർ ഡെവലപ്മെന്റ് ഇൻഡക്സ്

**ജി.ഡി.പി:**
മൊത്തം ആഭ്യന്തര ഉൽപ്പാദനം

**ജി.എച്ച്.ജി:**
ഹരിത ഗൃഹ വാതകങ്ങൾ

**ജി.ഐ.എം:**
ഗ്രീൻ ഇന്ത്യ മിഷൻ

**ജി.ഐ.എസ്:**
ജ്യോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം

**ജി.എൽ.സി:**
ഗ്രൗണ്ട് ലെവൽ ക്രെഡിറ്റ്

**ജി.എൻ.ഐ:**
മൊത്തം ദേശീയ വരുമാനം

**ജി.പി.എസ്:**
ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം

**ജി.എസ്.ഡി.പി:**
മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പന്നം

**ജി.എസ്.വി.എ:**
ഗ്രോസ് സ്റ്റേറ്റ് വാല്യൂ ആഡഡ്

**ജിവിഎ :**
ഗ്രോസ് വാല്യൂ ആഡഡ്

**ജി ഒ ഐ :**
ഗവൺമെന്റ് ഓഫ് ഇന്ത്യ

**എച്ച്.എ.സി.സി.പി:**
ഹസാഡ് അനാലിസിസ് ആന്റ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ്

**എച്ച് ഡി സി കെ :**
ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

**ഹഡ്കോ:**
ഹൗസിംഗ് ആന്റ് അർബൻ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

**എച്ച്.ഡബ്ല്യു.എ:**
മനുഷ്യ വന്യജീവി സംഘർഷം

**ഐ.ഐ.ഐ.റ്റി.എംകെ:**
ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള

**ഐ.പി.സി.സി:**
ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയിഞ്ച്

**ഐ.പി.ബി.ഇ.എസ്:**
ഇന്റർ ഗവൺമെന്റൽ സയൻസ് - പോളിസി പ്ലാറ്റ്ഫോം ഓൺ ബയോഡൈവേഴ്സിറ്റി ആന്റ് ഇക്കോസിസ്റ്റം സർവ്വീസസ്

**ഐ.ഡബ്ല്യു.ആർ.എം:**
ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ്

**ജെ.ഐ.സി.എ:**
ജപ്പാൻ ഇന്റർനാഷണൽ കോർപ്പറേഷൻ ഏജൻസി

**ജെ.ജെ:**
ജുവനൈൽ ജസ്റ്റിസ്

**ജെ.ജെ.എസ്:**
ജന ജാഗ്രതാ സമിതി

**ജെ.എൻ.റ്റി.ബി.ജി.ആർ.ഐ:**
ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കെ.എ.ഐ.സി.ഒ:**
കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്

**കെ.എ.എൽ.എൻ.ഇ.റ്റി:**
കേരള അക്കാഡമിക് ലൈബ്രറി നെറ്റ് വർക്ക്

**കെ.എ.എം.സി.ഒ:**
കേരള ആഗ്രോ മെഷീനറി കോർപ്പറേഷൻ

**കെ.എ.ആർ.എസ്.എ.പി:**
കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ

**കെ.എ.എസ്.പി:**
കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

**കാവിൽ:**
കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്

**കെ.സി.സി:**
കിസാൻ ക്രെഡിറ്റ് കാർഡ്

**കെ. സി .ഇ. എം .എസ്:**
കേരള ക്യാപ്റ്റീവ് എലിഫെന്റ് മാനേജ്മെന്റ് സിസ്റ്റം

**കെ.സി.എം.എം.എഫ്:**
കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ

**കെ.സി.ഇസഡ്.എം.എ:**
കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

**കെ.ഇ.എസ്.ആർ.യു:**
കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്

**കെ.എഫ്.എൽ:**
കേരള ഫീഡ്സ് ലിമിറ്റഡ്

**കെ.എഫ്. ആർ.ഐ:**
കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കെ.എഫ്.ഡബ്ല്യൂ.എഫ്.ബി:**
കേരള ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡ്

**കെ.ഐ.ഐ.എഫ്.ബി:**
കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റമെന്റ് ഫണ്ട് ബോർഡ്

**കിൻഫ്ര:**
കേരള ഇൻഡസ്ട്രീയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെഐറ്റിറ്റിഎസ്:**
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്

**കൈറ്റ്:**
കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ

**കെ.കെ.എസ്:**
കാർഷിക കർമ്മ സേന

**കെ.എൽ.ഡി.ബി:**
കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

**കെ.എം.എം.എൽ:**
കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്

**കെ–ഫോൺ:**
കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക്

**കെ.ആർ.ഡി.സി.എൽ:**
കേരള റെയിൽ വികസന കോർപ്പറേഷൻ

**കെ.ആർ.എഫ്.ബി:**
കേരള റോഡ് ഫണ്ട് ബോർഡ്

**കെ.എസ്.എ.എം.എം:**
കേരളാ സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷൻ

**കെ എസ് ബി ബി:**
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**കെ.എസ്.സി.എ.ഡി.സി:**
കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെ.എസ്.ഇ.ബി.എൽ:**
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

**കെ.എസ്.ഇ.ആർ.സി:**
കേരള സംസ്ഥാന വൈദ്യുതി നിയന്ത്രണ കമ്മീഷൻ

**കെ.എസ്.ഐ.ഡി.സി:**
കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

**കെ.എസ്.ഐ.ഇ:**
കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

**കെ.എസ്.ഐ.എൻ.സി:**
കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്

**കെ.എസ്.ഐ.ടി.ഐ.എൽ:**
കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

**കെ.എസ്.ഐ.ടി.എം:**
കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ

**കെ.എസ്.എൽ.എംഎ:**
കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

**കെ.എസ്.ഒ.എം:**
കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

**കെ. എസ് .പി .സി. ബി:**
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

**കെ.എസ്.പി.ഡി.സി:**
കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെ.എസ്.എൽ.എം.എ:**
കേരള സാക്ഷരത മിഷൻ അതോറിറ്റി

**കെ.സ്വിഫ്റ്റ് :**
വേഗതയേറിയതും സുതാര്യവുമായ ഓൺ ലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനം

**കെ.യു.എഫ്.ഒ.എസ്:**
കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്

**കെ.വി.എ.എസ്.യു:**
കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി

**എൽ.ബി.എച്ച്.എസ്:**
ലോക്കൽ ബയോ ഡൈവേഴ്സിറ്റി ഹെറിട്ടേജ് സൈറ്റ്സ്

**എൽ.എഫ് .പി.ആർ:**
ലേബർ ഫോഴ്സ് പങ്കാളിത്ത നിരക്ക്

**എൽ.ജിഎസ്:**
ലോക്കൽ ഗവൺമെന്റുകൾ

**ലൈഫ് :**
ലൈവ് ലിഹുഡ് ഇൻക്ലൂഷൻ ആൻഡ് ഫൈനാൻഷ്യൽ എംപവർമെന്റ്

**എൽപിജി:**
ദ്രവീകൃത പെട്രോളിയം ഗ്യാസ്

**എൽ.എസ്.ജി.ഡി:**
ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്

**എൽ.റ്റി.ആർ.സി.എഫ്:**
ലോംങ് ടേം റൂറൽ ക്രെഡിറ്റ് ഫണ്ട്

**എം.ബി.ജി.ഐ.പി.എസ്:**
മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാൻ സയൻസസ്

**എം.ഡി.ഡി.റ്റി:**
മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം

**എം.എഫ്.പി:**
ചെറുകിട വന ഉൽപ്പന്നങ്ങൾ

**എം.ജി.എൻ.ആർ.ഇ.ജി.എസ്:**
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

**എം.പി.സി:**
മോണിറ്ററി പോളിസി കമ്മിറ്റി

**എം.പി.ഐ:**
മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ

**എം .എം.ആർ:**
മാതൃമരണ നിരക്ക്

**എം.എസ്.എം.ഇ:**
മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ്

**എം.റ്റി:**
മെട്രിക് ടൺ

**നബാർഡ്:**
ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക്

**എൻ.എ.ബി.എൽ:**
നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്

**എൻ.എ.എഫ്.ഇ.ഡി:**
നാഷണൽ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്

**എൻ.എ.എം.പി:**
നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എൻ.എ.പി സി.സി:**
കാലാവസ്ഥാ വ്യതിയാനത്തിനായുള്ള ദേശീയ കർമ്മ പദ്ധതി

**എൻ.എ.എസ്:**
നാഷണൽ അക്കൗണ്ട് സ്റ്റാറ്റിസ്റ്റിക്സ്

**നാറ്റ്പാക്:**
നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ

**എൻ.സി.ഡി.സി:**
നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ

**എൻ.ഡി.ഡി.ബി:**
നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ്

**എൻ.ഡി.പി:**
അറ്റ ആഭ്യന്തരോൽപ്പന്നം

**എൻ.ഡി.പി.ആർ.ഇ. എം:**
പ്രവാസി പുനരധിവാസ പദ്ധതി

**എൻഡി.പി.എസ്:**
നർക്കോട്ടിക്ക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസ്

**എൻഇറ്റിഎഫ്.ഐഎസ്എച്ച്:**
നെറ്റ്വർക്ക് ഫോർ ഫിഷ് ക്വാളിറ്റി മാനേജ്മന്റ് ആന്റ് സസ്റ്റൈനബിൾ ഫിഷിംഗ്

**എൻഎഫ്എച്ച്എസ്:**
ദേശീയ കുടുംബ ആരോഗ്യ സർവേ

**എൻഎഫ്എസ്എ:**
ദേശീയ ഭക്ഷ്യസുരക്ഷാ നിയമം

**എൻഎച്ച്എഐ:**
നാഷണൽ ഹൈവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ

**എൻഎച്ച്എം:**
ദേശീയ ആരോഗ്യ ദൗത്യം

**എൻഎൻഐ:**
അറ്റ ദേശീയ വരുമാനം

**നോർക്ക:**
പ്രവാസി കേരളകാര്യങ്ങൾ

**എൻ.പി.സി.എ:**
അക്വാട്ടിക് ഇക്കോസിസ്റ്റംസ് സംരക്ഷണത്തിനുള്ള ദേശീയ പദ്ധതി

**എൻപിഎസ്:**
മുൻഗണന ഇതര സബ്സിഡി

**എൻ.ആർ.സി.ബി:**
നാഷണൽ റിസർച്ച് സെന്റർ ഫോർ ബനാന

**എൻ.എസ്.ഒ:**
നാഷണൽ സ്റ്റാസ്റ്റിക്കൽ ഓഫീസ്

**എൻ.എസ്.എസ്:**
നാഷണൽ സാമ്പിൾ സർവേ

**എൻഎസ്എസ്ഒ:**
നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ

**എൻ.റ്റി.എഫ്.പി:**
തടി ഇതര വന ഉൽപ്പന്നം

**എൻ.യു.എ.എൽ.എസ്:**
നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്

**എൻ.യു.എൽ.എം:**
ദേശീയ നഗര ഉപജീവന ദൗത്യം

**എൻ.ഡബ്ല്യു.എം.പി:**
നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**ഒ.എഫ്.പി:**
ഓപ്പറേഷൻ ഫ്ലഡ് പ്രോഗ്രാം

**പി.എ.സി.എസ്:**
പ്രൈമറി അഗ്രികൾച്ചർ ക്രഡിറ്റ് സൊസൈറ്റീസ്

**പി.ബി.ആർ:**
പീപ്പിൾസ് ജൈവവൈവിധ്യ രജിസ്റ്റർ

**പി.ഡി.എസ്:**
പൊതു വിതരണ സമ്പ്രദായം

**പി.എഫ്.എം.എസ്:**
പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം

**പി.എഫ്.ആർ:**
പ്രോഗ്രാം ഫോർ റിസൾട്ട്

**പി.എച്ച്.എച്ച്:**
മുൻഗണനാ കുടുംബം

**പി.എൽ.എഫ്.എസ്:**
ആനുകാലിക ലേബർ ഫോഴ്സ് സർവേ

**പി.എം.എഫ്.ബി.വൈ:**
പ്രധാനമന്ത്രി ഫസൽ ബീമ യോജന

**പി.പി.സി:**
പ്രൈമറി പ്രോസസ്സിംഗ് സെന്റേഴ്സ്

**പ്രൗഡ്:**
പ്രോഗ്രാം ഫോർ റിമൂവൽ ഓഫ് അൺയൂസ്ഡ് ഡ്രഗ്സ്

**പി.ആർ.ടി:**
പ്രൈമറി റെസ്പോൺസ് ടീംസ്

**പി.എസ്.എ:**
പ്രയോറിട്ടി സെക്ടർ അഡ്വാൻസ്

**പി.എസ്.യു:**
പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്

**ആർ.ബി.സി.എം.എ:**
റിവർ ബേസിൻ കൺസ്ട്രക്ഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി

**ആർ.ബി.ഡി.സി.കെ:**
റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

**ആർ.സി.സി:**
പ്രാദേശിക കാൻസർ സെന്റർ

**ആർ.സി.ഇ.പി:**
റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്പ്

**ആർ.സി.എസ്:**
രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

**ആർ.കെ.ഡി.പി:**
കേരള പുനർനിർമ്മാണ വികസന പരിപാടി

**ആർ.കെ.ഐ:**
റീബിൽഡ് കേരള ഇനിഷിയേറ്റീവ്

**ആർ.ആർ.ടി:**
റാപിഡ് റെസ്പോൺസ് ടീംസ്

**ആർ.ടി:**
ഉത്തരവാദിത്ത ടൂറിസം

**റൂസ:**
രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ

**ആർ.ഡബ്ല്യൂ.ബി.സി.ഐ.എസ്:**
റീസ്ട്രക്ച്ചേർഡ് വെതർ ബെയ്സ്ഡ് ക്രോപ് ഇൻഷ്വറൻസ് സ്കീം

**എസ്.എ.സി.സി.**
സ്റ്റുഡന്റ് അഫയേഴ്സ് ആന്റ് കൗൺസിലിംഗ് സെന്റർ

**എസ്.എ.എഫ്:**
സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവിമൺ

**എസ്.എ.എം.പി:**
സംസ്ഥാന ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എസ്.എ.പി.സി.സി:**
കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന പ്രവർത്തന പദ്ധതി

**എസ്.ഡി.ജി:**
സസ്റ്റെയിനബിൾ ഡവലപ്മെന്റ് ഗോൾ

**എസ്.എഫ്.എ.സി :**
സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർട്ടിയം

**എസ്എഫ്സി:**
സംസ്ഥാന ധനകാര്യ കമ്മീഷൻ

**ഷീ:**
സ്കീം ഫോർ ഹെർ എംപവർമെന്റ് ഇൻ എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ

**എസ്.എച്ച്.ജി സ്:**
സെൽഫ് ഹെൽപ് ഗ്രൂപ്പ്

**എസ്.എച്ച്.എം:**
സ്റ്റേറ്റ് ഹോർട്ടീക്കൾച്ചർ മിഷൻ

**എസ് ഐ–എം ഇ റ്റി:**
സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി

**എസ്.ജെ.ഡി:**
സാമൂഹിക നീതി വകുപ്പ്

**എസ് എൽ ബി സി:**
സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി

**എസ്.എൽ.ബി.പി:**
സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം

**എസ്എൽഇസി:**
സംസ്ഥാനതല എംപവേർഡ് കമ്മിറ്റി

**എസ്.എം.പി:**
സ്കിംഡ് മിൽക്ക് പൗഡർ

**എസ് ഒ എൻ റ്റി ആർ:**
സംസ്ഥാനത്തിന്റെ തനത് നികുതി ഇതര വരുമാനം

**എസ് ഒ റ്റി ആർ:**
സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

**എസ്പിബി:**
സംസ്ഥാന ആസൂത്രണ ബോർഡ്

**എസ്.ആർ.ഐ.ബി.എസ്:**
ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ്സ്

**സപ്ലൈകോ:**
കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്

**എസ്.ഡബ്ല്യൂ.എം.പി:**
സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എസ്ഡബ്ല്യൂടിഡി:**
സംസ്ഥാന ജലഗതാഗത വകുപ്പ്

**ടിഡിഎസ്:**
ടാർജറ്റഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം

**ടി എസ് ജി:**
സാങ്കേതിക പിന്തുണ ഗ്രൂപ്പുകൾ

**ടി.ടി.ഡി.ഐ:**
ട്രാവൽ ആന്റ് ടൂറിസം ഡവലപ്മെന്റ് ഇൻഡക്സ്

**യുഎൻ ഡിഇഎസ്എ:**
യുണൈറ്റഡ് നേഷൻസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് ആന്റ്സോഷ്യൽ അഫയേഴ്സ്

**യു.എൻ.ഇ.പി:**
യുണൈറ്റഡ് നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാം

**യു.പി.എ.എസ്.ഐ:**
യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസ്സിയേഷൻ ഓഫ് സതേൺ ഇന്ത്യ

**വി.എ.റ്റി:**
മൂല്യവർധിത നികുതി

**വി.ഡി.വി.കെ**
വൻ ധൻ വികാസ് കേന്ദ്ര

**വി.എഫ്.പി.സി.കെ:**
വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള

**വി.എസ്.എസ്:**
വനസംരക്ഷണ സമിതികൾ

**ഡബ്ല്യൂ.എച്ച് ഒ:**
ലോകാരോഗ്യ സംഘടന


**ഡബ്ല്യൂ.എം.ഒ:**
വേൾഡ് മിറ്റിയറോളജിക്കൽ ഓർഗനൈസേഷൻസ്

**ഡബ്ല്യൂ.പി.ഐ:**
മൊത്ത വില സൂചിക

**ഡബ്ല്യൂ.പി.ആർ:**
തൊഴിലാളി ജനസംഖ്യാ അനുപാതം

**ഡബ്ല്യൂ.ഡബ്ല്യൂ.എഫ്:**
വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്

**ഇസഡ്.എസ്.ഐ:**
സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ



കേരള സർക്കാർ

**സാമ്പത്തിക അവലോകനം 2023**

കേരള സംസ്ഥാന ആസൂത്രണ ബോർഡ്

രൂപകല്പന : സിഡിറ്റ്, www.cdit.org
സർക്കാർ മുദ്രാലയം